മത്തായി എഴുതിയ സുവിശേഷം

യേശുവിന്റെ വംശാവലി

(ലൂക്കൊ. 3:23-38)

1 ഇപ്രകാരമാണ് യേശുക്രിസ്തുവിന്റെ വം
ശാവലി. അവൻ ദാവീദിന്റെ വംശത്തിൽ
നിന്നു വന്നു. ദാവീദ് അബ്രാഹാമിന്റെ വംശ
ത്തിൽ നിന്നും വന്നു.

2 അബ്രാഹാം യിസ്ഹാക്കിന്റെ പിതാവ്.
യിസ്ഹാക്ക് യാക്കോബിന്റെ പിതാവ്.
യാക്കോബ് യെഹൂദയുടെയും അവന്റെ
സഹോദരന്മാരുടെയും പിതാവ്.
3 യെഹൂദാ പാരെസിന്റെയും സാരഹി
ന്റെയും പിതാവ്.
(താമാർ അവരുടെ മാതാവ്.)
പാരെസ് ഹെസ്രോന്റെ പിതാവ്.
ഹെസ്രോൻ ആരാമിന്റെ പിതാവ്.
4 ആരാം അമ്മീനാദാബിന്റെ പിതാവ്.
അമ്മീനാദാബ് നഹശോന്റെ പിതാവ്.
നഹശോൻ ശൽമോന്റെ പിതാവ്.
5 ശൽമോൻ ബോവസിന്റെ പിതാവ്.
(രഹാബ് ബോവസിന്റെ മാതാവ്.)
ബോവസ് ഓബേദിന്റെ പിതാവ്.
(ഓബേദിന്റെ അമ്മ രൂത്ത്.)
ഓബേദ് യിശ്ശായിയുടെ പിതാവ്.
6 യിശ്ശായി ദാവീദുരാജാവിന്റെ പിതാവ്.
ദാവീദ് ശലോമോന്റെ പിതാവ്.
(ശലോമോന്റെ അമ്മ ഊരീയാവിന്റെ
ഭാര്യ ആയിരുന്നവളാണ്.)
7 ശലോമോൻ രെഹബ്യാമിന്റെ പിതാവ്.
രെഹബ്യാം അബീയാവിന്റെ പിതാവ്.
അബീയാ ആസായുടെ പിതാവ്
8 ആസാ യോശാഫാത്തിന്റെ പിതാവ്.
യോശാഫാത്ത് യോരാമിന്റെ പിതാവ്.
യോരാം ഉസ്സീയാവിന്റെ പിതാവ്.
9 ഉസ്സീയാവ് യോഥാമിന്റെ പിതാവ്.
യോഥാം ആഹാസിന്റെ പിതാവ്.
ആഹാസ് ഹിസ്കീയാവിന്റെ പിതാവ്.
10 ഹിസ്കീയാവ് മനശ്ശെയുടെ
പിതാവ്.
മനശ്ശെ ആമോസിന്റെ പിതാവ്.
ആമോസ് യോശീയാവിന്റെ പിതാവ്.
11 യോശീയാവ് യെഖൊന്യാവിന്റെയും
സഹോദരന്മാരുടെയും പിതാവ്
(യെഹൂദരെ ബാബിലോണിൽ അടിമ
കളാക്കി കൊണ്ടുപോയ കാലത്താണിത്.)
12 ബാബിലോണിൽ അടിമത്വം
തുടങ്ങിയശേഷം:
യെഖൊന്യാവ് ശെയൽത്തീയേലിന്റെ
പിതാവ്.
ശെയൽത്തീയേൽ സെരുബ്ബാബേലിന്റെ
പിതാവ്.
13 സെരുബ്ബാബേൽ അബീഹൂദിന്റെ പിതാവ്.
അബീഹൂദ് എല്യാക്കീമിന്റെ
പിതാവ്.
എല്യാക്കീം ആസോരിന്റെ പിതാവ്
14 ആസോർ സാദോക്കിന്റെ പിതാവ്.
സാദോക്ക് ആഖീമിന്റെ പിതാവ്.
ആഖീം എലീഹൂദിന്റെ പിതാവ്.
15 എലീഹൂദ് എലീയാസരിന്റെ
പിതാവ്.
എലിയാസർ മത്ഥാന്റെ പിതാവ്.
മത്ഥാൻ യാക്കോബിന്റെ പിതാവ്.
16 യാക്കോബ് യോസേഫിന്റെ പിതാവ്.
യോസേഫ് മറിയയുടെ ഭർത്താവ്.
മറിയ യേശുവിന്റെ മാതാവ്.
യേശു, ക്രിസ്തുവെന്നു വിളിക്കപ്പെട്ടു.

17അങ്ങനെ അബ്രാഹാംമുതൽ ദാവീദുവരെ
പതിനാലു തലമുറകൾ. ദാവീദു മുതൽ ജന
ങ്ങൾ ബാബിലോണിലേക്കു നാടു കടത്തപ്പെട്ട
കാലം വരെ പതിനാലു തലമുറകൾ. ജനങ്ങൾ
ബാബിലോന്യയിലേക്കു നാടുകടത്തപ്പെട്ടതു
മുതൽ ക്രിസ്തുവിന്റെ ജനനം വരെ പതിനാ
ലു തലമുറകളുണ്ടായിരുന്നു.

യേശുക്രിസ്തുവിന്റെ ജനനം

(ലൂക്കൊ. 2:1-7)

18യേശുക്രിസ്തുവിന്റെ മാതാവ് മറിയ ആ
യിരുന്നു. യേശുവിന്റെ ജനനമുണ്ടായത് ഇങ്ങ
നെയാണ്. മറിയയും യോസേഫും തമ്മിലുള്ള
വിവാഹം നിശ്ചയിച്ചിരുന്നു. എന്നാൽ വിവാ
ഹത്തിനു മുമ്പുതന്നെ താൻ ഗർഭിണിയാണെ
ന്നു മറിയ അറിഞ്ഞു. പരിശുദ്ധാത്മാവിന്റെ
ശക്തിയാലാണവൾ ഗർഭവതിയായത്. 19മറിയ
യുടെ ഭർത്താവ് യോസേഫ് നല്ല മനുഷ്യനാ
യിരുന്നു. അയാൾ മറിയയെ ജനമദ്ധ്യത്തിൽ
നാണം കെടുത്താൻ ഇഷ്ടപ്പെട്ടില്ല. അതിനാല
യാൾ അവളെ രഹസ്യമായി വിവാഹത്തിൽ
നിന്ന് ഒഴിവാക്കുവാൻ ആലോചിച്ചു.
20യോസേഫ് ഇത് ആലോചിക്കവേ കർത്താ
വിന്റെ ദൂതൻ സ്വപ്നത്തിൽ യോസേഫിനെ
സമീപിച്ചു. ദൂതൻ പറഞ്ഞു, “ദാവീദിന്റെ
പുത്രനായ യോസേഫേ, മറിയയെ നിന്റെ
ഭാര്യയായി സ്വീകരിക്കാൻ ഭയക്കേണ്ടതില്ല.
അവളിൽ വളരുന്ന കുട്ടി പരിശുദ്ധാത്മാവി
ലൂടെ ഉണ്ടായതാണ്. 21അവൾ ഒരാൺകുട്ടിക്കു
ജന്മമരുളും. നീയവന് യേശുവെന്ന് പേരിടണം.
അവൻ മനുഷ്യരെ അവരുടെ പാപങ്ങളിൽ
നിന്നു രക്ഷിക്കുമെന്നതിനാലാണ് ഈ പേര്
നീ അവ നിടേണ്ടത്.”
22കർത്താവ് പ്രവാചകനിലൂടെ പറഞ്ഞ ഈ
കാര്യങ്ങളുടെ അർത്ഥം മുഴുവനും വ്യക്തമാക
ത്തക്കവണ്ണം ഇതു സംഭവിച്ചു. 23“കന്യക ഗർഭി
ണിയാകുകയും ഒരു പുത്രനു ജന്മമേകുകയും
ചെയ്യും. അവർ അവന് ഇമ്മാനൂവേൽ എന്ന്
പേരിടും.”* (“ദൈവം നമ്മോടൊത്തുണ്ട്,” എ
ന്നാണ് ഇമ്മാനൂവേലിന്റെ അർത്ഥം.)
24യോസേഫ് ഉണർന്നപ്പോൾ കർത്താവി
ന്റെ ദൂതൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു.

കന്യക ... പേരിടും ഉദ്ധരണി യെശയ്യാ. 7:14.

യോസേഫ് മറിയയെ വിവാഹം കഴിച്ചു. 25മറി
യ മകനെ പ്രസവിക്കുംവരെ അവൻ അവളുമാ
യി ലൈംഗികബന്ധത്തിലേർപ്പെട്ടില്ല. യോ
സേഫ് മകന് യേശു എന്നു പേരിട്ടു.

പണ്ഡിതന്മാർ യേശുവിനെ സന്ദർശിക്കുന്നു

2 യെഹൂദ്യയിലെ ബേത്ത്ലെഹെമിലാണ് യേശു
പിറന്നത്. ഹെരോദാവു രാജാവായിരുന്ന
കാലത്തായിരുന്നു അവന്റെ ജനനം. യേശു
വിന്റെ ജനനശേഷം കിഴക്കുനിന്നും ചില
പണ്ഡിതന്മാർ യെരൂശലേമിൽ വന്നു. 2പണ്ഡി
തന്മാർ ജനങ്ങളോടു ചോദിച്ചു. "യെഹൂദാരാ
ജാവായി പിറന്ന കുഞ്ഞ് എവിടെയാണ്? അവ
ന്റെ ജനനത്തെ കാണിക്കുന്ന നക്ഷത്രം ഞങ്ങൾ
കണ്ടു. ആ നക്ഷത്രം കിഴക്കെ ആകാശത്തിൽ
ഉദിക്കുന്നതു ഞങ്ങൾ കണ്ടു. ഞങ്ങൾ അവനെ
നമസ്കരിപ്പാൻ വന്നിരിക്കുന്നവരാണ്."
3യെഹൂദരുടെ പുതിയ രാജാവിനെപ്പറ്റിയുള്ള
വാർത്തകൾ ഹെരൊദാരാജാവിന്റെ ചെവി
യിലെത്തി. അദ്ദേഹം അസ്വസ്ഥനായി. യെരൂശ
ലേമിലെ എല്ലാ ജനങ്ങളും അസ്വസ്ഥരായി.
4ഹെരോദാവ് എല്ലാ യെഹൂദമഹാപുരോഹിത
ന്മാരെയും ശാസ്ത്രിമാരെയും വിളിച്ചുകൂട്ടി. ക്രി
സ്തു ജനിക്കാനിരിക്കുന്നത് എവിടെയായിരി
ക്കാമെന്ന് ഹെരോദാവ് അവരോടാരാഞ്ഞു. 5അ
വർ പറഞ്ഞു, "യെഹൂദ്യയിലെ ബേത്ത്ലെഹെം
ഗ്രാമത്തിൽ. തിരുവെഴുത്തിൽ പ്രവാചകൻ ഇ
തേപ്പറ്റി ഇങ്ങനെ എഴുതിയിട്ടുണ്ട്.
6'യെഹൂദ്യയിലെ ബേത്ത്ലെഹെമേ, യെഹൂദ്യ
യിലെ പ്രഭുക്കളിൽ നീയായിരിക്കും പ്രമുഖൻ.
അതെ, നിന്നിൽനിന്നൊരു ഭരണാധിപൻ വരും
അവൻ യിസ്രായേലിലെ എന്റെ ആളുകളെ
നയിക്കും.'" *മീഖാ 5:2*

7പിന്നീട് കിഴക്കുനിന്നും വന്ന പണ്ഡിതരു
മായി ഹെരോദാവ് ഒരു രഹസ്യയോഗം ചേർ
ന്നു. അവർ ആദ്യമായി നക്ഷത്രം കണ്ട സമയം
കൃത്യമായി ഹെരോദാവ് അവരിൽനിന്നും ഗ്ര
ഹിച്ചു. 8അതിനു ശേഷം ഹെരോദാവ് അവരെ
ബേത്ത്ലെഹെമിലേക്കയച്ചിട്ട് അവരോടു പറ
ഞ്ഞു, "പുതുതായി പിറന്ന ആ കുഞ്ഞിനെപ്പറ്റി
സസൂക്ഷ്മം അന്വേഷിക്കുക. കണ്ടെത്തിയാൽ
എന്നോടു വന്നു പറയുക. അപ്പോൾ എനിക്കും
ചെന്ന് അവനെ നമസ്കരിക്കാമല്ലോ." 9പണ്ഡി
തന്മാർ രാജാവ് പറഞ്ഞതു കേട്ടശേഷം അവിടെ
നിന്നും പോയി. കിഴക്കുകണ്ട അതേ നക്ഷത്ര
ത്തെ അവർ വീണ്ടും കണ്ടു. അവർ നക്ഷത്ര
ത്തിന്റെ മാർഗ്ഗത്തെ പിന്തുടർന്നു. കുഞ്ഞുള്ള
സ്ഥലത്തെത്തും വരെ നക്ഷത്രം അവർക്കു
മുന്നിൽ സഞ്ചരിച്ചു. 10നക്ഷത്രം കണ്ടതിൽ അ
വർ ആഹ്ലാദിച്ചു. സന്തോഷം കൊണ്ട് അവരുടെ
മനസ്സുനിറഞ്ഞു. 11കുഞ്ഞുണ്ടായിരുന്ന വീട്ടിലേ
ക്കവർ വന്നു. അവർ കുഞ്ഞിനെ അവന്റെ
അമ്മയായ മറിയയോടൊപ്പം കണ്ടു. പണ്ഡിത
ന്മാർ കുഞ്ഞിന്റെ മുമ്പിൽ നമസ്കരിച്ച് അവ
നെ ആരാധിച്ചു. അവർ കുഞ്ഞിനുവേണ്ടി കൊ
ണ്ടുവന്ന സമ്മാനങ്ങൾ തുറന്നു. സ്വർണ്ണ നി
ക്ഷേപവും കുന്തിരിക്കവും മൂരും അവർ ശിശു
വിനു കാഴ്ചവെച്ചു. 12എന്നാൽ ഹെരോദാവി
ന്റെ അടുത്തേക്ക് മടങ്ങരുതെന്ന് സ്വപ്നത്തി
ലൂടെ ദൈവം അവർക്കു മുന്നറിയിപ്പു കൊടു
ത്തു. അതിനാൽ പണ്ഡിതന്മാർ മറ്റൊരുവഴിയാ
യി തങ്ങളുടെ രാജ്യങ്ങളിലേക്കു മടങ്ങിപ്പോയി.

യേശുവിന്റെ മാതാപിതാക്കൾ അവനെ മിസ്രയീമിലേക്കു കൊണ്ടുപോകുന്നു

13പണ്ഡിതന്മാർ പോയിക്കഴിഞ്ഞപ്പോൾ കർ
ത്താവിന്റെ ദൂതൻ യോസേഫിന് സ്വപ്ന
ത്തിൽ പ്രത്യക്ഷപ്പെട്ടു. ദൂതൻ പറഞ്ഞു, "എഴു
ന്നേൽക്കൂ! കുഞ്ഞിനെയും അവന്റെ അമ്മയെ
യും കൂട്ടി മിസ്രയീമിലേക്കു രക്ഷപ്പെടണം. ഹെ
രോദാവ് കുഞ്ഞിനെ അന്വേഷിച്ചു തുടങ്ങും.
ഹെരോദാവ് കുഞ്ഞിനെ കൊല്ലുവാൻ ആഗ്രഹി
ക്കുന്നുണ്ട്. നിങ്ങൾ സുരക്ഷിതരാണെന്ന് ഞാൻ
പറയുംവരെ മിസ്രയീമിൽ താമസിക്കണം."
14അതുകൊണ്ട് യോസേഫ് എഴുന്നേറ്റ് കു
ഞ്ഞിനെയും അവന്റെ അമ്മയെയും കൂട്ടി മി
സ്രയീമിലേക്കു പുറപ്പെട്ടു. രാത്രിയിലായിരു
ന്നു അവർ പുറപ്പെട്ടത്. 15ഹെരോദാവിന്റെ
മരണം വരെ യോസേഫ് അവിടെ താമസിച്ചു.
ഇങ്ങനെ കർത്താവ് പ്രവാചകനിലൂടെ പറ
ഞ്ഞിരുന്നതിന്റെ അർത്ഥം മുഴുവനും വ്യക്ത
മാകത്തക്കവണ്ണം ഇതു സംഭവിച്ചു. കർത്താവ്
ഇങ്ങനെ പറഞ്ഞിരുന്നു, "മിസ്രയീമിൽനിന്നും
പുറത്തുവരുവാൻ ഞാനെന്റെ പുത്രനെ വിളി
ച്ചു."*

ഹെരോദാവ് ബേത്ത്ലെഹെമിലെ ആൺ കുഞ്ഞുങ്ങളെ കൊല്ലുന്നു

16പണ്ഡിതന്മാർ തന്നെ വിഡ്ഢിയാക്കി എ
ന്ന് ഹെരോദാവ് കണ്ടു. ഹെരോദാവ് വളരെയ
ധികം ക്രുദ്ധനായി. അതിനാൽ ബേത്ത്ലെഹെ
മിലും ചുറ്റുമുള്ള സ്ഥലങ്ങളിലുമുള്ള രണ്ടു വയ
സ്സുവരെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും
കൊല്ലുവാൻ ഹെരോദാവ് ഉത്തരവിട്ടു. കുഞ്ഞു
പിറന്ന കൃത്യസമയം ഹെരോദാവ് പണ്ഡിതന്മാ
രിൽനിന്നും ഗ്രഹിച്ചിരുന്നു. അപ്പോൾ ആ സ
മയം കഴിഞ്ഞ് രണ്ടു വർഷമായി. അതിനാൽ
രണ്ടു വയസ്സിനുള്ളിലുള്ള എല്ലാ ആൺകുട്ടിക
ളെയും കൊല്ലുവാൻ ഹെരോദാവ് ഉത്തരവിട്ടു.
17അതിനാൽ ദൈവം യിരെമ്യാപ്രവാചകനിലൂ
ടെ പറഞ്ഞ കാര്യങ്ങൾ സംഭവിച്ചു.
18"റാമയിലൊരു ശബ്ദം കേട്ടു. കരച്ചിലി
ന്റെയും കടുത്ത ദു:ഖത്തിന്റെയും ശബ്ദം.
റാഹേൽ തന്റെ കുഞ്ഞുങ്ങൾക്കായി വിലപി
ക്കുന്നു; അവൾക്ക് ആശ്വസിക്കുവാനാകുന്നില്ല;
കാരണം അവളുടെ കുട്ടികൾ മരിച്ചിരുന്നു."
യിരെമ്യാവ് 31:15

യോസേഫും മറിയയും മിസ്രയീമിൽ നിന്ന് മടങ്ങി വരുന്നു

19ഹെരോദാവിന്റെ മരണശേഷം കർത്താവി
ന്റെ ഒരു ദൂതൻ യോസേഫിനു സ്വപ്നത്തിൽ
പ്രത്യക്ഷപ്പെട്ടു. യോസേഫ് മിസ്രയീമിലായി
രിക്കുമ്പോഴാണിതു സംഭവിച്ചത്. 20ദൂതൻ പറ
ഞ്ഞു, "എഴുന്നേൽക്കൂ! കുഞ്ഞിനെയും അമ്മയെ
യും കൂട്ടി യിസ്രായേലിലേക്ക് പോകുക. കു
ഞ്ഞിനെ കൊല്ലുവാൻ ശ്രമിച്ചവരൊക്കെ ഇ
പ്പോൾ മരിച്ചു കഴിഞ്ഞു."
21അതിനാൽ യോസേഫ് കുഞ്ഞിനെയും അ
മ്മയെയും കൂട്ടി യിസ്രായേലിലേക്കു പോയി.
22പക്ഷേ അർക്കെലയൊസ് അപ്പോൾ യെഹൂദ്യ
നാടു ഭരിക്കുന്നതായി യോസേഫ് കേട്ടു. തന്റെ
പിതാവായ ഹെരോദാവിന്റെ മരണത്തെ തു
ടർന്നാണ് അർക്കെലയൊസ് രാജാവായത്. അ
തിനാൽ അവിടേക്കു പോകുവാൻ യോസേഫ്
ഭയന്നു. സ്വപ്നത്തിലൂടെ യോസേഫിനു അ

മിസ്രയീമിൽ ... വിളിച്ചു ഉദ്ധരണി ഹോശയ 11:1.

വിടെ പോകരുതെന്നുള്ള നിർദ്ദേശം കിട്ടിയിരു
ന്നു. അതിനാൽ യോസേഫ് അവിടം വിട്ട് ഗ
ലീലപ്രദേശങ്ങളിലേക്കു പോയി.
23യോസേഫ് നസറെത്ത് എന്ന ഗ്രാമത്തിൽ
പോയി താമസിച്ചു. ദൈവം പ്രവാചകനിലൂ
ടെ പറഞ്ഞതുപോലെ ഇക്കാര്യങ്ങൾ സംഭവി
ച്ചു. ക്രിസ്തു നസറെയനെന്നു വിളിക്കപ്പെടു
മെന്ന് ദൈവം പറഞ്ഞിരുന്നു.

സ്നാപകയോഹന്നാൻെറ പ്രവർത്തികൾ

(മർക്കൊ. 1:1-8; ലൂക്കൊ. 3:1-9, 15-17
യോഹ. 1:19-28)

3 ആ സമയം സ്നാപകയോഹന്നാൻ വന്ന്
പ്രസംഗിക്കുവാൻ തുടങ്ങി. യെഹൂദ്യാദേശ
ത്തിലെ മരുഭൂമിയിൽനിന്നാണദ്ദേഹം പ്രസംഗി
ച്ചത്. 2യോഹന്നാൻ പറഞ്ഞു, “മാനസാന്തര
പ്പെടുവിൻ, എന്തെന്നാൽ സ്വർഗ്ഗരാജ്യമിതാ വ
രവായി.” 3സ്നാപകയോഹന്നാനെപ്പറ്റിയാണ്
യെശയ്യാപ്രവാചകൻ പറഞ്ഞത്. യെശയ്യാവ്
പറഞ്ഞു.

“മരുഭൂമിയിൽനിന്നൊരുവൻ ഉച്ചത്തിൽ വി
ളിച്ചു പറയുന്നു: ‘കർത്താവിനായി വഴിയൊരു
ക്കുക; അവൻെറ പാതകളെ നേരെയാക്കുക.’”
യെശയ്യാവ് 40:3

4യോഹന്നാൻെറ വസ്ത്രങ്ങൾ ഒട്ടകരോമം
കൊണ്ടുണ്ടാക്കിയതായിരുന്നു. യോഹന്നാൻ തു
കലുകൊണ്ടുള്ള ഒരു അരപ്പട്ട അരയിൽ ധരിച്ചി
രുന്നു. വെട്ടുക്കിളികളും കാട്ടുതേനുമായിരുന്നു
യോഹന്നാൻെറ ഭക്ഷണം. 5ജനങ്ങൾ യോഹ
ന്നാൻെറ പ്രസംഗം കേൾക്കാനെത്തി. യെരൂശ
ലേമിൽനിന്നും യെഹൂദ്യയിൽനിന്നും യോർ
ദ്ദാൻ നദിയുടെ ചുറ്റുപാടിലുള്ള എല്ലാപ്രദേശ
ങ്ങളിൽനിന്നും ജനങ്ങളെത്തി. 6ജനങ്ങൾ ത
ങ്ങൾ ചെയ്ത പാപങ്ങൾ ഏറ്റുപറഞ്ഞു. യോ
ഹന്നാൻ അവരെ യോർദ്ദാൻനദിയിൽസ്നാനം
കഴിപ്പിച്ചു?
7യോഹന്നാൻ ജനങ്ങളെ സ്നാനം കഴിപ്പി
ച്ചുകൊണ്ടിരുന്ന സ്ഥലത്തേക്ക് അനേകം പരീശ
ന്മാരും സദൂക്യരും വന്നു. അവരെ കണ്ടപ്പോൾ
യോഹന്നാൻ അവരോടു പറഞ്ഞു, “പാമ്പു
കളേ, വരുവാനിരിക്കുന്ന ദൈവകോപത്തിൽ
നിന്ന് രക്ഷപെടാൻ ആരാണു നിങ്ങൾക്കു മുന്ന
റിയിപ്പു നൽകിയത്? 8നിങ്ങൾ വാസ്തവമായി
മാനസാന്തരപ്പെട്ടു എന്നത് നിങ്ങളുടെ പ്രവർ
ത്തികളിലൂടെ എടുത്തു കാട്ടണം. 9‘അബ്രാഹാം
ഞങ്ങളുടെ പിതാവാണ്’ എന്ന് സ്വയം പറ
ഞ്ഞു പുകഴാമെന്നു ചിന്തിക്കേണ്ട. ഞാൻ നിങ്ങ
ളോടുപറയുന്നു, അബ്രാഹാമിനു മക്കളെ ഈ
കല്ലുകളിൽനിന്നും ഉളവാക്കുവാൻ ദൈവത്തി
നു കഴിയും. 10മരങ്ങൾ മുറിക്കാൻ കോടാലി
യിതാ തയ്യാറായിരിക്കുന്നു. നല്ല ഫലങ്ങൾ പുറ
പ്പെടുവിക്കാത്ത ഓരോ മരവും മുറിച്ച് തീയിലെ
റിയപ്പെടും.
11“നിങ്ങൾ മാനസാന്തരപ്പെട്ടുവെന്നു വെളി
പ്പെടുത്താൻ ഞാൻ നിങ്ങളെ വെള്ളത്തിൽ
സ്നാനം കഴിപ്പിക്കുന്നു. എന്നാൽ എനിക്കുശേ
ഷം വരുന്നവൻ എന്നേക്കാൾ ശ്രേഷ്ഠനാണ്.
അവൻെറ ചെരുപ്പ് ഊരുവാൻ പോലും ഞാൻ
യോഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാ
വിനാലും അഗ്നിയാലും സ്നാനം കഴിപ്പിക്കും.
12അവൻ ധാന്യത്തെ വൃത്തിയാക്കാൻ തയ്യാറാ
യിവരും. അവൻ നല്ലധാന്യത്തെ പതിരിൽ നി
ന്നും വേർതിരിക്കും. നല്ല ധാന്യം അവൻ തൻെറ
അറയിൽ നിറയ്ക്കും. പതിരു കത്തിച്ചുകളയും.
കെട്ടുപോകാത്ത അഗ്നിയിൽ അവനതു
കത്തിയ്ക്കും.”

യോഹന്നാൻ യേശുവിനെ സ്നാനം കഴിപ്പിക്കുന്നു

(മർക്കൊ. 1:9-11; ലൂക്കൊ. 3:21-22)

13ആ സമയത്ത് യേശു ഗലീലയിൽനിന്നും
യോർദ്ദാൻനദിക്കരയിലെത്തി. അവൻ യോഹ
ന്നാൻെറ അടുത്തുവന്നു തന്നെ സ്നാനം കഴി
പ്പിക്കണമെന്ന് ആവശ്യപ്പെട്ടു. 14എന്നാൽ താൻ
അതിനു യോഗ്യനല്ലെന്നു പറയാൻ യോഹ
ന്നാൻ ശ്രമിച്ചു. യോഹന്നാൻ പറഞ്ഞു, “നീ
സ്നാനം ഏൽക്കുവാൻ എന്തിന് എൻെറ അടു
ക്കൽ വരുന്നു? നിന്നിൽനിന്ന് സ്നാനം ഏൽ
ക്കേണ്ടവൻ ഞാനാണ്.”
15യേശു മറുപടി പറഞ്ഞു, “ഇതിപ്പോൾ ഇങ്ങ
നെയായിരിക്കട്ടെ. നീതിയായത് എല്ലാം നാം
ചെയ്യേണ്ടതുണ്ട്.” അതിനാൽ യേശുവിനെ
സ്നാനം കഴിപ്പിക്കാമെന്ന് യോഹന്നാൻ സമ്മ
തിച്ചു.
16യേശു സ്നാനം ഏറ്റശേഷം വെള്ളത്തിൽ
നിന്നും കയറിവന്നു. ആകാശം തുറന്ന് ദൈവ
ത്തിൻെറ ആത്മാവ് ഒരു പ്രാവിൻെറ രൂപത്തിൽ
തൻെറമേൽ ഇറങ്ങിവരുന്നതായവൻ കണ്ടു.
17സ്വർഗ്ഗത്തിൽ നിന്നൊരു അശരീരി ഉണ്ടായി.
അശരീരി ഇങ്ങനെയായിരുന്നു, “ഇവനെൻെറ
പുത്രനാണ്. ഞാനിവനെ സ്നേഹിക്കുന്നു. ഇവ
നിൽ ഞാൻ അതീവസന്തുഷ്ടനാണ്.”

യേശുവിൻെറ പ്രലോഭനം

(മർക്കൊ. 1:12-13; ലൂക്കൊ. 4:1-13)

4 അനന്തരം ആത്മാവ് യേശുവിനെ മരുഭൂമി
യിലേക്കു നയിച്ചു. അവിടെ പിശാചിൻെറ
പ്രലോഭനത്തെ നേരിടാനായിരുന്നു അവൻ അ
ങ്ങോട്ടു നയിക്കപ്പെട്ടത്. 2നാല്പതു ദിനരാത്രങ്ങൾ
യേശു ഒന്നും ഭക്ഷിച്ചിരുന്നില്ല. അതിനുശേഷം
അവന് വല്ലാതെ വിശന്നു. 3പിശാച് യേശുവി
നെ പ്രലോഭിപ്പിക്കാൻ എത്തി. പിശാച് പറ
ഞ്ഞു, “നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളോ
ട് അപ്പമാകുവാൻ കല്പിക്കൂ.”
4യേശു അവനോടു മറുപടി പറഞ്ഞു, “തിരു
വെഴുത്തുകളിൽ ഇങ്ങനെ എഴുതപ്പെട്ടിട്ടുണ്ട്,

‘മനുഷ്യനെ ജീവിപ്പിക്കുന്നത് അപ്പം മാത്രമല്ല.
ദൈവത്തിൻെറ തിരുവായിലൂടെ പുറത്തുവ
രുന്ന ഓരോ വചനത്തിലുമാണ് അവരുടെ ജീ
വൻ ആശ്രയിച്ചിരിക്കുന്നത് ’” *ആവർത്തനം 8:3*

5അനന്തരം പിശാച് യേശുവിനെ വിശുദ്ധ
നഗരമായ യെരൂശലേമിലേക്കു നയിച്ചു. പിശാ
ച് യേശുവിനെ ദൈവാലയത്തിൽ വളരെ ഉയർ
ന്ന ഒരിടത്തു നിർത്തി. 6പിശാച് പറഞ്ഞു,
“നീ ദൈവപുത്രനാണെങ്കിൽ താഴോട്ടു ചാടുക.
എന്തെന്നാൽ തിരുവെഴുത്തുകളിൽ ഇങ്ങനെ
എഴുതപ്പെട്ടിട്ടുണ്ടല്ലോ,

‘ദൈവം തൻെറ ദൂതന്മാരോടു കല്പിക്കും, അവ
രുടെ കൈകൾ നിൻെറ രക്ഷയ്ക്കെത്തും, നി
ൻെറ കാൽ പാറയിലിടിക്കാത്ത വിധം നിന്നെ
പിടിക്കും.” *സങ്കീർത്തനങ്ങൾ 91:11-12*

7യേശു മറുപടി പറഞ്ഞു, “തിരുവെഴുത്തുക
ളിൽ ഇങ്ങനെ കൂടി എഴുതിയിട്ടുണ്ട്,

‘നിൻെറ കർത്താവായ ദൈവത്തെ നീയൊ
രിക്കലും പരീക്ഷിക്കരുത്.’” *ആവർത്തനം6:16*

8അനന്തരം പിശാച് യേശുവിനെ ഒരു വലി
യ ഉയരമുള്ള മലയിലേക്കു കൊണ്ടുപോയി.
പിശാച് യേശുവിനെ ലോകത്തിലെ എല്ലാ
രാജ്യങ്ങളും കാണിച്ചു. അവിടങ്ങളിലെ മഹ
ത്തായ കാര്യങ്ങളും കാണിച്ചു. 9പിശാച് പറ
ഞ്ഞു, "നീ എന്നെ നമസ്കരിച്ച് ആരാധിച്ചാൽ
ഈ കണ്ടതെല്ലാം നിനക്കു ഞാൻ തരാം."
10യേശു പിശാചിനോടു പറഞ്ഞു, "സാത്താ
നേ എന്നെ വിട്ടുപോക, തിരുവെഴുത്തുകളിൽ
ഇങ്ങനെയെഴുതിയിട്ടുണ്ട്,

'കർത്താവായ ദൈവത്തെ നിങ്ങൾ ആരാ
ധിക്കുക. അവനെ മാത്രം സേവിക്കുക.'"

ആവർത്തനം 6:13

11പിശാച് യേശുവിനെ വിട്ടുപോയി. അ
പ്പോൾ ഏതാനും ദൂതന്മാർ വന്ന് യേശുവിനെ
പരിചരിച്ചു.

യേശു ഗലീലയിൽ തന്റെ പ്രവർത്തനം ആരംഭിക്കുന്നു

(മർക്കൊ. 1:14-15; ലൂക്കൊ. 4:14-15)

12യോഹന്നാൻ തടവിലാക്കപ്പെട്ടു എന്നു യേ
ശു കേട്ടു. അതിനാൽ യേശു ഗലീലയിലേക്കു
മടങ്ങി. 13അവൻ നസറെത്തിൽ തങ്ങിയില്ല.
ഗലീലത്തടാകത്തിനടുത്തുള്ള കഫർന്നഹൂം
എന്ന നഗരത്തിലേക്കു പോയ യേശു അവിടെ
താമസിച്ചു. സെബൂലൂന്റെയും നഫ്താലിയു
ടെയും പ്രദേശമാണ് കഫർന്നഹൂം. 14യെശയ്യാ
പ്രവാചകൻ പറഞ്ഞതു നിറവേറ്റാനായിരുന്നു
അവൻ ഇതു ചെയ്തത്. യെശയ്യാപ്രവാചകൻ
പറഞ്ഞു,

15"സമുദ്രത്തിലേക്കുള്ള വഴിയിൽ യോർദ്ദാൻ
നദിയുടെ മറുകരയിൽ സെബൂലൂന്റെയും
നഫ്താലിയുടെയും ദേശം, ജാതികളുടെ ഗലീ
ല ദേശം
16ഈ ആളുകൾ ഇരുട്ടിലായിരുന്നു (പാപ
ത്തിൽ). പക്ഷേ അവർ ഒരു മഹത്പ്രകാശം ക
ണ്ടു: ശവപ്പറമ്പുപോലെ ഇരുണ്ട ഈ പ്രദേശ
ത്ത് വസിക്കുന്ന ആളുകളുടെമേൽ പ്രകാശം
ഉദിച്ചു."

യെശയ്യാവ് 9:1-2

17അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ
തുടങ്ങി. അവനിങ്ങനെയാണ് പ്രസംഗിച്ചത്,
"മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗ്ഗ
രാജ്യത്തിന്റെ വരവായി."

യേശു ചില ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു

(മർക്കൊ. 1:16-20; ലൂക്കൊ. 5:1-11)

18യേശു ഗലീല കടൽത്തീരത്തുകൂടി നടക്കു
കയായിരുന്നു. ശിമോൻ (പത്രൊസ്) അന്ത്രെ
യാസ് എന്നീ സഹോദരന്മാരെ അവൻ കണ്ടു.
മീൻപിടുത്തക്കാരായ അവർ കടലിൽ വലവീ
ശുകയായിരുന്നു. 19യേശുപറഞ്ഞു, "വരൂ,
എന്നെ അനുഗമിക്കൂ. ഞാൻ നിങ്ങളെ വ്യത്യ
സ്തരായ മീൻപിടുത്തക്കാരാക്കാം. നിങ്ങളെ
ഞാൻ ആളുകളാകുന്ന മീൻ പിടിക്കുന്നവരാ
ക്കാം." 20ശിമോനും അന്ത്രെയാസും ഉടൻ വല
കൾ ഉപേക്ഷിച്ച് അവനെ പിന്തുടർന്നു.
21യേശു ഗലീലക്കടൽത്തീരത്തുകൂടിയുള്ള ത
ന്റെ നടപ്പു തുടർന്നു. സെബെദിയുടെ മക്കളാ
യ യാക്കോബിനെയും യോഹന്നാനെയും
അവൻ കണ്ടു. അവർ പിതാവായ സെബെദി
യോ ടൊപ്പം വള്ളത്തിലായിരുന്നു. അവർ മീൻ
പിടിക്കാൻ വല ഒരുക്കുകയായിരുന്നു. അവൻ
അവ രോടു തന്നോടൊപ്പം വരാൻ കല്പിച്ചു.
22അതി നാൽ ആ സഹോദരന്മാർ ഉടൻ
തങ്ങളുടെ പിതാവിനെയും വള്ളത്തെയും
ഉപേക്ഷിച്ച് യേ ശുവിനെ പിന്തുടർന്നു.

യേശു പഠിപ്പിക്കുകയും രോഗശാന്തി വരുത്തുകയും ചെയ്യുന്നു

(ലൂക്കൊ. 6:17-19)

23യേശു ഗലീലയിലെങ്ങും സഞ്ചരിച്ചു.
അവൻ യെഹൂദപ്പള്ളികളിൽ പഠിപ്പിക്കുകയും
സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം പ്രസംഗി
ക്കുകയും ആളുകളുടെ എല്ലാ വ്യാധികളും രോ
ഗങ്ങളും സുഖപ്പെടുത്തുകയും ചെയ്തു. 24യേ
ശുവിനെപ്പറ്റിയുള്ള വാർത്തകൾ സുറിയയി
ലെങ്ങും പരന്നു. ആളുകൾ രോഗികളായവരെ
യെല്ലാം അവന്റെയടുത്തു കൊണ്ടുവന്നു. രോ
ഗികൾ പലവിധത്തിലുള്ള രോഗങ്ങളും, വേദ
നയുമുള്ളവരായിരുന്നു. ചിലർക്കു വലിയ വേദ
നയുണ്ടായിരുന്നു. ചിലരെ പിശാച് ബാധി
ച്ചിരുന്നു, ചിലർക്ക് അപസ്മാരം ബാധിച്ചിരു
ന്നു, ചിലർ തളർവാതരോഗികളുമായിരുന്നു.
യേശു എല്ലാവരെയും സുഖപ്പെടുത്തി. 25അനേ
കംപേർ യേശുവിനെ പിന്തുടർന്നു. അവർ ഗലീ
ലയിൽനിന്നും ദെക്കപ്പൊലി (പത്തു നഗരപ്രദേ
ശം)യിൽനിന്നും യെരൂശലേം, യെഹൂദ്യ, യോർ
ദ്ദാനക്കരെ എന്നീ ഇടങ്ങളിൽ നിന്നുള്ളവരാ
യിരുന്നു.

യേശു ജനങ്ങളെ പഠിപ്പിക്കുന്നു

(ലൂക്കൊ. 6:20-23)

5 അവിടെ വലിയൊരു ജനക്കൂട്ടത്തെ യേശു
കണ്ടു. അതിനാലവൻ മലമുകളിലേക്കു കയ
റി ഇരുന്നു. അവന്റെ ശിഷ്യന്മാർ അവന്റെ
സമീപത്തേക്കുവന്നു. 2യേശു ജനങ്ങളെ പഠിപ്പി
ച്ചു. അവൻ പറഞ്ഞു,
3"ആത്മീയാവശ്യങ്ങൾ തങ്ങൾക്കു ഏറെ വേ
ണമെന്നറിയുന്നവർ ഭാഗ്യവാന്മാർ ദൈവരാ
ജ്യം അവർക്കുള്ളതാണ്.
4ഇപ്പോൾ ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ ദൈ
വം അവരെ സന്തുഷ്ടരാക്കും.
5വിനീതരായവർ ഭാഗ്യവാന്മാർ അവർക്കു
വാഗ്ദത്ത ഭൂമി ലഭിക്കും.*
6എല്ലാറ്റിനുമുപരി നീതി കാംക്ഷിക്കുന്നവർ
ഭാഗ്യവാന്മാർ, ദൈവം അവരെ പൂർണ്ണ സംതൃ
പ്തരാക്കും.
7മറ്റുള്ളവരോടു കരുണ കാട്ടുന്നവർ ഭാഗ്യ
വാന്മാർ, അവർക്കു കരുണ ലഭിക്കും.
8മന:ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ
ദൈവസന്നിധിയിലെത്തും.
9സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ,
ദൈവം അവരെ തന്റെ പുത്രന്മാരെന്നു വിളി
ക്കും.
10നന്മ ചെയ്തിട്ട് പീഢയനുഭവിക്കുന്നവർ
ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്.
11"ആളുകൾ നിങ്ങളെ ദുഷിക്കുകയും പീഢി
പ്പിക്കുകയും ചെയ്യും. എന്നെ നിങ്ങളനുഗമി
ക്കുന്നു എന്നതിനാൽ അവർ നിങ്ങൾക്കെതിരെ
എല്ലാ തിന്മയും കളവായി പറയുകയും ചെ
യ്യും.എന്നാൽ ആളുകൾ അങ്ങനെ ചെയ്യുമ്പോ
ൾ നിങ്ങൾ ഭാഗ്യവാന്മാർ. 12നിങ്ങൾ ആനന്ദിക്കു
കയും അട്ടഹാസിക്കുകയും ചെയ്യുക. ഒരു വലിയ
പ്രതിഫലം സ്വർഗ്ഗത്തിൽ നിങ്ങളെ കാത്തിരി
ക്കുന്നു. നിങ്ങൾക്കു മുമ്പുള്ള പ്രവാചകരോടും
ആളുകൾ ഇങ്ങനെ ചെയ്തിട്ടുണ്ട്.

വിനീതരായവർ ... ലഭിക്കും ഉദ്ധരണി സങ്കീ.37:11

നിങ്ങൾ ഉപ്പും പ്രകാശവുമാകുന്നു

(മർക്കൊ. 9:50; ലൂക്കൊ. 14:34-35)

13"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. എന്നാൽ
ഉപ്പിനു അതിന്റെ സ്വാദു നഷ്ടപ്പെട്ടാൽ ഒന്നി
നും അതിന്റെ ലവണത്വം തിരിച്ചു നൽകാനാ
വില്ല. അതിന്റെ ലവണത്വം നഷ്ടമായാൽ ഉ
പ്പു പിന്നെ ഒന്നിനും കൊള്ളരുതാത്തതാകും.
അതു വലിച്ചെറിയപ്പെടുകയും ചവിട്ടി നടക്ക
പ്പെടുകയും ചെയ്യും.
14"നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മ
ലമുകളിൽ നിർമ്മിക്കപ്പെട്ട നഗരം മറച്ചു വെ
ക്കാനാവില്ല.15ആരും വിളക്ക് പാത്രത്തിനടിയിൽ
വെക്കാറില്ല. അവർ വിളക്ക് മേശയിൽ വെക്കും.
അപ്പോൾ വീട്ടിലെ എല്ലാവർക്കുമായി അതു
പ്രകാശം ചൊരിയും. 16അതുപോലെ നിങ്ങൾ
മറ്റുള്ളവർക്കു പ്രകാശമാകണം. നിങ്ങൾ ചെയ്യു
ന്ന നല്ല കാര്യങ്ങൾ മറ്റുള്ളവർക്കു മാതൃകയാകും
വിധം പ്രവർത്തിക്കുക. സ്വർഗ്ഗസ്ഥനായ നിങ്ങ
ളുടെ പിതാവിനെ ആളുകൾ സ്തുതിക്കും വിധം
ജീവിക്കുക.

യേശുവും പഴയ നിയമവും

17"മോശെയുടെ ന്യായപ്രമാണത്തെയോ പ്ര
വാചകന്മാരുടെ ഉപദേശങ്ങളെയോ നശിപ്പി
ക്കാനാണ് ഞാൻ വന്നതെന്ന് നിങ്ങൾ കരുത
രുത്. അവരുടെ ഉപദേശങ്ങളെ നശിപ്പിക്കാനല്ല
വന്നത്. അവരുടെ ഉപദേശങ്ങളെ സാർത്ഥക
മാക്കാനാണു ഞാൻ വന്നത്. 18ഞാൻ നിങ്ങളോ
ടു സത്യമായി പറയട്ടെ. ഭൂമിയും സ്വർഗ്ഗവും
കടന്നുപോകും വരെ ന്യായപ്രമാണത്തിലൊരു
മാറ്റവും വരില്ല. എല്ലാം സംഭവിച്ചു കഴിയുന്ന
തുവരേക്കും അതിനു വള്ളിപുള്ളി വ്യത്യാസം
പോലും സംഭവിക്കില്ല. 19അപ്രധാനമെന്നു തോ
ന്നിക്കുന്ന കല്പനകൂടി അനുസരിക്കണം. ആരെ
ങ്കിലും നിയമത്തിലെ ഏറ്റവും അപ്രധാനമായ
കല്പനയെ നിരസിക്കുകയോ അതനുസരിക്കരു
തെന്ന് മറ്റുള്ളവരെ ഉപദേശിക്കുകയോ ചെ
യ്താൽ അവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും
നിസ്സാരനായി കരുതപ്പെടും. എന്നാൽ ന്യായ
പ്രമാണം അനുസരിക്കുകയും അതനുസരി
ക്കാൻ മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുന്ന
വൻ സ്വർഗ്ഗരാജ്യത്ത് വലിയവനായി കരുത
പ്പെടും. 20ഞാൻ നിങ്ങളോടു പറയുന്നു, ശാ
സ്ത്രിമാരെക്കാളും പരീശന്മാരെക്കാളും മെച്ച
പ്പെട്ട ധർമ്മാനുഷ്ഠാനം നിങ്ങൾക്കുണ്ടാവണം.
അല്ലെങ്കിൽ നിങ്ങൾക്കു സ്വർഗ്ഗരാജ്യത്തേക്കു
പ്രവേശനം കിട്ടില്ല.

ക്രോധത്തെപ്പറ്റി യേശു

21"ആരെയും കൊല്ലരുത്.'* കൊലയാളിയെ
നിയമാനുസൃതമായി നേരിടണം' എന്നു പണ്ടു
ള്ളവരോടു കല്പിച്ചിട്ടുള്ളത് നിങ്ങൾക്കറിയാമ
ല്ലോ. 22എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു.
മറ്റുള്ളവരോട് ക്രോധമരുത്. എല്ലാവരും നിങ്ങളു
ടെ സഹോദരന്മാരാണ്. മറ്റുള്ളവരോടു കോപി
ക്കുന്നവനെയും നിയമം പിടികൂടും. നിങ്ങൾ
മറ്റൊരുവനെ നിന്ദിച്ചാലും നിങ്ങളെ യെഹൂദ
സമിതി വിധിക്കും. മറ്റൊരുവനെ നിങ്ങൾ 'വി
ഡ്ഢി' എന്നുവിളിച്ചാൽ നിങ്ങൾ നരകത്തീ
യിൽ പതിക്കും." 23നീ ദൈവത്തിനു കാഴ്ചവ
സ്തു നൽകുമ്പോൾ നിന്റെ സഹജീവികളെ
ഓർക്കുക. നിങ്ങൾ കാഴ്ചവസ്തു യാഗപീഠ
ത്തിൽ വയ്ക്കുമ്പോൾ നിങ്ങളുടെ സഹോദരനു
നിങ്ങളോടു പിണക്കമുണ്ടെന്ന് ഓർമ്മിച്ചാൽ
24കാഴ്ചവസ്തു യാഗപീഠത്തിൽവെച്ചിട്ട് പോ
കുക. പോയി അയാളുമായി ഉടൻ രമ്യതയിലാ
കുക. എന്നിട്ട് തിരിച്ചു വന്ന് കാഴ്ചയർപ്പി
ക്കുക.
25"നിങ്ങളുടെ ശത്രു നിങ്ങളെ കോടതി കയറ്റു
മ്പോൾ അവനുമായി ചങ്ങാത്തത്തിലാകുക.
കോടതിയിലേക്കു പോകും മുമ്പേതന്നെ അങ്ങ
നെ ചെയ്യുക, അഥവാ അയാൾ നിങ്ങളെ ന്യാ
യാധിപനെ ഏല്പിച്ചേക്കാം." ന്യായാധിപൻ നി
ങ്ങളെ തടവിലാക്കേണ്ടതിലേക്കായി ഭടനെ ഏ
ല്പിച്ചേക്കാം. 26നിങ്ങൾക്കുള്ളതു മുഴുവനും കൊ
ടുത്തുതീർക്കാതെ നിങ്ങൾക്കു മോചനം കിട്ടി
ല്ലെന്നും ഞാൻ നിങ്ങളോടു പറയുന്നു.

ലൈംഗികപാപത്തെപ്പറ്റി യേശു

27"'വ്യഭിചരിക്കരുത്'* എന്ന കല്പന അവരെ
അറിയിച്ചത് നിങ്ങൾകേട്ടിട്ടുണ്ട്.28പക്ഷേ ഞാൻ
നിങ്ങളോടു പറയുന്നു: "ലൈംഗികമായ പാപം
ചെയ്യണമെന്ന ആശയോടെ ആരെങ്കിലും ഒരു
സ്ത്രീയെ നോക്കിയാൽത്തന്നെ അയാൾ ആ
സ്ത്രീയുമായി ഹൃദയത്തിൽ പാപം ചെയ്തു
കഴിഞ്ഞു. 29നിങ്ങളുടെ വലതുകണ്ണ് ഒരു പാപം
ചെയ്യാൻ കാരണമായാൽ അതു പറിച്ചെറിയു
ക. ശരീരം മുഴുവൻ നരകത്തിൽ പോകുന്നതി
ലും ഭേദം ഒരവയവം നഷ്ടപ്പെടുന്നതാണ്. 30നി
ങ്ങളുടെ വലതുകൈ പാപം ചെയ്യാൻ കാരണ
മായാൽ അതു വെട്ടിക്കളയുക. മുഴുവൻ ശരീര
വും നരകത്തിൽ പോകുന്നതിലും ഭേദം ഒരവയ
വം നഷ്ടപ്പെടുന്നതാണ്.

വിവാഹമോചനത്തെപ്പറ്റി

(മത്താ. 19:9; മർക്കൊ. 10:11-12; ലൂക്കൊ.16:18)

31"'ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവൾക്ക്
വിവാഹമോചനപത്രം കൊടുക്കണം'* എന്ന്
അവരോടു പറഞ്ഞിട്ടുണ്ട്. 32എന്നാൽ ഞാൻ
നിങ്ങളോടു പറയുന്നു, ഭാര്യയെ ഉപേക്ഷിക്കു
ന്നവൻ അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കു
കയാണ്. അവൾ വ്യഭിചാരിണിയാണെങ്കിൽ
മാത്രമേ അവളെ ഉപേക്ഷിക്കാവൂ. ഉപേക്ഷിക്ക
പ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭി
ചാരിയാണ്.

വാഗ്ദാനങ്ങളെപ്പറ്റി

33"'നിങ്ങൾ ഒരാൾക്കു വാഗ്ദാനം നൽകി
യാൽ അതൊരിക്കലും ലംഘിക്കരുത്. കർത്താ
വിനോടുള്ള വാഗ്ദാനം പാലിക്കുക'* എന്നും
പൂർവ്വികരോടു പറഞ്ഞിട്ടുള്ളതായി നിങ്ങൾ
കേട്ടിട്ടുണ്ട്. 34എന്നാൽ ഞാൻ പറയുന്നു ഒരിക്ക
ലും സത്യം ചെയ്യരുത്. സ്വർഗ്ഗത്തിന്റെപേരിൽ
വാക്കുനൽകരുത്. എന്തെന്നാൽ സ്വർഗ്ഗം ദൈവ
ത്തിന്റെ സിംഹാസനമാണ്. 35ഭൂമിയുടെ പേരി
ലും വാഗ്ദാനം നടത്തരുത്. എന്തെന്നാൽ ഭൂമി
ദൈവത്തിന്റെതാണ്. യെരൂശലേമിന്റെ പേരി
ലും വാഗ്ദാനം നടത്തരുത്. എന്തെന്നാൽ അത്
ദൈവത്തിന്റെ നഗരമാണ്. 36സ്വന്തം ശിരസ്സി
ന്റെ പേരിലും ശപഥം ചെയ്യരുത്. നിങ്ങളുടെ
ഒരു മുടിയിഴ കറുപ്പിക്കുവാനോ, വെളുപ്പിക്കു

'ആരെയും കൊല്ലരുത്' ഉദ്ധരണി പുറ.20:13, ആവ. 5:17.

'വ്യഭിചരിക്കരുത് ... കേട്ടിട്ടുണ്ട്' ഉദ്ധരണി പുറ. 20:14, ആവ 5:18.

'ഭാര്യയെ ... കൊടുക്കണം' ഉദ്ധരണി ആവ. 24:1

'നിങ്ങൾ ... പാലിക്കുക' ഉദ്ധരണി ലേവ്യ. 19:12, സംഖ്യ 30:2, ആവ.23:21.

വാനോ നിങ്ങൾക്കാവില്ല. 37‘അതേ’ എന്ന് ചെ
യ്യാവുന്ന കാര്യത്തെപ്പറ്റി മാത്രം പറയുക. അത
ല്ലാത്തവ ‘അല്ല’ എന്നും. ഇതിലുമധിമുള്ളതെ
ല്ലാം തിന്മയിൽനിന്നു വരുന്നതാണ്.

എതിർത്തു നില്പിനെക്കുറിച്ച്

(ലൂക്കൊ. 6:29-30)

38“‘കണ്ണിന് കണ്ണ്, പല്ലിനു പല്ല്,’* എന്നു
അവരോടും പറഞ്ഞിട്ടുണ്ട്. 39എന്നാൽ ഞാൻ
നിങ്ങളോടു പറയുന്നു. ദുഷ്ടനോടു ചെറുത്തു
നിൽക്കരുത്. ആരെങ്കിലും നിങ്ങളുടെ വലത്തെ
ചെകിട്ടത്ത് അടിച്ചാൽ തിരിഞ്ഞു നിങ്ങളുടെ
ഇടത്തെ ചെകിട് അവനു കാട്ടിക്കൊടുക്കുക.
40നിങ്ങൾക്കെതിരെ കോടതിയിൽ പോയി
നിങ്ങളുടെ കുപ്പായം നേടാൻ ശ്രമിക്കുന്നവനെ
നിങ്ങളുടെ മേൽക്കുപ്പായവും എടുക്കാൻ അനു
വദിക്കുക. 41ഒരുത്തൻ ഒരു നാഴിക നടക്കാൻ
നിങ്ങളെ നിർബന്ധിതനാക്കിയാൽ അവനോ
ടൊപ്പം രണ്ടു നാഴിക നടക്കുക. 42നിങ്ങളോടു
ചോദിക്കുന്നവനു കൊടുക്കുക. നിങ്ങളിൽ
നിന്നെന്തെങ്കിലും വായ്പ വാങ്ങാൻ വരുന്ന
വനു അതു നിരസിയ്ക്കരുത്.”

എല്ലാവരെയും സ്നേഹിക്കുക

(ലൂക്കൊ. 6:27-28, 32-36)

43“‘നിന്റെ അയൽക്കാരനെ സ്നേഹിക്കുക’*
എന്നും ‘ശത്രുവിനെ വെറുക്കുക’ എന്നും പറ
ഞ്ഞത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. 44എന്നാൽ
ഞാൻ പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേ
ഹിക്കുക. നിങ്ങളെ ദ്രോഹിക്കുന്നവർക്കായി
പ്രാർത്ഥിക്കുക. 45നിങ്ങളങ്ങനെ ചെയ്താൽ
നിങ്ങൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവി
ന്റെ യഥാർത്ഥ സന്താനങ്ങളായിരിക്കും. നിങ്ങ
ളുടെ പിതാവ് ദുഷ്ടർക്കും ശിഷ്ടർക്കും വേണ്ടി
സൂര്യനെ ഉദിപ്പിക്കുന്നു. നല്ലവർക്കും ദുഷിച്ചവ
ർക്കുംവേണ്ടി അവൻ മഴപെയ്യിക്കുന്നു. 46നിങ്ങ
ളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേ
ഹിച്ചാൽ പ്രതിഫലം കിട്ടുകയില്ല. ചുങ്കക്കാർ
പോലും അങ്ങനെ ചെയ്യും. 47നിങ്ങളുടെ സ്നേ
ഹിതരെ മാത്രമേ നിങ്ങൾ ആശംസിക്കൂ എന്നു
ണ്ടെങ്കിൽ നിങ്ങൾ മറ്റുള്ളവരെക്കാൾ ഒട്ടും മെച്ച
മല്ല. ദൈവചിന്തയില്ലാത്തവർ പോലും അങ്ങ
നെ ചെയ്യുന്നുണ്ട്. 48അതിനാൽ നിങ്ങൾ സ്വർഗ്ഗ
സ്ഥനായ നിങ്ങളുടെ പിതാവിനെപ്പോലെ
പരിപൂർണ്ണരായിരിക്കണം.

യഥാർത്ഥ ദാനം

6 “സൂക്ഷിച്ചിരിക്കുക! നല്ലതു ചെയ്യുമ്പോൾ
അതു മനുഷ്യരുടെ മുമ്പിൽ വെച്ചാകാതി
രിക്കുക. ആരെങ്കിലും കാണാൻവേണ്ടി ചെയ്യ
രുത്. അങ്ങനെ ചെയ്താൽ സ്വർഗ്ഗസ്ഥനായ
പിതാവ് നിങ്ങൾക്ക് തക്ക പ്രതിഫലം നൽകില്ല.
2“‘നിങ്ങൾ പാവങ്ങൾക്കു ദാനം ചെയ്യു
മ്പോൾ അതു വിളിച്ചുപറയരുത്. കപടഭക്തി
ക്കാരെപ്പോലെയാകരുത്. അവർ ദാനം ചെയ്യു
മ്പോൾ ആളുകൾ അറിയാൻ കാഹളം മുഴക്കും.
അവർക്കതു യെഹൂദപ്പള്ളികളിലും വഴിയിലും
വെച്ച് ചെയ്യാനാണു താല്പര്യം. മറ്റുള്ളവർ തങ്ങ
ളെ ബഹുമാനിക്കാനവർ ആഗ്രഹിക്കുന്നു.
ഞാൻ പറയുന്നു: അവർ അപ്പോഴേ സമ്മാനിത
രായിരിക്കുന്നു.’ 3അതിനാൽ നിങ്ങൾ പാവങ്ങ
ൾക്കു ദാനം ചെയ്യുന്നതു രഹസ്യമായിട്ടാകുക.
നിങ്ങൾ ചെയ്യുന്നത് മറ്റുള്ളവർ അറിയരുത്.
4അതു രഹസ്യമായി വേണം. നിങ്ങൾ രഹസ്യ
മായി ചെയ്യുന്നത് നിങ്ങളുടെ പിതാവിനു
കാണാം. അവൻ നിങ്ങൾക്കതിന് പ്രതിഫലം
നൽകുകയും ചെയ്യും.

പ്രാർത്ഥനയെപ്പറ്റി

(ലൂക്കൊ. 11:2-4)

5“കപടഭക്തരെപ്പോലെ പ്രാർത്ഥിക്കരുത്. യെ
ഹൂദപ്പള്ളികളിൽ നിന്ന് ആളുകൾ കാൺകെ
ഉച്ചത്തിൽ പ്രാർത്ഥിക്കാനാണവർക്കിഷ്ടം. ഞാ
ൻ നിങ്ങളോടു സത്യമായി പറയാം. അവർക്കു
പ്രതിഫലം ലഭിച്ചുകഴിഞ്ഞു. 6നിങ്ങൾ പ്രാർ
ത്ഥിക്കുമ്പോൾ മുറിയിൽ കയറി കതകുകൾ
അടച്ചിട്ട് അദൃശ്യനായ നിങ്ങളുടെ പിതാവി
നോടു പ്രാർത്ഥിക്കുക. രഹസ്യമായി ചെയ്യുന്ന
തും നിങ്ങളുടെ പിതാവിന് കാണാം. അവൻ
നിങ്ങൾക്കു പ്രതിഫലം നൽകും.
7“നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ
അറിയാത്തവരെപ്പോലെയാകരുത്. അർത്ഥമി
ല്ലാത്ത കാര്യങ്ങൾ വിളിച്ചുപറയുകയാണവർ
ചെയ്യാറ്. അങ്ങനെ പ്രാർത്ഥിക്കരുത്. തങ്ങൾ
അനേകം കാര്യങ്ങൾ പറയുന്നതിനാൽ ദൈവം
തങ്ങളെ ശ്രവിക്കുമെന്നാണവർ കരുതുന്നത്.
8അവരെപ്പോലെയാകരുത്. നിങ്ങൾക്കു വേണ്ട
തെന്തെന്ന് നിങ്ങളാവശ്യപ്പെടുന്നതിനു മുമ്പു
തന്നെ നിങ്ങളുടെ പിതാവിനറിയാം. 9അതി
നാൽ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥി
ക്കണം:

‘സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പരിശുദ്ധമായിരിക്കേണമേ.
10അങ്ങയുടെ രാജ്യം വരേണമേ, അങ്ങയുടെ
ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും
ഉണ്ടാകേണമേ.
11ഇന്നു വേണ്ട ആഹാരം ഇന്നുതന്നെ ഞങ്ങൾ
ക്കു നൽകേണമേ. 12ഞങ്ങൾ ഞങ്ങളോടു തെറ്റു
ചെയ്തവരോടു ക്ഷമിക്കുമ്പോലെ ഞങ്ങളുടെ
പാപങ്ങൾ പൊറുക്കേണമേ.
13ഞങ്ങളെ പരിശോധനകൾക്കു വിധേയരാ
ക്കരുതേ; ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിക്കേ
ണമേ; പ്രലോഭനങ്ങൾക്കു ഞങ്ങളെ വശംവദ
രാക്കരുതേ.’ 14മറ്റുള്ളവർ നിങ്ങളോടു ചെയ്ത
തെറ്റുകൾ നിങ്ങൾ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനാ
യ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകളും
ക്ഷമിക്കും. 15എന്നാൽ നിങ്ങളോട് തെറ്റു ചെയ്ത
വരോടു നിങ്ങൾ ക്ഷമിച്ചില്ലെങ്കിൽ സ്വർഗ്ഗസ്ഥ
നായ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുക
ളും പൊറുക്കില്ല.

ഉപവാസത്തെപ്പറ്റി

16“ഉപവസിക്കുമ്പോൾ വാടിയ മുഖം കാണി
ക്കരുത്. കപടഭക്തരാണ് അങ്ങനെ ചെയ്യുക.
തങ്ങൾ ഉപവസിക്കുകയാണെന്നു മറ്റുള്ളവരെ
ബോധ്യപ്പെടുത്താൻ അവർ മുഖം വികൃതമാ
ക്കും. ഞാൻ നിങ്ങളോടു സത്യമായി പറയുന്നു,
അവർക്കു തങ്ങളുടെ പ്രതിഫലം ലഭിച്ചു കഴി
ഞ്ഞു. 17അതിനാൽ നിങ്ങൾ ഉപവസിക്കു
മ്പോൾ പ്രസന്നരായിരിക്കുക. മുഖം കഴുകുക.
18അപ്പോൾ നിങ്ങൾ ഉപവസിക്കുകയാണെന്ന്
ആരും അറിയുകയില്ല. എന്നാൽ അദൃശ്യനായ
നിങ്ങളുടെ പിതാവ് മാത്രം നിങ്ങൾ രഹസ്യ
മായി ചെയ്യുന്നതിനെ അറിയുകയും തക്ക
പ്രതിഫലം തരികയും ചെയ്യും.

‘കണ്ണിന് ... പല്ല് പുറ. 24:21, ലേവ്യ. 24:20, ആവ.19:21.

‘നിന്റെ അയൽക്കാരനെ സ്നേഹിക്കുക’ ഉദ്ധരണി ലേവ്യ 19:18.

ദൈവമാണ് ധനത്തെക്കാൾ പ്രധാനം

(ലൂക്കൊ. 12:33-34; 11:34-36; 16:13)

19"ഈ ഭൂമിയിൽ നിങ്ങൾക്കായി ഒരു നിധിയും
സമ്പാദിക്കരുത്. കീടങ്ങളും, തുരുമ്പും അവയെ
നശിപ്പിക്കും. കള്ളന്മാർ നിങ്ങളുടെ ഭവനം ഭേദി
ച്ച് നിങ്ങൾക്കുള്ള തെല്ലാം കൊണ്ടുപോകും. 20അ
തിനാൽ നിങ്ങളുടെ നിക്ഷേപങ്ങൾ സ്വർഗ്ഗത്തി
ലാകട്ടെ. കീടങ്ങളും തുരുമ്പും അതു നശിപ്പി
ക്കില്ല. കള്ളന്മാർക്ക് അകത്തുകടന്ന് അതു കൊ
ണ്ടുപോകാനുമാവില്ല. 21നിങ്ങളുടെ നിക്ഷേപം
എവിടെയാണോ, നിങ്ങളുടെ ഹൃദയം അവിടെ
യായിരിക്കും. 22"കണ്ണ് ശരീരത്തിൻെറ വിളക്കാ
ണ്. നിങ്ങളുടെ കണ്ണ് നല്ലതെങ്കിൽ നിങ്ങളുടെ
ശരീരം മുഴുവൻ പ്രകാശം നിറഞ്ഞിരിക്കും. 23മ
റിച്ച് ചീത്ത കണ്ണുകളാണു നിങ്ങളുടേതെങ്കിൽ
ശരീരം മുഴുവൻ ഇരുട്ടു(പാപം) വ്യാപിച്ചതാ
കും. നിന്നിലെ പ്രകാശം തന്നെ ഇരുട്ടാണെങ്കിൽ
ആ ഇരുട്ട് സാന്ദ്രമായതായിരിക്കും.
24"ഒരേ സമയം രണ്ട് യജമാനന്മാരെ സേവി
ക്കാൻ ആർക്കുമാവില്ല. അവൻ ഒരു യജമാനനെ
വെറുത്ത് രണ്ടാമനെ സേവിക്കും. അല്ലെങ്കിൽ
ഒരാളെ അനുഗമിക്കുകയും മറ്റെയാളെ ഉപേക്ഷി
ക്കുകയും ചെയ്യും. അതിനാൽ ഒരേസമയം പണ
ത്തെയും, ദൈവത്തെയും സേവിക്കാൻ നിങ്ങ
ൾക്കാവില്ല.

ദൈവരാജ്യം ആദ്യം

(ലൂക്കൊ. 12:22-34)

25"അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു,
ജീവിക്കേണ്ടതിനായി എന്തു തിന്നണമെന്നും,
കുടിക്കണമെന്നും ഓർത്ത് വ്യാകുലപ്പെടേണ്ട.
ശരീരത്തിൽ അണിയേണ്ട വസ്ത്രത്തെക്കുറി
ച്ചോർത്തും ദു:ഖിക്കേണ്ട. ആഹാരത്തേക്കാൾ പ്ര
ധാനം ജീവിതമാണ്. ശരീരം വസ്ത്രങ്ങളെക്കാൾ
പ്രധാനമാണ്. 26ഈ പക്ഷികളെ നോക്കൂ. അവ
വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, പത്തായങ്ങ
ളിൽ ആഹാരം നിറച്ചുവെക്കുന്നുമില്ല. എന്നാൽ
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവ
യ്ക്കു ആഹാരം നൽകുന്നു. നിങ്ങൾക്കറിയില്ലേ
പക്ഷികളേക്കാൾ വിലപ്പെട്ടവരാണു നിങ്ങളെ
ന്ന്. 27വ്യാകുലപ്പെട്ടതുകൊണ്ട് ജീവിതത്തിൽ
ഒരല്പസമയമെങ്കിലും കൂട്ടിയെടുക്കാൻ നിങ്ങൾ
ക്കാവില്ല.
28"എന്തിനാണു നിങ്ങൾ വസ്ത്രങ്ങളെച്ചൊ
ല്ലി ഉത്ക്കണ്ഠപ്പെടുന്നത്? വയലിലെ പൂക്കളെ
നോക്കൂ. അവ വളരുന്നതെങ്ങനെയെന്നു നോ
ക്കുക. അവ അദ്ധ്വാനിക്കുന്നില്ല. വസ്ത്രങ്ങളു
ണ്ടാക്കുന്നില്ല. 29എന്നാൽ ആ പൂക്കളിലൊന്നി
നെപ്പോലെ അണിഞ്ഞൊരുങ്ങാൻ മഹത്വമേറെ
യുണ്ടായിരുന്ന ശലോമോനു പോലും കഴിഞ്ഞി
രുന്നില്ല. 30ദൈവം ആ വയലിലെ പുല്ലുകളെ
ഇങ്ങനെ അണിയിച്ചൊരുക്കുന്നു. ആ പുല്ലു
കളാകട്ടെ ഇന്നു വളരുകയും നാളെ തീയിലെ
റിയപ്പെടുകയും ചെയ്യും. അതിനാൽ ദൈവം
തീർച്ചയായും നിങ്ങളെ അണിയിച്ചൊരുക്കുമെ
ന്നറിയുക, അല്പം വിശ്വാസമെങ്കിലുമില്ലേ!
31വ്യാകുലപ്പെടരുത്. 'ഞാനെന്തു തിന്നും?' 'ഞാ
നെന്തു കുടിക്കും?' 'ഞാനെന്തു ധരിക്കും?' എ
ന്നൊന്നും പറയുകയോ അവ കാംക്ഷിക്കുക
യോ ചെയ്യരുത്. 32ദൈവത്തെ അറിയാത്തവ
രാണ് ഇവയ്ക്കായി ദു:ഖിയ്ക്കുക. വ്യാകുല
പ്പെടരുത്, എന്തെന്നാൽ സ്വർഗ്ഗസ്ഥനായ നി
ങ്ങളുടെ പിതാവിനറിയാം നിങ്ങൾക്കെന്തൊ
ക്കെ വേണമെന്ന്. 33നിങ്ങൾ ആദ്യം തേടേണ്ടത്
ദൈവരാജ്യവും ദൈവനീതിയുമാണ്. എന്നാൽ
നിങ്ങൾക്കു വേണ്ടതെല്ലാം ലഭിക്കും. 34അതി
നാൽ നാളെയെപ്പറ്റി ഉത്ക്കണ്ഠപ്പെടാതിരി
ക്കുക. ഓരോ ദിവസത്തിനും മതിയായ അതി
ൻേറതായ ക്ളേശങ്ങളുണ്ടാവും. നാളേക്ക് അതി
ൻെറ വ്യഥകളുണ്ടാവും.

മറ്റുള്ളവരെ വിധിക്കുന്നതിനെപ്പറ്റി

(ലൂക്കൊ. 6:37-38, 41-42)

7 "നിങ്ങൾ മറ്റുള്ളവരെ വിധിക്കാതിരുന്നാൽ
ദൈവം നിങ്ങളെയും വിധിക്കില്ല. 2നിങ്ങൾ
മറ്റുള്ളവരെ വിധിച്ചാൽ അതേ പോലെതന്നെ
ദൈവം നിങ്ങളെയും വിധിക്കും. നിങ്ങൾ മറ്റുള്ള
വർക്കു നൽകുന്ന മാപ്പ് നിങ്ങൾക്കും ലഭിക്കും.
3നിങ്ങളുടെ കണ്ണിൽ കിടക്കുന്ന കോൽ കാണാ
തെ നിങ്ങളുടെ സഹോദരൻെറ കണ്ണിലെ കരട്
കാണുന്നതെന്ത്? 4'ഞാൻ നിൻെറകണ്ണിലെ കര
ട് എടുക്കട്ടെ?' എന്ന് അയാളോടു ചോദിക്കുന്ന
തെന്തുകൊണ്ട്? ആദ്യം സ്വയം നോക്കുക. 5നി
ങ്ങളുടെ സ്വന്തം കണ്ണിലെ ആ കോൽ എടുത്തു
കളയുക. അപ്പോൾ നിനക്കു സഹോദരൻെറ
കണ്ണിൽനിന്ന് കരട് എടുത്തുകളവാൻ വ്യക്ത
മായി കാണാനാവും.
6"വിശുദ്ധമായവ നായ്ക്കെറിഞ്ഞു കൊടുക്ക
രുത്. അവ തിരിഞ്ഞു നിങ്ങളെ ആക്രമിച്ചു തു
ണ്ടുതുണ്ടുകളാക്കും. നിങ്ങളുടെ മുത്തുകൾ പ
ന്നികൾക്കെറിഞ്ഞു കൊടുക്കരുത്. അവ അതു
ചവിട്ടിമെതിക്കും.

ആവശ്യമുള്ളതു നിരന്തരം ചോദിക്കുക

(ലൂക്കൊ. 11:9-13)

7"നിരന്തരം ചോദിക്കുക, ദൈവം നിങ്ങൾക്കു
തരും. നിരന്തരം അന്വേഷിക്കുക, നിങ്ങൾ കണ്ടെ
ത്തും. നിരന്തരം മുട്ടുക, വാതിൽ നിങ്ങൾക്കായി
തുറക്കപ്പെടും. 8അതെ നിരന്തരം ചോദിക്കുന്നവ
ന് കിട്ടും. ഒരുവൻ തുടർച്ചയായി അന്വേഷി
ച്ചാൽ അവൻ കണ്ടെത്തും. തുടർച്ചയായി മുട്ടു
ന്നവനു വാതിൽ തുറക്കപ്പെടും.
9"നിങ്ങളിലാർക്കെങ്കിലുമൊക്കെ പുത്രന്മാരു
ണ്ടല്ലോ. നിങ്ങളുടെ മകൻ അപ്പം ചോദിച്ചാൽ
നിങ്ങൾ അവനു കല്ലു കൊടുക്കുമോ? ഇല്ല!
10അഥവാ അവൻ ഒരു മീൻ ചോദിച്ചാൽ നിങ്ങ
ളവനു പാമ്പിനെ കൊടുക്കുമോ? ഇല്ല! 11നി
ങ്ങൾ ദൈവത്തെപ്പോലെയല്ല; ദുഷ്ടരാണ്. എ
ങ്കിലും നിങ്ങൾക്കു പോലുമറിയാം സ്വന്തം കു
ഞ്ഞുങ്ങൾക്കു നല്ലതേ കൊടുക്കാവൂ എന്ന്. അ
പ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്
തന്നോടു ചോദിക്കുന്നവർക്ക് നല്ല ദാനങ്ങളെ
തന്നെ കൊടുക്കുമെന്നതിന് സംശയം വേണ്ട.

ഏറ്റവും പ്രധാന നിയമം

12"മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാ
റണമെന്ന് നിങ്ങൾ കരുതുന്നുവോ അതുപോ
ലെ അവരോടും പെരുമാറുക. മോശെയുടെ
ന്യായപ്രമാണത്തിൻെറയും പ്രവാചകരുടെ ഉ
പദേശങ്ങളുടെയും അർത്ഥമാണിത്.

സ്വർഗ്ഗത്തിലേക്കുള്ള വഴിയും നരകത്തിലേക്കുള്ള വഴിയും

(ലൂക്കൊ. 13:24)

13"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുക,
കാരണം അതു സ്വർഗ്ഗത്തിലേക്കുള്ള വാതിലാ
ണ്. നരകത്തിലേക്കുള്ള വാതിൽ വീതിയേറിയ
താണ്. അധികം പേരും ആ വഴിപോകുന്നു.

14എന്നാൽ ജീവനിലേക്കുള്ള വഴി ഇടുങ്ങിയ
താണ്. അതു വളരെ ദുർഗ്ഗമവുമാണ്. ചിലർ
മാത്രമേ അതു കണ്ടെത്തുന്നുള്ളൂ.

മറ്റുള്ളവരുടെ ചെയ്തികൾ ശ്രദ്ധിക്കുക

(ലൂക്കൊ. 6:43-44; 13:25-27)

15“കള്ളപ്രവാചകന്മാരെ സൂക്ഷിക്കുക.
അവർ ആടിന്റെ വേഷത്തിൽ നിങ്ങളെ സമീ
പിക്കും. എന്നാലവർ യഥാർത്ഥത്തിൽ ചെന്നാ
യ്ക്കളെപ്പോലെ അപകടകാരികളാണ്. 16അവ
രുടെ പ്രവർത്തികൾകൊണ്ട് നിങ്ങളവരെ മന
സ്സിലാക്കും. ചീത്തയാളുകളൊരിക്കലും നന്മ
ചെയ്യില്ല, മുൾപ്പടർപ്പിൽ മുന്തിരി ഉണ്ടാകാത്ത
തുപോലെ. ഞെരിഞ്ഞിലിൽനിന്ന് അത്തിപ്പഴ
മുണ്ടാകാറില്ല. 17അതുപോലെ, നല്ല വൃക്ഷങ്ങൾ
നല്ലഫലം തരും. ചീത്തവൃക്ഷങ്ങൾ ചീത്തഫല
വും. 18ഒരു നല്ല വൃക്ഷം ദുഷിച്ച ഫലമുണ്ടാക്കില്ല.
ദുഷിച്ച വൃക്ഷം നല്ല ഫലവുമുണ്ടാക്കില്ല. 19നല്ല
ഫലമുണ്ടാക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയി
ലെറിയപ്പെടും. 20അവരുണ്ടാക്കുന്ന ഫലങ്ങളെ
ക്കൊണ്ട് നിങ്ങൾ ഈ കള്ളപ്രവാചകരെ മന
സ്സിലാക്കും.
21“ഞാനവരുടെ കർത്തവാണെന്നു പറയുന്ന
വരെല്ലാം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല.
സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ട
മനുസരിച്ചു ചെയ്യുന്നവർ മാത്രമേ സ്വർഗ്ഗരാ
ജ്യത്തിൽ പ്രവേശിക്കൂ. 22അവസാന ദിവസം
പലരും എന്നോടു പറയും, ‘കർത്താവേ, ഞ
ങ്ങൾ നിനക്കായി പ്രസംഗിച്ചില്ലേ? നിനക്കായി
ഭൂതങ്ങളെ ഒഴിപ്പിക്കുകയും നിരവധി വീര്യപ്ര
വർത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലേ?’
23അപ്പോൾ ഞാൻ അവരോടു വ്യക്തമായി പറ
യും, ‘എന്റെ സമീപത്തുനിന്ന് കടന്നുപോകൂ.’
നിങ്ങൾ അധർമ്മം പ്രവർത്തിക്കുന്നവരാണ്.
ഞാൻ നിങ്ങളെ ഒരിക്കലും അറിഞ്ഞിട്ടില്ല.

വിവേകശാലിയും വിഡ്ഢിയും

(ലൂക്കൊ. 6:47-49)

24“ഞാൻ ഈ പറയുന്നതെല്ലാം കേൾക്കുക
യും അനുസരിക്കുകയും ചെയ്യുന്നവൻ ബുദ്ധി
മാനെപ്പോലെയാണ്. അവൻ പാറയിൽ തന്റെ
വീടു പണിതു. 25മഴയും വെള്ളപ്പൊക്കവുമുണ്ടാ
യി. വീടിനുമേൽ കാറ്റടിച്ചു. പക്ഷേ ആ വീട്
വീണില്ല, എന്തെന്നാൽ അതു പാറമേൽ പണി
തിരിക്കുന്നു. 26എന്നാൽ ഞാൻ പറയുന്നതു കേ
ട്ടിട്ടും അനുസരിക്കാത്തവർ വിഡ്ഢിയെപ്പോ
ലെയാണ്. അവൻ മണലിൽ വീടുപണിതു.
27മഴയും വെള്ളപ്പൊക്കവുമുണ്ടായപ്പോൾ കാറ്റ
ടിച്ച് അവന്റെ വീട് വലിയ ശബ്ദത്തോടെ
നിലത്തു വീണു.”
28യേശു ഇതെല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ
ജനങ്ങൾ അവന്റെ ഉപദേശത്തിൽ അത്ഭുത
പ്പെട്ടു. 29യേശു പഠിപ്പിച്ചത് അവരുടെ ശാസ്ത്രി
മാരെപ്പോലെയല്ല. യേശു പഠിപ്പിച്ചത് അധികാ
രമുള്ളവനെപ്പോലെയായിരുന്നു.

യേശു രോഗിയെ സുഖപ്പെടുത്തുന്നു

(മർക്കൊ. 1:40-45; ലൂക്കൊ. 5:12-16)

8 യേശു മലയിറങ്ങിവന്നു. അനേകംപേർ അ
വനെ പിന്തുടർന്നു. 2കുഷ്ഠരോഗിയായ ഒ
രാളപ്പോൾ അവനെ സമീപിച്ചു. അയാൾ യേ
ശുവിനു മുമ്പിൽ നമസ്കരിച്ചിട്ടു പറഞ്ഞു.
“കർത്താവേ, നീ ആഗ്രഹിക്കുന്നുവെങ്കിൽ എ
ന്നെ സുഖപ്പെടുത്താനുള്ള ശക്തി നിനക്കുണ്ട്.”
3യേശു അയാളെ സ്പർശിച്ചു. അവൻ പറ
ഞ്ഞു, “എനിക്കു നിന്നെ സുഖപ്പെടുത്തണം,
സുഖപ്പെടൂ?” ഉടൻ തന്നെ അയാളുടെ കുഷ്ഠ
രോഗം മാറി. 4എന്നിട്ട് യേശു അയാളോടു
പറഞ്ഞു. “സംഭവിച്ചതൊന്നും ആരോടും പറയ
രുത്. എന്നാൽ നീ പോയി നിന്നെ പുരോഹി
തനു കാണിക്കുക. മോശെ കല്പിച്ചിരിക്കുന്ന വഴി
പാടുകൾ കഴിക്കുക. അത് ജനത്തിനു ഒരു തെളി
വായിരിക്കും.”

ശതാധിപന്റെ സേവകനെ സുഖപ്പെടുത്തുന്നു

(ലൂക്കൊ. 7:1-10; യോഹ. 4:43-54)

5യേശു കഫർന്നഹൂമിലേക്കു പോയി. അവൻ
നഗരത്തിലേക്കു പ്രവേശിച്ചപ്പോൾ ഒരു ശതാ
ധിപൻ അവനെ സമീപിച്ച് സഹായമഭ്യർത്ഥി
ച്ചു. 6അയാൾ പറഞ്ഞു, “കർത്താവേ, എന്റെ
ഭൃത്യൻ വീട്ടിൽ രോഗശയ്യയിലാണ്. പക്ഷവാതം
പിടിച്ച അവന് കടുത്ത വേദനയുണ്ട്.”
7യേശു അയാളോടു പറഞ്ഞു, “ഞാൻ
പോയി അവനെ സുഖപ്പെടുത്താം.”
8അയാൾ മറുപടി പറഞ്ഞു, “കർത്താവേ
എന്റെ ഭവനത്തിൽ അങ്ങയെ സ്വീകരിക്കാൻ
ഞാൻ യോഗ്യനല്ല. എന്റെ ഭൃത്യൻ സുഖമാകും
എന്ന് അങ്ങ് കല്പിക്കുകയേ വേണ്ടൂ. 9ഞാൻ
അധികാരികളായ മറ്റൊരാൾക്ക് കീഴ്പ്പെട്ടവനാ
ണ്. എനിക്കു കീഴിലും ഭടന്മാരുണ്ട്. അവരിലൊ
രാളോട് ഞാൻ ‘പോകൂ’ എന്നു പറഞ്ഞാലവൻ
പോകും വേറൊരുവനോട് ‘വരൂ’ എന്നു പറ
ഞ്ഞാലവൻ വരും. മറ്റൊരുവനോട് എന്തെങ്കി
ലും ചെയ്യാൻ പറഞ്ഞാലവൻ ചെയ്യും. കൂടാതെ
എന്റെ ഭൃത്യനും എന്നെ അനുസരിക്കുന്നു. ‘ഇ
ങ്ങനെ ചെയ്യൂ’ എന്ന് ഞാൻ എന്റെ ഭൃത്യനോടു
പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ ചെയ്യും.
നിനക്കും ഇങ്ങനെ അധികാരശക്തിയുണ്ടെന്നെ
നിക്കറിയാം.”
10ഇതുകേട്ട് യേശു അത്ഭുതപ്പെട്ടു. അവൻ
തന്നോടൊപ്പമുണ്ടായിരുന്നവരോടു പറഞ്ഞു.
“ഞാൻ നിങ്ങളോടു സത്യമായി പറയട്ടെ, ഈ
മനുഷ്യനാണ് ഞാൻ യിസ്രായേലിൽ പോലും
ഇതുവരെ കണ്ടിട്ടുള്ള ഏറ്റവും വലിയ വിശ്വാ
സി. 11പലരും കിഴക്കുനിന്നും പടിഞ്ഞാറു നി
ന്നും വരും. അവർ സ്വർഗ്ഗരാജ്യത്തിൽ അബ്രാ
ഹാമിനോടും യിസ്ഹാക്കിനോടും യാക്കോബി
നോടുമൊപ്പമിരുന്ന് ഭക്ഷിക്കും. 12എന്നാൽ രാജ്യ
ത്തിന്റെ ഉടമസ്ഥാവകാശം നിക്ഷിപ്തമായി
രിക്കേണ്ടവർ പുറത്തെ ഇരുട്ടിലേക്ക് എറിയപ്പെ
ടും. അവിടെ അവർ വേദനകൊണ്ട് കരയുക
യും പല്ലു ഞെരിക്കുകയും ചെയ്യും.” 13അനന്തരം
യേശു ശതാധിപനോടു പറഞ്ഞു, “വീട്ടിലേക്കു
പോകൂ. നീ വിശ്വസിക്കുമ്പോലെ നിന്റെ
ഭൃത്യൻ സുഖപ്പെടും.” അതേസമയത്ത് ഭൃത്യൻ
സുഖപ്പെട്ടു കഴിഞ്ഞു.

അനേകം പേരെ സുഖപ്പെടുത്തുന്നു

(മർക്കൊ. 1:29-34; ലൂക്കൊ. 4:38-41)

14യേശു പത്രോസിന്റെ വീട്ടിലേക്കു പോയി.
പത്രോസിന്റെ അമ്മായിയമ്മ കടുത്ത പനി
പിടിച്ചു കിടക്കുകയായിരുന്നു. 15യേശു അവളു
ടെ കൈ സ്പർശിച്ചപ്പോൾ അവളുടെ പനി
മാറി. അപ്പോൾ അവൾ എഴുന്നേറ്റ് അവനെ
ശുശ്രൂഷിച്ചു.
16അന്നു വൈകുന്നേരം ജനങ്ങൾ ഒരുപാടു
പേരെ അവന്റെ സമീപം കൊണ്ടുവന്നു. അവ

രെല്ലാം ഭൂതം ബാധിച്ചവരായിരുന്നു. യേശുവി
ൻെറ വചനങ്ങളിലൂടെ ഭൂതങ്ങൾ അവരെ വിട്ടു
പോയി. രോഗം ബാധിച്ചു വന്ന എല്ലാവരെയും
അവൻ സുഖപ്പെടുത്തി. **17**യെശയ്യാപ്രവാചക
ൻെറ ഈ വാക്കുകൾ നിറവേറ്റാനാണവനിതു
ചെയ്തത്.

“അവൻ നമ്മുടെ രോഗങ്ങളെ വഹിച്ചു. നമ്മു
ടെ വേദനകളെ അവൻ ചുമന്നകറ്റി.”

യെശയ്യാവ് 53:4

യേശുവിനെ അനുഗമിക്കുന്നു

(ലൂക്കൊ. 9:57-62)

18എല്ലാവരും തനിക്കു ചുറ്റും കൂടിയിരിക്കുന്ന
തായി യേശു കണ്ടു. അതിനാൽ യേശു തൻെറ
അനുയായികളോട് മറുകരയിലേക്ക് പോകാൻ
ആജ്ഞാപിച്ചു. **19**അപ്പോൾ ഒരു ശാസ്ത്രി യേ
ശുവിനെ സമീപിച്ചു പറഞ്ഞു, “ഗുരോ അങ്ങ്
എവിടെപ്പോയാലും ഞാൻ അങ്ങയെ അനുഗ
മിക്കും.” **20**യേശു അയാളോടു പറഞ്ഞു, “കുറുക്ക
ന്മാർക്കു പാർക്കാൻ മാളങ്ങളുണ്ട്. പക്ഷികൾക്കു
കൂടുണ്ട്. എന്നാൽ മനുഷ്യപുത്രന് തല ചാ
യ്ക്കാൻ ഒരിടവുമില്ല.”

21യേശുവിൻെറ ശിഷ്യന്മാരിലൊരുവൻ പറ
ഞ്ഞു, “കർത്താവേ ഞാൻ പോയി ആദ്യം എ
ൻെറ അപ്പൻെറ ശവം മറവു ചെയ്യട്ടെ എന്നിട്ട്
അങ്ങയെ പിന്തുടരാം.”

22എന്നാൽ യേശു അവനോടു പറഞ്ഞു, “എ
ന്നെ അനുഗമിക്കുക. മരിച്ചവർ തങ്ങളുടെ മരി
ച്ചവരെ സംസ്കരിക്കട്ടെ.”

യേശു കൊടുങ്കാറ്റിനെ തടയുന്നു

(മർക്കൊ. 4:35-41; ലൂക്കൊ. 8:22-25)

23ഒരു വഞ്ചിയിൽ കയറിയ യേശുവിനെ ശി
ഷ്യന്മാർ അനുഗമിച്ചു.**24**വഞ്ചി തീരം വിട്ട
പ്പോൾ ഒരു കൊടുങ്കാറ്റ് ആഞ്ഞുവീശി. തിരമാല
കൾ വഞ്ചിയെ മൂടി. പക്ഷേ യേശു ഉറങ്ങുകയാ
യിരുന്നു. **25**ശിഷ്യന്മാർ യേശുവിനെ ഉണർത്തി.
അവർ പറഞ്ഞു, “കർത്താവേ, ഞങ്ങളെ രക്ഷി
ക്കൂ, ഞങ്ങൾ മുങ്ങുന്നു.” **26**യേശു മറുപടി പറ
ഞ്ഞു, “എന്തിനാണു നിങ്ങൾ പേടിക്കുന്നത്?
നിങ്ങൾക്കു വിശ്വാസം കുറവാണ്.” അനന്തരം
യേശു എഴുന്നേറ്റുനിന്ന് കാറ്റിനോടും തിരമാല
കളോടും അടങ്ങാൻ കല്പിച്ചു. കാറ്റു നിലച്ചു.
കടൽ വളരെ ശാന്തമായി മാറി.

27അവർ അത്ഭുതപ്പെട്ടു പറഞ്ഞു, “എന്തൊരു
മനുഷ്യനാണിദ്ദേഹം? കാറ്റും കടലും ഇദ്ദേഹ
ത്തെ അനുസരിക്കുന്നു!”

യേശു ഭൂതങ്ങളെ ഒഴിക്കുന്നു

(മർക്കൊ. 5:1-20; ലൂക്കൊ. 8:26-39)

28യേശു തടാകത്തിൻെറ മറുകരയിൽ ഗദരേ
നരുടെ നാട്ടിലെത്തി. അവിടെ രണ്ടുപേർ യേ
ശുവിനെ സമീപിച്ചു. അവരെ ഭൂതങ്ങൾ ബാധി
ച്ചിരുന്നു. അവർ ശവക്കല്ലറകൾക്കിടയിലാണ്
വസിച്ചിരുന്നത്. അവർ വളരെ അപകടകാ
രികളുമായിരുന്നു. അതിനാൽ ആ കല്ലറയുടെ
അടുത്തുകൂടി ആർക്കും ആ വഴി പോകാൻ ക
ഴിഞ്ഞിരുന്നില്ല. **29**അവർ യേശുവിനെ സമീപി
ച്ചു നിലവിളിച്ചു, “ദൈവപുത്രാ, നിനക്കു ഞ
ങ്ങളെക്കൊണ്ടെന്താണു വേണ്ടത്? ഞങ്ങളെ കാ
ലമാകുംമുമ്പേ ഭേദ്യം ചെയ്യാനാണോ നീ വന്നി
രിക്കുന്നത്?” **30**അവരുടെ അല്പം അകലെയായി
ഒരു വലിയ പന്നിക്കൂട്ടം മേയുന്നുണ്ടായിരുന്നു.
31ഭൂതങ്ങൾ യേശുവിനോടു യാചിച്ചു, “നീ
ഞങ്ങളെ ഇവരിൽ നിന്നൊഴിപ്പിച്ചാൽ ഈ
പന്നിക്കൂട്ടത്തിനുള്ളിലേക്ക് അയക്കേണമേ.”

32യേശു അവരോടു പറഞ്ഞു, “പോകൂ.” ഭൂത
ങ്ങൾ ഈ മനുഷ്യരെ വിട്ട് പന്നിക്കൂട്ടത്തിൽ
പ്രവേശിച്ചു. പന്നിക്കൂട്ടം മലമുനമ്പുകളിൽ നി
ന്ന്ചാടി തടാകത്തിലെ വെള്ളത്തിൽ മുങ്ങിച്ച
ത്തു.**33**പന്നിക്കൂട്ടത്തെ മേയ്ച്ചിരുന്നവർ ഭയന്ന്
ഓടിപ്പോയി. അവർ നഗരത്തിൽച്ചെന്ന് ഭൂത
ങ്ങൾ ബാധിച്ച ആളുകൾക്ക് സംഭവിച്ചത് എ
ല്ലാം പറഞ്ഞു.**34**നഗരവാസികളാകെ യേശു
വിനെ കാണാനെത്തി. അവനെ കണ്ടപ്പോൾ
അവർ അവനോട് ആ ഗ്രാമം വിട്ടുപോകാൻ
അപേക്ഷിച്ചു.

തളർവാതരോഗിയെ യേശു സുഖപ്പെടുത്തുന്നു

(മർക്കൊ. 2:1-12; ലൂക്കൊ. 5:17-26)

9 യേശു വഞ്ചിയിൽ കയറി മറുകരയിലുള്ള
തൻെറ സ്വന്തം നഗരത്തിലേക്കു പോയി.
2തളർവാതം ബാധിച്ച ഒരാളെ ചിലർ അവൻെറ
മുമ്പിൽ കൊണ്ടുവന്നു. അയാൾ ഒരു കിടക്ക
യിൽ കിടക്കുകയായിരുന്നു. അവരുടെ ഉറച്ച
വിശ്വാസത്തെ യേശു മനസ്സിലാക്കി. അവൻ
രോഗിയോടു പറഞ്ഞു, “യുവാവേ, സന്തോഷ
വാനായിരിക്കുക. നിൻെറ പാപങ്ങൾ പൊറു
ക്കപ്പെട്ടു.”

3ശാസ്ത്രിമാരിൽ ചിലർ ഇതുകേട്ടു. അവർ
പരസ്പരം പറഞ്ഞു, “ഇയാൾ ദൈവത്തെപ്പോ
ലെ സംസാരിക്കുന്നു. ദൈവദോഷമല്ലേ ഇത്.”

4അവരുടെ ഉള്ളിലിരിപ്പ് യേശുവിനറിയാം.
അതിനാലവൻ പറഞ്ഞു, “എന്തിനാണ് നിങ്ങ
ളിങ്ങനെ ദുഷിച്ചകാര്യങ്ങളാലോചിക്കുന്നത്?
5‘നിൻെറ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു’
എന്നു പറയുന്നതോ, ‘എഴുന്നേറ്റ് നടക്ക’ എന്നു
പറയുന്നതോ എളുപ്പം? **6**മനുഷ്യപുത്രന് ഭൂമി
യിൽ പാപങ്ങൾ പൊറുക്കാനുള്ള അധികാരമു
ണ്ടെന്ന് ഞാൻ നിങ്ങൾക്കു തെളിയിച്ചു തരാം.”
എന്നിട്ട് യേശു രോഗിയോട് പറഞ്ഞു, “എഴു
ന്നേറ്റ് നിൻെറ കിടക്കയുമായി വീട്ടിലേക്കു പോ
കൂ.” **7**അയാൾ എഴുന്നേറ്റ് വീട്ടിലേക്കു പോയി.
8ഇതു കണ്ടവരിൽ ഭയം നിറഞ്ഞു. ഇങ്ങനെയു
ള്ള മനുഷ്യർക്ക് ഇപ്രകാരമുള്ള ശക്തി നൽകിയ
തിന് അവർ ദൈവത്തെ സ്തുതിച്ചു.

യേശു മത്തായിയെ തിരഞ്ഞെടുക്കുന്നു

(മർക്കൊ. 2:13-17; ലൂക്കൊ. 5:27-32)

9യേശു അവിടം വിട്ടു പോകുകയായിരുന്ന
പ്പോൾ മത്തായി എന്നുപേരുള്ള ആളെ കണ്ടു.
മത്തായി ചുങ്കക്കാരുടെ കാര്യാലയത്തിലിരി
ക്കുകയായിരുന്നു. യേശു അവനോടു പറഞ്ഞു,
“എന്നെ അനുഗമിക്കൂ.” അപ്പോൾ മത്തായി
എഴുന്നേറ്റ് യേശുവിനെ പിന്തുടർന്നു. **10**യേശു
മത്തായിയുടെ വീട്ടിൽ ഭക്ഷണം കഴിക്കുകയാ
യിരുന്നു. അനേകം ചുങ്കക്കാരും മറ്റു ദുഷിച്ച
ആൾക്കാരും യേശുവിനോടും ശിഷ്യന്മാരോടു
മൊപ്പമിരുന്ന് ഭക്ഷണം കഴിച്ചു.**11**യേശു അവ
രോടൊത്തിരുന്ന് ആഹാരം കഴിക്കുന്നത് ഏതാ
നും പരീശന്മാർ കണ്ടു. അവർ യേശുവിൻെറ
ശിഷ്യന്മാരോടു ചോദിച്ചു, “എന്താണു നിങ്ങളു
ടെ ഗുരു ഈ ചുങ്കപ്പിരിവുകാരുടെയും മറ്റു
പാപികളുടെയും കൂടെയിരുന്നാഹാരം കഴിക്കു
ന്നത്?”

12പരീശന്മാർ പറയുന്നത് യേശുകേട്ടു. അവർ
പരീശന്മാരോടു പറഞ്ഞു, “ആരോഗ്യമുള്ളവർ
ക്ക് വൈദ്യനെ ആവശ്യമില്ല. രോഗികൾക്കാണ്

വൈദ്യനെ ആവശ്യമുള്ളത്. 13ഞാൻ നിങ്ങളോ
ടു ചില കാര്യങ്ങൾ പറയാം. അതിന്റെ അർ
ത്ഥം പോയി പഠിക്കൂ. 'എനിക്കു യാഗം കഴിക്കേ
ണ്ട. ഞാൻ മനുഷ്യരുടെ ഇടയിൽ ദയ കാംക്ഷി
ക്കുന്നു'* നല്ലവരെ ക്ഷണിക്കാനല്ല ഞാൻ വ
ന്നത്, പാപികളെ ക്ഷണിക്കാനാണ് ഞാൻ വ
ന്നത്."

യേശു മറ്റു യെഹൂദരെപ്പോലെയല്ല

(മർക്കൊ. 2:18-22; ലൂക്കൊ. 5:33-39)

14അപ്പോൾ യോഹന്നാന്റെ ശിഷ്യന്മാർ യേ
ശുവിനടുത്തെത്തി. അവർ യേശുവിനോടു
ചോദിച്ചു, "ഞങ്ങളും പരീശന്മാരും പലപ്പോഴും
ഉപവസിക്കാറുണ്ട്. പക്ഷേ നിന്റെ ശിഷ്യന്മാർ
എന്താണുപവസിക്കാത്തത്?"
15യേശു മറുപടിപറഞ്ഞു, "വിവാഹവേള
യിൽ മണവാളൻ കൂടെയുള്ളപ്പോൾ അവന്റെ
കൂട്ടുകാർ ദു:ഖിക്കാറില്ല. പക്ഷേ മണവാളൻ
അവരുടെ മദ്ധ്യത്തിൽ നിന്ന കറ്റപ്പെടുന്ന സമ
യം വരും. അപ്പോൾ സുഹൃത്തുക്കൾ ദു:ഖിക്കും.
ആ സമയം അവർ ഉപവസിക്കും. 16ഒരാൾ
പഴയവസ്ത്രത്തിലെ ദ്വാരമടയ്ക്കാൻ പുതിയ
വസ്ത്രത്തിൽനിന്നും ഒരു കഷണം കീറിയെടു
ക്കാറില്ല. അഥവാ അയാളങ്ങനെ ചെയ്താൽ
കൂട്ടിച്ചേർത്ത തുണികീറുകയും ദ്വാരം വലുതാ
വുകയും ചെയ്യും. 17അതുപോലെ പുതിയ
വീഞ്ഞ് ആരും പഴയ വീഞ്ഞുസഞ്ചികളിൽ
ഒഴിച്ചുവെക്കാറില്ല. എന്തുകൊണ്ടെന്നാൽ
സഞ്ചിപൊട്ടി വീഞ്ഞു പുറത്തേക്കൊഴുകുക
യും വീഞ്ഞുസഞ്ചി കീറിപ്പോകുകയും ചെ
യ്യും. എന്നാൽ പുതിയ വീഞ്ഞ് പുതിയ സഞ്ചി
കളിലൊഴിക്കാറുണ്ട്. അപ്പോൾ വീഞ്ഞും
സഞ്ചിയും നന്നായിരിക്കും."

മരിച്ച പെൺകുട്ടിയെ ജീവിപ്പിക്കുന്നു, രോഗിണിയെ സുഖപ്പെടുത്തുന്നു

(മർക്കൊ. 5:21-43; ലൂക്കൊ. 8:40-56)

18യേശു ഇതെല്ലാം പറഞ്ഞുകൊണ്ടിരിക്കവേ
യെഹൂദപ്പള്ളിയിലെ ഒരു ഭരണക്കാരൻ അവനെ
സമീപിച്ചു. അവൻ യേശുവിനു മുമ്പിൽ നമി
ച്ചിട്ട് അവനോടു പറഞ്ഞു, "എന്റെ മകൾ
അല്പംമുമ്പ് മരിച്ചു. പക്ഷേ അങ്ങു വന്ന് അവ
ളുടെ മേൽ കൈവെച്ചാൽ അവൾ വീണ്ടും
ജീവിക്കും."
19യേശു എഴുന്നേറ്റ് അയാളുടെ കൂടെപ്പോയി.
അവന്റെ ശിഷ്യന്മാരും അവനെ പിന്തുടർന്നു.
20പന്ത്രണ്ടു വർഷമായി രക്തസ്രാവമുള്ള ഒരു
സ്ത്രീയുണ്ടായിരുന്നു. അവൾ യേശുവിന്റെ
പിന്നാലെയെത്തി അവന്റെ വസ്ത്രത്തിന്റെ
കീഴ്ഭാഗം സ്പർശിച്ചു. 21അവൾക്കറിയാമായി
രുന്നു, "എനിക്കവന്റെ വസ്ത്രത്തിൽ തൊടാനാ
യാൽ എന്റെ രോഗം സുഖപ്പെടും."
22യേശു തിരിഞ്ഞ് അവളെ നോക്കി. അവൻ
പറഞ്ഞു, "അല്ലയോ പ്രിയപ്പെട്ട സ്ത്രീയേ നി
ന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരി
ക്കുന്നു. സന്തോഷിക്കുക." ഉടൻ ആ സ്ത്രീ എ
ഴുന്നേറ്റു നിന്നു. അപ്പോൾ അവൾ സുഖപ്പെട്ടു.
23യേശു ഭരണക്കാരനോടൊത്ത് അയാളുടെ
വീട്ടിലെത്തി. അവിടെ ശവസംസ്കാരപ്പാട്ട്
പാടുന്നവരെ കണ്ടു. ചിലർ കുട്ടി മരിച്ചതിൽ
കരയുന്നുണ്ടായിരുന്നു. 24യേശു പറഞ്ഞു, "മാറി
നിൽക്കൂ, ഈ പെൺകുട്ടി മരിച്ചിട്ടില്ല. അവൾ
ഉറങ്ങുക മാത്രമാണ്." എന്നാൽ ആളുകൾ യേ
ശുവിനെ പരിഹസിച്ചു. 25ആളുകളെ പുറത്തി
റക്കിയ ശേഷം യേശു കുട്ടിയുടെ മുറിയിൽ
കയറി. അവൻ പെൺകുട്ടിയുടെ കരം ഗ്രഹിച്ചു.
ഉടൻതന്നെ അവൾ എഴുന്നേൽക്കുകയും ചെ
യ്തു. 26ഈ വാർത്ത ആ പ്രദേശമാകെ വ്യാപി
ച്ചു.

കൂടുതൽ പേരെ സുഖപ്പെടുത്തുന്നു

27യേശു അവിടം വിട്ടുപോകവേ രണ്ടു അന്ധ
ന്മാർ അവനെഅനുഗമിച്ചു. അവർ ഉറക്കെ പറ
ഞ്ഞു, "ദാവീദുപുത്രാ, ഞങ്ങളോടു കരുണകാ
ട്ടേണമേ," 28യേശു അകത്തേക്കു കയറിയപ്പോൾ
അന്ധരും കൂടെക്കയറി. യേശു അവരോടു ചോ
ദിച്ചു, "നിങ്ങൾക്കു കാഴ്ച തിരിച്ചുതരാൻ എനി
ക്കു കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കു
ന്നുവോ?"
അവർ മറുപടി പറഞ്ഞു, "അതേ കർത്താവേ,
ഞങ്ങൾ വിശ്വസിക്കുന്നു."
29അപ്പോൾ യേശു അവരുടെ കണ്ണുകളിൽ
തൊട്ടുകൊണ്ടു പറഞ്ഞു, "നിങ്ങൾക്കു കാഴ്ച
തരാൻ എനിക്കു കഴിയുമെന്നു നിങ്ങൾ വിശ്വ
സിക്കുന്നു. അങ്ങനെ സംഭവിക്കട്ടെ."
30അപ്പോൾ അവരുടെ കാഴ്ച ശക്തി വീണ്ടു
കിട്ടി. യേശു അവർക്കു ശക്തമായ മുന്നറിയിപ്പു
നൽകി. അവൻ പറഞ്ഞു, "ഇതാരോടും പറയ
രുത്. 31പക്ഷേ അവർ പുറത്തുപോയി യേശുവി
നെപ്പറ്റിയുള്ള ഈ വാർത്ത ആ പ്രദേശമാകെ
പരത്തി.
32ആ രണ്ടുപേർ പോകാനൊരുങ്ങുമ്പോൾ
ചിലർ മറ്റൊരാളെ യേശുവിന്റെ അടുത്തു കൊ
ണ്ടുവന്നിരുന്നു. ഭൂതം ബാധിച്ചിരുന്നതിനാൽ
അയാൾക്കു മിണ്ടാനാകുമായിരുന്നില്ല. 33യേശു
അയാളിൽനിന്നും ഭൂതത്തെ ഇറക്കിവിട്ടു. അ
പ്പോൾ അയാൾക്കു സംസാരിക്കാനായി. ആളു
കൾ അന്തംവിട്ടു കൊണ്ടു പറഞ്ഞു, "ഇങ്ങനെ
യുള്ള സംഭവങ്ങളൊന്നും ഞങ്ങൾ യിസ്രായേ
ലിൽ ഒരിക്കലും കണ്ടിട്ടില്ല."
34എന്നാൽ പരീശർ പറഞ്ഞു, "ഭൂതങ്ങളുടെ
നേതാവു കൊടുത്ത ശക്തി കൊണ്ടാണവനിതു
ചെയ്യുന്നത്."

ജനങ്ങളോട് അനുകമ്പ തോന്നുന്നു

35യേശു എല്ലാ നഗരങ്ങളിലൂടെയും, ഗ്രാമ
ങ്ങളിലൂടെയും, ദൈവരാജ്യത്തെപ്പറ്റിയുള്ള സു
വിശേഷം പ്രചരിപ്പിക്കുകയും ചെയ്തു. എല്ലാ
വിധത്തിലുള്ള അവശതകളും രോഗങ്ങളും അ
വൻ ഭേദമാക്കുകയും ചെയ്തു.
36യേശുവിന് ജനക്കൂട്ടത്തെ കണ്ടപ്പോൾ അവ
രോട് അനുകമ്പതോന്നി. കാരണം, അവർ വ്യാ
കുലരായും നിസ്സഹായരായും കാണപ്പെട്ടു. ഇട
യനില്ലാത്ത ആട്ടിൻപറ്റത്തെപ്പോലെ അനാഥ
രായിരുന്നു അവർ.
37യേശു ശിഷ്യന്മാരോടു പറഞ്ഞു,"വിളവ്
ധാരാളം ഉണ്ട്. എന്നാൽ വിളവെടുക്കുന്നവരാ
കട്ടെ കുറവും. 38വിളവ് ദൈവത്തിനവകാശ
പ്പെട്ടതാണ്. കൂടുതൽ പണിക്കാരെ അയച്ച് വിള
വെടുപ്പിൽ സഹായിക്കാൻ അവനോടു പ്രാർ
ത്ഥിക്കുക."

യേശു അപ്പൊസ്തലന്മാരെ പ്രസംഗിക്കാൻ വിടുന്നു

(മർക്കൊ. 3:13-19; 6:7-13; ലൂക്കൊ. 6:12-16; 9:1-6)

10 യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും
വിളിച്ചു കൂട്ടി. അശുദ്ധാത്മാക്കൾക്കു മേ

'എനിക്കു...ദയ കാംക്ഷിക്കുന്നു' ഉദ്ധരണി ഹോശേ. 6:6.

ലും, അവരെ ഒഴിച്ചോടിപ്പിക്കാനുമുള്ള ശക്തി
അവൻ അവർക്കു നൽകി. എല്ലാവിധ രോഗ
ങ്ങളും ഭേദമാക്കാൻ അവൻ അവർക്കു ശക്തി
നൽകി. 2പന്ത്രണ്ടു അപ്പൊസ്തലന്മാർ ഇവരാ
യിരുന്നു. ശിമോനെന്ന പത്രൊസ്, അവൻെറ
സഹോദരൻ അന്ത്രെയാസ്, സെബെദിയുടെ
പുത്രൻ യാക്കോബ്, അവൻെറ സഹോദരൻ
യോഹന്നാൻ 3ഫിലിപ്പൊസ്, ബർത്തൊലൊ
മായി, തോമാസ്, ചുങ്കപ്പിരിവുകാരനായ മ
ത്തായി, അൽഫായുടെ പുത്രൻ യാക്കോബ്,
തദ്ദായി; 4എരിവുകാരനായ ശിമോൻ, യേശു
വിനെ ഒറ്റിക്കൊടുത്ത യൂദാ ഈസ്കര്യോത്താ.
5യേശു ഈ പന്ത്രണ്ട് അപ്പൊസ്തലന്മാർക്കും
ചില ഉത്തരവുകൾ നൽകി. എന്നിട്ട് അവരെ
സ്വർഗ്ഗരാജ്യത്തിൻെറ സുവിശേഷം പ്രചരിപ്പി
ക്കാൻ അയച്ചു. യേശു പറഞ്ഞു, “ജാതികളെ
സമീപിക്കരുത്. ശമര്യാക്കാർ താമസിക്കുന്ന ഗ്രാ
മങ്ങളിലും പോകരുത്. 6എന്നാൽ യിസ്രായേൽ
കാരുടെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കൽ
ചെല്ലുവിൻ. 7ചെല്ലുമ്പോൾ നിങ്ങൾ ഈ
സന്ദേശം അവർക്കായി പ്രസംഗിക്കുക, ‘സ്വർഗ്ഗ
രാജ്യം വരാറായി.’ 8രോഗികളെ സൗഖ്യപ്പെടു
ത്തുക, മരിച്ചവരെ ജീവിപ്പിക്കുക. കുഷ്ഠരോഗി
കളെ സുഖപ്പെടുത്തുക. മനുഷ്യരിൽനിന്നും ഭൂത
ങ്ങളെ ഒഴിപ്പിക്കുക. ഞാൻ നിങ്ങൾക്കതിനുള്ള
കഴിവുകൾ സൗജന്യമായി തന്നു. അതിനാൽ
നിങ്ങൾ ആളുകളെ സൗജന്യമായി സഹായി
ക്കുക. 9സ്വർണ്ണമോ വെള്ളിയോ ചെമ്പോ ആയ
നാണയങ്ങൾ നിങ്ങൾ എടുക്കരുത്. 10ഒരു സ
ഞ്ചിയും എടുക്കരുത്. ധരിക്കുന്നവസ്ത്രവും ചെ
രുപ്പും മാത്രം എടുക്കുക. ഊന്നുവടി എടുക്കാതി
രിക്കുക. വേലക്കാരൻ തൻെറ ആവശ്യങ്ങൾ
നിറവേറ്റപ്പെടുവാൻ യോഗ്യനല്ലോ.

11“നിങ്ങൾ ഒരു നഗരത്തിലോ, ഗ്രാമത്തിലോ
പ്രവേശിക്കുമ്പോൾ യോഗ്യനായൊരാളെ ക
ണ്ടെത്തി നിങ്ങളവിടം വിട്ടുപോകും വരെ അ
യാളുടെ വീട്ടിൽ താമസിക്കുക. 12ഏതെങ്കിലും
വീട്ടിൽ പ്രവേശിക്കുമ്പോൾ ‘നിങ്ങൾക്കു സമാ
ധാനം’ എന്നു പറയുക. 13ആ വീട്ടുകാർ നിങ്ങ
ളെ സ്വാഗതം ചെയ്താൽ നിങ്ങളുടെ സമാധാ
നത്തിന് അവർ യോഗ്യരാണ്. നിങ്ങളാശംസി
ച്ച സമാധാനം അവർക്കുണ്ടാകട്ടെ. മറിച്ച് അവർ
നിങ്ങളെ സ്വാഗതം ചെയ്തില്ലെങ്കിൽ സമാധാ
നത്തിന് അവരർഹരല്ല. ആശംസിച്ചതു തിരി
കെയെടുക്കുക. 14ഒരു വീടോ, ഗ്രാമമോ തന്നെ
നിങ്ങളെ സ്വീകരിക്കാനോ ശ്രവിക്കാനോ മടി
ച്ചാൽ അവിടം വിട്ടുപോവുക. നിങ്ങളുടെ കാ
ലിൽ പറ്റിയ അവരുടെ പൊടി തട്ടിക്കളയുക.
15ഞാൻ നിങ്ങളോടു സത്യമായി പറയാം. വി
ധിദിവസം ആ നഗരത്തിൻെറ അവസ്ഥ സൊ
ദോംഗൊമോരയുടെ അവസ്ഥയേക്കാൾ കഷ്ട
മായിരിക്കും.

യേശു മുന്നറിയിപ്പു നൽകുന്നു

(മർക്കൊ. 13:9-13; ലൂക്കൊ. 21:12-17)

16“ശ്രദ്ധിക്കുക! ഞാൻ നിങ്ങളെ അയയ്ക്കു
ന്നു. ചെന്നായ്ക്കൾക്കിടയിലെ ചെമ്മരിയാടു
കളെപ്പോലെയാണ് നിങ്ങൾ. അതിനാൽ നി
ങ്ങൾ പാമ്പുകളെപ്പോലെ വിവേകശാലികളാ
യിരിക്കുക. എന്നാൽ പ്രാവുകളെപ്പോലെ നി
ഷ്ക്കളങ്കരുമായിരിക്കേണം. 17ആളുകളെ സൂക്ഷി
ക്കുക. അവർ നിങ്ങളെ പിടിച്ച് വിധിച്ചേക്കാം.
അവർ തങ്ങളുടെ യെഹൂദപ്പള്ളികളിൽ വച്ച്
നിങ്ങൾക്കു ചാട്ടയടി നൽകിയേക്കാം. 18നാടു
വാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ
നിങ്ങൾക്കു നിൽക്കേണ്ടി വന്നേക്കാം. എന്നെ
പ്രതിയാണ് നിങ്ങളോടവരിതു ചെയ്യുന്നത്. അ
വിടെ അവരോടും ജാതികളോടും നിങ്ങൾ എ
ന്നെപ്പറ്റിപറയും. 19പിടിക്കപ്പെടുമ്പോൾ എന്ത്
എങ്ങനെ പറയുമെന്നോർത്ത് ദു:ഖിക്കേണ്ട. നി
ങ്ങൾ പറയേണ്ടത് എന്തെന്ന് നിങ്ങൾക്ക് നൽ
കപ്പെടും. 20അപ്പോൾ നിങ്ങളായിരിക്കില്ല സം
സാരിക്കുന്നത്. നിങ്ങളുടെ പിതാവിൻെറ ആ
ത്മാവായിരിക്കും നിങ്ങളിലൂടെ സംസാരിക്കു
ന്നത്.

21“സഹോദരന്മാർ സഹോദരന്മാർക്കെതിരെ
തിരിയുകയും അവരെ കൊല്ലാൻ കൊടുക്കുക
യും ചെയ്യും. പിതാക്കന്മാർ സ്വന്തം മക്കൾക്കെ
തിരെ തിരിയുകയും അവരെ കൊല്ലാൻ കൊടു
ക്കുകയും ചെയ്യും. മക്കൾ അപ്പനമ്മമാർക്കെ
തിരെ തിരിഞ്ഞ് അവരെ കൊല്ലാൻ കൊടുക്കും.
22നിങ്ങൾ എൻെറ ശിഷ്യന്മാരായതിനാൽ എ
ല്ലാവരും നിങ്ങളെ വെറുക്കും. എന്നാൽ അന്ത്യം
വരെ ഉറച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും.
23ഒരു നഗരത്തിൽ മോശമായി അവർ പീഡി
പ്പിച്ചാൽ അടുത്ത നഗരത്തിലേക്കു പോകുക.
ഞാൻ നിങ്ങളോടു സത്യം പറയുന്നു. മനുഷ്യ
പുത്രൻ വീണ്ടും വരുന്നതിനു മുമ്പ് യിസ്രാ
യേലിലെ എല്ലാ നഗരങ്ങളിലൂടെയും നിങ്ങൾ
പോയിട്ടുണ്ടാവില്ല.

24“ഒരു ശിഷ്യനും തൻെറ ഗുരുവിനെക്കാൾ
മിടുക്കനല്ല. ഒരു ഭൃത്യനും തൻെറ യജമാനനെ
ക്കാൾ മിടുക്കനല്ല. 25ഗുരുവിനെപ്പോലെ ആ
യാൽ ശിഷ്യനുതൃപ്തി അടയാം. ഭൃത്യൻ യജമാന
നെപ്പോലെയും. കുടുംബനാഥനെ ബെയെത്സെ
ബൂൽ എന്ന പേരിൽ വിളിക്കപ്പെടുന്നുവെങ്കിൽ
മറ്റംഗങ്ങളെ അതിലും നീചമായി വിളിക്ക
പ്പെടും.

ദൈവത്തെയാണ് മനുഷ്യരെയല്ല ഭയപ്പെടേണ്ടത്

(ലൂക്കൊ. 12:2-7)

26“അതിനാൽ അവരെ ഭയപ്പെടേണ്ടതില്ല. മറ
ച്ചുവെക്കപ്പെട്ടതെല്ലാം പുറത്തുവരും. രഹസ്യ
മെല്ലാം പരസ്യമാകും. 27ഞാനിതെല്ലാം രഹസ്യ
മായി നിങ്ങളോടു പറയുന്നു. ഇതെല്ലാം വെളി
ച്ചത്തിൽ നിങ്ങൾ പറയണം. ഞാനിവ നിങ്ങ
ളോടു മാത്രമാണു പറഞ്ഞിട്ടുള്ളത്. എന്നാൽ
നിങ്ങളിതെല്ലാം സ്വതന്ത്രമായി ജനങ്ങളോടു
പറയണം. 28മനുഷ്യരെ ഭയക്കാതിരിക്കുക. അവ
ർക്ക് ശരീരത്തെമാത്രമേ കൊല്ലാനാവൂ. ആത്മാ
വിനെ കൊല്ലാനാവില്ല. ശരീരത്തെയും ആത്മാ
വിനെയും മരിപ്പിക്കാൻ കഴിയുന്ന ദൈവത്തെ
മാത്രം നിങ്ങൾ ഭയപ്പെടുക. ശരീരത്തെയും ആ
ത്മാവിനെയും നരകത്തിലേക്കയക്കാൻ അവനു
കഴിയും. 29രണ്ടു ചെറിയ പക്ഷികളെ വിറ്റത്
ഒരു ചില്ലിക്കാശിനാണ്. എന്നാൽ നിങ്ങളുടെ
പിതാവനുവദിക്കാതെ ഒരു പക്ഷിക്കു പോലും
ചാകാനാവില്ല. 30നിങ്ങളുടെ തലയിൽ എത്ര
മുടികളുണ്ടെന്നുവരെ ദൈവത്തിനറിയാം. 31അ
തിനാൽ ഭയക്കേണ്ട. അനേക പക്ഷികളേക്കാൾ
യോഗ്യരാണ് നിങ്ങൾ.

നിങ്ങളുടെ വിശ്വാസത്തെപ്പറ്റി

(ലൂക്കൊ. 12:8-9)

32“മറ്റുള്ളവരുടെ മുമ്പിൽ നിന്ന് ഒരാൾ അവൻ
എന്നിൽ വിശ്വസിക്കുന്നുവെന്നു പറഞ്ഞാൽ
അയാൾ എനിക്കുള്ളവൻ എന്ന് ഞാൻ പറയും.

ഞാനിത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവി
ന്റെ മുമ്പിലും പറയും. **33**എന്നാൽ എന്നിൽ
വിശ്വാസമില്ലെന്ന് ജനമദ്ധ്യത്തിൽ പറയുന്ന
വൻ എനിക്കവകാശപ്പെട്ടവനല്ലെന്നു ഞാനും
പറയും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവി
ന്റെ മുമ്പിൽ പോലും.

യേശുവിനെ അനുഗമിക്കുന്നത് പ്രശ്നങ്ങൾ കൊണ്ടുവന്നേക്കാം

(ലൂക്കൊ. 12:51-53; 14:26-27)

34“ഞാൻ ഭൂമിയിൽ സമാധാനം കൈവരിക്കാ
നാണു വന്നിരിക്കുന്നതെന്നു നിങ്ങൾ കരുതരുത്.
ഞാൻ വന്നത് അതിനല്ല. വാൾ എത്തിക്കാനാ
ണ് ഞാൻ വന്നിരിക്കുന്നത്. **35-36**ഇങ്ങനെ സംഭ
വിപ്പിക്കാനാണു ഞാൻ വന്നത്:

‘ഒരാളുടെ വീട്ടിലുള്ളവർ തന്നെയായിരിക്കും
അയാളുടെ ശത്രുക്കൾ. മകൻ അപ്പനെതിരാകും.
മകൾ അമ്മയ്ക്കെതിരാകും മരുമകൾ അമ്മായി
യമ്മയ്ക്കെതിരും ആകും.’ *മീഖ 7:6*

37“എന്നെക്കാൾ സ്വന്തം അപ്പനെയും അമ്മ
യെയും സ്നേഹിക്കുന്നവൻ എന്റെ ശിഷ്യനാ
കാൻ യോഗ്യനല്ല. എന്നെക്കാൾ സ്വന്തം മകനെ
യോ മകളെയോ സ്നേഹിക്കുന്നവൻ എന്റെ
ശിഷ്യനാകാൻ യോഗ്യനല്ല. **38**എന്നെ അനുഗമി
ക്കുമ്പോൾ ഏല്പിക്കപ്പെട്ട കുരിശു ചുമക്കാൻ
മടിക്കുന്നവനും എന്റെ ശിഷ്യനാകാൻ യോഗ്യ
നല്ല. **39**എന്നെക്കാളധികം സ്വന്തം ജീവിതത്തെ
സ്നേഹിക്കുന്നവന് യഥാർത്ഥ ജീവിതം നഷ്ട
മാകും. എനിക്കുവേണ്ടി സ്വന്തം ജീവിതം ഉപേ
ക്ഷിക്കുന്നവന് യഥാർത്ഥ ജീവിതം കണ്ടെത്താ
നാകും.

നിങ്ങളെ കൈക്കൊള്ളുന്നവരെ ദൈവം അനുഗ്രഹിക്കും

(മർക്കൊ. 9:41)

40“നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെയും
സ്വീകരിക്കുകയാണ്. എന്നെ സ്വീകരിക്കുന്ന
വൻ എന്നെ അയച്ചവനെയുമാണ് സ്വീകരിക്കു
ന്നത്. **41**പ്രവാചകനെ സ്വീകരിക്കുന്നവന് പ്ര
വാചകന്റെ പ്രതിഫലം ലഭിക്കും. ഒരു മനുഷ്യ
ന്റെ നന്മയെപ്രതി അയാളെ സ്വീകരിക്കുന്ന
വന് നല്ലവനുള്ള പ്രതിഫലം കിട്ടും. **42**ഒരു
ചെറിയവനെ അവനെന്റെ ശിഷ്യനായതി
ന്റെ പേരിൽ ആരെങ്കിലും സഹായിച്ചാൽ
അയാൾക്ക് സത്യമായും സമ്മാനം കിട്ടും.
എന്റെ ശിഷ്യന് ഒരുകോപ്പ വെള്ളം മാത്രമേ
കൊടുത്തിട്ടുള്ളുവെങ്കിലും ആ പ്രതിഫലം
അയാൾക്കു കിട്ടും.”

യേശുവും സ്നാപകയോഹന്നാനും

(ലൂക്കൊ. 7:18-35)

11 യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാർക്കും
നിർദ്ദേശം നൽകിക്കഴിഞ്ഞു. അനന്തരം അ
വൻ ഗലീലയിലെ നഗരങ്ങളിൽ ഉപദേശിക്കാ
നും പ്രസംഗിക്കാനുമായി പോയി.

2സ്നാപകയോഹന്നാൻ കാരാഗൃഹത്തിലാ
യിരുന്നു. ക്രിസ്തുവിന്റെ പ്രവൃത്തികളെപ്പറ്റി
യോഹന്നാൻ കേട്ടിരുന്നു. അതിനാലയാൾ ത
ന്റെ ചിലശിഷ്യന്മാരെ ക്രിസ്തുവിനടുത്തേ
ക്കയച്ചു. **3**യോഹന്നാന്റെ ശിഷ്യന്മാർ യേശുവി
നോടു ചോദിച്ചു, “വരുമെന്നു യോഹന്നാൻ
പറഞ്ഞവൻ തന്നെയാണോ നീ, അതോ
ഞങ്ങൾ വേറൊരാളെ നോക്കേണമോ?”

4യേശു മറുപടി പറഞ്ഞു, “യോഹന്നാന്റെ
യടുത്ത് മടങ്ങിച്ചെന്ന് നിങ്ങൾ കാണുന്നതും
കേൾക്കുന്നതുമായ കാര്യങ്ങൾ പറയുക. **5**അ
ന്ധർക്കു കാഴ്ച ലഭിച്ചു; തളർവാതം പിടിപെ
ട്ടവർ നടക്കാറായി; കുഷ്ഠരോഗികൾ സുഖം
പ്രാപിക്കുന്നു; ബധിരർക്കു കേൾക്കാറായി; മരി
ച്ചവർ ഉയിർത്തെഴുന്നേൽക്കുന്നു; സുവിശേഷം
പാവപ്പെട്ടവർക്കിടയിൽ പ്രസംഗിക്കപ്പെടുന്നു;
6എന്നെ സ്വീകരിക്കുന്നതിൽ തടസ്സമില്ലാത്ത
വൻ അനുഗ്രഹീതൻ.”

7യോഹന്നാന്റെ ശിഷ്യന്മാർ പോകവേ, യേ
ശു മറ്റാളുകളോടു യോഹന്നാനെപ്പറ്റി പറയാൻ
തുടങ്ങി. യേശു പറഞ്ഞു, “മരുഭൂമിയിലേക്കു
നിങ്ങളെന്തു കാണാനാണു പോയത്? ഞാങ്ങ
ണ കാറ്റിലുലയുന്നതു കാണാനോ? അല്ല!
8യഥാർത്ഥത്തിൽ നിങ്ങളെന്തു കാണാനാണു
പോയത്? നല്ല വസ്ത്രങ്ങളണിഞ്ഞ ഒരാളെ
യോ? അല്ല! നല്ല വസ്ത്രങ്ങളണിഞ്ഞവർ രാജ
കൊട്ടാരങ്ങളി ലാണു താമസം. **9**പിന്നെ എന്തു
കാണാനാണു നിങ്ങൾ പോയത്? ഒരു പ്രവാ
ചകനെ? അതെ ഞാൻ നിങ്ങളോടു പറയുന്നു,
യോഹന്നാൻ ഒരു പ്രവാചകനിലുമുപരിയാ
യിരുന്നു. **10**തിരുവെഴുത്തിൽ യോഹന്നാനെപ്പറ്റി
ഇങ്ങനെയാണെഴുതിയിരിക്കുന്നത്:

‘ഇതാ ഞാൻ (ദൈവം) എന്റെ ദൂതനെനി
നക്കുമുമ്പേ അയയ്ക്കും. അവൻ നിനക്കു മാർഗ്ഗ
മൊരുക്കും.’ *മലാഖി 3:1*

11“ഞാൻ നിങ്ങളോട് സത്യമായി പറയാം,
സ്നാപകയോഹന്നാൻ എക്കാലവും ജീവിച്ചി
രുന്നവരെക്കാൾ ശ്രേഷ്ഠനാണ്. എന്നാൽ സ്വർ
ഗ്ഗരാജ്യത്തിലെ ഏറ്റവും ചെറിയവൻ പോലും
യോഹന്നാനെക്കാൾ ശ്രേഷ്ഠനാണ്. **12**യോഹ
ന്നാന്റെ കാലം മുതൽ ഇന്നുവരെ സ്വർഗ്ഗരാജ്യം
അതിശക്തമായി മുമ്പോട്ടു പോകുകയായിരു
ന്നു. അതിലേക്കു പ്രവേശിക്കാൻ ആളുകൾ
തള്ളിക്കയറി. **13**യോഹന്നാന്റെ വരവുവരെ എ
ല്ലാ പ്രവാചകരും മോശെയുടെ ന്യായപ്രമാ
ണവും ദൈവരാജ്യത്തെപ്പറ്റിയും പ്രവചിച്ചു.
അവർ നടക്കാനിരിക്കുന്ന കാര്യങ്ങൾ പ്രവചി
ച്ചു.**14**ന്യായപ്രമാണവും പ്രവാചകരും പറഞ്ഞ
തു നിങ്ങൾ സ്വീകരിക്കുന്നുവെങ്കിൽ യോഹ
ന്നാൻ ഏലീയാവാണെന്നു നിങ്ങൾ വിശ്വസി
ക്കുക. ഏലീയാവ് വരാനിരിക്കുന്നുവെന്ന് അ
വർ പ്രവചിച്ചിട്ടുണ്ട്. **15**കാതുള്ളവർ കേൾക്കട്ടെ!

16“ഇന്നത്തെ തലമുറക്കാരെ ഞാനെന്തിനോ
ടുപമിക്കണം? അവരെന്തിനെപ്പോലെയാണ്?
ഇന്നത്തെയാൾക്കാർ ചന്തക്കുട്ടികളെപ്പോലെ
യാണ്. ഒരു സംഘം കുട്ടികൾ മറ്റേ സംഘക്കാരെ
വിളിക്കുന്നു,

17‘ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി, പക്ഷേ
നിങ്ങൾ നൃത്തം വെച്ചില്ല; ഞങ്ങൾ ദു:ഖഗാനം
പാടി, പക്ഷേ നിങ്ങൾക്കു ദു:ഖമുണ്ടായില്ല’

18ആളുകൾ അതുപോലെയാണെന്നു ഞാനെ
ന്തിനു പറയുന്നു? എന്തെന്നാൽ യോഹന്നാൻ
വന്നു. അവൻ മറ്റുള്ളവരെപ്പോലെ തിന്നില്ല,
വീഞ്ഞു കുടിച്ചുമില്ല. അവർ പറഞ്ഞു, ‘അവ
നെഭൂതം ബാധിച്ചിട്ടുണ്ട്.’ **19**മനുഷ്യപുത്രൻ
വന്നത് മറ്റുള്ളവരെപ്പോലെ തിന്നും വീഞ്ഞു
കുടിച്ചും കൊണ്ടാണ്. അപ്പോൾ ആളുകൾ പറ
യുന്നു, ‘അവനെ നോക്കൂ! അവൻ വളരെ തിന്നു
ന്നു. ധാരാളം കുടിക്കുന്നു. ചുങ്കക്കാരുടെയും മറ്റു
പാപികളുടെയും സ്നേഹിതൻ.’ പക്ഷേ
ജ്ഞാനം സാധൂകരിക്കപ്പെടുന്നത് അതിന്റെ
പ്രവൃത്തികൾ കൊണ്ടാണ്.”

അവിശ്വാസികളെ ശാസിക്കുന്നു

(ലൂക്കൊ. 10:13-15)

20പിന്നീട് യേശു തന്റെ മിക്ക വീര്യപ്രവൃത്തി
കളും നടത്തിയ നഗരങ്ങളെ വിമർശിച്ചു. കാ
രണം, ആ നഗരങ്ങളിലെ നിവാസികൾ മാന
സാന്തരപ്പെടുകയോ പാപം ചെയ്യുന്നതു നിർ
ത്തുകയോ ചെയ്തില്ല. 21യേശു പറഞ്ഞു, "കോ
രസീനേ, നിങ്ങൾക്കു കഷ്ടം. ബേത്ത്സയിദേ
നിങ്ങൾക്കു കഷ്ടം. ഞാൻ നിങ്ങളിൽ അധികം
വീര്യപ്രവൃത്തികളും ചെയ്തു. ഇതേ വീര്യപ്രവൃ
ത്തികൾ സോരിലും സീദോനിലും പ്രവർത്തി
ച്ചിരുന്നെങ്കിൽ അന്നാട്ടുകാർ പണ്ടേ തന്നെ മാന
സാന്തരപ്പെടുമായിരുന്നു. അവർ രട്ട് ധരിക്കുക
യും ചാരം ദേഹത്തു പൂശുകയും ചെയ്ത് തങ്ങ
ളുടെ പാപങ്ങളിൽ പശ്ചാത്തപിച്ചേനെ. 22എ
ന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, അന്ത്യ
വിധി ദിവസം നിങ്ങളുടെ സ്ഥിതി സോരിനെ
ക്കാളും സീദോനെക്കാളും അസഹ്യമായിരിക്കും.
23കഫർന്നഹൂമേ നിങ്ങൾ സ്വർഗ്ഗത്തിലേക്കുയ
ർത്തപ്പെടുമോ? ഇല്ല! നിങ്ങൾ മരണക്കുഴിയി
ലേക്കെറിയപ്പെടും. ഞാൻ നിന്നിൽ പല വീര്യ
പ്രവൃത്തികളും പ്രവർത്തിച്ചു. അതേ വീര്യപ്രവൃ
ത്തികൾ ഞാൻ സൊദോമിൽ പ്രവർത്തിച്ചി
രുന്നുവെങ്കിൽ അന്നാട്ടുകാർ പാപം ചെയ്യുന്ന
തവസാനിപ്പിക്കുകയും ആ നഗരം ഇന്നും നില
നിൽക്കുകയും ചെയ്തേനെ. 24എന്നാൽ ഞാൻ
നിങ്ങളോടു പറയുന്നു, ന്യായവിധി ദിവസം
നിങ്ങളുടെ സ്ഥിതി സൊദോമിനെക്കാൾ കഷ്ട
കരമായിരിക്കും."

വിശ്രമം അനുവദിക്കുന്നു

(ലൂക്കൊ. 10:21-22)

25അപ്പോൾ യേശു പറഞ്ഞു, "സ്വർഗ്ഗത്തി
ന്റെയും ഭൂമിയുടെയും കർത്താവായ എന്റെ
പിതാവേ ഞാൻ നിനക്കു നന്ദി പറയുന്നു.
വിവേക ശാലികളിൽനിന്നും വിജ്ഞാനികളിൽ
നിന്നും ഇതെല്ലാം മറച്ചുപിടിച്ചതിനു ഞാൻ
നിന്നെ വാഴ്ത്തുന്നു. എന്നാൽ കൊച്ചുകുട്ടി
കളെപ്പോലെയുള്ളവർക്കു നീയതു കാട്ടിക്കൊടു
ത്തത്. 26അതേ പിതാവേ, നിന്റെ ഇച്ഛപോ
ലെ കാര്യം നടത്തി.

27"എനിക്കു എല്ലാ വസ്തുക്കളും എന്റെ പി
താവു തന്നു. പുത്രനെ പിതാവിനു മാത്രമേ
അറിയൂ. മറ്റാർക്കും അറികയില്ല. പിതാവിനെ
പുത്രനു മാത്രമേ അറിയൂ. മറ്റാർക്കും അറികയി
ല്ല. പുത്രൻ പറയാൻ ആഗ്രഹിക്കുന്നവർക്കു വെ
ളിപ്പെടുത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്ത വ
ർക്ക് മാത്രം പിതാവിനെ അറിയാനാകും.

28"ക്ഷീണിതരും ഭാരം ചുമക്കുന്നവരും എന്റെ
യടുത്തുവരിക. ഞാൻ നിങ്ങൾക്കു വിശ്രമം ത
രാം .29എന്റെ ജോലി സ്വീകരിക്കുകയും എന്നി
ൽനിന്നു പഠിക്കുകയും ചെയ്യുക. ഞാൻ സൗമ്യ
നും വിനീതഹൃദയനുമാണ്. നിങ്ങളുടെ ആത്മാ
വിനു നിങ്ങൾ ശാന്തികണ്ടെത്തും. 30ഞാൻ നിർ
ദ്ദേശിക്കുന്ന ജോലി എളുപ്പമാണ്. ഞാൻ തരുന്ന
ഭാരം ലഘുവുമാണ്."

ചില യെഹൂദന്മാർ യേശുവിനെ വിമർശിക്കുന്നു

(മർക്കൊ. 2:23-28; ലൂക്കൊ. 6:1-5)

12 അതേസമയം ഒരു ശബ്ബത്തു ദിവസം യേ
ശു ധാന്യവയലുകളിലൂടെ നടക്കുകയാ
യിരുന്നു. അവന്റെ ശിഷ്യന്മാരും കൂടെയുണ്ടാ
യിരുന്നു. അവർക്കു വിശക്കുന്നുണ്ടായിരുന്നു. അ
തിനാലവർ ധാന്യങ്ങൾ പറിച്ചുതിന്നാൻ തുട
ങ്ങി. 2പരീശർ അതുകണ്ടു. അവർ യേശുവിനോ
ടുപറഞ്ഞു, "നോക്കൂ, ശബ്ബത്തു ദിവസം യെഹൂ
ദന്യായ പ്രമാണം വിലക്കുന്നതല്ലേ നിന്റെ
ശിഷ്യന്മാർ ചെയ്യുന്നത്?"

3യേശു അവരോടു പറഞ്ഞു, "തനിക്കും ത
ന്നോടൊപ്പമുള്ളവർക്കും വിശന്നപ്പോൾ ദാവീദ്
ചെയ്തത് നിങ്ങൾ വായിച്ചിട്ടില്ലേ? 4ദാവീദ്
ദൈവാലയത്തിൽ പ്രവേശിച്ചു. അവനും അവ
ന്റെ ആൾക്കാരും വഴിപാടിനുള്ള അപ്പം എടു
ത്തുത ിന്നു." ശബ്ബത്തിനെ സംബന്ധിച്ച ന്യായ
പ്രമാണം ലംഘിക്കൽ. അതും ന്യായപ്രമാണ
വിരുദ്ധമായിരുന്നു. പുരോഹിതർക്കു മാത്രമേ അ
തു തിന്നാൻ അനുവാദമുണ്ടായിരുന്നുള്ളു. 5എ
ല്ലാ ശബ്ബത്തുദിവസവും ദൈവാലയത്തിലെ
പുരോഹിതർ ശബ്ബത്തിന്റെ ന്യായപ്രമാണം
ലംഘിക്കുന്നത് മോശെയുടെ ന്യായപ്രമാണ
ത്തിൽ വായിച്ചിട്ടുണ്ടല്ലോ. എന്നാൽ പുരോഹി
തർ അതു ചെയ്യുന്നതിൽ തെറ്റില്ല. 6ഞാൻ നി
ങ്ങളോടു പറയുന്നു, ദൈവാലയത്തെക്കാൾ മ
ഹത്തായ ചിലത് ഇവിടെയുണ്ട്. 7തിരുവെഴു
ത്തിൽ പറയുന്നു, 'മൃഗയാഗത്തെക്കാൾ ജനങ്ങ
ളുടെ ഇടയിൽ ദയ കാംക്ഷിക്കുന്നു.' ഈ വാക്കു
കളുടെ അർത്ഥമെന്തെന്ന് അറിഞ്ഞിരുന്നെങ്കിൽ
നിരപരാധികളെ നിങ്ങൾ വിധിക്കില്ല. 8മനുഷ്യ
പുത്രൻ ശബ്ബത്തു ദിവസത്തിന്റെ കർത്താ
വാണ്."

ഒരാളുടെ തളർന്ന കൈ യേശു സുഖപ്പെടുത്തുന്നു

(മർക്കൊ. 3:1-6; ലൂക്കൊ. 6:6-11)

9യേശു അവിടം വിട്ടു അവരുടെ യെഹൂദപ്പ
ള്ളിയിലേക്കുപോയി. 10അവിടെ ഒരു കൈ തളർ
ന്ന ഒരാളുണ്ടായിരുന്നു. യേശുവിലെന്തെങ്കിലും
തെറ്റു കാണാൻ കാത്തുനിന്നവരും അവിടെയു
ണ്ടായിരുന്നു. അവർ യേശുവിനോടു ചോദിച്ചു,
"ശബ്ബത്തു ദിവസം രോഗശാന്തി വരുത്തുന്നതു
ശരിയാണോ?"

11യേശു മറുപടി പറഞ്ഞു, "നിങ്ങളുടെ അധീ
നതയിലുള്ള ഏക കുഞ്ഞാട് ശബ്ബത്തു ദിവസം
കുഴിയിൽ വീണാൽ നിങ്ങളതിനെ കുഴിയിൽ
നിന്നും പുറത്തെടുക്കും. 12തീർച്ചയായും ഒരു മ
നുഷ്യൻ ആടിനെക്കാൾ പ്രധാനമാണ്. അതി
നാൽ ശബ്ബത്തുദിവസം നന്മ ചെയ്യുവാൻ മോ
ശെയുടെ ന്യായപ്രമാണം അനുവദിക്കുന്നു."

13അനന്തരം യേശു കൈ തളർന്നവനോടു
പറഞ്ഞു, "നിന്റെ കൈ ഒന്നുകാണട്ടെ."
അയാൾ തന്റെ കൈ യേശുവിന്റെ നേരെ
നീട്ടി. അപ്പോൾത്തന്നെ മറ്റേകൈപോലെ ആ
കൈ വീണ്ടും ആരോഗ്യം പ്രാപിച്ചു. 14എന്നാൽ
അവിടം വിട്ടുപോയ പരീശർ യേശുവിനെ
കൊല്ലാൻ ആലോചിച്ചു.

യേശുവാണ് ദൈവം തിരഞ്ഞെടുത്ത ദാസൻ

15പരീശർ ചെയ്യുന്നതെന്താണെന്ന് യേശുവി
നറിയാമായിരുന്നു. അതിനാലവൻ അവിടം വി
ട്ടു. അനേകം പേർ അവനെ പിന്തുടരുകയും
രോഗികളായവരെ അവൻ സുഖപ്പെടുത്തു
കയും ചെയ്തു. 16എന്നാൽ താൻ ആരാണെന്ന്
മറ്റാരോടും പറയരുതെന്നവൻ താക്കീതു ചെ
യ്തു. 17യെശയ്യാപ്രവാചകന്റെ വാക്കുകൾ നി
റവേറ്റാനാണവൻ ഇതെല്ലാം ചെയ്തത്. യെശ
യ്യാവ് പറഞ്ഞു,

18“ഇതാ എൻെറ ദാസൻ; ഞാനവനെ തിര
ഞ്ഞെടുത്തിരിക്കുന്നു, ഞാനവനെ സ്നേഹിക്കു
ന്നു, അവനിൽ ഞാൻ സന്തുഷ്ടനുമാണ്; എ
ൻെറ ആത്മാവിനെ ഞാനവനിൽ ആവസിപ്പി
ക്കും. ജാതികൾക്കിടയിൽ എൻെറ നേരായ വി
ധി അവൻ പ്രഖ്യാപിക്കും.
19അവൻ തർക്കിക്കുകയോ ബഹളമുണ്ടാക്കുക
യോ ചെയ്യില്ല; തെരുവുകളിൽ ആരും അവൻെറ
ശബ്ദം കേൾക്കുകയുമില്ല.
20വളഞ്ഞ ഞാങ്ങണ അവൻ ഒടിക്കയില്ല;
എരിഞ്ഞുതീരാറായ പ്രകാശം അവൻ അണ
യ്ക്കുകയില്ല, നീതിയെ വിജയത്തിലെത്തിക്കും
വരെ അവനിതു തുടരും.
21രാഷ്ട്രങ്ങൾ അവരുടെ പ്രത്യാശ അവനിൽ
വയ്ക്കും. *യെശയ്യാവ് 42:1-4*

യേശുവിൻെറ ശക്തി ദൈവത്തിൽനിന്ന്

(മർക്കൊ. 3:20-30; ലൂക്കൊ. 11:14-23; 12:10)

22അപ്പോൾ ചിലർ ചേർന്ന് ഒരാളെ യേശുവി
ൻെറയടുക്കൽ കൊണ്ടുവന്നു. ഒരു ഭൂതം ബാധി
ച്ചതിനാൽ അയാൾ അന്ധനും ഊമനുമായിരു
ന്നു. യേശു അയാളെ സുഖപ്പെടുത്തി കാഴ്ച
യും സംസാരശേഷിയും തിരിച്ചു നൽകി. 23എ
ല്ലാവരും അത്ഭുതപ്പെട്ടു. അവർ പറഞ്ഞു, “ഈ
മനുഷ്യനായിരിക്കും ദൈവം നമ്മുടെയിടയി
ലേക്കു അയയ്ക്കുമെന്ന് വാഗ്ദാനം ചെയ്ത
ദാവീദിൻെറ പുത്രൻ.”
24ആളുകളിങ്ങനെ പറഞ്ഞത് പരീശർ കേട്ടു.
പരീശർ പറഞ്ഞു, “ബെയെത്സെബൂലിൻെറ സ
ഹായത്തോടെയാണിവൻ ഭൂതങ്ങളെ ഒഴിപ്പിക്കു
ന്നത്. ഭൂതങ്ങളുടെ നേതാവാണ് ബെയെത്സെ
ബൂൽ.”
25പരീശർ ചിന്തിക്കുന്നതെന്താണെന്ന് യേശു
വിനറിയാമായിരുന്നു. അതിനാൽ യേശു അവ
രോടു പറഞ്ഞു, അന്ത:ഛിദ്രമുള്ള ഏതു രാജ്യ
വും നശിക്കും. വിഭജിക്കപ്പെട്ട പട്ടണം നിലനിൽ
ക്കില്ല. വിഭജിക്കപ്പെട്ട കുടുംബത്തിനും നിലനി
ൽപ്പില്ല. 26സാത്താൻ സാത്താനെ ഒഴിപ്പിച്ചാൽ
സാത്താൻ തനിക്കെതിരായിട്ട് വിഭജിക്കപ്പെ
ടും. അവൻെറ രാജ്യത്തിനു തുടരാൻ കഴിയുക
യുമില്ല. 27ഭൂതങ്ങളെ ഒഴിപ്പിക്കുമ്പോൾ ഞാൻ
സാത്താൻെറ ശക്തി ഉപയോഗിക്കുന്നുവെന്ന്
നിങ്ങൾ പറയുന്നു. അതു ശരിയാണെങ്കിൽ,
നിങ്ങളുടെ ആൾക്കാർ ഭൂതങ്ങളെ ഒഴിപ്പിക്കുന്നത്
ആരുടെ ശക്തിയാലാണ്? അതിനാൽ നിങ്ങൾ
ക്കു തെറ്റിയെന്നു നിങ്ങളുടെ ആളുകൾ തന്നെ
തെളിയിക്കുന്നു. 28എന്നാൽ ഭൂതങ്ങളെ ഒഴിപ്പി
ക്കാൻ ഞാൻ ദൈവത്തിൻെറ ആത്മാവിൻെറ
ശക്തിയാണ് ഉപയോഗിക്കുന്നത്. ഇതിനർത്ഥം
ദൈവരാജ്യം നിങ്ങൾക്കായി നിങ്ങളുടെമേൽ
വന്നു കഴിഞ്ഞു എന്നാണ്.
29“കരുത്തനായ ഒരാളുടെ വീട്ടിൽ കടന്ന് അ
യാളുടെ സാധനങ്ങൾ മോഷ്ടിക്കാനാഗ്രഹി
ക്കുന്നവൻ ആദ്യം വീട്ടുടമയെ ബന്ധിക്കണം.
എന്നാൽ ശക്തൻെറ വീട് അവനു കൊള്ളയടി
ക്കാൻ കഴിയും.
30“എന്നോടൊപ്പമില്ലാത്തവൻ എനിക്കെതി
രാകുന്നു; എന്നോടൊപ്പം ശേഖരിക്കാത്തവൻ
ഞാൻ ശേഖരിച്ചതു ചിതറിക്കുകയും ചെയ്യുന്നു.
31അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു,
ആ ളുകൾ ചെയ്യുന്ന എല്ലാ പാപങ്ങൾക്കും
അവർ പൊറുക്കപ്പെടാം. അവർ പറയുന്ന
എല്ലാ ദുഷിച്ച വാക്കുകൾക്കും അവർ ക്ഷമിക്ക
പ്പെടാം. എന്നാൽ പരിശുദ്ധാത്മാവിനെതിരായി
വാക്കുകളിലൂടെ ദൈവത്തെ നിന്ദിക്കുന്നവനു
ക്ഷമ കിട്ടുകയില്ല. 32മനുഷ്യപുത്രനെതിരായി
സംസാരിക്കുന്നവന് മാപ്പു കിട്ടിയെന്നു വരാം.
എന്നാൽ പരിശുദ്ധാത്മാവിനെതിരായി സംസാ
രിക്കുന്നവൻ പൊറുക്കപ്പെടില്ല. അവന് ഈ
ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലും
മാപ്പില്ല.

നിങ്ങളുടെ അടയാളങ്ങൾ

(ലൂക്കൊ. 6:43-45)

33“നല്ലഫലം വേണമെങ്കിൽ വൃക്ഷം നല്ലതാ
യിരിക്കണം. നിങ്ങളുടെ മരം നല്ലതല്ലെങ്കിൽ
അതിനെ നന്നാക്കി എടുക്കണം. ഒരു വൃക്ഷം
അറിയപ്പെടുന്നത് അതുണ്ടാക്കുന്ന ഫലത്തി
ൻെറ അടിസ്ഥാനത്തിലാണ്. 34പാമ്പുകളേ,
ദുഷ്ടന്മാരേ, എങ്ങനെ നിങ്ങൾക്കു നന്മ സംസാ
രിക്കാനാകും? ഹൃദയത്തിലുള്ളതാണല്ലോ വായ്
സംസാരിക്കുന്നത്. 35നല്ലവനായ ഒരുവൻ അയാ
ളുടെ ഹൃദയത്തിൽ നന്മ സൂക്ഷിക്കുന്നു. അതിനാ
ലവന് സ്വന്തം ഹൃദയത്തിൽനിന്നു വരുന്ന ന
ല്ലകാര്യങ്ങൾ സംസാരിക്കാനാകുന്നു. എന്നാൽ
ദുഷ്ടനായ ഒരുവൻെറ മനസ്സിൽ ദുഷ്ടത നിറ
യുന്നു. അതിനാൽ അയാൾ സംസാരിക്കുന്നത്
അയാളുടെ ഹൃദയത്തിൽനിന്നും വരുന്ന ദുഷിച്ച
കാര്യങ്ങളാവും. 36ഞാൻ നിങ്ങളോടു പറയുന്നു,
തങ്ങൾ പറയുന്ന നിസ്സാരമായ ഓരോ വാ
ക്കിനും ജനങ്ങൾ വിധിദിവസത്തിൽ കണക്കു
പറയേണ്ടിവരും. അന്ത്യവിധി ദിവസമാണിങ്ങ
നെ വേണ്ടിവരിക. 37നിങ്ങൾ പറഞ്ഞ വാക്കുക
ളനുസരിച്ചാവും നിങ്ങളെ വിധിക്കുക. നിങ്ങ
ളുടെ ചില വാക്കുകൾ നിങ്ങളെ നീതീകരിക്കും.
എന്നാൽ വേറേ ചിലവാക്കുകൾക്ക് നിങ്ങൾ
കുറ്റം വിധിക്കപ്പെടുകയും ചെയ്യും.”

യെഹൂദന്മാർ അടയാളം ചോദിക്കുന്നു

(മർക്കൊ. 8:11-12; ലൂക്കൊ. 11:29-32)

38അപ്പോൾ പരീശന്മാർ ചിലരും ശാസ്ത്രി
മാരും യേശുവിനോടു പറഞ്ഞു, “ഗുരോ, ഒരട
യാളമായി അങ്ങ് ഒരു വീര്യപ്രവൃത്തി ചെയ്യു
ന്നത് ഞങ്ങൾക്കു കാണണം.”
39യേശു മറുപടി പറഞ്ഞു, “ദുഷ്ടരും പാപി
കളുമായവരാണ് അടയാളമായി വീര്യപ്രവൃത്തി
ആവശ്യപ്പെടുക. എന്നാൽ അവർക്കായി ഒരു
വീര്യപ്രവൃത്തിയും നൽകപ്പെടുകയില്ല. യോ
നാപ്രവാചകനു സംഭവിച്ച അത്ഭുതമാണ് ഏക
അടയാളം.40മൂന്നു രാത്രിയും മൂന്നു പകലും യോ
നാ ഒരു വലിയ മീനിൻെറ വയറ്റിൽ കിടന്നു
അതുപോലെ മനുഷ്യപുത്രൻ മൂന്നുപകലും മൂ
ന്നുരാത്രിയും ഭൂമിയുടെ ഹൃദയത്തിൻെറ ഉള്ളിൽ
ഇരിക്കും.41വിധിദിവസം നീനെവേയിലുള്ളവർ
നിങ്ങളോടൊപ്പം എഴുന്നേറ്റുനിന്ന് നിങ്ങൾ കുറ്റ
വാളികളാണെന്നു തെളിയിക്കും. എന്തുകൊണ്ടെ
ന്നാൽ യോനാ അവരോടു പ്രസംഗിച്ചപ്പോൾ
അവർ അനുതപിച്ചു. ഞാൻ നിങ്ങളോടുപറ
യുന്നു, ഞാൻ യോനയെക്കാൾ മഹാനാണ്.
42അന്ത്യവിധിയിൽ തെക്കിൻെറ റാണി ഇന്ന
ത്തെ നിങ്ങളുടെ തലമുറക്കാരോടൊപ്പം എണീ
റ്റുനിന്ന് അവർക്കു തെറ്റു പറ്റിയിരിക്കുന്നു
എന്നു തെളിയിക്കും. എന്തുകൊണ്ടെന്നാൽ, ആ
രാജ്ഞി വളരെ വളരെ അകലെനിന്നും ശലോ
മോൻെറ വിജ്ഞാനപ്രദമായ ബുദ്ധിയുപദേ
ശം കേൾക്കാൻ വന്നു. ഞാൻ നിങ്ങളോടു പറ
യുന്നു, ഞാൻ ശലോമോനെക്കാളും വലിയ
വനാണ്.

ഈ തലമുറക്കാർ പാപികൾ

(ലൂക്കൊ. 11:24-26)

43“ഒരാളിൽനിന്നും പുറത്തു വരുന്ന അശുദ്ധാ
ത്മാവ് വിശ്രമിക്കാനൊരിടം തേടി മരുഭൂമിയി
ലൂടെ സഞ്ചരിക്കുന്നു. എന്നാലവൻ ഒരിടവും
കണ്ടെത്തിയില്ല.
44“അതിനാൽ അശുദ്ധാത്മാവ് പറയുന്നു,
‘ഞാൻ വിട്ടുപോന്ന വീട്ടിലേക്കു തന്നെ തിരി
ച്ചുപോകുന്നു.’ അശുദ്ധാത്മാവ് അയാളിലേക്കു
മടങ്ങിവന്നപ്പോൾ അയാളുടെ ശരീരം ശൂന്യമാ
യിരിക്കുന്നതായി കാണുന്നു. ആവീട് അടിച്ചു
വാരി വൃത്തിയാക്കിയിരിക്കുന്നു. 45അശുദ്ധാത്മാ
വ് പുറത്തുപോയി തന്നെക്കാൾ ദുഷിച്ച മറ്റ്
ഏഴു അശുദ്ധാത്മാക്കളുമായി മടങ്ങിവന്ന് അവ
രെല്ലാംകൂടി അയാളിൽ താമസിക്കുന്നു. അതോ
ടെ അയാൾ പൂർവ്വാധികം വഷളനായി. ദുഷി
ച്ച ഈ തലമുറക്കാരുടെ അവസ്ഥ ഇതുതന്നെ
യാണ്.”

അവൻെറ ശിഷ്യന്മാർ അവൻെറ കുടുംബക്കാർ

(മർക്കൊ. 3:31-35; ലൂക്കൊ. 8:19-21)

46യേശു ജനങ്ങളെ പഠിപ്പിക്കവെ അവൻെറ
മാതാവും സഹോദരങ്ങളും പുറത്തു നിൽക്കു
ന്നുണ്ടായിരുന്നു. അവർക്ക് അവനോടു സംസാ
രിക്കണമായിരുന്നു. 47ഒരാൾ യേശുവിനോടു
പറഞ്ഞു, “നിൻെറ അമ്മയും സഹോദരന്മാരും
നിന്നോടു സംസാരിക്കാനായി വെളിയിൽ
കാത്തു നിൽക്കുന്നു.”
48യേശു അവനോടു മറുപടിപറഞ്ഞു, “ആരാ
ണെൻെറ അമ്മ? ആരാണെൻെറ സഹോദര
ന്മാർ?”
49പിന്നീട് യേശു തൻെറ ശിഷ്യന്മാരെ ചൂണ്ടി
പ്പറഞ്ഞു, “നോക്കൂ, ഇവരാണ് എൻെറ അമ്മയും
എൻെറ സഹോദരന്മാരും. 50എൻെറ യഥാർത്ഥ
സഹോദരനും സഹോദരിയും അമ്മയും സ്വർ
ഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെ
യ്യുന്നവരാണ്.”

വിത്തു വിതയ്ക്കുന്ന കഥ

(മർക്കൊ. 4:1-9; ലൂക്കൊ. 8:4-8)

13 ആ ദിവസംതന്നെ യേശു വീടിനു പുറ
ത്തിറങ്ങി കടലോരത്തിരുന്നു.2എല്ലാവരും
അവൻെറ ചുറ്റും നിന്നു. അതിനാലവൻ ഒരു
വഞ്ചിയിൽ കയറി ഇരുന്നു. മറ്റെല്ലാവരും തീര
ത്തുതന്നെ നിന്നു. 3അപ്പോൾ അവൻ അവരെ
പലതും ഉപദേശിക്കാൻ പല കഥകളും ഉപയോ
ഗിച്ചു. യേശു പറഞ്ഞു, “ഒരു കൃഷിക്കാരൻ
വിത്തു വിതയ്ക്കാനിറങ്ങി. 4വിതയ്ക്കവേ ചില
വിത്തുകൾ വഴിയിൽ വീണു. പക്ഷികൾ വന്നു
അവ കൊത്തിത്തിന്നു. 5ചില വിത്തുകൾ പാറ
യിൽ വീണു. അവിടെ ചെളിയില്ലായിരുന്നു.
വിത്ത് വളരെ വേഗം വളർന്നു. എന്തെന്നാൽ മ
ണ്ണിൽ ആഴമില്ലായിരുന്നു. 6പക്ഷേ സൂര്യനുയർ
ന്നപ്പോൾ ചെടികൾ കരിഞ്ഞു, ആഴത്തിൽ
വേരുകളില്ലാതിരുന്നതിനാൽ ചെടികൾ കരി
ഞ്ഞു. 7മറ്റു ചില വിത്തുകൾ മുള്ളുകൾക്കിട
യിൽ വീണു. മുൾച്ചെടികൾ ആർത്തുവളർന്ന്
വിത്തിനെ വളരുന്നതിൽനിന്നും തടഞ്ഞു. 8മറ്റു
ചിലവിത്തുകളാകട്ടെ നല്ല മണ്ണിലാണ് വീണത്.
ആ വിത്തുവളർന്നു ധാന്യമുണ്ടായി. ചില ചെ
ടികൾ നൂറുമടങ്ങു കൂടുതൽ വിളഞ്ഞു. ചിലവ
അറുപതും മറ്റു ചിലവ മുപ്പതും മേനിവിളവു
ണ്ടായി. 9കാതുള്ളവർ കേൾക്കട്ടെ.”

ഉപദേശിക്കാൻ കഥകളെന്തി നുപയോഗിക്കുന്നു

(മർക്കൊ. 4:10-12; ലൂക്കൊ. 8:9-10)

10ശിഷ്യന്മാർ യേശുവിനെ സമീപിച്ച് ചോ
ദിച്ചു, “ആളുകളെ ഉപദേശിക്കാൻ അങ്ങെന്തി
നാണു കഥകളുപയോഗിക്കുന്നത്?” 11യേശു മ
റുപടി പറഞ്ഞു, “സ്വർഗ്ഗരാജ്യത്തെപ്പറ്റിയുള്ള
രഹസ്യങ്ങൾ അറിയാനുള്ള അവകാശം നി
ങ്ങൾ ക്കുമാത്രമേ അനുവദിച്ചുകിട്ടിയിട്ടുള്ളൂ.
മറ്റാർക്കും ഈ രഹസ്യങ്ങളറിയാൻ കഴിയുകയി
ല്ല. 12ചിലതു ഉള്ളവനു കൂടുതൽ നൽകപ്പെടും.
അവന് ആവശ്യമുള്ളതിലധികം ലഭിച്ചേക്കാം.
എന്നാൽ ഇല്ലാത്തവന് ഉള്ളതിൽ കുറച്ചു കൂടി
നഷ്ടമാകും. 13അവരെ ഉപദേശിക്കാൻ ഞാൻ
കഥകളുപയോഗിക്കാൻ കാരണം ഇതാണ്. അ
വർ നോക്കുന്നെങ്കിലും കാണുന്നില്ല. കേൾക്കു
ന്നെങ്കിലും മനസ്സിലാക്കുന്നില്ല. 14അതിനാലവ
രുടെ കാര്യത്തിൽ യെശയ്യാവിൻെറ പ്രവചനം
നിറവേറ്റിയിരിക്കുന്നു:
‘നിങ്ങൾ ശ്രദ്ധിക്കുകയും കേൾക്കുകയും ചെ
യ്യും എന്നാലും മനസ്സിലാക്കില്ല. നിങ്ങൾ നോ
ക്കുകയും കാണുകയും ചെയ്യും. എങ്കിലും കണ്ട
ത് മനസ്സിലാക്കില്ല.
15ഇവരുടെ ഹൃദയങ്ങൾ കഠിനങ്ങളാണ്, അവ
ർക്ക് ചെവിയുണ്ടെങ്കിലും ശ്രദ്ധിക്കുന്നില്ല, സ
ത്യം കാണാനവർ വിസമ്മതിക്കുന്നു. അവർ ത
ങ്ങളുടെ കണ്ണുകൾ കൊണ്ട് കാണാതിരിക്കുക
യും സ്വന്തം ചെവികൊണ്ട് കേൾക്കാതിരിക്കുക
യും സ്വന്തമനസ്സു കൊണ്ട് അറിയാതിരിക്കുക
യും ചെയ്യുന്നത് എൻെറയടുക്കലേക്കു തിരിഞ്ഞ്
ഞാൻ ചികിത്സിക്കണമെന്ന് ആവശ്യപ്പെടാതി
രിക്കാനാണ്.’ *യെശയ്യാവ് 6:9-10*

16എന്നാൽ നിങ്ങൾ അനുഗൃഹീതരാണ്. നി
ങ്ങൾ നിങ്ങളുടെ കണ്ണുകൾ കൊണ്ട് കാണുന്ന
തു മനസ്സിലാക്കുന്നു. നിങ്ങളുടെ ചെവികൊണ്ട്
കേൾക്കുന്നവയും മനസ്സിലാക്കുന്നു. 17ഞാൻ നി
ങ്ങളോട് സത്യം പറയുന്നു. അനേകം പ്രവാച
കരും നല്ലവരായ ആളുകളും നിങ്ങളിപ്പോൾ
കാണുന്നതു കാണാനാഗ്രഹിച്ചു. എന്നാലവരത്
കണ്ടില്ല. അനേകം പ്രവാചകരും നല്ലവരും നി
ങ്ങളിപ്പോൾ കേൾക്കുന്നത് കേൾക്കാനും ആഗ്ര
ഹിച്ചു എന്നാലവരത് കേട്ടില്ല.

വിത്തുകളുടെ കഥ വിശദീകരിക്കുന്നു

(മർക്കൊ. 4:13-20; ലൂക്കൊ. 8:11-15)

18“അതിനാൽ കർഷകൻെറ കഥയുടെ അർ
ത്ഥം നിങ്ങളിപ്പോൾ ശ്രദ്ധിക്കുക.19വഴിയിൽ വീ
ണ വിത്തുകൾ എന്താണ്? രാജ്യത്തെപ്പറ്റിയുള്ള
ഉപദേശങ്ങൾ കേൾക്കുകയും മനസ്സിലാക്കാതി
രിക്കുകയും ചെയ്യുന്നവരെപ്പോലെയാണ് ആ
വിത്തുകൾ. അയാളുടെ മനസ്സിൽ വിതച്ചവ
ദുഷ്ടൻ വന്നു എടുത്തുകൊണ്ടുപോകും. 20പാറ
പ്പുറത്തുവീണ വിത്തുകളെന്താണ്? വചനം കേ
ട്ടമാത്രയിൽ തന്നെ സന്തോഷപൂർവ്വം സ്വീക
രിക്കുന്നവരാണത്. 21എന്നാൽ വചനം തൻെറ
ജീവിതത്തിൽ ആഴത്തിൽ വേരോടാനവർ അനു
വദിക്കില്ല. കുറച്ചുകാലത്തേക്കു മാത്രം ആ വ
ചനം നിലനിൽക്കും. വചനം നിമിത്തം ക്ലേശ
മോ പീഡയോ ഉണ്ടാകുമ്പോൾ അവർ വിശ്വാ
സം കൈവെടിയുന്നു. 22മുള്ളുകൾക്കിടയിൽ
വീണ വിത്തുകളാകട്ടെ, വചനം കേൾക്കുകയും
വചനത്തെ ജീവിതദു:ഖങ്ങൾ കൊണ്ടും ധനദു
രകൊണ്ടും മൂടിവളർന്നു ഫലമുണ്ടാകാൻ അനു

വദിക്കാത്തവരാണ്. അതിനാലവൻെറ ജീവിത
ത്തിൽവചനത്തിന് ഒരു സാദ്ധ്യതയുമില്ല. **23**എ
ന്നാൽ നല്ല മണ്ണിൽ വീണ വിത്തുകൾ കേട്ട
വചനം മനസ്സിലാക്കുന്നവരാണ്. അവ വളർന്ന്
ചിലപ്പോൾ നൂറും അറുപതും മുപ്പതും മടങ്ങു
വിളവുണ്ടാകും.”

ഗോതമ്പിൻെറയും കളകളുടെയും കഥ

24അപ്പോൾ യേശു അവരെ പഠിപ്പിക്കാൻ മ
റ്റൊരു കഥ പറഞ്ഞു. അവൻ പറഞ്ഞു, “തൻെറ
പാടത്തു നല്ല വിത്തു വിതച്ചവനെപ്പോലെയാ
ണ് സ്വർഗ്ഗരാജ്യം. **25**ആ രാത്രിയിൽ, എല്ലാവരും
ഉറങ്ങുകയായിരുന്നു. അയാളുടെ ശത്രു വന്നു
ഗോതമ്പിനിടയിൽ കളകൾ നട്ട് കടന്നുകള
ഞ്ഞു. **26**പിന്നീട് ഗോതമ്പുചെടികൾ വളർന്ന്
ധാന്യക്കുലകളുണ്ടായി. അതേ സമയം കളകളും
വളർന്നിരുന്നു. **27**അപ്പോൾ കർഷകൻെറ ദാസ
ന്മാർ വന്നുപറഞ്ഞു, ‘അങ്ങു നല്ല വിത്തല്ലേ
വിതച്ചത്? പിന്നെ എവിടുന്നാണ് കളകൾ
വന്നത്?’
28“അയാൾ മറുപടി പറഞ്ഞു, ‘ഒരു ശത്രുവാ
ണ് ആ കളകൾ നട്ടത്.’
“ഭൃത്യന്മാർ ചോദിച്ചു, ‘ഞങ്ങൾ പോയി കള
കൾ നീക്കം ചെയ്യണമോ?’
29‘അയാൾ പറഞ്ഞു, ‘വേണ്ട, എന്തെന്നാൽ
നിങ്ങൾ കളപറിക്കുമ്പോൾ ഗോതമ്പും പറിക്കാ
നിടയുണ്ട്. **30**ഗോതമ്പും കളയും ഒന്നിച്ചു വളര
ട്ടെ. വിളവെടുപ്പു സമയമാകുമ്പോൾ ഞാൻ
ദാസന്മാരോടു പറയും: ആദ്യം കള പറിച്ചുകൂട്ടി
കത്തിക്കുക. എന്നിട്ട് ഗോതമ്പു കൊയ്തു കൊ
ണ്ടുവന്ന് എൻെറ പത്തായം നിറയ്ക്കുക.’”

കൂടുതൽ കഥകൾ

(മർക്കൊ. 4:30-34; ലൂക്കൊ. 13:18-21)

31പിന്നീട് അവൻ അവരോടു മറ്റൊരുകഥ
പറഞ്ഞു, “സ്വർഗ്ഗരാജ്യം ഒരു കടുകുമണി പോ
ലെയാണ്. ഒരാൾ തൻെറ പാടത്തു കടുകുവി
ത്തുവിതച്ചു. **32**എല്ലാ വിത്തുകളിലും വെച്ച്
അത് ചെറുതാണ്. പക്ഷേ വിത്തു വളരുമ്പോൾ
തോട്ടത്തിലെ ഏറ്റവും വലിയ ചെടികളിലൊ
ന്നായിത്തീരും അത്. അതൊരു മരമായിത്തീ
രുന്നു. പക്ഷികൾ അതിൻെറ ശാഖകളിൽ കൂടു
വെക്കുകയും ചെയ്യുന്നു.”
33പിന്നീട് മറ്റൊരു കഥകൂടി പറഞ്ഞു, “സ്വർ
ഗ്ഗരാജ്യം മാവുമുഴുവൻ പുളിയ്ക്കും വരെ ഒരു
സ്ത്രീ വലിയ പാത്രത്തിലുള്ള മാവിൽ കുഴച്ചു
ചേർക്കുന്ന പുളിമാവ് പോലെയാണ്.”
34കഥകളായി ആണവൻ അവരൊടെല്ലാം പ
റഞ്ഞത്. എപ്പോഴും അവൻ കഥകളിലൂടെ അവ
രെ പഠിപ്പിച്ചു. **35**പ്രവാചകൻ പറഞ്ഞത് തന്നെ
യായിരുന്നു അത്:
“ഞാൻ കഥകളിലൂടെ സംസാരിക്കും; ലോകാ
രംഭം മുതൽ രഹസ്യമാക്കിവെക്കപ്പെട്ടിരുന്നവ
ഞാൻ പറയും.” *സങ്കീർത്തനം 78:2*

വിഷമം പിടിച്ച ഒരു കഥ വിശദീകരിക്കുന്നു

36അനന്തരം യേശു അവരെവിട്ട് ഒരു വീട്ടിലേ
ക്കു കയറി. ശിഷ്യന്മാർ അവനെ സമീപിച്ചു
പറഞ്ഞു, “വയലിൽ വിതച്ച കളകളുടെ കഥ
ഞങ്ങൾക്കു വിശദീകരിച്ചു തന്നാലും.”
37യേശു മറുപടി പറഞ്ഞു, “പാടത്തു നല്ല
വി ത്തു വിതച്ചവൻ മനുഷ്യപുത്രനാണ്. **38**പാടം
ഈ ലോകവും നല്ല വിത്തുകളാകട്ടെ ദൈവരാ
ജ്യത്തിലെ ദൈവത്തിൻെറ മക്കളും. ദുഷ്ടൻെറ
ആളുകളാണ് കളകൾ. **39**പിശാചാണ് കളകൾ
വിതച്ചത്. വിളവെടുപ്പ് ലോകാവസാനംകാല
മാണ്.

ദൈവത്തിൻെറ ദൂതന്മാരാണ് വിളവെടുപ്പുകാർ

40“കളകളെ പറിച്ചു കത്തിച്ചുകളഞ്ഞു. ലോ
കാവസാനകാലത്തും അതുതന്നെയാവും സംഭ
വിക്കുക. **41**മനുഷ്യപുത്രൻ തൻെറ ദൂതന്മാരെ
അയയ്ക്കും. അവർ പാപികളെയും പിശാചി
ൻെറ അനുയായികളെയും ഒരുമിക്കും. ദൂതന്മാർ
അവരെ ദൈവരാജ്യത്തുനിന്നും പുറത്തെടുക്കും.
42ദൂതന്മാർ പാപികളെ തീയുലകളിലേക്കു വലി
ച്ചെറിയും. അവിടെ അവർ നിലവിളിക്കുകയും
വേദനകൊണ്ട് പല്ല് ഞെരിക്കുകയും ചെയ്യും.
43അപ്പോൾ നീതിമാന്മാർ സൂര്യനെപ്പോലെ തി
ളങ്ങും. അവർ തങ്ങളുടെ പിതാവിൻെറ രാജ്യ
ത്തെത്തും. കാതുള്ളവർ കേൾക്കട്ടെ.

നിധിയുടെയും മുത്തിൻെറയും കഥ

44“പാടത്ത് ഒളിപ്പിച്ചുവെച്ച നിധിപോലെ
യാണ് സ്വർഗ്ഗരാജ്യം. അയാൾ അതു കണ്ടെ
ത്താൻ ഇടയായി. അയാൾ സന്തോഷിച്ചു. അ
തുവീണ്ടും മറ്റൊരിടത്തു കുഴിച്ചിട്ടു. അയാൾ
മടങ്ങിപ്പോയി. ആ പാടം വാങ്ങാൻ തനിക്കുള്ള
തെല്ലാം വിറ്റു.
45“നല്ല മുത്തുകൾ അന്വേഷിക്കുന്ന കച്ചവട
ക്കാരനെപ്പോലെയുമാണ് സ്വർഗ്ഗരാജ്യം. **46**ഒരു
ദിവസം അയാൾ സവിശേഷമായ മൂല്യമുള്ള
ഒരു നല്ല മുത്തു കണ്ടെത്തി. അയാൾ പോയി
എല്ലാം വിറ്റ് മുത്തു വാങ്ങാൻ വന്നു.

മീൻപിടുത്തവലയുടെ കഥ

47“കടലിലേക്കെറിയുന്ന വലപോലെയും കൂ
ടിയാണ് സ്വർഗ്ഗരാജ്യം. അതിൽ എല്ലാ വിധ
ത്തിലുമുള്ള മത്സ്യങ്ങൾ കുടുങ്ങി. **48**വല നിറ
ഞ്ഞപ്പോൾ മുക്കുവർ കരയിലേക്കതു വലിച്ചു.
അവർ നിലത്തിരുന്ന് എല്ലാ നല്ല മീനും കുട്ടകളി
ലാക്കി. ചീത്തമീൻ അവർ വലിച്ചെറിഞ്ഞു.
49ലോകാവസാനവും അങ്ങനെ തന്നെയാണു
സംഭവിക്കുക. ദൂതന്മാർ വന്ന് ദുഷ്ടരെ നീതി
മാന്മാരിൽനിന്നും വേർതിരിക്കും. **50**ദൂതന്മാർ ദു
ഷ്ടരെ തീച്ചൂളയിലേക്കെറിയും. അവിടെക്കിട
ന്ന് അവർ നിലവിളിക്കുകയും വേദനകൊണ്ട്
പല്ലു ഞെരിക്കുകയും ചെയ്യും.”
51അപ്പോൾ യേശു ശിഷ്യന്മാരോടു ചോദി
ച്ചു, “ഇതെല്ലാം നിങ്ങൾ മനസ്സിലാക്കിയിരിക്കു
ന്നോ?” ശിഷ്യന്മാർ പറഞ്ഞു, “ഉവ്വ്, മനസ്സിലാ
യി.”
52അനന്തരം യേശു ശിഷ്യന്മാരോടു പറഞ്ഞു,
“അതിനാൽ സ്വർഗ്ഗരാജ്യത്തെപ്പറ്റി പഠിക്കുന്ന
ഓരോ ശാസ്ത്രിയും ഓരോ വീട്ടുടമയെപ്പോ
ലെയാണ്. അവൻെറ വീട്ടിൽ പഴയതും പുതി
യതുമായ ഒരുപാടു സാധനങ്ങൾ ശേഖരിക്ക
പ്പെട്ടിരുന്നു. അയാൾ അവ പുറത്തു കൊണ്ടു
വരുന്നു.”

യേശു ജന്മദേശത്തേക്കു പോകുന്നു

(മർക്കൊ. 6:1-6; ലൂക്കൊ. 4:16-30)

53അപ്പോൾ യേശു കഥകളുപയോഗിച്ചു ഉപ
ദേശിക്കുന്നത് മുഴുമിപ്പിച്ചു അവിടം വിട്ടു പോ
യി. **54**അവൻ താൻ വളർന്നുവന്ന ഗ്രാമത്തിലേ
ക്കുപോയി. അവൻ അവരുടെ യെഹൂദപ്പള്ളി
യിൽ ആളുകളെ ഉപദേശിച്ചു. അതുകേട്ട് അവർ
അത്ഭുതപ്പെട്ടു. ആളുകൾ ചോദിച്ചു, “ഈ മനു

ഷ്യന് ഇത്രയും അത്ഭുതപ്രവർത്തികൾക്കുള്ള
കഴിവ് എവിടുന്നു കിട്ടി? 55ഇവൻ ആ വെറും
മരയാശാരിയുടെ പുത്രൻ. മറിയ അവൻെറ
അമ്മ. സഹോദരന്മാർ യാക്കോബും യോസെ
യും ശിമോനും യൂദായും. 56അവൻെറ സഹോ
ദരിമാരാകട്ടെ ഇവിടെ നമ്മോടൊപ്പമുണ്ട്. പി
ന്നെ എവിടുന്നാണ് അവനിതൊക്കെ ചെയ്യാനു
ള്ള ജ്ഞാനവും കഴിവും കിട്ടിയത്?" 57അവർ
അവനെ അംഗീകരിച്ചില്ല.

എന്നാൽ യേശു അവരോടു പറഞ്ഞു, "പ്രവാ
ചകനെ മറ്റുള്ളവരംഗീകരിക്കുന്നു. പ്രവാചകൻ
അവൻെറ സ്വന്തം ജന്മനഗരത്തിലും സ്വന്തം
കുടുംബത്തിലും അംഗീകരിക്കപ്പെടില്ല." 58അ
വർ യേശുവിൽ വിശ്വസിച്ചില്ല. അതിനാല
വൻ അവിടെ അധികം വീര്യപ്രവൃത്തികൾ ചെ
യ്തില്ല.

ഹെരോദാവ് യേശുവിനെപ്പറ്റി കേൾക്കുന്നു

(മർക്കൊ. 6:14-29; ലൂക്കൊ. 9:7-9)

14 ആ സമയം യേശുവിനെപ്പറ്റി ആളുകൾ
പറയുന്നത് ഗലീലയിലെ ഭരണാധികാ
രിയായ ഹെരോദാവ് കേട്ടു. 2ഹെരോദാവ് ത
ൻെറ ദാസന്മാരോടു പറഞ്ഞു, "ഇയാൾ യഥാർ
ത്ഥത്തിൽ സ്നാപക യോഹന്നാനാണ്. അ
യാൾ മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റിട്ടു
ണ്ടാവണം. അതാണ് അയാൾക്കിങ്ങനെ വീര്യ
പ്രവർത്തികൾ ചെയ്യുവാൻ കഴിയുന്നത്."

സ്നാപകയോഹന്നാൻ കൊല്ലപ്പെട്ടതെങ്ങനെ?

3അതിനു മുമ്പ് ഹെരോദാവ് യോഹന്നാനെ
പിടിച്ചു. യോഹന്നാനെ ചങ്ങലയിട്ട് തുറങ്കിലി
ട്ടു. ഹെരോദാവിൻെറ സഹോദരനായ ഫിലി
പ്പോസിൻെറ പത്നിയായ ഹെരോദ്യ കാരണ
മാണ് യോഹന്നാനെ ബന്ധിച്ചത്. 4"ഹെരോദ്യ
യെ നീ സ്വന്തമാക്കുന്നതു ശരിയല്ല" എന്ന്
യോഹന്നാൻ ഹെരോദാവിനോടു പറയുകയു
ണ്ടായി. 5ഹെരോദാവ് യോഹന്നാനെ കൊല്ലാ
നാഗ്രഹിച്ചുവെങ്കിലും അയാൾ ജനങ്ങളെ ഭയ
ന്നു. യോഹന്നാൻ ഒരു പ്രവാചകനാണെന്ന്
ആളുകൾ ധരിച്ചിരുന്നു.

6ഹെരോദാവിൻെറ ജന്മദിനാഘോഷത്തിൽ
വിരുന്നുകാരുടെ മുമ്പിൽവെച്ച് ഹെരോദ്യയുടെ
പുത്രി നൃത്തം ചെയ്തു. ഹെരോദാവ് അവളിൽ
സംപ്രീതനായി. 7അയാൾ അവളാവശ്യപ്പെടു
ന്നതെന്തും സമ്മാനമായി ശപഥത്തിലൂടെ വാ
ഗ്ദാനം ചെയ്തു. 8എന്ത് ആവശ്യപ്പെടണമെന്ന്
ഹെരോദ്യ മകൾക്കു നിർദ്ദേശിച്ചു. അതിനാ
ലവൾ ഹെരോദാവിനോടു പറഞ്ഞു, "സ്നാപ
കയോഹന്നാൻെറ ശിരസ്സ് ഇവിടെ ഒരു തളിക
യിൽ വച്ചു തരൂ." 9ഹെരോദാവു ദു:ഖിതനായി.
പക്ഷേ ആവശ്യപ്പെടുന്നതെന്തും കൊടുക്കാമെ
ന്നയാൾ ശപഥം ചെയ്തിരുന്നു. അവൻെറ അ
തിഥികൾ അതിനു സാക്ഷികളാണ്. അതിനാ
ലവളുടെ അപേക്ഷ നിറവേറ്റാൻ അയാൾ ഉത്ത
രവിട്ടു. 10തടവറയിലുള്ള യോഹന്നാൻെറ തല
വെട്ടിയെടുക്കാൻ അയാൾ ആളെ അയച്ചു. 11അ
വർ യോഹന്നാൻെറ തല ഒരു തളികയിൽ വ
ച്ചുകൊണ്ടുവന്ന് പെൺകുട്ടിക്കു കൊടുത്തു. അ
വൾ തല അമ്മയ്ക്കു നൽകി. 12യോഹന്നാൻെറ
ശിഷ്യന്മാർ വന്ന് മൃതദേഹം കൊണ്ടുപോയി
സംസ്കരിച്ചു. എന്നിട്ടവർ പോയി യേശുവി
നോടു സംഭവങ്ങൾ വിവരിച്ചു.

അയ്യായിരം പേർക്ക് ആഹാരം നൽകുന്നു

(മർക്കൊ. 6:30-44; ലൂക്കൊ. 9:10-17; യോഹ. 6:1-14)

13യോഹന്നാൻെറ വർത്തയറിഞ്ഞ യേശു ഒരു
വഞ്ചിയിൽ അവിടം വിട്ടു. വിജനമായ ഒരിട
ത്തേക്കവൻ ഒറ്റയ്ക്കു പോയി. എന്നാൽ അക്കാ
ര്യം ആളുകൾ അറിഞ്ഞു. അതിനാലവർ അവരു
ടെ ഗ്രാമങ്ങൾ വിട്ട് യേശുവിനെ പിന്തുടർന്നു.
യേശു പോയ സ്ഥലത്തേക്ക് അവരും കരമാർഗ്ഗം
സഞ്ചരിച്ചു. 14യേശു അവിടെയെത്തിയപ്പോൾ
ഒരുപാടു ആളുകളെ കണ്ടു. യേശുവിന് അവ
രോടു കാരുണ്യം തോന്നി. അവൻ രോഗം ബാ
ധിച്ചവരെ സുഖപ്പെടുത്തി.

15അന്ന് ഉച്ച തിരിഞ്ഞപ്പോൾ ശിഷ്യന്മാർ യേ
ശുവിനെ സമീപിച്ചു. അവർ പറഞ്ഞു, "ഇതൊ
രു വിജനപ്രദേശമാണ്. ഇപ്പോളാകട്ടെ നേരം
വളരെ വൈകിയിരിക്കുന്നു. അതിനാൽ ഇവരെ
നഗരങ്ങളിൽ പോയി ആഹാരം വാങ്ങിക്കൊ
ണ്ടുവരേണ്ടതിനായി അയച്ചാലും."

16യേശു മറുപടി പറഞ്ഞു, "അവരെ പറഞ്ഞു
വിടേണ്ട ആവശ്യമില്ല. നിങ്ങൾതന്നെ അവർക്കു
ഭക്ഷണം കൊടുക്കുക."

17ശിഷ്യന്മാർ പറഞ്ഞു, "പക്ഷേ ഞങ്ങളുടെ
പക്കൽ അഞ്ചു അപ്പക്കഷണങ്ങളും രണ്ടു മീനും
മാത്രമേയുള്ളൂ."

18യേശു പറഞ്ഞു, "അപ്പവും മീനും എനിക്കു
കൊണ്ടുവരൂ." 19പിന്നെ യേശു ആളുകളോട്
പുൽത്തകിടിയിലിരിക്കാൻ നിർദ്ദേശിച്ചു.
അവൻ അപ്പവും മീനും എടുത്ത് ആകാശത്തേ
ക്കു നോക്കി ഭക്ഷണം തന്നതിന് ദൈവത്തിനു
നന്ദിപറഞ്ഞു. അനന്തരം അവൻ അതുവീതം
വെച്ചു. അവൻ അതു ശിഷ്യന്മാർക്കു നൽകി.
ശിഷ്യന്മാർ അത് ആളുകൾക്കു വിളമ്പി. 20എല്ലാ
വരും അതുകഴിച്ച് സംതൃപ്തരായി. എല്ലാവരും
ആഹാരം കഴിച്ചിട്ടും പന്ത്രണ്ടുകുട്ടകൾ നിറയെ
ആഹാരം മിച്ചംവന്നു. 21സ്ത്രീകളും കുട്ടികളും
ഉൾപ്പെടാതെ അയ്യായിരത്തോളംപേർ ആഹാ
രം കഴിച്ചിരുന്നു.

യേശു കടലിനു മീതെ നടക്കുന്നു

(മർക്കൊ. 6:45-52; ലൂക്കൊ. 6:15-21)

22അനന്തരം യേശു ശിഷ്യന്മാരെ വഞ്ചിയിൽ
കയറ്റി. മറുകരയിലേക്കു പോകാൻ അവൻ അ
വരോടാജ്ഞാപിച്ചു. താൻ പിന്നാലെ വന്നു
കൊള്ളാമെന്നു പറഞ്ഞ് അവൻ അവിടെത്ത
ന്നെ നിന്നു. ആളുകളെ പിരിച്ചയക്കാനാണവൻ
തങ്ങിയത്. 23ആളുകളോടു യാത്ര പറഞ്ഞു പി
രിഞ്ഞതിനുശേഷം യേശു ഒറ്റയ്ക്കിരുന്നു പ്രാർ
ത്ഥിക്കാൻ മലമുകളിലേക്കു പോയി. വൈകു
ന്നേരം ആയപ്പോഴും അവൻ ഏകനായി അവി
ടെത്തന്നെ ഉണ്ടായിരുന്നു. 24ആ സമയം ശിഷ്യ
ന്മാർ കയറിയവഞ്ചി കടലിൽ വളരെദൂരം പോ
യിക്കഴിഞ്ഞിരുന്നു. തിരമാലകളിൽപ്പെട്ട് വഞ്ചി
ഉലഞ്ഞു. കാറ്റ് വിപരീതമായിരുന്നു.

25പുലർച്ചെ മൂന്നു മണിക്കും ആറുമണിക്കുമി
ടയിൽ യേശുവിൻെറ ശിഷ്യന്മാർ വഞ്ചിയിൽ
തന്നെയായിരുന്നു. യേശു അവരുടെയടുത്തേക്കു
ചെന്നു. അവൻ വെള്ളത്തിനു മീതെ നടന്നു.
26യേശു വെള്ളത്തിനു മീതെ നടന്നുവരുന്നതു
കണ്ട ശിഷ്യന്മാർ ഭയന്നു. അവർ പറഞ്ഞു,
"അതൊരു പ്രേതമാണ്!" അവർ ഭയന്നു നിലവി
ളിച്ചു.

27എന്നാൽ യേശു പെട്ടെന്നു തന്നെ അവരോ
ടു സംസാരിച്ചു, "പ്രസന്നരാകൂ ഇത് ഞാനാണ്
ഭയക്കരുത്."

28പത്രൊസ് പറഞ്ഞു, "കർത്താവേ ഇത് യ
ഥാർത്ഥത്തിൽ നീയാണെങ്കിൽ വെള്ളത്തിനു
മീതെ നടന്നു വരാൻ എന്നോടാജ്ഞാപിക്കുക."
29യേശു വിളിച്ചു, "പത്രൊസേ വരൂ." പ
ത്രൊസ് വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിനു
മീതെകൂടി യേശുവിൻെറയടുത്തേക്കു നടന്നു.
30എന്നാൽ വെള്ളത്തിനു മീതെ നടന്നു പോക
വേ പത്രൊസ് കാറ്റും തിരമാലകളും കണ്ടു ഭ
യന്ന് വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. പത്രൊസ്
നിലവിളിച്ചു, "കർത്താവേ, എന്നെ രക്ഷിക്കൂ."
31യേശു പത്രൊസിൻെറ കൈപിടിച്ചു. യേ
ശു പറഞ്ഞു, "നിനക്കത്ര വിശ്വാസമില്ല. എന്തി
നു സംശയിച്ചു?"
32യേശുവും പത്രൊസും വഞ്ചിയിൽ കയറി
യതിനുശേഷം കാറ്റ് അമർന്നു. 33അപ്പോൾ വ
ഞ്ചിയിലുണ്ടായിരുന്ന ശിഷ്യന്മാർ യേശുവിനെ
നമസ്കരിച്ചുകൊണ്ട് പറഞ്ഞു, "യഥാർത്ഥ
ത്തിൽ നീയാണ് ദൈവപുത്രൻ."

യേശു അനേക രോഗികളെ സൌഖ്യമാക്കുന്നു

(മർക്കൊ. 6:53-56)

34തടാകത്തിലൂടെ വിലങ്ങനെ സഞ്ചരിച്ച
അവർ മറുകരയിൽ ഗന്നേസരെത്ത് എന്ന തുറ
മുഖത്തെത്തി. 35അന്നാട്ടുകാർ യേശുവിനെ
കണ്ടു. അവർ അവനെ തിരിച്ചറിഞ്ഞു. അതിനാ
ലവർ ആ പ്രദേശമാകെ യേശു വന്ന വിവരം
പരത്തി. ആളുകൾ എല്ലാരോഗികളെയും അവ
ൻെറയടുത്തു കൊണ്ടുവന്നു. 36അവൻെറ
വസ്ത്രത്തിൻെറ അറ്റത്തെങ്കിലും സ്പർശിച്ചു
സുഖം പ്രാപിക്കാനനുവദിക്കാൻ അവർ അവ
നോടു കേണു. യേശുവിൻെറ വസ്ത്രാഗ്രം സ്പ
ർശിച്ച എല്ലാവർക്കും സൗഖ്യം വന്നു.

ദൈവത്തിൻെറ ന്യായപ്രമാണവും മനുഷ്യരുണ്ടാക്കുന്ന ചട്ടങ്ങളും

(മർക്കൊ. 7:1-23)

15 പിന്നീട് ഏതാനും പരീശന്മാരും ശാസ്ത്രി
മാരും യേശുവിനെ സമീപിച്ചു. യെരൂശ
ലേമിൽനിന്നും വന്ന അവർ യേശുവിനോടു
ചോദിച്ചു, 2"നമ്മുടെ മഹാന്മാരായ പൂർവ്വികർ
നമുക്കു തന്ന ചട്ടങ്ങൾ നിൻെറ ശിഷ്യന്മാരെ
ന്തേപാലിക്കുന്നില്ല? അവർ ആഹാരത്തിനു
മുമ്പ് കൈ കഴുകുന്നില്ല."
3യേശു മറുപടി പറഞ്ഞു,"നിങ്ങളുടെ ചട്ടങ്ങ
ൾക്കുവേണ്ടി ദൈവത്തിൻെറ കല്പനകളെ നി
ങ്ങളെന്തുകൊണ്ട് അനുസരിക്കുന്നില്ല? 4ദൈവം
പറഞ്ഞിട്ടുണ്ട്, 'നിങ്ങൾ അപ്പനമ്മമാരെ ബഹു
മാനിക്കണം.'* 'അപ്പനമ്മമാരോട് ദുഷിച്ചു സം
സാരിക്കുന്നവൻ വധാർഹനാണ്'* എന്നു പറ
ഞ്ഞിട്ടുണ്ട്. 5എന്നാൽ നിങ്ങളിങ്ങനെ പഠിപ്പി
ക്കുന്നു, അമ്മയോടോ അപ്പനോടോ ഇങ്ങനെ
പറയാൻ നിങ്ങൾ അനുവദിക്കുന്നു. 'നിങ്ങളെ
സഹായിക്കാനായി എനിക്കു ചിലതു തരാൻ
കഴിയും. പക്ഷേ ഞാൻ അതു ചെയ്യുകയില്ല.
ഞാനതു ദൈവത്തിനു കൊടുക്കും' എന്നു പറ
യാമെന്ന്. 6ഇത്തരത്തിൽ അവൻ അവൻെറ അ
പ്പനെ ആദരിക്കേണ്ടതില്ല. അങ്ങനെ നിങ്ങളുടെ
ചട്ടങ്ങൾ പാലിക്കുന്നതിനു വേണ്ടി നിങ്ങൾ
ദൈവത്തിൻെറ ന്യായപ്രമാണത്തെ അവഗണി
ച്ചിരിക്കുന്നു.
7കപടഭക്തിക്കാരേ, യെശയ്യാവ് നിങ്ങളെപ്പറ്റി
പറഞ്ഞതു ശരിതന്നെ. യെശയ്യാവ് പറഞ്ഞു,
8'തങ്ങൾ എന്നെ ആദരിക്കുന്നുവെന്ന് അവർ
പറയുന്നു എന്നാലവർ എന്നെ അവരുടെ ജീവി
തത്തിൻെറ പ്രധാനഭാഗമാക്കുന്നില്ല.
9അവർ എന്നെ ആരാധിക്കുന്നതു വെറുതെ
യാണ്. എന്തെല്ലാം അവർ പഠിപ്പിച്ചോ ആ
കാര്യങ്ങൾ മനുഷ്യരുണ്ടാക്കിയ ചട്ടങ്ങൾ
മാത്രം."' *യെശയ്യാവ് 29:13*
10യേശു ജനങ്ങളെ തൻെറയടുത്തേക്കു വിളി
ച്ചു. അവൻ പറഞ്ഞു, "ഞാൻ പറയുന്നതു ശ്ര
ദ്ധിച്ചു മനസ്സിലാക്കുക. 11ഒരാൾ തൻെറ വായി
ലേക്കിടുന്ന വസ്തുക്കളല്ല അയാളെ ചീത്തയാ
ക്കുന്നത്. മറിച്ച് അയാൾ തൻെറ വായകൊണ്ട്
പറയുന്നവയാണ്. 12ശിഷ്യന്മാർ യേശുവിനെ
സമീപിച്ചു ചോദിച്ചു, "നീ ഈ പറഞ്ഞതു
കേട്ടാണ് പരീശന്മാർ നിന്നോടു കോപിച്ചിരി
ക്കുന്നതെന്നു നിനക്കറിയുമോ?"
13യേശു മറുപടി പറഞ്ഞു, "സ്വർഗ്ഗസ്ഥനായ
എൻെറ പിതാവ് നട്ടതല്ലാത്ത ഓരോ ചെടിയും
വേരോടെ പിഴുതെറിയപ്പെടും. 14പരീശന്മാർ
അവരുടെ വഴിക്കുപോകട്ടെ. അവർ ആളുകളെ
നയിക്കുന്നത് അന്ധരെ അന്ധർ നയിക്കുന്നതു
പോലെയാണ്. ഒരന്ധനെ മറ്റൊരന്ധൻ നയി
ച്ചാൽ ഇരുവരും കുഴിയിൽ വീഴും."
15പത്രൊസ് ചോദിച്ചു, "നീ ആളുകളോടു
പറഞ്ഞ കഥയൊന്നു വിവരിക്കാമോ?" 16യേശു
പറഞ്ഞു, "ഇനിയും നിങ്ങൾക്കു മനസ്സിലാകു
ന്നില്ലെന്നോ? 17മനുഷ്യൻെറ വായിലേക്കു പ്ര
വേശിക്കുന്ന ആഹാരമെല്ലാം അയാളുടെ വയറ്റി
ലേക്കു പോകുന്നുവെന്നതു നിങ്ങൾക്കു തീർച്ച
യായുമറിയാം. പിന്നീട് ആ ആഹാരം ശരീര
ത്തിനു പുറത്തേക്കു പോകുന്നു. 18എന്നാൽ വാ
യിൽനിന്നു പുറത്തു വരുന്ന ദുഷിച്ച വാക്കുകൾ
അയാളുടെ ചിന്തയുടെ ഫലമാണ്. ഇതൊരുവ
നെ അശുദ്ധനാക്കുന്നു. 19ഈ ദുഷിച്ചവയെല്ലാം
മനുഷ്യ മനസ്സിൽ ജനിക്കുന്നു: ദുഷ്ടചിന്തകൾ,
കൊലപാതകം, വ്യഭിചാരം, ലൈംഗികപാപ
ങ്ങൾ, അപഹരണം, നുണ, മറ്റുള്ളവർക്കെതിരെ
കള്ളസാക്ഷി പറയുക, എന്നിങ്ങനെ. 20ഇതെ
ല്ലാം ഒരു വ്യക്തിയെ ദുഷിപ്പിക്കുന്നു. എന്നാൽ
ആഹാരത്തിനു മുമ്പ് കൈ കഴുകാത്തതു കൊ
ണ്ട് ആരും അശുദ്ധരാകുന്നില്ല."

യേശു ഒരു പുറജാതിയായ സ്ത്രീയെ സഹായിക്കുന്നു

(മർക്കൊ. 7:24-30)

21യേശു അവിടം വിട്ട് സോരിൻെറയും സീ
ദോൻെറയും പ്രദേശത്തേക്കു പോയി. 22ഒരു
കനാൻകാരി യേശുവിനെ സമീപിച്ചു. അവൾ
നിലവിളിച്ചു, "കർത്താവേ, ദാവീദിൻെറ
പുത്രാ, എന്നിൽ കരുണകാട്ടൂ. എൻെറ മകളെ
ഭൂതം ബാധിച്ചിരിക്കുന്നു. അവൾ വളരെ കഷ്ട
പ്പെടുന്നു."
23എന്നാൽ യേശു മറുപടിയൊന്നും പറഞ്ഞി
ല്ല. അതിനാൽ ശിഷ്യന്മാർ യേശുവിനെ സമീ
പിച്ചു യാചിച്ചു, "അവളെ പറഞ്ഞയച്ചാലും.
അവൾ അലറിക്കൊണ്ടു നമ്മെ പിന്തുടരുന്നു."
24യേശു പറഞ്ഞു, "യിസ്രായേലിലെ നഷ്ട
പ്പെട്ടവരുടെയടുത്തേക്ക് മാത്രമാണ് ദൈവമെ
ന്നെ അയച്ചത്."
25സ്ത്രീ വീണ്ടും യേശുവിനെ സമീപിച്ചു.
അവൾ യേശുവിൻെറ മുമ്പിൽ മുട്ടുകുത്തി നി
ന്ന് അപേക്ഷിച്ചു, "കർത്താവേ, എന്നെ സഹാ

'നിങ്ങൾ ... ബഹുമാനിക്കണം' ഉദ്ധരണി പുറ. 20:12; ആവ. 5:16.

'അപ്പനമ്മമാരോട് ... വധാർഹനാണ്.' പുറ.21:7.

യിച്ചാലും. 26യേശു മറുപടിപറഞ്ഞു, “മക്കൾ
ക്കുള്ള അപ്പക്കഷണങ്ങളെടുത്ത് നായ്ക്കൾക്കു
എറിഞ്ഞു കൊടുക്കുന്നതു ശരിയല്ല.”
27അവൾ പറഞ്ഞു, “ശരിയാണ് കർത്താവേ,
എന്നാലും അവരുടെ യജമാനൻെറ മേശപ്പുറ
ത്തുനിന്നും വീഴുന്നവയെങ്കിലും നായ്ക്കൾ തി
ന്നാറുണ്ടല്ലോ. 28അപ്പോൾ യേശുപറഞ്ഞു,
“സ്ത്രീയേ, നിനക്കു വലിയ വിശ്വാസമുണ്ട്,
നിൻെറ ഇഷ്ടം സാധിക്കട്ടെ.” ആ സമയം
അവളുടെ മകൾ സുഖം പ്രാപിച്ചു.

അനേകം പേരെ യേശു സുഖപ്പെടുത്തുന്നു

29അനന്തരം യേശു അവിടം വിട്ട് ഗലീലക്ക
ടൽക്കരയിലേക്കുപോയി. അവൻ ഒരു മലയിലേ
ക്കു കയറി നിലത്തിരുന്നു.
30അനേകം പേർ അവനെ സമീപിച്ചു. അവർ
ഒരുപാടു രോഗികളെ അവരോടൊപ്പം കൊണ്ടു
വന്നു, മുടന്തർ, അന്ധർ, തളർന്നവർ, ബധിരർ,
അങ്ങനെ പലതരക്കാർ. യേശു അവരെ സുഖ
പ്പെടുത്തി.31സംസാരിക്കാനാകാത്തവർ സംസാ
രിക്കുന്നതും, തളർന്നവർ പൂർണ്ണകായരാകുന്ന
തും നടക്കാനാകാത്തവർ നടക്കുന്നതും അന്ധർ
കാണുന്നതുമൊക്കെക്കണ്ട് ആളുകൾ അമ്പരന്നു.
യിസ്രായേലിൻെറ ദൈവത്തോട് അവരതിനു
നന്ദി പറഞ്ഞു.

നാലായിരത്തിലധികം പേരെ തീറ്റുന്നു

(മർക്കൊ. 8:1-10)

32യേശു ശിഷ്യന്മാരെ അടുത്തു വിളിച്ചു പറ
ഞ്ഞു, “എനിക്കു ജനക്കൂട്ടത്തോടു അനുകമ്പ
തോന്നുന്നു. മൂന്നു ദിവസമായി അവരെൻെറ
കൂടെയുണ്ട്. ഇപ്പോഴാകട്ടെ അവർക്കു കഴിക്കാ
നുമൊന്നുമില്ല. അവരെ വിശപ്പോടെ പറഞ്ഞ
യയ്ക്കാൻ എനിക്കിഷ്ടമില്ല. വീട്ടിലേക്കു പോ
കും വഴി അവർ തളർന്നു വീഴും.”
33ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു, “ഇ
വരെയെല്ലാം തൃപ്തിപ്പെടുത്താൻ മാത്രം അപ്പക്ക
ഷണങ്ങൾ നമുക്കെവിടുന്നു കിട്ടും? നമ്മൾ
വിദൂരമായ സ്ഥലത്താണിപ്പോൾ.”
34യേശു ചോദിച്ചു, “നിങ്ങളുടെ കയ്യിൽ എത്ര
അപ്പക്കഷണങ്ങളുണ്ട്?” ശിഷ്യന്മാർ പറഞ്ഞു,
“ഏഴ് അപ്പക്കഷണങ്ങളും ഏതാനും ചെറു
മീനും.”
35യേശു ജനങ്ങളോട് മൈതാനത്ത് നിരന്നി
രിക്കാൻ പറഞ്ഞു.36അവൻ ഏഴുഅപ്പവും മീനും
എടുത്തു. ആഹാരം തന്നതിന് ദൈവത്തോട്
നന്ദി പറഞ്ഞു. യേശു അപ്പം വീതിച്ച് ശിഷ്യ
ന്മാരുടെ കയ്യിൽ കൊടുത്തു. അവർ അതു ജന
ങ്ങൾക്കു കൊടുത്തു. 37എല്ലാവരും തിന്നു തൃപ്ത
രായി. എന്നിട്ട് മിച്ചം വന്ന അപ്പക്കഷണങ്ങൾ
ശേഖരിച്ചു ഏഴുകുട്ടകൾ നിറച്ചു. 38സ്ത്രീകളെ
യും കുട്ടികളെയും കൂട്ടാതെ നാലായിരത്തോളം
പേർ കഴിക്കാനുണ്ടായിരുന്നു. 39അവർ ഭക്ഷിച്ചു
കഴിഞ്ഞപ്പോൾ യേശു അവരെ വീടുകളിലേക്കു
പറഞ്ഞയച്ചു. അതിനുശേഷം യേശു വള്ള
ത്തിൽ മഗദായിലേക്കു പോയി.

യെഹൂദപ്രമാണിമാർ യേശുവിനെ പരീക്ഷിക്കുന്നു

(മർക്കൊ. 8:11-13; ലൂക്കൊ. 12:54-56)

16 പരീശന്മാരും സദൂക്യരും യേശുവിനെ പ
രീക്ഷിക്കാനെത്തി. അതിനാലവർ യേശു
വിനോട് അവൻ ദൈവത്തിൽനിന്നുള്ളവനാ
ണെന്നു തെളിയിക്കാൻ ഒരു അടയാളം കാട്ടാൻ
പറഞ്ഞു.
2യേശു മറുപടി പറഞ്ഞു, “സൂര്യനസ്തമിക്കു
മ്പോൾ നിങ്ങൾക്കറിയാം കാലാവസ്ഥയെന്താ
യിരിക്കുമെന്ന്? ആകാശം ചുമന്നിരുന്നാൽ നല്ല
കാലാവസ്ഥയാണെന്നു നിങ്ങൾ പറയും. 3പ്ര
ഭാതത്തിൽ സൂര്യനുദിക്കുമ്പോൾ ആകാശം ചുമ
ന്നും കറുത്തും ഇരുന്നാൽ അന്നു മഴയുണ്ടാകു
മെന്നു നിങ്ങൾക്കറിയാം. ഇതു കാലാവസ്ഥയു
ടെ അടയാളങ്ങൾ. അവ ആകാശത്തിൽ കാണു
മ്പോൾ അതിൻെറ അർത്ഥം നിങ്ങളറിയും. അതു
പോലെ, ഇപ്പോൾ സംഭവിക്കുന്നതൊക്കെയും
നിങ്ങൾ കാണുന്നു. ഇവയും അടയാളങ്ങളാണ്.
എന്നാൽ ഈ അടയാളങ്ങളുടെയർത്ഥം നിങ്ങൾ
ക്കറിയില്ല. 4ദുഷ്ടരും പാപികളുമാണ് അടയാ
ളം ആവശ്യപ്പെടുക. എന്നാൽ യോനയുടെ അട
യാളമല്ലാതെ അവർക്ക് ഒന്നും നൽകപ്പെടില്ല.”
പിന്നീട് യേശു അവരെ വിട്ട് അകലെ പോയി.

യെഹൂദപ്രമാണിമാരെ സൂക്ഷിക്കുക

(മർക്കൊ. 8:14-21)

5യേശുവും ശിഷ്യന്മാരും മറുകരയിലെത്തി.
ശിഷ്യന്മാർ അപ്പമെടുക്കാൻ മറന്നു പോയിരു
ന്നു. 6യേശു ശിഷ്യന്മാരോടു പറഞ്ഞു, “സൂക്ഷി
ക്കുക, സദൂക്യരുടെയും പരീശന്മാരുടെയും പു
ളിമാവിനെ സൂക്ഷിക്കുക.” 7ശിഷ്യന്മാർ ആ
പ ഞ്ഞതിൻെറ അർത്ഥം ആലോചിച്ചു. അവർ
അത്ഭുതപ്പെട്ടു, “നമ്മൾ അപ്പം കൊണ്ടുവരാത്ത
തുകൊണ്ടാണോ യേശു ഇതു പറഞ്ഞത്?”
8ശിഷ്യന്മാരിതെപ്പറ്റിയാണു പറയുന്നതെന്നു
യേശു അറിഞ്ഞു. അതിനാലവൻ അവരോടു
ചോദിച്ചു, “അപ്പമില്ലാത്തതിനെപ്പറ്റി എന്താ
ണു നിങ്ങൾ സംസാരിക്കുന്നത്? അല്പവിശ്വാ
സികളെ, 9നിങ്ങൾ എന്തുകൊണ്ട് ഇതു മനസ്സി
ലാക്കുന്നില്ല? അയ്യായിരം പേരെ തീറ്റിയ അഞ്ച
പ്പത്തിൻെറ കാര്യം നിങ്ങൾ ഓർക്കുന്നില്ലേ?
എല്ലാവരും തിന്നിട്ടും അനേകം കുട്ട അപ്പം മി
ച്ചം വന്നതും ഓർമ്മയില്ലേ? 10നാലായിരം പേരെ
തീറ്റിയ ഏഴ് അപ്പവും മറന്നോ? എല്ലാവരും
തിന്നുകഴിഞ്ഞിട്ടും അനേകം കുട്ട അപ്പം മിച്ചം
വന്നതും ഓർമ്മയില്ലേ? 11അതിനാൽ ഞാൻ
അപ്പത്തെപ്പറ്റിയായിരുന്നില്ല സംസാരിച്ചത്. എ
ന്താണു നിങ്ങൾക്കതു മനസ്സിലാവാത്തത്? പരീ
ശന്മാരുടെയും സദൂക്യരുടെയും പുളിമാവിനെ
തിരെയാണു ഞാൻ മുന്നറിയിപ്പു തന്നത്.”
12അപ്പോൾ യേശു അർത്ഥമാക്കിയത് അവർക്കു
മനസ്സിലായി. അപ്പത്തിൻെറ പുളിമാവിനെതി
രെയല്ല അവൻ പറഞ്ഞത്. പരീശന്മാരുടെയും
സദൂക്യരുടെയും പ്രബോധനത്തിനെതിരെയു
ള്ള കരുതൽ നടപടിയാണത്.

യേശു ക്രിസ്തുവാണെന്നു പത്രൊസ്

(മർക്കൊ. 8:27; ലൂക്കൊ. 9:18-21)

13യേശു കൈസര്യ, ഫിലിപ്പിപ്രദേശങ്ങളി
ലേക്കുപോയി. അവൻ അവൻെറ ശിഷ്യന്മാരോ
ടു ചോദിച്ചു, “ഞാനാണു മനുഷ്യപുത്രൻ.
ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?”
14ശിഷ്യന്മാർ മറുപടി പറഞ്ഞു,“ചിലർ പറയു
ന്നു നീ സ്നാപകയോഹന്നാനാണെന്ന്. ചിലർ
പറയുന്നത് പ്രവാചകനായ ഏലീയാവാണെ
ന്നാണ്. അല്ലെങ്കിൽ പ്രവാചകരിലൊരാളായ
യിരെമ്യാവ് ആണെന്നാണു വേറെചിലർ പറ
യുന്നത്.”
15അപ്പോൾ യേശു അവരോടു ചോദിച്ചു,
“ഞാനാരെന്നാണു നിങ്ങൾകരുതുന്നത്?” 16ശി

മോൻ പത്രൊസ് പറഞ്ഞു, “നീ ക്രിസ്തുവാണ്.
ജീവനുള്ള ദൈവത്തിൻെറ പുത്രൻ.”
17യേശു പറഞ്ഞു, “യോനായുടെ പുത്രനായ
ശിമോനെ, നീ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. നി
ന്നെ ഇതു പഠിപ്പിച്ചതു മനുഷ്യനല്ല. സ്വർഗ്ഗ
സ്ഥനായ എൻെറ പിതാവ് ഞാനാരെന്നു നിന
ക്കു കാണിച്ചു തന്നു. 18അതിനാൽ ഞാൻ നി
ന്നോടു പറയുന്നു. നീ പത്രൊസ് ആകുന്നു.
ഈ പാറമേൽ ഞാനെൻെറ സഭയെ പണിയും.
മരണത്തിൻെറ ശക്തി പോലും എൻെറ സഭയെ
തോല്പിക്കില്ല. 19ഞാൻ നിനക്കു സ്വർഗ്ഗരാജ്യത്തി
ൻെറ താക്കോലുകൾ തരാം. നീ ഈ ഭൂമിയിൽ
നടത്തുന്ന ന്യായവിധി ദൈവത്തിൻെറ വിധി
യായിരിക്കും. നീ ഇവിടെ ക്ഷമിക്കുന്നതെല്ലാം
ദൈവത്തിൻെറ ക്ഷമ ആയിരിക്കും.” 20എന്നിട്ട്
താൻ ക്രിസ്തുവാണെന്നത് മറ്റാരോടും പറയരു
തെന്നവൻ ശിഷ്യന്മാരെ താക്കീതു ചെയ്തു.

തനിക്കു മരിക്കേണ്ടിവരുമെന്ന് യേശു പറയുന്നു

(മർക്കൊ. 8:31-9:1; ലൂക്കൊ. 9:22-27)

21തനിക്കു യെരൂശലേമിൽ പോകണമെന്ന്
യേശു അപ്പോൾ മുതൽ ശിഷ്യന്മാർക്കു വ്യക്ത
മായി കാണിക്കാൻ തുടങ്ങി. യെഹൂദമൂപ്പന്മാർ
മുഖ്യപുരോഹിതർ, നിയമജ്ഞർ എന്നിവരിൽ
നിന്നൊക്കെ തനിക്കു വളരെ സഹിക്കേണ്ടിവരു
മെന്ന് യേശു പറഞ്ഞു. താൻ കൊല്ലപ്പെടുമെ
ന്നും പിന്നീട് മൂന്നാം ദിവസം താൻ മരണത്തിൽ
നിന്നും ഉയിർത്തെഴുന്നേൽക്കുമെന്നും അവൻ
പറഞ്ഞു.
22പത്രൊസ് യേശുവിനെ വശത്തേക്കു വിളി
ച്ചു ശകാരിച്ചു പറഞ്ഞു, “കർത്താവേ, അതിൽ
നിന്നെല്ലാം ദൈവം നിന്നെ രക്ഷിക്കും. നിനക്ക്
ഇതൊന്നും സംഭവിക്കുകയില്ല.” 23അപ്പോൾ യേ
ശു പത്രൊസിനോടു പറഞ്ഞു, “കടന്നുപോകൂ
സാത്താനേ, നീയെന്നെ സഹായിക്കുകയല്ല,
നീ ദൈവത്തിൻെറ കാര്യങ്ങൾ ശ്രദ്ധിക്കുന്നേ
യില്ല. മനുഷ്യർ ചിന്തിക്കുന്നതിനാണ് നീ പ്രാ
ധാന്യം കല്പിക്കുന്നത്.”
24അനന്തരം യേശു ശിഷ്യന്മാരോടു പറഞ്ഞു,
“എന്നെ പിന്തുടരാനാഗ്രഹിക്കുന്ന ഏതൊരുവ
നും തന്നത്താൻ ത്യജിച്ചു തനിക്കു നൽകപ്പെ
ട്ടിരിക്കുന്ന കുരിശുമെടുത്ത് അയാൾ എന്നെ
അനുഗമിക്കണം. 25സ്വന്തം ജീനെരക്ഷിക്കാൻ
നോക്കുന്നവന് അതു നഷ്ടമാകും. എനിക്കായി
സ്വന്തം ജീവൻ നൽകുന്നവൻ അതു രക്ഷിക്കും.
26ആത്മാവു നഷ്ടപ്പെട്ടവനു ലോകം മുഴുവൻ
കിട്ടിയിട്ടും ഫലമില്ല. ആത്മാവിനെ മടക്കി വാ
ങ്ങാൻ ഒരു പകരവസ്തുവും കൊടുക്കുവാൻ
അവനു കഴിയുകയില്ല. 27മനുഷ്യപുത്രൻ തൻെറ
പിതാവിൻെറ മുഴുവൻ തേജസ്സോടെയും അവ
ൻെറ ദൂതന്മാരോടു കൂടിയും വീണ്ടും വരും.
അന്നു മനുഷ്യപുത്രൻ ഓരോരുത്തർക്കും അവന
വൻെറ പ്രവർത്തിക്കനുസരിച്ചുള്ള പ്രതിഫലം
നൽകും. 28ഞാൻ നിങ്ങളോടു സത്യമായി പറ
യുന്നു; ഇന്നിവിടെയുള്ള ചിലർ മനുഷ്യപുത്രൻ
തൻെറ രാജ്യവുമായി വീണ്ടും വരുന്നതു കണ്ടി
ട്ടേ മരിക്കൂ.”

യേശു, മോശെ, ഏലീയാവ്

(മർക്കൊ. 9:2-13; ലൂക്കൊ. 9:28-36)

17 ആറു ദിവസത്തിനു ശേഷം യേശു, പ
ത്രൊസ്, യാക്കോബ്, യാക്കോബിൻെറ
സഹോദരൻ യോഹന്നാൻ എന്നിവരോടു കൂടി
വലിയൊരു മലമുകളിലേക്കു കയറി. അവിടെ
അവർ ഒറ്റയ്ക്കായിരുന്നു. 2ഈ ശിഷ്യന്മാർ നോ
ക്കിനിൽക്കേ യേശുവിനു മാറ്റമുണ്ടായി. അവ
ൻെറ മുഖം സൂര്യനെപ്പോലെ തിളങ്ങി. അവ
ൻെറ വസ്ത്രങ്ങൾ പ്രകാശം പോലെ വെളുത്തു.
3അപ്പോൾ അവിടെ അവനുമായി സംസാരി
ക്കുന്ന രണ്ടുപേരെയും കണ്ടു. അവർ മോശെയും
ഏലീയാവുമായിരുന്നു.
4പത്രൊസ് യേശുവിനോടു പറഞ്ഞു, “കർ
ത്താവേ ഞങ്ങളിവിടെയുണ്ടായതു നന്നായി.
അങ്ങ് ആവശ്യപ്പെടുന്നെങ്കിൽ, ഞാനിവിടെ മൂ
ന്നു കൂടാരങ്ങളുണ്ടാക്കാം. ഒന്നു നിനക്ക്, ഒന്നു
മോശെയ്ക്ക്, ഒന്ന് ഏലീയാവിന്.” 5പത്രൊസ്
സംസാരിക്കവെ ഒരു തിളങ്ങുന്ന മേഘം അവരെ
മൂടി. മേഘത്തിൽനിന്ന് ഒരശരീരി ഉണ്ടായി,
“ഇവനെൻെറ പുത്രൻ ഇവനെ ഞാൻ സ്നേ
ഹിക്കുന്നു. ഇവനിൽ ഞാൻ സന്തുഷ്ടനാണ്.
ഇവനെ അനുസരിക്കുക.” 6ശിഷ്യന്മാരിതു
കേട്ടു. അവർ വളരെ ഭയന്നു. അവർ മുഖമടിച്ചു
താഴെ വീണു. 7എന്നാൽ യേശു വന്ന് അവരെ
സ്പർശിച്ചു. യേശുപറഞ്ഞു, “എഴുന്നേൽക്കൂ,
ഭയപ്പെടേണ്ട.” 8ശിഷ്യന്മാർ തലപൊക്കി നോ
ക്കി. അവർ യേശുവിനെ മാത്രം കണ്ടു. 9അവർ
മലയിറങ്ങുകയായിരുന്നു. യേശു ശിഷ്യന്മാരോ
ടു കല്പിച്ചു, “മലയിൽ നിങ്ങൾ കണ്ടതൊന്നും
ആരോടും പറയരുത്. മനുഷ്യപുത്രൻ ഉയിർ
ത്തെഴുന്നേൽക്കും വരെ കാത്തിരിക്കുക.
അപ്പോൾ നിങ്ങൾ കണ്ടതൊക്കെ പറയാം.” 10ശി
ഷ്യന്മാർ യേശുവിനോടു ചോദിച്ചു, “ക്രിസ്തു
വരുംമുമ്പേ ഏലീയാവു വരുമെന്ന് ശാസ്ത്രി
മാർ പറയാൻ കാരണമെന്താണ്?”
11യേശു മറുപടി പറഞ്ഞു, “ഏലീയാവു വരു
മെന്ന് അവർ പറഞ്ഞത് ശരിയാണ്. ഏലീയാ
വു എല്ലാം നേരെയാക്കുമെന്നതും സത്യമാണ്.
12എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ഏലീ
യാവു വന്നുകഴിഞ്ഞു. എന്നാൽ അവർ അവ
നെ തിരിച്ചറിഞ്ഞില്ല. ആളുകൾ ചെയ്യാവുന്ന
എല്ലാവൃത്തികേടുകളും അവൻെറമേൽ ചെയ്തു
കഴിഞ്ഞു. മനുഷ്യപുത്രനോടും അതു തന്നെ
യാണുചെയ്യുക. അതേ ആളുകൾ തന്നെ മനുഷ്യ
പുത്രനേയും കഷ്ടപ്പെടുത്തും. ”13സ്നാപക
യോഹന്നാൻ തന്നെയാണ് യഥാർത്ഥത്തിൽ ഏ
ലീയാവു എന്നു യേശു അർത്ഥമാക്കുന്നതെന്ന്
ശിഷ്യന്മാർ മനസ്സിലാക്കി.

ഒരു കുട്ടിയുടെ രോഗം ഭേദമാക്കുന്നു

(മർക്കൊ. 9:14-29; ലൂക്കൊ. 9:37-43)

14യേശുവും ശിഷ്യന്മാരും ആളുകളുടെയടു
ത്തേക്കു മടങ്ങി. ഒരാൾ യേശുവിനു മുമ്പിൽ
വന്നു മുട്ടുകുത്തി. 15അയാൾ പറഞ്ഞു, “കർത്താ
വേ,എൻെറ മകനോടു കരുണകാട്ടേണമേ.
അവൻ അപസ്മാരം കൊണ്ട് വളരെ കഷ്ടപ്പെ
ടുന്നു. അവൻ ഇടയ്ക്കു തീയിലോ വെള്ളത്തി
ലോ വീഴുന്നു. 16ഞാനവനെ നിൻെറ ശിഷ്യന്മാ
രുടെയടുത്തു കൊണ്ടുവന്നെങ്കിലും അവർക്ക്
അവനെ സുഖപ്പെടുത്താനായില്ല.”
17യേശു മറുപടി പറഞ്ഞു, “നിങ്ങൾ അവി
ശ്വാ0സികൾ. നിങ്ങളുടെ ജീവിതരീതി തന്നെ
തെറ്റ്. ഞാൻ എത്രകാലം നിങ്ങളോടൊപ്പം ഉണ്ടാ
വണം? എത്രകാലം ഇങ്ങനെ പൊറുക്കണം?
കുട്ടിയെകൊണ്ടുവരിക.” 18യേശു ആ കുട്ടിയെ
ബാധിച്ച ഭൂതത്തോടു ശക്തമായി കല്പിച്ചു. ഭൂതം
അവനെ വിട്ടിറങ്ങി, കുട്ടിക്കു സുഖമായി. 19പി
ന്നീട് ശിഷ്യന്മാർ തന്നെ യേശുവിനെ സമീപി
ച്ചു. അവർ പറഞ്ഞു, “ഞങ്ങൾ ഭൂതത്തെ ഒഴിപ്പി

ക്കാൻ ശ്രമിച്ചു, എന്നാൽ ഞങ്ങൾക്കതിനായില്ല.
എന്തുകൊണ്ടാണ് ഞങ്ങൾക്കതു സാധിക്കാഞ്ഞ
ത്?" 20യേശു മറുപടി പറഞ്ഞു, "അല്പവിശ്വാ
സികളായതിനാലാണു നിങ്ങൾക്കതു കഴിയാ
ഞ്ഞത്. ഞാൻ നിങ്ങളോടു സത്യമായി പറയ
ട്ടെ, നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമു
ണ്ടെങ്കിൽ നിങ്ങൾക്ക് ഈ മലയോടു 'ഇവിടെ
നിന്നുമാറി അവിടെ പോകൂ' എന്ന് ആജ്ഞാ
പിച്ചാൽ മല മാറുകതന്നെ ചെയ്യും. നിങ്ങൾ
ക്കെല്ലാം സാദ്ധ്യമാകും."21*

തൻെറ മരണത്തെപ്പറ്റി യേശു

(മർക്കൊ. 9:30-32; ലൂക്കൊ. 9:43-45)

22പിന്നീട് ശിഷ്യന്മാർ ഗലീലയിൽ ഒത്തു
കൂടി. യേശു അവരോടു പറഞ്ഞു, "മനുഷ്യപു
ത്രൻ ചിലരുടെ കയ്യിലകപ്പെടും. 23അവർ അവ
നെ കൊല്ലും. മൂന്നാം ദിവസം അവൻ മരണ
ത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കും." യേശു
കൊല്ലപ്പെടുമെന്ന് കേട്ടപ്പോൾ ശിഷ്യന്മാർക്കു
വളരെ ദുഃഖമായി.

നികുതി കൊടുക്കുന്നതിനെപ്പറ്റി യേശു

24യേശുവും ശിഷ്യന്മാരും കഫർന്നഹൂമിലേ
ക്കു പോയി. അവിടെ ചിലർ പത്രൊസിനെ
സമീപിച്ചു. രണ്ടു ദ്രഹ്മകരം പിരിക്കുന്നവരാ
യിരുന്നു അവർ. അവർ ചോദിച്ചു, "നിങ്ങളുടെ
ഗുരു രണ്ടു ദ്രഹ്മനികുതി കൊടുത്തോ?" 25പ
ത്രൊസ് പറഞ്ഞു, "ഉവ്വ്, അവനതു ചെയ്യുന്നു."
പത്രൊസ് യേശു തങ്ങിയിരുന്ന വീട്ടിലേക്കു
കയറി. അയാൾ സംസാരിക്കുന്നതിനു മുമ്പ്
തന്നെ യേശു പറഞ്ഞു, "ഭൂമിയിലെ രാജാക്കന്മാ
ർക്ക് ആളുകളിൽനിന്നും പലവിധത്തിലുള്ള
നികുതികളും കിട്ടും. എന്നാൽ നികുതി അട
യ്ക്കുന്ന ജനങ്ങൾ ആരാണ്? അവർ അവൻെറ
സ്വന്തം ആളുകളാണോ? അല്ല അന്യരോ? നീ
യെന്തു കരുതുന്നു?"
26പത്രൊസ് പറഞ്ഞു, "മറ്റുള്ളവർ നികുതിയ
ടയ്ക്കുന്നു."
യേശു പറഞ്ഞു, "അതുകൊണ്ട് രാജാവിൻെറ
യാളുകൾക്ക് നികുതി കൊടുക്കേണ്ടതില്ല." 27എ
ന്നാൽ ഈ നികുതി പിരിവുകാരെ നമ്മൾ
കോപാകുലരാക്കേണ്ട. അതിനാൽ ഇങ്ങനെ
നികുതി കൊടുക്കുക. കടലിൽ പോയി മീൻ
പിടിക്കുക. ആദ്യത്തെ മീനിനെ പിടിച്ചാലുടൻ
അതിൻെറ വായ്തുറക്കുക. അതിൻെറ വായിൽ
ഒരു നാണയം കാണാം. അതെടുത്തു നികുതി
പിരിവുകാർക്കു കൊടുക്കുക. അവർ എനിക്കും
നിങ്ങൾക്കും വേണ്ടി നികുതിയടയ്ക്കും."

ആരാണ് ശ്രേഷ്ഠൻ

(മർക്കൊ. 9:33-37; ലൂക്കൊ. 9:46-48)

18 ആ സമയം ശിഷ്യന്മാർ യേശുവിനെ സ
മീപിച്ചു. അവർ ചോദിച്ചു, "സ്വർഗ്ഗരാ
ജ്യത്തിൽ ആരാണ് ഏറ്റവും ശ്രേഷ്ഠൻ?"
2യേശു ഒരു കൊച്ചുകുട്ടിയെ തൻെറയടുത്തേ
ക്കു വിളിച്ചു. കുട്ടിയെ അവൻ ശിഷ്യന്മാരുടെ
മുമ്പിൽ നിർത്തി. 3എന്നിട്ട് യേശു പറഞ്ഞു,
"ഞാൻ നിങ്ങളോടു സത്യമായി പറയട്ടെ. നി
ങ്ങൾ മാനസാന്തരപ്പെട്ട് കുഞ്ഞുങ്ങളെപ്പോലെ
യാകണം, അല്ലെങ്കിൽ നിങ്ങളൊരിക്കലും സ്വർ
ഗ്ഗരാജ്യത്തിൽ പ്രവേശിക്കില്ല. 4ഈ കുഞ്ഞിനെ
പ്പോലെ സ്വയം വിനീതനാകുന്ന ഒരുവനായി
രിക്കും സ്വർഗ്ഗരാജ്യത്തിൽ ശ്രേഷ്ഠനായി കരു
തപ്പെടുക.
5"എൻെറ നാമത്തിൽ ഒരാൾ ഇതുപോലൊരു
കുട്ടിയെ സ്വീകരിച്ചാൽ അയാൾ എന്നെയാവും
സ്വീകരിക്കുക.

പാപത്തിൻെറ പരിണിത ഫലത്തെക്കുറിച്ച് യേശു

(മർക്കൊ. 9:42-48; ലൂക്കൊ. 17:1-2)

6"ഇവരിൽ എന്നിൽ വിശ്വസിക്കുന്ന ഒരു കൊ
ച്ചുകുട്ടിയെക്കൊണ്ട് മറ്റാരെങ്കിലും പാപം ചെ
യ്യിച്ചാൽ അയാൾക്ക് വളരെ കഷ്ടം. അയാൾ
സ്വന്തം കഴുത്തിൽ ഒരു തിരിക്കല്ലു കെട്ടിത്തൂക്കി
അഗാധമായ കടലിൽ മുങ്ങിത്താഴുന്നതാവും
ഭേദം. 7അവരെ പാപികളാക്കുന്ന സംഗതികളെ
ക്കുറിച്ചോർക്കുമ്പോൾ ഈ ലോകവാസികളോട്
എനിക്കു കരുണ തോന്നുന്നു. അവ സംഭവിക്ക
ണം.എന്നാൽ അതാരിൽനിന്നു സംഭവിക്കുന്നു
വോ അവനു ദുർഗതി വരും. 8നിങ്ങളുടെ കയ്യോ
കാലോ നിങ്ങളെ പാപം ചെയ്യിക്കുന്നുവെങ്കിൽ
അതു മുറിച്ചുകളയുക. നിങ്ങൾ അംഗഭംഗം ഏർ
പ്പെട്ടവനും വികലാംഗനും ആയിരുന്നാൽ പോ
ലും നിത്യജീവൻ കിട്ടുക എന്നത് എപ്പോഴും
മെച്ചപ്പെട്ടതു തന്നെ. രണ്ടു കൈകാലുകളുമു
ണ്ടായിരിക്കെ നരകത്തിലെറിയപ്പെടുന്നതിലും
ഭേദം അതുതന്നെയാണ്. 9പാപം ചെയ്യാൻ നി
ങ്ങളുടെ കണ്ണു പ്രേരകമായാൽ അതെടുത്തു
കളയുക. ഒരു കണ്ണുമായി നിത്യജീവൻ കിട്ടുന്ന
തുതന്നെയാണ് നല്ലത്. രണ്ടു കണ്ണുകളോടെയും
നരകത്തിലെറിയപ്പെടുന്നതിലും നല്ലത് അതാ
ണ്.

നഷ്ടപ്പെട്ട ആടിൻെറ കഥ

(ലൂക്കൊ. 15:3-7)

10"സൂക്ഷിച്ചിരിക്കുക. കൊച്ചുകുട്ടികൾ അപ്ര
ധാനരെന്നു കരുതരുത്. കുഞ്ഞുങ്ങൾക്ക് സ്വർഗ്ഗ
ത്തിൽ ദൂതന്മാരുണ്ട്. ആ ദൂതന്മാരാകട്ടെ എപ്പോ
ഴും സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ
കൂടെയുമാണ്. 11*
12"ഒരാളുടെ നൂറ് ആടുകളിലൊന്ന് നഷ്ടമാ
യി എന്നിരിക്കട്ടെ. അപ്പോൾ അയാൾ മറ്റു
തൊണ്ണൂറ്റൊമ്പതിനെയും മലയിൽ ഉപേക്ഷി
ക്കും. എന്നിട്ട് നഷ്ടപ്പെട്ട ആടിനെ അന്വേഷി
ച്ചു പോകും. ശരിയല്ലേ? 13നഷ്ടപ്പെട്ട ആടിനെ
കണ്ടെത്തിയാൽ ഈ ആടിനെച്ചൊല്ലി നഷ്ട
പ്പെടാത്ത തൊണ്ണൂറ്റൊമ്പതാടുകളെ കാണുന്ന
തിലുമധികം അയാൾ സന്തോഷിക്കും. ഞാൻ
നിങ്ങളോടു സത്യമായി പറയട്ടെ. 14അതേപോ
ലെ, സ്വർഗ്ഗസ്ഥനായപിതാവും തൻെറ കുഞ്ഞു
ങ്ങളിൽ ഒന്നുപോലും നഷ്ടപ്പെടരുതെന്നാഗ്ര
ഹിക്കുന്നു.

ഒരാൾ തെറ്റു ചെയ്യുമ്പോൾ

(ലൂക്കൊ. 17:3)

15"നിങ്ങളുടെ സഹോദരനോ സഹോദരി
യോ തെറ്റു ചെയ്താൽ ആ വ്യക്തിയുടെ അടു
ത്തു പോയി അയാൾ ചെയ്തതെറ്റ് എന്താണെ
ന്നുപറയുക. അപ്പോൾ മറ്റാരുടേയും സാന്നിദ്ധ്യ
മരുത്. അയാളതു ശ്രദ്ധിക്കുന്നുവെങ്കിൽ നിങ്ങൾ
അയാളെ നിങ്ങളുടെ സഹോദരനാകാൻ സ

വാക്യം 21 ചില ഗ്രീക്കു കൈയെഴുത്തു പതിപ്പുകളിൽ ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഇപ്രകാരമുള്ള ആത്മാവ് വിട്ടുപോകുകയില്ലെന്ന് കാണുന്നു.

വാക്യം 11 ചില ഗ്രീക്കുപതിപ്പുകളിൽ പതിനൊന്നാം വാക്യത്തിൽ ഇത്രയും കൂടിയുണ്ട്. "നഷ്ടപ്പെട്ടവരെ രക്ഷിക്കാൻ മനുഷ്യപുത്രൻ വന്നിരിക്കുന്നു."

ഹായിക്കുകയാണ്. 16എന്നാലയാൾ അത് കേൾ
ക്കാൻ വിസമ്മതിച്ചാൽ ഒന്നോ രണ്ടോ ആളുക
ളെയുംകൂട്ടി അയാളെ വീണ്ടും കാണുക. അങ്ങ
നെ സംഭവിച്ചതെല്ലാം സാക്ഷ്യപ്പെടുത്താമ
ല്ലൊ. 17എന്നിട്ടും അയാൾക്കു സമ്മതമല്ലെങ്കിൽ
വിവരം സഭയോടു പറയുക. സഭ പറയുന്നതും
കേൾക്കാൻ വിസമ്മതിച്ചാൽ അവനെ ദൈവ
വിശ്വാസി അല്ലാത്തവനെന്നപോലെ കണക്കാ
ക്കുക. ഒരു ചുങ്കപ്പിരിവുകാരനായി അയാളെ
കരുതുക.

18"ഞാൻ നിങ്ങളോടു സത്യമായി പറയട്ടെ.
നിങ്ങൾ ന്യായവിധി, ഇവിടെ ഭൂമിയിൽ വെച്ച്
വിളംബരപ്പെടുത്തുമ്പോൾ അതുതന്നെ ദൈവ
ത്തിന്റെ ന്യായവിധിയും ആകും. നിങ്ങൾ
ക്ഷമിക്കുമ്പോൾ അതു ദൈവം ക്ഷമിക്കുന്നതു
തന്നെ.

19"ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ ഒരു കാര്യ
ത്തിൽ യോജിപ്പിലായാൽ അതിനായി പ്രാർ
ത്ഥിക്കുക. നിങ്ങളാവശ്യപ്പെട്ടത് സ്വർഗ്ഗസ്ഥനാ
യ എന്റെ പിതാവു അനുവദിച്ചുതരും. 20ഇതു
സത്യമാണ്. കാരണം, എന്നിൽ വിശ്വസിക്കുന്ന
രണ്ടോമൂന്നോ പേർ ഒരുമിച്ചു കൂടിയാൽ ഞാ
നും അവരുടെ നടുവിൽ ഉണ്ട്."

ക്ഷമയെപ്പറ്റിയുള്ള കഥ

21പത്രൊസ് യേശുവിന്റെയടുത്തെത്തി ചോ
ദിച്ചു, "കർത്താവേ, എന്റെ സഹോദരൻ തുടർ
ച്ചയായി എന്നോടു തെറ്റുചെയ്താൽ എത്ര ത
വണയാണ് ഞാനവനോടു ക്ഷമിക്കേണ്ടത്?
ഏഴു തവണയെങ്കിലും ക്ഷമിക്കാൻ എനിക്കാ
വുമോ?"

22യേശു മറുപടി പറഞ്ഞു, "ഞാൻ നിന്നോടു
പറയുന്നു, ഏഴിൽകൂടുതൽ തവണ നീ അവ
നോടു ക്ഷമിക്കണം. ഏഴ് എഴുപത് പ്രാവശ്യം
അവൻ തെറ്റു ചെയ്താലും നീ ക്ഷമിക്കണം.

23"അതിനാൽ ഉദ്യോഗസ്ഥൻ തനിക്കു കട
പ്പെട്ട തുക തിരിച്ചുവാങ്ങാൻ തീരുമാനിച്ച രാജാ
വിനോടു സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. 24രാജാ
വ് കണക്കു തീർത്തു തുടങ്ങി. ഒരാൾ ആയിരക്ക
ണക്കിനു വെള്ളിനാണയങ്ങൾ കടപ്പെട്ടിരുന്നു.
25രാജാവിന് പണം തിരിച്ചു കൊടുക്കാനുള്ള
വഴി അയാൾക്കുണ്ടായിരുന്നില്ല.

"അപ്പോൾ അയാളുടെ ഭാര്യയും കുഞ്ഞുങ്ങ
ളുമടക്കം അയാൾക്കു സ്വന്തമായുള്ളതും അയാ
ളെത്തന്നെയും വിൽക്കാൻ രാജാവ് ഉത്തരവിട്ടു.
ആ പണം കടം വീട്ടാൻ ഉപയോഗിക്കാമല്ലോ.

26"പക്ഷേ ഉദ്യോഗസ്ഥൻ രജാവിന്റെ കാൽ
ക്കൽ വീണു യാചിച്ചു, 'എന്നോടു കാരുണ്യം
തോന്നേണമേ; ഞാൻ എന്റെ കടം മുഴുവനും
വീട്ടാം.' 27യജമാനനു അയാളോടു കരുണ തോ
ന്നി. അതിനാൽ ആ ദാസന്റെ യജമാനൻ അ
യാളുടെ കടം റദ്ദാക്കി.

28"പിന്നീട് ആ ഉദ്യോഗസ്ഥൻ പുറത്തേക്കു
പോകുമ്പോൾ അയാളോടു നൂറു വെള്ളിനാണ
യങ്ങൾ കടംവാങ്ങിയ മറ്റൊരു ഉദ്യോഗസ്ഥനെ
കണ്ടു. അയാൾ തന്റെ സഹപ്രവർത്തകന്റെ
കഴുത്തിനു പിടിച്ചു ആക്രോശിച്ചു, 'നിന്റെ
കടം വീട്ടുക.' 29"രണ്ടാമത്തെ ഉദ്യോഗസ്ഥൻ
സഹപ്രവർത്തകന്റെ കാൽക്കൽ വീണു യാചി
ച്ചു, 'എന്നോടു കരുണ കാട്ടൂ. ഞാനതെല്ലാം
തിരികെ തരാം.'

30"പക്ഷേ അയാൾ അതൊന്നും സമ്മതിച്ചില്ല.
അയാൾ ന്യായാധിപനെ സമീപിച്ച് തനിക്കു
കടപ്പെട്ടവനെ തടവിലാക്കി. കടം വാങ്ങിയതു
തിരിച്ചടയ്ക്കും വരെ തടവിലിട്ടു. 31മറ്റെല്ലാ
സഹഉദ്യോഗസ്ഥന്മാരും ഇതുകണ്ട് ദുഃഖിച്ചു. അ
വർ സംഭവിച്ചതെല്ലാം തങ്ങളുടെ യജമാനനോ
ടു പോയി പറഞ്ഞു.

32"അപ്പോൾ യജമാനൻ ദാസനെ വിളിച്ചു
പറഞ്ഞു, 'ദുഷ്ടനായ ദാസനേ, നീ എനിക്ക്
വളരെപണം കടപ്പെട്ടിട്ടുണ്ട്. പക്ഷേ നീ യാചി
ച്ചപ്പോൾ ഞാൻ നിന്നോടു കരുണകാട്ടി. നി
ന്റെ കടം റദ്ദു ചെയ്തു. 33എന്നാൽ അതേ
പോലെ നീ നിന്റെ സഹോദരനോടും കാരു
ണ്യം കാട്ടണമായിരുന്നു. ഞാൻ നിന്നോടു കാട്ടി
യ അതേ കരുണ നീ അവനോടും കാട്ടണമായി
രുന്നു.' 34അവന്റെ യജമാനൻ വളരെകോപിച്ചു.
അയാൾ ഭൃത്യനെ തന്റെ കടം മുഴുവൻ വീട്ടും
വരെ തടവിലിട്ടു ശിക്ഷിച്ചു.

35"സ്വർഗ്ഗസ്ഥനായ എന്റെ പിതാവു ചെയ്യു
മ്പോലെതന്നെയാണ് രാജാവ് ചെയ്തത്. നി
ങ്ങൾ നിങ്ങളുടെ സഹോദരീ സഹോദരന്മാരോ
ട് ഹൃദയംഗമായി ക്ഷമിക്കുക. അല്ലെങ്കിൽ സ്വർ
ഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങളോടും ക്ഷ
മിക്കില്ല."

വിവാഹമോചനത്തെപ്പറ്റി

(മർക്കൊ. 10:1-12)

19 ഇതെല്ലാം പറഞ്ഞതിനു ശേഷം യേശു
ഗലീല വിട്ടുപോയി. യോർദ്ദാൻനദിയു
ടെ മറുകരയിലുള്ള യെഹൂദ്യപ്രദേശത്തേക്കാ
ണവൻ പോയത്. 2അനേകംപേർ യേശുവിനെ
പിന്തുടർന്നു. യേശു അവിടെയുണ്ടായിരുന്ന
രോഗികളെ സുഖപ്പെടുത്തി.

3ഏതാനും പരീശന്മാർ യേശുവിനെ സമീപി
ച്ചു. യേശു തെറ്റായെന്തെങ്കിലും പറയുന്നുണ്ടോ
എന്നു കണ്ടുപിടിക്കാൻ അവർ ശ്രമിച്ചു. അവർ
യേശുവിനോടു ചോദിച്ചു, "ഒരാൾക്ക് അയാളു
ന്നയിക്കുന്ന ഏതെങ്കിലും കാരണത്തിന്റെ അ
ടിസ്ഥാനത്തിൽ തന്റെ ഭാര്യയെ ഉപേക്ഷിക്കാ
നാകുമോ?"

4യേശു മറുപടി പറഞ്ഞു, "തീർച്ചയായും
തിരുവെഴുത്തുകളിൽ നിങ്ങൾ ഇങ്ങനെ വായി
ച്ചിട്ടുണ്ടാവണം: 'കാലാരംഭത്തിൽ ദൈവം ആളു
കളെ ആണും പെണ്ണുമാക്കി.'* 5ദൈവം പറഞ്ഞു
'അതുകൊണ്ട് ഒരുവൻ ഭാര്യയോടു ചേരുമ്പോൾ
അപ്പനമ്മമാരെ വെടിയും. അവർ ഇരുവരും ഒ
ന്നായിത്തീരും'* 6അതിനാലവർ രണ്ടല്ല, ഒന്നാ
ണ്. ദൈവമാണവരെ ഒന്നായിക്കൂട്ടിച്ചേർത്തത്.
അതിനാൽ അവരെ വേർപെടുത്തരുത്."

7പരീശന്മാർ ചോദിച്ചു, "പിന്നെന്താണ് ഒരാ
ൾക്കു വിവാഹമോചനപത്രം ഭാര്യയ്ക്കു കൊടു
ത്ത് വിവാഹം വേർപെടുത്താൻ മോശെയുടെ
കല്പന അനുവദിക്കുന്നത്?"

8യേശു പറഞ്ഞു, "നിങ്ങൾ ദൈവവചനം
സ്വീകരിക്കാത്തതു കൊണ്ടാണ് മൊശെ നിങ്ങ
ളുടെ ഭാര്യമാരെ ഉപേക്ഷിക്കാൻ അനുവദിച്ചത്.
പക്ഷേ ആരംഭത്തിൽ അങ്ങനെയായിരുന്നില്ല.
9ഞാൻ നിങ്ങളോടു പറയുന്നു, ഭാര്യയെ ഉപേ
ക്ഷിച്ച് മറ്റൊരു വളെ വിവാഹം കഴിക്കുന്നവൻ
വ്യഭിചരിക്കുകയാണ്. വിവാഹമോചനം നേടാ
നും വീണ്ടും വിവാഹം കഴിക്കുന്നതിനും ഒരു
വനെ അനുവദിക്കുന്ന ഏകകാരണം, തന്റെ
ഭാര്യയ്ക്ക് മറ്റുള്ളവരുമായി ലൈംഗികബന്ധങ്ങ
ളുണ്ടെന്ന് തെളിയുമ്പോഴാണ്."

'കാലാരംഭത്തിൽ ... പെണ്ണുമാക്കി' ഉദ്ധരണി ഉല്പ. 1:27; 5:2.

'അതുകൊണ്ട് ...ഒന്നായിത്തീരും' ഉദ്ധരണി ഉല്പ. 2:24.

10ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു, “അ
തുമാത്രമാണ് വിവാഹമോചനത്തിനു കാരണ
മായുള്ളതെങ്കിൽ വിവാഹം കഴിക്കാതെയിരി
ക്കുകയാണു നല്ലത്.”
11യേശു പറഞ്ഞു, “വിവാഹത്തെ സംബന്ധി
ക്കുന്ന ഈ സത്യം എല്ലാവർക്കും മനസ്സിലാക്കാ
നുള്ള കഴിവില്ല. എന്നാൽ ദൈവം ചിലരെ
അതിനനുഗ്രഹിച്ചിട്ടുണ്ട്. 12ചിലർ വിവാഹം
കഴിക്കാതിരിക്കാൻ പല കാരണങ്ങളുണ്ട്. ചി
ലർ ഷണ്ഡന്മാരായി പിറക്കുന്നു. ചിലർ പിന്നീ
ട് ഷണ്ഡന്മാരാക്കപ്പെട്ടവരാണ്. ചിലരാകട്ടെ
സ്വർഗ്ഗരാജ്യത്തിനുവേണ്ടി സ്വയം ഷണ്ഡത്വം
വരിക്കുന്നു. പക്ഷേ വിവാഹം കഴിക്കുന്നവൻ
വിവാഹത്തെ സംബന്ധിച്ച വചനം സ്വീകരി
ക്കണം.”

യേശു കുട്ടികളെ സ്വാഗതം ചെയ്യുന്നു
(മർക്കൊ. 10:13-16; ലൂക്കൊ. 18:15-17)

13അപ്പോൾ ആളുകൾ തങ്ങളുടെ കുട്ടികളു
മായെത്തി. യേശു അവരുടെമേൽ കൈവെച്ച്
അവർക്കുവേണ്ടി പ്രാർത്ഥിക്കണമായിരുന്നു. ശി
ഷ്യന്മാർ ഇതു കണ്ടപ്പോൾ അവർ ആളുകളെ
അതിൽനിന്നും തടഞ്ഞു. 14എന്നാൽ യേശു പറ
ഞ്ഞു,“കുട്ടികൾ എന്റെ അടുക്കൽ വരട്ടെ. അവ
രെ തടയരുത്. കാരണം ദൈവരാജ്യം ഈ കുട്ടിക
ളെപ്പോലെയുള്ളവരുടേതാണ്.” 15യേശു അവ
ന്റെകൈ അവരുടെമേൽ വച്ചതിനുശേഷം അ
വൻ ആ സ്ഥലം വിട്ടുപോയി.

പിന്തുടരാൻ ധനികൻ വിസമ്മതിക്കുന്നു
(മർക്കൊ. 10:17-31; ലൂക്കൊ. 18:18-30)

16ഒരാൾ യേശുവിനെ സമീപിച്ച് ചോദിച്ചു,
“ഗുരോ, നിത്യജീവൻ ലഭിക്കാൻ ഞാനെന്തു
നന്മയാണു ചെയ്യേണ്ടത്?”
17യേശു മറുപടി പറഞ്ഞു, “നന്മയെപ്പറ്റി
നീയെന്തിനാണെന്നോടു ചോദിക്കുന്നത്?
ദൈവം മാത്രമാണ് നല്ലവനായുള്ളത്. നിനക്കു
നിത്യജീവൻ വേണമെങ്കിൽ കല്പനകളനുസ
രിക്കുക.”
18അയാൾ ചോദിച്ചു, “ഏതു കല്പനകൾ?”
യേശു പറഞ്ഞു, “കൊല്ലരുത്, വ്യഭിചരിക്കരു
ത്, മോഷ്ടിക്കരുത്, മറ്റുള്ളവരെപ്പറ്റി കള്ളം പറ
യരുത്,19അപ്പനമ്മമാരെ ആദരിക്കണം,* നിങ്ങ
ളെ സ്വയം സ്നേഹിക്കുമ്പോലെ മറ്റുള്ളവരെ
യും സ്നേഹിക്കുക.”
20ആ യുവാവ് ചോദിച്ചു, “ഞാനിതെല്ലാം
അനുസരിച്ചു. എന്താണ് ഇനിയും എനിക്കുള്ള
കുറവ്?”
21യേശു മറുപടിപറഞ്ഞു, “പരിപൂർണ്ണനാക
ണമെന്നുണ്ടെങ്കിൽ പോയി നിനക്കുള്ളതെല്ലാം
വിൽക്കുക. ആ പണം പാവങ്ങൾക്കു കൊടു
ക്കുക. അങ്ങനെ ചെയ്താൽ സ്വർഗ്ഗത്തിൽ നിന
ക്കൊരു വലിയ നിധിയുണ്ടാകും. എന്നിട്ട് ഇവി
ടെവന്ന് എന്നെ പിന്തുടരുക!”
22ഇതുകേട്ട് അയാൾ ദു:ഖിച്ചു. വളരെ ധനിക
നായിരുന്ന അയാൾ യേശുവിനെ വിട്ടുപോയി.
23അപ്പോൾ യേശു അവന്റെ ശിഷ്യന്മാരോടു
പറഞ്ഞു, “ഞാൻ നിങ്ങളോടു സത്യം പറയട്ടെ.
ധനികന് സ്വർഗ്ഗരാജ്യത്തു പ്രവേശിക്കുക വിഷ
മമാണ്. 24അതെ, ഞാൻ നിങ്ങളോടു പറയുന്നു,
ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതി
ലും എളുപ്പമായി ഒട്ടകത്തിനു സൂചിക്കുഴയി
ലൂടെ കടക്കാം.”

25അതുകേട്ട് ശിഷ്യന്മാർ വളരെ അത്ഭുതപ്പെ
ട്ടു. അവർ ചോദിച്ചു, “അപ്പോൾ ആരാകും
രക്ഷിക്കപ്പെടുക?”
26യേശു ശിഷ്യന്മാരെ നോക്കിപ്പറഞ്ഞു, “മനു
ഷ്യർക്ക് അസാദ്ധ്യമായതാണത്. എന്നാൽ ദൈ
വത്തിന് എല്ലാം സാദ്ധ്യമാണ്.”
27പത്രൊസ് യേശുവിനോടു ചോദിച്ചു, “ഞ
ങ്ങൾ എല്ലാമുപേക്ഷിച്ച് നിന്നെ അനുഗമിച്ചു,
ഞങ്ങൾക്കെന്തു കിട്ടും?”
28യേശു ശിഷ്യന്മാരോടു പറഞ്ഞു, “ഞാൻ
നിങ്ങളോടു സത്യമായിപറയുന്നു, പുതിയ
ലോകം സൃഷ്ടിക്കപ്പെടുമ്പോൾ മനുഷ്യപുത്രൻ
അവന്റെ മഹൽസിംഹാസനത്തിലിരിക്കും.
“എന്നെ അനുഗമിച്ച നിങ്ങളും ഓരോ സിം
ഹാസനങ്ങളിലിരിക്കും. പന്ത്രണ്ടു സിംഹാസ
നങ്ങളിലിരുന്ന് നിങ്ങൾ യിസ്രായേലിന്റെ പ
ന്ത്രണ്ട് വംശങ്ങളെയും വിധിക്കും. 29എന്നെ പി
ന്തുടരാൻ വീട്, സഹോദരീസഹോദരന്മാർ,
അപ്പനമ്മമാർ, കുട്ടികൾ, വയലുകൾ എന്നിവ
ഉപേക്ഷിച്ചവർക്ക് അതിലും അധികം മടങ്ങു
ലഭിക്കും. അയാൾക്കു നിത്യജീവൻ കിട്ടും. 30ഇ
പ്പോഴത്തെ ജീവിതത്തിൽ ഉന്നതസ്ഥാനത്തുള്ള
വർ താഴ്ന്നസ്ഥാനത്താകും. താഴ്ന്നിരിക്കുന്നവ
ൻ ഇനിയും ഉയർത്തപ്പെടും.

കൃഷിപ്പണിക്കാരുടെ കഥ

20 “ഒരു ഭൂവുടമയോട് സ്വർഗ്ഗരാജ്യത്തെ ഉപ
മിക്കാം. അയാൾ അവിടെ മുന്തിരികൃഷി
നടത്തി. ഒരു പ്രഭാതത്തിൽ അയാൾ അവിടെ
ചിലരെ ജോലിക്കായി അന്വേഷിച്ചുപോയി.
2ആ ദിവസത്തെ ജോലിക്കയാൾ ഒരു വെള്ളി
നാണയം കൊടുക്കാൻ സമ്മതിച്ചു. അയാൾ
വേലക്കാരെ തോട്ടത്തിലേക്കയച്ചു.
3“ഏകദേശം ഒമ്പതുമണിക്ക് അയാൾ ചന്തയി
ലെത്തിയപ്പോൾ അവിടെ ചിലർ വെറുതെ
നിൽക്കുന്നതുകണ്ടു. അതിനാൽ അവൻ അവ
രോടു പറഞ്ഞു, 4‘നിങ്ങൾ പോയി എന്റെ
തോട്ടത്തിൽ പണി ചെയ്താൽ തക്ക കൂലി
ഞാൻ തരാം.’ 5“അതിനാൽ അവർ പോയി
ജോലി ചെയ്തു. പന്ത്രണ്ടു മണിയോടെയും
മൂന്നു മണിയോടെയും അയാൾ വീണ്ടും പുറ
ത്തേക്കുപോയി. അപ്പോഴൊക്കെ അയാൾ കുറേ
പ്പേരെവീതം വേലയ്ക്കു നിയമിച്ചു. 6അഞ്ചു
മണിയോടടുത്തപ്പോൾ അയാൾവീണ്ടും ചന്ത
യിലേക്കു പോയി. വേറെചിലർ അവിടെ നിൽ
ക്കുന്നതു കണ്ടപ്പോൾ അയാൾ അവരോടു ചോ
ദിച്ചു. ‘എന്താണു നിങ്ങളിവിടെ ദിവസം മുഴു
വനും വെറുതെ നിൽക്കുന്നത്?’
7“അവർ അവനോടു മറുപടിയായി പറ
ഞ്ഞു, ‘ആരും ഞങ്ങൾക്കൊരു ജോലിയും തരു
ന്നില്ല.’ “അയാൾ അവരോടുപറഞ്ഞു, ‘എങ്കിൽ
നി ങ്ങൾ പോയി എന്റെ തോട്ടത്തിൽ പണി
ചെയ്യുക.’ 8വൈകുന്നേരം തോട്ടമുടമ തന്റെ
കാര്യസ്ഥനെ വിളിച്ചുപറഞ്ഞു, ‘പണിക്കാരെ
മുഴുവൻ വിളിച്ച് കൂലി നൽകുക. അവസാനം
ഞാൻ വിളിച്ചയാൾ മുതൽ കൂലി കൊടുക്കൂ.
ആദ്യത്തെയാളുകൾക്ക് അവസാനവും.’
9“അഞ്ചുമണിക്ക് പണിക്കു ചെന്നവർ ആദ്യ
മെത്തി. ഒരോരുത്തർക്കും ഓരോ വെള്ളിനാണ
യം വീതം കിട്ടി. 10പിന്നീട് ആദ്യം വന്നവരെ
ത്തി. തങ്ങൾക്കു മറ്റുള്ളവരെക്കാൾ കൂടുതൽ കി
ട്ടുമെന്നവർ കരുതി. പക്ഷേ അവർക്കും ഒരു
നാണയം വീതമേ കിട്ടിയുള്ളു. 11നാണയം കിട്ടി
യപ്പോൾ അവർ തോട്ടമുടമയോടു പരാതി

“കൊല്ലരുത് ... ആദരിക്കണം” ഉദ്ധരണി പുറ. 20:12-16.

പ്പെട്ടു. 12അവർ പറഞ്ഞു, 'ഇവർ അവസാനം വന്നതുകാരണം ഒരു മണിക്കൂറേ ജോലി ചെയ്തുള്ളൂ. പക്ഷേ അങ്ങ് അവർക്കും ഞങ്ങൾക്കു തന്ന അതേ കൂലിയാണു കൊടുത്തത്. പൊള്ളുന്ന വെയിലിലും ഞങ്ങൾ കഠിനാദ്ധ്വാനം ചെയ്തു.'

13"പക്ഷേ തോട്ടമുടമ വേലക്കാരിലൊരുവനോടു പറഞ്ഞു, 'സുഹൃത്തേ, ഞാൻ നിങ്ങളോടുന്യായമായാണു പെരുമാറിയത്. ഒരു വെള്ളിനാണയത്തിനു പണിയാമെന്നല്ലേ നിങ്ങൾ സമ്മതിച്ചത്? 14അതിനാൽ നിന്റെ കൂലിയും വാങ്ങിപ്പോകുക. അവസാനം വന്നവനും നിനക്കും ഒരേകൂലി നൽകാനാണു ഞാനാഗ്രഹിക്കുന്നത്. 15എന്റെ സ്വന്തം പണം എന്തുചെയ്യണമെന്നു ഞാൻ തീരുമാനിക്കും. ഞാനവരോടു നല്ലതുചെയ്തതിൽ നിനക്കു അസൂയ തോന്നുന്നുണ്ടോ?' 16അതിനാൽ അവസാനക്കാരന് ആദ്യസ്ഥാനം കിട്ടും. ആദ്യസ്ഥാനക്കാരന് അവസാനസ്ഥാനവും."

യേശു സ്വന്തം മരണത്തെപ്പറ്റി പറയുന്നു

(മർക്കൊ. 10:32-34; ലൂക്കൊ. 18:31-34)

17യേശു യെരൂശലേമിലേക്കു പോകുകയായിരുന്നു. പന്ത്രണ്ട് അപ്പൊസ്തലന്മാരും അവനോടൊപ്പമുണ്ടായിരുന്നു. നടന്നു പോകവേ യേശു ശിഷ്യന്മാരെ അടുത്തുവിളിച്ച് അവരോടു സ്വകാര്യമായി സംസാരിച്ചു. യേശു അവരോടു പറഞ്ഞു, 18"നമ്മൾ യെരൂശലേമിലേക്കു പോകുകയാണ്. മനുഷ്യപുത്രൻ മഹാപുരോഹിതരുടെയും ശാസ്ത്രിമാരുടെയും കൈകളിൽ ഏല്പിക്കപ്പെടും. മനുഷ്യപുത്രനെ കൊല്ലണമെന്നവർ പറയും. 19അവർ മനുഷ്യപുത്രനെ ജാതികൾക്കു നൽകും. അവർ അവനെ പരിഹസിക്കുകയും ചാട്ടകൊണ്ടടിക്കുകയും ക്രൂശിക്കുകയും ചെയ്യും. പക്ഷേ മരണത്തിന്റെ മൂന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും."

ഒരു അമ്മ ആനുകൂല്യം അഭ്യർത്ഥിക്കുന്നു

(മർക്കൊ. 10:35-45)

20അപ്പോൾ സെബെദിയുടെ ഭാര്യ തന്റെ മക്കളോടൊപ്പം യേശുവിനെ സമീപിച്ചു. ആ അമ്മ അവനുമുമ്പിൽ മുട്ടുകുത്തി ചില ആനുകൂല്യങ്ങൾ ചോദിച്ചു.

21യേശു ചോദിച്ചു, "നിനക്കെന്താണുവേണ്ടത്?" അവൾ പറഞ്ഞു," എന്റെ ഒരുമകനെ നിന്റെ രാജ്യത്ത് നിന്റെ വലതുവശത്തും മറ്റേ മകനെ ഇടതുവശത്തും ഇരുത്താമെന്ന് വാക്കു തരിക."

22യേശു അവളുടെ പുത്രന്മാരോടു ചോദിച്ചു, "എന്താണു ചോദിക്കുന്നതെന്നു നിങ്ങളറിയുന്നില്ല. എനിക്കുണ്ടാകുന്ന എല്ലാ കഷ്ടങ്ങളും നിങ്ങൾ സ്വീകരിക്കുമോ?" പുത്രന്മാർ പറഞ്ഞു, "ഉവ്വ് ഞങ്ങൾ ചെയ്യാം."

23യേശു അവരോടു പറഞ്ഞു, "യഥാർത്ഥത്തിൽ നിങ്ങളെന്റെ കഷ്ടം അനുഭവിക്കും. പക്ഷേ എന്റെ ഇടത്തും വലത്തും ഇരിക്കുന്നവരെ തിരഞ്ഞെടുക്കാൻ എനിക്കാവില്ല. അവരാരെന്നൊക്കെ എന്റെ പിതാവ് തീരുമാനിച്ചിട്ടുണ്ട്. അവർക്കായി അവൻ ആ സ്ഥലങ്ങളും ഒരുക്കിയിട്ടുണ്ട്. ആ സ്ഥലം അവർക്കേകിട്ടൂ."

24മറ്റു പത്തു ശിഷ്യന്മാരും ഇതു കേട്ടു. അവർ രണ്ടു സഹോദരന്മാരോടും രോഷാകുലരായി. 25യേശു എല്ലാ ശിഷ്യന്മാരെയും വിളിച്ചുകൂട്ടി. യേശു പറഞ്ഞു,"ജാതികളുടെ നേതാക്കൾ തങ്ങളുടെ അധികാരം ആളുകളുടെമേൽ പ്രയോഗിക്കാനിഷ്ടപ്പെടുന്നവരാണ്. അവരുടെ പ്രധാന നേതാക്കൾ തങ്ങളുടെ എല്ലാ അധികാരവും പ്രയോഗിക്കാനിഷ്ടപ്പെടുന്നു. 26എന്നാൽ നിങ്ങളോട് അങ്ങനെയായിരിക്കില്ല. നിങ്ങളിലൊരാൾ ശ്രേഷ്ടനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ ശിഷ്ടമുള്ളവരുടെ ദാസനാകണം. 27നിങ്ങളിലൊരുവന് ഒന്നാമനാകണമെങ്കിൽ അവൻ അടിമയെപ്പോലെ നിങ്ങളെ സേവിക്കണം. 28മനുഷ്യപുത്രനെപ്പോലെ. മനുഷ്യപുത്രൻ വന്നതു സേവിക്കപ്പെടാനല്ല. മറ്റുള്ളവരെ സേവിക്കാനാണ്. അനേകരെ രക്ഷിക്കാൻ സ്വന്തം ജീവൻ കൊടുക്കാനാണവൻ വന്നത്."

രണ്ട് അന്ധരെ സുഖപ്പെടുത്തുന്നു

(മർക്കൊ. 10:46-52; ലൂക്കൊ. 18:35-43)

29യേശുവും ശിഷ്യന്മാരും യെരീഹോവു വിട്ടുപോകവേ വളരെയധികംപേർ അവനെ പിന്തുടർന്നു. 30രണ്ട് അന്ധർ വഴിയോരത്തിരുപ്പുണ്ടായിരുന്നു. യേശു വരുന്നുണ്ടെന്നവർ കേട്ടു.അതിനാലവർ നിലവിളിച്ചു, "കർത്താവേ ദാവീദിന്റെ പുത്രാ, ഞങ്ങള സഹായിക്കൂ."

31എല്ലാവരും അന്ധരെവിമർശിച്ചു. അവർ അന്ധരെ തടഞ്ഞു. എന്നിട്ട് ശാന്തരായിരിക്കാൻ പറഞ്ഞു. പക്ഷേ അന്ധർ കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചു, "കർത്താവേ, ദാവീദിന്റെ പുത്രാ, ഞങ്ങളെ രക്ഷിച്ചാലും."

32യേശു നിന്ന് അന്ധരോടുചോദിച്ചു, "ഞാൻ നിങ്ങൾക്കായി എന്താണു ചെയ്യേണ്ടത്?"

33അന്ധർപറഞ്ഞു, "പ്രഭോ ഞങ്ങൾക്കു കാഴ്ച വേണം."

34യേശുവിനു അവരോടു അനുകമ്പ തോന്നി. അവൻ അവരുടെ കണ്ണുകളിൽ തൊട്ടപ്പോൾ അവർക്കു കാണാറായി. അവർ യേശുവിനെ പിന്തുടർന്നു.

യേശു യെരൂശലേമിൽ ഒരു രാജാവിനെപ്പോലെ പ്രവേശിക്കുന്നു

(മർക്കൊ. 11:1-11; ലൂക്കൊ. 19:28-38; യോഹ. 12:12-19)

21 യേശുവും ശിഷ്യന്മാരും യെരൂശലേം നഗരത്തോട് അടുത്തു. ഒലിവു മലയിലെ ബേത്ത്ഫഗയിൽ അവർ ആദ്യം നിന്നു. അവിടെ യേശു തന്റെ രണ്ടു ശിഷ്യന്മാരെ നഗരത്തിലേക്കയച്ചു. 2യേശു ശിഷ്യന്മാരോടു പറഞ്ഞു, "നിങ്ങൾ കാണുന്ന ആ നഗരത്തിലേക്കു പോകുക. അവിടെ ഒരു കഴുതയെ കെട്ടിയിരിക്കുന്നതു കാണാം. മറ്റൊരു കഴുതക്കുട്ടിയേയും അവളുടെ അടുത്ത് നിങ്ങൾ കാണും. അവയെ അഴിച്ച് എന്റെ അടുത്തു കൊണ്ടുവരിക. 3ആരെങ്കിലും കഴുതകളെ എന്തിനഴിക്കുന്നു എന്നു ചോദിച്ചാൽ, 'ഗുരുവിന് ഈ കഴുതകളെ വേണം. താമസിയാതെ ഞാൻ അവയെ തിരിച്ചു തരും എന്നും പറയുക.'"

4പ്രവാചകന്റെ ഈ വചനങ്ങൾ നിറവേറ്റാനായിരുന്നു അത്:

5"സീയോൻ നഗരത്തോടു പറയുക,
'ഇതാ നിന്റെ രാജാവു നിന്റെയടുത്തു വരുന്നു വിനീതനായ അവൻ ഒരു കൂലിക്കഴുതക്കുട്ടിയുടെ പുറത്തും ജോലികൾക്കുപയോഗിക്കുന്ന മൃഗത്തിന്റെ കുട്ടിയുടെ പുറത്തുമായിരിക്കും വരിക.'" *സെഖര്യാവ് 9:9*

6യേശു നിയോഗിച്ചത് ശിഷ്യന്മാർ ചെയ്തു. 7അവൻ തള്ളക്കഴുതയെയും കഴുതക്കുട്ടിയെയും

യേശുവിനു കൊണ്ടുകൊടുത്തു. അവർ കഴുത
പ്പുറത്തു തങ്ങളുടെ മേലങ്കികൾ വിരിച്ചു. യേശു
കഴുതപ്പുറത്തിരുന്നു. 8അവൻ യെരൂശലേമിലേ
ക്കുള്ള വഴിയിലൂടെ സഞ്ചരിച്ചു. അനേകം പേർ
അവന്റെ വഴിയിൽ തങ്ങളുടെ മേലങ്കികൾ
വിരിച്ചു. മറ്റു ചിലർ മരച്ചില്ലകളൊടിച്ച് വഴി
യിൽ വിരിച്ചു.
9ചിലർ യേശുവിനു മുമ്പേ നടക്കുകയായി
രുന്നു. ചിലർ പിറകേയും. അവർ വിളിച്ചു പ
റഞ്ഞു,

“ദാവീദിന്റെ പുത്രനെ വാഴ്ത്തുക, കർത്താ
വിന്റെ നാമത്തിൽ വരുന്നവനെ ദൈവം അനു
ഗ്രഹിക്കട്ടെ സ്വർഗ്ഗസ്ഥനായ ദൈവത്തെ വാഴ്
ത്തുവിൻ.” *സങ്കീർത്തനങ്ങൾ 118:26*

10അനന്തരം യേശു യെരൂശലേമിലേക്കു പ്ര
വേശിച്ചു. നഗരവാസികൾ ആശയക്കുഴപ്പത്തി
ലായി. അവർ ചോദിച്ചു, “ആരാണിയാൾ?”
11യേശുവിനെ അനുഗമിക്കുന്നവർ പറഞ്ഞു,
“ഇവനാണ് യേശു. ഗലീലയിലെ നസറെ
ത്തിൽനിന്നുള്ള പ്രവാചകൻ.”

യേശു ദൈവാലയത്തിൽ കയറുന്നു

(മർക്കൊ. 11:15-19; ലൂക്കൊ. 19:45-48;
യോഹ. 2:13-22)

12യേശു ദൈവാലയത്തിലേക്കു കയറി. അവി
ടെ ക്രയവിക്രയം നടത്തിയിരുന്നവരെ അവൻ
പുറത്താക്കി. അവൻ ചൂതാട്ടക്കാരുടെ മേശകൾ
മറിച്ചിട്ടു. പ്രാവുകളെ വിറ്റിരുന്നവരുടെ ബഞ്ചു
കളും അവൻ മറിച്ചിട്ടു. 13യേശു അവിടെയുണ്ടാ
യിരുന്നവരോടു പറഞ്ഞു, “തിരുവെഴുത്തികളി
ൽ എഴുതിയിട്ടുണ്ട്, ‘എന്റെ ആലയം പ്രാർത്ഥ
നാലയം എന്നറിയപ്പെടും. എന്നാൽ നിങ്ങൾ
അവിടം കള്ളന്മാരുടെ ഒളിസങ്കേതമാക്കുന്നു.’”*
14അന്ധരും തളർവാത രോഗികളുമായ ചിലർ
ദൈവാലയത്തിൽ യേശുവിനെ സമീപിച്ചു.
യേശു അവരുടെ രോഗം ഭേദപ്പെടുത്തി. 15യേശു
വിന്റെ പ്രവർത്തികൾ മഹാപുരോഹിതരും
ശാസ്ത്രിമാരും കണ്ടു. യേശു മഹത്തായകാര്യ
ങ്ങൾചെയ്യുന്നതും കുട്ടികൾ അവനെ ദൈവാല
യത്തിൽ വാഴ്ത്തുന്നതും അവർ കണ്ടു. കുട്ടികൾ
പറയുന്നുണ്ടായിരുന്നു, “ദാവീദിന്റെ പുത്രനെ
വാഴ്ത്തുവിൻ!” ഇതെല്ലാം മഹാപുരോഹിതരെ
യും ശാസ്ത്രിമാരെയും ദേഷ്യപ്പെടുത്തി. 16മഹാ
പുരോഹിതരും ശാസ്ത്രിമാരും യേശുവിനോടു
ചോദിച്ചു, “കുട്ടികൾ പറയുന്നതു നീ കേൾക്കു
ന്നില്ലേ?”

യേശു മറുപടി പറഞ്ഞു, “ഉവ്വ്. തിരുവെഴു
ത്തിൽ പറയുന്നു, ‘കുട്ടികളെയും ശിശുക്കളെ
യും നീ വാഴ്ത്തുവാൻ പഠിപ്പിച്ചു’* തിരുവെഴു
ത്തിൽ നിങ്ങളിതു വായിച്ചിട്ടില്ലേ?”
17അനന്തരം അവൻ അവിടം വിട്ട് നഗരത്തി
നു പുറത്തുകടന്ന് ബെഥാന്യയിൽ ആ രാത്രി
തങ്ങി.

യേശു വിശ്വാസത്തിന്റെ ശക്തി തെളിയിക്കുന്നു

(മർക്കൊ. 11:12-14, 20-24)

18പിറ്റേന്നു പുലർച്ചയ്ക്ക് യേശു നഗരത്തി
ലേക്കു മടങ്ങുകയായിരുന്നു. അവനു നന്നായി
വിശക്കുന്നുണ്ടായിരുന്നു. 19അവൻ വഴിയോര
ത്ത് ഒരു അത്തിമരം കണ്ടു. യേശു തനിക്കുതി
ന്നാൻ അത്തിപ്പഴം കിട്ടുമോ എന്ന് ആ മരത്തിൽ
അന്വേഷിച്ചു. എന്നാൽ ആ മരത്തിൽ ഇലകള
ല്ലാതെ ഒരു പഴം പോലുമുണ്ടായിരുന്നില്ല. അ
തിനാൽ യേശു ആ മരത്തോട് പറഞ്ഞു, “ഇനി
നീ ഒരിക്കലും കായ്ക്കില്ല.” ഉടൻ തന്നെ ആ
മരം ഉണങ്ങിനശിച്ചു.
20ശിഷ്യന്മാർ അതു കണ്ടു. അവർ അത്ഭുത
പ്പെട്ടു. അവർ ചോദിച്ചു, “എങ്ങനെയാണ് ഈ
അത്തിമരം ഇത്രവേഗം ഉണങ്ങിക്കരിഞ്ഞത്?”
21യേശു മറുപടി പറഞ്ഞു, “ഞാൻ നിങ്ങളോ
ടു സത്യമായി പറയട്ടെ. നിങ്ങൾക്കു സംശയ
ലേശമില്ലാത്ത വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ
ക്ക് ഈ മരത്തോട് ഞാൻ ചെയ്തതുപോലെ
തന്നെ ചെയ്യാം. ചിലപ്പോൾ നിങ്ങൾക്ക് അതില
ധികവും ചെയ്യാനായേക്കാം. ഈ മലയോടു
‘പോയി കടലിൽപതിക്കൂ’ എന്നുപോലും
ആജ്ഞാപിക്കാം. നിങ്ങൾക്കു വിശ്വാസമുണ്ടെ
ങ്കിൽ അതു സംഭവിക്കും. 22നിങ്ങൾ വിശ്വസി
ക്കുന്നുവെങ്കിൽ നിങ്ങൾ പ്രാർത്ഥനയിൽ ചോ
ദിക്കുന്നതെന്തും ലഭിക്കും.”

യെഹൂദപ്രമാണിമാർ യേശുവിന്റെ അധികാരത്തെ സംശയിക്കുന്നു

(മർക്കൊ. 11:27-33; ലൂക്കൊ. 20:1-8)

23യേശു ദൈവാലയത്തിലേക്കു പോയി. അ
വനവിടെ ഉപദേശിക്കുമ്പോൾ പുരോഹിതന്മാ
രും യെഹൂദമൂപ്പന്മാരും യേശുവിന്റെ അടുത്തെ
ത്തി. അവർ അവനോടു ചോദിച്ചു, “പറയൂ,
ഇങ്ങനെയൊക്കെ പ്രവർത്തിക്കാൻ നിനക്കെന്ത
ധികാരമാണുള്ളത്? ആരാണു നിനക്ക് ഈ അ
ധികാരം തന്നത്?”
24യേശു പറഞ്ഞു, “ഞാൻ നിങ്ങളോടൊരു
ചോദ്യം ചോദിക്കട്ടെ. അതിനു നിങ്ങൾ ഉത്തരം
തന്നാൽ എന്തധികാരത്തിന്റെ അടിസ്ഥാന
ത്തിലാണ് ഞാൻ ഇതൊക്കെ ചെയ്യുന്നതെന്നു
പറയാം. 25പറയൂ: യോഹന്നാൻ ആളുകളെ
സ്നാനപ്പെടുത്തിയപ്പോൾ സ്നാനം വന്നതു
ദൈവത്തിൽനിന്നോ മനുഷ്യരിൽനിന്നോ?”
പുരോഹിതരും യെഹൂദനേതാക്കളും യേശുവി
ന്റെ ചോദ്യം ചർച്ചചെയ്തു. അവർ പരസ്പ
രം പറഞ്ഞു, “നമ്മൾ ഉത്തരം പറഞ്ഞാൽ, അതും
‘യോഹന്നാന്റെ സ്നാനം ദൈവത്തിൽ നിന്നാ
ണെന്നു’ പറഞ്ഞാൽ യേശു പറയും, ‘പിന്നെ
നിങ്ങളെന്തുകൊണ്ട് യോഹന്നാനിൽ വിശ്വസി
ക്കുന്നില്ല?’ 26മറിച്ച്, ‘അതു മനുഷ്യനിൽ നിന്നാ
ണെന്നു’ നമ്മൾ പറഞ്ഞാൽ ജനങ്ങൾ നമ്മോടു
കോപിക്കും. യോഹന്നാൻ ഒരു പ്രവാചകനായി
രുന്നെന്നവർ കരുതുന്നതാണു നമുക്കു ഭയം.”
27അതിനാലവർ യേശുവിനു മറുപടി കൊ
ടുത്തു, “ഞങ്ങൾക്കറിയില്ല യോഹന്നാനെവിടെ
നിന്ന് അധികാരം കിട്ടിയെന്ന്.”

അപ്പോൾ യേശു പറഞ്ഞു, “എങ്കിൽ എനിക്കി
തൊക്കെ ചെയ്യാൻ എവിടെ നിന്ന് അധികാരം
കിട്ടിയെന്ന് ഞാനും പറയില്ല.

രണ്ട് പുത്രന്മാരുടെ കഥ

28“നിങ്ങളിതിനെപ്പറ്റി എന്തു വിചാരിക്കുന്നു
വെന്ന് എന്നോടുപറയുക. ഒരാൾക്കു രണ്ടു പു
ത്രന്മാരുണ്ടായിരുന്നു. അയാൾ ആദ്യം മൂത്ത മക
നെസമീപിച്ചുപറഞ്ഞു, ‘മകനെനീയിന്നുപോ
യി മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുക.’
29“മകൻപറഞ്ഞു, ‘ഞാൻ പോകില്ല’ പക്ഷേ
പിന്നീടയാൾ മനം മാറ്റി. അയാൾ പോയി.

‘എന്റെ ആലയം ... ഒളിസങ്കേതമാക്കുന്നു’ ഉദ്ധരണി യെശയ്യാ. 56:7.

കുട്ടികളെ ... പഠിപ്പിച്ചു ഉദ്ധരണി സങ്കീ.8:2.

30“അപ്പൻ പിന്നീട് രണ്ടാമത്തെമകനെ സമീ
പിച്ച് പറഞ്ഞു, മകനേ, ‘നീയിന്ന് മുന്തിരി
ത്തോട്ടത്തിൽ പണിയുക.’ മകൻ പറഞ്ഞു, ‘ശ
രി, ഞാൻ പോയി പണിയെടുക്കാം.’ എന്നാൽ
അയാൾ പോയില്ല.
31“ഈ രണ്ടു പുത്രന്മാരിലാരാണ് അപ്പന്റെ
ഇച്ഛയ്ക്കൊത്തു പ്രവർത്തിച്ചത്?” യെഹൂദ
നേതാക്കൾ പറഞ്ഞു, “ആദ്യത്തെ മകൻ.”
യേശു അവരോടു പറഞ്ഞു, “ഞാൻ നിങ്ങ
ളോടു സത്യമായി പറയട്ടെ. നികുതി പിരി
വുകാരും വേശ്യകളും ചീത്തയാളുകളെന്നു
നിങ്ങൾ കരുതുന്നു. പക്ഷേ നിങ്ങളേക്കാൾ
മുമ്പേ അവർ ദൈവരാജ്യത്തിൽ പ്രവേശിക്കും.
32യോഹന്നാൻ വന്നതു നിങ്ങൾക്കു ശരിയായ
വഴി കാണിച്ചുകൊണ്ടാണ്. എന്നാൽ നിങ്ങൾ
യോഹന്നാനിൽ വിശ്വസിച്ചില്ല. എന്നാൽ
നികുതിപിരിവുകാരും വേശ്യകളും അവനിൽ
വിശ്വസിക്കുന്നതു നിങ്ങൾ കണ്ടു. എന്നാൽ
ഇനിയും അവനിൽ വിശ്വാസമർപ്പിക്കാനായി
നിങ്ങൾ മനം മാറ്റിയില്ല.

ദൈവം തന്റെ പുത്രനെ അയയ്ക്കുന്നു

(മർക്കൊ. 12:1-12; ലൂക്കൊ. 20:9-19)

33“ഈ കഥ ശ്രദ്ധിക്കുക: “ഒരിടത്ത് ഒരാൾക്കു
കുറെ വയലുണ്ടായിരുന്നു. അയാളതിൽ മുന്തി
രിനട്ടു. അയാൾ വയലിനു ചുറ്റും മതിലുകെട്ടി.
അതിനുള്ളിൽ ഒരു മുന്തിരിച്ചക്കും സ്ഥാപിച്ചു.
എന്നിട്ട് അയാൾ ഒരു കാവൽമാടവും പണിതു.
അയാൾ ആ തോട്ടം ചില കർഷകർക്കു പാട്ട
ത്തിനുകൊടുത്തു. എന്നിട്ടയാൾ ഒരു യാത്ര പുറ
പ്പെട്ടു.34വിളവെടുപ്പിന്റെ സമയമായി. അതി
നാലയാൾ തന്റെ ദാസന്മാരെ തന്റെ വീതം
ചോദിക്കാൻ കർഷകരുടെയടുത്തേക്കയച്ചു.
35“എന്നാൽ കൃഷിക്കാർ ഒരു ദാസനെ മർദ്ദിച്ചു.
മറ്റൊരുവനെ കൊന്നു. മൂന്നാമത്തവനെയും ക
ല്ലെറിഞ്ഞു കൊന്നു. 36അതിനാലയാൾ മറ്റു ചി
ലരെക്കൂടി അയച്ചു. ആദ്യത്തേതിനെക്കാൾ കൂടു
തൽ ആളുകളെ. എന്നാൽ ആദ്യം വന്നവരോടു
ചെയ്തതുതന്നെ കൃഷിക്കാർ അവരോടും ചെ
യ്തു. 37അതിനാൽ തന്റെ മകനെത്തന്നെ അയ
യ്ക്കാനയാൾ തീരുമാനിച്ചു. അയാൾ കരുതി,
‘കൃഷിക്കാർക്കു എന്റെ മകനോടു ബഹുമാനം
ഉണ്ടാകും.’
38“പക്ഷേ ഉടമയുടെ പുത്രനെ കണ്ടപ്പോൾ
കർഷകർ പരസ്പരം പറഞ്ഞു, ‘ഇതാ ഉടമയു
ടെ മകൻ. ഈ തോട്ടത്തിന്റെ അനന്തരാവ
കാശിയാകുമവൻ. വരൂ നമുക്കവനെ കൊല്ലാം.
നമ്മളവനെക്കൊന്നാൽ ഈ തോട്ടം നമ്മുടേതാ
കും.’ 39അതിനാൽ അവർ അവനെ തോട്ടത്തിനു
പുറത്തു കൊണ്ടുപോയി കൊന്നു.
40“അതിനാൽ തോട്ടമുടമ വന്ന് ആ കർഷക
രെ എന്തു ചെയ്യും?”
41യെഹൂദപുരോഹിതരും പ്രമാണിമാരും പറ
ഞ്ഞു, “തീർച്ചയായും അയാൾ ആ ദുഷ്ടന്മാരെ
കൊല്ലും. എന്നിട്ട് ആ തോട്ടം മറ്റു കൃഷിക്കാരെ
ഏല്പിക്കും. വിളവെടുപ്പുസമയം തന്റെ പങ്കു
നൽകുന്ന കൃഷിക്കാരെ തോട്ടം ഏല്പിക്കും.”
42യേശു അവരോടു പറഞ്ഞു, “തിരുവെഴു
ത്തുകളിൽ എഴുതിയിട്ടുള്ളത് നിങ്ങൾ തീർച്ച
യായും വായിച്ചുകാണും.
‘പണിക്കാർ ഉപേക്ഷിക്കുന്ന കല്ല് മൂലക്കല്ലാ
കും. ഇത് ദൈവം ചെയ്തത് നമുക്ക് അത്ഭുതമാ
കുന്നു. നമ്മുടെ കണ്ണുകളിൽ അത് അത്ഭുത
മാകുന്നു.’ *സങ്കീർത്തനങ്ങൾ 118:22-23*
43“അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു
സ്വർഗ്ഗരാജ്യം നിങ്ങളിൽനിന്നും എടുക്കപ്പെടും.
ദൈവരാജ്യത്തിൽ അവൻ ആഗ്രഹിക്കുന്നത് നട
പ്പാക്കുന്ന രാഷ്ട്രത്തിനു സ്വർഗ്ഗരാജ്യം നൽക
പ്പെടും. 44ഈ കല്ലിൽ വീഴുന്നവൻ പൊട്ടിത്ത
കരും. ഈ കല്ല് ഒരാളുടെമേൽ വീണാലും അത്
അയാളെ തവിടുപൊടിയാക്കും.”
45യേശുപറഞ്ഞ ഈ കഥകൾ മഹാപുരോ
ഹിതരും പരീശന്മാരും കേട്ടു. യേശു തങ്ങളെപ്പ
റ്റിയാണു പറയുന്നതെന്ന് അവർ അറിഞ്ഞു.
46യേശുവിനെ പിടിക്കാൻ അവർ ഒരു കാരണം
തേടി. എന്നാൽ ജനങ്ങൾ യേശു ഒരു പ്രവാച
കനാണെന്നു വിശ്വസിച്ചിരുന്നതിനാൽ അവർ
ജനങ്ങളെ ഭയന്നു.

വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ കഥ

(ലൂക്കൊ. 14:15-24)

22 ജനങ്ങളോടു മറ്റുചില കാര്യങ്ങൾ പറ
യാൻ യേശു കഥകളുപയോഗിച്ചു, അ
വൻ പറഞ്ഞു, 2“തന്റെ പുത്രന്റെ വിവാഹവി
രുന്നൊരുക്കിയ രാജാവിനെപ്പോലെയാണ് സ്വ
ർഗ്ഗരാജ്യം.3അദ്ദേഹം ചിലരെ സദ്യയ്ക്കു ക്ഷണി
ച്ചു. സദ്യ തയ്യാറായപ്പോൾ അതിഥികളെ വിളി
ക്കാൻ രാജാവ് ഭൃത്യരെ അയച്ചു. എന്നാൽ രാജാ
വിന്റെ സദ്യയ്ക്കു വരാനാവില്ലെന്ന് അവർ
നിരസിച്ചു.
4“അനന്തരം രാജാവ് കുറെ ദാസന്മാരെ ക്കൂടി
അയച്ചു. അദ്ദേഹം അവരോടു പറഞ്ഞു, ‘ഞാന
വരെ ക്ഷണിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ
ചെന്നു പറയുക, സദ്യ തയ്യാറായെന്ന്. ഞാനെ
ന്റെ നല്ല കാളകളെയും പശുക്കുട്ടികളെയും
തിന്നാനായി കൊന്നിട്ടുണ്ട്. എല്ലാം തയ്യാറാ
യിരിക്കുന്നു. വിവാഹസദ്യയ്ക്കു വരിക.’
5“ദാസന്മാർ പോയി ജനങ്ങളെവിളിച്ചു. പ
ക്ഷേ അവർ അതു ശ്രദ്ധിക്കുക കൂടിയുണ്ടായില്ല.
അവർ മറ്റു പ്രവർത്തികളിൽ മുഴുകി. ഒരാൾ
പാടത്തു പണിയാൻ പോയി. വേറൊരുവൻ
തന്റെ വ്യാപാരത്തിനു പോയി. 6മറ്റു ചിലരാ
കട്ടെ ദാസന്മാരെ പിടിച്ച് തല്ലിക്കൊന്നു. 7രാജാ
വ് വളരെ കോപിച്ചു. തന്റെ ദാസന്മാരെ
കൊന്നവരെ വധിക്കാൻ രാജാവ് തന്റെ സൈ
ന്യത്തെ അയച്ചു. അവരുടെ നഗരം സൈന്യം
തീ വെച്ചു.
8“അതിനുശേഷം രാജാവ് തന്റെ ഭൃത്യരോടു
പറഞ്ഞു, ‘വിവാഹസദ്യ തയ്യാറായിരിക്കുന്നു.
ഞാനവരെ ക്ഷണിച്ചു. പക്ഷേ എന്റെ സദ്യ
യ്ക്കുവരാനുള്ള യോഗ്യത അവർക്കില്ല. 9അതി
നാൽ തെരുവിന്റെ മൂലകളിലേക്കു പോയി
കാണുന്ന എല്ലാവരെയും ക്ഷണിക്കുക. അവ
രോടെല്ലാം സദ്യയ്ക്കുവരാൻ പറയുക.’ 10ദാസ
ന്മാർ തെരുവുകളിലേക്കു പോയി. അവർ കണ്ട
എല്ലാവരെയും വിളിച്ചുകൂട്ടി. നല്ലവരെയും ചീ
ത്തയാളുകളെയും അവർ സദ്യയ്ക്കു കൊണ്ടു
വന്നു. അവിടമാകെ ജനം നിറഞ്ഞു.
11“അപ്പോൾ രാജാവ് എല്ലാവരെയും കാണാ
നെത്തി. വിവാഹവേളയ്ക്കു യോജിക്കാത്തവി
ധം വസ്ത്രം ധരിച്ച ഒരാളെ രാജാവ് കണ്ടു.
12രാജാവു പറഞ്ഞു, ‘സുഹൃത്തേ, ഇവിടെവ
രാൻ നിനക്കെങ്ങനെ അനുവാദം കിട്ടി? ശരിക്കു
ള്ള വസ്ത്രം പോലും ധരിക്കാതെ.’ എന്നാൽ
അയാളൊന്നും പറഞ്ഞില്ല. 13അതിനാൽ രാജാ
വു ഭൃത്യന്മാരോടു പറഞ്ഞു, ‘ഇവന്റെ കൈയും
കാലും കെട്ടുക. എന്നിട്ട് ഇരുട്ടിലേക്കെറിയുക.

അവിടെ ആളുകൾ കരയുകയും വേദനകൊണ്ട്
പല്ലു ഞെരിക്കുകയും ചെയ്യും.’
14“അതെ, ക്ഷണിക്കപ്പെട്ടവർ അധികം. പ
ക്ഷെ തിരഞ്ഞെടുക്കപ്പെടുന്നത് ചിലർ മാത്രം.”

ചില യെഹൂദനേതാക്കൾ യേശുവിനെ കുരുക്കാൻ നോക്കുന്നു

(മർക്കൊ. 12:13-17; ലൂക്കൊ. 20:20-26)

15അപ്പോൾ യേശു ഉപദേശിച്ചിരുന്നിടത്തു നി
ന്നും പരീശന്മാർ പോയി. യേശു തെറ്റായതെ
ന്തെങ്കിലും പറഞ്ഞാൽ അവനെ പിടിക്കാൻ
അവർ തക്കം പാർത്തു. 16പരീശന്മാർ യേശുവി
നെകുരുക്കാൻ ചിലരെ അയച്ചു. തങ്ങളുടെ ചി
ല അനുയായികളെയും ഹെരോദ്യർ എന്നറിയ
പ്പെടുന്ന ചിലരെയുമാണ് അവർ അയച്ചത്.
അവർ പറഞ്ഞു, “ഗുരോ, അങ്ങ് വിശ്വസ്തനാ
യ ഒരാളാണെന്നു ഞങ്ങൾക്കറിയാം. ദൈവത്തി
ന്റെ വഴിയുടെ സത്യം നീ പഠിപ്പിക്കുന്നുവെ
ന്നും ഞങ്ങൾക്കറിയാം. ആളുകൾ നിന്നെപ്പറ്റി
എന്തുകരുതുന്നു എന്നു നീ ഭയക്കുന്നുമില്ല. എ
ല്ലാവരും നിനക്കൊരു പോലെയാണ്. 17അതി
നാൽ നിന്റെ അഭിപ്രായം പറഞ്ഞാലും. കൈ
സർക്കു കരം കൊടുക്കുന്നതു ശരിയോ തെറ്റോ?”
18എന്നാൽ അവർ തന്നെ കുരുക്കാൻ ശ്രമി
ക്കുകയാണെന്ന് യേശുവിനറിയാമായിരുന്നു.
അതിനാൽ അവൻ പറഞ്ഞു, “കപടഭക്തിക്കാ
രേ, എന്തിനാണു നിങ്ങളെന്നെ സംസാരത്തിൽ
കുടുക്കാൻ ശ്രമിക്കുന്നത്? 19കരം കൊടുക്കുന്ന
ഒരു നാണയം തരൂ.” അവർ യേശുവിനെ ഒരു
വെള്ളിനാണയം കാണിച്ചു. 20എന്നിട്ട് യേശു
ചോദിച്ചു, “ആരുടെ ചിത്രമാണിതിൽ മുദ്രണം
ചെയ്തിരിക്കുന്നത്? ആരുടെ പേരുമാണ് ഇതിൽ
മുദ്രിതമായിരിക്കുന്നത്?”
21അവർ മറുപടി പറഞ്ഞു, “കൈസരുടെ
ചിത്രവും പേരുമാണ്.”
അപ്പോൾ യേശു അവരോടു പറഞ്ഞു, “കൈ
സർക്കുള്ളതു കൈസർക്കു കൊടുത്തേക്കൂ. ദൈ
വത്തിനുള്ളതു ദൈവത്തിനും.” 22യേശുവിന്റെ
വാക്കുകൾ കേട്ടവർ അത്ഭുതപ്പെട്ടു. അവർ യേ
ശുവിനെ വിട്ടുപോയി.

ചില സദൂക്യർ യേശുവിനെ കുടുക്കാൻ നോക്കുന്നു

(മർക്കൊ. 12:18-27; ലൂക്കൊ. 20:27-40)

23അതേ ദിവസം തന്നെ ഏതാനും സദൂക്യർ
യേശുവിനെ സമീപിച്ചു. സദൂക്യർ മരണത്തി
ൽനിന്നുള്ള ഉയിർത്തെഴുന്നേല്പിൽ വിശ്വസി
ച്ചിരുന്നില്ല. അവർ യേശുവിനോടൊരു ചോദ്യം
ചോദിച്ചു. 24അവർ പറഞ്ഞു, “ഗുരോ, മോശെ
പറഞ്ഞു: വിവാഹിതനായ ഒരാൾ കുട്ടികളി
ല്ലാതെ മരിച്ചാൽ അയാളുടെ സഹോദരൻ അ
യാളുടെഭാര്യയെ വിവാഹം കഴിക്കണം. എന്നിട്ട്
മരിച്ച സഹോദരനുവേണ്ടി അവർ കുട്ടികളെ
ഉല്പാദിപ്പിക്കണം എന്ന്. 25ഞങ്ങളുടെ ഇടയിൽ
ഏഴു സഹോദരന്മാരുണ്ടായിരുന്നു. ഒന്നാമൻ
വിവാഹം കഴിച്ചു. പക്ഷേ കുട്ടികളില്ലാതെ മരി
ച്ചു.അതിനാൽ അയാളുടെ സഹോദരൻ ആ
സ്ത്രീയെ വിവാഹംകഴിച്ചു. 26എന്നാൽ രണ്ടാ
മനും കുട്ടികളുണ്ടാവാതെ മരിച്ചു. ഇതു തന്നെ
മൂന്നാമനും ബാക്കി എല്ലാ സഹോദരന്മാർക്കും
സംഭവിച്ചു. 27ഒടുവിൽ ആ സ്ത്രീയും മരിച്ചു.
28പക്ഷേ എല്ലാ സഹോദരന്മാരും അവളെ വി
വാഹംചെയ്തിരുന്നു. അതിനാൽ അവൾ ഉയിർ
ത്തെഴുന്നേറ്റു വന്നാൽ അവൾ ആരുടെ ഭാര്യാ
യിത്തീരും?”
29യേശു ഉത്തരംപറഞ്ഞു, “നിങ്ങൾക്കു മനസ്സി
ലാവില്ല. തിരുവെഴുത്തുകളിൽ എന്താണു പറ
യുന്നതെന്നു നിങ്ങൾക്കറിയില്ല. ദൈവത്തി
ന്റെ ശക്തിയെപ്പറ്റിയും നിങ്ങൾക്കറിയില്ല. 30ഉ
യിർത്തെഴുന്നേൽക്കുമ്പോൾ വിവാഹം നിലനി
ൽക്കുന്നില്ല. എല്ലാവരും സ്വർഗ്ഗത്തിലെ ദൂതന്മാ
രെപ്പോലെയാണ്. 31ഉയിർത്തെഴുന്നേല്പിനെക്കു
റിച്ചു ദൈവം നിങ്ങളോടു പറഞ്ഞിട്ടുള്ളത് നി
ങ്ങൾവായിച്ചിട്ടില്ലേ?32ദൈവം പറഞ്ഞു, ‘ഞാൻ
അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും
യാക്കോബിന്റെയും ദൈവമാണ്.’* താനവരു
ടെ ദൈവമാണെന്ന് ദൈവം പറഞ്ഞിട്ടുണ്ടെ
ങ്കിൽ അവർ യഥാർത്ഥത്തിൽമരിച്ചിട്ടില്ല. അവ
ൻ ജീവിച്ചിരിക്കുന്നവരുടെ മാത്രം ദൈവമാണ്.”
33എല്ലാവരും യേശുവിന്റെ ഉപദേശം കേട്ട്
അത്ഭുതപ്പെട്ടു.

ഏറ്റവും പ്രധാന കല്പന

(മർക്കൊ. 12:28-34; ലൂക്കൊ. 10:25-28)

34യേശു സദൂക്യരെ ഉത്തരംമുട്ടിച്ച വാർത്ത
പരീശന്മാർ കേട്ടു. അവർ യോഗം ചേർന്നു.
35ഒരു പരീശൻ മോശെയുടെ ന്യായപ്രമാണ
ത്തിൽ വിദഗ്ദനായിരുന്നു. ആ പരീശൻ യേ
ശുവിനെ പരീക്ഷിക്കാൻ ഒരു ചോദ്യം ചോദി
ച്ചു, 36“ഗുരോ, ന്യായപ്രമാണത്തിലെ ഏറ്റവും
പ്രധാനപ്പെട്ട കല്പന ഏത്?”
37യേശു മറുപടി പറഞ്ഞു, “നിങ്ങൾ കർത്താ
വായ നിങ്ങളുടെ ദൈവത്തെ സ്നേഹിക്കണം.
നിങ്ങളുടെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആ
ത്മാവോടെയും പൂർണ്ണമനസ്സോടെയും സ്നേ
ഹിക്കണം.’* 38ഇതാണ് പ്രഥമവും പരമപ്രധാന
വുമായ കല്പന. 39രണ്ടാമത്തെ കല്പന അതുപോ
ലെതന്നെ: ‘നിന്നെപ്പോലെ നിന്റെ അയൽ
ക്കാരനെയും സ്നേഹിക്കുക.’ 40ന്യായപ്രമാണം
പൂർണ്ണമായും പ്രവാചകരുടെ ലിഖിതങ്ങളിൽ
നിന്നും ഈ രണ്ടു കല്പനകളിൽ നിന്നുമുടലെ
ടുത്തതാണ്.”

യേശു പരീശന്മാരോടു ചോദ്യങ്ങൾ ചോദിക്കുന്നു

(മർക്കൊ. 12:35-37; ലൂക്കൊ. 20:41-44)

41അതുകൊണ്ട് പരീശന്മാർ ഒന്നിച്ചു കൂടിയ
പ്പോൾ യേശു അവരോട് ഒരു ചോദ്യം ചോദി
ച്ചു. 42“ക്രിസ്തുവിനെപ്പറ്റി നിങ്ങളെന്തു കരുതു
ന്നു? ആരുടെ മകനാണവൻ? പരീശന്മാർ പറ
ഞ്ഞു, “ക്രിസ്തു ദാവീദിന്റെ പുത്രൻ.”
43അപ്പോൾ യേശുപറഞ്ഞു, “പിന്നെ എങ്ങ
നെയാണു ദാവീദ് അവനെ ‘കർത്താവ്’ എന്നു
വിളിച്ചത്? ദാവീദ് പരിശുദ്ധാത്മാവിന്റെ ശ
ക്തിയിൽ സംസാരിക്കുകയായിരുന്നു.’
44‘കർത്താവ് എന്റെ കർത്താവിനോടു പറ
ഞ്ഞു,‘ഞാൻ നിന്റെ ശത്രുക്കളെ നിന്റെ കാൽ
ക്കീഴിലാക്കും വരെ എന്റെ വലതു വശത്തിരി
ക്കുക.’ *സങ്കീർത്തനങ്ങൾ 110:1*

45ദാവീദ് ക്രിസ്തുവിനെ ‘കർത്താവ്’ എന്നു
വിളിക്കുന്നു. പിന്നെങ്ങനെ അവൻ ദാവീദി
ന്റെപുത്രനാകും?” 46പരീശന്മാരിലാർക്കും യേ
ശുവിന്റെ ചോദ്യത്തിനുത്തരം കൊടുക്കാനാ
യില്ല. ആ ദിവസത്തിനു ശേഷം യേശുവിനെ

‘ഞാൻ ... ദൈവമാണ്’ ഉദ്ധരണി. പുറ.3:6 15,16.

‘നിങ്ങൾ ... സ്നേഹിക്കണം’ ഉദ്ധരണി ആവ.6:5.

കുരുക്കാൻ വേറൊരു ചോദ്യംപോലും ചോദി
ക്കാൻ ആരും ധൈര്യപ്പെട്ടില്ല.

മതനേതാക്കളെ യേശു വിമർശിക്കുന്നു

(മർക്കൊ. 12:38-40; ലൂക്കൊ. 11:37-52; 20:45-47)

23 പിന്നെ യേശു ജനക്കൂട്ടത്തോടും ശിഷ്യ
ന്മാരോടും സംസാരിച്ചു. യേശു പറഞ്ഞു,
2“മോശെയുടെ ന്യായപ്രമാണത്തെപ്പറ്റി നിങ്ങ
ളോടുപറയുന്നതിന് പരീശന്മർക്കും ശാസ്ത്രിമാ
ർക്കും അധികാരമുണ്ട്. 3അതിനാൽ നിങ്ങൾ
അവർ പറയുന്നത് അനുസരിക്കണം. അവർ
ചെ യ്യാൻ പറയുന്നതെല്ലാം നിങ്ങൾ ചെയ്യണം.
എന്നാൽ അവരുടെ ജീവിതം നിങ്ങൾ പിന്തുടര
രുത്. നിങ്ങളോട് ചെയ്യാൻ പറയുന്ന കാര്യങ്ങൾ
അവർ സ്വന്തം ജീവിതത്തിൽ പ്രാവർത്തിക
മാക്കുന്നില്ല. 4മനുഷ്യർക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന
കടുത്തചട്ടങ്ങൾ അവരുണ്ടാക്കുന്നു. ആ ചട്ട
ങ്ങളെല്ലാം മറ്റുള്ളവരിൽ അടിച്ചേല്പിക്കുന്നു. പ
ക്ഷേ അവയിലൊന്നുപോലും അനുസരിക്കാൻ
അവർ ശ്രമിക്കാറില്ല.

5“അവർ നല്ല കാര്യങ്ങൾ ചെയ്യുന്നത് എല്ലാം
മറ്റുള്ളവരെ കാണിക്കാൻ വേണ്ടിമാത്രമാണ്. തി
രുവെഴുത്തുകൾ നിറച്ചപെട്ടികൾ അവർ ചുമ
ന്നുകൊണ്ടു നടക്കുന്നു. അവർ ആ പെട്ടികൾ
വലുതാക്കി വലുതാക്കിവരുന്നു. ആളുകൾ കാ
ണത്തക്കവിധം നീണ്ട പ്രാർത്ഥനാക്കുപ്പായങ്ങ
ൾധരിച്ചു നീണ്ടപ്രാർത്ഥനകൾ അവർ നടത്തു
ന്നു.6വിരുന്നുകളിൽ ഏറ്റവും പ്രധാന ഇരിപ്പിട
ങ്ങൾ കിട്ടുവാൻ പരീശന്മാരും ശാസ്ത്രിമാരും
ആഗ്രഹിക്കുന്നു. യെഹൂദപ്പള്ളികളിലെ അതി
പ്രധാന ഇരിപ്പിടവും അവർ കൊതിക്കുന്നു.
7ചന്തസ്ഥലങ്ങളിൽ ആളുകൾ തങ്ങളെ ബഹു
മാനിക്കുന്നത് അവർക്കു ഇഷ്ടമാണ്. ആളുകൾ
തങ്ങളെ ‘ഗുരു’ എന്ന് വിളിക്കണമെന്നും അവർ
ആഗ്രഹിക്കുന്നു.

8“എന്നാൽ നിങ്ങൾ ‘ഗുരു’ എന്നു വിളിക്കപ്പെ
ടരുത്. നിങ്ങൾ സഹോദരീസഹോദരന്മാരാണ്.
നിങ്ങൾക്കു ഒരു ഗുരുവേയുള്ളു. 9ഭൂമിയിൽ നി
ങ്ങൾ ആരെയും ‘പിതാവേ’ എന്നു വിളിക്കരുത്.
നിങ്ങൾക്കു ഒരു പിതാവേയുള്ളു. അവൻ സ്വർ
ഗ്ഗത്തിലാണ്. 10‘യജമാനനെന്നും’ ആരെയും വി
ളിക്കരുത്. നിങ്ങൾക്കൊരു യജമാനനേയുള്ളൂ.’
അത് ക്രിസ്തു. 11നിങ്ങളിൽ ദാസനായിരിക്കുന്ന
വനാണ് ശ്രേഷ്ഠൻ. 12സ്വയം ഉയർത്തുന്നവൻ
താഴ്ത്തപ്പെടും. സ്വയം താഴ്ത്തുന്നവൻ ഉയർത്ത
പ്പെടും.

13“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം. കപടഭക്തിക്കാരാണു നിങ്ങൾ. സ്വർഗ്ഗ
രാജ്യത്തിലേക്കു പ്രവേശിക്കാനാഗ്രഹിക്കുന്ന ജ
നങ്ങളുടെ വഴി നിങ്ങൾ അടയ്ക്കുന്നു. നിങ്ങൾ
പ്രവേശിക്കുകയുമില്ല. അതിനു ശ്രമിക്കുന്നവരെ
തടയുകയും ചെയ്യുന്നു. 14*

15“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം. കപടഭക്തിക്കാരാണു നിങ്ങൾ. നിങ്ങ
ളുടെമാർഗ്ഗം പിന്തുടരുന്ന ഒരാളെയെങ്കിലും കാ
ണാൻ നിങ്ങൾ കടലുകളിലൂടെയും രാജ്യങ്ങ
ളിലൂടെയും സഞ്ചരിക്കുന്നു. അവനെ നിങ്ങൾ
കണ്ടെത്തിയാൽ അവനെ നിങ്ങളെക്കാൾ ദുഷി
ച്ചവനാക്കും. നരകവുമായി ബന്ധപ്പെട്ട നി
ങ്ങൾ അത്ര ദുഷ്ടരാണ്.

16“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം.ആളുകളെ നയിക്കുന്ന അന്ധരാണു നി
ങ്ങൾ. നിങ്ങൾപറയുന്നു, ‘ആരെങ്കിലും ദൈവാ
ലയത്തെപ്രതി ആണയിട്ടാൽ കുഴപ്പമില്ല. എ
ന്നാൽ അതിലെ സ്വർണ്ണത്തെച്ചൊല്ലിയാണെ
ങ്കിൽ ആ സത്യം പാലിക്കേണ്ടിവരും.’ 17അന്ധ
രായ വിഡ്ഢികളേ, ഏതാണ് മഹനീയം: സ്വർ
ണ്ണമോ? ദൈവാലയമോ? ദൈവാലയം സ്വർണ്ണ
ത്തെ വിശുദ്ധമാക്കുന്നു. അതിനാൽ ദൈവാലയ
മാണ് മഹനീയം. 18യാഗപീഠത്തെപ്രതി ആണ
യിട്ടാലും കുഴപ്പമില്ല. എന്നാൽ യാഗപീഠത്തി
ലെ വഴിപാടിനെ പ്രതി ആണയിട്ടാൽ അയാൾ
അതു പാലിക്കേണ്ടതുണ്ട്’ എന്നും നിങ്ങൾ പറ
യുന്നു. 19അന്ധരേ, നിങ്ങൾ ഒന്നും മനസ്സിലാക്കു
ന്നില്ല. ഏതാണു മഹനീയം: വഴിപാടോ, യാഗ
പീഠമോ? വഴിപാടിനെ പരിശുദ്ധമാക്കുന്നത്
യാഗപീഠമാണ്. അതിനാൽ യാഗപീഠമാണ് മ
ഹനീയം. 20യാഗപീഠത്തെ പ്രതി ആണയിടു
ന്നവൻ യാഗപീഠത്തെയും അതിലുള്ളവയും ഉ
പയോഗിക്കുന്നു. 21ദൈവാലയത്തെച്ചൊല്ലി
ആണയിടുന്നവൻ യഥാർത്ഥത്തിൽ ദൈവാല
യവും അതിൽ വസിക്കുന്നവനെയും ഉപയോ
ഗിക്കുന്നു. 22സ്വർഗ്ഗത്തെച്ചൊല്ലി ആണയിടുന്ന
വൻ ദൈവത്തിന്റെ സിംഹാസനവും അതിലി
രിക്കുന്നവനെയും ഉപയോഗിക്കുന്നു.

23“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം. കപടഭക്തിക്കാരാണു നിങ്ങൾ. നിങ്ങൾ
നിങ്ങൾക്കുള്ളതിന്റെ പത്തിലൊന്ന് ദൈവ
ത്തിനു കൊടുക്കുന്നു. എന്തിന് തുളസി, ചതകു
പ്പ, ജീരകം എന്നിവ പോലും. എന്നാൽ നിങ്ങൾ
ന്യായപ്രമാണത്തിലെ പ്രധാന ഉപദേശങ്ങൾ
നീതി, കരുണ, വിശ്വാസം, എന്നിവ അനുസ
രിക്കുന്നില്ല. ഇവയെല്ലാം നിങ്ങൾ ചെയ്യേണ്ട
വയാണ്. മറ്റുള്ള കാര്യങ്ങളും നിങ്ങൾ തുടർന്നും
ചെയ്യേണ്ടതുണ്ട്. 24നിങ്ങൾ അന്ധരായ വഴികാ
ട്ടികൾ! നിങ്ങൾ പാനീയത്തിൽനിന്നും ചെറു
കീടത്തെ അരിച്ചെടുക്കുകയും ഒട്ടകത്തെ വിഴു
ങ്ങുകയും ചെയ്യുന്നവനെപ്പറ്റി ഓർക്കുക. നിങ്ങ
ളും അവനെപ്പോലെയാണ്.

25“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം. കപടഭക്തിക്കാരാണു നിങ്ങൾ. നിങ്ങൾ
ചഷകങ്ങളുടെയും പാത്രങ്ങളുടെയും പുറം ക
ഴുകുന്നു. അവയുടെ അകമാകട്ടെ കൊള്ളയു
ടെയും ആത്മനിയന്ത്രണമില്ലായ്മയുടെയും ഫ
ലമായ കാര്യങ്ങളാൽ നിറഞ്ഞിരിക്കുന്നു. 26അ
ന്ധരായ പരീശന്മാരേ, ആദ്യം ചഷകങ്ങളുടെ
അകം വൃത്തിയാക്കുക.അപ്പോൾ അവയുടെ പു
റം താനേ വൃത്തിയായിക്കൊള്ളും.

27“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം. കപടഭക്തിക്കാരാണു നിങ്ങൾ. വെള്ള
പൂശിയശവക്കല്ലറകൾ പോലെയാണു നിങ്ങൾ.
ആ ശവക്കല്ലറകളുടെപുറം മനോഹരമാണ്. അ
കമാകട്ടെ മരിച്ചവരുടെ അസ്ഥികൾ കൊണ്ട്
നിറഞ്ഞിരിക്കും. എല്ലാവിധ വൃത്തികേടുകളും
അതിനുള്ളിലുണ്ടാവും. 28നിങ്ങളും അതുപോ
ലെതന്നെയാണ്. നിങ്ങളെ കാണുന്നവർ പറ
യും നിങ്ങൾ നല്ലവരാണെന്ന്. എന്നാൽ നിങ്ങ
ളുടെ ഉള്ളിലാകെ കാപട്യവും ദുഷ്ടതയും നിറ
ഞ്ഞിരിക്കുന്നു.

29“ശാസ്ത്രിമാരേ, പരീശന്മാരേ, നിങ്ങൾക്കു
കഷ്ടം. കപടഭക്തിക്കാരാണു നിങ്ങൾ. നിങ്ങൾ

വാക്യം 14 ചില ഗ്രീക്കു പതിപ്പുകളിൽ, പതിനാലാം വാക്യത്തിൽ കപടഭക്തിക്കാരായ ശാസ്ത്രികളും പരീശന്മാരുമേ നിങ്ങൾക്കു ഹാകഷ്ടം. നിങ്ങൾ ദീര ഘമായി പ്രാർത്ഥിക്കുകയും വിധവമാരുടെ വീടു കൾ വിഴുങ്ങിക്കളയുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾക്കു വലിയ ശിക്ഷാവിധി ഉണ്ടാകും എന്നു കൂടെ കാണുന്നു. ഇവ നോക്കുക. മർക്കോ. 12:40, ലൂക്കോ. 20:47.

പ്രവാചകർക്കു ശവകല്ലറകൾ നിർമ്മിക്കുന്നു.
നല്ലവരായി ജീവിച്ചിരുന്നവരെ കല്ലറകളിൽ മാ
നിക്കുന്നു. 30എന്നിട്ട് നിങ്ങൾ പറയുന്നു, 'ഞങ്ങ
ളുടെ പിതാക്കന്മാരുടെ കാലത്ത് ഞങ്ങൾ ജീവി
ച്ചിരുന്നുവെങ്കിൽ ഈ പ്രവാചകരെ കൊല്ലുന്ന
തിൽ ഞങ്ങൾ പങ്കു വഹിക്കില്ലായിരുന്നു.' 31പ്ര
വാചകരെ കൊന്നവരുടെ പിന്മുറക്കാരാണു നി
ങ്ങളെന്നു നിങ്ങൾ തന്നെ തെളിയിക്കുന്നു. 32നി
ങ്ങളുടെ പൂർവ്വികർ തുടങ്ങിവെച്ച പാപം നി
ങ്ങൾ പൂർത്തീകരിക്കും.

33"പാമ്പുകളേ, നിങ്ങൾ വിഷപ്പാമ്പുകളുടെ
കുടുംബക്കാരാണ്. ദൈവത്തിൽനിന്നും നി
ങ്ങൾ രക്ഷപ്പെടില്ല. നിങ്ങളെല്ലാം തെറ്റുകാരാ
യി വിധിക്കപ്പെട്ട് നരകത്തിലേക്കെറിയപ്പെടും!
34അതിനാൽ ഞാൻ നിങ്ങളോടിതു പറയുന്നു:
ഞാൻ നിങ്ങളുടെയിടയിലേക്കു പ്രവാചകരെ
യും ജ്ഞാനികളെയുംഉപദേശകരെയും നിയോ
ഗിക്കുന്നു. അവരിൽ ചിലരെ നിങ്ങൾ വധിക്കും,
ക്രൂശിക്കും. നിങ്ങളുടെ യെഹൂദപ്പള്ളികളിൽ നി
ങ്ങളവരിൽ ചിലരെ മർദ്ദിക്കും. അവരെ ഗ്രാമ
ങ്ങളിൽനിന്ന് ഗ്രാമങ്ങളിലേക്ക് ഓടിക്കും. 35അ
തിനാൽ ഭൂമിയിൽ കൊല്ലപ്പെട്ട എല്ലാ നീതിമാ
ന്മാരുടേയും മരണത്തിൽ നിങ്ങൾ കുറ്റവാളിക
ളാണ്. നീതിമാനായ ഹാബേലിൻെറ മരണത്തി
ന് നിങ്ങൾ കുറ്റവാളികളാണ്. ബെരെഖ്യാവി
ൻെറ പുത്രനായ സെഖര്യാവിൻെറ കൊലപാ
തകത്തിൽ നിങ്ങൾ കുറ്റവാളികളാണ്. ദൈവാ
ലയത്തിനും യാഗപീഠത്തിനുമിടയിലാണവൻ
കൊല്ലപ്പെട്ടത്. ഹാബേലിൻെറയും സെഖര്യാ
വിൻെറയും കാലത്തിനിടയിൽ ജീവിച്ചിരുന്ന
എല്ലാ നീതിമാന്മാരുടെയും കൊലപാതക
ത്തിൽ നിങ്ങൾ കുറ്റവാളികളാണ്. 36ഞാൻ
നിങ്ങളോടു സത്യമായി പറയാം. ഇതെല്ലാം
ഈ തലമുറക്കാരായ നിങ്ങളിൽ വന്നു പതിക്കും.

യെരൂശലേംകാർക്കു മുന്നറിയിപ്പ് നൽകുന്നു

(ലൂക്കൊ. 13:34-35)

37"അല്ലയോ യെരൂശലേമേ, യെരൂശലേമേ, നീ
പ്രവാചകരെ കൊല്ലുന്നു. ദൈവം നിന്നിലേ
ക്കയച്ചവരെ നീ കല്ലെറിയുന്നു. പലവട്ടം നി
ൻെറ ജനതയെ രക്ഷിക്കാൻ ഞാനാശിച്ചു. നി
ൻെറജനതയെ കോഴി തൻെറകുഞ്ഞുങ്ങളെ ചി
റകിനടിയിൽ വിളിച്ചുകൂട്ടും പോലെ സംഘടി
പ്പിക്കാൻ ഞാനാശിച്ചു. പക്ഷേ നിങ്ങളെന്നെ
അതിനനുവദിച്ചില്ല. 38ഇപ്പോൾ നിൻെറ വീട്
പൂർണ്ണമായും ശൂന്യമായിരിക്കുന്നു. 39'കർത്താ
വിൻെറ നാമത്തിൽ വരുന്നവൻ അനുഗ്രഹീ
തൻ'* എന്നു നിങ്ങൾ പറയുന്നതുവരെ,
നിങ്ങൾ എന്നെ കാണുകയില്ല എന്നു ഞാൻ
നിങ്ങളോടു പറയുന്നു."

ദൈവാലയ നശീകരണം

(മർക്കൊ. 13:1-31; ലൂക്കൊ. 21:5-33)

24 യേശു ദൈവാലയം വിട്ടുപോകുകയാ
യിരുന്നു. പക്ഷേ അവൻെറ ശിഷ്യന്മാർ
ദൈവാലയത്തിൻെറ എടുപ്പുകൾ അവനെ കാ
ണിക്കാൻ വന്നു. 2യേശു ശിഷ്യന്മാരോടു ചോദി
ച്ചു, "ഈ എടുപ്പുകൾ കാണുന്നില്ലേ? ഞാൻ
നിങ്ങളോടു സത്യമായി പറയുന്നു. ഈ എടുപ്പു
കളെല്ലാം നശിപ്പിക്കപ്പെടും. ഓരോ കല്ലും എടു
ത്തെറിയപ്പെടും. ഒരു കല്ലും മറ്റൊന്നിൻെറമേൽ
ഇരിക്കുകയില്ല."

3പിന്നീട് യേശു ഒലിവുമലയിലൊരിടത്തി
രിക്കുകയായിരുന്നു. അവനോടൊപ്പം തനിച്ച്
ഇരിക്കാൻ ശിഷ്യന്മാരും വന്നു. അവർ ചോദി
ച്ചു,"ഇതെല്ലാമെപ്പോൾ സംഭവിക്കുമെന്നു ഞങ്ങ
ളോടു പറയൂ. നിൻെറ അടുത്ത വരവിൻെറയും
ലോകാവസാനത്തിൻെറയും സമയം സൂചിപ്പി
ക്കുന്ന അടയാളം എന്താണെന്നു പറയൂ."

4യേശു മറുപടി പറഞ്ഞു: "സൂക്ഷിച്ചിരിക്കു
ക. ആരും നിങ്ങളെ വഴിതെറ്റിക്കാൻ ഇട കൊടു
ക്കരുത്. 5പലരും എൻെറപേരിൽ വരും. അവർ
പറയും, 'ഞാനാണ് ക്രിസ്തു' എന്ന്. അവർ
പലരെയും വഴിതെറ്റിക്കും. 6നിങ്ങൾ യുദ്ധങ്ങ
ളെപ്പറ്റി കേൾക്കും. യുദ്ധങ്ങളെപ്പറ്റിയുള്ള കഥ
കളും കേൾക്കും. പക്ഷേ ഭയപ്പെടാതിരിക്കുക.
ഈ കാര്യങ്ങളെല്ലാം സംഭവിക്കാനുള്ളതാകുന്നു.
പക്ഷേ അവസാനം ഇനിയും വിദൂരത്തിൽ ത
ന്നെ. 7രാജ്യങ്ങൾ അന്യോന്യം പട പൊരുതും.
ജനത ജനതയോടു യുദ്ധം ചെയ്യും. കടുത്ത ഭ
ക്ഷ്യക്ഷാമത്തിൻെറ കാലം വരും. പലയി ടത്തും
ഭൂകമ്പങ്ങളുണ്ടാകും. 8ഇതൊക്കെ ഒരു പുതുപ്പി
റവിയുടെ പ്രാരംഭ വേദനകളാണ്.

9"അപ്പോൾ ജനങ്ങൾ നിങ്ങളോടു മോശമാ
യിപെരുമാറും. അവർ നിങ്ങളെ ഉപദ്രവിക്കുവാ
ൻ ഭരണാധികാരികളെ ഏല്പിച്ചു കൊടുക്കുക
യും കൊല്ലുകയും ചെയ്യും. എല്ലാവരും നിങ്ങളെ
വെറുക്കും. കാരണം നിങ്ങൾ എന്നിൽ വിശ്വസി
ച്ചവരാണ്. 10ആ സമയം പല വിശ്വാസികൾ
ക്കും തങ്ങളുടെ വിശ്വാസം നഷ്ടപ്പെടും. അവർ
പരസ്പരം തിരിയുകയും വെറുക്കുകയും ചെ
യ്യും. 11പല വ്യാജപ്രവാചകന്മാരും വരും. അവർ
പലരേയും വഴിതെറ്റിക്കും. 12ലോകത്ത് അധർ
മ്മം പെരുകും. അതിനാൽ മിക്കവാറും വിശ്വാ
സികളുടെയും സ്നേഹം തണുത്തു പോകും.
13പക്ഷേ അവസാനംവരെ അടിയുറച്ചു നിൽ
ക്കുന്നവൻ രക്ഷിക്കപ്പെടും. 14ദൈവരാജ്യത്തെപ്പ
റ്റിയുള്ള സുവിശേഷം ലോകമെങ്ങും പ്രസംഗി
ക്കപ്പെടും. എല്ലാ രാജ്യങ്ങളിലും സുവിശേഷം
പ്രചരിക്കപ്പെടും. പിന്നീട് അന്ത്യമെത്തും.

15'വിനാശത്തിൻെറ ഭീകരതയെപ്പറ്റി' "പ്രവാ
ചകനായ ദാനീയേൽ പറഞ്ഞിട്ടുണ്ട്. ദൈവാല
യത്തിൽ ശൂന്യമാക്കുന്ന മ്ളേച്ഛത നിൽക്കുന്ന
ത് നിങ്ങൾ കാണും." (ഇത് വായിക്കുന്നവൻ
മനസ്സിലാക്കട്ടെ). 16"ആ സമയം യെഹൂദ്യക്കാർ
മലമുകളിലേക്കോടണം. 17പുരപ്പുറത്തു നിൽക്കു
ന്നവൻ തൻെറ വീട്ടുനുള്ളിൽ കയറി എന്തെ
ങ്കിലും എടുക്കാൻ തുനിയരുത്. 18വയലിൽ നിൽ
ക്കുന്നവൻ മേലങ്കിക്കായി വീട്ടിൽ വരരുത്. 19ആ
സമയം ഗർഭിണികൾക്കും കൊച്ചുകുട്ടികളുള്ള
സ്ത്രീകൾക്കും കഷ്ടം. 20നിങ്ങളുടെ ഓട്ടം ശീത
കാലത്തോ ശബ്ബത്തുദിവസമോ സംഭവിക്കാതി
രിക്കാൻ പ്രാർത്ഥിക്കുക. 21എന്തെന്നോ? വലിയ
ക്ലേശത്തിൻെറ സമയമായിരിക്കുമത്. ലോകാരം
ഭത്തിനുശേഷം ഉണ്ടായിട്ടുള്ള ഏറ്റവും വലിയ
ദുരിതമാണന്നുണ്ടാവുക. അതിലും മോശമായ
ത് ഒരിക്കലും സംഭവിക്കുകയുമില്ല. 22ആ ഭീകര
സമയം ചെറുതായിരിക്കുമെന്ന് ദൈവം തീരുമാ
നിച്ചിട്ടുണ്ട്. ആസമയം കുറിച്ചിട്ടില്ലെങ്കിൽ ഒരു
ത്തനും അവശേഷിക്കില്ല. എന്നാൽ താൻ തിര
ഞ്ഞെടുത്തവരെ രക്ഷിക്കാൻ ദൈവം ആസമയം
വെട്ടിച്ചുരുക്കും. 23ആ സമയം ആരെങ്കിലുമൊ
രാൾ നിങ്ങളോടു പറഞ്ഞേക്കാം, 'നോക്കൂ, ഇതാ
ക്രിസ്തു' മറ്റൊരുത്തൻ പറഞ്ഞേക്കാം. 'അതാ
അവൻ, പക്ഷേ അവരെ വിശ്വസിക്കരുത്. 24വ്യാ
ജപ്രവാചകരും വ്യാജക്രിസ്തുക്കളും വരികയും

കർത്താവിൻെറ ... അനുഗ്രഹീതൻ ഉദ്ധരണി. സങ്കീ.118:26.

മഹത്തായ കർമ്മങ്ങളും അത്ഭുതങ്ങളും പ്രവർ
ത്തിക്കുകയും ചെയ്യും. ദൈവം തിരഞ്ഞെടുത്ത
വരോടാവും അവരിതു ചെയ്യുക. പറ്റുമെങ്കിൽ
അവന്റെ ആളുകളെ വിഡ്ഢികളാക്കുകയാ
ണ് അവരുടെ ലക്ഷ്യം. **25**ഇപ്പോൾ ഞാൻ അതൊ
ക്കെ സംഭവിക്കുന്നതിനുമുമ്പു തന്നെ നിങ്ങൾക്ക
റിയിപ്പു തന്നിട്ടുണ്ട്.

26“അതാ ക്രിസ്തു മരുഭൂമിയിൽ എന്നു ചിലർ
നിങ്ങളോടു പറഞ്ഞേക്കാം. പക്ഷേ വിശ്വസിച്ച്
യേശുവിനെ കാണാൻ മരുഭൂമിയിലേക്കു പോക
രുത്. വേറൊരുത്തൻ ‘അതാ ക്രിസ്തു മുറിയിൽ’
എന്നും പറഞ്ഞേക്കാം. പക്ഷേ അതു വിശ്വസി
ക്കരുത്. **27**മനുഷ്യപുത്രൻ എല്ലാവർക്കും ദൃശ്യനാ
യാണു വരിക. എല്ലായിടങ്ങളിലും എല്ലാവരും
കാണുന്ന രീതിയിൽ ആകാശത്തു മിന്നൽപ്പി
ണർ പോലെ അവൻ വരും. **28**കഴുകന്മാർ വട്ട
മിട്ടു പറക്കുന്നതെവിടെയോ അവിടെ ശവമു
ണ്ട് എന്ന് നിങ്ങളറിയുന്നതുപോലെ എല്ലാവരും
അറിഞ്ഞുകൊണ്ടായിരിക്കും ഞാൻ വരിക.
29ആ ദിവസങ്ങളുടെ കഷ്ടപ്പാടുകൾ കഴിഞ്ഞ
യുടനെ ഇങ്ങനെ സംഭവിക്കും:

‘സൂര്യൻ ഇരുളും, ചന്ദ്രനുപ്രകാശം കിട്ടില്ല.
നക്ഷത്രം ആകാശത്തുനിന്നും പതിക്കും, ആകാ
ശത്ത് എല്ലാറ്റിനും മാറ്റം വരും.’

യെശയ്യാവ് 13:10; 34, 4

30“ആ സമയം മനുഷ്യപുത്രന്റെ വരവിനെ
കാണിക്കുന്ന അടയാളങ്ങൾ ആകാശത്തു ദൃശ്യ
മാകും. ലോകത്തിലെ എല്ലാ ജനതയും നിലവി
ളിക്കും. മനുഷ്യപുത്രൻ ആകാശത്തു മേഘങ്ങ
ളിൽ വരുന്നതെല്ലാവരും കാണും. മനുഷ്യപുത്രൻ
ശക്തിയോടെയും ഏറെ മഹത്വത്തോടെയും
വരും. **31**ഉച്ചത്തിലുള്ള കാഹളശബ്ദത്തോടെ
അവൻ ദൂതന്മാരെ അയയ്ക്കും. എല്ലാ ഭാഗത്തു
നിന്നും അവന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ ദൂ
തന്മാർ വിളിച്ചു കൂട്ടും.

32“അത്തിമരം നമ്മെ പഠിപ്പിക്കുന്ന പാഠമുണ്ട
ല്ലോ; അത്തിമരക്കൊമ്പുകൾ പച്ചയും മൃദുവുമാ
കുകയും ഇലകൾ മുളച്ചു തുടങ്ങുകയും ചെയ്യു
മ്പോൾ നിങ്ങൾ പറയും വേനൽ വരവായെന്ന്.
33അതുപോലെ തന്നെ സംഗതികൾ സംഭവിക്കു
ന്നതു കാണുമ്പോൾ സമയം വാതിലിനടുത്തെ
ത്തിയെന്നു നിങ്ങളും അറിയും.**34**ഞാൻ നിങ്ങ
ളോടു സത്യമായി പറയട്ടെ, ഈ തലമുറയിലെ
ജനങ്ങൾ ജീവിച്ചിരിക്കെത്തന്നെ ഇതൊക്കെ
സംഭവിക്കും! **35**ലോകവും ആകാശവും ഭൂമിയും
നശിപ്പിക്കപ്പെട്ടേക്കാം. പക്ഷേ എന്റെ വാക്കു
കൾ അനശ്വരങ്ങളാണ്.

സമയം ദൈവത്തിനേ അറിയൂ

(മർക്കൊ. 13:32-37; ലൂക്കൊ. 17:26-30, 34-36)

36“ആ ദിവസമോ സമയമോ ആർക്കുമറിയി
ല്ല. പുത്രനോ ദൂതന്മാർക്കോ അതറിയില്ല. പിതാ
വിനുമാത്രമേ അതറിയൂ. **37**മനുഷ്യപുത്രൻ വരു
മ്പോൾ നോഹയുടെ കാലത്തേതുപോലെ ത
ന്നെയായിരിക്കും സംഭവിക്കുക. **38**ആ കാലത്ത്
പ്രളയത്തിനുമുമ്പ് ആളുകൾ തിന്നുകയും കുടി
ക്കുകയുമായിരുന്നു. അവർ വിവാഹം കഴിക്കു
കയും മക്കളെ വിവാഹം കഴിപ്പിക്കുകയും ചെ
യ്തിരുന്നു. നോഹ പെട്ടകത്തിൽ കയറും വരെ
അവരതു തുടർന്നു. **39**സംഭവിക്കുന്നതിനെപ്പറ്റി
യൊന്നും അവരറിഞ്ഞിരുന്നില്ല. പക്ഷേ അ
പ്പോൾ പ്രളയം വന്ന് എല്ലാവരും നശിപ്പിക്കപ്പെ
ട്ടു. മനുഷ്യപുത്രൻ വരുമ്പോഴും അങ്ങനെ
തന്നെയായിരിക്കും. **40**വയലിൽ പണിയുന്ന
രണ്ടു പേരിൽ ഒരാളെ ഉപേക്ഷിച്ച് മറ്റെയാളെ
എടുത്തുകൊണ്ടു പോകും. **41**ധാന്യം കുത്തുന്ന
രണ്ടു സ്ത്രീകളിലൊരുവളെ വിട്ട് മറ്റവളെ എടു
ത്തു കൊണ്ടുപോകും.

42“അതുകൊണ്ട് എപ്പോഴും തയ്യാറായിരി
ക്കുക. നിങ്ങളുടെ കർത്താവ് വരുന്ന ദിവസം
നിങ്ങൾക്കറിയില്ല. **43**ഇത് ഓർമ്മിക്കുക: കള്ളൻ
വരുന്നസമയം ഉടമസ്ഥനറിയാമെങ്കിൽ അ
യാൾ അവന്റെ വരവുകാത്തിരിക്കും. അയാൾ
കാവലിരുന്ന് കള്ളനെ തടയും. **44**അതിനാൽ
നിങ്ങളും തയ്യാറായിരിക്കുക. അപ്രതീക്ഷിതമാ
യിരിക്കും മനുഷ്യപുത്രന്റെ വരവ്.

നല്ല ദാസനും ദുഷ്ട ദാസനും

(ലൂക്കൊ. 12:41-48)

45“ആരാണ് വിശ്വസ്തനും ബുദ്ധിമാനുമായ
ദാസൻ? മറ്റു ദാസന്മാർക്ക് യഥാസമയം ഭക്ഷ
ണം കൊടുക്കുവാൻ യജമാനൻ ഒരു ദാസനെ
ഏല്പിക്കുന്നു. യജമാനൻ ആ ജോലി വിശ്വാസ
പൂർവ്വം ഏല്പിക്കുന്ന ദാസൻ ആരാണ്? **46**യജമാ
നൻ വരുമ്പോൾ ഏല്പിച്ച ജോലി ചെയ്തുകൊ
ണ്ടിരിക്കുന്ന ദാസൻ സന്തോഷിക്കും. **47**ഞാൻ
നിങ്ങളോടു സത്യമായി പറയട്ടെ. യജമാനനു
ള്ളതു മുഴുവൻ പരിപാലിക്കാൻ അയാൾ ആ
ദാസനെ നിയോഗിക്കും. **48**എന്നാൽ ആ ദാസൻ
ദുഷ്ടനും യജമാനൻ ഉടനെയെങ്ങും മടങ്ങിവ
രില്ലെന്നു കരുതുന്നവനുമാണെങ്കിൽ എന്തു സം
ഭവിക്കും ?**49**ആ ദാസൻ അപ്പോൾ മറ്റു ദാസ
ന്മാരെ മർദ്ദിക്കാൻ തുടങ്ങും. അവൻ തന്റെ
ഇഷ്ടക്കാരായ മറ്റ് കുടിയന്മാരോടൊത്ത് തിന്നു
കയും കുടിക്കുകയും ചെയ്യും. **50**അപ്പോൾ അവ
ൻ തയ്യാറായിരിക്കാത്ത സമയം യജമാനൻ വ
രും. ദാസൻ യജമാനനെ പ്രതീക്ഷിക്കാത്ത സമ
യമായിരിക്കും അത്.**51**അപ്പോൾ യജമാനൻ ദാ
സനെ ശിക്ഷിക്കും. യജമാനൻ അവനെ കപ
ടഭക്തിക്കാരുടെ കൂടെ ഇടും. അവിടെ ആളുകൾ
കരയുകയും വേദനകൊണ്ട് പല്ലുകടിക്കുകയും
ചെയ്യും.

പത്തു കന്യകമാരുടെ കഥ

25 “മണവാളന്റെ വരവിനുവേണ്ടി കാത്തി
രിക്കാൻ പോയ പത്തു കന്യകമാരെപ്പോ
ലെയാണ് സ്വർഗ്ഗരാജ്യം. അവർ തങ്ങളുടെ വിള
ക്കും കൊണ്ടുവന്നിരുന്നു. **2**അവരിൽ അഞ്ചു
കന്യകമാർ ബുദ്ധിഹീനരായിരുന്നു. അഞ്ചു
പേർ ബുദ്ധിമതികളും. **3**മണ്ടികളായ കന്യക
മാർ വിളക്കിനോടൊപ്പം ആവശ്യമായ എണ്ണ
കൊണ്ടുവന്നിരുന്നില്ല. **4**ബുദ്ധിമതികൾ വിളക്കി
നോടൊപ്പം അവരുടെ പാത്രങ്ങളിൽ കൂടുതൽ
എണ്ണയും കൊണ്ടുവന്നിരുന്നു. **5**മണവാളൻ വ
രാൻ വളരെവൈകി. കന്യകമാർ എല്ലാവരും
ക്ഷീണിച്ച് ഉറങ്ങിത്തുടങ്ങി.

6“അർദ്ധരാത്രിയിൽ ആരോ വിളിച്ചു പറ
ഞ്ഞു, ‘ഇതാ മണവാളൻവരുന്നു, വന്ന് അവനെ
സന്ധിക്കുക.’

7“അപ്പോൾ എല്ലാ കന്യകമാരും എഴുന്നേറ്റു.
അവർ തങ്ങളുടെ വിളക്കുകൾ കത്തിച്ചു. **8**ബു
ദ്ധിഹീനരായ കന്യകമാർ ബുദ്ധിമതികളായ ക
ന്യകമാരോടു പറഞ്ഞു, ‘ഞങ്ങളുടെ വിളക്കി
ലെ എണ്ണതീർന്നു. നിങ്ങളുടെ എണ്ണ കുറച്ചു
തരൂ.’

9“ബുദ്ധിമതികൾ പറഞ്ഞു, ‘ഇല്ല! നിങ്ങൾ
ക്കും ഞങ്ങൾക്കും മതിയായ എണ്ണയില്ലാത്ത പ്ര
തിസന്ധിയിലാകും ഞങ്ങൾ. പോയി എണ്ണക്ക

ച്ചവടക്കാരിൽനിന്നും നിങ്ങൾക്കാവശ്യമായ
എണ്ണ വാങ്ങിക്കൊണ്ടുവരിക.'
10"അതിനാൽ ബുദ്ധിഹീനരായ കന്യകമാർ
എണ്ണ വാങ്ങാൻ പോയി. അവർ പോയപ്പോൾ
മണവാളൻ വന്നു. അപ്പോൾ തയ്യാറായിരുന്ന
വർ അവനോടൊത്തു വിവാഹസദ്യയ്ക്കു പോ
യി. അപ്പോൾ വാതിലടച്ചു കുറ്റിയിടപ്പെട്ടു.
11"പിന്നീട് മറ്റ് കന്യകമാരെത്തി. അവർ പറ
ഞ്ഞു, 'കർത്താവേ, കർത്താവേ, ഞങ്ങൾക്കായി
വാതിൽ തുറക്കൂ, ഞങ്ങൾ അകത്തു കയറട്ടെ.'
12"പക്ഷേ മണവാളൻ പറഞ്ഞു, 'ഞാൻ നിങ്ങ
ളോടു സത്യമായി പറയുന്നു, എനിക്കു നിങ്ങ
ളെ അറിയില്ല.' **13**"അതിനാൽ എപ്പോഴും തയ്യാ
റായിരിക്കുക. മനുഷ്യപുത്രൻ എന്ന് എപ്പോൾ
വരുമെന്ന് നിങ്ങൾക്കറിയില്ല.

മൂന്നു ഭൃത്യന്മാരുടെ കഥ
(ലൂക്കൊ. 19:11-27)

14"ഒരു സ്ഥലം സന്ദർശിക്കാൻ പോകുന്ന ഒരാ
ളെപ്പോലെയാണു സ്വർഗ്ഗരാജ്യം. പോകും മുമ്പ്
അയാൾ തന്റെ ദാസന്മാരോടു സംസാരിച്ചു.
താൻ പോകുമ്പോൾ തന്റെ സാധനങ്ങൾ സംര
ക്ഷിക്കണമെന്ന് അയാൾ അവരോടു പറഞ്ഞു.
15അതിൽ ഓരോരുത്തരുടേയും കഴിവിനനുസൃത
മായി ഒരാൾക്ക് അയാൾ അഞ്ചു പണസഞ്ചി
കൾ കൊടുത്തു. മറ്റൊരാൾക്ക് രണ്ടും മൂന്നാമന്
ഒന്നും പണസഞ്ചി നൽകി. എന്നിട്ടയാൾ പോ
യി. **16**അഞ്ചു പണസഞ്ചി കിട്ടിയവൻ അതുടൻ
വ്യാപാരത്തിനായി ഉപയോഗിച്ചു. അഞ്ചുസ
ഞ്ചിപണം കൂടിയുണ്ടാക്കി. **17**രണ്ടു സഞ്ചി പ
ണം കിട്ടിയവനും അതുപയോഗിച്ച് രണ്ടു സ
ഞ്ചിപണം കൂടിയുണ്ടാക്കി. **18**എന്നാൽ ഒരു സ
ഞ്ചിപണം കിട്ടിയവൻ കുഴികുത്തി തന്റെ യജ
മാനന്റെ പണം അതിലിട്ടു. **19**വളരെക്കാലത്തി
നുശേഷം യജമാനൻ തിരിച്ചു വന്നു. തന്റെ
പണം കൊണ്ട് എന്തു ചെയ്തുവെന്ന് അയാൾ
ഓരോരുത്തരോടും ചോദിച്ചു. **20**അഞ്ചു സഞ്ചി
പണംകിട്ടിയവൻ അഞ്ചെണ്ണം കൂടി യജമാനനു
കാഴ്ചവച്ചു. അവൻ പറഞ്ഞു, 'യജമാനനേ,
അഞ്ചുസഞ്ചി പണമാണ് അങ്ങ് എന്നെ സൂ
ക്ഷിക്കാൻ ഏല്പിച്ചത്. ഞാനതുകൊണ്ട് അഞ്ചു
കൂടി സമ്പാദിച്ചു.'
21"യജമാനൻ മറുപടി പറഞ്ഞു, 'നീ ചെയ്ത
താണു ശരി. നീ വിശ്വസ്തനായ ദാസൻ ത
ന്നെ. ആ ചെറിയതുക നീ നന്നായി വിനി
യോഗിച്ചു. അതുകൊണ്ട് ഞാൻ നിനക്കു അല്പം
കൂടി വലിയ സംഗതികൾ ചെയ്യാനുള്ള ഉത്തര
വാദിത്വം തരുന്നു. വന്ന് എന്റെ സന്തോഷ
ത്തിൽ പങ്കെടുക്കുക.
22"അപ്പോൾ രണ്ട് പണസഞ്ചി ഏല്പിക്കപ്പെട്ട
വനും എത്തി. അവൻ പറഞ്ഞു, 'യജമാനനേ
അങ്ങ് രണ്ട് സഞ്ചി പണം എന്നെ ഏല്പിച്ചു.
ഞാനതുകൊണ്ട് രണ്ടുസഞ്ചി പണം കൂടിയു
ണ്ടാക്കി.'
23"യജമാനൻ മറുപടിപറഞ്ഞു, 'നീ ചെയ്ത
തു ശരിയാണ്. നീ വിശ്വസ്തദാസനാണ്. ആ
ചെറിയ തുക കൊണ്ട് നീ കുടുതൽ പണമുണ്ടാ
ക്കി. അതിനാൽ ഞാൻ നിനക്കു കുറെക്കൂടി വ
ലിയ സംഗതി ചെയ്യാനുള്ള ഉത്തരവാദിത്വം
തരുന്നു. വന്ന് എന്റെ സന്തോഷത്തിൽ പങ്കു
ചേരുക.'
24"അപ്പോൾ ഒരു സഞ്ചി പണം കിട്ടിയവൻ
എത്തി. അവൻ യജമാനനോടു പറഞ്ഞു, 'യജ
മാനനേ, അങ്ങ് കർക്കശക്കാരനാണെന്നു ഞാ
നറിഞ്ഞു. വിതയ്ക്കാത്തതു കൊയ്യുന്നവനാണ്.
പതിരില്ലാതെ ശേഖരിക്കുന്നവനുമാണ്. **25**അതു
കൊണ്ടു ഞാൻ ഭയപ്പെട്ടു അങ്ങ് തന്ന പണം
ഞാൻ ഒളിച്ചു വച്ചു. ഇതാ അങ്ങുതന്ന പണ
സഞ്ചി.'
26"എന്നാൽ യജമാനന്റെ മറുപടി ഇങ്ങനെ
യായിരുന്നു, 'മടിയനും കൊള്ളരുതാത്തവനുമാ
യവനേ, ഞാൻ വിതെക്കാത്തതു കൊയ്യുന്ന
വനും പതിരില്ലാതെ ശേഖരിക്കുന്നവനുമാണെ
ന്ന് നീ അറിഞ്ഞെന്നു പറയുന്നു. **27**നീ എന്റെ
പണം പണമിടപാടുകാരിൽ നിക്ഷേപിക്കണ
മായിരുന്നു. അപ്പോൾ എനിക്കെന്റെ പണം
പലിശയോടെ കിട്ടുമായിരുന്നു.'
28"അതിനാൽ യജമാനൻ തന്റെ ദാസന്മാ
രോടു പറഞ്ഞു, 'ആ ദാസനിൽനിന്നും പണ
സഞ്ചി വാങ്ങി അതു പത്തു പണസഞ്ചിയുള്ള
വനു കൊടുക്കുക.**29**അവനവനുള്ളത് ഉപയോ
ഗിക്കുന്നവന് കൂടുതൽ കിട്ടും. അയാൾക്ക് ആവ
ശ്യത്തിലധികം കിട്ടും. എന്നാൽ ഉള്ളതുകൂടി
ഉപയോഗിക്കാത്തവനിൽ നിന്ന് എല്ലാം എടുക്ക
പ്പെടും.' **30**എന്നിട്ട് യജമാനൻ പറഞ്ഞു, 'ആ
പ്രയോജനമില്ലാത്ത ദാസനെ പുറത്ത് ഇരുട്ടി
ലേക്കെറിയുക! അവിടെ ആളുകൾ നിലവിളി
ക്കുകയും വേദനകൊണ്ട് പല്ലു ഞെരിക്കുകയും
ചെയ്യുന്നുണ്ടാകും.'

മനുഷ്യപുത്രൻ എല്ലാവരെയും വിധിക്കും

31"മനുഷ്യപുത്രൻ വീണ്ടും വരും. മഹത്വത്തോ
ടുകൂടിയാവും അവൻ വരിക. എല്ലാ ദൂതന്മാരും
അവനോടൊത്തു വരും. അവൻ രാജാവാകുക
യും തന്റെ മഹത്തായസിംഹാസനത്തിൽ ഇരി
ക്കുകയുംചെയ്യും.**32**ലോകം മുഴുവനും ഉള്ള ജനത
മനുഷ്യപുത്രനു മുന്നിൽ സംഘടിക്കും. മനുഷ്യ
പുത്രൻ ജനങ്ങളെയാകെ രണ്ടായി വേർതിരി
ക്കും. ഇടയൻ ചെമ്മരിയാടുകളിൽ നിന്നും കോ
ലാടുകളെ വേർതിരിക്കുന്നതുപോലെ. **33**അവൻ
ചെമ്മരിയാടുകളെ (നീതിമാന്മാർ) വലതുവശ
ത്തും കോലാടുകളെ (ദുഷ്ടന്മാർ) തന്റെ ഇടതു
വശത്തും നിർത്തും.
34"അപ്പോൾ രാജാവ്, തന്റെ വലതുവശത്തു
നിൽക്കുന്ന നീതിമാന്മാരോട് പറയും, 'വരൂ,
എന്റെ പിതാവ് നിങ്ങളെ അനുഗ്രഹിച്ചിരിക്കു
ന്നു. ദൈവം വാഗ്ദാനം ചെയ്ത രാജ്യത്തിലേ
ക്കു വരൂ. ലോകാരംഭം മുതൽ ആ രാജ്യം നിങ്ങൾ
ക്കായി ഒരുക്കിയിരിക്കുന്നു. **35**എനിക്കു വിശന്ന
പ്പോൾ നിങ്ങളെനിക്കു ഭക്ഷണം തന്നതിനാൽ
ആ രാജ്യം നിങ്ങൾക്കുള്ളതാണ്. എനിക്കു ദാഹി
ച്ചപ്പോൾ നിങ്ങൾ കുടിക്കാൻതന്നു. ഞാൻ വീ
ട്ടിൽനിന്നും ദൂരെ ഒറ്റക്കായപ്പോൾ നിങ്ങളെന്നെ
നിങ്ങളുടെ വീട്ടിലേക്കു ക്ഷണിച്ചു. **36**എനിക്കു
വസ്ത്രമില്ലാതിരുന്നപ്പോൾ നിങ്ങളെനിക്കു വ
സ്ത്രം തന്നു. ഞാൻ രോഗിയായിരുന്നപ്പോൾ
നിങ്ങളെന്നെ ശുശ്രൂഷിച്ചു. ഞാൻ തടവറയിലാ
യിരുന്നപ്പോൾ നിങ്ങളെന്നെ സന്ദർശിച്ചു.'
37"അപ്പോൾ നീതിമാന്മാർ മറുപടി പറയും,
'കർത്താവേ, നിനക്കുവിശക്കുന്നതു കണ്ട് ഞ
ങ്ങൾ ഭക്ഷണം തന്നത് എപ്പോഴാണ്? നിനക്കു
ദാഹിക്കുന്നതുകണ്ട് ഞങ്ങൾ വെള്ളം തന്നത്
എപ്പോഴാണ്? **38**നിന്നെ വീട്ടിൽ നിന്നകലെ
ഒറ്റയ്ക്കുകണ്ട് ഞങ്ങളുടെ വീട്ടിലേക്കു ക്ഷണിച്ച
തെപ്പോഴാണ്? നിന്നെ വസ്ത്രമില്ലാതെകണ്ട്
ഞങ്ങൾ വസ്ത്രം തന്നതെപ്പോഴാണ്? **39**നിന്നെ
രോഗിയായും തടവുകാരനായും കണ്ട് നിന്നെ
ഞങ്ങൾ ശുശ്രൂഷിച്ചതെപ്പോഴാണ്?'

40"അപ്പോൾ രാജാവ് മറുപടി പറയും, 'ഞാൻ
നിങ്ങളോടു സത്യം പറയാം. ഇവിടെയുള്ള എ
ന്റെ സഹോദരന്മാർക്കു നിങ്ങളോരോന്നു ചെ
യ്യുമ്പോഴും അതെനിക്കു കൂടിയായിരിക്കും.'

41"എന്നിട്ട് അവന്റെ ഇടതുവശത്തു നിൽ
ക്കുന്ന നീചന്മാരോടു രാജാവു പറയും, 'കടന്നു
പോകൂ. നിങ്ങളെ ശിക്ഷിക്കണമെന്ന് ദൈവം
തീരുമാനിച്ചിട്ടുണ്ട്. നിത്യാഗ്നിയിലേക്കു പോ
കൂ. പിശാചിനും അവന്റെ ദൂതന്മാർക്കും വേ
ണ്ടിയുള്ളതാണ് നരകാഗ്നി. **42**കടന്നുപോകൂ,
എന്തെന്നാൽ എനിക്കു വിശന്നപ്പോൾ നിങ്ങളെ
നിക്കു ഭക്ഷണം തന്നില്ല. എനിക്കു ദാഹിച്ചപ്പോ
ൾ ജലം തന്നില്ല. **43**ഞാൻ വീട്ടിൽ നിന്നകന്ന്
ഒറ്റക്കായപ്പോൾ നിങ്ങളെന്നെ വീട്ടിലേക്കുവിളി
ച്ചില്ല. ഞാൻ വസ്ത്രമില്ലാതിരുന്നപ്പോൾ നി
ങ്ങൾ എനിക്കു ധരിക്കാൻ ഒന്നും തന്നില്ല. ഞാൻ
രോഗിയായിരുന്നപ്പോഴും, തടവുകാരനായിരു
ന്നപ്പോഴും നിങ്ങളെന്നെ ശ്രദ്ധിച്ചില്ല.'

44"അപ്പോൾ അവരും മറുപടി പറയും, 'കർ
ത്താവേ, എന്നാണു ഞങ്ങൾ നീ വിശക്കുന്നവ
നായും ദാഹിക്കുന്നവനായും കണ്ടത്? എന്നാ
ണു ഞങ്ങൾ നിന്നെ ഒറ്റയ്ക്കു വീട്ടിൽനിന്നകന്നു
കണ്ടത്? എന്നാണു ഞങ്ങൾ നിന്നെ വസ്ത്രമി
ല്ലാതെയോ, രോഗിയായോ, തടവുകാരനായോ
കണ്ടത്? ഇങ്ങനെയൊക്കെ കണ്ടിട്ടും ഞങ്ങളെ
ന്നാണു നിന്നെ സഹായിക്കാതെ പോയത്?'

45"അപ്പോൾ രാജാവു മറുപടിപറയും, 'ഞാൻ
നിങ്ങളോടു സത്യമായി പറയട്ടെ. ഇവിടെയു
ള്ള എന്റെ സഹോദരന്മാർക്കു നിങ്ങളോരോ
ന്നു നിരസിക്കുമ്പോഴും അവ എനിക്കുവേണ്ടി
യും നിരസിക്കപ്പെടുകയായിരുന്നു.'

46"അപ്പോൾ ആ നീചന്മാർ കടന്നുപോകും.
അവർക്കെന്നന്നേക്കും ശിക്ഷകിട്ടും. എന്നാൽ
നീതിമാന്മാർക്കു നിത്യജീവനും കിട്ടും."

യെഹൂദനേതാക്കൾ യേശുവിനെ കൊല്ലാൻ ശ്രമിക്കുന്നു

(മർക്കൊ. 14:1-2; ലൂക്കൊ. 22:1-2;
യോഹ. 11:45-53)

26 ഇതെല്ലാം പറഞ്ഞുകഴിഞ്ഞ് യേശു ത
ന്റെശിഷ്യന്മാരോടു പറഞ്ഞു, **2**"മറ്റന്നാ
ൾ പെസഹാ ദിനമാണ്. അന്ന് മനുഷ്യപുത്രൻ
ക്രൂശിക്കപ്പെടാൻ ശത്രുക്കളുടെ കയ്യിലേല്പിക്ക
പ്പെടും."

3അപ്പോൾ മഹാപുരോഹിതന്റെ വസതി
യിൽ മഹാപുരോഹിതരും ജനത്തിന്റെ മൂപ്പ
ന്മാരും യോഗം ചേരുകയായിരുന്നു. കയ്യഫാവ്
എന്നായിരുന്നു മഹാപുരോഹിതന്റെ പേര്.
4യോഗത്തിൽ അവർ യേശുവിനെ തടവിലിടാ
നും കൊല്ലാനുമുള്ള വഴി കണ്ടുപിടിക്കാൻ ശ്രമി
ച്ചു. എന്തെങ്കിലും കള്ളം പറഞ്ഞ് യേശുവിനെ
പിടിച്ച് കൊല്ലാൻ അവർ പരിപാടിയിട്ടു.
5യോഗത്തിൽ പങ്കെടുത്തവർ പറഞ്ഞു, "പെ
സഹാവേളയിൽ അവനെ തടവിലാക്കരുത്. ജന
ങ്ങളെ പ്രകോപിതരാക്കി കലാപത്തിനിട കൊ
ടുക്കരുത്."

ഒരു സ്ത്രീയുടെ വിശേഷപ്രവൃത്തി

(മർക്കൊ. 14:3-9; യോഹ. 12:1-8)

6യേശു ബെഥാന്യയിലായിരുന്നു. കുഷ്ഠരോ
ഗിയായ ശിമോന്റെ വീട്ടിലായിരുന്നു അവൻ.
7അവിടെ ഒരു സ്ത്രീ അവനെ സന്ദർശിച്ചു.
അവളുടെ കയ്യിൽ വിലപിടിപ്പുള്ള സുഗന്ധ
തൈലം നിറച്ച ഒരു കൽഭരണിയുണ്ടായിരുന്നു.
യേശു ആഹാരം കഴിച്ചുകൊണ്ടിരിക്കവേ അ
വൾ ആ തൈലം അവന്റെ തലയിലൊഴിച്ചു.
8ശിഷ്യന്മാർ ഇതു കണ്ട് കോപിച്ചു പറഞ്ഞു,
"എന്തിനാണിത്രയും സുഗന്ധതൈലം പാഴാ
ക്കിയത്? **9**അതു വിറ്റാൽ കിട്ടുന്ന പണം അനേ
കം പാവങ്ങൾക്കു കൊടുക്കാമായിരുന്നു."

10പക്ഷേ എല്ലാമറിഞ്ഞ യേശു പറഞ്ഞു, "എ
ന്തിനാണു നിങ്ങൾ ഈ സ്ത്രീയെ വിഷമിപ്പി
ക്കുന്നത്? അവൾ എനിക്കു വിശിഷ്ടമായൊരു
പ്രവൃത്തിയാണ് ചെയ്തു തന്നത്. **11**പാവങ്ങൾ
എപ്പോഴും നിങ്ങൾക്കിടയിലുണ്ട്. പക്ഷേ ഞാ
നെപ്പോഴും ഉണ്ടായെന്നുവരില്ല. **12**ഇവൾ എ
ന്റെ ശരീരത്തിൽ സുഗന്ധതൈലം പൂശി. എ
ന്റെ മരണാനന്തരസംസ്കാരത്തിനായി ഇ
വൾ എന്നെ ഒരുക്കുകയായിരുന്നു.**13**ഞാൻ നിങ്ങ
ളോട് സത്യമായി പറയുന്നു. സുവിശേഷം ലോ
കം മുഴുവനും പ്രചരിപ്പിക്കപ്പെടും. സുവിശേ
ഷം എവിടെയൊക്കെ പറയപ്പെട്ടോ അവിടെ
യെല്ലാം ഇവളുടെ പ്രവൃത്തിയും പ്രകീർത്തി
ക്കപ്പെടും. ആളുകൾ അവളെ അനുസ്മരിക്കും."

യൂദാ യേശുവിന്റെ ശത്രുവാകുന്നു

(മർക്കൊ. 14:10-11; ലൂക്കൊ. 22:3-6)

14അപ്പോൾ പന്ത്രണ്ടു ശിഷ്യന്മാരിലൊരാൾ
മഹാപുരോഹിതരുമായി സംസാരിക്കാൻ പോ
യി. യൂദാ ഈസ്കര്യോത്തായിരുന്നു അത്.
15യൂദാ പറഞ്ഞു, "യേശുവിനെ ഞാൻ നിങ്ങൾ
ക്കുതരാം. എന്തു പ്രതിഫലം തരും?" അവർ
അവന് മുപ്പതു വെള്ളിക്കാശു കൊടുത്തു. **16**അ
തിനുശേഷം യേശുവിനെ അവർക്കു ഒറ്റിക്കൊ
ടുക്കാൻ അവൻ തക്കം പാർത്തിരുന്നു.

യേശു പെസഹ ഉണ്ണുന്നു

(മർക്കൊ. 14:21-22; ലൂക്കൊ. 22:7-14, 21-23;
യോഹ. 13:21-30)

17പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാള
ന്റെ ആദ്യദിവസം ശിഷ്യന്മാർ യേശുവിനെ
സമീപിച്ചു. അവർ ചോദിച്ചു, "ഞങ്ങൾ നിന
ക്കായി പെസഹാ ഭക്ഷണം ഒരുക്കുന്നത് എവി
ടെയായിരിക്കണം?"

18യേശു പറഞ്ഞു, "പട്ടണത്തിലേക്കു പോകു
ക. ഞാനറിയുന്ന ഒരാളുടെ അടുത്തു ചെല്ലുക.
ഗുരു പറയുന്നതായി അയാളോടു പറയുക,
'തിരഞ്ഞെടുത്ത സമയമടുത്തിരിക്കുന്നു. ഞാൻ
എന്റെ ശിഷ്യന്മാരോടു കൂടി നിന്റെ വീട്ടിൽ
പെസഹാഭക്ഷണം കഴിക്കും.'" **19**ശിഷ്യന്മാർ
അതനുസരിച്ച് യേശു പറഞ്ഞതുപോലെയൊ
ക്കെ ചെയ്തു. അവർ പെസഹാഭക്ഷണമൊ
രുക്കി.

20വൈകുന്നേരം യേശു തീൻമേശയ്ക്കരി കിൽ
ശിഷ്യന്മാരോടൊത്തിരിക്കുകയായിരുന്നു.
21എല്ലാവരും ഭക്ഷണം കഴിക്കുകയായിരുന്നു.
യേശു പറഞ്ഞു, "ഞാൻ നിങ്ങളോടു സത്യം
പറയാം. നിങ്ങൾ പന്ത്രണ്ടു പേരിലൊരുവൻ
എന്നെ ഒറ്റിക്കൊടുക്കും."

22ഇതു കേട്ട് ശിഷ്യന്മാർക്കു വളരെ സങ്കടമാ
യി. ഓരോരുത്തരും യേശുവിനോടു പറഞ്ഞു,
"കർത്താവേ, തീർച്ചയായും അതു ഞാനായിരി
ക്കില്ല."

23യേശു പറഞ്ഞു,"എന്നോടൊപ്പം ഒരേ പാത്ര
ത്തിൽനിന്ന് കഴിക്കുന്ന ഒരുവനായിരിക്കും എ
നിക്കെതിരെ തിരിയുക. **24**മനുഷ്യപുത്രൻ അവ
നെപ്പറ്റി എഴുതപ്പെട്ടതുപോലെ പോയി മരി
ക്കും. തിരുവെഴുത്തുകൾ അതു തന്നെ പറയുന്നു.

എന്നാൽ മനുഷ്യപുത്രനെ കൊല്ലാൻ കൊടുക്കു
ന്നവനു കഷ്ടം. അവൻ ജനിക്കാതിരിക്കുകയാ
യിരുന്നു അവനു നല്ലത്.”
25അപ്പോൾ യൂദാ യേശുവിനോടു പറഞ്ഞു,
“ഗുരോ, തീർച്ചയായും അങ്ങയെ ഒറ്റിക്കൊടു
ക്കുന്നവൻ ഞാനാകില്ല.” (യൂദയായിരുന്നു യേ
ശുവിനെ ഒറ്റിക്കൊടുത്തത്). യേശു പറഞ്ഞു,
“അതേ, അതു നീ തന്നെയാണ്.”

തിരുവത്താഴം

(മർക്കൊ. 14:22-26; ലൂക്കൊ. 22:15-20;
1 കൊരി. 11:23-25)

26അവർ ആഹാരം കഴിക്കവേ, യേശുഏതാനും
അപ്പം എടുത്തു. അപ്പം തന്നതിന് ദൈവത്തോട്
നന്ദിപറഞ്ഞ് അവൻഅതുവീതിച്ച് ശിഷ്യന്മാർ
ക്കു നൽകി. യേശു പറഞ്ഞു, “ഈ അപ്പം തി
ന്നുക. ഇതെന്റെ ശരീരമാണ്.”
27എന്നിട്ട് യേശു ഒരു പാനപാത്രം വീഞ്ഞെ
ടുത്തു. ദൈവത്തിന് നന്ദി പറഞ്ഞ് അവനതു
ശിഷ്യന്മാർക്കു കൊടുത്തു. യേശു പറഞ്ഞു,
“നിങ്ങളോരോരുത്തരും ഇതു കുടിക്കുക. **28**ഇതെ
ന്റെ രക്തമാണ്. ഇത് ദൈവം അവന്റെ ജനത
യോടു നടത്തിയ പുതിയനിയമത്തിന്റെ തുട
ക്കമാണ്. തങ്ങളുടെ പാപം പൊറുക്കപ്പെടാൻ
ഇത് അനേകർക്കു നൽകിയിരിക്കുന്നു. **29**ഞാൻ
ഇതുകൂടി പറയുന്നു. എന്റെ പിതാവിന്റെ
രാജ്യത്ത് നിങ്ങളോടൊത്ത് പുതിയ വീഞ്ഞ്
കുടിക്കും വരെ ഞാൻ ഈ വീഞ്ഞ് ഒരിക്കലും
കുടിക്കില്ല. **30**ശിഷ്യന്മാരെല്ലാവരും ചേർന്ന് ഒരു
സ്തോത്രം പാടി. അനന്തരം അവർ ഒലീവു
മലയിലേക്കു പോയി.

ശിഷ്യന്മാർ തന്നെ വിട്ടുപോകുമെന്ന് യേശു

(മർക്കൊ. 14:27-31; ലൂക്കൊ. 22:31-34;
യോഹ. 13:36-38)

31യേശു ശിഷ്യന്മാരോടു പറഞ്ഞു,“ഇന്നു രാ
ത്രി നിങ്ങൾക്കു ഞാൻ മൂലം വിശ്വാസം നഷ്ട
പ്പെടും. തിരുവെഴുത്തുകളിൽ അതെഴുതിയിട്ടു
ണ്ട്,

‘ഇടയനെ ഞാൻ കൊല്ലും, ആടുകൾ ചിതറി
പ്പോകും.’ *സെഖര്യാവ് 13:7*

32“പക്ഷെ ഞാൻ മരിച്ചാലും ഉയിർത്തെഴു
ന്നേൽക്കും. എന്നിട്ടു ഞാൻ ഗലീലയിലേക്കു
പോകും. നിങ്ങൾക്കുമുമ്പേ ഞാനവിടെ പോ
കും.”
33പത്രൊസ് മറുപടി പറഞ്ഞു,“നീ മൂലം മറ്റെ
ല്ലാ ശിഷ്യന്മാർക്കും വിശ്വാസം നഷ്ടപ്പെട്ടാലും
എനിക്കു നഷ്ടപ്പെടില്ല.”
34യേശു പറഞ്ഞു, “ഞാൻ നിന്നോടുസത്യമാ
യി പറയട്ടെ. ഇന്നു രാത്രി നീയെന്നെ തള്ളിപ്പ
റയും. കോഴി കൂകുംമുമ്പ് മൂന്നു തവണ തള്ളിപ്പ
റയും.”
35എന്നാൽ പത്രൊസ് പറഞ്ഞു, “ഇല്ല. ഞാ
നൊരിക്കലും അങ്ങയെ തള്ളിപ്പറയില്ല! ഞാൻ
നിന്നോടൊപ്പം മരിക്കാനും തയ്യാറാണ്.” മറ്റു
ശിഷ്യന്മാരും ഇതു തന്നെ പറഞ്ഞു.

യേശു ഒറ്റയ്ക്കു പ്രാർത്ഥിക്കുന്നു

(മർക്കൊ. 14:32-42; ലൂക്കൊ. 22:39-46)

36പിന്നീട് യേശു ശിഷ്യന്മാരോടു കൂടി ഗെ
ത്ത്ശെമന എന്ന സ്ഥലത്തേക്കു പോയി. യേശു
ശിഷ്യന്മാരോടു പറഞ്ഞു, “ഞാൻ പ്രാർത്ഥി
ക്കാൻ അവിടെ പോകുമ്പോൾ നിങ്ങൾ ഇവിടെ
ത്തന്നെ ഇരിക്കുക.” **37**അനന്തരം അവൻ പത്രൊ
സിനെയും രണ്ട് സെബെദി പുത്രന്മാരെയും
കൂട്ടി പുറപ്പെട്ടു. അനന്തരം യേശു വളരെ ദു:ഖി
തനും കുഴങ്ങിയവനുമായി കാണപ്പെട്ടു. **38**അ
വൻ അവരോടു പറഞ്ഞു, “എന്റെ ആത്മാവ്
ദു:ഖം കൊണ്ട് നിറഞ്ഞിരിക്കുന്നു. ദു:ഖം കൊണ്ട്
ഹൃദയം പൊട്ടുന്നു. ഇവിടെ എന്നോടൊപ്പം ഉ
ണർന്നിരിക്കുക.”
39പിന്നീട് യേശു അവരിൽനിന്ന് അല്പം
അകലേക്കു നടന്നു. ഭൂമിയിൽ കവിണ്ണു വീണ്
അവൻ പ്രാർത്ഥിച്ചു, “പിതാവേ, കഴിയുമെ
ങ്കിൽ കഷ്ടതയുടെ ഈ പാനപാത്രം എനിക്കു
തരാതിരിക്കുക. എങ്കിലും എന്റെ ഇഷ്ടമല്ല
അങ്ങയുടെ ഇഷ്ടം നടക്കട്ടെ.” **40**എന്നിട്ട് യേശു
ശിഷ്യന്മാരുടെയടുത്തേക്ക് മടങ്ങിയെത്തി. ശി
ഷ്യന്മാർ ഉറങ്ങുന്നതാണ് അവൻകണ്ടത്. അവൻ
പത്രൊസിനോടു പറഞ്ഞു, “ഒരു മണിക്കൂറു
പോലും നിങ്ങൾക്കു എന്നോടൊപ്പം ഉണർന്നി
രുന്നു കൂടെ? **41**പ്രലോഭിക്കപ്പെടാതിരിക്കാൻ
ഉണർന്നിരുന്നു പ്രാർത്ഥിക്കുക. ശരിയായതു
ചെയ്യാൻ നിങ്ങളുടെ ആത്മാവു കൊതിക്കുന്നു.
പക്ഷേ ശരീരം ക്ഷീണിച്ചതാണ്.”
42പിന്നെ യേശു രണ്ടാമതും ദൂരേക്കുമാറി പ്രാ
ർത്ഥിച്ചു. “എന്റെ പിതാവേ, വേദനാകരമായ
ഇതെല്ലാം എന്നിൽ നിന്നെടുക്കാൻ കഴിയില്ലെ
ങ്കിൽ, ഞാനിതൊക്കെ ചെയ്യണമെങ്കിൽ, അങ്ങ
യുടെ ഇഷ്ടം പ്രവർത്തിച്ചാലും.”
43അനന്തരം യേശു ശിഷ്യന്മാരുടെയടുത്തേ
ക്കു മടങ്ങിവന്നു. അപ്പോഴും അവർ ഉറങ്ങുന്നതു
കണ്ടു. അവരുടെ കണ്ണുകൾ ക്ഷീണിച്ചിരുന്നു.
44അതിനാൽ യേശു ഒരിക്കൽ കൂടി ദൂരേക്കു
മാറി പ്രാർത്ഥിച്ചു. മൂന്നാം തവണയും അവൻ
അതേ കാര്യങ്ങൾ തന്നെയാണ് പ്രാർത്ഥിച്ചത്.
45ശിഷ്യന്മാരുടെയടുത്തേക്കു മടങ്ങിയെത്തി
പറഞ്ഞു, “ഇപ്പോഴും നിങ്ങൾ ഉറങ്ങുകയും വി
ശ്രമിക്കുകയും ആണോ? മനുഷ്യപുത്രൻ പാപി
കളുടെ കയ്യിൽ ഏല്പിക്കപ്പെടുന്ന സമയം അടു
ത്തു. **46**എഴുന്നേൽക്കൂ! നമ്മൾക്കു പോകാം. ഇതാ
എന്നെ ഒറ്റിക്കൊടുക്കുന്നവനും എത്തി.”

യേശു പിടിക്കപ്പെടുന്നു

(മർക്കൊ. 14:43-50; ലൂക്കൊ. 22:47-53;
യോഹ. 18:3-12)

47യേശു സംസാരിച്ചുകൊണ്ടിരിക്കവേ, യൂദാ
അവിടെയെത്തി. പന്ത്രണ്ടു ശിഷ്യന്മാരിലൊരു
വനായിരുന്നു അയാൾ. അനേകംപേർ അവ
നോടൊപ്പമുണ്ടായിരുന്നു. മഹാപുരോഹിതരും
ജനത്തിന്റെ മൂപ്പന്മാരും അയച്ചവരായിരുന്നു
അവർ. അവരുടെകയ്യിൽ വാളുകളും കുന്തങ്ങളു
മുണ്ടായിരുന്നു. **48**യേശുവിനെ തിരിച്ചറിയാൻ
യൂദാ, അവർക്ക് ഒരടയാളം പറഞ്ഞുകൊടുത്തു.
“ഞാൻ ചുംബിക്കുന്നവനാണ് യേശു. അവനെ
പിടികൂടുക” **49**അതിനാലവൻ യേശുവിന്റെയ
ടുത്തേക്കുചെന്ന് “ഗുരോ!”എന്നുവിളിച്ച് അവ
നെ ചുംബിച്ചു. **50**യേശു അവനോടു പറഞ്ഞു,
“സുഹൃത്തേ നീ വന്ന കാര്യം നിറവേറ്റുക.”
അപ്പോൾ വന്നവർ യേശുവിനെ പിടിച്ചു
കെട്ടി.**51**ഇതു നടക്കുമ്പോൾ യേശുവിനോടൊപ്പ
മുണ്ടായിരുന്ന ഒരാൾ വാൾ വലിച്ചൂരി മഹാ
പുരോഹിതന്റെ ദാസന്റെ ചെവിക്കു വെട്ടി.
52യേശു അവനോടു പറഞ്ഞു, “നിന്റെ വാൾ
അതിന്റെ സ്ഥലത്ത് തന്നെ തിരിച്ചിടുക. വാ
ളെടുക്കുന്നവൻ വാളിനാൽ കൊല്ലപ്പെടും.
53ഞാനെന്റെ പിതാവിനോടാവശ്യപ്പെട്ടാൽ
പന്ത്രണ്ടു ലെഗ്യോനിലും അധികം ദൂതന്മാരെ

എൻെറ രക്ഷയ്ക്കായി അവൻ അയയ്ക്കും എന്ന്
നിങ്ങൾക്കറിയില്ലേ. 54അപ്പോൾ എങ്ങനെ ഈ
കാര്യങ്ങൾ സാക്ഷാത്കരിക്കപ്പെടും? തിരുവെ
ഴുത്തിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയൊക്കെ
സംഭവിക്കണമെന്നാണ്." 55ഉടനെ യേശു എല്ലാവ
രോടുമായി പറഞ്ഞു, "നിങ്ങളെന്നെ പിടിക്കാ
ൻ വന്നത് കുറ്റവാളിയെ എന്നപോലെ വാളും
കുന്തവുമൊക്കെയായിട്ടാണ്. എന്നും ഞാൻ
ദൈവാലയത്തിൽ ഉപദേശിച്ചിരുന്നു. ആരും
എന്നെ പിടിച്ചില്ല. 56പ്രവാചകരെഴുതിയത്
ഫലിക്കാനാണ് ഇങ്ങനെയൊക്കെ നടന്നത്."
അപ്പോൾ ശിഷ്യന്മാരെല്ലാവരും യേശുവിനെ
വിട്ട് ഓടിപ്പോയി.

യെഹൂദപ്രമാണിമാരുടെ മുന്നിൽ

(മർക്കൊ. 14:53-65; ലൂക്കൊ. 22:54-55, 63-71;
യോഹ. 18:13-14, 19-24)

57യേശുവിനെ പിടികൂടിയവർ അവനെ മ
ഹാപുരോഹിതനായ കയ്യഫാവിൻെറ അടു
ത്തേക്കുകൊണ്ടുപോയി. ശാസ്ത്രിമാരും ജന
ത്തിൻെറ മൂപ്പന്മാരും അവിടെ ഒത്തുകൂടിയിരു
ന്നു.58യേശുവിനെ പിന്തുടർന്നിരുന്നെങ്കിലും പ
ത്രൊസ് അവൻെറയടുത്തേക്കു വന്നില്ല. മഹാ
പുരോഹിതൻെറ വീട്ടുമുറ്റംവരെ അവൻ വന്നു.
അവൻ മുറ്റത്ത് കടന്ന് കാവൽക്കാരോടൊത്തി
രുന്ന് സംഭവിക്കാൻ പോകുന്നത് കാണാൻ ആഗ്ര
ഹിച്ചു. 59യേശുവിനെ കൊല്ലാൻ പാകത്തിന്
അവനിൽ എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻ
ശ്രമിക്കുകയായിരുന്നു മഹാപുരോഹിതരും യെ
ഹൂദസമിതി മുഴുവനും. 60കള്ളസാക്ഷികൾ പല
രും വന്നു എങ്കിലും അവനെ കൊല്ലാൻ പോന്ന
യഥാർത്ഥകാരണങ്ങൾ കണ്ടുപിടിക്കാനായില്ല.
അപ്പോൾ രണ്ടുപേർ വന്നുപറഞ്ഞു. 61"ഈ മനു
ഷ്യൻപറഞ്ഞു, 'എനിക്ക് ഈ ആലയം നശി
പ്പിക്കാനും മൂന്നു ദിവസത്തിനകം പണിയാനും
കഴിയും എന്ന്.'"

62"മഹാപുരോഹിതൻ യേശുവിനോടു ചോ
ദിച്ചു,"ഇവർ നിനക്കെതിരെ സാക്ഷി പറഞ്ഞി
രിക്കുന്നു, നിനക്കെതിരെയുള്ള ആരോപണങ്ങ
ൾക്ക് മറുപടി പറയാനില്ലേ? ഇവർ പറയുന്നതു
സത്യമല്ലേ?" 63പക്ഷേ യേശു ഒന്നും പറഞ്ഞില്ല.
വീണ്ടും മഹാപുരോഹിതൻ യേശുവിനോടു
ചോദിച്ചു, "ജീവിച്ചിരിക്കുന്ന ദൈവത്തിൻെറ
ശക്തികൊണ്ട് ഞാൻസത്യം ചെയ്തുചോദിക്കു
ന്നു.പറയൂ നീ ക്രിസ്തുവാണോ, ദൈവത്തി
ൻെറ പുത്രൻ?"

64യേശു പറഞ്ഞു,"അതേ ഞാൻ തന്നെ. പ
ക്ഷേ ഞാൻ നിങ്ങളോടു പറയുന്നു, ഭാവിയിൽ
മനുഷ്യപുത്രൻ ദൈവത്തിൻെറ വലതുവശത്തി
രിക്കുന്നതു നിങ്ങൾ കാണും. അവൻസ്വർഗ്ഗത്തി
ലെ മേഘങ്ങളുടെ മുകളിൽ കയറിവരുന്നതും
നിങ്ങൾ കാണും."

65ഇതുകേട്ട മഹാപുരോഹിതൻ കോപാകുല
നായി. അയാൾ തൻെറവസ്ത്രങ്ങൾ വലിച്ചു
കീറി പറഞ്ഞു,"ഇവൻ ദൈവവിരുദ്ധമായി സം
സാരിക്കുന്നു. ഇനിയും നമുക്കുസാക്ഷികൾ വേ
ണ്ട. ദൈവനിന്ദ ഇപ്പോൾ നിങ്ങൾ കേൾക്കുക
യും ചെയ്തു. 66നിങ്ങളെന്തു പറയുന്നു?"

യെഹൂദന്മാർ മറുപടി പറഞ്ഞു, "അവൻ
കുറ്റവാളിയാണ്, മരണം അർഹിക്കുകയും
ചെയ്യുന്നു."

67അപ്പോൾ അവിടെ കൂടിയിരുന്നവർ യേശു
വിൻെറ മുഖത്തു തുപ്പി. എന്നിട്ട് മുഷ്ടി ചുരുട്ടി
ഇടിച്ചു. ചിലർ യേശുവിൻെറ കരണത്തടിച്ചു.
68അവർ പറഞ്ഞു, "ക്രിസ്തുവേ, നീ ഒരു പ്രവാ
ചകനാണെന്നു തെളിയിക്കാൻ ആരാണു നി
ന്നെ ഇടിച്ചതെന്നു പറയുക."

പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു

(മർക്കൊ. 14:66-72; ലൂക്കൊ. 22:56-62;
യോഹ. 18:15-18, 25-27)

69ആ സമയം പത്രൊസ് മുറ്റത്തിരിക്കുകയാ
യിരുന്നു. ഒരു ദാസി അവനെ സമീപിച്ചു.
അവൾ പറഞ്ഞു, "നീ ഗലീലയിൽ നിന്നുവന്ന
യേശുവിനോടൊപ്പമുണ്ടായിരുന്നല്ലോ."

70എന്നാൽ താനൊരിക്കലും യേശുവിനോ
ടൊപ്പം ഉണ്ടായിരുന്നില്ലെന്നു പത്രൊസ് പറ
ഞ്ഞു. എല്ലാവരുടെയും മുന്നിൽ വെച്ച് അവനി
ങ്ങനെ പറഞ്ഞു, "നിങ്ങളെന്താണു പറയുന്ന
തെന്ന് എനിക്കറിയില്ല."

71അപ്പോൾ പത്രൊസ് അവിടം വിട്ടു. പ്രവേ
ശനകവാടത്തിൽ മറ്റൊരു ദാസിയും അവനെ
കണ്ടു. അവൾ അവിടെയുള്ള എല്ലാവരോടു
മായിപറഞ്ഞു, "ഇവൻ നസറെത്തിലെ യേശു
വിൻെറ കൂടെ ഉണ്ടായിരുന്ന ആളാണ്."

72വീണ്ടും പത്രൊസ് താൻ യേശുവിൻെറ
ആളല്ലെന്ന് പറഞ്ഞു, "ദൈവം സത്യമായിട്ടും
എനിക്ക് ഈ മനുഷ്യനെ അറിയില്ല."

73അല്പസമയം കഴിഞ്ഞ് അവിടെയുണ്ടായിരു
ന്നവരിൽ ചിലർ അടുത്തുവന്നു പത്രൊസി
നോടുപറഞ്ഞു, "നീ യേശുവിനെ പിന്തുടർന്ന
വരിൽ ഒരുവനാണെന്ന് ഞങ്ങൾക്കറിയാം.
നിൻെറ സംസാരത്തിൽനിന്ന് ഞങ്ങളതറി
ഞ്ഞു."

74അപ്പോൾ പത്രൊസ് ശപിക്കാൻ തുടങ്ങി.
അവൻ ശക്തമായി പറഞ്ഞു, "ദൈവത്തിനാ
ണെസത്യം എനിക്ക് ഈ മനുഷ്യനെ അറിയില്ല!"
പത്രൊസ് ഇതു പറഞ്ഞു കഴിഞ്ഞപ്പോൾ ഒരു
കോഴികൂകി. 75അപ്പോൾ പത്രൊസ്, "കോഴികൂ
കുംമുമ്പ് നീ മൂന്നുതവണ എന്നെതള്ളിപ്പറയും."
എന്ന് യേശു തന്നോടു പറഞ്ഞിരുന്നതോർത്തു.
പത്രൊസ് പുറത്തേക്കുപോയി ഏങ്ങിക്കരഞ്ഞു.

യേശുവിനെ പീലാത്തൊസിൻെറയ ടുത്തേക്കു കൊണ്ടുപോകുന്നു

(മർക്കൊ. 15:1; ലൂക്കൊ. 23:1-2; യോഹ. 18:28-32)

27 പിറ്റേന്ന് അതിരാവിലെ മഹാപുരോഹി
തന്മാരും ജനത്തിൻെറ മൂപ്പന്മാരും യേശു
വിനെ കൊല്ലാൻ തീരുമാനിച്ചു. 2അവർ അവ
നെ ചങ്ങലയിൽ ബന്ധിച്ചു. എന്നിട്ടവർ അവ
നെ ദേശാധികാരിയായ പീലാത്തൊസിൻെറ
യടുത്തേക്കു കൊണ്ടു പോയി.

യൂദാ ആത്മഹത്യ ചെയ്യുന്നു

(അ.പ്രവ. 1:18-19)

3യേശുവിനെ കൊല്ലാൻ അവർ നിശ്ചയിച്ച
ത് യൂദാഅറിഞ്ഞു. യേശുവിനെ ശത്രുക്കൾക്കൊ
റ്റിക്കൊടുത്ത യൂദാ ഇതെല്ലാംകണ്ട് തൻെറ പ്രവൃ
ത്തിയിൽ വളരെ ദുഃഖിച്ചു. അതിനാൽ അവൻ
മുപ്പതു വെള്ളിക്കാശുമെടുത്ത് പുരോഹിതന്മാരു
ടെയും പ്രമാണിമാരുടെയും അടുത്തുചെന്നു.
4യൂദാ പറഞ്ഞു, "ഞാൻ പാപം ചെയ്തു. ഞാൻ
നിഷ്കളങ്കനായ ഒരുവനെ കൊല്ലാൻ നിങ്ങളെ
ഏല്പിച്ചു." യെഹൂദനേതാക്കൾ പറഞ്ഞു, "അ
തൊന്നും ഞങ്ങൾക്കറിയേണ്ട. അതൊക്കെ നി
ൻെറ പ്രശ്നം." 5അതിനാൽ യൂദാ ആ പണം
ദൈവാലയത്തിലേക്ക് എറിഞ്ഞു. എന്നിട്ടയാൾ
അവിടം വിട്ടുപോയി തൂങ്ങിച്ചത്തു.

6മഹാപുരോഹിതന്മാർ ദൈവാലയത്തിൽ
വീണ നാണയങ്ങൾ പെറുക്കിയെടുത്തു. അവർ
പറഞ്ഞു "ഈ പണം ദൈവാലയത്തിലെ
ഭണ്ഡാരത്തിൽ ഇടാൻ നമ്മുടെ ന്യായപ്രമാണം
അനുവദിക്കുന്നില്ല. കാരണം ഒരാളുടെ മരണ
ത്തിന് പ്രതിഫലം നൽകിയ തുകയാണിത്."
7അതിനാൽ ആ പണം കൊടുത്ത് കുശവന്റെ
പറമ്പു വാങ്ങാനവർ തീരുമാനിച്ചു. യെരൂശ
ലേം സന്ദർശിക്കുന്ന പരദേശികൾ അവിടെ
വച്ച് മരിച്ചാൽ അവരെ സംസ്കരിക്കാൻ ആ
സ്ഥലം ഉപയോഗിക്കാം. 8അതിനാൽ ആ പറമ്പ്
ഇപ്പോഴും രക്തപ്പറമ്പ് എന്നറിയപ്പെടുന്നു.
9യിരെമ്യാപ്രവാചകന്റെ ഈ വാക്കുകൾ
സ്വാർത്ഥകമാവുകയായിരുന്നു:

"മുപ്പതു വെള്ളിക്കാശും അവർ എടുത്തു.
അത്രയുമാണ് അവന്റെ ജീവിതത്തിന്റെ
വിലയായി യെഹൂദർ തീരുമാനിച്ചത്. 10ആ
മുപ്പതു വെള്ളിക്കാശും കുശവന്റെ പറമ്പു
വാങ്ങാനെടുത്തു. കർത്താവ് എന്നോടു ക
ല്പിച്ചതുപോലെ ആയിരുന്നു അത്." *

പീലാത്തോസ് യേശുവിനെ ചോദ്യം ചെയ്യുന്നു

(മർക്കൊ. 15:2-5; ലൂക്കൊ. 23:3-5; യോഹ. 18:33-38)

11യേശു ദേശാധികാരിയായ പീലാത്തോസി
ന്റെ മുമ്പിൽ നിന്നു. പീലാത്തോസ് അവനോ
ടു ചോദിച്ചു: "നീയാണോ യെഹൂദരുടെ രാജാ
വ്?" യേശു മറുപടി പറഞ്ഞു, "അതെ ഞാനാ
ണ്."12മഹാപുരോഹിതരും മൂപ്പന്മാരും കുറ്റപ്പെടു
ത്തിയപ്പോഴും അവൻ ഒന്നും പറഞ്ഞില്ല.
13അതിനാൽ പീലാത്തോസ് യേശുവിനോടു
ചോദിച്ചു, "നിന്നെ എല്ലാവരും കുറ്റപ്പെടുത്തു
ന്നതു കേട്ടിട്ടും നിനക്കു മറുപടിയൊന്നുമില്ലേ?"
14എന്നാൽ യേശു പീലാത്തോസിനോടു മറു
പടിയൊന്നും പറഞ്ഞില്ല. ദേശാധികാരിക്കാക
ട്ടെ അത് ആശ്ചര്യമുളവാക്കുകയും ചെയ്തു.

യേശുവിനെ വെറുതെ വിടാൻ പിലാത്തൊസിനു കഴിയുന്നില്ല

(മർക്കൊ. 15:6-15; ലൂക്കൊ. 23:13-25; യോഹ. 18:39-19:16)

15എല്ലാവർഷവും പെസഹാസമയത്ത് ദേശാ
ധികാരി ഒരാളെ തടവിൽനിന്നും മോചിപ്പിക്കു
മായിരുന്നു. അതുമിക്കവാറും ജനഹിതം മാനി
ച്ചായിരിക്കും.16ആ സമയം കുപ്രസിദ്ധനായ ബ
റബ്ബാസ് എന്നൊരാൾ തടവറയിലുണ്ടായിരു
ന്നു. 17പീലാത്തോസിന്റെ വസതിയിൽ കൂടി
യിരുന്നവരോട് അദ്ദേഹം ചോദിച്ചു, "ഞാൻ
നിങ്ങൾക്കായി ഒരാളെ സ്വതന്ത്രനാക്കാം, ആരെ
വേണം? ബറബ്ബാസിനെയോ അല്ല ക്രിസ്തു
എന്നു വിളിക്കുന്ന യേശുവിനെയോ?" 18പക്ഷേ
പീലാത്തോസിനറിയാമായിരുന്നു അസൂയ
കൊണ്ടാണവർ യേശുവിനെ തന്നെ ഏല്പിച്ച
തെന്ന്.
19നീതിപീഠത്തിലിരുന്നാണ് പീലാത്തോസ്
ഇതു പറഞ്ഞത്. അയാൾ അവിടെയിരിക്കെ
അയാളുടെ ഭാര്യ ഒരു സന്ദേശം കൊടുത്തയച്ചു!
"അയാളെ ഒന്നും ചെയ്യരുത്. അയാൾ തെറ്റു
കാരനല്ല. ഇന്നു ഞാനവനെ സംബന്ധിക്കുന്ന
ഒരു സ്വപ്നം കണ്ടു. അതെന്നെ വല്ലാതെ കുഴ
ക്കുന്നു."
20എന്നാൽ യേശുവിനെ കൊല്ലുവാനും ബറ
ബ്ബാസിനെ മോചിപ്പിക്കുവാനും ആവശ്യപ്പെ
ടാൻ മഹാപുരോഹിതന്മാരും മൂപ്പന്മാരും ജന
ങ്ങളെ പ്രേരിപ്പിച്ചു.
21പീലാത്തോസ് ചോദിച്ചു, "ബറബ്ബാസും
യേശുവും. ആരെയാണു ഞാൻ മോചിപ്പിക്കേ
ണ്ടത്?" ജനങ്ങൾ മറുപടി പറഞ്ഞു, "ബറബ്ബാ
സിനെ."
22പീലാത്തോസ് ചോദിച്ചു, "ക്രിസ്തു എന്നു
വിളക്കപ്പെടുന്ന യേശുവിനെ പിന്നെ ഞാനെ
ന്തുചെയ്യണം?" എല്ലാവരും ആവശ്യപ്പെട്ടു, "അ
വനെ ക്രൂശിക്കുക." 23പീലാത്തോസ് ചോദി
ച്ചു, "എന്തിനാണവനെ കൊല്ലാനാവശ്യപ്പെടു
ന്നത്? അവനെന്തു തെറ്റാണു ചെയ്തത്?"
പക്ഷേ എല്ലാവരും ഉച്ചത്തിൽ വിളിച്ചുകൂകി,
"അവനെ ക്രൂശിക്കുക."
24തനിക്കു ജനാഭിപ്രായം മാറ്റാനാവില്ലെന്ന്
പീലാത്തോസ് മനസ്സിലാക്കി. ജനങ്ങൾ കലാ
പം കൂട്ടിയേക്കുമെന്നും അയാൾ ഭയന്നു. അതി
നാൽ പീലാത്തോസ് അല്പം വെള്ളമെടുത്ത്
എല്ലാവരും കാൺകെ തന്നെ തന്റെ കൈകൾ
കഴുകി. എന്നിട്ട് പീലാത്തോസ് പറഞ്ഞു, "ഇ
യാളുടെ മരണത്തിൽ എനിക്കു പങ്കില്ല. നിങ്ങ
ളാണതിനുത്തരവാദി."
25ജനങ്ങളാകെ മറുപടി പറഞ്ഞു, "അവന്റെ
മരണത്തിനു ഞങ്ങളായിരിക്കും ഉത്തരവാദി. അ
വന്റെ മരണത്തിന്റെ ശിക്ഷ ഞങ്ങളും ഞങ്ങ
ളുടെ മക്കളും ഏറ്റെടുക്കുന്നു."
26പീലാത്തോസ് ബറബ്ബാസിനെ അവർക്കാ
യി സ്വതന്ത്രനാക്കി. യേശുവിനെ ചാട്ടകൊണ്ട
ടിക്കാൻ പീലാത്തോസ് ഭടന്മാരോടാജ്ഞാപി
ച്ചു. അനന്തരം യേശുവിനെ ക്രൂശിക്കാൻ പട്ടാ
ളക്കാരെ ഏല്പിച്ചു കൊടുത്തു.

ഭടന്മാർ യേശുവിനെ പരിഹസിക്കുന്നു

(മർക്കൊ. 15:16-20; യോഹ. 19:2-3)

27പീലാത്തോസിന്റെ പടയാളികൾ യേശു
വിനെദേശാധികാരിയുടെ കൊട്ടാരത്തിൽ കൊ
ണ്ടുവന്നു. സൈനീകവ്യൂഹം മുഴുവനും അവ
ന്റെചുറ്റും കൂടി. 28അവർ അവന്റെ വസ്ത്രം
മാറ്റി ചുവന്ന ഒരു പുറങ്കുപ്പായം അണിയിച്ചു.
29അവർ ഒരു മുൾക്കിരീടം ഉണ്ടാക്കി. അവരത്
യേശുവിന്റെ തലയിൽ വച്ചു. അവന്റെ വല
തുകയ്യിൽ ഒരു വടിയും പിടിപ്പിച്ചു. എന്നിട്ട്
യേശുവിന്റെ മുമ്പിൽ മുട്ടുകുത്തി, "യെഹൂദ
രുടെ രാജാവേ" എന്ന് പറഞ്ഞ് അവർ പരിഹ
സിച്ചു. 30ഭടന്മാർ യേശുവിന്റെ മുഖത്തു തുപ്പി.
എന്നിട്ടവർ അവന്റെ കയ്യിൽനിന്ന് വടി വാ
ങ്ങി അവന്റെ തലയ്ക്ക് പലവട്ടം അടിച്ചു.
31അവനെ പരിഹസിച്ചതിനുശേഷം പുറങ്കു
പ്പായം മാറ്റി അവന്റെ സ്വന്തം കുപ്പായം തന്നെ
വീണ്ടും ധരിപ്പിച്ചു. എന്നിട്ട് യേശുവിനെ ക്രൂ
ശിക്കാൻ ദൂരേക്കു കൊണ്ടുപോയി.

യേശു ക്രൂശിക്കപ്പെടുന്നു

(മർക്കൊ. 15:21-32; ലൂക്കൊ. 23:26-43; യോഹ. 19:17-27)

32ഭടന്മാർ യേശുവിനെയുംകൊണ്ട് നഗരത്തി
നു പറത്തേക്കുപോകുകയായിരുന്നു. അവർ മ
റ്റൊരാളെക്കൊണ്ട് യേശുവിന്റെ കുരിശു ചുമ
പ്പിച്ചു. കുറേനക്കാരനായ ശീമോൻ ആയിരുന്നു
അത്. 33ഗോൽഗോഥാ എന്ന സ്ഥലത്തേക്കാണ
വർ അവനെ കൊണ്ടുപോയത്. ("തലയോട്ടി
കളുടെ സ്ഥലം" എന്നാണ് ഈ വാക്കിന്റെ

മുപ്പതു ... കല്പിച്ചതുപോലെയായിരുന്നു ഉദ്ധരണി സെഖര്യ. 11:12,13, യിരെ. 32:6-9.

അർത്ഥം.) 34ഗോൽഗോഥായിൽ വച്ച് ഭടന്മാർ
യേശുവിനു കുടിക്കാൻ വീഞ്ഞുനൽകി. കയ്പു
ചേർത്ത വീഞ്ഞാണവർ നൽകിയത്.യേശു അ
തുരുചിച്ചു നോക്കിയെങ്കിലും കുടിക്കാൻ വിസ
മ്മതിച്ചു.35സൈനികർ അവനെ കുരിശിൽ തറ
ച്ചു. അവർ അവന്റെ വസ്ത്രം വീതം വെക്കാൻ
നറുക്കിട്ടു. 36ഭടന്മാർ അവിടിരുന്ന് യേശുവിനെ
സശ്രദ്ധംവീക്ഷിച്ചു.37കുറ്റം വെളിവാക്കുന്ന ശി
ലാശാസനം അവർ അവന്റെ തലയ്ക്കു മുക
ളിൽ എഴുതിതൂക്കി. "ഇതാണ് യേശു, യെഹൂദ
രുടെരാജാവ്" എന്നായിരുന്നു അത്. 38യേശുവി
നോടൊപ്പം രണ്ട് മോഷ്ടാക്കളെയും അവർ ക്രൂ
ശിച്ചു. ഒരാളെ അവന്റെ വലതുവശത്തും അ
പരനെ ഇടതുവശത്തും.39അതുവഴി കടന്നു പോ
യവരൊക്കെ അവനെ ദുഷിച്ചു പറഞ്ഞു. അവർ
തലകുലുക്കി 40പറഞ്ഞു, "ദൈവാലയം നശിപ്പി
ച്ചു വീണ്ടും പണിയാൻ കഴിയുമെന്നു പറഞ്ഞ
വനല്ലേ നീ? സ്വയം രക്ഷപ്പെട്! നീ യഥാർ
ത്ഥത്തിൽ ദൈവപുത്രനെങ്കിൽ കുരിശിൽ നി
ന്നിറങ്ങി വരിക."
41മഹാപുരോഹിതരും, ശാസ്ത്രിമാരും, മൂപ്പ
ന്മാരും അവിടെയുണ്ടായിരുന്നു. മറ്റുള്ളവരെ
പ്പോലെ അവരും അവനെ പരിഹസിച്ചു. 42അ
വർപറഞ്ഞു,"അവൻ മറ്റുള്ളവരെ രക്ഷിച്ചു. പ
ക്ഷേസ്വയം രക്ഷിക്കാനവനു കഴികയില്ല. 'അ
വൻയിസ്രായേലിന്റെ രാജാവാണ്' എന്ന് ആ
ളുകൾ പറയുന്നു. അവൻ രാജാവാണെങ്കിൽ
ഇപ്പോൾതന്നെ കുരിശിൽനിന്നും ഇറങ്ങിവര
ട്ടെ. അപ്പോൾ നമുക്കവനിൽ വിശ്വസിക്കാം.
43അവൻ ദൈവത്തിൽ വിശ്വസിച്ചു. ദൈവം
വേണമെങ്കിൽ അവനെ രക്ഷിക്കട്ടെ. അവൻ
അവനെപ്പറ്റി പറഞ്ഞു,'ഞാൻ ദൈവപുത്രനാ
ണ്.'" 44കൂടാതെ യേശുവിനോടൊപ്പം ക്രൂശിക്ക
പ്പെട്ടിരുന്ന കള്ളന്മാരും അവനെ ദുഷിച്ചു പറ
ഞ്ഞു.

യേശു മരിക്കുന്നു

(മർക്കൊ. 15:33-41; ലൂക്കൊ. 23:44-49;
യോഹ. 19:28-30)

45ഉച്ചയ്ക്ക് രാജ്യമാകെ ഇരുൾ വ്യാപിച്ചു. മൂ
ന്നുമണിക്കൂർ നേരത്തേക്ക് ഈ ഇരുട്ടു നീണ്ടു
നിന്നു.46മൂന്നു മണിയോളമായപ്പോൾ യേശു ഉറ
ക്കെനിലവിളിച്ചു, "ഏലി, ഏലി, ലമ്മാ സബ
ക്താനി?" "എന്റെ ദൈവമേ, എന്റെ ദൈവമേ
നീയെന്താണെന്നെ കൈവിട്ടത്?"* എന്നാണി
തിന്റെ അർത്ഥം.
47അവിടെ നിന്നവരിൽ ചിലരിതു കേട്ടു.
അവർപറഞ്ഞു, "അവൻ ഏലീയാവെ വിളിക്കു
കയാണ്."
48പെട്ടെന്ന് കൂട്ടത്തിലൊരാൾ ഓടിപ്പോയി
ഒരു നീർപ്പഞ്ഞി കൊണ്ടുവന്നു. അയാൾ അതു
വിനാഗിരിയിൽ മുക്കി ഒരുകമ്പിൽ വെച്ചു കെ
ട്ടി.എന്നിട്ടത് യേശുവിനു കുടിക്കാൻ നീട്ടിക്കൊ
ടുത്തു.49പക്ഷേ മറ്റുള്ളവർപറഞ്ഞു, "വരട്ടെ, ഏ
ലീയാവ് അവനെ രക്ഷിക്കാൻ വരുമോ എന്നു
നോക്കാം."
50യേശു വീണ്ടും ഉച്ചത്തിൽ കരഞ്ഞ് പ്രാണ
നെ വിട്ടു.
51യേശുമരിച്ചപ്പോൾ ദൈവാലയത്തിലെ തി
രശ്ശീല നടുവേ രണ്ടായി കീറി. മുകളിൽനിന്നും
താഴെവരെ. ഭൂമി കുലുങ്ങുകയും പാറകൾ പൊ
ട്ടുകയുംചെയ്തു. 52ശവക്കല്ലറകൾ എല്ലാം തുറ
ക്കപ്പെടുകയും ദൈവത്തിന്റെയാൾക്കാർ പല
രും മരണത്തിൽനിന്ന് ഉയിർത്തെഴുന്നേൽക്കു
കയും ചെയ്തു. 53അവർ കല്ലറകളിൽ നിന്നും
പുറത്തുവന്നു. യേശു ഉയിർത്തെഴുന്നേറ്റശേഷം
അവർ വിശുദ്ധനഗരത്തിലേക്കുപോയി. പല
രും അവരെകണ്ടു.
54ശതാധിപനും യേശുവിനു കാവൽനിന്ന
പട്ടാളക്കാരും ഭൂകമ്പവും മറ്റു സംഭവങ്ങളും ക
ണ്ടു. അവർ വളരെഭയന്നു പറഞ്ഞു, "അവൻ
യഥാർത്ഥത്തിൽ ദൈവപുത്രനായിരുന്നു."
55യേശുവിനെ ശുശ്രൂഷിക്കാൻ ഗലീലയിൽ
നിന്നു വന്നവരടക്കം അനേകം സ്ത്രീകളും അതു
കാണുന്നുണ്ടായിരുന്നു. 56മഗ്ദലമറിയ, യാക്കോ
ബിന്റെയും യോസെയുടെയും മാതാവായ മ
റിയ, യാക്കോബിന്റെയും യോഹന്നാന്റെയും
അമ്മ എന്നിവരും ഉണ്ടായിരുന്നു.

യേശുവിനെ സംസ്കരിക്കുന്നു

(മർക്കൊ. 15:42-47; ലൂക്കൊ. 23:50-56;
യോഹ. 19:38-42)

57ആ സായാഹ്നത്തിൽ യോസേഫ് എന്നു
പേരായ ഒരു ധനികൻ യെരൂശലേമിൽ വന്നു.
അരിമഥ്യയിൽനിന്നും വന്ന അയാൾ യേശുവി
ന്റെ ശിഷ്യനായിരുന്നു. 58യോസേഫ് പീലാ
ത്തൊസിനെ സമീപിച്ച് യേശുവിന്റെ മൃത
ദേഹം ചോദിച്ചു. യോസേഫിന് യേശുവിന്റെ
ശരീരം നൽകാൻ പീലാത്തൊസ് പട്ടാളക്കാരോ
ട്ആജ്ഞാപിച്ചു.59യോസേഫ് പുതിയ തുണി
യിൽ അവന്റെ ശരീരം പൊതിഞ്ഞുകൊണ്ടു
പോയി.60പാറ തുരന്നുണ്ടാക്കിയ പുതിയ കല്ലറ
യിൽ യോസേഫ് അവനെ സംസ്കരിച്ചു. കല്ലറ
വലിയൊരു കല്ല് ഉരുട്ടിവെച്ച് അടച്ചു. ഇതെല്ലാം
ചെയ്ത് യോസേഫ് പോയി. 61മഗ്ദലമറിയ
യും മറിയയെന്നുപേരായ മറ്റേ സ്ത്രീയും അവി
ടെ കല്ലറക്കെതിർവശത്തായി ഇരുന്നു.

ശവകുടീരത്തിനു കാവൽ

62അന്ന് തയ്യാറെടുപ്പു ദിവസമായിരുന്നു. അ
തിനടുത്തദിവസം മഹാപുരോഹിതന്മാരും പ
രീശന്മാരും പീലാത്തൊസിന്റെയടുത്തേക്കു
പോയി. 63അവർ പറഞ്ഞു, "യജമാനനേ, ആ
കപടവേഷധാരി ജീവിച്ചിരുന്നപ്പോൾ പറഞ്ഞ
ല്ലോ 'മൂന്നുനാൾക്കുശേഷം ഞാൻ ഉയിർത്തെഴു
ന്നേൽക്കും'എന്ന്. 64അതിനാൽ അവന്റെ ശിഷ്യ
ന്മാർവന്ന് മൃതദേഹം മോഷ്ടിച്ചു കൊണ്ടുപോ
കുവാനിടയുണ്ട്. എന്നിട്ട് അവർക്ക് അവൻ ഉയി
ർത്തെഴുന്നേറ്റതായി ആളുകളോടു പറയാമ
ല്ലോ. ആനുണ അവർ അവനെപ്പറ്റിമുമ്പ് പറ
ഞ്ഞിരുന്നതിലും ഭീകരമായിരിക്കും. അതുകൊ
ണ്ട് മൂന്നുനാൾ കഴിയുന്നതുവരേക്കും സുരക്ഷി
തമായകാവൽ ഏർപ്പെടുത്താൻ ഞങ്ങൾ അഭ്യർ
ത്ഥിക്കുന്നു."
65പീലാത്തൊസ് പറഞ്ഞു, "നിങ്ങൾക്കറിയാ
വുന്നത്ര മികച്ചരീതിയിൽ പട്ടാളക്കാരെയും
കൊണ്ടുചെന്ന് അവിടെ കാവലിരിക്കുക." 66അ
തിനാൽ അവരെല്ലാവരും ശവകുടീരത്തിൽ
ചെന്ന് അവിടം സുരക്ഷിതമാക്കി. കല്ലറ അടച്ചി
രുന്ന കല്ലിന് മുദ്രവച്ചും പട്ടാളക്കാരെ കാവലി
രുത്തിയും അവരതു സുരക്ഷിതമാക്കി.

യേശു ഉയിർത്തെഴുന്നേറ്റ വാർത്ത

(മർക്കൊ. 16:1-8; ലൂക്കൊ. 24:1-12;
യോഹ. 20:1-10)

28 ശബ്ബത്ത് ദിവസത്തിന്റെ പിറ്റേന്ന് ആ
ഴ്ചയിലെ ആദ്യത്തെ ദിവസമാണ്. അ

ഏലി ... കൈവിട്ടത് ഉദ്ധരണി സങ്കീ. 22:1.

ന്നത്തെ പ്രഭാതത്തിൽ മഗ്ദലമറിയയും മറ്റേ
മറിയയും കല്ലറ സന്ദർശിക്കാനെത്തി.
2ആ സമയം അവിടെ ഒരു വലിയ ഭൂകമ്പ
മുണ്ടായി. കർത്താവിന്റെ ഒരു ദൂതൻ ആകാശ
ത്തുനിന്നും വന്നു. ദൂതൻ കല്ലറയ്ക്കടുത്തെത്തി
മൂടിക്കല്ല് ഉരുട്ടിമാറ്റി. എന്നിട്ട് അതിന്മേൽ ഇരു
ന്നു. **3**മിന്നൽപ്പിണർ പോലെ തിളക്കമായിരുന്നു
ദൂതന്. മഞ്ഞുപോലെ വെളുത്ത വസ്ത്രങ്ങൾ.
4കാവലിരുന്ന ഭടന്മാർ ദൂതനെ കണ്ടു ഭയന്നു
വിറച്ചു.
5ദൂതൻ ആ സ്ത്രീകളോട് പറഞ്ഞു, “ഭയപ്പെ
ടേണ്ട, ക്രൂശിതനായ യേശുവിനെയാണ് നിങ്ങ
ളന്വേഷിക്കുന്നതെന്ന് എനിക്കറിയാം. **6**പക്ഷേ
യേശു ഇവിടെയില്ല. അവൻ മുമ്പു പറഞ്ഞ
തുപോലെ ഉയിർത്തെഴുന്നേറ്റു. അവന്റെ ശരീ
രം കിടത്തിയിരുന്ന സ്ഥലം വന്നുനോക്കുക.
7എന്നിട്ട് വേഗം പോയി അവന്റെ ശിഷ്യന്മാ
രോടു പറയുക: ‘യേശു ഉയിർത്തെഴുന്നേറ്റിരി
ക്കുന്നു. അവൻ ഗലീലയിലേക്കു പോകുകയാ
ണ്. നിങ്ങളെക്കാൾ മുമ്പ് അവൻ അവിടെയെ
ത്തും. നിങ്ങൾക്കവിടെ അവനെ കാണാം.’” എ
ന്നിട്ട് ദൂതൻ പറഞ്ഞു, “ഞാൻ നിങ്ങളോടിക്കാ
ര്യം അറിയിച്ചു കഴിഞ്ഞു.”
8അതിനാൽ ആ സ്ത്രീകൾ വേഗം ശവകുടീരം
വിട്ടുപോയി. അവർ വല്ലാതെ ഭയന്നിരുന്നു
വെങ്കിലും വളരെയധികം സന്തോഷിച്ചു. സംഭ
വിച്ചതൊക്കെ ശിഷ്യന്മാരോടു പറയാൻ അവർ
ക്കു തിടുക്കമായി. **9**അവർ ഓടിപ്പോകവേ യേശു
അവരുടെ മുമ്പിൽ വന്ന് അവരെ അഭിവാദ്യം
ചെയ്തു. അവർ യേശുവിനടുത്തേക്കു ചെന്ന്
അവന്റെ കാലിൽ കെട്ടിപ്പിടിച്ച് അവനെ നമ
സ്കരിച്ചു. **10**അപ്പോൾ യേശു സ്ത്രീകളോടു
പറഞ്ഞു, “ഭയപ്പെടാതിരിക്കൂ. പോയി എന്റെ
സഹോദരന്മാരോടു പറയൂ ഗലീലയിലേക്കു
പോകാൻ. അവർ എന്നെ അവിടെ കാണും.”

യെഹൂദനേതാക്കളോടു വിവരിക്കുന്നു

11സ്ത്രീകൾ ശിഷ്യന്മാരോടു പറയാൻ പോ
യി. അതേ സമയം ശവകുടീരത്തിനു കാവലിരി
ക്കുകയായിരുന്ന ഭടന്മാരിൽ ചിലരും നഗരത്തി
ലേക്കുപോയി. സംഭവിച്ചതു മഹാപുരോഹിത
രോടു പറയാനാണവർ പോയത്. **12**അപ്പോൾ
മഹാപുരോഹിതർ സമ്മേളിച്ചു ജനത്തിന്റെ
മൂപ്പന്മാരുമായി ആലോചിച്ച് ഒരു പദ്ധതിയിട്ടു.
അവർ ഭടന്മാർക്ക് ധാരാളം പണം കൊടുത്ത്
ഒരു കള്ളം പറയാൻ നിയോഗിച്ചു. **13**അവർ
ഭടന്മാരോടു പറഞ്ഞു,“രാത്രിയിൽ ഞങ്ങൾ ഉറ
ങ്ങിക്കിടക്കുമ്പോൾ യേശുവിന്റെ ശിഷ്യന്മാർ
വന്ന് മൃതദേഹം മോഷ്ടിച്ചു എന്ന് ജനങ്ങളോടു
നിങ്ങൾ പറയണം. **14**ദേശവാഴി ഇതറിഞ്ഞാൽ
അയാളെ ഞങ്ങൾ സമാധാനപ്പെടുത്തി നിങ്ങ
ളെ രക്ഷിച്ചു കൊള്ളാം.”
15അതു കേട്ട ഭടന്മാർ പണം ഒളിച്ചുവച്ച്
മഹാപുരോഹിതരുടെ നിർദ്ദേശപ്രകാരം പ്രവർ
ത്തിച്ചു. ആ കഥ ഇന്നോളം യെഹൂദർക്കിടയിൽ
പ്രചരിക്കുന്നു.

യേശു ശിഷ്യന്മാരോടു സംസാരിക്കുന്നു

(മർക്കൊ. 16:14-18; ലൂക്കൊ. 24:36-49;
യോഹ. 20:19-23; അ.പ്രവ. 1:6-8)

16പതിനൊന്നു ശിഷ്യന്മാരും ഗലീലയിലേ
ക്കുപോയി. യേശു നിർദ്ദേശിച്ചിരുന്ന മലയിലേ
ക്കാണവർപോയത്. **17**മലയിൽ അവർ യേശുവി
നെകണ്ടു. അവർ അവനെ നമസ്കരിച്ചു. എങ്കി
ലും യഥാർത്ഥത്തിൽ അതു യേശുവാണെന്ന്
ചില ശിഷ്യന്മാർ വിശ്വസിച്ചില്ല. **18**അതിനാൽ
യേശു അവരുടെയടുത്തേക്കു വന്നു പറഞ്ഞു,
“സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധി
കാരങ്ങളും എനിക്കു തന്നിരിക്കുന്നു. **19**അതിനാ
ൽ നിങ്ങൾ എല്ലാ രാജ്യങ്ങളിലും ചെന്ന് അവ
രെ ശിഷ്യന്മാരാക്കുക. പിതാവിന്റെയും പുത്ര
ന്റെയും പരിശുദ്ധാത്മാവിന്റെയും പേരിൽ
അവരെ സ്നാനപ്പെടുത്തുക. **20**ഞാൻ നിങ്ങ
ളോട് പറഞ്ഞിട്ടുള്ളതെല്ലാം അനുസരിക്കാൻ അ
വരെ പഠിപ്പിക്കുക. ഞാൻ എപ്പോഴും നിങ്ങളോ
ടൊപ്പമുണ്ടാകുമെന്ന് നിങ്ങൾക്കുറപ്പിക്കാം. ലോ
കാവസാനംവരെ ഞാൻ നിങ്ങളോടൊപ്പമു
ണ്ടാകും.”

മർക്കോസ്
എഴുതിയ സുവിശേഷം

യേശുവിൻെറ വരവ്
(മത്താ. 3:1-12; ലൂക്കൊ. 3:1-9, 15-17;
യോഹ. 1:19-2)

1 ദൈവപുത്രനായ യേശുക്രിസ്തുവിനെപ്പറ്റി
യുള്ള സുവിശേഷം ആരംഭിക്കുന്നത്, സംഭവി
ക്കുന്നതിനെപ്പറ്റി **2**യെശയ്യാപ്രവാചകൻ പറ
ഞ്ഞതോടെയാണ്. യെശയ്യാവ് എഴുതി:
"ശ്രദ്ധിക്കൂ! ഞാൻ എൻെറ ദൂതനെ നിനക്കു
മുൻപായി അയയ്ക്കും. അവൻ നിനക്കുവഴി
യൊരുക്കും." *മലാഖി 3:1*
3"മരുഭൂമിയിൽ നിന്നൊരാൾ വിളിച്ചുപറയു
ന്നു: 'കർത്താവിനായി വഴിയൊരുക്കുവിൻ
അവൻെറ മാർഗ്ഗങ്ങൾ നേരെയാക്കുവിൻ.'"
യെശയ്യാവ് 40:3
4അതിനാൽ സ്നാപകയോഹന്നാൻ വന്ന്
ആളുകളെ മരുഭൂമിയിൽ സ്നാനപ്പെടുത്തി. ത
ങ്ങൾ മാനസാന്തരപ്പെട്ടു എന്നു കാണിക്കാൻ
സ്നാനപ്പെടുകയാണ് വേണ്ടതെന്ന് യോഹ
ന്നാൻ അവരോടു പറഞ്ഞു. അപ്പോഴവരുടെ
പാപങ്ങൾ പൊറുക്കപ്പെടും. **5**യെഹൂദ്യയിലെ
യും യെരൂശലേമിലെയും എല്ലാ ജനങ്ങളും യോ
ഹന്നാൻെറ അടുക്കലേക്കു പ്രവഹിച്ചു. അവർ
തങ്ങൾ ചെയ്തപാപങ്ങളേറ്റു പറഞ്ഞു. യോ
ഹന്നാൻ അവരെ യോർദ്ദാൻനദിയിൽ സ്നാന
പ്പെടുത്തി. **6**ഒട്ടകരോമംകൊണ്ടുണ്ടാക്കിയ വ
സ്ത്രങ്ങൾ യോഹന്നാൻ ധരിച്ചിരുന്നു. തുകൽ
കൊണ്ടുള്ള ഒരു അരപ്പട്ടയും അദ്ദേഹം ധരിച്ചിരു
ന്നു. അവൻ വെട്ടുക്കിളികളെ തിന്നുകയും കാട്ടു
തേൻ കുടിയ്ക്കുകയും ചെയ്തിരുന്നു. **7**യോഹ
ന്നാൻ ഇങ്ങനെയാണവരോടു പ്രസംഗിച്ചത്.
"എനിക്കു പിന്നാലെ എന്നെക്കാൾ ശ്രേഷ്ഠനാ
യവൻ വരുന്നു. അവൻെറ ചെരുപ്പിൻെറ വള്ളി
അഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല.
8ഞാൻ നിങ്ങളെ ജലം കൊണ്ടു ജ്ഞാനസ്നാ
നം ചെയ്തു. വരുവാനിരിക്കുന്നവൻ നിങ്ങളെ
പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തും."

യേശു ജ്ഞാനസ്നാനം ഏൽക്കുന്നു
(മത്താ. 3:13-17; ലൂക്കൊ. 3:21-22)

9ആ സമയം യേശു ഗലീലയിലെ നസറെ
ത്തിൽനിന്നും യോഹന്നാൻെറ അടുത്തെത്തി.
യോഹന്നാൻ യേശുവിനെ യോർദ്ദാൻനദിയിൽ
സ്നാനപ്പെടുത്തി. **10**യേശു വെള്ളത്തിൽനിന്നും
പൊങ്ങിവരുമ്പോൾ അവൻ തുറന്ന ആകാശം
കണ്ടു. പരിശുദ്ധാത്മാവ് ഒരു പ്രാവിൻെറ രൂപ
ത്തിൽ യേശുവിൻെറ അടുത്തെത്തി. **11**സ്വർ
ഗ്ഗത്തിൽനിന്നൊരു ശബ്ദം പറഞ്ഞു; "നീയെ
ൻെറ പുത്രനാണ്, ഞാൻ നിന്നെ സ്നേഹിക്കു
ന്നു. ഞാൻ നിന്നിൽ സന്തുഷ്ടനാണ്.

യേശു പരീക്ഷിക്കപ്പെടാൻ പോകുന്നു
(മത്താ. 4:1-11; ലൂക്കൊ. 4:1-13)

12അനന്തരം പരിശുദ്ധാത്മാവ് യേശുവിനെ
ഒറ്റയ്ക്ക് മരുഭൂമിയിലേക്കു കൊണ്ടുപോയി.
13നാല്പതു ദിവസം അവനവിടെ വന്യമൃഗങ്ങ
ളോടൊത്തുവസിച്ചു. അവൻ മരുഭൂമിയിലായി
രിക്കവേ, സാത്താൻ അവനെ പ്രലോഭിപ്പിച്ചു.
ദൂതന്മാർ വന്ന് യേശുവിനെ ശുശ്രൂഷിച്ചു പോ
ന്നു.

യേശു ഏതാനും ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നു
(മത്താ. 4:12-22; ലൂക്കൊ. 4:14-15; 5:1-11)

14അതിനു ശേഷം, യോഹന്നാൻ തുറങ്കിലട
യ്ക്കപ്പെട്ടു. യേശു ഗലീലയിലേക്കു പോയി
ദൈവത്തിൻെറ സുവിശേഷം പ്രസംഗിച്ചു.
15യേശു പറഞ്ഞു, "ഇതാ അനുയോജ്യമായ സമ
യമായി. ദൈവരാജ്യം എത്തിയിരിക്കുന്നു. നി
ങ്ങൾ മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വി
ശ്വസിക്കുക."
16യേശു ഗലീലതടാകത്തിനടുത്തുകൂടി പോ
കുകയായിരുന്നു. അവൻ ശിമോനെയും സ
ഹോദരൻ അന്ത്രെയാസിനെയും കണ്ടു. മീൻ
പിടുത്തക്കാരായിരുന്ന അവർ വലയെറിയുക
യായിരുന്നു. **17**യേശു അവരോടു പറഞ്ഞു, "വ
രൂ, എന്നെ പിന്തുടരൂ. ഞാൻ നിങ്ങളെ തികച്ചും
വ്യത്യസ്തമായ മീൻ പിടുത്തക്കാരാക്കാം. നി
ങ്ങൾ മീനല്ല മനുഷ്യരെയാണ് ഒത്തുകൂട്ടേണ്ടത്."
18അതിനാൽ ശിമോനും അന്ത്രെയാസും വലക
ളുപേക്ഷിച്ച് യേശുവിനെ പിന്തുടർന്നു.
19യേശു തടാകത്തീരത്തു കൂടിത്തന്നെ നടന്നു.
അവൻ രണ്ടു സഹോദരന്മാരെക്കൂടി കണ്ടു. സെ
ബെദിയുടെ പുത്രന്മാരായ യാക്കോബും യോ
ഹന്നാനും. അവർ തങ്ങളുടെ വള്ളത്തിൽ മീൻ
പിടിക്കാൻ വല ഒരുക്കുകയായിരുന്നു. **20**അവ
രുടെ അപ്പൻ സെബെദിയും മറ്റു ജോലിക്കാരും
വഞ്ചിയിലുണ്ടായിരുന്നു. യേശു സഹോദരന്മാ
രെ കണ്ടപ്പോൾ അവരോട് തന്നെ പിന്തുടരാൻ
പറഞ്ഞു. അവർ തങ്ങളുടെ അപ്പനെ വിട്ട്
യേശുവിനെ പിന്തുടർന്നു.

അശുദ്ധാത്മാവ് ബാധിച്ച ഒരാളെ യേശു സുഖപ്പെടുത്തുന്നു
(ലൂക്കൊ. 4:31-37)

21യേശുവും ശിഷ്യന്മാരും കഫർന്നഹൂമിലേ
ക്കു പോയി. ശബ്ബത്തു ദിവസം യേശു യെഹൂദ
പ്പള്ളിയിലെത്തി ജനങ്ങളെ ഉപദേശിച്ചു. **22**യേ
ശുവിൻെറ ഉപദേശം അവരെ അത്ഭുതപരത
ന്ത്രരാക്കി. യേശു ഉപദേശിച്ചത് അവരുടെ ശാ
സ്ത്രിമാരെപ്പോലെയായിരുന്നില്ല. അധികാര
ത്തോടെയാണവൻ ഉപദേശിച്ചത്. **23**അവൻ
യെഹൂദപ്പള്ളിയിലിരിക്കെ, അശുദ്ധാത്മാവ് ബാ
ധിച്ച ഒരാളവിടെയുണ്ടായിരുന്നു. അയാൾ അ
ലറി,**24**"നസറെത്തിലെ യേശുവേ! നിനക്കു ഞ
ങ്ങളെക്കൊണ്ടെന്താണു വേണ്ടത്? നീ ഞങ്ങളെ
നശിപ്പിക്കാനാണോ വന്നത്? നീ ആരാണെന്ന്
എനിക്കറിയാം, ദൈവത്തിൻെറ പരിശുദ്ധൻ!"
25യേശു അവനെ ശകാരിച്ചു, "മിണ്ടാതിരിക്ക്,
അയാളിൽ നിന്ന് പുറത്തു വരൂ."

26അയാളെ വിറപ്പിച്ചുകൊണ്ട് വലിയ ശബ്ദ
ത്തോടെ അശുദ്ധാത്മാവ് പുറത്തു പോയി.
27ജനങ്ങൾ അത്ഭുതപ്പെട്ടു. അവർ പരസ്പരം
ചോദിച്ചു, "എന്താണിവിടെ സംഭവിക്കുന്നത്?
ഇയാൾ പുതിയതു ചിലതു ഉപദേശിക്കുന്നു.
അതും അധികാരത്തോടെ! അവൻ അശുദ്ധാത്മാ
ക്കളോട് ആജ്ഞാപിക്കുകവരെ ചെയ്യുന്നു. അ
ശുദ്ധാത്മക്കളാകട്ടെ അവനെ അനുസരിക്കുക
യും ചെയ്യുന്നു." 28അങ്ങനെ യേശുവിനെപ്പറ്റി
യുള്ള വാർത്തകൾ ഗലീലയിലെങ്ങും പരന്നു.

യേശു അനേകം പേരെ സുഖപ്പെടുത്തുന്നു

(മത്താ. 8:14-17; ലൂക്കൊ. 4:38-41)

29യേശുവും ശിഷ്യന്മാരും യെഹൂദപ്പള്ളിവി
ട്ടു. അവരെല്ലാവരും യാക്കോബിനോടും യോഹ
ന്നാനോടുമൊപ്പം ശിമോൻെറയും അന്ത്രെയാ
സിൻെറയും വീട്ടിലേക്കുപോയി. 30ശിമോൻെറ
അമ്മായിയമ്മയ്ക്കു സുഖമില്ലായിരുന്നു. അ
വൾ പനിപിടിച്ചു കിടപ്പിലായിരുന്നു. അവി
ടെയുണ്ടായിരുന്നവർ യേശുവിനോട് അവളെ
പ്പറ്റി പറഞ്ഞു. 31യേശു അവളുടെ കിടയ്ക്കക്കരു
കിലേക്ക് ചെന്ന് അവളുടെ കൈപിടിച്ച് അവ
ളെ എഴുന്നേൽക്കാൻ സഹായിച്ചു. പനി വിട്ടു
പോയി, അവൾ സുഖപ്പെട്ടു. അപ്പോഴവൾ
അവരെ ശുശ്രൂഷിക്കാൻ തുടങ്ങി.
32അന്നു രാത്രി സൂര്യാസ്തമയത്തിനു ശേഷം
വളരെയധികം രോഗികളെ ആളുകൾ യേശുവി
നടുത്തെത്തിച്ചു. ഭൂതം ബാധിച്ചവരും അക്കൂട്ട
ത്തിൽ ഉണ്ടായിരുന്നു. 33നഗരത്തിലെ എല്ലാവ
രും തന്നെ ആ ഭവനത്തിനു മുമ്പിൽ തടിച്ചു
കൂടി. 34യേശു പലവിധ രോഗങ്ങളുള്ള വളരെ
പേരെ സുഖപ്പെടുത്തി. അനേകം ഭൂതങ്ങളെ
യും ഒഴിപ്പിച്ചു. എന്നാലവൻ ഭൂതങ്ങളെ സംസാ
രിക്കാൻ അനുവദിച്ചില്ല. എന്തെന്നാൽ അവനാ
രാണെന്ന് ഭൂതങ്ങൾക്കറിയാമായിരുന്നു.

യേശു സുവിശേഷം പ്രസംഗിക്കാൻ തയ്യാറെടുക്കുന്നു

(ലൂക്കൊ. 4:42-44)

35പിറ്റേന്നു രാവിലെ യേശു വളരെ നേരത്തെ
എഴുന്നേറ്റു. ഇരുട്ടുമാറുംമുമ്പു തന്നെ അവൻ
വീടുവിട്ടിറങ്ങി. ഏകാന്തമായൊരു സ്ഥലത്തേ
ക്കവൻ പ്രാർത്ഥനയ്ക്കായി പോയി. 36പിന്നീട്,
ശിമോനും സുഹൃത്തുക്കളും യേശുവിനെ തിര
ഞ്ഞെത്തി. 37അവർ യേശുവിനെ കണ്ടു പറ
ഞ്ഞു, "എല്ലാവരും നിന്നെ അന്വേഷിക്കുന്നു."
38യേശു മറുപടി പറഞ്ഞു, "നമ്മൾക്കു മറ്റൊ
രിടത്തേക്കു പോകാം. ഈപ്രദേശത്തിലെ മറ്റു
പട്ടണങ്ങളിലേക്കു നമുക്കുപോകണം. അവിട
ങ്ങളിൽ എനിക്കു പ്രസംഗിക്കണം. അതിനാണു
ഞാൻ വന്നത്." 39അതിനാൽ യേശു ഗലീലയി
ലാകമാനം സഞ്ചരിച്ചു. അവൻ യെഹൂദപ്പള്ളി
കളിൽ പ്രസംഗിച്ചു. ഭൂതങ്ങളെ ഒഴിപ്പിച്ചു.

യേശു ഒരു രോഗിയെ സുഖപ്പെടുത്തുന്നു

(മത്താ. 8:1-4; ലൂക്കൊ. 5:12-16)

40കുഷ്ഠം ബാധിച്ച ഒരാൾ യേശുവിൻെറ അ
ടുത്തെത്തി. അയാൾ യേശുവിൻെറ പാദത്തിൽ
നമസ്കരിച്ച് അവനോടു യാചിച്ചു, "നീ ആഗ്ര
ഹിക്കുന്നുവെങ്കിൽ എൻെറ രോഗം മാറ്റാനുള്ള
ശക്തി നിനക്കുണ്ട്."
41യേശുവിന് അയാളോട് ദയ തോന്നി. അ
വൻ അയാളെ സ്പർശിച്ചു കൊണ്ട് പറഞ്ഞു,
"ഞാൻ നിന്നെ സുഖപ്പെടുത്താനാഗ്രഹിക്കുന്നു.
സുഖപ്പെടൂ."
42തത്സമയം രോഗം വിട്ടുമാറി അയാൾ സുഖ
പ്പെടുകയും ചെയ്തു. 43അയാളോടു പൊ
യ്ക്കൊള്ളുവാൻ യേശു പറഞ്ഞു, പക്ഷേ യേശു
അയാൾക്കു ശക്തമായ താക്കീതു നൽകി. യേശു
പറഞ്ഞു, 44"ഞാൻ നിനക്കു ചെയ്തുതന്നത്
മറ്റാ രോടും പറയരുത്. പക്ഷേപോയി നിൻെറ
രോ ഗം മാറിയത് പുരോഹിതന്മാരെ കാണിക്കൂ.
നീ സുഖപ്പെട്ടതിനാൽ ദൈവത്തിനു വഴി
പാടും കഴിക്കുക. മോശെയുടെ കല്പന പ്രകാര
മുള്ള വഴിപാട്. അത് ജനങ്ങൾക്ക് സാക്ഷ്യ
മാവട്ടെ."
45അയാൾ അവിടം വിട്ടുപോയി. യേശുത
ന്നെ സുഖപ്പെടുത്തിയ കാര്യം കണ്ട എല്ലാവ
രോടും പറഞ്ഞു. അങ്ങനെ യേശുവിനെപ്പറ്റിയു
ള്ള വാർത്ത എങ്ങും പരന്നു. അതിനാൽ യേശു
വിന് ആളുകൾ കാൺകെ ഒരു ഗ്രാമത്തിലും
പ്രവേശിക്കാനാവില്ല എന്ന നിലവന്നു. ആൾ
ത്താമസമില്ലാത്ത പല സ്ഥലങ്ങളിലും അവൻ
താമസിച്ചു. പക്ഷേജനങ്ങൾ എല്ലാ ഗ്രാമങ്ങ
ളിൽ നിന്നും യേശുവിൻെറ അടുത്തേക്കെത്തി.

ഒരു തളർവാതരോഗിയെ യേശു സുഖപ്പെടുത്തുന്നു

(മത്താ. 9:1-8; ലൂക്കൊ. 5:17-26)

2 ഏതാനും ദിവസങ്ങൾക്കു ശേഷം യേശു
കഫർന്നഹൂമിൽ മടങ്ങിയെത്തി. യേശു തി
രിച്ചെത്തിയ വാർത്തപരന്നു. 2അനേകം പേർ
യേശുവിൻെറ പ്രസംഗം കേൾക്കാൻ തടിച്ചു
കൂടി. വീടുനിറഞ്ഞു. നിൽക്കാൻ പോലും ഇട
മില്ലാതെയായി. വീടിനു പുറത്തും ഇതുതന്നെ
സ്ഥിതി. യേശു അവരെ ഉപദേശിക്കുകയായി
രുന്നു. 3ചിലർ ഒരു തളർവാതരോഗിയെ യേശു
വിനടുത്തേക്കു കൊണ്ടുവന്നു. നാലുപേർ ചേർ
ന്നാണയാളെ ചുമന്നുകൊണ്ടുവന്നത്. 4വീട്ടിൽ
നിറച്ചാളായിരുന്നതിനാൽ അവർക്കയാളെ യേ
ശുവിൻെറ അടുത്തെത്തിക്കാനായില്ല. അതി
നാലവർ വീടിൻെറ മേൽക്കൂരയിൽ യേശു ഇരി
ക്കുന്നതിനുമുകളിലായി ഒരു ദ്വാരമുണ്ടാക്കി. അ
തിലൂടെ രോഗിയെ കിടത്തിയ കട്ടിൽ താഴോ
ട്ടിറക്കി. 5അവർക്കു വളരെ വിശ്വാസമുള്ളതായി
യേശു അറിഞ്ഞു. അതിനാലവൻ പക്ഷവാത
രോഗിയോടു പറഞ്ഞു, "യുവാവേ, നിൻെറ
പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു. "6ഏതാ
നും ശാസ്ത്രിമാരവിടെയുണ്ടായിരുന്നു. യേശു
വിൻെറ പ്രവൃത്തികണ്ട് അവർ സ്വയം പറഞ്ഞു,
7"എന്തിനാണീ മനുഷ്യൻ ഇങ്ങനെയൊക്കെ
പറയുന്നത്? അവൻ ദൈവത്തിനു നിരക്കാത്ത
കാര്യങ്ങൾ പറയുന്നു. ദൈവത്തിനു മാത്രമേ
പാപങ്ങൾ പൊറുക്കാനാവൂ."
8ശാസ്ത്രിമാർ തന്നെപ്പറ്റി ഇങ്ങനെയൊക്കെ
കരുതുന്നുണ്ടാവുമെന്ന് യേശുവിനറിയാമായി
രുന്നു. അതിനാലവൻ അവരോടു പറഞ്ഞു,
"നിങ്ങളെന്താണിങ്ങനെ കരുതുന്നത്? 9ഈ തളർ
വാതരോഗിയോട്, 'നിൻെറ പാപങ്ങൾ പൊറു
ക്കപ്പെട്ടിരിക്കുന്നു' എന്നോ, 'എഴുന്നേറ്റു കട്ടിലു
മായി നടന്നു പോകൂ' എന്നോ, ഏതാണു പറ
യാൻ കൂടുതലെളുപ്പം?10പക്ഷേ ഭൂമിയിൽ പാപ
ങ്ങൾ പൊറുക്കാൻ മനുഷ്യപുത്രന് അധികാര
മുണ്ടെന്ന് ഞാൻ തെളിയിക്കാം." അതിനാൽ
യേശു അയാളോടു പറഞ്ഞു, 11"ഞാൻ നിന്നോ
ടുപറയുന്നു, എഴുന്നേറ്റു നിന്ന്, നിൻെറ കട്ടി
ലുമെടുത്ത് വീട്ടിൽപോകുക." 12തളർവാതക്കാ

രൻ എഴുന്നേറ്റുനിന്നു. അയാൾ കട്ടിലുമെടുത്ത്
മുറിക്ക് പുറത്തേക്കു നടന്നു. എല്ലാവർക്കും അതു
കാണാമായിരുന്നു. ജനങ്ങൾ അത്ഭുതപ്പെട്ട് ദൈ
വത്തെ പുകഴ്ത്തി. അവർ പറഞ്ഞു, "ഞങ്ങൾ
ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും അ
ത്ഭുതകരമായ ദൃശ്യം."

ലേവി (മത്തായി) യേശുവിനെ അനുഗമിക്കുന്നു

(മത്താ. 9:9-13; ലൂക്കൊ. 5:27-32)

13യേശു വീണ്ടും കടൽക്കരയിലേക്കു പോയി.
അനേകം പേർ അവനെ പിന്തുടർന്നു. യേശു
അവരെ ഉപദേശിച്ചു. 14യേശു കടൽക്കരയിലൂ
ടെ നടക്കവേ അൽഫായിയുടെ മകനും ചുങ്കപ്പി
രിവുകാരനുമായ ലേവിയെ കണ്ടു. ലേവി നി
കുതിപിരിവു കാര്യാലയത്തിൽ ഇരിക്കുകയാ
യിരുന്നു. യേശു അവനോടു പറഞ്ഞു, "എന്നെ
പിന്തുടരുക."അപ്പോൾ ലേവി എഴുന്നേറ്റ് യേ
ശുവിനെ അനുഗമിച്ചു.
15അന്ന് വൈകിട്ട് യേശു ലേവിയുടെ വീട്ടിൽ
നിന്ന് ആഹാരം കഴിച്ചു. അവിടെ അനേകം
നികുതി പിരിവുകാരും മറ്റുചില ദുഷിച്ച മനു
ഷ്യരും യേശുവിനോടും ശിഷ്യന്മാരോടുമൊപ്പം
ആഹാരം കഴിക്കുന്നുണ്ടായിരുന്നു. അവരിലധി
കം പേരും യേശുവിനെ അനുഗമിച്ചിരുന്നവരാ
യിരുന്നു. 16ശാസ്ത്രിമാർ യേശു പാപികളോടും
കരം പിരിവുകാരോടും ഒപ്പം ആഹാരം കഴിക്കു
ന്നതു കണ്ടു. അവർ യേശുവിന്റെ ശിഷ്യന്മാ
രോടു ചോദിച്ചു, "എന്താണവൻ പാപികളോ
ടും ചുങ്കം പിരിക്കുന്നവരോടും ഒത്ത് ആഹാരം
കഴിക്കുന്നത്?"
17ഇതുകേട്ട യേശു അവരോടു പറഞ്ഞു, "ആ
രോഗ്യമുള്ളവർക്ക് വൈദ്യനെ ആവശ്യമില്ല.
രോഗികൾക്കാണു വൈദ്യനെ വേണ്ടത്. ഞാൻ
നല്ലവരെ വിളിക്കാനല്ല വന്നത്. പാപികളെ
വിളിക്കാനാണ്."

യേശു മറ്റു മതനേതാക്കളെപ്പോലെയല്ല

(മത്താ. 9:14-17; ലൂക്കൊ 5: 33-39)

18യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും
ഉപവസിക്കുകയായിരുന്നു. ചിലർ യേശുവി
നോടു ചോദിച്ചു, "യോഹന്നാന്റെയും പരീശ
രുടെയും ശിഷ്യന്മാർ ഉപവസിക്കുന്നു. നിന്റെ
ശിഷ്യന്മാരെന്തേ ഉപവസിക്കുന്നില്ല?"
19യേശു മറുപടി പറഞ്ഞു, "വിവാഹവേള
യിൽ മണവാളൻ കൂടെയുള്ളപ്പോൾ അവന്റെ
സുഹൃത്തുക്കൾക്കു ദു:ഖമില്ല. അവനുള്ളപ്പോൾ
അവർക്ക് ഉപവസിക്കാൻ കഴിയുകയില്ല. 20പ
ക്ഷേ മണവാളൻ അവരെ വേർപിരിയുന്നഘട്ടം
വരും. അപ്പോൾ സുഹൃത്തുക്കൾ ദു:ഖിതരാവും.
അപ്പോഴവർ ഉപവസിക്കും.
21"പഴകിയ വസ്ത്രത്തിലെ ദ്വാരം തയ്ച്ച്
അടയ്ക്കുന്ന ഒരുവൻ ഒരിക്കലും പുതിയ തുണി
ക്കഷണത്തിന്റെ തുണ്ട് ഉപയോഗിക്കുന്നില്ല.
അഥവാ അവനങ്ങനെ ചെയ്താൽ കൂട്ടിത്ത
യ്ച്ചത് ചുരുങ്ങി പഴയ വസ്ത്രത്തിൽനിന്നു
വിടും. അതോടെ ദ്വാരത്തിന്റെ ഗതി കഷ്ട
മാവും.
22ആരും പുതിയ വീഞ്ഞ് പഴയതോൽ സഞ്ചി
യിലെടുക്കാറില്ല. എന്തുകൊണ്ടന്നാൽ പുതിയ
വീഞ്ഞ് സഞ്ചിയെകീറും. വീഞ്ഞും സഞ്ചിയും
നഷ്ടമാകും. ആളുകളെപ്പോഴും പുതിയവീഞ്ഞ്
പുതിയ സഞ്ചിയിൽ തന്നെ ഒഴിക്കുന്നു."

ചില യെഹൂദന്മാർ യേശുവിനെ വിമർശിക്കുന്നു

(മത്താ. 12:1-8; ലൂക്കൊ. 6:1-5)

23ഒരു ശബ്ബത്തു ദിവസം യേശു ധാന്യവയലു
കളിലൂടെ നടക്കുകയായിരുന്നു. അവന്റെ ശി
ഷ്യന്മാരും അവനോടൊപ്പം നടക്കുകയായിരു
ന്നു. ശിഷ്യന്മാർ തിന്നുന്നതിനു കുറച്ചു ധാന്യ
മെടുത്തു. 24അതു കണ്ട പരീശന്മാർ യേശുവി
നോടു പറഞ്ഞു, "നിന്റെ ശിഷ്യന്മാർ എന്താ
ണിങ്ങനെയൊക്കെ ചെയ്യുന്നത്? ശബ്ബത്തു ദി
വസം അതു ചെയ്തത് യെഹൂദനിയമത്തിനെ
തിരാണ്."
25യേശു മറുപടിപറഞ്ഞു, "വിശന്നു വലഞ്ഞ
പ്പോൾ ദാവീദും അവന്റെ ആൾക്കാരും എന്താ
ണു ചെയ്തതെന്ന് നിങ്ങൾ ഒരിക്കലും വായി
ച്ചിട്ടില്ലേ? 26അബ്യാഥാർ മഹാപുരോഹിതനാ
യിരുന്ന കാലത്തായിരുന്നു അത്. ദാവീദ് ദൈ
വാലയത്തിൽ കടന്നു ചെന്ന് ദൈവത്തിനു വഴി
പാടു നൽകിയ അപ്പം എടുത്തു തിന്നു. എ
ന്നാൽ പുരോഹിതർക്കു മാത്രമേ ആ അപ്പം
തിന്നാവൂ എന്ന് മോശെയുടെ ന്യായപ്രമാണ
ത്തിൽ പറയുന്നുമുണ്ട്. ദാവീദാകട്ടെ തന്റെ
ആളുകൾക്കു കൂടി ആ അപ്പം നൽകി."
27അനന്തരം യേശു പരീശന്മാരോടു പറഞ്ഞു,
"ശബ്ബത്തു ദിവസം ജനങ്ങളുടെ നന്മയ്ക്കായാ
ണ്. എന്നാൽ ജനങ്ങൾ ശബ്ബത്തിനാൽ നിയന്ത്രി
ക്കപ്പെടേണ്ടതില്ല. 28അതിനാൽ മനുഷ്യപുത്രൻ
ശബ്ബത്തിന്റെയും കർത്താവാണ്."

യേശു കൈ തളർന്ന ഒരാളെ സുഖപ്പെടുത്തുന്നു

(മത്താ. 12:9-14; ലൂക്കൊ. 6:6-11)

3 മറ്റൊരിക്കൽ യേശു യെഹൂദപ്പള്ളിയിലേക്കു
കയറി. അവിടെ ഒരു കൈ തളർന്ന ഒരാളു
ണ്ടായിരുന്നു. 2ചില യെഹൂദർ യേശു തെറ്റെന്തെ
ങ്കിലും പ്രവർത്തിച്ചാൽ അവനെ കുറ്റപ്പെടു
ത്താനായി കാത്തിരുന്നു. അതിനാലവർ അവ
നെ സൂക്ഷ്മമായി നിരീക്ഷിച്ചു. ശബ്ബത്തു ദിവ
സം യേശു അയാളെ സുഖപ്പെടുത്തുമോ എന്ന
വർക്ക് അറിയണമായിരുന്നു. 3കൈ തളർന്നവ
നോടു യേശു പറഞ്ഞു, "എഴുന്നേറ്റു നിൽക്കുക.
എല്ലാവരും നിന്നെ കാണട്ടെ."
4യേശു അവരോടു ചോദിച്ചു, "ശബ്ബത്തു ദിവ
സം നന്മ ചെയ്യുന്നതോ, ദോഷം ചെയ്യുന്നതോ,
ഏതാണു ശരി? ഒരു ജീവൻ രക്ഷിക്കുന്നതോ,
നശിപ്പിക്കുന്നതോ ശരി?" അതിനു മറുപടി
യായി അവരൊന്നും തന്നെ യേശുവിനോടു
പറഞ്ഞില്ല.
5യേശു എല്ലാവരിലേക്കുമായി നോട്ടമയച്ചു.
അവൻ രോഷാകുലനായിരുന്നു. അവരുടെ ഹൃദ
യകാഠിന്യത്തിൽ അവൻ ഏറെ ദു:ഖിതനായി
രുന്നു. അവൻ തളർവാതരോഗിയോടു പറഞ്ഞു,
"നിന്റെ കൈ നീട്ടൂ. "അയാൾ കൈ നീട്ടി.
അതോടെ അയാൾ സുഖപ്പെട്ടു.6അനന്തരം പ
രീശന്മാർ അവിടം വിട്ടുപോയി, യേശുവിനെ
തിരെ ഹെരോദ്യരുമായി കൂടിയാലോചിച്ചു അ
വനെ എങ്ങനെ വധിക്കണമെന്ന പദ്ധതിക്കു
തുടക്കമിട്ടു.

ഒട്ടേറെപ്പേർ യേശുവിനെ അനുഗമിക്കുന്നു

7യേശു കടൽക്കരയിലേക്കുപോയി. അനവ
ധി ഗലീലക്കാർ അവനെ പിന്തുടർന്നു. 8യെഹൂ
ദ്യ, യെരൂശലേം, ഏദോം, യോർദ്ദാൻനദീതട
പ്രദേശം, സോരിന്റെയും സീദോന്റെയും ചു

റ്റുവട്ടത്തുള്ള പ്രാന്തപ്രദേശങ്ങൾ എന്നിവിട
ങ്ങളിൽനിന്നും അനേകർ വന്നു. യേശുവിന്റെ
പ്രവർത്തികളെപ്പറ്റി കേട്ടിട്ടാണവർ വന്നത്.
9യേശു ഒരുപാട് ആൾക്കാരെ കണ്ടു. അതിനാല
വൻ തന്റെ ശിഷ്യന്മാരോട് തനിയ്ക്കായൊരു
വഞ്ചി ഒരുക്കുവാൻ ആവശ്യപ്പെട്ടു. ആൾക്കൂട്ട
ത്തിൽപ്പെട്ടു ഞെരിയുന്നത് ഒഴിവാക്കാനാണ
വൻ വഞ്ചിയാവശ്യപ്പെട്ടത്. 10യേശു ഒട്ടനേകം
പേരെ സുഖപ്പെടുത്തി. അതിനാൽ എല്ലാ രോ
ഗികളും അവനെ സ്പർശിക്കാനായി തിടുക്കം
കൂട്ടി. 11ചിലരെ അശുദ്ധാത്മാക്കൾ ബാധിച്ചിരു
ന്നു. അശുദ്ധാത്മാക്കൾ യേശുവിനെ കണ്ടപ്പോ
ൾ അവന് മുമ്പിൽ കുനിഞ്ഞ്, "നീ ദൈവപു
ത്രൻ" എന്നു വിളിച്ചു പറഞ്ഞു. 12എന്നാൽ
താനാരാണെന്നു വിളിച്ചു പറയരുതെന്ന് യേശു
അശുദ്ധാത്മാക്കൾക്കു കർശനനിർദ്ദേശം നൽകി.

യേശു തന്റെ പന്ത്രണ്ട് അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുന്നു

(മത്താ. 10:1-4; ലൂക്കൊ. 6:12-16)

13അനന്തരം യേശു മലമുകളിലേക്കു പോയി.
ചിലരെ അവൻ അടുത്തു വിളിച്ചു. അവനാ
വശ്യമുള്ള ചിലരായിരുന്നു അവർ. അവർ യേ
ശുവിന്റെ അടുത്തെത്തി. 14യേശുപന്ത്രണ്ടു പേ
രെ തിരഞ്ഞെടുത്ത് അവരെ അപ്പൊസ്തലന്മാ
രെന്നു വിളിച്ചു. യേശു അവരോട് തന്നോടൊ
പ്പം ഉണ്ടായിരിക്കാനും മറ്റിടങ്ങളിൽ പ്രസംഗി
ക്കാനും ആവശ്യപ്പെട്ടു. 15ഭൂതങ്ങളെ ഒഴിപ്പിക്കാ
നുള്ള അധികാരം യേശു അവർക്കുനൽകി. 16യേ
ശു തിരഞ്ഞെടുത്ത പന്ത്രണ്ടുപേർ ഇവരായി
രുന്നു. ശിമോൻ (യേശു അവനെ പത്രൊസ്
എന്നു വിളിച്ചു), 17യാക്കോബ്, യോഹന്നാൻ
എന്നീ സെബെദിയുടെ പുത്രന്മാർ (യേശു
അവരെ "ഇടിമക്കൾ" എന്നർത്ഥമുള്ള ബൊവ
നേർഗ്ഗെസ് എന്നു വിളിച്ചു); 18അന്ത്രെയാസ്,
ഫീലിപ്പൊസ്, ബർത്തൊലോമായി, മത്തായി,
തോമാസ്, അൽഫായിയുടെ പുത്രൻ യാക്കോ
ബ്, തദ്ദായി, എരിവുകാരനായശിമോൻ 19യൂദാ
ഈസ്കാര്യോത്ത്. യൂദയാണ് യേശുവിനെ
ശത്രുക്കൾക്ക് വിശ്വാസവഞ്ചനയിലൂടെ ഒറ്റി
ക്കൊടുത്തത്.

യേശുവിൽ പിശാചുണ്ടെന്ന് ചിലർ

(മത്താ. 12:22-32; ലൂക്കൊ. 11:14-23; 12:10)

20അനന്തരം യേശു വീട്ടിലേക്കുപോയി. പ
ക്ഷേ വീണ്ടും അനേകം പേർ അവിടെ തടിച്ചു
കൂടി. ഒട്ടേറെപ്പേരുണ്ടായിരുന്നതിനാൽ യേശു
വിനും ശിഷ്യന്മാർക്കും ഭക്ഷണം കഴിക്കാൻ പോ
ലും കഴിഞ്ഞില്ല. 21യേശുവിന്റെ വീട്ടുകാർ
ഇതെല്ലാമറിഞ്ഞു. അവർക്കവനെ പിടിച്ചുകൊ
ണ്ടു പോകണം. എന്തെന്നാൽ അവർ പറയുന്നു,
അവന് സമനില തെറ്റിയെന്ന്.

22യെരൂശലേമിൽനിന്നും വന്ന ശാസ്ത്രിമാർ
പറഞ്ഞു, "ബെയെത്സെബൂൽ എന്ന പിശാച്
ഇവനെ ബാധിച്ചിരിക്കുന്നു. മനുഷ്യരിൽനി
ന്നും ഭൂതങ്ങളെ ഒഴിപ്പിക്കാൻ അവൻ ബെയെ
ത്സെബൂലിന്റെ ശക്തി ഉപയോഗിക്കുന്നു."

23യേശു ജനങ്ങളെ സാരോപദേശങ്ങളിലൂടെ
പഠിപ്പിച്ചു തുടങ്ങി. അവൻ പറഞ്ഞു, "സാത്താ
നെ പുറത്തേക്കോടിക്കാൻ എങ്ങനെ സാത്താ
നു തന്നെ കഴിയും? 24അന്തച്ഛിദ്രമുള്ള രാജ്യം
നിലനിൽക്കില്ല. 25അന്തച്ഛിദ്രമുള്ള കുടുംബം
നിലനിൽക്കില്ല. 26സാത്താൻ അവനു തന്നെ എ
തിരാവുകയുംസ്വന്തം ആളുകൾക്കെതിരെ പൊ
രുതുകയും ചെയ്താൽ അവനു നിലനിൽക്കാ
നാവില്ല. അവന്റെ അന്ത്യം വരികയും ചെയ്യും.
27ശക്തനായ ഒരാളുടെ വീട്ടിൽ കയറി മോഷ്ടി
ക്കണമെങ്കിൽ അയാളെ ആദ്യം കെട്ടിയിട്ടേ പറ്റൂ.
എന്നിട്ടവിടെനിന്നും എന്തും മോഷ്ടിക്കാം.
28ഞാൻ നിങ്ങളോട് സത്യം പറയാം. ആളുകൾ
ചെയ്യുന്ന എല്ലാ പാപങ്ങളും പൊറുക്കപ്പെടാം.
അവൻ പറയുന്ന ദൈവദോഷങ്ങളും പൊറുക്ക
പ്പെടാം. 29എന്നാൽ പരിശുദ്ധാത്മാവിനെ അധി
ക്ഷേപിക്കുന്നവൻ (നിരാകരിക്കുന്നവൻ) ഒരിക്ക
ലും ക്ഷമിക്കപ്പെടുകയില്ല. അവൻ എക്കാലവും
ആ പാപത്തിന്റെ തെറ്റുകാരനാകും." 30അവ
നിൽ അശുദ്ധാത്മാവ് വസിക്കുന്നെന്ന് ശാസ്ത്രി
മാർ ആരോപിച്ചതു കൊണ്ടാണ് അവൻ ഇതു
പറഞ്ഞത്.

യേശുവിന്റെ ശിഷ്യന്മാർ അവന്റെ കുടുംബക്കാർ

(മത്താ. 12:46-50; ലൂക്കൊ 8:19-21)

31അനന്തരം യേശുവിന്റെ അമ്മയും സഹോ
ദരന്മാരുമെത്തി. അവർ പുറത്തു നിന്നിട്ട് ഒരാ
ളെ അയച്ച് അവനോടു പുറത്തുവരാൻ പറ
ഞ്ഞു. 32യേശുവിനു ചുറ്റും ഒരുപാടുപേർ ഇരി
ക്കുന്നുണ്ടായിരുന്നു. അവർ അവനോടു പറ
ഞ്ഞു, "നിന്റെ അമ്മയും സഹോദരന്മാരും വ
ന്നിട്ടുണ്ട്. അവർ പുറത്ത് നിന്നെ കാത്തിരി
ക്കുന്നു."

33യേശു ചോദിച്ചു, "ആരാണ് എന്റെ അമ്മ?
ആരാണ് സഹോദരന്മാർ?"

34അനന്തരം യേശു തനിക്കു ചുറ്റുമുള്ളവരെ
നോക്കി. അവൻ പറഞ്ഞു, "ഇവരാണെന്റെ
അമ്മയും എന്റെ സഹോദരന്മാരും! 35എന്റെ
യഥാർത്ഥ സഹോദരനും സഹോദരിയും അമ്മ
യും ദൈവത്തിനു വേണ്ടുന്ന കാര്യങ്ങൾ ചെയ്യു
ന്നവരാണ്."

വിതയ്ക്കുന്നവന്റെ കഥ

(മത്താ. 13:1-9; ലൂക്കൊ. 8:4-8)

4 മറ്റൊരിക്കൽ കടൽക്കരയിൽ വച്ച് യേശു
ഉപദേശിക്കാൻ തുടങ്ങി. ഒട്ടേറെപ്പേർ യേശു
വിനു ചുറ്റും നിരന്നു. അതിനാലവൻ കടലിൽ
കിടന്നിരുന്ന ഒരു വഞ്ചിയിൽ കയറി ഇരുന്നു.
ജനങ്ങളെല്ലാം വെള്ളത്തിനു സമീപം കടൽ
ക്കരയിൽ നിന്നു. 2യേശു വഞ്ചിയിൽനിന്നു
കൊണ്ട് അവരെ ഉപദേശിച്ചു. അവൻ ഉപമക
ളിലൂടെ പല കാര്യങ്ങളും പഠിപ്പിച്ചു. യേശു
പറഞ്ഞു, 3"ശ്രദ്ധിക്കൂ, ഒരു കർഷകൻ വിത്തു
വിതയ്ക്കാൻ പോയി. 4വിതയ്ക്കുന്നതിനിട
യിൽ ചില വിത്തുകൾ വഴിയരികിൽ വീണു.
പക്ഷികൾ വന്ന് അവയെല്ലാം കൊത്തിത്തി
ന്നു. 5ചില വിത്തുകൾ പാറസ്ഥലത്തു വീണു.
അവിടെ മണ്ണു കുറവായിരുന്നു. ആഴം കുറഞ്ഞ
സ്ഥലമായിരുന്നതിനാൽ അവിടെ വീണവി
ത്തുകൾ വേഗം വളർന്നു. 6പക്ഷേ സൂര്യനുദിച്ച
പ്പോൾ അവ കരിഞ്ഞുപോയി. അവയ്ക്ക് ആഴ
ത്തിൽ വേരുകൾ ഇല്ലാതിരുന്നതിനാലാണ് അവ
കരിഞ്ഞത്. 7കുറെ വിത്തുകൾ മുള്ളുകൾ
ക്കിടയിൽ വീണു. മുള്ളുകൾ വളർന്നു ചെടി
കളെ ഞെരിച്ചമർത്തി. അതിനാൽ അവയിൽ
ധാന്യമുണ്ടായില്ല. 8മറ്റു ചില വിത്തുകൾ നല്ല
മണ്ണിൽ വീണു. അവ വളർന്നു തുടങ്ങി. വളർന്ന്
ധാന്യം വിളഞ്ഞു. ചില ചെടികൾ മുപ്പതു
മേനിയും ചിലവ അറുപതു മേനിയും, ചിലവ
നൂറുമേനിയും വിളവുണ്ടാക്കി." 9അനന്തരം

യേശു പറഞ്ഞു, "കേൾക്കാൻ ചെവിയുള്ളവർ
കേൾക്കട്ടെ."

താൻ ഉപമകൾ ഉപയോഗിക്കുന്നതിനെപ്പറ്റി യേശു

(മത്താ. 13:10-17; ലൂക്കൊ. 8:9-10)

10പിന്നീട്, യേശു തനിച്ചായി. പന്ത്രണ്ട് അ
പ്പൊസ്തലന്മാരും യേശുവിൻെറ മറ്റ് അനുയാ
യികളും ദൃഷ്ടാന്തകഥകളെപ്പറ്റി അവനോടു
ചോദിച്ചു. 11യേശു പറഞ്ഞു, "ദൈവരാജ്യത്തി
ൻെറ നിഗൂഢമായ സത്യം നിങ്ങൾക്കേ അറിയൂ,
പക്ഷേ മറ്റുള്ളവർക്ക് ഉപമകളിലൂടെയാണ് ഞാ
നെല്ലാം നൽകുക. 12ഞാനങ്ങനെ ചെയ്തതെ
ന്തെന്നാൽ:

'അവർ വീണ്ടും വീണ്ടും നോക്കും, പക്ഷേ
യഥാർത്ഥത്തിൽ കാണുകയില്ല; അവർ വളരെ
ശ്രദ്ധിക്കും, പക്ഷേ ഒരിക്കലും മനസ്സിലാവില്ല.
അവർ കാണുകയും മനസ്സിലാക്കുകയും ചെ
യ്തിരുന്നെങ്കിൽ അവർ മാനസാന്തരപ്പെട്ട് ക്ഷ
മിക്കപ്പെടുമായിരുന്നു.'" *യെശയ്യാവ് 6:9-10*

യേശു വിത്തിൻെറ കഥ വിശദീകരിക്കുന്നു

(മത്താ. 13:18-23; ലൂക്കൊ. 8:11-15)

13അനന്തരം യേശു ശിഷ്യന്മാരോടു ചോദി
ച്ചു,"നിങ്ങൾക്ക് ഈ കഥ മനസ്സിലായോ? ഇല്ലെ
ങ്കിൽ നിങ്ങൾക്കേതെങ്കിലും കഥ മനസ്സിലാ
കുമോ? 14കർഷകൻ (വചനം വിതയ്ക്കുന്ന
ആൾ) ദൈവവചനം ജനങ്ങളിൽ വിതയ്ക്കുക
യാണ് ചെയ്തത്. 15ചിലർ ദൈവവചനം കേൾ
ക്കുന്നത് വഴിയരികെ വീഴുന്ന വിത്തുപോലെ
യാണ്. സാത്താൻ പെട്ടെന്ന് വന്ന് അവരിൽ
വിതയ്ക്കപ്പെട്ട വിത്തുകൾ എടുത്തുകൊണ്ടു
പോകുന്നു. 16മറ്റു ചിലരാകട്ടെ പാറപോലെ
ഉറച്ച മണ്ണിൽ വിത്തു വിതച്ചതു പോലെയാണ്.
അവർ സസന്തോഷം വചനം കേൾക്കുകയും
വേഗത്തിൽ സ്വീകരിക്കുകയുംചെയ്യും.17പക്ഷേ
വചനം തങ്ങളുടെ ജീവിതത്തിൽ ഗാഢമായി
ആഴ്ന്നിറങ്ങാനവർ അനുവദിക്കുന്നില്ല. കുറച്ചു
കാലം മാത്രം അവർ വചനത്തോടു നീതി
പുലർത്തും. പിന്നീട് വചനം നിമിത്തം അവർ
ക്കെന്തെങ്കിലും പീഢയോ പ്രശ്നങ്ങളോ ഉണ്ടാ
കുമ്പോൾ അവരതിനെ വേഗം ഉപേക്ഷിക്കും.
18മറ്റു ചിലരാകട്ടെ മുള്ളുകൾക്കിടയിൽ വിത
യ്ക്കപ്പെട്ടതു പോലെയാണ്. അവർവചനം ശ്ര
വിക്കുന്നു. 19പക്ഷേ അപ്പോഴേക്കും ജീവിതക്ലേശ
ങ്ങളും പണക്കൊതിയും മറ്റാഗ്രഹങ്ങളും വരിക
യായി. അതോടെ വചനത്തിൻെറ വളർച്ച മുട്ടു
കയായി. അതിനാൽ അവരിൽ വചനം ഫലപ്ര
ദമാവുകയില്ല. 20മറ്റു ചിലരാകട്ടെ നല്ല മണ്ണിൽ
വിതച്ച വിത്തു പോലെയാണ് അവർ വചനം
കേട്ട് അതിനെ സ്വീകരിക്കുന്നു. അത് അവരിൽ
മുപ്പതും അറുപതും ചിലപ്പോൾ നൂറുമടങ്ങും
വിളവുണ്ടാക്കും."

ഉള്ളത് ഉപയോഗിക്കുക

(ലൂക്കൊ. 8:16-18)

21യേശു അവരോടു പറഞ്ഞു "നിങ്ങൾ ഒരു
വിളക്ക് കത്തിച്ച് പറയ്ക്കടിയിലോ കട്ടിലിനടി
യിലോ ഒളിപ്പിച്ചു വയ്ക്കാറുണ്ടോ? ഇല്ല,
നിങ്ങൾ അതു വിളക്കുമേശയിൽ വയ്ക്കുന്നു.
22ഒളിച്ചു വച്ചതെന്തും പുറത്തുവരും. രഹസ്യങ്ങ
ളെല്ലാം വെളിപ്പെടും. 23കാതുള്ളവർ എൻെറ
വചനം കേൾക്കട്ടെ.

24"നിങ്ങൾ കേൾക്കുന്നത് ശ്രദ്ധയോടെ ചിന്തി
ക്കുക. നിങ്ങൾ കൊടുക്കുമ്പോലെ ദൈവം നി
ങ്ങൾക്കും നൽകും. പക്ഷേ നിങ്ങൾ കൊടുക്കു
ന്നതിലധികമാവും ദൈവം നിങ്ങൾക്കു തരിക.
25ഉള്ളവനു കൂടുതൽ കിട്ടും. ഇല്ലാത്തവനിൽ
നിന്ന് ഉള്ളതു കൂടി നഷ്ടമാവും."

യേശു വിത്തിനെപ്പറ്റിയുള്ള കഥ പറയുന്നു

26യേശു പറഞ്ഞു, "ദൈവരാജ്യം മണ്ണിൽ വി
ത്തു വിതയ്ക്കുന്നവനെപ്പോലെയാണ്. 27വിത്തു
മുളച്ചു തുടങ്ങുന്നു. രാപകൽ അതു വളരുന്നു.
വിതച്ചവൻ ഉറക്കത്തിലായാലും ഉണർന്നിരി
ക്കുമ്പോഴായാലും; വിത്തിൻെറ വളർച്ചയെപ്പറ്റി
അവനു ഒന്നും അറിയുകയില്ലെങ്കിലും അതു
വളർന്നു കൊണ്ടേയിരിക്കുന്നു. 28ഒരു സഹായ
വുമില്ലാതെ മണ്ണു വിളവുണ്ടാക്കുന്നു. ആദ്യം
ചെടി വളരുന്നു, പിന്നെ കതിര്, അവസാനം
ധാന്യമാവും. 29ധാന്യം പാകമാവുമ്പോൾ കൃഷി
ക്കാരൻ കൊയ്തെടുക്കുന്നു. അതാണ് കൊയ്
ത്തു കാലം."

ദൈവരാജ്യം കടുകുമണിപോലെ

(മത്താ. 13:31-32, 34-35; ലൂക്കൊ. 13:18-19)

30"ദൈവരാജ്യത്തെ ഞാനെന്തിനോടാണ് ഉ
പമിക്കുക? ഇതു വിശദീകരിക്കാൻ ഞാനെന്തു
കഥ ഉപയോഗിക്കും? 31ദൈവരാജ്യം ഒരു കടുകു
മണി പോലെയാണ്. മണ്ണിലുണ്ടാകുന്ന മറ്റേതു
വിത്തുകളേക്കാളും ചെറുതാണത്. 32പക്ഷേ ഈ
വിത്ത് വിതയ്ക്കുമ്പോൾ അതു വളർന്ന് നിങ്ങ
ളുടെ തോട്ടത്തിലെ ഏറ്റവും വലിയ ചെടിയാ
യിത്തീരും. അതിൽ വലിയ ശാഖകൾ രൂപം
കൊള്ളും. പക്ഷികൾ അവയിൽ കൂടുകൂട്ടി
സൂര്യതാപത്തിൽനിന്നു രക്ഷപ്പെടും."

33ഇപ്രകാരമുള്ള അനേകം കഥകളിലൂടെ യേ
ശു അവരെ പഠിപ്പിച്ചു. അവർക്കു മനസ്സിലാകു
ന്നിടത്തോളം കാര്യങ്ങൾ അവൻ പഠിപ്പിച്ചു.
34അവൻ പഠിപ്പിക്കാൻ എല്ലായ്പ്പോഴും കഥ
കളുപയോഗിച്ചു. യേശുവും ശിഷ്യന്മാരും മാത്ര
മായപ്പോൾ യേശു അവർക്ക് എല്ലാം വിശദീ
കരിച്ചു കൊടുത്തു.

യേശു കൊടുങ്കാറ്റിനെ തടയുന്നു

(മത്താ. 8:23-27; ലൂക്കൊ. 8:22-25)

35ആ ദിവസം വൈകുന്നേരം യേശു ശിഷ്യന്മാ
രോടു പറഞ്ഞു, "എന്നോടൊപ്പം മറുകരയിലേ
ക്കു വരൂ." 36യേശുവും ശിഷ്യന്മാരും ജനങ്ങളെ
വിട്ടുപോയി. യേശു ഇരുന്നിരുന്ന അതേ വഞ്ചി
യിലാണവർ മറുകരയിലേക്കു പോയത്. മറ്റു
വഞ്ചികളും ഒപ്പമുണ്ടായിരുന്നു. 37ഒരു കൊടുങ്കാ
റ്റ് അപ്പോഴുണ്ടായി. തിരമാലകൾ ആഞ്ഞടിച്ചു.
വെള്ളം നിറയെ വെള്ളം കയറി. 38യേശു ഒരു
തലയിണയിൽ തലവെച്ച് വള്ളത്തിൽ ഉറങ്ങു
കയായിരുന്നു. ശിഷ്യന്മാർ അവനെ വിളിച്ചുണ
ർത്തി. അവർ പറഞ്ഞു, "ഗുരോ, അങ്ങിതു
കാണുന്നില്ലേ? നമ്മൾ മുങ്ങാറായി."

39യേശു എഴുന്നേറ്റ് കാറ്റിനോടും തിരമാലക
ളോടും അടങ്ങാൻ ആജ്ഞാപിച്ചു. യേശു പറ
ഞ്ഞു,"അടങ്ങു! നിശ്ചലമാകൂ!" കാറ്റടങ്ങി ശാ
ന്തത ഉളവായി. 40യേശു ശിഷ്യന്മാരോടു പറ
ഞ്ഞു, "നിങ്ങളെന്തിനാണ് ഭയന്നത്? നിങ്ങൾ
ക്കിപ്പോഴും വിശ്വാസമില്ലേ?"

41ശിഷ്യന്മാർ ഭയചകിതരായി പരസ്പരം
ചോദിച്ചു, "ആരാണിവൻ? കാറ്റും കടലും പോ
ലും ഇവനെ അനുസരിക്കുന്നല്ലോ!"

യേശു അശുദ്ധാത്മാക്കളിൽനിന്ന് ഒരുവനെ മോചിപ്പിക്കുന്നു

(മത്താ. 8:28-34; ലൂക്കൊ. 8:26-39)

5 യേശുവും ശിഷ്യന്മാരും കടലിനു മറുകരയിലെ ഗദരദേശത്തു എത്തി. 2യേശു കരയിലിറങ്ങിയപ്പോൾ ഒരാൾ ശവക്കല്ലറകളിൽനിന്നും ഇറങ്ങി അവന്റെ അടുത്തെത്തി. അയാളെ അശുദ്ധാത്മാവ് ബാധിച്ചിരുന്നു. 3ശവകുടീരങ്ങളിലാണ് അയാൾ വസിച്ചിരുന്നത്. ആർക്കും അയാളുടെ കൈകളും കാലുകളും ബന്ധിക്കാനായില്ല. ചങ്ങലകൾ കൊണ്ടുപോലും അതു സാധ്യമായില്ല. 4ഒരുപാടു തവണ ആൾക്കാർ അയാളെ ബന്ധിക്കാൻ ചങ്ങലകളുപയോഗിച്ചു. പക്ഷേ അയാൾ കൈയിലെയും കാലിലെയും ചങ്ങലകൾ പൊട്ടിച്ചു. അയാളെ നിയന്ത്രിക്കാൻ ആർക്കും കരുത്തുണ്ടായില്ല. 5രാപ്പകൽ അയാൾ ശവക്കല്ലറകൾക്കു ചുറ്റിലും മലകളിലും സഞ്ചരിച്ചു. അയാൾ അലറുകയും കല്ലുകൾകൊണ്ട് സ്വയം മുറിവേല്പിക്കുകയും ചെയ്തിരുന്നു.

6യേശുവിനെ അയാൾ അകലെനിന്നേ കണ്ടു. അയാൾ ഓടിയെത്തി യേശുവിനു മുന്നിൽ കുനിഞ്ഞു. 7-8യേശു അയാളോടു പറഞ്ഞു: "അശുദ്ധാത്മാവേ, ഇയാളിൽനിന്നും പുറത്തു വരൂ." അയാൾ ഉച്ചത്തിൽ അലറി, "മഹോന്നതനായ ദൈവത്തിന്റെ പുത്രാ, യേശുവേ, എന്നെക്കൊണ്ട് നിനക്കെന്താണു വേണ്ടത്? എന്നെ ചോദ്യം ചെയ്യുകയില്ലെന്നു ദൈവനാമത്തിൽ സത്യം ചെയ്യണമേയെന്നു ഞാൻ അപേക്ഷിക്കുന്നു. 9യേശു അയാളോടു ചോദിച്ചു, "നിന്റെ പേരെന്താണ്?"

അയാൾ മറുപടി പറഞ്ഞു, "എന്റെ പേര് ലെഗ്യോൻ എന്നാണ്. കാരണം എന്നിൽ അനേകം അശുദ്ധാത്മാക്കളുണ്ട്."

10അയാളിലെ അശുദ്ധാത്മാക്കൾ തങ്ങളെ ആ പ്രദേശത്തുനിന്നും പുറന്തള്ളരുതെന്ന് വീണ്ടും വീണ്ടും യേശുവിനോടപേക്ഷിച്ചു. 11ഒരു വലിയ പന്നിക്കൂട്ടം അവിടെ മലഞ്ചെരുവിൽ മേയുന്നുണ്ടായിരുന്നു. 12അശുദ്ധാത്മാക്കൾ യേശുവിനോടു യാചിച്ചു "ഞങ്ങളെ ആ പന്നിക്കൂട്ടത്തിലേക്കയച്ചാലും. ഞങ്ങൾ അവയിൽ പ്രവേശിക്കട്ടെ." 13യേശു അവരെ അതിനനുവദിച്ചു. അശുദ്ധാത്മാക്കൾ അയാളെ ഉപേക്ഷിച്ച് പന്നികളിലേക്കു പ്രവേശിച്ചു. അപ്പോൾ പന്നിക്കൂട്ടം മലമുനമ്പുകളിലൂടെ തടാകത്തിലേക്കു ചാടിയിറങ്ങി. അവ മുങ്ങിച്ചത്തു. രണ്ടായിരത്തോളം പന്നികൾ ആ കൂട്ടത്തിലുണ്ടായിരുന്നു.

14പന്നികളെ മേയിച്ചിരുന്നവർ ഓടിപ്പോയി. അവർ നഗരങ്ങളിലും, ഗ്രാമങ്ങളിലും ചെന്ന് സംഭവിച്ചതെല്ലാം എല്ലാവരോടും പറഞ്ഞു. ആൾക്കാർ സംഭവിച്ചതെന്താണെന്നു കാണുവാൻ പുറത്തേക്കിറങ്ങി. 15അവർ യേശുവിന്റെ അടുത്തെത്തി. അനേകം അശുദ്ധാത്മാക്കൾ ബാധിച്ചവനെ അവർ വസ്ത്രം ധരിച്ചവനായി കണ്ടു. അവന്റെ മനസ്സ് നേരെയായിരുന്നു. ജനങ്ങൾ ഭയന്നു. 16യേശുവിന്റെ പ്രവൃത്തികൾ കണ്ടവരിൽ ചിലർ അവിടെയുണ്ടായിരുന്നു. ഭൂതങ്ങൾ ബാധിച്ചവനു സംഭവിച്ചതെല്ലാം അവർ മറ്റുള്ളവർക്കു വിവരിച്ചു കൊടുത്തു. പന്നികളെപ്പറ്റിയും അവർ പറഞ്ഞു. 17അനന്തരം ആ നാട്ടുകാർ യേശുവിനോടു അവരുടെ സ്ഥലം വിട്ടുപോകാൻ യാചിച്ചു.

18യേശു വഞ്ചിയിൽ കയറി പോകാൻ തയ്യാറെടുക്കുകയായിരുന്നു. ഭൂതബാധയകന്നവൻ തന്നെയും കൂടെക്കൊണ്ടു പോകണമെന്ന് യേശുവിനോടു യാചിച്ചു. 19പക്ഷേ യേശു അയാളെ അതിനനുവദിച്ചില്ല. അവൻ പറഞ്ഞു, "വീട്ടിലേക്കുപോയി കുടുംബത്തോടും സുഹൃത്തുക്കളോടും ചേരുക. കർത്താവ് നിനക്കായി ചെയ്തത് അവരോടു പറയുക. കർത്താവ് നിന്നോടു കരുണകാട്ടിയെന്നും അവരോടു പറയുക." 20അയാൾ മടങ്ങി ദെക്കപ്പൊലിപ്രദേശം മുഴുക്കെയുള്ള ആളുകളോട് യേശു തനിക്കായി ചെയ്തതെല്ലാം പറഞ്ഞു. എല്ലാവരും അത്ഭുതപ്പെട്ടു.

യേശു മരിച്ച ഒരു പെൺകുട്ടിയെ ജീവിപ്പിക്കുന്നു, രോഗിണിയെ സുഖപ്പെടുത്തുന്നു

(മത്താ. 9:18-26; ലൂക്കൊ. 8:40-56)

21യേശു വഞ്ചിയിൽ കയറി മറുകരയിലെത്തി. അവിടെ കടൽക്കരയിൽവച്ചു തന്നെ ഒരുപാടു പേർ യേശുവിനു ചുറ്റും കൂടി. 22യെഹൂദപ്പള്ളിയിലെ ഒരു തലവൻ അവിടെയെത്തി. യായീറൊസ് എന്നായിരുന്നു അയാളുടെ പേര്. യേശുവിനെ കണ്ട അയാൾ അവനു മുമ്പിൽ മുട്ടുകുത്തി. 23അയാൾ യേശുവിനോടു തുടരെത്തുടരെ യാചിച്ചു. അയാൾ പറഞ്ഞു, "എന്റെ കുഞ്ഞു മകൾ മരിക്കാറായിരിക്കുന്നു. ദയവായി അങ്ങ് വന്ന് അവളെ സ്പർശിക്കേണമേ. എന്നാൽ അവൾ സുഖപ്പെട്ടു ജീവിക്കും."

24യേശു യായീറൊസിന്റെ ഒപ്പം പോയി. ഒരുപാടു പേർ അവനെ അനുഗമിച്ചു. അവർ എല്ലാ ഭാഗത്തുനിന്നും അവനെ ഞെരുക്കുന്നുണ്ടായിരുന്നു.

25അവരോടൊപ്പം ഒരു സ്ത്രീയുണ്ടായിരുന്നു. കഴിഞ്ഞ പന്ത്രണ്ടു വർഷമായി അവൾക്കു രക്തസ്രാവമുണ്ടായിരുന്നു. 26അത് അവളെ വളരെ കഷ്ടപ്പെടുത്തിയിരുന്നു. അനവധി വൈദ്യന്മാർ അവളെ ചികിത്സിച്ചു. ഒട്ടേറെ പണം ചെലവായി. പക്ഷെ യാതൊരു ഫലവും ഉണ്ടായില്ല. മാത്രവുമല്ല, രോഗം വഷളാവുകയും ചെയ്തു. 27അവൾ യേശുവിനെപ്പറ്റി കേട്ടു. അതിനാലവൾ ജനക്കൂട്ടത്തിലൂടെ യേശുവിനെ അനുഗമിച്ചുകൊണ്ട് അവന്റെ വസ്ത്രത്തിൽ തൊട്ടു. 28അവൾ വിചാരിച്ചു, "എനിക്ക് അവന്റെ വസ്ത്രത്തിലെങ്കിലും തൊടാനായാൽ എന്റെ രോഗം ഭേദമാകും." 29അവൾ അവന്റെ വസ്ത്രത്തിൽ തൊട്ടപ്പോൾ അവളുടെ രക്തസ്രാവം നിലച്ചു. തനിക്കു സുഖപ്പെട്ടതായി അവളുടെ ഉള്ളറിഞ്ഞു. 30യേശുവിന് ശക്തി പുറത്തേക്കു പ്രസരിച്ചതായി തോന്നി. അവൻ തിരിഞ്ഞുനിന്നു ചോദിച്ചു, "ആരാണെന്റെ വസ്ത്രത്തിൽ തൊട്ടത്?"

31ശിഷ്യന്മാർ യേശുവിനോടു പറഞ്ഞു, "ജനങ്ങൾ നിന്നെ ഞെരുക്കുന്നതു നീ കാണുന്നു. പക്ഷേ നീ ചോദിക്കുന്നു, 'ആരാണെന്നെ തൊട്ടതെന്ന്?'"

32പക്ഷെ യേശു തന്നെ സ്പർശിച്ച ആളെ കാണാനായി ചുറ്റും നോക്കി 33തനിക്കു സുഖപ്പെട്ടുവെന്ന് ആ സ്ത്രീയറിഞ്ഞു. അതിനാലവൾ യേശുവിനു മുന്നിൽ വന്ന് മുട്ടു കുത്തി. അവൾ ഭയം കൊണ്ട് വിറയ്ക്കുന്നുണ്ടായിരുന്നു. നടന്നതെല്ലാം അവൾ യേശുവിനോടു പറഞ്ഞു. 34യേശു അവളോടു പറഞ്ഞു, "മകളേ നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തി. സമാധാനത്തോടെ പോകൂ. ഇനിയും ഈ രോഗത്താൽ നിനക്കു കഷ്ടപ്പെടേണ്ടി വരില്ല."

35യേശു അപ്പോഴും സംസാരിച്ചുകൊണ്ടിരി
ക്കുകയായിരുന്നു. യെഹൂദപ്പള്ളിയിലെ തലവ
നായ യായീറൊസിൻെറ വീട്ടിൽനിന്നും ചിലർ
അവിടെയെത്തി. അവർ പറഞ്ഞു, "നിൻെറ
മകൾ മരിച്ചു. ഇനിയും ഗുരുവിനെ ബുദ്ധിമുട്ടി
ച്ചിട്ടുകാര്യമില്ല."
36പക്ഷേ യേശു അവർ പറഞ്ഞത് അത്ര കാര്യ
മാക്കിയില്ല. യേശു യായീറൊസിനോടു പറ
ഞ്ഞു, "ഭയപ്പെടാതെ, വിശ്വാസം മുറുകെ പിടി
ക്കൂ."
37തന്നോടൊപ്പം പോകാൻ അവൻ ആരെയും
അനുവദിച്ചില്ല. പത്രൊസ്, യാക്കോബ്, അയാ
ളുടെ സഹോദരൻ യോഹന്നാൻ എന്നിവരെ
മാത്രം കൂട്ടി. 38അവൻ യായീറൊസിൻെറ വീട്ടി
ലേക്കുപോയി. അവിടെ ഒരുപാടു പേർ ഉച്ച
ത്തിൽ കരയുന്നതവൻ കണ്ടു. അവർ വളരെ
യധികം ബഹളം വെച്ചിരുന്നു. 39യേശു വീട്ടിൽ
കയറി അവരോടു പറഞ്ഞു, "നിങ്ങളെന്താണു
കരഞ്ഞു ശബ്ദമുണ്ടാക്കുന്നത്? കുട്ടി മരിച്ചി
ട്ടില്ല. അവൾ ഉറങ്ങുകമാത്രമാണ്." 40പക്ഷേ
എല്ലാവരും യേശുവിനെ പരിഹസിച്ചു. യേശു
എല്ലാവരോടും വീടു വിട്ടുപോകാൻ പറഞ്ഞു.
യേശു കുട്ടി കിടക്കുന്ന മുറിയിലേക്കു കയറി.
കുട്ടിയുടെ മാതാപിതാക്കളെയും തൻെറ മൂന്നു
ശിഷ്യന്മാരെയും അവൻ മുറിയിൽ തന്നോടൊ
പ്പം കൊണ്ടുപോയി. 41അനന്തരം അവൻ പെൺ
കുട്ടിയുടെ കരംപിടിച്ചു പറഞ്ഞു, "തലീഥാ
കൂമി!" (ബാലികേ, ഞാൻ നിന്നോടു പറയുന്നു,
"എഴുന്നേറ്റുനിൽക്കൂ!" എന്നാണിതിനർത്ഥം)
42കുട്ടി എഴുന്നേറ്റുനടക്കുവാൻ തുടങ്ങി. (അവൾ
ക്കു പന്ത്രണ്ടു വയസ്സായിരുന്നു) മാതാപിതാ
ക്കളും ശിഷ്യന്മാരും അത്ഭുതപ്പെട്ടു. 43ഇക്കാര്യം
ആരോടും പറയരുതെന്ന് യേശു കുട്ടിയുടെ മാ
താപിതാക്കൾക്കു താക്കീതു നൽകി. അനന്തരം
കുട്ടിയ്ക്കു ഭക്ഷണം നൽകാൻ അവൻ അവ
രോടു പറഞ്ഞു.

യേശു സ്വദേശത്തേക്കു പോകുന്നു

(മത്താ. 13:53-58; ലൂക്കൊ. 4:16-30)

6 യേശു അവിടം വിട്ട് സ്വദേശത്തേക്കു മട
ങ്ങി. അവൻെറ ശിഷ്യന്മാർ അവനെ പിന്തു
ടർന്നു. 2ശബ്ബത്തുദിവസം യേശു യെഹൂദപ്പള്ളി
യിൽ പഠിപ്പിച്ചു. അവൻെറ ഉപദേശം കേട്ട്
പലരും അത്ഭുതപ്പെട്ടു. അവർ ചോദിച്ചു, "ഇ
യാൾക്കെവിടെനിന്ന് ഈ ഉപദേശം കിട്ടി? ഈ
ജ്ഞാനം ഇവനെവിടെനിന്നു കിട്ടി? ആരാണി
തവനു കൊടുത്തത്? വീര്യപ്രവൃത്തികൾ കാ
ട്ടാനുള്ള ശക്തി ഇവനെവിടെ നിന്നുകിട്ടി? 3ഇ
വൻ വെറുമൊരു മരയാശാരി, മറിയയുടെ
മകൻ. യാക്കോബ്, യോസെ, യൂദാ, ശിമോൻ
എന്നിവർ സഹോദരന്മാർ. അവൻെറ സഹോദ
രിമാരാകട്ടെ നമ്മോടൊപ്പമുണ്ടുതാനും." അതി
നാൽ അവർ അവനെ അംഗീകരിച്ചില്ല.
4യേശു അവരോടു പറഞ്ഞു, "ഒരു പ്രവാചക
നെ മറ്റുനാട്ടുകാർ ബഹുമാനിക്കുന്നു. പക്ഷെ
സ്വദേശത്ത് അവൻെറ തന്നെ ബന്ധുക്കളുടെ
യും സ്വന്തം കുടുംബാംഗങ്ങളുടെയും ഇടയിൽ
പ്രവാചകൻ അംഗീകരിക്കപ്പെടില്ല." 5യേശുവി
ന് അവിടെ വീര്യപ്രവൃത്തികൾ ചെയ്യുവാൻ
കഴിഞ്ഞില്ല. അവനവിടെ ആകെ ചെയ്ത വീര്യ
പ്രവൃത്തികൾ ചില രോഗികളെ അവരുടെമേൽ
സ്പർശിച്ച് സുഖപ്പെടുത്തുക മാത്രമായിരുന്നു.
6അവരുടെ അവിശ്വാസത്തിൽ യേശു അത്ഭുത
പ്പെട്ടു.

അവൻ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ച്
പഠിപ്പിച്ചു.

യേശു അപ്പൊസ്തലന്മാരെ പ്രസംഗിക്കാൻ അയയ്ക്കുന്നു

(മത്താ. 10:1, 5-15; ലൂക്കൊ. 9:1-6)

7യേശു പന്ത്രണ്ടു ശിഷ്യന്മാരെയും ഒന്നിച്ചു
വിളിച്ചു. അവരെ അവൻ രണ്ടു പേരുടെ സംഘ
ങ്ങളായി അയച്ചു. അശുദ്ധാത്മാക്കളുടെമേൽ
യേശു അവർക്കു ശക്തി നൽകി. 8അവൻ അവ
രോടിങ്ങനെ പറഞ്ഞു, "യാത്രയ്ക്കായൊന്നും എ
ടുക്കരുത്. ഊന്നുവടി മാത്രമെടുക്കുക. അപ്പമോ,
സഞ്ചിയോ, പണമോ കരുതരുത്. 9ചെരുപ്പുകളി
ടുക, ധരിക്കുന്ന വസ്ത്രം മാത്രമായിറങ്ങുക.
10ഒരു വീട്ടിൽ ചെന്നുകയറിയാൽ ആ ഗ്രാമം
വിടുംവരെ അവിടെ താമസിക്കുക. 11ഏതെങ്കി
ലും ഒരു ഗ്രാമം നിങ്ങളെ സ്വീകരിക്കാതിരിക്കു
കയോ നിങ്ങളെ ശ്രവിക്കാതിരിക്കുകയോ ചെ
യ്താൽ അവിടം വിടുക. നിങ്ങളുടെ കാലിലെ
പൊടി തട്ടിക്കളയുക. അതവർക്കെതിരെയുള്ള
ഒരു സാക്ഷ്യമായിരിക്കും."
12ശിഷ്യന്മാർ അവിടം വിട്ട് മറ്റു ദേശങ്ങളിലേ
ക്കുപോയി. അവർ പ്രസംഗിക്കുകയും മാനസാ
ന്തരപ്പെടുവാൻ നാട്ടുകാരോടാവശ്യപ്പെടുക
യും ചെയ്തു. 13അവർ അനേകം ഭൂതങ്ങളെ
ഒഴിപ്പിച്ചു. രോഗികളെ ഒലീവെണ്ണ പുരട്ടി ഭേദ
പ്പെടുത്തി.

യേശു സ്നാപകയോഹന്നാനെന്ന് ഹെരോദാവ് കരുതുന്നു

(മത്താ. 14:1-12; ലൂക്കൊ. 9:7-9)

14യേശു പ്രശസ്തനായിക്കഴിഞ്ഞതിനാൽ
ഹെരോദാരാജാവും അവനെപ്പറ്റി കേട്ടു. ചിലർ
പറഞ്ഞു. "യേശു സ്നാപകയോഹന്നാനാണ്.
അയാൾ മരണത്തിൽനിന്നും ഉയിർത്തെഴുന്നേ
റ്റിരിക്കുന്നു. അതിനാലാണവന് ഈ വീര്യപ്രവൃ
ത്തികൾ ചെയ്യുവാൻ കഴിയുന്നത്." 15മറ്റു
ചിലർ പറഞ്ഞു, "അവൻ ഏലീയാവ് ആണ്."
വേറെ ചിലരാകട്ടെ ഇങ്ങനെയാണ് പറഞ്ഞത്,
"യേശു പ്രവാചകന്മാരിൽ ഒരുത്തനെപ്പോലെ
പണ്ടു ജീവിച്ചിരുന്ന ഒരു പ്രവാചകനാണ്."
16ഹെരോദാവ് യേശുവിനെപ്പറ്റിയുള്ള ഈ
കാര്യങ്ങൾ കേട്ടു. അദ്ദേഹം പറഞ്ഞു, "യോഹ
ന്നാൻെറ തലവെട്ടി ഞാനവനെ കൊന്നു. ഇ
പ്പോഴവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു!"

സ്നാപകയോഹന്നാൻ കൊല്ലപ്പെട്ടതെങ്ങനെ

17യോഹന്നാനെ ബന്ധിക്കുവാൻ ഹെരോദാ
വാണ് സൈനികരോട് ആജ്ഞാപിച്ചത്. അദ്ദേ
ഹം യോഹന്നാനെ തുറുങ്കിലടച്ചു. തൻെറപത്നി
ഹെരോദ്യയെ പ്രീതിപ്പെടുത്താനാണ് അദ്ദേഹ
മിതു ചെയ്തത്. ഹെരോദ്യ ഹെരോദാവിൻെറ
സഹോദരൻ ഫീലിപ്പോസിൻെറ പത്നിയായി
രുന്നു. പക്ഷെ അപ്പോൾ ഹെരോദാവ് അവളെ
വിവാഹം ചെയ്തിരുന്നു. 18സ്വന്തം സഹോദര
ൻെറ ഭാര്യയെ വിവാഹം ചെയ്യുന്നത് ശരിയല്ലെ
ന്ന് യോഹന്നാൻ അയാളെ ഉപദേശിച്ചിരുന്നു.
19അതിനാൽ ഹെരോദ്യ യോഹന്നാനെ വെറു
ത്തു. അവൾക്ക് അയാളെ കൊല്ലണമായിരുന്നു.
എന്നാൽ അതിന് ഹെരോദാവിനെ നിർബന്ധി
ക്കാനവൾക്കു കഴിഞ്ഞില്ല. 20യോഹന്നാനെ വ
ധിക്കാൻ ഹെരോദാവിന് ഭയമായിരുന്നു. യോ
ഹന്നാൻ ധാർമ്മികനും പരിശുദ്ധനുമായിരുന്നെ

ന്ന് എല്ലാവർക്കും അറിയാമെന്ന് ഹെരോദാവി
ന് അറിയാമായിരുന്നു. അതിനാൽ ഹെരോദാവ്
അയാളെ സംരക്ഷിച്ചു. യോഹന്നാന്റെ പ്രസം
ഗം ഹെരോദാവിനെ കുഴക്കിയെങ്കിലും അവ
നതു സസന്തോഷം ശ്രവിച്ചു. **21**എന്നാൽ ഹെ
രോദ്യയ്ക്ക് അനുകൂലമായ സാഹചര്യം വന്നു.
ഹെരോദാവിന്റെ ജന്മദിനമായിരുന്നു. പ്രധാന
സർക്കാർ നേതാക്കൾക്കും സൈന്യത്തലവന്മാർ
ക്കും ഗലീലയിലെ പ്രമാണിമാർക്കും ഹെരോ
ദാവ് വിരുന്നൊരുക്കി.

22ഹെരോദ്യയുടെ പുത്രി വിരുന്നുവേളയിൽ
വന്നു നൃത്തം ചെയ്തു. അവളുടെ നൃത്തത്തിൽ
ഹെരോദാവും അയാളുടെ അതിഥികളും വളരെ
സന്തുഷ്ടരായി. ഹെരോദാരാജാവ് പെൺകുട്ടി
യോടു പറഞ്ഞു, “നീ ആവശ്യപ്പെടുന്നതെന്തും
ഞാൻ നൽകാം.” **23**ഹെരോദാവ് അവൾക്കു വാ
ക്കു നൽകിയിരുന്നു, “നീ ആവശ്യപ്പെടുന്നതെ
ന്തും, എന്റെ പകുതി രാജ്യം പോലും നിനക്കു
ഞാൻ തരാം.” **24**അവൾ അമ്മയുടെ അടുത്തേക്കു
പോയി ചോദിച്ചു, “ഹെരോദാരാജാവിനോടു
ഞാനെന്തു ചോദിക്കണം?” അവളുടെ അമ്മ
പറഞ്ഞു, “സ്നാപകയോഹന്നാന്റെ ശിരസ്സ്
ആവശ്യപ്പെടൂ.”

25അവൾ വേഗം രാജാവിന്റെ അടുത്തു മട
ങ്ങിയെത്തി. അവൾ രാജാവിനോടു പറഞ്ഞു,
“ദയവായി സ്നാപകയോഹന്നാന്റെ ശിരസ്സ്
എനിക്കു ഇപ്പോൾത്തന്നെ തരൂ. ഒരു തളികയിൽ
വെച്ച് അതിവിടെ കൊണ്ടുവരൂ.”

26ഹെരോദാരാജാവ് ദു:ഖിതനായി. അവൾക്ക്
ആവശ്യമുള്ളതെന്തും നൽകാമെന്നദ്ദേഹം വാ
ക്കു കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ അതിഥി
കളും ആ പ്രതിജ്ഞ കേട്ടിരുന്നതിനാൽ അവ
ളുടെ അപേക്ഷ നിരസിക്കാൻ രാജാവിനു കഴി
യുമായിരുന്നില്ല.

27അതിനാൽ യോഹന്നാന്റെ തല വെട്ടി
ക്കൊണ്ടുവരാൻ രാജാവ് ഒരു പടയാളിയെ അയ
ച്ചു. അയാൾ തടവറയിൽ ചെന്ന് യോഹന്നാ
ന്റെ തലവെട്ടി. **28**ഒരു തളികയിൽ യോഹന്നാ
ന്റെ തലയും വെച്ച് പടയാളി രാജസദസ്സി
ലെത്തി. അയാൾ അതു പെൺകുട്ടിക്കു കൊ
ടുത്തു. അവൾ അതു തന്റെ അമ്മയ്ക്കും കൊടു
ത്തു. **29**യോഹന്നാന്റെ ശിഷ്യന്മാർ സംഭവങ്ങള
റിഞ്ഞു. അവർ യോഹന്നാന്റെ ശരീരം ഏറ്റുവാ
ങ്ങി ഒരു കല്ലറയിൽ സംസ്കരിച്ചു.

യേശു അയ്യായിരം പേരെ പോറ്റുന്നു

(മത്താ. 14:13-21; ലൂക്കൊ. 9:10-17; യോഹ. 6:1-4)

30വചനം പ്രസംഗിക്കുന്നതിന് യേശു അയച്ച
അപ്പൊസ്തലന്മാർ മടങ്ങിയെത്തി. തങ്ങൾ ചെ
യ്തതും പഠിപ്പിച്ചതുമായ കാര്യങ്ങൾ എല്ലാം
അവർ യേശുവിനോടു വിവരിച്ചു. **31**യേശുവും
ശിഷ്യന്മാരും വളരെ തിരക്കിലായിരുന്നു. എന്തെ
ന്നാൽ ഒരുപാടു പേർ അവിടെ എത്തിയിരുന്നു.
അതിനാൽ യേശുവിനും ശിഷ്യന്മാർക്കും ആഹാ
രം കഴിക്കാൻ പോലും സമയം കിട്ടിയിരുന്നില്ല.
യേശു അവരോടുപറഞ്ഞു, “എന്നോടൊപ്പം വ
രുവിൻ. നമുക്ക് വിജനമായ ഒരിടത്തേക്കു പോ
കാം. അവിടെ നമുക്കെല്ലാം വിശ്രമം കിട്ടും.”

32യേശുവും ശിഷ്യന്മാരും വിജനമായ ഒരിട
ത്തേക്കു തനിച്ചുപോയി. വഞ്ചിയിലാണവർ
പോയത്. **33**പക്ഷേ അവർ പോകുന്നത് പലരും
കണ്ടു. യേശുവായിരുന്നു അതെന്ന് അവർക്കറി
യാമായിരുന്നു. അതിനാൽ എല്ലാ ഗ്രാമങ്ങളിൽ
നിന്നും ആളുകൾ യേശു പോയ സ്ഥലത്തേക്കു
പോയി. യേശു എത്തും മുമ്പു തന്നെ അവർ
അവിടെയെത്തി. **34**യേശു അവിടെയെത്തിയ
പ്പോൾ അനവധിപേർ അവനെ കാത്തിരിക്കു
ന്നതു കണ്ടു. ഇടയനില്ലാത്ത ആട്ടിൻപറ്റത്തെ
പ്പോലെ കണ്ട അവരോട് യേശുവിന് അനുകമ്പ
തോന്നി. അതിനാലവൻ അവരെ പലതും പഠി
പ്പിച്ചു.

35നേരം സന്ധ്യയായി. ശിഷ്യന്മാർ യേശുവി
ന്റെയടുത്തെത്തി. അവർ പറഞ്ഞു, “ഇതൊരു
വിജനപ്രദേശമാണ്. ഇപ്പോൾത്തന്നെ നേരം
വളരെ വൈകിയിരിക്കുന്നു. **36**അതിനാൽ ഈ
ആളുകളെ പറഞ്ഞയയ്ക്കൂ. അവർ കൃഷിസ്ഥല
ങ്ങളിലും അടുത്ത പട്ടണങ്ങളിലും പോയി ആ
ഹാരം വാങ്ങിക്കൊണ്ടുവന്നു തിന്നട്ടെ.”

37പക്ഷേ യേശുപറഞ്ഞു, “നിങ്ങൾ അവർക്കു
ഭക്ഷണം കൊടുക്കൂ.” ശിഷ്യന്മാർ അവനോടു
പറഞ്ഞു, “ഇത്രയും പേർക്കുള്ള അപ്പം ഞങ്ങ
ളുടെ പക്കലില്ല. അത്രയും അപ്പം വാങ്ങാനുള്ള
പണത്തിന് ഞങ്ങൾ ഓരോരുത്തരും ഒരു മാസം
പണിയെടുക്കണം.”

38യേശു ശിഷ്യന്മാരോടു ചോദിച്ചു, “നിങ്ങ
ളുടെ പക്കൽ എത്ര അപ്പക്കഷണങ്ങളുണ്ടെന്ന്
പോയി നോക്കൂ.” അവർ തങ്ങളുടെ പക്കലുള്ള
അപ്പക്കഷണങ്ങൾ എണ്ണിനോക്കി. അവർ പറ
ഞ്ഞു. “അഞ്ചപ്പവും രണ്ടു മീനും.”

39അനന്തരം യേശു അവരോടു പറഞ്ഞു, “എ
ല്ലാവരോടും പുൽത്തകിടിയിൽ നിരന്നിരിക്കാ
ൻ പറയുക.” **40**ജനങ്ങൾ നിരന്നിരുന്നു. അമ്പതും
നൂറും ആളുകളുടെ പന്തിയായിട്ടാണവർ ഇരു
ന്നത്. **41**യേശു അഞ്ചപ്പവും രണ്ടുമീനും എടു
ത്തു. അവൻ ആകാശത്തേക്കു നോക്കി ദൈവ
ത്തിനു നന്ദി പറഞ്ഞു. അവൻ അതു പകുത്ത്
ശിഷ്യന്മാർക്കു നൽകി. അതു വിളമ്പാൻ യേശു
അവരോടു പറഞ്ഞു. അനന്തരം രണ്ടു മീനും
പങ്കിട്ട് അവൻ ജനങ്ങൾക്കു നൽകി.**42**എല്ലാവരും
വയറു നിറയെ ഭക്ഷിച്ചു. **43**എല്ലാവരും ഭക്ഷിച്ചു
കഴിഞ്ഞപ്പോഴും പന്ത്രണ്ടു കുട്ട നിറയെ അപ്പ
വും മീനും മിച്ചം വന്നു. **44**അയ്യായിരത്തോളം
പുരുഷന്മാർ ഭക്ഷിച്ചു കഴിഞ്ഞിരുന്നു.

യേശു വെള്ളത്തിനു മീതെ നടക്കുന്നു

(മത്താ. 14:22-33; യോഹ. 6:15-21)

45അനന്തരം യേശു ശിഷ്യന്മാരോടു വഞ്ചി
യിൽ കയറാൻ പറഞ്ഞു. തടാകത്തിന്റെ മറു
കരയിലുള്ള ബേത്ത്സയിദെക്കു പോകാൻ അ
വൻ ആജ്ഞാപിച്ചു. അവൻ പിന്നാലെ വരാ
മെന്നും പറഞ്ഞു. ജനക്കൂട്ടത്തോടു വീടുകളിലേ
ക്കു മടങ്ങാൻ പറയാനാണവൻ അവിടെ നിന്ന
ത്. **46**അവൻ അവരോടു യാത്ര പറഞ്ഞ് പ്രാർ
ത്ഥിക്കാനായി മലയിലേക്കു പോയി.

47രാത്രിയായപ്പോഴും വഞ്ചി നടുക്കടലിൽ ത
ന്നെയായിരുന്നു. യേശു തനിയെ കരയിലുമാ
യിരുന്നു. **48**വഞ്ചി കടലിൽ വളരെ ദൂരത്തായി
യേശു കണ്ടു. അതു തുഴയാൻ ശിഷ്യന്മാർ പണി
പ്പെടുന്നതും അവൻ കണ്ടു. കാറ്റ് അവർക്കെതി
രായിരുന്നു. പലർച്ചെ മൂന്നിനും ആറിനും ഇട
യ്ക്ക് യേശു വഞ്ചിയുടെ അടുത്തേക്കു പോയി.
അവൻ വെള്ളത്തിനു മുകളിലൂടെ നടക്കുകയാ
യിരുന്നു. വഞ്ചിയെ കടന്നു പോകും വരെ അ
വൻ നടപ്പു തുടർന്നു. **49**പക്ഷെ അവൻ വെള്ള
ത്തിനു മീതെ നടക്കുന്നത് ശിഷ്യന്മാർ കണ്ടു.
അതൊരു ഭൂതമായിരിക്കുമെന്നവർ കരുതി. അ
വർ ഭയന്നു നിലവിളിച്ചു. **50**എല്ലാശിഷ്യന്മാരും
അവനെ കണ്ടു ഭയന്നു. പക്ഷേ യേശു അവ

രോടു പറഞ്ഞു, “ധൈര്യമായിരിക്കൂ, ഇതു ഞാ
നാണ്, ഭയപ്പെടരുത്.” 51അനന്തരം അവൻ വ
ഞ്ചിയിലേക്കു കയറി. കാറ്റ് ശാന്തമായി. ശിഷ്യ
ന്മാർ അമ്പരന്നു. 52അഞ്ചപ്പത്തെ പെരുപ്പിക്കുന്ന
തവർ കണ്ടു. പക്ഷെ അവർക്കതിൻെറ പൊരുൾ
മനസ്സിലായില്ല. അവർക്കതിനു കഴിയുമായി
രുന്നില്ല.

യേശു അനേകരെ സൌഖ്യമാക്കുന്നു

(മത്താ. 14:34-36)

53യേശുവിൻെറ ശിഷ്യന്മാർ മറുകരയിലെ
ത്തി. ഗെന്നേസരത്തിലെ തീരത്ത് അവരെത്തി.
വള്ളം കെട്ടിയിട്ടു. 54അവർ വഞ്ചിയിൽ നിന്നിറ
ങ്ങിയപ്പോൾ ജനങ്ങൾ യേശുവിനെ കണ്ടു.
അവൻ ആരാണെന്ന് അവർക്കറിയാമായിരുന്നു.
55യേശു അവിടെ എത്തിയവിവരം നാടൊട്ടുക്കു
മുള്ള എല്ലാവരോടും പറയാൻ അവരോടി
പ്പോയി. യേശു പോയ എല്ലായിടവും അവൻ
രോഗികളെ കിടക്കയോടെ ചുമന്നുകൊണ്ടു
ചെന്നു. 56യേശു ആ പ്രദേശത്തെ പട്ടണങ്ങ
ളിലും ഗ്രാമങ്ങളിലും നാട്ടിൻ പുറങ്ങളിലു
മെല്ലാം കടന്നുചെന്നു. അവിടെയെല്ലാം ആളു
കൾ രോഗികളെ കൊണ്ടുവന്ന് ചന്ത സ്ഥലത്തു
കിടത്തി. യേശുവിൻെറ വസ്ത്രത്തിലെവിടെ
യെങ്കിലും സ്പർശിക്കാനുള്ള അനുവാദത്തിന്
അവർ അവനോടു കെഞ്ചി. അവൻെറ വസ്ത്ര
ത്തിൽ തൊട്ടവരെല്ലാം സുഖം പ്രാപിച്ചു.

ദൈവത്തിൻെറ ന്യായപ്രമാണവും മനുഷ്യൻെറ ചട്ടങ്ങളും

(മത്താ. 15:1-20)

7 യെരൂശലേമിൽനിന്നും ഏതാനും പരീശ
ന്മാരും ശാസ്ത്രിമാരും അവിടെയെത്തി.
അവർ യേശുവിനു ചുറ്റുംകൂടി. 2യേശുവിൻെറ
ശിഷ്യന്മാരിൽ ചിലർ സാധാരണമട്ടിൽ കഴു
കാത്ത അവരുടെ കൈകൾ കൊണ്ട് ആഹാരം
കഴിക്കുന്നതവർ കണ്ടു.(“അശുദ്ധമായ” കരങ്ങ
ളെന്നാൽ പരീശന്മാർ പറഞ്ഞിരിക്കുന്നതുപോ
ലെ കൈ കഴുകാത്തവർ എന്നർത്ഥം) 3ഇങ്ങനെ
പ്രത്യേക രീതിയിൽ കൈ കഴുകാതെ പരീശ
ന്മാരും യെഹൂദന്മാരും ആഹാരം കഴിക്കാറില്ല.
അവർക്കു മുമ്പു ജീവിച്ചിരുന്ന മഹാന്മാർ പഠി
പ്പിച്ചതനുസരിച്ചാണ് അവരിതു ചെയ്യുന്നത്.
4ചന്തയിൽനിന്നു വാങ്ങിയതെന്തും അവർ ഒരു
നിശ്ചിത രീതിയിൽ കഴുകിയേ ഭക്ഷിക്കൂ. പൂർ
വ്വികരുടെ മറ്റു ചില ചട്ടങ്ങളും അവർ പിന്തുട
രുന്നു. ചഷകങ്ങളും, ഓട്ടുപാത്രങ്ങളും കുടങ്ങളു
മെല്ലാം കഴുകുന്ന ചട്ടവും അവർ പാലിക്കുന്നു.
5പരീശന്മാരും ശാസ്ത്രിമാരും യേശുവിനോ
ടുചോദിച്ചു, “നിൻെറ ശിഷ്യന്മാരെന്താണ് പൂർ
വ്വികരുടെ ചട്ടങ്ങൾ ഉൾക്കൊള്ളാത്തത്? അശുദ്ധ
മായകൈകൾ കൊണ്ടവർ ഭക്ഷിക്കുന്നു. എന്താ
ണിത്?”
6യേശു മറുപടി പറഞ്ഞു,“നിങ്ങൾ കപടഭ
ക്തിക്കാരാണ്. നിങ്ങളെപ്പറ്റി യെശയ്യാവ് പറ
ഞ്ഞതെത്രസത്യം. അദ്ദേഹം ഇങ്ങനെ എഴുതിയി
ട്ടുണ്ടല്ലോ,
‘ഈ ജനം എന്നെ ബഹുമാനിക്കുന്നെന്നു പറ
യുന്നു. എന്നാൽ അവർ എന്നെ അവരുടെ ജീ
വിതത്തിൻെറ ഭാഗമാക്കുന്നില്ല.
7അവർ എന്നെ ആരാധിക്കുന്നത് നിഷ്ഫല
മാണ്. എന്തെന്നാൽ മനുഷ്യരുടെ ചട്ടങ്ങൾ പ്ര
മാണങ്ങളായി പഠിപ്പിക്കുന്നു.’ *യെശയ്യാവ് 29:13*
8നിങ്ങൾ ദൈവകല്പന ഉപേക്ഷിച്ച് മനുഷ്യരു
ടെ ഉപദേശം പിൻതുടരുന്നു.”
9അനന്തരം യേശു അവരോടു പറഞ്ഞു, “നി
ങ്ങൾ സമർത്ഥരാണെന്ന് നിങ്ങൾ കരുതുന്നു.
നിങ്ങളുടെതന്നെ ചട്ടങ്ങൾ മതിയെന്ന ധാരണ
യിൽ നിങ്ങൾ ദൈവകല്പന അവഗണിക്കുന്നു.
10മോശെ പറഞ്ഞു, ‘നീ നിൻെറ അപ്പനമ്മമാരെ
ബഹുമാനിക്കണം. പിതാവിനെയോ മാതാവി
നെയോ ദുഷിക്കുന്നവൻ വധാർഹനാണ്.’ 11എ
ന്നാൽ നിങ്ങൾ പഠിപ്പിക്കുന്നത് ഒരാൾ തൻെറ
അപ്പനോടോ അമ്മയോടോ‘ നിങ്ങൾക്കുപയോ
ഗപ്രദമാകുന്ന ചിലകാര്യങ്ങൾ എൻെറ പക്കലു
ണ്ടെങ്കിലും ഞാനതു ചെയ്യില്ല. ഞാനത് ദൈവ
ത്തിന് നൽകും’ എന്ന് പറയാനാണ്. 12അപ്പന
മ്മമാർക്കു വേണ്ടി ഒന്നും ചെയ്യാൻ നിങ്ങൾ
അവനെ സമ്മതിക്കില്ല. 13ദൈവവചനമനുസ
രിച്ച് പ്രവർത്തിക്കേണ്ടതിനു പ്രാധാന്യമില്ലെ
ന്നു നിങ്ങൾ പഠിപ്പിക്കുന്നു. നിങ്ങളുണ്ടാക്കുന്ന
ചട്ടങ്ങളനുസരിക്കുന്നത് പ്രധാനമെന്നാണു നി
ങ്ങൾകരുതുന്നത്. അതുപോലെപലതും നിങ്ങൾ
ചെയ്യുന്നു.” 14യേശു ആൾക്കാരെ വീണ്ടും വിളി
ച്ചുവരുത്തി. അവൻ പറഞ്ഞു “എല്ലാവരും എ
ന്നെശ്രദ്ധിക്കുകയും ഞാൻ പറയുന്നതു കേൾക്കു
കയും വേണം. 15ഒരുവൻെറ ഉള്ളിൽ കടന്നുചെ
ന്ന് അശുദ്ധമാക്കാൻ ഒന്നിനും കഴിയില്ല. അവ
നിൽനിന്നും വരുന്നവയാണവനെ അശുദ്ധമാ
ക്കുന്നത്.” 16(കാതുള്ളവർ കേൾക്കട്ടെ)
17അനന്തരം ജനങ്ങളെവിട്ട് യേശു വീട്ടിനക
ത്തേക്കു കയറിപ്പോയി. ശിഷ്യന്മാർ ആ ഉപമ
യെപ്പറ്റി അവനോടു ചോദിച്ചു. 18യേശു പറ
ഞ്ഞു,“നിങ്ങൾക്കിനിയും കാര്യങ്ങൾഭംഗിയായി
മനസ്സിലാക്കാൻ കഴിയുന്നില്ലേ? പുറമേനിന്നും
അകത്തേക്കു കടക്കുന്നയാതൊന്നിനും ഒരുത്ത
നെ അശുദ്ധനാക്കാൻ കഴിയില്ലെന്ന് നിങ്ങൾക്ക
റിയില്ലേ? 19ഭക്ഷണം മനുഷ്യൻെറ ഹൃദയത്തിലേ
ക്കു ചെല്ലുന്നില്ല; അതു വയറ്റിലേക്കാണ് പോകു
ന്നത്. അതു പുറത്തേക്കു പോവുകയും ചെയ്യു
ന്നുണ്ട്.” (എല്ലാ ഭക്ഷണങ്ങളും മനുഷ്യനു തിന്നാ
വുന്നവയാണെന്നവൻ പ്രഖ്യാപിച്ചു.)
20യേശു പറഞ്ഞു, “ഒരുവനിൽനിന്നും പുറ
ത്തേക്കു വരുന്നവ അവനെ അശുദ്ധനാക്കുന്നു.
21ഉള്ളിൽ നിന്നാണ്, മനുഷ്യഹൃദയത്തിൽ നി
ന്നാണ്, ദുഷിച്ചചിന്തകൾ, ലൈംഗികപാപങ്ങ
ൾ, മോഷണം, കൊലപാതകം, 22വ്യഭിചാരം,
ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി,
അസൂയ, ദൂഷണം, അഹന്ത, മണ്ടത്തരങ്ങൾ
എന്നിവയെല്ലാം പുറപ്പെടുന്നത്. 23അതെല്ലാം
ഒരുവനെ അശുദ്ധനാക്കുന്നു.”

ജാതിയായ ഒരുവളെ യേശു സഹായിക്കുന്നു

(മത്താ. 15:21-28)

24യേശു അവിടം വിട്ട് സോർ പ്രദേശത്തേക്കു
പോയി. അവൻ അവിടെയൊരു വീട്ടിൽ കയ
റി. അവൻഅവിടെയുണ്ടെന്ന് അന്നാട്ടുകാർ അ
റിയരുതെന്നവൻ ആഗ്രഹിച്ചു പക്ഷേ അവന്
ഒളിച്ചിരിക്കാനായില്ല. 25യേശു അവിടെയുണ്ടെ
ന്ന് ഒരു സ്ത്രീ കേട്ടറിഞ്ഞു. അവളുടെ കൊച്ചു
മകൾക്ക് അശുദ്ധാത്മാവ് ബാധിച്ചിരുന്നു. അതി
നാലവൾ യേശുവിൻെറ അടുത്തെത്തി കാൽ
ക്കൽ വീണുനമിച്ചു. 26അവൾ യെഹൂദയല്ലായി
രുന്നു. സുറൊഫൊയീക്യ ജാതിയിലുള്ള യവന
ക്കാരിയായിരുന്നു അവൾ. ഭൂതത്തെ തൻെറ മ
കളുടെ ഉള്ളിൽനിന്ന് ഓടിക്കണമെന്ന് അവൾ
യേശുവിനോടു അപേക്ഷിച്ചു. 27യേശു ആ

സ്ത്രീയോടു പറഞ്ഞു: "മക്കളുടെ ഭക്ഷണം നാ
യ്ക്കൾക്കെറിഞ്ഞു കൊടുക്കരുത്. ആദ്യം അവർ
ക്കു വേണ്ടതെല്ലാം എടുത്തു ഭക്ഷിക്കാൻ മക്കളെ
അനുവദിക്കുക."
28സ്ത്രീ പറഞ്ഞു, "കർത്താവേ, അതു ശരിത
ന്നെ. പക്ഷേ മക്കൾക്കുള്ള ഭക്ഷണത്തിന്റെ ശക
ലങ്ങൾ മേശയ്ക്കടിയിലിരുന്ന് നായ്ക്കളും തി
ന്നാറുണ്ട്." 29അനന്തരം യേശു അവളോടു പറ
ഞ്ഞു, "ഇതൊരു നല്ല മറുപടിയാണ്. നീ പൊ
യ്ക്കൊള്ളൂ. ഭൂതം നിങ്ങളുടെ മകളെ വിട്ടു പുറ
ത്തു വന്നുകഴിഞ്ഞു." 30അവൾ വീട്ടിലേക്കു മട
ങ്ങി. മകൾ കിടക്കയിൽ കിടക്കുകയായിരുന്നു.
ഭൂതം അവളെ വിട്ടൊഴിഞ്ഞിരുന്നു.

യേശു ഒരു ഊമനെ സുഖപ്പെടുത്തുന്നു

31അനന്തരം യേശു സോർപ്രദേശം വിട്ട് സീ
ദോനിലേക്കു പോയി. ഗലീലക്കടൽത്തീരത്തേ
ക്കവൻ പോയി. ദെക്കപ്പൊലിയിലൂടെയാണ
വൻ പോയത്. 32അവിടെ ചിലർ ഒരാളെ യേശു
വിന്റെ അടുത്തു കൊണ്ടുവന്നു. അയാൾ ബധി
രനും ഊമനുമായിരുന്നു. അയാളെ സ്പർശിച്ചു
സുഖപ്പെടുത്താൻ അവർ യേശുവിനോടപേ
ക്ഷിച്ചു.
33യേശു അയാളെ ജനക്കൂട്ടത്തിൽനിന്നും
അകലെ മാറ്റിനിർത്തി. തന്റെ കൈവിരലുകൾ
അയാളുടെ ചെവിയിൽ കടത്തി. അനന്തരം
യേശു തുപ്പി അയാളുടെ നാവിൽ തൊടുകയും
ചെയ്തു. 34ആകാശത്തേക്കു നോക്കി യേശു നെ
ടുവീർപ്പിട്ടു. യേശു അയാളോട് പറഞ്ഞു, "എ
ഫഥാ!" (അതായത് "തുറക്കപ്പെടട്ടെ!" എന്ന്).
35യേശു ഇതുചെയ്തപ്പോൾ അയാൾക്കു കേൾ
ക്കാറായി. അയാളുടെ നാവു സ്വതന്ത്രമാവുക
യും അവന് വ്യക്തമായി സംസാരിക്കാൻ സാ
ദ്ധ്യമാവുകയും ചെയ്തു.
36സംഭവിച്ചതൊന്നും മറ്റാരോടും പറയരുതെ
ന്ന് യേശു അവരോടു കല്പിച്ചു. തന്നെപ്പറ്റി മ
റ്റാരോടും പറയരുതെന്ന് യേശു എപ്പോഴും ആളു
കളോടു കല്പിക്കും. പക്ഷേ അതു കൂടുതൽ ആൾ
ക്കാരോടു പറയിക്കാനേ ഉപകരിച്ചുള്ളൂ. 37ജന
ങ്ങൾ യഥാർത്ഥത്തിൽ അത്ഭുതപ്പെട്ടു. അവർ
പറഞ്ഞു, "യേശു എല്ലാം നന്നായി ചെയ്തു.
അവൻ ബധിരനെ കേൾക്കുമാറാക്കുന്നു. ഊമ
നെ സംസാരിക്കുമാറാക്കുന്നു."

യേശു നാലായിരത്തിലധികം പേർക്കു വിളമ്പുന്നു

(മത്താ. 15:32-39)

8 മറ്റൊരിക്കൽ വീണ്ടും അനേകം പേർ യേശു
വിന്റെ അടുത്തെത്തി. അവർക്കു കഴിക്കാ
നൊന്നുമില്ലായിരുന്നു. അതിനാൽ യേശുതന്റെ
ശിഷ്യന്മാരെ അരികിൽ വിളിച്ചു. അവൻ പറ
ഞ്ഞു, 2"എനിക്ക് ഈ ആളുകളോട് അനുകമ്പ
തോന്നുന്നു. കഴിഞ്ഞ മൂന്നു ദിവസമായി അവർ
എന്നോടൊപ്പമാണ്. ഇപ്പോഴാകട്ടെ അവർക്കു
തിന്നാനൊന്നുമില്ല. 3വിശപ്പോടെ ഞാനവരെ
അയയ്ക്കില്ല. അവരെ അങ്ങനെ അയച്ചാൽ
വീട്ടിലേക്കു പോകും വഴി അവർ തളർന്നുവീഴും.
അവരിൽ ചിലർ ഇവിടെനിന്നു വളരെ ദൂരെ
യാണു താമസം."
4യേശുവിന്റെ ശിഷ്യന്മാർ പറഞ്ഞു, "പക്ഷേ
നമ്മൾ ജനവാസപ്രദേശത്തുനിന്നു വളരെ അക
ലെയാണ്. ഇത്രയും പേർക്കാവശ്യമുള്ളത്ര അപ്പം
എവിടെനിന്നുകിട്ടും?" 5അപ്പോൾ യേശു ചോ
ദിച്ചു, "നിങ്ങളുടെ കൈയിൽ എത്ര അപ്പമുണ്ട്?"
അവർ പറഞ്ഞു, "ഏഴ്"
6യേശു ആൾക്കാരോട് നിലത്തിരിക്കാൻ കല്പി
ച്ചു. അനന്തരം അവൻ ഏഴ് അപ്പമെടുത്ത് ദൈ
വത്തിനു നന്ദി പറഞ്ഞു. അപ്പം മുറിച്ച് അവൻ
ശിഷ്യന്മാരെ ഏല്പിച്ചു. അവ ആളുകൾക്ക് വിള
മ്പാൻ അവൻ കല്പിച്ചു. ശിഷ്യന്മാർ അങ്ങനെ
ചെയ്തു. 7ശിഷ്യന്മാരുടെ വശം കുറച്ചു ചെറിയ
മീനുമുണ്ടായിരുന്നു. യേശു മീൻ തന്നതിന് ദൈ
വത്തിനു നന്ദി പറഞ്ഞ് ശിഷ്യന്മാരെ ഏല്പിച്ചു.
എന്നിട്ട് അവയും വിതരണം ചെയ്യാൻ പറ
ഞ്ഞു. 8എല്ലാവരും വയറുനിറയെ ഭക്ഷിച്ചു.
എന്നിട്ടും ഏഴുകുട്ട ഭക്ഷണം അവർ ശേഖരിച്ചു.
9നാലായിരത്തോളം പേർ ആഹാരം കഴിച്ചിരു
ന്നു. അവർ തിന്നുകഴിഞ്ഞപ്പോൾ വീടുകളിലേ
ക്കു പൊയ്ക്കൊള്ളാൻ യേശു അവരോടു പറ
ഞ്ഞു. 10യേശു ശിഷ്യന്മാരോടൊത്ത് വള്ളത്തിൽ
കയറി ദൽമനൂഥയിലേക്കു പോയി.

പരീശന്മാർ യേശുവിനെ പരീക്ഷിക്കാനൊരുങ്ങുന്നു

(മത്താ. 16:1-4)

11പരീശന്മാർ വന്ന് യേശുവിനോടു ചില
ചോദ്യങ്ങൾ ചോദിച്ചു. അവർക്ക് യേശുവിനെ
പരീക്ഷിക്കണമായിരുന്നു. അവൻ ദൈവത്താൽ
അയയ്ക്കപ്പെട്ടവനാണെങ്കിൽ ആകാശത്തുനി
ന്ന് ഒരത്ഭുത കർമ്മം കാണിക്കാനവർ ആവശ്യ
പ്പെട്ടു. 12യേശു മാനസികമായ വ്യഥ അനുഭവി
ക്കുന്നു എന്ന് സൂചിപ്പിക്കുന്ന ഒരു ശബ്ദത്തോ
ടെ പറഞ്ഞു, "എന്താണു നിങ്ങൾ അടയാളമാ
യി ഒരത്ഭുതം കാണിക്കാനാവശ്യപ്പെടുന്നത്?
ഞാൻ നിങ്ങളോടു സത്യം പറയാം. ഈ തലമുറ
യ്ക്ക് അടയാളമൊന്നും തരികയില്ല." 13അനന്തരം
യേശു പരീശന്മാരെ വിട്ട് ഒരു വഞ്ചിയിൽ ക
യറി മറുകരയിലേക്കു പോയി.

യെഹൂദനേതാക്കന്മാർക്ക് യേശു മുന്നറിയിപ്പു നൽകുന്നു

(മത്താ. 16:5-12)

14വഞ്ചിയിൽ ശിഷ്യന്മാരുടെ കയ്യിൽ ഒരപ്പ
ക്കഷണമേ ഉണ്ടായിരുന്നുള്ളൂ. കൂടുതൽ കരുതാ
നവർ മറന്നു. 15യേശു അവർക്കു മുന്നറിയിപ്പു
കൊടുത്തു, "സൂക്ഷിച്ചിരിക്കുക! പരീശന്മാരുടെ
യും ഹെരോദാവിന്റെയും പുളിമാവിനെ സൂ
ക്ഷിക്കുക."
16ശിഷ്യന്മാർ അതിന്റെ അർത്ഥം എന്തെന്ന്
ചർച്ചചെയ്തു. അവർ പറഞ്ഞു, "നമുക്ക് അപ്പം
ഇല്ലാത്തതിനാലായിരിക്കാം അവൻ ഇങ്ങനെ
പറഞ്ഞത്." 17ശിഷ്യന്മാർ ഇതേപ്പറ്റിയാണ് പറ
യുന്നതെന്ന് യേശുവിനറിയാമായിരുന്നു. അതി
നാലവൻ അവരോടുപറഞ്ഞു, "എന്താണു നി
ങ്ങൾ അപ്പമില്ലാത്തതിനെക്കുറിച്ചു ചർച്ച ചെ
യ്യുന്നത്?നിങ്ങളുടെമനസ്സ് അടഞ്ഞിരിക്കുന്നോ?
നിങ്ങൾ ഇനിയും കാണുകയോ മനസ്സിലാക്കു
കയോ ചെയ്യാത്തതെന്താണ്? 18കാഴ്ചയില്ലാത്ത
കണ്ണുകളാണോ നിങ്ങൾക്കുള്ളത്? ശ്രവണശ
ക്തിയില്ലാത്ത കാതുകളാണോ നിങ്ങളുടേത്?
നമുക്ക് ആവശ്യത്തിന് അപ്പമില്ലാതിരുന്നപ്പോൾ
ഞാൻ ചെയ്തത് ഓർക്കുന്നില്ലേ? 19അഞ്ചപ്പം
കൊണ്ട് ഞാൻ അയ്യായിരം പേരെ തൃപ്തരാക്കി.
മിച്ചം വന്ന അപ്പം ശേഖരിച്ചത് ഓർമ്മിക്കുന്നി
ല്ലേ?" ശിഷ്യന്മാർ പറഞ്ഞു, "പന്ത്രണ്ടുകുട്ടകൾ."
20"ഏഴ് അപ്പക്കഷണങ്ങളെ നാലായിരം പേർ
ക്കു ഞാൻ വിളമ്പിയത് ഓർക്കുന്നില്ലേ? മിച്ചം

വന്ന എത്ര അപ്പക്കുട്ടകൾ നിങ്ങൾ ശേഖരിച്ചു?"
ശിഷ്യന്മാർ പറഞ്ഞു, "ഏഴ്"
21അനന്തരം യേശു അവരോടു പറഞ്ഞു, "നി
ങ്ങളിവയെല്ലാം ഓർക്കുന്നു. എന്നിട്ടും നിങ്ങൾ
ക്കു മനസ്സിലാക്കാൻ കഴിയാത്തത് എന്ത്?"

യേശു ബേത്ത്സയിദയിൽ അന്ധനു കാഴ്ച നൽകുന്നു

22യേശുവും ശിഷ്യന്മാരും ബേത്ത്സയിദയി
ലെത്തി. അവിടെ ചിലർ ചേർന്ന് ഒരന്ധനെ
യേശുവിൻെറ മുമ്പിലെത്തിച്ചു. അവനെ സ്പ
ർശിക്കാനവർ യേശുവിനോടപേക്ഷിച്ചു. 23അ
തിനാൽ യേശു അന്ധൻെറ കരം പിടിച്ച് ഗ്രാമ
ത്തിനു പുറത്തേക്കു കൊണ്ടുപോയി. യേശു
അയാളുടെ കണ്ണുകളിലേക്ക് തുപ്പി. എന്നിട്ട്
അയാളുടെമേൽ കൈകൾവച്ച് ചോദിച്ചു, "നി
നക്കിപ്പോൾ എന്തെങ്കിലും കാണാമോ?"
24അന്ധൻ നോക്കിപറഞ്ഞു, "അതെ എനിക്കി
പ്പോൾ മനുഷ്യരെകാണാം. അവർ മരങ്ങൾ പോ
ലെ ചുറ്റും നടക്കുന്നു."
25യേശുവീണ്ടും അയാളുടെകണ്ണുകളിൽ സ്പ
ർശിച്ചു. അപ്പോളയാൾ കണ്ണു മലർക്കെ തുറന്നു.
അയാളുടെ കണ്ണുകൾ സുഖം പ്രാപിച്ചു. അയാ
ൾക്ക് എല്ലാം വ്യക്തമായി കാണാം എന്നായി.
26യേശു അയാളോട്, "നഗരത്തിൽ പോകരുത്"
എന്നും വീട്ടിലേക്കു പോകാനും പറഞ്ഞു.

യേശു ക്രിസ്തുവാണെന്ന് പത്രൊസ്

മത്ത. 16:13-20; ലൂക്ക. 9:18-21

27യേശുവും ശിഷ്യന്മാരും ഫീലിപ്പൊസിൻെറ
കൈസര്യയ്ക്കു പോയി. അവർ നടക്കുന്നതിനി
ടയിൽ യേശു അവൻെറ ശിഷ്യന്മാരോടു ചോ
ദിച്ചു,"ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയു
ന്നത്?"
28ശിഷ്യന്മാർ പറഞ്ഞു, "നീ സ്നാപകയോ
ഹന്നാനാണെന്നു ചിലർപറയുന്നു; ഏലീയാവ്
ആണെന്നു മറ്റു ചിലർ; വേറെ ചിലർ പറയു
ന്നത് നീ പ്രവാചകന്മാരിൽ ഒരാളാണെന്നാണ്."
29അപ്പോൾ യേശു ചോദിച്ചു, "ഞാൻ ആരാണെ
ന്നാണ് നിങ്ങൾ കരുതുന്നത്?" പത്രൊസ് പറ
ഞ്ഞു, "അങ്ങാണു ക്രിസ്തു."
30യേശു ശിഷ്യന്മാരോടു പറഞ്ഞു, "ഞാനാരാ
ണെന്ന് ആരോടും പറയരുത്."

തനിക്ക് മരിക്കേണ്ടിവരുമെന്ന് യേശു പറയുന്നു

(മത്താ. 16:21-28; ലൂക്കൊ. 9:22-27)

31അനന്തരം മനുഷ്യപുത്രന് ഒരുപാട് സഹി
ക്കാനുണ്ടെന്ന് യേശു അവരെ പഠിപ്പിക്കാൻ
തുടങ്ങി. മനുഷ്യപുത്രൻ മൂപ്പന്മാരാലും മഹാപു
രോഹിതന്മാരാലും ശാസ്ത്രിമാരാലും തള്ളപ്പെ
ടുമെന്നും അവൻ പഠിപ്പിച്ചു. മനുഷ്യപുത്രൻ
കൊല്ലപ്പെടുമെന്നും മൂന്നാംനാൾ അവൻ മര
ണത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കുമെന്നും
യേശു പഠിപ്പിച്ചു. അവൻ ഒന്നും രഹസ്യമായി
വെച്ചില്ല. 32പത്രൊസ് ഒറ്റയ്ക്ക് യേശുവിനോടു
സംസാരിക്കാൻ തുടങ്ങി. അതെല്ലാം പറഞ്ഞ
തിനാൽ പത്രൊസ് യേശുവിനെ വിമർശിച്ചു.
33പക്ഷേ യേശു തിരിഞ്ഞ് തൻെറ ശിഷ്യന്മാരെ
നോക്കി. അനന്തരം അവൻ പത്രൊസിനെ ശ
കാരിച്ചു. യേശു പത്രൊസിനോടു പറഞ്ഞു,
"സാത്താനേ! എൻെറയടുത്തുനിന്നു പോകൂ.
നിൻെറ ചിന്ത ദൈവീകമല്ല. മനുഷ്യർ പ്രധാന
മെന്ന് കരുതുന്നവയാണ് നീ ചിന്തിക്കുന്നത്."

34അനന്തരം യേശു ജനങ്ങളെ തൻെറ അരി
കിലേക്കുവിളിച്ചു. അവൻെറ ശിഷ്യന്മാരും അ
വിടെയുണ്ടായിരുന്നു. അപ്പോൾയേശുപറഞ്ഞു,
"എന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നവൻ അവ
നെത്തന്നെ ഉപേക്ഷിക്കണം. അവൻ തൻെറ
കുരിശുമെടുത്ത് എന്നെ പിന്തുടരണം.35സ്വന്തം
ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവന് അതു
നഷ്ടമാകും. എന്നാൽ സ്വന്തജീവൻ എനിക്കും
സുവിശേഷത്തിനുമായി നൽകുന്നവൻ എന്നെ
ന്നേക്കുമായി രക്ഷിക്കപ്പെടും.36സ്വന്തം ആത്മാവ്
നരകത്തിൽ നഷ്ടപ്പെടുന്നവന് ലോകം മുഴു
വൻ കിട്ടിയാലും എന്തു പ്രയോജനം? 37ആത്മാ
വ് തിരിച്ചുകിട്ടാൻ പകരം മറ്റെന്തെങ്കിലും കൊ
ടുക്കാൻ ഒരുവനും കഴിയില്ല. 38ഇന്നത്തെയാൾ
ക്കാർ പാപപൂർണ്ണവും ദുഷ്ടവുമായ കാലത്താ
ണ് ജീവിക്കുന്നത്. എന്നെപ്പറ്റിയും എൻെറ ഉപ
ദേശത്തെപ്പറ്റിയും ലജ്ജിക്കുന്നവരെക്കുറിച്ച്
ഞാൻ ലജ്ജിക്കും. എൻെറ പിതാവിൻെറ മഹ
ത്വത്തോടും വിശുദ്ധദൂതന്മാരോടുംകൂടെ എഴു
ന്നെള്ളുമ്പോൾ അയാളെ ഓർത്തു ഞാൻ ലജ്ജി
ക്കും."
9 യേശു പറഞ്ഞു, "ഞാൻ നിങ്ങളോടു സത്യം
പറയട്ടെ. ഇവിടെ നിൽക്കുന്നവരിൽ ചിലർ
മരിക്കും മുമ്പ് ദൈവരാജ്യം വരുന്നതു കാണും.
ദൈവരാജ്യം പ്രതാപത്തോടെ വരും."

യേശു മോശെയോടും ഏലീയാവിനോടുമൊപ്പം

(മത്താ. 17:1-3; ലൂക്കൊ. 9:28-36)

2ആറു ദിവസം കഴിഞ്ഞ് പത്രൊസ്, യാക്കോ
ബ്,യോഹന്നാൻ എന്നിവരോടൊപ്പം യേശു ഉ
യർന്ന മലമുകളിലേക്കുപോയി. അവിടെ അവ
ർമാത്രമേ ഉണ്ടായിരുന്നുള്ളൂ. ശിഷ്യന്മാർ നോക്കി
നിൽക്കേ യേശുവിനു മാറ്റമുണ്ടായി. 3അവൻെറ
വസ്ത്രം തിളങ്ങുന്ന വെൺമയുള്ളതായി. ഒരാൾ
ക്കും നൽകാൻ കഴിയാത്തത്ര വെൺമ. 4അപ്പോ
ൾ യേശുവിനോടൊപ്പം അവിടെരണ്ടുപേർ പ്ര
ത്യക്ഷപ്പെട്ടു. അവർ സംസാരിക്കുന്നുണ്ടായിരു
ന്നു. അവർ മോശെയും ഏലീയാവുമായിരുന്നു.
5പത്രൊസ് യേശുവിനോടു പറഞ്ഞു,"ഗുരോ,
നമ്മൾ ഇവിടെയായതു നന്നായി. ഞങ്ങൾ ഇ
വിടെ മൂന്നു കൂടാരങ്ങളുണ്ടാക്കാം. ഒന്ന് നിനക്കും
ഒന്നു മോശെയ്ക്കും ഒന്ന് ഏലീയാവിനും." 6പ
ത്രൊസിന് എന്തുപറയണമെന്ന് അറിവില്ലായി
രുന്നു. കാരണം അവനും മറ്റു രണ്ടു ശിഷ്യന്മാരും
വല്ലാതെ ഭയന്നിരുന്നു. 7അപ്പോൾ ഒരുമേഘം
വന്ന് അവരെമൂടി. മേഘത്തിൽനിന്ന് ഒരു അശ
രീരി മുഴങ്ങി, "യേശു എൻെറപുത്രനാകുന്നു.
ഞാനവനെ സ്നേഹിക്കുന്നു. അവനെ അനുസ
രിക്കുക."
8പത്രൊസും യാക്കോബും യോഹന്നാനും
നോക്കിയപ്പോൾ മറ്റാരെയും അവർകണ്ടില്ല.
യേശു മാത്രമേ അവരോടൊപ്പമുണ്ടായിരുന്നു
ള്ളൂ. 9യേശുവും ശിഷ്യന്മാരും മലയിറങ്ങുകയാ
യിരുന്നു. അവൻ ശിഷ്യന്മാരോടാജ്ഞാപിച്ചു,
"മലമുകളിൽ നിങ്ങൾ കണ്ടതൊന്നും ആരോടും
പറയരുത്. മനുഷ്യപുത്രൻെറ ഉയിർത്തെഴുന്നേ
ല്പ്വരെ കാക്കുക. അപ്പോൾ നിങ്ങൾക്ക് എല്ലാവ
രോടും പറയാം എന്താണു കണ്ടതെന്ന്."
10അതിനാലവർ യേശുവിനെ അനുസരിച്ച്
കണ്ടതൊന്നും ആരോടും പറഞ്ഞില്ല.പക്ഷേ മര
ണത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കുമെന്ന്
അവൻപറഞ്ഞതിൻെറ പൊരുളിനെപ്പറ്റി അവ
ർചർച്ചചെയ്തു. 11ശിഷ്യന്മാർ യേശുവിനോടു

ചോദിച്ചു,“എന്താണ് ഏലീയാവ് ആദ്യം വരട്ടെ
എന്നു ശാസ്ത്രിമാർ പറയുന്നത്?”
12യേശു പറഞ്ഞു,“ഏലീയാവ് ആദ്യം വരണ
മെന്നവർ പറഞ്ഞതു ശരിയാണ്. എല്ലാം നേരെ
യാക്കുന്നത് ഏലീയാവാണ്. പക്ഷെ മനുഷ്യപു
ത്രൻ പലതും സഹിക്കുകയും അവജ്ഞയാൽ
തിരസ്കരിക്കപ്പെടുകയും വേണമെന്ന് തിരുവെ
ഴുത്ത് പറഞ്ഞതെന്തുകൊണ്ട്? 13ഞാൻ നിങ്ങ
ളോടു പറയുന്നു, ഏലീയാവു വന്നുകഴിഞ്ഞു.
ആളുകൾ ചെയ്യാവുന്ന എല്ലാ വൃത്തികേടും
അയാളുടെമേൽ പ്രവൃത്തിച്ചു കഴിഞ്ഞു. ഇതെ
ല്ലാം അവനു സംഭവിക്കുമെന്ന് തിരുവെഴുത്തു
കളിൽ പറയുന്നുണ്ട്.”

യേശു രോഗിയായ കുട്ടിയെ സുഖപ്പെടുത്തുന്നു

(മത്താ. 17:14-20; ലൂക്കൊ. 9:37-43)

14അനന്തരം യേശുവും പത്രൊസും യാക്കോ
ബും യോഹന്നാനും മറ്റുശിഷ്യന്മാരുടെ അടുക്ക
ലേക്കു പോയി. അവർക്കുചുറ്റും അനേകം പേർ
ഇരിക്കുന്നത് അവർ കണ്ടു. ശാസത്രിമാർ ആ
ശിഷ്യന്മാരോടു തർക്കിക്കുന്നുണ്ടായിരുന്നു.
15യേശുവിനെ ജനങ്ങൾ കണ്ടപ്പോൾ അവർ
അത്ഭുതപ്പെട്ടു. അവനെ സ്വീകരിക്കാൻ അവർ
ഓടിയെത്തി.
16യേശു ചോദിച്ചു, “എന്താണു നിങ്ങൾ ശാ
സ്ത്രിമാരുമായി തർക്കിക്കുന്നത്?”
17ഒരാൾപറഞ്ഞു,“ഗുരോ ഞാനെൻെറ മകനെ
നിൻെറ അടുക്കലേക്കു കൊണ്ടു വന്നു. അവ
നെഒരു അശുദ്ധാത്മാവ് ബാധിച്ചിരിക്കുന്നു. അ
ത്അവനെ ഊമനാക്കി. 18പിശാച് അവനെ
ആക്രമിക്കുകയും നിലത്തുരുട്ടിയിടുകയും ചെ
യ്യുന്നു. അവൻെറ വായിൽനിന്ന് പത വരിക
യും പല്ലുകടിക്കുകയും മരവിച്ചു പോവുകയും
ചെയ്യുന്നു. നിൻെറ ശിഷ്യന്മാരോട് അശുദ്ധാ
ത്മാവിനെ ഓടിക്കാൻ ഞാനാവശ്യപ്പെട്ടു.
പക്ഷെ അവർക്കതു കഴിഞ്ഞില്ല.”
19യേശുപറഞ്ഞു,“നിങ്ങൾക്കുവിശ്വാസമില്ല.
എത്രനാൾ ഞാൻ നിങ്ങളോടുത്തുണ്ടാകണം?
ഞാനെത്രനാൾ നിങ്ങളോടൊത്തു ക്ഷമയോടെ
കഴിയും? കുട്ടിയെ കൊണ്ടുവരൂ.”
20അവർ കുട്ടിയെ യേശുവിൻെറ അടുത്തു
കൊണ്ടുവന്നു. യേശുവിനെ കണ്ടപ്പോൾ അശു
ദ്ധാത്മാവ് കുട്ടിയെ ആക്രമിച്ചു. കുട്ടി താഴെ
വീണുരുണ്ടു. അവൻെറ വായിൽനിന്ന് നുരയും
പതയും വന്നു. 21യേശു കുട്ടിയുടെ പിതാവി
നോടു ചോദിച്ചു, “ഇവനിങ്ങനെയായിട്ട് എത്ര
കാലമായി?”
കുട്ടിയുടെ പിതാവു പറഞ്ഞു, “ചെറുപ്പം
മുതൽക്കുതന്നെ. 22അശുദ്ധാത്മാവ് ചിലപ്പോൾ
അവനെ തീയിലും വെള്ളത്തിലും തള്ളിയിട്ട്
കൊല്ലാൻ ശ്രമിച്ചിട്ടുണ്ട്. നിനക്കു കഴിയുമെ
ങ്കിൽ ഞങ്ങളുടെമേൽ ദയചൊരിഞ്ഞ് ഞങ്ങളെ
രക്ഷിക്കണേ.”
23യേശു കുട്ടിയുടെ പിതാവിനോടു പറഞ്ഞു,
“നിനക്കു കഴിയുമെങ്കിലെന്നോ? വിശ്വസിക്കു
ന്നവന് എല്ലാം സാദ്ധ്യമാണ്.” 24പിതാവ് വിളി
ച്ചു പറഞ്ഞു, “ഞാൻ വിശ്വസിക്കുന്നു. കൂടുതൽ
വിശ്വസിക്കാൻ എന്നെ സഹായിക്കൂ.”
25സംഭവിക്കുന്നതെന്തെന്നു കാണാൻ ആളു
കൾ ഓടിക്കൂടി. യേശു അശുദ്ധാത്മാവിനോടു
സംസാരിച്ചു. യേശു പറഞ്ഞു, “ഈ കുട്ടിയെ
ഊമനും ബധിരനുമാക്കിയ അശുദ്ധാത്മാവേ,
ഞാൻ നിന്നോടു കല്പിക്കുന്നു, കുട്ടിയിൽനിന്ന്
പുറത്തുവരിക. ഇനി ഒരിക്കലും തിരിച്ചുവര
രുത്.” 26അശുദ്ധാത്മാവു നിലവിളിച്ചു അതു
കുട്ടിയെ നിലത്തു തള്ളിയിട്ട് പുറത്തേക്കു
വന്നു. കുട്ടി മരിച്ചതുപോലെ കാണപ്പെട്ടു. വള
രെ ആളുകൾ പറഞ്ഞു, “അവൻ മരിച്ചു.”
27യേശു അവനെ കൈക്കു പിടിച്ച് എഴുന്നേ
ല്പിച്ചു നിർത്തി.
28യേശു വീടിനുള്ളിലേക്കു പോയി. ശിഷ്യ
ന്മാർമാത്രമേ അവനോടൊപ്പമുണ്ടായിരുന്നുള്ളൂ.
അവർ ചോദിച്ചു,“ആ അശുദ്ധാത്മാവിനെ ഓടി
ക്കാൻ ഞങ്ങൾക്കു കഴിയാഞ്ഞതെന്താണ്?”
29യേശുപറഞ്ഞു, “അത്തരം അശുദ്ധാത്മാവിനെ
പ്രാർത്ഥന കൊണ്ടേ ഓടിക്കാനാവൂ.

യേശു തൻെറ മരണത്തെപ്പറ്റി പറയുന്നു

(മത്താ. 17:22-23; ലൂക്കൊ. 9:43-45)

30അനന്തരം യേശുവും ശിഷ്യന്മാരും അവിടം
വിട്ടു ഗലീലയിലൂടെ സഞ്ചരിച്ചു. തങ്ങൾ എ
വിടെയാണെന്ന് ആരുമറിയരുതെന്ന് യേശു ആ
ഗ്രഹിച്ചു. 31തൻെറ ശിഷ്യന്മാരെ മാത്രം പഠിപ്പി
ക്കാൻ യേശു ആഗ്രഹിച്ചു. യേശു അവരോടു
പറഞ്ഞു, “മനുഷ്യപുത്രൻ അവനെ കൊല്ലുവാ
നുള്ളവർക്ക് ഏല്പിക്കപ്പെടും. അവർ അവനെ
കൊല്ലും. മൂന്നുദിവസം കഴിഞ്ഞ് അവൻ മരണ
ത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കും.” 32പക്ഷേ
യേശു എന്താണു പറഞ്ഞതെന്ന് അവർക്കു മന
സ്സിലായില്ല. അതു ചോദിച്ചറിയാൻ അവർക്കു
ഭയവുമായിരുന്നു.

ആരാണു വലിയവനെന്ന് യേശു

(മത്താ. 18:1-5; ലൂക്കൊ. 9:46-48)

33യേശുവും ശിഷ്യന്മാരും കഫർന്നഹൂമിലേ
ക്കുപോയി. അവർ ഒരു വീട്ടിലേക്കുകയറി. യേ
ശു ശിഷ്യന്മാരോടു ചോദിച്ചു,“വഴിക്കുവെച്ച്
നിങ്ങൾ എന്തോ തർക്കിക്കുന്നതു കേട്ടല്ലോ. എ
ന്തിനെപ്പറ്റിയായിരുന്നു അത്?” 34എന്നാലവർ
മറുപടിയായി ഒന്നും പറഞ്ഞില്ല. എന്തെന്നാൽ
അവരിൽ ആരാണേറ്റവും വലിയവനെന്നതാ
യിരുന്നു അവരുടെ തർക്കവിഷയം.
35യേശു നിലത്തിരുന്ന് പന്ത്രണ്ടു അപ്പൊസ്ത
ലന്മാരെയും വിളിച്ചു. യേശു പറഞ്ഞു, “ഏറ്റ
വും വലിയവനാകാൻ ആഗ്രഹിക്കുന്നവൻ മറ്റെ
ല്ലാവരെയും തന്നെക്കാൾ വലിയവരായി കാണ
ണം. അവൻ മറ്റെല്ലാവരുടെയും സേവകനുമാ
യിരിക്കണം.”
36അപ്പോൾ യേശു ഒരു കൊച്ചുകുഞ്ഞിനെ
എടുത്ത് അവരുടെമദ്ധ്യത്തിൽ നിർത്തി. പിന്നീ
ട് ശിശുവിനെ കയ്യിലെടുത്ത് ഇങ്ങനെ പറ
ഞ്ഞു, 37“ഇത്തരം കുഞ്ഞുങ്ങളെ എൻെറ നാമ
ത്തിൽ സ്വീകരിക്കുന്നവൻ എനിക്കു സ്വീകാര്യ
നാണ്. എന്നെ അംഗീകരിക്കുന്നവൻ എന്നെ
അയച്ചവനെ(ദൈവം)യും അംഗീകരിക്കുന്നു.”

നമ്മെ എതിർക്കാത്തവൻ നമ്മുടേത്

(ലൂക്കൊ. 9:49-50)

38യോഹന്നാൻ പറഞ്ഞു, “ഗുരോ, നിൻെറ
നാമത്തിൽ ഭൂതങ്ങളെ ഒഴിപ്പിക്കുന്ന ഒരുവനെ
ഞങ്ങൾ കണ്ടു. അവൻ ഞങ്ങളിലൊരുവൻ
അല്ലായിരുന്നു. അതിനാൽ ഞങ്ങളവനെ തട
യാൻ ശ്രമിച്ചു.”
39യേശു പറഞ്ഞു, “അവനെ തടയരുത്.
എൻെറ നാമത്തിൽ ഒരത്ഭുതം ചെയ്യുന്നവന്
അതിനുശേഷം പെട്ടെന്ന് എന്നെപ്പറ്റി ദുഷിച്ചു
പറയാനാവില്ല. 40നമുക്കെതിരല്ലാത്തവൻ നമ്മു
ടെയാളാണ്. 41ഞാൻ നിങ്ങളോടു സത്യം പറ

യട്ടെ. നിങ്ങൾ ക്രിസ്തുവിന്റെ ആളാകയാൽ
ആരെങ്കിലും നിങ്ങൾക്ക് ഒരു കോപ്പവെള്ളം
തന്നു സഹായിച്ചാൽ അയാൾക്കു തക്കപ്രതി
ഫലം ലഭിക്കും.

പാപത്തിനെതിരെ യേശു താക്കീത് നൽകുന്നു

(മത്താ. 18:6-9; ലൂക്കൊ. 17:1-2)

42"എന്നിൽ വിശ്വസിക്കുന്ന കൊച്ചുകുട്ടിയെ
പ്പോലും പാപത്തിലേക്കു വീഴാൻ കാരണമാക്കു
ന്നവനു കഷ്ടം. അവനെ കഴുത്തിൽ തിരികല്ലു
കെട്ടി കടലിൽതാഴ്ത്തുന്നതാണു ഭേദം. 43നിങ്ങ
ളുടെ കൈ നിങ്ങളെക്കൊണ്ടു പാപം ചെയ്യി
ച്ചാൽ അതു മുറിച്ചുകളയുക. ശരീരത്തിലെ
അവയവം നഷ്ടപ്പെട്ടാലും സ്വർഗ്ഗത്തിൽ ജീവി
ക്കുന്നത് നന്ന്. രണ്ടു കൈകളോടെ നരകത്തിൽ
പോകുന്നതിലും നല്ലത് ഇതാണ്. ആ നരക
ത്തിൽ അണയാത്ത തീയുണ്ട്. 44*-45നിങ്ങളുടെ
കാല് പാപം ചെയ്യുന്നുവെങ്കിൽ അതു വെട്ടിക്ക
ളയുക. രണ്ടു കാലുകളോടും കൂടി നരകത്തിൽ
പോകുന്നതിലും ഭേദം ശരീരത്തിന്റെ ഒരു ഭാഗ
മില്ലാതെ യഥാർത്ഥ ജീവിതത്തിൽ പ്രവേശിക്കു
ന്നതാണ്.46*-47പാപത്തിൽ വീഴാൻ കണ്ണു കാര
ണമായാൽ അതു ചൂഴ്ന്നെടുക്കുക, ദൈവരാ
ജ്യത്തിൽ ഒറ്റക്കണ്ണനായി പ്രവേശിക്കുന്നതാണ്
രണ്ടു കണ്ണുകളോടെയും നരകത്തിൽ പോകുന്ന
തിലും ഭേദം. 48നരകത്തിൽ ആളുകളെ തിന്നുന്ന
പുഴു ചാകുന്നില്ല. അവിടെ തീയൊരിക്കലും
അണയുന്നുമില്ല. 49എല്ലാവരും തീയാൽ ശിക്ഷി
ക്കപ്പെടും.50ഉപ്പ് നല്ലതാണ്. പക്ഷേ അതിന്റെ
ഉപ്പുരസം നഷ്ടപ്പെട്ടാൽ നിങ്ങൾക്കതിന്റെ
ഉപ്പു രസം മടക്കിക്കൊടുക്കാനാവില്ല. അതി
നാൽ നന്മയോടെ ജീവിക്കുക. പരസ്പരം സമാ
ധാനം പുലർത്തുക."

വിവാഹമോചനത്തെപ്പറ്റി യേശു പഠിപ്പിക്കുന്നു

(മത്താ. 19:1-12)

10 യേശു അവിടം വിട്ട് യെഹൂദ്യയിലേക്കും
യോർദ്ദാന്റെ മറുകരയിലേക്കും പോയി.
പിന്നെയും പലരും അവന്റെ അടുത്തേക്കു
വന്നു. അവരെ പതിവുപോലെ അവൻ പഠിപ്പി
ച്ചു.

2ഏതാനും പരീശന്മാർ യേശുവിനടുത്തേക്കു
വന്നു. യേശുവിനെക്കൊണ്ട് തെറ്റായ എന്തെങ്കി
ലും പറയിക്കാനവർ ശ്രമിച്ചു. അവർ യേശുവി
നോടു ചോദിച്ചു, "ഒരുവൻ തന്റെ ഭാര്യയുമാ
യി വിവാഹമോചനം നടത്തുന്നതു ശരിയാ
ണോ?" 3യേശു ചോദിച്ചു, "മോശെ എന്താണു
നിങ്ങളോടു കല്പിച്ചിരിക്കുന്നത്?" 4പരീശന്മാർ
പറഞ്ഞു, "ഒരു വിവാഹമോചനപത്രം എഴുതി
ഭാര്യയെ ഉപേക്ഷിക്കാൻ മോശെ ഒരു ഭർത്താ
വിനെ അനുവദിച്ചു."

5യേശു പറഞ്ഞു, "നിങ്ങൾക്കു കരിങ്കല്ലു പോ
ലത്തെ ഹൃദയമുള്ളതുകൊണ്ടാണ് മോശെ ആ
കല്പന എഴുതിയത്. 6പക്ഷെ ദൈവം ലോകം
സൃ ഷ്ടിച്ചപ്പോൾ അവരെ ആണും പെണ്ണുമായി
സൃഷ്ടിച്ചു. 7അതിനാലാണ് ഒരുവൻ അപ്പനമ്മ
മാരെ വെടിഞ്ഞ് ഭാര്യയോടു ചേരുന്നത്. 8അവർ
ഇരുവരും ഒന്നാകുകയും വേണം. അതിനാൽ
ആരും രണ്ടല്ല, ഒന്നാണ്. 9ദൈവം അവരെ ഒന്നാ
ക്കി. അതുകൊണ്ട് മനുഷ്യൻ അവരെ വേർപെ
ടുത്തരുത്."

10അല്പസമയം കഴിഞ്ഞ് യേശുവും ശിഷ്യന്മാ
രും വീട്ടിലുണ്ടായിരുന്നു. ശിഷ്യന്മാർ വിവാഹ
മോചനത്തെപ്പറ്റി യേശുവിനോടു വീണ്ടും
ചോദിച്ചു. 11യേശു പറഞ്ഞു, "സ്വന്തം ഭാര്യയെ
ഉപേക്ഷിച്ച് മറ്റൊരുവളെ വിവാഹം ചെയ്യുന്ന
വൻ ഭാര്യയ്ക്കെതിരായി പാപം ചെയ്യുന്നു.
അവൻ വ്യഭിചാരത്തെ സംബന്ധിച്ച പാപം
ചെയ്യുന്നു. 12ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരു
വനെ വിവാഹം കഴിക്കുന്ന ഭാര്യയും വ്യഭിചാ
രിണിയാണ്."

യേശു ശിശുക്കളെ സ്വീകരിക്കുന്നു

(മത്താ. 19:13-15; ലൂക്കൊ. 18:15-17)

13യേശുവിന്റെ സ്പർശനം ഏറ്റുവാങ്ങുന്ന
തിന് ആളുകൾ അവരുടെ കുഞ്ഞുങ്ങളെ കൊ
ണ്ടുവന്നു. എന്നാൽ ശിഷ്യന്മാർ അവരെ ശകാരി
ച്ചു. 14യേശു അതെല്ലാം കാണുന്നുണ്ടായിരുന്നു.
കുട്ടികളെ കൊണ്ടുവരുന്നത് ശിഷ്യന്മാർ വില
ക്കുന്നത് അവനിഷ്ടമില്ലായിരുന്നു. യേശു അവ
രോടു പറഞ്ഞു, "കുട്ടികൾ എന്റെ അടുത്തേ
ക്കു വരട്ടെ. അവരെ തടയരുത്, എന്തെന്നാൽ
ദൈവരാജ്യം കുട്ടികളെപ്പോലെയുള്ളവർക്കാ
ണ്. 15ഞാൻ നിങ്ങളോടുസത്യം പറയുന്നു. ഒരു
കുഞ്ഞ് സാധനങ്ങൾ സ്വീകരിക്കുന്നതു പോ
ലെ നിങ്ങൾ ദൈവരാജ്യത്തെ സ്വീകരിക്കുക,
അല്ലെങ്കിൽ നിങ്ങൾക്കൊരിക്കലും അതിലേക്കു
പ്രവേശനമുണ്ടാകയില്ല." 16പിന്നീട് യേശു
കുഞ്ഞുങ്ങളെ കൈയിലെടുത്തു. അവൻ അവ
രുടെമേൽ കൈവച്ച് അവരെ അനുഗ്രഹിച്ചു.

യേശുവിനെ പിന്തുടരാൻ ഒരു ധനികൻ വിസമ്മതിക്കുന്നു

(മത്താ. 19:16-30; ലൂക്കൊ. 18:18-30)

17യേശു പോകാനൊരുങ്ങവേ ഒരാൾ ഓടി
വന്ന് യേശുവിനു മുമ്പിൽമുട്ടുകുത്തി. അയാൾ
ചോദിച്ചു,"നല്ലവനായഗുരോ, നിത്യജീവൻകി
ട്ടാൻ ഞാനെന്തു ചെയ്യണം?" 18യേശു പറഞ്ഞു,
"നീയെന്താണ് എന്നെ നല്ലവനെന്നു വിളിച്ചത്?
ആരും നല്ലവനല്ല. ദൈവം മാത്രമേ നല്ലവനായു
ള്ളൂ. 19പക്ഷേ നിന്റെ ചോദ്യത്തിനു ഞാനുത്ത
രം തരാം. 'കൊല്ലരുത്, വ്യഭിചരിക്കരുത്, മോഷ്ടി
ക്കരുത്, കള്ളംപറയരുത്, വഞ്ചിക്കരുത്, കള്ളസാ
ക്ഷിപറയരുത്, അന്യരുടെമുതൽ ചതിവായി എ
ടുക്കരുത്, അപ്പനമ്മമാരെ ബഹുമാനിക്കുക... എ
ന്നീ കല്പനകൾ നിനക്കറിയില്ലേ?*"

20അയാൾ പറഞ്ഞു, "ഗുരോ, ചെറുപ്പം മുതൽ
ക്കുതന്നെ ഞാൻ ഈ കല്പനകൾ അനുസരിക്കു
ന്നുണ്ട്."

21യേശു അയാളെ നോക്കി, അവന് അയാളോ
ടു സ്നേഹം തോന്നി. യേശു പറഞ്ഞു,"നീ
ഒരു കാര്യംകൂടി ചെയ്യേണ്ടതുണ്ട്. പോയി നിന
ക്കുള്ളതെല്ലാം വിൽക്കുക. കിട്ടുന്ന പണം പാവ
പ്പെട്ടവർക്കു ദാനംചെയ്യുക. സ്വർഗ്ഗത്തിൽ നിന
ക്കായി ഒരു നിധി ഒരുക്കും. എന്നിട്ട് എന്നോടൊ
പ്പം വരിക."

22യേശുവിന്റെ ഈ വാക്കുകൾകേട്ട് ദു:
ഖിതനായി അയാൾ പോയി. അയാൾ വലിയ

വാക്യം 44 മർക്കോസിന്റെ ചില ഗ്രീക്കു പതിപ്പുക
ളിൽ 48ാം വാക്യത്തിലെപ്പോലെ 44ാം വാക്യത്തിലും
ചേർത്തിട്ടുണ്ട്.

വാക്യം 46 മർക്കോസിന്റെ ചില ഗ്രീക്കു പതിപ്പുക
ളിൽ 48ാം വാക്യത്തിലെപ്പോലെ 46ാം വാക്യത്തിലും
ചേർത്തിട്ടുണ്ട്.

'കൊല്ലരുത് ... നിനക്കറിയില്ലേ?' ഉദ്ധരണി പുറ.
20:12-16; ആവ. 5:16-20.

ധനികനും സമ്പത്തു സൂക്ഷിക്കാനാഗ്രഹിക്കു
ന്നവനും ആകയാലാണ് ദു:ഖിച്ചത്.
23യേശു ശിഷ്യന്മാരെ നോക്കി പറഞ്ഞു, “ധ
നികർക്കു ദൈവരാജ്യത്തിലേക്കു പ്രവേശിക്കു
ക വിഷമമായിരിക്കും!” 24അതു കേട്ട് ശിഷ്യന്മാർ
അത്ഭുതപ്പെട്ടു. പക്ഷെ യേശു പിന്നെയും പറ
ഞ്ഞു, “എന്റെ മക്കളേ, ദൈവരാജ്യത്തിലേക്കു
ള്ള പ്രവേശനം ദുഷ്കരമാണ്. 25ധനികനു ദൈ
വരാജ്യത്തിൽ പ്രവേശിക്കുക എന്നത് വളരെ
ക്ലേശകരമാണ്. ഒരു ഒട്ടകത്തിന് സൂചിക്കുഴയി
ലൂടെ കടക്കുക അതിലും എളുപ്പമായിരിക്കും!”
26ശിഷ്യന്മാർ അത്ഭുതത്തോടെപരസ്പരം ചോ
ദിച്ചു,“എങ്കിൽ പിന്നെ ആരുരക്ഷിക്കപ്പെടും?”
27യേശു ശിഷ്യന്മാരെ നോക്കി പറഞ്ഞു, “മനു
ഷ്യർക്കു അസാദ്ധ്യമാണ്. എന്നാൽ ദൈവത്തി
നത് സാദ്ധ്യമാണ്. ദൈവത്തിന് എല്ലാം സാദ്ധ്യ
മാണ്.”
28പത്രൊസ് യേശുവിനോടു പറഞ്ഞു,“നി
ന്നെപിന്തുടരാൻ ഞങ്ങൾഎല്ലാം ഉപേക്ഷിച്ചു.
”29യേശു പറഞ്ഞു, “ഞാൻ നിങ്ങളോടു സത്യം
പറയാം. എനിക്കും സുവിശേഷത്തിനും വേണ്ടി
സ്വന്തം വീടും സഹോദരീസഹോദരന്മാരെയും
അപ്പനമ്മമാരെയും കുട്ടികളെയുംവയലുമെല്ലാം
ഉപേക്ഷിച്ചവർക്ക് 30അവരുപേക്ഷിച്ചതിലുമധി
കം ലഭിക്കും. ഈ ലോകത്ത് അനേകം വീടുകളും
സഹോദരീസഹോദരന്മാരും അപ്പനമ്മമാരും കു
ട്ടികളും വയലുകളുമെല്ലാം ലഭിക്കും. അതോടൊ
പ്പം പീഡനങ്ങളുമുണ്ടാവുമെന്നു മാത്രം. പക്ഷേ
വരാനിരിക്കുന്ന ലോകത്തിലവന് ചില പ്രതി
ഫലങ്ങൾ ലഭിക്കും. അതു നിത്യജീവനായിരി
ക്കും. 31ഉയർന്ന സ്ഥാനത്തുള്ളവൻ താഴത്തായെ
ന്നുവരാം. താഴെയുള്ളവന് ഉന്നതസ്ഥാനവും കി
ട്ടും.”

തന്റെ മരണത്തെപ്പറ്റി യേശു വീണ്ടും പറയുന്നു

(മത്താ. 20:17-19; ലൂക്കൊ. 18:31-34)

32യേശുവും കൂട്ടരും യെരൂശലേമിലേക്കു പോ
കുകയായിരുന്നു. യേശുവായിരുന്നു സംഘനാ
യകൻ. യേശുവിന്റെ ശിഷ്യന്മാർ അത്ഭുതപ്പെ
ട്ടു. അവനു പിന്നാലെ വന്ന മറ്റുള്ളവർ ഭയന്നു.
യേശു പന്ത്രണ്ട് അപ്പൊസ്തലന്മാരെയും വിളി
ച്ച് അവരോടുമാത്രം സംസാരിച്ചു. യെരൂശലേ
മിൽ അവനെന്തു സംഭവിക്കുമെന്ന് അവൻ അവ
രോടു പറഞ്ഞു.33യേശു പറഞ്ഞു, “നമ്മൾ യെ
രൂശലേമിലേക്കു പോകുകയാണ്. മനുഷ്യപുത്ര
ൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കു
മായി ഏല്പിക്കപ്പെടും. മനുഷ്യപുത്രനെ വധിക്ക
ണമെന്ന്മഹാപുരോഹിതരും ശാസ്ത്രിമാരും പ
റയും. അവർമനുഷ്യപുത്രനെ ജാതികൾക്കു ന
ൽകും.34അവർ അവനെ പരിഹസിക്കുകയും അ
വന്റെമേൽ തുപ്പുകയും ചെയ്യും. അവർ അവ
നെ ചാട്ടകൊണ്ട് അടിക്കുകയും വധിക്കുകയും
ചെയ്യും. പക്ഷെതന്റെ മരണത്തിനുശേഷം മൂ
ന്നാം ദിവസം അവൻ ഉയിർത്തെഴുന്നേൽക്കും.”

യാക്കോബും യോഹന്നാനും ഒരു ആനുകൂല്യം ചോദിക്കുന്നു

(മത്താ. 20:20-28)

35അപ്പോൾ സെബെദിയുടെ പുത്രന്മാരായ
യാക്കോബും യോഹന്നാനും യേശുവിനെ സമീ
പിച്ചു. അവർ പറഞ്ഞു,“ഗുരോ, ഞങ്ങൾക്കായി
ചിലതുചെയ്തു തരാൻ അപേക്ഷിക്കട്ടെ.” 36യേ
ശു ചോദിച്ചു, “എന്താണു നിങ്ങൾക്കായി ഞാൻ
ചെയ്യേണ്ടത്?” 37സെബെദി പുത്രന്മാർ പറ
ഞ്ഞു, “നീ നിന്റെ രാജ്യത്ത് മഹത്വത്തോടെ
ഇരിക്കും.അപ്പോൾ ഞങ്ങളിൽ ഒരാളെ നിന്റെ
വലത്തും മറ്റൊരാളെ ഇടത്തും ഇരിക്കാൻ അനു
വദിച്ചാലും.” 38യേശു പറഞ്ഞു, “നിങ്ങൾ ആവ
ശ്യപ്പെട്ടതെന്താണെന്നു നിങ്ങൾ തന്നെ അറിയു
ന്നില്ല. ഞാൻ സ്വീകരിക്കുന്ന കഷ്ടത നിങ്ങൾ
ക്കും സ്വീകരിക്കാമോ? * ഞാൻ സ്വീകരിക്കേണ്ട
സ്നാനവും നിങ്ങൾക്കുസ്വീകരിക്കാമോ?” 39അ
വർ പറഞ്ഞു, “ഞങ്ങൾക്കു കഴിയും!”
യേശു അവരോടു പറഞ്ഞു, “നിങ്ങൾ ഞാൻ
സഹിക്കുന്നതെന്തും സഹിക്കും, ഞാൻ സ്വീകരി
ക്കേണ്ട സ്നാനം നിങ്ങൾ സ്വീകരിക്കും. 40പ
ക്ഷെ എന്റെ ഇടത്തും വലത്തും ഇരിക്കുന്നവരെ
തിരഞ്ഞെടുക്കാൻ എനിക്കാവില്ല. അതു ചിലർ
ക്കു ലഭിക്കും. ആ സ്ഥാനങ്ങൾ അവർക്കുവേണ്ടി
ഒരുക്കപ്പെട്ടതാണ്.”
41മറ്റു പത്തു ശിഷ്യന്മാരും ഇതു കേട്ടു. അവർ
ക്കു യാക്കോബിനോടും യോഹന്നാനോടും അമ
ർഷം തോന്നി. 42എല്ലാ ശിഷ്യന്മാരെയും യേശു
വിളിച്ചുകൂട്ടി. അവൻപറഞ്ഞു,“ജാതികൾക്ക് അ
വർ ഭരണാധികാരികളെന്ന് അംഗീകരിക്കുന്ന
ചിലയാളുകളുണ്ട്. അവർ തങ്ങളുടെ അധികാ
രംജനങ്ങളുടെമേൽ കാണിക്കും. അവരുടെ പ്ര
ധാനനേതാക്കൾ തങ്ങളുടെ അധികാരം ജനങ്ങ
ളുടെമേൽ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നു.
43എന്നാൽ നിങ്ങളുടെയിടയിൽ ഇതുണ്ടാകരുത്.
നിങ്ങളിൽ ആർക്കെങ്കിലും വലിയവനാകണ
മെന്നുണ്ടെങ്കിൽ അവൻ നിങ്ങളുടെ ദാസനാക
ണം. 44നിങ്ങളിൽ ആർക്കെങ്കിലും ഒന്നാമനാകാ
ൻ ആഗ്രഹമുണ്ടെങ്കിൽ അവൻ എല്ലാവരുടെയും
അടിമയാകണം. 45അതുപോലെ മനുഷ്യപുത്രൻ
വന്നത് മറ്റുള്ളവരാൽ സേവിക്കപ്പെടാനല്ല. പ
ക്ഷെ മനുഷ്യപുത്രൻ വന്നത് മറ്റുള്ളവരെ
സേവിക്കാനാണ്. അനേകംപേരെ രക്ഷിക്കാ
നായി സ്വ ന്തം ജീവിതം നൽകാനാണ്.”

യേശു ഒരന്ധനെ സുഖപ്പെടുത്തുന്നു

(മത്താ. 20:29-34; ലൂക്കൊ. 18:35-43)

46അനന്തരം അവർ യെരീഹോപട്ടണ
ത്തിലേക്കു വന്നു. യേശുവും ശിഷ്യന്മാരും മറ്റനേ
കം പേരോടൊപ്പം അവിടം വിട്ടുപോവുകയാ
യിരുന്നു. ബർത്തിമായി (തിമായിയുടെ പുത്ര
ൻ) എന്നുപേരായ ഒരു അന്ധൻ വഴിയരികിൽ
ഇരിക്കുകയായിരുന്നു. അയാൾ ഒരു യാചകനാ
യിരുന്നു. 47നസറെത്തിൽനിന്ന് യേശു വരുന്നെ
ന്ന് വഴിയാത്രക്കാർപറഞ്ഞ് അയാൾ കേട്ടു.
അവൻ വിളിച്ചുകൂവാൻ തുടങ്ങി,“യേശുവേ, ദാ
വീദിന്റെ പുത്രാ ദയവായി എന്നോടു കരുണ
കാട്ടൂ.”
48അനേകം പേർ അന്ധനെ ശാസിച്ചു. അവർ
അവനോടു സംസാരിക്കരുതെന്നു പറഞ്ഞു. പ
ക്ഷെ അയാൾകൂടുതൽ കൂടുതൽ വിളിച്ചു കൂവി.
“ദാവീദിന്റെ പുത്രാ, ദയവായി എന്നോടു
കരുണകാട്ടൂ.” 49യേശു യാത്രനിർത്തി പറഞ്ഞു,
“അയാളോടു ഇവിടെവരാൻ പറയൂ.” അതി
നാൽ അവർ അന്ധനെ വിളിച്ചു. അവർ പറ
ഞ്ഞു, “സന്തോഷമായിരിക്കൂ, എഴുന്നേൽക്കൂ,
യേശു നിന്നെ വിളിക്കുന്നു.” 50അന്ധൻ ചാടി
യെഴുന്നേറ്റു. അയാൾ തന്റെ മേൽവസ്ത്രം
അവിടെയിട്ട് യേശുവിന്റെ അടുത്തേക്കു
പോയി.

ഞാൻ സ്വീകരിക്കുന്ന കഷ്ടത സ്വീകരിക്കുക “ഞാൻ കുടിക്കുന്ന പാനപാത്രത്തിൽനിന്നും കുടിക്കണം” എന്നർത്ഥം.

51യേശു അയോളോടു ചോദിച്ചു, “ഞാൻ
നിനക്കായി എന്താണു ചെയ്യേണ്ടത്?”
അന്ധൻ പറഞ്ഞു, “ഗുരോ, എനിക്കു കാഴ്ച
പ്രാപിക്കണം.” 52യേശു പറഞ്ഞു, “പോകൂ, നി
ന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരി
ക്കുന്നു.” അന്ധനു കാഴ്ച തിരിച്ചു കിട്ടി. അവൻ
യേശുവിന്റെ മാർഗ്ഗം പിന്തുടർന്നു.

യേശു യെരൂശലേമിൽ ഒരു രാജാവിനെപ്പോലെ പ്രവേശിക്കുന്നു

(മത്താ. 21:1-11; ലൂക്കൊ. 19:28-40; യോഹ. 12:12-19)

11 യേശുവും ശിഷ്യന്മാരും യെരൂശലേമിലേ
യ്ക്കടുത്തു. അവർ ഒലീവുമലകൾക്കടു
ത്തുള്ള ബേത്ത്ഫാഗ ബെഥാന്യ ഗ്രാമങ്ങളെ
സമീപിച്ചു. യേശു രണ്ടു ശിഷ്യന്മാരെ അവിടെ
ചിലതു ചെയ്യാനയച്ചു. 2യേശു അവരോടു പറ
ഞ്ഞു,“ആകാണുന്ന ഗ്രാമത്തിലേക്കു പോകൂ. നി
ങ്ങൾ അവിടെ പ്രവേശിക്കുമ്പോൾ നിങ്ങൾക്കു
എതിർവശത്തു കെട്ടിയിടപ്പെട്ട ഒരു കഴുതക്കു
ട്ടിയെകാണാം. ഇതുവരെ ആരും അതിന്റെ പു
റത്ത് സഞ്ചരിച്ചിട്ടില്ല. അതിനെ കെട്ടഴിച്ച് ഇ
ങ്ങോട്ടു കൊണ്ടുവരിക. 3ആരെങ്കിലും ഇതിനെ
എന്തിനു കൊണ്ടുപോകുന്നു എന്നു ചോദി
ച്ചാൽ അയാളോടുപറയുക ‘ഗുരുവിന് ഈ കഴു
തയെ ആവശ്യമുണ്ട്. താമസിയാതെ അവനി
തിനെ തിരികെ തരും.’”
4ശിഷ്യന്മാർ ഗ്രാമത്തിലേക്കു പോയി. അവി
ടെ ഒരുവീടിനു മുമ്പിലായി വഴിയിൽ ഒരു ക
ഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതവർ കണ്ടു. ശി
ഷ്യന്മാർ കഴുതയെ അഴിച്ചു. 5അവിടെ നിൽക്കു
ന്ന ചിലർ ഇതു കണ്ടു. അവർചോദിച്ചു, “എ
ന്താണു നിങ്ങൾചെയ്യുന്നത്? എന്തിനാണു നി
ങ്ങളീ കഴുതയെഅഴിക്കുന്നത്?”6യേശു പഠിപ്പി
ച്ചഉത്തരം ശിഷ്യന്മാർ നൽകി. അവർ കഴുത
യെ കൊണ്ടുപോകാൻ ശിഷ്യന്മാരെ അനുവദി
ച്ചു.7ശിഷ്യന്മാർ കഴുതയെ യേശുവിന്റെ അടു
ത്തുകൊണ്ടുവന്നു. ശിഷ്യന്മാർ തങ്ങളുടെമേൽ
വസ്ത്രങ്ങൾ കഴുതയുടെ പുറത്തുവിരിച്ചു. യേ
ശു കഴുതപ്പുറത്തു കയറിഇരുന്നു.8അനേകം പേ
ർതങ്ങളുടെ മേൽവസ്ത്രങ്ങൾ യേശുവിന്റെ
വഴിയിൽ വിരിച്ചു. ചിലർ വയലുകളിൽനിന്ന്
മരച്ചില്ലകൾ വെട്ടി പാതയിൽ വിരിച്ചു. 9ചിലർ
യേശുവിനു മുമ്പെ നടക്കുകയായിരുന്നു. വേറെ
ചിലർ യേശുവിനു പിന്നാലെയും നടക്കുകയാ
യിരുന്നു. എല്ലാവരും വിളിച്ചു പറഞ്ഞു,

“അവനെ വാഴ്ത്തുവിൻ, ‘കർത്താവിന്റെ
നാമത്തിൽ വരുന്ന അവനെ ദൈവം അനുഗ്ര
ഹിക്കട്ടെ!’ *സങ്കീർത്തനങ്ങൾ 118:25,26*

10നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യ
ത്തെ ദൈവം അനുഗ്രഹിക്കട്ടെ. ആ രാജ്യം വര
വായി, സ്വർഗ്ഗസ്ഥനായ ദൈവത്തെ വാഴ്ത്തു
വിൻ.”
11യേശു യെരൂശലേമിലേക്കു പ്രവേശിച്ച് ദൈ
വാലയത്തിലേക്കു പോയി. അവൻ ദൈവാല
യത്തിലുള്ളതെല്ലാം നോക്കി. പക്ഷെ അപ്പോൾ
തന്നെ നേരം വൈകിയിരുന്നു. യേശു പന്ത്രണ്ടു
അപ്പൊസ്തലന്മാരോടുമൊപ്പം ബെഥാന്യയി
ലേക്കു പോയി.

അത്തിമരം നശിക്കുമെന്നു യേശു പറയുന്നു

(മത്താ. 21:18-19)

12അടുത്ത ദിവസം യേശുവും ശിഷ്യന്മാരും
ബേഥാന്യ വിട്ടുപോകുകയായിരുന്നു. അവനു
വിശക്കുന്നുണ്ടായിരുന്നു. 13യേശു ദൂരത്തുനിന്നു
ഇലകൾനിറഞ്ഞ ഒരു അത്തിമരം കണ്ടു. യേശു
അതിനടുത്തെത്തി അത്തിപ്പഴം ഉണ്ടോ എന്നു
പരിശോധിച്ചു. എന്നാൽ ഇലഅല്ലാതെ ഒരു
പഴംപോലും അതിലുണ്ടായിരുന്നില്ല. അത്തിപ്പ
ഴമുണ്ടാകുന്ന കാലമായിരുന്നില്ല അത്. 14അതി
നാൽ യേശു മരത്തോടു പറഞ്ഞു “ആരും ഒരു
കാലത്തും നിന്റെ പഴം കഴിയ്ക്കുകയില്ല.”
അവന്റെ ശിഷ്യന്മാർ അതു കേട്ടു.

യേശു ദൈവാലയത്തിലേക്കു പോകുന്നു

(മത്താ. 21:12-17; ലൂക്കൊ. 19:45-48; യോഹ. 2:13-22)

15യേശു യെരൂശലേമിലേക്കു പോയി. അവൻ
ദൈവാലയത്തിലേക്കു പ്രവേശിച്ചു. അവിടെ
ക്രയവിക്രയങ്ങൾ നടത്തിയിരുന്നവരെ അവൻ
പുറത്താക്കി തുടങ്ങി. നാണയം കൈമാറുന്ന
വരുടെ മേശകൾ അവൻ മറിച്ചിട്ടു. പ്രാവുകളെ
വിൽക്കുന്നവരുടെ ഇരിപ്പിടങ്ങളും അവൻ മറി
ച്ചിട്ടു. 16ദൈവാലയത്തിലൂടെ എന്തെങ്കിലും
കൊണ്ടുപോകാൻ അവൻ ആരെയും അനുവദി
ച്ചില്ല. 17അനന്തരം അവൻ അവരെ പഠിപ്പിച്ചു.
യേശു പറഞ്ഞു,“‘എന്റെ ഭവനം എല്ലാ രാജ്യ
ക്കാർക്കും പ്രാർത്ഥനാലയം എന്നു വിളിക്കപ്പെ
ടും’ എന്ന് തിരുവെഴുത്തുകളിലുണ്ട്. എന്നാൽ
നിങ്ങൾ ദൈവത്തിന്റെ ഭവനം കള്ളന്മാരുടെ
ഒളിത്താവളമാക്കുന്നു.”
18മഹാപുരോഹിതന്മാരും ശാസ്ത്രിമാരും ഇതു
കേട്ടു. അവർ യേശുവിനെ കൊല്ലാൻ ഒരു
വഴി ആലോചിച്ചു. അവർ യേശുവിനെ ഭയ
പ്പെട്ടിരുന്നു. എന്തെന്നാൽ അവന്റെ ഉപദേശം
എല്ലാവരെയും അത്ഭുതപ്പെടുത്തിയിരുന്നു.
19ആ രാത്രിയിൽ യേശുവും ശിഷ്യന്മാരും ആ
നഗരം വിട്ടുപോയി.

യേശു വിശ്വാസത്തിന്റെ ശക്തി തെളിയിക്കുന്നു

(മത്താ. 21:20-22)

20അടുത്ത പുലർച്ചെ യേശു ശിഷ്യന്മാരോ
ടൊത്തു നടക്കുകയായിരുന്നു. യേശു ശപിച്ച
അത്തിമരം വേരുമുതൽ തലപ്പുവരെ ഉണങ്ങി
നിൽക്കുന്നത് അവർ കണ്ടു. 21പത്രൊസ് ഓർത്തു
പറഞ്ഞു,“ഗുരോ, നോക്കൂ! ഇന്നലെ നീ ആ
അത്തിമരത്തെ ശപിച്ചു. ഇന്നത് ഉണങ്ങിയിരി
ക്കുന്നു.”
22യേശു പറഞ്ഞു,“ദൈവത്തിൽ വിശ്വസിക്കു
വിൻ. 23ഞാൻ നിങ്ങളോടു സത്യം പറയട്ടെ.
നിങ്ങളിലാരെങ്കിലും ഈ മലയോട്, ‘പോയി
കടലിൽ പതിക്ക്’ എന്നു പറഞ്ഞാൽ, മനസ്സിൽ
സംശയമില്ലാതെ നിങ്ങൾ പറയുന്നത് നടക്കു
മെന്ന് വിശ്വസിക്കുന്നുവെങ്കിൽ, ദൈവം നിങ്ങ
ൾക്കായി അതു ചെയ്തു തരും.”
24അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു.
“പ്രാർത്ഥനയിൽ നിങ്ങൾക്കുവേണ്ടതു ചോദി
ക്കുക. അവയെല്ലാം നിങ്ങൾക്കു ലഭിച്ചുകഴി
ഞ്ഞു എന്നു നിങ്ങൾ വിശ്വസിച്ചാൽ അതു
നിങ്ങൾക്കു ലഭിക്കും. 25പ്രാർത്ഥിക്കുമ്പോൾ, നി
ങ്ങൾക്കാരോടെങ്കിലും വല്ലവിരോധവും ഉണ്ടെ
ങ്കിൽ അതെല്ലാം പൊറുക്കുക. എന്നാൽ സ്വർഗ്ഗ
സ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങൾ ചെയ്ത
പാപങ്ങളും പൊറുക്കും.” 26*

വാക്യം 26 ചിലപുരാതന ഗ്രീക്കു പതിപ്പുകളിൽ 26ാം വാക്യം “നിങ്ങൾ (ബഹുവചനം) ക്ഷമിക്കാതിരുന്നാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവും നിങ്ങളുടെ തെറ്റുകളെ ക്ഷമിക്കയില്ലെന്ന്’ കാണുന്നു”

യേശുവിന്റെ അധികാരത്തെ യെഹൂദ പ്രമാണിമാർ സംശയിക്കുന്നു

(മത്താ. 21:23-27; ലൂക്കൊ. 20:1-8)

27യേശുവും ശിഷ്യന്മാരും വീണ്ടും യെരൂശലേ
മിലേക്കു പോയി. അവൻ ദൈവാലയത്തിൽ
നടക്കുകയായിരുന്നു. മഹാപുരോഹിതരും ശാ
സ്ത്രിമാരും മൂപ്പന്മാരും അവന്റെ അടുത്തുവ
ന്നു.28അവർ യേശുവിനോടു ചോദിച്ചു, “പറ
യൂ! ഇതെല്ലാം ചെയ്യാൻ നിനക്കെന്തധികാരം?
ആരാണ് നിനക്ക് ഈ അധികാരം തന്നത്?”
29യേശു പറഞ്ഞു, “ഞാൻ നിങ്ങളോടൊരു
ചോദ്യം ചോദിക്കാം. നിങ്ങൾ മറുപടി പറയുക.
അപ്പോൾ എന്തധികാരത്തിന്മേലാണ് ഞാൻ ഇ
തെല്ലാം ചെയ്യുന്നതെന്നു പറയാം. 30യോഹന്നാ
ൻ സ്നാനപ്പെടുത്തിയപ്പോൾ ആ സ്നാനം
ദൈവത്തിൽനിന്നോ മനുഷ്യനിൽ നിന്നോ
വന്നത്?”
31യേശുവിന്റെ ചോദ്യം അവർ പരസ്പരം
ചർച്ചചെയ്തു,“യോഹന്നാന്റെ സ്നാനം ദൈ
വത്തിൽനിന്നാണെന്നു നമ്മൾപറഞ്ഞാൽ യേ
ശുപറയും,‘എന്നാലെന്തുകൊണ്ടു നിങ്ങൾ യോ
ഹന്നാനിൽ വിശ്വസിച്ചില്ല?’ 32എന്നാൽ അതു
മനുഷ്യരിൽനിന്നാണെന്നു പറഞ്ഞാൽ ആളു
കൾ നമ്മോടുകോപിക്കും.”(ഈ നേതാക്കൾക്ക്
ജനങ്ങളെ ഭയമായിരുന്നു. യോഹന്നാൻ ഒരു
പ്രവാചകനാണെന്നും ജനം കരുതിയിരുന്നു.)
33നേതാക്കൾ പറഞ്ഞു, “ഉത്തരം ഞങ്ങൾക്കറി
യില്ല.”യേശു പറഞ്ഞു, “എന്നാൽ ഇതൊക്കെ
ചെയ്യാൻ എന്തധികാരമാണ് എനിക്കുള്ളത് എ
ന്ന് ഞാനും പറയുകയില്ല.”

ദൈവം തന്റെ പുത്രനെ അയയ്ക്കുന്നു

(മത്താ. 21:33-46; ലൂക്കൊ. 20:9-19)

12 യേശു അവരെ കഥകളിലൂടെ പഠിപ്പി
ക്കാൻതുടങ്ങി. യേശുപറഞ്ഞു,“ഒരാൾ ഒരു
മുന്തിരിത്തോട്ടം വെച്ചുപിടിപ്പിച്ചു. അയാൾ
തോട്ടത്തിനുചുറ്റും വേലികെട്ടി ഒരു ഭാഗത്തു
കുഴികുത്തി ഒരു മുന്തിരിച്ചക്കും ഉറപ്പിച്ചു. പി
ന്നെ ഒരു കാവൽ ഗോപുരവും പണിതു. അ
യാൾ ആ തോട്ടം ചിലകൃഷിക്കാർക്കുപാട്ടത്തിനു
കൊടുത്ത് ഒരു യാത്രപുറപ്പെട്ടു.2പിന്നീട് വിള
വെടുപ്പുകാലമായി. അയാൾ ഒരു ദാസനെ ത
ന്റെ മുന്തിരിത്തോട്ടത്തിലെ ഓഹരിക്കായി കൃ
ഷിക്കാരുടെ അടുത്തേക്കയച്ചു. 3പക്ഷെ കൃഷി
ക്കാർ ഭൃത്യനെ പിടിച്ച് മർദ്ദിച്ച് വെറും കൈയോ
ടെഅയച്ചു. 4പിന്നീടയാൾ മറ്റൊരുദാസനെ അ
യച്ചു. കർഷകർ ദാസന്റെ തലയ്ക്കടിച്ചു അവ
നെ അപമാനിക്കുകയും ചെയ്തു. 5മൂന്നാമതൊ
രാളെകൂടി അയാൾഅയച്ചു. കൃഷിക്കാർ ഈ
ദാസനെ കൊല്ലുകയാണു ചെയ്തത്. അങ്ങനെ
അയാൾ അനേകം ദാസന്മാരെ വീണ്ടും അയച്ചു.
അവരിൽ ചിലരെയൊക്കെ കർഷകർ മർദ്ദിക്കു
കയും ചിലരെയൊക്കെ കൊല്ലുകയും ചെയ്തു.
6“അയാൾക്ക് അയയ്ക്കാനായി ഒരാൾ മാത്രം
അവശേഷിച്ചു. അത് അയാളുടെ മകനായിരു
ന്നു. അയാൾ തന്റെ മകനെ സ്നേഹിച്ചിരുന്നു.
എങ്കിലും മകനെ കർഷകരുടെ അടുത്തേക്കയ
യ്ക്കാൻ അയാൾ തീരുമാനിച്ചു. അവസാന
ത്തെ ആൾ. അയാൾ പറഞ്ഞു, ‘എന്റെ പുത്ര
നെ കർഷകർ ബഹുമാനിക്കും.’
7“പക്ഷെ കർഷകർ പരസ്പരം പറഞ്ഞു,
‘ഇതാണ് തോട്ടം ഉടമയുടെപുത്രൻ. ഈ കൃഷിയി
ടത്തിന് ഇവനാണു അവകാശി. ഇവനെ നമ്മൾ
കൊല്ലുക. എന്നാൽ ഉടമസ്ഥാവകാശം നമ്മുടേ
താകും.’ 8കൃഷിക്കാർ ഉടമയുടെ പുത്രനെ കൊന്ന്
തോട്ടത്തിനു പുറത്തേക്കെറിഞ്ഞു.
9“അപ്പോൾ മുന്തിരിത്തോട്ടത്തിന്റെ ഉടമ എ
ന്തുചെയ്യും? അയാൾ ചെന്ന് എല്ലാ കൃഷിക്കാരെ
യും കൊല്ലും. എന്നിട്ട് തോട്ടം മറ്റു കർഷകർക്കു
നൽകും.10തിരുവെഴുത്ത് വായിച്ചിട്ടില്ലേ?
‘പണിക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂല
ക്കല്ലായി.
11കർത്താവിതു ചെയ്തു അതു നമുക്കത്ഭുത
വും.’” *സങ്കീർത്തനങ്ങൾ 118:22-23*

12യേശു പറഞ്ഞ കഥ യെഹൂദപ്രമാണിമാർ
കേട്ടു. ഈ കഥ അവരെ ചൂണ്ടിയാണെന്ന്
അവർക്കറിയാമായിരുന്നു. അതിനാലവർ യേശു
വിനെ ബന്ധനസ്ഥനാക്കാനുള്ള വഴി ആലോ
ചിച്ചു. പക്ഷെ ആളുകളെ അവർക്കു ഭയമായിരു
ന്നു. അതിനാലവർ യേശുവിനെ വിട്ടുപോയി.

യെഹൂദപ്രമാണിമാർ യേശുവിനെ കുടുക്കാൻ ശ്രമിക്കുന്നു

(മത്താ. 22:15-22; ലൂക്കൊ. 20:20-26)

13പിന്നീട് യെഹൂദപ്രമാണിമാർ ഏതാനും പ
രീശരെയും, ഹെരോദ്യരെയും അയച്ചു. അവർ
അവന്റെ സംസാരത്തിൽ അവനെ കുടുക്കാനാ
ഗ്രഹിച്ചു. 14പരീശരും ഹെരോദ്യരും യേശുവിന
ടുത്തെത്തി ചോദിച്ചു, “ഗുരോ, നീ ഒരു വിശ്വ
സ്തനാണെന്നു ഞങ്ങൾക്കറിയാം. നിന്നെപ്പറ്റി
മറ്റുള്ളവർ എന്തു വിചാരിക്കും എന്നു നിനക്കു
ആശങ്കയുമില്ല. എല്ലാവരും നിനക്കു ഒരുപോലെ
യാണ്. ദൈവത്തിന്റെ വഴിയെപ്പറ്റിയുള്ള സ
ത്യം നീ പഠിപ്പിക്കുന്നു. ഞങ്ങളോടു പറയുക.
കൈസർക്കു കരം കൊടുക്കുന്നതു ശരിയാണോ?
വേണോ വേണ്ടയോ എന്നു പറയുക. ഞങ്ങൾ
അതു കൊടുക്കണോ വേണ്ടയോ?”
15എന്നാൽ ഇവർ തന്നെ കുടുക്കാനാണു ശ്രമി
ക്കുന്നതെന്ന് യേശു മനസ്സിലാക്കി. അവൻ പറ
ഞ്ഞു.“എന്താണു നിങ്ങളെന്നെ എന്റെ വാക്കു
കളിൽ കുടുക്കാൻ ശ്രമിക്കുന്നത്? ഒരു വെള്ളിനാ
ണയം കൊണ്ടുവരൂ. ഞാൻ അതുനോക്കട്ടെ.”
16അവർ ഒരു വെള്ളിനാണയം അവനു കൊടു
ത്തു. അവൻചോദിച്ചു, “ആരുടെ ചിത്രമാണീ
നാണയത്തിൽ ഉള്ളത്? ആരുടെപേരാണിതിലു
ള്ളത്?” അവർ മറുപടി പറഞ്ഞു, “കൈസരുടേ
ത്.”17യേശു അവരോടു പറഞ്ഞു, “കൈസർക്കു
ള്ളതു കൈസർക്കു കൊടുത്തേക്കൂ. ദൈവത്തി
നുള്ളത് ദൈവത്തിനും.” യേശുവിന്റെ വാക്കു
കൾ അവരെ അത്ഭുതപ്പെടുത്തി.

സദൂക്യർ യേശുവിനെ കുടുക്കാൻ ശ്രമിക്കുന്നു

(മത്താ. 22:23-33; ലൂക്കൊ. 20:27-40)

18അനന്തരം ഏതാനും സദൂക്യർഅവനെ കാ
ണാൻ എത്തി. (ആരും മരണത്തിൽനിന്ന് ഉയിർ
ത്തെഴുന്നേൽക്കില്ല എന്നു വിശ്വസിച്ചിരുന്നവ
രാണവർ). അവർ യേശുവിനോടു ഒരു ചോദ്യം
ചോദിച്ചു. 19“ഗുരോ, വിവാഹിതനും കുട്ടികളി
ല്ലാത്തവനും ആയ ഒരാൾ മരിച്ചാൽ അവന്റെ
വിധവയായ സ്ത്രീയെ അവന്റെ സഹോദര
ൻ വിവാഹം ചെയ്യണമെന്ന് മോശെ എഴുതിയി
രിക്കുന്നു. എന്നിട്ട് അയാൾ അവളിൽ സഹോദ
രനുവേണ്ടി സന്താനങ്ങളെ ജനിപ്പിക്കുകയും
വേണം. 20ഒരിടത്ത് ഏഴ് സഹോദരന്മാരുണ്ടായി
രുന്നു.മൂത്തയാൾ വിവാഹം കഴിച്ചെങ്കിലും മരി

ച്ചു. അയാൾക്ക് മക്കളില്ലായിരുന്നു. 21രണ്ടാമൻ
വിധവയായസ്ത്രീയെ വിവാഹം കഴിച്ചു. അവ
നും മക്കളുണ്ടാകാതെ മരിച്ചു. മൂന്നാമനും ഇതു
തന്നെസംഭവിച്ചു. 22എല്ലാ സഹോദരന്മാരും ഇ
വളെ വിവാഹം ചെയ്യുകയും മരിക്കുകയും ചെ
യ്തു. ആർക്കും അവളിൽ കുട്ടികളുണ്ടായില്ല.
ഒടുവിൽ ആ സ്ത്രീയും മരിച്ചു.23ഏഴു സഹോദ
രന്മാരും അവളെ വിവാഹം കഴിച്ചല്ലോ എങ്കിൽ
അവർ ഉയിർത്തെഴുന്നേൽക്കുന്ന സമയത്ത് അ
വരിലാരുടെ ഭാര്യയായിരിക്കും അവൾ?"

24യേശു പറഞ്ഞു, "എന്തുകൊണ്ടാണു നിങ്ങ
ൾക്കു തെറ്റുപറ്റിയത്? തിരുവെഴുത്തുകളിൽ പറ
യുന്നത് എന്താണെന്ന് അറിയാഞ്ഞിട്ടല്ലേ? അ
ല്ലെങ്കിൽ ദൈവീകശക്തിയെപ്പറ്റി നിങ്ങൾക്കറി
യാഞ്ഞിട്ടല്ലേ? 25മരിച്ചവർ ഉയിർത്തെഴുന്നേൽ
ക്കുമ്പോൾ അവർ വിവാഹിതരാകുന്നില്ല. അ
വർ പരസ്പരം വിവാഹം കഴിക്കുന്നില്ല. എല്ലാ
വരും സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെയാണ്.
26മരിച്ചവർ ഉയിർത്തെഴുന്നേൽക്കുമെന്ന സത്യ
ത്തെപ്പറ്റി, കത്തിയെരിയുന്ന മുൾപ്പടർപ്പിനെ
ക്കുറിച്ചു മോശെ എഴുതിയ ഇടത്ത് ദൈവം
പറയുന്നു. 'ഞാൻ അബ്രാഹാമിന്റെ ദൈവവും
യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ
ദൈവവുമാകുന്നു.*27താൻ അവരുടെ ദൈവമാ
ണെന്ന് ദൈവം പറഞ്ഞെങ്കിൽ അവൻ മരിച്ച
ആളുകളുടെ ദൈവമല്ല. ദൈവം ജീവിച്ചിരിക്കു
ന്നവരുടേതു മാത്രമാണ്. സദൂക്യരായ നിങ്ങൾ
ക്കു തെറ്റുപറ്റിയിരിക്കുന്നു."

പ്രധാന കല്പന ഏത്?

(മത്താ. 22:34-40; ലൂക്കൊ. 10:25-28)

28ശാസ്ത്രിമാരിലൊരാൾ യേശുവിനെ സമീ
പിച്ചു. സദൂക്യരോട് അവൻ തർക്കിക്കുന്നത
യാൾ കേട്ടിരുന്നു. യേശു അവരോടു ഭംഗിയായി
ഉത്തരം പറയുന്നതയാൾ കണ്ടു. അയാൾ യേശു
വിനോടു ചോദിച്ചു; "ഏതു കല്പനയാണേറ്റവും
പ്രധാനം?"

29യേശുപറഞ്ഞു, "ഏറ്റവും പ്രധാനകല്പന ഇ
താണ്: 'യിസ്രായേലേ ശ്രദ്ധിക്കൂ, നമ്മുടെ ദൈ
വമാകുന്ന കർത്താവാകുന്നു ഏക കർത്താവ്.
30കർത്താവായ ദൈവത്തെ നിങ്ങൾ സ്നേഹി
ക്കുക. നിങ്ങളുടെമുഴുവൻ ഹൃദയംകൊണ്ടും ആ
ത്മാവുകൊണ്ടും മനസ്സുകൊണ്ടും ശക്തികൊ
ണ്ടും അവനെ സ്നേഹിക്കുക.'31രണ്ടാമത്തെ പ്ര
ധാനകല്പന ഇതാണ്. 'നിങ്ങൾ നിങ്ങളെത്തന്നെ
എന്നപോലെ മറ്റുള്ളവരെയും സ്നേഹിക്കുക.'*
ഇവരണ്ടുമാണ് ഏറ്റവും പ്രധാന കല്പനകൾ."

32അയാൾ പറഞ്ഞു, "അതൊരു നല്ല മറുപടി
യാണു ഗുരോ. നീ പറഞ്ഞതു ശരിയാണ്. ദൈ
വമാണ് ഏകകർത്താവ്. വേറെ ഒരു ദൈവവു
മില്ല. 33ഏതൊരാളും പൂർണ്ണഹൃദയത്തോടെയും
പൂർണ്ണമനസ്സോടെയും, എല്ലാ കരുത്തോടെയും
ദൈവത്തെ സ്നേഹിക്കണം. തന്നെപ്പോലെ ത
ന്റെഅയൽക്കാരനെയും സ്നേഹിക്കണം. ഹോ
മയാഗമടക്കമുള്ള എല്ലാ യാഗങ്ങളെക്കാൾ പ്ര
ധാനമാണിത്."

34വിവേകത്തോടെ മറുപടി പറഞ്ഞ അയാ
ളോട് യേശു പറഞ്ഞു, "നീ ദൈവരാജ്യത്തോട്
അടുത്തിരിക്കുന്നു." അതിനുശേഷം യേശുവി
നോടെന്തെങ്കിലും ചോദ്യം ചോദിക്കാൻ ആരും
ധൈര്യപ്പെട്ടില്ല.

"ഞാൻ ... ദൈവവുമാകുന്നു" ഉദ്ധരണി പുറ. 3:6.

"നിങ്ങൾ ... സ്നേഹിക്കുക" ഉദ്ധരണി ലേവ്യ. 19:18.

ക്രിസ്തു ദാവീദിന്റെ പുത്രനോ ദാവീദിന്റെ കർത്താവോ?

(മത്താ. 22:41-46; ലൂക്കൊ. 20:41-44)

35യേശു ദൈവാലയത്തിൽ ഉപദേശിക്കുക
യായിരുന്നു. അവൻ ചോദിച്ചു, ശാസ്ത്രിമാർ
ക്കെങ്ങനെ ക്രിസ്തു ദാവീദിന്റെ പുത്രനാണെ
ന്നു പറയാൻ കഴിയും? 36പരിശുദ്ധാത്മാവിന്റെ
പ്രചോദനത്താൽ ദാവീദുതന്നെ ഇങ്ങനെ പറ
ഞ്ഞിട്ടുണ്ട്:

'എന്റെ കർത്താവിനോട് കർത്താവ് അരുളി
ച്ചെയ്തു: 'ഞാൻ നിന്റെ ശത്രുക്കളെ നിന്റെ
നിയന്ത്രണത്തിലാക്കുംവരെ എന്റെ വലത്തു
വശത്തിരിക്കുക.' *സങ്കീർത്തനങ്ങൾ 110:1*

37ദാവീദു തന്നെ ക്രിസ്തുവിനെ, 'കർത്താവ്'
എന്നു വിളിക്കുന്നു. പിന്നെങ്ങനെ ക്രിസ്തു
ദാവീദിന്റെ പുത്രനാകും?" യേശുവിനെ ശ്രവി
ച്ചവരെല്ലാം സന്തുഷ്ടരായി.

യേശു ശാസ്ത്രിമാരെ വിമർശിക്കുന്നു

(മത്താ. 23:1-36; ലൂക്കൊ. 20:45-47)

38അവൻ ഉപദേശം തുടർന്നു. അവൻ പറ
ഞ്ഞു,"ശാസ്ത്രിമാരെ സൂക്ഷിക്കുക. അവർ പ്ര
ധാനമെന്നു തോന്നിപ്പിക്കുന്ന വസ്ത്രവും ധരി
ച്ച് നടക്കാനാഗ്രഹിക്കുന്നു. ചന്തസ്ഥലത്ത് അ
വർ അഭിവാദനങ്ങൾ കിട്ടാനാഗ്രഹിക്കുന്നു.
39യെഹൂദപ്പള്ളിയിൽ പ്രധാന ഇരിപ്പിടങ്ങൾ
അവർ ആഗ്രഹിക്കുന്നു. കൂടാതെ അത്താഴത്തിന്
പ്രധാന ഇരിപ്പിടം അവർ കാംക്ഷിക്കുന്നു. 40വി
ധവകളുടെ ഭവനങ്ങൾ ചതിവിലൂടെ സ്വന്തമാ
ക്കുന്നു. എന്നിട്ടവിടെ നല്ലവർ ചമഞ്ഞ് പ്രാർ
ത്ഥന നടത്തുന്നു. ദൈവം അവരെ കഠിനമായി
ശിക്ഷിക്കും."

ഒരു വിധവ ദാനത്തിന്റെ അർത്ഥം വ്യക്തമാക്കുന്നു

(ലൂക്കൊ. 21:1-4)

41ആളുകൾ വഴിപാടു സാധനങ്ങൾ നിക്ഷേ
പിച്ചിരുന്ന വഞ്ചികയ്ക്കടുത്ത് യേശു ഇരുന്നു.
അവർ വഞ്ചികയിൽ പണമിടുന്നതവൻ ശ്രദ്ധി
ച്ചു. വളരെ ഏറെ ധനികർ ധാരാളം പണം
നൽകി. 42അനന്തരം ഒരു ദരിദ്രവിധവ വന്ന്
വളരെ ചെറിയ രണ്ടു ചെമ്പുനാണയങ്ങളിട്ടു.
അതൊരു ചില്ലിക്കാശിന്റെ അത്രയും പോലുമി
ല്ലായിരുന്നു.

43യേശു തന്റെ ശിഷ്യന്മാരെവിളിച്ചു. അവൻ
പറഞ്ഞു, "ഞാൻ നിങ്ങളോടു സത്യം പറയുന്നു.
ഈ പാവപ്പെട്ട വിധവ രണ്ടു ചെറിയ ചെമ്പു
നാണയങ്ങൾ മാത്രമേ തന്നുള്ളൂ. പക്ഷെ അവൾ
എല്ലാവരും തന്നതിലുമധികം തന്നു. 44എല്ലാവ
രും തങ്ങൾക്കാവതേ നൽകിയുള്ളൂ. പക്ഷെ ഇ
വൾ തനിക്കുള്ളതെല്ലാം തന്നു. തന്റെ ഉപജീ
വനത്തിനുള്ളതെല്ലാം അവൾ തന്നിരിക്കുന്നു."

ദൈവാലയ വിനാശനം

(മത്താ. 24:1-44; ലൂക്കൊ. 21:5-33)

13 യേശു ദൈവാലയം വിട്ടുപോകുകയാ
യിരുന്നു. അവന്റെ ശിഷ്യന്മാരിലൊരാൾ
പറഞ്ഞു, "നോക്കൂ, ഗുരോ! വലിയ കല്ലുകൾ
കൊണ്ട് പടുത്തുയർത്തിയ ഈ ദൈവാലയ
കെട്ടിടം മനോഹരമായിരിക്കുന്നു!" 2യേശു പറ
ഞ്ഞു,"ഈ വലിയ എടുപ്പുകൾ നീ കാണുന്നി
ല്ലേ? ഇവയെല്ലാം നശിപ്പിക്കപ്പെടും. എല്ലാ കല്ലു
കളും നിലത്തെറിയപ്പെടും. ഒരു കല്ലും മറ്റൊന്നി
ന്റെമേൽ ഇരിക്കുകയില്ല."

3പിന്നീട് യേശു ഒലീവുമലകളിലൊരിടത്ത്
ഇരിക്കുകയായിരുന്നു. പത്രൊസ്, യാക്കോബ്,
യോഹന്നാൻ, അന്ത്രെയാസ് എന്നിവർ മാത്രമേ
അവനൊടൊപ്പമുണ്ടായിരുന്നുള്ളൂ. അവർക്കെ
ല്ലാം ദൈവാലയം കാണാമായിരുന്നു. അവർ
യേശുവിനോടു ചോദിച്ചു, **4**“പറയൂ, എപ്പോഴാ
ണ് ഈകാര്യങ്ങളെല്ലാം സംഭവിക്കുക? അങ്ങനെ
യെല്ലാം സംഭവിക്കാൻ പോകുന്നതിന്റെ അട
യാളമെന്തായിരിക്കും?”

5യേശു ശിഷ്യന്മാരോടു പറഞ്ഞു, “സൂക്ഷി
ച്ചിരിക്കുക. നിങ്ങളെ വിഡ്ഢികളാക്കാൻ
ആരെയും അനുവദിക്കരുത്. **6**പലരും എന്റെ
നാമത്തിൽ വരും. അവർ പറയും, ‘ഞാനാണ
വൻ.’ അവർ പലരെയും വിഡ്ഢികളാക്കും.
7നിങ്ങൾ യുദ്ധങ്ങളെപ്പറ്റിയും അതിനെപ്പറ്റിയു
ള്ള കിംവദന്തികളും കേൾക്കും. പക്ഷേ ഭയക്ക
രുത്. ഇതെല്ലാം സംഭവിക്കേണ്ടതുണ്ട്. **8**രാജ്യങ്ങൾ
രാജ്യങ്ങളോട് യുദ്ധം ചെയ്യും. ജനത ജനതയോ
ടുയുദ്ധം ചെയ്യും. പലയിടത്തും ഭൂകമ്പങ്ങളു
ണ്ടാകും. ഭക്ഷ്യക്ഷാമവും ഉണ്ടാകും. ഇതെല്ലാം
പുതിയഎന്തോ ഒന്നിന്റെ പേറ്റുനോവാണ്.

9“നിങ്ങൾ ജാഗരൂഗരായിരിക്കൂ. അവർ നിങ്ങ
ളെ ബന്ധിച്ച് ന്യായാധിപർക്ക് ഏല്പിച്ചു കൊടു
ക്കും. അവർ നിങ്ങളെ അവരുടെ യെഹൂദപ്പള്ളി
കളിലിട്ട് മർദ്ദിക്കും. നാടുവാഴികളുടെയും രാജാ
ക്കന്മാരുടെയും മുമ്പിൽ നിങ്ങൾക്കു നിൽക്കേ
ണ്ടിവരും. എന്നെപ്പറ്റി നിങ്ങൾ അവരോടു പറ
യും. എന്തെന്നാൽ നിങ്ങൾ എന്റെ ശിഷ്യന്മാ
രായി.**10**ഇതെല്ലാം സംഭവിക്കും മുമ്പ് സുവിശേ
ഷം എല്ലാ രാജ്യങ്ങളിലും പ്രചരിപ്പിക്കപ്പെടും.
11നിങ്ങൾ ബന്ധിക്കപ്പെട്ട് വിധിക്കപ്പെട്ടേക്കാം.
പക്ഷേ നിങ്ങളപ്പോൾ പറയേണ്ടതിനെച്ചൊല്ലി
വ്യാകുലപ്പെടേണ്ട. ആ സമയം എന്താണു പറ
യേണ്ടതെന്നു ദൈവം നിങ്ങൾക്കു പറഞ്ഞുതരും.
കാരണം യഥാർത്ഥത്തിൽ നിങ്ങളല്ല സംസാരി
ക്കുന്നത്. പരിശുദ്ധാത്മാവ് തന്നെയാണത്. **12**സ
ഹോദരൻ സഹോദരനു നേരെ തിരിയുകയും
അവനെ കൊലയ്ക്കു കൊടുക്കുകയും ചെയ്യും.
പിതാക്കന്മാർ തങ്ങളുടെ മക്കൾക്കെതിരായി തി
രിയുകയും അവരെ കൊലയ്ക്കു കൊടുക്കുക
യും ചെയ്യും. മക്കൾ മാതാപിതാക്കൾക്കെതിരെ
പോരാടി അവരെ എങ്ങനെ വധിക്കാമെന്നു
ചിന്തിക്കും.**13**എന്നെ പിന്തുടർന്നതിനാൽ എല്ലാ
വരും നിങ്ങളെ വെറുക്കും. പക്ഷെ അവസാനം
വരെസഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും.

14“ശൂന്യമാക്കുന്ന മ്ലേച്ഛത നിൽക്കരുതാത്ത
സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണും (വായി
ക്കുന്നവൻ മനസ്സിലാക്കിക്കൊള്ളട്ടെ). “ആ സമ
യം യെഹൂദ്യയിൽ വസിക്കുന്നവർ മലകളിലേ
ക്കോടിപ്പോകട്ടെ.**15**ഒന്നിനും വേണ്ടി കാത്തു നി
ന്നുസമയം കളയാതെ അവർ ഓടും. പുരപ്പുറ
ത്തു നിൽക്കുന്നവൻ പോലും ഇറങ്ങിവന്ന് സാ
മാനങ്ങൾ എടുക്കാൻ നിൽക്കാതെ ദൂരത്തേക്ക്
ഓടിപ്പോകണം **16**വയലിൽ വേലചെയ്യുന്നവൻ
തന്റെ മേലങ്കിയെടുക്കാൻ പോലും മെനക്കെ
ടരുത്. **17**ആ സമയം ഗർഭിണികൾക്കും അമ്മയു
ടെ പാൽ കുടിക്കുന്ന കൊച്ചുകുഞ്ഞുങ്ങൾ ഉള്ള
സ്ത്രീകൾക്കും കഷ്ടം. **18**ഇതു തണുപ്പു കാലത്തു
സംഭവിക്കാതിരിക്കുവാനായി പ്രാർത്ഥിക്കു
വിൻ. **19**എന്തെന്നോ? ആ ദിവസങ്ങൾ പ്രശ്ന
ങ്ങൾ നിറഞ്ഞതായിരിക്കും. ദൈവം ലോകം
സൃഷ്ടിച്ചതുമുതൽ ഇന്നോളം ഉണ്ടായിട്ടില്ലാത്ത
വിധം ദുരിതങ്ങളന്നുണ്ടാകും. ഇത്രയും മോശപ്പെ
ട്ടത് ഇനിയും ഉണ്ടാകുകയുമില്ല. **20**ആ ദിവസങ്ങ
ളുടെ എണ്ണം വളരെ കുറയ്ക്കുവാൻ ദൈവം
തീരുമാനിച്ചു. അല്ലായിരുന്നെങ്കിൽ ഒരു മനു
ഷ്യനും അവശേഷിക്കുകയില്ല. പക്ഷേ താൻ
പ്രത്യേകം തിരഞ്ഞെടുത്തവരെ വിചാരിച്ച് ആ
ദിവസങ്ങൾ അവൻ ചുരുക്കും. **21**ആ സമയം
ചിലർ നിങ്ങളോടുപറയും, ‘ക്രിസ്തു ഇവിടെ
യുണ്ട്. ’അല്ലെങ്കിൽ, ‘അവൻ അവിടെയുണ്ട്.’
എന്നു പറയും. പക്ഷെ അവരെ വിശ്വസിക്ക
രുത്. **22**കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാ
രും വന്ന് വലിയകാര്യങ്ങളും വീര്യ പ്രവൃത്തിക
ളും ചെയ്യും. ദൈവം തിരഞ്ഞെടുത്തവരുടെ
മുമ്പിലാണവർ ഇതു കാണിക്കുക. പറ്റുമെങ്കിൽ
ദൈവത്തിന്റെ ആളുകളെ വിഡ്ഢികളാക്കാ
നുള്ള ശ്രമമായാണ് അവരിതു ചെയ്യുക. **23**അതി
നാൽ സൂക്ഷിച്ചിരിക്കുക. ഞാൻ നിങ്ങൾക്കിതി
നെപ്പറ്റിയെല്ലാം മുൻകൂട്ടി പറഞ്ഞുതന്നിരി
ക്കുന്നു.

24“ഈ ദുരന്തങ്ങൾക്കുശേഷം, ‘സൂര്യൻ ഇരു
ണ്ടുപോകും, ചന്ദ്രൻ പ്രകാശിക്കയില്ല.
25നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും, ആ
കാശത്തുള്ള എല്ലാത്തിനും മാറ്റം സംഭവിക്കും.’

യെശയ്യാവ് 13:10,; 34:4

26“അപ്പോൾ മനുഷ്യപുത്രൻ വർദ്ധിച്ച കരു
ത്തോടും പ്രതാപത്തോടും മേഘങ്ങളിൽ വരു
ന്നതുകാണും. **27**മനുഷ്യപുത്രൻ ദൂതന്മാരെ ഭൂമി
ക്കു ചുറ്റും അയയ്ക്കും. ലോകത്തിന്റെ എല്ലാ
ഭാഗങ്ങളിൽനിന്നും ഈ ദൂതന്മാർ അവൻ തിര
ഞ്ഞെടുത്തവരെ ഒരുമിച്ചു കൂട്ടും.

28“അത്തിമരം നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു.
അത്തിമരത്തിന്റെ തണ്ടുകൾ മൃദുവായി, പുതി
യ ഇലകൾ മുളയ്ക്കുമ്പോൾ വേനൽ വരവാ
യെന്ന് നാം അറിയുന്നു. **29**ഇപ്രകാരം തന്നെ,
ഇതെല്ലാം സംഭവിക്കുന്നതു കാണുമ്പോൾ
അവൻ വരാനുള്ളസമയമായെന്ന് നിങ്ങൾ ധരി
ച്ചുകൊള്ളുക. **30**ഞാൻ നിങ്ങളോടു സത്യം പറ
യുന്നു. ഇന്നത്തെ തലമുറക്കാർ ജീവിച്ചിരിക്കെ
ത്തന്നെ ഇതൊക്കെ സംഭവിക്കും. **31**ലോകം മുഴു
വനും ഭൂമിയും ആകാശവും നശിപ്പിക്കപ്പെടും.
എന്നാൽ എന്റെ വചനങ്ങൾ മാത്രം നശിക്കില്ല.

32“ആ ദിവസത്തെപ്പറ്റിയും മണിക്കൂറിനെപ്പ
റ്റിയും പറയുവാനാർക്കും സാദ്ധ്യമല്ല. സ്വർഗ്ഗ
ത്തിലെ ദൂതന്മാർക്കോ പുത്രനോ ആ ദിവസം
എപ്പോഴാണെന്നു പറയാൻ കഴിയില്ല. പിതാ
വിനുമാത്രം അതറിയാം.

33ശ്രദ്ധിച്ചിരിക്കുക, എപ്പോഴും തയ്യാറായിരി
ക്കുക. ആ സമയം എപ്പോഴാണെന്നു നിങ്ങൾക്ക
റിയില്ല. **34**വീടുപേക്ഷിച്ചു യാത്രയ്ക്കു പോകു
ന്ന മനുഷ്യനെപ്പോലെയാണത്. അയാൾ വീട്
ദാസന്മാരെ ഏല്പിക്കും. ഓരോ ദാസനേയും
ഓരോ പ്രത്യേകജോലി ഏല്പിക്കും. ഒരാളോട്
കാവൽക്കാരനാകുവാനും കല്പിക്കുന്നു. ഓരോരു
ത്തർക്കും ഓരോ തൊഴിൽ. അതിനാൽ ജാഗ്ര
തയായിരിക്കുക. ഇത് ഞാനിപ്പോൾ നിങ്ങ
ളോടു പറയുന്നതുപോലെ തന്നെയാണ്. **35**അ
തിനാൽ നിങ്ങളെപ്പോഴും ജാഗ്രതയോടെ ഇരി
ക്കുക. വീട്ടുടമസ്ഥൻ എപ്പോഴാണു മടങ്ങിവരി
കയെന്നു നിങ്ങൾക്കറിയില്ല. അയാൾ ചില
പ്പോൾ ഉച്ചകഴിഞ്ഞ് വരാം, പാതിരാത്രിയിൽ
വരാം, പുലർകാലത്തുതന്നെയാവാം. അല്ലെ
ങ്കിൽ സൂര്യൻ ഉദിക്കുന്ന നേരത്തുമാവാം. **36**അ
യാൾ പെട്ടെന്നായിരിക്കും വരിക. നിങ്ങൾ
എപ്പോഴും തയ്യാറായിരിക്കുക. നിങ്ങൾ ഉറങ്ങു
ന്നതായി അയാൾ കാണരുത്. **37**ഞാൻ നിങ്ങ

ളോട് എന്തുപറയുന്നുവോ ഞാൻ അതെല്ലാവ
രോടും പറയുന്നു, 'ജാഗ്രതയായിരിക്കുക!'"

യേശുവിനെ കൊല്ലാൻ യെഹൂദപ്രമാണിമാർ പരിപാടിയിടുന്നു

(മത്താ. 26:1-5; ലൂക്കൊ. 22:1-2; യോഹ. 11:45-53)

14 പെസഹയ്ക്കും പുളിപ്പില്ലാത്ത അപ്പത്തി
ന്റെ പെരുനാളിനും ഇനി രണ്ടു ദിവസ
മേയുള്ളൂ. മഹാപുരോഹിതന്മാരും ശാസ്ത്രിമാ
രും യേശുവിനെ ചതിച്ചുബന്ധിക്കാൻ ഒരു വഴി
ആലോചിക്കുകയായിരുന്നു. എന്നിട്ട് അവർക്ക്
അവനെ വധിക്കണം. 2അവർ പറഞ്ഞു, "പക്ഷേ
പെരുന്നാൾ ദിവസങ്ങളിൽ അതുപാടില്ല. ജന
ങ്ങൾ രോഷാകുലരാകും. അതു കലാപം ഉണ്ടാ
ക്കും."

ഒരു സ്ത്രീ വിശേഷപ്പെട്ട ചിലതു ചെയ്യുന്നു

(മത്താ. 26:6-13; യോഹ. 12:1-8)

3യേശു ബേഥാന്യയിലായിരുന്നു. അവിടെ
അവൻ ശിമോൻ എന്നകുഷ്ഠരോഗിയോടൊപ്പം
അയാളുടെ വീട്ടിൽ ആഹാരം കഴിക്കുകയായിരു
ന്നു. അവൻ അവിടെയായിരിക്കുമ്പോൾ ഒരു
സ്ത്രീ അവനെ സമീപിച്ചു. അവളുടെ കൈയി
ൽ വളരെവിലയേറിയ സുഗന്ധതൈലം നിറച്ച
വെൺകൽഭരണിയുണ്ടായിരുന്നു. ശുദ്ധമായ നാ
ർദ്ദീനിൽനിന്ന് ഉണ്ടാക്കിയതായിരുന്നു ആ
തൈലം. അവൾ ഭരണിതുറന്ന് തൈലം യേശു
വിന്റെ തലയിൽഒഴിച്ചു.4ശിഷ്യന്മാരിൽ ചിലർ
അതുകണ്ടു. അവർ നീരസത്തോടെ പരസ്പരം
പറഞ്ഞു,"എന്തിന് ഈ തൈലം അവൾ പാഴാ
ക്കി? 5ഒരു വർഷത്തെ അദ്ധ്വാനത്തിന്റെ വില
യുണ്ടതിന്. അതു വിറ്റ് ആ പണം പാവങ്ങൾക്കു
കൊടുക്കാമായിരുന്നു." അവർ ആ സ്ത്രീയെ
ശക്തമായി വിമർശിച്ചു.

6യേശു പറഞ്ഞു,"അവളെ വെറുതെവിടൂ, നി
ങ്ങളെന്തിനാണവളെ വിഷമിപ്പിക്കുന്നത്.
അവൾ എനിക്കായൊരു നല്ല കാര്യമാണ് ചെ
യ്തത്. 7ദരിദ്രർ എപ്പോഴും നിങ്ങളോടൊപ്പം
ഉണ്ടാകും. നിങ്ങൾക്കെപ്പോൾ വേണമെങ്കിലും
അവരെ സഹായിക്കാം. പക്ഷേ നിങ്ങൾക്കെ
ന്നെ എപ്പോഴും കിട്ടിയെന്നു വരില്ല. 8ഈ സ്ത്രീ
യാകട്ടെ എനിക്കായി അവളെക്കൊണ്ടു ചെയ്യാ
വുന്നതേ ചെയ്തുള്ളൂ. അവൾ എന്റെമേൽ
സുഗന്ധം പൂശി. എന്റെ ശവസംസ്കാരത്തി
നുള്ള തയ്യാറെടുപ്പിനായിട്ടാണ് അവളിതു ചെ
യ്തത്. 9ഞാൻ നിങ്ങളോടു സത്യമായും പറയു
ന്നു. സുവിശേഷം ലോകം മുഴുവനും പ്രചരിപ്പി
ക്കപ്പെടുകവഴി ജനങ്ങൾ അവളെ ഓർമ്മിക്കും.
അവിടെയെല്ലാം ഈ സ്ത്രീയുടെ പ്രവൃത്തിയും
പ്രസ്താവിക്കപ്പെടും."

യേശുവിന്റെ ശത്രുക്കളെ സഹായിക്കാമെന്ന് യൂദാ സമ്മതിക്കുന്നു

(മത്താ. 26:14-16; ലൂക്കൊ. 22:3-6)

10അപ്പോൾ പന്ത്രണ്ട് അപ്പൊസ്തലന്മാരി
ലൊരാൾ മഹാപുരോഹിതരുമായി സംസാരി
ക്കാൻപോയി. അതു ഈസ്കര്യോത്താവായ യൂ
ദാ ആയിരുന്നു. അയാൾ യേശുവിനെ അവർക്കു
ഒറ്റിക്കൊടുക്കാനാണു പോയത്. 11മഹാപുരോ
ഹിതർ ഇതിൽ അതീവ സന്തുഷ്ടരായി. അവർ
യൂദായ്ക്കുപ്രതിഫലം വാഗ്ദാനം ചെയ്തു. അ
തിനാൽ യൂദാ യേശുവിനെ ഒറ്റിക്കൊടുക്കാൻ
പറ്റിയ ഏറ്റവും നല്ല അവസരം പാർത്തിരുന്നു.

പെസഹാ ഭക്ഷണം

(മത്താ. 26:17-25; ലൂക്കൊ. 22:7-14, 21-23;
യോഹ. 13:21-30)

12അന്ന് പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരു
നാളിന്റെ ഒന്നാം ദിവസമായിരുന്നു. പെസഹ
കുഞ്ഞാടിനെ യെഹൂദർ യാഗമർപ്പിക്കുന്ന ദി
വസവുമായിരുന്നു അത്. ശിഷ്യന്മാർ യേശുവി
നെ സമീപിച്ചു പറഞ്ഞു,"ഞങ്ങൾ പോയി
നിനക്കായി പെസഹാഭക്ഷണം ഒരുക്കട്ടെ. എവി
ടെയാണു ഞങ്ങളൊരുക്കേണ്ടത്?"

13യേശു തന്റെ ശിഷ്യന്മാരിൽ രണ്ടു പേരെ
നഗരത്തിലേക്കയച്ചു. യേശു അവരോടു പറ
ഞ്ഞു,"നഗരത്തിലേക്കു പോകൂ. അവിടെ ഒരു
കുടംവെള്ളം ചുമന്നു കൊണ്ട് നിൽക്കുന്ന ഒരാളെ
കാണാം. അയാൾ നിങ്ങളെ സമീപിക്കും. അയാ
ളെ പിന്തുടരുക.14അയാൾ ഒരു വീട്ടിലേക്കു കയ
റും. വീട്ടുടമയോട് നിങ്ങൾ ഇങ്ങനെ പറയണം.
'അവനും ശിഷ്യന്മാർക്കും പെസഹാഭക്ഷിക്കാ
നുള്ള മുറിഏതാണെന്നു ഗുരു ചോദിക്കുന്നു'
15അയാൾ മുകളിലത്തെ നിലയിൽ ഒരുക്കി വച്ച
വലിയ ഒരുമുറി കാട്ടിത്തരും. അവിടെ നമുക്കാ
യി ആഹാരം ഒരുക്കുക."

16ശിഷ്യന്മാർ നഗരത്തിലേക്കു പോയി. യേശു
പറഞ്ഞതുപോലെയെല്ലാം സംഭവിച്ചു. ശിഷ്യ
ന്മാർ പെസഹാ തയ്യാറാക്കി.

17വൈകുന്നേരം അവൻ പന്ത്രണ്ടുശിഷ്യന്മാ
രോടുമൊത്ത് ആ വീട്ടിലേക്കുപോയി. 18ഭക്ഷ
ണം കഴിച്ചുകൊണ്ടിരിക്കേ യേശു പറഞ്ഞു,"സ
ത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങളി
ലൊരാൾ എന്നെ ഒറ്റിക്കൊടുക്കും. എന്നോടൊ
ത്ത് ഭക്ഷണം കഴിക്കുന്ന ഒരാൾ."

19ശിഷ്യന്മാർക്കു സങ്കടമായി. ഓരോരുത്തരും
യേശുവിനോട് ചോദിച്ചു; "അതു ഞാനാണോ?
തീർച്ചയായും അതു ഞാനല്ല."

20യേശു പറഞ്ഞു, "നിങ്ങൾ പന്ത്രണ്ടു പേരി
ലൊരാളായിരിക്കും. എന്നോടൊപ്പം ഈ പാത്ര
ത്തിൽ അപ്പം മുക്കുന്നവൻ. 21മനുഷ്യപുത്രൻ
മരിക്കാൻ പോകുകയാണ്. തിരുവെഴുത്തിൽ അ
ങ്ങനെ സംഭവിക്കുമെന്ന് പറയുന്നുണ്ട്. പക്ഷെ
മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നവനു ദുരിതം.
അവനെ സംബന്ധിച്ചിടത്തോളം ആ മനുഷ്യൻ
ജനിക്കാതിരിക്കുന്നതായിരുന്നു നല്ലത്."

കർത്താവിന്റെ അത്താഴം

(മത്താ. 26:26-30; ലൂക്കൊ. 22:15-20; 1കൊരി. 11:23-25)

22അവർ ഭക്ഷിച്ചുകൊണ്ടിരിക്കവേ, യേശു കു
റച്ച് അപ്പമെടുത്തു. അവൻ അപ്പം തന്നതിന്
ദൈവത്തോടു നന്ദിപറഞ്ഞ് അതുവീതിച്ച് ശി
ഷ്യന്മാർക്കു നൽകി. യേശുപറഞ്ഞു, "ഇതാ,
ഈ അപ്പം ഭക്ഷിച്ചുകൊള്ളൂ. ഇതെന്റെ ശരീ
രമാണ്."

23എന്നിട്ട് യേശു ഒരു പാനപാത്രം വീഞ്ഞെ
ടുത്തു. ദൈവത്തിനു നന്ദി പറഞ്ഞ് അതും ശി
ഷ്യന്മാർക്കു നൽകി. എല്ലാ ശിഷ്യന്മാരും ആ
പാനപാത്രത്തിൽനിന്നു കുടിച്ചു.

24യേശു പറഞ്ഞു,"ഈ വീഞ്ഞ് എന്റെ രക്ത
മാണ്. അത് അനേകർക്കുവേണ്ടി ഒഴിക്കുന്നതു
മാണ്. പുതിയനിയമം ഇതോടെ തുടങ്ങുന്നു.
25ഞാൻ നിങ്ങളോടു സത്യമായി പറയട്ടെ. ദൈ
വരാജ്യത്തിൽ ഇത് പുതിയതായി കുടിക്കും
വരെ ഞാൻ ഇനി വീഞ്ഞു കുടിക്കില്ല."

26ശിഷ്യന്മാരെല്ലാവരും ചേർന്ന് ഒരു സ്തോത്ര
ഗീതം പാടി. അനന്തരം അവർ ഒലീവുമലയി
ലേക്കു പോയി.

യേശുവിന്റെ ശിഷ്യന്മാർ അവനെ വിട്ടുപോകും

(മത്താ. 26:31-35; ലൂക്കൊ. 22:31-34; യോഹ. 13:36-38)

27അപ്പോൾ യേശു ശിഷ്യന്മാരോടു പറഞ്ഞു,
“നിങ്ങളെല്ലാവർക്കും വിശ്വാസം നഷ്ടപ്പെടും.
തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു,
‘ഇടയനെ ഞാൻ കൊല്ലും, ആട്ടിൻപറ്റം ചി
ന്നിച്ചിതറിപ്പോകും.’ *സെഖര്യാവ് 13:7*

28പക്ഷെ എന്റെ മരണശേഷം ഞാൻ മരണ
ത്തിൽനിന്ന് ഉയിർത്തെഴുന്നേൽക്കും. എന്നിട്ട്
ഞാൻ ഗലീലയിലേക്കു പോകും. നിങ്ങളെത്തും
മുമ്പേ ഞാനവിടെ എത്തും.” **29**പത്രൊസ് പറ
ഞ്ഞു,“മറ്റെല്ലാ ശിഷ്യന്മാർക്കും വിശ്വാസം ന
ഷ്ടപ്പെടാം. പക്ഷെ എനിക്കൊരിക്കലും അതു
നഷ്ടപ്പെടില്ല.”
30യേശു പറഞ്ഞു, “ഞാൻ നിന്നോടു സത്യമാ
യി പറയാം. ഇന്നുരാത്രി നീ എന്നെ തള്ളിപ്പറ
യും.കോഴി രണ്ടു തവണകൂകും മുമ്പ് നീയെന്നെ
മൂന്നു പ്രാവശ്യം തള്ളിപ്പറയും.”
31പക്ഷെ പത്രൊസ് ശക്തിയായി പറഞ്ഞു,
“ഞാനൊരിക്കലും നിന്നെ തള്ളിപ്പറകയില്ല. നി
ന്നോടൊപ്പം മരിക്കാനും ഞാൻ തയ്യാറാണ്.”
എല്ലാ ശിഷ്യന്മാരും ഇതു തന്നെ പറഞ്ഞു.

യേശു തനിയെ പ്രാർത്ഥിക്കുന്നു

(മത്താ. 26:36-46; ലൂക്കൊ. 22:39-46)

32യേശുവും ശിഷ്യന്മാരും ഗെത്ത്ശേമന എന്ന
സ്ഥലത്തേക്കു പോയി. അവൻ ശിഷ്യന്മാരോടു
പറഞ്ഞു, “ഞാൻ പ്രാർത്ഥിക്കുമ്പോൾ ഇവിടെ
യിരിക്കുക.”**33**യേശു പത്രൊസിനോടും യാക്കോ
ബിനോടും യോഹന്നാനോടും തന്നോടൊപ്പം
വരാൻ പറഞ്ഞു. അവൻ വളരെ വിഷാദിക്കാ
നും, വിഷണ്ണനാകാനും തുടങ്ങി. **34**അവർ മൂന്നു
പേരോടുമായി യേശു പറഞ്ഞു, “എന്റെ
ആത്മാവ് വേദനകൊണ്ട് നിറയുന്നു. ദു:ഖം കൊ
ണ്ടെന്റെ ഹൃദയംപൊട്ടുന്നു. ഇവിടെ ഉണർന്നു
കാത്തിരിക്കൂ.”
35യേശു അവരിൽ നിന്നല്പം അകലേക്കു പോ
യി. അവൻ തറയിൽ വീണു പ്രാർത്ഥിച്ചു.
കഴിയുമെങ്കിൽ ഈ സമയം തന്നിൽനിന്ന് അക
ന്നുപോകണമേയെന്ന്. **36**അവൻ പ്രാർത്ഥിച്ചു,
“അബ്ബാ, പിതാവേ, നിനക്ക് എന്തും സാദ്ധ്യമാ
ണ്. കഷ്ടതയുടെ ഈ പാനപാത്രം എന്നിൽ
നിന്നും എടുക്കേണമേ. പക്ഷെ എന്റെ ഇഷ്ട
മല്ല നിന്റെ ഇഷ്ടം നടക്കട്ടെ.”
37അനന്തരം യേശു ശിഷ്യന്മാരുടെയടുത്തേ
ക്കുപോയി. അവർ ഉറങ്ങുന്നതവൻ കണ്ടു. അ
വൻ പത്രൊസിനോടു പറഞ്ഞു, “ശിമോനെ,
നീയെന്താണുറങ്ങുന്നത്? നിനക്കെന്നോടൊപ്പം
ഒരു മണിക്കൂർ പോലും ഉറങ്ങാതിരിക്കാൻ കഴി
ഞ്ഞില്ലേ?**38**പ്രലോഭിക്കപ്പെടാതിരിക്കാൻ ഉണർ
ന്നിരുന്നു പ്രാർത്ഥിക്കുക. ശരിയായതു ചെ
യ്യാൻ ആത്മാവ് ആഗ്രഹിക്കുന്നു. എന്നാൽ ശരീ
രമാകട്ടെ ദുർബ്ബലവും.”
39യേശു വീണ്ടും ദൂരേക്കുമാറി അതേ പ്രാർത്ഥ
ന നടത്തി.**40**അവൻ ശിഷ്യന്മാരുടെയടുത്തേക്കു
മടങ്ങിയെത്തി. വീണ്ടും അവർ ഉറങ്ങുന്നത് യേ
ശുകണ്ടു. അവരുടെ കണ്ണുകൾ വളരെ ക്ഷീണി
ച്ചിരുന്നു. യേശുവിനോടു എന്തു പറയണമെന്ന്
അവർക്കറിയില്ലായിരുന്നു.
41മൂന്നാം തവണ പ്രാർത്ഥിച്ചശേഷം യേശു
ശിഷ്യന്മാരുടെയടുത്തേക്കു മടങ്ങിവന്നു. അവൻ
അവരോടു പറഞ്ഞു,“നിങ്ങൾ ഇപ്പോഴും ഉറ
ങ്ങുകയും വിശ്രമിക്കുകയും ചെയ്യുകയാണോ?
മതി, മനുഷ്യപുത്രൻ പാപികളുടെ കൈയിൽ
ഏല്പിക്കപ്പെടാൻ സമയമായി. **42**എഴുന്നേൽക്ക!
നമുക്കുപോകാം. ഇതാ എന്നെ ഒറ്റിക്കൊടുക്കാൻ
പോകുന്നവൻ എത്തിയിരിക്കുന്നു.”

യേശു ബന്ധിക്കപ്പെടുന്നു

(മത്താ. 26:47-56; ലൂക്കൊ. 22:47-53; യോഹ. 18:3-12)

43അവർ സംസാരിച്ചുകൊണ്ടിരിക്കവേ യൂദാ
അവിടെയെത്തി. പന്ത്രണ്ടു ശിഷ്യന്മാരിലൊ
രാളായിരുന്നു അയാൾ. അയാളോടൊപ്പം അനേ
കം പേരുണ്ടായിരുന്നു. മഹാപുരോഹിതന്മാരും
ശാസ്ത്രിമാരും ജനത്തിന്റെ മൂപ്പന്മാരും അയച്ച
താണവരെ. യൂദായോടൊപ്പം വന്ന അവർ വാ
ളും വടിയും എടുത്തിരുന്നു.
44യേശുവിനെ ഒറ്റിക്കൊടുക്കുന്നതിന് യൂദാ
അവർക്ക് ഒരടയാളം നൽകിയിരുന്നു. അവൻ
പറഞ്ഞു,“ഞാൻ ചുംബിക്കുന്നവനാണ് യേശു.
അവനെ ബന്ധിച്ച് ഭദ്രമായി കൊണ്ടുപോവു
ക.”**45**യൂദായേശുവിന്റെഅടുത്തെത്തിപറഞ്ഞ,
“ഗുരോ,” അനന്തരം യുദാ യേശുവിനെ ചുംബി
ച്ചു. **46**അപ്പോൾ അവർ യേശുവിനെ പിടി
കൂടി ബന്ധിച്ചു.**47**യേശുവിനു ചുറ്റും നിന്നി
രുന്ന ശിഷ്യന്മാരിലൊരാൾ വാൾ വലിച്ചൂരി.
അവൻ മഹാപുരോഹിതന്റെ ദാസനെ വെട്ടി
കാതറുത്തു കളയുകയും ചെയ്തു.
48യേശു പറഞ്ഞു, “ഒരു കുറ്റവാളിയെ എന്ന
പോലെവാളും വടിയുമായിട്ടാണോ എന്നെ പി
ടിക്കാൻ വന്നത്? **49**എന്നും ഞാനിവിടെ ദൈവാ
ലയത്തിൽ നിങ്ങളുടെ ഇടയിൽ ഉപദേശിക്കു
ന്നുണ്ടായിരുന്നല്ലോ. നിങ്ങളെന്നെ പിടിച്ചില്ല.
പക്ഷെ തിരുവെഴുത്തുകളിലുള്ളതു പോലെ
യൊക്കെ സംഭവിക്കട്ടെ.” **50**അപ്പോൾ ശിഷ്യന്മാ
രെല്ലാം അവനെ ഉപേക്ഷിച്ച് ഓടിപ്പോയി.
51ഒരു യുവാവ് യേശുവിനെ അനുഗമിക്കുന്നു
ണ്ടായിരുന്നു. അയാൾ ഒരുലിനൻ പുതപ്പു മാത്രം
ധരിച്ചിരുന്നു. അവർ അവനെയുംപിടിച്ചു. **52**അ
പ്പോൾ അവൻ പുതപ്പു വലിച്ചെറിഞ്ഞ് നഗ്ന
നായി ഓടിപ്പോയി.

യേശു യെഹൂദപ്രമാണിമാരുടെ മുമ്പിൽ

(മത്താ. 26:57-68; ലൂക്കൊ. 22:54-55, 63-71;
യോഹ. 18:13-14, 19-24)

53അവർ യേശുവിനെ ബന്ധിച്ച് മഹാപുരോ
ഹിതന്റെ വീട്ടിലേക്കു കൊണ്ടുപോയി. എല്ലാ
മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രി
മാരും അവിടെകൂടിയിരുന്നു. **54**പത്രൊസ് യേശു
വിനെ പിന്തുടർന്നുവെങ്കിലും അവന്റെ അടു
ത്തേക്കുവന്നില്ല. പത്രൊസ് മുറ്റത്തുതന്നെ നി
ന്നു. അവനവിടെ കാവൽക്കാരോടൊത്ത് ഇരു
ന്നു. അവരുടെ കൂടെ തീയും കാഞ്ഞ് അവനി
രുന്നു.
55മഹാപുരോഹിതരും യെഹൂദസമിതി മുഴു
വനും യേശുവിനെ കൊല്ലുന്നതിന് ഒരു കാരണ
മായി അവനെതിരെ എന്തെങ്കിലും തെളിവു
കണ്ടുപിടിക്കാൻ ശ്രമിച്ചു. പക്ഷെ അവർക്കൊ
ന്നും കണ്ടെത്താനായില്ല.**56**പലരും വന്ന് യേശു
വിനെതിരെ കള്ളസാക്ഷി പറഞ്ഞു. പക്ഷേ
അവർ പറഞ്ഞതെല്ലാം പരസ്പരവിരുദ്ധമായി
രുന്നു.
57അപ്പോൾ ചിലർ എഴുന്നേറ്റ് അവനെതിരെ
ഇങ്ങനെ കള്ളസാക്ഷ്യം കൊണ്ടുവന്നു. **58**“‘മനു
ഷ്യരുണ്ടാക്കിയ ഈ ദൈവാലയം ഞാൻ തകർ
ക്കുമെന്നിയാൾ പറയുന്നതു ഞങ്ങൾ കേട്ടു.

മൂന്ന് നാൾ കഴിഞ്ഞ് മനുഷ്യന് നിർമ്മിക്കാനാ
വാത്ത ഒരു ദൈവാലയം ഞാൻ പണിയും
എന്നും.'" **59**പക്ഷേ അവർ പറഞ്ഞ ഇക്കാര്യങ്ങ
ളും പരസ്പര വിരുദ്ധങ്ങളായിരുന്നു.
60അപ്പോൾ മഹാപുരോഹിതൻ എഴുന്നേറ്റു
നിന്ന്, യേശുവിനോടു ചോദിച്ചു, "ഇവർ നിന
ക്കെതിരെ ഉന്നയിക്കുന്ന ഈ ആരോപണങ്ങൾ
ക്കു മറുപടിപറയാൻ നിനക്കൊന്നുമില്ലേ? ഇ
വർ സത്യമാണോ പറയുന്നത്?" **61**പക്ഷേ യേശു
ഒന്നും മറുപടി പറഞ്ഞില്ല. മഹാപുരോഹിതൻ
യേശുവിനോടു മറ്റൊരു ചോദ്യം കൂടി ചോദി
ച്ചു,"നീയാണോ ക്രിസ്തു, വാഴ്ത്തപ്പെട്ട ദൈവ
ത്തിന്റെ പുത്രൻ?"
62യേശു മറുപടി പറഞ്ഞു, "അതെ, ഞാനാ
ണു ദൈവപുത്രൻ. ഭാവിയിൽ മനുഷ്യപുത്രൻ
ദൈവത്തിന്റെ വലതു വശത്തിരിക്കുന്നത്
നിങ്ങൾ കാണും. സ്വർഗ്ഗമേഘങ്ങളിൽ മനുഷ്യ
പുത്രൻ വരുന്നതും നിങ്ങൾ കാണും."
63ഇതു കേട്ട് മഹാപുരോഹിതൻ കോപാകുല
നായി. അയാൾ തന്റെവസ്ത്രങ്ങൾ കീറിക്കൊ
ണ്ടുപറഞ്ഞു, "ഇനി ഞങ്ങൾക്കു മറ്റു സാക്ഷിക
ളെവേണ്ട!**64**അവൻ ദൈവവിരുദ്ധമായി പറയു
ന്നതെല്ലാം നിങ്ങൾ കേട്ടില്ലേ? നിങ്ങൾക്കെന്തു
തോന്നുന്നു?"
യേശു കുറ്റക്കാരനാണെന്ന് എല്ലാവരും പറ
ഞ്ഞു. അവൻ വധിക്കപ്പെടണമെന്ന് അവർ പറ
ഞ്ഞു. **65**അവരിൽ ചിലർ അവന്റെമേൽ തുപ്പി.
അവർ അവന്റെ മുഖം മൂടി അവനെ ഇടിച്ചു.
അവർ ആവശ്യപ്പെട്ടു, "നീ പ്രവാചകനാണെ
ന്ന് സാക്ഷ്യപ്പെടുത്തുക." കാവൽക്കാർ യേശു
വിനെ ദൂരേക്കു കൊണ്ടുപോയി മർദ്ദിച്ചു.

പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു

(മത്താ. 26:69-75; ലൂക്കൊ. 22:56-62;
യോഹ. 18:15-18, 25-27)

66ആ സമയം പത്രൊസ് മുറ്റത്ത് തന്നെയായി
രുന്നു. മഹാപുരോഹിതന്റെ ഒരു ദാസി പത്രൊ
സിനെ സമീപിച്ചു. **67**അവർ തീ കാഞ്ഞുകൊ
ണ്ടിരിക്കുന്നത് അവൾ കണ്ടു. അവൾ അവനെ
സൂക്ഷിച്ചു നോക്കി. അവൾ പറഞ്ഞു, "നീയും
നസറെത്തിലെ യേശുവിന്റെകൂടെ ഉണ്ടായിരു
ന്നല്ലോ."
68പക്ഷേ താനൊരിക്കലും യേശുവിനോടൊ
പ്പം ഉണ്ടായിരുന്നില്ലെന്ന് പത്രൊസ് പറഞ്ഞു.
അവൻ പറഞ്ഞു,"നീ എന്തിനെപ്പറ്റിയാണു പറ
യുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല." പ
ത്രൊസ് മുറ്റത്തിന്റെ പടിവാതിൽക്കലേക്കു
പോയി.
69അവിടെയും ദാസി പത്രൊസിനെ കണ്ടു.
അവൾ അവിടെ നിന്നവരോടുപറഞ്ഞു, "ഇ
യാൾ യേശുവിന്റെ കൂടെയുണ്ടായിരുന്നവരിൽ
ഒരാളാണ്." **70**അപ്പോഴും പത്രൊസ് അതുവീ
ണ്ടും നിഷേധിച്ചു, അല്പം കഴിഞ്ഞ് ചിലർ പ
ത്രൊസിന്റെ അടുത്തു നിൽക്കുകയായിരുന്നു.
അവർ പറഞ്ഞു, "ഞങ്ങൾക്കറിയാം "നീ യേശു
വിന്റെ അനുയായികളിലൊരാളാണെന്ന്. നീ
ഒരു ഗലീലക്കാരനാണല്ലോ."
71അപ്പോൾ പത്രൊസ് ശപിക്കാൻ തുടങ്ങി.
അവൻ ശക്തിയായി പറഞ്ഞു,"ദൈവം സാ
ക്ഷിയായി ഞാൻ ആണയിടുന്നു. നിങ്ങൾ പറ
യുന്നയാളെ എനിക്കറിയില്ല."
72പത്രൊസ് ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ
കോഴിരണ്ടാമതുംകൂകി. അപ്പോൾ യേശുവിന്റെ
വാക്കുകൾ അവൻ ഓർത്തു, "കോഴി രണ്ടു
പ്രാവശ്യം കൂകും മുമ്പ് മൂന്നു പ്രാവശ്യം നീ
എന്നെ നിഷേധിക്കും. "പത്രൊസിന് സങ്കട
മായി. അവൻ കരയാൻ തുടങ്ങി.

പീലാത്തൊസ് യേശുവിനെ വിചാരണ ചെയ്യുന്നു

(മത്താ. 27:1-2,11-14; ലൂക്കൊ.23:1-5; യോഹ.18:28-38)

15 പുലർച്ചെ തന്നെ മഹാപുരോഹിതരും
ജനത്തിന്റെ മൂപ്പന്മാരും ശാസ്ത്രിമാരും
യെഹൂദസമിതി മുഴുവനും യേശുവിനെ എന്താ
ണുചെയ്യേണ്ടതെന്നു തീരുമാനിച്ചു. അവർ അവ
നെബന്ധിച്ച് പീലാത്തൊസിന്റെ മുമ്പിൽ
കൊണ്ടുചെന്നു. അവർ യേശുവിനെ പീലാ
ത്തൊസിനെ ഏല്പിച്ചു.
2പീലാത്തൊസ് യേശുവിനോടു ചോദിച്ചു,
"നീ യെഹൂദരുടെ രാജാവാണോ?" യേശു പറ
ഞ്ഞു,"അതെ, അതു ശരിയാണ്."
3മഹാപുരോഹിതന്മാർ യേശുവിന്റെ മേൽ
പല ആരോപണങ്ങളും ഉന്നയിച്ചു. **4**പീലാ
ത്തൊസ് യേശുവിനോടു മറ്റൊരു കാര്യം കൂടി
ചോദിച്ചു. "ഇവർ നിനക്കെതിരായി പല കുറ്റ
ങ്ങളും ആരോപിക്കുന്നു. എന്നിട്ടും നിന്റെ രക്ഷ
യ്ക്കായി നീയെന്താണ് മറുപടിയൊന്നും പറ
യാത്തത്?"**5**പക്ഷെ യേശു അപ്പോഴും ഒന്നും പറ
യാത്തതു കണ്ട് പീലാത്തൊസ് അത്ഭുതപ്പെട്ടു.

യേശുവിനെ മോചിപ്പിക്കാനുള്ള പീലാത്തൊസിന്റെ വിഫലശ്രമം

(മത്താ. 27:15-31; ലൂക്കൊ. 23:13-25;
യോഹ. 18:39-19:6)

6എല്ലാ പെസഹാനാളിലും പീലാത്തൊസ്
ഒരാളെ വീതം തടവിൽനിന്നും വിട്ടിരുന്നു. ജ
നങ്ങളാവശ്യപ്പെടുന്ന ആരെയും അയാൾക്കു
വിടാമായിരുന്നു. **7**ആ സമയം, തടവറയിൽ ബറ
ബ്ബാസ് എന്നൊരാളുണ്ടായിരുന്നു. അയാൾ ക
ലാപകാരികളുടെകൂടെ തടവിലായിരുന്നു. ക
ലാപങ്ങളിലെ കൊലയാളിയായിരുന്നു അവൻ.
8അത്തവണയും ജനങ്ങൾ പീലാത്തൊസിനോ
ട് പതിവുപോലെ ഒരാളെ മോചിപ്പിക്കാനാവ
ശ്യപ്പെട്ടു.
9പീലാത്തൊസ് അവരോടു ചോദിച്ചു, "യെ
ഹൂദരാജാവിനെ ഞാൻ നിങ്ങൾക്കു വിട്ടുതര
ണമോ?"**10**മഹാപുരോഹിതർ അസൂയ കൊണ്ടാ
ണ് യേശുവിനെ തന്നെ ഏല്പിച്ചതെന്ന് പീലാ
ത്തൊസിന് അറിയാമായിരുന്നു.**11**പക്ഷേ യേശു
വിനെയല്ലാതെ ബറബ്ബാസിനെ മോചിപ്പിക്ക
ണമെന്ന് ആവശ്യപ്പെടുവാൻ മഹാപുരോഹി
തർ ജനങ്ങളെ പ്രേരിപ്പിച്ചു. **12**പീലാത്തൊസ്
വീണ്ടും അവരോടു ചോദിച്ചു, "എങ്കിൽ നിങ്ങ
ൾ യെഹൂദരുടെ രാജാവെന്നു വിളിക്കുന്ന ഈ
മനുഷ്യനെ ഞാനെന്തു ചെയ്യണം?" **13**ജനങ്ങൾ
വീണ്ടും വിളിച്ചു പറഞ്ഞു, "അവനെ ക്രൂശിക്കു
ക! **14**പീലാത്തൊസ് ചോദിച്ചു, "എന്തിനാണ്?
അവനെന്തു തെറ്റു ചെയ്തു?" പക്ഷെ ജനങ്ങൾ
കൂടുതൽഉച്ചത്തിൽ വിളിച്ചു പറഞ്ഞു,"അവനെ
ക്രൂശിക്കുക."**15**ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താൻ
പീലാത്തൊസ് ബറബ്ബാസിനെ അവർക്കു വിട്ടു
കൊടുത്തു. യേശുവിനെ ചാട്ടവാറുകൊണ്ടടി
ക്കാനും അയാൾ പട്ടാളക്കാരോട് ആജ്ഞാപി
ച്ചു. അനന്തരം യേശുവിനെ ക്രൂശിക്കുവാൻ
പീലാത്തൊസ് അവനെ പട്ടാളക്കാരെ ഏല്പി
ച്ചു. **16**പട്ടാളക്കാർ മുഴുവനും യേശുവിനെ നാടു
വാഴിയുടെ കൊട്ടാരത്തിലേക്കു കൊണ്ടുവന്നു.
അവർ മറ്റു പട്ടാളക്കാരെയും വിളിച്ചു. **17**അവര

വനെ ഒരു ചുവന്നമേലങ്കി ധരിപ്പിച്ചു. ഒരു
മുൾക്കിരീടമുണ്ടാക്കി. അത് യേശുവിൻെറ തല
യിലണിയിച്ചു.
18അനന്തരം അവർ യേശുവിനെ “യെഹൂദരു
ടെരാജാവേ” എന്നു വിളിച്ചു. 19പട്ടാളക്കാർ
അവൻെറതലയിൽ ഒരു വടികൊണ്ട് അടി
യ്ക്കുകയും മുഖത്ത് തുപ്പുകയും ചെയ്തു.
അവർ അവൻെറ മുമ്പിൽ മുട്ടുകുത്തി വന്ദിച്ച്
അവനെ പരിഹസിച്ചു. 20അതിനുശേഷം ചുവ
ന്നമേലങ്കി ഊരി അവൻെറ തന്നെ വസ്ത്രങ്ങൾ
അവർ അവനെ ധരിപ്പിച്ചു. പിന്നെ അവർ
അവനെ ക്രൂശിക്കാൻ കൊണ്ടുപോയി.

യേശു ക്രൂശിക്കപ്പെടുന്നു

(മത്താ. 27:32-44; ലൂക്കൊ. 23:26-43; യോഹ. 19:17-27)
21കുറേനക്കാരൻ ശിമോൻ ആ വഴി കടന്നു
പോകുകയായിരുന്നു. അയാൾ അലക്സന്തരി
ൻെറയും രൂഫൊസിൻെറയും പിതാവായിരു
ന്നു. അയാൾ നാട്ടിൻപുറത്തുനിന്നും നഗരത്തി
ലേക്കു വരികയായിരുന്നു. യേശുവിൻെറ കുരി
ശുചുമക്കുവാൻ പട്ടാളക്കാർ അയാളെ നിർബ
ന്ധിച്ചു. 22അവർ യേശുവിനെ ഗൊൽഗോഥാ
യിലേക്കു കൊണ്ടുപോയി. (“തലയോട്ടിയുടെ
സ്ഥലം”എന്നാണീവാക്കിൻെറ അർത്ഥം.) 23ഗൊ
ൽഗോഥായിൽ പട്ടാളക്കാർ യേശുവിനെ വീ
ഞ്ഞു കുടിപ്പിക്കുവാൻ ശ്രമിച്ചു. അതിൽ മീറാ
കലർത്തിയിരുന്നു. പക്ഷെ അതുകുടിക്കാൻ യേ
ശുവിസമ്മതിച്ചു.24പട്ടാളക്കാർ യേശുവിനെ കു
രിശിൽ ചേർത്തുവച്ച് ആണിയടിച്ചു. അവർ
അവൻെറ വസ്ത്രം കീറിയെടുത്ത് അവരുടെയി
ടയിൽവീതിച്ചു. ഒരോരുത്തർക്കും ഏതു വസ്ത്ര
ഭാഗം കിട്ടണമെന്നവർ നറുക്കിട്ടു.
25യേശുവിനെ അവർ കുരിശിൽ തറച്ചപ്പോ
ൾകാലത്തു ഒൻപതു മണിയായിരുന്നു. 26യേശു
വിനെതിരെയുള്ള കുറ്റം ആ മുദ്രപത്രത്തിൽ
“യെഹൂദരുടെ രാജാവ്” എന്നും രേഖപ്പെടുത്തി
യിരുന്നു. 27അവർ യേശുവിനോടൊപ്പം രണ്ടു
കള്ളന്മാരെയും ക്രൂശിച്ചിരുന്നു. ഒരുവനെ അവ
ൻെറ ഇടതുവശത്തും മറ്റവനെ അവൻെറ വല
തുവശത്തും.* 28-29ആ വഴി കടന്നുപോയവരെ
ല്ലാംയേശുവിനെ ദുഷിച്ചുപറഞ്ഞു. അവർ തല
യാട്ടിക്കൊണ്ടുപറഞ്ഞു, “നീ ദൈവാലയം പൊ
ളിക്കുമെന്നും മൂന്നുദിവസം കൊണ്ട് നീ അതു
പണിയുമെന്നും പറഞ്ഞു. 30എങ്കിൽ നീ തന്നെ
നിന്നെ രക്ഷിക്കൂ! കുരിശിൽ നിന്നിറങ്ങി വരൂ.”
31മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അ
വിടെയുണ്ടായിരുന്നു. ജനങ്ങൾ ചെയ്തതുപോ
ലെ തന്നെ അവരും യേശുവിനെ പരിഹസിച്ചു.
അവർ അന്യോന്യം പറഞ്ഞു, “അവൻ മറ്റുള്ള
വരെ രക്ഷിച്ചു. എന്നാൽ സ്വയം രക്ഷിക്കാന
വനു കഴിയുന്നില്ല. 32അവൻ യെഹൂദരാജാവാ
യ യഥാർത്ഥ ക്രിസ്തുവാണെങ്കിൽ അവൻ
കുരിശിൽനിന്നിറങ്ങി വരട്ടെ. അതു കണ്ടാൽ
നമുക്കവനിൽ വിശ്വസിക്കാം.” അവനോടൊപ്പം
ക്രൂശിക്കപ്പെട്ടവരും അവനെ പരിഹസിച്ചു.

യേശു മരിക്കുന്നു

(മത്താ. 27:45-56; ലൂക്കൊ. 23:44-49; യോഹ. 19:28-30)
33ഉച്ചയ്ക്ക് രാജ്യമാകെ ഇരുണ്ടു. മൂന്നുമണി
വരെ ഇരുട്ടു തുടർന്നു. 34മൂന്നു മണിക്കു യേശു
ഉറക്കെ നിലവിളിച്ചു, “എലോഹീ, എലോഹീ,
ലമ്മാ ശബ്ബക്താനീ.” ഇതിൻെറ അർത്ഥം ഇങ്ങ
നെയാണ്,“ എൻെറ ദൈവമേ, എൻെറ ദൈവ
മേ, നീയെന്താണെന്നെ കൈവിട്ടത്?”*
35അവിടെയുണ്ടായിരുന്നവരിൽ ചിലർ ഇതു
കേട്ടു. അവർ പറഞ്ഞു, “നോക്കൂ, അവൻ ഏലീ
യാവെ വിളിക്കുകയാണ്.”
36ഒരാൾ ഓടിച്ചെന്ന് ഒരു നീർപ്പഞ്ഞികൊ
ണ്ടുവന്നു. അയാൾ അതു വിനാഗിരിയിൽ മുക്കി
ഒരു കമ്പിൽ കെട്ടി. അയാൾ ആ കമ്പ് ഉയർത്തി
യേശുവിന് കുടിക്കാൻ നീർപ്പഞ്ഞി കൊടുത്തു.
അയാൾ പറഞ്ഞു, “അവനെ കുരിശിൽനിന്നും
ഇറക്കാൻ ഏലീയാവ് വരുമോ എന്നു നമുക്കു
കാണാം.”
37അപ്പോൾ യേശു ഉച്ചത്തിൽ കരയുകയും
അന്ത്യശ്വാസം വിടുകയും ചെയ്തു.
38യേശു മരിക്കുമ്പോൾ ദൈവാലയത്തിലെ
തിരശ്ശീല രണ്ടായി മുറിഞ്ഞു. മുകളിൽനിന്ന്
താഴെവരെ അതുകീറി. 39യേശു എങ്ങനെ മരി
ച്ചു എന്നത് അവനു മുമ്പിൽനിന്നിരുന്ന ശതാ
ധിപൻ കണ്ടു. അയാൾപറഞ്ഞു, “ഈ മനുഷ്യൻ
യഥാർത്ഥത്തിൽ ദൈവപുത്രനായിരുന്നു.”
40ഏതാനും സ്ത്രീകൾ അകലെ നിന്ന് എല്ലാം
വീക്ഷിക്കുന്നുണ്ടായിരുന്നു. അതിൽ മഗ്ദലമറി
യയും, ശലോമയും ചെറിയ യാക്കോബിൻെറ
യും യോസെയുടെയും അമ്മയായ മറിയയും
ഉണ്ടായിരുന്നു. 41ഇവർ യേശു ഗലീലയിൽ ആ
യിരുന്നപ്പോൾ അവനെ അനുഗമിച്ചിരുന്നു. മറ്റ
നേകം സ്ത്രീകളും അവിടെ ഉണ്ടായിരുന്നു. അ
വർ യേശുവിനോടൊപ്പം യെരൂശലേമിലേക്കു
വന്നവരായിരുന്നു.

യേശുവിനെ സംസ്കരിക്കുന്നു

(മത്താ. 27:57-61; ലൂക്കൊ. 23:50-56; യോഹ. 19:38-42)
42അത് ഒരുക്കദിവസമായിരുന്നു. (അതായത്
ശബ്ബത്തിൻെറ തലേന്ന്). അന്തരീക്ഷം ഇരുട്ടി.
43അരിമത്ഥ്യക്കാരനായ യോസേഫ് എന്നൊ
രാൾ പീലാത്തൊസിനെ സമീപിച്ച് യേശുവി
ൻെറ ശരീരം ആവശ്യപ്പെടാൻ ധൈര്യം കാട്ടി.
യോസേഫ് യെഹൂദസമിതിയിലെ പ്രധാനപ്പെ
ട്ട ഒരു അംഗമായിരുന്നു. ദൈവരാജ്യം പ്രതീക്ഷി
ച്ചു കഴിഞ്ഞവനുമായിരുന്നു അയാൾ. 44യേശു
മരിച്ചവാർത്ത പീലാത്തൊസിനെ അത്ഭുത
പ്പെടുത്തി. യേശുവിനു കാവൽ നിന്ന ശതാധി
പനെ പീലാത്തൊസ് വിളിച്ചു. യേശു മരിച്ചു
കഴിഞ്ഞോ എന്നയാളോടു ചോദിച്ചു. 45യേശു
മരിച്ചെന്നയാൾ പറഞ്ഞു. യേശുവിൻെറ ശരീ
രം പീലാത്തൊസ് യോസേഫിനു വിട്ടു കൊടു
ത്തു.
46യോസേഫ് കുറച്ചു നേരിയതുണി കൊണ്ടു
വന്ന് യേശുവിൻെറ ശരീരം കുരിശിൽ നിന്നിറ
ക്കി നേരിയതുണിയിൽ പൊതിഞ്ഞു. പാറ
യിൽ വെട്ടിയുണ്ടാക്കിയ കല്ലറയിൽ അയാൾ
യേശുവിൻെറ ശരീരം വെച്ചു. ഒരുവലിയ കല്ലു
കൊണ്ട് കല്ലറയുടെ വാതിലും അടച്ചു. 47മഗ്ദ
ലമറിയയും യോസെയുടെ മാതാവായ മറിയ
യും അവൻെറ ശരീരം വച്ച സ്ഥലം കണ്ടു.

യേശു ഉയിർത്തെഴുന്നേറ്റു

(മത്താ. 28:1-8; ലൂക്കൊ. 24:1-12; യോഹ. 20:1-10)
16 ശബ്ബത്തുദിനത്തിൻെറ പിറ്റേന്ന് മഗ്ദല
മറിയയും ശലോമയും യാക്കോബിൻെറ

വാക്യം 28 ചില ഗ്രീക്കുപതിപ്പുകളിൽ 28ാം വാക്യം “തിരുവെഴുത്തുകൾ നിവൃത്തിയാകേണ്ടതിന്, അവനെ കുറ്റവാളികളോട് ചേർത്തു” എന്നു കൂടെ കാണുന്നു.

“എൻെറ ദൈവമേ ... കൈവിട്ടത്?” ഉദ്ധരണി സങ്കീ. 22:1.

അമ്മയായ മറിയയും യേശുവിനെ പൂശുന്നതി
നായി സുഗന്ധതൈലങ്ങൾ വാങ്ങി. **2**ആഴ്ച
യിലെ ആദ്യദിവസം അതിരാവിലെ, അവർ
കല്ലറയിങ്കലേക്കു ചെന്നു. സൂര്യോദയം ആരംഭി
ച്ചതേയുള്ളൂ. **3**ആ സ്ത്രീകൾ പരസ്പരം പറ
ഞ്ഞു, "കല്ലറയുടെ വാതിലടയ്ക്കുന്ന ഒരു കല്ലു
ണ്ട്. നമുക്കു വേണ്ടി ആരത് മാറ്റും?"

4അപ്പോൾ അവർ നോക്കിയപ്പോൾ കല്ലു
ഉരുട്ടിമാറ്റിയിരിക്കുന്നതു കണ്ടു. വളരെ വലിയ
തായിരുന്നിട്ടും ആ കല്ല് വളരെദൂരേക്കു മാറ്റിയി
രിക്കുന്നതായി കണ്ടു. **5**അവർ കല്ലറയിലേക്കു
നടന്നു. വെളുത്ത അങ്കിധരിച്ചൊരു ചെറുപ്പ
ക്കാരനെ അവർ കണ്ടു. അവൻ കല്ലറയുടെ
വലതുഭാഗത്ത് ഇരിക്കുകയായിരുന്നു. സ്ത്രീകൾ
ഭയന്നു.

6പക്ഷെ അയാൾപറഞ്ഞു, "ഭയപ്പെടേണ്ട, നി
ങ്ങൾ ക്രൂശിക്കപ്പെട്ട നസറെത്തുകാരനായ യേ
ശുവിനെ അന്വേഷിക്കുന്നു. അവൻ ഉയിർത്തെ
ഴുന്നേറ്റിരിക്കുന്നു. അവനിവിടെയില്ല. 'നോക്കൂ,
അവൻ മരിച്ചപ്പോൾ ഇവിടെയാണവനെ അട
ക്കിയത്.**7**നിങ്ങൾ ചെന്ന് അവന്റെ ശിഷ്യന്മാ
രോടും പ്രത്യേകിച്ച് പത്രൊസിനോടും ഇങ്ങ
നെപറയുക. യേശു ഗലീലയിലേക്കു പോകു
ന്നു. നിങ്ങളെക്കാൾ മുമ്പേ അവനവിടെയെ
ത്തും. അവൻ നിങ്ങളോടു മുമ്പു പറഞ്ഞതു
പോലെ നിങ്ങൾക്കവിടെ അവനെ കാണാം.'"

8*ആ സ്ത്രീകൾ വളരെ ഭയപ്പെടുകയും പരി
ഭ്രമിക്കുകയും ചെയ്തു. അവർ കല്ലറയിൽ നി
ന്നും ഓടിപ്പോയി. ഭയചകിതരായതിനാൽ അ
വർ ആരോടും ഒന്നും പറഞ്ഞില്ല.

ചില ശിഷ്യന്മാർ യേശുവിനെ കാണുന്നു

(മത്താ. 28:9-10; ലൂക്കൊ. 24:13-35; യോഹ. 20:11-18)

9ആഴ്ചയിലെ ആദ്യദിവസം പുലർച്ചയ്ക്കു
തന്നെ യേശു ഉയിർത്തെഴുന്നേറ്റു. അവൻ ആ
ദ്യം മഗ്ദലമറിയയ്ക്കു പ്രത്യക്ഷനായി. ഒരിക്കൽ
അവൻ ഏഴു അശുദ്ധാത്മാക്കളെ അവളിൽനി
ന്നും ഒഴിപ്പിച്ചതാണ്. **10**അവൾ വിവരം യേശുവി
ന്റെ ശിഷ്യന്മാരുടെ അടുത്തെത്തിച്ചു. അവർ
വളരെ ദു:ഖിച്ചും കരഞ്ഞും കൊണ്ടിരിക്കുകയാ
യിരുന്നു. **11**പക്ഷെ യേശു ജീവിച്ചിരിപ്പുണ്ടെന്ന്
മറിയ അവരോടു പറഞ്ഞു. താൻ അവനെ ക
ണ്ടെന്നും അവൾ പറഞ്ഞു. പക്ഷെ ശിഷ്യന്മാർ
അവളെ വിശ്വസിച്ചില്ല.

12പിന്നീട് രണ്ടു ശിഷ്യന്മാർ വെളിമ്പ്രദേശ
ത്തിലൂടെ നടക്കുമ്പോൾ യേശു അവർക്കു പ്രത്യ
ക്ഷപ്പെട്ടു. അവൻ കൊല്ലപ്പെടും മുമ്പ് ഉണ്ടായി
രുന്ന രൂപത്തിലായിരുന്നില്ല പ്രത്യക്ഷപ്പെട്ടത്.
13ആ ശിഷ്യന്മാർ മടങ്ങിച്ചെന്ന് സംഭവിച്ചതു
മറ്റു ശിഷ്യന്മാരോടു പറഞ്ഞു. ഈ രണ്ടുപേ
രുടെ വാക്കും അവർ വിശ്വസിച്ചില്ല.

യേശു ശിഷ്യന്മാരോടു സംസാരിക്കുന്നു

(മത്താ. 28:16-20; ലൂക്കൊ. 24:36-49;
യോഹ. 20:19-23; അ. പ്രവ. 1:6-8)

14പിന്നീട് പതിനൊന്നു ശിഷ്യന്മാരും ഭക്ഷ
ണം കഴിച്ചുകൊണ്ടിരിക്കവേ യേശു അവർക്കു
പ്രത്യക്ഷപ്പെട്ടു. അവരുടെ വിശ്വാസക്കുറവിന്
യേശു അവരെ ശാസിച്ചു. ഉയിർത്തെഴുന്നേ
ല്പിനു ശേഷം അവനെ കണ്ടവരെ വിശ്വസിക്കാ
ത്തതിനും അവരുടെ ഹൃദയകാഠിന്യത്തിനുമാണ
വൻ ശാസിച്ചത്.

15യേശു അവരോടു പറഞ്ഞു,"ലോകത്തിലെ
മ്പാടും പോകൂ. എല്ലാവരോടും സുവിശേഷം
പ്രസംഗിക്കൂ. **16**വിശ്വസിക്കുകയും സ്നാനപ്പെ
ടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വ
സിക്കാത്തവൻ ശിക്ഷിക്കപ്പെടും. **17**വിശ്വസിക്കു
ന്നവർക്ക് ഈ കഴിവുകൾ അടയാളമായി ഉണ്ടാ
കും. ഭൂതങ്ങളെ അവർ എന്റെ നാമത്തിൽ
ഒഴിപ്പിക്കും. അവർ ഒരിക്കലും പഠിക്കാത്ത ഭാഷ
കൾ സംസാരിക്കും. **18**അവർ പാമ്പുകളെ കൈ
യിലെടുക്കും. വിഷംകുടിച്ചാലും അവർക്കൊരു
ദൂഷ്യവും വരികയില്ല. അവർ രോഗികളുടെ
മേൽ സ്പർശിച്ചാൽ രോഗികൾ സുഖപ്പെടും."

യേശു സ്വർഗ്ഗത്തിലേക്ക് മടങ്ങിപ്പോകുന്നു

(ലൂക്കൊ. 24:50-53; അ. പ്രവ. 1:9-11)

19ശിഷ്യന്മാരോട് കർത്താവായ യേശു ഇതു
പറഞ്ഞു കഴിഞ്ഞപ്പോഴേക്കും അവൻ സ്വർഗ്ഗ
ത്തിലേക്ക് എടുക്കപ്പെട്ടു. അവിടെ യേശു ദൈ
വത്തിന്റെ വലത്തുഭാഗത്തിരുന്നു.

20ശിഷ്യന്മാർ എല്ലായിടങ്ങളിലും സഞ്ചരിച്ച്
സുവിശേഷം ജനങ്ങളിൽ എത്തിച്ചു. കർത്താ
വ് അവരെ സഹായിച്ചു. സുവിശേഷം സത്യ
മാണെന്ന് കർത്താവ് തെളിയിച്ചുകൊണ്ടിരുന്നു.
അതിനായി വീര്യപ്രവൃത്തികൾ കാട്ടാനുള്ള ക
ഴിവ് അവൻ ശിഷ്യന്മാർക്കു നൽകി.

വാക്യം 8 ചില ഗ്രീക്കു കൈയെഴുത്തുകളിൽ, ഈ വാക്യത്തോടുകൂടെ പുസ്തകം അവസാനിക്കുന്നു.

ലൂക്കൊസ് എഴുതിയ സുവിശേഷം

യേശുവിൻെറ ജീവിതത്തെപ്പറ്റി ലൂക്കൊസ് എഴുതുന്നു

1 പ്രിയപ്പെട്ട തെയോഫിലോസേ, നമ്മുടെ യി
ടയിൽ നടന്ന കാര്യങ്ങളുടെ പ്രസക്തമായ
വിവരണം എഴുതുവാൻ വളരെയാളുകൾ ശ്രമി
ച്ചിട്ടുണ്ട്. 2ആരംഭംമുതൽ എല്ലാം കാണുകയും
അവൻെറ സന്ദേശം ജനങ്ങളോട് പറയുകയും
ചെയ്തുകൊണ്ട് ദൈവത്തെ ശുശ്രൂഷിച്ചവർ
നമുക്കു കൈമാറിയ കാര്യങ്ങൾ തന്നെയാണവ.
3പ്രഭോ! ഞാനെല്ലാക്കാര്യവും ആദ്യം മുതൽ ത
ന്നെ ശ്രദ്ധാപൂർവ്വം പഠിച്ചു. അപ്പോഴെനിക്കു
തോന്നി നിനക്കുവേണ്ടി അതെഴുതണമെന്ന്.
അതിനാൽ ഞാനതെല്ലാം ക്രമപ്പെടുത്തി ഒരു
പുസ്തകമെഴുതി. 4നിന്നെ അറിയിച്ച കാര്യ
ങ്ങൾ സത്യമാണെന്നു നീ മനസ്സിലാക്കുന്ന
തിനാണ് ഞാനിതെഴുതിയത്.

സെഖര്യാവും എലീശബെത്തും

5ഹെരോദാവ് യെഹൂദ്യരാജ്യത്തെ രാജാവാ
യിരുന്നകാലത്ത് സെഖര്യാവ് എന്നൊരു പുരോ
ഹിതൻ ഉണ്ടായിരുന്നു. അബീയായുടെ ഗണ
ത്തിൽപ്പെട്ടവനായിരുന്നു അവൻ. അഹരോ
ൻെറ കുടുംബത്തിൽനിന്നുള്ളവളായിരുന്നു സെ
ഖര്യാവിൻെറ ഭാര്യ എലീശബെത്ത്. 6ദൈവ
ത്തിൻെറ മുമ്പിൽ അവർ നല്ലവരായിരുന്നു.
ദൈവത്തിൻെറ കല്പനകളെല്ലാം അവർ അനുസ
രിക്കുകയും മുടക്കം വരാതെ വിശ്വസ്തത
യോടെ പാലിക്കുകയും ജനങ്ങളോട് അങ്ങനെ
ചെയ്യാൻ പറയുകയും ചെയ്തു. 7പക്ഷേ സെഖ
ര്യാവിനും എലീശബെത്തിനും കുട്ടികളില്ലായി
രുന്നു. എലീശബെത്ത് വന്ധ്യയായിരുന്നു, ഇരു
വരും വൃദ്ധരുമായിരുന്നു.
8സെഖര്യാവ് ദൈവസന്നിധിയിൽ പുരോ
ഹിതനായി സേവനമനുഷ്ഠിക്കുകയായിരുന്നു.
അയാളുടെ ഗണത്തിൻെറ ഊഴമായിരുന്നു അ
പ്പോൾ. 9ദൈവത്തിൻെറ മുമ്പിൽ ധൂമാർപ്പണം
നടത്താൻ പുരോഹിതർ ഒരു പുരോഹിതനെ
എപ്പോഴും തെരഞ്ഞെടുക്കുമായിരുന്നു. സെഖ
ര്യാവിനെ അത്തവണ അത് ചെയ്യുന്നതിന്
തെരഞ്ഞെടുത്തു. അതിനാലയാൾ കർത്താവി
ൻെറ ദൈവാലയത്തിനുള്ളിലേക്കു കടന്നു. 10പു
റത്ത് അനേകമനേകം ആൾക്കാർ ഉണ്ടായിരുന്നു.
ധൂമാർപ്പണം നടക്കുമ്പോൾ അവർ പ്രാർത്ഥിക്കു
ന്നുണ്ടായിരുന്നു.
11അപ്പോൾ ധൂമബലിപീഠത്തിനു വലതുവ
ശത്തായി ദൈവത്തിൻെറ ദൂതൻ സെഖര്യാവി
നു മുമ്പിൽ വന്നു നിന്നു. 12ദൂതനെ കണ്ടപ്പോൾ
സെഖര്യാവിന് പരിഭ്രമവും വളരെ ഭയവും ഉ
ണ്ടായി. 13പക്ഷേ ദൂതൻ അയാളോടു പറഞ്ഞു.
“സെഖര്യാവേ, ഭയപ്പെടേണ്ട! നിൻെറ പ്രാർത്ഥ
ന ദൈവംകേട്ടിട്ടുണ്ട്. നിൻെറഭാര്യ എലീശബെ
ത്ത് ഒരാൺകുഞ്ഞിനു ജന്മം നൽകും. നീ അവന്
യോഹന്നാൻ എന്നു പേരിടേണം. 14നീ വളരെ
യധികം സന്തോഷവാനായിത്തീരും. അവൻെറ
ജനനത്തിൽ അനേകം പേർ സന്തോഷിക്കും.
15ദൈവത്തിൻെറ മുമ്പിൽ യോഹന്നാൻ വലി
യവനായിത്തീരും. അയാൾഒരിക്കലും വീഞ്ഞോ
മദ്യമോ കുടിക്കുകയില്ല. അമ്മയുടെ ഗർഭത്തി
ലായിരിക്കെത്തന്നെ യോഹന്നാനിൽ പരിശു
ദ്ധാത്മാവ് നിറയും.16അനേകം യെഹൂദരെ യോ
ഹന്നാൻ അവരുടെ ദൈവമായ കർത്താവിലേ
ക്കുമടക്കിക്കൊണ്ടുവരും.17യോഹന്നാൻ ഏലീ
യാവിൻെറആത്മാവിലും ശക്തിയിലും കർത്താ
വിൻെറ മുമ്പായി പോകും. ഏലീയാവിൻെറ
ആത്മാവും ശക്തിയും അവനുണ്ടാകും. പിതാക്ക
ന്മാർക്കും മക്കൾക്കുമിടയിൽ അവൻ സമാധാനം
സ്ഥാപിക്കും. ദൈവത്തെ അനുസരിക്കാത്ത ഒ
ട്ടേറെപ്പേരുണ്ട്. അവരെ നീതിമാന്മാരുടെ വി
ജ്ഞാനത്തിലേക്കു യോഹന്നാൻ കൊണ്ടുവരും.
അങ്ങനെ കർത്താവിൻെറ വരവിനുവേണ്ടി അ
വൻ ജനങ്ങളെ ഒരുക്കി നിർത്തും.”
18സെഖര്യാവ് ദൂതനോടുചോദിച്ചു, “നീ പറ
യുന്നതു സത്യമാണെന്നു ഞാനെങ്ങനെയറി
യും?ഞാനൊരു വൃദ്ധനും, എൻെറ ഭാര്യ വയസ്സേ
റെ ചെന്നവളുമാണ്.” 19ദൂതൻ പ്രതിവചിച്ചു,
“ദൈവത്തിനുമുമ്പിലുള്ള ഗബ്രീയേലാണു ഞാ
ൻ.നിന്നോടു സംസാരിക്കുവാനും ഈനല്ല വർ
ത്തമാനം നിന്നെഅറിയിക്കുവാനും ദൈവം എ
ന്നെ അയച്ചതാണ്. 20നോക്കൂ, ഇപ്പറഞ്ഞതെല്ലാം
സംഭവിക്കുംവരെ നിനക്കു സംസാരശേഷി ന
ഷ്ടപ്പെടുകയും നീ നിശ്ശബ്ദനാകുകയും ചെ
യ്യും. എന്തെന്നാൽ? ഞാൻ നിന്നോടു പറഞ്ഞ
കാര്യങ്ങൾ നീ വിശ്വസിച്ചില്ല. പക്ഷേ ഇതെ
ല്ലാം യഥാർത്ഥത്തിൽ സംഭവിക്കുകതന്നെ ചെ
യ്യും.”
21പുറത്ത് ജനങ്ങൾ സെഖര്യാവിനായി കാ
ത്തിരിക്കുകയായിരുന്നു. ദൈവാലയത്തിനുള്ളി
ൽ വളരെ നേരം അയാൾ ഇരിക്കുന്നതിൽ അവർ
അത്ഭുതപ്പെട്ടു.22സെഖര്യാവ് പുറത്തേക്കു വ
ന്നു. പക്ഷേ അയാൾക്കു മിണ്ടുവാനാകുമായിരു
ന്നില്ല. ദൈവാലയത്തിനുള്ളിൽ വച്ച് അയാൾ
ക്കൊരു ദർശനമുണ്ടായെന്ന് ജനങ്ങൾ മനസ്സി
ലാക്കി. സെഖര്യാവിനു സംസാരിക്കാനായില്ല.
അയാൾ അവരോട് ആംഗ്യം കാണിച്ചു. 23തൻെറ
ശുശ്രൂഷാസമയം കഴിഞ്ഞപ്പോൾ അയാൾ വീ
ട്ടിലേക്കു പോയി. 24പിന്നീട് സെഖര്യാവിൻെറ
ഭാര്യ എലീശബെത്ത് ഗർഭിണിയായി. അതു
കൊണ്ടു അവൾ അഞ്ചു മാസത്തേക്കു വീടിനു
പുറത്തുപോയില്ല. എലീശബെത്തു പറഞ്ഞു,
25“കർത്താവ് എനിക്കെന്താണു ചെയ്തിരിക്കു
ന്നതെന്നുനോക്കൂ. ഇപ്പോഴവൻ അവൻെറ പ്രീ
തികാണിക്കുകയും കുട്ടികൾ ഇല്ലാത്തതു കൊ
ണ്ട് എനിക്കു ജനത്തിനു മുമ്പിൽ ഉണ്ടായിരുന്ന
അപമാനം ഇല്ലാതാക്കുകയും ചെയ്തിരിക്കു
ന്നു.”

കന്യകമറിയ

26-27എലീശബെത്തിന് ആറുമാസം ഗർഭമുള്ള
പ്പോൾ ദൈവം ഗലീലയിലെ നസറെത്തു പട്ട
ണത്തിൽ താമസിക്കുന്ന ഒരു കന്യകയുടെ അടു

ത്തേക്ക് ഗബ്രീയേൽദൂതനെ അയച്ചു.മറിയ എ
ന്നുപേരായ ആ കന്യക ദാവീദിൻെറകുടുംബ
ത്തിൽപ്പെട്ട യോസേഫിൻെറ പ്രതിശ്രുതവധു
വായിരുന്നു.28ദൂതൻ അവളുടെയടുത്തെത്തി പ
റഞ്ഞു, "ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവളേ,
വന്ദനം! ദൈവം നിന്നോടൊപ്പമുണ്ട്."
29പക്ഷേ ദൂതൻ പറഞ്ഞതു കേട്ട് മറിയയ്ക്ക്
ആശയക്കുഴപ്പമുണ്ടായി. അവളത്ഭുതം കൂറി.
"എന്താണ് ഈ ആശംസയുടെ അർത്ഥം?"
30ദൂതൻ അവളോടുപറഞ്ഞു,"ഭയപ്പെടാതിരി
ക്കൂ! മറിയേ, എന്തെന്നാൽ ദൈവം നിന്നിൽ
സംപ്രീതനായിരിക്കുന്നു. 31നോക്കൂ! നീ ഗർഭവ
തിയാകും. ഒരാൺകുഞ്ഞിനു നീ ജന്മമരുളും.
നീയവന് യേശു എന്നു പേരിടേണം. 32അവൻ
വലിയവനായിരിക്കും. ജനങ്ങൾഅവനെ അത്യു
ന്നതൻെറ പുത്രനെന്നു വിളിക്കും .കർത്താവായ
ദൈവം അവന് പിതാവായ ദാവീദിൻെറ സിം
ഹാസനം നൽകും. 33അവൻ യാക്കോബിൻെറ
ജനതയെ എക്കാലവും ഭരിക്കും. അവൻെറ ഭര
ണം ഒരിക്കലും അവസാനിക്കുകയുമില്ല."
34മറിയ ദൂതനോടു ചോദിച്ചു, "അതെങ്ങനെ
സംഭവിക്കും? ഞാൻ വിവാഹിതയല്ലല്ലോ!" 35ദൂ
തൻ മറിയയോടു പറഞ്ഞു, "പരിശുദ്ധാത്മാവു
നിന്നിൽവരും. അത്യുന്നതൻെറ ശക്തി നിന്നിൽ
വാഴും. നിനക്കു ജനിക്കുന്ന കുഞ്ഞ് പരിശുദ്ധ
നാണ്. അവൻ ദൈവപുത്രനെന്നു വിളിക്കപ്പെ
ടും. 36നിൻെറ ബന്ധുവായ എലീശബെത്തും
ഗർഭം ധരിച്ചിരിക്കുന്നു. അവൾ വളരെ വൃദ്ധയാ
ണ്. എങ്കിലും അവൾക്കൊരു ആൺകുട്ടിയുണ്ടാ
കുവാൻ പോകുന്നു. എല്ലാവരും കരുതി അവൾ
ക്കിനി കുട്ടിയുണ്ടാവില്ലെന്ന്. എന്നാൽ അവളി
പ്പോൾ ആറുമാസം ഗർഭിണിയാണ്. 37ദൈവ
ത്തിന് അസാദ്ധ്യമായി ഒന്നുമില്ല." 38മറിയ പറ
ഞ്ഞു, "കർത്താവിൻെറ ദാസിയാണു ഞാൻ.
നീ പറഞ്ഞതുപോലെ എനിക്കു സംഭവിക്കട്ടെ."
അനന്തരം ദൂതൻ അവിടം വിട്ടുപോയി.

മറിയ സെഖര്യാവിനെയും എലീശ ബെത്തിനെയും സന്ദർശിക്കുന്നു

39മറിയ ഉടനെ യെഹൂദ്യയിൽ മലമ്പ്രദേശ
ത്തുള്ള പട്ടണത്തിലേക്കു പോയി. 40സെഖര്യാ
വിൻെറ വീട്ടിൽ ചെന്ന് അവൾ എലീശബെ
ത്തിനെ വണങ്ങി. 41മറിയയുടെ അഭിവാദ്യം
കേട്ട എലീശബെത്തിൻെറ ഗർഭത്തിലെ ശിശു
ചലിച്ചു. എലീശബെത്തിൽ പരിശുദ്ധാത്മാവ്
വന്നുനിറഞ്ഞു. 42അവൾ വലിയ ശബ്ദത്തിൽ
പറഞ്ഞു,"ദൈവം നിന്നെ എല്ലാ സ്ത്രീകളെക്കാ
ളും അനുഗ്രഹിച്ചിരിക്കുന്നു. നീ പ്രസവിക്കാനി
രിക്കുന്ന കുഞ്ഞും അനുഗ്രഹീതനാണ്. 43എൻെറ
കർത്താവിൻെറ അമ്മയായ നീ എൻെറ അടു
ത്തു വന്നിരിക്കുന്നു. ഇതിനായി എനിക്കെങ്ങ
നെ ഭാഗ്യം ലഭിച്ചു? 44നിൻെറ ശബ്ദം ഞാൻ
കേട്ടപ്പോൾ എൻെറയുള്ളിലുള്ള കുട്ടി സന്തോ
ഷംകൊണ്ട് കുതിച്ചുതുള്ളി. 45കർത്താവിൻെറ
അരുളപ്പാട് വിശ്വസിച്ചതിനാൽ നീ അനുഗ്രഹീ
തയാണ്. ഇങ്ങനെയൊക്കെ സംഭവിക്കുമെന്നതു
നീ വിശ്വസിച്ചു."

മറിയ ദൈവത്തെ വാഴ്ത്തുന്നു

46അനന്തരം മറിയ പറഞ്ഞു,
47"എൻെറ ആത്മാവ് കർത്താവിനെ വാഴ്ത്തു
ന്നു; ദൈവം എൻെറ രക്ഷകനാകുന്നു. അതി
നാൽ എൻെറ ഹൃദയം സന്തോഷമുള്ളതാകുന്നു.
48ദൈവം അവൻെറ ദാസിയുടെ താഴ്മയെ
പരിഗണിച്ചിരിക്കുന്നു. ഞാൻ അനുഗ്രഹീതയാ
ണെന്ന് ഇപ്പോൾ മുതൽ എല്ലാവരും പറയും.
49എന്തെന്നാൽ, സർവ്വശക്തൻ എനിക്കുവേ
ണ്ടി വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു. അവ
ൻെറ നാമം പരിശുദ്ധമാകുന്നു.
50തലമുറകളായി ദൈവം തന്നെ ഭയപ്പെടുന്ന
വർക്കു കരുണയുള്ളവനാണ്.
51അവൻെറ ഭുജം ശക്തമാണ്. സ്വയം വലി
യവനെന്നു നടിക്കുകയും, അഹങ്കരിക്കുകയും
ചെയ്തവരെ ദൈവം ചിതറിച്ചു.
52ഭരണാധികാരികളെ അവരുടെ സിംഹാസ
നത്തിൽനിന്നും ദൈവം മറിച്ചിട്ടു, താഴ്ന്നവ
രെയവൻ ഉയർത്തി.
53വിശക്കുന്നവർക്കു നന്മകൾ നൽകി ദൈവം
അവരെ തൃപ്തിപ്പെടുത്തി. പക്ഷേ ധനവാന്മാ
രെയും, സ്വാർത്ഥരെയും വെറും കയ്യോടെ പ
റഞ്ഞയച്ചു.
54ദൈവം യെഹൂദരെ-അവനെ സേവിക്കുന്ന
അവൻെറ ആളുകളെയും സഹായിച്ചു.
55അബ്രാഹാമിനോടും, അയാളുടെ സന്തതി
പരമ്പരകളോടും, എന്നെന്നും കരുണയുള്ളവ
നായിരിക്കുമെന്ന് നമ്മുടെ പൂർവ്വപിതാക്ക
ളോടു വാഗ്ദാനം ചെയ്തതനുസരിച്ച് ദൈവം
പ്രവർത്തിച്ചു."
56മൂന്നു മാസത്തോളം എലീശബെത്തിനോ
ടൊത്തു താമസിച്ച്, മറിയ വീട്ടിലേക്കു മടങ്ങി.

യോഹന്നാൻെറ ജനനം

57എലീശബെത്തിനു പ്രസവസമയമായ
പ്പോൾ, അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു.
58കർത്താവ് അവളോട് വലിയ കാരുണ്യം കാട്ടി
യെന്നു കേട്ട അവളുടെ ബന്ധുക്കളും അയൽ
ക്കാരും അവളോടൊത്തു സന്തോഷിച്ചു.
59കുട്ടിക്ക് എട്ടുദിവസം പ്രായമായപ്പോൾ, അ
വർ കുട്ടിയുടെ പരിച്ഛേദനം നടത്താൻ വ
ന്നു. അവർ കുട്ടിയ്ക്ക് സെഖര്യാവെന്നു പേരി
ടാൻ തുനിഞ്ഞു. എന്തെന്നാൽ അവൻെറ അപ്പ
ൻെറ പേര് അങ്ങനെയായിരുന്നു. 60പക്ഷേ കുട്ടി
യുടെ അമ്മ പറഞ്ഞു, "അല്ല! കുട്ടിക്കു യോഹ
ന്നാൻ എന്നു പേരിടേണം."
61"പക്ഷേ നിൻെറ കുടുംബത്തിലാർക്കും യോ
ഹന്നാനെന്നു പേരില്ലല്ലോ!" അവർ എലീശ
ബെത്തിനോടു പറഞ്ഞു. 62അനന്തരം അവർ
ആംഗ്യത്തിലൂടെ കുട്ടിയുടെ അപ്പനോടു ചോ
ദിച്ചു, "എന്തു പേരിടാനാണു നിങ്ങൾക്കാ
ഗ്രഹം?"
63സെഖര്യാവ് ചെറിയ എഴുത്തുമേശ ആവ
ശ്യപ്പെട്ടു. അയാളെഴുതി,,"അവൻെറ പേര് യോ
ഹന്നാനെന്നാകുന്നു." എല്ലാവരും അത്ഭുതപ്പെ
ട്ടു. 64അപ്പോളയാൾക്ക് വീണ്ടും സംസാരിക്കാമെ
ന്നായി. അയാൾദൈവത്തെ സ്തുതിക്കാൻ തുട
ങ്ങി. 65അവരുടെ എല്ലാ അയൽക്കാരും ഭയചകി
തരായി. ഈ സംഭവങ്ങൾ യെഹൂദ്യയിലെ മല
മ്പ്രദേശങ്ങളിലെങ്ങും പരന്നു. 66കേട്ടവരുടെ
മനസ്സിൽ അത് ആഴത്തിൽ പതിഞ്ഞു, "ഈ
കുട്ടി ആരായിത്തീരും?" അവർ വിചാരിച്ചു.
ദൈവം അവനോടൊപ്പം ആയതുകൊണ്ടാണി
തെന്നവർ പറഞ്ഞു.

സെഖര്യാവ് ദൈവത്തെ വാഴ്ത്തുന്നു

67അനന്തരം യോഹന്നാൻെറ അപ്പനായ സെ
ഖര്യാവിൽ പരിശുദ്ധാത്മാവ് വന്നുനിറഞ്ഞു.
എന്താണ് സംഭവിക്കാൻ പോകുന്നതെന്നയാൾ
പറഞ്ഞു:

68"യിസ്രായേലിന്റെ ദൈവമായ കർത്താവിനെ വാഴ്ത്തുവിൻ. തന്റെ ജനങ്ങളെ സഹായിക്കുന്നതിന് ദൈവമിതാ എത്തിയിരിക്കുന്നു. അവൻ അവർക്കു സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു.

69ദൈവദാസനായ ദാവീദിന്റെ കുടുംബത്തിൽ ദൈവം നമുക്കു ശക്തനായൊരു രക്ഷകനെ നൽകിയിരിക്കുന്നു.

70അവനിതു ചെയ്യുമെന്ന് ദൈവം വളരെ മുമ്പുജീവിച്ചിരുന്ന വിശുദ്ധപ്രവാചകന്മാർ മുഖേന അരുളിച്ചെയ്തിരുന്നു.

71നമ്മുടെശത്രുക്കളിൽനിന്നും നമ്മെ വെറുക്കുന്നവരുടെ കൈകളിൽനിന്നും ദൈവം നമ്മെ രക്ഷിക്കും.

72നമ്മുടെ പിതാക്കന്മാരോട് അവൻ കരുണയുള്ളവനായിരിക്കുമെന്ന് ദൈവം അരുളിച്ചെയ്തു. തന്റെ വിശുദ്ധവാഗ്ദാനത്തെപ്പറ്റി അദ്ദേഹം ഓർക്കുകയും ചെയ്തു.

73നമുക്കു ദൈവത്തെ ഭയം കൂടാതെ ശുശ്രൂഷിക്കാനുതകുംവിധം ശത്രുക്കളുടെ ശക്തിയിൽനിന്നും

74നമ്മെ രക്ഷിക്കുമെന്ന് ദൈവം നമ്മുടെ പിതാവായ അബ്രാഹാമിനു വാഗ്ദാനം ചെയ്തു.

75ജീവിച്ചിരിക്കുന്ന കാലത്തോളം ദൈവത്തിന്റെ മുമ്പിൽ നാം വിശുദ്ധരും നീതിബോധമുള്ളവരും ആയിരിക്കണം.

76കുഞ്ഞേ, ഇപ്പോൾ നീ അത്യുന്നതന്റെ പ്രവാചകനെന്നു വിളിക്കപ്പെടും. കർത്താവിനു മുമ്പെ ചെന്ന് നീ അവന്റെ വരവിന് ജനങ്ങളെ സന്നദ്ധരാക്കുകയും

77തന്റെ ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ട് അവർ രക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് നീ അവരെ അറിയിക്കും.

78ദൈവത്തിന്റെ സ്നേഹദയയാൽ സ്വർഗ്ഗത്തിൽനിന്നൊരു പുതുദിനം നമ്മുടെമേൽ തിളങ്ങും.

79ഇരുട്ടിലും മരണഭയത്തിലും ജീവിക്കുന്ന മനുഷ്യരെ ദൈവം സഹായിക്കും. സമാധാനത്തിലേക്കുള്ള വഴിയേ അവൻ നമ്മെ നടത്തും."

80ആത്മാവിൽ ശക്തിയുള്ളവനായി യോഹന്നാൻ വളർന്നു. യിസ്രായേൽക്കാരോട് പ്രസംഗിക്കാൻ വരുംവരെ യോഹന്നാൻ എല്ലാവരിൽനിന്നും അകന്ന് ഒരിടത്ത് താമസിച്ചു.

യേശുവിന്റെ ജനനം

(മത്താ. 1:18-25)

2 അക്കാലത്തു റോമാചക്രവർത്തിയായിരുന്ന ഔഗുസ്തോസ്, റോമാസാമ്രാജ്യത്തിലുള്ള എല്ലാവരും ഒരു ജനസംഖ്യ കണക്കെടുപ്പു പുസ്തകത്തിൽ തങ്ങളുടെ പേരു ചേർക്കണമെന്ന് ഒരു കല്പന പുറപ്പെടുവിച്ചു. 2അത് ആദ്യത്തെ കണക്കെടുപ്പായിരുന്നു. കുറേന്യൊസ് ആയിരുന്നു അപ്പോൾ സുറിയയുടെ ഗവർണ്ണർ. 3എല്ലാ ജനങ്ങളും കണക്കെടുപ്പിൽ പേരു ചേർക്കാൻ അവരവരുടെ പട്ടണങ്ങളിലേക്കു പോയി.

4അതിനാൽ ഗലീലയിലെ പട്ടണമായ നസറെത്തിൽനിന്നും യോസേഫ് പുറപ്പെട്ടു. യെഹൂദ്യയിലെ ബേത്ലേഹേമിലേക്കാണയാൾ പോയത്. ദാവീദിന്റെ പട്ടണമെന്നാണവിടം അറിയപ്പെട്ടിരുന്നത്. ദാവീദിന്റെ ഗോത്രത്തിലുൾപ്പെട്ടതിനാലാണ് യോസേഫ് അങ്ങോട്ടു പോയത്. 5യോസേഫ് തന്റെ പ്രതിശ്രുതവധു മറിയയോടൊപ്പമാണ് പേരുചേർത്തത്. (മറിയ അപ്പോൾ ഗർഭവതിയായിരുന്നു) 6അവർ ബേത്ലേഹേമിലായിരുന്നപ്പോൾ മറിയയ്ക്കു പ്രസവസമയമടുത്തു. 7അവൾ അവളുടെ ആദ്യത്തെ കുട്ടിക്കു ജന്മമരുളി. സത്രത്തിൽ ഒരുമുറിയും ഒഴിഞ്ഞിരുന്നില്ല. അതിനാലവർ കുഞ്ഞിനെ തുണിയിൽ പൊതിഞ്ഞ് ഒരു പുൽത്തൊഴുത്തിൽ കിടത്തി.

ചില ഇടയന്മാർ യേശുവിനെപ്പറ്റി കേൾക്കുന്നു

8ആ രാത്രി ചില ഇടയന്മാർ ആടുകളെയും കാത്തുകൊണ്ട് വെളിമ്പ്രദേശങ്ങളിലുണ്ടായിരുന്നു. 9ദൈവത്തിന്റെ ഒരു ദൂതൻ അവർക്കു മുമ്പിൽ വന്നു നിന്നു. കർത്താവിന്റെ പ്രകാശം അവർക്കു ചുറ്റും തിളങ്ങി. ഇടയന്മാർ വളരെ ഭയമുള്ളവരായി.

10ദൂതൻ അവരോടു പറഞ്ഞു, "ഭയപ്പെടരുത്, എന്തെന്നാൽ ഞാൻ നിങ്ങളോട് ചില നല്ല വാർത്തകൾ പറയാൻ പോകുന്നു. എല്ലാ ജനങ്ങളെയും അതു സന്തോഷിപ്പിക്കും.11ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങളുടെ രക്ഷകൻ പിറന്നിരിക്കുന്നു. കർത്താവായ ക്രിസ്തുവാണവൻ. 12ഒരു പുൽത്തൊഴുത്തിൽ തുണിയിൽ പൊതിഞ്ഞുകിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. അങ്ങനെ നിങ്ങളവനെ അറിയും."

13പെട്ടെന്ന് ഒരു വലിയസംഘം ദൂതന്മാർ ആദ്യത്തെ ദൂതനോടു ചേർന്നു. എല്ലാവരും ഇങ്ങനെ ദൈവത്തെ വാഴ്ത്തി:

14"സ്വർഗ്ഗത്തിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവം പ്രസാദിക്കുന്നവർക്ക് സമാധാനം."

15ദൂതന്മാർ ഇടയന്മാരെ വിട്ട് സ്വർഗ്ഗത്തിലേക്ക് മടങ്ങി. ഇടയന്മാർ പരസ്പരം പറഞ്ഞു, "നമുക്കു ബേത്ലേഹേമിൽ പോയി നടന്നതെന്താണെന്നുകാണാം. കർത്താവ് നമ്മോടു പറഞ്ഞത് നമുക്കവിടെ കാണാം."

16അതിനാൽ ഇടയന്മാർ വേഗം യോസേഫിനെയും മറിയയെയും കണ്ടെത്തി. കുഞ്ഞ് പുൽക്കൂട്ടിൽ കിടക്കുകയായിരുന്നു. 17ഇടയന്മാർ കുഞ്ഞിനെ കണ്ടു. കുഞ്ഞിനെപ്പറ്റി ദൂതന്മാർ പറഞ്ഞതവർ പറഞ്ഞു. 18ഇടയന്മാർ പറഞ്ഞ സംഗതികൾകേട്ട് എല്ലാവർക്കും അത്ഭുതമായി. 19മറിയ എല്ലാക്കാര്യവും ഹൃദയത്തിലൊളിച്ചുവയ്ക്കുകയും അവയെപ്പറ്റി ചിന്തിക്കുകയും ചെയ്തു. 20ഇടയന്മാർ തങ്ങളുടെ ആടുകളുടെ അടുത്തേക്കു മടങ്ങി. ദൂതൻ അവരോടു പറഞ്ഞതുപോലെ കാണുവാനും കേൾക്കുവാനുമായതിൽ അവർ ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്തു.

21കുട്ടിക്ക് എട്ടുദിവസം പ്രായമായപ്പോൾ അവന്റെ പരിച്ഛേദന കർമ്മം നടത്തി. യേശുവെന്നു പേരുമിട്ടു. കുട്ടി മറിയയുടെ ഗർഭത്തിൽ വളരാൻ തുടങ്ങും മുമ്പുതന്നെ ദൂതൻ പറഞ്ഞതനുസരിച്ചാണ് ഈ പേരിട്ടത്.

യേശു ദൈവാലയത്തിൽ സമർപ്പിക്കപ്പെടുന്നു

22മോശെയുടെ ന്യായപ്രമാണം പഠിപ്പിക്കുന്നതനുസരിച്ച് യോസേഫിനും മറിയയ്ക്കും ശുദ്ധീകരണത്തിനുള്ള സമയമായി. അവർ യേശുവിനെ കർത്താവിനു സമർപ്പിക്കാനായി യെരൂശലേമിൽ കൊണ്ടുവന്നു. 23കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു: "ഓരോ കുടുംബത്തിലെയും ആദ്യത്തെ കുട്ടി 'കർത്താവിന്റെ പരിശുദ്ധൻ' എന്നറിയപ്പെടും."*

"ഓരോ ... എന്നറിയപ്പെടും" ഉദ്ധരണി. പുറപ്പാട് 13:12.

24ജനങ്ങൾ ഒരു യാഗം നൽകണമെന്നും കർത്താ
വിൻെറ ന്യായപ്രമാണം അനുശാസിക്കുന്നു. "ര
ണ്ടു ഇണപ്രാവുകളെയോ രണ്ടു മാടപ്പിറാക്കു
ഞ്ഞുങ്ങളെയോ യാഗം നൽകണം." *അതിനാൽ
യോസേഫും മറിയയും യെരൂശലേമിൽ അതു
ചെയ്യുന്നതിനെത്തി.

ശിമ്യോൻ യേശുവിനെ കാണുന്നു

25യെരൂശലേമിൽ ശിമ്യോൻ എന്നു പേരായ
ഒരാൾ ജീവിച്ചിരുന്നു. അദ്ദേഹം നല്ലവനും ഭക്തി
യുള്ളവനും ആയിരുന്നു. ദൈവം യിസ്രായേലി
നെ സഹായിക്കുന്ന സമയത്തിനായി കാത്തു
നിൽക്കുകയായിരുന്നു ശിമ്യോൻ. അവനിൽ പ
രിശുദ്ധാത്മാവ് കുടികൊണ്ടിരുന്നു. 26കർത്താ
വിൻെറ ക്രിസ്തുവിനെ കാണുംമുമ്പ് താൻ
മരിക്കില്ലെന്ന് പരിശുദ്ധാത്മാവ് അയാളോടു പ
റഞ്ഞിരുന്നു. 27ആത്മാവ് ശിമ്യോനെ ദൈവാ
ലയത്തിലേക്കു നയിച്ചു. യെഹൂദാന്യായപ്രമാ
ണം അനുശാസിക്കുന്നതു ചെയ്യുന്നതിനു മറിയ
യും യോസേഫും അവിടെയെത്തിയിരുന്നു. ഉ
ണ്ണിയേശുവിനെയും അവർ കൊണ്ടുവന്നിരു
ന്നു. 28കുഞ്ഞിനെ കൈകളിലെടുത്ത് ശിമ്യോൻ
ദൈവത്തിനു നന്ദി പറഞ്ഞു.

29"കർത്താവേ അങ്ങയുടെ ദാസനായ എ
ന്നെ, ഇപ്പോൾ അങ്ങയുടെ വാഗ്ദാനമനുസരി
ച്ച് സമാധാനമായി മരിക്കാനനുവദിച്ചാലും.
30ഞാനെൻെറ കണ്ണുകൾകൊണ്ട് അങ്ങയുടെ
രക്ഷയെ കണ്ടു.
31എല്ലാവർക്കുമായി അങ്ങ് അവനെ ഒരുക്കി
യിരിക്കുന്നു.
32ജാതികൾക്ക് അങ്ങയുടെ മാർഗ്ഗം കാണി
ക്കുന്ന പ്രകാശമാണവൻ. നിൻെറ ജനമായ യി
സ്രായേലിനും അവൻ അഭിമാനം പകരും."
33യേശുവിനെപ്പറ്റി കുഞ്ഞിൻെറ അമ്മയായ
മറിയയോട് ശിമ്യോൻ പറഞ്ഞ വാക്കുകൾ കേട്ട്
യോസേഫും മറിയയും ആശ്ചര്യപ്പെട്ടു.
34അനന്തരം അവരെ അനുഗ്രഹിച്ച് ശിമ്യോൻ
ഇങ്ങനെ പറഞ്ഞു, "ഈ കുട്ടിയാൽ അനേകം
യെഹൂദർ നശിക്കുകയും അനേകർ ഉയരുകയും
ചെയ്യും. ദൈവത്തിൻെറ അടയാളമെന്ന നില
യിൽ പലരും അവനെ അംഗീകരിക്കില്ല. 35ജന
ങ്ങൾ രഹസ്യമായി ചിന്തിക്കുന്നത് വെളിപ്പെ
ടും. സംഭവ്യമായ ചിലകാര്യങ്ങൾ നിങ്ങളുടെ
ഹൃദയത്തെ ശോകാകുലമാക്കും."

ഹന്നാ യേശുവിനെ കാണുന്നു

36അപ്പോൾ ദൈവാലയത്തിൽ ഹന്നായെന്ന
പ്രവാചകിയായ ഒരു സ്ത്രീയുണ്ടായിരുന്നു. അ
വൾ ഫനൂവേലിൻെറ കുടുംബത്തിൽപ്പെട്ടവ
ളും ആശേർഗോത്രക്കാരിയും ആയിരുന്നു. ഹ
ന്നാ പടുവൃദ്ധയായിരുന്നു. അവൾക്ക് ഏഴുവർ
ഷത്തേക്കു മാത്രമേ വിവാഹജീവിതമുണ്ടായിരു
ന്നുള്ളൂ. 37അവളുടെ ഭർത്താവ് മരിച്ചതിൽ പി
ന്നീട് അവൾ ഏകയായി ജീവിച്ചു. ഇപ്പോള
വൾക്ക് എൺപത്തിനാല് വയസ്സുണ്ട്. അവൾ
എപ്പോഴും ദൈവാലയത്തിൽ തന്നെ വസിച്ചു.
ഒരിക്കലും അവിടം വിട്ടുപോയിരുന്നില്ല. രാപ
കൽ ഉപവാസവും പ്രാർത്ഥനയുമായി അവൾ
ദൈവാരാധന നടത്തി.38അപ്പോൾ ദൈവത്തോ
ടു നന്ദിപറഞ്ഞുകൊണ്ട് ഹന്നായുമവിടെയു
ണ്ടായിരുന്നു. യെരൂശലേമിനെ ദൈവം സ്വത
ന്ത്രമാക്കുന്നതു കാത്തുനിൽക്കുന്നവരോട്
അവൾ യേശുവിനെപ്പറ്റി പറഞ്ഞു.

യോസേഫും മറിയയും വീട്ടിലേക്കു മടങ്ങുന്നു

39യോസേഫും മറിയയും കർത്താവിൻെറ
ന്യായപ്രമാണം അനുശാസിക്കുന്നവ എല്ലാം
ചെയ്തുകഴിഞ്ഞു. എന്നിട്ടവർ ഗലീലയിലെ
തങ്ങളുടെ വാസസ്ഥലമായ നസറെത്തിലേക്കു
പോയി. 40ചെറിയ കുട്ടിയായിരുന്ന യേശു വള
രുകയായിരുന്നു. അവൻ ശക്തനും ബുദ്ധിമാനു
മായി. ദൈവാനുഗ്രഹം അവനുണ്ടായിരുന്നു.

യേശു എന്ന കുട്ടി

41എല്ലാവർഷവും യേശുവിൻെറ മാതാപിതാ
ക്കൾ പെസഹ ഉത്സവത്തിന് യെരൂശലേമിലേ
ക്ക് പോകുമായിരുന്നു. 42യേശുവിന് പന്ത്രണ്ട്
വയസ്സുള്ളപ്പോൾ പതിവുപോലെ അവർ
പെരുന്നാളിനുപോയി. 43പെരുന്നാൾ കഴിഞ്ഞ്
അവർ വീട്ടിലേക്കുപോയി. പക്ഷേ ബാലനായ
യേശുയെരൂശലേമിൽ തങ്ങി. അവൻെറ മാതാ
പിതാക്കൾ ഇക്കാര്യമറിഞ്ഞിരുന്നില്ല. 44യോസേ
ഫും മറിയയും ഒരുദിവസത്തെ യാത്ര പൂർത്തി
യാക്കിയിരുന്നു. യേശു അവരുടെ സംഘത്തോ
ടൊപ്പം ഉണ്ടാവുമെന്നവർ കരുതി. ബന്ധുക്കളു
ടെയും സുഹൃത്തുക്കളുടെയും ഇടയിൽ അവർ
യേശുവിനെ തിരഞ്ഞു.45പക്ഷേ സംഘത്തിൽ
യേശുവിനെ കാണാനവർക്കു കഴിഞ്ഞില്ല.
അതിനാലവർ യേശുവിനെ തിരയാൻ യെരൂശ
ലേമിലേക്കുമടങ്ങി. 46മൂന്നു ദിവസങ്ങൾക്കുശേ
ഷം അവർ അവനെ കണ്ടെത്തി. യേശു ദൈവാ
ലയത്തിൽ മതാദ്ധ്യാപകരെ ശ്രവിക്കുകയും
അവരോട് ചോദ്യങ്ങൾ ചോദിക്കുകയുമായിരു
ന്നു. 47എല്ലാവരും അവൻെറ വാക്കുകൾ കേട്ടു.
അവൻെറ ധാരണാശക്തിയും ബുദ്ധിപരമായ
ഉത്തരങ്ങളും എല്ലാവരെയും അത്ഭുതപ്പെടുത്തി.
48യേശുവിൻെറ അപ്പനമ്മമാർക്കും അവനെ
കണ്ടപ്പോൾ അമ്പരപ്പുണ്ടായി. അവൻെറ അമ്മ
അവനോടു പറഞ്ഞു, "മകനെ, നീയെന്താണു
ഞങ്ങളോടിതു ചെയ്തത്? നിന്നെയോർത്ത് നി
ൻെറയപ്പനും ഞാനും ഏറെദു:ഖിച്ചു. ഞങ്ങൾ
നിന്നെ നോക്കി നടക്കുകയായിരുന്നു."
49യേശു അവരോടു പറഞ്ഞു, "എന്തിനാണു
നിങ്ങളെന്നെ അന്വേഷിച്ചത്? എൻെറ പിതാ
വിൻെറ നിയോഗമുള്ളിടത്തു ഞാനുണ്ടാവുമെ
ന്നു നിങ്ങൾക്കറിയില്ലേ!" 50അവൻ പറഞ്ഞതി
ൻെറ അർത്ഥം അവർക്കു മനസ്സിലായില്ല. 51യേ
ശു അവരോടൊത്ത് നസറെത്തിലേക്കു പോയി.
മാതാപിതാക്കൾ പറഞ്ഞതെല്ലാം അവൻ അനു
സരിച്ചു. അവൻെറ അമ്മ അതേപ്പറ്റിയെല്ലാം
ആലോചിക്കുകയായിരുന്നു. 52യേശു ജ്ഞാനസ
മ്പാദനത്തിൽ പുരോഗമിച്ചുകൊണ്ടിരുന്നു. അ
വൻ മുതിർന്നുവന്നു, ജനങ്ങൾയേശുവിനെ ഇ
ഷ്ടപ്പെട്ടു. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു.

യോഹന്നാൻെറ പ്രസംഗങ്ങൾ

(മത്താ. 3:1-12; മർക്കൊ. 1:1-8; യോഹ. 1:19-28)

3 തീബെര്യൊസ് കൈസരുടെ പതിനഞ്ചാം
ഭരണവർഷമായിരുന്നു അത്. യെഹൂദ്യയി
ലെ ഭരണാധികാരി പൊന്തിയൊസ് പീലാ
ത്തൊസ്, ഗലീലയിലെ ഭരണാധികാരി ഹെ
രൊദാവ്, ഇതൂര്യാ, ത്രഖോനിത്തി എന്നിവിട
ങ്ങളിലെ ഭരണാധികാരിയും ഹെരോദാവിൻെറ
സഹോദരനുമായ ഫീലിപ്പൊസ്, അബിലേന
യിലെ ഭരണാധികാരിയായ ലൂസാന്യാസ്,
എന്നിവർ കൈസരിൻെറ ഭരണത്തിൻ കീഴിലാ
യിരുന്നു. 2ഹന്നാവും കയ്യഫാവും മഹാപുരോ

"രണ്ടു ... നൽകണം" ഉദ്ധരണി ലേവ്യ 12:8.

ഹിതന്മാരുമായിരുന്നു. ആ സമയം സെഖര്യാ
വിൻെറ പുത്രനായ യോഹന്നാന് ദൈവത്തിൽ
നിന്നൊരു കല്പനകിട്ടി. യോഹന്നാൻ മരുഭൂമി
യിൽ വസിക്കുകയായിരുന്നു. 3യോർദ്ദാൻ നദീ
തടമൊട്ടുക്കും സഞ്ചരിച്ച് യോഹന്നാൻ ജനങ്ങ
ളോട് പ്രസംഗിച്ചു. മാനസാന്തരപ്പെട്ട് സ്നാന
പ്പെട്ട് പാപങ്ങളിൽനിന്ന് മോചിതരാകുവാൻ
അവൻ ജനങ്ങളോട് പ്രസംഗിച്ചു. 4യെശയ്യാപ്ര
വാചകൻെറ പ്രവചനപുസ്തകത്തിലെഴുതി
യിരിക്കുന്നതു പോലെ!

“മരുഭൂമിയിൽ വിളിച്ചു പറയുന്ന ഒരുവനുണ്ട്:
‘കർത്താവിനു വഴിയൊരുക്കുക അവൻെറ വഴി
കൾ നേരെയാക്കുക.
5എല്ലാ താഴ്വരകളും നിറയ്ക്കപ്പെടും. എല്ലാ
പർവ്വതങ്ങളും കുന്നുകളും നിരപ്പാക്കപ്പെടും. വ
ളഞ്ഞ പാതകൾ നേരെയാക്കപ്പെടും. പരുപരു
ത്തപാതകൾ മിനുസപ്പെടുത്തും.
6എല്ലാമനുഷ്യരും ദൈവത്തിൻെറ രക്ഷ അറി
യും.’” *യെശയ്യാവ് 40:3-5*

7ജനങ്ങൾ സ്നാനപ്പെടുവാൻ യോഹന്നാ
ൻെറയടുത്തെത്തി. യോഹന്നാൻ അവരോടു
പറഞ്ഞു, “നിങ്ങൾ, വിഷപ്പാമ്പുകളെപ്പോലെ
യാണ്! വരുവാനിരിക്കുന്ന ദൈവകോപത്തിൽ
നിന്ന് ഓടിയകലാൻ ആരാണു നിങ്ങൾക്കു മുന്ന
റിയിപ്പുതന്നത്? 8യഥാർത്ഥത്തിൽ മാനസാന്ത
രം വന്നുവെന്നു കാണിക്കുന്നപ്രവൃത്തികൾ ചെ
യ്യുവിൻ. ‘അബ്രാഹാമാണു ഞങ്ങളുടെ പിതാ
വ്’ എന്നു വീമ്പിളക്കരുത്. ഞാൻ നിങ്ങളോട്
പറയട്ടെ, അബ്രാഹാമിനു ഈ കല്ലുകളിൽനി
ന്നു സന്തതികളെ സൃഷ്ടിക്കാൻ ദൈവത്തിനു
കഴിയും. 9മരങ്ങൾ മുറിച്ചിടാൻ മഴു തയ്യാറായി
ക്കഴിഞ്ഞു. നല്ല ഫലങ്ങൾ സൃഷ്ടിക്കാത്ത എല്ലാ
മരങ്ങളും വെട്ടി തീയിലിടും.”
10അപ്പോൾ ജനങ്ങൾ യോഹന്നാനോടു ചോ
ദിച്ചു, “ഞങ്ങളെന്തു ചെയ്യണം?”
11യോഹന്നാൻ പ്രതിവചിച്ചു,“നിങ്ങൾക്കു ര
ണ്ടുടുപ്പുണ്ടെങ്കിൽ ഒന്ന് ഇല്ലാത്തവനുമായി പ
ങ്കുവയ്ക്കുക. നിങ്ങളിൽ ആർക്കെങ്കിലും അപ്പ
മുണ്ടെങ്കിൽ അതും.”
12നികുതി പിരിവുകാരുപോലും യോഹന്നാ
ൻെറ അടുത്തെത്തി. അവർക്കും സ്നാനപ്പെട
ണമായിരുന്നു. അവർ യോഹന്നാനോടു പറ
ഞ്ഞു, “ഗുരോ, ഞങ്ങളെന്തു ചെയ്യണം?”
13യോഹന്നാൻ അവരോടു പറഞ്ഞു,“നിങ്ങൾ
കല്പിക്കപ്പെട്ടതിൽ കൂടുതൽ നികുതി ഈടാക്ക
രുത്.”
14പട്ടാളക്കാർ യോഹന്നാനോടു ചോദിച്ചു,
“ഞങ്ങളോ? ഞങ്ങളെന്തു ചെയ്യണം?”
യോഹന്നാൻ അവരോടു പറഞ്ഞു, “ജനങ്ങ
ളോടു പണം പിടിച്ചുവാങ്ങരുത്. ആരെപ്പറ്റിയും
കള്ളം പറയരുത്. നിങ്ങളുടെ ശമ്പളം കൊണ്ട്
തൃപ്തരാകുവിൻ.”
15എല്ലാ ആളുകളും പ്രതീക്ഷയിൽആയിരുന്നു.
അതുകൊണ്ട് യോഹന്നാനെ കണ്ടപ്പോൾ അ
വർ ഉള്ളിൽ സ്വയം ഊഹിച്ചു, “ഇദ്ദേഹം ആയി
രിക്കാം ക്രിസ്തു.”
16യോഹന്നാൻ എല്ലാവരോടുമായി മറുപടി
പറഞ്ഞു, “ഞാൻ വെള്ളം കൊണ്ട് നിങ്ങളെ
സ്നാനപ്പെടുത്തുന്നു. എൻെറ പിന്നാലെ വരു
ന്നവൻ എന്നെക്കാൾ കഴിവുള്ളവനാണ്. അവ
ൻെറ ചെരിപ്പഴിക്കുവാൻപോലും ഞാൻ യോ
ഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവിനാ
ലും തീയാലും സ്നാനപ്പെടുത്തും.17ഗോതമ്പും
പതിരും വേർതിരിക്കാൻ തയ്യാറായി അവനെ
ത്തും. നല്ല ധാന്യത്തെ അവൻ തൻെറ കളപ്പുര
യിൽ നിറയ്ക്കുകയും ചീത്തധാന്യത്തെ അവൻ
കത്തിച്ചു കളയുകയും ചെയ്യും. അവസാനിക്കാ
ത്ത അഗ്നിയിൽ അവൻ അതു ഹോമിക്കും.”
18യോഹന്നാൻ സുവിശേഷപ്രസംഗം തുടർന്നു.
ജനങ്ങളെ സഹായിക്കുന്ന ഒരുപാടു കാര്യങ്ങൾ
അവൻ പറഞ്ഞു.

യോഹന്നാൻെറ പ്രവൃത്തിക ളെങ്ങനെ അവസാനിച്ചു

19(യോഹന്നാൻ രാജാവായ ഹെരോദാവിനെ
വിമർശിച്ചു. അയാളുടെ സഹോദരപത്നി ഹെ
രോദ്യയുമായി അയാൾ ചെയ്ത ചീത്തനടപടി
കളെ യോഹന്നാൻ വിമർശിച്ചു. മറ്റൊരുപാടു
ചീത്ത പ്രവൃത്തികളിലും ഹെരോദാവിനെ യോ
ഹന്നാൻ കുറ്റപ്പെടുത്തി. 20അതിനാൽ ഹെരോ
ദാവ് മറ്റൊരു ദുഷ്ചെയ്തി കൂടി ചെയ്തു:
യോഹന്നാനെ ജയിലിലടച്ചു. ഹെരോദാവി
ൻെറ മറ്റെല്ലാ ദുഷ്ക്രിയകളോടും ആ പ്രവൃത്തി
കൂടി കൂട്ടി.)

യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തുന്നു

(മത്താ. 3:13-17; മാർക്കൊ. 1:9-11)

21യോഹന്നാൻ ജയിലിലടയ്ക്കപ്പെടും മുമ്പ്
എല്ലാവരും സ്നാനപ്പെട്ടു. യേശുവിനെയും
സ്നാനപ്പെടുത്തി. യേശു പ്രാർത്ഥിച്ചുകൊണ്ടി
രുന്നപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. 22പരിശുദ്ധാ
ത്മാവ് അവനിലേക്കിറങ്ങി വന്നു. കാഴ്ചയിൽ
അതൊരു പ്രാവിനെപ്പോലെ രൂപം കൊണ്ടിരു
ന്നു. അപ്പോൾ സ്വർഗ്ഗത്തിൽനിന്നൊരു ശബ്ദം
ഇങ്ങനെ കേട്ടു,“നീ എൻെറ പുത്രനാണ്. ഞാൻ
നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നിൽ
സംപ്രീതനായിരിക്കുന്നു.”

യോസേഫിൻെറ കടുംബചരിത്രം

(മത്താ. 1:1-17)

23യേശു തൻെറ പ്രവർത്തനം തുടങ്ങിയ
പ്പോൾ അദ്ദേഹത്തിനു മുപ്പതുവയസ്സോളം
ആയിരുന്നു പ്രായം. അവൻ യോസേഫിൻെറ
പുത്രനാണെന്നു ജനങ്ങൾ കരുതിയിരുന്നു. യോ
സേഫ്, ഹേലിയുടെ പുത്രൻ. 24ഹേലി, മത്ഥാ
ത്തിൻെറ പുത്രൻ. മത്ഥാത്ത്, ലേവിയുടെ
പുത്രൻ. ലേവി, മെൽക്കിയുടെ പുത്രൻ. മെൽ
ക്കി, യന്നായിയുടെ പുത്രൻ. യന്നായി, യോ
സേഫിൻെറ പുത്രൻ. 25യോസേഫ്, മത്തഥ്യൊ
സിൻെറ പുത്രൻ. മത്തഥ്യൊസ്, ആമോസി
ൻെറ പുത്രൻ. ആമോസ്, നാഹൂമിൻെറപുത്രൻ.
നാഹൂം, എസ്ലിയുടെ പുത്രൻ. എസ്ളി. നഗ്ഗായി
യുടെ പുത്രൻ. 26നഗ്ഗായി, മയാത്തിൻെറ
പുത്രൻ. മയാത്ത്, മത്തഥ്യൊസിൻെറ പുത്രൻ.
മത്തഥ്യൊസ്, ശെമയിയുടെ പുത്രൻ. ശെമയി,
യോസേഫിൻെറ പുത്രൻ. യോസേഫ്, യോദ
യുടെ പുത്രൻ.
27യോദാ, യോഹന്നാൻെറപുത്രൻ. യോഹ
ന്നാൻ, രേസയുടെപുത്രൻ. രേസ, സൊരൊബാ
ബേലിൻെറപുത്രൻ. സൊരൊബാബേൽ, ശല
ഥീയേലിൻെറ പുത്രൻ. ശലഥീയേൽ, നേരിയു
ടെപുത്രൻ.28നേരി, മെൽക്കിയുടെപുത്രൻ. മെ
ൽക്കി, അദ്ദിയുടെപുത്രൻ. അദ്ദി,കോസാമിൻെറ
പുത്രൻ. കോസാം, എൽമാദാമിൻെറപുത്രൻ. എ
ൽമാദാം, ഏരിൻെറപുത്രൻ. 29ഏർ, യോശുവി
ൻെറപുത്രൻ. യോശു, എലീയേസരിൻെറ പുത്ര

ൻ. എലീയേസർ, യോരീമിൻെറ പുത്രൻ. യോ
രീം, മത്ഥാത്തിൻെറ പുത്രൻ. മത്ഥാത്ത്, ലേവി
യുടെ പുത്രൻ.
30ലേവി, ശിമ്യോൻെറ പുത്രൻ. ശിമ്യോൻ,
യെഹൂദയുടെ പുത്രൻ. യെഹൂദാ, യോസേഫി
ൻെറ പുത്രൻ. യോസേഫ്, യോനാമിൻെറ
പുത്രൻ. യോനാം, എല്യാക്കീമിൻെറ പുത്രൻ.
31എല്യാക്കീം, മെല്യാവിൻെറ പുത്രൻ. മെല്യാ
വ്, മെന്നയുടെ പുത്രൻ. മെന്നാ, മത്ഥഥയുടെ
പുത്രൻ. മത്ഥഥ, നാഥാൻെറ പുത്രൻ. നാഥാൻ,
ദാവീദിൻെറ പുത്രൻ. 32ദാവീദ്, യിശ്ശായിയുടെ
പുത്രൻ. യിശ്ശായി, ഒബേദിൻെറ പുത്രൻ.
ഓബേദ്, ബോവസിൻെറ പുത്രൻ. ബോവസ്
സൽമോൻെറ പുത്രൻ. സൽമോൻ, നഹശോ
ൻെറ പുത്രൻ.
33നഹശോൻ, അമ്മീനാദാബിൻെറ പുത്രൻ.
അമ്മീനാദാബ്, അരാമിൻെറ പുത്രൻ. അരാം,
അർനിയുടെ പുത്രൻ. അർനി, എസ്രോൻെറ
പുത്രൻ. എസ്രോൻ, പാരെസിൻെറ പുത്രൻ.
പാരെസ്, യെഹൂദയുടെ പുത്രൻ. 34യെഹൂദാ,
യാക്കോബിൻെറ പുത്രൻ. യാക്കോബ്, യിസ്
ഹാക്കിൻെറപുത്രൻ. യിസ്ഹാക്ക്, അബ്രാഹാ
മിൻെറ പുത്രൻ. അബ്രാഹാം, തേറഹിൻെറപു
ത്രൻ. തേറഹ്, നാഹോരിൻെറ പുത്രൻ. 35നാ
ഹോർ, സെരൂഗിൻെറ പുത്രൻ. സെരൂഗ്, രെഗു
വിൻെറപുത്രൻ. രെഗു, ഫാലെഗിൻെറ പുത്രൻ.
ഫാലെഗ്, ഏബെരിൻെറ പുത്രൻ. ഏബെർ,
ശലാമിൻെറ പുത്രൻ.
36ശലാം, കയിനാൻെറ പുത്രൻ. കയിനാൻ,
അർഫക്സാദിൻെറ പുത്രൻ. അർഫക്സാദ്,
ശേമിൻെറ പുത്രൻ. ശേം, നോഹയുടെ പുത്രൻ.
നോഹ, ലാമേക്കിൻെറ പുത്രൻ. 37ലാമേക്ക്,
മെഥൂശലയുടെ പുത്രൻ. മെഥൂശലാ, ഹാനോ
ക്കിൻെറ പുത്രൻ. ഹാനോക്ക്, യാരെദിൻെറ
പുത്രൻ. യാരെദ്, മലെല്യേലിൻെറ പുത്രൻ.
മലെല്യേൽ, കയിനാൻെറ പുത്രൻ. 38കയി
നാൻ, എനോശിൻെറ പുത്രൻ. എനോശ്, ശേ
ത്തിൻെറ പുത്രൻ. ശേത്ത്, ആദാമിൻെറ പുത്രൻ.
ആദാം, ദൈവത്തിൻെറ പുത്രൻ.

യേശു പിശാചിനാൽ പ്രലോഭി പ്പിക്കപ്പെടുന്നു

(മത്താ. 4:1-11; മർക്കൊ. 1:12-13)

4 യേശു യോർദ്ദാനിൽനിന്നും തിരിച്ചെത്തി.
അവനിൽ പരിശുദ്ധാത്മാവ് നിറഞ്ഞിരുന്നു.
പരിശുദ്ധാത്മാവ് യേശുവിനെ മരുഭൂമിയിലേക്കു
നയിച്ചു.2അവിടെ പിശാച് നാല്പതുദിവസ
ങ്ങൾ യേശുവിനെ പ്രലോഭിപ്പിച്ചു. ആ സമയം
അവൻ ഒന്നും ഭക്ഷിച്ചിരുന്നില്ല. ആ ദിവസങ്ങ
ളുടെ അന്ത്യത്തിൽ യേശുവിന് നന്നേ വിശ
പ്പുണ്ടായിരുന്നു.
3പിശാച് യേശുവിനോടു പറഞ്ഞു,“നീ ദൈ
വപുത്രനാണെങ്കിൽ ഈ പാറയെ അപ്പമാകാ
ൻ കല്പിക്കൂ.”
4യേശു മറുപടി പറഞ്ഞു,
“മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കു
ന്നതെന്നു തിരുവെഴുത്തിൽ എഴുതിയിട്ടുണ്ട
ല്ലോ.” *ആവർത്തനം 8:3*
5അപ്പോൾ പിശാച് യേശുവിനെ ഉയരത്തി
ലേക്കു കൂട്ടിക്കൊണ്ടു പോയി. ലോകത്തിലെ
എല്ലാ രാജ്യങ്ങളും ഒരു നിമിഷത്തിൽ കാട്ടിക്കൊ
ടുത്തിട്ടു 6പറഞ്ഞു,“ഈ കാണുന്ന എല്ലാ രാജ്യ
ങ്ങളും അതിൻെറ എല്ലാ പ്രതാപത്തോടും തിള
ക്കത്തോടും കൂടി എനിക്ക് തന്നിട്ടുള്ളവയാണ്.
എനിക്കിഷ്ടമുള്ള ആർക്കും അതുകൊടുക്കാം.
7നീ എന്നെ മാത്രം നമസ്കരിച്ചാൽ ഇതെല്ലാം
നിനക്കു ഞാൻ തരാം.”
8യേശു പറഞ്ഞു, “തിരുവെഴുത്തിലുണ്ടല്ലോ:
‘നീ നിൻെറ കർത്താവായ ദൈവത്തെ നമ
സ്ക്കരിക്കുക. അവനെ മാത്രം സേവിക്കുക.”’
ആവർത്തനം 6:13

9അനന്തരം പിശാച് യേശുവിനെ യെരൂശ
ലേമിലേക്കു നയിച്ചു. ദൈവാലയത്തിനു മുക
ളിലത്തെ ഏറ്റവും ഉയർന്ന ബിന്ദുവിൽ കയറ്റി
പിശാച് യേശുവിനോടു പറഞ്ഞു, “നീ ദൈവ
പുത്രനാണെങ്കിൽ താഴേക്കുചാടുക. 10തിരുവെ
ഴുത്തിൽ പറഞ്ഞിട്ടുണ്ടല്ലോ:
‘ദൈവം തൻെറ ദൂതന്മാരോട് നിന്നെ രക്ഷി
ക്കാൻ കല്പിക്കും.’ *സങ്കീർത്തനം 91:11*

11മാത്രവുമല്ല: ‘നിൻെറ കാൽ പാറയിൽ തട്ടാ
തെ അവർ കൈകൾ കൊണ്ട്നിന്നെ താങ്ങും’”
എന്നും ഉണ്ടല്ലോ. *സങ്കീർത്തനം 91:12*

12യേശു പറഞ്ഞു, “പക്ഷേ തിരുവെഴുത്തിൽ
ഇതും പറയുന്നുണ്ട്:
“നീ കർത്താവായ ദൈവത്തെ പരീക്ഷിക്ക
രുത്.”’ *ആവർത്തനം 6:16*

13പ്രലോഭനങ്ങളുടെയെല്ലാം അവസാനത്തി
ലെത്തിയ പിശാച് മറ്റൊരു സന്ദർഭവും പ്രതീ
ക്ഷിച്ച് ദൂരേക്കു പോയി.

യേശു ജനങ്ങളെ പഠിപ്പിക്കുന്നു

(മത്താ. 4:12-17; മർക്കൊ. 1:14-15)

14യേശു പരിശുദ്ധാത്മാവിൻെറ ശക്തിയോ
ടു കൂടി ഗലീലയിലേക്കു മടങ്ങി. ഗലീലയ്ക്കു
ചുറ്റുപാടും യേശുവിനെപ്പറ്റിയുള്ള വാർത്ത പ്ര
ചരിച്ചു. 15അവൻ അവരുടെ യെഹൂദപ്പള്ളിക
ളിൽ ഉപദേശിക്കാൻ തുടങ്ങി. എല്ലാവരും യേശു
വിനെ വാഴ്ത്തി.

യേശു സ്വന്തപട്ടണത്തിലേക്കു പോകുന്നു

(മത്താ. 13:53-58; മർക്കൊ. 6:1-6)

16യേശു, അവൻ വളർന്ന പട്ടണമായ നസറെ
ത്തിലേക്കു പോയി. എപ്പോഴുമെന്നപോലെ ശ
ബ്ബത്തുദിവസം അവൻ യെഹൂദപ്പള്ളിയിലേക്കു
പോയി. യേശു വായിക്കാൻ എഴുന്നേറ്റു നിന്നു.
17യെശയ്യാപ്രവാചകൻെറ പുസ്തകം അവനു
നൽകിയിരുന്നു. യേശു പുസ്തകം തുറന്ന് ഇങ്ങ
നെ എഴുതിയിരിക്കുന്ന ഭാഗം കണ്ടു.
18“കർത്താവിൻെറ ചൈതന്യം എന്നിലുണ്ട്.
ഒന്നുമില്ലാത്തവരോട് സുവിശേഷം പറയാൻ
ദൈവം എന്നെ തെരഞ്ഞെടുത്തിരിക്കുന്നു. പാ
പത്തിൻെറ തടവുകാർക്ക് മോചനം നൽകുമെ
ന്നും അന്ധർക്കു കാഴ്ച നൽകുമെന്നും ജനങ്ങ
ളോടു പറയാൻ ദൈവം എന്നെ നിയോഗിച്ചി
രിക്കുന്നു. ദുർബ്ബലരെ അവരുടെ കഷ്ടപ്പാടു
കളിൽനിന്നും മോചിപ്പിക്കാൻ ദൈവം എന്നെ
അയച്ചിരിക്കുന്നു.
19ജനങ്ങളോട് കാരുണ്യം കാട്ടാനും കർത്താ
വിൻെറ വർഷമെത്തിയെന്നറിയിക്കാനും.
എന്നെ നിയോഗിച്ചു.” *യെശയ്യാവ് 61:1-2*

20യേശു പുസ്തകമടച്ചു. പുസ്തകം പരിചാ
രകന് മടക്കിക്കൊടുത്ത് അവൻ നിലത്തിരുന്നു.
യെഹൂദപ്പള്ളിയിലുള്ള എല്ലാവരും യേശുവി

നെ അടുത്തു നിരീക്ഷിച്ചു. 21യേശു അവരോട്
സംസാരിക്കാൻ തുടങ്ങി. അവൻ പറഞ്ഞു, “നി
ങ്ങൾ ഈ വാക്കുകൾ കേൾക്കെത്തന്നെ ഇവ
അന്വർത്ഥമാകുന്നു.”

22എല്ലാവരും യേശുവിനെപ്പറ്റി നല്ലതു പറ
ഞ്ഞു. അവന്റെ ഹൃദ്യമായ വാക്കുകളിൽ അവർ
അത്ഭുതപ്പെട്ടു. അവർ പറഞ്ഞു, “അവനെങ്ങ
നെ ഇപ്രകാരം പറയാൻ കഴിയുന്നു? അവൻ
യോസേഫിന്റെ മകൻ മാത്രമല്ലേ?”

23യേശു അവരോടു പറഞ്ഞു, “‘വൈദ്യാ,
സ്വയം സുഖപ്പെടുത്തൂ’ എന്ന പഴഞ്ചൊല്ലു
പോലെ നിങ്ങൾ എന്നോടു പറയുമെന്ന് എനി
ക്കറിയാം. ‘നീ കഫർന്നഹൂമിൽ ചെയ്തതിനെ
പ്പറ്റി ഞങ്ങൾ കേട്ടിട്ടുണ്ട്. അതെല്ലാം നിന്റെ
സ്വന്തപട്ടണത്തിലും ചെയ്യൂ.’”

24അപ്പോൾ യേശുപറഞ്ഞു, “ഞാൻ നിങ്ങ
ളോടു സത്യം പറയുന്നു. ഒരു പ്രവാചകനും
സ്വന്തം പട്ടണത്തിൽ സ്വീകാര്യനല്ല. 25ഞാൻ
പറയുന്നതു സത്യമാണ്. ഏലീയാപ്രവാചക
ന്റെ കാലത്ത് യിസ്രായേലിൽ മൂന്നരവർഷം
മഴ പെയ്തില്ല. രാജ്യത്തെങ്ങും ഭക്ഷണവുമുണ്ടാ
യിരുന്നില്ല. ആ സമയത്ത് യിസ്രായേലിൽ
അനേകം വിധവകളുണ്ടായിരുന്നു. 26പക്ഷേ
ഏലീയാവ് യിസ്രായേലിലെ ആ വിധവക
ളുടെ അടുത്തേക്ക് അയയ്ക്കപ്പെട്ടില്ല. സീദോൻ
ദേശത്തെ സരെപ്തയിൽ ഒരു വിധവയുടെ
അടുത്തേക്കാണ് ഏലീയാവ് അയയ്ക്കപ്പെട്ടത്.
27ഏലീശാ പ്രവാചകന്റെ കാലത്ത് യിസ്രാ
യേലിൽ അനേകം കുഷ്ഠരോഗികളുമുണ്ടായിരു
ന്നു. പക്ഷേ നയമാനൊഴികെ ആരും സുഖപ്പെ
ട്ടില്ല. നയമാൻ യിസ്രായേൽക്കാരനായിരുന്നില്ല.
സുറിയക്കാരനായിരുന്നു.”

28യെഹൂദപ്പള്ളിയിലുള്ള എല്ലാവരും ഇക്കാ
ര്യങ്ങൾ കേട്ടു. അവർ അത്യധികം കോപാകുല
രായി. 29അവർ ചാടിയെഴുന്നേറ്റ് യേശുവിനെ
നഗരത്തിനു പുറത്താക്കി. ഒരു മലയുടെ മുക
ളിലാണവരുടെ നഗരം പണിതിരിക്കുന്നത്. അ
വനെതാഴേക്കു തള്ളിയിടാനായി മലയുടെ അറ്റ
ത്തേക്ക് അവർ അവനെ നയിച്ചു.

30എന്നാൽ യേശു അവരുടെ നടുവിലൂടെ
നടന്ന് ദൂരെ പോയി.

യേശു പിശാചു ബാധിച്ചവരെ സുഖപ്പെടുത്തുന്നു

(മർക്കൊ. 1:21-28)

31യേശു ഗലീലയിലെ നഗരമായ കഫർന്ന
ഹൂമിലേക്കു പോയി. ശബ്ബത്തുദിവസം അവൻ
ജനങ്ങളെ ഉപദേശിക്കുകയായിരുന്നു. 32അവ
ന്റെ വാക്കുകൾ അധികാരത്തോടെയായിരുന്ന
തിനാൽ അവന്റെ ഉപദേശം ജനങ്ങളെ അത്ഭു
തപ്പെടുത്തി.33അശുദ്ധാത്മാവ് ബാധിച്ച ഒരു
വൻ ആ യെഹൂദപ്പള്ളിയിലുണ്ടായിരുന്നു.
അയാൾ ഉച്ചത്തിൽ വിളിച്ചു കൂവി, 34“നസറായ
നായ യേശുവേ, ഞങ്ങളോട് നിനക്കെന്താണ്
വേണ്ടത്. ഞങ്ങളെ നശിപ്പിക്കാനാണോ നീ
വന്നിരിക്കുന്നത്. നീ ആരാണെന്ന് എനിക്കറി
യാം. ദൈവത്തിന്റെ പരിശുദ്ധൻ.” 35പക്ഷേ
ആ അശുദ്ധാത്മാവിനോടു നിർത്താൻ യേശു
ആജ്ഞാപിച്ചു. യേശു പറഞ്ഞു, “മിണ്ടാതിരി
ക്കൂ, ആ മനുഷ്യനിൽ നിന്നുപുറത്തു കടക്കൂ.”
പിശാച് ആ മനുഷ്യനെ ജനങ്ങളുടെയിടയിൽ
തള്ളിയിട്ടു. എന്നിട്ട് അയാളെ ഉപദ്രവിക്കാതെ
അയാളിൽനിന്നു പുറത്തു കടന്നു.

36ജനങ്ങൾ അത്ഭുതപ്പെട്ടു. അവർ പരസ്പരം
പറഞ്ഞു, “എന്താണിതിന്നർത്ഥം? അശുദ്ധാത്മാ
ക്കളോടു അധികാരത്തോടെയും ശക്തിയാലും
അവൻ ആജ്ഞാപിക്കുന്നു. അവർ പുറത്തുവരു
ന്നു.”

37അതിനാൽ യേശുവിനെപ്പറ്റിയുള്ള വാർത്ത
ആ പ്രദേശത്തുള്ള എല്ലാസ്ഥലത്തും പരന്നു.

യേശു ഒരു സ്ത്രീയെ സുഖപ്പെടുത്തുന്നു

(മത്താ. 8:14-17; മർക്കൊ. 1:29-34)

38യേശു യെഹൂദപ്പള്ളി വിട്ടു. അവൻ ശിമോ
ന്റെ വീട്ടിലേക്കുപോയി. ശിമോന്റെ ഭാര്യ
യുടെ അമ്മ രോഗം പിടിച്ചു കിടപ്പായിരുന്നു.
അവർക്കു കടുത്ത പനിയായിരുന്നു. അവരെ
സഹായിക്കാൻ എന്തെങ്കിലും ചെയ്യണമെന്ന്
അവർ അവനോടപേക്ഷിച്ചു. 39അവൻ അവളു
ടെ വളരെ അടുത്തുനിന്നുകൊണ്ട് പനിയോട്
അവളെ വിട്ടുപോകുവാൻ ആജ്ഞാപിച്ചു.
പനി അവളെ വിട്ടുപോയി. അപ്പോൾ അവൾ
എഴുന്നേറ്റ് അവരെ പരിചരിക്കാൻ തുടങ്ങി.

യേശു മറ്റനേകരെ സുഖപ്പെടുത്തുന്നു

40സൂര്യാസ്തമയമായപ്പോൾ ജനങ്ങൾ രോഗ
ബാധിതരായ അനേകരെ അവന്റെയടുക്കൽ
കൊണ്ടുവന്നു. അവർക്ക് വിവിധ രോഗങ്ങളാ
യിരുന്നു. യേശു ഓരോ രോഗിയുടെമേലും കൈ
വച്ച് അവരെ സുഖപ്പെടുത്തി. 41പലരിലും
നിന്ന് ഭൂതങ്ങൾ പുറത്തുവന്നു. ഭൂതങ്ങൾ നില
വിളിച്ചു, “നീ ദൈവപുത്രനാണ്.” പക്ഷേ
യേശു, അവരെ ശകാരിക്കുകയും സംസാരി
ക്കാൻ അനുവ്വദിക്കാതിരിക്കുകയും ചെയ്തു.
അവൻ ക്രിസ്തുവാണെന്ന് ഭൂതങ്ങൾക്കറിയാമാ
യിരുന്നു.

യേശു മറ്റു പട്ടണങ്ങളിലേക്കു പോകുന്നു

(മർക്കൊ. 1:35-39)

42അടുത്ത ദിവസം യേശു ഏകാന്തമായൊരി
ടത്തേക്കു പോയി. ജനങ്ങൾ അവനുവേണ്ടി
തിരഞ്ഞു. അവർ അവനെകണ്ടപ്പോൾ അവിടം
വി ട്ടുപോകുന്നതിൽനിന്ന് അവനെ തടയാൻ
ശ്രമിച്ചു. 43പക്ഷേ യേശു അവരോടു പറഞ്ഞു,
“ദൈവരാജ്യത്തെ സംബന്ധിക്കുന്ന സുവിശേ
ഷം എനിക്ക് മറ്റു പട്ടണങ്ങളിലും പ്രസംഗിക്ക
ണം. അതിനാണ് ഞാൻ അയയ്ക്കപ്പെട്ടത്.”

44അങ്ങനെ യെഹൂദ്യയിലെ യെഹൂദപ്പള്ളിക
ളിൽ അവൻ പ്രസംഗിച്ചു.

പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നിവർ യേശുവിനെ അനുഗമിക്കുന്നു

(മത്താ. 4:18-22; മർക്കൊ. 1:16-20)

5 യേശു ഗെന്നേസരെത്ത് തടാകത്തിന്റെ കര
യിൽ നിന്നു. ഒരുപാടുപേർ അവനുചുറ്റും
തിങ്ങിക്കൂടി. ദൈവവചനം കേൾക്കാൻ അവർ
ആഗ്രഹിച്ചിരുന്നു. 2തടാകത്തിന്റെ തീരത്ത് ര
ണ്ടുവള്ളങ്ങൾ കിടക്കുന്നതവൻ കണ്ടു. മീൻപി
ടുത്തക്കാർ അവരുടെ വലകൾ കഴുകുകയായി
രുന്നു. 3യേശു ശിമോന്റെ വള്ളത്തിൽകയറി.
അതു കരയിൽനിന്നു കുറച്ചു ദൂരം മാറ്റാൻ യേശു
അവനോടാവശ്യപ്പെട്ടു. എന്നിട്ട് അവൻ വള്ള
ത്തിൽ കയറിയിരുന്ന് ജനങ്ങളെ ഉപദേശിച്ചു
തുടങ്ങി.

4യേശു പ്രസംഗം നിർത്തി. അവൻ ശിമോ
നോടുപറഞ്ഞു,“വള്ളം ആഴക്കടലിലേക്കു കൊ
ണ്ടുപോകൂ. നിങ്ങളെല്ലാവരും വലയെറിഞ്ഞാൽ
ധാരാളം മീൻ കിട്ടും.”

5ശിമോൻ മറുപടി പറഞ്ഞു, “പ്രഭോ,
ഞങ്ങൾ രാത്രി മുഴുവനും നന്നായി അദ്ധ്വാനി
ച്ചു. പക്ഷേ ഒരു മീനിനെയും പിടിക്കാനായില്ല.
എന്നാൽ അങ്ങു പറയുന്നു ഞാൻ വെള്ളത്തിൽ
വലകൾ ഇടണമെന്ന്. അതിനാലങ്ങനെ ചെ
യ്യാം.” 6മീൻ പിടുത്തക്കാർ വെള്ളത്തിൽ വല
കൾ വീശി. അവരുടെ വലകൾ മത്സ്യങ്ങളെ
ക്കൊണ്ടു നിറഞ്ഞു പൊട്ടാറായി. 7അവർ മറ്റൊ
രു വള്ളത്തിലെ സുഹൃത്തുക്കളെ സഹായത്തി
നു വിളിച്ചു. സുഹൃത്തുക്കളെത്തി. ഇരുവള്ളങ്ങ
ളും മുങ്ങാറായതുവ രെ മത്സ്യം ലഭിച്ചു.
8-9തങ്ങൾ പിടിച്ച മീനുകളുടെ അളവുകണ്ട്
മീൻപിടുത്തക്കാർ അത്ഭുതസ്തബ്ധരായി. ഇ
തുകണ്ട ശിമോൻ പത്രൊസ് യേശുവിനു മുമ്പി
ൽ കുനിഞ്ഞുവീണു പറഞ്ഞു, “എൻെറയടുത്തു
നിന്നു പോകൂ കർത്താവേ, ഞാൻ പാപിയാ
ണ്.” 10യാക്കോബും യോഹന്നാനും സെബെദി
യുടെ പുത്രന്മാരും അത്ഭുതസ്തബ്ധരായി.
യേശു ശിമോനോടു പറഞ്ഞു, “ഭയപ്പെടാതി
രിക്കൂ. ഇനി മുതൽ നിങ്ങൾ മീനിനെയല്ല മനു
ഷ്യനെ പിടിക്കാൻ പ്രവർത്തിക്കും.”
11അവർ തങ്ങളുടെ വള്ളങ്ങൾ തീരത്തടുപ്പി
ച്ചു. അവർ എല്ലാം ത്യജിച്ച് യേശുവിൻെറ
അനുയായികളായി.

യേശു രോഗിയെ സുഖപ്പെടുത്തുന്നു

(മത്താ. 8:1-4; മർക്കൊ. 1:40-45)

12ഒരിക്കൽ രോഗിയായ ഒരാൾ താമസിക്കുന്ന
ഒരു പട്ടണത്തിൽ യേശുവുമുണ്ടായിരുന്നു. അ
യാൾ കുഷ്ഠരോഗിയായിരുന്നു. യേശുവിനെ
കണ്ട അയാൾ അവൻെറ മുന്നിൽ കുനിഞ്ഞ്
അവനോടു യാചിച്ചു, “കർത്താവേ, എന്നെ
സുഖപ്പെടുത്തിയാലും. അങ്ങ് ആഗ്രഹിച്ചാൽ
അതു നടക്കുമെന്നറിയാം.”
13യേശു പറഞ്ഞു, “എനിക്കു നിന്നെ സുഖ
പ്പെടുത്തണം. സുഖപ്പെടൂ.” യേശു അയാളെ
സ്പർശിച്ചു. പൊടുന്നനവേ കുഷ്ഠം അപ്രത്യ
ക്ഷമായി. 14അപ്പോൾ യേശു അവനോടു നിർദ്ദേ
ശിച്ചു, “സംഭവിച്ചതെന്താണെന്ന് ആരോടും
പറയരുത്. പക്ഷേ പോയി പുരോഹിതനു
നിന്നെ കാണിച്ചു കൊടുക്കുക. മോശെയുടെ
കല്പനയിലെപ്പോലെ നിൻെറ സുഖപ്പെടലിനാ
യുള്ള വഴിപാടുകൾ സമർപ്പിക്കുക. അതുജന
ങ്ങളുടെ മുമ്പിൽ തെളിവായിരിക്കട്ടെ.”
15പക്ഷേ യേശുവിനെ സംബന്ധിച്ച വാർത്ത
വളരെയധികം പരന്നു. യേശുവിനെ കേൾക്കാ
നും രോഗം ഭേദമായി കിട്ടാനും അനേകർ എ
ത്തി. 16യേശു പലപ്പോഴും പ്രാർത്ഥനയ്ക്കായി
ഏകാന്തമായ സ്ഥലത്തേക്കു പോകുമായിരുന്നു.

യേശു തളർവാതരോഗിയെ സുഖപ്പെടുത്തുന്നു

(മത്താ. 9:1-8; മർക്കൊ. 2:1-12)

17ഒരു ദിവസം യേശു ജനങ്ങളെ പഠിപ്പിക്കു
കയായിരുന്നു. പരീശന്മാരും ശാസ്ത്രിമാരും അ
വിടെ കൂടിയിരുന്നു. അവർ എല്ലാ നഗരങ്ങളിൽ
നിന്നും വന്നവരായിരുന്നു. ജനങ്ങളെ രോഗവി
മുക്തരാക്കുവാനുള്ള ശക്തി കർത്താവ് അവനു
നൽകിയിരുന്നു. 18ചിലർ ഒരു തളർവാതരോഗി
യെ ഒരു കട്ടിലിൽ എടുത്തുകൊണ്ടുവന്നു. അ
വർ അയാളെ അകത്തു കൊണ്ടുവന്ന് യേശു
വിനു മുമ്പിൽ കിടത്താൻ ശ്രമിച്ചു. 19പക്ഷേ
ആൾക്കൂട്ടത്തിനിടയിൽ അവർക്കതിനായില്ല.
അതിനാൽ മേൽക്കൂരയിൽ കയറി ഓടിളക്കി
അതിലൂടെ കിടക്കയോടെ യേശുവിനു മുമ്പിൽ
അയാളെ അവർ ഇറക്കി. 20അവരുടെ വിശ്വാസം
അവൻ കണ്ടു. യേശു രോഗിയോടു പറഞ്ഞു,
“നിൻെറ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.”
21ശാസ്ത്രിമാരും പരീശന്മാരും സ്വയം ചിന്തി
ച്ചു. “ആരാണിവൻ? അവൻ ദൈവവിരുദ്ധമായ
കാര്യങ്ങൾ പറയുന്നു. ദൈവത്തിനു മാത്രമേ
പാപങ്ങൾ പൊറുക്കാനാവൂ.”
22യേശു അവരുടെ മനോഗതമറിഞ്ഞു.
അവൻ പറഞ്ഞു, “എന്താണു നിങ്ങളുടെ ഹൃദയ
ത്തിൽ അത്തരം ചിന്തകൾ? 23‘നിൻെറ പാപ
ങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു’ എന്നു പറയുന്ന
താണോ ‘എഴുന്നേറ്റു നടക്കൂ’ എന്നാവശ്യപ്പെടു
ന്നതാണോ എളുപ്പം? 24എന്നാൽ മനുഷ്യപുത്ര
നു ഭൂമിയിൽ പാപങ്ങൾ പൊറുക്കാനുള്ള അധി
കാരമുണ്ടെന്ന് ഞാൻ തെളിയിക്കാം.” അതിനാ
യി യേശു തളർവാതരോഗിയോട് ആവശ്യ
പ്പെട്ടു, “ഞാൻ നിന്നോടു പറയുന്നു, എഴുന്നേറ്റ്
നിൻെറ കിടക്കയുമെടുത്ത് വീട്ടിൽ പോകുക.”
25ഉടൻ അയാൾ ജനങ്ങളുടെ മുമ്പിൽ എഴു
ന്നേറ്റുനിന്ന് തൻെറ കിടക്കയും എടുത്ത് ദൈവ
ത്തെ വാഴ്ത്തിക്കൊണ്ട് വീട്ടിലേക്കു നടന്നു. 26ജ
നങ്ങളിൽ ദൈവത്തിൻെറ ശക്തിയിലുള്ള ബ
ഹുമാനം നിറഞ്ഞു. അവർ പറഞ്ഞു, “ഇന്നു
ഞങ്ങൾ അത്ഭുതസംഭവങ്ങൾ കണ്ടിരിക്കുന്നു.”

ലേവി യേശുവിൻെറ അനു യായിയാകുന്നു

(മത്താ. 9:9-13; മർക്കൊ. 2:13-17)

27അതിനുശേഷം പുറത്തിറങ്ങിയ യേശു ഒരു
നികുതിപിരിവുകാരൻ അയാളുടെ കാര്യാലയ
ത്തിലിരിക്കുന്നതു കണ്ടു. ലേവി എന്നാണവ
ൻെറ പേര്. യേശു, അവനോടു പറഞ്ഞു,
“എന്നെ അനുഗമിക്കൂ.” 28ലേവി എഴുന്നേറ്റ്
എല്ലാമുപേക്ഷിച്ച് യേശുവിനെ പിന്തുടർന്നു.
29ലേവി യേശുവിന് ഒരുഗംഭീരഅത്താഴം നൽ
കി. അത്താഴം ലേവിയുടെ വീട്ടിൽവച്ചായിരു
ന്നു.അനേകം നികുതിപിരിവുകാരും വേറെ ചി
ലരും ആ വിരുന്നിൽ സംബന്ധിച്ചിരുന്നു. 30പ
ക്ഷേ പരീശന്മാരും അവരുടെ ശാസ്ത്രിമാരും
യേശുവിൻെറ ശിഷ്യന്മാർക്കെതിരെ പിറുപിറു
ത്തുപറഞ്ഞു, “നിങ്ങളെന്താണ് നികുതിപിരി
വുകാരോടും മറ്റു ദുഷിച്ചവരോടുമൊത്ത് തിന്നു
കയും കുടിയ്ക്കുകയും ചെയ്യുന്നത്?”
31യേശു അവർക്കു മറുപടി നൽകി, “ആരോ
ഗ്യവാന്മാർക്ക് വൈദ്യൻ വേണ്ട. പക്ഷേ രോഗി
കൾക്ക് അവൻ വേണം. 32ഞാൻ നല്ലവരെ മാന
സാന്തരപ്പെടുത്തുവാനല്ല വന്നത്. ദുഷിച്ചവരെ
മാനസാന്തരത്തിലേക്ക് നയിക്കാനാണ് ഞാൻ
വന്നത്.”

ഉപവാസത്തെപ്പറ്റിയുള്ള ഒരു ചോദ്യത്തിന് യേശു മറുപടി പറയുന്നു

(മത്താ. 9:14-17; മർക്കൊ. 2:18-22)

33അവർ യേശുവിനോടു പറഞ്ഞു,“യോഹ
ന്നാൻെറ അനുയായികൾ പരീശന്മാർ ചെയ്യു
ന്നതുപോലെ പലപ്പോഴും ഉപവസിക്കുകയും
പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്. പക്ഷേ അങ്ങ
യുടെ അനുയായികൾ എപ്പോഴും തിന്നുകയും
കുടിക്കുകയും ചെയ്യുന്നുവല്ലോ?” 34യേശു അവ
രോടു പറഞ്ഞു, “ഒരു വിവാഹസമയത്ത്, വരൻ
കൂടെയുള്ളപ്പോൾ നിങ്ങൾക്ക് അവൻെറ സുഹൃ
ത്തുക്കളെ ഉപവസിപ്പിക്കുവാൻ കഴിയുമോ?
35പക്ഷേ വരൻ അവരിൽനിന്നും അകറ്റപ്പെടു
ന്ന അവസരം വരും. അപ്പോൾ ആ സുഹൃത്തു
ക്കൾ ഉപവസിച്ചുകൊള്ളും.”

36യേശു അവരോടു ഈ കഥ പറഞ്ഞു:
“പുതിയ ഒരുവസ്ത്രത്തിൽ നിന്നും ഒരു കഷണം
കീറിയെടുത്ത് ആരും പഴയ വസ്ത്രത്തിലെ
ദ്വാരം അടയ്ക്കാറില്ല, എന്തുകൊണ്ടെന്നാൽ
അതു പുതിയ വസ്ത്രത്തെ നശിപ്പിക്കും, പുതി
യതിൽ നിന്നുള്ള കഷണം പഴയതിനോട് ചേരു
കയുമില്ല. 37ആൾക്കാർ പുതിയ വീഞ്ഞ് പഴയ
തുരുത്തിയിൽ നിറയ്ക്കാറില്ല. അങ്ങനെ ചെ
യ്താൽ പഴയ തുരുത്തി കീറിപ്പോവുകയും
വീഞ്ഞ് നഷ്ടപ്പെടുകയും ചെയ്യും. 38അവർ
പുതിയ വീ ഞ്ഞ് പുതിയ തുരുത്തിയിൽത്തന്നെ
നിറയ്ക്കും. 39പഴയവീഞ്ഞ് കുടിയ്ക്കുന്ന ആരും
പുതിയ വീഞ്ഞ് ആവശ്യപ്പെടാറില്ല. എന്തെ
ന്നാൽ അവൻ പറയുന്നു, ‘പഴയ വീഞ്ഞാണു
നല്ലത്.’”

യേശു ശബ്ബത്തിൻെറ കർത്താവ്

(മത്താ. 12:1-8; മർക്കൊ. 2:23-28)

6 ഒരു ശബ്ബത്തുദിവസത്തിൽ യേശു ഒരു ധാ
ന്യവയലിലൂടെ നടക്കുകയായിരുന്നു. അദ്ദേ
ഹത്തിൻെറ ശിഷ്യന്മാർ കുറച്ചു ധാന്യമെടുത്ത്
കൈകൊണ്ട് തിരുമ്മിഭക്ഷിച്ചു. 2ചില പരീശ
ന്മാർപറഞ്ഞു, “എന്താണ് ശബ്ബത്തുദിവസം
മോശെയുടെ ന്യായപ്രമാണം നിങ്ങൾ ലംഘി
ച്ചത്?”

3യേശു പ്രതിവചിച്ചു, “തനിക്കും തൻെറ
ആളുകൾക്കും വിശന്നപ്പോൾ ദാവീദ് എന്താണു
ചെയ്തതെന്ന് നിങ്ങൾ വായിച്ചിട്ടില്ലേ? 4ദാ
വീദ് ദൈവാലയത്തിൽ പ്രവേശിച്ച് ദൈവത്തി
നുള്ള വഴിപാടു സാധനങ്ങളെടുത്തു ഭക്ഷിച്ചു.
അയാൾ കുറെ അപ്പം തന്നോടൊപ്പമുണ്ടായിരു
ന്നവർക്കും നൽകി. അതു മോശെയുടെ ന്യായ
പ്രമാണ ത്തിനെതിരാണ്. പുരോഹിതന്മാർക്കു
മാത്രമേ ആ അപ്പം കഴിക്കാവൂ എന്നാണു ന്യായ
പ്രമാണം പറയുന്നത്.” 5യേശു പരീശന്മാരോടു
പറഞ്ഞു, “മനുഷ്യപുത്രൻ ശബ്ബത്തിൻെറ കർ
ത്താവാണ്.”

യേശു ശബ്ബത്തിൽ ഒരാളെ സുഖപ്പെടുത്തുന്നു

(മത്താ. 12:9-14; മർക്കൊ. 3:1-6)

6മറ്റൊരു ശബ്ബത്തുദിവസം യേശു യെഹൂദപ്പ
ള്ളിയിലേക്കു പോയി. യേശു അവരെ ഉപദേശി
ച്ചു. വലതു കൈക്ക് തളർവാതം ബാധിച്ച ഒരാൾ
അവിടെയുണ്ടായിരുന്നു. 7ശബ്ബത്തുദിവസം യേ
ശു സുഖപ്പെടുത്തുമോ എന്നറിയാൻ ശാസ്ത്രി
മാരും പരീശന്മാരും കാത്തുനിൽക്കുകയായിരു
ന്നു.യേശു തെറ്റായെന്തെങ്കിലും ചെയ്താൽ അ
വനെ കുറ്റപ്പെടുത്തുക എന്നതായിരുന്നു അവ
രുടെ ലക്ഷ്യം.8പക്ഷേ അവർ എന്താണുദ്ദേശിക്കു
ന്നതെന്ന് യേശുവിനറിയാമായിരുന്നു. അവൻ
തളർവാതക്കാരനോടു പറഞ്ഞു, “എഴുന്നേറ്റ് ഇ
വരുടെ മുമ്പിൽ നിൽക്കൂ.” അയാൾ അനുസരി
ച്ചു. 9അപ്പോൾ യേശു അവരോടു പറഞ്ഞു,
“ഞാൻ ചോദിക്കുന്നു, ശബ്ബത്തു ദിവസം നന്മ
ചെയ്യണമോ, തിന്മചെയ്യണമോ? ഏതാണു
ശരി? ഒരു ജീവൻ രക്ഷിക്കാതെ, നശിപ്പിക്കാനോ
നമ്മെ അ നുവദിച്ചിട്ടുള്ളത്?” 10യേശു ചുറ്റിനും
അവരെ നോക്കി. യേശു രോഗിയോടു പറഞ്ഞു,
“ഞാൻ നിൻെറ കൈയ്യൊന്നു കാണട്ടെ.”
അയാൾ തൻെറ കൈപുറത്തെടുത്തു. അവ
ൻെറ കൈ സുഖപ്പെട്ടു. 11പരീശന്മാരും ശാ
സ്ത്രിമാരും വളരെയധികം ക്ഷുഭിതരായി.
അവർ പരസ്പരം പറഞ്ഞു,“യേശുവിനെ നമു
ക്കെന്തു ചെയ്യുവാൻ കഴിയും?”

യേശു തൻെറ പന്ത്രണ്ട് അപ്പൊ സ്തലന്മാരെ തിരഞ്ഞെടുക്കുന്നു

(മത്താ. 10:1-4; മർക്കൊ. 3:13-19)

12ആ സമയം യേശു മലയിലേക്ക് പ്രാർത്ഥി
ക്കാൻ പോയി. രാത്രിമുഴുവൻ ദൈവത്തോട്
പ്രാർത്ഥിച്ചുകൊണ്ട് അവനവിടെ കഴിഞ്ഞു.
13പിറ്റേന്നു പ്രഭാതത്തിൽ, യേശു തൻെറ അനു
യായികളെ വിളിച്ചു. അവൻ അവരിൽനിന്നു
പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. അവൻ അവ
രെ “അപ്പൊസ്തലന്മാരെന്നു” വിളിച്ചു. 14പ
ത്രൊസ് എന്നു അവൻ പേരിട്ട ശിമോൻ, അവ
ൻെറ സഹോദരൻ അന്ത്രെയാസ്, യാക്കോബ്,
യോഹന്നാൻ, ഫീലിപ്പൊസ്, ബർത്തൊലൊ
മായി. 15മത്തായി, തോമാസ്, അൽഫായിയുടെ
പുത്രൻ യാക്കോബ്, എരിവുകാരൻ എന്നു
വിളിക്കപ്പെട്ടശിമോൻ, 16യാക്കോബിൻെറ
പുത്രൻ യൂദാ, യേശുവിനെ ഒറ്റുകൊടുത്ത
യൂദാഈസ്ക്കാര്യോത്ത് എന്നിവരായിരുന്നു
അവർ.

യേശു ജനങ്ങളെ പഠിപ്പിക്കുകയും സുഖപ്പെ ടുത്തുകയും ചെയ്യുന്നു

(മത്താ. 4:23-25; 5:1-12)

17യേശുവും അപ്പൊസ്തലന്മാരും മലയിറ
ങ്ങിവന്നു. യേശു പരന്ന ഒരു സ്ഥലത്തു നിന്നു.
അദ്ദേഹത്തിൻെറ ഒരു വലിയസംഘം അനുയാ
യികൾ അവിടെ കൂടിയിരുന്നു. യെഹൂദ്യയിൽ
നിന്നും യെരൂശലേമിൽനിന്നും കടൽത്തീര നഗ
രങ്ങളായ സോരിൽനിന്നും സീദോനിൽനിന്നും
അനേകർ അവിടെ കൂടിയിരുന്നു. 18അവരെല്ലാ
മെത്തിയത് യേശുവിൻെറവാക്കുകൾ കേൾക്കു
ന്നതിനുംരോഗശാന്തി നേടുന്നതിനുമായിരുന്നു.
അശുദ്ധാത്മാവിൽനിന്നു പീഡനം അനുഭവി
ച്ചിരുന്നവരെല്ലാം സുഖപ്പെട്ടു. 19എല്ലാവരും യേ
ശുവിനെ തൊടാൻ ശ്രമിച്ചു. എന്തെന്നാൽ ശ
ക്തിഅവനിൽ നിന്നായിരുന്നു പുറപ്പെട്ടിരുന്ന
ത്. യേശു എല്ലാവരെയും സുഖപ്പെടുത്തി. 20യേ
ശു തൻെറ ശിഷ്യന്മാരെ നോക്കി പറഞ്ഞു,

“ദരിദ്രരായ നിങ്ങൾ ഭാഗ്യവാന്മാർ, എന്തെ
ന്നാൽ ദൈവരാജ്യം നിങ്ങൾക്കുള്ളതാണ്.

21ഇപ്പോൾ വിശക്കുന്ന നിങ്ങൾ ഭാഗ്യവാ
ന്മാർ, എന്തെന്നാൽ നിങ്ങൾക്കു സംതൃപ്തി ലഭി
ക്കും. ഇപ്പോൾ കരയുന്നവർ ഭാഗ്യവാന്മാർ,
എന്തെന്നാൽ നിങ്ങൾ സന്തോഷംകൊണ്ട്
ചിരിക്കും.

22“മനുഷ്യർ നിങ്ങളെ നിന്ദിക്കുകയും, ദുഷ്ട
രെന്നു വിളിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ
സൗഭാഗ്യവാന്മാർ. നിങ്ങൾ മനുഷ്യപുത്രൻെറ
ആളായതിനാൽ നിങ്ങൾ ചീത്തയെന്ന് മനുഷ്യ
ർപറയും. അവരങ്ങനെ പറയുമ്പോഴും നിങ്ങൾ
ഭാഗ്യവാന്മാർ. 23അപ്പോഴും നിങ്ങൾ ആഹ്ളാദ
വാന്മാരും സന്തോഷവാന്മാരും ആകും. എന്തെ
ന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കു മഹത്തായൊ
രുസമ്മാനം ലഭിക്കും. അവരുടെ പൂർവ്വികർ പ്ര
വാചകരോടും അങ്ങനെ ചെയ്തിരുന്നു.

24“എന്നാൽ ധനവാന്മാരെ നിങ്ങൾക്കുദുരി
തം. എന്തെന്നാൽ നിങ്ങളുടെ ആശ്വാസം നിങ്ങ
ൾക്കു കിട്ടിക്കഴിഞ്ഞു.

25ഇപ്പോൾ സംതൃപ്തി ലഭിച്ചവരേ നിങ്ങൾ
ക്കുദുരിതം. എന്തെന്നാൽ നിങ്ങൾക്കു വിശപ്പു
ണ്ടാകും. ഇപ്പോൾ ചിരിക്കുന്നവരെ നിങ്ങൾക്കു
ദുരിതം. എന്തെന്നാൽ നിങ്ങൾ ദു:ഖിതരും കര
യുന്നവരുമാകും. 26“നിങ്ങളെപ്പറ്റി എല്ലാവരും

നല്ലതു പറയുമ്പോൾ നിങ്ങൾക്കുദുരിതം. അവ
രുടെ പൂർവ്വികർ കള്ളപ്രവാചകരോട് അങ്ങ
നെ ചെയ്തിട്ടുണ്ട്.

നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക

(മത്താ. 5:38-48; 7:12)

27"എന്നെ ശ്രദ്ധിക്കുന്ന നിങ്ങളോട് ഞാൻ
പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേഹി
ക്കുക. നിങ്ങളെ വെറുക്കുന്നവർക്കു നന്മചെ
യ്യുക. 28നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹി
ക്കുക. നിങ്ങളെ നിന്ദിക്കുന്നവർക്കുവേണ്ടി ദൈ
വത്തോടു പ്രാർത്ഥിക്കുക.29നിങ്ങളുടെ ഒരു കര
ണത്തു അടിക്കുന്നവനു മറ്റേകരണവും കാണി
ച്ചുകൊടുക്കുക. ആരെങ്കിലും നിങ്ങളുടെ കോട്ട്
എടുത്തുകൊണ്ടുപോകുകയാണെങ്കിൽ അവൻ
നിങ്ങളുടെ ഉടുപ്പും കൊണ്ടു പോകട്ടെ. 30നി
ന്നോടു യാചിക്കുന്ന എല്ലാവർക്കും നീ കൊടു
ക്കുക. നിന്റേതായ എന്തെങ്കിലും എടുത്തുകൊ
ണ്ടുപോകുന്നവനോടു അതു മടക്കിക്കിട്ടാൻ കർ
ക്കശമായി ചോദിക്കാതിരിക്കുക. 31മറ്റുള്ളവർ
നിങ്ങളോട് എങ്ങനെ പെരുമാറണം എന്നാ
ഗ്രഹിക്കുന്നുവോ അതുപോലെ നിങ്ങൾ അവ
രോടും പെരുമാറുക. 32നിങ്ങളെ സ്നേഹിക്കുന്ന
വരെമാത്രം നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾ
ക്കെന്തു മേന്മയാണുള്ളത്? ഇല്ല, പാപികൾ
പോലും അവരെ സ്നേഹിക്കുന്നവരെ സ്നേ
ഹിക്കുന്നുണ്ട്. 33നന്മചെയ്യുന്നവർക്കുവേണ്ടി
മാത്രം നിങ്ങൾ നന്മ ചെയ്താൽ നിങ്ങൾക്കെ
ന്തെങ്കിലും മേന്മയുണ്ടാകുമോ? ഇല്ല, പാപികൾ
പോലും അങ്ങനെ ചെയ്യുന്നുണ്ട്. 34എന്നെ
ങ്കിലും തിരിച്ചുകിട്ടും എന്ന പ്രതീക്ഷയോടെ
കടം കൊടുത്താൽ നിങ്ങൾക്കെന്തുമേന്മ? ഇല്ല,
പാപികൾപോലും മറ്റു പാപികൾക്ക് കടം
കൊടുക്കുന്നത് അതേതുക തിരിച്ചു കിട്ടുമെന്ന
തുകൊണ്ടാണ്. 35അതിനാൽ നിങ്ങളുടെ ശത്രു
ക്കളെയും സ്നേഹിക്കുക. അവർക്കായി നന്മ
ചെയ്യുക. തിരിച്ചു കിട്ടണമെന്നാഗ്രഹിക്കാതെ
അവർക്കു കടം കൊടുക്കുക. നിങ്ങൾക്കു മഹ
ത്തായ ഒരു പ്രതിഫലം ലഭിക്കും. നിങ്ങൾ അത്യു
ന്നതന്റെ പുത്രന്മാരാകും. അതെ, എന്തെന്നാൽ
ദൈവം നന്ദിയില്ലാത്തവരോടും, ദുഷ്ടന്മാരോ
ടും കരുണയുള്ളവനാണ്. 36നിങ്ങളുടെ പിതാ
വ് സ്നേഹവും കാരുണ്യവും നൽകുന്നതു പോ
ലെനിങ്ങളും സ്നേഹകാരുണ്യങ്ങൾ ചൊ
രിയുക.

ആത്മപരിശോധന നടത്തുക

(മത്താ. 7:1-5)

37"നിങ്ങൾ മറ്റുള്ളവരെ വിധിക്കരുത്.
എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. മറ്റു
ള്ളവരെ കുറ്റപ്പെടുത്തരുത്, എങ്കിൽ നിങ്ങളെ
യും കുറ്റപ്പെടുത്തുകയില്ല. മറ്റുള്ളവരോടു ക്ഷമി
ക്കുക, നിങ്ങളും ക്ഷമിക്കപ്പെടും. 38അന്യർക്കു
ദാനം ചെയ്യുക. അത്രയധികം നിങ്ങൾക്കും ലഭി
ക്കും, നിങ്ങളുടെ കയ്യിൽ ഒതുങ്ങാതെ മടിയിൽ
വീഴത്തക്കവിധത്തിൽ അത്രയധികം. നിങ്ങൾ
അന്യർക്കു കൊടുക്കുന്ന അളവിൽ തന്നെ
ദൈവം നിങ്ങൾക്കും തരും."

39യേശു അവരോടു ഈ കഥ പറഞ്ഞു: "കുരു
ടനായ ഒരാൾക്ക് മറ്റൊരു കുരുടനെ നയിക്കുവാ
നാകുമോ? ഇല്ല! ഇരുവരും ഒരേ കുഴിയിൽ വീഴും.
40ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല. എ
ന്നാൽ മുഴുവനും പഠിച്ചുകഴിയുമ്പോൾ ശിഷ്യ
ന്മാർ ഗുരുവിനെപ്പോലെയാകുന്നു.

41"സഹോദരന്റെ കണ്ണിലെ കരടു കണ്ടെത്തു
ന്ന നിങ്ങൾ എന്തുകൊണ്ട് സ്വന്തം കണ്ണിലെവ
ലിയ കോൽ കാണുന്നില്ല? 42നിങ്ങൾ നിങ്ങ
ളുടെ സഹോദരനോടു പറയുന്നു, 'സഹോദരാ,
നിന്റെ കണ്ണിലെ കരടു ഞാൻ എടുത്തുകളയട്ട
യോ' എന്ന്. നിങ്ങൾക്കു സ്വന്തം കണ്ണിലെ
കോൽ കാണുവാനാകുന്നില്ല, നിങ്ങളൊരു കപ
ടഭക്തിക്കാരനാണ്. ആദ്യം സ്വന്തം കണ്ണിലെ
കോലെടുത്തുമാറ്റൂ. അപ്പോൾ സഹോദരന്റെ
കണ്ണിലെ കരടു നിങ്ങൾക്കു വ്യക്തമായിക്കാ
ണാനാകും.

രണ്ടു തരം ഫലങ്ങൾ

(മത്താ. 7:17-20; 12:34-35)

43"ഒരു നല്ല മരം ദുഷിച്ച ഫലത്തെ നൽകുന്നി
ല്ല. അതുപോലെ ഒരു ചീത്തമരം നല്ല ഫലത്തെ
യും തരുന്നില്ല. 44ഓരോ മരവും അതുനൽകുന്ന
ഫലത്തിന്റെ പേരിലറിയപ്പെടുന്നു. ആരും മു
ള്ളുകളിൽ നിന്ന് അത്തിപ്പഴങ്ങൾ ശേഖരിക്കു
ന്നില്ല. ഞെരിഞ്ഞിലിൽനിന്ന് മുന്തിരിയും.
45നല്ലവനായ ഒരുവന് സ്വഹൃദയത്തിൽ നന്മക
ളുടെ നിക്ഷേപമുണ്ടാകും. അതിനാലാണവൻ
സ്വന്തം ഹൃദയത്തിൽനിന്ന് നല്ലകാര്യങ്ങൾ പുറ
ത്തെടുക്കുന്നത്. പക്ഷേ ദുഷ്ടനായ ഒരുവന്റെ
ഹൃദയത്തിൽ തിന്മയേ ഉണ്ടാകൂ. അതിനാല
യാൾ തിന്മയേയും പുറത്തെടുക്കുന്നു. ഏതൊരു
വനും സ്വന്തം ഹൃദയത്തിലുള്ള കാര്യങ്ങളേ
പറയൂ.

രണ്ടു തരം ആളുകൾ

(മത്താ. 7:24-27)

46"നിങ്ങൾ എന്നെ 'കർത്താവേ, കർത്താവേ,'
എന്നു വിളിക്കുകയും എന്നാൽ ഞാൻ പറയുന്ന
തൊന്നും അനുസരിക്കാതിരിക്കയും ചെയ്യുന്ന
തെന്തുകൊണ്ട്? 47എന്റെയടുത്ത് വന്ന് എന്നെ
ശ്രദ്ധിക്കുകയും അതനുസരിക്കുകയും ചെയ്യുന്ന
ഒരോരുത്തരും 48ഉറപ്പുള്ള വീടു പണിയുന്നവ
നെപ്പോലെയാണ്. അവൻ ആഴത്തിൽ കുഴി
യെടുത്ത് ശക്തമായ പാറയിന്മേൽ അടിത്തറ
ഇടുന്നു. വെള്ളപ്പൊക്കക്കാലത്ത് ആ വീടിനെ
ഒഴുക്കിയകറ്റാൻ വെള്ളം ശ്രമിക്കുന്നു. പക്ഷേ
ജലപ്രവാഹത്തിന് ആ വീടിനെ മാറ്റാനാവില്ല.
എന്തെന്നാൽ ആ വീട് കരുത്തുള്ളതാണ്.
49എന്നാൽ എന്നെ ശ്രവിക്കുകയും അനുസരി
ക്കാതിരിക്കുകയും ചെയ്യുന്നവൻ അടിത്തറയി
ല്ലാത്ത വെറും മണ്ണിൽ തന്റെ വീടുപണിയുന്ന
വനെപ്പോലെയാണ്. ജലപ്രവാഹത്തിൽ അവ
ന്റെ വീട് എളുപ്പത്തിൽ തകർന്നു വീഴുന്നു.
വീടു പൂർണ്ണമായും നശിക്കുകയും ചെയ്യുന്നു."

യേശു ഒരു ദാസനെ സുഖപ്പെടുത്തുന്നു

(മത്താ. 8:5-13; യോഹ. 4:43-54)

7 യേശു ജനങ്ങളോടു പറയാനുള്ളതെല്ലാം
പറഞ്ഞു കഴിഞ്ഞു. അനന്തരം അവൻ
കഫർന്നഹൂമിലേക്കു പോയി. 2അവിടെ ഒരു
ശതാധിപനുണ്ടായിരുന്നു. അയാൾക്ക് രോഗ
ത്താൽ മരണാസന്നനായൊരു ദാസനുണ്ടായി
രുന്നു. ശതാധിപൻ ദാസനെ വളരെയധികം
സ്നേഹിച്ചിരുന്നു. 3യേശുവിനെപ്പറ്റി കേട്ട
അയാൾ ജനത്തിന്റെ മൂപ്പന്മാരെ അദ്ദേഹത്തി
നടുത്തേക്ക് അയച്ചു. അവിടെയെത്തി തന്റെ
ദാസന്റെ ജീവൻ രക്ഷിക്കണമെന്ന് യേശുവി
നോടപേക്ഷിക്കാനാണയാൾ അവരെഅയച്ചത്.
4അവർ യേശുവിന്റെ അടുത്തെത്തി. ശതാധി

പനെ സഹായിക്കണമെന്ന് അവർ യേശുവി
നോട് യാചിച്ചു. 5അവർ പറഞ്ഞു,“നിന്റെ
സഹായത്തിന് ഈ ശതാധിപൻ അർഹനാണ്.
എന്തെന്നാൽ അയാൾ നമ്മുടെ ജനതയെ സ്നേ
ഹിക്കുകയും ഞങ്ങൾക്കായി യെഹൂദപ്പള്ളി
പണിയുകയും ചെയ്തിട്ടുണ്ട്.”

6യേശു അവരോടൊത്തുപോയി. അവൻ ശ
താധിപന്റെ വീടിനടുത്തെത്തിയപ്പോൾ അ
യാൾ തന്റെ സുഹൃത്തുക്കളെ അയച്ച് ഇങ്ങനെ
പറയിപ്പിച്ചു, “കർത്താവേ, അങ്ങ് എന്റെ ഭവ
നത്തിലേക്ക് വരേണ്ടതില്ല. അങ്ങയെ അവിടെ
വെച്ചുസ്വീകരിക്കാൻ ഞാൻ അർഹനല്ല. 7അ
താണു ഞാൻ സ്വയം അങ്ങയുടെ അടുത്തേക്കു
വരാതിരുന്നത്. എന്റെ ദാസൻ ഭേദമാകാൻ
അങ്ങു കല്പിക്കുക മാത്രമേവേണ്ടൂ.8ഞാൻ തന്നെ
മറ്റുള്ളവരുടെ അധികാരത്തിൻ കീഴിലാണ്. എ
ന്റെ അധികാരത്തിൻ കീഴിൽ പടയാളികളു
ണ്ട്. അവരിലൊരുവനോടു ഞാൻ ‘പോകൂ’ എ
ന്നു പറഞ്ഞാലവൻ പോകും. മറ്റൊരുവനോട്
‘വരൂ’ എന്നു പറഞ്ഞാലവൻ വരും. ഞാനെന്റെ
ദാസനോട്‘ അതു ചെയ്യൂ’ എന്നു പറഞ്ഞാല
വൻ എന്നെ അനുസരിക്കും.”9ഇതു കേട്ട യേശു
അത്ഭുതം കൂറി. യേശു തന്നെ അനുഗമിക്കുന്ന
ജനക്കൂട്ടത്തിന്റെ നേർക്കു തിരിഞ്ഞു. അവൻ
പറഞ്ഞു, “ഞാൻ പറയുന്നു, ഇങ്ങനെയൊരു
വിശ്വാസം ഞാനൊരിടത്തും കണ്ടിട്ടില്ല.
യിസ്രായേലിൽ പോലും.”

10യേശുവിനടുത്തേക്ക് അയയ്ക്കപ്പെട്ടവർ
തിരികെ വീട്ടിലെത്തി. അവിടെ ഭൃത്യൻ സുഖം
പ്രാപിച്ചിരിക്കുന്നതവർ കണ്ടു.

യേശു ഒരാളെ ജീവിപ്പിക്കുന്നു

11പിറ്റേന്ന് യേശു നയീൻ എന്ന പട്ടണത്തി
ലേക്കുപോയി. യേശുവിന്റെ ശിഷ്യന്മാരും വ
ലിയൊരുകൂട്ടം ജനങ്ങളും അദ്ദേഹത്തോടൊപ്പ
മുണ്ടായിരുന്നു. 12അവർ നഗരകവാടത്തിനടു
ത്തെത്തിയപ്പോൾ അവൻ ഒരു ശവസംസ്കാരം
കണ്ടു. വിധവയായ ഒരമ്മയ്ക്ക് അവരുടെ ഏക
മകനെയും നഷ്ടപ്പെട്ടു. മൃതദേഹം പുറത്തേക്കു
കൊണ്ടുവന്നപ്പോൾ നഗരത്തിൽ നിന്നുവന്ന
അനവധിയാളുകൾ അവളോടൊപ്പമുണ്ടായിരു
ന്നു. 13അവളെ കണ്ട യേശുവിന് തന്റെമനസ്സി
ൽ അവളോട് അനുകമ്പതോന്നി. യേശു അവ
ളോടു പറഞ്ഞു, “കരയരുത്.” 14യേശു ശവപ്പെ
ട്ടിക്കരികിലേക്കു നടന്നുചെന്ന് അതിൽതൊട്ടു.
ശവപ്പെട്ടി ചുമന്നിരുന്നവർ നിന്നു. യേശു, മരി
ച്ച പുത്രനോടു പറഞ്ഞു, “യുവാവേ ,ഞാൻ
നിന്നോടു പറയുന്നു എഴുന്നേൽക്കൂ!” 15അപ്പോ
ളവൻ എഴുന്നേറ്റിരുന്ന് സംസാരിക്കുവാൻ തുട
ങ്ങി. യേശു അയാളെ അയാളുടെ അമ്മയ്ക്ക്
നൽകി.

16എല്ലാവരും അത്ഭുതപ്പെട്ടു. അവർ ദൈവ
ത്തെ സ്തുതിച്ചു. അവർ പറഞ്ഞു, “ഒരു മഹാപ്ര
വാചകൻ നമ്മൾക്കിടയിലേക്ക് വന്നിരിക്കുന്നു.
ദൈവം തന്റെ ജനത്തെ ശ്രദ്ധിക്കുന്നു.”

17(യേശുവിനെക്കുറിച്ചുള്ള ഈ വാർത്തയെ
ഹൂദ്യയിലും പരിസരങ്ങളിലും പരന്നു.)

യോഹന്നാൻ ഒരു ചോദ്യം ചോദിക്കുന്നു

(മത്താ. 11:2-19)

18ഇക്കാര്യങ്ങളെല്ലാം യോഹന്നാനോട് അയാ
ളുടെ ശിഷ്യന്മാർ പറഞ്ഞു. അയാൾ തന്റെ
രണ്ടു ശിഷ്യന്മാരെ വിളിച്ചു. 19യേശുവിന്റെ
അടുത്തു ചെന്ന് ഇങ്ങനെ ചോദിക്കുവാൻ
അയാൾ അവരോടു പറഞ്ഞു, “നീയാണോ
വരാനിരിക്കുന്നവൻ? അതോ, മറ്റൊരുവനുവേ
ണ്ടി ഞങ്ങൾ കാത്തിരിക്കണോ?”

20അവർ യേശുവിന്റെ അടുത്തെത്തി. അവർ
പറഞ്ഞു, “സ്നാപകയോഹന്നാനാണ് ഞങ്ങ
ളെനിന്റെ അടുത്തേക്കയച്ചത്, ഈ ചോദ്യം
ചോദിക്കുന്നതിനായി, ‘നീയാണോ വരാനിരി
ക്കുന്നവൻ അതോ ഞങ്ങളിനി മറ്റൊരുവനു
വേണ്ടി കാത്തിരിക്കണോ?”

21അതേസമയം യേശു അനേകംപേരെ അവ
രുടെ രോഗങ്ങളിൽനിന്നും വ്യാധികളിൽ
നിന്നും സുഖപ്പെടുത്തിയിരുന്നു, അശുദ്ധാത്മാ
ക്കളിൽനിന്നും രക്ഷിച്ചിരുന്നു. അവൻ അനേകം
അന്ധർക്കു കാഴ്ച നൽകിയിരുന്നു. 22അപ്പോൾ
യേശു യോഹന്നാന്റെ ശിഷ്യന്മാരോടു പറ
ഞ്ഞു, “നിങ്ങളിവിടെ കണ്ടതും കേട്ടതുമെല്ലാം
യോഹന്നാനോടു ചെന്നുപറയൂ, അന്ധർക്കു
കാഴ്ചകിട്ടിയത്. വാതരോഗി എഴുന്നേറ്റു നട
ന്നത്. കുഷ്ഠരോഗിസുഖപ്പെട്ടത്. ബധിരനു
കേൾക്കാനായത്. മരിച്ചവർ ജീവിച്ചത്. പാവ
പ്പെട്ടവർക്ക് ദൈവരാജ്യം നൽകിയ വാർത്ത
യും. 23വിശ്വാസത്തിനു തടസ്സമായി എന്നെ
കാണാത്തവർ അനുഗ്രഹീതർ.”

24യോഹന്നാന്റെ ശിഷ്യന്മാർ പോയപ്പോൾ
യേശു യോഹന്നാനെപ്പറ്റി ജനങ്ങളോടു പറ
ഞ്ഞു, “നിങ്ങൾ എന്തുകാണാനായിരുന്നു മരുഭൂ
മിയിലേക്ക്പോയത്? കാറ്റിൽ ഊതുന്ന കാട്ടുപു
ല്ലിനെയോ? 25അല്ലാതെന്തു കാണാനാണു നി
ങ്ങൾപോയത്? നേരിയ തുണികൊണ്ടുള്ള വ
സ്ത്രം ധരിച്ചൊരുവനെയോ? നേരിയതുണി
കൊണ്ടു തയ്പ്പിച്ച നല്ലവസ്ത്രം ധരിച്ചവർ രാജ
കൊട്ടാരത്തിലാണ് ജീവിക്കുന്നത്. 26യഥാർത്ഥ
ത്തിൽ നിങ്ങളെന്തു കാണുവാനാണു പോയത്?
ഒരു പ്രവാചകനെ? അതെ, ഞാൻ നിങ്ങളോടു
പറയുന്നു, യോഹന്നാൻ ഒരു പ്രവാചകനിലുമ
ധികം എന്തോ ആണ്.” 27അയാളെപ്പറ്റി ഇങ്ങ
നെ എഴുതിയിരിക്കുന്നു:

‘ശ്രദ്ധിക്കൂ, നിന്റെമുമ്പിൽ എന്റെ ദൂതനെ
ഞാനയയ്ക്കുന്നു. അവൻ നിനക്കായി വഴിയൊ
രുക്കും.’ *മലാഖി 3:1*

28“ഞാൻ നിങ്ങളോടു പറയുന്നു, യോഹ
ന്നാൻ ഇതുവരെ ജനിച്ച ആരെക്കാളും ശ്രേഷ്ഠ
നാണ്. എന്നാൽ ദൈവരാജ്യത്തിലെ ഏറ്റവും
പ്രാധാന്യം കുറഞ്ഞവൻ പോലും അയാളെ
ക്കാൾ ശ്രേഷ്ഠനാണ്.”

29(ഇതുകേട്ട് എല്ലാവരും ദൈവത്തിന്റെ നീ
തിയെ അംഗീകരിച്ചു. നികുതിപിരിവുകാർ
പോലും. അവർ എല്ലാം യോഹന്നാനാൽ സ്നാ
നം ചെയ്യപ്പെട്ടവരാണ്. 30എന്നാൽ പരീശന്മാരും
ശാസ്ത്രിമാരും തങ്ങൾക്കായുള്ള ദൈവഹിതം
നിരസിക്കുകയും അവരെ സ്നാനപ്പെടുത്താൻ
യോഹന്നാനെ അനുവദിക്കാതിരിക്കുകയും ചെ
യ്തു. 31“ഇക്കാലത്തെ മനുഷ്യരെപ്പറ്റി ഞാനെ
ന്തു പറയാൻ? അവരെ ഞാൻ എന്തിനോടുപമി
ക്കും? അവർ എന്തിനെപ്പോലെയാണ്? 32അവർ
ചന്തക്കുട്ടികളെപ്പോലെയാണ്. അവർ ഇങ്ങനെ
യൊക്കെ പരസ്പരം പറയുന്നു. ‘ഞങ്ങൾ
നിങ്ങൾക്കായി കുഴലൂതി, പക്ഷേ നിങ്ങൾ
നൃത്തം വെച്ചില്ല; ഞങ്ങൾ നിങ്ങൾക്കായി
ദു:ഖഗാനം പാടി പക്ഷേ നിങ്ങൾ കരഞ്ഞില്ല.’

33സ്നാപകയോഹന്നാൻ വന്നു. പക്ഷേ അ
വൻ മറ്റുള്ളവരിൽനിന്നു വിരുദ്ധമായി ആഹാ
രം കഴിക്കുകയോ വീഞ്ഞ് കുടിക്കുകയോ ചെ
യ്തില്ല. എന്നാൽ നിങ്ങൾ പറയുന്നു, ‘അവ

നിൽ ഭൂതമുണ്ട്’. 34മനുഷ്യപുത്രൻ മറ്റുള്ളവരെ
പ്പോലെ തിന്നുകയും വീഞ്ഞു കുടിക്കുകയും
ചെയ്തു. നിങ്ങൾപറയുന്നു, ‘അവനെനോക്കൂ,
അവൻ നിറയെ തിന്നുകയും മദ്യം കഴിയ്ക്കുക
യും ചെയ്യുന്നു. അവൻ ചുങ്കക്കാരുടെയും മറ്റു
ദുഷിച്ചവരുടെയും കൂട്ടുകാരൻ.’ 35പക്ഷേ ജ്ഞാ
നം അതിന്റെ എല്ലാ പ്രവൃത്തികളാലും സാധൂ
കരിക്കപ്പെടുന്നു.”

ശിമോൻ എന്ന പരീശൻ

36പരീശന്മാരിലൊരാൾ തന്നോടൊപ്പം ആ
ഹാരം കഴിക്കണമെന്ന് യേശുവിനോടാവശ്യ
പ്പെട്ടു. യേശു അവന്റെ വീട്ടിലെത്തി ഭക്ഷണ
ത്തിനിരുന്നു. 37അപ്പോഴവിടെ നഗരത്തിലെ
പാപിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. യേശു
പരീശന്റെ വീട്ടിൽ ആഹാരം കഴിക്കാനെത്തു
മെന്ന് അവളറിഞ്ഞിരുന്നു. അവൾ ഒരു ഭരണി
യിൽ സുഗന്ധതൈലം കൊണ്ടുവന്നിരുന്നു.
38അവൾ യേശുവിന്റെ പിന്നിൽ അവന്റെ
കാലുകൾക്കടുത്തായി നിന്നു കരഞ്ഞു. അവൾ
അവന്റെ പാദങ്ങൾ കണ്ണുനീരുകൊണ്ടു കഴുകു
വാൻ തുടങ്ങി. അവൾ യേശുവിന്റെ പാദങ്ങൾ
തന്റെ തലമുടികൊണ്ട് തുടച്ചു. അവൾ അവ
ന്റെ കാലുകളിൽ തുടരെ ചുംബിക്കുകയും
സുഗന്ധതൈലം പുരട്ടി തടവുകയും ചെയ്തു.
39യേശുവിന്റെ ആതിഥേയനായ പരീശൻ
അതു കണ്ടു. അയാൾ ആലോചിച്ചു: “യേശു
ഒരു പ്രവാചകനായിരുന്നുവെങ്കിൽ തന്നെ സ്പ
ർശിക്കുന്നത് ഒരു പാപിനിയാണെന്ന് അവനറി
യാമായിരുന്നു.” 40യേശു പരീശനോടുപറഞ്ഞു,
“ശിമോനെ, എനിക്കു നിന്നോട് ചിലതു പറയാ
നുണ്ട്.” ശിമോൻ പറഞ്ഞു, “ഗുരോ പറയൂ,
ഞാൻ ശ്രദ്ധിക്കുകയാണ്.”

41യേശു പറഞ്ഞു, “ഒരിടത്ത് രണ്ടു പേരുണ്ടാ
യിരുന്നു. അവർ പണം കടം കൊടുക്കുന്ന ഒരാ
ളുടെ കടക്കാരായിരുന്നു. ഒരാൾക്ക് അഞ്ഞൂറ്
ദിനാറും മറ്റെയാൾക്ക് അൻപതു ദിനാറും കടമാ
യിരുന്നു ഉണ്ടായിരുന്നത്. 42പണമില്ലാത്തതിനാ
ൽ അവർക്കു കടം വീട്ടുവാനാകുമായിരുന്നില്ല.
അപ്പോൾ അയാൾ രണ്ടാളോടും പണം തിരികെ
തരേണ്ടെന്നു പറഞ്ഞു. ഇവരിലാർക്കാവും അ
യാളോടു കൂടുതൽ സ്നേഹം?” 43ശിമോൻ പറ
ഞ്ഞു, “കൂടുതൽ പണം കടം വാങ്ങിയിരുന്നവ
നാകും കൂടുതൽ സന്തോഷം.”

യേശു ശിമോനോടുപറഞ്ഞു,“നീ പറഞ്ഞതു
ശരിയാണ്.” 44അനന്തരം യേശു ആ സ്ത്രീയുടെ
നേർക്ക് തിരിഞ്ഞ് ശിമോനോടു പറഞ്ഞു, “നീ
ഈ സ്ത്രീയെ കാണുന്നുണ്ടോ? ഞാൻ നിന്റെ
വീട്ടിൽവന്നപ്പോൾ നീയെനിക്കു കാലു കഴുകു
വാൻ വെള്ളം തന്നില്ല. എന്നാൽ ഇവൾ തന്റെ
കണ്ണുനീരുകൊണ്ട് എന്റെ കാലുകഴുകുകയും
മുടികൊണ്ട് അവ തുടയ്ക്കുകയും ചെയ്തു.45നീ
എന്നെ ചുംബിച്ചില്ല. എന്നാൽ ഞാനകത്തു
കടന്നസമയം മുതൽ ഇവൾ എന്റെ കാലുകളെ
ചുംബിക്കുന്നത് ഒരിക്കലും നിർത്തിയില്ല. 46നീ
എന്റെ തലയിൽ തൈലം പുരട്ടിതടവിയില്ല,
പക്ഷേ ഇവൾ എന്റെ പാദങ്ങളിൽ സുഗന്ധ
തൈലം പുരട്ടി തടവി. 47ഞാൻ നിന്നോടു
പറയുന്നു, ഇവളുടെ മുഴുവൻ പാപങ്ങളും പൊ
റുക്കപ്പെട്ടിരിക്കുന്നു. ഇതു വ്യക്തമാണ്. എന്തെ
ന്നാൽ അവൾ അവളുടെ മഹത്തായ സ്നേഹം
പ്രകടിപ്പിച്ചു. ആരോടു കുറച്ചു ക്ഷമിക്കുന്നു
വോ അയാൾ അല്പം സ്നേഹിക്കുന്നു.”
48അനന്തരം യേശു അവളോടു പറഞ്ഞു, “നി
ന്റെ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു.”
49യേശുവിനോടു കൂടെ ഭക്ഷണം കഴിക്കുന്നവർ
പറഞ്ഞു,“അവൻ ആരാണെന്നാണവന്റെ വി
ചാരം? അവനെങ്ങനെ പാപങ്ങൾ പൊറുക്കാൻ
കഴിയും?”

50യേശു ആ സ്ത്രീയോടു പറഞ്ഞു, “നിന്റെ
വിശ്വാസം നിന്നെ നിന്റെ പാപങ്ങളിൽ
നിന്നു രക്ഷിച്ചു. സമാധാനത്തോടെ പോകൂ.”

യേശുവിന്റെ സംഘം

8 അടുത്തദിവസം യേശു ഏതാനും നഗരങ്ങ
ളിലൂടെയും ചെറിയ പട്ടണങ്ങളിലൂടെയും
സഞ്ചരിച്ചു. യേശു ദൈവരാജ്യത്തെപ്പറ്റിയുള്ള
സുവിശേഷം പ്രസംഗിച്ചു. പന്ത്രണ്ടു ശിഷ്യന്മാ
രും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. 2ഏതാ
നും സ്ത്രീകളും അവനോടൊപ്പമുണ്ടായിരുന്നു.
യേശു ആ സ്ത്രീകളെ അശുദ്ധാത്മാക്കളിൽ
നിന്നും രോഗങ്ങളിൽനിന്നും രക്ഷിച്ചു. സ്ത്രീക
ളിലൊരുവൾ മറിയയായിരുന്നു. അവൾ മഗ്ദല
എന്ന പട്ടണത്തിൽ ഉള്ളവളാണ്. 3അവളിൽ
നിന്ന് ഏഴു ഭൂതങ്ങൾ പുറത്തു പോയിരുന്നു.
ഹെരോദാവിന്റെ കാര്യവിചാരകനായ കൂസ
യുടെ ഭാര്യയായ യോഹന്ന, ശൂശന്ന തുടങ്ങി
അനേകംപേർ അവനോടൊത്തുണ്ടായിരുന്നു.
ഈ സ്ത്രീകൾ യേശുവിനെയും ശിഷ്യന്മാരെ
യും സ്വന്തം പണം നൽകി സഹായിച്ചിരുന്നു.

വിത്തു വിതയ്ക്കുന്നതിനെപ്പറ്റിയുള്ള ഒരു കഥ യേശു ഉപയോഗിക്കുന്നു

(മത്താ. 13:1-17; മർക്കൊ. 4:1-12)

4എല്ലാ പട്ടണങ്ങളിൽനിന്നും യേശുവിന്റെ
അടുത്തേക്ക് അനവധി ആളുകൾ വന്നു. യേശു
അവരോട് ഈ ഉപമ പറഞ്ഞു:
5“ഒരു കൃഷിക്കാരൻ വിത്തു വിതയ്ക്കാനായി
പുറപ്പെട്ടു. അതിൽ ചിലവിത്തുകൾ വഴിയോര
ത്തുവീണു. ആളുകൾ അവയെചവിട്ടി നടന്നു.
പക്ഷികൾ അതു മുഴുവൻതിന്നു. 6ചിലവിത്തു
കൾ പാറയിൽ വീണു. അവ മുളച്ചുവരാൻ
തുടങ്ങിയെങ്കിലും വെള്ളം കിട്ടാതെ കരിഞ്ഞു.
7ചി ലവ മുൾച്ചെടികൾക്കിടയിൽ വീണു. അവ
വളരാൻ തുടങ്ങിയെങ്കിലും അവയോടൊപ്പം
വളർന്നമുൾച്ചെടികൾ അവയുടെ വളർച്ച തട
ഞ്ഞു. 8ചിലവ നല്ല കൃഷിയിടങ്ങളിൽ തന്നെ
വീണു. അവ വളർന്ന് നൂറുമേനി വിളവുനൽ
കി.” യേശു കഥ അവസാനിപ്പിച്ചു. അനന്തരം
അവൻ പറഞ്ഞു, “കേൾക്കണമെന്നുള്ളവർ
കേൾക്കട്ടെ.” 9യേശുവിന്റെ ശിഷ്യന്മാർ അവ
നോടു ചോദിച്ചു, “എന്താണ് ഈ കഥയുടെ
അർത്ഥം?”

10യേശു പറഞ്ഞു, “നിങ്ങൾ ദൈവരാജ്യത്തി
ന്റെ രഹസ്യങ്ങൾ അറിയാൻ തിരഞ്ഞെടുക്ക
പ്പെട്ടു. എന്നാൽ ഞാൻ സാരോപദേശകഥകളി
ലൂടെ മറ്റുള്ളവരെ പഠിപ്പിക്കുന്നു, എന്തെന്നാൽ:
‘മറ്റുള്ളവർ നോക്കിയാലും കാണാതിരിക്കാ
നും; കേട്ടാലും മനസ്സിലാകാതിരിക്കാനും വേ
ണ്ടി.’ *യെശയ്യാവ് 6:9*

വിത്തിന്റെ കഥ യേശു വിശദീകരിക്കുന്നു

(മത്താ. 13:18-23; മർക്കൊ. 4:13-20)

11“ആ കഥയുടെ അർത്ഥമിതാണ്: വിത്തുകൾ
ദൈവവചനമാണ്. 12വഴിയോരത്തു വീണ വി
ത്തുകൾ ദൈവവചനം കേട്ടവരെപ്പോലെയാ
ണ്. പക്ഷേ പിശാചു വന്നു അവരുടെ മനസ്സിൽ
നിന്നും വചനങ്ങളെ എടുത്തു കളയുന്നു. അവർ

വചനങ്ങളിൽ വിശ്വസിക്കാതിരിക്കുകയും ത
ന്മൂലം രക്ഷിക്കപ്പെടാതിരിക്കുകയും ചെയ്യും.
13പാറയിൽ വീണ വിത്തുകളാകട്ടെ വചന
ങ്ങൾ കേട്ടു സസന്തോഷം സ്വീകരിക്കുന്നവരെ
പ്പോലെയാണ്. പക്ഷേ അവർക്ക് ആഴത്തിൽ
വേരുകളില്ല. അവർ കുറച്ചുനേരത്തേക്കു വിശ്വ
സിക്കുന്നു. പക്ഷേ പ്രലോഭനങ്ങൾ വരികയാ
യി. അപ്പോളവർ വിശ്വാസമവസാനിപ്പിച്ച്
ദൈവത്തെ ഉപേക്ഷിക്കും. 14മുൾച്ചെടികൾക്കിട
യിൽ വീണ വിത്തുകൾ എന്തെന്നോ? അവർ
ദൈവവചനത്തെ കേൾക്കുന്നതോടൊപ്പം ആശ
ങ്കകളാലും സമ്പത്തിനാലും ജീവിതസുഖങ്ങളാ
ലും വളർച്ച മുരടിച്ചവരാണ്. അതിനാലവർ
നല്ല ഫലത്തെ ഉണ്ടാക്കുന്നില്ല. 15എന്നാൽ നല്ല
കൃഷിഭൂമിയിൽ വീണവിത്തുകൾ നല്ലതും സത്യ
സന്ധവുമായ ഹൃദയത്തോടെ ദൈവവചനം
സ്വീ കരിക്കുന്നവരാണ്. അവർ ദൈവവചന
ത്തെ അനുസരിക്കുകയും ക്ഷമാപൂർവ്വം നല്ല
ഫലത്തെ ഉളവാക്കുകയും ചെയ്യുന്നു.

നിങ്ങൾക്കുള്ളത് ഉപയോഗിക്കുക

(മത്താ. 4:21-25)

16“ആരും വിളക്കു കൊളുത്തിയിട്ട് അത് പാത്രം
കൊണ്ട് മൂടുകയോ കട്ടിലിനടിയിൽ ഒളിച്ചു
വയ്ക്കുകയോ ചെയ്യുന്നില്ല. പകരം, വീട്ടിൽ
വരുന്നവർക്കു വെളിച്ചം കാണേണ്ടതിലേക്കാ
യി വിളക്ക് ഒരു വിളക്കുകാലിൽ വയ്ക്കുകയാ
ണ് ചെയ്യുന്നത്. 17ഒളിച്ചുവയ്ക്കുന്നതെന്തും
പുറത്തുകാണാറാകും. എല്ലാ രഹസ്യവും വെളി
പ്പെടുകയും പുറത്തറിയുകയും ചെയ്യും. 18നി
ങ്ങൾ എങ്ങനെ ശ്രദ്ധിക്കുന്നു എന്നതിൽ ജാഗ
രൂകരാകുക. ഉള്ളവന് കൂടുതൽ നൽകപ്പെടും.
ഇല്ലാത്തവനിൽനിന്ന് തനിക്കുണ്ടെന്നവൻ കരു
തുന്നതും എടുക്കും.”

യേശുവിന്റെ ശിഷ്യന്മാരാണവന്റെ യഥാർത്ഥ കുടുംബക്കാർ

(മത്താ. 12:46-50; മർക്കൊ. 3:31-35)

19യേശുവിന്റെ അമ്മയും സഹോദരന്മാരും
അവനെ കാണാനെത്തി. അവിടെ അനേകം
പേരുണ്ടായിരുന്നതിനാൽ അമ്മയ്ക്കും സഹോദ
രന്മാർക്കും യേശുവിന്റെ അടുത്തെത്താൻ കഴി
ഞ്ഞില്ല. 20ആരോ യേശുവിനോടു പറഞ്ഞു,
“നിന്റെ അമ്മയും സഹോദരന്മാരുംപുറത്തു
നിൽക്കുന്നു. അവർ നിന്നെക്കാണാൻ ആഗ്രഹി
ക്കുന്നു.”
21യേശു അവരോടു പറഞ്ഞു.“എന്റെ അമ്മ
യും സഹോദരന്മാരും, ദൈവവചനം കേൾക്കുക
യും അനുസരിക്കുകയും ചെയ്യുന്നവരാരോ അ
വരാണ്.”

ശിഷ്യന്മാർ യേശുവിന്റെ ശക്തി അറിയുന്നു

22ഒരു ദിവസം യേശുവും അവന്റെ ശിഷ്യന്മാ
രും ഒരു വള്ളത്തിൽ കയറി. യേശു അവരോടു
പറഞ്ഞു, “എന്നോടൊപ്പം തടാകം മുറിച്ചു കട
ക്കൂ.”
അതിനാലവർ തടാകം മുറിച്ചുകടക്കാൻ തുട
ങ്ങി. 23അവർ യാത്രചെയ്കേ യേശു ഉറങ്ങി.
ഒരു കൊടുങ്കാറ്റടിച്ച് തടാകം ഇളകി മറിഞ്ഞു.
വള്ളത്തിൽ വെള്ളം നിറഞ്ഞു. അവരെല്ലാം
അപകടത്തിലായി. 24ശിഷ്യന്മാർ യേശുവിനെ
ഉണർത്തി. അവർ പറഞ്ഞു, “ഗുരോ! ഗുരോ!
ഞങ്ങൾ നശിക്കുന്നു.”
യേശു ഉണർന്നെണീറ്റു. അവൻ കൊടുങ്കാറ്റി
നും തിരമാലകൾക്കും ആജ്ഞ നൽകി. കാറ്റു
നിന്നു. തടാകം ശാന്തമായി. 25യേശു ശിഷ്യന്മാ
രോടു ചോദിച്ചു, “നിങ്ങളുടെ വിശ്വാസമെവി
ടെ?”
ശിഷ്യന്മാർ ഭയപ്പെടുകയും വിസ്മയിക്കുക
യും ചെയ്തു. അവർ പരസ്പരം പറഞ്ഞു.
“ഇവൻ എന്തൊരു മനുഷ്യൻ? കാറ്റിനോടും ജല
ത്തോടും അവൻ കല്പിക്കുന്നു. അവ അനുസരി
ക്കുകയും ചെയ്യുന്നു.”

പിശാചു ബാധിച്ച ഒരാൾ

26യേശുവും അവന്റെ ശിഷ്യന്മാരും ഗലീല
യിൽനിന്ന് തടാകം മുറിച്ചുകടന്ന് ഗെരസേന്യർ
വസിക്കുന്നിടത്തു ചെന്നു. 27യേശുവള്ളത്തിൽ
നിന്ന് കരയ്ക്കിറങ്ങിയപ്പോൾ ആ നഗരത്തിൽ
നിന്നുവന്ന ഒരാൾ യേശുവിന്റെ അടുത്തുചെ
ന്നു. ആ മനുഷ്യനെ ഭൂതം ബാധിച്ചിരുന്നു. വള
രെക്കാലമായി അയാൾ വസ്ത്രം ധരിച്ചിരു
ന്നില്ല. അയാൾ വീട്ടിലല്ല, മരിച്ച ആൾക്കാരുടെ
ശവകുടീരങ്ങളിലാണ് വസിച്ചിരുന്നത്. 28-29ഭൂതം
പലതവണ അവനെ ആക്രമിച്ചു കീഴടക്കി. കാ
ലും കൈയും ചങ്ങലകൊണ്ടു ബന്ധിച്ചനില
യിൽ അവൻ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. അ
വൻ പലപ്പോഴും ചങ്ങല തകർത്തുവെങ്കിലും
അവനിലെ ഭൂതം ജനവാസമില്ലാത്ത സ്ഥലത്തേ
ക്കുപോകാൻ അവനെ നിർബന്ധിച്ചു.
അപ്പോൾ യേശു അശുദ്ധാത്മാവിനോട് ആ മനു
ഷ്യനിൽനിന്നും പുറത്തേക്കുപോകാൻ
ആജ്ഞാപിച്ചു. അയാൾ യേശുവിന്റെ മുൻ
പിൽ വീണ് വലിയ ഉച്ചത്തിൽ അലറി. “യേശു
വേ, അത്യുന്നതനായ ദൈവപുത്രാ, നിനക്കെ
ന്നെക്കൊണ്ടെന്താണ് വേണ്ടത്? എന്നെ ശിക്ഷി
ക്കരുതേ എന്നു ഞാനപേക്ഷിക്കുന്നു.”
30യേശു അവനോടുചോദിച്ചു, “നിന്റെ പേ
രെന്താണ്?”
അയാൾ മറുപടിപറഞ്ഞു, “ലെഗ്യോൻ.” (അ
യാളെ അനേകം ഭൂതങ്ങൾ ബാധിച്ചിരുന്നു.)
31പാതാളത്തിലേക്കു പോകുവാൻ തങ്ങളോട്
ആജ്ഞാപിക്കരുതേയെന്നവർ യേശുവിനോട
പേക്ഷിച്ചു. 32അവിടെയൊരു മലഞ്ചെരുവിൽ
ഒരു വലിയ പന്നിക്കൂട്ടം മേയുന്നുണ്ടായിരുന്നു.
അവയ്ക്കുള്ളിലേക്കു പ്രവേശിക്കുവാനനുവദി
ക്കണമെന്ന് ഭൂതങ്ങൾ യേശുവിനോ ട് യാചിച്ചു.
യേശു അനുവദിച്ചു. 33അപ്പോൾ ഭൂതങ്ങൾ
അയാളിൽ നിന്നിറങ്ങി പന്നികളിലേക്ക് പ്രവേ
ശിച്ചു. പന്നികൾ കുന്നിറങ്ങി താഴെ തടാക
ത്തിൽ വീണു മുങ്ങിച്ചത്തു.
34പന്നികളെ മേയിച്ചിരുന്നവർ ഓടിപ്പോയി.
അവർ നഗരത്തിലും ഗ്രാമങ്ങളിലും ഇക്കാര്യം
പറഞ്ഞു. 35എന്താണു സംഭവിച്ചതെന്നു കാണു
വാൻ ജനങ്ങൾ പുറത്തുവന്നു. അവൻ യേശുവി
ന്റെ അടുത്തുവന്നു. യേശുവിന്റെ കാൽക്കൽ
ഭൂതങ്ങളിൽനിന്നു വിമുക്തനായവൻ ഇരിക്കു
ന്നതവർ കണ്ടു. അയാൾ വസ്ത്രങ്ങൾ ധരിച്ചിരു
ന്നു. അയാൾ പ്രശാന്തനായിരുന്നു. ജനങ്ങൾ
ഭയചകിതരായി.
36സംഭവങ്ങളെല്ലാം കണ്ടവർ മറ്റുള്ളവരോട്
യേശു അയാളെ എങ്ങനെ സുഖപ്പെടുത്തി എ
ന്നതു വിശദീകരിച്ചു. 37ഗെരസേന്യ പ്രദേശ
ത്തുള്ള എല്ലാവരും അവിടം വിട്ടുപോകാൻ
യേശുവിനോടാവശ്യപ്പെട്ടു. എല്ലാവരും ഭയന്നി
രുന്നു. അതിനാൽ യേശു വഞ്ചിയിൽകയറി
ഗലീലയിലേക്കു മടങ്ങി. 38ഭൂതങ്ങളിൽനിന്നു വി
മുക്തനായവൻ തന്നെക്കൂടി കൊണ്ടുപോകു
വാൻ അവനോടു യാചിച്ചു.

39“വീട്ടിലേക്കു മടങ്ങുക. നിനക്കുദൈവം ചെയ്തുതന്നതെല്ലാം എല്ലാവരോടും പറയുക” എന്നുപറഞ്ഞ് യേശു അയാളെ അയച്ചു.

അയാൾ നഗരത്തിലാകെ സഞ്ചരിച്ച് യേശു അവനായി ചെയ്തപ്രവൃത്തികൾ വിവരിച്ചു.

യേശു മരിച്ച ഒരു പെൺകുട്ടിയെ ജീവിപ്പിക്കുകയും, ഒരു രോഗിണിയെ സുഖപ്പെടുത്തുകയും ചെയ്യുന്നു

(മത്താ. 9:18-26; മർക്കൊ. 5:21-43)

40ഗലീലയിൽ മടങ്ങിയെത്തിയ യേശുവിനെ ജനക്കൂട്ടം സ്വാഗതം ചെയ്തു. അവർ ഓരോരുത്തരും അവനെ കാത്തിരിക്കുകയായിരുന്നു. **41**യായീറൊസ് എന്നു പേരായ ഒരുവൻ അവന്റെയടുത്തെത്തി. അയാളായിരുന്നു യെഹൂദപ്പള്ളിയിലെ പ്രമാണി. യായീറൊസ് യേശുവിന്റെ കാൽക്കൽവീണു തന്റെ വീട്ടിലേക്കുവരാൻ അപേക്ഷിച്ചു. **42**യായീറൊസിന് ഒരേ ഒരു മകളുണ്ടായിരുന്നു. പന്ത്രണ്ടുവയസ്സായ അവൾ മരിക്കാറായിരുന്നു.

യേശു യായീറൊസിന്റെ വീട്ടിലേക്കു പോകവേ അവനുചുറ്റും ആളുകൾ തിക്കിത്തിരക്കി സമ്മർദ്ദമേല്പിച്ചുകൊണ്ടിരുന്നു. **43**പന്ത്രണ്ടുവർഷമായി രക്തസ്രാവമുള്ള ഒരു സ്ത്രീ അവിടെ എത്തി. അവളുടെ പണം മുഴുവനും ചികിത്സയ്ക്കുവേണ്ടി ചെലവാക്കിയെങ്കിലും ഒരു വൈദ്യനും അവളുടെ രോഗം ഭേദമാക്കാനായില്ല. **44**അവൾ യേശുവിന്റെ പിന്നിലൂടെവന്ന് അവന്റെ വസ്ത്രത്തിന്റെ തുമ്പത്തുതൊട്ടു. ആ നിമിഷം അവളുടെ രക്തസ്രാവം നിലച്ചു. **45**അനന്തരം യേശു പറഞ്ഞു, “ആരാണെന്നെ തൊട്ടത്?” എല്ലാവരും തങ്ങളല്ല തൊട്ടതെന്നു പറഞ്ഞു. പത്രൊസ് പറഞ്ഞു, “ഗുരോ, ആൾക്കാർ നിനക്കുചുറ്റും കൂടി തിക്കിത്തിരക്കുന്നു.”

46പക്ഷേ യേശുപറഞ്ഞു, “ആരോഒരാൾ എന്നെ തൊട്ടിട്ടുണ്ട്. കാരണം എന്നിൽനിന്ന് ശക്തി പുറത്തേക്കു പോകുന്നത് ഞാനറിഞ്ഞു.” **47**ഒളിച്ചിരിക്കാനാവില്ലെന്നു ബോധ്യമായപ്പോൾ ആ സ്ത്രീ വിറച്ചുകൊണ്ട് മുമ്പോട്ടുവന്നു. അവൾ യേശുവിനുമുമ്പിൽ വണങ്ങി. എല്ലാവരും ശ്രദ്ധിച്ചിരിക്കെ അവൾ താനെന്തുകൊണ്ട് യേശുവിനെ തൊട്ടു എന്നു വിശദീകരിച്ചു. അവനെ സ്പർശിച്ച മാത്രയിൽ തന്നെ തന്റെ രോഗം ഭേദമായെന്ന് അവൾ പറഞ്ഞു. **48**യേശു അവളോടു പറഞ്ഞു, “മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു. സമാധാനത്തോടെ പോകൂ.”

49അവൻ പഠിപ്പിച്ചുകൊണ്ടിരിക്കവേ യെഹൂദപ്പള്ളി അധികാരിയുടെ വീട്ടിൽ നിന്നൊരാൾ വന്നു പറഞ്ഞു, “നിന്റെ പുത്രി മരിച്ചുപോയി. ഗുരുവിനെ ഇനി ബുദ്ധിമുട്ടിക്കേണ്ട.” **50**യേശു അതു കേട്ടു. അവൻ യായീറൊസിനോടു പറഞ്ഞു, “ഭയപ്പെടേണ്ട, വിശ്വാസം മാത്രം മതി. നിന്റെ മകൾ സുഖപ്പെടും.”

51യേശു ആ വീട്ടിലേക്കുപോയി. പത്രൊസ്, യോഹന്നാൻ, യാക്കോബ് എന്നീ ശിഷ്യന്മാർ, കുട്ടിയുടെ അപ്പനമ്മമാർ എന്നിവരൊഴികെ ആരെയും യേശുവിനോടൊപ്പം ഉള്ളിൽ കടക്കാൻ അനുവദിച്ചില്ല. **52**എല്ലാവരും കുട്ടിയുടെ മരണത്തിൽ ദു:ഖിച്ചു കരയുകയും വിലപിക്കുകയും ചെയ്തിരുന്നു. എന്നാൽ യേശു പറഞ്ഞു, “കരയാതിരിക്കൂ, അവൾ മരിച്ചിട്ടില്ല. അവൾ ഉറങ്ങുക മാത്രമാണ്. **53**ജനങ്ങൾ യേശുവിനെ നോക്കി പരിഹസിച്ചു. എന്തെന്നാൽ കുട്ടി മരിച്ചു എന്ന് അവർക്കുറപ്പായിരുന്നു. **54**എന്നാൽ യേശു അവളുടെകൈയിൽ പിടിച്ചുവിളിച്ചു, “കുഞ്ഞേ, എഴുന്നേൽക്കൂ.” **55**അവളുടെ ആത്മാവ് തിരികെവന്ന് അവളിൽ പ്രവേശിക്കുകയും അവളുടൻ എഴുന്നേറ്റ് നിൽക്കുകയും ചെയ്തു. യേശുപറഞ്ഞു, “അവൾക്കു തിന്നാനെന്തെങ്കിലും കൊടുക്കൂ.” **56**പെൺകുട്ടിയുടെ അപ്പനമ്മമാർ അത്ഭുതസ്തബ്ധരായി. നടന്നതെന്താണെന്ന് ആരോടും പറയരുതെന്ന് അവൻ അവരോട് നിർദ്ദേശിച്ചു.

യേശു പന്ത്രണ്ടു ശിഷ്യന്മാരെ അയയ്ക്കുന്നു

(മത്താ. 10:5-15; മർക്കൊ. 6:7-13)

9 യേശു പന്ത്രണ്ട് അപ്പൊസ്തലന്മാരെയും വിളിച്ചു. പിശാചുക്കളുടെമേൽ അധികാരവും രോഗങ്ങൾ ഭേദമാക്കാനുള്ള ശക്തിയും അധികാരവും അവൻ അവർക്കു നൽകി. **2**ദൈവരാജ്യത്തെപ്പറ്റി പ്രസംഗിക്കുവാനും രോഗികളെ സുഖപ്പെടുത്താനും, യേശു അപ്പൊസ്തലന്മാരെഅയച്ചു. **3**അവൻ അപ്പൊസ്തലന്മാരോടു പറഞ്ഞു, “നിങ്ങൾ സഞ്ചരിക്കുമ്പോൾ ഊന്നുവടി എടുക്കരുത്. സഞ്ചിയോ, ആഹാരമോ, പണമോ കൈയിലെടുക്കരുത്. നിങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രം മാത്രമേ കൊണ്ടുപോകാവൂ. **4**ഏതെങ്കിലും വീട്ടിൽ കയറിയാൽ അവിടം വിട്ടുപോകാറാകുന്നതുവരെ അവിടെ കഴിയുക. **5**പട്ടണത്തിലെ ജനങ്ങൾ നിങ്ങളെ സ്വീകരിക്കാതിരുന്നാൽ ആ നഗരം വിട്ടുപോവുക. ആ നഗരം വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുക. അത് അവർക്കൊരു മുന്നറിയിപ്പായിരിക്കട്ടെ.”

6അപ്പൊസ്തലന്മാർ പുറത്തേക്കിറങ്ങി. അവർ എല്ലാ പട്ടണങ്ങളിലൂടെയും കടന്നു. അവർ സുവിശേഷം പ്രസംഗിക്കുകയും എല്ലായിടവും ജനങ്ങളെ സുഖപ്പെടുത്തുകയും ചെയ്തു.

യേശുവിനെപ്പറ്റി ഹെരോദാവിന് ആശയക്കുഴപ്പമുണ്ടാകുന്നു

(മത്താ. 14:1-12; മർക്കൊ. 6:14-29)

7സംഭവിക്കുന്നതെല്ലാം ഗവർണ്ണറായ ഹെരോദാവ് കേട്ടു. അയാൾ അമ്പരന്നു. എന്തെന്നാൽ, “സ്നാപകയോഹന്നാൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു” എന്നു ചിലർ പറഞ്ഞു. **8**മറ്റു ചിലരാകട്ടെ, “ഏലീയാവ് നമ്മുടെ ഇടയിലേക്കെത്തിയിരിക്കുന്നു” എന്ന് പറഞ്ഞു. വേറെ കുറെപ്പേർ പറഞ്ഞു, “വളരെപ്പണ്ടുണ്ടായിരുന്ന ചില പ്രവാചകന്മാർ മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു.” **9**ഹെരോദാവ് പറഞ്ഞു, “യോഹന്നാന്റെ തല ഞാൻ വെട്ടിക്കളഞ്ഞു. പിന്നെ ഞാൻ ഈ കേൾക്കുന്നതൊക്കെ ആരെപ്പറ്റിയാണ്?” ഹെരോദാവ് യേശുവിനെ കാണാനാഗ്രഹിച്ചു.

യേശു അയ്യായിരം പേർക്ക് ആഹാരം കൊടുക്കുന്നു

(മത്താ. 14:13-21; മർക്കൊ. 6:30-44; യോഹ. 6:1-14)

10അപ്പൊസ്തലന്മാർ മടങ്ങിവന്ന് തങ്ങളുടെ യാത്രയിൽ ചെയ്ത കാര്യങ്ങൾ യേശുവിനോടു പറഞ്ഞു. അവൻ അവരെ ബേത്ത്സയിദഎന്നൊരു സ്ഥലത്തേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ യേശുവും അപ്പൊസ്തലന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. **11**എന്നാൽ യേശു എവിടെപ്പോയെന്ന് ജനങ്ങൾ അറിഞ്ഞു. അവർ അവ

നെ പിന്തുടർന്നു. യേശു അവരെ സ്വാഗതം
ചെയ്യുകയും ദൈവരാജ്യത്തെപ്പറ്റി അവരോടു
സംസാരിക്കുകയും ചെയ്തു. അദ്ദേഹം രോഗി
കളെ സുഖപ്പെടുത്തി.
12സന്ധ്യയായപ്പോൾ പന്ത്രണ്ടു അപ്പൊസ്ത
ലന്മാരും യേശുവിനടുത്തെത്തി പറഞ്ഞു, "ഇ
വിടം ആൾത്താമസമില്ലാത്ത സ്ഥലമാണ്. ജന
ങ്ങളെ പറഞ്ഞയച്ചേക്കുക. അവർ ചുറ്റുമുള്ള
ഗ്രാമങ്ങളിൽ ചെന്ന് ആഹാരം കണ്ടെത്തട്ടെ."
13പക്ഷേ യേശു ശിഷ്യന്മാരോടു പറഞ്ഞു,
"നിങ്ങൾ ഇവർക്കെല്ലാവർക്കും കഴിക്കാൻ
ആഹാരം വാങ്ങിക്കൊണ്ടുവരൂ."
"ശിഷ്യന്മാർ പറഞ്ഞു, അഞ്ചു അപ്പവും രണ്ടു
മീനും മാത്രമേ ഞങ്ങളുടെ കയ്യിലുള്ളൂ. അല്ലെ
ങ്കിൽ ഞങ്ങൾ പോയി വല്ലതും വാങ്ങി വരണം."
14(അവിടെ അയ്യായിരം പുരുഷന്മാരുണ്ടായിരു
ന്നു.) യേശു ശിഷ്യന്മാരോടു പറഞ്ഞു, "അവ
രോടു അൻപതുപേർ വീതമുള്ള കൂട്ടങ്ങളായി
രിക്കാൻ പറയൂ."
15ശിഷ്യന്മാർ പറഞ്ഞതനുസരിച്ച് ആളുകൾ
ഇരുന്നു. 16അനന്തരം യേശു അഞ്ചപ്പവും രണ്ടു
മീനും എടുത്തു. അവൻ ആകാശത്തേക്കു നോ
ക്കി, ആഹാരം തന്നതിനു ദൈവത്തോടു നന്ദി
പറഞ്ഞു,എന്നിട്ട് അവൻ ആഹാരം പകുത്ത്
ശിഷ്യന്മാരുടെ കൈയിൽ കൊടുത്ത് വിളമ്പാൻ
പറഞ്ഞു. 17എല്ലാവരും തൃപ്തിയാംവണ്ണം ഭക്ഷി
ച്ചു.എന്നിട്ടും കുറെയധികം ആഹാരംമിച്ചം വ
ന്നു. പന്ത്രണ്ടുകൂടകളും മിച്ചംവന്ന ആഹാരം
കൊണ്ടു നിറഞ്ഞിരുന്നു.

യേശു ക്രിസ്തു ആണ്

(മത്താ. 16:13-19; മർക്കൊ. 8:27-29)

18ഒരിക്കൽ യേശുഒറ്റയ്ക്കു പ്രാർത്ഥിക്കുകയാ
യിരുന്നു. ശിഷ്യന്മാരെല്ലാവരുംഅവിടെയെത്തി.
യേശു അവരോടു ചോദിച്ചു, "ഞാൻ ആരാണെ
ന്നാണ് ജനങ്ങൾ പറയുന്നത്." 19ശിഷ്യന്മാർ
പ്രതിവചിച്ചു, "ചിലർ പറയുന്നു, അങ്ങ് സ്നാ
പകയോഹന്നാനാണെന്ന്. ചിലർ ഏലീയാവ്
എന്നും. മറ്റു ചിലർ വളരെ പണ്ടുണ്ടായിരുന്ന
പ്രവാചകരിലൊരാൾ പുനർജനിച്ചതെന്നും
പറയുന്നു."
20അനന്തരം അവൻചോദിച്ചു, "ആകട്ടെ, ഞാ
നാരെന്നാണു നിങ്ങൾ പറയുന്നത്?"
പത്രൊസ് മറുപടി പറഞ്ഞു,"ദൈവം അയച്ച
ക്രിസ്തു." 21ഇക്കാര്യം ആരോടും പറയരുതെന്ന്
യേശു അവർക്കു മുന്നറിയിപ്പുനൽകി. അന
ന്തരം യേശു പറഞ്ഞു,

തനിക്ക് മരിക്കേണ്ടിവരുമെന്ന് യേശു പറയുന്നു

(മത്താ. 16:20-28; മർക്കൊ. 8:30-9:1)

22മനുഷ്യപുത്രന് ഒരുപാട് കഷ്ടം സഹിക്കേ
ണ്ടതുണ്ട്, ജനത്തിൻെറ മൂപ്പന്മാരാലും മഹാപു
രോഹിതന്മാരാലും ശാസ്ത്രിമാരാലും തിരസ്ക
രിക്കപ്പെടേണ്ടതുണ്ട്. മനുഷ്യപുത്രൻ വധിക്ക
പ്പെടും. പക്ഷേമൂന്നാംനാൾ കഴിയുമ്പോൾ അ
വൻ ഉയിർത്തെഴുന്നേൽക്കും."
23യേശു തുടർന്നു പറഞ്ഞു, "എന്നെ പിന്തുട
രാൻ ആഗ്രഹിക്കുന്നവൻ എല്ലാം ത്യജിക്കണം.
അവൻ തൻെറ കുരിശേന്തി നിത്യവും എന്നെ
പിൻതുടരണം. 24സ്വന്തം ജീവൻ രക്ഷിക്കുവാൻ
ആഗ്രഹിക്കുന്നവന് അത് നഷ്ടപ്പെടും. സ്വന്തം
ജീവൻ എനിക്കുവേണ്ടി നഷ്ടപ്പെടുത്തുന്നവന്
അതു രക്ഷിക്കാൻ കഴിയും. 25സ്വയം നശിപ്പി
ക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തവന്
ഈ ലോകം മുഴുവൻ കിട്ടിയാലെന്തുഫലം?
26ആരെങ്കിലും എന്നെപ്പറ്റിയോ എൻെറ വചന
ങ്ങളെപ്പറ്റിയോ ലജ്ജിച്ചാൽ അവനെപ്പറ്റി
ഞാൻ (മനുഷ്യപുത്രൻ) ലജ്ജിക്കും. ഞാൻ
എൻെറ മഹത്വത്തിലും പിതാവിൻെറയും പരി
ശുദ്ധദൂതന്മാരുടെയും മഹത്വത്തിലും വരു
മ്പോൾ ലജ്ജിക്കുന്നവരെയോർത്ത് ഞാൻ
ലജ്ജിക്കും. 27ഞാൻ നിങ്ങളോട് സത്യം പറയു
ന്നു, ഇവിടെ കൂടിയിരിക്കുന്ന നിങ്ങളിൽ ചിലർ
മരിക്കും മുമ്പ് ദൈവരാജ്യം ദർശിക്കും."

മോശെ, ഏലീയാവ്, യേശു

(മത്താ. 17:1-8; മർക്കൊ. 9:2-8)

28യേശു ഇക്കാര്യങ്ങൾ പറഞ്ഞ് എട്ടുദിവസ
ത്തോളം കഴിഞ്ഞപ്പോൾ അവൻ പത്രൊസ്,
യാക്കോബ്, യോഹന്നാൻ എന്നിവരെയും കൂട്ടി
ഒരു മലയിലേക്ക് പ്രാർത്ഥിക്കാൻ പോയി. 29പ്രാ
ർത്ഥിക്കവേ, യേശുവിൻെറ മുഖഭാവംമാറി. അ
വൻെറ വസ്ത്രം തിളങ്ങുന്ന വെൺമയുള്ളതാ
യി. 30അപ്പോൾ അവനോടു രണ്ടുപേർ സംസാ
രിക്കുന്നുണ്ടായിരുന്നു. അവർ മോശെയും ഏലീ
യാവുമായിരുന്നു. 31മോശെയും ഏലീയാവും
തേജസ്സോടു കൂടിയവരായിരുന്നു. അവർ യേശു
വുമായി യെരൂശലേമിൽ സംഭവിക്കാനിരിക്കു
ന്ന അവൻെറ മരണത്തെപ്പറ്റി ചർച്ച ചെയ്യുക
യായിരുന്നു. 32പത്രൊസും മറ്റുള്ളവരും ഉറക്കമാ
യിരുന്നു. പക്ഷേ ഉണർന്നെണീറ്റ അവർ യേശു
വിൻെറ തേജസ്സ് കണ്ടു. യേശുവിനോടൊപ്പം
മറ്റുരണ്ടുപേർകൂടി നിൽക്കുന്നത് അവരുംകണ്ടു.
33മോശെയും ഏലീയാവും അവനെ വിട്ടുപോ
കുമ്പോൾ പത്രൊസ് യേശുവിനോടു പറഞ്ഞു,
"ഗുരോ, നാം ഇവിടെയായിരിക്കുന്നത് നല്ലത്.
നമുക്ക് മൂന്നു കൂടാരങ്ങളുണ്ടാക്കാം. ഒന്നു നിന
ക്ക്, ഒന്നു മോശെയ്ക്ക്, ഒന്നു ഏലീയാവിന്."
(താൻ എന്താണു പറയുന്നതെന്ന് പത്രൊസിനു
നിശ്ചയമില്ലായിരുന്നു.)
34പത്രൊസ് ഇതു പറഞ്ഞുകൊണ്ടിരിക്കെ ഒരു
മേഘം അവരെ പൊതിഞ്ഞു. മേഘത്താൽ ആ
വരണം ചെയ്യപ്പെട്ടതിനാൽ പത്രൊസും യാ
ക്കോബും യോഹന്നാനും ഭയന്നു. 35മേഘത്തിൽ
നിന്നും ഒരുശബ്ദം കേട്ടു. "ഇതെൻെറ പുത്രനാ
ണ്. ഞാൻ തെരഞ്ഞെടുത്തവൻ. അവനെ അനു
സരിക്കുക."
36ശബ്ദം അവസാനിച്ചപ്പോൾ യേശു തനി
യെ കാണപ്പെട്ടു. പത്രൊസ്, യാക്കോബ്, യോ
ഹന്നാൻ എന്നിവർ ഒന്നും പറഞ്ഞില്ല. ആ
ദിവസങ്ങളിൽ തങ്ങൾ കണ്ടതിനെപ്പറ്റി അവർ
ആരോടും പറഞ്ഞില്ല.

പിശാചു ബാധിച്ച ഒരു കുട്ടിയെ യേശു സുഖപ്പെടുത്തുന്നു

(മത്താ. 17:14-18; മർക്കൊ. 9:14-27)

37അടുത്ത ദിവസം യേശുവും പത്രൊസും
യോഹന്നാനും യാക്കോബും മലയിറങ്ങി വന്നു.
ഒരു വലിയ ജനക്കൂട്ടം യേശുവിനെ കാണാൻ
വന്നു. 38ജനക്കൂട്ടത്തിൽനിന്നൊരാൾ യേശുവി
നോടു വിളിച്ചു പറഞ്ഞു,"ഗുരോ, ദയവായി
ഇവിടെവന്ന് എൻെറ മകനെ നോക്കിയാലും,
അ വനെൻെറ ഏകപുത്രനാണ്. 39ഒരു അശുദ്ധാ
ത്മാവ് എൻെറ മകനെ ബാധിച്ചിരിക്കുന്നു. അ
വൻ പെട്ടന്ന്നിലവിളിക്കുന്നു. അവന് ആത്മനി
യന്ത്രണം നഷ്ടപ്പെടുകയും വായിൽനിന്ന് നുര
യും പതയും വരികയും ചെയ്യുന്നു. അശുദ്ധാ
ത്മാവ് അവനെ നോവിക്കുന്നു. ഒരിക്കലും അവ

നെ വിട്ടുപോകുന്നുമില്ല. 40അശുദ്ധാത്മാവിനെ
ഒഴിപ്പിക്കണമെന്ന് ഞാനങ്ങയുടെ ശിഷ്യന്മാ
രോട് യാചിച്ചു. എന്നാൽ അവർക്കതിനു കഴി
ഞ്ഞില്ല."

41യേശു മറുപടി പറഞ്ഞു, "ഇന്നത്തെ ആളു
കളായ നിങ്ങൾക്കു വിശ്വാസമേയില്ല. തെറ്റായ
മാർഗ്ഗത്തിൽ നിങ്ങൾ ജീവിക്കുന്നു. ഞാനെത്ര
കാലം ഇനി നിങ്ങളോടൊത്തുണ്ടാവണം, നിങ്ങ
ളെ സഹിക്കണം?" അനന്തരം യേശു അയാ
ളോടു പറഞ്ഞു, "നിൻെറ മകനെ ഇവിടെ
കൊണ്ടുവരിക."

42കുട്ടി അവൻെറ അടുത്തേക്കു വരവേ ഭൂതം
കുട്ടിയെ തള്ളിയിട്ടു. കുട്ടിക്ക് ആത്മനിയന്ത്രണം
നഷ്ടപ്പെട്ടു. പക്ഷേ യേശു അശുദ്ധാത്മാവിന്
ശക്തമായ ആജ്ഞനൽകി. കുട്ടി സുഖപ്പെട്ടു.
യേശു അവനെ പിതാവിനു തിരികെ നൽകി.
43എല്ലാവരും ദൈവത്തിൻെറ മഹത്ശക്തിയിൽ
അത്ഭുതപ്പെട്ടു.

യേശു തൻെറ മരണത്തെപ്പറ്റി സംസാരിക്കുന്നു

(മത്താ. 17:22-23; മർക്കൊ. 9:30-32)

യേശു ചെയ്ത സംഗതിയിൽ എല്ലാവരും
അത്ഭുതപ്പെട്ടിരിക്കുമ്പോൾ യേശു തൻെറ ശി
ഷ്യന്മാരോടു പറഞ്ഞു, 44"ഞാനിപ്പോൾ നിങ്ങ
ളോടു പറയുന്ന കാര്യങ്ങൾ മറക്കരുത്. മനുഷ്യ
പുത്രൻ ചില മനുഷ്യരുടെ നിയന്ത്രണത്തിൽ
പെടാൻപോകുന്നു." 45യേശു എന്താണർത്ഥമാ
ക്കിയതെന്ന് ശിഷ്യന്മാർക്ക് മനസ്സിലായില്ല.
അവർക്കു മനസ്സിലാകാത്തവിധം അതിൻെറ
അർത്ഥം മറഞ്ഞിരുന്നു. അവൻ പറഞ്ഞതെന്താ
ണെന്ന് അവനോടു ചോദിക്കാൻ ശിഷ്യന്മാർക്കു
ഭയമായിരുന്നു.

സുപ്രധാനവ്യക്തി

(മത്താ. 18:1-5; മർക്കൊ. 9:33-37)

46തങ്ങളിൽ ആരാണു വലിയവനെന്ന കാര്യ
ത്തിൽ യേശുവിൻെറ ശിഷ്യന്മാർ തർക്കമാരംഭി
ച്ചു. 47അവരെന്താണ് ചിന്തിക്കുന്നതെന്ന് യേശു
വിനറിയാമായിരുന്നു. അവൻ ഒരു കുഞ്ഞിനെ
എടുത്ത് അരികിലിരുത്തി. 48അവൻ പറഞ്ഞു,
"എൻെറ നാമത്തിൽ ഈ കുഞ്ഞിനെ സ്വീകരി
ക്കുന്നവൻ എന്നെയും സ്വീകരിക്കുന്നു. എന്നെ
സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീ
കരിക്കുന്നു. നിങ്ങളിൽ എല്ലാവരിലും ഏറ്റവും
താഴ്മയുള്ളവനാരാണോ അവനാണേറ്റവും വ
ലിയവൻ."

നിങ്ങൾക്കെതിരല്ലാത്തവൻ നിങ്ങൾക്കുള്ളതാണ്

(മത്താ. 9:38-40)

49യോഹന്നാൻ പറഞ്ഞു,"ഗുരോ, ഒരുവൻ അ
ങ്ങയുടെ നാമത്തിൽ ഭൂതങ്ങളെ ഒഴിപ്പിക്കുന്നത്
ഞങ്ങൾ കണ്ടു. അവൻ ഞങ്ങളുടെ
സംഘത്തിൽ പെടാത്തതിനാൽ ഞങ്ങളവനെ
വിലക്കി."

50യേശു അവനോടു പറഞ്ഞു,"അവനെ തട
യരുത്. നിങ്ങൾക്കെതിരല്ലാത്തവൻ നിങ്ങൾക്കു
ള്ളവനാകുന്നു."

ശമര്യയിലെ ഒരു പട്ടണം

51യേശു സ്വർഗ്ഗത്തിലേക്കു മടങ്ങേണ്ട സമയം
അടുത്തുവന്നുകൊണ്ടിരുന്നു. യെരൂശലേമിലേ
ക്കുപോകാൻ അവൻ തീരുമാനിച്ചു. 52യേശു
തനിക്കു മുമ്പ് ചിലരെ അയച്ചു. യേശുവിനായി
എല്ലാമൊരുക്കാൻ അവർ ശമര്യയിലെ ഒരു പട്ട
ണത്തിലേക്കു പോയി. 53പക്ഷേ അന്നാട്ടുകാർ
യേശുവിനെ സ്വീകരിച്ചില്ല. എന്തെന്നാൽ അ
വൻ യെരൂശലേമിലേക്കു പോവുകയായിരുന്നു.
54ശിഷ്യന്മാരായ യാക്കോബും യോഹന്നാനും
ഇതു കണ്ടു. അവർ പറഞ്ഞു, "കർത്താവേ,
സ്വർഗ്ഗത്തിൽനിന്ന് തീ ഇറങ്ങി വന്ന് ഇവരെ
നശിപ്പിക്കുവാൻ ഞങ്ങൾ പറയട്ടെയോ?"*
55എന്നാൽ യേശു തിരിഞ്ഞ് അവരെ ശകാരി
ച്ചു.* 56അനന്തരം യേശുവും ശിഷ്യന്മാരും മറ്റൊ
രു പട്ടണത്തിലേക്കു പോയി.

യേശുവിനെ പിന്തുടരുന്നു

(മത്താ. 8:19-22)

57അവർ വഴിയേ നടക്കുകയായിരുന്നു. ഒരാൾ
യേശുവിനോടു പറഞ്ഞു; "അങ്ങ് പോകുന്ന
എല്ലായിടവും ഞാൻ അനുഗമിക്കും. "58യേശു
പറഞ്ഞു, "കുറുക്കന്മാർക്കു വസിക്കുവാൻ മാള
മുണ്ട്. പക്ഷികൾക്കു കൂടുകളുണ്ട്. എന്നാൽ മനു
ഷ്യപുത്രനു തലചായ്ക്കാൻ ഒരിടവുമില്ല."

59യേശു മറ്റൊരാളോടു പറഞ്ഞു, "എന്നെ
അനുഗമിക്കൂ."

പക്ഷേ അയാൾ പറഞ്ഞു, "കർത്താവേ,
ഞാൻ ആദ്യം പോയി എൻെറ പിതാവിൻെറ
ജഡം സംസ്കരിച്ചിട്ടു വരട്ടെ."

60പക്ഷേ യേശു അയാളോടു പറഞ്ഞു, "മരി
ച്ചവർ തങ്ങളുടെ സ്വന്തം മരിച്ചവരെ സംസ്ക
രിക്കട്ടെ. നീ പോയി ദൈവരാജ്യത്തെപ്പറ്റി പ്ര
സംഗിക്കുക."

61മറ്റൊരുവൻ പറഞ്ഞു, "ഞാനങ്ങയെ അനു
ഗമിക്കാം, പക്ഷേ ആദ്യം എൻെറ കുടുംബത്തോ
ടു യാത്ര പറഞ്ഞു വരട്ടെ." 62യേശു പറഞ്ഞു,
"വയൽ ഉഴുവാൻ പുറപ്പെട്ടവൻ തിരിഞ്ഞു നോ
ക്കിയാൽ അവൻ ദൈവരാജ്യത്തിനു യോഗ്യ
നല്ല."

യേശു എഴുപത്തിരണ്ടു പേരെ അയയ്ക്കുന്നു

10 അനന്തരം കർത്താവ് എഴുപത്തി രണ്ട്
പുരുഷന്മാരെക്കൂടി തിരഞ്ഞെടുത്തു. അ
വരെ രണ്ടുപേർ വീതമുള്ള സംഘങ്ങളായി തി
രിച്ച് അവൻ പോകാനിരിക്കുന്ന പട്ടണങ്ങളി
ലേക്ക് മുൻകൂട്ടി അയച്ചു. 2യേശു അവരോടു
പറഞ്ഞു,"അവിടെ കൊയ്യുവാൻ പിടിപ്പതുണ്ട്.
പക്ഷേ വേലക്കാർ കുറവാണ്. വിളവിൻെറ
ഉടമ ദൈവമാണ്. വിളവെടുപ്പിനു കൂടുതൽ
ജോലിക്കാരെ അയയ്ക്കാൻ അവനോടു പ്രാർ
ത്ഥിക്കുക. 3നിങ്ങൾക്കിപ്പോൾ പോകാം. പക്ഷേ
ശ്രദ്ധിക്കൂ, ഞാൻ നിങ്ങളെ അയയ്ക്കുന്നു, ചെ
ന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെയെ
ന്ന പോലെ. 4ഒരു മടിശ്ശീലയോ സഞ്ചിയോ
ചെരുപ്പോ കൈയിലെടുക്കരുത്. വഴിയിൽ കാ
ണുന്നവരോട് സംസാരിച്ചുനിൽക്കരുത്. 5ഏതെ
ങ്കിലും ഒരു വീട്ടിൽകയറും മുമ്പ് 'ഈ വീടിനു
സമാധാനം' എന്നു പറയുക. 6സമാധാനപ്രിയ
നായ ഒരാളവിടെയുണ്ടെങ്കിൽ നിങ്ങളുടെ സമാ
ധാനം അവനിൽ വർത്തിക്കും. അയാൾ സമാധാ
നപ്രിയനല്ലെങ്കിൽ അത് നിങ്ങളിലേക്ക് മടങ്ങും.
7സമാധാനമുള്ള വീട്ടിൽ തങ്ങുക. അവർ തരുന്ന
തെന്തും തിന്നുകയും കുടിയ്ക്കുകയും ചെയ്യുക.

വാക്യം 54 ചില ഗ്രീക്കു പതിപ്പുകളിൽ"ഏലിയാവ് ചെയ്തതുപോലെ?" എന്നു കൂടിയുണ്ട്.

വാക്യം 55 ചിലഗ്രീക്കു പതിപ്പുകളിൽ "യേശു പറഞ്ഞു, 'നീ ഏതുതരം ആത്മാവിൻേറതാണെന്ന് നിനക്കറിയില്ല. 56 മനുഷ്യപുത്രൻ മനുഷ്യരുടെ ആത്മാവ് നശിപ്പിപ്പാനല്ല, അവരെ രക്ഷിക്കാനാണ് വന്നത്.'" എന്നു കൂടിയുണ്ട്.

വേലക്കാരൻ തന്റെ കൂലിക്കർഹനാണല്ലോ. നി
ങ്ങൾ ആ വീട് വിട്ട് മറ്റൊരു വീട്ടിലേക്കുമാറരുത്.
8നിങ്ങളൊരു നഗരത്തിലേക്ക് ചെല്ലുമ്പോൾ അ
വർ നിങ്ങളെ സ്വീകരിച്ചാൽ അവർ നിങ്ങളുടെ
മുമ്പിൽവച്ചു തരുന്നഭക്ഷണം കഴിക്കുക. 9അവി
ടെയുള്ള രോഗികളെ ഭേദപ്പെടുത്തുക, എന്നിട്ട
വരോടു പറയുക, 'ദൈവരാജ്യം നിങ്ങളോടടു
ത്തിരിക്കുന്നു.' 10എന്നാൽ ഒരു നഗരത്തിലെ
ആളുകൾ നിങ്ങളെ സ്വീകരിച്ചില്ലെങ്കിൽ ആ
നഗരത്തിലെ തെരുവിലേക്കിറങ്ങി ഇങ്ങനെ
പറയുക. 11'ഞങ്ങളുടെ പാദത്തിൽ നിങ്ങളുടെ
പട്ടണത്തിൽനിന്നു പറ്റിയ പൊടികൂടി ഞ
ങ്ങൾ നിങ്ങൾക്കെതിരെ തട്ടിക്കളയുന്നു. പക്ഷേ
ഓർമ്മിക്കുക, ദൈവരാജ്യം വരാറായിരിക്കുന്നു.'
12ഞാൻ നിങ്ങളോടു പറയുന്നു; വിധിദിവസം
സൊദോമിലെ ജനങ്ങളുടെ അവസ്ഥയെക്കാൾ
മോശമായിരിക്കും ആ പട്ടണത്തിലെ അവസ്ഥ.

യേശു അവിശ്വാസികൾക്കു മുന്നറിയിപ്പു നൽകുന്നു

(മത്താ. 11:20-34)

13"കോരസീനേ നിനക്കു കഷ്ടം! ബേത്ത്സെ
യിദേ നിനക്കു കഷ്ടം! ഞാൻ നിങ്ങളിൽ വളരെ
അത്ഭുതങ്ങൾ പ്രവർത്തിച്ചു. ഈ അത്ഭുതങ്ങൾ
സോരിലും സീദോനിലുമുള്ളവരുടെമേൽ പ്ര
യോഗിച്ചിരുന്നെങ്കിൽ അവർ പണ്ടുതന്നെ മാന
സാന്തരപ്പെട്ട് പാപവിമോചിതജീവിതം നയി
ക്കുമായിരുന്നു. ചാക്കുവസ്ത്രം ധരിച്ച് ചാരത്തി
ലിരുന്ന് അവർ പശ്ചാത്തപിക്കുമായിരുന്നു.
14വിധിദിവസം സീദോന്റെയും സോരിന്റെ
യും അവസ്ഥയെക്കാൾ കഷ്ടമായിരിക്കും നി
ങ്ങളുടേത്. 15കഫർന്നഹൂമേ, വാനോളം ഉയർ
ത്തപ്പെടാൻ നീയാഗ്രഹിച്ചുവോ? നീ പാതാള
ത്തോളം താഴ്ത്തപ്പെടും.

16"നിങ്ങളെ ശ്രവിക്കുന്ന ഒരാൾ എന്നെ ശ്രവി
ക്കുന്നു. നിങ്ങളെ തിരസ്ക്കരിക്കുന്നവൻ എന്നെ
തിരസ്ക്കരിക്കുന്നു. എന്നെ തിരസ്ക്കരിക്കുന്ന
വൻ എന്നെ അയച്ചവനെ തിരസ്ക്കരിക്കുന്നു."

സാത്താൻ വീഴുന്നു

17എഴുപത്തിരണ്ടു ശിഷ്യന്മാരും സന്തോഷ
ത്തോടെ തിരിച്ചുവന്നു. അവർ പറഞ്ഞു, "കർ
ത്താവേ, അങ്ങയുടെ നാമം ഉച്ചരിച്ചപ്പോൾ ഭൂ
തങ്ങൾ പോലും ഞങ്ങളെ അനുസരിച്ചു." 18യേ
ശു അവരോടു പറഞ്ഞു, "സാത്താൻ ആകാശ
ത്തുനിന്നും ഒരു മിന്നൽപ്പിണർ പോലെ വീഴു
ന്നതു ഞാൻ കണ്ടു. 19നോക്കൂ, സർപ്പങ്ങളുടെയും
തേളുകളുടെയും മുകളിലൂടെ നടക്കുവാൻ
ഞാൻ നിങ്ങൾക്ക് അധികാരം നൽകി. ഞാൻ
നിങ്ങൾക്ക് ശത്രുക്കളെക്കാൾ അധികം ശക്തി
നൽകിയിരിക്കുന്നു. നിങ്ങളെ ഒന്നും ഉപദ്രവിക്കു
കയില്ല. 20ദുഷ്ടാത്മാക്കൾ നിങ്ങളെ അനുസരി
ക്കുന്നു, സന്തോഷിപ്പിൻ. എന്തിനെന്നോ? നി
ങ്ങളുടെ ഈ ശക്തിയിലല്ല, മറിച്ച് സ്വർഗ്ഗ
ത്തിൽ നിങ്ങളുടെ പേർ ചേർത്തിരിക്കുന്ന
തിൽ."

യേശു പിതാവിനോടു പ്രാർത്ഥിക്കുന്നു

(മത്താ. 11:25-27; മർക്കൊ. 13:16-17)

21യേശു പരിശുദ്ധാത്മാവിനാൽ വളരെ സ
ന്തോഷവാനായി. അവൻ പറഞ്ഞു, "സ്വർഗ്ഗ
ത്തിന്റെയും, ഭൂമിയുടെയും കർത്താവായ പി
താവേ, നന്ദി. ജ്ഞാനികളിൽനിന്നും വിവേകി
കളിൽനിന്നും നീ ഇക്കാര്യം മറച്ചു വെച്ചതി
നാൽ ഞാൻ നിന്നെ വാഴ്ത്തുന്നു. എങ്കിലും
നീ ഈ കാര്യങ്ങൾ കേവലമായവർക്കു വെളി
വാക്കിക്കൊടുത്തു. അതേ പിതാവേ, നിന്റെ
ആഗ്രഹം അതു തന്നെയായിരുന്നു.

22"എന്റെ പിതാവ് എനിക്ക് എല്ലാം തന്നു.
പുത്രനാരെന്ന് പിതാവിനൊഴികെ മറ്റാർക്കും
അറികയില്ല. പിതാവ് ആരെന്ന് പുത്രനുമാത്ര
മേ അറിയൂ. പുത്രൻ പിതാവിനെ വെളിപ്പെടു
ത്തിക്കൊടുക്കുന്നതിനായി തിരഞ്ഞെടുത്തവർ
ക്കു മാത്രമേ പിതാവിനെപ്പറ്റി അറിയൂ."

23അനന്തരം യേശു തന്റെ ശിഷ്യന്മാർക്കു
നേരേ തിരിഞ്ഞു. അവൻ പറഞ്ഞു, "നിങ്ങളി
പ്പോൾ കാണുന്ന കാഴ്ചകൾ കാണുവാൻ അനു
ഗ്രഹിക്കപ്പെട്ടവരാണ്! 24ഞാൻ നിങ്ങളോടു പറ
യുന്നു, ഈ കാഴ്ചകൾ കാണുവാൻ അനേകം
പ്രവാചകരും രാജാക്കന്മാരും ആഗ്രഹിച്ചു,
പക്ഷേ അവരിതു കണ്ടില്ല. നിങ്ങളിപ്പോൾ
കേൾക്കുന്നവ കേൾക്കുവാനും അവർ ആഗ്രഹി
ച്ചിരുന്നു. എന്നാലവർ ഇതു കേട്ടില്ല."

നല്ല ശമര്യക്കാരന്റെ കഥ

25അപ്പോൾ ഒരു ശാസ്ത്രി എഴുന്നേറ്റു. അ
യാൾ യേശുവിനെ പരീക്ഷിക്കുവാൻ ശ്രമിക്കുക
യായിരുന്നു. അയാൾ പറഞ്ഞു, "ഗുരോ, നിത്യ
ജീവൻ ലഭിക്കാൻ ഞാനെന്തു ചെയ്യണം?"

26യേശു അയാളോടു ചോദിച്ചു, "ന്യായപ്രമാ
ണത്തിൽ എന്താണെഴുതിയിരിക്കുന്നത്? അ
തിൽ നീ എന്തുവായിക്കുന്നു?"

27അയാൾ മറുപടി പറഞ്ഞു, "നിന്റെ ദൈവ
മായ കർത്താവിനെ നീ സ്നേഹിക്കണം. നി
ന്റെ മുഴുവൻ ഹൃദയത്തോടും, മുഴുവൻ ആത്മാ
വോടും, മുഴുവൻ ശക്തിയോടും, മുഴുവൻ മന
സ്സോടും അവനെ സ്നേഹിക്കണം."* കൂടാതെ
'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും
സ്നേഹിക്കുക.'*

28യേശു അയാളോടു പറഞ്ഞു,"നിന്റെ ഉത്ത
രം ശരിയാണ്. അതുപോലെ പ്രവർത്തിക്കൂ.
നിനക്കു നിത്യജീവിതം കിട്ടും."

29പക്ഷേ ചോദ്യം ചോദിച്ചതിനു തന്നെത്ത
ന്നെ ന്യായീകരിക്കണമെന്നും അയാൾക്കുണ്ടാ
യിരുന്നു. അതിനാലവൻ യേശുവിനോടു ചോ
ദിച്ചു, "പക്ഷേ ഞാൻ സ്നേഹിക്കേണ്ട എന്റെ
അയൽക്കാരൻ ആരാണ്?"

30ഇതിനുത്തരമായി യേശു പറഞ്ഞു, "ഒരാൾ
യെരൂശലേമിൽനിന്നും യെരീഹോവിലേക്കു
പോകുകയായിരുന്നു. കുറെ കള്ളന്മാർ അയാളെ
വളഞ്ഞു. അവർ അയാളുടെ വസ്ത്രങ്ങൾ വലി
ച്ചുകീറുകയും മർദ്ദിക്കുകയും ചെയ്തു. എന്നിട്ട്
അയാളെ വഴിയിലിട്ടിട്ട് കടന്നുകളഞ്ഞു.
അയാൾ അർദ്ധപ്രാണനായിരുന്നു. 31ആ സമ
യം ഒരു യെഹൂദപുരോഹിതൻ ആ വഴി കടന്നു
പോയി. അവശനായ ആ മനുഷ്യനെ കണ്ടെ
ങ്കിലും പുരോഹിതൻ അയാളെ സഹായിക്കാൻ
നിൽക്കാതെ, നടന്നു മറുവശത്തുകൂടെ കടന്നു
പോയി. 32അടുത്തതായി ഒരു ലേവ്യൻ ആ
വഴിക്കെത്തി. അയാളും യാത്രക്കാരനെക്കണ്ട് മറു
വശത്തുകൂടി നടന്നുപോയി. 33പിന്നീട് ആ
വഴി വന്നത് ഒരു ശമര്യക്കാരനായിരുന്നു. ശമര്യ
ക്കാരൻ മുറിവേറ്റ ആളുടെയടുത്തെത്തി അയാ
ളെ കണ്ടു. ശമര്യക്കാരനു ദീനാനുകമ്പതോന്നി.
34അയാൾ യാത്രക്കാരന്റെ മുറിവുകളിൽ ഒലീ

"നിന്റെ ദൈവമായ ... സ്നേഹിക്കണം" ഉദ്ധരണി ആവ.6:5.

"നിന്നെപ്പോലെ ... സ്നേഹിക്കുക" ഉദ്ധരണി ലേവ്യ 19:18.

വെണ്ണയും വീഞ്ഞും പുരട്ടി. മുറിവുകൾ തുണി
വച്ച്കെട്ടി. അനന്തരം ശമര്യക്കാരൻ തന്റെ കഴു
തപ്പുറത്തിരുത്തി അയാളെ ഒരു സത്രത്തിലെ
ത്തിച്ചു. അവിടെയിരുന്ന് അയാളെ ശുശ്രൂഷി
ച്ചു. 35പിറ്റേന്ന് രണ്ടുവെള്ളിനാണയങ്ങളെടുത്ത്
സത്രം സൂക്ഷിപ്പുകാരന് കൊടുത്തിട്ടു പറ
ഞ്ഞു, 'ഇയാളുടെ കാര്യം പ്രത്യേകം ശ്രദ്ധി
ക്കണം. ഞാനിനിയും വരുമ്പോൾ നിനക്കു
ചെലവുവരുന്ന കൂടുതൽ തുക തന്നുകൊള്ളാം.'"
36യേശു ചോദിച്ചു, "ഈ മൂന്നു പേരിൽ ആരാ
ണ് കവർച്ചക്കാർക്കിരയായ മനുഷ്യന് അയൽ
ക്കാരനായത്?"
37ശാസ്ത്രി പറഞ്ഞു, "അയാളെ സഹായിച്ച
വൻ." യേശു പറഞ്ഞു,"എങ്കിൽ നീയും പോയി
അയാൾ ചെയ്തതുപോലെ ചെയ്യൂ."

മറിയയും മാർത്തയും

38തങ്ങളുടെ യാത്രക്കിടയിൽ യേശു ഒരു പട്ട
ണത്തിലേക്കു പോയി. അവിടെ മാർത്തയെന്ന
സ്ത്രീ അവനെ അവളുടെ വസതിയിൽ സ്വാഗ
തം ചെയ്തു. 39മാർത്തയ്ക്കു മറിയ എന്നൊരു
സഹോദരിയുണ്ടായിരുന്നു. മറിയ യേശുവി
ന്റെ കാൽക്കലിരുന്ന് അവന്റെ വചനങ്ങൾ
കേട്ടു കൊണ്ടിരുന്നു. മാർത്തയാകട്ടെ വീട്ടുജോ
ലികൾ ചെയ്തു കൊണ്ടിരുന്നു. 40അധികം
ജോലി ചെയ്യാനുണ്ടായിരുന്നതിനാൽ മാർത്ത
യ്ക്കു ദേഷ്യം വന്നു. അവൾ അകത്തു ചെന്നു
പറഞ്ഞു, "കർത്താവേ, എന്റെ സഹോദരി
വീട്ടുജോലികൾ എന്നെ മാത്രമേല്പിച്ചതിൽ
അങ്ങയ്ക്ക് വൈഷമ്യമില്ലേ? അവളോട് എന്നെ
സഹായിക്കാൻ പറയൂ."
41പക്ഷേ യേശു ഇതാണു പറഞ്ഞത്, "മാർത്ത
യേ, മാർത്തയേ, നീ പല കാര്യങ്ങൾ കൊണ്ട്
ഉത്കണ്ഠപ്പെട്ടു മനം കലങ്ങിയിരിക്കുന്നു.
42ഒന്നു മാത്രമാണു പ്രധാനം. മറിയ ശരിയായതു
തിര ഞ്ഞെടുത്തു. അത് അവളിൽനിന്ന് എടുത്തു
ക ളയപ്പെടുകയില്ല."

യേശു പ്രാർത്ഥനയെപ്പറ്റി പറയുന്നു

(മത്താ. 6:9-15; മർക്കൊ. 7:7-11)

11 ഒരിടത്തുവച്ച് യേശു പ്രാർത്ഥിക്കുകയാ
യിരുന്നു. അവൻ പ്രാർത്ഥിച്ചു കഴിഞ്ഞ
പ്പോൾ ശിഷ്യന്മാരിലൊരുവൻ പറഞ്ഞു, "കർ
ത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ
പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. അതുപോലെ നീ
ഞങ്ങളെയും പഠിപ്പിക്കേണമേ."
2യേശു ശിഷ്യന്മാരോടു പറഞ്ഞു, "നിങ്ങൾ
പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കൂ:
'പിതാവേ അങ്ങയുടെ നാമം പൂജിതമായിരി
ക്കേണമേ; നിന്റെ രാജ്യം വരേണമേ.
3അന്നന്നാവശ്യമുള്ള അപ്പം ഞങ്ങൾക്കു നൽ
കേണമേ.
4ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ, എ
ന്തെന്നാൽ ഞങ്ങളോടു തെറ്റു ചെയ്ത എല്ലാവ
രോടും ഞങ്ങൾ ക്ഷമിക്കുന്നു. ഞങ്ങളെ പ്രലോഭ
നത്തിൽ അകപ്പെടുത്തരുതേ.'"

തുടരെ ചോദിക്കുക

5-6യേശു അവരോടുപറഞ്ഞു; "നിങ്ങളിലൊ
രാൾ തന്റെ സുഹൃത്തിന്റെ വീട്ടിൽ പാതിരാ
ത്രിയിൽ ചെന്ന് ഇങ്ങനെ പറയുന്നുവെന്നിരി
ക്കട്ടെ,' എന്റെ ഒരു സഹൃത്ത് എന്നെ കാണാൻ
എത്തിയിട്ടുണ്ട്. അയാൾക്ക് കൊടുക്കാനെന്റെ
കൈയിലൊന്നുമില്ല. ദയവായി എനിക്കു മൂന്നു
കഷണം റൊട്ടിതരൂ.' 7സുഹൃത്ത് അകത്തു നിന്നി
ങ്ങനെ പറയുന്നുവെന്നിരിക്കട്ടെ, 'കടന്നു പോ
കൂ, എന്നെശല്യപ്പെടുത്തരുത്. വാതിൽ പൂട്ടിയി
രിക്കുന്നു. ഞാനും കുട്ടികളും കിടക്കയിലാണ്.
എനിക്കിപ്പോൾ എഴുന്നേറ്റ് നിനക്കു റൊട്ടി തരാ
നൊന്നും വയ്യ.' 8ഞാൻ നിങ്ങളോടു പറയുന്നു,
അടുത്ത സ്നേഹിതനാണെങ്കിലും ആ സമയ
ത്ത് അയാൾ നിങ്ങൾക്ക് ഒന്നും തന്നില്ലെന്നു
വരാം.എന്നാൽ നിർബന്ധപൂർവ്വം തുടരെ, തുട
രെ ചോദിച്ചാൽ തീർച്ചയായും അയാൾ എഴു
ന്നേറ്റ് വന്ന് എന്തെങ്കിലും തരും. 9അതുകൊണ്ട്
ഞാൻ നിങ്ങളോടു പറയുന്നു, തുടരെ ചോദിക്കു
വിൻ, ദൈവം നിങ്ങൾക്കു തരും. തുടർച്ചയായി
അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. തുടർ
ച്ചയായി മുട്ടുവിൻ, നിങ്ങൾക്കായി വാതിൽ
തുറക്കപ്പെടും. 10അതെ, തുടർച്ചയായി ചോദി
ക്കുന്നവനു ലഭിക്കും. തുടർച്ചയായി അന്വേഷി
ക്കുന്നവൻ കണ്ടെത്തും. തുടർച്ചയായി മുട്ടുന്നവ
നു മുന്നിൽ വാതിൽ തുറക്കപ്പെടും.
11"നിങ്ങളുടെ മക്കൾ നിങ്ങളോടു മത്സ്യം ആ
വശ്യപ്പെട്ടാൽ നിങ്ങളെന്തു ചെയ്യും? ഏതെങ്കി
ലും പിതാവ് അപ്പോൾ പാമ്പിനെ കൊടുക്കു
മോ? ഇല്ല, നിങ്ങൾ മത്സ്യമേ കൊടുക്കൂ. 12അല്ലെ
ങ്കിൽ നിങ്ങളുടെമകൻ മുട്ട ചോദിച്ചാൽ നിങ്ങ
ളവന് തേളിനെ കൊടുക്കുമോ? ഇല്ല. 13നിങ്ങൾ
എല്ലാവരെയും പോലെ ദുഷ്ടരാണ്. എങ്കിലും
സ്വന്തം കുഞ്ഞുങ്ങൾക്കെങ്ങനെ നല്ല സമ്മാന
ങ്ങൾ കൊടുക്കണമെന്ന് നിങ്ങൾക്കറിയാം.അതി
നേക്കാളേറെ നിങ്ങളുടെ സ്വർഗ്ഗീയ പിതാവി
ന് തന്നോടു ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാ
വിനെ നൽകണമെന്ന് നന്നായറിയാം."

യേശുവിന് ദൈവത്തിൽ നിന്നു ശക്തി

(മത്താ. 12:22-30; മർക്കൊ. 3:20-27)

14യേശു ഒരിക്കൽ ഊമനായ ഒരാളിൽനിന്ന്
ഭൂതത്തെ ഒഴിപ്പിക്കുകയായിരുന്നു. ഭൂതം പുറത്തു
കടന്നപ്പോൾ അയാൾക്കു സംസാരിക്കാറായി.
ആളുകൾ അത്ഭുതപ്പെട്ടു.
15പക്ഷേ ചിലർ പറഞ്ഞു, "ഭൂതങ്ങളുടെ രാജാ
വായ ബെയെത്സെബൂലിന്റെ ശക്തിയാലാണ്
യേശു ഭൂതങ്ങളെ ഒഴിപ്പിക്കുന്നത്."
16മറ്റു ചിലർക്ക് യേശുവിനെ പരീക്ഷിക്കണ
മായിരുന്നു. അവർ അവനോടു ഒരു സ്വർഗ്ഗീയ
അടയാളം ആവശ്യപ്പെട്ടു. 17പക്ഷേ അവരുടെ
വിചാരങ്ങൾ യേശുവിനറിയാമായിരുന്നു. അ
തിനാലവൻ അവരോടുപറഞ്ഞു, "അന്ത:ച്ഛി
ദ്രമുള്ള ഏതുരാജ്യവും നശിക്കും. സ്വന്തം അംഗ
ങ്ങൾക്കെതിരായി പൊരുതുന്ന കുടുംബവും ചി
തറിപ്പോകും.18അതുപോലെ സാത്താൻസാത്താ
നെതിരെ പൊരുതിയാൽ അവന്റെ രാജ്യമെ
ങ്ങനെ നിലനിൽക്കും. നിങ്ങൾ പറയുന്നു,ഭൂത
ങ്ങളെഒഴിക്കാൻ ഞാൻ ബെയെത്സെബൂലിന്റെ
ശക്തി ഉപയോഗിച്ചുവെന്ന്. 19ഞാനങ്ങനെ
ചെയ്യുന്നുവെങ്കിൽ നിങ്ങളുടെ ആൾക്കാർ ഏതു
ശക്തി ഉപയോഗിച്ചാണ് ഭൂതങ്ങളെ ഓടിക്കുക?
നിങ്ങൾ പറയുന്നത് തെറ്റാണെന്ന് നിങ്ങളുടെ
ആൾക്കാർ തന്നെ തെളിയിക്കുന്നു. 20എന്നാൽ
ഞാൻ ദൈവത്തിന്റെ ശക്തിയാലാണ് ഭൂതങ്ങ
ളെ ഓടിക്കുന്നത്. ദൈവരാജ്യം നിങ്ങളുടെ അടു
ത്തെത്തിക്കഴിഞ്ഞുവെന്ന് ഇതു കാണിക്കുന്നു.
21"ശക്തനായ ഒരുവൻ അനേകം ആയുധങ്ങ
ളോടെ സ്വന്തം വീടിനുകാവൽ നിന്നാൽ അവ
ന്റെ വീട്ടിലുള്ള സാമഗ്രികൾ സുരക്ഷിതമാണ്.
22പക്ഷേ അവനെക്കാൾ ശക്തനായവൻ അയാ

ളെ കീഴടക്കുമെന്നിരിക്കട്ടെ, അയാൾ മറ്റെയാൾ
വിശ്വാസമർപ്പിച്ചിരുന്ന എല്ലാ ആയുധങ്ങളും
പിടിച്ചെടുക്കും. പിന്നെ ശക്തൻ മറ്റെയാളുടെ
വീട്ടിലെ സാധനങ്ങൾ ആവശ്യം പോലെ എടു
ക്കും. 23"എന്നോടൊപ്പം നിൽക്കാത്തവൻ എനി
ക്കെതിരാണ്. എന്നോടൊപ്പം പ്രവർത്തിക്കാ
ത്തവൻ എനിക്കെതിരായി പ്രവർത്തിക്കുന്നു.

ശൂന്യമനുഷ്യൻ

(മത്താ. 12:43-45)

24"അശുദ്ധാത്മാവ് ഒരാളെ വിട്ടുപോകു
മ്പോൾ വിശ്രമിക്കാനിടം തേടി മരുഭൂമികളിലൂ
ടെ സഞ്ചരിക്കും. പക്ഷേ അതിന് ഒരിടവും
കിട്ടുകയില്ല. അതിനാൽ അശുദ്ധാത്മാവ് പറയു
ന്നു, 'ഞാൻ വിട്ടൊഴിഞ്ഞു പോന്നവനിലേക്ക്
തന്നെ മടങ്ങും.' 25മടങ്ങിച്ചെല്ലുമ്പോൾ ആ
മനുഷ്യൻ വൃത്തിയാക്കപ്പെട്ടവനും ശുദ്ധനുമായി
കാണുന്നു. 26അശുദ്ധാത്മാവ് മടങ്ങിപ്പോയി
തന്നെക്കാൾ ദുഷ്ടരായ ഏഴു അശുദ്ധാത്മാക്കളു
മായി വന്നു. അവരെല്ലാം കൂടി അയാളിൽ
പ്രവേശിക്കുന്നു. അതോടെ അയാളുടെ ഗതി
പഴയതിലും കഷ്ടമായി."

യഥാർത്ഥ സന്തുഷ്ടർ

27യേശു ഇത്രയും പറഞ്ഞപ്പോൾ അവിടെ
കൂടിയിരുന്നവരിൽ ഒരു സ്ത്രീ സംസാരിക്കാൻ
തുടങ്ങി. അവൾ യേശുവിനോടു പറഞ്ഞു, "നി
ന്നെ പ്രസവിച്ചതിനാലും മുലയൂട്ടിയതിനാലും
നിന്റെ അമ്മ അനുഗ്രഹീതയാണ്."
28എന്നാൽ യേശു പറഞ്ഞു, "ദൈവവചന
ങ്ങൾ കേൾക്കുകയും അതുഅനുസരിക്കുകയും
ചെയ്യുന്നവരാണ് യഥാർത്ഥ സന്തുഷ്ടർ."

ഞങ്ങൾക്കു തെളിവു നൽകൂ

(മത്താ. 12:38-42; മർക്കൊ. 8:12)

29ജനക്കൂട്ടം വലുതായിക്കൊണ്ടിരുന്നു. യേശു
പറഞ്ഞു, "ഇന്നത്തെ തലമുറ ദുഷിച്ചതാണ്.
അവർ ദൈവത്തിന്റെ അടയാളമായി ഒരത്ഭുത
സംഭവം ആവശ്യപ്പെടുന്നു. പക്ഷേ അവർക്കതു
കിട്ടില്ല. യോനായ്ക്കന്നു സംഭവിച്ച അത്ഭുതമ
ല്ലാതെ മറ്റൊരടയാളവും ലഭിക്കുകയില്ല. 30യോ
നാ, നീനെവേക്കാർക്ക് ഒരു അടയാളമായിരുന്നു.
മനുഷ്യപുത്രനും അതുപോലെ ഈ തലമുറക്കാ
ർക്ക് അടയാളമായിരിക്കും.31ന്യായവിധി ദിവ
സം തെക്കിന്റെ രാജ്ഞി ഉയിർത്തെഴുന്നേറ്റ്
ഈ തലമുറക്കാരുടെ തെറ്റുകൾ ചൂണ്ടിക്കാണി
ക്കും. കാരണം, അവൾ വളരെ വളരെ, അകലെ
നിന്നും ശലോമോന്റെ ജ്ഞാനം നിറഞ്ഞ വച
നം കേൾക്കാനെത്തി. ഞാൻ നിങ്ങളോടു പറയു
ന്നു, ഞാൻ ശലോമോനേക്കാൾ ശ്രേഷ്ഠനാണ്.
32ന്യായവിധിദിവസം നീനെവേക്കാർ ഇന്ന
ത്തെ തലമുറക്കാരോടൊപ്പം എഴുന്നേറ്റുനിന്ന്
നിങ്ങൾ തെറ്റുകാരാണെന്നു പറയും. എന്തു
കൊണ്ട്? യോനയുടെ പ്രസംഗങ്ങൾകേട്ട്
അവർ മാനസാന്തരപ്പെട്ടു. ഞാൻ നിങ്ങളോടു
പറയുന്നു. ഞാൻ യോനയേക്കാളും ശ്രേഷ്ഠ
നാണ്.

ലോകത്തിനു പ്രകാശമാവുക

(മത്താ. 5:15; 6:22-23)

33"ആരും വിളക്കു കൊളുത്തി പറയ്ക്കടിയിൽ
വെയ്ക്കുകയോ ഒളിച്ചു വെയ്ക്കുകയോ ചെയ്യു
ന്നില്ല. മറിച്ച് അകത്തു കടന്നുവരുന്നവർക്കു
വ്യക്തമായി കാണാനായി അതു മേശയിൽ
വയ്ക്കുന്നു.34നിങ്ങളുടെ കണ്ണ് ശരീരത്തിന്റെ
പ്രകാശമാണ്. കണ്ണുകൾ നന്നായിരുന്നാൽ
നിങ്ങളുടെ ശരീരം പ്രകാശമാനമായിരിക്കും.
കണ്ണുകൾ ചീത്തയായിരുന്നാൽ നിങ്ങളുടെ
ശരീരം ഇരുണ്ടതായിരിക്കും. 35അതിനാൽ ശ്രദ്ധാ
ലുവായിരിക്കുക! നിങ്ങളിലെ പ്രകാശം ഇരുട്ടു
വാനനുവദിക്കരുത്. 36നിങ്ങളുടെ ശരീരമാകെ
തിളക്കമാർന്നതായാൽ, ഇരുണ്ട സ്ഥലമില്ലാതിരു
ന്നാൽ, നിങ്ങൾ മിന്നൽപോലെ പ്രകാശിക്കും."

യേശു പരീശന്മാരെ വിമർശിക്കുന്നു

(മത്താ. 23:1-36; മർക്കൊ. 12:38-40; ലൂക്കൊ.20:45-47)

37യേശു സംസാരം അവസാനിപ്പിച്ചപ്പോൾ
ഒരു പരീശൻ തന്നോടൊപ്പം ഭക്ഷണം കഴിക്കാൻ
അവനെ ക്ഷണിച്ചു. യേശു ഭക്ഷണം കഴിക്കാൻ
ചെന്നിരുന്നു. 38എന്നാൽ ആഹാരത്തിനു മുമ്പ്
യേശു കൈകഴുകാതിരുന്നതുകണ്ട് പരീശൻ അ
ത്ഭുതപ്പെട്ടു. 39കർത്താവ് അയാളോടു പറഞ്ഞു,
"നിങ്ങൾ പരീശന്മാർ ചഷകങ്ങളുടെയും പാത്ര
ങ്ങളുടെയും പുറം മാത്രം കഴുകുന്നു. എന്നാൽ
നിങ്ങളുടെ ഉള്ളിൽ ദുരാഗ്രഹവും, ദുഷ്ടതയും
കൊണ്ട് നിറഞ്ഞിരിക്കുന്നു. 40നിങ്ങൾ വിഡ്ഢി
കളാണ്. പുറം നിർമ്മിച്ചവൻ (ദൈവം) തന്നെ
യാണകവും നിർമ്മിച്ചത്. 41നിങ്ങളുടെ ചഷക
ങ്ങളിലുള്ളതെല്ലാം ആവശ്യക്കാരനു കൊടുക്കു
ക. അപ്പോൾ നിങ്ങൾ പൂർണ്ണമായും ശുദ്ധമാ
കും. 42പക്ഷേ,പരീശന്മാരേ, നിങ്ങൾക്കു ദുരിതം!
കാരണം, നിങ്ങൾ തുളസിയിലും അരൂതയിലും
എല്ലാ സസ്യങ്ങളിലും പോലും നേടിയതിന്റെ
പത്തിലൊന്നു ദൈവത്തിനു നൽകുന്നു. എ
ന്നാൽ നിങ്ങൾ മറ്റുള്ളവരോട് നീതി പുലർത്തു
ന്നതിൽ ഉപേക്ഷവരുത്തുന്നു. മര്യാദ കാട്ടാനും
ദൈവത്തെ സ്നേഹിക്കാനും മറക്കുന്നു. ഇതു
നിങ്ങൾ ചെയ്യേണ്ടതാണ്. അതോടൊപ്പം പത്തി
ലൊന്ന് കൊടുക്കുന്നതും നിങ്ങൾ തുടർന്നു
ചെയ്യേണ്ടതുണ്ട്.
43"പരീശന്മാരേ, നിങ്ങൾക്കു കഷ്ടം എന്തെ
ന്നാൽ പള്ളികളിൽ പ്രധാന ഇരിപ്പിടങ്ങൾ കി
ട്ടുന്നതു നിങ്ങളിഷ്ടപ്പെട്ടു. ചന്തയിൽ ജനങ്ങ
ളുടെ ബഹുമാനം നിങ്ങൾ ആഗ്രഹിച്ചു. 44നിങ്ങ
ൾക്കു ദുരിതം, എന്തെന്നാൽ മറവിലുള്ള കുഴിമാ
ടങ്ങൾ പോലെയാണു നിങ്ങൾ. മനുഷ്യർ അറി
യാതെ അതിനു മുകളിൽക്കൂടി നടക്കുന്നു."

യേശു യെഹൂദപണ്ഡിതന്മാരോടു സംസാരിക്കുന്നു

45ശാസ്ത്രിമാരിലൊരാൾ യേശുവിനോടു പ
റഞ്ഞു,"ഗുരോ, പരീശന്മാരെപ്പറ്റി നീ ഇതു പറ
യുമ്പോൾ ഞങ്ങളെക്കൂടി അധിക്ഷേപിക്കുക
യാണ്."
46യേശു പറഞ്ഞു, "ശാസ്ത്രിമാരേ, നിങ്ങൾ
ക്കുകൂടി ദുരിതം. വിഷമകരമായ നിയമങ്ങൾ
നിങ്ങളുണ്ടാക്കുന്നു. അവ അനുസരിക്കാൻ ജന
ങ്ങളെ നിർബന്ധിക്കുന്നു. എന്നാൽ നിങ്ങളാ
കട്ടെ അവയിലൊരു നിയമവും പാലിക്കാൻ
ശ്രമിക്കുന്നു കൂടിയില്ല. 47നിങ്ങൾക്കു ദുരിതം,
എന്തെന്നാൽ നിങ്ങൾ പ്രവാചകർക്കു ശവകുടീ
രങ്ങളൊരുക്കുന്നു. അവരെ നിങ്ങളുടെ പൂർവ്വി
കർ കൊന്നതാണ്. 48ഇപ്പോഴാകട്ടെ നിങ്ങളുടെ
പൂർവ്വികരുടെ കർമ്മത്തെ നിങ്ങൾ അംഗീകരി
ക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. അവർ പ്ര
വാചകരെ കൊന്നു, നിങ്ങൾ പ്രവാചകർക്ക്
ശവകുടീരങ്ങളൊരുക്കുന്നു. 49അതിനാലാണു
ദൈവത്തിന്റെ ജ്ഞാനം ഇങ്ങനെപറയുന്നത്,
'ഞാനവരുടെ അടുത്തേക്കു പ്രവാചകരെയും

അപ്പോസ്തലന്മാരെയും അയയ്ക്കും. അവരിൽ
ചിലരെ ദുഷ്ടമനുഷ്യർ വധിക്കും. മറ്റുള്ളവർ
പീഢിപ്പിക്കപ്പെടും.' 50അതുകൊണ്ട് ഈ തലമു
റക്കാരായ നിങ്ങൾ ലോകാരംഭം മുതൽ കൊല്ല
പ്പെട്ട പ്രവാചകരുടെ മരണത്തിനു ശിക്ഷിക്ക
പ്പെടും. 51ഹാബേലിന്റെ രക്തം ചിന്തിയതുമു
തൽ സെഖര്യാവിന്റെ രക്തം ചിന്തിയതുവരെ
യുള്ള എല്ലാ കുറ്റങ്ങൾക്കും നിങ്ങൾ ശിക്ഷിക്ക
പ്പെടും. സെഖര്യാവ് ബലിപീഠത്തിനും ദൈവാ
ലയത്തിനുമിടയിൽ വെച്ചു കൊല്ലപ്പെട്ടു.
അതെ, ഞാൻ നിങ്ങളോടു പറയുന്നു ഈ തലമു
റക്കാരായ നിങ്ങൾ അവയ്ക്കെല്ലാം വേണ്ടി
ശിക്ഷിക്കപ്പെടും.

52"ശാസ്ത്രിമാരേ, നിങ്ങൾക്കും ദുരിതം. ദൈവ
ജ്ഞാനത്തിന്റെ താക്കോൽ നിങ്ങൾ ഒളിപ്പിച്ചു
വച്ചിരിക്കുന്നു. നിങ്ങൾ സ്വയം പഠിക്കുകയില്ല,
മറ്റുള്ളവരെ പഠിപ്പിക്കുകയുമില്ല."

53യേശു അവിടം വിട്ടുപോകാൻ തുടങ്ങിയ
പ്പോൾ പരീശന്മാരും ശാസ്ത്രിമാരും അവനിൽ
ഉഗ്രമായി സമ്മർദ്ദം ചെലുത്തി. പലതിനെപ്പ
റ്റിയും അവർ ചോദ്യങ്ങൾ ചോദിച്ച് അവനിൽ
നിന്നും ഉത്തരങ്ങളാവശ്യപ്പെട്ടു. 54യേശുവിനെ
ക്കൊണ്ട് തെറ്റായതെന്തെങ്കിലും പറയിച്ചു കുരു
ക്കാനായിരുന്നു അവരുടെ ശ്രമം.

പരീശന്മാരെപ്പോലെയാകരുത്

12 ഇതിനിടയിൽ വലിയൊരു പുരുഷാരം
അവിടെ തടിച്ചുകൂടി. പരസ്പരം ചവി
ട്ടിമെതിക്കുംവിധം അവർ തിക്കിത്തിരക്കി. അവ
രോടു സംസാരിക്കും മുമ്പ് യേശു തന്റെ ശിഷ്യ
ന്മാരോടു പറഞ്ഞു, "പരീശന്മാരുടെ പുളിമാവി
നെതിരെ ജാഗ്രത പുലർത്തുക. അവർ കപടഭ
ക്തിക്കാരാണെന്നാണു ഞാൻ പറഞ്ഞതിനർ
ത്ഥം. 2മറഞ്ഞിരിക്കുന്നതെല്ലാം വെളിപ്പെടും.
രഹസ്യങ്ങളെല്ലാം പരസ്യങ്ങളാകും. 3ഇരുട്ടത്തു
നിങ്ങൾ പറഞ്ഞവയെല്ലാം വെളിച്ചത്തു കേൾ
ക്കും. രഹസ്യമുറിയിലിരുന്നു നിങ്ങൾ മന്ത്രിച്ച
തെല്ലാം പുരപ്പുറത്തുനിന്ന് വിളിച്ചു പറയ
പ്പെടും."

ദൈവത്തെമാത്രം ഭയക്കുക

(മത്താ. 10:28-31)

4അനന്തരം യേശു അവരോടു പറഞ്ഞു, "എ
ന്റെ സുഹൃത്തുക്കളേ, ഞാൻ നിങ്ങളോടു പറ
യുന്നു, മനുഷ്യരെ ഭയപ്പെടരുത്. മനുഷ്യർക്ക്
ശരീരത്തെ വധിക്കാനേകഴിയൂ. അതിനപ്പുറം
നി ങ്ങളെ ഉപദ്രവിക്കാനാവില്ല. 5ഭയക്കേണ്ട
ആളെ ഞാൻ നിങ്ങൾക്കു കാട്ടിത്തരാം. നിങ്ങളെ
കൊല്ലാനും തുടർന്നു നരകത്തിലേക്കെറിയാനും
ശക്തിയുള്ള ദൈവത്തെ മാത്രം ഭയപ്പെടുക.
അതെ, അവനെ മാത്രമേ നിങ്ങൾ പേടിക്കേണ്ട
തായുള്ളൂ.

6"അഞ്ചു പക്ഷികളെ വിറ്റത് വെറും രണ്ടു
നാണയങ്ങൾക്കല്ലേ? പക്ഷേ ദൈവം അതൊ
ന്നും മറക്കില്ല. 7അതെ, നിങ്ങളുടെ തലയിൽ
എത്ര മുടിയുണ്ടെന്നുവരെ ദൈവത്തിനറിയാം.
ഭയക്കാതിരിക്കൂ, നിങ്ങൾക്ക് അനേകം പക്ഷിക
ളേക്കാൾ വളരെ വിലയുണ്ട്.

യേശുവിനെപ്പറ്റി ലജ്ജിക്കരുത്

(മത്താ. 10:32-33; 12:32; 10:19-20)

8"ഞാൻ നിങ്ങളോടു പറയുന്നു, ആരെങ്കിലു
മൊരാൾ ആളുകളുടെ മുമ്പിൽ നിൽക്കുകയും
എന്നിലുള്ള വിശ്വാസം ഏറ്റുപറയുകയും ചെ
യ്താൽ ഞാൻ പറയും അയാൾ എന്റേതാ
ണെന്ന്. ഞാനിതു ദൈവത്തിന്റെ ദൂതന്മാരോ
ടും പറയും." 9പക്ഷേ മറ്റുള്ളവരുടെ മുമ്പിൽ
എന്നിൽ വിശ്വസിക്കുന്നില്ലെന്നു പറഞ്ഞാൽ
അവൻ എന്റേതല്ലെന്ന് ഞാനും പറയും. ഇതു
ഞാൻ ദൈവത്തിന്റെ ദൂതന്മാരോടും പറയും.

10"മനുഷ്യപുത്രന് എതിരായെന്തെങ്കിലും പറ
യുന്നവൻ ക്ഷമിക്കപ്പെട്ടേക്കാം. എന്നാൽ പരി
ശുദ്ധാത്മാവിനെ എതിർത്തു സംസാരിക്കുന്ന
വൻ ക്ഷമിക്കപ്പെടുകയില്ല.

11"നിങ്ങളെ ചിലർ യെഹൂദപ്പള്ളിയിലേക്കു
കൊണ്ടുവന്ന് നേതാക്കളുടെയും മറ്റു പ്രമാണി
മാരുടെയും മുമ്പിൽ നിർത്തുമ്പോൾ നിങ്ങളുടെ
ന്യായസമർത്ഥനത്തിനായി എങ്ങനെ എന്തു
പറയുമെന്നോർത്തു വിഷമിക്കേണ്ട. 12ആ സമ
യം നിങ്ങൾ പറയേണ്ടതെന്തെന്ന് പരിശുദ്ധാ
ത്മാവ് നിങ്ങളെ പഠിപ്പിക്കും."

സ്വാർത്ഥത പാടില്ലെന്ന് യേശു

13ആൾക്കൂട്ടത്തിലൊരാൾ യേശുവിനോടു പറ
ഞ്ഞു, "ഗുരോ, ഞങ്ങളുടെ അപ്പൻ മരിച്ചു. അ
ദ്ദേഹത്തിന്റെ സ്വത്തുപങ്കുവയ്ക്കാൻ എന്റെ
സഹോദരനോടു പറഞ്ഞാലും."

14പക്ഷേ യേശു അയാളോടു പറഞ്ഞു, "ആരു
പറഞ്ഞു ഞാൻ നിങ്ങൾക്കിടയിൽ വിധി കല്പി
ക്കണമെന്ന്? നിങ്ങൾക്കിടയിൽ സ്വത്തു വിഭജി
ക്കാൻ ഞാനാരാണ്?" 15അനന്തരം യേശു അവ
രോടു പറഞ്ഞു, "എല്ലാ സ്വാർത്ഥതക്കെതിരാ
യും ജാഗ്രത പുലർത്തുക. ആർക്കും തങ്ങളുടെ
അനേകം സ്വത്തിൽനിന്നും ജീവിതം ലഭിക്കില്ല."

16പിന്നീട്യേശു ഈ കഥപറഞ്ഞു: "കുറെ
ഭൂമി സ്വന്തമായുള്ള ഒരു ധനിനുണ്ടായിരുന്നു.
അയാളുടെ ഭൂമിയിൽ നല്ലവിളവുണ്ടായി. 17അ
യാൾ 'ആലോചിച്ചു, ഞാനെന്തു ചെയ്യും? വിള
വു സൂക്ഷിക്കാനിടമില്ല. 18ഞാനെന്തു ചെയ്യണ
മെന്നെനിക്കറിയാം. പത്തായം പൊളിച്ച് വലി
യ പത്തായങ്ങൾ നിർമ്മിക്കണം. ഗോതമ്പും
മറ്റു നല്ല സാധനങ്ങളും അതിൽ നിറയ്ക്കും.
19എന്നിട്ടെനിക്ക് എന്നോടു തന്നെ പറയാം.
എന്റെ എല്ലാ നല്ലസാധനങ്ങളും ഞാൻ ശേഖ
രിച്ചു എന്ന്. വരുംവർഷങ്ങളിലേക്ക് വേണ്ടു
വോളം ഞാൻ ശേഖരിച്ചു. പിന്നെ എല്ലാം
ലഘുവായി എടുത്തു തിന്നും കുടിച്ചും ജീവിതം
ആസ്വദിക്കാം.' 20പക്ഷേ ദൈവം അയാളോടു
പറഞ്ഞു, 'മൂഢാ ഇന്നു രാത്രിയിൽ നീ മരിക്കും.
നിനക്കായി നീ ഒരുക്കിയ ഈ സാധനങ്ങൾ
കൊണ്ടെന്തുഫലം. അവ ആർക്കു ലഭിക്കും?'
21"ഇതാണ് സ്വന്ത ആവശ്യത്തിനു സമ്പാദിക്കു
ന്നവന്റെ ഗതി. ദൈവത്തിന് അയാൾ ധനി
കനല്ല."

ദൈവരാജ്യം ആദ്യം

(മത്താ. 6:25-34; 19-21)

22യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു,
"അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു, നി
ങ്ങളുടെ ഭക്ഷണത്തെച്ചൊല്ലി വിഷമിക്കാതിരി
ക്കുക. നിങ്ങളുടെ ശരീരത്തിനു വേണ്ട വസ്ത്ര
ത്തെയോർത്തും വിഷമിക്കരുത്. 23ജീവിതം ഭക്ഷ
ണത്തെക്കാൾ വലിയതാണ്. ശരീരം വസ്ത്ര
ത്തെക്കാളും. 24പക്ഷികളെ നോക്കൂ, അവ വിത
യ്ക്കുന്നില്ല. കൊയ്യുന്നുമില്ല. പക്ഷികൾ പുരക
ളിലോ പത്തായങ്ങളിലോ ആഹാരം ശേഖരിക്കു
ന്നുമില്ല. പക്ഷേ ദൈവം അവയെ സംരക്ഷിക്കു
ന്നു. നിങ്ങൾ പക്ഷികളെക്കാൾ പലമടങ്ങു വില

യുള്ളവരാണ്. **25**ഇതെച്ചൊല്ലി ചിന്തിച്ചു വ്യാ
കുലപ്പെട്ട് ആരും ആയുസ്സിലെ ഒരു ദിവസം
പോലും കൂട്ടുന്നില്ല. **26**ചെറിയ കാര്യങ്ങളെക്കു
റിച്ചു നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴിയാതിരി
ക്കെ വലിയ കാര്യങ്ങളെയോർത്ത് വേവലാതി
പ്പെടുന്നതെന്തിന്? **27**കാട്ടുപൂക്കളെ നോക്കൂ,
അവർ തങ്ങൾക്കായി ജോലി ചെയ്യുകയോ
വസ്ത്രമുണ്ടാക്കുകയോഇല്ല. പക്ഷേ ഞാൻ
നിങ്ങളോടു പറയുന്നു, മഹാനും, ധനികനുമാ
യ ശലോമോനുപോലും ഈ പൂക്കളിൽ ഒന്നി
നെപ്പോലെ മനോഹരമായി അണിഞ്ഞൊരു
ങ്ങാനായില്ല. **28**മൈതാനത്തെ പുല്ലുകളെ
ദൈവം ഇങ്ങനെ അണിയിച്ചൊരുക്കുന്നു. ഇന്നു
ജീവിക്കുന്ന ആ പുല്ലുകൾ ഇന്നും നാളെയും
തീയിലെറിയപ്പെട്ടേക്കാം. അതിനാൽ അല്പവി
ശ്വാസികളേ ദൈവം നിങ്ങളെ അതിലും നന്നാ
യി അണിയിച്ചൊരുക്കും. **29**അതിനാൽ എപ്പോ
ഴും എന്തു തിന്നും എന്തു കുടിക്കും എന്നതിനെ
പ്പറ്റി ആലോചിക്കാതിരിക്കുക. അതിനെപ്പറ്റി
ദു:ഖിക്കാതിരിക്കുക. **30**ലോകത്തിലെ എല്ലാ മനു
ഷ്യരും അതെല്ലാം കിട്ടാനാഗ്രഹിക്കുന്നു. നിങ്ങ
ളുടെ പിതാവായ ദൈവത്തിനറിയാം നിങ്ങൾ
ക്കെന്താണു വേണ്ടതെന്ന്. **31**നിങ്ങൾ സ്വർഗ്ഗ
രാജ്യം അന്വേഷിക്കുവിൻ. എങ്കിൽ നിങ്ങൾക്കി
തെല്ലാം നൽകപ്പെടും.

പണത്തിൽ വിശ്വസിക്കരുത്

32“ചെറിയകൂട്ടമേ ഭയക്കരുത്. നിങ്ങളുടെ പി
താവ് രാജ്യംനിങ്ങൾക്കു നൽകാൻ തീരുമാനി
ച്ചിരിക്കുന്നു. **33**നിങ്ങൾക്കുള്ളതെല്ലാം വിറ്റ് പണം
ഭിക്ഷനൽകുക. ഈ ലോകത്തിന്റെ സമ്പത്ത്
നിലനിൽക്കില്ല. നിലനിൽക്കുന്ന സമ്പത്തു നേ
ടൂ. സ്വർഗ്ഗത്തിലെ നിധിനേടൂ. അത് എക്കാല
വും നിലനിൽക്കും. സ്വർഗ്ഗത്തിലെ നിങ്ങളുടെ
സമ്പത്ത് കള്ളൻ കവരുകയില്ല. പുഴുക്കൾ നശി
പ്പിക്കയുമില്ല. **34**നിങ്ങളുടെ നിക്ഷേപത്തോടൊ
പ്പമാകും നിങ്ങളുടെ ഹൃദയവും.”

തയ്യാറായിരിക്കുക

(മത്താ. 24:45-51)

35“തയ്യാറായിരിക്കുക, പൂർണ്ണമായും വസ്ത്രം
ധരിച്ചു നിങ്ങളുടെ വിളക്കു കൊളുത്തി ദാസ
ന്മാരെപ്പോലെ നിൽക്കുക.**36**വിവാഹവിരുന്നു ക
ഴിഞ്ഞുവരുന്ന യജമാനന്റെ വരവും കാത്തിരി
ക്കുന്ന ദാസന്മാരെപ്പോലെ. യജമാനൻ വന്നു
വാതിലിൽമുട്ടും, അപ്പോൾദാസൻ അയാൾക്കാ
യി വാതിൽ തുറന്നുകൊടുക്കണം.**37**അങ്ങനെയു
ള്ളദാസർ അനുഗ്രഹീതരാണ്. എന്തെന്നാൽ അ
വൻ യജമാനനുവേണ്ടി കാത്തിരിക്കുന്നു. ഞാൻ
നിങ്ങളോടു സത്യമായി പറയട്ടെ, യജമാനൻ
തന്നെ ചിലപ്പോൾ സേവനത്തിന്റെ വസ്ത്രം
ധരിച്ചു ദാസന്മാർക്കു വിളമ്പിക്കൊടുക്കും. **38**അ
യാൾ അർദ്ധരാത്രിക്കോ അതിലും വൈകിയോ
വരുമ്പോഴും കാത്തിരിക്കുന്നത് യജമാനൻ കാ
ണുമ്പോൾ ദാസന്മാർ അനുഗ്രഹീതർ. **39**ഇതോർ
ക്കുക:കള്ളനെപ്പോൾ വരുമെന്ന് വീട്ടുടമ അറി
ഞ്ഞെങ്കിൽ അയാൾ കള്ളനെ വീടുതുരന്നു കയ
റാൻവിടില്ല. **40**അതിനാൽ നിങ്ങളും തയ്യാറായി
രിക്കുക. മനുഷ്യപുത്രൻ അപ്രതീക്ഷിതമായാ
കും കടന്നു വരിക.”

ആരാണു വിശ്വസ്ത സേവകൻ

41പത്രൊസ് ചോദിച്ചു, “കർത്താവേ, നീ ഈ
കഥപറഞ്ഞതു ഞങ്ങൾക്കു വേണ്ടിയോ എല്ലാ
വർക്കും വേണ്ടിയോ?”

42കർത്താവ്പറഞ്ഞു,“ആരാണ് വിവേകിയാ
യദാസൻ? മറ്റു ദാസന്മാർക്ക് യഥാസമയം ഭക്ഷ
ണംനൽകുവാൻ യജമാനൻ വിശ്വസ്തനായഒരു
ദാസനെ തിരഞ്ഞെടുക്കും. അതിനു തിരഞ്ഞെടു
ക്കപ്പെടുന്നവനാര്? **43**യജമാനൻ വരുമ്പോൾ ത
ന്നെഏല്പിച്ച ജോലിചെയ്യുന്നത് അയാൾ കാണു
ന്നതുദാസനു സന്തോഷം.

44ഞാൻ നിങ്ങളോടു സത്യമായി പറയട്ടെ.
യജമാനൻ അയാൾക്കുള്ളതെല്ലാം നോക്കാൻ ആ
ദാസനെ തിരഞ്ഞെടുക്കും.**45**എന്നാൽ യജമാനൻ
ഉടനെയെങ്ങും വരില്ല എന്നതുകൊണ്ട് അവൻ
ദുഷിച്ചു പെരുമാറാൻ തുടങ്ങിയാലെന്തു സംഭ
വിക്കും? അവൻ മറ്റുദാസരെ ആൺപെണ് ഭേദ
മില്ലാതെ പ്രഹരിക്കുകയും തിന്നുകയും കുടിച്ചു
മത്തനാകുകയും ചെയ്താലോ?**46**അപ്പോൾ യജ
മാനൻ അവൻപ്രതീക്ഷിക്കാത്ത സമയത്തു കട
ന്നുവരും. യജമാനൻ അവനെ ശിക്ഷിക്കും. അവ
നെ അവിശ്വസ്തരുടെ കൂടെ പറഞ്ഞയയ്ക്കും.

47“യജമാനന്റെ ആഗ്രഹമറിഞ്ഞിട്ടും അതനു
സരിച്ച് ഒരുങ്ങിയിരിക്കാതെയും ഏല്പിച്ച ജോ
ലി ചെയ്യാതെയുമിരിക്കുന്ന ദാസനുകഠിനശി
ക്ഷലഭിക്കും. **48**യജമാനന്റെ ആഗ്രഹമറിയാത്ത
ദാസനോ? അവൻ ശിക്ഷ അർഹമാക്കുന്ന പ്രവ
ർത്തികളേചെയ്യൂ. പക്ഷേ മറ്റെയാളെക്കാൾ കുറ
ഞ്ഞശിക്ഷയേ അവനു ലഭിക്കൂ. കൂടുതൽ ഏല്പി
ക്കപ്പെട്ടവൻ കൂടുതൽ ഉത്തരവാദിയാണ്. അവ
നിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കുന്നു.”

യേശുവിനോടു യോജിക്കുന്നില്ല

(മത്താ. 10:34-36)

49യേശു തുടർന്നുപറഞ്ഞു: “ഭൂമിയിൽ തീയി
ടാനാണു ഞാൻ വന്നിരിക്കുന്നത്. അതിപ്പോഴും
കത്തിഎരിഞ്ഞെങ്കിൽ എന്നു ഞാനാഗ്രഹിക്കു
ന്നു.**50**എനിക്കു വ്യത്യസ്തമായൊരു സ്നാനം
സ്വീകരിക്കേണ്ടതുണ്ട്. അതു തീരുവോളം എനി
ക്കു വലിയഞെരുക്കം തോന്നുന്നു. **51**ഞാൻ ലോ
കത്തുസമാധാനം സ്ഥാപിക്കാനാണു വന്നതെ
ന്നു നിങ്ങൾ കരുതുന്നുണ്ടോ? ഇല്ല ഞാൻ ഈ
ലോകം വിഭജിക്കാനാണു വന്നത്. **52**അഞ്ചംഗങ്ങ
ളുള്ള ഒരു കുടുംബം, മൂന്നുപേർ രണ്ടുപേർക്കെ
തിരായും, രണ്ടുപേർമൂന്നു പേർക്കെതിരായും
തിരിയും. **53**അപ്പൻ മകനെതിരായും മകൻ അപ്പ
നെതിരായും വിഭജിക്കപ്പെടും. അമ്മ മകൾക്കെ
തിരായും മകൾ അമ്മയ്ക്കെതിരായും വിഭജിക്ക
പ്പെടും. അമ്മായിയമ്മ മരുമകൾ ക്കെതിരായും
മരുമകൾ അമ്മായി യമ്മയ്ക്കെതിരായും വിഭജി
ക്കപ്പെടും.”

കാലത്തെ മനസ്സിലാക്കുന്നു

(മത്താ. 16:2-3)

54അപ്പോൾ യേശു ജനക്കൂട്ടത്തോടു പറഞ്ഞു,
“പടിഞ്ഞാറ് മേഘം വളരുന്നതു കാണുമ്പോൾ,
നിങ്ങൾ പറയും ‘മഴവരുന്നു’ താമസിയാതെ
മഴ പെയ്യുകയും ചെയ്യും. **55**തെക്കുനിന്ന് കാറ്റു
വീശുമ്പോൾ നിങ്ങൾപറയും ‘ഇന്ന് ചൂടു ദിവ
സം’ ആയിരിക്കും. അത് അങ്ങനെ ആവുകയും
ചെയ്യുന്നു. **56**കപടഭക്തിക്കാരേ, നിങ്ങൾക്കു കാ
ലാവസ്ഥ മനസ്സിലാക്കാം. എന്നാൽ കാലത്തെ
നിങ്ങളെന്തുകൊണ്ട് മനസ്സിലാക്കുന്നില്ല.

നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക

(മത്താ. 5:25-26)

57“ഏതാണു ശരിയെന്നു നിങ്ങളെന്താണു നി
ങ്ങൾക്കുവേണ്ടി നിശ്ചയിക്കാത്തത്? **58**ആരെങ്കി
ലും നിങ്ങൾക്കെതിരെ കുറ്റമാരോപിക്കുകയും

നിങ്ങൾ അയാളുടെകൂടെ കോടതിയിൽ പോ
വുകയും ചെയ്യുമ്പോൾ വഴിക്കുവച്ചു തന്നെ
പ്രശ്നം തീർക്കാൻ ശ്രമിക്കുക. അല്ലെങ്കിൽ അ
യാൾ നിങ്ങളെ ന്യായാധിപൻെറ മുമ്പിലെത്തി
ക്കും. ന്യായാധിപൻ നിങ്ങളെ ഉദ്യോഗസ്ഥൻെറ
കൈയിൽ ഏല്പിക്കും. അയാൾ നിങ്ങളെ തടവറ
യിലേക്ക് എറിയുകയും ചെയ്യും. **59**എല്ലാം എടു
ത്തതിനുശേഷമല്ലാതെ അവർ നിങ്ങളെ അവി
ടെനിന്നും വിടില്ല.”

മാനസാന്തരപ്പെടുക

13 ആ സമയം അവനോടൊപ്പം ചിലരുണ്ടാ
യിരുന്നു. ചില ഗലീലക്കാർക്ക് എന്തു
സംഭവിച്ചുവെന്ന് അവർ അവനോടുപറഞ്ഞു.
അവർ ആരാധിക്കവേ പീലാത്തൊസ് അവരെ
വധിച്ചു. അവരുടെ രക്തം യാഗത്തിൽ മൃഗങ്ങളു
ടെ രക്തത്തോട് പീലാത്തൊസ് കലർത്തി. **2**യേ
ശു പറഞ്ഞു, “അവർ മറ്റെല്ലാ ഗലീലക്കാരെ
ക്കാൾ പാപികളായതിനാലാണ് അവർക്കിതു
സംഭവിച്ചതെന്നു നിങ്ങൾ കരുതുന്നുണ്ടോ?
3അല്ല, അവരങ്ങനെയായിരുന്നില്ല. പക്ഷേ
നിങ്ങളെല്ലാവരും മാനസാന്തരപ്പെട്ടില്ലെങ്കിൽ
അവരെപ്പോലെ നിങ്ങളും നശിപ്പിക്കപ്പെടും.
4ശീലോഹാമിലെ ഗോപുരമിടിഞ്ഞുവീണു മരി
ച്ചവരോ, അവർ യെരൂശലേമിലെ മറ്റാൾക്കാരെ
ക്കാൾ പാപികളാണെന്നു നിങ്ങൾ കരുതുന്നു
വോ? **5**ആയിരുന്നില്ല. പക്ഷേ ഞാൻ നിങ്ങ
ളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ടി
ല്ലെങ്കിൽ നിങ്ങളെല്ലാം അതുപോലെ നശിപ്പിക്ക
പ്പെടും.”

പാഴ്മരം

6യേശു ഈ കഥ പറഞ്ഞു: “ഒരാൾക്ക് ഒരു
അത്തിമരമുണ്ടായിരുന്നു. അത് അയാളുടെ
മുന്തിരിത്തോട്ടത്തിലാണ് നട്ടിരുന്നത്. അയാൾ
ആ മരത്തിൽ കായ് വല്ലതുമുണ്ടോ എന്നുവന്നു
നോക്കിയെങ്കിലും ഒന്നും കണ്ടില്ല. **7**തോട്ടം സൂ
ക്ഷിപ്പുകാരനായ ഒരു ദാസൻ അയാൾക്കുണ്ടാ
യിരുന്നു. അയാൾ ദാസനോടു പറഞ്ഞു, ‘മൂന്നു
വർഷമായി ഞാൻ ഈ അത്തിമരത്തിൽ പഴം
ഉണ്ടോ എന്നു നോക്കുന്നു. പക്ഷേ ഒരിക്കലും
ഒന്നും കണ്ടില്ല. ഇതു വെട്ടിക്കളയൂ! എന്തിനാ
ണിത്രയും ഭൂമി മെനക്കെടുത്തുന്നത്?’ **8**പക്ഷേ
ദാസൻ പറഞ്ഞു, ‘യജമാനനേ, ഈ മരത്തിന്
കായ്ക്കാൻ ഒരു വർഷംകൂടി അനുവദിക്കൂ.
ഞാനിതിൻെറ ചുവടുകിളച്ച് വളം ഇടാം. **9**അടു
ത്തവർഷം ഇതു കായ്ച്ചേക്കാം. എന്നിട്ടും കാ
യ്ക്കുന്നില്ലെങ്കിൽ അങ്ങയ്ക്കതു വെട്ടിക്കളയാം.’

ശബ്ബത്തുദിവസം യേശു ഒരു സ്ത്രീയെ സുഖപ്പെടുത്തുന്നു

10യേശു ശബ്ബത്തുദിവസം യെഹൂദപ്പള്ളിയിൽ
പഠിപ്പിക്കുകയായിരുന്നു.**11**അവിടെ അശുദ്ധാ
ത്മാവ് ബാധിച്ച ഒരു സ്ത്രീയുണ്ടായിരുന്നു. ആ
ത്മാവ് അവളെ പതിനെട്ടുവർഷമായി കൂനി
യാക്കിയിരുന്നു. അവൾക്കു നിവർന്നുനിൽക്കു
വാനാകുമായിരുന്നില്ല. **12**അവളെ കണ്ട യേശു
അവളെ അടുത്തേക്കു വിളിച്ചു പറഞ്ഞു,
“സ്ത്രീയേ, നീ രോഗവിമുക്തയായിരിക്കുന്നു.”
13യേശു അവളുടെ പുറത്ത് അവൻെറ കൈകൾ
വെച്ചു. അപ്പോൾ അവൾക്കു നിവർന്നു നിൽ
ക്കാനായി. അവൾ ദൈവത്തെ വാഴ്ത്തി.
14ശബ്ബത്തുദിവസം യേശു രോഗശാന്തി വരു
ത്തിയതിൽ യെഹൂദപ്പള്ളിയിലെ നേതാവ് രോ
ഷാകുലനായി അയാൾ ജനങ്ങളോടു പറഞ്ഞു,
“ജോലി ചെയ്യാൻ ആറു ദിവസങ്ങളുണ്ട്. അതി
നാൽ ആ ദിവസങ്ങളിൽ വന്ന് രോഗശാന്തി
നേടാം. പക്ഷേ ശബ്ബത്തുദിവസം രോഗശാന്തി
ക്കായി വരാതിരിക്കുക.”
15കർത്താവ് (യേശു) മറുപടി പറഞ്ഞു, “കപ
ടഭക്തിക്കാരേ, നിങ്ങൾ ശബ്ബത്തുദിവസം പോ
ലും നിങ്ങളുടെ പണി മൃഗങ്ങളെ വെള്ളം കുടി
പ്പിക്കാൻ കൊണ്ടുപോകാറില്ലേ. **16**ഞാനി
പ്പോൾ രോഗശാന്തിവരുത്തിയ ഈ സ്ത്രീ ഒരു
യെഹൂദസഹോദരിയാണ്. പക്ഷേ പതിനെട്ടു
വർഷമായി സാത്താൻ അവളെ ബന്ധിച്ചിരി
ക്കുന്നു. തീർച്ചയായും ശബ്ബത്തുദിവസം അവളെ
അവളുടെ ബന്ധനത്തിൽനിന്ന് മോചിപ്പിച്ച
തിൽ തെറ്റില്ല.” **17**യേശു ഇതു പറഞ്ഞപ്പോൾ
അവൻെറ എതിരാളികൾ എല്ലാം സ്വയം ലജ്ജി
ച്ചു. യേശു ചെയ്തു കൊണ്ടിരുന്ന അത്ഭുത
കർമ്മങ്ങളിൽ എല്ലാവരും സന്തുഷ്ടരായി.

ദൈവരാജ്യത്തിൻെറ ഉപമ

(മത്താ. 13:31-33; മർക്കൊ. 4:30-32)

18യേശു പറഞ്ഞു, “ദൈവരാജ്യം എന്തു പോ
ലെയാണ്? എന്തിനോടാണ് ഞാനതിനെ ഉപ
മിക്കേണ്ടത്? **19**ദൈവരാജ്യം കടുകുചെടിയുടെ
വിത്തുപോലെയാണ്. ഒരാൾ ഈ വിത്ത് അയാ
ളുടെ തോട്ടത്തിൽ വിതയ്ക്കുന്നു. വിത്ത് മുളച്ച്
വലിയ ചെടിയാകുന്നു. പക്ഷികൾ അതിൻെറ
ശാഖകളിൽ കൂടുകൂട്ടുന്നു.”
20യേശു വീണ്ടും പറഞ്ഞു, “ദൈവരാജ്യത്തെ
ഞാനെന്തിനോടുപമിക്കണം? **21**അത് പുളിമാ
വുപോലെയാണ്. ഒരു സ്ത്രീ പാത്രത്തിൽ മൂന്ന്
അളവു റൊട്ടിമാവിനോട് പുളിമാവു ചേർത്ത്
കുഴയ്ക്കുന്നു. മാവു പുളിച്ചു പൊന്തുന്നു.”

ഇടുങ്ങിയ വാതിൽ

(മത്താ. 7:13-14, 21-23)

22യേശു എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളി
ലും പഠിപ്പിക്കുകയായിരുന്നു. അവൻ യെരൂശ
ലേമിലേക്കുള്ള യാത്ര തുടർന്നു. **23**ചിലർ യേശു
വിനോടു ചോദിച്ചു,“കർത്താവേ എത്രപേർ ര
ക്ഷിക്കപ്പെടും? കുറച്ചുപേർ മാത്രമേ രക്ഷിക്ക
പ്പെടുകയുള്ളോ?” യേശു പറഞ്ഞു, **24**“സ്വർഗ്ഗ
ത്തിലേക്കുള്ള ഇടുങ്ങിയ വാതിലിലൂടെ കടക്കു
വാൻ കഠിനമായി പരിശ്രമിക്കൂ. അതു കടക്കാൻ
പലരും ശ്രമിക്കും. എങ്കിലും ചിലർക്കേ അതിനു
കഴിയൂ.**25**വീട്ടുടമ തൻെറ വാതിൽ അടച്ചു കഴി
ഞ്ഞാൽ, പുറത്തുനിന്ന് നിങ്ങൾക്കു മുട്ടുവാൻ
കഴിയും. എന്നാൽ അവൻ തുറക്കുകയില്ല. നിങ്ങ
ൾക്കു പറയാം, ‘യജമാനനേ, ദയവായി ഞങ്ങൾ
ക്കുവേണ്ടി വാതിൽ തുറന്നാലും.’ പക്ഷേ
അയാൾ മറുപടി പറയും, ‘എനിക്കു നിങ്ങളെ
അറിയില്ല, നിങ്ങൾ എവിടെ നിന്നാണ് വരുന്ന
ത്?’ **26**അപ്പോൾ നിങ്ങൾപറയും, ‘ഞങ്ങൾ നി
ന്നോടൊപ്പം തിന്നുകയും കുടിക്കുകയും ചെ
യ്തിട്ടുണ്ട്. നീ ഞങ്ങളുടെ പട്ടണങ്ങളിലെ വഴി
കളിൽ പഠിപ്പിച്ചിട്ടുണ്ട്.’ **27**അപ്പോൾ അവൻ
പറയും, ‘എനിക്കു നിങ്ങളെ അറിയില്ല! നിങ്ങൾ
എവിടെനിന്നുവന്നു? എന്നിൽ നിന്നു വളരെ
അകലെ കടന്നുപോകൂ. നിങ്ങളുടെ പ്രവൃത്തി
കൾ ദുഷ്ടതയുള്ളതാണ്.’ **28**ദൈവരാജ്യത്ത്
നിങ്ങൾ അബ്രാഹാമിനെയും യിസ്ഹാക്കിനെ
യും യാക്കോബിനെയും മറ്റെല്ലാ പ്രവാചകരേ
യും കാണും. പക്ഷേ നിങ്ങളെ പുറത്തു തന്നെ
നിർത്തും. അപ്പോൾ നിങ്ങൾ ഭയവും ക്രോധവും

കൊണ്ട് നിലവിളിക്കും. 29കിഴക്ക് പടിഞ്ഞാറ്, വടക്ക്, തെക്ക് എന്നീ ഭാഗങ്ങളിൽനിന്നും ആളുകൾ വരും. അവർ സ്വർഗ്ഗരാജ്യത്തിലെ മേശയ്ക്കുചുറ്റും ഇരിക്കും. 30ജീവിതത്തിൽ ഏറ്റവും താഴ്ന്നനിലയിലുള്ളവർക്ക് ദൈവരാജ്യത്ത് ഉന്നതസ്ഥാനം ലഭിക്കും. ഭൂമിയിലെ ഉന്നതർക്ക് ദൈവരാജ്യത്ത് താഴ്ന്ന സ്ഥാനവും.”

യേശു യെരൂശലേമിൽ മരിക്കും

(മത്താ. 23:37-39)

31ആ സമയം ഏതാനും പരീശന്മാർ യേശുവിനെ സമീപിച്ചു പറഞ്ഞു,“ദൂരെ എവിടെയെങ്കിലും പോയി ഒളിക്കൂ. ഹെരോദാവിന് നിന്നെ കൊല്ലണമെന്നുണ്ട്.”

32യേശു അവരോടു പറഞ്ഞു, “പോയി ആ കുറുക്കനോടു പറയൂ ‘ഇന്നും നാളെയും ഞാൻ ഭൂതങ്ങളെ ഒഴിപ്പിച്ചും ആളുകളെ സുഖപ്പെടുത്തിയും ജോലി തീർത്തുകൊണ്ടിരിക്കും. അടുത്ത ദിവസം എന്റെ ജോലി അവസാനിക്കും.’ 33അതിനുശേഷം ഞാൻ പോകും. എന്തെന്നാൽ പ്രവാചകൻ മരിക്കുക യെരൂശലേമിലായിരിക്കും.

34“ഓ, യെരൂശലേം, യെരൂശലേം,നീ പ്രവാചകരെ വധിക്കുന്നു. ദൈവം നിന്റെ അടുത്തേക്കയച്ചവരെ നീ കല്ലെറിഞ്ഞു കൊല്ലുന്നു. നിന്റെ ജനങ്ങളെ ഞാൻ സഹായിക്കാൻ ആഗ്രഹിച്ചു. തള്ളക്കോഴി തന്റെ ചിറകിനടിയിൽ കുഞ്ഞുങ്ങളെ കൂട്ടുന്നതുപോലെ ഞാൻ നിന്റെ ജനങ്ങളെ ഒന്നിച്ചു കൂട്ടാൻ ആഗ്രഹിച്ചു. പക്ഷേ നീയെന്നെ അതിനനുവദിച്ചില്ല. 35ഇപ്പോൾ നിന്റെ വീട് ശൂന്യമാക്കപ്പെടും. ഞാൻ നിന്നോടു പറയുന്നു, ‘സ്വാഗതം: കർത്താവിന്റെ നാമത്തിൽ വരുന്നവനെ ദൈവം അനുഗ്രഹിക്കട്ടെ. എന്നു നീ പറയും വരെ നീ എന്നെ വീണ്ടും കാണില്ല.”*

ശബ്ബത്തു ദിവസം സുഖപ്പെടുത്തുന്നതു ശരിയോ?

14 ഒരു ശബ്ബത്തുദിവസം യേശു ഒരു പരീശപ്രമാണിയുടെ വീട്ടിൽ അയാളോടൊത്തു ഭക്ഷണം കഴിക്കുന്നതിനായി പോയി. അവിടെയുണ്ടായിരുന്നവരെല്ലാം യേശുവിനെ സശ്രദ്ധം വീക്ഷിച്ചു. 2ദുഷിച്ച രോഗമുള്ള ഒരാൾ യേശുവിനുമുമ്പിൽ കൊണ്ടുവരപ്പെട്ടു. 3യേശു ശാസ്ത്രിമാരോടും പരീശന്മാരോടും ചോദിച്ചു, “ശബ്ബത്തുദിവസം സുഖപ്പെടുത്തുന്നതു ശരിയോ തെറ്റോ? 4പക്ഷേ അവർ ആ ചോദ്യത്തിനു മറുപടി പറഞ്ഞില്ല. യേശു അയാളെ സുഖപ്പെടുത്തി പറഞ്ഞയച്ചു. 5യേശു പരീശന്മാരോടും ശാസ്ത്രിമാരോടുമായി പറഞ്ഞു, “നിങ്ങളുടെ മകനോ പണിമൃഗമോ ശബ്ബത്തു ദിവസം കിണറ്റിൽ വീണാൽ നിങ്ങൾ വേഗം കരയ്ക്കു കയറ്റും.” 6പരീശന്മാർക്കും ശാസ്ത്രിമാർക്കും അതിനെതിരായി ഒന്നും പറയാനായില്ല.

സ്വയം പ്രമാണിയാകരുത്

7അപ്പോൾ ചിലഅതിഥികൾ പ്രധാന ഇരിപ്പിടങ്ങൾ തേടുന്നത് യേശു ശ്രദ്ധിച്ചു. അവൻ ഈ കഥ പറഞ്ഞു.8“ഒരാൾ നിങ്ങളെ ഒരു വിവാഹത്തിനു ക്ഷണിച്ചാൽ ഏറ്റവും പ്രധാന ഇരിപ്പിടത്തിൽ ഇരിക്കരുത്. അയാൾ നിങ്ങളെക്കാൾ പ്രധാനപ്പെട്ട മറ്റൊരാളെ ക്ഷണിച്ചിട്ടുണ്ടാകും. 9അപ്പോൾ നിങ്ങൾ പ്രധാനസ്ഥാനത്ത് ഇരിക്കുകയാണെങ്കിൽ ക്ഷണിച്ചയാൾ വന്ന് ഇങ്ങനെ പറയും, ‘നിങ്ങളുടെ ഇരിപ്പിടം ഇദ്ദേഹത്തിനു നൽകുക എന്ന്.’ അപ്പോൾ നിങ്ങൾ അവസാനത്തെ ഇരിപ്പിടത്തിൽ ഇരിക്കാൻ പോകുന്ന വഴിയിൽ വിഡ്ഢിയായി കാണപ്പെടും. 10അതിനാൽ ഒരാൾനിങ്ങളെ ക്ഷണിച്ചാൽ ഒട്ടും പ്രധാനമല്ലാത്ത ഒരു ഇരിപ്പിടത്തിൽ പോയി ഇരിക്കുക. അപ്പോൾ നിങ്ങളെക്ഷണിച്ചയാൾ വന്നു പറയും, ‘സുഹൃത്തേ, എഴുന്നേറ്റ് ഈ പ്രധാന ഇരിപ്പിടത്തിലേക്കു കടന്നിരിക്കൂ’ എന്ന്. അപ്പോൾ മറ്റ് എല്ലാ അതിഥികളും നിങ്ങളെ ബഹുമാനിക്കും. 11സ്വയം ഉന്നതനാകുന്നവനെ എളിയവനാക്കും. എന്നാൽ എളിയവനായിരിക്കുന്നവനെ ഉന്നതനുമാക്കും.”

12അനന്തരം തന്നെക്ഷണിച്ച പരീശന്മാരോടായി യേശു പറഞ്ഞു.“നിങ്ങൾ മദ്ധ്യാഹ്ന ഭക്ഷണമോ അത്താഴമോ കൊടുക്കുമ്പോൾ നിങ്ങളുടെ സുഹൃത്തുക്കളെയോ, നിങ്ങളുടെ സഹോദരന്മാരെയോ, നിങ്ങളുടെ ബന്ധുക്കളെയോ, ധനികരായ നിങ്ങളുടെ അയൽക്കാരെയോ മാത്രം ക്ഷണിക്കരുത്. മറ്റൊരിക്കൽ അവർ നിങ്ങളെയും തിരിച്ചുക്ഷണിക്കാം. അപ്പോൾ നിങ്ങൾക്കു തക്കപ്രതിഫലം കിട്ടിക്കഴിയും. 13പകരം, നിങ്ങൾ വിരുന്നൊരുക്കുമ്പോൾ പാവങ്ങളെയും തളർവാത രോഗികളെയും അന്ധരെയുമൊക്കെ ക്ഷണിക്കൂ. 14അപ്പോൾ നിങ്ങൾ അനുഗ്രഹിക്കപ്പെടും. എന്തെന്നാൽ അവർ നിങ്ങൾക്കൊന്നും തിരികെ തരുന്നില്ല. അവർ ഒന്നുമില്ലാത്തവരാണ്. എന്നാൽ നല്ലവർ ഉയിർത്തെഴുന്നേൽക്കുമ്പോൾ നിങ്ങൾക്കു ദൈവരാജ്യത്തിൽ പ്രതിഫലം കിട്ടും.”

വൻ വിരുന്നിന്റെ കഥ

(മത്താ. 22:1-10)

15യേശുവിനോടൊപ്പം ഭക്ഷണത്തിനിരുന്നവരിൽ ഒരാൾ ഇതെല്ലാം കേട്ടു. അയാൾ യേശുവിനോടു പറഞ്ഞു, “ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവർ സന്തുഷ്ടർ.”

16യേശു അവരോടുപറഞ്ഞു, “ഒരാൾ ഒരു വലിയ വിരുന്നൊരുക്കി. അയാൾ അനേകം പേരെ ക്ഷണിച്ചു. 17ആഹാരം തയ്യാറായപ്പോൾ അയാൾ ക്ഷണിക്കപ്പെട്ടവരോട് ‘വരിക, എല്ലാം തയ്യാറായി’ എന്നുപറയാൻ ദാസനെ അയച്ചു. 18എന്നാൽ അതിഥികളെല്ലാം വരാൻ മടികാണിച്ചു. ഓരോരുത്തരും ഓരോ ഒഴികഴിവുകൾ പറഞ്ഞു. ഒരാൾ പറഞ്ഞു, ‘ഞാൻ ഒരുവയൽ വാങ്ങിയിട്ടുണ്ട്. എനിക്കതു പോയി നോക്കണം. ദയവായി എന്നെ ഒഴിവാക്കുക’ 19മറ്റൊരാൾ പറഞ്ഞു, ‘ഞാൻ അഞ്ചുജോടി കാളകളെ വാങ്ങി. എനിക്കവയെ പരീക്ഷിച്ചുനോക്കാൻ പോകണം. ദയവായി എന്നോടു ക്ഷമിക്കൂ.’ 20മൂന്നാമൻ പറഞ്ഞു, ‘ഞാനിപ്പോൾ വിവാഹിതനായതേയുള്ളൂ, എനിക്കു വരാനാകില്ല.’ 21അതെല്ലാം കേട്ട് ദാസൻ മടങ്ങിച്ചെന്ന് യജമാനനോട് കാര്യങ്ങൾപറഞ്ഞു. അയാൾ ദേഷ്യപ്പെട്ട് ദാസനോടു പറഞ്ഞു, ‘വേഗം തെരുവുകളിലേക്കും, നഗരത്തിലെ ഊടുവഴികളിലേക്കും പോയി പാവപ്പെട്ടവരെയും തളർവാതരോഗികളെയും അന്ധരെയും മുടന്തന്മാരെയും വിളിച്ചുകൊണ്ടു വരിക.’ 22പിന്നീട് ദാസൻ അയാളോട് പറഞ്ഞു, ‘യജമാനനേ, അങ്ങു കല്പിച്ചതുപോലെ ഞാൻ ചെയ്തു. പക്ഷേ ഇനിയും വളരെയേറെപ്പേർക്ക് ഇരിക്കാൻ ഇടമുണ്ട്.’ 23യജമാനൻ ഭൃത്യനോടു പറഞ്ഞു, ‘പെരുവഴിയിലേക്കും നാട്ടുപാതകളിലേക്കും ചെന്ന് എല്ലാവരോടും വരാൻ

“സ്വാഗതം ... കാണില്ല” ഉദ്ധരണി സങ്കീ. 118: 26.

പറയുക. എന്റെ വീട് അതിഥികളെക്കൊണ്ട്
നിറയണം. 24ആദ്യം ക്ഷണിക്കപ്പെട്ട വരിൽ ആർ
ക്കും ഇവിടെ ഭക്ഷണമില്ല.'"

ആസൂത്രണം ചെയ്യുക

(മത്താ. 10:37-38)

25ഒരുവലിയ ആൾക്കൂട്ടം യേശുവിനോടൊ
ത്തു യാത്ര ചെയ്തിരുന്നു. യേശു അവരോടു
പറഞ്ഞു, 26"എന്റെകൂടെ വരുന്നവൻ എന്നെ
ക്കാൾ അവന്റെ പിതാവിനെയും മാതാവിനെ
യും, ഭാര്യയെയും മക്കളെയും, സഹോദരന്മാരെ
യും സഹോദരിമാരെയും, മാത്രമല്ല തന്നെത്ത
ന്നെയും സ്നേഹിച്ചാൽ അയാൾ എന്റെ ശി
ഷ്യനായിരിക്കാൻ യോഗ്യനല്ല. അവൻ അവ
ന്റെ എല്ലാറ്റിനെയുംകാൾ എന്നെ സ്നേഹിക്ക
ണം. 27സ്വന്തം കുരിശുചുമക്കാതെ എന്നെ അനു
ഗമിക്കുന്നവന് എന്റെ ശിഷ്യനാകാൻ കഴിക
യില്ല. 28നിങ്ങൾ ഒരു ഗോപുരം പണിയാൻ ഉ
ദ്ദേശിക്കുന്നുവെങ്കിൽ ആദ്യം അതിനെന്തു ചില
വുവരുമെന്ന് കണക്കു കൂട്ടണം. പണി തീർക്കാ
നുള്ളത്ര പണം നിങ്ങളുടെ കൈവശം ഉണ്ടോ
എന്നും നിങ്ങൾ നോക്കണം. 29അങ്ങനെ ചെ
യ്തില്ലെങ്കിൽ തുടങ്ങിയ പണി മുഴുമിപ്പിക്കാൻ
നിങ്ങൾക്കായെന്നുവരില്ല. പണിതീർക്കാൻ കഴി
യാതെവന്നാൽ ആളുകൾ നിങ്ങളെ പരിഹസി
ക്കും. 30അവർ പറയും, 'അയ്യേ! ഇയാൾ വീടു
പണി തുടങ്ങി, പക്ഷേ അതു തീർക്കാനവനു
പറ്റിയില്ല' എന്ന്.

31"മറ്റൊരു രാജാവിനെതിരെ യുദ്ധത്തിനു
പോകുന്ന ഒരു രാജാവ് ആദ്യം യുദ്ധമുറകൾ
ആസൂത്രണം ചെയ്യും. പതിനായിരം പടയാളി
കളെ തനിക്കുള്ളുവെങ്കിൽ ഇരുപതിനായിരം
പടയാളികളുള്ള ശത്രുരാജാവിനെ കീഴടക്കാൻ
തനിക്കാകുമോ എന്നയാൾ കണക്കുകൂട്ടും. 32പ
റ്റില്ലെന്നാകിൽ അദ്ദേഹം മറ്റേ രാജാവുമായി
സമാധാനം പുലർത്തുവാൻ ദൂതന്മാർ വഴി ശ്ര
മിക്കും. അതും ആ രാജാവ് തന്നിൽനിന്നും വള
രെ അകലെയായിരിക്കുമ്പോൾ. 33അതുപോലെ
നിങ്ങളും ആദ്യം എല്ലാം ആസൂത്രണം ചെയ്യണം.
നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് എന്നെ
പിന്തുടരുക. അല്ലെങ്കിൽ നിങ്ങൾക്ക് എന്റെ
ശിഷ്യനായിരിക്കാൻ കഴികയില്ല.

നിങ്ങളുടെ സ്വാധീനം കളയരുത്

(മത്താ. 5:13; മർക്കൊ. 9:50)

34"ഉപ്പു നല്ലതാണ്. പക്ഷേ ഉപ്പിന് അതിന്റെ
രസം നഷ്ടപ്പെട്ടാൽ അതൊന്നിനും കൊള്ളുക
യില്ല. നിങ്ങൾക്കതിനെ വീണ്ടും ഉപ്പുള്ളതാക്കാ
നാകയുമില്ല. 35അത് വളത്തിനോ ചെടികൾ
വളർത്താനുള്ള മണ്ണിനോ കൊള്ളില്ല. നിങ്ങൾ
അതു വലിച്ചെറിയും. ചെവിയുള്ളവരേ കേൾ
ക്കുക."

സ്വർഗ്ഗീയാനന്ദം

(മത്താ. 18:12-14)

15 അനേകം ചുങ്കക്കാരും പാപികളും യേശു
വിനെ ശ്രവിക്കാനെത്തി. 2അപ്പോൾ പരീ
ശന്മാരും ശാസ്ത്രിമാരും പരാതിപ്പെടാൻ തുട
ങ്ങി" നോക്ക്, ഈ മനുഷ്യൻ പാപികളെ സ്വാഗ
തം ചെയ്യുകയും അവരോടൊത്ത് ഭക്ഷിക്കുക
യും ചെയ്യുന്നു."

3അനന്തരം യേശു അവരോട് ഈ കഥപറ
ഞ്ഞു, 4"നിങ്ങളിലൊരാൾക്ക് നൂറ് ആടുകളുള്ള
തിൽ ഒന്നിനെ നഷ്ടമായെന്നു കരുതുക. അ
പ്പോൾ അയാൾ മറ്റ് തൊണ്ണൂറ്റൊൻപത് ആടുക
ളെയും പുറത്ത് തനിയെ വിട്ട് നഷ്ടപ്പെട്ട
ആടിനെ തേടിപ്പോകും. അതിനെ കണ്ടെത്തും
വരെ അയാൾ അന്വേഷിച്ചു കൊണ്ടിരിക്കും.
5നഷ്ടമായ ആടിനെ കണ്ടെത്തുമ്പോൾ അ
യാൾ ആഹ്ലാദിക്കും. അയാൾ അതിനെ തോളി
ലേറ്റി, 6തന്റെ വീട്ടിലേക്കുപോകും. അയാൾ
ചെന്ന് തന്റെ സുഹൃത്തുക്കളെയും അയൽക്കാ
രെയും ചേർത്ത് പറയും 'എന്നോടൊത്തു സ
ന്തോഷിക്കുക. നഷ്ടപ്പെട്ട ആടിനെ ഞാൻ
കണ്ടെത്തിയിരിക്കുന്നു.' 7അതുപോലെ ഞാൻ
നിങ്ങളോടു പറയുന്നു, പാപിയായ ഒരുവൻ
അനുതപിക്കപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ അള
വറ്റ ആഹ്ലാദം ഉണ്ടാകുന്നു. മാനസാന്തരപ്പെട്ട
തൊണ്ണൂറ്റൊൻപതു നല്ലവരെക്കാൾ ആ പാപി
യാണ് കൂടുതൽ ഉല്ലാസം നൽകുന്നത്.

8"ഒരു സ്ത്രീയ്ക്ക് പത്തു വെള്ളിനാണയങ്ങൾ
ഉള്ളതിൽ ഒന്നു നഷ്ടപ്പെട്ടുവെന്നിരിക്കട്ടെ. അ
വൾ ഒരു വിളക്ക് കത്തിച്ച് വീട് അടിച്ചുവാരും.
നഷ്ടപ്പെട്ട നാണയം കണ്ടെത്തുംവരെ അവൾ
പരതും. 9അതു കണ്ടെത്തുമ്പോൾ അവൾ സുഹൃ
ത്തുക്കളെയും അയൽക്കാരെയും വിളിച്ചുചേർ
ത്ത് അവരോടു പറയും. 'എന്നോടൊത്തു ആ
ഹ്ലാദിക്കുക. എനിക്കു നഷ്ടമായ നാണയം
ഞാൻ കണ്ടെത്തിയിരിക്കുന്നു' 10അതുപോലെ,
ഞാൻ പറയുന്നു. മാനസാന്തരപ്പെടുന്ന പാപി
യെച്ചൊല്ലി ദൈവത്തിന്റെ ദൂതന്മാരുടെ
സന്നിധിയിൽ ആഹ്ലാദമുണ്ടാകും."

മുടിയനായ പുത്രൻ

11അപ്പോൾ യേശു പറഞ്ഞു, "ഒരാൾക്ക് രണ്ടു
പുത്രന്മാരുണ്ടായിരുന്നു. 12ഇളയവൻ അപ്പനോ
ടു പറഞ്ഞു, 'ഞങ്ങൾക്കുള്ള സ്വത്തിൽ എന്റെ
പങ്കുമുഴുവൻ എനിക്കു തരിക.' അപ്പൻ സ്വത്തു
പകുത്ത് രണ്ടു മക്കൾക്കുമായി കൊടുത്തു. 13ഇള
യമകൻ തനിക്കുള്ളതെല്ലാം വാരിക്കെട്ടി നാടു
വിട്ടു. അവൻ ദൂരെയൊരു രാജ്യത്തേക്കു പോ
യി. ഒരു വിഡ്ഢിയെപ്പോലെ ജീവിച്ചു തന്റെ
പണമെല്ലാം മുടിച്ചു. 14തനിക്കുള്ളതെല്ലാം ചില
വാക്കി. എല്ലാം തീർന്നപ്പോൾ ആ നാടും മഴകി
ട്ടാതെവരണ്ടു, രാജ്യത്താകമാനം കൊടും ക്ഷാമ
മുണ്ടായി. ഇളയപുത്രൻ വിശന്നുവലഞ്ഞു. ക
യ്യിൽ പണവുമില്ല. 15അതിനാൽ അയാൾ ആ
രാജ്യത്തെ ഒരാൾക്കുവേണ്ടി ജോലിചെയ്തു.
അയാൾഅവനെ പന്നികളെ തീറ്റാൻ നിയോ
ഗിച്ചു. 16പന്നികൾക്കുള്ള തീറ്റ തിന്നുവാൻ പോ
ലും വിശപ്പുമൂലം അവൻ തയ്യാറായി. എങ്കിലും
ആരും അവന് ഒന്നും കൊടുത്തില്ല. 17താനൊരു
വിഡ്ഢിയാണെന്നവനു ബോദ്ധ്യമായി. അ
വൻ വിചാരിച്ചു. 'എന്റെ അപ്പന്റെ എല്ലാ
ദാസന്മാരും യഥേഷ്ടം ആഹാരം കഴിക്കുന്നു.
ഞാനിവിടെ ഒന്നും കഴിക്കാനില്ലാതെ മരണതു
ല്യനായികഴിയുന്നു. 18ഞാനെന്റെ അപ്പന്റെ
അടുത്തുപോകും. അപ്പനോടു പറയും: അപ്പാ,
ഞാൻ ദൈവത്തോടു പാപം ചെയ്തു, അങ്ങ
യോടു തെറ്റുചെയ്തു. 19അങ്ങയുടെ മകനെന്നു
വിളിക്കപ്പെടാൻ പോലും ഞാൻ യോഗ്യനല്ല.
എങ്കിലും എന്നെ, അങ്ങയുടെ ഒരു ഭൃത്യനായി
കരുതിയാലും.' 20അങ്ങനെ അവൻ അപ്പന്റെ
വസതിയിലേക്കു തിരിച്ചു.

മകൻ മടങ്ങിവരുന്നു

"അകലെ വെച്ചുതന്നെ തന്റെ മകൻ വരുന്ന
ത് അപ്പൻ കണ്ടു. അദ്ദേഹത്തിന് അവനോട്
കരുണതോന്നി. അദ്ദേഹം ഓടിച്ചെന്ന് അവനെ

കെട്ടിപ്പിടിച്ച് ഉമ്മവെച്ചു. **21**മകൻ പറഞ്ഞു,
'അപ്പാ, ഞാൻ ദൈവത്തിനെതിരായും അങ്ങയു
ടെ മുമ്പിലും പാപം ചെയ്തു. അങ്ങയുടെ
മകനെന്നു വിളിക്കപ്പെടാൻ ഇനി ഞാൻ അർ
ഹനല്ല.' **22**പക്ഷേ ആ പിതാവ് തൻെറ ദാസന്മാ
രോടു പറഞ്ഞു, 'നോക്കി നിൽക്കാതെ വേഗം
പോയി മികച്ച വസ്ത്രങ്ങൾ കൊണ്ടുവന്ന് ഇവ
നെ ധരിപ്പിക്കുക. അവൻെറ വിരലിൽ മോതിര
വും കാലിൽ ചെരിപ്പും അണിയിക്കുക.**23**ഒരു
കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്ന് കൊന്ന്
ഭക്ഷണമുണ്ടാക്കിനമുക്ക് തിന്ന് ആഘോഷിക്കാം.
24എൻെറ ഈ മകൻ മരിച്ചിരുന്നു; എന്നാലിപ്പോ
ഴവൻ വീണ്ടും ജീവിച്ചിരിക്കുന്നു. അവനെ
നഷ്ടപ്പെട്ടിരുന്നു, പക്ഷേ ഇപ്പോൾ അവനെ
കണ്ടെത്തിയിരിക്കുന്നു' അങ്ങനെ അവർ
ആഘോഷിക്കാൻ തുടങ്ങി.

മൂത്ത മകൻ വരുന്നു

25"ആ സമയം അയാളുടെ മൂത്തമകൻ പാട
ത്തായിരുന്നു. അയാൾ വീടിനോടടുത്തപ്പോൾ
പാട്ടും നൃത്തവും നടക്കുന്ന കോലാഹലം കേട്ടു.
26ഒരു ദാസനെ വിളിച്ച് അയാൾചോദിച്ചു, 'എ
ന്താണിതൊക്കെ?' **27**ദാസൻ പറഞ്ഞു, 'അങ്ങയു
ടെ അനിയൻ തിരിച്ചുവന്നിരിക്കുന്നു. അങ്ങയു
ടെഅപ്പൻ കൊഴുത്ത ഒരു കാളയെകൊന്ന് ഭക്ഷ
ണമൊരുക്കി. അങ്ങയുടെ അനിയൻ സുരക്ഷി
തമായി തിരിച്ചുവന്നതിൽ അപ്പൻ വളരെ
സന്തുഷ്ടനാണ്.' **28**മൂത്തപുത്രൻ കോപാകുല
നായി. അയാൾ അകത്തുപോയി ആഘോഷ
ത്തിൽ പങ്കെടുക്കുവാൻ കൂട്ടാക്കിയില്ല. അപ്പൻ
പറത്തുവന്ന് അയാളോട് അകത്തുവന്ന് ആ
ഘോഷത്തിൽ ചേരാൻ കേണു പറഞ്ഞു. **29**അ
യാൾ തൻെറ അപ്പനോടു പറഞ്ഞു, 'ഞാൻ
വളരെക്കാലമായി ഒരടിമയെപ്പോലെ അങ്ങയെ
സേവിച്ചു. അങ്ങയുടെ ആജ്ഞയെ എപ്പോഴും
അനുസരിച്ചു. പക്ഷേ എനിക്കുവേണ്ടി ഒരിക്ക
ലും ഒരാട്ടിൻകുട്ടിയെപ്പോലും അങ്ങ്കൊന്നില്ല.
എനിക്കും എൻെറ സുഹൃത്തുക്കൾക്കും വേണ്ടി
അങ്ങ് ഒരിക്കലും ഒരാഘോഷവും നടത്തിയില്ല.
30പക്ഷേ അങ്ങയുടെ മറ്റേ മകൻ വേശ്യകളുമൊ
ത്ത് പണം മുഴുവൻ നശിപ്പിച്ചു. എന്നിട്ടവൻ
മടങ്ങി വന്നപ്പോൾ അങ്ങ് അവനായി കൊഴു
ത്ത ഒരു കാളക്കുട്ടിയെ കൊന്നിരിക്കുന്നു.' **31**പ
ക്ഷേ അപ്പൻ അയാളോടു പറഞ്ഞു, 'മകനേ
നീയെപ്പോഴും എന്നോടൊത്തുണ്ട്. എനിക്കുള്ള
തെല്ലാം നിനക്കുള്ളതുമാണ്. **32**നിൻെറ ഈ
സഹോദരൻ മരിച്ചിരുന്നു. പക്ഷേ ഇപ്പോളവൻ
ജീവിച്ചിരിക്കുന്നു. നഷ്ടപ്പെട്ട അവനെ തിരിച്ചു
കിട്ടിയതിനാൽ നാം ഉചിതമായി ആഘോഷി
ക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നു.'"

യഥാർത്ഥ സമ്പത്ത്

16 യേശു അവൻെറ ശിഷ്യന്മാരോടു പറ
ഞ്ഞു,"ഒരിക്കലൊരിടത്ത് ഒരു ധനികനു
ണ്ടായിരുന്നു. അയാളുടെ വ്യാപാരങ്ങൾ നോ
ക്കി നടത്താൻ ഒരു കാര്യസ്ഥനെ നിയമിച്ചിരു
ന്നു. ഈ കാര്യസ്ഥൻ തന്നെ വഞ്ചിക്കുന്നുണ്ടെ
ന്ന് ധനികന് പിന്നീട് അറിവുകിട്ടി. **2**അതിനാ
ലയാൾ കാര്യസ്ഥനെ വിളിച്ച് ഇങ്ങനെ പറ
ഞ്ഞു, 'നിന്നെക്കുറിച്ച് ഒരുപാട് കുറ്റങ്ങൾ ഞാൻ
കേൾക്കുന്നു. എൻെറസ്വത്ത് നീ എന്തുചെയ്തു
വെന്ന് വിവരം തരിക. ഇനിനീ എൻെറ കാര്യ
സ്ഥനായി തുടരുന്നത് ശരിയല്ല.'**3**പിന്നീട് കാര്യ
സ്ഥൻ സ്വയം ചിന്തിച്ചു, 'ഞാനെന്തു ചെയ്യും?
യജമാനനെന്നെ ജോലിയിൽനിന്നും പിരിച്ചു
വിടുന്നു. കിളയ്ക്കാൻ വേണ്ട ശക്തിയെനിക്കി
ല്ല. ഇരക്കാൻ അഭിമാനം അനുവദിക്കുന്നുമില്ല.
4എന്തു ചെയ്യണമെന്നെനിക്കറിയാം, ജോലി
പോയാലും മറ്റുള്ളവർ എന്നെ സ്വീകരിക്കും
വിധം ചിലതു ഞാൻ ചെയ്യും.' **5**യജമാനനോട്
കടം വാങ്ങിയ പണം മടക്കിക്കൊടുക്കാനുണ്ടാ
യിരുന്ന എല്ലാവരെയും അയാൾ വിളിച്ചുകൂട്ടി.
ഒന്നാമനോട് അയാൾ ചോദിച്ചു, 'നീ എൻെറ
യജമാനന് എന്തുകൊടുക്കാനുണ്ട്?' **6**അയാൾ
പറഞ്ഞു, 'എണ്ണായിരം പൗണ്ടിൻെറ ഒലീവെ
ണ്ണ.' കാര്യസ്ഥൻ അയാളോടു പറഞ്ഞു, 'ഇതാ
നിൻെറ കടപ്പത്രം. വേഗം ഇരുന്ന് ഇത് നാലായി
രമായി കുറച്ചെഴുതുക.' **7**പിന്നീടയാൾ മറ്റൊരാ
ളോടു ചോദിച്ചു, 'നീ യജമാനനു എന്തുകൊടു
ക്കാനുണ്ട്.' അയാൾ പറഞ്ഞു, 'അറുപതിനായി
രം പൗണ്ടിൻെറ ഗോതമ്പ്.' കാര്യസ്ഥൻ അയാ
ളോടു പറഞ്ഞു, 'ഇതാ നിൻെറ കടപ്പത്രം. കുറച്ച്
അമ്പതിനായിരം പൗണ്ടിൻെറ ആക്കുക.' **8**പി
ന്നീട് യജമാനൻ നെറികെട്ട അയാളുടെ മിടു
ക്കിനെ അഭിനന്ദിച്ചു. അതെ, ഈ ലോകത്തിലെ
ആൾക്കാർ തങ്ങളുടെ സമകാലികരുമായി നട
ത്തുന്ന ഇടപാടുകളിൽ ആത്മീയ മനുഷ്യരെ
ക്കാൾ മിടുക്കരാണ്.

9"ഞാൻ നിങ്ങളോടു പറയുന്നു, ഈ ലോക
ത്തു നിങ്ങൾക്കുള്ളതുകൊണ്ട് സ്നേഹിതരെ ഉ
ണ്ടാക്കുക. അവരെല്ലാം പോയിക്കഴിയുമ്പോൾ
നിങ്ങൾ നിത്യമായ വസതിയിലേക്കു സ്വാഗതം
ചെയ്യപ്പെടും. **10**ഏറ്റവും ചെറിയകാര്യത്തിൽ
പോലും വിശ്വസിക്കപ്പെടുന്നവൻ വലിയ കാ
ര്യത്തിലും വിശ്വസ്തനായിരിക്കും. ചെറിയ കാ
ര്യത്തിൽ കളങ്കം വരുത്തുന്നവൻ വലിയ ഇട
പാടുകളിലും കളങ്കം ഏല്പിക്കും. **11**ലൗകിക സ
മ്പന്നതയിൽ നിങ്ങൾ വിശ്വസ്തനല്ലെങ്കിൽ
സ്വർഗ്ഗീയ സമ്പന്നതയിലും നിങ്ങൾ വിശ്വസ്
തരാകില്ല. **12**മറ്റുള്ളവരുടെ കാര്യങ്ങളിൽ
നിങ്ങൾ വിശ്വസ്തരല്ലെന്നു തെളിയിക്കപ്പെ
ട്ടാൽ നിങ്ങൾക്കു ഒന്നും സ്വന്തമായിട്ടും ഏല്പിക്ക
പ്പെടുകയില്ല.

13"ഒരു ദാസനും ഒരേസമയം രണ്ട് യജമാനന്മാ
രെ സേവിക്കുക സാദ്ധ്യമല്ല. ദാസൻ ഒരു യജമാ
നനെ വെറുത്ത് മറ്റവനെ സ്നേഹിക്കും. അല്ലെ
ങ്കിൽ ഒരാളോടു വിശ്വാസം പ്രകടിപ്പിക്കുകയും
മറ്റവനെ അത്ര കാര്യമാക്കാതിരിക്കുകയും ചെ
യ്യും. ദൈവത്തെയും ധനത്തെയും ഒരേസമയം
നിങ്ങൾക്കു സേവിക്കാനാവില്ല."

ദൈവനിയമം മാറ്റാനാവില്ല

(മത്താ. 11:12-13)

14പരീശൻ ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരു
ന്നു. പണത്തെ സ്നേഹിച്ച അവർ യേശുവിനെ
വിമർശിച്ചു. **15**യേശു പരീശന്മാരോടു പറഞ്ഞു,
"നിങ്ങൾ മനുഷ്യരുടെ മുമ്പിൽ നല്ലവർ ചമയു
ന്നവരാണ്. പക്ഷേ ദൈവം നിങ്ങളുടെ ഹൃദയ
മറിയുന്നു. മനുഷ്യർ പ്രധാനമെന്നു കരുതുന്നവ
ദൈവത്തിനു നിസ്സാരങ്ങളാണ്.

16"ജനങ്ങൾ മോശെയുടെ ന്യായപ്രമാണങ്ങ
ളും പ്രവാചകരുടെ ലിഖിതങ്ങളും അനുസരിച്ച്
ജീവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ
സ്നാപകയോഹന്നാൻെറ കാലത്തിനു ശേഷം
ദൈവരാജ്യത്തിൻെറ സുവിശേഷം പ്രചരിക്ക
പ്പെടുന്നു. ദൈവരാജ്യത്തിലേക്ക് കയറിപ്പറ്റാൻ
അനേകം പേർശ്രമിക്കുന്നു. **17**ന്യായപ്രമാണത്തി
ൻെറ വള്ളിപുള്ളികൾ പോലും വിട്ടുകളയാ

നാവില്ല. ആകാശവും ഭൂമിയും കടന്നുപോവു
ന്നത് അതിലും എളുപ്പമാണ്.

വിവാഹമോചനവും പുനർവിവാഹവും

18“ഒരാൾ തൻെറ ഭാര്യയുമായി വിവാഹമോ
ചനംനടത്തി മറ്റൊരുവളെ വിവാഹം ചെ
യ്താൽ അയാൾ വ്യഭിചരിക്കുന്നു. അതുപോ
ലെ വിവാഹമോചിതയായ സ്ത്രീയെ വിവാ
ഹം ചെയ്യുന്നവനും വ്യഭിചാരിയാണ്.”

ധനികനും ലാസറും

19യേശുപറഞ്ഞു, “എപ്പോഴും ഏറ്റവും മേത്ത
രമായ വസ്ത്രങ്ങൾ ധരിച്ചു നടക്കുന്ന ഒരു
ധനികനുണ്ടായിരുന്നു. എന്നും വിഭവസമൃദ്ധമാ
യ ആഹാരം കഴിച്ച് ആഘോഷത്തോടെ ജീവി
ക്കത്തക്ക ധനികനാണയാൾ. 20അവിടെ ലാസ
റെന്നൊരു ദരിദ്രനും വസിച്ചിരുന്നു. ലാസറി
ൻെറ ശരീരമാകെ വ്രണങ്ങൾ നിറഞ്ഞിരുന്നു.
അവനെന്നും ധനികൻെറ പടിവാതിൽക്കൽ
കിടക്കും. 21ധനികൻെറ ഊണുമേശയിൽനിന്ന്
താഴെവീഴുന്ന ഉച്ഛിഷ്ടമാണ് അവൻെറ ഭക്ഷ
ണം. പലപ്പോഴും നായ്ക്കൾ അവൻെറ വ്രണ
ങ്ങൾ നക്കിയിരുന്നു. 22പിന്നീട് ലാസർ മരിച്ചു.
ദൂതന്മാർ ലാസറിനെ എടുത്ത് അബ്രാഹാമി
ൻെറ കൈകളിലെത്തിച്ചു. ധനികനും മരിച്ച്
സംസ്കരിക്കപ്പെട്ടു. 23അയാൾ പാതാളത്തിൽ
പീഡനങ്ങൾക്ക് വിധേയനായി. ധനികൻ
കണ്ണുതുറന്നു വളരെയകലെ ലാസർ അബ്രാ
ഹാമിൻെറ കൈകളിലിരിക്കുന്നത് കണ്ടു. 24അ
യാൾ വിളിച്ചു, ‘പിതാവേ, അബ്രാഹാമേ, എ
ന്നോടു കരുണകാട്ടേണമേ. തൻെറവിരൽ വെ
ള്ളത്തിൽ മുക്കി എൻെറ നാക്കു തണുപ്പിക്കു
വാൻ ലാസറിനെ അയക്കേണമേ. ഞാൻ ഈ
തീയിൽ പീഡിപ്പിക്കപ്പെടുന്നു.’ 25പക്ഷേ
അബ്രാഹാം പറഞ്ഞു, ‘നിൻെറ ജീവിതകാല
ത്തെ ഓർക്കുക. അന്നു നീ നല്ലതനുഭവിച്ചു.
ലാസർ ദുരിതവും. ഇപ്പോഴിവിടെ ലാസർ
സുഖിന്നു. നീ കഷ്ടപ്പെടുന്നു. 26നിങ്ങൾക്കും
ഞങ്ങൾക്കുമിടയിൽ ഒരു വലിയ അകൽച്ചയു
ണ്ട്. അതു കടന്നുവന്ന് നിങ്ങളെ സഹായിക്കാൻ
ആർക്കുമാവില്ല. ആർക്കും അവിടം വിട്ട് ഇങ്ങോ
ട്ട് വരാനുമാവില്ല.’ 27ധനികൻ പറഞ്ഞു, ‘ദയ
വായി ലാസറിനെ ഭൂമിയിൽ എൻെറ അപ്പ
ൻെറ വീട്ടിലേക്കയയ്ക്കണം. 28എനിക്ക് അഞ്ച്
സഹോദരന്മാരുണ്ട്. അവർ ഈ യാതനാസ്ഥല
ത്തേക്ക് വരാതിരിക്കാൻ ലാസർചെന്ന് അവർ
ക്കു മുന്നറിയിപ്പു കൊടുക്കട്ടെ’ 29അബ്രാഹാം
പറഞ്ഞു, ‘മോശെയുടെ ന്യായപ്രമാണവും
പ്രവാചകരുടെ ലിഖിതങ്ങളും അവർക്കു മുന്നി
ലുണ്ട്, അവരതിൽനിന്നും പഠിക്കട്ടെ.’30എന്നാൽ
ധനികൻ പറഞ്ഞു, ‘ഇല്ല, പിതാവായ അബ്രാ
ഹാമേ മരിച്ചവരാരെങ്കിലും അവരെ സമീപി
ച്ചാലേ അവർ വിശ്വസിക്കുകയും മാനസാന്തര
പ്പെടുകയും ചെയ്യൂ.’ 31എന്നാൽ അബ്രാഹാം
അയാളോടു പറഞ്ഞു, ‘ഇല്ല, മോശെയെയും
പ്രവാചകരെയും അനുസരിക്കാത്ത നിൻെറ സ
ഹോദരന്മാർ മരിച്ചവർ മടങ്ങിച്ചെന്ന് പറഞ്ഞാ
ലും കേൾക്കാൻ പോകുന്നില്ല.’”

പാപം ചെയ്യിപ്പിക്കരുത്, ക്ഷമി ക്കുവാൻ തയ്യാറാകുക

(മത്താ. 18:6-7, 21-2; മർക്കൊ. 9:42)

17 യേശു തൻെറ ശിഷ്യന്മാരോടു പറഞ്ഞു,
“മനുഷ്യരെ പാപികളാകാൻ പ്രേരിപ്പി
ക്കുന്നകാര്യങ്ങൾ സംഭവിക്കാൻ സാദ്ധ്യതയുണ്ട്.
അതിനു കാരണക്കാരൻ ആകുന്നവനു ദുരിതം.
2ഈ ദുർബലരായ മനുഷ്യരെക്കൊണ്ടു പാപം
ചെയ്യിക്കുന്നവർക്ക് വളരെ ദുരിതം. അങ്ങനെ
ചെയ്യുന്നതിലും ഭേദം കഴുത്തിൽ തിരികല്ലുകെ
ട്ടി കടലിൽ ചാടുന്നതുതന്നെ. 3അതിനാൽ സൂ
ക്ഷിക്കുക.

“നിങ്ങളുടെ സഹോദരൻ പാപം ചെയ്യുന്നു
വെങ്കിൽ അവൻെറ തെറ്റുകൾ കാണിച്ചു കൊടു
ക്കുക. ചെയ്ത തെറ്റിൽ അവനു കുറ്റബോധമു
ണ്ടെങ്കിൽ അവനോടു ക്ഷമിക്കുക. 4നിങ്ങളുടെ
സഹോദരൻ ഓരോ ദിവസവും ഏഴുപ്രാവശ്യം
നിങ്ങളോടു പാപം ചെയ്യുകയും ഓരോ തവ
ണയും അവൻ അനുതപിക്കുകയും ചെയ്താൽ
അവനോടു ക്ഷമിക്കുക.”

വിശ്വാസത്തിൻെറ വലിപ്പം

5അപ്പൊസ്തലന്മാർ കർത്താവിനോടു പറ
ഞ്ഞു, “ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കേ
ണമേ.”

6കർത്താവ് പറഞ്ഞു, “നിങ്ങളുടെ വിശ്വാസം
കടുകുമണിയോളം ഉണ്ടെങ്കിൽ മൾബറിച്ചെടി
യോട് നിങ്ങൾക്ക് കല്പിക്കാം, ‘വേരോടെ പറി
ഞ്ഞു കടലിൽ സ്വയം വേരുറപ്പിക്കുക’ ചെടി
നിങ്ങളെ അനുസരിക്കും.

നല്ല ദാസരാകുക

7“വയലിൽ പണിയെടുക്കുന്ന ഒരു ദാസൻ
നിങ്ങളിൽ ഒരാൾക്കുണ്ടെന്നിരിക്കട്ടെ. വയൽ
ഉഴുകയും ആടിനെ മേയ്ക്കുകയും ചെയ്ത്
അവൻ മടങ്ങിവരുമ്പോൾ നിങ്ങൾ എന്താണ്
അവനോടു പറയുക? ‘വന്നാട്ടെ, ഇരുന്നു ഭക്ഷ
ണം കഴിക്കൂ’ എന്നാണോ? 8അല്ല, ‘എനിക്കു
കഴിക്കാനെന്തെങ്കിലും ഉണ്ടാക്ക്. എന്നിട്ട് എനി
ക്കുവിളമ്പ്. ഞാൻ തിന്നും കുടിച്ചും കഴിയു
മ്പോൾ എനിക്ക് ഭക്ഷിക്കാം.’ ഇതായിരിക്കും
നിങ്ങൾ അവനോട് പറയുക. 9അവൻ ചെയ്യു
ന്ന ജോലിക്ക് അവനോടാരും പ്രത്യേകം നന്ദി
യൊന്നും പറയുകയില്ല. യജമാനൻ കല്പിക്കു
ന്നത് അവൻ ചെയ്യും. 10നിങ്ങളും അങ്ങനെ
തന്നെ. ചെയ്യാൻ കല്പിച്ച ജോലികൾ എല്ലാം
ചെയ്തു കഴിയുമ്പോൾ ഇങ്ങനെ പറയുന്നു,
‘ഞങ്ങൾ പ്രത്യേക നന്ദിയ്ക്കൊന്നും അർഹ
രല്ല. ചെയ്യേണ്ട ജോലി ചെയ്തെന്നേ ഉള്ളൂ.’”

നന്ദി ഉള്ളവരായിരിക്കുക

11യേശു യെരൂശലേമിലേക്കു പോകുകയായി
രുന്നു. അവൻ ഗലീലയിൽനിന്നും ശമര്യയി
ലേക്കു പോയി. 12അവൻ ഒരു ചെറുഗ്രാമത്തിലേ
ക്കു വന്നു. അവിടെവെച്ച് കുഷ്ഠരോഗികളായ
പത്തു പുരുഷന്മാർ അവനെ വന്നുകണ്ടു.
എന്നാൽ അവർ അവൻെറയടുത്തേക്കു വന്നി
ല്ല. 13അല്പം മാറിനിന്ന് അവർ അവനോടു വിളി
ച്ചുപറഞ്ഞു, “യേശുവേ, ഗുരോ, ഞങ്ങളിൽ
കനിയേണമേ.”

14അവരെകണ്ട യേശു പറഞ്ഞു, “പോയി
പുരോഹിതന്മാർക്കു നിങ്ങളെ കാണിച്ചുകൊടു
ക്കൂ.” അവർ പുരോഹിതരുടെ അടുത്തേക്കു പോ
കവേ അവരുടെ രോഗം ഭേദമായി. 15തൻെറ
രോഗം ഭേദമായെന്നു കണ്ടപ്പോൾ അവരിൽ
ഒരുവൻ യേശുവിൻെറയടുത്തേക്കു മടങ്ങിച്ചെ
ന്നു. അയാൾ ഉച്ചത്തിൽ ദൈവത്തിനു നന്ദി
പറഞ്ഞു. 16അയാൾ യേശുവിൻെറ കാൽക്കൽ
മുട്ടുകുത്തി അവനു നന്ദിപറഞ്ഞു. (ആ മനു

ഷ്യൻ ഒരു ശമര്യക്കാരനായിരുന്നു, യെഹൂദനല്ലാ
യിരുന്നു.) 17യേശു ചോദിച്ചു, "പത്തുപേർ സു
ഖപ്പെട്ടുവല്ലോ. എവിടെ മറ്റ് ഒൻപതുപേർ.
18ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഈ വിദേ
ശി ഒരാൾ മാത്രമേ മടങ്ങി വന്നുള്ളോ?" 19അ
പ്പോൾ യേശു അവനോടു പറഞ്ഞു, "എഴുന്നേ
റ്റുപോകൂ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചി
രിക്കുന്നു."

ദൈവരാജ്യം നിങ്ങൾക്കിടയിലാണ്

(മത്താ. 24:23-28, 37-41)

20പരീശന്മാരിൽ ചിലർ യേശുവിനോടു ചോ
ദിച്ചു, "ദൈവരാജ്യം എപ്പോൾ വരും?"
യേശു മറുപടി പറഞ്ഞു, "ദൈവരാജ്യം വരു
ന്നത് നിങ്ങളുടെ കണ്ണിനു കാണാനാവുന്ന വ
ഴിയിലൂടെയായിരിക്കില്ല. 21'നോക്കൂ ദൈവരാ
ജ്യം ഇതാ ഇവിടെ' എന്നാർക്കും പറയാനാവില്ല.
അല്ലെങ്കിൽ 'അതാ അവിടെ' എന്നും ആർക്കും
പറയാനാവില്ല. ദൈവരാജ്യം നിങ്ങളുടെ ഇട
യിലാണ്."
22അനന്തരം യേശു തൻെറ ശിഷ്യന്മാരോടു
പറഞ്ഞു, "മനുഷ്യപുത്രൻെറ ദിവസങ്ങളിലൊ
ന്ന് കാണാൻ നിങ്ങൾ വളരെ കൊതിക്കുന്ന
സമയം വരും. എന്നാൽ നിങ്ങളതു കാണുകയി
ല്ല. 23ആളുകൾ നിങ്ങളോടു പറയും 'അതാ
അവിടെ,' അല്ലെങ്കിൽ ,'ഇതാ ഇവിടെ,' നിങ്ങൾ
നിൽക്കുന്നിടത്തു തന്നെ നിൽക്കുക. ദൂരെയെ
ങ്ങും അന്വേഷിച്ചു പോകേണ്ടതില്ല.

യേശു വീണ്ടും വരുന്നതെന്ന്?

24"മനുഷ്യപുത്രൻ എന്നു വീണ്ടും വരുമെന്ന്
നിങ്ങളറിയും. മേഘങ്ങൾക്കു വിലങ്ങനെ മിന്ന
ൽക്കൊടിയെന്ന പോലെ തിളങ്ങിക്കൊണ്ടാവും
അവൻ വരിക. 25എന്നാൽ അവന് ആദ്യം ഏറെ
കഷ്ടം സഹിക്കേണ്ടിവരും.ഈ തലമുറയിൽപ്പെ
ട്ട ആളുകൾ അവനെ നിരസിക്കുകയും ചെയ്യും.
26മനുഷ്യപുത്രൻ വരുമ്പോൾ നോഹയുടെ നാ
ളിൽ സംഭവിച്ചതുതന്നെ സംഭവിക്കും. 27നോഹ
യുടെ കാലത്ത്, നോഹ പെട്ടകത്തിൽ കയറിയ
ആ ദിവസം പോലും ആളുകൾ തിന്നുകയും
കുടിക്കുകയും വിവാഹം കഴിക്കുകയും ചെയ്തു
കൊണ്ടിരുന്നു. അപ്പോൾ പ്രളയമുണ്ടായി അവ
രെല്ലാം മരിച്ചു. 28ദൈവം സൊദോംനഗരം നശി
പ്പിച്ച ലോത്തിൻെറ കാലത്തും ഇതൊക്കെയാ
ണുണ്ടായത്. അവർ തിന്നുകയും കുടിയ്ക്കുക
യുംവാങ്ങുകയും വിൽക്കുകയും നടുകയും വീ
ടു പണിയുകയുമൊക്കെയായിരുന്നു. 29ലോത്ത്
പട്ടണം വിട്ടുപോകുമ്പോഴും അവർ ഇതൊക്കെ
ചെയ്തുകൊണ്ടിരുന്നു. അപ്പോൾ ആകാശത്തു
നിന്നും തീയും ഗന്ധകവും പെയ്ത് അവരെല്ലാം
മരിച്ചു. 30മനുഷ്യപുത്രൻ വീണ്ടും വരുമ്പോഴും
ഇതു തന്നെയാവും സംഭവിക്കുക.
31"ആ ദിവസം പുരപ്പുറത്തിരിക്കുന്നവൻ അ
കത്തുചെന്ന് തൻെറ സാധനങ്ങളെടുക്കാൻ പാ
ടില്ല. വയലിൽ നിൽക്കുന്നവൻ മടങ്ങിപ്പോകാ
നും പാടില്ല. 32ലോത്തിൻെറ ഭാര്യയ്ക്കെന്താണു
സംഭവിച്ചതെന്ന് ഓർമ്മിക്കുക. 33തൻെറ ജീവൻ
സൂക്ഷിക്കാൻ ശ്രമിക്കുന്നവന് അതു നഷ്ടപ്പെ
ടും. പക്ഷേ സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്ന
വന് തിരികെ ലഭിക്കും. 34ഞാൻ വീണ്ടും വരു
മ്പോൾ ഒരു മുറിയിലുറങ്ങുന്ന രണ്ടുപേരുണ്ടാ
വും. ഒരാളെ എടുത്തുകൊണ്ടുപോയി മറ്റെയാ
ളെ ഉപേക്ഷിക്കും. 35രണ്ടു സ്ത്രീകൾ ഒരുമിച്ചു
ജോലി ചെയ്യുന്നുണ്ടാവും. ഒരുവളെ ഉപേക്ഷിച്ച്
മറ്റെവളെ എടുത്തുകൊണ്ടുപോകും." 36*
37ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു, കർ
ത്താവേ, "എവിടേക്കായിരിക്കും എടുത്തു കൊ
ണ്ടുപോവുക?"
യേശു മറുപടി പറഞ്ഞു, "കഴുകന്മാർ തിര
യുന്നിടത്ത് ശവമുണ്ടാകും."

ദൈവം അവൻെറ ആൾക്കാർക്ക് ഉത്തരം നൽകും

18 അനന്തരം എപ്പോഴും പ്രാർത്ഥിക്കണമെ
ന്നും ഒരിക്കലും പ്രതീക്ഷകൈവിടരുതെ
ന്നും യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. അതിന
വൻ ഒരു കഥ ഉപയോഗിച്ചു: 2"ഒരിക്കൽ ഒരു
പട്ടണത്തിൽ ഒരു ന്യായാധിപനുണ്ടായിരുന്നു.
അയാൾ ദൈവത്തെ പേടിച്ചിരുന്നില്ല. തന്നെ
പ്പറ്റി ആളുകളെന്തു കരുതും എന്നും അയാൾ
ചിന്തിച്ചിരുന്നില്ല. 3അതേ പട്ടണത്തിൽ ഒരു
വിധവ താമസിച്ചിരുന്നു. അവൾ പലതവണ
ന്യായാധിപനെ സമീപിച്ചു പറഞ്ഞു,'എൻെറ
ശത്രുവിനെതിരെ എനിക്കു നീതി തന്നാലും.'
4എന്നാൽ ആ സ്ത്രീയെ സഹായിക്കാൻ
ന്യായാധിപന് താല്പര്യമില്ലായിരുന്നു. കുറെ
ക്കാലത്തിനുശേഷം അയാൾ സ്വയം ചിന്തിച്ചു,
'ദൈവത്തെ എനിക്കു പേടിയില്ല, നാട്ടുകാരെ
ന്തു കരുതുമെന്നതും പ്രശ്നമല്ല. 5പക്ഷേ ഈ
സ്ത്രീ എന്നെ ശല്യപ്പെടുത്തുന്നു. എന്നാൽ
അവരുടെ ആവശ്യം ഞാൻ നിറവേറ്റുകയാണെ
ങ്കിൽ അവളെന്നെ വിട്ടുപൊയ്ക്കൊള്ളും. ഞാന
തു നിറവേറ്റിക്കൊടുക്കാതിരുന്നാൽ ഞാൻ രോ
ഗിയാകുംവരെ അവളെന്നെ ശല്യപ്പെടുത്തും.'"
6കർത്താവ് പറഞ്ഞു, "ശ്രദ്ധിക്കൂ, നീചനായ
ന്യായാധിപൻ പറയുന്നതു കേൾക്കൂ. 7ദൈവ
ത്തിൻെറയാളുകൾ ദൈവത്തോടു നിലവിളി
ക്കും. ദൈവം അവൻെറയാളുകൾക്ക് ശരിയായ
തു നൽകും. അവൻെറയാളുകൾക്ക് മറുപടി നൽ
കാൻ ദൈവം വൈകില്ല." 8ഞാൻ നിങ്ങളോടു
പറയുന്നു, ദൈവം അവൻെറ ആളുകളെ വേഗ
ത്തിൽ സഹായിക്കും. പക്ഷേ മനുഷ്യപുത്രൻ
വീണ്ടും വരുമ്പോൾ അവനിൽ വിശ്വസിക്കുന്ന
വനെ ഭൂമിയിൽ കാണാനാകുമോ?"

ദൈവത്തിനു മുമ്പിൽ നീതിമാനായിരിക്കുക

9തങ്ങൾ വളരെ നല്ലവരാണെന്നു കരുതിയി
രുന്ന ചിലർ അവിടെയുണ്ടായിരുന്നു. മറ്റുള്ളവ
രെക്കാൾ തങ്ങൾ മിടുക്കരാണെന്നവർ നടിച്ചിരു
ന്നു. അവരെ പഠിപ്പിക്കുന്നതിന് യേശു ഈകഥ
ഉപയോഗിച്ചു. 10"ഒരിക്കൽ ഒരു പരീശനും ചുങ്ക
ക്കാരനും ജീവിച്ചിരുന്നു. ഒരു ദിവസം അവരിരു
വരും പ്രാർത്ഥിക്കാൻ ദൈവാലയത്തിലേക്കു
പോയി.11പരീശൻ ചുങ്കക്കാരനിൽനിന്നും വള
രെഅകന്ന് ഒറ്റയ്ക്കു നിന്നു. പ്രാർത്ഥനയിൽ
പരീശൻ ഇങ്ങനെപറഞ്ഞു, 'ദൈവമേ, ഞാൻ
മറ്റുള്ളവരെപ്പോലെ ദുഷിച്ചവനല്ലാത്തതിന്
ഞാനങ്ങയ്ക്കു നന്ദിപറയുന്നു. ഞാൻ മോഷ്ടാ
വോ, വഞ്ചകനോ, വ്യഭിചരിക്കുന്നവനോ അ
ല്ല. ഈ ചുങ്കക്കാരനെക്കാൾ ഞാൻ നല്ലവനായ
തിനാൽ ഞാനങ്ങയ്ക്കു നന്ദി പറയുന്നു.
12ഞാൻ നല്ലവനാണ്, ഞാനാഴ്ചയിൽ രണ്ടു

വാക്യം 36 ഏതാനും ഗ്രീക്കു പതിപ്പുകളിൽ മുപ്പത്താറാം വാക്യത്തിൽ ലൂക്കൊസ് ഇതുകൂടി ചേർത്തിട്ടുണ്ട്. "ഒരേ വയലിലുള്ള രണ്ടു പുരുഷന്മാരിൽ ഒരാളെ എടുക്കുകയും അപരനെ ഉപേക്ഷിക്കുകയും ചെയ്യും."

പ്രാവശ്യം ഉപവസിക്കുന്നു; നേടുന്നതിൻെറ
പത്തിലൊന്ന് ഞാൻ ദാനം ചെയ്യുന്നുമുണ്ട്.’
13“ചുങ്കക്കാരനും ഒറ്റയ്ക്കായിരുന്നു നിന്നിരു
ന്നത്. എന്നാലയാൾ പ്രാർത്ഥിച്ചപ്പോൾ സ്വർ
ഗ്ഗത്തിലേക്കൊന്ന് നോക്കുകകൂടി ഉണ്ടായില്ല.
അയാൾ ദൈവത്തിൻെറ മുമ്പിൽ വിനീതനാ
യി. അയാൾ പറഞ്ഞു, ‘ദൈവമേ എന്നിൽ
കരുണയുണ്ടാകേണമേ. ഞാനൊരു പാപിയാ
ണ്.’ 14ഞാൻ നിങ്ങളോടുപറയുന്നു, ഇയാൾ
പ്രാർത്ഥിച്ചു കഴിഞ്ഞ് ദൈവസന്നിധിയിൽ
നീതിമാനായി വീട്ടിലേക്കു പോകും. എന്നാൽ
താൻ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനാണെന്ന്
സ്വയം തോന്നിയ പരീശൻ ദൈവത്തിനു മു
മ്പിൽ നീതീകരിക്കപ്പെട്ടവനല്ല. സ്വയം ഉയർ
ത്തുന്നവൻ താഴ്ത്തപ്പെടും. വിനീതനായവൻ
ഉയർത്തപ്പെടും.”

ദൈവരാജ്യത്തിൽ പ്രവേശനം ആർക്ക്

(മത്താ. 19:13-15; മർക്കൊ. 10:13-16)

15ചിലർ തങ്ങളുടെ ശിശുക്കളെ യേശുവിൻെറ
സ്പർശനത്തിനായി കൊണ്ടുവന്നു. അതു ക
ണ്ട ശിഷ്യന്മാർ അവരെ ശകാരിച്ചു. 16എന്നാൽ
യേശു കുട്ടികളെ തൻെറ അടുക്കലേക്കു വിളിച്ചി
ട്ട് ശിഷ്യന്മാരോട് പറഞ്ഞു,“കൊച്ചുകുട്ടികൾ
എൻെറ അടുത്തോട്ടു വന്നോട്ടെ. അവരെ തടയ
രുത്, എന്തെന്നാൽ ആ കൊച്ചുകുട്ടികളെപ്പോ
ലെയുള്ളവർക്കാണ് ദൈവരാജ്യത്തിൽ പ്രവേ
ശനം ലഭിക്കുക. 17ഞാൻ നിങ്ങളോടു സത്യം
പറയട്ടെ. ഒരു കൊച്ചുകുട്ടി എന്തെങ്കിലും സ്വീ
കരിക്കുമ്പോലെ ദൈവരാജ്യത്തെ നിങ്ങൾ സ്വീ
കരിക്കണം. അല്ലെങ്കിൽ നിങ്ങൾക്കതിലൊരിക്ക
ലും പ്രവേശിക്കാനാവില്ല.”

ഒരു ധനികൻ യേശുവിനോടു ചോദ്യം ചോദിക്കുന്നു

(മത്താ. 19:16-30; മർക്കൊ. 10:17-31)

18ഒരു യെഹൂദപ്രമാണി യേശുവിനോടു ചോ
ദിച്ചു,“നല്ലവനായ ഗുരോ, നിത്യജീവിതം കി
ട്ടാൻ ഞാനെന്തു ചെയ്യണം?” 19യേശു അയാ
ളോടു ചോദിച്ചു,“എന്താണു നീയെന്നെ നല്ലവ
നെന്നു വിളിച്ചത്? ദൈവം മാത്രമാണു നല്ലവൻ.
20എന്നാൽ നിൻെറ ചോദ്യത്തിനു ഞാൻ ഉത്ത
രം നൽകാം. ദൈവകല്പനകൾ നിനക്കറിയില്ലേ?
‘വ്യഭിചരിക്കരുത്, ആരെയും കൊല്ലരുത്, മോ
ഷ്ടിക്കരുത്, മറ്റുള്ളവരെപ്പറ്റി കള്ളസാക്ഷ്യം പറ
യരുത്, അപ്പനെയും അമ്മയെയും ബഹുമാനി
ക്കണം.’” *
21എന്നാൽ പ്രമാണി പറഞ്ഞു, “ഈ കല്പനക
ളെല്ലാം ചെറുപ്പംമുതൽക്കേ ഞാൻ അനുസരി
ക്കുന്നുണ്ട്.”
22അതുകേട്ട യേശു അയാളോടു പറഞ്ഞു,
“എന്നാൽ നീ ചെയ്യേണ്ടതായി ഒന്നു കൂടിയുണ്ട്.
നിനക്കുള്ളതെല്ലാം വിറ്റുകിട്ടുന്ന പണം പാവ
ങ്ങൾക്കുകൊടുക്കുക. നിനക്ക് സ്വർഗ്ഗത്തിൽ പ്ര
തിഫലം കിട്ടും. എന്നിട്ട് വന്ന് എന്നെ പിന്തുട
രുക.” 23പക്ഷേ ഇതുകേട്ട് അയാൾ ദു:ഖിതനാ
യി. കാരണം അയാൾ വളരെവലിയ പണക്കാര
നായിരുന്നു. 24അയാളുടെ സങ്കടംകണ്ട യേശു
പറഞ്ഞു, “ധനവാന് സ്വർഗ്ഗരാജ്യത്തിൽ പ്രവേ
ശിക്കുക വിഷമമാണ്. 25ധനികൻെറ ദൈവരാ
ജ്യപ്രവേശനത്തെക്കാൾ എളുപ്പമാണ് ഒട്ടകം
സൂചിക്കുഴയിലൂടെ കടക്കാൻ.”

രക്ഷിക്കപ്പെടുന്നതാര്?

26അതുകേട്ടവർ ചോദിച്ചു, “പിന്നെ രക്ഷിക്ക
പ്പെടുവാൻ ആർക്കുകഴിയും?” 27യേശു പറ
ഞ്ഞു, “മനുഷ്യർക്ക് ചെയ്യാനാകാത്തത് ദൈവ
ത്തിനു ചെയ്യാനാകും.”
28പത്രൊസ് പറഞ്ഞു, “നോക്കൂ, ഞങ്ങൾ എ
ല്ലാമുപേക്ഷിച്ച് അങ്ങയെ പിന്തുടരുന്നു.”
29യേശു പറഞ്ഞു, “ഞാൻ നിങ്ങളോടു സത്യം
പറയുന്നു. 30ദൈവരാജ്യത്തിനുവേണ്ടി തൻെറ
വീടും, ഭാര്യ, സഹോദരങ്ങൾ, അപ്പനമ്മമാർ,
മക്കൾ എന്നിവയും ഉപേക്ഷിച്ചവർക്ക് അതിലും
കൂടുതൽ കിട്ടും. തൻെറ ജീവിതത്തിലയാൾക്കു
പലമടങ്ങ് കിട്ടും. അയാൾ മരിച്ചുകഴിഞ്ഞ് ദൈ
വത്തോടൊത്ത് നിത്യകാലം വസിക്കും.”

യേശു ഉയിർത്തെഴുന്നേൽക്കും

(മത്താ. 20:17-19; മർക്കൊ. 10:32-34)

31അനന്തരം യേശു പന്ത്രണ്ടു അപ്പൊസ്തല
ന്മാരെയും ഒരു വശത്തേക്കു വിളിച്ചു സംസാരി
ച്ചു. അവൻ പറഞ്ഞു, “ശ്രദ്ധിക്കൂ, നമ്മൾ യെരൂ
ശലേമിലേക്കു പോകുകയാണ്. മനുഷ്യപുത്ര
നെപ്പറ്റി എഴുതാൻ ദൈവം പ്രവാചകരോടു
കല്പിച്ചതെല്ലാം സംഭവിക്കും. 32അവൻെറ ആൾ
ക്കാർ അവനെതിരായി തിരിയുകയും അവനെ
ജാതികൾക്കു കൊടുക്കുകയും ചെയ്യും. അവർ
അവനെ പരിഹസിക്കുകയും മുഖത്തുതുപ്പുക
യും ചെയ്യും. അവർ അവനെ അപമാനിക്കും.
33അവർ അവനെ ചാട്ടകൊണ്ടടിക്കുകയും കൊ
ല്ലുകയും ചെയ്യും. എന്നാൽ മരണത്തിൻെറ
മൂന്നാൽ നാൾ അവൻ ഉയിർത്തെഴുന്നേൽക്കും.”
34അപ്പൊസ്തലന്മാർക്കിതു മനസ്സിലായില്ല.
അർത്ഥം അവർക്കു മറവായിരുന്നു. അവൻെറ
വാക്കുകളുടെ അർത്ഥം കണ്ടുപിടിക്കാൻ അവർ
ക്കായില്ല.

യേശു അന്ധനെ സുഖപ്പെടുത്തുന്നു

(മത്താ. 20:29-34; മർക്കൊ. 10:46-52)

35യേശു യെരീഹോപട്ടണത്തിനടുത്തെത്തി.
അവിടെയൊരു അന്ധൻ വഴിയോരത്ത് യാചി
ച്ചു കൊണ്ടിരിക്കുന്നുണ്ടായിരുന്നു. 36ആളുകൾ
നടന്നു നീങ്ങുന്നതിൻെറ ശബ്ദം കേട്ട് അയാൾ
അന്വേഷിച്ചു, “എന്തുണ്ടായി?”
37ആളുകൾ പറഞ്ഞു, “നസറെത്തിൽനിന്ന്
യേശു എന്നൊരുവൻ ഇങ്ങോട്ടു വരുന്നു.”
38അന്ധൻ വളരെ ഉച്ചത്തിൽ പറഞ്ഞു,
“യേശുവേ, ദാവീദിൻെറ പുത്രാ, എന്നോടു
കരുണ കാട്ടേണമേ.”
39ജനക്കൂട്ടത്തെ നയിച്ചിരുന്നവർ അവനെ ശാ
സിച്ചു. അവർ അവനോട് മിണ്ടാതിരിക്കുവാൻ
പറഞ്ഞു. പക്ഷേ അവൻ കൂടുതൽ ഉച്ചത്തിൽ
വിളച്ചുകൂവി. “ദാവീദിൻെറ പുത്രാ, എന്നോടു
കരുണ കാട്ടൂ!”
40യേശു അവിടെനിന്നു പറഞ്ഞു, ആ അന്ധ
നെ ഇങ്ങോട്ടു വിളിക്കൂ.” അവൻ അടുത്തു വ
ന്നപ്പോൾ യേശു ചോദിച്ചു, 41“നിനക്കു എന്താ
ണ് ഞാൻ ചെയ്തു തരേണ്ടത്?” അന്ധൻ പറ
ഞ്ഞു, “കർത്താവേ, എനിക്കു കാഴ്ചതിരിച്ചു
തരൂ.” യേശു അവനോടു പറഞ്ഞു, 42“നോക്കൂ,
നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.”
43അയാൾക്കു കാഴ്ച തിരിച്ചുകിട്ടി. അയാൾ
ദൈവത്തെ സ്തുതിച്ചുകൊണ്ട് യേശുവിനെ
അനുഗമിച്ചു. ഇതെല്ലാംകണ്ട് ജനങ്ങൾ ദൈവ
ത്തെ വാഴ്ത്തി.

‘വ്യഭിചരിക്കരുത് … ബഹുമാനിക്കണം’ ഉദ്ധരണി പുറ. 20:12-16, ആവ. 5:16-20.

സക്കായി

19 യേശു യെരീഹോപട്ടണത്തിലൂടെ പോ
വുകയായിരുന്നു. 2യെരീഹോവിൽ
സക്കായി എന്നൊരാളുണ്ടായിരുന്നു. അയാൾ
ധനികനും പ്രമാണിയുമായ ഒരു ചുങ്കക്കാരനാ
യിരുന്നു. 3യേശു ആരെന്നുകാണാൻ അയാൾ
ആഗ്രഹിച്ചു. യേശുവിനെ കാണുവാൻ ഒട്ടേറെ
പ്പേർ എത്തിയിരുന്നു. സക്കായിക്ക് ഉയരം കുറ
വായിരുന്നതിനാൽ ജനക്കൂട്ടത്തിനുമുകളിലൂടെ
അയാൾക്ക് യേശുവിനെ കാണാനായില്ല. 4അ
വൻ മുൻപോട്ടോടി യേശു സഞ്ചരിക്കുമെന്നറി
ഞ്ഞ സ്ഥലത്തുചെന്ന് ഒരു കാട്ടത്തിമരത്തിൽ
കയറി ഇരുന്നു. 5യേശു അവിടെ എത്തിയ
പ്പോൾ സക്കായി മരത്തിലിരിക്കുന്നതു കണ്ടു.
അവൻ സക്കായിയോടു പറഞ്ഞു, "സക്കായി
യേ വേഗം താഴെയിറങ്ങി വരൂ, എനിക്ക് ഇന്ന്
നിൻെറ വീട്ടിൽ വസിക്കണം."

6സക്കായി വേഗം താഴെയിറങ്ങിവന്നു. യേശു
തൻെറ വീട്ടിൽ തങ്ങുന്നതിൽ അവൻ സന്തോ
ഷിച്ചു.7എല്ലാവരും ഇതു കണ്ടു. അവർ പരാതി
പ്പെടാൻ തുടങ്ങി, "കർത്താവിനു തങ്ങാൻ ഈ
പാപിയുടെ വീടേ കിട്ടിയുള്ളോ?"

8സക്കായി കർത്താവിനോടു പറഞ്ഞു,
"ഞാൻ നന്മ ചെയ്യാനാഗ്രഹിക്കുന്നു. എൻെറ
സ്വത്തുക്കളുടെ പകുതി ഞാൻ പാവങ്ങൾക്കു
കൊടുക്കാം. ഞാൻ ആരെയെങ്കിലും വഞ്ചിച്ചി
ട്ടുണ്ടെങ്കിൽ അവർക്കു നാലുമടങ്ങു നൽകാം."

9യേശുപറഞ്ഞു, "ഇയാൾ നല്ലവനാണ്. ഇ
യാൾ അബ്രാഹാമിൻെറ യഥാർത്ഥ പുത്ര
നാണ്. അതിനാലിന്ന് സക്കായി അവൻെറ
പാപങ്ങളിൽനിന്നു മോചിതനായിരിക്കുന്നു.
10നഷ്ടപ്പെട്ടവയെ കണ്ടെത്താനും രക്ഷിക്കാനു
മാണ് മനുഷ്യപുത്രൻ വന്നിട്ടുള്ളത്."

ദൈവം തന്നത് ഉപയോഗിക്കുക

(മത്താ. 25:14-30)

11യേശു യെരൂശലേമിനടുത്തെത്തി. ദൈവ
രാജ്യം ഉടനെ വരുമെന്ന് ചിലർ കരുതി. 12ആളു
കളുടെ മനോഗതിയറിഞ്ഞ യേശു ഈ കഥ
പറഞ്ഞു, "ഉന്നതകുലജാതനായ ഒരാൾ രാജാ
വാകാൻവേണ്ടി ദൂരെ ഒരു രാജ്യത്ത് പോകാൻ
തുടങ്ങുകയായിരുന്നു. അനന്തരം അയാൾ മട
ങ്ങിവന്ന് സ്വന്തം ആൾക്കാരെ ഭരിക്കാമെന്ന്
പരിപാടിയിട്ടു. 13അതിനാലയാൾ തൻെറ
ദാസന്മാരിൽ പത്തുപേരെ വിളിച്ചു. അയാൾ
ഓരോരുത്തർക്കും ഓരോപണക്കിഴി നൽകി പറ
ഞ്ഞു, 'ഞാൻ തിരിച്ചുവരും വരെ ഈ പണം
കൊണ്ട് വ്യാപാരം ചെയ്യൂ. '14പക്ഷേ അന്നാട്ടു
കാർ അയാളെ വെറുത്തിരുന്നു. അതിനാലവർ
അയാളെ പിന്തുടരാൻ ഒരുസംഘം ആളുകളെ
മറ്റേ രാജ്യത്തേക്കയച്ചു. അവർ മറ്റേരാജ്യത്തെ
ത്തിപ്പറഞ്ഞു, 'അയാളെ ഞങ്ങൾക്കു രാജാവാ
യി വേണ്ട.'

15"എന്നാൽ അയാൾ രാജാവായി. വീട്ടിൽ
മടങ്ങിയെത്തി അയാൾ പറഞ്ഞു, 'ഞാൻപണം
കൊടുത്ത ദാസന്മാരെവിളിക്കൂ. അതുവച്ച് എത്ര
പണം അവർ അധികം ഉണ്ടാക്കിയെന്നെനിക്കറി
യണം.' 16ഒന്നാമത്തെ ദാസൻ വന്നുപറഞ്ഞു,
'അങ്ങുതന്ന ഒരു കിഴിപണംകൊണ്ട് പത്തു കിഴി
പണം ഞാൻ സമ്പാദിച്ചു.' 17രാജാവ് അയാളോ
ടുപറഞ്ഞു,'കൊള്ളാം! നീയൊരു നല്ല ദാസനാ
ണ്. നിന്നെചെറിയ കാര്യങ്ങളിൽപോലും വി
ശ്വസിക്കാമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതി
നാൽ ഞാൻ നിന്നെ പത്തു നഗരങ്ങളുടെ ഭര
ണാധികാരിയാക്കുന്നു!' 18രണ്ടാം ദാസൻ പറ
ഞ്ഞു, 'അങ്ങുതന്ന ഒരു കിഴിപണം കൊണ്ട്
ഞാൻ അഞ്ചു കിഴിപണം ഉണ്ടാക്കി!' 19രാജാവ്
അയാളോടു പറഞ്ഞു, 'നിനക്ക് അഞ്ചു നഗര
ങ്ങൾ ഭരിക്കാം." 20പിന്നെ മറ്റൊരുദാസൻ വന്നു.
അയാൾ പറഞ്ഞു, 'യജമാനനേ, ഇതാ അങ്ങയു
ടെ പണം. ഞാനതു തുണിയിൽ പൊതിഞ്ഞ്
ഒളിച്ചുവെച്ചു, 21എനിക്ക് അങ്ങയെ ഭയമായിരു
ന്നു, എന്തെന്നാൽ അങ്ങ് ശക്തനാണ്. അങ്ങ്
കർക്കശക്കാരനാണെന്നും എനിക്കറിയാം.
സ്വയം സമ്പാദിക്കാത്ത പണവും സ്വയം കൃഷി
ചെയ്യാത്ത ധാന്യവും അങ്ങ് പിടിച്ചെടുക്കുമെ
ന്ന് എനിക്കറിയാം.' 22രാജാവ് അയാളോടു പറ
ഞ്ഞു, 'വൃത്തികെട്ടവൻ, നിൻെറ വാക്കുകളുപ
യോഗിച്ച് ഞാൻ നിന്നെ അപലപിക്കുന്നു. ഞാ
നൊരു കഠിനഹൃദയനാണെന്നു നീപറഞ്ഞു.
ഞാൻ സ്വയം സമ്പാദിക്കാത്തപണവും കൃഷി
ചെയ്യാഷത്തധാന്യവും പോലും ഞാൻ പിടി
ച്ചെടുക്കുമെന്ന് നീ പറഞ്ഞു. 23അതു ശരിയാ
ണെങ്കിൽ നീയെൻെറ പണം പണമിടപാടുകാ
രുടെ പക്കൽ നിക്ഷേപിക്കണമായിരുന്നു. എ
ങ്കിൽ ഞാൻ മടങ്ങിവരുമ്പോഴേക്കും അതിനു
പലിശയെങ്കിലും കിട്ടിയേനെ.' 24അനന്തരം
ഇതെല്ലാം കണ്ടു നിന്നവരോടു രാജാവു പറ
ഞ്ഞു, 'ഇയാളുടെ കൈയിൽനിന്നും പണമെ
ടുത്ത് പത്തുമടങ്ങു പണം സമ്പാദിച്ചവനു കൊ
ടുക്കുക.' 25അവർ രാജാവിനോടു പറഞ്ഞു,
'പക്ഷേ അയാൾക്ക് ഇപ്പോൾത്തന്നെ പത്തുമട
ങ്ങു പണമുണ്ടല്ലോ!' 26രാജാവു പറഞ്ഞു, 'അവ
നവനുള്ളത് ഉപയോഗിക്കുന്നവന് വീണ്ടും
കിട്ടും. തനിക്കുള്ളതും ഉപയോഗിക്കാത്തവനിൽ
നിന്നും എല്ലാം എടുക്കപ്പെടും. 27ഇപ്പോൾ
എൻെറ ശത്രുക്കളെവിടെ? ഞാൻ അവരുടെ
രാജാവാകാൻ ഇഷ്ടപ്പെടാത്തവർ എവിടെ?
എൻെറ ശത്രുക്കളെ ഇവിടെകൊണ്ടുവന്നു കൊ
ല്ലുക. അവർ ചാകുന്നതെനിക്കു കാണണം!'"

യേശു യെരൂശലേമിൽ

(മത്താ. 21:1-11; മർക്കൊ. 11:1-11
യോഹ. 12:12-19)

28ഇതു പറഞ്ഞതിനുശേഷം യേശു യെരൂശ
ലേമിലേക്കുള്ള തൻെറ യാത്ര തുടർന്നു. 29യേശു
ഒലീവുമലകൾക്കു സമീപമുള്ള ബേത്ത്ഫാഗ,
ബേഥാന്യ എന്നീ ഗ്രാമങ്ങൾക്കടുത്തെത്തി. അ
വൻ തൻെറ രണ്ടു ശിഷ്യന്മാരെ പറഞ്ഞയച്ചു.
30അവൻ പറഞ്ഞു, "ആ കാണുന്ന ഗ്രാമത്തിലേ
ക്കുപോകൂ. അവിടേക്കു പ്രവേശിക്കുമ്പോൾത്ത
ന്നെ, കെട്ടിയിരിക്കുന്ന ഒരു കഴുതക്കുട്ടിയെ കാ
ണാം. ആരും ഇതുവരെ അതിൻെറ പുറത്തു
സവാരി ചെയ്തിട്ടില്ല. അതിനെ അഴിച്ചുകൊ
ണ്ടുവരിക. 31എന്താണ് കഴുതയെ അഴിച്ചുകൊ
ണ്ടുപോകുന്നതെന്ന് ആരെങ്കിലും ചോദിച്ചാൽ
നിങ്ങൾ പറയണം, 'ഗുരുവിന് ഈ കഴുതയെ
വേണം' എന്ന്!"

32രണ്ടു ശിഷ്യന്മാരും ഗ്രാമത്തിലേക്കു പോയി.
യേശു അവരോടു പറഞ്ഞവിധം അവർ കഴുത
യെകണ്ടെത്തി. 33അവർ കഴുതയെ അഴിച്ചു.
എന്നാൽ കഴുതയുടെ ഉടമസ്ഥൻവന്നു. അവൻ
ശിഷ്യന്മാരോടു ചോദിച്ചു,"എന്തിനാണ് ഞങ്ങ
ളുടെ കഴുതയെ നിങ്ങളഴിക്കുന്നത്?"

34ശിഷ്യന്മാർ പറഞ്ഞു,"ഗുരുവിന് ഇതിനെ
വേണം." 35ശിഷ്യന്മാർ കഴുതയെ യേശുവിൻെറ
സമീപത്തേക്കു കൊണ്ടുവന്നു. അവർതങ്ങളുടെ
കുപ്പായം കഴുതപ്പുറത്തു വിരിച്ചു. യേശുവിനെ

അതിൻെറ പുറത്തവർ കയറ്റി. 36യേശു യെരൂശ
ലേമിലേക്കുള്ള വഴിയേ കഴുതപ്പുറത്തു സഞ്ചരി
ച്ചു. ശിഷ്യന്മാർ തങ്ങളുടെ വസ്ത്രങ്ങൾ യേശു
സഞ്ചരിക്കേണ്ട പാതയിൽ വിരിച്ചു. 37യേശു
യെരൂശലേമിനോടടുത്തു. അവൻ ഒലീവു മല
യുടെ അടിവാരത്തിലെത്തി. ശിഷ്യന്മാരുടെ
സംഘം മുഴുവനും സന്തോഷിച്ചു. അവർ വള
രെ ഉച്ചത്തിൽ ദൈവത്തെ വാഴ്ത്തി. തങ്ങൾ
കണ്ട എല്ലാശക്തമായ കാര്യങ്ങൾക്കും അവർ
ദൈവത്തിനു നന്ദിപറഞ്ഞു. അവർ പറഞ്ഞു,
38"'കർത്താവിൻെറ നാമത്തിൽ വരുന്ന രാജാ
വിനെ ദൈവം അനുഗ്രഹിക്കട്ടെ.'

സങ്കീർത്തനം 118:26

സ്വർഗ്ഗരാജ്യത്തു സമാധാനം, ദൈവത്തിനു
മഹത്വം!"
39ജനക്കൂട്ടത്തിലുണ്ടായിരുന്ന ചില പരീശ
ന്മാർ യേശുവിനോടു പറഞ്ഞു,"ഗുരോ, നിൻെറ
ശിഷ്യന്മാരെ ശാസിക്കൂ."
40യേശു പ്രതിവചിച്ചു, "ഞാൻ നിങ്ങളോടു
പറയുന്നു, ഇക്കാര്യങ്ങൾ പ്രസംഗിക്കപ്പെടണം.
എൻെറ ശിഷ്യന്മാരതു പ്രസംഗിച്ചില്ലെങ്കിൽ
ഈ പാറകൾ അതു പ്രസംഗിക്കും."

യേശു യെരൂശലേമിനായി കേഴുന്നു

41യേശു യെരൂശലേമിനടുത്തെത്തി. നഗരം
കണ്ടപ്പോൾ അവൻ അതിനായികേണു. 42യേശു
യെരൂശലേമിനോടു പറഞ്ഞു, "നിനക്ക് സമാ
ധാനം തരുന്നതെന്തെന്ന് ഇന്ന് നീഅറിഞ്ഞിരു
ന്നുവെങ്കിൽ കൊള്ളാമായിരുന്നു. പക്ഷേ നീയ
തറിയുന്നില്ല. എന്തെന്നാൽ അത് നിനക്ക് മറ
ഞ്ഞിരിക്കുന്നു.43നിൻെറശത്രുക്കൾ നിനക്ക് ചു
റ്റുംവളഞ്ഞ് എല്ലാ വശത്തുനിന്നുംനിന്നെ ഞെ
രുക്കും. അവർ എല്ലാ വശത്തുനിന്നും നിങ്ങളെ
പിടിക്കും.44അവർ നിന്നെയും നിൻെറ ജനങ്ങ
ളെയും നശിപ്പിക്കും. നിൻെറ കെട്ടിടങ്ങളുടെ
ഒരു കല്ലും മറ്റൊന്നിനു മുകളിലിരിക്കയില്ല. ദൈ
വം രക്ഷയ്ക്കു വന്നതെപ്പോഴെന്നു നീ അറി
ഞ്ഞിട്ടില്ലാത്തതിനാൽ ഇതെല്ലാം സംഭവിക്കും."

യേശു ദൈവാലയത്തിലേക്കു പോകുന്നു

(മത്താ. 21:12-17; മർക്കൊ. 11:15-19;
യോഹ. 2:13-22)

45യേശുദൈവാലയത്തിനുള്ളിലേക്കുപോയി.
അവിടെ വില്പന നടത്തിയിരുന്നവരെ അവൻ
ഓടിച്ചു.46യേശു അവരോടു പറഞ്ഞു, "'എൻെറ
വീട് ഒരു പ്രാത്ഥനാലയമായിരിക്കും'* എന്നു
തിരുവെഴുത്തിൽ എഴുതിയിട്ടുണ്ട്." എന്നാൽ നി
ങ്ങളത് കള്ളന്മാരുടെ ഒളിസങ്കേതമാക്കിയിരിക്കു
ന്നു."*
47യേശു ദൈവാലയത്തിലുള്ളവരെ എന്നും
പഠിപ്പിച്ചു. മഹാപുരോഹിതന്മാരും ശാസ്ത്രി
മാരും ചില ജനനേതാക്കളും യേശുവിനെ കൊ
ല്ലാനാഗ്രഹിച്ചു. 48പക്ഷേ എല്ലാവരും യേശുവി
നെ ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. യേശു
പറഞ്ഞകാര്യങ്ങളിൽ അവർ വളരെ തല്പരരായി
രുന്നു. അതിനാൽ മഹാപുരോഹിതന്മാർക്കും
ശാസ്ത്രിമാർക്കും ജനനേതാക്കൾക്കും യേശുവി
നെ എങ്ങനെ വധിക്കാമെന്നറിവില്ലായിരുന്നു.

"എൻെറ ... പ്രാർത്ഥനാലയമായിരിക്കും." ഉദ്ധരണി യെശയ്യാ. 56:7.

"നിങ്ങളത് ... ഒളിസങ്കേതമാക്കിയിരിക്കുന്നു" ഉദ്ധരണി യിരമ്യ7:11.

യെഹൂദനേതാക്കൾ യേശുവിനോടു ചോദ്യം ചോദിക്കുന്നു

(മത്താ. 21:23-27; മർക്കൊ. 11:27-33)

20 ഒരു ദിവസം യേശു ദൈവാലയത്തിൽ
ആളുകളെ ഉപദേശിക്കുകയായിരുന്നു. അ
വൻ ദൈവരാജ്യത്തെപ്പറ്റിയുള്ള സുവിശേഷം
അവരോടു പറഞ്ഞു. മഹാപുരോഹിതന്മാരും
ശാസ്ത്രിമാരും ജനത്തിൻെറ മൂപ്പന്മാരും അവ
നോടു സംസാരിക്കാനെത്തി. 2അവർ ചോദി
ച്ചു, "പറയൂ, ഇതെല്ലാം ചെയ്യാൻ നിനക്കെന്താ
ണധികാരം? നിനക്കാരാണധികാരം തന്നത്?"
3യേശു പറഞ്ഞു, "ഞാനും നിങ്ങളോടൊരു ചോ
ദ്യം ചോദിക്കാം. പറയൂ: 4യോഹന്നാൻ ആളുക
ളെ സ്നാനപ്പെടുത്തിയപ്പോൾ അത് ദൈവ
ത്തിൽ നിന്നോ മനുഷ്യനിൽനിന്നോ വന്നത്?"
5പുരോഹിതരും ശാസ്ത്രിമാരും യെഹൂദനേ
താക്കളും ഇതിനെപ്പറ്റി സംസാരിച്ചു.അവർ പര
സ്പരം പറഞ്ഞു, "യോഹന്നാൻെറ സ്നാനം
ദൈവത്തിൽ നിന്നുവന്നു എന്നു നമ്മൾ പറ
ഞ്ഞാൽ അവൻ ചോദിക്കും, 'പിന്നെ നിങ്ങളെ
ന്തുകൊണ്ട് യോഹന്നാനിൽ വിശ്വസിച്ചില്ല?'
6പക്ഷേ 'യോഹന്നാൻെറ സ്നാനം മനുഷ്യ
നിൽ നിന്നുവന്നു' എന്നു പറഞ്ഞാൽ ജനങ്ങൾ
നമ്മെ കല്ലെറിഞ്ഞു കൊല്ലും. എന്തെന്നാൽ
യോഹന്നാൻ പ്രവാചകനാണെന്നവർ വിശ്വ
സിക്കുന്നു." 7അതിനാലവർ പറഞ്ഞു, "ഉത്തരം
ഞങ്ങൾക്കറിയില്ല." 8യേശു അവരോടു പറ
ഞ്ഞു, "എങ്കിൽ ഇതെല്ലാം ചെയ്യാൻ എനിക്കെ
ന്തധികാരമെന്ന് ഞാനും പറയില്ല!"

ദൈവം തൻെറ പുത്രനെ അയയ്ക്കുന്നു

(മത്താ. 21:33-46; മർക്കൊ. 12:1-12)

9അപ്പോൾയേശു അവരോട് ഈ കഥ പറ
ഞ്ഞു: "ഒരാൾ തൻെറ തോട്ടത്തിൽ മുന്തിരിച്ചെ
ടികൾ നട്ടു. അയാൾ തോട്ടം ചില കർഷകർക്കു
പാട്ടത്തിനു കൊടുത്തു. എന്നിട്ടയാൾ നീണ്ടകാ
ലത്തേക്ക് ഒരു ദൂരയാത്രപോയി. 10മുന്തിരിയുടെ
വിളവെടുപ്പുകാലമായി. തോട്ടമുടമ തൻെറ പ
ങ്കിനായി ഒരു ദാസനെ കൃഷിക്കാരുടെ അടുത്തേ
ക്കയച്ചു. എന്നാൽ കൃഷിക്കാർ ദാസനെ മർദ്ദിച്ച്
ഒന്നുംകൊടുക്കാതെ പറഞ്ഞയച്ചു. 11ഉടമ അടു
ത്തദാസനെ അയച്ചു. അയാളെയും കൃഷിക്കാർ
മർദ്ദിക്കുകയും ഒട്ടും മാനിക്കാതെ തിരിച്ചയയ്ക്കു
കയും ചെയ്തു. 12ഉടമ മൂന്നാമതൊരു ദാസനെ
ക്കൂടി അയച്ചു. അവർ അവനെ ക്രൂരമായി
മർദ്ദിച്ചു മുറിവേല്പിച്ചു പുറന്തള്ളി.13തോട്ടമുടമ
പറഞ്ഞു, 'ഞാനിനി എന്തു ചെയ്യും? ഞാനെ
ൻെറ മകനെ ഇനി അയയ്ക്കും. അവനെ ഞാൻ
വളരെ സ്നേഹിക്കുന്നു. ഒരു പക്ഷേ കൃഷിക്കാർ
അവനോടു ആദരവുകാട്ടും.' 14ഉടമയുടെ മക
നെ കണ്ടപ്പോൾ കൃഷിക്കാർ പരസ്പരം പറ
ഞ്ഞു, 'ഇത് ഉടമയുടെ മകനാണ്, ഈ തോട്ടം
അവൻേറതായിരിക്കും. നമ്മൾ അവനെ കൊ
ന്നാൽ ഈ തോട്ടം നമ്മുടേതാകും. 15അതിനാല
വർ മകനെ തോട്ടത്തിനു പുറത്താക്കി. പിന്നീട്
അവർ അവനെ കൊന്നു.
"തോട്ടമുടമ അവരോടെന്തു ചെയ്യും? 16അ
യാൾ വന്ന് ആ കർഷകരെ കൊല്ലും. എന്നിട്ട്
തോട്ടം മറ്റു കൃഷിക്കാർക്കു നൽകും."
ആളുകൾ ഈ കഥ കേട്ടു. അവർ പറഞ്ഞു,
"ഇല്ല, അതൊരിക്കലും സംഭവിക്കില്ല." 17പക്ഷേ
യേശു അവരുടെ കണ്ണുകളിലേക്കു നോക്കി പറ
ഞ്ഞു:

‘പിന്നെ, ഈ എഴുതിയിരിക്കുന്നതിന്റെ അർ
ത്ഥമെന്താണ്. പണിക്കാർ വലിച്ചെറിയുന്നകല്ല്
മൂലക്കല്ലാകും?’ *സങ്കീർത്തനം 118:22*

18ആ കല്ലിനു മകളിൽ വീഴുന്നവർ തകരും.
കല്ല് നിങ്ങളുടെമേൽ വീണാൽ നിങ്ങൾ പൊ
ടിയും.” 19യേശു പറഞ്ഞ ഈ കഥ യെഹൂദപ്രമാ
ണിമാർ കേട്ടു. ഈ കഥ അവരെപ്പറ്റിയാണെന്ന
വർ അറിഞ്ഞു. അതിനാൽ ആ സമയം യേശു
വിനെ തടവിലാക്കണമെന്നവർ ആഗ്രഹിച്ചു.
പക്ഷേ ജനങ്ങളെ അവർ ഭയന്നു.

യെഹൂദപ്രമാണിമാർ യേശുവിനെ കുരുക്കാൻ നോക്കുന്നു

(മത്താ. 22:15-22; മർക്കൊ. 12:13-17)

20യേശുവിനെ കുരുക്കാൻ പറ്റിയസമയം നോ
ക്കി ശാസ്ത്രിമാരും പുരോഹിതരുമിരുന്നു.
അവർ ചിലരെ യേശുവിന്റെ സമീപത്തേക്കയ
ച്ചു. നല്ലവരെന്ന് യേശുവിന്റെ മുമ്പിൽ നടിക്ക
ണമെന്ന് അവരെ ചട്ടം കെട്ടിയിരുന്നു. യേശു
പറയുന്നതിൽ തെറ്റു കണ്ടെത്താൻ അവർ ശ്രമി
ച്ചു. (അങ്ങനെ തെറ്റെന്തെങ്കിലും കണ്ടുപിടി
ച്ചാൽ അവർക്ക് അവനെ, അവന്റെമേൽ ശക്തി
യും അധികാരവുമുള്ള ഭരണാധിപനെ ഏല്പി
ക്കാം) 21അവർ യേശുവിനോടു ചോദിച്ചു,
“ഗുരോ, അങ്ങു പറയുന്നതും പഠിപ്പിക്കുന്നതും
സത്യമാണെന്നു ഞങ്ങൾക്കറിയാം. വിവേചി
ക്കാതെ ഇതു തന്നെ നീ എല്ലാവരെയും പഠിപ്പി
ക്കുന്നു. ദൈവമാർഗ്ഗത്തെപ്പറ്റിയുള്ള സത്യം നീ
എപ്പോഴും പഠിപ്പിക്കുന്നു. 22ഞങ്ങളോടു പറയൂ,
ഞങ്ങൾ കൈസർക്കു നികുതി കൊടുക്കുന്നത്
ശരിയോ? തെറ്റോ ശരിയോ എന്നു പറയുക?”
23ഇവർ തന്നെ കുരുക്കാൻ ശ്രമിക്കുകയാണെ
ന്ന് യേശുവിനറിയാമായിരുന്നു. അവൻ അവ
രോടു പറഞ്ഞു, 24“ഒരു നാണയം എന്നെ
കാണിക്കൂ. ആരുടെ പടമാണതിലുള്ളത്? ആരു
ടെ പേരാണ് അതിന്റെപുറത്ത് മുദ്രണം ചെ
യ്തിട്ടുള്ളത്?”
അവർപറഞ്ഞു, “കൈസരുടേത്.”
25യേശു അവരോടു പറഞ്ഞു, “അപ്പോൾ
കൈസർക്കുള്ളത് കൈസർക്കു കൊടുത്തേക്കൂ
ക. ദൈവത്തിനുള്ളത് ദൈവത്തിനും.”
26അവന്റെ വിവേകപൂർണ്ണമായ ഉത്തരം അ
വരെ അത്ഭുതപ്പെടുത്തി. അവർക്കൊന്നും പറ
യാനായില്ല. ആൾക്കാരുടെ മുമ്പിൽ അവനെ
കുരുക്കാൻ അവർക്കാകുമായിരുന്നില്ല. തനിക്കെ
തിരായവർക്കു പാകത്തിന് ഉപയോഗിക്കാൻ
യേശു ഒന്നും പറഞ്ഞില്ല.

ചില സദൂക്യർ യേശുവിനെ കുരുക്കാൻ ശ്രമിക്കുന്നു

(മത്താ. 22:23-33; മർക്കൊ. 12:18-27)

27ഏതാനും സദൂക്യർ യേശുവിനെ സമീപി
ച്ചു. (അവർ ഉയിർത്തെഴുന്നേല്പിൽ വിശ്വസി
ച്ചിരുന്നില്ല.) അവർ യേശുവിനോടു ചോദിച്ചു,
28“ഗുരോ, വിവാഹിതനായ ഒരാൾ മരിക്കുകയും
അയാൾക്കു കുട്ടികളില്ലാതെ വരികയും ചെ
യ്താൽ അയാളുടെ വിധവയെ അയാളുടെ
സഹോദരൻ വിവാഹം കഴിക്കണമെന്ന് മോശെ
എഴുതിയിരിക്കുന്നു. അവർ സഹോദരനു വേ
ണ്ടി സന്താനങ്ങളെ സൃഷ്ടിക്കണം.* 29ഒരിക്കൽ
ഒരിടത്ത് ഏഴു സഹോദരന്മാരുണ്ടായിരുന്നു. മൂ
ത്തയാൾ വിവാഹം കഴിച്ചെങ്കിലും കുട്ടികളില്ലാ
തെ മരിച്ചു. 30അപ്പോൾ രണ്ടാമൻ ആ സ്ത്രീയെ
വിവാഹം കഴിച്ചു. അയാളും കുട്ടികളുണ്ടാകാ
തെമരിച്ചു.31മൂന്നാമനും അവരെ വിവാഹം കഴി
ച്ചശേഷം മരിച്ചു. എല്ലാ ഏഴു സഹോദരന്മാർ
ക്കും അതുതന്നെ സംഭവിച്ചു. എല്ലാവരും കുട്ടി
കളില്ലാതെ മരിച്ചു. 32ആ സ്ത്രീ അവസാനമാ
ണ് മരിച്ചത്. 33പക്ഷേ ഏഴു സഹോദരന്മാരും
അവളെ വിവാഹം കഴിച്ചു. അതിനാൽ ഉയിർ
ത്തെഴുന്നേല്പു സംഭവിക്കുമ്പോൾ അവൾ ആരു
ടെ ഭാര്യയായിരിക്കും?”
34യേശു സദൂക്യരോടുപറഞ്ഞു, “ഈ ലോക
ത്തിൽ മനുഷ്യർ പരസ്പരം വിവാഹം കഴിക്കു
ന്നു. 35ചിലർ ഉയിർത്തെഴുന്നേൽക്കുന്നതിനും
വീണ്ടും ജീവിക്കുന്നതിനും അർഹരാണ്. ആ
ജീവിതത്തിൽ അവർ വിവാഹം കഴിക്കയില്ല.
36കാരണം അവർ ദൂതന്മാർക്കു തുല്യരാകയാൽ
മരിക്കയില്ല. മരണത്തിൽ നിന്നുയിർത്തെഴുന്നേ
റ്റതിനാൽ അവർ ദൈവത്തിന്റെ സന്തതിക
ളാണ്. 37മരിച്ചവർ ഉയിർത്തെഴുന്നേൽക്കുമെന്ന്
മോശെ സൂചിപ്പിച്ചിട്ടുണ്ട്. കത്തുന്ന മുൾച്ചെടി
കളെപ്പറ്റി എഴുതുന്നിടത്ത് മോശെ, ‘കർത്താ
വായ ദൈവം അബ്രാഹാമിന്റെയും യിസ്ഹാ
ക്കിന്റെയും യാക്കോബിന്റെയും ദൈവമാണെ
ന്ന്’* എഴുതിയിട്ടുണ്ട്. 38ഞാൻ അവരുടെ ദൈവ
മാണെന്ന് ദൈവം പറഞ്ഞിട്ടുണ്ടെങ്കിൽ അവർ
മരിച്ചിച്ചിട്ടില്ല. അവൻ മരിച്ചവരുടെ ദൈവമല്ല,
പക്ഷേ ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ്.
അവന്റെ കാഴ്ചപ്പാടിൽ അവനുള്ളവരെല്ലാം
ജീവിക്കുന്നു.”
39ശാസ്ത്രിമാരിൽ ചിലർ പറഞ്ഞു,“ഗുരോ,
അങ്ങയുടെ ഉത്തരം നന്നായിരിക്കുന്നു.” 40മറ്റൊ
രുചോദ്യം അവനോടു ചോദിക്കാൻ ആർക്കും
ധൈര്യമുണ്ടായില്ല.

ക്രിസ്തു ദാവീദിന്റെ പുത്രൻ തന്നെയോ?

(മത്താ. 22:41-46; മർക്കൊ. 12:35-37)

41അപ്പോൾ യേശു ചോദിച്ചു, “ക്രിസ്തുദാവീ
ദിന്റെ പുത്രനാണെന്ന് ആളുകൾ എങ്ങനെ
പറയാനാവും?
42സങ്കീർത്തനപ്പുസ്തകത്തിൽ ദാവീദു
തന്നെ പറയുന്നു:
‘കർത്താവ്(ദൈവം) എന്റെ കർത്താവിനോ
ട് അരുളി: എന്റെ വലതുവശത്ത് ഇരിക്കുക.
43 നിന്റെ ശത്രുക്കളെ നിന്റെ കാൽക്കീഴിൽ
ഞാൻ കൊണ്ടുവരും വരെ.’ *സങ്കീർത്തനം 110:1*

44ക്രിസ്തുവിനെ ദാവീദ് ‘കർത്താവ് എന്നു
വിളിക്കുന്നു. എന്നാൽ ക്രിസ്തു ദാവീദിന്റെ
മകനാണ്. ഇതു രണ്ടും എങ്ങനെ ശരിയാകും?”

ശാസ്ത്രിമാർക്കെതിരെ മുന്നറിയിപ്പ്

(മത്താ. 23:1-36; മർക്കൊ. 12:38-40;
ലൂക്കൊ. 11:37-54)

45എല്ലാവരും യേശുവിന്റെ വാക്കുകൾ ശ്രദ്ധി
ച്ചു. യേശു അവന്റെ ശിഷ്യന്മാരോടു പറഞ്ഞു,
46“ശാസ്ത്രിമാരെ സൂക്ഷിക്കുക. അവർ പ്രധാന
മെന്നുതോന്നിക്കുന്ന വസ്ത്രമിട്ടു നടക്കാനിഷ്ട
പ്പെടുന്നു. ചന്തയിൽ ആളുകൾ തങ്ങളെ വണ
ങ്ങുന്നത് അവർക്കിഷ്ടമാണ്. യെഹൂദപ്പള്ളിക
ളിലും വിരുന്നുകളിലും അതിപ്രധാന ഇരിപ്പി
ടങ്ങളും അവരാഗ്രഹിക്കുന്നു. 47അവർ വിധവക

വിവാഹിതനായ ... സൃഷ്ടിക്കണം ഉദ്ധരണി ആവ. 25:5,6.

കർത്താവായ ദൈവം ... ദൈവമാണെന്ന് ഉദ്ധരണി പുറ. 3:6.

ളുടെ ഭവനങ്ങൾ വിഴുങ്ങുന്നു. എന്നിട്ട് നീണ്ട
പ്രാർത്ഥനകൊണ്ട് തങ്ങളെത്തന്നെ നല്ലവരെ
ന്നു കാണിക്കാൻ ശ്രമിക്കുന്നു. ദൈവം അവരെ
വളരെ ശിക്ഷിക്കും.”

യഥാർത്ഥ ദാനം
(മർക്കൊ. 12:41-44)

21 ചില ധനികന്മാർ ദൈവാലയത്തിലെ
ഭണ്ഡാരത്തിൽ കാണിക്കയിടുന്നത് യേശു
കണ്ടു. **2**പിന്നീട് ഒരു സാധുവിധവ ഭണ്ഡാര
ത്തിലേക്കു രണ്ടു ചെറിയചെമ്പു നാണയങ്ങ
ളിടുന്നതും അവൻ കണ്ടു. **3**യേശു പറഞ്ഞു,
“ഞാൻ നിങ്ങളോടു സത്യം പറയട്ടെ. ഈ വിധ
വ രണ്ടു ചെറുനാണയങ്ങളെ നിൽകിയിട്ടുള്ളൂ.
എന്നാൽ അവൾ നൽകിയത് അവിടെയുണ്ടാ
യിരുന്ന എല്ലാ ധനികരും നൽകിയതിനേക്കാൾ
അധികമാണ്. **4**ധനികർക്ക് ധാരാളമുണ്ട്, അവർ
തങ്ങൾക്ക് ആവശ്യമില്ലാത്തതാണ് നൽകിയത്.
ഈ സ്ത്രീയാകട്ടെ ദരിദ്രയാണ്. അവൾ തനിക്കു
ള്ളതെല്ലാം നൽകി. തന്റെ ഉപജീവനത്തിനു
വേണ്ട പണമാണവൾ നൽകിയത്.”

ദൈവാലയ നശീകരണം
(മത്താ. 24:1-14; മർക്കൊ. 13:1-13)

5ശിഷ്യന്മാരിൽ ചിലർ ദൈവാലയത്തെപ്പറ്റി
ചർച്ചചെയ്യുകയായിരുന്നു. അവർ പറഞ്ഞു,
“ഇതൊരു മനോഹരമായ ദൈവാലയമാണ്.
നല്ല കല്ലുകൾ കൊണ്ടുണ്ടാക്കിയത്. വഴിപാ
ടായി ദൈവത്തിനർപ്പിച്ച സാധനങ്ങൾ നോ
ക്കുക!”

6എന്നാൽ യേശു പറഞ്ഞു,“നിങ്ങളിവിടെ
കാണുന്നതെല്ലാം നശിക്കുന്നസമയം വരും. ഈ
കെട്ടിടത്തിന്റെ ഓരോ കല്ലും നിലത്തെറിയ
പ്പെടും. ഒരു കല്ലും മറ്റൊന്നിനു മുകളിലിരി
ക്കില്ല!”

7ചില ശിഷ്യന്മാർയേശുവിനോടു ചോദിച്ചു,
“ഗുരോ, ഇതെല്ലാം എന്നു സംഭവിക്കും? ഇതെ
ല്ലാം സംഭവിക്കുമെന്നതിന്റെ സൂചനയെന്താ
ണ്?”

8യേശു പറഞ്ഞു, “സൂക്ഷിച്ചിരിക്കുക! കബളി
പ്പിക്കപ്പെടാതിരിക്കുക! എന്റെ പേരിൽ പലരും
വരും. അവർ പറഞ്ഞേക്കാം, ‘ഞാനാണു ക്രി
സ്തു’ എന്നും ‘ശരിയായ സമയമായിരിക്കുന്നു!’
എന്നും. എന്നാൽ അവരെ അനുഗമിക്കരുത്.
9യുദ്ധത്തെപ്പറ്റിയും സാമുദായിക ലഹളകളെ
പ്പറ്റിയും കേൾക്കുമ്പോൾ ഭയക്കരുത്. അതെല്ലാം
ആദ്യം സംഭവിക്കണം. പക്ഷേ അവസാനം ഉടൻ
വരികയില്ല.”

10പിന്നീട് യേശു അവരോടു പറഞ്ഞു,
“രാജ്യം രാജ്യത്തോടും ജനത ജനതയോടും
പൊരുതും. **11**വലിയ ഭൂകമ്പങ്ങളും രോഗങ്ങളും
പല ചീത്ത സംഭവങ്ങളും പലയിടങ്ങളിലുമു
ണ്ടാകും. ചിലയിടങ്ങളിൽ കടുത്ത ക്ഷാമമനുഭ
വപ്പെടും. ഭീകരമായ സംഭവങ്ങളുണ്ടാകും. ആളു
കൾക്കു മുന്നറിയിപ്പുനൽകാൻ സ്വർഗ്ഗത്തിൽ
നിന്നും അത്ഭുതങ്ങൾ സംഭവിക്കും.

12“ഇതെല്ലാം സംഭവിക്കും മുമ്പ് അവർ നിങ്ങ
ളെ ബന്ധിച്ച് ഉപദ്രവിക്കും. അവർനിങ്ങളെ
യെഹൂദപ്പള്ളിയിൽ വിധിച്ച് തടവറകളിലാക്കി
പീഢനങ്ങളേല്പിക്കും. രാജാക്കന്മാർക്കും ഭരണാ
ധിപന്മാർക്കും മുമ്പിൽ നിങ്ങൾക്കു നിൽക്കേണ്ടി
വരും. നിങ്ങളെന്റെ ശിഷ്യന്മാരായതിനാലാണ്
അവർ നിങ്ങളോടിതു ചെയ്യുന്നത്. **13**എന്നാൽ
എന്നെപ്പറ്റി പ്രസംഗിക്കാൻ നിങ്ങൾക്കുള്ള അവ
സരമായിരിക്കും അത്. **14**നിങ്ങൾ പറയേണ്ടതി
നെ ചൊല്ലി വേവലാതിപ്പെടേണ്ട. **15**നിങ്ങളുടെ
ഒരു ശത്രുവിനും തടയാനും, മറുപടി പറയാനും
കഴിയാത്തവിധം കാര്യങ്ങൾ പറയാൻ ഞാൻ
നിങ്ങൾക്കു ജ്ഞാനം തരും. **16**നിങ്ങളുടെ മാതാ
പിതാക്കളും സഹോദരന്മാരും ബന്ധുക്കളും സു
ഹൃത്തുക്കളും നിങ്ങൾക്കെതിരെ തിരിയും. അവർ
നിങ്ങളിൽ ചിലരെ കൊല്ലും. **17**എന്റെ ശിഷ്യ
ന്മാരായതിനാൽ എല്ലാവരും നിങ്ങളെവെറുക്കും.
18എന്നാൽ ഇക്കാരണങ്ങളൊന്നും നിങ്ങൾക്കു
ക്ഷതമേല്പിക്കില്ല. **19**ഇതിനെല്ലാമിടയിൽ നി
ങ്ങൾ ശക്തമായ വിശ്വാസംകൊണ്ട് സ്വരക്ഷ
നേടും.

യെരൂശലേമിന്റെ നശീകരണം
(മത്താ. 24:15-21; മർക്കൊ. 13:14-19)

20“യെരൂശലേമിനു ചുറ്റും സൈന്യം നിരക്കു
ന്നതു നിങ്ങൾ കാണും. അപ്പോൾ യെരൂശലേം
നശിപ്പിക്കപ്പെടാൻ സമയമായെന്നു നിങ്ങൾ
അറിയും. **21**ആ സമയം, യെഹൂദ്യയിലെ ജന
ങ്ങൾ മലകളിൽനിന്ന് ഇറങ്ങിഓടണം. യെരൂശ
ലേമിലുള്ളവർ വേഗം അവിടം വിട്ടുപോകണം.
നിങ്ങൾ നഗരത്തിനടുത്താണെങ്കിൽ അകത്തേ
ക്ക് ഓടരുത്! **22**ദൈവം അവന്റെ ജനതയെ
ശിക്ഷിക്കുന്നസമയത്തെപ്പറ്റി പ്രവാചകർ പല
തും എഴുതിയിട്ടുണ്ട്. ഇതെല്ലാം സംഭവിക്കാൻ
പോകുന്ന സമയത്തെപ്പറ്റിയാണ് ഞാൻ നിങ്ങ
ളോടു പറയുന്നത്. **23**അപ്പോൾ ഗർഭിണികൾ
ക്കും കൊച്ചു കുട്ടികളുള്ളവരുമായ സ്ത്രീകൾക്കു
ദുരിതം. എന്തെന്നോ? ഈ ഭൂമിയിലേക്കു ദുരി
തങ്ങളുടെ കാലമാണുവരുന്നത്. ദൈവം ഈ
ജനതയോടു കോപിക്കും. **24**ഈ ആളുകളിൽ
നിന്നു ചിലരെ പട്ടാളക്കാർകൊല്ലും. മറ്റുള്ളവർ
തടവുകാരാക്കപ്പെട്ട് എല്ലാ നാടുകളിലേക്കും
അയയ്ക്കപ്പെടും. തങ്ങളുടെ കാലം കഴിയും
വരെ ജാതികളിൽ പരിശുദ്ധ യെരൂശലേം നഗരി
യെ കാൽക്കീഴിലാക്കി ചവുട്ടി മെതിയ്ക്കും.

ഭയക്കരുത്
(മത്താ. 24:29-31; മർക്കൊ. 13:24-27)

25“സൂര്യചന്ദ്രനക്ഷത്രങ്ങൾക്കിടയിൽ അത്ഭു
തങ്ങൾ സംഭവിക്കും. ഭൂമിയിലെ മനുഷ്യർക്ക്
കുരുങ്ങിയ അനുഭവമുണ്ടാകും. സമുദ്രങ്ങൾ ഇള
കിമറിയും. എന്തുകൊണ്ടാണെന്ന് ജനങ്ങൾ
അമ്പരക്കും. **26**അവർ ഭയക്കും. ലോകത്തിനെന്തു
സംഭവിക്കുമെന്ന് അവർ വ്യാകുലപ്പെടും. ആകാ
ശത്ത് എല്ലാറ്റിനും മാറ്റം വരും. **27**അപ്പോൾ മനു
ഷ്യപുത്രൻ എല്ലാ കരുത്തോടെയും വലിയ മഹ
ത്വത്തോടെയും മേഘത്തിൽ കയറിവരുന്നത
വർ കാണും. **28**ഇതൊക്കെ സംഭവിക്കാൻ തുടങ്ങു
മ്പോൾ ഭയക്കരുത്. മുകളിലേക്കു നോക്കി ആഹ്ലാ
ദിക്കുക. വ്യാകുലപ്പെടരുത്. സന്തോഷിക്കുക,
എന്തെന്നാൽ ദൈവം നിങ്ങളെ സ്വതന്ത്രരാ
ക്കുന്ന സമയം അടുത്തിരിക്കുന്നു!”

എന്റെ വാക്കുകൾ നിത്യമാണ്
(മത്താ. 24:32-35; മർക്കൊ. 13:28-31)

29അനന്തരം യേശു ഈ കഥ പറഞ്ഞു, “മരങ്ങ
ളെ നോക്കുക. അത്തിമരം തന്നെ ഉദാഹരണം.
30അതു തളിർക്കുമ്പോൾ വേനൽക്കാലം വരവാ
യി എന്നു നിങ്ങളറിയും. **31**അതുപോലെ ഞാൻ
നിങ്ങളോടു പറഞ്ഞ കാര്യങ്ങൾ സംഭവിക്കുന്ന
തുകാണുമ്പോൾ ദൈവരാജ്യം വരവായി എ
ന്നും നിങ്ങൾ മനസ്സിലാക്കുന്നു.

32"ഞാൻ നിങ്ങളോടുസത്യം പറയട്ടെ. ഈ
തലമുറയുടെ കാലയളവിൽ തന്നെ ഇതെല്ലാം
സംഭവിക്കും. 33ലോകം മുഴുവൻ, ഭൂമിയും ആകാ
ശവും നശിപ്പിക്കപ്പെടും, പക്ഷേ എൻെറ വാക്കു
കൾ ഒരിക്കലും നശിക്കില്ല.

എപ്പോഴും തയ്യാറായിരിക്കുക

34"സൂക്ഷിച്ചിരിക്കുക, നിങ്ങളുടെ കാലം സാ
ഹസികമായ ജീവിതത്തിനും മദ്യാസക്തിക്കും
പുറമെ ലൗകികമായ സുഖങ്ങൾക്കായി തുല
ച്ചുകളയരുത്. അങ്ങനെയായാൽ ശരിയായതു
ചിന്തിക്കുവാൻ നിങ്ങൾക്കാവില്ല.അപ്പോൾ അ
ന്ത്യംവരുമ്പോൾ നിങ്ങൾ സന്നദ്ധരാകാതെ പി
ടിക്കപ്പെടും. 35ഭൂമിയിലെ എല്ലാ മനുഷ്യർക്കും
പെട്ടെന്നുള്ള കണിപോലെ അതു വരും. 36വരാ
നിരിക്കുന്ന എല്ലാ അനിഷ്ടസംഭവങ്ങളും സുര
ക്ഷിതമായി തരണം ചെയ്യാൻ വേണ്ടുന്ന കരു
ത്തിനായി എപ്പോഴും പ്രാർത്ഥിക്കുകയും, ജാഗ്ര
ത പുലർത്തുകയും ചെയ്യുക. മനുഷ്യപുത്രനു
മുമ്പിൽ നിൽക്കാൻ വേണ്ട ശക്തിക്കായി പ്രാർ
ത്ഥിക്കുക."
37പകൽ മുഴുവൻ യേശു ദൈവാലയത്തിലു
ള്ളവരെ പഠിപ്പിക്കുകയായിരുന്നു. രാത്രിയിൽ
അവൻ നഗരത്തിനു പുറത്തേക്കുപോയി ഒലീ
വുമലയിൽ തങ്ങി. 38ഓരോ പ്രഭാതത്തിലും
യേശുവിനെ ശ്രവിക്കാൻ എല്ലാവരും നേരത്തെ
എഴുന്നേറ്റ് ദൈവാലയത്തിലെത്തി.

യെഹൂദനേതാക്കൾക്ക് യേശുവിനെ കൊല്ലണം

(മത്താ. 26:1-5, 14-16; മർക്കൊ. 14:1-2, 10-11;
യോഹ. 11:45-53)

22 യെഹൂദരുടെ പെസഹ എന്നു പേരുള്ള
പുളിപ്പില്ലാത്ത അപ്പത്തിൻെറ പെരു
ന്നാൾ ഏതാണ്ടടുത്തു. 2മഹാപുരോഹിതന്മാരും
ശാസ്ത്രിമാരും യേശുവിനെ കൊല്ലാനുള്ള വഴി
കൾ ആലോചിക്കുകയായിരുന്നു. പക്ഷേ അവർ
ജനങ്ങളെ ഭയന്നു.

യൂദാ യേശുവിനെതിരെ ഗൂഢാലോചന നടത്തുന്നു

3യേശുവിൻെറ പന്ത്രണ്ടു ശിഷ്യന്മാരിൽ യൂ
ദാഈസ്ക്കാര്യോത്ത് എന്നൊരുവനുണ്ടായിരു
ന്നു. സാത്താൻ അവനിൽ പ്രവേശിച്ച് അവനെ
ക്കൊണ്ട് തെറ്റുചെയ്യിച്ചു. 4യൂദാ മഹാപുരോ
ഹിതന്മാരെയും ദൈവാലയത്തിനു കാവൽ
നിന്ന പടയാളികളെയും കണ്ട് യേശുവിനെ
അവർക്ക് ഒറ്റിക്കൊടുക്കുന്നതിനെപ്പറ്റി സംസാ
രിച്ചു. 5പുരോഹിതർ ഇതിൽ സന്തുഷ്ടരായി.
യേശുവിനെ ഒറ്റിക്കൊടുക്കുന്നതിന് അവർ യൂദ
യ്ക്ക് പണം വാഗ്ദാനം ചെയ്തു. 6യൂദാ സമ്മ
തിച്ചു. അവൻ അതിനുള്ളതരം പാർത്തിരുന്നു.
യേശുവിനുചുറ്റും ജനക്കൂട്ടം ഇല്ലാത്തസമയം
യൂദാ നോക്കിയിരുന്നു.

പെസഹാ ഭക്ഷണത്തിനുള്ള തയ്യാറെടുപ്പ്

(മത്താ. 26:17-25; മർക്കൊ. 14:12-21; യോഹ. 13:21-30)

7പുളിപ്പില്ലാത്ത അപ്പത്തിൻെറ ദിവസം എ
ത്തി. അന്നാണ് യെഹൂദർ പെസഹകുഞ്ഞാടി
നെ യാഗമർപ്പിച്ചിരുന്നത്. 8യേശു പത്രൊസി
നോടും യോഹന്നാനോടും പറഞ്ഞു, "പോയി
നമുക്കു കഴിക്കാൻ പെസഹാഭക്ഷണമൊരുക്കു
ക."
9അവർ യേശുവിനോടു ചോദിച്ചു, "എവിടെ
യാണ് ഞങ്ങൾ ഒരുക്കേണ്ടത്?"
യേശു അവരോടു പറഞ്ഞു, 10"ശ്രദ്ധിക്കുക,
യെരൂശലേം നഗരത്തിലേക്കു ചെല്ലുമ്പോൾ ഒരു
കുടംവെള്ളവുമായി നിൽക്കുന്ന ഒരാളെ നിങ്ങൾ
കാണും. അവനെ പിന്തുടരുക. അവൻ ഒരു
വീട്ടിലേക്കുകയറും. അവനോടൊപ്പം പോവുക.
11വീട്ടുടമയോട്, 'തനിക്കും തൻെറ ശിഷ്യന്മാർ
ക്കും പെസഹാഭക്ഷണം ഭക്ഷിക്കാനുള്ള സ്ഥലം
എവിടെ എന്നു കാണിച്ചുതരുവാൻ ഗുരു ആവ
ശ്യപ്പെടുന്നു' എന്നു പറയുക. 12അയാൾ മുക
ളിലത്തെനിലയിൽ ഒരുക്കിയിട്ടുള്ള ഒരു വലിയ
മുറി കാണിച്ചു തരും. അവിടെ ഭക്ഷണമൊ
രുക്കുക."
13പത്രൊസും യോഹന്നാനും പുറപ്പെട്ടു. യേ
ശു പറഞ്ഞതു പോലെയെല്ലാം നടന്നു. അവർ
പെസഹാ ഭക്ഷണം ഒരുക്കി.

കർത്താവിൻെറ അത്താഴം

(മത്താ. 26:26-30; മർക്കൊ. 14:22-26; 1കൊരി.11:23-25)

14പെസഹാഭക്ഷണം കഴിക്കാനുള്ള സമയമാ
യി. യേശുവും അപ്പൊസ്തലന്മാരും മേശയ്ക്കു
ചുറ്റും ഇരിക്കുകയായിരുന്നു. 15യേശു അവരോ
ടു പറഞ്ഞു, "മരിക്കും മുമ്പ് നിങ്ങളോടൊത്ത്
ഈ പെസഹാഭക്ഷണം കഴിക്കണമെന്ന് ഞാൻ
വളരെ ആഗ്രഹിച്ചിരുന്നു. 16ദൈവരാജ്യത്തിൽ
ഇതു പൂർത്തിയാകും വരെ മറ്റൊരു പെസഹാ
ഭക്ഷണം ഞാൻ കഴിക്കില്ല."
17അനന്തരം യേശു ഒരു കോപ്പ വീഞ്ഞെടു
ത്തു. അവൻ അതിനു ദൈവത്തോടു നന്ദി
പറഞ്ഞു. അപ്പോൾ അവൻ പറഞ്ഞു, "ഈ
കോപ്പയെടുത്ത് ഇവിടെയുള്ള എല്ലാവരും
ഇതിൽനിന്നും പങ്കുപറ്റുക. 18ദൈവരാജ്യം വരും
വരെ ഞാനിനി വീഞ്ഞു കുടിക്കില്ല."
19പിന്നീട് യേശു അപ്പം എടുത്തു. അവൻ
അപ്പത്തിന് ദൈവത്തോട് നന്ദിപറഞ്ഞ് അത്
വീതിച്ചു. അവൻ അത് എല്ലാ അപ്പൊസ്തല
ന്മാർക്കും നൽകി. യേശു പറഞ്ഞു, "എൻെറ
ശരീരമായ ഈ അപ്പം ഞാൻ നിങ്ങൾക്കു തരു
ന്നു. എൻെറ ഓർമ്മയ്ക്കായി നിങ്ങളിതു ചെയ്യു
ക." 20*അതുപോലെ തന്നെ, അത്താഴത്തിനു
ശേഷം യേശു വീഞ്ഞുകോപ്പ കയ്യിലെടുത്തു
പറഞ്ഞു, "ഈ വീഞ്ഞ് ദൈവം അവൻെറ
ആളുകളുമായി നടത്തിയ പുതിയനിയമത്തെ
കാണിക്കുന്നു. അതെൻെറ രക്തത്തിൽ (മരണം)
തുടങ്ങുന്നു. ഞാനാരക്തം നിങ്ങൾക്കു വേണ്ടി
ചീന്തുന്നു."

യേശുവിനെതിരെ ആര്?

21യേശു പറഞ്ഞു, "നിങ്ങളിലൊരുവൻ വൈ
കാതെ എനിക്കെതിരെതിരിയും.അവൻെറ കൈ
എൻെറ കൈയോടൊപ്പം ഈ മേശമേലുണ്ട്.
22മനുഷ്യപുത്രൻ ദൈവത്തിൻെറ പദ്ധതിയനു
സരിച്ച് വർത്തിക്കുന്നു. മനുഷ്യപുത്രനെ കൊ
ല്ലാൻ കൊടുക്കുന്നവനു ദുരിതം."
23അപ്പോൾ അപ്പൊസ്തലന്മാർ പരസ്പരം
ചോദിച്ചു,"നമ്മളിലാരാണ് യേശുവിനോടതു
ചെയ്യുക?"

ദാസനെപ്പോലെയാവുക

24പിന്നീട്, തങ്ങളിലാരാണു വലിയവനെന്ന
തിനെച്ചൊല്ലി അപ്പൊസ്തലന്മാർ തർക്കമായി.
25എന്നാൽ യേശു അവരോടു പറഞ്ഞു, "ലോക
ത്തിലെ രാജാക്കന്മാർ അവരുടെ പ്രജകളെ ഭരി

---

20 ചില ഗ്രീക്കു പതിപ്പുകളിൽ 19-ാം വാക്യം അവസാനഭാഗവും 20-ാം വാക്യവും കാണുന്നില്ല.

ക്കുന്നു. മനുഷ്യനുമേൽ അധികാരമുള്ളവർ ‘ജന
ങ്ങളെക്കൊണ്ട്’ തങ്ങളെ വലിയ ജനസേവകർ
എന്നു വിളിപ്പിക്കുന്നു, 26പക്ഷേ നിങ്ങൾ അങ്ങ
നെയാവരുത്. ഏറ്റവും വലിയവൻ ഏറ്റവും
ചെറിയവനെപ്പോലെയാകണം. നായകൻ ദാ
സനെപ്പോലെയാകണം. 27ആരാണു കൂടുതൽ
പ്രധാനി. മേശയ്ക്കു മുമ്പിലിരിക്കുന്നവനോ,
വിളമ്പുന്നവനോ? നിങ്ങൾ കരുതും മേശയ്ക്കു
മുമ്പിലിരിക്കുന്നവനാണു പ്രമുഖനെന്ന്. എ
ന്നാൽ, ഞാൻ നിങ്ങളുടെ ഇടയിൽ ദാസനെ
പ്പോലെയാണ്.
28“നിങ്ങൾ എന്നോടൊത്തു പല കഷ്ടപ്പാടു
കളിലും ഉണ്ടായിരുന്നു. 29എന്റെ പിതാവ്
എനിക്കൊരുരാജ്യം തന്നിട്ടുണ്ട്. എന്നോടൊത്ത്
ഭരിക്കാനുള്ള അധികാരം ഞാൻ നിങ്ങൾക്കും
നൽകും. 30എന്റെ രാജ്യത്ത് നിങ്ങൾ എന്നോ
ടൊത്ത് തിന്നുകയും കുടിക്കുകയും ചെയ്യും.
സിംഹാസനത്തിലിരുന്ന് നിങ്ങൾ യിസ്രായേ
ലിലെ പന്ത്രണ്ടു ഗോത്രക്കാരെയും വിധിക്കും.

വിശ്വാസം നഷ്ടപ്പെടരുത്!

(മത്താ. 26:31-35; മർക്കൊ. 14:27-31; യോഹ. 13:36-38)

31“ഒരു കർഷകൻ ഗോതമ്പ് പാറ്റിക്കൊടുക്കു
മ്പോലെ നിങ്ങളെ പരീക്ഷിക്കാൻ സാത്താൻ
അനുവാദം വാങ്ങിക്കഴിഞ്ഞു. ശിമോൻ, ശി
മോൻ (പത്രൊസ്), 32നിന്റെ വിശ്വാസം ക്ഷയി
ക്കാതിരിക്കാൻ ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. നീ
എന്നിലേക്കു മടങ്ങിവരുമ്പോൾ നിന്റെ സ
ഹോദരന്മാർ ധീരന്മാരായിരിപ്പാൻ അവരെ
സഹായിക്കുക.”
33പക്ഷേ പത്രൊസ് യേശുവിനോടു പറ
ഞ്ഞു, “കർത്താവേ, അങ്ങയോടൊപ്പം തടവറ
യിൽ വസിക്കാൻ ഞാൻ തയ്യാറാണ്. അങ്ങയോ
ടൊപ്പം മരിക്കാൻപോലും ഞാനൊരുക്കമാണ്.”
34എന്നാൽ യേശു പറഞ്ഞു, “പത്രൊസേ,
നാളെരാവിലെ കോഴികൂകും മുമ്പ് നീ മൂന്നു
തവണ എന്നെ തള്ളിപ്പറയും.”

കുഴപ്പങ്ങൾക്കായി തയ്യാറാവുക

35പിന്നീട് യേശു അപ്പൊസ്തലന്മാരോടു പ
റഞ്ഞു,“ഞാൻ നിങ്ങളെ ജനങ്ങളോടു പ്രസംഗി
ക്കാനയച്ചു. പണമോ സഞ്ചിയോ ചെരുപ്പോ
കൂടാതെയാണയച്ചത്. എങ്കിലും നിങ്ങൾക്കെ
ന്തിന്റെയെങ്കിലും കുറവുണ്ടായോ?” അപ്പൊ
സ്തലന്മാർ പറഞ്ഞു, “ഇല്ല.”
36യേശു അവരോടു പറഞ്ഞു, “എന്നാൽ ഇ
പ്പോൾ പണമോ സഞ്ചിയോ ഉള്ളവൻ അതെടു
ക്കട്ടെ. നിങ്ങൾക്കൊരു വാളില്ലെങ്കിൽ വസ്ത്രം
വിറ്റ് അതൊന്നു വാങ്ങട്ടെ. 37തിരുവെഴുത്ത് പറ
യുന്നു:

‘അവനൊരു കുറ്റവാളിയാണെന്ന് അവർ പറ
ഞ്ഞു.’ *യെശയ്യാവ് 53:12*

തിരുവെഴുത്ത് നടപ്പാക്കണം. എന്നെപ്പറ്റിയാ
ണെഴുതിയിരിക്കുന്നത്, ഇപ്പോഴതു സംഭവിക്കു
ന്നു.” 38ശിഷ്യന്മാർ പറഞ്ഞു, “നോക്കൂ, കർത്താ
വേ ഇതാ രണ്ടു വാളുകൾ.” യേശു അവരോടു
പറഞ്ഞു, “രണ്ടെണ്ണം മതിയാകും.”

യേശു അപ്പൊസ്തലന്മാരോട് പ്രാർത്ഥിക്കാൻ പറയുന്നു

(മത്താ. 26:36-46; മർക്കൊ. 14:32-42)

39-40യേശു യെരൂശലേം നഗരംവിട്ട് ഒലീവു
മലയിലേക്കു പോയി. ശിഷ്യന്മാർ അവനെ
അനുഗമിച്ചു. അവൻ കൂടെക്കൂടെ അവിടെ പോ
കാറുണ്ടായിരുന്നു. യേശു അവിടെയെത്തിയ
പ്പോൾ ശിഷ്യന്മാരോടു പറഞ്ഞു, “പ്രലോഭന
ത്തിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിക്കൂ.”
41അനന്തരം യേശു അവരിൽ നിന്ന് അമ്പതു
വാരയോളം അകന്നു. അവൻ മുട്ടുകുത്തി പ്രാർ
ത്ഥിച്ചു, 42“പിതാവേ നിനക്കു ഹിതമെങ്കിൽ
കഷ്ടതയുടെ ഈ പാനപാത്രം എന്നിൽ നിന്നെ
ടുക്കേണമേ. പക്ഷേ എന്റെ ഇഷ്ടമല്ല, നിന്റെ
ഇഷ്ടം നടപ്പാക്കുക.” 43അപ്പോൾ സ്വർഗ്ഗത്തിൽ
നിന്നൊരു ദൂതൻ പ്രത്യക്ഷപ്പെട്ടു. യേശുവിനു
ശക്തി നൽകുവാൻ അയയ്ക്കപ്പെട്ടതാണ് ആ
ദൂതൻ.44*പ്രാർത്ഥനാവേളയിൽ അവൻ വേദന
കൊണ്ടുപുളഞ്ഞു. അവന്റെ മുഖത്തുനിന്നും
രക്തത്തുള്ളികൾ പോലെ വിയർപ്പുകണങ്ങൾ
വീണു. 45പ്രാർത്ഥിച്ചുകഴിഞ്ഞ് അവൻ ശിഷ്യ
ന്മാരുടെ അടുത്തേക്കു ചെന്നു. അവർ ഉറങ്ങു
കയായിരുന്നു. (അവരുടെ ദു:ഖം അവരെ ക്ഷീ
ണിതരാക്കി.) 46യേശു അവരോടു പറഞ്ഞു,
“എന്താണുനിങ്ങൾ ഉറങ്ങുന്നത്? എഴുന്നേറ്റ് പ്ര
ലോഭനത്തിനെതിരെയുള്ള ശക്തിയ്ക്കായി പ്രാ
ർത്ഥിക്കുക.”

യേശു ബന്ധനസ്ഥനാകുന്നു

(മത്താ. 26:47-56; മർക്കൊ. 14:43-50; യോഹ. 18:3-11)

47യേശു സംസാരിച്ചുകൊണ്ടിരിക്കവേ ഒരു
സംഘം ആളുകളെത്തി. അപ്പൊസ്തലന്മാരി
ലൊരുവനായിരുന്നു അവരെ നയിച്ചിരുന്നത്.
അവൻ യൂദയായിരുന്നു. അവൻ യേശുവിനെ
ചുംബിക്കാൻ അടുത്തു.
48പക്ഷേ യേശു അവനോടു പറഞ്ഞു, “യൂദ
യേ, നീ സൗഹൃദത്തിന്റെ ചുംബനംകൊണ്ട് മ
നുഷ്യപുത്രനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കുക
യാണോ?” 49യേശുവിന്റെ ശിഷ്യന്മാർ സംഭവി
ക്കാൻ പോകുന്നതു കണ്ടുകൊണ്ട് ചുറ്റും നിൽ
ക്കുന്നുണ്ടായിരുന്നു. ശിഷ്യന്മാർ യേശുവിനോടു
ചോദിച്ചു, “കർത്താവേ, ഞങ്ങളുടെ വാളുകൾ
ഉപയോഗിക്കട്ടെ?” 50ഒരു ശിഷ്യൻ വാളുപയോ
ഗിക്കുകയും ചെയ്തു. മഹാപുരോഹിതന്റെ
ദാസന്റെ വലതു ചെവി അയാൾ അറുത്തുക
ളഞ്ഞു.
51യേശു പറഞ്ഞു, “നിർത്ത്!” ഇതിനപ്പുറം
വേണ്ട. യേശു ദാസന്റെ ചെവിയിൽ സ്പർ
ശിച്ച് അവനെ സുഖപ്പെടുത്തി.
52യേശുവിനെ ബന്ധിക്കാൻ വന്ന സംഘ
ത്തിൽ മഹാപുരോഹിതരും ദേവാലയകാവൽ
ക്കാരും ജനത്തിന്റെ മൂപ്പന്മാരും ഉണ്ടായിരുന്നു.
യേശു അവരോടു പറഞ്ഞു, “നിങ്ങളെന്തിനാ
ണ് വാളുംവടിയുമായി വന്നിരിക്കുന്നത്? ഞാ
നൊരു കുറ്റവാളിയെന്നു നിങ്ങൾ കരുതുന്നു
ണ്ടോ? 53ഞാനെന്നും ദൈവാലയത്തിൽ നി
ങ്ങൾക്കിടയിലുണ്ടായിരുന്നല്ലോ. പിന്നെന്താ
ണവിടെവെച്ച് എന്നെ ബന്ധിക്കാൻ നിങ്ങൾ
ശ്രമിക്കാഞ്ഞത്? പക്ഷേ ഇപ്പോൾ നിങ്ങളുടെ
സമയമായി. അന്ധകാരത്തിന്റെ ആധിപത്യം.”

പത്രൊസ് യേശുവിനെ തള്ളിപ്പറയുന്നു

(മത്താ. 26:57-58, 69-75; മർക്കൊ. 14:53-54, 66-72;
യോഹ. 18:12-18, 25-27)

54അവർ യേശുവിനെ ബന്ധിച്ച് ദൂരേക്കു കൊ
ണ്ടുപോയി. അവനെ അവർ മഹാപുരോഹിത
ന്റെ വീട്ടിലെത്തിച്ചു. പത്രൊസ് അവരെ പി

വാക്യം 43-44 ചില ഗ്രീക്കു കൈയെഴുത്തു പതിപ്പു
കളിൽ 43, 44 വാക്യങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ന്തുടർന്നിരുന്നു. പക്ഷേ അവൻ യേശുവിന്റെ
അടുത്തേക്കു ചെന്നില്ല. **55**പട്ടാളക്കാർ മുറ്റത്ത്
നടുക്കായി തീ കൂട്ടി കൂട്ടമായി അതു കാഞ്ഞു
കൊണ്ടിരുന്നു. പത്രൊസും അവരോടൊപ്പമി
രുന്നു. **56**പത്രൊസ് അവിടെയിരിക്കുന്നത് തീ
യുടെ വെളിച്ചത്തിൽ ഒരുദാസി കണ്ടു. അവൾ
പത്രൊസിന്റെ മുഖത്തേക്ക് സൂക്ഷിച്ചു
നോക്കി. എന്നിട്ടവൾ പറഞ്ഞു, "ഇയാൾ അവ
നോടൊപ്പമുള്ളവനാണ്."

57എന്നാൽ പത്രൊസ് അതുനിഷേധിച്ചു,
"സ്ത്രീയേ, എനിക്കവനെ അറിഞ്ഞുകൂടാ."
58അല്പനേരം കൂടികഴിഞ്ഞ് മറ്റൊരാൾ കൂടി
പത്രൊസിനെ കണ്ടു. അയാൾ പറഞ്ഞു, "നീ
അവരിൽ ഒരുവനാണ്."

എന്നാൽ പത്രൊസ് പറഞ്ഞു, "മനുഷ്യാ, ഞാ
നവരിൽ ഒരാളല്ല."

59ഒരു മണിക്കൂറിനു ശേഷം വേറെയൊരാൾ
പറഞ്ഞു, "സത്യത്തിൽ! ഇയാളും അവരിൽ ഉ
ണ്ടായിരുന്നു. അവൻ ഗലീലാക്കാരനാണ്" അ
യാൾ തറപ്പിച്ചു പറഞ്ഞു.

60എന്നാൽ പത്രൊസ്പറഞ്ഞു,"മനുഷ്യാ, എ
ന്താണു നിങ്ങൾ പറയുന്നതെന്നെനിക്കു മനസ്സി
ലാവുന്നില്ല."

പെട്ടെന്ന്, പത്രൊസ് ഇതു പറഞ്ഞു കൊണ്ടി
രിക്കവേ, കോഴികൂകി. **61**കർത്താവ് തിരിഞ്ഞ്
പത്രൊസിന്റെ കണ്ണുകളിലേക്ക് നോക്കി. അ
വൻ മുമ്പുപറഞ്ഞത് പത്രൊസ് ഓർമ്മിച്ചു:
"രാവിലെ കോഴികൂകുന്നതിനു മുമ്പ് നീയെ
ന്നെ മൂന്നുവട്ടം തള്ളിപ്പറയും."

62പത്രൊസ് പുറത്തേക്കു പോയി മനം
നൊന്തുകരഞ്ഞു.

യേശുവിനെ പരിഹസിക്കുന്നു

(മത്താ. 26:67-68; മർക്കൊ. 14:65)

63-64ചിലർ യേശുവിന് കാവലിരുന്നു. അവർ
യേശുവിനെ ഇങ്ങനെ പരിഹസിച്ചു. അവർ
അവന്റെ കണ്ണുകൾകെട്ടി. എന്നിട്ട് അവനെ
അടിച്ചു. അവർ പറഞ്ഞു, "നിന്നെ തല്ലിയതാരാ
ണെന്നു പ്രവചിക്കൂ!" **65**അവർ യേശുവിനെ
ഒരുപാട് ദുഷിച്ചു പറഞ്ഞു.

യെഹൂദപ്രമാണിമാരുടെ മുമ്പിൽ

(മത്താ. 26:59-66; മർക്കൊ. 14:55-64;
യോഹ. 18:19-24)

66അടുത്ത പ്രഭാതത്തിൽ ജനത്തിന്റെ മൂപ്പ
ന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും
ഒരുമിച്ചു വന്നു. അവർ യേശുവിനെ ഉന്നതന്യാ
യാധിപസംഘത്തിലേക്കു കൊണ്ടുപോയി.
67അവർ പറഞ്ഞു, "നീ ക്രിസ്തുവാണെങ്കിൽ
ഞങ്ങളോടു പറയുക." യേശു അവരോടു പറ
ഞ്ഞു, "ഞാൻ ക്രിസ്തുവാണെന്ന് ഞാൻ നിങ്ങ
ളോടു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കില്ല.
68ഞാൻ ചോദിച്ചാൽ നിങ്ങൾ മറുപടി പറയു
കയുമില്ല. **69**എന്നാൽ ഇപ്പോൾ മുതൽ മനുഷ്യ
പുത്രൻ ദൈവത്തിന്റെ സിംഹാസനത്തിന്റെ
വലതുവശത്ത് ഇരിക്കും."

70അവരെല്ലാവരും പറഞ്ഞു, "അപ്പോൾ നീ
ദൈവപുത്രനാണോ?" യേശു അവരോടു പറ
ഞ്ഞു, "അതെ, ഞാനാകുന്നു എന്ന് നിങ്ങൾ
പറയുന്നത് ശരിയാണ്."

71അവർ പറഞ്ഞു, "ഇനി നമുക്കെന്തിനു മറ്റു
സാക്ഷ്യം? അവൻ തന്നെ അതു പറയുന്നതു
നമ്മൾ കേട്ടു."

പീലാത്തൊസ് യേശുവിനെ ചോദ്യം ചെയ്യുന്നു

(മത്താ. 27:1-2, 11-14; മർക്കൊ. 15:1-5;
യോഹ. 18:28-38)

23 അനന്തരം ആ സംഘം മുഴുവനും എഴു
ന്നേറ്റ് യേശുവിനെ പീലാത്തൊസിന്റെ
അടുത്തേക്കു കൊണ്ടുപോയി. **2**അവർ യേശു
വിനെതിരെ കുറ്റാരോപണം നടത്താൻ തുടങ്ങി.
അവർ പീലാത്തൊസിനോടു പറഞ്ഞു, "നമ്മു
ടെ ജനങ്ങളെ വഴി തെറ്റിക്കുന്ന പ്രസംഗങ്ങൾ
നടത്തുന്ന ഇവനെ ഞങ്ങൾ പിടിച്ചു കൊണ്ടു
വന്നിരിക്കുന്നു. കൈസർക്കു കരം കൊടുക്കരു
തെന്ന് ഇവൻ ആഹ്വാനംചെയ്യുന്നു. താൻ ക്രി
സ്തുവെന്ന രാജാവാണെന്നവൻ അവകാശ
പ്പെടുന്നു."

3പീലാത്തൊസ് യേശുവിനോടു ചോദിച്ചു,
"നീ യെഹൂദന്മാരുടെ രാജാവാണോ?"

യേശു പറഞ്ഞു, "അതെ, അതു ശരിയാണ്."

4പീലാത്തൊസ് മഹാപുരോഹിതരോടും ജന
ങ്ങളോടുമായി പറഞ്ഞു, "ഇവനിൽ ഞാനൊരു
കുറ്റവും കാണുന്നില്ല."

5അവർ വീണ്ടും വീണ്ടും പറഞ്ഞു, "പക്ഷേ
യേശു ജനങ്ങളുടെ ഇടയിൽ കുഴപ്പം കുത്തി
പ്പൊക്കുന്നു. യെഹൂദ്യയിലെങ്ങും അവൻ പഠി
പ്പിക്കുന്നു. ഗലീലയിലാരംഭിച്ച അവൻ
ഇപ്പോൾ ഇവിടെയുമെത്തിയിരിക്കുന്നു!"

പീലാത്തൊസ് യേശുവിനെ ഹെരോദാവിന്റെ അടുത്തേക്ക് അയയ്ക്കുന്നു

6ഇതു കേട്ടപ്പോൾ പീലാത്തൊസ്, യേശു
ഗലീലക്കാരനാണോ എന്നന്വേഷിച്ചു. **7**യേശു
ഹെരോദാവിന്റെ അധികാരപരിധിയിൽ പെ
ട്ടവനാണെന്ന് പീലാത്തൊസ് അറിഞ്ഞു. ആ
സമയം ഹെരോദാവ് യെരൂശലേമിൽ ഉണ്ടായി
രുന്നതിനാൽ പീലാത്തൊസ് യേശുവിനെ അ
വന്റെ അടുത്തയച്ചു. **8**യേശുവിനെ കണ്ട
പ്പോൾ ഹെരോദാവ് സന്തോഷിച്ചു. ഹെരോ
ദാവ് യേശുവിനെപ്പറ്റി കേട്ടിരുന്നു. അതിനാൽ
വളരെക്കാലമായി അവനെ കാണാൻ അദ്ദേഹം
ആഗ്രഹിച്ചിരുന്നു. ഒരത്ഭുതം കാണാനദ്ദേഹത്തി
നാഗ്രഹമുണ്ടായിരുന്നു. യേശു അതു ചെയ്യുമെ
ന്നയാൾ പ്രതീക്ഷിച്ചു. **9**ഹെരോദാവ് യേശുവി
നോടു ഒരുപാട് ചോദ്യങ്ങൾ ചോദിച്ചു,
എന്നാൽ യേശു ഒരു മറുപടിയും പറഞ്ഞില്ല.
10മഹാപുരോഹിതരും ശാസ്ത്രിമാരും അവിടെ
യുണ്ടായിരുന്നു. അവർ യേശുവിനെതിരെ പല
തും ആക്രോശിക്കുന്നുണ്ടായിരുന്നു. **11**ഹെരോദാ
വും ഭടന്മാരും യേശുവിനോടു അവജ്ഞയോടെ
പെരുമാറി. അവനെ പരിഹസിച്ചു രാജാവി
ന്റേതു പോലുള്ള വസ്ത്രങ്ങളണിയിച്ച് കളി
യാക്കി. ഹെരോദാവ് യേശുവിനെ പീലാത്തൊ
സിന്റെ അടുത്തേക്ക് മടക്കിയയച്ചു. **12**മുമ്പ്
പീലാത്തൊസും ഹെരോദാവും ശത്രുക്കളായിരു
ന്നു. എന്നാൽ ആ ദിവസം അവർ സ്നേഹി
തരായി.

യേശു മരിക്കണം

(മത്താ. 27:15-26; മർക്കൊ. 15:6-15; യോഹ. 18:39-16)

13പീലാത്തൊസ് മഹാപുരോഹിതരോടും
യെഹൂദനേതാക്കളോടുമൊപ്പം എല്ലാ ജനങ്ങളെ
യും വിളിച്ചുകൂട്ടി. **14**പീലാത്തൊസ് അവരോടു
പറഞ്ഞു,"നിങ്ങൾ ഈ മനുഷ്യനെ എന്റെയടു
ക്കൽ കൊണ്ടുവന്നു. അവൻ ജനങ്ങൾക്കിടയിൽ
കുഴപ്പമുണ്ടാക്കുന്നുവെന്നു നിങ്ങൾ പറയുന്നു.

നിങ്ങളുടെയെല്ലാം മുമ്പിൽവെച്ച് ഞാൻ ഈ
മനുഷ്യനെ വിചാരണചെയ്തു. എന്നിട്ടും അ
യാൾ ഒരുതെറ്റും ചെയ്തതായി കാണുന്നില്ല.
നിങ്ങൾ പറയുന്ന ഒരു തെറ്റും അയാൾ ചെയ്തി
ട്ടില്ല. **15**ഹെരോദാവും ഇവനിൽ കുറ്റമൊന്നും
കണ്ടില്ല, അതിനാലവൻ യേശുവിനെ ഇങ്ങോട്ട്
തിരിച്ചയച്ചു. നോക്കൂ, വധശിക്ഷ നൽകാൻ
പറ്റിയ കുറ്റമൊന്നും അവൻ ചെയ്തിട്ടില്ല.
16അതിനാൽ ഏതാനും പ്രഹരങ്ങൾ നൽകി
ഞാനവനെ വിട്ടയയ്ക്കും."

17*18പക്ഷേ ജനങ്ങൾ വിളിച്ചുകൂകി, "അവ
നെ കൊല്ലുക, ബറബ്ബാസിനെ ഞങ്ങൾക്കായി
വെറുതെവിടുക." **19**(നഗരത്തിൽ കലാപം നട
ത്തിയതിന് തടവറയിൽ കഴിയുന്ന ബറബ്ബാസ്
ഒരു കൊലയാളികൂടെയാണ്.)

20യേശുവിനെ വെറുതെ വിടാൻ പീലാ
ത്തൊസ് ആഗ്രഹിച്ചു. അതയാൾ വീണ്ടും അവ
രോടു പ്രഖ്യാപിച്ചു.

21പക്ഷേ ജനങ്ങൾ പിന്നെയും വിളിച്ചു
കൂകി, "അവനെ കൊല്ലുക, അവനെ ക്രൂശി
ക്കുക!"

22മൂന്നാം തവണയും പീലാത്തൊസ് ജനങ്ങ
ളോടു പറഞ്ഞു,"എന്തിന്? അവൻ എന്തു തെറ്റാ
ണ് ചെയ്തത്? അവൻ തെറ്റുകാരനല്ല. അവനെ
കൊല്ലുന്നതിന് ഞാൻ ഒരു കാരണവും കാണു
ന്നില്ല. അതുകൊണ്ട് അല്പം പ്രഹരിപ്പിച്ച് ഞാന
വനെ വിട്ടയയ്ക്കും."

23പക്ഷേ ജനങ്ങൾ പിന്നെയും വിളിച്ചുകൂകി.
യേശുവിനെ ക്രൂശിച്ചുകൊല്ലണമെന്നവർ ആ
വശ്യപ്പെട്ടു. അവരുടെ ആക്രോശം ശക്തമായി.
24അവർ ആവശ്യപ്പെടുംപ്രകാരം ചെയ്യാൻ പീ
ലാത്തൊസ് തീരുമാനിച്ചു. **25**ബറബ്ബാസിനെ
മോചിപ്പിക്കാനും അവർ ആവശ്യപ്പെട്ടു. ബറ
ബ്ബാസ് കലാപം നടത്തിയതിന് തടവറയിലാ
യിരുന്നു. പീലാത്തൊസ് ബറബ്ബാസിനെ മോ
ചിപ്പിച്ചു. പീലാത്തൊസ് യേശുവിനെ കൊ
ല്ലാൻ ജനങ്ങൾക്കു വിട്ടുകൊടുത്തു. അവർക്കു
വേണ്ടതും അതായിരുന്നു.

യേശു കുരിശിൽ കൊല്ലപ്പെടുന്നു

(മത്താ. 27:32-44; മർക്കൊ. 15:21-32; യോഹ. 19:17-27)

26ഭടന്മാർ യേശുവിനെ കൊല്ലാൻ ദൂരെകൊ
ണ്ടുപോയി. ആ സമയം വയലിൽനിന്നും ശി
മോൻ എന്നൊരാൾ നഗരത്തിലേക്കു വരികയാ
യിരുന്നു. കുറേനയിൽ നിന്നാണയാൾ വന്നത്.
യേശുവിൻെറ കുരിശും ചുമന്ന് അവനു പിന്നാ
ലെ നടക്കാൻ ഭടന്മാർ ശിമോനെ നിർബന്ധി
ച്ചു.

27അനേകംപേർ യേശുവിനെ അനുഗമിച്ചു.
ചില സ്ത്രീകൾ സങ്കടം കൊണ്ട് കരയുന്നുണ്ടാ
യിരുന്നു. അവർ അവനുവേണ്ടി ദു:ഖത്തോടെ
വിലപിച്ചു. **28**പക്ഷേ യേശുതിരിഞ്ഞ് അവരോ
ടുപറഞ്ഞു,"യെരൂശലേം പുത്രിമാരേ, എന്നെ
ച്ചൊല്ലികരയരുത്. നിങ്ങൾക്കു വേണ്ടിയും നി
ങ്ങളുടെ കുട്ടികൾക്കുവേണ്ടിയും കരയൂ! **29**'വ
ന്ധ്യകൾക്കും പരിപാലിക്കാൻ കുട്ടികളില്ലാത്ത
വർക്കും ഭാഗ്യം' എന്ന് ആളുകൾ പറയുന്ന
സമയംവരും. **30**അപ്പോൾ ആളുകൾ പർവ്വതങ്ങ
ളോട് ഞങ്ങളുടെമേൽ വന്നു പതിക്കുക എന്നു
പറയും.* 'മലകളോട് ഞങ്ങളെമൂടുക,' എന്നും
പറയും. **31**ജീവിതം സുഗമമായ ഇപ്പോൾ, ഇങ്ങ
നെ പറയുമ്പോൾ കഷ്ടകാലത്ത് അവരെന്തു
പറയും?"

32യേശുവിനോടൊപ്പം രണ്ടു കുറ്റവാളികളെ
ക്കൂടി കൊല്ലാൻ കൊണ്ടുപോയിരുന്നു. **33**"തല
യോടിടം" എന്നുപേരുള്ള ഒരു സ്ഥലത്തേക്കാണ
വരെ കൊണ്ടുപോയത്. അവിടെവെച്ച് ഭടന്മാർ
യേശുവിനെ കുരിശിൽചേർത്ത് ആണിയടിച്ചു.
അവർ കുറ്റവാളികളെ യേശുവിൻെറ ഇരുവശ
ങ്ങളിലും ക്രൂശിച്ചു. ഒരാൾ വലതുവശത്തും, മ
റ്റെയാൾ ഇടതുവശത്തും.

34യേശു പറഞ്ഞു, "പിതാവേ എന്നെ വധി
ക്കുന്ന ഇവരോടു ക്ഷമിക്കേണമേ. എന്തെന്നാൽ
ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയു
ന്നില്ല."

യേശുവിൻെറ വസ്ത്രങ്ങൾ വീതം വയ്ക്കാൻ
അവർ നറുക്കിട്ടു. **35**ജനങ്ങൾ അതു നോക്കിനി
ന്നു. യെഹൂദപ്രമാണികൾ യേശുവിനെ പരിഹ
സിച്ചു, "അവൻ ദൈവത്താൽ തിരഞ്ഞെടുക്ക
പ്പെട്ട ക്രിസ്തുവാണെങ്കിൽ സ്വയം രക്ഷപെട
ട്ടെ. അവൻ മറ്റുള്ളവരെ രക്ഷിച്ചു. ഇപ്പോൾ
അവൻ അവനെത്തന്നെ രക്ഷിക്കട്ടെ?"

36ഭടന്മാർപോലും അവനെ പരിഹസിച്ചു ചി
രിച്ചു. അവർ അടുത്തുവന്ന് യേശുവിനു പുളി
ക്കുന്ന വീഞ്ഞുകൊടുത്തു. **37**ഭടന്മാർ പറഞ്ഞു,
"നീ യെഹൂദരാജാവെങ്കിൽ സ്വയം രക്ഷിക്ക്."
38("ഇത് യെഹൂദരുടെ രാജാവാണ്" എന്ന് കുരി
ശിനു മുകളിൽ എഴുതിയിട്ടുണ്ടായിരുന്നു.)

39അവനോടൊപ്പം ക്രൂശിക്കപ്പെട്ട കുറ്റവാളി
കളിലൊരുവൻ യേശുവിനെ നിന്ദിച്ചു പറ
ഞ്ഞു, "നീ ക്രിസ്തുവല്ലേ? എങ്കിൽ സ്വയം
രക്ഷിക്ക്! എന്നിട്ട് ഞങ്ങളെയും രക്ഷിക്ക്!"

40എന്നാൽ മറ്റേ കുറ്റവാളി അയാളെ ശകാരി
ച്ചു. അവൻ പറഞ്ഞു, "നീ ദൈവത്തെ ഭയക്ക
ണം. നമ്മളെല്ലാം ഉടൻമരിക്കും.**41**ഞാനും നീയും
കുറ്റവാളികളാണ്. നമ്മൾ തെറ്റു ചെയ്തവരായ
തിനാൽ കൊല്ലപ്പെടണം. എന്നാൽ ഈ മനു
ഷ്യൻ (യേശു) ഒരു തെറ്റും ചെയ്തിട്ടില്ല." **42**എ
ന്നിട്ട് അയാൾ യേശുവിനോടു പറഞ്ഞു, "യേ
ശുവേ നിൻെറ രാജ്യവാഴ്ച തുടങ്ങുമ്പോൾ
എന്നെയും ഓർക്കുക!"

43യേശു അവനോടു പറഞ്ഞു, "ഇന്ന് നീ
എന്നോടൊത്ത് പരദീസയിലിരിക്കും! എന്നു
ഞാൻ നിന്നോടു സത്യംപറയുന്നു."

യേശു മരിക്കുന്നു

(മത്താ. 27:45-56; മർക്കൊ. 15:33-41;
യോഹ. 19:28-30)

44നേരം ഉച്ചയായെങ്കിലും ഉച്ചതിരിഞ്ഞ് മൂന്നു
മണിവരെ ആ പ്രദേശമാകെ ഇരുൾ വ്യാപിച്ചി
രുന്നു. **45**സൂര്യനെ കാണാൻ സാധിച്ചതേയില്ല.
ദൈവാലയത്തിലെ തിരശ്ശീല നടുവേ രണ്ടായി
കീറി.**46**യേശു ഉച്ചത്തിൽ നിലവിളിച്ചു. "പിതാ
വേ, എൻെറ ആത്മാവിനെ ഞാൻ നിനക്കർപ്പി
ക്കുന്നു."*ഇത്രയും പറഞ്ഞ് യേശു അന്ത്യശ്വാ
സം വലിച്ചു.

47ശതാധിപൻ ഇതെല്ലാം കാണുന്നുണ്ടായിരു
ന്നു. അയാൾ ദൈവത്തെ സ്തുതിച്ചു പറഞ്ഞു,
"ഈ മനുഷ്യൻ നല്ലവനാണെന്ന് എനിക്കറിയാ
മായിരുന്നു."

വാക്യം 17 ചില ഗ്രീക്കു പതിപ്പുകളിൽ ലൂക്കൊസ് 17ാം വാക്യത്തിൽ കൂട്ടിച്ചേർക്കുന്നു: "എല്ലാ പെസഹാതിരുനാളിനും പീലാത്തൊസ് ഒരു തടവുകാരനെ വിട്ടയയ്ക്കും."

പർവ്വതങ്ങളോട് ... എന്നു പറയും ഉദ്ധരണി ഹോശ. 10:8.

"പിതാവേ, എൻെറ ... നിനക്കർപ്പിക്കുന്നു" ഉദ്ധരണി സങ്കീ. 31:5.

48ഇതെല്ലാം കാണാൻ അനേകംപേർ നഗര
ത്തിൽനിന്നും വന്നു. ഈ രംഗം കണ്ടവർ ദു:ഖി
ച്ചുമടങ്ങി. 49യേശുവിന്റെ അടുത്ത എല്ലാ സു
ഹൃത്തുക്കളും യേശുവിനെ ഗലീലയിൽനിന്നും
പിൻതുടർന്ന ഏതാനും സ്ത്രീകളും അവിടെയു
ണ്ടായിരുന്നു. അവർ കുരിശിൽനിന്ന് വളരെ
അകന്ന് എല്ലാം കണ്ടുനിന്നു.

അരിമത്യയിലെ യോസേഫ്

(മത്താ. 27:57-61; മർക്കൊ. 15:42-47;
യോഹ. 19:38-42)

50-51അരിമത്യ എന്ന യെഹൂദപട്ടണത്തിലെ
യോസേഫ് എന്നൊരാൾ അവിടെയുണ്ടായിരു
ന്നു. അയാൾനല്ലവനും ധർമ്മിഷ്ടനുമായിരുന്നു.
ദൈവരാജ്യത്തിന്റെ വരവ് അയാൾ പ്രതീക്ഷി
ച്ചിരുന്നു. യോസേഫ് ഒരു യെഹൂദസമിതിയി
ലെ അംഗവുമായിരുന്നു. മറ്റ് യെഹൂദനേതാക്കൾ
യേശുവിനെ കൊല്ലാൻ തീരുമാനിച്ചതിനോട്
അയാൾയോജിച്ചിരുന്നില്ല. 52യോസേഫ് പീലാ
ത്തൊസിനെ സമീപിച്ച് യേശുവിന്റെ മൃതശ
രീരം ചോദിച്ചു. പീലാത്തൊസ് അതിനനുവദി
ച്ചു.53യോസേഫ് യേശുവിന്റെ മൃതശരീരം കുരി
ശിൽനിന്നിറക്കി തുണിയിൽ പൊതിഞ്ഞു. എ
ന്നിട്ടത് ഒരു പാറയിൽ കുഴിച്ചുണ്ടാക്കിയ കല്ലറ
യിൽ അടക്കംചെയ്തു. ആ ശവക്കല്ലറ മുൻപാ
രും ഉപയോഗിച്ചിരുന്നില്ല. 54അത് ഒരുക്കദിവസ
മായിരുന്നു. സൂര്യനസ്തമിക്കുമ്പോൾ ശബ്ബത്ത്
ആരംഭിക്കും. 55യേശുവിനോടൊപ്പം ഗലീല
യിൽ നിന്നുവന്ന സ്ത്രീകൾ യോസേഫിനെ
പിൻതുടർന്നു. അവർ കല്ലറയും അതിൽ യേശു
വിന്റെ ശരീരം വെച്ചസ്ഥലവും കണ്ടു. 56അന
ന്തരം യേശുവിന്റെ ശരീരത്തിൽ പൂശാൻ
സുഗന്ധദ്രവ്യങ്ങളും ലേപനങ്ങളും ഒരുക്കാന
വർപോയി. മോശെയുടെ കല്പനയനുസരിച്ച്
ശബ്ബത്തു ദിവസം അവർ വിശ്രമിച്ചു.

യേശു ഉയിർത്തെഴുന്നേൽക്കുന്നു

(മത്താ. 28:1-10; മർക്കൊ. 16:1-8; യോഹ. 20:1-10)

24 ആഴ്ചയിലെ ആദ്യത്തെദിവസം അതി
രാവിലെ ആസ്ത്രീകൾ യേശുവിനെ അ
ടക്കം ചെയ്ത കല്ലറയിലേക്കു വന്നു. സുഗന്ധ
ലേപനങ്ങൾ അവർ തയ്യാറാക്കിക്കൊണ്ടുവന്നി
രുന്നു. 2കല്ലറയുടെ വാതിൽ ഒരു വലിയ കല്ലു
കൊണ്ട് അടച്ചിരുന്നു. എന്നാൽ ആ കല്ല് കല്ലറ
യിൽ നിന്ന് ഉരുട്ടി മാറ്റിയിരിക്കുന്നതായി അവർ
കണ്ടു. 3അവർ അകത്തേക്കു കടന്നു. കർത്താവാ
യ യേശുവിന്റെ ശരീരം അവിടെ കണ്ടില്ല.
4ആ സ്ത്രീകൾക്കതു മനസ്സിലായില്ല. അവർ
വിസ്മയിച്ചു നിൽക്കവേ തിളങ്ങുന്ന വസ്ത്ര
ങ്ങളുടുത്ത രണ്ടു പുരുഷന്മാർ അവിടെവന്നു.
5സ്ത്രീകൾ ഭയന്നു തലകുനിച്ചു. ആ രണ്ട് പുരു
ഷന്മാർ അവരോടുപറഞ്ഞു, “നിങ്ങളെന്തിന്
ജീവിച്ചിരിക്കുന്ന ഒരാളെ ഇവിടെ തിരയുന്നു?
ഇത് മരിച്ചവരുടെ സ്ഥലമാണ്. 6യേശു ഇവിടെ
ഇല്ല. അവൻ ഉയിർത്തെഴുന്നേറ്റു. അവൻ ഗലീ
ലയിൽവച്ച് പറഞ്ഞത് നിങ്ങളോർക്കുന്നില്ലേ?
7മനുഷ്യപുത്രൻ ദുഷ്ടന്മാരുടെ കൈയിൽ ഏല്പി
ക്കപ്പെടുമെന്നും അവർ അവനെ ഒരു കുരിശിൽ
കൊല്ലുമെന്നും അവൻ മൂന്നാം ദിവസം ഉയിർ
ത്തെഴുന്നേൽക്കുമെന്നും യേശു പറഞ്ഞിരുന്നു.”
8അപ്പോൾ ആ സ്ത്രീകൾ യേശുവിന്റെ വാക്കു
കൾ ഓർത്തു.

9അവർ ശവക്കല്ലറ വിട്ട് പതിനൊന്ന് അപ്പൊ
സ്തലന്മാരുടെയും മറ്റ് ശിഷ്യന്മാരുടെയും അടു
ത്തേക്കു പോയി. കല്ലറയിൽ സംഭവിച്ചതെല്ലാം
അവരോടു പറഞ്ഞു. 10ആ സ്ത്രീകളിൽ മഗ്ദല
മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മയാ
യ മറിയ എന്നിവരും മറ്റു ചില സ്ത്രീകളും ഉ
ണ്ടായിരുന്നു. അവർ അപ്പൊസ്തലന്മാരോട് എ
ല്ലാംപറഞ്ഞു. 11പക്ഷേ അവർ ആ സ്ത്രീകളുടെ
വാക്കുകൾ വിശ്വസിച്ചില്ല. കാരണം അവരുടെ
വാക്കുകൾ അപ്പൊസ്തലന്മാർക്ക് അസംബന്ധ
മായിതോന്നി. 12എന്നാലിത് സത്യമാണോ
എന്നറിയുവാൻ പത്രൊസ് കല്ലറയിലേക്ക്ഓടി.
അവൻ കല്ലറയ്ക്കകത്ത് എത്തി നോക്കിയെങ്കി
ലും യേശുവിന്റെ ദേഹം പൊതിഞ്ഞിരുന്ന
വസ്ത്രമൊഴികെമറ്റൊന്നും കണ്ടില്ല. യേശു
പോയി കഴിഞ്ഞു. ഇതെല്ലാമോർത്ത് അത്ഭുത
പ്പെട്ട് പത്രൊസ് ഒറ്റയ്ക്ക് അകലേക്കുപോയി.

എമ്മവുസിലേക്കുള്ള വഴിയിൽ

(മർക്കൊ. 16:12-13)

13അതേ ദിവസംതന്നെ യേശുവിന്റെ രണ്ടു
ശിഷ്യന്മാർ എമ്മവുസ് എന്ന ഗ്രാമത്തിലേക്കു
പോകുകയായിരുന്നു. യെരൂശലേമിൽനിന്നും
ഏഴുനാഴിക അകലെയാണ് ആ ഗ്രാമം. 14ഉ
ണ്ടായകാര്യങ്ങളെപ്പറ്റി അവർ അന്യോന്യം സം
സാരി ക്കുകയായിരുന്നു. 15ഇക്കാര്യങ്ങൾ അവർ
ചർച്ച ചെയ്യവേ, യേശു അവരോടൊപ്പമെത്തി
നടന്നു. 16(എന്നാൽ രണ്ടുപേർക്കും അവനെ
തിരിച്ചറിയാൻ കഴിയാത്തവിധം മറയ്ക്കപ്പെട്ടി
രുന്നു. 17അപ്പോൾ യേശു പറഞ്ഞു, “എന്തു
കാര്യങ്ങളാണ് നിങ്ങൾ ചർച്ചചെയ്യുന്നത്?”

ഇരുവരും ദു:ഖഭാവത്തോടെ നിന്നു. 18ക്ലെ
യൊപ്പാവ് എന്നു പേരായ ഒരുവൻ മറുപടി
പറഞ്ഞു, “ഈ ദിവസങ്ങളിൽ യെരൂശലേമിൽ
നടന്ന കാര്യങ്ങളറിയാത്ത ഏക വ്യക്തി നീ
ആയിരിക്കണം.”

19യേശു അവരോടു ചോദിച്ചു, “എന്തിനെപ്പ
റ്റിയാണ് നിങ്ങൾ പറയുന്നത്?”

അവർ അവനോടു പറഞ്ഞു, “നസെറെത്തി
ലെയേശുവിനെപ്പറ്റിയാണ്.ദൈവത്തിന്റെയും
എല്ലാ ആളുകളുടെയും കണ്ണിലെ പ്രവാചകൻ.
എല്ലാ മനുഷ്യർക്കും അവനൊരു മഹാനായ പ്ര
വാചകനായിരുന്നു. അവന്റെ വാക്കിലും പ്രവൃ
ത്തിയിലും ശക്തിയുണ്ടായിരുന്നു. 20എന്നാൽ
ഞങ്ങളുടെ നേതാക്കളും മഹാപുരോഹിതരും
അവനെ വധശിക്ഷയ്ക്കു വിധിച്ചു. അവർ അ
വനെ ക്രൂശിച്ചു. 21യിസ്രായേലിനെ സ്വതന്ത്ര
മാക്കുന്നത് അവനാണെന്ന് ഞങ്ങൾ പ്രതീക്ഷി
ച്ചിരുന്നു. മാത്രവുമല്ല, അവൻ മരിച്ചിട്ട് ഇന്ന്
മൂന്നാംദിവസമാണ്. 22എന്നാൽ ഇന്ന് ഞങ്ങളു
ടെ ചില സ്ത്രീകൾ അത്യത്ഭുതകരമായ ചില
കാര്യങ്ങൾ പറഞ്ഞു. ഇന്ന് അതിരാവിലെ ആ
സ്ത്രീകൾ യേശുവിനെ അടക്കിയിരുന്ന കല്ലറ
യിൽചെന്നു.23എന്നാൽ അവന്റെ ശരീരം അവ
രവിടെ കണ്ടില്ല. അവർ മടങ്ങിവന്നു. തങ്ങൾക്ക്
രണ്ട് ദൂതന്മാരുടെ ദർശനമുണ്ടായെന്നു പറ
ഞ്ഞു. യേശു ജീവിച്ചിരിക്കുന്നു എന്ന് ദൂതന്മാർ
അവരോടുപറഞ്ഞുവത്രേ! 24അതിനാൽ ഞങ്ങ
ളിൽ ചിലർ കല്ലറയിൽപോയി നോക്കി. എല്ലാം
ആ സ്ത്രീകൾ പറഞ്ഞതു പോലെ തന്നെയായി
രുന്നു. ഞങ്ങളിലാരും അവരും യേശുവിനെ
കണ്ടില്ല.”

25അപ്പോൾ യേശു രണ്ടു പേരോടും പറഞ്ഞു,
“നിങ്ങൾ വീഡ്ഢികളും പതുക്കെ മാത്രം സത്യം
അറിയുന്നവരുമാണ്. പ്രവാചകർ പറഞ്ഞതു

മുഴുവൻ നിങ്ങൾ വിശ്വസിക്കണമായിരുന്നു.
26ക്രിസ്തു ഇതെല്ലാം സഹിച്ച് തന്റെ മഹത്വ
ത്തിൽ പ്രവേശിക്കുമെന്ന് പ്രവാചകർ പറഞ്ഞി
രുന്നു.” **27**തിരുവെഴുത്തുകളിൽ അവനെക്കുറിച്ച്
എഴുതിയിട്ടുള്ളതു മുഴുവൻ യേശു അവർക്കു
വിശദീകരിച്ചു കൊടുത്തു. മോശെയിൽനിന്നു
തുടങ്ങി എല്ലാപ്രവാചകരും ഉൾക്കൊള്ളുന്ന എ
ല്ലാ തിരുവെഴുത്തുകളും അവൻ വിശദീകരിച്ചു
കൊടുത്തു.

28അവർ എമ്മവൂസിനടുത്തെത്തി. യേശു യാ
ത്ര തുടരുന്നതായി ഭാവിച്ചു. **29**എന്നാലവർ അവ
നിൽ സമ്മർദ്ദം ചെലുത്തി. അവർ യാചിച്ചു,
“ഞങ്ങളോടൊപ്പം തങ്ങൂ. ഇപ്പോൾത്തന്നെ നേ
രം വൈകിയിരിക്കുന്നു. പകൽ മിക്കവാറും കഴി
ഞ്ഞു.” അവൻ അവരോടൊപ്പം പാർക്കാൻ ചെ
ന്നു.

30യേശു അവരോടൊപ്പം ഭക്ഷണത്തിനിരു
ന്നു. അവൻ ഏതാനും അപ്പമെടുത്ത് ദൈവത്തി
നു നന്ദി പറഞ്ഞു. അവനതു വീതിച്ച് അവർക്കു
നൽകി.**31**ആ സമയം യേശുവിനെ തിരിച്ചറി
യാൻ അവരെ അനുവദിച്ചു. അവനാരാണെന്ന
വർ അറിഞ്ഞപ്പോൾ യേശു അപ്രത്യക്ഷനായി.
32ഇരുവരും പരസ്പരം പറഞ്ഞു, “യേശു വഴി
യിൽവെച്ച് നമ്മോടു സംസാരിച്ചപ്പോൾ നമ്മു
ടെ ഹൃദയത്തിൽ തീ എരിയുന്നതുപോലെ തോ
ന്നി. തിരുവെഴുത്തുകളുടെ അർത്ഥം അവൻ
വിശദീകരിച്ചപ്പോഴും മനസ്സ് ജ്വലിച്ചിരുന്നു.”

33ഇരുവരും എഴുന്നേറ്റ് ഉടൻ യെരൂശലേമിലേ
ക്കുപോയി. അവിടെ യേശുവിന്റെ ശിഷ്യന്മാർ
പതിനൊന്നുപേരും ഒരുമിച്ചു കൂടിയിരിക്കുന്ന
തവർ കണ്ടു. പതിനൊന്ന് അപ്പൊസ്തലന്മാരും
മറ്റുള്ളവരും **34**പറഞ്ഞു, “കർത്താവ് യഥാർത്ഥ
ത്തിൽ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അവൻ ശി
മോന് പ്രത്യക്ഷപ്പെട്ടു.”

35വഴിയിൽവെച്ചുണ്ടായതെല്ലാം അവരിരുവ
രും വിശദീകരിച്ചു. അപ്പം വീതിച്ചപ്പോൾ
തങ്ങൾ യേശുവിനെ തിരിച്ചറിഞ്ഞത് എങ്ങനെ
യെന്നും അവർ പറഞ്ഞു.

യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു

(മത്താ. 28:16-20; മർക്കൊ. 16:14-18;
യോഹ. 20:19-23; അ. പ്രവ. 1:6-8)

36ഇരുവരും ഇക്കാര്യങ്ങൾ പറയവേ യേശു
അവർക്കിടയിൽ പ്രത്യക്ഷപ്പെട്ടു. അവരോടു പ
റഞ്ഞു, “നിങ്ങൾക്കു സമാധാനം.” **37**ഒരു പ്രേത
ത്തെ കാണുന്നതുപോലെ അവർ ഞെട്ടുകയും
ഭയചകിതരാവുകയും ചെയ്തു. **38**എന്നാൽ യേ
ശു പറഞ്ഞു, “നിങ്ങളെന്തിന് അസ്വസ്ഥരാകു
ന്നു? നിങ്ങൾ കാണുന്നതിനെ സംശയിക്കുന്നത്
എന്തുകൊണ്ട്? **39**എന്റെ കൈകളിലേക്കും പാദ
ങ്ങളിലേക്കും നോക്കൂ. ഇതു ശരിക്കും ഞാനാണ്!
എന്നെ തൊട്ടുനോക്കൂ. എനിക്കു ജീവിക്കുന്ന
ഒരു ശരീരമുണ്ടെന്ന് നിങ്ങൾക്കു കാണാം; ഒരു
പ്രേതത്തിനും അങ്ങനെയൊന്നും ഉണ്ടാകയില്ല.”

40ഇതു പറഞ്ഞതിനുശേഷം, യേശു തന്റെ
കൈകളിലും പാദങ്ങളിലുമുള്ള ദ്വാരങ്ങൾ അ
വരെ കാണിച്ചു. **41**അവർ അത്ഭുതപ്പെടുകയും
യേശു ജീവിച്ചിരിക്കുന്നതിൽ ആഹ്ലാദിക്കുകയും
ചെയ്തു. തങ്ങൾ കാണുന്നതൊന്നും അവർക്ക്
വിശ്വസിക്കാനായില്ല. യേശു ചോദിച്ചു, “നി
ങ്ങളുടെ പക്കൽ എന്തെങ്കിലും ഭക്ഷണമുണ്ടോ?”

42അവർ പാകംചെയ്ത ഒരുകഷണം മീൻ അ
വനുകൊടുത്തു. **43**ശിഷ്യന്മാർ നോക്കി നിൽക്കേ
യേശു മീൻതിന്നു. **44**യേശു അവരോടു പറഞ്ഞു,
“ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരുന്നപ്പോൾ
എന്നെക്കുറിച്ച് മോശെയുടെ ന്യായപ്രമാണ
ത്തിലും പ്രവാചകരുടെ പുസ്തകത്തിലും സ
ങ്കീർത്തനങ്ങളിലും എഴുതിയിട്ടുള്ള എല്ലാ കാ
ര്യങ്ങളും സംഭവിക്കുമെന്ന് ഞാൻ പറഞ്ഞിരു
ന്നു.”

45അനന്തരം യേശു എല്ലാ തിരുവെഴുത്തുകളും
ശിഷ്യന്മാർക്കു വിശദീകരിച്ചു കൊടുത്തു. ത
ന്നെപ്പറ്റി എഴുതിയിരിക്കുന്നത് മനസ്സിലാക്കാൻ
അവനവരെ സഹായിച്ചു. **46**യേശു അവരോടു
പറഞ്ഞു, “ക്രിസ്തു കൊല്ലപ്പെടുകയും മൂന്നാം
ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെ
ന്ന് എഴുതപ്പെട്ടിട്ടുണ്ട്. **47-48**ഇക്കാര്യങ്ങൾ സംഭ
വിക്കുന്നത് നിങ്ങൾ കണ്ടു. നിങ്ങളതിനു സാ
ക്ഷിയാണ്. നിങ്ങൾ പോയി ജനങ്ങളോട് അവ
രുടെ പാപങ്ങൾ പൊറുക്കപ്പെടുവാൻ കഴിയു
മെന്ന് പ്രസംഗിക്കണം. അവർ മാനസാന്തരപ്പെ
ടണമെന്നും പാപങ്ങൾക്കുവേണ്ടി പശ്ചാത്ത
പിക്കണമെന്നും അവരോടു പ്രസംഗിക്കുക.
അവരങ്ങനെ ചെയ്താൽ ദൈവം അവരോടു
ക്ഷമിക്കും. എന്റെ നാമത്തിൽ നിങ്ങളിത് യെരൂ
ശലേമിൽ തുടങ്ങി പ്രസംഗിക്കണം. ഈ സുവി
ശേഷം ലോകമെമ്പാടുമുള്ളവരിൽ എത്തിക്ക
ണം. **49**ശ്രദ്ധിക്കൂ, എന്റെ പിതാവ് നിങ്ങൾക്ക്
ചില വാഗ്ദാനങ്ങൾതന്നിട്ടുണ്ട്, ഞാനത് നിങ്ങ
ൾക്കയയ്ക്കും. എന്നാൽ നിങ്ങൾക്ക് സ്വർഗ്ഗ
ത്തിൽനിന്നും ശക്തി ലഭിക്കുംവരെ നിങ്ങൾ
യെരൂശലേമിൽ താമസിക്കുക.”

യേശു സ്വർഗ്ഗത്തിലേക്കു മടങ്ങുന്നു

(മർക്കൊ. 16:19-20; അ. പ്രവ. 1:9-11)

50യേശു തന്റെ ശിഷ്യന്മാരെ യെരൂശലേമിൽ
നിന്നും ബെഥാന്യവരെ നയിച്ചു. അവൻ കൈ
കളുയർത്തി തന്റെശിഷ്യന്മാരെഅനുഗ്രഹിച്ചു.
51യേശു അവരെഅനുഗ്രഹിക്കവേ അവൻ അവ
രിൽ നിന്ന് വേർപെടുത്തപ്പെട്ട് സ്വർഗ്ഗത്തിലേ
ക്ക് എടുക്കപ്പെട്ടു. **52**ശിഷ്യന്മാർ അവനെ അവി
ടെ നമസ്കരിച്ചിട്ട് വർദ്ധിച്ച ആഹ്ലാദത്തോ
ടെ യെരൂശലേമിലേക്ക് മടങ്ങിപ്പോയി. **53**തങ്ങളു
ടെ മുഴുവൻ സമയവും ദൈവത്തെ വാഴ്ത്തി
ക്കൊണ്ട് അവർ ദൈവാലയത്തിൽ താമസിച്ചു.

യോഹന്നാൻ എഴുതിയ സുവിശേഷം

ക്രിസ്തുവിന്റെ ആഗമനം

1 ലോകാരംഭത്തിനു മുമ്പ് വചനം ഉണ്ടായിരു
ന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു.
വചനം ദൈവമായിരുന്നു. 2ആദിയിൽ അവൻ
ദൈവത്തോടൊപ്പമായിരുന്നു. 3എല്ലാം അവനി
ലൂടെയാണുണ്ടാക്കപ്പെട്ടത്. അവനെക്കൂടാതെ
സൃഷ്ടിക്കപ്പെട്ടതൊന്നും ഉണ്ടായിട്ടില്ല. 4അവ
നിൽ ജീവനുണ്ടായിരുന്നു. ആ ജീവൻ മനുഷ്യ
രുടെ വെളിച്ചമായിരുന്നു. 5വെളിച്ചം ഇരുട്ടിൽ
പ്രകാശിക്കുന്നു.എന്നാൽ ഇരുട്ട് അതിനെ പരാ
ജയപ്പെടുത്തിയില്ല.

6യോഹന്നാനെന്നു പേരായ ഒരാൾ അവിടെ
യുണ്ടായിരുന്നു. ദൈവം അയച്ചതാണയാളെ.
7വെളിച്ചത്തെപ്പറ്റി മനുഷ്യരോടു പറയാനാണ
വൻ വന്നത്. യോഹന്നാനിലൂടെ എല്ലാവരും
വെളിച്ചത്തെപ്പറ്റി കേൾക്കുകയും വിശ്വസിക്കു
കയും ചെയ്യും. 8പക്ഷേ യോഹന്നാൻ വെളിച്ച
മായിരുന്നില്ല. എന്നാലവൻ പ്രകാശത്തെപ്പറ്റി
പറയാൻ വന്നവനാണ്. 9യഥാർത്ഥപ്രകാശം
ലോകത്തിലേക്കു വരികയായിരുന്നു. ആ വെളി
ച്ചം ജനങ്ങൾക്കു പ്രകാശം പകരും.

10വചനം ലോകത്തിലുണ്ടായിരുന്നു. അവനി
ലൂടെയാണ് ലോകം സൃഷ്ടിക്കപ്പെട്ടത്. പക്ഷേ
ലോകർ അവനെ അറിഞ്ഞില്ല. 11അവന്റേതാ
യ ലോകത്തിലേക്കവൻ വന്നു. എന്നാൽ അവ
ന്റെതന്നെ ആൾക്കാർ അവനെ അംഗീകരിച്ചി
ല്ല. 12പക്ഷേ ചിലർ അവനെ അംഗീകരിച്ചു.
അവർ അവനിൽ വിശ്വസിച്ചു. അവൻ അവർ
ക്കു ദൈവമക്കൾ ആകുവാൻ അവകാശം നൽ
കി. 13സാധാരണ കുട്ടികൾ പിറക്കുമ്പോലെ
യായിരുന്നില്ല അവൻ പിറന്നത്. മാതാപിതാക്ക
ളുടെ രക്തത്തിൽനിന്നോ പുരുഷന്റെ ആഗ്രഹ
ത്തിൽനിന്നോ അല്ല അവൻ ഉണ്ടായത്. ദൈവ
ത്തിൽനിന്നാണവൻ പിറന്നത്.

14വചനം മനുഷ്യാകാരംപൂണ്ട് നമുക്കിടയിൽ
പാർത്തു. പിതാവിന്റെ ഏക പുത്രനായവ
ന്റെ തേജസ്സ് നാം അവനിൽ കണ്ടു. വചനം
കൃപയും സത്യവും കൊണ്ടു നിറഞ്ഞിരുന്നു.
15യോഹന്നാൻ ക്രിസ്തുവിനെപ്പറ്റി അവരോടു
പറഞ്ഞു,"' എനിക്കുശേഷം വരുന്നവൻ എന്നെ
ക്കാൾ ശ്രേഷ്ഠനാണ്. എനിക്കു മുമ്പേതന്നെ
അവൻ ജീവിച്ചിരുന്നു എന്നു ഞാൻ പറഞ്ഞത്
ഇവനെപ്പറ്റിയാണ്."

16വചനം കൃപയും സത്യവും കൊണ്ടു നിറ
ഞ്ഞിരുന്നു. അവനിൽ നിന്നു നാമെല്ലാം വളരെ
അനുഗ്രഹങ്ങൾ പ്രാപിച്ചു. 17ന്യായപ്രമാണം
മോശെവഴിയാണു നൽകപ്പെട്ടത്. പക്ഷേ കൃപ
യും സത്യവും യേശു ക്രിസ്തുവിലൂടെയാണു
വന്നത്. 18ആരും ദൈവത്തെ ഒരിക്കലും കണ്ടിട്ടി
ല്ല. പക്ഷേ പുത്രനാണ് ദൈവം. അവൻ പിതാ
വിനോട് ഏറ്റവും അടുത്തവനാണ്.* ദൈവ
ത്തെ പുത്രൻ നമുക്കു കാട്ടിത്തന്നിട്ടുണ്ട്.

പക്ഷെ ... അടുത്തവനാണ് "പക്ഷെ പിതാവിനോ
ടേറ്റവും അടുത്തിരിക്കുന്നവനാണ് ഏകദൈവം
എന്നും "പക്ഷ പിതാവിനോട് വളരെയടുത്തിരിക്കു
ന്നവനാണ് ഏകപുത്രൻ" എന്നും ചില ഗ്രീക്കു പതി
പ്പുകളിൽ പറയുന്നു.

യേശുവിനെപ്പറ്റി യോഹന്നാൻ

(മത്താ. 3:1-12; മർക്കൊ. 1:2-8;
ലൂക്കൊ. 3:15-17)

19യെരൂശലേമിലെ യെഹൂദർ ഏതാനും പു
രോഹിതരേയും ലേവ്യരേയും, "നീയാരാണ്?"
എന്നു ചോദിക്കാൻ യോഹന്നാന്റെയടുത്തേക്ക
യച്ചു. 20യോഹന്നാൻ സ്വതന്ത്രമായി സംസാ
രിച്ചു. മറുപടി പറയാനവൻ മടിച്ചില്ല. യോഹ
ന്നാൻ വ്യക്തമായി പറഞ്ഞു, "ഞാൻ ക്രിസ്തു
വല്ല." അതു തന്നെയാണ് യോഹന്നാൻ ജനങ്ങ
ളോടു പറഞ്ഞതും.

21അപ്പോൾ യെഹൂദന്മാർ യോഹന്നാനോടു
ചോദിച്ചു,"പിന്നെ നീ ആരാണ്? ഏലീയാ
വോ?" യോഹന്നാൻ മറുപടി പറഞ്ഞു, "ഞാൻ
ഏലീയാവ് അല്ല." യെഹൂദർ ചോദിച്ചു,"നീ
പ്രവാചകനാണോ?" യോഹന്നാൻ മറുപടി
പറഞ്ഞു, "ഞാൻ പ്രവാചകനും അല്ല."

22അപ്പോൾ യെഹൂദർ ചോദിച്ചു, "നീയാരാ
ണ്? ഞങ്ങളോട് നിന്നെപ്പറ്റിപറയൂ. ഞങ്ങളെ
അയച്ചവരോടു പറയാനൊരു മറുപടി തരിക.
നിന്നെപ്പറ്റി നീയെന്താണ് പറയുന്നത്?" 23യോ
ഹന്നാൻ അവരോട് യെശയ്യാപ്രവാചകന്റെ
വാക്കുകൾ പറഞ്ഞു:

"'കർത്താവിന്റെ വഴി നേരെയാക്കുവിൻ എ
ന്നു മരുഭൂമിയിൽ' വിളിച്ചുപറയുന്നവന്റെ ശ
ബ്ദം ഞാൻ ആകുന്നു."

യെശയ്യാവ് 40:3

24ഈ യെഹൂദരെ അയച്ചത് പരീശന്മാരായിരു
ന്നു. 25അവർ യോഹന്നാനോടു ചോദിച്ചു, "നീ
ക്രിസ്തുവല്ലെന്നു നീ പറയുന്നു. ഏലീയാവോ
പ്രവാചകനോ അല്ലെന്നും. പിന്നെന്തിനു നീ
സ്നാനം കഴിപ്പിക്കുന്നു?"

26യോഹന്നാൻ മറുപടി പറഞ്ഞു, "ഞാൻ
ജനങ്ങളെ വെള്ളത്തിലാണ് സ്നാനപ്പെടുത്തി
യത്.എന്നാൽ നിങ്ങൾക്കറിയാത്ത ഒരുവൻ
നിങ്ങൾക്കിടയിലുണ്ട്. 27എനിക്കുശേഷം വരുന്ന
വനാണവൻ. അവന്റെ ചെരുപ്പിന്റെ വള്ളി
അഴിക്കാൻപോലും ഞാൻ യോഗ്യനല്ല."

28യോർദ്ദാൻനദിയുടെ മറുകരയിലുള്ള ബേ
ഥാന്യയിലാണിതൊക്കെ സംഭവിച്ചത്. അവിടെ
യോഹന്നാൻ സ്നാനപ്പെടുത്തുകയായിരുന്നു.

29പിറ്റേന്ന് യേശു തന്റെ അടുത്തേക്കുവരുന്ന
ത് യോഹന്നാൻ കണ്ടു. യോഹന്നാൻ പറഞ്ഞു,
"ഇതാ, ദൈവത്തിന്റെ കുഞ്ഞാട്. ലോകത്തി
ന്റെ പാപം അവൻ നീക്കുന്നു! 30ഞാൻ ഇവനെ
പ്പറ്റിയാണു പറഞ്ഞത്. 'എനിക്കു പിന്നാലെ
ഒരുവൻ വരും. പക്ഷെ അവൻ എന്നെക്കാൾ
ശ്രേഷ്ഠനാണ്. കാരണം എനിക്കുമുമ്പു തന്നെ
അവൻ ഉണ്ടായിരുന്നു.' 31ഞാനോ അവനെ
അറിഞ്ഞില്ല. യേശുവാണ് ക്രിസ്തുവെന്ന് യി
സ്രായേലിനെ അറിയിക്കുന്നതിന് ഞാൻ വെള്ള
ത്തിൽ സ്നാനം കഴിപ്പിക്കാൻ വന്നിരിക്കുന്നു."

32-33അനന്തരം യോഹന്നാൻ പറഞ്ഞു, "ക്രി
സ്തു ആരാണെന്ന് എനിക്കുമറിയാമായിരുന്നി
ല്ല. പക്ഷേ ആളുകളെ വെള്ളത്തിൽ സ്നാനപ്പെ
ടുത്തുവാൻ ദൈവം എന്നെ അയച്ചു." ദൈവം
എന്നോടുപറഞ്ഞു, "ആത്മാവ് താണുവന്ന് ഒരാ

ളുടെമേൽ ഇരിക്കുന്നത് നീ കാണും. അവനാണ്
പരിശുദ്ധാത്മാവിൽ സ്നാനപ്പെടുത്തുന്നവൻ.”
യോഹന്നാൻ പറഞ്ഞു, “ആത്മാവു ഒരു പ്രാവു
പോലെ സ്വർഗ്ഗത്തിൽനിന്നിറങ്ങി വരുന്നതും,
അവൻെറമേൽ ഇരിക്കുന്നതും ഞാൻ കണ്ടു. 34അ
തിനാൽ ‘ഇവൻ ദൈവപുത്രൻ തന്നെ’ എന്നു
സാക്ഷ്യം പറയുകയും ചെയ്തു.”

യേശുവിൻെറ ആദ്യശിഷ്യന്മാർ

35പിറ്റേന്ന് തൻെറ രണ്ടു ശിഷ്യന്മാരോടൊത്ത്
യോഹന്നാൻ വീണ്ടും നിൽക്കുകയായിരുന്നു.
36യേശു നടന്നുപോകുന്നത് യോഹന്നാൻ
കണ്ടു. അയാൾ പറഞ്ഞു,“ഇതാ, ദൈവത്തി
ൻെറ കുഞ്ഞാട്!”

37യോഹന്നാൻെറ ഈ വാക്കുകൾ രണ്ടു
ശിഷ്യന്മാരും കേട്ടു. അവർ യേശുവിനെ അനുഗ
മിച്ചു. 38യേശു തിരിഞ്ഞു നോക്കിയപ്പോൾ ആ
രണ്ടു പുരുഷന്മാർ തന്നെ പിന്തുടരുന്നതു കണ്ടു.
അവൻ ചോദിച്ചു, “നിങ്ങൾക്കെന്താണു വേണ്ട
ത്?” ഇരുവരും ചോദിച്ചു, “റബ്ബീ, (ഗുരു എന്നർ
ത്ഥത്തിൽ) അങ്ങെവിടെയാണു താമസിക്കു
ന്നത്?”

39യേശുപറഞ്ഞു, “എൻെറകൂടെ വന്നു കാണു
ക.” അതിനാലവരിരുവരും യേശുവിനോടൊ
പ്പം പോയി. യേശു താമസിച്ച സ്ഥലം അവർ
കണ്ടു. ആ ദിവസം അവർ യേശുവിനോടൊപ്പം
തങ്ങി. അപ്പോൾ സമയം നാലുമണിയാ
യിരുന്നു.

40യോഹന്നാൻ യേശുവിനെപ്പറ്റി പറഞ്ഞതു
കേട്ടാണവർ അവനെ അനുഗമിച്ചത്. അവരിൽ
ഒരാളുടെ പേര് അന്ത്രെയാസ് എന്നായിരുന്നു.
അന്ത്രെയാസ് ശിമോൻപത്രൊസിൻെറ സഹോ
ദരനായിരുന്നു.41സഹോദരനായ ശിമോനെ തേ
ടിപ്പിടിച്ചു കാണുകയാണ് അന്ത്രെയാസ് ആദ്യം
ചെയ്തത്. അന്ത്രെയാസ് ശിമോനോടു പറ
ഞ്ഞു, “ഞങ്ങൾ മശീഹയെ കണ്ടെത്തി.” (“മശീ
ഹ“ എന്നതിന് “ക്രിസ്തു” എന്നർത്ഥം.) 42എന്നി
ട്ട് അന്ത്രെയാസ് ശിമോനെ യേശുവിൻെറയടു
ത്തേക്കുകൊണ്ടുവന്നു. യേശു ശിമോനെ നോ
ക്കി പറഞ്ഞു, “നീ യോഹന്നാൻെറ പുത്രനായ
ശിമോനല്ലേ? നീ കേഫാ (പത്രൊസ് എന്നർ
ത്ഥം) എന്നു വിളിക്കപ്പെടും.”

43അടുത്തദിവസം യേശു ഗലീലയിലേക്കു
പോകാൻ തീരുമാനിച്ചു. യേശു ഫിലിപ്പോസി
നെ കണ്ടെത്തിയിട്ടു പറഞ്ഞു,“എന്നെ അനുഗ
മിക്കുക.”44ഫിലിപ്പോസ്, അന്ത്രെയാസിൻെറ
യും പത്രൊസിൻെറയും നഗരമായ ബേത്സ
യിദായിൽനിന്നും വന്നവനാണ്. 45ഫിലിപ്പോ
സ് നഥനയേലിനെ കണ്ടുപറഞ്ഞു,“മോശെയു
ടെ ന്യായപ്രമാണത്തിലെഴുതിയിരിക്കുന്നതോ
ർക്കുക. വരാനിരിക്കുന്ന ഒരുവനെപ്പറ്റി മോശെ
എഴുതിയിട്ടുണ്ട്. പ്രവാചകരും അവനെപ്പറ്റി
എഴുതിയിരിക്കുന്നു. ഞങ്ങളവനെ കണ്ടെത്തി
യിരിക്കുന്നു. അവൻെറ പേരാണ് യേശു. യോ
സേഫിൻെറ പുത്രൻ. നസറെത്തിൽനിന്നും
വന്നവൻ.”

46പക്ഷെ നഥനയേൽ ഫിലിപ്പോസിനോടു
ചോദിച്ചു, “നസറെത്ത്! നസറെത്തിൽനിന്നെ
ന്തെങ്കിലും നന്മ പ്രതീക്ഷിക്കാമോ?” ഫിലിപ്പോ
സ് മറുപടി പറഞ്ഞു,“വന്നു കാണുക.”

47നഥനയേൽ തൻെറയടുത്തേക്കു വരുന്നത്
യേശു കണ്ടു. “ഇതാ സാക്ഷാൽ യിസ്രായേ
ല്യൻ, ഇവനിൽ കാപട്യം ഇല്ല,” എന്ന് അവനെ
ക്കുറിച്ച് പറഞ്ഞു.

48നഥനയേൽ ചോദിച്ചു, “നീ എങ്ങനെ
എന്നെ അറിയും?”

യേശു മറുപടി പറഞ്ഞു, “നീ അത്തിമരത്തി
ൻെറ ചുവട്ടിലിരുന്നപ്പോൾത്തന്നെ ഞാൻ ക
ണ്ടു. ഫിലിപ്പോസ് എന്നെപ്പറ്റി നിന്നോട് പറ
യുന്നതിനു മുമ്പേയായിരുന്നു അത്.”

49അപ്പോൾ നഥനയേൽ യേശുവിനോടു പറ
ഞ്ഞു,“റബ്ബീ, അങ്ങാണു ദൈവപുത്രൻ. യിസ്രാ
യേലിൻെറ രാജാവാണു നീ.”

50യേശു നഥനയേലിനോടു പറഞ്ഞു, “അ
ത്തിമരച്ചുവട്ടിൽ നിന്നെ ഞാൻ കണ്ടതായി
പറഞ്ഞു. അതിനാൽ നീയെന്നിൽ വിശ്വസി
ക്കുന്നു. പക്ഷേ നീ അതിലും മഹത്തായതു
കാണും.”

51യേശു തുടർന്നു, “ഞാൻ നിന്നോടു സത്യമാ
യി പറയട്ടെ. സ്വർഗ്ഗം തുറന്നിരിക്കുന്നതും മനു
ഷ്യപുത്രൻെറ അടുക്കൽ ‘ദൂതന്മാർ കയറുകയും
ഇറങ്ങുകയും’ ചെയ്യുന്നത് നിങ്ങൾ കാണും.”

കാനാവിലെ കല്യാണം

2 രണ്ടു ദിവസങ്ങൾക്കു ശേഷം ഗലീലയിലെ
കാനാവിൽ ഒരുകല്യാണമുണ്ടായിരുന്നു. യേ
ശുവിൻെറ അമ്മ അവിടെയുണ്ടായിരുന്നു. 2യേ
ശുവിനെയും ശിഷ്യന്മാരെയും വിവാഹത്തിനു
ക്ഷണിച്ചിരുന്നു. 3അവിടെ വീഞ്ഞു തികഞ്ഞി
ല്ല. വീഞ്ഞു തീർന്നപ്പോൾ യേശുവിൻെറ
അമ്മ അവനോടു പറഞ്ഞു, “അവർക്കു വീഞ്ഞ്
ഇല്ല.”

4യേശു മറുപടി പറഞ്ഞു, “പ്രിയപ്പെട്ട സ്ത്രീ
യേ, ഞാനെന്തുചെയ്യണമെന്ന് എന്നോടു പറ
യേണ്ടതില്ല. എൻെറസമയം ഇനിയുമായിട്ടില്ല.”

5യേശുവിൻെറ അമ്മ ദാസന്മാരോടു പറ
ഞ്ഞു, “യേശു പറയുന്നതു പോലെ ചെയ്യുക.”

6അവിടെ ആറു വലിയ കൽഭരണികളുണ്ടാ
യിരുന്നു. യെഹൂദർ ശുദ്ധീകരണത്തിനുള്ള വെ
ള്ളം നിറയ്ക്കുന്നത് അതിലായിരുന്നു. ഓരോന്നി
ലും എൺപതു മുതൽ നൂറുലിറ്റർ വരെ വെള്ളം
കൊള്ളുമായിരുന്നു.

7യേശു ദാസന്മാരോടു പറഞ്ഞു, “ആ കൽഭര
ണികളിൽ വെള്ളം നിറയ്ക്കുക.” ദാസന്മാർ വ
ക്കോളം വെള്ളം നിറച്ചു.

8അനന്തരം യേശു ദാസന്മാരോടുപറഞ്ഞു,
“കുറച്ചു കോരി യജമാനനെ ഏല്പിക്കുക.”
അവർ കൊണ്ടുപോയി കൊടുത്തു. 9യജമാനൻ
വെള്ളം രുചിച്ചു നോക്കിയപ്പോൾ അതു വീ
ഞ്ഞായി മാറിയിരിക്കുന്നതു കണ്ടു. വീഞ്ഞ്
എവിടുന്നു വന്നുവെന്ന് അയാളറിഞ്ഞില്ല.
എന്നാലതു കൊണ്ടുവന്ന ദാസന്മാർക്കറിയാമാ
യിരുന്നു. വിവാഹ യജമാനൻ വരനെവിളിച്ചു.
10അയാൾ വരനോടുപറഞ്ഞു, “ആളുകൾ നല്ല
വീഞ്ഞ് ആദ്യം വിളമ്പും. പിന്നീട്, അതിഥികൾ
കുടിച്ചുകഴിയുമ്പോൾ തരംതാണവീഞ്ഞും വി
ളമ്പും. പക്ഷേനീ നല്ല വീഞ്ഞു ഇതുവരേക്കും
മാറ്റിവച്ചു വിളമ്പുന്നു.”

11യേശുവിൻെറ ആദ്യത്തെ അത്ഭുതപ്രവൃത്തി
യായിരുന്നു അത്. ഗലീലയിലെ കാനാവിലാ
ണ് യേശു ഈ പ്രവൃത്തി ചെയ്തത്. അങ്ങനെ
യേശു തൻെറ മഹത്വം പ്രകടിപ്പിച്ചു. അവൻെറ
ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു.

12അനന്തരം യേശു കഫർന്നഹൂമിലേക്കു പോ
യി. യേശുവിൻെറ അമ്മയും സഹോദരന്മാരും
ശിഷ്യന്മാരും അവനോടൊത്തുപോയി. അവർ
ഏതാനും ദിവസം കഫർന്നഹൂമിൽ തങ്ങി.

യേശു ദൈവാലയത്തിൽ

(മത്താ. 21:12-13; മർക്കൊ. 11:15-17;
ലൂക്കൊ. 19:45-46)

13അത് പെസഹസമയം ആകാറായപ്പോഴാ
യിരുന്നു. അതിനാൽ യേശു യെരൂശലേമിലേക്കു
പോയി. 14ദൈവാലയത്തിൽ ആളുകൾ കാളക
ളെയും ആടുകളെയും പ്രാവുകളെയും വിൽക്കു
ന്നത് അവൻ കണ്ടു. മറ്റുള്ളവർ മേശയ്ക്കരികി
ലിരിക്കുന്നതും കണ്ടു. അവർ പണമിടപാടുകൾ
നടത്തുകയായിരുന്നു. 15യേശു ഏതാനും കയർ
കഷണങ്ങൾ ചേർത്ത് ഒരു ചാട്ടയുണ്ടാക്കി. അവ
ൻ മനുഷ്യരെയും കാളകളെയും ആടുകളെയും
ദൈവാലയത്തിൽനിന്നും പുറത്താക്കി. പണമി
ടപാടുകാരുടെ മേശകൾ മറിച്ചിടുകയും പണം
ചിതറിച്ചുകളയുകയും ചെയ്തു. 16എന്നിട്ട് യേ
ശു അവിടെ മാടപ്പിറാവുകളെ വിൽക്കുകയായി
രുന്നവരോടു പറഞ്ഞു, "ഇതെല്ലാം എടുത്തു
കൊണ്ടു പുറത്തേക്കുപോവുക. എന്റെ പിതാ
വിന്റെ ഭവനത്തെ കച്ചവടസ്ഥലമാക്കരുത്!"

17ഇതു സംഭവിച്ചപ്പോൾ തിരുവെഴുത്തുകളി
ലെ വാക്കുകൾ യേശുവിന്റെ ശിഷ്യന്മാർ ഓർ
ത്തു:

"നിന്റെ ആലയത്തെക്കുറിച്ചുള്ള ആവേശം
എന്നെ തിന്നുകളയും." *സങ്കീർത്തനങ്ങൾ 69:9*

18യെഹൂദർ യേശുവിനോടു പറഞ്ഞു, "ഞങ്ങ
ളെ ഒരു അത്ഭുതപ്രവൃത്തി അടയാളമായി കാ
ണിക്കുക. ഇതെല്ലാം ചെയ്യാൻ നിനക്കുള്ള അവ
കാശം തെളിയിക്കുക."

19യേശു മറുപടിപറഞ്ഞു, "ഈ ദൈവാലയം
നശിപ്പിക്കുക. മൂന്നു ദിവസത്തിനുള്ളിൽ ഞാ
നിതു വീണ്ടും പണിയും."

20യെഹൂദർ മറുപടി പറഞ്ഞു, "മനുഷ്യർ നാ
ല്പത്താറുവർഷം പണിയെടുത്താണിതു നിർമ്മി
ച്ചത്! മൂന്നു ദിവസത്തിനുള്ളിൽ ഇതു നിനക്കു
വീണ്ടും പണിയാമെന്നു നീ വിശ്വസിക്കുന്നു
ണ്ടോ?"

21(എന്നാൽ യേശു ഉദ്ദേശിച്ച ദൈവാലയം
സ്വന്തം ശരീരമായിരുന്നു. 22യേശു മരണത്തിൽ
നിന്നും ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാർ
തിരുവെഴുത്തും യേശു പറഞ്ഞ വാക്കുകളും അ
നുസ്മരിച്ചു. അതിനാൽ ശിഷ്യന്മാർ അവനെപ്പ
റ്റിയുള്ള തിരുവെഴുത്തുകളിലും യേശുവിന്റെ
വാക്കുകളിലും വിശ്വസിച്ചു.)

23പെസഹാ ഉത്സവത്തോടനുബന്ധിച്ച് യേ
ശുയെരൂശലേമിലായിരുന്നു. അവൻ ചെയ്ത
അത്ഭുതപ്രവൃത്തികളാൽ അനേകംപേർ അവ
നിൽ വിശ്വസിച്ചു. 24എന്നാൽ യേശു അവരെ
വിശ്വസിച്ചില്ല. എന്തുകൊണ്ടെന്നാൽ, അവ
രുടെ മനോഗതം യേശുവിനറിയാമായിരുന്നു.
25മറ്റുള്ളവരെപ്പറ്റി തന്നോടു പറയാൻ അവനു
ആരും ആവശ്യമായിരുന്നില്ല. ഒരാളുടെ മനസ്സി
ലെന്താണുള്ളതെന്ന് യേശുവിനറിയാമാ
യിരുന്നു.

യേശുവും നിക്കോദേമൊസും

3 നിക്കോദേമൊസ് എന്നുപേരായ ഒരാളുണ്ടാ
യിരുന്നു. അയാൾ പരീശന്മാരിലൊരാളായി
രുന്നു. അവൻ ഒരു പ്രധാന യെഹൂദനേതാവാ
യിരുന്നു. 2ഒരു രാത്രി നിക്കോദേമൊസ് യേശുവി
നെ സമീപിച്ചു. നിക്കോദേമൊസ് പറഞ്ഞു,
"ഗുരോ, ദൈവം അയച്ച ഒരു അദ്ധ്യാപകനാണു
അങ്ങെന്നു ഞങ്ങൾക്കറിയാം. ദൈവസഹായ
മില്ലാതെ അങ്ങുചെയ്ത അത്ഭുതപ്രവൃത്തികൾ
ആർക്കും ചെയ്യാനാവില്ല."

3യേശു മറുപടി പറഞ്ഞു, "ഞാൻ നിന്നോടു
സത്യമായി പറയാം, ഒരാൾ വീണ്ടും ജനിക്ക
ണം. വീണ്ടും ജനിക്കുന്നില്ലെങ്കിലവനു ദൈവ
രാജ്യം കാണാനാകില്ല."

4നിക്കോദേമൊസ് പറഞ്ഞു, "എന്നാൽ വൃദ്ധ
നായ ഒരാൾക്ക് എങ്ങനെ വീണ്ടും ജനിക്കാനാ
കും? ഒരാൾക്കു വീണ്ടും അമ്മയുടെ ശരീരത്തിനു
ള്ളിൽ പ്രവേശിക്കാനാവില്ല! അതിനാലാർക്കും
രണ്ടാമതു ജനിക്കാനുമാവില്ല."

5പക്ഷേ യേശുമറുപടി പറഞ്ഞു, "ഞാൻ നി
ന്നോടുസത്യമായി പറയാം. ഒരാൾ വെള്ളത്താ
ലും ആത്മാവിനാലും ജനിക്കണം. വെള്ളത്താ
ലും ആത്മാവിനാലും ജനിക്കാത്തവന് ദൈവരാ
ജ്യത്തേക്കു പ്രവേശനമില്ല .6ഒരാളുടെ ശരീരം
അയാളുടെ മനുഷ്യരായ അപ്പനമ്മമാരിൽ
നിന്നു ജനിച്ചതാണ്. പക്ഷേ ഒരുവന്റെ ആത്മീ
യ ജീവിതമാകട്ടെ ആത്മാവിൽനിന്നും ജനിച്ച
തുമാണ്. 7ഞാൻ പറഞ്ഞതിനെപ്പറ്റി വിസ്മയി
ക്കേണ്ട,' നീ വീണ്ടും ജനിക്കണം.' 8കാറ്റ് അതിനു
പോകേണ്ടിടത്തേക്കു വീശുന്നു. കാറ്റിന്റെ
സ്വരം നീ കേൾക്കുന്നു. എന്നാൽ കാറ്റ് എവിടെ
നിന്നു വരുന്നുവെന്നോ അതെങ്ങോട്ടു പോകു
ന്നുവെന്നോ നിനക്കറിയില്ല. ആത്മാവിൽ
നിന്നു ജനിച്ചവനെപ്പറ്റിയും അതുപോലെ
യാണ്."

9നിക്കോദേമൊസ് ചോദിച്ചു, "ഇതൊക്കെ എ
ങ്ങനെ സംഭവിക്കും?"

10യേശു പറഞ്ഞു, "യിസ്രായേലിലെ ഗുരുവാ
ണല്ലോ നീ. പക്ഷേ നിനക്കിപ്പോഴും ഒന്നും
മനസ്സിലാകാത്തതെന്ത്? 11ഞാൻ നിന്നോടു
സത്യമായി പറയുന്നു. ഞങ്ങൾ അറിയുന്നവ
യെപ്പറ്റി ഞങ്ങൾ പറയുന്നു. ഞങ്ങൾ കണ്ടതി
നെപ്പറ്റി ഞങ്ങൾ പറയുന്നു. പക്ഷേ ഞങ്ങൾ
നിങ്ങളോടു പറഞ്ഞതു നിങ്ങൾ സ്വീകരിക്കു
ന്നില്ല. 12ഞാൻ നിങ്ങളോടു ഭൂമിയിലെ കാര്യ
ങ്ങൾ സംസാരിച്ചു. പക്ഷേ നിങ്ങൾ എന്നെ
വിശ്വസിച്ചില്ല. അതിനാൽ ഞാൻ സ്വർഗ്ഗത്തി
ലെ കാര്യങ്ങൾ പറയുമ്പോൾ തീർച്ചയായും
നിങ്ങൾ വിശ്വസിക്കില്ല! 13സ്വർഗ്ഗത്തിൽനി
ന്നും വന്നിറങ്ങിയ മനുഷ്യപുത്രനല്ലാതാരും
സ്വർഗ്ഗത്തിലേക്കു കയറിയിട്ടില്ല.

14"മരുഭൂമിയിൽ മോശെ സർപ്പത്തെ ഉയർ
ത്തി.* മനുഷ്യപുത്രനെ സംബന്ധിച്ചും അങ്ങ
നെതന്നെ. മനുഷ്യപുത്രനും ഉയർത്തപ്പെടണം.
15മനുഷ്യപുത്രനിൽ വിശ്വസിക്കുന്ന എല്ലാവർ
ക്കും നിത്യജീവൻ ലഭിക്കേണ്ടതിനു തന്നെ."

16തന്റെ ഏകപുത്രനെ നൽകുവാൻ തക്കവ
ണ്ണം ദൈവം ലോകത്തെ വളരെയധികം സ്നേ
ഹിച്ചു. അവനിൽ വിശ്വസിക്കുന്ന ഒരുവനും
നശിക്കാതിരിക്കുവാനും അവർക്കു നിത്യജീവൻ
ലഭിക്കുവാനും വേണ്ടി ദൈവം തന്റെമകനെ
ഈ ലോകത്തിലേക്കയച്ചു. 17ദൈവം തന്റെ
പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ
കുറ്റം വിധിക്കാനല്ല. തന്റെ പുത്രനിലൂടെ ലോ
കത്തെ രക്ഷിക്കാൻവേണ്ടിയാണ് ദൈവം അവ
നെ അയച്ചത്. 18ദൈവപുത്രനിൽ വിശ്വസിക്കു
ന്നവനെ വിധിക്കില്ല. എന്നാൽ വിശ്വസിക്കാ

മരുഭൂമിയിൽ ... ഉയർത്തി ദൈവത്തിന്റെ ജനത സർപ്പദംശനമേറ്റ് മരിക്കുകയായിരുന്നതിനാൽ, ഒരു പിച്ചള സർപ്പ ത്തെഉണ്ടാക്കി ഒരുതൂണിൽ തൂക്കുവാൻ ദൈവം മോശെയോടു പറഞ്ഞു. ആ സർപ്പത്തിനെ നോക്കുന്നവൻ രക്ഷപ്പെടും. സംഖ്യ. 21:4-9വായിക്കുക.

ത്തവൻ വിധിക്കപ്പെട്ടു കഴിഞ്ഞു. എന്തുകൊ
ണ്ടെന്നാൽ അയാൾ ദൈവത്തിന്റെ ഏകപുത്ര
നിൽ വിശ്വസിച്ചില്ല. 19ഇക്കാര്യങ്ങൾ കൊണ്ട
വർ വിധിക്കപ്പെട്ടു: വെളിച്ചം ലോകത്തിലേക്കു
വന്നു കഴിഞ്ഞു, എന്നാലാളുകൾക്കതു വേണ്ടി
യിരുന്നില്ല. പകരം അവർക്ക് ഇരുട്ടാണ് അഭി
കാമ്യം. എന്തുകൊണ്ടെന്നാൽ അവരുടെ ചെ
യ്തികൾ ദുഷ്ടത നിറഞ്ഞതായിരുന്നു. 20ദുഷ്ട
തപ്രവർത്തിക്കുന്നവർ പ്രകാശത്തെ വെറുക്കു
ന്നു. അവർ വെളിച്ചത്തിലേക്കു വരില്ല. എന്തു
കൊണ്ടെന്നാൽ അവർ ചെയ്ത എല്ലാചീത്തപ്ര
വൃത്തിയും വെളിച്ചത്തു തെളിയും. 21സത്യമായ
മാർഗ്ഗം സ്വീകരിച്ചവർ പ്രകാശത്തിലേക്കുവരും.
അപ്പോൾ അയാളുടെ പ്രവൃത്തികൾ ദൈവത്തി
ലൂടെയാണു ചെയ്തതെന്ന് വെളിപ്പെടും.

യേശുവും സ്നാപക യോഹന്നാനും

22അതിനുശേഷം യേശുവും ശിഷ്യന്മാരും യെ
ഹൂദ്യദേശത്തേക്കു പോയി. അവൻ അവിടെ
ശിഷ്യന്മാരോടൊത്തു താമസിച്ച് ആളുകളെ
സ്നാനപ്പെടുത്തി. 23യോഹന്നാനും ഐനോ
നിൽ ആളുകളെ സ്നാനപ്പെടുത്തുന്നുണ്ടായി
രുന്നു. ശാലേമിനടുത്തുള്ള സ്ഥലമായിരുന്നു
ഐനോൻ. അവിടെ ഇഷ്ടം പോലെ വെള്ളം
ഉണ്ടായിരുന്നതുകൊണ്ടാണ് യോഹന്നാൻ
അവിടെ സ്നാനം നടത്തിയത്. സ്നാനപ്പെടു
ന്നതിന് ആളുകൾ അങ്ങോട്ടു പോയിരുന്നു.
24(അന്ന് യോഹന്നാൻ തടവിൽ ആക്കപ്പെട്ടിരു
ന്നില്ല.)

25യോഹന്നാന്റെ ചില ശിഷ്യന്മാരും ഒരു
യെഹൂദനും തമ്മിൽ ഒരുവാദമുണ്ടായി. ശുദ്ധീക
രണത്തെപ്പറ്റിയായിരുന്നു തർക്കം. 26അതിനാൽ
ശിഷ്യന്മാർ യോഹന്നാനെ സമീപിച്ചു. അവർ
പറഞ്ഞു, "റബ്ബീ, യോർദ്ദാൻനദിയുടെ മറുകര
യിൽ അങ്ങയോടൊത്തുണ്ടായിരുന്ന ആളെ ഓർ
ക്കുന്നില്ലേ? അയാളെപ്പറ്റിയായിരുന്നു അങ്ങ്
പ്രസംഗിച്ചിരുന്നത്. ആ മനുഷ്യൻ ആളുകളെ
സ്നാനപ്പെടുത്തുന്നു. ഒട്ടേറെപ്പേർ അവനെ
സമീപിക്കുന്നുമുണ്ട്."

27യോഹന്നാൻ മറുപടി പറഞ്ഞു, "ദൈവം
നൽകുന്നതേ ആർക്കും കിട്ടൂ. 28ഞാൻ പറഞ്ഞതു
നിങ്ങൾ കേട്ടതല്ലേ? 'ഞാൻ ക്രിസ്തുവല്ല. അവ
ന്റെ വഴിയൊരുക്കുവാൻ ദൈവം അയച്ചവൻ
മാത്രമാണു ഞാൻ.' 29വധുവരന്റേതുമാത്രമാണ്.
വരന്റെ സഹായിയും സുഹൃത്തുമായവൻ വര
ന്റെ വരവിന് കാത്തു നിൽക്കുന്നു. അയാളുടെ
സ്വരം കേൾക്കുമ്പോൾ സുഹൃത്ത് ആഹ്ലാദിക്കു
ന്നു. എന്റെ ആഹ്ലാദസമയം ഇതാ എത്തിയിരി
ക്കുന്നു. 30അവൻ വളരണം. ഞാൻ എളിയവനാ
കുകയും വേണം.

സ്വർഗ്ഗത്തിൽ നിന്നും വരുന്നവൻ

31"മുകളിൽ നിന്നുവരുന്നവൻ എല്ലാവരെക്കാ
ളും ശ്രേഷ്ഠനാണ്. ഭൂമിയിലുള്ളവൻ ഭൂമിയുടേ
താണ്. അവൻ ഭൂമിയിലെ കാര്യങ്ങളെപ്പറ്റി പറ
യുന്നു. പക്ഷേ സ്വർഗ്ഗത്തിൽനിന്നും വരുന്ന
വൻ മറ്റെല്ലാവരെക്കാൾ ശ്രേഷ്ഠനാണ്. 32താൻ
കണ്ടതും കേട്ടതും അവൻ പറയുന്നു. പക്ഷേ
അവന്റെ വാക്കുകൾ ജനങ്ങൾ സ്വീരിക്കുന്നില്ല.
33അവന്റെ വാക്കുകൾ സ്വീകരിക്കുന്നവൻ
ദൈവം സത്യമാണെന്നതിനു മുദ്രപതിപ്പിക്കു
ന്നു. 34ദൈവം അവനെ അയച്ചു. ദൈവം അയ
ച്ചവൻ ദൈവത്തിന്റെ വാക്കുകൾ ഉച്ചരിക്കു
ന്നു. ദൈവം ആത്മാവിനെ മുഴുവനായി അവ
നുനൽകിയിരിക്കുന്നു. 35പിതാവ് പുത്രനെ
സ്നേഹിക്കുന്നു. പിതാവ് പുത്രന് എല്ലാറ്റിനും
മേലെ ശക്തി നൽകി. 36പുത്രനിൽ വിശ്വസിക്കു
ന്നവന് നിത്യ ജീവൻ ഉണ്ട്. പുത്രനെ അനുസരി
ക്കാത്തവന് ആ ജീവിതമൊരിക്കലും ലഭിക്കില്ല.
ദൈവകോപം അവനിലുണ്ടാകും."

യേശു ഒരു ശമര്യക്കാരിയോടു സംസാരിക്കുന്നു

4 യേശു യോഹന്നാനെക്കാൾ കൂടുതൽ പേരെ
സ്നാനപ്പെടുത്തുകയും ശിഷ്യന്മാരാക്കുക
യും ചെയ്യുന്നുണ്ടെന്ന് പരീശന്മാർ അറിഞ്ഞു.
2(പക്ഷെ യേശു യഥാർത്ഥത്തിൽ ആരെയും
സ്നാനപ്പെടുത്തിയിരുന്നില്ല. അവനുവേണ്ടി
അവന്റെ ശിഷ്യന്മാരാണതു ചെയ്തത്.) ഇതെ
പ്പറ്റി പരീശന്മാർ കേട്ടുവെന്ന് യേശു അറിഞ്ഞു.
3അതിനാൽ യേശു യെഹൂദ്യാവിട്ട് ഗലീലയി
ലേക്കു മടങ്ങിപ്പോയി. 4അങ്ങോട്ടുള്ള വഴിയേ
യേശുവിന് ശമര്യരാജ്യത്തുകൂടി പോകേണ്ടിയി
രുന്നു.

5ശമര്യയിൽ സുഖാർ എന്ന നഗരത്തിൽ യേ
ശു വന്നു. യാക്കോബ് തന്റെ പുത്രൻ യോസേ
ഫിനു നൽകിയ കൃഷിയിടത്തിനടുത്താണ് ഈ
സ്ഥലം. 6യാക്കോബിന്റെ കിണർ അവിടെയാ
യിരുന്നു. ദീർഘയാത്രയിൽ യേശുവളരെ ക്ഷീ
ണിതനായിരുന്നു. അവൻ കിണറ്റിൻ കരയിലി
രുന്നു. നേരം ഉച്ചയോടടുത്തിരുന്നു. 7ഒരു ശമര്യ
ക്കാരി വെള്ളം കോരാൻ അവിടെയെത്തി.
യേശു അവളോടു പറഞ്ഞു, "എനിക്കു കുടിക്കാ
നല്പം വെള്ളം തരൂ." 8(യേശുവിന്റെ ശിഷ്യന്മാർ
ഗ്രാമത്തിൽ ആഹാരം വാങ്ങവേയാണിതു
സംഭവിച്ചത്.) 9ശമര്യക്കാരി മറുപടി പറഞ്ഞു,
"നീ എന്നോടു വെള്ളം ചോദിച്ചത് എന്നെ
അത്ഭുതപ്പെടുത്തുന്നു! നീ യെഹൂദനും ഞാൻ
ശമര്യക്കാരിയുമാണ്!"(യെഹൂദർ ശമര്യക്കാരുടെ
സുഹൃത്തുക്കളായിരുന്നില്ല.)

10യേശു മറുപടി പറഞ്ഞു, "ദൈവം എന്താ
ണു തരുന്നത് എന്നതിനെപ്പറ്റി നിനക്കറിയില്ല.
ദാഹജലം ചോദിച്ച ഞാനാരെന്നുംനിനക്കറിയി
ല്ല. നീ അറിഞ്ഞിരുന്നെങ്കിൽ നീ എന്നോടു
ചോദിക്കുകയും ഞാൻ നിനക്കു ജീവജലം തരി
കയും ചെയ്യുമായിരുന്നു."

11സ്ത്രീ പറഞ്ഞു,"പ്രഭോ, അങ്ങയ്ക്കെവിടെ
നിന്നു ജീവജലം കിട്ടും? കിണറിനാണെങ്കിൽ
വളരെ ആഴം ഉണ്ട്. അങ്ങയുടെ കയ്യിലാകട്ടെ
പാത്രവുമില്ല. 12നീ ഞങ്ങളുടെ പിതാവ് യാക്കോ
ബിനെക്കാൾ ശ്രേഷ്ഠനാണോ? യാക്കോബാണു
ഞങ്ങൾക്ക് ഈ കിണർ നൽകിയത്. അവൻ
ഇതിൽനിന്നും സ്വയം വെള്ളം കുടിച്ചു. അവ
ന്റെ മക്കളും അവന്റെ മൃഗങ്ങളും ഇതിൽ
നിന്നാണു വെള്ളം കുടിച്ചിരുന്നത്."

13യേശു മറുപടിപറഞ്ഞു, "ഈ വെള്ളം കുടി
ക്കുന്നവർക്കൊക്കെ വീണ്ടും ദാഹിക്കും. 14എന്നാ
ൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവർക്ക്
ഒരിക്കലും ദാഹിക്കില്ല. ഞാൻ നൽകുന്ന വെള്ളം
അയാളിൽ ഒരു നീരുറവുപോലെ ഒഴുകികൊ
ണ്ടിരിക്കും. ഞാൻ നൽകുന്ന വെള്ളം അവനെ
നിത്യജീവനിലേക്കു നയിക്കും."

15സ്ത്രീ യേശുവിനോടു പറഞ്ഞു, "പ്രഭോ,
എനിക്കാവെള്ളം തന്നാലും. എനിക്കു വീണ്ടും
ദാഹമുണ്ടാകാതിരിക്കട്ടെ. പിന്നെ ഇവിടെ
വെള്ളം കോരാനും വരേണ്ട ആവശ്യം ഉണ്ടാക
യില്ലല്ലോ." 16യേശു അവളോടു പറഞ്ഞു,
"പോയി നിന്റെ ഭർത്താവിനെയും കൂട്ടി മട
ങ്ങി വരൂ."

17സ്ത്രീ മറുപടി പറഞ്ഞു, “പക്ഷേ എനിക്കു
ഭർത്താവില്ല.”യേശു അവളോടു പറഞ്ഞു,“നി
നക്കു ഭർത്താവില്ലെന്നു പറഞ്ഞതു ശരിയാണ്.
18യഥാർത്ഥത്തിൽ നിനക്കുഅഞ്ചു ഭർത്താക്കന്മാ
രുണ്ടായിരുന്നു. എന്നാൽ നിൻെറ കൂടെ ഇപ്പോ
ഴുള്ളവൻ നിൻെറ ഭർത്താവല്ല. നീ എന്നോടു
സത്യം പറഞ്ഞു.” 19സ്ത്രീ പറഞ്ഞു, “പ്രഭോ,
അങ്ങ് ഒരു പ്രവാചകനാണ് എന്നു ഞാൻ കാ
ണുന്നു. 20ഞങ്ങളുടെ പിതാക്കന്മാർ ഈ പർവ്വ
തത്തിൽ നമസ്കരിച്ചുവന്നു. എന്നാൽ നിങ്ങൾ
യെഹൂദർ അവകാശപ്പെടുന്നു യെരൂശലേമാണ്
നമസ്ക്കരിക്കേണ്ട യഥാർത്ഥ സ്ഥലമെന്ന്.”

21യേശു പറഞ്ഞു, “സ്ത്രീയേ, എന്നിൽ വിശ്വ
സിക്കൂ! നിങ്ങൾ പിതാവിനെ നമസ്കരിക്കുന്ന
ത് യെരൂശലേമിലോ ഈ മലയിലോ അല്ലാതാ
കുന്നസമയം വരുന്നു. 22നിങ്ങൾ ശമര്യക്കാർ
മനസ്സിലാകാത്തതിനെ നമസ്കരിക്കുന്നു. ഞ
ങ്ങൾ യെഹൂദർ മനസ്സിലാകുന്നതിനെ നമസ്ക
രിക്കുന്നു. രക്ഷ യെഹൂദരിൽ നിന്നാണു വരുന്ന
ത്. 23യഥാർത്ഥ നമസ്കാരികൾ പിതാവിനെ
ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന
സമയം വരും. ആ സമയമിതാ എത്തിക്കഴിഞ്ഞു.
അത്തരത്തിലുള്ളവർ തൻെറ നമസ്കാരികളാ
കാനാണ് പിതാവാഗ്രഹിക്കുന്നത്. 24ദൈവം
ആത്മാവാണ്. അതിനാൽ ദൈവത്തെ നമസ്ക
രിക്കുന്നവർ ആത്മാവിലും സത്യത്തിലും നമ
സ്കരിക്കണം.”

25സ്ത്രീപറഞ്ഞു, “മശീഹാ വരുന്നുണ്ടെന്ന് എ
നിക്കറിയാം.” (അവൻ ക്രിസ്തു എന്നു വിളിക്ക
പ്പെടുന്നു.) “മശീഹാ വരുമ്പോൾ അവൻ ഞങ്ങ
ൾക്കെല്ലാം വിശദമാക്കി തരും.”

26അപ്പോൾ യേശുപറഞ്ഞു, “ആ മനുഷ്യനാ
ണ് നിന്നോടു സംസാരിക്കുന്നത്. ഞാനാണ് മ
ശീഹാ.”

27ആ സമയം യേശുവിൻെറ ശിഷ്യന്മാർ നഗര
ത്തിൽനിന്നും മടങ്ങിയെത്തി. യേശു ഒരു സ്ത്രീ
യുമായി സംസാരിക്കുന്നതു കണ്ട് അവർ അത്ഭു
തപ്പെട്ടു. എന്നാൽ “നിനക്കെന്തു വേണം?”എ
ന്നോ “നീ എന്താണവളോടു സംസാരിക്കുന്ന
ത്?” എന്നോ ആരും ചോദിച്ചില്ല.

28അപ്പോൾ ആ സ്ത്രീ തൻെറകുടം അവിടെ
വെച്ച് നഗരത്തിലേക്കുപോയി. അവൾ ആളുക
ളോട് ഇങ്ങനെപറഞ്ഞു, 29“ഞാനിതുവരെ ചെ
യ്തതെല്ലാം ഒരാൾ എന്നോടുപറഞ്ഞു.വന്ന് അ
വനെ കാണുക. അവനായിരിക്കാം ക്രിസ്തു.”
30അതിനാൽ ആളുകളെല്ലാം നഗരംവിട്ട് യേശു
വിനെ കാണാൻ പോയി.

31ആ സ്ത്രീ നഗരത്തിലായിരിക്കവേ ശിഷ്യ
ന്മാർ യേശുവിനോടപേക്ഷിച്ചു, “റബ്ബീ, എന്തെ
ങ്കിലും കഴിച്ചാലും.”

32പക്ഷേ യേശുപറഞ്ഞു,“എനിക്ക് നിങ്ങൾക്ക
റിയാത്ത ആഹാരമുണ്ട്.”

33അതുകേട്ട് ശിഷ്യന്മാർ സ്വയം ചോദിച്ചു,
“ഇനി ആരെങ്കിലും നേരത്തെ അദ്ദേഹത്തിനു
ഭക്ഷണം കൊടുത്തോ?”

34യേശുപറഞ്ഞു, “ദൈവം എന്നിലേല്പിച്ച
കർത്തവ്യ നിർവ്വഹണമാണ് എൻെറ ഭക്ഷണം.
അവനെന്നെ ഏല്പിച്ച ജോലി തീർക്കുകയാണെ
ൻെറ ഭക്ഷണം. 35വിതയ്ക്കുമ്പോൾ നിങ്ങൾ
പറയും നാലുമാസം കൂടി കാത്തിരുന്നാൽ വിള
വെടുക്കാം.” പക്ഷേ ഞാൻ നിങ്ങളോടു പറയു
ന്നു, “നിങ്ങളുടെ കണ്ണുകൾ തുറക്കുക. എന്നിട്ട്
ജനങ്ങളെ നോക്കുക. വിളവെടുക്കാറായ വയൽ
പോലെയാണവർ. 36കൊയ്യുന്നവനിപ്പോഴും
കൂലി കിട്ടുന്നു. അയാൾ നിത്യജീവിതത്തിലേ
ക്കു വിളവുശേഖരിക്കുന്നു. അതിനാലിപ്പോൾ
വിതച്ചവനും കൊയ്യുന്നവനും ഒരുപോലെ
ആഹ്ലാദിക്കാം. 37നമ്മൾ പറയാറുണ്ടല്ലോ ‘ഒരാൾ
വിതയ്ക്കുന്നു, വേറൊരാൾ കൊയ്യുന്നു’ അതു
സാർത്ഥകമാകുന്നു. 38നിങ്ങൾ വിതയ്ക്കാത്തതു
കൊയ്യാനാണു ഞാൻ നിങ്ങളെ അയച്ചത്. മറ്റു
ള്ളവർ വേലചെയ്യുന്നു. അവരുടെവേലയ്ക്കു
നിങ്ങൾക്കു പ്രതിഫലം കിട്ടുന്നു.”

39നഗരത്തിൽ നിന്നും ഒട്ടേറെ ശമര്യക്കാർ യേ
ശുവിൽ വിശ്വസിച്ചു. യേശുവിനെപ്പറ്റി ആ
സ്ത്രീ പറഞ്ഞതു കേട്ടാണവർ വിശ്വസിച്ചത്.
അവൾ അവരോടു പറഞ്ഞു, “ഞാനിതുവരെ
ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു.”
40ശമര്യക്കാർ യേശുവിൻെറയടുത്തേക്കു പോ
യി. തങ്ങളോടൊത്തു താമസിക്കാൻ അവർ യേ
ശുവിനോടു അപേക്ഷിച്ചു. അതിനാൽ അവൻ
അവിടെ രണ്ടുദിവസം തങ്ങി. 41യേശുവിൻെറ
വാക്കുകൾകേട്ട് വളരെപ്പേർ അവനിൽ വിശ്വ
സിച്ചു.

42ആളുകൾ ആ സ്ത്രീയോടു പറഞ്ഞു, “ആ
ദ്യം നീ പറഞ്ഞതിൻെറ അടിസ്ഥാനത്തിൽ ഞ
ങ്ങൾ യേശുവിൽവിശ്വസിച്ചു. ഇപ്പോൾ ഞ
ങ്ങൾ സ്വയം കേട്ടതിൻെറ വെളിച്ചത്തിൽ
വിശ്വസിക്കുന്നു. ഇവൻ തന്നെയാണു ലോകര
ക്ഷകനെന്നു ഞങ്ങളറിയുന്നു.”

ഉദ്യോഗസ്ഥൻെറ പുത്രനെ സുഖപ്പെടുത്തുന്നു

(മത്താ. 8:5-13; ലൂക്കൊ. 7:110)

43രണ്ടു ദിവസങ്ങൾക്കു ശേഷം യേശു അവിടം
വിട്ടു ഗലീലയിലേക്കുപോയി.44(ഒരു പ്രവാച
കനും സ്വന്തം നാട്ടിൽ ബഹുമാനം ഇല്ലായെന്ന്
അതിനു മുമ്പാണു യേശു പറഞ്ഞത്.) 45ഗലീല
യിലെത്തിയ യേശുവിനെഅവിടത്തുകാർ സ്വീ
കരിച്ചു. യെരൂശലേമിലെ പെസഹ ഉത്സവ
ത്തിൽ അവൻ ചെയ്ത കാര്യങ്ങൾ അവരെല്ലാം
കണ്ടിരുന്നു. അവരും അവിടെയുണ്ടായിരുന്നു.

46ഗലീലയിലെ കാനാവിലേക്കു യേശുവീ
ണ്ടും പോയി. അവിടെയാണ് യേശു വെള്ള
ത്തെ വീഞ്ഞാക്കിയത്. രാജാവിൻെറ പ്രധാന
പ്പെട്ട ഒരു ഉദ്യോഗസ്ഥൻ കഫർന്നഹൂമിൽ താമ
സിച്ചിരുന്നു. അയാളുടെ മകന് രോഗം പിടിപെ
ട്ടിരുന്നു. 47യേശു യെഹൂദ്യയിൽനിന്ന് ഗലീല
യിലെത്തിയിട്ടുണ്ടെന്ന് അയാൾ കേട്ടു. അതി
നാൽ അയാൾ കാനാവിൽ യേശുവിൻെറയടു
ത്തേക്കു പോയി. കഫർന്നഹൂമിൽ വന്ന് തൻെറ
പുത്രൻെറ രോഗം ഭേദമാക്കാൻ അയാൾ യേശു
വിനോടപേക്ഷിച്ചു. ആ കുട്ടി മരിക്കാറായി
രുന്നു. 48യേശു അയാളോടു പറഞ്ഞു, “എന്നിൽ
വിശ്വസിക്കും മുമ്പ് നിങ്ങൾക്ക് വീര്യപ്രവൃത്തി
കളും അത്ഭുതപ്രവൃത്തികളും കാണണംഅല്ലേ?”
49രാജാവിൻെറ ഉദ്യോഗസ്ഥൻ പറഞ്ഞു,
“പ്രഭോ, എൻെറ കൊച്ചു മകൻ മരിക്കും മുമ്പ്
എൻെറ വീട്ടിലേക്കു വന്നാലും.”50യേശു മറു
പടിപറഞ്ഞു, “പോകൂ. നിൻെറ മകൻ ജീവി
ക്കും.” അയാൾ യേശുവിൻെറ വാക്കുകൾ വിശ്വ
സിച്ചു വീട്ടിലേക്കു പോയി. 51വീട്ടിലേക്കു
പോകും വഴി അയാളുടെ ദാസന്മാർ വന്ന്
സന്ധിച്ചു അയാളോടു പറഞ്ഞു, “അങ്ങയുടെ
മകനു സുഖമായി.”

52അയാൾചോദിച്ചു, “എത്ര മണിക്കാണ് അവ
ൻെറ ആരോഗ്യം മെച്ചപ്പെട്ടു തുടങ്ങിയത്?”
ദാസന്മാർ മറുപടി പറഞ്ഞു, “ഇന്നലെ ഒരു
മണിക്കാണ് പനി വിട്ടത്.”

53ഒരുമണി സമയത്താണ് "നിൻെറ മകൻ ജീ
വിക്കും."എന്ന് യേശുപറഞ്ഞതെന്ന് അയാൾ ഓ
ർത്തു. അതിനാൽ അയാളും അയാളുടെ വീട്ടു
കാരും യേശുവിൽ വിശ്വസിച്ചു. 54യെഹൂദ്യയി
ൽനിന്നുംഗലീലയിൽ എത്തിയതിനുശേഷം യേ
ശുപ്രവർത്തിച്ച രണ്ടാമത്തെ വീര്യപ്രവൃത്തി
യായിരുന്നു അത്.

കുളക്കരയിൽ ഒരാളെ സുഖപ്പെടുത്തുന്നു

5 യേശു പിന്നീട് ഒരു പ്രത്യേകയെഹൂദ ഉത്സ
വത്തിനായി യെരൂശലേമിലേക്കു പോയി.
2അവിടെ അഞ്ചു മണ്ഡപങ്ങളുള്ള ഒരുകുളം ഉ
ണ്ടായിരുന്നു. യെഹൂദഭാഷയിൽ അതിനെ
ബെഥെസ്ദാ എന്നു വിളിച്ചിരുന്നു. ആട്ടുവാ
തിലിനരികിലായിരുന്നു ഈ കുളം. 3കുളക്കരയി
ലെ മണ്ഡപങ്ങളിൽ ധാരാളം രോഗികൾ കിട
ന്നിരുന്നു. അവരിൽ അന്ധരും മുടന്തരും തളർ
വാതക്കാരുമുണ്ടായിരുന്നു.4* 5അവിടെ മുപ്പ
ത്തെട്ടുവർഷമായി രോഗംബാധിച്ച ഒരാളുണ്ടാ
യിരുന്നു.6അയാളവിടെ കിടക്കുന്നത് യേശു ക
ണ്ടു. വളരെക്കാലമായി അയാൾ രോഗിയാണെ
ന്ന് യേശുവിനു മനസ്സിലായി. യേശു അയാളോ
ടുചോദിച്ചു,"നിനക്കുസുഖമാകണമെന്നുണ്ടോ?
7രോഗി മറുപടിപറഞ്ഞു,"പ്രഭോ, വെള്ളം ഇ
ളകിതുടങ്ങുമ്പോൾ എന്നെ വെള്ളത്തിലിറ
ക്കാൻ ആരുമില്ല. ആദ്യം ഇറങ്ങാൻ ഞാൻ ശ്രമി
ക്കാറുണ്ട്. പക്ഷേ അപ്പോഴേക്കും എന്നെക്കാൾ
മുമ്പേ മറ്റാരെങ്കിലും വെള്ളത്തിൽ ഇറങ്ങിയി
രിക്കും."
8അപ്പോൾ യേശു പറഞ്ഞു,"എഴുന്നേൽക്കൂ!
നിൻെറ കിടക്കയുമെടുത്ത് നടന്നു പോകൂ."
9ഉടൻതന്നെ അയാളുടെ രോഗം ഭേദമായി.
അയാൾ തൻെറ കിടക്കയുമെടുത്ത് നടക്കാൻ
തുടങ്ങി. ഒരു ശബ്ബത്തു ദിവസമായിരുന്നു ഇതു
സംഭവിച്ചത്. 10അതിനാൽ സുഖപ്പെട്ടവനോട്
യെഹൂദർ പറഞ്ഞു,"ഇന്നു ശബ്ബത്താണ്. ഇന്നു
കിടക്കയെടുക്കുന്നതു ന്യായപ്രമാണത്തിനു
വിരുദ്ധമാണ്."
11പക്ഷേ അയാൾ മറുപടി പറഞ്ഞു, "എന്നെ
സുഖപ്പെടുത്തിയവൻ എന്നോടു പറഞ്ഞു, 'നി
ൻെറ കിടക്കയുമെടുത്ത് നടക്കുക' എന്ന്."
12യെഹൂദർ അയാളോടു ചോദിച്ചു, "കിടക്ക
യുമെടുത്തു നടക്കുവാൻ ആരാണു നിന്നോടു
പറഞ്ഞത്?"
13എന്നാൽ അത് ആരാണെന്നു തിരിച്ചറിയു
വാൻ അയാൾക്കായില്ല. അവിടെ ഒട്ടേറെപ്പേരു
ണ്ടായിരുന്നു. യേശു അവിടം വിട്ടുപോവുകയും
ചെയ്തു.
14പിന്നീട് യേശു അയാളെ ദൈവാലയത്തിൽ
വച്ചുകണ്ടു. യേശു അയാളോടു പറഞ്ഞു, "നോ
ക്കൂ, നിനക്കിപ്പോൾ സുഖമായി. എന്നാൽ കൂടു
തൽ കുഴപ്പങ്ങളുണ്ടാകാതിരിക്കാൻ പാപങ്ങൾ
ചെയ്യാതിരിക്കുക."
15അനന്തരം അയാൾ യെഹൂദരുടെയടുത്തേ
ക്ക്മടങ്ങി. യേശുവാണ് തൻെറരോഗം ഭേദമാക്കി
യതെന്ന് അയാൾ അവരോട് പറഞ്ഞു.

16യേശു ഇതെല്ലാംചെയ്തത് ശബ്ബത്ത് ദിവസ
മായിരുന്നു. അതുകൊണ്ട് യെഹൂദർ യേശുവി
നെ പീഡിപ്പിക്കാൻ തുടങ്ങി. 17എന്നാൽ യേശു
യെഹൂദരോടു പറഞ്ഞു,"എൻെറപിതാവ് ഒരി
ക്കലും പ്രവൃത്തികൾ നിർത്തിയിട്ടില്ല. അതിനാ
ൽ ഞാനും ജോലി ചെയ്യുന്നു."
18ഇതുകൊണ്ടാണ് യെഹൂദർ കുറെക്കൂടി രൂക്ഷ
മായി യേശുവിനെ കൊല്ലാൻ ശ്രമിച്ചത്. അവർ
പറഞ്ഞു,"ആദ്യം യേശു ശബ്ബത്തിൻെറ ന്യായ
പ്രമാണം ലംഘിക്കുന്നു. പിന്നെ പറഞ്ഞു, ദൈ
വമാണ് തൻെറ പിതാവെന്ന്. അവൻ സ്വയം
ദൈവത്തിനു തുല്യനാക്കുകയാണ്."

യേശുവിന് ദൈവത്തിൻെറ അധികാരം

19പക്ഷേ യേശു മറുപടിപറഞ്ഞു,"ഞാൻ നി
ങ്ങളോടു സത്യമായി പറയാം. പുത്രന് സ്വയം
ഒന്നും ചെയ്യാനാവില്ല. പിതാവ് ചെയ്യുന്ന
തായി കാണുന്നതുമാത്രമേ പുത്രൻ ചെയ്യൂ.
അപ്പൻ ചെയ്യുന്നതു തന്നെ മകനും ചെയ്യുന്നു.
20പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ
ചെയ്യുന്നതെല്ലാം അവനുകാണിച്ചു കൊടുക്കു
കയും ചെയ്യുന്നു. ഇയാൾ സുഖപ്പെട്ടു. ഇതിനെ
ക്കാൾ വലിയ പ്രവൃത്തികൾ പിതാവ് പുത്രനു
കാണിച്ചു കൊടുക്കും. അപ്പോൾ നിങ്ങളെല്ലാവ
രും അത്ഭുതപ്പെടും. 21മരിച്ചവരെ ഉയിർത്തെഴു
ന്നേല്പിച്ച് പിതാവ് അവർക്കു ജീവൻ നൽകുന്നു.
അതേപോലെ പുത്രനും തനിക്കു വേണ്ടപ്പെട്ടവ
ർക്ക് ജീവൻ നൽകുന്നു. 22പിതാവ് ആരെയും
വിധിക്കുന്നില്ല. എന്നാൽ എല്ലാ വിധിയ്ക്കു
മുള്ള ശക്തി പിതാവ് പുത്രനു നൽകിയിരി
ക്കുന്നു. 23പിതാവിനെ ആദരിക്കുമ്പോലെ
തന്നെ പുത്രനെയും ആളുകൾ ആദരിക്കുംവിധ
മാണ് ദൈവം ഇതു ചെയ്തിരിക്കുന്നത്. ഒരാൾ
പുത്രനെ ആദരിക്കാതിരുന്നാൽ യഥാർത്ഥ
ത്തിൽ അയാൾ പിതാവിനെയും ആദരിക്കുന്നി
ല്ല. പിതാവാണ് പുത്രനെ അയച്ചത്.
24"ഞാൻ നിങ്ങളോട് സത്യമായിപറയാം. എ
ൻെറ വാക്കുകൾ കേൾക്കുകയും എന്നെ അയച്ച
വനിൽ വിശ്വസിക്കുകയും ചെയ്യുന്ന ആൾക്ക്
നിത്യജീവൻ ലഭിക്കും. അയാൾ കുറ്റക്കാരനായി
വിധിക്കപ്പെടില്ല. അയാൾ മരണത്തെവിട്ട് ജീവ
നിൽ പ്രവേശിച്ചുകഴിഞ്ഞു.25ഞാൻ നിങ്ങളോ
ടുസത്യമായി പറയട്ടെ. ഒരു പ്രധാന സമയമി
താവരുന്നു. അത് എത്തിക്കഴിഞ്ഞിരിക്കുന്നു. പാ
പത്തിൽ മരിച്ചവർ മനുഷ്യപുത്രൻെറ സ്വരം
കേൾക്കും. അവൻെറ വാക്കുകൾ സ്വീകരിച്ചവർ
നിത്യജീവൻ നേടുകയുംചെയ്യും. 26ജീവൻ പി
താവിൽ നിന്നുതന്നെ വരുന്നതാണ്. അതിനാൽ
പിതാവ് ജീവൻനൽകുന്നതിനും പുത്രനെ അനു
വദിച്ചിട്ടുണ്ട്. 27എല്ലാവരെയും വിധിക്കാനുള്ള
അധികാരവും പിതാവ്പുത്രന് നൽകി. എന്തു
കൊണ്ട്? ആ പുത്രൻ മനുഷ്യപുത്രനാണ്. 28ഇ
തിൽഅത്ഭുതപ്പെടരുത്. എല്ലാ മരിച്ചവരും അവ
രുടെശവകുടീരങ്ങളിൽനിന്ന് അവൻെറ ശബ്ദം
കേൾക്കുന്ന സമയം പുറത്തുവരും. 29നന്മ ചെ
യ്തവർ ഉയിർത്തെഴുന്നേറ്റ് നിത്യജീവൻ നേടും
എന്നാൽ തിന്മചെയ്തവർ ഉയിർത്തെഴുന്നേറ്റ്
ന്യായവിധിയെ സ്വീകരിക്കും.

യെഹൂദരോടു തുടർന്നു സംസാരിക്കുന്നു!

30"എനിക്കു സ്വന്തമായി ഒന്നുംചെയ്യാൻ കഴി
യില്ല. കേൾക്കുന്നതുപോലെ ഞാൻ വിധിക്കു
ന്നു. അതിനാൽ എൻെറ ന്യായവിധി നീതിപൂ
ർവ്വമായിരിക്കും. എന്തുകൊണ്ടെന്നാൽ ഞാനെ

വാക്യം3 ചിലഗ്രീക്കു പതിപ്പുകളിൽ, "വെള്ളം ഇളകുന്നതിന് അവർ കാത്തിരുന്നു." എന്നും ചേർത്തിട്ടുണ്ട്. പിൽക്കാലത്തെ ചില പതിപ്പുകളിൽ വാക്യം4: "ഇടയ്ക്ക് കർത്താവിൻെറ ഒരു ദൂതൻ കുളത്തിലേക്കിറങ്ങിവരികയും ജലം ഇളക്കുകയും ചെയ്തു. ദൂതൻ അങ്ങനെ ചെയ്തുകഴിഞ്ഞപ്പോൾ ജലാശയത്തിലേക്കിറങ്ങേണ്ട ആദ്യത്തെ ആൾ കുളത്തിലേക്കിറങ്ങുകയും അയാളുടെ രോഗങ്ങളെല്ലാം ഭേദപ്പെടുകയും ചെയ്തു എന്നും ചേർത്തിട്ടുണ്ട്.

ന്നെത്തന്നെ സന്തോഷിപ്പിക്കാൻശ്രമിക്കില്ല. പ
ക്ഷേ എന്നെ അയച്ചവനെ എനിക്കു സന്തു
ഷ്ടനാക്കണം.
31“ഞാൻ എന്നെപ്പറ്റിത്തന്നെ ആളുകളോടു
പറയുന്നത് സാധുവല്ല. 32എന്നാൽ എന്നെപ്പറ്റി
അവരോടു പറയുന്ന മറ്റൊരാളുണ്ട്. എന്നെപ്പറ്റി
അയാൾ പറയുന്നതൊക്കെ സത്യമാണെന്ന് എ
നിക്കറിയാം.
33“നിങ്ങൾ യോഹന്നാൻെറ അടുത്തേക്ക്
ആളെ അയച്ചു. അയാൾ നിങ്ങളോട് സത്യ
ത്തെപ്പറ്റി പറഞ്ഞു,34എന്നെപ്പറ്റി മറ്റുള്ളവരോടു
പറയാൻ എനിയ്ക്കൊരാളും വേണ്ട. നിങ്ങൾ
രക്ഷപ്രാപിക്കുന്നതിനാണ് ഞാനിതൊക്കെ
നിങ്ങളോടു പറയുന്നത്. 35കത്തിക്കൊണ്ട് പ്ര
കാശം നൽകുന്ന വിളക്കു പോലായിരുന്നു യോ
ഹന്നാൻ. അയാളുടെ വെളിച്ചം അല്പനേരം
ആസ്വദിക്കാൻ നിങ്ങൾക്കു സന്തോഷമായി
രുന്നു. 36എൻെറ സാക്ഷ്യം യോഹന്നാനെക്കാൾ
മഹത്തരമാണ്. എൻെറ പ്രവൃത്തികൾ തന്നെ
എൻെറ സാക്ഷ്യം. ഇതൊക്കെ സഫലമാക്കാനാ
ണു പിതാവെന്നെ നിയോഗിച്ചതെന്നകാര്യം
ഞാൻ സാക്ഷ്യപ്പെടുത്തുന്നു. 37പക്ഷേ നിങ്ങ
ളൊരിക്കലും ഈ സ്വരം കേട്ടിട്ടില്ല. ഞാൻ
ചെയ്യുന്ന കാര്യങ്ങൾക്കുള്ള സാക്ഷ്യമാണ് എനി
ക്കുള്ള പിതാവിൻെറ നിയോഗം. അവൻെറ
രൂപവും നിങ്ങൾ കണ്ടിട്ടില്ല. 38പിതാവിൻെറ
വചനം നിങ്ങളിലില്ല. എന്തുകൊണ്ടെന്നാൽ
പിതാവ് അയച്ചവനിൽ നിങ്ങൾ വിശ്വസിക്കു
ന്നില്ല. 39നിങ്ങൾ തിരുവെഴുത്തുകൾ വായിക്കു
ന്നു. തിരുവെഴുത്തുകൾ നിത്യജീവൻ തരുമെന്നു
നിങ്ങൾ കരുതുന്നു. ആതിരുവെഴുത്തുകൾതന്നെ
എന്നെപ്പറ്റിയും പറയുന്നു. 40എന്നാൽ നിങ്ങൾ
ക്കുവേണ്ടിയ ജീവനായി എന്നെ സമീപിക്കാൻ
നിങ്ങൾ മടിക്കുന്നു.
41“മനുഷ്യരുടെ സ്തുതി ഞാൻ കാംക്ഷിക്കു
ന്നില്ല.42പക്ഷേ എനിക്കു നിങ്ങളെ അറിയാം.
ദൈവസ്നേഹം നിങ്ങളിലില്ല. 43എൻെറ പിതാ
വിൻെറ പേരിൽ ഞാൻ വന്നു. ഞാൻ അവനു
വേണ്ടി സംസാരിക്കുന്നു. പക്ഷേ നിങ്ങളെന്നെ
സ്വീകരിക്കുന്നില്ല. എന്നാൽ സ്വന്തം നാമത്തിൽ
വരുന്നവനെ നിങ്ങൾ അംഗീകരിക്കുന്നു. 44അ
ന്യോന്യം മഹത്വം സ്വീകരിക്കാൻ നിങ്ങളാഗ്ര
ഹിക്കുന്നു. പക്ഷേ, ഏകദൈവത്തിൽ നിന്നുവ
രുന്ന മഹത്വം നിങ്ങൾ തേടാറില്ല. പിന്നെ എങ്ങ
നെ നിങ്ങൾ വിശ്വസിക്കും? 45പിതാവിനു
മുമ്പിൽ നിങ്ങളെ ഞാൻ കുറ്റപ്പെടുത്തുമെന്നു
കരുതേണ്ട. മോശെയാണു നിങ്ങളിൽ കുറ്റമാരോ
പിക്കുക. അവൻ നിങ്ങളെ രക്ഷിക്കുമെന്നാണ
ല്ലോ നിങ്ങളുടെ വിശ്വാസം. 46നിങ്ങൾ മോശെ
യിൽ വിശ്വസിച്ചിരുന്നുവെങ്കിൽ എന്നെയും
വിശ്വസിച്ചിരുന്നേനെ. കാരണം? മോശെ എ
ന്നെപ്പറ്റി എഴുതി. 47പക്ഷേ മോശെയുടെ ലിഖി
തങ്ങൾ നിങ്ങൾ വിശ്വസിച്ചില്ല. അതിനാൽ
എൻെറവാക്കുകൾ വിശ്വസിക്കാനും നിങ്ങൾ
ക്കാവില്ല.”

അയ്യായിരത്തിൽ പരം പേർക്ക് ഭക്ഷണം നൽകുന്നു

(മത്താ. 14:13-21; മർക്കൊ. 6:30-44; ലൂക്കൊ. 9:10-17)

6 പിന്നീട് യേശു ഗലീലക്കടലിൻെറ (തിബെ
ര്യാസ് കടൽ) അക്കരെയ്ക്കു പോയി. 2അനേ
കംപേർ യേശുവിനെ പിന്തുടർന്നു. രോഗികളെ
സുഖപ്പെടുത്തിക്കൊണ്ട് അവൻ കാണിച്ച അ
ത്ഭുതങ്ങൾ കണ്ടിട്ടാണ് അവർ അവനെ പിന്തു
ടർന്നത്. 3യേശു മലയോരത്തേക്കു പോയി. അ
വൻ അവിടെ ശിഷ്യന്മാരോടുകൂടിഇരുന്നു. 4അ
ത് യെഹൂദരുടെ പെസഹാ തിരുനാളിനോടടു
ത്ത സമയമായിരുന്നു.
5യേശു തലയുയർത്തി നോക്കിയപ്പോൾ അ
നേകം പേർ തൻെറയടുത്തേക്കു വരുന്നതായി
കണ്ടു. യേശു ഫിലിപ്പോസിനോടു ചോദിച്ചു,
“ഇവർക്കെല്ലാവർക്കുമുള്ള അപ്പം നമുക്കെവിടെ
നിന്നുകിട്ടും?” 6(അവൻ ഫിലിപ്പോസിനെ പരീ
ക്ഷിക്കാനായിരുന്നു ഈ ചോദ്യംചോദിച്ചത്.
താൻ ചെയ്യാനുള്ളത് യേശു തീരുമാനിച്ചു കഴി
ഞ്ഞിരുന്നു.)
7ഫിലിപ്പോസ് മറുപടി പറഞ്ഞു, “ഇവരിൽ
ഓരോരുത്തർക്കും അല്പം അപ്പമെങ്കിലും വാ
ങ്ങാൻ നമ്മൾ എല്ലാവരും ഒരു മാസം പണിയെ
ടുക്കേണ്ടിവരും.”
8മറ്റൊരു ശിഷ്യൻ അന്ത്രെയാസും അവിടെ
യുണ്ടായിരുന്നു. ശിമോൻ പത്രൊസിൻെറ
സഹോദരനായിരുന്നു അയാൾ. അന്ത്രെയാസ്
പറഞ്ഞു, 9“ഇവിടെ ഒരു കുട്ടിയുടെ കൈയിൽ
ബാർളി കൊണ്ടുള്ള അഞ്ചപ്പവും രണ്ടു ചെറിയ
മീനുമുണ്ട്. പക്ഷേ ഇത്രയധികം പേർക്ക് അതു
തികയില്ല.”
10യേശു പറഞ്ഞു, “ജനങ്ങളോട് ഇരിക്കാൻ
പറയുക.” അതൊരു പുൽമേടായിരുന്നു. അയ്യാ
യിരത്തോളം പുരുഷന്മാർ അവിടെ ഇരുന്നിരു
ന്നു. 11അപ്പോൾ യേശു അപ്പക്കഷണങ്ങൾ കയ്യി
ലെടുത്തു. അപ്പം തന്നതിന് ദൈവത്തിനു നന്ദി
പറഞ്ഞ് അവൻ അത് അവിടെയിരുന്നവർക്ക്
വിളമ്പി. മീനും അവനങ്ങിനെ വിളമ്പി. ആളുക
ൾക്കാവശ്യമുള്ളത്ര അവൻ വിളമ്പി.
12എല്ലാവർക്കും മതിയാവോളം ഭക്ഷണം കിട്ടി.
അവർ തിന്നുകഴിഞ്ഞപ്പോൾ യേശു ശിഷ്യന്മാ
രോടു പറഞ്ഞു,“അവർ തിന്നാത്ത മീനും അപ്പ
വും ശേഖരിക്കുക. ഒന്നും വെറുതെ കളയരുത്.”
13അതിനാൽ ശിഷ്യന്മാർ മിച്ചമുള്ളതെല്ലാം ശേ
ഖരിച്ചു. അഞ്ച് ബാർളികൊണ്ടുണ്ടാക്കിയ അപ്പ
ക്കഷണത്തിൽ നിന്നാണവർ എല്ലാവരും ഭക്ഷ
ണം കഴിച്ചത്. എന്നാൽ ശിഷ്യന്മാർ പന്ത്രണ്ട്
കുട്ടനിറയെ ആഹാരം ശേഖരിച്ചു.
14യേശുവിൻെറ ഈ വീര്യപ്രവർത്തി ആളു
കൾ കണ്ടു അവർ പറഞ്ഞു, “യഥാർത്ഥത്തിൽ
ഇവനാണ് ലോകത്തിലേക്കു വരുന്ന പ്രവാച
കൻ.”
15തന്നെ ബലമായി രാജാവാക്കണമെന്ന് ആ
ളുകൾ ആഗ്രഹിക്കുന്നതായി യേശു മനസ്സിലാ
ക്കി. യേശുവിനെ ബലമായി പിടിച്ച് രാജാവാ
ക്കാൻ അവർ ആലോചിച്ചു. അതിനാലവൻ
ഒറ്റയ്ക്ക് അവിടം വിട്ട് മലയിലേക്കു പോയി.

വെള്ളത്തിനു മീതെ നടക്കുന്നു

(മത്താ. 14:22-27; മർക്കൊ. 6:45-52)

16അന്നു വൈകിട്ട് യേശുവിൻെറ ശിഷ്യന്മാർ
ഗലീലക്കടൽത്തീരത്തേക്കു പോയി. 17നേരം
ഇരുട്ടിയിട്ടും യേശു അവരുടെയടുത്ത് എത്തി
യിരുന്നില്ല. ശിഷ്യന്മാർ ഒരു വഞ്ചിയിൽ കയറി
മറുകരയിലുള്ള കഫർന്നഹൂമിലേക്കു തിരിച്ചു.
18കാറ്റ് അതിശക്തമായി വീശിക്കൊണ്ടിരുന്നു.
കടലിലെ തിരകൾ വലുതായിക്കൊണ്ടിരുന്നു.
19അവർ മൂന്നുനാലുനാഴിക കടലിലേക്കു തുഴ
ഞ്ഞു പോയി. അപ്പോഴവർ യേശുവിനെകണ്ടു.
അവൻ വെള്ളത്തിനു മീതേകൂടി നടക്കുകയായി
രുന്നു. അവൻ അവരുടെ വഞ്ചിയിലേക്കു നടന്ന
ടുത്തു. ശിഷ്യന്മാർ ഭയന്നു. 20പക്ഷേ യേശു

അവരോടു പറഞ്ഞു, “ഭയപ്പെടാതെ, ഇതു ഞാ
നാണ്.” **21**അവനിത്രയും പറഞ്ഞപ്പോൾ അവ
നെ വഞ്ചിയിൽ കയറ്റാൻ അവർക്ക് ഉത്സാഹ
മായി. അപ്പോൾ വഞ്ചി അവർക്കെത്തേണ്ട കര
യിലടുത്തു.

യേശുവിനെ തേടുന്നു

22പിറ്റേന്നു നേരം പുലർന്നു. ചിലർ മറുകര
യിൽത്തന്നെ തങ്ങിയിരുന്നു. യേശു വഞ്ചി
യിൽ ശിഷ്യന്മാരോടൊത്തു പോയിരുന്നില്ലെ
ന്ന് അവർക്കറിയാമായിരുന്നു. ശിഷ്യന്മാർ തനി
യെ വഞ്ചിയിൽ പോയെന്നും അവർക്കറിയാം.
അവിടെയാകെ ഒരു വഞ്ചിയേ ഉണ്ടായിരുന്നു
ള്ളുതാനും. **23**പക്ഷേ അപ്പോൾ തിബെര്യാസിൽ
നിന്നും ഏതാനും വഞ്ചികൾ അവിടെയെത്തി.
ജനങ്ങൾനേരത്തെ ഭക്ഷണം കഴിച്ച സ്ഥലത്തി
നടുത്ത് വഞ്ചികൾ വന്നടുത്തു. യേശു നന്ദി
പറഞ്ഞതിനുശേഷം അവർ അപ്പം കഴിച്ചത്
അവിടെവെച്ചായിരുന്നു. **24**യേശുവും ശിഷ്യന്മാ
രും അവിടെ ഇപ്പോഴില്ലെന്ന് ആളുകൾ മനസ്സി
ലാക്കി. അതിനാലവർ വഞ്ചികളിൽ കയറി
കഫർന്നഹൂമിലേക്കു തിരിച്ചു. അവർക്ക് യേ
ശുവിനെ കണ്ടെത്തണമായിരുന്നു.

യേശു, ജീവന്റെ അപ്പം

25മറുകരയിൽ അവർ യേശുവിനെ കണ്ടു.
അവർ അവനോടു ചോദിച്ചു, “ഗുരോ, അങ്ങ്
എപ്പോഴാണിവിടെയെത്തിയത്?”
26യേശു മറുപടിപറഞ്ഞു, “എന്തിനാണു നി
ങ്ങളെന്നെ തിരയുന്നത്? എന്റെ ശക്തി തെളി
യിക്കാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു
കണ്ടിട്ടാണോ നിങ്ങൾ വന്നത്? അല്ല, ഞാൻ
സത്യമായി നിങ്ങളോടു പറയട്ടെ. നിങ്ങൾ
അപ്പം തിന്നു തൃപ്തരായതുകൊണ്ടാണ് എന്നെ
തിരയുന്നത്. **27**ഭൂമിയിലെ ഭക്ഷണം നശ്വരമാണ്.
അതിനാലതിനായി ശ്രമിക്കരുത്. എന്നാൽ
നന്നായി നിലനിൽക്കുന്നതും നിത്യജീവൻ നൽ
കുന്നതുമായ ആഹാരത്തിനായി ശ്രമിക്കൂ. മനു
ഷ്യപുത്രൻ നിങ്ങൾക്ക് ആ ഭക്ഷണം നൽകും.
താൻ മനുഷ്യപുത്രനോടൊത്തുണ്ടെന്ന് പിതാ
വായ ദൈവം സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു.”
28ആളുകൾ യേശുവിനോടു ചോദിച്ചു, “ദൈ
വം ഇഷ്ടപ്പെടുന്ന ഏതൊക്കെ പ്രവൃത്തികൾ
ഞങ്ങൾ ചെയ്യണം?”
29യേശു മറുപടി പറഞ്ഞു, “ദൈവം ആവശ്യ
പ്പെടുന്ന പ്രവൃത്തിയാണ് നിങ്ങൾ ചെയ്യേണ്ടത്.
ദൈവം അയച്ചവനിൽ വിശ്വസിക്കുകയാണ്
അവനുവേണ്ടി നിങ്ങൾ ചെയ്യേണ്ടത്.”
30അതുകൊണ്ട് ആളുകൾ ചോദിച്ചു, “നിന്നെ
ദൈവം അയച്ചതാണെന്നു തെളിയിക്കാൻ എ
ന്തു അത്ഭുതപ്രവൃത്തി നീ ചെയ്യും? ഒരു അത്ഭു
തപ്രവൃത്തി ഞങ്ങളെ കാണിച്ചാൽ ഞങ്ങൾ
നിന്നിൽ വിശ്വസിക്കാം. നീയെന്തു ചെയ്യും?
31ഞങ്ങളുടെ പിതാക്കന്മാർക്കു മരുഭൂമിയിൽ
വച്ചു ഭക്ഷിക്കാൻ ദൈവം മന്നകൊടുത്തു. തിരു
വെഴുത്തുകളിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്.
‘അവർക്ക് കഴിക്കാൻ ദൈവം സ്വർഗ്ഗത്തിൽ
നിന്നും അപ്പം കൊടുത്തു.’”*
32യേശു പറഞ്ഞു, “ഞാൻ നിങ്ങളോടു സത്യ
മായി പറയാം. നിങ്ങൾക്കു സ്വർഗ്ഗീയ ഭക്ഷണം
തന്നതു മോശെയല്ല. എന്നാൽ എന്റെ പിതാവ്
സ്വർഗ്ഗത്തിൽ നിന്നുമുള്ള യഥാർത്ഥമായ
അപ്പം നൽകുന്നു. **33**എന്താണു ദൈവത്തിന്റെ
അപ്പം? സ്വർഗ്ഗത്തിൽ നിന്നുവന്ന് ലോകത്തിനു
ജീവൻ നൽകുന്നതാണ് ദൈവത്തിന്റെ അപ്പം.”
34ആളുകൾ പറഞ്ഞു, “പ്രഭോ, ഞങ്ങൾക്ക്
ആ അപ്പം എപ്പോഴും തന്നാലും.”
35അപ്പോൾ യേശു പറഞ്ഞു, “ഞാനാണു
ജീവൻ നൽകുന്ന അപ്പം.” എന്നിലേക്കു വരുന്ന
വന് ഒരിക്കലും വിശക്കില്ല. എന്നിൽ വിശ്വസി
ക്കുന്നവന് ഒരിക്കലും ദാഹിക്കയുമില്ല. **36**എന്നെ
കണ്ടിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ലെന്നു
ഞാൻ നേരത്തെ നിങ്ങളോടു പറഞ്ഞു, **37**എനി
ക്കു പിതാവ് തരുന്നവൻ എന്നിലേക്കു വരും.
എന്റെയടുക്കൽ വരുന്നവനെ ഞാൻ കൈവെ
ടിയുകയുമില്ല. **38**ദൈവം എന്നോടാവശ്യപ്പെടു
ന്നതു ചെയ്യാൻ ഞാൻ സ്വർഗ്ഗത്തിൽനിന്നും
താഴേക്കുവന്നു. എനിക്കു വേണ്ടതു ചെയ്യാനല്ല
ഞാൻ വന്നിരിക്കുന്നത്. **39**ദൈവം എനിക്കു
തന്നിരിക്കുന്നവരൊന്നും എനിക്കു നഷ്ടമാകരു
ത്. അവസാന നാളിൽ ഞാൻ അവരെ ഉയർത്ത
ണം. എന്നെ അയച്ചവൻ ഞാനങ്ങനെ ചെയ്യാ
നാണ് ആഗ്രഹിക്കുന്നത്. **40**പുത്രനെ കാണുക
യും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവ
ർക്ക് നിത്യജീവൻ ലഭിക്കും. അയാളെ അന്ത്യദി
നത്തിൽ ഞാനുയർത്തും. എന്റെ പിതാവി
ന്റെ ഇഷ്ടം അതാണ്.”
41യെഹൂദർ യേശുവിനെപ്പറ്റി മുറുമുറുക്കാൻ
തുടങ്ങി. “ഞാൻ സ്വർഗ്ഗത്തിൽനിന്നും താഴേക്കി
റങ്ങി വന്ന അപ്പമാണ്” എന്ന് യേശു പറഞ്ഞതു
കൊണ്ടാണവർ അവനെതിരെ മുറുമുറുത്തത്.
42യെഹൂദർപറഞ്ഞു, “ഇവനാണ് യേശു. അവ
ന്റെ അപ്പനമ്മമാരെ നമുക്കറിയാം. അവൻ
യോസേഫിന്റെ മകൻ മാത്രം. പിന്നെ എങ്ങ
നെ ‘ഞാൻ സ്വർഗ്ഗത്തിൽനിന്നു വന്നവനാണ്’
എന്നവനുപറയാൻ കഴിയും?”
43പക്ഷേ യേശു പറഞ്ഞു, “മുറുമുറുക്കേണ്ട.
44പിതാവാണ് എന്നെ അയച്ചത്. അവൻ തന്നെ
യാണ് ആളുകളെ എന്റെയടുത്തേക്ക് ആകർ
ഷിക്കുന്നതും. അവസാന ദിവസത്തിൽ ഞാന
വരെ ഉയർത്തും. പിതാവ് ആകർഷിക്കാത്തവനു
എന്റെയടുത്തെത്താൻ കഴികയില്ല. **45**പ്രവാച
കർ ഇങ്ങനെ എഴുതിയിട്ടുണ്ട് ‘ദൈവം എല്ലാവ
രെയും പഠിപ്പിക്കും.’* ആളുകൾ പിതാവിനെ
ശ്രവിക്കുകയും അവനിൽ നിന്നുപഠിക്കുകയും
ചെയ്യും. അപ്പോൾ അവർ എന്റെയടുത്തെ
ത്തും. **46**ആരും പിതാവിനെകണ്ടിട്ടില്ല. അവ
നിൽനിന്നും വന്നവൻ മാത്രമാണ് പിതാവിനെ
കണ്ടിട്ടുള്ളത്. അവൻ പിതാവിനെ കണ്ടിട്ടുണ്ട്.
47ഞാൻ നിങ്ങളോടു സത്യമായിപറയട്ടെ.
വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. **48**ഞാൻ
ജീവൻ തരുന്ന അപ്പമാകുന്നു. **49**മരുഭൂമിയിൽ
വച്ച് ദൈവം കൊടുത്തമന്ന (ആഹാരം) നിങ്ങളു
ടെ പൂർവ്വികർ കഴിച്ചു. എന്നിട്ടും അവർ മരി
ച്ചു. **50**സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന ആ
അപ്പം ഞാനാകുന്നു. അതു തിന്നുന്നവനു മര
ണമില്ല. **51**സ്വർഗ്ഗത്തിൽനിന്നും വന്ന ജീവന്റെ
അപ്പം ഞാനാകുന്നു. ആ അപ്പം തിന്നുന്നവനു
നിത്യജീവൻ ഉണ്ട്. ആ അപ്പം എന്റെ ശരീരമാ
ണ്. ലോകർക്കു ജീവൻ ലഭിക്കുംവിധം ഞാനെ
ന്റെ ശരീരം നൽകും.”
52അപ്പോൾ യെഹൂദർ പരസ്പരം തർക്കി
ക്കാൻ തുടങ്ങി. അവർ പറഞ്ഞു, “ഇയാൾക്കെ
ങ്ങനെ സ്വന്തം ശരീരം നമുക്കു ഭക്ഷിക്കാൻ
തരാൻ കഴിയും?”

‘അവർക്കു ... കൊടുത്തു’ ഉദ്ധരണി സങ്കീ. 78:24.

‘ദൈവം ... പഠിപ്പിക്കും’ ഉദ്ധരണി യെശയ്യാ. 54:13.

53യേശു പറഞ്ഞു,“ഞാൻ നിങ്ങളോടു സത്യ
മായി പറയാം. നിങ്ങൾ മനുഷ്യപുത്രൻെറ ശരീ
രം തിന്നണം. അവൻെറ രക്തം നിങ്ങൾ കുടിക്ക
ണം. അല്ലെങ്കിൽ നിങ്ങളിൽ ജീവനുണ്ടായിരിക്ക
യില്ല. 54എൻെറ ശരീരം ഭക്ഷിക്കുകയും രക്തം
പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ
ഉണ്ടായിരിക്കും. അവനെ ഞാൻ അന്ത്യനാളിൽ
ഉയർപ്പിക്കും. 55എൻെറ ശരീരം യഥാർത്ഥ ഭക്ഷ
ണമാണ്. എൻെറ രക്തം യഥാർത്ഥ പാനീയ
വും. 56എൻെറ ശരീരം ഭക്ഷിക്കുകയും രക്തം
കുടിയ്ക്കുകയും ചെയ്യുന്നവൻ എന്നിൽ ജീവി
ക്കും. ഞാൻ അയാളിലും. ജീവിക്കും. 57പിതാവ്
എന്നെ അയച്ചു. പിതാവ് ജീവിക്കുകയും
അവൻ മൂലം ഞാനും ജീവിക്കുകയും ചെയ്യുന്നു.
അതുപോലെ എന്നെ ഭക്ഷിക്കുന്നവൻ എന്നാൽ
ജീവിക്കും. 58മരുഭൂമിയിൽ നമ്മുടെ പിതാക്കൾ
ഭക്ഷിച്ച അപ്പം പോലെയല്ല ഞാൻ. അവർ
ആ അപ്പം തിന്നു. എന്നിട്ടും അവർ മരിച്ചു.
ഞാൻ സ്വർഗ്ഗത്തിൽനിന്നും വന്ന അപ്പമാണ്.
അതു തിന്നുന്നവന് നിത്യജീവൻ ലഭിക്കും.” 59ക
ഫർന്നഹൂമിലുള്ള യെഹൂദപ്പള്ളിയിൽ പഠിപ്പി
ക്കവേയാണ് യേശു ഇതെല്ലാം പറഞ്ഞത്.

നിത്യജീവൻെറ വാക്കുകൾ

60യേശുവിൻെറ ശിഷ്യന്മാർ ഇതുകേട്ടു. അവ
രിൽ വളരെപ്പേർ പിറുപിറുക്കുകയായിരുന്നു,
“ഇതൊരു വിഷമംപിടിച്ച ഉപദേശമാണ്. ഇതു
ൾക്കൊള്ളാൻ ആരെക്കൊണ്ടു കഴിയും?”

61തൻെറ ശിഷ്യന്മാർ ഇതേപ്പറ്റി പരാതി പറ
യുന്നുണ്ടെന്ന് യേശു മനസ്സിലാക്കി. അതിനാൽ
യേശു പറഞ്ഞു,“ഈ ഉപദേശം നിങ്ങൾക്കു പ്ര
ശ്നമുണ്ടാക്കുന്നുണ്ടോ? 62അപ്പോൾ മനുഷ്യപു
ത്രൻ അവൻ വന്നിടത്തേക്കുതന്നെതിരിച്ചുപോ
കുന്നതു നിങ്ങൾ കണ്ടാലോ? 63ശരീരത്തിന് ഒ
ന്നുംനേടാൻ കഴിയുകയില്ല. ഞാൻ നിങ്ങളോടു
പറഞ്ഞവാക്കുകൾ ആത്മാവാണ്. ഇവ ജീവൻ
നൽകുന്നു. 64പക്ഷേ നിങ്ങളിൽ ചിലർ വിശ്വ
സിക്കുന്നില്ല.” (യേശുവിന് വിശ്വസിക്കാത്ത
വരെ മനസ്സിലായിരുന്നു. ആദ്യം മുതൽക്കു
തന്നെ അവനിത് അറിയാമായിരുന്നു. തന്നിക്കെ
തിരെ വിശ്വാസവഞ്ചന ചെയ്യുന്നവനെയും
അവനറിയാമായിരുന്നു.) 65യേശു പറഞ്ഞു,
“അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ‘എൻെറ
യടുത്തുവരാൻ പിതാവ് അനുവദിക്കാത്തവൻ
എൻെറയടുത്തെത്തില്ല.”’

66യേശു ഇതെല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ
വളരെയധികം ശിഷ്യന്മാർ അവനെ വിട്ടുപോ
യി.പിന്നീട് അവർ അവൻെറ അനുയായികളാ
യില്ല. 67യേശു തൻെറ പന്ത്രണ്ട് അപ്പൊസ്
തലന്മാ രോടും പറഞ്ഞു,“നിങ്ങളും എന്നെവിട്ടു
പോകു ന്നോ?”

68ശിമോൻ പത്രൊസ് മറുപടി പറഞ്ഞു, “കർ
ത്താവേ, ഞങ്ങളെവിടെ പോകും? നിത്യജീവൻ
തരുന്നവചനങ്ങൾ നിൻെറ പക്കലുണ്ട്.
69ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നു. നീ ദൈവ
ത്തിൻെറ പരിശുദ്ധനാണെന്നു ഞങ്ങളറിയു
ന്നു.” 70അപ്പോൾ യേശു മറുപടി പറഞ്ഞു,
“ഞാൻ നിങ്ങളെ പന്ത്രണ്ടുപേരെ തിരഞ്ഞെടു
ത്തു. പക്ഷെ നിങ്ങളിലൊരുവൻ പിശാചാണ്.”

71യേശു ശിമോൻഈസ്കര്യോത്താവിൻെറ
പുത്രൻ യൂദയെപ്പറ്റിയായിരുന്നു സംസാരിച്ചത്.
യൂദ പന്ത്രണ്ടു അപ്പൊസ്തലന്മാരിലൊരുവനാ
യിരുന്നു. പക്ഷെ അവൻ പിന്നീട് യേശുവിന്
എതിരെ തിരിഞ്ഞു.

യേശുവും സഹോദരന്മാരും

7 അതിനു ശേഷം യേശു ഗലീലദേശമാകെ
സഞ്ചരിച്ചു. യെഹൂദ്യയിലെ യെഹൂദർ
അവനെ കൊല്ലാനുള്ള തക്കം നോക്കിയിരുന്നതി
നാൽ ആ ദേശത്തുകൂടി സഞ്ചരിക്കുവാൻ അവ
നിഷ്ടപ്പെട്ടില്ല. 2യെഹൂദരുടെ കൂടാരത്തിരു
നാൾ അടുത്തിരുന്നു. 3അതിനാൽ യേശുവി
ൻെറ സഹോദരന്മാർ അവനോടു പറഞ്ഞു,
“നീ ഇവിടംവിട്ട് യെഹൂദ്യയിലെ ഉത്സവത്തിനു
പോകുക. അപ്പോൾ അവിടെ നിൻെറ ശിഷ്യ
ന്മാർക്ക് നീ കാണിക്കുന്ന അത്ഭുതപ്രവൃത്തികൾ
കാണാൻ കഴിയും. 4ആളുകൾ തന്നെ അറിയണ
മെന്ന് ഒരുവനാഗ്രഹമുണ്ടെങ്കിൽ അവൻ തൻെറ
പ്രവൃത്തികളെ മറച്ചുവെച്ചിട്ടു കാര്യമില്ല. നി
ന്നെ ലോകത്തിനു കാട്ടിക്കൊടുക്കുക. നിൻെറ
പ്രവൃത്തികൾ അവരറിയട്ടെ.” 5(യേശുവിൻെറ
സഹോദരന്മാർ പോലും അവനിൽ വിശ്വസി
ച്ചിരുന്നില്ല.) 6യേശു തൻെറ സഹോദരന്മാരോ
ടു പറഞ്ഞു, “എൻെറ ശരിയായ സമയം ഇനി
യുമായിട്ടില്ല. എന്നാൽ നിങ്ങൾക്കെപ്പോഴും
ശരിയായ സമയമാണല്ലോ. 7ലോകത്തിനു നി
ങ്ങളെ വെറുക്കാനാവില്ല. പക്ഷേലോകം എന്നെ
വെറുക്കുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ
ലോകരോട് പറയുന്നു അവരുടെ പ്രവൃത്തികൾ
ദുഷ്ടതയാണന്ന്. 8അതിനാൽ നിങ്ങൾ പെരു
ന്നാളിനുപോകുക. എൻെറ ശരിയായ സമയം
ആഗതമായിട്ടില്ലാത്തതിനാൽ ഞാനിപ്പോൾ
ഈ ഉത്സവത്തിനു പോകുന്നില്ല. എൻെറ ശരി
യായസമയം ഇനിയും എത്തിയിട്ടില്ല.” 9യേശു
ഇതു പറഞ്ഞതിനുശേഷം ഗലീലയിൽത്തന്നെ
തങ്ങി.

10അതിനാൽ യേശുവിൻെറ സഹോദരന്മാർ
പെരുന്നാളിൽ പങ്കെടുക്കാൻ പോയി. അവർ
പോയിക്കഴിഞ്ഞപ്പോൾ യേശുപരസ്യമായി അ
വിടെപോയില്ല. പകരം അവൻ രഹസ്യമായി
അവിടെപ്പോയി. പക്ഷേ ആളുകൾ തന്നെക്കാ
ണാൻ യേശു അനുവദിച്ചില്ല. 11പെരുന്നാൾ
സ്ഥലത്ത് യെഹൂദർ യേശുവിനെ അന്വേഷിക്കു
ന്നുണ്ടായിരുന്നു. അവർചോദിച്ചു, “എവിടെ
അയാൾ? 12അവിടെ ഒരു വലിയ സംഘം ആൾ
ക്കാർ ഉണ്ടായിരുന്നു. അവരിൽ പലരും രഹസ്യ
മായി യേശുവിനെപ്പറ്റി പറയുന്നുണ്ടായിരുന്നു.
ചിലർ പറഞ്ഞു, അയാളൊരു നല്ല മനുഷ്യനാ
ണ്.” പക്ഷേ മറ്റുചിലർ പറഞ്ഞത് “അല്ല,
അവൻ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്.”
13പക്ഷേ ആർക്കും യേശുവിനെപ്പറ്റി പരസ്യ
മായി എന്തെങ്കിലും പറയാൻ ധൈര്യമുണ്ടായി
രുന്നില്ല. അവർക്ക് യെഹൂദനേതാക്കളെ ഭയമാ
യിരുന്നു.

യേശു യെരൂശലേമിൽ പഠിപ്പിക്കുന്നു

14ഉത്സവം ഏതാണ്ടു പകുതി കഴിഞ്ഞു.
അപ്പോൾ യേശു ദൈവാലയത്തിലെത്തി ഉപ
ദേശിക്കാൻ തുടങ്ങി. 15യെഹൂദർ അത്ഭുതപ്പെട്ടു.
അവർ പറഞ്ഞു, “ഇയാളൊരിക്കലും വിദ്യാലയ
ത്തിൽ പോയി പഠിച്ചിട്ടില്ല. പിന്നെങ്ങനെ
ഇയാളിത്രയും പഠിച്ചു?”

16യേശു മറുപടി പറഞ്ഞു, “ഞാൻ പഠിപ്പിക്കു
ന്ന കാര്യങ്ങൾ എൻെറ സ്വന്തമല്ല. എൻെറ
ഉപദേശങ്ങൾ എന്നെ അയച്ചവൻെറ വചനങ്ങ
ളാണ്. 17ദൈവം ആഗ്രഹിക്കുന്നതുപോലെ പ്രവൃ
ത്തിക്കണമെന്നാഗ്രഹിക്കുന്നവൻ എൻെറഉപദേ
ശം ദൈവത്തിൽ നിന്നുവന്നതാണെന്നറിയും.

ഈ ഉപദേശം എന്റെ സ്വന്തമല്ലെന്നും അയാള
റിയും. 18സ്വന്തം ആശയങ്ങൾ പഠിപ്പിക്കുന്ന
വൻ സ്വയം ആദരവും പിടിച്ചുപറ്റാൻ ശ്രമിക്കു
ന്നവനാണ്. എന്നാൽ അവനെ അയച്ചവനു
ആദരവു നേടിക്കൊടുക്കാൻ ശ്രമിക്കുന്നവൻ
വിശ്വാസയോഗ്യനാണ്. അവനിൽ തെറ്റൊന്നു
മില്ല. 19മോശെ നിങ്ങൾക്കു ന്യായപ്രമാണം
തന്നില്ലേ? പക്ഷേ നിങ്ങളിലാരും അതു പാലി
ക്കുന്നില്ല. നിങ്ങളെന്തിനാണ് എന്നെ വധി
ക്കാൻ ശ്രമിക്കുന്നത്?"

20ആളുകൾ മറുപടി പറഞ്ഞു, "നിന്റെ
ഉള്ളിൽ ഭൂതം കുടിയിരിക്കുന്നു! ഞങ്ങൾ നിന്നെ
കൊല്ലാൻ ശ്രമിക്കുന്നില്ല."

21യേശു അവരോടുപറഞ്ഞു, "ഞാനൊരത്ഭു
തം പ്രവർത്തിച്ചു. അതുകണ്ട് നിങ്ങളെല്ലാവരും
അത്ഭുതപ്പെട്ടു. 22മോശെയുടെ ന്യായപ്രമാണ
ത്തിൽ പരിച്ചേദനത്തെപ്പറ്റി പറയുന്നുണ്ട്.
(പക്ഷേ യഥാർത്ഥത്തിൽ മോശെയല്ല അതി
ന്റെ ഉപജ്ഞാതാവ്. മോശെയ്ക്കും മുമ്പു ജീവി
ച്ചിരുന്ന നമ്മുടെ ആളുകളിൽ നിന്നാണ് പരി
ച്ഛേദനം തന്നെവന്നത്.)അതിനാൽ ചിലപ്പോ
ഴൊക്കെ ശബ്ബത്തുദിവസം കുട്ടികളുടെ ഛേദനം
നിങ്ങൾ നടത്തുന്നു. 23മോശെയുടെ ന്യായപ്ര
മാണമനുസരിച്ചാണ് ശബ്ബത്തുദിവസം ഛേദനം
നടത്തിയതെന്ന് ഇതു കാണിക്കുന്നു. പിന്നെന്തി
നാണ് ശബ്ബത്തുദിവസം ഒരാളുടെ മുഴുവൻ
ശരീരത്തെയും സുഖപ്പെടുത്തിയതിന് നിങ്ങ
ളെന്നോട് ദേഷ്യപ്പെടുന്നത്? 24ഒന്നും കാണുന്ന
തുപോലെ വിധിക്കരുത്. നീതിയോടെ ശരി
യായതിനെ വിധിക്കുക."

യേശു ക്രിസ്തുവാണോ എന്ന് സംശയം

25അപ്പോൾ ചില യെരൂശലേംനിവാസികൾ
പറഞ്ഞു,"ഇയാളെയാണ് അവർ കൊല്ലാൻ ശ്ര
മിക്കുന്നത്. 26പക്ഷേ എല്ലാവർക്കും കാണുവാ
നും കേൾക്കുവാനും കഴിയുന്ന സ്ഥലങ്ങളിൽ
വച്ചാണ് അവൻ ഉപദേശിക്കുന്നത്. ആരും അവ
നെ അതിൽനിന്നു തടയുന്നുമില്ല. അവൻ ക്രി
സ്തുവാണെന്ന് നേതാക്കന്മാർ യഥാർത്ഥമായി
ഉറപ്പിച്ചിട്ടുണ്ടാവാം. 27പക്ഷേ ഇയാൾ എവിടെ
നിന്നാണ് വരുന്നതെന്ന് നമുക്കറിയാം. യഥാർ
ത്ഥ ക്രിസ്തു വരുമ്പോൾ അവൻ എവിടെ
നിന്നാണ് വന്നതെന്നു ആരും അറിയില്ല."

28യേശു അപ്പോഴും ദൈവാലയത്തിൽ ഉപദേ
ശിക്കുകയായിരുന്നു. യേശു പറഞ്ഞു, "അതെ,
ഞാനാരെന്നും എവിടെ നിന്നുവരുന്നുവെന്നും
നിങ്ങൾക്കറിയാം. പക്ഷേ ഞാൻ എന്റെ
സ്വന്തം അധികാരത്തിലല്ല വന്നിരിക്കുന്നത്.
സത്യമായവൻ എന്നെ അയച്ചതാണ്. നിങ്ങൾ
ക്കവനെ അറികയില്ല. 29പക്ഷേഞാൻ അവനെ
അറിയും ഞാൻ അവനിൽനിന്നുമാണ്. അവൻ
എന്നെ അയച്ചു."

30യേശു ഇതുപറഞ്ഞപ്പോൾ ആളുകൾ അവ
നെ പിടിക്കാൻശ്രമിച്ചു. പക്ഷേ ആർക്കും അവ
നെതൊടാനായില്ല. കാരണം യേശു കൊല്ലപ്പെ
ടാനുള്ള സമയമായിരുന്നില്ല.

31പക്ഷേ ആളുകളിലധികംപേർ അവനിൽ
വിശ്വസിച്ചു. ആളുകൾ പറഞ്ഞു,"ഞങ്ങൾ ക്രി
സ്തുവിന്റെ വരവുകാത്തിരിക്കുകയാണ്. ക്രി
സ്തുവരുമ്പോൾ അവൻ ഇയാൾ ചെയ്തതി
നേക്കാൾ അധികം അത്ഭുതങ്ങൾ പ്രവർത്തി
ക്കുമോ? ഇല്ല അതുകൊണ്ട് ഇവൻ തന്നെയായി
രിക്കണം ക്രിസ്തു.

യേശുവിനെ പിടിക്കാൻ യെഹൂദന്മാർ ശ്രമിക്കുന്നു

32യേശുവിനെപ്പറ്റി ജനങ്ങൾ ഇപ്രകാരം അട
ക്കം പറയുന്നത് പരീശന്മാർ കേൾക്കുന്നുണ്ടായി
രുന്നു. അതിനാൽ മഹാപുരോഹിതന്മാരും പരീ
ശന്മാരും ദൈവാലയം സംരക്ഷിക്കുന്നഏതാനും
നിയമപാലകരെ യേശുവിനെപിടിക്കാൻ അയ
ച്ചു. 33അപ്പോൾ യേശു പറഞ്ഞു, "ഞാനിനി
നിങ്ങളോടൊത്തു കുറച്ചു സമയം കൂടിയേ
ഉണ്ടായിരിക്കൂ. പിന്നീട് ഞാൻ എന്നെ അയച്ച
വനിലേക്കുമടങ്ങും. 34നിങ്ങളെന്നെ തിരയുമെ
ങ്കിലും കണ്ടെത്തില്ല. ഞാൻ ഉള്ളസ്ഥലത്ത്
നിങ്ങൾക്ക് എത്താനുമാവില്ല."

35യെഹൂദന്മാർ പരസ്പരം ചോദിച്ചു, "നമ്മ
ൾക്കു കണ്ടുപിടിക്കാനാവാത്ത എവിടേക്കാണി
വൻ പോവുക? അവൻ യവനക്കാരുടെ ഇട
യിൽ ചിതറിക്കിടക്കുന്ന നമ്മുടെ ആളുകളുടെ
യടുത്തു പോകുമോ? അവനവിടെ യവനക്കാ
രെ ഉപദേശിക്കുമോ? 36'നിങ്ങളെന്നെ തിരക്കി
യാലും കണ്ടെത്തില്ല' എന്നും, 'ഞാനുള്ള സ്ഥല
ത്തേക്കു നിങ്ങൾക്കുവരാനുമാവില്ല.' എന്നും
ഇയാൾ പറയുന്നു. എന്താണിതിന്റെയൊക്കെ
അർത്ഥം?"

പരിശുദ്ധാത്മാവിനെപ്പറ്റി യേശു

37പെരുനാളിന്റെ അവസാനദിനമെത്തി.
അതായിരുന്നു ഏറ്റവും പ്രധാനദിനവും. അന്ന്
യേശു നിന്നുകൊണ്ടു വളരെ ഉച്ചത്തിൽ പറ
ഞ്ഞു, "ദാഹിക്കുന്നവർക്ക് എന്റെയടുത്തു
വന്നു കുടിക്കാം. 38എന്നിൽ വിശ്വസിക്കുന്നവ
ന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ നദി
പ്രവാഹം ഉണ്ടാകും. തിരുവെഴുത്തിൽ അതാണു
പറയുന്നത്." 39യേശു പരിശുദ്ധാത്മാവിനെപ്പ
റ്റിയായിരുന്നു പറഞ്ഞുവന്നത്. ആത്മാവ് ഇതു
വരെ ജനങ്ങൾക്ക് നൽകപ്പെട്ടിരുന്നില്ല. കാരണം
യേശു ഇതുവരെ മരിക്കുകയോ മഹത്വത്തി
ലേക്കു ഉയിർത്തെഴുന്നേൽക്കുകയോ ഉണ്ടായിട്ടി
ല്ല. എന്നാൽ പിന്നീട് യേശുവിൽ വിശ്വസിച്ച
വർക്ക് ആത്മാവ് ലഭിക്കും.

ജനങ്ങൾ യേശുവിനെപ്പറ്റി തർക്കിക്കുന്നു

40യേശുവിന്റെ ഈവാക്കുകൾ ആളുകൾ കേ
ട്ടു. അവരിൽചിലർപറഞ്ഞു,"ഈ മനുഷ്യൻ യ
ഥാർത്ഥത്തിൽ പ്രവാചകനാണ്."

41മറ്റുള്ളവർപറഞ്ഞു,"അവൻക്രിസ്തുവാണ്."
വേറെ ചിലർ പറഞ്ഞു, "ക്രിസ്തു ഗലീലയിൽ
നിന്നും വരില്ല. 42ദാവീദിന്റെ കുടുംബത്തിൽ
നിന്നാവും ക്രിസ്തു വരികയെന്നു തിരുവെ
ഴുത്ത് പറയുന്നുണ്ട്. ദാവീദു ജീവിച്ചിരുന്ന ബേ
ത്ത്ലഹെമിൽനിന്നും വരുമെന്നു തിരുവെഴുത്ത്
പറയുന്നു." 43അതിനാൽ യേശുവിന്റെ കാര്യ
ത്തിൽ ഒരേ അഭിപ്രായത്തിലെത്താൻ അവർ
ക്കായില്ല. 44യേശുവിനെ പിടിക്കാൻ ചിലർ
ആവശ്യപ്പെട്ടു. പക്ഷേ ആരും അതിനു തുനി
ഞ്ഞില്ല.

യെഹൂദ നേതാക്കൾ വിശ്വസിക്കാൻ മടിക്കുന്നു

45ദൈവാലയത്തിലെ നിയമപാലകർ മഹാ
പുരോഹിതന്മാരുടെയും പരീശന്മാരുടെയുമടു
ത്തു മടങ്ങിയെത്തി. പുരോഹിതന്മാരും പരീശ
ന്മാരും ചോദിച്ചു,"എന്താ അവനെകൊണ്ടുവരാ
ത്തത്?" 46നിയമപാലകർ മറുപടി പറഞ്ഞു,

“അവന്റെ വാക്കുകൾ ആരുടെ വാക്കുകളെ
ക്കാളും മഹത്താണ്.”
47പരീശന്മാർ മറുപടിപറഞ്ഞു,“യേശു നിങ്ങ
ളെയും മണ്ടന്മാരാക്കിയിരിക്കുന്നു! 48ജനനായക
ന്മാരിൽ ആരെങ്കിലും യേശുവിൽ വിശ്വസി
ച്ചോ? ഇല്ല. ഞങ്ങൾ പരീശന്മാരിലാരെങ്കിലും
വിശ്വസിച്ചോ? ഇല്ല. 49ന്യായപ്രമാണമറിയാ
തെ അവിടെ തടിച്ചുകൂടിയ ജനക്കൂട്ടം മാത്രമേ
അവനിൽ വിശ്വസിക്കുന്നുള്ളൂ. അവർ ദൈവ
ത്തിന്റെ ശാപത്തിലാണ്.”
50എന്നാൽ നിക്കൊദേമൊസ് അവരുടെയിട
യിലുണ്ടായിരുന്നു. അയാൾ മാത്രമാണ് മുമ്പ്
യേശുവിനെ സന്ദർശിക്കാൻ പോയിട്ടുള്ളത്.
നിക്കൊദേമൊസ് പറഞ്ഞു, 51“ഒരുവനെവിചാ
രണ കൂടാതെ വിധിക്കാൻ നമ്മുടെ ന്യായപ്ര
മാണം അനുവദിക്കുന്നില്ല. അവനെന്തു ചെ
യ്തുവെന്നറിയാതെ നമുക്കവനെ വിധിക്കാനാ
വില്ല.” 52യെഹൂദപ്രമാണിമാർ മറുപടി പറ
ഞ്ഞു, “നീയും ഗലീലയിൽനിന്നും വന്നവനാ
ണോ? തിരുവെഴുത്തുകൾ പഠിക്കുക. ഗലീല
യിൽനിന്നും ഒരു പ്രവാചകനും വരുന്നില്ലെന്നു
നിനക്കു മനസ്സിലാകും.” 53യെഹൂദ നേതാക്ക
ളെല്ലാവരും വീടുകളിലേക്കു പോയി.*

വേശ്യാവൃത്തിയിൽ ഒരുവൾ പിടിക്കപ്പെടുന്നു

8 യേശു ഒലിവുമലകളിലേക്കു പോയി. 2അ
തിരാവിലെ തന്നെ അവൻ ദൈവാലയത്തി
ലേക്കു മടങ്ങിപ്പോയി. ആളുകളെല്ലാം അവന്റെ
അടുത്തുവന്നു. യേശു ഇരുന്ന് അവരെപഠിപ്പി
ച്ചു. 3ശാസ്ത്രിമാരും പരീശന്മാരും ഒരു സ്ത്രീയെ
അവിടെ കൊണ്ടുവന്നു. വ്യഭിചാരകുറ്റം ചുമ
ത്തിയാണ് അവർ അവളെ അവിടെ കൊണ്ടുവ
ന്നത്. യെഹൂദർ അവളെ ആളുകളുടെ മുമ്പിൽ
ബലമായി കൊണ്ടുവന്നു. 4അവർയേശുവിനോ
ടുപറഞ്ഞു,“ഗുരോ, ഇവൾ തന്റെ തന്റെ ഭർ
ത്താവല്ലാത്ത ഒരുവനുമായി ലൈംഗികബന്ധം
പുലർത്തിയതിനാണ് പിടിക്കപ്പെട്ടിരിക്കുന്നത്.
5നിയമപരമായി മോശെ നമ്മോടു കല്പിക്കുന്നു
ഇത്തരം തെറ്റു ചെയ്യുന്നവളെ കല്ലെറിഞ്ഞു
കൊല്ലണമെന്ന്. ഞങ്ങളെന്തു ചെയ്യണമെന്നാ
ണു നീ പറയുന്നത്?” 6യേശുവിനെ കുരുക്കാനാ
ണ് യെഹൂദർ ഈ ചോദ്യം ഉന്നയിച്ചത്. തെറ്റാ
യെന്തെങ്കിലും പറഞ്ഞിട്ടുവേണം അവർക്കവ
നെ പിടികൂടാൻ. അപ്പോഴവർക്ക് അവനെ
തിരെ കുറ്റാരോപണം നടത്താം. പക്ഷേ യേശു
മുട്ടുകുത്തിനിന്ന് നിലത്തു വിരൽ കൊണ്ട് എഴു
താൻ തുടങ്ങി. 7യെഹൂദപ്രമാണികൾ അതേ
ചോദ്യം പലവട്ടം ആവർത്തിച്ചു. അതിനാൽ
യേശു എഴുന്നേറ്റു നിന്നുപറഞ്ഞു, “ഇക്കൂട്ട
ത്തിൽ പാപം ചെയ്യാത്തവൻ ആരെങ്കിലുമു
ണ്ടോ? എങ്കിൽ ഒരു പാപവും ചെയ്യാത്ത
അയാൾ ഈ സ്ത്രീയുടെമേൽ ആദ്യത്തെ കല്ലെ
റിയട്ടെ.”8എന്നിട്ട് അവൻ വീണ്ടും മുട്ടുകുത്തി
നിന്ന് നിലത്ത് എഴുതി.
9യേശുവിന്റെ വാക്കുകൾ കേട്ടവർ ഓരോ
രുത്തരായി സ്ഥലംവിട്ടു. കൂട്ടത്തിൽ മൂപ്പനായു
ള്ളവൻ ആദ്യം; ബാക്കിയുള്ളവർ പിന്നാലെ.
യേശുവും ആ സ്ത്രീയും അവിടെ തനിച്ചായി.
അവൾ യേശുവിന്റെ മുമ്പിൽ നിൽക്കുകയായി
രുന്നു. 10യേശു വീണ്ടും തലയുയർത്തി അവ
ളോടു ചോദിച്ചു, “സ്ത്രീയേ, നിന്നെ കുറ്റപ്പെടു
ത്തുന്നവർ എവിടെ? ആരും നിന്നെ കുറ്റക്കാരി
യെന്നു വിധിച്ചില്ലല്ലോ?” 11അവൾ മറുപടി
പറഞ്ഞു, “പ്രഭോ ആരും എന്നെ വിധിച്ചില്ല.”
അപ്പോൾ യേശു പറഞ്ഞു, “അതുകൊണ്ട്
ഞാനും നിന്നെ വിധിക്കുന്നില്ല. നിനക്കിപ്പോൾ
പോകാം, പക്ഷേ വീണ്ടും പാപം ചെയ്യരുത്.”

യേശു ലോകത്തിന്റെ പ്രകാശമാകുന്നു

12പിന്നീട് യേശുജനങ്ങളെ വീണ്ടും പഠിപ്പി
ച്ചു,“ഞാൻലോകത്തിന്റെ പ്രകാശമാകുന്നു. എ
ന്നെ അനുഗമിക്കുന്നവൻ ഒരിക്കലും ഇരുട്ടിൽ
വീഴില്ല. അവനുജീവൻ നൽകുന്ന പ്രകാശം ല
ഭിക്കും.”
13പക്ഷേ പരീശന്മാർ യേശുവിനോടു പറ
ഞ്ഞു,“നീ നിന്നെപ്പറ്റി പറയുമ്പോൾ, ഇതെല്ലാം
സത്യമാണെന്നു പറയുന്ന ഒരേയൊരാൾ നീയാ
ണ്. അതിനാൽ ഞങ്ങൾക്ക് അതൊന്നും അംഗീക
രിക്കാനാവില്ല.”
14യേശു മറുപടി പറഞ്ഞു, “അതെ, ഞാൻ
ഈ പറയുന്നതെല്ലാം എന്നെപ്പറ്റിയാണ്.
പക്ഷെ ഞാൻ പറയുന്ന ഇക്കാര്യങ്ങളെല്ലാം
ആളുകൾക്ക് വിശ്വസിക്കാം. എന്തുകൊണ്ട്? കാ
രണം, എനിക്കറിയാം ഞാൻ എവിടെനിന്നു
വന്നു എന്നും. ഞാനെങ്ങോട്ടാണു പോകുന്നതെ
ന്നും. ഞാൻ നിങ്ങളെപ്പോലെയല്ല. ഞാനെവി
ടെ നിന്നുവന്നുവെന്നോ എങ്ങോട്ടു പോകുന്നു
വെന്നോ നിങ്ങൾക്കറിയില്ല. 15മറ്റാരെയും വിധി
ക്കുന്നതുപോലെയാണ് നിങ്ങൾ എന്നെയും
വിധിക്കുന്നത്. ഞാൻ ആരെയും വിധിക്കില്ല.
16പക്ഷേ ഞാൻ വിധിച്ചാൽ അതു സത്യവിധി
യായിരിക്കും. എന്തുകൊണ്ടെന്നോ? ഞാൻ വി
ധിക്കുമ്പോൾ ഞാൻ തനിച്ചല്ല. എന്നെഅയച്ച
എന്റെ പിതാവും എന്നോടൊപ്പമുണ്ട്. 17രണ്ടു
സാക്ഷികൾ ഒരേകാര്യം പറഞ്ഞാൽ അതു
യാഥാർത്ഥ്യമായി സ്വീകരിക്കുക എന്നാണ്
നിങ്ങളുടെന്യായപ്രമാണം പറയുന്നത്. 18എ
ന്നെപ്പറ്റി പറയുന്ന സാക്ഷികളിൽ ഒരാൾ ഞാ
നാണ്. എന്നെ അയച്ച എന്റെ പിതാവാണ്
എന്റെ മറ്റേ സാക്ഷി.”
19ജനങ്ങൾചോദിച്ചു, “എവിടെ നിന്റെ പി
താവ്?”യേശു മറുപടിപറഞ്ഞു,“എന്നെയോ എ
ന്റെ പിതാവിനെയോ നിങ്ങൾക്കറിയില്ല. എ
ന്നാൽ എന്നെ നിങ്ങളറിഞ്ഞാൽ അപ്പോൾ എ
ന്റെ പിതാവിനെയും നിങ്ങളറിഞ്ഞിട്ടുണ്ടാ
വും.” 20ദൈവാലയത്തിൽ ഉപദേശിക്കുമ്പോഴാ
ണ് യേശു ഇതൊക്കെപറഞ്ഞത്. ഭണ്ഡാരത്തി
ന്റെ അടുത്തിരുന്നാണ് അവനിതുപറഞ്ഞത്.
എന്നിട്ടും ആരും അവനെപിടികൂടിയില്ല. യേശു
വിന്റെ ശരിയായ സമയം ഇനിയും ആയിട്ടില്ല.

യെഹൂദർക്ക് യേശുവിനെപ്പറ്റി മനസ്സിലാകുന്നില്ല

21യേശു വീണ്ടും ആളുകളോടു പറഞ്ഞു, “ഞാ
ൻ നിങ്ങളെ വിട്ടുപോകും. നിങ്ങളെന്നെ തിര
യും പക്ഷേ നിങ്ങൾ നിങ്ങളുടെ പാപങ്ങളോടു
കൂടിമരിക്കും. ഞാൻ പോകുന്നിടത്തേക്കു നിങ്ങ
ൾക്കു വരാനാവില്ല.”
22അതുകൊണ്ട് യെഹൂദർ സ്വയം ചോദിച്ചു,
“യേശു ആത്മഹത്യ ചെയ്യുമോ? ‘ഞാൻ പോകു
ന്നിടത്തേക്കു നിങ്ങൾക്കെത്താനാവില്ല’ എന്ന്
അവൻ പറയുന്നല്ലോ?”
23എന്നാൽ യേശു ആ യെഹൂദരോടുപറഞ്ഞു,
“നിങ്ങൾ താഴെ നിന്നുള്ളവരാണ്. പക്ഷേ ഞാ
നാകട്ടെ മുകളിൽനിന്നും വന്നവനും. നിങ്ങൾ

7:53-8:11 യോഹന്നാൻ സുവിശേഷത്തിന്റെ പഴയ
തും വിശ്വസിനിയവുമായ ഗ്രീക്കുപതിപ്പുകളിൽ ഈ
ഭാഗം ചേർത്തിട്ടില്ല.

ഈ ലോകത്തിലെയാണ്, ഞാനീലോകത്തിലെ
യല്ല. 24ഞാൻ നിങ്ങളോടുപറഞ്ഞു, നിങ്ങൾ
നിങ്ങളുടെ പാപങ്ങളോടു കൂടി മരിക്കുമെന്ന്.
‘ഞാൻ ആകുന്നു’ എന്നു നിങ്ങൾ വിശ്വസിക്കാ
ത്തപക്ഷം നിങ്ങൾ നിങ്ങളുടെപാപങ്ങളോടെ
മരിക്കും.”
25യെഹൂദർ ചോദിച്ചു, “അപ്പോൾ നീ ആരാ
ണ്?” യേശു മറുപടിപറഞ്ഞു,“ഞാൻ ആദി മുത
ൽ നിങ്ങളോടു എന്തു പറഞ്ഞിരുന്നുവോ അതാ
ണ് ഞാൻ. 26എനിക്കു നിങ്ങളെപ്പറ്റി വളരെ
പറയാനുണ്ട്. എനിക്കു നിങ്ങളെ വിധിക്കാനു
മുണ്ട്. എന്നാൽ എന്നെ അയച്ചവനിൽനിന്നും
കേൾക്കുന്നതു മാത്രമേ ഞാൻ ആളുകളോടു പറ
യൂ. അവൻ സത്യം പറയുന്നു.”
27യേശു ആരെപ്പറ്റിയാണു പറയുന്നതെന്ന്
ആളുകൾക്ക് മനസ്സിലായില്ല. പിതാവിനെപ്പറ്റി
യായിരുന്നു യേശു അവരോടു പറഞ്ഞിരുന്നത്.
28അതിനാൽ യേശു അവരോടു പറഞ്ഞു, “മനു
ഷ്യപുത്രനെ നിങ്ങൾ ഉയർത്തും. ‘ഞാൻ ആകു
ന്നു’ എന്നു നിങ്ങളപ്പോൾ അറിയും. ഞാൻ
ഈ ചെയ്യുന്നതൊന്നും എന്റെ സ്വന്തം അധി
കാരം കൊണ്ടല്ലെന്നും നിങ്ങളറിയും. പിതാവ്
എന്നെ പഠിപ്പിച്ചതു മാത്രമേ ഞാൻ പറയുന്നു
ള്ളൂവെന്നും നിങ്ങളറിയും. 29എന്നെ അയച്ചവൻ
എന്നോടൊത്തുണ്ട്. അവനെ സന്തോഷിപ്പിക്കു
ന്ന കാര്യങ്ങൾ ഞാനെപ്പോഴും പ്രവർത്തിക്കു
ന്നു. അതിനാൽ അവനൊരിക്കലും എന്നെ ഉപേ
ക്ഷിക്കയില്ല”. 30യേശു ഇതെല്ലാം പറയവേ ഒട്ടേ
റെപ്പേർ അവനിൽ വിശ്വസിച്ചു.

പാപത്തിൽ നിന്നുള്ള മോചനത്തെപ്പറ്റി

31അതുകൊണ്ട് തന്നിൽ വിശ്വസിച്ച യെഹൂദ
രോട് യേശുപറഞ്ഞു, “എന്റെവചനങ്ങൾ നി
ങ്ങൾ തുടർന്നും അനുസരിച്ചാൽ നിങ്ങൾ
എന്റെ യഥാർത്ഥത്തിലുള്ള ശിഷ്യന്മാരായിരി
ക്കും. 32അപ്പോൾ നിങ്ങൾ സത്യമറിയും. സത്യം
നിങ്ങളെ സ്വതന്ത്രരാക്കും.”
33യെഹൂദർ മറുപടി പറഞ്ഞു, “ഞങ്ങൾ അ
ബ്രാഹാമിന്റെ മക്കളാണ്. ഞങ്ങളൊരിക്കലും
അടിമകളായിട്ടില്ല. എങ്ങനെയാണു പിന്നെ ഞ
ങ്ങൾ സ്വതന്ത്രരാകുമെന്നു നീ പറയുന്നത്?”
34യേശു മറുപടിപറഞ്ഞു, “ഞാൻ നിങ്ങളോ
ടു സത്യമായി പറയട്ടെ, പാപം ചെയ്യുന്നവരെ
ല്ലാം അടിമകളാണ്. പാപമാണ് അവരുടെ യജ
മാനൻ. 35ഒരടിമയ്ക്ക് ഒരു കുടുംബത്തിൽ സ്ഥിര
മായി താമസിക്കാനാവില്ല. പക്ഷെ മകൻ കുടും
ബത്തിൽ സ്ഥിരപ്പെടുന്നു. 36പുത്രൻ നിങ്ങളെ
സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ
മോചിക്കപ്പെടുന്നു. 37നിങ്ങൾ അബ്രാഹാമി
ന്റെ മക്കളാണെന്നു എനിക്കറിയാം. പക്ഷേ
നിങ്ങളെന്നെ കൊല്ലാനാഗ്രഹിക്കുന്നു. എന്തെ
ന്നോ? എന്റെ ഉപദേശങ്ങൾ സ്വീകരിക്കാൻ
നിങ്ങളിഷ്ടപ്പെടുന്നില്ല. 38എന്റെ പിതാവ്
എന്നെ കാട്ടിയതു മാത്രം ഞാൻ നിങ്ങളോടു
പറയുന്നു. നിങ്ങളുടെ പിതാവ് പറഞ്ഞതു
നിങ്ങൾ ചെയ്യുന്നു.”
39അപ്പോൾ യെഹൂദർ പറഞ്ഞു, “അബ്രാഹാ
മാണു ഞങ്ങളുടെ പിതാവ്.” യേശു പറഞ്ഞു,
“നിങ്ങൾ അബ്രാഹാമിന്റെ യഥാർത്ഥ പുത്ര
ന്മാരായിരുന്നെങ്കിൽ അബ്രാഹാം ചെയ്തതൊ
ക്കെ നിങ്ങളും ചെയ്യണം. 40ദൈവത്തിൽനിന്നും
കേട്ട സത്യങ്ങൾ നിങ്ങളോടുപറഞ്ഞ ഒരു മനു
ഷ്യനാണു ഞാൻ. പക്ഷേ നിങ്ങളെന്നെ കൊ
ല്ലാൻ ശ്രമിക്കുന്നു. അബ്രാഹാം അതു പോലൊ
ന്നും ചെയ്തില്ല. 41അതുകൊണ്ട് നിങ്ങൾ ചെയ്യു
ന്നത് നിങ്ങളുടെ സ്വന്തം പിതാവ് ചെയ്യുന്നവ
തന്നെ.” പക്ഷേ യെഹൂദർ പറഞ്ഞു, “ഞങ്ങൾ
ജാരസന്തതികളല്ല. ദൈവമാണ് ഞങ്ങളുടെ
പിതാവ്. ഞങ്ങളുടെ ഏകപിതാവും അവ
നാണ്.”
42യേശു ആ യെഹൂദരോടു പറഞ്ഞു, “ദൈവം
യഥാർത്ഥത്തിൽ നിങ്ങളുടെ പിതാവാണെ
ങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കണം. ദൈവ
ത്തിൽ നിന്നുവന്നഞാനിപ്പോൾ ഇവിടെയുണ്ട്.
ഞാനെന്റെ സ്വന്തം അധികാരത്തിലല്ല. ഇവി
ടെ വന്നിരിക്കുന്നത്. ദൈവം എന്നെ അയച്ചു.
43ഞാൻ പറയുന്നതൊന്നും നിങ്ങൾക്കു മനസ്സി
ലാകുന്നില്ല. എന്തുകൊണ്ട്? നിങ്ങൾക്ക് എന്റെ
ഉപദേശം സ്വീകരിക്കാൻ സാധിക്കാത്തതുകൊ
ണ്ട് തന്നെ. 44പിശാചാണ് നിങ്ങളുടെപിതാവ്.
നിങ്ങൾ അവന്റെ മക്കളാണ്. അവൻ പറയുന്ന
കാര്യങ്ങൾ നിങ്ങൾചെയ്യുന്നു. ആദ്യം മുതൽക്കു
തന്നെ പിശാച് ഒരു കൊലയാളിയായിരുന്നു.
അവൻ സത്യവിരോധിയാണ്. അവനിലാകട്ടെ
സത്യം അശേഷം ഇല്ല. അവൻ പറയുന്ന നുണ
കൾ പോലെതന്നെയാണ് അവൻ. അവൻ നുണ
യനും നുണയന്മാരുടെ പിതാവും ആണ്.
45ഞാൻ സത്യം പറയുന്നു. അതുകൊണ്ടാണ്
നിങ്ങൾ എന്നിൽ വിശ്വസിക്കാത്തത്. 46ഞാൻ
പാപത്തിൽ കുറ്റവാളിയാണെന്നു തെളിയി
ക്കുക. ഞാൻ സത്യം പറഞ്ഞാൽ എന്തുകൊണ്ട്
നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ല? 47ദൈവ
സന്തതിയായവൻ ദൈവം പറയുന്നതെന്തോ
അതു സ്വീകരിക്കുന്നു. എന്നാൽ ദൈവത്തിൽ
നിന്നുള്ളവരല്ലാത്തതിനാൽ നിങ്ങളവന്റെ
വാക്കുകൾ സ്വീകരിക്കുന്നില്ല.”

യേശു തന്നെപ്പറ്റിയും അബ്രാഹാമിനെപ്പറ്റിയും പറയുന്നു

48യെഹൂദർ മറുപടിപറഞ്ഞു, “നീ ഒരു ശമര്യാ
ക്കാരനാണെന്നു ഞങ്ങൾപറയുന്നു. നിന്നെഭൂതം
ബാധിച്ചിട്ടുണ്ടെന്നു ഞങ്ങൾ പറയുന്നു.
ഞങ്ങൾ ഈ പറയുന്നതൊക്കെ ശരിയല്ലേ?”
49യേശുപറഞ്ഞു,“എന്നെഭൂതം ബാധിച്ചിട്ടൊ
ന്നും ഇല്ല. ഞാനെന്റെ പിതാവിനെ മഹത്വപ്പെ
ടുത്തുന്നു. പക്ഷേ നിങ്ങളെന്നെ അപമാനിക്കു
ന്നു. 50എങ്കിലും ഞാനെന്റെ മഹത്വത്തിനായി
ശ്രമിക്കുന്നില്ല. എനിക്കുവേണ്ടി അതു കാംക്ഷി
ക്കുന്ന ഒരുവനുണ്ട്. വിധികർത്താവും അവൻ
തന്നെ. 51ഞാൻ നിങ്ങളോടുസത്യമായി പറയ
ട്ടെ. എന്റെ വചനങ്ങളനുസരിക്കുന്നവൻ മര
ണത്തെ നേരിടുകയില്ല.”
52യെഹൂദർ യേശുവിനോടു പറഞ്ഞു, “ഞങ്ങ
ൾക്കിപ്പോൾ മനസ്സിലായി. നിനക്കു പിശാചു
ബാധയുണ്ടെന്ന്, അബ്രാഹാമും പ്രവാചകരും
മരിച്ചു. പക്ഷേ നീ പറയുന്നു, ‘എന്റെവചന
ങ്ങളനുസരിക്കുന്നവർ ഒരിക്കലും മരണം രുചി
ച്ചറിയുകയില്ല എന്ന്.’53ഞങ്ങളുടെ പിതാവായ
അബ്രാഹാമിനേക്കാൾ മഹാനാണു നീയെന്നു
നീ കരുതുന്നുണ്ടോ? അബ്രാഹാം മരിച്ചു. പ്രവാ
ചകരും മരിച്ചു. നീ ആരെന്നാണു നിന്റെ വി
ചാരം?”
54യേശു മറുപടിപറഞ്ഞു, “ഞാൻ എന്നെത്ത
ന്നെ മഹത്വപ്പെടുത്തിയാൽ അതിനു വിലയി
ല്ല. എന്നെ മഹത്വപ്പെടുത്തുന്നവൻ എന്റെ
പിതാവാണ്. അവൻ നിങ്ങളുടെ ദൈവമാണെ
ന്നു നിങ്ങൾ പറയുകയും ചെയ്യുന്നു.55എന്നാൽ
നിങ്ങൾ യഥാർത്ഥത്തിൽ അവനെ അറിക
യില്ല. എനിക്കവനെയറിയാം. എനിക്കവനെ

അറികയില്ലെന്നു ഞാൻ പറഞ്ഞാൽ ഞാനും
നിങ്ങളെപ്പോലെനുണയനാകും. പക്ഷേ ഞാന
വനെ അറിയും. അവന്റെ വാക്കുകളെ ഞാനനു
സരിക്കുകയും ചെയ്യുന്നു. 56ഞാൻ വരുന്ന ദിവ
സം കാണാം എന്ന പ്രത്യാശയിൽ അബ്രാഹാം
സന്തുഷ്ടനായിരുന്നു. അതുകൊണ്ട് അയാൾ
സന്തോഷിച്ചു."

57യെഹൂദർ യേശുവിനോട് പറഞ്ഞു, "എന്ത്?
നിനക്ക് അമ്പതുവയസ്സുപോലും ആയിട്ടില്ല. എ
ന്നിട്ടും നീ അബ്രാഹാമിനെ കണ്ടു എന്നവകാ
ശപ്പെടുന്നോ?"

58യേശു പറഞ്ഞു, "ഞാൻ നിങ്ങളോടു സത്യം
പറയാം. അബ്രാഹാം ജനിക്കുന്നതിനു മുമ്പും
ഞാനുണ്ട്." 59യേശു ഇതു പറഞ്ഞപ്പോൾ ആളു
കൾ അവനെ എറിയാൻ കല്ലുകളെടുത്തു.
യേശു മറഞ്ഞ് ദൈവാലയം വിട്ടുപോയി.

ജന്മനാ അന്ധനായ ഒരുവനെ സുഖപ്പെടുത്തുന്നു

9 നടന്നു പോകവേ യേശു ഒരന്ധനെകണ്ടു.
ജനിച്ചപ്പോൾ തന്നെ അയാൾ അന്ധനായി
രുന്നു. 2യേശുവിന്റെ ശിഷ്യന്മാർ അവനോടു
ചോദിച്ചു, "ഗുരോ, ഇയാൾ ജന്മനാ അന്ധനാ
ണ്. എന്നാൽ ആരുടെ പാപമാണ് ഇവനെ
അന്ധനാക്കിയത്? അയാളുടെ തന്നെ പാപങ്ങ
ളോ മാതാപിതാക്കളുടെ പാപങ്ങളോ?"

3യേശു മറുപടിപറഞ്ഞു, "അവന്റെയോ അ
വന്റെ മാതാപിതാക്കളുടെയോ പാപങ്ങളല്ല
അവനെ അന്ധനാക്കിയത്. ഞാനവനെ സുഖ
പ്പെടുത്തുമ്പോൾ ദൈവത്തിന്റെ ശക്തി ആളു
കൾക്കു കാണുന്നതിനാണവൻ അന്ധനായി
ജനിച്ചത്. 4പകൽ തീരുന്നതുവരേക്കും എന്നെ
അയച്ചവന്റെ ജോലികൾ നാം തുടരണം. രാത്രി
യിൽ ആർക്കും ജോലിചെയ്യാനുമാവില്ല. 5ഈ
ലോകത്തിൽ ഞാനുണ്ടായിരിക്കുമ്പോൾ ലോക
ത്തിന്റെ പ്രകാശം ഞാനാണ്."

6യേശു ഇതു പറഞ്ഞുകഴിഞ്ഞ് മണ്ണിൽ തുപ്പി
ചെളികുഴച്ചെടുത്തു. അവൻ ആ ചെളി അന്ധ
ന്റെ കണ്ണുകളിൽ പുരട്ടി. 7യേശു അയാളോടു
പറഞ്ഞു, "നീചെന്ന് ശിലോഹാം (ഈ വാക്കി
ന്റെ അർത്ഥം "അയയ്ക്കപ്പെട്ടവൻ" എന്നാണ്)
കുളത്തിൽ കഴുകുക." അയാൾ കുളത്തിലേക്കു
പോയികഴുകി കാഴ്ചയോടെ മടങ്ങിവന്നു.

8മുമ്പ് അയാൾ ഇരുന്നു യാചിക്കുന്നത് ആളു
കൾ കണ്ടിരുന്നു. അവരും അയാളുടെ അയൽ
ക്കാരും പറഞ്ഞു, "ഇതാ! എപ്പോഴും വഴിയോര
ത്തിരുന്നു യാചിച്ചവൻ തന്നെയോ ഇയാൾ?"

9ചിലർ പറഞ്ഞു, "അതെ, അവൻതന്നെ." പ
ക്ഷേ മറ്റുചിലർ പറഞ്ഞു, "അല്ല അവനല്ല
ഇത്. അവനെപ്പോലെ കാണുന്ന വേറൊരുവനാ
ണിത്." അതുകൊണ്ട് അയാൾ തന്നെ പറഞ്ഞു,
"മുമ്പ് അന്ധനായിരുന്നവൻ തന്നെയാണു
ഞാൻ."

10ആളുകൾ ചോദിച്ചു, "എന്തുണ്ടായി? നിന
ക്കെങ്ങനെ കാഴ്ച തിരിച്ചുകിട്ടി?"

11അയാൾമറുപടിപറഞ്ഞു, "യേശുവെന്നു വി
ളിക്കപ്പെടുന്നയാൾ അല്പം ചെളികുഴച്ചു. അവൻ
അതെന്റെ കണ്ണുകളിൽ പുരട്ടി. എന്നിട്ട് ശി
ലോഹാം കുളത്തിൽ പോയി കഴുകാൻ എന്നോ
ടു പറഞ്ഞു. അതിനാൽ ഞാൻ പോയി ശിലോ
ഹാം കുളത്തിൽ കഴുകി. അപ്പോഴെനിക്കു
കാഴ്ചയും കിട്ടി." 12ആളുകൾ അവനോടു ചോ
ദിച്ചു, "ആ മനുഷ്യൻ എവിടെയുണ്ട്?" അയാൾ
പറ ഞ്ഞു, "എനിക്കറിയില്ല."

യേശു സുഖപ്പെടുത്തിയവനെ യെഹൂദർ ചോദ്യം ചെയ്യുന്നു

13അനന്തരം അവർ അയാളെ പരീശന്മാരുടെ
അടുത്തേക്കു കൊണ്ടുവന്നു. അന്ധനായിരുന്ന
വനായിരുന്നു അയാൾ. 14യേശു ചെളികുഴച്ച് അ
വന്റെ കണ്ണുകൾക്ക് കാഴ്ചനൽകി. ശബ്ബത്തു
ദിവസമാണ് യേശു ഇതുചെയ്തത്. 15അതുകൊ
ണ്ട് പരീശന്മാർ അവനോടു ചോദിച്ചു, "നിന
ക്കെങ്ങനെയാണ് കാഴ്ചകിട്ടിയത്?" അയാൾ മ
റുപടിപറഞ്ഞു, "അവൻ എന്റെ കണ്ണുകളിൽ
ചെളിപുരട്ടി. ഞാൻ കണ്ണുകഴുകി.എനിക്കു കാ
ഴ്ചയും കിട്ടി."

16പരീശന്മാരിൽ ചിലർ പറഞ്ഞു, "ശബ്ബത്തി
ന്റെ ന്യായപ്രമാണങ്ങളനുസരിക്കാത്തവൻ
ദൈവത്തിൽ നിന്നുള്ളവനല്ല." മറ്റുള്ളവർ പറ
ഞ്ഞു, "പക്ഷേ പാപിയായ ഒരുവന് ഇത്തരം
അത്ഭുതപ്രവൃത്തികൾ കാട്ടാനാവില്ല." യെഹൂ
ദർ പരസ്പരം അംഗീകരിച്ചില്ല.

17യെഹൂദ നേതാക്കൾ അയാളോടു വീണ്ടും
ചോദിച്ചു, "അയാൾ നിന്നെ സുഖപ്പെടുത്തി.
കാഴ്ചതന്നു. അവനെപ്പറ്റി നിന്റെ അഭിപ്രായ
മെന്താണ്?" അയാൾ മറുപടിപറഞ്ഞു, "അവൻ
ഒരു പ്രവാചകനാണ്."

18എന്നാൽ യെഹൂദർ ഇതൊന്നും യഥാർത്ഥ
ത്തിൽ അയാൾക്കു സംഭവിച്ച കാര്യങ്ങളാണെ
ന്നുവിശ്വസിച്ചിരുന്നില്ല. അയാൾ അന്ധനും ഇ
പ്പോൾ സുഖപ്പെട്ടവനുമാണെന്ന് അവർ വിശ്വ
സിച്ചില്ല. പക്ഷേ പിന്നീടവർ അയാളുടെ അപ്പ
നമ്മമ്മാരെ ആളയച്ചുവരുത്തി.

19യെഹൂദർ അപ്പനമ്മമാരോട് ചോദിച്ചു, "ഇ
വൻ നിങ്ങളുടെ മകനാണോ? അവൻ ജന്മനാ
അന്ധനായിരുന്നെന്നു നിങ്ങൾ പറയുന്നോ?
പിന്നെ ഇപ്പോഴെങ്ങനെ അവനു കാഴ്ചകിട്ടി?"

20അവന്റെ അപ്പനമ്മമാർ മറുപടി പറഞ്ഞു,
"ഇവൻ ഞങ്ങളുടെ മകനാണെന്നും അവൻ ജന്മ
നാ അന്ധനായിരുന്നെന്നും ഞങ്ങൾക്കറിയാം.
21ഇവന് ഇപ്പോഴെങ്ങനെ കാഴ്ച കിട്ടിയെന്നതു
മാത്രം ഞങ്ങൾക്കറിയില്ല. ആരാണവന്റെ കണ്ണു
കളെ സുഖപ്പെടുത്തിയതെന്നും ഞങ്ങൾക്കറി
യില്ല. അവനോടുതന്നെ ചോദിക്കുക. തന്നെപ്പ
റ്റിത്തന്നെ മറുപടിപറയാൻ മാത്രം പ്രായമൊ
ക്കെ അവനായിട്ടുണ്ട്." 22അവർ ഇങ്ങനെപറ
യാൻ കാരണം അവർക്കു യെഹൂദനേതാക്കളെ
ഭയമായിരുന്നു. യേശു ക്രിസ്തുവാണെന്നു പറ
യുന്ന ഓരോരുത്തരെയും തങ്ങൾ ശിക്ഷിക്കു
മെന്ന് യെഹൂദനേതാക്കൾ നേരത്തേ തീരുമാനി
ച്ചിരുന്നു. അങ്ങനെ ചെയ്യുന്നവരെ നേതാക്കൾ
യെഹൂദപ്പള്ളിയിൽനിന്നും പുറത്താക്കും. 23അ
തുകൊണ്ടാണ് അയാളുടെ മാതാപിതാക്കൾ
"അവനു പ്രായമായി അവനോടുചോദിക്കുക"
എന്നു പറഞ്ഞത്. 24അതിനാൽ യെഹൂദനേതാ
ക്കൾ അന്ധനായിരുന്നവനെ വിളിച്ചു. വീണ്ടും
വരാനവർ പറഞ്ഞു. യെഹൂദനേതാക്കൾ പറ
ഞ്ഞു, "സത്യം പറഞ്ഞ് നീ ദൈവത്തെ മഹത്വ
പ്പെടുത്തണം. ഈ മനുഷ്യൻ പാപിയാണെന്നു
ഞങ്ങൾക്കറിയാം."

25അയാൾ മറുപടിപറഞ്ഞു, "അയാൾ ഒരു പാ
പിയാണെങ്കിൽ അത് എനിക്കറിയില്ല. പക്ഷേ
ഒരുകാര്യം അറിയാം. ഞാൻ അന്ധനായിരുന്നു.
ഇപ്പോഴെനിക്കു കാഴ്ച കിട്ടിയിരിക്കുന്നു."

26യെഹൂദനേതാക്കൾ ചോദിച്ചു, "അവൻ നി
നക്കായി എന്താണുചെയ്തത്? അവൻ എങ്ങ
നെ നിന്റെ കണ്ണുകളെ സുഖപ്പെടുത്തി."

27അയാൾ മറുപടിപറഞ്ഞു, "ഞാൻ നിങ്ങ

ളോട് അതെല്ലാം പറഞ്ഞുകഴിഞ്ഞു. പക്ഷേ
നിങ്ങളെന്നെ ശ്രദ്ധിച്ചില്ല. എന്തിനാണിതെല്ലാം
ഇനിയും കേൾക്കുന്നത്? നിങ്ങൾക്കും അവൻെറ
അനുയായികളാകണോ?”
28അവർ കോപാകുലരായി. അയാളെ ശകാ
രിച്ചുകൊണ്ടുപറഞ്ഞു, “നീ അവൻെറ ശിഷ്യ
നാണ്. ഞങ്ങൾ മോശെയുടെ അനുയായികളും.
29ദൈവം മോശെയോട് സംസാരിച്ചുവെന്നു
ഞങ്ങൾക്കറിയാം. എന്നാൽ ഈ മനുഷ്യൻ എവി
ടെ നിന്നാണു വരുന്നതെന്നുപോലും ഞങ്ങൾ
ക്കറിയില്ല.”
30അയാൾ മറുപടി പറഞ്ഞു,“ഇതുവളരെ അ
ത്ഭുതമായിരിക്കുന്നു. യേശു എവിടെനിന്നാണു
വരുന്നതെന്നു നിങ്ങൾക്കറിയില്ല. പക്ഷേ
അവൻ എൻെറ കണ്ണുകളെ സുഖപ്പെടുത്തിയി
രിക്കുന്നു. **31**ദൈവം പാപികളെ ശ്രദ്ധിക്കില്ലെ
ന്നു നമുക്കെല്ലാമറിയാം. എന്നാൽ തന്നെ ആരാ
ധിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരെ
ദൈവം ശ്രദ്ധിക്കും. **32**ജന്മനാ അന്ധനായൊരു
വനെ ആദ്യമായാണൊരാൾ സുഖപ്പെടുത്തുന്ന
ത്. **33**ഇയാൾ ദൈവത്തിൽനിന്നും വന്നവനായി
രിക്കും. അല്ലാത്തപക്ഷം ഇതുപോലൊന്നും
ചെയ്യാൻ അവനാവില്ല.”
34യെഹൂദ നേതാക്കൾ മറുപടിപറഞ്ഞു, “നി
ന്നിൽ പാപം നിറഞ്ഞിരിക്കുന്നു. ഞങ്ങളെ നീ
പഠിപ്പിക്കാൻ നോക്കുന്നോ?” അവർ അയാളെ
അവിടെനിന്നും ഓടിച്ചുവിട്ടു.

ആത്മീയ അന്ധത

35അയാളെ യെഹൂദനേതാക്കൾ ഓടിച്ചു വിട്ട
കാര്യം യേശു അറിഞ്ഞു. യേശു അയാളെ
കണ്ടെത്തി ചോദിച്ചു, “നീ മനുഷ്യപുത്രനിൽ
വിശ്വസിക്കുന്നുവോ?”
36അയാൾ ചോദിച്ചു, “പ്രഭോ, ആരാണു മനു
ഷ്യപുത്രൻ? പറയൂ എങ്കിലെനിക്കവനിൽ വി
ശ്വസിക്കാമല്ലോ.”
37യേശു അയാളോടു പറഞ്ഞു,“നീ നേരത്തേ
തന്നെ അവനെകണ്ടിട്ടുണ്ട്. നിന്നോടിപ്പോൾ
സംസാരിക്കുന്നവൻ തന്നെയാണവൻ.” **38**അ
യാൾ പറഞ്ഞു, “ഞാൻ വിശ്വസിക്കുന്നു കർ
ത്താവേ.” അനന്തരം അയാൾ മുട്ടുകുത്തി യേശു
വിനെ നമസ്കരിച്ചു.
39യേശുപറഞ്ഞു,“ഞാൻ ഈലോകത്തു വന്ന
ത് തീർപ്പ്കല്പിക്കാനാണ്. അന്ധർക്കു കാഴ്ചനൽ
കാനും കാഴ്ചയുണ്ടെന്നു കരുതുന്നവരെ
അന്ധരാക്കാനും.”
40ഏതാനും പരീശന്മാർ അവിടെ സന്നിഹിത
രായിരുന്നു. അവർ അതുകേട്ടു. അവർ ചോദി
ച്ചു, “ഞങ്ങളും അന്ധരാണെന്നോ?”
41യേശു പറഞ്ഞു, “നിങ്ങൾ അന്ധരായിരുന്നു
വെങ്കിൽ നിങ്ങൾക്കു പാപമുണ്ടാകുമായിരുന്നി
ല്ല. പക്ഷേ നിങ്ങൾ പറയുന്നു നിങ്ങൾക്കു
കാണാമെന്ന്. അതിനാൽ ഇപ്പോൾ നിങ്ങൾ
പാപികളാണ്.”

ഇടയനും കുഞ്ഞാടും

10 യേശു പറഞ്ഞു, “ഞാൻ നിങ്ങളോടു സ
ത്യമായി പറയാം. ആട്ടിൻ തൊഴുത്തിലേ
ക്കുകയറുന്നവൻ വാതിലിലൂടെ വേണം പ്രവേ
ശിക്കുവാൻ. അല്ലാത്തപക്ഷം അവൻ കള്ളനാ
ണ്. ആടുകളെ മോഷ്ടിക്കണമവന്. **2**എന്നാൽ
ആടുകളുടെ ഇടയൻ വാതിലിലൂടെയാവും പ്ര
വേശിക്കുക. **3**ഇടയനുവേണ്ടി കാവൽക്കാരൻ
വാതിൽതുറക്കുന്നു. ആടുകൾ ഇടയൻെറശബ്ദം
ശ്രദ്ധിക്കുന്നു. ഇടയൻ തൻെറയാടുകളെ പേരെ
ടുത്തു വിളിച്ച് പുറത്തേക്കു നയിക്കുന്നു. **4**എല്ലാ
ആടുകളെയും ഇടയൻ പുറത്തേക്കു കൊണ്ടുവ
രുന്നു. അവൻ അവയ്ക്കു മുമ്പേനടന്ന് അവയെ
നയിക്കുന്നു. അവൻെറ ശബ്ദം അറിയാവുന്നതു
കൊണ്ട് ആടുകൾ അവനെ അനുഗമിക്കും. **5**എ
ന്നാൽ അറിയാത്ത ഒരുവനെ ആടുകൾ അനുഗ
മിക്കില്ല. അവ അയാളിൽ നിന്ന് ഓടിപ്പോകും.
കാരണം, അയാളുടെശബ്ദം അവയ്ക്കറിയില്ല.”
6യേശു ആളുകളോട് ഈ ഉപമപറഞ്ഞു, എന്നാ
ലതിൻെറയർത്ഥം അവർക്കു മനസ്സിലായില്ല.

യേശു നല്ലയിടയൻ

7അതുകൊണ്ട് യേശു വീണ്ടുംപറഞ്ഞു, “ഞാ
ൻ നിങ്ങളോട് സത്യമായി പറയട്ടെ. ആടുകൾ
ക്കുള്ള വാതിൽ ഞാനാകുന്നു. **8**എനിക്കുമുമ്പു
വന്നവരെല്ലാംകള്ളന്മാരുംകവർച്ചക്കാരുമാകുന്നു.
ആടുകൾ അവർക്കു ചെവികൊടുത്തില്ല. **9**ഞാ
നാകുന്നു വാതിൽ. എന്നിലൂടെ പ്രവേശിക്കുന്ന
വൻ രക്ഷപ്പെടും. അയാൾക്ക് അകത്തേക്കു വരി
കയും പുറത്തേക്കു പോകുകയും ചെയ്യാം. ആവ
ശ്യമുള്ളതെല്ലാം അയാൾക്കുകിട്ടും.**10**കള്ളൻ വരു
ന്നത് മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാ
നുമാണ്. ഞാൻവരുന്നത് അവർക്കുജീവനും അ
തിൻെറ മുഴുവൻ നന്മയും നൽകുന്നതിനാണ്.
11“നല്ലയിടയൻ ഞാനാകുന്നു. നല്ലയിടയൻ
ആടുകൾക്ക് അവൻെറജീവൻ നൽകുന്നു. **12**കൂ
ലിയ്ക്ക് ആടുകളെ സൂക്ഷിക്കുന്നവനും ഇടയ
നുംതമ്മിൽ വ്യത്യാസമുണ്ട്. കൂലിക്കാരൻ ആടി
ൻെറ ഉടമയല്ല. അതുകൊണ്ട് ചെന്നായ് വരുന്ന
ത് അവൻ കാണുമ്പോൾ അവൻ ആടുകളെ
ഉപേക്ഷിച്ച് ഓടി രക്ഷപ്പെടും. ചെന്നായ് ആടു
കളെ ആക്രമിച്ച് അവയെ ചിതറിക്കും. **13**അവൻ
വെറും കൂലിക്കാരൻ മാത്രമായതിനാലണവൻ
ഓടിപ്പോകുന്നത്. അയാൾക്ക് ആടുളെപ്പറ്റി
വിചാരമില്ല.
14-15ആടുകളെ പരിപാലിക്കുന്ന നല്ല ഇടയൻ
ഞാനാകുന്നു. പിതാവ് എന്നെ അറിയുന്നതു
പോലെ എൻെറ ആടുകളെ ഞാനറിയും. എ
ൻെറ പിതാവിനെ ഞാനറിയുമ്പോലെ എൻെറ
ആടുകൾ എന്നെയുമറിയും. ഈ ആടുകൾക്കാ
യി ഞാനെൻെറ ജീവൻനൽകുന്നു. **16**എനിക്ക്
മറ്റ് ആടുകൾ കൂടിയുണ്ട്. അവ ഈ തൊഴുത്തി
ലില്ല. എനിക്കവയെയും നയിക്കണം. അവ എ
ൻെറശബ്ദം കേൾക്കും. ഭാവിയിൽ ഒരു തൊഴു
ത്തും ഒരിടയനും മാത്രമാകും.**17**സ്വന്തംജീവൻ ത്യ
ജിക്കുന്ന എന്നെ പിതാവ് സ്നേഹിക്കുന്നു. വീ
ണ്ടും കിട്ടാനാണ് ഞാൻ എൻെറജീവൻ നൽകു
ന്നത്.**18**എൻെറജീവൻ ആരും എന്നിൽനിന്ന് എ
ടുത്തുകൊണ്ടു പോകയില്ല. എൻെറ ജീവൻ
ഞാൻ സ്വയം ത്യജിക്കുകയാണ്. എിക്കതിനുള്ള
അവകാശമുണ്ട്. അതു തിരിച്ചു കിട്ടാനുള്ള അവ
കാശവും എനിക്കുണ്ട്. ഇതാണെൻെറ പിതാവ്
എന്നോടു പറഞ്ഞത്.”
19യേശുവിൻെറ ഈ വാക്കുകൾ യെഹൂദരുടെ
യിടയിൽ വീണ്ടും ഭിന്നിപ്പുണ്ടാക്കി. **20**അധികം
യെഹൂദരുംപറഞ്ഞു,“അവനിൽ ഒരുഭൂതം ബാധി
ച്ചിരിക്കുന്നു. അതവനെ ഭ്രാന്തനാക്കിയിരിക്കു
ന്നു. പിന്നെന്തിന് അവൻെറ വാക്കുകൾ കേൾ
ക്കുന്നു?”
21എന്നാൽ മറ്റ് യെഹൂദർ പറഞ്ഞു, “ഇതു
ഭൂതം ബാധിച്ചവൻെറ ഭ്രാന്തൻ വാക്കുകളല്ല.
ഭൂതത്തിന് അന്ധനു കാഴ്ച നൽകുവാനാ
കുമോ? ഇല്ല.”

യെഹൂദർ യെശുവിനെതിരെ

22അതൊരു ശീതകാലമായിരുന്നു യെരൂശലേ
മിൽ പ്രതിഷ്ഠോത്സവത്തിന്റെ സമയമായി.
23യേശു ദൈവാലയത്തിൽ ശലോമോന്റെ മ
ണ്ഡപത്തിലൂടെ നടക്കുകയായിരുന്നു,. 24യെഹൂ
ദർ യേശുവിന്റെ ചുറ്റുംകൂടി അവർ പറഞ്ഞു,
“എത്രകാലം നീ ഞങ്ങളെ ഈ അനിശ്ചിതത്വ
ത്തിൽ നിർത്തും? നീ ക്രിസ്തുവാണെങ്കിൽ ഞ
ങ്ങളോടു വ്യക്തമായി പറയുക.”

25യേശു മറുപടിപറഞ്ഞു, “ഞാൻ നേരത്തെ
തന്നെ നിങ്ങളോടുപറഞ്ഞിട്ടുണ്ട്. പക്ഷേ
നിങ്ങൾ വിശ്വസിച്ചില്ല. ഞാൻ എന്റെ പിതാ
വിന്റെ പേരിൽ ചെയ്യുന്ന അത്ഭുതപ്രവൃത്തി
കൾ ഞാനാരെന്നു തെളിയിക്കുന്നു. 26പക്ഷേ
നിങ്ങൾ വിശ്വസിക്കാത്തതെന്തുകൊണ്ട്? കാര
ണം നിങ്ങൾ എന്റെ ആടുകളല്ല. 27എന്റെ
ആടുകൾ എന്റെ ശബ്ദംകേൾക്കുന്നു. എനിക്ക
വയെ അറിയാം. അവ എന്നെ പിന്തുടരുന്നു.
28ഞാൻ അവയ്ക്കു നിത്യജീവൻനൽകുന്നു.
അവ ഒരിക്കലും മരിക്കയില്ല. അവയെ എന്റെ
കൈയിൽനിന്നും പിടിച്ചെടുക്കാൻ ആർക്കുമാ
വില്ല. 29എന്റെ പിതാവ് എന്റെ ആടുകളെ
എനിക്കുതന്നു. അവനാണ് എല്ലാറ്റിലും വലി
യത്. ആർക്കും എന്റെ പിതാവിന്റെ കൈയി
ൽനിന്നും ആടുകളെ മോഷ്ടിക്കാനാവില്ല.
30പിതാവും ഞാനും ഒന്നുതന്നെ.”

31യെഹൂദർ വീണ്ടും യേശുവിനെ എറിയാൻ
കല്ലെടുത്തു. 32എന്നാൽ യേശു അവരോടു പറ
ഞ്ഞു, “ഞാൻ പിതാവിൽനിന്നു പലനല്ല കാര്യ
ങ്ങളും ചെയ്തു. നിങ്ങൾ അവ കാണുകയും
ചെയ്തു. ഇതിൽ ഏതു കാര്യത്തിനാണു നിങ്ങ
ളെന്നെ കൊല്ലുന്നത്?”

33യെഹൂദർ പറഞ്ഞു,“നീചെയ്ത ചില നന്മ
ക്കല്ല ഞങ്ങൾ നിന്നെകല്ലെറിയുന്നത്. പക്ഷേ
നീ പറഞ്ഞ വാക്കുകളെല്ലാം ദൈവവിരുദ്ധമാ
ണ്. നീ വെറും മനുഷ്യനാണ്. പക്ഷേനീ ദൈവ
മാണെന്നുസ്വയം അവകാശപ്പെടുന്നു. അതിനാ
ലാണു ഞങ്ങൾനിന്നെ കല്ലെറിഞ്ഞു കൊല്ലുന്ന
ത്.”

34യേശു മറുപടിപറഞ്ഞു,“നിങ്ങളുടെ ന്യായ
പ്രമാണത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു,
‘ഞാൻ പറഞ്ഞു നിങ്ങൾ ദേവന്മാരാണ്.’* 35ഈ
തിരുവെഴുത്ത് ദൈവസന്ദേശം കിട്ടിയവരെ ദേ
വന്മാരെന്നു വിളിച്ചു. തിരുവെഴുത്തുകൾ എ
പ്പോഴുംസത്യമാണ്. 36‘ഞാൻ ദൈവപുത്രനാണ്’
എന്നു ഞാൻ പറയുന്നത് ദൈവദൂഷണമാണെ
ന്നു പിന്നെ നിങ്ങളെന്താണു പറയുന്നത്. ദൈ
വം തിരഞ്ഞെടുത്ത് ഭൂമിയിലേക്കയച്ചവനാണ്
ഞാൻ. 37എന്റെപിതാവ് എന്ത് ചെയ്യുന്നുവോ
അത് ഞാൻ ചെയ്തില്ലെങ്കിൽ എന്റെ വാക്കുൾ
വിശ്വസിക്കേണ്ട.38എന്നാൽ പിതാവ് ചെയ്യുന്ന
ത്തന്നെ ഞാനും ചെയ്താൽ എന്നെ വിശ്വസി
ക്കുക. നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലായി
രിക്കാം.പക്ഷേ എന്റെ പ്രവൃത്തികളിൽ വിശ്വ
സിക്കുക. അപ്പോൾ നിങ്ങൾ അറിയുകയും മന
സ്സിലാക്കുകയും ചെയ്യും; പിതാവ് എന്നിലും
ഞാൻ പിതാവിലുമുണ്ടെന്ന്.” 39യെഹൂദർ വീ
ണ്ടും അവനെ പിടിക്കാൻ ശ്രമിച്ചെങ്കിലും
അവൻ അവരിൽനിന്നും രക്ഷപ്പെട്ടു.

40പിന്നീട് യേശു യോർദ്ദാൻനദികടന്ന് യോ
ഹന്നാൻ മുമ്പ് സ്നാനം നടത്തിയിരുന്നിടത്തേ
ക്കുപോയി. യേശു അവിടെ ത്തങ്ങി. 41അനേകർ
അവനെ സമീപിച്ചു. അവർ പറഞ്ഞു, “യോഹ
ന്നാൻ ഒരിക്കലും അത്ഭുതപ്രവൃത്തികൾ ചെ
യ്തില്ല.എന്നാൽ യോഹന്നാൻ ഇയാളെപ്പറ്റി
പറഞ്ഞതെല്ലാം ശരിയായിരുന്നു.” 42അവിടെ
അനേകംപേർ യേശുവിൽ വിശ്വസിച്ചു.

ലാസറിന്റെ മരണം

11 ബേഥാന്യയിൽ ലാസർ എന്ന ഒരുത്തൻ
ദീനമായി കിടന്നു. ഇവിടെത്തന്നെയാണ്
മറിയയും സഹോദരി മാർത്തയും താമസിച്ചി
രുന്നത്. 2(ഇതേ മറിയയാണ് പിന്നീട് യേശുവി
നെ തൈലാഭിഷേകംചെയ്തതും അവന്റെ കാ
ലുകളെ തലമുടികൊണ്ട് തുടച്ചതും.) മറിയയു
ടെസഹോദരനാണ് ഇപ്പോൾ രോഗിയായ ലാ
സർ.3അതുകൊണ്ട് മറിയയും മാർത്തയും സന്ദേ
ശവുമായി ഒരാളെ യേശുവിന്റെയടുത്തേക്കു
അയച്ചുപറഞ്ഞു,“കർത്താവേ, അങ്ങയുടെ പ്രി
യസുഹൃത്ത് ലാസർ രോഗിയായിരിക്കുന്നു.”

4ഇതു കേട്ട് യേശു പറഞ്ഞു, “ഈ രോഗത്തി
ന്റെ അന്ത്യം മരണമല്ല. ഇതു ദൈവത്തിന്റെ
മഹത്വത്തിന്റേതാണ്. മനുഷ്യപുത്രനു മഹത്വ
മുണ്ടാകാനാണു ഇതുവന്നത്.”5(യേശു മാർത്ത
യെയും സഹോദരിയെയും ലാസറെയും സ്നേ
ഹിച്ചിരുന്നു). 6ലാസർ രോഗിയാണെന്നു കേട്ട
പ്പോൾ യേശു താൻപാർത്തിരുന്നിടത്തുരണ്ടു ദി
വസം കൂടിതങ്ങി. 7അപ്പോൾ യേശുശിഷ്യന്മാ
രോടുപറഞ്ഞു, “നമുക്ക് യെഹൂദ്യയിലേക്കു മട
ങ്ങണം.”

8ശിഷ്യന്മാർമറുപടിപറഞ്ഞു,“പക്ഷേ ഗുരോ,
യെഹൂദ്യയിലെ യെഹൂദർ അങ്ങയെ കല്ലെറി
യാൻ ശ്രമിച്ചവരാണ്. അതും ഈയിടെ. എന്നി
ട്ടും അങ്ങയ്ക്കു അവിടെ പോകണമെന്നോ?”

9യേശു മറുപടി പറഞ്ഞു,“ദിവസം പന്ത്രണ്ടു
മണിക്കൂർ പ്രകാശമുണ്ടെന്നതു ശരിയല്ലേ? പക
ൽ നടക്കുന്നവൻ തട്ടിമറിഞ്ഞു വീഴില്ല. കാരണ
മെന്തെന്നാൽ ഈ ലോകത്തിന്റെ വെളിച്ചത്തി
ൽ അവനുകാണാം.10പക്ഷേ രാത്രിയിൽ നടക്കു
ന്നവൻ തട്ടിവീഴുന്നു. കാരണം? അവന്റെ കാ
ഴ്ചയ്ക്കു വേണ്ടപ്രകാശമില്ല.”

11യേശു ഇതെല്ലാം പറഞ്ഞതിനുശേഷം പറ
ഞ്ഞു,“നമ്മുടെ സുഹൃത്ത് ലാസർ ഉറങ്ങുന്നു.
അവനെ ഉണർത്താനാണു ഞാൻ പോകുന്നത്.”

12ശിഷ്യന്മാർ മറുപടി പറഞ്ഞു,“പക്ഷേ കർ
ത്താവേ, അവൻ ഉറങ്ങുകയാണെങ്കിൽ സുഖം
പ്രാപിക്കും.”

13ലാസർ മരിച്ചുവെന്നാണ് യേശു അർത്ഥ
മാക്കിയത്. എന്നാൽ ശിഷ്യന്മാർ വിചാരിച്ചത്
ലാസർ സ്വാഭാവികമായി ഉറങ്ങുന്നുവെന്ന് യേ
ശുപറഞ്ഞുവെന്നാണ്. 14അതിനാൽ യേശു വ്യ
ക്തമാക്കി,“ലാസർ മരിച്ചു. 15ഞാനവിടെയില്ലാ
തിരുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങളെ
കരുതി ഞാൻ സന്തോഷിക്കുന്നു. കാരണം ഇ
പ്പോൾ നിങ്ങൾഎന്നെ വിശ്വസിക്കുമല്ലോ. നമു
ക്കിപ്പോൾതന്നെ അവന്റെയടുത്തു പോകാം.”
16അപ്പോൾ ദിദിമൊസ് എന്നുവിളിക്കപ്പെടു
ന്ന തോമസ് മറ്റു ശിഷ്യന്മാരോടു പറഞ്ഞു,
“നമ്മൾക്കുംപോകാം. യെഹൂദ്യയിൽ യേശുവി
നോടൊപ്പം നമുക്കും മരിക്കാം.”

യേശു ബേഥാന്യയിൽ

17യേശു ബേഥാന്യയിലെത്തി. അപ്പോഴേക്കും
ലാസർ മരിച്ചുവെന്നും കല്ലറയിലായിട്ടു തന്നെ
നാലു ദിവസമായെന്നും യേശു അറിഞ്ഞു.
18യെരൂശലേമിൽനിന്നും രണ്ടുനാഴിക മാറിയാ
യിരുന്നു ബേഥാന്യ. 19അനേകം യെഹൂദർ മാർ

‘ഞാൻ ... ദേവന്മാരാണ്’ ഉദ്ധരണി സങ്കീ 82:6.

ത്തയേയും മറിയയേയും കാണാൻ വന്നു.
സഹോദരനെക്കുറിച്ച് അവരെ സമാധാനിപ്പി
ക്കാനാണ് യെഹൂദർ വന്നത്.
20യേശു വരുന്നെന്നു മാർത്തഅറിഞ്ഞു. അവ
ൾചെന്ന് അവനെസന്ധിച്ചു. എന്നാൽ മറിയ
വീട്ടിൽ തങ്ങി. 21മാർത്ത യേശുവിനോടു പറ
ഞ്ഞു,“കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരു
ന്നുവെങ്കിൽ എന്റെസഹോദരൻ മരിക്കില്ലായി
രുന്നു. 22എങ്കിലും ദൈവത്തോട് ഇപ്പോഴും നീ
ആവശ്യപ്പെടുന്നത് എന്തു തന്നെയായാലും നി
നക്കവൻ തരുമെന്ന് എനിക്കറിയാം.”
23യേശു പറഞ്ഞു,“നിന്റെ സഹോദരൻ എഴു
ന്നേറ്റു വീണ്ടും ജീവിക്കും.”
24മാർത്ത പറഞ്ഞു, “അന്ത്യനാളിൽ ആളുകൾ
ഉയിർത്തെഴുന്നേൽക്കുമ്പോൾ അവനും ഉയിർ
ത്തെഴുന്നെൽക്കുമെന്നെനിക്കറിയാം.”
25യേശു അവളോടു പറഞ്ഞു, “ഞാനാകുന്നു
പുനരുത്ഥാനം. ഞാനാണ് ജീവൻ. എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും വീണ്ടും ജീവി
ക്കും. 26എന്നിൽ വിശ്വസിച്ചു ജീവിക്കുന്നവൻ
യഥാർത്ഥത്തിൽ ഒരിക്കലും മരിക്കില്ല. നീയിതു
വിശ്വസിക്കുന്നുവോ മാർത്തേ?”
27മാർത്ത മറുപടിപറഞ്ഞു, “ഉവ്വ്, കർത്താ
വേ. ദൈവപുത്രനായ ക്രിസ്തു നീയാണെന്നു
ഞാൻ വിശ്വസിക്കുന്നു. ലോകത്തിലേക്കു വരു
ന്നവൻ നീയാണ്.”

യേശു കരയുന്നു

28ഇത്രയും പറഞ്ഞ് മാർത്ത മറിയയുടെ അടു
ത്തേക്കുപോയി. അവൾ മറിയയോട് ഒറ്റയ്ക്കു
സംസാരിച്ചു. മാർത്ത പറഞ്ഞു,“ഗുരു ഇവിടെ
യുണ്ട്. അവൻ നിന്നെ അന്വേഷിക്കുന്നു.”29അതു
കേട്ടയുടനെ മറിയ എഴുന്നേറ്റു യേശുവിന്റെ
യടുത്തേക്ക്ഓടി. 30യേശു ഇതുവരെ ഗ്രാമത്തി
ലെത്തിയിരുന്നില്ല. അവനപ്പോഴും മാർത്ത
അവനെ സന്ധിച്ചസ്ഥലത്തു തന്നെയായിരു
ന്നു. 31മറിയയെ വീട്ടിൽവച്ചു ആശ്വസിപ്പിച്ചു
കൊണ്ടിരുന്ന യെഹൂദരും അവളോടൊപ്പം
പോയി. അവൾ പെട്ടെന്നുപുറത്തേക്കു പോകു
ന്നതവർ കണ്ടിരുന്നു. അവൾ ലാസറിന്റെ കല്ല
റയിൽ കരയാൻ പോകുകയാണെന്ന് അവർ
കരുതി.
32അവൾ യേശുവുണ്ടായിരുന്ന സ്ഥലത്തെ
ത്തി. മറിയ യേശുവിനെ കണ്ടപ്പോൾ അവന്റെ
കാൽക്കൽ വീണു. മറിയ പറഞ്ഞു, “കർത്താവേ,
നീയിവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സ
ഹോദരൻ മരിക്കില്ലായിരുന്നു.”
33മറിയകരയുന്നത് യേശുകണ്ടു. അവളോടൊ
പ്പം വന്ന യെഹൂദരെയും യേശുകണ്ടു. അവരും
കരയുകയായിരുന്നു. യേശുവിനു കടുത്ത ദു:ഖം
തോന്നി. അവന്റെ ഹൃദയം കലങ്ങിമറഞ്ഞു.
34യേശു ചോദിച്ചു, “എവിടെയാണു നിങ്ങള
വനെ സംസ്കരിച്ചത്?” അവർ പറഞ്ഞു: “കർ
ത്താവേ വന്നുകണ്ടാലും.” 35യേശു കരഞ്ഞു.
36യെഹൂദർ പറഞ്ഞു, “നോക്കൂ, യേശു ലാസ
റിനെ എത്രമാത്രം സ്നേഹിച്ചിരുന്നു.”
37പക്ഷേ ചില യെഹൂദർ പറഞ്ഞു,“യേശു
ഒരന്ധനു കാഴ്ച നൽകി. ലാസർ മരിക്കുന്ന
തിൽനിന്നു തടയാൻ എന്തുകൊണ്ട് അവനൊ
ന്നും ചെയ്തില്ല?” 38വീണ്ടും യേശുവിന്റെ
മനസ്സിൽ ദു:ഖം നിറ ഞ്ഞു.

യേശു ലാസറിനെ വീണ്ടും ജീവിപ്പിക്കുന്നു

ലാസറിനെ അടക്കം ചെയ്ത കല്ലറയിലേക്ക
വൻപോയി. വാതിൽ വലിയൊരു കല്ലുകൊണ്ട
ടച്ച ഒരു ഗുഹയായിരുന്നു അത്. 39യേശു കല്പി
ച്ചു,“കല്ല് എടുത്തുമാറ്റൂ.”മാർത്ത പറഞ്ഞു, “പ
ക്ഷേകർത്താവേ ലാസർ മരിച്ചിട്ടു നാലു ദിവ
സമായി. അതു തുറന്നാൽ ദുർഗന്ധമുണ്ടാവും.”
മരിച്ച ആളുടെ സഹോദരിയായിരുന്നു മാർത്ത.
40അപ്പോൾ യേശു മാർത്തയോടു പറഞ്ഞു,
“ഞാൻ നിന്നോടുപറഞ്ഞത് ഓർമ്മിക്കുക. വി
ശ്വസിക്കുന്നുവെങ്കിൽ ദൈവത്തിന്റെ മഹത്വം
നിനക്കു കാണാമെന്നു ഞാൻ പറഞ്ഞില്ലേ?”
41അതിനാലവർ കല്ല് ഉരുട്ടിമാറ്റി. അപ്പോൾ
യേശു മുകളിലേക്കു നോക്കിപറഞ്ഞു, “പിതാ
വേ, എന്നെ ശ്രവിച്ചതിന് ഞാനങ്ങയ്ക്കു നന്ദി
പറയുന്നു. 42അങ്ങ് എപ്പോഴും എന്നെ ശ്രവിക്കു
ന്നുണ്ടെന്നെനിക്കറിയാം. എന്റെ ചുറ്റുമുള്ള ആ
ളുകളെ കരുതിയാണ് ഞാനിതൊക്കെപ്പറഞ്ഞത്.
നീ എന്നെ അയച്ചതാണെന്ന് അവർ വിശ്വസി
ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.”
43ഇതുപറഞ്ഞതിനു ശേഷം യേശുവലിയ ഉ
ച്ചത്തിൽവിളിച്ചു,“ലാസർ പുറത്തുവരൂ.” 44മരി
ച്ചവൻ പുറത്തുവന്നു. അവന്റെ കൈകാലു
കൾ തുണിക്കഷണങ്ങൾ കൊണ്ടു പൊതിഞ്ഞി
രുന്നു. മുഖം തൂവാലയിൽ പൊതിഞ്ഞിരുന്നു.
യേശു ആളുകളോടു പറഞ്ഞു,“അവന്റെമേൽ
നിന്ന് വസ്ത്രങ്ങളെടുത്ത് അവനെ പോകാന
നുവദിക്കുക.”

യേശുവിനെ വധിക്കാൻ ആലോചന

(മത്താ. 26:1-5; മർക്കൊ. 14:1-2; ലൂക്കൊ. 22:1-2)
45മറിയയെ സന്ദർശിക്കാൻ വളരെയധികം
യെഹൂദർ എത്തിയിരുന്നു. യേശുചെയ്തത് അ
വർകണ്ടു.അവരിലധികംപേരും യേശുവിൽ വി
ശ്വസിച്ചു.46എന്നാൽ ചിലയെഹൂദർ പരീശന്മാ
രുടെയടുത്തേക്ക് ചെന്നു. യേശു ചെയ്തതെല്ലാം
അവർ പരീശന്മാരോടു വിവരിച്ചു. 47അപ്പോൾ
പരീശന്മാരും മഹാപുരോഹിതന്മാരും ചേർന്ന്
യെഹൂദസഭ വിളിച്ചുകൂട്ടി. അവർ ചോദിച്ചു,
“നാമെന്തുചെയ്യാൻ. ഈ മനുഷ്യൻവളരെ അ
ത്ഭുതപ്രവൃത്തികൾ ചെയ്യുന്നു. 48അവനെ ഈ
വഴിയിൽതുടരാൻ നമ്മളനുവദിച്ചാൽ എല്ലാവ
രും അവനിൽ വിശ്വസിക്കും. അപ്പോൾ റോമാ
ക്കാർ വന്ന് നമ്മുടെ ദൈവാലയവും രാജ്യവും
കൈയടക്കും.”
49ആ വർഷത്തെ മഹാപുരോഹിതനായ കയ്യ
ഫാവും അവിടെയുണ്ടായിരുന്നു. കയ്യഫാവ് പ
റഞ്ഞു, “നിങ്ങൾക്കൊന്നും അറിയുകയില്ല. 50ദേ
ശം മുഴുവനും നശിക്കുന്നതിലും ഒരു മനുഷ്യൻ
ജനത്തിനുവേണ്ടി മരിക്കുന്നതു നിങ്ങളുടെ നന്മ
യ്ക്കാണെന്നു നിങ്ങൾ തിരിച്ചറിയുന്നില്ല.”
51ഇതു കയ്യഫാവ് സ്വയം ചിന്തിച്ചുണ്ടാക്കിയ
തല്ല. അവനായിരുന്നു ആ വർഷത്തെ പ്രധാന
പുരോഹിതൻ. ആ നിലയിൽ പ്രവചിക്കുകയാ
യിരുന്നു അയാൾ. യേശുരാജ്യത്തിനുവേണ്ടി
മരിക്കുമെന്ന് അയാൾ പറഞ്ഞു. 52അതെ, യെഹൂ
ദജനതയ്ക്കുവേണ്ടി യേശുമരിക്കണം. ലോകം
മുഴുവൻ ചിതറിക്കിടക്കുന്ന ദൈവത്തിന്റെമറ്റു
മക്കൾക്കുവേണ്ടിയും കൂടിയാണ് അവൻ മരി
ക്കുന്നത്. അവരെയെല്ലാം സംഘടിപ്പിച്ച് ഒന്നാ
ക്കുന്നതിന് അവൻ മരിക്കണം.
53അന്ന് യെഹൂദാനേതാക്കൾ യേശുവിനെ
കൊല്ലാൻ തീരുമാനിച്ചു. 54അതിനാലവൻ യെ
ഹൂദരുടെയിടയിൽ സ്വതന്ത്രമായി നടക്കുന്നതു
നിർത്തി. അവൻ യെരൂശലേം വിട്ട് മരുഭൂമിയ്ക്ക
ടുത്തൊരിടത്തേക്കു പോയി. യേശു എഫ്രയീമി

ലെ നഗരത്തിലേക്കു പോയി ശിഷ്യന്മാരോടൊ
ത്ത് അവിടെ തങ്ങി.
55യെഹൂദരുടെ പെസഹഉത്സവം അടുത്തിരു
ന്നു. നാട്ടിൻപുറങ്ങളിൽനിന്ന് അനവധിയാളു
കൾ പെസഹയ്ക്ക് യെരൂശലേമിലേക്കുപോയി.
ശുദ്ധീകരണത്തിനുള്ള പ്രത്യേക കർമ്മങ്ങൾക്കാ
ണവർപോയത്. 56അവർയേശുവിനെതിരഞ്ഞു.
ദൈവാലയത്തിൽ അവർ പരസ്പരം ചോദി
ച്ചു, "യേശു ഉത്സവത്തിനുവരുമോ? നിനക്കെന്തു
തോന്നുന്നു?" 57മഹാപുരോഹിതന്മാരും പരീശ
ന്മാരും യേശുവിനെപ്പറ്റി ഒരു പ്രത്യേക ഉത്തരവ്
ഇറക്കിയിരുന്നു. ആരെങ്കിലും യേശുവിനെ ക
ണ്ടാലുടൻ തങ്ങളെ വിവരമറിയിക്കണം. അ
പ്പോൾ മഹാപുരോഹിതന്മാർക്കും പരീശന്മാർ
ക്കും യേശുവിനെ പിടിക്കാമല്ലോ.

യേശു സുഹൃത്തുക്കളോടൊപ്പം ബേഥാന്യയിൽ

(മത്താ. 26:6-13; മർക്കൊ. 14:3-9)

12 പെസഹയ്ക്ക് ആറുദിവസം മുമ്പ് യേശു
ബേഥാന്യയിലേക്കു പോയി. ലാസർ താ
മസിച്ച സ്ഥലമാണത്. (ലാസറിനെയാണ് യേ
ശു മരണത്തിൽ നിന്ന് ഉയർത്തിയത്.) 2അവിടെ
അവർ യേശുവിന് ഒരു അത്താഴവിരുന്ന് ഒരുക്കി
യിരുന്നു. മാർത്ത ആഹാരം വിളമ്പി. ലാസറും
യേശുവിനോടൊത്തിരുന്ന് ഭക്ഷിച്ചു. 3മറിയ വി
ലയേറിയശുദ്ധമായ നാർദീൻ തൈലം ഒരു കു
പ്പികൊണ്ടുവന്നു. അവളത് യേശുവിൻെറ കാ
ലുകളിൽ ഒഴിച്ചു. തൻെറ തലമുടികൊണ്ട് അവ
ൾ അവൻെറപാദങ്ങൾ തുടച്ചു. നാർദീൻ തൈല
ത്തിൻെറ സൗരഭ്യം ആ മുറിയിലെങ്ങും നിറ
ഞ്ഞു.
4യേശുവിൻെറ ശിഷ്യന്മാരിലൊരാളും പിൽ
ക്കാലത്ത് അവനെ ഒറ്റിക്കൊടുത്തവനുമായ യൂ
ദാഇസ്ക്കരിയോത്തും അവിടെയുണ്ടായിരുന്നു.
മറിയയുടെപ്രവൃത്തി അയാൾക്കു പിടിച്ചില്ല.
യൂദപറഞ്ഞു, 5"മുന്നൂറ് വെള്ളിക്കാശിനുള്ള സു
ഗന്ധതൈലമാണിത്. അതുവിറ്റ് ആ പണം പാ
വങ്ങൾക്ക് നൽകിയിരുന്നെങ്കിൽ." 6പക്ഷേ യൂദ
യ്ക്ക് പാവങ്ങളോട് യഥാർത്ഥ താല്പര്യമൊന്നും
ഉണ്ടായിരുന്നില്ല. അവനൊരു കള്ളനായിരുന്ന
തുകൊണ്ടാണവനങ്ങനെ പറഞ്ഞത്. ശിഷ്യസം
ഘത്തിൻെറ പണപ്പെട്ടി സൂക്ഷിച്ചിരുന്നത് യൂദ
യായിരുന്നു. ഇടയ്ക്കിടെ അവനതിൽ നിന്നും
പണം മോഷ്ടിക്കുകയും ചെയ്തിരുന്നു.
7യേശു പറഞ്ഞു, "അവളെ തടയരുത്. എൻെറ
ശവസംസ്കാര ദിവസത്തിനായി അവൾ ഇത്
ചെയ്തു എന്നിരിക്കട്ടെ. 8പാവങ്ങൾ നിങ്ങൾ
ക്കിടയിൽ എപ്പോഴുമുണ്ട്. എന്നാൽഞാൻ എ
ന്നും നിങ്ങളോടൊത്തുണ്ടാവില്ല."

ലാസറിനെതിരെ ഗൂഢാലോചന

9യേശു ബേഥാന്യയിലുണ്ടെന്ന് യെഹൂദരില
ധികം പേരുംകേട്ടു. അതിനാലവർ യേശുവിനെ
കാണാനങ്ങോട്ടു പോയി. ലാസറിനെ കാണാ
നും കൂടിയാണ് അവർ അങ്ങോട്ടുപോയത്. മര
ണത്തിൽനിന്ന് യേശു ഉയർത്തിയ ആളാണ്
ലാസർ.10അതിനാൽ മഹാപുരോഹിതന്മാർ ലാ
സറിനെകൊല്ലാനും പരിപാടിയിട്ടു. 11ലാസർ
കാരണം അധികം യെഹൂദരും തങ്ങളുടെ നേതാ
ക്കളെ വിട്ട് യേശുവിൻെറ അനുയായികളാകു
ന്നത്രേ.അതിനാലാണ് യെഹൂദ നേതാക്കൾ ലാ
സറിനെ കൊല്ലാനാലോചിച്ചത്.

യേശു യെരൂശലേമിൽ പ്രവേശിക്കുന്നു

(മത്താ. 21:1-11; മർക്കൊ. 11:1-11; ലൂക്കൊ. 19:28-40)

12പിറ്റേന്ന് പെസഹാ ഉത്സവത്തിനെത്തിയ
വലിയജനക്കൂട്ടം യേശു യെരൂശലേമിലേക്കുവ
രുന്നെന്നു കേട്ടു. 13പനങ്കമ്പുകളുമായി വന്ന
അവർ യേശുവിനെ സന്ധിക്കാൻ പുറത്തിറ
ങ്ങി. അവർ വിളിച്ചു പറഞ്ഞു,
"അവനെ വാഴ്ത്തുക! സ്വാഗതം! കർത്താവി
ൻെറ നാമത്തിൽ വരുന്നവനെ ദൈവം അനുഗ്ര
ഹിക്കട്ടെ!" *സങ്കീർത്തനങ്ങൾ. 118:25-26*

യിസ്രായേലിൻെറ രാജാവിനെ ദൈവം അ
നുഗ്രഹിക്കട്ടെ!
14യേശു ഒരുകഴുതക്കുട്ടിയുടെപുറത്തു കയ
റിയാണു പുറപ്പെട്ടത്. തിരുവെഴുത്തിൽ പറയു
മ്പോലെ.
15"സീയോൻ നഗരമേ ഭയപ്പെടേണ്ട! ഇതാ,
നിൻെറ രാജാവ്വരുന്നു. കഴുതക്കുട്ടിയുടെ പുറ
ത്തു കയറി!" *സെഖര്യാവ് 9:9*

16യേശുവിൻെറ ശിഷ്യന്മാർക്ക് ആദ്യം ഇതൊ
ന്നും മനസ്സിലായില്ല. പക്ഷേ യേശു മഹത്വത്തി
ലേക്കുയർത്തപ്പെട്ടതിനു ശേഷം ഇതെല്ലാം അവ
നെപ്പറ്റി എഴുതപ്പെട്ടവയാണെന്നവർക്കു മന
സ്സിലായി. അവനുവേണ്ടിയാണ് തങ്ങൾ എല്ലാം
ചെയ്തതെന്നും അവർ ഓർമ്മിച്ചു.

യേശുവിനെപ്പറ്റി ജനങ്ങൾ

17ലാസറിനെ യേശു മരണത്തിൽനിന്നു ഉയർ
ത്തുകയും അവനെ കല്ലറയിൽ നിന്നും പുറത്തു
വിളിയ്ക്കുകയും ചെയ്ത സംഭവത്തിന് യേശു
വിനോടൊപ്പം അനേകർ സാക്ഷികളായിരുന്നു.
ജനക്കൂട്ടം ഇപ്പോഴതെല്ലാമാണു മറ്റുള്ളവരോട്
പറയുന്നത്.18യേശു ഈ അത്ഭുതം പ്രവർത്തി
ച്ചു എന്നു കേട്ട് അനവധിപേർ യേശുവിനെ
കാണാനിറങ്ങി .19അതിനാൽ പരീശന്മാർ പര
സ്പരം പറഞ്ഞു, "ഇതാ, നമ്മുടെ പരിപാടിക
ളൊന്നും നടക്കുന്നില്ല. എല്ലാവരും അവൻെറ
അനുയായികളാകുന്നു."

മരണത്തെയും ജീവിതത്തെയും പറ്റി

20ഏതാനും യവനന്മാരും അവിടെയുണ്ടായിരു
ന്നു. പെസഹാഉത്സവത്തിനു ആരാധനയ്ക്കു വ
ന്നവരായിരുന്നു അവർ. 21അവർ ഫിലിപ്പോസി
ൻെറയടുത്തേക്കു പോയി. (ഗലീലയിലെ ബേ
ഥ്സയിദായിൽനിന്നും വന്നവനാണ് ഫിലി
പ്പോസ്.)യവനന്മാർപറഞ്ഞു, "പ്രഭോ, ഞങ്ങൾ
ക്ക് യേശുവിനെകാണണം." 22ഫിലിപ്പോസ് അ
ന്ത്രെയാസി നോടിക്കാര്യം പറഞ്ഞു. അവരിരു
വരും പോയി യേശുവിനോടും പറഞ്ഞു.
23യേശു അവരോടു പറഞ്ഞു, "ഇപ്പോഴാണു
മനുഷ്യപുത്രൻ മഹത്വപ്പെടുവാനുള്ള സമയം.
24ഞാൻ നിങ്ങളോടുസത്യമായി പറയട്ടെ. ഗോ
തമ്പുമണി മണ്ണിൽവീണു നശിച്ചില്ലെങ്കിൽ അ
ത് എപ്പോഴും ഒരൊറ്റവിത്തായിത്തന്നെ ഇരി
ക്കും. പക്ഷേ നശിച്ചാൽ അതുവളരുകയും അനേ
കം വിത്തുകൾ ഉല്പാദിപ്പിക്കുകയും ചെയ്യും.
25സ്വന്തം ജീവനെ സ്നേഹിക്കുന്നവന് അതു
നഷ്ടപ്പെടും. ഈ ലോകത്തിലെ സ്വന്തം ജീവി
തം വെറുക്കുന്നവൻ അതു സൂക്ഷിക്കും. അവനു
നിത്യജീവൻ ലഭിക്കും. 26എന്നെ ശുശ്രൂഷിക്കുന്ന
വൻ എന്നെ അനുഗമിക്കണം. ഞാൻ പോകു
ന്നിടത്തൊക്കെ എൻെറ ദാസൻ എന്നോടൊപ്പ
മുണ്ടായിരിക്കും. എന്നെ ശുശ്രൂഷിക്കുന്നവരെ
എൻെറ പിതാവ് ആദരിക്കും.

തന്റെ മരണത്തെപ്പറ്റി യേശു

27“ഇപ്പോൾ ഞാനാകെ കുഴങ്ങുന്നു. ഞാനെ
ന്തുപറയണം? ‘പീഡനത്തിന്റെ ഈ സമയത്തു
നിന്ന്എന്നെരക്ഷിച്ചാലും പിതാവേ’ എന്നു പറ
യണോ? ഇല്ല, പീഡനങ്ങളേറ്റു വാങ്ങാനാണു
ഞാൻ ഈ കാലത്തുതന്നെ വന്നത്. 28പിതാവേ
അങ്ങയുടെ നാമം മഹത്വപ്പെടട്ടെ.” അപ്പോൾ
സ്വർഗ്ഗത്തിൽ നിന്നൊരശരീരി മുഴങ്ങി,“ഞാന
തിനെ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും
അങ്ങനെ ചെയ്യും.”
29അവിടെ നിന്നിരുന്നവർ ആ ശബ്ദം കേട്ടു.
അതൊരിടിമുഴക്കമാണെന്നവർ പറഞ്ഞു.
പക്ഷേ മറ്റുള്ളവർ പറഞ്ഞു, “ഒരു ദൂതൻ യേശു
വിനോടു സംസാരിച്ചു.”
30യേശു അവരോടു പറഞ്ഞു,“ആ ശബ്ദം
എന്നെ ഉദ്ദേശിച്ചുള്ളതല്ല. നിങ്ങൾക്കുള്ളതായിരു
ന്നു. 31ലോകം വിധിക്കപ്പെടേണ്ട സമയമായി.
ഇപ്പോൾ ഈ ലോകത്തിന്റെ ഭരണാധിപനായ
പിശാച് പുറത്താക്കപ്പെടും. 32ഞാൻ ഭൂമിയിൽ
നിന്നും ഉയർത്തപ്പെടും. അതുസംഭവിക്കുമ്പോൾ
ഞാൻ എല്ലാവരെയും എന്നിലേക്കു കൊണ്ടു
വരും.”33എന്തുതരത്തിലുള്ള മരണമാണ് തന്റേ
തെന്നറിയിക്കാനാണ് യേശു ഇങ്ങനെ പറ
ഞ്ഞത്.
34ആളുകൾ പറഞ്ഞു,“ക്രിസ്തു എക്കാലവും
ജീവിക്കുമെന്നാണല്ലോ ന്യായപ്രമാണം പറയു
ന്നത്. പിന്നെന്താണ് ‘മനുഷ്യപുത്രൻ ഉയർത്ത
പ്പെടണം’ എന്നുനീ പറയുന്നത്? ആരാണീ മനു
ഷ്യപുത്രൻ?”
35അപ്പോൾ യേശു പറഞ്ഞു, “കുറച്ചു സമയ
ത്തേക്കുകൂടിമാത്രമേ പ്രകാശംനിങ്ങളോടൊത്തു
ണ്ടാകൂ. അതിനാൽ പ്രകാശമുള്ളപ്പോൾ നടക്കു
ക.അപ്പോൾ ഇരുട്ടുനിങ്ങളെ പിടിക്കില്ല. ഇരുട്ടി
ൽ നടക്കുന്നവനു താനെവിടെയാണു പോകുന്ന
തെന്നറികയില്ല. 36അതിനാൽ വെളിച്ചം നിങ്ങ
ളുടെ പക്കലുള്ളപ്പോൾ അതിനെ വിശ്വസിക്കു
ക. അപ്പോൾ നിങ്ങൾ വെളിച്ചത്തിന്റെ പുത്ര
ന്മാരാകും.” ഇതെല്ലാം പറഞ്ഞു കഴിഞ്ഞ് യേശു
അവിടം വിട്ടു. ആർക്കും കണ്ടുപിടിക്കാൻ കഴി
യാത്തിടത്തേക്കാണ് യേശു പോയത്.

യേശുവിൽ യെഹൂദർക്ക് അവിശ്വാസം

37ഇങ്ങനെഅനവധി അത്ഭുതങ്ങൾ യേശു പ്ര
വർത്തിച്ചു. ഇതെല്ലാം കണ്ടെങ്കിലും ആളുകൾ
അവനിൽ വിശ്വസിച്ചില്ല. 38യെശയ്യാപ്രവാച
കൻ പറഞ്ഞതങ്ങനെ സാർത്ഥകമാകുന്നതിന്:
“കർത്താവേ ഞങ്ങൾപറഞ്ഞ കാര്യങ്ങൾ ആ
രു വിശ്വസിച്ചു? കർത്താവിന്റെ ശക്തി ആരു
കണ്ടു?” *യെശയ്യാവ് 53:1*

39ഇക്കാരണത്താൽ അവർക്ക് വിശ്വസിക്കാൻ
കഴിഞ്ഞില്ല. കാരണം യെശയ്യാവ് ഇങ്ങനെയും
പറഞ്ഞു:
40“ദൈവം ആളുകളെഅന്ധരാക്കി.ദൈവം അ
വരുടെ മനസ്സ്കറുപ്പിച്ചു. അവർ തങ്ങളുടെ ക
ണ്ണുകൾ കൊണ്ടു കാണാതിരിക്കാനും മനസ്സു
കൊണ്ട് ഒന്നും മനസ്സിലാക്കാതിരിക്കാനുമാണ്
ദൈവം അതു ചെയ്തത്. അപ്പോൾ ഞാനവരെ
സുഖപ്പെടുത്തും. *യെശയ്യാവ് 6:10*

41അവന്റെ മഹത്വം കണ്ടിട്ടുള്ളതുകൊണ്ടാ
ണ് യെശയ്യാവ് ഇങ്ങനെ പറഞ്ഞത്.
42പക്ഷേ അനവധിപേർ യേശുവിൽ വിശ്വ
സിച്ചു. യെഹൂദനേതാക്കൾ പോലും അധികം
പേരുംവിശ്വസിച്ചു. എന്നാൽ പരീശന്മാരെ അ
വർ ഭയന്നിരുന്നു. അതിനാലവർ തങ്ങളുടെ
വിശ്വാസത്തെപ്പറ്റി ഒന്നും തുറന്നു പറഞ്ഞിരു
ന്നില്ല. യെഹൂദപ്പള്ളിയിൽനിന്നും പുറത്താക്ക
പ്പെടുമോ എന്നായിരുന്നു അവർക്കു ഭയം. 43മനു
ഷ്യനിൽനിന്നുള്ള മഹത്വമാണ് ദൈവത്തിൽ നി
ന്നുള്ള മഹത്വത്തേക്കാൾ ഇവർ ഇഷ്ടപ്പെട്ടത്.

യേശുവിന്റെ ഉപദേശങ്ങൾ ജനങ്ങളെ വിധിക്കും

44അപ്പോൾ യേശു ഉച്ചത്തിൽ പറഞ്ഞു, “എ
ന്നിൽ വിശ്വസിക്കുന്നവൻ യഥാർത്ഥത്തിൽ എ
ന്നെ അയച്ചവനെയാണു വിശ്വസിക്കുന്നത്.
45എന്നെക്കാണുന്നവൻ യഥാർത്ഥത്തിൽ കാണു
ന്നത് എന്നെ അയച്ചവനെയാണ്. 46ഞാൻ പ്ര
കാശമാകുന്നു. ഞാൻ ഈ ലോകത്തിലേക്കു
വന്നു. എന്നിൽ വിശ്വസിക്കുന്നവൻ ഇരുട്ടിലുഴ
ലാതിരിക്കാനാണു ഞാൻ വന്നത്.
47“ആളുകളെ വിധിക്കാനല്ല അവരെരക്ഷിക്കാ
നാണു ഞാനെത്തിയത്. അതിനാൽഎന്റെ വ
ചനം കേട്ടിട്ടും അനുസരിക്കാതിരിക്കുന്നവരെ
വിധിക്കുന്നതു ഞാനായിരിക്കില്ല.48എന്റെ
വചനങ്ങൾ തള്ളുകയും വിശ്വസിക്കാൻ മടിക്കു
കയും ചെയ്യുന്നവനെ വിധിക്കാനൊരാളുണ്ട്.
എന്റെ സന്ദേശങ്ങൾ അയാളെ അവസാനനാ
ളിൽ വിധിക്കും. 49കാരണം? എന്റെ വചനങ്ങൾ
എന്റേതല്ല. എന്നെ അയച്ച പിതാവ് എന്താണു
പറയേണ്ടതെന്നും പഠിപ്പിക്കേണ്ടതെന്നും എ
ന്നോടു പറഞ്ഞിട്ടുണ്ട്. 50പിതാവിന്റെ കല്പന
യിൽ നിന്നാണ് നിത്യജീവനുണ്ടാകുന്നതെന്നും
എനിക്കറിയാം. പിതാവ് പറഞ്ഞിട്ടുള്ളവ മാത്ര
മാണു ഞാൻ പറയുന്നത്.”

യേശു തന്റെ ശിഷ്യന്മാരുടെ കാൽ കഴുകുന്നു

13 പെസഹാ ഉത്സവത്തിനുമുമ്പ് തനിക്ക് ഈ
ലോകം വിടാനുള്ള സമയമായെന്ന് യേ
ശുവിനറിയാമായിരുന്നു. യേശുവിനു പിതാവി
ന്റെയടുത്തേക്കു പോകാനുള്ള സമയമായി. അ
വൻ ഈ ലോകത്തുള്ള തന്റെയാൾക്കാരെ എ
പ്പോഴും സ്നേഹിച്ചു. ഇപ്പോഴാണവർ അവരോ
ടേറ്റവും സ്നേഹം പ്രകടിപ്പിച്ചത്.
2യേശുവും ശിഷ്യന്മാരും അത്താഴം കഴിക്കുക
യായിരുന്നു. പിശാച് യേശുവിനെതിരെ തിരി
യാൻ യൂദാഈസ്ക്കര്യോത്തിനെ ബോധ്യപ്പെ
ടുത്തിക്കഴിഞ്ഞിരുന്നു. (ശിമോൻ ഈസ്കര്യോ
ത്തിന്റെ പുത്രനായിരുന്നു യൂദാ)3പിതാവ് യേ
ശുവിന് എല്ലാറ്റിനും മേൽ ശക്തി നൽകി. താൻ
ദൈവത്തിൽനിന്നും വന്നവനാണെന്നും ദൈവ
ത്തിലേക്കു മടങ്ങിപ്പോവുകയാണെന്നും യേശു
വിനറിയാം. 4അവർആഹാരം കഴിച്ചുകൊണ്ടിരി
ക്കവേ യേശു എഴുന്നേറ്റുനിന്ന് തന്റെ മേൽകു
പ്പായംമാറ്റി. ഒരു തോർത്തെടുത്ത് അരയിൽ ചു
റ്റി. 5അവൻ ഒരുപാത്രത്തിൽ വെള്ളം എടുത്തു.
യേശുശിഷ്യന്മാരുടെ കാൽ കഴുകുവാൻ തുട
ങ്ങി. അരയിൽനിന്നും തോർത്തഴിച്ച് അവരുടെ
കാലും തുടച്ചു.
6യേശു അടുത്തെത്തിയപ്പോൾ ശിമോൻ പ
ത്രൊസ് അവനോടു പറഞ്ഞു,“കർത്താവേ, അ
ങ്ങ് എന്റെ കാല് കഴുകുകയാണോ?”
7യേശു മറുപടിപറഞ്ഞു, “ഞാനിപ്പോളെന്താ
ണു ചെയ്യുന്നതെന്ന് നീ അറിയുന്നില്ല. പക്ഷേ
പിന്നീട് നിനക്കതു മനസ്സിലാവും.”
8പത്രൊസ് പറഞ്ഞു,“ഇല്ല! അങ്ങെന്റെ
കാൽ ഒരിക്കലും കഴുകില്ല.” യേശു മറുപടി

പറഞ്ഞു, “ഞാൻ നിൻെറകാലു കഴുകിയില്ലെ
ങ്കിൽ നിനക്കെൻെറ ആളുകളിൽ ഒന്നാകാൻ
സാധിക്കയില്ല.”
9ശിമോൻ പത്രൊസ് പറഞ്ഞു, “കർത്താവേ,
എൻെറ കാലുകൾ കഴുകിയതിനുശേഷം കൈ
കളും തലയും കഴുകൂ.”
10യേശുപറഞ്ഞു, “ഒരാൾ കുളിച്ചാൽ അയാളു
ടെശരീരം മുഴുവൻ വൃത്തിയാകും. അവൻ കാലു
കൾകഴുകുകയേവേണ്ടൂ. നിങ്ങൾശുദ്ധരാണ്, എ
ന്നാൽ നിങ്ങളെല്ലാവരും അല്ല.” *11തനിക്കെതി
രെ തിരിയുന്നവനാരെന്ന് യേശുവിനറിയാമാ
യിരുന്നു. അതിനാലാണ് “നിങ്ങളിലെല്ലാവരും
ശുദ്ധരല്ല” എന്നവൻ പറഞ്ഞത്.
12യേശു അവരുടെ കാൽകഴുകൽ അവസാനി
പ്പിച്ചു. തൻെറവസ്ത്രങ്ങൾ ധരിച്ച് അവൻ വീ
ണ്ടും ഇരുന്നു. യേശു ചോദിച്ചു, “ഞാൻനിങ്ങൾ
ക്കായി എന്താണു ചെയ്തതെന്നു മനസ്സിലാ
യോ? 13നിങ്ങളെന്നെ ‘ഗുരു’ എന്നു വിളിക്കുന്നു.
‘കർത്താവേ’ എന്നുവിളിക്കുന്നു. ഞാൻ അതായ
തുകൊണ്ട് ശരിയാണ്. 14നിങ്ങളുടെ കർത്താവ്
ഞാനാണ്. പക്ഷേ ഞാനൊരു ദാസനെപ്പോലെ
നിങ്ങളുടെ കാലുകൾകഴുകി. അതിനാൽ നിങ്ങ
ളോരോരുത്തരും മറ്റുള്ളവരുടെ കാലുകൾ കഴുക
ണം. 15നിങ്ങൾക്കു മാതൃകയായാണ് ഞാനിങ്ങ
നെയൊക്കെ ചെയ്തത്. അതിനാൽ ഞാൻ നി
ങ്ങളോട് ചെയ്തതുപോലെ നിങ്ങളോരോരുത്ത
രും പരസ്പരംചെയ്യുക. 16ഞാൻ നിങ്ങളോടു
സത്യമായിപറയുന്നു. ഒരുദാസനും തൻെറ യജ
മാനനെക്കാൾ വലിയവനല്ല. ദൗത്യവുമായി
അയയ്ക്കപ്പെട്ടവൻ തന്നെ അയച്ചവനെക്കാൾ
വലിയവനല്ല. 17ഇതെല്ലാമറിഞ്ഞു നിങ്ങൾ
പ്രവർത്തിച്ചാൽ നിങ്ങൾക്കു സന്തോഷവാന്മാ
രായിരിക്കാം.
18“ഞാൻ നിങ്ങളെ എല്ലാവരേയും പറ്റിയല്ല
ഈ പറയുന്നത്. ഞാൻ തിരഞ്ഞെടുത്തവരെ
എനിക്കറിയാം. പക്ഷേ തിരുവെഴുത്തിൽ പറ
ഞ്ഞതു സംഭവിക്കണം ‘എൻെറഅപ്പം പങ്കുവെ
ച്ചവൻ എനിക്കെതിരായി.’* 19അങ്ങനെ സംഭ
വിക്കുംമുമ്പ് ഇപ്പോൾ ഞാനിതു നിങ്ങളോടു
പറയുന്നു. അതു സംഭവിക്കുമ്പോൾ നിങ്ങൾ
‘ഞാൻ ആകുന്നു’ എന്നു വിശ്വസിക്കും.
20ഞാൻ നിങ്ങളോടു സത്യം പറയാം. ഞാനയ
ച്ചവനെ സ്വീകരിക്കുന്നവൻ എന്നെയും സ്വീക
രിക്കുന്നു. എന്നെ സ്വീകരിച്ചവൻ എന്നെ അയ
ച്ചവനെയും സ്വീകരിക്കും.”

തനിക്കെതിരെ ആരെന്നു യേശു പറയുന്നു

(മത്താ. 26:20-25; മർക്കൊ. 14:17-21;
ലൂക്കൊ. 22:21-23)

21ഇതുപറഞ്ഞു കഴിഞ്ഞപ്പോൾയേശുവിൻെറ
മനസ്സു വീണ്ടും കലങ്ങി. അവൻ തൻെറ ശിഷ്യ
ന്മാരോടു തുറന്നു പറഞ്ഞു,“ഞാൻ നിങ്ങളോടു
സത്യം പറയാം. നിങ്ങളിലൊരുവൻ എനിക്കെ
തിരെ തിരിയും.”
22ശിഷ്യന്മാരെല്ലാവരും പരസ്പരം നോക്കി.
ആരെപ്പറ്റിയാണ് യേശു പറയുന്നതെന്ന് അവർ
ക്കു മനസ്സിലായില്ല. 23ശിഷ്യന്മാരിലൊരുവൻ
യേശുവിൻെറ അടുത്ത് ഇരിക്കുന്നുണ്ടായിരുന്നു.
യേശു സ്നേഹിച്ച ഒരു ശിഷ്യനായിരുന്നു അത്.
24ആരെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് യേ
ശുവിനോടു ചോദിക്കാൻ ശിമോൻ പത്രൊസ്
അയാളോട് ആംഗ്യം കാട്ടി. 25അയാൾ യേശുവി
ൻെറയടുത്തേക്കു ചാഞ്ഞു ചോദിച്ചു,“കർത്താ
വേ,അങ്ങേക്കെതിരെ തിരിയുന്നവൻ ആരാണ്?”
26യേശു മറുപടി പറഞ്ഞു, “ഈ അപ്പം ഞാൻ
പാത്രത്തിൽ മുക്കും. ഇതു ഞാൻ ആർക്കു കൊടു
ക്കുന്നുവോ അവൻ എനിക്കെതിരെ തിരിയും.”
യേശു ഒരു അപ്പക്കഷണമെടുത്ത് മുക്കി ശിമോ
ൻെറ പുത്രനായ യൂദാഇസ്ക്കരിയോത്തിനു
കൊടുത്തു. 27അപ്പമെടുത്തപ്പോൾ സാത്താൻ അ
വനിൽപ്രവേശിച്ചു. യേശുയൂദയോടുപറഞ്ഞു,
“നിനക്കുചെയ്യാനുള്ളതു വേഗംചെയ്യുക.” 28യേ
ശു ഇത് യൂദയോടു പറയുവാൻ കാരണമെന്തെ
ന്ന് മേശയ്ക്കരികിലിരുന്ന ആർക്കും മനസ്സിലാ
യില്ല. 29യൂദയായിരുന്നു പണപ്പെട്ടി സൂക്ഷിപ്പു
കാരൻ. അതിനാൽ വിരുന്നിനു വേണ്ടതൊക്കെ
വാങ്ങാൻ യേശു യൂദയോടു പറയുകയാവാം
എന്നവർ കരുതി. അല്ലെങ്കിൽ പാവങ്ങൾക്കെ
ന്തെങ്കിലും കൊടുക്കാൻ പറയുകയുമാവാം എ
ന്നുമവർ കരുതി. 30യേശുകൊടുത്ത അപ്പവും വാ
ങ്ങി രാത്രിയിൽ യൂദാ പുറത്തേക്കു പോയി.

തൻെറ മരണത്തെപ്പറ്റി യേശു

31യൂദാ പോയപ്പോൾ യേശുപറഞ്ഞു,“ഇപ്പോ
ൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. ദൈവ
വും മനുഷ്യപുത്രനിലൂടെ മഹത്വപ്പെടുന്നു. 32അ
വനിലൂടെ ദൈവം മഹത്വപ്പെട്ടുവെങ്കിൽ ദൈ
വം തന്നിലൂടെ പുത്രനെയും മഹത്വപ്പെടുത്തും.
ദൈവംവേഗംതന്നെഅവൻെറമഹത്വം നൽകും.”
33യേശു പറഞ്ഞു, “എൻെറകുട്ടികളെ, ഞാനി
നി കുറച്ചുനേരത്തേക്കുകൂടി മാത്രമേ നിങ്ങളോ
ടൊത്തുണ്ടാകൂ. നിങ്ങളെന്നെ തിരയും. യെഹൂദ
രോടു പറഞ്ഞതു നിങ്ങളോടും ഇപ്പോൾ ഞാൻ
പറയുന്നു: ഞാൻ പോകുന്നിടത്തു നിങ്ങൾക്ക്
എന്നെ അനുഗമിക്കാനാവില്ല.
34“ഞാൻ നിങ്ങൾക്കു പുതിയൊരു കല്പനതരു
ന്നു: പരസ്പരം സ്നേഹിക്കുക. ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം
സ്നേഹിക്കുക. 35നിങ്ങൾ പരസ്പരം സ്നേഹി
ച്ചാൽ നിങ്ങളെൻെറ ശിഷ്യന്മാരാണെന്ന് എല്ലാ
വരും അറിയും.”

പത്രൊസ് തന്നെ തള്ളിപ്പറയുമെന്ന്

(മത്താ. 26:31-35; മർക്കൊ. 14:27-31; ലൂക്കൊ. 22:31-34)

36ശിമോൻ പത്രൊസ് യേശുവിനോടു ചോദി
ച്ചു,“കർത്താവേ അങ്ങെവിടേക്കാണു പോകുന്ന
ത്?”യേശു മറുപടിപറഞ്ഞു, “ഞാൻ പോകുന്നി
ടത്തേക്കു നിനക്കിപ്പോൾപിന്തുടരാനാവില്ല. പ
ക്ഷേ പിന്നീട് നിനക്കുപിന്തുടരാനാകും.”
37പത്രൊസ് ചോദിച്ചു, “എന്തുകൊണ്ട് എനി
ക്കു നിന്നെ പിന്തുടർന്നുകൂടാ കർത്താവേ? ഞാ
ൻ നിനക്കുവേണ്ടി മരിക്കാനും തയ്യാറാണ്.”
38യേശു മറുപടി പറഞ്ഞു, “യഥാർത്ഥത്തിൽ
നിനക്ക് നിൻെറ ജീവൻ എനിക്കായി തരുവാൻ
കഴിയുമോ? ഞാൻ നിന്നോടു സത്യമായി പറ
യട്ടെ. കോഴികൂകും മുമ്പ് മൂന്ന് തവണ നീയെ
ന്നെ തള്ളിപ്പറയും.”

യേശു ശിഷ്യന്മാരെ സമാശ്വസിപ്പിക്കുന്നു

14 യേശു പറഞ്ഞു, “നിങ്ങളുടെ ഹൃദയത്തെ
വിഷമിപ്പിക്കരുത്.ദൈവത്തിൽ വിശ്വസി
ക്കുക.എന്നിലും വിശ്വസിക്കുക. 2എൻെറ പിതാ
വിൻെറവസതിയിൽ അനേകം മുറികളുണ്ട്. അ
ങ്ങനെയില്ലായിരുന്നുവെങ്കിൽ ഇതൊന്നും ഞാ

വാക്യം10 ചില പുരാതന കൈയെഴുത്തു പ്രതികളിൽ കാലുകൾ കഴുകുകയേവേണ്ടൂ എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്.

‘എൻെറ ... എനിക്കെതിരായി’ ഉദ്ധരണി സങ്കീ. 41:9

ൻ നിങ്ങളോടുപറയുകയില്ലായിരുന്നു. നിങ്ങൾ
ക്കവിടെ ഒരിടമുണ്ടാക്കാൻ ഞാൻ പോകുന്നു.
3അവിടെ നിങ്ങൾക്കൊരിടമുണ്ടാക്കിയിട്ട് ഞാൻ
തിരിച്ചുവരാം.ഞാനുള്ള സ്ഥലത്ത് നിങ്ങളും ഉ
ണ്ടായിരിക്കേണ്ടതിനായി, അപ്പോൾ നിങ്ങളെ
എന്നോടൊപ്പം കൊണ്ടുപോകാം. 4ഞാൻ പോ
കുന്നിടത്തേയ്ക്കുള്ള വഴി നിങ്ങൾക്കറിയാം."
5തോമസ് പറഞ്ഞു, "നീ പോകുന്നതെവിടേക്കാ
ണെന്നു ഞങ്ങൾക്കറിയില്ല കർത്താവേ.പിന്നെ
ങ്ങനെ ഞങ്ങൾക്കു വഴിയറിയാനാവും?"

6യേശു മറുപടിപറഞ്ഞു,"വഴിയും സത്യവും
ജീവനും ഞാനാകുന്നു. പിതാവിലേക്കുള്ള ഏക
മാർഗ്ഗം എന്നിലൂടെയാണ്. 7നിങ്ങൾ യഥാർത്ഥ
ത്തിൽ എന്നെഅറിഞ്ഞെങ്കിൽ എൻെറപിതാവി
നെയും അറിയണം. എന്നാലിപ്പോൾനിങ്ങൾക്ക്
എൻെറപിതാവിനെഅറിയാം. നിങ്ങളവനെ ക
ണ്ടിട്ടുമുണ്ട്." 8ഫിലിപ്പോസ് യേശുവിനോട് പ
റഞ്ഞു, "കർത്താവേ ഞങ്ങൾക്കു പിതാവിനെ
കാണിച്ചു തന്നാലും. ഞങ്ങൾക്കതു മതിയാകും."

9യേശു മറുപടി പറഞ്ഞു, "ഫിലിപ്പോസേ,
ഞാൻ ഇത്രയും കാലം നിങ്ങളോടൊത്തുണ്ടായി
രുന്നു. അതിനാൽ നിങ്ങളെന്നെ അറിയണം.
എന്നെ കണ്ടവൻ പിതാവിനെയും കണ്ടിട്ടുണ്ട്.
പിന്നെന്താണ്, 'ഞങ്ങൾക്കു പിതാവിനെ കാ
ണിച്ചു തരൂ എന്നു' പറയുന്നത്? 10ഞാൻ പിതാ
വിലും പിതാവ് എന്നിലുമുണ്ടെന്ന് നിങ്ങൾ
യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ? ഞാൻ
നിങ്ങളോടുപറഞ്ഞ കാര്യങ്ങളൊന്നും എന്നിൽ
നിന്നും വന്നതല്ല. പിതാവ് എന്നിൽ വസിച്ച്
അവൻെറ ജോലികൾ ചെയ്യുന്നു. 11എൻെറ
പിതാവ് എന്നിലും ഞാൻ പിതാവിലും വസി
ക്കുന്നു എന്നു ഞാൻ പറയുന്നതു വിശ്വസി
ക്കുക. അല്ലെങ്കിൽ എൻെറ അത്ഭുതപ്രവൃത്തി
കൾ നിമിത്തം വിശ്വസിക്കുക. 12ഞാൻ നിങ്ങ
ളോടു സത്യമായി പറയട്ടെ. എന്നിൽ വിശ്വസി
ക്കുന്നവന് ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെ
യ്യാനാവും. അതെ, ഞാൻ ചെയ്തതിനെക്കാൾ
വലിയ പ്രവൃത്തികൾ പോലും അവൻ ചെയ്യും.
എന്തുകൊണ്ടെന്നാൽ ഞാൻ പിതാവിലേക്കു
പോകുന്നു. 13എൻെറ നാമത്തിൽ നിങ്ങളെന്തെ
ങ്കിലും ആവശ്യപ്പെട്ടാൽ ഞാനതു നിങ്ങൾ
ക്കായി ചെയ്യും. അപ്പോൾ പിതാവിൻെറ മഹ
ത്വം പുത്രനിലൂടെ കാണിക്കപ്പെടും. 14എൻെറ
നാമത്തിൽ നിങ്ങളെന്തെങ്കിലും ചോദിച്ചാൽ
ഞാനതു നിറവേറ്റും.

പരിശുദ്ധാത്മാവിൻെറ വാഗ്ദാനം

15"നിങ്ങളെന്നെ സ്നേഹിക്കുന്നുവെങ്കിൽ എ
ൻെറ കല്പനകളനുസരിക്കും. 16മറ്റൊരു സഹായി
യെക്കൂടി അയയ്ക്കാൻ ഞാൻ പിതാവിനോട
ഭ്യർത്ഥിക്കും. ആ സഹായിയെ എന്നെന്നേയ്ക്കു
മായിഅവൻ നിങ്ങൾക്കു നൽകും. 17ആ സഹാ
യി സത്യത്തിൻെറ ആത്മാവായിരിക്കും. ലോ
കത്തിന് അവനെ സ്വീകരിക്കാനാവില്ല. കാര
ണം ലോകം അവനെകാണുകയോ അറിയുക
യോ ഇല്ല. എന്നാൽ നിങ്ങൾ അവനെ അറിയു
ന്നു. അവൻ നിങ്ങളോടൊപ്പവും നിങ്ങളിലും
വസിക്കുന്നു.

18"അപ്പനമ്മമാരില്ലാത്ത കുട്ടികളെപ്പോലെ
ഞാൻ നിങ്ങളെ ഒറ്റയ്ക്ക് ഉപേക്ഷിക്കില്ല. ഞാൻ
നിങ്ങളിലേക്കു മടങ്ങിവരും. 19അല്പ സമയം കൂടി
കഴിഞ്ഞാൽ ലോകം എന്നെക്കാണുകയില്ല.
പക്ഷേ നിങ്ങൾ എന്നെക്കാണും. ഞാൻ ജീവിക്കു
ന്നതിനാൽ നിങ്ങളും ജീവിക്കും. 20ആദിവസം
ഞാൻ പിതാവിലുണ്ടെന്ന് നിങ്ങളറിയും. നി
ങ്ങൾ എന്നിലും ഞാൻ നിങ്ങളിലും ഉണ്ടെന്ന്
നിങ്ങളറിയും. 21എൻെറ കല്പനകൾ അറിഞ്ഞ്
അവ അനുസരിക്കുന്നവൻ എന്നെ യഥാർത്ഥ
ത്തിലും സ്നേഹിക്കുന്നു. എന്നെ സ്നേഹിക്കു
ന്നവനെ എൻെറ പിതാവും സ്നേഹിക്കും. ഞാ
നും അവനെ സ്നേഹിക്കും. ഞാനവന് എന്നെ
കാട്ടിക്കൊടുക്കും."

22അപ്പോൾ യൂദാ(യൂദാ ഇസ്ക്കര്യോത്ത് അ
ല്ല) ചോദിച്ചു, "പക്ഷേകർത്താവേ, എന്തുകൊ
ണ്ടാണ് നീ നിന്നെത്തന്നെ ഞങ്ങൾക്കു കാട്ടുക
യും ലോകത്തിനു കാട്ടാതിരിയ്ക്കുകയും ചെ
യ്യുന്നത്?"

23യേശു മറുപടിപറഞ്ഞു, "എന്നെ സ്നേഹി
ക്കുന്നവൻ എൻെറ വചനങ്ങളനുസരിക്കും. എ
ൻെറ പിതാവ് അവനെ സ്നേഹിക്കും. ഞാനും
എൻെറപിതാവും അവനിലേക്കുവന്ന് അവ
നോടൊത്തുവസിക്കും.24എന്നാൽ എന്നെ സ്നേ
ഹിക്കാത്തവൻ എൻെറ വചനങ്ങൾ അനുസരി
ക്കയില്ല. നിങ്ങൾ കേൾക്കുന്ന എൻെറ വചനങ്ങ
ളൊന്നും എൻേറതല്ല. അതെല്ലാം എന്നെ അയച്ച
എൻെറ പിതാവിൽനിന്നും ആണ്.

25"ഞാൻ നിങ്ങളോടൊത്തുണ്ടായിരുന്ന കാല
ത്ത് ഞാനിതെല്ലാം പറഞ്ഞിരുന്നു. 26പക്ഷേ സ
ഹായി നിങ്ങളെ എല്ലാം പഠിപ്പിക്കും. ഞാൻ
നിങ്ങളോടു പറഞ്ഞ കാര്യങ്ങളെല്ലാം ഓർമ്മി
ക്കാൻ സഹായി നിങ്ങൾക്കു കാരണമാകും. പി
താവ് എൻെറ നാമത്തിൽ അയയ്ക്കുന്ന പരിശു
ദ്ധാത്മാവായിരിക്കും ആ സഹായി.

27"ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടു
പോകുന്നു. ഞാൻ തരുന്നത് എൻെറതന്നെ സമാ
ധാനമാണ്. ലോകം ചെയ്യുന്നതിൽനിന്നും
വ്യത്യസ്തമായ മാർഗ്ഗത്തിലാണ് ഞാൻ സമാ
ധാനം തരുന്നത്. അതിനാൽ നിങ്ങളുടെ ഹൃദയ
ത്തെ വിഷമിപ്പിക്കരുത്. ഭയപ്പെടേണ്ട. 28ഞാൻ
നിങ്ങളോടു പറഞ്ഞതു കേട്ടല്ലോ, 'ഞാൻ പോ
കുന്നു. ഞാൻ നിങ്ങളുടെയടുത്തേക്ക് മടങ്ങി
വരും. 'നിങ്ങളെന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ
ഞാൻ പിതാവിലേക്കുമടങ്ങുന്നതിൽ നിങ്ങൾ
സന്തോഷിക്കും. കാരണം പിതാവ് എന്നേക്കാൾ
ശ്രേഷ്ഠനാണ്. 29ഇതുസംഭവിക്കും മുമ്പ് ഞാനി
പ്പോൾ നിങ്ങളോടു പറയുന്നു. അപ്പോൾ ഇതു
സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കും.
30ഞാനിനി അധികം നേരം നിങ്ങളോടു സംസാ
രിക്കയില്ല. ഈ ലോകത്തിൻെറ ഭരണാധിപൻ
വരുന്നു. അവന് എൻെറമേൽ ഒരു ശക്തിയു
മില്ല. 31പക്ഷേ ഞാനെൻെറ പിതാവിനെ സ്നേ
ഹിക്കുന്നുവെന്ന് ലോകം അറിയണം. അതിനാ
യി പിതാവ് കല്പിച്ചതുപോലെ ഞാൻ ചെയ്യു
ന്നു."വരൂ നമുക്കിവിടം വിട്ടുപോകാം."

യേശു മുന്തിരിവള്ളിപോലെ

15 യേശുപറഞ്ഞു, "ഞാൻ യഥാർത്ഥ മുന്തി
രിവള്ളിയാകുന്നു. എൻെറപിതാവ് തോട്ട
ക്കാരനും. 2ഫലം ഉണ്ടാകാത്ത എൻെറ എല്ലാ
ശാഖകളും അവൻ മുറിച്ചുകളയുന്നു. കായ്ക്കു
ന്ന എല്ലാശാഖകളും കൂടുതൽ കായുണ്ടാകുന്ന
തിന് അവൻവെട്ടിയൊതുക്കുന്നു. 3ഞാൻ നിങ്ങ
ളോടുപറഞ്ഞ വചനങ്ങൾ മൂലം നിങ്ങൾ നേര
ത്തെതന്നെ വൃത്തിയാക്കപ്പെട്ടിരിക്കുന്നു. 4എന്നി
ൽ തുടർന്നുവസിക്കുക, ഞാൻ നിങ്ങളിലും വ
സിക്കും. ഒരു ശാഖയ്ക്കും തനിയെ കായ്ക്കാനാ
വില്ല. അത് മുന്തിരിവള്ളിയുടെ ശാഖയായിരി
ക്കണം. അതുപോലെയാണു നിങ്ങളും. നിങ്ങൾ

ക്കു തിനിയെ കായ്ക്കാനാവില്ല. നിങ്ങൾ
എന്നിൽ വസിക്കണം.
5“ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ചില്ലകളു
മാണ്. ഒരുത്തൻ എന്നിൽ വസിക്കുകയും ഞാൻ
അവനിൽ വസിക്കുകയും ചെയ്താൽ ഏറെ
ഫലം ഉളവാക്കും. പക്ഷേ എന്നെക്കൂടാതെ
അയാൾക്ക് ഒന്നും ചെയ്യാനാവില്ല. 6എന്നിൽ
വസിക്കാനാവാത്തവൻ മുറിച്ചെറിയപ്പെട്ട
ചില്ലയ്ക്കുസമമാണ്. ആ ചില്ല കരിഞ്ഞുപോ
കും. ഉണങ്ങിയ ചില്ലകൾ ശേഖരിച്ച് ആളുകൾ
തീയിലെറിയും.
7“എന്നിൽ വസിക്കുകയും എന്റെ വചനങ്ങ
ൾപിന്തുടരുകയും ചെയ്യുക. അങ്ങനെ ചെയ്താ
ൽ നിങ്ങൾ ആവശ്യപ്പെടുന്നതെന്തും സാധിച്ചു
കിട്ടും.8കൂടുതൽ ഫലമുണ്ടാക്കി നിങ്ങൾ എന്റെ
ശിഷ്യന്മാരെന്നു തെളിയിക്കുക. അതെന്റെ പി
താവിനെ മഹത്വപ്പെടുത്തും. 9പിതാവ് എന്നെ
സ്നേഹിക്കുന്നപോലെ ഞാൻ നിങ്ങളെ സ്നേ
ഹിച്ചു. എന്റെസ്നേഹത്തിൽ വാസം തുടരുക.
10ഞാനെന്റെ പിതാവിന്റെ കല്പനകളനുസരി
ക്കുകയും അവന്റെ സ്നേഹത്തിൽ വസിക്കുക
യുംചെയ്യുന്നു. നിങ്ങൾ എന്റെ കല്പനകളനുസ
രിച്ചാൽ നിങ്ങൾ എന്റെസ്നേഹത്തിനു തുടർ
ച്ചയായി പാത്രമാകും.11എനിക്കുള്ള അതേ ആ
ഹ്ളാദം നിങ്ങൾക്കും ഉണ്ടാകാനാണിതെല്ലാം നി
ങ്ങളോടു ഞാൻപറഞ്ഞത്. നിങ്ങളുടെ ആഹ്ളാദം
സമ്പൂർണ്ണമായിരിക്കണമെന്ന് ഞാനാഗ്രഹിക്കു
ന്നു. 12ഞാൻ നിങ്ങൾക്കു തരുന്ന കല്പന ഇതാണ്.
ഞാൻനിങ്ങളെ സ്നേഹിച്ചതു പോലെ പര
സ്പരം സ്നേഹിക്കുവിൻ. 13കൂട്ടുകാർക്കു വേ
ണ്ടി മരിക്കുകയാണ് ഒരാൾക്കു കാണിക്കാവുന്ന
ഏറ്റവും മഹത്തായസ്നേഹം. 14ഞാൻ പറയു
ന്നകാര്യങ്ങൾ ചെയ്താൽ നിങ്ങളെന്റെ സുഹൃ
ത്തുക്കളാണ്. 15ഞാനിപ്പോൾ നിങ്ങളെ ദാസരെ
ന്നു വിളിക്കുന്നില്ല. യജമാനനെന്താണു ചെയ്യു
ന്നതെന്നു ദാസനറിയില്ല. എന്നാൽ ഞാൻ നി
ങ്ങളെ സ്നേഹിതരെന്നു വിളിച്ചിരിക്കുന്നു. കാ
രണം, എന്റെ പിതാവിൽനിന്നു കേട്ടതൊക്കെ
ഞാൻ നിങ്ങളെ അറിയിച്ചു കഴിഞ്ഞു. 16നി
ങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല. ഞാൻ നിങ്ങ
ളെ തിരഞ്ഞെടുത്തതാണ്. പോയി ഫലം സൃ
ഷ്ടിക്കുക, അപ്പോൾ നിങ്ങളുടെഫലം ജീവിത
ത്തിൽ തുടരും. അപ്പോൾ പിതാവ് നിങ്ങൾ
എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും
നിങ്ങൾക്കു നൽകും. 17ഇതെന്റെ കല്പനയാണ്.
പരസ്പരം സ്നേഹിക്കുക.

യേശു ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകുന്നു

18“ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ, ഓ
ർമ്മിക്കുകലോകംഎന്നെ ആദ്യം വെറുത്തു. 19നി
ങ്ങൾ ഈ ലോകത്തിൽ നിന്നുള്ളവരായിരുന്നെ
ങ്കിൽ സ്വന്തം ആളുകളെ സ്നേഹിക്കുന്നതുപോ
ലെലോകം നിങ്ങളെയും സ്നേഹിച്ചേനെ. പ
ക്ഷെ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു ലോക
ത്തിൽ നിന്നും മാറ്റി നിർത്തി. അങ്ങനെ നിങ്ങൾ
ഈ ലോകത്തിൽ ഉൾപ്പെടാത്തതിനാലാണ് അ
വർനിങ്ങളെവെറുത്തത്.20ഞാൻ നിങ്ങൾക്കു പ
റഞ്ഞുതന്ന പാഠംഓർമ്മിക്കുക: ഒരുദാസനും യ
ജമാനനെക്കാൾ ശ്രേഷ്ഠനല്ല. ആളുകൾ എന്നെ
പീഡിപ്പിച്ചിട്ടുണ്ടെങ്കിൽ അവർഅതു നിങ്ങളോ
ടുംചെയ്യും.എന്റെവചനങ്ങൾ അവർ അനുസ
രിച്ചിരുന്നെങ്കിൽ നിങ്ങളുടെ വചനങ്ങളെയും
അവർ അനുസരിക്കും. 21ആളുകൾ ഞാൻ കാര
ണംനിങ്ങളോട് ഇങ്ങനെയെല്ലാം ചെയ്യും. എന്തു
കൊണ്ടെന്നാൽ എന്നെ അയച്ചവനെ അവർക്ക
റിയില്ല.22ഞാൻ വന്ന് ലോകരോടു സംസാരി
ച്ചിരുന്നില്ലെങ്കിൽ അവർക്കു പാപത്തിന്റെ കുറ്റ
ഭാരം ഉണ്ടാവുകയില്ലായിരുന്നു. പക്ഷേ ഞാൻ
അവരോടുസംസാരിച്ചു കഴിഞ്ഞു.അതുകൊണ്ട്
അവർക്ക് തങ്ങളുടെ പാപത്തിൽനിന്ന് ഒഴികഴി
വില്ല. 23എന്നെവെറുക്കുന്ന ഏതൊരുവനും എ
ന്റെ പിതാവിനെയും വെറുക്കുന്നു.24മറ്റാരും ഇ
തുവരെചെയ്യാത്ത കാര്യങ്ങളാണ് ഞാൻ അവ
രുടെയിടയിൽ ചെയ്തത്. ഞാനതൊന്നും ചെ
യ്തിരുന്നില്ലെങ്കിൽ അവർക്കു പാപം ഉണ്ടാവു
കയില്ലായിരുന്നു. എന്നാൽ ഞാൻ ചെയ്തതൊ
ക്കെ അവർകണ്ടു. എന്നിട്ടും അവർ എന്നെയും
എന്റെപിതാവിനെയും വെറുക്കുന്നു. 25അവരു
ടെ ന്യായപ്രമാണത്തിലെഴുതിയിരിക്കുന്നത് സ
ത്യമാകാനാണിങ്ങനെ സംഭവിച്ചത് ‘അവരെ
ന്നെ അകാരണമായി വെറുത്തു.’*
26“ഞാൻ പിതാവിൽനിന്ന് സഹായിയെ നി
ങ്ങളുടെ അടുത്തേക്ക് അയയ്ക്കും. അതുപിതാ
വിൽ നിന്നുള്ള സത്യാത്മാവായിരിക്കും. അവൻ
വരുമ്പോൾ എന്നെപ്പറ്റിപറയും. 27നിങ്ങളെപ്പറ്റി
യും ആളുകളോടു പറയും. എന്തെന്നാൽ ആദ്യം
മുതൽക്കുതന്നെ നിങ്ങളെന്റെ കൂടെയുണ്ടായി
രുന്നു.
16 “ഞാനിതെല്ലാം നിങ്ങളോടുപറഞ്ഞത് ആ
രും നിങ്ങളുടെ വിശ്വാസത്തെ തകർക്കാ
തിരിക്കാനാണ്. 2ആളുകൾ നിങ്ങളെ യെഹൂദപ്പ
ള്ളികളിൽ നിന്നും ഇറക്കിവിട്ടേക്കാം. നിങ്ങളെ
കൊല്ലുന്നത് ദൈവത്തിനു യാഗമർപ്പിക്കലാ
ണെന്ന്ആളുകൾചിന്തിക്കുന്നസമയം വരും. 3പി
താവിനെയും എന്നെയും അറിയാത്തതു കൊ
ണ്ടാണ് ആളുകൾ ഇത്തരം കാര്യങ്ങൾ ചെയ്യുന്ന
ത്.4ഇതെല്ലാം ഞാൻ നിങ്ങളോടിപ്പോൾ പറയു
ന്നു. അതുകൊണ്ട് ഇതെല്ലാം സംഭവിക്കുമ്പോൾ,
ഞാൻ നിങ്ങൾക്കു മുന്നറിയിപ്പുതന്നിരുന്നു എ
ന്നു നിങ്ങൾ ഓർക്കും.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ

“ആരംഭത്തിൽ ഞാൻ നിങ്ങളോട് ഇതൊന്നും
പറഞ്ഞില്ല, കാരണം ഞാനപ്പോൾ നിങ്ങളോ
ടൊത്തുണ്ടായിരുന്നു. 5ഇപ്പോൾ ഞാൻ എന്നെ
അയച്ചവന്റെയടുത്തേക്കു മടങ്ങുന്നു. എന്നാൽ
നിങ്ങളാരും എന്നോട് ‘നീ എവിടെപ്പോകുന്നു?’
എന്നു ചോദിക്കുന്നില്ല. 6ഞാനിതെല്ലാം പറഞ്ഞ
തുകൊണ്ട് നിങ്ങളുടെ മനസ്സുനിറയെ ദുഃഖമാ
ണ്.7പക്ഷേഞാൻ നിങ്ങളോടു സത്യമായി പറ
യട്ടെ.ഞാൻദൂരേക്കുപോകുന്നത് നിങ്ങൾക്കു ന
ല്ലതാണ്. കാരണം, ഞാൻപോകുമ്പോൾ സഹാ
യിയെ ഞാനയയ്ക്കും. ഞാൻ പോയില്ലെങ്കിൽ
അയാൾ വരില്ല. 8സഹായിവരുമ്പോൾ അവൻ
ലോകത്തിനു തെറ്റുപറ്റിയെന്നു തെളിയിക്കും.
9പാപത്തെ സംബന്ധിച്ചിടത്തോളം ലോകത്തി
ന്റെതെറ്റ് അവൻവെളിച്ചത്തുകൊണ്ടുവരും. കാ
രണം അവർഎന്നിൽ വിശ്വസിക്കുന്നില്ല. 10അ
വർ എന്നിൽ വിശ്വസിക്കാത്തതുകൊണ്ട് പാപ
ത്തെപ്പറ്റിയും ഞാൻ പിതാവിന്റെ അടുക്കലേ
ക്കുപോവുകയും നിങ്ങളിനി എന്നെകാണാതി
രിക്കുകയും ചെയ്യുന്നതുകൊണ്ടു നീതിയെപ്പറ്റി
യും അവർകുറ്റപ്പെടുത്തും. 11ഈ ലോകത്തി
ന്റെ ഭരണാധികാരി വിധിക്കപ്പെട്ടു കഴിഞ്ഞ
തിനാൽ അവൻ ന്യായവിധിയെപ്പറ്റിയുള്ള
സത്യം ലോകത്തിനു തെളിയിച്ചുകൊടുക്കും.

‘അവരെന്നെ ... വെറുത്തു’ ഉദ്ധരണി സങ്കീ. 35:19, 69:4.

12“എനിക്കു നിങ്ങളോടു പറയാൻ ഇനിയും
ഒരുപാടുകാര്യങ്ങളുണ്ട്. എന്നാൽ അതു
താങ്ങാൻ നിങ്ങൾക്കിപ്പോൾ ആവില്ല. 13എ
ന്നാൽ സത്യാത്മാവ് വരുമ്പോൾ അവൻ നി
ങ്ങളെ പരിപൂർണ്ണമായ സത്യത്തിലേക്കു നയി
ക്കും. സത്യാത്മാവ് അവൻെറ തന്നെവാക്കുകളല്ല
പറയുന്നത്. അവൻ കേട്ടത് മാത്രം പറയും.
സംഭവിക്കാൻ പോകുന്ന കാര്യങ്ങളവൻ നിങ്ങ
ളോടു പറയും. 14സത്യാത്മാവ് എന്നെ മഹത്വ
പ്പെടുത്തും. എങ്ങനെയെന്നോ? അവൻഎന്നിൽ
നിന്നെടുത്ത് അവ നിങ്ങളോടു പറയും. 15പി
താവിനുള്ളവയെല്ലാം എൻേറതാണ്. അതുകൊ
ണ്ടാണ് ആത്മാവ് എന്നിൽ നിന്നെടുത്ത് നിങ്ങ
ളോടു പറയുമെന്നു ഞാൻ പറഞ്ഞത്.

ദു:ഖം സന്തോഷമാകും

16“അല്പസമയത്തിനുശേഷം നിങ്ങളെന്നെ കാ
ണില്ല. അല്പംകൂടിനേരം കഴിഞ്ഞാൽപ്പിന്നെ നി
ങ്ങളെന്നെ വീണ്ടും കാണും.”
17“ഏതാനും ശിഷ്യന്മാർ പരസ്പരം പറഞ്ഞു,
‘‘അല്പസമയത്തിനുശേഷം നിങ്ങളെന്നെ കാണി
ല്ല. അല്പം കൂടി നേരം കഴിഞ്ഞാൽ നിങ്ങളെന്നെ
വീണ്ടും കാണും’ എന്ന് യേശു പറയുന്നതിൻെറ
അർത്ഥമെന്താണ്? എന്തെന്നാൽ ‘ഞാനെൻെറ
പിതാവിൻെറ അടുത്തേയ്ക്കുപോകുന്നു’ എന്നു
പറയുന്നതിനും എന്താണർത്ഥം?” 18ശിഷ്യന്മാർ
തമ്മിൽചോദിച്ചു, “ഒരല്പനേരം എന്നതിനെന്താ
ണർത്ഥം? അവനെന്താണു പറയുന്നതെന്ന് ഞ
ങ്ങൾക്കു മനസ്സിലാകുന്നില്ല.”
19ശിഷ്യന്മാർക്കിതേപ്പറ്റി ചോദിക്കാൻ ആഗ്ര
ഹമുണ്ടെന്ന് യേശുമനസ്സിലാക്കി. അതുകൊണ്ട
വൻ അവരോടുപറഞ്ഞു,‘‘അല്പനേരത്തിനു ശേ
ഷം നിങ്ങളെന്നെ കാണില്ല. കുറച്ചുനേരം കൂടി
കഴിഞ്ഞാൽപ്പിന്നെ നിങ്ങളെന്നെ വീണ്ടും കാ
ണും’ എന്നും ഞാൻപറഞ്ഞതിൻെറ അർത്ഥമാ
ണോനിങ്ങൾ പരസ്പരം ചോദിക്കുന്നത്? 20ഞാ
ൻ നിങ്ങളോടു സത്യംപറയുന്നു. നിങ്ങൾ കര
യുകയും ദു:ഖിതരാവുകയും ചെയ്യുമെങ്കിലും
ലോകം സന്തോഷിക്കും. നിങ്ങൾ ദു:ഖിക്കുമെങ്കി
ലും നിങ്ങളുടെ ദു:ഖം സന്തോഷമായി മാറും.
21“ഒരുവൾ പ്രസവിക്കുമ്പോൾ അവൾക്കു വേ
ദനയുണ്ടാകും. കാരണം അവളുടെ സമയമായി
എന്നതുതന്നെ.എന്നാൽ കുഞ്ഞുപിറന്നു കഴിയു
മ്പോൾ അവൾ വേദനമറക്കുന്നു. ഒരു ശിശുവി
നെലോകത്തിലേക്കു കൊണ്ടുവന്നതിൽ അവൾ
എല്ലാം മറന്നുസന്തോഷിക്കുന്നു. 22നിങ്ങൾക്കും
അതുപോലെതന്നെ. ഇപ്പോൾനിങ്ങൾ ദു:ഖിക്കു
ന്നു. എന്നാൽ ഞാനിനി നിങ്ങളെ കാണു
മ്പോൾ നിങ്ങൾ ഹൃദയംഗമായി ആഹ്ലാദിക്കും.
ആരും നിങ്ങളുടെ സന്തോഷത്തെ തട്ടി മാറ്റുക
യുമില്ല. 23ആ ദിവസം നിങ്ങൾ എന്നോടൊന്നും
ആവശ്യപ്പെടുകയില്ല. ഞാൻ നിങ്ങളോടു
സത്യം പറയുന്നു. എൻെറ നാമത്തിൽ നിങ്ങൾ
എന്താവശ്യപ്പെട്ടാലും എൻെറ പിതാവ് അതു
നിറവേറ്റിത്തരും.
24നിങ്ങളിതുവരെ എൻെറ നാമത്തിൽ ഒന്നും
ആവശ്യപ്പെട്ടില്ല.ചോദിക്കുക,നിങ്ങൾക്കുകിട്ടും.
അങ്ങനെ നിങ്ങളുടെ ആഹ്ലാദം പൂർണ്ണമാകും.

ലോകത്തിനുമേൽ വിജയം

25“ഇതുഞാൻ ആലങ്കാരിക ഭാഷയിൽ നിങ്ങ
ളോടു സംസാരിച്ചിരിക്കുന്നു. എന്നാൽ വാക്കു
കൾ അപ്രകാരമുപയോഗിക്കാതെ ഞാൻ കാര്യ
ങ്ങൾ പറയുന്നകാലം വരും. ഞാൻ നിങ്ങളോടു
നേരിട്ടുള്ള വാക്കുകളിൽ പിതാവിനെപ്പറ്റി പറ
യും. 26ആ ദിവസം നിങ്ങൾപിതാവിനോട് എ
ൻെറ നാമത്തിൽ പലതും ചോദിക്കും. അപ്പോൾ
ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോട് ചോ
ദിക്കേണ്ട ആവശ്യമില്ല. 27പിതാവ്തന്നെ നിങ്ങ
ളെ സ്നേഹിക്കുന്നു. നിങ്ങൾ എന്നെ സ്നേഹി
ച്ചതിനാൽ അവൻ നിങ്ങളെ സ്നേഹിക്കുന്നു.
ഞാൻ ദൈവത്തിൽനിന്നു വന്നവനാണെന്ന്
നി ങ്ങൾ വിശ്വസിച്ചതുകൊണ്ടും പിതാവ് നി
ങ്ങളെ സ്നേഹിക്കുന്നു. 28ഞാൻ പിതാവിൽ
നിന്ന് ഈ ലോകത്തേക്കുവന്നു. ഇപ്പോൾ ഞാൻ
ഈ ലോകംവിട്ട് പിതാവിലേക്കു മടങ്ങുന്നു.”
29അപ്പോൾ യേശുവിൻെറ ശിഷ്യന്മാർ പറ
ഞ്ഞു, “അങ്ങിപ്പോൾ ഞങ്ങളോടു വ്യക്തമായി
സംസാരിക്കുന്നു. അങ്ങിപ്പോൾ ആലങ്കാരികമാ
യഭാഷ ഉപയോഗിക്കുന്നില്ല. 30അങ്ങയ്ക്ക് എ
ല്ലാമറിയാമെന്നു ഞങ്ങൾക്കിപ്പോൾ കാണാം.
ഒരുവൻ ഒരു ചോദ്യം ചോദിക്കും മുമ്പുതന്നെ
നിനക്കതിനു മറുപടി പറയാനാകും. നീ ദൈവ
ത്തിൽനിന്നും വന്നതാണെന്നതു ഞങ്ങളെ
വിശ്വസിപ്പിക്കുന്നു.”
31യേശു പറഞ്ഞു, “അതുകൊണ്ടിപ്പോൾ നി
ങ്ങൾ വിശ്വസിക്കുന്നു അല്ലേ? 32ഇവിടെ ശ്രദ്ധി
ക്കുക. നിങ്ങൾ ചിതറിക്കപ്പെടുന്ന സമയം വരും.
നിങ്ങളിലോരോരുത്തരും അവരവരുടെ വീടുക
ളിലേക്കു ചിതറിക്കപ്പെടും. അതിപ്പോഴാണ്. നി
ങ്ങളെന്നെ വിട്ടുപോകും. ഞാനൊറ്റയ്ക്കാകും.
പക്ഷേ ഞാനൊരിക്കലും ഒറ്റയ്ക്കല്ല. കാരണം
പിതാവ് എന്നോടൊപ്പമുണ്ട്.
33“നിങ്ങൾക്കെന്നിൽ സമാധാനമുണ്ടായിരി
ക്കാൻ വേണ്ടിയാണു നിങ്ങളോടു ഞാനിതൊ
ക്കെ പറഞ്ഞത്. ഈ ലോകത്തിൽ നിങ്ങൾക്കു
പ്രശ്നങ്ങളുണ്ടാകാം. പക്ഷേ ധൈര്യത്തോടെ
യിരിക്കുക. ഞാൻ ലോകത്തെ പരാജയപ്പെടു
ത്തിയിരിക്കുന്നു.”

യേശു ശിഷ്യന്മാർക്കു വേണ്ടി പ്രാർത്ഥിക്കുന്നു

17 ഇതെല്ലാംപറഞ്ഞതിനുശേഷം യേശു സ്വ
ർഗ്ഗത്തിലേക്കു നോക്കി. യേശു പ്രാർത്ഥി
ച്ചു,“പിതാവേസമയമായിരിക്കുന്നു. പുത്രൻ അ
ങ്ങയെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ മഹ
ത്വപ്പെടുത്തേണമെ. 2അങ്ങ് അവനു നൽകിയി
രിക്കുന്ന ആളുകൾക്കൊക്കെ നിത്യജീവൻനൽ
കാൻപറ്റുന്നവിധം നീ പുത്രന് എല്ലാവരുടെയും
മേൽ ശക്തിനൽകി.3ഇതാണ് നിത്യജീവൻ: ഏക
സത്യദൈവമായ നിന്നെയും നീ അയച്ച യേശു
ക്രിസ്തുവിനെയും അറിയുക എന്നത്. 4നീ
എന്നെ ഏല്പിച്ചജോലി ഞാൻ പൂർത്തിയാക്കി.
ഭൂമിയിൽ അങ്ങയെ ഞാൻ മഹത്വീകരിച്ചു.
5പിതാവേനിന്നോടൊപ്പം ഇപ്പോൾ, എന്നെയും
മഹത്വപ്പെടുത്തുക. ലോകസൃഷ്ടിക്കു മുമ്പ്
എനിക്കു നിന്നോടൊത്തുണ്ടായിരുന്ന മഹത്വം
എനിക്കു നൽകിയാലും.
6“നീയെനിക്കീ ലോകത്തിൽനിന്നും ചിലരെ
തന്നു. അങ്ങയുടെ സദ്ഗുണങ്ങളെ ഞാനവർക്കു
കാട്ടി. അങ്ങയുടേതായ അവരെ എനിക്കു നൽ
കി. അങ്ങയുടെ വചനം അവർ അനുസരിച്ചു.
7നീ എനിക്കു തന്നതെല്ലാം നിന്നിൽ നിന്നാണെ
ന്ന് അവരിപ്പോൾ അറിയുന്നു. 8നീ എനിക്കു
തന്ന ഉപദേശങ്ങൾ ഞാനവർക്കു കൊടുത്തു.
അവ അവർ സ്വീകരിച്ചു. ഞാൻ യഥാർത്ഥ
ത്തിൽ നിന്നിൽനിന്നു വന്നവനാണെന്ന് അവർ
അറിയുന്നു. നീ എന്നെ അയച്ചതാണെന്ന്
അവർ വിശ്വസിക്കുന്നു. 9അവർക്കായി ഞാനി

പ്പോൾ പ്രാർത്ഥിക്കുന്നു. ഈ ലോകത്തിലുള്ളവ
ർക്കുവേണ്ടിയല്ല ഞാൻ പ്രാർത്ഥിക്കുന്നത്. അ
ങ്ങയുടെ ആൾക്കാർക്കുവേണ്ടി, അവരെ അങ്ങ്
എനിക്കു നൽകിയതുകൊണ്ട് ഞാൻ പ്രാർത്ഥി
ക്കുന്നു. 10എനിക്കുള്ളതെല്ലാം നിൻേറതാണ്.
നിനക്കുള്ളതെല്ലാം എൻേറതും. ഇവർ എനിക്കു
മഹത്വം കൊണ്ടുവന്നു തന്നു. 11ഇപ്പോൾ ഞാൻ
നിന്നിലേക്കുവരുന്നു. ഞാനിനി ലോകത്തിൽ
തങ്ങുകയില്ല. എന്നാലിവർ ഇനിയും ഇവിടെ
യുണ്ടാവും. പരിശുദ്ധ പിതാവേ, ഇവരെ കാ
ക്കേണമേ, ഞാനും നീയും ഒന്നായിരിക്കുമ്പോ
ലെ ഇവർ ഒന്നായിരിക്കാൻ അങ്ങയുടെ നാമ
ത്തിൻെറ (അങ്ങെനിക്കു തന്ന നാമം) ശക്തി
യിൽ ഇവരെ കാക്കേണമേ. 12ഞാനവരോടൊ
ത്തുണ്ടായിരുന്നപ്പോൾ ഞാൻ അവരെ കാത്തു.
നീ എനിക്കുതന്ന നിൻെറ നാമത്തിൻെറ ശക്തി
യാൽ ഞാൻ അവരെ കാത്തു. നഷ്ടപ്പെടാൻ
തിരഞ്ഞെടുക്കപ്പെട്ട ഒരുവൻ യൂദാ മാത്രം നഷ്ട
പ്പെട്ടു. തിരുവെഴുത്തിലെ വാക്കുകൾ യഥാർത്ഥ
മാകുവാനാണ് അങ്ങനെ സംഭവിച്ചത്.

13"ഞാനിപ്പോൾ നിൻെറയടുത്തേക്കു വരുന്നു.
എന്നാൽ ഞാനിതൊക്കെ പ്രാർത്ഥിക്കുന്നത്
ഞാനിപ്പോഴും ഈ ലോകത്തായതിനാലാണ്.
ഇവർക്ക് എൻെറ ആഹ്ലാദമുണ്ടാകുന്നതിനാണ്
ഞാനീക്കാര്യങ്ങളൊക്കെ പറയുന്നത്. അവർ
ക്കെല്ലാം എൻെറ മുഴുവൻ ആഹ്ലാദവുമുണ്ടാ
കാൻ ഞാനാഗ്രഹിക്കുന്നു. 14അങ്ങയുടെ ഉപദേ
ശം ഞാനവർക്കു നൽകി. ലോകം അവരെ
വെറുത്തു. ഞാൻ ഈ ലോകത്തിൻേറതല്ലാത്ത
തുപോലെ അവരും ഈ ലോകത്തിൻേറതല്ലാ
ത്തതുകൊണ്ട് ഇവരേയും ലോകം വെറുത്തു.
15അവരെ ഈ ലോകത്തിൽനിന്നും പുറത്തെടു
ക്കാനല്ല ഞാനാവശ്യപ്പെടുന്നത്. അവരെ ദുഷ്ട
നിൽനിന്നും സംരക്ഷിക്കണമെന്നാണ്. 16ഞാൻ
ഈ ലോകത്തിൻേറതല്ലാത്തതുപോലെ അവരും
ഈ ലോകത്തിൻേറതല്ല. 17നിൻെറ സത്യത്തി
ലൂടെ നിൻെറ സേവനത്തിനവരെ സജ്ജരാ
ക്കുക. നിൻെറ വചനം സത്യമാണ്. 18നീ എന്നെ
ഈ ലോകത്തിലേക്കയച്ചതു പോലെ ഞാൻ
അവരെയും ഈ ലോകത്തിലേക്കയച്ചു. 19ഞാൻ
സേവനത്തിനായി എന്നെത്തന്നെ ഒരുക്കുന്നു.
നിൻെറ സേവനത്തിനവർ സത്യത്തിൽ തയ്യാ
റാകുംവിധം ഞാനിതൊക്കെ അവർക്കായി ചെ
യ്യുന്നു.

20"ഞാനവർക്കായി പ്രാർത്ഥിക്കുന്നു. ഇവരു
ടെ ഉപദേശങ്ങൾ കൊണ്ട് എന്നിൽ വിശ്വസി
ക്കുന്നവർക്കുവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു.
21പിതാവേ, എന്നിൽ വിശ്വസിച്ചവരെല്ലാം
ഒന്നാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. നീ
എന്നിലും ഞാൻ നിന്നിലും ഉണ്ട്. നീ എന്നെ
അയച്ചു എന്നു ലോകം വിശ്വസിക്കുംവിധം
ഇവരെല്ലാം നമ്മിൽ ഒന്നാകുവാൻ ഞാൻ
പ്രാർത്ഥിക്കുന്നു. 22നീ എനിക്കുതന്ന മഹത്വം
ഞാനിവർക്കു കൊടുത്തു. ഞാനും നീയും ഒന്നാ
യിരിക്കുന്നതുപോലെ അവരും ഒന്നാകുന്നതി
നാണ് ഞാൻ ഈ മഹത്വം അവർക്കുനൽകിയത്.
23ഞാൻ അവരിലുണ്ടാകും. നീ എന്നിലും. അങ്ങ
നെ അവർ പൂർണ്ണമായും ഒന്നാകും. അപ്പോൾ
ലോകം അറിയും നീ എന്നെ അയച്ചുവെന്ന്.
എന്നെ നീ സ്നേഹിച്ചതുപോലെ ഈ മനുഷ്യ
രെയും നീ സ്നേഹിച്ചുവെന്ന് ലോകം അറി
യും.

24"പിതാവേ, ഞാൻ എവിടെ ആയിരുന്നാലും
എന്നോടൊപ്പം നീ എനിക്കുതന്നവരായ ഇവരും
ഉണ്ടാകേണമേ. അങ്ങനെ അവർക്കു എൻെറ
മഹത്വം കാണാമല്ലോ. ലോകസൃഷ്ടിക്കുമുമ്പേ
തന്നെ എന്നോടുള്ള സ്നേഹം മൂലം നീ എനി
ക്കുതന്നതാണ് ഈ മഹത്വം. 25പിതാവേ, നീ
യാണു നീതിമാൻ. ലോകം നിന്നെ അറിയുന്നി
ല്ലെങ്കിലും ഞാനറിയുന്നു. ഇവർക്കറിയാം
എന്നെ നീ അയച്ചതാണെന്ന്. 26അങ്ങ് എങ്ങനെ
യാണെന്നു ഞാനവരെ പഠിപ്പിച്ചു. തുടർന്നും
ഞാനവരെ പഠിപ്പിക്കും. അപ്പോൾ നിനക്ക് എ
ന്നോടുള്ളതുപോലുള്ള സ്നേഹം അവർക്കുമു
ണ്ടാകും. ഞാനവരിൽ വസിക്കുകയും ചെയ്യും."

യേശു പിടിക്കപ്പെടുന്നു

(മത്താ. 26:47-56; മർക്കൊ. 14:43-50; ലൂക്കൊ.22:47-53)

18 പ്രാർത്ഥന കഴിഞ്ഞയുടൻ യേശു ശിഷ്യ
ന്മാരോടൊത്ത് അവിടംവിട്ടു. അവർ കെ
ദ്രോൻ താഴ്വരകടന്നു. താഴ്വരയുടെ മറുവശ
ത്ത് ഒലിവുമരങ്ങളുടെ ഒരു തോട്ടമുണ്ടായിരുന്നു.
യേശുവും ശിഷ്യന്മാരും അങ്ങോട്ടുപോയി. 2യേ
ശുപലപ്പോഴും അവൻെറ ശിഷ്യന്മാരുമായി അ
വിടെ ഒത്തുകൂടാറുണ്ടായിരുന്നതിനാൽ യൂദയ്
ക്ക് ആ സ്ഥലം അറിയാമായിരുന്നു. 3അതിനാൽ
യൂദാ ഒരുസംഘം ഭടന്മാരെ അങ്ങോട്ടു കൊണ്ടു
വന്നു. മഹാപുരോഹിതന്മാരും പരീശന്മാരും നി
യോഗിച്ച ഏതാനും കാവൽക്കാരും അവനോ
ടൊത്തുണ്ടായിരുന്നു. അവർ വിളക്കുകളും പന്ത
ങ്ങളും ആയുധങ്ങളും എടുത്തിരുന്നു.

4തനിക്കു സംഭവിക്കാൻ പോകുന്നതെല്ലാം യേ
ശുവിനറിയാമായിരുന്നു. യേശു പുറത്തേക്കിറ
ങ്ങിചോദിച്ചു, "നിങ്ങൾ ആരെയാണു നോക്കു
ന്നത്?"

5അവർ പറഞ്ഞു, "നസറായനായ യേശുവി
നെ."യേശുപറഞ്ഞു, "ഞാനാണ്യേശു."(യേശു
വിനെതിരെ തിരിഞ്ഞ യൂദയും അവരോടൊപ്പം
നില്പുണ്ടായിരുന്നു.) 6'ഞാനാണ്യേശു 'എന്നവ
ൻപറഞ്ഞപ്പോൾ അവർ പുറകോട്ടുപോയി നി
ലത്തു വീണു.

7യേശുവീണ്ടും അവരോടു ചോദിച്ചു, "ആരെ
യാണ് നിങ്ങൾ തിരയുന്നത്?" അവർ പറഞ്ഞു,
"നസറായനായ യേശുവിനെ."

8യേശുപറഞ്ഞു,"ഞാൻ പറഞ്ഞല്ലോ, ഞാനാ
ണ് യേശു. അതുകൊണ്ട് നിങ്ങൾ എന്നെയാണു
തിരയുന്നതെങ്കിൽ മറ്റുള്ളവർ പൊയ്ക്കൊള്ള
ട്ടെ." 9യേശു മുമ്പുപറഞ്ഞ ഈ വാക്കുകൾ
അങ്ങനെ യഥാർത്ഥ്യമായി "നീ എനിക്കു തന്ന
ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല."

10ശിമോൻപത്രൊസിന് ഒരു വാളുണ്ടായിരു
ന്നു. അയാൾ വാളൂരി മഹാപുരോഹിതൻെറ
ദാസനെവെട്ടി. അയാളുടെ വലതു ചെവി
പത്രൊസ് വെട്ടി. (മൽക്കൊസ് എന്നായിരുന്നു
ആ ദാസൻെറ പേര്.)11യേശു പത്രൊസിനോടു
പറഞ്ഞു, "പത്രൊസേ, നിൻെറവാള് തിരികെ
ഉറയിലിടുക. പിതാവ് എനിക്കുതന്ന കഷ്ടത
യുടെ പാനപാത്രം ഞാൻ വാങ്ങിയേപറ്റൂ."

ഹന്നാവിൻെറ മുമ്പിൽ കൊണ്ടുവരുന്നു

(മത്താ. 26:57-58; മർക്കൊ. 14:53-54; ലൂക്കൊ. 22:54)

12ഭടന്മാരും അവരുടെതലവനും യെഹൂദ കാ
വൽക്കാരും ചേർന്ന് യേശുവിനെ പിടിച്ചുകെട്ടി
തടവിലാക്കി.13അവർ അവനെആദ്യം ഹന്നാവി
ൻെറമുമ്പിൽ കൊണ്ടുവന്നു.കയ്യഫാവിൻെറ
അമ്മായപ്പനായിരുന്നു ഹന്നാവ്. ആ വർഷ
ത്തെ മഹാപുരോഹിതനായിരുന്നു കയ്യഫാവ്.
14എല്ലാവർക്കും വേണ്ടി ഒരുവൻ മരിക്കുന്നതാ

വും നല്ലതെന്ന് ഇയാളാണ് യെഹൂദരോട് പറ
ഞ്ഞത്.

യേശുവിനെ പത്രൊസ് തള്ളിപ്പറയുന്നു

(മത്താ. 26:69-70; മർക്കൊ. 14:66-68; ലൂക്കൊ. 22:55-57)

15ശിമോൻ പത്രൊസും യേശുവിൻെറ മറ്റൊരു
ശിഷ്യനും യേശുവിനോടൊത്തു പോയി. മറ്റേ
ശിഷ്യനു മഹാപുരോഹിതനെ അറിയാമായിരു
ന്നു. അതിനാലയാൾ യേശുവിനോടൊത്തു മ
ഹാപുരോഹിതൻെറ വീട്ടുമുറ്റം വരെപോയി.
16പക്ഷേ പത്രൊസ് വാതിലിനടുത്ത് വെളിയി
ൽ നിന്നതേയുള്ളൂ. മഹാപുരോഹിതനെ അറി
യാവുന്ന ശിഷ്യൻ പുറത്തേക്കുവന്നു. വാതിൽ
തുറന്ന ദാസിയോട് അയാൾ സംസാരിച്ചു. എ
ന്നിട്ടയാൾ പത്രൊസിനെ അകത്തേക്കു കടത്തി.
17വാതിൽക്കലെ ദാസി പത്രൊസിനോടു ചോ
ദിച്ചു,"നീയും ആ മനുഷ്യൻെറ ശിഷ്യന്മാരിലൊ
രുത്തനല്ലേ?"പത്രൊസ്പറഞ്ഞു,"അല്ല,ഞാനല്ല!
18തണുപ്പായിരുന്നതിനാൽ ദാസന്മാരും കാവ
ൽക്കാരും തീകൂട്ടിയിരുന്നു. അവരതിനു ചുറ്റുമി
രുന്നു ചൂടുപിടിക്കുകയായിരുന്നു. പത്രൊസ് അ
വരോടൊത്തു നിൽക്കുകയായിരുന്നു.

മഹാപുരോഹിതൻ യേശുവിനെ ചോദ്യം ചെയ്യുന്നു

(മത്താ. 26:59-66; മർക്കൊ. 14:55-64; ലൂക്കൊ. 22:66-71)

19മഹാപുരോഹിതൻ യേശുവിനോട് അവ
ൻെറ ശിഷ്യന്മാരെപ്പറ്റി ചോദിച്ചു. യേശുപഠി
പ്പിച്ച കാര്യങ്ങളെപ്പറ്റിയും ചോദിച്ചു. 20യേശു
മറുപടിപറഞ്ഞു, "ഞാനെപ്പോഴും ആളുകളോട്
തുറന്നു സംസാരിച്ചിരുന്നു. യെഹൂദപ്പള്ളിയി
ലുംദൈവാലയങ്ങളിലുമിരുന്നാണു ഞാൻ പഠി
പ്പിക്കാറ്. യെഹൂദരെല്ലാം അവിടെ കൂടാറുണ്ടാ
യിരുന്നു. ഒരിക്കലും ഞാൻ ഒന്നും രഹസ്യമായി
പറഞ്ഞിരുന്നില്ല. 21പിന്നെന്താണെന്നെ നിങ്ങ
ൾചോദ്യം ചെയ്യുന്നത്? എൻെറവചനങ്ങൾ കേ
ട്ടവരോട് ചോദിക്കുക. അവർക്കറിയാം ഞാനെ
ന്താണു പറഞ്ഞതെന്ന്."

22യേശു ഇതു പറഞ്ഞപ്പോൾ കാവൽക്കാരി
ലൊരുവൻ അവനെഇടിച്ചു. അയാൾ പറഞ്ഞു,
"മഹാപുരോഹിതനോട് ഇങ്ങനെ സംസാരിക്ക
രുത്."

23യേശു മറുപടി പറഞ്ഞു, "തെറ്റെന്തെങ്കിലും
പറഞ്ഞെങ്കിൽ ആ തെറ്റ് എന്താണെന്ന് ഇവിടെ
യുള്ളവരോടു പറയുക. പക്ഷേ ശരിയാണെങ്കി
ൽപിന്നെ നീയെന്തിനാണെന്നെ ഇടിച്ചത്."

24അതിനാൽ ഹന്നാവ് യേശുവിനെ കയ്യഫാ
വിൻെറ അടുത്തേക്ക് അയച്ചു. യേശു അപ്പോഴും
ബന്ധിതനായിരുന്നു.

പത്രൊസ് വീണ്ടും തള്ളിപ്പറയുന്നു

(മത്താ. 26:71-75; മർക്കൊ. 14:69-72;
ലൂക്കൊ. 22:58-62)

25ശിമോൻ പത്രൊസ് നിന്നു കൊണ്ട് തീ
കായുകയായിരുന്നു. മറ്റുള്ളവർ പതൊസിനോ
ടുചോദിച്ചു, "നീ അവൻെറ ശിഷ്യന്മാരിലൊരു
ത്തനല്ലേ?"പക്ഷേ പത്രൊസ് പറഞ്ഞു, "അല്ല,
ഞാനല്ല."

26മഹാപുരോഹിതൻെറ ദാസന്മാരിലൊരു
വൻ അവിടെയുണ്ടായിരുന്നു. പത്രൊസ് ചെ
വിമുറിച്ചവൻെറ ബന്ധുവാണയാൾ. അയാൾ
പറഞ്ഞു,"നിന്നെഞാൻ പൂന്തോട്ടത്തിൽ വച്ച്
അവനോടൊത്ത് കണ്ടിട്ടുള്ളതായി തോന്നുന്നു."
27പക്ഷേ പത്രൊസ് വീണ്ടും പറഞ്ഞു, "ഇല്ല,
ഞാനവനോടൊത്തുണ്ടായിരുന്നില്ല." അപ്പോൾ
ഒരു കോഴികൂകി.

യേശുവിനെ പീലാത്തൊസിൻെറ മുമ്പിൽ കൊണ്ടുവരുന്നു

(മത്താ. 27:1-2,11-31; മർക്കൊ. 15:1-10; ലൂക്കൊ.23:12-15)

28അനന്തരം യെഹൂദന്മാർ യേശുവിനെ കയ്യ
ഫാവിൻെറ കൊട്ടാരത്തിൽനിന്നും ഗവർണ്ണറു
ടെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി. അതു
പുലർച്ചെയായിരുന്നു. യെഹൂദർവസതിക്കുള്ളി
ൽ കടന്നില്ല. പെസഹ ഭക്ഷിക്കേണ്ടിയിരുന്നതു
കൊണ്ട് അവർ സ്വയം അശുദ്ധരാകാൻ ഇഷ്ട
പ്പെട്ടില്ല. 29അതിനാൽ പീലാത്തോസ് പുറത്ത്
യെഹൂദരുടെയടുത്തേക്കു വന്നു. അദ്ദേഹം ചോ
ദിച്ചു, "ഈ മനുഷ്യനെതിരെയുള്ള നിങ്ങളുടെ
കുറ്റാരോപണം എന്ത്?" 30യെഹൂദർ പറഞ്ഞു,
"അവൻ ഒരു കുറ്റവാളി യാണ്. അതു കൊണ്ടാ
ണവനെ ഞങ്ങൾ അങ്ങ യെ ഏല്പിച്ചത്."

31പീലാത്തോസ്പറഞ്ഞു, "നിങ്ങൾയെഹൂദർ
ഇവനെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്ര
മാണമനുസരിച്ച് ശിക്ഷ വിധിക്കുവിൻ." യെഹൂ
ദർ പറഞ്ഞു,"എന്നാൽ ഒരാളെ വധശിക്ഷയ്ക്കു
വിധിക്കാൻ അങ്ങയുടെ നിയമം ഞങ്ങളെ അ
നുവദിക്കുന്നില്ല." 32(താനെങ്ങനെ മരിക്കും എന്ന്
യേശു മുമ്പു പറഞ്ഞതു യഥാർത്ഥ്യമായി.)

33അപ്പോൾ പീലാത്തൊസ് കൊട്ടാരത്തിനു
ള്ളിലേക്കു മടങ്ങിപ്പോയി. അദ്ദേഹം യേശുവി
നെവിളിച്ചു. അദ്ദേഹം യേശുവിനോടു ചോദി
ച്ചു,"നീ യെഹൂദരുടെ രാജാവാണോ?"

34യേശുപറഞ്ഞു, "ഇത് താങ്കളുടെ സ്വന്തം
ചോദ്യമാണോ? അതോ മറ്റാരെങ്കിലും താങ്ക
ളോട് എന്നെപ്പറ്റി പറഞ്ഞതോ?"

35പീലാത്തൊസ്പറഞ്ഞു,"ഞാൻ ഒരു യെഹൂ
ദനല്ല.നിൻെറതന്നെ ആളുകളും മഹാപുരോഹി
തന്മാരും ആണ് നിന്നെപിടിച്ചുകൊണ്ടുവന്ന്
എന്നെ ഏല്പിച്ചത്. എന്താണു നിൻെറമേലുള്ള
ആരോപണം?"

36യേശുപറഞ്ഞു, "എൻെറ രാജ്യം ഈ ലോക
ത്തിൻേറതല്ല.അത് ഈ ലോകത്തിൻേറത് ആയി
രുന്നുവെങ്കിൽ ഞാൻ യെഹൂദരുടെ കയ്യിൽ
ഏല്പിക്കപ്പെടാതിരിക്കാൻ എൻെറ ദാസന്മാർ
പൊരുതുമായിരുന്നു. എന്നാൽ എൻെറ രാജ്യം
മറ്റൊരിടത്തു നിന്നുമാണ്."

37പീലാത്തൊസ് പറഞ്ഞു, "അപ്പോൾ നീ
യൊരുരാജാവാണ്." യേശു പറഞ്ഞു, "ഞാൻ
രാജാവാണെന്നു താങ്കൾ പറയുന്നു. അതു
ശരിയാണ്. ഞാൻ ജനിച്ചത് ഇതിനാണ്: സത്യം
ജനങ്ങളെ സാക്ഷ്യപ്പെടുത്താൻ. അതിനാണു
ഞാനീ ലോകത്തിൽവന്നത്. സത്യത്തിൽ നിന്നു
ള്ളവരെല്ലാം എന്നെ ശ്രവിക്കുന്നു."

38പീലാത്തൊസ് ചോദിച്ചു, "എന്താണു സ
ത്യം?"അതു ചോദിച്ചശേഷം പീലാത്തൊസ് പു
റത്ത് യെഹൂദരുടെ അടുത്തേക്കു മടങ്ങിപ്പോയി.
പീലാത്തൊസ് അവരോടു പറഞ്ഞു, "അയാൾ
ക്കെതിരെചാർത്താൻ ഒരു കുറ്റവും ഞാൻ കാണു
ന്നില്ല.39എന്നാൽ പെസഹ ദിവസം ഒരു തടവു
കാരനെ വിട്ടയയ്ക്കുന്ന ചടങ്ങ് നിങ്ങൾക്കുണ്ട്.
യെഹൂദരുടെ ഈ രാജാവിനെ ഞാൻ സ്വതന്ത്ര
നാക്കട്ടേ?"

40യെഹൂദർ വിളിച്ചുപറഞ്ഞു,"വേണ്ട, അവ
നെ വേണ്ട. ബറബ്ബാസിനെ വിട്ടയയ്ക്കുക."
(ബറബ്ബാസ് ഒരു കള്ളനായിരുന്നു.)

19 അപ്പോൾ യേശുവിനെ കൊണ്ടുപോയി
ചാട്ടയടി നൽകുവാൻ പീലാത്തൊസ് ക

ല്പന നൽകി.2ഭടന്മാർ മുള്ളുകൊമ്പുകൾ കൊണ്ട്
ഒരു കിരീടമുണ്ടാക്കി അത് യേശുവിൻെറ തല
യിൽ ചാർത്തി. അവരവനെ ഒരു നീളൻ ചെങ്കു
പ്പായം അണിയിച്ചു.3അവർപലവട്ടം അവൻെറ
യടുത്ത്വന്ന് “യെഹൂദരുടെ രാജാവേ വന്ദനം!”
എന്നു വിളിക്കുകയും യേശുവിൻെറ മുഖത്ത്
ഇടിക്കുകയും ചെയ്തു.
4പീലാത്തോസ് വീണ്ടും പുറത്തേക്കുവന്ന്
യെഹൂദരോടുപറഞ്ഞു,“നോക്കൂ, ഞാൻഇവനെ
പുറത്തേക്കു കൊണ്ടുവരുന്നു. ഇവനെതിരെ കു
റ്റമൊന്നും ആരോപിക്കാൻ ഞാൻ കാണുന്നില്ലെ
ന്നറിയിക്കാനാണത്.” 5അപ്പോൾമുൾക്കിരീടവും
ചുവപ്പുമേലങ്കിയും ധരിച്ച യേശു പുറത്തുവ
ന്നു.പീലാത്തോസ് യെഹൂദരോട് പറഞ്ഞു, “ഇ
താ അവൻ.”
6മഹാപുരോഹിതന്മാരും യെഹൂദാ കാവൽ
ക്കാരും അവനെക്കണ്ടപ്പോൾ വിളിച്ചുകൂകി, “അ
വനെക്രൂശിക്കുക! അവനെ ക്രൂശിക്കുക!” പക്ഷേ
പീലാത്തോസ് പറഞ്ഞു, “നിങ്ങൾ തന്നെ കൊ
ണ്ടുപോയി അവനെക്രൂശിക്കുക. അവനെതിരെ
ചാർത്താൻ കുറ്റമൊന്നും ഞാൻ കാണുന്നില്ല.”
7യെഹൂദർ പറഞ്ഞു, “സ്വയം ദൈവപുത്രനെ
ന്നു വിശേഷിപ്പിക്കുന്ന ഇവൻ മരിക്കണമെന്നു
പറയുന്ന ഒരു ന്യായപ്രമാണം ഞങ്ങൾക്കുണ്ട്.”
8ഇതുകേട്ട് പീലാത്തോസ് കൂടുതൽ ഭയന്നു.
9അയാൾവീണ്ടുംകൊട്ടാരത്തിനുള്ളിലേക്കു പോ
യി. അയാൾയേശുവിനോടുചോദിച്ചു, “നീ എ
വിടെ നിന്നുവരുന്നു?” എന്നാൽ യേശു മറുപടി
യൊന്നും പറഞ്ഞില്ല.10“നീയെന്നോടു സംസാ
രിക്കില്ലേ? എനിക്കുനിന്നെ വിട്ടയയ്ക്കാനുള്ള
അധികാരമുണ്ടെന്നോർക്കുക. നിന്നെ ക്രൂശിക്കാ
നുള്ളതും.”11യേശുമറുപടിപറഞ്ഞു,“ദൈവം നി
ന്നെഏല്പിച്ചിട്ടുള്ള അധികാരമേനിനക്ക് എൻെറ
മേൽഉള്ളൂ. അതിനാൽ എന്നെനിന്നെ ഏല്പിച്ച
വൻ കൂടുതൽ പാപത്താൽ കുറ്റവാളിയാണ്.”
12അതിനുശേഷം പീലാത്തോസ് യേശുവി
നെ മോചിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ യെഹൂദർ
വിളിച്ചു പറഞ്ഞു, “സ്വയം രാജാവാകുന്നവൻ
കൈസർക്കെതിരാണ്. അതിനാൽ അവനെ താ
ങ്കൾ വിട്ടയച്ചാൽ താങ്കൾ കൈസറിൻെറ ശത്രു
വാകും.”
13യെഹൂദർ പറഞ്ഞത് പീലാത്തോസ് കേട്ടു.
അയാൾ യേശുവിനെ പുറത്തുകൊണ്ടുവന്നു.
പീലാത്തോസ് കൽത്തളത്തിലെ (ഇതിന്എ
ബ്രായഭാഷയിൽ ഗബ്ബഥാ എന്നുപറയും) ന്യാ
യാസനത്തിൽ ഇരുന്നു. 14പെസഹാവാരത്തി
ൻെറ തയ്യാറെടുപ്പു ദിനം ഉച്ചയോടടുത്തിരുന്നു.
പീലാത്തോസ് യെഹൂദരോടു പറഞ്ഞു, “ഇതാ
നിങ്ങളുടെ രാജാവ്!”
15യെഹൂദർ വിളിച്ചുപറഞ്ഞു,“അവനെ കൊ
ണ്ടുപോകുക! അവനെ കൊണ്ടുപോകുക! അവ
നെ ക്രൂശിക്കുക!”പീലാത്തോസ് യെഹൂദരോട്
ചോദിച്ചു,“നിങ്ങളുടെ രാജാവിനെ ക്രൂശിക്കാ
നാണോ എന്നോടാവശ്യപ്പെടുന്നത്?” മഹാപു
രോഹിതന്മാർ മറുപടി പറഞ്ഞു,“ഞങ്ങളുടെ
ഏകരാജാവ് കൈസറാണ്.”
16അതുകൊണ്ട് പീലാത്തോസ് യേശുവിനെ
ക്രൂശിക്കാൻ അവരെ ഏല്പിച്ചു.

യേശുവിനെ ക്രൂശിക്കുന്നു
(മത്താ. 27:32-44; മർക്കൊ. 15:21-32;
ലൂക്കൊ. 23:26-43)

ഭടന്മാർ യേശുവിനെ കൊണ്ടുപോയി. 17യേ
ശു സ്വന്തം ക്രൂശു ചുമന്നിരുന്നു. “തലയോടിടം”
എന്നറിയപ്പെടുന്ന (യെഹൂദ ഭാഷയിൽ “ഗോൽ
ഗോഥാ”) സ്ഥലത്തേക്കവൻപോയി. 18അവിടെ
യവർ യേശുവിനെ കുരിശിൽ ചേർത്ത് ആണി
യടിച്ചു. അവർ മറ്റുരണ്ടുപേരെക്കൂടി ക്രൂശിച്ച്
അവൻെറ ഇരുവശത്തുമായി സ്ഥാപിച്ചു. യേ
ശു മദ്ധ്യത്തിലായിരുന്നു. 19പീലാത്തോസ് ഒരട
യാളമെഴുതി കുരിശിൽചാർത്തി. അടയാളം ഇ
ങ്ങനെയായിരുന്നു: “നസറെത്തിലെ യേശു യെ
ഹൂദരുടെ രാജാവ്.”20എബ്രായഭാഷയിലും, റോ
മ, യവന ഭാഷകളിലും അതെഴുതപ്പെട്ടിരുന്നു.
യേശുവിനെ ക്രൂശിച്ചത് നഗരത്തോടടുത്ത സ്ഥ
ലമായിരുന്നതിനാൽ അനേകം യെഹൂദർ അതു
വായിച്ചു.21യെഹൂദ മഹാപുരോഹിതന്മാർ പീ
ലാത്തോസിനോടു പറഞ്ഞു,“‘യെഹൂദരുടെ രാ
ജാവാണ് എന്നെഴുതേണ്ട’ എന്നാൽ ഞാൻ യെ
ഹൂദരുടെ രാജാവാണെന്ന് ഇയാൾപറയുന്നു എ
ന്നെഴുതുക.”
22പീലാത്തോസ് മറുപടിപറഞ്ഞു, എഴുതിയ
തു ഞാൻ തിരുത്തുകയില്ല.”
23യേശുവിനെ കുരിശിൽ തറച്ചശേഷം ഭടന്മാ
ർ അവൻെറ വസ്ത്രങ്ങൾ ഊരിയെടുത്തു. അതി
നെനാലായിപകുത്തു. ഓരോഭടനും ഓരോ ഭാ
ഗമെടുത്തു. അവൻെറ അടിക്കുപ്പായവും അവർ
എടുത്തു. ആ കുപ്പായം തയ്യലില്ലാത്തതും അടി
മുടിനെയ്തതുമായ ഒരു കഷണമായിരുന്നു. 24അ
തുകൊണ്ട് പട്ടാളക്കാർ പരസ്പരംപറഞ്ഞു, “ഇ
തുനമുക്കു കീറണ്ട, നറുക്കിട്ട് ആർക്കെടുക്കണമെ
ന്ന് തീരുമാനിക്കാം.” തിരുവെഴുത്തിലെഴുതിയി
ട്ടുള്ളത് യാഥാർത്ഥ്യമാകുവാനാണങ്ങനെ സംഭ
വിച്ചത്:

“എൻെറ വസ്ത്രങ്ങൾ അവർ വീതം വെച്ചു.
എൻെറ ഉടുപ്പിനായി അവർ നറുക്കിട്ടു.”
സങ്കീർത്തനങ്ങൾ 22:18

അതിനാൽ ഭടന്മാരങ്ങനെ ചെയ്തു.
25കുരിശിനരികിൽ യേശുവിൻെറ അമ്മയും
അവൻെറ അമ്മയുടെ സഹോദരിയും നിൽക്കു
ന്നുണ്ടായിരുന്നു. ക്ലെയോപ്പാവിൻെറ ഭാര്യ മറി
യയും മഗ്ദലക്കാരി മറിയയും അവരോടൊത്തു
ണ്ടായിരുന്നു.26യേശു തൻെറഅമ്മയെ കണ്ടു. താ
ൻസ്നേഹിച്ച ശിഷ്യനും അവിടെ നിൽക്കുന്നത്
യേശു കണ്ടു. അവൻ അമ്മയോടുപറഞ്ഞു,
“സ്ത്രീയേ, ഇതാ നിൻെറ മകൻ. ”27അനന്തരം
യേശു തൻെറശിഷ്യനോടു പറഞ്ഞു,“ഇതാ നി
ൻെറ അമ്മ.”അതിനാൽ അതിനുശേഷം ആ ശി
ഷ്യൻ യേശുവിൻെറ അമ്മയെ തൻെറ വീട്ടിൽ
താമസിപ്പിച്ചു.

യേശു മരിക്കുന്നു
(മത്താ. 27:45-56; മർക്കൊ. 15:33-41;
ലൂക്കൊ. 23:44-49)

28പിന്നീട്, എല്ലാം ചെയ്തുകഴിഞ്ഞു എന്ന്
യേശു അറിഞ്ഞു. തിരുവെഴുത്ത് യാഥാർത്ഥ്യമാ
കാൻ അവൻ പറഞ്ഞു, “എനിക്കു ദാഹിക്കുന്നു.”
29അവിടെ വിനാഗിരി നിറച്ച ഒരു ഭരണിയുണ്ടാ
യിരുന്നു. ഭടന്മാർ അതിൽ ഒരുനീർപ്പഞ്ഞിമുക്കി.
നീർപ്പഞ്ഞി ഒരു ഈസോപ്പുകമ്പിൽ കെട്ടി വ
ച്ച് യേശുവിൻെറ വായിലേക്കടുപ്പിച്ചു. 30യേശു
വിനാഗിരി നുണഞ്ഞു. എന്നിട്ടവൻ പറഞ്ഞു,
“എല്ലാം പൂർത്തിയായി.” യേശു തൻെറ തലകു
നിച്ചു, മരിച്ചു.
31ഈസമയം തയ്യാറെടുപ്പു ദിവസമായിരുന്നു.
പിറ്റേന്ന് ഒരു വിശേഷപ്പെട്ട ശബ്ബത്തും ആയിരു
ന്നു.ശബ്ബത്തുദിവസം ശരീരങ്ങൾ കുരിശിൽ കി

ടക്കുന്നത് യെഹൂദർ ഇഷ്ടപ്പെട്ടിരുന്നില്ല. അതി
നാൽ അവരുടെ കാലുകൾഒടിച്ച് താമസിയാ
തെ അവർ മരിക്കാൻ ഇടയാക്കാൻ യെഹൂദർ
പീലാത്തൊസിനോടഭ്യർത്ഥിച്ചു. എന്നിട്ട് ശരീ
രങ്ങൾ കുരിശിൽ നിന്ന് ഇറക്കാനും അപേക്ഷി
ച്ചു. **32**ഭടന്മാർവന്ന് യേശുവിനോടൊപ്പം ക്രൂശി
ക്കപ്പെട്ടിരുന്ന ഒരുവന്റെ കാലുകൾഒടിച്ചു. എ
ന്നിട്ട് രണ്ടാമന്റെയും കാലുകൾ ഒടിച്ചു.
33യേശുവിനെ സമീപിച്ച ഭടന്മാർ, അവൻ മരി
ച്ചു കഴിഞ്ഞതായി കണ്ടു. അതിനാൽ അവർ
അവന്റെ കാലുകൾ ഒടിച്ചില്ല. **34**എന്നാൽ ഭട
ന്മാരിലൊരുവൻ തന്റെ കുന്തം കൊണ്ട് യേശു
വിന്റെ പള്ളയിൽകുത്തി. ചോരയും വെള്ള
വും പുറത്തുചാടി. **35**(അതുനേരിൽ കണ്ട
ഒരുവൻ പറഞ്ഞിരിക്കുന്നു. നിങ്ങളും വിശ്വസി
ക്കുന്നതിനുവേണ്ടിയാണ് അവനിതു പറഞ്ഞത്.
അയാൾ പറഞ്ഞതെല്ലാം സത്യമാകുന്നു. സത്യ
മാണു താൻ പറയുന്നതെന്ന് അയാൾക്കറിയാ
മായിരുന്നു.)

36തിരുവെഴുത്ത് സത്യമാവാൻ വേണ്ടിയാണി
ങ്ങനെ സംഭവിച്ചത്: “അവന്റെ എല്ലുകളൊ
ന്നും ഒടിക്കപ്പെടുകയില്ല.”* **37**മറ്റൊരു തിരുവെഴു
ത്തു പറയുന്നു, “തങ്ങൾ കുത്തിയവനെ അവർ
നോക്കും.”*

യേശുവിനെ സംസ്കരിക്കുന്നു

(മത്താ. 27: 57-61; മർക്കൊ. 15:42-47;
ലൂക്കൊ. 23:50-56)

38പിന്നീട് അരിമഥ്യായിൽ നിന്നും വന്ന യോ
സേഫ് എന്നൊരാൾ പീലാത്തൊസിനോട് യേ
ശുവിന്റെ ശരീരം ആവശ്യപ്പെട്ടു. (യോസേഫ്
യേശുവിന്റെ ഒരു ശിഷ്യനായിരുന്നു. എന്നാൽ
യെഹൂദരെ ഭയപ്പെട്ടതിനാൽ അയാളിക്കാര്യം
ആരോടും പറഞ്ഞില്ല.) പീലാത്തൊസ് അനുവ
ദിച്ചു. **39**നിക്കൊദേമൊസും യോസേഫിനെ അ
നുഗമിച്ചു. ഒരു രാത്രിയിൽ യേശുവിനെ
കാണാൻ വന്നവനാണ് നിക്കൊദേമൊസ്. അ
യാളുടെ കൈയിൽ നൂറു റാത്തൽ സുഗന്ധദ്ര
വ്യമുണ്ടായിരുന്നു. മീറായും അകിലും ചേർന്ന
ഒരു സുഗന്ധക്കൂട്ടായിരുന്നു അത്. **40**അവരിരു
വരും ചേർന്ന് യേശുവിന്റെശരീരം ചുമന്നു.
അവർ മൃതദേഹം നേർമ്മയുള്ള തുണികളിൽ
പൊതിഞ്ഞു. (ഇത് യെഹൂദരുടെ ശവസംസ്കാ
രരീതിയിലൊന്നാണ്.) **41**യേശു ക്രൂശിക്കപ്പെട്ടിട
ത്ത് ഒരു തോട്ടമുണ്ടായിരുന്നു. അവിടെ ഒരു
പുതിയ കല്ലറയും. അവിടെ മുമ്പ് ആരെയും
സംസ്ക്കരിച്ചിട്ടില്ല. **42**അവർ യേശുവിനെ ആ
കല്ലറയിൽ അടക്കി. കാരണം ആ കല്ലറ സമീപ
ത്തുള്ളതായിരുന്നു. മാത്രവുമല്ല, അത് യെഹൂദ
രുടെ ശബ്ബത്തിന്റെ ഒരു ദിവസം കൂടിയാ
യിരുന്നു.

യേശുവിന്റെ കല്ലറ ശൂന്യം

(മത്താ. 28:1-10; മർക്കൊ. 16:1-8; ലൂക്കൊ. 24:1-12)

20 ആഴ്ചയിലെ ആദ്യത്തെ ദിവസം പുലർ
ച്ചെ മഗ്ദലക്കാരിമറിയയേശുവിന്റെ ക
ല്ലറയിലേക്കുപോയി. അപ്പോൾ ഇരുട്ടായിരുന്നു.
വാതിൽക്കൽ അടച്ചിരുന്ന വലിയകല്ല് തള്ളിമാ
റ്റപ്പെട്ടിരുന്നു.**2**അതുകണ്ട് മറിയശിമോൻ പത്രൊ
സിന്റെയും മറ്റേ ശിഷ്യന്റെയും (യേശു വളരെ
സ്നേഹിച്ചിരുന്നവൻ)അടുത്തേക്ക് ഓടി. മറിയ
പറഞ്ഞു,“അവർ കർത്താവിനെ കല്ലറയിൽനി
ന്നും കൊണ്ടുപോയി. എവിടെയാണവനെ വെ
ച്ചതെന്നറിഞ്ഞു കൂടാ.”

3അതുകൊണ്ട് പത്രൊസും മറ്റേശിഷ്യനും കല്ല
റയിലേക്കു പുറപ്പെട്ടു. **4**ഇരുവരും ഓടുകയായി
രുന്നുവെങ്കിലും മറ്റേശിഷ്യൻ പത്രൊസിനെക്കാ
ൾവേഗത്തിൽ ഓടി.**5**അതിനാൽ അയാൾ ആദ്യം
കല്ലറയിലെത്തി. അയാൾ കുനിഞ്ഞ് അകത്തേ
ക്കുനോക്കി. നേർമ്മയുള്ള തുണികഷണങ്ങളവി
ടെ ചിതറിക്കിടക്കുന്നതു കണ്ടെങ്കിലും അയാൾ
അകത്തേക്കു കയറിയില്ല. **6**അപ്പോൾ ശിമോൻ
പത്രൊസ് അയാൾക്കു പിന്നിലെത്തി. പത്രൊ
സ് കല്ലറയ്ക്കുള്ളിലേക്കു കടന്നു. അവിടെ നേർ
മ്മയുള്ള തുണിക്കഷണങ്ങൾ ചിതറിക്കിടക്കുന്ന
ത് അയാൾകണ്ടു.**7**യേശുവിന്റെ തലയിൽ കെ
ട്ടിയിരുന്ന തുണിയും അയാൾ കണ്ടു. അതാകട്ടെ
ചുരുട്ടി മറ്റൊരിടത്തിരിക്കുന്നതാണ് കണ്ടത്. **8**അ
പ്പോൾ മറ്റേശിഷ്യനും അകത്തുകടന്നു. അയാളാ
യിരുന്നു കല്ലറയ്ക്കടുത്ത് ആദ്യംവന്നത്. സംഭവി
ച്ചതൊക്കെ കണ്ട് അയാൾ വിശ്വസിച്ചു. **9**(യേ
ശു ഉയിർത്തെഴുന്നേൽക്കണമെന്നു തിരുവെഴു
ത്തുകളിലെഴുതിയിരിക്കുന്നത് അവർ ഒരിക്കലും
മനസ്സിലാക്കിയിരുന്നില്ല.)

യേശു മഗ്ദല മറിയയ്ക്കു പ്രത്യക്ഷപ്പെടുന്നു

(മർക്കൊ. 16:9-11)

10അനന്തരം ശിഷ്യന്മാർ ഇരുവരും തങ്ങളുടെ
വീടുകളിലേയ്ക്കു മടങ്ങി.**11**പക്ഷേ മറിയ കല്ലറ
യ്ക്കുവെളിയിൽ കരഞ്ഞു കൊണ്ടു നിന്നു. കര
യുന്നതിനിടയിൽ അവൾകുനിഞ്ഞ് അകത്തേ
ക്കുനോക്കി. **12**വെള്ളവസ്ത്രം ധരിച്ച രണ്ടുദൂത
ന്മാരെഅവൾ അവിടെകണ്ടു. യേശുവിന്റെ ശ
രീരം ഇരുന്നിടത്ത് അവരിരുന്നിരുന്നു. ഒരു ദൂതൻ
യേശുവിന്റെ തലയിരുന്നിടത്തും ഒരുദൂതൻ യേ
ശുവിന്റെപാദം ഇരുന്നിടത്തും ഇരുന്നു.

13ദൂതന്മാർ മറിയയോടു ചോദിച്ചു, “സ്ത്രീ
യേനീയെന്തിനാണു കരയുന്നത്?” മറിയ മറുപ
ടിപറഞ്ഞു,“ചിലർ എന്റെ കർത്താവിന്റെ ശ
രീരം എടുത്തുകൊണ്ടുപോയി. അവരവനെ എ
വിടെവെച്ചു എന്നെനിക്കറിയില്ല.”**14**മറിയഅതു
പറഞ്ഞുതീർന്നപ്പോൾ യേശുമുമ്പിൽ നിൽക്കു
ന്നത് അവൾ കണ്ടു. എന്നാൽ അത് യേശുവാ
ണെന്ന് അവൾക്കറിയുമായിരുന്നില്ല.

15യേശു അവളോടുചോദിച്ചു,“സ്ത്രീയേ എ
ന്തിനാണ് നീ കരയുന്നത്? ആരെയാണ് നീ
തേടുന്നത്?” ഇതു തോട്ടക്കാരനാണെന്നു മറിയ
കരുതി. എന്നിട്ടവൾ ചോദിച്ചു, “നിങ്ങൾ അവ
നെ കൊണ്ടുപോയിട്ടുണ്ടെങ്കിൽ പറയൂനിങ്ങൾ
എവിടെയാണ് അവനെവെച്ചിട്ടുള്ളത്, അ
പ്പോൾ എനിക്ക് അവിടെപ്പോയി അവനെ
എടുക്കാം.”

16യേശു അവളെ വിളിച്ചു, “മറിയേ.” മറിയ
യേശുവിനു നേർക്കുതിരിഞ്ഞു യെഹൂദ ഭാഷ
യിൽ പറഞ്ഞു, “റബ്ബോനി!” (“ഗുരു” എന്ന്
അർത്ഥം.)

17അപ്പോൾ യേശു അവളോടു പറഞ്ഞു, “എ
ന്നെ പിടിച്ചുനിർത്തരുത്. ഞാനിതുവരെ പിതാ
വിന്റെ അടുക്കലേക്കു പോയില്ല. നീ എന്റെ
സഹോദരന്മാരുടെ അടുത്തുചെന്ന് ഇങ്ങനെ
പറയുക: ‘ഞാൻ എന്റെ പിതാവിന്റെയും
നിങ്ങളുടെ പിതാവിന്റെയും അടുത്തേയ്ക്കു
പോകുന്നു. ഞാൻ എന്റെ ദൈവത്തിന്റെയും
നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്കു
പോകുന്നു.’”

“അവന്റെ ... ഒടിക്കപ്പെടുകയില്ല” ഉദ്ധരണി പുറ. 12:46; സംഖ്യ. 9:12; സങ്കീ. 34:20

“തങ്ങൾ ... നോക്കും.” ഉദ്ധരണി സെഖ. 12:10

18മഗ്ദലമറിയ ശിഷ്യന്മാരുടെയടുത്തു ചെന്നു
പറഞ്ഞു, “കർത്താവിനെ ഞാൻ കണ്ടു. ”യേശു
അവളോടു പറഞ്ഞതെല്ലാം അവൾ അവരോടു
പറഞ്ഞു.

യേശു തൻെറ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു

(മത്താ. 28:16-20; മർക്കൊ. 16:14-18; ലൂക്കൊ. 24:36-49)

19അന്ന് ആഴ്ചയിലെ ആദ്യത്തെദിവസമായി
രുന്നു. വൈകുന്നേരം ശിഷ്യന്മാർ ഒത്തു ചേർന്നി
രുന്നു.യെഹൂദന്മാരെ ഭയന്ന് അവർ കതക് അട
ച്ചുകുറ്റിയിട്ടിരുന്നു. അപ്പോൾ യേശുവന്ന് അവ
രുടെഇടയിൽ നിന്നു. യേശു പറഞ്ഞു,“നിങ്ങൾ
ക്ക് സമാധാനം!” 20ഇതുപറഞ്ഞിട്ട് അവൻ ശിഷ്യ
ന്മാരെ തൻെറകൈകളും പാർശ്വവും കാണിച്ചു.
കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ വളരെ
സന്തോഷിച്ചു.

21അപ്പോൾ യേശുവീണ്ടുംപറഞ്ഞു, “നിങ്ങൾ
ക്കു സമധാനം. പിതാവ് എന്നെ അയച്ചു. അതു
പോലെ ഞാൻ നിങ്ങളെയും അയയ്ക്കുന്നു.”
22ഇതുപറഞ്ഞിട്ട് യേശു ശിഷ്യന്മാരുടെമേൽ ഊ
തി.യേശു പറഞ്ഞു, “പരിശുദ്ധാത്മാവിനെ
സ്വീകരിക്കുക. 23നിങ്ങൾ ആളുകളുടെ പാപ
ങ്ങൾ പൊറുത്താൽ അവരുടെ പാപങ്ങൾ പൊ
റുക്കപ്പെടും. നിങ്ങൾ പൊറുക്കാതിരുന്നാൽ
അവരിൽ പാപങ്ങൾ നിലനിൽക്കും.”

യേശു തോമാസിനു പ്രത്യക്ഷപ്പെടുന്നു

24യേശുവന്നപ്പോൾ തോമസ് എന്നു വിളിക്കു
ന്ന ദിദിമൊസ് ശിഷ്യന്മാരോടൊപ്പമുണ്ടായിരു
ന്നില്ല. പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായിരു
ന്നുതോമസ്.25മറ്റു ശിഷ്യന്മാർ “ഞങ്ങൾ കർത്താ
വിനെകണ്ടു.” എന്നവനോടു പറഞ്ഞു.തോമസ്
പറഞ്ഞു,“അവൻെറ കൈകളിലെ ആണിത്തുള
കൾ കാണാതെ ഞാനിതു വിശ്വസിക്കില്ല. അവ
ൻെറ ആണിപ്പഴുതുകളിൽ എൻെറ വിരലിടുക
യും പാർശ്വത്തിൽ കൈവയ്ക്കുകയും ചെയ്യാ
തെ ഞാനിതു വിശ്വസിക്കയില്ല.”

26ഒരാഴ്ചയ്ക്കു ശേഷം അവൻെറ ശിഷ്യന്മാർ
വീണ്ടും വീട്ടിലിരിക്കുകയായിരുന്നു. തോമസും
അവരോടൊപ്പം ഉണ്ടായിരുന്നു. കതകുകൾ അട
ച്ചിരുന്നുവെങ്കിലും യേശു അവരുടെമുമ്പിൽ വ
ന്നുനിന്നു. എന്നിട്ടുപറഞ്ഞു,“നിങ്ങൾക്കു സമാ
ധാനം!”27അപ്പോൾ യേശു തോമസിനോടു പറ
ഞ്ഞു,“നിൻെറ വിരൽ ഇതാ ഇവിടെ കടത്തുക.
ഇതാ എൻെറ കൈകൾ. നിൻെറ കൈകൾ
എൻെറ പള്ളയിൽ വയ്ക്കുക. സംശയം അവ
സാനിപ്പിച്ച് വിശ്വസിക്കുക.”

28തോമസ് യേശുവിനോടു പറഞ്ഞു,“എൻെറ
കർത്താവേ എൻെറ ദൈവമേ!”

29യേശു തോമസിനോടുപറഞ്ഞു,“എന്നെ ക
ണ്ടതുകൊണ്ട് നീ വിശ്വസിച്ചു. എന്നെ കാണാ
തെ തന്നെ വിശ്വസിക്കുന്നവർ ഏറെ അനുഗ്ര
ഹീതർ.”

യോഹന്നാൻ എന്തിന് ഈ സുവിശേഷം എഴുതി

30യേശു ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ പ
ല അത്ഭുതപ്രവൃത്തികളും കാണിച്ചു. അവ ഈ
സുവിശേഷത്തിൽ എഴുതിയിട്ടില്ല.31യേശു ദൈ
വപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വി
ശ്വസിക്കാനാണ് ഈ കാര്യങ്ങൾ എഴുതപ്പെട്ടത്.
വിശ്വാസത്തിലൂടെ അവൻെറ നാമത്തിൽ ജീ
വൻ കിട്ടുന്നതിനും.

ഏഴു ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷപ്പെടുന്നു

21 പിന്നീട് തിബെര്യാസ് (ഗലീല) കടൽപ്പു
റത്തുവച്ച് യേശു വീണ്ടും ശിഷ്യന്മാർക്കു
പ്രത്യക്ഷപ്പെട്ടു. ഇങ്ങനെയാണതു സംഭവിച്ചത്:
2ചില ശിഷ്യന്മാർ അവിടെ കൂടിയിരുന്നു. ശി
മോൻപത്രൊസ്, തോമസ് എന്നുവിളിക്കുന്ന ദി
ദിമൊസ്, ഗലീലയിലെ കാനക്കാരനായ നഥന
യേൽ, സെബെദിയുടെ രണ്ടു പുത്രന്മാർ കൂടാ
തെ മറ്റു രണ്ടുശിഷ്യന്മാരും. 3ശിമോൻ പത്രൊസ്
പറഞ്ഞു,“ഞാൻ മീൻ പിടിക്കാൻ പോകുന്നു.”
മറ്റുശിഷ്യന്മാർ പറഞ്ഞു,“ഞങ്ങളും നിന്നോടൊ
ത്തുവരുന്നു. ”അവർ ഒരുവഞ്ചിയിൽ കയറിപ്പോ
യി. ആ രാത്രി മുഴുവൻ വലയെറിഞ്ഞുവെങ്കി
ലും ഒന്നിനേയും കിട്ടിയില്ല.

4പിറ്റേന്ന് പുലർച്ചെയ്ക്ക് യേശുതീരത്തു നി
ന്നു. എന്നാൽ അത് യേശുവാണെന്ന് ശിഷ്യന്മാർ
അറിഞ്ഞില്ല. 5അപ്പോൾ യേശു ശിഷ്യന്മാരോടു
ചോദിച്ചു,“സ്നേഹിതരേ നിങ്ങൾക്കു മീൻ വല്ല
തും കിട്ടിയോ?” ശിഷ്യന്മാർ പറഞ്ഞു, “ഇല്ല.”
6യേശു പറഞ്ഞു,“നിങ്ങളുടെ വഞ്ചിയുടെ വ
ലതു വശത്തു വലയെറിയുക. അവിടെ നിന്നു
നിങ്ങൾ മീൻപിടിക്കും. ”ശിഷ്യന്മാർ അങ്ങനെ
ചെയ്തു. അവർക്കു വലവലിച്ചെടുക്കാൻ പറ്റാ
ത്തവിധം മത്സ്യം വലയിൽ കുരുങ്ങി. 7യേശു
സ്നേഹിച്ചിരുന്നശിഷ്യൻ പത്രൊസിനോടു പ
റഞ്ഞു, “ആ മനുഷ്യൻ കർത്താവാണ്.” അയാൾ
പറയുന്നതു പത്രൊസ്കേട്ടു.“ആ മനുഷ്യൻ കർ
ത്താവാണ്.” അപ്പോൾതന്നെ പത്രൊസ് വസ്ത്ര
മെടുത്തിട്ടു. (ജോലിചെയ്യാൻ വസ്ത്രമഴിച്ചു വ
ച്ചിരിക്കുകയായിരുന്നു.) അവൻ വെള്ളത്തിലേ
ക്കെടുത്തുചാടി. 8മറ്റുശിഷ്യന്മാർ വഞ്ചിയിൽ
തന്നെ തീരത്തേക്കു പോയി. മീൻ നിറഞ്ഞവല
യും വലിച്ചുകൊണ്ട്. അവർ തീരത്തുനിന്നും
വെറും നൂറുവാരമാത്രം അകലെയായിരുന്നു.
9അവർ വഞ്ചിയിൽനിന്ന് കരയ്ക്കിറങ്ങിയ
പ്പോൾ തീക്കനൽ കൂട്ടിയിരിക്കുന്നതു കണ്ടു.
ഏതാനും മീനും അപ്പവും അതിന്മേൽ വച്ചിരു
ന്നു. 10അപ്പോൾ യേശു പറഞ്ഞു,“നിങ്ങൾ പിടി
ച്ചതിൽ കുറെ മീൻ കൂടി കൊണ്ടുവരിക.”

11ശിമോൻപത്രൊസ് വഞ്ചിയിൽ ചെന്ന് മീൻ
നിറഞ്ഞവലകരയ്ക്കടുപ്പിച്ചു. അതുനിറയെ വ
ലിയമീനായിരുന്നു. നൂറ്റമ്പത്തിമൂന്നെണ്ണം.
മീനിന് വലിയഭാരം ഉണ്ടായിരുന്നെങ്കിലും വല
കീറിയിരുന്നില്ല.12യേശു അവരോടു പറഞ്ഞു,
“വന്നു കഴിക്കുക. ”ശിഷ്യന്മാരിലാരും അവ
നോട്, “ആരാണുനീ?” എന്നു ചോദിക്കാൻ ധൈ
ര്യപ്പെട്ടില്ല. കർത്താവാണെന്ന് അവർക്കറിയാ
മായിരുന്നു. 13യേശു ചെന്ന് അപ്പമെടുത്ത് അവ
ർക്കു നൽകി. മീനും യേശു അവർക്ക് കൊടുത്തു.
14മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റിട്ട്
യേശു ഇതു മൂന്നാം തവണയാണ് ശിഷ്യന്മാർക്ക്
പ്രത്യക്ഷപ്പെടുന്നത്.

യേശു പത്രൊസിനോടു സംസാരിക്കുന്നു

15എല്ലാവരും കഴിച്ചുകഴിഞ്ഞപ്പോൾയേശുശി
മോൻ പത്രൊസിനോടു ചോദിച്ചു,“യോഹന്നാ
ൻെറപുത്രനായശിമോനെ, നീ മറ്റുള്ള ഈ
മനുഷ്യരേക്കാൾ കൂടുതൽ എന്നെ സ്നേഹിക്കു
ന്നുണ്ടോ?”പത്രൊസ് മറുപടി പറഞ്ഞു, “ഉവ്വ്,
കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു
വെന്ന് നിനക്കറിയാം. ”അപ്പോൾ യേശു പത്രൊ

സിനോടു പറഞ്ഞു,“എൻെറ കുഞ്ഞാടുകളെ *
മേയ്ക്കുക.”
16യേശു പത്രൊാസിനോടു രണ്ടാമതും ചോദി
ച്ചു,“യോഹന്നാൻെറ പുത്രനായ ശിമോനേ, നീ
എന്നെ സ്നേഹിക്കുന്നുണ്ടോ?” പത്രൊാസ് മറു
പടി പറഞ്ഞു,“ഉവ്വ്, കർത്താവേ, ഞാൻ നിന്നെ
സ്നേഹിക്കുന്നുവെന്ന് നിനക്കറിയാം.” അ
പ്പോൾ യേശു പത്രൊാസിനോടു പറഞ്ഞു,
“എൻെറ ആടുകളെ മേയ്ക്കുക.”
17മൂന്നാമതും യേശു ചോദിച്ചു,“യോഹന്നാ
ൻെറ പുത്രനായ ശിമോനേ, നീയെന്നെ സ്നേ
ഹിക്കുന്നുവോ?”മൂന്നുതവണ യേശു തന്നോടി
ങ്ങനെ ചോദിച്ചതിൽ പത്രൊാസിനു സങ്കട
മായി. പത്രൊാസ് പറഞ്ഞു, “നിനക്കെല്ലാമറിയാ
മല്ലോ കർത്താവേ. ഞാൻ നിന്നെ സ്നേഹിക്കു
ന്നുവെന്നു നിനക്കറിയാം. യേശു പത്രൊാസി
നോടു പറഞ്ഞു,“എൻെറ ആടുകളെ മേയ്ക്കുക.
18ഞാൻനിന്നോടു സത്യമായിപറയാം. ചെറു
പ്പത്തിൽ നീ അരമുറുക്കി ഇഷ്ടമുള്ളിടത്തു പോ
യിരുന്നു.എന്നാൽ വാർദ്ധക്യത്തിൽ നീ കൈ
കൾ നീട്ടുകയും വേറൊരാൾ നിൻെറ അരകെട്ടി
നിനക്കിഷ്ടമില്ലാത്തിടത്തേയ്ക്കു കൊണ്ടുപോ
വുകയും ചെയ്യും.”
19(പത്രൊാസ് എപ്രകാരമുള്ള മരണത്താൽ
ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് യേശു പറ
യുകയായിരുന്നു.) അപ്പോൾ യേശു പത്രൊാസി
നോടു പറഞ്ഞു,“എന്നെ അനുഗമിക്കുക.”
20പത്രൊാസ് തിരിഞ്ഞു നോക്കിയപ്പോൾ യേ
ശു ഏറ്റവും ഇഷ്ടപ്പെട്ടിരുന്ന ശിഷ്യൻ പുറകേ
വരുന്നതു അവൻ കണ്ടു.(ഈ ശിഷ്യനാണ് അ
ത്താഴസമയത്ത് യേശുവിനെതിരെ ചാഞ്ഞു നി
ന്ന് “കർത്താവേ ആരാണു നിനക്കെതിരെ തിരി
യുക?”എന്നുചോദിച്ചത്.) 21അയാൾ പിന്നാലെ
വരുന്നതുകണ്ട് പത്രൊാസ് ചോദിച്ചു, “ഇയാളു
ടെ കാര്യമോ കർത്താവേ?”
22യേശു മറുപടിപറഞ്ഞു, “ഞാൻ വരുന്നതു
വരെ ഇയാൾ ജീവനോടെ ഇരിക്കേണം എന്നെ
നിക്ക് താല്പര്യമുണ്ടാകാം. അതു നീ കാര്യമാക്കേ
ണ്ടതില്ല. നീ എന്നെ അനുഗമിക്കുക.”
23അങ്ങനെ സഹോദരന്മാരുടെ ഇടയിൽ ഒരു
കഥ പ്രചരിച്ചു. യേശു സ്നേഹിച്ച ഈ
ശിഷ്യൻ മരിക്കയില്ല എന്നവർ പറഞ്ഞുപര
ത്തി. എന്നാൽ അവൻ മരിക്കയില്ലെന്ന് യേശു
പറഞ്ഞില്ല, “ഞാൻ വരുംവരെ അവൻ ജീവിച്ചി
രിക്കണമെന്ന് ഞാനാഗ്രഹിച്ചേക്കാം. അതിനു
നിനക്കെന്ത്?” എന്നു മാത്രമേ അവൻ പറ
ഞ്ഞുള്ളൂ.
24ആ ശിഷ്യനാണ് ഇക്കാര്യങ്ങൾ സ്ഥിരീകരി
ച്ചത്. ഇതെല്ലാം ഇപ്പോഴെഴുതിയതും അയാളാ
ണ്. അവൻ പറയുന്നതു സത്യമാണെന്നും നമു
ക്കറിയാം.
25യേശുചെയ്ത ധാരാളം കാര്യങ്ങൾ ഇനിയു
മുണ്ട്. അതെല്ലാം എഴുതപ്പെട്ടുവെങ്കിൽ ഈ
ലോകം മുഴുവനും ആ എഴുതപ്പെട്ട പുസ്തക
ങ്ങൾ വെക്കാൻമതിയാകയില്ല എന്നു ഞാൻ
കരുതുന്നു.

കുഞ്ഞാടുകൾ, ആടുകൾ യേശു തൻെറ അനുയായികൾ എന്ന അർത്ഥത്തിലാണ് ഈ വാക്കുകൾ ഉപയോഗിക്കുന്ന ത്. യോഹ. 10 ലും ഇങ്ങനെ കാണാം.

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ലൂക്കൊസ് മറ്റൊരു ഗ്രന്ഥമെഴുതുന്നു

1 പ്രിയപ്പെട്ട തെയോഫിലൊസേ, യേശു
പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെ
യ്ത എല്ലാ കാര്യങ്ങളെപ്പറ്റിയുമാണ് ഞാൻ
എന്റെ ആദ്യത്തെ ഗ്രന്ഥമെഴുതിയത്. 2യേശു
വിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണംവ
രെയുള്ള ജീവിതത്തെപ്പറ്റിയാണ് ഞാനെഴുതി
യത്. അതിനുമുമ്പ് യേശു താൻ തെരഞ്ഞെടുത്ത
അപ്പൊസ്തലന്മാരോടു നിർദ്ദേശിച്ചിരുന്നുവ
ല്ലോ. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ
യാണ് യേശു അപ്പൊസ്തലന്മാരോട് എല്ലാം
നിർദ്ദേശിച്ചത്. 3മരണത്തിനുശേഷം യേശു
താൻ ജീവിച്ചിരിക്കുന്നുവെന്ന് അപ്പൊസ്തല
ന്മാർക്ക് കാണിച്ചു കൊടുത്തു. ധാരാളം അത്ഭുത
ങ്ങളിൽ കൂടെ അവൻ അതു തെളിയിച്ചു കൊടു
ത്തു. നാല്പതുദിവസത്തോളം അവൻ അവർക്കു
പ്രത്യക്ഷനായി. യേശു അപ്പൊസ്തലന്മാരോടു
ദൈവരാജ്യത്തെപ്പറ്റി പ്രസംഗിച്ചു. 4ഒരിക്കൽ
അവരോടൊത്തു ഭക്ഷിച്ചുകൊണ്ടിരിക്കവെ
യേശു അവർക്കു ഈ ആജ്ഞകൊടുത്തു,
"പിതാവ് നിങ്ങൾക്കു വാഗ്ദാനം നൽകിയതി
നെപ്പറ്റി ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. ആ
വാഗ്ദാനങ്ങൾ സ്വീകരിക്കാൻ യെരൂശലേമിൽ
തന്നെ കാത്തിരിക്കുക. 5യോഹന്നാൻ ആളുക
ളെ വെള്ളത്താൽ സ്നാനം കഴിപ്പിച്ചു, എന്നാൽ
ഏതാനും ദിവസങ്ങൾക്കകം നിങ്ങൾക്കു പരിശു
ദ്ധാത്മാവിനാൽ സ്നാനം ലഭിയ്ക്കും."

യേശുവിന്റെ സ്വർഗ്ഗാരോഹണം

6അപ്പൊസ്തലന്മാരെല്ലാവരും ഒത്തുകൂടിയി
രിക്കെ അവർ യേശുവിനോടു ചോദിച്ചു, "കർ
ത്താവേ, ഇപ്പോഴാണോ യെഹൂദർക്കു നീ അവ
രുടെ രാജ്യം വീണ്ടും നൽകുക?"
7യേശു അവരോടു പറഞ്ഞു, "തീയതിയും
സമയവുമൊക്കെ നിശ്ചയിക്കാൻ അധികാരമു
ള്ളത് പിതാവിനു മാത്രമാണ്, അതൊന്നും നിങ്ങ
ൾക്കറിയാനാവില്ല. 8എന്നാൽ പരിശുദ്ധാത്മാവ്
നിങ്ങളിലേക്ക് വരും. അപ്പോൾ നിങ്ങൾക്കു
ശക്തി ലഭിക്കും. നിങ്ങൾ എന്റെ സാക്ഷിക
ളായി ജനങ്ങളോട് എന്നെപ്പറ്റി പറയും. ആദ്യം
നിങ്ങൾ യെരൂശലേംകാരോടു പറയും. പിന്നീട്
യെഹൂദ്യയിലും ശമര്യയിലും ലോകത്തിന്റെ
ഓരോ ഭാഗങ്ങളിലും ഉള്ള ആളുകളോട് നിങ്ങൾ
പറയും."
9ഇതെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ യേശു
ആകാശത്തേക്ക് ഉയർത്തപ്പെട്ടു. അപ്പൊസ്തല
ന്മാർ നോക്കിനിൽക്കേ യേശു മേഘങ്ങൾക്കിട
യിൽ പോയിമറഞ്ഞു കാണാതായി. 10യേശു
പോയി മറഞ്ഞുകൊണ്ടിരുന്നപ്പോൾ അപ്പൊ
സ്തലന്മാർ ആകാശത്തേക്കു നോക്കിനിൽ
ക്കവേ വെള്ളവസ്ത്രമണിഞ്ഞ രണ്ടു പുരുഷ
ന്മാർ (ദൂതന്മാർ) അവരുടെ അടുത്തുനിന്നു.
11ഇരുവരും അപ്പൊസ്തലന്മാരോടു പറഞ്ഞു,
"ഗലീലാക്കാരേ, നിങ്ങളെന്താണ് ആകാശത്തേ
ക്കുനോക്കി ഇവിടെ നിൽക്കുന്നത്? യേശു നിങ്ങ
ളുടെ ഇടയിൽനിന്നും ആകാശത്തേക്കുയർത്ത
പ്പെടുന്നതു നിങ്ങൾ കണ്ടു. അവൻ പോകുന്ന
തു നിങ്ങൾ കണ്ടതുപോലെതന്നെ അവൻ മട
ങ്ങിവരും."

ഒരു പുതിയ അപ്പൊസ്തലൻ കൂടി തിരഞ്ഞെടുക്കപ്പെട്ടു

12അനന്തരം അപ്പൊസ്തലന്മാർ ഒലീവുമല
യിൽനിന്നും യെരൂശലേമിലേക്ക് മടങ്ങിയെ
ത്തി. (യെരൂശലേമിൽനിന്നും ഒന്നരനാഴിക
അകലെയായിരുന്നു ഈ മല.) 13അപ്പൊസ്ത
ലന്മാർ നഗരത്തിൽ പ്രവേശിച്ചു. അവർ മുക
ളിലത്തെ നിലയിലുള്ള തങ്ങളുടെ വാസസ്ഥ
ലത്തേക്കു കയറി. പത്രൊസ്, യോഹന്നാൻ,
യാക്കോബ്, അന്ത്രെയാസ്, ഫിലിപ്പോസ്, തോ
മസ്, ബർത്തൊലൊമായി, മത്തായി, അൽഫാ
യുടെ പുത്രനായ യാക്കോബ്, സെലട്ട് എന്നും
അറിയപ്പെട്ട എരിവുകാരനായ ശിമോൻ, യാ
ക്കോബിന്റെ പുത്രൻ യൂദാ എന്നിവരായി
രുന്നു അവർ.
14അപ്പൊസ്തലന്മാരെല്ലാവരും ഒത്തുകൂടിയി
രുന്നു. അവർ സമർപ്പണത്തോടെ ഏകമനസ്ക
രായി പ്രാർത്ഥിക്കുകയായിരുന്നു. യേശുവി
ന്റെ അമ്മ മറിയയും അവന്റെ സഹോദര
ന്മാരും മറ്റു ചില സ്ത്രീകളും അവരോടൊത്തു
ണ്ടായിരുന്നു.
15ഏതാനും ദിവസങ്ങൾക്കു ശേഷം അവിടെ
വിശ്വാസികളുടെ ഒരു യോഗം നടന്നു. (നൂറ്റി
രുപതുപേരോളം ഉണ്ടായിരുന്നു.) പത്രൊസ്
എഴുന്നേറ്റുനിന്നു പറഞ്ഞു, 16-17"സഹോദര
ന്മാരേ, ചിലതൊക്കെ സംഭവിക്കുമെന്ന് പരിശു
ദ്ധാത്മാവ് തിരുവെഴുത്തുകളിൽ ദാവീദിലൂടെ
പറഞ്ഞിട്ടുണ്ട്. നമ്മളിൽ ഒരാളും, ശുശ്രൂഷകനു
മായ യൂദയെപ്പറ്റിയായിരുന്നു അവൻ പറഞ്ഞ
ത്. യേശുവിനെ പിടികൂടാൻ അവനെ തടവി
ലാക്കിയവരുടെ വഴി കാട്ടിയായി യൂദാ അവ
രെ നയിക്കുമെന്ന് ആത്മാവു പറഞ്ഞിട്ടുണ്ട്."
18(തന്റെ പ്രവൃത്തിയ്ക്ക് യൂദയ്ക്കു പ്രതിഫല
മായി കുറെ പണം കിട്ടി. ആ പണത്തിന്
അവൻ ഒരു വയൽ വാങ്ങി. പിന്നീട് അവൻ
തലയടിച്ചു വീഴുകയും ശരീരം പൊട്ടിപ്പിളരുക
യും ചെയ്തു. അവന്റെ കുടലുകൾ പുറത്തു
ചാടി. 19യെരൂശലേംകാർ മുഴുവനും അതറി
ഞ്ഞു. അതിനാൽ ആ സ്ഥലത്തെ അവർ അക്ക
ൽദാമ എന്നു വിളിച്ചു. അവരുടെ ഭാഷയിൽ
"രക്തത്തിന്റെ നിലം" എന്നാണ് അക്കൽദാമ
യ്ക്ക് അർത്ഥം.)
20പത്രൊസ് പറഞ്ഞു, "സങ്കീർത്തന പുസ്ത
കത്തിൽ യൂദയെപ്പറ്റി ഇങ്ങനെ എഴുതിയിരി
ക്കുന്നു:

'അയാളുടെ നിലത്തേക്കാരും പോകാതാകട്ടെ;
ആരും അതിൽ വസിക്കാതാകട്ടെ.'

സങ്കീർത്തനങ്ങൾ 69:25

മാത്രവുമല്ല: ‘അവൻെറ ജോലി മറ്റൊരാൾ
ഏറ്റെടുക്കട്ടെ എന്നും എഴുതിയിരിക്കുന്നു.’

സങ്കീർത്തനങ്ങൾ 109:8

21-22അതിനാൽ മറ്റൊരുവൻ നമ്മോടൊപ്പം
ചേരുകയും യേശുവിൻെറ ഉയിർത്തെഴുന്നേ
ല്പിനു സാക്ഷിയാകുകയും വേണം. കർത്താ
വായ യേശു നമ്മോടൊപ്പമുണ്ടായിരുന്ന കാലമ
ത്രയും നമ്മുടെ സംഘത്തിലുണ്ടായിരുന്നവനാ
യിരിക്കണം അയാൾ. യോഹന്നാൻ ജനങ്ങളെ
സ്നാനം കഴിപ്പിച്ചുതുടങ്ങിയനാൾ മുതൽ
യേശു നമുക്കിടയിൽനിന്നും ആകാശത്തേക്കുയ
ർത്തപ്പെട്ടതുവരെയുള്ള നാളുകളിൽ അവൻ
നമ്മോടൊപ്പമുണ്ടായിരുന്നിരിക്കണം.”

23അപ്പൊസ്തലന്മാർ രണ്ടുപേരെ സംഘത്തി
ന്മുന്നിൽ നിറുത്തി. യുസ്തൊസ് എന്നു വിളി
ക്കപ്പെടുന്ന യോസേഫ് ബർശബ്ബായും മത്ഥി
യാസുമായിരുന്നു അവർ. 24-25അപ്പൊസ്തല
ന്മാർ പ്രാർത്ഥിച്ചു, “കർത്താവേ, നിനക്ക് എല്ലാ
വരുടെയും മനസ്സറിയാം. ഈ രണ്ടു പേരിലാരെ
യാണു നീ തെരഞ്ഞെടുക്കുന്നതെന്നു കാട്ടി
യാലും. യൂദാ അതിൽനിന്ന് വിട്ട് തനിക്കർഹ
മായ സ്ഥലത്തേക്കുപോയി. കർത്താവേ, പറ
ഞ്ഞാലും. യൂദയുടെ സ്ഥാനത്ത് അപ്പൊസ്തല
നാകാൻ ആരെ തിരഞ്ഞെടുക്കും?” 26രണ്ടു പേരി
ലൊരാളെ തിരഞ്ഞെടുക്കാൻ അപ്പൊസ്തല
ന്മാർ നറുക്കിട്ടു. മത്ഥിയാസിനെയാണു കർ
ത്താവിനു ആവശ്യമെന്നു നറുക്കെടുപ്പു തെളി
യിച്ചു. അങ്ങനെ അവൻ മറ്റു പതിനൊന്നു
പേരോടൊപ്പം അപ്പൊസ്തലനായി.

പരിശുദ്ധാത്മാവിൻെറ വരവ്

2 പെന്തെകൊസ്തുദിനം വന്നപ്പോൾ അ
പ്പൊസ്തലന്മാർ ഒരിടത്ത് ഒന്നിച്ചു കൂടി.
2പെട്ടെന്ന് ആകാശത്തുനിന്ന് ഒരു ശബ്ദമുണ്ടാ
യി. ഒരു കൊടുങ്കാറ്റു വീശുന്നതുപോലെ. അത
വർ ഇരുന്ന വീടിനെയാകെ മുഖരിതമാക്കി.
3തീജ്വാലകൾ പോലെ അവർ എന്തോ കണ്ടു.
അവ വേർപിരിഞ്ഞ് ഓരോരുത്തരുടെയും മേൽ
വീണു. 4അവരിൽ എല്ലാവരിലും പരിശുദ്ധാ
ത്മാവ് നിറയുകയും അവർ വ്യത്യസ്തഭാഷകൾ
സംസാരിക്കാൻ തുടങ്ങുകയും ചെയ്തു. പരിശു
ദ്ധാത്മാവ് അവർക്കതിനുള്ള കഴിവ് നൽകിയി
രുന്നു.

5ആ സമയം യെരൂശലേമിൽ ഏതാനും ഭക്ത
രായ യെഹൂദർ ഉണ്ടായിരുന്നു. അവർ ലോക
ത്തിൻെറ പല ഭാഗത്തുനിന്നും വന്നവരായി
രുന്നു. 6ശബ്ദംകേട്ട് അനേകംപേർ അവിടെ
ക്കൂടി. അപ്പൊസ്തലന്മാർ തങ്ങളുടെ സ്വന്തം
രാജ്യത്തിലെ ഭാഷയിൽ സംസാരിക്കുന്നതു
കേട്ട് അവർ അമ്പരന്നു. 7യെഹൂദരെല്ലാവരും
ഇതിൽ അത്ഭുതപ്പെട്ടു. അപ്പൊസ്തലന്മാർക്ക്
ഇതെങ്ങനെ സാദ്ധ്യമായെന്ന് അവർ അത്ഭുത
പ്പെട്ടു. അവർ പറഞ്ഞു, “ഇതാ! നാം കേൾക്കുന്ന
ഈ പ്രസംഗങ്ങൾ നടത്തുന്ന ഇവരെല്ലാം ഗലീ
ലക്കാരാണ്! 8പക്ഷേ അവരെ നാം നമ്മുടെ
ഭാഷയിൽതന്നെ കേൾക്കുന്നു. ഇതെങ്ങനെ
സാധിക്കുന്നു? 9നമ്മൾ പർത്ഥ്യ, മേദ്യ, ഏലാം,
മെസപൊത്താമ്യ, യെഹൂദ്യ, കപ്പദോക്യ, പൊ
ന്തോസ്, ആസ്യ, 10പ്രുഗ്യ, പംഫുല്യ, മിസ്രയീം,
കുറേനയുടെ വകയായ ലിബ്യ, റോം, 11ക്രേത്യ,
അറേബ്യ എന്നിവിടങ്ങളിൽ നിന്നുമുള്ളവരാ
ണ്. നമ്മിൽ ചിലർ ജനനത്താൽ യെഹൂദരും
മറ്റുള്ളവർ മതം മാറി വന്നവരുമാണ്. നാം ഇങ്ങ
നെ വ്യത്യസ്ത രാജ്യക്കാരാണ്. എന്നാൽ ഇവ
രുടെ വാക്കുകൾ നാം നമ്മുടെ ഭാഷയിൽ കേൾ
ക്കുന്നു! അവർ ദൈവത്തെപ്പറ്റി പറയുന്ന മഹ
ത്തായ കാര്യങ്ങൾ നമ്മൾക്കെല്ലാം മനസ്സിലാ
വുന്നു.” 12ആളുകളെല്ലാം വിസ്മയിക്കുകയും
പരിഭ്രമിക്കുകയും ചെയ്തു. അവർ പരസ്പരം
ചോദിച്ചു, “എന്താണു സംഭവിക്കുന്നത്?” 13മറ്റു
ള്ളവർ അപ്പൊസ്തലന്മാരെ പരിഹസിക്കുക
യായിരുന്നു. അവർ വീഞ്ഞു കുടിച്ച് മത്തു
പിടിച്ചിരിക്കയാണെന്നവർ കരുതി.

പത്രൊസ് പ്രസംഗിക്കുന്നു

14അപ്പോൾ പത്രൊസ് മറ്റുപതിനൊന്ന് അ
പ്പൊസ്തലന്മാരോടുമൊപ്പം എഴുന്നേറ്റുനിന്നു.
എല്ലാവരും കേൾക്കെ അവൻ ഉച്ചത്തിൽ പ്രസം
ഗിച്ചു. അവൻ പറഞ്ഞു, “എൻെറ യെഹൂദസ
ഹോദരന്മാരേ, യെരൂശലേംകാരേ, എന്നെ ശ്ര
ദ്ധിക്കുക. നിങ്ങൾക്കിപ്പോൾ വേണ്ടിയ ചിലത്
ഞാൻ നിങ്ങളോടു പറയാം. ശ്രദ്ധിച്ചുകേൾക്കു
ക. 15നിങ്ങൾ കരുതുന്നതുപോലെ ഇവർ മദ്യം
കഴിച്ചിട്ടില്ല; ഇപ്പോൾ കാലത്ത് ഒൻപതു മണി
ആയിട്ടേ ഉള്ളൂ. 16പക്ഷേ നിങ്ങളിന്നു കണ്ടതൊ
ക്കെ യോവേൽപ്രവാചകൻ എഴുതിയിട്ടുള്ള
താണ്. യോവേൽ ഇങ്ങനെ എഴുതി:

17‘ദൈവം പറയുന്നു, അന്ത്യനാളുകളിൽ ഞാ
നെൻെറ ആത്മാവിനെ എല്ലാവരിലും ചൊരി
യും, നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവ
ചിക്കും. നിങ്ങളുടെ യുവാക്കൾക്ക് ദർശനങ്ങൾ
കിട്ടും. നിങ്ങളുടെ വൃദ്ധന്മാർക്കു പ്രത്യേക
സ്വപ്നങ്ങളും.

18ആ സമയം ഞാനെൻെറ ദാസന്മാർക്കും,
ദാസിമാർക്കും, എൻെറ ആത്മാവിനെ നൽകും.
അവർ പ്രവചിക്കും.

19ആകാശത്തു ഞാൻ അത്ഭുതസംഗതികൾ
കാട്ടും. ഭൂമിയിൽ കീഴെ ഞാൻ തെളിവുകൾ
നൽകും. അവിടെ രക്തവും തീയും കടുത്ത
പുകയുമുണ്ടാകും.

20സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ ചോര
പോലെ ചുവക്കും. അപ്പോൾ കർത്താവിൻെറ
മഹനീയവും ഭയങ്കരവുമായ ദിവസം വരും.

21കർത്താവിൽ വിശ്വസിക്കുന്ന ഏവനും
രക്ഷിക്കപ്പെടും.’ *യോവേൽ 2:28-32*

22“എൻെറ യെഹൂദ സഹോദരന്മാരേ, ഈ
വാക്കുകൾ ശ്രദ്ധിച്ചാലും: നസെറെത്തുകാര
നായ യേശു വിശിഷ്ടനായ ഒരുവനായിരുന്നു.
ദൈവം അതുനിങ്ങൾക്കു വ്യക്തമാക്കിയിട്ടുണ്ട്.
ദൈവം യേശുവിലൂടെ ചെയ്ത ശക്തിമത്തും,
അതിശയ കരവുമായ, സംഗതികളിലൂടെ ഇതു
തെളിയിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ നിങ്ങൾ
കണ്ടിട്ടുണ്ട്. അതിനാൽ ഇതു സത്യമാണെന്നു
നിങ്ങൾക്കറിയാം. 23യേശുവിനെ നിങ്ങൾക്കു
നൽകുകയും നിങ്ങളവനെ കൊല്ലുകയും ചെ
യ്തു. ദുഷ്ടന്മാരുടെ സഹായത്തോടെ നിങ്ങള
വനെ കുരിശിൽ ആണികൊണ്ട് തറച്ചു. എന്നാ
ലിതെല്ലാം സംഭവിക്കുമെന്ന് ദൈവത്തിനറിയാ
മായിരുന്നു. അത് ദൈവത്തിൻെറ ആസൂത്രണ
മായിരുന്നു. വളരെ മുമ്പുതന്നെ അവൻ ഇതൊ
ക്കെ ആസൂത്രണം ചെയ്തിരുന്നു. 24യേശു മരണ
വേദന അനുഭവിച്ചെങ്കിലും ദൈവം അവനെ
അതിൽനിന്നും മുക്തനാക്കി. ദൈവം യേശു
വിനെ മരണത്തിൽനിന്നും ഉയിർത്തെഴുന്നേ
ല്പിച്ചു. മരണത്തിന് യേശുവിനെ പിടിക്കാനാ
യില്ല. 25യേശുവിനെപ്പറ്റി ദാവീദ് ഇങ്ങനെ പറ
ഞ്ഞിരിക്കുന്നു:

‘കർത്താവിനെ ഞാനെപ്പോഴും എൻെറ കൺ
മുന്നിൽ കണ്ടു; എന്നെ സംരക്ഷിക്കാൻ അവൻ
എൻെറ വലതുവശത്തിരിക്കുന്നു.
26അതിനാൽ എൻെറ ഹൃദയം ആഹ്ളാദിച്ചു,
എൻെറ വായ ആനന്ദത്തോടെ സംസാരിച്ചു.
അതെ, എൻെറ ശരീരംപോലും പ്രതീക്ഷ
യോടെ വസിക്കും;
27എന്തെന്നാൽ എൻെറ ആത്മാവിനെ നീ
മരിച്ചവരുടെ രാജ്യത്തിലേക്ക് തള്ളിക്കളയുക
യില്ല. നിൻെറ പരിശുദ്ധൻെറ ദേഹം ശവക്കുഴി
യിൽ അഴുകിപ്പോകുവാൻ നീ അനുവദിക്ക
യില്ല.
28എങ്ങനെ ജീവിക്കണമെന്ന് നീയെന്നെ പഠി
പ്പിച്ചു. എൻെറയടുത്തു വന്ന് നീയെന്നെ
ആഹ്ളാദപൂർണ്ണനാക്കും.’

സങ്കീർത്തനങ്ങൾ 16:8-11

29“എൻെറ സഹോദരന്മാരേ, ഗോത്രപിതാവാ
യ ദാവീദിനെപ്പറ്റി ഞാൻ ഉറപ്പായി പറയട്ടെ.
അവൻ മരിക്കുകയും സംസ്കരിക്കപ്പെടുകയും
ചെയ്തു. അവൻെറ ശവകുടീരം ഇവിടെ
നമ്മോടുകൂടെ ഇപ്പോഴുമുണ്ട്. **30**പ്രവാചകനാ
യിരുന്ന ദാവീദിനു ദൈവവചനത്തെപ്പറ്റി അറി
യാമായിരുന്നു. ദാവീദിൻെറ ഗോത്രത്തിൽനി
ന്നൊരുവനെ ദാവീദിനെപ്പോലെ താൻ രാജാ
വാക്കുമെന്ന് ദൈവം ദാവീദിനു ഒരു പ്രതിജ്ഞ
യിലൂടെ വാഗ്ദാനം നൽകിയിരുന്നു. **31**ഇതു
സംഭവിക്കുംമുമ്പ് ദാവീദ് ഇതറിഞ്ഞിരുന്നു.
അതിനാലാണ് ദാവീദ് അയാളെപ്പറ്റി ഇങ്ങനെ
പറഞ്ഞത്:
‘അവൻ പാതാളത്തിലേക്കു തള്ളപ്പെടുകയോ,
അവൻെറദേഹം കല്ലറയിൽ അഴുകിപ്പോകു
കയോ ചെയ്തില്ല.’

സങ്കീർത്തനങ്ങൾ 16:10

യേശുവിൻെറ ഉയിർത്തെഴുന്നേല്പിനെക്കുറി
ച്ചാണ് ദാവീദ് പറഞ്ഞത്. **32**അതിനാൽ ദാവീദി
നെയല്ല, യേശുവിനെയാണ് ദൈവം മരണത്തി
ൽനിന്നും ഉയർത്തിയത്. നമ്മളെല്ലാം അതിനു
സാക്ഷികളാണ്. നമ്മൾ അവനെകണ്ടു. **33**യേശു
സ്വർഗ്ഗത്തിലേക്കു ഉയർത്തപ്പെട്ടു. ഇപ്പോഴവൻ
ദൈവത്തോടൊപ്പം അവൻെറ വലതുവശത്തി
രിക്കുന്നു. പിതാവ് (ദൈവം) യേശുവിനിപ്പോൾ
പരിശുദ്ധാത്മാവിനെ നൽകി. ദൈവം അതു
വാഗ്ദാനം ചെയ്തതാണ്. ഇപ്പോൾ ആ ആത്മാ
വിനെ യേശു പകരുന്നു. നിങ്ങളിപ്പോൾ കാണു
ന്നതും കേൾക്കുന്നതും അതാണ്. **34**ദാവീദല്ല,
യേശുവാണ് സ്വർഗ്ഗത്തിലേക്കുയർത്തപ്പെട്ടത്.
ദാവീദ് സ്വയം പറഞ്ഞു:
‘കർത്താവ് എൻെറ കർത്താവിനോടു പറ
ഞ്ഞു: **35**നിൻെറ ശത്രുക്കളെ ഞാൻ നിൻെറ
കാൽക്കീഴിലാക്കുംവരെ നീയെൻെറ വലതുവശ
ത്തിരിക്കുക.’ *സങ്കീർത്തനങ്ങൾ 110:1*
36അതിനാൽ എല്ലാ യെഹൂദരും ഇതിൻെറ
യാഥാർത്ഥ്യം തീർച്ചയായും അറിയണം.
ദൈവം യേശുവിനെ കർത്താവും ക്രിസ്തുവു
മാക്കി. ഈ യേശുവിനെയാണ് നിങ്ങൾ ക്രൂശി
ച്ചത്.”
37ഇതു കേട്ടപ്പോൾ ആളുകൾക്ക് ഹൃദയത്തിൽ
കുത്തുകൊണ്ടു. അവർ പത്രൊസിനോടും മറ്റു
അപ്പൊസ്തലന്മാരോടും ചോദിച്ചു, “ഞങ്ങളി
നി എന്തുചെയ്യണം?”
38പത്രൊസ് അവരോടു പറഞ്ഞു, “ഓരോരു
ത്തരും മാനസാന്തരപ്പെട്ട് യേശുക്രിസ്തുവി
ൻെറ നാമത്തിൽ സ്നാനപ്പെടുക. അപ്പോൾ
ദൈവം നിങ്ങളുടെ പാപങ്ങൾ പൊറുക്കുകയും
പരിശുദ്ധാത്മാവിനെ നിങ്ങൾക്കു സമ്മാനിക്കു
കയും ചെയ്യും. **39**ഇതു നിങ്ങൾക്കുള്ള വാഗ്ദാന
മാണ്. ഇതു നിങ്ങളുടെ സന്തതികൾക്കും ദൂരെ
യുള്ള എല്ലാവർക്കും കൂടിയാണ്. കർത്താവായ
ദൈവം തന്നിലേക്കു വിളിക്കുന്ന എല്ലാവർക്കും
വേണ്ടിയുള്ളതാണ്.” **40**പത്രൊസ് വളരെ വാചാ
ലമായി അവർക്കു മുന്നറിയിപ്പു നൽകി അവൻ
അവരോടു യാചിച്ചു, “ഇപ്പോൾ ജീവിക്കുന്നവ
രുടെ ദുഷ്ടതകളിൽനിന്നും സ്വയം രക്ഷിക്കുക.”
41അപ്പോൾ പത്രൊസിൻെറ വചനങ്ങൾ സ്വീക
രിച്ചവർ സ്നാനപ്പെട്ടു. ആ ദിവസം തന്നെ
മൂവായിരത്തോളംപേർ വിശ്വാസികളുടെ കൂട്ട
ത്തിൽ ചേർക്കപ്പെട്ടു. **42**അവർ യോഗം ചേരു
ന്നതു തുടർന്നു. അപ്പൊസ്തലന്മാരുടെ വചനം
പഠിക്കാൻ അവർ തങ്ങളുടെ സമയം ഉപയോ
ഗിച്ചു. അവർ പരസ്പരം പങ്കുവെക്കുകയും
ഒന്നിച്ച് ആഹാരം കഴിക്കുകയും പ്രാർത്ഥിക്കു
കയും ചെയ്തു.

വിശ്വാസികളുടെ പങ്കുവെക്കൽ

43അപ്പൊസ്തലന്മാരുടെ ശക്തവും അത്ഭുത
കരവുമായ പ്രവൃത്തികൾ കണ്ട് ആളുകൾക്ക്
ദൈവത്തോട് വളരെ ആദരവു തോന്നി. **44**വി
ശ്വാസികളെല്ലാം ഒരുമിച്ചു താമസിച്ചു. അവരെ
ല്ലാം പങ്കുവെച്ചു. **45**തങ്ങൾക്കുണ്ടായിരുന്ന ഭൂമി
യും അവരുടെ ഉടമസ്ഥതയിലുള്ള സാധനങ്ങ
ളും വിറ്റു. എന്നിട്ട് അവർ ആ പണം മുഴുവൻ
ആവശ്യക്കാർക്കു വിതരണം ചെയ്തു. **46**ദൈവാ
ലയപ്പറമ്പിൽ അവർ എന്നും ഒത്തുകൂടി. അവർ
ക്ക് ഒരേ ലക്ഷ്യമായിരുന്നു. അവർ തങ്ങളുടെ
വീടുകളിൽ ഒരുമിച്ച് ആഹാരം കഴിച്ചു. അവർ
സന്തോഷത്തോടെ ആഹാരം പങ്കുവയ്ക്കുക
യും ആഹ്ളാദത്തോടെ അതു തിന്നുകയും ചെ
യ്തു. **47**വിശ്വാസികൾ ദൈവത്തെ വാഴ്ത്തുക
യും ആളുകൾ അവരെ ഇഷ്ടപ്പെടുകയും ചെ
യ്തു. എല്ലാ ദിവസവും കൂടുതൽപേർ രക്ഷി
ക്കപ്പെട്ടു; കർത്താവ് അവരെ വിശ്വാസികളുടെ
സംഘത്തിലേക്കു ചേർക്കുകയായിരുന്നു.

മുടന്തനെ പത്രൊസ് സുഖപ്പെടുത്തുന്നു

3 ഒരു ദിവസം പത്രൊസും യോഹന്നാനും
ദൈവാലയത്തിലേക്കു പോയി. അപ്പോൾ
സമയം ഉച്ചതിരിഞ്ഞ് മൂന്നുമണിയായിരുന്നു.
അത് ദൈവാലയത്തിൽ നിത്യേനയുള്ള പ്രാർ
ത്ഥനാസമയമായിരുന്നു. **2**അവർ ദൈവാലയപ
റമ്പിലേക്കു പോകുംവഴി ഒരാളെ കണ്ടു. ജീവി
തകാലം മുഴുവൻ മുടന്തനായിരുന്നു അയാൾ.
നടക്കാനാവാത്ത അയാളെ ഏതാനും സുഹൃത്തു
ക്കൾ താങ്ങിയെടുത്തു കൊണ്ടുവന്നു. അവർ
എന്നും അയാളെ ദൈവാലയത്തിൻെറ കവാട
ത്തിൽ കൊണ്ടുവരുമായിരുന്നു. ദൈവാലയ
ത്തിനുവെളിയിൽ കവാടത്തിനരികെ അവർ
അയാളെ കിടത്തി. സുന്ദരം എന്ന കവാടം
എന്നാണവിടം അറിയപ്പെട്ടിരുന്നത്. അവിടെ
അയാൾ ദൈവാലയത്തിലേക്ക് പോകുന്നവ
രോട് പണം യാചിക്കും. **3**ആ ദിവസം പത്രൊ
സും യോഹന്നാനും ദൈവാലയത്തിലേക്ക്
പോകുന്നതയാൾ കണ്ടു. അയാൾ അവരോടും
പണം യാചിച്ചു. **4**പത്രൊസും യോഹന്നാനും
അയാളെ നോക്കി പറഞ്ഞു, “ഞങ്ങളെ നോ
ക്കുക.” **5**അയാൾ അവരെ നോക്കി; അവർ തനി
ക്ക് പണമെന്തെങ്കിലും നൽകുമെന്നയാൾ
കരുതി. **6**എന്നാൽ പത്രൊസ് പറഞ്ഞു, “എൻെറ
കയ്യിൽ വെള്ളിയോ സ്വർണ്ണമോ ഇല്ല. എന്നാൽ

മറ്റുചിലത് ഞാൻ നിനക്കുതരാം: നസെറെ
ത്തിലെ യേശുക്രിസ്തുവിൻെറ ശക്തിയാൽ
എഴുന്നേറ്റു നടക്കുക!" 7എന്നിട്ട് പത്രൊസ്
അയാളുടെ വലതുകൈപിടിച്ച് എഴുന്നേല്പി
ച്ചു. ഉടൻ തന്നെ അയാളുടെ പാദങ്ങളും കാലു
കളും കരുത്തുള്ളതായി. 8അയാൾ ചാടിയെ
ണീറ്റു നടക്കാൻ തുടങ്ങി. അയാൾ അവരോടൊ
ത്തു ദൈവാലയത്തിലേക്കു നടന്നു. അയാൾ
നടക്കുകയും ചാടുകയും ദൈവത്തെ സ്തുതി
ക്കുകയും ചെയ്തു. 9-10എല്ലാവരും അയാളെ
തിരിച്ചറിഞ്ഞു. മുടന്തനായ അയാൾ എന്നും
ദൈവാലയത്തിൻെറ സുന്ദരം എന്ന കവാടത്തി
ലിരുന്ന് യാചിക്കുന്ന തവർക്കറിയാം. ഇപ്പോൾ
അതേ മനുഷ്യൻ നടക്കുകയും ദൈവത്തെ സ്തു
തിക്കുകയും ചെയ്യുന്നതുകണ്ടു അവർ അത്ഭുത
പ്പെട്ടു. ഇതെങ്ങനെ സംഭവിച്ചുവെന്ന് അവർ
ക്കു മനസ്സിലായില്ല.

പത്രൊസ് ജനങ്ങളോടു സംസാരിക്കുന്നു

11അയാൾ പത്രൊസിൻെറയും യോഹന്നാ
ൻെറയും ചുമൈകളിൽ പിടിച്ചുനിന്നു.
അയാൾ സുഖപ്പെട്ടതു കണ്ട് എല്ലാവരും അത്ഭു
തസ്തബ്ധരായി. അവർ ശലോമോൻെറ മണ്ഡ
പത്തിൽ പത്രൊസിൻെറയും യോഹന്നാൻെറ
യുമടുത്തേക്കു ഓടി. 12അതുകണ്ട് പത്രൊസ്
അവരോടു പറഞ്ഞു, "എൻെറ യെഹൂദസഹോ
ദരന്മാരേ, നിങ്ങളെന്താണിതിലിത്ര അത്ഭുതപ്പെ
ടുന്നത്? അയാളെ നടക്കുമാറാക്കിയത് ഞങ്ങളാ
ണെന്ന മട്ടിലാണല്ലോ നിങ്ങൾ നോക്കുന്നത്.
ഞങ്ങളുടെ നന്മകൊണ്ടാണ് ഇതെല്ലാം സാദ്ധ്യ
മായതെന്നു നിങ്ങൾ കരുതുന്നുവോ? 13അല്ല!
ദൈവമാണിതു ചെയ്തത്! അവൻ അബ്രാഹാ
മിൻെറയും യിസ്ഹാക്കിൻെറയും യാക്കോബി
ൻെറയും ദൈവമാകുന്നു. നമ്മുടെ എല്ലാ പൂർ
വ്വികരുടെയും ദൈവമാണവൻ. അവൻ തൻെറ
വിശിഷ്ടസേവകനായ യേശുവിനു മഹത്വം
നൽകി. പക്ഷേ നിങ്ങൾ യേശുവിനെ കൊല്ലാ
നുള്ള വിധിയാണു നൽകിയത്. യേശുവിനെ
മോചിപ്പിക്കാൻ പീലാത്തൊസ് തീരുമാനിച്ചു.
പക്ഷേ നിങ്ങൾ യേശുവിനെ വേണ്ടെന്നു പീ
ലാത്തൊസിനോടു പറഞ്ഞു. 14യേശു പരിശു
ദ്ധനും നിഷ്കളങ്കനും ആയിരുന്നു. എങ്കിലും
നിങ്ങൾ അവനെ വെടിഞ്ഞു. യേശുവിനു പക
രം കൊലയാളിയെ മോചിപ്പിക്കാൻ നിങ്ങൾ
പീലാത്തൊസിനോടാവശ്യപ്പെട്ടു. 15ജീവൻ
നൽകുന്നവനെ നിങ്ങൾ കൊല്ലുകയും ചെയ്തു!
എന്നാൽ ദൈവം അവനെ പുനരുജ്ജീവിപ്പി
ച്ചു. ഞങ്ങൾ അതിനു സാക്ഷികളാണ്. ഞങ്ങൾ
സ്വന്തം കണ്ണുകൾകൊണ്ട് കണ്ടതാണ്. 16യേശു
വിൻെറ ശക്തിയാണ് ഈ മുടന്തനെ സുഖപ്പെ
ടുത്തിയത്. ഞങ്ങൾ യേശുവിൻെറ ശക്തിയിൽ
വിശ്വസിക്കുന്നതു കൊണ്ടാണിങ്ങനെ സംഭവി
ച്ചത്. നിങ്ങൾക്കിയാളെ കാണാം. നിങ്ങൾക്കി
യാളെ അറിയുകയും ചെയ്യാം. യേശുവിലുള്ള
വിശ്വാസമാണയാളെ പൂർണ്ണമായും സുഖപ്പെ
ടുത്തിയത്. അങ്ങനെ സംഭവിക്കുന്നത് നിങ്ങ
ളെല്ലാം കണ്ടു.

17"എൻെറ സഹോദരന്മാരേ, നിങ്ങൾ ചെയ്യു
ന്നതെന്തെന്ന് നിങ്ങൾക്കു തന്നെ അറിയാഞ്ഞ
തിനാലാണ് നിങ്ങൾ യേശുവിനോടിങ്ങനെ
ചെയ്തതെന്ന് എനിക്കറിയാം. നിങ്ങളുടെ നേ
താക്കൾക്കും മനസ്സിലായിട്ടില്ല. 18ഇതെല്ലാം സംഭ
വിക്കുമെന്നും ക്രിസ്തു കഷ്ടം സഹിക്കുകയും
മരിക്കുകയും ചെയ്യുമെന്നും ദൈവം തൻെറ പ്ര
വാചകരിലൂടെ പറഞ്ഞു. ദൈവം അതെങ്ങനെ
നിറവേറ്റിയെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടു
ണ്ട്. 19അതുകൊണ്ട് നിങ്ങൾ മാനസാന്തരപ്പെട്ട്
ദൈവത്തിലേക്ക് മടങ്ങിവരിക. എങ്കിലേ നിങ്ങ
ളുടെ പാപങ്ങൾ പൊറുക്കപ്പെടൂ. 20അപ്പോൾ
ദൈവം നിങ്ങൾക്കു ആത്മീയസമാശ്വാസത്തി
ൻെറ സമയം നൽകും. അവൻ ക്രിസ്തുവായി
തെരഞ്ഞെടുത്ത യേശുവിനെ നൽകും. 21എല്ലാം
വീണ്ടും ശരിയാകുംവരെ യേശു സ്വർഗ്ഗത്തിൽ
താമസിക്കുമെന്നു മാത്രം. വളരെമുമ്പുതന്നെ
തൻെറ വിശുദ്ധപ്രവാചകർ വഴി പ്രസംഗിച്ച
പ്പോഴേ ദൈവം ഈ സമയത്തെപ്പറ്റി പറഞ്ഞിട്ടു
ണ്ട്. 22മോശെ പറഞ്ഞു, 'കർത്താവായ നിങ്ങ
ളുടെ ദൈവം നിങ്ങൾക്കൊരു പ്രവാചകനെ
നൽകും. ആ പ്രവാചകൻ നിങ്ങളുടെ ഇടയിൽ
നിന്നും തന്നെവരും. അവൻ എന്നെപ്പോലെയാ
യിരിക്കും. പ്രവാചകർ നിങ്ങളോടു പറയുന്ന
തെല്ലാം നിങ്ങൾ പ്രവർത്തിക്കണം. 23ആ പ്രവാ
ചകനെ അനുസരിക്കാത്തവൻ ദൈവത്തിൻെറ
ജനതയിൽനിന്ന് അകറ്റപ്പെടുകയും മരിക്കു
കയും ചെയ്യും.'* 24ശമൂവേലും അവൻെറ
പിന്നിലുള്ള എല്ലാ പ്രവാചകരും ഈ സമയ
ത്തെക്കുറിച്ച് പറയുകയും പ്രവചിക്കുകയും
ചെയ്തിട്ടുണ്ട്. 25പ്രവാചകർ പറഞ്ഞതെല്ലാം
നിങ്ങൾക്കു ലഭിച്ചിട്ടുണ്ട്. നിങ്ങളുടെ പിതാക്ക
ന്മാരുമായി ദൈവം ഏർപ്പെട്ട നിയമം നിങ്ങൾ
ക്കു ലഭിച്ചിട്ടുണ്ട്. 'നിൻെറ സന്തതിയാൽ ഭൂമി
യിലെ എല്ലാ രാജ്യങ്ങളും അനുഗ്രഹിക്കപ്പെ
ടും.'* എന്ന് ദൈവം നിങ്ങളുടെ പിതാവായ
അബ്രാഹാമിനോട് അരുളിച്ചെയ്തിട്ടുണ്ട്.
26ദൈവം അവൻെറ വിശിഷ്ട ദാസനെ അയ
ച്ചു. നിങ്ങൾക്കിടയിലേക്കാണ് ആദ്യം അവനെ
അയച്ചത്. നിങ്ങളെ അനുഗ്രഹിക്കാനാണ്
ദൈവം യേശുവിനെ അയച്ചത്. അവൻ നിങ്ങ
ളോരോരുത്തരേയും പാപങ്ങളിൽ നിന്നകറ്റി
അതു പ്രവർത്തിക്കുന്നു."

പത്രൊസും യോഹന്നാനും യെഹൂദ സഭയ്ക്കു മുന്നിൽ

4 പത്രൊസും യോഹന്നാനും ജനങ്ങളോടു
പ്രസംഗിച്ചുകൊണ്ടു നിൽക്കവേ ചിലർ
അവരെ സമീപിച്ചു. അവർ യെഹൂദപുരോഹി
തരും ദൈവാലയം കാവൽക്കാരുടെ നായകനും
ഏതാനും സദൂക്യരുമായിരുന്നു. 2പത്രൊസും
യോഹന്നാനും ആളുകളെ പഠിപ്പിക്കുന്ന കാര്യ
ങ്ങളിൽ അവർ ക്ഷുഭിതരായിരുന്നു. യേശുവി
നെപ്പറ്റി പറയുമ്പോൾ മനുഷ്യർ മരിച്ചവരിൽ
നിന്നും ക്രിസ്തുവിൽ കൂടി ഉയിർത്തെഴുന്നേൽ
ക്കുമെന്ന് അവർ പഠിപ്പിക്കുന്നു. 3യെഹൂദനേതാ
ക്കൾ പത്രൊസിനെയും യോഹന്നാനെയും
പിടിച്ചു തടവിലാക്കി. അപ്പോൾ രാത്രിയായിരു
ന്നതിനാൽ അവർ അപ്പൊസ്തലന്മാരെ പിറ്റേ
ന്നു രാവിലെ വരെ തുറുങ്കിൽ പാർപ്പിച്ചു. 4എ
ന്നാൽ പത്രൊസിൻെറയും യോഹന്നാൻെറ യും
പ്രസംഗം കേട്ട അനേകംപേർ അവനിൽ വിശ്വ
സിച്ചു. വിശ്വസിച്ച പുരുഷന്മാരുടെ എണ്ണം
തന്നെ അഞ്ചായിരത്തോളമായി ഉയർന്നു.

5പിറ്റേന്ന് യെഹൂദനേതാക്കളും ജനത്തിൻെറ
മൂപ്പന്മാരും ശാസ്ത്രിമാരും യെരൂശലേമിൽ സ
മ്മേളിച്ചു. 6ഹന്നാവും (മഹാപുരോഹിതൻ),

"ആ പ്രവാചകനെ ... ചെയ്യും" ഉദ്ധരണി ആവ. 18:15,19.

"നിൻെറ ... അനുഗ്രഹിക്കപ്പെടും" ഉദ്ധരണി ഉല്പ. 22:18;26:24.

കയ്യഫാവും, യോഹന്നാനും, അലക്സാന്തരും
അവിടെയുണ്ടായിരുന്നു. മഹാപുരോഹിതൻെറ
കുടുംബത്തിലെ എല്ലാവരും ഉണ്ടായിരുന്നു.
7അവർ പത്രൊസിനെയും യോഹന്നാനെയും
ആളുകളുടെ മുന്നിൽ നിർത്തി. “നിങ്ങളെ
ങ്ങനെ ആ മുടന്തനെ സുഖപ്പെടുത്തി? ഏതു
ശക്തിയാണു നിങ്ങൾ ഉപയോഗിച്ചത്? ആരാ
ണു നിങ്ങൾക്കതിനുള്ള അധികാരം തന്നത്?”
എന്നീ ചോദ്യങ്ങൾ യെഹൂദനേതാക്കൾ അവ
രോട് പലവട്ടം ചോദിച്ചു.

8അപ്പോൾ പത്രൊസിൽ പരിശുദ്ധാത്മാവ്
നിറഞ്ഞു, അവൻ അവരോടു പറഞ്ഞു, “ജന
നേതാക്കളേ മൂപ്പന്മാരേ: 9ഞങ്ങളൊരു മുടന്തനു
ചെയ്ത നന്മയുടെ പേരിൽ ഞങ്ങളെ ചോദ്യം
ചെയ്യുകയാണോ? അയാളെ സുഖപ്പെടുത്തിയ
താരാണെന്നല്ലേ നിങ്ങളുടെ ചോദ്യം? 10ഞങ്ങൾ
നിങ്ങളെയും എല്ലാ യെഹൂദജനത്തെയും അറി
യിക്കാനാഗ്രഹിക്കുന്നു. ഇയാൾ സുഖപ്പെട്ടത്
നസ്രായനായ യേശുക്രിസ്തുവിൻെറ ശക്തി
യാലാണ്. നിങ്ങൾ യേശുവിനെ ക്രൂശിച്ചു.
ദൈവം അവനെ പുനരുജ്ജീവിപ്പിച്ചു. മുടന്ത
നായിരുന്ന ഇയാൾക്ക് യേശുക്രിസ്തുവിൻെറ
ശക്തിയാൽ ഇപ്പോൾ നടക്കാനും നിങ്ങൾക്കു
മുന്നിൽ നിൽക്കാനും കഴിയുന്നു. 11യേശു

‘പണിക്കാരായ നിങ്ങൾ വലിച്ചെറിഞ്ഞ
കല്ലാണ് പക്ഷേ ആ കല്ലിപ്പോൾ മൂലക്കല്ലായിരി
ക്കുന്നു.’ *സങ്കീർത്തനങ്ങൾ 118:22*

12മനുഷ്യരെ രക്ഷിക്കാൻ കഴിയുന്ന ഒരേയൊ
രാൾ യേശുവാണ്. ആകാശത്തിനു കീഴിൽ മനു
ഷ്യരെ രക്ഷിക്കാൻ ശക്തിയുള്ള ഒരേയൊരു
നാമം അവൻേറതാണ്. നമ്മൾ യേശുവിലൂടെ
രക്ഷിക്കപ്പെടണം.”

13യോഹന്നാനും പത്രൊസിനും യാതൊരു
വിധപ്രത്യേക പരിശീലനമോ, വിദ്യാഭ്യാസ
മോ ഇല്ലെന്നും യെഹൂദനേതാക്കൾക്കു മനസ്സി
ലായി. അവർ നിർഭയരായി സംസാരിക്കുന്നതു
കണ്ട യെഹൂദനേതാക്കൾ അത്ഭുതപ്പെട്ടു. പ
ത്രൊസും യോഹന്നാനും യേശുവിൻെറ കൂടെ
യുണ്ടായിരുന്നവരാണെന്നും അവർ മനസ്സി
ലാക്കി. 14മുടന്തൻ രണ്ട് അപ്പൊസ്തലന്മാരോ
ടുമൊത്ത് നിൽക്കു ന്നത് അവർ കണ്ടു. അയാൾ
സുഖപ്പെട്ടതും. അതിനാൽ അപ്പൊസ്തലന്മാർ
ക്കെതിരെ അവർക്ക് ഒന്നും പറയാനായില്ല.
15അവരോട് അവിടം വിട്ടുപോകുവാൻ യെഹൂ
ദനേതാക്കൾ ആവശ്യപ്പെട്ടു. തങ്ങൾ ഇനി
എന്തു ചെയ്യണമെന്ന് നേതാക്കൾ പരസ്പരം
ആലോചിച്ചു. 16അവർ പറഞ്ഞു, “ഇവരെ
നാമെന്തു ചെയ്യണം? അവരൊരു മഹത്തായ
അത്ഭുതം പ്രവർത്തിച്ചുവെന്ന് യെരൂശലേംജന
തമുഴുവൻ അറിഞ്ഞു. അതു വ്യക്തവുമാണ്.
ആ സത്യം നിഷേധിക്കാൻ സാദ്ധ്യവുമല്ല.
17എന്നാൽ ഈ മനുഷ്യനെപ്പറ്റി പ്രസംഗിക്ക
രുതെന്നു ഭീഷണിപ്പെടുത്തണം. എന്നാൽ ഇത്
ഇതിൽ കൂടുതലായി ആളുകളുടെ ഇടയിൽ
പ്രച രിക്കില്ല.”

18അതുകൊണ്ട് യെഹൂദനേതാക്കൾ പത്രൊ
സിനെയും യോഹന്നാനെയും വീണ്ടും വിളി
ച്ചു. യേശുവിൻെറ നാമത്തിൽ ഒന്നും പ്രസംഗി
ക്കുകയോ ഉപദേശിക്കുകയോ ചെയ്യരുതെന്ന്
അവർ അപ്പൊസ്തന്മാരോടു നിർദ്ദേശിച്ചു.
19പക്ഷേ പത്രൊസും യോഹന്നാനും മറുപടി
പറഞ്ഞു, “നിങ്ങൾ ആലോചിക്കുന്നതു ശരിയാ
ണോ? ദൈവത്തിനെന്താണു വേണ്ടത്? ഞങ്ങൾ
ദൈവത്തിനെയോ നിങ്ങളേയോ അനുസരി
ക്കേണ്ടത്? 20ഞങ്ങൾക്ക് അടങ്ങിയിരിക്കാനാ
വില്ല. ഞങ്ങൾ കണ്ടതും കേട്ടതുമൊക്കെ ഞങ്ങൾ
ക്കു പ്രസംഗിച്ചേ പറ്റൂ.”

21-22യെഹൂദനേതാക്കൾക്ക് അപ്പൊസ്തല
ന്മാരെ ശിക്ഷിക്കാൻ ഒരു മാർഗ്ഗവും കണ്ടെത്താ
നായില്ല. കാരണം, ചെയ്തകാര്യങ്ങൾക്ക് എല്ലാ
വരും ദൈവത്തെ മഹത്വീകരിക്കുകയായിരുന്നു.
(ഈ വീര്യപ്രവൃത്തി ദൈവത്തിൻെറ സാക്ഷ്യ
മായിരുന്നു. രോഗം ഭേദമാക്കപ്പെട്ടയാൾക്ക് നാല്പ
തിനുമേൽ വയസ്സുണ്ടായിരുന്നു.) അതിനാൽ
യെഹൂദനേതാക്കൾ അപ്പൊസ്തലന്മാരെ
താക്കീതു ചെയ്തു വിട്ടയച്ചു.

പത്രൊസും യോഹന്നാനും വിശ്വാസികളുടെയിടയിൽ മടങ്ങിയെത്തുന്നു

23പത്രൊസും യോഹന്നാനും യെഹൂദനേതാ
ക്കന്മാരുടെ സഭയിൽനിന്നും തങ്ങളുടെ ആൾ
ക്കാർക്കിടയിലേക്കുപോയി. മഹാപുരോഹി
തരും, ജനത്തിൻെറ മൂപ്പന്മാരും തങ്ങളോടു പറ
ഞ്ഞതെല്ലാം അവർ വിശ്വാസിസംഘത്തോടു
പറഞ്ഞു. 24ഇതു കേട്ടു വിശ്വാസികൾ ഒരേ
മനസ്സോടെ ദൈവത്തോടു പ്രാർത്ഥിച്ചു.
“പ്രഭോ, ആകാശത്തിൻെറയും ഭൂമിയുടെയും
കടലിൻെറയും അതിലുള്ള എല്ലാറ്റിൻെറയും
സൃഷ്ടാവാണ് അവിടുന്ന്. 25ഞങ്ങളുടെ പിതാ
വായ ദാവീദ് അവിടുത്തെ ദാസനായിരുന്നു.
പരിശുദ്ധാത്മാവിൻെറ സഹായത്താൽ അവൻ
ഈ വാക്കുകൾ എഴുതി:

‘ജാതികൾ വിളിച്ചു കൂവിയതെന്തിന്? ലോക
രെന്തിനു നിഷ്പ്രയോജനമായി ദൈവദോഷം
ചിന്തിക്കുന്നു?
26കർത്താവിനും അവൻെറ ക്രിസ്തുവിനും
എതിരായി ഭൂമിയിലെ രാജാക്കന്മാർ തയ്യാ
റായി, ഭരണാധിപന്മാർ ഒത്തുകൂടി.’
സങ്കീർത്തനങ്ങൾ 2:1-2

27ഹെരോദാവും പൊന്തിയൊസ് പീലാ
ത്തൊസും രാജ്യങ്ങളും യെഹൂദജനതയുമെല്ലാം
യെരൂശലേമിൽ യേശുവിനെതിരെ തിരിഞ്ഞ
പ്പോൾ ഇതെല്ലാം യഥാർത്ഥത്തിലും സംഭവി
ച്ചു. ക്രിസ്തുവായി അവിടുന്ന് (ദൈവം) അഭി
ഷിക്തനാക്കിയ അങ്ങയുടെ പരിശുദ്ധദാസനാ
ണ് യേശു. 28അങ്ങയുടെ പരിപാടികളെ നടപ്പാ
ക്കാനാണവർ ഒത്തുകൂടിയത്. അവിടുത്തെ
ശക്തിയും ഇച്ഛയുമനുസരിച്ചാണിതെല്ലാം
സംഭവിച്ചത്. 29കർത്താവേ, അതുകൊണ്ടി
പ്പോൾ അവർ പറയുന്നതു ശ്രദ്ധിക്കുക. അവർ
ഞങ്ങളെ ഭയപ്പെടുത്താൻ ശ്രമിക്കുന്നു. കർ
ത്താവേ, ഞങ്ങൾ അവിടുത്തെ ദാസർ. ഭയമി
ല്ലാതെ ഞങ്ങൾ പറയുവാൻ അങ്ങ് ഏല്പിച്ചത്
പറയുവാൻ ഞങ്ങളെ സഹായിക്കുക. 30അങ്ങ
യുടെ ശക്തി കാട്ടി ഞങ്ങൾക്കു ധൈര്യം പക
രുക. രോഗികളെ സുഖപ്പെടുത്തുക, സാക്ഷ്യ
ങ്ങൾ നൽകുക, അങ്ങയുടെ വിശുദ്ധദാസനായ
യേശുവിൻെറ ശക്തിയാൽ വീര്യപ്രവൃത്തികൾ
കാട്ടുക.”

31അവർ പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ അവർ
നിന്ന സ്ഥലം കുലുങ്ങി. അവരിലെല്ലാം പരി
ശുദ്ധാത്മാവ് വന്നു നിറഞ്ഞു. ദൈവത്തിൻെറ
സന്ദേശം പിന്നീടവർ ഭയമില്ലാതെ പ്രസം
ഗിച്ചു.

വിശ്വാസികളുടെ പങ്കുവെക്കൽ

32വിശ്വാസികളുടെ സംഘം ഹൃദയംകൊണ്ട്

കൂട്ടിച്ചേർക്കപ്പെട്ടു. അവർക്കു ഒരേ ആത്മാവുമാ
യിരുന്നു. തനിക്കുള്ളതൊക്കെ തൻേറതാണെന്ന്
സംഘത്തിലെ ഒരാൾ പോലും പറഞ്ഞില്ല. പക
രം, അവരെല്ലാം പങ്കു വച്ചു. 33കർത്താവായ
യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
വെന്ന് അപ്പൊസ്തലന്മാർ ശക്തിയോടെ ആളു
കളോടു പറഞ്ഞു. ദൈവം എല്ലാ വിശ്വാസിക
ളെയും അനുഗ്രഹിക്കുകയും ചെയ്തു. 34അവ
ർക്കു വേണ്ടതെല്ലാം കിട്ടി. കാരണം നിലവും
വീടുമുള്ളവരെല്ലാം അവ വിറ്റു പണമാക്കി
കൊണ്ടുവന്നു. ആ പണം 35അവർ അപ്പൊസ്ത
ലന്മാരെ ഏല്പിച്ചു. പിന്നീട് ഓരോരുത്തർക്കും
ആവശ്യമുള്ളവ നൽകപ്പെട്ടു.

36യോസേഫ് എന്നുപേരായ ഒരു വിശ്വാസി
ഉണ്ടായിരുന്നു. അപ്പൊസ്തലന്മാർ അവനെ
ബർ ന്നബാസ് എന്നു വിളിച്ചു. ('പരസഹായി'
എന്നാണു ഈ പേരിനർത്ഥം.) അയാൾ കുപ്ര
സിൽ ജനിച്ചൊരു ലേവ്യൻ ആയിരുന്നു. 37അ
യാൾക്കു കുറച്ചു നിലമുണ്ടായിരുന്നു. അയാൾ
അതുവിറ്റ് പണം കൊണ്ടുവന്ന് അപ്പൊസ്ത
ലന്മാരെ ഏല്പിച്ചു.

അനന്യാസും സഫീരയും

5 അനന്യാസ് എന്നു പേരായ ഒരാൾ ജീവിച്ചി
രുന്നു. അയാളുടെ ഭാര്യയുടെ പേർ സഫീര
യെന്നും. അയാൾ തനിക്കുണ്ടായിരുന്ന കുറച്ചു
നിലം വിറ്റു. 2പക്ഷേ അയാൾ കിട്ടിയ പണത്തി
ൻെറ ഒരു ഭാഗം മാത്രമേ അപ്പൊസ്തലന്മാരെ
ഏല്പിച്ചുള്ളൂ. കുറച്ചു പണം അയാൾ തനിക്കാ
യി രഹസ്യമായി മാറ്റിവച്ചു. അയാളുടെ ഭാര്യ
യ്ക്ക് അതറിയാമായിരുന്നുവെങ്കിലും അവളും
അതംഗീകരിച്ചു. 3പത്രൊസ് പറഞ്ഞു. "അന
ന്യാസേ എന്തിനാണ് സാത്താനെ നിൻെറ
ഹൃദയം നിയന്ത്രിക്കുവാൻ അനുവദിച്ചത്? നീ
നുണ പറയുകയും പരിശുദ്ധാത്മാവിനെ വി
ഡ്ഢിയാക്കാൻ ശ്രമിക്കുകയും ചെയ്തിരിക്കു
ന്നു. നീ നിൻെറ നിലം വിറ്റു. പക്ഷേ എന്തുകൊ
ണ്ടാണ് നീ കുറെ പണം നിനക്കായി സൂക്ഷിക്കു
ന്നത്? 4ആ ഭൂമി വിൽക്കും മുൻമ്പ് അത് നിൻേറ
തായിരുന്നു. അതു വിറ്റുകിട്ടിയ പണം എങ്ങ
നെയും ചിലവഴിക്കാൻ നിനക്കു സ്വാതന്ത്ര്യമു
ണ്ടുതാനും. പിന്നെ നീയെന്തിനാണ് ഈ ദുഷി
ച്ചരീതിയിൽ ചിന്തിച്ചത്? നീ ദൈവത്തോടാണ്
മനുഷ്യരോടല്ല നുണ പറഞ്ഞത്." 5-6ഇതുകേട്ട
അനന്യാസ് താഴെ വീണു മരിച്ചു. ഏതാനും
ചെറുപ്പക്കാർ വന്ന് അയാളുടെ ശരീരം പൊതി
ഞ്ഞു പുറത്തുകൊണ്ടുപോയി സംസ്കരിച്ചു.
അക്കാര്യം കേട്ടവരിൽ ഭയം നിറഞ്ഞു.

7മൂന്നു മണിക്കൂറോളം കഴിഞ്ഞപ്പോൾ അയാ
ളുടെ ഭാര്യ കടന്നുവന്നു. അവളുടെ ഭർത്താ
വിനു സംഭവിച്ചതൊന്നും സഫീര അറിഞ്ഞിരു
ന്നില്ല. 8പത്രൊസ് അവളോടു പറഞ്ഞു, "നിങ്ങ
ളുടെ നിലം വിറ്റപ്പോൾ എത്ര പണം കിട്ടിയെ
ന്ന് എന്നോടു പറയുക. അത് അത്രയ്ക്കു തന്നെ
യായിരുന്നോ? സഫീര മറുപടി പറഞ്ഞു,
"അതെ അത്രയും തന്നെയാണു കിട്ടിയത്."

9പത്രൊസ് അവളോടു പറഞ്ഞു, "എന്തിനാ
ണു നീയും ഭർത്താവും ഇങ്ങനെ കർത്താവി
ൻെറ ആത്മാവിനെ പരീക്ഷിക്കാൻ സമ്മതി
ച്ചത്? നോക്കൂ! നീ ആ കാലടിയൊച്ചകൾ കേൾ
ക്കുന്നില്ലേ? നിൻെറ ഭർത്താവിൻെറ ശവസംസ്
കാരം നടത്തിയവർ ഇതാ എത്തിയിരിക്കുന്നു.
അവർ നിന്നെയും അതേപോലെ കൊണ്ടു
പോകും." 10ആ നിമിഷം സഫീര താഴെ വീണു
മരിച്ചു. ചെറുപ്പക്കാർ വന്നപ്പോൾ അവൾ മരി
ച്ചുകിടക്കുന്നതു കണ്ടു. അവർ അവളേയും പുറ
ത്തേക്കുകൊണ്ടുപോയി. അവളുടെ ഭർത്താ
വിൻെറ അടുത്ത് സംസ്കരിച്ചു. 11ഇക്കാര്യം
കേട്ട വിശ്വാസികളും മറ്റുള്ളവരും ഭയന്നു.

ദൈവത്തിൻെറ സാക്ഷ്യങ്ങൾ

12അപ്പൊസ്തലന്മാർ പല അത്ഭുതങ്ങളും
വീര്യപ്രവർത്തികളും ചെയ്തു. ജനങ്ങളെല്ലാം
അതു കണ്ടു. അപ്പൊസ്തലന്മാർ ശലോമോ
ൻെറ മണ്ഡപത്തിൽ ഒത്തുകൂടിയിരിക്കുകയായി
രുന്നു; അവർക്കെല്ലാം ഒരേ ലക്ഷ്യമായിരുന്നു.
13മറ്റുള്ളവർക്ക് അവരോടൊത്തു നിൽക്കുന്നതു
ഫലവത്തായതല്ലെന്നു തോന്നി. എല്ലാവർക്കും
അവരെപ്പറ്റി നല്ലതേ പറയാനുണ്ടായിരുന്നുള്ളൂ.
14കൂടുതൽ കൂടുതൽ ആൾക്കാർ കർത്താവിൽ
വിശ്വസിക്കുകയും അനേകം സ്ത്രീപുരുഷന്മാർ
വിശ്വാസികളുടെയിടയിലേക്കു ചേരുകയും
ചെയ്തു. 15അതുകൊണ്ട് ആളുകൾ രോഗികളെ
വഴിയിലേക്കു കൊണ്ടുവന്നു. പത്രൊസ് അതു
വഴി വരുന്നുണ്ടെന്ന് അവർ അറിഞ്ഞിരുന്നു.
അതിനാലവർ കട്ടിലുകളിലും മെത്തകളിലും
കിടത്തി രോഗികളെ കൊണ്ടുവന്നു. രോഗി
കളെ പത്രൊസിൻെറ നിഴലു തൊടീച്ചാൽ പോ
ലും മതിഭേദമാകാൻ എന്നവർ കരുതി. 16യെരൂശ
ലേമിനു ചുറ്റുമുള്ള എല്ലാ നഗരങ്ങളിൽനിന്നും
ആളുകളെത്തി. അവരെല്ലാം രോഗികളെയും
ദുരാത്മാക്കൾ ബാധിച്ചവരെയും കൊണ്ടുവന്നി
രുന്നു. എല്ലാവരെയും പത്രൊസ് സുഖപ്പെ
ടുത്തി.

അപ്പൊസ്തലന്മാരെ തടയാൻ യെഹൂദരുടെ ശ്രമം

17മഹാപുരോഹിതനും അയാളുടെ സുഹൃത്തു
ക്കളും (സദൂക്യർ) അസൂയാലുക്കളായി. 18അ
വർ അപ്പൊസ്തലന്മാരെ പിടിച്ചു തടവിലാ
ക്കി. 19പക്ഷേ രാത്രിയിൽ കർത്താവിൻെറ ഒരു
ദൂതൻവന്ന് തടവറയുടെ വാതിൽ തുറന്നു.
ദൂതൻ അപ്പൊസ്തലന്മാരെ പുറത്തേക്കു നയി
ച്ചു. ദൂതൻ പറഞ്ഞു, 20"പോയി ദൈവാലയ
ത്തിൽ നിൽക്കുക. എല്ലാവരോടും യേശുവി
ൻെറ പുതിയ ജീവനെപ്പറ്റി പറയുക." 21ആ
ദൂതൻ പറഞ്ഞതനുസരിച്ച് അപ്പൊസ്തലന്മാർ
ദൈവാലയപ്പറമ്പിലേക്കു പോയി. അത് അതി
രാവിലെ ആയിരുന്നു. അപ്പൊസ്തലന്മാർ
ആളുകളെ ഉപദേശിക്കാൻ ആരംഭിച്ചു.

മഹാപുരോഹിതനും സുഹൃത്തുക്കളും ദൈവാ
ലയത്തിലേക്കെത്തി. അവർ യെഹൂദനേതാക്കളു
ടെയും യെഹൂദമൂപ്പന്മാരുടെയും യോഗം വിളി
ച്ചുകൂട്ടി. അപ്പൊസ്തലന്മാരെ കൊണ്ടുവരുന്ന
തിന് അവർ ചിലരെ തടവറയിലേക്കയച്ചു.
22എന്നാൽ അവർക്ക് അപ്പൊസ്തലന്മാരെ തട
വറയിൽ കാണാൻ കഴിഞ്ഞില്ല. അവർ മടങ്ങി
വന്ന് ഇക്കാര്യം യെഹൂദനേതാക്കളെ അറിയി
ച്ചു. 23അവർ പറഞ്ഞു, "തടവറ അടച്ചുപൂട്ടിയി
രുന്നു. വാതിൽക്കൽ പാറാവുകാരുമുണ്ടായി
രുന്നു. പക്ഷേ വാതിൽ തുറന്നപ്പോൾ തടവറ
ശൂന്യമായിരുന്നു!"

24ദൈവാലയകാവൽക്കാരുടെ നേതാവും
പുരോഹിതപ്രമുഖരും ഇതു കേട്ടു. അവരാകെ
കുഴങ്ങി. അവർ അത്ഭുതപ്പെട്ടു. "ഇതിൻെറ ഭവി
ഷ്യത്തുകളെന്തായിരിക്കും? "25അപ്പോൾ ഒരാൾ
അവിടെ വന്ന് അവരോടു പറഞ്ഞു, "നോക്കൂ
നിങ്ങൾ തുറങ്കിലടച്ചവർ ദൈവാലയത്തിൽ

നിൽക്കുന്നു. അവർ ആളുകളെ ഉപദേശിക്കുക
യാണ്?" **26**അപ്പോൾ കാവൽക്കാരുടെ നേതാവും
അവൻെറയാൾക്കാരും പുറത്തേക്കു പോയി.
അപ്പൊസ്തലന്മാരെ പിടിച്ചു കൊണ്ടുവന്നു.
എന്നാൽ ഭടന്മാർ ആളുകളെ ഭയന്നതുകൊണ്ട്
ശക്തി പ്രയോഗിച്ചില്ല. ആളുകൾക്ക് ദേഷ്യം
വന്ന് അവർ തങ്ങളെ കല്ലെറിഞ്ഞു കൊല്ലു
മെന്ന് ഭടന്മാർ ഭയപ്പെട്ടു.
27ഭടന്മാർ അപ്പൊസ്തലന്മാരെ പിടിച്ചു
കൊണ്ടുവന്ന് നേതാക്കൾക്കു മുന്നിൽ നിർത്തി.
മഹാപുരോഹിതൻ അവരെ ചോദ്യംചെയ്തു.
28അവൻ പറഞ്ഞു, "ഈ മനുഷ്യനെപ്പറ്റി പഠി
പ്പിക്കുവാൻ പാടില്ലെന്നു ഞങ്ങൾ പറഞ്ഞിരു
ന്നില്ലേ? പക്ഷേ നിങ്ങളെന്താണു ചെയ്ത
തെന്നു നോക്കൂ! യെരൂശലേം മുഴുവൻ നിങ്ങൾ
നിങ്ങളുടെ ഉപദേശം കൊണ്ടുനിറച്ചു. ഈ
മനുഷ്യൻെറ മരണത്തിൽ നിങ്ങൾ ഞങ്ങളെ
കുറ്റവാളികളാക്കാൻ ശ്രമിക്കുന്നു."
29പത്രൊസും മറ്റു അപ്പൊസ്തലന്മാരും മറു
പടി പറഞ്ഞു, "ദൈവത്തെയാണ് നിങ്ങളെ
യല്ല ഞങ്ങൾ അനുസരിക്കേണ്ടത്! **30**യേശു
വിനെ നിങ്ങൾ വധിച്ചു. നിങ്ങൾ യേശുവിനെ
ക്രൂശിച്ചു. പക്ഷേ ഞങ്ങളുടെയും ഞങ്ങളുടെ
പൂർവ്വികരുടെയും ദൈവം യേശുവിനെ മരണ
ത്തിൽനിന്നും പുനരുജ്ജീവിപ്പിച്ചു! **31**ദൈവം
തൻെറ വലത്തുവശത്തേക്കുയർത്തിയ ഒരുവൻ
യേശുവാണ്. ദൈവം യേശുവിനെ നമ്മുടെ
നായകനും രക്ഷകനുമാക്കിത്തീർത്തു. യെഹൂദ
രെല്ലാവരും മാനസാന്തരപ്പെടുന്നതിനാണ്
ദൈവം അതു ചെയ്തത്. അപ്പോൾ ദൈവത്തി
നവരുടെ പാപങ്ങൾ ക്ഷമിക്കാനാവും. **32**ഇതെ
ല്ലാം സംഭവിക്കുന്നത് ഞങ്ങൾ കണ്ടു. അതിനാൽ
അതെല്ലാം സത്യമാണെന്ന് ഞങ്ങൾക്കു പറയാ
നാവും. ഇതെല്ലാം സത്യമാണെന്നും പരിശുദ്ധാ
ത്മാവ് കാണിക്കുന്നു. ദൈവം അവനെ അനുസ
രിക്കുന്ന എല്ലാവർക്കും പരുശുദ്ധാത്മാവിനെ
നൽകി."
33യെഹൂദനേതാക്കൾ ആ വാക്കുകൾ കേട്ടു
കോപിതരായി. അപ്പൊസ്തലന്മാരെ വധിക്കാ
നവർ മാർഗ്ഗം ആരാഞ്ഞു. **34**യോഗത്തിലെ ഒരു
പരീശൻ എഴുന്നേറ്റു. ഗമാലീയേൽ എന്നായി
രുന്നു അയാളുടെ പേർ. ഒരു ശാസ്ത്രികൂടിയായ
അയാളെ ആളുകൾ ബഹുമാനിച്ചിരുന്നു.
അപ്പൊസ്തലന്മാരെ അല്പനേരത്തേക്കവിടുന്നു
മാറ്റി നിർത്താൻ അയാൾ കല്പിച്ചു. **35**എന്നിട്ട
യാൾ യെഹൂദരോടു പറഞ്ഞു, "യിസ്രായേൽ
ക്കാരേ, ഈ മനുഷ്യരെക്കുറിച്ചു നിങ്ങൾ ആസൂ
ത്രണം ചെയ്യുന്ന കാര്യത്തിൽ സൂക്ഷിക്കുക!
36കുറച്ചു കാലംമുമ്പ് തദാസ് പ്രത്യക്ഷപ്പെട്ടു.
താനാണു വമ്പൻ എന്നയാൾ പ്രഖ്യാപിച്ചു.
നാനൂറോളം പുരുഷന്മാർ അവനോടു ചേർന്നു.
പക്ഷേ അവൻ കൊല്ലപ്പെട്ടു. അവനെ അനുഗ
മിച്ചവരെല്ലാം നാലുപാടും ചിതറി ഓടി. അവ
ർക്ക് ഒന്നും ചെയ്യുവാനാകുമായിരുന്നില്ല. **37**പി
ന്നീട് യൂദാ എന്നു പേരുള്ള ഒരുവൻ ഗലീല
യിൽനിന്നും പ്രത്യക്ഷപ്പെട്ടു. അതു ജനസംഖ്യ
രേഖപ്പെടുത്തുന്ന കാലമായിരുന്നു. അയാളോ
ടൊപ്പം കുറെ അനുയായികളുമുണ്ടായിരുന്നു.
അയാളും കൊല്ലപ്പെട്ടു. അയാളുടെ മുഴുവൻ
അനുയായികളും ചിതറി ഓടിപ്പോയി. **38**അതു
കൊണ്ട് ഞാനിപ്പോൾ പറയുന്നു: ഇവരിൽ
നിന്ന് അകന്നു നിൽക്കുക. അവരെ അവരുടെ
വഴിക്കു വിടുക. മനുഷ്യരിൽനിന്നാണ് അവ
രുടെ പരിപാടികൾ വരുന്നതെങ്കിൽ അതു പരാ
ജയപ്പെടും. **39**പക്ഷേ ഇതു ദൈവത്തിൽനിന്നാ
ണെങ്കിൽ അവരെ തടയാൻ നിങ്ങളെക്കൊണ്ടാ
വില്ല. നിങ്ങൾ ദൈവത്തിനെതിരായി പൊരുതു
ന്നവരായിപ്പോലും കാണപ്പെടും!"
ഗമാലീയേലിൻെറ വാക്കുകളോട് യെഹൂദനേ
താക്കൾ യോജിച്ചു. **40**അവർ അപ്പൊസ്തല
ന്മാരെ വീണ്ടും വിളിച്ചു. അവരെ അടിക്കുകയും
യേശുവിൻെറ നാമത്തിൽ ഒന്നും പറയരുതെന്ന്
ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നിട്ടവർ
അപ്പൊസ്തലന്മാരെ വിട്ടയച്ചു. **41**അപ്പൊസ്ത
ലന്മാർ അവിടം വിട്ടു. യേശുവിൻെറ നാമത്തെ
ച്ചൊല്ലി അപമാനിതരാവാൻ അർഹത കിട്ടിയ
തിൽ അവർ ആഹ്ലാദിച്ചു. **42**അവർ ഉപദേശം
അവസാനിപ്പിച്ചില്ല. യേശു, ക്രിസ്തുവാ
ണെന്ന സുവിശേഷം അവർ പ്രസംഗിച്ചു നട
ന്നു. അവരിതെന്നും ദേവാലയത്തിലും, വീടുക
ളിലും ചെയ്തു.

ഏഴുപേരെ പ്രത്യേകം തെരഞ്ഞെടുക്കുന്നു

6 കൂടുതൽ കൂടുതൽ പേർ യേശുവിൻെറ അനു
യായികളായിക്കൊണ്ടിരുന്നു. അതേ സമയം
യവനഭാഷ സംസാരിക്കുന്ന അനുയായികൾക്ക്
മറ്റ് യെഹൂദരുമായി ഒരു തർക്കത്തിലേർപ്പെ
ടേണ്ടി വന്നു. ദിവസം തോറുമുള്ള സാധാരണ
വിതരണത്തിൽ തങ്ങളുടെ വിധവകൾക്കു പങ്കു
കിട്ടാറില്ലെന്നവർ പരാതിപ്പെട്ടു. **2**പന്ത്രണ്ട്
അപ്പൊസ്തലന്മാർ അനുയായികളെ ഒന്നടങ്കം
വിളിച്ചുകൂട്ടി. അപ്പൊസ്തലന്മാർ അവരോടു
പറഞ്ഞു, "ഞങ്ങൾ ദൈവവചന ഉപദേശം
നിർത്തി. അതുനന്നല്ല. ഭക്ഷണം വിതരണം
ചെയ്യുന്നതിലും നല്ലത് ദൈവവചനം ഉപദേശി
ക്കുന്നതാണ്. **3**അതുകൊണ്ട്, സഹോദരന്മാരേ,
നിങ്ങളിൽനിന്ന് ഏഴുപേരെ തെരഞ്ഞെടുക്കുക.
നല്ലവരെന്ന് എല്ലാവർക്കും അഭിപ്രായം ഉള്ളവ
രായിരിക്കണം അവർ. ജ്ഞാനവും ആത്മാവും
നിറഞ്ഞവരായിരിക്കണം അവർ. അവർക്ക്
ഞങ്ങൾ ഈ ജോലി നൽകാം. **4**അപ്പോൾ
ഞങ്ങൾക്ക് ഞങ്ങളുടെ സമയം പ്രാർത്ഥന
യ്ക്കും ദൈവവചനഘോഷണത്തിനും ഉപയോ
ഗിക്കാം.
5എല്ലാവർക്കും ആ ആശയം ഇഷ്ടപ്പെട്ടു.
അതിനാൽ അവർ ഇനി പറയുന്ന ഏഴുപേരെ
തെരഞ്ഞെടുത്തു: സ്തെഫാനൊസ് (അതിയാ
യ വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ
ഒരുവൻ), ഫിലിപ്പൊസ്, പ്രൊഖൊരൊസ്,
നിക്കാനോർ, തിമോൻ, പർമെനാസ്, യെഹൂദ
മതം സ്വീകരിച്ച അന്ത്യോക്യക്കാരനായ നി
ക്കൊലാവൊസ്. **6**അവർ ഈ ഏഴുപേരെയും
അപ്പൊസ്തലന്മാരുടെ മുമ്പിൽ നിർത്തി.
അപ്പൊസ്തലന്മാർ പ്രാർത്ഥിക്കുകയും തങ്ങ
ളുടെ കൈകൾ അവർക്കുമേൽ വെക്കുകയും
ചെയ്തു.
7ദൈവവചനം കൂടുതൽ കൂടുതൽ ആളുക
ളിൽ എത്തിക്കൊണ്ടിരുന്നു. യെരൂശലേമിലെ
അനുയായികളുടെ എണ്ണം പെരുകിവന്നു. ഒരു
വലിയ സംഘം യെഹൂദപുരോഹിതന്മാർ
പോലും വിശ്വാസത്തിനു അധീനരായി
ത്തീർന്നു.

യെഹൂദന്മാർ സ്തെഫാനോസിന് എതിര്

8സ്തെഫാനൊസിന് ഒരു വലിയ അനുഗ്രഹം
ലഭിച്ചു. വീര്യപ്രവൃത്തികളും അടയാളങ്ങളും
ജനങ്ങൾക്കു കാട്ടാനുള്ള ശക്തികൂടി ദൈവം
അവനു നൽകി. **9**പക്ഷേ ഏതാനും യെഹൂദർ

സ്തെഫാനൊസിനോട് തർക്കമായി. അവർ
ഒരു യെഹൂദപ്പള്ളിയിൽ നിന്നുള്ളവരായിരുന്നു.
വിമോചിതരുടെ യെഹൂദപ്പള്ളി എന്നാണത
റിയപ്പെട്ടിരുന്നത്. (കുറേനക്കാർക്കും അലക്സ
ന്ത്രിയക്കാർക്കും കൂടി വേണ്ടിയുള്ളതായിരുന്നു
ഈ യെഹൂദപ്പള്ളി.) കിലിക്യയിൽനിന്നും ആ
സ്യയിൽനിന്നുമുള്ളവർ അവർക്കിടയിലുണ്ടാ
യിരുന്നു. അവരെല്ലാവരും വന്ന് സ്തെഫാനൊ
സിനോടു വാദിച്ചു. 10പക്ഷേ ജ്ഞാനിയെപ്പോ
ലെ സംസാരിക്കാൻ ആത്മാവ് സ്തെഫാനൊ
സിനെ സഹായിച്ചു. യെഹൂദർക്ക് വാദിക്കാൻ
പറ്റാത്തവിധം ശക്തങ്ങളായിരുന്നു അവന്റെ
വാക്കുകൾ. 11“സ്തെഫാനൊസ് മോശെക്കും
ദൈവത്തിനുമെതിരായി പ്രസംഗിക്കുന്നത്
ഞങ്ങൾ കേട്ടു. ”എന്നു പറയാൻ ഒടുവിൽ
അവർ ചിലരെ ചട്ടം കെട്ടി. 12അങ്ങനെ ചെയ്തു
കവഴി ഈ യെഹൂദർ ജനങ്ങളെയും ജനത്തി
ന്റെ മൂപ്പന്മാരെയും ശാസ്ത്രിമാരെയും കോ
പാകുലരാക്കി. അവർ കോപത്തോടെ വന്ന്
സ്തെഫാനൊസിനെ പിടികൂടി. അവർ അവ
നെ യെഹൂദനേതാക്കളുടെ ഒരു സഭയിലേക്ക്
കൊണ്ടുപോയി. 13യെഹൂദർ ചില ആളുകളെ
സഭയിൽ വരുത്തി. സ്തെഫാനൊസിനെതിരെ
കള്ളസാക്ഷി പറയാൻ യെഹൂദർ ഏർപ്പെടു
ത്തിയിരുന്നവർ പറഞ്ഞു, “ഈ ദൈവാലയ
ത്തെപ്പറ്റി ഇയാൾ ദുഷിച്ചുകൊണ്ടിരിക്കുന്നു.
മോശെയുടെ ന്യായപ്രമാണത്തെയും ഇയാൾ
ദുഷിക്കാറുണ്ട്. 14നസറെത്തിലെ യേശു ഈ
സ്ഥലം നശിപ്പിക്കുമെന്ന് അവൻ പറയുന്നത്
ഞങ്ങൾ കേട്ടിട്ടുണ്ട്. മോശെ നമുക്കു തന്ന ആ
ചാരക്രമങ്ങളെ യേശു തിരുത്തുമെന്നും ഇയാൾ
പറയാറുണ്ടായിരുന്നു.” 15സഭയിൽ കൂടിയിരുന്ന
വരെല്ലാം സ്തെഫാനൊസിനെ സശ്രദ്ധം
വീക്ഷിച്ചു. അവന്റെ മുഖം ഒരു ദൂതന്റെ മുഖം
പോലെയായിരിക്കുന്നത് അവർ കണ്ടു.

സ്തെഫാനൊസിന്റെ പ്രസംഗം

7 മഹാപുരോഹിതർ സ്തെഫാനൊസി
നോടു ചോദിച്ചു, “ഇതെല്ലാം സത്യമാ
ണോ?” 2സ്തെഫാനൊസ് മറുപടി പറഞ്ഞു,
“എന്റെ യെഹൂദപിതാക്കളേ സഹോദരന്മാരേ,
എന്റെ വാക്കുകൾ ശ്രദ്ധിച്ചാലും, നമ്മുടെ മഹ
ത്വമാർന്ന ദൈവം നമ്മുടെ പിതാവായ അബ്രാ
ഹാമിനു പ്രത്യക്ഷപ്പെട്ടു. അബ്രാഹാം മെസൊ
പ്പൊത്താമ്യയിൽ ആയിരുന്നു. അവൻ ഹാരാ
നിൽ താമസിക്കും മുമ്പായിരുന്നു അത്. 3ദൈവം
അബ്രാഹാമിനോടു പറഞ്ഞു, ‘നിന്റെ രാജ്യ
ത്തെയും, ബന്ധുക്കളെയും വിട്ട് ഞാൻ കാണി
ച്ചുതരുന്ന രാജ്യത്തേക്കു പോവുക.’* 4അതി
നാൽ അബ്രാഹാം കൽദായ വിട്ടു. അവൻ
ഹാരാൻ ദേശത്തേക്കു പോയി. അബ്രാഹാമി
ന്റെ പിതാവു മരിച്ചതിനുശേഷം ദൈവം അവ
നെ നിങ്ങൾ ഇപ്പോൾ വസിക്കുന്ന ഈ ദേശ
ത്തിലേക്കു അയച്ചു. 5എന്നാൽ ദൈവം അയാ
ൾക്കു അല്പംപോലും സ്ഥലം നൽകിയില്ല. ഒരടി
സ്ഥലം പോലും. എന്നാൽ, ഭാവിയിൽ അബ്രാ
ഹാമിനും സന്തതി പരമ്പരകൾക്കുമായി ആ
ദേശം നൽകാമെന്ന് ദൈവം അവനു വാഗ്ദാനം
നൽകി. അബ്രാഹാമിനു കുട്ടികളൊന്നുമുണ്ടാ
കും മുമ്പായിരുന്നു അത്.) 6ദൈവം ഇങ്ങനെയാ
ണവനോട് അരുളിയത്: ‘നിന്റെ സന്തതികൾ
മറ്റൊരു രാജ്യത്ത് വസിക്കും. അവിടെയവർ അ
പരിചിതരാവും. അന്നാട്ടുകാർ അവരെ അടിമ
കളാക്കുകയും നാന്നൂറുവർഷം പരുഷമായി
കൈകാര്യം ചെയ്യുകയും ചെയ്യും. 7പക്ഷേ അവ
രെ അടിമകളാക്കിയ രാജ്യത്തെ ഞാൻ ശിക്ഷി
ക്കും.’* ദൈവം ഇങ്ങനെകൂടി പറഞ്ഞു’ ‘അതെ
ല്ലാം സംഭവിച്ചതിനുശേഷം നിന്റെയാൾക്കാർ
ആ രാജ്യത്തുനിന്നും പുറത്തു കടക്കും. എന്നിട്ട്
അവർ ഇവിടെ ഈ സ്ഥലത്ത് എന്നെ ആരാ
ധിക്കും.’* 8ദൈവം അബ്രാഹാമുമായി ഒരു നിയ
മം ഉണ്ടാക്കി; പരിച്ഛേദനയായിരുന്നു ആ
നിയമത്തിന്റെ അടയാളം. അതുകൊണ്ട്
അബ്രാഹാം തനിക്കൊരു പുത്രനുണ്ടായപ്പോൾ
അവന്റെ പരിച്ഛേദനകർമ്മം എട്ടു ദിവസം
പ്രായമായപ്പോൾ നടത്തി. യിസ്ഹാക്ക് എന്നാ
യിരുന്നു ആ പുത്രന്റെ പേര്. യിസ്ഹാക്ക്
തന്റെ പുത്രനായ യാക്കോബിന്റെയും യാ
ക്കോബ് തന്റെ പുത്രന്മാരുടെയും പരിച്ഛേ
ദനകർമ്മം നടത്തി. ആ പുത്രന്മാരാണ് പിൽക്കാ
ലത്ത് പന്ത്രണ്ടു പിതാക്കന്മാരായത്.

9“ഈ പിതാക്കന്മാർക്ക് യോസേഫിനോട്
(അവരുടെ ഇളയസഹോദരൻ) അസൂയതോ
ന്നി. അവർ യോസേഫിനെ മിസ്രയീമിലേക്കു
അടിമയായി വിറ്റു. എന്നാൽ ദൈവം യോസേ
ഫിനോടൊത്തായിരുന്നു. 10മിസ്രയീമിൽ യോ
സേഫിന് ഒരുപാട് കഷ്ടങ്ങളുണ്ടായെങ്കിലും
ആ അവസരങ്ങളിലൊക്കെ ദൈവം അവനെ
രക്ഷിച്ചു. ഫറവോനായിരുന്നു മിസ്രയീമിലെ
രാജാവ്. ഫറവോൻ യോസേഫിനെ ഇഷ്ടപ്പെ
ടുകയും ദൈവദത്തമായി യോസേഫിനുള്ള
ജ്ഞാനത്താൽ അയാളെ ബഹുമാനിക്കുകയും
ചെയ്തു. അയാൾ യോസേഫിനെ മിസ്രയീമി
ന്റെ അധിപതിയാക്കി. ഫറവോന്റെ കൊട്ടാ
രവാസികളെ ഭരിക്കാനുള്ള അനുവാദം പോലും
ഫറവോൻ യോസേഫിനു കൊടുത്തു. 11പക്ഷേ
മിസ്രയീമും, കനാൻ ദേശവും രൂക്ഷമായവറുതി
യിൽ പെട്ടതുമൂലം കടുത്തക്ഷാമവും ഉണ്ടായി.
ജനങ്ങൾക്കിതു വളരെ കഷ്ടപ്പാടുണ്ടാക്കി.
നമ്മുടെ പിതാക്കന്മാർക്ക് ഭക്ഷണം കിട്ടാതായി.
12എന്നാൽ മിസ്രയീമിൽ ഭക്ഷ്യശേഖരമുണ്ടെന്ന്
യാക്കോബ് കേട്ടു. അതുകൊണ്ടയാൾ നമ്മുടെ
പിതാക്കന്മാരെ അവിടേക്കയച്ചു. (അത് മിസ്ര
യീമിലേക്കുള്ള അവരുടെ ആദ്യയാത്രയായിരു
ന്നു). 13പിന്നീടവർ രണ്ടാമതും അവിടെ പോയി.
ഈ പ്രാവശ്യം യോസേഫ് തന്റെ സഹോദര
ന്മാരോട് താൻ ആരാണെന്നു വെളിപ്പെടുത്തി.
യോസേഫിന്റെ കുടുംബത്തെപ്പറ്റി ഫറവോൻ
അറിയുകയും ചെയ്തു. 14അനന്തരം യോസേ
ഫ് തന്റെ പിതാവിനെ ആളയച്ച് മിസ്രയീമി
ലേക്ക് ക്ഷണിച്ചു. തന്റെ ചാർച്ചക്കാരായ എഴു
പത്തഞ്ചുപേരെക്കൂടി യോസേഫ് ക്ഷണിച്ചു.
15അങ്ങനെ യാക്കോബ് മിസ്രയീമിലെത്തി.
അവനും നമ്മുടെ പിതാക്കന്മാരും അവിടെ മരി
ച്ചു. 16പിന്നീട് അവരുടെ ശരീരം ശെഖേമിലേ
ക്കുകൊണ്ടു വന്നു. അവിടെ അവർ സംസ്ക
രിക്കപ്പെട്ടു. (ഹാമോരിന്റെ പുത്രന്മാരോട്
വെള്ളിനാണയങ്ങൾ കൊടുത്ത് അബ്രാഹാം
ശെഖേമിൽ വാങ്ങിച്ച കല്ലറയാണത്.)

17“മിസ്രയീമിൽ യെഹൂദരുടെ എണ്ണം പെരു
കി. അവിടെ നമ്മുടെ ആൾക്കാർ തിങ്ങിക്കൂടി
വന്നു. (ദൈവം അബ്രാഹാമിനു നൽകിയ വാ
ഗ്ദാനം പാലിക്കപ്പെടാറായിരുന്നു.) 18അപ്പോൾ

‘നിന്റെ ... പോവുക’ ഉദ്ധരണി ഉല്പ. 12:1

‘നിന്റെ ... ശിക്ഷിക്കും’ ഉദ്ധരണി ഉല്പ. 15:13,14.

‘അതെല്ലാം ... ആരാധിക്കും’ ഉദ്ധരണി ഉല്പ. 15:14,പുറ. 3:12.

വ്യത്യസ്തനായൊരു രാജാവ് മിസ്രയീം ഭരിച്ചു.
അയാൾക്ക് യോസേഫിനെപ്പറ്റി ഒന്നും അറിയു
കയില്ലായിരുന്നു. **19**രാജാവ് നമ്മുടെയാളുക
ളോട് കൗശലപൂർവ്വം പെരുമാറി. അവരോട്
അയാൾ ക്രൂരമായി പെരുമാറി. അവൻ നമ്മുടെ
പിതാക്കന്മാരെ തങ്ങളുടെ കുഞ്ഞുങ്ങൾ ജീവി
ക്കുന്നതു തടയുവാൻ അവരെ പുറത്തിടുവാൻ
നിർബന്ധിച്ചു. **20**മോശെ പിറന്ന സമയമായി
രുന്നു അത്. മോശെ ദൈവത്തിന്റെ മുമ്പിൽ
അതിസുന്ദരനായിരുന്നു. മൂന്നുമാസം മോശെ
യെ അവന്റെ പിതാവിന്റെ ഭവനത്തിൽ വളർ
ത്തി. **21**മോശെയെ അവർ പുറത്തെറിഞ്ഞ
പ്പോൾ ഫറവോന്റെ പുത്രി കുഞ്ഞിനെ എടു
ത്തുകൊണ്ടുപോയി. സ്വന്തം മകനെപ്പോലെ
അവൾ അവനെ വളർത്തി. **22**മിസ്രയീംകാർ
തങ്ങൾക്കറിയാവുന്നതു മുഴുവൻ മോശെയെ
പഠിപ്പിച്ചു. താൻ പറഞ്ഞതും പ്രവർത്തിച്ചതു
മായുള്ള കാര്യങ്ങളിൽ മോശെ ശക്തനായി.
23“മോശെയ്ക്കു നാല്പതു വയസ്സായപ്പോൾ
തന്റെ യെഹൂദസഹോദരന്മാരെ ചെന്നു കാണ
ണമെന്നു അവനു തോന്നി. **24**ഒരു മിസ്രയീംകാ
രൻ ഒരു യെഹൂദനെ ദ്രോഹിക്കുന്നത് മോശെ
കണ്ടു. അയാൾ യെഹൂദന്റെ സഹായത്തിനെ
ത്തി. മോശെ മിസ്രയീംകാരനെ അടിച്ചുകൊന്ന്
ശിക്ഷിച്ചു. **25**അവരെ രക്ഷിക്കാൻ ദൈവം തന്നെ
അയച്ചതാണെന്ന് യെഹൂദർക്ക് തന്മൂലം മനസ്സി
ലാകുമെന്ന് മോശെ കരുതി. എന്നാൽ അവർ
ക്കതു മനസ്സിലായില്ല. **26**പിറ്റേന്ന് രണ്ടു യെഹൂ
ദർ തമ്മിലടിക്കുന്നത് മോശെ കണ്ടു. അയാൾ
അവരെ പൊരുത്തപ്പെടുത്താൻ ശ്രമിച്ചുകൊ
ണ്ടു പറഞ്ഞു, ‘മനുഷ്യരേ, നിങ്ങൾ സഹോദര
ന്മാരല്ലേ, നിങ്ങളെന്തിനാണ് പരസ്പരം ദ്രോ
ഹിക്കുന്നത്?’ **27**സഹോദരനെ ദ്രോഹിച്ചുകൊ
ണ്ടിരുന്നവൻ മോശെയെ തള്ളിമാറ്റി. അയാൾ
മോശെയോടു ചോദിച്ചു, ‘ആരാണ് നിന്നെ
ഞങ്ങളുടെമേൽ ഭരണാധികാരിയും വിധികർ
ത്താവും ആക്കിയത്? **28**ഇന്നലെ മിസ്രയീംകാ
രനെ കൊന്നതുപോലെ എന്നെ നീ കൊല്ലുമെ
ന്നാണോ? **29**അവൻ പറഞ്ഞതുകേട്ട് മോശെ
മിസ്രയീം വിട്ടു. മോശെ മിദ്യാൻ ദേശത്തേക്കു
പോയി. അവിടെയവൻ അപരിചിതനായി
വസിച്ചു. അവിടെവച്ച് മോശെയ്ക്കു രണ്ടു
പുത്രന്മാരുണ്ടായി.

30“നാല്പതു വർഷങ്ങൾക്കു ശേഷം മോശെ
സീനായിമലകൾക്കടുത്തുള്ള മരുഭൂമയിൽ നിൽ
ക്കുകയായിരുന്നു. അവിടെ മുൾപ്പടർപ്പിലെ തീ
ജ്വാലയിൽ ഒരു ദൂതൻ അവനു പ്രത്യക്ഷപ്പെട്ടു.
31അതുകണ്ട മോശെ അത്ഭുതപ്പെട്ടു. അതുകാ
ണാൻ മോശെ കൂടുതൽ അടുത്തേക്കു ചെന്നു.
മോശെ കർത്താവിന്റെ ശബ്ദം കേട്ടു. **32**കർ
ത്താവ് പറഞ്ഞു, ‘ഞാൻ നിന്റെ പിതാക്കന്മാ
രുടെ ദൈവമാകുന്നു. അബ്രാഹാമിന്റെയും, യി
സ്ഹാക്കിന്റെയും, യാക്കോബിന്റെയും
ദൈവം ഞാനാകുന്നു.’* മോശെ ഭയംകൊണ്ട്
വിറയ്ക്കാൻ തുടങ്ങി. മുൾപ്പടർപ്പിലേക്കുനോ
ക്കാൻ അവനു ധൈര്യമുണ്ടായില്ല. **33**കർത്താവ്
അവനോടു പറഞ്ഞു, ‘നിന്റെ ചെരിപ്പുകൾ
ഊരിക്കളയുക, കാരണം നീ നിൽക്കുന്നിടം
വിശുദ്ധസ്ഥലമാണ്. **34**മിസ്രയീമിൽ എന്റെ
ജനങ്ങളുടെ കഷ്ടപ്പാടുകൾ കണ്ട എനിക്ക്
അതേപ്പറ്റി നന്നായി അറിയാം. അവരുടെ
കരച്ചിൽ ഞാൻ കേട്ടു. അവരെ രക്ഷിക്കാനാണു
ഞാൻ താഴേക്കു വന്നിരിക്കുന്നത്. മോശെ,
ഇപ്പോൾ വരിക, ഞാൻ നിന്നെ മിസ്രയീമി
ലേക്കു മടക്കി അയയ്ക്കുന്നു!’*

35“യെഹൂദർ തള്ളിപ്പറഞ്ഞ അതേ മോശെ
തന്നെയാണിത്. ‘നീ ഞങ്ങളുടെ ഭരണകർ
ത്താവും വിധികർത്താവുമാണെന്ന് ആരെങ്കി
ലും പറഞ്ഞിട്ടുണ്ടോ? * ഇല്ല’ എന്ന് അവർ
അവനോടു പറഞ്ഞിരുന്നു. ദൈവം രക്ഷകനും
ഭരണാധിപനുമായി അയച്ചവനാണു മോശെ.
ദൂതന്റെ സഹായത്താലാണ് ദൈവം മോശെ
യെ അയച്ചത്. ആ ദൂതനെയാണ് മുൾപ്പടർ
പ്പിലെ തീജ്വാലയിൽ മോശെ കണ്ടത്. **36**മോശെ
ജനങ്ങളെ നയിച്ചു. അത്ഭുതങ്ങളും വീര്യപ്രവൃ
ത്തികളും മോശെ പ്രവർത്തിച്ചു. മിസ്രയീമിലും
ചെങ്കടലിലും, മരുഭൂമിയിലും നാല്പതുവർഷ
ക്കാലം അവൻ ഇതു പ്രവർത്തിച്ചു. **37**യെഹൂദ
രോട് ഇതേ മോശെ തന്നെയാണ് ഈ വാക്കു
കളും പറഞ്ഞത്: ‘ദൈവം നിങ്ങൾക്കൊരു പ്രവാ
ചകനെ നൽകും.നിങ്ങൾക്കിടയിൽ നിന്നാ വും
ആ പ്രവാചകൻ വരിക. അവൻ എന്നെപ്പോ
ലെയായിരിക്കും.’* **38**ഇതേ മോശെ മരുഭൂമിയി
ലെ യെഹൂദക്കൂട്ടത്തിലും ഉണ്ടായിരുന്നു. അവൻ
നമ്മുടെ പിതാക്കന്മാരോടൊപ്പവും ഉണ്ടായി
രുന്നു. സീനായിമലയ്ക്കടുത്തുവച്ച് തന്നോടു
സംസാരിച്ചദൂതനോടൊപ്പമായിരുന്നു അവൻ
അപ്പോൾ. മോശെ ദൈവത്തിൽനിന്നും ജീവൻ
നൽകുന്ന കല്പനകൾ സ്വീകരിച്ചു. ആ കല്പനക
ളാണ് മോശെ നമുക്ക് തന്നത്.

39“എന്നാൽ നമ്മുടെ പിതാക്കന്മാർ മോശെ
യെ അനുസരിക്കാൻ കൂട്ടാക്കിയില്ല. അവർ
അവനെ തിരസ്കരിച്ചു. അവർ മിസ്രയീമിലേ
ക്കു പോകാൻ ആഗ്രഹിച്ചു. **40**നമ്മുടെ പിതാ
ക്കന്മാർ അഹരോനോടു പറഞ്ഞു, ‘മോശെ
ഞങ്ങളെ മിസ്രയീമിൽനിന്നും പുറത്തേക്കു
നയിച്ചു. എന്നാൽ അവനെന്തു സംഭവിച്ചുവെ
ന്നു ഞങ്ങൾക്കറിയില്ല. അതിനാൽ ഞങ്ങളെ
നയിക്കാൻ ഏതാനും ദേവന്മാരെ ഉണ്ടാക്കുക.’*

41അതുകൊണ്ട് അവർ പശുക്കുട്ടിയെപ്പോലെ
തോന്നിക്കുന്ന ഒരു വിഗ്രഹം ഉണ്ടാക്കി. അവർ
അതിന് യാഗം നൽകി. തങ്ങളുടെ കൈകൾ
കൊണ്ട് എന്തു സൃഷ്ടിച്ചോ അതിൽ അവർ
സന്തോഷിച്ചു. **42**പക്ഷേ ദൈവം അവരിൽ
നിന്നും തിരിഞ്ഞു. ആകാശത്തെ കപടദൈവ
ങ്ങളെ ആരാധിക്കാനുള്ള ശ്രമത്തിൽനിന്ന് അവ
രെ തടയുന്നത് അവൻ അവസാനിപ്പിച്ചു.
പ്രവാചകരുടെ പുസ്തകത്തിൽ ഇങ്ങനെ എഴു
തിയിരിക്കുന്നു: ദൈവം അരുളിച്ചെയ്യുന്നു,

‘യെഹൂദവംശജരേ, മരുഭൂമിയിൽ നാല്പതുവർ
ഷക്കാലം നിങ്ങളെനിക്കായിരുന്നില്ല രക്തവും
യാഗങ്ങളും നൽകിയിരുന്നത്; **43**നിങ്ങൾക്ക്
ആരാധിക്കാൻ നിങ്ങൾ മൊലോക്കിന്റെ കൂടാര
വും രേഫാൻ ദേവന്റെ നക്ഷത്രവും നിങ്ങൾ
കൊണ്ടു വന്നു. ആരാധിക്കേണ്ടതിലേക്കായി
അവ നിങ്ങളുണ്ടാക്കിയ വിഗ്രഹങ്ങളാണ്. അതി
നാൽ ഞാൻ നിങ്ങളെ ബാബിലോണിലേക്കു
ബഹിഷ്ക്കരിക്കും.’

ആമോസ് 5:25-27

ഞാൻ ... ആകുന്നു ഉദ്ധരണി പുറ. 3:6.

‘നിന്റെ ... അയയ്ക്കുന്നു’ ഉദ്ധരണി പുറ.3:5-8,10

‘നീ ഞങ്ങളുടെ ... പറഞ്ഞിട്ടുണ്ടോ?’ ഉദ്ധരണി പുറ 2:14

‘ദൈവം ... എന്നെപ്പോലെയായിരിക്കും’ ഉദ്ധരണി ആവ.18:15

‘മോശെ ഉണ്ടാക്കുക’ ഉദ്ധരണി പുറ.32:1.

44“നമ്മുടെ പിതാക്കന്മാർക്ക് മരുഭൂമിയിൽ
വിശുദ്ധകൂടാരം ഉണ്ടായിരുന്നു. എങ്ങനെയാണ്
ആ കൂടാരം ഉണ്ടാക്കേണ്ടതെന്ന് ദൈവം മോശെ
യോടു പറഞ്ഞിരുന്നു. ദൈവം അവനെ കാണി
ച്ചിരുന്ന മാതൃകയനുസരിച്ചാണ് മോശെ കൂടാരം
ഉണ്ടാക്കിയത്. 45പിന്നീട് യോശുവവന്ന് നമ്മു
ടെ പിതാക്കന്മാരെ മറ്റു ദേശങ്ങൾ പിടിച്ചടക്കാ
നായി നയിച്ചു. നമ്മുടെയാൾക്കാർ കടന്നുചെ
ന്നപ്പോൾ അന്യനാട്ടുകാരെ ദൈവം പുറത്താ
ക്കി. പുതിയ നാട്ടിലേക്കു നമ്മുടെ പിതാക്ക
ന്മാർ കടന്നുചെന്നപ്പോൾ ഇതേ കൂടാരം അവർ
കൊണ്ടു വന്നു. തങ്ങളുടെ പിതാക്കന്മാരിൽ
നിന്നും കിട്ടിയ ആ കൂടാരം അവർ ദാവീദിന്റെ
കാലം വരെ സൂക്ഷിച്ചു. 46ദൈവം ദാവീദിൽ
സന്തുഷ്ടനായി. യാക്കോബിന്റെ ദൈവത്തി
ന് ഒരു ആലയം പണിയാൻ ദാവീദ് ദൈവ
ത്തോട് അനുവാദം ചോദിച്ചു. 47എന്നാൽ ദാവീ
ദിന്റെ പുത്രനായ ശലോമോൻ ആയിരുന്നു
ദൈവാലയം പണിയിച്ചത്.
48“പക്ഷേ മനുഷ്യർ അവരുടെ കൈകൾ
കൊണ്ടു നിർമ്മിച്ച ദൈവാലയത്തിൽ അത്യു
ന്നതൻ വസിക്കുന്നില്ല. അതാണ് പ്രവാചകൻ
എഴുതിയിട്ടുള്ളത്:
‘കർത്താവ് അരുളിച്ചെയ്യുന്നു, സ്വർഗ്ഗം
എന്റെ സിംഹാസനം. 49ഭൂമി എന്റെ പാദപീഠ
മാകുന്നു. എനിക്കായി ഏതുതരം ദൈവാലയം
പണിയാനാണു നിങ്ങൾക്കാവുക? എനിക്ക്
വിശ്രമസങ്കേതം ഇല്ല! 50ഇവയെല്ലാം ഞാനാ
ണുണ്ടാക്കിയതെന്ന് മറക്കാതിരിക്കുക.’”
യെശയ്യാവ് 66:1-2

51അപ്പോൾ സ്തെഫാനൊസ് പറഞ്ഞു,
“ദുശ്ശാഠ്യക്കാരായ യെഹൂദനേതാക്കളേ, ദൈവ
ത്തിനു ഹൃദയവും കാതും നൽകാത്തവരേ, പരി
ശുദ്ധാത്മാവിന്റെ വചനങ്ങൾക്ക് എപ്പോഴും
എതിരു നിൽക്കുവന്നവരേ, നിങ്ങളുടെ പിതാ
ക്കന്മാർ ഇതു ചെയ്തു. അതുതന്നെ നിങ്ങളും
ചെയ്യുന്നു. 52നിങ്ങളുടെ പിതാക്കന്മാർ ജീവിച്ചി
രുന്ന എല്ലാപ്രവാചകരെയും ഉപദ്രവിച്ചു.
നീതിമാൻ വരുമെന്ന് ആ പ്രവാചകരെല്ലാം
പറഞ്ഞിട്ടുണ്ട്. പക്ഷേ അവരെ പിതാക്കന്മാർ
വധിച്ചു. ഇപ്പോൾ നിങ്ങളും നീതിമാനെതിരെ
തിരിയുകയും അവനെ വധിയ്ക്കുകയും ചെ
യ്തു. 53മോശെയുടെ ന്യായപ്രമാണം നിങ്ങൾ
സ്വീകരിച്ചു. ദൂതന്മാരിലൂടെ ദൈവം നിങ്ങൾ
ക്ക് ഈ ന്യായപ്രമാണം നൽകി. എന്നാൽ
നിങ്ങൾ ഈ നിയമങ്ങൾ അനുസരിച്ചില്ല.”

സ്തെഫാനൊസ് കൊല്ലപ്പെടുന്നു

54സ്തെഫാനൊസിന്റെ ഈ വാക്കുകൾ യെ
ഹൂദനേതാക്കൾ കേട്ട് കോപാകുലരായി. അവർ
അയാളുടെ നേരെ പല്ലുകളിറുമ്മി., 55പക്ഷേ
സ്തെഫാനൊസിൽ പരിശുദ്ധാത്മാവു നിറ
ഞ്ഞിരുന്നു. അവൻ ആകാശത്തേക്കു നോക്കി.
അവൻ ദൈവത്തിന്റെ മഹത്വം കണ്ടു. ദൈവ
ത്തിന്റെ വലതുഭാഗത്ത് യേശു നിൽക്കുന്നത്
സ്തെഫാനൊസ് കണ്ടു. 56സ്തെഫാനൊസ്
പറഞ്ഞു, അതാ, “സ്വർഗ്ഗകവാടം തുറന്നതു
ഞാൻ കാണുന്നു. മനുഷ്യപുത്രൻ ദൈവത്തി
ന്റെ വലത്തുവശത്തു നിൽക്കുന്നതും ഞാൻ
കാണുന്നു.”
57അപ്പോൾ യെഹൂദനേതാക്കളാകെ ആക്രോ
ശിച്ചു. അവർ തങ്ങളുടെ ചെവികൾ പൊത്തി.
അവരെല്ലാവരും സ്തെഫാനൊസിന്റെ അടു
ത്തേക്കോടി 58അവരവനെ നഗരത്തിൽനിന്നും
പുറന്തള്ളി മരിക്കുംവരെ കല്ലെറിഞ്ഞു. സ്തെ
ഫാനൊസിനെതിരെ കള്ളസാക്ഷികൾ പറ
ഞ്ഞവർ തങ്ങളുടെ മേലങ്കി ഊരി ശൌൽ എന്നു
വിളിച്ച യുവാവിനു നൽകി. 59അവരും സ്തെ
ഫാനൊസിനെ കല്ലെറിഞ്ഞു. പക്ഷേ സ്തെ
ഫാനൊസ് അപ്പോഴും പ്രാർത്ഥിക്കുകയായിരു
ന്നു. അവൻ പറഞ്ഞു, “കർത്താവായ യേശുവേ,
എന്റെ ആത്മാവിനെ സ്വീകരിക്കേണമേ.”
60അവൻ മുട്ടുകുത്തി ഉറക്കെ നിലവിളിച്ചു, “കർ
ത്താവേ ഇവരുടെമേൽ ഈ പാപം ചുമത്ത
രുതേ.” ഇത്രയും പറഞ്ഞ് സത്തെഫാനൊസ്
മരിച്ചുവീണു.

8 സ്തെഫാനൊസിന്റെ കൊലയ്ക്കു ശൌ
ലും അവന്റെ അംഗീകാരം കൊടുത്തു.

വിശ്വാസികൾ കുഴപ്പത്തിൽ

2-3ഏതാനും ഭക്തജനങ്ങൾ സ്തെഫാനൊ
സിനെ സംസ്കരിച്ചു. അവർ അവന്റെ മരണ
ത്തിൽ വാവിട്ടുകരഞ്ഞു. ആ ദിവസം യെരൂശ
ലേമിലെ വിശ്വാസികളെ യെഹൂദർ ഉപദ്രവി
ച്ചു. വിശ്വാസികളെ നശിപ്പിക്കാൻ ശൌലും
ശ്രമിച്ചുകൊണ്ടിരുന്നു. ശൌൽ അവരുടെ വീടു
കളിൽകയറി. ആണുങ്ങളെയും പെണ്ണുങ്ങ
ളെയും അയാൾ വലിച്ചിറക്കി തടവറയിലിട്ടു.
വിശ്വാസികളെല്ലാം യെരൂശലേം വിട്ടു. അപ്പൊ
സ്തലന്മാർ മാത്രം അവശേഷിച്ചു. വിശ്വാസി
കൾ യെഹൂദ്യയിലെയും ശമര്യയിലെയും മുഴു
വൻ സ്ഥലത്തുമെത്തി. 4അവർ യെഹൂദ്യയിലെ
യും, ശമര്യയിലെയും എല്ലായിടങ്ങളിലും ചിത
റിക്കിടന്നിരുന്നു. അവർ പോയിടത്തെല്ലാം
സുവിശേഷം പ്രസംഗിച്ചു.

ഫിലിപ്പൊസ് ശമര്യയിൽ പ്രസംഗിക്കുന്നു

5ഫിലിപ്പൊസ് ശമര്യാനഗരത്തിലേക്കു
പോയി. അവിടെ ക്രിസ്തുവിനെക്കുറിച്ചു
പ്രഭാഷണം നടത്തി. 6അന്നാട്ടുകാർ ഫിലിപ്പൊ
സിനെ ശ്രവിക്കുകയും അവന്റെ വീര്യപ്രവൃ
ത്തികൾ കാണുകയും ചെയ്തു. ഫിലിപ്പൊസി
ന്റെ വാക്കുകളെ അവർ സശ്രദ്ധം ശ്രവിച്ചു.
7അവരിൽ പലരേയും അശുദ്ധാത്മാവ് ബാധി
ച്ചിരുന്നു. ഫിലിപ്പൊസ് അശുദ്ധത്മാക്കളെ പുറം
തള്ളി. പുറത്തേക്കു വന്ന ആത്മാക്കൾ വലിയ
ശബ്ദമുണ്ടാക്കിയിരുന്നു. അനേകം തളർവാത
രോഗികളും, മുടന്തരും അവിടെയുണ്ടായിരുന്നു.
ഫിലിപ്പൊസ് അവരെയും സുഖപ്പെടുത്തി.
8അതിനാൽ ആ നഗരക്കാർ വളരെ സന്തുഷ്ട
രായി.
9പക്ഷേ ആ നഗരത്തിൽ ശിമോൻ എന്നൊ
രാളുണ്ടായിരുന്നു. ഫിലിപ്പൊസ് അവിടെയെ
ത്തുന്നതിനുമുമ്പ് ശിമോൻ ജാലവിദ്യകൾ കാട്ടി
യിരുന്നു. അതുവഴി അയാൾ ശമര്യക്കാരെ വശീ
കരിച്ചു. അയാൾ സ്വയം വലിയവനാണെന്നു
നടിച്ചു. 10വലിയവരും ചെറിയവരുമടക്കം
എല്ലാവരും ശിമോന്റെ വാക്കുകൾ വിശ്വസി
ച്ചു. അവർ പറഞ്ഞു, “ഈ മനുഷ്യന് ദൈവശ
ക്തിയായ ‘മഹാശക്തിയുണ്ട്.’” 11ആളുകൾ
തന്റെ അനുയായികളാകുംവരെ വളരെനാൾ
ശിമോൻ മായാജാലംകൊണ്ട് ആളുകളെ അത്ഭു
തപ്പെടുത്തിയിരുന്നു. 12എന്നാൽ ഫിലിപ്പൊസ്
ദൈവരാജ്യത്തെപ്പറ്റിയും യേശുക്രിസ്തുവി
ന്റെ ശക്തിയെപ്പറ്റിയുമുള്ള സുവിശേഷം പ്ര
സംഗിച്ചു. സ്ത്രീപുരുഷന്മാർ ഫിലിപ്പൊസി

ന്റെ വാക്കുകൾ വിശ്വസിച്ചു. അവർ സ്നാന
പ്പെട്ടു. 13ശിമോനും ഫിലിപ്പൊസിന്റെ വാക്കു
കൾ വിശ്വസിക്കുകയും സ്നാനപ്പെടുകയും
ചെയ്തു. അയാൾ ഫിലിപ്പൊസിനെ പിന്തുട
ർന്നു. ഫിലിപ്പൊസ് ചെയ്ത വീര്യപ്രവൃത്തി
കളും അതിശക്തമായ കർമ്മങ്ങളുംകണ്ട്
ശിമോൻ അത്ഭുതപ്പെട്ടു.

14അപ്പൊസ്തലന്മാർ അപ്പോഴും യെരൂശലേ
മിൽ ഉണ്ടായിരുന്നു. ശമര്യക്കാർ ദൈവവചനം
സ്വീകരിച്ചുവെന്ന് അവർ കേട്ടു. അതിനാൽ
അവർ പത്രൊസിനെയും യോഹന്നാനെയും
ശമര്യക്കാരുടെയിടയിലേക്കയച്ചു. 15അവരെ
ത്തി ശമര്യക്കാർക്കു പരിശുദ്ധാത്മാവിനെ ലഭി
ക്കുന്നതിനായി പ്രാർത്ഥിച്ചു. 16യേശുക്രിസ്തു
വിന്റെനാമത്തിൽ അവർ സ്നാനപ്പെട്ടു.
പക്ഷേ പരിശുദ്ധാത്മാവ് അവരിലൊരാളിലേ
ക്കും വന്നതേയില്ല. അതിനാലാണ് പത്രൊസും
യോഹന്നാനും പ്രാർത്ഥിച്ചത്. 17അപ്പൊസ്തല
ന്മാർ തങ്ങളുടെ കൈകൾ ജനങ്ങളുടെമേൽ
വെച്ചതോടെ അവർക്കു പരിശുദ്ധാത്മാവിനെ
കിട്ടി.

18അപ്പൊസ്തലന്മാർ തങ്ങളുടെ കൈകൾ
ജനങ്ങളുടെമേൽ വെച്ചപ്പോൾ അവർക്കു ആ
ത്മാവു ലഭിക്കുന്നത് ശിമോൻ കണ്ടു. അതിനാൽ
അവൻ അപ്പൊസ്തലന്മാർക്കു പണം കൊടു
ക്കാൻ ഒരുങ്ങി. 19എന്നിട്ടു പറഞ്ഞു, "ഞാൻ
എന്റെ കൈ ഒരുവന്റെമേൽ വച്ചാൽ അവനും
പരിശുദ്ധാത്മാവിനെ കിട്ടേണ്ടതിലേക്കുള്ള
ശക്തി എന്നിലേക്കു പകർന്നു തരിക."

20പത്രൊസ് ശിമോനോടു പറഞ്ഞു, "നീയും
നിന്റെ പണവും നശിപ്പിക്കപ്പെടണം. ദൈവ
ത്തിന്റെ സമ്മാനം പണം കൊടുത്തു വാങ്ങാ
മെന്നു നീ കരുതി. 21ഈ ജോലിയിൽ നിനക്കു
ഞങ്ങളോടു പങ്കാളിയാകാനാവില്ല. ദൈവ
ത്തിനുമുമ്പിൽ നിന്റെ ഹൃദയം ശുദ്ധമല്ല. 22മാന
സാന്തരപ്പെടുക! നീ ചെയ്ത ദുഷ്ടതകളിൽ
നിന്നും പിന്തിരിയുക. ദൈവത്തോടു പ്രാർത്ഥി
ക്കുക. നിന്റെയീവകചിന്തകൾക്ക് അവൻ
നിന്നോടു ക്ഷമിക്കട്ടെ. 23നീ കടുത്ത അസൂയ
യിൽ മുഴുകിയവനും, പിശാചിന്റെ നിയന്ത്ര
ണത്തിലുള്ളവനുമാണെന്നു ഞാൻ കാണുന്നു."

24ശിമോൻ മറുപടി പറഞ്ഞു, "നിങ്ങളിരുവ
രും എനിക്കായി കർത്താവിനോടു പ്രാർത്ഥി
ച്ചാലും. നിങ്ങൾ പറഞ്ഞവിധമൊന്നും എനിക്കു
സംഭവിക്കാതിരിക്കാൻ പ്രാർത്ഥിച്ചാലും."

25അപ്പോൾ രണ്ട് അപ്പൊസ്തലന്മാരും തങ്ങൾ
കണ്ട യേശുവിന്റെ പ്രവർത്തികളെപ്പറ്റി പ്ര
സംഗിച്ചു. കർത്താവിന്റെ സന്ദേശം അവർ
ജനങ്ങളോടു പറഞ്ഞു. എന്നിട്ടവർ യെരൂശലേ
മിലേക്കു പോയി. യെരൂശലേമിലേക്കു മടങ്ങും
വഴി അവർ പല ശമര്യാപട്ടണങ്ങളിലൂടെ കട
ന്നുപോവുകയും അവിടെയെല്ലാം സുവിശേ
ഷം പ്രസംഗിക്കുകയും ചെയ്തു.

എത്യോപ്യക്കാരനെ ഫിലിപ്പൊസ് പഠിപ്പിക്കുന്നു

26കർത്താവിന്റെ ഒരു ദൂതൻ ഫിലിപ്പൊസി
നോടു സംസാരിച്ചു. ദൂതൻ പറഞ്ഞു, "തയ്യാ
റായി തെക്കോട്ടു പുറപ്പെടുക. യെരൂശലേമിൽ
നിന്നും ഗസയിലേക്കു മരുഭൂമിയിലുള്ള പാത
യിലേക്കു പോവുക." 27അതിനാൽ ഫിലിപ്പൊ
സ് തയ്യാറായി പുറപ്പെട്ടു. വഴിയിൽ അവൻ
ഒരു എത്യോപ്യക്കാരനെ കണ്ടു. അയാൾ ഒരു
ഷണ്ഡനായിരുന്നു. എത്യോപ്യരാജ്ഞി കന്ദക്ക
യുടെ ഉയർന്നഉദ്യോഗസ്ഥനും, ഖജനാവുസൂ
ക്ഷിപ്പുകാരനുമാണയാൾ. യെരൂശലേമിൽ ആ
രാധനയ്ക്കു പോയതായിരുന്നു അയാൾ. 28ഇ
പ്പോൾ അയാൾ വീട്ടിലേക്കു മടങ്ങുന്നവഴി
യാണ്. അയാൾ തന്റെ രഥത്തിലിരുന്ന് യെശ
യ്യാപ്രവാചകന്റെ ഗ്രന്ഥം വായിക്കുകയായി
രുന്നു. 29ആത്മാവ് ഫിലിപ്പൊസിനോടു പറ
ഞ്ഞു, "ആ രഥത്തിനടുത്തു പോയി നിൽക്കുക."
30അതിനാൽ ഫിലിപ്പൊസ് രഥത്തിനടുത്തെ
ത്തി അയാൾ വായിക്കുന്നതു കേട്ടു. അയാൾ
യെശയ്യാപ്രവാചകന്റെ വചനങ്ങൾ വായിക്കു
കയായിരുന്നു. ഫിലിപ്പൊസ് അയാളോടു ചോ
ദിച്ചു, "വായിക്കുന്നതൊക്കെ മനസ്സിലാകുന്നു
ണ്ടോ? 31അയാൾ പറഞ്ഞു, "എനിക്കെങ്ങനെ
മനസ്സിലാകാൻ? എനിക്കിതാരെങ്കിലും വിശദീ
കരിച്ചു തന്നാൽ കൊള്ളാമായിരുന്നു!" എന്നിട്ട
യാൾ ഫിലിപ്പൊസിനെ രഥത്തിലേക്കു ക്ഷണി
ച്ചു. 32തിരുവെഴുത്തിലെ ഈ ഭാഗമായിരുന്നു
അയാൾ വായിച്ചിരുന്നത്:

"അറുക്കുവാനുള്ള കുഞ്ഞാടിനെപ്പോലെ
അവനെ കൊണ്ടുപോയി. രോമം മുറിക്കു
മ്പോൾ മിണ്ടാതെ നിൽക്കുന്ന കുഞ്ഞാടിനെ
പ്പോലെ അവൻ നിശബ്ദനായിരുന്നു. 33അവൻ
അപമാനിക്കപ്പെട്ടു; അവനു നീതി നിഷേധിക്ക
പ്പെട്ടു. ഭൂമിയിലെ അവന്റെ ജീവിതം അവസാ
നിച്ചു. അവന്റെ പിന്മുറക്കാരെപ്പറ്റി ആർക്കും
പറയാനാവില്ല." *യെശയ്യാവ് 53:7-8*

34അയാൾ ഫിലിപ്പൊസിനോടു ചോദിച്ചു,
"പ്രവാചകൻ ഇത് ആരെപ്പറ്റിയാണ് പറയു
ന്നത്? ഇത് അവൻ തന്നെപ്പറ്റി തന്നെ പറയുന്ന
തോ മറ്റാരെയെങ്കിലും പറ്റിപ്പറയുന്നതോ?"
35ഫിലിപ്പൊസ് പ്രസംഗിക്കാൻ തുടങ്ങി. അതേ
തിരുവെഴുത്ത് ഉദ്ധരിച്ചുകൊണ്ടു തുടങ്ങിയ
ഫിലിപ്പൊസ് അയാളോട് യേശുക്രിസ്തുവി
ന്റെ സുവിശേഷം പ്രസംഗിച്ചു. 36അങ്ങനെ
സഞ്ചരിക്കവേ അവർ ഒരു കുളക്കരയിലെത്തി.
ഉദ്യോഗസ്ഥൻ പറഞ്ഞു, "ഇതാ! ഇവിടെ
വെള്ളം! സ്നാനപ്പെടുവാൻ എനിക്കിനി
എന്താണു തടസ്സം?"

37*38രഥം നിറുത്താൻ അയാൾ ആജ്ഞാ
പിച്ചു. ഫിലിപ്പൊസും ഷണ്ഡനും വെള്ളത്തി
ലേക്കിറങ്ങി. ഫിലിപ്പൊസ് അയാളെ സ്നാന
പ്പെടുത്തി. 39അവർ വെള്ളത്തിൽനിന്നും കയറി
യപ്പോൾ ആത്മാവ് ഫിലിപ്പൊസിനെ അപ്രത്യ
ക്ഷനാക്കി. ഉദ്യോഗസ്ഥൻ പിന്നീട് ഫിലിപ്പൊ
സിനെ കണ്ടിട്ടേയില്ല. അയാൾ അത്യാഹ്ളാദ
ത്തോടെ വീട്ടിലേക്കു യാത്ര തുടർന്നു. 40അസ്
തൊദ് എന്ന പട്ടണത്തിൽ ഫിലിപ്പൊസ് പ്രത്യ
ക്ഷപ്പെട്ടു. അവൻ കൈസര്യനഗരത്തിലേക്കു
പോകുകയായിരുന്നു. അസ്തൊദിൽനിന്നും
കൈസര്യയിലേക്കുള്ള മാർഗ്ഗമദ്ധ്യേ എല്ലാ ഗ്രാമ
ങ്ങളിലും ഫിലിപ്പൊസ് സുവിശേഷം പ്രസം
ഗിച്ചു.

ശൌൽ മാനസാന്തരപ്പെടുന്നു

9 യെരൂശലേമിൽ കർത്താവിന്റെ വിശ്വാസി
കളെ ഭീഷണിപ്പെടുത്തുന്നതും കൊല്ലുന്നതും
ശൌൽ തുടർന്നു. അതിനാലവൻ മഹാപുരോ

വാക്യം 37 ചില പിൽക്കാല അപ്പൊ.പ്രവൃത്തിക
ളുടെ ഗ്രീക്കു പതിപ്പുകളിൽ 37ാം വാക്യത്തിൽ
ഇത്രയും കൂടി കാണാനുണ്ട്. "ഫിലിപ്പൊസ് മറുപടി
പറഞ്ഞു, 'നിങ്ങൾ പൂർണ്ണഹൃദയത്തോടെ വിശ്വസി
ക്കുന്നുവെങ്കിൽ നിങ്ങൾക്കു കഴിയും.' ഉദ്യോഗസ്ഥൻ
പറഞ്ഞു, 'യേശുക്രിസ്തു ദൈവപുത്രനാണെന്നു
ഞാൻ വിശ്വസിക്കുന്നു.'"

ഹിതനെ സമീപിച്ചു. 2ദമസ്കൊസിലെ യെ
ഹൂദപ്പള്ളികളിലെ യെഹൂദർക്കു കത്തയ
യ്ക്കാൻ അയാൾ മഹാപുരോഹിതനോട് ആവ
ശ്യപ്പെട്ടു. ദമസ്കൊസിൽ ക്രിസ്തുവിൻെറ
മാർഗ്ഗത്തിൽ വിശ്വസിക്കുന്നവരെ കണ്ടെത്താൻ
തനിക്കധികാരം നൽകണമെന്നാണ് മഹാപു
രോഹിതനോട് ശൌൽ ആവശ്യപ്പെട്ടത്. അങ്ങ
നെയുള്ള പുരുഷന്മാരെയൊ സ്ത്രീകളെയൊ
കണ്ടാൽ അവരെ പിടിച്ചുകെട്ടി യെരൂശലേമി
ലേക്കു കൊണ്ടുവരാനാണയാൾക്കാഗ്രഹം.

3അതിനാൽ ശൌൽ ദമസ്കൊസിലേക്കു
പോയി. അയാൾ നഗരത്തിനടുത്തെത്തിയ
പ്പോൾ പെട്ടെന്ന് ആകാശത്തുനിന്നും ഒരു വലി
യപ്രകാശം അയാൾക്കു ചുറ്റും തിളങ്ങി. 4ശൌൽ
നിലം പതിച്ചു. ഒരു ശബ്ദം അവനോടു പറയു
ന്നതു കേട്ടു: "ശൌൽ, ശൌൽ! എന്നെ ഉപദ്രവി
ക്കുന്നത് എന്തിന്?" 5ശൌൽ ചോദിച്ചു, "നീ
ആരാണു കർത്താവേ?"

ശബ്ദം പ്രതിവചിച്ചു, "നീ പീഡിപ്പിക്കുന്ന
യേശുവാകുന്നു ഞാൻ. 6എഴുന്നേറ്റു നഗരത്തി
ലേക്കു പോവുക. അവിടെയുള്ളവരാരെങ്കിലും
നീ ചെയ്യേണ്ടതെന്തെന്നു പറയും."

7ശൌലിനോടൊപ്പം സഞ്ചരിച്ചിരുന്നവർ
അവിടെ നിന്നിരുന്നു. അവർ ഒന്നും പറഞ്ഞില്ല.
അവർ ശബ്ദം കേട്ടതല്ലാതെ ആരെയും കണ്ടില്ല.
8അവൻ നിലത്തുനിന്നും എഴുന്നേറ്റുനിന്നു. അ
വൻെറ കണ്ണുകൾ തുറന്നിരുന്നുവെങ്കിലും അവ
ന് ഒന്നും കാണാൻ കഴിഞ്ഞില്ല. അതിനാൽ
അവനോടൊപ്പമുണ്ടായിരുന്നവർ അവൻെറ
കൈപിടിച്ചു ദമസ്കൊസിലേക്കു നയിച്ചു.
9മൂന്നു ദിവസത്തേക്കു ശൌലിനു കാഴ്ച ഉണ്ടാ
യിരുന്നില്ല. അയാൾ തിന്നുകയോ, കുടിയ്ക്കുക
യോ ചെയ്തില്ല.

10ദമസ്കൊസിൽ യെശുവിൻെറ ഒരു അനു
യായി ഉണ്ടായിരുന്നു. അനന്യാസ് എന്നായി
രുന്നു അയാളുടെ പേര്. കർത്താവ് ഒരു ദർശന
ത്തിൽ അനന്യാസിനോടു സംസാരിച്ചു. കർ
ത്താവ് വിളിച്ചു, "അനന്യാസേ!" അനന്യാസ്
വിളികേട്ടു, "കർത്താവേ ഞാനിവിടെയുണ്ട്."

11കർത്താവ് അനന്യാസിനോടു പറഞ്ഞു,
"നേർവഴി എന്നു വിളിക്കപ്പെടുന്ന പാതയി
ലേക്കു പോവുക. യൂദായുടെ വീടു കണ്ടുപിടി
ക്കുക. തർസൊസിൽനിന്നും വന്ന ശൌൽ
എന്നൊരാളെ കണ്ടെത്തുക. അയാൾ ഇപ്പോൾ
അവിടെ പ്രാർത്ഥിക്കുന്നുണ്ട്. 12ശൌലിനു ഒരു
ദർശനമുണ്ടായി. ആ ദർശനത്തിൽ അനന്യാസ്
എന്നൊരാൾ അയാളെ സമീപിച്ച് തൻെറ കൈ
കൾ അയാളുടെമേൽ വച്ചു. അപ്പോൾ ശൌലി
ന് കാഴ്ചകിട്ടി."

13പക്ഷേ അനന്യാസ് പറഞ്ഞു, "കർത്താവേ,
അനവധി പേർ എന്നോടു ശൌലിനെപ്പറ്റി
പറഞ്ഞു. യെരൂശലേമിലെ അങ്ങയുടെ വിശു
ദ്ധരോട് അവൻ ചെയ്ത ദ്രോഹങ്ങളെപ്പറ്റിയാ
ണവർ പറഞ്ഞത്. 14ഇപ്പോഴവൻ ദമസ്കൊ
സിൽ എത്തിയിരിക്കുന്നു. നിന്നിൽ വിശ്വസി
ക്കുന്ന* എല്ലാവരെയും പിടിക്കാൻ മഹാപുരോ
ഹിതർ അവനെ അധികാരപ്പെടുത്തിയിട്ടു
മുണ്ട്."

15എന്നാൽ കർത്താവ് അനന്യാസിനോടു
പറഞ്ഞു, "പോകൂ! ശൌലിനെ ഞാൻ ഒരു പ്ര
ധാന ജോലിക്കായി തെരഞ്ഞെടുത്തു. അവൻ
എന്നെപ്പറ്റി രാജാക്കന്മാരോടും യെഹൂദരോടും
മറ്റു ജനതയോടും പറയും. 16എനിക്കുവേണ്ടി
അവൻ സഹിക്കേണ്ടതെല്ലാം ഞാൻ അവനു
കാണിച്ചു കൊടുക്കും."

17അതുകൊണ്ട് അനന്യാസ് അവിടം വിട്ട്
യൂദായുടെ വീട്ടിലേക്കു പോയി. ശൌലിൻെറ
മേൽ കൈകൾവച്ച് അയാൾ പറഞ്ഞു, "സഹോ
ദരാ ശൌൽ, കർത്താവായ യേശു എന്നെ അയ
ച്ചിരിക്കുന്നു. നീ ഇങ്ങോട്ട് വരും വഴി അവൻ
നിനക്കു പ്രത്യക്ഷപ്പെട്ടു. നിനക്കു കാഴ്ച കിട്ടു
ന്നതിനും പരിശുദ്ധാത്മാവു നിന്നിൽ നിറയുന്ന
തിനുംവേണ്ടിയാണ് യേശു എന്നെ അയച്ചത്."
18പെട്ടെന്ന് മീൻ ചെതുമ്പലുപോലെ എന്തോ
ഒന്ന് ശൌലിൻെറ കണ്ണുകളിൽനിന്നും വീണു.
അയാൾക്കു കാഴ്ച തിരിച്ചു കിട്ടി. അവൻ
എഴുന്നേറ്റു സ്നാനപ്പെട്ടു. 19അവൻ അല്പം
ആഹാരം കഴിച്ചു. ശക്തി തിരിച്ചു കിട്ടിയതു
പോലെ അവനു തോന്നി.

ശൌൽ ദമസ്ക്കൊസിൽ പ്രസംഗിക്കുന്നു

ശൌൽ ദമസ്ക്കൊസിൽ യേശുവിൻെറ അനു
യായികളോടൊത്ത് ഏതാനും നാൾ തങ്ങി. 20താ
മസിയാതെ യെഹൂദപ്പള്ളികളിൽ അവൻ
യേശുവിനെക്കുറിച്ചു പ്രസംഗിച്ചു തുടങ്ങി.
അവൻ ജനങ്ങളോടു പറഞ്ഞു, "യേശു ദൈവ
പുത്രനാകുന്നു!"

21ശൌലിൻെറ വാക്കുകൾ കേട്ടവരെല്ലാം അ
ത്ഭുതം കൂറി. അവർ പറഞ്ഞു, "ഇയാളാണല്ലോ
യെരൂശലേമിലും ഉണ്ടായിരുന്നത്. അവിടെ
ഇവൻ യേശുവിൻെറ വിശ്വാസികളെ നശിപ്പി
ക്കാനാണ് നോക്കിയത്. ഇവിടെയും അവൻ
അതു തന്നെ ചെയ്യാനായിരിക്കും വന്നത്. വി
ശ്വാസികളെ യെരൂശലേമിലേക്കു പിടിച്ചു
കൊണ്ടുപോയി മഹാപുരോഹിതന്മാരെ ഏല്പി
ക്കാനാണവൻ വന്നിരിക്കുന്നത്."

22പക്ഷേ ശൌൽ കൂടുതൽ കൂടുതൽ ശക്തിയു
ള്ളവനായിത്തീർന്നു. യേശു, ക്രിസ്തുവാണെ
ന്നവൻ തെളിയിച്ചു. ദമസ്ക്കൊസിലെ യെഹൂ
ദർക്കു വാദിക്കാൻ കഴിയാത്തവിധം ശക്തങ്ങളാ
യിരുന്നു അയാളുടെ തെളിവുകൾ.

യെഹൂദരിൽനിന്നും ശൌൽ രക്ഷപ്പെടുന്നു

23ദിവസങ്ങൾക്കു ശേഷം യെഹൂദർ ശൌലി
നെ കൊല്ലാൻ പരിപാടിയിട്ടു. 24അവർ നഗരക
വാടങ്ങളിൽ ശൌലിനുവേണ്ടി രാപകൽ കാവ
ലിരുന്നു. അവർക്ക് അവനെ കൊല്ലണം.
എന്നാൽ അവരുടെ പരിപാടി ശൌൽ മനസ്സി
ലാക്കി. 25ഒരു രാത്രി ശൌലിൻെറ ഏതാനും
ശിഷ്യന്മാർ അയാളെ നഗരത്തിൽനിന്നും രക്ഷ
പ്പെടുത്തി. അവർ അവനെ ഒരു കൂടയിൽ ഒളി
പ്പിച്ചു. നഗരഭിത്തിയിലെ ഒരു ദ്വാരത്തിലൂടെ
അവർ ആ കൂട പുറത്തേക്കിട്ട് അവനെ താഴേ
ക്കിറക്കി.

ശൌൽ യെരൂശലേമിൽ

26അനന്തരം ശൌൽ യെരൂശലേമിലേക്കു
പോയി. വിശ്വാസികളുടെയിടയിൽ ചേരാൻ
അയാൾ ശ്രമിച്ചെങ്കിലും അവർ അവനെ ഭയ
പ്പെട്ടു. ശൌൽ യഥാർത്ഥത്തിൽ യേശുവിൻെറ
അനുയായിയാണെന്ന് അവർ വിശ്വസിച്ചില്ല.
27എന്നാൽ ബർന്നബാസ് അയാളെ സ്വീകരിച്ച്
അപ്പൊസ്തലന്മാരുടെയടുത്തു കൊണ്ടുവന്നു.
ശൌൽ ദമസ്കൊസിലേക്കു വരുംവഴി കർത്താ

നിന്നിൽ വിശ്വസിക്കുക "നിൻെറ നാമത്തിൽ വിളി
ക്കുക" എന്നർത്ഥം, യേശുവിനെ ആരാധിച്ചുകൊണ്ട്
അവനിൽ വിശ്വാസം അർപ്പിക്കുക എന്നാണിതി
നർത്ഥം.

വിനെ കണ്ടുവെന്ന് ബർന്നബാസ് അപ്പൊസ്ത
ലന്മാരോടു പറഞ്ഞു. കർത്താവ് ശൌലിനോടു
എങ്ങനെ സംസാരിച്ചുവെന്ന് ബർന്നബാസ്
അവർക്കു വിശദീകരിച്ചു. ദമസ്കൊസിലെ
ജനങ്ങളോട് ശൌൽ ഭയമില്ലാതെ കർത്താവി
ൻെറ പേരിൽ പ്രസംഗിച്ചുവെന്ന് ബർന്നബാ
സ് അപ്പൊസ്തലന്മാരോടു പറഞ്ഞു.
28അതുകൊണ്ട് ശൌലിന് വിശ്വാസികളുടെ
യിടയിൽ ചേരാൻ കഴിഞ്ഞു. അയാൾ യെരൂശ
ലേമിലെമ്പാടും ഭയം കൂടാതെ കർത്താവിനെപ്പ
റ്റി പ്രസംഗിച്ചു. 29യവനഭാഷ സംസാരിച്ചി
രുന്ന യെഹൂദരോടുപോലും ശൌൽ സംസാ
രിച്ചു. അവൻ അവരുമായി തർക്കത്തിലേർ
പ്പെട്ടു. പക്ഷേ അവർ അവനെ കൊല്ലാൻ ശ്രമി
ച്ചു. 30സഹോദരന്മാർ ഇതറിഞ്ഞപ്പോൾ അവർ
ശൌലിനെ കൈസര്യയിൽ കൊണ്ടുപോയി.
അവിടെനിന്നും അവർ ശൌലിനെ തർസൊ
സിലേക്ക് അയച്ചു.
31യെഹൂദ്യയിലെ മുഴുവൻ സഭയ്ക്കും ഗലീല
യിലെയും ശമര്യയിലെയും വിശ്വാസികൾക്കും
സമാധാനത്തിൻെറ സമയം ഉണ്ടായി. പരിശു
ദ്ധാത്മാവിൻെറ സഹായത്തോടെ വിശ്വാസി
സംഘം വലുതായി. വിശ്വാസികൾ തങ്ങളുടെ
ജീവിതചര്യകളിലൂടെ കർത്താവിലുള്ള അവ
രുടെ ബഹുമാനം തെളിയിച്ചു. അതിനാൽ
വിശ്വാസികളുടെ സംഘം കൂടുതൽ കൂടുതൽ
വലുതായിക്കൊണ്ടിരുന്നു.
32പത്രൊസ് യെരൂശലേമിനു ചുറ്റുപാടും
സഞ്ചരിച്ചു. ലുദ്ദയിൽ വസിച്ചിരുന്ന വിശ്വാ
സികളെയും അവൻ സന്ദർശിച്ചു. 33അവിടെ
തളർവാതം പിടിപെട്ട ഐനെയാസിനെ അ
യാൾ കണ്ടുമുട്ടി. എട്ടുവർഷമായി ഐനെയാ
സ് കിടപ്പിലായിരുന്നു. 34പത്രൊസ് അയാ
ളോടു പറഞ്ഞു, “ഐനെയാസേ, യേശുക്രി
സ്തു നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ്
നിന്ന് നിൻെറ കിടക്ക ഒരുക്കുക! നിനക്ക് അതി
പ്പോൾ സ്വയം ചെയ്യാം. ”ഐനെയാസ് പെട്ടെ
ന്ന് എഴുന്നേറ്റുനിന്നു. 35ലുദ്ദയിലെയും ശാരോ
നിലെയും ജനത അതുകണ്ടു. അവരും കർത്താ
വായ യേശുവിലേക്കു തിരിഞ്ഞു.

പത്രൊസ് യോപ്പയിൽ

36യോപ്പാനഗരത്തിൽ തബീഥാ എന്നു പേരാ
യ ഒരു വിശ്വാസി ഉണ്ടായിരുന്നു. (‘മാൻപേട’
യെന്നാണവളുടെ പേരിനർത്ഥം.) അവൾ
എന്നും എല്ലാവർക്കും നന്മ മാത്രം ചെയ്തു.
ആവശ്യക്കാർക്ക് അവളെപ്പോഴും പണം കൊടു
ത്തു. 37പത്രൊസ് ലുദ്ദയിലായിരുന്നപ്പോൾ ത
ബീഥാ രോഗം വന്നു മരിച്ചു. ആളുകൾ അവളെ
കുളിപ്പിച്ചു മുകളിലത്തെ മുറിയിൽ കിടത്തി.
38പത്രൊസ് ലുദ്ദയിലുണ്ടായിരുന്നുവെന്ന് യോ
പ്പയിലെ വിശ്വാസികൾ കേട്ടു. (ലുദ്ദ, യോപ്പ
യുടെ അടുത്ത സ്ഥലമാണ്.) അതിനാലവർ
രണ്ടു പേരെ പത്രൊസിനടുത്തേക്കയച്ചു. അ
വർ അവനോടു യാചിച്ചു, “ദയവായി വേഗം
വരൂ!” 39പത്രൊസ് എഴുന്നേറ്റ് അവരോടൊത്തു
പോയി. അവിടെയെത്തിയപ്പോൾ അവർ അവ
നെ മുകളിലത്തെ മുറിയിലേക്കു കൊണ്ടുപോ
യി. വിധവകളെല്ലാം പത്രൊസിനു ചുറ്റും
നിന്നു. അവർ കരയുകയായിരുന്നു. തബീഥാ
ജീവിച്ചിരുന്നപ്പോൾ ഉണ്ടാക്കിയ മേൽക്കുപ്പായ
ങ്ങളും മറ്റു വസ്ത്രങ്ങളും അവർ പത്രൊസിനെ
കാണിച്ചു. 40പത്രൊസ് എല്ലാവരെയും മുറി
യിൽനിന്ന് പുറത്തിറക്കി. അവൻ മുട്ടുകുത്തി
പ്രാർത്ഥിച്ചു. എന്നിട്ട് തബീഥയുടെ ശരീരത്തി
നുനേർക്കുതിരിഞ്ഞ് പറഞ്ഞു, “തബീഥാ എഴു
ന്നേൽക്കൂ!” അവൾ എഴുന്നേറ്റിരുന്നു കണ്ണുതുറ
ന്നു. പത്രൊസിനെ കണ്ടപ്പോൾ അവൾ എഴു
ന്നേറ്റു. 41അയാൾ അവളെ കൈപിടിച്ച് എഴു
ന്നേല്പിച്ചു. പിന്നീടവൻ വിശ്വാസികളെയും
വിധവകളെയും മുറിക്കുള്ളിലേക്കു വിളിച്ചു.
അവൻ അവർക്കു തബീഥയെ കാണിച്ചു കൊടു
ത്തു; അവൾ ജീവിച്ചിരിക്കുന്നു! 42യോപ്പയിലെ
ജനങ്ങളാകെ ഇക്കാര്യം അറിഞ്ഞു. അധികം
പേരും കർത്താവിൽ വിശ്വസിച്ചു. 43പത്രൊസ്
അനവധി ദിവസം യോപ്പയിൽ തങ്ങി. തുകൽ
പ്പണിക്കാരനായ ശിമോൻെറ വീട്ടിലാണ്
പത്രൊസ് തങ്ങിയത്.

പത്രൊസും കൊർന്നേല്യൊസും

10 കൈസര്യനഗരത്തിൽ കൊർന്നേല്യൊസ്
എന്നൊരാൾ ഉണ്ടായിരുന്നു. റോമൻസൈ
ന്യത്തിൻെറ ‘ഇത്താലിക’ വിഭാഗത്തിൻെറ
ശതാധിപനാണയാൾ. 2കൊർന്നേല്യൊസ്
വലിയൊരു ഭക്തനായിരുന്നു. അവനും അവ
ൻെറ കുടുംബവും സത്യമായ ദൈവത്തെ ആരാ
ധിച്ചിരുന്നു. തൻെറ പണത്തിലധികവും അ
യാൾ പാവങ്ങൾക്കു ദാനം ചെയ്തു. അയാൾ
എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു.
3ഒരു ദിവസം ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് കൊർ
ന്നേല്യൊസിന് ഒരു ദർശനമുണ്ടായി. അവനതു
വ്യക്തമായി കണ്ടു. ദർശനത്തിൽ ദൈവത്തി
ൻെറ ഒരു ദൂതൻ വന്നു അവനോടു പറഞ്ഞു,
“കൊർന്നേല്യൊസ്!”
4കൊർന്നേല്യൊസ് ദൂതനെ നോക്കി. അവൻ
ഭയന്നു ചോദിച്ചു, “എന്താണു പ്രഭോ?”
ദൂതൻ കൊർന്നേല്യൊസിനോടു പറഞ്ഞു,
“ദൈവം നിൻെറ പ്രാർത്ഥനകൾ കേട്ടിരിക്കു
ന്നു. നീ പാവങ്ങളോടു ചെയ്തതൊക്കെ അവൻ
കണ്ടിട്ടുണ്ട്. ദൈവം നിന്നെ ഓർമ്മിക്കുന്നു. 5ഏ
താനുംപേരെ ഇപ്പോൾ തന്നെ യോപ്പയിലേക്ക
യയ്ക്കുക. ശിമോൻ എന്നു പേരായ ഒരുവനെ
കൊണ്ടുവരാൻ നിൻെറ ഭൃത്യരെ അയയ്ക്കുക.
ശിമോന് പത്രൊസ് എന്നും പേരുണ്ട്. 6ശിമോൻ
എന്നു പേരായ മറ്റൊരാളുടെ വസതിയിലാണ്
പത്രൊസ് താമസിക്കുന്നത്. ആ ശിമോൻ ഒരു
തുകൽപ്പണിക്കാരനാണ്. കടലിനടുത്താണ്
അവൻെറ വീട്.” 7ദൂതൻ അപ്രത്യക്ഷനായി.
അപ്പോൾ കൊർന്നേല്യൊസ് തൻെറ രണ്ടു ഭൃത്യ
രെയും ഒരു ഭടനെയും വിളിച്ചു. ഭടനും ഒരു
ഭക്തനായിരുന്നു. കൊർന്നേല്യൊസിൻെറ അടു
ത്തസഹായികളിലൊരുവനായിരുന്നു ആ ഭടൻ.
8കൊർന്നേല്യൊസ് മൂന്നു പുരുഷന്മാരോടും
എല്ലാം വിശദീകരിച്ചു. എന്നിട്ടവരെ യോപ്പയി
ലേക്കയച്ചു.
9പിറ്റേന്ന് അവർ യോപ്പയ്ക്കടുത്തെത്തി. ആ
സമയം പത്രൊസ് വീടിൻെറ മട്ടുപ്പാവിലേക്ക്
പ്രാർത്ഥിക്കാൻ പോവുകയായിരുന്നു. അ
പ്പോൾ സമയം ഉച്ചയായിരുന്നു. 10പത്രൊസിനു
വിശന്നു, അവനു ആഹാരം വേണമായിരുന്നു.
അവർ പത്രൊസിനു ഭക്ഷണം ഉണ്ടാക്കവേ
അയാൾക്കൊരു ദർശനമുണ്ടായി. 11തുറന്ന
ആകാശത്തുനിന്നും എന്തോ താഴ്ന്നു വരുന്നതു
അയാൾ കണ്ടു. വലിയൊരു വിരിപ്പു താഴ്ന്നു
വരും പോലെ. നാലുമൂലയ്ക്കും പിടിച്ച് അതി
നെ താഴോട്ടിറക്കുകയായിരുന്നു. 12എല്ലാത്തരം
മൃഗങ്ങളും അതിന്മേലുണ്ടായിരുന്നു. നടക്കുന്നവ,
ഇഴയുന്നവ, പറവകൾ അങ്ങനെയെല്ലാം.

13അപ്പോൾ ഒരു ശബ്ദം പത്രൊസിനോടു പറ
ഞ്ഞു, “എഴുന്നേൽക്കൂ പത്രൊസേ; മൃഗത്തെ
കൊന്നു തിന്നോളൂ.” **14**എന്നാൽ പത്രൊസ് പറ
ഞ്ഞു, “കർത്താവേ, അതു ഞാനൊരിക്കലും
ചെയ്യില്ല! അശുദ്ധവും മലിനവുമായ യാതൊ
ന്നും ഞാനിതേവരെ ഭക്ഷിച്ചിട്ടില്ല.”

15എന്നാൽ ആ സ്വരം അവനോടു വീണ്ടും
പറഞ്ഞു, “ദൈവം ഇവയെ വൃത്തിയുള്ളവ
യെന്നു പ്രഖ്യാപിച്ചിരിക്കുന്നു. അതിനാൽ അവ
യെ ‘അശുദ്ധമെന്നു’ വിളിക്കരുത്!” **16**ഇതു മൂന്നു
തവണ സംഭവിച്ചു. അനന്തരം എല്ലാം ആകാശ
ത്തേക്കെടുക്കപ്പെട്ടു.

17ഈ ദർശനത്തിന്റെ അർത്ഥം എന്തായിരി
ക്കാമെന്ന് പത്രൊസ് അത്ഭുതപ്പെട്ടു. കൊർന്നേ
ല്യൊസ് അയച്ച ഭൃത്യന്മാർ ശിമോന്റെ വസതി
അന്വേഷിച്ചു കണ്ടുപിടിച്ചു. **18**വാതിൽക്കൽ
നിന്ന് അവർ വിളിച്ചു ചോദിച്ചു, “ശിമോൻ
പത്രൊസ് ഇവിടെയാണോ താമസം?”

19പത്രൊസ് അപ്പോഴും ദർശനത്തെപ്പറ്റി
ചിന്തിച്ചു കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ
ആത്മാവ് അവനോടു പറഞ്ഞു, “നോക്കൂ! മൂന്നു
പേർ നിന്നെ അന്വേഷിക്കുന്നു. **20**എഴുന്നേറ്റു
താഴത്തെ നിലയിലേക്കു ചെല്ലുക. സംശയാലു
വാകാതെ അവരോടൊത്തു പോകുകയും അവ
രോടു ചോദ്യങ്ങൾ ചോദിക്കാതിരിക്കുകയും
ചെയ്യുക. ഞാനാണ് അവരെ നിന്റെ അടുത്തേ
ക്കയച്ചത്.” **21**പത്രൊസ് താഴെ അവരുടെയടു
ത്തേക്കുപോയി. അവൻ പറഞ്ഞു, “നിങ്ങൾ
അന്വേഷിക്കുന്ന വ്യക്തി ഞാനാണ്. എന്തിനാ
ണ് നിങ്ങളിവിടെ വന്നത്?”

22അവർ പറഞ്ഞു, “നിന്നെ, തന്റെ വസതി
യിലേക്കു ക്ഷണിക്കാൻ ഒരു വിശുദ്ധദൂതൻ കൊ
ർന്നേല്യൊസിനോട് ആജ്ഞാപിച്ചു. കൊർ
ന്നേല്യൊസ് ഒരു ശതാധിപനാണ്. അയാൾ
ഒരു ഭക്തനും യഥാർത്ഥദൈവത്തെ ആരാധിക്കു
ന്നവനുമാണ്. യെഹൂദർ അയാളെ ആദരിക്കു
ന്നു. നിനക്കു പറയാനുള്ളതു കേൾക്കുന്നതിന്
നിന്നെ വീട്ടിലേക്കു ക്ഷണിക്കാൻ ദൂതൻ കൊർ
ന്നേല്യൊസിനോടു കല്പിച്ചു.”

23അകത്തുവന്ന് അന്നു രാത്രി അവിടെ
തങ്ങാൻ പത്രൊസ് അവരോട് അഭ്യർത്ഥിച്ചു.

പിറ്റേദിവസം പത്രൊസ് ആ മൂന്നു പേരോ
ടൊത്തു പോയി. യോപ്പയിലെ ഏതാനും വി
ശ്വാസികളും പത്രൊസിനോടൊത്തു പോയി.
24പിറ്റേന്ന് അവർ കൈസര്യയിലെത്തി. കൊർ
ന്നേല്യൊസ് അവർക്കായി കാത്തിരിക്കുകയാ
യിരുന്നു. അയാൾ തന്റെ ബന്ധുക്കളെയും
അടുത്ത സുഹൃത്തുക്കളെയും അവിടെ വിളിച്ചു
കൂട്ടിയിരുന്നു. **25**തന്റെ വീട്ടിലേക്കുവന്ന പ
ത്രൊസിനെ കൊർന്നേല്യൊസ് ചെന്നു കണ്ടു.
അയാൾ പത്രൊസിന്റെ കാൽക്കൽ വീഴുകയും
ആരാധിക്കുകയും ചെയ്തു. **26**പത്രൊസ് അയാ
ളോട് എഴുന്നേൽക്കാൻ പറഞ്ഞു. പത്രൊസ്
പറഞ്ഞു, “എഴുന്നേൽക്കൂ ഞാൻ നിന്നെപ്പോ
ലൊരു മനുഷ്യനാണ്.” **27**പത്രൊസ് കൊർന്നേ
ല്യൊസുമായി സംഭാഷണം തുടർന്നു. പിന്നീട്
ഉള്ളിലേക്കു കടന്നപ്പോൾ വലിയൊരു ആൾക്കൂ
ട്ടത്തെ പത്രൊസ് കണ്ടു.

28പത്രൊസ് അവരോടു പറഞ്ഞു, “യെഹൂദന
ല്ലാത്ത ഒരുവനുമായി ബന്ധപ്പെടുകയോ അ
യാളെ സന്ദർശിക്കുകയോ ചെയ്യുന്നത് യെഹൂ
ദന്യായപ്രമാണത്തിനു വിരുദ്ധമാണെന്നു
നിങ്ങൾക്കറിയാം. എന്നാൽ ആരെയും ‘അശു
ദ്ധൻ’ എന്നോ ‘മലിനപ്പെട്ടവൻ’ എന്നോ ഞാൻ
വിളിക്കരുതെന്ന് ദൈവം എനിക്കു കാണി
ച്ചുതന്നു. **29**അതിനാലാണ് ഇവരെന്നെ ക്ഷണി
ച്ചപ്പോൾ ഞാൻ തർക്കിക്കാഞ്ഞത്. ഇപ്പോൾ
ദയവായി പറയൂ എന്തിനാണു നിങ്ങൾ എനി
ക്കായി ആളയച്ചത്?”

30കൊർന്നേല്യൊസ് പറഞ്ഞു, “നാലുദിവ
സംമുമ്പ് ഞാനെന്റെ വീട്ടിലിരുന്നു പ്രാർത്ഥി
ക്കുകയായിരുന്നു. സമയം ഉച്ചയ്ക്ക് മൂന്നുമണി
യോളമായി. പെട്ടെന്നൊരാൾ എന്റെ മുമ്പിൽ
വന്നു നിന്നു. പ്രകാശമാനമായ തിളങ്ങുന്ന വ
സ്ത്രങ്ങൾ ധരിച്ച ഒരു ദൂതൻ. **31**ദൂതൻ പറഞ്ഞു,
‘കൊർന്നേല്യൊസ്! ദൈവം നിന്റെ പ്രാർ
ത്ഥന കേട്ടിരിക്കുന്നു. പാവങ്ങളോടുള്ള നിന്റെ
കാരുണ്യപ്രവൃത്തി ദൈവം കണ്ടിരിക്കുന്നു.
അവൻ നിന്നെ ഓർമ്മിക്കുന്നു. **32**നിന്റെ ഏതാ
നും ഭൃത്യന്മാരെ യോപ്പയിലേക്കയയ്ക്കുക.
ശിമോൻ പത്രൊസിനോടു ഇങ്ങോട്ടു വരാൻ
പറയുക. തുകൽപണിക്കാരനും ശിമോൻ എന്നു
തന്നെ പേരുള്ളവനുമായ ഒരുവന്റെ വസതിയി
ലാണവൻ താമസിക്കുന്നത്. ആ വീട് കടൽത്തീ
രത്താണ്.’ **33**അപ്പോൾ തന്നെ ഞാൻ നിനക്കു
ആളയച്ചു. നീ ഇവിടെ വന്നതു വളരെനല്ലതു
തന്നെ. ഞങ്ങളെല്ലാവരുമിപ്പോൾ ദൈവത്തി
ന്റെമുന്നിൽ അവൻ നിന്നോടു പറയുവാൻ
കല്പിച്ച കാര്യങ്ങൾ കേൾക്കാൻ ഇരിക്കുന്നു.”

പത്രൊസ് കൊർന്നേല്യൊസിന്റെ വീട്ടിൽ പ്രസംഗിക്കുന്നു

34പത്രൊസ് പ്രസംഗിച്ചു തുടങ്ങി: “ദൈവ
ത്തിന് എല്ലാവരും ഒരുപോലെയാണെന്ന് ഞാ
നിപ്പോൾ യഥാർത്ഥത്തിൽ പഠിച്ചു. **35**തന്നെ
ആരാധിക്കുന്നവനേയും നീതിചെയ്യുന്നവനെ
യും ദൈവം സ്വീകരിക്കുന്നു. ഒരുവൻ ഏതു
രാജ്യത്തുനിന്നു വരുന്നു എന്നതല്ല പ്രധാനം.
36ദൈവം യെഹൂദരോടു സംസാരിച്ചു. യേശു
ക്രിസ്തുവിലൂടെ സമാധാനം കൈവന്നു എന്ന
സുവിശേഷം യേശു അവർക്കു നൽകി. യേശു
വാണ് എല്ലാജനതയുടേയും കർത്താവ്. **37**യെ
ഹൂദ്യയിൽ എല്ലായിടത്തും എന്താണുസംഭവിച്ച
തെന്നു നിങ്ങൾക്കറിയാം. സ്നാനത്തെപ്പറ്റി
യോഹന്നാൻ ജനങ്ങളോടു പ്രസംഗിച്ചതിനു
ശേഷം ഗലീലയിലാണ് അതാരംഭിച്ചത്. **38**ന
സെറെത്തിലെ യേശുവിനെപ്പറ്റി നിങ്ങൾക്കറി
യാം. ദൈവം അവന് പരിശുദ്ധാത്മാവിനെയും
ശക്തിയേയും നൽകിക്കൊണ്ട് അവനെ ക്രി
സ്തുവാക്കി. ആളുകൾക്കു നന്മ ചെയ്തുകൊണ്ട്
യേശു നാടെങ്ങും ചുറ്റി സഞ്ചരിച്ചു. പിശാചു
പീഡിപ്പിച്ചവരെ അവൻ സുഖപ്പെടുത്തി.
ഇതൊക്കെ യേശുവിനോടൊപ്പമാണ് ദൈവം
എന്നതിനു സാക്ഷ്യങ്ങളാണ്. **39**യെഹൂദ്യയിലും
യെരൂശലേമിലും യേശു ചെയ്ത കാര്യങ്ങൾ
ഞങ്ങൾ കണ്ടു. ഞങ്ങൾ സാക്ഷികളാണ്.
പക്ഷേ യേശു കൊല്ലപ്പെട്ടു. അവർ അവനെ
മരക്കുരിശിൽ തറച്ചു. **40**എന്നാൽ മരണത്തിന്റെ
മൂന്നാം നാൾ ദൈവം അവനെ പുനരുജ്ജീവി
പ്പിച്ചു! ദൈവം ആളുകൾക്ക് യേശുവിനെ
വ്യക്തമായി കാണിച്ചുകൊടുത്തു.

41പക്ഷേ എല്ലാ ആളുകളും യേശുവിനെ
കാണില്ല. ദൈവം തെരഞ്ഞെടുത്ത സാക്ഷികൾ
മാത്രം അവനെ കണ്ടു. ആ സാക്ഷികളാണു
ഞങ്ങൾ. അവന്റെ മരിച്ചവരിൽനിന്നുള്ള ഉയി
ർത്തെഴുന്നേല്പിനുശേഷം ഞങ്ങൾ അവനോടൊ
ത്തു തിന്നുകയും കുടിയ്ക്കുകയും ചെയ്തു.
42ജനങ്ങളോടു പ്രഭാഷണം നടത്താൻ യേശു

ഞങ്ങളോടാവശ്യപ്പെട്ടു. മരിച്ചവരുടെയും
ജീവിച്ചിരിക്കുന്നവരുടെയും ന്യായവിധി നട
ത്താൻ ദൈവം നിയോഗിച്ചവനാണ് അവനെ
ന്ന് എല്ലാവരോടും പറയാൻ അവൻ ഞങ്ങളോ
ടു പറഞ്ഞു. **43**യേശുവിൽ വിശ്വസിക്കുന്നവർ
രക്ഷിക്കപ്പെടും. യേശുവിന്റെ നാമത്തിലൂടെ
അവന്റെ പാപങ്ങളെ ദൈവം പൊറുക്കും. ഇതു
സത്യമാണെന്ന് എല്ലാ പ്രവാചകരും പറ
യുന്നു.”

പരിശുദ്ധാത്മാവ് ജാതികളിലേക്ക്

44പത്രൊസ് ഇങ്ങനെ പ്രഭാഷണം ചെയ്യവേ
അവന്റെ വാക്കുകൾ കേൾക്കുകയായിരുന്നവ
രുടെ ഇടയിലേക്ക് പരിശുദ്ധാത്മാവ് ഇറങ്ങി
വന്നു. **45**പത്രൊസിനോടൊപ്പം വന്ന യെഹൂദ
വിശ്വാസികൾ അത്ഭുതപ്പെട്ടു. ജാതികളിലും
പരിശുദ്ധാത്മാവ് അതുപോലെ വർഷിക്കപ്പെട്ട
തിനാലാണവർക്കത്ഭുതം. **46**കാരണം ആ ജാതി
കൾ വ്യത്യസ്തഭാഷകളിൽ സംസാരിക്കുന്നതും,
ദൈവത്തെ സ്തുതിക്കുന്നതും അവർ കേട്ടു.
അപ്പോൾ പത്രൊസ് പറഞ്ഞു, **47**“വെള്ളത്തിൽ
സ്നാനപ്പെടുന്നതിൽനിന്ന് ഇവരെ തടയാൻ
നമ്മൾക്കാവില്ല. നമ്മൾക്കു കിട്ടിയതുപോലെ
തന്നെ ഇവർക്കും പരിശുദ്ധാത്മാവിനെ ലഭി
ച്ചു!” **48**കൊർന്നേല്യൊസും അയാളുടെ ബന്ധു
ക്കളും സുഹൃത്തുക്കളും യേശു ക്രിസ്തുവിന്റെ
നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ പത്രൊസ്
കല്പിച്ചു. അപ്പോൾ ആ ജനം തങ്ങളോടൊപ്പം
കുറച്ചു നാൾ കൂടി വസിക്കാൻ പത്രൊസി
നോടു അഭ്യർത്ഥിച്ചു.

പത്രൊസ് യെരൂശലേമിലേക്കു മടങ്ങുന്നു

11 ജാതികൾക്കും ദൈവവചനം ലഭിച്ചു
എന്ന വാർത്ത അപ്പൊസ്തലന്മാരും യെ
ഹൂദ്യയിലെ വിശ്വാസികളും കേട്ടു. **2**അങ്ങനെ
പത്രൊസ് യെരൂശലേമിൽ വന്നപ്പോൾ ഏതാ
നും യെഹൂദവിശ്വാസികൾ അവനുമായി തർ
ക്കിച്ചു. **3**അവർ പറഞ്ഞു, “ജാതികളും പരി
ച്ഛേദനം ചെയ്യാത്തവരുമായവരുടെ വീടുക
ളിൽ നീ പോയി, നീ അവരോടൊപ്പമിരുന്ന്
ഭക്ഷിക്കുകകൂടി ചെയ്തു.”

4അതുകൊണ്ട് സംഭവം മുഴുവനും പത്രൊസ്
അവർക്കു വിശദീകരിച്ചുകൊടുത്തു. **5**പത്രൊസ്
പറഞ്ഞു, “ഞാൻ യോപ്പാനഗരത്തിലായിരുന്നു.
ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ എനി
ക്കൊരു ദർശനമുണ്ടായി. ആകാശത്തുനിന്ന്
എന്തോ താഴേക്കിറങ്ങിവരുന്നതു ഞാൻ കണ്ടു.
അതൊരു വലിയ വിരിപ്പുപോലെ കാണ
പ്പെട്ടു. അതിന്റെ നാലു മൂലകളിലും പിടിച്ചു
താഴേക്കു കൊണ്ടുവരികയായിരുന്നു. അത്
എന്റെ അടുത്തുവന്നു നിന്നു. **6**ഞാൻ അതിനു
ള്ളിലേക്കു നോക്കി. വളർത്തു മൃഗങ്ങളും വന്യമൃ
ഗങ്ങളും അതിലുണ്ടായിരുന്നു. ഇഴജന്തുക്കളും
പക്ഷികളും അതിൽ ഞാൻ കണ്ടു. **7**ഒരശരീരി
എന്നോടു പറഞ്ഞതായും കേട്ടു, എഴുന്നേൽക്കൂ
പത്രൊസേ; ഇവയിലേതെങ്കിലുമൊന്നിനെ
കൊന്നുതിന്നുക. **8**പക്ഷേ ഞാൻ പറഞ്ഞു, ‘ഞാ
നതൊരിക്കലും ചെയ്യില്ല കർത്താവേ!’ അശുദ്ധ
വും മലിനമാക്കപ്പെട്ടതുമായ ഒന്നും ഞാനിതു
വരെ ഭക്ഷിച്ചിട്ടില്ല!’ **9**പക്ഷേ അശരീരി വീണ്ടും
ഉണ്ടായി, ‘ദൈവം ഇവയെല്ലാം ശുദ്ധമെന്നു പ്ര
ഖ്യാപിച്ചിരിക്കുന്നു. അവയെ അശുദ്ധമെന്നു
വിളിക്കരുത്.’

10മൂന്നുതവണ ഇങ്ങനെ സംഭവിച്ചു. അന
ന്തരം എല്ലാം ആകാശത്തിലേക്ക് എടുക്കപ്പെട്ടു.
11അപ്പോൾ ഞാൻ താമസിച്ചിരുന്ന വീട്ടിലേക്കു
മൂന്നുപേർ കയറിവന്നു. അവർ കൈസര്യാ
യിൽനിന്ന് എന്റെയടുത്തേക്ക് അയയ്ക്കപ്പെട്ട
വരായിരുന്നു. **12**സംശയിക്കാതെ അവരോടൊ
ത്തു പോകുവാൻ ആത്മാവ് എന്നോടാജ്ഞാപി
ച്ചു. ഈ ആറു വിശ്വാസികളും എന്നോടൊത്തു
വന്നു. ഞങ്ങൾ കൊർന്നേല്യൊസിന്റെ വീട്ടി
ലേക്കാണ് പോയത്. **13**തന്റെ വീട്ടിൽ ഒരു
ദൂതൻ നിൽക്കുന്നത് കണ്ടതിനെപ്പറ്റി കൊർന്നേ
ല്യൊസ് പറഞ്ഞു. ‘ഏതാനും പുരുഷന്മാരെ
യോപ്പയിലേക്കയയ്ക്കുക. ശിമോൻ പത്രൊ
സിനെ ഇങ്ങോട്ടു ക്ഷണിക്കുക. **14**അവൻ നിങ്ങ
ളോടു സംസാരിക്കും. നിന്നെയും നിന്റെ കുടും
ബത്തെയും അവന്റെ വാക്കുകൾ രക്ഷിക്കും.’
15ഞാൻ അവരോടു പ്രസംഗിക്കാൻ തുടങ്ങിയ
ഉടനെ ആരംഭത്തിൽ നമുക്കുണ്ടായതു പോലെ
പരിശുദ്ധാത്മാവ് അവരിലേക്കു വന്നു. **16**അ
പ്പോൾ ഞാൻ കർത്താവിന്റെവചനങ്ങൾ ഓർ
മ്മിച്ചു. കർത്താവ് പറഞ്ഞു, ‘യോഹന്നാൻ ജന
ങ്ങളെ വെള്ളംകൊണ്ട് സ്നാനപ്പെടുത്തി.
എന്നാൽ നിങ്ങൾ പരിശുദ്ധാത്മാവിൽ സ്നാന
പ്പെടും!’

17കർത്താവായ യേശുക്രിസ്തുവിൽ വിശ്വ
സിച്ച നമുക്ക് തന്നതുപോലുള്ള ദാനം തന്നെ
ദൈവം ഇവർക്കും കൊടുത്തു. അപ്പോൾ ദൈവ
ത്തിന്റെ ആ പ്രവൃത്തി നിർത്താൻ ഞാനാരാ
യിരുന്നു?”

18ഇതെല്ലാം കേട്ട യെഹൂദവിശ്വാസികൾ തർ
ക്കം അവസാനിപ്പിച്ചു. അവർ ദൈവത്തെ സ്തു
തിച്ചുകൊണ്ടു പറഞ്ഞു, “മാനസാന്തരപ്പെടു
വാനും നമ്മുടേതുപോലുള്ള ജീവിതം നേടാനും
ദൈവം ജാതികളെ അനുവദിച്ചു.”

സുവിശേഷം അന്ത്യൊക്ക്യായിലേക്ക്

19സ്തെഫാനൊസിന്റെ മരണശേഷം ഉണ്ടാ
യ ഉപദ്രവങ്ങൾ കൊണ്ട് വിശ്വാസികൾ ചിത
റിപ്പോയിരുന്നു. വിശ്വാസികളിൽ ചിലർ ഫൊ
യ്നിക്യ, കുപ്രൊസ്, അന്ത്യൊക്ക്യ എന്നിങ്ങ
നെയുള്ള വിദൂരദേശങ്ങളിലേക്കു പോയി.
അവർ അവിടെയൊക്കെ സുവിശേഷം പ്രചരി
പ്പിച്ചു; പക്ഷേ യെഹൂദരോടു മാത്രമേ അവർ
ഇതു പറഞ്ഞുള്ളൂ. **20**അവരിൽ ചിലർ കുപ്രൊ
സുകാരും കുറേനക്കാരുമായിരുന്നു. അന്ത്യൊക്ക്യ
യിലെത്തിയ അവർ യവനക്കാരോടും സുവി
ശേഷം പ്രസംഗിച്ചു. കർത്താവായ യേശുവി
നെപ്പറ്റിയുള്ള സുവിശേഷം അവർ യവനക്കാ
രോടു പ്രസംഗിച്ചു. **21**കർത്താവ് വിശ്വാസിക
ളെ സഹായിക്കുകയായിരുന്നു. ഒരു വലിയ
സംഘം ആൾക്കാർ വിശ്വസിക്കുകയും കർത്താ
വിന്റെ അനുയായികളാകുകയും ചെയ്തു.

22യെരൂശലേമിലെ സഭയും അന്ത്യൊക്ക്യയി
ലെ പുതിയ സഭയെപ്പറ്റി കേട്ടു. അതിനാൽ
യെരൂശലേമിലെ വിശ്വാസികൾ ബർന്നബാ
സിനെ അന്ത്യൊക്ക്യയിലേക്കയച്ചു. **23-24**ബർന്ന
ബാസ് നന്മ നിറഞ്ഞവനായിരുന്നു. അവൻ
പരിശുദ്ധാത്മാവും വിശ്വാസവും നിറഞ്ഞവ
നായിരുന്നു. അന്ത്യൊക്ക്യായിലെത്തിയ ബർന്ന
ബാസ്, അവിടുത്തുകാരെ ദൈവം നന്നായി
അനുഗ്രഹിച്ചിട്ടുള്ളതു കണ്ടു. അത് അയാളെ
സന്തുഷ്ടനാക്കി. അയാൾ അന്ത്യൊക്ക്യായിലെ
വിശ്വാസികളെ പ്രോത്സാഹിപ്പിച്ചു. അയാൾ
അവരോടു പറഞ്ഞു, “ഒരിക്കലും വിശ്വാസം

നഷ്ടപ്പെടരുത്. ഹൃദയം തുറന്ന് കർത്താവിനെ
എപ്പോഴും അനുസരിക്കുക." അനേകം അനേകം
ആളുകൾ കർത്താവായ യേശുവിൻെറ അനു
യായികളായി മാറി. 25പിന്നീട് ബർന്നബാസ്
തർസൊസിലേക്കു പോയി. ശൌലിനെ തെര
ഞ്ഞാണു പോയത്. 26ശൌലിനെ കണ്ടെത്തി
അയാളെ ബർന്നബാസ് അന്ത്യൊക്ക്യായിൽ
കൊണ്ടുവന്നു. ഇരുവരും ഒരു വർഷം അവിടെ
തങ്ങി. വിശ്വാസിസംഘങ്ങൾ എപ്പോഴും ഒന്നി
ച്ചുചേരുകയും ബർന്നബാസും ശൌലും അവ
രെ സന്ദർശിക്കയും വളരെപ്പേരെ പഠിപ്പിക്കു
കയും ചെയ്തു. അന്ത്യൊക്ക്യായിൽ യേശുവി
ൻെറ അനുയായികൾ ആദ്യമായി "ക്രിസ്ത്യാ
നികൾ" എന്നു വിളിക്കപ്പെട്ടു.

27അതേസമയം ഏതാനും പ്രവാചകന്മാർ
യെരൂശലേമിൽനിന്നും അന്ത്യൊക്ക്യായിലേക്കു
പുറപ്പെട്ടു. 28അഗബൊസ് എന്നായിരുന്നു
അവരിലൊരാളുടെ പേര്. അഗബൊസ് അ
ന്ത്യൊക്ക്യായിൽ പ്രസംഗിച്ചു. പരിശുദ്ധാത്മാ
വിൻെറ സഹായത്തോടെ അവൻ പറഞ്ഞു,
"ലോകത്തിനാകമാനം വളരെ കഷ്ടകരമായ
ഒരു സമയം വരുന്നു. കടുത്തഭക്ഷ്യക്ഷാമം ഉണ്ടാ
കും." (ക്ലൌദ്യൊസ് ചക്രവർത്തിയായിരുന്നകാ
ലത്താണ് അത് സംഭവിച്ചത്.) 29യെഹൂദ്യയിലെ
തങ്ങളുടെ സഹോദരരെ എങ്ങനെയും സഹാ
യിക്കാൻ വിശ്വാസികൾ തീരുമാനിച്ചു. ഓരോ
വിശ്വാസിയും കഴിവിനനുസരിച്ചു സഹായം
അയച്ചു. 30പണം സ്വരൂപിച്ച് അവർ ബർന്ന
ബാസിനെയും ശൌലിനെയും ഏല്പിച്ചു. ബർ
ന്നബാസും ശൌലും അത് യെഹൂദ്യയിലെ മൂപ്പ
ന്മാർക്ക് എത്തിച്ചു.

ഹെരോദാവ് സഭയെ പീഡിപ്പിക്കുന്നു

12 അക്കാലത്ത് ഹെരോദാരാജാവ് സഭാംഗ
ങ്ങളായ ചിലരെ ഉപദ്രവിക്കാൻ തുടങ്ങി.
2യാക്കോബിനെ വെട്ടിക്കൊല്ലാൻ ഹെരോദാവ്
ഉത്തരവിട്ടു. യോഹന്നാൻെറ സഹോദരനായി
രുന്നു യാക്കോബ്. 3യെഹൂദർക്ക് അതിഷ്ടമാ
ണെന്ന് ഹെരോദാവ് കണ്ടു. അതിനാൽ പത്രൊ
സിനെയും തടവറയിലാക്കാൻ അയാൾ തീരുമാ
നിച്ചു. (പെസഹാ ദിവസങ്ങളിലായിരുന്നു
അത് സംഭവിച്ചത്.) 4ഹെരോദാവ് പത്രൊസി
നെപിടികൂടി തടവിലാക്കി. പതിനാറു ഭടന്മാർ
പത്രൊസിനു കാവൽനിന്നു. പെസഹാ ഉത്സ
വം കഴിയുംവരെ ഹെരോദാവിനു കാക്കണമാ
യിരുന്നു. പിന്നീട് പത്രൊസിനെ ജനങ്ങളുടെ
മുന്നിൽകൊണ്ടുവരാൻ അവർ ആലോചിച്ചു.
5അതിനാൽ പത്രൊസിനെ തുറുങ്കിലടച്ചു. എ
ന്നാൽ സഭ പത്രൊസിനുവേണ്ടി തുടർച്ചയായി
ദൈവത്തോടു പ്രാർത്ഥിക്കുകയായിരുന്നു.

പത്രൊസ് തടവറ വിടുന്നു

6പത്രൊസ് രണ്ടു പട്ടാളക്കാർക്കിടയിൽ കിട
ന്നുറങ്ങുകയായിരുന്നു. അവനെ രണ്ടു ചങ്ങല
കൊണ്ടു ബന്ധിച്ചിരുന്നു. തടവറയുടെ കവാട
ത്തിൽ അധികം ഭടന്മാരും കാവൽനിന്നു. സമ
യം രാത്രിയായി. പത്രൊസിനെ പിറ്റേന്നു ജന
ങ്ങൾക്കുമുന്നിൽ കൊണ്ടുവരാൻ ഹെരോദാവ്
ആലോചിച്ചു. 7പെട്ടെന്ന്, കർത്താവിൻെറ ഒരു
ദൂതൻ അവിടെ വന്നു. മുറിയിലാകെ പ്രകാശം
പരന്നു. ദൂതൻ പത്രൊസിൻെറ പാർശ്വത്തിൽ
തട്ടി ഉണർത്തി. ദൂതൻ പറഞ്ഞു, "വേഗം, എഴു
ന്നേൽക്കൂ!" പത്രൊസിൻെറ കൈകളിൽനിന്നും
ചങ്ങല ഊരി വീണു. 8ദൂതൻ പത്രൊസിനോടു
പറഞ്ഞു, "വസ്ത്രങ്ങളും ചെരിപ്പും ധരിക്കുക."
പത്രൊസ് അങ്ങനെ ചെയ്തു. നിൻെറമേൽ
ഉടുപ്പുചുറ്റി എന്നെ പിന്തുടരുക. 9ദൂതൻ പുറ
ത്തേക്കിറങ്ങി. പത്രൊസ് പിന്തുടർന്നു. ദൂതൻ
ചെയ്യുന്നതെല്ലാം യഥാർത്ഥത്തിലായിരുന്നു.
പക്ഷേ താനൊരു ദർശനം കാണുകയാണെന്നു
പത്രൊസ് കരുതി. 10പത്രൊസും ദൂതനും ഒന്നാ
മത്തെയും രണ്ടാമത്തെയും കാവൽക്കാരെ കട
ന്നുപോന്നു. പിന്നീടവർ തങ്ങളെ നഗരത്തിൽ
നിന്നും വേർതിരിക്കുന്ന ഇരുമ്പുവാതിലിനടു
ത്തെത്തി. വാതിൽ അവർക്കായി സ്വയം തുറ
ന്നു. അവർ പുറത്തുകടന്നു തെരുവുവരെ നട
ന്നു. അനന്തരം ദൂതൻ വേഗം അപ്രത്യക്ഷനായി.

11അപ്പോൾ നടന്നതെന്താണെന്നു പത്രൊ
സിനു ബോദ്ധ്യമായി. അയാൾ കരുതി, "ദൈവം
തൻെറ ദൂതനെ എൻെറയടുത്തേക്കയച്ചതാണെ
ന്ന് എനിക്കിപ്പോൾ മനസ്സിലായി. അവൻ
എന്നെ ഹെരോദാവിൽനിന്നും രക്ഷിച്ചു. എനി
ക്കു കഷ്ടതകളുണ്ടാകുമെന്നു യെഹൂദർ കരുതി.
എന്നാൽ ദൈവം എന്നെ എല്ലാത്തിൽനിന്നും
രക്ഷിച്ചു."

12പത്രൊസിന് ഇതു ബോദ്ധ്യമായപ്പോൾ
അയാൾ മറിയയുടെ വീട്ടിലേക്കുപോയി. യോ
ഹന്നാൻെറ അമ്മയായിരുന്നു മറിയ. (യോഹ
ന്നാൻ മർക്കൊസ് എന്നും അറിയപ്പെട്ടിരുന്നു.)
അവിടെ അനേകംപേർ കൂടിയിരുന്നു. അവർ
പ്രാർത്ഥിക്കുകയായിരുന്നു. 13പത്രൊസ് പുറം
വാതിലിൽ മുട്ടി. രോദാ എന്നു പേരായ ഒരു
പെൺകുട്ടി വിളികേട്ടു. 14പത്രൊസിൻെറ
ശബ്ദം തിരിച്ചറിഞ്ഞ പെൺകുട്ടി സന്തോഷി
ച്ചു. വാതിൽതുറക്കാൻകൂടി അവൾ മറന്നു. അക
ത്തേക്കോടിച്ചെന്ന് അവൾ അവരോടു പറ
ഞ്ഞു, "വാതിൽക്കൽ നിൽക്കുന്നത് പത്രൊസാ
ണ്!" 15വിശ്വാസികൾ പറഞ്ഞു, "നിനക്കു ഭ്രാ
ന്താണ്!" എന്നാൽ അവളതുതറപ്പിച്ചു പറഞ്ഞു.
അതിനാൽ അവർ പറഞ്ഞു, "ഇത് പത്രൊസി
ൻെറ ദൂതനായിരിക്കും."

16എന്നാൽ പത്രൊസ് തുടർന്നും മുട്ടി. വാതിൽ
തുറന്ന വിശ്വാസികൾ പത്രൊസിനെ കണ്ടു.
അവർ അത്ഭുതപ്പെട്ടു. 17പത്രൊസ് കൈയാം
ഗ്യം കാണിച്ച് അവരോടു മിണ്ടാതിരിക്കുവാൻ
പറഞ്ഞു. ദൈവം തന്നെ തടവറയിൽനിന്നും
രക്ഷിച്ച വിവരം പത്രൊസ് വിശദീകരിച്ചു.
അവൻ പറഞ്ഞു, "സംഭവങ്ങൾ യാക്കോബി
നോടും മറ്റു സഹോദരന്മരോടും പറയുക."
അപ്പോൾ പത്രൊസ് മറ്റൊരിടത്തേക്കു പോയി.

18പിറ്റേന്ന് ഭടന്മാർ വളരെ അത്ഭുതപ്പെട്ടു.
പത്രൊസിന് എന്തുസംഭവിച്ചു എന്നവർ ആകു
ലപ്പെട്ടു. 19ഹെരോദാവ് പത്രൊസിനെ എല്ലാ
യിടവും തെരഞ്ഞെങ്കിലും കണ്ടെത്തിയില്ല.
അതിനാൽ പത്രൊസിനു കാവലിരുന്നവരെ
ഹെരോദാവ് ചോദ്യംചെയ്യുകയും പിന്നീട്
അവരെ കൊല്ലാൻ കല്പിക്കുകയും ചെയ്തു.

ഹെരോദാവിൻെറ മരണം

പിന്നീട് ഹെരോദാവ് യെഹൂദ്യവിട്ടു.
അയാൾ കൈസര്യായിലെത്തി. അല്പനാൾ അ
വിടെ തങ്ങി. 20സോര്യർ-സീദോൻ ദേശക്കാ
രോട് ഹെരോദാവിന് കടുത്തകോപമായി.
അവർ ഒരു സംഘമായി ഹെരോദാവിനെ സമീ
പിച്ചു. രാജാവിൻെറ അടുത്ത സേവകനായ
ബ്ലാസ്തൊസിനെ തങ്ങളുടെ പക്ഷത്താക്കാൻ
അവർക്കു കഴിഞ്ഞു. ഭക്ഷണസാധനങ്ങൾക്കാ
യി തങ്ങളുടെ രാജ്യം ഹെരോദാവിൻെറ രാജ്യ

ത്തെ ആശ്രയിക്കുന്നതുകൊണ്ട് അവർ അയാ
ളോടു സമാധാനം അഭ്യർത്ഥിച്ചു.
21അവരെ കാണുന്നതിന് ഹെരോദാവ് ഒരു
ദിവസം നിശ്ചയിച്ചു. ആ ദിവസം ഹെരോദാവ്
രാജകീയവസ്ത്രങ്ങളണിഞ്ഞിരുന്നു. തന്റെ
സിംഹാസനത്തിലിരുന്ന് അയാൾ ജനങ്ങളോടു
പ്രസംഗിച്ചു. 22ജനങ്ങൾ ആക്രോശിച്ചു,
"ഇതൊരു ദേവന്റെ ശബ്ദമാണ്. മനുഷ്യന്റേ
തല്ല!" 23ഈ സ്തുതി അയാൾ സ്വീകരിക്കുക
യും ദൈവത്തെ മഹത്വപ്പെടുത്താതിരിക്കുക
യും ചെയ്തു. അതുകൊണ്ട് കർത്താവിന്റെ
ഒരു ദൂതൻവന്ന് അയാളെ രോഗിയാക്കി. അ
യാൾ പുഴു അരിച്ച് മരിച്ചു.
24ദൈവസന്ദേശം പരക്കുകയും അനേകരെ
സ്വാധീനിക്കുകയും ചെയ്തു. വിശ്വാസിക
ളുടെ സംഘം വലുതായി വലുതായി വന്നു.
25യെരൂശലേമിലെ ജോലി തീർന്നപ്പോൾ
ബർന്നബാസും ശൌലും അന്ത്യോക്ക്യയിലേ
ക്കു മടങ്ങി. മർക്കൊസ് എന്നു മറുപേരുള്ള
യോഹന്നാനും അവരോടൊത്തുണ്ടായിരുന്നു.

ബർന്നബാസിനും ശൌലിനും പ്രത്യേക ജോലി

13 അന്ത്യോക്ക്യയിലെ സഭയിൽ കുറെ പ്ര
വാചകരും അദ്ധ്യാപകരും ഉണ്ടായിരുന്നു.
ബർന്നബാസ്, നീഗർ എന്നു വിളിക്കപ്പെടുന്ന
ശിമോൻ, കുറേനക്കാരനായ ലൂക്യൊസ്, രാജാ
വായ ഹെരോദാവിനോടൊപ്പം വളർന്ന മനാ
യേൻ, ശൌൽ എന്നിവർ. 2അവരെല്ലാം കർത്താ
വിനെ ആരാധിച്ചും ഉപവസിച്ചും കഴിയുകയാ
യിരുന്നു. പരിശുദ്ധാത്മാവ് അവരോടു പറ
ഞ്ഞു, "ബർന്നബാസിനെയും ശൌലിനെയും
എനിക്കു വിട്ടുതരിക. അവർക്കു പ്രത്യേകമായി
ഒരു ജോലിയുണ്ട്. അതു ചെയ്യാൻ ഞാൻ അവ
രെ തെരഞ്ഞെടുത്തിരിക്കുന്നു."
3സഭ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും
ചെയ്തു. അവർ ശൌലിന്റെയും ബർന്നബാ
സിന്റെയുംമേൽ കൈവച്ച് അവരെ അയച്ചു.

ബർന്നബാസും ശൌലും കുപ്രൊസിൽ

4ബർന്നബാസും ശൌലും പരിശുദ്ധാത്മാവി
നാൽ അയയ്ക്കപ്പെട്ടു. അവർ സെലൂക്യയി
ലേക്കു പോയി. അനന്തരം അവർ സെലൂക്യ
യിൽനിന്നും കുപ്രൊസിലേക്കു കപ്പൽ കയറി.
5സലമീസിൽ എത്തിയ അവർ യെഹൂദപ്പള്ളിക
ളിൽ ദൈവസന്ദേശം പ്രസംഗിച്ചു. (യോഹ
ന്നാൻ (മർക്കൊസ്) സഹായിയായി അവരോ
ടൊത്തുണ്ടായിരുന്നു.)
6അവർ ദ്വീപിലാകമാനം ചുറ്റിസഞ്ചരിച്ച്
പാഫൊസിലെത്തി. പാഫൊസിൽ മായാജാല
പ്രകടനം നടത്തിയിരുന്ന ഒരു യെഹൂദനെ
അവർ കണ്ടുമുട്ടി. ബർയേശു എന്നായിരുന്നു
അയാളുടെ പേര്. അയാൾ ഒരു കള്ളപ്രവാചക
നായിരുന്നു. 7ദേശാധിപതിയായിരുന്ന സെർ
ഗ്യൊസ് പൌലോസിനോടൊപ്പമായിരുന്നു
അയാൾ താമസിച്ചിരുന്നത്. സെർഗ്യൊസ്
ബുദ്ധിമാനായിരുന്നു. അയാൾ ബർന്നബാസി
നെയും ശൌലിനെയും തന്നോടൊപ്പം വിളി
ച്ചു. ദൈവസന്ദേശം കേൾക്കാൻ അയാൾ ആഗ്ര
ഹിച്ചു. 8എന്നാൽ മന്ത്രവാദിയായ എലീമാസ്
ബർന്നബാസിനും ശൌലിനും എതിരായിരു
ന്നു. (ഗ്രീക്കുഭാഷയിൽ ബർയേശു എന്നതിനുള്ള
പേരാണ് ഏലിമാസ്.) ഗവർണ്ണർ യേശുവിൽ
വിശ്വസിക്കുന്നത് തടയാൻ അയാൾ ശ്രമിച്ചു.
9എന്നാൽ ശൌലിൽ പരിശുദ്ധാത്മാവ് നിറ
ഞ്ഞിരുന്നു. (ശൌലിന്റെ മറ്റൊരു പേരാണ്
പൌലൊസ്.) പൌലൊസ് ഏലീമാസിനെ
നോക്കി പറഞ്ഞു, 10"പിശാചിന്റെ മകനേ!
നീ എല്ലാ നന്മയുടെയും ശത്രുവാകുന്നു! നി
ന്നിൽ കപടതന്ത്രങ്ങളും കളവുമാണുള്ളത്, കർ
ത്താവിന്റെ സത്യങ്ങൾ കള്ളങ്ങളാക്കാൻ നീ
എപ്പോഴും ശ്രമിക്കുന്നു! 11ഇപ്പോൾ ദൈവം
നിന്നെ സ്പർശിച്ച് അന്ധനാക്കും. സൂര്യപ്ര
കാശംപോലും കാണാൻ കഴിയാത്തവിധം നീ
കുറച്ചുനാളത്തേക്ക് അന്ധനായിത്തീരും.")
അപ്പോൾ ഏലീമാസിന് എല്ലാം ഇരുണ്ടതായി
ത്തോന്നി. അയാൾ തപ്പിത്തടഞ്ഞ് നടന്നു. ഒരു
കൈപിടിച്ചു വഴികാട്ടാൻ ഒരാളെ കിട്ടിയെ
ങ്കിൽ എന്നയാൾ ആശിച്ചു. 12അതുകണ്ട ഗവർ
ണ്ണർ വിശ്വസിച്ചു. അയാൾക്കു കിട്ടിയ കർത്താ
വിനെപ്പറ്റിയുള്ള ഉപദേശങ്ങളിൽ അയാൾ
അത്ഭുതപ്പെട്ടു.

പൌലൊസും ബർന്നബാസും കുപ്രൊസ് വിടുന്നു

13പൌലൊസും അവനോടൊപ്പമുണ്ടായിരു
ന്നവരും പാഫൊസിൽനിന്നും കപ്പൽ കയറി.
അവർ പംഫുല്യയിലെ പെർഗ്ഗാനഗരത്തിലെ
ത്തി. പക്ഷേ യോഹന്നാൻ (മർക്കൊസ്) അവ
രെവിട്ടു യെരൂശലേമിലേക്കു മടങ്ങി. 14അവർ
പെർഗ്ഗായിൽനിന്നുള്ള യാത്ര തുടർന്ന് അന്ത്യോ
ക്ക്യായിലേക്കു പോയി. പിസിദ്യായിലെ നഗര
മാണ് അന്ത്യോക്ക്യ. ശബ്ബത്തുദിവസം അവർ
അന്ത്യോക്ക്യായിലെ ഒരു യെഹൂദപ്പള്ളിയിൽ
കടന്നിരുന്നു. 15മോശെയുടെ ന്യായപ്രമാണവും
പ്രവാചകരുടെ വചനങ്ങളും വായിച്ചു. അ
പ്പോൾ യെഹൂദപ്പള്ളിയിലെ പ്രമുഖർ പൌ
ലൊസിനും ബർന്നബാസിനും ഒരു സന്ദേശമ
യച്ചു: "സഹോദരന്മാരേ, നിങ്ങളുടെ വചന
ങ്ങൾ ആളുകളെ രക്ഷിക്കും. അതിനാൽ നമ്മെ
ശക്തിപ്പെടുത്താനുതകുന്ന എന്തെങ്കിലും കാര്യ
ങ്ങൾ ഉണ്ടെങ്കിൽ ദയവായി പറഞ്ഞാലും."
16പൌലൊസ് എഴുന്നേറ്റു. അയാൾ കൈ
ഉയർത്തി പറഞ്ഞു, "എന്റെ യെഹൂദസഹോ
ദരന്മാരേ, ജാതികളിൽ സത്യദൈവത്തെ നമ
സ്കരിക്കുന്നവരുമേ നിങ്ങൾ ദയവായി എന്നെ
ശ്രദ്ധിച്ചാലും! 17യിസ്രായേലിന്റെ ദൈവം
നമ്മുടെ പിതാക്കന്മാരെ തെരഞ്ഞെടുത്തു. മി
സ്രയീമിൽ അന്യനാട്ടുകാരെപ്പോലെ കഴിഞ്ഞ
കാലത്ത് മഹത്തായ ജനതയാകുവാൻ ദൈവം
അവരെ സഹായിച്ചു. അതായത് ശക്തിയോടെ
ദൈവം അവരെ ആ രാജ്യത്തുനിന്നും പുറത്തു
കൊണ്ടുവന്നു. 18പിന്നീട് നാല്പതുവർഷം
ദൈവം മരുഭൂമിയിൽ അവരുടെ എല്ലാ ദൗർബ
ല്യങ്ങളും പൊറുത്തുകാത്തു. 19കനാൻദേശത്തെ
ഏഴു രാജ്യങ്ങൾ ദൈവം നശിപ്പിച്ചു. ആ രാജ്യ
ങ്ങൾ അവൻ തന്റെ ആളുകൾക്കു നൽകി.
20നാനൂറ്റിഅമ്പതു വർഷങ്ങൾകൊണ്ടാണിതെ
ല്ലാം സംഭവിച്ചത്.
"അതിനുശേഷം ശമൂവേൽ പ്രവാചകന്റെ
കാലംവരെ ദൈവം നമുക്കു ന്യായാധിപതിക
ളെ തന്നു. 21പിന്നീടവർ ഒരു രാജാവിനെ ചോ
ദിച്ചു. കീശിന്റെപുത്രനായ ശൌലിനെ
ദൈവം അവർക്കു നൽകി. ബെന്യാമീന്റെ
കുടുംബത്തിൽ പിറന്നവനായിരുന്നു ശൌൽ.
അയാൾ നാല്പതുവർഷം രാജാവായിരുന്നു.

22പിന്നീട് ദൈവം ശൌലിനെ മാറ്റി ദാവീദിനെ
അവരുടെ രാജാവാക്കി. ദാവീദിനെക്കുറിച്ച്
ദൈവം ഇങ്ങനെ പറഞ്ഞു, 'യിശ്ശായിയുടെ
പുത്രനായ ദാവീദ് ചിന്തയിൽ എന്നെപ്പോലെ
യാണ്. ഞാനാവശ്യപ്പെടുന്നതെന്തും അവൻ
ചെയ്യും.' 23യിസ്രായേൽക്കാരുടെ രക്ഷകനായി
ദൈവം ദാവീദിൻെറ സന്തതികളിലൊരുവനെ
കൊണ്ടുവന്നു. അതു യേശുവായിരുന്നു. ദൈവം
അതു വാഗ്ദാനം ചെയ്തിരുന്നു. 24യേശു വരും
മുമ്പ് യോഹന്നാൻ യിസ്രായേലിലെ മുഴുവൻ
ജനതയോടും മാനസാന്തരത്തെക്കുറിച്ചും സ്നാ
നത്തെക്കുറിച്ചും പറഞ്ഞു. 25യോഹന്നാൻ
തൻെറ ജോലി പൂർത്തിയാക്കാറായപ്പോൾ
അവൻ പറഞ്ഞു, 'ഞാനാരെന്നാണു നിങ്ങൾ
കരുതുന്നത്? ഞാൻ ക്രിസ്തുവല്ല. അവൻ
വരാനിരിക്കുന്നു. അവൻെറ ചെരിപ്പ് അഴിക്കു
വാൻപോലും ഞാൻ യോഗ്യനല്ല.'

26"എൻെറ സഹോദരന്മാരേ, അബ്രാഹാമി
ൻെറ കുടുംബത്തിലെ സന്തതികളേ, സത്യദൈ
വത്തെ ആരാധിക്കുകയും ചെയ്യുന്ന ജാതികളേ,
ശ്രദ്ധിക്കുക! ഈ രക്ഷയെപ്പറ്റിയുള്ള വാർത്ത
ഞങ്ങളിലേക്കയച്ചിരിക്കുന്നു. 27യേശുവായിരു
ന്നു രക്ഷകനെന്ന് യെരൂശലേമിലെ യെഹൂദ
രോ, യെഹൂദനേതാക്കളോ മനസ്സിലാക്കിയിരു
ന്നില്ല. യേശുവിനെപ്പറ്റിയുള്ള പ്രവാചകരുടെ
വചനങ്ങൾ എല്ലാ ശബ്ബത്തിനും വായിച്ചുകേൾ
പ്പിക്കാറുള്ളതാണ്. എന്നിട്ടും അവർക്കു മനസ്സി
ലായില്ല. യെഹൂദർ യേശുവിനെ കഠിനമായി
വിമർശിച്ചു. പ്രവാചകരുടെ വചനങ്ങൾ
യാഥാർത്ഥ്യമായി. 28യേശുവിനെ കൊല്ലുന്ന
തെന്തിനെന്ന് യഥാർത്ഥത്തിൽ അവർക്കറിയി
ല്ലായിരുന്നു. എങ്കിലും യേശുവിനെ വധിക്കാൻ
അവർ പീലാത്തൊസിനോടാവശ്യപ്പെട്ടു. 29തി
രുവെഴുത്തുകളിൽ എഴുതിയതെല്ലാം യെഹൂദർ
അവനോടു ചെയ്തു. എന്നിട്ടവർ യേശുവിനെ
കുരിശിൽനിന്നിറക്കി കല്ലറയിൽ അടക്കി.
30പക്ഷേ ദൈവം അവനെ പുനരുജ്ജീവിപ്പിച്ചു.
31അതിനുശേഷം കുറെ ദിവസങ്ങളിൽ, യേശു
വിനോടൊത്തു ഗലീലയിൽനിന്നും യെരൂശലേ
മിൽ വന്നവർ അവനെ കണ്ടു. ഇപ്പോഴവർ
ജനങ്ങളുടെ മുമ്പിൽ അവൻെറ സാക്ഷികളാ
ണ്. 32ദൈവം നമ്മുടെ പിതാക്കൾക്ക് നൽകിയ
വാഗ്ദാനത്തിൻെറ സുവിശേഷം ഞാൻ നിങ്ങ
ളോടു പ്രഖ്യാപിക്കാം. 33നമ്മൾ അവരുടെ സന്ത
തികളാകുന്നു. ദൈവം ആ വാഗ്ദാനം നമുക്ക്
യഥാർത്ഥമാക്കുകയും ചെയ്തു. യേശുവിനെ
പുനരുജ്ജിവിപ്പിച്ചു കൊണ്ടാണവൻ അതു ചെ
യ്തത്. അതുകൊണ്ട് രണ്ടാം സങ്കീർത്തനത്തിൽ
നമ്മൾ വായിച്ചിട്ടുണ്ട്:

'നീ എൻെറ പുത്രനാകുന്നു ഇന്നു ഞാൻ
നിൻെറ പിതാവായി.' *സങ്കീർത്തനങ്ങൾ 2:7*

34ദൈവം യേശുവിനെ പുനരുജ്ജീവിപ്പിച്ചു.
യേശു ഒരിക്കലും കല്ലറയിൽ പോയി ജീർണ്ണി
ക്കില്ല. ദൈവം പറഞ്ഞു:

'ദാവീദിനു ഞാൻ വാഗ്ദാനം നൽകിയ വിശു
ദ്ധവും സത്യവുമായ അനുഗ്രഹങ്ങൾ ഞാൻ
നിനക്കു തരും.' *യെശയ്യാവ് 55:3*

35എന്നാൽ മറ്റൊരിടത്ത് ദൈവം പറയുന്നു:

'നിൻെറ പരിശുദ്ധൻ അഴുകിപ്പോകാൻ നീ
അനുവദിക്കില്ല.' *സങ്കീർത്തനങ്ങൾ 16:10*

36ജീവിച്ചിരുന്ന കാലത്തു തന്നെ ദാവീദ് ദൈവ
ഹിതം നടപ്പാക്കി. എന്നിട്ടയാൾ മരിച്ചു. ദാവീദ്
തൻെറ പിതാക്കന്മാരോടു കൂടെ സംസ്കരിക്ക
പ്പെട്ടു. അവൻെറ ശരീരം അഴുകിപ്പോവുകയും
ചെയ്തു. 37എന്നാൽ ദൈവം പുനരുജ്ജീവിപ്പി
ച്ചവൻ കല്ലറയിൽ അഴുകിയില്ല. 38-39സഹോദര
ന്മാരേ, ഞങ്ങൾ പറയുന്നത് നിങ്ങൾ മനസ്സിലാ
ക്കണം: യേശുവിലൂടെ നിങ്ങളുടെ പാപങ്ങൾ
പൊറുക്കപ്പെടും. മോശെയുടെ ന്യായപ്രമാണം
നിങ്ങളെ പാപങ്ങളിൽനിന്നും ന്യായീകരി
ച്ചില്ല. എന്നാൽ യേശുവിൽ വിശ്വസിക്കുന്നവർ
അവനിലൂടെ ന്യായീകരിക്കപ്പെടുന്നു. ചില
തൊക്കെ സംഭവിക്കുമെന്നു പ്രവാചകർ പറ
ഞ്ഞിട്ടുണ്ട്. 40സൂക്ഷിച്ചിരിക്കുക! പ്രവാചകർ
പറഞ്ഞതൊന്നും നിങ്ങളെ ബാധിക്കാതിരി
ക്കാൻ നോക്കുക. പ്രവാചകർ പറഞ്ഞത് ഇങ്ങ
നെയാണ്:

41'സംശയാലുക്കളേ, ശ്രദ്ധിക്കുക! നിങ്ങൾ
വിസ്മയിക്കുക, എന്നിട്ടു പോയി നശിക്കുക,
എന്തെന്നാൽ നിങ്ങളുടെകാലത്ത് നിങ്ങൾ വി
ശ്വസിക്കാത്ത ചിലത് ഞാൻ ചെയ്യും. ആരെങ്കി
ലും വിശദീകരിച്ചു തന്നാൽപോലും നിങ്ങളത്
വിശ്വസിക്കില്ല.'" *ഹബക്കൂക്ക് 1:5*

42പൌലൊസും ബർന്നബാസും യെഹൂദപ്പ
ള്ളി വിടാറായപ്പോൾ ജനങ്ങൾ അവരോട് അടു
ത്ത ശബ്ബത്തുദിവസം വീണ്ടും വരണമെന്നും
തങ്ങളോട് ഇക്കാര്യങ്ങൾ കൂടുതൽ പറയണമെ
ന്നും ആവശ്യപ്പെട്ടു. 43യോഗാനന്തരം അവിടെ
നിന്നും അനേകം യെഹൂദർ പൌലൊസിനെ
യും ബർന്നബാസിനെയും പിന്തുടർന്നു. യെ
ഹൂദരും, യെഹൂദമതത്തിലേക്കു മാറിവന്ന അനേ
കംപേരും അവരോടൊപ്പമുണ്ടായിരുന്നു. സത്യ
ദൈവത്തെ ഈ മതം മാറിയവരും ആരാധിച്ചിരു
ന്നു. ദൈവത്തിൻെറ കാരുണ്യത്തിലുള്ള വിശ്വാ
സം തുടരാൻ പൌലൊസും ബർന്നബാസും
അവരെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു.

44അടുത്ത ശബ്ബത്തുദിവസം നഗരത്തിലെ
എല്ലാ ആളുകളും കർത്താവിൻെറ വചനങ്ങൾ
കേൾക്കാൻ ഒത്തുകൂടിയിരുന്നു. 45യെഹൂദർ
അവിടെ എല്ലാവരെയും കണ്ടു. അവർ അസൂ
യാലുക്കളായി. അവർ നിന്ദ്യമായ വാക്കുകൾ
ഉപയോഗിക്കുകയും പൌലൊസിൻെറ വാക്കു
കളെ എതിർക്കുകയും ചെയ്തു. 46എന്നാൽ
പൌലൊസും ബർന്നബാസും വളരെ ധൈര്യ
ത്തോടെ പറഞ്ഞു, "ദൈവസന്ദേശം യെഹൂദ
രായ നിങ്ങളോടാണ് ഞങ്ങൾ ആദ്യം പ്രസംഗി
ക്കേണ്ടത്. എന്നാൽ നിങ്ങളതു നിരാകരിക്കുന്നു.
നിത്യജീവന് നിങ്ങൾ നിങ്ങളെത്തന്നെ അനർ
ഹരാക്കുന്നു! അതുകൊണ്ട് ഞങ്ങളിതാ ജാതിക
ളിലേക്കു തിരിയുന്നു! 47ഇതു ചെയ്യാനാണു കർ
ത്താവ് ഞങ്ങളോടാവശ്യപ്പെട്ടത്. കർത്താവ്
പറഞ്ഞു:

'ജാതികൾക്കു പ്രകാശമാകുവാനാണു നിന്നെ
ഞാൻ സൃഷ്ടിച്ചത്, അങ്ങനെ ലോകം മുഴുവനും
ഉള്ളവർക്ക് രക്ഷയുടെ മാർഗ്ഗം കാണിക്കാനും."
യെശയ്യാവ് 49:6

48പൌലൊസിൻെറ ഈ വാക്കുകൾകേട്ട
ജാതികൾ സന്തുഷ്ടരായി. അവർ കർത്താവി
ൻെറവചനത്തെ ആദരിച്ചു. അനേകർ ആ
സന്ദേശത്തിൽ വിശ്വസിച്ചു. നിത്യജീവനു
തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. 49കർ
ത്താവിൻെറ സന്ദേശം രാജ്യം മുഴുവനും പ്രചരി
പ്പിക്കപ്പെട്ടു. 50പക്ഷേ ഭക്തസ്ത്രീകളെയും നഗ

രനേതാക്കളെയും ഇളക്കിവിട്ട് യെഹൂദർ പൌ
ലൊസിനെയും ബർന്നബാസിനെയും പീഢി
പ്പിക്കാൻ തുടങ്ങി. അങ്ങനെ അവർ ബർന്നബാ
സിനെയും പൌലൊസിനെയും നഗരാതിർ
ത്തിക്കു പുറത്തേക്കു ഓടിച്ചു. 51പൌലൊസും
ബർന്നബാസും തങ്ങളുടെ കാലിലെ പൊടി
കുടഞ്ഞു കളഞ്ഞു. പിന്നീടവർ ഇക്കോന്യയി
ലേക്കു പോയി. 52എന്നാൽ അന്ത്യൊക്ക്യായി
ലുള്ള യേശുവിൻെറ ശിഷ്യന്മാർ സന്തോഷം
നിറഞ്ഞവരും പരിശുദ്ധാത്മാവിൽ പരിപൂതരു
മായിത്തീർന്നു.

പൌലൊസും ബർന്നബാസും ഇക്കോന്യയിൽ

14 പൌലൊസും ബർന്നബാസും ഇക്കോ
ന്യയിലേക്കു പോയി. അവർ യെഹൂദപ്പ
ള്ളിയിലേക്കു കയറി. (എല്ലാ നഗരങ്ങളിലും
അവർ ഇതു തന്നെയാണു ചെയ്തത്.) അവർ
അവിടത്തെ ജനങ്ങളോടു സംസാരിച്ചു. അനവ
ധിയെ ഹൂദരും, യവനരും അവരെ വിശ്വസിക്കും
വിധം പൌലൊസും ബർന്നബാസും നന്നായി
പ്രസംഗിച്ചു. 2എന്നാൽ യെഹൂദരിൽ ചിലർ
വിശ്വസിച്ചില്ല. അവർ ജാതികളെ ദുഷ്പ്രേരണ
ചെലുത്തി വിശ്വാസികൾക്കെതിരെ തിരിച്ചു.
3എന്നാൽ പൌലൊസും ബർന്നബാസും
ഇക്കോന്യയിൽ വളരെക്കാലം താമസിക്കുകയും
കർത്താവിനുവേണ്ടി ധൈര്യപൂർവ്വം സംസാരി
ക്കുകയും ചെയ്തു. ദൈവത്തിൻെറ കാരുണ്യ
ത്തെപ്പറ്റി അവർ പ്രഭാഷണം നടത്തി. വീര്യപ്ര
വൃത്തികൾ വഴി തങ്ങൾ പറയുന്നത് സത്യമാ
ണെന്ന് തെളിയിക്കാൻ കർത്താവ് പൌലൊസി
നെയും ബർന്നബാസിനെയും സഹായിച്ചു.
4എന്നാൽ നഗരവാസികളിൽ ചിലർ യെഹൂദ
രോടു ചേർന്നു. മറ്റുള്ളവർ പൌലൊസിൻെറ
യും ബർന്നബാസിൻെറയും ഭാഗത്തായിരുന്നു.
അങ്ങനെ നഗരം വിഭജിക്കപ്പെട്ടു.
5ഏതാനും ജാതികളും യെഹൂദരും അവരുടെ
നേതാക്കളുംചേർന്ന് പൌലൊസിനെയും ബർ
ന്നബാസിനെയും പീഢിപ്പിക്കാൻ ശ്രമിച്ചു.
അവരെ കല്ലെറിഞ്ഞു കൊല്ലണമെന്നായിരുന്നു
ശത്രുക്കളുടെ ഉദ്ദേശം. 6ഇക്കാര്യം മനസ്സിലാക്കി
യ പൌലൊസും ബർന്നബാസും നഗരം വിട്ടു.
അവർ ലുക്കവോന്യയിലെ ലുസ്ത്രയിലേക്കും
ദെർബ്ബയിലേക്കും പോയി. പിന്നെ അവയ്ക്കു
ചുറ്റുമുള്ള നഗരങ്ങളിലേക്കും. 7അവിടെയൊ
ക്കെ അവർ സുവിശേഷം പ്രസംഗിച്ചു.

പൌലൊസ് ലുസ്ത്രയിലും ദെർബ്ബയിലും

8ലുസ്ത്രയിൽ കാലിനു കുഴപ്പമുള്ള ഒരാളു
ണ്ടായിരുന്നു. ജന്മനാതന്നെ കാലുതളർന്ന
അയാൾ ഇതുവരെയും നടന്നിട്ടില്ല. 9അയാൾ
പൌലൊസിൻെറ പ്രഭാഷണം ശ്രവിക്കുകയാ
യിരുന്നു. പൌലൊസ് അവനെ നോക്കി. ദൈവ
ത്തിനു തന്നെ സുഖപ്പെടുത്തുവാനാകുമെന്ന്
അവൻ വിശ്വസിക്കുന്നതായി പൌലൊസ്
കണ്ടു. 10അതിനാൽ പൌലൊസ് വിളിച്ചു പറ
ഞ്ഞു, “നിൻെറ കാലുകളിൽ എഴുന്നേറ്റു നിൽ
ക്കുക!” അയാൾ ചാടിയെഴുന്നേറ്റു നടക്കാൻ
തുടങ്ങി. 11പൌലൊസിൻെറ പ്രവൃത്തികൾ
കണ്ട ജനം അവരുടെ ലുക്കവോന്യഭാഷയിൽ
വിളിച്ചു പറഞ്ഞു, “ദൈവങ്ങൾ മനുഷ്യരെപ്പോ
ലെയായിരിക്കുന്നു!അവർ നമ്മുടെയടുത്തേക്കി
റങ്ങിവന്നിരിക്കുന്നു!” 12ജനം ബർന്നബാസിനെ
“സിയൂസ്”എന്നു വിളിക്കാൻ തുടങ്ങി. പൌ
ലൊസിനെ അവർ “ഹെർമെസ്” എന്നും വിളി
ച്ചു. കാരണം അയാളായിരുന്നു മുഖ്യപ്രഭാഷ
കൻ. 13സിയൂസ്ദേവൻെറ ദേവാലയം നഗര
ത്തിനടുത്തായിരുന്നു. ആ ദേവാലയത്തിലെ
പുരോഹിതന്മാർ ഏതാനും കാളകളെയും പു
ഷ്പഹാരങ്ങളെയും കവാടത്തിങ്കലേക്കു കൊ
ണ്ടുവന്നു. അവനും ജനങ്ങളും അതുകൊണ്ടു
പൌലൊസിനും ബർന്നബാസിനും ബലിയർ
പ്പിക്കാൻ ആഗ്രഹിച്ചിരുന്നു.
14എന്നാൽ ഇക്കാര്യം അറിഞ്ഞ അപ്പൊസ്തല
ന്മാരായ പൌലൊസും ബർന്നബാസും തങ്ങ
ളുടെ വസ്ത്രങ്ങൾ വലിച്ചുകീറി. എന്നിട്ടവർ
ആളുകൾക്കിടയിലേക്ക് ഓടിക്കയറി വിളിച്ചു
കൂവി: 15“മനുഷ്യരേ, നിങ്ങളെന്തിനാണിതൊ
ക്കെചെയ്യുന്നത്? ഞങ്ങൾ ദൈവങ്ങളല്ല! ഞങ്ങ
ൾക്കും നിങ്ങൾക്കുള്ള പോലെ വികാരങ്ങളുണ്ട്!
സുവിശേഷം നിങ്ങളോടു പറയാനാണ്
ഞങ്ങൾ വന്നത്. ഈ ഉപയോഗശൂന്യമായ പ്രവൃ
ത്തികളിൽനിന്നും പിന്മാറാൻ ഞങ്ങൾ നിങ്ങ
ളോടു പറയുന്നു. നിങ്ങൾ ജീവിക്കുന്ന സത്യ
ദൈവത്തിലേക്കു തിരിയൂ. ആകാശവും ഭൂമിയും
കടലും അവയിലുള്ളവയും സൃഷ്ടിച്ചത് അവൻ
ഒരുവനാണ്. 16മുമ്പ് ദൈവം എല്ലാ ജനതകളെ
യും അവരുടെ ഇഷ്ടത്തിനു വിട്ടിരുന്നു. 17എങ്കി
ലും താനാണു സത്യമെന്നു അവൻ കാണിച്ചിരു
ന്നു: അവൻ നിങ്ങൾക്കായി നന്മ ചെയ്തുകൊ
ണ്ടേയിരുന്നു. നിങ്ങൾക്ക് അവൻ ആകാശത്തു
നിന്നും മഴ നൽകുന്നു. തക്കസമയത്ത് നിങ്ങൾക്ക്
വിളവു തരുന്നു. നിറയെ ആഹാരം അവൻ
നിങ്ങൾക്കു തരികയും മനസ്സിനെ ആഹ്ലാദം
കൊണ്ടു നിറയ്ക്കുകയും ചെയ്യുന്നു.” 18പൌ
ലൊസും ബർന്നബാസും ജനങ്ങളോട് ഇതൊ
ക്കെ പറഞ്ഞു. എന്നാലും തങ്ങൾക്കു ബലിയർ
പ്പിക്കുന്നതിൽനിന്ന് ജനങ്ങളെ അല്പമായി മാത്ര
മെ തടയാനായുള്ളു.
19അപ്പോൾ ഏതാനും യെഹൂദന്മാർ അന്ത്യൊ
ക്ക്യായിൽനിന്നും ഇക്കൊന്യയിലേക്കു വന്നു.
പൌലൊസിനെതിരെ തിരിയാനവർ ജന
ങ്ങളെ നിർബന്ധിച്ചു. അതിനാലവർ പൌ
ലൊസിനെ കല്ലെറിയുകയും വലിച്ചിഴച്ചു പട്ട
ണത്തിനു പുറത്താക്കുകയും ചെയ്തു. തങ്ങൾ
പൌലൊസിനെ കൊന്നുവെന്ന് ജനങ്ങൾ കരു
തി. 20യേശുവിൻെറ ശിഷ്യന്മാർ പൌലൊസി
നുചുറ്റും കൂടുകയും അവൻ എഴുന്നേറ്റു പട്ടണ
ത്തിലേക്കു മടങ്ങിപ്പോവുകയും ചെയ്തു. പിറ്റേ
ന്ന്, അവനും ബർന്നബാസും ദെർബ്ബെനഗര
ത്തിലേക്കു പോയി.

സിറിയായിലെ അന്ത്യൊക്ക്യയിലേക്കു മടങ്ങുന്നു

21പൌലൊസും ബർന്നബാസും ദെർബ്ബ
യിലും സുവിശേഷം പ്രസംഗിച്ചു. അനേകം
പേർ യേശുവിൻെറ അനുയായികളായി. പൌ
ലൊസും ബർന്നബാസും ലുസ്ത്രാ, ഇക്കോന്യ,
അന്ത്യൊക്ക്യാ എന്നിവിടങ്ങളിലേക്കു മടങ്ങി.
22ആ നഗരങ്ങളിൽ അവർ യേശുവിൻെറ അനു
യായികളെ ശക്തരാക്കി. വിശ്വാസികളായിരി
ക്കാൻ അവർ അനുയായികളെ സഹായിച്ചു.
പൌലൊസും ബർന്നബാസും പറഞ്ഞു, “ദൈ
വരാജ്യത്തേക്കുള്ള നമ്മുടെ വഴിയിൽ നമുക്ക്
ഒരുപാട് സഹിക്കേണ്ടതുണ്ട്.” 23ഓരോ സഭ
യ്ക്കും അവർ മൂപ്പന്മാരെ നിയമിച്ചു. അവർ
മൂപ്പന്മാർക്കുവേണ്ടി ഉപവസിക്കുകയും പ്രാർ

ത്ഥിക്കുകയും ചെയ്തു. കർത്താവായ യേശു
വിൽ വിശ്വസിച്ചവരാണ് ഈ മൂപ്പന്മാർ. അതി
നാൽ പൌലൊസും ബർന്നബാസും അവരെ
കർത്താവിൽ സമർപ്പിച്ചു.
24പൌലൊസും ബർന്നബാസും പിസിദ്യാ
യിലൂടെ കടന്നു. പിന്നെയവർ പംഫുല്യരാജ്യ
ത്തെത്തി. **25**പെർഗ്ഗായിൽ അവർ ദൈവസന്ദേ
ശം പ്രസംഗിക്കുകയും തുടർന്ന് അത്തല്യെയി
ലേക്കു പോവുകയും ചെയ്തു. **26**അവിടെനി
ന്നും അവർ സിറിയായിലെ അന്ത്യോക്ക്യായി
ലേക്കു പോയി. അവിടെവച്ചാണ് പൌലൊ
സും ബർന്നബാസും വിശ്വാസികളാൽ ദൈവ
ത്തിനു സമർപ്പിക്കപ്പെട്ടതും ഇപ്പോഴത്തെ
ജോലിക്കു നിയോഗിക്കപ്പെട്ടതും. ഇപ്പോൾ
അവർ ആ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നു.
27ഇവിടെ എത്തിച്ചേർന്ന പൌലൊസും ബർ
ന്നബാസും സഭ വിളിച്ചുകൂട്ടി. ദൈവം തങ്ങ
ളോടുകൂടെ ചെയ്തതെല്ലാം അവർ വിശ്വാസി
കളോടു പറഞ്ഞു. “അന്യദേശക്കാർക്കും (ജാതി
കൾ) വിശ്വസിക്കത്തക്കവിധം ദൈവം ഒരു
വാതിൽ തുറന്നു.” **28**പൌലൊസും ബർന്നബാ
സും ക്രിസ്തുവിൻെറ വിശ്വാസികളോടൊത്ത്
വളരെ നാൾ കഴിഞ്ഞു.

യെരൂശലേമിലെ യോഗം

15 യെഹൂദ്യയിൽനിന്നും കുറെപ്പേർ
അന്ത്യോക്ക്യയിലേക്കു വന്നു. അവർ
ജാതികളായ സഹോദരന്മാരെ ഉപദേശിച്ചു തുട
ങ്ങി: “പരിച്ഛേദിക്കപ്പെടാത്ത പക്ഷം നിങ്ങൾ
രക്ഷിക്കപ്പെടില്ല. അങ്ങനെ ചെയ്യുവാൻ
മോശെ നിഷ്കർഷിച്ചിട്ടുണ്ട്.” **2**ഈ ഉപദേശ
ത്തിനെതിരായിരുന്നു പൌലൊസും ബർന്ന
ബാസും. ഇക്കാര്യത്തിൽ കാതലായ തർക്കം
ഉണ്ടായിരുന്നു. അതിനാൽ പൌലൊസിനെയും
ബർന്നബാസിനെയും മറ്റു ചിലരേയും യെരൂശ
ലേമിലേക്കയയ്ക്കാൻ ആ സംഘം തീരുമാനി
ച്ചു. ഈ പ്രശ്നം സംബന്ധിച്ച് അപ്പൊസ്തല
ന്മാരും മൂപ്പന്മാരുമായി സംസാരിക്കുന്നതിനായാ
ണ് അവർ അങ്ങോട്ടുപോകുന്നത്.
3സഭയുടെ സഹായത്തോടെയാണവർ യാത്ര
തിരിച്ചത്. ഫൊയ്നീക്ക്യ, ശമര്യ എന്നീ രാജ്യങ്ങ
ളിലൂടെ അവർ കടന്നുപോയി. സത്യദൈവ
ത്തിലേക്കു ജാതികൾ വന്നകാര്യമെല്ലാം അവർ
ആ രാജ്യക്കാരോടു പ്രസംഗിച്ചു. ആ വാർത്ത
കൾ സഹോദരന്മാരെ ആഹ്ളാദിപ്പിച്ചു. **4**പൌ
ലൊസും ബർന്നബാസും മറ്റുള്ളവരും യെരൂശ
ലേമിൽ എത്തി. അപ്പൊസ്തലന്മാരും മൂപ്പന്മാ
രും വിശ്വാസി സമൂഹവും അവരെ സ്വാഗതം
ചെയ്തു. ദൈവം തങ്ങളിലൂടെ ചെയ്തതെല്ലാം
അവർ വിശദീകരിച്ചു. **5**യെരൂശലേമിലെ
വിശ്വാസികളിൽ ചിലർ പരീശന്മാരുടെ വിഭാ
ഗത്തിൽ പെടുന്നവരായിരുന്നു. അവർ എഴു
ന്നേറ്റുനിന്നു പറഞ്ഞു, “ജാതികളിൽനിന്നു
വന്ന വിശ്വാസികൾ പരിച്ഛേദിക്കപ്പെടണം.
മോശെയുടെ ന്യായപ്രമാണം അനുസരിക്കുവാ
നും നാം അവരോടു പറയണം.”
6അനന്തരം ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കു
ന്നതിന് അപ്പൊസ്തലന്മാരും മൂപ്പന്മാരും ഒത്തു
കൂടി. **7**ഒരു വലിയ ചർച്ചതന്നെ ഇക്കാര്യ
ത്തിൽ നടന്നു. അപ്പോൾ പത്രൊസ് എഴുന്നേറ്റു
നിന്ന് അവരോടു പറഞ്ഞു, “എൻെറ സഹോദ
രന്മാരേ, മുൻദിവസങ്ങളിലെന്താണുണ്ടായതെ
ന്നു നിങ്ങൾക്ക് ഓർമ്മയുണ്ടാകുമെന്ന് എനിക്ക
റിയാം. ജാതികളോട് സുവിശേഷം പ്രസംഗിക്കു
ന്നതിന് അന്ന് ദൈവം എന്നെ നിങ്ങളുടെ
ഇടയിൽനിന്നും തിരഞ്ഞെടുത്തു. അവർ എന്നി
ൽനിന്ന് സുവിശേഷം കേൾക്കുകയും വിശ്വസി
ക്കുകയും ചെയ്തു. **8**എല്ലാ മനുഷ്യരുടെ ചിന്ത
കളും ദൈവത്തിനറിയാം. അവൻ ജാതികളെ
സ്വീകരിക്കുകയും ചെയ്തു. നമ്മളോടു ചെയ്ത
തുപോലെതന്നെ അവർക്കു പരിശുദ്ധാത്മാവി
നെ നൽകിക്കൊണ്ടാണ് ഇതു നമുക്കു കാട്ടിത്ത
ന്നത്. **9**ദൈവത്തിന് അവർ നമ്മിൽനിന്നും വ്യ
ത്യസ്തരല്ല. അവർ വിശ്വസിച്ചപ്പോൾ ദൈവം
അവരുടെ ഹൃദയങ്ങൾ പരിശുദ്ധമാക്കി. **10**പി
ന്നെ എന്തിനാണു നിങ്ങൾ ജാതികളിൽനിന്നു
വന്ന സഹോദരന്മാരുടെ കഴുത്തിൽ ഭാരം
വയ്ക്കുന്നത്? നിങ്ങൾ ദൈവകോപം ഉണ്ടാക്കു
കയല്ലേ? നമ്മൾക്കോ, നമ്മുടെ പിതാക്കൾക്കോ
ആ ഭാരം ചുമക്കാൻ പര്യാപ്തമായ ശക്തിയി
ല്ലായിരുന്നു. **11**കർത്താവായ യേശുവിൻെറ കാ
രുണ്യത്താൽ നമ്മളും ഇവരും രക്ഷപ്രാപിയ്ക്കു
മെന്ന് നാം വിശ്വസിക്കുന്നു.”
12സഭമുഴുവൻ അടങ്ങി. അവർ പൌലൊസി
ൻെറയും ബർന്നബാസിൻെറയും വാക്കുകൾ
ശ്രദ്ധിച്ചു. ജാതികൾക്കിടയിൽ തങ്ങളിലൂടെ
ദൈവം പ്രവർത്തിച്ച എല്ലാ വീര്യപ്രവൃത്തിക
ളെപ്പറ്റിയും, അത്ഭുതങ്ങളെപ്പറ്റിയും പൌലൊ
സും ബർന്നബാസും അവരോടു പറഞ്ഞു.
13അവർ പ്രഭാഷണം അവസാനിപ്പിച്ചു. തുടർ
ന്ന് യാക്കോബ് പ്രസംഗിച്ചു. അവൻ പറഞ്ഞു,
“എൻെറ സഹോദരന്മാരേ, എന്നെ ശ്രദ്ധിക്കുക.
14ജാതികളോട് തൻെറ സ്നേഹം ദൈവം എങ്ങ
നെ വെളിപ്പെടുത്തിയെന്ന് ശിമോൻപത്രൊസ്
നമ്മോടു പറഞ്ഞു. ആദ്യമായി ദൈവം ജാതിക
ളെ തിരഞ്ഞെടുത്ത് തൻെറ ജനമാക്കി. **15**പ്രവാ
ചകരും ഇതു തന്നെ പറയുന്നു:

16ഇതിനുശേഷം ഞാൻ തിരിച്ചുവരും. ദാവീദി
ൻെറ ഭവനം ഞാൻ വീണ്ടും പണിയും. അതി
പ്പോൾ വീണിരിക്കുകയാണ്. ജീർണ്ണിച്ചുകിട
ക്കുന്ന അതിൻെറ ഭാഗങ്ങൾ ഞാൻ വീണ്ടും
പണിയും. അവൻെറ വീട് ഞാൻ പുത്തനാക്കും.
17പിന്നീട് മറ്റുള്ളവരും കർത്താവിനെ അന്വേ
ഷിക്കും. അതോടൊപ്പം എൻെറ ആളുകളായി
മാറിയ ജാതികളും. ഇതെല്ലാം ചെയ്ത കർത്താ
വ് ഇത് അരുളി. അവനാണല്ലോ ഇതെല്ലാം
സഫലമാക്കുക. *ആമോസ് 9:11-12*

18“ആരംഭം മുതൽക്കേ ഇക്കാര്യങ്ങൾ വെളിപ്പെ
ട്ടിരുന്നു.
19“ദൈവത്തിലേക്കു തിരിഞ്ഞ ജാതികളുടെ
കാര്യത്തിൽ അതിനാൽ നമ്മൾ അസഹിഷ്ണ
ത കാട്ടേണ്ടതില്ല എന്നു ഞാൻ കരുതുന്നു. **20**പക
രം നാം അവർക്കു കത്തെഴുതണം. അതിൽ
അവരോടു നാം ഇതൊക്കെ പറയണം: വിഗ്രഹ
ങ്ങൾക്കു സമർപ്പിക്കപ്പെട്ട ആഹാരം ഭക്ഷിക്ക
രുത്. (അതു ഭക്ഷണത്തെ അശുദ്ധമാക്കുന്നു)
വ്യഭിചരിക്കരുത്, രക്തം രുചിക്കരുത്. ശ്വാസം
മുട്ടിച്ചു കൊല്ലപ്പെട്ടമൃഗത്തെ തിന്നരുത്.
21മോശെയുടെ ന്യായപ്രമാണം പഠിപ്പിക്കുന്ന
വർ എല്ലായിടവുമുള്ളതിനാൽ അവർക്കിതൊ
ന്നും ചെയ്യാനാവില്ല. മോശെയുടെ വചനങ്ങൾ
വർഷങ്ങളായി എല്ലാ ശബ്ബത്തുദിവസവും
യെഹൂദപ്പള്ളികളിൽ വായിക്കപ്പെടാറുണ്ട്.”

ജാതികളിൽ നിന്നുള്ള വിശ്വാസികൾക്കുള്ള കത്ത്

22പൌലൊസിനോടും ബർന്നബാസിനോടു

മൊപ്പം ഏതാനും പേരെ അന്ത്യൊക്ക്യയിലേക്ക്
അയയ്ക്കണമെന്ന് അപ്പൊസ്തലന്മാരും മൂപ്പ
ന്മാരും സഭമുഴുവനും തന്നെ ആലോചിച്ചു.
തങ്ങൾക്കിടയിൽനിന്നും ഏതാനും പേരെ തെര
ഞ്ഞെടുക്കാൻ അവർ തീരുമാനിച്ചു. ബർശബാ
സ് എന്നപേരിലും വിളിയ്ക്കുന്ന യൂദയേയും,
ശീലാസിനെയും അവർ തിരഞ്ഞെടുത്തു.
യെരൂശലേമിലെ സഹോദരന്മാർക്ക് ആദരണീ
യരാണവർ. **23**സഭ അവരുടെ കൈയിൽ ഒരു
കത്തും കൊടുത്തയച്ചു. കത്തിൽ ഇങ്ങനെ എഴു
തിയിരുന്നു:

നിങ്ങളുടെ സഹോദരന്മാരായ അപ്പൊസ്ത
ലന്മാരിൽനിന്നും,

മൂപ്പന്മാരിൽനിന്നും അന്ത്യൊക്ക്യയിലെയും,
സുറിയായിലെയും കിലിക്യായിലെയും ജാതി
കളിൽനിന്നുവന്ന എല്ലാ സഹോദരന്മാർക്കും.

പ്രിയസഹോദരന്മാരേ,

24ഞങ്ങൾക്കിടയിലെ ഏതാനും പേർ നിങ്ങളു
ടെയടുക്കൽ വന്നതായി ഞങ്ങളറിഞ്ഞു. അവർ
പറഞ്ഞ കാര്യങ്ങൾ നിങ്ങളെ ശല്യപ്പെടുത്തു
കയും കുഴക്കുകയും ചെയ്തു. എന്നാൽ ഞങ്ങൾ
അയച്ചവരല്ല അവർ. **25**ഏതാനും പുരുഷന്മാരെ
തിരഞ്ഞെടുത്ത് നിങ്ങളുടെയിടയിലേക്കയയ്
ക്കാൻ ഞങ്ങൾ ഒരുമിച്ചു തീരുമാനിച്ചിട്ടുണ്ട്.
നമ്മുടെ പ്രിയസുഹൃത്തുക്കളായ ബർന്നബാ
സിനോടും പൌലൊസിനോടുമൊപ്പം ഏതാ
നും പുരുഷന്മാരെ തിരഞ്ഞെടുത്തയയ്ക്കും.
26ബർന്നബാസും പൌലൊസും നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിനുവേണ്ടി ജീവി
തം സമർപ്പിച്ചവരാണ്. **27**അതിനാൽ ഞങ്ങൾ
യൂദയേയും, ശീലാസിനേയും അവരോടൊത്ത
യയ്ക്കുന്നു. അവർ നിങ്ങളോടു അതേകാര്യ
ങ്ങൾ വായ്വാക്കാൽ പറയും. **28**നിങ്ങൾക്ക് കൂടു
തൽ ഭാരം ഉണ്ടാകരുതെന്ന് പരിശുദ്ധാത്മാവ്
വിചാരിക്കുന്നതിനാൽ ഞങ്ങൾ അതംഗീകരി
ക്കുന്നു. നിങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ
മാത്രമേ ചെയ്യേണ്ടതുള്ളൂ:

29വിഗ്രഹങ്ങൾക്കു സമർപ്പിക്കപ്പെട്ടവ ഭക്ഷി
ക്കരുത്. രക്തം രുചിക്കരുത്, ശ്വാസം മുട്ടിച്ചു
കൊല്ലപ്പെട്ടമൃഗത്തെ ഭക്ഷിക്കരുത്. വ്യഭിചരി
ക്കരുത്.

ഇക്കാര്യങ്ങളിൽനിന്നെല്ലാം അകന്നു കഴി
ഞ്ഞാൽ നിങ്ങൾ നന്നായിവരും. നന്നായി
വരട്ടെ.

30അതുകൊണ്ട് പൌലൊസും, ബർന്നബാ
സും, യൂദയും, ശീലാസും യെരൂശലേം വിട്ടു.
അവർ അന്ത്യൊക്ക്യയിലേക്കു പോയി. അ
ന്ത്യൊക്ക്യയിൽ അവർ വിശ്വാസികളെ വിളി
ച്ചുകൂട്ടുകയും കത്ത് അവർക്കു നൽകുകയും
ചെയ്തു. **31**അതു വായിച്ച വിശ്വാസികൾ ആ
ഹ്ളാദിച്ചു. കത്ത് അവരെ ആശ്വസിപ്പിച്ചു.
32പ്രവാചകരുമായ യൂദയും ശീലാസും സഹോ
ദരന്മാരെ ശക്തിപ്പെടുത്താൻ സഹായിച്ച ഒട്ട
നവധി കാര്യങ്ങൾ അവരോടു പറഞ്ഞു. **33**അല്പ
നാൾ അവിടെ തങ്ങിയതിനുശേഷം യൂദയും
ശീലാസും അവിടംവിട്ടു. സഹോദരന്മാർ സമാ
ധാനത്തോടെ അവരെ അനുഗ്രഹിച്ചയച്ചു. യൂദ
യും ശീലാസും തങ്ങളെ അയച്ച യെരൂശലേ
മിലെ സഹോദരന്മാരുടെ അടുത്തേക്കു മടങ്ങി.
34*-35എന്നാൽ പൌലൊസും ബർന്നബാസും
അന്ത്യൊക്ക്യയിൽ തങ്ങി. അവർ മററനേകംപേ
രോടൊപ്പം സുവിശേഷം പ്രസംഗിക്കുകയും
കർത്താവിൻെറ സന്ദേശം ജനങ്ങളെ പഠിപ്പി
ക്കുകയും ചെയ്തു.

പൌലൊസും ബർന്നബാസും വേർപിരിയുന്നു

36ഏതാനുംദിവസങ്ങൾ കഴിഞ്ഞ്, പൌലൊ
സ് ബർന്നബാസിനോടു പറഞ്ഞു, "കർത്താ
വിൻെറ സന്ദേശം നമ്മൾ പല പട്ടണങ്ങളിലും
പ്രസംഗിച്ചു. നമുക്ക് ആ നഗരങ്ങളിലേക്കു മട
ങ്ങി അവിടുത്തെ സഹോദരീസഹോദരന്മാ
രുടെ പ്രവൃത്തികൾ നിരീക്ഷിക്കാം." **37**യോഹ
ന്നാൻ എന്ന മർക്കൊസിനെയും തങ്ങളുടെ
കൂടെകൊണ്ടുപോകാൻ ബർന്നബാസ് ആഗ്ര
ഹിച്ചു. **38**പക്ഷേ അവരുടെ ആദ്യയാത്രയിൽ
തന്നെ പംഫുല്യായിൽ വച്ചു തന്നെ യോഹ
ന്നാൻ (മർക്കൊസ്) അവരെ വിട്ടുപോവുകയും
ജോലിയിൽ അവരോടൊപ്പം തുടരാതിരിക്കുക
യും ചെയ്തു. അതിനാൽ അവനെയും കൊണ്ടു
പോകരുതെന്ന് പൌലൊസ് ശക്തമായി ആവ
ശ്യപ്പെട്ടു. **39**ഇതെപ്പറ്റി പൌലൊസും ബർന്ന
ബാസും വലിയ തർക്കത്തിലായി. അവർ വേർ
പിരിഞ്ഞ് വ്യത്യസ്തമാർഗ്ഗങ്ങളിലേക്കു പോ
യി. ബർന്നബാസ് മർക്കൊസിനെയും കൂട്ടി
സൈപ്രസിലേക്കു കപ്പൽ കയറി. **40**പൌലൊ
സ് ശീലാസിനേയും തന്നോടൊത്തു കൂട്ടി. അ
ന്ത്യൊക്ക്യായിലുള്ള സഹോദരന്മാർ കർത്താവി
ൻെറ കൃപയിൽ പൌലൊസിനെ ഏല്പിച്ചു.
41പൌലൊസും ശീലാസും സുറിയ, കിലിക്യാ
എന്നീ രാജ്യങ്ങളിൽ സഭകളെ ശക്തിപ്പെടുത്തി
ക്കൊണ്ടു പര്യടനം നടത്തി.

തിമൊഥെയൊസ് പൌലൊസിനോടും ശീലാസിനോടുമൊപ്പം പോകുന്നു

16 പൌലൊസ് ദെർബ്ബയിലേക്കും ലുസ്രയി
ലേക്കും പോയി. തിമൊഥെയൊസ് എന്നു
പേരായ ക്രിസ്തുവിൻെറ ഒരു ശിഷ്യൻ അവി
ടെയുണ്ടായിരുന്നു. തിമൊഥെയൊസിൻെറ
അമ്മ ഒരു യെഹൂദവിശ്വാസിനിയായിരുന്നു.
അവൻെറ അപ്പൻ ഒരു യവനക്കാരനുമായിരു
ന്നു. **2**ലുസ്രയിലും ഇക്കോന്യയിലുമുള്ള വിശ്വാ
സികൾ തിമൊഥെയൊസിനെ ആദരിച്ചിരുന്നു.
അവർ അവനെപ്പറ്റി നല്ലതുമാത്രം പറഞ്ഞു.
3പൌലൊസിനു തിമൊഥെയൊസും തൻെറ
കൂടെ സഞ്ചരിക്കണമെന്നുണ്ടായിരുന്നു. എ
ന്നാൽ തിമൊഥെയൊസിൻെറ അപ്പൻ യവന
ക്കാരനാണെന്ന് സ്ഥലവാസികൾക്കെല്ലാം അറി
യാം. അതിനാൽ പൌലൊസ് തിമൊഥെയൊ
സിനെ പരിച്ഛേദനം ചെയ്ത് യെഹൂദരെ
തൃപ്തരാക്കി. **4**അനന്തരം പൌലൊസും സഹ
പ്രവർത്തകരും മറ്റു നഗരങ്ങളിലൂടെ സഞ്ചരി
ച്ചു. യെരൂശലേമിലെ അപ്പൊസ്തലന്മാരുടെ
യും യെഹൂദമൂപ്പന്മാരുടെയും തീരുമാനങ്ങളും
ചട്ടങ്ങളും വിശ്വാസികൾക്ക് അവർ നൽകി.
ഈ ചട്ടങ്ങൾ അനുസരിക്കാൻ അവർ വിശ്വാ
സികളോടു നിർദ്ദേശിച്ചു. **5**അങ്ങനെ സഭകൾ
വിശ്വാസത്തിൽ ശക്തമായിക്കൊണ്ടിരിക്കുക
യും ഓരോ ദിവസവും കൂടുതൽ വളർന്ന് വലു
തായിക്കൊണ്ടിരിക്കുകയും ചെയ്തു.

പൌലൊസിനെ ആസ്യയിൽ നിന്നും വിളിച്ചു മാറ്റുന്നു

6പൌലൊസും കൂട്ടരും ഫ്രുഗ്യ, ഗലാത്യ

വാക്യം 34 ചില ഗ്രീക്കു പതിപ്പുകളിൽ 34ാം വാക്യത്തിൽ "പക്ഷേ ശീലാസ് അവിടെത്തന്നെ തുടരാൻ തീരുമാനിച്ചു." എന്നും കൂടിയുണ്ട്.

എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ചു. ആസ്യ
യിൽ സുവിശേഷം പ്രസംഗിക്കുന്നതിൽനിന്നും
പരിശുദ്ധാത്മാവ് അവരെ തടഞ്ഞു. 7അവർ
മുസ്യാ രാജ്യത്തിനടുത്തെത്തി. ബിഥുന്യരാജ്യ
ത്തേക്ക് പോവുകയാണവരുടെ ആവശ്യം. എ
ന്നാൽ യേശുവിൻെറ ആത്മാവ് അവരെ അതിന
നുവദിച്ചില്ല. 8അതിനാൽ അവർ മുസ്യാ കടന്ന്
ത്രോവാസിലേക്കു പോയി. 9അന്നുരാത്രി പൌ
ലൊസിനൊരു ദർശനമുണ്ടായി. അതിൽ മക്കെ
ദോന്യയിൽ നിന്നൊരാൾ പൌലൊസിനെ
സമീപിച്ചു. അയാൾ അവിടെനിന്നുകൊണ്ടു
യാചിച്ചു, "മക്കെദോന്യക്കുവന്ന് ഞങ്ങളെ
സഹായിക്കേണമേ." 10പൌലൊസിനു ദർശന
മുണ്ടായതിനുശേഷം, ഞങ്ങൾ മക്കെദോന്യയി
ലേക്കു പോകാൻ തയ്യാറെടുത്തു. അന്നാട്ടുകാ
രോടു സുവിശേഷം പ്രസംഗിക്കാൻ ദൈവം
ഞങ്ങളെ വിളിച്ചിരിക്കുന്നുവെന്നു ഞങ്ങൾക്കു
മനസ്സിലായി.

ലുദിയായുടെ പരിവർത്തനം

11ത്രോവാസിൽനിന്നും ഞങ്ങൾ നേരെ
സമൊത്രാക്കെയിലേക്കു കപ്പൽ കയറി. അടുത്ത
ദിവസം നവപൊലിക്കും സമുദ്രയാത്ര ചെയ്തു.
12പിന്നീട് ഫിലിപ്പിയിലേക്കു പോയി. മക്കെ
ദൊന്യയുടെ ആ ഭാഗത്തെ ഒരു പ്രധാന നഗര
മായിരുന്നു ഫിലിപ്പി. കൂടാതെ റോമാക്കാരുടെ
അധീന പ്രദേശവും. ഞങ്ങളവിടെ ഏതാനും
ദിവസം തങ്ങി.

13ശബ്ബത്തുദിവസം ഞങ്ങൾ നഗരകവാടം കട
ന്ന് നദീതീരത്തെത്തി. അവിടെ പ്രാർത്ഥന
യ്ക്കായി ഒരു പ്രത്യേകസ്ഥലം കണ്ടുപിടിക്കാ
മെന്നു ഞങ്ങൾ കരുതി. ഏതാനും സ്ത്രീകൾ
അവിടെ കൂടിയിരുന്നു. ഞങ്ങൾ അവിടിരുന്ന്
അവരുമായി സംഭാഷണം നടത്തി. 14തുയത്തൈ
രയിൽ നിന്നുവന്ന ലുദിയ, എന്നുപേരായ ഒരു
വൾ അവർക്കിടയിലുണ്ടായിരുന്നു. പട്ടു വില്പ
നയായിരുന്നു അവളുടെ തൊഴിൽ. അവൾ
ദൈവാരാധിക കൂടിയായിരുന്നു. ലുദിയ പൌ
ലൊസിനെ ശ്രദ്ധിച്ചു. കർത്താവ് അവളുടെ
ഹൃദയം തുറന്നു. പൌലൊസിൻെറ വാക്കുക
ളിൽ അവൾ വിശ്വസിച്ചു. 15അവളും അവളുടെ
വീട്ടിൽ വസിക്കുന്ന എല്ലാവരും സ്നാനം ചെയ്യ
പ്പെട്ടു. പിന്നീട് ലുദിയ, ഞങ്ങളെ തൻെറ വീട്ടി
ലേക്കു ക്ഷണിച്ചു. അവൾ പറഞ്ഞു, "ഞാൻ
കർത്താവായ യേശുവിൻെറ യഥാർത്ഥ വിശ്വാ
സിനിയാണെന്നു നിങ്ങൾക്കു ബോദ്ധ്യമായിട്ടു
ണ്ടെങ്കിൽ എൻെറ വീട്ടിൽ വന്നു താമസിച്ചാ
ലും." അവളോടൊത്തു തങ്ങുവാൻ അവൾ
ഞങ്ങളെ നിർബന്ധിച്ചു.

പൌലൊസും ശീലാസും തടവിൽ

16ഒരിക്കൽ ഞങ്ങൾ പ്രാർത്ഥനാസ്ഥലത്തേക്കു
പോകവേ ഞങ്ങൾക്കു ചിലതു സംഭവിച്ചു. ഒരു
ദാസ്യപെൺകുട്ടി എന്നെ സമീപിച്ചു. അവളെ
ഒരു പ്രത്യേകതരം ആത്മാവു ബാധിച്ചിരുന്നു.
അവൾക്കു ഭാവി പ്രവചനത്തിനുള്ള കഴിവ്
ആ ആത്മാവു നൽകിയിരുന്നു. ഇങ്ങനെ ചെയ്യു
കവഴി അവൾ തൻെറ ഉടമസ്ഥർക്ക് ധാരാളം
പണം സമ്പാദിച്ചു കൊടുത്തു. 17ആ പെൺകു
ട്ടി പൌലൊസിനെയും ഞങ്ങളെയും പിന്തുട
ർന്നു. അവളുറക്കെ പറഞ്ഞു, "ഈ മനുഷ്യർ
അത്യുന്നതനായ ദൈവത്തിൻെറ ദാസന്മാരാ
ണ്! നിങ്ങളുടെ രക്ഷാമാർഗ്ഗം അവർ പറഞ്ഞു
തരും." 18പല ദിവസങ്ങൾ അവളിത് ആവർത്തി
ച്ചു. ഇത് പൌലൊസിനെ അസഹ്യപ്പെടുത്തു
കയും ആത്മാവിനു നേർക്കുതിരിഞ്ഞ് അയാൾ
പറയുകയും ചെയ്തു, "യേശുക്രിസ്തുവിൻെറ
ശക്തിയാൽ ഞാൻ നിന്നോടു കല്പിക്കുന്നു, അവ
ളിൽനിന്ന് പുറത്തുപോവുക." പെട്ടെന്നു
തന്നെ ആ ആത്മാവ് അവളെ വിട്ടൊഴിഞ്ഞു.

19ആ ദാസിയുടെ യജമാനന്മാർ ഇതു കണ്ടു.
ഇനി തങ്ങൾക്കവളെ ഉപയോഗിച്ച് പണമുണ്ടാ
ക്കാനാവില്ലെന്ന് അവർ കണ്ടു. അതിനാലവർ
പൌലൊസിനെയും ശീലാസിനെയും പിടിച്ച്
നഗരസഭയിലേക്കു വലിച്ചിഴച്ചു കൊണ്ടുവന്നു.
നഗരപാലകർ അവിടെയുണ്ടായിരുന്നു. 20പൌ
ലൊസിനെയും ശീലാസിനെയും അവർ നേതാ
ക്കന്മാരുടെ മുമ്പിൽ കൊണ്ടുവന്നു പറഞ്ഞു,
"ഇവർ യെഹൂദരാണ്. അവർ നമ്മുടെ നഗര
ത്തിൽ കുഴപ്പങ്ങളുണ്ടാക്കുന്നു. 21അവർ ചില
അനുഷ്ഠാനങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരു
വാൻ ശ്രമിക്കുന്നു. റോമാക്കാരായ നമുക്കിതു
ചെയ്യാനാവില്ല." 22ജനം പൌലൊസിനും ശീ
ലാസിനും എതിരായിരുന്നു. നേതാക്കന്മാർ
പൌലൊസിൻെറയും ശീലാസിൻെറയും വ
സ്ത്രങ്ങൾ കീറുകയും അവരെ വടികൊണ്ടടി
ക്കുവാൻ ചിലരോടു പറയുകയും ചെയ്തു.
23ആളുകൾ പൌലൊസിനെയും ശീലാസിനെ
യും പലവട്ടം അടിച്ചു. അനന്തരം നേതാക്കൾ
അവരെ തടവറയിലിട്ടു. തടവറ സൂക്ഷിപ്പുകാ
രോട് നേതാക്കൾ പറഞ്ഞു, "അവരെ പ്രത്യേകം
സൂക്ഷിക്കുക." 24അയാൾ ആ ഉത്തരവ് അനുസ
രിച്ച് തടവറയുടെ ഏറ്റവും ഉള്ളിൽ പൌലൊ
സിനെയും ശീലാസിനെയും ഇട്ടു. വലിയ തടി
ക്കട്ടകൾക്കിടയിൽ അവരുടെ കാലുകൾ കെട്ടി
യിട്ടു.

25പാതി രാത്രിയോടടുത്തപ്പോൾ പൌലൊ
സും ശീലാസും പ്രാർത്ഥിക്കുകയും ദൈവീക
ഗീതങ്ങൾ പാടുകയുമായിരുന്നു. മറ്റു തടവു
കാർ അവരെ ശ്രവിക്കുകയുമായിരുന്നു. 26പെ
ട്ടെന്ന്, ഒരു വലിയ ഭൂകമ്പമുണ്ടായി. തടവറയു
ടെ അടിത്തറ ഇളക്കുംവിധം ശക്തമായിരുന്നു
ആ ഭൂകമ്പം. അപ്പോൾ തടവറയുടെ എല്ലാ
വാതിലുകളും തുറക്കപ്പെട്ടു. എല്ലാ തടവുകാരും
ചങ്ങലകളിൽനിന്നും മോചിതരായി. 27തടവറ
സൂക്ഷിപ്പുകാരൻ ഉണർന്നു. തടവറയുടെ വാ
തിലുകൾ തുറന്നു കിടക്കുന്നതയാൾ കണ്ടു.
തടവുകാരൊക്കെ രക്ഷപ്പെട്ടിരിക്കുമെന്നയാൾ
കരുതി. അതിനാൽ അയാൾ വാളൂരി സ്വന്തം
ജീവനൊടുക്കാൻ പോകുകയായിരുന്നു. 28പ
ക്ഷേ പൌലൊസ് വിളിച്ചു പറഞ്ഞു, "അരുത്!
നിനക്കൊരു ഹാനിയും വരുത്തരുത്. ഞങ്ങളൊ
ക്കെയിവിടെയുണ്ട്."

29ഒരു വിളക്കു കൊണ്ടുവരാൻ തടവറ സൂക്ഷി
പ്പുകാരൻ ആരോടോ പറഞ്ഞു. എന്നിട്ടയാൾ
അകത്തേക്ക് ഓടിക്കയറി. അയാൾ ഭയത്താൽ
വിറയ്ക്കുകയായിരുന്നു. പൌലൊസിൻെറയും
ശീലാസിൻെറയും മുമ്പിൽ അയാൾ വീണു.
30എന്നിട്ട് അയാൾ അവരെ പുറത്തു കൊണ്ടുവ
ന്നിട്ടു ചോദിച്ചു, "മനുഷ്യരേ, രക്ഷപ്രാപിപ്പാൻ
ഞാനെന്തു ചെയ്യണം?"

31അവർ അവനോടു പറഞ്ഞു, "കർത്താ
വായ യേശുവിൽ വിശ്വസിച്ചാൽ നീയും
നിൻെറ കുടുംബവും രക്ഷപ്രാപിയ്ക്കും." 32അ
തിനാൽ അവർ അയാൾക്കും വീട്ടിലുള്ള എല്ലാ
വർക്കും കർത്താവിൻെറ സന്ദേശം പറഞ്ഞു
കൊടുത്തു. 33അപ്പോൾ രാത്രി വളരെ വൈകി
യിരുന്നു. എങ്കിലും പാറാവുകാരൻ ശീലാസി

നെയും പൌലൊസിനെയും കൊണ്ടുപോയി
അവരുടെ മുറിവുകൾ കഴുകി. അപ്പോൾ പാറാ
വുകാരനും കുടുംബാംഗങ്ങളും സ്നാനപ്പെട്ടു.
34അതിനുശേഷം അയാൾ അവരെ തൻെറ
വീട്ടിലേക്കു കൊണ്ടുപോയി അവർക്കു വേണ്ട
ഭക്ഷണം നൽകി. ദൈവത്തെ വിശ്വസിച്ചതിൽ
അവർ എല്ലാവരും സന്തോഷിച്ചു.
35പിറ്റേന്നുരാവിലെ നേതാക്കൾ ഏതാനും ഭട
ന്മാരെ പാറാവുകാരൻെറയടുത്തേക്കയച്ചു.
അവർ പറഞ്ഞു, "ആ മനുഷ്യരെ വെറുതെ
വിടുക!"
36പാറാവുകാരൻ പൌലൊസിനോടു പറ
ഞ്ഞു, "നിങ്ങളെ സ്വതന്ത്രരാക്കാൻ നേതാക്കൾ
ഏതാനും ഭടന്മാരെ അയച്ചിരിക്കുന്നു. നിങ്ങൾ
ക്കിപ്പോൾ സമാധാനത്തോടെ പോകാം!"
37എന്നാൽ പൌലൊസ് ഭടന്മാരോടു പറ
ഞ്ഞു, "ഞങ്ങൾ തെറ്റുകാരാണെന്നു തെളിയി
ക്കാൻ നിങ്ങളുടെ നേതാക്കൾക്കായിട്ടില്ല. എങ്കി
ലും അവർ ഞങ്ങളെ ജനമദ്ധ്യത്തിലിട്ടു മർദ്ദിക്കു
കയും തടവിലിടുകയും ചെയ്തു. റോമാപൗര
ന്മാരായ ഞങ്ങൾക്കും ചില അവകാശങ്ങളുണ്ട്.
ഇപ്പോൾ ഞങ്ങളെ രഹസ്യമായി വിട്ടയ
യ്ക്കാൻ അവർ ശ്രമിക്കുന്നു. ഇല്ല! അവർ നേരി
ട്ടുവന്നു ഞങ്ങളെ വിട്ടയയ്ക്കട്ടെ!"
38പട്ടാളക്കാർ പൌലൊസിൻെറ വാക്കുകൾ
നേതാക്കളോടു പറഞ്ഞു. പൌലൊസും ശീലാ
സും റോമാക്കാരാണെന്നറിഞ്ഞ നേതാക്കൾ ഭയ
ന്നു. 39അതിനാൽ അവർ വന്നു പൌലൊസി
നോടും ശീലാസിനോടും മാപ്പുപറഞ്ഞു.
അവർ, ഇരുവരേയും പുറത്തു കൊണ്ടുവന്ന്
അവരുടെ നഗരം വിട്ടുപോകാൻ പറഞ്ഞു.
40തടവറയിൽനിന്നും പുറത്തുവന്ന പൌലൊ
സും ശീലാസും ലുദിയായുടെ വീട്ടിലേക്കു
പോയി. അവിടെകണ്ട ഏതാനും വിശ്വാസി
കളെ ധൈര്യപ്പെടുത്തിയതിനുശേഷം അവർ
അവിടം വിട്ടു.

പൌലൊസും ശീലാസും തെസ്സ ലൊനീക്കയിൽ

17 പൌലൊസും ശീലാസും അംഫിപൊലി
സിലും, അപ്പൊലോന്യയിലുംകൂടി സ
ഞ്ചരിച്ചു. അവർ തെസ്സലൊനിക്കയിൽ എത്തി.
അവിടെ ഒരു യെഹൂദപ്പള്ളിയുണ്ടായിരുന്നു.
2യെഹൂദരെ കാണുന്നതിന് പൌലൊസ് അ
ങ്ങോട്ടുകയറി. അങ്ങനെയായിരുന്നു അവൻെറ
പതിവ്. മൂന്നു ശബ്ബത്തിലും പൌലൊസ്
യെഹൂദരുമായി തിരുവെഴുത്തുകളിൽനിന്നും
സംസാരിച്ചു. 3പൌലൊസ് യെഹൂദർക്ക് തിരു
വെഴുത്തുകൾ വിശദീകരിച്ചു. ക്രിസ്തു മരിക്കു
കയും ഉയിർത്തെഴുന്നേൽക്കുകയും വേണ്ടിയിരു
ന്നെന്ന് കാണിച്ചു. പൌലൊസ് പറഞ്ഞു,
"ഞാൻ നിങ്ങളോടു പറയുന്ന ഈ യേശു തന്നെ
യാണ് ക്രിസ്തു." 4യഥാർത്ഥദൈവത്തെ ആരാ
ധിച്ച ചില യവനക്കാർ അവിടെയുണ്ടായിരു
ന്നു. ഏതാനും പ്രധാനപ്പെട്ട സ്ത്രീകളും, ബോ
ദ്ധ്യംവന്ന അവരിൽ പലരും പൌലൊസിൻെറ
യും ശീലാസിൻെറയും കൂടെ ചേർന്നു.
5എന്നാൽ അവിശ്വാസികളായ ചില യെഹൂ
ദർ അസൂയാലുക്കളായി. ചന്തസ്ഥലത്തിൻെറ
ചുറ്റും അലഞ്ഞു തിരിഞ്ഞവരിൽനിന്നും അവർ
ഏതാനും ദുഷ്ടരെ വാടകയ്ക്കെടുത്തു. അവർ
അനേകംപേരെ കൂട്ടി നഗരത്തിൽ കുഴപ്പങ്ങളു
ണ്ടാക്കി. ജനം പൌലൊസിനെയും ശീലാസി
നെയും തെരഞ്ഞ് യാസോൻെറ ഭവനത്തിലേക്ക്
പോയി. അവർ പൌലൊസിനെയും ശീലാസി
നെയും ജനമദ്ധ്യത്തിൽ കൊണ്ടുവരാൻ ശ്രമി
ച്ചു. 6പക്ഷേ അവർക്ക് അവരെ കണ്ടെത്താനാ
യില്ല. അതിനാലവർ യാസോനെയും മറ്റേതാ
നും വിശ്വാസികളെയും നഗരനേതാക്കൾക്കു
മുന്നിലേക്കു വലിച്ചിഴച്ചു കൊണ്ടുവന്നു. ജന
ങ്ങൾ ആക്രോശിച്ചു, "ഇവരാണു ലോകമെങ്ങും
കുഴപ്പമുണ്ടാക്കിയവർ. ഇപ്പോഴവർ ഇവിടെയു
മെത്തിയിരിക്കുന്നു! 7യാസോൻ അവരെ തൻെറ
വീട്ടിൽ ഒളിപ്പിക്കുന്നു. അവരെല്ലാം കൈസർ
ക്കെതിരായ കാര്യങ്ങൾ ചെയ്യുന്നു. യേശുവെ
ന്നൊരു രാജാവ് വേറെയുണ്ടെന്നവർ പറയു
ന്നു."
8നഗരനേതാക്കളും മറ്റുള്ളവരും ഇക്കാര്യങ്ങൾ
കേട്ടു. അവർ അസ്വസ്ഥരായി. 9അവർ യാസോ
നെയും മറ്റുള്ളവരെയുംകൊണ്ട് ചെറിയ പിഴ
അടപ്പിച്ച് വെറുതെ വിട്ടു.

പൌലൊസും ശീലാസും ബെരോവെയിലേക്ക്

10അതേ രാത്രിയിൽ തന്നെ വിശ്വാസികൾ
പൌലൊസിനെയും ശീലാസിനെയും ബെരോ
വെയിലേക്കയച്ചു. അവിടെ അവർ എത്തിയ
പ്പോൾ ഒരു യെഹൂദപ്പള്ളിയിലേക്കു പോയി.
11തെസ്സലൊനിക്ക്യയിലേക്കാൾ നല്ല യെഹൂദരാ
യിരുന്നു അവിടെയുണ്ടായിരുന്നത്. പൌലൊ
സിൻെറയും, ശീലാസിൻെറയും വാക്കുകൾ
അവർ ഔത്സുക്യത്തോടെ ശ്രവിക്കുകയും, തിരു
വെഴുത്തുകൾ പരിശോധിക്കുകയും ചെയ്തു.
അതിലെ കാര്യങ്ങൾ സത്യമാണോ എന്നറിയു
വാൻ അവർ ആഗ്രഹിച്ചു. 12അവരിലധികം
യെഹൂദരും വിശ്വാസികളായി. അനേകം പ്രധാ
ന യവനസ്ത്രീപുരുഷന്മാരും വിശ്വാസിക
ളായി. 13എന്നാൽ ബെരൊവെയിലും പൌലൊ
സ് ദൈവവചനം പ്രസംഗിച്ചു എന്നറിഞ്ഞ
തെസ്സലൊനീക്ക്യക്കാർ അവിടെയുമെത്തി.
അവർ ബെരൊവെക്കാരെ അസ്വസ്ഥരാക്കുക
യും കുഴപ്പമുണ്ടാക്കുകയും ചെയ്തു. 14ഉടനെ
തന്നെ പൌലൊസിനെ വിശ്വാസികൾ കടലി
ലേക്കയച്ചു. ശീലാസും തിമൊഥെയോസും
അവിടെ തങ്ങി. 15പൌലൊസിനോടൊപ്പം
പോയ വിശ്വാസികൾ അവനെ അഥേനയിലേ
ക്കു കൊണ്ടുപോയി. അവർ പൌലൊസിൽ
നിന്നും ശീലാസിനും തിമൊഥെയോസിനും ഒരു
സന്ദേശം വാങ്ങി മടങ്ങി. "കഴിയുന്നത്രവേഗം
എൻെറയടുത്തെത്തുക" എന്നായിരുന്നു
സന്ദേശം.

പൌലൊസ് അഥേനയിൽ

16പൌലൊസ് അഥേനയിൽ ശീലാസിനെ
യും തിമൊഥെയോസിനെയും കാത്തിരുന്നു.
നഗരത്തിൽ വിഗ്രഹങ്ങൾ ധാരാളം കണ്ട്
കുപിതനായി. 17യഥാർത്ഥദൈവത്തെ ആരാ
ധിച്ച യെഹൂദരോടും യവനക്കാരോടും യെഹൂദ
പ്പള്ളിയിൽവെച്ചു പൌലൊസ് സംസാരിച്ചു.
നഗരത്തിലെ ചന്തസ്ഥലത്തുവെച്ചു അവൻ
വഴിപോക്കരുമായും സംസാരിച്ചു. ഇതു അവൻ
ദിവസേന ചെയ്തുപോന്നു. 18ഏതാനും എപ്പി
ക്കൂര്യരായ ചിന്തകരും സ്തോയിക്കരായ ദാർശ
നികരും അവനുമായി തർക്കത്തിലേർപ്പെട്ടു.
അവരിൽ ചിലർ പറഞ്ഞു, "താനെന്താണു
സംസാരിക്കുന്നതെന്നുപോലും അയാൾക്കറി
യില്ല. അയാൾ എന്തു പറയാനാണു ശ്രമിക്കു
ന്നത്?" യേശുവിൻെറ ഉയിർത്തെഴുന്നേല്പിൻെറ

സുവിശേഷമായിരുന്നു പൌലൊസ് പറഞ്ഞി
രുന്നത്. അതിനാൽ അവർ പറഞ്ഞു, “അവൻ
മറ്റു ചില ദൈവങ്ങളെപ്പറ്റി പറയുമ്പോലെ.”
19അവർ പൌലൊസിനെ പിടിച്ച് അരെയോ
പഗസഭയിൽ കൊണ്ടുവന്നു. അവർ പറഞ്ഞു,
“നിങ്ങൾ ഉപദേശിച്ചു വരുന്ന പുതിയ ആശയ
ങ്ങൾ ഞങ്ങൾക്കു വിശദീകരിച്ചു തന്നാലും.
20നിങ്ങളിപ്പോൾ പറയുന്ന കാര്യങ്ങളൊക്കെ
ഞങ്ങൾക്കുപുതുമയുള്ളതാണ്. മുമ്പ് ഞങ്ങളിത്
കേട്ടിട്ടേയില്ല. ഈ വചനങ്ങളുടെ അർത്ഥമറി
യാൻ ഞങ്ങൾക്കാഗ്രഹമുണ്ട്.”

21(എല്ലാ അഥേനക്കാരും അവിടെ താമസിച്ചി
രുന്ന മറ്റു രാജ്യക്കാരും എല്ലാപുതിയ ആശയങ്ങ
ളെപ്പറ്റിയും സംസാരിക്കാൻ തങ്ങളുടെ സമയം
മുഴുവൻ അവർ ഉപയോഗിച്ചു.)

22പിന്നീട് പൌലൊസ് അരയോപഗസഭ
യ്ക്കു മുമ്പിൽനിന്നു. പൌലൊസ് പറഞ്ഞു,
“അഥേനക്കാരേ, നിങ്ങൾ എല്ലാ കാര്യത്തിലും
വളരെ ഭക്തരാണെന്നു ഞാൻ കാണുന്നു. 23നി
ങ്ങളുടെ നഗരത്തിലൂടെ കടന്നുപോകവേ
ഞാൻ നിങ്ങളുടെ ആരാധനാസ്ഥലങ്ങൾ കണ്ടു.
‘അജ്ഞാത ദൈവത്തിന്’ എന്നെഴുതിവച്ചിരി
ക്കുന്ന യാഗവേദി ഞാൻ കണ്ടു. നിങ്ങൾ അറി
യാത്ത ദേവനെ ആരാധിക്കുന്നു. ഞാൻ നിങ്ങ
ളോടു പറയുന്ന ദൈവവും അതു തന്നെ. 24ആ
ദൈവമാണ് ഈ ലോകവും അതിലെ സക
ലവും സൃഷ്ടിച്ചത്. ആകാശത്തിൻെറയും ഭൂമി
യുടെയും കർത്താവാണവൻ. മനുഷ്യൻ നിർ
മ്മിച്ച ആലയങ്ങളിൽ അവൻ വസിക്കുന്നില്ല.
25ജീവനും ശ്വാസവും മറ്റെല്ലാം തന്നെയും മനു
ഷ്യനു നൽകുന്ന ഒരുവൻ ഈ ദൈവമാകുന്നു.
അവന് മനുഷ്യരിൽനിന്ന് ഒരു സഹായവും
ആവശ്യമില്ല. ആവശ്യമുള്ളതെല്ലാം ദൈവത്തി
നുണ്ട്. 26ഒരു മനുഷ്യനെ (ആദാം) സൃഷ്ടിച്ചു
കൊണ്ട് ദൈവം തുടങ്ങി. അവനിൽനിന്ന്
ദൈവം, വ്യത്യസ്തരായ എല്ലാ രാജ്യങ്ങളിലെ
യും, മനുഷ്യരെയും, സൃഷ്ടിച്ചു. ലോകത്തിലെ
മ്പാടും വസിക്കാൻ ദൈവം അവരെ സൃഷ്ടിച്ചു.
അവർ എപ്പോൾ എവിടെ വസിക്കണമെന്ന്
ദൈവം കൃത്യമായി നിശ്ചയിച്ചിട്ടുണ്ട്. 27മനു
ഷ്യർ തന്നെ തെരയണമെന്ന് ദൈവം തീരുമാ
നിച്ചു. എല്ലായിടവും അവർ തന്നെ തെരഞ്ഞു
കണ്ടുപിടിക്കണമെന്ന് ദൈവം കാംക്ഷിച്ചു.
എന്നാൽ അവൻ നമ്മളിൽനിന്ന് ഒട്ടും അകലെ
യല്ല. 28‘നമ്മൾ അവനോടൊത്തു വസിക്കുന്നു.
നമ്മൾ അവനോടൊത്തു നടക്കുന്നു, നമ്മൾ
അവനോടൊപ്പമാണ് നിങ്ങളുടെ സ്വന്തം.’
ലേഖകർ പറഞ്ഞിട്ടുണ്ട് ‘നാം അവൻെറ സന്താ
നങ്ങളാണ്.’

29നമ്മൾ ദൈവത്തിൻെറ സന്താനങ്ങളാണ്.
സ്വർണ്ണം, വെള്ളി, കല്ല് ഇവകൊണ്ട് മനുഷ്യ
ൻെറ സങ്കല്പത്തിലും കൈവേലയിലും ഉണ്ടാക്ക
പ്പെട്ട രൂപമാണ് ദൈവമെന്ന് നിങ്ങൾ കരുത
രുത്. 30മുമ്പ് ആളുകൾ ദൈവത്തെ അറിഞ്ഞിരു
ന്നില്ല, പക്ഷേ ദൈവം അത് അവഗണിച്ചു.
എന്നാൽ ഇന്ന് ദൈവം എല്ലായിടങ്ങളിലുമുള്ള
എല്ലാവരോടും മാനസാന്തരപ്പെടുവാൻ കല്പി
ക്കുന്നു. 31ലോകത്തിലെ മുഴുവൻ ആളുകളേയും
വിധിക്കുന്ന ദിവസം ദൈവം നിശ്ചയിച്ചിട്ടുണ്ട്.
അവൻ നീതിപൂർവ്വം പെരുമാറും. അതുചെ
യ്യാൻ അവൻ ഒരു മനുഷ്യനെ നിയമിക്കും.
വളരെപ്പണ്ടുതന്നെ ദൈവം ആ മനുഷ്യനെ
തെരഞ്ഞെടുത്തു നിയോഗിച്ചു കഴിഞ്ഞു. അവ
നെ മരണത്തിൽനിന്നും ഉയിർത്തെഴുന്നേല്പി
ക്കുക വഴി ദൈവം എല്ലാവർക്കും അതു കാണി
ച്ചുകൊടുത്തു.”

32യേശുവിൻെറ ഉയിർത്തെഴുന്നേല്പിനെപ്പറ്റി
കേട്ടപ്പോൾ ചിലർ ചിരിച്ചു. അവർ പറഞ്ഞു,
“ഇതേപ്പറ്റി ഞങ്ങൾനിന്നിൽനിന്നു പിന്നെ
കേട്ടു കൊള്ളാം.” 33പൌലൊസ് അവരെ വിട്ടു
പോയി. 34എന്നാൽ ചിലർ പൌലൊസിൽ
വിശ്വസിക്കുകയും അവനോടൊപ്പം ചേരു
കയും ചെയ്തു. വിശ്വാസികളായി ചേർത്തവ
രിൽ ഒരാൾ ദിയൊനുസ്യോസ് ആയിരുന്നു.
അയാൾ അരയോപഗസഭയിലെ അംഗമായിരു
ന്നു. മറ്റൊരു വിശ്വാസി ദമരിസ് എന്നൊരു
സ്ത്രീയായിരുന്നു. മറ്റു ചിലരും വിശ്വാസിക
ളായി ചേർന്നിരുന്നു.

പൌലൊസ് കൊരിന്തിൽ

18 പിന്നീട് പൌലൊസ് അഥേനയിൽ
നിന്നും കൊരിന്തിലേക്കു പോയി. 2കൊ
രിന്തിൽ അയാൾ അക്വിലാസ് എന്നൊരു യെ
ഹൂദനെ കണ്ടുമുട്ടി. പൊന്തോസിലാണ് അക്വി
ലാസിൻെറ ജനനം. അക്വിലാസും ഭാര്യ പ്രി
സ്കില്ലായും അടുത്തയിടയിലാണ് ഇത്തല്യ
യിൽനിന്നും കൊരിന്തിലെത്തിയത്. എല്ലാ യെ
ഹൂദരും റോമാനഗരം വിട്ടുപോകണമെന്ന ക്ലൌ
ദ്യൊസിൻെറ ഉത്തരവിനെ തുടർന്നാണ് അവർ
ഇത്തല്യവിട്ടത്. പൌലൊസ് അക്വിലാസിനേ
യും പ്രിസ്കില്ലായേയും സന്ദർശിക്കാൻ ചെ
ന്നു. 3അവരും പൌലൊസിനെപ്പോലെ കൂടാര
നിർമ്മാതാക്കളായിരുന്നു. പൌലൊസ് അവരോ
ടൊത്തു താമസിച്ചു പണിയെടുത്തു. 4എല്ലാ
ശബ്ബത്തിലും പൌലൊസ് യെഹൂദപ്പള്ളിയിൽ
യെഹൂദരോടും യവനക്കാരോടും സംഭാഷണം
നടത്തി. പൌലൊസ് അവരെ യേശുവിൽ
വിശ്വസിക്കാൻ നിർബന്ധിച്ചു.

5ശീലാസും തിമൊഥെയോസും മക്കെദോന്യ
യിൽനിന്നും കൊരിന്തിൽ പൌലൊസിൻെറ
യടുത്തേക്കു വന്നു. അതിനുശേഷം പൌലൊസ്
തൻെറ മുഴുവൻ സമയവും സുവിശേഷപ്ര
സംഗത്തിനായി നീക്കിവെച്ചു. യേശുവാണ് ക്രി
സ്തുവെന്ന് അവർ യെഹൂദർക്കു പറഞ്ഞു കൊ
ടുത്തു. 6എങ്കിലും പൌലൊസിൻെറ ഉപദേശ
ങ്ങൾക്കു അവർ എതിരായിരുന്നു. അവർ അവ
നെ ദുഷിക്കാൻ തുടങ്ങി. അതിനാൽ പൌലൊ
സ് തൻെറ വസ്ത്രത്തിലെ പൊടി തട്ടിക്കള
ഞ്ഞു. അവൻ യെഹൂദരോടു പറഞ്ഞു, “നിങ്ങൾ
രക്ഷിക്കപ്പെട്ടില്ലെങ്കിൽ അതു നിങ്ങളുടെ തന്നെ
കുറ്റമാണ്. എനിക്കു ചെയ്യാവുന്നതൊക്കെ
ഞാൻ ചെയ്തു. ഇതിനുശേഷം ഞാൻ ജാതിക
ളുടെ അടുത്തേക്കേ പോകൂ.” 7പൌലൊസ് യെ
ഹൂദപ്പള്ളിവിട്ടു. തിതൊസ് യുസ്തൊസിൻെറ
വീട്ടിലേക്കു പോയി. അയാൾ യഥാർത്ഥത്തി
ലുള്ള ദൈവത്തെ ആരാധിച്ചിരുന്നു. യെഹൂദപ്പ
ള്ളിയുടെ അടുത്ത വീടായിരുന്നു അത്. 8ക്രിസ്
പൊസ് ആയിരുന്നു യെഹൂദപ്പള്ളിയുടെ പ്രമാ
ണി. ക്രിസ്പൊസും കുടുംബാംഗങ്ങളും കർ
ത്താവിൽ വിശ്വസിച്ചിരുന്നു. കൊരിന്തിലെ
അനേകം പേരും പൌലൊസിനെ ശ്രവിച്ചിരു
ന്നു. അവരും വിശ്വസിക്കുകയും സ്നാനപ്പെടു
കയും ചെയ്തു.

9രാത്രിയിൽ പൌലൊസിന് ഒരു ദർശനമു
ണ്ടായി. കർത്താവ് അവനോടു പറഞ്ഞു, “ഭയ
പ്പെടരുത്! പ്രഭാഷണം അവസാനിപ്പിക്കാതിരി
ക്കുക! 10ഞാൻ നിന്നോടൊപ്പമുണ്ട്. ആരും
നിന്നെ ആക്രമിക്കുകയോ മുറിവേല്പിക്കുകയോ

ചെയ്യില്ല. ഈ നഗരത്തിൽ എന്റെ ആളുകൾ
ധാരാളമുണ്ട്." 11പൌലൊസ് ഒന്നരവർഷം
ദൈവീകസത്യങ്ങൾ ആളുകൾക്കു പറഞ്ഞു
കൊടുത്തുകൊണ്ട് അവിടെ താമസിക്കുകയു
ണ്ടായി.

ഗല്ലിയോനുമുന്നിൽ പൌലൊസ്

12ഗല്ലിയോൻ അഖായയിൽ ദേശാധിപതി
യായി. ആ സമയത്ത് ഏതാനും യെഹൂദർ
ഒത്തുചേർന്നു പൌലൊസിനെതിരെ തിരി
ഞ്ഞു. അവർ പൌലൊസിനെ കോടതിയിൽ
കൊണ്ടുവന്നു. 13യെഹൂദർ ഗല്ലിയോനോടു പറ
ഞ്ഞു, "യെഹൂദന്യായപ്രമാണത്തിന് എതിരായ
വിധം ദൈവാരാധന നടത്താൻ ഈ മനുഷ്യൻ
ആളുകളെ ഉപദേശിക്കുന്നു."
14പൌലൊസ് എന്തെങ്കിലും പറയാൻ തയ്യാ
റായെങ്കിലും ഗല്ലിയോൻ യെഹൂദരോടു പറ
ഞ്ഞു, "യെഹൂദരേ, ഒരു ദുഷ്ക്രിയയോ വലിയ
തെറ്റെന്തെങ്കിലുമോ ആയിരുന്നുവെങ്കിൽ ഞാൻ
നിങ്ങൾ പറയുന്നതു ശ്രദ്ധിക്കാമായിരുന്നു.
15പക്ഷേ നിങ്ങൾ പറയുന്ന വാക്കുകളും പേരു
കളും നിങ്ങളുടെതന്നെ യെഹൂദന്യായപ്രമാണ
ത്തെപ്പറ്റിയുള്ള ചോദ്യങ്ങൾ മാത്രമാണുന്നയി
ക്കുന്നത്. അതിനാൽ ഈ പ്രശ്നം നിങ്ങൾ
സ്വയം പരിഹരിക്കുക. ഇക്കാര്യങ്ങളിലൊക്കെ
ന്യായാധിപനാകാൻ ഞാനാഗ്രഹിക്കുന്നില്ല!"
16എന്നിട്ട് ഗല്ലിയോൻ അവരെ കോടതിയിൽ
നിന്നും പറഞ്ഞു വിട്ടു.
17പിന്നീടവർ സോസ്ഥനേസിനെ പിടി
കൂടി. (അയാളായിരുന്നു യെഹൂദപ്പള്ളിയിലെ
അപ്പോളത്തെ നേതാവ്.) അവർ സോസ്ഥനേ
സിനെ കോടതിക്കു മുമ്പിലിട്ടു പ്രഹരിച്ചു.
എന്നാൽ ഗല്ലിയോൻ അതൊട്ടും ശ്രദ്ധിച്ചില്ല.

പൌലൊസ് അന്തൊക്ക്യയിലേക്കു മടങ്ങുന്നു

18പൌലൊസ് സഹോദരന്മാരോടൊത്ത്
അനേകദിവസം താമസിച്ചു. വിടപറഞ്ഞു
കൊണ്ടു പിന്നെ അവൻ സിറിയായിലേക്കു
കപ്പൽ കയറി. പ്രിസ്കില്ലയും അകില്ലാസും
അവനോടൊത്തുണ്ടായിരുന്നു. കെംക്രയയിൽ
വച്ച് അവൻ തന്റെ തല മുണ്ഡനം ചെയ്തു.
അവന്റെ ഒരു വ്രതത്തെ അതു സൂചിപ്പിക്കുന്നു.
19എന്നിട്ടവർ എഫെസോസിലേക്കു പോയി.
അവിടെവച്ചാണ് പൌലൊസ് പ്രിസ്കില്ല
യേയും അകില്ലാസിനെയും വിട്ടുപിരിഞ്ഞ
ത്. എഫെസോസിൽ വച്ച് പൌലൊസ് യെഹൂ
ദപ്പള്ളിയിൽ കടന്ന് യെഹൂദരുമായി സംസാ
രിച്ചു. 20യെഹൂദർ പൌലൊസിനോട് കുറെ
ദിവസംകൂടി അവിടെ തങ്ങാൻ അഭ്യർത്ഥിച്ചെ
ങ്കിലും അവൻ തങ്ങിയില്ല. 21പൌലൊസ് അവ
രെവിട്ടു പറഞ്ഞു, "ദൈവം ആഗ്രഹിക്കുന്നുവെ
ങ്കിൽ ഞാൻ നിങ്ങളുടെയടുത്തേക്കു വീണ്ടും
വരും." എന്നിട്ട് അയാൾ എഫെസോസിൽ
നിന്നും പോവുകയും ചെയ്തു.
22പൌലൊസ് കൈസര്യനഗരത്തിലേക്കു
പോയി. യെരൂശലേമിലേക്കു ചെന്ന് അവൻ
സഭയെ അഭിവാദനം ചെയ്തു. എന്നിട്ട് അവൻ
അന്തൊക്ക്യയിലേക്കു പോയി. 23പൌലൊസ്
അന്തൊക്ക്യയിൽ കുറച്ചുകാലം തങ്ങി. എന്നിട്ട്
അവിടംവിട്ട് ഗലാത്യ, ഫ്രുഗ്യ എന്നിവിടങ്ങളി
ലൂടെ സഞ്ചരിച്ചു. അവിടങ്ങളിലെ നഗരങ്ങൾ
തോറും സഞ്ചരിച്ച് അവൻ എല്ലാ ശിഷ്യന്മാരെ
യും ശക്തരാക്കി.

അപ്പൊല്ലോസ് എഫെസോസിലും അഖായയിലും

24അപ്പൊല്ലോസ് എന്നുപേരായ ഒരു യെഹൂ
ദൻ എഫെസോസിലേക്കു വന്നു. അലക്സാ
ന്ത്രിയക്കാരനായിരുന്നു അയാൾ. വിദ്യാസമ്പ
ന്നനായിരുന്നു അയാൾ. തിരുവെഴുത്തുകളിൽ
പണ്ഡിതനായിരുന്നു അപ്പൊല്ലോസ്. 25കർത്താ
വിനെപ്പറ്റി അയാൾക്കു ശിക്ഷണം കിട്ടിയിരു
ന്നു. യേശു വിനെപ്പറ്റി ജനങ്ങളോടു പറഞ്ഞ
പ്പോഴൊക്കെ അയാൾ വളരെ ആകാംഷാഭരിത
നായിരുന്നു. യേശുവിനെപ്പറ്റി അവൻ പഠിപ്പി
ച്ചതൊക്കെ ശരിയായിരുന്നു. എന്നാൽ യോഹ
ന്നാന്റെ സ്നാനത്തെപ്പറ്റി മാത്രമേ അവന്
അറിവുണ്ടായിരുന്നുള്ളൂ. 26യെഹൂദപ്പള്ളികളിൽ
അയാൾ കാർക്കശ്യത്തോടെ പ്രസംഗിച്ചു. പ്രി
സ്കില്ലായും അകില്ലാസും അവന്റെ വചന
ങ്ങൾ കേട്ടു. അവർ അവനെ തങ്ങളുടെ വസതി
യിലേക്ക് കൊണ്ടുപോയി. ദൈവത്തിലേക്കുള്ള
വഴി കുറേക്കൂടി കൃത്യമായി അവനു വിശദീകരി
ച്ചുകൊടുത്തു. 27അപ്പൊല്ലോസ് അഖായയിലേ
ക്കു കടക്കാൻ ആഗ്രഹിച്ചു. എഫെസോസിലെ
സഹോദരന്മാർ അവനെ അതിൽ സഹായിച്ചു.
അവർ അഖായയിലെ യേശുവിന്റെ ശിഷ്യന്മാ
ർക്കു ഒരു കത്തയച്ചു. അതിൽ അപ്പൊല്ലോസി
നെ സ്വീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടി
രുന്നു. ദൈവത്തിന്റെ കാരുണ്യം മൂലമാണ്
അഖായയിലെ സഹോദരന്മാർ യേശുവിന്റെ
വിശ്വാസികളായത്. അവിടെപോയ അപ്പൊ
ല്ലോസ് അവിടുത്തുകാരെ വളരെ സഹായിച്ചു.
28യെഹൂദരെ അവൻ ജനമദ്ധ്യത്തിൽ ശക്തമാ
യി എതിർത്തു. യെഹൂദരുടെ വാദങ്ങൾ തെറ്റാ
ണെന്ന് അപ്പൊല്ലോസ് വ്യക്തമായി തെളിയി
ച്ചു. അതിനായി അവൻ തിരുവെഴുത്തുകൾ
ഉപയോഗിക്കുകയും യേശു തന്നെയാണു
ക്രിസ്തുവെന്നു തെളിയിക്കുകയും ചെയ്തു.

പൌലൊസ് എഫെസോസിൽ

19 അപ്പൊല്ലോസ് കൊരിന്തിലായിരുന്ന
പ്പോൾ പൌലൊസ് എഫസോസിലേ
ക്കുള്ള മാർഗ്ഗമദ്ധ്യേ ചില സ്ഥലങ്ങൾ സന്ദർശി
ക്കുകയായിരുന്നു. എഫെസോസിൽ അവൻ
ഏതാനും ശിഷ്യന്മാരെ കണ്ടെത്തി. 2പൌലൊ
സ് അവരോടു ചോദിച്ചു, "നിങ്ങൾ വിശ്വസി
ച്ചപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിച്ചോ?"
ആ ശിഷ്യന്മാർ അവനോടു പറഞ്ഞു,"പരിശു
ദ്ധാത്മാവിനെപ്പറ്റി ഞങ്ങൾ ഒരിക്കലും കേട്ടിട്ടു
കൂടിയില്ല!"
3അതിനാൽ പൌലൊസ് അവരോടു ചോദി
ച്ചു, "ഏതുതരം സ്നാനമാണ് നിങ്ങൾക്കുണ്ടാ
യത്?" അവർ പറഞ്ഞു, "യോഹന്നാന്റെ
സ്നാനം."
4പൌലൊസ് പറഞ്ഞു, "മാനസാന്തരപ്പെടു
വാൻ തങ്ങൾക്കാഗ്രഹമുണ്ടെന്നു തെളിയിക്കാൻ
സ്നാനപ്പെടാൻ യോഹന്നാൻ ജനങ്ങളോടു
പറഞ്ഞു. തനിക്കുപിന്നാലെ വരുന്നവനിൽ
വിശ്വസിക്കാൻ യോഹന്നാൻ അവരോടു പറ
ഞ്ഞു. അതു യേശുവായിരുന്നു."
5ശിഷ്യന്മാർ ഇതു കേട്ടപ്പോൾ അവർ കർത്താ
വായ യേശുവിന്റെ നാമത്തിൽ സ്നാനം ചെ
യ്യപ്പെട്ടു. 6അപ്പോൾ പൌലൊസ് അവരുടെ
മേൽ കൈവയ്ക്കുകയും അവരിൽ പരിശുദ്ധാ
ത്മാവ് വരികയും ചെയ്തു. അവർ വ്യത്യസ്ത
ഭാഷകൾ സംസാരിക്കുകയും പ്രവചിക്കുകയും

ചെയ്തു. 7അവർ പന്ത്രണ്ടോളം മനുഷ്യരുണ്ടാ
യിരുന്നു.
8പൌലൊസ് യെഹൂദപ്പള്ളിയിലേക്കു പ്രവേ
ശിച്ച് സധൈര്യം പ്രസംഗിച്ചു. അതവൻ മൂന്നു
മാസത്തേക്കു തുടർന്നു. അവൻ യെഹൂദരുമായി
സംസാരിക്കുകയും ദൈവരാജ്യത്തെപ്പറ്റിയുള്ള
തന്റെ വചനങ്ങൾ സ്വീകരിക്കുവാൻ അവരെ
നിർബന്ധിക്കുകയും ചെയ്തു. 9എന്നിട്ടും ചില
യെഹൂദർ കടുംപിടുത്തക്കാരായിരുന്നു. അവർ
വിശ്വസിക്കാൻ കൂട്ടാക്കിയില്ല. ദൈവത്തിന്റെ
വഴിയെ അവർ ദുഷിച്ചുപറഞ്ഞു. എല്ലാവരും
ഇക്കാര്യങ്ങൾ കേട്ടു. അതിനാൽ പൌലൊസ്
അവരെവിട്ട് യേശുവിന്റെ ശിഷ്യന്മാരെയും
കൂട്ടിപോയി. തുറന്നൊസിന്റെ വിദ്യാലയത്തി
ലേക്കാണ് പൌലൊസ് പോയത്. അവിടെ
അവൻ ആളുകളുമായി നിത്യവും സംസാരിച്ചു.
10രണ്ടുവർഷം ഇതു ചെയ്തു. തന്മൂലം ആസ്യ
യിലെ രാജ്യത്തു വസിച്ച എല്ലാ യെഹൂദരും,
യവനക്കാരും കർത്താവിന്റെ വചനം കേട്ടു.

സ്കേവായുടെ പുത്രന്മാർ

11അസാധാരണങ്ങളായ വീര്യപ്രവൃത്തികൾ
ക്ക് ദൈവം പൌലൊസിനെ ഉപയോഗിച്ചു.
12ചിലർ പൌലൊസ് ഉപയോഗിച്ചിരുന്ന
തുവാലകളും വസ്ത്രങ്ങളും എടുത്തുകൊണ്ടു
പോയി. അവർ ആ സാധനങ്ങൾ രോഗികളു
ടെമേൽ ഇട്ടു. അവരിങ്ങനെ ചെയ്തപ്പോൾ
രോഗികളുടെ രോഗം ഭേദമാവുകയും അശുദ്ധാ
ത്മാക്കൾ ഇറങ്ങിപ്പോവുകയും ചെയ്തു.
13-14ഏതാനും യെഹൂദരും ചുറ്റിസഞ്ചരിച്ച് അ
ശുദ്ധാത്മാക്കളെ ഒഴിപ്പിക്കുന്നുണ്ടായിന്നു. മഹാ
പുരോഹിതനായ സ്കേവായുടെ ഏഴു പുത്ര
ന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു. കർത്താവാ
യ യേശുവിന്റെ നാമം ഉപയോഗിച്ചാണ്
അവർ അതിനു ശ്രമിച്ചിരുന്നത്. അവരെല്ലാം
പറഞ്ഞു, "പൌലൊസ് പറയുന്ന അതേ യേശു
വിൽ ഞാൻ നിങ്ങളോടു പുറത്തുപോകാൻ
ആജ്ഞാപിക്കുന്നു!"
15പക്ഷേ ഒരിക്കൽ ഒരു അശുദ്ധാത്മാവ് ഈ
യെഹൂദരോടു പറഞ്ഞു, "യേശുവിനെ എനിക്ക
റിയാം, പൌലൊസിനെപ്പറ്റിയും എനിക്കറി
യാം, പക്ഷേ ആരാണു നിങ്ങൾ?"
16അപ്പോൾ അശുദ്ധാത്മാവ് ബാധിച്ചവൻ ആ
യെഹൂദരുടെമേൽ ചാടിവീണു. അവൻ അവരെ
ക്കാളെല്ലാം ശക്തനായിരുന്നു. അവൻ അവരെ
അടിക്കുകയും അവരുടെ വസ്ത്രങ്ങൾ വലിച്ചു
കീറുകയും ചെയ്തു. യെഹൂദർ ആ വീട്ടിൽ
നിന്നും ഓടിപ്പോയി. 17എഫെസോസിലുള്ള
എല്ലാവരും യെഹൂദരും യവനക്കാരും ഇതറി
ഞ്ഞു. അവർക്കെല്ലാം ദൈവത്തോട് ആദരവു
തോന്നിത്തുടങ്ങി. അവർ കർത്താവായ യേശു
വിന്റെ നാമം വാഴ്ത്തിത്തുടങ്ങുകയും ചെ
യ്തു. 18വിശ്വസിച്ചവരിലധികം പേരും വന്നു
പരസ്യമായി തങ്ങൾ ചെയ്ത കാര്യങ്ങൾ ഏറ്റു
പറഞ്ഞു. 19വിശ്വാസികളിൽ ചിലർ മന്ത്രവാദം
നടത്തിയിരുന്നു. അവർ തങ്ങളുടെ മന്ത്രവാദപു
സ്തകങ്ങൾ കൊണ്ടുവന്ന് എല്ലാവരുടേയും
മുന്നിലിട്ട് തീകത്തിച്ചുകളഞ്ഞു. ആ പുസ്തക
ങ്ങൾക്ക് ഏതാണ്ട് അൻപതിനായിരം നാണയ
ങ്ങൾ വില വരുമായിരുന്നു. 20ഇപ്രകാരം അതിശ
ക്തമായ വിധത്തിലാണ് കർത്താവിന്റെ വച
നം ജനങ്ങളെ സ്വാധീനിക്കുന്നത്. കൂടുതൽപേർ
വിശ്വാസികളാവുകയും ചെയ്തു.

പൌലൊസ് ഒരു യാത്രയ്ക്ക് ആസൂത്രണം ചെയ്യുന്നു

21ഇതിനുശേഷം പൌലൊസ് യെരൂശലേമി
ലേക്കു പോകാൻ പരിപാടിയിട്ടു. മക്കെദോന്യ,
അഖായ എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ച്
യെരൂശലേമിലേക്കു പോകാനായിരുന്നു പരി
പാടി. "യെരൂശലേമിൽ ചെന്നതിനുശേഷം
പിന്നെ റോമാ കൂടി സന്ദർശിക്കണം" എന്ന്
പൌലൊസ് കരുതി. 22തിമൊഥെയോസും എര
സ്തൊസും ആയിരുന്നു പൌലൊസിന്റെ
രണ്ടു സഹായികൾ. അവൻ അവരെ ആദ്യം
മക്കെദൊന്യയിലേക്കയച്ചു. പൌലൊസ് ആ
സ്യയിൽ അല്പനാൾ തങ്ങി.

എഫെസൊസിൽ കുഴപ്പങ്ങൾ

23എന്നാൽ അതിനിടെ എഫെസൊസിൽ
ചില കുഴപ്പങ്ങളുണ്ടായി. ദൈവത്തിന്റെ വഴി
യെ ചൊല്ലിയുണ്ടായ കുഴപ്പങ്ങളാണവ. ഇപ്ര
കാരമാണതൊക്കെ സംഭവിച്ചത്: 24ദെമേത്രിയാ
സ് എന്നൊരാൾ ജീവിച്ചിരുന്നു. അയാൾ ഒരു
വെള്ളിപ്പണിക്കാരനായിരുന്നു. അർത്തെമിസ്
ദേവതയുടെപോലെ ചെറിയ ബിംബങ്ങൾ
അയാൾ ഉണ്ടാക്കി. ആ ജോലി ചെയ്തിരുന്നവർ
ധാരാളം പണം ഉണ്ടാക്കി. 25ഇവരുമായും ഇതേ
ജോലി ചെയ്തിരുന്ന മറ്റു ചിലരുമായും ദെമേ
ത്രിയാസ് കൂടിക്കാഴ്ച നടത്തുകയുണ്ടായി. അ
യാൾ അവരോടു പറഞ്ഞു, "കൂട്ടരേ, നമ്മുടെ
ഈ വ്യാപാരത്തിൽനിന്നു നാം ധാരാളം പണമു
ണ്ടാക്കുന്നെന്ന് നമുക്കറിയാം. 26പക്ഷേ പൌ
ലൊസ് എന്ന ഈ മനുഷ്യൻ ചെയ്യുന്നതെന്താ
ണെന്നു നോക്കൂ! അവന്റെ വാക്കുകൾ ശ്രദ്ധി
ക്കൂ! അവൻ ആളുകളെ സ്വാധീനിച്ച് മാനസാ
ന്തരപ്പെടുത്തി, അയാൾ എഫെസൊസിലും
ആസ്യയിലെ മിക്കവാറും രാജ്യങ്ങളിലും അതു
ചെയ്തു. മനുഷ്യനുണ്ടാക്കുന്ന ദൈവങ്ങളൊ
ന്നും സത്യമല്ലെന്ന് പൌലൊസ് പറയുന്നു.
27പൌലൊസിന്റെ ഈ വാക്കുകൾ ആൾക്കാ
രെ നമ്മുടെ തൊഴിലിനെതിരെ തിരിച്ചേക്കാം.
എന്നാൽ മറ്റൊരു പ്രശ്നം കൂടിയുണ്ട്: മഹനീ
യദേവതയായ അർത്തെമിസിന്റെ ദേവാലയം
അപ്രധാനമെന്ന് ആളുകൾ ചിന്തിച്ചു തുടങ്ങും!
അവളുടെ മാഹാത്മ്യം തകർക്കപ്പെടും. അർത്തെ
മിസ്, ആസ്യയിലും ലോകം മുഴുവൻ തന്നെയു
മുള്ള മനുഷ്യരുടെ ആരാധനാ പാത്രമാണ്."
28ഇതുകേട്ട് ആളുകൾ കോപിച്ചു. അവർ
ആക്രോശിച്ചു, "എഫെസൊസുകാർ ആരാധി
ക്കുന്ന അർത്തെമിസ് വലിയവളാണ്!"
29നഗരത്തിലെ ജനതയാകെ ഇളകി. അവർ
ഗായൊസ്, അരീസ്തർഹോസ് എന്നിവരെ
പിടികൂടി. (മക്കെദൊന്യക്കാരായ ഇവർ പൌ
ലൊസിന്റെ സഹയാത്രികരായിരുന്നു.) അ
പ്പോൾ എല്ലാവരുംകൂടി മൈതാനത്തിലേക്ക്
ഓടിയെത്തി. 30അകത്തേക്കു ചെന്ന് അവരുമാ
യി സംസാരിക്കാൻ പൌലൊസ് ആഗ്രഹിച്ചെ
ങ്കിലും യേശുവിന്റെ ശിഷ്യന്മാർ അവനെ
അതിനനുവദിച്ചില്ല. 31രാജ്യത്തെ ചിലനേതാ
ക്കൾ പൌലൊസിന്റെ സുഹൃത്തുക്കളുമായിരു
ന്നു. ആ നേതാക്കന്മാർ അവനൊരു സന്ദേശമ
യച്ചു. മൈതാനത്തിനകത്തേക്കു കടക്കരുതെന്നു
അവർ അവനോടു പറഞ്ഞു. 32ആളുകളിൽ
ചിലർ ചില കാര്യങ്ങളും മറ്റുള്ളവർ വേറെ
ചില കാര്യങ്ങളും വിളിച്ചു പറയുന്നുണ്ടായി
രുന്നു. യോഗത്തിൽ വലിയ ആശയക്കുഴപ്പമാ
ണുണ്ടായത്. എന്തിനാണു തങ്ങളിവിടെ വന്ന

തെന്നു അധികംപേർക്കും അറിയുമായിരുന്നില്ല.
33യെഹൂദർ അലക്സന്തർ എന്നൊരാളെ അവി
ടെ നിർത്തിയിരുന്നു. അവൻ ചെയ്യേണ്ടതെന്താ
ണെന്നു ജനങ്ങൾ പറഞ്ഞു. എല്ലാം പ്രതിരോധി
ക്കേണ്ടതിലേക്കായി അലക്സന്തർ ജനങ്ങളുടെ
നേർക്കു കൈവീശി. **34**പക്ഷേ അലക്സന്തർ
യെഹൂദനാണെന്നറിഞ്ഞപ്പോൾ അവർ അതേ
കാര്യങ്ങൾതന്നെ വിളിച്ചു പറഞ്ഞു. രണ്ടു
മണിക്കൂറോളം അവർ ബഹളം തുടർന്നു. അവർ
പറഞ്ഞു, “എഫെസൊസിൻെറ അർത്തെമിസ്
വലിയവൾ! അർത്തെമിസ് വലിയവൾ...!”

35അപ്പോൾ നഗരകാര്യ ഗുമസ്തൻ ജനങ്ങ
ളോട് അടങ്ങിയിരിക്കാൻ ആവശ്യപ്പെട്ടു,
“എഫെസൊസുകാരേ, വലിയവളായ ദേവത
അർത്തെമിസിൻെറ ദേവാലയം സൂക്ഷിക്കുന്ന
വരാണ് എഫെസൊസ് നഗരമെന്ന് എല്ലാവ
ർക്കുമറിയാം. സ്വർഗ്ഗത്തിൽനിന്നു പതിച്ച അവ
ളുടെ വിശുദ്ധശിലയ്ക്കും നമ്മൾ കാവൽക്കാരാ
ണെന്ന് എല്ലാവർക്കും അറിയാം. **36**ഇതു ശരിയ
ല്ലെന്ന് പറയാൻ ആർക്കുമാവില്ല. അതിനാൽ
നിങ്ങൾ ശാന്തരാകുവിൻ. എന്ത് ചെയ്യുന്നതി
നും മുമ്പേ ചിന്തിക്കണം. **37**ഇവരെ നിങ്ങൾ
കൊണ്ടുവന്നതാണ്. എങ്കിലും അവർ നമ്മുടെ
ദേവതയ്ക്കെതിരായി ഒന്നും പറഞ്ഞിട്ടില്ല. അവ
ളുടെ ദേവാലയത്തിൽനിന്നവർ ഒന്നും മോഷ്ടി
ച്ചിട്ടുമില്ല. **38**നമുക്ക് നിയമകോടതികളും ന്യാ
യാധിപന്മാരുമുണ്ട്. ദെമേത്രിയാസിനും അയാ
ളുടെകൂടെ പണിയുന്നവർക്കും എന്തെങ്കിലും
പരാതി ആരെപ്പറ്റിയെങ്കിലുമുണ്ടോ? അവർ
കോടതിയിൽ പോകട്ടെ! അവിടെവച്ച് അവ
ർക്ക് പരസ്പരം കുറ്റാരോപണങ്ങൾ കൊണ്ടു
വരാം. **39**മറ്റെന്തിനെപ്പറ്റിയെങ്കിലും നിങ്ങൾക്കു
സംസാരിക്കാനുണ്ടോ? എങ്കിൽ നഗരസഭയി
ലേക്കു വരിക. അത വിടെ വച്ചു തീരുമാനിക്കാം.
40ഞാനിതു പറയുന്നതു ഇപ്പോഴിന്നിവിടെയു
ണ്ടാകുന്ന കുഴപ്പങ്ങൾക്ക് നമ്മൾ കലാപമുണ്ടക്കു
ന്നെന്ന് ആരെങ്കിലും പറയാൻ ഇടയുള്ളതുകൊ
ണ്ടാണ്. ഈ യോഗത്തിന് പ്രത്യേകിച്ചു കാര
ണം ഒന്നും ഇല്ലാത്തതിനാൽ നമുക്ക് ഈ കുഴപ്പ
ങ്ങളെപ്പറ്റിയൊന്നും വിശദീകരിക്കാനാകില്ല.”

41നഗരകാര്യ ഗുമസ്തൻ ഇതെല്ലാം പറഞ്ഞു
തീർന്നപ്പോൾ, ആളുകളെല്ലാവരും വീടുകളിലേ
ക്കുപോകുവാൻ അയാൾ ആവശ്യപ്പെട്ടു. എല്ലാ
വരും പിരിഞ്ഞുപോവുകയും ചെയ്തു.

പൌലൊസ് മക്കെദോന്യയിലേക്കും യവനദേശത്തിലേക്കും പോകുന്നു

20 കുഴപ്പങ്ങളെല്ലാം അവസാനിച്ചപ്പോൾ
പൌലൊസ് യേശുവിൻെറ ശിഷ്യന്മാരെ
തൻെറയടുത്തേക്കു വിളിച്ചു. അവരെ പ്രോത്സാ
ഹിപ്പിച്ചു അവരോട് അവൻ യാത്ര പറഞ്ഞു.
മക്കെദോന്യയിലേക്കാണ് അവൻ അവിടുന്ന്
പോയത്. **2**മക്കെദോന്യയിലേക്കുള്ള വഴിയിൽ
വ്യത്യസ്ത സ്ഥലങ്ങളിലുള്ള യേശുവിൻെറ വി
ശ്വാസികളെ ശക്തിപ്പെടുത്തുന്ന പ്രസംഗങ്ങൾ
അവൻ നടത്തി. പിന്നീടവൻ യവനദേശത്തി
ലേക്കുപോയി. **3**മൂന്നുമാസം അവൻ അവിടെ
തങ്ങി. അവൻ സുറിയയിലേക്കു കപ്പൽ കയറു
വാൻ പോകവേ, ഏതാനും യെഹൂദർ അവനെ
തിരെ ഗൂഢാലോചന നടത്തുകയായിരുന്നു.
അതിനാൽ മക്കെദോന്യവഴി മടങ്ങി സുറിയയി
ലേക്കു കടക്കാമെന്നു പൌലൊസ് കരുതി.
4ആസ്യയിൽനിന്നും രണ്ടു പുരുഷന്മാർ കൂടി
അവനോടൊപ്പമുണ്ടായിരുന്നു. ബെരോവെയി
ലെ പുറോസിൻെറ പുത്രൻ സോപത്രൊസ്,
തെസ്സലോനിക്കക്കാരനായ അരീസ്തർഹോ
സും, സെക്കുന്തോസും, ദെർബെക്കാരനായ ഗാ
യൊസ്, തിമൊഥെയോസ്, ആസ്യക്കാരായ തു
ഹിക്കൊസ്, ത്രൊഫിമൊസ് എന്നിവരായിരു
ന്നു അവർ. **5**അവർ ആദ്യം പൌലൊസിനും
മുമ്പേ പോയി. അവർ ത്രോവാസിൽ ഞങ്ങൾ
ക്കായി കാത്തുനിന്നു. **6**യെഹൂദരുടെ പുളിപ്പി
ല്ലാത്ത അപ്പത്തിൻെറ ഉത്സവം കഴിഞ്ഞ് ഞങ്ങൾ
ഫിലിപ്പിനഗരത്തിൽനിന്നും കപ്പൽ കയറി.
അഞ്ചു ദിവസങ്ങൾക്കു ശേഷം ഞങ്ങൾ അവരെ
ത്രോവാസിൽ കണ്ടുമുട്ടി. ഞങ്ങൾ അവരോടൊ
പ്പം അവിടെ ഏഴു ദിവസം താമസിച്ചു.

ത്രോവാസിൽ പൌലൊസിൻെറ അവസാന സന്ദർശനം

7ആഴ്ചയുടെ ആദ്യദിവസം ഞങ്ങൾ കർത്താ
വിൻെറ അത്താഴത്തിന് ഒരുമിച്ചുകൂടി. പൌ
ലൊസ്, സംഘത്തെ അഭിസംബോധന ചെ
യ്തു. അടുത്തദിവസം അവിടം വിടുവാൻ
അവൻ ആലോചിക്കുകയായിരുന്നു. അർദ്ധരാ
ത്രിവരെ അവൻ പ്രസംഗം തുടർന്നു. **8**ഞങ്ങൾ
ഇരുന്നിരുന്ന മുകളിലത്തെ നിലയിൽ അനേകം
വിളക്കുകൾ എരിയുന്നുണ്ടായിരുന്നു. **9**ജനാലക്ക
ട്ടിളയിൽ യൂത്തിക്കൊസ് എന്നൊരു ചെറു
പ്പക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു. പൌലൊസ്
സംസാരം തുടരുകയും യൂത്തിക്കൊസ് ഉറക്കം
തൂങ്ങുകയും ചെയ്തു. അവസാനം യൂത്തിക്കൊ
സ് ഉറങ്ങിപ്പോവുകയും ജനാലയിലൂടെ താഴേ
ക്കു വീഴുകയും ചെയ്തു. മൂന്നാം നിലയിൽ
നിന്നാണവൻ നിലംപതിച്ചത്. ആളുകൾ ചെ
ന്ന് എടുത്തപ്പോഴേക്കും അവൻ മരിച്ചു കഴി
ഞ്ഞിരുന്നു. **10**പൌലൊസ് യൂത്തിക്കൊസിനടു
ത്തെത്തി. അവൻ കുനിഞ്ഞ് യൂത്തിക്കൊസി
നെ തഴുകി. എന്നിട്ടവൻ മറ്റു വിശ്വാസികളോ
ടു പറഞ്ഞു, “ഭയപ്പെടേണ്ട. അവനു ജീവനു
ണ്ട്.” **11**പൌലൊസ് വീണ്ടും മുകളിലേക്കുപോ
യി. അവൻ അപ്പം പങ്കുവച്ചുതിന്നു. പൌലൊ
സ് ദീർഘനേരം അവരോടു സംസാരിച്ചു.
അവൻ സംസാരിച്ചു തീർന്നപ്പോൾ നേരം പുല
ർന്നിരുന്നു. അപ്പോൾ പൌലൊസ് അവിടം
വിട്ടു പോയി. **12**യൂത്തിക്കൊസിനെ ആളുകൾ
വീട്ടിലേക്കു കൊണ്ടുപോയി. അയാൾ ജീവിച്ചി
രുന്നു. അതുകൊണ്ട് ജനങ്ങൾ വളരെ സന്തോ
ഷിക്കുകയും ചെയ്തു.

ത്രോവാസിൽനിന്നും മിലേത്തോസിലേക്കുള്ള യാത്ര

13ഞങ്ങൾ അസ്സൊസിലേക്കു കപ്പൽ കയറി.
ഞങ്ങൾ ആദ്യം പൌലൊസിനു മുമ്പേ പോയി.
അസ്സൊസിൽ കണ്ടുമുട്ടി ഞങ്ങളുടെ കപ്പലിൽ
കയറാനായിരുന്നു പൌലൊസിൻെറ പരിപാ
ടി. അസ്സൊസിലേക്കു കരമാർഗ്ഗം പോകാനാഗ്ര
ഹിച്ചതിനാലാണ് അവൻ ഞങ്ങളോട് ഇങ്ങനെ
പറഞ്ഞത്. **14**പിന്നീട് ഞങ്ങൾ പൌലൊസിനെ
അസ്സൊസിൽ കണ്ടുമുട്ടുകയും അവൻ ഞങ്ങ
ളോടു കപ്പലിൽ ചേരുകയും ചെയ്തു. പിന്നീട്
ഞങ്ങളെല്ലാവരും മിതുലേനയിലേക്കു പോയി.
15പിറ്റേന്ന് ഞങ്ങൾ മിതുലേനയിൽനിന്നും
യാത്ര തിരിച്ചു. ഞങ്ങൾ ഖീയൊസ് ദ്വീപിനടു
ത്തെത്തി. പിറ്റേന്ന് ഞങ്ങൾ സാമൊസ്ദ്വീ
പിൽ വന്നു. അതിൻെറ പിറ്റേന്ന് ഞങ്ങൾ മിലേ
ത്തൊസിലും എത്തി. **16**എഫെസൊസിൽ ഇറ
ങ്ങേണ്ടെന്നു പൌലൊസ് തീരുമാനിച്ചിരുന്നു.

ആസ്യയിൽ അധികം തങ്ങേണ്ടന്നും അവൻ
തീരുമാനിച്ചിരുന്നു. പറ്റുമെങ്കിൽ പെന്തക്കോ
സ്തിന് യെരൂശലേമിൽ എത്തണമെന്നതു കൊ
ണ്ടാണവർ ഇത്ര ധൃതി പിടിച്ചത്.

എഫെസൊസിലെ മൂപ്പന്മാരോട് പൌലൊസ് പ്രസംഗിക്കുന്നു

17മിലേത്തോസിൽനിന്നും പൌലൊസ് എ
ഫെസൊസിലേക്കൊരു സന്ദേശമയച്ചു. അവി
ടുത്തെ സഭാമൂപ്പന്മാരെ തൻെറയടുത്തേക്കവൻ
ക്ഷണിച്ചു. 18മൂപ്പന്മാരെത്തിയപ്പോൾ പൌലൊ
സ് അവരോടു പറഞ്ഞു, “ആസ്യയിൽ ഞാൻ
വന്ന ആദ്യദിവസം മുതലുള്ള എൻെറ ജീവിത
ത്തെപ്പറ്റി നിങ്ങൾക്കറിയാം. ഞാൻ നിങ്ങളോ
ടൊപ്പം ഉണ്ടായിരുന്നപ്പോഴത്തെ എൻെറ ജീവി
തരീതിയും നിങ്ങൾക്കറിയാം. 19യെഹൂദർ എനി
ക്കെതിരെ ഗൂഢാലോചന നടത്തി. അവരെന്നെ
കൂടുതൽ വിഷമിപ്പിച്ചു. പലപ്പോഴും ഞാൻ
കരയുകയും ചെയ്തു. എന്നാൽ ഞാനെപ്പോഴും
കർത്താവിനെ സേവിക്കുകയായിരുന്നുവെന്ന്
നിങ്ങൾക്കറിയാം. ഞാനൊരിക്കലും ആദ്യം
എന്നെപ്പറ്റി ചിന്തിച്ചിട്ടില്ല. 20നിങ്ങൾക്കു നല്ല
തായതുമാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. ഞാൻ
പൊതുജനമദ്ധ്യത്തിലും നിങ്ങളുടെ വീടുകളി
ലുംവച്ച് നിങ്ങളോട് യേശുവിൻെറ സുവിശേ
ഷം പ്രസംഗിച്ചിട്ടുണ്ട്. 21യെഹൂദരും ജാതികളു
മായ എല്ലാവരോടും ഞാൻ, മാനസാന്തരപ്പെട്ടു
ദൈവത്തിൻെറ വഴിയിലേക്കുവരാൻ പറഞ്ഞു.
നമ്മുടെ കർത്താവായ യേശുവിൽ വിശ്വസി
ക്കാൻ ഞാനവരോടെല്ലാം പറഞ്ഞു. 22എന്നാലി
പ്പോൾ പരിശുദ്ധാത്മാവിനെ അനുസരിച്ച്
ഞാൻ യെരൂശലേമിലേക്കു പോകേണ്ടിയിരിക്കു
ന്നു. അവിടെയെനിക്കെന്തു സംഭവിക്കുമെന്നെ
നിക്കറിയില്ല. 23യെരൂശലേമിൽ എല്ലാ നഗരങ്ങ
ളിലും പീഢനങ്ങളും കാരാഗൃഹങ്ങളും എനി
ക്കായി ഒരുക്കപ്പെട്ടിട്ടുണ്ടെന്ന് പരിശുദ്ധാത്മാവ്
എന്നെ അറിയിച്ചിട്ടുണ്ടെന്നു മാത്രം എനിക്ക
റിയാം. 24എനിക്ക് എൻെറ ജീവൻ പ്രശ്നമല്ല.
എൻെറ ജോലി തീർക്കുകയെന്നതാണു പ്രധാ
നം. ദൈവകാരുണ്യത്തിൻെറ സുവിശേഷം
എല്ലാവരോടും പറയുക എന്ന് കർത്താവായ
യേശു എന്നിലേല്പിച്ച ജോലി മുഴുമിപ്പിക്കുക
മാത്രമാണ് എൻെറ ലക്ഷ്യം.

25“ഇപ്പോൾ ഞാൻ പറയുന്നതു കേൾക്കുക.
നിങ്ങളിലാരും എന്നെ വീണ്ടും കാണുകയില്ലെ
ന്നെനിക്കറിയാം. ഞാൻ നിങ്ങളോടൊത്തുണ്ടാ
യിരുന്നപ്പോഴൊക്കെ ദൈവരാജ്യത്തെപ്പറ്റിയു
ള്ള സുവിശേഷം ഞാൻ നിങ്ങളോടു പറഞ്ഞി
രുന്നു. 26നിങ്ങളെല്ലാവരും രക്ഷിക്കപ്പെട്ടില്ലെങ്കി
ലും ദൈവം എന്നെ കുറ്റപ്പെടുത്തില്ലെന്നു ഞാൻ
ഉറപ്പിച്ചു പറയുന്നു. 27നിങ്ങളറിയണമെന്നു
ദൈവം ആഗ്രഹിച്ചതെല്ലാം ഞാൻ നിങ്ങളോടു
പറഞ്ഞിട്ടുള്ളതിനാലാണെനിക്കിതു പറയാനാ
കുന്നത്. 28നിങ്ങൾ സ്വയവും ദൈവം തന്നവരെ
യും സൂക്ഷിക്കുക. ദൈവത്തിൻെറ കുഞ്ഞാടുക
ളെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിങ്ങളെ
നിയോഗിച്ചിട്ടുണ്ട്. ദൈവത്തിൻെറ സഭയ്ക്കു
നിങ്ങൾ ഇടയന്മാരാകുന്നു. ദൈവം തൻെറ
രക്തംകൊണ്ടുനേടിയ സഭയാണിത്. 29ഞാൻ
പോയതിനുശേഷം ചിലർ നിങ്ങളോടു ചേരു
മെന്ന് എനിക്കറിയാം. അവർ കാട്ടു ചെന്നായ്ക്ക
ളാണ്. അവർ ആട്ടിൻപറ്റത്തെ നശിപ്പിക്കാൻ
നോക്കും. 30നിങ്ങളുടെ സംഘാംഗങ്ങൾ തന്നെ
ചീത്ത നേതാക്കളാകും. അവർ തെറ്റായകാര്യ
ങ്ങൾ പഠിപ്പിക്കാനാരംഭിക്കും. അവർ യേശുവി
ൻെറ ചില ശിഷ്യന്മാരെ സത്യത്തിൽനിന്നും
അകറ്റും. കൂടാതെ അവരെ തങ്ങളുടെ അനുയാ
യികളാക്കും. 31അതിനാൽ സൂക്ഷിക്കുക! എപ്പോ
ഴും ഇത് ഓർമ്മയിൽ വയ്ക്കുക: ഞാൻ മൂന്നു
വർഷം നിങ്ങളോടൊത്തുണ്ടായിരുന്നു. ആ സമ
യത്ത് നിങ്ങൾക്കു മുന്നറിയിപ്പ് തരാൻ ഞാനൊ
രിക്കലും മടിച്ചിട്ടില്ല. ഞാൻ നിങ്ങളെ രാപകൽ
പഠിപ്പിക്കുകയും നിങ്ങൾക്കായി ചിലപ്പോഴൊ
ക്കെ കരയുകയും ചെയ്തു.

32“ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനു
നൽകുന്നു. നിങ്ങളെ ശക്തരാക്കാൻ ദൈവത്തി
ൻെറ കാരുണ്യത്തെപ്പറ്റിയുള്ള സന്ദേശത്തെ
ഞാൻ ആശ്രയിക്കുന്നു. വിശുദ്ധജനത്തിനു ദൈ
വം നൽകിയ അനുഗ്രഹങ്ങൾ നിങ്ങൾക്കു നൽ
കാൻ പോന്നതാണ് ആ സന്ദേശം. 33നിങ്ങളോ
ടൊപ്പമായിരുന്നപ്പോൾ ഞാൻ ആരുടെയും
പണമോ നല്ല വസ്ത്രങ്ങളോ ആഗ്രഹിച്ചില്ല.
34എൻെറയും എൻെറ കൂടെയുള്ളവരുടെയും
ആവശ്യങ്ങൾക്കായി ഞാനെപ്പോഴും അദ്ധ്വാനി
ച്ചിട്ടുണ്ടെന്നു നിങ്ങൾക്കറിയാം. 35ഇങ്ങനെ
എല്ലാകാര്യത്തിലും എന്നെപ്പോലെ പ്രവർത്തി
ച്ചു ദുർബ്ബലരെ സഹായിക്കണമെന്നു ഞാൻ
നിങ്ങളെ കാണിച്ചിട്ടുണ്ട്. കർത്താവായ യേശു
വിൻെറ വചനങ്ങൾ ഓർമ്മിക്കുവാൻ ഞാൻ
നിങ്ങളെ പഠിപ്പിച്ചു. യേശു പറഞ്ഞു, ‘കിട്ടുന്ന
തിലധികം കൊടുക്കുമ്പോൾ നിങ്ങൾ കൂടുതൽ
അനുഗ്രഹീതരാകും.’”

36പൌലൊസ് ഇത്രയും പറഞ്ഞുകഴിഞ്ഞ്
മുട്ടുകുത്തുകയും എല്ലാവരും ചേർന്ന് പ്രാർത്ഥി
ക്കുകയും ചെയ്തു. 37-38അവരെല്ലാവരും വീണ്ടും
വീണ്ടും കരഞ്ഞു. അവനെ അവരിനി ഒരിക്ക
ലും കാണുകയില്ലായെന്നു പൌലൊസ് പറ
ഞ്ഞതിനാലാണ് അവർ ദു:ഖിതരായത്. അവർ
പൌലൊസിനെ കെട്ടിപ്പിടിക്കുകയും ചുംബി
ക്കുകയും ചെയ്തു. അവർ കപ്പൽവരെ ചെന്ന്
അവനെ യാത്രയാക്കി.

പൌലൊസ് യെരൂശലേമിലേക്കു പോകുന്നു

21 ഞങ്ങളെല്ലാവരും മൂപ്പന്മാരോടു യാത്ര
പറഞ്ഞു. എന്നിട്ടു ഞങ്ങൾ നേരെ കോ
സ്ദ്വീപിൽ കപ്പൽ മാർഗ്ഗമെത്തി. പിറ്റേന്നു
ഞങ്ങൾ രൊദൊസ്ദ്വീപിലേക്കു പോയി.
അവിടുന്ന് പത്തരയിലേക്കും. 2പത്തരയിൽ
വച്ച് ഫൊയ്നീക്ക്യ രാജ്യത്തേക്കുപോകുന്നഒരു
കപ്പൽ ഞങ്ങൾ കണ്ടു. ഞങ്ങൾ അതിൽ കയറി
യാത്രയായി. 3ഞങ്ങൾ കുപ്രൊസിനടുത്തെ
ത്തി. വടക്കുവശത്തായി കുപ്രൊസ് കണ്ടെങ്കി
ലും ഞങ്ങൾ നിറുത്തിയില്ല. ഞങ്ങൾ സുറിയ
യിലേക്കു യാത്ര ചെയ്തു. കപ്പലിൽനിന്ന് അതി
ൻെറ ചരക്കിറക്കേണ്ടിയിരുന്നതുകൊണ്ട് സോർ
നഗരത്തിൽ ഞങ്ങളിറങ്ങി. 4അവിടെ യേശുവി
ൻെറ ഏതാനും ശിഷ്യന്മാരെ കണ്ടെത്തി ഞ
ങ്ങൾ അവിടെ അവരോടൊപ്പം ഏഴുദിവസം
താമസിച്ചു. പരിശുദ്ധാത്മാവ് അവരോട് പറ
ഞ്ഞതനുസരിച്ച്, യെരൂശലേമിലേക്ക് പോകരു
തെന്ന് അവർ പൌലൊസിനു മുന്നറിയിപ്പു
നൽകി. 5സന്ദർശനം പൂർത്തിയായപ്പോൾ ഞ
ങ്ങൾ മടങ്ങി. ഞങ്ങൾ യാത്ര തുടർന്നു. സ്ത്രീക
ളും കുട്ടികളുമടക്കമുള്ള യേശുവിൻെറ ശിഷ്യ
ന്മാർ മുഴുവൻ നഗരത്തിനു പുറത്തുവന്ന് ഞങ്ങ
ളെ യാത്രയാക്കി. ഞങ്ങളെല്ലാം കടൽപ്പുറത്തു
മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചു. 6അനന്തരം ഞ

ങൾ യാത്രപറഞ്ഞ് കപ്പൽ കയറി. ശിഷ്യന്മാർ
വീടുകളിലേക്കു പോകുകയും ചെയ്തു.
7സോറിൽനിന്നുള്ള ഞങ്ങളുടെ യാത്ര തുടരു
കയും പ്തൊലെമായിസിൽ എത്തിച്ചേരുകയും
ചെയ്തു. ഞങ്ങൾ സഹോദരന്മാരെ അഭിവാദ്യം
ചെയ്യുകയും അവരോടൊത്ത് ഒരു ദിവസം താമ
സിക്കുകയും ചെയ്തു. 8പിറ്റേന്ന് ഞങ്ങൾ
പ്തൊലെമായിസ് വിടുകയും കൈസര്യായി
ലേക്കു പോവുകയും ചെയ്തു. ഞങ്ങൾ ഫിലി
പ്പൊസിന്റെ വീട്ടിലേക്കു പോയി അവിടെ
താമസിച്ചു. ഫിലിപ്പൊസ് സുവിശേഷപ്രസം
ഗകനായിരുന്നു. ഏഴു പ്രത്യേക സഹായിക
ളിൽ ഒരുവനായിരുന്നു അവൻ. 9അവന് അവി
വാഹിതകളായ നാലു പെൺമക്കളുണ്ടായിരു
ന്നു. അവർക്കു പ്രവചനവരം ഉണ്ടായിരുന്നു.
10ഞങ്ങൾ അനേകം ദിവസം അവിടെ തങ്ങി.
അതിനുശേഷം യെഹൂദ്യയിൽനിന്നും അഗ
ബൊസ് എന്നൊരു പ്രവാചകൻ അവിടെ
വന്നു. 11അവൻ ഞങ്ങളുടെയടുത്തുവന്ന്, പൌ
ലൊസിന്റെ അരപ്പട്ടവാങ്ങി. എന്നിട്ട് അതു
കൊണ്ട് അഗബൊസ് തന്റെതന്നെ കൈകാലു
കൾ കെട്ടി. അയാൾ പറഞ്ഞു, “പരിശുദ്ധാത്മാ
വ് എന്നോടു പറയുന്നു, ‘ഇങ്ങനെയാണ് ഈ
അരപ്പട്ട ധരിക്കുന്നവനെ യെഹൂദർ ബന്ധിക്കു
ക. എന്നിട്ടവർ അവനെ ജാതികൾക്കു നൽകും.’”
12ഞങ്ങളെല്ലാം ഈ വാക്കുകൾകേട്ടു. അതി
നാൽ ഞങ്ങളും യേശുവിന്റെ പ്രാദേശിക
ശിഷ്യന്മാരും പൌലൊസിനോടു യെരൂശലേമി
ലേക്കു പോകരുതെന്നു യാചിച്ചു. 13എന്നാൽ
പൌലൊസ് പറഞ്ഞു, “നിങ്ങളെന്തിനാണു
കരയുന്നത്? എന്തിനാണിങ്ങനെ എന്നെ സങ്കട
പ്പെടുത്തുന്നത്? യെരൂശലേമിൽ ബന്ധിതനാ
കാൻ ഞാൻ തയ്യാറാണ്. കർത്താവായ യേശു
വിന്റെ നാമത്തിനുവേണ്ടി മരിക്കാൻപോലും
ഞാൻ തയ്യാറാണ്!”
14യെരൂശലേമിൽ പോകുന്നതിൽനിന്നും അവ
നെ തടയാനോ നിർബന്ധിക്കാനോ ഞങ്ങൾ
ക്കാകുമായിരുന്നില്ല. അതിനാൽ ഞങ്ങൾ അഭ്യർ
ത്ഥന നിർത്തി ഇങ്ങനെ പറഞ്ഞു, “കർത്താവി
ന്റെ ഇംഗിതം നടപ്പാകട്ടെ എന്നു ഞങ്ങൾ
പ്രാർത്ഥിക്കുന്നു.”
15ഏതാനും ദിവസങ്ങൾക്കുശേഷം ഞങ്ങൾ
തയ്യാറായി യെരൂശലേമിലേക്കു പുറപ്പെട്ടു.
16കൈസര്യയിൽനിന്നുള്ള യേശുവിന്റെ ശി
ഷ്യന്മാരിൽ ചിലർ ഞങ്ങളോടൊത്തു യെരൂശ
ലേമിലേക്കു വന്നു. കുപ്രൊസുകാരനായ മ്നാ
സോനിന്റെ വസതിയിലേക്ക് ആ ശിഷ്യന്മാർ
ഞങ്ങളെ കൊണ്ടുപോയി. അയാൾ യേശുവി
ന്റെ ആദ്യശിഷ്യന്മാരിലൊരാളായിരുന്നു. അ
യാൾ ഞങ്ങളെ അവിടെ താമസിപ്പിക്കാൻ
തന്റെ വീട്ടിലേക്കു കൊണ്ടുപോയി.

പൌലൊസ് യാക്കോബിനെ സന്ദർശിക്കുന്നു

17യെരൂശലേമിലെ വിശ്വാസികൾക്ക് ഞങ്ങ
ളുടെ ആഗമനം ആഹ്ളാദമേകി. 18അടുത്തദിവ
സം പൌലൊസ് ഞങ്ങളോടൊപ്പം യാക്കോ
ബിനെ സന്ദർശിക്കാൻ പോയി. മൂപ്പന്മാരെല്ലാം
അവിടെയുണ്ടായിരുന്നു. 19അപ്പോൾ ജാതികളു
ടെയിടയിൽ പലതും പ്രവൃത്തിക്കാൻ ദൈവം
തന്നെ എങ്ങനെ വിനിയോഗിച്ചുവെന്ന് അ
വൻ അവരോടു പറഞ്ഞു. തന്നിലൂടെ ദൈവം
പ്രവൃത്തിച്ചത് മുഴുവൻ അവൻ അവരോടു പറ
ഞ്ഞു. 20ഇതെല്ലാംകേട്ട നേതാക്കൾ ദൈവത്തെ
വാഴ്ത്തി. എന്നിട്ടവർ പൌലൊസിനോടു പറ
ഞ്ഞു, “സഹോദരാ ആയിരക്കണക്കിന് യെഹൂ
ദർ വിശ്വാസികളായതു നിനക്കു കാണാം. എ
ന്നാൽ, മോശെയുടെ ന്യായപ്രമാണം അനുസ
രിക്കുകയെന്നതു വളരെ പ്രധാനമാണെന്നവർ
കരുതുന്നു. 21ഈ യെഹൂദർ നിന്റെ ഉപദേശ
ത്തെ കേട്ടു. അന്യരാജ്യങ്ങളിൽ ജാതികളോടൊ
പ്പം വസിക്കുന്ന യെഹൂദരോട് മോശെയുടെ
ന്യായപ്രമാണം ഉപേക്ഷിക്കുവാൻ നീ പറയു
ന്നത് അവർ കേട്ടു. ആ യെഹൂദരോട് തങ്ങളുടെ
കുട്ടികളുടെ പരിച്ഛേദനകർമ്മം നടത്തരുതെ
ന്നും യെഹൂദ ആചാരങ്ങൾ അനുസരിക്കരുതെ
ന്നും നീ പറഞ്ഞതായി അവർ കേട്ടു. 22ഞങ്ങളെ
ന്തു ചെയ്യണം? നീ വന്നതായി ഇവിടുത്തെ
യെഹൂദജനതയറിയും. 23അതിനാൽ നീ എന്തു
ചെയ്യണമെന്നു ഞങ്ങൾ പറയാം: ഞങ്ങളിൽ
നാലുപേർ വ്രതം സ്വീകരിച്ചിട്ടുണ്ട്. 24അവരെ
കൂട്ടിക്കൊണ്ട് അവരോടൊപ്പം ശുദ്ധീകരണകർ
മ്മം നിർവ്വഹിക്കുക. അവരുടെ ചിലവുകൾ
വഹിക്കുക. അപ്പോളവർക്കു ഞങ്ങളുടെ ശിരോ
മുണ്ഡനം നടത്താനാവും. അങ്ങനെ ചെയ്താൽ
ആളുകൾക്കിടയിൽ നിന്നെപ്പറ്റി കേട്ടതൊന്നും
സത്യമല്ലെന്നു തെളിയിക്കാൻ കഴിയും. നീ സ്വ
ജീവിതത്തിൽ മോശെയുടെ ന്യായപ്രമാണം
അനുസരിക്കുന്നുണ്ടെന്നവർ മനസ്സിലാക്കും.
25ഞങ്ങൾ ഇതിനകംതന്നെ ജാതികളിൽനിന്നു
ള്ള വിശ്വാസികൾക്കൊരു കത്തയച്ചു കഴിഞ്ഞു.
അതിൽ ഇങ്ങനെ പറയുന്നു:
‘വിഗ്രഹങ്ങൾക്കു സമർപ്പിക്കപ്പെട്ടതു ഭക്ഷിക്ക
രുത്, രക്തം രുചിക്കരുത്, ശ്വാസം മുട്ടിച്ചു കൊല്ല
പ്പെട്ട മൃഗങ്ങളെ ഭക്ഷിക്കരുത്. ഒരു തരത്തിലു
മുള്ള ലൈംഗികപാപവും അരുത്.’”
26അപ്പോൾ പൌലൊസ് ആ നാലുപേരെ
തന്നോടൊപ്പം കൂട്ടി. പിറ്റേന്നു ശുദ്ധീകരണ
കർമ്മത്തിൽ പൌലൊസും പങ്കാളിയായി. എ
ന്നിട്ടവർ ദൈവാലയത്തിലേക്കു പോയി. ശുദ്ധീ
കരണകർമ്മങ്ങൾ അവസാനിക്കുന്ന സമയം
അവൻ പ്രഖ്യാപിച്ചു. അപ്പോൾ ഓരോരുത്തർ
ക്കുംവേണ്ടി വഴിപാട് അർപ്പിക്കപ്പെടുമെന്നും
അവൻ അറിയിച്ചു.
27ആ ഏഴു ദിവസങ്ങളും കഴിയാറായി.
പക്ഷേ ആസ്യയിൽനിന്നുള്ള ഏതാനും യെഹൂ
ദർ ദൈവാലയത്തിൽ പൌലൊസിനെയും
കണ്ടു. അവർ ജനക്കൂട്ടത്തെ ഇളക്കിവിട്ട് പൌ
ലൊസിനെ പിടിപ്പിച്ചു. 28അവർ വിളിച്ചു
കൂവി, “യെഹൂദരേ, സഹായിക്കുക! മോശെയു
ടെ നിയമങ്ങൾക്കെതിരായതൊക്കെ പഠിപ്പിക്കു
ന്നവനാണിവൻ. ഈ ദൈവാലയത്തിനും ജനത
യ്ക്കും എതിരായി ഇക്കാര്യങ്ങളിവൻ എല്ലായിട
ത്തും എല്ലാവരെയും പഠിപ്പിക്കുന്നു. ഇപ്പോഴ
വൻ ഏതാനും യവനക്കാരെ ദൈവാലയമുറ്റ
ത്തു കൊണ്ടുവരികയും ചെയ്തിരിക്കുന്നു! ഈ
വിശുദ്ധസ്ഥലത്തെ അവൻ അശുദ്ധമാക്കിയിരി
ക്കുന്നു!” 29(യെഹൂദർ അങ്ങനെ പറയാൻകാര
ണം അവർ ത്രോഫിമോസിനോടൊപ്പം പൌ
ലൊസിനെ യെരൂശലേമിൽ കണ്ടിട്ടുണ്ട് എന്ന
താണ്. ത്രോഫിമോസ് ജാതികളിൽനിന്നുള്ള
എഫെസൊസുകാരനാണ്. പൌലൊസാണവ
നെ ദൈവാലയത്തിലേക്കു കൊണ്ടുവന്നതെ
ന്നാണവർ കരുതിയത്.)
30യെരൂശലേംവാസികൾ ഒന്നടങ്കം ഇളകിമറി
ഞ്ഞു. അവർ ഓടിവന്ന് പൌലൊസിനെ പിടി
കൂടി. അവരവനെ ദൈവാലയത്തിലെ വിശുദ്ധ
സ്ഥലത്തുനിന്നും വലിച്ചിറക്കി. ഉടൻതന്നെ
ദൈവാലയകവാടങ്ങൾ അടയ്ക്കപ്പെടുകയും

ചെയ്തു. **31**ആളുകൾ പൌലൊസിനെ വധി
ക്കാൻ ശ്രമിക്കുകയായിരുന്നു. നഗരത്തിലാക
മാനം കുഴപ്പങ്ങളുണ്ടായിട്ടുണ്ടെന്ന് റോമാസൈ
ന്യാധിപൻ മനസ്സിലാക്കി. **32**പെട്ടെന്നുതന്നെ
അയാൾ ആളുകൾ കൂടിനിൽക്കുന്നിടത്തേക്കു
ചെന്നു. ഏതാനും ശതാധിപന്മാരെയും ഭടന്മാ
രെയും അയാൾ കൂടെകൂട്ടിയിരുന്നു. ജനങ്ങൾ
സൈന്യാധിപനെയും ഭടന്മാരെയും കണ്ടു.
അതിനാൽ അവർ പൌലൊസിനെ തല്ലുന്നതു
നിർത്തി. **33**സൈന്യാധിപൻ പൌലൊസി
ന്റെ അടുത്തുചെന്നു അവനെ പിടികൂടി. അവ
നെ ചങ്ങലകൊണ്ടു ബന്ധിക്കാൻ അവൻ ഭട
ന്മാരോടുകല്പിച്ചു. എന്നിട്ട് സൈന്യാധിപൻ
ചോദിച്ചു, “ആരാണിയാൾ?” എന്താണിയാൾ
ചെയ്തതെറ്റ്?” **34**അവിടെയുണ്ടായിരുന്ന ചിലർ
എന്തൊക്കെയോ വിളിച്ചു പറഞ്ഞു. മറ്റുചിലർ
വേറെ എന്തൊക്കെയോ പറഞ്ഞു. ഈ കോലാ
ഹലവും ആശയക്കുഴപ്പവും കാരണം അയാൾക്ക്
സത്യാവസ്ഥ മനസ്സിലാക്കാൻ കഴിഞ്ഞില്ല.
അതിനാൽ പൌലൊസിനെ സൈനീകകേന്ദ്ര
ത്തിലേക്കു കൊണ്ടുവരാൻ അയാൾ ഭടന്മാരോ
ടാജ്ഞാപിച്ചു. **35-36**എല്ലാവരും അവരെ പിന്തുട
രുകയായിരുന്നു. പൌലൊസ് പടിക്കൽ എത്തി
യപ്പോൾ ഭടന്മാർ അവനെ എടുത്തു. ആളുകൾ
അക്രമാസക്തരായതിനാൽ പൌലൊസിനെ
രക്ഷിക്കുന്നതിനാണവരങ്ങനെ ചെയ്തത്. ആളു
കൾ വിളിച്ചുകൂവി, “അവനെ കൊല്ലുക!”

37ഭടന്മാർ പൌലൊസിനെ സൈനികകേന്ദ്ര
ത്തിലേക്കു നയിച്ചു. അവിടെ പ്രവേശിക്കു
മ്പോൾ അവൻ സൈന്യാധിപനോടു ചോദി
ച്ചു, “താങ്കളോടു ഞാൻ ചിലതു പറയട്ടെയോ?”
സൈന്യാധിപൻ പറഞ്ഞു, “നീ യവനഭാഷ
സംസാരിക്കുന്നോ? **38**എന്നാൽ ഞാൻ കരുതിയ
വനല്ലേ നീ? അടുത്തകാലത്ത് സർക്കാരിനെ
തിരെ കലാപമുണ്ടാക്കിയ മിസ്രയിംകാരനാണു
നീയെന്നാണു ഞാൻ കരുതിയത്. അയാൾ
നാലായിരം കൊലയാളികളെ മരുഭൂമിയിലേക്കു
നയിച്ചു.”

39പൌലൊസ് പറഞ്ഞു, “അല്ല, ഞാൻ തർ
സൊസുകാരനായ ഒരു യെഹൂദനാണ്. കിലി
ക്യായിലാണ് തർസൊസ്. ഞാൻ ആ പ്രധാന
നഗരത്തിലെ ഒരു പൌരനാണ്. ദയവായി ജന
ങ്ങളോടു സംസാരിക്കാനെന്നെ അനുവദി
ച്ചാലും.”

40സൈന്യാധിപൻ പൌലൊസിനെ അതിന
നുവദിച്ചു. അതിനാലവൻ പടികൾക്കു മുക
ളിൽ കയറിനിന്നു. ആളുകളോട് അടങ്ങിയിരി
ക്കാൻ കൈകൊണ്ട് അവൻ ആഗ്യം കാണിച്ചു.
ജനങ്ങൾ അടങ്ങുകയും പൌലൊസ് അവരോ
ടു പ്രസംഗിക്കുകയും ചെയ്തു. അവൻ യെഹൂദ
രുടെ ഭാഷയിലാണു പ്രസംഗിച്ചത്.

പൌലൊസ് ജനങ്ങളോടു പ്രസംഗിക്കുന്നു

22 പൌലൊസ് പറഞ്ഞു, “എന്റെ സഹോ
ദരന്മാരേ, പിതാക്കളേ എന്നെ ശ്രദ്ധിച്ചാ
ലും! ഞാൻ നിങ്ങളുടെ മുമ്പിൽ ന്യായവാദം
അവതരിപ്പിക്കുന്നു.” **2**പൌലൊസ് യെഹൂദ
ഭാഷ സംസാരിക്കുന്നത് യെഹൂദർ കേട്ടു. അതി
നാൽ അവർ ശാന്തരായി. പൌലൊസ് പറ
ഞ്ഞു, **3**“ഞാനൊരു യെഹൂദനാണ്. കിലിക്യാ
യിലെ തർസൊസിലാണു ഞാൻ ജനിച്ചത്.
യെരൂശലേമിൽ ഞാൻ വളർന്നു. ഗമാലിയേലി
ന്റെ ശിഷ്യനായിരുന്നു ഞാൻ. നമ്മുടെ പിതാ
ക്കന്മാരുടെ ന്യായപ്രമാണം അവൻ എന്നെ
സസൂക്ഷ്മം പഠിപ്പിച്ചു. നിങ്ങളെല്ലാവരും ഇന്ന്
ആയിരിക്കുമ്പോലെ ഞാനന്ന് ദൈവശുശ്രൂഷ
യിൽ വളരെ തീഷ്ണതയുള്ളവനായിരുന്നു.
4യേശുവിന്റെ മാർഗ്ഗം സ്വീകരിച്ചവരെ ഞാൻ
പീഢിപ്പിച്ചിരുന്നു. ഞാൻ മൂലം അവരിൽ
ചിലർ കൊല്ലപ്പെടുകകൂടി ചെയ്തു. സ്ത്രീക
ളെയും പുരുഷന്മാരെയും ഞാൻ പിടികൂടി തട
വറയിലിട്ടു. **5**മഹാപുരോഹിതനും ജനത്തി
ന്റെ മൂപ്പന്മാരുടെ സഭയ്ക്കും ഇതൊക്കെ സത്യ
മാണെന്നു പറയാൻ കഴിയും! ഒരിക്കൽ ഈ
നേതാക്കൾ എനിക്കു ചില കത്തുകൾ തന്നു.
ദമസ്ക്കൊസിലെ യെഹൂദസഹോദരന്മാർക്കു
ള്ളതായിരുന്നു ആ കത്തുകൾ. യേശുവിന്റെ
ശിഷ്യന്മാരെ പിടിച്ച് ശിക്ഷിക്കാനും യെരൂശലേ
മിലേക്കു കൊണ്ടുവരാനുമായി ഞാനവിടേക്കു
പോവുകയായിരുന്നു.

തന്റെ മാനസാന്തരത്തെപ്പറ്റി

6“എന്നാൽ ദമസ്ക്കൊസിലേക്കുള്ള യാത്ര
യിൽ എനിക്കു ചിലതുസംഭവിച്ചു. ഞാൻ ദമ
സ്ക്കൊസിനോടടുത്തപ്പോൾ ഉച്ചയായിരുന്നു.
പെട്ടെന്ന് ആകാശത്തുനിന്ന് ഒരു തീഷ്ണമായ
പ്രകാശം എനിക്കുചുറ്റും തിളങ്ങി. **7**ഞാൻ തറ
യിൽ വീണു. ഒരശരീരി എന്നോടു പറയുന്നതാ
യി ഞാൻ കേട്ടു:‘ ശൌൽ, ശൌൽ നീയെന്തിനാ
ണെന്നെ പീഢിപ്പിക്കുന്നത്?’ **8**ഞാൻ ചോദിച്ചു,
‘നീ ആരാണു കർത്താവേ?’ ശബ്ദം പറഞ്ഞു,
‘നീ പീഢിപ്പിക്കുന്ന നസറായനായ യേശുവാ
ണ് ഞാൻ.’ **9**എന്നോടൊത്തുണ്ടായിരുന്നവർക്ക്
അതു കേൾക്കാനായില്ല. എങ്കിലും അവർ ആ
പ്രകാശം കണ്ടു. **10**ഞാൻ ചോദിച്ചു, ‘കർത്താ
വേ ഞാൻ എന്തുചെയ്യണം?’ കർത്താവ് മറു
പടി പറഞ്ഞു, ‘എഴുന്നേറ്റു ദമസ്ക്കൊസിലേ
ക്കു പോവുക. അവിടെ നിനക്കായി ഞാൻ
ആസൂത്രണം ചെയ്തിരിക്കുന്നതെല്ലാം നിന്നെ
അറിയിക്കും.’

11പ്രകാശത്തിന്റെ തീഷ്ണതമൂലം എനി
ക്കൊന്നും കാണാൻ കഴിഞ്ഞില്ല. അതിനാൽ
എന്നോടൊപ്പമുള്ള പുരുഷന്മാർ എന്നെ ദമ
സ്ക്കൊസിലേക്കു നയിച്ചു.

12“ദമസ്ക്കൊസിൽ അനന്യാസ് എന്നൊരു
വൻ എന്നെ സമീപിച്ചു. അയാൾ മോശെയുടെ
ന്യായപ്രമാണം അനുസരിക്കുന്നവനും ഭക്തനു
മായിരുന്നു. അവിടെ താമസിച്ചിരുന്ന യെഹൂദ
രെല്ലാം അനന്യാസിനെ ആദരിച്ചിരുന്നു. **13**അ
യാൾ എന്റെയടുത്തെത്തി പറഞ്ഞു, ‘സഹോദ
രനായ ശൌൽ, നിനക്കു കാഴ്ച ലഭിക്കട്ടെ’
പെട്ടെന്ന് എനിക്കു കാഴ്ചകിട്ടി. **14**അനന്യാസ്
എന്നോടു പറഞ്ഞു, ‘നമ്മുടെ പിതാക്കന്മാരുടെ
ദൈവം നിന്നെ പണ്ടുതന്നെ തിരഞ്ഞെടുത്തു.
തന്റെ പദ്ധതി അറിയാനാണു ദൈവം നിന്നെ
തിരഞ്ഞെടുത്തത്. നീതിമാനെ (യേശുവിനെ)
കാണുന്നതിനും അവന്റെ വാക്കുകൾ കേൾക്കു
ന്നതിനുമാണ് നിന്നെ തിരഞ്ഞെടുത്തത്. **15**നീ
എല്ലാവർക്കും അവന്റെ സാക്ഷിയായിരിക്കും.
നീ കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആളുക
ളോടു പറയും. **16**ഇനി അധികം കാക്കേണ്ടതില്ല.
എഴുന്നേൽക്കൂ. സ്നാനപ്പെട്ട് നിന്റെ പാപ
ങ്ങൾ കഴുകിക്കളയുക. സ്വയം രക്ഷിക്കാൻ അവ
ന്റെ നാമത്തിൽ വിശ്വസിച്ചു ഇങ്ങനെ
ചെയ്യുക.’

17“പിന്നീട് ഞാൻ യെരൂശലേമിൽ മടങ്ങി
യെത്തി. ദൈവാലയത്തിൽ വച്ചു പ്രാർത്ഥിക്കു
കയായിരുന്ന എനിക്ക് ഒരു ദർശനമുണ്ടായി.

18യേശുവിനെ ഞാൻ കണ്ടു. യേശു എന്നോടു
പറഞ്ഞു, ‘വേഗം, ഇപ്പോൾത്തന്നെ യെരൂശലേം
വിടുക. ഇന്നാട്ടുകാർ എന്നെപ്പറ്റി കൊടുക്കുന്ന
സാക്ഷ്യം സ്വീകരിക്കുകയില്ല.’ 19ഞാൻ പറ
ഞ്ഞു, ‘പക്ഷേ കർത്താവേ, വിശ്വാസികളെ
തടവിലിടുകയും മർദ്ദിക്കുകയും ചെയ്തവൻ
ഞാനാണെന്നവർക്കറിയാം. നിന്നിൽ വിശ്വസി
ക്കുന്നവരെ പിടിയ്ക്കാൻ ഞാൻ എല്ലാ യെഹൂദ
പ്പള്ളികളിലും കയറിയിറങ്ങി. 20അങ്ങയുടെ
സാക്ഷി സ്തെഫാനൊസ് കൊല്ലപ്പെട്ടപ്പോൾ
ഞാനവിടെയുണ്ടായിരുന്നതായും അവർക്കറി
യാം. സ്തെഫാനൊസിനെ വധിക്കണമെന്നു
എഴുന്നേറ്റുനിന്നു പറഞ്ഞവനാണു ഞാൻ. അവ
ന്റെ കൊലയാളികളുടെ വസ്ത്രം പിടിയ്ക്കുക
വരെ ഞാൻ ചെയ്തു.’ 21എന്നാൽ യേശു
എന്നോടു പറഞ്ഞു, ‘ഇപ്പോൾ തന്നെ ഇവിടം
വിടുക. ഞാൻ നിന്നെ വളരെ ദൂരെ ജാതികളു
ടെയിടയിലേക്ക് അയയ്ക്കാം.’”

22ജാതികളുടെ ഇടയിലേക്കു പോകുന്നതിനെ
പ്പറ്റിയുള്ള പൌലൊസിന്റെ വാക്കുകൾ കേട്ട
പ്പോൾ ജനം അവനെ ശ്രദ്ധിക്കുന്നതു നിർത്തി.
അവർ ആക്രോശിച്ചു, “അവനെ കൊല്ലുക, ഈ
ലോകത്തുനിന്നും അവനെ ഓടിയ്ക്കുക. ഇങ്ങ
നെയൊരുത്തനെ ജീവിക്കാനനുവദിക്കരുത്.”
23അവർ നിലവിളിയ്ക്കുകയും അവരുടെ വ
സ്ത്രങ്ങൾ മുകളിലേക്ക് വലിച്ചെറിയുകയും
ചെയ്തു. അവർ വായുവിൽ പൊടിപരത്തി.
24അപ്പോൾ പൌലൊസിനെ പട്ടാളത്താവള
ത്തിനുള്ളിലേക്കു കൊണ്ടുവരാൻ സൈന്യാധി
പൻ കല്പിച്ചു. പൌലൊസിനെ ചമ്മട്ടി കൊണ്ട
ടിക്കാനും അവർ കല്പിച്ചു. എന്തിനാണു ആളു
കൾ ഇങ്ങനെ അവനെതിരെ വിളിച്ചുകൂവുന്ന
തെന്നു സൈന്യാധിപനു അതുവഴി അറിയണ
മായിരുന്നു. 25അതിനാൽ ഭടന്മാർ പൌലൊ
സിനെ ചമ്മട്ടികൊണ്ടു മർദ്ദിക്കാനായി കെട്ടി
യിട്ടു. എന്നാൽ പൌലൊസ് അവിടെയുണ്ടാ
യിരുന്ന ശതാധിപനോടു ചോദിച്ചു, “കുറ്റവാ
ളിയെന്നു തെളിയിക്കപ്പെടാത്ത ഒരു റോമാക്കാ
രനെ ചമ്മട്ടികൊണ്ടു മർദ്ദിക്കാൻ നിനക്കധികാ
രമുണ്ടോ?”

26ഇതുകേട്ട ശതാധിപൻ ഇക്കാര്യം സൈന്യാ
ധിപനോടു പോയിപ്പറഞ്ഞു. ശതാധിപൻ പറ
ഞ്ഞു, “നീയെന്താണു ചെയ്യുന്നതെന്നറിയാ
മോ? അയാൾ ഒരു റോമാക്കാരനാണ്!”

27സൈന്യാധിപൻ പൌലൊസിനടുത്തെ
ത്തി ചോദിച്ചു, “പറയൂ, നീ യഥാർത്ഥത്തിൽ
റോമാക്കാരനാണോ?” പൌലൊസ് പറഞ്ഞു,
“അതെ.” 28സൈന്യാധിപൻ പറഞ്ഞു, “റോമാ
ക്കാരനാകാൻ ഞാൻ ധാരാളം പണം കൊടുത്ത
താണ്.” എന്നാൽ പൌലൊസ് പറഞ്ഞു,
“ഞാൻ ജന്മനാ റോമാക്കാരനാണ്.”

29പൌലൊസിനെ ചോദ്യം ചെയ്യാൻ വന്ന
വർ പെട്ടെന്നുതന്നെ പിരിഞ്ഞു പോയി. റോമാ
ക്കാരനായ പൌലൊസിനെ കെട്ടിയിട്ടതിൽ
സൈന്യാധിപൻ ഭയപ്പെട്ടു.

പൌലൊസ് യെഹൂദനേതാക്കന്മാരോടു പ്രസംഗിക്കുന്നു

30പിറ്റേന്ന്, ജനങ്ങളെന്തു കൊണ്ടാണ് പൌ
ലൊസിനെതിരെ സംസാരിക്കുന്നതെന്നു പഠി
ക്കാൻ സൈന്യാധിപൻ തീരുമാനിച്ചു. അതിനാ
ലയാൾ മഹാപുരോഹിതരോടും യെഹൂദസഭ
യോടും യോഗം ചേരാൻ ആവശ്യപ്പെട്ടു. സൈ
ന്യാധിപൻ പൌലൊസിന്റെ ചങ്ങലകൾ
അഴിച്ചു. എന്നിട്ടയാൾ അവനെ കൊണ്ടുവന്ന്
യോഗത്തിനുമുന്നിൽ നിർത്തി.

23 യെഹൂദസഭായോഗത്തിലേക്കു നോക്കി
ക്കൊണ്ട് പൌലൊസ് പറഞ്ഞു, “സഹോ
ദരന്മാരേ, ദൈവത്തിന്റെ മുമ്പിൽ ഞാൻ ഉത്ത
മനായി ജീവിച്ചു. ശരിയാണെന്നെനിക്കു ബോ
ധ്യപ്പെട്ടതേ ഞാൻ പ്രവർത്തിച്ചുള്ളൂ.” 2മഹാപു
രോഹിതനായ അനന്യാസ് അവിടെയുണ്ടായി
രുന്നു. അയാൾ പൌലൊസിനടുത്തു നിൽക്കു
ന്നവരോട് അവന്റെ മുഖത്തടിയ്ക്കാൻ ആവ
ശ്യപ്പെട്ടു. 3പൌലൊസ് അനന്യാസിനോടു
പറഞ്ഞു, “ദൈവം നിന്നെയും അടിക്കും! നീ
വെള്ള പൂശിമറയ്ക്കപ്പെട്ട ചെളിപിടിച്ച മതി
ലുപോലെയാണ്! നീ അവിടിരുന്ന് മോശെയു
ടെ ന്യായപ്രമാണമനുസരിച്ച് എന്നെ വിധി
യ്ക്കുന്നു. എന്നാൽ എന്നെ അടിയ്ക്കാൻ നീ
അവരോടു പറയുന്നുണ്ട്. അത് മോശെയുടെ
ന്യായപ്രമാണത്തിനെതിരാണ്.”

4പൌലൊസിന്റെ അടുത്തു നിൽക്കുന്നവർ
അവനോടു പറഞ്ഞു, “ദൈവത്തിന്റെ മഹാ
പുരോഹിതനോട് അങ്ങനെ പറയരുത്. നീ
അദ്ദേഹത്തെ അപമാനിക്കുകയാണ്.” 5പൌ
ലൊസ് പറഞ്ഞു, “സഹോദരന്മാരേ, ഇയാളാ
ണ് മഹാപുരോഹിതനെന്ന് എനിക്കറിയില്ല.
തിരുവെഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു,
‘നിങ്ങളുടെ ജനത്തിന്റെ നേതാവിനെക്കുറിച്ച്
ദുഷിച്ചു പറയരുത്.’”*

6യോഗത്തിലുണ്ടായിരുന്നവരിൽ ചിലർ
സദൂക്യരും ചിലർ പരീശന്മാരുമായിരുന്നു.
അതിനാൽ പൌലൊസിന് ഒരു ആശയമുദിച്ചു:
അവൻ അവരോടു വിളിച്ചു പറഞ്ഞു, “എന്റെ
സഹോദരന്മാരേ, ഞാൻ ഒരു പരീശനാണ്.
എന്റെ അപ്പനും ഒരു പരീശനായിരുന്നു! ആളു
കൾ പുനരുജ്ജീവിപ്പിക്കുമെന്ന പ്രതീക്ഷമൂലമാ
ണ് ഞാൻ വിചാരണ ചെയ്യപ്പെടുന്നത്!”

7പൌലൊസ് ഇതു പറഞ്ഞപ്പോൾ സദൂക്യ
രും പരീശന്മാരും തമ്മിൽ വലിയവാദം നടന്നു.
സംഘം വിഘടിക്കപ്പെട്ടു. 8(മരിച്ചാൽ ആരും
പുനരുജ്ജീവിക്കില്ലെന്ന് സദൂക്യർ വിശ്വസിച്ചി
രുന്നു. ദൂതന്മാരോ ആത്മാക്കളോ ഇല്ലെന്നും
അവർ വിശ്വസിച്ചിരുന്നു. എന്നാൽ പരീശർ
ഇവയെല്ലാം വിശ്വസിച്ചിരുന്നു.) 9ആ യെഹൂദ
രെല്ലാം ഉച്ചത്തിൽ ആക്രോശിക്കാൻ തുടങ്ങി.
ശാസ്ത്രിമാരിൽ ചിലർ, പരീശന്മാരുടെ പക്ഷ
ക്കാർ, എഴുന്നേറ്റു വാദിച്ചു, “ഇയാളിൽ ഞങ്ങൾ
തെറ്റൊന്നും കാണുന്നില്ല. ദമസ്ക്കൊസിലേക്കു
ള്ള വഴിയിൽ ഒരു ആത്മാവോ, ദൂതനോ അവ
നോടു സംസാരിച്ചിരിക്കാം.”

10തർക്കം ഒരേറ്റുമുട്ടലായി. യെഹൂദർ പൌ
ലൊസിനെ കഷണം കഷണമാക്കുമെന്ന് സൈ
ന്യാധിപൻ ഭയന്നു. അതിനാൽ താഴേക്കു ചെന്ന്
പൌലൊസിനെ യെഹൂദരുടെയിടയിൽനിന്നും
പട്ടാളമന്ദിരത്തിലേക്കു കൊണ്ടിടാൻ അയാൾ
ഭടന്മാരോടു കല്പിച്ചു.

11അടുത്തദിവസം രാത്രി കർത്താവായ യേശു
പൌലൊസിനു പ്രത്യക്ഷപ്പെട്ടു. അവൻ പറ
ഞ്ഞു, “ധൈര്യമായിരിക്കുക! യെരൂശലേംകാ
രോട് നീ എന്നെപ്പറ്റി പറഞ്ഞു. നീ റോമിലും
പോയി എന്നെപ്പറ്റി അവിടെയുള്ളവരോടു
പ്രസംഗിക്കണം!”

12പിറ്റേന്നു രാവിലെ, ഏതാനും യെഹൂദർ
പൌലൊസിനെ കൊല്ലാൻ ഒരു പരിപാടിയി

“നിങ്ങളുടെ ... പറയരുത്.” ഉദ്ധരണി. പുറ.22:18ൽ നിന്നും

ട്ടു. പൌലൊസിനെ കൊല്ലുന്നതുവരേക്കും
ഒന്നും തിന്നുകയോ കുടിയ്ക്കുകയോ ഇല്ലെന്ന്
അവർ കൂട്ടംകൂടി പ്രതിജ്ഞയെടുത്തു. 13ഈ
ഗൂഢാലോചനയിൽ പങ്കെടുത്ത യെഹൂദർ
നാല്പതിലധികമുണ്ടായിരുന്നു. 14അവർ പുരോ
ഹിതപ്രമുഖരെയും ജനത്തിൻെറ മൂപ്പന്മാരെ
യും കണ്ടു സംസാരിച്ചു. യെഹൂദർ പറഞ്ഞു,
“ഞങ്ങൾ ഒരു വലിയ ശപഥം എടുത്തിട്ടുണ്ട്.
പൌലൊസിനെ കൊല്ലാതെ ഒന്നും കഴിക്കില്ലെ
ന്ന്! 15അതിനാൽ നിങ്ങൾ ഇങ്ങനെ ചെയ്തു
തരണം. നിങ്ങളും എല്ലാ യെഹൂദനേതാക്കളും
സൈന്യാധിപന് ഒരു സന്ദേശമയയ്ക്കണം.
പൌലൊസിനെ നിങ്ങളുടെ അടുത്തേക്കയ
യ്ക്കാൻ അയാളോട് ആവശ്യപ്പെടണം. കൂടു
തൽ ചോദ്യം ചെയ്യാനാണിതെന്നു പറയണം.
അവൻ ഇവിടെ എത്തുന്നതിനുമുമ്പ് കൊല്ലാൻ
ഞങ്ങൾ കാത്തിരിക്കും.”

16എന്നാൽ ഈ പരിപാടിയെപ്പറ്റി പൌലൊ
സിൻെറ അനന്തിരവൻ കേട്ടു. അവൻ പട്ടാള
ക്കെട്ടിടത്തിലേക്കു ചെന്ന് പൌലൊസിനെ
വിവരമറിയിച്ചു. 17അപ്പോൾ പൌലൊസ്
ശതാധിപന്മാരിലൊരാളെ വിളിച്ചു പറഞ്ഞു,
“ഈ ചെറുപ്പക്കാരനെ സൈന്യാധിപൻെറയടു
ത്തേക്കു കൊണ്ടുപോകൂ. അദ്ദേഹത്തിനോടു
ചിലതു ഇവനു പറയാനുണ്ട്.” 18ശതാധിപൻ
അവനെ സൈന്യാധിപൻെറയടുത്തെത്തിച്ചു.
ശതാധിപൻ പറഞ്ഞു, “ഈ യുവാവിനെ അങ്ങ
യുടെ മുമ്പിലേക്കു കൊണ്ടുവരാൻ തടവുകാര
നായ പൌലൊസ് എന്നോടാവശ്യപ്പെട്ടു. അവ
ന് എന്തോ പറയാനുണ്ടത്രേ.”

19സൈന്യാധിപൻ യുവാവിനെ ഒരു ഒറ്റപ്പെട്ട
സ്ഥലത്തേക്കു കൊണ്ടുപോയിട്ടു ചോദിച്ചു,
“എന്താണു പറയാനുള്ളത്?”

20യുവാവു പറഞ്ഞു, “പൌലൊസിനെ അവ
രുടെ സഭയിലേക്കയയ്ക്കാൻ അങ്ങയോടാവശ്യ
പ്പെടാൻ യെഹൂദർ തീരുമാനിച്ചിട്ടുണ്ട്. ചോദ്യം
ചെയ്യാനെന്ന വ്യാജേനയാണ് ആവശ്യപ്പെടുക.
21എന്നാൽ അവരെ വിശ്വസിക്കരുത്! നാല്പതില
ധികം യെഹൂദർ പൌലൊസിനെ വധിക്കാൻ
വഴിയിൽ ഒളിച്ചിരിപ്പുണ്ട്. അതു നടപ്പാക്കാതെ
ഒന്നും തിന്നുകയോ കുടിയ്ക്കുകയോ ഇല്ലെന്ന്
അവർ പ്രതിജ്ഞയെടുത്തിട്ടുണ്ട്! ഇപ്പോഴവർ
അങ്ങയുടെ അനുമതിയ്ക്കായി കാത്തിരി
ക്കുന്നു.” 22സൈന്യാധിപൻ അവനെ പറഞ്ഞ
യച്ചു. അദ്ദേഹം അവനോടു പറഞ്ഞു, “അവ
രുടെ പരിപാടിയെപ്പറ്റി നീയെന്നോടു പറഞ്ഞ
തായി ആരോടും പറയരുത്.”

പൌലൊസിനെ കൈസര്യയിലേ ക്കയയ്ക്കുന്നു

23അനന്തരം സൈന്യാധിപൻ രണ്ടു ശതാധി
പന്മാരെ വിളിച്ചു പറഞ്ഞു, “കൈസര്യായിലേ
ക്കെനിക്ക് ഏതാനുംപേരെ അയയ്ക്കണം. ഇരു
നൂറുഭടന്മാരെ തയ്യാറാക്കുക. എഴുപതു കുതിര
പ്പട്ടാളക്കാരെയും ഇരുനൂറു കുന്തക്കാരെയും ഒരു
ക്കുക. രാത്രി ഒമ്പതുമണിക്കു തന്നെ പുറപ്പെട
ണം. 24പൌലൊസിന് സഞ്ചരിക്കാൻ ഏതാനും
കുതിരകളെയും. അയാളെ ദേശാധിപതി ഫേ
ലിക്സിൻെറയടുത്ത് സുരക്ഷിതമായെത്തി
ക്കുക.” 25സൈന്യാധിപൻ ഒരു കത്തെഴുതി.
അതിൽ ഇങ്ങനെ പറയുന്നു,

26അഭിവന്ദ്യനായ ദേശാധിപതി ഫേലിക്സി
നെ ക്ലൌദ്യൊസ് അഭിവാദനം ചെയ്യുന്നു:
ആശംസകൾ.

27ഈ മനുഷ്യനെ യെഹൂദർ പിടികൂടികൊ
ല്ലാൻ ഉദ്ദേശിച്ചു. അവൻ ഒരു റോമാക്കാരനാ
ണെന്നറിഞ്ഞപ്പോൾ ഞാൻ ഏതാനും ഭടന്മാരു
മായിച്ചെന്ന് അവനെ രക്ഷിച്ചു. 28അവനെ
തിരെ എന്തിനാണവർ ആരോപണം ഉന്നയിക്കു
ന്നതെന്നാണ് എനിക്കറിയേണ്ടത്. അതിനാൽ
ഞാനവനെ അവരുടെ സമിതിയിൽ കൊണ്ടു
വന്നു. 29ഇങ്ങനെ അറിയാൻ കഴിഞ്ഞു: പൌ
ലൊസ് തെറ്റായതെന്തൊക്കെയോ ചെയ്തു.
എന്നാൽ ഈ ആരോപണങ്ങൾ അവരുടെ
യെഹൂദന്യായപ്രമാണമനുസരിച്ചാണ്. എന്നാ
ലതൊന്നും തടവിനോ വധത്തിനോ വിധി
ക്കാൻ പറ്റിയതുമല്ല. 30ഏതാനും യെഹൂദർ പൌ
ലൊസിനെ കൊല്ലാൻ ഗൂഢാലോചന നടത്തി
എന്നു എനിക്കു വിവരംകിട്ടി. അതിനാൽ ഞാ
നിവനെ ഉടനെ അങ്ങയുടെയടുത്തേക്ക് അയ
യ്ക്കുന്നു. അവനെതിരെയുള്ളതൊക്കെ അങ്ങ
യോടു പറയാൻ ഞാൻ യെഹൂദരോടും പറ
ഞ്ഞിട്ടുണ്ട്.

31ഭടന്മാർ ആജ്ഞക്കനുസൃതമായി തന്നെ ചെ
യ്തു. രാത്രിതന്നെ ഭടന്മാർ പൌലൊസിനെ
അന്തിപത്രിസിലേക്കു കൊണ്ടുപോയി. 32പി
റ്റേന്ന് കുതിരപ്പടയാളികൾ പൌലൊസിനോ
ടൊപ്പം കൈസര്യായിലേക്കു പോയി. മറ്റു
പട്ടാളക്കാരും കുന്തക്കാരും യെരൂശലേമിലെ
സൈനികതാവളത്തിലേക്കു മടങ്ങി. 33കുതിരപ്പ
ടയാളികൾ കൈസര്യായിൽ പ്രവേശിച്ചു.
ദേശാധിപതിക്കു കത്തു നൽകി. എന്നിട്ടവർ
പൌലൊസിനെയും ഏല്പിച്ചു. 34കത്തു വായി
ച്ചശേഷം ദേശാധിപതി പൌലൊസിനോടു
ചോദിച്ചു, “നീ ഏതു രാജ്യക്കാരനാണ്?” പൌ
ലൊസ് കിലിക്യക്കാരനാണെന്ന് ദേശാധിപതി
അറിഞ്ഞു. 35അദ്ദേഹം പറഞ്ഞു, “നിനക്കെതി
രായ ആരോപണക്കാർ കൂടിവന്നിട്ട് ഞാൻ
നിന്നെ വിസ്തരിക്കും.” കൊട്ടാരത്തിൽ അവ
നെ സൂക്ഷിക്കാൻ ദേശാധിപതി കല്പിച്ചു. (ആ
മന്ദിരം ഹെരോദാവ് പണിയിച്ചതായിരുന്നു.)

യെഹൂദർ പൌലൊസിനെ കുറ്റപ്പെടുത്തുന്നു

24 അഞ്ചു ദിവസങ്ങൾ കഴിഞ്ഞ് അനന്യാ
സ് കൈസര്യായിലേക്കു പോയി. മഹാ
പുരോഹിതനായിരുന്നു അനന്യാസ്. അയാൾ
ഏതാനും യെഹൂദനേതാക്കളെയും തെർത്തുല്ലൊ
സ് എന്നൊരു നിയമജ്ഞനെയും കൂടെ കൊണ്ടു
പോയിരുന്നു. പൌലൊസിനെതിരെ കൈസ
ര്യയിൽ കുറ്റങ്ങൾ നിരത്താനാണവർ പോയത്.
2പൌലൊസിനെ സഭായോഗത്തിലേക്ക് വിളി
യ്ക്കുകയും തെർത്തുല്ലൊസ് കുറ്റാരോപണം
ആരംഭിക്കുകയും ചെയ്തു.

തെർത്തുല്ലൊസ് പറഞ്ഞു, “അഭിവന്ദ്യനായ
ഫേലിക്സേ! അങ്ങുമൂലം ഞങ്ങൾ വളരെ സമാ
ധാനം അനുഭവിക്കുന്നു. കൂടാതെ ഈ രാജ്യത്തെ
പല തെറ്റുകളും തിരുത്തപ്പെടുന്നുമുണ്ട്. 3അതി
നൊക്കെ ഞങ്ങൾക്ക് അങ്ങയോട് നന്ദിയുണ്ട്.
ഇതെല്ലാം ഞങ്ങൾക്ക് എപ്പോഴും എവിടെയും
കിട്ടുന്നുണ്ട്. 4എന്നാൽ അങ്ങയുടെ സമയം
അധികം എടുക്കാൻ എനിക്കാഗ്രഹമില്ല. അതി
നാൽ ഏതാനും വാക്കുകൾമാത്രം ഞാൻ പറ
യട്ടെ. ദയവായി ക്ഷമയോടെ കേട്ടാലും.
5ഇയാൾ കുഴപ്പങ്ങളുണ്ടാക്കുന്നവനാണ്. ലോ
കത്തെവിടെയും യെഹൂദരുമായി ഇയാൾ കല
ഹമുണ്ടാക്കുന്നു. അവൻ നസറായക്കാരുടെ നേ
താവാണ്. 6-8അവൻ ദൈവാലയം അശു
ദ്ധമാക്കാൻ തുനിഞ്ഞെങ്കിലും ഞങ്ങളതു തട

ഞ്ഞു* നിങ്ങളവനെ വിചാരണചെയ്യുമ്പോൾ
അവനെപ്പറ്റി ഞങ്ങൾ ആരോപിച്ച എല്ലാ
കാര്യങ്ങളും അവ നിൽനിന്നുതന്നെ നിങ്ങൾക്കു
ബോദ്ധ്യമാകും." 9മറ്റ് യെഹൂദരും ഇതൊക്കെ
ശരിയെന്ന് അംഗീകരിച്ചു. അവർ പറഞ്ഞു,
"ഇതെല്ലാം യഥാർത്ഥത്തിൽ സത്യമാണ്."

10ദേശാധിപതി പൌലൊസിനോടു സംസാ
രിക്കാൻ ആഗ്യം കാട്ടി. അതിനാൽ പൌലൊസ്
മറുപടി പറഞ്ഞു, "ഗവർണ്ണർ ഫേലിക്സേ,
അങ് ദീർഘകാലമായി യിസ്രായേലിൽ ഒരു
ന്യായാധിപൻ ആണെന്നെനിക്കറിയാം. അതി
നാൽ അങ്ങയുടെ മുമ്പിൽ എൻെറ വാദം നിര
ത്താൻ എനിക്കു സന്തോഷമുണ്ട്. 11പന്ത്രണ്ടു
ദിവസം മുമ്പുമാത്രമാണ് ഞാൻ യെരൂശലേമിൽ
നമസ്കരിപ്പാൻ പോയത്. ഇതു സത്യമാണെന്ന്
അങ്ങയ്ക്കു തന്നെ അന്വേഷിച്ചറിയാവുന്ന
താണ്. 12എനിക്കെതിരെ കുറ്റമാരോപിക്കുന്ന
ഈ യെഹൂദർ ഞാൻ ദൈവാലയത്തിൽ വച്ച്
ആരുമായും തർക്കിക്കുന്നതു കണ്ടിട്ടില്ല. ഞാൻ
ജനങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കുകയായിരു
ന്നില്ല. യെഹൂദപ്പള്ളികളിലോ മറ്റെവിടെയെങ്കി
ലുമോവച്ച് ഞാൻ ജനങ്ങളെ സംഘടിപ്പിച്ചു
തർക്കിക്കുകയോ കുഴപ്പമുണ്ടാക്കുകയോ ആയി
രുന്നില്ല. 13ഇപ്പോൾ എനിക്കെതിരെ ഉന്നയിക്കു
ന്ന ആരോപണങ്ങൾ തെളിയിക്കാനും ഇവർക്കാ
വില്ല. 14എന്നാൽ എനിക്കിത്രയും പറയാം.
യേശുവിൻെറ മാർഗ്ഗചാരിയെന്ന നിലയിൽ
ഞാൻ ഞങ്ങളുടെ പിതാക്കളുടെ ദൈവത്തെ
നമസ്കരിക്കുന്നു. യേശുവിൻെറ വഴിയല്ല ശരി
യായതെന്ന് യെഹൂദർ പറയുന്നു. എന്നാൽ
മോശെയുടെ ന്യായപ്രമാണം പഠിപ്പിക്കുന്നതെ
ല്ലാം ഞാൻ വിശ്വസിക്കുന്നു. പ്രവാചകർ എഴു
തിവെച്ചവയിലും ഞാൻ വിശ്വസിക്കുന്നു. 15ന
ല്ലവരും ദുഷ്ടന്മാരുമടക്കം എല്ലാവരും ഉയർത്തെ
ഴുന്നേൽക്കും എന്ന യെഹൂദരുടെ വിശ്വാസം
പോലെ തന്നെയുള്ള ദൈവവിശ്വാസം എനി
ക്കുമുണ്ട്. 16ദൈവത്തിനും മനുഷ്യർക്കും മുമ്പിൽ
ശരിയെന്ന് ഞാൻ വിശ്വസിക്കുന്നതു പ്രവൃത്തി
ക്കാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നത് അതുകൊ
ണ്ടാണ്.

17"വളരെക്കാലം ഞാൻ യെരൂശലേമിൽനി
ന്നും അകന്നു കഴിഞ്ഞിരുന്നു. ഞാൻ എൻെറ
ആളുകൾക്കു പണം കൊണ്ടുവരുന്നതിനും ചില
വഴിപാടുകൾ നടത്തുന്നതിനും അങ്ങോട്ടു മട
ങ്ങിപ്പോയി. 18യെഹൂദരിൽ ചിലർ ദൈവാലയ
ത്തിൽ എന്നെക്കാണുന്നത് അതു ചെയ്യുമ്പോഴാ
യിരുന്നു. ഞാൻ ശുദ്ധീകരണകർമ്മം പൂർത്തീക
രിച്ചു. ഞാൻ കുഴപ്പങ്ങളൊന്നും ഉണ്ടാക്കിയില്ല.
ആളുകൾ എനിക്കുചുറ്റും തടിച്ചുകൂടിയിരുന്നു
മില്ല. 19എന്നാൽ ആസ്യയിൽനിന്നും വന്ന ഏതാ
നും യെഹൂദർ അവിടെയുണ്ടായിരുന്നു. ഞാനെ
ന്തെങ്കിലും തെറ്റു ചെയ്യുന്നതായി അപ്പോൾ
അവർ കണ്ടിരുന്നെങ്കിൽ ആ യെഹൂദർക്ക് അങ്ങ
യുടെ മുന്നിൽവന്ന് എനിക്കെതിരെ പരാതിപ്പെ
ടാമായിരുന്നു. 20യെരൂശലേമിലെ യെഹൂദസഭ
യ്ക്ക്മുന്നിൽ ഞാൻ നിന്നപ്പോൾ എന്തു തെറ്റാ
ണെന്നിൽ കണ്ടതെന്നിവർ പറയട്ടെ. 21അവർ
ക്കുമുന്നിൽ നിന്നപ്പോൾ ഞാനൊന്നു പറഞ്ഞു,
'മനുഷ്യർ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേ
ൽക്കുമെന്ന് ഞാൻ വിശ്വസിക്കുന്നതിനാൽ
നിങ്ങളെന്നെ വിധിയ്ക്കുന്നു!'"

22യേശുവിൻെറ വഴിയെപ്പറ്റി ഫേലിക്സിനു
നേരെത്തെ മനസ്സിലായിരുന്നു. അദ്ദേഹം വിചാ
രണ അവസാനിപ്പിച്ചിട്ടു പറഞ്ഞു, "സൈന്യാ
ധിപൻ ലുസിയാസ് വരുമ്പോൾ ഞാനിതെ
പ്പറ്റി തീരുമാനമെടുക്കും." 23പൌലൊസിന് കാ
വൽ ഏർപ്പെടുത്താൻ ഫേലിക്സ് ശതാധിപ
നോടു പറഞ്ഞു. പക്ഷേ അല്പം സ്വാതന്ത്ര്യം
കൊടുക്കുവാനും അവനാവശ്യമുള്ളതു കൊണ്ടു
കൊടുക്കാൻ അവൻെറ സുഹൃത്തുക്കളെ അനു
വദിക്കണമെന്നും അവൻ കല്പിച്ചു.

പൌലൊസ് ഫേലിക്സിനോടും പത്നിയോടും സംസാരിക്കുന്നു

24ഏതാനും ദിവസങ്ങൾക്കു ശേഷം ഫേലി
ക്സ് തൻെറ പത്നി ദ്രുസില്ലയോടൊപ്പം എത്തി.
അവൾ ഒരു യെഹൂദയായിരുന്നു. പൌലൊസി
നെ തൻെറ മുന്നിൽ കൊണ്ടുവരാൻ ഫേലിക്സ്
കല്പിച്ചു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന
തിനെപ്പറ്റിയുള്ള പൌലൊസിൻെറ പ്രസംഗം
ഫേലിക്സ് ശ്രദ്ധിച്ചു. 25നീതിയുള്ള ജീവിത
ത്തെപ്പറ്റിയും ആത്മനിയന്ത്രണത്തെപ്പറ്റിയും
വരാനിരിക്കുന്ന വിധിയെപ്പറ്റിയും പൌലൊ
സ് പ്രസംഗിച്ചപ്പോൾ ഫേലിക്സ് ഭയന്നു. ഫേ
ലിക്സ് പറഞ്ഞു, "ഇപ്പോൾ പോകൂ! എനിക്കി
നിയും സമയമുള്ളപ്പോൾ ഞാൻ പിന്നെയും
വിളിക്കാം." 26എന്നാൽ പൌലൊസിനോടു
സംസാരിക്കാൻ അയാൾ പലപ്പോഴും ആഗ്രഹി
ച്ചു. കാരണം, പൌലൊസ് തനിക്കു കൈക്കൂലി
നൽകുമെന്നയാൾ കരുതി. അതിനാൽ ഇടയ്ക്കി
ടെ അയാൾ പൌലൊസുമായി സംസാരിച്ചു.

27പക്ഷേ രണ്ടു വർഷങ്ങൾക്കുശേഷം, പൊർ
ക്ക്യാസ് ഫെസ്തൊസ് ദേശാധിപതിയായി.
ഫേലിക്സ് സ്ഥാനമൊഴിഞ്ഞു. എന്നാൽ യെ
ഹൂദരെ പ്രീണിപ്പിക്കുന്നതിനായി ഫേലിക്സ്
പൌലൊസിനെ ജയിലിലടച്ചിട്ടാണ് പോയത്.

കൈസറിനെ കാണാൻ പൌലൊസ് അനുമതി തേടുന്നു

25 ഗവർണറായതിനു മൂന്നു മാസങ്ങൾക്കു
ശേഷം ഫെസ്തൊസ് കൈസര്യായിൽ
നിന്നും യെരൂശലേമിലേക്കു പോയി. 2മഹാപു
രോഹിതരും യെഹൂദനേതാക്കളും പൌലൊസി
നെതിരെ ഫെസ്തൊസിനു മുന്നിൽ ആരോപ
ണങ്ങളുന്നയിച്ചു. 3തങ്ങൾക്കായി എന്തെങ്കിലും
ചെയ്യാൻ അവർ ഫെസ്തൊസിനോടഭ്യർ
ത്ഥിച്ചു; പൌലൊസിനെ യെരൂശലേമിലേക്കു
മടക്കി അയയ്ക്കണമെന്നതായിരുന്നു അവരുടെ
ആവശ്യം. മാർഗ്ഗമദ്ധ്യേ പൌലൊസിനെ പതി
യിരുന്നു വധിക്കാനായിരുന്നു അവരുടെ പരി
പാടി. 4എന്നാൽ ഫെസ്തൊസ് മറുപടി പറ
ഞ്ഞു, "ഇല്ല! പൌലൊസിനെ കൈസര്യായിൽ
തന്നെ താമസിപ്പിക്കും. ഞാൻ നേരിട്ടു കൈസ
ര്യായിൽ ഉടൻ പോകും. 5നിങ്ങളുടെ നേതാക്ക
ളിൽ ചിലർ എൻെറകൂടെ വന്ന് ഇയാൾ എന്തെ
ങ്കിലും തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ കുറ്റാരോ
പണം നടത്തട്ടെ." 6ഫെസ്തൊസ് എട്ടുപത്തു
ദിവസങ്ങൾകൂടി യെരൂശലേമിൽ തങ്ങി. എന്നി
ട്ടവൻ കൈസര്യയിലേക്കു മടങ്ങി. പിറ്റേന്നു
പൌലൊസിനെ തൻെറ മുമ്പിൽ ഹാജരാക്കു

വാക്യങ്ങൾ 6-8 ചില ഗ്രീക്കുപതിപ്പുകളിൽ 6ബി-8എ
കൂടിയുണ്ട്: "ഞങ്ങൾക്ക് ഞങ്ങളുടെ നിയമങ്ങളുപ
യോഗിച്ച് അവരുടെ വിധിനടത്തണം. 7എന്നാൽ
ശതാധിപനായ ലുസിയാ സ്വരികയും വളരെ
ബലംപ്രയോഗിച്ച് അവനെ ഞങ്ങളിൽനിന്നും
കൊണ്ടുപോകുകയും ചെയ്തു. 8ഞങ്ങളെ പഴിക്കു
ന്നതിന് അയാൾ തൻെറ ആളുകളെ അങ്ങയുടെയ
ടുത്തേക്കു പറഞ്ഞയയ്ക്കുകയും ചെയ്തു.

വാൻ ഫെസ്തൊസ് ഭടന്മാരോടു കല്പിച്ചു.
ഫെസ്തൊസ് നീതിപീഠത്തിലിരുന്നു. 7പൌ
ലൊസ് മുറിയിലേക്കുവന്നു. യെരൂശലേമിൽ
നിന്നും വന്ന യെഹൂദർ അവനു ചുറ്റുംകൂടി.
പൌലൊസ് വളരെ ഗൌരവമായ കുറ്റങ്ങൾ ചെ
യ്തിട്ടുണ്ടെന്നവർ ആരോപിച്ചു. എന്നാൽ അവ
യിലൊന്നുപോലും തെളിയിക്കാൻ അവർക്കാ
യില്ല. 8തൻെറ ന്യായവാദം പൌലൊസ് ഇങ്ങ
നെയാണവതരിപ്പിച്ചത്: "ഞാൻ യെഹൂദന്യായ
പ്രമാണത്തിനോ, ദൈവാലയത്തിനോ, കൈ
സറിനോ എതിരായി ഒരു തെറ്റും ചെയ്തിട്ടില്ല."

9എന്നാൽ ഫെസ്തൊസ് യെഹൂദരുടെ പക്ഷ
മായിരുന്നു. അതിനാൽ അയാൾ പൌലൊസി
നോടു ചോദിച്ചു, "നിനക്കു യെരൂശലേമിലേ
ക്കു പോകണോ? അവിടെ ഞാൻ നിൻെറ
ന്യായവിധി നടത്തണമോ?"

10പൌലൊസ് പറഞ്ഞു, "കൈസറിൻെറ
ന്യായപീഠത്തിൻെറ മുമ്പിലാണു ഞാനിപ്പോൾ
നിൽക്കുന്നത്. ഇവിടെയാണു ഞാൻ വിധിയ്ക്ക
പ്പെടേണ്ടത്! ഞാൻ യെഹൂദർക്കെതിരെ തെറ്റൊ
ന്നും ചെയ്തിട്ടില്ലെന്ന സത്യം അങ്ങയ്ക്കു നന്നാ
യി അറിയാവുന്നതാണ്. 11ഞാൻ തെറ്റെന്തെ
ങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ന്യായപ്രമാണം
ആവശ്യപ്പെടുന്നപ്രകാരം വധശിക്ഷയ്ക്കു വി
ധേയനാകാൻപോലും ഞാൻ തയ്യാറാണ്. എനി
ക്കതിൽനിന്നും ഒഴിഞ്ഞു മാറാനാവില്ല.
എന്നാൽ ഈ ആരോപണങ്ങൾ സത്യമല്ലെങ്കിൽ
എന്നെ ഈ യെഹൂദർക്ക് ഒറ്റിക്കൊടുക്കാൻ ആർ
ക്കും കഴികയില്ല. ഇല്ല! കൈസർ എൻെറമേൽ
വിചാരണ നടത്തണമെന്നാണെൻെറ ആഗ്ര
ഹം." 12ഫെസ്തൊസ് തൻെറ ഉപദേഷ്ടാക്കളു
മായി ഇതു ചർച്ച ചെയ്തു. അപ്പോൾ അവർ
പറഞ്ഞു, "കൈസറിൻെറ അടുത്തു വിചാരണ
ആവശ്യപ്പെട്ടിരിക്കുന്നതിനാൽ നീ അവിടേക്കു
തന്നെ പോവുക."

പൌലൊസിനെപ്പറ്റി ഫെസ്തൊസ് അഗ്രിപ്പാരാജാവിനോട് ചോദിക്കുന്നു

13ഏതാനും ദിവസങ്ങൾക്കു ശേഷം അഗ്രിപ്പാ
രാജാവും ബെർന്നിക്കയും കൈസര്യായിൽ
ഫെസ്തൊസിനെ സന്ദർശിക്കാനെത്തി. 14അ
വരവിടെ വളരെ ദിവസങ്ങൾ തങ്ങി. ഫെ
സ്തൊസ് രാജാവിനോടു പൌലൊസിൻെറ
കാര്യം പറഞ്ഞു, "ഫേലിക്സ് തടവറയിലിട്ട
ഒരാൾ ഇവിടെയുണ്ട്. 15ഞാൻ യെരൂശലേമിലേ
ക്കുപോയപ്പോൾ അവിടെയുള്ള മഹാപുരോ
ഹിതരും ജനത്തിൻെറ മൂപ്പന്മാരും അവനെതിരെ
ആരോപണങ്ങളുന്നയിച്ചു. അവനെ വധശിക്ഷ
യ്ക്കു വിധിക്കാൻ അവർ എന്നോടാവശ്യപ്പെട്ടു.
16പക്ഷേ ഞാൻ മറുപടി പറഞ്ഞു, 'ഒരാളിൽ
തെറ്റുകൾ ആരോപിക്കപ്പെട്ടാൽ അയാളുടെ
മേൽ വിധിയ്ക്കുന്നതിന് മറ്റുള്ളവരെ ഏല്പി
ക്കുക റോമാക്കാരുടെ പതിവല്ല. ആദ്യം ആരോപ
ണം നടത്തുന്നവനുമായി അയാൾ മുഖാമുഖം
വാദിക്കണം. അതിനുശേഷം അവന് സ്വന്തം
ന്യായങ്ങൾ നിരത്താൻ അവസരം കൊടുക്ക
ണം.' 17അതിനാൽ ഈ യെഹൂദർ വിചാരണ
നടത്തുന്നതിന് ഇവിടെ കൈസര്യയിലെത്തി.
ഞാൻ സമയം പാഴാക്കിയുമില്ല. പിറ്റേന്ന് ഞാൻ
ന്യായാസനത്തിലിരുന്ന് അയാളെ കൊണ്ടുവ
രാൻ ആജ്ഞാപിച്ചു. 18യെഹൂദർ എഴുന്നേറ്റുനി
ന്ന് അവനിൽ കുറ്റാരോപണം നടത്തി. എന്നാൽ
അത്ര മോശമായ കുറ്റങ്ങളൊന്നും അവർ ആരോ
പിച്ചില്ല. അവരങ്ങനെ ചെയ്യുമെന്നായിരുന്നു
ഞങ്ങൾ കരുതിയത്. 19അവർ പറഞ്ഞ തർക്ക
ങ്ങൾ അവരുടെ മതത്തെയും യേശു എന്നൊരു
വനെയും മാത്രം പറ്റിയായിരുന്നു, യേശു മരിച്ചു.
പക്ഷേ പൌലൊസ് പറയുന്നു അവൻ ഇപ്പോ
ഴും ജീവിച്ചിരിക്കുന്നുവെന്ന്. 20ഇക്കാര്യത്തെപ്പറ്റി
എനിക്കധികമൊന്നും അറിവില്ലാത്തതിനാൽ
ഞാൻ പിന്നെ അധികം ചോദ്യം ചെയ്തില്ല.
എങ്കിലും ഞാൻ പൌലൊസിനോടു ചോദി
ച്ചു, 'നിനക്കു യെരൂശലേമിലേക്കുപോയി അവി
ടെവച്ചു ഈ കാര്യങ്ങളെപ്പറ്റി വിധിക്കപ്പെടണ
മെന്നുണ്ടോ?' 21എന്നാൽ കൈസര്യയിൽ തന്നെ
സൂക്ഷിക്കപ്പെടണമെന്നായിരുന്നു അവൻെറ
അഭ്യർത്ഥന. ചക്രവർത്തിയുടെ തീരുമാനമായി
രുന്നു അവൻ ആവശ്യപ്പെടുന്നത്. അതിനാൽ
റോമയിൽ കൈസറിൻെറ സമക്ഷത്തേക്ക് അവ
നെ എനിക്കയയ്ക്കാൻ കഴിയുംവരെ അവനെ
തടവിൽ സൂക്ഷിക്കാൻ ഞാൻ ഉത്തരവിട്ടു."

22അഗ്രിപ്പാ ഫെസ്തൊസിനോടു പറഞ്ഞു,
"എനിക്കയാളുടെ വാക്കുകൾ കേൾക്കാൻ താല്പ
ര്യമുണ്ട്."

ഫെസ്തൊസ് പറഞ്ഞു, "നാളെയാകട്ടെ.
അങ്ങയ്ക്കവനെ ശ്രവിക്കാം!"

23പിറ്റേന്ന് അഗ്രിപ്പായും ബെർന്നിക്കയും
പ്രത്യക്ഷപ്പെട്ടു. അവർ വളരെ പ്രധാനപ്പെട്ട
മനുഷ്യരെപ്പോലെ വസ്ത്രം ധരിയ്ക്കുകയും നട
ക്കുകയും ചെയ്തിരുന്നു. അഗ്രിപ്പായും ബെർ
ന്നിക്കയും ശതാധിപന്മാരും കൈസര്യായിലെ
മുഖ്യന്മാരും ന്യായാസനമുറിയിലേക്കു കയറി.
പൌലൊസിനെ അകത്തേക്കു കൊണ്ടുവരാൻ
ഫെസ്തൊസ് ഭടന്മാരോടു കല്പിച്ചു. 24ഫെ
സ്തൊസ് പറഞ്ഞു, "അഗ്രിപ്പാരാജാവും ഇവി
ടെ കൂടിയിരിക്കുന്ന നിങ്ങൾ എല്ലാവരും ഈ
മനുഷ്യനെ നോക്കിയാലും. ഇവിടെയും യെരൂ
ശലേമിലുമുള്ള എല്ലാ യെഹൂദരും ഇയാളെപ്പറ്റി
എന്നോടു പരാതിപ്പെട്ടിട്ടുണ്ട്. അവരൊക്കെ
അവനെ കൊല്ലണമെന്നു വിളിച്ചുകൂവി. 25എ
ന്നാൽ അവനിൽ തെറ്റൊന്നും കാണാൻ എനി
ക്കുകഴിഞ്ഞില്ല. അവനെ കൊല്ലാനുത്തരവി
ടാൻ ഞാനൊരു കാരണവും കാണുന്നില്ല.
പക്ഷേ കൈസർ തൻെറ ന്യായവിധി നടത്ത
ണമെന്നും അവൻ ആവശ്യപ്പെട്ടു. അതിനാൽ
അവനെ റോമിലേക്ക് അയയ്ക്കാൻ ഞാൻ തീരു
മാനിച്ചു. 26എന്നാൽ ഇയാളെക്കുറിച്ച് കൈസ
റോട് എന്തുപറയണമെന്നും സത്യത്തിൽ എനി
ക്കറിയില്ല. അതിനാൽ ഞാനിവനെ നിങ്ങളുടെ
മുമ്പിൽ, പ്രത്യേകിച്ചും അഗ്രിപ്പാരാജാവേ
അങ്ങയുടെ മുമ്പിൽ, കൊണ്ടുവന്നിരിക്കുന്നു.
അങ്ങയ്ക്ക് ഇവനെ ചോദ്യം ചെയ്യുവാനും കൈ
സരിനു ഞാൻ കൊടുക്കേണ്ട മറുപടി പറഞ്ഞു
തരാനും കഴിയുമെന്ന് ഞാൻ കരുതുന്നു. 27ഒരു
തടവുപുള്ളിയെ വ്യക്തമായ ആരോപണങ്ങ
ളില്ലാതെ കൈസറിനു മുന്നിലേക്കയയ്ക്കുന്നത്
വിഡ്ഢിത്തമാണെന്ന് എനിക്കറിയാം."

പൌലൊസ് അഗ്രിപ്പാരാജാവിൻെറ മുമ്പിൽ

26 അഗ്രിപ്പാ പൌലൊസിനോടു പറഞ്ഞു,
"നിനക്കിനി നിൻെറ വാദങ്ങൾ ഉന്നയി
ക്കാം."

അപ്പോൾ പൌലൊസ് തൻെറ കൈ ഉയർ
ത്തിയിട്ട് സംസാരിക്കുവാൻ തുടങ്ങി. 2അവൻ
പറഞ്ഞു, "അഗ്രിപ്പാരാജാവേ, യെഹൂദർ എനി
ക്കെതിരായി ഉന്നയിച്ച എല്ലാ ആരോപണങ്ങൾ
ക്കും ഞാൻ മറുപടി പറയാം. ഇന്ന് അങ്ങയുടെ
മുമ്പിൽനിന്ന് ഇങ്ങനെ ചെയ്യുവാൻ ഒരവസരം

കിട്ടിയത് ഒരനുഗ്രഹമായി ഞാൻ കരുതുന്നു.
3യെഹൂദരുടെ എല്ലാ ആചാരങ്ങളെപ്പറ്റിയും
അവരുടെ വിവാദങ്ങളെപ്പറ്റിയും നല്ല അറിവു
ള്ളവനായ അങ്ങയോട് സംസാരിക്കുവാൻ
എനിക്ക് അതിയായ സന്തോഷമുണ്ട്. ദയവായി
ക്ഷമാപൂർവ്വം ഞാൻ പറയുന്നത് ശ്രദ്ധിച്ചാലും.
4"എന്റെ മുഴുവൻ ജീവിതത്തെപ്പറ്റിയും
എല്ലാ യെഹൂദർക്കുമറിയാം. ഞാൻ എന്റെ
സ്വന്തം രാജ്യത്തും പിന്നീട് യെരൂശലേമിലും
ആദ്യംമുതൽ സ്വീകരിച്ച മാർഗ്ഗത്തെപ്പറ്റിയും
അവർക്കറിയാം. **5**വളരെക്കാലമായി ഈ യെഹൂ
ദർക്കും എന്നെ അറിയാം. അവർക്കു വേണമെ
ങ്കിൽ ഞാനൊരു നല്ല പരീശനാണെന്ന് പറ
യാം. മറ്റേതൊരു യെഹൂദവിഭാഗത്തെക്കാളും മത
കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയുള്ളവരാണല്ലോ
പരീശന്മാർ. **6**ഞങ്ങളുടെ പിതാക്കന്മാരോട്
ദൈവം നടത്തിയ വാഗ്ദാനത്തിൽ ഉള്ള പ്രതീ
ക്ഷമൂലമാണ് ഞാനിപ്പോൾ വിചാരണ ചെയ്യ
പ്പെടുന്നത്. **7**നമ്മുടെ ഇടയിലെ പന്ത്രണ്ടു ഗോ
ത്രങ്ങളും പ്രത്യാശിക്കുന്ന വാഗ്ദാനമാണത്. ഈ
പ്രത്യാശയ്ക്കായി യെഹൂദർ ദൈവത്തെ രാപ്പ
കൽ ആരാധിക്കുന്നു. എന്റെ രാജാവേ ഇതേ
വാഗ്ദാനത്തെപ്പറ്റി ഞാൻ പ്രതീക്ഷിക്കുന്നതു
കൊണ്ടാണ് ഈ യെഹൂദർ എന്നിൽ ആരോപ
ണം ഉന്നയിക്കുന്നത്! **8**എന്തുകൊണ്ടാണ് ദൈവം
മനുഷ്യരെ മരണത്തിൽനിന്നും ഉയിർപ്പിക്കും
എന്നു നിങ്ങൾ വിശ്വസിക്കാത്തത്?
9"ഞാനൊരു പരീശനായിരുന്നപ്പോൾ നസ
റായനായ യേശുവിനെതിരെ എനിക്കു പലതും
ചെയ്യേണ്ടതുണ്ടെന്ന് ഞാൻ വിശ്വസിച്ചിരുന്നു.
10യെരൂശലേമിൽ വിശ്വാസികൾക്കെതിരെ
ഞാൻ പലതും പ്രവർത്തിക്കുകയും ചെയ്തു.
വിശ്വാസികളെ തടവിലിടുന്നതിനുള്ള അധി
കാരം മഹാപുരോഹിതന്മാർ എനിക്കു തരിക
യുംചെയ്തു. യേശുവിന്റെ ശിഷ്യന്മാർ ഓരോ
രുത്തരായി കൊല്ലപ്പെടവേ അതൊക്കെ നല്ല
കാര്യങ്ങളാണെന്നു ഞാൻ സമ്മതിച്ചു. **11**ഓരോ
യെഹൂദപ്പള്ളിയിലും ഞാനവരെ ശിക്ഷിച്ചു.
യേശുവിനെ തിരായി അസഭ്യം പറയുന്നതിന്
ഞാനവരെ പ്രേരിപ്പിച്ചു. അവർക്കെതിരെ മറ്റു
നഗരങ്ങളിൽ ചെന്നുപോലും ഉപദ്രവിക്കുവാൻ
തക്ക കലിയായിരുന്നു എനിക്ക്.

യേശുവിനെ കാണുന്നതി നെപ്പറ്റി പൌലൊസ്

12"ഒരു തവണ പുരോഹിതമുഖ്യന്മാർ ദമ
സ്ക്കൊസിലേക്ക് പോകുന്നതിന് എനിക്ക്
അനുമതിയും അധികാരവും നൽകി. **13**ഞാൻ
ദമസ്ക്കൊസിലേക്കു പോകുകയായിരുന്നു.
നേരം ഉച്ചയായി. ഞാൻ ആകാശത്ത് ഒരു പ്രകാ
ശം കണ്ടു. അതു സൂര്യനേക്കാൾ തീഷ്ണമായി
രുന്നു. എനിക്കും എന്നോടൊപ്പം സഞ്ചരിച്ചിരു
ന്നവർക്കും ചുറ്റും ആ പ്രകാശം തിളങ്ങി. **14**ഞങ്ങ
ളെല്ലാം നിലംപതിച്ചു. അപ്പോൾ യെഹൂദഭാഷ
യിൽ ഒരശരീരി എന്നോടു സംസാരിക്കുന്നതാ
യി ഞാൻ കേട്ടു. 'ശൌൽ, ശൌൽ, നീയെന്തി
നാണ് എന്നെ പീഡിപ്പിക്കുന്നത്? എന്നോട്
ഏറ്റുമുട്ടിക്കൊണ്ട് നീ സ്വയം മുറിവുകൾ ഉണ്ടാ
ക്കുകയാണ്.' **15**ഞാൻ പറഞ്ഞു, 'കർത്താവേ
ആരാണു നീ?' കർത്താവ് പറഞ്ഞു, 'ഞാൻ
യേശുവാകുന്നു. നീ പീഡിപ്പിക്കുന്നതു എന്നെ
യാണ്. **16**എഴുന്നേൽക്കൂ! ഞാൻ നിന്നെ എന്റെ
ദാസനായി തെരഞ്ഞെടുത്തിരിക്കുന്നു. നീ
എന്റെ സാക്ഷിയാകും. ഇന്നു നീ എന്നെപ്പറ്റി
കാണുന്നതും ഞാൻ നിനക്കു കാട്ടിത്തരുന്നതു
മായ കാര്യങ്ങളെല്ലാം നീ ആളുകളോടു പറയും.
അതുകൊണ്ടാണു ഞാനിന്നു നിന്റെയടുത്തേ
ക്കു വന്നത്.
17'നിന്റെ സ്വന്തം ആളുകൾ നിന്നെ മുറിവേ
ല്പിക്കാൻ ഞാനനുവദിക്കില്ല. ജാതികളിൽനി
ന്നും ഞാൻ നിന്നെ സംരക്ഷിക്കും. ഞാൻ ഈ
ജനങ്ങൾക്കിടയിലേക്കു നിന്നെ അയയ്ക്കുന്നു.
18നീ അവർക്കുസത്യം കാണിച്ചു കൊടുക്കണം.
അവർ ഇരുട്ടിൽനിന്നും പ്രകാശത്തിലേക്കുതിരി
യണം. അവർ സാത്താന്റെ ശക്തിയിൽനിന്നും
ദൈവത്തിലേക്കു തിരിയണം. അപ്പോൾ അവ
രുടെ പാപങ്ങൾ പൊറുക്കപ്പെടും. എന്നിൽ
വിശ്വസിക്കുംവഴി വിശുദ്ധരാക്കപ്പെട്ടവരോട്
അവർക്കു പങ്കുവയ്ക്കുവാനും കഴിയും.'"

തന്റെ ജോലിയെപ്പറ്റി പൌലൊസ്

19പൌലൊസ് തന്റെ വാക്കുകൾ തുടർന്നു,
"അഗ്രിപ്പാരാജാവേ, ഈ സ്വർഗ്ഗീയദർശനം
ഞാൻ അനുസരിച്ചു. **20**മാനസാന്തരപ്പെട്ട് ദൈ
വത്തിങ്കലേക്കുതിരിയാൻ ഞാൻ ജനങ്ങളോടു
പറഞ്ഞു തുടങ്ങി. തങ്ങളുടെ മാനസാന്തര
ത്തിനു തെളിവു നൽകാൻ തക്ക പ്രവൃത്തികൾ
ചെയ്യുവാനും ഞാൻ പറഞ്ഞു. ദമസ്ക്കൊസു
കാരോടാണ് ഞാനിതാദ്യമായി പറഞ്ഞത്.
പിന്നീട് യെരൂശലേമിലേക്കും തുടർന്ന് യെഹൂ
ദ്യയിലെ എല്ലാ പ്രദേശങ്ങളിലും ഞാൻ അവി
ടുത്തുകാരോട് ഇക്കാര്യങ്ങൾ പറഞ്ഞു. ജാതിക
ൾക്കിടയിലും ഞാൻ പോയി. **21**അതിനാലാണ്
ദൈവാലയത്തിൽവച്ച് യെഹൂദർ എന്നെ പിടി
കൂടിയതും ദൈവാലയത്തിൽ വച്ച് തന്നെ കൊ
ല്ലാൻ ശ്രമിക്കുന്നതും. **22**പക്ഷേ ദൈവം എന്നെ
സഹായിച്ചു. ഇന്നും സഹായിച്ചുകൊണ്ടിരിക്കു
ന്നു. ദൈവത്തിന്റെ സഹായത്തോടെയാണ്
ഞാനിന്നിവിടെ നിൽക്കുന്നതും ഞാൻ കണ്ട
കാര്യങ്ങളൊക്കെ ജനങ്ങളോടു പറയുന്നതും.
പക്ഷേ ഞാൻ പുതിയതായി ഒന്നും പറയുന്നി
ല്ല. സംഭവിക്കുമെന്ന് മോശെയും പ്രവാചകരും
പ്രവചിച്ച അതേ കാര്യങ്ങൾ മാത്രം ഞാൻ
പറയുന്നു. **23**ക്രിസ്തു മരിക്കുമെന്നും മരണത്തി
ൽനിന്നും ഉയിർത്തെഴുന്നേൽക്കുന്ന ആദ്യത്തെ
ആളാകുമെന്നുമാണ് അവർ പറഞ്ഞത്. യെഹൂദ
ർക്കും ജാതികൾക്കുമിടയിലേക്ക് ക്രിസ്തു പ്രകാ
ശംകൊണ്ടുവരുമെന്ന് മോശെയും പ്രവാചകരും
പറഞ്ഞു."

അഗ്രിപ്പായെ പൌലൊസ് പ്രേരിപ്പിക്കുന്നു

24ഇങ്ങനെ സ്വന്തം വാദഗതികൾ പൌലൊ
സ് അവതരിപ്പിക്കവേ, ഫെസ്തൊസ് അലറി,
"പൌലൊസേ, നിനക്കു വട്ടാണ്! നിന്റെ അറി
വ് നിന്നെ ഭ്രാന്തനാക്കിയിരിക്കുന്നു!"
25പൌലൊസ് പറഞ്ഞു, "അതിശ്രേഷ്ഠനായ
ഫെസ്തൊസ്, എനിക്കുഭ്രാന്തില്ല. ഞാൻ പറ
ഞ്ഞതൊക്കെ സമചിത്തതയോടെയുള്ള സത്യ
മാകുന്നു. ഞാൻ പറഞ്ഞതൊന്നും വിഡ്ഢിത്ത
മല്ല; ഗൗരവത്തോടെയാണിതു പറയുന്നത്. **26**അ
ഗ്രിപ്പാരാജാവിന് ഇതേപ്പറ്റിയെല്ലാം അറിയാം.
അദ്ദേഹം ഇതേപ്പറ്റിയൊക്കെ കേട്ടിട്ടുണ്ടെന്ന്
എനിക്കറിയാം. എന്തെന്നോ? എല്ലാവരും കാൺ
കെയാണ് ഇതെല്ലാം സംഭവിച്ചത്. **27**അഗ്രിപ്പാ
രാജാവേ, പ്രവാചകരെഴുതിയതൊക്കെ അങ്ങു
വിശ്വസിക്കുന്നുവോ? അങ്ങു വിശ്വസിക്കുന്നു
വെന്ന് എനിക്കറിയാം!"

28അഗ്രിപ്പാരാജാവ് പൌലൊസിനോടു ചോ
ദിച്ചു, "എന്നെ വളരെ എളുപ്പത്തിൽ ഒരു ക്രി
സ്ത്യാനിയാകാൻ പ്രേരിപ്പിക്കാമെന്നു നിങ്ങൾ
കരുതുന്നുവോ?"
29പൌലൊസ് പറഞ്ഞു, "അതത്ര എളുപ്പമാ
ണോ വിഷമമാണോ എന്നത് പ്രശ്നമല്ല. ഇന്ന്
എൻെറ വാക്കുകൾ കേൾക്കുന്ന ഓരോരുത്തരും
രക്ഷിക്കപ്പെടുവാനും അവരെല്ലാം ഈ ചങ്ങല
കളൊഴികെ എന്നെപ്പോലെയാകണമെന്നും
ഞാൻ പ്രാർത്ഥിക്കുന്നു!"
30അഗ്രിപ്പാരാജാവും ഗവർണ്ണർ ഫെസ്തൊ
സും ബെർന്നിക്കയും അവരോടൊപ്പമുണ്ടായി
രുന്ന എല്ലാവരും എഴുന്നേറ്റ് 31അവിടംവിട്ടു
പോയി. അവർ പരസ്പരം സംസാരിക്കുന്നു
ണ്ടായിരുന്നു. അവർ പറഞ്ഞു, "ഈ മനുഷ്യനെ
വധിയ്ക്കുകയോ തടവിലാക്കുകയോ പാടില്ല;
വധശിക്ഷയോ ജയിൽശിക്ഷയോ അർഹിക്കു
ന്ന ഒന്നും അവൻ ചെയ്തിട്ടില്ല." 32അഗ്രിപ്പാ
ഫെസ്തൊസിനോടു പറഞ്ഞു; "നമുക്കിയാളെ
വിട്ടയയ്ക്കാമായിരുന്നു; പക്ഷേ കൈസറെ
കാണണമെന്നാണിയാളുടെ ആവശ്യം."

പൌലൊസ് റോമയിലേക്കു കപ്പൽ കയറുന്നു

27 നമ്മൾ കടൽമാർഗ്ഗം ഇതല്യെക്കു പോക
ണമെന്നാണു തീരുമാനിച്ചിരിക്കുന്നത്.
ശതാധിപനായ യൂലിയൊസ് പൌലൊസിനും
മറ്റു ചിലതടവുകാർക്കും കാവൽനിന്നു. ചക്ര
വർത്തിയുടെ സൈന്യത്തിൽ അംഗമായിരുന്നു
യൂലിയോസ്. 2ഞങ്ങൾ ഒരു കപ്പലിൽ കയറി
യാത്രചെയ്തു. ആ ഗ്രാമത്തിൽനിന്നും ആസ്യ
യിലെ പല ഭാഗങ്ങളിലേക്കും പോകുന്ന കപ്പ
ലായിരുന്നു അത് അരിസ്തർഹൊസും ഞങ്ങ
ളോടൊത്തുണ്ടായിരുന്നു. മക്കെദോന്യയിലെ
തെസ്സലൊനിക്യക്കാരനായിരുന്നു അയാൾ. 3പി
റ്റേന്നു ഞങ്ങൾ സീദോൻനഗരത്തിലേക്കു വന്നു.
പൌലൊസിനെ സംബന്ധിച്ചിടത്തോളം യൂ
ലിയൊസ് നല്ലവനായിരുന്നു. സുഹൃത്തുക്കളെ
സന്ദർശിക്കാനുള്ള സ്വാതന്ത്ര്യം അയാൾ പൌ
ലൊസിനു നൽകിയിരുന്നു. ആ സുഹൃത്തുക്കൾ
പൌലൊസിൻെറ ആവശ്യങ്ങൾ നിറവേറ്റിയി
രുന്നു.
4ഞങ്ങൾ സീദോൻ വിട്ടു. കാറ്റ് ഞങ്ങൾക്കു
പ്രതികൂലമായിരുന്നതിനാൽ ഞങ്ങൾ കുപ്രൊ
സ്ദ്വീപിലേക്കു പോയി. 5കിലിക്യ, പംഫുല്യ
എന്നിവിടങ്ങളിലൂടെ ഞങ്ങൾ കടന്നു. പിന്നീട്
ഞങ്ങൾ ലുക്കിയായിലെ മുറായിൽ എത്തി.
6അവിടെ അലക്സെന്ത്രിയായിൽനിന്നുള്ള ഒരു
കപ്പൽ ശതാധിപൻ കണ്ടെത്തി. അത്, ഇതെ
ല്യയിലേക്കു പോവുകയായിരുന്നതിനാൽ
അയാൾ ഞങ്ങളെ അതിൽ കയറ്റി.
7ഞങ്ങൾ വളരെ പതുക്കെ അനേക ദിവസം
യാത്രചെയ്തു. കാറ്റ് പ്രതികൂലമായിരുന്നതി
നാൽ ക്നീദോനിൽ എത്തുന്നതിന് ഞങ്ങൾ
വളരെ ക്ലേശിച്ചു. ഈ വഴിക്ക് ഞങ്ങൾക്ക് അധി
കം യാത്ര ചെയ്യാനായില്ല. അതിനാൽ ഞങ്ങൾ
ശൽമോനിനടുത്തുള്ള ക്രേത്തദ്വീപിൻെറ തെ
ക്കുവശത്തുകൂടി യാത്ര ചെയ്തു. 8തീരത്തിനടു
ത്തൂടെയുള്ള ഞങ്ങളുടെ യാത്ര ദുഷ്കരമായി
രുന്നു. പിന്നീട് ഞങ്ങൾ 'ശുഭതുറമുഖം' എന്ന
സ്ഥലത്തെത്തി. ലസയ്യാനഗരം അതിനടുത്താ
യിരുന്നു.
9പക്ഷേ ഞങ്ങൾക്കു വളരെയധികം സമയം
നഷ്ടപ്പെട്ടു. ഇപ്പോൾ കടൽയാത്ര വളരെ അപ
കടമായി. കാരണം യെഹൂദരുടെ ഉപവാസ
ദിനം കഴിഞ്ഞിരുന്നു. അതിനാൽ പൌലൊസ്
അവരെ താക്കീതു ചെയ്തു. 10"മനുഷ്യരേ, ഈ
യാത്ര പ്രയാസകരമാകുന്നു എന്നു എനിക്കു
കാണാൻ കഴിയുന്നു. കപ്പലും അതിലെ സാമാ
നങ്ങളും നഷ്ടമാകും. നമ്മുടെ ജീവൻപോലും
നഷ്ടപ്പെട്ടേക്കാം." 11എന്നാൽ കപ്പിത്താനും
കപ്പലുടമയും അതംഗീകരിച്ചില്ല. അതിനാൽ
ശതാധിപൻ പൌലൊസിനെ വിശ്വസിച്ചു
മില്ല. പകരം, കപ്പിത്താൻെറയും കപ്പലുടമയു
ടെയും വാക്കുകളാണയാൾ വിശ്വസിച്ചത്. 12ആ
തുറമുഖമാകട്ടെ ശൈത്യകാലത്ത് അധികദിവ
സം തങ്ങാൻ പറ്റിയതുമല്ല. അതിനാൽ കപ്പൽ
ആ സ്ഥലം വിടണമെന്ന് അധികം പേരും
നിശ്ചയിച്ചു. ഫൊയ്നീക്യയിൽ എത്തിപ്പെടാ
മെന്നവർ പ്രതീക്ഷിച്ചു. തണുപ്പുകാലം അവി
ടെ കഴിക്കാമെന്നവർ കരുതി. തെക്കു പടിഞ്ഞാ
റേക്കും, വടക്കു പടിഞ്ഞാറേക്കും തിരിഞ്ഞുള്ള
ക്രേത്തദ്വീപിലെ തുറമുഖമാണ് ഫൊയ്നീക്യ.

കൊടുങ്കാറ്റ്

13അപ്പോൾ തെക്കുനിന്നൊരു നല്ല കാറ്റുവീ
ശാൻ തുടങ്ങി. കപ്പലിലുണ്ടായിരുന്നവർ അ
പ്പോൾ പറഞ്ഞു, "ആ കാറ്റാണു നമുക്കുവേ
ണ്ടത്. ഇപ്പോഴതു കിട്ടി." അതിനാൽ അവർ
നങ്കൂരം വലിച്ചു. ക്രേത്തദ്വീപിനു വളരെ അടു
ത്തേക്കു ഞങ്ങൾ സഞ്ചരിയ്ക്കുകയും ചെയ്തു.
14എന്നാൽ അപ്പോൾ തന്നെ ദ്വീപു മുറിച്ചു
കൊണ്ട് "തെക്കുകിഴക്കൻ" എന്നു പേരായ അതി
ശക്തമായൊരു കാറ്റും വീശി. 15ആ കാറ്റ് കപ്പലി
നെ ദൂരേക്കു എടുത്തുകൊണ്ടു പോയി. കപ്പലി
ന് കാറ്റിനെതിരെ സഞ്ചരിക്കാനായില്ല. അതി
നാൽ ഞങ്ങൾ ആ ശ്രമം നിർത്തിയിട്ട് കാറ്റിനൊ
പ്പിച്ചു സഞ്ചരിച്ചു. 16ഞങ്ങൾ ക്ലൌദ എന്നൊരു
ദ്വീപിൻെറ അരികുപറ്റി സഞ്ചരിച്ചു. അപ്പോൾ
രക്ഷാവഞ്ചി കപ്പലിലേക്കെടുക്കുവാൻ ഞങ്ങൾ
വളരെ പണിപ്പെട്ടു. 17രക്ഷാവഞ്ചി കപ്പലിലേ
ക്കെടുത്തതിനു ശേഷം ആളുകൾ കയറുകൊണ്ടു
കപ്പൽ വലിച്ചുകെട്ടി സുരക്ഷിതമാക്കി. സുവർ
ത്തീസിലെ മണൽത്തിട്ടയിൽ കപ്പൽ ഉറയ്ക്കു
മെന്ന് അവർ ഭയന്നു. അതിനാലവർ പായ
താഴ്ത്തിക്കെട്ടി കപ്പലിനെ സ്വതന്ത്രമാക്കി.
18പിറ്റേന്ന് കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ
അവർ ചില സാധനങ്ങളെടുത്ത് പുറത്തേക്കെ
റിഞ്ഞു. 19പിറ്റേന്ന് അവർ കപ്പലിലെ ഉപകര
ണങ്ങൾ പുറത്തേക്കെറിഞ്ഞു. 20പല ദിവസങ്ങ
ളോളം തങ്ങൾക്കു സൂര്യനെയോ നക്ഷത്രങ്ങളെ
യോ കാണാൻ കഴിഞ്ഞില്ല. കൊടുങ്കാറ്റ് അത്ര
ഭീകരമായിരുന്നു. ജീവനോടെ ഇരിക്കാമെന്ന
എല്ലാപ്രതീക്ഷകളും ഞങ്ങൾക്കു നഷ്ടപ്പെട്ടു.
മരിക്കേണ്ടിവരുമെന്ന് ഞങ്ങൾ കരുതി.
21വളരെ നേരത്തേക്ക് അവർ ഒന്നും കഴിച്ചില്ല.
ഒരു ദിവസം പൌലൊസ് അവരുടെ മുമ്പിൽ
എഴുന്നേറ്റുനിന്നു പറഞ്ഞു, "കൂട്ടരേ, ക്രേത്തിൽ
നിന്നും പുറപ്പെടരുതെന്ന് ഞാൻ പറഞ്ഞിരുന്നു.
നിങ്ങളത് ചെവിക്കൊള്ളണമായിരുന്നു. എങ്കിൽ
നിങ്ങൾക്ക് ഈ കുഴപ്പങ്ങളും നഷ്ടങ്ങളും ഉണ്ടാ
കുമായിരുന്നില്ല. 22എന്നാൽ ഞാൻ നിങ്ങളോടു
പറയുന്നു, സന്തുഷ്ടരായി ഇരിക്കുവിൻ. നിങ്ങ
ളിലാർക്കും മരിക്കേണ്ടിവരില്ല. പക്ഷേ കപ്പൽ
നമുക്കു നഷ്ടപ്പെടും. 23കഴിഞ്ഞരാത്രി ദൈവ
ത്തിൽ നിന്നൊരു ദൂതൻ എൻെറയടുത്തേക്കു
വന്നു. ഞാൻ നമസ്കരിക്കുന്ന ദൈവത്തിൽ
നിന്ന്. ഞാൻ അവൻേറതാകുന്നു! 24ദൈവത്തി
ൻെറ ദൂതൻ പറഞ്ഞു, 'പൌലൊസേ ഭയപ്പെ

ടേണ്ട! നീ കൈസറിനുമുമ്പിൽ നിൽക്കും.
ദൈവം നിനക്ക് ഈ വാഗ്ദാനം തന്നിട്ടുമുണ്ട്.
നിന്നോടൊപ്പം കപ്പലിൽ വരുന്നവരുടെയെല്ലാം
ജീവൻ അവൻ നിനക്കുവേണ്ടി രക്ഷിക്കും.’
25അതുകൊണ്ട് കൂട്ടരേ, സന്തോഷിക്കുവിൻ!
ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. അവന്റെ
ദൂതൻ എന്നോടു പറഞ്ഞതുപോലെയെല്ലാം
സംഭവിക്കും. **26**എന്നാൽ നമ്മൾ ഒരു ദ്വീപിൽ
ചെന്നിടിക്കും.”

27പതിനാലാം രാത്രിയിൽ ഞങ്ങൾ അദ്രിയ
കടലിലൂടെ സഞ്ചരിക്കുകയായിരുന്നു. ഞങ്ങൾ
കരയോടടുത്തുവെന്ന് കപ്പൽ ജോലിക്കാർ കരു
തി. **28**അവർ ഒരറ്റത്തു ഭാരം കെട്ടിയ ഒരു കയർ
കടലിലേക്കിട്ടു. അവിടെ നൂറ്റിയിരുപതടി ആഴ
ത്തിൽ വെള്ളമുണ്ടായിരുന്നെന്നവർ കണ്ടു.
അവർ അല്പംകൂടി മുമ്പോട്ടേക്കു ചെന്ന് കയർ
വീണ്ടും എറിഞ്ഞു. അപ്പോൾ തൊണ്ണൂറു അടി
യായിരുന്നു ആഴം. **29**ഞങ്ങൾ പാറകളിന്മേൽ
ചെന്നിടിക്കുമെന്ന് ജോലിക്കാർ കരുതി. അതി
നാലവർ നാലു നങ്കൂരങ്ങൾ വെള്ളത്തിലേക്കി
ട്ടു. എന്നിട്ടവർ പകൽ വെളിച്ചത്തിനായി പ്രാർ
ത്ഥിച്ചു. **30**ഏതാനും ജോലിക്കാർ കപ്പൽ വിട്ടു
പോകാനൊരുങ്ങി. അവർ രക്ഷാവഞ്ചി വെള്ള
ത്തിലിറക്കി. അവർ കൂടുതൽ നങ്കൂരങ്ങൾ കപ്പ
ലിന്റെ മുൻഭാഗത്തുനിന്നും വെള്ളത്തിലേക്കി
ടുകയാണെന്നു ഭാവിച്ചു. **31**എന്നാൽ പൌലൊ
സ് ശതാധിപനോടും മറ്റു ഭടന്മാരോടും പറ
ഞ്ഞു, “ഇവർ കപ്പലിൽ തങ്ങിയില്ലെങ്കിൽ നിങ്ങ
ളുടെ ജീവനും രക്ഷപ്പെടുകയില്ല.” **32**അതുകൊ
ണ്ട് ഭടന്മാർ കയറുകൾ മുറിയ്ക്കുകയും രക്ഷാവ
ഞ്ചി വെള്ളത്തിലേക്കിടുകയും ചെയ്തു.

33നേരം വെളുക്കുംമുമ്പ് എന്തെങ്കിലും ആഹാ
രം കഴിയ്ക്കാൻ പൌലൊസ് ജനങ്ങളെ നിർ
ബന്ധിച്ചു. അവൻ പറഞ്ഞു, “കഴിഞ്ഞ രണ്ടാ
ഴ്ചകളായി നിങ്ങൾ ആകാംക്ഷാഭരിതരായിട്ടി
രിക്കുകയായിന്നു. നിങ്ങളൊന്നും കഴിച്ചിട്ടുമില്ല.
34ഇപ്പോഴെന്തെങ്കിലും കഴിയ്ക്കുവാൻ ഞാൻ
നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്കു ജീവൻ
നിലനിർത്തണമല്ലോ. ആരുടെയും ഒരു മുടി
പോലും നഷ്ടപ്പെടുകയില്ല.” **35**അവനിതു പറ
ഞ്ഞതിനുശേഷം ഏതാനും അപ്പമെടുത്ത് അതി
നു ദൈവത്തോടു നന്ദി പറഞ്ഞു. അവൻ ഒരു
കഷണം മുറിച്ചെടുത്ത് തിന്നുതുടങ്ങി. **36**എല്ലാ
വരും സന്തുഷ്ടരായി. അവരെല്ലാം ആഹാരം
കഴിച്ചു തുടങ്ങി. **37**ഞങ്ങളെല്ലാവരും കൂടി ഇരു
നൂറ്റിയെഴുപ ത്തിയാറു പേരുണ്ടായിരുന്നു. **38**ആ
വശ്യമുള്ളത്ര ഞങ്ങൾ തിന്നു. എന്നിട്ട് മിച്ചമുള്ള
ധാന്യം കടലിലേക്കെറിഞ്ഞ് അവർ കപ്പലി
ന്റെ ഭാരം കുറച്ചു തുടങ്ങി.

കപ്പൽ നശിപ്പിക്കപ്പെട്ടു

39നേരം പുലർന്നപ്പോൾ അവർ കരകണ്ടു.
പക്ഷേ അതു ഏതു സ്ഥലമാണെന്നവർക്കു മന
സ്സിലായില്ല. അവർ ഒരു ഉൾക്കടലും തീരവും
കണ്ടു. കഴിയുമെങ്കിൽ കപ്പൽ തീരത്തടുപ്പിക്കു
വാൻ അവർ ആഗ്രഹിച്ചു. **40**നങ്കൂരത്തെ താങ്ങി
നിർത്തിയിരുന്ന കയറുകൾ അവർ മുറിയ്ക്കു
കയും ചെയ്തു. എന്നിട്ടവർ മുന്നിലത്തെ പായ
നിവർത്തി തീരത്തേക്കു കപ്പലോടിച്ചു.
41പക്ഷേ കപ്പലൊരു മണൽത്തിട്ടയിലിടിച്ചു.
കപ്പലിന്റെ മുൻഭാഗം അതിൽ ഉറച്ചു. കപ്പലിന്
അനങ്ങാൻ കഴിഞ്ഞില്ല അപ്പോൾ വലിയ
തിരമാലകൾ വന്ന് കപ്പലിന്റെ പിൻഭാഗത്തെ
കഷണങ്ങളായി തകർത്തു.

42തടവുകാർ ആരും നീന്തി രക്ഷപ്പെടാതിരി
ക്കാൻ ഭടന്മാർ അവരെ കൊല്ലാൻ തീരുമാനിച്ചു.
43പക്ഷേ ശതാധിപൻ പൌലൊസിനെ കൊ
ല്ലാതിരിക്കാൻ ആഗ്രഹിച്ചു. അതിനാൽ അയാൾ
മറ്റു തടവുകാരെ വധിക്കാൻ അനുവദിച്ചില്ല.
നീന്തലറിയാവുന്നവർ ആദ്യം വെള്ളത്തിൽ
ചാടി നീന്തി കരയിലേക്കു പോകുവാൻ യൂലി
യൊസ് ജനങ്ങളോടു പറഞ്ഞു. **44**ചിലർ മരക്ക
ഷണങ്ങളും കപ്പലിന്റെ തകർന്ന ഭാഗങ്ങളും
ഉപയോഗിച്ച് കരയിലേക്കു നീന്തി. അങ്ങനെ
എല്ലാവരും കരയ്ക്കടുത്തു. ആരും മരണമട
ഞ്ഞില്ല.

പൌലൊസ് മെലിത്ത ദ്വീപിൽ

28 കരയിലേക്കു രക്ഷപ്പെട്ടു കഴിഞ്ഞപ്പോൾ
അതു മെലിത്താദ്വീപാണെന്നു ഞങ്ങൾ
ക്കു മനസ്സിലായി. **2**അപ്പോൾ മഴ പെയ്തിരുന്ന
തുകൊണ്ട് നല്ല തണുപ്പായിരുന്നു. എന്നാൽ
അവിടെ താമസിച്ചിരുന്നവർ ഞങ്ങളോടു വള
രെ കരുണകാട്ടി. അവർ ഞങ്ങൾക്കായി തീ
കൂട്ടുകയും ഞങ്ങളെ ക്ഷണിയ്ക്കുകയും ചെ
യ്തു. **3**പൌലൊസ് ഒരു വലിയകൂമ്പാരം വിറകു
സംഭരിച്ചു. അവൻ ഓരോ വിറകും തീയിലിട്ടു.
ഒരു വിഷപ്പാമ്പ് തീയുടെ ചൂടുമൂലം പുറത്തേ
ക്കുവന്നു പൌലൊസിന്റെ കൈയ്യിൽ കടിച്ചു.
4പാമ്പ് പൌലൊസിന്റെ കയ്യിൽ തൂങ്ങിക്കിട
ക്കുന്നത് നാട്ടുകാർ കണ്ടു. അവർ പറഞ്ഞു,
“ഈ മനുഷ്യൻ ഒരു കൊലയാളിയായിരിക്കണം!
കടലിൽ വച്ചയാൾ മരിച്ചില്ല. എങ്കിലും അവൻ
ജീവനോടിരിക്കാൻ നീതി അനുവദിക്കുന്നില്ല.”
5പക്ഷേ പൌലൊസ് പാമ്പിനെ കുടഞ്ഞു തീ
യിലേക്കിട്ടു. അവനു മുറിവേറ്റിരുന്നില്ല. **6**അയാ
ൾക്കു നീരുവരുമെന്നും പെട്ടെന്നു താഴെ വീണു
മരിക്കുമെന്നും അവർ കരുതി. അവർ വളരെ
നേരം പൌലൊസിനെ നിരീക്ഷിച്ചെങ്കിലും
അയാൾക്കു കുഴപ്പമൊന്നും സംഭവിച്ചില്ല. അതി
നാൽ പൌലൊസിനോട് അവർക്കുണ്ടായിരുന്ന
അഭിപ്രായം മാറി. അവർ പറഞ്ഞു, “അവൻ
ഒരു ദൈവമാണ്!”

7ആ പ്രദേശത്തു കുറച്ചു കൃഷിഭൂമിയുണ്ടായി
രുന്നു. പുബ്ലിയൊസ് എന്നുപേരായ വളരെ
പ്രധാനപ്പെട്ട ഒരാളുടേതായിരുന്നു ആ കൃഷി
യിടം. അയാൾ ഞങ്ങളെ തന്റെ വീട്ടിലേക്കു
ക്ഷണിച്ചു. പുബ്ലിയൊസ് ഞങ്ങളോടു വളരെ
കാരുണ്യം കാട്ടി. ഞങ്ങൾ മൂന്നുദിവസം അയാ
ളുടെ വീട്ടിൽ തങ്ങി. **8**പുബ്ലിയൊസിന്റെ
അപ്പൻ ഒരു ശയ്യാവലംബിയായ രോഗിയായി
രുന്നു. പനിയും വയറുകടിയും അദ്ദേഹത്തെ
ബാധിച്ചിരുന്നു. പൌലൊസ് അദ്ദേഹത്തിന്റെ
അടുത്തു ചെന്ന് അദ്ദേഹത്തിനുവേണ്ടി പ്രാർ
ത്ഥിച്ചു. തന്റെ കൈകൾ അദ്ദേഹത്തിന്റെ
മേൽവച്ച് പൌലൊസ് ആ മനുഷ്യന്റെ രോഗം
ഭേദമാക്കി. **9**അതിനുശേഷം ആ ദ്വീപിലെ എല്ലാ
രോഗികളും പൌലൊസിന്റെയടുത്തെത്തി.
അവരെയൊക്കെ പൌലൊസ് സുഖപ്പെടുത്തു
കയും ചെയ്തു. **10-11**ദ്വീപുവാസികൾ ഞങ്ങളെ
പല വിധത്തിൽ സഹായിച്ചു. ഞങ്ങളവിടെ
മൂന്നുമാസം താമസിച്ചു. ഞങ്ങൾ അവിടംവിട്ടു
പോകാറായപ്പോൾ അവർ ഞങ്ങൾക്കുവേണ്ട
തെല്ലാം തന്നു.

പൌലൊസ് റോമയിലേക്കു പോകുന്നു

ഞങ്ങൾ അലക്സന്ത്രിയായിൽനിന്നും കപ്പൽ
കയറി. ആ കപ്പൽ ശീതകാലത്ത് മെലിത്തയിൽ

നങ്കൂരമിട്ടിരുന്നതായിരുന്നു. ഇരട്ടദേവന്മാരുടെ
ചിഹ്നം കപ്പലിന്റെ മുമ്പിൽ വരച്ചിരുന്നു.
12ഞങ്ങൾ കപ്പൽ സുറാക്കൂസിൽ അടുപ്പിച്ചു.
അവിടെ മൂന്നുദിവസം തങ്ങിയതിനുശേഷം
ഞങ്ങൾ യാത്രതുടർന്നു. **13**പിന്നീട് ഞങ്ങൾ
രെഗ്യൊനിലെത്തി. അടുത്ത ദിവസം തെക്കു
പടിഞ്ഞാറുനിന്ന് ഒരു കാറ്റ് അടിയ്ക്കാൻ തുട
ങ്ങി. അതിനാൽ ഞങ്ങൾക്കു പിറ്റേന്ന് പുത്യൊ
ലിൽ എത്താൻ കഴിഞ്ഞു. **14**അവിടെ ഞങ്ങൾ
ഏതാനും സഹോദരന്മാരെ കണ്ടെത്തി. അവർ
ഞങ്ങളെ ഒരാഴ്ച അവിടെ തങ്ങാൻ ക്ഷണിച്ചു.
അവസാനം ഞങ്ങൾ റോമയിലേക്കു വന്നു. **15**ഞ
ങ്ങളെത്തിയ വിവരം റോമയിലെ വിശ്വാസി
കൾ അറിഞ്ഞു. അവർ അപ്പിയൂസിലെ ചന്ത
യിലും മൂന്നു സത്രങ്ങളിലും ഞങ്ങളെ കാണാ
നെത്തി. അവരെ കണ്ടപ്പോൾ പൌലൊസിനു
ധൈര്യമായി. അവർ ദൈവത്തോടു നന്ദി പറ
ഞ്ഞു.

പൌലൊസ് റോമയിൽ

16പിന്നീട് ഞങ്ങൾ റോമയിലേക്കുപോയി.
അവിടെ പൌലൊസിനെ ഒറ്റയ്ക്കു താമസി
ക്കാൻ അനുവദിച്ചു. എങ്കിലും ഒരു ഭടൻ അവനു
കാവലുണ്ടായിരുന്നു.
17മൂന്നു ദിവസങ്ങൾ കഴിഞ്ഞ് പൌലൊസ്
ഏറ്റവും പ്രധാനപ്പെട്ട യെഹൂദരിൽ ചിലരെ
വിളിച്ചുകൂട്ടി. പൌലൊസ് പറഞ്ഞു, "എന്റെ
യെഹൂദസഹോദരന്മാരേ, ഞാൻ നമ്മുടെ ആളു
കൾക്കു വിരുദ്ധമായി ഒന്നും ചെയ്തിട്ടില്ല. നമ്മു
ടെ പൂർവ്വികരുടെ ആചാരങ്ങളെയും ഞാൻ
നിഷേധിച്ചിട്ടില്ല. എന്നാലും യെരൂശലേമിൽ
എന്നെ തടവുകാരനാക്കി റോമാക്കാർക്കു നൽക
പ്പെട്ടു. **18**റോമാക്കാർ എന്നെ വിചാരണ
ചെയ്തു. എന്നാൽ എന്നെ കൊല്ലാൻ ഒരു കാര
ണവും അവർക്കു കണ്ടുപിടിക്കാനായില്ല. അതി
നാലവർക്കു എന്നെ സ്വതന്ത്രനാക്കണമായിരു
ന്നു. **19**പക്ഷേ എന്റെയാളുകൾ, അതിഷ്ടപ്പെ
ട്ടില്ല. അതിനാൽ കൈസർ വിചാരണ നടത്ത
ണമെന്ന് ഞാൻ ആവശ്യപ്പെട്ടു. എന്നാൽ യെ
ഹൂദർ എന്തെങ്കിലും തെറ്റു ചെയ്തതായി
ഞാൻ പറയുന്നില്ല. **20**അതിനാലാണ് ഞാൻ
നിങ്ങളെ കണ്ട് ഇതൊക്കെ പറയാൻ ആഗ്രഹി
ച്ചത്. യിസ്രായേലിന്റെ പ്രതീക്ഷയെച്ചൊല്ലി
യാണ് ഞാൻ ഈ ചങ്ങലയാൽ ബന്ധിക്കപ്പെ
ട്ടിരിക്കുന്നത്."
21യെഹൂദർ പൌലൊസിനോടു മറുപടി പറ
ഞ്ഞു, "യെഹൂദ്യയിൽനിന്നും നിന്നെപ്പറ്റി ഒരു
കത്തും ഞങ്ങൾക്കു ലഭിച്ചിട്ടില്ല. അവിടെനിന്നും
വന്ന ഒരു യെഹൂദസഹോദരനും നിന്നെപ്പറ്റി
ഒന്നും പറയുകയോ കുറ്റപ്പെടുത്തുകയോ ചെ
യ്തിട്ടില്ല. **22**ഞങ്ങൾക്കു നിന്റെ ആശയങ്ങൾ
കേൾക്കണം. എല്ലായിടവും എല്ലാവരും ഈ സം
ഘത്തിനെതിരെ സംസാരിക്കുന്നുവെന്നു ഞങ്ങ
ൾക്കറിയാം."
23പൌലൊസും യെഹൂദരും യോഗം ചേരാൻ
ഒരു ദിവസം നിശ്ചയിച്ചു. ആ ദിവസം വളരെ
അധികം യെഹൂദർ അവൻ വസിക്കുന്ന വീട്ടിൽ
ചെന്ന് അവനെ കണ്ടു. പൌലൊസ് അവരോ
ടെല്ലാം ദിവസം മുഴുവൻ സംസാരിച്ചു. ദൈവ
രാജ്യത്തെപ്പറ്റി അവൻ അവർക്കു വിശദീകരി
ച്ചുകൊടുത്തു. യേശുവിൽ വിശ്വസിക്കാൻ
പൌലൊസ് അവരെ പ്രേരിപ്പിച്ചു. അതിനാ
യി മോശെയുടെ ന്യായപ്രമാണവും പ്രവാചക
രുടെ വചനങ്ങളും ഉപയോഗിച്ചു. **24**പൌലൊ
സ് പറഞ്ഞത് ചിലർ സ്വീകരിക്കുകയും മറ്റു
ചിലർ നിരാകരിക്കുകയും ചെയ്തു. **25**അവർ
ക്കൊരു ന്യായമുണ്ടായിരുന്നു. യെഹൂദർ പോ
കാനൊരുങ്ങവേ പൌലൊസ് അവരോടു പറ
ഞ്ഞു: "പരിശുദ്ധാത്മാവ് യെശയ്യാപ്രവാചക
നിലൂടെ നിങ്ങളുടെ പിതാക്കന്മാരോട് സത്യമാ
യതു പറഞ്ഞു. അവൻ പറഞ്ഞു:

26'നീ ചെന്ന് ഈ ആളുകളോട് പറയുക:
നിങ്ങൾ ശ്രദ്ധിച്ചുകേൾക്കും, പക്ഷേ നിങ്ങൾ
മനസ്സിലാക്കില്ല! നിങ്ങൾനോക്കിക്കാണും,
പക്ഷേ നിങ്ങൾ കാണുന്നതു മനസ്സിലാക്കാനാ
വില്ല. **27**അതെ, ഈ ആളുകളുടെ ഹൃദയങ്ങൾ
കഠിനമായിരിക്കുന്നു. ഇവർക്കു ചെവിയുണ്ടെ
ങ്കിലും ഇവർ കേൾക്കുന്നില്ല. ഇവർ സത്യം
കാണാൻ മടിക്കുന്നു. അതിനാൽ ഇവർ കണ്ണുക
ൾകൊണ്ട് കാണുന്നില്ല, ചെവികൾകൊണ്ട്
കേൾക്കുന്നില്ല, ഒന്നും മനസ്സിലാക്കുന്നുമില്ല.
ഇവരെ സുഖപ്പെടു ത്താൻ എന്നിലേക്കു തിരി
യുന്നുമില്ല.'

യെശയ്യാവ് 6:9-10

28"അതുകൊണ്ട് ദൈവത്തിന്റെ രക്ഷയെ
ജാതികളിലേക്കയച്ചിരിക്കുന്നുവെന്ന് നിങ്ങളെ
അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ
ശ്രദ്ധിക്കും." **29***
30പൌലൊസ് രണ്ടുവർഷം ആ വാടകവീ
ട്ടിൽ താമസിച്ചു. തന്നെ കാണാനെത്തിയവരെ
യൊക്കെ അവൻ സ്വീകരിച്ചു. **31**ദൈവരാജ്യ
ത്തെപ്പറ്റി പൌലൊസ് പ്രസംഗിച്ചു. കർത്താ
വായ യേശുക്രിസ്തുവിനെപ്പറ്റി അവൻ പഠി
പ്പിച്ചു. അവൻ വളരെ ധൈര്യത്തോടെ ചെയ്ത
ഈ പ്രവൃത്തികൾ തടയാൻ ആരും ശ്രമിച്ചുമില്ല.

വാക്യം 29 പ്രവ.യുടെ ചില പിൽക്കാലപതിപ്പുക
ളിൽ വാക്യം 29ൽ ഇത്രയും കൂടിയുണ്ട്. "അവൻ
ഇങ്ങനെ പറഞ്ഞ ശേഷം, തമ്മിൽ വലിയതർക്കം
ഉണ്ടായി, യെഹൂദർ അവിടം വിട്ടു പോയി."

റോമർക്ക് എഴുതിയ ലേഖനം

1 ക്രിസ്തുയേശുവിന്റെ ദാസനായ പൌ
ലൊസ് എഴുതുന്നത്. എന്നെ ഒരു അപ്പൊ
സ്തലനാകാൻ ദൈവം വിളിച്ചു. ദൈവത്തി
ന്റെ സുവിശേഷം എല്ലാ ജനങ്ങളെയും അറി
യിക്കുവാൻ എന്നെ തിരഞ്ഞെടുത്തു.
2ദൈവം പ്രവാചകരിലൂടെ ഈ സുവി
ശേഷം അവന്റെ ജനങ്ങൾക്കു നൽകാൻ വളരെ
പണ്ടു തന്നെ വാഗ്ദാനം ചെയ്തിരുന്നു. **3**തിരു
വെഴുത്തുകളിൽ ആ വാഗ്ദാനമാണ് രേഖപ്പെടു
ത്തിയിട്ടുള്ളത്. **4**ദൈവത്തിന്റെ പുത്രനും
നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ
ക്കുറിച്ചുള്ളതാണ് ആ സുവിശേഷം. ദാവീ
ദിന്റെ കുടുംബത്തിലാണ് ഒരു വ്യക്തിയെന്ന
നിലയിൽ അവൻ ജനിച്ചത്. പക്ഷേ യേശു
ദൈവപുത്രനാണെന്ന് പരിശുദ്ധാത്മാവിലൂടെ
സ്പഷ്ടമാക്കി. മരണത്തിൽനിന്നും ഉയർ
ത്തിയ ശക്തിമത്തായ പ്രവർത്തനം വഴി,
അവൻ ദൈവപുത്രനാണെന്നു വെളിവായിരി
ക്കുന്നു. **5**ദൈവം ക്രിസ്തുവിലൂടെ, ഒരു അപ്പൊ
സ്തലന്റെ ജോലിയെനിക്കു നൽകി. സകല
രാജ്യങ്ങളിലുമുള്ള ജനങ്ങളെ ദൈവ വിശ്വാസ
ത്തിലേക്കും ദൈവവിധേയത്വത്തിലേക്കും നയി
ക്കാൻവേണ്ടിയാണ് ദൈവം എന്നെ ജോലി
ഏല്പിച്ചത്. ഞാനാകട്ടെ ക്രിസ്തുവിനുവേണ്ടി
ഈ പ്രവൃത്തി ചെയ്യുന്നു. **6**റോമിലുള്ള
നിങ്ങളും, യേശു ക്രിസ്തുവിന്റേതാകാൻ
ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു.
7തന്റെ വിശുദ്ധജനമാകാൻ വേണ്ടി ദൈവം
വിളിച്ചിരിക്കുന്ന റോമിലെ എല്ലാ ജനങ്ങൾക്കും
വേണ്ടിയുള്ളതാണ് ഈ കത്ത്. ദൈവം സ്നേ
ഹിക്കുന്ന ജനങ്ങളാണ് നിങ്ങൾ. നമ്മുടെ പിതാ
വായ ദൈവത്തിന്റെയും കർത്താവായ യേശു
ക്രിസ്തുവിന്റെയും കൃപയും സമാധാനവും
നിങ്ങൾക്ക് ലഭിക്കുമാറാകട്ടെ!

ഒരു കൃതജ്ഞതാ പ്രാർത്ഥന

8നിങ്ങൾക്കെല്ലാവർക്കുംവേണ്ടി യേശുക്രി
സ്തുവിലൂടെ എന്റെ ദൈവത്തിന് ഞാനാ
ദ്യമായി നന്ദി പറയുന്നു. നിങ്ങളുടെ വിശ്വാസ
ത്തെപ്പറ്റി സമസ്തലോകവും വിളംബരം ചെ
യ്യുന്നതിനാൽ ഞാൻ ദൈവത്തോടു നന്ദി
പറയുന്നു. **9-10**ഞാൻ പ്രാർത്ഥിക്കുമ്പോഴെല്ലാം
നിങ്ങളെ ഓർമ്മിക്കും. ഇതു സത്യമാണെന്നു
ദൈവത്തിനറിയാം. അവന്റെ പുത്രന്റെ
സുവിശേഷത്തെപ്പറ്റി ജനങ്ങളെ ഉദ്ബോധി
പ്പിച്ചു കൊണ്ടാണ് ഞാൻ എന്റെ ആത്മാവിൽ
ദൈവത്തെ ആരാധിക്കുന്നത്. നിങ്ങളുടെ അടു
ത്ത് എത്താനുള്ള അനുമതിക്കായി ഞാൻ പ്രാർ
ത്ഥിക്കുന്നു. ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ
അതു സംഭവിക്കും. **11**നിങ്ങളെ കാണാൻ ഞാൻ
അതിയായി ആഗ്രഹിക്കുന്നു. നിങ്ങളെ ശക്ത
രാക്കാൻ ചില ആത്മീയവരം നൽകാൻ എനി
ക്കാഗ്രഹമുണ്ട്. **12**നമുക്ക് ഓരോരുത്തർക്കുമുള്ള
വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നാം
പരസ്പരം സഹായിക്കണമെന്ന ആഗ്രഹമാണ്
ഞാനിവിടെ ലക്ഷ്യമാക്കുന്നത്. **13**സഹോദരീ
സഹോദരന്മാരേ, നിങ്ങളുടെ സമീപമെത്താൻ
ഞാൻ പലതവണ ഒരുങ്ങിയതാണ് എന്ന കാര്യം
നിങ്ങളറിയണമെന്നു ഞാൻ ആശിക്കുന്നു.
എന്നാൽ നിങ്ങളുടെ അടുത്തുവരാൻ എനിക്ക്
അനുമതി ലഭിച്ചില്ല. ആത്മീയ അഭിവൃദ്ധിയ്ക്ക്
നിങ്ങളെ സഹായിക്കണമെന്നുള്ളതുകൊണ്ട് അ
വിടെ വരാൻ ഞാനാഗ്രഹിക്കുന്നു. ശേഷം ജാതി
കളെ സഹായിച്ചതുപോലെ നിങ്ങളെയും
സഹായിക്കാൻ ഞാനാഗ്രഹിക്കുന്നു.
14എനിക്ക് യവനന്മാരോടും യവനന്മാരല്ലാ
ത്തവരോടും വിജ്ഞാനികളോടും ഭോഷന്മാ
രോടും എല്ലാവരോടും കടപ്പാടുണ്ട്. **15**അതുകൊ
ണ്ടാണ് റോമയിലുള്ള നിങ്ങളോടും സുവി
ശേഷം പ്രസംഗിക്കുവാൻ ഞാനാഗ്രഹിക്കുന്നത്.
16സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജ
യില്ല, എന്തുകൊണ്ടെന്നാൽ വിശ്വസിക്കുന്ന
എല്ലാവർക്കും, ആദ്യം യെഹൂദനും പിന്നെ ജാതി
കൾക്കും രക്ഷിക്കപ്പെടുവാൻ ദൈവം ഉപയോ
ഗിക്കുന്ന ശക്തിയാണത്. **17**ദൈവം ജനങ്ങളെ
നീതീകരിക്കുന്നതെങ്ങനെയെന്ന് സുവിശേഷ
ത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ഈ നീതീ
കരണത്തിനുള്ള വഴി ആദിമുതൽ അവസാനം
വരെ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരി
ക്കുന്നു. തിരുവെഴുത്ത് പറയുന്നതുപോലെ, "വി
ശ്വാസത്താൽ നീതീകരിക്കപ്പെട്ടവൻ എന്നേ
ക്കും ജീവിക്കും."*

എല്ലാവരും തെറ്റു ചെയ്തു

18ദൈവകോപം സ്വർഗ്ഗത്തിൽനിന്നും വെളി
പ്പെടുത്തിയിരിക്കുന്നു. ജനങ്ങൾ ദൈവത്തിനെ
തിരായി അനുവർത്തിക്കുന്ന എല്ലാ ദുഷ്ടത
യിലും വീഴ്ചയിലും ദൈവം കോപിഷ്ടനാണ്.
അവർക്ക് സത്യം അറിയാമെങ്കിലും അവരുടെ
ദുഷ്ടജീവിതം സത്യത്തെ മറയ്ക്കുന്നു. **19**ദൈവ
ത്തെപ്പറ്റി അറിയാവുന്നതെല്ലാം അവർക്ക്
വ്യക്തമായിട്ടും അവർ സത്യത്തെ മറച്ചുവയ്ക്കു
ന്നതിനാൽ ദൈവം ക്രോധം പ്രകടിപ്പിക്കുന്നു.
ദൈവം, തന്നെ സംബന്ധിച്ചതെല്ലാം അവർക്കു
മനസ്സിലാക്കി കൊടുത്തിരിക്കുന്നു.**20**നിത്യമായി
നിലനിൽക്കുന്ന ശക്തിയും ദൈവീകമഹ
ത്വവും തുടങ്ങി അദൃശ്യഗുണങ്ങളും ദൈവീക
മായ സകലതും ദൈവത്തിനുണ്ട്. പക്ഷേ, ലോ
കാരംഭം മുതൽക്കേ അത്തരം കാര്യങ്ങൾ മനുഷ്യ
ർക്ക് മനസ്സിലാക്കാൻ എളുപ്പമായിരുന്നു.
ദൈവം സൃഷ്ടിച്ച എല്ലാറ്റിനും ഇക്കാര്യങ്ങൾ
വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് തങ്ങൾ
ചെയ്യുന്ന തെറ്റുകളിൽനിന്ന് ജനങ്ങൾക്ക് ഒഴിക
ഴിവില്ല. **21**മനുഷ്യർക്ക് ദൈവത്തെ അറിയാമെ
ങ്കിലും അവർ ദൈവത്തിനു മഹത്വം കൊടുക്കു
കയോ അവനോട് നന്ദിപറയുകയോ ചെയ്തി
ല്ല. അവരുടെ ചിന്ത നിഷ്പ്രയോജനമായി.
പാപാന്ധത അവരുടെ മൂഢമനസ്സുകളിൽ നിറ
ഞ്ഞിരിക്കുന്നു. **22**അവർ ബുദ്ധിമാന്മാരാണെന്നു

"വിശ്വാസത്താൽ ... ജീവിക്കും ഉദ്ധരണി ഹബ. 2:4.

അവകാശപ്പെടുന്നെങ്കിലും മൂഢന്മാരായിരി
ക്കുന്നു. 23അനശ്വരനായ ദൈവത്തിൻെറ മഹ
ത്വം അവർ കൈവെടിഞ്ഞിരിക്കുന്നു. ഭൂവാസി
കളുടെയിടയിൽ നിർമ്മിച്ച വിഗ്രഹങ്ങളെ നമ
സ്ക്കരിക്കാൻ ആ മഹത്വത്തെ അവർ കൈമാറ്റം
ചെയ്തു. പക്ഷികളെയും നാൽക്കാലികളെയും
ഇഴജന്തുക്കളെയും പോലുള്ളവയ്ക്കായി ദൈവ
മഹത്വം വിൽക്കപ്പെട്ടു.

24ജനങ്ങളിലാകമാനം തിന്മയാണ്, തിന്മ ചെ
യ്യാൻ മാത്രമാണവരുടെ ആഗ്രഹം. അതുകൊണ്ട്
ദൈവം അവരെ ഉപേക്ഷിക്കുകയും അവരുടെ
ദുർമ്മാർഗ്ഗങ്ങളിലൂടെ പോകാൻ വിടുകയും
ചെയ്തു. അങ്ങനെ അവർ സ്വന്തം ശരീരങ്ങളെ
ലൈംഗികപാപങ്ങൾ ചെയ്തുകൊണ്ട് അധ:പ
തിപ്പിക്കുകയും ചെയ്തു. 25അവർ ദൈവത്തെ
ക്കുറിച്ചുള്ള സത്യം അസത്യത്തിനു കൈമാറ്റം
ചെയ്തു. അവർ സൃഷ്ടിക്കപ്പെട്ടതിനെ നമ
സ്ക്കരിക്കുകയും സേവിക്കുകയും ചെയ്തു.
എന്നാൽ അവർ സൃഷ്ടാവായ ദൈവത്തെ നമ
സ്ക്കരിക്കുകയോ സേവിക്കുകയോ ചെയ്തില്ല.
എന്നെന്നും ദൈവം വാഴ്ത്തപ്പെടട്ടെ! ആമേൻ.

26ഇക്കാരണത്താൽ ദൈവം അവരെ ഉപേക്ഷി
ക്കുകയും, അവർ അനുവർത്തിക്കാനാഗ്രഹിച്ച
ലജ്ജാകരമായ വികാരങ്ങളിലേക്ക് വിട്ടൊഴിയു
കയും അവരുടെ സ്ത്രീകൾ പുരുഷന്മാരുമാ
യുള്ള പ്രകൃത്യാനുസരണമായുള്ള ലൈംഗിക
വേഴ്ച മതിയാക്കി മറ്റു സ്ത്രീകളുമായി ലൈം
ഗികബന്ധം സ്ഥാപിച്ചു. 27ഇതുപോലെ പുരു
ഷന്മാർ സ്ത്രീകളുമായുള്ള നൈസർഗ്ഗീക ബ
ന്ധമുപേക്ഷിച്ച് എപ്പോഴും അവർ കാമാഗ്നി
യിൽ എരിഞ്ഞ് പരസ്പരാസക്തി പുലർത്തി.
പുരുഷന്മാർ പരസ്പരം ലജ്ജാകരമായ വേഴ്ച്ച
കളിൽ ഏർപ്പെട്ടു. അവരുടെ ദുഷ്പ്രവൃത്തികൾ
ക്കുള്ള ശിക്ഷ സ്വയം ഏറ്റുവാങ്ങുകയും
ചെയ്തു.

28ദൈവത്തെക്കുറിച്ച് സത്യസന്ധമായ അറി
വുണ്ടായിരിക്കണമെന്നത് പ്രധാനപ്പെട്ട ഒരു
കാര്യമാണെന്ന് അവർ ചിന്തിച്ചില്ല. അതു
കൊണ്ട് ദൈവം അവരെ തള്ളുകയും അവരുടേ
തായ വ്യർത്ഥചിന്തകളിൽ മുഴുകാൻ കൈവെ
ടിയുകയും ചെയ്തു. അങ്ങനെ അവർ ചെയ്യ
രുതാത്ത കാര്യങ്ങൾ ചെയ്തു. 29അവർ എല്ലാ
തരത്തിലുമുള്ള തിന്മയും ദുഷ്ടതയും സ്വാർത്ഥ
തയും ദ്വേഷവും ഉള്ളവരായിത്തീർന്നു. അവ
രിൽ അസൂയയും കൊലപാതകവും കലഹവും
വഞ്ചനയും വിദ്വേഷവും നിറഞ്ഞു നിന്നു.
30അവർ പരദൂഷണവും കുശുകുശുപ്പും നടത്തി.
അവർ ദൈവവിരോധികളും ധിക്കാരികളും ദുര
ഭിമാനികളും ആത്മപ്രശംസ നടത്തുന്നവരു
മായി ദുഷ്ടത ചെയ്യാനുള്ള വഴികൾ കണ്ടെ
ത്തി. മാതാപിതാക്കളെ അനുസരിക്കാത്തവ
രായി. 31അവർ ഭോഷന്മാർ, തങ്ങളുടെ പ്രതി
ജ്ഞ പാലിക്കാത്തവർ, അന്യരോട് ദയയോ
കാരുണ്യമോ ഇല്ലാത്തവർ. 32അവർക്ക് ദൈവ
നീതി അറിയാം. ഇത്തരം കാര്യങ്ങൾ ചെയ്യുന്ന
വർ മരണാർഹരാണെന്ന ദൈവകല്പന അവർ
ക്കറിയാം. എന്നിട്ടും അവർ തങ്ങളുടെ ദുഷ്ടകൃ
ത്യങ്ങൾ തുടരുക മാത്രമല്ല ഇത്തരം പ്രവൃത്തി
കൾ ചെയ്യുന്നവരെ ശരിവയ്ക്കുകയും
ചെയ്യുന്നു.

യെഹൂദരും പാപികളാണ്

2 മറ്റുള്ളവരെ വിധിക്കരുത്, കാരണം നിങ്ങളും
പാപം കൊണ്ട് അപരാധികളാണ്. മറ്റുള്ളവ
രെ വിധിക്കുമ്പോൾ അവർ ചെയ്യുന്ന അതേ
തെറ്റുകൾ നിങ്ങളും ചെയ്യുന്നു. അതുകൊണ്ട്
നിങ്ങൾ അവരെ വിധിക്കുമ്പോൾ യഥാർത്ഥ
ത്തിൽ നിങ്ങൾ നിങ്ങളുടെ തെറ്റിനെത്തന്നെ
യാണ് വിധിക്കുന്നത്. 2അത്തരം തെറ്റു ചെയ്യു
ന്നവരിൽ ദൈവത്തിൻെറ വിധിന്യായം പ്രവർ
ത്തിക്കുന്നത് ശരിയാണെന്ന് നമുക്കറിയാം. 3പാ
പികളെ വിധിക്കുകയും, അതേ പാപം ചെയ്യു
കയും ദൈവനീതിയെക്കുറിച്ച് അറിയുകയും
ചെയ്യുന്ന നിങ്ങൾ ദൈവത്തിൻെറ ന്യായവി
ധിയിൽനിന്ന് രക്ഷപ്പെടുമെന്ന് കരുതുന്നു
ണ്ടോ? 4ദൈവം നിങ്ങളോടു വളരെ കരുണയു
ള്ളവനാണ്. അവൻ നിങ്ങളുടെ നേർക്ക് ക്ഷമ
കാണിക്കുന്നു. നിങ്ങളുടെ മാറ്റത്തിനു വേണ്ടി
അവൻ കാത്തിരിക്കുന്നു. പക്ഷേ, നിങ്ങൾ
അവൻെറ കാരുണ്യത്തെക്കുറിച്ച് ഒട്ടും ചിന്തി
ക്കുന്നില്ല. നിങ്ങളുടെ മാനസാന്തരത്തിനു
കാത്തിരിക്കാൻ തക്കവണ്ണം അത്രമേൽ കരുണാമ
യനാണ് ദൈവം എന്ന് ഒരു പക്ഷേ നിങ്ങൾക്കറി
വില്ലായിരിക്കും. 5പക്ഷേ, നിങ്ങൾ കഠിനഹൃദ
യരും ദുശ്ശാഠ്യക്കാരുമാണ്. പ ശ്ചാത്താപത്തിനു
വിധേയരാകാൻ മടിക്കുന്നതുകൊണ്ട് നിങ്ങൾ
നിങ്ങൾക്കു ശിക്ഷ വീണ്ടും പെരുപ്പിക്കുന്നു.
ദൈവം തൻെറ കോപം വെളിവാക്കുന്ന ദിവസം
ആ ശിക്ഷ നിങ്ങൾക്കു കിട്ടുകയും ചെയ്യും.
ആ ദിവസം മനുഷ്യർ ദൈവത്തിൻെറ ശരി
യായ ന്യായവിധി കാണും. 6ഓരോ വ്യക്തിക്കും
താൻ ചെയ്തവയ്ക്കുള്ള പ്രതിഫലമോ ശിക്ഷ
യോ ദൈവം നൽകും. 7ദൈവ മഹത്വത്തിനും
കീർത്തിക്കും നിത്യജീവനും വേണ്ടി ചിലർ
ജീവിക്കും. എപ്പോഴും സൽപ്രവൃത്തികൾ നിറ
ഞ്ഞ ജീവിതത്തിനായി അവർ നിർബന്ധം
പിടിക്കും. ദൈവം അവർക്കു നിത്യജീവൻ
നൽകും. 8മറ്റു ചിലർ സ്വാർത്ഥമതികളും സത്യാ
ന്വേഷണത്തിൽ വിമുഖരുമാണ്. അവർ ദുഷ്ട
തയെ പിന്തുടരും. ദൈവം തൻെറ ശിക്ഷയും
കോപവും അവർക്കു നൽകും. 9ദുഷ്ടത ചെയ്യു
ന്ന യെഹൂദരും ജാതികളുമായ എല്ലാവർക്കും
ദൈവം പ്രശ്നങ്ങളും കഷ്ടതകളും നൽകും.
10സൽപ്രവൃത്തികളിൽ ഏർപ്പെടുന്ന യെഹൂദരും
അല്ലാത്തവരുമായ എല്ലാവർക്കും അവൻ മഹ
ത്വും ബഹുമാനവും സമാധാനവും സമ്മാനി
ക്കും. 11ദൈവം എല്ലാവരെയും പക്ഷപാതരഹി
തമായി വിധിക്കുന്നു.

12ന്യായപ്രമാണം ഉള്ളവരും അതില്ലാത്ത
വരും പാപം ചെയ്യുമ്പോൾ സമന്മാരുമാകുന്നു.
ന്യായപ്രമാണമില്ലാത്തതിനാൽ പാപം ചെയ്യു
ന്നവർ നശിക്കും. ന്യായപ്രമാണം ഉണ്ടായിട്ട്
പാപം ചെയ്യുന്നവർ ന്യായപ്രമാണം കൊണ്ട്
വിധിക്കപ്പെടും.

13ന്യായപ്രമാണത്തെപ്പറ്റിയുള്ള കേട്ടറിവ്
ആർക്കും നീതീകരിക്കപ്പെടുവാൻ സഹായകമാ
വുകയില്ല. ന്യായപ്രമാണം അനുശാസിക്കുന്ന
കാര്യങ്ങളെല്ലാം അനുസരിക്കുമെങ്കിൽ അത്
ദൈവമുമ്പാകെ നീതീകരിക്കപ്പെടുവാൻ
സഹായിക്കും. 14ജാതികൾക്ക് ആ ന്യായപ്രമാണ
മില്ല. പക്ഷേ അവർ സ്വാഭാവികമായി ന്യായ
പ്രമാണം ആവശ്യപ്പെടുമ്പോലെ പ്രവർത്തിക്കു
മ്പോൾ അവർക്കു ന്യായപ്രമാണം ഇല്ലെങ്കിലും,
അവർ തന്നെയാകും അവരുടെ ന്യായപ്രമാണം.
15തങ്ങളുടെ ഹൃദയങ്ങളിൽ നന്മ തിന്മകളെ
അവർ വിവേചിച്ചറിയുന്നത് ന്യായപ്രമാണ
ത്തിനു അനുസൃതമായ മട്ടിൽ തന്നെയാണ്.
തെറ്റും ശരിയും അവർക്ക് അനുഭവവേദ്യമാ

കുന്നവിധം അവർ പ്രകടിപ്പിക്കുന്നു. ചില
പ്പോൾ തങ്ങളുടെ പ്രവൃത്തികൾ തെറ്റാണെന്ന്
അവരുടെ മനസ്സ് മന്ത്രിക്കുകയും അങ്ങനെ അവ
ർക്ക് കുറ്റബോധം ഉളവാകുകയും ചെയ്യുന്നു.
മറ്റുചിലപ്പോൾ അവരുടെ മനസ്സ് തങ്ങളുടെ
ചെയ്തികളെ ശരിവയ്ക്കുകയും അങ്ങനെ അ
വരെ കുറ്റബോധത്തിൽനിന്നും വിമുക്തരാക്കു
കയും ചെയ്യുന്നു. **16**മനുഷ്യമനസ്സിലെ രഹസ്യ
ങ്ങളെ ദൈവം വിചാരണചെയ്യുന്ന ആ ദിവസം
ഇതെല്ലാം നടക്കും. ഞാൻ മനുഷ്യരെ അറി
യിക്കുന്ന സുവിശേഷമനുസരിച്ച് ദൈവം
ക്രിസ്തുയേശു വഴി മനുഷ്യരെ വിധിക്കും.

യെഹൂദരും ന്യായപ്രമാണവും

17നിങ്ങളുടെ കാര്യം എങ്ങനെ? നിങ്ങൾ ഒരു
യെഹൂദനാണെന്നു പറയുന്നു. നിങ്ങൾ ന്യായ
പ്രമാണത്തിൽ വിശ്വസിക്കുന്നവരും ദൈവ
ത്തോടടുത്തവരെന്നും നിങ്ങൾ പ്രശംസിക്കുന്നു.
18നിങ്ങൾ എന്തു ചെയ്യണമെന്നാണ് ദൈവം
ആവശ്യപ്പെടുന്നത് എന്നു നിങ്ങൾക്കറിയാം.
ന്യായപ്രമാണം നിർദ്ദേശിച്ചിട്ടുള്ളതിൻ പ്ര
കാരം പ്രധാനവസ്തുതകൾ നിങ്ങൾക്ക്
അറിയാം. **19**വഴിയറിയാത്തവർക്ക് ഒരു വഴികാ
ട്ടിയാണെന്നു നിങ്ങൾ സ്വയം കരുതുന്നു. പാപ
ത്തിന്റെ ഇരുട്ടിൽ അകപ്പെട്ടവർക്ക് വെളിച്ചമാ
ണെന്നും നിങ്ങൾ വിചാരിക്കുന്നു. **20**ഭോഷന്മാർ
ക്കും, എന്താണ് ശരിയെന്നു എടുത്തുകാട്ടാൻ
നിങ്ങൾക്കാകുമെന്നു നിങ്ങൾ കരുതുന്നു. പക്വ
തയില്ലാത്തവർക്കു നിങ്ങൾ അദ്ധ്യാപകനാ
ണെന്നു സ്വയം വിചാരിക്കുകയും ന്യായപ്ര
മാണം അറിയുന്നതുകൊണ്ട് എല്ലാം അറിയുന്നു
വെന്നും സത്യം പൂർണ്ണമായും തനിക്കു വെളി
പ്പെട്ടുവെന്നും നിങ്ങൾ കരുതുന്നു. **21**മറ്റുള്ളവരെ
പഠിപ്പിക്കുന്ന നിങ്ങൾക്ക് എന്തുകൊണ്ട് സ്വയം
പഠിച്ചുകൂടാ? മോഷ്ടിക്കരുതെന്നു മറ്റുള്ളവ
രോട് പറയുന്ന നിങ്ങൾ സ്വയം മോഷ്ടിക്കുന്നു.
22വ്യഭിചരിക്കരുതെന്നു അന്യരെ ഉപദേശിക്കു
ന്ന നിങ്ങൾ തന്നെ ആ പാപം ചെയ്യുന്നു. വി
ഗ്രഹങ്ങളെ വെറുക്കുന്ന നിങ്ങൾ ക്ഷേത്രങ്ങൾ
കൊള്ളയടിക്കുന്നു. **23**ദൈവത്തിന്റെ ന്യായ
പ്രമാണത്തിൽ പ്രശംസിക്കുകയും ആ ന്യായ
പ്രമാണം ലംഘിക്കുകയും ചെയ്തുകൊണ്ട്
നിങ്ങൾ ദൈവത്തിനു അപമാനം വരുത്തുന്നു.
24തിരുവെഴുത്തുകളിൽ എഴുതിയിട്ടുണ്ട്: “നി
ങ്ങൾ യെഹൂദർ മൂലം ജാതികളാൽ ദൈവം
അവമതിക്കപ്പെടുന്നു.”*

25നിങ്ങൾ ന്യായപ്രമാണം അനുസരിക്കുന്നു
വെങ്കിൽ പരിച്ഛേദന ഗുണമുണ്ട്; മറിച്ച്
നിങ്ങൾ ന്യായപ്രമാണം ലംഘിക്കുന്നുവെങ്കിൽ
ആ പരിച്ഛേദന അഗ്രചർമ്മമാകും. **26**പക്ഷേ
പരിച്ഛേന ചെയ്തിട്ടില്ലാത്ത ജാതികൾ
ന്യായപ്രമാണം അനുശാസിക്കുന്നത് ചെയ്
താൽ അവർ യഥാർത്ഥത്തിലും പരിച്ഛേദന
ചെയ്തവരാകും. **27**അഗ്രചർമ്മിയായവൻ ന്യാ
യപ്രമാണം അനുസരിക്കുന്നുവെങ്കിൽ, ന്യായ
പ്രമാണവും പരിച്ഛേദനയും ഉള്ള ന്യായപ്ര
മാണ ലംഘിയായ നിന്നെ അവൻ കുറ്റം വിധി
ക്കും.

28ശരീരം കൊണ്ടു മാത്രം യെഹൂദനായവൻ
യഥാർത്ഥത്തിൽ ഒരു യെഹൂദനല്ല. ബാഹ്യ
മായി മാത്രമുള്ളതല്ല യഥാർത്ഥ പരിച്ഛേദന.
29ആന്തരികമായും യെഹൂദനാകുന്നതോടുകൂടി
മാത്രമാണ് ഒരുവൻ യഥാർത്ഥ യെഹൂദനാകു
ന്നത്. ഹൃദയത്തിലാണ് ശരിയായ പരിച്ഛേ
ദന നടക്കേണ്ടത്. അത് എഴുതപ്പെട്ട ന്യായപ്രമാ
ണത്തിനൊത്തല്ല, ആത്മാവിലൂടെയാണ് നട
ക്കുക. ആത്മാവിലൂടെ ഹൃദയത്തിൽ പരിച്ഛേ
ദന ഏറ്റവന് മനുഷ്യരിൽനിന്നല്ല ദൈവത്തിൽ
നിന്നുമാണ് പ്രശംസ ലഭിക്കുക.

3 മറ്റുള്ളവർക്ക് ഇല്ലാത്തതായി യെഹൂദർക്ക്
എന്തു മേന്മയാണുള്ളത്? പരിച്ഛേദിത
രായി എന്നതിന് എന്തു ശ്രേഷ്ടതയുണ്ട്? **2**ഉണ്ട്,
യെഹൂദർക്ക് പല ആനുകൂല്യങ്ങളുമുണ്ട്. ഏറ്റ
വും പ്രധാനം ഇതാണ്: ദൈവം അവന്റെ
ഉപദേശങ്ങൾ യെഹൂദരെ വിശ്വസിച്ചാണ്
ഏല്പിച്ചിരിക്കുന്നത്. **3**ചില യെഹൂദർ ദൈവ
ത്തോടു വിശ്വസ്തത കാട്ടിയില്ല എന്നതു
സത്യം തന്നെ. പക്ഷെ, അത് വാഗ്ദാന പാലന
ത്തിൽനിന്നും ദൈവത്തെ മാറ്റി നിർത്തുമോ?
4ഇല്ല. എല്ലാവരും നുണയന്മാരായാലും, ദൈവം
കേവലം സത്യമായി തുടർന്നുകൊണ്ടേയി
രിക്കും. എഴുതപ്പെട്ടിരിക്കുന്നതുപോലെ,

“നിന്റെ വാക്കുകളിൽ നീ നീതികരിക്കപ്പെ
ടുകയും വിധിക്കപ്പെടുമ്പോൾ നീ വിജയിക്കു
കയും ചെയ്യട്ടെ.” *സങ്കീർത്തനങ്ങൾ 51:4*

5നാം തെറ്റു ചെയ്യുമ്പോൾ അത് ദൈവത്തി
ന്റെ നീതിയെ കൂടുതൽ വെളിപ്പെടുത്തുന്നു.
അതിനാൽ ദൈവം നമ്മെ ശിക്ഷിക്കുമ്പോൾ
അവൻ അന്യായമാണ് ചെയ്യുന്നതെന്നു പറ
യാൻ നമുക്കു സാധിക്കുമോ? (ചിലർക്ക് തോന്നി
യേക്കാവുന്ന ഒരാശയം പറഞ്ഞുവെന്നേയു
ള്ളൂ.) **6**ഇല്ല. ദൈവത്തിനു നമ്മെ ശിക്ഷിക്കാൻ
സാധിക്കില്ലെങ്കിൽ അവന് ലോകത്തെ വിധി
ക്കാനും സാധിക്കില്ല.

7ഒരുവൻ പറഞ്ഞേക്കാം “എന്റെ കാപട്യം
ദൈവത്തിന്റെ സത്യത്തെ വെളിവാക്കുന്നതി
നാൽ ഞാൻ അസത്യം പറയുമ്പോൾ അത്
ദൈവത്തിന് കൂടുതൽ മഹത്വം പ്രദാനം ചെയ്യു
ന്നു. അപ്പോൾ പിന്നെഎന്നെ ഒരു പാപിയെന്നു
എന്തിനു വിധിക്കണം?” **8**‘“നന്മ നേടാൻ വേണ്ടി
നമുക്കു പാപം ചെയ്യാം” എന്നു പറയുന്നതു
പോലെയാണിത്. ഇത്തരം കാര്യങ്ങളാണ് നാം
പഠിപ്പിക്കുന്നതെന്ന് ധാരാളം പേർ നമ്മെ വിമർ
ശിച്ചു പറയുന്നുണ്ട്. ഇങ്ങനെ പറയുന്നവർ
തെറ്റുകാർ മാത്രമല്ല, അവർ വിധിക്കപ്പെടണം.

എല്ലാവരും പപികളാണ്

9അതു കൊണ്ട് യെഹൂദരായ നാം മറ്റുള്ളവരെ
ക്കാൾ മേന്മയുള്ളവരാണോ? അല്ല. യെഹൂദരും
ജാതികളും തുല്യരാണെന്നു ഞാൻ നേരത്തേ
തന്നെ പറഞ്ഞു. എല്ലാവരും പാപികൾ തന്നെ.
10തിരുവെഴുത്തുകളിൽ പറയുന്നതുപോലെ,

“പാപമില്ലാത്തവരായി ആരുമില്ല, ആരും!
11കാര്യം ഗ്രഹിക്കുന്നവരായി ആരുമില്ല. ദൈ
വത്തെ കാണാൻ യഥാർത്ഥത്തിൽ ആഗ്രഹി
ക്കുന്നവരും ആരുമില്ല.

12എല്ലാവരും വ്യതിചലിച്ചവരും വിലകെട്ട
വരുമായി. നന്മ ചെയ്യുന്നവരായി ആരുമില്ല.
ആരും.” *സങ്കീർത്തനങ്ങൾ 14:1-3*

13“അവരുടെ കണ്ഠം ഒരു തുറന്ന ശവക്കല്ലറ
പോലെ. അവർ തങ്ങളുടെ നാവ് അസത്യവാ
ദത്തിനുപയോഗപ്പെടുത്തുന്നു.”
സങ്കീർത്തനങ്ങൾ 5:9

“നിങ്ങൾ ... അവമതിക്കപ്പെടുന്നു” ഉദ്ധരണി യെശ. 52:5,.

“അവർ പറയുന്ന കാര്യങ്ങൾ സർപ്പവിഷം
പോലെ.” *സങ്കീർത്തനങ്ങൾ 140:3*

14“അവരുടെ നാവ് നിറയെ ശാപവും വെറു
പ്പും ആണ്.” *സങ്കീർത്തനങ്ങൾ 10:7*

15“ദ്രോഹിക്കാനും കൊല്ലാനും അവർ എപ്പോ
ഴും ഒരുക്കമാണ്.
16ചെല്ലുന്നിടത്തെല്ലാം അവർ നാശവും ദു:ഖ
വും വിതയ്ക്കുന്നു.
17അവർക്ക് ശാന്തിയുടെ മാർഗ്ഗം അജ്ഞാത
മാണ്.” *യെശയ്യാവ് 59:7-8*

18“അവർക്ക് ദൈവത്തെ ഭയമോ ബഹുമാന
മോ ഇല്ല.” *സങ്കീർത്തനങ്ങൾ 36:1*

19ന്യായപ്രമാണം ഇതെല്ലാമനുശാസിക്കുന്നത്
ന്യായപ്രമാണവിധേയരായവരോടാണ്. ഇത്
എല്ലാവരെയും ഒഴികഴിവു കണ്ടെത്തുന്നതിൽ
നിന്നും തടയുകയും മുഴുവൻ ലോകത്തെയും
ദൈവവിധിക്കു വിധേയമാക്കുകയും ചെയ്യും.
20എന്തുകൊണ്ടെന്നാൽ, കേവലം നിയമം അനു
സരിക്കുന്നതു കൊണ്ടുമാത്രം ഒരുവനും ദൈവ
ത്തിൻെറ മുന്നിൽ നീതീകരിക്കപ്പെടുന്നില്ല.
ന്യായപ്രമാണം നൽകുന്നത് എന്താണ്. പാപം
എന്ന അറിവാണ്.

ദൈവം മനുഷ്യരെ എങ്ങനെ നീതീകരിക്കുന്നു

21എന്നാൽ ന്യായപ്രമാണം വഴിയല്ലാതെ മനു
ഷ്യരെ നീതീകരിക്കാൻ ദൈവത്തിന് ഒരു മാർഗ്ഗ
മുണ്ട്. ഇപ്പോൾ ആ മാർഗ്ഗമാണ് ദൈവം നമുക്കു
കാണിച്ചുതന്നിരിക്കുന്നത്. ന്യായപ്രമാണവും
പ്രവാചകരും ഈ വഴിയെക്കുറിച്ച് നമ്മോടു
പറഞ്ഞിട്ടുണ്ട്. 22ദൈവം മനുഷ്യരെ, അവർക്ക്
ക്രിസ്തുവിലുള്ള വിശ്വാസം വഴി അവനിൽ
നീതീകരിക്കുന്നു. ദൈവം ഇങ്ങനെ ചെയ്തത്
ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും
വേണ്ടിയാണ്. സകലരും സമന്മാരാണ്. 23പാപം
ചെയ്യുകമൂലം സകലരും ദൈവമഹത്വത്തിനു
നിരക്കാത്തവരായി. 24ജനങ്ങൾ ദൈവത്തിൻെറ
കരുണയാൽ നീതീകരിക്കപ്പെട്ടു. ഇതൊരു സൗ
ജന്യസമ്മാനമാണ്. യേശുക്രിസ്തുവഴി പാപ
ത്തിൽനിന്നും നാം മോചിതരായിക്കൊണ്ടിരി
ക്കുന്നതിനാൽ ദൈവം നമ്മെ നീതീകരിക്കുന്നു.
25വിശ്വാസം കൊണ്ട് മനുഷ്യരുടെ പാപങ്ങളെ
മറക്കുന്നതിനുള്ള ഒരു വഴിയായിട്ടാണ് ദൈവം
ക്രിസ്തുവിനെ നിയോഗിച്ചത്. ക്രിസ്തുവി
ൻെറ രക്തത്താലാണ് ദൈവം ഇതു ചെയ്തത്.
ദൈവം എപ്പോഴും ഉചിതവും ശരിയായതു
മാണ് ചെയ്യുന്നതെന്ന് ഇതു തെളിയിക്കുന്നു.
പണ്ടുള്ളവർ ചെയ്ത പാപത്തിന് അവരെ
ശിക്ഷിക്കാതെ ക്ഷമപാലിച്ചതുവഴി ദൈവം
തൻെറ മുൻകാല നിലപാട് ശരിയാണെന്നു
വെളിപ്പെടുത്തി. 26താൻ നീതിയുള്ളവനാ
ണെന്ന് കാണിക്കാനായി ദൈവം ഇന്നു ക്രി
സ്തുവിനെ തന്നു. ശരിയായി വിധിക്കാനും,
ക്രി സ്തുവിലുള്ള വിശ്വാസത്തിലൂടെ ദൈവ
ത്തിനു മുമ്പിൽ മനുഷ്യരെ സന്മാർഗനിരതരാ
ക്കുവാനും ദൈവം ഇത് ചെയ്തു. 27അതു
കൊണ്ട്, നാം സ്വയം പുകഴ്ത്തുന്നതിനു എന്തെ
ങ്കിലും അടിസ്ഥാനമുണ്ടോ? ഇല്ലേയില്ല. എന്തു
കൊണ്ടില്ല? വിശ്വാസത്തിൻെറ മാർഗ്ഗം എല്ലാ
ത്തരം പുകഴ്ത്തലിനെയും ഒഴിവാക്കുന്നു. പ്രവൃ
ത്തിയുടെ മാർഗ്ഗമല്ല. 28കാരണം, ഏതൊരുവനും
നീതീകരിക്കപ്പെടുന്നത് വിശ്വാസം വഴിയാണ്;
അല്ലാതെ നിയമം പാലിക്കാൻ വേണ്ടി അവൻ
ചെയ്തകാര്യങ്ങൾ വഴിയല്ല. അതാണ് നമ്മുടെ
വിശ്വാസം. 29ദൈവം യെഹൂദരുടെ മാത്രം
ദൈവമല്ല, മറ്റുള്ള രാഷ്ട്രങ്ങളുടെയും (ജാതിക
ളുടെയും) കൂടിയാണ്. 30ഒരു ദൈവമെയുള്ളൂ.
ഈ ഒരുദൈവം വിശ്വാസം വഴി യെഹൂദരെയും
വിശ്വാസം വഴി ജാതികളെയും നീതീകരിക്കും.
31അങ്ങനെയെങ്കിൽ വിശ്വാസത്തിൻെറ പാത
പിന്തുടർന്നുകൊണ്ട് ന്യായപ്രമാണത്തെ
നമുക്ക് നശിപ്പിക്കാമോ? പാടില്ല. യഥാർത്ഥ
ത്തിൽ ന്യായപ്രമാണം അനുശാസിക്കുന്നത്
വിശ്വാസത്തിലൂടെ നാം ചെയ്യുന്നുവെന്നെ
യുള്ളൂ.

അബ്രാഹാമിൻെറ മാതൃക

4 നമ്മുടെ പൂർവ്വപിതാവായ അബ്രാഹാ
മിനെക്കുറിച്ച് നമുക്കെന്തു പറയാം? വിശ്വാ
സത്തെക്കുറിച്ച് അവൻ എന്താണു മനസ്സിലാ
ക്കിയത്. 2അബ്രാഹാം അവൻെറ പ്രവൃത്തി വഴി
യാണ് നീതീകരിക്കപ്പെട്ടതെങ്കിൽ പുകഴ്ച പറ
യാൻ അവന് കാരണവുമുണ്ട്. പക്ഷേ, ദൈവ
സമക്ഷം പുകഴ്ച പറയാൻ സാധിക്കില്ല. 3തിരു
വെഴുത്തുകളിൽ കാണുന്നു, “അബ്രാഹാം ദൈ
വത്തെ വിശ്വസിച്ചു.ദൈവം അബ്രാഹാമിൻെറ
വിശ്വാസം അംഗീകരിച്ചു. ഇത് അബ്രാഹാ
മിനെ ദൈവത്തിൻെറ മുമ്പാകെ നീതീകരിച്ചു.”
4ഒരുവൻ വേലയെടുത്തതിന് അവനു നൽ
കുന്ന കൂലി ദാനമല്ല. ആ കൂലി അവന് അർ
ഹതപ്പെട്ടതാണ്. ഒരാൾക്കും അവൻെറ ന്യായീ
കരണം നേടാനൊക്കില്ല. ദൈവത്തിങ്കൽ വി
ശ്വാസമർപ്പിക്കുന്ന ആളെ ദൈവത്തിനു
മാത്രമേ ന്യായീകരിക്കാനാവൂ. ദുഷ്ടനെപ്പോ
ലും ന്യായീകരിക്കാൻ ദൈവത്തിനു കഴിയും.
5ദൈവീകമല്ലാത്തതിനെ സാധൂകരിക്കുന്ന
വനും നിഷ്ക്രിയനും എങ്കിലും ദൈവത്തിൽ
വിശ്വസിക്കുന്ന ഒരുവനെ അവൻെറ വിശ്വാ
സത്തിൻെറ അടിസ്ഥാനത്തിലാണ് നീതീകരി
ക്കുന്നത്. ദൈവമാണ് ദുഷ്ടരെപ്പോലും നീതീക
രിക്കപ്പെടാൻ അർഹരാക്കുന്നത്. 6ദാവീദ് പറ
ഞ്ഞതും ഇതു തന്നെ: ഒരുവൻെറ പ്രവൃത്തികളെ
കണക്കിലെടുക്കാതെ അവനെ നല്ലവനായി
ദൈവം സ്വീകരിക്കുമ്പോഴാണ് അവൻ സന്തു
ഷ്ടനാകുന്നത്ഃ

7“അപരാധങ്ങൾ ക്ഷമിക്കപ്പെടുകയും പാപം
മറയ്ക്കപ്പെടുകയും ചെയ്യുന്നവർ അനുഗ്രഹീ
തർ.

8പാപങ്ങൾ കണക്കിലെടുക്കാതെയുള്ള ഒരു
വനെ ദൈവം സ്വീകരിക്കുമ്പോൾ അവൻ യഥാ
ർത്ഥത്തിൽ അനുഗ്രഹീതൻ.”
സങ്കീർത്തനങ്ങൾ 32:1-2

9പരിച്ഛേദനയേറ്റവർക്കു മാത്രമേ സന്തോ
ഷത്തിനർഹതയുള്ളൂ എന്നാണോ? അതോ
അഗ്രചർമ്മികൾക്കും ഉണ്ടോ? ദൈവം അബ്രാ
ഹാമിൻെറ വിശ്വാസത്തെ അംഗീകരിക്കുകയും
ആ വിശ്വാസം അവനെ ദൈവത്തിൻെറ മു
മ്പാകെ നീതീകരിക്കുകയും ചെയ്തുവെന്ന് നാം
നേരത്തേ പറഞ്ഞുകഴിഞ്ഞു. 10അപ്പോൾ ഇതെ
ങ്ങനെ സംഭവിച്ചു. പരിച്ഛേദനയ്ക്കു മുമ്പോ
പിമ്പോ ദൈവം അബ്രാഹാമിനെ സ്വീകരി
ച്ചത്? പരിച്ഛേദനയ്ക്കു മുമ്പാണ് ദൈവം
അവനെ സ്വീകരിച്ചത്. 11ദൈവം തന്നെ
സ്വീകരിച്ചുവെന്നു വെളിപ്പെടുത്തുന്നതിനു
വേണ്ടിയാണ് അബ്രാഹാം പിന്നീട് പരിച്ഛേ

ദന നടത്തിയത്. പരിച്ഛേദന ചെയ്യുന്നതിന്
മുമ്പ് തന്നെ ദൈവം അവനെ വിശ്വാസം വഴി
ദൈവത്തിൽ നീതീകരിച്ചിരുന്നു. അതുകൊണ്ട്
പരിച്ഛേദനയില്ലാത്ത വിശ്വാസികളുടെ
പിതാവുമാണ് അബ്രാഹാം. വിശ്വാസികളെ
ദൈവത്താൽ നീതീകരിക്കപ്പെട്ടവരെപ്പോലെ
സ്വീകരിച്ചു. **12**അതുപോലെതന്നെ പരിച്ഛേ
ദിതരുടെയും പിതാവാണ് അബ്രാഹാം. പക്ഷെ,
അവരുടെ പരിച്ഛേദനയല്ല അബ്രാഹാമിനെ
അവരുടെ പിതാവാക്കിയത്. പരിച്ഛേദിത
നാകും മുമ്പ് നമ്മുടെ പിതാവായ അബ്രാഹാ
മിനുണ്ടായിരുന്ന വിശ്വാസം പിന്തുടർന്ന് ജീവി
ക്കുമ്പോൾ മാത്രമാണ് അവർക്ക് അബ്രാഹാം
പിതാവാകുന്നത്.

വിശ്വാസംവഴി ദൈവത്തിൽ നിന്ന് വാഗ്ദാനം ലഭിച്ചു

13വിശ്വാസംവഴിയുള്ള നീതീകരണം കൊ
ണ്ടാണ് അബ്രാഹാമിനും സന്തതികൾക്കും ലോ
കത്തിന്റെ അവകാശം പൈതൃകമായി കിട്ടു
മെന്ന വാഗ്ദാനം ലഭിച്ചത്. അല്ലാതെ ന്യായപ്ര
മാണം മൂലമല്ല. **14**ദൈവം വാഗ്ദാനം ചെയ്ത
കാര്യങ്ങൾ ന്യായപ്രമാണം പിന്തുടരുക വഴി
ലഭ്യമാക്കുമെങ്കിൽ വിശ്വാസം വില ഇല്ലാത്ത
താണ്. അബ്രാഹാമിനോട് ദൈവം നൽകിയ
വാഗ്ദാനവും നിരർത്ഥകമാവും. **15**കാരണം,
ന്യായപ്രമാണം അനുസരിക്കാതിരുന്നാൽ ദൈ
വകോപം വരുത്തിവയ്ക്കാനേ ന്യായപ്രമാണ
ത്തിനു കഴിയൂ. പക്ഷെ, ന്യായപ്രമാണമില്ലെ
ങ്കിൽ ലംഘിക്കാനും ഒന്നും ഉണ്ടാവുകയില്ല.
16വിശ്വാസമുണ്ടാകയാൽ മനുഷ്യർക്ക് ദൈവ
ത്തിൽനിന്ന് വാഗ്ദാനം ലഭിച്ചു. ഇത് ഒരു
സൗജന്യസമ്മാനം പോലെയാണ്. അങ്ങനെ
യെങ്കിൽ അബ്രാഹാമിന്റെ മക്കൾക്കെല്ലാം ആ
വാഗ്ദാനം ലഭിക്കാം. മോശെയുടെ ന്യായപ്രമാ
ണത്തിനു വിധേയരായിരിക്കുന്നവർക്കു മാത്രമു
ള്ളതല്ല അബ്രാഹാമിനെപ്പോലെ വിശ്വാസ
ത്തോടെ ജീവിക്കുന്ന എല്ലാവർക്കും വേണ്ടിയു
ള്ളതാണ് ആ വാഗ്ദാനം. നമ്മുടെ എല്ലാവരു
ടെയും പിതാവാണ് അബ്രാഹാം. **17**തിരുവെഴു
ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: "ഞാൻ
നിന്നെ പല ജനതകളുടെയും പിതാവാക്കി."*
ഇത് ദൈവത്തിന്റെ മുമ്പാകെ സത്യമാണ്.
മരിച്ചവരെ ജീവിപ്പിക്കുകയും സംഭവിച്ചു കഴി
ഞ്ഞിട്ടില്ലാത്തതും എന്നാൽ സംഭവിക്കാനിരിക്കു
ന്നതുമായ കാര്യങ്ങളിൽ തീരുമാനം കൈക്കൊ
ള്ളുകയും ചെയ്യുന്ന ദൈവത്തിൽ അബ്രാഹാം
വിശ്വസിച്ചു.

18അബ്രാഹാമിനു സന്തതികളുണ്ടാകുമെന്ന്
യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല.
പക്ഷെ അബ്രാഹാം ദൈവത്തെ വിശ്വസിക്കു
കയും പ്രത്യാശയോടെ പ്രതീക്ഷിച്ചിരിക്കു
കയും ചെയ്തതുകൊണ്ടുമാത്രമാണ് അവൻ
അനേകം ജനതകളുടെ പിതാവായത്. പണ്ടു
ദൈവം പറഞ്ഞിരുന്നു, "നിനക്കു ധാരാളം സന്ത
തികളുണ്ടാകും."* എന്ന്. **19**ഏതാണ്ട് നൂറുവയ
സ്സായ താൻ ശാരീരികമായി സന്താനോല്പാദന
ത്തിനുള്ള പ്രായം പിന്നിട്ടുവെന്നറിഞ്ഞിട്ടും,
സാറാ വന്ധ്യയാണെന്നു മനസ്സിലായിരുന്നിട്ടും
ദൈവത്തിലുള്ള അവന്റെ വിശ്വാസം ക്ഷയി
ച്ചില്ല. **20**ദൈവത്തിന്റെ വാഗ്ദാനം ഫലിക്കു
മോ എന്ന സംശയം അബ്രാഹാമിന് ഒരിക്കലുമു
ണ്ടായിരുന്നില്ല. അവന്റെ ദൈവവിശ്വാസ
ത്തിന് ഒരിളക്കവും സംഭവിച്ചതുമില്ല. അവൻ
വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ദൈവ
ത്തെ വാഴ്ത്തുകയും ചെയ്തു. **21**വാഗ്ദാനം
നൽകിയതെല്ലാം നടത്താൻ കഴിവുള്ളവനാണ്
ദൈവമെന്ന് അവനുറപ്പുണ്ടായിരുന്നു. **22**അതു
കൊണ്ട് "ദൈവം അബ്രാഹാമിന്റെ വിശ്വാസ
ത്തെ സ്വീകരിച്ചു."* അതിനാൽ അവൻ ദൈവ
മുമ്പാകെ നീതീകരിക്കപ്പെട്ടു. **23**ഈ വാക്കുകൾ
അബ്രാഹാമിനുവേണ്ടിമാത്രം എഴുതപ്പെട്ടവയ
ല്ല.* **24**അവ നമുക്കെല്ലാവർക്കും വേണ്ടിയും കൂടി
എഴുതപ്പെട്ടവയാണ്" നമ്മളും വിശ്വസിക്കുന്ന
തുകൊണ്ട് നമ്മെയും ദൈവം സ്വീകരിക്കും.
നമ്മുടെ കർത്താവായ യേശുവിനെ മരണ
ത്തിൽനിന്നും ഉയർത്തിയ ദൈവത്തിലാണ്
നാം വിശ്വസിക്കുന്നത്. **25**യേശു നമ്മുടെ പാപം
മൂലമാണ് വധിക്കപ്പെട്ടത്. ദൈവസന്നിധിയിൽ
നമ്മെ നീതീകരിക്കാനായി അവൻ ഉയിർപ്പി
ക്കപ്പെട്ടു.

ദൈവത്തോട് നിരപ്പ്

5 നമ്മുടെ വിശ്വാസത്താൽ നാം നീതീകരിക്ക
പ്പെട്ടിരിക്കുന്നതുകൊണ്ട് നമ്മുടെ കർത്താ
വായ യേശുക്രിസ്തുവഴി നാം ദൈവവുമായി
രമ്യപ്പെട്ടിരിക്കുന്നു. **2**ഇപ്പോൾ നാം അനുഭവി
ക്കുന്ന ദൈവത്തിന്റെ അനുഗ്രഹീതമായ കൃപ
യിലേക്ക് ക്രിസ്തു നമ്മെ, നമ്മുടെ വിശ്വാസം
വഴി,എത്തിച്ചിരിക്കുന്നു.ദൈവീകമഹത്വത്തിൽ
പങ്കാളികളാകാമെന്ന പ്രത്യാശയാൽ നാം ഏറെ
സന്തുഷ്ടരുമാണ്. **3**പ്രശ്നങ്ങൾ നമ്മെ കൂടുതൽ
ക്ഷമാശീലരാക്കും എന്നറിയാവുന്നതു കൊണ്ട്
നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലുംനാം
സന്തുഷ്ടരാണ്. **4**നാം ബലശാലികൾ ആണെ
ന്നുള്ളതിന് ഈ ക്ഷമ തെളിവാണ്. അത് നമുക്ക്
പ്രത്യാശതരുന്നു.**5**ഈ പ്രത്യാശ ഒരിക്കലുംനമ്മെ
നിരാശപ്പെടുത്തുകയില്ല: അത് ഒരിക്കലും പരാ
ജയപ്പെടുകയുമില്ല. ദൈവം തന്റെ സ്നേഹം
നമ്മുടെ ഹൃദയങ്ങളിലേക്കു പകർന്നതുകൊണ്ടാ
ണിത്. പരിശുദ്ധാത്മാവിലൂടെയാണ് ദൈവം
തന്റെ സ്നേഹം നമുക്കു നൽകിയത്.

6നാം ബലഹീനരായിരിക്കെ, ക്രിസ്തു നമു
ക്കുവേണ്ടി മരിച്ചു. നാം ദൈവത്തിനു നിരക്കാത
വണ്ണം ജീവിച്ചു. പക്ഷേ, തക്കസമയത്ത്,
ക്രിസ്തു മനുഷ്യർക്കുവേണ്ടി മരിച്ചു. **7**നീതി
മാനായ ഒരുവന്റെ രക്ഷയ്ക്കുവേണ്ടി പോലും
മരിക്കാനൊരുങ്ങുന്നവർ വളരെ കുറയും. വളരെ
നല്ലവനായ ഒരാൾക്കുവേണ്ടിയാണെങ്കിൽ ചില
പ്പോൾ ചിലർ മരിക്കാൻ സന്നദ്ധരായേക്കാം.
8പക്ഷേ, നാം പാപികളായിരിക്കെയാണ്
ക്രിസ്തു നമുക്കായി മരിച്ചത്. ഇതു വഴി നമ്മെ
യവൻ വളരെയധികം സ്നേഹിച്ചിരുന്നുവെന്ന്
ദൈവം വെളിപ്പെടുത്തി.

9നാം ദൈവസന്നിധിയിൽ നീതികരിക്കപ്പെ
ട്ടത് ക്രിസ്തുവിന്റെ രക്തത്തിലൂടെയാണ്. തീർ
ച്ചയായും അപ്പോൾ നമ്മൾ അവനിലൂടെ
ദൈവകോപത്തിൽനിന്നും രക്ഷിക്കപ്പെടും.
10നമ്മൾ ദൈവത്തിന്റെ ശത്രുക്കളായിരിക്കു
മ്പോൾ തന്നെ അവന്റെ പുത്രന്റെ മരണം
മുഖേന ദൈവം നമ്മെ മിത്രങ്ങളാക്കി. അതു
കൊണ്ട് നാം തീർച്ചയായും ദൈവമിത്രങ്ങളാണ്.

"ഞാൻ ... പിതാവാക്കി" ഉദ്ധരണി ഉല്പ. 17:5.

"നിനക്കു ... സന്തതികളുണ്ടാകും" ഉദ്ധരണി ഉല്പ. 15:5.

"അതുകൊണ്ട് ... സ്വീകരിച്ചു" ഉദ്ധരണി ഉല്പ. 15:6.

ഈ വാക്കുകൾ ... എഴുതപ്പെട്ടവയല്ല ഉദ്ധരണി ഉല്പ. 15:6; റോമ. 4:22.

അവൻെറ പുത്രൻെറ ജീവൻ വഴി അവൻ
നമ്മെ കൂടുതലായി രക്ഷിക്കുകയും ചെയ്യും.
11അതു മാത്രമല്ല നാമപ്പോൾ സന്തുഷ്ടരുമാണ്.
നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെ
യാണ് നാം ഇപ്പോൾ ദൈവീകമായ ആനന്ദം
അനുഭവിക്കുന്നത്. യേശുവിലൂടെത്തന്നെ
യാണ് നാം ദൈവവുമായി രമ്യതയിലെത്തി
യതും.

ആദാമും ക്രിസ്തുവും

12ഒരു മനുഷ്യൻെറ പ്രവൃത്തിയിലൂടെയാണ്
പാപം ലോകത്തിലേക്കു വന്നത്. അതുവഴി
മരണവും വന്നു. ഇതു കൊണ്ടാണ് മനുഷ്യ
രെല്ലാം നിശ്ചയമായും മരിക്കേണ്ടിവരുന്നത്.
എല്ലാ മനുഷ്യരും പാപം ചെയ്തു. 13മോശെ
യുടെ ന്യായപ്രമാണത്തിനു മുമ്പ് ലോകത്തിൽ
പാപമുണ്ടായിരുന്നു. ന്യായപ്രമാണം ഇല്ലായി
രുന്നുവെങ്കിൽ പാപം ചെയ്തതിൻെറ പേരിൽ
ദൈവത്തിനു മനുഷ്യരെ കുറ്റക്കാരാക്കാൻ കഴി
യുകയില്ലായിരുന്നു. 14പക്ഷെ, ആദാമിൻെറ
കാലം മുതൽ മോശെയുടെ കാലംവരെയുണ്ടാ
യിരുന്ന ജനങ്ങൾക്കും മരിക്കേണ്ടിവന്നു. ദൈവ
കല്പന അനുസരിക്കാതെ പാപം ചെയ്തതു
മൂലം ആദാം മരിച്ചു. പക്ഷെ, ആദാമിനെപ്പോ
ലെയുള്ള തെറ്റു ചെയ്യാതിരുന്നവർക്കും മരിക്കേ
ണ്ടിവന്നു.

വരാനിരുന്നവൻെറ പ്രതിച്ഛരായ ആയി
രുന്നു ആദാം. 15പക്ഷെ, ദൈവത്തിൻെറ വര
ദാനം ആദാമിൻെറ അതിക്രമം പോലെയല്ല.
ആദാമിൻെറ അതിക്രമം മൂലമാണ് അനവധി
പേർ മരിച്ചത്. പക്ഷെ ജനങ്ങൾക്ക് ദൈവത്തിൽ
നിന്ന് ലഭിച്ച കൃപ വളരെ ശ്രേഷ്ഠമാണ്. പല
ർക്കും ദൈവത്തിൻെറ ദാനമായ ജീവൻ ലഭി
ച്ചത് യേശുക്രിസ്തു എന്ന മനുഷ്യൻെറ കൃപയി
ലൂടെയാണ്. 16ആദാം ഒരിക്കൽ പാപം ചെയ്ത
തിന് കുറ്റാക്കാരനെന്നു വിധിക്കപ്പെട്ടു. പക്ഷെ
ദൈവത്തിൻെറ വരദാനം വ്യത്യസ്തമാണ്.
പല അതിക്രമങ്ങൾക്കും ശേഷമാണ് ദൈവത്തി
ൻെറ ദാനം സംഭവിക്കുന്നത്. ഈ ദാനം മനു
ഷ്യരെ ദൈവത്തിൻെറ മുമ്പിൽ നീതീകരിച്ചു.
17അതിക്രമം പ്രവൃത്തിച്ച ആ ഒരു മനുഷ്യൻ
കാരണം മരണം എല്ലാവരിലും ഭരണം നടത്തി.
ചിലർ ദൈവകാരുണ്യത്തെയും നീതീകരണ
ത്തിനുള്ള അവൻെറ മഹത്തായ ദാനത്തെയും
സ്വീകരിച്ചു. അവർക്ക് യഥാർത്ഥ ഭരണവും
യേശുക്രിസ്തു എന്ന ഏക മനുഷ്യനിലൂടെ
തീർച്ചയായും ലഭിക്കുകയും ചെയ്യും.

18ആദാമിൻെറ ഒരു അതിക്രമം എല്ലാ മനുഷ്യ
ർക്കും മരണമെന്ന ശിക്ഷ എത്തിച്ചു. പക്ഷെ,
ക്രിസ്തു ചെയ്ത ഒരു നല്ല പ്രവൃത്തിയാൽ
എല്ലാ മനുഷ്യരെയും ദൈവസന്നിധിയിൽ
നീതീകരിച്ചു. അത് അക്കൂട്ടർക്ക് നിത്യജീവൻ
പ്രദാനം ചെയ്തു. 19ആദാം എന്ന ഒരു മനുഷ്യർ
ദൈവത്തെ ധിക്കരിച്ചതു കൊണ്ട് അനേകർ
പാപികളായിത്തീർന്നു. എന്നാൽ ക്രിസ്തു
എന്ന ഒരു മനുഷ്യൻ ദൈവത്തെ അനുസരിച്ചതു
കൊണ്ട് വളരെപ്പേർ നീതീകരിക്കപ്പെട്ടു. 20ന്യാ
യപ്രമാണത്തിൻെറ വരവ് മനുഷ്യരെ കൂടുതൽ
പാപം ചെയ്യാൻ പ്രേരിപ്പിച്ചു. പക്ഷെ മനുഷ്യ
രുടെ പാപഭാരം വർദ്ധിച്ചപ്പോൾ ദൈവം അവ
ർക്ക് തൻെറ കൃപ കൂടിയ അളവിൽ നൽകി.
21പാപം നമ്മെ ഭരിക്കാനായി ഒരിക്കൽ മരണ
ത്തെ ഉപയോഗിച്ചു. പക്ഷെ, തൻെറ മുമ്പിൽ
നീതീകരിച്ച് ഭരിക്കാനുള്ള പ്രസാദത്തിനായി
ദൈവം മനുഷ്യർക്ക് കൂടിയ അളവിൽ അനു
ഗ്രഹം നൽകി. ഇത് നമ്മുടെ കർത്താവായ
യേശുക്രിസ്തു വഴി നിത്യജീവൻ പ്രദാനം
ചെയ്തു.

പാപത്തിൽ മരിക്കുകയും ക്രിസ്തു വിൽ ജീവിക്കുകയും ചെയ്യും

6 അതുകൊണ്ട് ദൈവത്തിൻെറ കൃപ കൂടുതൽ
ലഭിക്കാൻ വേണ്ടി പാപം ചെയ്തുകൊണ്ടി
രിക്കണമെന്നു നിങ്ങൾ കരുതുന്നുണ്ടോ? 2ഇല്ല.
പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവ
രായ നാം പാപത്തിൽ എങ്ങനെ ജീവിക്കും?
3നാമെല്ലാം ജ്ഞാനസ്നാനം ചെയ്യപ്പെട്ടു കഴി
ഞ്ഞപ്പോൾ ക്രിസ്തു യേശുവിൻെറ ഭാഗമായി
ക്കഴിഞ്ഞുവെന്നതു നിങ്ങൾ മറന്നോ? സ്നാനം
വഴി അവൻെറ മരണത്തിലും പങ്കാളികളായി.
4അതുകൊണ്ട്, സ്നാനത്താൽ നാം ക്രിസ്തുവി
നോടൊപ്പം സംസ്കരിക്കപ്പെടുകയും അവ
ൻെറ മരണത്തിൽ പങ്കുചേരുകയും ചെയ്തു.
നാമേവരും ഉയിർത്തെഴുന്നേൽക്കുവാനും ഒരു
പുതിയ ജീവിതം നയിക്കുവാനും തക്കവണ്ണം
ക്രിസ്തുവിനോടൊപ്പം നമ്മെയും സംസ്കരി
ച്ചിരിക്കുന്നു. പിതാവിൻെറ മഹത്തായ ശക്തി
യാൽ ക്രിസ്തു മരണത്തിൽനിന്നു ഉയിർത്ത
പ്പെട്ടതു പോലെ നമ്മുടെ കാര്യത്തിലും ഇത്
സംഭവിച്ചു.

5ക്രിസ്തു മരിച്ചു; ക്രിസ്തു മരിച്ചതു പോലെ
നാമും മരിച്ചതിനാൽ നമ്മളും അവനോടു ചേർ
ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ക്രിസ്തു മരണ
ത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റതു പോലെ
നമ്മളും അവനോടൊപ്പം ചേരും. 6നമ്മുടെ
പഴയജീവിതം ക്രിസ്തുവിനോടൊപ്പം കുരി
ശിൽ മരിച്ചു എന്നു നമുക്കറിയാം. നമ്മുടെ
പാപം നിറഞ്ഞ സ്വയത്തിന് നമ്മിൽ യാതൊരു
ശക്തിയുമില്ലാത്തവണ്ണമാണ് ഇതു സംഭവിച്ചത്.
അതിനാൽ നാം ഇപ്പോൾ മുതൽ ഒരിക്കലും
പാപത്തിന് അടിമകളാകരുത്. 7മരിച്ചവരെ
പാപത്തിൻെറ നിയന്ത്രണത്തിൽനിന്ന് സ്വത
ന്ത്രരാക്കിയിരിക്കുന്നു.

8നാം ക്രിസ്തുവിനോടൊപ്പം മരിച്ചെങ്കിൽ,
അവനോടൊപ്പം ജീവിക്കുമെന്നും നമുക്കറിയാം.
9മരിച്ചവരിൽനിന്നും ക്രിസ്തു ഉയർപ്പിക്കപ്പെ
ട്ടിരിക്കെകൊണ്ട് ഇനി ഒരിക്കൽ കൂടി മരിക്കാൻ
അവനു സാധിക്കില്ല എന്നു നമുക്കറിയാം. അവ
ൻെറമേൽ മരണത്തിന് ഇനിമേൽ യാതൊരു
ആധിപത്യവുമില്ല. 10അതെ, ക്രിസ്തു ഒരു
തവണ മരിച്ചപ്പോൾ പാപത്തിൻെറ ശക്തിയെ
എക്കാലത്തേക്കും കീഴടക്കുവാനാണ് അങ്ങനെ
ചെയ്തത്. എന്നാൽ ഇപ്പോൾ അവനു പുതു
ജീവൻ കൈവന്നിരിക്കുന്നു. ദൈവത്തോടൊപ്പ
മുള്ള ജീവിതം. 11അതുപോലെ നിങ്ങളും പാപ
ത്തെ സംബന്ധിച്ചിടത്തോടം മരിച്ചവരാണെ
ന്നും കണക്കാക്കണം. ക്രിസ്തുയേശു വഴിയായി
നിങ്ങൾ ദൈവത്തിനു വേണ്ടി ജീവിക്കുന്നുവെ
ന്നും അറിയണം. നിങ്ങൾ നിങ്ങളെത്തന്നെ ക്രി
സ്തുവിലൂടെ പരിഗണിക്കണം.

12പക്ഷെ നിങ്ങളുടെ ഈ ലോകജീവിത
ത്തിൽ ഭരണം നടത്താൻ പാപത്തെ അനുവദി
ക്കരുത്. നിങ്ങളുടെ പ്രവൃത്തികളെ നിയന്ത്രി
ക്കാൻ പാപം നിറഞ്ഞ നിങ്ങളുടെ സ്വയത്തെ
അനുവദിക്കാതിരിക്കുക. 13പാപത്തിനു ദാസ്യമ
നുഷ്ഠിച്ചു തെറ്റുകൾചെയ്യാൻ നിങ്ങളുടെ അവ
യവങ്ങളെ ഉപകരണങ്ങളാക്കാതിരിക്കുക. നി
ങ്ങൾ നിങ്ങളെത്തന്നെ ദൈവത്തിനു സമർ

പ്പിക്കുക. മരണത്തിൽനിന്നും ജീവിതത്തിലേക്ക്
ആനയിക്കപ്പെട്ടവരായി ദൈവത്തിന് കീഴ്വഴ
ങ്ങുക. നന്മ ചെയ്യാനായി നിങ്ങളുടെ അവയ
വങ്ങളെ ദൈവത്തിന് അർപ്പിക്കുക. 14പാപ
ത്തിന് നിങ്ങളുടെമേൽ അധികാരം ഉണ്ടാവുക
യില്ല. കാരണം നിങ്ങൾ ന്യായപ്രമാണത്തിനു
കീഴിലല്ല. ദൈവകൃപയുടെ കീഴിലാണ്
ഇപ്പോൾ ജീവിക്കുന്നത്.

നീതിനിഷ്ഠയുടെ അടിമകൾ

15പിന്നെ എന്ത്? ന്യായപ്രമാണത്തിനു കീഴി
ലല്ലാത്തതുകൊണ്ടും കൃപയുടെ കീഴിലായതു
കൊണ്ടും നാം പാപം ചെയ്യണമോ? വേണ്ട.
16നിങ്ങൾ അടിമകളായി വഴങ്ങി ആരെയെ
ങ്കിലും അനുസരിക്കുന്നുവെങ്കിൽ, അയാളുടെ
അടിമയായിരിക്കും എന്നു അറിയുകയില്ലേ?
നിങ്ങൾ ആരെ അനുസരിക്കുന്നോ അയാളായി
രിക്കും നിങ്ങളുടെ ഉടമ. നിനക്ക് പാപത്തെ
പിൻതുടരുകയോ ദൈവത്തെ അനുസരിക്കു
കയോ ചെയ്യാം. പാപം ആത്മനാശം വരുത്തും.
പക്ഷെ ദൈവാനുസരണം അവന്റെ മുമ്പാകെ
നിന്നെ നീതീകരിക്കും. 17ഭൂതകാലത്ത് നിങ്ങൾ
പാപത്തിന്റെ അടിമകളായിരുന്നു. പാപം
നിങ്ങളെ അടക്കിഭരിച്ചു. പക്ഷെ ഞങ്ങൾ
നിങ്ങളെ പഠിപ്പിച്ച കാര്യങ്ങൾ നിങ്ങൾ പൂർണ്ണ
മായും അനുസരിച്ചു. ദൈവത്തിനു നന്ദി. 18നി
ങ്ങൾ പാപത്തിൽനിന്നു മുക്തരായി. ഇപ്പോൾ
നിങ്ങൾ നന്മയുടെ അടിമകളാണ് 19നിങ്ങളുടെ
മാനുഷികമായ പരിമിതികൾ നിമിത്തമാണ്
ഞാൻ ഈവിധം പറയുന്നത്. നിങ്ങൾക്കു പരി
ചിതമായ ഉദാഹരണം കൊണ്ട് ഇതു വ്യക്തമാ
ക്കാം. ഒരിക്കൽ നിങ്ങൾ നിങ്ങളുടെ ശരീരഭാഗ
ങ്ങളെ പാപകർമ്മങ്ങൾക്കും തിന്മയ്ക്കും വിധേ
യമാക്കി. നിങ്ങൾ തിന്മയ്ക്കുവേണ്ടി മാത്രം
ജീവിച്ചു. ഇനി നിങ്ങളെ നന്മകളുടെ അടിമ
കളാകാൻ അനുവദിക്കുക. അപ്പോൾ നിങ്ങൾ
ദൈവത്തിനു വേണ്ടി മാത്രമായിരിക്കും ജീവി
ക്കുന്നത്.
20പണ്ട് നിങ്ങൾ പാപത്തിന് അടിമകളായി
രുന്നു. നീതിയുടെ നിയന്ത്രണത്തിലായിരു
ന്നില്ല നിങ്ങൾ. 21നിങ്ങൾ ദുഷ്കർമ്മങ്ങളനു
ഷ്ഠിച്ചു. ഇപ്പോൾ നിങ്ങൾ അതേപ്പറ്റി ലജ്ജി
ക്കുന്നു. അതൊക്കെ നിങ്ങളെ സഹായിച്ചുവോ?
ഇല്ല. ആത്മമരണം വരുത്താൻ മാത്രമേ അവ
യ്ക്കാകൂ. 22പക്ഷെ, ഇപ്പോൾ നിങ്ങൾ പാപ
വിമുക്തരാണ്. ദൈവത്തിന്റെ അടിമകളാണ്.
ദൈവത്തിനു വേണ്ടി മാത്രമായുള്ള ജീവിതത്തി
ലേക്ക് ഇതു നിങ്ങളെ എത്തിച്ചു. അങ്ങനെ
നിങ്ങൾക്കു നിത്യജീവൻ ലഭിക്കും. 23മനുഷ്യർ
പാപം ചെയ്യുമ്പോൾ, അതിനുള്ള പ്രതിഫല
മായ മരണത്തിന് അവർ അർഹരാകും. പക്ഷെ,
ദൈവം അവന്റെ ജനത്തിന് ഒരു സൗജന്യ
ദാനം നൽകി- -നമ്മുടെ കർത്താവായ ക്രിസ്തു
യേശുവിലുള്ള നിത്യജീവൻ.

വിവാഹത്തിൽനിന്ന് ഒരുദാഹരണം

7 സഹോദരീ സഹോദരന്മാരേ, മോശെയുടെ
ന്യായപ്രമാണം നിങ്ങൾക്കെല്ലാമറിയാം.
അതുകൊണ്ട് ഒരുവൻ ജീവിച്ചിരിക്കുമ്പോൾ
മാത്രമെ ന്യായപ്രമാണത്തിന് അവന്റെമേൽ
അധികാരമുള്ളുവെന്ന് തീർച്ചയായും നിങ്ങൾ
ക്കറിയാം. 2ഞാനൊരുദാഹരണം എടുത്തു
കാട്ടാം. ഒരു സ്ത്രീ അവളുടെ ഭർത്താവ് ജീവി
ച്ചിരിക്കുന്നിടത്തോളം അയാളുടെ ഭാര്യയായി
രിക്കും. ഭർത്താവ് മരിച്ചാൽ വിവാഹം സംബ
ന്ധിച്ച ന്യായപ്രമാണങ്ങളിൽനിന്ന് അവൾ
മുക്തയാകും. 3ഭർത്താവ് ജീവിച്ചിരിക്കെ ആ
സ്ത്രീ മറ്റൊരുവനെ വിവാഹം കഴിക്കുകയാ
ണെങ്കിൽ അവൾ വ്യഭിചാരക്കുറ്റം ചെയ്ത
തായി ന്യായപ്രമാണമനുശാസിക്കുന്നു. എ
ന്നാൽ ഭർത്താവ് മരിച്ചാൽ വിവാഹബന്ധത്തെ
സംബന്ധിച്ച ന്യായപ്രമാണത്തിൽനിന്ന്
അവൾ മുക്തയാകും. അങ്ങനെ, ഭർത്താവിന്റെ
മരണശേഷം മറ്റൊരുവനെ വിവാഹം കഴിച്ചാൽ
അവൾ വ്യഭിചാരിണി എന്ന കുറ്റക്കാരിയാകു
ന്നില്ല.
4സഹോദരീ സഹോദരന്മാരേ, ഇതുപോലെ
നിങ്ങളിലെ പഴയസ്വയംമരിക്കുകയും ക്രിസ്തു
വിന്റെ ശരീരം വഴി ന്യായപ്രമാണത്തിൽ
നിന്ന് മോചനം നേടുകയും ചെയ്തു. നിങ്ങൾ
ഇപ്പോൾ മറ്റാരുടെയോ ആണ്. മരണത്തിൽ
നിന്നും ഉയിർത്ത ക്രിസ്തുവിന്റേതാണ്
ഇപ്പോൾ നിങ്ങൾ. നാം ക്രിസ്തുവിന്റേതായതു
കൊണ്ട് ദൈവത്തിനു വേണ്ടി പ്രവൃത്തിക്കാൻ
നമ്മെ ഉപയോഗിക്കാം. 5പണ്ട് നമ്മെ ഭരിച്ചു
കൊണ്ടിരുന്നത് പാപം നിറഞ്ഞ നമ്മുടെ
സ്വയം ആയിരുന്നു. ന്യായപ്രമാണം പാപ
കർമ്മങ്ങൾ ചെയ്യാനുള്ള താല്പര്യം നമ്മിൽ
ഉളവാക്കി. നാം ചെയ്തു കൊണ്ടിരിക്കുന്നതും
നമ്മുടെ ശരീരങ്ങളെ നിയന്ത്രിച്ചിരുന്നതുമായ
പാപകർമ്മങ്ങൾ നമുക്കു ആത്മമരണം വരുത്തി
വച്ചു. 6പണ്ട്, തടവുകാരെ എന്ന വണ്ണം നമ്മെ
ന്യായപ്രമാണം തടഞ്ഞുവച്ചു. എന്നാൽ
നമ്മുടെ പഴയ സ്വയം മരിക്കുകയും ന്യായ
പ്രമാണത്തിൽനിന്നും മോചനം നേടുകയും
ചെയ്തതുകൊണ്ട്, പണ്ടത്തെ ലിഖിതചട്ടത്തി
ന്റെ മാർഗ്ഗത്തിലൂടെയല്ല ആ പുതിയ പാതയി
ലൂടെയാണ് നാമിന്ന് ദൈവത്തെ ശുശ്രൂഷിക്കു
ന്നത്. പരിശുദ്ധാത്മാവിലൂടെയുള്ള പുതുവഴി
യിലാണ് നാമിന്നു ദൈവത്തെ ശുശ്രൂഷിക്കു
ന്നത്.

പാപത്തിനെതിരെയുള്ള നമ്മുടെ സമരം

7ന്യായപ്രമാണവും പാപവും ഒന്നാണെന്നാ
ണ് ഞാൻ പറയുന്നതെന്ന്, ഒരുപക്ഷേ, നിങ്ങൾ
ധരിച്ചേക്കാം. അതു ശരിയല്ല. “പാപം എന്താ
ണെന്നറിയാൻ ന്യായപ്രമാണം മാത്രമാണ്
ഉപാധി. മറ്റുള്ളവർക്കവകാശപ്പെട്ടവ നിങ്ങൾ
ക്കാവശ്യമില്ല. അവയ്ക്കാശിക്കുന്നത് തെറ്റുമാ
ണ്.”* 8പാപം ആ അനുശാസനത്തിൽ അവ
സരം കണ്ടെത്തി എല്ലാത്തരം ആശകളും അഭി
ലാഷങ്ങളും എന്നിലുളവാക്കി. അങ്ങനെ ആ
അനുശാസനം പാപത്തിന് എന്നിലേക്കു വരു
വാൻ കാരണമായി. ന്യായപ്രമാണത്തിന്റെ
അഭാവത്തിൽ പാപത്തിനു ഒട്ടും ശക്തിയില്ല.
പാപം അശക്തമാണ്. 9ന്യായപ്രമാണം അറിയു
ന്നതിനു മുമ്പേ ന്യായപ്രമാണം കൂടാതെ ഞാൻ
ജീവിച്ചു. പക്ഷെ അനുശാസനങ്ങൾ വന്ന
പ്പോൾ പാപം പുനർജ്ജനിച്ചു. 10ഞാൻ പാപം
മൂലം ആത്മീയമായി മരിച്ചു. ജീവൻ നൽകുക
എന്നതാണ് കല്പനകളുടെ ഉദ്ദേശ്യമെങ്കിലും
എനിക്കു ന്യായപ്രമാണം നൽകിയത് മരണ
മത്രേ. 11എന്നെ ചതിക്കാൻ പാപം കല്പനകളെ
പ്രയോജനപ്പെടുത്തി ഒരു മാർഗ്ഗം കണ്ടെത്തി.
എന്നെ കൊല്ലാൻ വണ്ടി പാപം കല്പനകളെ
ഉപയോഗിച്ചു.

“പാപം ... തെറ്റുമാണ്” ഉദ്ധരണി പുറ. 20:17 ആവ. 5:21

12അതുകൊണ്ട് ന്യായപ്രമാണം വിശുദ്ധവും
കല്പന വിശുദ്ധവും ശരിയും നല്ലതും ആണ്.
13ഇതിന്റെ അർത്ഥം നന്മയായ എന്തോ ഒന്ന്
എനിക്കു മരണമുണ്ടാക്കി എന്നാണോ? അല്ല.
പക്ഷെ, പാപം നന്മയായ ചിലതിനെ എനിക്കു
മരണം വരുത്താൻ ഉപയോഗിച്ചു. ഇങ്ങനെ
സംഭവിച്ചതുകൊണ്ട് പാപം യഥാർത്ഥത്തിൽ
എന്താണെന്നു വ്യക്തമായി കാണാൻ എനിക്കു
സാധിച്ചു. വളരെ വളരെ ഹീനമായ ഒന്നാണ്
പാപം എന്നു കാണിക്കാൻ വേണ്ടിയായിരുന്നു
ഇത്. ഇതു വെളിവാക്കാൻ വേണ്ടി കല്പനയെ
ഉപയോഗിച്ചു.

മനുഷ്യനിലെ സംഘർഷം

14ന്യായപ്രമാണം ആദ്ധ്യാത്മികമാണെന്ന്
നമുക്കറിയാം. പക്ഷെ ഞാൻ ഭൗതികനാണ്.
സ്വന്തം അടിമയെ എന്ന പോലെ പാപം
എന്നെ ഭരിച്ചു. 15എന്റെ പ്രവൃത്തികൾ തന്നെ
എന്റെ നിയന്ത്രണത്തിലല്ല. ഞാൻ ചെയ്യേണ്ട
നല്ല കാര്യങ്ങൾ ഞാൻ ചെയ്യുന്നില്ല. വെറു
ക്കേണ്ട ചീത്തക്കാര്യങ്ങൾ ചെയ്യുകയും ചെയ്യു
ന്നു. 16ഞാൻ ചെയ്യുന്നതായ തിന്മകൾ ഞാൻ
ചെയ്യുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അതി
ന്റെ അർത്ഥം ന്യായപ്രമാണം നല്ലതാണെന്ന്
ഞാൻ സമ്മതിക്കുന്നുവെന്നാണ്. 17എന്നാൽ
തിന്മ ചെയ്യുന്നത് യഥാർത്ഥത്തിൽ ഞാനല്ല,
എന്നിൽ കുടിയിരിക്കുന്ന പാപമാണ്. 18അതെ,
എനിക്കറിയാം നന്മയൊന്നും എന്നിൽ കുടിയി
രിക്കുന്നില്ലെന്ന്. ഐഹികനായ എന്റെ ഭാഗ
മായി നന്മയൊന്നും അവശേഷിക്കുന്നില്ലെ
ന്നാണ് ഞാൻ അർത്ഥമാക്കുന്നത്. ഞാൻ നന്മ
ചെയ്യാനാഗ്രഹിക്കുന്നു. പക്ഷെ എനിക്കതിനു
കഴിയുന്നില്ല. 19ചെയ്യുവാനിഷ്ടപ്പെടുന്ന നല്ല
കാര്യങ്ങൾ ഞാൻ ചെയ്യുന്നില്ല. ചെയ്യാൻ ഇഷ്ട
പ്പെടാത്ത തിന്മകൾ ചെയ്യുന്നുതാനും. 20ചെയ്യാ
നാഗ്രഹിക്കാത്ത കാര്യങ്ങളാണ് ഞാൻ ചെയ്യു
ന്നതെങ്കിൽ യഥാർത്ഥത്തിൽ ഞാനല്ല എന്നിൽ
കുടിയിരിക്കുന്ന പാപമാണ് അങ്ങനെ ചെയ്യു
ന്നത്.
21അതുകൊണ്ട് ഈ തത്വം ഞാൻ പഠിച്ചു:
ഞാൻ നന്മ ചെയ്യാനാഗ്രഹിക്കുമ്പോഴും തിന്മ
എന്നോടൊപ്പമുണ്ട്. 22ദൈവത്തിന്റെ ന്യായ
പ്രമാണത്തിൽ എന്റെ മനസ്സ് സന്തുഷ്ടമാണ്.
23പക്ഷെ എന്റെ അവയവങ്ങളിൽ മറ്റൊരു ന്യാ
യപ്രമാണം പ്രവർത്തിക്കുന്നതായി ഞാൻ മന
സ്സിലാക്കുന്നു. എന്റെ മനസ്സ് അംഗീകരിക്കുന്ന
ന്യായപ്രമാണവുമായി ഈ ന്യായപ്രമാണം
മല്ലടിക്കുന്നു. എന്റെ ശാരീരികാവയവങ്ങളിൽ
പ്രവർത്തിക്കുന്ന ആ ന്യായപ്രമാണം പാപ
ത്തിന്റെ ന്യായപ്രമാണമാണ്. അത് എന്നെ
തടവുകാരനാക്കുകയും ചെയ്യുന്നു. 24ഇതു ഭീകര
മാണ്. മരണാധീനമായ ഈ ശരീരത്തിൽനിന്ന്
ആരെന്നെ രക്ഷിക്കും? 25ദൈവം എന്നെ രക്ഷി
ക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവി
ലൂടെയുള്ള അവന്റെ രക്ഷയ്ക്കായി ഞാൻ
നന്ദി പറയുന്നു. അതുകൊണ്ട് ഞാൻ ഉള്ളിൽ
ദൈവത്തിന്റെ ന്യായപ്രാമാണത്തിന്
ദാസനാണ്. പക്ഷെ എന്റെ പാപം നിറഞ്ഞ
സ്വയത്തിൽ ഞാൻ പാപത്തിന്റെ
ന്യായപ്രമാണത്തിന് അടിമയുമാണ്.

ആത്മാവിലുള്ള ജീവിതം

8 അതുകൊണ്ട് ക്രിസ്തുയേശുവിലായിരിക്കു
ന്നവരെ കുറ്റക്കാരായി വിധിച്ചുതള്ളുന്നില്ല.
2എന്നെ എന്തുകൊണ്ട് കുറ്റക്കാരനായി വിധി
ക്കുന്നില്ല? കാരണം, ജീവസന്ദായകമായ പരി
ശുദ്ധാത്മാവിന്റെ ന്യായപ്രമാണം എന്നെ
ക്രിസ്തുയേശുവിൽ സ്വതന്ത്രനാക്കിയിരിക്കു
ന്നു. പാപത്തെയും മരണത്തെയും കൊണ്ടുവ
രുന്ന ന്യായപ്രമാണത്തിൽനിന്നും അത് എന്നെ
സ്വതന്ത്രനാക്കിയിരിക്കുന്നു. 3നമ്മുടെ പാപം
നിറഞ്ഞ സ്വയം കൊണ്ട് ന്യായപ്രമാണം ബല
ഹീനമാക്കപ്പെട്ടതിനാൽ ന്യായപ്രമാണം അശ
ക്തമായിരിക്കുന്നു. ന്യായപ്രമാണത്തിന് ചെ
യ്യാൻ സാധിക്കാത്തത് ദൈവം ചെയ്തു. മനു
ഷ്യർ പാപം ചെയ്യാനുപയോഗിക്കുന്ന അതേ
മനുഷ്യജീവനോടെ ദൈവം തന്റെ പുത്രനെ
ഭൂമിയിലേക്കയച്ചു. പാപത്തിന് ഒരു പരിഹാര
യാഗമായിട്ടാണ് ദൈവം തന്റെ പുത്രനെ അയ
ച്ചത്. അങ്ങനെ പാപത്തെ നശിപ്പിക്കാൻ
വേണ്ടി ദൈവം ഒരു മനുഷ്യജീവനെ ഉപയോ
ഗിച്ചു. 4ന്യായപ്രമാണം അനുശാസിക്കുന്ന
മട്ടിൽ നമ്മെ ശരിയാക്കിത്തീർക്കുകയാണ് ഇതി
ന്റെ ഉദ്ദേശം. തങ്ങളുടെ പാപം നിറഞ്ഞ സ്വയ
ത്തിനാവശ്യപ്പെട്ടവ പിന്തുടരാതെ ആത്മാവി
നാവശ്യമായ രീതിയിൽ ജീവിക്കുന്നവരുടെ
കാര്യത്തിലാണ് ഇങ്ങനെ സംഭവിക്കുന്നത്.
5തങ്ങളുടെ പാപം നിറഞ്ഞ സ്വയത്തെ
പിന്തുടർന്നു ജീവിക്കുന്നവർ, അതാവശ്യപ്പെ
ടുന്ന കാര്യങ്ങളെക്കുറിച്ചേ ചിന്തിക്കൂ. എന്നാൽ
ആത്മാവിനെ പിന്തുടരുന്നവർ ആത്മാവ് അവ
രെക്കൊണ്ട് എന്തുചെയ്യിക്കാനാഗ്രഹിക്കുന്നു
വോ അതിനെപ്പറ്റിയാകും ചിന്തിക്കുക. 6ഒരുവ
ന്റെ ചിന്തകളെ നിയന്ത്രിക്കുന്നത് പാപം നിറ
ഞ്ഞ തന്റെ സ്വയമാണെങ്കിൽ, അവിടെ ആ
ത്മീക മൃത്യു സംഭവിക്കുന്നു. നേരെമറിച്ച് ചിന്ത
കളുടെ നിയന്ത്രണം പരിശുദ്ധാത്മാവിനെങ്കിൽ
അവിടെ സമാധാനവും ജീവനുമുണ്ട്. 7ഇത്
ശരിയാകുന്നത് എന്തുകൊണ്ട്? പാപം നിറഞ്ഞ
സ്വയം ഒരുവന്റെ ചിന്തകളെ നിയന്ത്രിക്കു
മ്പോൾ അവൻ ദൈവത്തിനെതിരാകുന്നു എന്ന
താണ് ഫലം. അവൻ ദൈവത്തിന്റെ ന്യായപ്ര
മാണം അനുസരിക്കാൻ മടിക്കും. യഥാർത്ഥ
ത്തിൽ അങ്ങനെ ചെയ്യാനുള്ള കഴിവ് അവനു
ണ്ടാവില്ല. 8തങ്ങളുടെ തന്നെ പാപം നിറഞ്ഞ
സ്വയത്താൽ ഭരിക്കപ്പെടുന്നവർക്ക് ദൈവത്തെ
പ്രസാദിപ്പിക്കാൻ സാധിക്കിയില്ല.
9ദൈവത്തിന്റെ ആത്മാവ് യഥാർത്ഥമായി
നിങ്ങളിൽ വസിക്കുന്നുവെങ്കിൽ നിങ്ങളുടെ
ജീവിതം നിങ്ങളുടെ പാപം നിറഞ്ഞ സ്വയത്താ
ലല്ല നിയന്ത്രിക്കപ്പെട്ടിരിക്കുന്നത്, ദൈവാത്മാവ്
യഥാർത്ഥമായി നിങ്ങളിൽ വസിക്കുന്നു
വെങ്കിൽ ആ ആത്മാവിനാലാണ്. ഒരുവന് ക്രി
സ്തുവിന്റെ ആത്മാവില്ലെങ്കിൽ അവൻ
ക്രിസ്തുവിനുള്ളവനല്ല. 10പാപം നിമിത്തം
നിങ്ങളുടെ ശരീരം മരിച്ചാലും ക്രിസ്തു നിങ്ങ
ളെ ദൈവസമക്ഷം നീതീകരിക്കുന്നതിനാൽ,
ക്രിസ്തു നിങ്ങളിലുണ്ടെങ്കിൽ നിങ്ങളുടെ ആ
ത്മാവ് ജീവിക്കും. 11ദൈവം യേശുവിനെ മരണ
ത്തിൽ നിന്നുയർപ്പിച്ചു. ദൈവാത്മാവ് നിങ്ങ
ളിൽ കുടികൊള്ളുന്നുണ്ടെങ്കിൽ മരിക്കുന്ന നിങ്ങ
ളുടെ ശരീരത്തിനും അവൻ ജീവൻ തരും. ദൈവ
മാണ് ക്രിസ്തുവിനെ മരണത്തിൽനിന്നും ഉയർ
പ്പിച്ചത്. നിങ്ങളിൽ ജീവിക്കുന്ന അവന്റെ ആ
ത്മാവ് വഴി നിങ്ങളുടെ ശരീരത്തിനും അവൻ
ജീവൻ പകരും.
12സഹോദരീ സഹോദരന്മാരേ, അതുകൊണ്ട്
നമ്മുടെ പാപം നിറഞ്ഞ സ്വയം നമ്മെ ഭരിക്ക

രുത്. അതിൻെറ ആവശ്യത്തിനൊത്തു നാം
ജീവിക്കരുത്. 13ആ പാപം നിറഞ്ഞ സ്വയം
ആവശ്യപ്പെടുന്നതനുസരിച്ച് ജീവിച്ചാൽ നി
ങ്ങൾ ആത്മീകമായി മരിക്കും. എന്നാൽ നിങ്ങ
ളുടെ ശരീരം കൊണ്ടു ചെയ്യുന്ന പാപ പ്രവൃ
ത്തികൾക്കുവിരാമമിടാൻ ആത്മാവിനെ പ്രയോ
ജനപ്പെടുത്തിയാൽ നിങ്ങൾക്കു നിശ്ചയമായും
സത്യമായി ജീവൻ ലഭിക്കും.

14നിങ്ങളെ നയിക്കാൻ ദൈവാത്മാവിനെ
അനുവദിക്കുന്നവരാണ് യഥാർത്ഥ ദൈവസന്ത
തികൾ. വീണ്ടും അടിമകളാക്കാനും ഭയത്തോട്
ജീവിതം നയിക്കാനും ശ്രമിക്കുന്ന ആത്മാവല്ല
നമുക്കു കൈവന്ന പരിശുദ്ധാത്മാവ്. നമ്മിലെ
പരിശുദ്ധാത്മാവ് നമ്മെ ദൈവത്തിൻെറ സന്ത
തികളാക്കുന്നു. അതിനാൽ നാം വിളിക്കുന്നു:
“പിതാവേ! പിതാവേ!” 15ആ പരിശുദ്ധാത്മാവ്
തന്നെയും നമ്മുടെ ആത്മാവിനോടൊത്തു
നിന്നു പറയും, നാം ദൈവമക്കളാണെന്ന്. 16നാം
ദൈവത്തിൻെറ സന്തതികളാണെങ്കിൽ അവ
ൻെറ ജനത്തിനായുള്ള ദൈവത്തിൻെറ അനു
ഗ്രഹം ക്രിസ്തുവിനോടൊപ്പം നമുക്കു ലഭിക്കും.
ക്രിസ്തുവിനെന്നതു പോലെ അനുഗ്രഹം നമു
ക്കും കൈവരും. പക്ഷെ നാം ക്രിസ്തു സഹി
ച്ചതു പോലെ കഷ്ടം സഹിക്കണം. 17അപ്പോൾ
ക്രിസ്തുവിൻേറതു പോലുള്ള മഹത്വം നമുക്കും
കിട്ടും.

നമുക്കു ഭാവിയിൽ മഹത്വം കിട്ടും

18ഇപ്പോൾ നമുക്കു കഷ്ടങ്ങളുണ്ട്. പക്ഷെ
അവ നമുക്കു തരാനിരിക്കുന്ന മഹത്വവുമായി
തട്ടിച്ചു നോക്കുമ്പോൾ ഒന്നുമില്ല. 19തൻെറ മക്ക
ളാരെന്നു ദൈവം ലോകത്തിനു വെളിപ്പെടു
ത്തുന്ന വേളയ്ക്കായി സമസ്ത സൃഷ്ടികളും
ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നു. അതി
നായി മുഴുവൻ ലോകവും ആഗ്രഹിക്കുന്നു.
20സൃഷ്ടി പൂർണ്ണമായും വിലകെട്ടതായി മാറി
യിരിക്കുന്നു. അതിൻെറ സ്വന്തം ഇച്ഛയനു
സരിച്ചല്ല, എന്നാൽ അതിനെ പരിവർത്തിക്കു
വാൻ ദൈവം തീരുമാനിച്ചു. പക്ഷെ അവിടെ
ഒരു പ്രതീക്ഷയുണ്ട്. 21ദൈവസൃഷ്ടി എല്ലാം
നാശത്തിലേക്കുള്ള ബന്ധനത്തിൽനിന്നു മുക്ത
മായേക്കും എന്നതാണ് ആ പ്രതീക്ഷ. സൃഷ്ടി
കൾക്കെല്ലാം ദൈവത്തിൻെറ സന്തതികൾക്ക്
അവകാശപ്പെട്ട സ്വാതന്ത്ര്യവും മഹത്വവും ലഭി
ക്കുമെന്നുള്ള പ്രതീക്ഷയുമുണ്ട്.

22ദൈവത്തിൻെറ സമസ്തസൃഷ്ടിയും ഈറ്റു
നോവിലെന്നവണ്ണം ഇപ്പോഴും വേദനയിൽപ്പെ
ട്ടിരിക്കുന്നുവെന്നു നമുക്കറിയാം. 23ലോകം മാത്ര
മല്ല, നമ്മളും ഉള്ളിൽ വേദനയുമായി നൊന്തു
കാത്തിരിക്കുകയാണ്. ദൈവീകവാഗ്ദാന
ത്തിൻെറ ആദ്യഭാഗമായി നമുക്ക് പരിശുദ്ധാ
ത്മാവുണ്ട്. അതുകൊണ്ട് നാം നമ്മെ അവൻെറ
തന്നെ മക്കളെന്ന നിലയിൽ പൂർത്തീകരിക്കാൻ
വേണ്ടി അവനെ കാത്തിരിക്കും. നമ്മുടെ ശരീര
ത്തെ സ്വതന്ത്രമാക്കുവാൻ കാത്തിരിക്കുന്നു എ
ന്നാണ് ഞാനർത്ഥമാക്കുന്നത്. 24നാം രക്ഷിക്ക
പ്പെട്ടു. നമുക്ക് ഈ പ്രത്യാശയുണ്ട്. കാത്തിരി
ക്കുന്നതെന്തിനെയാണോ അതു ദൃശ്യമാണെ
ങ്കിൽ അതു യഥാർത്ഥ പ്രതീക്ഷയല്ല. മനുഷ്യ
ർക്ക് നേരത്തേ ഉള്ളതിനെപ്പറ്റി അവർ പ്രതീക്ഷി
ക്കുന്നില്ല. 25ഇന്നോളം കിട്ടാത്ത ഒന്നിനെയാണ്
നാം പ്രതീക്ഷിക്കാറുള്ളത്. നാം ക്ഷമാപൂർവ്വം
അതിനായി കാത്തിരിക്കുന്നു.

26നാം വളരെ ബലഹീനരാണ്. എന്നാൽ
നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ
സഹായിക്കുന്നു. വേണ്ടവിധത്തിൽ പ്രാർത്ഥി
ക്കാൻ നമുക്കറിഞ്ഞു കൂടാ. പക്ഷെ, ആത്മാവ്
തന്നെ നമുക്കായി ദൈവത്തോടു സംസാരി
ക്കുന്നു. വാക്കുകളാൽ പ്രകടമാക്കാത്ത ഞരക്ക
ത്താലാണ് ആത്മാവ് ദൈവത്തോടു സംസാരി
ക്കുന്നത്. 27ജനങ്ങളുടെ ഹൃദയത്തിലുള്ളതെല്ലാം
കാണാൻ ദൈവത്തിനു സാധിക്കും. ദൈവ
ത്തിൻെറ ആഗ്രഹത്തിനൊത്ത് തൻെറ മനുഷ്യ
ർക്ക്വേണ്ടി ആത്മാവ് ദൈവത്തോടു സംസാരി
ക്കുന്നതു കൊണ്ട് ആത്മാവ് എന്താണ് അർത്ഥമാ
ക്കുന്നതെന്ന് ദൈവത്തിനറിയാം. കാരണം അവ
ൻെറ ഇച്ഛയ്ക്കനുസരിച്ചാണ് ആത്മാവ്
ആവശ്യപ്പെടുന്നത്.

28തന്നെ സ്നേഹിക്കുന്നവരുടെ നന്മയ്ക്കു
വേണ്ടിയുള്ള എല്ലാ കാര്യത്തിലും ദൈവം
പ്രവർത്തിക്കുന്നു എന്ന് നമുക്കറിയാം. അങ്ങനെ
യുള്ളവരെയാണ് ദൈവം തിരഞ്ഞെടുത്തത്.
കാരണം അതവൻെറ പദ്ധതിയായിരുന്നു. 29സൃ
ഷ്ടിക്കു മുമ്പു തന്നെ ദൈവത്തിന് അവരെ
അറിയാമായിരുന്നു. തൻെറ പുത്രന് അനുരൂപ
രായിരിക്കണം അവർ എന്ന് ദൈവം നിശ്ച
യിച്ചു. അങ്ങനെ യേശു അനേക സഹോദരീ
സഹോദരന്മാരിൽ ആദ്യജാതനായി. 30തൻെറ
പുത്രനെപ്പോലെയുള്ളവർക്കായി അവൻ പദ്ധ
തിയിട്ടു. അവൻ അവരെ വിളിക്കുകയും നീതീ
കരിക്കുയും നീതികരിച്ചവർക്ക് അവൻെറ മഹ
ത്വം കൊടുക്കുകയും ചെയ്തു.

യേശുക്രിസ്തുവിലുള്ള ദൈവ ത്തിൻെറ സ്നേഹം

31ഇതെപ്പറ്റി നാം ഇനി എന്താണു പറയേ
ണ്ടത്? ദൈവം നമ്മോടൊപ്പമുണ്ടെങ്കിൽ ആർ
ക്കും നമ്മെ തോല്പിക്കാനാവില്ല. 32നമുക്കുവേണ്ടി
പീഡയനുഭവിക്കാൻ തൻെറ പുത്രനെപ്പോലും
നമുക്കു തന്ന ദൈവം നമുക്കായി എന്തും തരും.
നമുക്കുവേണ്ടി പുത്രനെ തന്ന ദൈവം അവ
നോടൊപ്പം എല്ലാം പൂർണ്ണമായും നൽകും.
33ദൈവം തിരഞ്ഞെടുത്തവരെ ആരെതിർക്കും?
തൻെറ ജനത്തെ ശരിയാക്കുന്നത് ദൈവം തന്നെ
യാണ്. 34ദൈവത്തിൻെറ ജനം കുറ്റക്കാരാ
ണെന്നു ആർക്കു പറയാൻ കഴിയും? ആർക്കും
കഴിയില്ല. ക്രിസ്തുയേശു മരിച്ചു; എന്നാല
വൻ മരണത്തിൽനിന്ന് ഉയിർക്കുകയും ചെ
യ്തു. ഇപ്പോളവൻ ദൈവത്തിൻെറ വലതു ഭാഗ
ത്തിരുന്നു നമുക്കുവേണ്ടി മധ്യസ്ഥം വഹിക്കുന്നു.
35ക്രിസ്തുവിൻെറ സ്നേഹത്തിൽനിന്ന് നമ്മെ
വേർപെടുത്താൻ ആരെക്കൊണ്ടാകും? ദുരിത
ങ്ങൾക്കും ക്ലേശങ്ങൾക്കും, അല്ലെങ്കിൽ ഉപദ്രവ
ങ്ങൾക്കും അതിനു കഴിവുണ്ടോ? ഇല്ല. നമുക്കു
ഭക്ഷണവും വസ്ത്രവും ഇല്ലാതെ വന്നാൽ അതു
നമ്മെ ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്നു
വേർപെടുത്തുമോ? അപകടങ്ങൾക്കും അല്ലെ
ങ്കിൽ മരണത്തിനു പോലും നമ്മെ ക്രിസ്തു
വിൻെറ സ്നേഹത്തിൽ നിന്നു വേർപെടുത്താ
നാകുമോ? ഇല്ല. 36തിരുവെഴുത്തുകളിൽ എഴുതി
യിരിക്കുന്നതുപോലെ,

“നിനക്കുവേണ്ടി ഞങ്ങൾ എക്കാലവും മരണ
ത്തിൻെറ ഭീഷണിയിൽ പെട്ടിരിക്കുന്നു. കശാ
പ്പിനു കൊണ്ടുപോകുന്ന ആടിനെപ്പോലെ
അത്രയും വിലകുറഞ്ഞവരാണ് ഞങ്ങളെന്നു
ആളുകൾ കരുതും.” *സങ്കീർത്തനങ്ങൾ 44:22*

37എന്നാൽ, ഇത്തരം സാഹചര്യങ്ങളിലെല്ലാം,
തന്റെ സ്നേഹം നമ്മിൽ ചൊരിഞ്ഞ ദൈവം
വഴി നമുക്കു പരിപൂർണ്ണ വിജയമുണ്ടായി.
38-39മരണത്തിനോ ജീവനോ, ദൂതന്മാർക്കോ, ഭരി
ക്കുന്നവർക്കോ, ഇപ്പോഴുള്ളവയ്ക്കോ, ഭാവിയി
ലുണ്ടാകുന്നവയ്ക്കോ, ശക്തിക്കോ, മേലുള്ള
തിനോ, കീഴുള്ളതിനോ, സമസ്തലോകത്തി
ലുള്ള യാതൊന്നിനും നമ്മുടെ കർത്താവായ
ക്രിസ്തുയേശുവിലൂടെയുള്ള ദൈവസ്നേഹ
ത്തിൽനിന്നും നമ്മെ വേർപെടുത്താൻ കഴിയു
കയില്ല. അതെ, എനിക്കുറപ്പുണ്ട്, യാതൊ
ന്നിനും നമ്മെ ദൈവസ്നേഹത്തിൽനിന്നും
വേർപെടുത്താനാവില്ല.

ദൈവവും യെഹൂദരും

9 ഞാൻ ക്രിസ്തുവിൽ സത്യമാണ് പറയു
ന്നത്, കള്ളമല്ല. എന്റെ വികാരവിചാര
ങ്ങളെ ഭരിക്കുന്നത് പരിശുദ്ധാത്മാവാണ്. ഞാൻ
പറയുന്നതു വ്യാജമല്ലെന്നു ആ അനുഭൂതി എ
ന്നോടു പറയുന്നു. 2എനിക്ക് യെഹൂദരെപ്പറ്റി
വളരെ വേദനയും എപ്പോഴും വലിയ ദുഃഖവും
അനുഭവപ്പെടുന്നു. 3എന്റെ ഐഹിക കുടുംബ
ത്തിലെ സഹോദരസഹോദരിമാരും അംഗങ്ങളു
മാണ് അവർ. അവരെ സഹായിക്കാൻ എനിക്കാ
ഗ്രഹമുണ്ട്. ഞാൻ ശാപഗ്രസ്ഥനാകുന്നതോ
ക്രിസ്തുവിൽനിന്ന് വിച്ഛേദിതനാകുന്നതോ
അവർക്കു രക്ഷ നൽകുമായിരുന്നെങ്കിൽ അതി
നുപോലും ഞാനൊരുക്കമായിരുന്നു. 4അവർ
യിസ്രായേലിലെ ജനങ്ങളാണ്. അവരാണ് ദൈ
വത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട മക്കൾ. ദൈവമ
ഹത്വവും ദൈവം ചെയ്ത നിയമവും അവർ
ക്കുണ്ട്. ദൈവം അവർക്ക് മോശെയിലൂടെ ന്യാ
യപ്രമാണവും ആരാധനയുടെ നേർ വഴിയും
നൽകി. അവർക്ക് ദൈവം അവന്റെ വാഗ്ദാന
ങ്ങൾ നൽകി. 5അവർ നമ്മുടെ പൂർവ്വപിതാ
ക്കന്മാരുടെ സന്തതികളാണ്. അവർ ക്രിസ്തു
വിന്റെ ഭൗമീകകുടുംബമാണ്. ക്രിസ്തു സക
ലത്തിനും മീതെ ദൈവമാണ്. ദൈവത്തിനു
സ്തുതി. അവൻ എന്നും വാഴ്ത്തപ്പെടട്ടെ.
ആമേൻ.
6അതെ, എനിക്കു യെഹൂദരോടു ഖേദം
തോന്നുന്നു. അവരോടുള്ള വാഗ്ദാനം പാലിക്കു
ന്നതിൽ ദൈവം പരാജിതനായി എന്നല്ല ഞാനു
ദ്ദേശിക്കുന്നത്. സത്യമായും ദൈവത്തിന്റെ
ജനമായി യെഹൂദരിൽ ചിലർ മാത്രമേയുള്ളൂ.
7അബ്രാഹാമിന്റെ സന്തതികളിൽ ചിലർ
മാത്രമേ അവന്റെ യഥാർത്ഥ മക്കളായുള്ളൂ.
ദൈവം അബ്രാഹാമിനോടു പറഞ്ഞത് ഇങ്ങ
നെയാണ്: "യിസ്ഹാക്ക് മാത്രമായിരിക്കും
നിന്റെ നിയമസാധുതയുള്ള പുത്രൻ."* 8അ
ബ്രാഹാമിന്റെ സന്തതികളിൽ ചിലർ മാത്രമേ
യഥാർത്ഥ ദൈവമക്കളായുള്ളൂ എന്നാണിതി
നർത്ഥം. അബ്രാഹാമിനോടു ദൈവം വാഗ്
ദാനം നൽകിയതു വഴി ദൈവത്തിന്റെ മക്കളാ
യിത്തീർന്നവർ മാത്രമാണ് അബ്രാഹാമിന്റെ
യഥാർത്ഥമക്കൾ. 9അബ്രാഹാമിനോടുള്ള ദൈ
വത്തിന്റെ വാഗ്ദാനം ഇതാണ്: "യഥാസമയം
ഞാൻ തിരിച്ചു വരികയും, അപ്പോൾ സാറെക്കു
ഒരു പുത്രനുണ്ടായിരിക്കുകയും ചെയ്യും."
10എന്നാൽ അതുമാത്രമല്ല, റിബെക്കയ്ക്കും
പുത്രന്മാരുണ്ടായിരുന്നു. അവർക്കും ഒരേ അപ്പ
നാണുള്ളത്. അവൻ നമ്മുടെ പിതാവായ യിസ്
ഹാക്ക് ആണ്.

"യിസ്ഹാക്ക് ... പുത്രൻ" ഉദ്ധരണി ഉല്പ. 21:12.

11-12പക്ഷെ പുത്രന്മാർ രണ്ടും ജനിക്കുന്നതിനു
മുമ്പ് ദൈവം റിബെക്കയോട് പറഞ്ഞു, "മൂത്ത
പുത്രൻ ഇളയവനെ ശുശ്രൂഷിക്കും."* കുട്ടികൾ
നന്മയോ തിന്മയോ പ്രവർത്തിക്കുന്നതിനും
മുമ്പാണിതു സംഭവിച്ചത്. ദൈവത്തിന്റെ പദ്ധ
തിയനുസരിച്ച് ദൈവം തിരഞ്ഞെടുത്തവൻ
തിരഞ്ഞെടുക്കപ്പെടേണ്ടതിനായി അവന്റെ
ജനനത്തിനു മുമ്പു തന്നെ ദൈവം ഇതു പറ
ഞ്ഞു. കുട്ടികളുടെ പ്രവർത്തികളുടെ അടിസ്ഥാ
നത്തിലല്ല, തിരഞ്ഞെടുക്കാൻ ദൈവം ആഗ്രഹി
ച്ചതിന്റെ അടിസ്ഥാനത്തിലാണ് അവൻ തിര
ഞ്ഞെടുക്കപ്പെട്ടത്. 13തിരുവെഴുത്തുകൾ പറയു
മ്പോലെ, "ഞാൻ ഏശാവിനെ വെറുത്തു,
യാക്കോബിനെ സ്നേഹിച്ചു."*
14അപ്പോൾ ഇതിനെപ്പറ്റി നാം എന്തു പറയും?
ദൈവം ന്യായസ്ഥനല്ലെന്നോ? അങ്ങനെ പറ
യാൻ സാധിക്കയില്ല. 15കാരണം അവൻ മോശെ
യോടു അരുളിച്ചെയ്തു:
"എനിക്കു കരുണ തോന്നേണം എന്നുള്ളവ
നോട് ഞാൻ കരുണ കാണിക്കും. എനിക്കു
അലി വു തോന്നേണം എന്നുള്ളവരോട് ഞാൻ
അലി വു കാണിക്കും."* 16അതുകൊണ്ട് കരുണ
കാണി ക്കണമെന്നു താൻ തീരുമാനിച്ച വ്യക്തി
യെ ദൈവം തിരഞ്ഞെടുത്തു. മനുഷ്യന്റെ ആ
ഗ്രഹങ്ങളെയോ പരിശ്രമങ്ങളെയോ ആശ്രയി
ച്ചു കൊണ്ടുള്ളതല്ല അവന്റെ തിരഞ്ഞെടുപ്പ്.
17തിരുവെഴുത്തുകളിൽ ദൈവം ഫറവോനോടു
പറയുന്നു: "ഞാൻ നിന്നെ രാജാവാക്കിയത്
ഈ ഒറ്റക്കാരണത്താലാണ്. എന്റെ ശക്തിനി
ന്നിൽ പ്രകടിതമാക്കി, എന്റെ നാമം ലോകമെ
മ്പാടും ഉദ്ഘോഷിക്കുവാൻ ഞാനാഗ്രഹിച്ചു."*
18അതുകൊണ്ടു തനിക്കു വേണമെന്നു തോന്നു
ന്നവരോട് ദൈവം കരുണകാണിക്കുന്നു. കഠിന
ഹൃദയരാക്കണമെന്നാഗ്രഹിക്കുന്നവരെ അങ്ങ
നെയാക്കുന്നു.
19അപ്പോൾ നിങ്ങൾ ചോദിച്ചേക്കാം:"നമ്മുടെ
പ്രവൃത്തികളെ ദൈവം നിയന്ത്രിക്കുന്നുവെ
ങ്കിൽ അവനെന്തിന് നമ്മെ പഴിക്കുന്നു?" 20അ
ങ്ങനെ ചോദിക്കരുത്. നിങ്ങൾ മനുഷ്യരാണ്.
ദൈവത്തെ ചോദ്യം ചെയ്യാൻ മനുഷ്യന് അവ
കാശമില്ല. ഒരു മൺഭരണി, തന്നെ സൃഷ്ടിച്ച
മനുഷ്യനോട്" നീ എന്തിനെന്നെ ഇങ്ങനെ
സൃഷ്ടിച്ചു?" എന്നു ചോദിക്കാറില്ല. 21സൃഷ്ടാ
വിന് അവന്റെ ഇഷ്ടാനുസരണം എന്തും ഉണ്ടാ
ക്കാം. ഒരേ കളിമണ്ണു കൊണ്ടു തന്നെ അവനു
പല വസ്തുക്കളും സൃഷ്ടിക്കാം. ദൈനംദിനോ
പയോഗത്തിനു വേണ്ടിയും പ്രത്യേക സന്ദർ
ഭങ്ങളിലുമുപയോഗിക്കാൻ വേണ്ടിയും നിർ
മ്മിക്കാം.
22അങ്ങനെ തന്നെയാണ് ദൈവവും ചെയ്തി
രിക്കുന്നത്. ദൈവം തന്റെ കോപവും ശക്തി
യും ആളുകളെ കാണിക്കാനാഗ്രഹിച്ചു. നശിപ്പി
ക്കപ്പെടാനുള്ള മനുഷ്യരോടുള്ള കോപം ദൈവം
ക്ഷമയോടെ സഹിച്ചു. 23തന്റെ സമ്പന്നമായ
മഹത്വം വ്യക്തമാക്കാനെന്നവണ്ണം ക്ഷമയോടെ
ദൈവം കാത്തിരുന്നു. ആ മഹത്വത്തെ തന്റെ
കാരുണ്യപാത്രങ്ങളായ മനുഷ്യർക്ക് നൽകാൻ
ദൈവം ആഗ്രഹിച്ചു. തന്റെ മഹത്വം ഉൾക്കൊ
ള്ളുവാൻ ദൈവം അവരെ ഒരുക്കി.24ദൈവം തിര

"യഥാസമയം ... ചെയ്യും." ഉദ്ധരണി ഉല്പ. 18:10,14.

"ഞാൻ ... സ്നേഹിച്ചു" ഉദ്ധരണി മലാഖി. 1:23.

"എനിക്കു ... കാണിക്കും" ഉദ്ധരണി പുറ. 33:19.

"ഞാൻ ... ഞാനാഗ്രഹിച്ചു" ഉദ്ധരണി പുറ. 9:16.

ഞ്ഞെടുത്ത ആ മനുഷ്യരാണ് നമ്മൾ. യെഹൂദ
രിൽനിന്നും ജാതികളിൽനിന്നും ദൈവം നമ്മെ
തിരഞ്ഞെടുത്തു. 25ഹോശേയയുടെ പുസ്തക
ത്തിൽ തിരുവെഴുത്തു പറയുന്നതു പോലെ,
“എൻെറ ജനമല്ലാത്തവരെ എൻെറ ജന
മെന്നും എനിക്കു പ്രിയപ്പെട്ടവരല്ലാത്തവരെ
ഞാൻ പ്രിയപ്പെട്ടവരെന്നും പറയും.”
ഹോശേയ 2:23
26‘“നിങ്ങൾ എൻെറ ജനമല്ല’ എന്ന് അവ
രോടു പറഞ്ഞ അതേ സ്ഥലത്തു വച്ചു തന്നെ
അവരെ‘ ജീവിക്കുന്ന ദൈവത്തിൻെറ പുത്ര
ന്മാർ’ എന്നു വിളിക്കും.” *ഹോശേയ 1:10*

27യിസ്രായേലിനെപ്പറ്റി യെശയ്യാവ് പറ
ഞ്ഞു,“യിസ്രായേലിലെ ജനങ്ങളുടെ എണ്ണം
കടലിലെ മണൽത്തരി പോലെയാണ്.
എന്നാൽ അവരിൽ വളരെ കുറച്ചുപേർ മാത്രമേ
രക്ഷപെടുകയുള്ളൂ.
28കാരണം ഭൂമിയിൽ ദൈവത്തിൻെറ ന്യായ
വിധി വേഗത്തിലും അന്തിമവുമാണ്”* 29യെശ
യ്യാവ് പറഞ്ഞതു പോലെ, “കർത്താവ് സർവ്വ
ശക്തനാണ്. നമുക്കുവേണ്ടി കർത്താവ് തൻെറ
ജനങ്ങളിൽ ചിലരെ രക്ഷിച്ചു. അങ്ങനെ
ചെയ്തില്ലായിരുന്നുവെങ്കിൽ ഇന്നു നമുക്ക്
സൊദോമിൻെറ ഗതിയായേനെ, ഗൊമോറാ
യുടെ നിലയായേനെ.”* 30അപ്പോൾ ഇതെല്ലാം
അർത്ഥമാക്കുന്നതെന്താണ്? ജാതികൾ തങ്ങ
ളാൽ തന്നെ ദൈവസമക്ഷം നീതീകരിക്കാൻ
ശ്രമിച്ചില്ല. പക്ഷെ അവർ ദൈവസമക്ഷം നീതീ
കരിക്കപ്പെട്ടു. സ്വന്തം വിശ്വാസം മൂലമാണ്
അവർ നീതീകരിക്കപ്പെട്ടത്. 31യിസ്രായേലിലെ
ജനങ്ങളാകട്ടെ തങ്ങളെത്തന്നെ നീതീകരിച്ചു
കിട്ടുന്നതിന് ന്യായപ്രമാണത്തെ പിന്തുടരാ
നൊരുങ്ങി. പക്ഷെ അവർ വിജയിച്ചില്ല. 32എ
ന്തുകൊണ്ടെന്നാൽ സ്വന്തം പ്രവൃത്തികളാൽ
സ്വയം നീതീകരിക്കാൻ അവർ ശ്രമിച്ചു. നീതീ
കരിക്കപ്പെടുവാൻ വിശ്വാസത്തിൻെറ അടി
സ്ഥാനത്തിൽ അവർ ശ്രമിച്ചില്ല അവർ പരാജ
യമടഞ്ഞു. 33തിരുവെഴുത്തുകളിൽ ഇങ്ങനെ
പറയുന്നു:
“നോക്കൂ! മനുഷ്യരെ വീഴിക്കുന്ന ഒരു കല്ല്
സീയോനിൽ ഞാൻ സ്ഥാപിക്കും. അവർക്ക്
ഇടർച്ചയുണ്ടാക്കുന്ന ഒരു പാറയാണത്. പക്ഷെ,
ആ പാറയിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കേ
ണ്ടിവരില്ല.” *യെശയ്യാവ് 8:14; 28:16*

10 സഹോദരന്മാരേ, എൻെറ മനസ്സിലെ
ആഗ്രഹവും ദൈവത്തോടുള്ള എൻെറ
പ്രാർത്ഥനയും യെഹൂദരും രക്ഷിക്കപ്പെടട്ടെ
എന്നാണ്. 2ദൈവീകകാര്യത്തിൽ ശക്തമായ
അഭിലാഷമുള്ളവരാണ് യെഹൂദർ എന്നെനിക്കു
പറയാൻ കഴിയും. പക്ഷെ അത് ഉചിതമായ
വിജ്ഞാനത്തിൽ അധിഷ്ഠിതമായുള്ളതല്ല.
3ദൈവം മനുഷ്യരെ തനിക്കൊപ്പം നീതീകരിക്കു
ന്നതിനെപ്പറ്റി അവർ അജ്ഞരാണ്. അവർ തങ്ങ
ളുടേതായ മാർഗ്ഗത്തിലൂടെ അവരെ നീതീകരി
ക്കാൻ ശ്രമിച്ചു. അതുകൊണ്ട് ദൈവം ആളുകളെ
നീതീകരിക്കുന്ന മാർഗ്ഗം അവർ സ്വീകരിച്ചില്ല.
4ന്യായപ്രമാണത്തിൻെറ അവസാനമാണ്
ക്രിസ്തു. അതുകൊണ്ട് ഇപ്പോൾ അവനിൽ
വിശ്വസിക്കുന്നവൻ മാത്രമേ നീതീകരിക്കപ്പെ
ടുന്നുള്ളൂ.
5ദൈവീക നീതീകരണത്തെപ്പറ്റി ന്യായപ്ര
മാണത്തിൽനിന്നും ലഭ്യമായതിൻെറ അടി
സ്ഥാനത്തിൽ മോശെ എഴുതുന്നു: “ന്യായപ്രമാ
ണത്തെ പിന്തുടർന്ന് ജീവൻ കണ്ടെത്താൻ ശ്രമി
ക്കുന്നവൻ ന്യായപ്രമാണം അനുശാസിക്കുന്ന
കാര്യങ്ങൾനിശ്ചയമായും പാലിക്കണം.”* 6-7എ
ന്നാൽ വിശ്വാസത്തിലൂടെയുള്ള നീതീകര
ണത്തെപ്പറ്റി തിരുവെഴുത്തുകൾ ഇങ്ങനെയാണ്
പറയുന്നത്: “(ക്രിസ്തുവിനെ ഭൂമിയിലേക്ക്
ആനയിക്കാൻ) സ്വർഗ്ഗത്തിലേക്ക് ആരുപോകും?
(മരിച്ചവരിൽനിന്നും ക്രിസ്തുവിനെ കൊണ്ടു
വരാൻ) പാതാളത്തിലേക്ക് ആരിറങ്ങും? എന്നി
ങ്ങനെ നിങ്ങൾ സ്വയം ചോദിക്കരുത്.” 8പക്ഷെ
എന്താണ് തിരുവെഴുത്തിൽ പറയുന്നത്? “ദൈ
വത്തിൻെറ ഉപദേശം നിൻെറ സമീപമുണ്ട്.
അതു നിൻെറ അധരത്തിലും ഹൃദയത്തിലുമു
ണ്ട്.”* അതായത് ഞങ്ങൾ ജനങ്ങളെ ഉപദേശി
ക്കുന്ന വിശ്വാസം. 9“യേശു കർത്താവാണ്”
എന്നു അധരം കൊണ്ട് ഏറ്റുപറയുകയും, മരണ
ത്തിൽനിന്ന് ദൈവം യേശുവിനെ ഉയിർപ്പിച്ചു
വെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്യു
മെങ്കിൽ നിങ്ങളും രക്ഷിക്കപ്പെടും. 10അതെ,
ഞങ്ങൾ ഹൃദയത്തിൽ വിശ്വസിച്ച് ദൈവമുമ്പാ
കെ നീതീകരിക്കപ്പെട്ടു. വിശ്വസിക്കുന്നു എന്നു
അധരം കൊണ്ട് ഏറ്റു പറഞ്ഞ് രക്ഷിക്കപ്പെട്ടു.
11വിശുദ്ധതിരുവെഴുത്ത് പറയുന്നു: “അവനിൽ
വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടിവ
രില്ല.”*
12യെഹൂദനും അല്ലാത്തവനും തമ്മിൽ അന്തരം
ഇല്ലാത്തതു കൊണ്ടാണ് “ഒരുവനും” എന്നു ‘തിരു
വെഴുത്ത്’ പറയുന്നത്. അതെ കർത്താവു
തന്നെയാണ്, ഏവരുടെയും കർത്താവ്. തന്നിൽ
വിശ്വസിക്കുന്ന എല്ലാവർക്കും കർത്താവ് ഏറെ
സമൃദ്ധികൾ ചൊരിയുന്നു. 13അതെ, വിശുദ്ധ
തിരുവെഴുത്തിൽ പറയുന്നു: “കർത്താവിൽ
വിശ്വസിക്കുന്ന ഏവരും രക്ഷിക്കപ്പെടും.”*
14പക്ഷെ, തങ്ങൾക്ക് വിശ്വാസമില്ലാത്തവനെ
എങ്ങനെ ആശ്രയിക്കും? പറഞ്ഞു അറിഞ്ഞിട്ടു
പോലുമില്ലാത്ത ഒരുവനിൽ എങ്ങനെ വിശ്വാ
സമർപ്പിക്കും? ആരെങ്കിലും ഉദ്ബോധിപ്പിക്കു
ന്നില്ലെങ്കിൽ അവർ എങ്ങനെ കേൾക്കും? 15ആ
രും അയയ്ക്കാതെ അവർക്കെങ്ങനെ പ്രഖ്യാപ
നം നടത്താൻ കഴിയും? “സുവിശേഷം അറിയി
ക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!”* എന്ന്
എഴുതപ്പെട്ടിരിക്കുന്നുവല്ലോ.
16എന്നാൽ എല്ലാ യെഹൂദരും ആ സുവി
ശേഷം സ്വീകരിച്ചില്ല. യെശയ്യാവ് പറഞ്ഞു:
“കർത്താവേ, ഞങ്ങൾ പറഞ്ഞത് ആരു വിശ്വ
സിച്ചു?”* 17അതിനാൽ സുവിശേഷം കേൾക്കു
ന്നതുവഴിയാണ് വിശ്വാസമുണ്ടാകുന്നത്. ആരെ

“യിസ്രായേലിലെ ... അന്തിമവുമാണ്” ഉദ്ധരണി യെശ. 10: 22-23.

“കർത്താവ് ... നിലയിലായേനെ” ഉദ്ധരണി യെശ. 1:9.

“ന്യായപ്രമാണത്തെ ... പാലിക്കണം” ഉദ്ധരണി ലേവ്യ. 18:5.

“ദൈവത്തിൻെറ ... ഹൃദയത്തിലുമുണ്ട്” ഉദ്ധരണി ആവ. 30:12-14.

“അവനിൽ ... ലജ്ജിക്കേണ്ടിവരില്ല” ഉദ്ധരണി യെശ. 28:16..

“കർത്താവിൽ ... രക്ഷിക്കപ്പെടു ഉദ്ധരണി യോവേ. 2:32.

“സുവിശേഷം ... സുന്ദരം” ഉദ്ധരണി യെശ. 52:7.

“കർത്താവേ ... വിശ്വസിച്ചു?” ഉദ്ധരണി യെശ. 53:1.

കിലും ക്രിസ്തുവിനെക്കുറിച്ച് പറയുമ്പോ
ഴാണ് സുവിശേഷം കേൾക്കാൻ ഇടയാകുന്നത്.
18പക്ഷെ, ഞാൻ ചോദിക്കട്ടെ: "അവർ സുവി
ശേഷം കേട്ടില്ലേ?" ഉവ്വ്, തീർച്ചയായും കേട്ടു.
തിരുവെഴുത്തുകളിൽ പറയുമ്പോലെ:

"അവരുടെ സ്വരം ഭൂമിയിലെങ്ങും എത്തിയി
ട്ടുണ്ട്. അവരുടെ വചനങ്ങൾ ഭൂമിയുടെ അതിർ
ത്തിയോളം സഞ്ചരിച്ചു."

സങ്കീർത്തനങ്ങൾ. 19:4

19ഒരിക്കൽകൂടി ഞാൻ ചോദിക്കട്ടെ, "യിസ്രാ
യേലിലുള്ളവർക്ക് അതു മനസ്സിലായില്ലേ?"
ഉവ്വ്, അവർക്ക് മനസ്സിലായി. ഒന്നാമത് ദൈവ
ത്തിനുവേണ്ടി മോശെ ഇതു പറഞ്ഞു:

"യഥാർത്ഥത്തിൽ നിങ്ങളെ അസൂയാലുക്ക
ളാക്കാൻ ഞാൻ ഒരു ജനതയല്ലാത്തവരെ ഉപ
യോഗിക്കും. നിങ്ങളെ കോപിതരാക്കാൻ മൂഢ
രായ ജനതയെ ഞാൻ ഉപയോഗിക്കും."

ആവർത്തനം 32:21

20ദൈവത്തിനുവേണ്ടി ഇതു പറയാൻതക്ക
ധീരനാണ് യെശയ്യാവ്:

"എന്നെ അന്വേഷിക്കാത്തവരെന്നെ കണ്ടെ
ത്തി. എന്നെ ചോദിക്കാത്തവർക്കു ഞാൻ സ്വ
യം വെളിപ്പെടുത്തി.." *യെശയ്യാവ് 65:1*

21ജാതികളെപ്പറ്റിയാണ് ദൈവം യെശയ്യാ
വിലൂടെ ഇങ്ങനെ പറഞ്ഞത്. യെഹൂദരെപ്പറ്റി
അദ്ദേഹം പറഞ്ഞു, "ദിവസം മുഴുവൻ അവർ
ക്കായി ഞാൻ കാത്തിരുന്നു. എന്നാൽ എന്നെ
അനുസരിക്കാനും പിന്തുടരാനും അവർ വിസ
മ്മതിച്ചു."*

ദൈവം തൻെറ ജനത്തെ മറന്നിട്ടില്ല

11 അപ്പോൾ ഞാൻ ചോദിക്കട്ടെ, "ദൈവം
തൻെറ ജനത്തെ ഉപേക്ഷിച്ചു എന്നോ?"
ഇല്ല, ഞാൻ തന്നെ ഒരു യിസ്രായേൽക്കാര
നാണ്. ഞാൻ അബ്രാഹാമിൻെറ സന്തതിപര
മ്പരയിൽപെട്ടവനും ബെന്യാമീൻെറ ഗോത്ര
ത്തിൽപ്പെട്ടവനുമാണ്. **2**ജനിക്കുന്നതിനു മുമ്പു
തന്നെ യിസ്രായേൽക്കാർ ദൈവത്താൽ തിര
ഞ്ഞെടുക്കപ്പെട്ടു. അവരെ ദൈവം കൈവെടി
ഞ്ഞില്ല. തിരുവെഴുത്തുകളിൽ ഏലീയാവിനെ
ക്കുറിച്ചു പറയുന്നതെന്താണെന്നു നിങ്ങൾക്കു
തീർച്ചയായും അറിയാം. അയാൾ യിസ്രായേൽ
ക്കാർക്ക് എതിരായി ദൈവത്തോടു പ്രാർത്ഥിച്ച
തിനെക്കുറിച്ചാണ് തിരുവെഴുത്തുകളിൽ പറയു
ന്നത്. **3**ഏലീയാവ് പറഞ്ഞു: "കർത്താവേ, ജനം
നിൻെറ പ്രവാചകരെ വധിക്കുകയും നിൻെറ
യാഗപീഠങ്ങൾ തകർക്കുകയും ചെയ്തു. ജീവി
ച്ചിരിക്കുന്ന ഏകപ്രവാചകനായ എന്നെയും
ഇപ്പോൾ അവർ കൊല്ലാൻ ശ്രമിക്കുന്നു." **4**എ
ന്നാൽ എന്തു മറുപടിയാണ് ദൈവം ഏലീയാ
വിന് നൽകിയത്? ദൈവം പറഞ്ഞു: "എന്നെ
ആരാധിക്കുന്ന ഏഴായിരം പേരെ ഞാൻ ഇപ്പോ
ഴും എനിക്കായി കാത്തിട്ടുണ്ട്. ഈ ഏഴായിരം
പേരും ബാലിനു മുന്നിൽ മുട്ടുമടക്കിയിട്ടില്ല."*
5ഇക്കാലത്തും അങ്ങനെ തന്നെ. ദൈവം തൻെറ
കൃപയാൽ തിരഞ്ഞെടുത്ത കുറച്ചു പേരുണ്ട്.
6ദൈവം തൻെറ ജനത്തെ തിരഞ്ഞെടുക്കുന്നത്
തൻെറ കൃപ കൊണ്ടാണെങ്കിൽ, അവരുടെ പ്രവൃ
ത്തികളല്ല അവരെ ദൈവത്തിൻെറ ജനമാക്കി
യത്. സ്വന്തം പ്രവൃത്തികൾ അവരെ ദൈവമക്ക
ളാക്കുമെങ്കിൽ ദൈവത്തിൻെറ കൃപാദാനം യഥാ
ർത്ഥ ദാനമാകയില്ല.
7അതുകൊണ്ട് സംഭവിച്ചതിതാണ്: യിസ്രാ
യേലിലെ ജനങ്ങൾ ദൈവസമക്ഷം നീതീകരി
ക്കപ്പെടുവാൻ ശ്രമിച്ചു. പക്ഷെ വിജയിച്ചില്ല.
എന്നാൽ, ദൈവം തിരഞ്ഞെടുത്തവർ അവ
ൻെറ മുമ്പാകെ നീതീകരിക്കപ്പെടുകയും ചെ
യ്തു. മറ്റുള്ളവർ കഠിനഹൃദയരാകുകയും ദൈവ
ത്തിൽ ശ്രദ്ധിക്കാൻ വിസമ്മതിക്കുകയും ചെ
യ്തു. **8**തിരുവെഴുത്തുകളിൽ എഴുതിയിരിക്കു
ന്നതു പോലെ:

"ദൈവം അവർക്കു ഗാഢനിദ്ര കൊടുത്തു."

യെശയ്യാവ് 29:10

"കാണാത്ത കണ്ണും, കേൾക്കാത്ത ചെവിയും
നൽകി." *ആവർത്തനം 29:4*

9ദാവീദു പറയുന്നു:

"അവരുടെ സദ്യകൾ ഒരു കുരുക്കും കെണിയും
ആകട്ടെ. അവരുടെ വീഴ്ചയാൽ ശിക്ഷ അനു
ഭവിക്കട്ടെ.
10അവരുടെ കണ്ണുകൾ കാഴ്ചയില്ലാതിരിക്ക
ത്തക്കവിധം അന്ധമാകുകയും പ്രശ്നഭാരം നി
മിത്തം അവരുടെ നടുവ് എന്നേക്കുമായി വള
ഞ്ഞുപോകുകയും ചെയ്യട്ടെ."

സങ്കീർത്തനങ്ങൾ 69:22-23

11അതുകൊണ്ടു ഞാൻ ചോദിക്കുന്നു,
"യെഹൂദർ വീണപ്പോൾ, ആ വീഴ്ച അവരെ
നശിപ്പിച്ചുവോ?" ഇല്ല! പക്ഷേ അവരുടെ തെറ്റ്
ജാതികൾക്ക് രക്ഷ കൊണ്ടുവന്നു. യെഹൂദരെ
അസൂയാലുക്കളാക്കുവാനാണ് ഇതു സംഭവി
ച്ചത്. **12**യെഹൂദരുടെ തെറ്റ് വിലയേറിയ അനുഗ്ര
ഹങ്ങളെ ലോകത്തിലേക്ക് കൊണ്ടുവന്നു. യെ
ഹൂദർക്ക് നഷ്ടപ്പെട്ടതെന്തോ അത് ജാതികൾക്ക്
മൂല്യവത്തായ അനുഗ്രഹങ്ങൾ കൊണ്ടുവന്നു.
യെഹൂദർ വേണ്ടുവോളം ദൈവം കാംക്ഷിക്കുന്ന
രീതിയിലാകുമ്പോൾ ഏറേ മൂല്യമുള്ള അനുഗ്ര
ഹങ്ങൾ ലോകത്തിനു തീർച്ചയായും കിട്ടും.
13ഞാനിപ്പോൾ, ജാതികളായ നിങ്ങളോടാണ്
സംസാരിക്കുന്നത്. ഞാൻ ജാതികളുടെ അപ്പൊ
സ്തലനാണ്. അതിനാൽ ഞാൻ ശുശ്രൂഷ ചെ
യ്യുമ്പോൾ എനിക്കു ചെയ്യാവുന്നതിൽ ഏറ്റവും
നല്ലത് ഞാൻ ചെയ്യും. **14**എൻെറ സ്വന്തം ജന
മായ യെഹൂദരെത്തന്നെയും അസൂയാലുക്കളാ
ക്കാമെന്നു ഞാൻ ആശിക്കുന്നു. അങ്ങനെയെ
ങ്കിലും കുറച്ചുപേരെ രക്ഷിക്കാൻ എനിക്കാകു
മെന്ന് കരുതുന്നു. **15**ദൈവത്തിൻെറ യെഹൂദതിര
സ്ക്കരണം ലോകത്തിന് ദൈവത്തോടുള്ള നിര
പ്പാണ് അർത്ഥമാക്കുന്നതെങ്കിൽ യെഹൂദ സ്വീ
കരണം മരണത്തിൽനിന്നുള്ള ജീവനെ അല്ലാ
തെ മറ്റെന്താണ് അർത്ഥമാക്കുക?
16നിങ്ങളുടെ അപ്പത്തിൻെറ ആദ്യഭാഗം
ദൈവത്തിനുള്ള വിശുദ്ധമായ അർച്ചന ആണെ
ങ്കിൽ അപ്പത്തിൻെറ ബാക്കി ഭാഗവും വിശുദ്ധം
തന്നെ. ഒരു മരത്തിൻെറ വേരുകൾ വിശുദ്ധമെ
ങ്കിൽ അതിൻെറ ചില്ലകളും വിശുദ്ധം തന്നെ.
17ഒടിഞ്ഞുപോയ ചില ഒലിവു മരക്കൊമ്പു
കളുടെ സ്ഥാനത്ത് കാട്ടൊലിവിൻ കൊമ്പായ
നിന്നെ ഒട്ടിച്ചു ചേർത്തതുകൊണ്ട് തായ്ത്തടി
യുടെ ഉറപ്പും ജീവനും നീ പങ്കുപറ്റുന്നു. **18**അങ്ങ
നെയെങ്കിൽ ഒടിഞ്ഞുപോയ ശാഖകളുമായി
നിങ്ങളെത്തന്നെ താരതമ്യം ചെയ്തു പ്രശംസി

"ദിവസം ... വിസമ്മതിച്ചു" ഉദ്ധരണി യെശ. 65:2.

"എന്നെ ... മുട്ടു മടക്കിയിട്ടില്ല" ഉദ്ധരണി 1 രാജാ. 19:18

ക്കുവാൻ പാടില്ല. പക്ഷേ പ്രശംസിക്കുന്നുവെ
ങ്കിൽ ഒന്നോർത്തുകൊള്ളുക. നീ തായ്വേരിനെ
യല്ല, തായ്വേര് നിന്നെയാണ് പോഷിപ്പിക്കു
ന്നത്. 19“എനിക്ക് അവരുടെ മരത്തോട് ചേർന്നി
രിക്കത്തക്കവിധത്തിൽ കൊമ്പുകൾ ഒടിഞ്ഞു
പോയി” എന്നു നിങ്ങൾ പറയും. 20അതു ശരി
യാണ്. പക്ഷേ, അവിശ്വാസം നിമിത്തമാണ്
ആ ശാഖകൾ ഒടിഞ്ഞുപോയത്. നിങ്ങളുടെ
വിശ്വാസം കൊണ്ടു മാത്രമാണ് വൃക്ഷത്തിൻെറ
ഭാഗമായി നിങ്ങൾ ഇപ്പോഴും തുടരുന്നത്. അഹ
ങ്കരിക്കരുത് പക്ഷേ പേടിക്കുക. 21ആ മര
ത്തിൻെറ സ്വാഭാവിക ശാഖകളെ നിലനിൽ
ക്കാൻ ദൈവം അനുവദിച്ചില്ലെങ്കിൽ നിങ്ങ
ളെയും നിലനിൽക്കാൻ അനുവദിക്കില്ലെന്നു
ഓർക്കുക.

22ദൈവം ദയാലുവും എന്നാൽ കർക്കശനാ
കുന്നവനുമാണെന്ന് നിങ്ങൾ കാണുന്നു. തന്നെ
പിന്തുടരുന്നതു നിർത്തിയ ജനത്തെ അവൻ
ശിക്ഷിക്കും. എന്നാൽ അവൻെറ കാരുണ്യത്തിൽ
നിങ്ങൾ തുടരുകയാണെങ്കിൽ ദൈവം നിങ്ങ
ളോടു ദയാലുവാകും. നിങ്ങൾ അവനെ പിന്തുട
രുന്നില്ലെങ്കിൽ നിങ്ങളെയും വൃക്ഷത്തിൽ നിന്നു
മുറിച്ചുനീക്കും.23യെഹൂദർ ദൈവത്തിൽ വീണ്ടും
വിശ്വസിക്കുകയാണെങ്കിൽ ദൈവം യെഹൂ
ദരെ തിരികെ സ്വീകരിക്കും. നേരത്തെ ആയിരു
ന്നിടത്ത് അവരെ തിരികെ വയ്ക്കുവാൻ ദൈവ
ത്തിനു ശക്തിയുണ്ട്. 24ഒരു കാട്ടുകമ്പ് നല്ല വൃ
ക്ഷത്തിൻെറ ഭാഗമായിത്തീരുക അസ്വഭാവിക
മാണ്. പക്ഷേ ജാതികളായ നിങ്ങൾ കാട്ടൊ
ലിവുമരത്തിൽനിന്നും മുറിച്ച ശാഖപോലെ
യാണ്. അതുകൊണ്ട് തീർച്ചയായും ആ ശാഖ
കളെ അതിൻേറതായ മരത്തിൽ വീണ്ടും ഒട്ടിച്ചു
ചേർക്കാം.

25സഹോദരങ്ങളേ, ഈ രഹസ്യസത്യം
നിങ്ങൾ മനസ്സിലാക്കുവാൻ ഞാനാഗ്രഹി
ക്കുന്നു. നിങ്ങൾക്കു എല്ലാം അറിയാൻ പാടില്ലെ
ന്നു മനസ്സിലാക്കുവാൻ ഈ സത്യം നിങ്ങളെ
സഹായിക്കും. സത്യം ഇതാണ്: ജാതികൾ വേ
ണ്ടുവോളം ദൈവത്തിൽ വരുംവരെ യിസ്രായേ
ലിലൊരു വിഭാഗത്തെ കടുംപിടുത്തക്കാരാക്കി
യിരിക്കുന്നു. 26അങ്ങനെയാണ് എല്ലാ യിസ്രാ
യേല്യർക്കും രക്ഷ കിട്ടുന്നത്. തിരുവെഴുത്തുക
ളിൽ എഴുതിയിരിക്കുന്നു:

“സീയോനിൽനിന്നു രക്ഷകൻ വരും.
യാക്കോബിൻെറ കുടുംബത്തിൽനിന്നും എല്ലാ
ദുഷ്ടതയെയും അവൻ മാറ്റിക്കളയും.

27ഞാൻ അവരുടെ പാപങ്ങൾ നീക്കുമ്പോൾ
ഈ നിയമം അവരുമായി ഞാൻ ചെയ്യും.”

യെശയ്യാവ്. 59:20-21; 27:9

28യെഹൂദർ സുവിശേഷം സ്വീകരിക്കാൻ
വിസമ്മതിച്ചതുകൊണ്ട് അവർ ദൈവത്തിൻെറ
ശത്രുക്കളാണ്. ജാതികളേ, നിങ്ങളെ സഹായി
ക്കുവാനായിട്ടാണ് ഇതു സംഭവിച്ചത്. പക്ഷേ
ഇപ്പോഴും ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട
ജനമാണ് യെഹൂദർ. അതുകൊണ്ട് ദൈവം
അവരെ ഏറെ സ്നേഹിക്കുന്നു. അവരുടെ പി
താക്കന്മാരോട് അവൻ ചെയ്തവാഗ്ദാനം നിമി
ത്തമാണ് ദൈവം അവരെ സ്നേഹിക്കുന്നത്.
29അവൻ തിരഞ്ഞെടുത്ത ജനത്തെപ്പറ്റിയും
അവർക്കു നൽകിയതിനെക്കുറിച്ചും തൻെറ മന
സ്സിൽ ദൈവം ഒരിക്കലും ഇളക്കം വരുത്തിയില്ല.
ആളുകളെ ക്ഷണിക്കുന്നതിൽനിന്നും ദൈവം
ഒരിക്കലും പിന്തിരിഞ്ഞില്ല. 30ഒരിക്കൽ നിങ്ങൾ
ദൈവത്തെ അനുസരിക്കാൻ വിസമ്മതിച്ചു.
പക്ഷെ യെഹൂദർ അനുസരിക്കാൻ വിസമ്മതി
ച്ചതുകൊണ്ട് ഇപ്പോൾ നിങ്ങൾക്കും കരുണ
ലഭിച്ചു. 31ദൈവം നിങ്ങളോടു കരുണ കാണിച്ച
തുകൊണ്ട് ഇപ്പോൾ യെഹൂദർ അനുസരിക്കാൻ
വിസമ്മതിക്കുന്നു. അവർക്കും കരുണ കിട്ടാ
നാണ് ഇത് സംഭവിച്ചത്.

32ദൈവത്തെ അനുസരിക്കാൻ എല്ലാവരും
വിസമ്മതിച്ചു. തന്നെ അനുസരിക്കാത്തവരെ
യെല്ലാം ദൈവം ഒന്നിച്ചാക്കിയതുകൊണ്ട് ദൈ
വത്തിന് എല്ലാവരോടും കരുണ കാണിക്കാം.

ദൈവത്തിനു സ്തോത്രം

33ദൈവത്തിൻെറ ബുദ്ധിയുടെയും മഹാത്മ്യ
ത്തിൻെറയും അറിവിൻെറയും ആഴം എത്ര
യാണ്. അവൻെറ വിധിന്യായങ്ങൾ എത്ര
അപരിശോധിതം! അവൻെറ വഴികൾ എത്ര
ദുർഗ്രാഹ്യം! 34തിരുവെഴുത്തു പറയുന്നതു
പോലെ:

“കർത്താവിൻെറ മനസ്സാരറിഞ്ഞു? ദൈവ
ത്തിനു ഉപദേശം നൽകാൻ കഴിവുള്ളവനാ
രാണ്.” *യെശയ്യാവ് 40:13*

35“എന്നെങ്കിലും എന്തെങ്കിലും ദൈവത്തിനു
നൽകിയതായി ആരുണ്ട്? യാതൊരുവനോടും
ദൈവത്തിനു കടപ്പാടില്ല.” *ഇയ്യോബ് 41:11*

36അതെ, ദൈവം എല്ലാം സൃഷ്ടിച്ചു. ദൈവ
ത്തിനായി എല്ലാം ദൈവത്തിലൂടെ തുടരുന്നു.
എന്നേക്കും ദൈവത്തിനു മഹത്വമുണ്ടാകട്ടെ!
ആമേൻ.

നിങ്ങളുടെ ജീവിതം ദൈവത്തിനു നൽകൂ

12 അതുകൊണ്ട് സഹോദരങ്ങളേ, എന്തെ
ങ്കിലും ചെയ്യുവാൻ ഞാൻ നിങ്ങളോട
ഭ്യർത്ഥിക്കുന്നു. ദൈവം നമ്മോടു വലിയ
കരുണ കാണിച്ചിരിക്കുന്നു. അതുകൊണ്ട് നിങ്ങ
ളെ ജീവിക്കുന്ന യാഗമായി ദൈവത്തിനർ
പ്പിക്കൂ. നിങ്ങളുടെ അർപ്പണം ദൈവത്തിനു
മാത്രമുള്ളതും, അവനെ പ്രീതിപ്പെടുത്തുന്നതുമാ
കട്ടെ. നിങ്ങളുടെ ഈ സമർപ്പണം ആണ് ദൈവ
ത്തെ ആരാധിക്കുവാനുള്ള ആദ്ധ്യാത്മിക വഴി.
2ഇനിയങ്ങോട്ടു ഈ ലോകത്തിലെ ജനതയുടെ
വഴി അവലംബിക്കാതിരിക്കുക. പക്ഷേ ഒരു
പുതിയ ചിന്താമാർഗ്ഗത്തിലൂടെ ഉള്ളിൽ സ്വയം
മാറുക. അപ്പോൾ നിങ്ങൾക്ക് നല്ലതും ദൈവ
ത്തിനു ഹിതകരവും പൂർണ്ണവും ആയ കാര്യ
ങ്ങൾ തെളിയിക്കുവാനും സ്വീകരിക്കുവാനും
സാധിക്കും.

3ദൈവം എനിക്കൊരു പ്രത്യേക വരം തന്നു.
അതുകൊണ്ടാണ് നിങ്ങളിലോരോരുത്തരോടും
എനിക്കെന്തെങ്കിലും പറയുവാനുണ്ടായത്.
നിങ്ങൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെ
ക്കാൾ മെച്ചമാണ് എന്നു നിങ്ങൾ വിചാരിക്ക
രുത്. ദൈവം നിങ്ങൾക്ക് തന്ന വിശ്വാസത്തി
ൻെറ തരത്തിൽ നിങ്ങൾ ആരാണെന്ന് തീരുമാ
നിക്കുക. 4നമുക്കോരോരുത്തർക്കും ഒരു ശരീരവും
അതിന് പല ഭാഗങ്ങളും ഉണ്ട്. ഈ ഭാഗങ്ങ
ളെല്ലാം ഒരേ പ്രവൃത്തിയല്ല ചെയ്യുന്നത്. 5അതു
പോലെ നമ്മൾ എല്ലാം പലരെങ്കിലും ക്രിസ്തു
വിൽ ഏകശരീരമാണ്. ആ ശരീരത്തിൻെറ
ഭാഗങ്ങളാണ് നാം ഓരോരുത്തരും. ശരീരത്തി
ൻെറ ഒരു ഭാഗം മറ്റെല്ലാ ഭാഗങ്ങൾക്കും കൂടി

ഉള്ളതാണ്. 6നമുക്കെല്ലാം വിവിധങ്ങളായ ദാന
ങ്ങളുണ്ട്. ദൈവത്തിനു നമ്മോടുള്ള കരുണയനു
സരിച്ച് ഓരോ ദാനവും നമുക്കു കിട്ടി. ഒരുവന്
പ്രവചനവരം കിട്ടിയെങ്കിൽ അത് അവനുള്ള
വിശ്വാസം കൊണ്ട് ഉപയോഗിക്കണം. 7സേവ
നത്തിനുള്ള വരമാണ് ഒരുവനു കിട്ടിയതെങ്കിൽ
അവൻ സേവനമർപ്പിക്കണം. ഉപദേശിക്കാ
നുള്ള വരമാണ് അതെങ്കിൽ അപ്പോൾ അവൻ
ഉപദേശിക്കണം. 8സമാശ്വസിപ്പിക്കാനുള്ള വര
മാണെങ്കിൽ അവൻ ആശ്വസിപ്പിക്കണം. കൊ
ടുക്കുവാനുള്ള വരമാണെങ്കിൽ ഔദാര്യമായി
കൊടുക്കണം. നേതൃത്വം നൽകാനുള്ള വരമാ
ണെങ്കിൽ ഉത്സാഹത്തോടെ ചെയ്യണം. കരുണ
ചെയ്യാനുള്ള വരമാണെങ്കിൽ സന്തോഷത്തോ
ടെയും വേണം.

9നിങ്ങളുടെ സ്നേഹം സത്യമാകണം. 10ദുഷ്ട
മായതിനെ വെറുക്കണം. നല്ലതു മാത്രമേ
ചെയ്യാവൂ. സഹോദരീ സഹോദരന്മാരെന്നു
അനുഭവവേദ്യമാകുന്ന തരത്തിൽ നിങ്ങൾ പര
സ്പരം സ്നേഹിക്കണം. നിങ്ങൾക്കു ലഭിക്കണ
മെന്നു കരുതുന്നതിലേറെ ബഹുമാനം നിങ്ങ
ളുടെ സഹോദരീ സഹോദരന്മാർക്കു നിങ്ങൾ
കൊടുക്കണം. 11കർത്താവിനായി പ്രവർത്തി
ക്കേണ്ടി വരുമ്പോൾ നിങ്ങൾ മടികാണിക്കരുത്.
അവനെ ശുശ്രൂഷിക്കുമ്പോൾ ആത്മീയ ഹർഷ
ത്തിൽ നിങ്ങൾ മുഴുകുക. 12നിങ്ങൾക്കു പ്രതീ
ക്ഷയുള്ളതു കൊണ്ട് നിങ്ങൾ സന്തോഷമുള്ളവ
രാകുക. നിങ്ങൾക്ക് പ്രശ്നങ്ങളുണ്ടാകുമ്പോൾ
സമചിത്തത കാക്കുക. 13എപ്പോഴും പ്രാർത്ഥി
ക്കുക. സഹായം ആവശ്യമുള്ള ദൈവജനത്തി
നായി പങ്കുവയ്ക്കുക. സഹായമാവശ്യമുള്ള
വർക്കായി തിരയുകയും അവരെ നിങ്ങളുടെ
വീട്ടിലേക്ക് സ്വാഗതവും ചെയ്യുക. 14നിങ്ങ
ളോട് ചീത്തകാര്യങ്ങൾ ചെയ്യുന്നവരോട് നല്ല
കാര്യങ്ങളേ പറയാവൂ. അവരോട് സൽക്കാ
ര്യങ്ങൾ പറയുക. അല്ലാതെ ശപിക്കരുത്. 15അ
ന്യർ സന്തോഷിക്കുമ്പോൾ നിങ്ങളും അവരോ
ടൊപ്പം സന്തോഷിക്കണം. അന്യർ ദു:ഖിക്കു
മ്പോൾ അവരോടുകൂടി ദു:ഖിക്കുക. 16പര
സ്പരം സമാധാനത്തിൽ ജീവിക്കുക. അഹങ്കരി
ക്കരുത്. അന്യർ പ്രാധാന്യം കൊടുക്കാത്ത ആളു
കൾക്ക് സുഹൃത്താകുവാൻ സന്നദ്ധനാകുക.

17ദുരഭിമാനിയാകരുത്. ഒരുവൻ നിന്നോടു
തെറ്റു ചെയ്താൽ, അവനോടു തെറ്റു ചെയ്തു
കൊണ്ട് തിരിച്ചടിക്കരുത്. നല്ലതും മൂല്യമുള്ള
തുമെന്ന് എല്ലാവരും കരുതുന്ന കാര്യങ്ങൾ ചെ
യ്യാൻ എല്ലായ്പ്പോഴും ശ്രമിക്കുക. 18എല്ലാവരു
മായി സമാധാധനത്തിൽ ജീവിക്കുവാൻ നിങ്ങ
ളുടെ ഭാഗത്തുനിന്നും കഴയാവുന്നതെല്ലാം ചെ
യ്യുക. 19എൻെറ സുഹൃത്തുക്കളേ, നിങ്ങളോടു
തെറ്റു ചെയ്യുന്നവരെ, ശിക്ഷിക്കുവാൻ തുനിയ
രുത്. ദൈവം തൻെറ കോപം കൊണ്ട് അവരെ
ശിക്ഷിക്കുന്നതിനായി കാത്തിരിക്കുക. “ഞാ
നാണ് ശിക്ഷിക്കുന്നവൻ. ഞാൻ ജനങ്ങൾക്കു
തിരിച്ചടി നൽകും.”* എന്നു കർത്താവ് പറഞ്ഞ
തായി എഴുതിയിട്ടുണ്ട്. 20എന്നാൽ നിങ്ങളിതു
ചെയ്യണം.“നിൻെറ ശത്രു വിശക്കുന്നവനെങ്കിൽ
അവന് ആഹാരം കൊടുക്കുകയും, ദാഹിക്കുന്ന
വനെങ്കിൽ, കുടിക്കുവാൻ കൊടുക്കുകയും
വേണം. ഇപ്രകാരം അവനെ നിങ്ങൾ ലജ്ജിത
നാക്കണം.”* 21നിങ്ങളെ കീഴടക്കുവാൻ ദുഷ്ട
തയെ അനുവദിക്കരുത്. നിങ്ങൾ സദ്പ്രവൃത്തി
കൾ ചെയ്ത് ദുഷ്ടതയെ കീഴടക്കണം.

13 എല്ലാവരും അധികാരത്തിലുള്ള സർക്കാ
രിനെ അനുസരിക്കണം. ഭരിച്ചുകൊണ്ടി
രിക്കുന്ന ഏതൊരാൾക്കും അതിനുള്ള ശക്തി
കിട്ടിയത് ദൈവത്തിൽനിന്നാണ്. ഇപ്പോൾ
ഭരിക്കുന്നവർക്കും ദൈവമാണ് ആ അധികാരം
നൽകിയത്. 2അതിനാൽ അധികാരികൾക്ക്
എതിരായുള്ളവൻ യഥാർത്ഥത്തിൽ ദൈവത്തി
ൻെറ ആജ്ഞകൾക്കാണ് എതിര്. അധികാരിക
ൾക്ക് എതിരായിട്ടുള്ളവൻ അവനെത്തന്നെ
ശിക്ഷയ്ക്കു ഒരുക്കുന്നു. 3ശരി ചെയ്യുന്ന ആൾ
ക്കാർക്ക് അധികാരികളെ ഭയപ്പെടേണ്ടതില്ല.
പക്ഷേ തെറ്റു ചെയ്യുന്നവൻ അധികാരികളെ
പേടിക്കണം. അധികാരികളെ പേടിക്കുന്നതിൽ
നിന്നും മോചിതരാകുവാൻ നിങ്ങൾ ആഗ്രഹി
ക്കുന്നുവോ? അങ്ങനെയെങ്കിൽ ശരി ചെയ്യണം.
നിങ്ങൾ ശരി ചെയ്യുകയാണെങ്കിൽ അധികാരി
കൾ നിങ്ങളെ പ്രശംസിക്കും. 4നിങ്ങളെ സഹാ
യിക്കുന്നതിനുള്ള ദൈവത്തിൻെറ ഒരു ദാസ
നാണ് ഭരണകർത്താവ്. പക്ഷേ നിങ്ങൾ തെറ്റു
ചെയ്യുകയാണെങ്കിൽ പേടിക്കണം. ഭരണാധി
കാരിക്ക് ശിക്ഷ നൽകുവാൻ ശക്തിയുണ്ട്. അവ
നത് ഉപയോഗിക്കുകയും ചെയ്യും. തെറ്റു ചെ
യ്തവരെ ശിക്ഷിക്കുവാനുള്ള ദൈവത്തിൻെറ
ദാസനാണ് അവൻ. 5അതുകൊണ്ട് നിങ്ങൾ ഭര
ണകൂടത്തോട് അനുസരണം ഉള്ളവരായിരി
ക്കണം. അനുസരിച്ചില്ലെങ്കിൽ ശിക്ഷ കിട്ടും
എന്നതുകൊണ്ട് നിങ്ങൾ അനുസരിക്കണം.
ചെയ്യുവാനുള്ള ശരിയായ കാര്യം അതാണെ
ന്നത് അനുസരണത്തിനുള്ള മറ്റൊരു കാരണവു
മാണ്.

6അതുകൊണ്ടാണ് നിങ്ങൾ നികുതി അട
യ്ക്കേണ്ടത്. ആ അധികാരികൾ ദൈവത്തി
നായി പ്രവൃത്തിക്കുന്നവരും, അവരുടെ മുഴുവൻ
സമയവും ഭരണത്തിനായി വിനിയോഗിക്കുന്ന
വരുമാണ്. 7ആർക്കെങ്കിലും നിങ്ങൾ കടപ്പെട്ട
തെന്തും മടക്കിക്കൊടുക്കണം. ഏതെങ്കിലും തരം
നികുതി നീ കടപ്പെട്ടിട്ടുണ്ടെങ്കിൽ അത് അട
യ്ക്കണം. ബഹുമാനിക്കേണ്ടവരെ ബഹുമാനി
ക്കണം. ആദരിക്കേണ്ടവരെ ആദരിക്കണം.

പരസ്നേഹമാണ് ഏക ന്യായപ്രമാണം

8അന്യരോട് കടമുള്ളവരായിരിക്കരുത്. എ
ന്നാൽ പരസ്പര സ്നേഹത്തിൽ നിങ്ങൾ
എപ്പോഴും കടപ്പെട്ടിരിക്കണം. അന്യരെ സ്നേ
ഹിക്കുന്നവൻ എല്ലാ ന്യായപ്രമാണവും അനു
സരിച്ചു. 9ഞാനെന്തുകൊണ്ടാണ് ഇതു പറയു
ന്നത്? “നീ വ്യഭിചാരം ചെയ്യരുതെന്നും, കൊല്ല
രുതെന്നും, മോഷ്ടിക്കരുതെന്നും, അന്യൻെറ
വസ്തുക്കൾ ആഗ്രഹിക്കരുതെന്നും” ന്യായപ്രമാ
ണത്തിൽ പറയുന്നതുകൊണ്ടാണ് ഞാനിതു
പറയുന്നത്. ഈ കല്പനകളും ഇതര എല്ലാ കല്പന
കളും ഈ ഒരു കല്പനയിൽ സംഗ്രഹിച്ചിരിക്കുന്നു.
“നിന്നെപ്പോലെതന്നെ മറ്റുള്ളവരെയും സ്നേ
ഹിക്കുക.”* 10സ്നേഹം പീഡയ്ക്കു കാരണമാ
കയില്ല. അതുകൊണ്ട് സ്നേഹിക്കുക എന്നത്
മുഴുവൻ ന്യായപ്രമാണങ്ങളും അനുസരിക്കുക
എന്നതിനു സമമാണ്.

11ഒരു പ്രധാന കാലത്താണ് നാം ജീവിക്കു
ന്നത് എന്നതിനാലാണ് ഞാനിതു പറയുന്ന
തെന്നു നിങ്ങൾക്കറിയാം. അതെ, ഇപ്പോഴാണ്

“ഞാനാണ് ... നൽകും” ഉദ്ധരണി. ആവ. 32:35.

“നിൻെറ ... ലജ്ജിതനാക്കണം” ഉദ്ധരണി സദൃശ്യ. 25:21-22.

“നിന്നെപ്പോലെ ... സ്നേഹിക്കുക” ഉദ്ധരണി ലേവ്യ. 19:18.

നിങ്ങളുടെ ഉറക്കത്തിൽനിന്നും ഉണരുവാനുള്ള
നിങ്ങളുടെ സമയം. നാം ആദ്യം വിശ്വസിച്ചി
രുന്ന കാലത്തിനേക്കാളും അടുത്താണ് നമ്മുടെ
രക്ഷയിപ്പോൾ. **12**“രാത്രി” മിക്കവാറും തീർന്നു
കഴിഞ്ഞു. “പകൽ” ഏകദേശം ഇവടെ എത്തി.
അതുകൊണ്ടു രാത്രിക്കു ചേർന്ന പ്രവൃത്തികൾ
നാം നിർത്തണം. വെളിച്ചത്തിനു ചേർന്ന പ്രവൃ
ത്തികൾ ചെയ്യുന്നതിനായി നാം നമ്മെത്തന്നെ
ഒരുക്കണം. **13**പകലിൻെറ മക്കളെപ്പോലെ
നേരായ പാതയിൽ നമുക്കും ജീവിക്കാം. കാട
വും മലീമസവുമായ സദ്യകൾ നമുക്കുവേണ്ട.
നാം മദ്യപിക്കരുത്. ലൈംഗികപാപങ്ങൾ അഥ
വാ ശരീരം കൊണ്ടുള്ള ഏതു വിധത്തിലുള്ള
പാപവും നാം ചെയ്യരുത്. നമുക്കു ശണ്ഠയോ,
അസൂയയോ ഉണ്ടാകരുത്. **14**കർത്താവായ
യേശുക്രിസ്തുവിനെ നിങ്ങൾ സ്വയം ധരി
ക്കുക. നിങ്ങൾ ചെയ്യുവാനാഗ്രഹിക്കുന്ന ചീത്ത
ക്കാര്യങ്ങളെക്കുറിച്ചോ തിന്മനിറഞ്ഞ നിങ്ങ
ളുടെ സ്വയത്തെ തൃപ്തിപ്പെടുത്താനുള്ള മാർഗ്ഗ
ങ്ങളെക്കുറിച്ചോ ചിന്തിക്കരുത്.

അന്യരെ വിമർശിക്കരുത്

14 വിശ്വാസത്തിൽ ശോഷിച്ച ഒരുവനെ
നിങ്ങളുടെ സമൂഹത്തിലേക്ക് സ്വീകരി
ക്കാൻ വിസമ്മതിക്കരുത്. അവൻെറ വ്യത്യസ്ത
കാഴ്ചപ്പാടുകളെക്കുറിച്ച് അവനുമായി തർക്കി
ക്കരുത്. **2**തനിക്കിഷ്ടമുള്ള ഏതു ഭക്ഷണവും
കഴിക്കാമെന്ന് ഒരുവൻ കരുതുന്നു. പക്ഷേ ദുർബ
ലമായ വിശ്വാസം ഉള്ളവൻ സസ്യാഹാരമേ
കഴിക്കൂ. **3**തനിക്ക് എല്ലാത്തരം ഭക്ഷണവും കഴി
ക്കാനാകുമെന്ന് അറിയുന്നവന് സസ്യാഹാരം
മാത്രം കഴിക്കുന്നവനെക്കാൾ താൻ മെച്ചമാ
ണെന്നു തോന്നരുത്. സസ്യാഹാരം മാത്രം കഴി
ക്കുന്നവൻ എല്ലാം ഭക്ഷിക്കുന്നവൻ ചെയ്യുന്നത്
തെറ്റാണെന്നു തീരുമാനിക്കരുത്. **4**ദൈവം അവ
നെ സ്വീകരിച്ചിരിക്കുന്നു. മറ്റൊരാളുടെ ദാസ
നെ നീ വിധിക്കരുത്. ദാസൻ ചെയ്യുന്നത് തെ
റ്റൊ ശരിയോ എന്ന് അവൻെറ ഉടമതന്നെ
തീരുമാനിച്ചു കൊള്ളും. ദൈവത്തിന് തൻെറ
ദാസനെ നീതിയുള്ളവനാക്കാമെന്നതുകൊണ്ട്
ദൈവത്തിൻെറ ദാസൻ നീതിയുള്ളവനാണ്.

5ഒരുവന് ഒരു ദിനം മറ്റൊരു ദിവസത്തെക്കാൾ
കൂടുതൽ പ്രാധാന്യമുള്ളതാണെന്നു കരുതിയേ
ക്കാം. മറ്റൊരുവ്യക്തി ദിവസങ്ങൾക്കെല്ലാം തുല്യ
പ്രാധാന്യമാണെന്നു കരുതിയേക്കാം. ഓരോ
വ്യക്തിയ്ക്കും അവൻെറ വിശ്വാസത്തെക്കുറിച്ച്
തൻെറ തന്നെ മനസ്സിൽ ഉറപ്പുണ്ടായിരിക്കണം.
6ഒരു ദിവസം മറ്റൊരു ദിവസത്തേക്കാൾ പ്രാധാ
ന്യമുള്ളതെന്നു കരുതുന്നവൻ അതു കർത്താ
വിനു വേണ്ടിയാണ് ചെയ്യുന്നത്. എല്ലാത്തരം
ഭക്ഷണം കഴിക്കുന്ന വ്യക്തിയും അത് കർത്താ
വിനു വേണ്ടിയാണ് ചെയ്യുന്നത്. അതെ, ആ
ഭക്ഷണം കിട്ടിയതിനെക്കുറിച്ച് അവൻ കർത്താ
വിനു നന്ദി പറയുന്നു. ചില ഭക്ഷണം കഴി
ക്കാൻ വിസമ്മതിക്കുന്നവനും അത് കർത്താവി
നായിട്ടാണ് ചെയ്യുന്നത്. അവനും കർത്താ
വിനു നന്ദി പറയുന്നു. **7**അതെ നമ്മളെല്ലാവരും
കർത്താവിനായാണ് ജീവിക്കുന്നത്. നാം നമുക്കു
വേണ്ടി മരിക്കുകയോ ജീവിക്കുകയോ ചെയ്യാ
റില്ല. **8**നമ്മൾ ജീവിക്കുന്നെങ്കിൽ അത് കർത്താ
വിനു വേണ്ടിയാണ്. നാം മരിക്കുകയാണെങ്കിൽ
അതും കർത്താവിനായിട്ടാണ്. അതുകൊണ്ട് മര
ണത്തിലും ജീവനിലും നാം കർത്താവിനുള്ളവ
രാണ്.

9അതിനാലൊക്കെയാണ് ക്രിസ്തു മരിച്ചതും
മരണത്തിൽനിന്ന് ഉയിർത്ത് വീണ്ടും ജീവി
ച്ചതും. മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരു
ടെയും കർത്താവാകുവാൻ ആണ് ക്രിസ്തു ഇതു
ചെയ്തത്. **10**അതുകൊണ്ട് നീ എന്തുകൊണ്ട്
നിൻെറ സഹോദരനെ വിധിക്കണം? അഥവാ
നിൻെറ സഹോദരനെക്കാൾ മെച്ചമാണ് നീ
യെന്ന് എന്തിനു കരുതുന്നു? നാമെല്ലാവരും ദൈ
വമുമ്പാകെ നിൽക്കുകയും അവൻ എല്ലാവ
രെയും വിധിക്കുകയും ചെയ്യും.
11അതെ, തിരുവെഴുത്തുകളിൽ എഴുതിയിരി
ക്കുന്നു:

“എൻെറ മുന്നിൽ എല്ലാവരും മുട്ടു മടക്കും;
ഞാൻ ദൈവമാണെന്ന് എല്ലാവരും പറയും.
ഇക്കാര്യമെല്ലാം സംഭവിക്കുമെന്നത് ഞാൻ ജീവി
ക്കുന്നതുപോലെ തീർച്ചയുള്ള കാര്യമാണ് എന്ന്
കർത്താവു പറയുന്നു.” *യെശയ്യാവ് 45:23*

12അതിനാൽ ഓരോരുത്തരുടെയും ജീവിത
ത്തെക്കുറിച്ച് ദൈവത്തോട് നാം തന്നെ വിശ
ദീകരിക്കേണ്ടിവരും.

അന്യർക്ക് പാപകാരണമാകരുത്

13അതിനാൽ പരസ്പരം വിധിക്കുന്നത് നാം
നിർത്തണം. നിൻെറ സഹോദരങ്ങളെ ബലഹീ
നമാക്കുന്നതോ, പാപത്തിലേക്കു പതിപ്പിക്കു
ന്നതോ ആയ യാതൊരു കാര്യവും ചെയ്യാതിരി
ക്കാനായി നീ തീരുമാനിക്കണം. **14**ഞാൻ കർ
ത്താവായ ക്രിസ്തുവിലാണ്, ഭക്ഷിക്കുവാൻ
പാടില്ലാത്തതായ യാതൊരു ഭക്ഷണവും ഇല്ല
എന്ന് എനിക്കറിയാം. ആരെങ്കിലും ചിലത്
അശുദ്ധമാണെന്ന് കരുതുകയാണെങ്കിൽ അ
പ്പോൾ അവനെ സംബന്ധിച്ചിടത്തോളം അത്
അശുദ്ധമാണ്. **15**നീ ഭക്ഷിക്കുന്ന ഏതെങ്കിലും
ഭക്ഷണം നിൻെറ സഹോദരൻെറ വിശ്വാസ
ത്തെ വ്രണപ്പെടുത്തുന്നുവെങ്കിൽ നീ പിന്തുടരു
ന്നത് സ്നേഹത്തിൻെറ പാതയല്ല. ഒരാൾക്ക്
തെറ്റെന്നു തോന്നുന്ന എന്തെങ്കിലും ഭക്ഷിച്ചു
കൊണ്ട് നീ അവൻെറ വിശ്വാസത്തെ നശിപ്പി
ക്കരുത്. ക്രിസ്തു അവനുവേണ്ടി കൂടിയാണ്
മരിച്ചത്. **16**നിങ്ങൾ നല്ലതെന്നു കരുതുന്ന ഒന്ന്
അപകീർത്തിയിലേക്കു വീഴാൻ നീ ഇടവരുത്ത
രുത്. **17**ദൈവരാജ്യത്തിൽ ഭക്ഷിക്കുകയും പാനം
ചെയ്യുകയും അല്ല പ്രധാനം. പരിശുദ്ധാത്മാവി
ലുള്ള നീതിയും സമാധാനവും സന്തോഷവു
മാണ്. **18**ഇത്തരത്തിൽ ജീവിച്ചുകൊണ്ട് ക്രി
സ്തുവിന് സേവനം ചെയ്യുന്നവൻ ദൈവത്തെ
പ്രസാദിപ്പിക്കുകയാണ് ചെയ്യുന്നത്. അവൻ
എല്ലാവർക്കും സ്വീകാര്യനുമായിരിക്കും.
19അതിനാൽ സമാധാനം പ്രോത്സാഹിപ്പി
ക്കാൻ എന്തെല്ലാം കാര്യത്തിൽ ഏർപ്പെടാമോ
അതിന് കഠിനമായി നമുക്ക് ശ്രമിക്കാം. അന്യോ
ന്യം സഹായം ആകുന്ന കാര്യങ്ങൾ ചെയ്യുവാ
നായി നമുക്കുശ്രമിക്കാം. **20**ഭക്ഷണത്തിനുവേണ്ടി
ദൈവപ്രവർത്തനത്തെ നശിപ്പിക്കരുത്. ഏതു
ഭക്ഷണവസ്തുവും ഭക്ഷിക്കുന്നതിൽ തെറ്റില്ല.
ഒരാളുടെ ഭക്ഷണം മറ്റൊരാൾക്ക് പതനം വരുത്തു
ന്നുവെങ്കിൽ അവൻ തെറ്റാണ് ചെയ്യുന്നത്.
21മാംസം ഭക്ഷിക്കുന്നതും, വീഞ്ഞു കുടിക്കുന്നതും
നിൻെറ സഹോദരങ്ങളെ പാപത്തിൽ വീഴിക്കു
ന്നുവെങ്കിൽ അത് ഭക്ഷിക്കാതിരിക്കുന്നതാണ്
നല്ലത്. സഹോദരൻ നിലം തെറ്റി വീഴാൻ വരു
ത്തുന്ന ഒന്നും ചെയ്യാതിരിക്കുന്നതാണ് നല്ലത്.

22ഇക്കാര്യങ്ങളിലുള്ള നിൻെറ വിശ്വാസം
നിനക്കും ദൈവത്തിനുമിടയിൽ ഒരു രഹസ്യ
മായി സൂക്ഷിക്കണം. ഒരാൾ ശരിയെന്നു വിചാ
രിക്കുന്ന കാര്യം കുറ്റബോധം കൂടാതെ ചെയ്യു
വാൻ സാധിക്കുന്നവൻ അനുഗ്രഹീതനാണ്.
23ഒരാൾക്കു ശരിയാണെന്ന കാര്യത്തിൽ തീർച്ച
യില്ലാത്തത് എന്തെങ്കിലും ഭക്ഷിക്കുകയാണെ
ങ്കിൽ അവനോടു തന്നെ തെറ്റു ചെയ്യുന്നു.
എന്തുകൊണ്ടെന്നാൽ, അത് ശരിയാണെന്ന്
അവൻ വിശ്വസിക്കുന്നില്ല. ഒരാൾ ശരിയാ
ണെന്നു വിശ്വാസം കൂടാതെ, എന്തെങ്കിലും
ചെയ്താൽ അത് പാപമാണ്.

15 നാം വിശ്വാസം കൊണ്ട് ബലമുള്ളവ
രാണ്. അതിനാൽ അബലരെ നാം സഹാ
യിക്കണം. അവരുടെ ബലഹീനതയിൽ നാം
അവരെ സഹായിക്കണം. 2നമ്മളെത്തന്നെ
പ്രീതിപ്പെടുത്താൻ നാം ശ്രമിക്കരുത്. നാം ഓരോ
രുത്തരും അന്യരെ സന്തോഷിപ്പിക്കണം.
അവരെ സഹായിക്കുവാനായി നാം ഇതു ചെയ്യ
ണം. വിശ്വാസത്തിൽ കൂടുതൽ ഉറപ്പുള്ളവരാ
കാൻ നാം അവരെ സഹായിക്കണം. 3ക്രിസ്തു
പോലും അവനെത്തന്നെ പ്രീതിപ്പെടുത്താ
നായി ജീവിച്ചില്ല. “നിങ്ങളെ അപമാനിച്ചവർ
എന്നെയും കൂടിയാണ് അപമാനിച്ചത്.”* എന്ന്
തിരുവെഴുത്തുകളിൽ എഴുതിയിരിക്കുന്നതു
പോലെയാണത്.
4പണ്ട് എഴുതിയതെല്ലാം തന്നെ നമ്മെ പഠി
പ്പിക്കുവാനായി എഴുതിയതാണ്. നമുക്കു
പ്രത്യാശ ഉണ്ടാകേണ്ട തരത്തിലാണ് അവ എഴു
തിയിരിക്കുന്നത്. തിരുവെഴുത്തുകൾ നമുക്കു
നൽകുന്ന സ്ഥിരോത്സാഹത്തിലും ഉറപ്പിന്മേലും
ആണ് ആ പ്രതീക്ഷ കൈവരുന്നത്. 5സഹന
ശക്തിയും ബലവും ദൈവത്തിൽനിന്നുമാണ്
വരുന്നത്. ക്രിസ്തുവിൻെറ അഭീഷ്ടാനുസ
രണം എല്ലാവരും പരസ്പരം ഐക്യത്തിൽ
ജീവിക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന്
ഞാൻ പ്രാർത്ഥിക്കുന്നു. 6അങ്ങനെ നമ്മുടെ
കർത്താവായ യേശുക്രിസ്തുവിൻെറ പിതാ
വായ ദൈവത്തെ ഏകഹൃദയത്തോടെയും ഒരേ
സ്വരത്തിലും നിങ്ങൾക്കു കീർത്തിക്കാം.
7ക്രിസ്തു നിങ്ങളെ സ്വീകരിച്ചിരിക്കുന്നതു
കൊണ്ട് നിങ്ങളും പരസ്പരം സ്വീകരിക്കുവിൻ.
ഇതു ദൈവത്തെ മഹത്വപ്പെടുത്തും. 8ദൈവത്തി
ൻെറ വാഗ്ദാനങ്ങൾ ശരിയാണെന്ന് കാണി
ക്കുവാനായിട്ടാണ് ക്രിസ്തു യെഹൂദരുടെ ദാസ
നായത് എന്ന് ഞാൻ നിങ്ങളോടു പറഞ്ഞു.
യെഹൂദരുടെ പിതാക്കന്മാരോട് വാഗ്ദാനം
ചെയ്തത് ദൈവം ചെയ്യും എന്നു തെളിയിക്കു
വാനാണ് ക്രിസ്തു ഇതു ചെയ്തത്. 9ജാതികൾ
അവർക്കു കിട്ടിയ കാരുണ്യത്തിന് ദൈവത്തെ
മഹത്വപ്പെടുത്തേണ്ടതിനും കൂടിയാണ് ക്രിസ്തു
ഇതു ചെയ്തത്. തിരുവെഴുത്തുകളിൽ എഴുതി
യിരിക്കുന്നു,

“അതിനാൽ ജാതികളുടെ ഇടയിൽവച്ച്
ഞാൻ നിനക്കു നന്ദി പറയും. നിൻെറ നാമ
ത്തിൻെറ കീർത്തിക്കായി ഞാൻ പാടും.”
സങ്കീർത്തനങ്ങൾ 18:49

10തിരുവെഴുത്തു പറയുന്നു,
“ദൈവത്തിൻെറ ജനത്തോടൊപ്പം ജാതികൾ
സന്തോഷിക്കണം.” *ആവർത്തനം 32:43*

11“ജാതികളായ നിങ്ങൾ ഏവരും ദൈവത്തെ
സ്തുതിക്കുവിൻ; സർവ്വജനവും ദൈവത്തെ
സ്തുതിക്കണം.” എന്നും എഴുതിയിരിക്കുന്നു.”
സങ്കീർത്തനങ്ങൾ 117:1

12യെശയ്യാവ് പറയുന്നു,
“യിശ്ശായിയുടെ കുടുംബത്തിൽനിന്നും ഒരാൾ
വരും. ജാതികളെ ഭരിക്കുവാനായി അവൻ വരും.
ജാതികൾക്ക് അവൻ വഴി പ്രതീക്ഷയുണ്ടാകും.”
യെശയ്യാവ് 11:10

13നിങ്ങൾ ദൈവത്തിൽ വിശ്വാസമർപ്പിച്ചു
കൊണ്ടിരിക്കുമ്പോൾ പ്രതീക്ഷ തരുന്ന ദൈവം
നിങ്ങളെ ആഹ്ലാദവും സമാധാനവും കൊണ്ട്
നിറയ്ക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കും.
അപ്പോൾ നിങ്ങൾക്ക് കൂടുതൽ കൂടുതൽ പ്രതീ
ക്ഷ കൈവരുകയും പരിശുദ്ധാത്മാവിൻെറ
ശക്തിയാൽ അത് നിങ്ങളിൽനിന്ന് ഒഴുകുകയും
ചെയ്യും.

പൌലൊസ് തൻെറ വേലയെപ്പറ്റി പറയുന്നു

14എൻെറ സഹോദരങ്ങളേ, നിങ്ങൾ നന്മ
നിറഞ്ഞവരാണെന്നു എനിക്കു തീർച്ചയുണ്ട്.
എല്ലാ അറിവിനാലും നിങ്ങൾ സജ്ജരാണെ
ന്നും പരസ്പരം പഠിപ്പിക്കുവാൻ അതു സഹാ
യകമാകും എന്നും എനിക്കറിയാം. 15എന്നാൽ
നിങ്ങൾ ഓർക്കണമെന്നു ഞാനാഗ്രഹിച്ച ചില
കാര്യങ്ങളെപ്പറ്റി വളരെ തുറന്നു ഞാനെഴുതി.
ദൈവം എനിക്കു പ്രത്യേകമായ ഒരുവരം തന്നതു
കൊണ്ടാണ് ഞാനിതു ചെയ്തത്. 16ക്രിസ്തു
വിൻെറ ശുശ്രൂഷകൻ ആയിരിക്കുക എന്നതാണ്
ആ വരം. ദൈവം, എന്നെ ജാതികളെ സഹായി
ക്കുവാനുള്ള ശുശ്രൂഷകനാക്കി. ദൈവത്തിൻെറ
സുവിശേഷം പഠിപ്പിച്ചുകൊണ്ട് ഞാനവനു
സേവനം ചെയ്തു. ജാതികൾ ദൈവം സ്വീക
രിച്ച ഒരു വഴിപാടാകാമെന്നതുകൊണ്ടും, വിശു
ദ്ധരാക്കപ്പെട്ടതു കൊണ്ടും ഞാനിതു ചെയ്തു.
17അതുകൊണ്ട് ദൈവത്തിനുവേണ്ടി ക്രി
സ്തുയേശുവിൽ ഞാൻ ചെയ്ത കാര്യങ്ങളെ
പ്പറ്റി എനിക്കു മതിപ്പുണ്ട്. 18ഞാൻ തനിയെ
ചെയ്ത കാര്യങ്ങളെപ്പറ്റി ഒന്നും സംസാരി
ക്കില്ല. ദൈവാനുസരണത്തിലേക്ക് ജാതികളെ
നയിക്കുവാൻ ക്രിസ്തു എന്നെക്കൊണ്ട് ചെയ്ത
കാര്യങ്ങളെപ്പറ്റിയേ ഞാൻ സംസാരിക്കയുള്ളൂ.
ഞാൻ പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ
മൂലമാണ് അവർ ദൈവത്തെ അനുസരിച്ചത്.
19വീര്യപ്രവർത്തികളുടെ ശക്തിയാലും അവർ
കണ്ടവൻ കാര്യങ്ങളാലും പരിശുദ്ധാത്മാവി
ൻെറ ശക്തിയാലുമാണ് അവർ ദൈവത്തെ
അനുസരിച്ചത്. യെരൂശലേം മുതൽ ഇല്ലൂര്യ
വരെ ചുറ്റി സഞ്ചരിച്ച് ഞാൻ സുവിശേഷം
പ്രഘോഷിച്ചു. അങ്ങനെ എൻെറ വേലയുടെ
ആ ഭാഗം ഞാൻ തീർത്തു. 20ക്രിസ്തുവിനെപ്പറ്റി
ഒരിക്കൽപ്പോലും കേട്ടിട്ടില്ലാത്ത ജനങ്ങളുള്ള
സ്ഥലങ്ങളിൽ സുവിശേഷം പ്രഘോഷിക്കു
വാൻ ഞാൻ എപ്പോഴും ആഗ്രഹിക്കുന്നു. മറ്റൊ
രാൾ നേരത്തേ തന്നെ പണിതുയർത്തിയ വേല
യിൽ പ്രവർത്തിക്കാൻ എനിക്ക് ആഗ്രഹമില്ലാ
ത്തതുകൊണ്ടാണ് ഞാനിതു ചെയ്യുന്നത്.
21പക്ഷേ തിരുവെഴുത്തുകളിൽ എഴുതിയിരി
ക്കുന്നു:
“അവനെപ്പറ്റി പറഞ്ഞു കേട്ടിട്ടില്ലാത്തവർ,
അവനെ കാണും; അവനെക്കുറിച്ചു കേട്ടിട്ടില്ലാ
ത്തവർ മനസ്സിലാക്കും.” *യെശയ്യാവ് 52:15*

“നിങ്ങളെ ... അപമാനിച്ചത്” ഉദ്ധരണി സങ്കീ. 69:9.

റോം സന്ദർശിക്കുവാനുള്ള പൌലൊസിന്റെ പദ്ധതി

22അതിനാലാണ് നിങ്ങളുടെ അടുത്തേയ്ക്കു
ള്ള എന്റെ വരവ് പലപ്രാവശ്യം തടയപ്പെട്ടത്.
23ഇപ്പോൾ ഇവിടങ്ങളിലെ എന്റെ വേല
ഞാൻ തീർത്തു. പലവർഷങ്ങളായി നിങ്ങളെ
സന്ദർശിക്കുവാൻ ഞാനാഗ്രഹിക്കുന്നു. 24അതി
നാൽ ഞാൻ സ്പാന്യയിലേക്കു പോകുമ്പോൾ
നിങ്ങളെ സന്ദർശിക്കും. അതേ, നിങ്ങളെ സന്ദർ
ശിച്ച് നിങ്ങളുടെ സാന്നിദ്ധ്യത്തിൽ അല്പകാലം
സന്തോഷിക്കുവാനും സ്പാന്യയിലേക്കുള്ള
യാത്രയിൽ സാധിക്കുമെന്നു ഞാൻ കരുതുന്നു.
അപ്പോൾ നിങ്ങൾക്ക് എന്നെ യാത്രയ്ക്കിടയിൽ
സഹായിക്കുകയും ചെയ്യാം. 25ഇപ്പോൾ ഞാൻ
ദൈവത്തിന്റെ ജനത്തെ സഹായിക്കുവാ
നായി യെരൂശലേമിലേക്കു പോകുകയാണ്.
26യെരൂശലേമിലുള്ള ദൈവജനത്തിൽ ചിലർ
ദരിദ്രരാണ്. മക്കെദൊന്യക്കാരും ആഖായിക്കാരും
യെരൂശലേമിലുള്ള പാവങ്ങളായ ദൈവജന
ത്തിനു സംഭാവന നൽകുവാൻ തീരുമാനിച്ചിരി
ക്കുന്നു. 27സന്തോഷത്തോടെ ഇത് ചെയ്യാൻ
അവർ തീരുമാനിച്ചിരിക്കുന്നു. എങ്കിലും യഥാർ
ത്ഥത്തിൽ അവർക്ക് അങ്ങനെ ചെയ്യാനുള്ള
ബാദ്ധ്യതയുമുണ്ട്. ജാതികൾ യെഹൂദരുടെ
ആത്മീയാനുഗ്രഹങ്ങളിൽ പങ്കുപറ്റിയതു
കൊണ്ട് യെഹൂദരെ ജാതികൾ തങ്ങൾക്കുള്ളതു
കൊടുത്തു സഹായിക്കണം. 28യെരൂശലേമിലെ
ദരിദ്രർക്കായി സംഭരിച്ച പണം ഭദ്രമായി
അവരെ ഏല്പിച്ചു എന്നു എനിക്കു ഉറപ്പുവരണം.
ഈ ജോലി തീർത്തതിനുശേഷം ഞാൻ സ്പാ
ന്യയിലേക്കു പോകും. സ്പാന്യയിലേക്കുള്ള
യാത്രയ്ക്കിടയിൽ നിങ്ങളെ കാണുവാനായി
ഞാൻ വരും. 29നിങ്ങളെ സന്ദർശിക്കുമ്പോൾ
ക്രിസ്തുവിന്റെ അനുഗ്രഹം മുഴുവനും നിങ്ങൾ
ക്കായി ഞാൻ കൊണ്ടുവരുമെന്ന് എനിക്ക
റിയാം.

30സഹോദരങ്ങളേ, എനിക്കുവേണ്ടി ദൈവ
ത്തോടു പ്രാർത്ഥിച്ചുകൊണ്ട്, എന്റെ വേല
യിൽ നിങ്ങളെന്നെ സഹായിക്കണമെന്നു
ഞാൻ അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിനെ പ്രതി
യും പരിശുദ്ധാത്മാവിൽനിന്നു നമ്മിലേക്കു
വന്ന സ്നേഹത്തെ പ്രതിയും, എനിക്കുവേണ്ടി,
എന്നോടൊപ്പം ചേർന്ന് ആത്മാർത്ഥമായി
പ്രാർത്ഥിക്കണമെന്ന് നിങ്ങളോടു ഞാൻ അഭ്യർ
ത്ഥിക്കുന്നു. 31യെഹൂദ്യയിലുള്ള അവിശ്വാസി
കളിൽനിന്ന് എന്നെ രക്ഷിക്കണമെന്നും, യെരൂ
ശലേമിലേക്കു ഞാൻ കൊണ്ടുചെല്ലുന്ന ഈ
സഹായം അവരെ സന്തോഷമുള്ളവരാക്കണ
മെന്നും നിങ്ങൾ പ്രാർത്ഥിക്കുക. 32പിന്നെ, ദൈ
വഹിതമെങ്കിൽ നിങ്ങളുടെയടുത്ത് ഞാൻ
വരും. ഞാൻ നിങ്ങളുടെ അടുത്തേക്ക് സന്തോഷ
പൂർവ്വം വരികയും നിങ്ങളോടൊപ്പം വിശ്രമി
ക്കുകയും ചെയ്യും. 33സമാധാനം നൽകുന്ന
ദൈവം നിങ്ങളോടൊപ്പം ഉണ്ടാകട്ടെ. ആമേൻ.

ഉപസംഹാരം

16 നമ്മുടെ സഹോദരി 'ഫേബയെ' വിശ്വ
സിക്കാമെന്നു നിങ്ങൾ അറിയണമെന്നു
ഞാൻ ആഗ്രഹിക്കുന്നു. 'കെംക്രെയ' സഭയിലെ
ഒരു പ്രത്യേകസഹായി ആണ് അവൾ.
2ക്രിസ്തുവിൽ അവളെ സ്വീകരിക്കണമെന്നു
ഞാൻ ആവശ്യപ്പെടുന്നു. ദൈവത്തിന്റെ ജന
ത്തിനു അനുയോജ്യമായ പാതയിലൂടെ അവ
ളെ സ്വീകരിക്കേണം. നിങ്ങളിൽനിന്ന് അവ
ൾക്ക് ആവശ്യമുള്ളതെല്ലാം നൽകി അവളെ
സഹായിക്കുക. അവൾ എന്നെയും മറ്റനേക
രെയും ഏറെ സഹായിച്ചു.

3പ്രിസ്കയെയും അക്വിലാവെയും വന്ദനം
ചെയ്യുക. ക്രിസ്തുയേശുവിൽ അവർ എന്നോ
ടൊപ്പം പ്രവർത്തിക്കുന്നു. 4എന്റെ ജീവരക്ഷ
യ്ക്കായി അവർ അവരുടെ തന്നെ ജീവനെ
അപകടപ്പെടുത്തി. ഞാനും എല്ലാ ജാതികളുടെ
സഭകളും അവരോടു നന്ദിയുള്ളവരാണ്. 5അവ
രുടെ വീട്ടിൽ ഒത്തുകൂടുന്ന സഭയ്ക്കും വന്ദനം
പറയുവിൻ.

എന്റെ പ്രിയ സുഹൃത്തായ എപ്പൈനത്തൊ
സിനും വന്ദനം പറയുവിൻ. എന്നെക്കാൾ
മുമ്പിൽ അവർ ക്രിസ്തുവിന്റെ വിശ്വാസിക
ളായി. ആസ്യയിൽനിന്നും ക്രിസ്തുവിനെ
അനുഗമിച്ച ആദ്യ ആളാണ് അവൻ. 6നിങ്ങ
ൾക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത മറിയ
യ്ക്കും വന്ദനം പറയുവിൻ. 7എന്നോടൊപ്പം
തടവിലുണ്ടായിരുന്നവരും എന്റെ ബന്ധുക്കളു
മായ അന്ത്രൊനിക്കൊസിനും, യൂനിയാവിനും
വന്ദനം പറയുവിൻ. അപ്പൊസ്തലരിൽ പ്രമു
ഖരാണ് അവർ. 8ക്രിസ്തുവിൽ എന്റെ പ്രിയ
സ്നേഹിതനായ അംപ്ലിയാത്തൊസിനും വന്ദ
നം പറയുവിൻ. 9ഉർബ്ബാനൊസിനും വന്ദനം
പറയുക. അവൻ ക്രിസ്തുവിനു വേണ്ടിയുള്ള
എന്റെ സഹപ്രവർത്തകനാണ്. എന്റെ പ്രിയ
സുഹൃത്തായ സ്താക്കുവിനും വന്ദനം പറയു
വിൻ. 10ക്രിസ്തുവിനെ സത്യമായും സ്നേഹി
ക്കുന്നുവെന്ന് പരീക്ഷിച്ചു തെളിഞ്ഞ അപ്പെലേ
സിനും വന്ദനം പറയുവിൻ. അരിസ്തൊബൂ
ലൊസിന്റെ കുടുംബത്തിൽപ്പെട്ട എല്ലാവ
ർക്കും വന്ദനം പറയുവിൻ. 11കർത്താവിൽ ആ
യിരിക്കുന്ന നർക്കിസ്സൊസിന്റെ കുടുംബത്തി
നും എന്റെ ബന്ധുവായ ഹെരോദിയോനും
വന്ദനം പറയുവിൻ.

12കർത്താവിനായി കഠിനവേല ചെയ്യുന്ന
ത്രുഫൈനെക്കും ത്രുഫോസെക്കും വന്ദനം പറ
യുവിൻ. കർത്താവിനായി കഠിനപ്രയത്നം നട
ത്തിയവളും എന്റെ സുഹൃത്തുമായ പെർസി
സിനും വന്ദനം പറയുവിൻ. 13കർത്താവിനായി
ഒരു പ്രത്യേക വ്യക്തിയായ രൂഫൊസിനെയും
എനിക്ക് അമ്മയെപ്പോലെയായ അവന്റെ
അമ്മയ്ക്കും വന്ദനം പറയുവിൻ. 14അസുംക്രി
തൊസിനും, പ്ലെഗോനും, ഹെർമ്മോസിനും,
പത്രൊബാസിനും, ഹെർമ്മാസിനും അവരോ
ടൊപ്പമുള്ള എല്ലാ സഹോദരങ്ങൾക്കും വന്ദനം
പറയുവിൻ. 15ഫിലൊലൊഗൊസിനും, യൂലി
യെക്കും നെരെയുസിനും അവന്റെ സഹോദരി
യ്ക്കും ഒലുബാസിനും അവരോടൊപ്പമുള്ള
എല്ലാ വിശ്വാസികൾക്കും വന്ദനം പറയുവിൻ.
16നിങ്ങൾ പരസ്പരം കാണുമ്പോൾ വിശുദ്ധ
മായ ഒരു ചുംബനത്താൽ വന്ദനം പറയുവിൻ.
ക്രിസ്തുവിലെ എല്ലാ സഭകളും നിങ്ങൾക്കു
വന്ദനം പറയുന്നു.

17സഹോദരങ്ങളേ, ജനങ്ങളിൽ പരസ്പരം
എതിർപ്പുണ്ടാക്കുന്ന ആളുകളെക്കുറിച്ച് വളരെ
ശ്രദ്ധാലുക്കളാകണമെന്ന് ഞാനാവശ്യപ്പെടു
ന്നു. മറ്റൊരുവന്റെ വിശ്വാസത്തിനു ഇളക്കം
തട്ടിക്കുന്ന ഒരുവനെ വളരെ സൂക്ഷിക്കണം.
നിങ്ങൾ മനസ്സിലാക്കിയിട്ടുള്ള സത്യമായ ഉപ
ദേശങ്ങൾക്ക് എതിരായുള്ളവരാണ് അവർ.
അവരിൽനിന്നും അകന്നു നിൽക്കുക. 18കാരണം
അത്തരക്കാർ കർത്താവായ ക്രിസ്തുവിനെയല്ല

സഹായിക്കുന്നത് പിന്നെയോ അവരുടെ വയ
റിനെ ആണ്. മൃദുലഭാഷണവും പുകഴ്ത്തലും
കൊണ്ട് അവർ നിഷ്ക്കളങ്കമനസ്കരായ ആളു
കളെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. 19നിങ്ങൾ
അനുസരണമുള്ളവരാണെന്ന് എല്ലാം വിശ്വാ
സികളും കേട്ടതിനാൽ ഞാൻ സന്തോഷി
ക്കുന്നു. പക്ഷേ നല്ലതിനെപ്പറ്റി നിങ്ങൾ ബുദ്ധി
യുള്ളവരാകണമെന്ന് ഞാനാഗ്രഹിക്കുന്നു. ദുഷ്
കൃത്യങ്ങൾ ഒന്നും നിങ്ങൾ അറിയരുതെന്നു കൂടി
യും ഞാനാഗ്രഹിക്കുന്നു.

20സമാധാനം കൊണ്ടുവരുന്ന ദൈവം താമ
സിയാതെ, സാത്താനെ പരാജയപ്പെടുത്തു
കയും അവൻെറമേൽ നിങ്ങൾക്ക് ശക്തി നൽകു
കയും ചെയ്യും. നമ്മുടെ കർത്താവായ ക്രിസ്തു
യേശുവിൻെറ കാരുണ്യം നിങ്ങളോടൊപ്പമുണ്ടാ
കട്ടെ.

21എൻെറ സഹപ്രവർത്തകനായ തിമൊഥെ
യൊസും നിങ്ങൾക്കു വന്ദനം പറയുന്നു.
എൻെറ ബന്ധുക്കളായ ലൂക്യൊസും, യാസോ
നും സോസിപത്രൊസും നിങ്ങൾക്കു വന്ദനം
പറയുന്നു.

22പൌലൊസ് പറയുന്ന ഇക്കാര്യങ്ങളെക്കു
റിച്ച് കത്തെഴുതിക്കൊണ്ടിരിക്കുന്ന തെർതൊസ്
എന്ന ഞാനും ക്രിസ്തുവിൽ നിങ്ങൾക്കു
വന്ദനം പറയുന്നു.

23എൻെറയും മുഴുവൻ സഭകളുടെയും ആതി
ഥേയനായ ഗായൊസും നിങ്ങൾക്കു വന്ദനം
പറയുന്നു. ഇവിടുത്തെ നഗര ഖജാൻജിയായ
എരസ്തൊസും നമ്മുടെ സഹോദരനായ ക്വർ
ത്തൊസും നിങ്ങൾക്കു വന്ദനം പറയുന്നു. 24*

25നിങ്ങളെ വിശ്വാസത്തിൽ ഉറപ്പുള്ളവരാ
ക്കാൻ കഴിയുന്ന ദൈവത്തിനു മഹത്വം.
നിങ്ങളെ ശക്തരാക്കുവാനായി ഞാനുപയോ
ഗിച്ച സുവിശേഷം ദൈവം ഉപയോഗിക്കും.
ഞാൻ ജനങ്ങളോടു പറയുന്ന ക്രിസ്തുവിനെ
പ്പറ്റിയുള്ള സുവിശേഷം ആണത്. ദൈവം വെ
ളിപ്പെടുത്തിയ രഹസ്യസത്യം ആ സുവിശേഷം
ആണ്.

കാലത്തിൻെറ തുടക്കം മുതൽ ആ രഹസ്യ
സത്യം മറച്ചിരിക്കുകയായിരുന്നു. 26പക്ഷേ ആ
രഹസ്യസത്യം ഇപ്പോൾ നമ്മളെ കാണിച്ചിരി
ക്കുന്നു. ആ സത്യം എല്ലാവർക്കുമായി വെളിപ്പെ
ടുത്തിയിരിക്കുന്നു. പ്രവാചകന്മാർ എഴുതിയ
കാര്യങ്ങളിലൂടെ അത് വെളിവാക്കിയിരിക്കുന്നു.
എന്നും ജീവിക്കുന്ന ദൈവത്തിൽ വിശ്വസിക്കു
വാനും അനുസരിക്കുവാനും ആ രഹസ്യസത്യം
എല്ലാ ജനങ്ങൾക്കും വെളിപ്പെടുത്തണമെ
ന്നാണ് ദൈവം കല്പിച്ചത്. 27സർവ്വജ്ഞാനി
യായ ഏക ദൈവത്തിന് യേശു ക്രിസ്തു
മുഖേന എന്നേക്കും മഹത്വം. ആമേൻ.

വാക്യം 24: ചില ഗ്രീക്കു പതിപ്പുകളിൽ 24ാം വാക്യം കുറച്ചുകൂടിയുണ്ട്: “കർത്താവായ യേശുക്രിസ്തുവിൻെറ കൃപ നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.” കൂടാതെ 25-27 വാക്യങ്ങളും ചേർത്തിട്ടില്ല.

കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം

1 പൌലൊസ് എഴുതുന്നത്., ക്രിസ്തുയേശു
വിൻെറ അപ്പൊസ്തലനായി ഞാൻ വിളിക്ക
പ്പെട്ടു. ദൈവത്തിൻെറ ആഗ്രഹമതായിരുന്നു.
ക്രിസ്തുവിൽ നമ്മുടെ സഹോദരനായ സോ
സ്തെനേസും ചേർന്ന് ശുഭാശംസകൾ അറിയി
ക്കുന്നത്.
2ക്രിസ്തുയേശുവിൽ വിശുദ്ധരാക്കപ്പെട്ടവ
രായ കൊരിന്തിലെ ദൈവസഭയ്ക്ക്., നിങ്ങൾ
ദൈവത്തിൻെറ വിശുദ്ധരായി വിളിക്കപ്പെട്ടു.
അവരുടേയും നമ്മുടേയും കർത്താവായ യേശു
ക്രിസ്തുവിൻെറ നാമത്തിൽ വിശ്വസിക്കുന്ന
എല്ലാവരോടുമൊപ്പമാണ് നിങ്ങളും വിളിക്ക
പ്പെട്ടത്:
3നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ ക്രിസ്തുയേശുവിൽനിന്നും നി
ങ്ങൾക്കു കൃപയും സമാധാനവും.

പൌലൊസ് ദൈവത്തിനു നന്ദി പറയുന്നു

4ക്രിസ്തുയേശുവിലൂടെ നിങ്ങളിൽ കൃപ
ചൊരിഞ്ഞതിന് നിങ്ങൾക്കായി ഞാൻ എൻെറ
ദൈവത്തോടു എല്ലായ്പ്പോഴും നന്ദി പറ
യുന്നു. **5**നിങ്ങൾ യേശുക്രിസ്തുവിൽ എല്ലാത്ത
രത്തിലും അനുഗൃഹീതർ. നിങ്ങളുടെ സമസ്ത
അറിവിലും എല്ലാ സംസാരത്തിലുമാണ് നി
ങ്ങൾ അനുഗൃഹീതരായത്. **6**ക്രിസ്തുവിനെ സം
ബന്ധിച്ചുള്ള സത്യം നിങ്ങളിൽ തെളിയിക്ക
പ്പെട്ടിരിക്കുന്നു. **7**നമ്മുടെ കർത്താവായ യേശു
ക്രിസ്തു വീണ്ടും വരുന്നതു കാത്തിരിക്കുന്ന
നിങ്ങൾക്ക് അതുകൊണ്ട് ദൈവീകമായ എല്ലാ
വരങ്ങളും ലഭിച്ചിരിക്കുന്നു. **8**അവസാനംവരെ
യേശു നിങ്ങളെ ശക്തരായി കാക്കും. നമ്മുടെ
കർത്താവായ യേശുക്രിസ്തു വീണ്ടും വരുന്ന
ദിവസം നിങ്ങളിൽ ഒരു തെറ്റും ഉണ്ടാകാതി
രിക്കുംവിധം അവൻ നിങ്ങളെ ശക്തരായി
കാക്കും. **9**ദൈവം വിശ്വസ്തനാകുന്നു. തൻെറ
പുത്രനും നമ്മുടെ കർത്താവുമായ യേശു
ക്രിസ്തുവുമൊത്ത് ജീവിതം പങ്കുവയ്ക്കാൻ
നിങ്ങളെ വിളിച്ചവൻ അവനാകുന്നു.

കൊരിന്ത്യയിലെ സഭയുടെ പ്രശ്നങ്ങൾ

10സഹോദരന്മാരേ, നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൻെറ നാമത്തിൽ ഞാൻ
നിങ്ങളോട് യാചിക്കുകയാണ്. നിങ്ങൾക്കിട
യിൽ വിഘടനമില്ലാത്തവിധം നിങ്ങൾ ഒത്തൊ
രുമയോടെ പ്രവർത്തിക്കണമെന്ന് ഞാൻ യാചി
ക്കുന്നു. ഒരേ ചിന്തയും ഒരേ ലക്ഷ്യവുംകൊണ്ട്
നിങ്ങൾ പൂർണ്ണമായും ഒത്തുചേരണമെന്നു
ഞാൻ യാചിയ്ക്കുന്നു. **11**എൻെറ സഹോദര
സഹോദരിമാരേ, ക്ളോവയുടെ കുടുംബത്തിൽ
പ്പെട്ട ചിലർ നിങ്ങളെപ്പറ്റി എന്നോടു പറഞ്ഞു.
നിങ്ങൾക്കിടയിൽ തർക്കങ്ങളുള്ളതായി ഞാന
റിഞ്ഞു. **12**ഇതാണ് ഞാനുദ്ദേശിക്കുന്നത്: നിങ്ങ
ളിലൊരാൾ,“ഞാൻ പൌലൊസിൻെറ ആളാണ്
എന്നു പറയുന്നു; മറ്റൊരാൾ പറയുന്നു,“ഞാൻ
അപ്പൊല്ലോസിൻെറ ആളാണ്” വേറൊരാൾ,
“ഞാൻ കേഫായുടെ (പത്രൊസ്) ആളാണ്”
എന്നും പറയുന്നു; ഇനിയുമൊരാൾ പറയുന്നു,
“ഞാൻ ക്രിസ്തുവിൻെറ ആളാണ്” എന്നാണ്.
13ക്രിസ്തുവിനെ പല സംഘങ്ങളായി വിഭജി
ക്കാനാവില്ല. പൌലൊസ് നിങ്ങൾക്കായി ക്രൂ
ശിക്കപ്പെട്ടോ? ഇല്ല! പൌലൊസിൻെറ നാമ
ത്തിലാണോ നിങ്ങൾ സ്നാനപ്പെട്ടത്? അല്ല!
14ക്രിസ്പൊസിനെയും ഗായൊസിനെയുമ
ല്ലാതെ നിങ്ങളിൽ ആരെയും ഞാൻ സ്നാനപ്പെ
ടുത്തിയില്ല. എന്നതിന് ഞാൻ നന്ദി പറയുന്നു.
15കാരണം നിങ്ങളിലാർക്കും ഇപ്പോൾ എൻെറ
നാമത്തിലാണ് നിങ്ങൾ സ്നാനപ്പെട്ടതെന്ന്
പറയാൻ കഴിയില്ലല്ലോ. **16**(സ്തെഫാനൊസി
ൻെറ കുടുംബത്തെയും ഞാൻ സ്നാനപ്പെടു
ത്തിയിട്ടുണ്ട്. മറ്റാരെയും ഞാൻ തന്നെ സ്നാന
പ്പെടുത്തിയതായി ഞാൻ ഓർമ്മിക്കുന്നില്ല.)
17ആളുകളെ സ്നാനപ്പെടുത്തുന്ന ജോലി
ക്രിസ്തു എന്നെ ഏല്പിച്ചിട്ടില്ല. സുവിശേഷം
പറയുക എന്ന ജോലിയാണ് ക്രിസ്തു എനിക്കു
നൽകിയത്. ലൌകീകവിജ്ഞാനവാക്കുകൾ
ഉപയോഗിക്കാതെ സുവിശേഷം പറയാനാണ്
ക്രിസ്തു എന്നെ അയച്ചത്. അത്തരം വിജ്ഞാ
നത്തിൻെറ വാക്കുകൾ ഞാൻ ഉപയോഗിച്ചി
രുന്നുവെങ്കിൽ ക്രിസ്തുവിൻെറ കുരിശിൻെറ
ശക്തി നഷ്ടമായേനെ.

ദൈവത്തിൻെറ ശക്തിയും ക്രിസ്തുവിലെ വിജ്ഞാനവും

18നഷ്ടപ്പെട്ടവർക്കു കുരിശിൻെറ ഉപദേശ
ങ്ങൾ വിഡ്ഢിത്തങ്ങളാണ്. പക്ഷേ രക്ഷിക്ക
പ്പെടുന്നവരായ നമുക്ക് അത് ദൈവീകശക്തി
യും ആകുന്നു. **19**തിരുവെഴുത്തുകളിൽ ഇങ്ങനെ
എഴുതിയിരിക്കുന്നു:
“വിജ്ഞാനികളുടെ വിജ്ഞാനം ഞാൻ നശി
പ്പിക്കും. ബുദ്ധിമാന്മാരുടെ ബുദ്ധി ഞാൻ അർ
ത്ഥമില്ലാത്തതാക്കും.” *യെശയ്യാവ് 29:14*

20എവിടെയാണു വിജ്ഞാനി? വിദ്യാഭ്യാസ
മുള്ളവനെവിടെ? ഇക്കാലത്തെ തത്വചിന്തകൻ
എവിടെ? ലോകത്തിൻെറ വിജ്ഞാനത്തെ
ദൈവം വിഡ്ഢിത്തമാക്കി. **21**ദൈവത്തിൻെറ
വിജ്ഞാനംകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്
ഇതാണ്. ഐഹികമായ വിജ്ഞാനത്തിലൂടെ
ലോകം ദൈവത്തെ അറികയില്ല. അതിനാൽ
അതു വിശ്വസിക്കുന്നവരെ രക്ഷിക്കാൻ ദൈവം
ഭോഷത്വമെന്ന് നമുക്കു തോന്നുന്ന സന്ദേശം
അയച്ചു. **22**യെഹൂദർ വീര്യപ്രവൃത്തികൾ തെളി
വായി ആവശ്യപ്പെടുന്നു. യവനന്മാർക്കു വി
ജ്ഞാനമാണു വേണ്ടത്. **23**എന്നാൽ ഞങ്ങൾ
ഇങ്ങനെ പ്രസംഗിക്കുന്നു. ക്രിസ്തു ക്രൂശിക്ക
പ്പെട്ടു. യെഹൂദർക്ക് അതൊരു വലിയ മനോവി
ഷമമാകുന്നു. ജാതികൾക്ക് അതൊരു ഭോഷ
ത്തവും. **24**ദൈവത്താൽ വിളിക്കപ്പെട്ട യെഹൂ
ദനും യവനനും ക്രിസ്തു ദൈവത്തിൻെറ
ശക്തിയും ദൈവത്തിൻെറ വിജ്ഞാനവുമാ

കുന്നു. 25ദൈവത്തിന്റെ വിഡ്ഢിത്തം പോ
ലും മനുഷ്യരുടെ വിജ്ഞാനത്തേക്കാൾ മികച്ച
താകുന്നു. അവന്റെ ദൗർബ്ബല്യംപോലും മനു
ഷ്യരെക്കാൾ ശക്തവുമാകുന്നു.
26സഹോദര സഹോദരിമാരെ, ദൈവം
നിങ്ങളെ വിളിച്ചിരിക്കുന്നു. അതേപ്പറ്റി ചിന്തി
ക്കുക! വിജ്ഞാനത്തെ ലോകം വിധിയ്ക്കുന്ന
പ്രകാരം നിങ്ങളിൽ അധികംപേരും വിജ്ഞാ
നികളല്ല, മിക്കവരും വലിയ സ്വാധീനമുള്ളവ
രല്ല. മിക്കവരും പ്രധാന കുടുംബങ്ങളിൽനിന്നു
ള്ളവരുമല്ല. 27എന്നാൽ വിജ്ഞാനികളെ നാണം
കെടുത്താൻ ദൈവം ലോകത്തിലെ ഭോഷത്വ
മായതു തിരഞ്ഞെടുത്തു.ശക്തരായവരെ നാണം
കെടുത്താൻ ദൈവം ലോകത്തിലെ ദുർബലമാ
യതിനെ തെരഞ്ഞെടുത്തു.28ലോകം അപ്രധാന
മെന്നു കരുതുന്നതിനെയും ദൈവം തെരഞ്ഞെ
ടുത്തു. ലോകം വെറുക്കുകയും തള്ളുകയും ചെ
യ്തതിനെ അവൻ തെരഞ്ഞെടുത്തു. ലോകം
പ്രധാനമെന്നു കരുതുന്നതിനെ തകർക്കുകയാ
ണവന്റെ ലക്ഷ്യം. 29തന്റെ മുന്നിൽ ആരും
അഹങ്കരിക്കാതിരിക്കാനാണ് അവൻ ഇങ്ങനെ
ചെയ്തത്. 30നിങ്ങളെ യേശുക്രിസ്തുവിന്റെ
ഭാഗമാക്കിയത് ദൈവമാണ്. ക്രിസ്തു നമുക്കു
ദൈവീകവിജ്ഞാനമായി. ദൈവത്തിൽ നമ്മൾ
നീതീകരിക്കപ്പെടുവാനും പാപങ്ങളിൽനിന്നു
മോചിപ്പിക്കപ്പെടുവാനും അവനാണു കാരണം.
നമ്മൾ വിശുദ്ധരാകുവാനും ക്രിസ്തുവാണു
കാരണം. 31അതിനാൽ, തിരുവെഴുത്തിൽ പറയു
മ്പോലെ, "പ്രശംസിക്കുന്നവൻ കർത്താവിൽ
മാത്രം പ്രശംസിക്കട്ടെ." *

ക്രൂശിതനായ ക്രിസ്തുവിനെപ്പറ്റിയുള്ള സന്ദേശം

2 പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,
ഞാൻ നിങ്ങളുടെയടുത്തേക്കു വന്നപ്പോൾ
ദൈവത്തെപ്പറ്റിയുള്ള സത്യം ജ്ഞാനത്തിന്റെ
വളച്ചുകെട്ടില്ലാതെ നിങ്ങളോടു ഞാൻ പറ
ഞ്ഞു. 2നിങ്ങളോടൊപ്പമായിരുന്നപ്പോൾ യേശു
ക്രിസ്തുവിനെയും അവന്റെ ക്രൂശുമരണത്തെ
യുമൊഴിച്ച് എല്ലാം മറക്കാൻ ഞാൻ തീരുമാ
നിച്ചു. 3നിങ്ങളുടെയടുത്തു വന്നപ്പോൾ ഞാൻ
ക്ഷീണിതനും ഭയംകൊണ്ടു വിറയ്ക്കുന്നവനു
മായിരുന്നു. 4എന്റെ ബോധനവും ഉപദേശവും
ആളുകളെ നിർബന്ധിക്കുന്ന ജ്ഞാനത്തിന്റെ
വാക്കുകളായിരുന്നില്ല. പക്ഷേ ആത്മാവു നൽ
കുന്ന ശക്തി എന്റെ ഉപദേശത്തിന്റെ തെളി
വായിരുന്നു. 5നിങ്ങളുടെ വിശ്വാസം ദൈവത്തി
ന്റെ ശക്തിയിലധിഷ്ഠിതമാകുവാനാണ്; മനു
ഷ്യന്റെ ജ്ഞാനത്തിലാകുവാനല്ല ഞാൻ ഇതു
ചെയ്തത്.

ദൈവത്തിന്റെ ജ്ഞാനം

6ജ്ഞാനത്തെ ഞങ്ങൾ പക്വതയുള്ള ജനങ്ങ
ൾക്കു പഠിപ്പിച്ചു കൊടുക്കുന്നു. എന്നാലത് ഐ
ഹികജ്ഞാനമല്ല. ഈ ലോകത്തിലെ ഭരണാധി
കാരികളുടെ ജ്ഞാനമല്ല അത്. ആ ഭരണാധി
കാരികൾക്ക് തങ്ങളുടെ ശക്തി നഷ്ടപ്പെടുക
യാണ്.7എന്നാൽ ഞങ്ങൾ പറയുന്നത് ദൈവ
ത്തിന്റെ രഹസ്യജ്ഞാനത്തെപ്പറ്റിയാണ്. ഈ
ജ്ഞാനം ജനങ്ങളിൽനിന്നും മറഞ്ഞിരിയ്ക്കു
കയാണ്. നമ്മുടെ മഹത്വത്തിനായി ദൈവം
ഈ ജ്ഞാനത്തെ ഒരുക്കിയിരിക്കുന്നു. ലോകാരം
ഭത്തിനു മുമ്പു തന്നെ അവനതു ആസൂത്രണം
ചെയ്തിരുന്നു. 8ഈ ലോകത്തിലെ ഭരണാധി
കാരികളിലൊരുവനുപോലും ആ ജ്ഞാനം
മനസ്സിലായില്ല. അറിഞ്ഞിരുന്നുവെങ്കിൽ അ
വർ മഹത്വത്തിന്റെ കർത്താവിനെ ക്രൂശിക്കു
കയില്ലായിരുന്നു. 9പക്ഷേ തിരുവെഴുത്തുകളിൽ
എഴുതപ്പെട്ടിരിക്കുന്ന പോലെ,

"തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം
ഒരുക്കിയിട്ടുള്ളത് ആരും കണ്ടിട്ടില്ല, ആരും
കേട്ടിട്ടില്ല, ആർക്കും തോന്നിയിട്ടുമില്ല."
യെശയ്യാവ് 64:4

10പക്ഷേ ദൈവം നമുക്കിതെല്ലാം ആത്മാവി
ലൂടെ കാണിച്ചു തന്നിരിക്കുന്നു.
ആത്മാവ് എല്ലാം അറിയുന്നു. ദൈവത്തിന്റെ
ഏറ്റവും ഗഹനമായ രഹസ്യങ്ങൾപോലും
ആത്മാവിനറിയാം. 11അതിങ്ങനെയാണ്: ഒരാ
ൾക്കും മറ്റൊരുവന്റെ മനസ്സറിയാനാവില്ല.
അയാളുടെ ഉള്ളിൽ വസിക്കുന്ന അയാളുടെ
ആത്മാവിനു മാത്രമേ ആ ചിന്തകളറിയാൻ കഴി
യൂ. ദൈവത്തിനും അങ്ങനെ തന്നെ. ദൈവത്തി
ന്റെ ചിന്തകൾ ആർക്കുമറിയില്ല. ദൈവത്തി
ന്റെ ആത്മാവിനേ ആ ചിന്തകളറിയൂ. 12ലോക
ത്തിന്റെ ആത്മാവിനെ നാം സ്വീകരിച്ചിട്ടില്ല.
പക്ഷേ ദൈവത്തിൽനിന്നുള്ള ആത്മാവിനെ
നാം സ്വീകരിച്ചു. ദൈവം നമുക്കു തന്ന കാര്യ
ങ്ങളെ അറിയുവാൻ കഴിയുന്ന വിധമാണ് നാം
ആത്മാവിനെ സ്വീകരിച്ചത്.13ഇക്കാര്യങ്ങൾ നാം
പറയുമ്പോൾ, മനുഷ്യന്റെ ജ്ഞാനം നമ്മെ
പഠിപ്പിച്ച വാക്കുകൾ നാം ഉപയോഗിക്കുന്നില്ല.
ആത്മാവു നമ്മെ പഠിപ്പിച്ച വാക്കുകൾ നാം
ഉപയോഗിക്കുന്നു. ആത്മീയകാര്യങ്ങൾ വിശ
ദീകരിയ്ക്കാൻ നാം ആത്മീയപദങ്ങൾ ഉപയോ
ഗിക്കുന്നു. 14ആത്മീയത ഇല്ലാത്ത ഒരുവന് ദൈ
വാത്മാവ് നൽകുന്ന കാര്യങ്ങൾ സ്വീകരിയ്ക്കാ
നാവില്ല. അക്കാര്യങ്ങളൊക്കെ വിഡ്ഢിത്തങ്ങ
ളാണെന്ന് അയാൾ കരുതുന്നു. ആത്മീയമായി
മാത്രം വിധിക്കാനാകുന്ന ദൈവത്തിന്റെ
ആത്മാവിന്റെ കാര്യങ്ങൾ അയാൾക്കു മനസ്സി
ലാകില്ല.15പക്ഷേ ആത്മീയചിന്തയുള്ളവന്
എല്ലാക്കാര്യങ്ങളെയും വിവേചിക്കാൻ കഴി
യുന്നു. മറ്റുള്ളവർക്ക് അയാളെ വിധിയ്ക്കാൻ
കഴിയുകയില്ല. തിരുവെഴുത്തു പറയുന്നു:
16"കർത്താവിന്റെ മനസ്സ് ആരറിയുന്നു? കർ
ത്താവ് എന്തു ചെയ്യണമെന്ന് ആർക്കു പറയാ
നാകും?" *യെശയ്യാവ് 40:13*
പക്ഷേ നമുക്കു ക്രിസ്തുവിന്റെ മനസ്സു
ണ്ടായിരിക്കുന്നു.

മനുഷ്യനെ അനുഗമിയ്ക്കുന്നത് തെറ്റ്

3 സഹോദരീ സഹോദരന്മാരേ, മുൻകാലങ്ങ
ളിൽ എനിക്കു നിങ്ങളോടു ആത്മീയ മനുഷ്യ
രോടെന്നപോലെ സംസാരിക്കാൻ കഴിഞ്ഞി
ട്ടില്ല. ക്രിസ്തുവിൽ ശിശുക്കളായ നിങ്ങളോട്
ലൗകീകരോടെന്നപോലേ എനിക്കു സംസാരി
ക്കാനായുള്ളൂ. 2ഞാൻ നിങ്ങൾക്കു നൽകിയ
ഉപദേശങ്ങൾ പാലുപോലെയായിരുന്നു. ഖരാ
ഹാരം പോലെയായിരുന്നില്ല. നിങ്ങൾ ഖരാഹാ
രത്തിനു പാകമല്ലായിരുന്നതിനാലാണു ഞാന
ങ്ങനെ ചെയ്തത്. ഇപ്പോൾ പോലും നിങ്ങൾ
ഖരാഹാരത്തിനു പാകമല്ല. 3നിങ്ങളിപ്പോഴും
ആത്മീയ മനുഷ്യരല്ല. നിങ്ങൾ അസൂയാലു
ക്കളും പരസ്പരം തർക്കിക്കുന്നവരുമാണ്. നി
ങ്ങൾ ആത്മീയ മനുഷ്യരല്ലെന്ന് അതു കാണി

"പ്രശംസിക്കുന്നവൻ ... പ്രശംസിക്കട്ടെ" ഉദ്ധരണി യിരമ്യ. 9:24.

ക്കുന്നു. ലൗകികരെപ്പോലെ തന്നെയാണ് നി
ങ്ങൾ പ്രവർത്തിക്കുന്നത്. 4നിങ്ങളിലൊരുവൻ
പറയുന്നു, “ഞാൻ പൌലൊസിന്റെ അനു
യായിയാണ്.” മറ്റൊരാൾ പറയുന്നു, ഞാൻ
അപ്പൊല്ലോസിന്റെ അനുയായിയാണ്.” നി
ങ്ങൾ അങ്ങനെയൊക്കെ പറയുമ്പോൾ നി
ങ്ങൾ ലൗകികരെപ്പോലെ പെരുമാറുകയാണ്.

5അപ്പൊല്ലോസ് അത്ര പ്രധാനിയാണോ?
അല്ല! പൌലൊസോ അല്ല! നിങ്ങളെ വിശ്വാ
സികളാക്കാൻ സഹായിച്ച ദൈവത്തിന്റെ
ദാസന്മാർ മാത്രമാണു ഞങ്ങൾ. ദൈവം നിയോ
ഗിച്ച കാര്യങ്ങളാണ് ഞങ്ങളിൽ ഓരോരുത്തരും
ചെയ്തത്. 6ഞാൻ വിത്തു നടുകയും അപ്പൊ
ല്ലോസ് അതിനു വെള്ളമൊഴിയ്ക്കുകയും ചെ
യ്തു. പക്ഷേ വിത്തു വളർത്തിയതു ദൈവ
മാണ്. 7അതിനാൽ വിത്തു നട്ടവനോ അതിനു
വെള്ളമൊഴിച്ചവനോ അല്ല പ്രധാനി. ദൈവ
മാണു പ്രധാനം, കാരണം അവനാണല്ലൊ വളർ
ത്തുന്നത്. 8നടുന്നവനും വെള്ളമൊഴിയ്ക്കുന്ന
വനും ഒരേ കർമ്മമാണ് ഉള്ളത്. ഓരോരുത്തരും
അവരവരുടെ പ്രവൃത്തിയ്ക്ക് സമ്മാനിതരാകു
കയും ചെയ്യും .9ഞങ്ങൾ ദൈവത്തിനായി ഒത്തു
കൂടിയ പണിക്കാരാണ്. നിങ്ങളാകട്ടെ ദൈവ
ത്തിന്റെ കൃഷിയിടവുമാകുന്നു. നിങ്ങൾ ദൈവ
ത്തിന്റെ ഒരു ഗൃഹവുമാകുന്നു. 10കൃതഹസ്ത
നായ ഒരു പണിക്കാരനെപ്പോലെ ഞാൻ ആഗൃ
ഹത്തിന്റെ അടിത്തറ പണിതു. അങ്ങനെ ചെ
യ്യാൻ ദൈവം എനിക്കു തന്ന വരം ഞാനുപയോ
ഗിച്ചു. മറ്റുള്ളവർ ആ അടിത്തറമേലാണ് പണി
യുന്നത്. പക്ഷേ ഓരോരുത്തരും താനെങ്ങനെ
യാണു പണിയുന്നതെന്നതിൽ ശ്രദ്ധാലുവായി
രിക്കണം. 11അടിത്തറയിട്ടുകഴിഞ്ഞു. മറ്റാർക്കും
ഇനി മറ്റൊരു അടിത്തറ പണിയാനാവില്ല.
പണിതുകഴിഞ്ഞ അടിത്തറ യേശുക്രിസ്തുവാ
കുന്നു. 12ആ അടിത്തറമേൽ ആർക്കു വേണമെ
ങ്കിലും സ്വർണ്ണം, വെള്ളി, രത്നം, തടി, പുല്ല്,
വൈക്കോൽ എന്നിവയിലേതുകൊണ്ടു വേണ
മെങ്കിലും പണിയാം. 13പക്ഷേ ഓരോരുത്തർ
ചെയ്യുന്ന പണിയും വ്യക്തമായി കാണപ്പെടും,
കാരണം, ആ ദിവസം അവയെല്ലാം തുറന്നു
കാട്ടപ്പെടും. തീയോടുകൂടി ആ ദിവസം വരും
.അത് ഓരോരുത്തരുടെ പ്രവൃത്തിയും പരിശോ
ധിയ്ക്കും. 14അഗ്നിപരീക്ഷയ്ക്കു ശേഷവും ഒരു
വൻ പണിത ഗൃഹം നിലനിന്നാൽ അയാൾക്ക്
അതിന്റെ പ്രതിഫലം കിട്ടും. 15എന്നാൽ അയാ
ളുടെ കെട്ടിടം തീയിലെരിഞ്ഞാൽ അയാൾക്കു
നഷ്ടം സംഭവിയ്ക്കും. പക്ഷേ തീയിൽനിന്നും
രക്ഷപെട്ടതുപോലെ മാത്രം അവൻ രക്ഷിക്ക
പ്പെടും.

16നിങ്ങൾ തന്നെ ദൈവത്തിന്റെ ആലയമാ
ണെന്നു നിങ്ങളറിയണം. ദൈവാത്മാവ് നിങ്ങ
ളിൽ വസിക്കുന്നു. 17ആരെങ്കിലും ദൈവാലയം
നശിപ്പിച്ചാൽ ദൈവം അവരെ നശിപ്പിക്കും.
എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ ആല
യം വിശുദ്ധമാണ്. നിങ്ങൾ തന്നെ ദൈവത്തി
ന്റെ ആലയമാകുന്നു. 18സ്വയം കബളിപ്പിക്കാ
തിരിക്കുക. സ്വയം ജ്ഞാനിയെന്നഭിമാനിക്കു
ന്നവൻ വിഡ്ഢിയായിത്തീരട്ടെ. അപ്പോൾ അ
വൻ യഥാർത്ഥത്തിൽ ജ്ഞാനിയാകും. 19എന്തു
കൊണ്ടെന്നാൽ ഈ ലോകത്തിന്റെ ജ്ഞാനം
ദൈവത്തിനു ഭോഷത്വമാണ്. തിരുവെഴുത്തുക
ളിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു, “കൗശലം
പ്രയോഗിക്കുമ്പോൾ ജ്ഞാനികളെ ദൈവം
പിടിക്കുന്നു,”* 20തിരുവെഴുത്തുകളിൽ ഇങ്ങനെ
കൂടി എഴുതിയിട്ടുണ്ട്, “ജ്ഞാനികളുടെ ചിന്ത
കൾ ദൈവം അറിയുന്നു. അവരുടെ ചിന്തകൾ
വ്യഥാവിലാണെന്നു അവൻ അറിയുന്നു.”* 21അ
തിനാൽ നിങ്ങൾ മനുഷ്യരെച്ചൊല്ലി പ്രശംസി
ക്കരുത്. എല്ലാം നിങ്ങളുടേതാണ്. 22പൌ
ലൊസ്, അപ്പൊല്ലോസ്, കേഫാവ് (പത്രൊസ്),
ഈ ലോകം, ജീവിതം, മരണം, ഇപ്പോഴുള്ളത്,
വരുവാനുള്ളത് എല്ലാം നിങ്ങളുടേതാകുന്നു.
23നിങ്ങൾ ക്രിസ്തുവിന്റേതും ക്രിസ്തു ദൈവ
ത്തിന്റേതുമാകുന്നു.

ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ

4 ഞങ്ങളെപ്പറ്റി ജനങ്ങൾ കരുതേണ്ടത് ഇങ്ങ
നെയാണ്: ഞങ്ങൾ ക്രിസ്തുവിന്റെ ദാസ
ന്മാരാണ്. ദൈവം അവന്റെ രഹസ്യസത്യങ്ങൾ
ഏല്പിക്കാൻ വിശ്വസിച്ചവരാണു ഞങ്ങൾ.
2എന്തെങ്കിലും ഏല്പിക്കപ്പെട്ടവർ അതിൽ വിശ്വ
സ്തരായിരിക്കണം. 3നിങ്ങൾ എന്നെ വിധി
ച്ചാൽ ഞാനതു വകവയ്ക്കില്ല. ഏതെങ്കിലും
മനുഷ്യക്കോടതി നടത്തുന്ന വിധിയും ഞാൻ
വകവയ്ക്കില്ല. ഞാൻ സ്വയം വിധിയ്ക്കുകയു
മില്ല. 4ഞാൻ എന്തെങ്കിലും തെറ്റു ചെയ്തതായി
എനിക്കറിയില്ല. എന്നാൽ എന്നെ അതു നിഷ്ക
ളങ്കനാക്കുന്നില്ല. കർത്താവാണ് എന്നെ വിധി
യ്ക്കുന്നവൻ. 5അതിനാൽ ശരിയായ സമയം
വരുംവരെ വിധിക്കരുത്. കർത്താവ് വരുംവരെ
കാത്തിരിക്കുക. ഇരുട്ടിൽ ഒളിഞ്ഞിരിക്കുന്ന
വയെ അവൻ വെളിച്ചത്തിൽ തിളക്കും. മനുഷ്യ
ഹൃദയങ്ങളിലെ രഹസ്യങ്ങളെ അവൻ വെളിച്ച
ത്തുകൊണ്ടുവരും. അപ്പോൾ ദൈവം ഓരോരു
ത്തരേയും അനുയോജ്യമായവിധം പുകഴ്ത്തും.

6സഹോദരീ സഹോദരന്മാരേ ഇക്കാര്യങ്ങ
ളിൽ ഞാൻ അപ്പൊല്ലൊസിനെയും എന്നെത്ത
ന്നെയും നിങ്ങൾക്ക് ഉദാഹരണമായി കാട്ടി.
“തിരുവെഴുത്തിൽ എഴുതിയിരിക്കുന്നവ മാത്രം
പിന്തുടരുക” എന്ന വാക്കുകളുടെ അർത്ഥം
നിങ്ങൾ ഞങ്ങളിൽനിന്നും മനസ്സിലാക്കുംവിധ
മാണ് ഞാനിങ്ങനെ ചെയ്തത്. അപ്പോൾ
നിങ്ങൾ ഒരാളിൽ അഭിമാനിയ്ക്കുകയോ മറ്റൊ
രാളെ വെറുക്കുകയോ ഇല്ല. 7നിങ്ങൾ മറ്റുള്ളവ
രെക്കാൾ മെച്ചമാണെന്ന് ആരു പറഞ്ഞു? നിങ്ങ
ൾക്കുള്ളതെല്ലാം നിങ്ങൾക്കു നൽകിയതാണ്.
അതുകൊണ്ട്, നിങ്ങൾക്കുള്ളതെല്ലാം നൽകപ്പെ
ട്ടതാണെങ്കിൽ പിന്നെന്തിനാണ് അതെല്ലാം നി
ങ്ങളുടെ ശക്തികൊണ്ടു നേടിയതാണെന്ന്
അഹങ്കരിക്കുന്നത്?

8നിങ്ങൾക്കു വേണ്ടതെല്ലാം നിങ്ങൾക്കു
ണ്ടെന്നു നിങ്ങൾ കരുതുന്നു. നിങ്ങൾ ധനികരാ
ണെന്നു നിങ്ങൾ കരുതുന്നു. ഞങ്ങളെക്കൂടാതെ
നിങ്ങൾ രാജാക്കന്മാരായെന്നു നിങ്ങൾ കരു
തുന്നു. നിങ്ങൾ യഥാർത്ഥത്തിലും രാജാക്കന്മാ
രായിരുന്നുവെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു!
അപ്പോൾ ഞങ്ങൾക്കും നിങ്ങളോടൊത്തു വാഴാ
മായിരുന്നു. 9എന്നാൽ എനിക്കും മറ്റ് അപ്പൊ
സ്തലന്മാർക്കും അവസാനത്തെ സ്ഥാനമാണു
ദൈവം തന്നിരിക്കുന്നതെന്നു കാണുന്നു. ഞ
ങ്ങൾ മറ്റുള്ളവർ കാൺകെ മരണശിക്ഷക്കു
വിധിക്കപ്പെട്ടവരെപ്പോലെയാണ്. ദൂതന്മാർക്കും
മനുഷ്യർക്കും ലോകമൊട്ടുക്കും കാണുവാൻ ഒരു
കാഴ്ച പോലെയായി ഞങ്ങൾ. 10ക്രിസ്തു
വിനുവേണ്ടി ഞങ്ങൾ വിഡ്ഢികളാണ്. പക്ഷേ

“കൗശലം ... പിടിക്കുന്നു” ഉദ്ധരണി ഇയ്യോബ് 5:13.

“ജ്ഞാനികളുടെ ... അറിയുന്നു” ഉദ്ധരണി സങ്കീ.94:11.

നിങ്ങൾ കരുതുന്നു ക്രിസ്തുവിന്റെ മുമ്പിൽ
നിങ്ങൾ ജ്ഞാനികളാണെന്ന്. ഞങ്ങൾ
ദുർബ്ബലരാണ് പക്ഷേ നിങ്ങൾ കരുതുന്നു നി
ങ്ങൾ കരുത്തരാണെന്ന്. ആളുകൾ നിങ്ങളെ
ആദരിക്കുന്നു, ഞങ്ങളെ ആദരിക്കുന്നില്ല. 11ഈ
നിമിഷംവരേയ്ക്കും ഞങ്ങൾക്കു തിന്നാനോ
കുടിയ്ക്കാനോ വേണ്ടത്രയില്ല. ആവശ്യത്തിനു
വസ്ത്രവുമില്ല. ചിലപ്പോഴൊക്കെ ഞങ്ങൾ
മർദ്ദിക്കപ്പെടുന്നു. ഞങ്ങൾക്കു വീടുമില്ല. 12ഞ
ങ്ങൾ ഞങ്ങളെപ്പോറ്റുന്നതിന് സ്വന്തം കൈകൾ
കൊണ്ട് കഠിനമായി അദ്ധ്വാനിക്കുന്നു. ജനങ്ങൾ
ഞങ്ങളെ ശപിക്കുന്നു, പക്ഷേ ഞങ്ങൾ അവരെ
അനുഗ്രഹിക്കുന്നു. ആളുകൾ ഞങ്ങളെ ഉപദ്രവി
ക്കുമ്പോൾ ഞങ്ങളതു സഹിക്കുന്നു. 13ഞങ്ങളെ
ജനങ്ങൾ ദുഷിക്കുമ്പോൾ ഞങ്ങൾ അവരെപ്പറ്റി
നല്ലതു പറയുന്നു. ഇപ്പോഴും അവർ ഞങ്ങളെ
ലോകത്തിന്റെ ചവറുപോലെയും ഭൂമിയിലെ
അഴുക്കായും കരുതുന്നു.

14നിങ്ങളെ നാണിപ്പിക്കാനല്ല ഞാൻ ശ്രമിക്കു
ന്നത്. പക്ഷേ എന്റെ സ്വന്തം കുട്ടികൾക്കെന്ന
പോലെ ഞാൻ നിങ്ങൾക്കു മുന്നറിയിപ്പു തരാ
നാണ് ഇതെല്ലാം എഴുതുന്നത്. 15നിങ്ങൾക്കു
പതിനായിരം ഉപദേശകർ ക്രിസ്തുവിലുണ്ടാ
യിരിക്കാം, പക്ഷേ അനേകം പിതാക്കന്മാരുണ്ടാ
വില്ല. സുവിശേഷത്തിലൂടെ ഞാൻ നിങ്ങൾക്കു
ക്രിസ്തുയേശുവിൽ പിതാവായിരിക്കുന്നു.

16അതിനാൽ എന്നെപ്പോലെയായിരിക്കു
വാൻ ഞാൻ നിങ്ങളോടു യാചിക്കുന്നു. 17അതു
കൊണ്ടാണ് ഞാൻ തിമൊഥെയോസിനെ നി
ങ്ങളുടെ അടുത്തേക്കയയ്ക്കുന്നത്. അവൻ കർ
ത്താവിൽ എന്റെ പുത്രനാണ്. തിമൊഥെയോ
സിനെ ഞാൻ സ്നേഹിക്കുന്നു, അവൻ വിശ്വ
സ്തനുമാണ്. ക്രിസ്തുയേശുവിൽ ഞാൻ
ജീവിച്ച മാർഗ്ഗങ്ങൾ അവൻ നിങ്ങളെ ഓർമ്മി
പ്പിക്കും. ആ ജീവിതരീതിയാണ് ഞാൻ എല്ലായി
ടവും എല്ലാ സഭകളിലും പഠിപ്പിക്കുന്നത്.

18നിങ്ങളിൽ ചിലർ അഹങ്കാരികളായിരി
ക്കുന്നു. അഹങ്കരിക്കുന്നവർ കരുതുന്നത് ഞാൻ
നിങ്ങളിലേക്കു വീണ്ടും വരില്ല എന്നാണ്. 19പ
ക്ഷേ ദൈവഹിതമാണെങ്കിൽ ഞാൻ ഉടനെ
തന്നെ നിങ്ങളുടെയിടയിലേക്കു വരും. അ
പ്പോൾ എനിക്കു കാണേണ്ടത് അവർക്കെന്തു
ചെയ്യാൻ കഴിയുമെന്നാണ്; എന്തുപറയുന്നു
വെന്നല്ല. 20ഞാനങ്ങനെ ആഗ്രഹിക്കുന്നത് എ
ന്തെന്നാൽ ദൈവരാജ്യം വചനത്തിലല്ല ശക്തി
യിലായതുകൊണ്ടാണ്. 21നിങ്ങൾക്ക് ഏതാണ്
വേണ്ടത്?

ഞാൻ നിങ്ങളുടെയടുത്തേക്കു ശിക്ഷയോടു
കൂടിയോ, സ്നേഹത്തോടും മാന്യതയോടും
കൂടിയോ വരേണ്ടത്?

സഭയിലെ ഒരു സാന്മാർഗ്ഗിക പ്രശ്നം

5 നിങ്ങൾക്കിടയിൽ ലൈംഗികപാപമുണ്ടെ
ന്നാണ് ജനങ്ങൾ യഥാർത്ഥത്തിൽ പറയു
ന്നത്. ദൈവത്തെ അറിയാത്തവരുടെ ഇടയിൽ
പ്പോലുമില്ലാത്തവിധം വൃത്തികെട്ട ലൈംഗിക
പാപമാണത്. സ്വന്തം അപ്പന്റെ ഭാര്യയെ വച്ചു
കൊണ്ടിരിക്കുന്നവൻ പോലുമുണ്ടെന്നാണ് പറ
യുന്നത്. 2എന്നിട്ടും നിങ്ങൾ സ്വയം അഭിമാനി
ക്കുന്നു! നിങ്ങൾ ഖേദിക്കേണ്ടിയിരുന്നു.
അങ്ങനെ ചെയ്തവനെ നിങ്ങളുടെ കൂട്ടത്തിൽ
നിന്നും പുറത്താക്കുകയും വേണം. 3എന്റെ
ശരീരം നിങ്ങളോടൊത്ത് അവിടെയില്ല; പക്ഷേ
എന്റെ ആത്മാവ് ഉണ്ട്. ആ പാപം ചെയ്ത
വനെ ഞാൻ വിധിക്കുകയും ചെയ്തു. ഞാന
വിടെ ഉണ്ടായിരുന്നെങ്കിലെന്ന പോലെ തന്നെ
യാണ് ഞാനവനെ വിധിച്ചത്. 4നമ്മുടെ കർ
ത്താവായ യേശുവിന്റെനാമത്തിൽ ഒത്തുചേ
രുക. ഞാൻ ആത്മാവിൽ നിങ്ങളോടൊപ്പം ഉണ്ടാ
വുകയും, കർത്താവായ യേശുവിന്റെ ശക്തി
നിങ്ങൾക്കുണ്ടാവുകയും ചെയ്യും. 5അപ്പോൾ
ഇയാളെ സാത്താനു നൽകുക; അങ്ങനെ അവ
ന്റെ പാപംനിറഞ്ഞ സ്വയം നശിപ്പിക്കപ്പെ
ടട്ടെ. അപ്പോൾ അവന്റെ ആത്മാവ് കർത്താ
വിന്റെ ദിനത്തിൽ രക്ഷിക്കപ്പെടട്ടെ.

6നിങ്ങളുടെ അഹങ്കാരം നന്നല്ല. ഈ വചനം
നിങ്ങൾക്കറിയില്ലേ, “അല്പം പുളിമാവ് മുഴുവൻ
അരിമാവിനെയും പുളിപ്പിക്കും” 7പഴയ എല്ലാ
പുളിമാവും പുറത്തെടുക്കുക, അങ്ങനെയെ
ന്നാൽ നിങ്ങൾ പുതിയൊരു അരിമാവാകും.
നിങ്ങൾ യഥാർത്ഥത്തിൽ പുളിപ്പില്ലാത്ത പെ
സഹാ അപ്പമാണ്. അതെ, ഞങ്ങളുടെ പെസ
ഹാകുഞ്ഞാടായ ക്രിസ്തു യാഗം കഴിക്കപ്പെട്ടി
രിക്കുന്നു. 8അതുകൊണ്ട് നമുക്ക് നമ്മുടെ പെസ
ഹാഭക്ഷണം കഴിക്കാം. പക്ഷേ പഴയ പുളിമാ
വുള്ള അപ്പമല്ല. പഴയ പുളിമാവ് പാപവും
ദുർവൃത്തിയുമാകുന്നു. എന്നാൽ നമുക്ക് പുളി
പ്പില്ലാത്ത അപ്പം കഴിക്കാം. അത് നന്മയുടെയും
സത്യത്തിന്റെയും അപ്പമാകുന്നു.

9ലൈംഗികപാപം ചെയ്യുന്നവരുമായി
യാതൊരുവിധത്തിലും ഇടപെടരുതെന്ന് ഞാൻ
നിങ്ങൾക്കയച്ച കത്തിൽ എഴുതിയിരുന്നു.
10എന്നാൽ ഈ ലോകത്ത് പാപം ചെയ്യുന്നവരു
മായി ഇടപെടരുതെന്നല്ല ഞാൻ പറഞ്ഞതി
നർത്ഥം. ഈ ലോകത്തിലുള്ള ലൈംഗികപാപം
ചെയ്യുന്നവരും സ്വാർത്ഥരും പരസ്പരം വഞ്ചി
ക്കുന്നവരും വിഗ്രഹങ്ങളെ ആരാധിക്കുന്നവരു
മായി ബന്ധപ്പെടരുതെന്നല്ല. അവരിൽനിന്നും
രക്ഷപ്പെടുന്നതിന് നിങ്ങൾ ഈ ലോകം വിട്ടു
പോകണം.

11സ്വയം ക്രിസ്തുവിൽ സഹോദരനെന്ന് പറ
യുകയും ലൈംഗികപാപം ചെയ്യുകയോ
സ്വാർത്ഥനായിരിക്കുകയോ വിഗ്രഹങ്ങളെ
ആരാധിക്കുകയോ ആളുകളെ ചീത്തപറയു
കയോ കുടിച്ചു മത്തരാകുകയോ ആളുകളെ
വഞ്ചിക്കുകയോ ചെയ്യുന്നവരുമായി ബന്ധപ്പെ
ടരുത്. അവരോടൊത്ത് ഭക്ഷിക്കുകപോലും
ചെയ്യരുതെന്ന് നിങ്ങളോട് പറയാനാണ് ഞാൻ
ഈ കത്ത് എഴുതുന്നത്.

12-13സഭയുടെ ഭാഗമല്ലാത്തവരെ വിധിക്കുക
എന്റെ കർത്തവ്യമല്ല. ദൈവം അവരെ വിധി
ക്കും. പക്ഷേ നിങ്ങളുടെ സഭയുടെ ഭാഗമായ
വരെ നിങ്ങൾ വിധിക്കണം. തിരുവെഴുത്തിൽ
പറയുന്നു,“ദുഷ്ടനെ സംഘത്തിൽനിന്നും പുറ
ത്താക്കുക.”*

ക്രിസ്ത്യാനികൾക്കിടയിലുള്ള പ്രശ്നങ്ങളുടെ വിധി

6 നിങ്ങളുടെ കൂട്ടത്തിൽനിന്നൊരാൾക്ക് മറ്റൊ
രാൾക്കെതിരായി എന്തെങ്കിലും കാര്യമു
ണ്ടെങ്കിൽ നിങ്ങളെന്തിനാണു നിയമകോടതി
യിലേക്കു പോകുന്നത്? ദൈവത്തിനു മുമ്പിൽ
നീതീകരിക്കപ്പെട്ടവരല്ല അവർ. പിന്നെന്തി
നാണ്, ആരാണ് നീതിമാനെന്നു നിശ്ചയി
ക്കാൻ നിങ്ങൾ അവരെ അനുവദിക്കുന്നത്?
നിങ്ങൾ ലജ്ജിക്കുക. എന്തൊകൊണ്ടാണു നി
ങ്ങൾ ഇതിനായി ദൈവത്തിന്റെ ആളുകളെ

“ദുഷ്ടനെ ... പുറത്താക്കുക” ഉദ്ധരണി ആവ. 22:21,24.

സമീപിക്കാത്തത്? 2ദൈവത്തിന്റെ ആളുകൾ
ഈ ലോകത്തെയാകെ വിധിക്കുമെന്ന് തീർച്ച
യായും നിങ്ങൾക്കറിയാം. അതുകൊണ്ട് നിങ്ങൾ
ഈ ലോകത്തെ വിധിച്ചാൽ, ഇതുപോലുള്ള
ചെറിയ കാര്യങ്ങളിൽ വിധിക്കാൻ നിങ്ങൾ
തീർച്ചയായും പ്രാപ്തരാണ്. 3ഭാവിയിൽ
നമ്മൾ ദൂതന്മാരെ വിധിക്കുമെന്ന് നിങ്ങൾ
ക്കറിയാം. അതുകൊണ്ട് ലൌകീകമായ ഇത്തരം
വിധികൾ നടത്താനും നമുക്കാവുമെന്നു തീർച്ച.
4അതിനാൽ നിങ്ങൾക്കുള്ള തർക്കങ്ങളുമായി
എന്തിന് സഭയിലില്ലാത്തവരുടെ അടുത്തേക്കു
പോകുന്നു? സഭയെ സംബന്ധിച്ചിടത്തോളം
അവർ ആരുമല്ല. 5നിങ്ങളെ നാണിപ്പിക്കാനാണു
ഞാനിതു പറയുന്നത്. രണ്ടു സഹോദരന്മാർ
ക്കിടയിലുള്ള തർക്കം പരിഹരിക്കുന്നതിന് മതി
യായ വിജ്ഞരായ ചിലർ നിങ്ങൾക്കിടയിൽ
തീർച്ചയായും ഉണ്ട്. 6എന്നാൽ ഇപ്പോൾ ഒരു
സഹോദരൻ മറ്റൊരു സഹോദരനെതിരെ കോട
തിയിലേക്കു പോകുന്നു. അവിശ്വാസികളെ
നിങ്ങൾ വിധിപറയാൻ നിയോഗിക്കുന്നു.

7മറ്റുള്ളവർക്കെതിരെ നിങ്ങൾ കൊടുക്കുന്ന
അന്യായങ്ങളോരോന്നും നിങ്ങൾ പരാജയപ്പെ
ട്ടുവെന്നതിനു തെളിവാണ്. മറ്റുള്ളവരെ നിങ്ങ
ൾക്കെതിരായെന്തെങ്കിലും തെറ്റു ചെയ്യാൻ
അനുവദിക്കുകയാണ് നിങ്ങളെ സംബന്ധിച്ചിട
ത്തോളം നന്ന്. ആരെങ്കിലും നിങ്ങളെ വഞ്ചി
ക്കാൻ അനുവദിക്കുകയാണ് നന്ന്. 8പക്ഷേ
നിങ്ങൾ തന്നെ തെറ്റു ചെയ്യുകയും വഞ്ചിക്കു
കയും ചെയ്യുന്നു! അതും ക്രിസ്തുവിലുള്ള
സ്വന്തം സഹോദരങ്ങളോട്.

9-10തെറ്റു ചെയ്യുന്നവർക്കു ദൈവരാജ്യത്തിൽ
സ്ഥാനമില്ലെന്നു തീർച്ചയായും നിങ്ങൾക്ക
റിയാം. വിഡ്ഢികളാക്കപ്പെടരുത്. ഇനി പറയു
ന്നവർക്കു ദൈവരാജ്യത്തിൽ സ്ഥാനം ലഭി
ക്കില്ല: ലൈംഗികപാപം ചെയ്യുന്നവർ, വിഗ്ര
ഹാരാധകർ, വ്യഭിചരിക്കുന്നവർ, സ്വവർഗ്ഗരതി
ക്കാർ, മറ്റുള്ളവരെ ലൈംഗികപാപത്തിനുപ
യോഗിക്കുന്നവർ, മോഷ്ടാക്കൾ, സ്വാർത്ഥർ,
മദ്യപാനികൾ, മറ്റുള്ളവരെ ദുഷിക്കുന്നവർ,
വഞ്ചകർ. 11മുൻകാലത്ത് നിങ്ങളിൽ ചിലരും
അങ്ങനെയായിരുന്നു. പക്ഷേ നിങ്ങൾ കഴുക
പ്പെട്ടു, നിങ്ങൾ വിശുദ്ധരാക്കപ്പെട്ടു, കർത്താ
വായ യേശുക്രിസ്തുവിന്റെയും നമ്മുടെ ദൈ
വത്തിന്റെ ആത്മാവിന്റെയും നാമത്തിൽ നി
ങ്ങൾ ദൈവത്തിനു മുമ്പിൽ നീതീകരിക്കപ്പെട്ടു.

ദൈവമഹത്വത്തിന് നിങ്ങളുടെ ശരീരം ഉപയോഗിക്കുക

12"എല്ലാക്കാര്യങ്ങളും എനിക്കായി അനുവദി
ച്ചിരിക്കുന്നു." പക്ഷേ എല്ലാം നന്നല്ല. "എല്ലാം
എനിക്കായി അനുവദിച്ചിരിക്കുന്നു." പക്ഷേ
ഞാനൊന്നിനെയും എന്റെ യജമാനനാകാൻ
അനുവദിക്കില്ല. 13"ആഹാരം വയറിനും വയറ്
ആഹാരത്തിനുമാണ്." അതെ. പക്ഷേ ദൈവം
അവ രണ്ടിനെയും നശിപ്പിക്കും. ശരീരം ലൈം
ഗികപാപത്തിനുള്ളതല്ല. ശരീരം കർത്താവിനു
ള്ളതാണ്, കർത്താവ് ശരീരത്തിനും. 14തന്റെ
ശക്തികൊണ്ട് ദൈവം കർത്താവായ യേശു
വിനെ ഉയിർത്തെഴുന്നേല്പിച്ചു. ദൈവം നമ്മളേ
യും ഉയിർത്തെഴുന്നേല്പിക്കും. 15നിങ്ങളുടെ ശരീ
രങ്ങൾ ക്രിസ്തുവിന്റെ തന്നെ ഭാഗങ്ങളാണെ
ന്നു നിങ്ങൾക്കറിയാം. അതിനാൽ ഞാനൊരി
ക്കലും ക്രിസ്തുവിന്റെ ഭാഗങ്ങളെടുത്ത് ഒരു
വേശ്യയുമായി അവയെ കൂട്ടിച്ചേർക്കരുത്.
16തിരുവെഴുത്തുകളിൽ ഇങ്ങനെ എഴുതിയിരി
ക്കുന്നു, "രണ്ടുപേർ ഒന്നായിത്തീരും."* അതി
നാൽ, ഒരു വേശ്യയുമായി ചേർന്ന് ലൈംഗിക
പാപം ചെയ്യുന്നവൻ ശരീരത്തിൽ അവളുമായി
ഒന്നാകുകയാണ്. 17പക്ഷേ കർത്താവുമായി
ചേരുന്ന ഒരുവൻ ആത്മാവിലും അവനിൽ
ഒന്നായിത്തീരും.

18അതിനാൽ ലൈംഗികപാപത്തിൽനിന്നും
അകന്നുപോവുക. ഒരാൾ ചെയ്യുന്ന മറ്റ് ഓരോ
പാപവും അവന്റെ ശരീരത്തിനു വെളിയി
ലാണ്. എന്നാൽ ലൈംഗികപാപം ചെയ്യുന്ന
വൻ തന്റെ തന്നെ ശരീരത്തിന് എതിരായി
പാപം ചെയ്യുന്നു. 19നിങ്ങളുടെ ശരീരം പരിശു
ദ്ധാത്മാവിന്റെ ആലയമാണെന്നു നിങ്ങളറി
യുക. പരിശുദ്ധാത്മാവ് നിങ്ങൾക്കുള്ളിലാണ്.
ദൈവത്തിൽനിന്ന് നിങ്ങൾ പരിശുദ്ധാത്മാ
വിനെ സ്വീകരിച്ചു. നിങ്ങൾ നിങ്ങളുടെ തന്നെ
സ്വന്തമല്ല. 20നിങ്ങളെ ദൈവം ഒരു വിലയ്ക്കു
വാങ്ങി. അതിനാൽ നിങ്ങളുടെ ശരീരംകൊണ്ട്
ദൈവത്തെ ബഹുമാനിക്കുക.

വിവാഹത്തെപ്പറ്റി

7 ഇനി, നിങ്ങൾ എനിക്കെഴുതിയ കാര്യങ്ങ
ളെപ്പറ്റി പറയാം. വിവാഹം കഴിയ്ക്കാതിരി
ക്കുകയാണ് ഒരാൾക്കു നല്ലത്.2പക്ഷേ ലൈംഗിക
പാപത്തിന്റെ പ്രശ്നം അപകടം ആണ്. അതു
കൊണ്ട് ഓരോ പുരുഷനും സ്വന്തം ഭാര്യയുണ്ടാ
വണം. അതുപോലെ ഓരോസ്ത്രീയ്ക്കുംസ്വന്തം
ഭർത്താവുമുണ്ടായിരിക്കണം. 3ഭാര്യയെന്ന നില
യ്ക്ക് അവൾക്കു വേണ്ടതെല്ലാം ഭർത്താവ് നൽ
കിയിരിക്കണം. അതുപോലെ ഭർത്താവെന്ന
നിലയ്ക്ക് അയാൾക്കു വേണ്ടതെല്ലാം ഭാര്യയും
നൽകിയിരിക്കണം. 4ഭാര്യയ്ക്കു തന്റെ ശരീര
ത്തിനുമേൽ അധികാരമുണ്ടായിരിക്കുകയില്ല.
ഭർത്താവിനാണ് അവളുടെ ശരീരത്തിൽ അധി
കാരം. ഭർത്താവിനു തന്റെ തന്നെ ശരീരത്തി
നുമേൽ അധികാരമില്ല. ഭാര്യയ്ക്കാണയാളുടെ
ശരീരത്തിനുമേൽ അധികാരം.5നിങ്ങളുടെ ശരീ
രങ്ങൾ പരസ്പരം നൽകാൻ മടിക്കരുത്.
എന്നാൽ ഒരു സമയത്തു പരസ്പരസമ്മത
ത്തോടുമാത്രം ലൈംഗികബന്ധം പുലർത്തുക
യില്ലെന്നു നിങ്ങൾ നിശ്ചയിക്കണം. പ്രാർത്ഥ
നയ്ക്കുള്ള സമയം അതിനായി മാറ്റിവയ്ക്കണം.
എന്നിട്ട് വീണ്ടും ചേർന്നുകൊള്ളുക. സാത്താൻ
നിങ്ങളുടെ ദൗർബ്ബല്യം പ്രലോഭനത്തിനു
വിധേയമാക്കാതിരിക്കാനാണിത്. 6അല്പനേര
ത്തേക്കെങ്കിലും വേർപിരിയാൻ നിങ്ങളെ അനു
വദിക്കുന്നതിനാണു ഞാനിതു പറഞ്ഞത്.
ഇതൊരു കല്പനയല്ല. 7എല്ലാ ജനങ്ങളും എന്നെ
പ്പോലെ ആയിരിക്കണമെന്ന് ഞാൻ ആഗ്രഹി
ക്കുന്നു. എന്നാൽ ഓരോരുത്തർക്കും അവനവ
ന്റേതായി ദൈവത്തിന്റെ കൃപാവരമുണ്ട്. ഒരാ
ൾക്ക് ഒരു കൃപാവരം, വേറൊരാൾക്ക് മറ്റൊന്ന്.
8ഇനി അവിവാഹിതർക്കും വിധവകൾക്കുമായി
ഞാനിതു പറയുന്നു. എന്നെപ്പോലെ ഒറ്റയായി
രിക്കുകയാണ് അവർക്കു നല്ലത്. 9എന്നാൽ അവ
ർക്കു തങ്ങളുടെ ശരീരത്തെ നിയന്ത്രിക്കാനായി
ല്ലെങ്കിൽ അവർ വിവാഹം കഴിക്കണം. ലൈംഗി
കേച്ഛയുമായി എരിഞ്ഞുപോകുന്നതിലും
ഭേദം വിവാഹം കഴിയ്ക്കുകയാണ്.

10ഇനി ഞാൻ വിവാഹിതർക്ക് ഈ കല്പന
നൽകുന്നു.(കല്പന എന്നിൽ നിന്നുള്ളതല്ല; കർ

"രണ്ടുപേർ ഒന്നായിത്തീരും" ഉദ്ധരണി. ഉല്പത്തി 2:24; മത്താ. 19:5.

ത്താവിൽ നിന്നുള്ളതാണത്.) ഒരു ഭാര്യ അവ
ളുടെ ഭർത്താവിനെ ഉപേക്ഷിക്കരുത്. 11എന്നാൽ
ഒരു ഭാര്യ അവളുടെ ഭർത്താവിനെ ഉപേക്ഷി
ച്ചാൽ പിന്നെ അവൾ വിവാഹം കഴിക്കരുത്.
അല്ലെങ്കിൽ അവൾ തന്റെ ഭർത്താവിന്റെയടു
ത്തേക്കു മടങ്ങിപ്പോകണം. അതുപോലെ
ഭർത്താവ് ഭാര്യയുമായുള്ള ബന്ധവും വേർപെ
ടുത്തരുത്.

12മറ്റെല്ലാവർക്കുമായി ഞാൻ ഇങ്ങനെ പറ
യുന്നു. (ഞാനാണിതു പറയുന്നത്; കർത്താ
വല്ല): ക്രിസ്തുവിൽ സഹോദരനായ ഒരുവന്
അവിശ്വാസിയായ ഒരു പത്നിയുണ്ടാവാം.
അവൾ അവനോടൊത്ത് താമസിക്കാൻ തയ്യാറാ
ണെങ്കിൽ അവൻ ഒരിക്കലും അവളെ ഉപേക്ഷി
ക്കരുത്. 13അതുപോലെ ഒരു സ്ത്രീയ്ക്ക് അവി
ശ്വാസിയായ ഒരു ഭർത്താവുണ്ടായേക്കാം.
അവൻ അവളോടൊത്തു താമസിക്കാൻ തയ്യാറാ
യാൽ അവൾ അവനെ ഉപേക്ഷിക്കരുത്. 14അവി
ശ്വാസിയായ ഭർത്താവ് വിശ്വാസിയായ ഭാര്യ
യിലൂടെ വിശുദ്ധനാക്കപ്പെടുന്നു. അവിശ്വാസി
യായ ഭാര്യ വിശ്വാസിയായ ഭർത്താവിലൂടെ
വിശുദ്ധയാക്കപ്പെടുകയും ചെയ്യുന്നു. ഇതു ശരി
യല്ലായിരുന്നുവെങ്കിൽ നിങ്ങളുടെ കുട്ടികൾ
ശുദ്ധരാകുമായിരുന്നില്ല. പക്ഷേ ഇന്നു നിങ്ങ
ളുടെ കുട്ടികൾ നിഷ്കളങ്കരും പരിശുദ്ധരുമാണ്.

15എന്നാൽ അവിശ്വാസിയായ ഒരുവൻ ഉപേ
ക്ഷിച്ചു പോകാൻ തീരുമാനിച്ചാൽ അവൻ
പൊയ്ക്കൊള്ളട്ടെ. ഇതു സംഭവിക്കുമ്പോൾ ക്രി
സ്തുവിൽ സഹോദരനോ സഹോദരിയോ
ആയവർ ബന്ധിതരല്ല. ദൈവം നമ്മെ സമാധാ
നമായൊരു ജീവിതത്തിനു വിളിച്ചു. 16ഭാര്യ
മാരേ, നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ രക്ഷി
ക്കപ്പെടുത്തിയേക്കാം; ഭർത്താക്കന്മാരേ, നിങ്ങൾ
നിങ്ങളുടെ ഭാര്യയെ രക്ഷിക്കപ്പെടുത്തിയേക്കാം.
പിന്നീട് എന്തുണ്ടാകുമെന്ന് നിങ്ങൾക്കിപ്പോൾ
അറികയില്ല.

ദൈവം നിങ്ങളെ വിളിച്ചതു പോലെ ജീവിക്കുക

17എന്നാൽ ഓരോരുത്തരും ദൈവം അവനു
ജീവിക്കാൻ നൽകിയ വഴിയേ ജീവിക്കുക.
ദൈവം നിങ്ങളെ വിളിച്ചപ്പോൾ നിങ്ങൾ സഞ്ച
രിച്ചിരുന്ന വഴി. ഞാൻ എല്ലാ സഭകളിലും
ഉണ്ടാക്കുന്ന ഒരു ചട്ടമാണിത്. 18വിളിക്കപ്പെട്ട
സമയത്ത് ഒരുവൻ പരിച്ഛേദനം ചെയ്തിട്ടു
ണ്ടെങ്കിൽ, അവൻ തന്റെ പരിച്ഛേദനം ഉപേ
ക്ഷിക്കരുത്. വിളിക്കപ്പെടുമ്പോൾ പരിച്ഛേ
ദനം ചെയ്തിട്ടില്ലാത്തവൻ ഇനി അതു ചെയ്യു
കയുമരുത്. 19ഒരാൾ പരിച്ഛേദനം ചെയ്തിട്ടു
ണ്ടോ ഇല്ലയോ എന്നത് പ്രധാനമല്ല. ദൈവ
ത്തിന്റെ കല്പനകൾ അനുസരിക്കുകയാണ്
പ്രധാനം. 20ഓരോരുത്തരും, ദൈവം അവനെ
വിളിച്ചപ്പോഴത്തെ വഴിയിൽ തുടരണം. 21ദൈ
വം നിങ്ങളെ വിളിച്ചപ്പോൾ നിങ്ങൾ ഒരു അടിമ
യായിരുന്നുവെങ്കിൽ അതേപ്പറ്റി വ്യാകുലപ്പെ
ടേണ്ട. പക്ഷേ നിങ്ങൾക്കു സ്വതന്ത്രനാകാൻ
പറ്റുമെങ്കിൽ സ്വതന്ത്രനായിക്കൊള്ളാനുള്ള
അവസരം ഉപയോഗിക്കുക. 22കർത്താവ് വിളി
ച്ചപ്പോൾ അടിമയായിരുന്നവൻ കർത്താവിൽ
സ്വതന്ത്രനും കർത്താവിന്റെ സ്വന്തവുമാ
കുന്നു. അതുപോലെ വിളിക്കപ്പെട്ടപ്പോൾ സ്വത
ന്ത്രനായിരുന്നവൻ ഇപ്പോൾ ക്രിസ്തുവിന്റെ
അടിമയുമാകുന്നു. 23നിങ്ങളെവിലയ്ക്കു വാങ്ങി
ക്കഴിഞ്ഞു. അതുകൊണ്ട് മനുഷ്യരുടെ അടിമ
കളാകരുത്. 24സഹോദരീ സഹോദരന്മാരേ, ദൈ
വത്തോടൊത്തുള്ള നിങ്ങളുടെ പുതിയ ജീവിത
ത്തിൽ നിങ്ങൾ വിളിക്കപ്പെട്ടപ്പോൾ എന്തായി
രുന്നോ ആ മാർഗ്ഗം തുടരണം.

വിവാഹം കഴിക്കുന്നതിനെപ്പറ്റിയുള്ള ചോദ്യങ്ങൾ

25ഇനി ഞാൻ അവിവാഹിതരെപ്പറ്റി എഴു
തുന്നു. എനിക്കിതേപ്പറ്റി കർത്താവിൽനിന്നും
കല്പനകൾ ഒന്നും കിട്ടിയിട്ടില്ല. എന്നാലും
ഞാൻ എന്റെ അഭിപ്രായം പറയുന്നു. കർ
ത്താവ് എനിക്കായി വച്ചുനീട്ടിയ കാരുണ്യം
കൊണ്ട് എനിക്ക് വിശ്വസ്തനായിരിക്കാൻ
കഴിയും. 26ഇതൊരു കുഴപ്പംപിടിച്ച കാലമാണ്.
അതുകൊണ്ട് നിങ്ങൾ ഇങ്ങനെ തന്നെ
(അവിവാഹിതരായി) തുടരുന്നതാണ് നല്ല
തെന്ന് എനിക്കു തോന്നുന്നു. 27നിങ്ങൾക്കൊരു
ഭാര്യയുണ്ടെങ്കിൽ, അവളിൽനിന്ന് വേർപെ
ടാൻ മുതിരരുത്. നിങ്ങൾക്കു ഭാര്യയില്ലായെ
ങ്കിൽ ഒരു ഭാര്യയെ കണ്ടെത്താനും ശ്രമിക്ക
രുത്. 28പക്ഷേ വിവാഹം കഴിക്കാൻ നിങ്ങൾ
നിശ്ചയിച്ചാൽ അതൊരു പാപമല്ല. ഒരിക്കലും
വിവാഹം കഴിക്കാതിരുന്ന ഒരു പെൺകുട്ടി വി
വാഹം ചെയ്യുകയാണെങ്കിൽ പാപം ചെയ്യു
ന്നില്ല. എന്നാൽ വിവാഹം കഴിക്കുന്നവർക്ക്
ഈ ജീവിതത്തിൽ പ്രയാസങ്ങളുണ്ടാകും. നി
ങ്ങൾ ഈ പ്രയാസങ്ങളിൽനിന്ന് മോചിതരാക
ണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

29സഹോദരീ സഹോദരന്മാരേ, ഇതാണ്
ഞാൻ അർത്ഥമാക്കുന്നത്. നമുക്ക് ഇനിയും
അധികം സമയം മിച്ചമില്ല. അതുകൊണ്ട്
ഇപ്പോൾ മുതൽ ഭാര്യമാരുള്ളവർ തങ്ങൾക്കു
ഭാര്യമാരില്ലാത്തപ്പോഴെന്നപോലെ കർത്താ
വിനെ സേവിക്കുക. 30ദു:ഖിതരായവർ ദു:ഖിത
രല്ലാത്തതുപോലെ ജീവിക്കുക. സന്തോഷവാ
ന്മാരായിട്ടുള്ളവർ സന്തോഷമില്ലാത്തവരായി
ജീവിക്കുക. സാധനങ്ങൾ വാങ്ങുന്നവൻ ഒന്നു
മില്ലാത്തതു പോലെ ജീവിക്കുക. 31ലൗകികമായ
സാധനങ്ങൾ ഉപയോഗിക്കുന്നവർ സാധന
ങ്ങൾ തങ്ങൾക്കു പ്രധാനമല്ല എന്ന രീതിയിൽ
ജീവിക്കണം. ഈ ലോകം ഇപ്പോഴത്തെ അവ
സ്ഥയിൽനിന്നും ഉടൻതന്നെ മാറും എന്നതിനാ
ലാണ് നിങ്ങൾ ഇങ്ങനെയൊക്കെ ജീവിക്കണ
മെന്നു പറയുന്നത്.

32നിങ്ങൾ ഉൽക്കണ്ഠാകുലമായ ചിന്തയിൽ
നിന്നും മോചിതരായിരിക്കണമെന്ന് ഞാൻ
ആഗ്രഹിക്കുന്നു. അവിവാഹിതനായ ഒരാൾ
കർത്താവിന്റെ ജോലിയിൽ വ്യാപൃതനാകുന്നു.
കർത്താവിനെ സന്തുഷ്ടനാക്കുവാനാണയാ
ളുടെ ശ്രമം 33എന്നാൽ വിവാഹിതനായ ഒരു
വൻ ലൗകികകാര്യങ്ങളിൽ വ്യാപൃതനുമാണ്.
അവൻ തന്റെ ഭാര്യയെ സന്തുഷ്ടയാക്കുവാ
നാണു ശ്രമിക്കുന്നത്. 34അയാൾ രണ്ടു കാര്യ
ങ്ങളെപ്പറ്റി ആലോചിക്കണം-സ്വന്തം ഭാര്യയെ
പ്രസാദിപ്പിക്കുക, കർത്താവിനെ പ്രസാദിപ്പി
ക്കുക. അവിവാഹിതയായ ഒരു സ്ത്രീയോ ഒരി
ക്കലും വിവാഹം കഴിക്കാത്ത ഒരു പെൺകുട്ടി
യോ അവരുടെ മുഴുവൻ സമയവും കർത്താവി
നായി സമർപ്പിക്കും. അവൾക്ക് തന്റെ ആ
ത്മാവും ശരീരവും മുഴുവനും കർത്താവിനു
സമർപ്പിക്കാനാകണം. എന്നാൽ വിവാഹിത
യായ ഒരു സ്ത്രീ ലൗകികകാര്യങ്ങളിൽ വ്യാപൃ
തയാണ്. തന്റെ ഭർത്താവിനെ പ്രസാദിപ്പി
ക്കാൻ ശ്രമിക്കുകയാണവൾ ചെയ്യുന്നത്. 35നി

ങ്ങളെ സഹായിക്കാനാണ് ഞാൻ ഇക്കാര്യങ്ങൾ
പറയുന്നത്. നിങ്ങളെ പരിമിതപ്പെടുത്താനല്ല
ഞാനിതു പറയുന്നത്. പക്ഷേ നിങ്ങൾ നേരായ
മാർഗ്ഗത്തിൽ ജീവിക്കണമെന്നാണെനിക്കാ
ഗ്രഹം. നിങ്ങളുടെ ശ്രദ്ധ വേറെ കാര്യങ്ങളിൽ
വ്യതിചലിക്കാതെ കർത്താവിന് നിങ്ങളെ പൂർ
ണ്ണമായും സമർപ്പിക്കപ്പെടാനാണു ഞാൻ ആഗ്ര
ഹിക്കുന്നത്.

36ഒരുവൻ തൻ്റെ കന്യകയായ മകളെ വിവാ
ഹത്തിനുള്ള നല്ലപ്രായം കഴിഞ്ഞിട്ടും വിവാഹം
കഴിപ്പിക്കാതിരിക്കുന്നതു ശരിയല്ലെന്നു ചിന്തി
ച്ചേക്കാം. വിവാഹം അനിവാര്യമാണെന്ന് അ
യാൾ ആലോചിച്ചേക്കാം. അയാൾ അവളെ
വിവാഹം കഴിക്കാനും അനുവദിക്കണം. അതു
പാപമല്ല. 37പക്ഷേ മറ്റൊരാൾ കുറേക്കൂടി ഉറച്ച
മനസ്സുള്ളവനായിരിക്കും. വിവാഹത്തിൻ്റെ
പ്രശ്നമേയില്ലാത്തതിനാൽ അയാൾക്ക് ഇഷ്ടമു
ള്ളതുപോലെ പ്രവൃത്തിക്കാം. തൻ്റെ കന്യക
യായ പുത്രിയെ അവിവാഹിതയായി തുടരാൻ
അയാൾ തീരുമാനിച്ചാൽ അയാൾ ചെയ്യുന്നത്
ശരിയാണ്. 38തൻ്റെ കന്യകയായ പുത്രിയെ
വിവാഹം ചെയ്തുകൊടുത്തയാൾ ചെയ്യുന്നത്
നല്ലതാണ്. അവളെ കല്യാണം കഴിച്ചു കൊടു
ക്കാത്തയാൾ അതിലും നല്ല കാര്യമാണ് ചെയ്യു
ന്നത്.

39ഒരു സ്ത്രീ തൻ്റെ ഭർത്താവ് ജീവിച്ചിരിക്കു
വോളം കാലം അയാളിൽ ബന്ധിതയാണ്. ഭർ
ത്താവ് മരിച്ചാൽ അവൾക്കിഷ്ടമുള്ളയാളെ
വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യം അവൾക്കു
ണ്ടാകും. പക്ഷേ അവൾ കർത്താവിൽ വിവാഹം
കഴിക്കണം. 40വീണ്ടും വിവാഹിതയാകാതിരു
ന്നാൽ അവൾക്ക് കൂടുതൽ സന്തോഷം. ഇത്
എൻ്റെ അഭിപ്രായമാണ്; എനിക്ക് ദൈവത്തി
ൻ്റെ ആത്മാവുണ്ടെന്ന് ഞാൻ വിശ്വസിക്കു
കയും ചെയ്യുന്നു.

വിഗ്രഹങ്ങൾക്കു നിവേദിക്കപ്പെട്ട ഭക്ഷണം

8 ഇനി വിഗ്രഹങ്ങൾക്കു യാഗമർപ്പിക്കപ്പെട്ട
മാംസത്തെപ്പറ്റി ഞാൻ എഴുതാം. “നമു
ക്കെല്ലാം അറിവുണ്ട്” എന്നു നമുക്കറിയാം. “അ
റിവ്” നിങ്ങളെ അഹംഭാവത്താൽ ചീർപ്പി
ക്കുന്നു. പക്ഷേ സ്നേഹം മറ്റുള്ളവരെ ശക്തരാ
ക്കാൻ നിങ്ങളെ സഹായിക്കുന്നു. 2തനിക്ക് ചില
തൊക്കെ അറിയാമെന്ന് കരുതുന്ന ഒരാൾ യഥാർ
ത്ഥത്തിൽ ഒന്നും അയാളറിയേണ്ടതുപോലെ
അറിയുന്നില്ല. 3പക്ഷേ ദൈവത്തെ സ്നേഹി
ക്കുന്നവൻ ദൈവത്താൽ അറിയപ്പെടുന്നു.

4അതുകൊണ്ട് മാംസഭക്ഷണത്തെപ്പറ്റി ഞാനി
താണ് പറയുന്നത്. ഒരു വിഗ്രഹം ഈ ലോക
ത്തിൽ യഥാർത്ഥത്തിൽ ഒന്നുമല്ലെന്നു നമുക്ക
റിയാം. ദൈവം ഒന്നേയുള്ളൂവെന്നും നമുക്ക
റിയാം. 5ദൈവമെന്നു വിളിക്കപ്പെടുന്ന പലതും
സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉണ്ട് എന്നത്
പ്രധാനമല്ല. (ജനങ്ങൾ “ദൈവ”മെന്നും “കർ
ത്താ”വെന്നും വിളിക്കുന്ന അനേകം സാധനങ്ങ
ളുണ്ട്.) 6പക്ഷേ നമുക്ക് ഒരു ദൈവമേയുള്ളൂ.
അവൻ നമ്മുടെ പിതാവാകുന്നു. എല്ലാം അവ
നിൽനിന്നും വന്നു, നാം അവനുവേണ്ടി ജീവി
ക്കുകയും ചെയ്യുന്നു. കർത്താവും ഒന്നേയുള്ളൂ.
അവൻ യേശുക്രിസ്തുവാകുന്നു. എല്ലാം യേശു
വിലൂടെ ഉണ്ടാക്കപ്പെട്ടു. നമുക്ക് അവനിലൂടെ
ജീവനും ഉണ്ട്.

7പക്ഷേ എല്ലാവർക്കും ഇതറികയില്ല. ചില
ർക്ക് ഇപ്പോൾ വരെ വിഗ്രഹാരാധനയുണ്ടായി
രുന്നു. അതുകൊണ്ട് അവർക്ക് ഇറച്ചി കഴിക്കു
മ്പോൾ അത് വിഗ്രഹത്തിൻേറതാണെന്ന തോ
ന്നലുണ്ട്. ആ മാംസം തിന്നുന്നതു ശരിയാണോ
എന്നവർക്കു നിശ്ചയമുണ്ടായിരുന്നില്ല. അതു
കൊണ്ട് അതു തിന്നു കഴിയുമ്പോൾ അവർക്കു
കുറ്റബോധമുണ്ടാകും. 8എന്നാൽ ആഹാരം
നമ്മെ ദൈവത്തോട് അടുപ്പിക്കുകയില്ല. ആഹാ
രം കഴിക്കാൻ വിസമ്മതിക്കുന്നതു കൊണ്ട് ദൈ
വത്തിനു നമ്മോടുള്ള പ്രീതിയ്ക്കും കുറവൊന്നു
മുണ്ടാകില്ല. തിന്നുന്നത് നമ്മെ നന്നാക്കുകയു
മില്ല.

9എന്നാൽ നിങ്ങളുടെ സ്വാതന്ത്ര്യത്തിൽ ജാഗ്ര
ത പുലർത്തുക. ആ സ്വാതന്ത്ര്യം ദുർബ്ബലമായ
വിശ്വാസം ഉള്ളവരെ പാപത്തിലേക്കു തള്ളാം.
10നിങ്ങൾക്ക് അറിവുണ്ട്, അതുകൊണ്ട് അന്യ
ദേവനെ ആരാധിക്കുന്ന ഇടത്തിലിരുന്ന് ആ
ഹാരം കഴിക്കുന്നതിൽ വിഷമം തോന്നുകയില്ല.
ദുർബ്ബലവിശ്വാസിയായ ഒരുവൻ നിങ്ങ ളങ്ങ
നെ ചെയ്യുന്നത് കണ്ടെന്നിരിക്കാം. അതവനെ
വിഗ്രഹത്തിനു ബലികൊടുത്ത മാംസം ഭക്ഷി
ക്കാൻപോലും പ്രേരിപ്പിച്ചേക്കാം. പക്ഷേ അതു
തെറ്റാണെന്നാണവൻ യഥാർത്ഥത്തിൽ കരുതു
ന്നത്. 11അതിനാൽ ദുർബ്ബലനായ ആ സഹോ
ദരൻ നിങ്ങളുടെ അറിവിനാൽ ദുർബ്ബലനായി
നശിച്ചു. ഈ സഹോദരനുവേണ്ടിയും കൂടി
യാണ് ക്രിസ്തു മരിച്ചത്. 12നിങ്ങൾ ഇതു
പോലെ ക്രിസ്തുവിൽ സഹോദര സഹോദരി
മാർക്കെതിരായി പാപം ചെയ്യുകയും അവർക്കു
തെറ്റെന്നു തോന്നുന്നതു ചെയ്യിക്കാൻ കാരണമാ
വുകയും ചെയ്യുമ്പോൾ നിങ്ങളും ക്രിസ്തുവി
നെതിരായി പാപം ചെയ്യുകയാണ്. 13അതു
കൊണ്ട് ഞാൻ തിന്നുന്ന ഭക്ഷണം എൻ്റെ
സഹോദരനെ പാപത്തിലേക്കു തള്ളിയിടുന്നെ
ങ്കിൽ ഞാനൊരിക്കലും മാംസം കഴിക്കില്ല.
എൻ്റെ സഹോദരനെ പാപിയാക്കാതിരിക്കാൻ
വേണ്ടി ഞാൻ മാംസഭക്ഷണം നിറുത്തും.

9 ഞാനൊരു സ്വതന്ത്രനാണ്. ഞാനൊരു
അപ്പൊസ്തലനാണ്. നമ്മുടെ കർത്താ
വായ യേശുവിനെ ഞാൻ കണ്ടിട്ടുണ്ട്. കർത്താ
വിലുള്ള എൻ്റെ ജോലിയുടെ ഉദാഹരണമാണ്
നിങ്ങൾ. 2മറ്റുള്ളവർ എന്നെ ഒരു അപ്പൊസ്തല
നായി സ്വീകരിക്കുകയില്ല. പക്ഷേ നിങ്ങൾ
എന്നെ ഒരു അപ്പൊസ്തലനായി സ്വീകരിക്കും.
ഞാൻ കർത്താവിൽ ഒരു അപ്പൊസ്തലനാണെ
ന്നതിനു തെളിവാണു നിങ്ങൾ.

3ചിലർക്കു എന്നെ വിധിക്കണം. അവർക്കു
നൽകുവാനുള്ള എൻ്റെ ഉത്തരം ഇതാണ്.
4ഞങ്ങൾക്കു തിന്നുവാനും കുടിക്കുവാനുമുള്ള
അവകാശമില്ലേ? 5യാത്ര ചെയ്യുമ്പോൾ വിശ്വാ
സിയായ ഭാര്യയെ കൊണ്ടുനടക്കാൻ ഞങ്ങ
ൾക്ക് അവകാശമില്ലേ? മറ്റ് അപ്പൊസ്തലന്മാരും
കർത്താവിൻ്റെ സഹോദരന്മാരും കോയും
ഒക്കെ ഇങ്ങനെ ചെയ്യുന്നുണ്ട്. 6ബർന്നബാസും
ഞാനും മാത്രം ഉപജീവനത്തിനുവേണ്ടി അദ്ധ്വാ
നിക്കണം എന്നാണോ? 7സ്വന്തം ശമ്പളം സ്വയം
നൽകുന്ന ഒരു പട്ടാളക്കാരനുമില്ല. സ്വയം നട്ടു
വളർത്തിയ മുന്തിരിത്തോട്ടത്തിൽനിന്ന് ഏതാ
നും മുന്തിരി തിന്നാത്ത ഒരുവനുമില്ല. ആട്ടിൻ
പറ്റത്തെ നയിച്ചിട്ട് അതിൻ്റെ പാലു കുടിക്കാ
ത്തവനുമില്ല.

8ഇതൊക്കെ മനുഷ്യർ ചിന്തിക്കുന്നതു മാത്ര
മല്ല. ദൈവത്തിൻ്റെ ന്യായപ്രമാണം ഇതു
തന്നെ പറയുന്നു. 9അതെ, മോശെയുടെ ന്യായ
പ്രമാണത്തിൽ ഇതു തന്നെ എഴുതിയിട്ടുണ്ട്.

“ധാന്യം മെതിക്കാനുപയോഗിക്കുന്ന മൃഗത്തി
ന്റെ വായപൊത്തി ധാന്യം തിന്നുന്നതിൽ
നിന്ന് അതിനെതടയരുത്.”* ദൈവം ഇതു പറ
യുമ്പോൾ അവൻ പണിമൃഗങ്ങളെപ്പറ്റി മാത്രമേ
ചിന്തിച്ചിരുന്നുള്ളോ? അല്ല. 10അവൻ യഥാർത്ഥ
ത്തിൽ ഞങ്ങളെപ്പറ്റിയാണു പറഞ്ഞിരുന്നത്.
തിരുവെഴുത്തിലെ ആ ഖണ്ഡിക ഞങ്ങൾക്കു
വേണ്ടി എഴുതപ്പെട്ടതാണ്. കൊയ്യുന്നവനും
മെതിക്കുന്നവനും വേലയ്ക്കു കൂലിയായി അല്പം
ധാന്യം കിട്ടുമെന്നപ്രതീക്ഷയോടെ ജോലി ചെ
യ്യണം. 11ഞങ്ങൾ നിങ്ങളിൽ ആത്മീയവിത്ത്
വിതച്ചു. അതുകൊണ്ട് നിങ്ങളുടെ ഭൗതീകമായ
തിൽനിന്നും ഈ ജീവിതത്തിന് ഞങ്ങൾക്ക്
കുറച്ച് വിളവെടുക്കാമല്ലോ. തീർച്ചയായും
അതൊരു അത്യാഗ്രഹമല്ല. 12മറ്റുള്ളവർക്ക് നിങ്ങ
ളിൽനിന്ന് കിട്ടുവാൻ അവകാശമുണ്ട്. അതു
കൊണ്ട് തീർച്ചയായും ഞങ്ങൾക്കും ഈ അവകാ
ശമുണ്ട്. പക്ഷേ ഞങ്ങൾ ആ അവകാശം ഉപ
യോഗിക്കുന്നില്ല. ഇല്ല, ക്രിസ്തുവിന്റെ സുവി
ശേഷം അനുസരിക്കുന്നതിൽനിന്നും ഞങ്ങൾ
ആരെയും തടയാതിരിക്കാൻ ഞങ്ങൾ എല്ലാം
സഹിക്കുന്നു. 13ദൈവാലയത്തിൽ ജോലി
ചെയ്യുന്നവർക്ക് അവിടുന്നു തന്നെ ഭക്ഷണം
കിട്ടുമെന്ന് നിങ്ങൾക്കറിയാം. യാഗപീഠത്തിൽ
ശുശ്രൂഷ ചെയ്യുന്നവർക്ക് യാഗപീഠത്തിൽ അർ
പ്പിക്കപ്പെട്ടതിന്റെ പങ്കു കിട്ടും. 14സുവിശേഷ
പ്രസംഗകരുടെ കാര്യത്തിലും അങ്ങനെതന്നെ.
സുവിശേഷപ്രസംഗകർക്ക് ജീവനാംശം അവ
രുടെ തൊഴിലിൽ നിന്നുതന്നെ കിട്ടണമെന്നു
കർത്താവ് കല്പിച്ചിട്ടുണ്ട്.

15പക്ഷേ ഞാൻ ഇതിൽ ഒരവകാശവും ഉപ
യോഗിച്ചിട്ടില്ല. ഞാനിതൊന്നും നേടാൻ ശ്രമി
ക്കുന്നുമില്ല. ഞാനിതെഴുന്നതിന്റെ ലക്ഷ്യവും
അതല്ല. അഭിമാനിക്കാനുള്ള എന്റെ അവകാശം
എടുത്തുമാറ്റപ്പെടുന്നതിലും മരിക്കുകയാണ്
എനിക്കു ഭേദം. 16സുവിശേഷം പ്രസംഗിക്കു
ന്നത് എനിക്കു പ്രശംസിക്കാൻ വേണ്ടിയല്ല.
സുവിശേഷപ്രസംഗം ഞാൻ ചെയ്യേണ്ട
എന്റെ കടമയാണ്. ഞാൻ സുവിശേഷം
പ്രസംഗിച്ചില്ലെങ്കിലാണ് എനിക്കു ദുരിതം.
17ഇത് ഞാൻ തന്നെ തെരഞ്ഞെടുത്തതായിരുന്നു
വെങ്കിൽ സുവിശേഷം ഞാൻ പ്രസംഗിച്ചാൽ
ഞാനൊരു പ്രതിഫലം അർഹിക്കുന്നു. പക്ഷേ
എനിക്കു മറ്റു പോംവഴികളില്ല. ഞാൻ സുവി
ശേഷം പ്രസംഗിക്കണം. എന്നിൽ ഏല്പിക്കപ്പെട്ട
കടമ ഞാൻ നിർവ്വഹിക്കുന്നുവെന്നു മാത്രം. 18പി
ന്നെ എന്തു പ്രതിഫലമാണെനിക്കു കിട്ടുക?
ഇതാണെന്റെ പ്രതിഫലം. സുവിശേഷം പ്ര
സംഗിക്കുമ്പോൾ എനിക്കു പൂർണ്ണസ്വാതന്ത്ര്യ
ത്തോടെ അതു പറയാം. ആ രീതിയിൽ പ്രസം
ഗിക്കുന്നതിന് പ്രതിഫലത്തിനുള്ള അവകാശം
ഞാനുന്നയിക്കരുത്. 19ഞാൻ സ്വതന്ത്രനാണ്.
ഞാനാരുടേയും ആളല്ല. പക്ഷേ ഞാനെന്നെ
എല്ലാവരുടേയും അടിമയാക്കുന്നു. കഴിയുന്നത്ര
ആൾക്കാരെ രക്ഷിക്കാൻ സഹായിക്കുകയാണ്
ഞാനിതുകൊണ്ട് ചെയ്യുന്നത്. 20യെഹൂദർക്കു
ഞാനൊരു യെഹൂദനെപ്പോലെയായി. യെഹൂ
ദരെ രക്ഷിക്കാനാണു ഞാനിതു ചെയ്തത്. ഞാ
നൊരു ന്യായപ്രമാണത്തിന്റെയും ചട്ടക്കൂടി
ലല്ല. എങ്കിലും നിയമംകൊണ്ടു ഭരിക്കപ്പെടുന്ന
വർക്ക് ഞാനും അങ്ങനെയായി. അത്തരക്കാരെ
രക്ഷിക്കാനാണ് ഞാനങ്ങനെ ആയത്. 21ന്യായ
പ്രമാണമില്ലാത്തവർക്ക് ഞാൻ ന്യായപ്രമാണ
മില്ലാത്തവനായി. ന്യായപ്രമാണമില്ലാത്തവരെ
രക്ഷിക്കാനാണു ഞനങ്ങനെയായത്. (പക്ഷേ,
യഥാർത്ഥത്തിൽ ഞാൻ ദൈവത്തിന്റെ ന്യായ
പ്രമാണത്തിലാണ്- ക്രിസ്തുവിന്റെ ന്യായപ്ര
മാണത്തിൻ കീഴിലാണ് ഞാൻ.) 22ദുർബ്ബലരെ
രക്ഷിക്കാൻ ഞാനും ദുർബ്ബലനായി. ഞാൻ
എല്ലാവർക്കും എല്ലാമായി. ആകുന്നത്രയും ചില
ആളുകളെ രക്ഷിക്കാനാണ് ഞാനതു ചെയ്തത്.
23സുവിശേഷം മൂലമാണ് ഞാൻ ഇതെല്ലാം
ചെയ്തത്. സുവിശേഷത്തിന്റെ അനുഗ്രഹങ്ങ
ളിൽ എനിക്കു പങ്കു പറ്റാമെന്നതുകൊണ്ടാണ്
ഞാൻ ഈ കാര്യങ്ങളെല്ലാം ചെയ്യുന്നത്.

24ഓട്ടമത്സരത്തിൽ എല്ലാ ഓട്ടക്കാരും ഓടു
മെന്ന് നിങ്ങൾക്കറിയാം പക്ഷേ ഒരു ഓട്ടക്കാ
രനേ സമ്മാനം കിട്ടൂ. അതുകൊണ്ട് ഓടുക.
സമ്മാനം കിട്ടാൻ ഓടുക. 25എല്ലാ കളികളിലും
പങ്കെടുക്കുന്നവർ കർശനമായി പരിശീലനം
നടത്താറുണ്ട്. കിരീടം നേടുന്നതിനാണവരിതു
ചെയ്യുന്നത്. ആ കിരീടം അല്പനേരത്തേക്കു
മാത്രം നിലനിൽക്കുന്ന ഒരു ലൗകികകാര്യമാണ്.
പക്ഷേ നമ്മുടെ കിരീടം എന്നും നിലനിൽക്കുന്ന
താണ്. 26അതുകൊണ്ട് ലക്ഷ്യമുള്ള ഒരാളെപ്പോ
ലെ ഞാൻ ഓടുന്നു. വായുവിലല്ലാതെ, ഇടി
ക്കുന്ന ഒരു മുഷ്ടിയുദ്ധക്കാരനെപ്പോലെ ഞാൻ
പൊരുതുന്നു. 27ഞാൻ എന്റെ തന്നെ ശരീരത്തി
ലാണ് ഇടിക്കുന്നത്. അതിനെ ഞാനെന്റെ
അടിമയാക്കി. ഞാൻ തന്നെ തിരസ്ക്കരിക്കപ്പെ
ടാതിരിക്കാനാണ്, അതും മറ്റുള്ളവരോടു പ്രസം
ഗിച്ച ശേഷം, ഞാനിതു ചെയ്യുന്നത്.

യെഹൂദരെപ്പോലെയാവരുത്

10 സഹോദരരേ, മോശെയെ പിന്തുടർന്ന
നമ്മുടെ പിതാക്കന്മാർക്കു എന്തു സംഭവി
ച്ചുവെന്നു നിങ്ങളെ അറിയിക്കാൻ ഞാനാ
ഗ്രഹിക്കുന്നു. അവരെല്ലാം മേഘങ്ങൾക്കടിയിലാ
യിരുന്നു, അവരെല്ലാം കടലിലൂടെ നടക്കുകയും
ചെയ്തു. 2മേഘത്തിലും കടലിലും സ്നാന
പ്പെട്ട് അവർ മോശെയോടു ചേർന്നു. 3അവ
രെല്ലാം ഒരേ ആത്മീയാഹാരം ഭക്ഷിച്ചു. 4അവർ
ഒരേ ആത്മീയജലവും കുടിച്ചു. അവരോടൊ
പ്പമുണ്ടായിരുന്ന ആത്മീയപാറയിൽ നിന്നാണ്
അവർ കുടിച്ചത്. ആ പാറ ക്രിസ്തുവായിരുന്നു.
5പക്ഷേ ദൈവം അവരിലധികം പേരോടും
പ്രീതനായില്ല. അവർ മരുഭൂമിയിൽ വധിക്ക
പ്പെട്ടു.

6സംഭവിച്ച ഇക്കാര്യങ്ങളെല്ലാം നമുക്കു മാതൃ
കകളുമാണ്. അവർ ഇച്ചരിച്ചതുപോലുള്ള
തിന്മ ആഗ്രഹിക്കാതിരിക്കാൻ ഇതു നമ്മെ ഓർ
മ്മിപ്പിക്കുന്നു. 7അവർ ചെയ്തതുപോലെ വിഗ്ര
ഹങ്ങളെ ആരാധിക്കരുത്. തിരുവെഴുത്തുകളിൽ
ഇങ്ങനെ എഴുതിയിരിക്കുന്നു, “അവർ തി
ന്നാനും കുടിയ്ക്കാനും ഇരുന്നു. നൃത്തം ചെയ്യാൻ
അവർ എഴുന്നേറ്റു.”* 8അവരിൽ ചിലർ ചെ
യ്തതുപോലുള്ള ലൈംഗികപാപങ്ങൾ നാം
ചെയ്യരുത്. ഒരു ദിവസം അവരിൽ ഇരുപത്തി
മൂവായിരം പേർ തങ്ങളുടെ പാപങ്ങൾ മൂലം
കൊല്ലപ്പെട്ടു. 9അവർ ചെയ്തതു പോലെ
നമ്മൾ കർത്താവിനെ പരീക്ഷിക്കുവാൻ പാ
ടില്ല. കർത്താവിനെ പരീക്ഷിച്ച അവർ പാമ്പു
കളാൽ കൊല്ലപ്പെട്ടു. 10അവരിൽ ചിലർ ചെ
യ്തതുപോലെ പരാതിപ്പെടാതിരിക്കുക. നശി
പ്പിക്കുന്നവനായ ദൂതനാൽ അവർ കൊല്ലപ്പെട്ടു.

“ധാന്യം ... തടയരുത്” ഉദ്ധരണി ആവ. 25:4.

“അവർ എഴുന്നേറ്റു” ഉദ്ധരണി പുറ. 32:6.

11അവർക്കു സംഭവിച്ച കാര്യങ്ങൾ ഉദാഹര
ണങ്ങളാണ്. അതു നമുക്കു മുന്നറിയിപ്പെന്ന
നിലയ്ക്കാണ് എഴുതപ്പെട്ടിരിക്കുന്നത്. ആ
പൂർവ്വചരിത്രമെല്ലാം അവസാനിക്കുന്ന ഒരു
കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്.
12താൻ ശക്തനായി നിൽക്കുന്നു എന്നു കരുതുന്ന
വൻ വീഴാതിരിക്കാൻ ശ്രദ്ധിക്കട്ടെ. 13എല്ലാവർ
ക്കുമുള്ള പ്രലോഭനങ്ങൾ മാത്രമേ നിങ്ങൾക്കു
മുള്ളൂ. പക്ഷേ നിങ്ങൾക്കു ദൈവത്തെ വിശ്വ
സിക്കാൻ കഴിയും. നിങ്ങൾക്കു സഹിക്കാവു
ന്നതിലധികം പ്രലോഭനങ്ങൾക്കു വിധേയരാ
കുവാൻ അവൻ അനുവദിക്കില്ല. എന്നാൽ
നിങ്ങൾ എപ്പോഴെങ്കിലും പ്രലോഭിക്കപ്പെട്ടാൽ
അതിൽനിന്നും മോചിപ്പിക്കാനുള്ള ഒരു മാർഗ്ഗ
വും ദൈവം തരും. അപ്പോൾ നിങ്ങൾക്കതിനെ
അതിജീവിക്കാൻ കഴിയും.

14അതുകൊണ്ട്, എൻെറ പ്രിയസുഹൃത്തു
ക്കളെ, വിഗ്രഹാരാധനയിൽനിന്നും ഓടിയക
ലുക. 15സ്വയം വിലയിരുത്താനുള്ള വിവേകം
നിങ്ങൾക്കുണ്ടെന്ന ധാരണയിലാണു ഞാൻ
നിങ്ങളോടിതു പറയുന്നത്. 16നാം സ്തോത്രം
ചെയ്യുന്ന അനുഗ്രഹപാത്രം-ക്രിസ്തുവിൻെറ
രക്തത്തിലുള്ള പങ്കുചേരലല്ലേ? നാം മുറിച്ചെ
ടുക്കുന്ന അപ്പം ക്രിസ്തുവിൻെറ ശരീരം പങ്കു
വെച്ചെടുക്കലല്ലേ? 17ഒരു അപ്പമുണ്ട്, നമ്മൾ
അനേകം പേരും. പക്ഷേ ആ ഒരപ്പത്തിൽനിന്ന്
നാം നമ്മുടെ പങ്ക് മുറിച്ചെടുക്കുന്നു. അതിനാൽ
സത്യത്തിൽ നമ്മൾ ഒരു ശരീരമാകുന്നു.

18യിസ്രായേൽക്കാരെപ്പറ്റി ഓർക്കുക. യാഗമർ
പ്പിക്കപ്പെട്ട ആഹാരം തിന്നുന്ന അവർ യാഗ
പീഠം പങ്കുവയ്ക്കുകയല്ലേ? 19വിഗ്രഹത്തിന്
സമർപ്പിച്ച ആഹാരത്തിന് എന്തെങ്കിലും പ്രാ
ധാന്യം ഉണ്ടെന്നല്ല വിഗ്രഹത്തിനും ഉണ്ടെന്നല്ല
20വിഗ്രഹങ്ങൾക്കു നിവേദിക്കുന്നത് യഥാർത്ഥ
ത്തിൽ പിശാചിനാണ്, ദൈവത്തിനല്ല നൽകു
ന്നത്. നിങ്ങൾ പിശാചുക്കളുമായിഒന്നും പങ്കുവ
യ്ക്കരുതെന്നാണെൻെറ ആഗ്രഹം. 21പിശാചുക്ക
ളുടെയും കർത്താവിൻെറയും പാനപാത്രത്തിൽ
നിന്ന് ഒരേസമയം കുടിയ്ക്കാൻ നിങ്ങൾക്കാ
വില്ല. കർത്താവിൻെറയും പിശാചിൻെറയും
മേശയിൽ ഒരേസമയം പങ്കുപറ്റാനും നിങ്ങൾ
ക്കാവില്ല. 22കർത്താവിനെ നാം പ്രകോപിപ്പി
ക്കണോ? നമ്മൾ അവനേക്കാൾ ശക്തരാണോ?
അല്ല!

ദൈവമഹത്വത്തിന് നിങ്ങളുടെ സ്വാതന്ത്ര്യം ഉപയോഗിക്കുക

23“എല്ലാം അനുവദിച്ചിരിക്കുന്നു.” പക്ഷേ
എല്ലാം നല്ലതല്ല. “എല്ലാം അനുവദിച്ചിരി
ക്കുന്നു.” എങ്കിലും ചിലത് മറ്റുള്ളവരെ ശക്തരാ
ക്കുവാൻ സഹായിക്കുന്നില്ല. 24അവനവനെ
മാത്രം സഹായിക്കുന്ന ഒരു കാര്യവും ചെയ്യാൻ
ആരും ശ്രമിക്കരുത്. മറ്റുള്ളവർക്കു കൂടി നന്മ
വരുന്ന കാര്യങ്ങൾ ചെയ്യാനാണ് ശ്രമിക്കേണ്ടത്.
25ചന്തയിൽ വിൽക്കുന്ന മാംസം കഴിക്കുക.
മനസാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ
തിന്നുക. 26“ഭൂമിയും അതിലുള്ളതെന്തും കർത്താ
വിൻേറതാകയാൽ”* നിങ്ങൾക്കതു തിന്നാം.

27അവിശ്വാസിയായ ഒരുവൻ അവനോ
ടൊത്തു ഭക്ഷണം കഴിക്കാൻ നിങ്ങളെ ക്ഷണി
ക്കാം. നിങ്ങൾ പോകുവാൻ തീരുമാനിച്ചാൽ
മുന്നിൽ വിളമ്പുന്നതെന്തും ഭക്ഷിക്കുക. അതു
തിന്നാൻ കൊള്ളാവുന്നതാണോ എന്ന് അന്വേ
ഷിക്കാതിരിക്കുക. 28എന്നാൽ അത്, “വിഗ്രഹ
ത്തിന് സമർപ്പിക്കപ്പെട്ട മാംസമാണ്” എന്നാരെ
ങ്കിലും നിങ്ങളോട് പറഞ്ഞാൽ അതു ഭക്ഷിക്ക
രുത്. അതു ഭക്ഷിക്കരുതാത്തതെന്തുകൊണ്ടെ
ന്നോ? നിങ്ങളോടു അങ്ങനെ പറഞ്ഞവൻ, ആ
ഭക്ഷണം തിന്നുന്നതു തെറ്റെന്നു വിശ്വസിക്കുന്ന
വനാകയാൽ അവൻെറ വിശ്വാസത്തെ
നിങ്ങൾ മുറിപ്പെടുത്തുകയാവും ഫലം. 29അതു
ഭക്ഷിക്കുന്നതു തെറ്റാണെന്നു നിങ്ങൾ കരുതുന്നു
ണ്ടെന്നല്ല ഞാൻ സൂചിപ്പിച്ചത്. പക്ഷേ മറ്റേ
യാൾ അതു തെറ്റാണെന്നു കരുതാം. അതു മാത്ര
മാണ് അതു തിന്നാതിരിക്കാനുള്ള കാരണം. മറ്റു
ള്ളവർ തെറ്റോ ശരിയോ എന്നു കരുതുന്നതി
ൻെറ അടിസ്ഥാനത്തിലല്ല എൻെറ സ്വാതന്ത്ര്യം
വിലയിരുത്തപ്പെടേണ്ടത്. 30നന്ദിയോടെയാണ്
ഞാൻ ആഹാരം കഴിക്കുന്നത്. അതിനാൽ ദൈവ
ത്തിനു നന്ദി പറഞ്ഞ ആഹാരത്തിൻെറ പേ
രിൽ ഞാൻ വിമർശിക്കപ്പെടരുത്. 31അതു
കൊണ്ട് നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു
ചെയ്താലും അതെല്ലാം ദൈവത്തിൻെറ മഹത്വ
ത്തിനായി ചെയ്യുക. 32യെഹൂദരും യവനന്മാരും
ദൈവസഭയുമൊക്കെയുൾപ്പെടെ മറ്റുള്ളവരെ
തെറ്റുചെയ്യിക്കുംവിധം ഒന്നും പ്രവർത്തിക്കാ
തിരിക്കുക. 33അതു തന്നെ ഞാനും ചെയ്യുന്നു.
എല്ലാവരേയും എല്ലാത്തരത്തിലും സന്തോഷി
പ്പിക്കാനാണു ഞാൻ ശ്രമിക്കുന്നത്. എനിക്കു
നല്ലതുവരുന്നതിനായി ഞാനൊന്നും ചെയ്യാൻ
ശ്രമിക്കാറില്ല. ഭൂരിപക്ഷം ആളുകൾക്കും രക്ഷയു
ണ്ടാകത്തക്കവിധം അവർക്കു നന്മയ്ക്കായാണു
ഞാൻ പ്രവർത്തിക്കാൻ ശ്രമിക്കാറ്.

11 ഞാൻ ക്രിസ്തുവിനെ അനുകരിക്കു
മ്പോലെ നിങ്ങൾ എന്നെയും അനുകരി
ക്കുക.

അധികാരത്തിൻ കീഴിലായിരിക്കുക

2നിങ്ങൾ എല്ലാക്കാര്യത്തിലും എന്നെ ഓർക്കു
ന്നതിനാൽ ഞാൻ നിങ്ങളെ പുകഴ്ത്തുന്നു.
ഞാൻ നിങ്ങൾക്കു നൽകിയ ഉപദേശങ്ങൾ
നിങ്ങൾ പിന്തുടരുന്നുണ്ട്. 3എന്നാൽ നിങ്ങൾ
ഇതു മനസ്സിലാക്കണമെന്നാണെൻെറ ആഗ്രഹം:
ഓരോ പുരുഷൻെറയും തല ക്രിസ്തുവാകുന്നു.
സ്ത്രീയുടെ തല പുരുഷനാകുന്നു. ക്രിസ്തുവി
ൻെറ തല ദൈവമാകുന്നു. 4മൂടുപടമിട്ടു പ്രാർ
ത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുന്ന ഓ
രോ പുരുഷനും തൻെറ തലയെ നാണം കെടു
ത്തുകയാണ് .5എന്നാൽ പ്രാർത്ഥിക്കുകയോ
പ്രവചിക്കുകയോ ചെയ്യുന്ന ഓരോ സ്ത്രീയും
തൻെറ തല മൂടിയിരിക്കണം. അവൾ തല മൂടി
യില്ലെങ്കിൽ തൻെറ തലയെ നാണിപ്പിക്കുകയാ
ണ്. അപ്പോളവൾ മുണ്ഡനം ചെയ്യപ്പെട്ടവളെ
പ്പോലെയാണ്. 6തല മൂടാത്ത സ്ത്രീ അവളുടെ
തന്നെ മുടിവെട്ടിക്കളഞ്ഞതുപോലെയാണ്. ഒരു
സ്ത്രീയ്ക്ക് തൻെറ മുടി മുറിച്ചുകളയുകയോ
മുണ്ഡനം ചെയ്യുകയോ ചെയ്യുന്നത് ലജ്ജാകര
മാണ്. അതുകൊണ്ട് അവൾ തൻെറ തലമൂടണം.
7എന്നാൽ ഒരു പുരുഷൻ തൻെറ തല മൂടരുത്.
എന്തെന്നോ? കാരണം അവൻ ദൈവത്തെപ്പോ
ലെ സൃഷ്ടിക്കപ്പെട്ടതും ദൈവത്തിൻെറ മഹത്വ
വും ആകുന്നു. എന്നാൽ സ്ത്രീ പുരുഷൻെറ
മഹത്വമാകുന്നു. 8പുരുഷൻ സ്ത്രീയിൽനിന്നു
ണ്ടായതല്ല. സ്ത്രീ പുരുഷനിൽ നിന്നുണ്ടായ
താണ്. 9പുരുഷൻ സ്ത്രീയ്ക്കുവേണ്ടി ഉണ്ടാക്ക
പ്പെട്ടതല്ല, മറിച്ച് സ്ത്രീ പുരുഷനുവേണ്ടി ഉണ്ടാ

“ഭൂമിയും … കർത്താവിൻേറതാകയാൽ” ഉദ്ധരണി സങ്കീ. 24:1, 50;12, 89:11.

ക്കപ്പെട്ടവളാണ്. 10അതിനാലാണ് സ്ത്രീ, താൻ
അധികാരത്തിൻ കീഴിലാണെന്നു കാണിക്കാൻ
തലയിൽ തുണിയിടണമെന്നു പറയുന്നത്. ദൂത
ന്മാർ മൂലവും അവൾ തലയിൽ മൂടുപടമിടണം.
11എന്നാൽ കർത്താവിൽ സ്ത്രീ പുരുഷനും
പുരുഷൻ സ്ത്രീയ്ക്കും പ്രധാനങ്ങളാണ്.
12സ്ത്രീ പുരുഷനിൽനിന്നും വന്നതും പുരുഷൻ
സ്ത്രീയിൽനിന്നും ജനിച്ചതുമാകയാൽ ഇതു
സത്യവുമാകുന്നു. ദൈവം ആണ് എല്ലാത്തി
ന്റെയും ഉറവിടം. 13ഇതു നിങ്ങൾ തന്നെ തീരു
മാനിക്കുക: തലയിൽ മൂടുപടമിടാതെ ഒരു
സ്ത്രീ ദൈവത്തോടു പ്രാർത്ഥിക്കുന്നതു ശരി
യോ? 14നീണ്ട മുടി ധരിക്കുന്നത് പുരുഷന്
നാണക്കേടാണെന്നു പ്രകൃതിപോലും നിങ്ങളെ
പഠിപ്പിക്കുന്നു. 15എന്നാൽ സ്ത്രീയ്ക്ക് നീണ്ട
മുടിയുണ്ടാകുന്നതു അന്തസ്സു തന്നെ. സ്ത്രീയു
ടെ ശിരസ്സു മൂടുവാനുള്ള കവചമായിട്ടാണ്
നീണ്ടമുടി അവൾക്കു നൽകിയിരിക്കുന്നത്.
16ചിലർ ഇതേപ്പറ്റി തർക്കിച്ചേക്കാം. പക്ഷേ
അവർ ചെയ്യുന്നത് ഞങ്ങളും ദൈവസഭയും
അംഗീകരിക്കയില്ല.

കർത്താവിന്റെ അത്താഴം

17ഇനി പറയാൻ പോകുന്ന കാര്യത്തിൽ
ഞാൻ നിങ്ങളെ പുകഴ്ത്തുന്നില്ല. നിങ്ങളുടെ
കൂടിച്ചേരലുകൾ നിങ്ങൾക്കു ഗുണത്തേക്കാള
ധികം ദോഷമാണു ചെയ്യുക. 18ഒന്നാമതു നി
ങ്ങൾ സഭയായി ചേരുമ്പോൾ നിങ്ങൾക്കിട
യിൽ വിഭജനമുണ്ടെന്നു ഞാൻ കേൾക്കുന്നു.
അതിൽ ചിലതു ഞാൻ വിശ്വസിക്കുകയും
ചെയ്യുന്നു. 19(നിങ്ങൾക്കിടയിൽ ഭിന്നത ഉണ്ടാ
കേണ്ടത് ആവശ്യവുമാണ്. നിങ്ങൾക്കിടയിൽ
കലർപ്പില്ലാത്തവനാരെന്നറിയാൻ ഉള്ളതാണീ
വഴി.) 20നിങ്ങൾ കൂടിച്ചേരുമ്പോൾ യഥാർത്ഥ
ത്തിൽ നിങ്ങൾ കർത്താവിന്റെ അത്താഴമല്ല
ഭക്ഷിക്കുന്നത്. 21എന്തുകൊണ്ടെന്നോ? നിങ്ങൾ
തിന്നുമ്പോൾ ഓരോരുത്തരും മറ്റുള്ളവർക്കായി
കാത്തു നിൽക്കാറില്ല. ചിലർ വിശന്നും മറ്റുള്ള
വർ ആഹാരം അധികമായി ലഹരിപിടിച്ചും
ഇരിക്കുന്നു. 22നിങ്ങൾക്കു നിങ്ങളുടെ തന്നെ
ഭവനത്തിൽ തിന്നുകയും, കുടിക്കുകയും ചെയ്യാ
മല്ലോ. ദൈവത്തിന്റെ സഭ പ്രധാനമല്ലെന്ന്
നിങ്ങൾ കരുതുന്നുണ്ടെന്നാണതു സൂചിപ്പിക്കു
ന്നത്. നിങ്ങൾ പാവങ്ങളുടെമേൽ അപമാനം
ചൊരിയുന്നു. നിങ്ങളോട് ഞാനെന്തു പറ
യാൻ? ഇതൊക്കെ ചെയ്യുന്നതിനു ഞാൻ നിങ്ങ
ളെ സ്തുതിക്കണോ? ഒരിക്കലുമതില്ല. എന്നെ
ക്കൊണ്ടതാവില്ല.

23നിങ്ങൾക്കു ഞാൻ നൽകിയ ഉപദേശം കർ
ത്താവിൽനിന്നു ഞാൻ സ്വീകരിച്ച ഉപദേശം
തന്നെയാണ്: യേശുവിനെ കൊല്ലാൻ കൊടു
ത്ത രാത്രിയിൽ, അവൻ അപ്പമെടുക്കുകയും
24അതിനു നന്ദിപറയുകയും ചെയ്തു. അന
ന്തരം അപ്പം പകുത്ത് അവൻ പറഞ്ഞു, "ഇതെ
ന്റെ ശരീരമാകുന്നു, ഇതു നിങ്ങൾക്കുള്ളതാണ്.
എന്നെ ഓർക്കുന്നതിന് ഇതു ചെയ്യുക." 25അതു
പോലെ അവർ തിന്നു കഴിഞ്ഞപ്പോൾ യേശു
വീഞ്ഞുപാത്രം എടുത്തു. യേശു പറഞ്ഞു, "ഈ
വീഞ്ഞ് ദൈവം അവന്റെ ജനതയുമായുണ്ടാ
ക്കിയ പുതിയ നിയമം ആകുന്നു. ഈ പുതിയ
നിയമം എന്റെ രക്തം കൊണ്ടാരംഭിക്കുന്നു.
നിങ്ങൾ ഇതു കുടിക്കുമ്പോൾ എന്നെ ഓർക്കാ
നായി ഇതു ചെയ്യുക." 26എപ്പോഴെല്ലാം നിങ്ങൾ
ഈ അപ്പം തിന്നുകയും വീഞ്ഞു കുടിയ്ക്കു
കയും ചെയ്യുന്നുവോ, അപ്പോഴൊക്കെ കർത്താ
വ് വരുംവരെ അവന്റെ മരണത്തെ ഓർമ്മിപ്പി
ക്കുന്നു.

27അതുകൊണ്ട് ഒരാൾ അയോഗ്യമായ വിധ
ത്തിൽ അപ്പം തിന്നുകയോ കർത്താവിന്റെ
പാനപാത്രം കുടിയ്ക്കുകയോ ചെയ്താൽ
അയാൾ കർത്താവിന്റെ ശരീരത്തിനും രക്ത
ത്തിനുമെതിരെ പാപം ചെയ്യുകയാണ്. 28ഓരോ
രുത്തരും അപ്പം തിന്നുകയും പാനപാത്രം കുടി
യ്ക്കുകയും ചെയ്യുന്നതിനു മുമ്പ് അവനവന്റെ
ഹൃദയത്തിലേക്കൊന്നു നോക്കണം. 29ശരീരത്തെ
തിരിച്ചറിയാതെ ഒരാൾ അപ്പം തിന്നുകയും
പാനപാത്രം കുടിയ്ക്കുകയും ചെയ്താൽ
അയാൾ തിന്നുകയും കുടിയ്ക്കുകയും ചെയ്യുക
വഴി കുറ്റക്കാരനെന്നു വിധിക്കപ്പെടുന്നു. 30അതി
നാലാണ് നിങ്ങളുടെയിടയിൽ അധികംപേരും
രോഗികളും ദുർബ്ബലരുമായത്. പലരും മരിയ്ക്കു
കയും ചെയ്തു. 31എന്നാൽ നാം തന്നെ നമ്മെ
ശരിയായി വിവേചിച്ചാൽ ദൈവം നമ്മെ
വിധിക്കയില്ല. 32പക്ഷേ കർത്താവ് നമ്മെ നല്ല
വഴി കാണിച്ചുതരാൻ വിധിക്കുന്നു. നാം ലോക
ത്തിലെ മറ്റുള്ളവരോടുകൂടി ശിക്ഷാവിധിയിൽ
അകപ്പെടാത്തവിധമാണ് അവൻ ഇതു ചെയ്യു
ന്നത്.

33അതുകൊണ്ട് എന്റെ സഹോദരീ സഹോ
ദരന്മാരേ, നിങ്ങൾ ഭക്ഷിക്കാൻ ഒത്തുകൂടു
മ്പോൾ മറ്റുള്ളവർക്കായി പരസ്പരം കാത്തിരി
ക്കുക. 34ഒരാൾക്കു നന്നേ വിശക്കുന്നുവെങ്കിൽ,
അവൻ വീട്ടിൽ വച്ചു ഭക്ഷിക്കട്ടെ. നിങ്ങളുടെ
ഒത്തുചേരലിനാൽ ദൈവത്തിന്റെ ന്യായ
വിധി നിങ്ങളുടെമേൽ പതിക്കാൻ ഇടയാകാതി
രിക്കട്ടെ. നിങ്ങൾ ചെയ്യേണ്ട ബാക്കി കാര്യങ്ങൾ
ഞാൻ വരുമ്പോൾ പറയാം.

പരിശുദ്ധാത്മാവിന്റെ സമ്മാനങ്ങൾ

12 സഹോദരീ സഹോദരന്മാരേ, ഇപ്പോൾ
ആത്മീയവരങ്ങളെപ്പറ്റി നിങ്ങൾ മനസ്സി
ലാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. 2നിങ്ങൾ
വിശ്വാസികളാകുന്നതിനു മുമ്പു ജീവിച്ച
ജീവിതം ഓർക്കുക. അന്നു നിങ്ങൾ ജീവനി
ല്ലാത്ത വിഗ്രഹങ്ങളെ ആരാധിക്കുന്നതിലേക്കു
സ്വയം സ്വാധീനിക്കപ്പെട്ടു. 3അതുകൊണ്ട്
ഞാൻ നിങ്ങളോടു പറയുന്നു, ദൈവത്തിന്റെ
ആത്മാവിൽ സംസാരിക്കുന്നവർ ആരും "യേശു
ശപിക്കപ്പെട്ടവൻ" എന്നു പറകയില്ല. മാത്രവു
മല്ല, പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ
ഒരുവനും "യേശു കർത്താവാകുന്നു" എന്നു പറ
യാനും കഴികയില്ല.

4പലവിധത്തിൽ ആത്മീയവരങ്ങളുണ്ട്.
പക്ഷേ അവയെല്ലാം ഒരേ ആത്മാവിൽനിന്നു
ള്ളതാണ്. 5സേവിക്കാൻ പല മാർഗ്ഗങ്ങളുണ്ട്,
പക്ഷേ ആ മാർഗ്ഗങ്ങളെല്ലാം അതേ കർത്താ
വിൽനിന്നാണ്. 6ദൈവം ആളുകളിൽ പല
തരത്തിൽ പ്രവർത്തിക്കുന്നുണ്ട്, പക്ഷേ ആ മാർ
ഗ്ഗങ്ങളെല്ലാം അതേ ദൈവത്തിൽനിന്നുമാണ്.
ദൈവം നമ്മിൽ എല്ലാവരിലും എല്ലാം പ്രവർ
ത്തിക്കുന്നു. 7ആത്മാവിൽനിന്നുള്ള എന്തോ
ഓരോരുത്തരിലും കാണാം. മറ്റുള്ളവരെ സഹാ
യിക്കാനാണ് ആത്മാവ് ഇതെല്ലാവർക്കും നൽകു
ന്നത്. 8ദൈവം ഒരാൾക്കു ജ്ഞാനത്തോടെ
സംസാരിക്കാനുള്ള കഴിവ് നൽകുന്നു. അതേ
ആത്മാവു തന്നെ മറ്റൊരാൾക്ക് അറിവോടെ
സംസാരിക്കാനുള്ള കഴിവു കൊടുക്കുന്നു.
9അതേ ആത്മാവ് ഒരാൾക്ക് വിശ്വാസം നൽ

കുന്നു. മറ്റൊരാൾക്ക് രോഗം ഭേദപ്പെടുത്താനുള്ള
വരവും അതേ ആത്മാവ് നൽകുന്നു. 10ആത്മാവ്
ഒരാൾക്ക് വീര്യപ്രവൃത്തികൾക്കുള്ള കഴിവും
മറ്റൊരാൾക്ക് പ്രവചനവും മറ്റൊരാൾക്ക് നല്ല
തും ചീത്തയുമായ ആത്മാവിനെ തിരിച്ചറിയാ
നുള്ള കഴിവും നൽകുന്നു. ഒരാൾക്കു വിവിധ
ഭാഷകൾ സംസാരിക്കാനുള്ള കഴിവാണ് ആത്മാ
വ് നൽകുന്നത്. ആ ഭാഷകൾ വ്യാഖ്യാനിക്കാ
നുള്ള കഴിവാണ് മറ്റൊരാൾക്കു നൽകുന്നത്.
11ഒരു ആത്മാവ്, അതേ ആത്മാവ് ഇതെല്ലാം
ചെയ്യുന്നു; ഓരോ വ്യക്തിക്കും എന്തൊക്കെ നൽ
കണമെന്ന് ആത്മാവു നിശ്ചയിക്കും.

ക്രിസ്തുവിൻെറ ശരീരം

12ഒരാളുടെ ശരീരം ഒരു വസ്തുതന്നെ. എങ്കി
ലും അതിന് അനേകം ഭാഗങ്ങളുണ്ട്. എന്നിട്ടും,
ഒരു ശരീരത്തിന് അനേകം ഭാഗങ്ങളുണ്ടെങ്കിലും
ആ ഭാഗങ്ങളെല്ലാം ഒരു ശരീരം മാത്രമായിത്തീ
രുന്നു. ക്രിസ്തുവും അങ്ങനെയാണ്. 13നമ്മളിൽ
ചിലർ യെഹൂദരാണ്, ചിലർ ജാതികളും.
ചിലർ അടിമകളും, ചിലർ സ്വതന്ത്രരും. പക്ഷേ
നമ്മളെല്ലാവരും ഒരാത്മാവിലൂടെ ഒരു ശരീര
ത്തിൽ സ്നാനപ്പെട്ടു. നമുക്കെല്ലാം ഒരേ ആത്മാ
വാണു നൽകപ്പെട്ടത്.
14ഒരാളുടെ ശരീരത്തിന് ഒരുഭാഗം മാത്രമല്ല,
അനേകം ഭാഗങ്ങളുണ്ട്. 15“ഞാനൊരു കൈയല്ല
അതുകൊണ്ട് ഞാൻ ശരീരത്തിൻേറതല്ല” എന്നു
പാദം പറഞ്ഞേക്കാം. എന്നാൽ അങ്ങനെ പറ
ഞ്ഞതു കൊണ്ട് പാദം ശരീരത്തിൻെറ ഒരു ഭാഗ
ത്തിൽ കുറഞ്ഞതാകുന്നില്ല. 16“ഞാനൊരു
കണ്ണല്ല. അതിനാൽ ഞാൻ ശരീരത്തിൻേറതല്ല”
എന്നു ചെവി പറഞ്ഞേക്കാം. അതുകൊണ്ട്
ചെവി ശരീരത്തിൻെറ ഒരു ഭാഗമാകുന്നതിൽ
നിന്നു തടയപ്പെടുന്നില്ല. 17ശരീരം മുഴുവനും
ഒരു കണ്ണായിരുന്നുവെങ്കിൽ അതിനു കേൾ
ക്കാൻ കഴിയുമായിരുന്നില്ല. മുഴുവൻ ശരീരവും
ഒരു ചെവിയായിരുന്നുവെങ്കിൽ ആ ശരീര
ത്തിന് ഒന്നും മണക്കാൻ കഴിയുമായിരുന്നില്ല.
18-19ശരീരത്തിൻെറ എല്ലാ ഭാഗവും ഒന്നു തന്നെ
യായിരുന്നുവെങ്കിൽ ശരീരം ഉണ്ടാകുമായിരു
ന്നില്ല. പക്ഷേ സത്യത്തിൽ ദൈവം ശരീരഭാഗ
ങ്ങളെ താൻ ഇച്ഛരിച്ചവണ്ണം യഥാസ്ഥാനങ്ങ
ളിൽ വിന്യസിച്ചു. 20അതുകൊണ്ട് അനേകം
ഭാഗങ്ങളുണ്ടെങ്കിലും ഒരു ശരീരം മാത്രം.
21കണ്ണിന് “എനിക്കു നിന്നെ ആവശ്യമി
ല്ലെന്നു” കയ്യോടു പറയാനാവില്ല. “എനിക്കു
നിന്നെ ആവശ്യമില്ലെന്ന്” തലയ്ക്ക് കാലി
നോടും പറയാനാവില്ല. 22ഇല്ല! ശരീരത്തിൽ
ദുർബ്ബലമെന്നു തോന്നിക്കുന്ന ഭാഗങ്ങളെല്ലാം
യഥാർത്ഥത്തിൽ വളരെ പ്രധാനമാണ്. 23ശരീ
രത്തിൽ അപ്രധാനമെന്നു നാം കരുതുന്ന
ഭാഗങ്ങളാണ് നാം ഏറെ മാനിക്കുന്നവ. നമ്മൾ
കാണിക്കാനാഗ്രഹിക്കാത്ത ശരീരികഭാഗങ്ങൾ
നാം കൂടുതൽ പ്രാധാന്യത്തോടെ ശുശ്രൂഷിക്കു
ന്നു. 24നമ്മുടെ ശരീരത്തിൻെറ കൂടുതൽ സുന്ദര
മായ ഭാഗങ്ങൾക്ക് പ്രത്യേക പരിലാളനം ആവ
ശ്യമില്ല. പക്ഷേ ദൈവം കുടുതൽ മാനം ആ
വശ്യമായ ഭാഗങ്ങൾക്ക് അതു നൽകിക്കൊണ്ട്
ശരീരത്തെ ഒന്നാക്കി. 25നമ്മുടെ ശരീരം വിഭജി
ക്കപ്പെടാതിരിക്കാനാണ് ദൈവം ഇങ്ങനെ ചെ
യ്തത്. അവയവങ്ങൾ പരസ്പരം ഒരുപോലെ
കരുതുവാൻ ദൈവം ആഗ്രഹിച്ചു. 26ശരീരത്തി
ൻെറ ഒരു ഭാഗം യാതന അനുഭവിക്കുന്നുവെ
ങ്കിൽ മറ്റ് എല്ലാ ഭാഗവും അതനുഭവിക്കണം.
നമ്മുടെ ശരീരത്തിൻെറ ഒരുഭാഗം മാനിക്കപ്പെ
ട്ടാൽ മറ്റെല്ലാ ഭാഗങ്ങളും ആ ബഹുമതി പങ്കു
വയ്ക്കണം.
27നിങ്ങളെല്ലാവരും ചേർന്നതാണ് ക്രിസ്തു
വിൻെറ ശരീരം. നിങ്ങളിലോരോരുത്തരും ആ
ശരീരത്തിൻെറ ഓരോ ഭാഗങ്ങളാണ്. 28സഭ
യിൽ അപ്പൊസ്തലന്മാർക്ക് ആദ്യ സ്ഥാനം
ദൈവം നൽകിയിരിക്കുന്നു. രണ്ടാമത് പ്രവാച
കർക്കും, മൂന്നാം സ്ഥാനം അദ്ധ്യാപകർക്കും നൽ
കിയിരിക്കുന്നു. പിന്നെ വീര്യപ്രവർത്തികൾ
ചെയ്യുന്നവർക്ക് ദൈവം സ്ഥാനം നൽകിയിരി
ക്കുന്നു. പിന്നെ രോഗശാന്തി വരുത്തുവാനുള്ള
കഴിവ് നൽകിയിരിക്കുന്നു. അന്യരെ സഹായി
ക്കുവാൻ കഴിയുന്നവർ, നയിക്കാൻ കഴിവുള്ള
വർ, വിവിധഭാഷകൾ സംസാരിക്കുവാൻ കഴി
വുള്ളവർ എന്നിങ്ങനെ ദൈവം സ്ഥാനങ്ങൾ
നൽകി. 29എല്ലാവരും അപ്പൊസ്തലന്മാരല്ല. എ
ല്ലാവരും പ്രവാചകരുമല്ല. എല്ലാവരും അദ്ധ്യാ
പകരുമല്ല. എല്ലാവർക്കും അത്ഭുതങ്ങൾ ചെയ്യാ
നുള്ള കഴിവില്ല. 30രോഗം ഭേദപ്പെടുത്തുവാ
നുള്ള കഴിവും എല്ലാവർക്കുമില്ല. എല്ലാവർക്കും
പല ഭാഷകൾ സംസാരിക്കാനുള്ള കഴിവില്ല.
എല്ലാവർക്കും അതു വ്യാഖ്യാനിക്കാനുമുള്ള കഴി
വില്ല. 31പക്ഷേ നിങ്ങൾക്ക് മഹത്തരമായ ആത്മീ
യാനുഗ്രഹങ്ങൾ ലഭിക്കാൻ ആഗ്രഹിക്കണം.

സ്നേഹമാണ് ഏറ്റവും നല്ല ദാനം

13 ഇനി ഞാൻ നിങ്ങളെ എല്ലാറ്റിലും മികച്ച
വഴി കാണിക്കാം. ഞാൻ മനുഷ്യരുടെയും
ദൂതന്മാരുടെ പോലും ഭാഷകളിൽ സംസാരിച്ചേ
ക്കാം. പക്ഷേ എനിക്കു സ്നേഹമില്ലെങ്കിൽ
ഞാൻ വെറും മുഴങ്ങുന്ന മണിയോ ചിലമ്പുന്ന
ഇലത്താളമോ ആയിരിക്കും. 2എനിക്കു പ്രവച
നവരമുണ്ടായേക്കാം, എനിക്ക് ദൈവത്തിൻെറ
എല്ലാ രഹസ്യസംഗതികളും അറിയിക്കാനാ
യേക്കാം, എല്ലാക്കാര്യങ്ങളും അറിയാനായേക്കും,
മലകളെപ്പോലും മാറ്റാൻ കഴിയുന്നത്ര ഉറച്ച
വിശ്വാസവും എനിക്കുണ്ടായേക്കാം. പക്ഷേ
ഇതെല്ലാമുണ്ടെങ്കിലും എനിക്കു സ്നേഹമില്ലെ
ങ്കിൽ ഞാൻ ഒന്നുമല്ല. 3പാവങ്ങളെ തീറ്റിപ്പോ
റ്റാൻ എനിക്കുള്ളതെല്ലാം ദാനം ചെയ്താലും,
എൻെറ ശരീരം തന്നെ യാഗമായി കത്തിക്കാൻ
കൊടുത്താലും എനിക്കു സ്നേഹമില്ലെങ്കിൽ
ഇങ്ങനെയെല്ലാം ചെയ്യുന്നതുകൊണ്ട് എനി
ക്കൊന്നും കിട്ടില്ല.
4സ്നേഹം ക്ഷമിക്കുന്നു, സ്നേഹം ദയ കാണി
ക്കുന്നു. അത് അസൂയയല്ല; അഹന്തയല്ല, ഗർവ്വു
മല്ല. 5സ്നേഹം അയോഗ്യമല്ല, സ്വാർത്ഥമല്ല.
സ്നേഹം കോപിയ്ക്കുന്നുമില്ല. സ്നേഹം
അതിനെതിരെ ചെയ്ത തെറ്റുകൾ ഓർക്കാറില്ല.
6അനീതിയിൽ സ്നേഹം സന്തോഷിക്കുന്നില്ല.
പക്ഷേ സ്നേഹം സത്യത്തിൽ സന്തോഷി
ക്കുന്നു. 7സ്നേഹം ക്ഷമാപൂർവ്വം എല്ലാം സ്വീക
രിക്കുന്നു. സ്നേഹം എല്ലായ്പ്പോഴും വിശ്വസി
ക്കുന്നു. എപ്പോഴും പ്രത്യാശിക്കുന്നു. എപ്പോഴും
ശക്തമായിരിക്കുകയും ചെയ്യുന്നു.
8സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല.
പ്രവചന വരമുണ്ടെങ്കിലും അവ അവസാ
നിക്കും. പല തരത്തിലുള്ള ഭാഷ സംസാരിക്കാ
നുള്ള വരമുണ്ടെങ്കിലും അവ അവസാനിക്കും.
അറിവിൻെറ വരമുണ്ടെങ്കിലും അവ അവസാ
നിക്കും. 9അവയൊന്നും പൂർണ്ണമല്ലാത്തതിനാൽ
ആണ് അവ അവസാനിക്കുന്നത്. 10പക്ഷേ
എപ്പോൾ പൂർണ്ണത കൈവരുന്നുവോ അപ്പോൾ

അപൂർണ്ണമായവ അവസാനിക്കും. **11**ഞാൻ ഒരു
കുട്ടിയായിരുന്നപ്പോൾ, ഒരു കുട്ടിയെപ്പോലെ
സംസാരിച്ചു, കുട്ടിയെപ്പോലെ ചിന്തിച്ചു, കുട്ടി
യെപ്പോലെ നിരൂപിച്ചു. ഞാനൊരു പുരുഷനാ
യപ്പോൾ, ഞാൻ ആ കുട്ടിത്തരങ്ങൾ അവസാ
നിപ്പിച്ചു. **12**നമ്മെ സംബന്ധിച്ചിടത്തോളവും
അങ്ങനെ തന്നെ. ഇപ്പോൾ നമ്മൾ കാണുന്നത്
ഒരു ഇരുണ്ട കണ്ണാടിയിലേക്കു നോക്കുമ്പോലെ
യാണ്. എന്നാൽ ആ സമയം, ഭാവിയിൽ നമുക്കു
വ്യക്തമായി കാണാം. ഇപ്പോൾ എനിക്കു ഒരു
ഭാഗം മാത്രമേ അറിയൂ. എന്നാൽ ആ സമയം,
ദൈവം എന്നെ അറിയുമ്പോലെ എനിക്ക്
എല്ലാമറിയാൻ കഴിയും. **13**അതിനാൽ ഇതു
മൂന്നും തുടരും. വിശ്വാസം, പ്രത്യാശ, സ്നേഹം.
ഇവയിൽ ഏറ്റവും മഹനീയം സ്നേഹമാണ്.

സഭയെ സഹായിക്കാൻ ആത്മീയാനുഗ്രഹങ്ങൾ ഉപയോഗിക്കൂ

14 നിങ്ങൾ വച്ചുപുലർത്തേണ്ടത് സ്നേഹ
മാണ്. ആത്മീയാനുഗ്രഹങ്ങളും നിങ്ങൾ
യഥാർത്ഥത്തിൽ ലക്ഷ്യമാക്കണം. പ്രവചന
മാണ് നിങ്ങൾ ഏറ്റവും ആഗ്രഹിക്കേണ്ടത്.
2ഇതെന്തുകൊണ്ടാണെന്ന് ഞാൻ വിശദീകരി
ക്കാം. വിവിധഭാഷകളിൽ സംസാരിക്കാനുള്ള
വരം കിട്ടിയവൻ ജനങ്ങളോടല്ല സംസാരിക്കു
ന്നത്. ദൈവത്തോടാണയാൾ സംസാരിക്കു
ന്നത്. അയാളെ ആർക്കും മനസ്സിലാകുകയില്ല.
അയാൾ ആത്മാവിലൂടെ രഹസ്യങ്ങളാണ് സം
സാരിക്കുന്നത്. **3**പ്രവചിക്കുന്നവനാണ് ജനങ്ങ
ളോട് സംസാരിക്കുന്നത്. അവൻ ജനങ്ങൾക്ക്
ശക്തിയും പ്രോത്സാഹനവും ആശ്വാസവും
നൽകുന്നു. **4**പല ഭാഷകളിൽ സംസാരിക്കുന്ന
വൻ സ്വയം സഹായിക്കുകമാത്രമാണ്. പക്ഷേ
പ്രവചിക്കുന്നവൻ മുഴുവൻ സഭയേയും സഹാ
യിക്കുന്നു. **5**നിങ്ങൾക്കെല്ലാവർക്കും വിവിധ
ഭാഷകളിൽ സംസാരിക്കാനുള്ള കഴിവുണ്ടാക
ണമെന്നു ഞാൻ ആശിക്കുന്നു. എന്നാൽ പ്രവ
ചിക്കാനുള്ള അനുഗ്രഹം നിങ്ങൾക്കുണ്ടാകണ
മെന്ന് ഞാൻ പ്രത്യേകം ആഗ്രഹിക്കുന്നു. വിവി
ധഭാഷകൾ സംസാരിക്കാൻ കഴിവുള്ളവനെ
ക്കാൾ ശ്രേഷ്ഠനാണ് പ്രവചിക്കാൻ കഴിയുന്ന
വൻ. വിവിധ ഭാഷകൾ സംസാരിക്കാൻ കഴിവു
ള്ളവന് ആ ഭാഷകൾ വിവർത്തനം ചെയ്യാൻ
കൂടി കഴിയുമെങ്കിൽ അവൻ പ്രവചിക്കാൻ
കഴിയുന്നവനു തുല്യനാണ്. അപ്പോൾ അവൻ
പറയുന്നവയിലൂടെ സഭയ്ക്ക് സഹായം കിട്ടും.

6സഹോദരീ സഹോദരന്മാരേ, ഞാൻ പല
ഭാഷകൾ സംസാരിച്ചുകൊണ്ട് നിങ്ങളെ സമീ
പിച്ചാൽ അതു നിങ്ങളെ സഹായിക്കുമോ? ഇല്ല!
ഞാൻ ഒരു പുതിയ സത്യമോ, ചില അറിവോ,
ചില പ്രവചനമോ, ചില ഉപദേശമോ കൊണ്ടു
വന്നാലല്ലാതെ അതു നിങ്ങളെ സഹായിക്കില്ല.
7ഓടക്കുഴലോ വീണയോ പോലുള്ള ശബ്ദമു
ണ്ടാക്കുന്ന നിർജ്ജീവസാധനങ്ങളുടെ കാര്യ
ത്തിലും അങ്ങനെ തന്നെയാവണം. വ്യത്യസ്ത
നാദങ്ങൾ വ്യക്തമാക്കിയില്ലെങ്കിൽ, എന്തു
പാട്ടാണതെന്നു നിങ്ങൾക്കു മനസ്സിലാകില്ല.
ഈണം മനസ്സിലാക്കാൻ നിങ്ങൾക്ക് ഒരോ നാദ
വും വളരെ വ്യക്തമായി മീട്ടപ്പെടണം. **8**യുദ്ധ
ത്തിൽ കാഹളം വ്യക്തമായി മുഴക്കപ്പെട്ടില്ലെ
ങ്കിൽ യുദ്ധത്തിന് സജ്ജരാകേണ്ടത് എപ്പോഴാ
ണെന്നു പട്ടാളക്കാർക്കറിയാൻ കഴിയില്ല. **9**നി
ങ്ങൾക്കും അങ്ങനെ തന്നെ. നിങ്ങളുടെ നാക്കു
കൊണ്ട് പറയപ്പെടുന്ന വാക്കുകൾ വ്യക്തമാ
യിരിക്കണം. നിങ്ങൾക്കു വ്യക്തമായി പറയാൻ
കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ പറയുന്നത് ആർ
ക്കും മനസ്സിലാകില്ല. നിങ്ങൾ വായുവിനോടു
പ്രസംഗിക്കുന്നതു പോലിരിക്കും! **10**ലോകത്തു
അത്രയധികം വ്യത്യസ്ത രീതിയിലുള്ള ഭാഷക
ളുണ്ടെന്നതു സത്യമാണ്. അവയ്ക്കെല്ലാം അർ
ത്ഥവുമുണ്ട്. **11**അതുകൊണ്ട് ഒരുവൻ പറയുന്നത്
എനിക്കു മനസ്സിലായില്ലെങ്കിൽ അയാൾ അപ
രിചിതമായ കാര്യങ്ങൾ പറയുന്നുവെന്ന് ഞാൻ
കരുതും, ഞാൻ പ്രാകൃതമായി സംസാരിക്കുന്നു
വെന്ന് അയാളും കരുതും. **12**നിങ്ങളെ സംബ
ന്ധിച്ചും അങ്ങനെ തന്നെ. നിങ്ങൾ വളരെ
ആത്മീയവരങ്ങൾ ആഗ്രഹിക്കുന്നു. സഭയെ
ശക്തമായി വളർത്താൻ സഹായിക്കുന്ന അക്കാ
ര്യങ്ങൾ നേടാൻ ഏറ്റവും ശ്രമിക്കുക.

13അതുകൊണ്ട് വ്യത്യസ്തമായൊരു ഭാഷ
യിൽ സംസാരിക്കാൻ വരമുള്ള ഒരാൾ താൻ
പറയുന്നതു വ്യാഖ്യാനിക്കാനുള്ള കഴിവു കൂടി
നൽകണമെന്നു പ്രാർത്ഥിക്കണം. **14**ഞാൻ വ്യത്യ
സ്തമായൊരു ഭാഷയിൽ പ്രാർത്ഥിക്കുകയാ
ണെങ്കിൽ അപ്പോൾ എന്റെ മനസ്സ് ഒന്നും
ചെയ്യാതിരിക്കുകയും ആത്മാവ് പ്രാർത്ഥിക്കു
കയും ചെയ്യുന്നു. **15**അതുകൊണ്ട് ഞാൻ എന്തു
ചെയ്യും? ഞാൻ ആത്മാവുകൊണ്ട് പ്രാർത്ഥി
ക്കും. ഞാൻ മനസ്സുകൊണ്ടും പ്രാർത്ഥിക്കും.
ഞാനെന്റെ ആത്മാവുകൊണ്ടും പാടും, മനസ്സു
കൊണ്ടും പാടും. **16**നിങ്ങൾ നിങ്ങളുടെ ആ
ത്മാവുകൊണ്ട് ദൈവത്തെ സ്തുതിയ്ക്കുമാ
യിരിക്കും. എന്നാൽ നന്ദി പറയുന്ന നിങ്ങളുടെ
പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാകാത്ത
ഒരുവന് 'ആമേൻ' എന്നു പറയാനാവില്ല. എന്തു
കൊണ്ടെന്നാൽ നിങ്ങൾ പറയുന്നത് എന്താ
ണെന്ന് അയാൾക്കറിയില്ല. **17**നിങ്ങൾ നന്നായി
ദൈവത്തെ സ്തുതിച്ചിരിക്കാം, പക്ഷേ അപരൻ
സഹായിക്കപ്പെട്ടില്ല.

18നിങ്ങളിൽ ആരെക്കാളും വ്യത്യസ്തഭാഷക
ളിൽ സംസാരിക്കാൻ എനിക്കു കിട്ടിയ വര
ത്തിന് ഞാൻ ദൈവത്തിനു നന്ദി പറയുന്നു.
19എന്നാൽ സഭായോഗത്തിൽ മറ്റൊരു ഭാഷ
യിൽ ആയിരക്കണക്കിനു വാക്കുകളേക്കാൾ അ
റിയാവുന്ന ഭാഷയിൽ അഞ്ചുവാക്കുകൾ പറ
യാനാണ് എനിക്കാഗ്രഹം. മറ്റുള്ളവരെക്കൂടി
പഠിപ്പിക്കാൻ കഴിയുംവിധം എന്റെ അറിവനു
സരിച്ചു സംസാരിക്കുകയാണ് നല്ലത്. **20**സഹോ
ദരീ സഹോദരന്മാരേ, കുട്ടികളെപ്പോലെ ചി
ന്തിക്കരുത്. തിന്മയിൽ ശിശുക്കളെപ്പോലെയാ
കുക. എന്നാൽ നിങ്ങളുടെ ചിന്തകളിൽ പൂർണ്ണ
വളർച്ചയെത്തിയ ആളെപ്പോലെയാകുക. **21**തി
രുവെഴുത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്:

"വിവിധഭാഷകൾ സംസാരിക്കുന്നവരെ ഉപ
യോഗിച്ചും അന്യരുടെ അധരങ്ങളുപയോഗി
ച്ചും ഞാൻ ഈ ജനതയോടു സംസാരിക്കും;
എങ്കിലും ഈ ജനത എന്നെ അനുസരിക്കില്ല."

യെശയ്യാവ് 28:11-12

അതാണ് കർത്താവ് പറയുന്നത്.

22അതുകൊണ്ട് വിവിധഭാഷകളിൽ സംസാ
രിക്കാനുള്ള വരം അവിശ്വാസികൾക്ക് ഒരു തെളി
വാണ്, വിശ്വാസികൾക്കല്ല. പ്രവചനം വിശ്വാ
സികൾക്കുള്ളതാണ്, അവിശ്വാസികൾക്കല്ല.
23സഭ മുഴുവൻ ചേരുകയും നിങ്ങളെല്ലാവരും
വിവിധഭാഷകൾ സംസാരിക്കുകയും ചെയ്യു
ന്നു എന്നിരിക്കട്ടെ. അപ്പോൾ അറിവില്ലാത്ത
വരോ അവിശ്വാസികളോ ആയ ചിലർ അവി

ടേക്കു വരുന്നു എന്നിരിക്കട്ടെ; അപ്പോൾ അവർ
പറയും നിങ്ങൾക്കു ഭ്രാന്താണെന്ന്. 24പക്ഷേ
നിങ്ങളെല്ലാവരും പ്രവചിക്കുകയാണെന്നിരി
ക്കട്ടെ. അപ്പോൾ അവിശ്വാസിയോ അറിവില്ലാ
ത്തവനോ ആയ ഒരാൾ അങ്ങോട്ടു വരുന്നു
വെന്നും ഇരിക്കട്ടെ. നിങ്ങൾ എല്ലാവരും പ്രവ
ചിക്കുകയാണെങ്കിൽ അയാൾക്ക് തൻെറ പാപ
ത്തെക്കുറിച്ചുള്ള ബോധം ജനിക്കുകയും നിങ്ങൾ
പറയുന്ന ഓരോ കാര്യത്തിൻെറയും അടിസ്ഥാ
നത്തിൽ അയാൾ വിധിക്കപ്പെടുകയും ചെയ്യും.
25അയാളുടെ മനസ്സിലെ രഹസ്യങ്ങൾ വെളി
പ്പെടുത്തപ്പെടും. അതിനാൽ അയാൾ മുട്ടു
കുത്തി ദൈവത്തെ ആരാധിക്കും. അപ്പോൾ
അയാൾ പറയും, "സത്യമായും ദൈവം നിങ്ങ
ളോടൊപ്പമുണ്ട്."

യോഗങ്ങൾ സഭയെ സഹായിക്കണം

26അതുകൊണ്ട് സഹോദരീ സഹോദരന്മാരേ,
നിങ്ങളെന്തു ചെയ്യും? നിങ്ങൾ ഒത്തു ചേരു
മ്പോൾ ഒരാൾക്ക് ഒരു പാട്ടുണ്ട്, മറ്റൊരാൾക്ക്
ഒരു ഉപദേശം, വേറൊരാൾക്ക് ദൈവത്തിൽ
നിന്നൊരു പുതിയ സത്യം, ഇനിയൊരാൾ
വ്യത്യസ്തഭാഷകളിൽ സംസാരിക്കുന്നു, വേറെ
യൊരാളാകട്ടെ ആ ഭാഷ വിവർത്തനം ചെയ്യു
കയും ചെയ്യുന്നു. ഇക്കാര്യങ്ങളുടെയെല്ലാം
ലക്ഷ്യം സഭയെ സുശക്തമാക്കാൻ സഹായിക്കു
കയാണ്. 27നിങ്ങൾ ഒത്തു ചേരുമ്പോൾ, ആരെ
ങ്കിലുമൊരാൾ വ്യത്യസ്തമായ ഭാഷയിൽ സം
സാരിച്ചാൽ രണ്ടോ മൂന്നോ പേരേ അതു ചെ
യ്യാനുണ്ടാകാവൂ. അവർ ഓരോരുത്തരായി സം
സാരിച്ചുകൊള്ളണം. മറ്റൊരാൾ അവർ പറ
ഞ്ഞവ പരിഭാഷപ്പെടുത്തുകയും വേണം. 28എ
ന്നാൽ അവിടെ ഒരു ദ്വിഭാഷി ഇല്ലെങ്കിൽ,
വ്യത്യസ്തഭാഷയിൽ സംസാരിക്കുന്നവൻ സഭ
യിൽ മിണ്ടാതിരുന്നുകൊള്ളണം. അയാൾ
തന്നോടു തന്നെയും ദൈവത്തോടും മാത്രമേ
സംസാരിക്കാവൂ.

29രണ്ടോ മൂന്നോ പ്രവാചകർ മാത്രമേ സംസാ
രിക്കാവൂ. മറ്റുള്ളവർ അവർ പറയുന്നത് വില
യിരുത്തണം. 30അവിടിരിക്കുന്ന വേറൊരാൾക്ക്
ദൈവത്തിൽനിന്നൊരു സന്ദേശം ലഭിച്ചാൽ
ആദ്യം സംസാരിച്ചുകൊണ്ടിരുന്നയാൾ നിർ
ത്തണം. 31നിങ്ങൾക്ക് ഓരോരുത്തർക്കായി പ്രവ
ചനം നടത്താം. ആ രീതിയിൽ എല്ലാവരെയും
പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാ
കാം. 32പ്രവാചകരുടെ ആത്മാക്കൾ അവരുടെ
തന്നെ നിയന്ത്രണത്തിലാണ്. 33ദൈവം ആശയ
ക്കുഴപ്പത്തിൻെറ ദൈവമല്ല, സമാധാനത്തിൻെറ
ദൈവമാകുന്നു.

34സഭായോഗങ്ങളിൽ സ്ത്രീകൾ നിശബ്ദരാ
യിരിക്കേണം. ദൈവവിശ്വാസികളുടെ എല്ലാ
സഭകളിലും ഇങ്ങനെയാണ്. സംസാരിക്കാൻ
അനുവാദമില്ല. അവർ നിയന്ത്രണവിധേയരാ
യിരിക്കണം. മോശെയുടെ ന്യായപ്രമാണവും
അതു തന്നെ പറയുന്നു. 35സ്ത്രീകൾക്ക് അറിയേ
ണ്ടതായി എന്തെങ്കിലുമുണ്ടെങ്കിൽ അവരത്
വീടുകളിൽവച്ച് തങ്ങളുടെ ഭർത്താക്കന്മാരോടു
ചോദിക്കണം. ഒരു സഭായോഗത്തിൽവെച്ച് ഒരു
സ്ത്രീ സംസാരിക്കുന്നത് ലജ്ജാകരമാണ്.
36ദൈവത്തിൻെറ ഉപദേശം നിങ്ങളിൽനിന്നു
വന്നതാണോ? അല്ല! നിങ്ങൾ മാത്രമാണോ ആ
ഉപദേശങ്ങൾ സ്വീകരിച്ചവർ? അല്ല!

37താനൊരു പ്രവാചകനാണെന്ന് ഒരുവൻ
കരുതുന്നുവെങ്കിൽ, തനിക്കൊരു ആത്മീയവര
മുണ്ടെന്നു കരുതുന്നുണ്ടെങ്കിൽ ഞാൻ നിങ്ങൾ
ക്കെഴുതുന്നത് കർത്താവിൻെറ കല്പനയാണെന്ന്
അയാൾ അംഗീകരിക്കണം. 38അയാൾക്കതറി
യുകയില്ലെങ്കിൽ, അയാളെ ദൈവവും അറിക
യില്ല.

39അതുകൊണ്ട്, എൻെറ സഹോദരസഹോ
ദരിമാരേ, നിങ്ങൾ പ്രവചനം ആഗ്രഹിക്കുക.
വ്യത്യസ്തഭാഷകളിൽ സംസാരിക്കുന്നതിൽ
നിന്നും ജനങ്ങളെ വിലക്കാതിരിക്കുക. 40പക്ഷേ
എല്ലാം ശരിയായും ക്രമമായും നടക്കട്ടെ.

ക്രിസ്തുവിൻെറ സുവിശേഷം

15 ഞാൻ നിങ്ങളോടു പറഞ്ഞ സുവിശേഷ
ത്തെപ്പറ്റി സഹോദരസഹോദരിമാരേ,
നിങ്ങളെ ഇപ്പോൾ ഓർമ്മിപ്പിക്കാൻ ഞാൻ
ആഗ്രഹിക്കുന്നു. നിങ്ങൾ ഈ സന്ദേശം സ്വീക
രിക്കുകയും അതിൽ മുറുകെ പിടിയ്ക്കുകയും
ചെയ്യുന്നു. 2നിങ്ങൾ ഈ സന്ദേശത്താൽ രക്ഷി
ക്കപ്പെട്ടു. പക്ഷേ ഞാൻ പറഞ്ഞ കാര്യങ്ങളിൽ
നിങ്ങൾ തുടർന്നും വിശ്വാസം പുലർത്തണം.
അല്ലാത്തപക്ഷം നിങ്ങളുടെ വിശുദ്ധ സുവി
ശേഷ സ്വീകാര്യം വെറുതെയാകും.

3ഞാൻ സ്വീകരിച്ച സന്ദേശം ഞാൻ നിങ്ങ
ൾക്കു നൽകി. ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ
ഞാൻ നിങ്ങളോടു പറഞ്ഞു: അതായത്, ക്രി
സ്തു തിരുവെഴുത്തുകളിൽ പറയുന്നതുപോലെ
നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു. 4തിരു
വെഴുത്തുകളിൽ പറയുമ്പോലെ ക്രിസ്തു അട
ക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴു
ന്നേൽക്കുകയും ചെയ്തു. 5ക്രിസ്തു പത്രൊ
സിനും പിന്നീട് പന്ത്രണ്ട് അപ്പൊസ്തലന്മാർ
ക്കും പ്രത്യക്ഷനായി. 6അതിനുശേഷം ക്രിസ്തു
ഒരേ സമയം അഞ്ഞൂറിലധികം സഹോദരന്മാ
ർക്കു പ്രത്യക്ഷനായി. ആ സഹോദരന്മാരിൽ
അധികം പേരും ഇന്നും ജീവിക്കുന്നുണ്ട്. എന്നാൽ
ചിലർ മരിച്ചു. 7അനന്തരം ക്രിസ്തു യാക്കോ
ബിനും പിന്നീട് എല്ലാ അപ്പൊസ്തലന്മാർക്കും
വീണ്ടും പ്രത്യക്ഷനായി. 8ഒടുവിൽ, സമയ
ത്തിനു മുമ്പേ ജനിച്ച ശിശുവിനെപ്പോലെ
വ്യത്യസ്തനായിരുന്ന എനിക്കും ക്രിസ്തു
സ്വയം കാണിച്ചു തന്നു. 9മറ്റെല്ലാ അപ്പൊസ്ത
ലന്മാരും എന്നെക്കാൾ ശ്രേഷ്ഠരാണ്. കാരണം
ഞാൻ ദൈവത്തിൻെറ സഭയെ ഉപദ്രവിച്ചു.
അതുകൊണ്ടാണ് അപ്പൊസ്തലൻ എന്നു വിളി
ക്കപ്പെടാൻ പോലും ഞാൻ യോഗ്യനല്ലാതാ
യത്. 10പക്ഷേ ദൈവകൃപയാൽ ഞാൻ അപ്പൊ
സ്തലനായി. അവൻ എനിക്കു നൽകിയ കൃപ
നഷ്ടപ്പെടുത്തുകയുമുണ്ടായില്ല. മറ്റെല്ലാ അ
പ്പൊസ്തലന്മാരെക്കാളും ഞാൻ കഠിനാദ്ധ്വാനം
ചെയ്തു. എന്നാൽ ഞാനായിരുന്നില്ല യഥാർ
ത്ഥത്തിൽ അദ്ധ്വാനിച്ചിരുന്നത്. ദൈവകൃപ
എന്നൊടൊപ്പം ഉണ്ടായിരുന്നു. 11അതുകൊണ്ട്
ഞാൻ നിങ്ങളോട് പ്രസംഗിച്ചുവോ മറ്റ് അപ്പൊ
സ്തലന്മാർ പ്രസംഗിച്ചുവോ എന്നതു പ്രധാന
മല്ല. ഞങ്ങളെല്ലാം ഒരേ സംഗതിയാണു പ്രസം
ഗിച്ചത്. നിങ്ങൾ വിശ്വസിച്ചതും ഇതു തന്നെ.

നമ്മൾ ഉയിർത്തെഴുന്നേല്പിക്കപ്പെടും

12ക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്നു പ്രസം
ഗിക്കുന്നു. പിന്നെന്താണ് മരണത്തിൽനിന്നാ
രും ഉയിർത്തെഴുന്നേൽക്കില്ലെന്നു നിങ്ങളിൽ
ചിലർ പറയുന്നത്? 13ആളുകൾ ഒരിക്കലും ഉയി
ർത്തെഴുന്നേൽക്കുകയില്ലെങ്കിൽ ക്രിസ്തു ഒരി
ക്കലും ഉയിർത്തെഴുന്നേറ്റിട്ടുണ്ടാവില്ല. 14ക്രി

സ്തു ഒരിക്കലും ഉയിർത്തെഴുന്നേറ്റിട്ടില്ല എന്നാ
ണെങ്കിൽ ഞങ്ങളുടെ പ്രസംഗങ്ങൾ നിരർത്ഥക
ങ്ങളാണ്. നിങ്ങളുടെ വിശ്വാസവും അർത്ഥ
രഹിതമാണ്. 15ദൈവത്തെപ്പറ്റി കള്ളസാക്ഷ്യം
പറയുന്നതിനാൽ ഞങ്ങൾ കുറ്റക്കാരുമാകും. എ
ന്തെന്നോ? ദൈവം ക്രിസ്തുവിനെ ഉയിർത്തെ
ഴുന്നേല്പിച്ചു എന്ന് ഞങ്ങൾ ദൈവത്തെപ്പറ്റി
തെറ്റായി പ്രസംഗിച്ചു. മരിച്ചവർ ഉയിർത്തെഴു
ന്നേൽക്കില്ല എന്നാണെങ്കിൽ ദൈവം ക്രിസ്തു
വിനെ ഒരിക്കലും ഉയിർത്തെഴുന്നേല്പിച്ചില്ല.
16മരിച്ചവർ ഉയിർത്തപ്പെട്ടില്ലെങ്കിൽ ക്രിസ്തു
വും ഒരിക്കലും ഉയിർക്കപ്പെട്ടില്ല. 17ക്രിസ്തു
ഉയിർത്തപ്പെട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം
അർത്ഥരഹിതമാണ്. നിങ്ങൾ ഇപ്പോഴും നിങ്ങ
ളുടെ പാപങ്ങളാൽ കുറ്റക്കാരാണ്. 18ക്രിസ്തു
വിലായിരിക്കുന്ന മരിച്ചവർ നഷ്ടപ്പെടുകയും
ചെയ്തു. 19ക്രിസ്തുവിലുള്ള നമ്മുടെ പ്രതീക്ഷ
ഈ ഭൂമിയിലെ ജീവിതത്തിൽ മാത്രമാണെങ്കിൽ
മറ്റുള്ള ആരെയുംകാൾ ഞങ്ങളോട് ജനങ്ങൾക്കു
സഹതാപം തോന്നും.

20എന്നാൽ ക്രിസ്തു മരണത്തിൽനിന്നും
ഉയിർത്തെഴുന്നേല്പിക്കപ്പെട്ടു- മരണത്തിൽ ഉറ
ങ്ങിക്കിടന്ന വിശ്വാസികളിൽനിന്ന് ആദ്യ
മായി. 21ഒരു മനുഷ്യന്റെ പ്രവൃത്തിമൂലം മനു
ഷ്യന് മരണം സംഭവിക്കുന്നു. എന്നാൽ ഒരു
മനുഷ്യൻ മൂലം മരണത്തിൽനിന്നുള്ള ഉയിർ
ത്തെഴുന്നേല്പും സംഭവിക്കുന്നു. 22ആദാമിൽ
നാമെല്ലാവരും മരിക്കുന്നു. അതുപോലെ, ക്രി
സ്തുവിൽ നമ്മളെല്ലാം വീണ്ടും ജീവിപ്പിക്കപ്പെ
ടും. 23പക്ഷേ എല്ലാവരും ശരിയായ ക്രമത്തിൽ
ജീവിതത്തിലേക്ക് ഉയർത്തപ്പെടും. ക്രിസ്തുവാ
യിരുന്നു ആദ്യത്തെയാൾ. ക്രിസ്തു വീണ്ടും
വരുമ്പോൾ, ക്രിസ്തുവിന്റെ ജനതയും ഉയിർ
ത്തെഴുന്നേല്പിക്കപ്പെടും. 24അപ്പോൾ അവസാ
നവും വരും. എല്ലാ ഭരണാധിപന്മാരെയും അധി
കാരികളെയും ശക്തികളെയും ക്രിസ്തു നശി
പ്പിക്കും. അനന്തരം ക്രിസ്തു പിതാവായ ദൈവ
ത്തിനു രാജ്യം സമർപ്പിക്കും. 25എല്ലാ ശത്രുക്ക
ളെയും ദൈവം തന്റെ നിയന്ത്രണത്തിലാക്കു
വോളം ക്രിസ്തു ഭരിക്കണം. 26നശിപ്പിക്കപ്പെ
ടേണ്ട അവസാന ശത്രു മരണമാകുന്നു. 27തിരു
വെഴുത്തു പറയുന്നു, "ദൈവം എല്ലാറ്റിനെയും
അവന്റെ നിയന്ത്രണത്തിൻ കീഴിലാക്കി."*
"എല്ലാറ്റിനേയും" എന്നു പറയുമ്പോൾ അതിൽ
ദൈവം വരില്ലെന്നു വ്യക്തമാണ്. ദൈവമാണ്
എല്ലാറ്റിനേയും ക്രിസ്തുവിന്റെ നിയന്ത്രണ
ത്തിലാക്കുന്നവൻ. 28എല്ലാം ക്രിസ്തുവിന്റെ
കീഴിലാക്കിക്കഴിയുമ്പോൾ പുത്രൻ സ്വയം ദൈ
വത്തിൻ കീഴിലാകും. ദൈവമാണ് എല്ലാറ്റി
നേയും ക്രിസ്തുവിന്റെ കീഴിലാക്കിയത്.
ദൈവം പൂർണ്ണമായും എല്ലാറ്റിനേയും ഭരിക്കുന്ന
താകയാൽ ക്രിസ്തുവും ദൈവത്തിൻ കീഴിലാ
ക്കപ്പെടും. 29മരിച്ചവർ ഉയിർത്തെഴുന്നേല്പിക്ക
പ്പെടുന്നില്ലെങ്കിൽ പിന്നെ മരിച്ചവർക്കു വേണ്ടി
സ്നാനപ്പെട്ടവർ എന്തുചെയ്യും? മരിച്ചവർ ഉയി
ർപ്പിക്കപ്പെടുകയില്ലെങ്കിൽ പിന്നെ എന്തിന്
അവർക്കുവേണ്ടി സ്നാനപ്പെടുന്നു? 30നാം
തന്നെ എന്തിന് എല്ലായ്പ്പോഴും അപകടത്തിൽ
പെട്ടു കിടക്കണം? 31ഞാൻ എന്നും മരിക്കുന്നു.
അതു സത്യമാണ്, സഹോദരന്മാരേ, നമ്മുടെ
കർത്താവായ യേശുക്രിസ്തുവിൽ ഞാൻ നിങ്ങ
ളെച്ചൊല്ലി അഭിമാനിക്കുന്ന പോലെ സത്യ
മാണ്. 32എഫെസൊസിൽ വച്ച് മാനുഷികമായ
കരങ്ങളാൽ ഞാൻ വന്യജീവികളുമായി
എന്റെ അഭിമാനത്തിനു വേണ്ടിമാത്രം ഏറ്റുമു
ട്ടി ഞാൻ ഒന്നും തന്നെ നേടിയില്ല. മനുഷ്യർ
മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെടുന്നില്ലെ
ങ്കിൽ "നാളെ നമ്മൾ മരിക്കുമെന്നതിനാൽ നമു
ക്കു തിന്നുകയും കുടിക്കുകയും ചെയ്യാം."*
33വിഡ്ഢികളാക്കപ്പെടരുത്: "ചീത്തക്കൂട്ടു
കാർ നല്ല ശീലങ്ങളെ നശിപ്പിക്കുന്നു." 34നിങ്ങ
ളുടെ ശരിയായ ചിന്തയിലേക്കു മടങ്ങിവരി
കയും പാപം ചെയ്യുന്നത് അവസാനിപ്പിക്കു
കയും ചെയ്യുക. നിങ്ങളിൽ ചിലർ ദൈവത്തെ
അറിയുന്നില്ല. അതു നാണക്കേടു തന്നെ എന്നു
ഞാൻ പറയുന്നു.

നമ്മുടെ ശരീരം ഏതുവിധത്തിൽ

35പക്ഷേ ചിലർ ചോദിച്ചേക്കാം, "എങ്ങനെ
യാണ് മരിച്ചവർ ഉയിർക്കപ്പെട്ടത്? ഏതു തരം
ശരീരമാണവർക്കുണ്ടാകുക?" 36അതൊക്കെ
മണ്ടൻ ചോദ്യങ്ങളാണ്. നിങ്ങൾ വിത്തു നടു
മ്പോൾ അതു മുളച്ചുവരും മുമ്പ് മണ്ണിൽ മരി
ക്കണം. 37നിങ്ങൾ നടുന്ന വിത്തിന് പിന്നീട്
അതേ ശരീരമായിരിക്കില്ല ഉണ്ടാവുക. നിങ്ങൾ
നടുന്നത് ഒരു വിത്തുമാത്രം. അതു ഗോതമ്പോ
മറ്റെന്തു വേണമെങ്കിലും ആകാം. 38പക്ഷേ ദൈ
വം ആലോചിച്ചുറച്ച ഒരു രൂപം അതിനു നൽ
കും. ദൈവം ഓരോ വിത്തിനും ഓരോ ശരീരവും
നൽകുന്നു. 39എല്ലാ ശരീരവും ഒരുപോലെയല്ല.
മനുഷ്യന് ഒരുതരം "ശരീരം," മൃഗങ്ങൾക്കു മറ്റൊരു
ശരീരം, പക്ഷികൾക്കു വേറൊന്ന്, മത്സ്യങ്ങ
ൾക്കും വ്യത്യസ്തമായ ശരീരം. 40സ്വർഗ്ഗീയ
ശരീരങ്ങളും ഭൗമീക ശരീരങ്ങളുമുണ്ട്. പക്ഷേ
സ്വർഗ്ഗീയ ശരീരങ്ങളുടെ തേജസ്സു ഒരു തരം.
ഭൗമിക ശരീങ്ങളുടെ തേജസ്സ് മറ്റൊരു തരം.
41സൂര്യന് ഒരു തരം തേജസ്സ്, ചന്ദ്രന് മറ്റൊരു
തരം, നക്ഷത്രങ്ങൾക്ക് വേറൊരുതരം. ഓരോ
നക്ഷത്രവും തേജസ്സിൽ വ്യത്യസ്തങ്ങളാണ്.

42മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെട്ടവരുടെ
കാര്യവും അങ്ങനെ തന്നെ. "നടപ്പെട്ട" ശരീരം
നശിച്ച് അഴുകും. ആ ശരീരം അനശ്വരതയി
ലേക്ക് ഉയർത്തപ്പെടും. 43ഒരു ശരീരം "നടു
മ്പോൾ" അപമാനത്തിലാണു നടുക. പക്ഷേ
അതുയിർക്കുമ്പോൾ മഹത്വത്തോടെയും. ശരീ
രം"നടുമ്പോൾ" അതു ദുർബ്ബലം. എന്നാൽ ഉയി
ർക്കുമ്പോൾ അതിനു ശക്തിയുണ്ടാകും.44"നട്ട"
ശരീരം ഭൗതികശരീരമാണ്. ഉയിർത്തെഴുന്നേൽ
ക്കുമ്പോൾ അതു ആത്മീയശരീരമാകും. ഭൗതിക
ശരീരമുള്ളതിനാൽ ആത്മീയശരീരവുമുണ്ട്.
45തിരുവെഴുത്തുകളിൽ ഇങ്ങനെ എഴുതിയിരി
ക്കുന്നു. "ആദ്യത്തെ മനുഷ്യൻ ആദാം ഒരു ദേഹി
യായി"* പക്ഷേ അവസാനത്തെ ആദാം (ക്രി
സ്തു) ജീവിതം നൽകുന്ന ആത്മാവായി.
46ആത്മീയ മനുഷ്യൻ ആദ്യം വന്നില്ല. ആദ്യം
വന്നത് ഭൗതിക മനുഷ്യനാണ്; പിന്നീട് ആത്മീ
യ മനുഷ്യനും. 47ആദ്യമനുഷ്യൻ ഭൂമിയിലെ
പൊടിയിൽനിന്നും വന്നു. രണ്ടാമൻ സ്വർഗ്ഗ
ത്തിൽനിന്നും വന്നു. 48ജനങ്ങൾ ഭൂമിയുടേ
താണ്. അവർ ഭൂമിയുടെ ആദ്യ മനുഷ്യനെപ്പോ
ലെയാണ്. എ ന്നാൽ സ്വർഗ്ഗത്തിന്റെ ആളുകൾ
സ്വർഗ്ഗത്തിൽനിന്നും വന്നവനെപ്പോലെയാ
കുന്നു. 49നമ്മൾ ആ ഭൗമ മനുഷ്യനെപ്പോലെ

"ദൈവം ... കീഴിലാക്കി" ഉദ്ധരണി സങ്കീ. 8:6.

"നാളെ ... ചെയ്യാം." ഉദ്ധരണി യെശ. 22:13, 56:12, ലൂക്കൊ. 12:19-20

"ആദ്യത്തെ ... ദേഹിയായി" ഉദ്ധരണി ഉല്പ. 2:7.

ഉണ്ടാക്കപ്പെട്ടവരാണ്. അതുകൊണ്ട് നമ്മളും ആ
സ്വർഗ്ഗീയ മനുഷ്യനെപ്പോലെ ആക്കപ്പെടും.
50ഞാൻ നിങ്ങളോടിതു പറയുന്നു, സഹോ
ദരീസഹോദരന്മാരേ, മാംസത്തിനും രക്ത
ത്തിനും ദൈവരാജ്യത്തിൽ പങ്കു കിട്ടുകയില്ല.
അനശ്വരമായതിൽ നശ്വരമായവയ്ക്ക് പൈതൃ
കാവകാശമൊന്നും കിട്ടുകയില്ല. 51പക്ഷേ ശ്ര
ദ്ധിക്കൂ, ഞാൻ നിങ്ങളോട് ഈ രഹസ്യം പറ
യുന്നു: നമ്മൾ എല്ലാവരും മരിക്കയില്ല, പക്ഷേ
നമ്മൾക്കെല്ലാവർക്കും മാറ്റമുണ്ടാകും. 52അതിന്
ഒരു നിമിഷം മാത്രമേ വേണ്ടൂ. ഒന്നു കണ്ണു
ചിമ്മുന്നത്ര വേഗത്തിൽ നമ്മൾ മാറ്റപ്പെടും.
അവസാനത്തെ കാഹളം മുഴങ്ങുമ്പോൾ, അതു
സംഭവിക്കും. മരിച്ച വിശ്വാസികൾ ജീവിത
ത്തിൻെറ അനശ്വരതയിലേക്കുയർത്തപ്പെടും.
നമ്മളെല്ലാവരും മാറ്റപ്പെടും. 53നശ്വരമായ ഈ
ശരീരം അനശ്വരതയാൽ ആവരണം ചെയ്യപ്പെ
ടണം. മരിക്കുന്ന ഈ ശരീരം അനശ്വരമായ
എന്തെങ്കിലും ധരിക്കണം. 54അതുകൊണ്ട് നശി
ക്കുന്ന ഈ ശരീരം സ്വയം അനശ്വരമായതു
ധരിക്കും. മരിക്കുന്ന ഈ ശരീരം മരിക്കാത്തതും
ധരിക്കും. അതു സംഭവിക്കുമ്പോൾ തിരുവെഴു
ത്തിലെ ഈ വചനങ്ങൾ യാഥാർത്ഥ്യമാകും:

"മരണത്തെ വിജയം വിഴുങ്ങി."

യെശയ്യാവ് 25:8

55"മരണമേ, എവിടെയാണു നിൻെറ വിജ
യം? പാതാളമേ മുറിവേല്പിക്കാനുള്ള നിൻെറ
ശക്തിയെവിടെ?"

ഹോശയ 13:14

56മുറിവേല്പിക്കാനുള്ള മരണത്തിൻെറ ശക്തി
പാപമാണ്. ന്യായപ്രമാണമാണ് പാപത്തി
ൻെറ ശക്തി. 57പക്ഷേ ദൈവത്തിനു നാം നന്ദി
പറയുക! നമ്മുടെ കർത്താവായ യേശുക്രിസ്തു
വിലൂടെ അവൻ നമുക്കു വിജയം നൽകുന്നു.
58അതുകൊണ്ട്, എൻെറ പ്രിയപ്പെട്ട സഹോദ
രസഹോദരിമാരേ, ശക്തരായിരിക്കുക. നിങ്ങ
ളെ മാറ്റാൻ ഒന്നിനെയും അനുവദിക്കാതിരി
ക്കുക. എപ്പോഴും കർത്താവിൻെറ ജോലിയിൽ
നിങ്ങളെത്തന്നെ പൂർണ്ണമായും സമർപ്പിക്കുക.
കർത്താവിലുള്ള നിങ്ങളുടെ ജോലി ഒരിക്കലും
വ്യർത്ഥമല്ലെന്നു നിങ്ങൾക്കറിയാം.

മറ്റു വിശ്വാസികൾക്കുള്ള ശേഖരണം

16 ദൈവത്തിൻെറ ജനങ്ങൾക്കുവേണ്ടിയുള്ള
ധനശേഖരണത്തെപ്പറ്റി ഇനി ഞാൻ
എഴുതാം. ഗലാത്യയിലെ സഭകൾക്കുഞാൻ നൽ
കിയ നിർദ്ദേശങ്ങൾ നിങ്ങളും അനുസരിക്കുക.
2നിങ്ങൾക്കു ലഭിച്ച അനുഗ്രഹത്തിൽനിന്നും
ആഴ്ചയിലെ എല്ലാ ആദ്യദിവസങ്ങളിലും
ആകാവുന്നത്ര പണം ഓരോരുത്തരും സ്വരൂപി
ക്കുക. ആ പണം ഒരു പ്രത്യേകസ്ഥലത്ത് സൂ
ക്ഷിക്കുക. അപ്പോൾ ഞാൻ വരുമ്പോൾ നിങ്ങ
ൾക്കു പണം ശേഖരിക്കേണ്ടിവരില്ല. 3ഞാൻ വരു
മ്പോൾ നിങ്ങളുടെ ദാനം യെരൂശലേമിലേക്കു
കൊണ്ടുപോകാൻ ഞാൻ ചിലരെ അയയ്ക്കും.
പണം കൊണ്ടുപോകാൻ നിങ്ങൾ അംഗീക
രിക്കുന്നവരായിരിക്കും അവർ. അവർക്കു ഞാൻ
കത്തും കൊടുത്തു വിടാം. 4ഞാൻ പോകുന്നതും
നല്ലതാണെന്നു തോന്നുന്നുവെങ്കിൽ അവർക്ക്
എന്നോടൊത്തുപോകാം.

പൌലൊസിൻെറ പദ്ധതി

5മക്കെദോന്യയിലൂടെ പോകാനാണെൻെറ
പരിപാടി. മക്കെദോന്യയിലൂടെ പോയതിനു
ശേഷം ഞാൻ നിങ്ങളുടെ അടുത്തുവരും. 6കുറ
ച്ചുകാലം ഞാനവിടെ തങ്ങാനിടയുണ്ട്. ശീത
കാലം മുഴുവനും തന്നെ ഞാനവിടെ തങ്ങി
യേക്കാം. അപ്പോൾ ഞാൻ പോകുന്നിടത്തൊ
ക്കെ എൻെറ യാത്രയിൽ നിങ്ങൾക്കു എന്നെ
സഹായിക്കാനാവും. 7മറ്റു ചില സ്ഥലങ്ങളി
ലേക്കു പോകേണ്ടതുകൊണ്ട് ധൃതിപിടിച്ച്
നിങ്ങളെ വന്നു കാണാൻ എനിക്കിപ്പോൾ ആഗ്ര
ഹമില്ല. കർത്താവ് അനുവദിക്കുമെങ്കിൽ വളരെ
ക്കാലം നിങ്ങളോടൊത്തു കഴിയാമെന്നാണെ
ൻെറ പ്രതീക്ഷ. 8പക്ഷേ പെന്തെക്കൊസ്തു
വരെ ഞാൻ എഫെസോസിൽ താമസിക്കും.
9ഞാനിവിടെ താമസിക്കുന്നതിനു കാരണം,
വലിയതും സഫലവുമായ ഒരു ജോലി ചെ
യ്യാൻ ഞാൻ നിയുക്തനാകുന്ന ഒരവസരം കിട്ടി
യിരിക്കുന്നു. ഇതിനെതിരെ പ്രവർത്തിക്കുന്ന
വരും അനവധിയുണ്ട്.
10തിമൊഥെയൊസ് നിങ്ങളുടെയടുത്തേക്കു
വന്നേക്കാം. നിങ്ങളുടെയടുത്ത് അവന് സൗക
ര്യപ്രദമായിരിക്കുന്ന കാര്യം ഉറപ്പു വരുത്തുക.
അവനും എന്നെപ്പോലെ കർത്താവിനുവേണ്ടി
പ്രവർത്തിക്കുന്നു. 11അതിനാൽ നിങ്ങളിലാരും
അവനെ സ്വീകരിക്കാൻ മടിക്കരുത്. സമാധാന
പരമായ യാത്രയിലേക്കു അയാളെ നയിക്കുക.
അയാൾക്കു എൻെറ അടുത്തേക്കു മടങ്ങിവരേ
ണ്ടതുണ്ട്, സഹോദരന്മാരെയും കൊണ്ട് അവൻ
മടങ്ങിവരുന്നതും കാത്തിരിക്കുകയാണു ഞാൻ.
12ഇനി നമ്മുടെ സഹോദരൻ അപ്പൊല്ലൊസി
നെക്കുറിച്ച്: സഹോദരന്മാരോടൊത്ത് നിങ്ങളെ
സന്ദർശിക്കാൻ ഞാനവനെ കഠിനമായി പ്രേരി
പ്പിച്ചു. പക്ഷേ ഇപ്പോൾ വരുന്നില്ലെന്ന് അവൻ
നിശ്ചയിച്ചിരുന്നു. പക്ഷേ അവസരം കിട്ടു
മ്പോൾ അവൻ വരും.

പൌലൊസ് കത്ത് അവസാനിപ്പിക്കുന്നു

13സൂക്ഷിച്ചിരിക്കുക. വിശ്വാസത്തിൽ നില
നിൽക്കുക. ധൈര്യമായിരിക്കുക. ശക്തരായിരി
ക്കുക. 14സ്നേഹത്തോടെ എല്ലാം ചെയ്യുക.
15അഖായയിൽ സ്തെഫാനൊസും കുടുംബവു
മായിരുന്നു ആദ്യവിശ്വാസികളെന്നു നിങ്ങൾക്ക
റിയാം. അവർ ദൈവത്തിൻെറ ആളുകളുടെ
സേവനത്തിനായി സ്വയം സമർപ്പിച്ചവരായി
രുന്നു. സഹോദരീസഹോദരന്മാരേ ഞാൻ
ആവശ്യപ്പെടുന്നു, 16ഇതുപോലെയുള്ള നടത്തി
പ്പിനെ അനുധാവനം ചെയ്ക; മാത്രമല്ല, അവ
രോടൊത്തു പ്രവർത്തിക്കുകയും അദ്ധ്വാനിക്കു
കയും ചെയ്യുന്നവരെ പിന്തുടരുക.
17സ്തെഫാനൊസും ഫൊർത്തുനാതൊസും
അഖായിക്കൊസും വന്നതിൽ ഞാൻ സന്തുഷ്ട
നാണ്. നിങ്ങൾ വന്നില്ലെങ്കിലും ആ സ്ഥാനത്ത്
അവരുടെ സാന്നിദ്ധ്യമുണ്ട്. 18അവരുടെ സാന്നി
ദ്ധ്യം എൻെറയും നിങ്ങളുടെയും ആത്മാക്കൾക്ക്
വിശ്രമം നൽകി. അവരെപ്പോലുള്ളവരുടെ
മാഹാത്മ്യം നിങ്ങളറിയണം.
19ആസ്യയിലെ സഭകൾ നിങ്ങളെ അഭി
വാദ്യം ചെയ്യുന്നു. അക്വിലാവും പ്രിസ്കി
ല്ലയും കർത്താവിൽ നിങ്ങൾക്ക് അഭിവാദ്യങ്ങ
ളേറെ അയയ്ക്കുന്നു. അവരുടെ വസതിയിൽ
ചേരുന്ന സഭയും നിങ്ങൾക്ക് അഭിവാദ്യം നേരു
ന്നു. 20ഇവിടെയുള്ള എല്ലാ സഹോദരരും നിങ്ങ
ൾക്ക് അഭിവാദ്യം നേരുന്നു. നിങ്ങൾ കണ്ടുമുട്ടു

മ്പോൾ പരസ്പരം വിശുദ്ധചുംബനങ്ങൾ നൽ
കുക. 21പൌലൊസായ ഞാൻ ഈ ആശംസ
കൾ സ്വന്തം കൈപ്പടയിലെഴുതുന്നു. 22കർത്താ
വിനെ സ്നേഹിക്കാത്ത ആരെങ്കിലും ഉണ്ടെ
ങ്കിൽ, അവൻ ദൈവത്തിൽനിന്നും
വേർവിടപ്പെട്ട് എന്നെന്നേക്കുമായി നഷ്ടപ്പെ
ടട്ടെ. കർത്താവേ വരിക!* 23കർത്താവായ
യേശുവിൻെറ കൃപ നിങ്ങളോടൊത്തുണ്ടാകട്ടെ.
24ക്രിസ്തുയേശുവിൽ എൻെറ സ്നേഹം നിങ്ങ
ളിലെല്ലാവരിലും ഉണ്ടാകട്ടെ.

കർത്താവേ വരിക “മാർഅനാതാ” എന്നാണ് അരാമിയ പദം.ട

കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം

1 ദൈവേച്ഛയനുസരിച്ച് യേശുക്രിസ്തുവി
ന്റെ അപ്പൊസ്തലനായിത്തീർന്ന പൌ
ലൊസും ക്രിസ്തുവിൽ നമ്മുടെ സഹോദര
നായ തിമൊഥെയൊസും കൊരിന്തിലെ ദൈ
വസഭയ്ക്കും അഖായയിലെ മുഴുവൻ ദൈവ
ജനത്തിനുമായി ആശംസകൾ അയയ്ക്കുന്നത്.
2നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർ
ത്താവായ യേശു ക്രിസ്തുവിൽനിന്നും നിങ്ങ
ൾക്കു കൃപയും സമാധാനവും.

പൌലൊസ് ദൈവത്തിനു നന്ദി പറയുന്നു

3ദൈവവും നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിന്റെ പിതാവുമായവനു സ്തുതി.
പൂർണ്ണമായും കാരുണ്യം നിറഞ്ഞ പിതാവാ
കുന്നു ദൈവം. എല്ലാ ആശ്വാസത്തിന്റെയും
ദൈവമാകുന്നു അവൻ.4നമുക്ക് പ്രശ്നങ്ങളുണ്ടാ
കുമ്പോഴൊക്കെ അവൻ നമ്മെ ആശ്വസി
പ്പിക്കും, അതുകൊണ്ട് മറ്റുള്ളവരുടെ പ്രശ്നങ്ങ
ളിൽ നമുക്കവരെ ആശ്വസിപ്പിക്കാൻ കഴിയും.
ദൈവം നമുക്കു നൽകുന്ന അതേ ആശ്വാസം
നമുക്കു മറ്റുള്ളവർക്കും നൽകാൻ കഴിയും. 5ക്രി
സ്തുവിന്റെ പല കഷ്ടങ്ങളിലും നമ്മൾ പങ്കു
ചേരുന്നു. അതുപോലെ ക്രിസ്തുവിലൂടെ
നമുക്ക് വളരെ ആശ്വാസവും കൈവരുന്നു.
6പ്രശ്നങ്ങളുണ്ടെങ്കിൽ ആ പ്രശ്നങ്ങൾ നിങ്ങ
ളുടെ ആശ്വാസത്തിനും രക്ഷയ്ക്കും വേണ്ടി
യാണ്. ഞങ്ങൾക്ക് ആശ്വാസം ഉണ്ടെങ്കിൽ അത്
നിങ്ങൾക്കും ഉള്ളതാണ്. ഇത് ഞങ്ങൾക്കുള്ള
അതേ കഷ്ടങ്ങൾ ക്ഷമയോടെ സ്വീകരിക്കാൻ
നിങ്ങളെ സഹായിക്കുന്നു. 7നിങ്ങളിലുള്ള ഞ
ങ്ങളുടെ പ്രതീക്ഷ ശക്തമാണ്. നിങ്ങൾ ഞങ്ങ
ളുടെ കഷ്ടങ്ങൾ പങ്കുവയ്ക്കുന്നുണ്ടെന്നു ഞങ്ങ
ൾക്കറിയാം. അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ
ആശ്വാസവും പങ്കുവയ്ക്കുന്നുവെന്നും ഞങ്ങള
റിയുന്നു.
8സഹോദരീസഹോദരന്മാരേ, ആസ്യയിൽ
ഞങ്ങളനുഭവിച്ച പ്രയാസങ്ങളെപ്പറ്റി നിങ്ങളറി
യണമെന്നു ഞങ്ങളാഗ്രഹിക്കുന്നു. അവിടെ
വലിയ പീഢകൾ ഞങ്ങൾക്കുണ്ടായിരുന്നു.
അവ ഞങ്ങൾക്കു താങ്ങാനാവുന്നതിലും വലു
തായിരുന്നു. ജീവിതത്തിന്റെ പ്രതീക്ഷപോലും
ഞങ്ങൾക്കു നഷ്ടപ്പെട്ടു.9ഞങ്ങൾ മരിക്കുമെന്ന്
ഞങ്ങൾ മനസ്സിൽ കരുതി. ഞങ്ങൾ ഞങ്ങളുടെ
സ്വയത്തിൽ ആശ്രയിക്കാതെ മരിച്ചവരെ ഉയിർ
ത്തെഴുന്നേല്പിക്കുന്ന ദൈവത്തിൽ ഞങ്ങൾ
ആശ്രയിക്കുന്നതിനാലാണ് അതു സംഭവിച്ചത്.
10ആ മരണസദൃശ്യമായ അപകടങ്ങളിൽനിന്നും
ദൈവം ഞങ്ങളെ രക്ഷിച്ചു. അവൻ ഞങ്ങളെ
തുടർന്നും രക്ഷിക്കും. ഞങ്ങൾ അവനിൽ പ്രതീ
ക്ഷയർപ്പിച്ചു. തുടർന്നും അവൻ ഞങ്ങളെ
കാക്കും. 11നിങ്ങൾക്കു നിങ്ങളുടെ പ്രാർത്ഥന
യിൽ ഞങ്ങളെ സഹായിക്കാനാവും. അപ്പോൾ
അനേകംപേർ വളരെ പ്രാർത്ഥിച്ചതുകൊണ്ട്
ദൈവം ഞങ്ങളെ അനുഗ്രഹിച്ചതിനാൽ ഞങ്ങ
ൾക്കായി നന്ദി പറയും.

പൌലൊസിന്റെ പദ്ധതിയിലെ മാറ്റം

12ഈ ലോകത്തിൽ ഞങ്ങൾ ചെയ്ത എല്ലാ
പ്രവൃത്തികൾക്കും ദൈവത്തിൽനിന്നും കിട്ടിയ
ശുദ്ധ ഹൃദയത്തോടെയും ആത്മാർത്ഥതയോ
ടെയും ഞങ്ങൾ പ്രവർത്തിച്ചു. തുറന്ന ഹൃദയ
ത്തോടെ ഇതു സത്യമാണെന്ന് എനിക്കു പറയാ
നാകും. അതിൽ ഞങ്ങൾ അഭിമാനിക്കുകയും
ചെയ്യുന്നു. നിങ്ങളോടൊത്തു ഞങ്ങൾ ചെയ്
തവ കൂടുതൽ സത്യമാണ്. ലൗകീകമായ വിജ്
ഞാനം കൊണ്ടല്ല, ദൈവത്തിന്റെ കൃപകൊ
ണ്ടാണ് ഞങ്ങളിതു ചെയ്തത്. 13നിങ്ങൾക്കു വാ
യിച്ചു മനസ്സിലാക്കാനാകുന്ന കാര്യങ്ങൾ മാത്ര
മേ ഞങ്ങൾ നിങ്ങൾക്കു എഴുതുന്നുള്ളൂ. 14നിങ്ങ
ൾക്കിതിനകം ഞങ്ങളെ ഭാഗികമായി മനസ്സിലാ
ക്കാൻ കഴിഞ്ഞതുപോലെ നിങ്ങൾക്കെപ്പോഴും
മനസ്സിലാക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷി
ക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു
വീണ്ടും വരുമ്പോൾ ഞങ്ങൾ നിങ്ങളെപ്പറ്റി
അഭിമാനം കൊള്ളുന്നതുപോലെ നിങ്ങൾക്കു
ഞങ്ങളെപ്പറ്റിയും അഭിമാനിക്കാമെന്നത് നി
ങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷി
ക്കുന്നു. 15ഇതെപ്പറ്റി എനിക്കുറപ്പുണ്ടായിരുന്നു,
അതുകൊണ്ടാണ് നിങ്ങളെ ആദ്യം തന്നെ സന്ദർ
ശിക്കാമെന്ന് ഞാൻ ആലോചിച്ചത്. അപ്പോൾ
നിങ്ങൾക്കു രണ്ടു തവണ അനുഗൃഹീതരാവാം.
16മക്കെദൊന്യയിലേക്കു പോകും വഴി നിങ്ങളെ
സന്ദർശിക്കാമെന്ന് ഞാൻ കരുതിയിരുന്നു. മട
ങ്ങുമ്പോഴും നിങ്ങളെ കാണാമെന്ന് ഞാൻ
കരുതി. യെഹൂദ്യയിലേക്കുള്ള എന്റെ യാത്ര
യ്ക്ക് നിങ്ങളുടെ സഹായം ആവശ്യമായിരുന്നു.
17ചിന്തിക്കാതെയാണ് ഞാൻ ആ പരിപാടി
കളിട്ടതെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഒരേ
സമയം “അതെ, അതെ,” എന്നു പറഞ്ഞിട്ട്
അതേ സമയം “അല്ല, അല്ല,” എന്നു പറയുന്ന
ലൗകീകരെപ്പോലെയാണു ഞാൻ പരിപാടിക
ളിടുന്നതെന്നു നിങ്ങൾ ചിന്തിച്ചിരിക്കാം.
18നിങ്ങൾക്കു ദൈവത്തെ വിശ്വസിക്കാൻ
കഴിയുമെങ്കിൽ, ഞങ്ങൾ നിങ്ങളോടു ഒരിയ്
ക്കലും“അതെ”എന്നും “അല്ല” എന്നും ഒരേ സമ
യത്തു പറയുകയില്ലെന്ന് നിങ്ങൾക്കു വിശ്വ
സിക്കാം. 19ദൈവപുത്രനായ യേശുക്രിസ്തുവും
സില്വാനൊസും, തിമൊഥെയൊസും ഞാനും
പ്രസംഗിച്ചത് “അതെ” എന്നും “അല്ല” എന്നു
മല്ല. ക്രിസ്തുവിൽ അതെപ്പോഴും “അതെ”
എന്നായിരുന്നു. 20ദൈവത്തിന്റെ എല്ലാ വാഗ്
ദാനങ്ങളും ക്രിസ്തുവിൽ “അതെ” എന്നാണ്.
അതുകൊണ്ടാണ് ക്രിസ്തുവിലൂടെ നാമെ
പ്പോഴും ദൈവത്തിന്റെ മഹത്വത്തിന്
“ആമേൻ” എന്നു പറയുന്നത്. 21ദൈവമാണ്
ക്രിസ്തുവിൽ നിങ്ങളെയും ഞങ്ങളെയും ശക്ത
രാക്കുന്നത്. ദൈവം ഞങ്ങളെ അഭിഷിക്തരാക്കി,
തന്റെ വിശേഷപ്പെട്ട അനുഗ്രഹവും ഞങ്ങ
ൾക്കു നൽകി. 22ഞങ്ങൾ അവന്റേതാണെന്നു
തെളിയിക്കാൻ അവൻ ഞങ്ങൾക്ക് അവന്റെ
അടയാളമിട്ടു. അവൻ വാഗ്ദാനം ചെയ്തതു

നൽകുമെന്നതിന് ഒരു തെളിവെന്ന നിലയിൽ
അവന്റെ ആത്മാവിനെ- ഒരു ഉറപ്പെന്ന
പോലെ- ഞങ്ങളുടെ ഹൃദയത്തിൽ നിറച്ചു.
23ഞാൻ നിങ്ങളോടിതു പറയുന്നു, ഇത് സത്യ
മാണെന്നതിനു ദൈവം എന്റെ സാക്ഷിയാ
കണമെന്നു ഞാൻ അപേക്ഷിക്കുന്നു: നിങ്ങളെ
ശിക്ഷിക്കുകയോ മുറിവേല്പിക്കുകയോ ചെയ്യാ
തിരിക്കാനാണ് ഞാൻ കൊരിന്തിലേക്കു മടങ്ങി
വരാതിരുന്നത്. 24നിങ്ങളുടെ വിശ്വാസം നിയ
ന്ത്രിക്കാനാണു ഞങ്ങൾ ശ്രമിക്കുന്നതെന്നല്ല
ഞാൻ അർത്ഥമാക്കുന്നത്. നിങ്ങളുടേത് അടി
യുറച്ച വിശ്വാസമാണ്. പക്ഷേ ഞങ്ങൾ നിങ്ങ
ളുടെ തന്നെ സന്തോഷത്തിനായി നിങ്ങളോ
ടൊത്തു പ്രവർത്തിക്കുന്നവരാണ്.

2 അതുകൊണ്ട് എന്റെ അടുത്ത സന്ദർശനം
നിങ്ങളെ സങ്കടപ്പെടുത്തുന്നതിനായിരിക്ക
രുതെന്നു ഞാൻ നിശ്ചയിച്ചു. 2ഞാൻ നിങ്ങളെ
സങ്കടപ്പെടുത്തിയാൽ എന്നെ ആരു സന്തോഷി
പ്പിക്കും? ഞാൻ ദു:ഖിതരാക്കിയ നിങ്ങൾക്കു
മാത്രമേ എന്നെ സന്തോഷിപ്പിക്കാനാവൂ.
3ഇക്കാരണംകൊണ്ട് ഞാൻ നിങ്ങൾക്ക് ഒരു കത്ത
യച്ചു. അതുവഴി ഞാൻ നിങ്ങളുടെയടുത്ത് വരു
മ്പോൾ എന്നെ സന്തോഷിപ്പിക്കേണ്ടവർഎന്നെ
സങ്കടപ്പെടുത്താതിരിക്കണം. എനിക്കു നിങ്ങളെ
പ്പറ്റി ഉറപ്പുണ്ട്. നിങ്ങളെല്ലാവരും എന്റെ ആ
ഹ്ലാദം പങ്കിടുമെന്ന് എനിക്കുറപ്പുണ്ട്. 4മുമ്പ്
ഞാൻ നിങ്ങൾക്കെഴുതിയപ്പോൾ, എനിക്കു മന
സ്സിൽ വളരെ ചിന്താഭാരവും ദു:ഖവുമായിരു
ന്നു. നിറയെ കണ്ണുനീരോടെയാണു ഞാനെഴു
തിയത്. നിങ്ങളെ സങ്കടപ്പെടുത്താനല്ല ഞാനെ
ഴുതിയത്. ഞാൻ നിങ്ങളെ എത്രമാത്രം സ്നേ
ഹിക്കുന്നുവെന്ന് നിങ്ങളെ ബോധ്യപ്പെടുത്താ
നാണ്.

തെറ്റു ചെയ്തവനോടു ക്ഷമിക്കുക

5നിങ്ങളുടെയിടയിൽ ഒരുവൻ സങ്കടമു
ണ്ടാക്കി. അയാൾ എനിക്കുമാത്രമല്ല സങ്കടം വരു
ത്തിയത്- ഒരു തരത്തിൽ നിങ്ങൾക്കെല്ലാവർക്കും
കൂടിയാണ്. (ഉള്ളതിൽ കൂട്ടിപറയാൻ എനിക്കാ
ഗ്രഹമില്ല.) 6നിങ്ങൾ മിക്കവരും അയാൾക്കു
നൽകിയ ശിക്ഷ മതിയായതാണ്.7ഇനി നിങ്ങൾ
അവനോടു പൊറുക്കുകയും അയാളെ ആശ്വ
സിപ്പിക്കുകയും വേണം. അല്ലെങ്കിൽ കടുത്ത
ദു:ഖം അവനെ ഗ്രസിക്കും. 8അതിനാൽ നിങ്ങൾ
അവനെ സ്നേഹിക്കുന്നെന്ന് കാണിക്കാൻ
ഞാൻ അപേക്ഷിക്കുന്നു. 9അതുകൊണ്ടാണു
ഞാൻ നിങ്ങൾക്കെഴുതിയത്. നിങ്ങളെ പരീക്ഷി
ക്കുകയും നിങ്ങൾ എല്ലാം അനുസരിക്കുന്നുണ്ടോ
എന്നു എനിക്ക് നോക്കുകയും വേണമായിരുന്നു.
10നിങ്ങൾ ഒരാളോടു ക്ഷമിച്ചാൽ ഞാനും അവ
നോടു പൊറുക്കും. ഞാൻ പൊറുത്തിട്ടുണ്ടെ
ങ്കിൽ അതു നിങ്ങളെ കരുതി ക്രിസ്തുവിന്റെ
സമക്ഷത്തിലാണ്. 11സാത്താൻ നമ്മിൽനിന്ന്
ഒന്നും നേടരുത് എന്നു കരുതിയാണ് ഞാനിതു
ചെയ്തത്. സാത്താന്റെ പദ്ധതികൾ ഞങ്ങ
ൾക്കു നന്നായറിയാം.

ത്രോവാസിൽ പൌലൊസിന്റെ ഉത്കണ്ഠ

12ത്രോവാസിൽ ക്രിസ്തുവിന്റെ സുവി
ശേഷം പ്രസംഗിക്കുന്നതിനായി ഞാൻ പോയി.
അവിടെ കർത്താവ് എനിക്കൊരു നല്ല അവ
സരം തന്നു. 13അവിടെ എന്റെ സഹോദരൻ
തീത്തോസിനെ കണ്ടെത്താൻ കഴിയാഞ്ഞതിൽ
എന്റെ മനസ്സ് സ്വസ്ഥമായില്ല. അതുകൊണ്ട്
ഞാൻ അവിടം വിട്ട് മക്കെദോന്യെക്കു പോയി.

ക്രസ്തുവിലൂടെ വിജയം

14ദൈവത്തിനു നന്ദി. ദൈവം നമ്മെ
എപ്പോഴും ക്രസ്തുവിലൂടെ വിജയത്തിലേക്കു
നയിക്കുന്നു. ഒരു സുഗന്ധതൈലത്തിന്റെ
പരിമളം പോലെ അവനെക്കുറിച്ചുള്ള വിജ്ഞാ
നത്തെ എങ്ങും പരത്തുവാൻ ദൈവം ഞങ്ങളെ
ഉപയോഗിക്കുന്നു. 15ദൈവത്തിനു നൽകുവാൻ
ഞങ്ങൾക്കുള്ളത് ഇതാണ്: ദൈവത്തിന്റെ
കാഴ്ചയിൽ രക്ഷിക്കപ്പെടുന്നവരുടെയും നശി
ക്കുന്നവരുടെയുമിടയിൽ ഞങ്ങൾ ക്രിസ്തു
വിന്റെ പരിമളമാണ്. 16നശിക്കുന്നവർക്ക് ഞ
ങ്ങൾ മരണം കൊണ്ടുവരുന്ന മരണത്തിന്റെ
ദുർഗന്ധമാണ്. രക്ഷിക്കപ്പെടുന്നവർക്കോ,
ഞങ്ങൾ ജീവൻ കൊണ്ടുവരുന്ന ജീവന്റെ പരി
മളവും. അതുകൊണ്ട് ഇതു ചെയ്യുവാൻ ആ
രാണു യോഗ്യൻ? 17മറ്റുള്ളവർ ചെയ്യുന്നതു
പോലെ ദൈവവചനം വിറ്റു കാശുണ്ടാക്കു
വാൻ ഞങ്ങൾക്കാഗ്രഹമില്ല. പക്ഷേ ആത്മാർ
ത്ഥതയോടെ ക്രിസ്തുവിൽ ഞങ്ങൾ ദൈവസാ
ന്നിദ്ധ്യത്തിൽ സത്യം സംസാരിക്കുന്നു. ദൈവം
അയച്ചവരെപ്പോലെ ഞങ്ങൾ സംസാരിക്കുന്നു.

ദൈവത്തിന്റെ പുതിയനിയമത്തിന്റെ ദാസന്മാർ

3 ഞങ്ങൾ വീണ്ടും സ്വയം അഭിമാനിക്കുന്നു
വെന്നോ? ഞങ്ങൾക്ക് മറ്റു ചിലരെപ്പോലെ
നിങ്ങൾക്കോ നിങ്ങളിൽനിന്നോ ശുപാർശക്ക
ത്തുവേണമെന്നോ? 2നിങ്ങൾ തന്നെ ഞങ്ങളുടെ
കത്താണ്. ആ കത്ത് നിങ്ങളുടെ ഹൃദയങ്ങളിൽ
എഴുതപ്പെട്ടിരിക്കുന്നു. അത് എല്ലാവരാലും
അറിയപ്പെടുകയും വായിക്കപ്പെടുകയും ചെ
യ്യുന്നു. 3ക്രിസ്തു ഞങ്ങളിലൂടെ അയച്ച ഒരു
കത്താണു നിങ്ങളെന്നു നിങ്ങൾതന്നെ സ്വയം
തെളിയിക്കുക. ആ കത്ത് മഷി കൊണ്ടല്ല,
പക്ഷേ, ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവു
കൊണ്ട് എഴുതിയതാണ്. അത് കല്പലകകളിലല്ല
എഴുതിയിരിക്കുന്നത്. മനുഷ്യഹൃദയങ്ങളി
ലാണ്.
4ക്രിസ്തുവിലൂടെ ദൈവത്തിനു മുമ്പാകെ
ഞങ്ങൾക്കു വിശ്വാസമുള്ളതുകൊണ്ട് ഞങ്ങ
ൾക്കു ഇതൊക്കെ പറയാം. 5ഞങ്ങൾക്ക് സ്വന്ത
മായി ഈ പ്രവൃത്തി ചെയ്യാനുള്ള കഴിവുണ്ടെ
ന്നല്ല ഞാൻ പറയുന്നത്. ഞങ്ങളുടെ പ്രവൃത്തി
കളെല്ലാം ചെയ്യാനുള്ള കഴിവുണ്ടാക്കിയത് ദൈ
വമാണ്. 6ദൈവം തന്റെ ജനതയുമായുണ്ടാ
ക്കിയ പുതിയനിയമത്തിന്റെ കഴിവുറ്റ ദാസ
ന്മാരാകാൻ ഞങ്ങളെ പ്രാപ്തരാക്കി. ഈ
പുതിയനിയമം ഒരു എഴുതപ്പെട്ട ന്യായപ്രമാ
ണമല്ല. അത് ആത്മാവിന്റേതാണ്. എഴുതപ്പെട്ട
ന്യായപ്രമാണം മരണത്തെ കൊണ്ടുവരുന്നു.
എന്നാൽ ആത്മാവ് ജീവൻ നൽകുന്നു.

പുതിയനിയമം ഉന്നത മഹത്വം തരുന്നു

7മരണത്തിന്റെ ശുശ്രൂഷ കല്ലിൽ എഴുതപ്പെ
ട്ടിരിക്കുന്നു. ദൈവമഹത്വത്തോടൊത്താണതു
വന്നത്. യിസ്രായേൽജനതയ്ക്ക് തുടർച്ചയായി
നോക്കാൻ കഴിയാത്തത്ര തേജസ്സായിരുന്നു മോ
ശെയുടെ മുഖത്ത്. പിന്നീട് ആ മഹത്വത്തിന്റെ
തേജസ്സ് മാഞ്ഞു കൊണ്ടിരുന്നു. 8തീർച്ചയായും
ആത്മാവിന്റെ ശുശ്രൂഷ അതിലും മഹത്വമേറി
യതായിരിക്കും. 9ഇതാണു ഞാൻ അർത്ഥമാക്കു

ന്നത്. ജനങ്ങളെ പാപികളെന്നു വിധിച്ച ആ
ശുശ്രൂഷ മഹത്വമുള്ളതായിരുന്നു. അപ്പോൾ ജന
ങ്ങളെ ദൈവത്തിനു മുമ്പിൽ നീതീകരിക്കുന്ന
ശുശ്രൂഷയ്ക്ക് അത്യധികം മഹത്വമുണ്ടാകും.
10ആ പഴയ ശുശ്രൂഷയ്ക്കു മഹത്വമുണ്ടായി
രുന്നു. എന്നാൽ പുതിയ ശുശ്രൂഷയുടെ മഹത്വ
വുമായി തുലനം ചെയ്യുമ്പോൾ ആദ്യത്തേതിനു
ഒന്നുമുണ്ടായിരുന്നില്ല. **11**മങ്ങിയത് മഹത്വത്തോ
ടെയാണു വന്നതെങ്കിൽ ഈ നിത്യമായ
ശുശ്രൂഷ അതിലും മഹത്വമുള്ളതാണ്.

12ഇത്തരം പ്രതീക്ഷയുള്ളതിനാൽ ഞങ്ങൾ
ധൈര്യശാലികളാണ്. **13**ഞങ്ങൾ മോശെയെ
പ്പോലെയല്ല. അവൻ തന്റെ മുഖത്തിനു ഒരാവ
രണമണിഞ്ഞു. യിസ്രായേൽക്കാർ അതു
കാണാതിരിക്കാനാണ് അവൻ മുഖം മൂടിയത്.
മഹത്വം അപ്രത്യക്ഷമാവുകയായിരുന്നു. അവർ
അതിന്റെ അവസാനം കാണരുതെന്ന് മോശെ
ആഗ്രഹിച്ചിരുന്നു. **14**പക്ഷേ ഒന്നും മനസ്സിലാകാ
ത്തവിധം അവരുടെ മനസ്സ് അടച്ചിരുന്നു. ഇന്നു
പോലും അവർ പഴയനിയമം വായിക്കുമ്പോൾ
അതേ ആവരണം അർത്ഥത്തെ മൂടിയിരിക്കുന്നു.
ആ ആവരണം മാറ്റപ്പെട്ടിരുന്നില്ല. ക്രിസ്തുവി
ലൂടെ മാത്രമേ അതു മാറ്റപ്പെടൂ. **15**എന്നാൽ
ഇന്നും, അവർ മോശെയുടെ ന്യായപ്രമാണം
വായിക്കുമ്പോൾ അവരുടെ മനസ്സിനുമുകളിൽ
ഒരാവരണം ഉണ്ടാകും. **16**എന്നാൽ ഒരാൾ മാന
സാന്തരപ്പെട്ട് കർത്താവിനെ പിന്തുടർന്നാൽ,
ആ ആവരണം മാറ്റപ്പെടും. **17**കർത്താവ് ആത്മാ
വാകുന്നു. കർത്താവിന്റെ ആത്മാവ് എവി
ടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ടാകും.
18നമ്മുടെ മുഖങ്ങൾ മൂടിയിട്ടില്ല. നാമെല്ലാം
കർത്താവിന്റെ മഹത്വം കാണിക്കുന്നു. നമ്മൾ
അവനെപ്പോലെ മാറ്റപ്പെടുന്നു. നമ്മിലെ ആ
മാറ്റം കൂടുതൽ കൂടുതൽ മഹത്വത്തെ കൊണ്ടുവ
രുന്നു. ഈ മഹത്വം കർത്താവിൽനിന്നു വരുന്നു.
അവൻ ആത്മാവുമാകുന്നു.

മൺഭരണികളിലെ ആത്മീയ നിധി

4 ദൈവം, അവന്റെ കാരുണ്യത്താൽ, ഞങ്ങ
ളെ ഈ ജോലി ചെയ്യാൻ ഏല്പിച്ചു. അതു
കൊണ്ട് ഞങ്ങൾ നിരാശരാകുന്നില്ല. അതുപേ
ക്ഷിക്കുന്നുമില്ല. **2**പക്ഷേ ഞങ്ങൾ നാണം കെട്ട
രഹസ്യവഴികളിൽനിന്നു മാറിയിരിക്കുന്നു. ഞ
ങ്ങൾ കൗശലങ്ങളുപയോഗിക്കാനോ ദൈവ
ത്തിന്റെ ഉപദേശങ്ങൾ മാറ്റാനോ കൂട്ടാക്കിയി
ട്ടില്ല. ഞങ്ങൾ സത്യം തുറന്നുതന്നെ പഠിപ്പി
ക്കുന്നു. അങ്ങനെയാണ് ഞങ്ങൾ ആരെന്നു ജന
ങ്ങൾക്കു കാണിച്ചുകൊടുക്കുന്നത്. ദൈവ
ത്തിനു മുന്നിൽ ഞങ്ങളാരാണെന്ന് അങ്ങനെ
യാണവർക്കു അവരുടെ ഹൃദയത്തിൽ മനസ്സിലാ
യത്. **3**ഞങ്ങൾ പ്രസംഗിക്കുന്ന സുവിശേഷം
മൂടുപടമണിഞ്ഞതായിരിക്കാം. പക്ഷേ നഷ്ട
പ്പെട്ടവർക്കുമാത്രമേ അതു മൂടുപടമണിഞ്ഞ
താകൂ. **4**അവിശ്വാസികളുടെ മനസ്സിനെ ഈ
ലോകത്തിന്റെ ഭരണാധിപൻ* അന്ധമാക്കി
യിരിക്കുന്നു. അവർക്ക് സുവിശേഷത്തെ- ക്രി
സ്തുവിന്റെ മഹത്വത്തിന്റെ സുവിശേഷ
ത്തെ വെളിച്ചമായി കാണാൻ കഴിയില്ല. ക്രി
സ്തുവാണ് ദൈവത്തിന്റെ പ്രതിച്ഛായ.
5ഞങ്ങൾ ഞങ്ങളെപ്പറ്റി പ്രസംഗിക്കുന്നില്ല.
എന്നാൽ യേശുക്രിസ്തുവാണ് കർത്താവ് എ
ന്നത്രെ ഞങ്ങൾ പ്രസംഗിക്കുന്നത്; ഞങ്ങൾ
യേശുവിനുവേണ്ടി നിങ്ങളുടെ ദാസന്മാരാ
ണെന്നും. **6**ദൈവം ഒരിക്കൽ പറഞ്ഞു, "ഇരുട്ടിൽ
നിന്ന് പ്രകാശം തിളങ്ങും!" ഈ ദൈവം തന്നെ
യാണ് അവന്റെ വെളിച്ചം ഞങ്ങളുടെ ഹൃദയ
ങ്ങളിൽ പ്രകാശിപ്പിച്ചത്. ക്രിസ്തുവിന്റെ
മുഖത്തെ ദൈവീകതേജസ്സിനെ അറിയാൻ
അനുവദിക്കുക വഴിയാണ് ദൈവം ഞങ്ങൾക്കു
ആ പ്രകാശം നൽകിയത്.

7ദൈവത്തിൽ നിന്നാണ് ഞങ്ങൾക്ക് ഈ
നിധി ലഭിച്ചത്. പക്ഷേ ഞങ്ങൾ ആ നിധി
ഉൾക്കൊള്ളുന്ന മൺഭരണികൾ മാത്രമാണ്. ആ
മഹാശക്തി ഞങ്ങളിൽ നിന്നല്ലമറിച്ച് ദൈവ
ത്തിൽനിന്നാണെന്ന് അതുകാണിക്കുന്നു. **8**ഞ
ങ്ങൾക്കു ചുറ്റും നിറയെ ബുദ്ധിമുട്ടുകളാണെ
ങ്കിലും ഇതുവരെ പരാജയപ്പെട്ടിട്ടില്ല. എന്താ
ണു ചെയ്യേണ്ടതെന്നു പോലും ചിലപ്പോൾ
ഞങ്ങൾക്കറിയാൻ കഴിയില്ലെങ്കിലും ഞങ്ങൾ
കൈവിടപ്പെട്ടിട്ടില്ല. **9**പലപ്പോഴും ഞങ്ങൾ
പീഢിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഞങ്ങൾ കൈ
വിടുകയില്ല. ചിലപ്പോൾ ഞങ്ങൾക്കു വേദനി
ച്ചിട്ടുണ്ടെങ്കിലും ഞങ്ങൾ നശിപ്പിക്കപ്പെട്ടിട്ടില്ല.
10യേശുവിന്റെ മരണം എല്ലായ്പ്പോഴും
ഞങ്ങൾ ഞങ്ങളുടെ ശരീരത്തിൽ പേറുന്നു.
ക്രിസ്തുവിന്റെ ജീവിതവും ഞങ്ങളുടെ ശരീര
ത്തിലൂടെ അറിയേണ്ടതിലേക്കായി ഞങ്ങൾ കർ
ത്താവിന്റെ മരണത്തെ വഹിക്കുന്നു. **11**ഞങ്ങൾ
ജീവിച്ചിരിക്കുന്നെങ്കിലും യേശുവിനു വേണ്ടി
ഞങ്ങളെപ്പോഴും മരണം എന്ന അപകടത്തി
ലാണ്. യേശുക്രിസ്തുവിന്റെ ജീവിതം
നമ്മുടെ നശ്വരമായ ശരീരത്തിൽ കാണുന്നതി
നാണു നമുക്കിങ്ങനെ സംഭവിക്കുന്നത്. **12**അതി
നാൽ മരണം ഞങ്ങളിൽ പ്രവർത്തിക്കുന്നു,
പക്ഷേ ജീവൻ നിങ്ങളിലും.

13തിരുവെഴുത്തുകളിൽ ഇങ്ങനെ എഴുതപ്പെ
ട്ടിരിക്കുന്നു, "ഞാൻ വിശ്വസിച്ചു, അതിനാൽ
ഞാൻ സംസാരിച്ചു."* ഞങ്ങളുടെ വിശ്വാസ
വും അങ്ങനെയാണ്. ഞങ്ങൾ വിശ്വസിക്കുന്നു,
അതിനാൽ ഞങ്ങൾ സംസാരിക്കുന്നു. **14**കർത്താ
വായ യേശുവിനെ ദൈവം ഉയിർത്തെഴുന്നേ
ല്പിച്ചു. ദൈവം ഞങ്ങളെയും യേശുവിനോ
ടൊത്ത് ഉയിർപ്പിക്കുമെന്ന് ഞങ്ങൾക്കറിയാം.
ദൈവം ഞങ്ങളെ നിങ്ങളോടൊത്തു കൊണ്ടു
വരികയും നമ്മൾ അവന്റെ സന്നിധിയിൽ
നിൽക്കുകയും ചെയ്യും. **15**ഇതെല്ലാം നിങ്ങൾക്കു
വേണ്ടിയാണ്. അങ്ങനെ ദൈവത്തിന്റെ കാരു
ണ്യം കൂടുതൽ കൂടുതൽ ആളുകൾക്കു നൽകു
മ്പോൾ അത് ദൈവത്തിന്റെ മഹത്വത്തിന്
കൂടുതൽ കൂടുതൽ സ്തോത്രങ്ങളെ കൊണ്ടു
വരും.

വിശ്വാസത്തോടെ ജീവിക്കുന്നു

16അതുകൊണ്ടാണ് ഞങ്ങൾ ഒരിക്കലും ദുർബ്ബ
ലരാകാത്തത്. ഞങ്ങളുടെ ഭൗതികശരീരം ദിനം
പ്രതി ദുർബ്ബലമാകുമ്പോഴും ഞങ്ങളുടെ ഉള്ളി
ലെ ആത്മാവ് പുതുതായിക്കൊണ്ടിരിക്കുന്നു.
17കുറച്ചു സമയത്തേക്കു ഞങ്ങൾക്കു ചെറിയ
പ്രശ്നങ്ങളുണ്ടെങ്കിലും ആ പ്രശ്നങ്ങൾ ഞ
ങ്ങളെ നിത്യമഹത്വത്തിലേക്കു നയിക്കുന്നു. ആ
മഹത്വമാണ് പ്രശ്നങ്ങളെക്കാൾ വലുത്. **18**അതു
കൊണ്ട് ഞങ്ങൾ കാണുന്നതിനെപ്പറ്റിയല്ല
കാണാനാകാത്തതിനെപ്പറ്റി ചിന്തിക്കുന്നു.
കണ്ടതിനെപ്പറ്റിയല്ല. നമ്മൾ കാണുന്നത് കുറച്ചു

ഭരണാധിപൻ "ദൈവം" എന്നർത്ഥം.

"ഞാൻ … സംസാരിച്ചു" ഉദ്ധരണി സങ്കീ. 116:10.

സമയത്തേക്കേ നിലനിൽക്കൂ. നമ്മൾക്കു കാണാ
നാകാത്തതു എന്നെന്നും നിലനിൽക്കും.

5 ഞങ്ങളുടെ ശരീരം- ഞങ്ങൾ ഈ ഭൂമിയിൽ
വസിക്കുന്ന കൂടാരം-തകർക്കപ്പെടുമെന്ന്
ഞങ്ങൾക്കറിയാം. പക്ഷേ ദൈവം ഞങ്ങൾക്കു
വസിക്കാൻ ഒരു വീടു കരുതും. അതു മനുഷ്യ
നിർമ്മിതമായിരിക്കയില്ല. അത് സ്വർഗ്ഗത്തിൽ
നിത്യമായ ഒന്നായിരിക്കും. 2പക്ഷേ ഞങ്ങളുടെ
ഈ ശരീരം ക്ഷീണിതമായിരിക്കുന്നു. ഞങ്ങ
ളുടെ സ്വർഗ്ഗീയ ഭവനത്തിനായി ഞങ്ങൾ ദൈ
വത്തോടു പ്രാർത്ഥിക്കുന്നു. 3അതു ഞങ്ങളെ
വസ്ത്രം ധരിപ്പിച്ച് ഞങ്ങളുടെ നഗ്നത മറ
യ്ക്കും. 4ഈ കൂടാരത്തിൽ ഞങ്ങൾ വസിക്കു
മ്പോൾ ഞങ്ങൾക്കു ഭാരങ്ങളുണ്ടാകുന്നു, ഭൗതീ
കമായ ഈ ശരീരം കൈവെടിയണമെന്ന ആശ
യാലല്ല പക്ഷേ സ്വർഗ്ഗീയമായ ഭവനത്തിൽ
വസിക്കണമെന്ന ആഗ്രഹത്താൽ തന്നെ. അ
പ്പോൾ നശ്വരമായ ഈ ശരീരം ജീവൻ കൊണ്ടു
പൊതിയപ്പെടും. 5അതിനായിട്ടാണു ദൈവം
ഞങ്ങളെ ഉണ്ടാക്കിയത്. ദൈവം ഞങ്ങൾക്കു
ആ ജീവൻ നൽകുമെന്നതിനു തെളിവായിട്ടാണ്
ആത്മാവിനെ ഞങ്ങൾക്കു നൽകിയിരിക്കുന്നത്.
6അതുകൊണ്ട് ഞങ്ങൾക്കു എപ്പോഴും ധൈര്യ
മുണ്ട്. ഈ ശരീരത്തിൽ ജീവിക്കുമ്പോൾ ഞങ്ങൾ
കർത്താവിൽനിന്നും അകലെയാണെന്നു ഞങ്ങ
ൾക്കറിയാം. 7വിശ്വാസത്താലാണു ഞങ്ങൾ
ജീവിക്കുന്നത്, കാണുന്നതിലല്ല. 8അതുകൊണ്ട്
ഞാൻ പറയുന്നു ഞങ്ങൾക്കു വിശ്വാസമുണ്ട്.
അതിനാൽ ഈ ശരീരത്തിൽനിന്നകന്ന് കർത്താ
വിനോടു കൂടെ വീട്ടിലായിരിക്കാൻ ഞങ്ങൾ
ആഗ്രഹിക്കുന്നു. 9ദൈവത്തെ പ്രീതിപ്പെടുത്തുക
യാണ് ഞങ്ങളുടെ ലക്ഷ്യം. ഞങ്ങളുടെ ഈ
ശരീരത്തിലായിരിക്കുമ്പോഴും കർത്താവിനോ
ടൊത്തായിരിക്കുമ്പോഴും അവനെ സന്തുഷ്ട
നാക്കുകയാണ് ഞങ്ങൾക്കാഗ്രഹം. 10ഞങ്ങൾ
എല്ലാവരും ക്രിസ്തുവിനു മുമ്പിൽ വിധിക്ക
പ്പെടാൻ നിന്നേ പറ്റൂ. ഓരോരുത്തനും അർഹി
ക്കുന്നതു ലഭിക്കും. ഭൂമിയിലെ ശരീരത്തിൽ ജീവി
ച്ചപ്പോൾ ചെയ്ത പ്രവൃത്തിയുടെ നന്മതിന്മയ
നുസരിച്ച് ഓരോരുത്തർക്കും വിധി ലഭിക്കും.

ദൈവത്തിൻെറ സ്നേഹിതരാകാൻ സഹായിക്കുന്നു

11കർത്താവിനെ ഭയക്കണമെന്നതിൻെറ അർ
ത്ഥമെന്തെന്ന് ഞങ്ങൾക്കറിയാം. അതിനാൽ
സത്യം സ്വീകരിക്കാൻ ആളുകളെ സഹായിക്കു
ന്നതിനു ഞങ്ങൾ ശ്രമിക്കുന്നു. ഞങ്ങൾ യഥാർ
ത്ഥത്തിൽ എന്താണെന്നു ദൈവത്തിനറിയാം.
നിങ്ങൾക്കും അതറിയാമെന്നാണെൻെറ ധാരണ.
12ഞങ്ങൾ നിങ്ങളോടു വീണ്ടും ആത്മ പ്രശംസ
നടത്തുകയല്ല. പക്ഷേ ഞങ്ങളെപ്പറ്റി നിങ്ങ
ളോടു പറയുകയാണ്. ഞങ്ങളെച്ചൊല്ലി അഭിമാ
നിക്കാനുള്ള കാരണങ്ങൾ നൽകുകയാണ്.
പുറമേ കാണാവുന്ന കാര്യങ്ങളുടെ അടിസ്ഥാ
നത്തിൽ അഹങ്കരിക്കുന്നവരോട് മറുപടി പറ
യാൻ നിങ്ങൾക്കപ്പോൾ കഴിയും. ഒരാളുടെ ഹൃദ
ത്തിലെന്താണുള്ളതെന്ന് അവർ കാര്യമാക്കു
ന്നില്ല. 13ഞങ്ങൾ മാനസീകമായി സുബോധ
മില്ലാത്തവരാണെങ്കിൽ അതു ദൈവത്തിനു
മാത്രം വേണ്ടിയാണ്. ഞങ്ങൾക്കു നേരായ മന
സ്സുണ്ടെങ്കിൽ അതു നിങ്ങൾക്കുമാണ്. 14ക്രിസ്തു
വിൻെറ സ്നേഹം ഞങ്ങളെ നിയന്ത്രിക്കുന്നു.
എന്തുകൊണ്ടെന്നാൽ ഒരുവൻ എല്ലാ ജനത
യ്ക്കുവേണ്ടിയും മരിച്ചു എന്നു ഞങ്ങൾക്ക
റിയാം. അതുകൊണ്ട് എല്ലാവരും മരിച്ചു. 15ജീവി
ച്ചിരിക്കുന്നവർക്ക് ഇനിയങ്ങോട്ടു തങ്ങൾക്കു
വേണ്ടി ജീവിക്കാതിരിക്കാൻ ക്രിസ്തു എല്ലാവ
ർക്കും വേണ്ടി മരിച്ചു. അവൻ അവർക്കുവേണ്ടി
മരിക്കുകയും ഇനി അവൻ തനിക്കു വേണ്ടി
ജീവിക്കുന്നതിനായി ഉയിർത്തെഴുന്നേൽക്കു
കയും ചെയ്തു.

16ഇപ്പോൾ മുതൽ ആരെപ്പറ്റിയും ലൗകീകർ
ചിന്തിക്കുന്നതുപോലെ ഞങ്ങൾ ചിന്തിക്കുക
യില്ല. മുമ്പ് ഞങ്ങൾ ക്രിസ്തുവിനെപ്പറ്റി ഈ
വഴിയിൽ ചിന്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ
ഞങ്ങളങ്ങനെ ചിന്തിക്കില്ല. 17ഒരുവൻ ക്രിസ്തു
വിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു.
പഴയതെല്ലാം മാറിയിരിക്കുന്നു. എല്ലാം പുതു
താക്കപ്പെട്ടിരിക്കുന്നു. 18ഈയുള്ളതെല്ലാം ദൈവ
ത്തിൽനിന്നാണ്. ദൈവം ക്രിസ്തുവിലൂടെ
അവനേയും നമ്മേയും അനുരഞ്ജിപ്പിച്ചു. ജന
ങ്ങളെ അവനോട് അനുരഞ്ജിപ്പിക്കുന്ന വേല
ദൈവം ഞങ്ങൾക്കു തരികയും ചെയ്തു. 19മനു
ഷ്യരാശിക്കും തനിക്കുമിടയിൽ സമാധാനം
സ്ഥാപിച്ചുകൊണ്ട് ദൈവം ക്രിസ്തുവിൽ
ഉണ്ടായിരുന്നെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.
മനുഷ്യരുടെ പാപങ്ങൾ അവർക്കെതിരായി
കണക്കിലെഴുതാതെ ക്രിസ്തുവിൽ ജീവിക്കുന്ന
വരെ ദൈവം പാപവിമുക്തരാക്കുന്നു. ജനങ്ങ
ൾക്ക് ഈ സമാധാനസന്ദേശം എത്തിക്കാൻ
അവൻ ഞങ്ങളെ നിയോഗിച്ചു. 20അതുകൊണ്ടു
ക്രിസ്തുവിനു വേണ്ടി പ്രസംഗിക്കാൻ ഞങ്ങൾ
അയയ്ക്കപ്പെട്ടിരിക്കുന്നു. അത് ദൈവം ഞങ്ങളി
ലൂടെ ജനങ്ങളെ വിളിക്കുന്നതുപോലെയായി
രുന്നു. നിങ്ങൾ ദൈവവുമായി സമാധാന
ത്തിൽ കഴിയണമെന്ന് നിങ്ങളോട് അപേക്ഷി
ക്കുമ്പോൾ ഞങ്ങൾ ക്രിസ്തുവിൻെറ പേരിൽ
സംസാരിക്കുകയാണ്. 21ക്രിസ്തുവിൽ പാപമി
ല്ലായിരുന്നു. എന്നാൽ ദൈവം അവനെ ഞങ്ങ
ളെപ്രതി പാപമാക്കി. ദൈവസമക്ഷം ഞങ്ങൾ
ക്രിസ്തുവിൽ നീതീകരിക്കപ്പെടുന്നതിനാണ്
അവൻ ഇങ്ങനെ ചെയ്തത്.

6 ഞങ്ങൾ ദൈവത്തോടൊത്ത് പ്രവർത്തിക്കു
ന്നവരാണ്. അതുകൊണ്ട് ഞങ്ങൾ നിങ്ങ
ളോട് അപേക്ഷിക്കുന്നു: ദൈവത്തിൽനിന്ന്
നിങ്ങൾ സ്വീകരിച്ച കൃപ വ്യർത്ഥമാക്കരുത്.
2ദൈവം പറയുന്നു,

“തക്കസമയത്ത് ഞാൻ നിന്നെ കേട്ടു. രക്ഷ
യുടെ ദിവസത്തിൽ ഞാൻ നിനക്ക് സഹായ
വും നൽകി.” *യെശയ്യാവ് 49:8*

ഞാൻ നിങ്ങളോടു പറയുന്നു, ഇതാണ് “തക്ക
സമയം” “രക്ഷയുടെ ദിവസം” ഇതാകുന്നു.

3ഞങ്ങളുടെ പ്രവൃത്തിയിൽ ജനങ്ങൾ എന്തെ
ങ്കിലും തെറ്റ് കണ്ടുപിടിക്കാൻ ഞങ്ങൾക്കാഗ്രഹ
മില്ല. അതുകൊണ്ട് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാ
ക്കുന്ന ഒരു പ്രവൃത്തിയും ഞങ്ങൾ ചെയ്യുകയില്ല.
4പക്ഷേ യാതനകൾ സഹിച്ചും കുഴപ്പങ്ങളിൽ
അകപ്പെട്ടും പ്രയാസപ്പെട്ടും വലിയ പ്രശ്ന
ങ്ങളെ നേരിട്ടുകൊണ്ടും എല്ലാമാർഗ്ഗത്തിലും
ദൈവത്തിൻെറ ദാസന്മാരാണെന്ന് ഞങ്ങൾ
കാണിക്കുന്നു. 5മർദ്ദിക്കപ്പെടുകയും തടവറയി
ലേക്ക് എറിയപ്പെടുകയും ചെയ്യുന്നു. ജനങ്ങൾ
കോപാകുലരായി ഞങ്ങൾക്കെതിരായി ലഹ
ളകൾ സംഘടിപ്പിക്കുന്നു. പലപ്പോഴും ഊണും
ഉറക്കവുമില്ലാതെ ഞങ്ങൾ കഠിനാദ്ധ്വാനം ചെ
യ്യുന്നു. 6ഞങ്ങൾ അറിവിലും ക്ഷമയിലും കാരു
ണ്യത്തിലും പരിശുദ്ധിയിലുംകൂടി ദൈവ

ത്തിന്റെ ദാസന്മാരാണെന്ന് കാണിച്ചു കൊ
ടുത്തു. പരിശുദ്ധാത്മാവിലൂടെയും യഥാർത്ഥ
സ്നേഹത്തിലൂടെയും, 7സത്യം പറഞ്ഞും ദൈ
വത്തിന്റെ ശക്തിയിലൂടെയും ഞങ്ങൾ അതു
കാണിച്ചു. എല്ലാത്തിനും ഞങ്ങൾക്കുവേണ്ടി
വാദിക്കുവാനുള്ള അവകാശം ഞങ്ങൾ നേരായ
മാർഗ്ഗത്തിൽ ഉപയോഗിക്കുന്നു. 8ചിലർ ഞങ്ങ
ളെ ആദരിക്കുന്നു, പക്ഷേ മറ്റു ചിലർ ഞങ്ങളെ
അപമാനിക്കുന്നു. ചിലർ ഞങ്ങളെപ്പറ്റി നല്ലത്
പറയുന്നെങ്കിലും വേറെ ചിലർ ദുഷിച്ചു പറ
യുന്നു. ചിലർ ഞങ്ങളെ നുണയന്മാരെന്നു വിളി
ക്കുന്നു. പക്ഷേ ഞങ്ങൾ സത്യം പറയുന്നവ
രാണ്. 9ചിലർ ഞങ്ങളെ അപരിചിതരായി കരു
തി. പക്ഷേ വളരെപ്പേർക്കു ഞങ്ങളെ അറിയാം.
ഞങ്ങൾ മരിക്കുന്നതുപോലെ കാണപ്പെട്ടു.
പക്ഷെ നോക്കൂ! ഞങ്ങൾ ജീവിച്ചുകൊണ്ടിരി
ക്കുന്നു. ശിക്ഷിക്കപ്പെട്ടുവെങ്കിലും ഞങ്ങൾ
കൊല്ലപ്പെട്ടില്ല. 10ഞങ്ങൾക്ക് ദു:ഖിക്കാൻ ഏറെ
യുണ്ടെങ്കിലും ഞങ്ങൾ എപ്പോഴും ഉല്ലസി
ക്കുന്നു. ഞങ്ങൾ പാവങ്ങളാണെങ്കിലും വിശ്വാ
സത്തിൽ അനേകം പേരെ ഞങ്ങൾ ധനികരാ
ക്കുന്നു. ഞങ്ങൾ ഒന്നുമിലാത്തവരെങ്കിലും
ഞങ്ങൾക്ക് എല്ലാമുണ്ട്.

11കൊരിന്ത്യരായ നിങ്ങളോട് ഞങ്ങൾ സ്വത
ന്ത്രമായി സംസാരിച്ചു. ഞങ്ങൾ നിങ്ങളോട്
ഹൃദയം തുറന്നു. 12നിങ്ങളോടുള്ള ഞങ്ങളുടെ
സ്നേഹവികാരങ്ങൾ നിലച്ചിട്ടില്ല. നിങ്ങളാണ്
നിങ്ങളുടെ സ്നേഹത്തിനു തടസ്സമുണ്ടാക്കി
യത്. 13നിങ്ങൾ എന്റെ മക്കൾ എന്ന പോലെ
യാണ് ഞാൻ നിങ്ങളോടു സംസാരിക്കുന്നത്.
ഞങ്ങൾ നിങ്ങളോട് ചെയ്തതു പോലെതന്നെ
ചെയ്യുകയും നിങ്ങളുടെ ഹൃദയം തുറക്കുകയും
ചെയ്യുക.

അക്രൈസ്തവരോടൊത്തുള്ള വാസത്തിനു മുന്നറിയിപ്പ്

14നിങ്ങൾ അവിശ്വാസികളെപ്പോലുള്ളവ
രല്ല. അതിനാൽ നിങ്ങൾ അവരോടു ചേരാതിരി
ക്കുക. നന്മയും തിന്മയും ഒരുമിച്ചിരിക്കില്ല. ഇരു
ട്ടും വെളിച്ചവും ഒന്നും പങ്കുവയ്ക്കില്ല. 15ക്രി
സ്തുവിന് ബെലീയാലുമായി എങ്ങനെ ചേരാ
നാകും.? ഒരു അവിശ്വാസിക്ക് വിശ്വാസിയോ
ടൊത്ത് എന്തു ചെയ്യാനാകും? 16ദൈവാലയ
ത്തിന് വിഗ്രഹങ്ങളുമായി ഒരു ചേർച്ചയുമില്ല.
ജീവിക്കുന്ന ദൈവത്തിന്റെ ആലയം നമ്മളാ
കുന്നു. ദൈവം പറഞ്ഞതുപോലെ:

"ഞാൻ അവരിൽ വസിക്കുകയും അവരോ
ടൊത്തു നടക്കുകയും ചെയ്യും. ഞാൻ അവരുടെ
ദൈവവും അവരെന്റെ ജനതയുമായിരിക്കും."
ലേവ്യ. 26:11-12

17"അതിനാൽ നിങ്ങൾ അവരിൽനിന്ന് അക
ലുക, സ്വയം അവരിൽനിന്ന് വേർപെടുക
കർത്താവ് പറയുന്നു. അശുദ്ധമായതൊന്നി
നെയും തൊടരുത്, അപ്പോൾ ഞാൻ നിങ്ങളെ
സ്വീകരിക്കും." *യെശയ്യാവ് 52:11*

18"ഞാൻ നിങ്ങളുടെ പിതാവായിരിക്കും,
നിങ്ങൾ എന്റെ പുത്രന്മാരും പുത്രികളും.
സർവ്വശക്തനായ കർത്താവു പറയുന്നു."
2 ശമുവേൽ 7:8;,7:14;

7 പ്രിയപ്പെട്ട സ്നേഹിതരേ, നമുക്ക് ദൈവ
ത്തിൽനിന്ന് ഈ വാഗ്ദാനങ്ങൾ ഉണ്ട്.
അതുകൊണ്ട് നമ്മുടെ ശരീരത്തെയും മനസ്സി
നെയും അശുദ്ധമാക്കുന്ന എല്ലാത്തിൽനിന്നും
നമുക്കു മോചനം നേടണം. നമ്മൾ ജീവിക്കുന്ന
മാർഗ്ഗത്തിൽത്തന്നെ പൂർണ്ണരാകുവാൻ നമുക്കു
ശ്രമിക്കാം. കാരണം നമ്മൾ ദൈവത്തെ ബഹു
മാനിക്കുന്നു.

പൌലൊസിന്റെ ആഹ്ലാദം

2നിങ്ങളുടെ ഹൃദയം ഞങ്ങൾക്കു തുറക്കുക.
ഞങ്ങൾ ആരോടും തെറ്റു ചെയ്തിട്ടില്ല. ഞങ്ങ
ളാരുടെയും വിശ്വാസത്തെ നശിപ്പിക്കുകയോ
വഞ്ചിക്കുകയോ ചെയ്തിട്ടില്ല. 3നിങ്ങളെ കുറ്റ
പ്പെടുത്താനല്ല ഞാനിതു പറയുന്നത്. നിങ്ങളോ
ടൊത്തു ജീവിക്കാനും മരിക്കാനും ഞങ്ങൾ തയ്യാ
റാണെന്നും അത്രമാത്രം ഞങ്ങൾ നിങ്ങളെ സ്നേ
ഹിക്കുന്നുവെന്നും ഞാൻ മുമ്പു നിങ്ങളോടു
പറഞ്ഞിട്ടുണ്ട്. 4എനിക്കു നിങ്ങളിൽ വലിയ
വിശ്വാസമുണ്ട്. ഞാൻ നിങ്ങളിൽ അഭിമാനി
ക്കുന്നു. നിങ്ങൾ എനിക്കു വളരെ ധൈര്യം
തരുന്നു. ഞങ്ങളുടെ എല്ലാ കഷ്ടതകളിലും
എനിക്കു വലിയ ആഹ്ലാദം തോന്നുന്നു.

5മക്കെദോന്യയിൽ എത്തിയപ്പോൾ ഞങ്ങ
ൾക്കു വിശ്രമമുണ്ടായില്ല. ഞങ്ങൾക്കു ചുറ്റും
കഷ്ടതകളായിരുന്നു. ഞങ്ങൾക്ക് ഉള്ളിൽ ഭയ
വും പുറത്തു യുദ്ധവുമായിരുന്നു. 6പക്ഷേ പ്രശ്
നങ്ങളുള്ളവരെ ദൈവം ആശ്വസിപ്പിക്കുന്നു.
തീത്തൊസ് വന്നപ്പോൾ ദൈവം ഞങ്ങളെ
ആശ്വസിപ്പിച്ചു. 7അവന്റെ വരവും അവനു
നിങ്ങൾ നൽകിയ ആശ്വാസവും ഞങ്ങളെ
ആശ്വസിപ്പിച്ചു. നിങ്ങൾക്ക് എന്നെ കാണുവാ
നുള്ള ആഗ്രഹം തീത്തൊസ് ഞങ്ങളോടു പറ
ഞ്ഞു. നിങ്ങൾക്കു നിങ്ങളുടെ പ്രവൃത്തികളിൽ
വളരെ ദു:ഖമുണ്ടെന്ന് അവൻ ഞങ്ങളോടു പറ
ഞ്ഞു. നിങ്ങൾക്കു എന്റെമേലുള്ള മഹത്തായ
ശ്രദ്ധയെക്കുറിച്ചും തീത്തൊസു പറഞ്ഞു. അതു
കേട്ടപ്പോൾ ഞാൻ ഏറെ സന്തോഷിച്ചു.

8ഞാൻ നിങ്ങൾക്കയച്ച എഴുത്ത് നിങ്ങളെ
മുമ്പ് ദു:ഖിതരാക്കിയിരുന്നു. എങ്കിലും അ
ങ്ങനെ എഴുതിയതിൽ എനിക്കു കുണ്ഠിതമില്ല.
ആ കത്ത് നിങ്ങളെ വേദനിപ്പിച്ചു എന്നെനിക്ക
റിയാം. അതിൽ ഞാൻ ദു:ഖിക്കുന്നു. പക്ഷേ
കുറച്ചു കാലത്തേക്കല്ലേ വേദന ഉണ്ടായുള്ളൂ.
9ഇപ്പോളെനിക്കു സന്തോഷം തോന്നുന്നു. നിങ്ങ
ളെ ദു:ഖിതരാക്കിയതിലല്ല നിങ്ങളുടെ സങ്കടം
നിങ്ങളിൽ മാനസാന്തരമുണ്ടാക്കി എന്നതിലാ
ണെന്റെ സന്തോഷം. ദൈവേച്ഛപോലെ
തന്നെ നിങ്ങൾ ദു:ഖിതരായി. അതിനാൽ നി
ങ്ങൾ ഒരു വഴിയിലും ഞങ്ങളാൽ പീഢിപ്പിക്ക
പ്പെട്ടില്ല. 10ദൈവം ആഗ്രഹിക്കുന്നപ്രകാരം
വേദിക്കുന്ന ഒരുവന് മാനസാന്തരം സംഭവി
ക്കുന്നു. ഇത് ഒരുവനെ രക്ഷയിലേക്കു നയി
ക്കുന്നു. നമുക്കതിൽ ദു:ഖിക്കേണ്ടതില്ല. എന്നാൽ,
ലോകത്തിനുള്ള ദു:ഖത്തിന്റെ രീതി മരണത്തെ
വരുത്തും. 11ദൈവീകമായ ദു:ഖം നിങ്ങൾക്കു
ണ്ടായിരുന്നു. ഇപ്പോൾ ആ ദു:ഖം നിങ്ങൾക്കെ
ന്താണു കൊണ്ടുവന്നതെന്നു കാണുക. ആ
ദു:ഖം നിങ്ങളെ വളരെ ഗൗരവക്കാരാക്കി. നി
ങ്ങൾ തെറ്റുകാരല്ലെന്നു സ്ഥാപിക്കാൻ നിങ്ങൾ
ക്കത് ആഗ്രഹമുണ്ടാക്കി. അതു നിങ്ങളെ കോപാ
കുലരും ഭീരുക്കളുമാക്കി. അത് എന്നെ കാണുന്ന
തിനു നിങ്ങളെ പ്രേരിപ്പിച്ചു. അതു നിങ്ങളെ
ശ്രദ്ധാലുക്കളാക്കി. ശരി മാത്രം ചെയ്യുന്നതിന്
അതു നിങ്ങളെ പ്രേരിപ്പിച്ചു. ആ പ്രശ്നത്തിൽ
നിങ്ങൾ നിങ്ങളെത്തന്നെ കുറ്റവിമുക്തരാക്കു

കയും ചെയ്തു. 12ഞാൻ ആ കത്തെഴുതിയതു
ഉപദ്രവം ചെയ്തവനോ, ഉപദ്രവിക്കപ്പെട്ട
വനോ വേണ്ടിയുമല്ല. പക്ഷേ നിങ്ങൾക്കു ഞങ്ങ
ളുടെ മേലുള്ള ശുഷ്കാന്തി ദൈവത്തിനു മു
മ്പാകെ കാണിക്കുന്നതിനായിരുന്നു ഞാൻ ആ
കത്തെഴുതിയത്. 13അതുകൊണ്ടാണ് ഞങ്ങൾ
ആശ്വസിപ്പിക്കപ്പെട്ടത്.

ഞങ്ങൾ വളരെ ആശ്വസിപ്പിക്കപ്പെട്ടു. കൂടാ
തെ തീത്തൊസിന്റെ ആഹ്ലാദത്തിൽ ഞങ്ങ
ൾക്കു കൂടുതൽ സന്തോഷമുളവായി. നിങ്ങളെ
ല്ലാവരും അവന്റെ മനസ്സിന് സ്വസ്ഥത നൽകി.
14നിങ്ങളെക്കുറിച്ച് ഞാൻ തീത്തൊസിനു മു
മ്പിൽ പ്രശംസ നടത്തി. നിങ്ങളുടെ കാര്യ
ത്തിൽ എനിക്കു തെറ്റുപറ്റിയില്ലെന്നും നിങ്ങൾ
തെളിയിച്ചു. 15നിങ്ങളെല്ലാവരും അനുസരി
ക്കാൻ തയ്യാറായിരുന്നു എന്നും ഓർക്കുമ്പോൾ
നിങ്ങളിലുള്ള അവന്റെ സ്നേഹം അധികം
വർദ്ധിക്കുന്നു. നിങ്ങൾ അവനെ ഭയത്തോടും
വിറയലോടും സ്വീകരിച്ചു. 16എനിക്കു നിങ്ങ
ളെ പൂർണ്ണമായും വിശ്വസിക്കാമെന്നതിനാൽ
എനിക്കു വളരെ സന്തോഷം.

ക്രിസ്തീയ ദാനം

8 സഹോദരന്മാരേ, മക്കെദോന്യയിലെ സഭ
കൾക്കു ദൈവം നൽകിയ കൃപയെക്കുറിച്ച്
നിങ്ങളെ അറിയിക്കാൻ ഇപ്പോൾ ഞങ്ങളാഗ്ര
ഹിക്കുന്നു. 2വലിയ ദുരന്തങ്ങളിലൂടെ ആ
വിശ്വാസികൾ പരീക്ഷിക്കപ്പെട്ടിരുന്നു. അവർ
വളരെ പാവങ്ങളാണ്. എന്നാൽ അവർ തങ്ങൾ
ക്കുണ്ടായ മഹത്തായ ആനന്ദംകൊണ്ട് വളരെ
ദാനം ചെയ്തു. 3കഴിയാവുന്നത്ര അവർ ദാനം
ചെയ്തുവെന്ന് എനിക്കു നിങ്ങളോടു പറയു
വാൻ കഴിയും. താങ്ങാവുന്നതിലധികം പോ
ലും ആ വിശ്വാസികൾ ദാനം ചെയ്തു. സൗജ
ന്യമായാണ് അവരിത് ചെയ്തത്. ആരും പറ
ഞ്ഞിട്ടുമല്ല. 4ദൈവത്തിന്റെ ജനതയ്ക്കായി ആ
ശുശ്രൂഷ പങ്കുവയ്ക്കാൻ തങ്ങളെ അനുവദിക്ക
ണമെന്ന് അവർ ഞങ്ങളോട് വീണ്ടും വീണ്ടും
യാചിച്ചു. 5ഞങ്ങൾ പ്രതീക്ഷിക്കാത്ത വിധത്തി
ലാണവർ ദാനം ചെയ്തത്. അവർ പണം ദാനം
ചെയ്യുന്നതിനു മുമ്പു തന്നെ തങ്ങളെത്തന്നെ
കർത്താവിനും ഞങ്ങൾക്കുമായി നൽകിക്കഴി
ഞ്ഞിരുന്നു. അതാണു ദൈവം ആഗ്രഹിക്കു
ന്നതും. 6അതുകൊണ്ട് കൃപയുടേതായ ഈ പ്രവൃ
ത്തികൾ ചെയ്തുതീർക്കുന്നതിനു നിങ്ങളെ
സഹായിക്കാൻ ഞങ്ങൾ തീത്തൊസിനോടു
ആവശ്യപ്പെട്ടു. തീത്തൊസാണ് ആ ജോലി തുട
ങ്ങിയത്. 7നിങ്ങൾ എല്ലാക്കാര്യത്തിലും സമ്പന്ന
രാണ്. വിശ്വാസത്തിൽ, വചനത്തിൽ, അറി
വിൽ, എല്ലാ കാര്യത്തിലുമുള്ള ഔത്സുക്യത്തിൽ
ഞങ്ങളിൽനിന്നു പഠിച്ച സ്നേഹത്തിൽ. അതു
പോലെ ദാനം ചെയ്യുന്നതിലും നിങ്ങൾ സമ്പ
ന്നരാകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

8ദാനം ചെയ്യുവാൻ ഞാൻ നിങ്ങളോടു കല്പി
ക്കുകയല്ല. എന്നാൽ നിങ്ങളുടെ സ്നേഹം യഥാ
ർത്ഥ സ്നേഹമാണോ എന്നാണെനിക്കറിയേ
ണ്ടത്. മറ്റുള്ളവർ സഹായിക്കുന്നതിൽ എത്ര
മാത്രം തല്പരരാണെന്നു കാണിച്ചു തന്നുകൊ
ണ്ടാണു ഞാനതു ചെയ്യുന്നത്. 9നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ കൃപയെപ്പറ്റി
നിങ്ങൾക്കറിയാം. ക്രിസ്തു ധനികനായിരുന്നു;
പക്ഷെ നിങ്ങളെ ധനികരാക്കാൻ വേണ്ടി
അവൻ ദരിദ്രനായി.

10നിങ്ങൾ ഇങ്ങനെ ചെയ്യണമെന്നാണ്
എന്റെ ആഗ്രഹം: കഴിഞ്ഞവർഷം ദാനം
ചെയ്യേണ്ടുന്നവരിൽ മുമ്പന്മാർ നിങ്ങളായി
രുന്നു. നൽകിയവരിലും നിങ്ങളായിരുന്നു മുമ്പ
ന്മാർ. 11അതുകൊണ്ട് ഇപ്പോൾ നിങ്ങൾ തുട
ങ്ങിയ ജോലി മുഴുമിപ്പിക്കുക. അപ്പോൾ നിങ്ങ
ളുടെ “പ്രവൃത്തികൾ” “ചെയ്യുവാനുള്ള നിങ്ങ
ളുടെ ആഗ്രഹത്തോട്” സമമാകും. നിങ്ങൾക്കുള്ള
തിൽനിന്നും ദാനം ചെയ്യുക. 12നൽകാൻ നിങ്ങ
ൾക്കാഗ്രഹമുണ്ടെങ്കിൽ നിങ്ങളുടെ ദാനം സ്വീക
രിക്കപ്പെടും. നിങ്ങൾക്കുള്ളതിന്റെ അടിസ്ഥാന
ത്തിലാണ് നിങ്ങളുടെ ദാനം വിലയിരുത്തപ്പെ
ടുന്നത്; അല്ലാതെ ഇല്ലാത്തതിന്റെ അടിസ്ഥാന
ത്തിലല്ല. 13മറ്റുള്ളവർ ആശ്വസിപ്പിക്കപ്പെടു
മ്പോൾ നിങ്ങൾ കഷ്ടതയനുഭവിക്കുന്നത്
കാണുന്നത് ഞങ്ങൾക്കിഷ്ടമില്ല. എല്ലാത്തിലും
ഞങ്ങൾ ആഗ്രഹിക്കുന്നതു സമത്വം ആണ്. 14ഈ
സമയത്ത് നിങ്ങൾക്ക് ധാരാളം ഉണ്ട്. നിങ്ങൾ
ക്കുള്ള ഈ സാധനങ്ങൾ മറ്റുള്ളവർക്കു ആവശ്യ
മുള്ളതു നൽകുവാൻ സഹായിക്കും. പിന്നീട്,
അവർക്ക് ആവശ്യത്തിനുണ്ടാകുമ്പോൾ നിങ്ങ
ൾക്ക് ആവശ്യമുള്ളത് നൽകാൻ അവർക്കു
കഴിയും. അങ്ങനെ എല്ലാവരും തുല്യരാകും.
15തിരുവെഴുത്തുകളിൽ എഴുതപ്പെട്ടതുപോലെ,

“ധാരാളം സമ്പാദിച്ചവന് അധികമുണ്ടാകില്ല,
അധികം സമ്പാദിക്കാത്തവന് തീരെ ഇല്ലാതാ
കയുമില്ല.” *പുറപ്പാട് 16:18*

തീത്തൊസും സഹചാരികളും

16എനിക്കു നിങ്ങളോടുള്ള അതേ സ്നേഹം
തീത്തോസിന്റെ ഹൃദയത്തിലും നിറച്ചതിനു
ഞാൻ ദൈവത്തോടു നന്ദിപറയുന്നു. 17ഞങ്ങൾ
ചെയ്യാൻ ആവശ്യപ്പെട്ടതു തീത്തൊസ് സ്വീക
രിച്ചു. നിങ്ങളിലേക്കു വരുവാൻ അവൻ വളരെ
ഏറെ താല്പര്യപ്പെട്ടതിനാൽ സ്വന്തം ഇച്ഛക്ക
ടിമപ്പെട്ട് അവൻ ഇപ്പോൾ പുറപ്പെടുന്നു.
18എല്ലാ സഭാംഗങ്ങളും പ്രകീർത്തിക്കുന്ന
സഹോദരനെ ഞങ്ങൾ തീത്തൊസിനോടൊപ്പം
അയയ്ക്കുന്നു. സുവിശേഷത്തെ സേവിച്ചതി
നാലാണ് അയാൾ കീർത്തിമാനായത്. 19ഈ
ദാനവുമായുള്ള ഞങ്ങളുടെ യാത്രയിൽ അനുഗ
മിക്കാനും സഭ ഈ സഹോദരനെ തെരഞ്ഞെ
ടുത്തിട്ടുണ്ട്. കർത്താവിന് മഹത്വം കൊണ്ടുവരു
ന്നതിനാണ് ഞങ്ങൾ ഈ പ്രവൃത്തികൾ ചെയ്യു
ന്നത്. കൂടാതെ സേവനത്തിനുള്ള ഞങ്ങളുടെ
സന്നദ്ധത പ്രകടിപ്പിക്കാനും.

20ഉദാരമായ ദാനം കൈകാര്യം ചെയ്യുന്ന
രീതിയെ കുറിച്ചുണ്ടായേക്കാവുന്ന വിമർശ
നങ്ങൾക്കെതിരെ മുൻകരുതലുകളും ആവശ്യ
മാണ്. 21കർത്താവിന്റെ ദൃഷ്ടിയിൽ മാത്രമല്ല
മനുഷ്യന്റെ കണ്ണിലും ശരിയായ കൃത്യം ചെ
യ്യണമെന്ന നിർബന്ധമേ ഞങ്ങൾക്കുള്ളൂ.22സദാ
സേവനസന്നദ്ധനായ ഞങ്ങളുടെ സഹോദര
നെക്കൂടി അവരോടൊത്തയയ്ക്കുന്നു. പല തര
ത്തിൽ അവനതു തെളിയിച്ചിട്ടുണ്ട്. അവന്
നിങ്ങളിൽ വളരെ വിശ്വാസമുള്ളതുകൊണ്ട്
വരുവാൻ കൂടുതൽ തിടുക്കമുണ്ട്.

23ഇനി, തീത്തൊസിനെക്കുറിച്ച്- ഞങ്ങളുടെ
ദൗത്യത്തിൽ പങ്കാളിയായ അവൻ എന്നോ
ടൊത്തു നിങ്ങളെ സഹായിക്കാൻ പ്രവർത്തി
ക്കുകയാണ്. മറ്റു സഹോദരന്മാരെപ്പറ്റി- സഭക
ളയച്ച അവർ ക്രിസ്തുവിനു മഹത്വം കൊടു
ക്കുന്നു. 24അതുകൊണ്ട് നിങ്ങൾക്ക് യഥാർത്ഥ
ത്തിൽ സ്നേഹമുണ്ടെന്നവർക്കു കാട്ടിക്കൊടു

ക്കുക. ഞങ്ങൾ നിങ്ങളെച്ചൊല്ലി എന്തുകൊണ്ട്
അഭിമാനിക്കുന്നുവെന്ന് അവരെ കാണിക്കുക.
അപ്പോൾ എല്ലാ സഭകൾക്കും അതു കാണുവാൻ
കഴിയും.

ക്രിസ്തീയ സഹോദരന്മാരെ സഹായിക്കുക

9 ദൈവത്തിൻെറ ജനങ്ങൾക്കുവേണ്ടിയുള്ള
സഹായത്തെപ്പററി ഞാൻ നിങ്ങൾക്കെഴു
തേണ്ട ആവശ്യമില്ല. 2നിങ്ങൾ സഹായസന്നദ്ധ
രാണെന്ന് എനിക്കറിയാം. നിങ്ങളുടെ നല്ല മന
സ്ഥിതിയെപ്പററി മക്കദോന്യയിലെ ജനതയോട്
ഞാൻ പുകഴ്ത്തിപ്പറയാറുണ്ടായിരുന്നു. കഴി
ഞ്ഞവർഷം വരെ അഖായക്കാരായ നിങ്ങൾ
ദാനം ചെയ്യാൻ സന്നദ്ധരായിരുന്നുവെന്ന്
ഞാൻ അവരോടു പറഞ്ഞു. ദാനം ചെയ്യുവാ
നുള്ള നിങ്ങളുടെ സന്നദ്ധത ഇവിടുത്തെ
ചിലരെക്കൂടി അതിനു സന്നദ്ധരാക്കി. 3പക്ഷേ
ഞാൻ ഈ സഹോദരന്മാരെ നിങ്ങളുടെയടു
ത്തേക്കു അയയ്ക്കുന്നു. നിങ്ങളെച്ചൊല്ലി ഞങ്ങ
ൾക്കുള്ള അഭിമാനം വ്യർത്ഥമാകാൻ ഞാനാഗ്ര
ഹിക്കുന്നില്ല. ഞാൻ നിങ്ങളോടു പറഞ്ഞതു
പോലെ തന്നെ നിങ്ങൾ ഒരുങ്ങിയിരിക്കുവാൻ
ഞാൻ ആഗ്രഹിക്കുന്നു. 4മക്കെദോന്യക്കാർ ആ
രെങ്കിലും എന്നോടൊപ്പം വന്നു നോക്കുമ്പോൾ
നിങ്ങൾ തയ്യാറായിരിക്കുന്നില്ല എന്നു കണ്ടാൽ
ഞങ്ങൾക്ക് അതു നാണക്കേടാകും. ഞങ്ങൾ
നിങ്ങളിൽ അത്രമാത്രം വിശ്വാസം പ്രകടിപ്പിച്ചി
രുന്നു. (നിങ്ങൾക്കും ലജ്ജിക്കേണ്ടിവരും!) 5അതു
കൊണ്ടാണ് എന്നെക്കാൾ മുമ്പെ നിങ്ങളെ വന്നു
കാണാൻ ഈ സഹോദരന്മാരോട് ആവശ്യപ്പെ
ടാൻ എനിക്കു തോന്നിയത്. നിങ്ങൾ വാഗ്ദാനം
ചെയ്ത ദാനം ഒരുക്കിവയ്ക്കാൻ അവർക്കു
കഴിയും. അപ്പോൾ ഞങ്ങൾ വരുമ്പോൾ അത്
തയ്യാറായിരിക്കും. നിങ്ങൾ കൊടുക്കാൻ തയ്യാ
റായിരുന്ന ദാനം. കൊടുക്കാൻ നിർബന്ധിക്ക
പ്പെടാത്ത ദാനം.

6ഇത്രയും ഓർക്കുക: അല്പം മാത്രം വിതയ്ക്കു
ന്നവൻ കുറച്ചുമാത്രം കൊയ്യുന്നു. പക്ഷെ
അധികം വിതക്കുന്ന ആൾ അധികം കൊയ്യുന്നു.
7നൽകാൻ ഓരോരുത്തരും മനസ്സിൽ നിശ്ചയി
ച്ചതു നൽകണം. മനസ്സുനൊന്ത് ഒന്നും കൊടുക്ക
രുത്. നിർബന്ധത്താലും കൊടുക്കരുത്. സന്തോ
ഷത്തോടെ നൽകുന്നവനെ ദൈവം സ്നേഹി
ക്കുന്നു. 8ദൈവത്തിന് നിങ്ങൾക്ക് വേണ്ടതില
ധികം അനുഗ്രഹം നൽകാനും കഴിയും. അ
പ്പോൾ നിങ്ങൾക്ക് എല്ലാം ധാരാളമുണ്ടാകും.
ഓരോ നല്ല പ്രവൃത്തിക്കു നൽകുവാനും നിങ്ങ
ൾക്കു അനവധിയുണ്ടാവും. 9തിരുവെഴുത്തുക
ളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

“അവൻ ഔദാര്യമായി പാവങ്ങൾക്കു നൽ
കുന്നു; അവൻെറ ദയ എന്നെന്നും നിലനി
ൽക്കും.” *സങ്കീർത്തനങ്ങൾ 112:9*

10വിതയ്ക്കുന്നവനു വിത്തു നൽകുന്നത് ദൈ
വമാണ്. അവൻ ആഹാരത്തിന് അപ്പവും നൽ
കുന്നു. ദൈവം നിങ്ങൾക്ക് ആത്മീയ വിത്തുകൾ
നൽകുകയും അവയെ വളർത്തുകയും ചെയ്യും.
നിങ്ങളുടെ നന്മയിൽ അവൻ നല്ല വിളവു
ണ്ടാക്കും. 11നിങ്ങൾക്കു സ്വതന്ത്രമായി ദാനം
ചെയ്യുന്നതിന് ദൈവം നിങ്ങളെ എല്ലാ അർ
ത്ഥത്തിലും ധനികരാക്കും. ഞങ്ങളിലൂടെ
നിങ്ങൾ നടത്തുന്ന ദാനധർമ്മങ്ങൾക്ക് ജനങ്ങൾ
ദൈവത്തിനു നന്ദി പറയാൻ പ്രേരിതരാകും.
12നിങ്ങൾ നൽകുന്ന സേവനങ്ങൾ ദൈവ
ത്തിൻെറ ജനതയ്ക്ക് വലിയ സഹായമാകും.
കൂടാതെ നിങ്ങളുടെ സേവനം മററു ചിലതും
കൂടുതലായി കൊണ്ടുവരും. ദൈവത്തിനു കൂടു
തൽ കൂടുതൽ നന്ദി അതു വാങ്ങിക്കൊടുക്കും.
13നിങ്ങളുടെ ഈ പ്രവൃത്തികൾ നിങ്ങളുടെ
വിശ്വാസത്തിനു തെളിവായിരിക്കും. അതു
മൂലം ദൈവത്തെ ജനങ്ങൾ സ്തുതിക്കും. ക്രി
സ്തുവിൻെറ സുവിശേഷം നിങ്ങൾ വിശ്വസി
ക്കുന്ന സുവിശേഷം നിങ്ങൾ അനുസരിക്കു
ന്നതുകൊണ്ട് അവർ ദൈവത്തെ വാഴ്ത്തും.
നിങ്ങൾ അവരുമായും മററുള്ളവരുമായും
സ്വതന്ത്രമായി പങ്കുവയ്ക്കുന്നതു കൊണ്ട് ജന
ങ്ങൾ ദൈവത്തെ വാഴ്ത്തും. 14അവർ നിങ്ങൾ
ക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം നിങ്ങ
ളിൽ ചൊരിഞ്ഞ മഹത്തായ കൃപയെച്ചൊല്ലി
കൂടുതൽ വാത്സല്യത്തോടെ പ്രാർത്ഥിക്കാം.
15വിശദീകരിക്കാനാവാത്ത അവൻെറ വര
ത്തിന് ദൈവത്തിനു സ്തുതി പാടുക.

പൌലൊസ് തൻെറ ശുശ്രൂഷയെ പ്രതിരോധിക്കുന്നു

10 ഞാൻ, പൌലൊസ്, നിങ്ങളോട് അപേ
ക്ഷിക്കുന്നു. ക്രിസ്തുവിൻെറ സൌമ്യതയു
ടെയും കാരുണ്യത്തിൻെറയും പേരിൽ ഞാൻ
ആഭ്യർത്ഥിക്കുന്നു. നിങ്ങളോടൊത്തായിരിക്കു
മ്പോൾ ഞാൻ വിനീതനും ദൂരെയായിരിക്കു
മ്പോൾ ഞാൻ ധൈര്യശാലിയും ആണെന്ന്
ചിലർ പറയുന്നു. 2ഞങ്ങളുടേത് ഒരു ലൌകിക
ജീവിതമാണെന്നാണ് ചിലർ കരുതുന്നത്.
ഞാൻ വരുമ്പോൾ അവർക്കെതിരെ തൻേറട
മായി പെരുമാറാനാണെൻെറ ഉദ്ദേശ്യം. അതു
നിങ്ങളുടെ ഇടയിൽ പ്രകടിപ്പിച്ചു തെളിയി
ക്കാൻ ഇടയാക്കരുതേ എന്നാണെൻെറ ആഗ്രഹം.
3ഞങ്ങൾ ഈ ലോകത്തിലാണ് ജീവിക്കുന്നത്.
എന്നാലും ഈ ലോകം പ്രകടിപ്പിക്കുന്ന യുദ്ധ
മല്ല ഞങ്ങൾ ചെയ്യുന്നത്. 4ലൌകികമായ ആയു
ധങ്ങളിൽനിന്നും വ്യത്യസ്തമായ ആയുധങ്ങ
ളാണ് ഞങ്ങൾ ഉപയോഗിക്കുന്നത്. ഞങ്ങളുടെ
ആയുധങ്ങൾക്ക് ദൈവത്തിൽനിന്നുള്ള ശക്തി
യുണ്ട്. ശത്രുവിൻെറ ശക്തി സ്ഥലങ്ങളെ നശി
പ്പിക്കാൻ ഈ ആയുധങ്ങൾക്കാവും. ജനങ്ങളുടെ
വാദങ്ങളെ ഞങ്ങൾ തകർക്കും. 5ദൈവജ്ഞാന
ത്തിനെതിരായിരുന്ന എല്ലാ അഹന്തകളെയും
ഞങ്ങൾ തകർക്കും. എല്ലാ വിചാരത്തെയും
പിടിച്ച് ഞങ്ങൾ ക്രിസ്തുവിനു വിധേയ
മാക്കും. 6അനുസരിക്കാത്ത ആരെയും ശിക്ഷി
ക്കാനും ഞങ്ങൾ തയ്യാറാണ്. എന്നാൽ ആദ്യം
നിങ്ങളെ പൂർണ്ണമായും അനുസരിപ്പിക്കുക
യാണു ഞങ്ങൾക്കു വേണ്ടത്.

7നിങ്ങൾക്കു മുമ്പിലുള്ള വസ്തുതകളെ
നിങ്ങൾ കാണണം. ആർക്കെങ്കിലും താൻ
ക്രിസ്തുവിൻേറതാണെന്ന് ഉറപ്പു തോന്നുന്നു
ണ്ടെങ്കിൽ അയാളെപ്പോലെ തന്നെ ഞങ്ങളും
ക്രിസ്തുവിൻെറ ആളുകളാണെന്ന് അയാൾ
ഓർമ്മിക്കണം. 8കർത്താവ് ഞങ്ങൾക്കു തന്ന
അധികാരങ്ങളിൽ ഞങ്ങൾ പൊങ്ങച്ചം കൊള്ളു
ന്നുണ്ടെന്നുള്ളതു സത്യമാണ്. എന്നാൽ ഞങ്ങ
ൾക്ക് ഈ ശക്തി നൽകപ്പെട്ടത് നിങ്ങളെ ശക്ത
രാക്കാനാണ്; വേദനിപ്പിക്കാനല്ല. അതിനാൽ
ആ അഭിമാനത്തിൽ എനിക്കു ലജ്ജയില്ല.
9എൻെറ കത്തുകളിലൂടെ ഞാൻ നിങ്ങളെ പേടി
പ്പിക്കാൻ ശ്രമിക്കുകയാണെന്നു നിങ്ങൾ കരുതരു
തെന്നുണ്ടെനിക്ക്. 10ചിലർ പറയുന്നു, “പൌ
ലൊസിൻെറ കത്തുകൾ ശക്തവും തീഷ്ണവു

മാണ്. എന്നാൽ ഞങ്ങളോടൊത്തിരിക്കുമ്പോൾ
അവൻ ദുർബ്ബലനാണ്. അവൻെറ സംസാരം
മനസ്സിൽ ആഞ്ഞു തറയ്ക്കുന്നതല്ല." 11അവർ
ഇതറിയട്ടെ: ഞങ്ങളിപ്പോൾ നിങ്ങളോടൊത്ത്
ഇല്ലാത്തതു കൊണ്ടാണ് കത്തെഴുതുന്നത്.
പക്ഷേ ഞങ്ങൾ നിങ്ങളോടൊത്ത് ഉണ്ടാകു
മ്പോഴും കത്തുകളിൽ കാണുന്ന അതേ ശക്തി
യും കരുത്തും ഞങ്ങൾക്കുണ്ടാകും.

12സ്വയം പ്രമാണിമാരെന്നു കരുതുന്നവരോ
ടൊത്തു ചേരാൻ ഞങ്ങൾക്കാഗ്രഹമില്ല. ഞങ്ങൾ
ഞങ്ങളെ അവരോടു താരതമ്യം ചെയ്യുന്നുമില്ല.
അവർ സ്വയം മാനദണ്ഡമാക്കി അളക്കുകയും
സ്വന്തം നിലവാരത്തിനൊത്തു വിധിയ്ക്കുക
യും ചെയ്യുന്നു. അവരുടെ അജ്ഞതയാണതു
കാണിക്കുന്നത്. 13എന്നാൽ ഞങ്ങൾക്കു തന്നിരി
ക്കുന്ന പ്രവൃത്തിയുടെ അതിരുകൾ വിട്ടു
ഞങ്ങൾ ആത്മപ്രശംസ നടത്തുകയില്ല. ദൈവം
തന്ന പ്രവൃത്തിയാണത്. നിങ്ങളുടെ പ്രവൃത്തി
കളും അതിൽപ്പെടും. 14ഞങ്ങൾ വളരെയൊന്നും
ആത്മപ്രശംസ നടത്തുകയില്ല. ഞങ്ങൾ നിങ്ങ
ളുടെയടുത്ത് വന്നിരുന്നില്ലെങ്കിൽ ഞങ്ങൾ കൂടു
തൽ പൊങ്ങച്ചം പറയുമായിരുന്നു. എന്നാൽ
ഞങ്ങൾ നിങ്ങളുടെയടുത്തേക്കു വന്നു. ക്രി
സ്തുവിൻെറ സുവിശേഷവുമായി. 15ഞങ്ങളു
ടേതായ അദ്ധ്വാനത്തിൻെറ പരിധിയിൽ ഞങ്ങ
ളുടെ അഭിമാനത്തെ നിർത്തുന്നു. മറ്റുള്ളവരുടെ
അദ്ധ്വാനത്തിൽ ഞങ്ങൾ അഭിമാനിക്കില്ല.
നിങ്ങളുടെ വിശ്വാസം തുടർന്നും വളരുമെ
ന്നാണു ഞങ്ങളുടെ പ്രതീക്ഷ. ഞങ്ങളുടെ പ്രവൃ
ത്തി വളരുവാൻ നിങ്ങൾ സഹായിക്കുമെന്ന്
ഞങ്ങൾ പ്രത്യാശിക്കുന്നു. 16അപ്പോൾ നിങ്ങ
ളുടെ നഗരത്തിനുമപ്പുറം സുവിശേഷം പ്രസം
ഗിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മറ്റൊരാളുടെ
പ്രദേശത്തു നിർവ്വഹിക്കപ്പെട്ട പ്രവൃത്തിയുടെ
കാര്യത്തിൽ അഹങ്കരിക്കാൻ ഞങ്ങൾക്കാഗ്ര
ഹമില്ല. 17പക്ഷേ, "അഭിമാനിക്കുന്നവൻ കർ
ത്താവിൽ അഭിമാനിക്കുക."* 18താൻ സ്വീകാര്യ
നാണെന്നു സ്വയം പറയുന്നവനല്ല, നല്ലവ
നെന്നു കർത്താവ് പറയുന്നവനാണ് അംഗീക
രിക്കപ്പെടുക.

പൌലൊസും വ്യാജ അപ്പൊസ്തലന്മാരും

11 എൻെറ അല്പമായ ബുദ്ധിഹീനത പൊറു
ക്കുവാനുള്ള ക്ഷമ നിങ്ങൾക്കുണ്ടാകണ
മെന്നു ഞാനാശിക്കുന്നു. അതെ, ദയവായി
ക്ഷമിക്കുക. പക്ഷേ നിങ്ങൾ ഇപ്പോൾ തന്നെ
ക്ഷമിച്ചിരിക്കുന്നു. 2ദൈവീകമായ അസൂയ
എനിക്കു നിങ്ങളോടുണ്ട്. ക്രിസ്തു എന്ന ഏക
പുരുഷന് ഞാൻ നിങ്ങളെ വിവാഹനിശ്ചയം
ചെയ്തിരിക്കുന്നു. പരിശുദ്ധകന്യകയായി
ഞാൻ നിങ്ങളെ അവനു നൽകേണ്ടതിനു തന്നെ.
3എന്നാൽ നിങ്ങളുടെ ശുദ്ധവും, ഏകമന
സ്സോടു കൂടിയതുമായ ക്രിസ്തുഭക്തിയിൽ
നിന്നും നിങ്ങളുടെ മനസ്സ് അകറ്റപ്പെടുമെന്ന്
ഞാൻ ഭയക്കുന്നു. ചതിയനായ സർപ്പം ഹവ്വയെ
ദുർമ്മാർഗ്ഗത്തിലേക്കു നയിച്ചതുപോലെ അതു
സംഭവിക്കാം. 4മറ്റൊരാൾ വന്ന് ക്രിസ്തുവിനെ
പ്പറ്റി ഞങ്ങൾ പറഞ്ഞതിൽനിന്നും വ്യത്യസ്ത
മായ കാര്യങ്ങൾ പ്രസംഗിക്കുന്നതിനോട് നിങ്ങ
ൾക്കു വളരെ ക്ഷമയുണ്ട്. ഞങ്ങളിൽനിന്നും
സ്വീകരിച്ചതിൽനിന്നും വ്യത്യസ്തമായി
കിട്ടുന്ന ആത്മാവിനെയും സുവിശേഷത്തെയും
നിങ്ങൾ സ്വീകരിക്കാൻ തയ്യാറാണ്. അങ്ങനെ
ഇക്കാര്യത്തിൽ നിങ്ങൾ എന്നോട് ക്ഷമകാട്ടണം.
5ആ "മഹാന്മാരായ അപ്പൊസ്തലന്മാർ" എന്നെ
ക്കാൾ ഒട്ടും കൂടിയവരാണെന്നു ഞാൻ കരുതു
ന്നില്ല. 6ഞാൻ പരിശീലനം സിദ്ധിച്ച പ്രാസം
ഗികനല്ലെങ്കിലും എനിക്കു ദൈവീകമായ
സത്യത്തെക്കുറിച്ച് അറിവുണ്ട്. കൂടാതെ പരിപൂ
ർണ്ണമായ സത്യം ഞാൻ നിങ്ങളെ ബോദ്ധ്യപ്പെ
ടുത്തിയിട്ടുമുണ്ട്.

7പ്രതിഫലമില്ലാതെ നിങ്ങളോടു സുവി
ശേഷം പ്രസംഗിച്ചു. അതെ നിങ്ങളെ ഉയർ
ത്താൻ ഞാൻ സ്വയം വിനീതനാക്കി. അതു
തെറ്റായിരുന്നെന്നു നിങ്ങൾ കരുതുന്നുണ്ടോ?
8ഞാൻ മറ്റു സഭകളിൽനിന്നും പ്രതിഫലം
വാങ്ങി. നിങ്ങളെ ശുശ്രൂഷിക്കാനാണു ഞാൻ
അവരുടെ പണം വാങ്ങിയത്. 9നിങ്ങളോടൊപ്പ
മിരുന്നപ്പോൾ എനിക്കു വേണ്ടിയിരുന്നതി
നൊന്നും ഞാൻ നിങ്ങളെ ബുദ്ധിമുട്ടിച്ചില്ല.
മക്കെദോന്യയിൽനിന്നു വന്ന സഹോദരന്മാർ
എൻെറ ആവശ്യങ്ങളെല്ലാം നിറവേറ്റി. ഏതു
സാഹചര്യത്തിലും ഞാൻ നിങ്ങൾക്കു ഇതു
വരെ ഭാരമായിട്ടില്ല, ഇനിയും ഒരിക്കലും ഭാരമാ
കയുമില്ല. 10അക്കാര്യത്തിൽ പുകഴ്ച പറയുന്ന
തിൽനിന്ന് ഒരു അഖായക്കാരനും എന്നെ തടയു
കയില്ല. എന്നിലുള്ള ക്രിസ്തുവിൻെറ സത്യ
ത്തോടുകൂടിയാണ് ഞാനിതു പറയുന്നത്.
11എന്തുകൊണ്ടാണ് ഞാൻ നിങ്ങൾക്കൊരു ഭാര
മാകാത്തത്? നിങ്ങളോടെനിക്കു സ്നേഹമില്ലാ
ഞ്ഞിട്ടാണിതെന്നു നിങ്ങൾ കരുതുന്നുണ്ടോ?
ഇല്ല. ദൈവത്തിനറിയാം ഞാൻ നിങ്ങളെ സ്നേ
ഹിക്കുന്നുണ്ടെന്ന്.

12ഞാൻ ഇപ്പോഴത്തെ പ്രവൃത്തികൾ തുടരു
കയും ചെയ്യും. പൊങ്ങച്ചം പറയുവാൻ ഒരു
കാരണം കൊടുക്കാതെ അവരെ തടയുവാ
നാണ് ഞാനിതു തുടരുവാൻ ആഗ്രഹിക്കുന്നത്.
അവർക്കും ഞങ്ങളെപ്പോലെ തന്നെ പ്രവർത്തി
ക്കാനുള്ള പ്രാപ്തിയുണ്ട് എന്നതിൻെറ പേരിൽ
അവർ പൊങ്ങച്ചം പറയുന്നതെനിക്കിഷ്ടമില്ല.
13അവർ യഥാർത്ഥത്തിൽ അപ്പൊസ്തലന്മാ
രല്ല. അവർ നുണയന്മാരാണ്. തങ്ങൾ ക്രിസ്തു
വിൻെറ അപ്പൊസ്തലന്മാരാണെന്ന് ആളുകളെ
തെറ്റിദ്ധരിപ്പിക്കാനാണവർ ശ്രമിക്കുന്നത്. 14ഞ
ങ്ങൾക്കതിൽ അത്ഭുതമില്ലാത്തതെന്തു കൊണ്ടാ
ണെന്നോ? സാത്താൻ പോലും താൻ വെളി
ച്ചദൂതനാണെന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കാ
നായി സ്വയം മാറാറുണ്ട്. 15അതുകൊണ്ട് സാ
ത്താൻെറ ദാസന്മാർ ശരിയായതിനു വേണ്ടി
പ്രവൃത്തിക്കുന്നവരാണു തങ്ങളെന്ന മട്ടിൽ രൂപം
ധരിച്ചാൽ തങ്ങൾക്കത്ഭുതമുണ്ടാവുകയില്ല.
പക്ഷേ അവസാനം അവർ ശിക്ഷിക്കപ്പെടും.

തൻെറ കഷ്ടതകളെപ്പറ്റി പൌലൊസ്

16ഞാൻ നിങ്ങളോടു വീണ്ടും പറയുന്നു:
ഞാനൊരു വിഡ്ഢിയാണെന്നാരും കരുതരുത്.
എന്നാൽ ഞാനൊരു വിഡ്ഢിയാണെന്ന്
നിങ്ങൾ കരുതുന്നുവെങ്കിൽ അങ്ങനെ തന്നെ
വേണം നിങ്ങൾ എന്നെ സ്വീകരിക്കുവാൻ.
അപ്പോളെനിക്ക് കുറച്ചുകൂടി ആത്മപ്രശംസ നട
ത്താം. 17എനിക്ക് എന്നെപ്പറ്റി ഉറപ്പുള്ളതു കൊ
ണ്ടാണ് ഞാൻ ആത്മപ്രശംസ ചെയ്യുന്നത്.
പക്ഷേ എൻെറ ഈ ആത്മപ്രശംസയിൽ കർ
ത്താവ് സംസാരിക്കുന്നതു പോലെയല്ല ഞാൻ
സംസാരിക്കുന്നത്. ഒരു വിഡ്ഢിയെപ്പോലെ
ഞാൻ ആത്മപ്രശംസ നടത്തുന്നു. 18അനേകം

"അഭിമാനിക്കുന്നവൻ ... അഭിമാനിക്കുക" ഉദ്ധരണി
യിരെ. 9:24.

പേർ തങ്ങളുടെ ലൗകികജീവിതത്തെച്ചൊല്ലി
പുകഴ്ച പറയും. 19വിവേകമുള്ളവരായതു
കൊണ്ട് നിങ്ങൾക്ക് ബുദ്ധിശൂന്യരെ സന്തോഷ
മായി സഹിക്കാൻ പറ്റും! 20നിങ്ങളെ അടിമയാ
ക്കുകയോ മുതലെടുക്കുകയോ തരമെന്നു കണ്ടു
പ്രവർത്തിക്കുകയോ ചെയ്യുന്നവരോടും നിങ്ങ
ളേക്കാൾ കേമനെന്നു കരുതുന്നവരോടും, ചെകി
ട്ടത്തടിക്കുന്നവരോടും, നിങ്ങൾ ക്ഷമിക്കുന്നു.
അതിനാൽ നിങ്ങൾക്ക് ക്ഷമിക്കാനാകുമെന്ന്
എനിക്കറിയാം! നിങ്ങൾ നിങ്ങളെക്കാൾ മെച്ച
പ്പെട്ടവരാണെന്നു കരുതുന്നവരോടും നിങ്ങൾ
ക്ഷമ കാണിക്കുന്നു. 21ഇത്തരം കാര്യങ്ങൾ ചെ
യ്യുവാൻ പോലും ഞാൻ "അശക്തനായിരുന്നു"
എന്നു സമ്മതിക്കുന്നതിലും എനിക്കു ലജ്ജ
യുണ്ട്.

എന്നാൽ അഭിമാനിക്കാൻ തക്ക ധൈര്യമുള്ള
ഒരാളെങ്കിലുമുണ്ടെങ്കിൽ ഞാനും അങ്ങനെ
ധൈര്യവാനാകും. (ഒരു മണ്ടനെപ്പോലെയാ
ണെൻെറ സംസാരം) 22ആ മനുഷ്യർ എബ്രായ
ക്കാരാണോ? ഞാനും അതേ. അവർ യിസ്രാ
യേൽക്കാരാണോ ഞാനും അതേ. അവർ അബ്രാ
ഹാമിൻെറ വംശക്കാരാണോ? ഞാനും അതു
തന്നെ. 23അവർ ക്രിസ്തുവിനെ ശുശ്രൂഷിക്കു
ന്നുവോ? ഞാനവനെ കൂടുതൽ ശുശ്രൂഷിക്കുന്നു.
(ഇങ്ങനെയൊക്കെ പറയാൻ എനിക്കു കിറുക്കു
തന്നെ.) അവരെക്കാൾ വളരെ കഠിനമായി
ഞാൻ പ്രവർത്തിച്ചു. കൂടുതൽ തവണ ഞാൻ
തടങ്കലിൽ കഴിഞ്ഞു. അവരെക്കാളേറെ മർദ്ദനം
ഞാൻ സഹിച്ചു. പല തവണ ഞാൻ മരണ
ത്തോടടുത്തു. 24അഞ്ചു തവണ യെഹൂദർ തങ്ങ
ളുടെ ശിക്ഷയായ 39ചാട്ടയടി എനിക്കു നൽകി.
25മൂന്നു വ്യത്യസ്ത സമയങ്ങളിൽ എന്നെ വടി
കൊണ്ട് അടിച്ചു. ഒരിക്കൽ കല്ലേറേറ്റ് ഞാൻ
മരിക്കാറായിരുന്നു. മൂന്നു പ്രാവശ്യം ഞാൻ
കപ്പൽ ഛേദങ്ങളിൽപ്പെട്ടു. അതിലൊരു തവണ
ഒരു രാത്രിയും പിറ്റേ ദിവസവും ഞാൻ കടലിൽ
കഴിഞ്ഞു. 26വളരെ ദൂരം ഞാൻ യാത്ര ചെയ്തി
ട്ടുണ്ട്. നദികളിലും കള്ളന്മാർക്കു മുമ്പിലും യെ
ഹൂദർക്കിടയിലും ജാതികൾക്കിടയിലും ഞാൻ
അപകടത്തിൽ പെട്ടിട്ടുണ്ട്. നഗരങ്ങളിലും
വിജനപ്രദേശങ്ങളിലും കടലിലും ഞാൻ അപ
കടത്തിലായിട്ടുണ്ട്. തങ്ങൾ സഹോദരന്മാരാ
ണെന്ന് നടിക്കുകയും എന്നാൽ യഥാർത്ഥ
ത്തിൽ സഹോദരന്മാർ അല്ലാത്തവരുമായവ
രുടെ ഇടയിലും ഞാൻ പെട്ടിട്ടുണ്ട്. 27കഠിനവും
ക്ഷീണിപ്പിക്കുന്നതുമായ ജോലികൾ ഞാൻ
ചെയ്തു. പലപ്പോഴും എനിക്ക് ഉറങ്ങാൻ കൂടി
കഴിഞ്ഞില്ല. ഞാൻ വിശന്നും, ദാഹിച്ചും വല
ഞ്ഞു. പലപ്പോഴും എനിക്ക് ആഹാരം ലഭിച്ചില്ല.
തണുപ്പത്തു ഞാൻ വസ്ത്രമില്ലാതിരുന്നു. 28മറ്റ്
അനേകം പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. അതി
ലൊന്ന് എല്ലാ സഭകളിലും എനിക്കുള്ള ശ്രദ്ധ
യാണ്. അവരെക്കുറിച്ച് എനിക്കെന്നും ഉത്ക
ണ്ഠയാണ്. 29മറ്റൊരാൾ ദുർബ്ബലനാകുമ്പോ
ഴൊക്കെ എനിക്കും ദൗർബ്ബല്യം അനുഭവപ്പെടും.
മറ്റൊരാൾ പാപത്തിലേക്കു നയിക്കപ്പെടുമ്പോ
ഴൊക്കെ എനിക്കു വിഷമമുണ്ടാകും.

30ഞാൻ അഭിമാനിക്കുന്നുവെങ്കിൽ അത്
ഞാൻ ദുർബ്ബലനാണെന്നു തെളിയിക്കുന്ന കാര്യ
ങ്ങളുടെ പേരിലായിരിക്കും. 31ഞാൻ നുണ
പറയുകയില്ലെന്നു ദൈവത്തിനറിയാം. കർത്താ
വായ യേശുക്രിസ്തുവിൻെറ പിതാവും ദൈവ
വുമായ അവനെ എന്നെന്നും വാഴ്ത്തുക.
32ഞാൻ ദമസ്ക്കൊസിലായിരുന്നപ്പോൾ എ
ന്നെ തടവിലാക്കാൻ അരേതാ രാജാവിൻെറ
ഗവർണ്ണർ നഗരത്തിനു ചുറ്റും കാവൽ ഏർപ്പെ
ടുത്തി. 33എന്നാൽ എൻെറ ചില സുഹൃത്തുക്കൾ
എന്നെ ഒരു കുട്ടയിലാക്കി, അവർ കോട്ടമ
തിലിലെ ജനലിനുള്ളിൽ കൂടി കുട്ട കടത്തി
എന്നെ മെല്ലെ താഴോട്ടിറക്കി. അങ്ങനെ ഞാൻ
രക്ഷപ്പെട്ടു.

പൌലൊസിൻെറ ജീവിത്തിലെ ഒരു വിശേഷ അനുഗ്രഹം

12 ഞാൻ ആത്മപ്രശംസ തുടരേണ്ടിയിരി
ക്കുന്നു. അതുകൊണ്ട് വലിയ പ്രയോജന
മൊന്നുമില്ല, എങ്കിലും കർത്താവിൽനിന്നു
ണ്ടായ ദർശനങ്ങളെയും വെളിപ്പാടുകളെയും
പറ്റി ഞാനിപ്പോൾ പറയാം. 2മൂന്നാം സ്വർഗ്ഗ
ത്തിലേക്കുയർത്തപ്പെട്ട, ക്രിസ്തുവിലുള്ള ഒരു
വനെ* എനിക്കറിയാം. പതിനാലു വർഷം
മുമ്പാണിതു സംഭവിച്ചത്. അയാൾ അയാളുടെ
ശരീരത്തിലായിരുന്നോ പുറത്തായിരുന്നോ
എന്നെനിക്കറിയില്ല. പക്ഷേ ദൈവത്തിന
റിയാം. 3-4അയാൾ പറുദീസയിലേക്കെടുക്ക
പ്പെട്ടു എന്നെനിക്കറിയാം. അയാൾ തൻെറ ശരീ
രത്തിലായിരുന്നോ പുറത്തായിരുന്നോ എന്നെ
നിക്കറിയില്ല. പക്ഷെ ദൈവത്തിനറിയാം. വിശ
ദീകരിക്കാൻ കഴിയാത്ത ചിലതൊക്കെ അവൻ
കേട്ടു. മനുഷ്യന് ഉച്ചരിക്കാൻ പാടില്ലാത്ത കാര്യ
ങ്ങളാണയാൾ കേട്ടത്. 5അയാളെപ്പോലെ
ഒരുവനെപ്പറ്റി ഞാൻ പ്രശംസ നടത്തും. എ
ങ്കിലും അതെന്നെപ്പറ്റിയായിരിക്കില്ല. എൻെറ
ദൗർബ്ബല്യങ്ങളെപ്പറ്റി മാത്രമേ ഞാൻ ആത്മ
പ്രശംസ നടത്തൂ. 6പക്ഷേ എനിക്ക് എന്നെപ്പറ്റി
പ്രശംസ നടത്തണമെന്നുണ്ടെങ്കിൽ, ഞാനൊരു
വിഡ്ഢിയാകില്ല. കാരണം, ഞാൻ സത്യമാണു
പറയുന്നത്. പക്ഷേ, ഞാൻ ആത്മപ്രശംസ നട
ത്താത്തതെന്തുകൊണ്ട്? കാരണം, ഞാൻ ചെയ്യു
ന്നതു കാണുകയും പറയുന്നതു കേൾക്കുകയും
ചെയ്യുന്നതിനപ്പുറം ആളുകൾ എന്നെപ്പറ്റി കരു
താതിരിക്കണം.

7എന്നാൽ എനിക്കുനൽകപ്പെട്ട അത്ഭുതസംഭ
വങ്ങളുടെ ദൃശ്യങ്ങളിൽ ഞാൻ അഹങ്കരിക്കാ
തിരിക്കണം. അങ്ങനെ മാസംത്തിൽ വേദനാജന
കമായ പ്രശ്നങ്ങൾ* എനിക്കു നൽകപ്പെട്ടിരി
ക്കുന്നു. സാത്താൻെറ ദൂതൻെറ രൂപത്തിൽ
അതെന്നെ കൂടുതൽ പീഡിപ്പിക്കാൻ വരുന്നു.
അഹങ്കരിക്കുമ്പോഴൊക്കെ അതെന്നെ ഹിംസി
ക്കുന്നു. 8ഈ വേദനകൾ എന്നിൽ നിന്നെടുക്ക
ണമെന്ന് ഞാൻ കർത്താവിനോട് മൂന്നു തവണ
യാചിച്ചതാണ്. 9പക്ഷേ കർത്താവ് എന്നോടു
പറഞ്ഞു, "നിനക്കു എൻെറ കൃപ മതിയാകും.
ദൗർബ്ബല്യത്തിൽ, എൻെറ ശക്തി കുറ്റമറ്റതാ
കുന്നു." അതിനാൽ എൻെറ ദൗർബ്ബല്യങ്ങളെ
ച്ചൊല്ലി ഞാൻ ആത്മപ്രശംസ നടത്തുന്നു.
അപ്പോൾ ക്രിസ്തുവിൻെറ ശക്തിക്കു എന്നിൽ
വസിക്കാം. 10അതുകൊണ്ട് ദൗർബ്ബല്യത്തിൽ
ഞാൻ ക്രിസ്തുവിൻെറ പേരിൽ അനുഭവി
ക്കുന്ന അപമാനത്തിലും കഷ്ടപ്പാടിലും പീഡ
നത്തിലും ബുദ്ധിമുട്ടിലും ഞാൻ സന്തോഷി
ക്കുന്നു. കാരണം, ദൗർബ്ബല്യത്തിലാണ് ഞാൻ
ശക്തനാകുന്നത്. എനിക്കു പ്രശ്നങ്ങളുണ്ടാകു

ഒരുവൻ 12:2 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ പൌലൊസ് ഒരുപക്ഷേ തന്നെക്കുറിച്ചുതന്നെ പ്രദിവാദിക്കയാകാം.

വേദനാജനകമായ പ്രശ്നങ്ങൾ ശരീരത്തിലെ മുള്ളുകൾ.

മ്പോഴും ഞാൻ സന്തോഷിക്കുന്നു. ഇതെല്ലാം
ക്രിസ്തുവിനു വേണ്ടിയാണ്. ഞാൻ ക്ഷീണിത
നാകുമ്പോൾ ഞാൻ യഥാർത്ഥത്തിൽ ശക്തനാ
കുകയാണ്. അതിനാൽ ഇക്കാര്യങ്ങളിൽ ഞാൻ
സന്തോഷിക്കുന്നു.

കൊരിന്തിലെ ക്രിസ്ത്യാനികളോട് പൌലോസിനുള്ള സ്നേഹം

11ഞാൻ ഒരു ഭോഷനെപ്പോലെ സംസാരിക്കു
കയായിരുന്നു. പക്ഷേ നിങ്ങളാണെന്നെ
ക്കൊണ്ട് ഇങ്ങനെ ചെയ്യിച്ചത്. എന്നെപ്പറ്റി
നിങ്ങൾ നല്ലതു പറയേണ്ടതായിരുന്നു. ഞാൻ
ഒന്നുമില്ലെങ്കിലും ഏതു മാർഗ്ഗേനയും മറ്റു
"മികച്ച അപ്പൊസ്തലന്മാരിൽ" നിന്ന് ഒട്ടും
താഴെയല്ല. 12ഞാൻ നിങ്ങളോടൊത്തായിരുന്ന
പ്പോൾ, ഞാനൊരു അപ്പൊസ്തലനാണെന്നു
ഞാൻ തെളിയിച്ചിട്ടുണ്ട്.- ഞാൻ അടയാളങ്ങ
ളും, അത്ഭുതങ്ങളും, വീര്യപ്രവർത്തികളും* കാ
ണിച്ചു. വളരെ ക്ഷമയോടെയാണ് ഞാനിതൊ
ക്കെ ചെയ്തത്. 13മറ്റു സഭകൾക്കു കിട്ടിയ
തെല്ലാം നിങ്ങൾക്കും കിട്ടി. ഒരു വ്യത്യാസം
മാത്രമേ ഉള്ളൂ: ഞാൻ നിങ്ങൾക്കു ഭാരമായില്ല.
അതിന് എന്നോടു ക്ഷമിക്കൂ! 14ഞാനിപ്പോൾ
മൂന്നാം തവണയും നിങ്ങളെ സന്ദർശിക്കാൻ
തയ്യാറാണ്. നിങ്ങൾക്ക് ഞാനൊരു ഭാരമായിരി
ക്കുകയില്ല. നിങ്ങളുടേതായ ഒരു വസ്തുവും
എനിക്കുവേണ്ട. എനിക്കു നിങ്ങളെ മാത്രം മതി.
മാതാപിതാക്കൾക്കു നൽകാൻ കുഞ്ഞുങ്ങൾ
ഒന്നും ശേഖരിക്കാറില്ല. മാതാപിതാക്കളാണു
കുട്ടികൾക്കായി ശേഖരിക്കേണ്ടത്. 15അതിനാൽ
എനിക്കുള്ളതെല്ലാം നിങ്ങൾക്കു നൽകാൻ
എനിക്കു സന്തോഷമുണ്ട്. ഞാൻ എന്നെത്തന്നെ
യും നിങ്ങൾക്കു ദാനം ചെയ്യും. ഞാൻ നിങ്ങളെ
കൂടുതൽ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്നെ
കുറച്ചു മാത്രമായി സ്നേഹിക്കാനാകുമോ?

16ഞാൻ നിങ്ങൾക്കൊരു ഭാരമായിരുന്നില്ലെ
ന്നതു വ്യക്തമാണ്. എന്നാൽ ഞാൻ കൗശലക്കാ
രനായിരുന്നെന്നും കള്ളം പറഞ്ഞ് നിങ്ങളെ
വശീകരിച്ചുവെന്നും നിങ്ങൾ കരുതുന്നു.
17ഞാൻ അയച്ച ആരെങ്കിലും വഴി ഞാൻ നിങ്ങ
ളെ വഞ്ചിച്ചോ? ഇല്ല! ഞാനങ്ങനെ ചെയ്തി
ല്ലെന്നു നിങ്ങൾക്കറിയാം. 18ഞാൻ തീത്തൊ
സിനെ നിങ്ങളുടെയടുത്തേക്കു പറഞ്ഞു വിട്ടു.
ഞങ്ങളുടെ സഹോദരനെയും ഞാൻ അവനോ
ടൊത്തയച്ചു. തീത്തൊസ് നിങ്ങളെ വഞ്ചിച്ചി
ല്ലല്ലോ? ഒരേ കാര്യങ്ങൾ ഒരേ ആത്മാവുകൊണ്ട്
ഞങ്ങളിരുവരും ചെയ്തുവെന്ന് നിങ്ങൾക്ക
റിയാം.

19ഞങ്ങളെപ്പോഴും നിങ്ങളുടെ മുമ്പിൽ
സ്വയം ന്യായീകരിക്കുകയാണെന്നു നിങ്ങൾക്കു
തോന്നുന്നുണ്ടോ? ഇല്ല. ഞങ്ങൾ ദൈവത്തിനു
മുമ്പിലാണ് ഇക്കാര്യങ്ങളെല്ലാം പറയുന്നത്.
ഞങ്ങൾ ക്രിസ്തുവിനു മുമ്പിൽ ഇതെല്ലാം പറ
യുകയും ചെയ്യുന്നു. നിങ്ങൾ ഞങ്ങളുടെ പ്രിയ
സുഹൃത്തുക്കളാണ്. ഞങ്ങൾ ചെയ്യുന്ന ഓരോ
പ്രവൃത്തിയും നിങ്ങളെ ശക്തരാക്കാനാണ്;
20ഞാൻ നിങ്ങളുടെ അടുത്തു വരുമ്പോൾ
നിങ്ങൾ ഞാൻ ആഗ്രഹിക്കുന്നതു പോലെ
ആയിരുന്നില്ലെങ്കിലോ എന്നു ഭയന്നിട്ടാണ്
ഞാനിതു ചെയ്യുന്നത്. ഞാൻ എന്തായിരിക്കണ
മെന്നു നിങ്ങൾ ആഗ്രഹിക്കുമ്പോലെ ഞാൻ
ആയില്ലെങ്കിലോ എന്നും ഞാൻ ഭയക്കുന്നു.
നിങ്ങൾക്കിടയിൽ തർക്കം, അസൂയ, കോപം,
സ്വാർത്ഥത, ദുർഭാഷണം, കുശുകുശുപ്പ്,
അഹന്ത, ആശയക്കുഴപ്പം എന്നിവയുണ്ടാകാ
മെന്നു ഞാൻ ഭയക്കുന്നു. 21ഞാൻ വീണ്ടും നിങ്ങ
ളുടെയടുത്തേക്കു വരുമ്പോൾ, എന്റെ ദൈവം
എന്നെ നിങ്ങളുടെ മുമ്പിൽ വിനീതനാക്കിയേ
ക്കാമെന്നു ഞാൻ ഭയക്കുന്നു. നിങ്ങൾക്കിടയിൽ
ചിലരുടെ പാപകർമ്മങ്ങൾ എന്നെ ദുഃഖിത
നാക്കും. അവർ തങ്ങളുടെ അശുദ്ധി, ലൈംഗിക
പാപങ്ങൾ, നാണം കെട്ട പ്രവൃത്തികൾ ദുഷ്കർ
മ്മങ്ങൾ എന്നിവയ്ക്ക് പശ്ചാത്തപിക്കാത്തതു
മൂലം എനിക്കു ദുഃഖമുണ്ടാകും.

അന്ത്യമുന്നറിയിപ്പുകളും ആശംസകളും

13 ഞാൻ നിങ്ങളുടെയിടയിലേക്കു വീണ്ടും
വരും. അതു മൂന്നാം തവണയായിരിക്കും.
"ഓരോ പരാതിക്കും അതു ശരിയാണെന്നു പറ
യാൻ രണ്ടോ മൂന്നോ പേരുണ്ടായിരിക്കണം."*
എന്നത് ഓർമ്മിക്കുക. 2രണ്ടാം തവണ ഞാൻ
നിങ്ങളോടൊപ്പമായിരുന്നപ്പോൾ ഞാൻ നിങ്ങ
ളുടെ പാപങ്ങളിൽ മുന്നറിയിപ്പു തന്നിരുന്നു.
ഇപ്പോൾ ഞാൻ നിങ്ങളിൽ നിന്നു വളരെ അക
ലെയാണെങ്കിലും പാപം ചെയ്ത മറ്റുള്ളവ
ർക്കും മുന്നറിയിപ്പുതരുന്നു. ഞാൻ വീണ്ടും വരു
മ്പോൾ നിങ്ങളുടെ പാപങ്ങൾ നിമിത്തം നിങ്ങ
ളെ ശിക്ഷിക്കും. 3ക്രിസ്തുവാണ് എന്നിലൂടെ
സംസാരിക്കുന്നതെന്നതിന് നിങ്ങൾക്കു
തെളിവു വേണം. നിങ്ങളെ ശിക്ഷിക്കുന്നതിൽ
ക്രിസ്തു ദുർബ്ബലൻ അല്ലെന്നതാണ് എന്റെ
തെളിവ്. എന്നാൽ നിങ്ങളിൽ ക്രിസ്തു ശക്ത
നാണ്. 4ക്രൂശിതനായപ്പോൾ അവൻ ദുർബ്ബല
നായിരുന്നു എന്നതു ശരിതന്നെ. എന്നാൽ അവ
നിപ്പോൾ ദൈവത്തിന്റെ ശക്തിയിൽ ജീവി
ക്കുന്നു. ക്രിസ്തുവിൽ ഞങ്ങൾ ദുർബ്ബലരാണെ
ന്നതു സത്യമാകുന്നു. എങ്കിലും നിങ്ങൾക്കു
വേണ്ടി ഞങ്ങൾ ദൈവശക്തിയാൽ ക്രിസ്തു
വിൽ ജീവിക്കും.

5നിങ്ങൾ സ്വയം നോക്കുക. നിങ്ങൾ വിശ്വാ
സത്തിലാണോ ജീവിക്കുന്നതെന്നു സ്വയം പരി
ശോധിക്കുക. യേശുക്രിസ്തു നിങ്ങളിലു
ണ്ടെന്നു നിങ്ങൾക്കറിയാം. എന്നാൽ പരീക്ഷ
യിൽ നിങ്ങൾ പരാജയപ്പെട്ടാൽ, ക്രിസ്തു
നിങ്ങളിൽ വസിക്കുന്നില്ലെന്നറിയുക (നിങ്ങൾ
വിശ്വാസത്തിലല്ല ജീവിക്കുന്നതെന്നു കണ്ടെ
ത്തിയാൽ). 6പക്ഷേ ഞങ്ങൾ ആ പരീക്ഷയിൽ
തോറ്റിട്ടില്ലെന്നു നിങ്ങൾക്കു കാണാമെന്നു
ഞാൻ പ്രത്യാശിക്കുന്നു. 7നിങ്ങൾ തെറ്റൊന്നും
ചെയ്യാതിരിക്കേണ്ടതിനു ഞങ്ങൾ ദൈവ
ത്തോടു പ്രാർത്ഥിക്കുന്നു. ഞങ്ങൾ പരീക്ഷ
ജയിച്ചു എന്നത് ആളുകൾ കാണുന്നത് പ്രധാന
മല്ല. പക്ഷേ ഞങ്ങൾ പരീക്ഷയിൽ തോറ്റു എ
ന്നത് ആളുകൾ ചിന്തിക്കുന്നുവെങ്കിൽ പോലും
നിങ്ങൾ ശരിയായതു ചെയ്യുകയെന്നതാണു
പ്രധാനം. 8സത്യവിരുദ്ധമായതു ചെയ്യുവാൻ
ഞങ്ങൾക്കാവില്ല. സത്യത്തിനു നിരക്കുന്നതു
ചെയ്യുവാനേ കഴിയൂ. 9നിങ്ങൾ ശക്തരെങ്കിൽ,
ദുർബ്ബലരാകുന്നതിൽ ഞങ്ങൾക്കു സന്തോഷ
മേയുള്ളൂ. നിങ്ങൾക്കു കരുത്തുണ്ടാകട്ടേയെന്നു
ഞങ്ങൾ പ്രാർത്ഥിക്കുന്നു. 10എന്റെ അസാന്നി
ദ്ധ്യത്തിലാണു ഞാനിതെഴുതിയത്. ഞാൻ വരു
മ്പോൾ നിങ്ങളെ ശിക്ഷിക്കാൻ എന്റെ കരുത്ത്

അടയാളങ്ങൾ ... വീര്യപ്രവൃത്തികൾ ദൈവത്തിന്റെ ശക്തമായ പ്രവൃത്തികൾ. ദൈവസഹായം കൂടാതെ മനുഷ്യർക്കതു ചെയ്യാനാവില്ല.

"ഓരോ ... പേരുണ്ടായിരിക്കണം" ഉദ്ധരണി ആവ. 19:15.

ഉപയോഗിക്കാതിരിക്കാനാണു ഞാനിതെഴുതു
ന്നത്. നിങ്ങളെ ശക്തരാക്കാനാണ്, നശിപ്പി
ക്കാനല്ല ദൈവം എനിക്ക് ആ അധികാരം നൽ
കിയത്.
11സഹോദരരേ, ഇപ്പോൾ ഞാൻ വിട പറ
യുന്നു. പൂർണ്ണരായിരിക്കാൻ ശ്രമിക്കുക. ഞാൻ
പറഞ്ഞവയൊക്കെ ചെയ്യുക. പരസ്പരം അം
ഗീകരിച്ച് സമാധാനത്തോടെ ജീവിക്കുക. അ
പ്പോൾ സ്നേഹത്തിൻെറയും സമാധാനത്തി
ൻെറയും ദൈവം നിങ്ങളോടൊത്തുണ്ടാകും.
12നിങ്ങൾ പരസ്പരം അഭിവാദ്യം ചെയ്യു
മ്പോൾ ഓരോരുത്തർക്കും വിശുദ്ധചുംബനം
നൽകുക. 13നിങ്ങൾക്ക് എല്ലാ വിശുദ്ധരിൽ
നിന്നും അഭിവാദ്യങ്ങൾ. 14കർത്താവായ യേശു
ക്രിസ്തുവിൻെറ കൃപയും ദൈവത്തിൻെറ
സ്നേഹവും പരിശുദ്ധാത്മാവിൻെറ കൂട്ടാ
യ്മയും നിങ്ങളോടെല്ലാവരോടും ഉണ്ടായിരി
ക്കട്ടെ.

ഗലാത്യർക്ക് എഴുതിയ ലേഖനം

ഗലാത്യർക്കുള്ള ലേഖനം
1 അപ്പൊസ്തലനായ പൌലൊസിൽനിന്നു
ള്ളത്. അപ്പൊസ്തലനാകാൻ, ഞാൻ മനുഷ്യ
രാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ല. മനുഷ്യരിൽ
നിന്നും അയയ്ക്കപ്പെട്ടവനുമല്ല. യേശുക്രി
സ്തുവും പിതാവായ ദൈവവുമാണ് എന്നെ
അപ്പൊസ്തലനാക്കിയെടുത്തത്. ദൈവം ഒരുവ
നാണ് യേശുവിനെ മരണത്തിൽനിന്നും ഉയർ
പ്പിച്ചത്.
2ക്രിസ്തുവിൽ എന്നോടൊപ്പമുള്ള എല്ലാ
സഹോദരങ്ങളിൽനിന്നും ആശംസകൾ. ഗലാ
ത്യയിലെ സഭകൾക്കുള്ളതാണ് ഇത്. **3**പിതാ
വായ ദൈവവും കർത്താവായ യേശുക്രിസ്തു
വും നിങ്ങൾക്ക് കൃപയും സമാധാനവും നൽ
കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. **4**നമ്മുടെ
പാപങ്ങൾക്കായി യേശു അവനെത്തന്നെ കൊ
ടുത്തു. നാം ജീവിക്കുന്ന ദുഷ്ട ലോകത്തിൽ
നിന്നും മുക്തരാക്കാനാണ് യേശു ഇതു ചെയ്
തത്. അതായിരുന്നു പിതാവായ ദൈവത്തി
ന്റെ അഭീഷ്ടം. **5**മഹത്വം എന്നെന്നേക്കും ദൈവ
ത്തിനുള്ളതാകട്ടെ. ആമേൻ.

ഒരു സത്യസുവിശേഷമേ ഉള്ളൂ
6അല്പ കാലത്തിനു മുമ്പ് തന്നെ പിന്തുടരു
വാൻ ദൈവം നിങ്ങളെ വിളിച്ചു. ക്രിസ്തുവി
ലൂടെ ആഗതമാകുന്ന അവന്റെ കൃപയിലാണ്
അവൻ നിങ്ങളെ വിളിച്ചത്. എന്നാൽ ഇന്നു
ഞാൻ നിങ്ങളെപ്പറ്റി അത്ഭുതാധീനനാണ്! നി
ങ്ങൾ നേരത്തെതന്നെ പിന്തിരിയുകയും വ്യത്യ
സ്ത സുവിശേഷത്തിൽ വിശ്വസിക്കുകയും
ചെയ്യുന്നു. **7**യഥാർത്ഥത്തിൽ മറ്റൊരു സത്യ
സുവിശേഷമില്ല. എന്നാൽ ചിലർ നിങ്ങളെ
ആകെ ചിന്താക്കുഴപ്പത്തിലാക്കുകയാണ്. അവർ
ക്രിസ്തുവിന്റെ സുവിശേഷത്തിനു മാറ്റം വരു
ത്തുവാൻ ആഗ്രഹിക്കുന്നു. **8**ഞങ്ങൾ നിങ്ങ
ളോടു സത്യസുവിശേഷം പറഞ്ഞു. അതിനാൽ
ഞങ്ങൾ തന്നെയോ, സ്വർഗ്ഗത്തിൽ നിന്നൊരു
ദൂതനോ നിങ്ങളോടു മറ്റൊരു സുവിശേഷം
പറഞ്ഞാൽ അവൻ ശപിക്കപ്പെടും. **9**ഞാനിതു
നേരത്തേ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ വീണ്ടും
പറയുന്നു. നിങ്ങൾ നേരത്തെതന്നെ സുവി
ശേഷം സ്വീകരിച്ചിരുന്നു. രക്ഷപ്രാപിക്കാനുള്ള
മറ്റൊരു മാർഗ്ഗം ഒരുവൻ പറയുന്നുവെങ്കിൽ
അവൻ ശപിക്കപ്പെടും.
10എന്നെ സ്വീകരിക്കുവാൻ ജനങ്ങളെ ഒരു
ക്കുകയാണ് ഞാനെന്നാണോ നിങ്ങൾ ഇപ്പോ
ഴും വിചാരിക്കുന്നത്. അല്ല; 'ദൈവം' ഒരുവനെ
മാത്രമാണ് ഞാൻ പ്രീതിപ്പെടുത്താൻ ശ്രമിക്കു
ന്നത്. ഞാൻ മനുഷ്യരെ പ്രീതിപ്പെടുത്താൻ
ശ്രമിക്കുകയാണോ? ഞാൻ മനുഷ്യരെ പ്രീതി
പ്പെടുത്താനാഗ്രഹിച്ചുവെങ്കിൽ ഞാൻ യേശു
ക്രിസ്തുവിന്റെ ദാസൻ ആകുന്നില്ല.

പൌലൊസിന്റെ അധികാരം ദൈവദത്തം
11സഹോദരരേ, ഞാൻ നിങ്ങളെ ഉപദേശിച്ച
സുവിശേഷം മനുഷ്യകല്പിതം അല്ല എന്നു
നിങ്ങളറിയണമെന്നു ഞാനാഗ്രഹിക്കുന്നു. **12**എ
നിക്കു മനുഷ്യരിൽനിന്നല്ല സുവിശേഷം ലഭി
ച്ചത്. മനുഷ്യരാരും എന്നെ സുവിശേഷം പഠി
പ്പിച്ചില്ല. യേശുക്രിസ്തു എനിക്കതു നൽകി.
ഞാൻ ജനങ്ങളോടു പറയേണ്ട സുവിശേഷം
അവൻ എന്നെ കാണിച്ചു.
13എന്റെ പൂർവ്വ ജീവിതത്തെക്കുറിച്ചു
നിങ്ങൾ കേട്ടിട്ടുണ്ട്. ഞാൻ യെഹൂദ മതത്തിലാ
യിരുന്നു. ദൈവത്തിന്റെ സഭയെ ഞാൻ വളരെ
യേറെ പീഡിപ്പിച്ചു. ഞാൻ സഭയെ ഇല്ലായ്മ
ചെയ്യുവാൻ ശ്രമിച്ചു. **14**ഞാൻ യെഹൂദമത
ത്തിലെ ഒരു നേതാവായിക്കൊണ്ടിരിക്കുകയാ
യിരുന്നു. ഞാൻ എന്റെ പ്രായത്തിലുള്ള മറ്റ
നേകം യെഹൂദരേക്കാൾ മെച്ചമായി പ്രവർ
ത്തിച്ചു. നമ്മുടെ പൂർവ്വികരുടെ പരമ്പരാഗത
മായ ചട്ടങ്ങൾ പിന്തുടരാൻ ഞാൻ മറ്റാരെ
ക്കാളും ശ്രമിച്ചു.
15എന്നാൽ ഞാൻ ജനിക്കുന്നതിനു മുൻപേ
ദൈവത്തിനു എന്നെക്കുറിച്ചു പ്രത്യേകമായ
പദ്ധതിയുണ്ടായിരുന്നു. അതിനാൽ ദൈവം
തന്റെ കരുണയാൽ എന്നെ വിളിച്ചു. **16**തന്റെ
പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതി
കളുടെ ഇടയിൽ പ്രസംഗിക്കുവാൻ ദൈവം
ആശിച്ചു. അതിനാൽ ദൈവം തന്റെ മകനെക്കു
റിച്ച് എന്നെപഠിപ്പിച്ചു. ദൈവം എന്നെ വിളിച്ച
പ്പോൾ എനിക്ക് ഒരു മനുഷ്യനിൽനിന്നും സഹാ
യമോ ഉപദേശമോ ലഭിച്ചില്ല. **17**യെരൂശലേമി
ലുള്ള അപ്പൊസ്തലരെ കാണുവാൻ ഞാൻ
പോയില്ല. ഞാൻ അപ്പൊസ്തലനാകുംമുൻപേ
അവർ അപ്പൊസ്തലന്മാരായിരുന്നു. എന്നാൽ
പകരമായി ഞാൻ അറേബ്യയിലേക്കു പോയി.
പിന്നീട് ഞാൻ ദമസ്കൊസിലേക്ക് മടങ്ങി.
18മൂന്നു വർഷങ്ങൾക്കു ശേഷം ഞാൻ യെരൂശ
ലേമിലേക്കു പോയി. ഞാൻ പത്രൊസിനെ
കാണാനാഗ്രഹിച്ചു. ഞാൻ പത്രൊസിനൊപ്പം
പതിനഞ്ചു ദിവസം താമസിച്ചു. **19**യേശു
വിന്റെ സഹോദരനായ യാക്കോബിനെ ഒഴിച്ച്
മറ്റൊരു അപ്പൊസ്തലനെയും ഞാൻ കണ്ടില്ല.
20ഞാൻ എഴുതുന്ന ഈ കാര്യങ്ങൾ പൊളിയ
ല്ലെന്ന് ദൈവത്തിനറിയാം. **21**പിന്നീട് സുറിയ,
കിലിക്യാ ഭാഗങ്ങളിലേക്കു പോയി.
22യെഹൂദ്യയിലെ ക്രൈസ്തവ സഭകൾ
എന്നെ നേരത്തെ കണ്ടിട്ടില്ല. **23**അവർ എന്നെ
ക്കുറിച്ച് ഇത് കേട്ടിട്ടേയുള്ളൂ: "ഈ മനുഷ്യൻ
നമ്മളെ പീഡിപ്പിക്കുന്നവനാണ്. എന്നാൽ ഒരി
ക്കൽ ഇവൻ നശിപ്പിക്കുവാൻ ആഗ്രഹിച്ച അതേ
വിശ്വാസം തന്നെ ഇപ്പോൾ ജനങ്ങളോടു പറ
യുന്നു." **24**ഈ വിശ്വാസികൾ എന്നെപ്രതി ദൈ
വത്തെ പുകഴ്ത്തി.

മറ്റ് അപ്പൊസ്തലർ പൌലൊസിനെ സ്വീകരിച്ചു
2 പതിനാലു കൊല്ലത്തിനുശേഷം ഞാൻ
വീണ്ടും യെരൂശലേമിലേക്കു തിരികെ

പോയി. ഞാൻ ബർന്നബാസിനോടൊപ്പം
തീത്തൊസിനെയും കൂട്ടിയാണ് പോയത്.
2ഞാൻ പോകണമെന്നു ദൈവം കാണിച്ചതു
കൊണ്ടാണ് ഞാൻ പോയത്. വിശ്വാസികളുടെ
നേതാവായിരുന്നവരുടെ അടുത്ത് ഞാൻ
പോയി. ഞാൻ ഒറ്റയ്ക്കായപ്പോൾ ആ മനുഷ്യ
രോട് ഞാൻ ജാതികളോടു പ്രസംഗിക്കുന്ന
സുവിശേഷം പറഞ്ഞു. എൻെറപ്രവൃത്തി, പണ്ട
ത്തെയും ഇപ്പോഴത്തെയും നിഷ്ഫലമാകാതി
രിക്കാൻ, ഞാൻ പ്രസംഗിക്കുന്നത് അവർ മന
സ്സിലാക്കണമെന്നു ഞാൻ ആഗ്രഹിച്ചു. തീ
ത്തൊസ് എന്നോടൊപ്പം ഉണ്ടായിരുന്നു. അവൻ
ഒരു യവനനാണ്. 3-4എന്നാൽ ഈ നേതാക്കൾ
തീത്തൊസിനോടുപോലും പരിച്ഛേദന നട
ത്താൻ നിർബന്ധിച്ചില്ല. ഞങ്ങൾക്ക് ഈ കാര്യ
ങ്ങളെപ്പറ്റി സംസാരിക്കേണ്ടത് ആവശ്യമായി
രുന്നു. കാരണം, ചില കപട സഹോദരന്മാർ
ഞങ്ങളുടെ സമൂഹത്തിൽ രഹസ്യമായി പ്രവേ
ശിച്ചിരുന്നു. ക്രിസ്തുവിൽ ഞങ്ങൾക്കുള്ള സ്വാ
തന്ത്ര്യത്തെപ്പറ്റി അറിയുവാൻ അവർ ചാരന്മാരെ
പ്പോലെ വന്നു. 5എന്നാൽ ആ കപട സഹോദര
ന്മാർക്ക് ആവശ്യമുള്ളത് ഒന്നും ഞങ്ങൾ സമ്മതി
ച്ചില്ല. സുവിശേഷത്തിൻെറ സത്യം നിങ്ങൾ
ക്കായി തുടരുവാൻ ഞങ്ങൾ ആഗ്രഹിച്ചു.

6പ്രധാനരെന്നു കാണപ്പെട്ട ആൾക്കാർ ഞാൻ
പ്രസംഗിക്കുന്ന സുവിശേഷം മാറ്റിയില്ല.(അവർ
"പ്രധാനരോ അപ്രധാനരോ" എന്നത് എനി
ക്കൊരുകാര്യമല്ല. ദൈവത്തിന് എല്ലാവരും സമ
ന്മാരാണ്)7എന്നാൽ ഈ നേതാക്കൾ, പത്രൊസി
നെപ്പോലെ എനിക്കും ഒരു പ്രത്യേക ജോലി
നൽകിയിട്ടുണ്ടെന്നു കണ്ടു. യെഹൂദരോടു സു
വിശേഷം അറിയിക്കുവാനുള്ള ജോലി ദൈവം
പത്രൊസിനു നൽകി. അതുപോലെ, ജാതിക
ളോട് സുവിശേഷം പ്രസംഗിക്കുവാനുള്ള
ജോലി ദൈവം എനിക്കു നൽകി. 8ഒരു അപ്പൊ
സ്തലനായി പ്രവർത്തിക്കാനുള്ള ശക്തി
ദൈവം പത്രൊസിനു നൽകി. യെഹൂദർക്കു
വേണ്ടിയുള്ള ഒരു അപ്പൊസ്തലനാണ് പത്രൊ
സ്. ദൈവം എനിക്കും ഒരു അപ്പൊസ്തലനാകാ
നുള്ള ശക്തി നൽകി. എന്നാൽ യെഹൂദരല്ലാത്ത
വർക്കു വേണ്ടിയുള്ള ഒരു അപ്പൊസ്തലനാണ്
ഞാൻ. 9യാക്കോബും പത്രൊസും യോഹന്നാനു
മാണ് നേതാക്കളായി കാണപ്പെടുന്നത്. എനി
ക്കും ഇതിനുള്ള പ്രത്യേക വരം ദൈവം തന്നിട്ടു
ണ്ടെന്ന് അവർ കണ്ടു. അതിനാൽ അവർ എന്നെ
യും ബർന്നബാസിനെയും സ്വീകരിച്ചു. "ബർ
ന്നബാസേ, പൌലൊസേ നിങ്ങൾ യെഹൂദര
ല്ലാത്തവരുടെ അടുക്കലേക്കു പോകണമെന്ന്
ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ യെഹൂദരുടെ
അടുത്തേക്കു പൊയ്ക്കൊള്ളാം." എന്ന് പത്രൊ
സും യാക്കോബും യോഹന്നാനും പറഞ്ഞു.

10ഒരു കാര്യം മാത്രമേ ഞങ്ങളോടവർ അഭ്യർ
ത്ഥിച്ചുള്ളൂ, പാവങ്ങളെ സഹായിക്കാൻ ഓർക്ക
ണമെന്ന്. ഇതാണ് ഞാൻ യഥാർത്ഥത്തിൽ
ചെയ്യാൻ അഗ്രഹിച്ചതും.

പത്രൊസിനു തെറ്റിയെന്നു പൌലൊസ് തെളിയിക്കുന്നു

11പത്രൊസ് അന്ത്യൊക്ക്യയിൽവന്ന് തെറ്റായി
ചിലതു ചെയ്തു. അവനു തെറ്റിപ്പോയതു
കൊണ്ട് ഞാൻ പത്രൊസിനെതിരായിരുന്നു.
12ഇതാണ് സംഭവിച്ചത്. പത്രൊസ് അന്ത്യൊക്ക്യ
യിൽ ആദ്യം വന്നപ്പോൾ ജാതികളോടു കൂടെ
അവൻ ഭക്ഷിക്കുകയും ഇടപെടുകയും ചെ
യ്തു. എന്നാൽ യാക്കോബ് അയച്ച ഏതാനും
യെഹൂദർ അവിടേക്കു വന്നപ്പോൾ പത്രൊസ്
ജാതികളോടൊന്നിച്ചുള്ള ഭോജനം നിർത്തി.
പത്രൊസ് ജാതികളുടെ ഇടയിൽനിന്നും സ്വയം
ഒഴിഞ്ഞുമാറി. എല്ലാ ജാതികളും പരിച്ഛേദന
കഴിക്കണം എന്നു വിശ്വസിക്കുന്ന ആ യെഹൂ
ദരെ പത്രൊസിന് ഭയമായിരുന്നു. 13അതിനാൽ
പത്രൊസ് ഒരു കപട ഭക്തിക്കാരനായിരുന്നു.
ഇതര യെഹൂദ വിശ്വാസികളും പത്രൊസി
നൊപ്പം ചേർന്നു. അതിനാൽ അവരും കപട
ഭക്തിക്കാരായിരുന്നു. ബർന്നബാസുപോലും
യെഹൂദരുടെ ഈ പ്രവൃത്തിയിൽ സ്വാധീനിക്ക
പ്പെട്ടു. 14ഈ യെഹൂദർ ചെയ്തതെന്തെന്നു
ഞാൻ കണ്ടു. സുവിശേഷത്തിൻെറ സത്യം
അവർ പിന്തുടരുന്നില്ല. എല്ലാ യെഹൂദരും കേൾ
ക്കത്തക്കവിധത്തിൽ ഞാൻ പത്രൊസിനോടു
പറഞ്ഞു. "പത്രൊസേ നീ ഒരു യെഹൂദനാണ്.
എന്നാൽ ഒരു യെഹൂദനെപ്പോലെ ജീവിക്കു
ന്നില്ല. നീ ജാതികളിൽ ഒരുവനെപ്പോലെയാണ്
ജീവിക്കുന്നത്. അപ്പോൾ ജാതികളെ യെഹൂദരെ
പ്പോലെ ജീവിക്കാൻ നിർബന്ധിക്കുന്നത്
എന്തിന്?"

15നമ്മൾ യെഹൂദർ ജാതികളായോ പാപിക
ളായോ അല്ല ജനിച്ചത്. നമ്മൾ യെഹൂദരായാണ്
ജനിച്ചത്. 16പക്ഷേ ന്യായപ്രമാണം പിന്തുടർന്ന
തുകൊണ്ട് ഒരാൾ ദൈവമുമ്പാകെ നീതികരിക്ക
പ്പെടുകയില്ല എന്ന് നമുക്കറിയാം. യേശുക്രി
സ്തുവിലുള്ള വിശ്വാസമാണ് ഒരുവനെ ദൈവ
മുമ്പാകെ നീതീകരിക്കുന്നത്. അതിനാൽ നാമും
ക്രിസ്തുയേശുവിൽ വിശ്വസിച്ചു. കാരണം
നാം ദൈവമുമ്പാകെ നീതീകരിക്കപ്പെടണം. അ
ങ്ങനെ നാം ദൈവമുമ്പാകെ നീതീകരിക്കപ്പെ
ട്ടു, ന്യായപ്രമാണം പാലിച്ചതുകൊണ്ടല്ല, ക്രി
സ്തുവിൽ വിശ്വസിച്ചതു കൊണ്ടുമാത്രം.
ന്യായപ്രമാണം പാലിക്കുന്നതിനാൽ ഒരുവനും
നീതീകരിക്കപ്പെടില്ല.

17നാം യെഹൂദർ ക്രിസ്തുവിലേക്കു വന്നത്,
ദൈവമുമ്പാകെ നീതികരിക്കപ്പെടാനാണ്. അ
തിനാൽ നാമും പാപികളായിരുന്നു എന്നു
വ്യക്തം. ക്രിസ്തു പാപത്തെ പ്രോത്സാഹിപ്പി
ക്കുന്നു എന്നതിനു അർത്ഥമുണ്ടോ? തീർച്ച
യായും ഇല്ല. 18ഞാനുപേക്ഷിച്ച കാര്യങ്ങൾ
വീണ്ടും പഠിപ്പിക്കുവാൻ തുടങ്ങുകവഴി ഞാൻ
എന്നെത്തന്നെ പാപത്തിനു ഏല്പിച്ചു കൊടു
ക്കുകയാണ്. 19ന്യായപ്രമാണത്തിനുവേണ്ടി
ജീവിക്കുന്നതു ഞാൻ നിർത്തി. ന്യായപ്രമാണ
മാണ് എന്നെ കൊന്നത്. ദൈവത്തിനുവേണ്ടി
ജീവിക്കത്തക്കവണ്ണം ഞാൻ ന്യായപ്രമാണ
ത്തിനു മരിച്ചു. ഞാൻ ക്രിസ്തുവിനൊപ്പം കുരി
ശിൽ കൊല്ലപ്പെട്ടു. 20അതിനാൽ ഞാൻ ഈ
ജീവിക്കുന്ന ജീവിതം യഥാർത്ഥത്തിൽ എൻേറ
തല്ല- ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.
ഞാനിപ്പോഴും എൻെറ ശരീരത്തിൽ ജീവി
ക്കുന്നു എന്നുവരികിലും വിശ്വാസം കൊണ്ട്
ഞാൻ ദൈവത്തിൻെറ പുത്രനിൽ ജീവിക്കുന്നു.
യേശുവാണ് എന്നെ സ്നേഹിച്ചത്. എന്നെ
രക്ഷിക്കാനായി അവൻ സ്വയം നൽകി.21ഈ
ദാനം ദൈവത്തിൽനിന്നുള്ളതാണ്. ആ ദാനം
ഞാൻ നിരാകരിക്കുന്നില്ല. എന്തുകൊണ്ടെ
ന്നാൽ, ന്യായപ്രമാണം നമ്മെ ദൈവമുമ്പാകെ
നീതീകരിക്കുമായിരുന്നെങ്കിൽ ക്രിസ്തു നമുക്കു
വേണ്ടി മരിക്കേണ്ടിവരുമായിരുന്നില്ല.

വിശ്വാസം വഴിയാണ് ദൈവാ
നുഗ്രഹം വരുന്നത്

3 യേശുക്രിസ്തുവിൻെറ കുരിശിലെ മരണം
ഗലാത്യയിലെ ജനങ്ങളോടു വളരെ വ്യക്ത
മായി പറയപ്പെട്ടതാണ്. എന്നാൽ നിങ്ങൾ
വളരെ ഭോഷന്മാരാണ്. 2നിങ്ങളെ കബളിപ്പിക്കു
വാൻ ചിലരെ നിങ്ങൾഅനുവദിച്ചു. ഈ ഒരു
കാര്യം എന്നോടു പറയുക: നിങ്ങൾ എങ്ങനെ
യാണ് പരിശുദ്ധാത്മാവിനെ സ്വീകരിച്ചത്?
ന്യായപ്രമാണം പാലിച്ചതു കൊണ്ടാണോ
ആത്മാവിനെ നിങ്ങൾക്കു കിട്ടിയത്? അല്ല!
സുവിശേഷം കേട്ടതുകൊണ്ടാണോ നിങ്ങൾ
ആത്മാവിനെ സ്വീകരിച്ചതും വിശ്വസിച്ചതും?
3ആത്മാവുകൊണ്ട് നിങ്ങളുടെ ജീവിതം ക്രി
സ്തുവിൽ തുടങ്ങി. ഇപ്പോൾ നിങ്ങളുടെ തന്നെ
ശക്തിയാൽ അതു തുടരുവാൻ നിങ്ങൾ ശ്രമി
ക്കുമെന്നോ? അതു ഭോഷത്തമാണ്. 4നിങ്ങൾ
വളരെ അനുഭവിച്ചതാണ്. ആ അനുഭവങ്ങള
ത്രയും ഫലശൂന്യമാക്കണമെന്നോ? അതു വ്യർ
ത്ഥമാക്കപ്പെടുകയില്ലെന്ന് ഞാൻ പ്രതീക്ഷി
ക്കുന്നു. 5നിങ്ങൾ ന്യായപ്രമാണം പിന്തുടർന്ന
തുകൊണ്ടാണോ ദൈവം ആത്മാവിനെ തന്നത്?
അല്ല! നിങ്ങൾ ന്യായപ്രമാണം പിന്തുടർന്നതു
കൊണ്ടാണോ ദൈവം നിങ്ങളുടെ ഇടയിൽ
അത്ഭുതങ്ങൾ പ്രവർത്തിച്ചത്? അല്ല! നിങ്ങൾ
സുവിശേഷം കേട്ടു വിശ്വസിച്ചതുകൊണ്ട്
ദൈവം അവൻെറ ആത്മാവിനെ നിങ്ങൾക്കു
തരികയും അത്ഭുതങ്ങൾ പ്രവർത്തിക്കുകയും
ചെയ്തു.

6അതേ കാര്യങ്ങളാണു അബ്രാഹാമിനെക്കു
റിച്ച് തിരുവെഴുത്തുകളിൽ പറയുന്നത്, "അബ്രാ
ഹാം ദൈവത്തെ വിശ്വസിച്ചു. ദൈവം അബ്രാ
ഹാമിൻെറ വിശ്വാസത്തെ സ്വീകരിച്ചു. അത്
അബ്രാഹാമിനെ ദൈവമുമ്പാകെ നീതീക
രിച്ചു." *7അതിനാൽ വിശ്വാസമുള്ള ആൾക്കാ
രാണ് അബ്രാഹാമിൻെറ യഥാർത്ഥ മക്കൾ.
8ഭാവിയിൽ സംഭവിക്കുന്നതെന്താണെന്നു തിരു
വെഴുത്തുകൾ പറയുന്നു. ദൈവം ജാതികളെ
അവരുടെ വിശ്വാസം വഴി നീതീകരിക്കും എന്ന്
തിരുവെഴുത്ത് പറയുന്നു. ഈ സുവിശേഷം
തിരുവെഴുത്തുകൾ പറയുന്നതു പോലെ അ
ബ്രാഹാമിനോടു നേരത്തേ പറഞ്ഞിരുന്നു. "അ
ബ്രാഹാമേ, ഭൂമിയിലെ എല്ലാ ജനതയെയും
അനുഗ്രഹിക്കാൻ ദൈവം നിന്നെ ഉപയോഗി
ക്കും."* 9അബ്രാഹാം അതു വിശ്വസിച്ചു. അ
ബ്രാഹാം വിശ്വസിച്ചതു കൊണ്ട് അനുഗ്രഹീത
നായി. അതു തന്നെയാണിന്നും. വിശ്വസിക്കുന്ന
എല്ലാവരും അബ്രാഹാം അനുഗ്രഹിക്കപ്പെട്ടതു
പോലെ അനുഗ്രഹീതരാകും.

10എന്നാൽ ദൈവമുമ്പാകെ നീതീകരിക്കപ്പെ
ടുന്നതിന് ന്യായപ്രമാണം പിന്തുടരുന്നവർ ഒരു
ശാപത്തിൻകീഴിലാണ്. എന്തുകൊണ്ടെന്നാൽ
തിരുവെഴുത്തുകൾ പറയുന്നു, "ന്യായപ്രമാണ
ത്തിൽ എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങളെല്ലാം
ഒരു വ്യക്തി ചെയ്യണം. *അവൻ എപ്പോഴും
അനുസരിക്കുന്നില്ലെങ്കിൽ അവൻ ഒരു ശാപ
ത്തിൻകീഴിലാണ്." 11അതിനാൽ ഒരു വ്യക്തി
യും ന്യായപ്രമാണം മൂലം ദൈവമുമ്പാകെ
നീതീകരിക്കപ്പെടില്ല എന്നു വ്യക്തമാണ്. "വി
ശ്വാസം കൊണ്ട് ദൈവസമക്ഷം നീതീകരിക്ക
പ്പെട്ടവൻ നിത്യം ജീവിക്കും."* എന്ന് തിരുവെഴു
ത്തുകൾ പറയുന്നു. 12ന്യായപ്രമാണവും വി
ശ്വാസവും ഒന്നല്ല; അതു മറ്റൊരു പാതയാണ്
ഉപയോഗപ്പെടുത്തുന്നത്. ന്യായപ്രമാണം പറ
യുന്നു, "ന്യായപ്രമാണാനുഷ്ഠാനത്താൽ ജീ
വൻ കണ്ടെത്താൻ ആഗ്രഹിക്കുന്നവൻ ന്യായ
പ്രമാണം പറയുന്ന കാര്യങ്ങൾ ചെയ്യണം."*
13ന്യായപ്രമാണം ഒരു ശാപം നമ്മിലേക്കിട്ടു.
എന്നാൽ ക്രിസ്തു നമുക്കായി സ്വയം ആ
ശാപത്തിനു വിധേയനായി. അതിനാൽ
അവൻ ആ ശാപം നമ്മിൽനിന്നും എടുത്തു
മാറ്റി "ഒരുവൻെറ ശരീരം മരത്തിൽ തൂക്കിയിട്ടി
രിക്കുന്നെങ്കിൽ ആ വ്യക്തി ഒരു ശാപത്തിൻ
കീഴിലാണ്" എന്ന് തിരുവെഴുത്തിൽ എഴുത
പ്പെട്ടിരിക്കുന്നു. 14ദൈവം അബ്രാഹാമിനു
വാക്കു കൊടുത്തതു പോലെ ദൈവാനുഗ്രഹം
കിട്ടത്തക്കവിധം ക്രിസ്തു എല്ലാം ചെയ്തു.
അനുഗ്രഹം ക്രിസ്തു വഴിയാണ് വരുന്നത്.
ക്രിസ്തു നമുക്കുവേണ്ടി മരിച്ചതിനാൽ ദൈവം
വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ
നമുക്ക് കിട്ടി. വിശ്വസിക്കുന്നതുവഴി ഈ വാ
ഗ്ദാനം നമുക്കു ലഭിക്കുന്നു.

ന്യായപ്രമാണവും വാഗ്ദത്തവും

15സഹോദരീസഹോദരന്മാരേ ഈ ഒരു ഉദാ
ഹരണം നൽകുവാൻ എന്നെ അനുവദിക്കുക.
ഒരുവൻ മറ്റൊരുവനുമായി നടത്തുന്ന നിയമ
ത്തെക്കുറിച്ചു വിചാരിക്കുക. ആ നിയമം ഔ
ദ്യോഗികമായി അംഗീകരിച്ചശേഷം യാതൊരു
വനും ആ നിയമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർ
ക്കാൻ സാദ്ധ്യമല്ല. 16ദൈവം അബ്രാഹാമി
നോടും അവൻെറ സന്തതിയോടും വാഗ്ദാനം
ചെയ്തു. "നിൻെറ സന്തതികളോടും" എന്നു
ദൈവം പറഞ്ഞില്ല. (അത് അനേകം പേരെ
അർത്ഥമാക്കും. എന്നാൽ ദൈവം പറഞ്ഞത് എ
ന്തെന്നാൽ "നിൻെറ സന്തതിയോടും" എന്നാ
ണ്. ഇത് ഒരു വ്യക്തിയെന്നാണ് അർത്ഥമാക്കു
ന്നത്. അത് കിസ്തുവാണ്.) 17ഇതാണ് ഞാനർ
ത്ഥമാക്കുന്നത്. ന്യായപ്രമാണം പ്രയോഗത്തിൽ
കൊണ്ടുവരുന്നതിനു വളരെ മുൻപേ ദൈവം
അബ്രാഹാമിനു വാഗ്ദാനം നൽകി. നാനൂറ്റി
മുപ്പത് വർഷങ്ങൾക്കുശേഷമാണ് ന്യായപ്ര
മാണം വന്നത്. അതിനാൽ ന്യായപ്രമാണ
ത്തിന് ദൈവം അബ്രാഹാമിനു നൽകിയ വാഗ്
ദാനം ലംഘിക്കുവാനോ നിയമം റദ്ദു ചെയ്യാ
നോ സാദ്ധ്യമല്ല. 18ദൈവം വാഗ്ദാനം ചെയ്ത
കാര്യങ്ങൾ ന്യായപ്രമാണം പിന്തുടരുക വഴി
നേടാൻ കഴിയുമോ? ഇല്ല! ന്യായപ്രമാണാനു
സരണത്താൽ അക്കാര്യങ്ങൾ നമുക്കു ലഭിക്കു
മെങ്കിൽ ദൈവത്തിൻെറ വാഗ്ദാനം അത് നമു
ക്കു തരില്ല. എന്നാൽ ദൈവം അബ്രാഹാമിനു
കൊടുത്ത വാഗ്ദാനത്തിലൂടെ, തൻെറ അനുഗ്ര
ഹങ്ങൾ തടസ്സമേതുമില്ലാതെ ദയാപൂർവ്വം
കൊടുത്തു.

19അപ്പോൾ എന്തിനു വേണ്ടിയാണ് ന്യായപ്ര
മാണം? ജനങ്ങൾ ചെയ്യുന്ന ദുഷ്കർമ്മങ്ങൾ
വെളിവാക്കുവാനാണ് ന്യായപ്രമാണം. അബ്രാ
ഹാമിൻെറ പ്രത്യേകപിന്തുടർച്ചാവകാശി വന്ന
തുവരെ ന്യായപ്രമാണം തുടർന്നു. ഈ പിന്തു
ടർച്ചാവകാശിയെപ്പറ്റിയാണ് ദൈവത്തിൻെറ
വാഗ്ദാനം. ദൂതന്മാർ വഴിയാണ് ന്യായപ്ര

"അബ്രാഹാം ... നീതീകരിച്ചു" ഉല്പ. 15:6.

"അബ്രാഹാമേ ... ഉപയോഗിക്കും" ഉല്പ. 12:3.

ന്യായപ്രമാണത്തിൽ ... ചെയ്യണം" ആവ. 27:26.

"വിശ്വാസം ... ജീവിക്കും" ഹബ. 2:4, റോമ:1:7.

"ന്യായപ്രമാണാനുഷ്ഠാനത്താൽ ... ചെയ്യണം" ലേവ്യ. 18:5.

മാണം നൽകപ്പെട്ടത്. ന്യായപ്രമാണം മനുഷ്യ
ർക്ക് കൈമാറാൻ ദൂതന്മാർ മോശെയെ ഇടനില
ക്കാരനാക്കി .20എന്നാൽ ദൈവം ഒരുവനെ ഉള്ളൂ
എന്നതുകൊണ്ടും ഒരു ഭാഗമേ ഉള്ളതെന്നു വരു
മ്പോഴും ഒരു ഇടനിലക്കാരന്റെ ആവശ്യമില്ല.

മോശെയുടെ നിയമത്തിന്റെ ആവശ്യകത

21ദൈവത്തിന്റെ വാഗ്ദാനങ്ങൾക്കെതിരാണ്
ഈ ന്യായപ്രമാണം എന്ന് ഇതർത്ഥമാക്കു
ന്നുണ്ടോ? ഇല്ല! ജീവൻ പ്രദാനം ചെയ്യുന്ന
ഒരു ന്യായപ്രമാണം ഉണ്ടെന്നു വരികിൽ നാം
ആ ന്യായപ്രമാണം വഴി ദൈവമുമ്പാകെ നീതീ
കരിക്കപ്പെട്ടേനെ. 22എന്നാൽ ഇതു ശരിയല്ല,
കാരണം സർവ്വരും പാപത്താൽ ബന്ധനത്തി
ലാക്കപ്പെട്ടിരിക്കുന്നു എന്നാണ് തിരുവെഴുത്തു
കൾ പറയുന്നത്. എന്താണ് തിരുവെഴുത്തുകൾ
ഇങ്ങനെ പറയുന്നത്? വിശ്വാസം വഴി വാ
ഗ്ദാനം നൽകപ്പെടുന്നതു കൊണ്ടാണ് അത്.
യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കാണ്
വാഗ്ദാനം നൽകിയത്.

23ഈ വിശ്വാസം വരുന്നതിനു മുൻപേ നാമെ
ല്ലാവരും ന്യായപ്രമാണം മൂലം തടവുകാരാക്ക
പ്പെട്ടിരിക്കുകയായിരുന്നു. വന്നു കൊണ്ടിരി
ക്കുന്ന, ആ വിശ്വാസത്തിന്റെ വീഥി ദൈവം
നമ്മെ കാണിക്കും വരെ നമുക്ക് സ്വാതന്ത്ര്യമി
ല്ലായിരുന്നു. 24അപ്പോൾ ക്രിസ്തു വരുന്നിടം
വരെ ന്യായപ്രമാണമായിരുന്നു നമ്മുടെ രക്ഷി
താവ്. ക്രിസ്തുവന്നതിനുശേഷം നമുക്ക് വിശ്വാ
സം വഴി ദൈവമുമ്പാകെ നീതീകരിക്കപ്പെടാൻ
കഴിയും. 25ഇപ്പോൾ വിശ്വാസത്തിന്റെ വഴി
ആഗതമായിരിക്കുന്നു. അതിനാൽ നാം നിയമ
ത്തിന്റെ കീഴിൽ ജീവിക്കുന്നില്ല.

26-27നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ജ്ഞാ
നസ്നാനം ഏറ്റിരിക്കുന്നു. അതിനാൽ നിങ്ങളെ
ല്ലാവരും ക്രിസ്തുവിനെ ധരിക്കപ്പെട്ടിരിക്കുന്നു.
ക്രിസ്തുയേശുവിലുള്ള വിശ്വാസം വഴി നിങ്ങ
ളെല്ലാം ദൈവമക്കളാണെന്ന് ഇത് വ്യക്തമാ
ക്കുന്നു. 28ഇപ്പോൾ ക്രിസ്തുവിൽ യെഹൂദനും
യവനനും തമ്മിൽ വ്യത്യാസമില്ല. അടിമകളും
സ്വതന്ത്രനും തമ്മിൽ വ്യത്യാസമില്ല. പുരുഷനും
സ്ത്രീയും തമ്മിൽ വേർതിരിവില്ല. നിങ്ങൾ
എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്.
29നിങ്ങൾ ക്രിസ്തുവിനുള്ളവരാണ്. അതിനാൽ
നിങ്ങൾ അബ്രാഹാമിന്റെ സന്തതികളാണ്.
ദൈവം അബ്രാഹാമിനു നൽകിയ വാഗ്ദാനം
കൊണ്ടാണ് നിങ്ങൾക്ക് എല്ലാ ദൈവാനുഗ്രഹ
ങ്ങളും കിട്ടിയത്.

4 നിങ്ങളോടു ഞാനിതു പറയാൻ ആഗ്രഹി
ക്കുന്നു. അനന്തരാവകാശി ഒരു കുട്ടിയായി
രിക്കേ ഒരടിമയിൽനിന്നും അവന് ഒരു വ്യത്യാ
സവുമില്ല. അനന്തരാവകാശി എല്ലാ ഉടമസ്ഥാ
വകാശങ്ങളും വഹിക്കുന്നു എന്നതു പ്രശ്നമല്ല.
2എന്തുകൊണ്ടെന്നാൽ അവൻ കുട്ടിയായിരിക്കേ
അവനെ സംരക്ഷിക്കുന്ന എല്ലാവരെയും അവൻ
അനുസരിക്കേണ്ടതുണ്ട്. എന്നാൽ പിതാവ്
നിശ്ചയിച്ച പ്രായമാകുമ്പോൾ അവൻ സ്വത
ന്ത്രനാകും. 3അതു തന്നെയാണു നമ്മുടേയും
സ്ഥിതി. നാമും ഒരിക്കൽ കുട്ടികളെപ്പോലെയാ
യിരുന്നു. ഈ ലോകത്തിന്റെ നിരുപയോഗ
മായ നിയമങ്ങളുടെ അടിമകളായിരുന്നു നാം.
4എന്നാൽ ശരിയായ സമയം ആഗതമായപ്പോൾ
ദൈവം അവന്റെ പുത്രനെ അയച്ചു. ദൈവ
പുത്രൻ ഒരു സ്ത്രീയിൽനിന്നും ജനിച്ചു. ദൈവ
പുത്രൻ ന്യായപ്രമാണത്തിനു വിധേയനായി
ജീവിച്ചു. 5ന്യായപ്രമാണത്തിനധീനരായിരുന്ന
ജനങ്ങളുടെ സ്വാതന്ത്ര്യത്തെ വാങ്ങുവാൻ
തക്കവിധമാണ് ദൈവം ഇതു ചെയ്തത്. നമ്മെ
അവന്റെ മക്കളാക്കുകയായിരുന്നു ദൈവത്തി
ന്റെ ഉദ്ദേശ്യം.

6നിങ്ങൾ ദൈവമക്കളാണ്. അതിനാലാണ്
നിങ്ങളുടെ ഹൃദയത്തിലേക്ക് ദൈവം തന്റെ
പുത്രന്റെ ആത്മാവിനെ അയച്ചത്. ആത്മാവ്
കേണു വിളിക്കുന്നു. “അപ്പാ, പ്രിയ പിതാവേ.”
7അതിനാൽ ഇനിമേൽ നിങ്ങൾ അടിമകളല്ല.
നിങ്ങൾ മക്കളാകുന്നു. താൻ വാഗ്ദാനം ചെയ്ത
കാര്യങ്ങൾ ദൈവം നിനക്കുതരും. കാരണം നീ
അവന്റെ കുട്ടിയാണ്.

ഗലാത്യരോടുള്ള പൌലൊസിന്റെ സ്നേഹം

8പണ്ട് നിങ്ങൾക്ക് ദൈവത്തെ അറികയില്ലാ
യിരുന്നു. യഥാർത്ഥമല്ലാത്ത ദൈവങ്ങൾക്കു നി
ങ്ങൾ അടിമകളായിരുന്നു. 9എന്നാൽ യഥാർത്ഥ
ദൈവത്തെ നിങ്ങൾ ഇപ്പോൾ അറിയുന്നു.
സത്യത്തിൽ ദൈവത്തിനാണ് നിങ്ങളെ അറി
യാവുന്നത്. അതിനാൽ മുമ്പ് പിന്തുടർന്നിരുന്ന
ദുർബ്ബലവും ഉപയോഗ യോഗ്യവുമല്ലാത്ത ആ
ചട്ടങ്ങളിലേക്ക് നിങ്ങളെന്തിനു മടങ്ങണം? വീ
ണ്ടും നിങ്ങൾക്ക് അക്കാര്യങ്ങളുടെ അടിമയാ
കണോ10പ്രത്യേക ദിവസങ്ങളെക്കുറിച്ചും മാസ
ങ്ങളെക്കുറിച്ചും പ്രത്യേക സന്ദർഭങ്ങളെക്കു
റിച്ചും വർഷങ്ങളെക്കുറിച്ചും ന്യായപ്രമാണം
ഉപദേശിക്കുന്നത് നിങ്ങൾ ഇപ്പോഴും പിന്തുട
രുന്നു. 11ഞാൻ നിങ്ങൾക്ക്വേണ്ടി ഭയക്കുന്നു.
നിങ്ങൾക്കുവേണ്ടിയുള്ള എന്റെ പ്രയത്നം വ്യർ
ത്ഥമാകുമോ എന്നു ഞാൻ ഭയക്കുന്നു.

12സഹോദരരേ, ഞാനും ഒരിക്കൽ നിങ്ങളെ
പ്പോലെയായിരുന്നു. അതിനാൽ നിങ്ങളും
എന്നെപ്പോലെയാകുക. നേരത്തേ നിങ്ങളെ
നിക്കു വളരെ നല്ലവരായിരുന്നു. 13എന്തുകൊ
ണ്ടാണ് ഞാനാദ്യതവണ നിങ്ങളുടെയടുത്തേ
ക്കു വന്നതെന്നു നിങ്ങൾ ഓർക്കുന്നുണ്ടാകു
മല്ലോ? കാരണം ഞാൻ രോഗിയായിരുന്നു.
ഞാൻ നിങ്ങളോട് സുവിശേഷം പ്രസംഗിച്ച
പ്പോഴായിരുന്നു അത്. 14എന്റെ രോഗം നിങ്ങൾ
ക്കൊരു വലിയ ഭാരമായിരുന്നിരിക്കാം. എന്നാൽ
എന്നോട് നിങ്ങൾ ഒരു വെറുപ്പും കാണിച്ചില്ല.
നിങ്ങൾ എന്നെ തിരസ്കരിച്ചില്ല. ദൈവത്തിൽ
നിന്നുള്ള ഒരു ദൂതനെ എന്നവണ്ണമാണ് നിങ്ങൾ
എന്നെ സ്വാഗതം ചെയ്തത്. ഞാൻ യേശു
ക്രിസ്തുവെന്ന പോലെയാണ് നിങ്ങൾ എന്നെ
സ്വീകരിച്ചത്. 15അപ്പോൾ നിങ്ങൾ വളരെ
സന്തുഷ്ടരായിരുന്നു. എവിടെപ്പോയി ആസ
ന്തോഷം? എന്നെ സഹായിക്കാൻ സാദ്ധ്യമായ
തൊക്കെയും നിങ്ങൾ ചെയ്തത് ഞാനോർ
ക്കുന്നു. കഴിയുമെങ്കിൽ നിങ്ങൾ നിങ്ങളുടെ
കണ്ണുകൾ ചൂഴ്ന്നെടുത്ത് എനിക്കു തന്നേനെ.
16എന്നാൽ ഇപ്പോൾ ഞാൻ സത്യം പറഞ്ഞതു
കൊണ്ട് നിങ്ങളുടെ ശത്രുവായി എന്നാണോ?

17നിങ്ങളെ പ്രേരിപ്പിക്കാൻ അവർ കഠിന
യത്നം നടത്തുന്നു. എന്നാൽ ഇതു നിങ്ങൾക്കു
നല്ലതല്ല. നിങ്ങളെ സ്വാധീനിക്കാൻ ആഗ്രഹി
ക്കുന്നവർ നിങ്ങളെ ഞങ്ങൾക്കെതിരാക്കാൻ
ശ്രമിക്കുന്നു. നിങ്ങൾ അവരെയല്ലാതെ മറ്റാരെ
യും പിന്തുടരാതിരിക്കാൻ അവർ ആഗ്രഹി
ക്കുന്നു. 18ആൾക്കാരുടെ ലക്ഷ്യം നല്ലതാണെ
ങ്കിലേ അവർക്ക് നിങ്ങളിലുള്ള താല്പര്യവും
നന്നാകൂ. ഇത് എല്ലായ്പ്പോഴും ശരിയാണ്.

ഞാൻ നിങ്ങളുടെ ഒപ്പം ഉള്ളപ്പോഴും അകലെ
ആയിരിക്കുമ്പോഴും ഇതു ശരിയാണ്. **19**എന്റെ
കുഞ്ഞുങ്ങളേ, ഒരമ്മയുടെ പ്രസവവേദന
പോലെ എനിക്കു നിങ്ങളെക്കുറിച്ച് വേദന
തോന്നുന്നു. നിങ്ങൾ ക്രിസ്തുവിനെപ്പോലെ
യാകുംവരെ എനിക്കിത് അനുഭവപ്പെടും.
20ഇപ്പോൾ എനിക്കു നിങ്ങളോടുകൂടെ ആയിരി
ക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ
എന്റെ സംസാരരീതിയും മാറ്റാമെന്നു തോ
ന്നുന്നു. നിങ്ങൾക്കുവേണ്ടി എന്തു ചെയ്യണ
മെന്ന് ഇപ്പോളെനിക്കറിഞ്ഞുകൂടാ.

ഹാഗാരിന്റെയും സാറായുടെയും മാതൃക

21നിങ്ങളിൽ ചിലർ ഇപ്പോഴും മോശെയുടെ
ന്യായപ്രമാണത്തിനു കീഴിലാകാൻ ആഗ്രഹി
ക്കുന്നു. എന്നോടു പറയൂ, ന്യായപ്രമാണം എ
ന്താണു പറയുന്നതെന്നു നിങ്ങൾക്കറിയാമോ?
22തിരുവെഴുത്തുകൾ പറയുന്നു അബ്രാഹാമിനു
രണ്ടു മക്കളുണ്ടായിരുന്നെന്ന്. ഒരു പുത്രന്റെ
അമ്മ അടിമയായിരുന്നു. മറ്റവളോ സ്വതന്ത്രയു
മായിരുന്നു. **23**അടിമസ്ത്രീയിൽനിന്നുള്ള
അബ്രാഹാമിന്റെ പുത്രൻ പ്രകൃതരീത്യായാണ്
ജനിച്ചത്. എന്നാൽ സ്വതന്ത്രയായവളിൽ നി
ന്നുള്ള പുത്രനോ അബ്രാഹാമിനോടുള്ള ദൈവ
ത്തിന്റെ വാഗ്ദാന പ്രകാരവും.

24ഈ സത്യകഥ ഒരു ചരിത്രം നമുക്കു തരുന്നു.
ഈ രണ്ടു സ്ത്രീകളും ദൈവവും മനുഷ്യനും
തമ്മിലുള്ള രണ്ട് നിയമങ്ങളെപ്പോലെയാണ്.
സീനായിമലയിൽവച്ച് ദൈവം ചമച്ചു നൽ
കിയ ന്യായപ്രമാണമാണൊന്ന്. ഈ നിയമ
ത്തിനു കീഴുള്ളവർ അടിമകളെപ്പോലെയാണ്.
ഹാഗാർ ഈ നിയമം പോലെയാണ്. **25**അതി
നാൽ അറേബ്യയിലെ സീനായിമലപോലെ
യാണ് ഹാഗാർ. അവൾ ലൗകീകനഗരമായ
യെരൂശലേമിന്റെ ചിത്രമാണ്. ഇതൊരു അടിമ
നഗരവും അതിലെ നിവാസികൾ അടിമകളു
മാണ്. **26**എന്നാൽ സ്വർഗ്ഗീയ യെരൂശലേം സ്വത
ന്ത്രയായ ആ സ്ത്രീയെപ്പോലെയാണ്. അത്
നമ്മുടെ അമ്മയാണ്. **27**തിരുവെഴുത്തുകളിൽ
ഇങ്ങനെ പറയുന്നു.

"മക്കളില്ലാത്ത സ്ത്രീ സന്തോഷവതിയാക
ട്ടെ. ജന്മം നൽകാത്ത അവൾ സന്തോഷത്താൽ
ആർത്തുഘോഷിക്കട്ടെ. കാരണം നിങ്ങൾ ഒരി
ക്കലും ഈറ്റുനോവനുഭവിച്ചിട്ടില്ല. ഭർത്താവു
ള്ളവളേക്കാൾ ഏകാകിനിയായവൾ കൂടുതൽ
കുഞ്ഞുങ്ങളുള്ളവളാകും." *യെശയ്യാവ്. 54:1*

28-29അബ്രാഹാമിന്റെ ഒരു പുത്രൻ പ്രകൃതരീ
ത്യായാണ് ജനിച്ചത്. എന്നാൽ അബ്രാഹാമി
ന്റെ ഇതര മകൻ ദൈവവാഗ്ദാനം കൊണ്ട്
പരിശുദ്ധാത്മാവിന്റെ ശക്തിയാലാണു ജനി
ച്ചത്. എന്റെ സഹോദരീസഹോദരന്മാരേ,
അന്ന് യിസ്ഹാക്ക് ആയിരുന്നതു പോലെ നി
ങ്ങളും വാഗ്ദാനത്തിന്റെ സന്തതികളാണ്.
പ്രകൃതരീത്യാ ജനിച്ചവൻ വാഗ്ദത്ത പുത്രനെ
പീഡിപ്പിച്ചു. ഇപ്പോഴും അങ്ങനെ
തന്നെ. **30**എന്നാൽ തിരുവെഴുത്തുകൾ എന്താണു
പറയുന്നത്? "അടിമ സ്ത്രീയേയും അവളുടെ
സന്തതിയേയും പുറത്താക്കുക! സ്വതന്ത്ര സ്ത്രീ
യുടെ മകൻ തന്റെ അപ്പനുള്ളതെല്ലാം ലഭിക്കു
ന്നു. എന്നാൽ അടിമസ്ത്രീയുടെ മകന് ഒന്നും
ലഭിക്കില്ല." **31**അതിനാൽ സഹോദരീസഹോദര
ന്മാരേ നമ്മൾ അടിമസ്ത്രീയുടെ മക്കളല്ല.
നമ്മൾ സ്വതന്ത്ര സ്ത്രീയുടെ മക്കളാണ്.

നിങ്ങളുടെ സ്വാതന്ത്ര്യം പരിപാലിക്കുക

5 ക്രിസ്തു നമ്മെ സ്വതന്ത്രരാക്കിയതു
കൊണ്ട് നമുക്ക് സ്വാതന്ത്ര്യമുണ്ട്. ന്യായ
പ്രമാണത്തിന്റെ അടിമത്വത്തിലേക്കു തിരികെ
പോയി മാറ്റം സംഭവിക്കാതിരിക്കാൻ ഉറച്ചു
നിൽക്കുക. **2**ശ്രദ്ധിക്കൂ! പൌലൊസായ ഞാൻ
പറയുന്നു. പരിച്ഛേദന ഏറ്റവരായി ന്യായ
പ്രമാണത്തിലേക്കു നിങ്ങൾ തിരിച്ചു പോയാൽ
ക്രിസ്തുവിനെക്കൊണ്ട് നിങ്ങൾക്കൊരു പ്രയോ
ജനവുമില്ല. **3**വീണ്ടും ഞാനോരോരുത്തരെയും
താക്കീതു ചെയ്യട്ടെ. നിങ്ങൾ സ്വയം പരി
ച്ഛേദനയ്ക്കു സമ്മതിക്കുകയാണെങ്കിൽ ന്യാ
യപ്രമാണം പൂർണ്ണമായും നിങ്ങളനുസരി
ക്കണം. **4**ന്യായപ്രമാണം വഴി ദൈവമുമ്പാകെ
നീതീകരിക്കപ്പെടാൻ ശ്രമിക്കുകയാണെങ്കിൽ
അപ്പോൾ ക്രിസ്തുവിലുള്ള നിങ്ങളുടെ ജീ
വിതം അവസാനിക്കുകയും ദൈവകരുണയെ
ത്യജിക്കുകയും ചെയ്തു. **5**എന്നാൽ വിശ്വാസം
വഴി ദൈവമുമ്പാകെ നീതീകരിക്കപ്പെടാമെന്ന്
പരിശുദ്ധാത്മാവിന്റെ സഹായത്താൽ പ്രതീ
ക്ഷിച്ചുകൊണ്ട് നാം കാത്തിരിക്കുന്നു. **6**ഒരുവൻ
യേശുക്രിസ്തു വിലായിരിക്കുമ്പോൾ അവൻ
പരിച്ഛേദന ഏറ്റവനോ, അഗ്രചർമ്മിയോ
എന്നത് അപ്രധാനമാണ്, സ്നേഹത്തിലൂടെ
വർത്തിക്കുന്ന വിശ്വാസമാണ് അതിപ്രധാനം.

7സത്യം അനുസരിച്ചുകൊണ്ട്, നിങ്ങളൊരു
നല്ല ഓട്ടം ഓടുകയാണ്. സത്യപാത പിന്തുടരു
ന്നത് നിർത്തുവാൻ ആരാണ് നിങ്ങളെ പ്രേരി
പ്പിച്ചത്? **8**ആ പ്രേരണ നിങ്ങളെ വിളിച്ചവനിൽ
നിന്നുള്ളതല്ല. **9**"സൂക്ഷിക്കുക! അല്പം പുളിമാവ്
മുഴുവൻ മാവിനേയും പുളിപ്പിക്കുന്നു." **10**കുഴ
യ്ക്കുന്ന ആശയങ്ങളുമായി വരുന്നവരുടെ ആശ
യങ്ങളിൽ നിങ്ങൾ വിശ്വസിക്കയില്ലെന്നു കർ
ത്താവിൽ ഞാൻ വിശ്വസിക്കുന്നു. അത്തരക്കാ
രൻ ആരുതന്നെയായാലും ശിക്ഷിക്കപ്പെടും.

11എന്റെ സഹോദരരേ, പരിച്ഛേദന ഏൽ
ക്കണമെന്നു ഞാനാരെയും പഠിപ്പിക്കുന്നില്ല.
അങ്ങനെയായിരുന്നുവെങ്കിൽ ഞാനെന്തിന്
പീഡിപ്പിക്കപ്പെടണം. പരിച്ഛേദന ഏൽക്ക
ണമെന്നു ഞാൻ പഠിപ്പിക്കുകയായിരുന്നെങ്കിൽ
കുരിശിനെപ്പറ്റിയുള്ള എന്റെ പ്രസംഗം പ്രശ്
നകരമാവില്ലായിരുന്നു. **12**നിങ്ങളെ ശല്യപ്പെടു
ത്തുന്ന ആൾക്കാർ പരിച്ഛേദനയുടെ കൂടെ
അംഗഛേദവും കൂടെ കൂട്ടിയെങ്കിൽ എന്നു ഞാ
നാശിക്കുന്നു.

13എന്റെ സഹോദരരേ, സ്വതന്ത്രരാകാൻ
ദൈവത്താൽ വിളിക്കപ്പെട്ട നിങ്ങൾ, നിങ്ങ
ളുടെ പാപം നിറഞ്ഞ സ്വയത്തെ പ്രീതിപ്പെടു
ത്താൻ ആ സ്വാതന്ത്ര്യത്തെ ഒരു ഒഴികഴിവായി
ഉപയോഗിക്കുന്നതിനു പകരം സ്നേഹത്തോടു
കൂടെ പരസ്പരം ശുശ്രൂഷ ചെയ്യുക. **14**"നിന്നെ
പ്പോലെ തന്നെ അന്യരേയും സ്നേഹിക്കുക"
എന്നതിൽ മുഴുവൻ ന്യായപ്രമാണവും
പൂർത്തിയാക്കപ്പെട്ടിരിക്കുന്നു. **15**നിങ്ങൾ പര
സ്പരം വ്രണപ്പെടുത്തുകയും പോരാടുകയും
ചെയ്യുകയാണെങ്കിൽ സൂക്ഷിക്കുക! നിങ്ങൾ
പരസ്പരം പൂർണ്ണമായും നശിപ്പിക്കും.

ആത്മാവും മനുഷ്യ പ്രകൃതിയും

16അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു
ആത്മാവിനെ പിന്തുടർന്നു ജീവിക്കുകയാണെ
ങ്കിൽ നിങ്ങളുടെ പാപം നിറഞ്ഞ സ്വയം ആഗ്ര
ഹിക്കുന്ന ദുഷ്ക്കാര്യങ്ങൾ നിങ്ങൾ ചെയ്യില്ല.
17നമ്മുടെ പാപം നിറഞ്ഞ സ്വയം ആഗ്രഹിക്കു

ന്നവ ആത്മാവിനും, ആത്മാവാഗ്രിക്കുന്നവ
പാപം നിറഞ്ഞ സ്വയത്തിനും എതിരാണ്,
അവ പരസ്പരവിരുദ്ധമാണ്. അതിനാൽ നി
ങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്ന കാര്യ
ങ്ങൾ ചെയ്യുന്നില്ല. 18എന്നാൽ നിങ്ങളെ നയി
ക്കുവാൻ ആത്മാവിനെ അനുവദിക്കുമെങ്കിൽ
നിങ്ങൾ ന്യായപ്രമാണത്തിനു വിധേയരല്ല.

19ലൈംഗികമായ അസാന്മാർഗീകത്വം, ശുദ്ധി
യില്ലായ്മ, അപമര്യാദയായ പെരുമാറ്റം, 20വ്യാ
ജദൈവങ്ങളെ ആരാധിക്കുക, മന്ത്രവാദം നട
ത്തുക, വെറുക്കുക, പ്രശ്നങ്ങളുണ്ടാക്കുക.
അസൂയാലുക്കളാകുക, വളരെ കോപിഷ്ഠരാ
കുക, തൻകാര്യം നോക്കുന്നവരാകുക, പര
സ്പരം കുഴപ്പം സൃഷ്ടിക്കുക, 21വിഭാഗീയത
വളർത്തുക, മദ്യപന്മാരാകുക, സംസ്ക്കാരരഹി
തമായ ആഘോഷങ്ങൾ നടത്തുക, ഇതുപോ
ലെയുള്ള മറ്റു കാര്യങ്ങൾ ചെയ്യുക എന്നിവ
യാണ് നമ്മുടെ പാപം നിറഞ്ഞ സ്വയം ചെ
യ്യുന്ന കാര്യങ്ങൾ എന്നു വ്യക്തം. ഇപ്പോഴത്തെ
പ്പോലെ പണ്ടും ഞാൻ നിങ്ങളെ താക്കീതു
ചെയ്തിരുന്നു. 22ഇക്കാര്യങ്ങൾ ചെയ്യുന്നവർ
ദൈവരാജ്യത്തിൽ കാണുകയില്ല. എന്നാൽ ഒരു
ന്യായപ്രമാണവും തെറ്റെന്നു പറയാത്ത സ്നേ
ഹവും ആനന്ദവും സമാധാനവും ക്ഷമയും,
23ദയയും നന്മയും വിശ്വസ്തതയും സൗമ്യ
തയും ആത്മനിയന്ത്രണവുമാണ് ആത്മാവ് നൽ
കുന്നത്. 24ക്രിസ്തുയേശുവിനുള്ളവർ അവരുടെ
പഴയ സ്വാർത്ഥവിചാരങ്ങളും ചെയ്യുവാനാ
ഗ്രഹിച്ച ദുഷ്ക്കർമ്മങ്ങളും ത്യജിച്ച് അവരുടെ
പാപം നിറഞ്ഞ സ്വയത്തെ കുരിശിൽ തറച്ചു
കൊന്നു. 25നമുക്ക് നമ്മുടെ പുതുജീവിതം ഈ
ഘട്ടം മുതൽ ഉണ്ടായതിനാൽ നാം ആത്മാവു
മായി രജ്ഞിപ്പോടെ ജീവിക്കണം. 26നാം ഗർ
വ്വിഷ്ടരാകാതിരിക്കുകയും മറ്റൊരാളെ ശുണ്ഠി
പിടിപ്പിക്കാതിരിക്കുകയും, അസൂയപ്പെടാതിരി
ക്കുകയും ചെയ്യണം.

പരസ്പരം സഹായിക്കുക

6 സഹോദരന്മാരേ, നിങ്ങളിലൊരുവൻ
പാപം ചെയ്യുന്നു എന്നുവരികിൽ, നിങ്ങ
ളിൽ ആത്മീയത ഉള്ളവൻ അവൻെറയടുത്തു
പോകുകയും സൗമ്യതയോടെ ശരിയിലേക്കു
കൊണ്ടുവരാൻ സ്വയം പ്രലോഭിതരാകാതെ
സൂക്ഷിച്ച്, അവനെ സഹായിക്കുകയും വേണം.
2പ്രശ്നങ്ങളിൽ പരസ്പരം സഹായിച്ച് യഥാർ
ത്ഥമായും ക്രിസ്തുവിൻെറ ന്യായപ്രമാണത്തെ
അനുസരിക്കുക. 3അപ്രധാനി ആയ ഒരുവൻ
സ്വയം പ്രധാനിയെന്നു കരുതുന്നുവെങ്കിൽ
അവൻ സ്വയം വിഡ്ഢിയാകുന്നു. 4ഒരു വ്യക്തി
തന്നെ, അന്യനുമായി താരതമ്യപ്പെടുത്താതെ
സ്വകർമ്മങ്ങളെ വിധിക്കട്ടെ. അതിൽ അവനു
സ്വയം അഭിമാനിക്കാം. 5ഓരോരുത്തരും അവര
വരുടെ ഉത്തരവാദിത്വം ഏറ്റെടുക്കണം. 6ദൈവീ
കോപദേശങ്ങൾ പഠിച്ചു കൊണ്ടിരിക്കുന്നവൻ
തനിക്കുള്ള നല്ല വസ്തുക്കളൊക്കെയും അദ്ധ്യാ
പകനുമായി പങ്കുവയ്ക്കണം.

7ദൈവത്തെ വഞ്ചിക്കാൻ കഴിയുമെന്നു കരു
തുന്ന വിഡ്ഢിത്തം അരുത്. ഒരുവൻ വിതച്ചതേ
കൊയ്യൂ. 8ഒരുവൻ തൻെറ പാപം നിറഞ്ഞ
സ്വയത്തെ തൃപ്തിപ്പെടുത്താനുള്ളതാണ് നടു
ന്നതെങ്കിൽ അത് അവന് നിത്യമരണം കൊണ്ടു
വരും. എന്നാൽ ഒരുവൻ ആത്മാവിനെ പ്രീതി
പ്പെടുത്താനാണ് നടുന്നതെങ്കിൽ അത്അവന്
നിത്യജീവനെ ആത്മാവിൽനിന്നു കൊണ്ടു
തരും. 9നാം നന്മ ചെയ്തുതളരരുത്. നാം ശ്രമം
ഉപേക്ഷിക്കരുത്. 10നമ്മൾ നല്ല കൃത്യങ്ങൾ തുടർ
ന്നാൽ നിത്യജീവൻെറ കതിർമണികൾ കൃത്യസ
മയത്ത് നമുക്കു ലഭിക്കും. അവസരം കിട്ടുമ്പോൾ
നാം എല്ലാവർക്കും നന്മചെയ്യണം, വിശേ
ഷിച്ചും വിശ്വാസികളുടെ കുടുംബത്തിൽപ്പെട്ട
വരോടും.

പൌലൊസ് തൻെറ കത്ത് നിർത്തുന്നു

11ഞാനിതു സ്വയം എഴുതുകയാണ് എത്ര
വലിയ അക്ഷരങ്ങളാണ് ഞാനുപയോഗിച്ചിരി
ക്കുന്നതെന്ന് കണ്ടാലും. 12ക്രിസ്തുവിൻെറ
കുരിശിനെ പിന്തുടർന്നാൽ പീഢിപ്പിക്കപ്പെടു
മെന്നു കരുതുന്നവർ യെഹൂദരാൽ സ്വീകരി
ക്കപ്പെടത്തക്കവിധം പരിച്ഛേദന ഏൽക്കാൻ
നിങ്ങളെ നിർബന്ധിക്കുന്നു. യെഹൂദരാൽ സ്വീ
കരിക്കപ്പെടാനാണ് അവരിത് ചെയ്യുന്നത്.
13പരിച്ഛേദന ഏറ്റവർ തന്നെ ന്യായപ്ര
മാണം അനുസരിക്കുന്നില്ല. എന്നാൽ നിങ്ങളെ
പ്രേരിപ്പിച്ചതിനെപ്പറ്റി പറഞ്ഞു മദിക്കാൻ നി
ങ്ങൾ പരിച്ഛേദന ഏൽക്കണമെന്ന് അവർ
ആഗ്രഹിക്കുന്നു. 14ഞാൻ അത്തരം കാര്യങ്ങളെ
പ്പറ്റി പുകഴ്ത്തി പറകയില്ല. എന്നു പ്രതീക്ഷി
ക്കുന്നു. എൻെറ പുകഴ്ത്തലിനു നിദാനം നമ്മു
ടെ കർത്താവായ യേശുക്രിസ്തുവിൻെറ കുരി
ശാണ്. കർത്താവായ യേശുക്രിസ്തുവിൻെറ
കുരിശുമരണത്തിലൂടെ ലോകം എനിക്കു ക്രൂശി
തമായി,* കൂടാതെ ഞാൻ ലോകത്തിനു മരിക്കു
കയും ചെയ്തു. 15പുതിയൊരു ജനത ദൈവ
ത്താൽ സൃഷ്ടിക്കപ്പെട്ടു എന്നതാണ് പരിച്ഛേ
ദന ഏറ്റവനോ, അഗ്രചർമ്മിയോ എന്നതിനെ
ക്കാൾ പ്രധാനം. 16ഈ നിയമം പാലിക്കുന്ന
എല്ലാവർക്കും- എല്ലാ ദൈവമക്കൾക്കും- സമാ
ധാനവും കരുണയും ലഭിക്കും. 17അതിനാൽ
ഇനിയും എനിക്കു ആരും കൂടുതൽ പ്രശ്നങ്ങൾ
നൽകാതിരിക്കട്ടെ. എൻെറ ശരീരത്തിലുള്ള ഈ
വടുക്കൾ ഞാൻ യേശുക്രിസ്തുവിൻെറതാ
ണെന്നു കാണിക്കുന്നു.* 18എൻെറ സഹോദ
രരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ കൃപ നിങ്ങളുടെ ആത്മാവിനൊപ്പം
ഉണ്ടാകട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.
ആമേൻ.

ക്രൂശിതമായി “മരിച്ചിരിക്കുന്നു” എന്നർത്ഥം.

ഈ വടുക്കൾ ... കാണിക്കുന്നു ക്രിസ്തുവിനെപ്പറ്റി പഠിപ്പിച്ചിരുന്നതിനാൽ പൌലോസിനെതിരായവർ അദ്ദേഹത്തെ പലതവണ മർദ്ദിച്ചു. അതിൻെറ അടയാളമാണത്.

എഫെസ്യർക്ക് എഴുതിയ ലേഖനം

1 ദൈവേച്ഛയാൽ ക്രിസ്തുവിന്റെ അപ്പൊ
സ്തലനായ പൌലൊസ് എന്ന ഞാൻ എഴു
തുന്നു:
യേശുക്രിസ്തുവിലെ വിശ്വാസികളായ എ
ഫെസൊസിലെ ദൈവത്തിന്റെ വിശുദ്ധജന
ത്തിന്.
2നിങ്ങൾക്ക് നമ്മുടെ പിതാവായ ദൈവത്തി
ന്റെയും കർത്താവായ യേശുക്രിസ്തുവി
ന്റെയും കൃപയും സമാധാനവും ആശംസി
ക്കുന്നു.

ക്രിസ്തുവിലെ ആത്മീയാനുഗ്രഹങ്ങൾ

3നമ്മുടെ കർത്താവായ യേശുക്രിസ്തുവി
ന്റെ പിതാവും ദൈവവുമായവന് സ്തുതി.
ക്രിസ്തുവിൽ ദൈവം എല്ലാ ആത്മീയാനുഗ്രഹ
ങ്ങളും സ്വർഗ്ഗത്തിൽ നമുക്കു നൽകിയിരി
ക്കുന്നു. 4ലോകസൃഷ്ടിക്കു മുമ്പുതന്നെ ദൈവം
ക്രിസ്തുവിൽ നമ്മളെ തിരഞ്ഞെടുത്തു. അവനു
മുമ്പിൽ നാം പരിശുദ്ധരും കുറ്റമില്ലാത്തവരും
ആകേണ്ടതിന് തന്റെ സ്നേഹം നിമിത്തം
ദൈവം നമ്മെ തിരഞ്ഞെടുത്തു. 5ലോകസൃഷ്ടി
ക്കുമുമ്പേ നമ്മെ യേശുക്രിസ്തുവിൽ തന്റെ
സ്വന്തം മക്കളാക്കുവാൻ ദൈവം തീരുമാനിച്ചി
രുന്നു. ദൈവം ആഗ്രഹിച്ചത് അതായിരുന്നു.
അതവനെ സന്തോഷിപ്പിക്കുകയും ചെയ്തു.
6അത് അവന്റെ അത്ഭുതകരമായ കാരുണ്യ
ത്തിന് പുകഴ്ച ഉണ്ടാക്കുകയും ചെയ്യുന്നു. അ
വൻ ആ കാരുണ്യം നിർലോപം നമുക്കു തന്നു.
തന്റെ പ്രിയപ്പെട്ടവനായ ക്രിസ്തുവിലൂടെ
യാണ് ആ കാരുണ്യത്തെ അവൻ തന്നത്.
7ക്രിസ്തുവിൽ അവന്റെ മരണം കൊണ്ട് നാം
സ്വതന്ത്രരാക്കപ്പെട്ടു. ദൈവത്തിന്റെ കാരുണ്യ
സമൃദ്ധിയിൽ നമുക്ക് പാപങ്ങളിൽനിന്നു മാപ്പ്.
8ദൈവം തന്റെ കാരുണ്യം പൂർണ്ണമായും സൗജ
ന്യമായും നമ്മിൽ കോരിച്ചൊരിഞ്ഞു. 9അവൻ
തന്റെ രഹസ്യപദ്ധതിയെ മുഴുവൻ വിജ്ഞാന
ത്തിലും വിവേകത്തിലും നമ്മെ അറിയിച്ചു.
ദൈവേച്ഛ അങ്ങനെയായിരുന്നു. അതൊക്കെ
ക്രിസ്തുവിലൂടെ നിറവേറ്റാനായിരുന്നു അവ
ന്റെ പരിപാടി. 10ശരിയായസമയത്ത് തന്റെ
പരിപാടികൾ പൂർത്തിയാക്കുകയായിരുന്നു
ദൈവത്തിന്റെ ലക്ഷ്യം. ക്രിസ്തുവിനെ ശിര
സ്സാക്കിക്കൊണ്ട് ഭൂമിയിലേയും സ്വർഗ്ഗത്തി
ലേയും എല്ലാ വസ്തുക്കളേയും കൂട്ടിച്ചേർക്കാൻ
ദൈവം പരിപാടിയിട്ടു.
11ദൈവത്തന്റെ ജനമായി ക്രിസ്തുവിൽ
അവൻ നമ്മെ തെരഞ്ഞെടുത്തു. അവന്റെ ആ
ഗ്രഹത്തിനനുസരിച്ച് ഞങ്ങളെ അവന്റെ ആളു
കളാക്കാൻ ദൈവം കാലേതന്നെ ആലോചിച്ചി
രുന്നു. എല്ലാം തന്റെ തീരുമാനത്തിനും ആഗ്ര
ഹത്തിനുമനുസരിച്ചാക്കിത്തീർക്കുന്നവനാണ്
ദൈവം. 12ക്രിസ്തുവിൽ ആദ്യമായി പ്രത്യാ
ശയർപ്പിച്ചവരാണ് ഞങ്ങൾ. ദൈവമഹത്വത്തെ
ഞങ്ങൾ വാഴ്ത്തും എന്നതിനാലാണ് ഞങ്ങൾ
തിരഞ്ഞെടുക്കപ്പെട്ടത്. 13നിങ്ങളെ സംബന്ധി
ച്ചും അങ്ങനെതന്നെ സത്യ ഉപദേശമായ രക്ഷ
യുടെ സുവിശേഷം നിങ്ങൾ കേട്ടു. അതുകേട്ട
പ്പോൾ നിങ്ങൾ യേശുവിൽ വിശ്വസിച്ചു. ദൈ
വം തന്റെ വാഗ്ദാനമനുസരിച്ച് പരിശുദ്ധാ
ത്മാവിനെ നിങ്ങൾക്കു നൽകിക്കൊണ്ട് ക്രിസ്തു
വിൽ അവൻ തന്റെ അടയാളം നിങ്ങളുടെമേൽ
ചാർത്തി. 14ദൈവം തന്റെ ജനതയ്ക്കു വാഗ്
ദാനം ചെയ്തതെല്ലാം നമുക്കു ലഭിക്കുമെന്ന
തിനു തെളിവാണ് ഈ പരിശുദ്ധാത്മാവ്. അത്
ദൈവത്തിന്റെ ജനതയെ പൂർണ്ണ സ്വതന്ത്ര
രാക്കും. ഇതിന്റെയെല്ലാം ആത്യന്തികലക്ഷ്യം
ദൈവമഹത്വത്തിന്റെ പുകഴ്ചയാണ്.

പൌലൊസിന്റെ പ്രാർത്ഥന

15-16അതു കൊണ്ടൊക്കെ ഞാൻ നിങ്ങളെ
എന്റെ പ്രാർത്ഥനകളിൽ എപ്പോഴും ഓർമ്മി
ക്കുകയും നിങ്ങൾക്കായി ദൈവത്തോടു നന്ദി
പറയുകയും ചെയ്യുന്നു. കർത്താവായ യേശു
വിൽ നിങ്ങൾക്കുള്ള വിശ്വാസത്തെക്കുറിച്ചും
ദൈവത്തിന്റെ ജനതയോടു നിങ്ങൾ കാട്ടുന്ന
സ്നേഹത്തെക്കുറിച്ചും കേട്ടതു മുതൽ ഞാൻ
എപ്പോഴും ഇങ്ങനെ ചെയ്യാറുണ്ട്. 17നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ ദൈവ
മായ മഹത്വം നിറഞ്ഞ പിതാവിനോട് ഞാനെ
പ്പോഴും പ്രാർത്ഥിക്കുന്നു. നിങ്ങൾക്ക് അവനെ
കൂടുതലറിയാൻ സഹായിക്കുന്ന വിവേകത്തി
ന്റെയും അറിവിന്റെയും ആത്മാവിനെ
ദൈവം നൽകണം എന്ന് ഞാൻ ദൈവത്തോട്
പ്രാർത്ഥിക്കുന്നു. 18നിങ്ങളുടെ ഹൃദയത്തിൽ കൂ
ടുതൽ ധാരണയുണ്ടാക്കാൻ ഞാൻ പ്രാർത്ഥി
ക്കുന്നു. അപ്പോൾ നമ്മെ തെരഞ്ഞെടുത്തിരിക്കു
ന്നത് എന്തിനെന്ന പ്രത്യാശ നിങ്ങളറിയും.
ദൈവം തന്റെ വിശുദ്ധജനത്തിനു വാഗ്ദാനം
ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾ സമ്പന്നവും
മഹത്തുമാണെന്നു നിങ്ങളറിയും. 19വിശ്വസി
ക്കുന്ന നമുക്ക് ദൈവത്തിന്റെ ശക്തി വളരെ
മഹത്താണെന്നും നിങ്ങളറിയും. 20ക്രിസ്തു
വിനെ മരണത്തിൽനിന്നും ഉയിർത്തെഴുന്നേ
ല്പിക്കാൻ ദൈവം ഉപയോഗിച്ച അതേ മഹൽ
ശക്തിയാണത്. സ്വർഗ്ഗീയസ്ഥലങ്ങളിൽ
ദൈവം ക്രിസ്തുവിനെ തന്റെ വലതു വശത്തു
ഇരുത്തി. 21ദൈവം യേശുവിനെ എല്ലാ ഭരണാ
ധിപന്മാരിലും അധികാരികളിലും ശക്തിക
ളിലും രാജാക്കന്മാരിലും പ്രധാനിയാക്കി. ഈ
ലോകത്തിലോ അടുത്ത ലോകത്തിലോ ഉള്ള
ശക്തിയുള്ള എന്തിനേക്കാളും പ്രധാനമാണ് ക്രി
സ്തു.
22ദൈവം എല്ലാറ്റിനേയും ക്രിസ്തുവി ന്റെ
ശക്തിയിൻ കീഴിലാക്കി. സഭയ്ക്കുവേണ്ടി എ
ല്ലാറ്റിന്റെയും അധിപതിയായും (തല) ദൈവം
യേശുവിനെ വാഴിച്ചു. 23സഭ ക്രിസ്തുവിന്റെ
ശരീരമാണ്. സഭ ക്രിസ്തുവിനാൽ നിറയ്ക്ക
പ്പെട്ടിരിക്കുന്നു. അവൻ എല്ലാം എല്ലാത്തരത്തി
ലും പൂർണ്ണമാക്കുന്നു.

മരണത്തിൽനിന്നും ജീവനിലേക്ക്

2 മുമ്പ് നിങ്ങളുടെ ആത്മീയജീവിതം പാപ
ങ്ങളാലും ദൈവവിരുദ്ധപ്രവൃത്തികളാലും
മൃതമായിരുന്നു. **2**അതെ, മുമ്പ് നിങ്ങൾ ആ പാപ
ങ്ങൾ ചെയ്തു ജീവിച്ചു. ലൗകീക ജീവിതമാ
യിരുന്നു നിങ്ങളുടേത്. ഭൂമിയുടെമേൽ ദുഷ്ടശ
ക്തികളുള്ള ഭരണാധിപനെ നിങ്ങൾ പിന്തുട
ർന്നു. ദൈവത്തെ അനുസരിക്കാത്തവരിൽ ആ
ദുരാത്മാവ് ഇപ്പോൾ പ്രവർത്തിക്കുന്നു. **3**മുമ്പ്
നമ്മളും ആ മനുഷ്യരെപ്പോലെ ജീവിച്ചിരുന്നു.
നമ്മൾ നമ്മിലെ പാപം നിറഞ്ഞ സ്വയത്തെ
സന്തോഷിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു.
നമ്മുടെ മനസ്സും ശരീരവും കാംക്ഷിച്ചതെല്ലാം
നാം ചെയ്തു. നാം ദുഷ്ടരായിരുന്നു. നമ്മുടെ
ജീവിതരീതിമൂലം നാം ദൈവകോപത്തിനു
വിധേയരാകേണ്ടിയിരുന്നു. മറ്റെല്ലാവരെയും
പോലെയായിരുന്നു നാമും.

4എന്നാൽ മഹത്തായ കാരുണ്യമുള്ള ദൈവം
നമ്മെ വളരെസ്നേഹിച്ചു. **5**നാം ആത്മീയമായി
മൃതരായിരുന്നു. കാരണം, ദൈവത്തിനു വിരോ
ധമായി നാം പാപം ചെയ്തിരുന്നു എന്നതു
തന്നെ. എന്നാൽ ദൈവം നമുക്കു ക്രിസ്തുവി
നോടൊത്തു പുതിയജീവൻ നൽകി. ദൈവ
ത്തിന്റെ കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെ
ട്ടിരിക്കുന്നത്. **6**ദൈവം നമ്മെ ക്രിസ്തുവിനോ
ടൊപ്പം ഉയർത്തുകയും സ്വർഗ്ഗീയസ്ഥാനങ്ങ
ളിൽ അവനോടൊത്തു നമ്മെ ഇരുത്തുകയും
ചെയ്തു. യേശുക്രിസ്തുവിൽ ആയിരിക്കുന്ന
നമുക്കായാണ് ദൈവം ഇതു ചെയ്തത്. **7**ഭാവി
യിലെന്നും തന്റെ കാരുണ്യത്തിന്റെ സമൃദ്ധി
കാണിക്കാനാവും വിധമാണ് ദൈവം ഇതു ചെ
യ്തത്. യേശുക്രിസ്തുവിൽ നമ്മോട് ദയാലു
വായിക്കൊണ്ടാണ് ദൈവം ആ കാരുണ്യം പ്രക
ടിപ്പിക്കുന്നത്. **8**ദൈവകാരുണ്യത്താൽ നിങ്ങൾ
രക്ഷിക്കപ്പെട്ടുവെന്നാണ് ഞാൻ അർത്ഥമാക്കു
ന്നത്. വിശ്വാസത്തിലൂടെയാണ് നിങ്ങൾക്ക് ആ
കൃപ ലഭിച്ചതും. നിങ്ങൾ സ്വയം രക്ഷിച്ചില്ല.
ദൈവത്തിന്റെ ദാനമായിരുന്നു അത്. **9**നിങ്ങ
ളുടെ പ്രവൃത്തികളല്ല നിങ്ങളെ രക്ഷിച്ചത്. അതി
നാൽ ഒരാൾക്കും തങ്ങൾ സ്വയം രക്ഷിച്ചുവെന്ന്
അഹങ്കരിക്കാനാവില്ല. **10**നമ്മളെ പുതിയ മനു
ഷ്യരാക്കിയത് ദൈവമാണ്. നമ്മൾ നല്ല പ്രവൃ
ത്തികൾ ചെയ്യുംവിധം ദൈവം നമ്മെ ക്രിസ്തു
യേശുവിൽ പുതിയ മനുഷ്യരാക്കി. ദൈവം ആ
നല്ല പ്രവൃത്തികൾ നമുക്കായി ആസൂത്രണം
ചെയ്തു കഴിഞ്ഞു. നന്മകൾ ചെയ്തുകൊ
ണ്ടുള്ള ജീവിതത്തെ അവൻ നമുക്കായി ഒരുക്കി
യിരിക്കുന്നു.

ക്രിസ്തുവിൽ ഒന്ന് ആകുന്നു

11ജാതികളായി പിറന്നവരാണു നിങ്ങൾ.
യെഹൂദർ നിങ്ങളെ “അഗ്രചർമ്മക്കാർ” എന്നു
വിളിച്ചു. നിങ്ങളെ “അഗ്രചർമ്മക്കാർ” എന്നു
വിളിച്ച യെഹൂദർ സ്വയം “പരിച്ഛേദന
ക്കാർ” എന്നു വിശേഷിപ്പിച്ചു. (അവരുടെ പരി
ച്ഛേദന അവർ തന്നെ സ്വന്തം ശരീരത്തിൽ
ചെയ്യുന്നതാണ്.) **12**മുമ്പ് ക്രിസ്തു നിങ്ങളോ
ടൊത്തില്ലായിരുന്നു എന്നു ഓർക്കുക. നിങ്ങൾ
യിസ്രായേൽ പൗരന്മാരല്ലായിരുന്നു. ദൈവം
തന്റെ ജനതയ്ക്കു നൽകിയ വാഗ്ദാനങ്ങളുടെ
നിയമങ്ങളും നിങ്ങൾക്കില്ലായിരുന്നു. നിങ്ങ
ൾക്കു പ്രതീക്ഷകളോ ദൈവത്തെപ്പറ്റിയുള്ള
അറിവോ ഉണ്ടായിരുന്നില്ല. **13**അതെ, ഒരു സമ
യത്തു നിങ്ങൾ ദൈവത്തിൽനിന്നും വളരെ
അകലെയുമായിരുന്നു. എന്നാൽ ഇപ്പോൾ നി
ങ്ങൾ ക്രിസ്തുയേശുവിൽ ദൈവത്തിലേക്കു
കൊണ്ടുവരപ്പെട്ടു. ക്രിസ്തുവിന്റെ രക്തത്തി
ലൂടെയാണ് നിങ്ങൾ ദൈവത്തിലേക്കടുത്തത്.
14ക്രിസ്തുമൂലം നമുക്കിപ്പോൾ സമാധാനമുണ്ട്.
ക്രിസ്തു (യെഹൂദരെയും ജാതികളെയും)
ഒരുമിപ്പിച്ചു. യെഹൂദരും ജാതികളും അവർക്കിട
യിൽ ഒരു മതിലു കെട്ടിയതുപോലെ വേർപിരി
ഞ്ഞിരുന്നു. അവർ പരസ്പരം വെറുത്തു.
എന്നാൽ ക്രിസ്തു തന്റെ സ്വന്തശരീരം നൽകു
കവഴി വെറുപ്പിന്റേതായ ആ മതിൽ തകർത്തു.
15യെഹൂദന്യായപ്രമാണത്തിനു അനേകം കല്പ
നകളും ചട്ടങ്ങളുമുണ്ടായിരുന്നു. പക്ഷേ, ക്രി
സ്തു ആ ന്യായപ്രമാണം അവസാനിപ്പിച്ചു.
ഇരു വിഭാഗം ജനതയെയും തന്നിൽ പുതിയ
മനുഷ്യരാക്കി ഒന്നിപ്പിക്കുകയായിരുന്നു ക്രി
സ്തുവിന്റെ ഉദ്ദേശ്യം. അങ്ങനെ യേശു സമാ
ധാനം സ്ഥാപിക്കും. **16**കുരിശിലൂടെ ക്രിസ്തു
ഇരുവിഭാഗങ്ങൾക്കിടയ്ക്കുമുള്ള വെറുപ്പ് അവ
സാനിപ്പിച്ചു. ഇരുവിഭാഗങ്ങളും ഒരു ശരീരമായ
തിനുശേഷം അവരെ ദൈവത്തിലേക്കു മടക്കി
ക്കൊണ്ടുവരാൻ ക്രിസ്തു ആഗ്രഹിച്ചു. തന്റെ
ക്രൂശീകരണത്തിലൂടെ ക്രിസ്തു ഇതു ചെയ്തു.
17ദൈവത്തിൽനിന്നും വളരെ അകന്നു കഴി
ഞ്ഞിരുന്ന നിങ്ങൾക്കിടയിൽ വന്ന് യേശു സമാ
ധാനം പ്രസംഗിച്ചു. ദൈവത്തോടടുത്തിരുന്ന
വർക്കിടയിലും യേശു ഇതു തന്നെ ചെയ്തു.
18അതെ, നമുക്കെല്ലാവർക്കും ക്രിസ്തുവിലൂടെ
ഒരാത്മാവിൽ പിതാവിലേക്കു വരുവാനവകാശ
മുണ്ടായി.

19അതുകൊണ്ട് ഇപ്പോൾ യെഹൂദരല്ലാത്ത
നിങ്ങൾ വിദേശിയരോ അപരിചിതരോ അല്ല.
നിങ്ങൾ ദൈവത്തിന്റെ വിശുദ്ധജനത്തോടൊ
പ്പമുള്ള പൗരന്മാരും ദൈവത്തിന്റെ കുടുംബ
ത്തിൽപ്പെട്ടവരുമാണ്. **20**നിങ്ങൾ ദൈവത്തി
ന്റെ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടം പോലെ
യാണ്. അപ്പൊസ്തലന്മാരും പ്രവാചകരുമൊരു
ക്കിയ അടിത്തറയിലാണ് ആ കെട്ടിടം പണിതു
യർത്തിയിരിക്കുന്നത്. ക്രിസ്തു തന്നെയാണ്
ആ വീടിന്റെ ആണിക്കല്ല്. **21**ആ കെട്ടിടം മുഴു
വൻ ക്രിസ്തുവിൽ പണിതു ചേർത്തിരിക്കുന്നു.
ക്രിസ്തു അതിനെ വളർത്തുകയും അത് കർ
ത്താവിൽ ഒരു വിശുദ്ധ മന്ദിരമായിത്തീരുകയും
ചെയ്തു. **22**ക്രിസ്തുവിൽ നിങ്ങൾ യെഹൂദരോ
ടൊപ്പം കൂട്ടിയിണക്കപ്പെട്ടു കൊണ്ടിരിക്കുക
യാണ്. ദൈവം ആത്മാവിലൂടെ ജീവിക്കുന്ന
സ്ഥലമായി നിങ്ങളെ പണിതു ചേർക്കുന്നു.

ജാതികൾക്ക് പൌലൊസിന്റെ പ്രവൃത്തി

3 ഇക്കാരണത്താൽ പൌലൊസ് എന്ന ഞാൻ
നിങ്ങൾക്കുവേണ്ടി ക്രിസ്തു യേശുവിന്റെ
തടവുകാരനാകുന്നു. **2**നിങ്ങളുടെ നന്മയ്ക്കായി
ദൈവം തന്റെ കൃപയാൽ എനിക്കു നൽകിയി
രിക്കുന്ന വേല നിങ്ങൾ അറിയുന്നുവല്ലോ.
3ദൈവം തന്റെ രഹസ്യപദ്ധതി എനിക്കു
വെളിവാക്കിത്തന്നു. അതിനെപ്പറ്റി കുറച്ചൊക്കെ
ഞാൻ എഴുതിയിട്ടുണ്ട്. **4**ഞാനെഴുതിയ ഈ
കാര്യങ്ങളൊക്കെ വായിച്ചു നോക്കുമ്പോൾ ക്രി
സ്തുവിനെപ്പറ്റിയുള്ള യഥാർത്ഥ സത്യത്തെ
പ്പറ്റി എനിക്കെന്തറിയാം എന്നു നിങ്ങൾക്കു മന
സ്സിലാക്കാൻ കഴിയും. **5**മുൻകാലങ്ങളിൽ ജീവി
ച്ചിരുന്നവരെ ഈ രഹസ്യസത്യം അറിയിച്ചിരു
ന്നില്ല. എന്നാലിപ്പോൾ ദൈവം ആത്മാവിലൂടെ
ആ രഹസ്യം തന്റെ വിശുദ്ധപ്രവാചകന്മാ

ർക്കും അപ്പൊസ്തലന്മാർക്കും കാട്ടിക്കൊടുത്തു.
6ആ സത്യം ഇതാണ്: ജാതികൾക്കും യെഹൂദരെ
പ്പോലെ ദൈവത്തിൻെറ അനുഗ്രഹങ്ങളിൽ
പങ്കുണ്ട്. ജാതികളും യെഹൂദരും ഒരേ ശരീര
ത്തിൻെറ അവയവങ്ങളാകുന്നു. അവർ, ദൈവം
യേശുക്രിസ്തുവിൽ നൽകിയ വാഗ്ദാനം
പങ്കുവയ്ക്കുകയും ചെയ്യുന്നു. സുവിശേഷം
മൂലം ജാതികൾക്കും അങ്ങനെ എല്ലാം കിട്ടുന്നു.
7ദൈവത്തിൻെറ കൃപകൊണ്ട് ആ സുവി
ശേഷം പറയാൻ ഞാൻ ഒരു ദാസനായിരി
ക്കുന്നു. ദൈവം തൻെറ ശക്തിയാൽ ആ അനു
ഗ്രഹം എനിക്കു നൽകിയിരിക്കുന്നു. 8ദൈവത്തി
ൻെറ ജനതയിൽ ഏറ്റവും നിസ്സാരനാണ് ഞാൻ.
പക്ഷേ ക്രിസ്തുവിൻെറ സമ്പന്നതയെപ്പറ്റി
യുള്ള സുവിശേഷം ജാതികളോടു പ്രസംഗിക്കു
വാനായി ദൈവം എന്നിൽ കൃപകാണിച്ചു.
പൂർണ്ണമായും അറിയാൻ പറ്റാത്ത തരത്തിൽ
അത്രയും വലുതാണ് ആ സമ്പത്ത്. 9ദൈവത്തി
ൻെറ രഹസ്യപദ്ധതിയെപ്പറ്റി ജനങ്ങളോടു പറ
യുന്ന ജോലിയും ദൈവം എന്നെ ഏല്പിച്ചു.
കാലാരംഭം മുതൽക്കുതന്നെ ആ രഹസ്യസത്യം
എല്ലാം സൃഷ്ടിച്ച ദൈവത്തിൽ നിഗൂഢമായി
ക്കിടക്കുകയായിരുന്നു. 10ദൈവത്തിൻെറ ജ്ഞാ
നം പലരീതിയിൽ കാണിക്കുമെന്ന് സ്വർഗ്ഗസ്ഥ
ലങ്ങളിലുള്ള എല്ലാ ഭരണാധിപന്മാരും ശക്തി
കളും അറിയുമെന്നതായിരുന്നു ദൈവത്തിൻെറ
പദ്ധതി. സഭയിലൂടെ അവർക്കത് അറിയാൻ
സാധിക്കും. 11ഉല്പത്തി മുതൽ ദൈവം നിശ്ചയി
ച്ചതനുസരിച്ചാണത്. ദൈവം തൻെറ നിശ്ചയമ
നുസരിച്ച് പ്രവർത്തിച്ചു. അതവൻ നമ്മുടെ
കർത്താവായ യേശുക്രിസ്തുവിലൂടെ നിറ
വേറ്റി. 12ക്രിസ്തുവിൽ നമുക്ക് ഭയമില്ലാതെ
സ്വതന്ത്രമായി ദൈവത്തിനുമുമ്പിൽ നിൽക്കാം.
ക്രിസ്തുവിലെ വിശ്വാസത്തിലൂടെ നമുക്കതു
ചെയ്യാം. 13അതിനാൽ, ഒരിക്കലും നിങ്ങൾക്കു
വേണ്ടി ഞാനനുഭവിക്കുന്ന കഷ്ടതകൾ മൂലം
നിങ്ങൾ നിരുത്സാഹരാകരുതെന്ന് ഞാനഭ്യർത്ഥി
ക്കുന്നു. എൻെറ കഷ്ടങ്ങൾ നിങ്ങളുടെ മഹത്വ
മാകുന്നു.

ക്രിസ്തുവിൻെറ സ്നേഹം

14അതുകൊണ്ട് പിതാവിനു മുമ്പിൽ പ്രാർത്ഥ
നയിൽ ഞാൻ മുട്ടുകുത്തുന്നു. 15ഭൂമിയിലും സ്വർ
ഗ്ഗത്തിലുമുള്ള എല്ലാ കുടുംബങ്ങൾക്കും അവ
നിൽനിന്നു നാമം ലഭിക്കുന്നു. 16അവൻെറ മഹ
ത്വംകൊണ്ട് നിങ്ങളുടെ ആത്മാവിനുശക്തി
നൽകാൻ ഞാൻ പിതാവിനോട് അപേക്ഷി
ക്കുന്നു. അവൻെറ മഹത്തായ സമ്പന്നതയാൽ
നിങ്ങളുടെ അന്തരാത്മാവിനെ ശക്തിപ്പെടു
ത്താൻ ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു.
17നിങ്ങളുടെ വിശ്വാസം മൂലം ക്രിസ്തു നിങ്ങ
ളുടെ ഹൃദയങ്ങളിൽ വസിക്കുമെന്നു ഞാൻ പ്രാ
ർത്ഥിക്കുന്നു. നിങ്ങളുടെ ജീവിതം സ്നേഹം
കൊണ്ട് വേരുറച്ചതും അടിത്തറപാകിയതുമാ
കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. 18നിങ്ങ
ൾക്കും ദൈവത്തിൻെറ എല്ലാ വിശുദ്ധജന
ത്തിനും ക്രിസ്തുവിൻെറ സ്നേഹത്തിൻെറ
വലുപ്പം മനസ്സിലാകട്ടെ എന്നു ഞാൻ പ്രാർത്ഥി
ക്കുന്നു. ആ സ്നേഹത്തിൻെറ വീതിയും നീള
വും ഉയരവും ആഴവും മനസ്സിലാകട്ടേയെന്നു
ഞാൻ പ്രാർത്ഥിക്കുന്നു. 19ഏതൊരു വ്യക്തി
യ്ക്കും പൂർണ്ണമായി അറിയാവുന്നതിലും മഹ
ത്തരമാണു ക്രിസ്തുവിൻെറ സ്നേഹം. ആ
സ്നേഹം അറിയാനുള്ള കഴിവ് നിങ്ങൾക്കുണ്ടാ
കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അപ്പോൾ
ദൈവത്തിൻെറ പൂർണ്ണത നിങ്ങളിൽ നിറയ്ക്ക
പ്പെടും.
20നമ്മിൽ പ്രവർത്തിക്കുന്ന ദൈവത്തിൻെറ
ശക്തി കൊണ്ട് നമുക്ക് അപേക്ഷിക്കാവുന്ന
തിലോ ചിന്തിക്കാവുന്നതിലോ അധികം
അവനു പ്രവർത്തിക്കാം. 21അവന് സഭയിലും
യേശുക്രിസ്തുവിലും എപ്പോഴും എന്നെന്നേ
ക്കും മഹത്വം. ആമേൻ.

ശരീരത്തിൻെറ ഒരുമ

4 കർത്താവിൻെറ തടവുകാരനായ ഞാൻ,
ഇനിമേൽ ദൈവജനത്തിനൊത്തവണ്ണം ജീ
വിക്കുവാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു. 2എ
പ്പോഴും എളിമയോടും, സൗമ്യതയോടും കൂടി
യിരിക്കുക. ക്ഷമിക്കുകയും പരസ്പരം സ്നേഹ
ത്തോടെ സ്വീകരിക്കുകയും ചെയ്യുക. 3ആത്മാ
വിലൂടെ നിങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു.
അങ്ങനെ തന്നെ തുടരുവാൻ നിങ്ങൾക്കാവുന്ന
തെല്ലാം ചെയ്യുക. സമാധാനം നിങ്ങളെ ഒന്നാ
ക്കിതീർക്കട്ടെ. 4ഏകശരീരവും ഏക ആത്മാവു
മാണുള്ളത്. ഏക പ്രത്യാശയ്ക്കായിട്ടാണ് ദൈ
വം നിങ്ങളെ വിളിച്ചത്. 5ഏക കർത്താവ്,
ഏക വിശ്വാസം, ഏക സ്നാനവുമാണുള്ളത്.
6ഏക ദൈവവും എല്ലാറ്റിനും ഏക പിതാവും.
അവൻ എല്ലാറ്റിനേയും ഭരിക്കുന്നു. അവൻ
എല്ലായിടവും എല്ലാറ്റിലും നിറഞ്ഞുനിൽ
ക്കുന്നു.
7ക്രിസ്തു നമുക്ക് ഓരോരുത്തർക്കും ഓരോ
പ്രത്യേക വരം നൽകി. ഓരോരുത്തർക്കും എന്തു
കൊടുക്കണമെന്ന് ക്രിസ്തു നിശ്ചയിച്ചതു
തന്നെ ഓരോരുത്തർക്കും ലഭിച്ചു. 8അതുകൊണ്ട്
തിരുവെഴുത്തുകളിൽ ഇങ്ങനെ പറഞ്ഞിരി
ക്കുന്നു,

"അവൻ ആകാശത്തിൻെറ ഉന്നതങ്ങളിലേക്കു
പോയി; അവൻ തടവുകാരെ തന്നോടൊപ്പം
കൊണ്ടു പോകുകയും ജനങ്ങൾക്കു വരങ്ങൾ
നൽകുകയും ചെയ്തു."

സങ്കീർത്തനങ്ങൾ 68:18.

9അവൻ "ഉയരത്തിലേക്കു പോയി" എന്നു പറ
യുന്നതിനർത്ഥമെന്താണ്? ആദ്യം അവൻ ഭൂമി
യിലേക്കു താണുവന്നു എന്നാണതിനർത്ഥം.
10അതുകൊണ്ട് യേശു താഴേക്കു വന്നു, അവൻ
തന്നെയാണ് ഉന്നതങ്ങളിലേക്കു പോയത്. അ
വൻ എല്ലാ സ്വർഗ്ഗങ്ങൾക്കും മുകളിലേക്കുയ
ർന്നു. എല്ലാറ്റിലും അവനെത്തന്നെ നിറയ്ക്കാ
നാണ് ക്രിസ്തു അതു ചെയ്തത്. 11അതേ ക്രി
സ്തുതന്നെ ജനങ്ങൾക്കു വരങ്ങളും നൽകി.
ചിലരെ അവൻ അപ്പൊസ്തലന്മാരാക്കി, ചില
രെ പ്രവാചകരാക്കി, ചിലരെ സുവിശേഷപ്ര
സംഗകരാക്കി. ചിലരെ ദൈവത്തിൻെറ ജനത
യുടെ ആട്ടിടയന്മാരും അദ്ധ്യാപകരുമാക്കി. 12ശു
ശ്രൂഷകൾക്കായി ദൈവത്തിൻെറ വിശുദ്ധജന
ത്തെ തയ്യാറാക്കുവാനാണ് ക്രിസ്തു ആ വര
ങ്ങൾ നൽകിയത്. ക്രിസ്തുവിൻെറ ശരീരത്തെ
ശക്തമാക്കാനാണ് അവൻ ആ വരങ്ങൾ നൽകി
യത്. 13നാമെല്ലാവരും ദൈവപുത്രനെക്കുറിച്ചു
ള്ള വിശ്വാസത്തിലും അറിവിലും ഒരുമിക്കും
വരെ ഈ ജോലി തുടരേണ്ടതുണ്ട്. നാമെല്ലാവരും
ക്രിസ്തുവിനെപ്പോലെ പക്വതയും പൂർണ്ണത
യുമുള്ളവരായി വളരണം.
14അപ്പോൾ നാം ഇനിയും ശിശുക്കളായിരി
ക്കില്ല. തിരമാലകളാൽ അങ്ങോട്ടും ഇങ്ങോട്ടും

ഉഴലുന്ന കപ്പൽ പോലെ മാറുന്നവരായിരിക്കു
കയുമില്ല നാം. നമ്മെ വിഡ്ഢിയാക്കാൻ ശ്രമി
ക്കുന്നവരുടെപുതിയ പ്രബോധനങ്ങൾക്കും നാം
വശംവദരാവുകയില്ല. തെറ്റായൊരു മാർഗ്ഗത്തി
ലേക്ക് ആളുകളെ നയിച്ച് മണ്ടന്മാരാക്കാനുള്ള
എല്ലാവിധ തന്ത്രങ്ങളും അവർ ഒരുക്കുന്നു.15ഇല്ല,
നമ്മൾ സത്യം സ്നേഹത്തോടെ സംസാരിക്കും.
എല്ലാത്തരത്തിലും ക്രിസ്തുവിനെപ്പോലെ നാം
വളരും. ക്രിസ്തു ശിരസ്സും നമ്മൾ ശരീരവുമാ
കുന്നു. 16ശരീരം മുഴുവൻ ക്രിസ്തുവിനെ ആശ്ര
യിച്ചിരിക്കുന്നു. ശരീരത്തിൻെറ എല്ലാ അവയ
വങ്ങളും ഒന്നിച്ചു ചേർത്തിരിക്കുന്നു. ഓരോ
ശരീരഭാഗവും അതാതിൻെറ ജോലി ചെയ്യുന്നു.
മുഴുവൻ ശരീരത്തെയും സ്നേഹത്തിൽ ശക്തി
പ്പെടുത്തി വളരാൻ അതു സഹായിക്കുന്നു.

നിങ്ങൾ ജീവിക്കേണ്ട മാർഗ്ഗം

17കർത്താവിനായി ഞാനിതു നിങ്ങളോടു
പറയുകയും അതിലൂന്നുകയും ചെയ്യുന്നു.
അവിശ്വാസികളെപ്പോലെ ഇനിയും ജീവിക്ക
രുത്. നിഷ്ഫലമായ ചിന്തകളാണവരുടേത്.
18അവർക്കൊന്നും മനസ്സിലാകുന്നില്ല. കേൾ
ക്കാൻ കൂട്ടാക്കാത്തതുകൊണ്ടാണിത് സംഭവിക്കു
ന്നത്. അതിനാൽ ദൈവം നൽകുന്ന ജീവിത
ത്തെ നേടാനവർക്കാവില്ല. 19അവർക്കു ലജ്ജ
നഷ്ടപ്പെട്ടിരിക്കുന്നു. തങ്ങളുടെ ജീവിതത്തെ
തെറ്റു ചെയ്യാനായി അവർ ഉപയോഗിക്കുന്നു.
കൂടുതൽ കൂടുതൽ തെറ്റുകൾ ചെയ്യാനാണവ
ർക്കു താല്പര്യം. 20എന്നാൽ ക്രിസ്തുവിൽ നിങ്ങ
ൾപഠിച്ച കാര്യങ്ങൾ ആ ചീത്തക്കാര്യങ്ങൾ
പോലെയല്ല. 21അവനെപ്പറ്റി നിങ്ങൾ കേട്ടിട്ടു
ണ്ടെന്ന് എനിക്കറിയാം. നിങ്ങൾ അവനിലെന്ന
വണ്ണം പഠിപ്പിക്കപ്പെട്ടിട്ടുണ്ട്. അതെ, സത്യം
യേശുവിലാകുന്നു. 22നിങ്ങളിലെ പഴയ മനു
ഷ്യനെ ഉപേക്ഷിക്കുകയും അശുദ്ധകർമ്മങ്ങൾ
ചെയ്തു ജീവിക്കാതിരിക്കുകയും ചെയ്യാൻ
നിങ്ങൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ദുഷ്പ്രവൃ
ത്തികൾ മൂലം ആളുകൾ വഞ്ചിതരാകുന്നതി
നാൽ ആ പഴയ ജീവൻ നശിച്ചുകൊണ്ടേയിരി
ക്കുന്നു. 23എന്നാൽ നിങ്ങൾ നിങ്ങളുടെ ഹൃദയ
ത്തിൽ പുതുക്കം പ്രാപിക്കുവാൻ പഠിപ്പിക്കപ്പെ
ട്ടിരിക്കുന്നു. 24പുതിയ മനുഷ്യനാകാൻ നിങ്ങൾ
പഠിപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവത്തെപ്പോലെ
യഥാർത്ഥത്തിൽ നല്ലതും പരിശുദ്ധവുമാകും
വിധം യഥാർത്ഥ നന്മയോടെ ആ പുതിയ
വ്യക്തി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

25അതിനാൽ നുണ പറയുന്നതു നിങ്ങൾ നിർ
ത്തണം.എല്ലായ്പ്പോഴും പരസ്പരം സത്യം പറ
യുക.* കാരണം ഒരേ ശരീരത്തിൽ കഴിയുന്ന
വരാണ് നാം. 26കോപമുണ്ടാകുമ്പോൾ പാപം
ചെയ്യാനിടയാകരുത്.* ദിവസം മുഴുവൻ
കോപംവെച്ചു കൊണ്ടിരിക്കുകയുമരുത്. 27പി
ശാചിനു നിങ്ങളെ പരാജയപ്പെടുത്താൻ ഇട
നൽകരുത്. 28മോഷ്ടാവ് മോഷണം നിർത്തണം.
എന്നിട്ടവൻ ജോലി ചെയ്യണം. അവൻ തൻെറ
കൈ നന്മ എന്തെങ്കിലും ചെയ്യാൻ ഉപയോഗി
ക്കട്ടെ. അപ്പോൾ തനിക്കുള്ളതു പാവങ്ങൾക്കു
പങ്കുവയ്ക്കാൻ അവനു കഴിയും.

29ദുഷിച്ച സംസാരം നിങ്ങൾ നടത്താതിരി
ക്കുക. മറ്റുള്ളവരെ ശക്തരാക്കും വിധം വേണ്ട
കാര്യങ്ങൾ സംസാരിക്കുക. അപ്പോൾ നിങ്ങ
ളുടെ വാക്കുകൾ ശ്രദ്ധിക്കുന്നവരെ അതു സഹാ
യിക്കും. 30പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്.
നിങ്ങൾ ദൈവത്തിൻേറതാണെന്നുള്ള ദൈ
വീകസാക്ഷ്യമാണ് പരിശുദ്ധാത്മാവ്. തക്ക
സമയത്ത് ദൈവം നിങ്ങളെ സ്വതന്ത്രരാക്കു
മെന്നുള്ളതിനു സാക്ഷ്യമായാണ് ദൈവം ആ
ആത്മാവിനെ നിങ്ങൾക്കു തന്നത്. 31ശത്രുത,
ക്രോധം, കോപം എന്നിവ ഒരിക്കലും കാട്ടാതി
രിക്കുക. കോപിച്ചലറുകയോ മറ്റുള്ളവരെ വേദ
നിപ്പിക്കും വിധം എന്തെങ്കിലും പറയുകയോ
ചെയ്യരുത്. ദുഷ്ടതകളൊന്നും പ്രവർത്തിക്കയു
മരുത്. 32പരസ്പരം ദയാലുക്കളും ലോലഹൃദയ
രുമാവുക. ദൈവം ക്രിസ്തുവിൽ നിങ്ങളോടു
ക്ഷമിച്ചതു പോലെ നിങ്ങളും പരസ്പരം ക്ഷമി
ക്കുക.

5 ദൈവത്തിൻെറ പ്രിയപ്പെട്ട മക്കളാണ്
നിങ്ങൾ. അതിനാൽ ദൈവത്തെപ്പോലെയാ
കുവാൻ ശ്രമിക്കുക. 2സ്നേഹത്തിൻേറതായ ഒരു
ജീവിതം നയിക്കുക. ക്രിസ്തു നമ്മെ സ്നേഹി
ച്ചതുപോലെ മറ്റുള്ളവരെയും സ്നേഹിക്കുക.
ക്രിസ്തു സ്വയം നമുക്കു നൽകി. അവൻ ദൈവ
ത്തിനു സുഗന്ധം നിറഞ്ഞ വഴിപാടും യാഗവു
മായിരുന്നു.

3എന്നാൽ നിങ്ങൾക്കിടയിൽ ലൈംഗിക
പാപം അരുത്. യാതൊരുവിധ ദുഷ്ടതയോ
അത്യാഗ്രഹമോ പാടില്ല. എന്തെന്നോ? അതൊ
ന്നും ദൈവത്തിൻെറ വിശുദ്ധജനത്തിന് ചേർ
ന്നതല്ല. 4നിങ്ങൾക്കിടയിൽ ദുഷിച്ച വാക്കുകളു
മുണ്ടാകരുത്. വിഡ്ഢിത്തരങ്ങളോ വൃത്തികെട്ട
തമാശകളോ നിങ്ങൾ പറയാതിരിക്കുക. അതൊ
ന്നും നിങ്ങൾക്കുചേർന്നതല്ല. പക്ഷേ നിങ്ങൾ
ദൈവത്തിനു നന്ദി പറഞ്ഞു കൊണ്ടിരിക്കണം.
5ലൈംഗികപാപം ചെയ്യുന്നവനോ ദുഷ്ടത
പ്രവർത്തിക്കുന്നവനോ വിഗ്രഹാരാധന ചെയ്യു
ന്നവനോ ക്രിസ്തുവിൻെറയും ദൈവത്തി
ൻെറയും രാജ്യത്ത് ഒരു സ്ഥാനവും ഉണ്ടാകി
ല്ലെന്ന വസ്തുത നിങ്ങൾക്കുറപ്പിക്കാം. വിഗ്ര
ഹാരാധകർ വ്യാജദൈവത്തെയാണ് ആരാധി
ക്കുന്നത്. 6അസത്യങ്ങൾ പറഞ്ഞ് ആരും നിങ്ങളെ
വഞ്ചിക്കാൻ ഇടകൊടുക്കരുത്. ദൈവത്തിൻെറ
ഉഗ്രമായ കോപം അനുസരിക്കാത്തവരുടെമേൽ
പതിക്കാൻ ഇത്തരം ചെയ്തികൾ കാരണമാകും.
7അതിനാൽ ഇതേ പെരുമാറ്റം അവരോടു കൂടെ
ചെയ്യരുത്. 8മുമ്പു നിങ്ങൾ ഇരുട്ടു നിറഞ്ഞവ
രായിരുന്നെങ്കിലും ഇപ്പോൾ നിങ്ങളിൽ കർത്താ
വിൻെറ പ്രകാശം നിറഞ്ഞിരിക്കുന്നു. അതി
നാൽ പ്രകാശത്തിൻെറ കുഞ്ഞുങ്ങളെപ്പോലെ
കഴിയുക. 9പ്രകാശം എല്ലാത്തരം നന്മകളേയും
സൽജീവിതത്തേയും സത്യത്തേയും കൊണ്ടുവ
രുന്നു. 10കർത്താവിനെ സന്തുഷ്ടനാക്കുന്നതെ
ന്തെന്നു പഠിക്കുക. 11ഇരുട്ടിലാണവരുടെ പ്രവൃ
ത്തികൾ ചെയ്യരുത്. അത് നന്മയൊന്നും ചെയ്യു
കയില്ല. ഇരുട്ടിലെ ആ കാര്യങ്ങൾ തെറ്റാണെന്ന്
തെളിയിക്കാൻ നന്മകൾ ചെയ്യുക. 12അവർ ചെ
യ്യുന്ന രഹസ്യപ്രവൃത്തികളെപ്പറ്റി പറയുന്നതു
തന്നെ യഥാർത്ഥത്തിൽ ലജ്ജാകരമാണ്. 13അവ
തെറ്റാണെന്നു നാം തെളിയിക്കുമ്പോൾ പ്രകാശം
അവയുടെ യഥാർത്ഥ രൂപം കാണുക എളുപ്പമാ
ക്കുന്നു. 14പ്രകാശമാണ് എല്ലാം എളുപ്പത്തിൽ
ദൃശ്യമാക്കുന്നത്. അതിനാലാണ് നാമിങ്ങനെ
പറയുന്നത്:

"ഉറങ്ങുന്നവനേ, ഉണരൂ! മരണത്തിൽനിന്ന്
ഉയിർത്തെഴുന്നേൽക്കൂ, ക്രിസ്തു നിൻെറമേൽ
പ്രകാശിക്കും."

എല്ലായ്പ്പോഴും ... പറയുക ഉദ്ധരണി സെഖ. 8:16.

കോപമുണ്ടാകുമ്പോൾ ... ചെയ്യാനിടയാകരുത് ഉദ്ധരണി സങ്കീ 4:4.

15അതിനാൽ എങ്ങനെ ജീവിക്കുന്നു എന്നതിൽ ശ്രദ്ധാലുവാകുക. അജ്ഞരായവരെപ്പോലെ ജീവിക്കരുത്. വിവേകത്തോടെ ജീവിക്കുക. 16നന്മ ചെയ്യാൻ ലഭിക്കുന്ന എല്ലാ അവസരവും നിങ്ങളുപയോഗിക്കണമെന്നാണ് ഞാൻ അർത്ഥമാക്കിയത്. കാരണം, ഇതു ചീത്തക്കാലമാണ്. 17അതിനാൽ നിങ്ങളുടെ ജീവിതം കൊണ്ട് വിഡ്ഢിത്തരം കാട്ടരുത്. കർത്താവിന് വേണ്ടത് ചെയ്യാൻ പഠിക്കുക. 18വീഞ്ഞു കുടിച്ചുമത്തരാകാതിരിക്കുക. അതു നിങ്ങളെ ആത്മീയമായി നശിപ്പിക്കും. എന്നാൽ ആത്മാവിനാൽ നിറയ്ക്കപ്പെടുക. 19സങ്കീർത്തനങ്ങളാലും സ്തോത്രങ്ങളാലും ആത്മീയഗാനങ്ങളാലും പരസ്പരം സംസാരിക്കുക. നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനായി പാടുകയും സംഗീതം ഉണ്ടാക്കുകയും ചെയ്യുക. 20എല്ലാറ്റിനും പിതാവായ ദൈവത്തോടു നന്ദി പറയുക. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ അവനു നന്ദി പറയുക.

ഭാര്യമാരും ഭർത്താക്കന്മാരും

21നിങ്ങൾ അന്യോന്യം അനുസരിക്കുവാൻ സന്നദ്ധരാകുക. എന്തെന്നാൽ നിങ്ങൾ ക്രിസ്തുവിനെ ആദരിക്കുന്നു.

22ഭാര്യമാരേ, നിങ്ങൾ കർത്താവിന് എന്നതുപോലെ നിങ്ങളുടെ ഭർത്താക്കന്മാരുടെ അധികാരത്തിൻ കീഴിലാകുക. 23ക്രിസ്തു സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ ഭർത്താവ് ഭാര്യയുടെ ശിരസ്സാകുന്നു. സഭ ക്രിസ്തുവിന്റെ ശരീരവും- ക്രിസ്തു ശരീരത്തിന്റെ രക്ഷകനുമാകുന്നു. 24സഭ ക്രിസ്തുവിന്റെ അധികാരത്തിൻ കീഴിലാണ്. ഭാര്യമാരേ, നിങ്ങൾക്കും അങ്ങനെ തന്നെ. എല്ലാക്കാര്യത്തിലും നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുക.

25ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങൾ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുക. ക്രിസ്തു സഭയ്ക്കു വേണ്ടി മരിച്ചു. 26സഭയെ വിശുദ്ധമാക്കാനാണവൻ മരിച്ചത്. സഭയെ വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കാൻ ക്രിസ്തു സുവിശേഷപ്രസംഗം ഉപയോഗിച്ചു. 27തേജസുള്ള (സൗന്ദര്യം) ഒരു മണവാട്ടിയെപ്പോലെ സഭയെ തനിക്കുവേണ്ടി നൽകുവാനാണ് ക്രിസ്തു മരിച്ചത്. സഭയെ ശുദ്ധീകരിച്ച് തെറ്റുകുറ്റങ്ങളോ ദുഷ്ടപാപങ്ങളോ എന്തെങ്കിലും തരത്തിലുള്ള തിന്മകളോ ഇല്ലാതാക്കാനാണ് ക്രിസ്തു മരണം വരിച്ചത്. 28ഭർത്താക്കന്മാരും അങ്ങനെ വേണം ഭാര്യമാരെ സ്നേഹിക്കാൻ. സ്വന്തം ശരീരത്തെയെന്ന പോലെ അവർ ഭാര്യമാരെ സ്നേഹിക്കേണം. തന്റെ ഭാര്യയെ സ്നേഹിക്കുന്നവൻ സ്വയം സ്നേഹിക്കുകയാണ്. 29എന്തെന്നോ? ആരും സ്വന്തം ശരീരത്തെ ഒരിക്കലും വെറുക്കുകയില്ല. എല്ലാവരും സ്വന്തം ശരീരത്തെ തീറ്റിപ്പോറ്റി പരിപാലിക്കുന്നു. അതു തന്നെ ക്രിസ്തുവും സഭയ്ക്കു വേണ്ടി ചെയ്യുന്നു. 30കാരണം നമ്മൾ അവന്റെ ശരീരത്തിന്റെ ഭാഗങ്ങളാകുന്നു. 31തിരുവെഴുത്തു പറയുന്നു:

"അതിനാൽ ഒരു പുരുഷൻ തന്റെ അപ്പനമ്മമാരെ വിട്ട് തന്റെ ഭാര്യയോടു ഒട്ടിച്ചേരുന്നു. അവരിരുവരും ഒരു ദേഹമായിത്തീരുന്നു." *

32ആ രഹസ്യസത്യം വളരെ പ്രധാനമാണ്- ഞാൻ ക്രിസ്തുവിനേയും സഭയേയും പറ്റിയാണ് പറയുന്നത്. 33എന്നാൽ നിങ്ങളോരോരുത്തരും സ്വയം സ്നേഹിക്കുന്നതുപോലെ സ്വന്തം ഭാര്യയേയും സ്നേഹിക്കേണം. ഭാര്യ ഭർത്താവിനെ ആദരിക്കുകയും വേണം.

മക്കളും മാതാപിതാക്കളും

6 മക്കളേ, കർത്താവ് ആഗ്രഹിക്കുന്നതുപോലെ മാതാപിതാക്കളെ അനുസരിക്കുവിൻ. ശരിയായ ധർമ്മം അതാണ്. 2കല്പനയിങ്ങനെ പറയുന്നു, "നിങ്ങളുടെ അപ്പനമ്മമാരെ നിങ്ങൾ ബഹുമാനിക്കണം."* വാഗ്ദാനത്തോടു കൂടിയ ആദ്യത്തെ കല്പനയാണിത്. 3വാഗ്ദാനം ഇതാണ്: "അപ്പോൾ നിനക്കു നന്മയുണ്ടാകും. നിനക്കു ഭൂമിയിൽ ഒരു ദീർഘകാല ജീവിതവുമുണ്ടാകും."*

4പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ ഒരിക്കലും പ്രകോപിതരാക്കരുത്. എന്നാൽ കർത്താവിന്റെ പരിശീലനത്തിലും ഉപദേശത്തിലും അവരെ വളർത്തുക.

അടിമകളും യജമാനന്മാരും

5അടിമകളേ, ഭൂമിയിലെ നിങ്ങളുടെ യജമാനന്മാരെ അനുസരിക്കുവിൻ. ഭയത്തോടും ആദരവോടും കൂടി അനുസരിക്കുക. ക്രിസ്തുവിനെ നിങ്ങൾ അനുസരിക്കുന്നതുപോലെ ഹൃദയംഗമായി അനുസരിക്കുക. 6യജമാനന്മാർ നിങ്ങളെ ശ്രദ്ധിക്കുമ്പോൾ അവരെ പ്രീതിപ്പെടുത്താൻ മാത്രം അനുസരിച്ചാൽ പോരാ. ക്രിസ്തുവിനെ അനുസരിക്കുന്നതുപോലെ അവരെ അനുസരിക്കുക. അങ്ങനെ ദൈവത്തിന്റെ വിധി ഹൃദയംഗമായി നിറവേറ്റുകയും ചെയ്യുക. 7നിങ്ങളുടെ ജോലിസന്തോഷത്തോടെ നിർവ്വഹിക്കുക. മനുഷ്യരെ സേവിക്കുന്നതു പോലെയല്ല, കർത്താവിനെ സേവിക്കുന്നതുപോലെ വേണം ജോലി ചെയ്യുവാൻ. 8നന്മ ചെയ്യുന്നവർക്കു കർത്താവ് തക്കപ്രതിഫലം തരുമെന്ന് ഓർമ്മിക്കുക. ഓരോരുത്തർക്കും, അവൻ അടിമയായാലും സ്വതന്ത്രനായാലും നന്മ ചെയ്താൽ അതിനുതക്ക പ്രതിഫലം കിട്ടും.

9യജമാനന്മാരേ അതേപോലെ നിങ്ങളും അടിമകൾക്കു നന്മ ചെയ്യുക. അവരെ ഭീഷണിപ്പെടുത്തുന്ന ഒന്നും പറയരുത്. നിങ്ങളുടേയും അവരുടേയും യജമാനൻ സ്വർഗ്ഗത്തിലുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. ആ യജമാനനായ ദൈവം എല്ലാവരേയും ഒരു പോലെ വിധിക്കുന്നു.

ദൈവത്തിന്റെ കവചം അണിയുക

10ഈ കത്ത് അവസാനിക്കും മുമ്പ് ഒരു കാര്യം കൂടി പറയട്ടെ, കർത്താവിലും അവന്റെ ശക്തിയിലും കരുത്തരാകുക. 11ദൈവത്തിന്റെപൂർണ്ണ കവചം ധരിക്കുക. എങ്കിൽ പിശാചിന്റെ കുടിലതന്ത്രങ്ങളെ നിങ്ങൾക്കു ചെറുക്കാനാകും. 12നമ്മുടെ പോരാട്ടം ഭൂമിയിലെ ജനങ്ങൾക്കെതിരായല്ല. ഈ ലോകത്തിന്റെ അന്ധകാരത്തിന്റെ ഭരണാധികാരികൾക്കും വാഴ്ചകൾക്കും ശക്തികൾക്കുമെതിരാണ്. സ്വർഗ്ഗീയസ്ഥലങ്ങളിൽ കയറിയിരിക്കുന്ന ദുരാത്മാക്കൾക്കെതിരായാണ് നാം പോരാടുന്നത്. 13അതുകൊണ്ടാണ്

"അതിനാൽ ... ദേഹമായിത്തീരുന്നു" ഉദ്ധരണി ഉല്പ. 2:24.

"നിങ്ങളുടെ ... ബഹുമാനിക്കണം" ഉദ്ധരണി പുറ. 20:12; ആവ. 5:16.

"അപ്പോൾ ... ജീവിതവുമുണ്ടാകും" ഉദ്ധരണി പുറ. 20:12; ആവ. 5:16.

നിങ്ങൾക്ക് ദൈവീക കവചം വേണമെന്നു പറ
ഞ്ഞത്. അപ്പോൾ ദുഷ്ടന്റെ ദിവസത്തിൽ
നിങ്ങൾക്കു കരുത്തോടെ നിൽക്കാനാകും. യുദ്ധം
മുഴുവൻ കഴിയുമ്പോഴും നിങ്ങൾക്കുനേരെ നി
ൽക്കാൻ കഴിയും. **14**നിങ്ങളുടെ അരയിൽ സത്യ
ത്തിന്റെ അരപ്പട്ട കെട്ടി ശക്തരായി നിൽക്കുക.
നീതിയുടെ മാർച്ചട്ടയും അണിയുക. **15**കരു
ത്തോടെ നിൽക്കുവാൻ നിങ്ങളുടെ കാലുകളിൽ
സമാധാനത്തിന്റെ സുവിശേഷം ധരിക്കുക.
16വിശ്വാസത്തിന്റെ പരിചയും ഉപയോഗി
ക്കുക. അങ്ങനെ ദുഷ്ടനയയ്ക്കുന്ന ഓരോ
തീയമ്പും തടുക്കുവാൻ നിങ്ങൾക്കു കഴിയും.
17രക്ഷയുടെ യുദ്ധത്തൊപ്പി ധരിക്കുക. ദൈവവ
ചനമാകുന്ന ആത്മാവിന്റെ വാളുമെടുക്കുക.
18എല്ലായ്പ്പോഴും ആത്മാവിൽ പ്രാർത്ഥിക്കുക.
എല്ലാത്തരം സ്തുതികളുപയോഗിച്ചും പ്രാർ
ത്ഥിച്ച് നിങ്ങൾക്കു വേണ്ടത് ചോദിക്കുക. അങ്ങ
നെ ചെയ്യാൻ നിങ്ങളെപ്പോഴും തയ്യാറായിരി
ക്കണം. ജാഗ്രത കൈവെടിയാതെ എല്ലാ ദൈവ
ജനത്തിനു വേണ്ടിയും പ്രാർത്ഥിക്കുക.

19എനിക്കു വേണ്ടിയും പ്രാർത്ഥിക്കുക. ഒരി
ക്കൽ മറച്ചുവച്ചിരുന്ന സുവിശേഷത്തിന്റെ
സത്യം എനിക്കു ധൈര്യപൂർവ്വം വിളിച്ചുപറ
യാൻ എന്റെ പ്രസംഗവേളകളിൽ എനിക്കു
വാക്കുകൾ തരുവാൻ ദൈവത്തോട് പ്രാർത്ഥി
ക്കുക. **20**സുവിശേഷം പ്രസംഗിക്കേണ്ടതിലേ
ക്കായി ഞാനിപ്പോൾ തടവറയിലാണ്. സുവി
ശേഷം പ്രസംഗിക്കേണ്ട രീതിയിൽ ഭയരഹിത
നായി അത് ചെയ്യാൻവേണ്ടി എനിക്കായി
പ്രാർത്ഥിക്കുക. ഞാനെങ്ങനെയോ ചെയ്യേണ്ടത്
അങ്ങനെ ഭയലേശമില്ലാതെ സുവിശേഷം പ്ര
സംഗിക്കാൻ എനിക്കു കഴിയണമെന്നും നിങ്ങൾ
പ്രാർത്ഥിക്കുക.

അവസാനത്തെ ആശംസകൾ

21ഞങ്ങൾ സ്നേഹിക്കുന്ന തിഹിക്കോസ്
എന്ന സഹോദരനെ ഞാൻ നിങ്ങളുടെയടു
ത്തേക്കയയ്ക്കുന്നു. കർത്താവിന്റെ വിശ്വസ്ത
നായ ദാസനാണവൻ. എനിക്കു സംഭവിക്കുന്ന
തെല്ലാം അവൻ പറഞ്ഞുതരും. അപ്പോൾ എന്നെ
പ്പറ്റിയും എന്റെ പ്രവൃത്തികളെപ്പറ്റിയും നിങ്ങ
ൾക്കറിയാൻ കഴിയും. **22**അതിനാലാണ് ഞാന
വനെ അയയ്ക്കുന്നത്. ഞങ്ങൾ എങ്ങനെയിരി
ക്കുന്നുവെന്ന് നിങ്ങൾ അറിയണമെന്ന് ഞാൻ
ആഗ്രഹിക്കുന്നു. നിങ്ങളെ പ്രോത്സാഹിപ്പിക്കാ
നും കൂടിയാണ് ഞാൻ അവനെ അയയ്ക്കുന്നത്.
23പിതാവായ ദൈവത്തിൽനിന്നും കർത്താ
വായ യേശുക്രിസ്തുവിൽനിന്നും വിശ്വാസ
ത്തോടെയുള്ള സ്നേഹവും സമാധാനവും
നിങ്ങൾക്കുണ്ടാകട്ടെ. **24**നമ്മുടെ കർത്താവായ
യേശുക്രിസ്തുവിനെ അന്തമില്ലാതെ സ്നേഹി
ക്കുന്ന എല്ലാവർക്കും ദൈവത്തിന്റെ കൃപയുമു
ണ്ടാകട്ടെ.

ഫിലിപ്പിയർക്ക് എഴുതിയ ലേഖനം

1 ഫിലിപ്പിയിൽ ക്രിസ്തുയേശുവിലുള്ള ദൈ
വത്തിൻെറ വിശുദ്ധജനത്തിനും മൂപ്പന്മാ
ർക്കും ശുശ്രൂഷകന്മാർക്കും യേശുക്രിസ്തുവി
ൻെറ ദാസന്മാരായ പൌലൊസും തിമൊഥെ
യൊസും ആശംസകൾ അയയ്ക്കുന്നു.

പൌലൊസിൻെറ പ്രാർത്ഥന

2നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപ
യും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ.
3നിങ്ങളെ ഓർക്കുമ്പോഴൊക്കെ ദൈവത്തിനു
ഞാൻ നന്ദി പറയുന്നു. 4ഞാൻ സന്തോഷ
ത്തോടെ നിങ്ങൾക്കുവേണ്ടി എപ്പോഴും പ്രാർ
ത്ഥിക്കുന്നു. 5ഞാൻ ജനങ്ങളോടു സുവിശേഷം
പ്രസംഗിച്ചപ്പോൾ നിങ്ങളെനിക്കു തന്ന സഹാ
യത്തിനു ഞാൻ ദൈവത്തിനു നന്ദിപറയുന്നു.
വിശ്വാസം സ്വീകരിച്ച ആ ദിവസം തൊട്ട്
ഇന്നുവരെ നിങ്ങൾ സഹായിച്ചു. 6ദൈവം
നിങ്ങളിൽ നല്ല കാര്യങ്ങൾ ചെയ്യാൻ തുടങ്ങി
യിരിക്കുന്നു. ദൈവം അത് നിങ്ങളിൽ തുടരു
കയും ചെയ്യുന്നു. യേശുക്രിസ്തു വീണ്ടും വരു
മ്പോൾ ദൈവം ആ പ്രവൃത്തി നിങ്ങളിൽ
പൂർത്തിയാക്കും. എനിക്കതിൽ തീർച്ചയുണ്ട്.
7നിങ്ങളെയെല്ലാവരെയും കുറിച്ച് അങ്ങനെ
വിചാരിക്കുന്നത് ശരിയാണെന്നു ഞാനറിയു
ന്നു. എൻെറ ഹൃദയത്തിൽ എനിക്കു നിങ്ങളോടു
വളരെ അടുപ്പം തോന്നുന്നതുകൊണ്ട് എനിക്കി
തു തീർച്ചയുണ്ട്. എന്നോടൊപ്പം ദൈവകൃപ
നിങ്ങൾ പങ്കുവയ്ക്കുന്നതുകൊണ്ട് എനിക്കു നി
ങ്ങളോടു വളരെ അടുപ്പം തോന്നു ന്നു. ഞാൻ
തടവിലായപ്പോഴും സുവിശേഷത്തിനുവേണ്ടി
പ്രതിരോധം നടത്തിയപ്പോഴും സുവിശേഷ
സത്യം തെളിയിച്ചപ്പോഴും നിങ്ങൾ ദൈവകൃപ
എനിക്കൊപ്പം പങ്കുവയ്ക്കുന്നു. 8ഞാൻ നിങ്ങ
ളെ കാണാൻ വളരെ ആഗ്രഹിക്കുന്നു എന്ന്
ദൈവത്തിന് അറിയാം. യേശു ക്രിസ്തുവിൻെറ
സ്നേഹത്തോടുകൂടി ഞാൻ നിങ്ങളെയെല്ലാവ
രേയും ഏറെ സ്നേഹിക്കുന്നു.
9ഇതാണ് നിങ്ങൾക്കുവേണ്ടിയുള്ള എൻെറ
പ്രാർത്ഥന: നിങ്ങളുടെ സ്നേഹം വളരെ ഏറെ
വളരണമെന്നും; നിങ്ങളുടെ സ്നേഹത്തോ
ടൊപ്പം ധാരണയും അറിവും നിങ്ങൾക്കുണ്ടാകേ
ണമെന്നും;
10നന്മതിന്മകളെ തിരിച്ചറിഞ്ഞ് നല്ലതു തിര
ഞ്ഞെടുക്കണമെന്നും; ക്രിസ്തുവിൻെറ വരവി
നായി നിങ്ങൾ നിഷ്കളങ്കരും, തെറ്റില്ലാത്തവരും
ആകണമെന്നും; 11ദൈവത്തിന് മഹത്വവും
സ്തുതിയും ഉണ്ടാകുന്നതിനായി ക്രിസ്തുവി
ൻെറ സഹായത്താൽ നല്ല കാര്യങ്ങൾ ചെയ്യണ
മെന്നും ഞാൻ പ്രാർത്ഥിക്കുന്നു.

പൌലൊസിനുണ്ടായ ഉപദ്രവം കർത്താവിൻെറ വേലയിൽ സഹായം

12സഹോദരങ്ങളേ, എനിക്കു സംഭവിച്ച ആ
ചീത്തകാര്യങ്ങൾ സുവിശേഷപ്രചരണത്തിന്
എന്നെ സഹായിച്ചു എന്ന് നിങ്ങൾ അറിയ
ണമെന്നു ഞാൻ ആഗ്രഹിക്കുന്നു. 13ഞാൻ എന്തു
കൊണ്ടു തടവിലായി എന്നുള്ളതു വളരെ
വ്യക്തമാണ്. ഞാൻ ക്രിസ്തുവിൻെറ ഒരു
വിശ്വാസി ആയതുകൊണ്ട് ഞാൻ തടവി
ലായി. എല്ലാ ജനങ്ങൾക്കുമെന്നപോലെ എല്ലാ
കാവൽക്കാർക്കും ഇതറിയാം. 14ഞാൻ ഇപ്പോഴും
തടവിലാണ്, പക്ഷേ, വിശ്വാസികളിൽ ഏറിയ
പങ്കിനും അതെപ്പറ്റി ഇപ്പോൾ മെച്ചമായി തോ
ന്നുന്നു. അതുകൊണ്ട് അവർക്ക് ക്രിസ്തുവിനെ
പ്പറ്റിയുള്ള സന്ദേശം പറയുന്നതിന് കൂടുതൽ
ധൈര്യം തോന്നുന്നു.
15അസൂയയും പിണക്കവും നിമിത്തം ചിലർ
ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുന്നു. ചിലരാ
കട്ടെ സഹായിക്കുവാനുള്ളതാല്പര്യം കൊണ്ടാണ്
ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുന്നത്. 16ഈ
ആൾക്കാർ പ്രസംഗിക്കുന്നത് അവർക്ക് സ്നേ
ഹം ഉള്ളതുകൊണ്ടാണ്. ദൈവം എന്നെ ഏല്പിച്ച
ജോലി സുവിശേഷത്തിനു വേണ്ടിയുള്ള പ്രതി
രോധം നടത്തുക എന്നതാണെന്ന് ഇക്കൂട്ടർക്ക്
അറിയാം. 17എന്നാൽ മറ്റാൾക്കാർ ക്രിസ്തുവി
നെപ്പറ്റി പ്രസംഗിക്കുന്നത് അവർ സ്വാർത്ഥരാ
യതുകൊണ്ടാണ്. പ്രസംഗിക്കാനുള്ള അവരുടെ
പ്രേരണ തെറ്റാണ്. തടവിൽ എനിക്ക് ഉപദ്രവം
ചെയ്യുവാനാണ് അവർ ആഗ്രഹിക്കുന്നത്.
18അവർ എനിക്കു പ്രശ്നങ്ങളുണ്ടാക്കുകയാ
ണെങ്കിൽ ഞാനതു കാര്യമാക്കില്ല. അവർ ക്രി
സ്തുവിനെപ്പറ്റി പറയുന്നു എന്നതാണു
പ്രധാനം. ഞാനതു ആഗ്രഹിക്കുന്നു. ശരിയായ
കാരണത്തിനു വേണ്ടി അവർ അതു ചെയ്യണ
മെന്നു ഞാനാശിക്കുന്നു. തെറ്റായ കാരണം കൊ
ണ്ടാണ് അവർ അതു ചെയ്യുന്നതെങ്കിലും ഞാൻ
സന്തോഷവാനാണ്. ക്രിസ്തുവിനെപ്പറ്റി പറ
യുന്നതു കൊണ്ടാണ് ഞാൻ സന്തോഷിക്കു
ന്നതും ആ സന്തോഷത്തിൽ തുടരുന്നതും. 19യേ
ശുക്രിസ്തുവിൻെറ ആത്മാവ് എന്നെ സഹാ
യിക്കുകയും നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥി
ക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ പ്രശ്ന
ങ്ങൾ എനിക്കു സ്വാതന്ത്ര്യം വരുത്തുമെന്ന് എനി
ക്കറിയാം. 20ക്രിസ്തുവിൻെറ കാര്യത്തിൽ പരാ
ജയപ്പെടാൻ എനിക്ക് ഒന്നും കാരണമാകരുത്.
എൻെറ ജീവനിലുള്ള ക്രിസ്തുവിൻെറ മഹത്വം
ഈ ലോകത്ത് കാണിക്കുവാൻ എക്കാലത്തേയും
പോലെ ഇപ്പോഴും ധീരത ഉണ്ടാകുമെന്ന് ഞാൻ
പ്രത്യാശിക്കുന്നു. ജീവിക്കുന്നുവെങ്കിലും മരിക്കു
ന്നുവെങ്കിലും ഞാനത് ആഗ്രഹിക്കുന്നു.
21എൻെറ ജീവിതത്തിലെ ഏറ്റവും പ്രധാന
പ്പെട്ട ഒരേ കാര്യം ക്രിസ്തുമാത്രമാണെന്നാണ്
ഞാൻ അർത്ഥമാക്കുന്നത്. അതിനാൽ മരണം
പോലും എനിക്കു ലാഭകരമാണ്. 22ശരീരത്തി
ലുള്ള എൻെറ ഈ ജീവിതം തുടരുകയാണെ
ങ്കിൽ കർത്താവിനുവേണ്ടി പ്രവർത്തിക്കാൻ
എനിക്കു സാധിക്കും. പക്ഷെ എന്താണ് ഞാൻ
തിരഞ്ഞെടുക്കേണ്ടത്. 23മരണമോ ജീവിതമോ
എന്ന് എനിക്കറിയില്ല. ജീവിതവും മരണവും

തമ്മിൽ തിരഞ്ഞെടുക്കുക വിഷമമമാണ്. ഈ
ജീവിതം വിട്ട് ക്രിസ്തുവിനോടുകൂടെ അയി
രിക്കാൻ ഞാനാഗ്രഹിക്കുന്നു. അതായിരിക്കും
കൂടുതൽ നല്ലത്. 24എന്നാൽ ഈ ശരീരത്തോടു
കൂടി എൻെറ സാന്നിദ്ധ്യം ഇവിടെ നിങ്ങൾക്കാ
വശ്യമുണ്ട്. 25എനിക്കറിയാം നിങ്ങൾക്കെന്നെ
ആവശ്യം ഉണ്ടെന്ന്. അതുകൊണ്ട് ഞാൻ നിങ്ങ
ളോടുകൂടെ ആയിരിക്കുമെന്ന് എനിക്കറിയാം.
നിങ്ങളുടെ വിശ്വാസത്തിൽ വളരുവാനും
സന്തോഷമുള്ളവരാകാനും ഞാൻ നിങ്ങളെ
സഹായിക്കാം. 26ഞാൻ വീണ്ടും നിങ്ങളുടെ
കൂടെയാകുമ്പോൾ ക്രിസ്തുയേശുവിൽ
നിങ്ങൾ വളരെ സന്തോഷഭരിതരാകും.

27ക്രിസ്തുവിൻെറ സുവിശേഷത്തിന് ഇണ
ങ്ങുംവിധമാണ് നിങ്ങൾ ജീവിക്കുന്നതെന്ന്
തീർച്ചപ്പെടുത്തുക. അപ്പോൾ ഞാൻ നിങ്ങ
ളോടു കൂടെ ആയിരുന്നാലും അകന്നിരുന്നാലും
എനിക്കു നിങ്ങളെക്കുറിച്ച് നല്ല കാര്യങ്ങൾ
കേൾക്കുവാൻ കഴിയും. സുവിശേഷത്തിൽ
നിന്നും വരുന്ന വിശ്വാസത്തിനായി ഏക ഹൃദ
യത്തോടെയും മനസ്സോടെയും നിങ്ങൾ യോ
ജിച്ചു ഒരു സംഘമെന്ന നിലയിൽ പ്രവർത്തി
ക്കുന്നുവെന്നു എനിക്കു കേൾക്കാൻ കഴിയും.
28നിങ്ങൾക്കെതിരായ ആളുകളെക്കുറിച്ച് ഒട്ടും
ഭയപ്പെടരുത്. നിങ്ങൾ രക്ഷിക്കപ്പെട്ടുവെന്ന
തിനും നിങ്ങളുടെ എതിരാളികൾ ഇല്ലായ്മ
പ്പെട്ടു പോകുമെന്നതിനും ദൈവത്തിൽനിന്നു
ള്ള തെളിവാണ് നിങ്ങൾക്ക് ഭയമില്ലെന്ന വസ്
തുത. 29ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന
ബഹുമതി ദൈവം നിങ്ങൾക്കു നൽകി. എന്നാൽ
അതുമാത്രമല്ല ക്രിസ്തുവിനുവേണ്ടി കഷ്ടം
സഹിക്കുന്നു എന്ന ബഹുമതിയും ദൈവം
നിങ്ങൾക്കു നൽകി. ഇവ രണ്ടും ക്രിസ്തുവിനു
പുകഴ്ച കൊണ്ടുവരും. 30ഞാൻ നിങ്ങളോടു
കൂടെ ആയിരുന്നപ്പോൾ സുവിശേഷത്തിൻെറ
എതിരാളികളിൽനിന്നും എനിക്കുണ്ടായ ക്ലേശ
ങ്ങൾ നിങ്ങൾ കണ്ടു. ഇപ്പോൾ എനിക്കുള്ള
ബുദ്ധിമുട്ടുകളെക്കുറിച്ച് നിങ്ങൾ കേൾക്കുന്നു.
നിങ്ങൾക്കു തന്നെയും അത്തരം ക്ലേശങ്ങൾ ഉണ്ട്.

ഐക്യദാർഢ്യതയോടുകൂടിയുള്ള പരസ്പര ശ്രദ്ധ

2 നിങ്ങളോട് എന്തെങ്കിലും ചെയ്യുവാൻ പറ
യുവാൻ ക്രിസ്തുവിൽ എനിക്ക് എന്തെ
ങ്കിലും മാർഗ്ഗമുണ്ടോ? എന്നെ ആശ്വസിപ്പിക്കു
വാൻ നിങ്ങളുടെ സ്നേഹം നിങ്ങളെ ആഗ്രഹി
പ്പിക്കുന്നുണ്ടോ? ആത്മാവിൽ നമ്മൾ അന്യോ
ന്യം പങ്കു പറ്റുന്നുണ്ടോ? നിങ്ങൾക്കു കരുണയും
ദയാലുത്വവും ഉണ്ടോ? 2ഇതൊക്കെ നിങ്ങൾക്കു
ണ്ടെങ്കിൽ എനിക്കുവേണ്ടി ചിലതു ചെയ്യുവാൻ
ഞാനഭ്യർത്ഥിക്കുന്നു. ഇതെന്നെ വളരെ സന്തു
ഷ്ടനാക്കും. ഒരേ കാര്യം വിശ്വസിച്ച് നിങ്ങൾ
ഏക മനസ്ക്കരാകണമെന്ന് ഞാനഭ്യർത്ഥി
ക്കുന്നു. പരസ്പര സ്നേഹത്തിനു വേണ്ടി
അന്യോന്യം യോജിക്കുക. ഒരേ ഉദ്ദേശവും ഉണ്ടാ
യിരിക്കുക.

3നിങ്ങൾ എന്തെങ്കിലും ചെയ്യുമ്പോൾ സ്വാർ
ത്ഥതയോ അഹങ്കാരമോ നിങ്ങളെ നയിക്കാൻ
അനുവദിക്കരുത്. നിങ്ങൾ വിനീതരായി നിങ്ങ
ളേക്കാൾ ബഹുമതി അന്യർക്കു കൊടുക്കുന്നവർ
ആകുവിൻ. 4നിങ്ങളുടെ മാത്രം ജീവിതത്തിൽ
ശ്രദ്ധകേന്ദ്രീകരിക്കാതെ അന്യരുടെ ജീവിത
ത്തിലും ശ്രദ്ധയുള്ളവരാകുവിൻ.

നിസ്വാർത്ഥനാകുവാൻ ക്രിസ്തുവിൽനിന്നു പഠിക്കുക

5നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുയേശു
വിനെപ്പോലെ വിചാരിക്കുകയും പ്രവർത്തി
ക്കുകയും ചെയ്യുവിൻ.

6ക്രിസ്തു എല്ലാ കാര്യത്തിലും ദൈവത്തിനു
തുല്യനാണ്. എന്നാൽ ദൈവത്തിനു തുല്യമായ
രീതിയിൽ തൻെറ ജീവിതവും നിലനിർത്തണ
മെന്ന് ക്രിസ്തു ചിന്തിച്ചില്ല.

7ദാസനാകാൻ സമ്മതിക്കുക വഴി അവൻ
ദൈവത്തോടുകൂടെയുള്ള സ്ഥാനം ഉപേ
ക്ഷിച്ചു ദാസനാകുവാൻ സമ്മതിച്ചു. അവൻ
മനുഷ്യനായി പിറന്ന് ദാസനെപ്പോലെയായി.
8അവൻ മനുഷ്യനായി ജീവിച്ചു കൊണ്ടിരിക്കെ,
ദൈവത്തോടുള്ള സമ്പൂർണ്ണാനുസരണയാൽ
അവൻസ്വയം വിനീതനാക്കി. ആ അനുസരണം
മരണകാരണം ആയപ്പോൾ പോലും അവൻ
അനുസരിച്ചു. ഒരു കുരിശിൽ അവൻ മരിച്ചു.

9ക്രിസ്തു ദൈവത്തെ അനുസരിച്ചതിനാൽ
ദൈവം ക്രിസ്തുവിനെ പരമോന്നതസ്ഥാന
ത്തേക്ക് ഉയർത്തി. ദൈവം ക്രിസ്തുവിൻെറ
നാമം സർവ്വനാമങ്ങളെക്കാൾ ഉന്നതമാക്കി.
10യേശുവിൻെറ നാമത്തെ എല്ലാവരും നമിക്കട്ടെ
എന്നതു കൊണ്ടാണ് ദൈവം ഇതുചെയ്തത്.
എല്ലാ സ്വർഗ്ഗസ്ഥരും, ഭൗമികരും, പാതാളസ്ഥ
രും ആ നാമത്തെ നമിക്കും. 11"യേശുക്രിസ്തു
കർത്താവ് ആണ്" എന്നു എല്ലാവരും ഏറ്റുപ
റയും. അവരിതു പറയുമ്പോൾ, അത് പിതാ
വായ ദൈവത്തിന് മഹത്വം കൊണ്ടുവരും.

ദൈവാഭീഷ്ട പ്രകാരമുള്ള ജനമാകുവിൻ

12പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചി
ട്ടുണ്ട്. ഞാൻ നിങ്ങളോടു കൂടെ ആയിരുന്ന
പ്പോൾ നിങ്ങൾ ദൈവത്തെ അനുസരിച്ചു.
ഇപ്പോൾ ഞാൻ നിങ്ങളോടുകൂടെ ഇല്ലാതിരി
ക്കുന്ന അവസരങ്ങളിൽ നിങ്ങൾ ദൈവത്തെ
അനുസരിക്കുക എന്നതാണ് കൂടുതൽ പ്രധാനം.
എൻെറ സഹായം ഇല്ലാതെ തന്നെ നിങ്ങൾക്കു
രക്ഷ കിട്ടും എന്ന് ഉറപ്പാക്കണം. ഇതെത്രയും
ബഹുമാനത്തോടും ദൈവഭയത്തോടും കൂടി
ചെയ്യുവിൻ. 13അതെ, ദൈവം നിങ്ങളിൽ പ്രവർ
ത്തിക്കുന്നു. അവനെ പ്രീതിപ്പെടുത്തുന്ന കാര്യ
ങ്ങൾ ചെയ്യാനുള്ള ആഗ്രഹം നിങ്ങളിലുണ്ടാ
കാൻ ദൈവം വഴിയൊരുക്കുന്നു. ഈ കാര്യങ്ങൾ
ചെയ്യുവാനുള്ള ശക്തിയും ദൈവം തരുന്നു.

14പരാതിയോ തർക്കമോ കൂടാതെ എല്ലാ
കാര്യങ്ങളും ചെയ്യുവിൻ. 15അപ്പോൾ നിങ്ങൾ
നിഷ്കളങ്കരും ശുദ്ധരുമാകും. നിങ്ങൾ തെറ്റി
ല്ലാത്ത ദൈവമക്കളാകും. എന്നാൽ നിങ്ങൾ
ദുഷ്ടരുടെ മദ്ധ്യത്തിലാണ് വസിക്കുന്നത്.
നിങ്ങൾ അക്കൂട്ടർക്കിടയിൽ ഇരുട്ടിൽ തിളങ്ങുന്ന
വിളക്കുപോലെയാണ്. 16ജീവൻ തരുന്ന ഉപദേ
ശങ്ങൾ നിങ്ങൾ അവർക്കു പകരും. അതുകൊണ്ട്
ക്രിസ്തു വീണ്ടും വരുമ്പോൾ എനിക്കു സന്തോ
ഷിക്കാം. എൻെറ പ്രവൃത്തി വെറുതെയായില്ല
എന്നോർത്തും എനിക്കു സന്തോഷിക്കാം. ഞാൻ
മത്സരത്തിൽ ഓടി വിജയിക്കുകയും ചെയ്തു.

17ദൈവത്തെ ശുശ്രൂഷിക്കുന്നതിൽ നിങ്ങളുടെ
ജീവൻ യാഗം കഴിപ്പാൻ നിങ്ങളുടെ വിശ്വാസം
നിങ്ങളെ ഒരുക്കുന്നു. നിങ്ങളുടെ യാഗത്തിൽ
ഞാൻ എൻെറ രക്തം കൂടി അർപ്പിക്കേണ്ടിവരും.
എന്നാൽ അതു സംഭവിക്കുകയാണെങ്കിൽ
ഞാൻ നിങ്ങളോടൊപ്പം നിറഞ്ഞ സന്തോഷ

ത്തിലായിരിക്കും. 18നിങ്ങളും എന്നോടൊപ്പം
സന്തോഷിക്കണം.

തിമൊഥെയോസിനെയും എപ്പഫ്രൊദിത്തൊസിനെയും പറ്റി

19കർത്താവായ യേശുവിൽ പ്രത്യാശകളർ
പ്പിച്ചു തിമൊഥെയോസിനെ നിങ്ങളുടെ അടു
ത്തേക്ക് ഉടനെ അയയ്ക്കാമെന്നു ഞാൻ കരു
തുന്നു. നിങ്ങൾ എങ്ങനെയായിരിക്കുന്നു എന്ന
റിയുന്നതിലും എനിക്ക് സന്തോഷമുണ്ട്.
20തിമൊഥെയോസിനെപ്പോലെ മറ്റൊരാൾ
എനിക്കില്ല. അവന് നിങ്ങളെക്കുറിച്ച് യഥാർത്ഥ
ത്തിൽ ശ്രദ്ധയുണ്ട്. 21മറ്റാളുകൾക്ക് അവരുടെ
സ്വന്തം ജീവിതത്തെക്കുറിച്ചുമാത്രമേ താല്പര്യം
ഉള്ളൂ. അവർ ക്രിസ്തുയേശുവിന്റെ പ്രവർത്തി
യിൽ തല്പരരല്ല. 22തിമൊഥെയോസ് എങ്ങനെ
യുള്ളവനാണെന്നു നിങ്ങൾക്കറിയാം. സുവിശേ
ഷപ്രചരണത്തിനു ഒരു പുത്രൻ തന്റെ പിതാ
വിനെ എന്ന പോലെ എന്നോടൊപ്പം നിന്നു
സഹായിച്ചു എന്നു നിങ്ങൾക്കറിയാം. 23അവ
നെ വേഗത്തിൽ നിങ്ങളുടെ അടുക്കലേക്കയ
യ്ക്കാൻ എനിക്കു പരിപാടിയുണ്ട്. എനി
ക്കെന്തു സംഭവിക്കുമെന്നു ഞാനറിയുമ്പോൾ
അവനെ അയയ്ക്കാം. 24നിങ്ങളുടെ അടുത്തേക്ക്
ഉടനെ വരുവാൻ ദൈവം എന്നെ സഹായിക്കു
മെന്ന് എനിക്കുറപ്പുണ്ട്.
25ക്രിസ്തുവിന്റെ സൈന്യത്തിൽ എനി
ക്കൊപ്പം പ്രവർത്തിക്കുന്ന എപ്പഫ്രൊദി
ത്തൊസ് ക്രിസ്തുവിൽ എന്റെ സഹോദര
നാണ്. എനിക്കു സഹായം ആവശ്യമായിരുന്ന
പ്പോൾ നിങ്ങൾ അവനെ എന്റെ അടുക്കലേക്ക്
അയച്ചു. ഇപ്പോൾ ഞാൻ വിചാരിക്കുന്നു
അവനെ നിങ്ങളുടെ അടുത്തേക്ക് തിരികെ അയ
യ്ക്കണമെന്ന്. 26നിങ്ങളെ എല്ലാവരേയും കാണു
വാൻ അവന് വളരെ ആഗ്രഹം ഉള്ളതുകൊ
ണ്ടാണ് ഞാനവനെ അയയ്ക്കുന്നത്. സുഖമില്ലാ
യിരുന്നുവെന്നു നിങ്ങൾ അറിഞ്ഞതിൽ അവൻ
വ്യസനിച്ചുമിരുന്നു. 27രോഗിയായിരുന്ന
അവൻ മരണത്തോടടുത്തിരുന്നു. പക്ഷെ ദൈ
വം അവനേയും എന്നേയും സഹായിച്ചു. അങ്ങ
നെ ഞാൻ കടുത്ത ദു:ഖം അനുഭവിക്കേണ്ടിവ
ന്നില്ല, 28അതുകൊണ്ട് അവനെ നിങ്ങളുടെ അടു
ത്തേക്ക് അയയ്ക്കുവാൻ ഞാൻ വളരെ ആഗ്രഹി
ക്കുന്നു. അവനെ കാണുമ്പോൾ നിങ്ങൾക്ക്
സന്തോഷിക്കാം. എനിക്കാകട്ടെ നിങ്ങളെക്കുറി
ച്ചുള്ള വ്യാകുലത അവസാനിപ്പിക്കുകയും
ചെയ്യാം. 29കർത്താവിൽ അവനെ സന്തോഷ
പൂർവ്വം സ്വാഗതം ചെയ്യുക. എപ്പഫ്രൊദി
ത്തൊസിനെ പോലുള്ളവരെ ബഹുമാനിക്കുക.
30ക്രിസ്തുവിന്റെ വേലയിൽ മുഴുകിയതു
കൊണ്ടാണ് അവൻ മരണാസന്നനായത്.
എന്നെ സഹായിക്കേണ്ടതിലേക്കായി അവൻ
സ്വന്തജീവനെ അപകടത്തിലാക്കി. എനി
ക്കായി നിങ്ങൾക്കു തരാൻ സാധിക്കാതിരുന്ന
സഹായമാണത്.

ക്രിസ്തു സർവ്വ പ്രധാനി

3 സഹോദരരേ, ക്രിസ്തുവിൽ സന്തുഷ്ടരാ
കുവിൻ. എഴുതിയ കാര്യങ്ങൾ ആവർത്തി
ക്കുന്നതിൽ എനിക്കു പ്രയാസം ഒന്നുമില്ല.
കാരണം അതു നിങ്ങളെ സജ്ജരാക്കുവാൻ കൂടു
തൽ സഹായിക്കും. 2ദുഷ്ടരെക്കുറിച്ച് ശ്രദ്ധാലു
ക്കളാകുവിൻ. അവർ പട്ടികളെപ്പോലെയാണ്.
അവർ പരിച്ഛേദന ആവശ്യപ്പെടുന്നു.
3എന്നാൽ നമ്മളാണ് യഥാർത്ഥത്തിൽ പരി
ച്ഛേദനക്കാർ. നാം ദൈവത്തെ ആരാധിക്കു
ന്നത് ആത്മാവിലൂടെയാണ്. ക്രിസ്തുയേശു
വിൽ ആയിരിക്കുന്നതിൽ നാം അഭിമാനിക്കുന്നു.
നമുക്കു ചെയ്യാവുന്നതായ കാര്യങ്ങളിലോ
നമ്മിൽത്തന്നെയോ നാം ആശ്രയിക്കുന്നില്ല.
4എനിക്ക് എന്നിൽത്തന്നെ വിശ്വസിക്കാമെ
ങ്കിലും ഞാൻ എന്നിൽ ആശ്രയിക്കില്ല. ഒരുവൻ
തന്നിൽത്തന്നെ ആശ്രയിക്കാമെന്നു വിശ്വസി
ക്കുന്നുവെങ്കിൽ എനിക്ക് എന്നിൽത്തന്നെ ആശ്ര
യിക്കാൻ അതിലും മതിയായ കാരണങ്ങളു
ണ്ടെന്ന് അവൻ അറിയട്ടെ. 5ജനിച്ച് എട്ടു ദിവ
സങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ പരിച്ഛേദന
യേറ്റു. ഞാൻ യിസ്രായേല്യരിൽനിന്നുള്ള
ബെന്യാമീൻ ഗോത്രത്തിൽപ്പെട്ടവനാണ്. ഞാൻ
ഒരു എബ്രായനാണ്. എന്റെ മാതാപിതാക്കളും
എബ്രായരാണ്. മോശെയുടെ നിയമം എനിക്കു
പ്രധാനമാണ്. അക്കാരണം കൊണ്ടാണ്
ഞാനൊരു പരീശനായത്. 6ഞാൻ എന്റെ യെ
ഹൂദമതത്തിൽ വളരെ ആവേശഭരിതനായിരു
ന്നതു കൊണ്ട് ഞാൻ വിശ്വാസികളെ പീഢി
പ്പിച്ചു. ഞാൻ മോശെയുടെ ന്യായപ്രമാണം
പാലിച്ച രീതിയിൽ എന്നിൽ ഒരു കുറ്റവും
കണ്ടെത്താൻ ഒരുവനും പറ്റിയിട്ടില്ല. 7ഒരിക്കൽ
ഇതെല്ലാം എനിക്ക് അതിപ്രധാനമായിരുന്നു.
എന്നാൽ ആ കാര്യങ്ങളത്രയും ക്രിസ്തുമൂലം
ഫലശൂന്യമായി എന്നു ഞാൻ തീരുമാനിച്ചു.
8അക്കാര്യങ്ങൾ മാത്രമല്ല, എന്റെ കർത്താവായ
യേശുക്രിസ്തുവിനെ അറിയുന്നതിന്റെ മഹ
ത്വത്തോട് താരതമ്യപ്പെടുത്തുമ്പോൾ എല്ലാ
കാര്യങ്ങളും ഫലശൂന്യമാണ്. ക്രിസ്തു മൂലം
ഞാൻ പ്രധാനമെന്നു കരുതിയിരുന്നവ എല്ലാം
നഷ്ടപ്പെട്ടു. ഇപ്പോഴെനിക്കറിയാം അതെല്ലാം
വെറും ചവറാണെന്ന്. ഇത് ക്രിസ്തുവിനെ
സ്വീകരിക്കുവാൻ എന്നെ അനുവദിക്കുന്നു. 9ക്രി
സ്തുവിൽ ആയിരിക്കുവാൻ അത് എന്നെ അനു
വദിക്കുന്നു. ഞാൻ ക്രിസ്തുവിൽ ദൈവമു
മ്പാകെ നീതീകരിക്കപ്പെട്ടവനാണ്. ഈ നീതീ
കരണം ന്യായപ്രമാണാനുസരണം വഴി ഉണ്ടാ
യതല്ല. അത് വിശ്വാസം വഴി ദൈവത്തിൽ
നിന്നാണ് വരുന്നത്. ദൈവമുമ്പാകെ നീതീകരി
ക്കപ്പെടുന്നതിനുവേണ്ടി ദൈവം, ക്രിസ്തുവി
ലുള്ള എന്റെ വിശ്വാസം ഉപയോഗിച്ചു.
10എനിക്കാകെ അറിയേണ്ടത്, ക്രിസ്തുവിനെ
പ്പറ്റിയും മരണത്തിൽനിന്ന് ഉയിർത്തതിനുള്ള
അവന്റെ ശക്തിയെക്കുറിച്ചുമാണ്. ക്രിസ്തു
വിന്റെ കഷ്ടങ്ങൾ പങ്കുവയ്ക്കാനും മരണ
ത്തിൽ അവനെപ്പോലെയാകുവാനും ഞാനാ
ഗ്രഹിക്കുന്നു. 11എനിക്ക് അക്കാര്യങ്ങളൊക്കെ
ഉണ്ടെങ്കിൽ ഞാൻ സ്വയം മരണത്തിൽനിന്ന്
ഉയിർക്കപ്പെടുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്.

ലക്ഷ്യത്തിലെത്താൻ ശ്രമിക്കുന്നു

12ഞാൻ എങ്ങനെ ആയിരിക്കണമെന്ന്
ദൈവം ആഗ്രഹിക്കുന്നതു പോലെ ഞാൻ ദൈ
വത്തിന്റെ പ്രതീക്ഷക്കൊപ്പമെത്തി എന്നല്ല
ഞാനർത്ഥമാക്കുന്നത്. ഇപ്പോഴും ഞാൻ ആ
ലക്ഷ്യത്തിലെത്തിയിട്ടില്ല. ആ ലക്ഷ്യത്തിലെ
ത്താനും അതെന്റേതാക്കാനും ഞാൻ തുടർന്നും
ശ്രമിക്കുന്നു. ക്രിസ്തു അതാഗ്രഹിക്കുന്നു. അതു
കൊണ്ടാണ് ക്രിസ്തു എന്നെ അവനുള്ളതാക്കി
യത്. 13സഹോദരരേ, ഇപ്പോഴും ഞാൻ ആ
ലക്ഷ്യത്തിൽ എത്തിയിട്ടില്ല എന്ന് എനിക്ക
റിയാം. എന്നാൽ ഞാനെപ്പോഴും ചെയ്യുന്ന ഒരു

കാര്യമുണ്ട് പഴയ കാര്യങ്ങൾ ഞാൻ മറക്കും.
എനിക്കു മുമ്പിലുള്ള ആ ലക്ഷ്യത്തിലെത്താൻ
എൻെറ പരമാവധി ഞാൻ ശ്രമിക്കും. 14ലക്ഷ്യ
ത്തിലെത്തി സമ്മാനം വാങ്ങുവാനായി ഞാൻ
ശ്രമിച്ചുകൊണ്ടേയിരിക്കും. ആ സമ്മാനം
എൻേറതാണ്. കാരണം ഉന്നതങ്ങളിൽ ഉള്ള ആ
ജീവിതത്തിനായി ദൈവം ക്രിസ്തുവിലൂടെ
എന്നെ വിളിച്ചിരിക്കുന്നു.

15പക്വതയുള്ള നാം ഈ വിധത്തിലും ചിന്തി
ക്കണം. ഇക്കാര്യങ്ങളിലെന്തെങ്കിലുമായി നിങ്ങ
ൾക്കു യോജിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ
ദൈവം അതു നിങ്ങൾക്കു വ്യക്തമാക്കിത്തരും.
16എന്നാൽ നമുക്ക് നേരത്തെ തന്നെ ഉണ്ടായി
രുന്ന ആ സത്യം പിന്തുടരണം.

17സഹോദരരേ, നിങ്ങളോരോരുത്തരും എന്നെ
അനുഗമിക്കുവാൻ ശ്രമിക്കണം. ഞങ്ങൾ നിങ്ങ
ൾക്കു കാണിച്ചു തന്നിരിക്കുന്ന രീതിയിൽ ജീവി
ക്കുന്ന ആൾക്കാരുടെ ജീവിതവും പകർത്തു
വിൻ. 18ക്രിസ്തുവിൻെറ കുരിശിൻെറ ശത്രുക്ക
ളെപ്പോലെയാണ് പലരും ജീവിക്കുന്നത്. ഞാൻ
മിക്കപ്പോഴും ഇവരെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.
ഇപ്പോൾ അവരെക്കുറിച്ച് പറയേണ്ടി വരുന്ന
തിൽ എനിക്കു കരച്ചിൽ വരുന്നു. 19നാശത്തി
ലേക്കു നയിക്കുംവിധത്തിലാണ് ഇക്കൂട്ടർ ജീവി
ക്കുന്നത്. അവർ ദൈവത്തെ ശുശ്രൂഷിക്കുന്നില്ല.
സ്വന്തം തൃപ്തിക്കുവേണ്ടിയാണ് അവർ ജീവി
ക്കുന്നത്. ലജ്ജാകരമായ പ്രവൃത്തികൾ ചെയ്യു
ന്നതിൽ അവർ ഊറ്റം അഭിമാനിക്കുന്നു. അവർ
ഭൗമികകാര്യങ്ങളെക്കുറിച്ചു മാത്രമാണ് ചിന്തി
ക്കുന്നത്. 20എന്നാൽ നമ്മുടെ മാതൃരാജ്യം സ്വർഗ്ഗ
ത്തിലാണ്. സ്വർഗ്ഗത്തിൽനിന്നും നമ്മുടെ
രക്ഷകനായ കർത്താവായ യേശുക്രിസ്തു
വരുന്നതിനായി നാം കാത്തിരിക്കുകയാണ്.
21അവൻ നമ്മുടെ താഴ്ന്ന ശരീരങ്ങളെ അവ
ൻേറതുപോലെ മഹത്വമുള്ളതാക്കി മാറ്റും. ഇത്
ക്രിസ്തുവിന് തൻെറ ശക്തിയാൽ സാധിക്കും.
ആ ശക്തികൊണ്ട് ക്രിസ്തുവിന് എല്ലാ വസ്തു
ക്കളെയും അവൻെറ ഭരണത്തിൻ കീഴിൽ
കൊണ്ടുവരാൻ കഴിയും.

ചെയ്യേണ്ട ചില കാര്യങ്ങൾ

4 എൻെറ പ്രിയ സഹോദരരേ, ഞാൻ നിങ്ങ
ളെ സ്നേഹിക്കുകയും കാണുവാൻ ആഗ്ര
ഹിക്കുകയും ചെയ്യുന്നു. നിങ്ങൾ എനിക്കു
ആനന്ദം തരികയും നിങ്ങളെക്കുറിച്ച് അഭിമാനം
കൊള്ളിക്കുകയും ചെയ്യുന്നു. ഞാൻ നിങ്ങളോ
ടു പറഞ്ഞതുപോലെ കർത്താവിനെ തുടർന്നും
പിന്തുടരുക.

2കർത്താവിൽ രമ്യതയുള്ളവരാകുവാൻ
യുവൊദ്യയോടും സുന്തുകയോടും ഞാനാവ
ശ്യപ്പെടുന്നു. 3സുഹൃത്തേ, നീ എന്നോട് കൂടെ
വിശ്വസ്തതയോടെ സേവിക്കുന്നതുകൊണ്ട്
ഈ സ്ത്രീകളെ അതൊക്കെ ചെയ്യുവാൻ സഹാ
യിക്കണം എന്നു ഞാൻ നിന്നോടാവശ്യപ്പെ
ടുന്നു. ഈ സ്ത്രീകൾ സുവിശേഷപ്രസംഗ
ത്തിൽ എന്നോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്.
അവർ ക്ലേമന്തിനോടും എന്നോടൊപ്പം ഉണ്ടാ
യിരുന്ന മറ്റാൾക്കാർക്കൊപ്പവുമാണ് പ്രവർത്തി
ച്ചിരുന്നത്. അവരുടെ പേർ ജീവൻെറ പുസ്തക
ത്തിൽ എഴുതിയിട്ടുണ്ട്."

4കർത്താവിൽ എപ്പോഴും സന്തോഷിക്കു
വിൻ. ഞാൻ ഒന്നുകൂടി പറയട്ടെ 'സന്തോഷിക്കു
വിൻ.' 5നിങ്ങൾ സൗമ്യരും ദയാലുക്കളുമാണെന്ന്
എല്ലാവരും അറിയട്ടെ. കർത്താവ് വേഗം
വരുന്നു. 6ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ട.
എന്നാൽ നിങ്ങൾക്ക് ആവശ്യമുള്ളതിനെല്ലാം
വേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുകയും ചോ
ദിക്കുകയും ചെയ്യുക. നിങ്ങൾ പ്രാർത്ഥിക്കു
മ്പോഴൊക്കെ നന്ദി പറയുക. 7ദൈവത്തിൻെറ
സമാധാനം നിങ്ങളുടെ ഹൃദയത്തേയും മനസ്സി
നേയും ക്രിസ്തുയേശുവിൽ സൂക്ഷിയ്ക്കും.
ദൈവം നമുക്കു തരുന്ന ആ സമാധാനം മനസ്സി
ലാക്കാൻ പറ്റാത്തവിധം അത്ര മഹത്താണ്.

8സഹോദരരേ, നല്ലതും പുകഴ്ചയ്ക്കു
യോഗ്യവുമായ കാര്യങ്ങളെക്കുറിച്ച് തുടർന്നും
ചിന്തിക്കുവിൻ. സത്യവും ആദരണീയവും
ശരിയും ശുദ്ധവും സുന്ദരവും ബഹുമാന്യവും
ആയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവിൻ.
9എന്നിൽനിന്നും ഗ്രഹിച്ചതും കിട്ടിയതുമായ
കാര്യങ്ങൾ ചെയ്യുവിൻ. ഞാൻ പറഞ്ഞ കാര
ങ്ങളും ഞാൻ ചെയ്തതായി നിങ്ങൾ കണ്ട
കാര്യങ്ങളും ചെയ്യുവിൻ.

സമാധാനം നൽകുന്ന ദൈവം നിങ്ങളോടു
കൂടെ ഉണ്ടായിരിക്കട്ടെ.

ഫിലിപ്പിയർക്കു പൌലൊസിൻെറ നന്ദി

10നിങ്ങൾ എന്നോടുള്ള കരുതൽ വീണ്ടും
കാണിച്ചതിൽ ഞാൻ കർത്താവിൽ ഏറെ
സന്തോഷിക്കുന്നു. നിങ്ങൾക്ക് എന്നെക്കുറിച്ച്
എന്നും കരുതലുണ്ടായിരുന്നു. എന്നാൽ അതു
കാണിക്കുവാൻ നിങ്ങൾക്കൊരു മാർഗ്ഗവുമുണ്ടാ
യിരുന്നില്ല. 11ഞാൻ ഇതൊക്കെ നിങ്ങളോടു
പറയുന്ന് എനിക്ക് എന്തെങ്കിലും ആവശ്യമു
ണ്ടായിട്ടല്ല. എനിക്കുള്ള കാര്യങ്ങൾ കൊണ്ടും
എനിക്കു സംഭവിക്കുന്നവകൊണ്ടും സംതൃപ്ത
നാകുവാൻ ഞാൻ പഠിച്ചിട്ടുണ്ട്. 12ഞാൻ ദരിദ്ര
നാകുമ്പോൾ ജീവിക്കേണ്ടത് എങ്ങനെയെന്ന്
എനിക്കറിയാം. എനിക്കു ധാരാളം ഉള്ളപ്പോഴും
ജീവിക്കേണ്ടത് എങ്ങനെയെന്ന് എനിക്കറിയാം.
സംഭവിക്കുന്ന എന്തിലും സന്തോഷമുള്ളവനാ
കുന്നത് എങ്ങനെയെന്നും എനിക്കറിയാം. കഴി
ക്കുവാൻ ആഹാരം ഉണ്ടായിരുന്നപ്പോഴും അല്പം
മാത്രം ഉണ്ടായിരുന്നപ്പോഴും സന്തോഷമുള്ളവ
നായിരിക്കുവാൻ ഞാൻ പഠിച്ചു. എനിക്കാവ
ശ്യമുള്ളത് എല്ലാം ഉണ്ടായിരുന്ന അവസര
ത്തിലും അവയുടെ അഭാവത്തിലും സന്തോഷി
ക്കാൻ ഞാൻ പഠിച്ചു. 13അവൻ ശക്തി തരുന്നതു
കൊണ്ട് എനിക്ക് ക്രിസ്തുവിൽ കൂടെ എല്ലാ
കാര്യങ്ങളും സാധിക്കും. 14എന്നാൽ എനിക്ക്
സഹായം ആവശ്യമുണ്ടായിരുന്നപ്പോൾ നി
ങ്ങൾ സഹായിച്ചു എന്നത് നല്ലകാര്യമാണ്.
15ഞാൻ ആദ്യമായി സുവിശേഷം പ്രസംഗി
ച്ചത്, ഫിലിപ്പിയിലുള്ള നിങ്ങൾ സ്മരിക്കുക.
മക്കെദോന്യയിൽനിന്നു ഞാൻ പോന്നപ്പോൾ
നിങ്ങൾ ഒരു സഭ മാത്രമാണ് എന്നെ സഹായി
ച്ചത്. 16ഞാൻ തെസ്സലൊനീക്യയിലായിരുന്ന
പ്പോൾ പല തവണ എനിക്ക് നിങ്ങൾ സഹായ
മെത്തിച്ചു. 17യഥാർത്ഥത്തിൽ എനിക്കു നിങ്ങ
ളുടെ ദാനങ്ങൾ കിട്ടുക എന്നുള്ളതല്ലായിരുന്നു
ആവശ്യം പിന്നെയോ, നൽകുന്നതിൽനിന്നുള്ള
അനുഗ്രഹം നിങ്ങൾക്ക് കിട്ടണമെന്നുള്ളതായി
രുന്നു. 18എനിക്കാവശ്യമുള്ളതെല്ലാം എനിക്കുണ്ട്.
എനിക്കാവശ്യമുള്ളതിലും കൂടുതൽ എനി
ക്കുണ്ട്. എപ്പഫ്രൊദിത്തോസ് നിങ്ങളുടെ ദാന
ങ്ങൾ കൊണ്ടുവന്നു. നിങ്ങളുടെ ദാനം ദൈവ
ത്തിനർപ്പിച്ച സൌരഭ്യവാസനയായ സുഗ
ന്ധയാഗം പോലെയാണ്. ദൈവം ആ യാഗം

സ്വീകരിക്കുകയും അത് അവനെ പ്രീതിപ്പെടു
ത്തുകയും ചെയ്യുന്നു.
19ക്രിസ്തുയേശുവിലെ മഹത്വത്താൽ
എന്റെ ദൈവം ഏറെ സമ്പന്നനാണ്. നിങ്ങൾ
ക്കാവശ്യമുള്ളതെല്ലാം നൽകുവാനായി ദൈവം
ക്രിസ്തുയേശുവിലുള്ള തന്റെ സമ്പത്ത്
വിനിയോഗിക്കും. 20നമ്മുടെ പിതാവായ ദൈ
വത്തിന് എന്നെന്നേയ്ക്കും സ്തുതി ഉണ്ടായിരി
ക്കട്ടെ. ആമേൻ.

21ക്രിസ്തുവിലുള്ള ദൈവജനത്തിലെ ഓരോ
ആൾക്കും വന്ദനം പറയുവിൻ. എന്നോടൊപ്പ
മുള്ള സഹോദരർ നിങ്ങൾക്ക് വന്ദനം തരുന്നു.
22ദൈവത്തിന്റെ സമസ്ത ജനവും നിങ്ങളെ
അഭിവാദനം ചെയ്യുന്നു. കൈസരുടെ കൊട്ടാര
ത്തിൽനിന്നുള്ളവരും നിങ്ങളെ അഭിവാദ്യം
ചെയ്യുന്നു.
23കർത്താവായ യേശുക്രിസ്തുവിന്റെ കൃപ
നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

കൊലൊസ്സ്യർക്ക് എഴുതിയ ലേഖനം

1 ദൈവത്തിന്റെ ഇച്ഛയോടെ ക്രിസ്തു
യേശുവിന്റെ അപ്പൊസ്തലനായ പൌ
ലൊസും ക്രിസ്തുവിൽ നമ്മുടെ സഹോദര
നായ തിമൊഥെയൊസും ആശംസകൾ അയ്യ
ക്കുന്നത്.
2ക്രിസ്തുവിൽ വിശ്വസ്ത സഹോദരരായ
കൊലൊസ്സ്യയിലെ ദൈവത്തിന്റെ വിശുദ്ധ
ജനങ്ങൾക്ക് നമ്മുടെ പിതാവായ ദൈവ
ത്തിന്റെ കൃപയും സമാധാനവും.
3നിങ്ങൾക്കായുള്ള ഞങ്ങളുടെ പ്രാർത്ഥയിൽ
ഞങ്ങൾ എപ്പോഴും നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ പിതാവായ ദൈവ
ത്തിനു നന്ദി പറയാറുണ്ട്. **4**ക്രിസ്തുയേശുവി
ലുള്ള നിങ്ങളുടെ വിശ്വാസത്തെപ്പറ്റിയും
എല്ലാ ദൈവമക്കളോടുമുള്ള സ്നേഹത്തെപ്പ
റ്റിയും ഞങ്ങൾ കേട്ടതു കൊണ്ട് ദൈവത്തിനു
നന്ദി പറയുന്നു. **5**നിങ്ങൾക്കുള്ള പ്രത്യാശ മൂല
മാണ് ക്രിസ്തുവിൽ നിങ്ങൾക്ക് വിശ്വാസം
ഉള്ളതും ദൈവജനത്തെ നിങ്ങൾ സ്നേഹിക്കു
ന്നതും. നിങ്ങൾ പ്രത്യാശിക്കുന്നതൊക്കെ സ്വർ
ഗ്ഗത്തിൽ നിങ്ങൾക്കായി സൂക്ഷിച്ചു വച്ചിരി
ക്കുന്നു എന്നു നിങ്ങൾക്കറിയാം. സത്യോപദേ
ശമായ സുവിശേഷം നിങ്ങൾ കേട്ടതുകൊ
ണ്ടാണ് ഈ പ്രത്യാശയെക്കുറിച്ച് നിങ്ങൾക്ക്
മനസ്സിലായത്. **6**അതു നിങ്ങളോടു പറഞ്ഞി
രുന്നു. ലോകത്തിലെല്ലായിടത്തും സുവിശേഷം
വളർച്ചയും അനുഗ്രഹങ്ങളും കൊണ്ടുവരുന്നു.
സുവിശേഷത്തെക്കുറിച്ചു കേൾക്കുകയും ദൈ
വത്തിന്റെ കൃപയെക്കുറിച്ചു മനസ്സിലാക്കു
കയും ചെയ്തതുമുതൽ ഇതു തന്നെ നിങ്ങൾ
ക്കും സംഭവിച്ചിരിക്കുന്നു. **7**എപ്പഫ്രാസിൽ
നിന്നും നിങ്ങൾ ദൈവകൃപയെക്കുറിച്ചു മനസ്സി
ലാക്കി. എപ്പഫ്രാസ് ഞങ്ങളോടൊപ്പം പ്രവർ
ത്തിക്കുന്നു. ഞങ്ങളവനെ സ്നേഹിക്കുകയും
ചെയ്യുന്നു. അവൻ ഞങ്ങൾക്കു വേണ്ടി ക്രിസ്തു
വിന്റെ വിശ്വസ്തനായ ദാസനാണ്.
8പരിശുദ്ധാത്മാവിനു നിങ്ങളോടുള്ള സ്നേ
ഹത്തെക്കുറിച്ചും എപ്പഫ്രാസ് ഞങ്ങളോടു പറ
ഞ്ഞു. **9**ഈ കാര്യങ്ങൾ കേട്ട ദിവസം മുതൽ
ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു
തുടർന്നു.
ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ നിങ്ങൾ
വ്യക്തമായും അറിയുന്നതിന്; നിങ്ങളുടെ അറി
വോടൊപ്പം നിങ്ങൾക്ക് ആത്മീയകാര്യങ്ങളിൽ
വലിയ ജ്ഞാനവും മനസ്സിലാക്കാനുള്ള കഴി
വും ഉണ്ടാകുന്നതിന്; **10**കർത്താവിനു ആദരവും
അവനെ സകലവിധത്തിലും പ്രീതിപ്പെടുത്തു
ന്നതുമായ ഒരു ജീവിതം നയിക്കാൻ ഈ കാര്യ
ങ്ങൾ നിങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്;
നിങ്ങൾ എല്ലാ നന്മകളും ചെയ്ത് ദൈവത്തെ
ക്കുറിച്ചുള്ള അറിവിൽ വളരുന്നതിന്; **11**ദൈവം
തന്റെ മഹാശക്തിയാൽ നിങ്ങളെ ശക്തിപ്പെടു
ത്തും; പ്രശ്നങ്ങൾ വരുമ്പോൾ ദൈവത്തെ
ഉപേക്ഷിക്കാതെ ശാന്തരും സന്തോഷവാന്മാരും
ആകാൻ തക്കതരത്തിൽ ദൈവം നിങ്ങളെ ശക്തി
പ്പെടുത്തും. ഞങ്ങൾ നിങ്ങൾക്കു വേണ്ടി പ്രാർ
ത്ഥിക്കുന്നത് ഈ കാര്യങ്ങൾക്കാണ്.
12അപ്പോൾ നിങ്ങൾക്കു പിതാവിനു നന്ദി
പറയാം. അവൻ നിങ്ങൾക്കുവേണ്ടി ഒരുക്കി
വച്ചിരുന്ന കാര്യങ്ങൾ കിട്ടാൻ ദൈവം നിങ്ങളെ
പ്രാപ്തരാക്കി. പ്രകാശത്തിൽ ജീവിക്കുന്ന
തന്റെ എല്ലാ ജനങ്ങൾക്കും വേണ്ടി ഈ കാര്യ
ങ്ങളെല്ലാം ഒരുക്കിവച്ചിട്ടുണ്ട്. **13**ഇരുളിന്റെ
ശക്തിയിൽനിന്നും ദൈവം നമ്മളെ സ്വതന്ത്ര
രാക്കി, തന്റെ പ്രിയപ്പെട്ട പുത്രന്റെ സാമ്രാജ്യ
ത്തിലേക്ക് നമ്മെ കൊണ്ടുവന്നു. **14**ആ പുത്രൻ
നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു.
നമുക്ക് നമ്മുടെ പാപങ്ങളിൽനിന്നും അവൻ
മോചനം കൊണ്ടുവന്നു.

ക്രിസ്തുവിൽ ദൈവത്തെ ദർശിക്കുന്നു

15ഒരുവനും ദൈവത്തെ കാണാൻ സാധിക്ക
യില്ല. എന്നാൽ യേശു കൃത്യമായും ദൈവത്തെ
പ്പോലെതന്നെയാണ്. നിർമ്മിക്കപ്പെട്ടിരിക്കുന്ന
എല്ലാ കാര്യങ്ങളെയും ഭരിക്കുന്നത് യേശുവാണ്.
16യേശുവിന്റെ അധികാരത്തിൽനിന്നും മെന
ഞ്ഞെടുക്കപ്പെട്ടതാണ് സമസ്ത സൃഷ്ടികളും.
ആകാശത്തിലും ഭൂമിയിലും ഉള്ളതും ഗോച
രവും അഗോചരവും ആയതും ശക്തിയും അധി
കാരങ്ങളും പ്രഭുക്കന്മാരും ഭരണാധികാരികളും
അടക്കമുള്ള എല്ലാ സമസ്ത വസ്തുക്കളും അവ
നിലൂടെ അവനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.
17എന്തെങ്കിലും ഉണ്ടാകുന്നതിനു മുൻപ്
ക്രിസ്തു ഉണ്ടായിരുന്നു. എല്ലാം തുടർന്നു പോ
കുന്നതും അവനാൽ തന്നെ. **18**ശരീരത്തിന്റെ
തലയാണ് ക്രിസ്തു. (ശരീരമാകട്ടെ അവന്റെ
സഭയും.) എല്ലാം അവനിൽനിന്നുവരുന്നു. അവ
നാണ് മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റ
കർത്താവ്.* അതുകൊണ്ട് സർവ്വത്തിലും
അവൻ പ്രധാനിയും ആണ്. **19**തന്റെ എല്ലാ
പൂർണ്ണതയോടും കൂടി ക്രിസ്തുവിൽ ജീവി
ക്കാൻ ദൈവം ഇഷ്ടപ്പെട്ടു. **20**അതുകൊണ്ട്
എല്ലാ കാര്യത്തിലും കർത്താവ് സർവ്വഭൂമിയി
ലുള്ളതും ആകാശത്തിലുള്ളതുമായ എല്ലാം
ക്രിസ്തുവിൽ കൂടി തന്നിൽ പൊരുത്തപ്പെടു
ത്താൻ ദൈവം ഇഷ്ടപ്പെട്ടു. കുരിശിലെ ക്രി
സ്തുവിന്റെ രക്തത്താൽ ദൈവം സമാധാനം
നിലനിർത്തി.
21ഒരു കാലത്ത് നിങ്ങൾ ദൈവത്തിൽനിന്ന്
അകന്നിരുന്നു. നിങ്ങൾ ചെയ്ത ദുഷ്കൃത്യങ്ങൾ
ദൈവത്തിനെതിരായിരുന്നതുകൊണ്ടു നിങ്ങൾ
ഉള്ളുകൊണ്ട് ദൈവത്തിന്റെ എതിരാളികളായി
രുന്നു. **22**എന്നാലിപ്പോൾ ക്രിസ്തു നിങ്ങളെ
വീണ്ടും ദൈവത്തിന്റെ സ്നേഹിതരാക്കിയിരി
ക്കുന്നു. അവൻ തന്റെ (ഭൗമിക) ശരീരത്തിലാ
യിരുന്നപ്പോൾ തന്റെ മരണംവഴി അവൻ ഇതു
ചെയ്തു. നിങ്ങളെ ദൈവമുമ്പാകെ കൊണ്ടു
വരുന്നതിനായാണ് ക്രിസ്തു ഇതു ചെയ്തത്.
ദൈവം നിങ്ങളിൽ കുറ്റകരമായ ഒന്നും കണ്ടെ

കർത്താവ് “ആദ്യജാതൻ.”

ത്താതിരിക്കത്തക്കവണ്ണം വിശുദ്ധരും കുറ്റമറ്റവ
രുമായി ക്രിസ്തു നിങ്ങളെ ദൈവമുമ്പാകെ
കൊണ്ടുവരും. 23നിങ്ങൾ കേട്ട സുവിശേഷം
തുടർന്ന് നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ
ക്രിസ്തു നിങ്ങൾക്കുവേണ്ടി ഇതു ചെയ്യും.
നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ ഉറപ്പും
സ്ഥിരതയും ഉള്ളവരായിരിക്കുവിൻ. സുവി
ശേഷം നൽകപ്പെട്ടിരിക്കുന്ന പ്രത്യാശയിൽ
നിന്നും നിങ്ങൾ മാററരുത്. ലോകത്തെല്ലായിട
ത്തുമുള്ള ജനങ്ങളോട് പറഞ്ഞിരിക്കുന്ന ഇതേ
സുവിശേഷത്തിൽ തുടർന്നു വിശ്വസിക്കുക.
ഈ സുവിശേഷത്തിന്റെ സേവകനാണ്
പൌലൊസായ ഞാൻ.

സഭയ്ക്കു വേണ്ടിയുള്ള പൌലൊസിന്റെ വേല

24നിങ്ങൾക്കുവേണ്ടിയുള്ള എന്റെ കഷ്ടങ്ങ
ളിൽ ഞാൻ സന്തോഷിക്കുന്നു. ക്രിസ്തുവിന്റെ
ശരീരമായ സഭവഴി ഇനിയും ക്രിസ്തു ഏറെ
സഹിക്കും. സഹിക്കുന്നതിനുള്ള എന്റെ ഭാഗം
ഞാൻ സ്വീകരിക്കുന്നു. ഈ കഷ്ടങ്ങൾ ഞാൻ
എന്റെ ഈ ഭൗതിക ശരീരത്തിൽ ഏൽക്കും.
അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി ഞാൻ
സഹിക്കും. 25ദൈവം എനിക്കൊരു പ്രത്യേക
ജോലി തന്നതു കൊണ്ട് ഞാൻ സഭയുടെ ഒരു
ശുശ്രൂഷകനായി. ഈ പ്രവൃത്തി നിങ്ങളെ
സഹായിക്കുന്നു. ദൈവത്തിന്റെ ഉപദേശം
പൂർണ്ണമായി പറയുകയാണ് എന്റെ ജോലി.
26കാലത്തിന്റെ ആരംഭം മുതൽ മറഞ്ഞിരുന്ന
സത്യങ്ങളാണ് ഈ ഉപദേശം. എല്ലാ ജനങ്ങളിൽ
നിന്നും ഈ സത്യം മറച്ചുവയ്ക്കപ്പെട്ടിരുന്നു.
എന്നാൽ ഇപ്പോൾ ഈ രഹസ്യ സത്യം
ദൈവത്തിന്റെ വിശുദ്ധജനത്തിനു വെളിവാ
ക്കിയിരിക്കുന്നു. 27വിലപിടിച്ചതും മഹത്വപൂർ
ണ്ണവുമായ ആ സത്യം അവരെ അറിയിക്കാൻ
ദൈവം തീരുമാനിച്ചു. എല്ലാവർക്കുമുള്ളതാ
കുന്നു മഹത്തായ ആ സത്യം. നിങ്ങളിലുള്ള
ക്രിസ്തു തന്നെയാണ് ആ സത്യം. മഹത്വത്തി
നായുള്ള നമ്മുടെ ഏക പ്രതീക്ഷയാണ് അവൻ.
28അതുകൊണ്ട് ക്രിസ്തുവിനെപ്പറ്റി ജനങ്ങ
ളോടു പറയുന്നതു ഞങ്ങൾ തുടരുന്നു. എല്ലാ
വരേയും ശക്തിപ്പെടുത്താനും പഠിപ്പിക്കാനും
ഞങ്ങളുടെ പൂർണ്ണമായ അറിവും ഉപയോ
ഗിക്കും. ക്രിസ്തുവിലുള്ള ആത്മീയ വളർച്ച
യിൽ തികഞ്ഞവരായി എല്ലാവരെയും ദൈ
വമുമ്പാകെ എത്തിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.
29ഇതു ചെയ്യുവാനായി ക്രിസ്തു എനിക്കു
തന്ന മഹാബലത്താൽ ഞാൻ കഠിനാദ്ധ്വാനം
ചെയ്യുകയും മല്ലിടുകയും ചെയ്യുന്നു. ആ ശക്തി
എന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നു.

2 ഞാൻ നിങ്ങൾക്കുവേണ്ടി എത്രമാത്രം
ക്ലേശിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്ക
ണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ
ലവുദിക്യയിലുള്ളവരെയും എന്നെ ഇതുവരെ
കണ്ടിട്ടില്ലാത്ത മറ്റാൾക്കാരേയും സഹായിക്കാൻ
മല്ലിടുന്നു. 2അവർ എല്ലാവരും സ്നേഹത്തിൽ
പരസ്പരം ഒന്നിച്ചു ശക്തിയാർജ്ജിക്കണ
മെന്നും പരിജ്ഞാനത്തിൽനിന്നും ഉളവാകുന്ന
ഉറച്ച വിശ്വാസത്തിൽ അവർ സമ്പന്നരാകണ
മെന്നും ഞാനാഗ്രഹിക്കുന്നു. ദൈവം വെളിപ്പെ
ടുത്തിയ ആ രഹസ്യ സത്യം നിങ്ങൾ പൂർണ്ണ
മായി അറിയണം എന്നാണ് ഞാൻ ആഗ്രഹിക്കു
ന്നത്. ആ സത്യം ക്രിസ്തു തന്നെയാണ്. 3വിവേ
കത്തിന്റെയും വിജ്ഞാനത്തിന്റെയും നിധി
കുംഭങ്ങൾ ക്രിസ്തുവിൽ സുരക്ഷിതമായി
സൂക്ഷിച്ചിരിക്കുന്നു.
4നല്ലതെന്നു തോന്നിക്കുന്ന തെറ്റായ ആശയ
ങ്ങൾ പറഞ്ഞ് ആരും നിങ്ങളെ വിഡ്ഢികളാ
ക്കരുതെന്നു കരുതിയാണ് ഞാനിതു പറയു
ന്നത്. 5ഞാൻ നിങ്ങളോടുകൂടെ അവിടെ ഇല്ലെ
ങ്കിലും എന്റെ ഹൃദയം നിങ്ങൾക്കൊപ്പമുണ്ട്.
നിങ്ങളുടെ നല്ല ജീവിതവും, ക്രിസ്തുവിലുള്ള
ദൃഢമായ വിശ്വാസവും കാണുന്നതിൽ ഞാൻ
സന്തോഷിക്കുന്നു.

ക്രിസ്തുവിൽ ജീവിതം തുടരുക

6നിങ്ങൾക്ക് കർത്താവായ ക്രിസ്തുയേശു
വിനെ ലഭിച്ചു. അതുകൊണ്ട് ഒരു മാറ്റവും വരു
ത്താതെ അവനെ പിന്തുടരുക. 7നിങ്ങൾ
ക്രിസ്തുവിനെ മാത്രം ആശ്രയിക്കുക. ജീവനും
ബലവും അവനിൽനിന്ന് വരുന്നു. ആ സത്യം
നിങ്ങളെ പഠിപ്പിച്ചിരിക്കുന്നു. യഥാർത്ഥമായ
ആ ഉപദേശത്തിൽ നിങ്ങൾക്ക് ഉറപ്പുണ്ടെന്ന്
ബോദ്ധ്യം വരുത്തണം. എപ്പോഴും നന്ദിയുള്ളവ
രായിരിക്കണം.
8തെറ്റായതും അർത്ഥരഹിതവുമായ ആശയ
ങ്ങളാൽ ആരും നിങ്ങളെ വഴി തെറ്റിക്കാതിരി
പ്പാൻ ശ്രദ്ധിക്കുക. അത്തരം ആശയങ്ങൾ
ക്രിസ്തുവിൽ നിന്നുമല്ല, പക്ഷെ ലോകജന
തയുടെ വിലയില്ലാത്ത ആശയങ്ങളാണ്
അതൊക്കെ. 9ദൈവത്തിലുള്ളതെല്ലാം ക്രിസ്തു
വിൽ പൂർണ്ണമായി ജീവിക്കുന്നു. (ക്രിസ്തു
വിന്റെ ഭൂമിയിലുള്ള ജീവിതത്തിൽ പോലും)
10ക്രിസ്തുവിൽ നിങ്ങൾ എല്ലാം തികഞ്ഞവ
രാണ്, എല്ലാ അധികാരശക്തികളെയും ഭരിക്കു
ന്നത് ക്രിസ്തു ആണ്.
11ക്രിസ്തുവിൽ നിങ്ങൾക്കൊരു വ്യത്യസ്ത
മായ പരിച്ഛേദനയായിരുന്നു ഉള്ളത്. ആ
പരിച്ഛേദന ഒരുവന്റേയും കൈയാൽ നട
ത്തുന്നതല്ല. നിങ്ങളുടെ പാപം നിറഞ്ഞ സ്വയ
ത്തിൽനിന്നും നിങ്ങളെ സ്വതന്ത്രരാക്കി എന്ന
താണ് ഞാനുദ്ദേശിക്കുന്നത്. അതാണു ക്രിസ്തു
നൽകുന്ന പരിച്ഛേദന. 12നിങ്ങൾ സ്നാന
പ്പെട്ടപ്പോൾ ക്രിസ്തുവിനോടൊപ്പം നിങ്ങ
ളേയും സംസ്കരിച്ചു. അതുമാത്രമല്ല നിങ്ങ
ളുടെ ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാ
സം വഴി ക്രിസ്തുവിനോടു കൂടി ആ സ്നാന
ത്താൽ നിങ്ങളേയും ഉയിർപ്പിച്ചു. ക്രിസ്തു
വിനെ മരണത്തിൽനിന്നും ഉയിർത്തിയതുവഴി
ദൈവത്തിന്റെ ശക്തി സ്പഷ്ടമാക്കപ്പെട്ടു.
13നിങ്ങളുടെ പാപം കൊണ്ടും നിങ്ങളുടെ
പാപം നിറഞ്ഞ സ്വയത്തിന്റെ ശക്തിയിൽ
നിന്നും മോചിതരാകാതിരുന്നതു കൊണ്ടും
നിങ്ങൾ മരിച്ചു. എന്നാൽ ദൈവം ക്രിസ്തുവി
നോടൊപ്പം നിങ്ങളേയും ജീവിപ്പിച്ചു. ദൈവം
നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിച്ചു. 14ദൈവ
ത്തിന്റെ കല്പനകൾ ലംഘിച്ചതുകൊണ്ട് നാം
കടക്കാരായി. നാം പിന്തുടരുന്നതിൽ വീഴ്ചവരു
ത്തിയ എല്ലാ ചട്ടങ്ങളും ആ കടത്തിൽ ചേർത്തി
ട്ടുണ്ട്. എന്നാൽ ദൈവം നമ്മളോടു പൊറുത്തു.
ആ കടങ്ങളെല്ലാം കുരിശിൽ തറച്ചു. 15ദൈവം
എല്ലാം ആത്മീക അധികാരങ്ങളെയും ശക്തിക
ളെയും പരാജയപ്പെടുത്തി. കുരിശുകൊണ്ട്
ദൈവം വിജയം നേടിയെടുത്ത് ആ അധികാരി
കളെയും ശക്തികളെയും തോല്പിച്ചു. അവർ
ശക്തിഹീനരാണെന്ന് ദൈവം ലോകത്തിനു
കാണിച്ചു കൊടുത്തു.

മാനുഷിക ചട്ടങ്ങളെ പിന്തുടരരുത്

16തിന്നുകയോ കുടിക്കുകയോ അല്ലെങ്കിൽ
യെഹൂദരുടെ ആചാരക്രമങ്ങളെയോകുറിച്ച്
നിങ്ങളുടെമേൽ ചട്ടങ്ങൾ അടിച്ചേല്പിക്കുവാൻ
ആരേയും അനുവദിക്കാതിരിക്കുക. (ഉത്സവ
ങ്ങൾ, ചന്ദ്രോത്സവങ്ങൾ, ശബ്ബത്തുകൾ). 17മുൻ
കാലങ്ങളിൽ ഈ കാര്യങ്ങളത്രയും വരുവാനിരി
ക്കുന്ന കാര്യങ്ങളുടെ ഒരു നിഴലായിരുന്നു.
എന്നാൽ വന്നുകൊണ്ടിരിക്കുന്ന പുതിയ കാര്യ
ങ്ങൾ ക്രിസ്തുവിൽ കണ്ടെത്തി. 18ദൂതന്മാരെ
ആരാധിക്കുന്നതിലും വിനീതരാണെന്നു നടിക്കു
ന്നതിലും ചില ആൾക്കാർ സന്തോഷം കണ്ടെ
ത്തുന്നു. അക്കൂട്ടർ അവർക്കു കിട്ടിയ ദർശനങ്ങ
ളെക്കുറിച്ച് എപ്പോഴും പറയുന്നു. “ഈ കാര്യ
ങ്ങൾ ചെയ്യാത്തതുകൊണ്ട് നിങ്ങൾ തെറ്റുകാരാ
ണെന്നു” പറയുവാൻ അത്തരം ആൾക്കാരെ
അനുവദിക്കാതിരിക്കുക. അവരിലാകെ മന്ദൻ
അഹംഭാവമാണ്, കാരണം ദൈവീകചിന്തകൾ
ക്കുപകരം ജഢീക ചിന്തകളാണവരുടേത്.
19അവർ അവരെത്തന്നെ തലയായ ക്രിസ്തു
വിനു കീഴ്പ്പെടുത്തുന്നില്ല. ശരീരം മുഴുവനും
ക്രിസ്തുവിനെ ആശ്രയിക്കുന്നു. ക്രിസ്തുമൂലം
ശരീരത്തിലെ എല്ലാ ഭാഗങ്ങളും പരസ്പരം
കരുതുകയും അന്യോന്യം സഹായിക്കുകയും
ചെയ്യുന്നു. ഇത് ശരീരത്തെ ബലപ്പെടുത്തു
കയും അതിനെ ഒന്നായി നിലനിർത്തുകയും
ചെയ്യുന്നു. അതുകൊണ്ട് ദൈവം ആഗ്രഹിക്കുന്ന
വിധത്തിൽ ശരീരം വളരും.

20നിങ്ങൾ ക്രിസ്തുവിനൊപ്പം മരിച്ചതു
കൊണ്ട് ലോകത്തിന്റെ വ്യർത്ഥ ചട്ടങ്ങളിൽ
നിന്നും മുക്തരായി. അതുകൊണ്ട് ഇപ്പോഴും
ലോകത്തിൻേറതെന്നപോലെ എന്തിന് പ്രവർ
ത്തിക്കണം? ഇത്തരം ചട്ടങ്ങളെന്തിനു പിന്തുട
രുന്നു എന്നാണു ഞാനർത്ഥമാക്കുന്നത്. 21“അതു
തിന്നരുത്,” “അതു രുചിക്കരുത്,” “ആ സാധനം
തൊടരുത്” എന്നിങ്ങനെ. 22ഉപയോഗം കഴിഞ്ഞ്
ത്യജിച്ച വസ്തുക്കളെപ്പോലെയാണ് ഈ ചട്ട
ങ്ങൾ. ഈ കാര്യങ്ങളത്രയും ദൈവത്തിൽനിന്നു
ള്ളതല്ല, മറിച്ച് അവയെല്ലാം ജനങ്ങളുടെ
ആജ്ഞയും ആശയങ്ങളുമാണ്. 23ഈ ചട്ടങ്ങൾ
വിവേകപൂർണ്ണമെന്നു തോന്നാം. പക്ഷെ മനു
ഷ്യനിർമ്മിതങ്ങളായ മതങ്ങളുടെ ഭാഗമാണവ.
ആ മതങ്ങൾ ആളുകളെ വിനീതർ എന്നു നടി
പ്പിക്കുന്നതിന് തങ്ങളുടെ ശരീരങ്ങളെ ശിക്ഷി
ക്കുന്നതിനും കൂട്ടു നിൽക്കുന്നു. എന്നാൽ ഈ
ചട്ടങ്ങൾ അവരുടെ പാപം നിറഞ്ഞ സ്വയം
ആവശ്യപ്പെടുന്ന ദുഷ്ടകാര്യങ്ങൾ ചെയ്യാതിരി
ക്കാൻ സഹായിക്കുന്നില്ല.

ക്രിസ്തുവിലുള്ള പുതിയ ജീവൻ

3 ക്രിസ്തുവിനോടൊപ്പം നിങ്ങളെയും മരിച്ച
വരിൽനിന്ന് ഉയിർപ്പിച്ചു. അതുകൊണ്ട്
സ്വർഗ്ഗത്തിലുള്ള കാര്യങ്ങൾ കിട്ടുവാൻ ഹൃദയം
ഗമായി ആഗ്രഹിക്കുക. അവിടെ ദൈവത്തി
ന്റെ വലതു വശത്തായി ക്രിസ്തു ഇരിക്കു
ന്നുണ്ട്. 2സ്വർഗ്ഗത്തിലുള്ള കാര്യങ്ങളെക്കുറിച്ചു
മാത്രമേ വിചാരിക്കാവൂ, ഭൗമികകാര്യങ്ങളെക്കു
റിച്ചു പാടില്ല. 3നിങ്ങളുടെ പാപം നിറഞ്ഞ
പഴയ സ്വയം മരിക്കുകയും നിങ്ങളുടെ പുതു
ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ
സംരക്ഷിക്കുകയും ചെയ്തു. 4ക്രിസ്തു ആണ്
നിങ്ങളുടെ ജീവൻ. ക്രിസ്തു വീണ്ടും വരു
മ്പോൾ നിങ്ങൾ അവന്റെ മഹത്വം പങ്കുവ
യ്ക്കും.

5അതുകൊണ്ട് നിങ്ങളുടെ ജീവിതത്തിൽ
നിന്ന് എല്ലാ ദുഷ്ടതകളെയും:- ലൈംഗിക
പാപങ്ങൾ, കളങ്കം, കാമം, ദുഷ്ചിന്തകൾ
ഇവയെ നീക്കുക. വിഗ്രഹാരാധന നിങ്ങളെ
നിയന്ത്രിക്കാൻ അനുവദിക്കരുത്. ദുഷ്കാര്യ
ങ്ങൾ ആഗ്രഹിക്കരുത് ഇവയെ പുറത്താക്കുക.
ഈ ആഗ്രഹം ഒരു കള്ളദൈവത്തിനു ശുശ്രൂഷ
ചെയ്യുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. 6ഈ
കാര്യങ്ങളൊക്കെ ദൈവത്തെ കോപാകുലനാ
ക്കുന്നു. 7പണ്ടത്തെ നിങ്ങളുടെ ദുഷ്ട ജീവിത
ത്തിൽ നിങ്ങളും ഈ കാര്യങ്ങളൊക്കെ ചെയ്തി
രുന്നു.

8എന്നാൽ ഈ കാര്യങ്ങൾ ഇനി നിങ്ങളുടെ
ജീവിതത്തിൽനിന്നും ഒഴിവാക്കണം. കോപം,
ഉഗ്രമായ അമർഷം, വിദ്വേഷം, അന്യരെ വാക്കു
കൊണ്ടോ, പ്രവൃത്തികൊണ്ടോ മുറിപ്പെടുത്തു
ന്നത്, ആഭാസകരമായ ഭാഷാപ്രയോഗം തുട
ങ്ങിയവയൊക്കെയാണ് ഇത്. 9പരസ്പരം കള്ളം
പറയരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ
പാപജീവിതവും പണ്ടു ചെയ്തുകൊണ്ടിരുന്ന
കാര്യങ്ങളും ഉപേക്ഷിച്ചുകഴിഞ്ഞു. 10പുതു
ജീവിതം നിങ്ങൾ തുടങ്ങിക്കഴിഞ്ഞു. ആ പുതു
ജീവനിൽ നിങ്ങളെ പുതിയവരാക്കി, നിങ്ങളെ
സൃഷ്ടിച്ചവനെപ്പോലെ നിങ്ങൾ ആയിക്കൊ
ണ്ടിരിക്കുകയാണ്. ആ പുതുജീവിതം ദൈവത്തി
ന്റെ യഥാർത്ഥമായ വിജ്ഞാനം നിങ്ങൾക്കു
കൊണ്ടുവരുന്നു. 11അതിൽ യവനനെന്നോ
യെഹൂദനെന്നോ ഉള്ള വ്യത്യാസമില്ല. പരി
ച്ഛേദനക്കാരനെന്നോ അഗ്രചർമ്മിയെന്നോ,
വിദേശിയെന്നോ, സ്വദേശിയെന്നോ, പരിഷ്കൃ
തനെന്നോ, അപരിഷ്കൃതരെന്നോ, അടിമയെ
ന്നോ, സ്വതന്ത്രനെന്നോ, ഉള്ള വ്യത്യാസം ഇല്ല.
എന്നാൽ ക്രിസ്തു അങ്ങനെയുള്ള എല്ലാ
വിശ്വാസികളിലും ഉണ്ട്. ക്രിസ്തുവാണ് സർ
വ്വോൽകൃഷ്ടൻ.

12ദൈവം നിങ്ങളെ തിരഞ്ഞെടുത്ത് തന്റെ
വിശുദ്ധജനമാക്കി. അവൻ നിങ്ങളെ സ്നേഹി
ക്കുന്നു. അതിനാൽ എല്ലാവരോടും കരുണയു
ള്ളവരാകുവിൻ. ദയാലുവും വിനീതനും മൃദു
ലനും ശാന്തനും ആകുവിൻ. 13പരസ്പരം ദേഷ്യ
പ്പെടാതെ ക്ഷമിക്കുവിൻ. നിന്നോട് മറ്റാരെ
ങ്കിലും തെറ്റു ചെയ്താൽ അവനോടു ക്ഷമിക്കു
വിൻ. കാരണം, കർത്താവ് നിങ്ങളോട് ക്ഷമിച്ചു.
14ഇതെല്ലാം പാലിക്കുക. എന്നിരുന്നാലും ഏറ്റ
വും പ്രധാനം സ്നേഹമാണ്. പരിപൂർണ്ണ ഏക
തയിൽ നിങ്ങളെ ഒന്നിച്ചു നിർത്തുന്നത് സ്നേ
ഹമാണ്. 15ക്രിസ്തു നിങ്ങൾക്ക് നൽകുന്ന സമാ
ധാനം നിങ്ങളുടെ വിചാരങ്ങളെ നിയന്ത്രി
ക്കട്ടെ. സമാധാനം കിട്ടുന്നതിനായി നിങ്ങളെ
എല്ലാവരെയും ഒരു ശരീരത്തിലേക്കു ഒരുമിച്ചു
വിളിച്ചിരിക്കുന്നു. എപ്പോഴും നന്ദിയുള്ളവരാ
കുവിൻ.

16ക്രിസ്തുവിന്റെ ഉപദേശങ്ങൾ നിങ്ങ
ളുടെയുള്ളിൽ സമ്പന്നമായി ജീവിക്കട്ടെ. പര
സ്പരം ശക്തിപ്പെടുത്താനും ഉപദേശിക്കാനും
നിങ്ങളുടെ എല്ലാ അറിവും ഉപയോഗപ്പെടു
ത്തുക. ദൈവത്തോടു ഹൃദയത്തിൽ നന്ദിയുള്ള
വരായി സങ്കീർത്തനങ്ങളും ഗീതങ്ങളും ആത്മീ
യഗാനങ്ങളും പാടുവിൻ.17നിങ്ങളുടെ സംഭാഷ
ണവും പ്രവൃത്തിയും എല്ലാം നിങ്ങളുടെ കർ
ത്താവായ യേശുവിനു വേണ്ടിയാകട്ടെ. നിങ്ങ
ളുടെ എല്ലാ പ്രവൃത്തികൾക്കും പിതാവായ ദൈ
വത്തിന് യേശുക്രിസ്തു വഴി നന്ദി പറയുവിൻ.

പുതുജീവൻ പരസ്പരബന്ധത്തിൽ

18ഭാര്യമാരേ, നിങ്ങൾ ഭർത്താവിൻെറ അധി
കാരത്തിനു കീഴ്പ്പെടുക. ഇതാണു ക്രിസ്തു
വിൽ ചെയ്യേണ്ടതായ ശരിയായ രീതി.
19ഭർത്താവ് തൻെറ ഭാര്യയെ സ്നേഹിക്കു
കയും അവളോടു സൗമ്യത ഉള്ളവനുമാകണം.
20മക്കൾ അവരുടെ മാതാപിതാക്കളെ ബഹുമാ
നിക്കണം. ഇതു കർത്താവിനെ പ്രീതിപ്പെ
ടുത്തും.
21പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ നിങ്ങൾ
കോപിപ്പിക്കരുത്. നിങ്ങളെ പ്രീതിപ്പെടുത്തു
ന്നത് കഠിനമായ ഒരു കാര്യമാണെങ്കിൽ
നിങ്ങളെ പ്രീതിപ്പെടുത്തുന്നതിൽനിന്ന് അവർ
നിരുത്സാഹപ്പെടും.
22വേലക്കാർ തങ്ങളുടെ യജമാനന്മാരെ എല്ലാ
ക്കാര്യങ്ങളിലും അനുസരിക്കണം. യജമാനന്മാർ
നിങ്ങളുടെ അടുത്ത് ഇല്ലാത്ത സമയവും അനു
സരിക്കുക. എന്നാൽ യഥാർത്ഥത്തിൽ നിങ്ങൾ
മനുഷ്യരെ പ്രീതിപ്പെടുത്താനല്ല ശ്രമിക്കുന്നത്.
പിന്നെയോ കർത്താവിനെയാണ്. അതിനാൽ
സത്യസന്ധയോടുകൂടെ അനുസരിക്കുക. കാര
ണം നിങ്ങൾ കർത്താവിനെ ബഹുമാനിക്കുന്നു.
23നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവൃത്തിയും നിങ്ങ
ളെക്കൊണ്ടാകാവുന്നതിൻെറ പൂർണ്ണതയിൽ
ചെയ്യുവിൻ. ദൈവത്തിനുവേണ്ടി ജോലി ചെ
യ്യുതുപോലെ ചെയ്യുവിൻ. അതുവഴി നിങ്ങൾ
ആളുകളെയല്ല ദൈവത്തെയാണ് സേവിക്കു
ന്നത്. 24കർത്താവിൽനിന്നും നിങ്ങൾക്ക് നിങ്ങ
ളുടെ പ്രതിഫലം കിട്ടുമെന്ന് ഓർക്കുവിൻ.
തൻെറ ജനത്തിനു വാഗ്ദാനം ചെയ്തത് അവൻ
നിങ്ങൾക്കു തരും. നിങ്ങൾ കർത്താവായ ക്രി
സ്തുവിനെയാണു ശുശ്രൂഷിക്കുന്നത്. 25തെറ്റു
ചെയ്തവൻ ആ തെറ്റിനെ പ്രതി ശിക്ഷിക്കപ്പെ
ടുമെന്ന് ഓർക്കുവിൻ. ദൈവം എല്ലാവരോടും
ഒരുപോലെ പെരുമാറുന്നു.

4 യജമാനന്മാരേ, നല്ലതും ന്യായവുമായ
കാര്യങ്ങൾ നിങ്ങളുടെ ദാസന്മാർക്കു
കൊടുക്കുവിൻ. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് ഒരു
യജമാനൻ ഉണ്ട് എന്ന് ഓർക്കുവിൻ.

വിശ്വാസികൾക്ക് പൌലൊസിൻെറ ചില നിർദ്ദേശങ്ങൾ

2ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട് പ്രാർ
ത്ഥിക്കുന്നത് തുടരുവിൻ. 3ഞങ്ങൾക്കുവേണ്ടിയും
പ്രാർത്ഥിക്കുവിൻ. തൻെറ സന്ദേശം ജനങ്ങ
ളോട് പ്രസംഗിക്കുന്നതിന് അവസരം തരണം
എന്നു പ്രാർത്ഥിക്കുവിൻ. ക്രിസ്തുവിനെപ്പറ്റി
മുൻപ് മറച്ചുവച്ചതും പിന്നീട് ദൈവം തന്നെ
വെളിപ്പെടുത്തിയതുമായ ആ രഹസ്യ സത്യം
പ്രസംഗിക്കുവാൻ ഞങ്ങളെക്കൊണ്ടാകണമേ
എന്നു പ്രാർത്ഥിക്കുവിൻ. ഈ സത്യം പ്രസംഗി
ച്ചതുകൊണ്ട് ഇപ്പോൾ ഞാൻ കാരാഗൃഹത്തി
ലായി. 4ഈ സത്യം ജനങ്ങൾക്കു വ്യക്തമാക്കാൻ
കഴിയണമേ എന്നു പ്രാർത്ഥിക്കുവിൻ. അതാണു
ഞാൻ ചെയ്യേണ്ടത്.
5അവിശ്വാസികളോടു വിവേകപൂർവ്വം ഇട
പെടുക. നിങ്ങളുടെ സമയത്തെ നിങ്ങളെക്കൊ
ണ്ടാകും പോലെ ഏറ്റവും നല്ല രീതിയിൽ ചെല
വഴിക്കുക. 6സംസാരിക്കുമ്പോൾ എപ്പോഴും ദയ
യോടും വിവേകത്തോടും കൂടെ സംസാരി
ക്കുക. അപ്പോൾ നിങ്ങൾക്ക് എല്ലാവരോടും പറ
യേണ്ടതുപോലെ ഉത്തരങ്ങൾ പറയുവാൻ
സാധിക്കും.

പൌലൊസിൻെറ കൂടെയുള്ളവരെപ്പറ്റി

7ക്രിസ്തുവിൽ എൻെറ പ്രിയ സഹോദര
നാണ് തിഹിക്കൊസ്. അവൻ കർത്താവിൽ
എൻെറ വിശ്വസ്ത ശുശ്രൂഷകനും ദാസനു
മാണ്. എനിക്കു സംഭവിച്ചു കൊണ്ടിരിക്കുന്ന
കാര്യങ്ങളെല്ലാം അവൻ നിങ്ങളോടു പറയും.
8അതുകൊണ്ടാണു ഞാൻ അവനെ അയ്യക്കു
ന്നത്. ഞങ്ങൾ എങ്ങനെയാണെന്ന് നിങ്ങൾ
അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
നിങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഞാൻ
അവനെ അയയ്ക്കുന്നു. 9ക്രിസ്തുവിൽ വിശ്വ
സ്തനും പ്രിയ സഹോദരനുമായ ഒനേസി
മൊസിനൊപ്പം ഞാൻ അവനെ അയയ്ക്കുന്നു.
അവൻ നിങ്ങളുടെ കൂട്ടത്തിൽ നിന്നുള്ളവ
നാണ്. ഇവിടെ സംഭവിച്ചതെല്ലാം തിഹിക്കൊ
സും ഒനേസിമൊസും പറയും.
10എന്നോടൊപ്പമുള്ള തടവുകാരനായ അരി
സ്തർഹോസും നിങ്ങളെ അഭിവാദ്യം ചെയ്യു
ന്നു. മർക്കൊസിൻെറ മച്ചുനനായ ബർന്ന
ബാസും നിങ്ങളെ വന്ദനം ചെയ്യുന്നു. (മർക്കൊ
സിന് എന്തു ചെയ്തുകൊടുക്കണമെന്ന് ഞാൻ
നിങ്ങളോട് നേരത്തേ പറഞ്ഞിട്ടുണ്ട്. അവൻ
വരികയാണെങ്കിൽ അവനെ സ്വീകരിക്കുക.)
11യേശു എന്ന പേരിലും വിളിക്കുന്ന യുസ്
താസും നിങ്ങളെ അഭിവാദനം ചെയ്യുന്നു. ഇവ
രാണ് ദൈവരാജ്യത്തിനായി എനിക്കൊപ്പം
പ്രവർത്തിക്കുന്ന യെഹൂദർ. അവർ എനി
ക്കൊരു ആശ്വാസമാണ്.
12നിങ്ങളുടെ ഇടയിൽനിന്നുള്ള ക്രിസ്തു
വിൻെറ ദാസനായ എപ്പഫ്രാസും നിങ്ങളെ
അഭിവാദനം ചെയ്യുന്നു. അവൻ നിങ്ങൾക്കു
വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു. ആത്മീയ
പക്വതയെത്തി ദൈവം നിങ്ങൾക്കുവേണ്ടി
ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്കുണ്ടാകുവാ
നാണ് അവൻ പ്രാർത്ഥിക്കുന്നത്. 13അവൻ ലവു
ദിക്യായിലേയും ഹിയരപ്പൊലിയിലേയും ജന
ങ്ങൾക്കുവേണ്ടിയും നിങ്ങൾക്കു വേണ്ടിയും കഠി
നമായി യത്നിച്ചു എന്ന് എനിക്കറിയാം. 14വൈ
ദ്യനും ഞങ്ങളുടെ സുഹൃത്തുമായ ലൂക്കൊസും
ദേമാസും നിങ്ങളെ വന്ദനം ചെയ്യുന്നു.
15ലവുദിക്യയിലെ സഹോദരങ്ങളെ വന്ദനം
ചെയ്യുക. നുംഫെയ്ക്കും അവളുടെ വീട്ടിൽ
കൂടുന്ന സഭയ്ക്കും വന്ദനം പറയുക. 16ഈ
കത്ത് നിങ്ങളുടെ ഇടയിൽ വായിച്ചു കഴിഞ്ഞ
തിനു ശേഷം ലവുദിക്യയിലെ സഭയിലും
വായിച്ചു എന്ന് ഉറപ്പുവരുത്തുക. ലവുദിക്യയി
ലേക്ക് അയച്ച കത്ത് നിങ്ങളും വായിക്കുക.
17“ദൈവം നിനക്കുതന്ന ജോലി ചെയ്യുന്നതിൽ
തീർച്ചയുണ്ടാകണമെന്ന്” അർഹിപ്പൊസി
നോടു പറയുക.
18ഞാൻ, പൌലൊസ്, ഇതു എൻെറ കൈ
കൊണ്ടുതന്നെ എഴുതി. നിങ്ങൾക്കു ഞാൻ
വന്ദനം പറയുന്നു. ഞാൻ തടവിലാണെന്ന് ഓർ
ക്കുവിൻ. ദൈവത്തിൻെറ കൃപ നിങ്ങളോടു
കൂടെ ഉണ്ടായിരിക്കട്ടെ.

തെസ്സലൊനീക്യർക്ക് എഴുതിയ ഒന്നാം ലേഖനം

1 പൌലൊസും, സിലപ്പാനൊസും, തിമൊഥെ
യൊസും, തെസ്സലൊനീക്യയിലുള്ള സഭ
യ്ക്ക് അഭിവാദനങ്ങൾ നേരുന്നു. നമ്മുടെ പിതാ
വായ ദൈവത്തിലും കർത്താവായ യേശുക്രി
സ്തുവിലും ജീവിക്കുന്ന നിങ്ങൾക്ക് കൃപയും
സമാധാനവും ഉണ്ടാകട്ടെ.

തെസ്സലൊനീക്യരുടെ ജീവിതവും വിശ്വാസവും

2പ്രാർത്ഥിക്കുമ്പോൾ എപ്പോഴും ഞങ്ങൾ നി
ങ്ങളെ ഓർക്കുകയും നിങ്ങൾക്കെല്ലാവർക്കും
വേണ്ടി ദൈവത്തിനു നന്ദി പറയുകയും
ചെയ്യുന്നു.
3നിങ്ങളുടെ വിശ്വാസത്താൽ നിങ്ങൾ ചെ
യ്തിട്ടുള്ള വേലയും സ്നേഹത്തിൻെറ പ്രേരണ
യാലുള്ള നിങ്ങളുടെ അദ്ധ്വാനവും നമ്മുടെ
കർത്താവായ യേശുക്രിസ്തുവിലുള്ള നിങ്ങ
ളുടെ പ്രത്യാശയുടെ ഉറപ്പും നമ്മുടെ പിതാ
വായ ദൈവത്തിനു മുമ്പിൽ ഞങ്ങൾ ഇടവി
ടാതെ ഓർക്കുന്നു. 4സഹോദരരേ, ദൈവം
നിങ്ങളെ സ്നേഹിക്കുന്നെന്നും അവൻെറ
സ്വന്തമാകുവാൻ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടി
രിക്കുന്നുവെന്നും ഞങ്ങൾ അറിയുന്നു.
5ഞങ്ങൾ നിങ്ങളെ സുവിശേഷവുമായി
സമീപിച്ചത് വെറും വാക്കുകളാലല്ല ശക്തിയാ
ലാണ്. ഇതു സത്യമാണെന്ന് ഞങ്ങൾക്കറിയാകു
ന്നതുകൊണ്ട് പരിശുദ്ധാത്മാവിനാലാണ്
ഞങ്ങൾ ഇത് നിങ്ങളുടെയടുത്ത് കൊണ്ടു
വന്നത്. നിങ്ങൾക്കു സഹായമാകുന്ന രീതിയിൽ
ഞങ്ങൾ എങ്ങനെ നിങ്ങളുടെ ഇടയിൽ താമസി
ച്ചുവെന്ന് നിങ്ങൾക്കറിയാം. 6നിങ്ങൾ ഞങ്ങ
ളുടെ ഉപദേശം വളരെ സന്തോഷത്തോടുകൂടി
സ്വീകരിച്ചു. അത് വളരെ കഷ്ടങ്ങൾ കൊണ്ടു
വന്നുവെങ്കിലും, ആ സന്തോഷം നിങ്ങൾക്കു
പരിശുദ്ധാത്മാവിൽനിന്നും വരുന്നു. ഈ വിധ
ത്തിൽ നിങ്ങൾ ഞങ്ങളെപ്പോലെയും കർത്താ
വിനെപ്പോലെയും ആയിത്തീർന്നു.
7മക്കെദൊന്യയിലേയും അഖായയിലേയും
എല്ലാ വിശ്വാസികൾക്കും ഒരു മാതൃകയായി
നിങ്ങൾ. 8മക്കെദൊന്യയിലും അഖായയിലും
നിങ്ങളിൽനിന്നാണ് കർത്താവിൻെറ ഉപദേശം
പടർന്നത്. യഥാർത്ഥത്തിൽ എല്ലായിടത്തും
ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസത്തെക്കു
റിച്ചുള്ള വാർത്ത പരന്നു. അതുകൊണ്ട് നിങ്ങ
ളുടെ വിശ്വാസത്തെപ്പറ്റി ജനങ്ങളോട് ഒന്നും
തന്നെ ഞങ്ങൾക്ക് പറയേണ്ടതില്ല. 9എല്ലായിട
ത്തും ഉള്ളവർ, ഞങ്ങൾ അവിടെ ആയിരുന്ന
പ്പോൾ, ഞങ്ങളെ നിങ്ങൾ എങ്ങനെ സ്വീക
രിച്ചു എന്ന് പറയുന്നു. നിങ്ങൾ എങ്ങനെ
വിഗ്രഹാരാധന നിർത്തുകയും ജീവിക്കുന്ന
സത്യദൈവത്തെ എങ്ങനെ സേവിക്കുന്നു എന്ന
തിനെപ്പറ്റിയും ജനങ്ങൾ പറയുന്നു. 10നിങ്ങൾ
വിഗ്രഹാരാധന നിർത്തിയിട്ട് ദൈവത്തിൻെറ
പുത്രൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി വരുന്നതി
നായി കാത്തിരിക്കുന്നു. ദൈവം ആ പുത്രനെ
മരണത്തിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു.
വരുവാനിരിക്കുന്ന ദൈവത്തിൻെറ കോപ
ത്തോടുള്ള ന്യായവിധിയിൽനിന്നും നമ്മെ
രക്ഷിക്കുന്നത് അവനാണ്-യേശു.

തെസ്സലൊനീക്യയിൽ പൌലൊസിൻെറ വേല

2 സഹോദരരേ, നിങ്ങൾക്കറിയാം നിങ്ങളുടെ
ഇടയിലേക്കു ഞങ്ങൾ നടത്തിയ സന്ദർ
ശനം പരാജയമല്ലായിരുന്നു എന്ന്. 2നിങ്ങളുടെ
അടുത്തേക്കു വരുന്നതിനു മുൻപ് ഫിലിപ്പി
യിൽ ഞങ്ങൾ ഏറെ സഹിച്ചു. അവിടുള്ളവർ
ഞങ്ങളെ നിന്ദിച്ചതൊക്കെ നിങ്ങൾക്കറിയാം.
ഞങ്ങൾ നിങ്ങളുടെ അടുത്തേക്കു വന്നപ്പോൾ
വളരെ ആളുകളും ഞങ്ങൾക്കെതിരായിരുന്നു.
എന്നാൽ ദൈവം ഞങ്ങളെ ധൈര്യശാലികളാ
ക്കുകയും അവൻെറ സുവിശേഷം നിങ്ങളെ
അറിയിക്കുവാൻ സഹായിക്കുകയും ചെയ്തു.
3ഞങ്ങൾ ജനങ്ങളെ ധൈര്യപ്പെടുത്തുന്നു. ആരും
ഞങ്ങളെ വിഡ്ഢികളാക്കിയില്ല. ഞങ്ങൾ
ദുഷ്ടരോ ജനങ്ങളെ വഞ്ചിക്കുന്നവരോ അല്ല.
ഇക്കാര്യങ്ങളൊന്നുമല്ല, ഞങ്ങൾ ചെയ്യേണ്ടത്
ചെയ്യുന്നതിനുള്ള കാരണങ്ങൾ. 4സുവിശേഷം
പറയുന്നതിനായി ദൈവം ഞങ്ങളെ പരീ
ക്ഷിച്ച് വിശ്വസിച്ചതുകൊണ്ടാണ് ഞങ്ങൾ
സുവിശേഷം പ്രസംഗിക്കുന്നത്. അതിനാൽ
ഞങ്ങൾ പ്രസംഗിക്കുമ്പോൾ ഞങ്ങൾ മനു
ഷ്യരെ സംപ്രീതരാക്കാൻ ശ്രമിക്കുന്നില്ല.
ഞങ്ങൾ ദൈവത്തെയാണ് പ്രീതിപ്പെടുത്തു
വാൻ ശ്രമിക്കുന്നത്. ഞങ്ങളുടെ ഹൃദയങ്ങളെ
സൂക്ഷ്മനിരീക്ഷണം ചെയ്യുന്നവനാണ്
ദൈവം. 5നിങ്ങളെപ്പറ്റി നല്ല കാര്യങ്ങൾ പറഞ്ഞ്
നിങ്ങളെ സ്വാധീനിക്കാൻ ഒരിക്കലും ഞങ്ങൾ
ശ്രമിച്ചില്ല എന്ന് നിങ്ങൾക്കറിയാം. നിങ്ങളുടെ
പണം പിടുങ്ങുവാനായി ഞങ്ങൾ ശ്രമിച്ചിരു
ന്നില്ല. നിങ്ങളിൽനിന്നു മറച്ചുവയ്ക്കാൻ ഞങ്ങ
ൾക്ക് സ്വാർത്ഥതയും ഇല്ലായിരുന്നു. ഇതു സത്യ
മാണെന്നു ദൈവത്തിനറിയാം. 6ഞങ്ങൾ നിങ്ങ
ളിൽനിന്നോ, മറ്റാരിൽനിന്നോ, ഒരു പ്രശം
സയും തേടിയില്ല.
7ഞങ്ങൾ ക്രിസ്തുവിൻെറ അപ്പൊസ്തല
രാണ്. അതുകൊണ്ട് ഞങ്ങൾ നിങ്ങളുടെ അടു
ത്തായിരുന്നപ്പോൾ, കാര്യങ്ങൾ ചെയ്യിക്കുന്നതി
നായി അധികാരം ഞങ്ങൾക്ക് ഉപയോഗിക്കാമാ
യിരുന്നു. എന്നാൽ ഞങ്ങൾ നിങ്ങളോട് വളരെ
സൗമ്യരായിരുന്നു.* തൻെറ മക്കളെ കരുതുന്ന
ഒരു അമ്മയെപ്പോലായിരുന്നു ഞങ്ങൾ. 8ഞ
ങ്ങൾ നിങ്ങളെ ഏറെ സ്നേഹിച്ചു. അതിനാൽ
ദൈവത്തിൻെറ സുവിശേഷം നിങ്ങളുമായി
പങ്കുവയ്ക്കുന്നതിൽ ഞങ്ങൾ വളരെ സന്തുഷ്ട
രായിരുന്നു. അതുമാത്രമല്ല ഞങ്ങളുടെ ജീവനെ
ക്കൂടി പങ്കുവെക്കുന്നതിൽ ഞങ്ങൾക്കു സന്തോ

"ഞങ്ങൾ നിങ്ങളോട് വളരെ സൗമ്യരായിരുന്നു" ചില പഴയ പതിപ്പുകളിൽ, ഞങ്ങൾ നിങ്ങളുടെ ഇടയിൽ ശിശുക്കളായിരുന്നുവെന്നു വായിയ്ക്കുന്നു.

ഷമായിരുന്നു. 9സഹോദരരേ, ഞങ്ങൾ എന്തു
മാത്രം കഠിനാദ്ധ്വാനം ചെയ്തു എന്ന് നിങ്ങൾ
ഓർമ്മിക്കുമെന്ന് ഞങ്ങൾക്കറിയാം. രാപ്പകൽ
ഞങ്ങൾ അദ്ധ്വാനിച്ചു നിങ്ങളോട് സുവി
ശേഷം പ്രസംഗിച്ചപ്പോൾ ഞങ്ങൾക്ക് പണം
തന്ന് നിങ്ങൾക്കു ഭാരമുണ്ടാക്കാൻ ഞങ്ങൾ ആഗ്ര
ഹിച്ചില്ല.

10ഞങ്ങൾ വിശ്വാസികളായ നിങ്ങളുടെ ഇട
യിൽ ആയിരുന്നപ്പോൾ തെറ്റുകൾ ഇല്ലാത്ത
പരിശുദ്ധമായ നല്ല ജീവിതമായിരുന്നു ജീവി
ച്ചത്. ഇതു ശരിയാണെന്നു നിങ്ങൾക്കും ദൈവ
ത്തിനും അറിയാം. 11ഒരു അപ്പൻ തന്റെ മക്ക
ളോടു പെരുമാറും പോലെയാണ് ഞങ്ങളും
നിങ്ങളോട് ഓരോരുത്തരോടും പെരുമാറിയ
തെന്ന് നിങ്ങൾക്കറിയാം. 12ദൈവത്തെ പ്രസാദി
പ്പിക്കുന്നതിന് ഒരു നല്ല ജീവിതം ജീവിക്കുന്ന
തിന് ഞങ്ങൾ നിങ്ങളെ ശക്തിപ്പെടുത്തുകയും,
ആശ്വസിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുക
യും ചെയ്തു. തന്റെ രാജ്യത്തിലേക്കും മഹ
ത്വത്തിലേക്കും നിങ്ങളെ വിളിച്ചിരിക്കുന്നു.

13ഞങ്ങളിൽനിന്നുള്ള സന്ദേശം നിങ്ങൾ കേട്ട
പ്പോൾ മനുഷ്യവചനമായിട്ടല്ല, പിന്നെയോ
ദൈവവാക്കുകളായി നിങ്ങൾ സ്വീകരിച്ചു.
യഥാർത്ഥമായി അത് അങ്ങനെയാണ്. ദൈവ
ത്തിന്റെ ദൂത് വിശ്വസിക്കുന്ന നിങ്ങളിൽ ആ
സന്ദേശം പ്രവർത്തിക്കുന്നു. 14സഹോദരരേ,
യെഹൂദ്യയിൽ ക്രിസ്തുവിലുള്ള ദൈവത്തി
ന്റെ സഭകൾ പോലെയാണു നിങ്ങളും. യെഹൂ
ദ്യയിലുള്ളവർ ഇതര യെഹൂദരിൽനിന്നും
കഷ്ടം സഹിച്ചതുപോലെ നിങ്ങളും നിങ്ങ
ളുടെ സ്വരാജ്യക്കാരിൽനിന്നും അതു പോലെ
കഷ്ടം സഹിച്ചു. 15ആ യെഹൂദർ കർത്താവായ
യേശുവിനെയും, പ്രവാചകന്മാരെയും കൊന്നു.
ആ യെഹൂദർ യെഹൂദ്യ വിട്ടു പോരാൻ നമ്മിൽ
സമ്മർദ്ദം ചെലുത്തി. അവർ ദൈവത്തെ പ്രീതി
പ്പെടുത്താത്തവരും സകല ജനതയ്ക്കും എതിരാ
യിരിക്കുന്നവരുമാണ്.

16ജാതികൾ രക്ഷിക്കപ്പെടുന്നതിനായി
ഞങ്ങൾ അവരെ പഠിപ്പിക്കുന്നു. എന്നാൽ ആ
യെഹൂദർ നേരത്തേതന്നെയുള്ള പാപത്തിനു
മീതെ ഏറെ പാപം കൂട്ടുകയാണ് ചെയ്യുന്നത്.
ദൈവകോപം പൂർണ്ണമായി അവരിൽ വന്നിരി
ക്കുന്നു.

അവരെ വീണ്ടും സന്ദർശിക്കുവാനുള്ള പൌലൊസിന്റെ ആഗ്രഹം

17സഹോദരരേ, അല്പകാലം ഞങ്ങൾ നിങ്ങ
ളിൽനിന്നും വേർപിരിക്കപ്പെട്ടു. (ഞങ്ങൾ
അവിടെ ഇല്ലായിരുന്നുവെങ്കിലും ഞങ്ങളുടെ
വിചാരങ്ങൾ നിങ്ങൾക്കൊപ്പമുണ്ടായിരുന്നു.)
ഞങ്ങൾ നിങ്ങളെ കാണാനായി ആഗ്രഹിച്ചു.
അങ്ങനെ ചെയ്യുവാനായി ഞങ്ങൾ വളരെ
പരിശ്രമിക്കുകയും ചെയ്തു. 18അതെ നിങ്ങ
ളുടെ അടുത്തു വരാൻ ഞാൻ ആഗ്രഹിച്ചു.
ഞാൻ, പൌലൊസ് സത്യമായും വരാൻ
പലതവണ ആഗ്രഹിച്ചുവെങ്കിലും സാത്താൻ
ഞങ്ങളെ തടഞ്ഞു.19നിങ്ങൾ ഞങ്ങളുടെ പ്രത്യാ
ശയും, ഞങ്ങളുടെ സന്തോഷവും, കിരീടവും
ആയതിൽ നമ്മുടെ കർത്താവായ യേശു വരു
മ്പോൾ ഞങ്ങൾക്ക് അഭിമാനമുണ്ടാകും. 20സത്യ
മായും നിങ്ങളാണ് ഞങ്ങളുടെ മഹത്വവും,
ഞങ്ങളുടെ സന്തോഷവും.

3 1-2ഞങ്ങൾക്ക് നിങ്ങളുടെ സമീപം വരുവാൻ
കഴിഞ്ഞില്ല. എന്നാൽ, ഇനിയും കാത്തിരി
ക്കുന്നത് വളരെ പ്രയാസമുള്ളതായിരിക്കുന്നു.
ആകയാൽ തിമൊഥെയൊസിനെ നിങ്ങളുടെ
അടുത്തേക്ക് അയയ്ക്കാനും ഏതൻസിൽ തനി
യെ താമസിക്കുവാനും തീരുമാനിച്ചു. തിമൊഥെ
യൊസ് ഞങ്ങളുടെ സഹോദരനാണ്, ക്രിസ്തു
വിനെപ്പറ്റിയുള്ള സുവിശേഷം മനുഷ്യരെ അറി
യിക്കുന്നതിനു അവൻ ദൈവത്തിനുവേണ്ടി ഞ
ങ്ങളോട് ചേർന്നു പ്രവർത്തിക്കുന്നു. അവൻ
ഞങ്ങളെ സഹായിക്കുന്നു. നിങ്ങളെ വിശ്വാസ
ത്തിൽ ബലപ്പെടുത്താനും പ്രോത്സാഹിപ്പി
ക്കാനും അവന് കഴിയും എന്നുള്ളതുകൊണ്ട്
തിമൊഥെയൊസിനെ ഞങ്ങൾ അയച്ചു. 3നി
ങ്ങളിൽ ആരും തന്നെ ഞങ്ങളുടെ ഈ കഷ്ടപ്പാ
ടുകൾ മൂലം വിശ്വാസത്തിൽനിന്നും പിന്തി
രിഞ്ഞു പോകാതിരിക്കാനായി തിമൊഥെ
യൊസിനെ ഞങ്ങൾ അയച്ചു. ഈ പ്രശ്നങ്ങ
ളെല്ലാം നമ്മൾക്കുണ്ടാകാൻ പോകുന്നു എന്നു
ള്ളത് നിങ്ങൾക്കു തന്നെ അറിയാം. 4ഞങ്ങൾ
നിങ്ങളോടൊപ്പം ഉണ്ടായിരുന്നപ്പോൾ തന്നെ
പറഞ്ഞിട്ടുണ്ട് നമ്മൾ എല്ലാവരും വളരെയ
ധികം സഹിക്കേണ്ടതായുണ്ടെന്ന്. ഞങ്ങൾ പറ
ഞ്ഞതുപോലെ സംഭവിച്ചുവെന്ന് നിങ്ങൾക്ക
റിയാം. 5അതുകൊണ്ട് തിമൊഥെയൊസിനെ
അയക്കുന്നതു വഴി നിങ്ങളുടെ വിശ്വാസത്തെ
പ്പറ്റി എനിക്കു മനസ്സിലാക്കുകയും ചെയ്യാം.
കാത്തിരിക്കാൻ ഇനി ഒട്ടും പറ്റില്ല.. എന്നായ
പ്പോഴാണ് ഞാനവനെ അയച്ചത്. പ്രലോഭിപ്പി
ക്കുന്നവന്റെ പ്രലോഭനങ്ങളിൽ നിങ്ങൾ അക
പ്പെട്ടു. ഞങ്ങളുടെ കഠിനാദ്ധ്വാനം നിഷ്ഫലമാ
ക്കിയോ എന്ന് ഞാൻ ഭയപ്പെട്ടിരുന്നു.

6എന്നാൽ നിങ്ങളുടെ ഇടയിൽനിന്നും ഇ
പ്പോൾ തിരികെവന്ന തിമൊഥെയൊസ് നിങ്ങ
ളുടെ വിശ്വാസത്തെയും സ്നേഹത്തെയും
കുറിച്ച് ഞങ്ങളോട് നല്ലകാര്യങ്ങൾ പറഞ്ഞു.
നിങ്ങൾ ഞങ്ങളെ നല്ല വിധത്തിൽ ഓർക്കുന്നു
വെന്നും, നിങ്ങൾ ഞങ്ങളെ കാണാൻ ആഗ്രഹി
ക്കുന്നുവെന്നും തിമൊഥെയൊസ് പറഞ്ഞു.
ഞങ്ങളുടെ കാര്യവും അതുതന്നെ- നിങ്ങളെ
കാണാൻ ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു.
7സഹോദരരേ, പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും
ഞങ്ങൾക്ക് ഉണ്ടെങ്കിലും നിങ്ങളുടെ വിശ്വാസം
മൂലം ഞങ്ങൾക്ക് ആശ്വാസം ഉണ്ട്. 8നിങ്ങൾ
കർത്താവിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ
ഞങ്ങളുടെ ജീവിതം യഥാർത്ഥത്തിൽ ധന്യ
മായി. 9നിങ്ങൾ കാരണം നമ്മുടെ ദൈവമു
മ്പാകെ ഞങ്ങൾക്ക് ഏറെ ആനന്ദം ഉണ്ട്. ഞങ്ങ
ൾക്ക് അനുഭവപ്പെടുന്ന സന്തോഷത്തിനു തക്ക
നന്ദി ദൈവത്തിനു പറയാൻ ഞങ്ങൾക്കാവി
ല്ലെങ്കിലും ഞങ്ങളവനു നന്ദി പറയുന്നു.
10നിങ്ങൾക്കായി രാപ്പകൽ ആത്മാർത്ഥമായി
ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളവിടെ വന്ന്,
നിങ്ങളെ കാണാനും, നിങ്ങളുടെ വിശ്വാസ
ത്തിൽ നിങ്ങളെ ബലപ്പെടുത്തുന്നതിന് സഹാ
യിപ്പാൻ കഴിയണമെന്നും, ഞങ്ങൾ പ്രാർത്ഥി
ക്കുന്നു.

11നമ്മുടെ ദൈവവും പിതാവുമായവനും
നമ്മുടെ കർത്താവായ യേശുവും തന്നേ നിങ്ങ
ളുടെ അടുത്തേക്കുള്ള വഴി ഞങ്ങൾക്ക് ഒരുക്കട്ടെ
എന്നു പ്രാർത്ഥിക്കുന്നു. 12നിങ്ങളുടെ സ്നേഹ
ത്തെ കർത്താവ് വളർത്തട്ടെയെന്നു ഞങ്ങൾ
പ്രാർത്ഥിക്കുന്നു. നിങ്ങളോരോരുത്തർക്കും
തമ്മിലും എല്ലാവരോടുമുള്ള സ്നേഹം, കൂടുത
ലായി അവൻ തരട്ടെ എന്നു പ്രാർത്ഥിക്കുന്നു.
ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നതു പോലെ

നിങ്ങൾ മറ്റുള്ളവരെ സ്നേഹിക്കണമെന്നും
ഞങ്ങൾ പ്രാർത്ഥിക്കുന്നു. 13ഞങ്ങൾ ഇങ്ങനെ
പ്രാർത്ഥിക്കുന്നതുമൂലം നിങ്ങളുടെ ഹൃദയങ്ങ
ളിൽ ശക്തരാകും. അപ്പോൾ നമ്മുടെ കർത്താ
വായ യേശു തന്റെ എല്ലാ വിശുദ്ധരോടും
കൂടെ വരുമ്പോൾ വിശുദ്ധരും കുറ്റമറ്റവരുമായി
നിങ്ങൾക്ക് ദൈവമായ പിതാവിന്റെ സന്നി
ധിയിൽ നിൽക്കാൻ കഴിയും.

ദൈവത്തിനു പ്രസാദമുള്ള ജീവിതം

4 സഹോദരരേ, ദൈവത്തെ പ്രീതിപ്പെടു
ത്തുന്ന ജീവിതരീതിയെക്കുറിച്ച് നേരത്തെ
ഞങ്ങൾ നിങ്ങളോടു പറഞ്ഞിരുന്നു. നിങ്ങൾ
അങ്ങനെ ജീവിക്കുകയും ചെയ്യുന്നു. നിങ്ങളുടെ
ജീവിതം കൂടുതൽ കൂടുതൽ മെച്ചപ്പെടുത്തുന്ന
തിനു ഞങ്ങൾ കർത്താവായ യേശുവിൽ
നിങ്ങളെ പ്രോത്സാഹിപ്പിക്കയും, ആവശ്യപ്പെടു
കയും ചെയ്യുന്നു. 2ഞങ്ങൾ ചെയ്യുവാനാവശ്യ
പ്പെട്ട കാര്യങ്ങൾ നിങ്ങൾക്ക് അറിയാം. ആ
കാര്യങ്ങളത്രയും നിങ്ങളോടു പറഞ്ഞത് കർ
ത്താവായ യേശുവിന്റെ അധികാരത്തിലാണ്.
3ലൈംഗികപാപങ്ങളിൽ നിന്നകന്ന് ശുദ്ധ
ജീവിതം നയിക്കണമെന്ന് ദൈവം ആഗ്രഹി
ക്കുന്നു. 4നിങ്ങളോരോരുത്തരും ആത്മനിയന്ത്ര
ണമുള്ളവരാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു.
ദൈവത്തെ മഹത്വപ്പെടുത്തുന്ന രീതിയിൽ
നിങ്ങളുടെ ശരീരത്തെ വിനിയോഗിക്കുവിൻ.*
5ദൈവത്തെ അറിയാത്തവർ തങ്ങളുടെ ശരീര
ത്തെ ലൈംഗികപാപങ്ങൾക്ക് ഇരയാക്കുന്നു.
അതു ചെയ്യരുത്. 6നിങ്ങളിലാരും ക്രിസ്തു
വിലെ നിങ്ങളുടെ സഹോദരനോട് ഇത്തരം
തിന്മചെയ്യുകയോ വഞ്ചിക്കുകയോ ചെയ്യാതി
രിക്കട്ടെ. ഇത്തരം പ്രവൃത്തികളെ കർത്താവ്
ശിക്ഷിക്കും എന്ന് ഞങ്ങൾ നിങ്ങളെ നേരത്തെ
താക്കീതു ചെയ്തു പറഞ്ഞിട്ടുണ്ട്. 7പാപത്തിൽ
ജീവിക്കാതെ ശുദ്ധരായി ജീവിക്കാൻ ദൈവം
നമ്മെ വിളിച്ചിരിക്കുന്നു. 8അതിനാൽ ഈ ഉപദേ
ശങ്ങളെ അനുസരിക്കാൻ വിസമ്മതിക്കുന്നവൻ
മനുഷ്യനെയല്ല ദൈവത്തെയാണ് അനുസരി
ക്കാതിരിക്കുന്നത്. ദൈവമാണ് തന്റെ പരിശു
ദ്ധാത്മാവിനെ നിങ്ങൾക്കു നൽകിയത്.
9ക്രിസ്തുവിലുള്ള സഹോദരീസഹോദരങ്ങ
ളോട് സ്നേഹം ഉണ്ടായിരിക്കേണ്ടതിനെപ്പറ്റി
ഞങ്ങൾ ഇനി പറയേണ്ട ആവശ്യം ഇല്ല.
നിങ്ങൾ പരസ്പരം സ്നേഹിക്കണം എന്ന്,
നേരത്തേ തന്നെ ദൈവം പഠിപ്പിച്ചിട്ടുണ്ട്. 10സ
ത്യത്തിൽ മക്കെദൊന്യ മുഴുവനുമുള്ള സഹോ
ദരീസഹോദരന്മാരേ നിങ്ങൾ സ്നേഹിക്കുന്നു
മുണ്ട്. അവരെ കൂടുതൽ കൂടുതൽ സ്നേഹി
ക്കാൻ ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.
11സമാധാനജീവിതം നയിക്കാൻ ആവുന്നതു
ശ്രമിക്കുക. നിങ്ങളുടെ സ്വന്തം ചുമതലകൾ
ചെയ്യുവിൻ. നിങ്ങളുടെ ജീവിതസന്ധാരണ
ത്തിനുവേണ്ടി വേല ചെയ്യുക. ഇതൊക്കെ
ഞങ്ങൾ നിങ്ങളോട് നേരത്തേ പറഞ്ഞിട്ടുണ്ട്.
12നിങ്ങളിതൊക്കെ ചെയ്യുകയാണെങ്കിൽ അവി
ശ്വാസികൾ നിങ്ങളുടെ ജീവിത രീതിയെക്കു
റിച്ച് ബഹുമാനമുള്ളവരാകും. നിങ്ങൾക്കാവശ്യ
മുള്ള കാര്യത്തിനായി ആരേയും ആശ്രയിക്കേ
ണ്ടിവരില്ല.

കർത്താവിന്റെ വരവ്

13സഹോദരരേ, മരിച്ചവരെപ്പറ്റി നിങ്ങൾ
അറിയണം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.
പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ ദു:ഖി
തരാകരുതെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. 14ക്രി
സ്തു മരിച്ചിട്ട് ഉത്ഥാനം ചെയ്തുവെന്ന് നമ്മൾ
വിശ്വസിക്കുന്നു. അതുകൊണ്ട് അവനിൽ
വിശ്വസിച്ച് മരിച്ചവരെ ദൈവം യേശുവി
നൊപ്പം കൊണ്ടുവരുമെന്ന് ഞങ്ങൾ വിശ്വസി
ക്കുന്നു. 15കർത്താവിന്റെ സ്വന്തം സന്ദേശ
മാണ് ഞങ്ങൾ ഇപ്പോൾ പറയുന്നത്. ഇപ്പോൾ
ജീവിച്ചിരിക്കുന്ന നമ്മൾ കർത്താവ് വീണ്ടും
വരുമ്പോഴും ജീവിച്ചിരുന്നേക്കാം. അപ്പോൾ
ജീവിച്ചിരിക്കുന്നവർ കർത്താവിനോടു കൂടെ
ആയിരിക്കും. എന്നാൽ മരിച്ചവർക്ക് മുമ്പാക
യില്ല. 16ഉച്ചത്തിലുള്ള ആജ്ഞയോടും പ്രധാന
ദൂതന്റെ* ശബ്ദത്തോടും ദൈവത്തിന്റെ
കാഹളനാദത്തോടും കൂടി കർത്താവ് തന്നെ
സ്വർഗ്ഗത്തിൽനിന്നിറങ്ങിവരും. അപ്പോൾ ക്രി
സ്തുവിൽ മരിച്ചവർ ആദ്യം ഉയിർക്കപ്പെടും.
17അതിനുശേഷം അപ്പോഴും ജീവിച്ചിരിക്കുന്ന
വരായ നാം മരിച്ചവരിൽനിന്ന് ഉയിർത്തെഴു
ന്നേറ്റവരോടൊപ്പം ഒന്നിക്കും. മേഘങ്ങളിലേക്ക്
നാം എടുക്കപ്പെടുകയും ആകാശത്ത് നമ്മുടെ
കർത്താവിനെ കണ്ടുമുട്ടുകയും ചെയ്യും.
പിന്നെ എന്നും നാം കർത്താവിനോടു കൂടെയാ
യിരിക്കും. 18അതുകൊണ്ട് ഈ വാക്കുകളാൽ
പരസ്പരം സമാശ്വസിപ്പിക്കുവിൻ.

ദൈവത്തിന്റെ വരവിനായി ഒരുങ്ങുക

5 സഹോദരീസഹോദരന്മാരേ കർത്താവി
ന്റെ വരവിന്റെ സമയത്തെക്കുറിച്ചോ
തീയതിയെക്കുറിച്ചോ ഇപ്പോൾ ഞങ്ങൾ നിങ്ങ
ൾക്ക് എഴുതേണ്ടതില്ലല്ലോ. 2രാത്രിയിൽ വരുന്ന
കള്ളനെപ്പോലെ കർത്താവിന്റെ പുനരാഗ
മനം വിസ്മയപൂരിതമായിരിക്കുമെന്ന് നിങ്ങൾ
ക്കറിയാം. 3"ഞങ്ങൾക്കു സമാധാനവും സുരക്ഷ
യും ഉണ്ട്"എന്ന് ജനങ്ങൾ പറയും. ആ സമയത്ത്
പെട്ടെന്നുള്ള നശീകരണം അവരിലേക്ക് വരും.
നാശം പ്രസവവേദനപോലെ ആയിരിക്കും.
അവർ രക്ഷപ്പെടുകയുമില്ല. 4എന്നാൽ സഹോ
ദരരേ നിങ്ങൾ ഇരുട്ടിലല്ല ജീവിക്കുന്നത്. അതു
കൊണ്ട് ഒരു കള്ളനെപ്പോലെ ആ ദിവസം
നിങ്ങളെ ആശ്ചര്യപ്പെടുത്തുകയില്ല.
5പകലിനുള്ളവരാണ് നിങ്ങൾ. നമ്മൾ
രാത്രിക്കോ അന്ധകാരത്തിനോ ഉള്ളവരല്ല.
6അതിനാൽ മറ്റുള്ളവരെപ്പോലെ നമ്മൾ ഉറങ്ങ
രുത്. ആത്മനിയന്ത്രണത്തോടെ ഉണർന്നിരി
ക്കണം. 7ഉറങ്ങുന്നവൻ രാത്രിയിൽ ഉറങ്ങുന്നു.
മദ്യപിക്കുന്നവർ രാത്രിയിൽ മദ്യപിക്കുന്നു.
8നമ്മൾ പകലിന്റേതായതുകൊണ്ട് നാം നമ്മെ
ത്തന്നെ നിയന്ത്രിക്കണം. നമ്മെ സംരക്ഷിക്കുവാ
നായി വിശ്വാസവും സ്നേഹവും നാം ധരി
ക്കണം. രക്ഷയുടെ പ്രത്യാശ നമ്മുടെ പടത്തൊ
പ്പിയാകണം. 9ദൈവകോപത്തിന് ഇരയാകാൻ
നമ്മെ, ദൈവം തിരഞ്ഞെടുത്തില്ല. നമ്മുടെ
കർത്താവായ യേശുക്രിസ്തു വഴി രക്ഷ പ്രാപി
ക്കാനാണ് ദൈവം നമ്മെ തിരഞ്ഞെടുത്തിരി
ക്കുന്നത്. 10അവന്റെ കൂടെ ജീവിക്കുന്നതിനു

"ദൈവത്തെ ... വിനിയോഗിക്കുവിൻ" അല്ലെങ്കിൽ, നിങ്ങളോരോരുത്തരും വിശുദ്ധവും ദൈവത്തെ മഹത്വപ്പെടുത്തുന്നതുമായ രീതിയിൽ സ്വന്ത ഭാര്യയോടൊപ്പം മാത്രം ജീവിക്കുവാൻ പഠിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

പ്രധാനദൂതൻ ദൈവത്തിന്റെ ദൂതന്മാരുടെ നായകൻ.

വേണ്ടി യേശു നമുക്കായി മരിച്ചു. ക്രിസ്തു
വരുമ്പോൾ നാം ജീവിച്ചിരിപ്പുണ്ടോ മരിച്ചോ
എന്നുള്ളതൊന്നും പ്രധാനമല്ല. 11നിങ്ങൾ
ഇപ്പോൾ ചെയ്യുന്നതു പോലെ പരസ്പരം
ആശ്വസിപ്പിച്ചും ശക്തി പകർന്നു മിരിക്കുവിൻ.

സമാപന നിർദ്ദേശങ്ങളും അഭിവാദനങ്ങളും

12സഹോദരരേ, നിങ്ങളുടെ ഒപ്പം കഠിനമായി
യത്നിച്ചു നിങ്ങളെ നയിക്കുകയും പഠിപ്പിക്കു
കയും ചെയ്യുന്നവരെയും ബഹുമാനിക്കണം.
13ഏറെ സ്നേഹത്താൽ അവർ ചെയ്യുന്ന പ്രവൃ
ത്തികളെ പ്രതി അവരെ ബഹുമാനിക്കുവിൻ.
പരസ്പരം സമാധാനത്തിൽ പ്രവർത്തിക്കുക.
14ജോലി ചെയ്യാത്തവരെ താക്കീതു ചെയ്യാൻ
സഹോദരങ്ങളേ നിങ്ങളോടു ഞങ്ങൾ ആവശ്യ
പ്പെടുന്നു. ഭീരുക്കളെ പ്രോത്സാഹിപ്പിക്കുക.
ബലഹീനരെ സഹായിക്കുക. എല്ലാവരോടും
ക്ഷമ ഉള്ളവരാകുക. 15ആർക്കും തിന്മയ്ക്കു
പകരം തിന്മ ചെയ്യുകയില്ലെന്നു ഉറപ്പാക്കുക,
എന്നാൽ തമ്മിലും എല്ലാവർക്കും എപ്പോഴും
നന്മ ചെയ്യുക.

16എപ്പോഴും സന്തോഷപൂരിതരാകുവിൻ.
17പ്രാർത്ഥിക്കുന്നത് ഒരിക്കലും നിർത്തരുത്. 18എ
ക്കാലവും ദൈവത്തിനു നന്ദിയർപ്പിക്കുക.
ഇതാണ് ദൈവം നിങ്ങളിൽനിന്ന് ക്രിസ്തു
യേശുവിൽ ആഗ്രഹിക്കുന്നത്. 19പരിശുദ്ധാത്മാ
വിൻെറ പ്രവർത്തനം നിർത്തരുത്. 20അപ്രധാന
മായ ഒന്നെന്ന പോലെ പ്രവചനത്തെ കാണ
രുത്. 21എല്ലാം പരീക്ഷിച്ചറിഞ്ഞു നല്ലത് സൂക്ഷി
ക്കുവിൻ. 22എല്ലാ ദുഷ്ടതയിൽനിന്നും ഒഴിഞ്ഞു
നിൽക്കുവിൻ.

23സമാധാനത്തിൻെറ ദൈവം നിങ്ങളെ ശുദ്ധ
മാക്കി പൂർണ്ണമായി അവൻേറതാക്കട്ടെ എന്നു
ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിങ്ങളെ പൂർണ്ണ
മായും നിങ്ങളുടെ ആത്മാവും ജീവനും ശരീ
രവും യാതൊരു കറയും കൂടാതെ നമ്മുടെ
കർത്താവായ യേശുക്രിസ്തു വീണ്ടും വരു
മ്പോൾ സുരക്ഷിതവും നിഷ്കളങ്കവും ആയിരി
ക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. 24നി
ങ്ങളെ വിളിക്കുന്നവൻ നിങ്ങൾക്കായി അതു
ചെയ്യും. നിങ്ങൾക്കവനെ വിശ്വസിക്കാം.

25സഹോദരരേ, ഞങ്ങൾക്കായി പ്രാർത്ഥിക്കു
വിൻ. 26നിങ്ങൾ കണ്ടുമുട്ടുമ്പോൾ എല്ലാ
സഹോദരരും ഒരു വിശുദ്ധചുംബനം നൽകട്ടെ.
27കർത്താവിൻെറ അധികാരത്താൽ, ഞാൻ
നിങ്ങളോടു പറയുന്നു. എല്ലാ സഹോദരന്മാരും
ഈ കത്തു വായിച്ചിരിക്കണം. 28നമ്മുടെ കർ
ത്താവായ യേശുക്രിസ്തുവിൻെറ കൃപ നിങ്ങ
ളോടൊപ്പം ഉണ്ടാകട്ടെ.

തെസ്സലൊനീക്യർക്ക് എഴുതിയ രണ്ടാം ലേഖനം

1 നമ്മുടെ പിതാവായ ദൈവത്തിലും കർത്താ
വായ യേശുക്രിസ്തുവിലും ഉള്ള തെസ്സലൊ
നീക്യയിലെ വിശ്വാസികളുടെ കൂട്ടത്തിന്
പൌലൊസും സില്വാനൊസും തിമൊഥെ
യൊസും അഭിവാദ്യങ്ങൾ നേരുന്നു.
2പിതാവായ ദൈവത്തിൽനിന്നും കർത്താ
വായ യേശുക്രിസ്തുവിൽനിന്നുമുള്ള കൃപയും
സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ.
3നിങ്ങളുടെ വിശ്വാസവും പരസ്പരമുള്ള
സ്നേഹവും വർദ്ധിക്കുന്നതുകൊണ്ട് ദൈവ
ത്തിൽ ഞങ്ങൾ നിങ്ങൾക്കുവേണ്ടി എപ്പോഴും
നന്ദി പറയുന്നത് ശരിയായ കാര്യമാണ്. 4അതു
കൊണ്ട് നിങ്ങളെക്കുറിച്ച് മറ്റു ദൈവസഭകളിൽ
ഞങ്ങൾ പുകഴ്ത്തി പറയുന്നു. ബലത്തോടെ
വിശ്വാസമുള്ളവരായി നിങ്ങൾ തുടരുന്ന രീതി
യെപ്പറ്റി ഞങ്ങൾ മറ്റു സഭകളിൽ പറയുന്നു.
വളരെ ഏറെ ബുദ്ധിമുട്ടുകളും പീഡനങ്ങളും
സഹിച്ചിട്ടും നിങ്ങൾ ഉറച്ച വിശ്വാസത്തിലും
ബലത്തിലും തുടരുന്നു.

പൌലൊസ് ദൈവത്തിൻെറ ന്യായവിധിയെപ്പറ്റി

5നീതിപൂർവ്വമായ ദൈവവിധിയുടെ തെളി
വാണ് കഷ്ടങ്ങളെല്ലാം നിങ്ങൾ സഹിക്കുന്നത്,
ദൈവരാജ്യത്തിനു ദൈവം നിങ്ങളെ അർഹരാ
ക്കുന്നതിനായാണ്. 6ശരിയേതോ അതു ദൈവം
ചെയ്യും. നിങ്ങളെ ബുദ്ധിമുട്ടിക്കുന്നവർക്ക്
അവനും ദുരിതങ്ങൾ നൽകും. 7നിങ്ങളിൽ
പ്രയാസം ഉള്ള എല്ലാവർക്കും ദൈവം സമാ
ധാനം നൽകുകയും ചെയ്യും. കർത്താവായ
യേശു അതിശക്തിയുള്ള ദൂതന്മാരുമായി സ്വർ
ഗ്ഗത്തിൽനിന്നു വരുമ്പോൾ ദൈവം ഈ
സഹായം നമുക്ക് തരും. 8ദൈവത്തെ അറിയാ
ത്തവരെ ശിക്ഷിക്കുവാനായി എരിതീയുമായി
അവൻ സ്വർഗ്ഗത്തിൽനിന്നു വരും. നമ്മുടെ
കർത്താവായ യേശുവിൻെറ സുവിശേഷം
അനുസരിക്കാത്തവരെ അവൻ ശിക്ഷിക്കും.
9എക്കാലത്തേക്കും നിലനിൽക്കുന്ന ഒരു നശീക
രണം കൊണ്ട് അവർ ശിക്ഷിക്കപ്പെടും. കർത്താ
വിനോടൊപ്പമായിരിക്കാൻ അവരെ അനുവദി
ക്കയില്ല. അവരെ അവൻെറ മഹാശക്തിയിൽ
നിന്നും അകറ്റി നിർത്തും. 10കർത്താവ് വരുന്ന
ദിവസം ഇതു സംഭവിക്കും. മഹത്വവും, ബഹു
മാനവും തൻെറ വിശുദ്ധന്മാരിൽനിന്നും,
വിശ്വാസികളിൽനിന്നും സ്വീകരിക്കുന്നതിനു
വേണ്ടി യേശു വരും. വിശ്വാസികളൊക്കെ
യേശുവിൻെറ പ്രഭാവത്തിൽ അത്ഭുതപ്പെടും.
നിങ്ങൾ ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ വിശ്വസി
ച്ചതിനാൽ നിങ്ങൾ ആ വിശ്വാസികളുടെ കൂട്ട
ത്തിൽ ഉണ്ടായിരിക്കും.
11അതിനാലാണ് ഞങ്ങൾ എപ്പോഴും നിങ്ങ
ൾക്കു വേണ്ടി പ്രാർത്ഥിക്കുന്നത്. അവനാൽ
വിളിക്കപ്പെട്ട നല്ല വഴിയിൽ നമ്മുടെ ദൈവം
നിങ്ങളെ സഹായിക്കുന്നതിന് ഞങ്ങൾ പ്രാർ
ത്ഥിക്കുന്നു. നിങ്ങളിലുള്ള നന്മ, നിങ്ങളെ
ക്കൊണ്ട് സൽപ്രവർത്തി ചെയ്യിക്കുന്നു. നിങ്ങ
ളിലുള്ള വിശ്വാസം നിങ്ങളെ പ്രവർത്തിപ്പി
ക്കുന്നു. ഈ കാര്യങ്ങളൊക്കെ കൂടുതൽ കൂടുത
ലായി ചെയ്യുവാൻ ദൈവം തൻെറ ശക്തിതന്നു
നിങ്ങളെ സഹായിക്കട്ടെ എന്നു ഞങ്ങൾ പ്രാർ
ത്ഥിക്കുന്നു. 12നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിൻെറ നാമത്തിന് നിങ്ങളിൽ മഹത്വ
മുണ്ടാകുമെന്നതിനു ഞങ്ങൾ ഇങ്ങനെ പ്രാർ
ത്ഥിക്കുന്നു. നിങ്ങൾക്ക് ക്രിസ്തുവിൽ മഹത്വം
ഉണ്ടാകും. ആ മഹത്വം നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൻെറയും പിതാവായ ദൈവ
ത്തിൻെറയും കൃപയിൽനിന്നു വരുന്നതാണ്.

ദുഷ്ടത സംഭവിക്കും

2 സഹോദരരേ, നമ്മുടെ കർത്താവായ യേശു
ക്രിസ്തുവിൻെറ വരവിനെപ്പറ്റിചിലതു ഞ
ങ്ങൾക്കു പറയുവാനുണ്ട്. നാമെല്ലാവരും അവ
നോടൊപ്പം സന്ധിക്കുന്ന ആ സമയത്തെക്കുറി
ച്ചാണ് ഞങ്ങൾക്കു പറയുവാനുള്ളത്. 2കർത്താ
വിൻെറ ദിനം അടുത്തെത്തിക്കഴിഞ്ഞു എന്ന
വ്യാജപ്രസ്താവന കേട്ട് പരിഭ്രമിക്കുകയോ
ചാഞ്ചല്യപ്പെടുകയോ ചെയ്യരുത്. ഒരുവൻെറ
സന്ദേശം വഴിയോ, ഏതെങ്കിലും പ്രവചന
വരത്തിലൂടെയോ, നിങ്ങൾ ഇതു കേൾക്കുമാ
യിരിക്കും. അല്ലെങ്കിൽ ആരെങ്കിലും ഇതിനെ
സംബന്ധിച്ച് നിങ്ങളിൽനിന്നു വന്ന ഒരു കത്തു
വായിച്ചു എന്നും പറയുമായിരിക്കും. 3ഏതെ
ങ്കിലും വിധത്തിൽ നിങ്ങളെ വിഡ്ഢികളാ
ക്കാൻ ആരെയും അനുവദിക്കരുത്. ദൈവത്തിന്
എതിരായി കലാപം ഉണ്ടാകാതെ കർത്താവ്
വരികയില്ല. ദുഷ്ടനും, നരകത്തിന് അവകാശ
പ്പെട്ടവനും ആയവൻ വെളിപ്പെടുന്നതുവരെ
കർത്താവ് വരികയില്ല. 4ദൈവം എന്നു വിളിക്ക
പ്പെടുന്ന എല്ലാറ്റിനും, ആരാധിക്കപ്പെടുന്ന
എന്തിനും, എതിരായുള്ളവനാണ് ആ ദുഷ്ടത
യുടെ മനുഷ്യൻ. അവൻ എല്ലാവരിലും ഉന്നത
നാകുവാൻ ശ്രമിക്കുന്നു. ആ ദുഷ്ടമനുഷ്യൻ
ദൈവത്തിൻെറ ആലയത്തിൽ പോകുകയും
അവിടെ ഇരിക്കുകയും ചെയ്യുന്നു. അപ്പോൾ
അവൻ ദൈവമാണെന്ന് സ്വയം പറയുകയും
ചെയ്യുന്നു.
5ഇക്കാര്യങ്ങളെല്ലാം സംഭവിക്കുമെന്ന് ഞാൻ
നിങ്ങളോടു നേരത്തേ പറഞ്ഞിട്ടുള്ളത് ഓർക്കു
ന്നുണ്ടോ? 6ദുഷ്ടതയുടെ മനുഷ്യനെ ഇപ്പോൾ
തടയുന്നതെന്താണെന്ന് നിങ്ങൾക്കറിയാം. ശരി
യായ നേരത്തു വരാൻ തക്കവണ്ണം അവൻ തട
യപ്പെട്ടിരിക്കുന്നു. 7ദുഷ്ടതയുടെ ഗൂഢശക്തി
ഇപ്പോൾ തന്നെ ലോകത്തിൽ പ്രവർത്തിക്കു
ന്നുണ്ട്. എന്നാൽ ആ ശക്തിക്കു തടസ്സം ഉണ്ടാ
ക്കുന്ന ഒരുവൻ ഉണ്ട്. അവൻ മാറ്റപ്പെടുന്നതു
വരെ അതു അവൻ തുടരും. 8അപ്പോൾ ദുഷ്ടത
യുടെ മനുഷ്യൻ പ്രത്യക്ഷമാകും. തൻെറ
വായിൽനിന്നും പുറപ്പെടുന്ന ശ്വാസത്താൽ
കർത്താവായ യേശു അവനെ നശിപ്പിക്കും.
തൻെറ വരവിൻെറ പ്രഭാവത്താൽ ദുഷ്ടത

യുടെ മനുഷ്യനെ അവൻ നശിപ്പിക്കും. 9സാ
ത്താൻെറ ശക്തിയാലാണ് ദുഷ്ടതയുടെ മനു
ഷ്യൻ വരുന്നത്. അവന് വളരെ ശക്തിയുണ്ട്.
അവൻ വ്യാജമായ ധാരാളം വീര്യപ്രവൃത്തി
കളും, അടയാളങ്ങളും, അത്ഭുതങ്ങളും പ്രവർ
ത്തിക്കും. 10നഷ്ടപ്പെടുന്നവരെ കെണിയിലാ
ക്കാൻ ദുഷ്ടതയുടെ മനുഷ്യൻ എല്ലാ ദുഷ്ട
വിദ്യകളും പ്രയോഗിക്കും. സത്യത്തെ സ്നേഹി
ക്കാത്തതിനാലാണ് അവർ നഷ്ടപ്പെട്ടുകൊണ്ടി
രിക്കുന്നത്. അവർ സത്യത്തെ സ്നേഹിച്ചിരു
ന്നെങ്കിൽ രക്ഷപെട്ടേനേ. 11എന്നാൽ അവർ
സത്യത്തെ സ്നേഹിക്കാൻ വിസമ്മതിച്ചതു
കൊണ്ട് അവരിൽ പ്രവർത്തിക്കുവാൻ അസത്യ
ത്തിൻെറ ശക്തിയെ ദൈവം അയയ്ക്കുന്നു.
അതിൻെറ ഫലമായി അസത്യത്തിൽ അവർ
വിശ്വസിക്കുന്നു. 12അതുകൊണ്ട് സത്യം വിശ്വ
സിക്കാത്തവർക്കു ന്യായവിധിയുണ്ടാകും.
അവർ സത്യം വിശ്വസിക്കുന്നില്ല; അതിനു
പകരം ദുഷ്ടത ചെയ്യുന്നത് അവർ ആസ്വദിച്ചു.

13കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോ
ദരരേ, നിങ്ങൾക്കുവേണ്ടി ഞങ്ങൾ എപ്പോഴും
ദൈവത്തിനു നന്ദിയുള്ളവരായിരിക്കണം.
രക്ഷിക്കപ്പെടേണ്ടതിനു ദൈവം നിങ്ങളെ ആദ്യം
തന്നെ തിരഞ്ഞെടുത്തു. നിങ്ങളുടെ സത്യത്തി
ലുള്ള വിശ്വാസത്താലും, പവിത്രീകരിക്കുന്ന
ആത്മാവിനാലും അത്രെ നിങ്ങൾ രക്ഷിക്കപ്പെ
ട്ടിരിക്കുന്നു. 14ആ രക്ഷക്കാണ് ദൈവം നിങ്ങളെ
ക്ഷണിച്ചിട്ടുള്ളത്. ഞങ്ങൾ നിങ്ങളോടു പ്രസം
ഗിച്ച സുവിശേഷം വഴിയാണ് ദൈവം
നിങ്ങളെ വിളിച്ചത്. നമ്മുടെ കർത്താവായ
യേശുക്രിസ്തുവിലുള്ള മഹത്വത്തിൽ പങ്കു
പറ്റാനാണ് ദൈവം നിങ്ങളെ വിളിച്ചത്. 15അതു
കൊണ്ട് സഹോദരരേ ഞങ്ങൾ നിങ്ങൾക്കു നൽ
കിയ ഉപദേശത്തിൽ അടിയുറച്ചു തുടരുക.
ഞങ്ങളുടെ പ്രസംഗത്തിലൂടെയും കത്തിലൂ
ടെയും നിങ്ങളെ പഠിപ്പിച്ചു.

16-17നിങ്ങൾ പറയുന്നതും ചെയ്യുന്നതുമായ
എല്ലാ നല്ല കാര്യങ്ങളിലും നമ്മുടെ കർത്താ
വായ യേശുക്രിസ്തു സ്വയവും നമ്മുടെ പിതാ
വായ ദൈവവും നിങ്ങളെ ആശ്വസിപ്പിക്കു
കയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. ദൈവം
നമ്മെ സ്നേഹിക്കയും എല്ലാക്കാലത്തേക്കും
തുടരുന്ന നല്ല പ്രത്യാശയും, ആശ്വാസവും
തൻെറ കൃപയിലൂടെ അവൻ നമുക്കു നൽകു
കയും ചെയ്തു.

ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക

3 സഹോദരരേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥി
ക്കുക. കർത്താവിൻെറ ഉപദേശം അതി
വേഗം വ്യാപിക്കുവാൻ പ്രാർത്ഥിക്കുവിൻ. ആ
ഉപദേശങ്ങളെ, നിങ്ങൾ ബഹുമാനിച്ചതു
പോലെ ജനങ്ങളും ബഹുമാനിക്കാൻ പ്രാർത്ഥി
ക്കുക. 2ദുഷ്ടന്മാരിൽനിന്നും മ്ലേച്ഛന്മാരിൽ
നിന്നും ഞങ്ങളെ രക്ഷിക്കണമെന്നും പ്രാർത്ഥി
ക്കുക. എല്ലാവരും ദൈവത്തിൽ വിശ്വസിക്കു
ന്നില്ല.

3പക്ഷേ കർത്താവ് വിശ്വസ്തനാണ്. അവൻ
നിങ്ങൾക്കു ശക്തി തരുകയും ദുഷ്ടനിൽനിന്നു
സൂക്ഷിക്കുകയും ചെയ്യും. 4ഞങ്ങൾ പഠിപ്പിച്ച
തുപോലെയാണു നിങ്ങൾ ജീവിക്കുന്നത്. ഇതു
ചെയ്യുന്നതിൽ നിങ്ങൾ തുടരുമെന്നു ഞങ്ങൾ
കർത്താവിൽ ഉറച്ചിരിക്കുന്നു. 5ക്രിസ്തുവിൻെറ
ദീർഘക്ഷമയിലേക്കും ദൈവത്തിൻെറ സ്നേഹ
ത്തിലേക്കും നിങ്ങളുടെ ഹൃദയങ്ങളെ കർത്താവ്
നയിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

വേല ചെയ്യുവാൻ കടപ്പാട്

6സഹോദരരേ, ജോലി ചെയ്യാൻ വിസമ്മതി
ക്കുന്ന വിശ്വാസികളിൽനിന്നും അകന്നു നിൽ
ക്കുവാൻ നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ അധികാരത്തിൽ ഞങ്ങൾ ആജ്ഞാപി
ക്കുന്നു. ജോലി ചെയ്യാൻ വിസമ്മതിക്കുന്നവർ
ഞങ്ങളുടെ ഉപദേശത്തെ പിന്തുടരുന്നില്ല.
7ഞങ്ങൾ ജീവിക്കുന്നതുപോലെ ജീവിക്കണം
എന്നു നിങ്ങൾക്കറിയാം. നിങ്ങളോടൊപ്പമായി
രുന്നപ്പോൾ ഞങ്ങൾ മടിയരല്ലായിരുന്നു. 8മറ്റൊ
രുവൻെറ ഭക്ഷണം ഞങ്ങൾ കഴിച്ചപ്പോൾ
ഞങ്ങൾ അതിനു പണം കൊടുത്തു. ഞങ്ങൾ
നിങ്ങളിൽ ഒരുത്തർക്കും ഭാരമാകാതിരിപ്പാൻ
രാവും പകലും യത്നിച്ചു. 9ഞങ്ങളെ സഹായി
ക്കണമെന്ന് നിങ്ങളോടു പറയാൻ ഞങ്ങൾക്കവ
കാശം ഉണ്ട്. എന്നാൽ നിങ്ങൾക്ക് മാതൃകയാക
ത്തക്കവണ്ണം ഞങ്ങളുടെ സംരക്ഷണത്തിന്
ഞങ്ങൾ തന്നെ അദ്ധ്വാനിച്ചു. 10ഞങ്ങൾ നിങ്ങ
ളോടു കൂടിയായിരുന്നപ്പോൾ ഈ നിയമം
ഞങ്ങൾ തന്നു: "ഒരുവൻ പണിയെടുക്കാനി
ച്ഛരിക്കുന്നില്ലെങ്കിൽ അവൻ ഭക്ഷിക്കുകയും
വേണ്ട."

11നിങ്ങളുടെ ഇടയിലുള്ള ചിലർ പണിയെ
ടുക്കാൻ വിസമ്മതിക്കുന്നുവെന്നു ഞങ്ങൾ കേൾ
ക്കുന്നു. അവർ ജോലി ചെയ്യുന്നില്ല. അന്യരുടെ
കാര്യങ്ങളിൽ ഇടപെടാൻ അവർക്കു തിര
ക്കാണ്. 12മറ്റുള്ളവരെ ശല്യപ്പെടുത്തുന്നതു നിർ
ത്തുവാൻ ഞങ്ങൾ ആജ്ഞാപിക്കുന്നു. ജോലി
ചെയ്ത് സ്വന്തം ഭക്ഷണം തേടിപ്പിടിക്കാൻ
ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിൻെറ
നാമത്തിൽ അവരോട് അഭ്യർത്ഥിക്കുകയും
ആവശ്യപ്പെടുകയും ചെയ്യുന്നു. 13സഹോദരരേ
നന്മ ചെയ്യുന്നതിൽ തളർന്നുപോകരുത്.

14ഞങ്ങൾ ഈ കത്തിൽ എഴുതിയ കാര്യങ്ങൾ
അനുസരിക്കാൻ വിസമ്മതിക്കുന്ന ആരെങ്കിലും
ഉണ്ടെങ്കിൽ ആ വ്യക്തിയാരെന്നു ഓർക്കുക.
അവനുമായി കൂട്ടുചേരരുത്. അപ്പോൾ അവൻ
ലജ്ജിതനായേക്കാം. 15എന്നാൽ ഒരു ശത്രുവി
നോടെന്നപോലെ അവനോടു പെരുമാററരുത്.
ഒരു സഹോദരനെന്ന പോലെ താക്കീതു
ചെയ്യുക.

സമാപന വാക്കുകൾ

16സമാധാനത്തിൻെറ കർത്താവ് നിങ്ങൾക്കു
സമാധാനം തരട്ടെ എന്നു ഞങ്ങൾ പ്രാർത്ഥി
ക്കുന്നു. എല്ലാക്കാലത്തും എല്ലാ വിധത്തിലും
അവൻ സമാധാനം തരട്ടെ എന്നും ഞങ്ങൾ
പ്രാർത്ഥിക്കുന്നു. കർത്താവ് നിങ്ങളെല്ലാവ
രോടും കൂടി ഉണ്ടാകട്ടെ.

17ഞാൻ പൌലൊസ്, എൻെറ തന്നെ കൈ
യ്യെഴുത്താൽ ഈ കത്ത് സമാപിക്കുന്നു. കത്തു
കൾ എൻേറതാണെന്നു കാണിക്കുവാനായി
എല്ലാ കത്തുകളിലും ഇങ്ങനെയാണ് ഞാൻ
ഒപ്പിടുന്നത്, ഇങ്ങനെയാണ് ഞാൻ എഴുതു
ന്നത്.

18നമ്മുടെ കർത്താവായ യേശുക്രിസ്തുവി
ൻെറ കൃപ നിങ്ങളോടു എല്ലാവരോടും കൂടിയു
ണ്ടാകട്ടെ.

തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം

1 നമ്മുടെ രക്ഷകനായ ദൈവത്തിൻെറയും
പ്രത്യാശയായ ക്രിസ്തുയേശുവിൻെറയും
ആജ്ഞപ്രകാരം ക്രിസ്തുയേശുവിൻെറ
അപ്പൊസ്തലനായ 2പൌലൊസ് വിശ്വാസ
ത്തിൽ എനിക്കു യഥാർത്ഥപുത്രനായ തിമൊ
ഥെയൊസിന് എഴുതുന്നത്.
നമ്മുടെ പിതാവായ ദൈവത്തിൻെറയും
നമ്മുടെ കർത്താവായ യേശുക്രിസ്തുവി
ൻെറയും കൃപയും കരുണയും സമാധാനവും
ഉണ്ടാകട്ടെ.

വ്യാജ ഉപദേശത്തിനെതിരെയുള്ള താക്കീത്

3നീ എഫെസൊസിൽ താമസിക്കണം എന്ന്
ഞാൻ ആവശ്യപ്പെടുന്നു. മക്കെദോന്യയിലേക്കു
പോയപ്പോഴും ഞാനിതു പറഞ്ഞിരുന്നു. എഫെ
സൊസിലുള്ള ചിലർ സത്യവിരുദ്ധമായ
ഉപദേശം പഠിപ്പിക്കുന്നു. അസത്യാത്മകമായ
ഉപദേശം പഠിപ്പിക്കുന്നവരെ അതിൽനിന്നും
തടസ്സപ്പെടുത്താനായി നീ അവിടെ നിൽക്കുക.
4തെറ്റായ കഥകളിലും നെടുങ്കൻ കുടുംബ
ചരിത്രങ്ങളിലും മുഴുകി തങ്ങളുടെ സമയം
പാഴാക്കരുതെന്ന് അവരോടു പറയുക. അവ
യൊക്കെയും തർക്കങ്ങൾക്ക് ഇടയാക്കുകയേ
ഉള്ളൂ. അതൊന്നും ദൈവത്തിനുവേണ്ടിയുള്ള
പ്രവർത്തനങ്ങളെ സഹായിക്കയില്ല. ദൈവ
പ്രവൃത്തി വിശ്വാസം കൊണ്ടാണ് ചെയ്യേണ്ടത്.
5ജനങ്ങൾക്ക് സ്നേഹം ഉണ്ടാക്കുക എന്നതാണ്
ഈ ആജ്ഞയുടെ ലക്ഷ്യം. ഉത്തമവിശ്വാസവും
ശരിയെന്നറിയാവുന്നതു ചെയ്യാനുള്ള ഒരു
ക്കവും ശുദ്ധഹൃദയവും ഈ സ്നേഹം ലഭിക്കു
ന്നതിനാവശ്യമാണ്. 6ചിലർ ഇതൊന്നും ചെ
യ്തിട്ടില്ല. ഫലശൂന്യമായ കാര്യങ്ങൾ പറഞ്ഞ്
അവർ ദൂരെ അലഞ്ഞ് തിരിയുന്നു. 7അവർക്ക്
ശാസ്ത്രിമാരാകണം എന്നാൽ അവർക്ക് അവർ
പറയുന്നതിനെക്കുറിച്ചു പോലും അറികയില്ല.
അവർക്കുറപ്പുണ്ട് എന്നു പറയുന്ന കാര്യങ്ങൾ
പോലും അവർക്കു മനസ്സിലാകുന്നില്ല.
8ഒരുവൻ ന്യായപ്രമാണം ശരിയാംവണ്ണം
ഉപയോഗിക്കുമ്പോൾ ന്യായപ്രമാണം നന്നെ
ന്ന് നമുക്കറിയാം. 9നല്ല ആൾക്കാർക്കു വേണ്ടി
യല്ല ന്യായപ്രമാണം ഉണ്ടാക്കിയിരിക്കുന്നതെന്ന്
നമുക്കറിയാം. ന്യായപ്രമാണത്തെ എതിർക്കുന്ന
വർക്കും ന്യായപ്രമാണം പിന്തുടരാൻ വിസമ്മ
തിക്കുന്നവർക്കും വേണ്ടിയുള്ളതാണ് ന്യായപ്ര
മാണം. ദൈവത്തോടു ബഹുമാനക്കുറവുള്ളവ
ർക്കും പാപികൾക്കും അശുദ്ധർക്കും മതനിഷേ
ധികൾക്കും മാതൃപിതൃഹന്താക്കൾക്കും കൊലയാ
ളികൾക്കും 10ലൈംഗികപാപങ്ങൾ ചെയ്യുന്നവ
ർക്കും സ്വവർഗ്ഗഭോഗികൾക്കും അടിമകളെ
വിൽക്കുന്നവർക്കും നുണ പറയുന്നവർക്കും
അസത്യമായ ഉപദേശങ്ങൾക്കെതിരെ എന്തെ
ങ്കിലും ചെയ്യുന്നവർക്കും വേണ്ടിയുള്ളതാണ്
ന്യായപ്രമാണം. 11പഠിപ്പിക്കുവാനായി ദൈവം
എനിക്കു തന്ന സുവിശേഷത്തിൻെറ ഒരു ഭാഗ
മാണ് ആ ഉപദേശം. മഹത്വപൂർണ്ണമായ ആ
സുവിശേഷം അനുഗ്രഹീതനായ ദൈവത്തിൽ
നിന്നും ഉള്ളതാണ്.

ദൈവകരുണയ്ക്കു നന്ദി

12എന്നെ വിശ്വസിച്ച്, അവനുവേണ്ടി
സേവനം ചെയ്യേണ്ട ഈ ജോലി എന്നെ ഏല്പി
ച്ചതിന് നമ്മുടെ കർത്താവായ ക്രിസ്തുയേശു
വിന് ഞാൻ നന്ദി പറയുന്നു. അവൻ എനിക്ക്
കരുത്ത് തന്നു. 13മുൻപ് ക്രിസ്തുയേശുവിനെ
തിരെ സംസാരിച്ചും അവനെ പീഢിപ്പിച്ചും
അവനെ മുറിപ്പെടുത്താനായി പല കാര്യങ്ങൾ
ചെയ്യുകയും ചെയ്തു. ഞാൻ ചെയ്യുന്നതെന്താ
ണെന്ന് എനിക്കു തന്നെ അറിയാൻ പാടില്ലാ
ഞ്ഞതുകൊണ്ട് ദൈവം എന്നോടു കരുണ
കാണിച്ചു. ഞാൻ അവിശ്വാസിയായിരുന്നപ്പോ
ഴാണ് അക്കാര്യങ്ങൾ ചെയ്തത്. 14ആ കൃപയോ
ടൊപ്പം വിശ്വാസവും ക്രിസ്തുയേശുവിലുള്ള
സ്നേഹവും എനിക്ക് കരഗതമായി.
15ഞാൻ പറയുന്നത് സത്യമാണ്. നിങ്ങൾ
അതു പൂർണ്ണമായും സ്വീകരിക്കണം. പാപി
കളെ രക്ഷിക്കുവാൻ ക്രിസ്തുയേശു ഭൂമിയി
ലേക്കു വന്നു. ആ പാപികളിൽ ഏറ്റവും പ്രധാ
നിയായിരുന്നു ഞാൻ. 16അതിരറ്റ ക്ഷമ തനിക്ക്
ഉണ്ടെന്ന് കാണിക്കുവാൻ തക്കവിധം കൊടും
പാപിയായ എന്നോട് ക്രിസ്തു കരുണ
കാണിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്നവ
ർക്കും നിത്യജീവനുള്ളവർക്കും ഞാൻ ഉദാഹരണ
മാകണമെന്ന് ക്രിസ്തു ആഗ്രഹിച്ചു. 17എന്നേ
ക്കും ഭരിക്കുന്ന രാജാവിന് സ്തുതിയും ആദ
രവും ഉണ്ടായിരിക്കട്ടെ. അവനെ കാണുവാനോ
നശിപ്പിക്കുവാനോ സാധിക്കില്ല. ഏകദൈവ
ത്തിന് എന്നെന്നേക്കും സ്തുതിയും ബഹുമാന
വും ഉണ്ടായിരിക്കട്ടെ. ആമേൻ.
18എനിക്കു ഒരു മകനു തുല്യനായ തിമൊഥെ
യൊസേ, ഞാൻ നിനക്കൊരു കല്പന തരുന്നു.ഈ
കല്പന പണ്ട് നിന്നെക്കുറിച്ചുണ്ടായ പ്രവചന
ങ്ങളുമായി ഒത്തു പോകുന്നുണ്ട്. ആ പ്രവചന
ങ്ങളെയൊക്കെ പിന്തുടരാനും വിശ്വാസത്തി
നായി നല്ല യുദ്ധം നടത്തുവാനും വേണ്ടിയാണ്
ഈ കാര്യങ്ങൾ ഞാൻ നിന്നോടു പറയുന്നത്.
19വിശ്വാസത്തിൻെറ മാർഗ്ഗത്തിൽ തുടരുകയും
ശരി എന്ന് നീ അറിയുന്നത് ചെയ്യുകയും
വേണം. ചിലർ ഇതു ചെയ്തിട്ടില്ല. അവരുടെ
വിശ്വാസം നശിപ്പിക്കപ്പെടുകയും ചെയ്തു.
20ഹുമനയൊസും അലെക്സന്തരും അതാണ്
ചെയ്തത്. ദൈവത്തിനെതിരെ സംസാരിക്കരു
തെന്നറിയിക്കാൻ വേണ്ടി ഞാൻ അവരെ
സാത്താനു കൊടുത്തു.

പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ട ചില ചട്ടങ്ങൾ

2 എല്ലാ മനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കു
വാൻ ഞാൻ ആദ്യമായി ആവശ്യപ്പെടുന്നു.
എല്ലാ മനുഷ്യർക്കുംവേണ്ടി ദൈവത്തോടു
സംസാരിക്കുക. ജനങ്ങൾക്ക് ആവശ്യമുള്ളത്

അവനോടു ചോദിക്കുകയും നന്ദിയുള്ളവരാകു
കയും ചെയ്യുക. 2രാജാക്കന്മാർക്കും അധികാരി
കൾക്കും വേണ്ടി പ്രാർത്ഥിക്കുവിൻ. ദൈവ
ത്തോടുള്ള നിറഞ്ഞ ആരാധനയോടും ബഹുമാ
നത്തോടും കൂടിയുള്ള സ്വച്ഛവും സമാധാന
പൂർണ്ണവുമായ ജീവിതം നമുക്കു ലഭിക്കാൻ ആ
നേതാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കുക. 3ഇത്
നല്ലതും നമ്മുടെ രക്ഷകനായ ദൈവത്തെ
പ്രീതിപ്പെടുത്തുന്നതുമാകുന്നു. 4എല്ലാ മനു
ഷ്യരും രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹി
ക്കുന്നു. എല്ലാ മനുഷ്യരും സത്യം അറിയണ
മെന്നും അവൻ ആഗ്രഹിക്കുന്നു. 5ഒരു ദൈവമേ
ഉള്ളൂ. ദൈവത്തോടു ചേരാൻ ഒരു മാർഗ്ഗമേ
ഉള്ളൂതാനും. ആ മാർഗ്ഗം മനുഷ്യനും കൂടിയായ
യേശുക്രിസ്തുവിലൂടെയാണ്. 6എല്ലാ മനുഷ്യ
രുടേയും പാപപരിഹാരമായി യേശു സ്വയം
സമർപ്പിച്ചു. എല്ലാ മനുഷ്യരും രക്ഷ പ്രാപിക്ക
ണമെന്ന് ദൈവം ആഗ്രഹിക്കുന്നതിൻെറ തെളി
വാണ് യേശു. അവൻ ശരിയായ സമയത്താണ്
വന്നത്. 7അതുകൊണ്ടാണ് സുവിശേഷ പ്രസം
ഗത്തിനായും ഒരു അപ്പൊസ്തലനായും ഞാൻ
തിരഞ്ഞെടുക്കപ്പെട്ടത്. (ഞാനീപ്പറയുന്നത്
സത്യമാണ്, കള്ളമല്ല.) ജാതികൾക്കുള്ള അദ്ധ്യാ
പകനായാണ് എന്നെ തിരഞ്ഞെടുത്തത്. വിശ്വ
സിക്കുവാനും സത്യം അറിയുവാനും ഞാൻ
അവരെ പഠിപ്പിക്കുന്നു.

8എല്ലായിടത്തുമുള്ള പുരുഷന്മാർ പ്രാർത്ഥി
ക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥന
യ്ക്കിടയിൽ കരങ്ങളുയർത്തുന്ന ഈ പുരുഷ
ന്മാർ തീർച്ചയായും വിശുദ്ധരായിരിക്കണം.
അവർ കോപിഷ്ഠരോ തർക്കിക്കുന്നവരോ ആക
രുത്.

9സ്ത്രീകൾ തങ്ങൾക്കു യോജിച്ച വസ്ത്രം
ധരിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.
അന്തസിനും എളിമക്കും ചേർന്ന വസ്ത്രങ്ങ
ളാണ് സ്ത്രീകൾ ധരിക്കേണ്ടത്. അവർ തങ്ങളെ
ത്തന്നെ സുന്ദരികളാക്കുവാൻ വേണ്ടി ആകർഷ
കങ്ങളായ കേശാലങ്കാരങ്ങളോ സ്വർണ്ണമോ
മുത്തോ വില കൂടിയ വസ്ത്രങ്ങളോ ഉപയോ
ഗിക്കരുത്. 10സൽപ്രവൃത്തികളിലൂടെ അവർ
സ്വയം സുന്ദരികളാകട്ടെ. ദൈവത്തെ ആരാധി
ക്കുന്നു എന്നു പറയുന്ന സ്ത്രീകൾ ആ നില
യിൽ സുന്ദരികളാകട്ടെ.

11മൗനമായി കേട്ടിരുന്നു പൂർണ്ണമായി അനു
സരിക്കാൻ തയ്യാറോടെ ഒരു സ്ത്രീ പഠിക്കട്ടെ.
12ഒരു പുരുഷനെ പഠിപ്പിക്കുവാൻ ഞാൻ സ്ത്രീ
യ്ക്ക് അനുമതി കൊടുക്കില്ല. പുരുഷനെ ഭരിക്കു
വാനും സ്ത്രീയ്ക്ക് അനുവാദം നൽകില്ല. സ്ത്രീ
ശാലീനയായി തന്നെ തുടരണം. 13എന്തുകൊ
ണ്ടെന്നാൽ ആദാമിനെയാണ് ആദ്യം സൃഷ്ടി
ച്ചത്. ഹവ്വയെ പിന്നീടാണ് ദൈവം സൃഷ്ടി
ച്ചത്. 14കൂടാതെ, പിശാചിനാൽ കബളിപ്പിക്ക
പ്പെട്ടതും ആദാമല്ല. പിശാചിനാൽ വഞ്ചിക്ക
പ്പെട്ട് പാപിയായതും സ്ത്രീയാണ്. 15വിശ്വാസ
ത്തിലും സ്നേഹത്തിലും വിശുദ്ധിയിലും ശരി
യായ നിയന്ത്രണത്തിലും അവർ തുടരുകയാ
ണെങ്കിൽ അവൾ മക്കളെ പ്രസവിച്ച് രക്ഷ
പ്രാപിക്കും.

സഭാ നേതാക്കന്മാർ

3 ഞാൻ പറയുന്നതു സത്യമാണ്. ഒരു മൂപ്പനാ
കുവാനായി ഒരുവൻ കഠിനശ്രമം നടത്തുന്നു
എങ്കിൽ അവൻ ഒരു സത്പ്രവൃത്തിയാണ് ആഗ്ര
ഹിക്കുന്നത്. 2ഒരു മൂപ്പൻ മനുഷ്യർക്ക് ശരിയായും
വിമർശിക്കുവാൻ പറ്റാത്തവിധം നല്ലവനാ
കണം. അവന് ഒരു ഭാര്യയേ പാടുള്ളൂ. മൂപ്പൻ
ആത്മനിയന്ത്രണം ഉള്ളവനും വിവേകിയുമാ
യിരിക്കണം. മറ്റു മനുഷ്യർക്ക് അവനോടു
ബഹുമാനം ഉണ്ടാകണം. തൻെറ വീട്ടിലേക്ക്
ആളുകളെ സ്വീകരിക്കുവാൻ സന്നദ്ധനായി
അവൻ ജനങ്ങളെ സഹായിക്കണം. അവൻ ഒരു
നല്ല ഉപദേഷ്ടാവ് ആയിരിക്കണം. 3അവൻ
അമിതമായി വീഞ്ഞ് കുടിക്കരുത്. അക്രമാസക്ത
നാകാതെ സൗമ്യനും സമാധാനപ്രിയനും
ആയിരിക്കണം. അവൻ ധനത്തെ സ്നേഹിക്കു
ന്നവൻ ആകരുത്. 4അവൻ സ്വകുടുംബത്തിലെ
തന്നെ ഒരു നല്ല നേതാവായിരിക്കണം. അയാ
ളുടെ മക്കൾ അയാളെ പൂർണ്ണമായ ബഹുമാന
ത്തോടെ അനുസരിക്കണമെന്നർത്ഥം. 5സ്വകു
ടുംബത്തിലെ നേതാവാകാൻ കഴിയാത്തവന്
ദൈവത്തിൻെറ സഭയെ എങ്ങനെ വേണ്ടവിധ
ത്തിൽ ശ്രദ്ധിക്കുവാൻ കഴിയും? 6എന്നാൽ ഒരു
പുതുവിശ്വാസി മൂപ്പൻ ആകരുത്. അത്
അവനെ വളരെ അഹങ്കാരിയാക്കിയേക്കാം.
അപ്പോൾ അവനും പിശാച് വിധിക്കപ്പെട്ടതു
പോലെ തൻെറ അഹങ്കാരത്തിൻെറ പേരിൽ
വിധിക്കപ്പെടും. 7ഒരു മൂപ്പൻ സഭയ്ക്കു പുറത്തു
ള്ളവരോടും ബഹുമാനം ഉള്ളവനാകണം.
അപ്പോൾ അവൻ അന്യരാൽ വിമർശിക്കപ്പെ
ടാതെയും പിശാചിൻെറ കെണിയിലകപ്പെടാ
തെയുമിരിക്കും.

സഭയിലെ സഹായികൾ

8ഇതേ പോലെ മനുഷ്യർക്കു ബഹുമാനിക്കാ
വുന്ന ആളുകളായിരിക്കണം ഡീക്കന്മാർ. ഇവർ
തങ്ങൾ ഉദ്ദേശിക്കാത്ത കാര്യങ്ങൾ പറയാ
ത്തവരും അമിത മദ്യപാനത്തിനായി തങ്ങളുടെ
സമയത്തെ ഉപയോഗിക്കാത്തവരും ആകണം.
അന്യരെ കബളിപ്പിച്ച് പണമുണ്ടാക്കാൻ ശ്രമി
ക്കുന്നവരും ആകരുത്. 9അവർ ദൈവം നമുക്കു
വെളിപ്പെടുത്തിത്തന്ന സത്യത്തെ കർശനമായി
പിന്തുടരുന്നവരും ശരിയെന്നറിയാവുന്നത്
ചെയ്യുന്നവരുമായിരിക്കണം. 10ആ മനുഷ്യരെ
നിങ്ങൾ ആദ്യം പരീക്ഷിക്കണം. അവരിൽ
തെറ്റൊന്നും ഇല്ലെങ്കിൽ അവർക്ക് ഡീക്കന്മാ
രായി സേവനം ചെയ്യാം. 11ഇതേപോലെ സ്ത്രീ
കളും അന്യരുടെ ബഹുമാനം ആർജ്ജിക്കുന്നവ
രായിരിക്കണം. അന്യരെക്കുറിച്ച് ദുഷ്ടത പറ
യുന്ന സ്ത്രീകളാകരുത്. അവർ ആത്മനിയ
ന്ത്രണം ഉള്ളവരും എല്ലാക്കാര്യങ്ങളിലും വിശ്വാ
സയോഗ്യരുമായിരിക്കണം. 12ഡീക്കന്മാർക്കും
ഒരു ഭാര്യയേ പാടുള്ളൂ. അവർ അവരുടെ മക്ക
ൾക്കും കുടുംബത്തിനു തന്നെയും നല്ല നേതാക്ക
ളായിരിക്കണം. 13നന്നായി സേവനം ചെയ്യുന്ന
വർ സ്വയം ആദരണീയ സ്ഥാനങ്ങൾ നേടുന്നു.
ക്രിസ്തുയേശുവിലുള്ള അവരുടെ വിശ്വാസം
അവർക്ക് മഹത്തായ ഉറപ്പായി വർത്തിക്കും.

നമ്മുടെ ജീവിതത്തിൻെറ രഹസ്യം

14നിങ്ങളുടെ അടുക്കൽ വേഗം വന്നെത്താൻ
കഴിയുമെന്ന് ഞാൻ കരുതുന്നു. എന്നാൽ ഈ
കാര്യങ്ങൾ ഇപ്പോൾ ഞാൻ എഴുതുകയാണ്.
15എനിക്ക് ഇപ്പോൾ വരുവാൻ സാധിക്കുന്നില്ലെ
ങ്കിൽ കൂടി ദൈവത്തിൻെറ ഭവനത്തിൽ മനു
ഷ്യർ തീർച്ചയായും ചെയ്യേണ്ടതെന്തെന്ന്
നിങ്ങൾ അറിയും. ആ ഭവനം ജീവിക്കുന്ന ദൈ
വത്തിൻെറ സഭയാണ്. ദൈവത്തിൻെറ സഭ
സത്യത്തിൻെറ താങ്ങും അടിത്തറയുമാണ്.

16സംശയലേശമെന്യേ, നമ്മുടെ ആരാധനാ
ജീവിതത്തിൻെറ രഹസ്യം മഹത്താണ്:

ഒരു മനുഷ്യശരീരത്തിൽ ക്രിസ്തുവിനെ
നമുക്കു കാട്ടിത്തന്നു. അവൻ ശരിയാ
ണെന്ന് ആത്മാവ് തെളിയിച്ചു; ദൂതന്മാർ
അവനെ കണ്ടു. അവനെപ്പറ്റിയുള്ള സു
വിശേഷം ജനതകളുടെ ഇടയിൽ പ്രസം
ഗിക്കപ്പെട്ടു; ലോകത്തിലുള്ള മനുഷ്യർ
അവനിൽ വിശ്വസിച്ചു; മഹത്വത്തിൽ
അവൻ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെട്ടു.

വ്യാജ ഉപദേഷ്ടാക്കളെക്കുറിച്ചുള്ള താക്കീത്

4 വരാനിരിക്കുന്ന കാലങ്ങളിൽ സത്യോപദേ
ശങ്ങളെ വിശ്വസിക്കുന്നത് ചില ആൾ
ക്കാർ നിർത്തുമെന്ന് പരിശുദ്ധാത്മാവ് വ്യക്ത
മായി പറഞ്ഞിട്ടുണ്ട്. അവർ വഞ്ചിക്കുന്ന
ആത്മാക്കളെ അനുസരിക്കുന്നു. അവർ ഭൂതഗണ
ങ്ങളുടെ ഉപദേശം സ്വീരിക്കുന്നു. 2നുണയരിലൂ
ടെയും ആൾക്കാരെ കബളിപ്പിക്കുന്നവരിലൂടെ
യുമാണ് ആ ഉപദേശങ്ങൾ വരുന്നത്. അവർക്ക്
തെറ്റും ശരിയും തിരിച്ചറിയാൻ കഴിയില്ല. അവ
രുടെ വിവേചനാശക്തി ചുട്ടു പഴുത്ത ഇരു
മ്പാൽ നശിപ്പിക്കപ്പെട്ടതു പോലെയാണ്.
3വിവാഹം ചെയ്യുന്നത് തെറ്റാണെന്ന് അവർ
പറയുന്നു. തിന്നുവാൻ പാടില്ലാത്തതായി ചില
ആഹാരവസ്തുക്കളുണ്ടെന്നും അവർ പറയുന്നു.
എന്നാൽ ദൈവമാണ് അതെല്ലാം സൃഷ്ടിച്ചത്.
വിശ്വാസികൾക്കും സത്യം അറിയാവുന്നവ
ർക്കും ഈ ആഹാരവസ്തുക്കൾ നന്ദിയോടെ
ഉപയോഗിക്കാം. 4ദൈവം സൃഷ്ടിച്ചതെല്ലാം
നല്ലതാണ്. ദൈവത്തിൽനിന്നു നന്ദിപൂർവ്വം
സ്വീകരിക്കുകയാണെങ്കിൽ ദൈവം സൃഷ്ടിച്ച
എന്തിനേയും നിരസിക്കേണ്ടിവരില്ല. 5ദൈവം
സൃഷ്ടിച്ചതെല്ലാം ദൈവത്തിൻെറ വാക്കുകൊ
ണ്ടും പ്രാർത്ഥനകൊണ്ടും വിശുദ്ധമാക്കപ്പെടും.

ക്രിസ്തുയേശുവിൻെറ ഉത്തമ ദാസനായിരിക്കുക

6ഇക്കാര്യങ്ങളെല്ലാം അവിടെയുള്ള സഹോദ
രങ്ങളോടു പറയുക. നീ ക്രിസ്തുയേശുവിൻെറ
ഒരു ഉത്തമ ദാസനാണെന്നു ഇതു തെളിയിക്കും.
നല്ല വിശ്വാസവചനങ്ങൾ കൊണ്ടും നല്ല ഉപ
ദേശങ്ങളെ പിന്തുടർന്നതു കൊണ്ടും ആണ് നീ
ശക്തനായതെന്നു നീ കാണിക്കും. 7ദൈവത്തി
ൻെറ സത്യവുമായി ചേർന്നു പോകാത്ത
നിസ്സാരകഥകൾ ആൾക്കാർ പറയും. ആ കഥ
കളെ പിന്തുടരരുത്. ദൈവത്തെ യഥാർത്ഥ
മായി സേവിക്കുവാൻ (ശുശ്രൂഷിക്കുവാൻ) നീ
സ്വയം അഭ്യസിക്കുക. 8ശരീരത്തെ നിയന്ത്രി
ക്കാൻ പഠിക്കുന്നത് ചില തരത്തിൽ സഹായക
രമാകും. എന്നാൽ ദൈവത്തെ സേവിക്കുന്നത്
നിങ്ങളെ എല്ലാവിധത്തിലും സഹായിക്കും. ഈ
ജീവിതത്തിലും ഭാവിയിലും നിങ്ങൾക്ക് അത്
അനുഗ്രഹങ്ങൾ കൊണ്ടുവരും. 9ഞാൻ പറയു
ന്നത് ശരിയാണ്. നിങ്ങളത് പൂർണ്ണമായി സ്വക
രിക്കണം. 10ഇതൊന്നു കൊണ്ടാണ് ഞങ്ങൾ
പ്രവർത്തിക്കുന്നതും ക്ലേശിക്കുന്നതും. ജീവിക്കു
ന്ന ദൈവത്തിൽ നമ്മൾ പ്രത്യാശ പുലർത്തു
ന്നു. അവനിൽ വിശ്വസിക്കുന്ന എല്ലാവർക്കും
പ്രത്യേകമായി അവൻ രക്ഷകനാണ്.
11ഈ കാര്യങ്ങൾ പഠിപ്പിക്കുകയും കല്പിക്കുക
യും ചെയ്യുക. 12നീ ചെറുപ്പമെങ്കിലും നിസ്സാര
മെന്നമട്ടിൽ നിന്നോടു പെരുമാറുവാൻ ആരെ
യും അനുവദിക്കരുത്. വിശ്വാസികൾക്ക് ഒരു
മാതൃകയായി നീ ജീവിക്കുക. നിൻെറ വാക്കു
കൊണ്ടും ജീവിതരീതികൊണ്ടും സ്നേഹം
കൊണ്ടും വിശ്വാസംകൊണ്ടും ശുദ്ധതയാർന്ന
ജീവിതം കൊണ്ടും അതു പ്രകടിപ്പിക്കുക. 13തുട
ർന്നും ജനങ്ങൾക്കായി തിരുവെഴുത്തുകൾ വാ
യിച്ച് പഠിപ്പിച്ച് അവരെ ശക്തിപ്പെടുത്തുക.
ഞാൻ വരുന്നതുവരെ അതു ചെയ്യുക. 14നിനക്കു
കിട്ടിയവരം പ്രയോജനപ്പെടുത്തുന്ന കാര്യം
ഓർക്കുക. മൂപ്പന്മാർ കൈവച്ചപ്പോൾ പ്രാർത്ഥ
നാസമയത്ത് ഉണ്ടായ പ്രവചനം വഴിയാണ്
ആ വരം നിനക്കു ലഭിച്ചത്. 15ആ കാര്യങ്ങ
ളൊക്കെ തുടർന്നു ചെയ്യുക. നിൻെറ ജീവിതം
പൂർണ്ണമായും ഈ കാര്യങ്ങൾക്കായി വിനിയോ
ഗിക്കുക. അപ്പോൾ നിൻെറ പ്രവൃത്തി പുരോഗ
മിക്കുന്നു എന്ന് ആൾക്കാർക്കു മനസ്സിലാകും.
16നിൻെറ ജീവിതത്തിലും ഉപദേശത്തിലും
ശ്രദ്ധാലുവായിരിക്കുക. ശരിയായി ജീവിക്കു
ന്നതും പഠിപ്പിക്കുന്നതും തുടർന്നും നിർവ്വഹി
ക്കുക. അപ്പോൾ നീയും നിൻെറ ഉപദേശങ്ങൾ
ശ്രവിക്കുന്നവരും രക്ഷിക്കപ്പെടും.

അന്യരുമൊത്തുള്ള ജീവിതത്തിന് ചില ചട്ടങ്ങൾ

5 വയോധികനോട് കോപഭാഷണം അരുത്.
പകരം അവനോട് സ്വപിതാവിനോടെന്ന
പോലെ സംസാരിക്കുക. ചെറുപ്പക്കാരോട്
സഹോദരനോടെന്നപോലെ ഇടപെടുക.
2മൂത്ത സ്ത്രീകളോട് അമ്മയോടെന്ന പോലെ
പെരുമാറുക. ചെറുപ്പക്കാരികളെ സഹോദരി
കൾ എന്ന പോലെ കരുതുക. എപ്പോഴും അവ
രോട് നന്നായി പെരുമാറുക.
3സത്യമായി ഏകാകിനികളായ വിധവകളെ
സംരക്ഷിക്കുക. 4ഒരു വിധവയ്ക്ക് മക്കളും
കൊച്ചുമക്കളും ഉണ്ടെങ്കിൽ അവർ ആദ്യമേ മന
സ്സിലാക്കേണ്ടത് ഇതാണ്. തങ്ങളുടെ മാതാപി
താക്കളെ സഹായിച്ചുകൊണ്ട് അവരുടെ സ്വകു
ടുംബത്തോട് ആദരവ് കാണിക്കുക. ഇതിൽ
കൂടെ തങ്ങളുടെ മാതാപിതാക്കളോടും അപ്പൂപ്പ
നോടും അമ്മൂമ്മയോടും ഉള്ള കടമ നിറവേറ്റാ
നാകും. ഇത് ദൈവത്തെ പ്രീതിപ്പെടുത്തും. 5ഒരു
വിധവ യഥാർത്ഥത്തിൽ ഏകാകിനിയും നിസ്സ
ഹായയും ആയവൾ ആണെങ്കിൽ തൻെറ സംര
ക്ഷണം ദൈവത്തിൽനിന്നും പ്രതീക്ഷിക്കും. ആ
സ്ത്രീ രാവും പകലും പ്രാർത്ഥിച്ചു ദൈവ
ത്തോട് സഹായം ചോദിക്കുന്നു. 6എന്നാൽ
സ്വയം പ്രീതിപ്പെടുത്താൻ തൻെറ തന്നെ
ജീവിതം വിനിയോഗിക്കുന്ന വിധവ ജീവി
ക്കുന്നു എങ്കിലും യഥാർത്ഥത്തിൽ മരിച്ചു കഴി
ഞ്ഞവളാണ്. 7അന്യർക്ക് കുറ്റം പറയാൻ പറ്റാ
ത്ത വിധത്തിൽ തങ്ങളുടെ കുടുംബങ്ങളെ സംര
ക്ഷിക്കാൻ അവിടെയുള്ള വിശ്വാസികളോടു
നിർദ്ദേശിക്കുക. 8ഒരുവൻ തൻെറ സ്വന്തം ആൾ
ക്കാരെ സംരക്ഷിക്കണം. അവൻെറ സ്വന്തം
കുടുംബത്തെ സംരക്ഷിക്കണം എന്നതാണ് പരമ
പ്രധാനം. അതു ചെയ്യുന്നില്ലെങ്കിൽ അവൻ
സത്യവിശ്വാസം സ്വീകരിച്ചിട്ടില്ല. അവൻ ഒരു
അവിശ്വാസിയേക്കാൾ മോശക്കാരനാണ്.
9അറുപതോ അതിനുമേലോ പ്രായമുള്ള
സ്ത്രീകളെ വിധവകളുടെ പട്ടികയിൽപ്പെടു
ത്തണം. അവൾ തൻെറ ഭർത്താവിനോട് വിശ്വ
സ്തയായിരുന്നിരിക്കണം. 10നല്ല കാര്യങ്ങൾ
ചെയ്ത ഒരുവൾ എന്ന നിലയിൽ അവൾ അ
റിയപ്പെടണം. സന്താനപരിപാലനം, അതിഥി

സ്വീകരണം, ദൈവജനത്തിന്റെ പാദം കഴു
കൽ, ദു:ഖിതരുടെ സംരക്ഷണം അങ്ങനെ എല്ലാ
നല്ല കാര്യങ്ങൾക്കുമായി സ്വജീവിതം ഉപയോ
ഗിച്ചവൾ എന്നാണ് ഞാൻ അർത്ഥമാക്കുന്നത്.
11എന്നാൽ ചെറുപ്പക്കാരായ വിധവകളെ ആ
ഗണത്തിൽ കണക്കാക്കരുത്. അവർ തങ്ങളെ
സ്വയം ക്രിസ്തുവിന് സമർപ്പിക്കുമ്പോൾ
സാധാരണഗതിയിൽ അവരുടെ ശക്തമായ
ശാരീരികാവശ്യങ്ങളാൽ അവനിൽനിന്നും
പാടേ അകന്നുമാറും. അപ്പോൾ അവർ പുനർ
വിവാഹിതരാകാൻ ആഗ്രഹിക്കും. 12അപ്പോൾ
അവർ അതിനു വേണ്ടി വിധിക്കപ്പെടും. അവർ
ആദ്യം പ്രതിജ്ഞ ചെയ്ത കാര്യങ്ങളെ ചെയ്യാ
തിരിക്കുന്നതു കൊണ്ടാണ് വിധിക്കപ്പെടുന്നത്.
13മാത്രവുമല്ല ആ ചെറുപ്പക്കാരികളായ വിധവ
കൾ വീടുതോറും കയറിയിറങ്ങി സമയവും
വ്യർത്ഥമാക്കും. അവർ അപവാദം പറയുവാനും
അന്യരുടെ ജീവിതത്തിൽ വ്യാപൃതരാകുവാനും
തുടങ്ങും. അവർ പറയാൻ പാടില്ലാത്ത കാര്യ
ങ്ങൾ പറയും. 14അതിനാൽ ചെറുപ്പക്കാരിക
ളായ വിധവകൾ വിവാഹിതകളായി, മക്കളുള്ള
വരായി ഗൃഹസംരക്ഷണം നടത്തണമെന്ന്
ഞാൻ ആഗ്രഹിക്കുന്നു. അവർ ഇതു ചെയ്യുമെ
ങ്കിൽ നമ്മുടെ ശത്രുവിന് അവരെ വിമർശിക്കു
വാൻ കാരണം കിട്ടാതെയാകും. 15എന്നാൽ
ചില യുവവിധവകൾ സാത്താനെ പിന്തുട
രാൻ നേരത്തേതന്നെ തുടങ്ങിയിരിക്കുന്നു.
16വിശ്വാസിയായ ഒരു വനിതയുടെ കുടുംബ
ത്തിൽ ഒരു വിധവ ഉണ്ടെങ്കിൽ അവൾ ആ
വിധവയെ പ്രത്യേകം ശ്രദ്ധിക്കണം. ഇവരുടെ
സംരക്ഷണാർത്ഥം സഭയെ കുഴപ്പത്തിലാക്കരുത്.
അങ്ങനെ വരുമ്പോൾ അനാഥകളായ വിധവ
കളെ സംരക്ഷിക്കുവാൻ സഭയ്ക്കു സാധിക്കും.*
17ശരിയായ വിധം സഭയെ നയിക്കുന്ന മൂപ്പ
ന്മാർക്കും മഹത്തായ ആദരവു കിട്ടണം. വിശേ
ഷിച്ച് പ്രസംഗിച്ചും ഉപദേശിച്ചും പ്രവർത്തി
ക്കുന്ന മൂപ്പന്മാർക്കാണ് ഈ മഹത്തായ ആദരവ്
ഉണ്ടാകേണ്ടത്. 18എന്തുകൊണ്ടെന്നാൽ തിരുവെ
ഴുത്തു പറയുന്നു. "ധാന്യം വേർതിരിക്കുന്ന
പ്രവൃത്തി ചെയ്യുന്ന മെതിമൃഗത്തിന്റെ വായ്
മൂടിക്കെട്ടുകയോ ധാന്യം തിന്നുന്നതിൽനിന്ന്
തടയുകയോ ചെയ്യരുത്."* തിരുവെഴുത്ത് ഇങ്ങ
നെകൂടി പറയുന്നു, "ഒരു പണിക്കാരന് അവ
ന്റെ കൂലി കൊടുക്കണം."*
19ഒരു മൂപ്പനെതിരേ ആരോപണം ഉന്നയിക്കു
ന്നവനെ ശ്രദ്ധിക്കരുത്. ആ മൂപ്പൻ ചെയ്തത്
തെറ്റാണെന്ന് രണ്ടോ മൂന്നോ പേർ പറയുന്നു
എങ്കിൽ മാത്രം നീ അവനെ ശ്രദ്ധിക്കുക.
20പാപം ചെയ്യുന്നവരോട് അവർക്കു തെറ്റിപ്പോ
യെന്നു പറയുക. സഭയുടെ മുഴുവനും മുമ്പാ
കെ വേണം ഇങ്ങനെ ചെയ്യാൻ. അപ്പോൾ
മറ്റെല്ലാവർക്കും അത് ഒരു താക്കീതാകും. 21ഇതൊ
ക്കെ ചെയ്യുവാൻ ദൈവത്തിന്റെയും യേശുക്രി
സ്തുവിന്റെയും തിരഞ്ഞെടുക്കപ്പെട്ട ദൂതന്മാരു
ടെയും മുമ്പാകെ ഞാൻ നിന്നോടു കല്പിക്കുന്നു.
എന്നാൽ സത്യമറിയുന്നതിനു മുൻപ് ആരെയും
വിധിക്കരുത്. ഇക്കാര്യങ്ങളെല്ലാം എല്ലാ ആൾ
ക്കാരോടും സമമായി അനുവർത്തിക്കുക. 22ഒരു
വനെ മൂപ്പനാക്കുന്നതിനു മുൻപ് സൂക്ഷ്മത
യോടെ ചിന്തിക്കുക. അന്യരുടെ പാപങ്ങളിൽ
പങ്കുപറ്റരുത്. സ്വയം ശുദ്ധിയുള്ളവനായിരി
ക്കുക.
23തിമൊഥെയൊസേ, നീ വെള്ളം മാത്രമേ
കുടിക്കുന്നുള്ളൂ. അതു നിർത്തി അല്പം വീഞ്ഞു
കുടിക്കുക. ഇതു നിന്റെ ഉദരത്തെ സഹായിക്കു
കയും കൂടെക്കൂടെ രോഗിയാകുന്നതിൽനിന്നു
തടയുകയും ചെയ്യും.
24ചില ആൾക്കാരുടെ പാപങ്ങൾ കാണാൻ
എളുപ്പമാണ്. അവർ വിധിക്കപ്പെടും എന്ന്
അവരുടെ പാപങ്ങൾ കാണിക്കും. എന്നാൽ
ചില ആളുകളുടെ പാപങ്ങൾ വൈകി മാത്രമേ
കാണുവാൻ സാധിക്കൂ. 25ആൾക്കാർ ചെയ്യുന്ന
നല്ല കാര്യങ്ങളുടെ സ്ഥിതിയും ഇതുപോലെ
തന്നെ. ജനങ്ങൾ ചെയ്യുന്ന നല്ല കാര്യങ്ങൾ
കാണുവാൻ എളുപ്പമാണ്. എന്നാൽ കാണു
വാൻ ക്ലേശകരമായ നല്ല കാര്യങ്ങൾക്കു
പോലും മറഞ്ഞിരിക്കാൻ സാധിക്കയില്ല.
6 അടിമകളായിട്ടുള്ള മനുഷ്യരെല്ലാം അവ
രുടെ ഉടമയോട് പൂർണ്ണ ബഹുമാനം കാണി
ക്കണം. അവരതു ചെയ്യുമ്പോൾ ദൈവനാമവും
നമ്മുടെ ഉപദേശവും വിമർശനവിധേയമാ
വില്ല. 2ചില അടിമകൾക്ക് വിശ്വാസികളായ
ഉടമകളും ഉണ്ട്. അതുകൊണ്ട് ആ അടിമകളും
ഉടമകളും സഹോദരരാണ്. എന്നാൽ അടിമകൾ
അവരോട് ഒരു അനാദരവും കാട്ടരുത്. ഈ
അടിമകൾ തങ്ങളുടെ വിശ്വാസികളായ ഉടമ
കളെ കൂടുതൽ മെച്ചമായി ശുശ്രൂഷിക്കണം.
എന്തുകൊണ്ടെന്നാൽ ആ അടിമകൾ തങ്ങൾ
സ്നേഹിക്കുന്ന വിശ്വാസികളെ സഹായിക്കുക
യാണ്.

തെറ്റായ പ്രബോധനവും യഥാർത്ഥ സമ്പത്തും

ഈ കാര്യങ്ങൾ ജനങ്ങളെ നീ പറഞ്ഞു പഠി
പ്പിക്കുകയും അവ ചെയ്യാൻ പ്രേരിപ്പിക്കുകയും
വേണം. 3ചിലർ തെറ്റായ കാര്യങ്ങൾ പഠിപ്പി
ക്കും. അവർ നമ്മുടെ കർത്താവായ യേശുക്രി
സ്തുവിന്റെ സത്യ ഉപദേശത്തോട് യോജിപ്പു
ള്ളവരല്ല. ദൈവശുശ്രൂഷക്കുള്ള നേരായ മാർഗ്ഗ
ത്തോട് ഒത്തുപോകുന്ന ഉപദേശത്തെ അവർ
സ്വീകരിക്കയില്ല. 4തെറ്റായി പഠിപ്പിക്കുന്നവന്
ഒന്നും മനസ്സിലാകുകയില്ല. അവരിൽ നിറയെ
അഹങ്കാരമായിരിക്കും. വാക്കുകളെപ്പറ്റി തർക്കി
ച്ച് കലഹിക്കുന്നതിനു അവർക്ക് ഇഷ്ടം തോ
ന്നും. അതൊരു രോഗം പോലെയാണവർക്ക്.
അത് പ്രശ്നങ്ങൾ സൃഷ്ടിക്കുകയും അസൂയയും
കുറ്റപ്പെടുത്തലും കലഹമുണ്ടാക്കലും ദുഷ്ട
മായ സംശയവും സൃഷ്ടിക്കുകയും ചെയ്യും.
5അതുമാത്രമല്ല ദുഷ്ടമനസ്കരിൽനിന്നു അത്
തർക്കങ്ങളെ ജനിപ്പിക്കുകയും ചെയ്യും. അവർക്ക്
സത്യം നഷ്ടപ്പെട്ടു. ദൈവത്തെ ശുശ്രൂഷിക്കു
ന്നത് പണക്കാരനാകാനുള്ള ഒരുമാർഗ്ഗം എന്നാ
ണവർ വിചാരിക്കുന്നത്.
6ഒരുവൻ ഉള്ളതു കൊണ്ട് സംതൃപ്തനാകുമെ
ങ്കിൽ ദൈവശുശ്രൂഷ ഒരുവനെ ധനവാനാക്കും
എന്നു പറയുന്നത് സത്യമാണ്. 7നാം ഭൂമിയി
ലേക്കു വന്നപ്പോൾ ഒന്നും കൊണ്ടുവന്നില്ല. മരി
ക്കുമ്പോൾ നമുക്ക് ഒന്നും കൊണ്ടുപോകാനും
സാധിക്കയില്ല. 8അതിനാൽ നമുക്കു ഭക്ഷണവും
വസ്ത്രവും ഉണ്ടെങ്കിൽ നാം അതുകൊണ്ട് സംതൃ
പ്തരാകണം. 9പണക്കാരനാകാൻ ആഗ്രഹിക്കു
ന്നവൻ പ്രലോഭനങ്ങൾക്ക് വിധേയനാകുന്നു.

വാക്യം 16 ചില പുരാതന ഗ്രീക്കു പതിപ്പുകളിൽ, ഒരു വിശ്വാസിയുടെ കുടുംബത്തിൽ വിധവകളുണ്ടെങ്കിൽ, അവൻ അവരെ സഹായിക്കണമെന്ന് കാണുന്നു.

"ധാന്യം ... ചെയ്യരുത്" ഉദ്ധരണി ആവ. 25:4.

"ഒരു പണിക്കാരന് ... കൊടുക്കണം" ഉദ്ധരണി ലൂക്കോ. 10:7.

അവർ ഒരു കെണിയിൽ അകപ്പെട്ടിരിക്കുക
യാണ്. അവനെ വ്രണപ്പെടുത്തുന്ന വ്യർത്ഥകാ
ര്യങ്ങൾ അവൻ ആഗ്രഹിക്കുവാൻ തുടങ്ങുക
യാണ്. ആ കാര്യങ്ങൾ മനുഷ്യരെ ക്ഷയിപ്പിച്ച്
നശിപ്പിക്കും. **10**ധനസ്നേഹമാണ് എല്ലാത്തരം
ദുഷ്ടതയ്ക്കും കാരണമാകുന്നത്. ചിലർ കൂടു
തൽ കൂടുതൽ ധനം ആഗ്രഹിക്കുന്നതുകൊണ്ട്
സത്യവിശ്വാസം ത്യജിച്ചു. എന്നാൽ അവർ
കൂടുതൽ കൂടുതൽ ദു:ഖിതരാകാൻ സ്വയം കാര
ണക്കാരായി.

ഓർക്കേണ്ട ചില കാര്യങ്ങൾ

11എന്നാൽ നീ ദൈവത്തിന്റെ മനുഷ്യനാ
കുന്നു. അതിനാൽ ഇക്കാര്യങ്ങളിൽനിന്നെല്ലാം
നീ ഒഴിഞ്ഞു നിൽക്കണം. നേരായ വഴിയിൽ
ജീവിക്കുവാനും ദൈവസേവനം ചെയ്യുവാനും
വിശ്വാസവും സ്നേഹവും ക്ഷമയും സൗമ്യത
യും ഉണ്ടായിരിക്കുവാനും ശ്രമിക്കുക. **12**ഓട്ട മത്സ
രത്തിൽ ഓടുന്നതു പോലെയാണ് നിങ്ങളുടെ
വിശ്വാസം കാത്തു സൂക്ഷിക്കുന്നത്. ആ ഓട്ട
ത്തിൽ വിജയം നേടുന്നതിനായി ഏറ്റവും കഠി
നമായി ശ്രമിക്കുക. എന്നേക്കും തുടരുന്ന ആ
ജീവിതം നിനക്കു കിട്ടിയെന്ന് തീർച്ചപ്പെടു
ത്തുക. ആ ജീവിതം കിട്ടുവാൻ നീ വിളിക്ക
പ്പെട്ടു. ക്രിസ്തുവിനെപ്പറ്റിയുള്ള ആ മഹാ
സത്യം നീ പലരും ശ്രദ്ധിക്കുമാറ് ഏറ്റുപറഞ്ഞു.
13ദൈവത്തിന്റെയും ക്രിസ്തുയേശുവിന്റെ
യും മുമ്പാകെ ഞാൻ നിനക്കൊരു കല്പന തരു
ന്നു. പൊന്തിയൊസ് പീലാത്തൊസിന്റെ മു
മ്പാകെ അതേ മഹാസത്യം ഏറ്റുപറഞ്ഞവനാ
ണ് യേശുക്രിസ്തു. എല്ലാറ്റിനും ജീവൻ പകരു
ന്നവനാണ് ദൈവം. ഇപ്പോൾ ഞാൻ നിന്നോട്
പറയുന്നു: **14**നിന്നോട് ആജ്ഞാപിച്ചിരിക്കുന്ന
കാര്യങ്ങളെല്ലാം ചെയ്യുക. ആ കാര്യങ്ങളൊ
ക്കെയും നമ്മുടെ കർത്താവായ യേശുക്രിസ്തു
വീണ്ടും വരുന്നതുവരെ തെറ്റോ കുറ്റപ്പെടു
ത്തലോ കൂടാതെ ചെയ്യുക. **15**ദൈവം യഥാ
സമയം അതു നടപ്പാക്കും. ദൈവമാണ് അനുഗ്ര
ഹീതനായ ഏക ഭരണകർത്താവ്. എല്ലാ രാജാ
ക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർ
ത്താവുമാണ് ദൈവം. **16**ഒരിക്കലും മരിക്കാത്ത
വൻ ദൈവം മാത്രമാണ്. മനുഷ്യർക്ക് അടുത്തു
പോകാൻ പറ്റാത്തവിധം അത്ര ശോഭയേറിയ
പ്രകാശത്തിലാണ് ദൈവം സ്ഥിതി ചെയ്യു
ന്നത്. ഒരുവനും ദൈവത്തെ ഒരിക്കലും കണ്ടി
ട്ടില്ല. ഒരുവനും ദൈവത്തെ കാണാൻ കഴിയുക
യുമില്ല.ദൈവത്തിന് എന്നേക്കും ബഹുമാനവും
ശക്തിയും ഉണ്ടായിരിക്കട്ടെ. ആമേൻ.

17ഈ ലോകത്തിലുള്ള വസ്തുക്കൾ കൊണ്ട്
സമ്പന്നരായവർക്ക് ആ കല്പന കൊടുക്കുക.
അഹങ്കരിക്കരുതെന്ന് അവരോട് പറയുക. സമ്പ
ത്തിലല്ല, ദൈവത്തിൽ പ്രത്യാശിക്കുവാൻ ആ
ധനികരോട് പറയുക. ധനത്തെ ആശ്രയിക്കാൻ
പറ്റില്ല. എന്നാൽ ദൈവം നമ്മെ അത്യധികം
ശ്രദ്ധിക്കുന്നു. ആസ്വദിക്കുവാൻ ധാരാളമായി
എല്ലാം അവൻ നമുക്കു തരുന്നു. **18**നല്ലതു ചെയ്യു
വാൻ ധനവാന്മാരോടു പറയുക. സൽക്കാര്യ
ങ്ങൾ ചെയ്യുന്നതിൽ ധനവാന്മാരാകുവാൻ
അവരോടു പറയുക. ദാനശീലരായി അവർക്കു
ള്ളത് പങ്കുവയ്ക്കുന്നതിൽ സന്നദ്ധത ഉള്ളവരാ
കാൻ അവരോടു പറയുക. **19**ഇങ്ങനെ ചെയ്യു
ന്നതിൽ കൂടെ അവർ സ്വർഗ്ഗത്തിൽ തങ്ങൾ
ക്കായി സ്വയം ഒരു നിധി ഒരുക്കുകയാകും ചെ
യ്യുക. അതൊരു ശക്തിമത്തായ അടിത്തറയാ
കും. അവരുടെ ഭാവി ജീവിതം ആ നിധിമേൽ
കെട്ടിപ്പൊക്കാം. അപ്പോൾ അവർക്ക് സത്യ
ജീവൻ ഉള്ളവരാകാൻ കെല്പുള്ളവരാകാം.

20തിമൊഥെയൊസേ, ദൈവം നിന്നെ പല
കാര്യങ്ങളിലും വിശ്വസിച്ചിരിക്കുന്നു. ആ കാര്യ
ങ്ങളുടെ സുരക്ഷിതത്വത്തിൽ ശ്രദ്ധിക്കുക. ദൈ
വത്തിൽനിന്നുള്ളതല്ലാത്ത മൗഢ്യങ്ങൾ പറയു
ന്നവരിൽനിന്നും അകന്നു നിൽക്കുക. സത്യ
ത്തിനെതിരേ വാദിക്കുന്നവരിൽനിന്നും ഒഴി
ഞ്ഞു നിൽക്കുക. അവർ “അറിവെന്നു” വിളി
ക്കുന്ന ചിലത് ഉപയോഗിക്കും. എന്നാൽ യഥാർ
ത്ഥത്തിൽ അത് അറിവല്ല. **21**ചിലർ അവകാ
ശപ്പെടും അവർക്ക് ആ “അറിവ്” ഉണ്ടെന്ന്.
അക്കൂട്ടർ സത്യപാഠത്തെ ത്യജിച്ചു. ദൈവ
ത്തിന്റെ കൃപ നിങ്ങളോടൊപ്പം ഉണ്ടായിരി
ക്കട്ടെ.

തിമൊഥെയൊസിനു എഴുതിയ രണ്ടാം ലേഖനം

1 ദൈവം ആഗ്രഹിച്ചപ്രകാരം ക്രിസ്തു
യേശുവിന്‍റെ അപ്പൊസ്തലനായ പൌ
ലൊസ് തിമൊഥെയൊസിന് അഭിവാദനങ്ങൾ
അയയ്ക്കുന്നു. ക്രിസ്തുയേശുവിലുള്ള ജീവ
ന്‍റെ വാഗ്ദാനം ജനങ്ങളോടു പറയുവാൻ
ദൈവം എന്നെ അയച്ചു.
2എനിക്കുപ്രിയപ്പെട്ട മകനായ നിനക്ക് പിതാ
വായ ദൈവത്തിൽനിന്നും നമ്മുടെ കർത്താ
വായ ക്രിസ്തുയേശുവിൽനിന്നും കൃപയും
കരുണയും സമാധാനവും ലഭിക്കട്ടെ.

കൃതജ്ഞതാ പ്രകാശനവും പ്രോത്സാഹനവും

3അഹോരാത്രം എന്‍റെ പ്രാർത്ഥനകളിൽ
ഞാൻ നിന്നെ എപ്പോഴും ഓർക്കും. ആ പ്രാർത്ഥ
നകളിൽ നിനക്കുവേണ്ടി ഞാൻ ദൈവത്തിനു
നന്ദിപറയും. എന്‍റെ പൂർവ്വപിതാക്കൾ
സേവിച്ച ദൈവമാണ് അവൻ. എനിക്ക് ശരി
എന്നു തോന്നിയത് ചെയ്ത് ഞാൻ തുടർ
ച്ചയായി അവനു സേവനം ചെയ്തിട്ടുണ്ട്. 4നീ
എനിക്കുവേണ്ടി കണ്ണീർ ഒഴിച്ചത് ഞാനോർ
ക്കുന്നു. ഞാൻ നിന്നെക്കാണാൻ ഏറെ ആഗ്രഹി
ക്കുന്നു. അതുമൂലം എനിക്കു സന്തോഷത്തിൽ
മുഴുകാം എന്നു തോന്നുന്നു. 5നിന്‍റെ സത്യ
വിശ്വാസം ഞാൻ സ്മരിക്കുന്നു. ഇത്തരം വി
ശ്വാസം ആദ്യം ഉണ്ടായിരുന്നത് നിന്‍റെ വലിയ
മ്മയായ ലോവീസിനും അമ്മയായ യൂനീക്ക
യ്ക്കും ആയിരുന്നു. അതേ വിശ്വാസം ഇപ്പോൾ
നിനക്കും ഉണ്ടെന്ന് എനിക്കറിയാം. 6അതുകൊ
ണ്ടാണ് ദൈവം നിനക്കു നൽകിയ വരങ്ങളെ
ക്കുറിച്ച് നിന്നെ അനുസ്മരിപ്പിക്കുവാൻ ഞാൻ
ആഗ്രഹിക്കുന്നത്. ഞാൻ എന്‍റെ കൈകൾ
നിന്‍റെമേൽ വച്ചപ്പോൾ ദൈവം ആ വരം
നിനക്കു തന്നു. കെട്ടടങ്ങിയ അഗ്നികുണ്ഠം
വീണ്ടും ജ്വലിപ്പിക്കുന്നതുപോലെ ആ ദാനം
കൂടുതൽ കൂടുതൽ വളരണമെന്നും അത് നീ
ഉപയോഗപ്പെടുത്തണമെന്നും ഞാൻ ആഗ്രഹി
ക്കുന്നു. 7നമ്മെ ഭീതിദരാക്കുന്ന ഒരു ആത്മാവി
നെയല്ല ദൈവം നമുക്കു തന്നത്. ആത്മാവിന്‍റെ
ശക്തിയും സ്നേഹവും ആത്മനിയന്ത്രണവും
ഉള്ള ഒരു ആത്മാവിനെയാണ് ദൈവം നമുക്ക്
തന്നത്.
8അതുകൊണ്ട് നമ്മുടെ കർത്താവായ യേശു
വിനെക്കുറിച്ച് ജനങ്ങളോടു പറയുന്നതിൽ
ലജ്ജിക്കരുത്. എന്നെക്കുറിച്ചും ലജ്ജിക്കേണ്ട
തില്ല. ഞാൻ കർത്താവിനുവേണ്ടി തടവിലാണ്.
പകരം സുവിശേഷത്തിനായി എന്നോടൊപ്പം
ക്ലേശങ്ങൾ സഹിക്കൂ. അതു ചെയ്യുവാനുള്ള
ശക്തി ദൈവം നമുക്കു തരും. 9ദൈവം നമ്മെ
രക്ഷിച്ച് അവന്‍റെ വിശുദ്ധജനം ആക്കിയിരി
ക്കുന്നു. നാം സ്വയം ചെയ്ത എന്തിന്‍റെയെ
ങ്കിലും ഫലമായിട്ടല്ല അങ്ങനെ സംഭവിച്ചത്.
അതെ! തന്‍റെ കൃപയാൽ നമ്മെ രക്ഷിച്ച് അവ
ന്‍റെ ജനമാക്കിയത് ദൈവം അത് ആഗ്രഹിച്ചതു
കൊണ്ടാണ്. സമയാരംഭത്തിനു മുൻപു തന്നെ
ക്രിസ്തുയേശുവഴി ആ കൃപ ദൈവം നമുക്കു
തന്നു. 10നമ്മുടെ രക്ഷകനായ ക്രിസ്തുയേശു
വിന്‍റെ വരവിൽ ഇപ്പോൾ ആ കൃപ നമുക്കു
വെളിവാക്കപ്പെട്ടു. യേശു മരണത്തെ നശിപ്പിച്ച്
ജീവൻ ലഭിക്കേണ്ട വഴി നമുക്കു കാണിച്ചുതന്നു.
അതെ! നശിപ്പിക്കുവാൻ കഴിയാത്ത ജീവൻ
ലഭിക്കുന്നതെങ്ങനെയെന്നു സുവിശേഷത്തിൽ
ക്കൂടി യേശു നമുക്കു കാണിച്ചുതന്നു. 11ആ
സുവിശേഷത്തെക്കുറിച്ച് ജനങ്ങളെ അറിയിക്കു
വാനായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. സുവി
ശേഷത്തിന്‍റെ അദ്ധ്യാപകനും അപ്പൊസ്തല
നുമായി ഞാൻ തിരഞ്ഞെടുക്കപ്പെട്ടു. 12എ
ന്നാൽ ആ സുവിശേഷം പറയുന്നതു കൊ
ണ്ടാണ് ഞാൻ ഇപ്പോൾ കഷ്ടം സഹിക്കുന്നത്.
എന്നാൽ ഞാൻ ലജ്ജിതനല്ല. ഞാൻ വിശ്വ
സിച്ചവനെ എനിക്കറിയാം. ഞാൻ അവനെ
ഏല്പിച്ചത് ആ ദിവസംവരേയും* അവൻ സംര
ക്ഷിക്കുമെന്നു എനിക്കുറപ്പുണ്ട്. 13എന്നിൽ
നിന്നും കേട്ട സത്യമായ ആ ഉപദേശം നീ
പിന്തുടരുക. നമുക്ക് ക്രിസ്തുയേശുവിലുള്ള
വിശ്വാസത്തിലും സ്നേഹത്തിലും ആ ഉപദേ
ശങ്ങളെ പിന്തുടരുക. നീ എന്തു പഠിപ്പിക്കേണ
മെന്നതിനു ആ ഉപദേശം ഒരു ഉദാഹരണമാണ്.
14നിനക്കു നൽകിയ സത്യം നമ്മുടെ ഉള്ളിൽ
വസിക്കുന്ന പരിശുദ്ധാത്മാവിന്‍റെ സഹായ
ത്തോടെ സംരക്ഷിക്കുക.
15നിനക്കറിയാമല്ലോ ആസ്യയിലുള്ള എല്ലാ
വരും എന്നെ വിട്ടുപോയെന്ന്. ഫുഗലൊസും
ഹെർമ്മൊഗനേസും പോലും എന്നെ വിട്ടു
പോയി. 16ഒനേസിഫൊരൊസിന്‍റെ കുടുംബ
ത്തോട് ദൈവം കരുണ കാണിക്കട്ടേയെന്ന്
ഞാൻ പ്രാർത്ഥിക്കുന്നു. പലപ്പോഴും ഒനേസി
ഫൊരൊസ് എന്നെ സഹായിച്ചിട്ടുണ്ട്. ഞാൻ
തടവിലായിരിക്കുന്നതിൽ അവൻ ലജ്ജിതനല്ല.
17അതെ അവൻ ലജ്ജിതനല്ല. അവൻ റോമ
യിൽ വന്നപ്പോൾ എന്നെ കണ്ടെത്തുംവരെ
എത്ര തവണ എനിക്കായിതിരഞ്ഞു. 18ആ ദിവ
സത്തിൽ ഒനേസിഫൊരൊസിനു കർത്താ
വിൽനിന്നു കരുണ കിട്ടണമെന്നു ഞാൻ പ്രാർ
ത്ഥിക്കുന്നു. എഫെസൊസിൽവച്ച് ഒനേ സി
ഫൊരൊസ് എങ്ങനെയൊക്കെ എന്നെ സഹാ
യിച്ചു എന്ന് നിനക്കറിയാമല്ലോ.

ക്രിസ്തുവിന്‍റെ വിശ്വസ്ത പടയാളി

2 തിമൊഥെയൊസേ, നീ എനിക്കൊരു മക
നെപ്പോലെയാണ്. നമുക്കു ക്രിസ്തുയേശു
വിലുള്ള കൃപയിൽ ശക്തനായിരിക്കുക. 2ഞാൻ
പഠിപ്പിച്ച കാര്യങ്ങൾ നീ കേട്ടിട്ടുണ്ട്. മറ്റ്
ധാരാളമാളുകളും അതുകേട്ടു. അതേ കാര്യങ്ങൾ
തന്നെ നീയും പഠിപ്പിക്കണം. പഠിപ്പിക്കാനുള്ള
യോഗ്യതയുള്ളവരും നിനക്കു വിശ്വസിക്കാവു
ന്നവരുമായവരെ ചില ഉപദേശങ്ങൾ ഏല്പി
ക്കുക. അപ്പോൾ അന്യരെ അക്കാര്യങ്ങളൊക്കെ

ദിവസം ക്രിസ്തു വന്ന് എല്ലാ ജനതയ്ക്കുമേലും ന്യായവിധിനടത്തി തന്‍റെ ജനതയെ തന്നോടൊപ്പം കൊണ്ടുപോകുന്ന ദിവസം.

പഠിപ്പിക്കുവാൻ അവർക്കു കഴിഞ്ഞേക്കും. 3നമു
ക്കുള്ള ക്ലേശങ്ങളിൽ പങ്കുകാരാകുക. ക്രിസ്തു
വിൻെറ ഒരു ഉത്തമ ഭടൻപോലെ ക്ലേശങ്ങൾ
സ്വീകരിക്കുക. 4ഒരു ഭടൻ തൻെറ സൈന്യാധി
പനെ പ്രീതിപ്പെടുത്താൻ ആഗ്രഹിക്കുന്നു.
അതിനാൽ ആ ഭടൻ ഭൂരിപക്ഷം ആൾക്കാരും
ചെയ്യുന്ന കാര്യങ്ങൾ ചെയ്യുവാൻ തൻെറ
സമയം ഉപയോഗിക്കില്ല. 5ഒരു കായികാഭ്യാസി
ഒരു മത്സരത്തിൽ ഓടുകയാണെങ്കിൽ, ജയിക്കു
വാനായി അവൻ എല്ലാ നിബന്ധനകളും
പാലിക്കണം. 6കഠിനാദ്ധ്വാനം ചെയ്യുന്ന കർഷ
കനാണ് താൻ ഉത്പാദിപ്പിച്ച ഭക്ഷണ പദാർത്ഥ
ങ്ങൾ ആദ്യമായി ലഭിക്കേണ്ടത്. 7ഞാൻ പറ
യുന്ന ഈ കാര്യങ്ങളെപ്പറ്റി ചിന്തിക്കുവിൻ.
ഈ കാര്യങ്ങളെല്ലാം ഗ്രഹിക്കുവാനുള്ള കഴിവ്
കർത്താവ് നിനക്കു തരും.

8യേശുക്രിസ്തുവിനെ സ്മരിക്കുക. അവൻ
ദാവീദിൻെറ കുടുംബത്തിൽനിന്നും ഉള്ളവ
നാണ്. ക്രിസ്തു മരിച്ചതിനുശേഷം അവൻ
മരണത്തിൽനിന്നും ഉയിർത്തപ്പെട്ടു. ഇതാണ്
ജനങ്ങളോട് ഞാൻ പറയുന്ന സുവിശേഷം.
9ആ സുവിശേഷം പ്രചരിപ്പിച്ചതു കൊണ്ടാണ്
ഞാൻ കഷ്ടം സഹിക്കേണ്ടിവന്നിരിക്കുന്നത്.
സത്യമായും, തെറ്റു ചെയ്ത ഒരുവനെപ്പോലെ
ഞാൻ ചങ്ങല കൊണ്ടു പോലും ബന്ധിത
നാണ്. എന്നാൽ ദൈവത്തിൻെറ ഉപദേശം
ബന്ധിതമല്ല. 10അതിനാൽ ഈ ക്ലേശങ്ങളെല്ലാം
ഞാൻ ക്ഷമയോടെ സ്വീകരിച്ചു. ഞാൻ ഇതു
ചെയ്യുന്നത് ദൈവം തിരഞ്ഞെടുത്ത എല്ലാ ആ
ൾക്കാരെയും സഹായിക്കുവാനാണ്. ക്രിസ്തു
യേശുവിലുള്ള രക്ഷ ആളുകൾക്ക് ലഭിക്കത്തക്ക
വിധത്തിലാണ് ഞാൻ ഈ ക്ലേശങ്ങൾ സ്വീകരി
ക്കുന്നത്. ആ രക്ഷയോടൊപ്പം ഒരിക്കലും അസ്
തമിക്കാത്ത മഹത്വവും കൈവരുന്നു.

11ഈ ഉപദേശം ശരിയാണ്:

നാം അവനോടു കൂടി മരിച്ചു എങ്കിൽ അവ
നോടു കൂടി ജീവിക്കും.

12നാം കഷ്ടത സ്വീകരിക്കുമെങ്കിൽ അവനോ
ടുകൂടി ഭരിക്കും. നാം അവനെ സ്വീകരിക്കുവാൻ
കൂട്ടാക്കുന്നില്ലെങ്കിൽ അവനും നമ്മെ സ്വീകരി
ക്കുവാൻ കൂട്ടാക്കുകയില്ല.

13നാം അവിശ്വസ്തരായിരിക്കുമ്പോഴും അ
വൻ വിശ്വസ്തനായിരിക്കും. കാരണം അവന്
തന്നെത്തന്നെ നിഷേധിക്കുവാൻ പറ്റില്ല.

ഒരു അഭിമതനായ പ്രവർത്തകൻ

14ആൾക്കാരോട് ഈ കാര്യങ്ങൾ പറഞ്ഞു
കൊണ്ടിരിക്കുക. വാക്കുകളെപ്പറ്റി തർക്കിക്കരുത്
എന്ന് ദൈവമുമ്പാകെ ജനങ്ങളെ താക്കീതു
ചെയ്യുക. വാക്കുകളെപ്പറ്റിയുള്ള തർക്കം ഒരുവ
നെയും സഹായിക്കില്ല. അത് കേൾക്കുന്നവരെ
നശിപ്പിക്കും. 15ദൈവത്തിനു സ്വീകാര്യനായ
ഒരുവനാകുന്നതിന് ഏറ്റവും നന്നായി പ്രവർ
ത്തിക്കുക. കൂടാതെ ദൈവത്തിന് നിന്നെ
ത്തന്നെ സമർപ്പിക്കുക. തൻെറ സ്വന്തം പ്രവൃ
ത്തിയെക്കുറിച്ച് ലജ്ജിതനാകാതെ സത്യമായ
ഉപദേശം ശരിയായ രീതിയിൽ വിനിയോഗി
ക്കുന്ന ഒരു പ്രവർത്തകനായിത്തീരുക. 16ദൈവ
ത്തിൽനിന്നും ഉള്ളതല്ലാത്ത നിഷ്പ്രയോജന
മായ കാര്യങ്ങൾ സംസാരിക്കുന്നവരിൽനിന്നും
ഒഴിഞ്ഞു നിൽക്കുക. അത്തരം ഭാഷണം ഒരു
വനെ കൂടുതൽ കൂടുതൽ ദൈവത്തിനെതിരി
രാക്കും. 17അവരുടെ തെറ്റായ ഉപദേശം ശരീര
ത്തിനുള്ളിൽ അർബുദവ്യാധി പോലെ പടരും.
ഹുമനയോസും ഫിലേത്തോസും അത്തരക്കാ
രാണ്. 18അവർ സത്യോപദേശം ത്യജിച്ചു. എല്ലാ
വിശ്വാസികളുടെയും മരണത്തിൽനിന്നുള്ള
ഉത്ഥാനം നേരത്തേതന്നെ സംഭവിച്ചു എന്ന്
അവർ പറയുന്നു. ആ രണ്ടു മനുഷ്യരും ചില
രുടെ വിശ്വാസത്തെ നശിപ്പിക്കുകയാണ്. 19എ
ന്നാൽ ദൈവത്തിൻെറ ബലവത്തായ അടി
സ്ഥാനം അതുതന്നെയായിത്തുടരുന്നു. ഈ വാ
ക്കുകൾ ആ അടിസ്ഥാനത്തിൽ ആലേഖനം
ചെയ്യപ്പെട്ടിരിക്കുന്നു: “കർത്താവിനു തനിക്കു
ള്ള ആൾക്കാരെ അറിയാം.”*കൂടാതെ ഈ വാ
ക്കുകൾകൂടി ഇവിടെ എഴുതിയിരിക്കുന്നു: “കർ
ത്താവിൽ വിശ്വസിക്കുന്നു എന്നു പറയുന്ന
ഏവരും തിന്മ ചെയ്യുന്നതിൽനിന്നും വിരമി
ക്കണം.”

20ഒരു വലിയ വീട്ടിൽ സ്വർണ്ണം കൊണ്ടും
വെള്ളി കൊണ്ടും നിർമ്മിച്ച വസ്തുക്കൾ
കാണും. എന്നാൽ അവിടെ തടികൊണ്ടും കളിമ
ണ്ണുകൊണ്ടും നിർമ്മിതമായ പാത്രങ്ങളും ഉണ്ട്.
ചിലത് സവിശേഷ കാര്യങ്ങൾക്കായി ഉപയോ
ഗിക്കുന്നു. മറ്റുള്ളവ വിലയില്ലാത്ത കാര്യങ്ങൾ
ക്കായി നിർമ്മിച്ചിരിക്കുന്നു. 21ഒരുവൻ എല്ലാ
ദുഷ്ടതകളിൽനിന്നും സ്വയം ശുദ്ധീകരിക്കുക
യാണെങ്കിൽ അന്നേരം മുതൽ ആ വ്യക്തി
പ്രത്യേക കാര്യങ്ങൾക്കായി ഉപയോഗിക്ക
പ്പെടും. ആ വ്യക്തിയെ വിശുദ്ധനാക്കി, തൻെറ
യജമാനൻ അവനെ ഉപയോഗിക്കും. ആ
വ്യക്തി എന്തുനല്ല കാര്യം ചെയ്യുവാനും തയ്യാ
റായിരിക്കും.

22ഒരു ചെറുപ്പക്കാരൻ ചെയ്യാൻ ആഗ്രഹി
ക്കുന്ന എല്ലാ ദുഷ്ടതകളിൽനിന്നും അകന്നു
നിൽക്കുക. വിശ്വാസവും സ്നേഹവും സമാ
ധാനവും ഉള്ളവനായി നീതിയിൽ ജീവിക്കു
വാൻ കഠിനമായി പരിശ്രമിക്കുക. ഈ കാര്യങ്ങ
ളത്രയും ശുദ്ധഹൃദയരുടെയും കർത്താവിൽ വി
ശ്വാസം ഉള്ളവരുടെയും കൂടെ ചെയ്യുക. 23മൗ
ഢ്യവും അസംഗതവുമായ തർക്കങ്ങളിൽ നിന്നു
അകന്നു നിൽക്കുക. തർക്കങ്ങൾ വലിയ
വിവാദം ആയി വളരുമെന്ന് നിനക്ക് അറിയാം.
24ദൈവത്തിൻെറ ദാസൻ തർക്കിക്കരുത്. അവൻ
എല്ലാവരോടും ദയാലുവാകണം. ദൈവത്തി
ൻെറ ദാസൻ നല്ല ഒരു ഉപദേഷ്ടാവായിരി
ക്കണം. അവൻ ക്ഷമാശീലനാകണം. 25തന്നോട്
യോജിച്ചു പോകാത്ത ആൾക്കാരെ കർത്താ
വിൻെറ ദാസൻ സൗമ്യമായി പഠിപ്പിക്കണം.
ദൈവം അവരുടെ ഹൃദയങ്ങളെ സത്യസ്വീക
രണത്തിന് ഒത്തവണ്ണം മാറ്റുവാനുള്ള അവ
സരം അവർക്കു കൊടുത്തേക്കാം. 26അക്കൂട്ടരെ
പിശാച് കെണിയിൽപ്പെടുത്തി തനിക്കാവശ്യ
മായ കാര്യങ്ങൾ ചെയ്യുവാൻ ഒരുക്കുന്നു.
എന്നാൽ അവർക്ക് ഉണർന്ന്, പിശാച് തങ്ങളെ
ഉപയോഗിക്കുകയാണെന്ന് കണ്ട്, പിശാ
ചിൻെറ കെണിയിൽനിന്നും തങ്ങളെത്തന്നെ
സ്വതന്ത്രരാക്കാൻ വേണമെങ്കിൽ കഴിയും.

അവസാനനാളുകൾ

3 ഇതോർക്കുക! അവസാനനാളുകളിൽ
അനേകം കഷ്ടങ്ങൾ ഉണ്ടാകും. 2ആ
കാലത്ത് ജനം തങ്ങളെത്തന്നെയും പണത്തെ
യും മാത്രമേ സ്നേഹിക്കൂ. അവർ അഹങ്കാരി
കളും പൊങ്ങച്ചക്കാരുമാകും. ആളുകൾ മറ്റാളുക
ൾക്കെതിരെ മോശമായ കാര്യങ്ങൾ പറയും.
ആൾക്കാർ തങ്ങളുടെ മാതാപിതാക്കളെ അനു

“കർത്താവ് ... അറിയാം” ഉദ്ധരണി സംഖ്യ. 16:5.

സരിക്കയില്ല. ആൾക്കാർ നന്ദികെട്ടവരാകും.
അവർ ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള
ആൾക്കാരാകുകയില്ല. 3ആൾക്കാർക്ക് പരജന
ത്തോട് സ്നേഹം കാണുകയില്ല. അവർ അന്യ
രോട് ക്ഷമിക്കുവാൻ കൂട്ടാക്കാതിരിക്കുകയും
അവരെക്കുറിച്ച് ചീത്തക്കാര്യങ്ങൾ സംസാരിക്കു
കയും ചെയ്യും. ആൾക്കാർ സ്വയം നിയന്ത്രിക്ക
യില്ല. അവർ മനുഷ്യത്വമില്ലാത്തവരും സദ്കാ
ര്യങ്ങളെ എതിർക്കുന്നവരും ആയിരിക്കും. 4അവ
സാന നാളുകളിൽ ആളുകൾ തങ്ങളുടെ സുഹൃ
ത്തുക്കൾക്കെതിരെ തിരിയും. ചിന്തിക്കാതെ
അവർ വിഡ്ഢിത്തരങ്ങൾ ചെയ്യും. അവർ
അഹങ്കാരമുള്ളവരാകുകയും സുഖലോലുപത
ഇഷ്ടപ്പെടുകയും ചെയ്യും- അവർ ദൈവത്തെ
സ്നേഹിക്കയില്ല. 5അവർ നമ്മുടെ മതത്തി
ന്റെ ബാഹ്യരൂപത്തിൽ പിടിച്ചു നിൽക്കും.
പക്ഷെ അതിന്റെ യഥാർത്ഥ ശക്തിയെ നിരാ
കരിക്കുകയും ചെയ്യും. തമൊഥെയൊസേ,
അത്തരക്കാരിൽനിന്നും അകന്നു മാറുക. 6അക്കൂ
ട്ടരിൽ ചിലർ അബലകളായ സ്ത്രീകളുടെ
വീടുകളിൽ പ്രവേശിച്ച് അവരെ പ്രാപിക്കും.
ആ സ്ത്രീകൾ ആകമാനം പാപത്തിൽ നിറഞ്ഞ
വരാണ്. ആ സ്ത്രീകൾ തങ്ങൾ നടപ്പാക്കാൻ
ആഗ്രഹിക്കുന്ന പല ദുഷ്ടതയാൽ പാപത്തി
ലേക്കു നയിക്കപ്പെട്ടവരാണ്. 7ആ സ്ത്രീകൾ
പുതിയ ഉപദേശങ്ങൾ പഠിക്കാൻ എപ്പോഴും
ശ്രമിക്കുമെങ്കിലും സത്യത്തെ പൂർണ്ണമായും ഉൾ
ക്കൊള്ളാൻ അവർക്ക് ഒരിക്കലും സാധിക്കയില്ല.
8യന്നേസിനേയും യംബ്രേസിനേയും സ്മരി
ക്കുക. അവർ മോശെക്ക് എതിരായിരുന്നു. ഈ
യാളുകൾ അവരെപ്പോലെയാണ്. അവരും
സത്യത്തിന് എതിരാണ്. ധാരണാശക്തി നിഷേ
ധിക്കപ്പെട്ടവരാണവർ. കലുഷിത ചിന്താഗതി
ഉള്ളവരാണവർ. വിശ്വാസം പിന്തുടരുന്നതിൽ
അവർ പരാജയപ്പെട്ടു. 9എന്നാൽ തങ്ങൾ ചെയ്യു
ന്ന കാര്യങ്ങളിൽ അവർ വിജയശ്രീലാളിതരാകു
കയില്ല. അവർ വിഡ്ഢികളാണെന്ന് എല്ലാ
വരും കാണും. അതാണ് യന്നേസിനും യംബ്രേ
സിനും സംഭവിച്ചത്.

നിർദ്ദേശങ്ങൾ- ഉപസംഹാരം

10എന്നാൽ എന്നെക്കുറിച്ചുള്ളതെല്ലാം നിനക്ക
റിയാം. ഞാൻ പഠിപ്പിക്കുന്നതെന്താണെന്നും എ
ന്റെ ജീവിതരീതിയും നിനക്കറിയാം. എന്റെ
ജീവിതത്തിലെ ലക്ഷ്യം എന്താണെന്ന് നിനക്ക
റിയാം. എന്റെ വിശ്വാസവും ക്ഷമയും സ്നേ
ഹവും സഹനവും പീഡനവും ക്ലേശവും
എല്ലാം നിനക്കറിയാം. 11അന്ത്യോക്ക്യയിലും
ഇക്കോന്യയിലും ലുസ്രയിലും എനിക്കു വന്നു
പെട്ട കാര്യങ്ങളെക്കുറിച്ച് നിനക്കറിയാം. ആ
സ്ഥലങ്ങളിൽ ഞാനേറ്റ പീഢനങ്ങളെക്കുറിച്ചും
ദുരിതങ്ങളെക്കുറിച്ചും നിനക്കറിയാം. എന്നാൽ
കർത്താവ് എന്നെ ആ ക്ലേശങ്ങളിൽ നിന്നെല്ലാം
രക്ഷിച്ചു. 12ക്രിസ്തുയേശുവിൽ ദൈവേച്ഛാ
നുസരണം ജീവിക്കാനാഗ്രഹിക്കുന്ന ഏവനും
പീഢിപ്പിക്കപ്പെടും. 13ദുഷ്ടരും അന്യരെ വഞ്ചി
ക്കുന്നവരും മേലാൽ കൂടുതൽ ദോഷവാന്മാ
രാകും. അവർ അന്യരെ വിഡ്ഢികളാക്കുമെ
ങ്കിലും അവർ തങ്ങളെത്തന്നെ വിഡ്ഢികളാ
ക്കുകയാണ് ചെയ്യുന്നത്. അതേ സമയം അതു
വഴി അവർ തങ്ങളെത്തന്നെ വഞ്ചിക്കുകയും
ചെയ്യും.
14എന്നാൽ നീ ഗ്രഹിച്ച ഉപദേശങ്ങൾ തുടർ
ന്ന് പിൻതുടരുക. ആ ഉപദേശങ്ങളത്രയും ശരി
യാണെന്നു നിനക്കറിയാം. നിന്നെ ആ വക
കാര്യങ്ങൾ പഠിപ്പിച്ച ആൾക്കാരെ ആശ്രയിക്കാ
മെന്നും നിനക്കറിയാം. 15കുട്ടിയായിരുന്നപ്പോൾ
മുതൽ നീ തിരുവെഴുത്തുകൾ അറിഞ്ഞിരുന്നു.
ആ തിരുവെഴുത്തുകൾ നിന്നെ വിവേകിയാ
ക്കാൻ കെല്പുറ്റതാണ്. ആ പരിജ്ഞാനം യേശു
ക്രിസ്തുവിലുള്ള വിശ്വാസം വഴി മോക്ഷത്തി
ലേക്കു നയിക്കും. 16എല്ലാ തിരുവെഴുത്തും ദൈവ
ത്താൽ നൽകപ്പെട്ടതാണ്. എല്ലാ തിരുവെഴുത്തും
പഠിപ്പിക്കുവാനും ജനങ്ങളുടെ ജീവിതത്തിലെ
തെറ്റുകൾ എടുത്തു കാണിക്കുവാനും ഉപയോഗ
മുള്ളതാണ്. അത് തെറ്റുകളെ തിരുത്താനും ശരി
യായി ജീവിക്കേണ്ടതെങ്ങനെയെന്നു കാണി
ക്കുവാനും ഉപയോഗപ്രദമാണ്. 17തിരുവെഴു
ത്തുകൾ ഉപയോഗിച്ചുകൊണ്ട് ദൈവത്തെ
ശുശ്രൂഷിക്കുന്നവൻ ഒരുക്കമുള്ളവനും എല്ലാ
സൽപ്രവൃത്തികളും ചെയ്യുവാനാവശ്യമായ
എല്ലാ കാര്യങ്ങളും ലഭിക്കുന്നവനും ആയി
രിക്കും.

4 ദൈവത്തിന്റെയും യേശുക്രിസ്തുവിന്റെ
യും മുമ്പാകെ ഞാൻ നിനക്കൊരു കല്പന
തരുന്നു. ജീവിക്കുന്നവരേയും മരിച്ചവരേയും
വിധിക്കുന്നവനാണ് ക്രിസ്തുയേശു. ക്രിസ്തു
വിന് ഒരു രാജ്യമുണ്ട്. അവൻ വീണ്ടും വരി
കയും ചെയ്യും. അതിനാൽ ഈ ആജ്ഞ ഞാൻ
നിങ്ങൾക്കു തരുന്നു. 2ജനങ്ങളോടു സുവിശേഷം
പറയുക. ഏതു സമയത്തും തയ്യാറായിരിക്കുക.
ആളുകളോട് അവർ ചെയ്യേണ്ടതെന്താണെന്ന്
പറയുക. തെറ്റ് ചെയ്യുമ്പോൾ അതും പറയുക.
അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
ഇതെത്രയും വലിയ ക്ഷമയോടും ശ്രദ്ധാപൂർവ്വ
മായ ഉപദേശത്താലും നടപ്പാക്കുക. 3ആൾക്കാർ
സത്യ ഉപദേശത്തെ ശ്രദ്ധിക്കാത്ത നാഴികവരും.
എന്നാൽ ജനങ്ങൾ തങ്ങളെ പ്രീതിപ്പെടുത്തുന്ന
ധാരാളം അദ്ധ്യാപകരെ കണ്ടെത്തും. ആ ജന
ങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ
പറയുന്ന അദ്ധ്യാപകരെ അവർ കണ്ടെത്തും.
4ശ്രദ്ധാപൂർവ്വമായ സത്യശ്രവണം ആൾക്കാർ
നിർത്തും. തെറ്റായ കഥകളിലെ ഉപദേശങ്ങൾ
പിന്തുടരാൻ അവർ തുടങ്ങും. 5എന്നാൽ നീ
ഏതുസമയത്തും ആത്മനിയന്ത്രണം ഉള്ളവനാ
കണം. പ്രയാസങ്ങൾ വരുമ്പോൾ അവയെ
സ്വീകരിക്കുക. സുവിശേഷപ്രചരണം നട
ത്തുക. ദൈവത്തിന്റെ ഒരു ദാസന്റെ എല്ലാ
കടമകളും ചെയ്യുക.
6എന്റെ ജീവിതം ഒരു യാഗമായി ദൈവ
ത്തിന് സമർപ്പിക്കുന്നു. ഈ ജീവിതം ഇവിടെ
ഉപേക്ഷിക്കാൻ എനിക്ക് സമയം സമാഗതമാ
യിരിക്കുന്നു. 7ഞാൻ നന്നായി പൊരുതിയി
ട്ടുണ്ട്. ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കിയി
രിക്കുന്നു. ഞാൻ എന്റെ വിശ്വാസം കാത്തുസൂ
ക്ഷിക്കുകയും ചെയ്തിരിക്കുന്നു. 8ഇനി, കിരീടം
എനിക്കായി കാത്തിരിക്കുന്നു. ദൈവമുമ്പാകെ
നീതീകരിക്കപ്പെട്ടവനായതുകൊണ്ട് എനിക്ക്
ആ കിരീടം ലഭിക്കും. നീതിപൂർവ്വകമായി
വിധിക്കുന്ന ന്യായാധിപൻ കർത്താവാണ്. ആ
ദിവസം അവൻ എനിക്ക് കിരീടം തരും. അതെ!
ആ കിരീടം അവൻ എനിക്കുതരും. അവൻ ആ
കിരീടം അവന്റെ രണ്ടാം വരവിനായി ആഗ്ര
ഹിച്ചു കാത്തിരുന്ന എല്ലാവർക്കും കൊടുക്കും.

വ്യക്തിപരമായ വാക്കുകൾ

9എന്റെയടുത്ത് എത്രയും പെട്ടെന്ന് എത്തു
വാൻ നിനക്കു കഴിയാവുന്നത്ര കഠിനമായി

ശ്രമിക്കുക. **10**ദേമാസ്, ഈ ലോകത്തെ അത്യ
ധികം സ്നേഹിച്ചു. അതുകൊണ്ടാണ് അവൻ
എന്നെ വിട്ടുപിരിഞ്ഞത്. അവൻ തെസ്സലൊ
നീക്കയിലേക്കു പോയി. ക്രേസ്കേസ് ഗലാത്യ
യിലേക്കും പോയി. തീത്തൊസ് ദൽമാത്യെക്കും
പോയി. **11**ഇപ്പോഴും എന്നോടൊപ്പമുള്ളത് ലൂ
ക്കൊസ് ഒരാളു മാത്രമാണ്. നീ വരുമ്പോൾ
മർക്കോസിനെക്കൂടി കണ്ടെത്തി കൊണ്ടുവ
രണം. അവന് എന്നെ എന്റെ ജോലിയിൽ
സഹായിക്കാൻ പറ്റും. **12**തിഹിക്കൊസിനെ
ഞാൻ എഫെസൊസിലേക്ക് അയച്ചു. **13**ഞാൻ
ത്രോവാസിലായിരുന്നപ്പോൾ എന്റെ പുറങ്കു
പ്പായം കർപ്പൊസിന്റെയടുത്ത് വച്ചിരുന്നു.
അതും എന്റെ പുസ്തകങ്ങളും വിശേഷിച്ച്
ചർമ്മപത്രത്തിലെഴുതിയ പുസ്തകങ്ങളും നീ
വരുമ്പോൾ കൊണ്ടുവരിക.

14ലോഹപ്പണിക്കാരനായ അലെക്സന്തർ
എനിക്കെതിരെ ധാരാളം കാര്യങ്ങൾ ചെയ്തി
രുന്നു. താൻ ചെയ്ത കാര്യങ്ങളെപ്രതി അലെ
ക്സന്തരെ കർത്താവ് ശിക്ഷിക്കും. **15**അവൻ
നിന്നെയും വ്രണപ്പെടുത്താതിരിക്കാൻ ശ്രദ്ധി
ക്കണം. നമ്മുടെ ഉപദേശത്തിനെതിരെ അവൻ
ശക്തമായി പോരാടി.

16ഞാൻ ആദ്യമായി എന്നെ പ്രതിരോധിച്ച
നേരം ആരും എന്നെ സഹായിച്ചില്ല. എല്ലാവരും
എന്നെ ഉപേക്ഷിച്ചു, ദൈവം അവരോടു ക്ഷ
മിക്കട്ടേയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. **17**എ
ന്നാൽ, ദൈവം എന്റെയൊപ്പം നിന്നു. ജാതിക
ൾക്ക് പൂർണ്ണമായി സുവിശേഷം പറഞ്ഞു കൊ
ടുക്കത്തക്കവണ്ണം, കർത്താവ് എനിക്കു കരുത്തു
പകർന്നു. സകലജാതികളും ആ സുവിശേഷം
കേൾക്കണമെന്ന് കർത്താവ് ആഗ്രഹിച്ചു. ഞാൻ
സിംഹത്തിന്റെ വായിൽനിന്ന് രക്ഷപ്പെട്ടു.
18ആരെങ്കിലും എന്നെ മുറിപ്പെടുത്താൻ ശ്രമി
ക്കുമ്പോൾ കർത്താവ് എന്നെ രക്ഷിക്കും. കർ
ത്താവ് തന്റെ സ്വർഗ്ഗരാജ്യത്തിലേക്ക് എന്നെ
സുരക്ഷിതമായി എത്തിക്കും. മഹത്വം എന്നെ
ന്നേക്കും കർത്താവിന്റേതായിരിക്കട്ടെ.

അവസാന അഭിവാദനം

19പ്രിസ്ക്കെയെയും അകിലാവിനെയും
ഒനേസിഫൊരൊസിന്റെ കുടുംബത്തെയും
എന്റെ വന്ദനം അറിയിക്കുക. **20**എരസ്തൊസ്
കൊരിന്തിൽ തങ്ങി. ത്രൊഫിമൊസിനെ ഞാൻ
മിലേത്തിൽ വിട്ടേച്ചുപോന്നു. അവൻ രോഗി
യായിരുന്നു. **21**ശൈത്യത്തിനു മുൻപേ എന്റെ
യടുക്കലേക്ക് വരുവാൻ നിനക്കു കഴിയുന്നത്ര
കഠിനമായി യത്നിക്കുക. യൂബൂലൊസ് നിന്നെ
വന്ദനം ചെയ്യുന്നു. കൂടാതെ പൂദെസും ലീനൊ
സും ക്ലൌദിയയും ക്രിസ്തുവിലെ എല്ലാ സ
ഹോദരരും നിനക്കു വന്ദനം ചെയ്യുന്നു.

22കർത്താവ് നിന്റെ ആത്മാവിനോടു കൂടി
ഉണ്ടാകട്ടെ. കൃപ നിന്നോടൊപ്പം ഉണ്ടാകട്ടെ.

തീത്തൊസിനു എഴുതിയ ലേഖനം

1 ദൈവത്തിൻെറ ദാസനും യേശുക്രിസ്തു
വിൻെറ അപ്പൊസ്തലനുമായ പൌലൊസ്
അഭിവാദ്യങ്ങൾ നേരുന്നു. ദൈവത്തിൻെറ
തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ വിശ്വാസ
ത്തെ വർദ്ധിപ്പിക്കുന്നതിനായി ദൈവം എന്നെ
വിളിച്ചു. അവരെ സത്യം ഉൽബോധിപ്പിക്കാനും
എന്നെ അയച്ചിരിക്കുന്നു. ദൈവത്തിനുവേണ്ടി
എങ്ങനെ വേലചെയ്യണമെന്ന് ആ സത്യം ജന
ങ്ങളെ കാണിക്കുകയും ചെയ്യുന്നു. 2ആ വിശ്വാ
സവും, ആ അറിവും നിത്യജീവിതത്തിനാ
യുള്ള നമ്മുടെ പ്രത്യാശയിൽനിന്ന് വരുന്നു.
കാലത്തിൻെറ ആരംഭത്തിനുമുമ്പു ദൈവം ആ
ജീവനെ വാഗ്ദാനം ചെയ്തു. ദൈവം പൊളി
പറകയില്ല. 3തക്കസമയത്ത് ആ ജീവനെക്കുറിച്ച്
മനസ്സിലാകുന്നതിന് ദൈവം ലോകത്തെ അനു
വദിച്ചു. പ്രസംഗത്തിലൂടെ ദൈവം ലോക
ത്തോടു സംസാരിച്ചു. ദൈവം പ്രസംഗിക്കേണ്ട
ജോലി എന്നെ ഭരമേല്പിച്ചു. നമ്മുടെ രക്ഷക
നായ ദൈവം എന്നോടു അങ്ങനെ ചെയ്യാൻ
കല്പിച്ചതുകൊണ്ട് അക്കാര്യങ്ങൾ ഞാൻ പ്രസം
ഗിച്ചു.

4നമ്മുടെ വിശ്വാസത്തിൽ ഉള്ള എൻെറ യഥാ
ർത്ഥ പുത്രനായ തീത്തൊസിന് അഭിവാദന
ങ്ങൾ. നമ്മുടെ പിതാവായ ദൈവത്തിൽ
നിന്നും രക്ഷകനായ ക്രിസ്തു യേശുവിൽ
നിന്നും നിനക്ക് കൃപയും സമാധാനവും ഉണ്ടാ
കട്ടെ.

ക്രേത്തയിൽ തീത്തൊസിൻെറ ദൗത്യം

5തീരാത്ത ജോലികൾ പൂർത്തീകരിക്കുവാൻ
ആണ് ഞാൻ ക്രേത്തയിൽ നിന്നെ വിട്ടിട്ടു
പോന്നത്. കൂടാതെ എല്ലാ പട്ടണങ്ങളിലും മൂപ്പ
ന്മാരെ നിയമിക്കേണ്ടതിനും. 6മൂപ്പനാകുന്നവൻ
കുറ്റാരോപിതനാകരുത്. അവന് ഒരു ഭാര്യയേ
ഉണ്ടാകാവൂ. അവൻെറ മക്കൾ വിശ്വാസികളും
ആകണം. ക്രൂരന്മാരെന്നും, അനുസരണം ഇല്ലാ
ത്തവരെന്നും അവരെക്കുറിച്ച് ജനങ്ങൾ കേൾ
ക്കരുത്. 7ദൈവവേലകളുടെ സംരക്ഷണം ആണ്
മൂപ്പൻെറ ജോലി. അതുകൊണ്ട് അവൻ കുറ്റാ
രോപിതനാകരുത്. അവൻ അഹങ്കാരിയും സ്വാ
ർത്ഥനും മുൻകോപിയും ആകരുത്, അവൻ കുടി
ച്ചുമത്തനാകരുത്. അവൻ വഴക്കുണ്ടാക്കാൻ
ഇഷ്ടപ്പെടരുത്. അവൻ മനുഷ്യരെ വഞ്ചിച്ച്
ധനം ആർജ്ജിക്കുവാൻ ശ്രമിക്കുന്നവൻ ആക
രുത്. 8ഒരു മൂപ്പൻ തൻെറ ഭവനത്തിലേക്ക് സ്വീക
രിച്ചുകൊണ്ട് ജനങ്ങളെ സഹായിക്കുവാൻ
സന്നദ്ധനായിരിക്കണം. നല്ലത് എന്താണോ
അതിനെ അവൻ സ്നേഹിക്കണം. അവൻ
വിവേകശാലിയാകണം. അവൻ ധർമ്മിഷ്ടനാ
കണം. അവൻ വിശുദ്ധനായിരിക്കണം. സ്വയം
നിയന്ത്രിക്കുവാൻ കഴിവുള്ളവനായിരിക്കണം.
9അവൻ നാം പഠിപ്പിക്കുന്ന സത്യത്തിൻെറ
വിശ്വസ്ത അനുഗാമി ആയിരിക്കണം. സത്യസ
ന്ധമായ ഉപദേശത്താൽ ജനത്തെ സഹായിക്കു
വാൻ ഒരു മൂപ്പൻ ശക്തിയുള്ളവനായിരിക്കണം.
സത്യത്തിന് എതിരായി പഠിപ്പിക്കുന്നവർ തെ
റ്റാണ് ചെയ്യുന്നതെന്ന് തെളിയിക്കാൻ പ്രാപ്തി
യുള്ളവനാകണം ഒരു മൂപ്പൻ.

10അനുസരിക്കാത്തവരും കാതലില്ലാത്ത കാ
ര്യങ്ങൾ സംസാരിച്ചു അന്യരെ തെറ്റായ പാത
യിലേക്ക് നയിക്കുന്നവരുമായ കുറ്റവാളികൾ
അനേകരുണ്ട്. ജാതികൾ പരിച്ഛേദന കഴി
ക്കണം എന്നു പറയുന്നവരെപ്പറ്റിയാണ് ഞാൻ
മുഖ്യമായും സംസാരിക്കുന്നത്.

11ഇത്തരം അർത്ഥശൂന്യമായ ഭാഷണങ്ങളിൽ
നിന്ന് അവരെ തടയുവാനും അവർക്കു തെറ്റു
പറ്റിയെന്നു ചൂണ്ടിക്കാണിക്കുവാനും ഒരു
സഭയിലെ മൂപ്പന് കഴിവുണ്ടാകണം. അവർ
പഠിപ്പിക്കേണ്ടാത്ത കാര്യങ്ങൾ ഉപദേശിച്ച്
കുടുംബങ്ങളെ മുഴുവനും തകർക്കുകയാണ്. ജന
ങ്ങളെ കബളിപ്പിക്കാനും പണം ഉണ്ടാക്കാനും
മാത്രമാണ് അവർ അക്കാര്യങ്ങൾ ഉപദേശിക്കു
ന്നത്. 12“ക്രേത്തയിലെ ജനങ്ങൾ എപ്പോഴും
കള്ളം പറയുന്നവരും ദുഷ്ടമൃഗങ്ങളും ഭുജിക്കുക
മാത്രം ചെയ്യുന്ന മടിയരും” ആണെന്ന് അവരുടെ
തന്നെ ഒരു പ്രവാചകൻ പറഞ്ഞു. 13ആ പ്രവാ
ചകൻെറ വാക്കുകൾ ശരിയാണ്. അതിനാൽ
ആ മനുഷ്യരോടു പറയുക, അവർക്കു തെറ്റി
പ്പോയി എന്ന്. നീ അവരോടു കർശനമായി
പെരുമാറണം. അപ്പോൾ അവർ അവരുടെ
വിശ്വാസത്തിൽ ബലവാന്മാരാകും. 14അ
പ്പോൾ അവർ സത്യം സ്വീകരിക്കാത്തവരുടെ
കഥകൾ സ്വീകരിക്കയില്ല.

15നിർമ്മലർക്ക് എല്ലാം നിർമ്മലമാണ്.
എന്നാൽ പാപത്തിൽ മുഴുകിയവർക്കും അവി
ശ്വാസികൾക്കും ഒന്നും നിർമ്മലമല്ല. യഥാർ
ത്ഥത്തിൽ അവരുടെ ചിന്തകൾ ദുഷ്ടമായിത്തീ
രുകയും സത്യത്തെക്കുറിച്ചുള്ള അവരുടെ അന്ത
ക്കരണം നശിപ്പിക്കപ്പെടുകയും ചെയ്തിരി
ക്കുന്നു. 16അവർക്കു ദൈവത്തെ അറിയാമെന്ന്
അവർ പറയുന്നു. എന്നാൽ അവരുടെ ദുഷ്കർ
മ്മങ്ങൾ ദൈവത്തെ അവർ സ്വീകരിക്കയി
ല്ലെന്നു കാണിക്കുന്നു. അവർ ഭയങ്കരന്മാരും
അനുസരിക്കാൻ വിമുഖരും യാതൊരു നല്ല
കാര്യത്തിനും കൊള്ളരുതാത്തവരുമാകുന്നു.

സത്യ ഉപദേശം പിന്തുടരുക

2 യഥാർത്ഥ ഉപദേശം പിന്തുടരുന്നതിനു
വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യാൻ നിങ്ങൾ
ജനങ്ങളോട് പറയണം. 2പ്രായത്തിൽ മുതിർന്ന
പുരുഷന്മാരെ ആത്മനിയന്ത്രിതരും ഗൗരവപ്ര
കൃതരും വിവേകികളും ആകുവാൻ പഠിപ്പി
ക്കുക. അവർ വിശ്വാസത്തിലും സ്നേഹ
ത്തിലും സഹിഷ്ണതയിലും ബലം ഉള്ളവരാ
കണം.

3വിശുദ്ധജീവിതം നയിക്കാൻ മുതിർന്ന
സ്ത്രീകളെ പഠിപ്പിക്കുക. അന്യർക്കെതിരെ
സംസാരിക്കാതിരിക്കാനും അമിതമായി വീഞ്ഞു
കുടിക്കാതിരിക്കാനും അവരെ പഠിപ്പിക്കുക.

നല്ലത് എന്താണോ അത് ആ സ്ത്രീകൾ പഠി
പ്പിക്കട്ടെ. 4അപ്പോൾ ഭർത്താവിനെയും കുട്ടി
കളെയും സ്നേഹിക്കണമെന്ന് യുവതികളെ
പഠിപ്പിക്കാൻ അവർക്കു കഴിയും. 5വിവേകമതി
കളും ശുദ്ധരും വീട്ടുകാര്യം നോക്കുന്നവരും ദയ
യുള്ളവരും ഭർത്താവിനോട് വിധേയത്വമുള്ളവ
രുമാകുവാൻ യുവതികളെ അവർക്കു പഠിപ്പി
ക്കാൻ കഴിയും. അപ്പോൾ ദൈവം നമുക്കു തന്ന
ഉപദേശത്തെ വിമർശിക്കുവാൻ ആർക്കും കഴി
യുകയില്ല.

6ഇതുപോലെ തന്നെ വിവേകികളാകാൻ
യുവാക്കളോടും പറയുക. 7സർവ്വവഴികളിലും
യുവാക്കൾക്കു മാതൃകയാകാൻ തക്കവണ്ണം
നിങ്ങൾ സൽപ്രവൃത്തികൾ ചെയ്യണം. നിങ്ങൾ
പഠിപ്പിക്കുമ്പോൾ സത്യസന്ധരും ഗൗരവമുള്ള
വരും ആകണം. 8വിമർശിക്കാൻ കഴിയാത്ത
വണ്ണം, പഠിപ്പിക്കുമ്പോൾ സത്യം പറയുക.
അപ്പോൾ നിങ്ങൾക്കെതിരെ മോശമായി ഒന്നും
പറയാനില്ലാത്തതുകൊണ്ട് നിങ്ങളുടെ എതി
രാളി ലജ്ജിക്കും.

9അടിമകൾ ആയിരിക്കുന്നവരോട് ഇക്കാര്യ
ങ്ങൾ പറയുവിൻ. എക്കാലത്തും അവരുടെ ഉടമ
കളെ അവർ അനുസരിക്കണം. അവരുടെ ഉടമ
കളെ പ്രീതിപ്പെടുത്തുവാൻ അവർ ശ്രമിക്കണം.
അവർ അവരുടെ ഉടമകളോട് വാദിക്കയുമരുത്.
10അവർ അവരുടെ ഉടമകളിൽനിന്നും മോഷ്ടി
ക്കരുത്. തങ്ങൾ വിശ്വസ്തരാണെന്ന് അവർ
ഉടമകളെ കാണിക്കണം. നമ്മുടെ രക്ഷകനായ
ദൈവത്തിന്റെ ഉപദേശങ്ങൾ നല്ലതാണെന്നു
കാണിക്കുവാനായി അവർ ചെയ്യുന്ന എല്ലാ
റ്റിനും അടിമകൾ ഇക്കാര്യങ്ങൾ ചെയ്യണം.

11ദൈവകൃപ നമുക്ക് നൽകപ്പെട്ടിരിക്കുന്നു.
ആ കൃപയ്ക്ക് ആരെയും രക്ഷിക്കാനുള്ള കഴി
വുണ്ട്. 12ലോകം നമ്മളെക്കൊണ്ട് ചെയ്യിക്കാനാ
ഗ്രഹിക്കുന്ന ചീത്തകാര്യങ്ങൾ ചെയ്യാതിരി
ക്കാനും ദൈവത്തിനെതിരായി ജീവിക്കാതിരി
ക്കാനും അവന്റെ കൃപ നമ്മെ പഠിപ്പിക്കുന്നു.
ദൈവസേവനം ചെയ്തുകൊണ്ട് ഈ ലോക
ത്തിൽ ജീവിക്കുവാനും സ്വയം നിയന്ത്രിതവും
നീതിപരവും ആയ ജീവിതം നയിക്കാനും
അവന്റെ കൃപ നമ്മെ പഠിപ്പിക്കുന്നു. 13നമ്മുടെ
മഹാദൈവവും രക്ഷകനുമായ യേശുക്രിസ്തു
വിനെയും കാത്തുനിൽക്കുമ്പോൾ നാം അങ്ങ
നെ ജീവിക്കണം. അവൻ നമ്മുടെ വലിയ
പ്രത്യാശയാണ്. മഹത്വത്തോടുകൂടി അവൻ
വരികയും ചെയ്യും. 14അവൻ നമുക്ക് സ്വയം
നൽകി. എല്ലാ ദുഷ്ടതകളിൽനിന്നും നമ്മെ
മോചിതരാക്കുവാൻ അവൻ മരിച്ചു. എപ്പോഴും
നല്ലതു ചെയ്യുവാൻ ആഗ്രഹിക്കുന്ന നമ്മെ അവ
ന്റെ വിശുദ്ധജനമാക്കുവാനായി അവൻ
മരിച്ചു.

15ഈ കാര്യങ്ങൾ ജനങ്ങളോടു പറയുവിൻ.
നിനക്കതിനു പൂർണ്ണാധികാരമുണ്ട്. അതിനാൽ
ജനങ്ങളെ ശക്തിപ്പെടുത്താനും ചെയ്യേണ്ടത്
എന്താണെന്നു പറയുവാനുമായി ഈ അധി
കാരം ഉപയോഗിക്കുക. നീ അഗണ്യനെന്നു
കരുതുവാൻ ഒരാളെയും അനുവദിക്കരുത്.

ശരിയായ മാർഗ്ഗം

3 ഈ കാര്യങ്ങൾ ചെയ്യുവാൻ അവർ ഓർക്ക
ണമെന്ന് അവരോടു പറയുക: നേതാക്കന്മാ
ർക്കും അധികാരികൾക്കും വിധേയരാകുന്ന
തിനും സൽപ്രവൃത്തികളുടെ അനുഷ്ഠാന
ത്തിനു തയ്യാറാകുന്നതിനും 2ഒരു ദുഷ്ടതയും
ഒരുവനെക്കുറിച്ചും പറയാതിരിക്കുന്നതിനും
അന്യരുമായി സമാധാനത്തിൽ ജീവിക്കുന്ന
തിനും അന്യരോടു സൗമ്യരായിരിക്കുവാനും
മറ്റുള്ളവരോടു മര്യാദയുള്ളവരായിരിക്കുവാനും.
എല്ലാവരോടും ഇങ്ങനെ പെരുമാറണമെന്ന്
വിശ്വാസികളോടു പറയുക.

3പണ്ട് നമ്മളും വിഡ്ഢികളായിരുന്നു. നമ്മൾ
അനുസരിക്കാത്തവരും വഞ്ചിക്കപ്പെട്ടവരും
എല്ലാ തരത്തിലുള്ള വികാരങ്ങൾക്കും മോഹങ്ങ
ൾക്കും അടിമകളുമായിരുന്നു. ദുഷ്ടത ചെയ്തും
അസൂയാലുക്കളുമായി നാം ജീവിച്ചു. ജനം
നമ്മെ വെറുക്കുകയും നാം പരസ്പരം വെറുക്കു
കയും ചെയ്തു. 4എന്നാൽ അപ്പോൾ നമ്മുടെ
രക്ഷകനായ ദൈവം നമ്മോട് കരുണയും
സ്നേഹവും കാണിച്ചു. 5ദൈവസമക്ഷം നീതി
യുള്ള പ്രവൃത്തി ചെയ്തതുകൊണ്ടല്ല പ്രത്യുത
അവന്റെ കരുണ കൊണ്ട് അവൻ നമ്മെ
രക്ഷിച്ചു. നമ്മെ പുതിയ ജനമാക്കുന്ന കഴുകൽ
കൊണ്ട് അവൻ നമ്മെ രക്ഷിച്ചു. പരിശുദ്ധാ
ത്മാവു വഴി നമ്മെ പുതുതാക്കി അവൻ
രക്ഷിച്ചു. 6നമ്മുടെ രക്ഷകനായ യേശുക്രിസ്തു
വഴി പരിശുദ്ധാത്മാവിനെ മുഴുവനായി
ദൈവം നമ്മിലേക്ക് പകർന്നു തന്നു. 7അവന്റെ
കൃപയാൽ നാം ദൈവത്തോട് നീതീകരണം
പ്രാപിച്ചു. അതുകൊണ്ട് നാം പ്രതീക്ഷിക്കുന്ന
നിത്യജീവനെ പ്രാപിക്കാൻ കഴിയും. ഇതാണ്
നമ്മുടെ പ്രത്യാശ. 8ഈ ഉപദേശം സത്യമാണ്.
ആളുകൾക്ക് ഈ കാര്യങ്ങളൊക്കെ മനസ്സി
ലാകുന്നുണ്ടെന്ന് തീർച്ചപ്പെടുത്തണമെന്നും
ഞാനാഗ്രഹിക്കുന്നു. അപ്പോൾ ദൈവത്തെ
വിശ്വസിച്ചവർക്കു നല്ലതു പ്രവർത്തിക്കുവാ
നായി അവരുടെ ജീവിതം ഉപയോഗിക്കുന്ന
തിന് ശ്രദ്ധയുണ്ടാകും. എല്ലാവരെയും സഹായി
ക്കുന്ന നല്ല കാര്യങ്ങളാണ് ഇവ.

9ഭോഷത്തം നിറഞ്ഞ വാദപ്രതിവാദങ്ങളിൽ
ഏർപ്പെടുന്നവരിൽനിന്നും നിഷ്പ്രയോജന
മായ കുടുംബചരിത്രങ്ങൾ പറയുന്നവരിൽ
നിന്നും മോശെയുടെ ന്യായപ്രമാണത്തെ
ച്ചൊല്ലി പ്രശ്നങ്ങളും കലഹവും ഉണ്ടാക്കുന്ന
വരിൽനിന്നും അകന്നു നിൽക്കുവിൻ. അത്തരം
കാരങ്ങൾ വ്യർത്ഥവും ജനങ്ങൾക്ക് യാതൊരു
പ്രയോജനം ചെയ്യാത്തവയുമാണ്. 10ഒരാൾ
വാദപ്രതിവാദത്തിന് കാരണം ഒരുക്കുന്നെങ്കിൽ
അവനു താക്കീതു നൽകുക. പിന്നെയും അവൻ
തർക്കങ്ങൾക്ക് കാരണക്കാരനാകുന്നുവെങ്കിൽ
വീണ്ടും താക്കീതു നൽകുക. പിന്നെയും അതു
തുടരുന്നുവെങ്കിൽ അവനുമായി ഇടപഴകരുത്.
11അത്തരം ഒരാൾ പാപിയും ദുഷ്ടനും ആ
ണെന്ന് നിങ്ങൾക്കറിയാമല്ലോ. അവൻ തെറ്റുകാ
രനാണെന്ന് അവന്റെ പാപം തെളിയിക്കുന്നു.

ഓർമ്മിക്കേണ്ട
ചില കാര്യങ്ങൾ

12ആർത്തെമാസിനെയോ അല്ലെങ്കിൽ തിഹി
ക്കൊസിനെയോ ഞാൻ നിന്റെ അടുത്തേക്ക്
അയക്കുമ്പോൾ നിക്കൊപ്പൊലിസിൽ എന്റെ
അടുത്തു വരുവാൻ തീവ്രമായി ശ്രമിക്കണം.ഈ
മഞ്ഞുകാലം അവിടെ ചെലവഴിക്കാൻ ഞാൻ
തീരുമാനിച്ചിരിക്കുന്നു. 13സേനാസ് എന്ന വക്കീ
ലും അപ്പൊല്ലോസും അവിടെനിന്നാണു പുറ
പ്പെടുക. അവരുടെ യാത്രയ്ക്കു നിനക്കാവു
ന്നത് എല്ലാം ചെയ്യുക. ആവശ്യമുള്ളതെല്ലാം

അവർക്കുണ്ട് എന്ന് ഉറപ്പുവരുത്തണം.
14സൽ
പ്രവൃത്തി ചെയ്യുന്നതിനായി അവരുടെ ജീവി
തത്തെ ക്രമപ്പെടുത്തുവാൻ നമ്മുടെ ജനങ്ങൾ
തീർച്ചയായും പഠിക്കണം. അടിയന്തിരമായ
ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി അവർ
ഇതു ചെയ്യണം. അപ്പോൾ നമ്മുടെ ജനങ്ങൾ
ഉപയോഗശൂന്യമായ ജീവിതം നയിക്കയില്ല.
15ഇവിടെ എന്നോടൊപ്പം ഉള്ളവരെല്ലാം
നിങ്ങളെ വന്ദനം ചെയ്യുന്നു. വിശ്വാസത്തിൽ
ഞങ്ങളെ സ്നേഹിക്കുന്ന എല്ലാവർക്കും വന്ദനം
പറയുക. കൃപ നിങ്ങളോടു കൂടിയുണ്ടായിരി
ക്കട്ടെ!

ഫിലേമോന്നു എഴുതിയ ലേഖനം

ഞങ്ങളുടെ പ്രിയ സഹപ്രവർത്തകനായ
ഫിലേമോന്നു നമ്മുടെ സഹോദരി അപ്പി
യെക്കും സഹസേനാനിയായ അർക്കിപ്പൊ
സിനും നിങ്ങളുടെ വീട്ടിൽ കൂടുന്ന സഭയ്ക്കും
2ക്രിസ്തുയേശുവിന്റെ ഒരു തടവുകാരനായ
പൌലൊസും നമ്മുടെ സഹോദരൻ തിമൊഥെ
യൊസും വന്ദനങ്ങൾ നേരുന്നു.
3നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും
നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

ഫിലേമോന്റെ സ്നേഹവും വിശ്വാസവും

4ഞാനെപ്പോഴും നിന്നെ പ്രാർത്ഥനയിൽ ഓർ
ക്കുകയും നിനക്കായി ദൈവത്തോട് നന്ദി പറ
യുകയും ചെയ്യുന്നു. 5കർത്താവായ യേശുവിൽ
നിനക്കുള്ള വിശ്വാസത്തെപ്പറ്റിയും ദൈവത്തി
ന്റെ സകല വിശുദ്ധ ജനങ്ങളോടുള്ള നിന്റെ
സ്നേഹത്തെപ്പറ്റിയും ഞാൻ കേൾക്കുന്നു. നിന
ക്കുള്ള ഈ വിശ്വാസത്തിനും സ്നേഹത്തിനും
ഞാൻ ദൈവത്തിനു നന്ദി പറയുന്നു. 6സകല
വിശ്വാസികളുമായി നീ പങ്കിടുന്ന വിശ്വാസം
നമുക്ക് ക്രിസ്തുവിലുള്ള എല്ലാ നന്മകളെയും
മനസ്സിലാക്കുവാൻ കാരണമാകണമേ എന്നും
ഞാൻ പ്രാർത്ഥിക്കുന്നു. 7എന്റെ സഹോദരാ,
ദൈവജനത്തോടു നീ സ്നേഹം കാണിച്ചിരി
ക്കുന്നു. നീ അവർക്ക് സന്തോഷം നൽകിയിരി
ക്കുന്നു. ഇത് എനിക്ക് വലിയ സന്തോഷവും
ആശ്വാസവും തന്നിരിക്കുന്നു.

ഒനേസിമൊസിനെ സഹോദരനായി സ്വീകരിക്കുന്നു

8നീ ചിലതു ചെയ്യാനുണ്ട്. ക്രിസ്തുവിലുള്ള
നിന്റെ സ്നേഹം കാരണം നീ അതു ചെയ്യണ
മെന്ന് ആജ്ഞാപിക്കുവാൻ എനിക്കു സ്വാത
ന്ത്ര്യം ഉണ്ട്. 9പക്ഷേ ഞാൻ നിന്നോടു ആജ്ഞാ
പിക്കുന്നില്ല. അതു ചെയ്യുവാൻ നിന്നോടു
ഞാൻ ആവശ്യപ്പെടുന്നേയുള്ളൂ. ഞാൻ പൌ
ലൊസ് ആണ്. ഇപ്പോൾ ഞാനൊരു വൃദ്ധനും
ക്രിസ്തുയേശുവിന്റെ തടവുകാരനുമാണ്.
10എന്റെ പുത്രനായ ഒനേസിമൊസിനു വേ
ണ്ടി ഞാൻ ചോദിക്കുകയാണ്. ഞാൻ തട
വിലായിരുന്നപ്പോഴാണ് അവൻ എന്റെ പുത്ര
നായത്. 11അവൻ നിനക്കു പണ്ട് കൊള്ളരുതാ
ത്തവനായിരുന്നു. എന്നാൽ ഇപ്പോൾ അവൻ
എനിക്കും നിനക്കും ഉപകാരിയായിത്തീർന്നു.
12ഞാൻ അവനെ നിങ്ങളുടെ അടുത്തേക്ക്
തിരികെ അയയ്ക്കുന്നു. എന്റെ സ്വന്തം ഹൃദയം
ആണ് അവന്റെ ഒപ്പം ഞാൻ അയയ്ക്കുന്നത്.
13സുവിശേഷത്തിനു വേണ്ടി ഞാൻ തടവിലാ
യിരിക്കുന്ന ഈ സമയത്ത് എന്നെ സഹായിക്കു
ന്നതിനായി എന്റെ ഒപ്പം അവനെ നിർത്തുന്ന
തിന് ഞാൻ ആഗ്രഹിച്ചു. നിങ്ങൾക്കുവേണ്ടി
അവൻ എന്നെ സഹായിക്കും. 14എന്നാൽ
ആദ്യമേ നിങ്ങളോട് ചോദിക്കാതെ ഞാൻ ഒന്നും
ചെയ്തില്ല. അപ്പോൾ നിങ്ങൾ എനിക്കായി
ചെയ്യുന്ന നല്ലതിന്റെ പ്രേരകശക്തി എന്റെ
നിർബന്ധത്താലല്ല പ്രത്യുത നിങ്ങളുടെ
സ്വന്തം ആഗ്രഹത്താലാണ്.
15എല്ലാക്കാലത്തേക്കുമായി ഒനേസിമൊ
സിനെ നിങ്ങൾക്കു ലഭിക്കാനായിരിക്കാം കുറ
ച്ചുനാൾ നിങ്ങളിൽനിന്നും വേർപിരിച്ചത്.
16ഒരു അടിമയായല്ല, അടിമയേക്കാളും മെച്ച
മായി ഒരു പ്രിയ സഹോദരനായാണ് അവനെ
നിങ്ങൾക്കു ലഭിക്കുന്നത്. ഞാനവനെ വളരെ
സ്നേഹിക്കുന്നു. പക്ഷേ നിങ്ങൾ അതി
ലേറെയും സ്നേഹിക്കുന്നു. കർത്താവിൽ ഒരു
സഹോദരനായും മനുഷ്യനായും നിങ്ങൾ
അവനെ സ്നേഹിക്കും.
17എന്നെ നിങ്ങളുടെ ഒരു സുഹൃത്തായി സ്വീ
കരിക്കുമെങ്കിൽ ഒനേസിമൊസിനെ സ്വീകരി
ക്കുക. എന്നെ സ്വാഗതം ചെയ്യുന്നതുപോലെ
അവനേയും സ്വാഗതം ചെയ്യുക. 18ഒനേസി
മൊസ് നിന്നോട് എന്തെങ്കിലും തെറ്റ് ചെയ്തു
എങ്കിൽ അഥവാ നിനക്കു എന്തെങ്കിലും തരാനു
ണ്ടെങ്കിൽ അത് എന്റെ പേരിൽ കണക്കിടുക.
19ഞാൻ, പൌലൊസ് സ്വന്തം കൈകൊണ്ടു
തന്നെയാണ് ഇത് എഴുതുന്നത്. ഒനേസിമൊസ്
തരാനുള്ളതെല്ലാം ഞാൻ തിരികെ തരാം. നിങ്ങ
ളുടെ ജീവനുവേണ്ടി തന്നെ എന്നോടുള്ള കട
പ്പാടിനെപ്പറ്റി ഒന്നും ഞാൻ പറകയില്ല. 20അതു
കൊണ്ട് എന്റെ സഹോദരാ, കർത്താവിൽ
എനിക്കു വേണ്ടി എന്തെങ്കിലും ചെയ്യുവാൻ
ഞാൻ ആവശ്യപ്പെടുന്നു. എന്റെ ഹൃദയത്തെ
ക്രിസ്തുവിൽ ആശ്വസിപ്പിക്കുക. 21ഞാനാവ
ശ്യപ്പെടുന്നത് നീ ചെയ്യുമെന്ന് അറിഞ്ഞു
കൊണ്ടാണ് ഇതെഴുതുന്നത്. ഞാനാവശ്യപ്പെടു
ന്നതിൽ കൂടുതൽ നീ ചെയ്യുമെന്നും ഞാനറി
യുന്നു.
22കൂടാതെ, എനിക്കു താമസിക്കുവാനായി
ദയവായി ഒരു മുറി ഒരുക്കുക. ദൈവം നിങ്ങ
ളുടെ പ്രാർത്ഥന കേൾക്കുമെന്നും നിങ്ങളുടെ
അടുത്തുവരാൻ എനിക്കു സാധിക്കുമെന്നും
ഞാൻ ആശിക്കുന്നു.

അവസാന അഭിവാദനം

23ക്രിസ്തുയേശുവിനുവേണ്ടി എന്നോടു
കൂടി തടവിലായിരിക്കുന്ന എപ്പഫ്രാസ് നിനക്കു
വന്ദനം ചൊല്ലുന്നു. 24എന്നോടൊപ്പമുള്ള ശുശ്രൂ
ഷകരായ മർക്കൊസും അരിസ്തർക്കൊസും
ദേമോസും ലൂക്കൊസും നിങ്ങളെ വന്ദിക്കുന്നു.
25നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ
കൃപ നിങ്ങളുടെ ആത്മാവോടുകൂടെ ഇരിക്കുമാ
റാകട്ടെ.

എബ്രായയർക്ക് എഴുതിയ ലേഖനം

ദൈവം തന്റെ മകനിലൂടെ സംസാരിച്ചു

1 പണ്ട് ദൈവം നമ്മുടെ ആൾക്കാരോട് പ്രവാ
ചകർ വഴി സംസാരിച്ചു. ദൈവം പല തവ
ണകളായും പലരീതിയിലും അവരോടു സംവാ
ദിച്ചു. 2ഈ അവസാനനാളുകളിലും ദൈവം
തന്റെ പുത്രനിലൂടെ നമ്മോടു സംസാരിച്ചു.
ദൈവം തന്റെ പുത്രനിലൂടെ മുഴുവൻ ലോക
ത്തെയും സൃഷ്ടിച്ചു. എല്ലാക്കാര്യങ്ങളും ഉള്ളവ
നാകാൻ വേണ്ടി തന്റെ പുത്രനെ തിരഞ്ഞെ
ടുത്തു. 3പുത്രൻ പിതാവിന്റെ മഹത്വം കാണി
ക്കുന്നു. അവൻ ദൈവപ്രകൃതിയുടെ പൂർണ്ണ
പകർപ്പാണ്. പുത്രൻ തന്റെ ആജ്ഞാശക്തി
യാൽ എല്ലാറ്റിനെയും നിലനിർത്തുന്നു. പു
ത്രൻ ആളുകളെ തങ്ങളുടെ പാപത്തിൽനിന്നും
മുക്തരാക്കി. അതിനുശേഷം അവൻ സ്വർഗ്ഗത്തി
ലുള്ള മഹോന്നതന്റെ (ദൈവം) വലതുഭാഗത്ത്
ഇരുന്നു. 4ദൂതന്മാരിലാരെക്കാളും ഉന്നതമായ
നാമം ദൈവം അവന് നൽകി. അവൻ ദൂത
ന്മാരെക്കാൾ ഉന്നതനായി.

5ഒരു ദൂതനോടും ദൈവം ഈ കാര്യങ്ങൾ
പറഞ്ഞിട്ടില്ല:

"നീ എന്റെ മകനാണ്; ഇന്നു ഞാൻ നിന്റെ
പിതാവായി" *സങ്കീർത്തനങ്ങൾ 2:7*

കൂടാതെ ദൈവം ഒരു ദൂതനോടും ഒരിക്കലും
പറഞ്ഞിട്ടില്ല,

"ഞാനവന്റെ പിതാവും അവനെന്റെ പുത്ര
നുമാകും." *2ശമൂവേൽ 7:14*

6ദൈവം തന്റെ ആദ്യജാതനെ ഭൂമിയിലേക്കു
കൊണ്ടുവന്നപ്പോൾ ഇങ്ങനെ പറഞ്ഞു,

"ദൈവത്തിന്റെ എല്ലാ ദൂതന്മാരും പുത്രനെ
നമസ്കരിക്കട്ടെ." * *ആവർത്തനം 32:43*

7ദൂതന്മാരെപ്പറ്റി ദൈവം പറഞ്ഞത് ഇതാണ്:

"ദൈവം തന്റെ ദൂതന്മാരെ കാറ്റും തന്റെ
ദാസന്മാരെ അഗ്നിജ്വാലയുമാക്കി."
സങ്കീർത്തനങ്ങൾ 104:4

8എന്നാൽ ദൈവം തന്റെ മകനെപ്പറ്റി ഇങ്ങ
നെ പറഞ്ഞു:

"ഓ ദൈവമേ, നിന്റെ സിംഹാസനം എന്നെ
ന്നേക്കും തുടരും. നീ നീതിപൂർവ്വം നിന്റെ
രാജ്യം ഭരിക്കും.
9നീ നീതിയെ സ്നേഹിക്കുകയും അനീ
തിയെ വെറുക്കുകയും ചെയ്യുന്നു. അതുകൊണ്ട്
ദൈവമേ, നിന്റെ ദൈവം നിന്നോടുകൂടെ
യുള്ള മറ്റാൾക്കാർക്കു കൊടുത്തതിനേക്കാൾ
കൂടുതൽ സന്തോഷം നിനക്കു നൽകി."
സങ്കീർത്തനങ്ങൾ 45:6-7

10ദൈവം ഇതു കൂടി പറഞ്ഞു,

"കർത്താവേ, ആദിയിൽ നീ ഭൂമിയുടെ അടി
ത്തറ പണിതു. നിന്റെ കരങ്ങൾ ആകാശത്തെ
യും സൃഷ്ടിച്ചു.
11ഇവയൊക്കെയും മറഞ്ഞു പോകും. എന്നാ
ലും നീ എന്നെന്നും നിലനിൽക്കും. എല്ലാ
വസ്തുക്കളും വസ്ത്രം പോലെ പഴയതാകും.
12നീ അതൊക്കെയും ഒരു മേലങ്കിപോലെ
മടക്കും. വസ്ത്രങ്ങൾ പോലെ അവ മാറ്റപ്പെടും.
എന്നാൽ നീ ഒരിക്കലും മാറില്ല. നിന്റെ
ജീവിതം ഒരിക്കലും അവസാനിക്കുകയുമില്ല."
സങ്കീർത്തനങ്ങൾ 102:25-27

13"ഞാൻ നിന്റെ ശത്രുക്കളെ നിന്റെ കാൽ
ക്കീഴിലാക്കും വരെ എന്റെവലതു ഭാഗത്ത് ഇരി
ക്കുക" * *സങ്കീർത്തനങ്ങൾ 110:1*

എന്ന് ഒരിക്കലും ഒരു ദൂതനോടും ദൈവം പറ
ഞ്ഞില്ല.

14എല്ലാ ദൂതന്മാരും ദൈവത്തെ സേവിക്കുന്ന
ആത്മാക്കളാണ്. അവർ രക്ഷപ്രാപിക്കുന്നവരെ
പരിസേവിക്കുവാൻ അയയ്ക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ രക്ഷ ന്യായപ്രമാണത്തി നുമുപരിയാണ്

2 നമ്മെ പഠിപ്പിച്ച കാര്യങ്ങൾ പിൻചെല്ലുന്ന
തിൽ നാം അധികം ശ്രദ്ധയുള്ളവരാകണം.
നേരായ മാർഗ്ഗത്തിൽനിന്നും അകറ്റപ്പെടാതിരി
ക്കാൻ തക്കവിധം നാം സൂക്ഷിക്കണം. 2ദൂതന്മാർ
മുഖേന ദൈവത്തിൽനിന്നു വന്ന ഉപദേശം
സാധുതയുള്ളതാണ്. യെഹൂദർ ആ ഉപദേശ
ത്തിനെതിരായി പ്രവർത്തിച്ചപ്പോഴെല്ലാം
അവർ യഥാർഹം ശിക്ഷിക്കപ്പെട്ടു. ആ ഉപദേ
ശത്തെ അവർ അനുസരിക്കാതിരുന്നപ്പോൾ
അവർ ശിക്ഷിക്കപ്പെട്ടു. 3നമുക്ക് പ്രദാനം ചെ
യ്ത രക്ഷ ഉന്നതമാണ്. അതിനാൽ ഇനി അപ്ര
ധാനമെന്നമട്ടിൽ നാം ജീവിക്കുകയാണെങ്കിൽ
നാമും തീർച്ചയായും ശിക്ഷിക്കപ്പെടും. കർത്താ
വാണ് ഈ രക്ഷയെക്കുറിച്ച് ആദ്യമായി ജനങ്ങ
ളോട് പറഞ്ഞത്. അവനെശ്രവിച്ചവർ ഈ രക്ഷ
ശരിയാണെന്ന് നമുക്കു തെളിയിച്ചു തന്നിരി
ക്കുന്നു. 4കൂടാതെ അതിശയങ്ങളും വലിയ
അടയാളങ്ങളും പലതരത്തിലുള്ള വീര്യപ്രവൃ
ത്തികളും ഉപയോഗിച്ച് ദൈവം ഇതു തെളി
യിച്ചു. അവൻ ഇത് പരിശുദ്ധാത്മാവ് വഴി
ആളുകൾക്ക് ദാനങ്ങൾ നൽകി തെളിയിച്ചു.
അവൻ ആഗ്രഹിച്ച പ്രകാരം ആ ദാനങ്ങൾ
അവൻ നൽകി.

മനുഷ്യ രക്ഷയ്ക്കായി ക്രിസ്തു മനുഷ്യനായി

5വരാനിരുന്ന പുതിയ ലോകത്തിന്റെ ഭരണ
കർത്താക്കളായി ദൈവം ദൂതന്മാരെ തിരഞ്ഞെ
ടുത്തില്ല. ആ ഭാവിലോകത്തെപ്പറ്റിയാണ്

"ദൈവത്തിന്റെ ... നമസ്കരിക്കട്ടെ" പഴയനിയമ
ത്തിന്റെ ഗ്രീക്കു പതിപ്പിലെ ആവ. 32:43 ൽ ഈ
വാക്കുകൾ കാണുന്നു. ചാവുകടൽ ചുരുളുകളിലെ
എബ്രായ പതിപ്പിലും ഉണ്ട്.

"നിന്റെ ശത്രുക്കളെ ... ഇരിക്കുക" "നിന്റെ
ശത്രുക്കളെ ഞാൻ നിനക്കു കാൽപ്പടിയാക്കുംവരെ:"
എന്നർത്ഥം.

ഞങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നത്. 6തിരുവെ
ഴുത്തിൽ ചിലയിടത്ത് ഇങ്ങനെ എഴുതിയിരി
ക്കുന്നു,

"ദൈവമേ, നീ മനുഷ്യനെ കാത്തുകൊള്ളു
ന്നത് എന്തിന്? മനുഷ്യപുത്രനെപ്പറ്റി നീ കരുത
ലെടുക്കുന്നതെന്തിന്? അവനത്ര പ്രധാനിയാ
ണോ?

7അല്പകാലത്തേക്കു നീ അവനെ ദൂതന്മാരെ
ക്കാൾ ചെറുതാക്കി. മഹത്വത്തെയും ആദരവി
നെയും അവനു കിരീടമായി നീ നൽകി.

8എല്ലാം ദൈവം അവന്റെ നിയന്ത്രണത്തിനു
വിധേയമാക്കി." *സങ്കീർത്തനങ്ങൾ 8:4-6*

അതിനാൽ ഒന്നും തന്നെ അവന്റെ ഭരണ
ത്തിനു പുറത്തായിരുന്നില്ല. എന്നാൽ അവൻ
ഇപ്പോഴും എല്ലാം ഭരിക്കുന്നതു നാം കാണുന്നില്ല.
9അല്പകാലത്തേക്ക് യേശു ദൂതന്മാരെക്കാൾ
താഴ്ത്തപ്പെട്ടുവെന്നാലും ഇപ്പോൾ മഹത്വത്തി
ന്റെയും ആദരവിന്റെയും കിരീടം ധരിച്ചവ
നായി നാം അവനെകാണുന്നു. കാരണം അവൻ
കഷ്ടം സഹിക്കുകയും മരിക്കുകയും ചെയ്തു.
ദൈവകൃപ മൂലം യേശു ഓരോ വ്യക്തിക്കുവേ
ണ്ടിയും മരിച്ചു.
10ദൈവമാണ് സർവ്വത്തിന്റെയും സൃഷ്ടാവ്.
അവന്റെ മഹത്വത്തിനു വേണ്ടിയുള്ളതാണ്
സർവ്വവസ്തുക്കളും. തന്റെ മഹത്വം പങ്കുവ
യ്ക്കുന്നതിനായി ദൈവം ധാരാളം പുത്രന്മാരെ
ആഗ്രഹിക്കുന്നു. അതിനാൽ തനിക്കാവശ്യമാ
യതു ദൈവം ചെയ്തു. ജനങ്ങളെ രക്ഷയി
ലേക്കു നയിക്കുന്ന യേശുവിനെ അവൻ പരി
പൂർണ്ണനാക്കി. യേശുവിന്റെ കഷ്ടത വഴി
ദൈവം യേശുവിനെ ഒരു പൂർണ്ണ രക്ഷകനാക്കി.
11ആളുകളെ വിശുദ്ധീകരിക്കുന്നവനും വിശു
ദ്ധരാക്കപ്പെട്ട ആൾക്കാരും ഒരേ കുടുംബത്തിൽ
നിന്നുള്ളവരാണ്. അതുകൊണ്ട് അവരെ
സഹോദരരേ എന്നു വിളിക്കുവാൻ അവൻ
(യേശു) ലജ്ജിക്കുന്നില്ല. 12യേശു പറയുന്നു,

"ദൈവമേ ഞാൻ എന്റെ സഹോദരന്മാ
രോടു നിന്നെക്കുറിച്ചു പറയും. നിന്റെ എല്ലാ
ജനത്തിന്റെയും മുമ്പിൽ ഞാൻ നിന്റെ
സ്തുതി ഗീതം ആലപിക്കും."
സങ്കീർത്തനങ്ങൾ 22:22

13അവൻ പറയുന്നു,
"ഞാൻ ദൈവത്തിൽ ആശ്രയിക്കും."
യെശയ്യാവ് 8:17

"ദൈവം എനിക്ക് തന്നിരിക്കുന്ന മക്കളുമായി
ഞാനിതാ," *യെശയ്യാവ് 8:18*

എന്നും കൂടെ അവൻ പറയുന്നു.
14ആ മക്കൾ ഭൗതികശരീരങ്ങളോടു കൂടിയ
ആൾക്കാരാണ്. അതിനാൽ യേശു തന്നെയും
അവരെപ്പോലെയാക്കി. സ്വയം മരിച്ചതു വഴി
മരണത്തിന്റെ അധികാരമുള്ളവനെ നശിപ്പി
ക്കേണ്ടതിനാണ് അവനിതു ചെയ്തത്. ഇങ്ങനെ
അധികാരമുണ്ടായിരുന്നത് പിശാചിനാണ്.
15അവരുടെ ഭയത്തിൽ നിന്നും അവരെ സ്വത
ന്ത്രരാക്കുന്നതിന് യേശു അവരെപ്പോലെയായി
മരിച്ചു. മരണഭയം നിമിത്തം അവർ ആ ജീവ
നാന്തം അടിമകളെപ്പോലെയായിരുന്നു. 16യേശു
ദൂതന്മാരെയല്ല സഹായിക്കുന്നതെന്നു വ്യക്തം.
അബ്രാഹാമിൽനിന്നുള്ളവരെയാണ് യേശു
സഹായിക്കുന്നത്. 17ഇക്കാരണംകൊണ്ട് യേശു
എല്ലാ പ്രകാരത്തിലും തന്റെ സഹോദരങ്ങളെ
പ്പോലെ ആക്കപ്പെടേണ്ടിയിരുന്നു. ദൈവത്തോ
ടുള്ള സേവനത്തിൽ അവരുടെ കരുണാമയനും
വിശ്വസ്തനുമായ ഒരു മഹാപുരോഹിതൻ ആ
കത്തക്കവിധത്തിൽ അവൻ അവരെപ്പോലെ
ആയി. അപ്പോൾ യേശുവിന്, അങ്ങനെ അവ
രുടെ പാപങ്ങൾക്ക് ക്ഷമ കൊണ്ടുവരുവാൻ
കഴിഞ്ഞു. 18പ്രലോഭിതരെ സഹായിക്കുവാനും
യേശുവിന് ഇപ്പോൾ കഴിയും. കാരണം അവൻ
സ്വയം സഹിക്കുകയും പ്രലോഭിതനാകുകയും
ചെയ്തിരുന്നു.

യേശു മോശെയെക്കാൾ ഉന്നതൻ

3 അതിനാൽ ദൈവം വിളിച്ചിട്ടുള്ള എന്റെ
വിശുദ്ധ സഹോദരരേ, നിങ്ങളെല്ലാവരും
യേശുവിനെ ശ്രദ്ധിക്കണം. ദൈവം യേശുവിനെ
നമ്മുടെ അടുത്തേക്ക് അയച്ചു. അവനാണ്
നമ്മുടെ വിശ്വാസത്തിന്റെ മഹാപുരോഹി
തൻ. എന്റെ വിശുദ്ധസഹോദരന്മാരേ, നി
ങ്ങൾ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു
എന്നു ഞാൻ നിങ്ങളോടു പറയുന്നു. 2ദൈവം
യേശുവിനെ നമ്മുടെ ഇടയിലേക്കു അയച്ച്
അവനെ നമ്മുടെ മഹാപുരോഹിതനാക്കി. മോ
ശെയ്ക്കു ദൈവത്തോട് ഉണ്ടായിരുന്നതിനു
തുല്യമായ വിശ്വസ്തത യേശുവിനും ഉണ്ടായി
രുന്നു. ദൈവഭവനത്തിൽ മോശെ ചെയ്യണ
മെന്നു ദൈവം ആഗ്രഹിച്ച കാര്യങ്ങൾ മുഴു
വനും അവൻ ചെയ്തു. 3ഒരു മനുഷ്യൻ വീടു
പണിയുമ്പോൾ, ആൾക്കാർ വീടിനെക്കാൾ ആ
മനുഷ്യനെയാണ് ആദരിക്കുന്നത്. അതുപോലെ
തന്നെയാണ് യേശുവിന്റെ കാര്യവും. യേശു
വിന് മോശെയെക്കാൾ ആദരവുണ്ടാകണം.
4ഓരോ വീടും ഓരോരുത്തരാൽ നിർമ്മിക്ക
പ്പെട്ടു. 5എന്നാൽ ദൈവം എല്ലാ വസ്തുക്കളും
നിർമ്മിച്ചു. ഒരു ദാസനെപ്പോലെ മോശെ ദൈ
വഭവനത്തിൽ വിശ്വസ്തനായിരുന്നു. ഭാവി
യിൽ ദൈവം ജനത്തോട് പറയുന്ന കാര്യ
ത്തെപ്പറ്റി അവൻ ജനങ്ങളോടു പറഞ്ഞു. 6എ
ന്നാൽ ക്രിസ്തു ദൈവത്തിന്റെ ആലയത്തി
ന്മേലുള്ള ഭരണത്തിൽ ഒരു പുത്രനെന്നപോലെ
വിശ്വസ്തനാണ്. നമ്മുടെ പ്രത്യാശക്കൊത്തു
ധൈര്യത്തോടും ആത്മവിശ്വാസത്തോടും നാം
ആയിരുന്നാൽ നാം ദൈവത്തിന്റെ ഭവനമാണ്.

നാം ദൈവത്തെ തീർച്ചയായും പിന്തുടരണം

7അതിനാൽ ഇതു പരിശുദ്ധാത്മാവ് പറയും
പോലെയാണ്:

"ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കു
കയാണെങ്കിൽ,

8ദൈവത്തിനെതിരായി തിരിഞ്ഞ പഴയ
കാലത്തേതു പോലെ ദുശ്ശാഠ്യം പിടിക്കാതിരി
ക്കുക. മരുഭൂമിയിലായിരുന്ന ആ ദിവസം നിങ്ങ
ളവനെ ശരിക്കും പരീക്ഷിച്ചു.

9ഞാൻ ചെയ്ത കാര്യങ്ങൾ നാല്പതു വർഷം
മരുഭൂമിയിൽ വച്ച് നിന്റെ ആൾക്കാർ കണ്ടു.
എന്നാൽ അവർ എന്നെയും എന്റെ ക്ഷമ
യെയും പരീക്ഷിച്ചു.

10അതിനാൽ ആ കൂട്ടരോട് കോപം പൂണ്ട്
ഞാൻ പറഞ്ഞു. 'ആ ജനതയുടെ ചിന്താഗതി
കൾ എപ്പോഴും തെറ്റാണ്. ആ ജനം എന്റെ
രീതികൾ ഒരിക്കലും മനസ്സിലാക്കിയിട്ടില്ല.'

11അതിനാൽ കോപിഷ്ഠനായി ഞാൻ ഒരു
പ്രതിജ്ഞ ചെയ്തു: 'അവർ ഒരിക്കലും എന്നി

ലേക്കു വന്ന് എൻെറ വിശ്രാന്തി അനുഭവിക്ക
യില്ല.'" *സങ്കീർത്തനങ്ങൾ 95:7-11*

12അതിനാൽ സഹോദരരേ, പാപികളാകാതി
രിക്കാനും അവിശ്വാസികളാകാതിരിക്കാനും
ജീവനുള്ള ദൈവത്തെ പിന്തുടരാതിരിക്കാനും
ഒരുമ്പെടുന്നതിൽ നിങ്ങൾ സൂക്ഷിക്കുക.
13എന്നാൽ ഓരോ ദിവസവും പരസ്പരം പ്രോ
ത്സാഹിപ്പിക്കുക. "ഇന്ന്" എന്ന് പറയുന്നിട
ത്തോളം എന്നും അതു ചെയ്യുക. പാപത്തിനു
കബളിപ്പിക്കാനുള്ള വഴിയാകാതിരിക്കാനും
കഠിനഹൃദയരാകാതിരിക്കാനും തക്കവിധം
നിങ്ങൾ പരസ്പരം സഹായിക്കുവിൻ. 14നാമെ
ല്ലാവരും ക്രിസ്തുവിനൊപ്പം പങ്കുവയ്ക്കുന്നു.
ആദി മുതലേ നമുക്കുണ്ടായിരുന്ന ആ വിശ്വാസ
ത്തിൽ നാം അവസാനം വരെയും തുടരുകയാ
ണെങ്കിൽ ഇതു ശരിയാണ്. 15തിരുവെഴുത്ത് പറ
യുന്നത് ഇതാണ്:
"ഇന്നു നീ ദൈവസ്വരം കേട്ടുവെങ്കിൽ പണ്ട്
നീ ദൈവത്തിനെതിരായിരുന്നതു പോലെ
ദുശ്ശാഠ്യം പിടിക്കരുത്." *സങ്കീർത്തനങ്ങൾ 95:7-8*

16ദൈവത്തിൻെറ സ്വരം കേട്ടിട്ടും അവന്
എതിരായിരുന്നവർ ആരാണ്? മിസ്രയീമിൽ
നിന്നും മോശെ പുറത്തേക്കു നയിച്ച ആൾക്കാ
രായിരുന്നു അവരെല്ലാം. 17നാല്പതു കൊല്ല
ത്തേക്ക് ദൈവം കോപിഷ്ടനായത് ആരോടാ
ണ്? പാപം ചെയ്ത ആ ജനത്തോട് ദൈവ
ത്തിന് കോപമായിരുന്നു. 18അവർ മരുഭൂമിയിൽ
മരിച്ചു. തന്നിലേക്ക് പ്രവേശിച്ച് തൻെറ വിശ്രാ
ന്തി ഒരിക്കലും ഉള്ളവരാകില്ല എന്ന് ദൈവം
പ്രതിജ്ഞ ചെയ്തു പറഞ്ഞതാരോടാണ്?
തന്നെ അനുസരിക്കാത്ത ആൾക്കാരെപ്പറ്റി
യാണ് ദൈവം സംസാരിച്ചത്. 19അതിനാൽ
അവർക്കു ദൈവത്തിൻെറ വിശ്രമത്തിൽ പ്രവേ
ശിക്കാൻ സാധിച്ചില്ല എന്നു നമ്മൾ കാണുന്നു.
എന്തുകൊണ്ട്? കാരണം അവർ വിശ്വസിച്ചില്ല
എന്നതു തന്നെ.

4 നമുക്കിപ്പോഴും ദൈവം ആ ജനത്തിനു നൽ
കിയ വാഗ്ദാനം ഉണ്ട്. ആ വാഗ്ദാനം
ഇതാണ്: നമുക്ക് ദൈവത്തിൻെറ വിശ്രമം
നേടാൻ കഴിയും. അതിനാൽ ആർക്കും ആ
വാഗ്ദാനം ലഭ്യമാകുന്നതിൽ വീഴ്ച വരാതിരി
ക്കാൻ നാം ബദ്ധശ്രദ്ധാലുക്കളാകണം. 2നമ്മോട്
അറിയിച്ച അതേ രക്ഷണീയ പാഠം തന്നെ
യാണ് അവരോടും പറയപ്പെട്ടത്. എന്നാൽ
അവർകേട്ട ഉപദേശം അവരെ സഹായിച്ചില്ല.
അവർ ഉപദേശം കേട്ടുവെങ്കിലും വിശ്വാസ
പൂർവ്വം അവരതിനെ സ്വീകരിച്ചില്ല. 3വിശ്വാ
സികളായ നമുക്ക് ദൈവം വാഗ്ദത്തം ചെയ്ത
വിശ്രാന്തിനേടാനുള്ള കഴിവുണ്ട്. ദൈവം പറ
ഞ്ഞതുപോലെ,
"കോപിഷ്ടനായി ഞാനൊരു പ്രതിജ്ഞ
ചെയ്തു. അവർ ഒരിക്കലും എൻെറ വിശ്രാ
ന്തിയിൽ പ്രവേശിക്കയില്ല."
സങ്കീർത്തനങ്ങൾ 95:11

ദൈവം ഇതു പറഞ്ഞു. എന്നാൽ ലോകസൃഷ്ടി
പൂർത്തിയായപ്പോൾ തന്നെ ദൈവത്തിൻെറ
പ്രവൃത്തി അവസാനിച്ചിരുന്നു. 4തിരുവെഴു
ത്തിലെ നിശ്ചിതമായ ഏതോ ഭാഗത്തിൽ
ആഴ്ചയിലെ ഏഴാം ദിവസത്തെക്കുറിച്ചും ദൈ
വം പറഞ്ഞിട്ടുണ്ട്. "ഏഴാം ദിവസം അവൻ
എല്ലാ പ്രവൃത്തികളും നിർത്തിവയ്ക്കുകയും വി
ശ്രമം എടുക്കുകയും ചെയ്തു."* 5ഇതിനെ സം
ബന്ധിച്ചു ദൈവം പറഞ്ഞു: "അവർ ഒരിക്കലും
പ്രവേശിക്കയില്ലെന്നു മാത്രമല്ല അവർ ഒരി
ക്കലും എൻെറ വിശ്രാന്തിയുള്ളവരുമാകില്ല."
6ചിലർക്ക് ദൈവത്തിൻെറ വിശ്രാന്തി ഉണ്ടാ
കും എന്നത് ഇപ്പോഴും ശരിയാണ്. എന്നാൽ
രക്ഷിക്കപ്പെടുന്നതിനുള്ള മാർഗ്ഗം ആദ്യം കേട്ട
വർ പ്രവേശിക്കില്ല. അനുസരിക്കാത്തതിനാ
ലാണ് അവർ പ്രവേശിക്കാത്തത്. 7അതുകൊണ്ട്
ദൈവം മറ്റൊരു പ്രത്യേക ദിനം ഒരുക്കി. അത്
"ഇന്ന്" എന്നു അറിയപ്പെടുന്നു. കാലമേറെക്കഴി
ഞ്ഞ് ദാവീദിലൂടെ ദൈവം ആ ദിവസത്തെപ്പറ്റി
സംസാരിച്ചു. നാം നേരത്തെ ഉപയോഗിച്ച
ദൈവത്തിൻെറ അതേ തിരുവെഴുത്തു തന്നെ
യാണത്.
"ഇന്നു നീ ദൈവത്തിൻെറ സ്വരം കേൾക്കു
മെങ്കിൽ പണ്ടെന്നപോലെ ശാഠ്യം പിടിക്കരുത്."
സങ്കീർത്തനങ്ങൾ 95:7-8

8ദൈവം വാഗ്ദാനം ചെയ്ത വിശ്രാന്തിയി
ലേക്ക് യോശുവ ജനങ്ങളെ നയിച്ചില്ല എന്നു
നമുക്കറിയാം. ദൈവം പിന്നീട് മറ്റൊരു വിശ്രമ
ദിനത്തെക്കുറിച്ച് ("ഇന്ന്") പറഞ്ഞതുകൊണ്ട്
നമുക്കിതു അറിയാം. 9ഇതു വെളിവാക്കുന്നത്
ദൈവജനത്തിനായുള്ള ആ ശബ്ബത്തുദിവസ
വിശ്രാന്തി ഇനിയും വരുന്നതേയുള്ളൂവെ
ന്നാണ്. 10ദൈവം തൻെറ പ്രവൃത്തിയുടെ സമാ
പനത്തിൽ വിശ്രമിച്ചു. അതിനാൽ ദൈവത്തി
ൻെറ വിശ്രാന്തിയിൽ പ്രവേശിച്ച് അത് ഉൾ
ക്കൊള്ളുവാനാകുന്നവൻ ദൈവം ചെയ്തതു
പോലെ അവരുടെ പ്രവൃത്തികൾ പൂർത്തിയാ
ക്കിയവനായിരിക്കും. 11അതുകൊണ്ട് ദൈവ
ത്തിൻെറ വിശ്രാന്തിയിലേക്ക് പ്രവേശിക്കു
വാൻ, നമുക്ക് ആകാവുന്നതിൻെറ പരമാവധി
യിൽ ശ്രമിക്കാം. അനുസരണക്കേടുകൊണ്ട്
അവർ തോറ്റതുപോലെ നമ്മിൽ ആരും തോൽ
ക്കാതിരിക്കേണ്ടതിലേക്കായി നാം കഠിനമായി
പരിശ്രമിക്കണം.
12ദൈവവചനം സജീവവും പ്രവർത്തിക്കുന്ന
തുമാണ്. അവൻെറ വാക്ക് ഏറ്റവും മൂർച്ചയുള്ള
വാളിനേക്കാൾ മൂർച്ചയുള്ളതാണ്. ദൈവവ
ചനം എല്ലാ പ്രകാരത്തിലും അതിലേക്കു ഒരു
വാൾ പോലെ ആഴ്ന്നിറങ്ങുന്നതാണ്. അത്
പ്രാണനും ആത്മാവും ഒന്നിക്കുന്ന സ്ഥലത്തു
വരെയും ആഴ്ന്നിറങ്ങും. ദൈവവചനം സന്ധി
യിലൂടെയും മജ്ജയിലൂടെയും തുളച്ചിറങ്ങും.
അത് നമ്മുടെ ഹൃദയത്തിലുള്ള വിചാരങ്ങ
ളെയും അനുഭൂതികളെയും വിധിക്കുന്നു. 13ഈ
ലോകത്തിലെ യാതൊന്നിനെയും ദൈവത്തിൽ
നിന്ന് മറച്ചുവയ്ക്കുവാൻ പറ്റില്ല. അവന്
എല്ലാം വ്യക്തമായി കാണുവാൻ സാധിക്കും.
അവനു മുമ്പിൽ സകലതും തുറന്നിരിക്കുന്നു.
കൂടാതെ നാം ജീവിച്ച രീതികളെക്കുറിച്ചു നാമെ
ല്ലാം അവനോട് കണക്കു പറയേണ്ടിവരും.

ദൈവമുമ്പാകെ യേശു നമ്മെ സഹായിക്കും

14ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ ആയിരി
ക്കേണ്ടതിന്പോയ ഒരു മഹാപുരോഹിതൻ നമു
ക്കുണ്ട്. അവൻ ദൈവത്തിൻെറ പുത്രനായ
യേശുവാണ്. അതിനാൽ നമുക്കുള്ള വിശ്വാസ
ത്തിൽ നമുക്ക് ദൃഢമായി തുടരാം. 15മഹാപുരോ
ഹിതനായ യേശുവിന് നമ്മുടെ ബലഹീനത
കൾ മനസ്സിലാക്കുവാൻ സാധിക്കും. യേശു ഭൂമി

ഏഴാം ... എടുക്കുകയും ചെയ്തു" ഉദ്ധരണി ഉല്പ. 2:2.

യിൽ വസിക്കേ, എല്ലാ പ്രകാരത്തിലും അവൻ
പ്രലോഭിതനാക്കപ്പെട്ടു. അവൻ പ്രലോഭിതനാ
ക്കപ്പെട്ടതു നാം പ്രലോഭിതരാകുന്നതു പോലെ
തന്നെ ആയിരുന്നെങ്കിലും അവൻ ഒരിക്കലും
പാപം ചെയ്തില്ല. 16യേശു മഹാപുരോഹിത
നായി നമുക്കുള്ളതു കൊണ്ട് കൃപയുള്ള ദൈവ
സിംഹാസനം മുമ്പാകെ ധൈര്യത്തോടെ
നമുക്ക് വരാം. അവിടെ വേണ്ടപ്പോൾ കൃപയും
ദയയും സഹായത്തിനായി നമുക്കു ലഭിക്കും.

5 ഓരോ മഹാപുരോഹിതനും ജനങ്ങളിൽ
നിന്നാണ് തിരഞ്ഞെടുക്കപ്പെടുന്നത്. ദൈവ
ത്തിനായി ചെയ്യേണ്ടകാര്യങ്ങൾ ചെയ്യുന്നതിന്
ആൾക്കാരെ സഹായിക്കുക എന്ന പ്രവൃത്തി
യാണ് അവർക്കു നൽകിയിരിക്കുന്നത്. ആ
പുരോഹിതൻ പാപപരിഹാരത്തിന് ദൈവ
ത്തിന് കാഴ്ചകളും യാഗങ്ങളും അർപ്പിക്കണം.
2മഹാപുരോഹിതനും എല്ലാ ആൾക്കാരെയും
പോലെ ബലഹീനനാണ്. അതിനാൽ ധാരണാ
ശേഷി ഇല്ലാത്തവരോടും ദുഷ്കർമ്മികളോടും
മൃദുലഭാവം കൈക്കൊള്ളാൻ അവനു സാധി
ക്കും. 3ജനങ്ങളുടെ പാപങ്ങൾക്കുവേണ്ടി മഹാ
പുരോഹിതൻ യാഗങ്ങളർപ്പിക്കുന്നു. എന്നാൽ
മഹാപുരോഹിതനു സ്വന്തം ബലഹീനതക
ളുണ്ട്. അതിനാൽ അവന്റെ തന്നെ പാപ
ത്തിനും അയാൾ യാഗം അർപ്പിക്കണം.

4ഒരു മഹാപുരോഹിതനാകുക എന്നത് ഒരു
പദവിയാണ്. എന്നാൽ യാതൊരുവനും ഈ
പ്രവൃത്തിക്കായി സ്വയം തിരഞ്ഞെടുക്കുകയില്ല.
ആ വ്യക്തി പണ്ട് അഹരോനെപ്പോലെ ദൈവ
ത്താൽ വിളിക്കപ്പെടണം. 5ക്രിസ്തുവിന്റെ
കാര്യത്തിലും അതുതന്നെയാണ്. മഹാപുരോ
ഹിതന്റെ പ്രഭാവത്തിലേക്ക് അവൻ സ്വയം
തിരഞ്ഞെടുത്തില്ല. എന്നാൽ ദൈവം അവനെ
തിരഞ്ഞെടുത്തു. ദൈവം ക്രിസ്തുവിനോടു
പറഞ്ഞു.

“നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ
നിന്റെ പിതാവായി.” *സങ്കീർത്തനങ്ങൾ 2:7*

6വീണ്ടും തിരുവെഴുത്തിന്റെ മറ്റൊരുഭാഗത്തിൽ
ദൈവം പറയുന്നു,

“മൽക്കീസേദെക്കിനെപോലെ നീ എന്നേക്കും
ഒരു പുരോഹിതനായിരിക്കും.
സങ്കീർത്തനങ്ങൾ 110:4

7ക്രിസ്തു ഭൂമിയിൽ ജീവിച്ചുകൊണ്ടിരുന്ന
പ്പോൾ അവൻ ദൈവത്തോടു പ്രാർത്ഥിക്കുക
യും ദൈവത്തിന്റെ സഹായം അഭ്യർത്ഥിക്കു
കയും ചെയ്തു. യേശു ദൈവത്തോട് കണ്ണീരോ
ടുകൂടി നിലവിളിച്ചുപ്രാർത്ഥിച്ചു. ദൈവം ഒരു
വനു മാത്രമാണ് അവനെ മരണത്തിൽനിന്നും
രക്ഷിക്കാൻ കഴിഞ്ഞത്. ദൈവം യേശുവിന്റെ
പ്രാർത്ഥന കേട്ടു. കാരണം യേശു വിനീതനും
ദൈവം ആഗ്രഹിച്ചതെല്ലാം നിവർത്തിച്ചവനു
മാണ്. 8യേശു ദൈവത്തിന്റെ പുത്രനായി
രുന്നു. എന്നാൽ യേശു താൻ സഹിക്കേണ്ടിയി
രുന്ന കാര്യങ്ങൾ അനുസരിക്കുവാനായി സഹി
ക്കുകയും ഗ്രഹിക്കുകയും ചെയ്തു. 9അപ്പോൾ
യേശു പരിപൂർണ്ണനായി. അവനിൽ വിശ്വസി
ക്കുന്ന ഏവനും എന്നേക്കും മോക്ഷം ലഭിക്കാമെ
ന്നുള്ളതിനു ഹേതു യേശുവാണ്. 10ദൈവം മൽ
ക്കീസേദെക്കിനെപ്പോലെ യേശുവിനെയും
മഹാപുരോഹിതനാക്കി.

പിന്മാറിപ്പോകുന്നതിനെതിരെയുള്ള താക്കീത്

11ഇതിനെപ്പറ്റി പറയുവാൻ ഞങ്ങൾക്കു പല
തും ഉണ്ട്. എന്നാൽ അത് വിശദീകരിക്കുക
ക്ലേശകരമാണ്. കാരണം ഗ്രഹിക്കുവാനുള്ള ശ്രമം
നിങ്ങൾ നിർത്തി. 12അദ്ധ്യാപകരാകാൻ തക്ക
സമയം നിങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ദൈ
വത്തിന്റെ ഉപദേശത്തിന്റെ ആദ്യപാഠം ഇ
പ്പോഴും പഠിപ്പിക്കുവാൻ നിങ്ങൾക്ക് ചിലരെ
ആവശ്യമുണ്ട്. ദ്രാവക (പാൽ) രൂപത്തിലുള്ള
ആദ്യപാഠങ്ങളാണ് നിങ്ങൾക്കിപ്പോഴും ആവ
ശ്യം. ഖരഭക്ഷണം കഴിക്കുവാൻ നിങ്ങളായി
ട്ടില്ല. 13പാൽ ഭക്ഷണമായിട്ടു തുടരുന്നവൻ
ഇപ്പോഴും ശിശുവാണ്. ആ വ്യക്തിക്ക് ശരി
പാഠങ്ങളെക്കുറിച്ച് യാതൊരു ഗ്രാഹ്യവുമില്ല.
14എന്നാൽ ശിശുക്കളെപ്പോലെയാകുന്നതു നിർ
ത്തിയ ആൾക്കാർക്കുള്ളതാണ് ഖരഭക്ഷണം. അത്
ആത്മാവിൽ വളർച്ച പ്രാപിച്ച ആൾക്കാർക്കു
ള്ളതാണ്. ആ ജനങ്ങൾ നന്മ തിന്മകളെ വേർ
തിരിച്ചറിയാൻ സ്വയം പരിശീലിക്കുകയും
പഠിപ്പിക്കുകയും ചെയ്തിട്ടുള്ളവരാണ്.

6 അതിനാൽ ക്രിസ്തുവിനെക്കുറിച്ചുള്ള
ബാലപാഠങ്ങൾ നാം പഠിച്ചു പൂർത്തിയാ
ക്കേണ്ടതായിരുന്നു. നാം തുടങ്ങിയിടത്തേക്കു
തിരികെ പോകരുത്. നാം നമ്മുടെ ക്രിസ്തു
വിലുള്ള ജീവിതം തുടങ്ങിയത് ദൈവത്തിൽ
വിശ്വസിച്ചു കൊണ്ടും പണ്ടു നാം ചെയ്ത
തിന്മകളിൽനിന്നും പിന്തിരിഞ്ഞുകൊണ്ടു
മാണ്. 2അക്കാലത്ത് സ്നാനങ്ങളെക്കുറിച്ചും
കൈവെപ്പു ശുശ്രൂഷയെക്കുറിച്ചുമാണ് നമ്മെ
പഠിപ്പിച്ചിരുന്നത്. മരണത്തിൽനിന്നുള്ള ജന
ങ്ങളുടെ ഉത്ഥാനത്തെക്കുറിച്ചും എല്ലാക്കാല
ത്തേക്കും തുടരുന്ന വിധിയെയും അതിന്റെ
ഫലത്തെയും കുറിച്ചുമാണ് ഞങ്ങളെ പഠിപ്പി
ച്ചത്. എന്നാലിപ്പോൾ കൂടുതൽ ഗഹനമായ
പാഠങ്ങളിലേക്കു നമുക്കു മുന്നേറേണ്ടിയിരി
ക്കുന്നു. 3ദൈവം അനുവദിക്കുമെങ്കിൽ ഞങ്ങളതു
ചെയ്യും.

4-6ജനങ്ങൾ ക്രിസ്തുമാർഗ്ഗത്തിൽനിന്നും
വ്യതിചലിച്ചതിനുശേഷം, വീണ്ടും അവരുടെ
ജീവിതത്തിനു മാറ്റം വരുത്തുവാൻ നിങ്ങൾക്കാ
കുമോ? സത്യം ഗ്രഹിച്ച ആൾക്കാരെപ്പറ്റിയാണ്
ഞാനിതു പറയുന്നത്. അവർ ദൈവത്തിന്റെ
ദാനം സ്വീകരിക്കുകവഴി പരിശുദ്ധാത്മാവിൽ
പങ്കുള്ളവരാകുകയും ചെയ്തു. അക്കൂട്ടർ ദൈവ
ഭാഷണം ശ്രവിക്കുകയും ദൈവത്തിന്റെ പുതു
ലോകത്തിന്റെ ശക്തി കാണുകയും ചെയ്തു.
എന്നു മാത്രമല്ല ആ കാര്യങ്ങളത്രയും നല്ലതാ
ണെന്ന് അവർ അനുഭവിച്ചറിയുകയും ചെ
യ്തു. എന്നാൽ പിന്നീട് അക്കൂട്ടർ ക്രിസ്തു
മാർഗ്ഗം ഉപേക്ഷിച്ചു. അവരുടെ ജീവിതത്തിനു
വ്യതിയാനം വരുത്തി. അവരെ ക്രിസ്തുവി
ലേക്കു തിരികെ കൊണ്ടുവരാൻ സാദ്ധ്യമല്ല.
എന്തുകൊണ്ടെന്നാൽ ക്രിസ്തു മാർഗ്ഗത്യജി
കളായ അക്കൂട്ടർ അതുവഴി യഥാർത്ഥത്തിൽ
വീണ്ടും ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുക
യാണ്. അക്കൂട്ടർ സകല ജനതകളുടെയും
മുമ്പിൽ ക്രിസ്തുവിനു നാണക്കേടു കൊണ്ടു
വരുന്നു.

7ധാരാളം മഴലഭിക്കുന്ന പ്രദേശം പോലെയാ
ണവർ. ഒരു കൃഷിക്കാരൻ ജനങ്ങൾക്കു ആഹാരം
ലഭിക്കത്തക്ക വിധത്തിൽ ആ ഭൂമിയെ ഒരുക്കു
കയും അതിൽ നടുകയും ചെയ്യുന്നു. ആ നിലം
ജനോപകാരിയായ നില പുറപ്പെടുവിക്കുമെ
ങ്കിൽ ആ നിലത്തിന് ദൈവത്തിന്റെ ആശീർ

വാദമുണ്ട്. 8എന്നാൽ ആ നിലം കളകളും മുള്ളു
കളും ആണ് വളർത്തുന്നതെങ്കിൽ അത് ഫലശൂ
ന്യമാണ്. ദൈവശാപം കിട്ടത്തക്കവിധം ആ
നിലം അപകടത്തിലാണ്. ആ നിലം തീയാൽ
നശിപ്പിക്കപ്പെടും.
9പ്രിയരേ, ഞങ്ങളീക്കാര്യം പറയുന്നുവെ
ങ്കിലും യഥാർത്ഥത്തിൽ നല്ല കാര്യങ്ങളാണ്
ഞങ്ങൾ പ്രതീക്ഷിക്കുന്നത്. രക്ഷയെ സംബ
ന്ധിച്ച കാര്യങ്ങൾ നിങ്ങൾ ചെയ്യുമെന്ന് ഞ
ങ്ങൾ തീർത്തും വിശ്വസിക്കുന്നു. 10ദൈവം നീതി
യുള്ളവനാണ്. നിങ്ങൾ ചെയ്ത എല്ലാ
ക്കാര്യങ്ങളും അവൻ സ്മരിക്കും. അവന്റെ ജന
ങ്ങളെ തുടരെ സഹായിച്ചുകൊണ്ട്, അവനോ
ടുള്ള സ്നേഹം നിങ്ങൾ കാണിച്ചുവെന്ന്
ദൈവം സ്മരിക്കും. നിങ്ങൾ അവന്റെ ആളു
കളെ നിരന്തരം സഹായിക്കുമെന്നും അവൻ
ഓർക്കും. 11നിങ്ങളുടെ ജീവിതം മുഴുവനും അതേ
കഠിനപരിശ്രമം നിങ്ങളോരോരുത്തരും തുടരണ
മെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. അപ്പോൾ
നിങ്ങൾ പ്രതീക്ഷിക്കുന്ന മഹത്കാര്യങ്ങൾ തീർ
ച്ചയായും നിങ്ങൾക്കു കിട്ടും. 12നിങ്ങൾ അല
സരാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല.
ദൈവം വാഗ്ദാനം ചെയ്ത കാര്യങ്ങൾ ലഭ്യമാ
കുന്നവരെപ്പോലെ ആകണം നിങ്ങളെന്നു
ഞങ്ങളാഗ്രഹിക്കുന്നു. വിശ്വാസവും ക്ഷമയുമു
ള്ളവർക്ക് ദൈവത്തിന്റെ വാഗ്ദാനം ലഭി
ക്കുന്നു.
13ദൈവം അബ്രാഹാമിനോട് ഒരു പ്രതിജ്ഞ
ചെയ്തു. അവൻ വാഗ്ദാനം ചെയ്ത കാര്യ
ങ്ങൾ സഫലമാക്കുമെന്നു അവൻ പ്രതിജ്ഞ
ചെയ്തു. തന്നേക്കാൾ ഉന്നതനായ മറ്റൊരുവൻ
ഇല്ലെന്നുള്ള കാര്യം അവനറിയാമായിരുന്നതു
കൊണ്ട് അവൻ ഇതു ചെയ്യുമെന്ന് സ്വന്തം
നാമത്തിൽ പ്രതിജ്ഞ ചെയ്തു. 14ദൈവം പറ
ഞ്ഞു: “ഞാൻ നിന്നെ സത്യമായും അനുഗ്ര
ഹിക്കും. ഞാൻ ധാരാളം അനന്തരാവകാശികളെ
നിനക്കു തീർച്ചയായും തരും.”* 15ഇതിന്റെ
സഫലീകരണത്തിനായി അബ്രാഹാം ക്ഷമ
യോടെ കാത്തിരുന്നു. പിന്നീട് ദൈവം വാ
ഗ്ദാനം ചെയ്തതെന്തോ അത് അവനു ലഭ്യ
മായി.
16ജനങ്ങൾ തങ്ങളേക്കാൾ ഉന്നതനായ മറ്റൊ
രുവന്റെ നാമം ഒരു പ്രതിജ്ഞയെടുക്കുമ്പോൾ
ഉപയോഗിക്കും. അവർ പറയുന്നതു ശരിയാ
ണെന്നു ആ പ്രതിജ്ഞ തെളിയിക്കുന്നു. അവർ
പറഞ്ഞതിനെച്ചൊല്ലിയുള്ള എല്ലാ തർക്കവിതർ
ക്കങ്ങളും ഇത് അവസാനിപ്പിക്കും. 17തന്റെ
വാഗ്ദാനം സത്യമാണെന്നു തെളിയിക്കുവാൻ
ദൈവം ആഗ്രഹിച്ചു. താൻ വാഗ്ദാനം ചെയ്ത
കാര്യങ്ങൾ ലഭിക്കുന്നവരോട് ഇക്കാര്യം തെളി
യിക്കാൻ അവൻ ആഗ്രഹിച്ചു. തന്റെ പദ്ധതി
ഒരിക്കലും മാറുന്നതല്ലെന്ന് അക്കൂട്ടർ വ്യക്ത
മായി മനസ്സിലാക്കണമെന്നു ദൈവം ആഗ്രഹി
ക്കുന്നു. അതിനാൽ ചില കാര്യങ്ങൾ സംഭവിക്കു
മെന്ന് ദൈവം പറഞ്ഞു. സത്യപ്രതിജ്ഞ ചെയ്യു
കവഴി അത് ശരിയാണെന്ന് അവൻ തെളി
യിച്ചു. 18ദൈവത്തിന്റെ വാഗ്ദാനവും പ്രതി
ജ്ഞയും പിൻവലിക്കാനോ റദ്ദു ചെയ്യാനോ
പറ്റാത്തതുമാണ്. വാഗ്ദാനം ചെയ്യുമ്പോഴും
ഉടമ്പടി ചെയ്യുമ്പോഴും നുണ പറയാൻ ദൈവ
ത്തിനു സാദ്ധ്യമല്ല. അതിനാൽ ദൈവത്തിന്റെ
പക്കലേക്ക് സുരക്ഷിതത്വത്തിനായി ചെന്ന
ഞങ്ങൾക്ക് ഇത് വലിയ പ്രോത്സാഹനം ഏകു
ന്നു. ദൈവം നൽകിയ ആ പ്രതീക്ഷയിൽ തുടരു
വാൻ ആ രണ്ടുകാര്യങ്ങളും ഞങ്ങൾക്ക് വലിയ
പ്രോത്സാഹനം നൽകുന്നു. 19ഞങ്ങൾക്കുള്ള ഈ
പ്രത്യാശ ഒരു നങ്കൂരം പോലെയാണ്. അത് ശ
ക്തവും ഉറച്ചതും നമ്മുടെ ആത്മാവിനെ സംര
ക്ഷിക്കുന്നതുമാണ്. സ്വർഗ്ഗീയ ദൈവാലയത്തി
ന്റെ പിൻവരിക്കുള്ളിലെ അതിവിശുദ്ധ സ്ഥല
ത്തേക്ക് അത് പോകും. 20യേശു നേരത്തെതന്നെ
അവിടെ പ്രവേശിച്ചു നമുക്കു വേണ്ടിയുള്ള
പാത തുറന്നു. മൽക്കീസേദെക്കിനെപ്പോലെ
യേശു എന്നെന്നേക്കുമുള്ള മഹാപുരോഹിത
നായി.

പുരോഹിതനായ മൽക്കീസേദെക്ക്

7 ശാലേമിന്റെ രാജാവും അത്യുന്നതനായ
ദൈവത്തിന്റെ പുരോഹിതനുമായിരുന്നു
മൽക്കീസേദെക്ക്. രാജാക്കന്മാരെ പരാജയപ്പെ
ടുത്തിയശേഷം തിരികെ വന്ന അബ്രാഹാ
മിനെ മൽക്കീസേദെക്ക് കണ്ടു മുട്ടി. ആ ദിവസം
മൽക്കീസേദെക്ക് അബ്രാഹാമിനെ ആശീർവ
ദിച്ചു. 2അബ്രാഹാം തനിക്കുള്ളതിന്റെയെല്ലാം
ദശാംശം മൽക്കീസേദെക്കിനു നൽകി. (മൽക്കീ
സേദെക്കിന്റെ പേരിനർത്ഥം “നീതിയുടെ
രാജാവ്” എന്നും, “സമാധാനത്തിന്റെ രാജാവ്”
എന്നർത്ഥം വരുന്ന “ശാലേമിന്റെ രാജാവ്”
എന്നുമാണ്.) 3മൽക്കീസേദെക്കിന്റെ അപ്പനും
അമ്മയും ആരാണെന്ന് ആർക്കും അറിഞ്ഞു
കൂടാ. എവിടെ നിന്നാണ് അവൻ വന്നതെന്നും
ആർക്കും അറിയില്ല.* എന്നു മാത്രമല്ല അവൻ
ജനിച്ചതെന്നാണെന്നോ മരിച്ചതെന്നാണെ
ന്നോ ആർക്കും അറിയില്ല. മൽക്കീസേദെക്ക്
ദൈവത്തിന്റെ പുത്രനെപ്പോലെയാണ്. നിത്യ
പുരോഹിതനായി അവൻ തുടരുന്നു. 4മൽക്കീ
സേദെക്ക് വലിയ മഹാനായിരുന്നു എന്നു
നിങ്ങൾക്ക് കാണാം. നമ്മുടെ മഹാപിതാവായ
അബ്രാഹാം യുദ്ധത്തിൽ താൻ നേടിയ എല്ലാറ്റി
ന്റെയും ദശാംശം മൽക്കീസേദെക്കിനു നൽകി.
5ന്യായപ്രമാണം പറയുന്നതു പ്രകാരം പുരോ
ഹിതന്മാരായിരിക്കുന്ന ഗോത്രമായ ലേവ്യർക്ക്
ജനങ്ങളിൽനിന്ന് ദശാംശം വാങ്ങാം. അബ്രാഹാ
മിന്റെ പിന്തുടർച്ചക്കാരായ സ്വന്തം ആളുക
ളിൽനിന്ന് പോലും പുരോഹിതർ ദശാംശം
പിരിച്ചെടുക്കുന്നു. 6മൽക്കീസേദെക്ക് ലേവി
യുടെ ഗോത്രത്തിൽനിന്നുള്ളവനല്ല. എന്നിട്ടും
അവനു അബ്രാഹാമിൽനിന്ന് ദശാംശം കിട്ടി.
ഇതിനു പുറമെ ദൈവത്തിന്റെ വാഗ്ദത്ത
ങ്ങൾ ഉണ്ടായിരുന്ന അബ്രാഹാമിനെ അവൻ
ആശീർവദിച്ചു. 7ഉന്നതനായ ഒരു വ്യക്തി തന്നെ
ക്കാൾ ഔന്നിത്യം കുറഞ്ഞവനെ ആശീർവദി
ക്കുന്നുവെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന
താണ്. 8എന്നാൽ ദശാംശങ്ങൾ ലഭിക്കുന്ന ആ
പുരോഹിതർ ജീവിക്കുകയും മരിക്കുകയും ചെ
യ്യുന്ന സാധാരണ മനുഷ്യരാണ്. എന്നാൽ
അബ്രാഹാമിൽനിന്ന് ദശാംശം കിട്ടിയ മൽക്കീ
സേദെക്ക് തിരുവെഴുത്തുകൾ പറയും പോലെ
തുടർന്നും ജീവിക്കുന്നു. 9ജനങ്ങളിൽനിന്ന്
ദശാംശം കിട്ടുന്നത് ലേവിക്കാണ്. എന്നാൽ
അബ്രാഹാം മൽക്കീസേദെക്കിനു ഒരു ദശാംശം
കൊടുത്തപ്പോൾ ലേവിയും അതു കൊടുത്തു
എന്നു നമുക്കു പറയുവാൻ സാധിക്കും.10പക്ഷെ
ലേവി അന്ന് ജനിച്ചിട്ടുപോലുമില്ല. മൽക്കീ
സേദെക്ക് അബ്രാഹാമിനെ കണ്ടുമുട്ടിയപ്പോൾ

“ഞാൻ നിന്നെ ... തരും” ഉദ്ധരണി ഉല്പ. 22:17.

“മൽക്കീസേദെക്കിന്റെ ... അറിയില്ല” “മൽക്കീസേദെക്കിന് പിതാവോ മാതാവോ വംശമോ ഇല്ല.”

ലേവി തന്റെ മുൻഗാമിയായ അബ്രാഹാമി
ന്റെ ശരീരത്തിലുണ്ടായിരുന്നു. 11ലേവ്യഗോത്ര
ത്തിൽപ്പെട്ട പുരോഹിത ക്രമത്തിനു വിധേയമാ
യാണല്ലോ ജനങ്ങൾക്ക് ന്യായപ്രമാണം നൽക
പ്പെട്ടത്. എന്നാൽ ആ പുരോഹിത ക്രമത്തിന്
ജനങ്ങളെ പൂർണ്ണരാക്കാൻ കഴിഞ്ഞില്ല. അതി
നാൽ മറ്റൊരു പുരോഹിതൻ വരേണ്ടത് ആവശ്യ
മായിരുന്നു. മൽക്കീസേദെക്കിനെപ്പോലെയും
എന്നാൽ അഹരോനെപ്പോലെയുമല്ലാത്ത ഒരു
പുരോഹിതൻ എന്നാണു ഞാനർത്ഥമാക്കുന്നത്.
12അതുപോലെതന്നെ ഒരു വ്യത്യസ്ത ക്രമത്തി
ലുള്ള പുരോഹിതൻ ആഗതനാകുമ്പോൾ
ന്യായപ്രമാണവും മാറ്റപ്പെടണം. 13ഈ കാര്യങ്ങ
ളിലെല്ലാം ഞങ്ങൾ പറയുന്നത് ക്രിസ്തുവിനെ
ക്കുറിച്ചാണ്. ഒരു വ്യത്യസ്തഗോത്രത്തിൽ
നിന്നുള്ളവനാണ് അവൻ. ആ ഗോത്രത്തിൽ
പ്പെട്ട ഒരുവനും യാഗപീഠത്തിൽ പുരോഹിത
ശുശ്രൂഷ ചെയ്തിട്ടില്ല. 14നമ്മുടെ കർത്താവായ
ക്രിസ്തു യെഹൂദാഗോത്രത്തിലാണു ജനിച്ച
തെന്നു വ്യക്തമാണ്. മാത്രമല്ല, ആ ഗോത്രത്തിൽ
നിന്നുള്ള പുരോഹിതരെക്കുറിച്ച് മോശെ ഒന്നും
പറയുന്നില്ല.

ക്രിസ്തു മൽക്കീസേദെക്കിനെപ്പോലെ ഒരു പുരോഹിതൻ

15ഈ കാര്യങ്ങളൊക്കെയും കൂടുതൽ വ്യക്ത
മാക്കിവരുന്ന പുതിയ പുരോഹിതൻ-ക്രിസ്തു
മൽക്കീസേദെക്കിനെപ്പോലെയുള്ളവനാണ്.
16അവന്റെ പിതൃത്വത്തിന്റെ ബലത്തിന്മേ
ലുള്ള ചട്ടങ്ങളാലോ ന്യായപ്രമാണങ്ങളാലോ
അല്ല എന്നേക്കും തുടരുന്ന തന്റെ ജീവശക്തി
യിലൂടെയാണ് അവനെ ഒരു പുരോഹിതനാ
ക്കിയത്. 17തിരുവെഴുത്തുകളിൽ അവനെക്കു
റിച്ച് ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു, “മൽക്കീ
സേദെക്കിന്റെ പുരോഹിതക്രമത്തിൽ നീ ഒരു
നിത്യപുരോഹിതനാണ്.”*

18വ്യർത്ഥവും ദുർബ്ബലവുമായ കാരണങ്ങ
ളാൽ ആ പഴയ ചട്ടങ്ങൾ ഇപ്പോൾ നിലവി
ലില്ല. 19മോശെയുടെ ന്യായപ്രമാണത്തിന്
യാതൊന്നിനെയും പൂർണ്ണമാക്കാൻ സാധിച്ചി
ട്ടില്ല. എന്നാലിപ്പോൾ ഒരു ശ്രേഷ്ഠ പ്രതീക്ഷ
നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ആ പ്രതീക്ഷ
യോടെ നമുക്ക് ദൈവസാമീപ്യത്തിലേക്കു
ചെല്ലാം.

20ക്രിസ്തുവിനെ മഹാപുരോഹിതനാക്കിയ
പ്പോൾ ദൈവം ഒരു പ്രതിജ്ഞ ചെയ്തു എന്ന
തും പ്രാധാന്യമർഹിക്കുന്നു. ഇതരർ പുരോഹി
തരായപ്പോൾ യാതൊരു വാഗ്ദാനവുമില്ലായി
രുന്നു. 21പക്ഷേ ദൈവത്തിന്റെ വാഗ്ദാനപ്ര
കാരം ക്രിസ്തു ഒരു പുരോഹിതനായി. ദൈവം
പറഞ്ഞു:

“അചഞ്ചലമാംവിധം കർത്താവൊരു പ്രതി
ജ്ഞ ചെയ്തു: ‘നീ ഒരു നിത്യപുരോഹിത
നാണ്.’”
സങ്കീർത്തനങ്ങൾ 110:4

22അതിനാൽ ദൈവത്തിൽനിന്ന് തന്റെ ജന
ങ്ങൾക്കുള്ള മെച്ചപ്പെട്ട നിയമത്തിന്റെ ഒരു ഉറ
പ്പാണ് ക്രിസ്തു എന്നാണ് ഇതർത്ഥമാക്കുന്നത്.
23ഇതര പുരോഹിതർ മരിച്ചപ്പോൾ അവർക്ക്
പുരോഹിതരായിരിക്കുന്നത് തുടരാൻ സാധി
ച്ചില്ല. അതിനാൽ അത്തരം ധാരാളം പുരോഹി
തർ ഉണ്ടായിരുന്നു.24എന്നാൽ യേശു എന്നെന്നേ
ക്കും ജീവിക്കുന്നു. പൗരോഹിത്യസേവനത്തിൽ
നിന്ന് അവൻ ഒരിക്കലും വിരമിക്കില്ല. 25അതി
നാൽ ക്രിസ്തുവിന്, അവനിലൂടെ ദൈവത്തി
ങ്കലേക്ക് വരുന്നവരെ രക്ഷിക്കുവാൻ സാധി
യ്ക്കും. ക്രിസ്തുവിന് എന്നെന്നേക്കും ഇങ്ങനെ
ചെയ്യാൻ സാധിയ്ക്കും. കാരണം അവൻ എന്നും
എന്നേക്കും ജീവിയ്ക്കുകയും, ജനങ്ങൾ ദൈവ
മുമ്പാകെ വരുമ്പോൾ അവരെ എപ്പോഴും
സഹായിക്കാൻ തയ്യാറുമാണ് എന്നതു തന്നെ.

26അതിനാൽ നമുക്കാവശ്യമുള്ള തരത്തിലുള്ള
മഹാപുരോഹിതനാണ് ക്രിസ്തു. അവൻ വിശു
ദ്ധനാണ്. അവനിൽ യാതൊരു പാപവും ഇല്ല.
അവൻ നിർമ്മലനും പാപികളാൽ സ്വാധീ
നിക്കപ്പെടാത്തവനുമാണ്. അവൻ സ്വർഗ്ഗങ്ങൾ
ക്കുപരിയായി ഉയർത്തപ്പെട്ടിരിക്കുന്നു. 27അവൻ
ഇതര പുരോഹിതരെപ്പോലെയല്ല. ആ ഇതര
പുരോഹിതർ ദൈനംദിനം യാഗമർപ്പിക്കേണ്ടി
യിരിക്കുന്നു. അവർ ആദ്യമേ സ്വപാപത്തിനു
വേണ്ടിയും പിന്നീട് ജനങ്ങളുടെ പാപത്തിനു
വേണ്ടിയും യാഗമർപ്പിക്കേണ്ടിയിരിക്കുന്നു.
എന്നാൽ ക്രിസ്തു അതു ചെയ്യേണ്ടതില്ല. ക്രി
സ്തു എക്കാലത്തേക്കുമായി ഒരു യാഗം അർ
പ്പിച്ചു. ക്രിസ്തു സ്വയം അർപ്പിച്ചു. 28സാധാര
ണജനങ്ങളെ, ബലഹീനതകളുള്ളവരെ മഹാപു
രോഹിതന്മാരായി ന്യായപ്രമാണം തിരഞ്ഞെ
ടുത്തു. എന്നാൽ ന്യായപ്രമാണത്തിനുശേഷം
ദൈവം ഒരു വാഗ്ദത്തം ചെയ്തു. ദൈവം പ്ര
തിജ്ഞ വഴിയായി ആ വാക്കുകൾ പറഞ്ഞു.
ആ വചനങ്ങൾ ദൈവപുത്രനെ മഹാപുരോ
ഹിതനാക്കി. ആ പുത്രൻ നിത്യമായി പരിപൂർ
ണ്ണനാക്കപ്പെട്ടിരിക്കുന്നു.

ക്രിസ്തു നമ്മുടെ മഹാപുരോഹിതൻ

8 ഞങ്ങൾ പറയുന്നതിന്റെ കാതലായകാ
ര്യം ഇതാണ്. ഞങ്ങൾ പറയുന്ന തരത്തി
ലുള്ള ഒരു മഹാപുരോഹിതൻ നമുക്കുണ്ട്. ആ
മഹാപുരോഹിതൻ ഇപ്പോൾ സ്വർഗ്ഗത്തിൽ
ദൈവത്തിന്റെ സിംഹാസനത്തിന്റെ വലതു
ഭാഗത്ത് ഇരിക്കുന്നു. 2നമ്മുടെ മഹാപുരോഹി
തൻ അതിവിശുദ്ധസ്ഥലത്ത് ശുശ്രൂഷ ചെ
യ്യുന്നു.

3എല്ലാ മഹാപുരോഹിതർക്കും ദൈവത്തി
നായി കാഴ്ചകളും യാഗങ്ങളും അർപ്പിക്കേണ്ട
ജോലിയുണ്ട്. അതിനാൽ നമ്മുടെ മഹാപു
രോഹിതനും തീർച്ചയായും ദൈവത്തിന്
എന്തെങ്കിലും അർപ്പിക്കണം. 4നമ്മുടെ മഹാപു
രോഹിതൻ ഭൂമിയിലാണ് ജീവിച്ചിരുന്നതെങ്കിൽ
അവനൊരു പുരോഹിതനാകാൻ കഴിയുമാ
യിരുന്നില്ല. ന്യായപ്രമാണം അനുശാസിക്കുന്ന
വിധത്തിൽ കാഴ്ചകളർപ്പിക്കുന്ന പുരോഹിതർ
ഇവിടുള്ളതിനാലാണു ഞാനിതു പറയുന്നത്.
5ഈ പുരോഹിതർ ചെയ്യുന്ന കർമ്മങ്ങൾ
യഥാർത്ഥത്തിൽ ഒരു പകർപ്പും സ്വർഗ്ഗീയ
കാര്യങ്ങളുടെ നിഴലുമാണ്. അതുകൊണ്ടാണ്
വിശുദ്ധകൂടാരം നിർമ്മിക്കാൻ തയ്യാറായപ്പോൾ
മോശെയെ ദൈവം താക്കീതു ചെയ്തത്. “പർവ്വ
തത്തിൽ ഞാൻ നിനക്കു കാണിച്ചുതന്ന അതേ
രൂപരേഖയിൽ തന്നെ എല്ലാം നിർമ്മിതമാവു
മെന്നു തീർച്ചപ്പെടുത്തുക.” 6എന്നാൽ ക്രിസ്തു
വിനു നൽകിയ പ്രവൃത്തി മറ്റു പുരോഹിതർക്കു
നൽകിയതിനെക്കാൾ ഏറെ വലുതായിരുന്നു.
അതേപോലെ, ദൈവത്തിൽനിന്ന് ജനങ്ങൾ
ക്കായി ക്രിസ്തു എത്തിച്ച പുതിയ നിയമം
പഴയതിനെക്കാൾ ഏറെ ഉന്നതമായിരുന്നു.

“മൽക്കീസേദെക്കിന്റെ ... നിത്യപുരോഹിതനാണ്” ഉദ്ധരണി സങ്കീ. 110:4.

പുതിയനിയമമാകട്ടെ മെച്ചപ്പെട്ട കാര്യങ്ങളുടെ
അടിസ്ഥാനത്തിലുള്ളതുമാണ്. 7ആദ്യനിയമ
ത്തിൽ കുറവൊന്നുമില്ലായിരുന്നുവെങ്കിൽ രണ്ടാ
മതൊന്നിൻെറ ആവശ്യമില്ലായിരുന്നു. 8എ
ന്നാൽ ജനങ്ങളിലെന്തോ കുഴപ്പം ദൈവം
കണ്ടെത്തി. ദൈവം പറഞ്ഞു:

"യിസ്രായേല്യർക്കും യെഹൂദ്യർക്കും
ഞാനൊരു പുതിയനിയമം നൽകുന്ന സമയം
വരുന്നു എന്നു കർത്താവ് പറയുന്നു.

9ഞാൻ അവരുടെ പൂർവ്വികരുടെ കൈക്കു
പിടിച്ചു മിസ്രയീമിനു പുറത്തേക്കു നയിച്ച
പ്പോൾ നൽകിയ നിയമംപോലുള്ളതല്ലിത്.
ഞാൻ അവരുമായി ഊട്ടിയുറപ്പിച്ച ആ നിയമ
ത്തോട് അവർ കൂറു പുലർത്താത്തതിനാൽ
ഞാൻ അവരിൽ നിന്നകന്നു എന്നു കർത്താവ്
പറയുന്നു.

10ഇതാണ് ഞാൻ യിസ്രായേൽ ജനതയ്ക്കു
നൽകുന്ന പുതിയ നിയമം. ഞാൻ ഈ നിയമം
ഭാവിയിൽ നൽകും. കർത്താവ് പറയുന്നു:
എൻെറ ന്യായപ്രമാണം ഞാനവരുടെ മനസ്സിൽ
സ്ഥാപിക്കുകയും അവരുടെ ഹൃദയത്തിൽ എഴു
തുകയും ചെയ്യും. ഞാനവരുടെ ദൈവവും അവ
രെൻെറ ജനവുമായിരിക്കുകയും ചെയ്യും.

11ഒരിക്കലും ഒരുവനു തൻെറ സഹോദരനെ
യോ ദൈവത്തിൻെറ മറ്റ് ജനത്തെയോ പഠിപ്പി
ക്കേണ്ടിവരില്ല. ദൈവത്തെ അറിയുക എന്ന്
അവൻ അവരോട് പറയേണ്ടത് ആവശ്യമായും
വരില്ല. എന്തുകൊണ്ടെന്നാൽ, "സകലരും-
ഉന്നതനും എളിയവനും- എന്നെ അറിയും.

12കൂടാതെ, എനിക്കെതിരായി അവർ ചെയ്ത
തെറ്റുകൾ ഞാൻ പൊറുക്കും. അവരുടെ പാപ
ങ്ങളെ ഞാനൊട്ടു സ്മരിക്കുകയുമില്ല."

യിരെമ്യാവ് 31:31-34

13ദൈവം ഇതിനെ പുതിയ നിയമമെന്നു വിള
ച്ചതിനാൽ പ്രഥമനിയമം അവൻ പഴയതാക്കി.
പഴയതും ഉപയോഗയോഗ്യമല്ലാത്തതുമായ
എന്തും അപ്രത്യക്ഷമാകാൻ യോഗ്യമാണ്.

പഴയ ഉടമ്പടിയ്ക്കു വിധേയമായ ആരാധന

9 പ്രഥമനിയമത്തിൽ ആരാധനയ്ക്കു വേണ്ടി
യുള്ള ചട്ടങ്ങൾ ഉണ്ടായിരുന്നു. അതിന് ഒരു
മനുഷ്യനിർമ്മിതമായ ആരാധനാസ്ഥലവും
ഉണ്ടായിരുന്നു. 2ഈ സ്ഥലം ഒരു കൂടാരത്തിനക
ത്തായിരുന്നു. കൂടാരത്തിലെ പ്രഥമസ്ഥലം
വിശുദ്ധസ്ഥലമെന്നു വിളിക്കപ്പെട്ടു. വിശുദ്ധ
സ്ഥലത്തായിരുന്നു ദീപങ്ങളും ദൈവത്തിനു
വേണ്ടിയുള്ള യാഗത്തിനായി പ്രത്യേക അപ്പം
അർപ്പിക്കുന്ന മേശയും സജ്ജീകരിച്ചിരുന്നത്.
3രണ്ടാമത്തെ തിരശ്ശീലയ്ക്കു പിന്നിൽ അതി
വിശുദ്ധസ്ഥലമെന്ന തളവുമുണ്ടായിരുന്നു.
4അതിവിശുദ്ധസ്ഥലത്ത് ഉണ്ടായിരുന്നത് കുന്തി
രിക്കം പുകയ്ക്കുന്നതിനായി ഒരു സ്വർണ്ണം കൊ
ണ്ടുള്ള യാഗപീഠമായിരുന്നു. അതിവിശുദ്ധസ്ഥ
ലത്ത് പഴയനിയമം സംവഹിക്കുന്ന വിശുദ്ധ
പേടകം ഉണ്ടായിരുന്നു. പേടകം സ്വർണ്ണം
പൊതിഞ്ഞതായിരുന്നു. മന്നാ ഇരിക്കുന്ന സ്വർ
ണ്ണ ഭരണിയും അഹരോൻെറ, ഒരിക്കൽ ഇല
തളിർത്ത വടിയും ഈ പേടകത്തിൽ ഉണ്ടായി
രുന്നു. കൂടാതെ ആ പേടകത്തിൽ പഴയനിയമ
ത്തിലെ പത്തു കല്പനകൾ എഴുതിയിരുന്ന
ശിലാഫലകങ്ങളും ഉണ്ടായിരുന്നു. 5പേടക
ത്തിനു മുകളിൽ ദൈവമഹത്വം കാണിച്ച കെരൂ
ബുകളും ഉണ്ടായിരുന്നു. പാപപരിഹാരം
ചെയ്യുന്ന കൃപാസനത്തിനു മുകളിൽ കെരൂബു
കൾ നിന്നു. എന്നാൽ ഈ കാര്യങ്ങളെപ്പറ്റി
എല്ലാം ഇപ്പോൾ വിവരിച്ച് പറയാനാവില്ല.
6ഞാൻ വിവരിച്ചിട്ടുള്ളതു പോലെ കൂടാരത്തി
നകത്ത് സർവ്വതും സജ്ജീകരിച്ചിട്ടുണ്ട്. പിന്നീട്
പുരോഹിതന്മാർ ദൈനംദിനം ആദ്യത്തെ
മുറിയിൽ പ്രവേശിച്ച് ആരാധന നടത്തി.
7എന്നാൽ മഹാപുരോഹിതനു മാത്രമേ അതി
വിശുദ്ധസ്ഥലത്തു പ്രവേശനമുണ്ടായിരുന്നു
ള്ളൂ. അതു തന്നെയുമല്ല വർഷത്തിലൊരിക്കൽ
മാത്രം മഹാപുരോഹിതൻ രക്തവും തൻെറ
കൂടെയെടുത്തു മാത്രമേ അതിനുള്ളിൽ പ്രവേശി
ച്ചിരുന്നുള്ളൂ. തൻെറ തന്നെയും ജനങ്ങളുടെയും
പാപത്തിനുവേണ്ടി പുരോഹിതൻ രക്തം ദൈ
വത്തിനു അർപ്പിച്ചു. പാപം ആണ് ചെയ്യുന്നത്
എന്നറിയാതെ ജനം ചെയ്തുകൂട്ടിയ പ്രവൃത്തി
കളാണ് ആ പാപങ്ങൾ. 8പ്രഥമമുറി നില
നിൽക്കേ അതിവിശുദ്ധസ്ഥലത്തേക്കുള്ള പാത
തുറന്നിരുന്നില്ല എന്നു പഠിപ്പിക്കുവാനായി
പരിശുദ്ധാത്മാവ് ആ രണ്ടു വേറിട്ട മുറികൾ
ഉപയോഗിച്ചിരുന്നു. 9ഇത് നമുക്ക് ഇന്നത്തേ
ക്കുള്ള ഉദാഹരണമാണ്. ദൈവത്തെ ആരാധി
ച്ചിരുന്ന മനുഷ്യരെ ആന്തരീകമായി ശുദ്ധീകരി
ക്കുവാൻ കാഴ്ചകളും യാഗങ്ങളും ഉതകിയിരു
ന്നില്ല എന്ന് ഇതുവ്യക്തമാക്കുന്നു. തൻെറ ഹൃദയ
ത്തിൽ പരിപൂർണ്ണതയുള്ള ഒരു വ്യക്തിയെ
വാർത്തെടുക്കാൻ അത്തരം യാഗങ്ങൾക്കു കഴി
ഞ്ഞില്ല. 10ഈ കാഴ്ചകളും യാഗങ്ങളും ഭക്ഷണ
ത്തെയും പാനീയത്തെയും ആചാര ശുചീകര
ണത്തെയും കുറിച്ചുമാത്രമുള്ളതാണ്. അക്കാര്യ
ങ്ങൾ ഹൃദയത്തിനകത്തുള്ള കാര്യങ്ങളെക്കുറി
ച്ചല്ല പ്രത്യുത ശരീരത്തെക്കുറിച്ചുള്ള ചട്ടങ്ങ
ളാണ്. ദൈവത്തിൻെറ പുതിയ പാന്ഥാവുവ
രേക്കും തൻെറ ജനത്തിന് പിന്തുടരേണ്ട ചട്ടങ്ങ
ളാണ് ദൈവം നൽകിയത്.

പുതിയനിയമത്തിനു വിധേയമായ ആരാധന

11എന്നാൽ ക്രിസ്തു മഹാപുരോഹിതനായി
നേരത്തേതന്നെ വന്നിരുന്നു. ഇപ്പോൾ നമു
ക്കുള്ള നല്ലതുകളുടെ മഹാപുരോഹിതനാണ്
അവൻ. ഇതര പുരോഹിതന്മാർ ശുശ്രൂഷ ചെ
യ്തിരുന്നതുപോലെയുള്ള കൂടാരത്തിൽ ക്രി
സ്തു ശുശ്രൂഷ ചെയ്യുന്നില്ല. ആ കൂടാരത്തിനെ
ക്കാൾ മെച്ചപ്പെട്ട സ്ഥലത്താണ് ക്രിസ്തു ശുശ്രൂ
ഷചെയ്യുന്നത്. ഇതു സമ്പൂർണ്ണമാണ്. ഇത്
മനുഷ്യനിർമ്മിതമല്ല. ഇത് ഈ സൃഷ്ടിക്കപ്പെട്ട
ലോകത്തിൻേറതുമല്ല. 12ക്രിസ്തു ഒരിക്കലേ
അതിവിശുദ്ധസ്ഥലത്തു പ്രവേശിച്ചുള്ളൂ.
എക്കാലത്തേക്കായും അതു മതിയായിരുന്നു.
ക്രിസ്തു അതിവിശുദ്ധസ്ഥലത്തേക്കു പ്രവേ
ശിച്ചത് സ്വരക്തത്താലാണ്. അല്ലാതെ കോലാ
ടുകളുടെയോ കാളക്കിടാക്കളുടേയോ രക്തത്താ
ലല്ല. ക്രിസ്തു അവിടേക്കു പ്രവേശിക്കുകയും
നമുക്കുവേണ്ടി നിത്യമായ സ്വാതന്ത്ര്യം തരു
കയും ചെയ്തു. 13ആരാധനാ സ്ഥലത്തേക്ക്
പ്രവേശിക്കാൻ മതിയായ ശുദ്ധത ഇതുവരെയും
ഇല്ലാത്തവരുടെമേൽ കോലാടിൻെറയും കാള
യുടെയും രക്തവും ഗോചാരവും വിതറി. ആ
രക്തവും ചാരവും അവരെ വീണ്ടും ശുദ്ധരാക്കി.
അതു ശരീരത്തെ മാത്രമായി ശുദ്ധമാക്കി. 14അതി
നാൽ തീർച്ചയായും ക്രിസ്തുവിൻെറ രക്ത
ത്തിനു കൂടുതൽ പ്രവർത്തിക്കുവാൻ സാധി

ക്കും. ദൈവത്തിനു ഒരു പരിപൂർണ്ണ യാഗമായ്,
തൻെറ ശാശ്വതാത്മാവിലൂടെ ക്രിസ്തു സ്വയം
അർപ്പിച്ചു. നാം ചെയ്ത എല്ലാ ദുഷ്കർമ്മ
ങ്ങളിൽനിന്നും അവൻെറ രക്തം നമ്മെ പൂർണ്ണ
മായി ശുദ്ധീകരിക്കും. നമ്മുടെ മന:സാക്ഷിക
ളെപ്പോലും അവൻെറ രക്തം ശുദ്ധമാക്കും. ജീവി
ക്കുന്ന ദൈവത്തെ സേവിക്കത്തക്കവിധം നാം
ശുദ്ധരാക്കപ്പെടും.

15അതിനാൽ ക്രിസ്തു തൻെറ ജനത്തിനായി
ദൈവത്തിൽനിന്നു ഒരു പുതിയനിയമം കൊ
ണ്ടുവന്നു. ദൈവത്താൽ വിളിക്കപ്പെട്ട ജനങ്ങ
ൾക്ക് അവൻ വാഗ്ദാനം ചെയ്ത കാര്യങ്ങൾ
ലഭിക്കത്തക്കവിധമാണ് ക്രിസ്തു ആ പുതിയ
നിയമം കൊണ്ടുവന്നത്. ദൈവജനത്തിന് ആ
കാര്യങ്ങൾ എന്നേക്കും ലഭ്യമാകും. പഴയനിയമ
ത്തിനു കീഴിൽ ജീവിച്ചിരുന്ന ജനത്തിൻെറ
പാപങ്ങളുടെ പരിഹാരത്തിന് ക്രിസ്തു മരിച്ച
തിനാലാണ് അവർക്ക് ആ കാര്യങ്ങൾ ലഭ്യമാ
ക്കാൻ കഴിയുന്നത്.

16ഒരുവൻ മരിക്കുമ്പോൾ ഒരു വിൽപത്രം അവ
ശേഷിപ്പിച്ചാൽ വിൽപത്രം എഴുതിയ ആൾ
മരിച്ചു എന്ന് ജനങ്ങൾ തെളിയിക്കണം. 17വിൽ
പത്രം എഴുതിയ ആൾ ജീവിച്ചിരിക്കുമ്പോൾ
അത് പ്രാവർത്തികമാകയില്ല. വിൽപത്രം
അയാളുടെ മരണശേഷമേ ഉപയോഗപ്പെടു
ത്താൻ സാധിക്കുകയുള്ളൂ. 18ദൈവവും അവ
ൻെറ ജനങ്ങളും തമ്മിലുള്ള ആദ്യത്തെ നിയമ
ത്തിൻെറ കാര്യവും അതു തന്നെ. നിയമം പ്രാവ
ർത്തികമാകുന്നതിന് മുൻപ് മരണം നടന്നിരി
ക്കണം. 19ആദ്യം മോശെ ന്യായപ്രമാണത്തി
ലുള്ള എല്ലാ കല്പനകളും ജനതയ്ക്ക് വിശദീക
രിച്ചു കൊടുത്തു. പിന്നീട് മോശെ പശുക്കിടാ
ക്കളുടെ രക്തമെടുത്ത് വെള്ളവുമായി
കലർത്തി. പിന്നീട് ആ ന്യായപ്രമാണപുസ്ത
കത്തിലും എല്ലാ ജനങ്ങളുടെമേലും രക്തവും
ജലവും തളിക്കാനായി ചുവപ്പുകമ്പിളിയും
ഈസോപ്പും അവൻ ഉപയോഗിച്ചു. 20പിന്നീട്,
“നിങ്ങൾ പിന്തുടരാൻ ദൈവം ആവശ്യപ്പെട്ട
നിയമത്തെ ഉറപ്പിക്കുന്ന രക്തമാണ് ഇത്-
നിങ്ങൾ പിൻതുടരണമെന്ന് ദൈവം കല്പിച്ച
നിയമം ഇതാണ്”* എന്നും മോശെ പറഞ്ഞു.
21ഇതേരീതിയിൽ മോശെ വിശുദ്ധകൂടാരത്തിനു
മുകളിലും രക്തം തളിച്ചു. ആരാധനയിൽ ഉപ
യോഗിച്ച സകല വസ്തുക്കളിന്മേലും അവൻ
ആ രക്തം തളിച്ചു. 22ഏതാണ്ട് എല്ലാം തന്നെ
രക്തത്താൽ ശുദ്ധീകരിക്കപ്പെടണമെന്ന് ന്യായ
പ്രമാണം പറയുന്നു. രക്തം കൂടാതെ പാപം
ശുദ്ധീകരിക്കപ്പെടില്ല.

ക്രിസ്തുവിൻെറ യാഗം പാപത്തെ നീക്കി

23സ്വർഗ്ഗത്തിലുള്ള യഥാർത്ഥ കാര്യങ്ങളുടെ
പകർപ്പാണ് ഇക്കാര്യങ്ങൾ. ഈ പകർപ്പുകള
ത്രയും മൃഗയാഗത്താൽ ശുദ്ധീകരിക്കപ്പെടണമാ
യിരുന്നു. എന്നാൽ സ്വർഗ്ഗത്തിലുള്ള യഥാർത്ഥ
കാര്യങ്ങൾക്ക് ഇതിലും മെച്ചമായ യാഗം ആവ
ശ്യമുണ്ട്. 24ക്രിസ്തു അതിവിശുദ്ധസ്ഥലത്തേ
ക്കുപോയി. എന്നാൽ മനുഷ്യനിർമ്മിതമായ
അതിവിശുദ്ധസ്ഥലത്തേക്ക് ക്രിസ്തു പ്രവേ
ശിച്ചില്ല. ആ അതിവിശുദ്ധസ്ഥലം യഥാർത്ഥ
ത്തിലുള്ള അതിവിശുദ്ധസ്ഥലത്തിൻെറ പകർ
പ്പുമാത്രമാണ്. ക്രിസ്തു സ്വർഗ്ഗത്തിലേക്കു
തന്നെ പോയി. ഇപ്പോൾ ക്രിസ്തു നമ്മെ
സഹായിക്കാൻ അവിടെ ദൈവമുമ്പാകെ
യാണ്. 25മഹാപുരോഹിതൻ വർഷത്തിലൊരി
ക്കൽ അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കും.
അവൻ വഴിപാടിനായി കൂടെ രക്തവും എടു
ക്കും. എന്നാൽ ക്രിസ്തു ചെയ്തതുപോലെ
അവൻ സ്വരക്തം അർപ്പിക്കുന്നില്ല. ക്രിസ്തു
സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചത് മഹാപുരോ
ഹിതൻ രക്തം കൊണ്ട് വീണ്ടും വീണ്ടും ശുദ്ധീ
കരണം നടത്തിയതു പോലെ പലതവണ
സ്വയാർപ്പണം ചെയ്യുവാനല്ല. 26ക്രിസ്തു പല
പ്രാവശ്യം സ്വയം അർപ്പിച്ചിരുന്നെങ്കിൽ ലോക
സൃഷ്ടി മുതൽ അവൻ പലതവണ കഷ്ടം
സഹിക്കേണ്ടത് ആവശ്യമായി വരുമായിരുന്നു.
എന്നാൽ ഒരിക്കൽമാത്രം വരികയും ഒരിക്കൽ
മാത്രം സ്വയം അർപ്പിക്കുകയും ചെയ്തു. ആ
ഒരുപ്രാവശ്യം സകല കാലത്തേക്കും മതിയായ
താണ്. ലോകം അതിൻെറ അവസാനത്തെ
സമീപിച്ചു കൊണ്ടിരുന്നപ്പോഴാണ് ക്രിസ്തു
വന്നത്. എല്ലാ പാപത്തെയും ഇല്ലാതാക്കാ
നായി ഒരു യാഗമായി സ്വയം അർപ്പിക്കാനാണ്
ക്രിസ്തു കാലങ്ങളുടെ അന്ത്യഘട്ടത്തിൽ
വന്നത്. 27എല്ലാ വ്യക്തിയും ഒരിക്കൽ മരിക്കണം.
അതിനുശേഷം അവൻ ദൈവത്താൽ വിധിക്ക
പ്പെടും. 28ഇതുപോലെ തന്നെ അനേകരുടെ
പാപങ്ങൾ ഇല്ലാതാക്കുവാനായി ക്രിസ്തു
ഒരിക്കൽ സ്വയം യാഗമായർപ്പിച്ചു. ക്രിസ്തു
രണ്ടാമതൊരിക്കൽ വരും. പക്ഷേ ജനങ്ങളുടെ
പാപത്തിനു വേണ്ടിയല്ല. അവനുവേണ്ടി കാ
ത്തിരിക്കുന്ന ജനങ്ങൾക്ക് മോക്ഷം നൽകുവാ
നായിട്ടാണ് ക്രിസ്തു രണ്ടാമതു വരുന്നത്.

ക്രിസ്തുവിൻെറ യാഗം നമ്മെ പരിപൂർണ്ണരാക്കും

10 ഭാവികാലത്തിൽ ആഗതമാകുന്ന നല്ല
കാര്യങ്ങളുടെ ഒരു അവ്യക്ത ചിത്രമേ
ന്യായപ്രമാണം നൽകിയുള്ളൂ. എന്നാൽ യഥാ
ർത്ഥ കാര്യങ്ങളുടെ ഒരു വ്യക്തമായ ചിത്രം
ന്യായപ്രമാണം തരുന്നില്ല. കൊല്ലംതോറും
അതേ യാഗം തന്നെ അർപ്പിക്കുവാനായി ന്യായ
പ്രമാണം ജനത്തോടു പറയുന്നു. ദൈവത്തെ
ആരാധിക്കുവാനായി വരുന്ന ജനങ്ങൾ ഈ
യാഗങ്ങൾ വീണ്ടും അർപ്പിച്ചുകൊണ്ടിരിക്കുന്നു.
എന്നാൽ ന്യായപ്രമാണത്തിന് ആ ജനങ്ങളെ
ഒരിക്കലും പൂർണ്ണരാക്കാൻ സാധിക്കില്ല. 2ന്യായ
പ്രമാണത്തിന് ജനങ്ങളെ പൂർണ്ണരാക്കാൻ കഴി
യുമായിരുന്നെങ്കിൽ ആ യാഗങ്ങൾ നേരത്തേ
തന്നെ നിർത്തുമായിരുന്നു. ആ ജനങ്ങൾ അവ
രുടെ പാപങ്ങളിൽനിന്നു ശുദ്ധമാകുമായിരുന്നു.
അവരുടെ പാപങ്ങളുടെ പേരിൽ ഇപ്പോഴും
അവർക്ക് കുറ്റബോധം തോന്നില്ലായിരുന്നു.
എന്നാൽ ന്യായപ്രമാണത്തിന് അതൊന്നും
സാധിക്കില്ല. 3അവരുടെ യാഗങ്ങൾ എല്ലാവർ
ഷവും അവരുടെ പാപങ്ങളെ ഓർമ്മിപ്പിക്കുന്നു.
4കാരണം കാളകളുടെയോ കോലാടുകളു
ടെയോ രക്തത്തിന് പാപം ഇല്ലാതാക്കാൻ കഴി
കയില്ല.

5അതിനാൽ ക്രിസ്തു ഭൂമിയിലേക്കു വന്ന
പ്പോൾ ഇങ്ങനെ പറഞ്ഞു,
“ദൈവം യാഗങ്ങളോ വഴിപാടുകളോ ആഗ്ര
ഹിച്ചില്ല. എന്നാൽ നീ എനിക്കായി ഒരു ശരീരം
ഒരുക്കി.
6മൃഗങ്ങളെ കൊന്നോ ദഹിപ്പിച്ചോ ഉള്ള യാഗ
ങ്ങളിൽ നീ പ്രീതനായില്ല. പാപം ഇല്ലാതാക്കു
വാൻ വേണ്ടിയുള്ള യാഗങ്ങളിൽ നീ സംപ്രീത
നായില്ല.

“നിങ്ങൾ ... ഇതാണ്” ഉദ്ധരണി പുറ. 28:4.

7 അപ്പോൾ ഞാൻ പറഞ്ഞു, 'ഇതാ ഞാൻ,
ദൈവമേ, നീ ആഗ്രഹിക്കുന്ന കാര്യങ്ങൾക്കായി
ട്ടാണ് ഞാൻ വന്നിരിക്കുന്നത്. ഇങ്ങനെയാണ്
ന്യായപ്രമാണത്തിൽ എന്നെക്കുറിച്ച് എഴുത
പ്പെട്ടിട്ടുള്ളത്." *സങ്കീർത്തനങ്ങൾ 40:6-8*

8 ഈ തിരുവെഴുത്തിൽ ക്രിസ്തു ആദ്യം പറ
ഞ്ഞു,"നീ യാഗങ്ങളും വഴിപാടുകളും ആഗ്രഹി
ക്കുന്നില്ല. പാപത്തെ ഇല്ലാതാക്കുവാൻ വേണ്ടി
യുള്ള യാഗങ്ങളിലോ മൃഗങ്ങളെ കൊന്നോ ദഹി
പ്പിച്ചോ ഉള്ള യാഗങ്ങളിലോ നീ പ്രീതനാ
യില്ല." *(ഈ യാഗങ്ങളെല്ലാം ന്യായപ്രമാണ
കല്പനയാണ്.) 9 അപ്പോൾ ക്രിസ്തു പറഞ്ഞു,
"ദൈവമേ, ഇതാ ഞാൻ, നിന്റെ ഇഷ്ടം ചെയ്യു
വാൻ ഞാൻ വന്നിരിക്കുന്നു." അതിനാൽ
ദൈവം പഴയ ആ യാഗസമ്പ്രദായം നിർ
ത്തിയിട്ട് തന്റെ പുതിയ പാത തുടങ്ങി.
10 ദൈവം ചെയ്യണമെന്നാഗ്രഹിച്ച കാര്യങ്ങൾ
അവൻ ചെയ്തു. അതു കൊണ്ടാണ് ക്രിസ്തു
വിന്റെ ശരീരയാഗത്താൽ നാം ശുദ്ധരാക്കപ്പെ
ട്ടത്. ക്രിസ്തു ഒരിക്കൽ ആ യാഗം നടത്തി-
എക്കാലത്തേക്കും അതു മതി.
11 എല്ലാ ദിവസവും പുരോഹിതർ നിന്ന് മതാ
നുഷ്ഠാനം നടത്തുന്നു. പുരോഹിതർ അതേ
യാഗങ്ങൾ വീണ്ടും വീണ്ടും അർപ്പിക്കുന്നു.
എന്നാൽ ആ യാഗങ്ങൾക്ക് ഒരിക്കലും പാപം
പരിഹരിക്കാനാവില്ല. 12 എന്നാൽ ക്രിസ്തു ഒരു
യാഗമർപ്പിച്ചു. എക്കാലത്തേക്കും അതു മതി
യായിരുന്നു. പിന്നീട് ക്രിസ്തു ദൈവത്തിന്റെ
വലതു ഭാഗത്തു ഇരുന്നു. 13 അവന്റെ ശത്രുക്കൾ
അവന്റെ പാദപീഠമാകുവോളം* ക്രിസ്തു
അവിടെ കാത്തിരുന്നു. 14 ഒരു യാഗത്തിലൂടെ
തന്റെ ജനതയെ ക്രിസ്തു നിത്യമായി
പൂർണ്ണരാക്കി. വിശുദ്ധരാക്കപ്പെടുന്നവർ അവ
രാണ്.
15 ഇതിനെക്കുറിച്ച് പരിശുദ്ധാത്മാവും
നമ്മോട് ഇങ്ങനെ പറയുന്നു,
16 "ഇതാണ്, ഭാവിയിൽ ഞാൻ എന്റെ ജനവു
മായി ചെയ്യുന്ന നിയമം എന്നു കർത്താവ്
പറയുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവ
രുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കും. ഞാൻ
എന്റെ ന്യായപ്രമാണം അവരുടെ മനസ്സു
കളിലെഴുതും." *യിരെമ്യാവ് 31:33*

17 അതിനുശേഷം അവൻ പറയുന്നു. "അവ
രുടെ ദുഷ്കർമ്മങ്ങളും പാപങ്ങളും ഞാൻ ക്ഷമി
ക്കും. ഞാനാക്കാര്യങ്ങൾ ഒരിക്കലും സ്മരിക്ക
യില്ല." *യിരെമ്യാവ് 31:34*

18 ഈ കാര്യങ്ങളെല്ലാം ക്ഷമിക്കപ്പെട്ടതിനു
ശേഷം പാപപരിഹാരത്തിനായി മറ്റൊരു യാഗ
ത്തിന്റെ ആവശ്യമില്ല.

ദൈവത്തിന് സമീപം വരിക

19 അതിനാൽ സഹോദരരേ അതിവിശുദ്ധ
സ്ഥലത്തേക്ക് പ്രവേശിക്കാൻ നാം സർവ്വ
സ്വതന്ത്രരാണ്. യേശുവിന്റെ രക്തം കാരണം
പേടി കൂടാതെ നമുക്കിതു ചെയ്യാം. 20 യേശു
നമുക്കായി തുറന്ന പുതിയ പാതയിലൂടെ നമു
ക്കു പ്രവേശിക്കാം. അതൊരു ജീവനുള്ള പാത
യാണ്. ഈ പുതിയപാത ക്രിസ്തുവിന്റെ ശരീ
രമാകുന്ന തിരശ്ശീല വഴിയാണ്. 21 ദൈവാലയ
ത്തെ ഭരിക്കുന്ന ഒരു മഹാപുരോഹിതൻ നമു
ക്കുണ്ട്. 22 നമ്മുടെ ഹൃദയങ്ങൾ കുറ്റബോധത്തിൽ
നിന്നും നിർമ്മലീകരിക്കപ്പെടുകയും മുക്തീകരി
ക്കപ്പെടുകയും ചെയ്തിരിക്കുന്നു. ശുദ്ധജല
ത്താൽ നമ്മുടെ ശരീരം കഴുകി വൃത്തിയാക്ക
പ്പെട്ടിരിക്കുന്നു. അതിനാൽ വിശ്വാസം കൊണ്ടു
റച്ചതും ആത്മാർത്ഥതയുള്ള ഹൃദയവുമായി ദൈ
വത്തിനരികിലേക്കു വരിക. 23 നമുക്കുള്ള പ്രത്യാ
ശയെ നാം മുറുകെ പിടിക്കണം. നമ്മുടെ
പ്രത്യാശയെക്കുറിച്ച് മറ്റുള്ളവരോട് ഒരിക്കലും
പറയാതിരിക്കരുത് എന്തുകൊണ്ടെന്നാൽ
ദൈവം അവന്റെ വാഗ്ദാനങ്ങൾ നിറവേറ്റു
ന്നതിൽ വിശ്വസ്തനാണ്.

പരസ്പരം സഹായിച്ചു ശക്തരാകുക

24 പരസ്പരം സ്നേഹിക്കുന്നതിനും നന്മ ചെ
യ്യുന്നതിനും എങ്ങനെ എല്ലാവരെയും പ്രോ
ത്സാഹിപ്പിക്കാം എന്നും നമ്മൾ ചിന്തിക്കണം.
25 ചില ആളുകൾ ചെയ്യുന്നതു പോലെ ഒന്നിച്ചു
ള്ള കൂടിവരവുകൾ ഉപേക്ഷിക്കാതിരിക്കുക.
കൂടിവരവുകൾ എല്ലാവരെയും പ്രോത്സാഹി
പ്പിക്കുകയും അതുവഴി സ്വയം ശക്തി ആർജിക്കു
കയും ചെയ്യുക. അന്തിമദിനത്തിന്റെ വരവ്
നമ്മുടെ കൺമുന്നിലിരിക്കെ നാം ഇത് കൂടു
തൽ കൂടുതലായി ചെയ്യണം.

ക്രിസ്തുവിൽ നിന്നു പിന്തിരിയരുത്

26 സത്യം അറിഞ്ഞതിനു ശേഷവും പാപം
ചെയ്യുന്നതു തുടരാനാണു നാം തീരുമാനിക്കുന്ന
തെങ്കിൽ നമ്മുടെ പാപം പോക്കുവാനുള്ള
മറ്റൊരു യാഗവുമുണ്ടാകില്ല. 27 നാം പാപം ചെ
യ്യുന്നതു തുടരുകയാണെങ്കിൽ, ആകെക്കൂടി നമു
ക്കുള്ളത് വിധി കാത്തിരിപ്പിലുള്ള ഭയവും
ദൈവത്തിനെതിരെ ജീവിച്ച എല്ലാവരേയും
നശിപ്പിക്കുന്ന കോപാഗ്നിയുമാണ്. 28 മോശെ
യുടെ ന്യായപ്രമാണം അനുസരിക്കാൻ വിസ
മ്മതിച്ചവരും രണ്ടോ മൂന്നോ സാക്ഷികളുടെ
തെളിവാൽ കുറ്റക്കാരെന്നു കണ്ടുപിടിക്കപ്പെട്ട
അവർ ക്ഷമിക്കപ്പെട്ടില്ല, അവർ കൊല്ലപ്പെട്ടു.
29 അതുകൊണ്ട് ദൈവത്തിന്റെ പുത്രനെതിരെ
തന്റെ വെറുപ്പു പ്രദർശിപ്പിക്കുന്നവനെതിരെ
എടുക്കേണ്ട നടപടിയെക്കുറിച്ചു നിങ്ങൾഎന്തു
വിചാരിക്കുന്നു? തീർച്ചയായും ആ മനുഷ്യൻ
കൂടുതൽ കഠിനമായ ശിക്ഷ അർഹിക്കുന്നു.
അതെ, പുതിയനിയമത്തിന്റെ രക്തത്തെ ആദ
രിക്കുവാൻ വിസമ്മതിക്കുന്നവന് കൂടുതൽ
കഠിനശിക്ഷകിട്ടണം. ആ രക്തം അവനെ ഒരി
ക്കൽ വിശുദ്ധീകരിച്ചു. ദൈവകൃപയുടെ പരിശു
ദ്ധാത്മാവിനോട് തന്റെ വെറുപ്പ് കാണിച്ചവൻ
കഠിനമായി ശിക്ഷിക്കപ്പെടണം. 30 "ഞാൻ ജന
ങ്ങളെ അവരുടെ ദുഷ്കർമ്മങ്ങളുടെ പേരിൽ
ശിക്ഷിക്കും; ഞാനവരോടു പ്രതികാരം
ചെയ്യും,"* എന്നു ദൈവം പറഞ്ഞതായി നമു
ക്കറിയാം. "കർത്താവ് അവന്റെ ജനങ്ങളെ
വിധിക്കുമെന്നും"* ദൈവം പറഞ്ഞു.
31 ജീവിക്കുന്ന ദൈവത്തിന്റെ കരങ്ങളിൽപ്പെ
ടുക എന്നത് പാപിയായ ഒരുവനെ സംബന്ധി
ച്ചിടത്തോളം ഭയാനകമായിരിക്കും.

നീ യാഗങ്ങളും ... പ്രീതനായില്ല" ഉദ്ധരണി സങ്കീ. 40:6.

പാദപീഠമാക്കുക അവന്റെ ശക്തിയിൻ കീഴിലാക്കുക.

"ഞാൻ ... പ്രതികാരം ചെയ്യും," ഉദ്ധരണി ആവ. 32:35.

"കർത്താവ് ... വിധിക്കുമെന്നും" ഉദ്ധരണി സങ്കീ. 135:14.

ഉള്ള ധൈര്യവും സന്തോഷവും നഷ്ടപ്പെടുത്തരുത്

32സത്യം ബോദ്ധ്യമായ ആദ്യദിവസങ്ങളെ
ക്കുറിച്ച് ഓർക്കുക. പല കാരണങ്ങളാലും ഏറെ
ക്ലേശിച്ചു എങ്കിലും നിങ്ങൾ വിശ്വാസത്തിൽ
ഉറച്ചു നിന്നു. 33ചിലപ്പോൾ ജനങ്ങൾ നിങ്ങ
ളോട് വെറുപ്പു നിറഞ്ഞ കാര്യങ്ങൾ പറയു
കയും പല ആൾക്കാരുടെയും മുമ്പിൽ വച്ച്
നിങ്ങളെ പീഡിപ്പിക്കുകയും ചെയ്തു. ചില
പ്പോൾ ഇതേപോലെ തന്നെ പീഡിതരായവരെ
നിങ്ങൾ സഹായിച്ചു. 34അതെ, നിങ്ങൾ കാരാ
ഗൃഹത്തിൽ ആയിരുന്നവരെ സഹായിക്കുകയും
അവരുടെ സഹനങ്ങളിൽ പങ്കാളികളാകുകയും
ചെയ്തു. നിങ്ങൾക്കവകാശപ്പെട്ട സ്വത്തുക്കൾ
കൂടി അവർ എടുത്തുകൊണ്ടു പോയപ്പോഴും
നിങ്ങൾ സന്തോഷത്തിൽ നിലനിന്നു. എന്നും
നിലനിൽക്കുന്നമെച്ചപ്പെട്ട കാര്യങ്ങൾ നിങ്ങൾ
ക്കുണ്ട് എന്നറിയാവുന്നതുകൊണ്ട് നിങ്ങൾ
സന്തോഷപൂർവ്വം തുടർന്നു.

35അതിനാൽ നേരത്തേ ഉണ്ടായിരുന്ന ധൈര്യം
കൈവെടിയരുത്. നിങ്ങളുടെ ധൈര്യത്തിന്
സാഫല്യമായ പ്രതിഫലം ലഭിക്കും. 36നിങ്ങൾ
ക്ഷമാശീലരാകണം. ദൈവം നിങ്ങളിൽ നിന്നാ
ഗ്രഹിച്ച കാര്യങ്ങൾ നിങ്ങൾ ചെയ്തതിനു
ശേഷം അവൻ വാഗ്ദാനം ചെയ്ത കാര്യങ്ങൾ
നിങ്ങൾക്കു കിട്ടും. 37അല്പകാലത്തിനുള്ളിൽ,

“വരാനിരിക്കുന്നവൻ വരും. അവൻ താമസി
ക്കയില്ല.

38എന്റെ മുമ്പാകെ നേരുള്ളവൻ അവന്റെ
വിശ്വാസത്തിന്റെ ബലത്തിന്മേൽ ജീവിക്കും.
എന്നാൽ അവൻ ഭീതിയിൽ പിന്തിരിയുകയാ
ണെങ്കിൽ ഞാനവനിൽ പ്രീതനാകയില്ല.”

ഹബക്കൂക്ക് 2:3-4

39എന്നാൽ നമ്മൾ പിന്തിരിഞ്ഞ് നശിക്കുന്ന
ജനമല്ല. അല്ല നാം വിശ്വാസമുള്ളവരും രക്ഷി
ക്കപ്പെട്ടവരുമായ ജനമാണ്.

വിശ്വാസം

11 നാം പ്രത്യാശിക്കുന്ന വസ്തുക്കളെ സംബ
ന്ധിച്ച ഉറപ്പും, കാണുന്നില്ലെങ്കിലും അവ
യാഥാർത്ഥ്യം എന്ന് അറിയുന്നതുമാണ്
വിശ്വാസം. 2പണ്ട് ജീവിച്ചിരുന്നവരിൽ ദൈവം
പ്രസാദിച്ചത് അവരിൽ ഇത്തരം വിശ്വാസം
ഉണ്ടായിരുന്നതുകൊണ്ടാണ്.

3ദൈവം തന്റെ കല്പനയാലാണ് ഈ ലോകം
സൃഷ്ടിച്ചതെന്നു മനസ്സിലാക്കുവാൻ വിശ്വാസം
നമ്മെ സഹായിക്കും. അദൃശ്യമായതെന്തോ
അതിൽനിന്നാണ് ദൃശ്യമായതിനെ സൃഷ്ടിച്ച
തെന്നാണ് ഇതർത്ഥമാക്കുന്നത്.

4കയീനും ഹാബേലും ദൈവത്തിനു യാഗ
മർപ്പിച്ചിരുന്നു. എന്നാൽ ഹാബേലിനു ദൈവ
ത്തിൽ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് കൂടു
തൽ മെച്ചപ്പെട്ട യാഗം അവൻ ദൈവത്തിനർ
പ്പിച്ചു. ഹാബേലിന്റെ നിവേദ്യത്തിൽ താൻ
പ്രീതനായെന്ന് ദൈവം പറഞ്ഞു. അവനു
വിശ്വാസം ഉണ്ടായിരുന്നതിനാൽ ദൈവം
ഹാബേലിനെ നല്ലവനെന്നു വിളിച്ചു. ഹാ
ബേൽ മരിച്ചു എന്നാലും അവന്റെ വിശ്വാസ
ത്തിലൂടെ അവൻ ഇപ്പോഴും സംസാരിക്കുന്നു.

5ഹാനോക്കിനെ ഈ ഭൂമിയിൽനിന്നും എടു
ത്തുകൊണ്ടു പോയി. അവൻ ഒരിക്കലും മരി
ച്ചില്ല. മുകളിലേക്ക് എടുക്കപ്പെടുന്നതിനു മുൻ
പുതന്നെ ഹനോക്ക് ദൈവത്തെ പ്രീതിപ്പെടു
ത്തിയവനായിരുന്നു എന്നാണ് തിരുവെഴുത്ത്
പറയുന്നത്. പിന്നീട് ജനങ്ങൾക്ക് ഹനോക്കിനെ
കണ്ടെത്താൻ കഴിഞ്ഞില്ല. കാരണം ദൈവം
തന്നോടുകൂടിയായിരിക്കേണ്ടതിനു ഹനോ
ക്കിനെ എടുത്തുകൊണ്ടു പോയി. വിശ്വാസം
ഉണ്ടായിരുന്നതിനാലാണ് അവനിതു സംഭവി
ച്ചത്. 6വിശ്വാസം ഇല്ലാതെ ഒരുവന് ദൈവത്തെ
പ്രീതിപ്പെടുത്താൻ സാധിക്കയില്ല. ദൈവത്തി
ലേക്കുവരുന്ന ഏതൊരുവനും ദൈവത്തിന്റെ
ആസ്തിത്വത്തിൽ വിശ്വസിക്കണം. ദൈവത്തി
ലേക്കുവരുന്ന ഏതൊരുവനും ദൈവത്തെ സത്യ
മായും കണ്ടെത്താനാഗ്രഹിക്കുന്നവന് ദൈവം
പ്രതിഫലം കൊടുക്കുമെന്ന് വിശ്വസിക്കണം.

7അതുവരെയും കണ്ടിട്ടില്ലാത്ത കാര്യങ്ങളെ
ക്കുറിച്ച് നോഹ ദൈവത്താൽ താക്കീതു ചെയ്യ
പ്പെട്ടു. എന്നാൽ നോഹയ്ക്ക് ദൈവത്തോടു
വിശ്വാസവും ആദരവും ഉണ്ടായിരുന്നു. അതി
നാൽ അവൻ ഒരു പെട്ടകം തന്റെ കുടുംബ
ത്തിന്റെ രക്ഷക്കായി നിർമ്മിച്ചു. ഉറച്ച വിശ്വാ
സത്താൽ നോഹ ലോകത്തിന്റെ തിന്മ ലോക
ത്തിനു തന്നെ കാട്ടിക്കൊടുത്തു. വിശ്വാസം
വഴി ദൈവമുമ്പാകെ നീതീകരിക്കപ്പെട്ടവരിൽ
ഒരുവനാണ് നോഹ.

8അബ്രാഹാമിനു വാഗ്ദാനം ചെയ്ത സ്ഥല
ത്തേക്കു ദൈവം അബ്രാഹാമിനെ വിളിച്ചു.
ആസ്ഥലം എവിടെയാണെന്നു അബ്രാഹാമിനു
അറിവില്ലായിരുന്നു. എന്നാൽ അബ്രാഹാം ദൈ
വത്തെ അനുസരിക്കുകയും യാത്ര തുടങ്ങു
കയും ചെയ്തു. കാരണം അബ്രാഹാമിനു
വിശ്വാസം ഉണ്ടായിരുന്നു. 9ദൈവം അവനു
വാഗ്ദാനം ചെയ്ത രാജ്യത്ത് അബ്രാഹാം താമ
സിച്ചു. അബ്രാഹാം ഒരു സന്ദർശകനെപ്പോലെ
അവിടെ താമസിച്ചു. അബ്രാഹാമിനു വി
ശ്വാസം ഉള്ളതുകൊണ്ടാണ് ഇത് ചെയ്തത്.
യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ
അബ്രാഹാം കൂടാരങ്ങളിൽ താമസിച്ചു. യിസ്
ഹാക്കിനും യാക്കോബിനും ദൈവത്തിൽനിന്ന്
അതേ വാഗ്ദാനം ലഭിച്ചു. 10ദൈവത്തിന്റെ
പദ്ധതിയനുസരിച്ചുള്ള യഥാർത്ഥ അടിത്തറ
യുള്ള നഗരത്തിനു വേണ്ടി അവൻ കാത്തിരിക്കു
കയായിരുന്നു.

11കുട്ടികളുണ്ടാകാൻ പറ്റാത്തവിധം അബ്രാ
ഹാം വയസ്സനായിരുന്നു. സാറാ വന്ധ്യയായി
രുന്നു. എന്നാൽ അബ്രാഹാമിനു വിശ്വാസം
ഉണ്ടായിരുന്നു. അതിനാൽ ദൈവം അവരെ കുട്ടി
കളുള്ളവരാകാൻ കഴിവുള്ളവരാക്കി. അവൻ
വാഗ്ദാനം ചെയ്ത കാര്യങ്ങൾ ചെയ്യുന്നതിന്
അബ്രാഹാം ദൈവത്തിൽ ശരണം അർപ്പിച്ചു.
12ഈ മനുഷ്യൻ പ്രായാധിക്യത്താൽ മൃതപ്രായ
നായിരുന്നു. എന്നാൽ ആ ഒരു മനുഷ്യനിൽ
നിന്നുമാണ് ആകാശത്തിലെ നക്ഷത്രങ്ങൾ
പോലെ സന്തതികൾ ഉണ്ടായത്. കടൽത്തീര
ത്തെ മണൽത്തരിപോലെ എണ്ണമറ്റവിധം ആളു
കൾ അവനിൽനിന്ന് ഉണ്ടായി.

13ആ മഹാന്മാരായ മനുഷ്യരെല്ലാം മരണം
വരെ വിശ്വാസത്തിൽ ജീവിച്ചു. ദൈവം ജന
ത്തിന് വാഗ്ദാനം ചെയ്ത കാര്യങ്ങൾ ഒന്നും
അവർക്കുകിട്ടിയില്ല. ഭാവിയിൽവരാനിരിക്കുന്ന
കാര്യങ്ങളുടെ മനോരൂപത്തിൽ ദൃഷ്ടിയൂന്നി
അവർ സന്തുഷ്ടരായി. ഈ ലോകത്തിലെ
വെറും അപരിചിതരും സന്ദർശകരുമാണ് തങ്ങ
ളെന്ന സത്യം അവർ അംഗീകരിക്കുകയും അവ
രുടെ സ്വന്തമായ രാജ്യത്തിനായി കാത്തിരിക്കു

കയും ചെയ്തു. 14അവർ സന്ദർശകർ മാത്രമാ
ണെന്നു ഇവിടെ കാണിക്കപ്പെട്ടു. 15അവർ ഉപേ
ക്ഷിച്ച രാജ്യത്തെക്കുറിച്ച് വിചാരിക്കുകയായി
രുന്നെങ്കിൽ അവർക്കു തിരികെപ്പോകാമായി
രുന്നു. 16എന്നാൽ അക്കൂട്ടർ മെച്ചപ്പെട്ട ഒരുരാജ്യ
ത്തെ- സ്വർഗ്ഗീയ രാജ്യത്തെ ആകാംഷയോടെ
ഉറ്റുനോക്കുകയായിരുന്നു. അതിനാൽ അവരുടെ
ദൈവം എന്നു വിളിക്കപ്പെടുന്നതിൽ ദൈവം
ലജ്ജിതനായില്ല. അക്കൂട്ടർക്കായി ദൈവം ഒരു
നഗരം ഒരുക്കി.

17-18ദൈവം അബ്രാഹാമിന്റെ വിശ്വാസ
ത്തെ പരീക്ഷിച്ചു. ദൈവം അബ്രാഹാമിനോട്
യിസ്ഹാക്കിനെ ഒരു യാഗമായി നൽകാൻ
ആവശ്യപ്പെട്ടു. വിശ്വാസം ഉണ്ടായിരുന്നതു
കൊണ്ട് അബ്രാഹാം അനുസരിച്ചു. അബ്രാഹാ
മിന് നേരത്തേ തന്നെ ദൈവത്തിൽനിന്നു
വാഗ്ദാനങ്ങൾ കിട്ടിയിരുന്നു. "യിസ്ഹാക്കിലൂ
ടെയാണ് നിന്റെ സന്തതികൾ വരുന്നത്"
എന്നും ദൈവം നേരത്തേ തന്നെ അബ്രാഹാമി
നോട് പറഞ്ഞിരുന്നു. എന്നാൽ അബ്രാഹാം
തന്റെ ഏകമകനെ അർപ്പിക്കുവാൻ തയ്യാറുമാ
യിരുന്നു. വിശ്വാസം ഉള്ളതു കൊണ്ടാണ്
അബ്രാഹാം ഇതു ചെയ്തത്. 19ദൈവത്തിന്
മരണത്തിൽനിന്നു ജനങ്ങളെ ഉയിർപ്പിക്കാ
മെന്ന് അബ്രാഹാം വിശ്വസിച്ചു. യഥാർത്ഥ
ത്തിൽ യിസ്ഹാക്കിനെ കൊല്ലുന്നതിൽനിന്നും
ദൈവം അബ്രാഹാമിനെ തടഞ്ഞപ്പോൾ
അബ്രാഹാമിന് യിസ്ഹാക്കിനെ മരണത്തിൽ
നിന്നും തിരികെ കിട്ടിയതുപോലായിരുന്നു.

20യിസ്ഹാക്ക് യാക്കോബിന്റെ ഭാവിയേയും
ഏശാവിന്റെ ഭാവിയേയും അനുഗ്രഹിച്ചു.
യിസ്ഹാക്ക് ഇതു ചെയ്തത് അവനു വിശ്വാ
സമുണ്ടായിരുന്നതിനാലാണ്. 21യാക്കോബ് മരി
ക്കാറായ സമയത്തു യോസേഫിന്റെ ഓരോ
മക്കളേയും അനുഗ്രഹിച്ചു. ഊന്നുവടിയിൽ
ഊന്നി അവൻ ദൈവത്തെ നമസ്കരിച്ചു.
യാക്കോബിനു വിശ്വാസം ഉണ്ടായിരുന്നതു
കൊണ്ടാണ് ഇതു ചെയ്തത്.

22യോസേഫ് മൃതപ്രായനായപ്പോൾ മിസ്രയീ
മിൽനിന്നു മാറുവാൻ തുടങ്ങിയ യെഹൂദരെ
ക്കുറിച്ച് സംസാരിച്ചു. തന്റെ ശരീരം എന്തു
ചെയ്യണമെന്ന് യോസേഫ് അവരോടു പറ
ഞ്ഞു. യോസേഫ് ഇതു പറഞ്ഞത് അവന്
വിശ്വാസം ഉണ്ടായിരുന്നതു കൊണ്ടാണ്.

23മോശെയുടെ ജനനത്തിനു ശേഷം മൂന്നു
മാസങ്ങളോളം അവന്റെ അപ്പനും അമ്മയും
കുട്ടിയെ ഒളിപ്പിച്ചു താമസിപ്പിച്ചു. വിശ്വാസം
മൂലമാണ് അവരിങ്ങനെ ചെയ്തത്. മാത്രമല്ല,
മോശെ സുമുഖനായ കുട്ടിയായിരുന്നു എന്ന്
അവർ കണ്ടു. ഫറവോന്റെ ആജ്ഞ ധിക്കരിക്കു
ന്നതിന് അവർക്കു ഭയമില്ലായിരുന്നു.

24മോശെ പുരുഷത്വത്തിലേക്ക് വളർന്നു. ഫറ
വോന്റെ പുത്രിയുടെ മകനെന്നു വിളിക്കപ്പെ
ടാൻ മോശെ വിസമ്മതിച്ചു. 25പാപത്തിന്റെ
സുഖം ആസ്വദിക്കാൻ മോശെ കാംക്ഷിച്ചില്ല.
ആ സുഖങ്ങൾ വേഗം അവസാനിക്കും. അതിനു
പകരം, ദൈവജനത്തോടൊപ്പം ക്ലേശങ്ങൾ
സഹിക്കുന്നതു തിരഞ്ഞെടുത്തു. മോശെ ഇതു
ചെയ്തതും വിശ്വാസം കൊണ്ടാണ്. 26മിസ്ര
യീമിന്റെ എല്ലാ നിധികളുള്ളവനാകുന്നതിലും
ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്ന
താണ് നല്ലത് എന്നാണ് മോശെ വിചാരിച്ചത്.
ദൈവം അവനു നൽകുന്ന സമ്മാനത്തിനായി
കാത്തിരിക്കുകയായിരുന്നു മോശെ. 27മോശെ
മിസ്രയീമിൽനിന്നു വിട്ടുപോന്നു. വിശ്വാസം
ഉള്ളതുകൊണ്ടാണ് അവൻ പാലായനം
ചെയ്തത്. ഫറവോന്റെ കോപത്തെ മോശെ
ഭയന്നില്ല. ആർക്കും കാണുവാൻ പറ്റാത്ത ദൈ
വത്തെ തനിക്കു കാണാമെന്നു കരുതി മോശെ
ദൃഢമായി തുടർന്നു.

28മോശെ പെസഹാ ഒരുക്കുകയും കട്ടളപ്പടി
യിൽ രക്തം തളിക്കുകയും ചെയ്തു. മരണ
ദൂതൻ യെഹൂദരുടെ ആദ്യജാതരെ കൊല്ലാ
തിരിക്കാനാണ് രക്തം വാതിൽപ്പടികളിൽ തളി
ച്ചത്. മോശെ വിശ്വാസത്താൽ ഇങ്ങനെ
ചെയ്തു.

29മോശെ നയിച്ച എല്ലാ ജനങ്ങളും ഒരു വരണ്ട
ഭൂമിയിലൂടെയെന്ന പോലെ ചെങ്കടലിലൂടെ
നടന്നു കയറി. അവർക്കു വിശ്വാസം ഉണ്ടായിരു
ന്നതു കൊണ്ടാണ് ഇതിനു കഴിവുണ്ടായത്.
മിസ്രയീമ്യരും ചെങ്കടൽ കടക്കുവാൻ ശ്രമിച്ചെ
ങ്കിലും അവർ മുങ്ങിപ്പോയി.

30ദൈവജനങ്ങളുടെ വിശ്വാസം നിമിത്തം
യെരീഹോയുടെ മതിലുകൾ തകർന്നു വീണു.
(യെരീഹോയുടെ മതിലുകൾക്കു ചുറ്റും ജന
ങ്ങൾ ഏഴു ദിവസം നടന്നതിനു ശേഷമാണ്
അതു തകർന്നു വീണത്.)

31വേശ്യയായ രാഹാബ് യിസ്രായേൽ ചാര
ന്മാരെ സ്വാഗതം ചെയ്യുകയും അവരെ സഹാ
യിക്കുകയും ചെയ്തു. അവളുടെ വിശ്വാസം
നിമിത്തം അനുസരിക്കാൻ വിസമ്മതിച്ചവരെ
പ്പോലെ അവൾ കൊല്ലപ്പെട്ടില്ല.

32ഞാനിനിയും കൂടുതൽ ഉദാഹരണങ്ങൾ
തരേണ്ടതുണ്ടോ? ഗിദ്യോൻ, ബാരാക്ക്,
ശിംശോൻ, യിപ്താഹ്, ദാവീദ്, ശമൂവേൽ
പ്രവാചകൻ തുടങ്ങിയവരെപ്പറ്റി എല്ലാം പറ
യാൻ എനിക്കു മതിയായ സമയമില്ല. 33ആ
മനുഷ്യർക്കെല്ലാം ഉന്നതമായ വിശ്വാസം ഉണ്ടാ
യിരുന്നു. ആ വിശ്വാസംകൊണ്ട് അവർ രാജ്യ
ങ്ങളെ തോല്പിച്ചു. അവർ ശരിയായ കാര്യങ്ങൾ
ചെയ്യുകയും വാഗ്ദത്തം ചെയ്യപ്പെട്ടകാര്യങ്ങൾ
നേടുകയും ചെയ്തു. ചില മനുഷ്യർ വി
ശ്വാസം കൊണ്ട് സിംഹങ്ങളുടെ വായ് അടച്ചു.
34ചിലർ വൻ തീ അണയ്ക്കുകയും മറ്റു ചിലർ
വാളാൽ കൊല്ലപ്പെടുന്നതിൽനിന്നും രക്ഷപെ
ടുകയും ചെയ്തു. അവർ അതൊക്കെ ചെയ്തത്
വിശ്വാസം മൂലമാണ്. ബലഹീനർ അവരുടെ
വിശ്വാസം മൂലം ശക്തരാക്കപ്പെട്ടു. അവർ യുദ്ധ
ത്തിൽ ശക്തരാകുകയും മറ്റു സൈന്യങ്ങളെ
നശിപ്പിക്കുകയും ചെയ്തു. 35മരിച്ചവരെ മരണ
ത്തിൽനിന്നും ഉയിർപ്പിച്ച് അവരുടെ കുടുംബ
ങ്ങളിലെ സ്ത്രീകൾക്കു തിരികെ നൽകി.
എന്നാൽ മറ്റു ചില ജനങ്ങൾ പീഢിപ്പിക്കപ്പെ
ടുകയും സ്വന്തം സ്വാതന്ത്ര്യം ഉപേക്ഷിക്കുകയും
ചെയ്തു. അവർ ഇങ്ങനെ ചെയ്തത് നല്ലൊരു
ജീവിതത്തിനായി മരണത്തിൽനിന്നും ഉയിർ
ത്തെഴുന്നേൽക്കുവാനാണ്. 36ചില ആൾക്കാർ
കളിയാക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും
ചെയ്തു. മറ്റു ചിലർ ബന്ധിതരായി കാരാ
ഗൃഹത്തിലടയ്ക്കപ്പെട്ടു. 37ചിലർ കല്ലെറിഞ്ഞു
കൊല്ലപ്പെടുകയും മറ്റു ചിലർ രണ്ടായി മുറിക്ക
പ്പെടുകയും ചെയ്തു. അവർ വാളിനിരയാക്ക
പ്പെട്ടു. കോലാടിന്റെയും ചെമ്മരിയാടി
ന്റെയും തോലാണ് ചിലർ ധരിക്കുന്നത്. അവർ
പാവങ്ങളും പീഢിതരും അന്യരാൽ ഉപദ്രവിക്ക
പ്പെടുന്നവരും ആണ്. 38ആ മഹത് വ്യക്തികൾക്ക്
ഇണങ്ങുന്നതല്ല ഈ ലോകം. ഇക്കൂട്ടർ മരുഭൂമി
കളിലും മലനിരകളിലും അലഞ്ഞു തിരിയു

ന്നവരും ഗുഹകളിലും മാളങ്ങളിലും വസിക്കുന്ന
വരുമാണ്.
39ഇവരെല്ലാം അവരുടെ വിശ്വാസത്തിന്റെ
പേരിൽ പ്രശസ്തരാണ്. എന്നാൽ ഇവരിലാ
ർക്കും തന്നെ ദൈവത്തിന്റെ മഹത്വാഗ്ദാനം
ലഭ്യമായില്ല. 40ദൈവം കൂടുതൽ മെച്ചമായ
കാര്യങ്ങൾ നമുക്കു തരുവാനായി പദ്ധതിയിട്ടു.
അപ്പോൾ അവരും പൂർണ്ണരാക്കപ്പെടും. പക്ഷേ
നമ്മോടൊപ്പം എന്നു മാത്രം.

ക്രിസ്തുവിന്റെ മാതൃക നാം പിന്തുടരണം

12 നമുക്കു ചുറ്റുമായി അനേകം വിശ്വാസി
കളുണ്ട്. വിശ്വാസം എന്തെന്ന് അവരുടെ
ജീവിതം നമ്മോടു പറയുന്നു. അതിനാൽ നാം
അവരെപ്പോലെയാകണം. നമുക്കു മുൻപിലുള്ള
ഓട്ടം നാം ഓടിയേ തീരൂ. ക്ഷമയോടെ
എപ്പോഴും പരിശ്രമിക്കുകയും വേണം. നമ്മെ
തടയുന്ന എന്തിനെയും നാം ജീവിതത്തിൽ
നിന്നു എടുത്തു കളയണം. നമ്മെ നിഷ്പ്ര
യാസം പിടികൂടുന്ന പാപത്തിൽനിന്നും നാം
ഒഴിഞ്ഞു നിൽക്കണം. നാം എപ്പോഴും യേശു
വിന്റെ പാത പിൻതുടരണം. 2യേശു നമ്മുടെ
നായകനും അടിയുറച്ച വിശ്വാസത്തിന്റെ
ഉത്തമദൃഷ്ടാന്തവുമാണ്. കുരിശിൽ അവൻ
മരണം സഹിച്ചു. യേശു കുരിശിന്റെ നാണ
ക്കേട് ഒന്നുമല്ലാത്തുപോലെയാണ് ഏറ്റു വാങ്ങി
യത്. ദൈവം അവനു മുമ്പാകെവച്ച സന്തോഷം
കൊണ്ടാണ് അവൻ ഇതു ചെയ്തത്. ഇപ്പോൾ
അവൻ ദൈവത്തിന്റെ സിംഹാസനത്തിന്റെ
വലതു ഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്നു.
3യേശുവിനെപ്പറ്റി വിചാരിക്കുക. പാപിക
ളായ ആൾക്കാർ അവനെതിരെ ദുഷ്കർമ്മങ്ങൾ
ചെയ്തുകൊണ്ടിരുന്നപ്പോഴും അവൻ ക്ഷമയു
ള്ളവനായിരുന്നു. നിങ്ങളും ക്ഷമാപൂർവ്വം പരി
ശ്രമിക്കണം എന്നതിനു വേണ്ടിയാണ് ക്രിസ്തു
ഇപ്രകാരം ചെയ്തത്.

ദൈവം ഒരു പിതാവിനെപ്പോലെയാണ്

4നിങ്ങൾ പാപത്തിനെതിരെ സമരം ചെയ്തു
കൊണ്ടിരിക്കുകയാണ്. എന്നാലും മരണത്തെ
അഭിമുഖീകരിക്കേണ്ട അവസ്ഥയിൽ നിങ്ങൾ
ഇനിയും എത്തിയിട്ടില്ല. 5നിങ്ങൾ ദൈവപുത്ര
ന്മാരാണ്. അവൻ നിങ്ങളോട് ആശ്വാസ വച
നങ്ങൾ പറയുന്നു. നിങ്ങൾ ഈ വാക്കുകൾ
മറന്നു.

“എന്റെ മകനേ, ദൈവം നിന്നെ ശിക്ഷിക്കു
മ്പോൾ അത് ഫലശൂന്യമെന്നു വിചാരിക്കരുത്.
ദൈവം നിന്നെ തിരുത്തുമ്പോൾ നീ അധൈര്യ
പ്പെടരുത്. 6താൻ സ്നേഹിക്കുന്ന ഏവരെയും
തന്റെ മകനായി സ്വീകരിക്കുന്നവനെയും
കർത്താവ് ശിക്ഷിയ്ക്കും.”

സദൃശ്യവാക്യങ്ങൾ3:1112

7അതിനാൽ ആ കഷ്ടതകളെല്ലാം ഒരു പിതാ
വിന്റെ ശിക്ഷ പോലെ സ്വീകരിക്കുക. ഒരു
പിതാവ് മകനെ ശിക്ഷിക്കുന്നതു പോലെയാണ്
ദൈവം നിങ്ങളോട് ഈ കാര്യങ്ങൾ ചെയ്തത്.
8എല്ലാ കുട്ടികളും അവരുടെ പിതാവിനാൽ
ശിക്ഷിക്കപ്പെടണം. നിങ്ങൾ ശിക്ഷിക്കപ്പെടുന്നി
ല്ലെങ്കിൽ (എല്ലാ പുത്രന്മാരും ശിക്ഷിക്കപ്പെ
ടണം) നിങ്ങൾ യഥാർത്ഥ മക്കളോ സത്യത്തിൽ
പുത്രരോ അല്ല. 9നമുക്കേവർക്കും നമ്മെ
ശിക്ഷിച്ച പിതാവാണുള്ളത്. നമ്മുടെ പിതാ
ക്കളെ നാം ബഹുമാനിച്ചു. അതിനാൽ നമ്മുടെ
ആത്മാക്കളുടെ പിതാവിന്റെ ശിക്ഷണം നാം
ഏറ്റുവാങ്ങുക എന്നത് അതിലേറെ പ്രധാനപ്പെ
ട്ടതാണ്. അങ്ങനെ ചെയ്താൽ നാം ജീവിക്കും.
10ഭൂമിയിലുള്ള നമ്മുടെ പിതാക്കന്മാർ അല്പകാ
ലത്തേക്കാണു നമ്മെ ശിക്ഷിച്ചത്. അവർ
ഏറ്റവും നല്ലതെന്നു കരുതിയവിധമാണ് ശിക്ഷ
നടപ്പാക്കിയത്. നമ്മുടെ നന്മയ്ക്കായി ദൈവം
നമ്മെ ശിക്ഷിക്കുന്നു. ദൈവം വിശുദ്ധനായിരി
ക്കുന്നതുപോലെ നമ്മളും വിശുദ്ധർ ആകുന്നതി
നുവേണ്ടിയാണ് അവൻ നമ്മെ ശിക്ഷിക്കുന്നത്.
11ശിക്ഷണം നമുക്കു ലഭിക്കുമ്പോൾ നാം അതാ
സ്വദിക്കയില്ല. ശിക്ഷിതരാകുക എന്നതു വേദ
നാജനകമാണ്. എന്നാൽ ശിക്ഷയിൽനിന്നു നാം
പാഠമുൾക്കൊള്ളുമ്പോൾ നമുക്കു സമാധാനം
ഉണ്ടാകും. നാം നന്നായി ജീവിക്കാൻ തുടങ്ങി
എന്നുള്ളതാണ് അതിന്റെ കാരണം.

ജീവിതരീതിയെക്കുറിച്ചു ശ്രദ്ധാലുക്കളാകുക

12നിങ്ങൾ ബലഹീനരായി. അതിനാൽ വീ
ണ്ടും നിങ്ങളെത്തന്നെ ശക്തിപ്പെടുത്തുക.
13നിങ്ങൾ രക്ഷിക്കപ്പെടുകയും നിങ്ങളുടെ
സ്വയ നന്മയ്ക്കുവേണ്ടി നിങ്ങളുടെ ബലഹീ
നത നിങ്ങളെ നഷ്ടപ്പെടുത്താതിരിക്കുകയും
ചെയ്യത്തക്കവണ്ണം നന്നായി ജീവിക്കുക.
14എല്ലാവരുമായി സമാധാനത്തിൽ കഴിയു
വാൻ ശ്രമിക്കുക. പാപരഹിതമായ ജീവിതം
നയിക്കുവാൻ ശ്രമിക്കുക. ഒരു വ്യക്തിയുടെ
ജീവിതം വിശുദ്ധമല്ലെങ്കിൽ അവൻ കർത്താ
വിനെ കാണില്ല. 15ദൈവകൃപയിൽനിന്നു
പിന്തിരിയുന്നവരെ തടഞ്ഞു നിർത്തുന്നതിൽ
ശ്രദ്ധിക്കുക. നിങ്ങളുടെ ഇടയിൽ ഒരുവനും
കയ്പുള്ള കളയെപ്പോലെ ആകാതിരിക്കുവിൻ.
കയ്പുള്ള കളയെപ്പോലെയുള്ള ഒരാൾ നിങ്ങ
ളുടെ കൂട്ടത്തെ നശിപ്പിക്കും. 16ലൈംഗിക
പാപം ചെയ്യാതിരിക്കാൻ എല്ലാവരും ശ്രദ്ധി
ക്കുക. ഏശാവിനെപ്പോലെ ദൈവത്തെ ഒരി
ക്കലും വിചാരിക്കാത്തവൻ ആകാതിരിക്കാൻ
ഓരോരുത്തരും ശ്രദ്ധാലുക്കളാകുവിൻ. അഗ്രജ
നായിരുന്ന ഏശാവിന് പിതാവിൽനിന്ന്
എല്ലാം പാരമ്പര്യാവകാശമായി കിട്ടുമായി
രുന്നു. എന്നാൽ ഒരൊറ്റ നേരത്തെ ഭക്ഷണത്തി
നുവേണ്ടി ഏശാവ് എല്ലാം വിറ്റു. 17ഏശാവ്
ഇതു ചെയ്തതിനുശേഷം, പിതാവിന്റെ അനു
ഗ്രഹം ആഗ്രഹിച്ചു. അവൻ ആ അനുഗ്രഹം
വളരെ ആഗ്രഹിച്ചതു കൊണ്ട് കരഞ്ഞു.
എന്നാൽ അവന്റെ പിതാവ് അനുഗ്രഹം നൽകു
ന്നതിനു വിസമ്മതിച്ചു. കാരണം അവൻ
ചെയ്തിരുന്നത് വ്യത്യാസപ്പെടുത്താൻ ഒരു
വഴിയും കാണാൻ ഏശാവിനു കഴിഞ്ഞില്ല.
18നിങ്ങൾ ഒരു പുതിയ സ്ഥലത്തേക്കാണു
വന്നത്. യിസ്രായേല്യർ വന്ന പർവ്വതം
പോലെയല്ല ഇത്. യഥാർത്ഥത്തിൽ അഗ്നി
ജ്വലിക്കുന്ന ഒരു പർവ്വതത്തിലേക്കല്ല നിങ്ങൾ
വന്നത്. അന്ധകാരവും ഇരുണ്ട മേഘവും
കൊടുങ്കാറ്റും നിറഞ്ഞ ഒരു ദേശത്തേക്കല്ല
നിങ്ങൾ വന്നത്. 19പെരുമ്പറയുടെ ശബ്ദമോ
വാക്കുകൾ ഉരുവിടുമ്പോൾ ഉണ്ടാകുന്ന ശബ്ദ
മോ അവിടെയില്ല. ജനം ആ സ്വരം കേട്ടപ്പോൾ
മറ്റൊരു വാക്കുകളും കേൾക്കരുതേ എന്നു അവർ
യാചിച്ചു.
20“എന്തെങ്കിലും, ഒരു മൃഗം പോലുമോ പർവ്വ
തത്തെ സ്പർശിച്ചാൽ അത് കല്ലുകൊണ്ട്
കൊല്ലപ്പെടണം”* എന്ന കല്പന കേൾക്കാൻ

“എന്തെങ്കിലും ... കൊല്ലപ്പെടണം” ഉദ്ധരണി പുറ.19:12,13.

അവരാഗ്രഹിച്ചില്ല. 21“ഞാൻ ഭയത്താൽ വിറ
യ്ക്കുകയായിരുന്നു.”* എന്നു മോശെ പറഞ്ഞതു
പോലെ ജനം ആ ഭയങ്കരമായ കാര്യം കണ്ടു.
22എന്നാൽ നിങ്ങളത്തരം സ്ഥലത്തേക്കല്ല
വന്നത്. നിങ്ങൾ വന്നിരിക്കുന്ന പുതിയ സ്ഥലം
സീയോൻമലയാണ്. ജീവിക്കുന്ന ദൈവത്തി
ന്റെ സ്വർഗ്ഗീയ യെരൂശലേം നഗരത്തിലാണ്
നിങ്ങൾ വന്നത്. ആയിരക്കണക്കിനു ദൂതന്മാർ
സന്തോഷത്താൽ സമ്മേളിച്ചിരിക്കുന്ന സ്ഥല
ത്താണ് നിങ്ങൾ വന്നത്. 23ദൈവത്തിന്റെ
ആദ്യജാതരുടെ സമ്മേളനത്തിലേക്കാണു
നിങ്ങൾ വന്നത്. അവരുടെ നാമം സ്വർഗ്ഗത്തിൽ
ലേഖനം ചെയ്തിരിക്കുന്നു. നിങ്ങൾ സർവ്വരു
ടെയും വിധികർത്താവായ ദൈവത്തിലേക്കു
വന്നിരിക്കുന്നു. പൂർണ്ണരാക്കപ്പെട്ട സജ്ജനങ്ങ
ളുടെ ആത്മാക്കളുടെ അടുത്തേക്കാണ് വന്നിരി
ക്കുന്നത്. 24ദൈവത്തിൽനിന്നും പുതിയനിയമം
ജനങ്ങൾക്കായി കൊണ്ടുവന്ന യേശുവിനടു
ത്തേക്കാണ് നിങ്ങൾ വന്നിരിക്കുന്നത്. ഹാബേ
ലിന്റെ രക്തത്തെക്കാളും മെച്ചപ്പെട്ട കാര്യങ്ങ
ളെക്കുറിച്ച് നമ്മോടു സംവാദിക്കുന്ന തൂവപ്പെട്ട
രക്തത്തിന്റെ* സമീപത്തേക്കാണ് നിങ്ങൾ
വന്നിരിക്കുന്നത്.
25ദൈവം സംസാരിക്കുമ്പോൾ ചെവികൊടു
ക്കാൻ വിസമ്മതിക്കാതെ ശ്രദ്ധാലുക്കളാകു
വിൻ. അവർ ഭൂമിയിലായിരിക്കെ അവരെ
താക്കീതു ചെയ്തപ്പോൾ അത് കേൾക്കുവാൻ
അക്കൂട്ടർ വിസമ്മതിച്ചു. അവർ ആരും രക്ഷ
പെട്ടില്ല. ഇപ്പോൾ ദൈവം സ്വർഗ്ഗത്തിൽനിന്നു
സംസാരിക്കുന്നു. അത് കേൾക്കാതെ പിന്തി
രിഞ്ഞു പോകുന്നത് നമുക്ക് കൂടുതൽ കഷ്ടത്തി
നിടയാക്കും. 26അവൻ നേരത്തെ സംസാരിച്ച
പ്പോൾ അവന്റെ ശബ്ദം ലോകത്തെ പിടിച്ചു
കുലുക്കി. എന്നാൽ ഇപ്പോൾ അവൻ പ്രതിജ്ഞ
ചെയ്തു. “ഒരിക്കൽ കൂടി ഞാൻ ഭൂമിയെ മാത്ര
മല്ല ആകാശത്തെയും ഇളക്കും.”
27“ഒരിക്കൽ കൂടി” എന്ന വാക്കുകൾ സൃഷ്ടിക്ക
പ്പെട്ടതെല്ലാം നശിപ്പിക്കപ്പെടും എന്ന് വ്യക്തമാ
ക്കുന്നു. അവയൊക്കെ ഇളക്കപ്പെടാവുന്നവ
യാണ്. സ്ഥിരമായതൊക്കെയേ നിലനിൽക്കൂ.
28അതിനാൽ സുസ്ഥിരമായ ഒരു സാമ്രാജ്യം
നമുക്കുള്ളതിൽ നാം കൃതജ്ഞതയുള്ളവരായിരി
ക്കണം. ദൈവത്തെ പ്രീതിപ്പെടുത്തുന്നവിധ
ത്തിൽ നാം സേവിക്കുകയും കൃതജ്ഞത അർപ്പി
ക്കുകയും ചെയ്യണം. ആദരവോടും ഭയത്തോടും
കൂടിവേണം നാം അവനെ നമസ്കരിക്കേണ്ടത്.
29കാരണം ദൈവം നശീകരണശേഷിയുള്ള തീ
പോലെയാണ്.

13 നിങ്ങൾ ക്രിസ്തുവിൽ സഹോദരീ
സഹോദരന്മാർ ആയതുകൊണ്ട് പര
സ്പരം സ്നേഹത്തിൽ തുടരുവിൻ. 2വീട്ടി
ലേക്ക് ആൾക്കാരെ സ്വീകരിച്ച് എപ്പോഴും
സഹായിക്കുവിൻ. ചിലർ അങ്ങനെ ചെയ്തി
ട്ടുണ്ട്. ഇതു വഴി അവർ ദൂതന്മാരെ അറിയാതെ
തന്നെ സ്വീകരിച്ചു. 3കാരാഗൃഹത്തിലുള്ളവരെ
മറക്കരുത്. അവരോടൊപ്പം നിങ്ങളും തടവി
ലിരുന്നു എന്നവണ്ണം സ്മരിക്കുക. ക്ലേശിത
രെയും മറക്കരുത്. അവരോടൊപ്പം സഹിക്കുന്ന
വരെപ്പോലെ അവരെ ഓർക്കുക.
4വിവാഹം എല്ലാവരാലും മാനിക്കപ്പെടണം.
ഭാര്യഭർത്താക്കന്മാർ അന്യോന്യം വിശ്വസ്തരാ
യിരിക്കണം. മറ്റ് ലൈംഗികപാപങ്ങളെയും
വ്യഭിചാരത്തെയും ദൈവം തീർച്ചയായും
വിധിക്കും. 5ധനമോഹത്തിൽനിന്നും നിങ്ങ
ളുടെ ജീവിതത്തെ വിടുതൽ ചെയ്തു പാലി
ക്കുക. ഉള്ളതുകൊണ്ടു സംതൃപ്തരാകുക. ദൈവം
പറഞ്ഞു,
“ഞാൻ നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കുക
യില്ല; കൈവെടിയുകയുമില്ല.”
ആവർത്തനം 31:6

6അതിനാൽ ഉറപ്പിച്ച് ഇങ്ങനെ പറയാം,
“ദൈവം എന്റെ സഹായകനാണ്; ഞാൻ
ഭയപ്പെടുകയില്ല. ജനത്തിന് എന്നെ ഒന്നും
ചെയ്യാൻ സാധിക്കില്ല.” *സങ്കീർത്തനങ്ങൾ 118:6*

7നിങ്ങളുടെ നേതാക്കളെ അനുസ്മരിക്കു
വിൻ. അവർ ദൈവത്തിന്റെ സന്ദേശം നിങ്ങ
ളെ പഠിപ്പിച്ചു. അവർ എങ്ങനെയാണ് ജീവിച്ചു
മരിച്ചതെന്ന് ഓർത്ത് അവരുടെ വിശ്വാസം
പകർത്തുവിൻ. 8യേശു ക്രിസ്തു ഇന്നലെയും
ഇന്നും എന്നും ഒരുപോലെ ആയിരിക്കും.
9എല്ലാ അപരിചിത ഉപദേശങ്ങളും നിങ്ങളെ
തെറ്റായ രീതിയിലേക്കു നയിക്കുവാൻ അനുവ
ദിക്കരുത്. നിങ്ങളുടെ ഹൃദയം ഭക്ഷണക്രമചട്ട
ങ്ങൾ കൊണ്ടല്ല ദൈവത്തിന്റെ കൃപകൊണ്ട്
ശക്തിപ്പെടുത്തുവിൻ. അത്തരം ചട്ടങ്ങൾ ജന
ങ്ങളെ സഹായിക്കയില്ല.
10നമുക്ക് ഒരു യാഗമുണ്ട്. യെഹൂദകൂടാര
ത്തിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതർക്ക്
നമ്മുടെ യാഗത്തിൽനിന്ന് ഭക്ഷിക്കാൻ സാധ്യ
മല്ല. 11മൃഗങ്ങളുടെ രക്തം മഹാപുരോഹിതൻ
അതിവിശുദ്ധസ്ഥലത്തേക്കു സംവഹിക്കുന്നു.
പാപപരിഹാരത്തിനു വേണ്ടി അവൻ രക്തം
അർപ്പിക്കുന്നു. എന്നാൽ ആ മൃഗങ്ങളുടെ ശരീര
ങ്ങൾ കൂടാരത്തിനു വെളിയിൽ ദഹിപ്പിക്കുന്നു.
12അതിനാൽ ക്രിസ്തുവും പട്ടണത്തിനു വെളി
യിൽ കഷ്ടത സഹിച്ചു. ക്രിസ്തു മരിച്ചത്
അവന്റെ സ്വന്തം രക്തം കൊണ്ട് ജനങ്ങളെ
ശുദ്ധീകരിക്കുന്നതിനാണ്. 13അതിനാൽ വാസ
സ്ഥലത്തിനു വെളിയിൽ ക്രിസ്തുവിനടു
ത്തേക്ക് നാമും പോകണം. യേശുവിനുണ്ടായ
അതേ അപമാനം നാമും സ്വീകരിക്കണം.
14ഇവിടെ, ഈ ഭൂമിയിൽ എന്നും നിലനിൽ
ക്കുന്ന ഒരു പട്ടണം നമുക്കില്ല. ഭാവിയിൽ
നമുക്കു കിട്ടുന്ന ആ പട്ടണത്തെ നാം പാർ
ത്തിരിക്കുന്നു. 15അതിനാൽ ദൈവത്തിനു യാഗ
മർപ്പിക്കുന്നത് യേശു വഴി നാം തുടരണം. ദൈവ
ത്തിനു നമ്മുടെ നാവു കൊണ്ടുള്ള സ്തുതി
യാണ് യാഗം. 16അന്യർക്ക് സൽകാര്യങ്ങൾ ചെ
യ്യാൻ മറക്കരുത്. അന്യരുമായി പങ്കുവയ്ക്കുക.
ഇവയാണ് ദൈവത്തെ പ്രീതിപ്പെടുത്തുന്ന
യാഗങ്ങൾ.
17നിങ്ങളുടെ നേതാക്കളെ അനുസരിക്കുകയും
അവരോടു വിധേയത്വം ഉള്ളവരാകുകയും
ചെയ്യുക. നിങ്ങളുടെ ഉത്തരവാദിത്വം അവർ
ക്കാണ്. അതിനാൽ നിങ്ങളുടെ ആത്മാക്കളുടെ
സംരക്ഷണത്തിന് അവർ നിങ്ങളിൽ ശ്രദ്ധവെ
ക്കുന്നു. അവർ സന്താപം ഒട്ടും ഇല്ലാതെ പൂർണ്ണ
സന്തോഷത്തോടെ അവരുടെ ജോലി ചെയ്യേ
ണ്ടതിന് അവരെ അനുസരിക്കുക. അല്ലെങ്കിൽ
നിങ്ങൾക്കു നല്ലതല്ല.
18ഞങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥി
ക്കുക. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ ഹൃദയം
സത്യസന്ധമാണെന്നും ഞങ്ങൾ എപ്പോഴും

“ഞാൻ … വിറയ്ക്കുകയായിരുന്നു” ഉദ്ധരണി ആവ.9:19.

തൂവപ്പെട്ട രക്തം യേശുവിന്റെ രക്തം (മരണം).

ശരിയായ കാര്യങ്ങൾ മെച്ചമായി പ്രവർത്തി
ക്കാൻ ശ്രമിക്കുമെന്നും ഉള്ളതിനാൽ ഞങ്ങൾക്കുറ
പ്പുണ്ട്. **19**നിങ്ങളുടെ അടുത്തേക്ക് ദൈവം
എന്നെ തിരികെ അയയ്ക്കുവാൻ നിങ്ങൾ പ്രാർ
ത്ഥിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. മറ്റെന്തി
നെക്കാളും ഞാനിതാഗ്രഹിക്കുന്നു.

20-21അവനാഗ്രഹിക്കുന്ന കാര്യങ്ങളുടെ നിർവ്വ
ഹണത്തിനായി നിങ്ങൾക്കാവശ്യമുള്ള എല്ലാ
നല്ല കാര്യങ്ങളും സമാധാനത്തിന്റെ ദൈവം
നൽകണമേയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.
നമ്മുടെ കർത്താവായ യേശുവിനെ മരണ
ത്തിൽനിന്നും ഉയിർപ്പിച്ചവനാണ് ദൈവം.
അവന്റെ ആടുകളുടെ വലിയ ഇടയനായ
നമ്മുടെ കർത്താവായ യേശുവിനെ മരണ
ത്തിൽനിന്നും ഉയിർപ്പിച്ചതു ദൈവമാകുന്നു.
യേശു ഉയിർത്തെഴുന്നേറ്റപ്പോൾ അവന്റെ
ചൊരിയപ്പെട്ട രക്തത്തിന്റെ ശക്തി അവ
നോടു കൂടെ ഉണ്ടായിരുന്നു. എന്നെന്നേക്കും
നിലനിൽക്കുന്ന നിയമം തുടങ്ങിയത് അവന്റെ
രക്തമാണ്. അവനെ പ്രീതനാക്കുന്ന കാര്യങ്ങൾ
ദൈവം നമ്മിൽ ചെയ്യട്ടെ എന്നു ഞാൻ പ്രാർ
ത്ഥിക്കുന്നു. യേശുക്രിസ്തു വഴി അവൻ ആ
കാര്യങ്ങൾ ചെയ്യണമെന്നു ഞാൻ ആവശ്യ
പ്പെടും. യേശുവിന് എന്നും മഹത്വം ഉണ്ടാകട്ടെ
ആമേൻ.

22ഞാൻ പറഞ്ഞ കാര്യങ്ങൾ ക്ഷമാപൂർവ്വം
കേൾക്കണമെന്നു എന്റെ സഹോദരീസഹോദ
രന്മാരേ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങ
ളെ ശക്തിപ്പെടുത്താനാണ് ഞാൻ ഈ കാര്യ
ങ്ങൾ പറഞ്ഞത്. ഈ കത്ത് അത്ര ദീർഘവും
അല്ല. **23**തിമൊഥെയൊസ് ജയിൽ വിമുക്ത
നായി എന്നത് നിങ്ങളറിയണമെന്ന് ഞാനാഗ്ര
ഹിക്കുന്നു. അവൻ വേഗം എന്റെയടുത്തേക്കു
വരികയാണെങ്കിൽ ഞങ്ങൾ രണ്ടുപേരും
നിങ്ങളെ കാണാൻ വരും. **24**നിങ്ങളുടെ എല്ലാ
നേതാക്കന്മാർക്കും എല്ലാ ദൈവജനത്തിനും
വന്ദനം പറയുവിൻ. ഇതല്യയിലെ വിശ്വാ
സികൾ നിങ്ങളെ വന്ദനം ചെയ്യുന്നു.

25ദൈവകൃപ നിങ്ങളോടെല്ലാവരോടും കൂടെ
ഉണ്ടായിരിക്കട്ടെ.

യാക്കോബ് എഴുതിയ ലേഖനം

1 ദൈവത്തിന്റെയും യേശുക്രിസ്തുവിന്റെ
യും ദാസനായ യാക്കോബ്, ലോകത്തിലെ
ല്ലായിടത്തുമായി ചിതറിക്കിടക്കുന്ന ദൈവജന
ത്തിന് വന്ദനം ചൊല്ലുന്നു.

വിശ്വാസവും വിജ്ഞാനവും

2എന്റെ സഹോദരരേ, പല തരത്തിലുള്ള
ക്ലേശങ്ങൾ നിങ്ങൾക്കു കാണും. എന്നാൽ ഇവ
സംഭവിക്കുമ്പോൾ നിങ്ങൾ വളരെ സന്തുഷ്ടരാ
കണം. 3എന്തുകൊണ്ടെന്നാൽ നിങ്ങളുടെ
വിശ്വാസം പരീക്ഷിക്കുന്നതോടൊപ്പം നിങ്ങ
ളുടെ ക്ഷമയും നിങ്ങൾക്കറിയാം. 4നിങ്ങൾ
ചെയ്യുന്നതെന്തോ അതിൽ നിങ്ങളുടെ ക്ഷമപൂ
ർണ്ണമായും കാണിക്കണം. അപ്പോൾ നിങ്ങൾ
പൂർണ്ണരും കുറ്റമറ്റവരുമാകും. നിങ്ങൾക്കാവശ്യ
മുള്ളതെല്ലാം നിങ്ങൾക്കു കിട്ടും. 5എന്നാൽ നിങ്ങ
ളിലാർക്കെങ്കിലും ജ്ഞാനം ആവശ്യമാണെ
ങ്കിൽ നിങ്ങൾ ദൈവത്തോട് അതു ചോദി
ക്കണം. ദൈവം ഉദാരശീലനാണ്. എല്ലാവർക്കും
നൽകുന്നതിൽ അവൻ ആനന്ദം കൊള്ളുന്നു.
അതിനാൽ ദൈവം നിങ്ങൾക്കു വിജ്ഞാനം
തരും. 6നിങ്ങൾ ദൈവത്തോടു ചോദിക്കുമ്പോൾ
വിശ്വാസപൂർവ്വം ചോദിക്കണം. ദൈവത്തെ
സംശയിക്കരുത്. സംശയിക്കുന്നവൻ കടലിലെ
തിരപോലെയാണ്. കാറ്റ് തിരയെ താഴേയ്ക്കും
മേലേയ്ക്കും ഉലയ്ക്കുന്നു. സംശയിക്കുന്നവൻ
ആ തിരപോലെയാണ്. 7-8സംശയിക്കുന്നവൻ
വിരുദ്ധങ്ങളായ രണ്ടു കാര്യങ്ങൾ ഒരേസമയം
ചിന്തിക്കുന്നു. അവൻ ചെയ്യുന്നതിനെക്കുറിച്ച്
അവനൊന്നും തീരുമാനിക്കാൻ വയ്യ. കർത്താ
വിൽനിന്ന് എന്തെങ്കിലും കിട്ടുമെന്ന് അത്തര
മൊരുവൻ വിചാരിക്കരുത്.

യഥാർത്ഥ ധനം

9ഒരു വിശ്വാസി ദരിദ്രനെങ്കിൽ ദൈവം
അവനെ ആത്മാവിൽ സമ്പന്നനാക്കിയതിൽ
അവൻ അഭിമാനിക്കണം. 10ഒരു വിശ്വാസി ധനി
കനെങ്കിൽ അവൻ ആത്മാവിൽ ദരിദ്രനാ
ണെന്ന് ദൈവം ചൂണ്ടിക്കാട്ടിയതിലവൻ അഭി
മാനിക്കട്ടെ. കാട്ടുപൂവ് പോലെ ധനികൻ മരി
ക്കും. 11മനോഹരമായ പുഷ്പം ഏറിവരുന്ന
സൂര്യതാപത്താൽ ഉണങ്ങിക്കരിഞ്ഞു ഭംഗി
നശിച്ചു കൊഴിയുമ്പോലെയാണ് ധനികനും.
വ്യാപാരപദ്ധതികൾ തയ്യാറാക്കുന്നതിനിടയ്ക്ക്
അവൻ മരിക്കും.

പ്രലോഭനം ദൈവത്തിൽനിന്നല്ല

12പ്രലോഭിതനായ ശേഷവും ഒരുവൻ ദൃഢത
യോടെ നിൽക്കുന്നുവെങ്കിൽ അവൻ സന്തോ
ഷിക്കും. എന്തുകൊണ്ടെന്നാൽ അവന്റെ
വിശ്വാസം തെളിയിക്കപ്പെട്ട ശേഷം നിത്യ
ജീവന്റെ പ്രതിഫലം ദൈവം അവനു നൽകും.
തന്നെ സ്നേഹിക്കുന്ന ഏവർക്കും ദൈവം ഇത്
വാഗ്ദാനം ചെയ്തിട്ടുണ്ട്. 13പ്രലോഭിതനാകു
മ്പോൾ “ദൈവം എന്നെ പ്രലോഭിപ്പിക്കുന്നു”
എന്ന് ഒരുവൻ പറയരുത്. ദുഷ്ടത ദൈവത്തെ
പ്രലോഭിപ്പിക്കില്ല. തന്നെയുമല്ല ദൈവം
തനിയെ ആരെയും പ്രലോഭിപ്പിക്കുകയും ഇല്ല.
14ഒരുവനാഗ്രഹിക്കുന്ന ദുഷ്ടതകളാണ് അവനെ
പ്രലോഭിതനാക്കുന്നത്. അവന്റെ തന്നെ ദുരാ
ഗ്രഹങ്ങൾ അവനെ വഴിമാറ്റുകയും കെണിയി
ലാക്കുകയും ചെയ്യുന്നു. 15ഈ ആഗ്രഹം ഒരിക്കൽ
രൂപം കൊണ്ടാൽ വളർന്നു വലുതാകുകയും
പാപത്തിനു ജന്മം നൽകുകയും ചെയ്യുന്നു.
പാപം മരണത്തെ പ്രസവിക്കുന്നു.
16എന്റെ പ്രിയ സഹോദരരേ, ഇക്കാര്യത്തെ
ക്കുറിച്ച് നിങ്ങൾ വിഡ്ഢികളാകരുത്. 17എല്ലാ
നന്മയും ദൈവത്തിൽനിന്നു വരുന്നു. എല്ലാ
പരിപൂർണ്ണദാനവും ദൈവത്തിൽനിന്നാണ്.
ഈ നല്ല ദാനങ്ങളെല്ലാം വരുന്നത് വെളിച്ച
ത്തിന്റെ പിതാവിൽനിന്നാണ്. ദൈവം എന്നും
ഒരുപോലെയാണ്. അവനു മാറ്റമില്ല. 18സത്യവ
ചനത്തിലൂടെ ജീവൻ തരുവാൻ ദൈവം തീരുമാ
നിച്ചു. അവൻ സൃഷ്ടിച്ച എല്ലാറ്റിനെക്കാളും
നമുക്കു പ്രാധാന്യം ഉണ്ടാക്കുവാൻ അവനാ
ഗ്രഹിച്ചു.

അനുസരണ

19എന്റെ പ്രിയ സഹോദരരേ, സംസാരിക്കു
ന്നതിനേക്കാൾ അധികം കേൾക്കുവാൻ താല്പര്യം
കാട്ടുക. എളുപ്പം കോപിക്കരുത്. 20ഒരു മനുഷ്യ
ന്റെ കോപം ദൈവം ആഗ്രഹിക്കും പോലെ
ജീവിക്കാൻ അവനെ സഹായിക്കില്ല. 21അതു
കൊണ്ട് നിങ്ങൾ ചെയ്യുന്ന എല്ലാ ദുഷ്കർമ്മങ്ങ
ളെയും ജീവിതത്തിൽനിന്നും അകറ്റുക. വിനീ
തരാകുകയും നിങ്ങളുടെ ഹൃദയത്തിൽ പാകി
യിരിക്കുന്ന ദൈവത്തിന്റെ പാഠങ്ങൾ സ്വീക
രിക്കുകയും ചെയ്യുക. ഈ ഉപദേശത്തിനു
നിങ്ങളുടെ ആത്മാവിനെ രക്ഷിക്കാനുള്ള കഴി
വുണ്ട്.
22ദൈവത്തിന്റെ ഉപദേശം പറയുന്നതെന്തെ
ന്നോ അതു ചെയ്യുക. വെറുതെ കേൾക്കുക
മാത്രം ചെയ്തുകൊണ്ട് ഒന്നും ചെയ്യാതെ അല
സരായി ഇരിക്കുകയുമരുത്. എന്തുകൊണ്ടെ
ന്നാൽ വെറുതെ ഇരുന്നു കേൾക്കുമ്പോൾ
നിങ്ങൾ നിങ്ങളെത്തന്നെ കബളിപ്പിക്കുക
യാണ്. 23ദൈവത്തിന്റെ ഉപദേശം കേട്ടിട്ട്
ഒന്നും ചെയ്യാതിരിക്കുന്നവൻ തന്റെ തന്നെ
മുഖം കണ്ണാടിയിൽ നോക്കുന്നവനെപ്പോലെ
യാണ്. 24അവൻ അവനെത്തന്നെ കാണുകയും
പോകുമ്പോൾ താൻ എങ്ങനെയിരിക്കുന്നുവെ
ന്നു അതിവേഗം മറക്കുകയും ചെയ്യും. 25ജന
ങ്ങളെ സ്വതന്ത്രരാക്കുന്ന ദൈവത്തിന്റെ ന്യായ
പ്രമാണങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കുന്നവനാണ്
യഥാർത്ഥ സന്തോഷവാൻ. അവൻ ആ പഠനം
തുടരും. അവൻ ദൈവത്തിന്റെ ഉപദേശം ശ്രദ്ധി
ക്കുകയും കേട്ടത് മറക്കാതിരിക്കുകയും ചെയ്യും.
പഠിച്ചത് അനുസരിക്കുന്ന ആ മനുഷ്യൻ ഇതു
ചെയ്യുമ്പോൾ അത് അവനെ സന്തോഷവാ
നാക്കും.

ദൈവാരാധനയ്ക്കുള്ള നേർമാർഗ്ഗം

26ഒരുവൻ ചിന്തിച്ചേക്കാം അവൻ ഒരു മതാനു
യായി ആണെന്ന്. എന്നാൽ അവൻ പറയരു
താത്ത കാര്യങ്ങൾ പറയുമ്പോൾ അവനെത്ത
ന്നെ കബളിപ്പിക്കുന്നു. അവന്റെ "മതം" ഒന്നി
നും കൊള്ളാത്തതാണ്. 27ദൈവത്തിനു സ്വീകാ
ര്യമായ മതമോ (ആരാധന); അനാഥരെയും
വിധവകളെയും അവരുടെ കഷ്ടപ്പാടുകളിൽ
സഹായിക്കുകയും ലോകത്തിലെ കളങ്കം പുര
ളാതെ സൂക്ഷിക്കുകയും ചെയ്യുന്നതാകുന്നു.
ഇത്തരം ആരാധനയെയാണ് പിതാവായ
ദൈവം ശുദ്ധവും കറപുരളാത്തതുമായി കരുതു
ന്നത്.

എല്ലാവരെയും സ്നേഹിക്കുക

2 എന്റെ സഹോദരരേ, മഹത്വമുള്ള കർത്താ
വായ യേശുക്രിസ്തുവിൽ വിശ്വാസിക
ളാണ് നിങ്ങൾ. അതുകൊണ്ട് ചിലർ മറ്റുചിലരേ
ക്കാൾ പ്രധാനരാണെന്ന് വിചാരിക്കരുത്. 2ആ
കർഷകമായ വേഷത്തിൽ സ്വർണ്ണമോതിരമണി
ഞ്ഞ ഒരുവനും പഴയതും മുഷിഞ്ഞതുമായ
വസ്ത്രം ധരിച്ച വേറൊരുവനും നിങ്ങളുടെ
ഇടയിലേക്കു വരുന്നുവെന്നു വിചാരിക്കുക. 3പ്ര
ത്യേകം ശ്രദ്ധകൊടുത്ത്, "വരൂ, ഈ നല്ല ഇരിപ്പി
ടത്തിൽ ഇരിക്കൂ" എന്ന് മനോഹരവസ്ത്ര
ധാരിയോട് നിങ്ങൾ പറയും. എന്നാൽ ദരിദ്ര
നോടോ, "അവിടെ നിൽക്ക്" എന്നോ "വന്ന്
ഞങ്ങളുടെ കാൽക്കീഴിൽ ഇരിക്ക" എന്നോ പറ
യും. 4എന്താണ് നിങ്ങൾ ഈ ചെയ്യുന്നത്?
നിങ്ങൾ ചിലരെ മറ്റുള്ളവരെക്കാൾ പ്രധാനിക
ളാക്കുന്നു. ഏതുമനുഷ്യനാണ് മെച്ചമെന്നു ദുഷ്ട
വിചാരത്തോടെ നിങ്ങൾ തന്നെ തീരുമാ
നിക്കുന്നു.

5ശ്രദ്ധിക്കുക, എന്റെ പ്രിയ സഹോദരരേ,
വിശ്വാസം കൊണ്ട് സമ്പന്നരാകാൻ ദൈവം
ദരിദ്രരെ തെരഞ്ഞെടുത്തിരിക്കുന്നു. തന്നെ
സ്നേഹിക്കുന്നവർക്ക് വാഗ്ദാനം ചെയ്ത
രാജ്യം സ്വീകരിക്കാൻ ദൈവം അവരെ തെര
ഞ്ഞെടുത്തു. 6എന്നാൽ നിങ്ങൾ ദരിദ്രരോട്
അനാദരവു കാണിച്ചു. നിങ്ങൾക്കറിയാം സമ്പ
ന്നരാണ് നിങ്ങളുടെ ജീവിതത്തെ എപ്പോഴും
നിയന്ത്രിക്കാൻ ശ്രമിക്കുന്നതെന്ന്. അവർ തന്നെ
യാണ് നിങ്ങളെ കോടതിയിൽ കയറ്റുന്നതും.
7നിങ്ങൾ അവകാശമാക്കുന്ന ക്രിസ്തുവിന്റെ
സൽപേരിനെ മലിനപ്പെടുത്താൻ ശ്രമിക്കുന്ന
ജനവും സമ്പന്നരാണ്.

8ഒരു ന്യായപ്രമാണം എല്ലാ ന്യായപ്രമാണ
ത്തെയും ഭരിക്കുന്നു. ഈ രാജകീയ ന്യായപ്ര
മാണം തിരുവെഴുത്തിൽ ഇങ്ങനെ കാണുന്നു:
"നിങ്ങൾ നിങ്ങളെത്തന്നെ സ്നേഹിക്കുന്നതു
പോലെ അന്യരെയും സ്നേഹിക്കുക"* ഈ
ന്യായപ്രമാണം അനുസരിക്കുന്നുവെങ്കിൽ നി
ങ്ങൾ ചെയ്യുന്നത് ശരിയാണ്. 9എന്നാൽ ഒരാളെ
നിങ്ങൾ മറ്റൊരാളെക്കാൾ പ്രാധാന്യമുള്ളവനെ
പ്പോലെ കരുതി സ്വീകരിക്കുകയാണെങ്കിൽ
നിങ്ങൾ പാപം ചെയ്യുന്നു. ആ ന്യായപ്രമാണം
ദൈവത്തിന്റെ ന്യായപ്രമാണ ലംഘനത്തിന്
നിങ്ങളിൽ കുറ്റം ചാർത്തും. 10ദൈവത്തിന്റെ
ന്യായപ്രമാണമെല്ലാം ഒരുവൻ പിന്തുടർന്നി
രിക്കാം. എന്നാലാമനുഷ്യൻ ഒരു കല്പന പാലി
ക്കുന്നതിൽ വീഴ്ചവരുത്തിയാൽ അവൻ ന്യായ
പ്രമാണത്തിലെ എല്ലാ കല്പനകളും ലംഘിച്ചതു
പോലെ കുറ്റാരോപിതനാകും. 11"വ്യഭിചാരം
ചെയ്യരുതെന്ന്"* ആജ്ഞാപിച്ച അതേ ദൈവം
തന്നെയാണ്" കൊല്ലരുത്"* എന്നും കല്പിച്ചിട്ടു
ള്ളത്. അതുകൊണ്ട് നീ വ്യഭിചരിക്കുന്നില്ലെ
ങ്കിലും ഒരുവനെ കൊന്നാൽ നീ ദൈവത്തിന്റെ
ന്യായപ്രമാണം എല്ലാം ലംഘിച്ചതിനുള്ള കുറ്റ
ക്കാരനാകും. 12സ്വാതന്ത്ര്യത്തെ സംബന്ധിച്ച
ന്യായപ്രമാണത്താൽ നിങ്ങളെയും വിധി
യ്ക്കും. നിങ്ങളുടെ വാക്കുകളിലും പ്രവർത്തിക
ളിലും എല്ലാം ഇതോർക്കുവിൻ. 13അതേ, നി
ങ്ങൾ അന്യരോട് കരുണ തീർച്ചയായും കാണി
ക്കണം. നിങ്ങൾ കരുണ കാണിച്ചില്ലെങ്കിൽ
ദൈവം നിങ്ങളെ വിധിയ്ക്കുമ്പോൾ അവൻ
നിങ്ങളോടും കരുണ കാണിക്കില്ല. എന്നാൽ
കരുണ കാണിച്ചവന് വിധിനേരത്തും ഭീതി
കൂടാതെ നിൽക്കാം.

വിശ്വാസവും സൽപ്രവർത്തികളും

14എന്റെ സഹോദരരേ, ഒരുവൻ വിശ്വാസം
ഉണ്ടെന്നു പറയുകയും ഒന്നും ചെയ്യാതിരിക്കു
കയും ചെയ്താൽ ആ വിശ്വാസത്തിന് ഒരു
വിലയുമില്ല. അത്തരം വിശ്വാസം അവനെ
രക്ഷിക്കുമോ? ഇല്ല! 15ക്രിസ്തുവിലെ ഒരു
സഹോദരനോ സഹോദരിക്കോ ഭക്ഷണമോ
വസ്ത്രമോ ആവശ്യമായിരിക്കാം. 16അവനോടു
നിങ്ങൾ, "ദൈവം നിങ്ങളോടു കൂടെ ഇരിക്കട്ടെ
എന്നും നിങ്ങൾക്കു വേണ്ടത്ര തിന്നുവാനും
തണുപ്പ് കൂടാതെയിരിക്കുവാനും കഴിയുമെന്നു
ഞാൻ ആശിക്കുന്നു എന്നു പറയുന്നു." അവ
നോടു നിങ്ങൾ ഇങ്ങനെ പറയുമെങ്കിലും
അവനാവശ്യമുള്ളവ നിങ്ങൾ കൊടുക്കില്ല.
നിങ്ങൾ അവനെ സഹായിച്ചില്ലെങ്കിൽ നിങ്ങ
ളുടെ വാക്ക് വില കെട്ടതാണ്. 17അതുതന്നെ
യാണ് വിശ്വാസത്തിന്റെ കാര്യവും. വിശ്വാ
സം ഒന്നും ചെയ്യിക്കുന്നില്ലെങ്കിൽ ആ വിശ്വാ
സം മരിച്ചതാണ്. കാരണം അതു ഒറ്റയ്ക്കാണ്.

18ഒരു മനുഷ്യൻ ഇങ്ങനെ പറഞ്ഞിരിക്കാം,
"നിനക്ക് വിശ്വാസം ഉണ്ട്. എനിക്കു പ്രവൃത്തി
യുമുണ്ട്. പ്രവൃത്തിയില്ലാത്ത വിശ്വാസം നീ
കാണിക്കൂ, എന്റെ പ്രവൃത്തിയാൽ എന്റെ
വിശ്വാസം കാണിക്കാൻ എനിക്കു കഴിയും.
"19ഏക ദൈവമേയുള്ളൂ എന്നു നിങ്ങൾ വിശ്വ
സിക്കുന്നു. നല്ലത്! പിശാചുക്കളും അതു തന്നെ
വിശ്വസിക്കുന്നു. അവർ ഭയം കൊണ്ട് വിറയ്ക്കു
കയും ചെയ്യുന്നു.

20മൂഢാ, പ്രവൃത്തി കൂടാതെയുള്ള വിശ്വാസം
വില കെട്ടതാണെന്ന് നിങ്ങളെ തീർച്ചയായും
കാണിക്കേണ്ടതുണ്ടോ? 21അബ്രാഹാം നമ്മുടെ
പിതാവാണ്. അബ്രാഹാം തന്റെ പ്രവൃത്തി
യാൽ ദൈവമുമ്പാകെ നീതിമാനാക്കപ്പെട്ടു.
യാഗപീഠത്തിൽ, തന്റെ മകനായ യിസ്ഹാ
ക്കിനെ അവൻ ദൈവത്തിനർപ്പിച്ചു. 22അബ്രാ
ഹാമിന്റെ വിശ്വാസവും കർമ്മവും ഒരേ
പോലെ പ്രവർത്തിച്ചത് നിങ്ങൾ കാണുക.
അവന്റെ പ്രവൃത്തിയാൽ അവന്റെ വിശ്വാ
സം പൂർത്തീകരിക്കപ്പെട്ടു. 23"അബ്രാഹാം ദൈ
വത്തെ വിശ്വസിച്ചു. ആ വിശ്വാസം അബ്രാ
ഹാമിനെ ദൈവമുമ്പാകെ നീതീകരിച്ചു"*
എന്നുള്ളതു തിരുവെഴുത്തിന്റെ പൂർണ്ണാർത്ഥം
ഇതു കാണിക്കുന്നു. "ദൈവത്തിന്റെ സ്നേഹി

"നിങ്ങൾ ... സ്നേഹിക്കുക" ലേവ്യ. 19:18.

"വ്യഭിചാരം ചെയ്യരുതെന്ന്" ഉദ്ധരണി പുറ. 20:14.

"കൊല്ലരുത്" ഉദ്ധരണി പുറ. 20:13, ആവ. 5:17.

"അബ്രാഹാം ... നീതീകരിച്ചു" ഉദ്ധരണി ഉല്പ. 15:6.

തനെന്ന്"* അബ്രാഹാമിനെ വിളിച്ചു. 24ഒരു
വൻെറ പ്രവൃത്തിയാലാണ് ദൈവസമക്ഷം
അവൻ നീതീകരിക്കപ്പെടുക എന്നും നിങ്ങൾ
കാണുന്നു. വിശ്വാസം ഒന്നു കൊണ്ടുമാത്രം
ഒരുവനു നീതീകരിക്കപ്പെടാൻ കഴിയില്ല.
25വേശ്യയായിരുന്ന രാഹാബാണ് മറ്റൊരു
ദാഹരണം. അവളുടെ പ്രവൃത്തി അവളെ ദൈവ
സമക്ഷം നീതീകരിച്ചു. ദൈവജനത്തിനായി
അവൾ ചാരന്മാരെ സഹായിച്ചു അവൾ
അവരെ അവളുടെ വീട്ടിലേക്കു സ്വാഗതം
ചെയ്യുകയും മറ്റൊരു വഴിയേ രക്ഷപ്പെടാൻ
അവരെ സഹായിക്കുകയും ചെയ്തു. 26ആത്മാ
വില്ലാത്ത ഒരു മനുഷ്യൻെറ ശരീരം മരിച്ചതാണ്.
വിശ്വാസത്തിൻെറ കാര്യവും അതു തന്നെ-
പ്രവർത്തിക്കാത്ത വിശ്വാസം ചത്തതാണ്!

ഭാഷണ നിയന്ത്രണം

3 എൻെറ സഹോദരരേ, നിങ്ങളിലേറെ
പേരും അദ്ധ്യാപകരാകാൻ പാടില്ലാത്തത്
എന്തുകൊണ്ട്? കാരണം ഞങ്ങൾ അദ്ധ്യാപ
കരെ മറ്റുള്ളവരെക്കാൾ കർശനമായി ദൈവം
വിധിക്കുമെന്ന് നിങ്ങൾക്കറിയാമല്ലോ? 2നമ്മളെ
ല്ലാവരും ധാരാളം തെറ്റുകൾ വരുത്തും. പറയുന്ന
തിൽ ഒരിക്കലും തെറ്റുപറ്റാത്ത ഒരുവനുണ്ടെ
ങ്കിൽ അവൻ പരിപൂർണ്ണനാകും. തൻെറ ശരീര
ത്തെ പൂർണ്ണമായും നിയന്ത്രിക്കാനും അവനു
കഴിയും. 3നമ്മെ അനുസരിക്കാനായി കുതിര
യുടെ വായിൽ നാം കടിഞ്ഞാണിടുന്നു. ആ
കടിഞ്ഞാൺ കൊണ്ട് കുതിരയുടെ ദേഹം മുഴുവ
നെയും നമുക്കു നിയന്ത്രിക്കാനാകും. 4കപ്പലി
ൻെറ കാര്യവും അതുപോലെ തന്നെ. കപ്പൽ
വലുതും ശക്തിയുള്ള കാറ്റിനാൽ ചലിക്കുന്നതും
ആണ്. പക്ഷേ തീരെ ചെറിയ ചുക്കാൻ കപ്പ
ലിനെ നിയന്ത്രിക്കുന്നു. ചുക്കാൻ പിടിക്കുന്ന
വൻ കപ്പലിൻെറ ഗതി തീരുമാനിക്കുന്നു. മനു
ഷ്യനാഗ്രഹിക്കുന്നിടത്തു കപ്പൽ പോകും. 5അതു
തന്നെയാണ് നമ്മുടെ നാവിൻെറ കാര്യവും.
അതു നമ്മുടെ ശരീരത്തിൻെറ ചെറിയ ഒരു
ഭാഗമെങ്കിലും വലിയ കാര്യങ്ങൾ ചെയ്യുന്ന
തിനെപ്പറ്റി പുകഴ്ച പറയുന്നു.
വലിയൊരു കാടിനെ ചെറിയ തീപ്പൊരി
യാൽ ചുട്ടു എരിച്ചുകളയാം. 6നാവ് അഗ്നി
പോലെയാണ്. നമ്മുടെ ശരീരത്തിൽ വച്ച്
ദുഷ്ടതയുടെ ഒരു ലോകമാണ് അത്. എങ്ങനെ
യെന്നാൽ നാവ് ശരീരം വഴി അതിൻെറ
ദുഷ്ടത പരത്തുന്നു. ജീവിതത്തെ ആകെ സ്വാ
ധീനിക്കുന്ന അഗ്നിയ്ക്ക് അതു തുടക്കം ഇടും.
നാവിന് നരകത്തിൽനിന്നാണ് ഈ അഗ്നി
കിട്ടുന്നത്. 7മത്സ്യങ്ങൾ, പക്ഷികൾ ഇഴജന്തു
ക്കൾ തുടങ്ങി എല്ലാത്തരം വന്യമൃഗങ്ങളെയും
മനുഷ്യർക്ക് ഇണക്കിയെടുക്കാം. ജനം ഇതിനെ
യെല്ലാം നേരത്തേ തന്നെ ഇണക്കിയിരിക്കുന്നു.
8പക്ഷേ നാവിനെ മെരുക്കിയെടുക്കാൻ ആർക്കും
സാധിക്കയില്ല. അതു വന്യവും ദുഷ്ടവുമാണ്.
അതു നിറയെ മാരകമായ വിഷമാണ്. 9നാവു
കൊണ്ട് നാം നമ്മുടെ കർത്താവും പിതാവു
മായവനെ സ്തുതിക്കുന്നു. സ്തുതിക്കുവാൻ
ഉപയോഗിക്കുന്ന നാവുകൊണ്ടുതന്നെ ജന
ങ്ങളെ നാം ശപിക്കുന്നു. ജനമാകട്ടെ ദൈവ
ത്തിൻെറ തന്നെ ഛായയിലാണ് സൃഷ്ടിക്കപ്പെ
ട്ടിരിക്കുന്നത്. 10സ്തുതിയും ശാപവും ഒരേ
വായിൽനിന്നു തന്നെ വരുന്നു. എൻെറ പ്രിയ
സഹോദരരേ, ഇതു സംഭവിക്കരുത്. 11ഒരേ
നീർച്ചാലിൽ നിന്ന് മധുരവും കയ്പുമുള്ള ജലം
ഒഴുകുകയോ? ഇല്ല. 12എൻെറ സഹോദരരേ,
അത്തിമരത്തിന് ഒലിവുഫലമോ മുന്തിരി
വള്ളിക്ക് അത്തിപ്പഴമോ ഉണ്ടാക്കുവാൻ സാധി
ക്കുമോ? ഇല്ല. ഉപ്പു കലർന്ന വെള്ളം നിറഞ്ഞ
കിണറിന് ശുദ്ധജലം തരാൻ സാധിക്കില്ല.

ശരിയായ ജ്ഞാനം

13വിവേകിയും ധാരണാ സമ്പന്നനുമായ ഒരു
വനെങ്കിലും യഥാർത്ഥത്തിൽ നിങ്ങളിലു
ണ്ടോ? ഉണ്ടെങ്കിൽ നേരായി ജീവിച്ച് തൻെറ
വിവേകം അവൻ കാണിക്കണം. അവൻ നല്ല
കാര്യങ്ങൾ വിനീതമായി ചെയ്യണം. വിവേകി
സ്വയം പുകഴ്ത്തുകയില്ല. 14നിങ്ങൾ തൻ
കാര്യം നോക്കുന്നവരും ഹൃദയത്തിൽ കടുത്ത
അസൂയ പേറുന്നവരുമെങ്കിൽ പുകഴ്ച പറ
യാൻ കാരണം ഒന്നുമില്ല. നിങ്ങളുടെ പുകഴ്
ത്തൽ സത്യത്തെ മറയ്ക്കുന്ന ഒരു നുണയാണ്.
15അത്തരം "ബുദ്ധി" ദൈവത്തിൽനിന്നുള്ളതല്ല.
ആ ബുദ്ധി ലോകത്തിൽനിന്നുള്ളതാണ്. അത്
ആത്മീയമല്ല, പൈശാചികമാണ്. 16എവിടെ
അസൂയയും സ്വാർത്ഥതയും ഉണ്ടോ അവിടെ
അങ്കലാപ്പും എല്ലാത്തരം ദുഷ്ടതയും കാണും.
17എന്നാൽ ദൈവത്തിൽനിന്നു വരുന്ന വിജ്
ഞാനം ശുദ്ധവും സമാധാനം നിറഞ്ഞതും സൗ
മ്യതയുള്ളതും സന്തോഷിപ്പിക്കാൻ എളുപ്പമു
ള്ളതും ആയിരിക്കും. ഈ വിജ്ഞാനം ക്ലേശിതരെ
സഹായിക്കുവാനും മറ്റുള്ളവർക്കു നന്മ ചെയ്യു
വാനും സദാ ഒരുക്കമുള്ളതായിരിക്കും. ഈ
ജ്ഞാനം എപ്പോഴും നല്ലതും സത്യസന്ധവുമാ
യിരിക്കും. 18സമാധാനത്തിനായി സമാധാന
പൂർവ്വം യത്നിക്കുന്നവർക്ക് നല്ല ജീവിതരീതി
കൊണ്ടുവരുന്ന പാരിതോഷികം കിട്ടും.

ദൈവത്തിനു സ്വയം നൽകുക

4 നിങ്ങളുടെ തർക്കങ്ങളും കലഹങ്ങളും
എവിടെനിന്നാണെന്നു നിങ്ങൾക്കറി
യാമോ? നിങ്ങളുടെ ഉള്ളിൽ യുദ്ധം ഉണ്ടാക്കുന്ന
സ്വാർത്ഥ ആഗ്രഹങ്ങളിൽനിന്നുമാണത് വരിക.
2നിങ്ങൾക്ക് ആഗ്രഹിക്കുന്നതു കിട്ടാത്തതു
കൊണ്ട് കൊല്ലുകയും അന്യരോട് അസൂയ
യുള്ളവരാകുകയും ചെയ്യുന്നു. എന്നിട്ടും നിങ്ങ
ളാഗ്രഹിച്ചതു കിട്ടാത്തതുകൊണ്ട് തർക്കിക്കു
കയും യുദ്ധം ചെയ്യുകയും ചെയ്യുന്നു. നിങ്ങൾ
ദൈവത്തോട് ആവശ്യപ്പെടാത്തതു കൊണ്ട്
നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾക്കു കിട്ടില്ല.
3ചോദിക്കുമ്പോൾ നിങ്ങൾക്കു കിട്ടാത്തതെന്തു
കൊണ്ട്? കാരണം, നിങ്ങൾ ചോദിക്കുന്നത്
തെറ്റായ കാര്യങ്ങളാണ്. കിട്ടുന്നതെല്ലാം സ്വന്തം
സുഖസൗകര്യത്തിനു വേണ്ടി മാത്രം ചിലവഴി
ക്കാനാണ് നിങ്ങൾക്കു താല്പര്യം. 4അതുകൊണ്ട്
നിങ്ങൾ ദൈവത്തോട് കൂറുള്ളവരല്ല! ലോക
ത്തെ സ്നേഹിക്കുന്നതു ദൈവത്തെ വെറുക്കു
ന്നതിനു തുല്യമാണെന്നു നിങ്ങൾ മനസ്സിലാ
ക്കണം. അതിനാൽ ഒരുവൻ ലോകത്തിൻെറ
സുഹൃത്ത് ആകാൻ ആഗ്രഹിക്കുന്നുവെങ്കിൽ
അവൻ സ്വയം അവനെ ദൈവത്തിൻെറ എതി
രാളി ആക്കുകയാണ്. 5തിരുവെഴുത്തുകൾ ഒന്നും
അർത്ഥം ഉൾക്കൊള്ളുന്നില്ല എന്നാണോ നി
ങ്ങൾ വിചാരിക്കുന്നത്, "നമ്മിൽ ജീവിക്കുവാൻ
നിയോഗിതനായ പരിശുദ്ധാത്മാവിന്, നമ്മെ,
അവനുവേണ്ടി മാത്രമേ ആവശ്യമുള്ളൂ" എന്നു
തിരുവെഴുത്തു പറയുന്നു. 6എന്നാൽ ദൈവം

"ദൈവത്തിൻെറ സ്നേഹിതൻ" ഉദ്ധരണി 2 ദിന. 20:7; യെശ. 41:8.

നൽകിയ കരുണയാണ് കൂടുതൽ മഹത്തരം.
“ദൈവം അഹങ്കാരികൾക്കെതിരെങ്കിലും വിനീ
തർക്ക് അവൻ കൃപ നൽകി”* എന്നു തിരുവെഴു
ത്തു പറയുന്നു. 7പിശാച് നിങ്ങളിൽനിന്ന്
ഓടിയകലുന്നതിനായി പിശാചിനെ എതി
ർത്ത് സ്വയം ദൈവത്തിനർപ്പിക്കുക. 8ദൈവ
ത്തിനടുത്തേക്കു വരുമ്പോൾ ദൈവവും അടു
ത്തേക്കു വരും. നിങ്ങൾ പാപികളായതു കൊണ്ട്
നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നിങ്ങൾ
ഒരേസമയം ദൈവത്തെയും ലോകത്തെയും
പിന്തുടരാനാണ് ശ്രമിക്കുന്നത്. നിങ്ങളുടെ
ചിന്തയെ ശുദ്ധമാക്കുവിൻ. 9ദു:ഖിക്കുക, അനുത
പിക്കുക, കരയുക, നിങ്ങളുടെ ചിരിയെ കരച്ചി
ലാക്കുക. നിങ്ങളുടെ സന്തോഷം ദു:ഖമാക്കുക.
10കർത്താവിനു മുമ്പാകെ വിനീതരാകുക.
അവൻ നിങ്ങളെ വലിയവനാക്കും.

നിങ്ങളല്ല വിധികർത്താവ്

11സഹോദരരേ, നിങ്ങൾ പരസ്പരം വിമർ
ശിക്കരുത്. ക്രിസ്തുവിലുള്ള നിങ്ങളുടെ
സഹോദരനെ വിമർശിക്കുകയോ വിധിക്കു
കയോ ചെയ്യുമ്പോൾ അവൻ പിന്തുടരുന്ന
ന്യായപ്രമാണത്തെയാണ് നീ വിമർശിക്കുന്നത്.
ന്യായപ്രമാണത്തെ വിമർശിക്കുമ്പോൾ നീ
ന്യായപ്രമാണത്തിൻെറ ഒരു അനുയായി അല്ല.
നിങ്ങളൊരു ന്യായാധിപനായി. 12ദൈവം
ഒരുവനാണ് ന്യായപ്രമാണകർത്താവ്. അവൻ
മാത്രമാണ് ഏകന്യായാധിപൻ. നശിപ്പിക്കാനും
രക്ഷിക്കാനും കഴിയാവുന്നവൻ ദൈവം മാത്ര
മാണ്. അതുകൊണ്ട് മറ്റൊരാളെ വിധിക്കുന്നത്
നിങ്ങളെ സംബന്ധിച്ചിടത്തോളം ശരിയല്ല.

ദൈവം നിങ്ങളുടെ ജീവിതത്തിനു പദ്ധതിയിടട്ടെ

13നിങ്ങളിൽ ചിലർ പറയും, “ഇന്നോ നാളെ
യോ ഞങ്ങൾ ഒരു പട്ടണത്തിലേക്കു പോയി
ഒരു കൊല്ലം അവിടെ താമസിച്ച് കച്ചവടം
ചെയ്തു പണം ഉണ്ടാക്കും” ശ്രദ്ധിക്കൂ, ഇതിനെ
ക്കുറിച്ചു ചിന്തിക്കൂ: 14നാളെ എന്തു സംഭവിക്കു
മെന്ന് നിങ്ങൾക്കറിയില്ല. നിങ്ങളുടെ ജീവിതം
മൂടൽ മഞ്ഞുപോലെയാണ്. അല്പനേരം നിങ്ങൾ
ക്കതു കാണാമെങ്കിലും അതിനുശേഷം മാഞ്ഞു
പോകും. 15അതിനാൽ “ദൈവം ആഗ്രഹിക്കുന്നു
എങ്കിൽ ഞങ്ങൾ ജീവിച്ച് അതുമിതും ചെയ്യും”
എന്നു പറയണം. 16എന്നാൽ ഇപ്പോൾ നിങ്ങൾ
അഹങ്കരിച്ചു മദിക്കുന്നു. ഇത്തരം പുകഴ്ച പറ
ച്ചിലെല്ലാം തെറ്റാണ്. 17നന്മ ചെയ്യേണ്ടത്
എങ്ങനെ എന്നറിയാമെങ്കിലും അതു ചെയ്യാ
തിരിക്കുമ്പോൾ ഒരുവൻ പാപം ചെയ്യുന്നു.

സ്വാർത്ഥരായ സമ്പന്നർ ശിക്ഷിക്കപ്പെടും

5 സമ്പന്നരേ, ശ്രദ്ധിക്കുക! കൂടുതൽ ക്ലേശ
ങ്ങൾ നിങ്ങൾക്കു വരുമെന്നതുകൊണ്ട് കര
ഞ്ഞു സങ്കടപ്പെടുവിൻ. 2നിങ്ങളുടെ ധനം
ചീഞ്ഞു വിലകെട്ടതാകും. നിങ്ങളുടെ വസ്ത്ര
ങ്ങൾ പുഴു തിന്നിരിക്കുന്നു. 3നിങ്ങളുടെ സ്വർ
ണ്ണവും വെള്ളിയും തുരുമ്പിക്കുകയും അത്
നിങ്ങൾ തെറ്റാണ് ചെയ്തത് എന്നുള്ളതിനു
തെളിവുമാകും. ആ തുരുമ്പ് അഗ്നിയെപ്പോലെ
നിങ്ങളുടെ ശരീരത്തെ ഭക്ഷിക്കും. അവസാന
നാളിൽ നിങ്ങൾ നിങ്ങളുടെ നിധി രക്ഷിക്കും.
4നിങ്ങളുടെ വയലുകളിൽ പണി ചെയ്ത ജന
ങ്ങൾക്ക് നീ കൂലി കൊടുത്തില്ല. അവർ നിങ്ങ
ൾക്കെതിരെ നിലവിളിക്കുകയാണ്. അവർ
നിങ്ങളുടെ ധാന്യം കൊയ്തു. ഇപ്പോൾ സ്വർ
ഗ്ഗീയ സൈന്യത്തിൻെറ കർത്താവ്,* അവർ
ഉറക്കെ പറയുന്നതു കേട്ടിരിക്കുന്നു. 5സമ്പന്നത
നിറഞ്ഞതായിരുന്നു ഭൂമിയിലെ നിങ്ങളുടെ
ജീവിതം. നിങ്ങൾക്കാവശ്യമുള്ളതെല്ലാം കണ്ട്
നിങ്ങൾ സ്വയം സംതൃപ്തരായി. അറുക്കാ
നായി ഒരുക്കിനിർത്തിയിരിക്കുന്ന മൃഗത്തെ
പ്പോലെ നിങ്ങൾ നിങ്ങളെ മേദസ്സുള്ളവരാക്കി.
6നിരപരാധികളെ നിങ്ങൾ കുറ്റവാളികളാക്കു
കയും കൊലചെയ്യുകയും ചെയ്തു. അവരാ
കട്ടെ നിങ്ങളെ എതിർത്തുമില്ല.

ക്ഷമയോടിരിക്കുക

7പ്രിയ സഹോദരരേ, കർത്താവ് വരുന്ന
സമയം വരെ ക്ഷമയോടിരിക്കുക. കൃഷിക്കാരൻ
തൻെറ വിലപിടിച്ച വിളമണ്ണിൽനിന്നും കിളി
ർത്തുവരുന്നതിനും അതിന് ആദ്യത്തെയും അവ
സാനത്തെയും മഴ ലഭിക്കുന്നതിനുമായി ക്ഷമാ
പൂർവ്വം കാത്തിരിക്കുന്നു. 8അതു പോലെ നിങ്ങ
ളും പ്രത്യാശ കൈവിടാതെ യേശു ക്രിസ്തു
വിൻെറ വരവിനായി ക്ഷമാപൂർവ്വം കാത്തിരി
ക്കണം. കർത്താവ് ഉടൻ വരും. 9നിങ്ങൾ പര
സ്പരം പരാതിപ്പെടുന്നതു നിർത്തണം. അ
ങ്ങനെ ചെയ്തില്ലെങ്കിൽ നിങ്ങളും കുറ്റക്കാ
രാകും. ന്യായാധിപൻ വരുവാൻ തയ്യാറുമാണ്!
10സഹോദരരേ, ക്ഷമാപൂർവ്വം പ്രതികൂലങ്ങൾ
സഹിച്ച് കർത്താവിനുവേണ്ടി സംസാരിച്ച
പ്രവാചകരുടെ മാതൃക പിന്തുടരുക. പ്രയാസ
ങ്ങളെ ക്ഷമാപൂർവ്വം
സ്വീകരിച്ചവൻ ഇന്നു സന്തുഷ്ടരാണെന്നു
ഞങ്ങൾ കരുതുന്നു എന്നു മനസ്സിലാക്കുക.
11ഇയ്യോബിൻെറ ക്ഷമയെക്കുറിച്ച് നിങ്ങൾ
കേട്ടിട്ടുണ്ട്. എല്ലാ ദുരിതങ്ങൾക്കും ശേഷം കർ
ത്താവ് കൊണ്ടുവന്ന അന്തിമഫലം നിങ്ങൾ
ക്കറിയാം. ഇത് കർത്താവ് ദയാലുവും നിറയെ
കരുണയുള്ളവനുമാണെന്ന് മുഖ്യമായും കാണി
ക്കുന്നു.

പറയുന്ന വാക്കുകൾ സൂക്ഷിക്കുക

12സഹോദരരേ, വാഗ്ദാനം ചെയ്യുമ്പോൾ
ആണയിടരുത്. സ്വർഗ്ഗത്തെക്കൊണ്ടോ, ഭൂമിയെ
ക്കൊണ്ടോ ആണയിടരുത്. “അതെ” എന്നർത്ഥ
മാക്കുമ്പോൾ അതെ എന്നും “അല്ല” എന്നർത്ഥ
മാക്കുമ്പോൾ അല്ല എന്നും പറയുക. ഇങ്ങനെ
ചെയ്താൽ നിങ്ങൾ കുറ്റക്കാരാകില്ല.

പ്രാർത്ഥനയുടെ ശക്തി

13നിങ്ങളിൽ പ്രയാസപ്പെടുന്നവൻ പ്രാർത്ഥി
ക്കുകയും സന്തോഷവാൻ സ്തുതി പാടുകയും
ചെയ്യട്ടെ. 14നിങ്ങളിൽ രോഗിയായവൻ സഭ
യിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ തൈലം
പൂശി കർത്താവിൻെറ നാമത്തിൽ അവനു
വേണ്ടി പ്രാർത്ഥിക്കട്ടെ. 15വിശ്വാസപൂർവ്വ
മുള്ള പ്രാർത്ഥന രോഗിയെ സുഖമാക്കും. കർ
ത്താവ് അവനെ സുഖപ്പെടുത്തും. അവൻ
പാപിയെങ്കിൽ അവൻെറ പാപവും കർത്താവ്
ക്ഷമിക്കും.

“ദൈവം ... നൽകി” ഉദ്ധരണി സദൃ: 3:34.

സ്വർഗ്ഗീയ സൈന്യത്തിൻെറ കർത്താവ് എല്ലാ സ്വർഗ്ഗീയശക്തികളുടെയും ഭരണാധിപനെന്നർത്ഥമുള്ള “സബോവാത്ത് കർത്താവ്.”

16പാപം പരസ്പരം ഏറ്റുപറയുവിൻ.
എന്നിട്ട് പ്രാർത്ഥിക്കുവിൻ. ഇങ്ങനെ ചെയ്
താൽ ദൈവം നിങ്ങളെ സുഖപ്പെടുത്തും. നീതി
മാൻ ദൃഢമായി പ്രാർത്ഥിച്ചാൽ വലിയ കാര്യ
ങ്ങൾ സംഭവിക്കും. 17ഏലീയാവ് നമ്മെപ്പോലെ
ഒരുവനായിരുന്നു. മഴ പെയ്യരുതെന്നു അവൻ
പ്രാർത്ഥിച്ചപ്പോൾ മൂന്നര വർഷത്തേക്ക് മഴ
പെയ്തില്ല. 18പിന്നീട്, ഏലീയാവ് മഴ പെയ്യ
ണമെന്നു പ്രാർത്ഥിച്ചു, മേഘങ്ങൾ മഴ കൊണ്ടു
വന്നു. ഭൂമി വിളകളെ തളിർപ്പിച്ചു.

ആത്മരക്ഷ

19സഹോദരരേ, നിങ്ങളിലൊരുവൻ സത്യ
ത്തിൽനിന്നു വ്യതിചലിച്ച് അലഞ്ഞേക്കാം.
സത്യത്തിലേക്കു തിരികെ വരുവാൻ ഒരുവന്
അവനെ സഹായിക്കാം. 20ഇതോർക്കുക: ഒരു
വൻ തെറ്റായ വഴിയിൽനിന്നും ഒരുപാപിയെ
തിരികെ കൊണ്ടുവരുമ്പോൾ ആ പാപിയുടെ
ആത്മാവിനെ മരണത്തിൽനിന്നു രക്ഷിക്കും.
ഇങ്ങനെ ചെയ്യുമ്പോൾ നിരവധിയായ പാപ
ങ്ങൾ ക്ഷമിക്കപ്പെടും.

പത്രൊസ് എഴുതിയ ഒന്നാം ലേഖനം

1 യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ
പത്രൊസിൽനിന്നും ദൈവത്താൽ തിര
ഞ്ഞെടുക്കപ്പെട്ടവരും പൊന്തൊസ്, ഗലാത്യ,
കപ്പദൊക്യ, ആസ്യ, ബിഥുന്യ എന്നീ ദേശങ്ങ
ളിൽ ചിതറി വീട്ടിൽനിന്ന് അകന്നുനിൽക്കു
ന്നവരുമായവർക്ക്. 2തന്റെ വിശുദ്ധജനം ആകേ
ണ്ടതിലേക്കായി നിങ്ങളെ തിരഞ്ഞെടുക്കുവാൻ
പിതാവായ ദൈവം നേരത്തേ തന്നെ പദ്ധതി
യിട്ടു. നിങ്ങളെ വിശുദ്ധീകരിക്കുക പരിശുദ്ധാ
ത്മാവിന്റെ ജോലിയാണ്. നിങ്ങൾ ദൈവത്തെ
അനുസരിക്കണമെന്നും യേശുക്രിസ്തുവിന്റെ
രക്തത്താൽ (മരണം) ശുദ്ധീകരണം പ്രാപിക്കണ
മെന്നും ദൈവം ആഗ്രഹിച്ചു. കൃപയും സമാധാ
നവും കൂടുതൽ കൂടുതൽ നിങ്ങളുടേതാകട്ടെ.

ഒരു ജീവിക്കുന്ന പ്രത്യാശ

3നമ്മുടെ കർത്താവായ യേശുക്രിസ്തുവി
ന്റെ ദൈവവും പിതാവുമായവന് സ്തുതിയാ
യിരിക്കട്ടെ. ദൈവത്തിന്റെ ഉന്നത കരുണയാൽ
അവൻ നമുക്ക് ഒരു പുതുജീവൻ നൽകി. ഈ
പുതുജീവൻ യേശുക്രിസ്തുവിന്റെ മരണ
ത്തിൽനിന്നുള്ള ഉത്ഥാനം വഴി ഒരു ജീവനുള്ള
പ്രത്യാശ തന്നു. 4ഇപ്പോൾ നാം ദൈവത്തിനു
തന്റെ മക്കൾക്കായിട്ടുള്ള ആശിസ്സുകൾക്കു
പ്രത്യാശിക്കുന്നു. അവയത്രയും സ്വർഗ്ഗത്തിൽ
നിങ്ങൾക്കായി കരുതിയിരിക്കുന്നു. ആ അനുഗ്ര
ഹങ്ങൾ നശിപ്പിക്കപ്പെടാനോ ക്ഷയിക്കാനോ
സൗന്ദര്യം നഷ്ടപ്പെടാനോ സാദ്ധ്യമല്ല. 5നിങ്ങ
ളുടെ രക്ഷ പൂർത്തിയാകുംവരെ ദൈവശക്തി
നിങ്ങളുടെ വിശ്വാസം വഴി നിങ്ങളെ കാത്തു
രക്ഷിക്കും. നിങ്ങൾക്കു തരാനായി ഒരുക്കിവച്ചി
ട്ടുള്ള രക്ഷ അന്ത്യകാലത്തിൽ തീർച്ചയായും
നിങ്ങൾക്കു കിട്ടും. 6ഇതു നിങ്ങളെ സന്തുഷ്ടരാ
ക്കുന്നു. എന്നാൽ ഇപ്പോൾ അല്പകാലത്തേക്ക്
നാനാ വിഷമതകൾ നിങ്ങളെ ദു:ഖിപ്പിക്കും.
7എന്തുകൊണ്ടാണ് ഈ വിഷമതകൾ ഉണ്ടാകു
ന്നത്? നിങ്ങളുടെ വിശ്വാസം ശുദ്ധിയുള്ള
തെന്ന് തെളിയുന്നതിനു വേണ്ടിയാണ്. വിശ്വാ
സത്തിന്റെ ശുദ്ധത സ്വർണ്ണത്തെക്കാൾ മൂല്യമു
ള്ളതാണ്. തീകൊണ്ടു സ്വർണ്ണം ശുദ്ധമാണെന്നു
തെളിയിക്കാമെങ്കിലും സ്വർണ്ണം ക്ഷയിക്കും.
വിശ്വാസശുദ്ധി യേശുക്രിസ്തു വരുമ്പോൾ
നിങ്ങൾക്കു അഭിനന്ദനവും മഹത്വവും കൊണ്ടു
വരും.
8നിങ്ങൾ ക്രിസ്തുവിനെ കണ്ടിട്ടില്ലെങ്കിൽ
കൂടി ഇപ്പോഴും നിങ്ങളവനെ സ്നേഹിക്കുന്നു.
ഇപ്പോൾ നിങ്ങൾക്ക് അവനെ കാണാൻ പറ്റി
ല്ലെങ്കിലും നിങ്ങളവനിൽ വിശ്വസിക്കുന്നു.
അവനിലുള്ള വിശ്വാസത്തിൽനിന്നു സിദ്ധി
ക്കുന്ന വലുതും മഹത്വമേറിയതുമായ സന്തോ
ഷം വെറും വാക്കുകളാൽ വിവരിക്കുക അസാ
ദ്ധ്യം. 9നിങ്ങളുടെ വിശ്വാസത്തിന് ഒരു ലക്ഷ്യ
മുണ്ട്. നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുക
എന്നതാണ് ആ ലക്ഷ്യം. ആ അന്തിമ
ലക്ഷ്യം നിങ്ങൾക്കു കിട്ടുന്നതിനാൽ നിങ്ങ
ൾ സന്തോഷിക്കുവിൻ- അത് നിങ്ങളുടെ രക്ഷ
യാണ്.
10ഈ രക്ഷയെക്കുറിച്ച് ശ്രദ്ധാപൂർവ്വം പഠി
ക്കുകയും ഗ്രഹിക്കാൻ ശ്രമിയ്ക്കുകയും ചെയ്ത
പ്രവാചകർ നിങ്ങളിലേക്കു വന്നു കൊണ്ടിരുന്ന
കൃപയെപ്പറ്റിയും സംസാരിച്ചു. 11ക്രിസ്തുവി
ന്റെ ആത്മാവ് ആ പ്രവാചകരിൽ ഉണ്ടായി
രുന്നു. ആ ആത്മാവ് ക്രിസ്തു അനുഭവിക്കേണ്ടി
വരുന്ന കഷ്ടതകളെക്കുറിച്ചും അവയ്ക്കുശേഷം
കൈവരുന്ന മഹത്വത്തെക്കുറിച്ചുമാണ് പറ
ഞ്ഞിരുന്നത്. ആ പ്രവാചകർ ആത്മാവ് അവ
ർക്കു വെളിപ്പെടുത്തിക്കൊടുത്തിരുന്നവ ഗ്രഹി
ക്കാൻ ശ്രമിച്ചു. ഈ കാര്യങ്ങളൊക്കെ എപ്പോൾ
സംഭവിക്കുമെന്നും ആ സമയത്ത് ലോകം എങ്ങ
നെയായിരിക്കുമെന്നും മനസ്സിലാക്കാൻ അവർ
ശ്രമിച്ചു. 12പ്രവാചകർക്കു വേണ്ടി മാത്രമുള്ള
പ്രവൃത്തിയല്ല അവരുടേതെന്ന് അവർക്കു വെളി
വാക്കിയിരുന്നു. പ്രവാചകർ നിങ്ങളെയാണു
സേവിച്ചു കൊണ്ടിരുന്നത്. നിങ്ങൾ കേട്ട കാര്യ
ങ്ങളെപ്പറ്റി പറഞ്ഞപ്പോൾ അവർ നിങ്ങളെ
സേവിക്കുക മാത്രമായിരുന്നു. നിങ്ങളോടു
സുവിശേഷം പ്രസംഗിച്ചവർ സ്വർഗ്ഗത്തിൽ
നിന്നും അയച്ച പരിശുദ്ധാത്മാവിന്റെ സഹാ
യത്താലാണ് നിങ്ങളോടു ഇതെല്ലാം പറഞ്ഞത്.
നിങ്ങളോടു പറഞ്ഞ ആ കാര്യങ്ങൾ ദൂതന്മാർ
വരെ അറിയാൻ ആഗ്രഹിച്ചവയാണ്.

വിശുദ്ധജീവിതത്തിലേക്കുള്ള ക്ഷണം

13സേവനത്തിനു നിങ്ങളുടെ മനസ്സിനെ
സജ്ജമാക്കുന്നതോടൊപ്പം ആത്മസംയമനം
പാലിക്കുകയും ചെയ്യുവിൻ. യേശുക്രിസ്തു
വെളിപ്പെടുമ്പോൾ തീർത്തും നിങ്ങളുടേതാ
കുന്ന ആ കൃപാദാനത്തിലായിരിക്കണം നിങ്ങ
ളുടെ പൂർണ്ണ പ്രത്യാശ. 14മുൻകാലത്ത് ഇക്കാ
ര്യങ്ങൾ നിങ്ങൾക്കു മനസ്സിലാകാതിരുന്നതു
കൊണ്ട് നിങ്ങളാഗ്രഹിച്ച ദുഷ്കാര്യങ്ങൾ ചെ
യ്തു. എന്നാൽ ഇപ്പോൾ നിങ്ങൾ ദൈവ
ത്തിന്റെ അനുസരണമുള്ള മക്കളാണ്. അതു
കൊണ്ട് പണ്ടു ജീവിച്ചിരുന്നതു പോലെ ജീവി
ക്കരുത്. 15പകരം ദൈവം പരിശുദ്ധനായിരിക്കു
ന്നതു പോലെ നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യ
ങ്ങളിലും ശുദ്ധിയുള്ളവരാകുവിൻ. നിങ്ങളെ
വിളിച്ചതു ദൈവം ഒരുവനാണ്. 16"ഞാൻ വിശു
ദ്ധനായതുകൊണ്ടു നിങ്ങളും വിശുദ്ധരാകു
വിൻ" * എന്നു തിരുവെഴുത്തുകളിൽ എഴുതിയി
രിക്കുന്നു.
17നിങ്ങൾ ദൈവത്തോടു പ്രാർത്ഥിയ്ക്കു
കയും അവനെ പിതാവെന്നു വിളിയ്ക്കുകയും
ചെയ്യുന്നു. ദൈവം ഓരോരുത്തരുടെയും പ്രവൃ
ത്തിയെ തുല്യമായി വിധിയ്ക്കുന്നു. അതു
കൊണ്ട് ഈ ഭൂമിയിൽ നിങ്ങൾ പരദേശിക
ളായി ജീവിയ്ക്കുമ്പോൾ ദൈവത്തോടു ബഹു
മാനമുള്ളവരായിരിക്കുവിൻ.

"ഞാൻ ... വിശുദ്ധരാകുവിൻ" ഉദ്ധരണി ലേവ്യ 11:45, 19:2, 20:7.

18പണ്ട് നിങ്ങൾക്കു നിഷ്ഫലമായ രീതിയി
ലാണ് ജീവിച്ചിരുന്നതെന്ന് നിങ്ങൾക്കറിയാം.
നിങ്ങൾ മുമ്പ് ജീവിച്ചിരുന്ന ആൾക്കാരിൽ
നിന്നുമാണ് ആ ജീവിതരീതി നിങ്ങൾക്കു
കിട്ടിയത്. എന്നാൽ അത്തരം ജീവിതരീതിയിൽ
നിന്ന് നിങ്ങൾ രക്ഷപെട്ടു. 19ക്ഷയിച്ചുപോ
കുന്ന സ്വർണ്ണമോ വെള്ളിയോ കൊണ്ടല്ല
നിങ്ങളെ വാങ്ങിയത്. പിന്നെയോ ക്രിസ്തു
വിന്റെ ശുദ്ധവും, പൂർണ്ണവുമായ ആ കുഞ്ഞാ
ടിന്റെ വിലയേറിയ രക്തത്താൽ ആണ്
നിങ്ങളെ വാങ്ങിയത്. 20ലോകത്തിനു അടിത്തറ
ഇടുന്നതിനു മുമ്പേ ക്രിസ്തുവിനെ തിരഞ്ഞെ
ടുത്തിരുന്നു. എന്നാൽ ഈ അവസാന നാളുക
ളിൽ നിങ്ങൾക്കായാണ് അവനെ വെളിവാ
ക്കിയത്. 21ക്രിസ്തു വഴി നിങ്ങൾ ദൈവത്തിൽ
വിശ്വസിക്കുന്നു. ദൈവം ക്രിസ്തുവിനെ മരണ
ത്തിൽനിന്നും ഉയിർപ്പിച്ചു. പിന്നെ ദൈവം
അവനു മഹത്വം നൽകി. അതുകൊണ്ടു നിങ്ങ
ളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തി
ലാണ്.
22സത്യത്തെ അനുകരിക്കുക വഴി നിങ്ങൾ
സ്വയം ശുദ്ധരായി. ഇനി നിങ്ങൾ നിങ്ങളുടെ
സഹോദരങ്ങൾക്കായി യഥാർത്ഥ സ്നേഹം
ഉള്ളവരാകണം. അതുകൊണ്ട് നിങ്ങളുടെ
പൂർണ്ണഹൃദയത്തോടെ* നിങ്ങൾ അഗാധമായി
പരസ്പരം സ്നേഹിക്കുവിൻ. 23നിങ്ങൾ
വീണ്ടും ജനിച്ചിരിക്കുന്നു. മരിക്കുന്ന ഒന്നിൽ
നിന്നും ഈ പുതുജീവൻ വരില്ല, അമർത്യമായ
ഒന്നിൽ നിന്നേ അതു വരൂ. എന്നും ജീവിക്കു
ന്നതും എന്നും തുടരുന്നതുമായ ദൈവത്തിന്റെ
ആ സന്ദേശം വഴിയാണ് നിങ്ങൾ വീണ്ടും
ജനിച്ചത്. 24തിരുവെഴുത്തു പറയുന്നതു
പോലെ,

"ആരും എന്നേക്കും ജീവിയ്ക്കുന്നില്ല, ഏവരും
പുല്ലു പോലെയും അവരുടെ മഹത്വം പൂപോ
ലെയുമാണ്. പുല്ലു കരിയുന്നു, പൂവ് കൊഴി
യുന്നു.
25പക്ഷേ ദൈവവചനം എന്നേക്കും നില
നിൽക്കും." *യെശയ്യാവ് 40:6-8*

ഇതാണു നിങ്ങളോടു പറഞ്ഞ വചനവും.

ജീവിയ്ക്കുന്ന ശിലയും വിശുദ്ധരാജ്യവും

2 അതുകൊണ്ട് അന്യരെ പീഢിപ്പിക്കാതിരി
ക്കുക, നുണ പറയരുത്, നാട്യവും അസൂ
യയും മറ്റുള്ളവരെപ്പറ്റി തിന്മ പറയുന്നതും
ഉപേക്ഷിക്കുക. 2നവജാതശിശുക്കളെപ്പോലെ
ആകുവിൻ. നിങ്ങളുടെ ആത്മാവിനെ തീറ്റി
പ്പോറ്റുന്ന ശുദ്ധമായ പാലുപോലെ ഉപദേശ
ത്തിനുവേണ്ടി വിശക്കുന്നവരാകുവിൻ. അതു
കുടിച്ചു നിങ്ങൾക്ക് വളരുകയും രക്ഷപെടു
കയും ചെയ്യാം. 3കർത്താവിന്റെ നന്മ നിങ്ങൾ
നേരത്തേ തന്നെ അനുഭവിച്ചറിഞ്ഞതാണ
ല്ലോ.*
4ജീവിയ്ക്കുന്ന "ശിലയാണ്" കർത്താവായ
യേശു. ഈ ലോകത്തിലെ ജനങ്ങൾ ആ
കല്ലിനെ (യേശു) വേണ്ടെന്നുവച്ചിരിക്കുന്നു.
പക്ഷെ ദൈവം തിരഞ്ഞെടുത്ത ശിലയാണ
വൻ. ദൈവത്തിന് അവൻ അമൂല്യനാണ്. അതു
കൊണ്ട് അവന്റെ അടുക്കലേക്കു വരിക.
5നിങ്ങളും ജീവിയ്ക്കുന്ന ശിലകൾ പോലെ
യാണ്. ദൈവം സ്വീകരിക്കുന്ന ആത്മീയ യാഗ
ങ്ങൾ അർപ്പിക്കുന്ന വിശുദ്ധപുരോഹിതരാകാ
നായി ഒരു ആത്മീയ ആലയം പണിയപ്പെടാ
നായി നിങ്ങൾ ഉപയോഗിക്കപ്പെടട്ടെ. ആ
ബലികൾ നിങ്ങൾ യേശുക്രിസ്തു വഴി നൽ
കുക. 6തിരുവെഴുത്ത് പറയുന്നു:

"നോക്കൂ, ഞാനൊരു അമൂല്യമായ മൂലക്ക
ല്ലിനെ തിരഞ്ഞെടുത്തിരിക്കുന്നു, ആ കല്ലിനെ
ഞാൻ സീയോനിൽ നിക്ഷേപിക്കുകയാണ്;
അവനിൽ വിശ്വസിക്കുന്ന ഒരുവനും ഒരിക്കലും
നിരാശനാകയില്ല." *യെശയ്യാവ് 28:16*

7വിശ്വസിക്കുന്ന നിങ്ങൾക്ക് ആ ശില ഏറെ
വിലയുള്ളതാകും. വിശ്വസിക്കാത്തവർക്ക്
അവൻ ഇങ്ങനെ ആണ്:

"ശില്പികൾ അവർക്കു വേണ്ടെന്നു തീരുമാ
നിച്ച ആ കല്ല് ഏറ്റവും പ്രധാനമായ ശില
യായി." *സങ്കീർത്തനങ്ങൾ 118:22*

8അവിശ്വാസികൾക്ക് അവൻ:

"ഇടറാനുള്ള കല്ലും ജനങ്ങൾക്ക് വീഴുവാ
നുള്ള കല്ലുമാണ്." *യെശയ്യാവ് 8:14*

ജനങ്ങൾ ഇടറും, കാരണം അവർ ദൈവത്തോടു
അനുസരണക്കേടുള്ളവരാണ്. അനുസരണക്കേ
ടുള്ളവർ വീഴണമെന്ന് ദൈവം പദ്ധതിയിട്ടു.
അവരെ വീഴ്ത്താനുള്ള പാറയാണ് അവൻ.
9എന്നാൽ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവ
രാണ്. നിങ്ങൾ രാജപുരോഹിതരാണ്. നിങ്ങ
ളൊരു വിശുദ്ധജനമാണ്. നിങ്ങൾ ദൈവത്തി
നുള്ളവരാണ്. ദൈവം ചെയ്ത അത്ഭുതകാര്യ
ങ്ങൾ പറയുവാനായാണ് നിങ്ങളെ തിരഞ്ഞെടു
ത്തത്. അവൻ ഇരുട്ടിൽനിന്നും അത്ഭുതാവഹ
മായ വെളിച്ചത്തിലേക്കു നിങ്ങളെ കൊണ്ടു
വന്നു. 10ഒരിക്കൽ നിങ്ങൾ ജനമല്ലായിരുന്നു.
എന്നാലിപ്പോൾ ദൈവത്തിന്റെ ജനം. പണ്ട്
കരുണ ഒരിക്കലും നിങ്ങൾക്ക് ലഭിച്ചിരുന്നില്ല.
എന്നാലിപ്പോൾ ദൈവത്തിൽനിന്നും കരുണ
കിട്ടിയിരിക്കുന്നു.

ദൈവത്തിനായ് ജീവിക്കുക

11പ്രിയ സുഹൃത്തുക്കളേ, നിങ്ങൾ ഈ ലോക
ത്തിലെ അപരിചിതരെയും സന്ദർശകരെയും
പോലെയാണ്. അതുകൊണ്ട് നിങ്ങളുടെ സക
ലദുഷ്ട ആഗ്രഹങ്ങളിൽനിന്നും ഒഴിഞ്ഞു
നിൽക്കുവാൻ നിങ്ങളോട് ഞാൻ അഭ്യർത്ഥി
ക്കുന്നു. ഈ കാര്യങ്ങൾ നിങ്ങളുടെ ആത്മാവി
നെതിരെ യുദ്ധം ചെയ്യും. 12അവിശ്വാസിക
ളാണ് നിങ്ങൾക്കു ചുറ്റും ജീവിയ്ക്കുന്നത്.
അവർ പറഞ്ഞേക്കാം നിങ്ങൾ തെറ്റാണ് ചെയ്യു
ന്നതെന്ന്. അതുകൊണ്ടു നല്ല ജീവിതം ജീവി
യ്ക്കുക. അപ്പോൾ അവർ നിങ്ങൾ ചെയ്യുന്ന
സൽപ്രവൃത്തികൾ കൊണ്ട് ദൈവത്തിന്
അവൻ വരുന്ന ആ ദിവസത്തിൽ സ്തുതി
അർപ്പിക്കും.

അധികാരികളെ അനുസരിക്കുക

13കർത്താവിനുവേണ്ടി ഈ ലോകത്തിൽ
അധികാരം ഉള്ളവരെ അനുസരിക്കുക. ഉന്നതാ
ധികാരിയായ രാജാവിനെ അനുസരിക്കുക.
14രാജാവ് അയയ്ക്കുന്ന ഭരണനേതാക്കളെയും
അനുസരിക്കുക. തെറ്റു ചെയ്തവരെ ശിക്ഷി
ക്കുവാനും നന്മ ചെയ്തവരെ പുകഴ്ത്താനു

പൂർണ്ണ ഹൃദയത്തോട് "ശുദ്ധഹൃദയത്തിൽ നിന്ന്" എന്നും ഉണ്ട്.

"കർത്താവിന്റെ ... അനുഭവിച്ചറിഞ്ഞതാണ ല്ലോ" ഉദ്ധരണി സങ്കീ. 34:8.

മാണ് അവരെ അയച്ചിരിക്കുന്നത്. 15അതു
കൊണ്ട് നിങ്ങൾ സൽപ്രവൃത്തികൾ ചെയ്യു
മ്പോൾ വിഡ്ഢികളെ നിങ്ങൾക്കെതിരെ
അസംബന്ധങ്ങൾ പറയുന്നതിൽനിന്നും തട
യുന്നു. ഇതാണ് ദൈവം ആഗ്രഹിക്കുന്നത്. 16സ്വ
തന്ത്രരെപ്പോലെ ജീവിയ്ക്കുക. എന്നാൽ
ദുഷ്ടത ചെയ്യാനുള്ള ഒരു ഒഴികഴിവായി ആ
സ്വാതന്ത്ര്യത്തെ ഉപയോഗിക്കരുത്. ദൈവ
ത്തിനു സേവനം ചെയ്യുമ്പോലെ ജീവിക്കുക.
17എല്ലാവരോടും ആദരവു കാണിക്കുക. ദൈവ
കുടുംബത്തിലെ എല്ലാ സഹോദരങ്ങളേയും
സ്നേഹിക്കുക. ദൈവത്തെ ഭയക്കുകയും രാജാ
വിനെ മാനിക്കുകയും ചെയ്യുക.

ക്രിസ്തുവിന്റെ കഷ്ടതയുടെ മാതൃക

18അടിമകളേ, അർഹിക്കുന്ന ബഹുമാന
ത്തോടെ നിങ്ങളുടെ ഉടമകളുടെ അധികാരം
സ്വീകരിക്കുക. സകല ബഹുമാനത്തോടും
ഇതു ചെയ്യുക. നല്ലവനും ദയാലുവുമായ ഉടമ
യെയും ചീത്ത ഉടമയെയും അനുസരിക്കണം.
19തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിൽ കൂടി ഒരുവൻ
കഷ്ടത സഹിക്കേണ്ടിവന്നേക്കാം. അപ്പോൾ
ആ മനുഷ്യൻ ദൈവത്തെ വിചാരിച്ച് അതു
ക്ഷമാപൂർവ്വം സഹിക്കുകയാണെങ്കിൽ അതു
ദൈവത്തെ പ്രീതനാക്കും. 20എന്നാൽ തെറ്റിനു
ശിക്ഷിക്കപ്പെട്ടാൽ ശിക്ഷ സഹിക്കുന്നതിൽ
നിങ്ങളെ പ്രശംസിക്കുന്നതിനു കാരണമില്ല.
എന്നാൽ നന്മ ചെയ്യുന്നതിനു വേണ്ടി സഹി
യ്ക്കുകയും സഹനത്തിൽ ക്ഷമയുള്ളവനാകു
കയും ചെയ്താൽ അതു ദൈവത്തെ പ്രീത
നാക്കും. 21ഇതിനായി നിങ്ങൾ വിളിക്കപ്പെട്ടിരി
ക്കുന്നു. പിൻതുടരുന്നതിനായി ക്രിസ്തു ഒരു
മാതൃക തന്നു. അവൻ ചെയ്തതു പോലെ
നിങ്ങളും ചെയ്യണം. കഷ്ടം സഹിക്കുമ്പോൾ
ക്ഷമാശീലരാകണം. കാരണം ക്രിസ്തു നിങ്ങൾ
ക്കായി കഷ്ടം സഹിച്ചു.

22“അവൻ പാപമൊന്നും ചെയ്തില്ല. ഒരു
ചതിവും അവന്റെ നാവിൽ കണ്ടെത്തിയില്ല.”
യെശയ്യാവ് 53:9

23ജനങ്ങൾ ക്രിസ്തുവിനോടു മോശമായ കാര്യ
ങ്ങൾ പറഞ്ഞിട്ടും അവൻ അവരോടു മോശമാ
യമൊന്നും പറഞ്ഞില്ല. ക്രിസ്തു കഷ്ടം സഹി
ച്ചുവെങ്കിലും അവൻ ജനങ്ങളെ ഭീഷണിപ്പെടു
ത്തിയില്ല. അതേ, തന്റെ രക്ഷ ക്രിസ്തു ദൈവ
ത്തെ ഏല്പിച്ചു. നീതിയോടെ വിധിയ്ക്കുന്ന
ഒരുവൻ ദൈവമാണ്. 24കുരിശിലേറുക വഴി
നമ്മുടെ പാപങ്ങൾ ക്രിസ്തു സ്വന്തം ശരീര
ത്തിൽ വഹിച്ചു. പാപത്തിനു വേണ്ടി ജീവിക്കു
ന്നതു നിർത്തി നീതിയ്ക്കായി ജീവിക്കാൻ
വേണ്ടി അവനിതു ചെയ്തു. അവന്റെ മുറി
വാൽ നിങ്ങൾ സുഖപ്പെട്ടിരിക്കുന്നു. 25വഴി
തെറ്റിപ്പോയ കുഞ്ഞാടിനെപ്പോലെയായിരുന്നു
നിങ്ങൾ. പക്ഷെ ഇപ്പോൾ നിങ്ങളുടെ ആത്മാ
വിന്റെ സംരക്ഷകനായ ഇടയനിലേക്കു
നിങ്ങൾ തിരികെ വന്നിരിക്കുന്നു.

ഭാര്യാ ഭർത്താക്കന്മാർ

3 ഇതു പോലെ ഭാര്യമാരേ, നിങ്ങൾ ഭർത്താ
വിന്റെ അധികാരത്തെ സ്വീകരിക്കണം.
അപ്പോൾ നിങ്ങളിൽ ചിലരുടെ ദൈവകല്പന
കളെ അനുസരിക്കാനിഷ്ടപ്പെടാത്ത ഭർത്താക്ക
ന്മാർ ദൈവത്തിൽ വിശ്വസിക്കുവാൻ പ്രേരിത
രാകും. നിങ്ങൾക്ക് ഒന്നും പറയേണ്ടതായി
വരില്ല. ഭാര്യയുടെ സദ്ജീവിതത്താൽ അവർ
പ്രേരിതരാകും. 2ദൈവാദരത്താൽ നിങ്ങൾ
നയിക്കുന്ന നിർമ്മലമായ ജീവിതം അവരിൽ
മതിപ്പുളവാക്കും. 3നിങ്ങളുടെ സൗന്ദര്യം ആകർ
ഷകമായ കേശാലങ്കാരത്തെയോ, സ്വർണ്ണാഭര
ണത്തെയോ, മോടിയുള്ള വസ്ത്രങ്ങളെയോ
ആശ്രയിച്ചല്ല നിലനിൽക്കുന്നത്. 4അതെ, നിങ്ങ
ളുടെ സൗന്ദര്യം നിങ്ങളുടെ ഉള്ളിൽനിന്നു
വരുന്ന സൗമ്യതയും ശാന്തതയുമുള്ള സ്വഭാവം
ആണ്. അത് ഒരിക്കലും അപ്രത്യക്ഷമാകില്ല.
അത് ദൈവത്തിന് വിലയേറിയതാണ്. 5അതു
പണ്ട് ജീവിച്ചിരുന്ന ദൈവാനുസരണമുള്ള
വിശുദ്ധ സ്ത്രീകളെപ്പോലെയാണ്. ഇതേ
മാർഗ്ഗം തന്നെ അവരും സ്വയം സ്വീകരിച്ചു
സൗന്ദര്യം ഉള്ളവരായി. ഭർത്താവിന്റെ അധി
കാരത്തെ അവരും അംഗീകരിച്ചു. 6ഞാൻ സാറ
യെപ്പോലുള്ള സ്ത്രീകളെക്കുറിച്ചാണ് സൂചി
പ്പിക്കുന്നത്. അവൾ തന്റെ ഭർത്താവായ
അബ്രാഹാമിനെ യജമാനനേയെന്നു വിളിക്കു
കയും അനുസരിക്കുകയും ചെയ്തു. എപ്പോഴും
ഭയമില്ലാതെ ശരി ചെയ്യുകയാണെങ്കിൽ
നിങ്ങൾ സാറയുടെ യഥാർത്ഥ മക്കളാണ്.

7അതു പോലെ ഭർത്താക്കന്മാരായ നിങ്ങൾ
നിങ്ങളുടെ ഭാര്യമാരോടുകൂടി പരസ്പര ധാര
ണയിലുള്ള ഒരു ജീവിതം നയിക്കണം. നിങ്ങൾ
ഭാര്യയോട് ആദരവു കാട്ടണം. അവർ നിങ്ങളേ
ക്കാൾ ശക്തി കുറഞ്ഞവരാണ്. എന്നാൽ ദൈവം
നിങ്ങൾക്കു തരുന്ന അതേ അനുഗ്രഹം തന്നെ
നിങ്ങളുടെ ഭാര്യമാർക്കും നൽകുന്നു- യഥാർത്ഥ
ജീവൻ പകർന്നു തരുന്ന ആ കൃപ. യാതൊന്നും
നിങ്ങളുടെ പ്രാർത്ഥനയെ കുഴപ്പത്തിലാക്കാ
തിരിക്കേണ്ടതിന് ഈ കാര്യങ്ങൾ ചെയ്യുവിൻ.

നീതിക്കുവേണ്ടി കഷ്ടത സഹിക്കുക

8അതുകൊണ്ട് നിങ്ങളെല്ലാം സമാധാനത്തിൽ
ജീവിക്കുക. പരസ്പരം മനസ്സിലാക്കുവാൻ
ശ്രമിക്കുക. സഹോദരരെപ്പോലെ പരസ്പരം
സ്നേഹിക്കുക. ദയാശീലരും വിനീതരും
ആകുക. 9നിങ്ങളോട് ദുഷ്ടത കാട്ടുന്നവരോടു
പകരമായി ദുഷ്ടത ചെയ്യരുത്. നിങ്ങളെ
ചീത്ത പറഞ്ഞവനോട് പകരമായി ദുർഭാ
ഷണം നടത്തരുത്. പകരം അവനെ അനുഗ്രഹി
ക്കുവാൻ ദൈവത്തോടു പറയുക. നിങ്ങളെ
അനുഗ്രഹം ഏറ്റുവാങ്ങാൻ വിളിച്ചിരിക്കുന്നതു
കൊണ്ടു നിങ്ങൾ എല്ലാ മാർഗ്ഗത്തിലൂടെയും
ഇങ്ങനെ ചെയ്യുക.

10തിരുവെഴുത്ത് പറയുന്നു,

“ജീവനെ സ്നേഹിക്കുകയും സൽദിനങ്ങൾ
ആസ്വദിക്കാൻ കാംക്ഷിക്കുകയും ചെയ്യുന്നവൻ
ദോഷം സംസാരിക്കുന്നതിൽനിന്ന് ഒഴിഞ്ഞു
മാറുകയും നുണ പറയുന്നത് നിർത്തുകയും
വേണം.

11അവൻ സമാധാനം കാംക്ഷിക്കുകയും
അതിൽ തുടരുകയും വേണം. ദുഷ്ക്കർമ്മം നിർ
ത്തി നല്ലതു ചെയ്യുന്നവനാകണം.

12നീതിമാന്മാരെ കർത്താവ് കാണുകയും
അവരുടെ പ്രാർത്ഥനകളെ കർത്താവ് ശ്രദ്ധിക്കു
കയും ചെയ്യുന്നു. എന്നാൽ ദുഷ്ക്കർമ്മികൾക്കെ
തിരാണു കർത്താവ്.”
സങ്കീർത്തനങ്ങൾ 34:12-16

13എപ്പോഴും നന്മ ചെയ്യുവാൻ ശ്രമിക്കുകയാ
ണെങ്കിൽ യഥാർത്ഥത്തിൽ ഒരുവനും നിങ്ങളെ
ഒരു വിധത്തിലും ഉപദ്രവിക്കുവാൻ സാധിക്ക

യില്ല. 14എന്നാൽ നന്മ ചെയ്യുന്നതുകൊണ്ടു
നിങ്ങൾക്കു കഷ്ടം സഹിക്കേണ്ടിവന്നേക്കാം.
അങ്ങനെ സംഭവിച്ചാൽ നിങ്ങൾ അനുഗ്രഹീത
രാകും. “നിങ്ങളെ ക്ലേശിപ്പിക്കുന്നവരെ പേടിക്കു
കയോ അവരെ ഓർത്ത് ആകുലപ്പെടുകയോ
വേണ്ട.”*

15എന്നാൽ കർത്താവായ ക്രിസ്തുവിനോ
ടുള്ള ബഹുമാനം നിങ്ങൾ ഹൃദയത്തിൽ സൂക്ഷി
ക്കണം. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീ
കരിക്കുവാൻ ആവശ്യപ്പെടുന്നവനു മറുപടി
കൊടുക്കുവാൻ ഏപ്പോഴും തയ്യാറായിരിക്കുക.
16അത്തരം ആൾക്കാരോട് ശാന്തമായും ആദര
വോടും സംസാരിക്കണം. എപ്പോഴും നിങ്ങൾക്കു
ശരിയെന്നു തോന്നുന്നതു പ്രവർത്തിക്കണം.
അതു നിങ്ങൾ ചെയ്യുമ്പോൾ നിങ്ങളെക്കുറിച്ച്
മോശമായി സംസാരിക്കുന്നവർ ലജ്ജിതരാകും.
ക്രിസ്തുവിൽ നിങ്ങൾ നന്നായി ജീവിക്കുന്ന
തിനെപ്പറ്റിയാണ് അവർ ഇങ്ങനെ മോശമായി
സംസാരിക്കുന്നത്. നിങ്ങളെക്കുറിച്ച് പറഞ്ഞ
ചീത്തക്കാര്യങ്ങൾ കൊണ്ട് അവർ ലജ്ജിത
രാകും. 17തിന്മ ചെയ്യുന്നതിനേക്കാൾ നന്മ
ചെയ്തു കഷ്ടം സഹിക്കുന്നതാണ് നല്ലത്.
അതേ, ദൈവം അതാണാഗ്രഹിക്കുന്നതെങ്കിൽ
അത് ഏറെ നല്ലതാണ്. 18ക്രിസ്തു നിങ്ങൾ
ക്കായി മരിച്ചു. ആ ഒറ്റ മരണം നിങ്ങളുടെ
പാപങ്ങൾക്ക് പരിഹാരം കൊടുത്തു. അവൻ
നീതിമാനായിരുന്നുവെങ്കിലും പാപികൾക്കു
വേണ്ടി മരിച്ചു. നിങ്ങളെ എല്ലാവരെയും
ദൈവത്തിലേക്കു കൊണ്ടുവരാനാണ് അവ
നിതു ചെയ്തത്. അവന്റെ ബാഹ്യശരീരത്തെ
കൊന്നുവെങ്കിലും ആത്മാവിൽ അവന്റെ
ജീവൻ നിലനിർത്തി. 19ആ ആത്മാവിൽ അവൻ
തുറുങ്കിലെ ആത്മാക്കളോടു പ്രഘോഷിച്ചു.
20അവർ ദൈവത്തെ അനുസരിക്കാൻ കൂട്ടാക്കാ
തിരുന്നു. നോഹ പെട്ടകം ഉണ്ടാക്കിയിരുന്ന
നാളുകളിൽ ദൈവത്തെ അനുസരിക്കാൻ കൂട്ടാ
ക്കാതിരുന്ന ആളുകളുടെ ആത്മാക്കളായിരുന്നു
അത്. ദൈവത്തിന്റെ ക്ഷമാപൂർവ്വമായ കാത്തു
നില്പിനും ഫലമുണ്ടായില്ല. വെറും എട്ടുപേർ
മാത്രം ആപെട്ടകം മൂലം രക്ഷപ്പെട്ടു. അവർ
വെള്ളത്താലാണ് രക്ഷപ്പെട്ടത്. 21ആ ജലം
ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്ന ജ്ഞാന
സ്നാനം പോലെയാണ്. ദേഹത്തിൽനിന്നുള്ള
അഴുക്കുകൾ കഴുകുന്നതല്ല ജ്ഞാനസ്നാനം.
ദൈവത്തോടുള്ള ഒരു നിർമ്മലഹൃദയം ആവശ്യ
പ്പെടുന്നതാണു ജ്ഞാനസ്നാനം. ക്രിസ്തു
മരണത്തിൽനിന്നും ഉയിർത്തതുകൊണ്ട് അതു
നിങ്ങളെ രക്ഷിക്കും. 22ഇപ്പോൾ യേശു സ്വർഗ്ഗ
ത്തിലേക്കു പോയിരിക്കുന്നു. അവൻ ദൈവ
ത്തിന്റെ വലതു ഭാഗത്താണ്. അവൻ ദൂതന്മാ
രെയും അധികാരികളെയും ശക്തികളെയും
ഭരിക്കുന്നു.

മാറ്റം വന്ന ജീവിതം

4 ക്രിസ്തു അവന്റെ ശരീരത്തിലായിരിക്കെ
വേ കഷ്ടം സഹിച്ചു. അതുകൊണ്ട്
ക്രിസ്തുവിനുണ്ടായ വിചാരങ്ങളാൽ നിങ്ങൾ
നിങ്ങളെത്തന്നെ ബലപ്പെടുത്തണം. ശരീര
ത്തിൽ കഷ്ടം സഹിച്ചവനാരോ അവൻ പാപം
ഉപേക്ഷിച്ചിരിക്കുന്നു. 2ജനം ചെയ്യാൻ ഇഷ്ട
പ്പെടുന്ന ദുഷ്ടത ചെയ്യാതെ ദൈവം ആഗ്രഹി
ക്കുന്നവ ഈ ഭൂമിയിൽ ജീവിക്കും കാലത്തോളം
ചെയ്യുവാൻ നിങ്ങളെത്തന്നെ ബലപ്പെടുത്തു
വിൻ. 3കഴിഞ്ഞ കാലങ്ങളിൽ അവിശ്വാ
സികൾ ചെയ്യാനിഷ്ടപ്പെടുന്ന കാര്യങ്ങൾ
ചെയ്ത് നിങ്ങൾ സമയം പാഴാക്കിയിരുന്നു.
നിങ്ങൾ ലൈംഗികപാപങ്ങൾ ചെയ്യുകയായി
രുന്നു. വിഗ്രഹങ്ങളെ ആരാധിച്ചും ദുഷ്ടത
ചെയ്തും മദ്യസൽക്കാരങ്ങളിലേർപ്പെട്ടും
വന്യവും നിഷ്പ്രയോജനവുമായ ആഘോഷ
ങ്ങൾ നടത്തിയും നിങ്ങൾ മത്തരാകുകയാ
യിരുന്നു. 4അവിശ്വാസികൾ ചെയ്യുന്ന പല
വന്യവും നിഷ്ഫലവുമായ കാര്യങ്ങൾ
നിങ്ങൾ ചെയ്യാതിരിക്കുന്നതു കൊണ്ട് അവർ
നിങ്ങളെക്കുറിച്ച് അസാധാരണമെന്ന് ചിന്തി
ക്കുകയും ചീത്തകാര്യങ്ങൾ പറയുകയും
ചെയ്യുന്നു. 5ജീവിച്ചിരിക്കുന്നവരെയും മരിച്ചവ
രെയും വിധിപ്പാൻ തയ്യാറായിരിക്കുന്ന ദൈവ
മുമ്പാകെ അവരെപ്പറ്റിത്തന്നെയുള്ള കണക്കു
അവർ ബോധിപ്പിക്കേണ്ടതായി വരും. 6ഇ
പ്പോൾ മരിച്ചവരോടും സുവിശേഷം പ്രസംഗി
ച്ചു. കാരണം എല്ലാവരെയും പോലെ അവരും
സമമായി വിധിക്കപ്പെടേണ്ടതാണ്. അവർ
ജീവിച്ച കാലത്ത് ചെയ്തവയെ കണക്കിലെ
ടുത്ത് അവരെ വിധിക്കും. എന്നാൽ അവരോടു
ദൈവം ജീവിക്കുന്നതു പോലെ ആത്മാവിൽ
ജീവിക്കാൻ സുവിശേഷം പ്രസംഗിച്ചു.

ദൈവകൃപയുടെ നല്ല കാര്യസ്ഥൻ

7എല്ലാം അവസാനിക്കുന്ന സമയം അടുത്തി
രിക്കുന്നു. അതുകൊണ്ട് സുബോധവും, സ്വയ
നിയന്ത്രണവും കാത്തു സൂക്ഷിക്കുക. ഇതു
പ്രാർത്ഥിക്കുവാൻ നിങ്ങളെ സഹായിക്കും. 8പര
സ്പരം അഗാധമായി സ്നേഹിക്കുക. അതാണു
ഏറ്റവും പ്രധാനം. സ്നേഹം അനേക പാപ
ങ്ങളെ മറയ്ക്കും. 9പരാതികൂടാതെ നിങ്ങളുടെ
ഭവനങ്ങൾ പരസ്പരം പങ്കുവയ്ക്കുക. 10നിങ്ങ
ളിൽ ഓരോരുത്തർക്കും ഒരു ആത്മീയവരം ദൈ
വത്തിൽനിന്നു കിട്ടിയിട്ടുണ്ട്. ദൈവം തന്റെ
കൃപ പലവിധത്തിൽ കാണിച്ചിട്ടുണ്ട്. അതു
കൊണ്ട് ദൈവത്തിന്റെ നല്ല ദാനങ്ങളെ ഉപ
യോഗിക്കാൻ ചുമതലയുള്ള ദാസന്മാരെപ്പോ
ലെയാണ് നിങ്ങൾ. അതുകൊണ്ട് നല്ല ദാസ
ന്മാരായി നിങ്ങളുടെ ദൈവദത്തമായ കഴിവു
കൾ അന്യോന്യം സേവനത്തിനായി ഉപയോ
ഗിക്കുക. 11സംസാരിക്കുന്നവൻ ദൈവത്തിൽ
നിന്നുള്ള വചനം സംസാരിക്കണം. സേവനം
ചെയ്യുന്നവൻ ദൈവം നൽകിയ കരുത്തുകൊ
ണ്ട് സേവനം ചെയ്യട്ടെ. എല്ലാക്കാര്യത്തിലും
യേശുക്രിസ്തു വഴി ദൈവത്തിനു മഹത്വം
ഉണ്ടാക്കുന്നതിനു നിങ്ങളിതു ചെയ്യുവിൻ.
പ്രതാപവും മഹത്വവും എന്നുമെന്നേക്കും അവ
നുള്ളതാകട്ടെ. ആമേൻ.

ക്രിസ്ത്യാനിയെന്ന നിലയിലുള്ള കഷ്ടങ്ങൾ

12പ്രിയ സുഹൃത്തുക്കളേ, ഇപ്പോൾ നിങ്ങൾ
സഹിക്കുന്ന വേദനാ ജനകമായ കാര്യങ്ങളെക്കു
റിച്ച് അമ്പരക്കരുത്. അതു നിങ്ങളുടെ വിശ്വാസ
ത്തിനുള്ള പരീക്ഷയാണ്. അസാധാരണമായ
എന്തോ സംഭവിക്കുന്നു എന്നു വിചാരിക്കരുത്.
13എന്നാൽ ക്രസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കു
കാരാകുന്നു എന്നു കണ്ട് സന്തോഷിക്കണം.
ക്രിസ്തു അവന്റെ മഹത്വം കാണിക്കുമ്പോൾ
നിങ്ങൾ സന്തോഷവാന്മാരും ആനന്ദപൂരിതരു
മാകും. 14നിങ്ങൾ ക്രിസ്തുവിന്റെ അനുഗാമിക
ളായതുകൊണ്ട് നിന്ദിതരായാൽ നിങ്ങൾ അനു
ഗ്രഹീതരാണ്. മഹത്വത്തിന്റെ ആത്മാവ് നിങ്ങ

“നിങ്ങളെ ... വേണ്ട” യെശ. 8:12.

ളോടു കൂടെ ഉള്ളതിനാൽ നിങ്ങൾ അനുഗ്രഹീ
തരാണ്. അതു ദൈവത്തിന്റെ ആത്മാവാണ്.
15അന്യരെ ബുദ്ധിമുട്ടിക്കുന്നവനെപ്പോലെയോ
മോഷ്ടാവിനെപ്പോലെയോ കൊലയാളിയെ
പ്പോലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും
തരത്തിലുള്ള കുറ്റവാളിയെപ്പോലെയോ ആക
രുത്. അത്തരത്തിലുള്ളവർ കഷ്ടം സഹിച്ചേ
തീരൂ, പക്ഷേ നിങ്ങൾ ഇക്കാരണത്താൽ ഒരി
ക്കലും ദുരിതമനുഭവിക്കരുത്. 16ഒരു ക്രിസ്ത്യാനി
യായതിന്റെ പേരിൽ കഷ്ടം സഹിക്കേണ്ടിവ
രുന്നെങ്കിൽ നിങ്ങൾ ലജ്ജിക്കേണ്ട. ആ നാമ
ത്തിനു നിങ്ങൾ ദൈവത്തിനു നന്ദി പറയണം.
17വിധി തുടങ്ങുന്നതിനു സമയമായി. ദൈവ
ത്തിന്റെ കുടുംബം മുതലാണ് ആരംഭിക്കുന്നത്.
ആ വിധി നമ്മിലാണ് തുടങ്ങുന്നതെങ്കിൽ ദൈ
വത്തിന്റെ സുവിശേഷത്തെ അനുസരിക്കാത്ത
വർക്ക് എന്തു സംഭവിക്കും?
18നല്ല ഒരു വ്യക്തിക്ക് രക്ഷ കിട്ടുന്നത് ദുഷ്ക
രമാണ് (കഠിനമാണ്). “അപ്പോൾ ദൈവത്തി
നെതിരായിട്ടുള്ളവനും പാപപൂരിതനും എന്തു
സംഭവിക്കും?” * *സദൃശ്യ. 11:31*

19അതുകൊണ്ട് ദൈവേച്ഛയ്ക്കനുസൃതമായി
കഷ്ടം സഹിക്കുന്നവർ തങ്ങളുടെ ആത്മാക്കളെ
വിശ്വസ്തനായ സൃഷ്ടാവിൽ ഭരമേല്പിച്ചു തുട
ർച്ചയായി സൽകർമ്മങ്ങൾ ചെയ്യണം.

ദൈവത്തിന്റെ അജഗണം

5 ഇനി നിങ്ങളുടെ കൂട്ടത്തിലുള്ള മൂപ്പന്മാ
രോട് എനിക്കു ചില കാര്യങ്ങൾ പറയുവാ
നുണ്ട്. ഞാനും ഒരു മൂപ്പനാണ്. ക്രിസ്തുവിന്റെ
കഷ്ടങ്ങൾ ഞാൻ തന്നെ കണ്ടിട്ടുണ്ട്. ഞങ്ങൾ
ക്കു കാണിച്ചുതരുന്ന ആ മഹത്വം ഞാൻ പങ്കു
വയ്ക്കും. 2നിങ്ങൾക്കു ഉത്തരവാദപ്പെട്ട ഈ കൂട്ട
ത്തിന്റെ സംരക്ഷ ഏൽക്കുവാൻ ഞാൻ അഭ്യർ
ത്ഥിക്കുന്നു. അവർ ദൈവത്തിന്റെ അജഗണ
മാണ്. അങ്ങനെ ചെയ്യുവാൻ നിങ്ങളെ നിർബ
ന്ധിച്ചതു കൊണ്ടല്ല എന്നാൽ, നിങ്ങളങ്ങനെ
ചെയ്യാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ്. ഇങ്ങ
നെയാണ് ദൈവം ആഗ്രഹിക്കുന്നത്. പണം
ആഗ്രഹിച്ചല്ല സേവനം ചെയ്യുന്നതിൽ സന്തോ
ഷം ഉള്ളതുകൊണ്ട് അതു ചെയ്യുവിൻ. 3നിങ്ങ
ൾക്ക് ചുമതലപ്പെട്ടവരോട് നിങ്ങൾ ഒരു പരു
ക്കൻ ഭരണാധികാരിയെപ്പോലെയാകരുത്.
പകരം നല്ല മാതൃകയുള്ളവരാകുക. പിന്നെ,
ഭരിക്കുന്ന ഇടയൻ (ക്രിസ്തു) വരുമ്പോൾ നിങ്ങ
ൾക്കൊരു കിരീടം കിട്ടും. 4അതു മഹത്വപൂർ
ണ്ണവും നശിക്കാത്ത സൗന്ദര്യമുള്ളതും ആയി
രിക്കും. 5യുവാക്കളേ, നിങ്ങളോടും എനിക്കു
ചിലതു പറയുവാനുണ്ട്. നിങ്ങൾ മൂപ്പന്മാരുടെ
അധികാരത്തെ സ്വീകരിക്കണം. നിങ്ങളോരോ
രുത്തരും പരസ്പരം ഏറെ വിനീതരാകണം.
“ദൈവം അഹങ്കാരികൾക്ക് എതിരാണ്.
എന്നാൽ വിനീതരിൽ അവൻ കൃപ ചൊരി
യുന്നു.” *സദൃശ്യ. 3:34*

6ദൈവത്തിന്റെ ശക്തമായ കരങ്ങൾക്കു കീഴെ
വിനീതരാകുവിൻ. അപ്പോൾ സമയമാകു
മ്പോൾ അവൻ നിങ്ങളെ ഉയർത്തും. 7അവൻ
നിങ്ങൾക്കുവേണ്ടി കരുതുന്നതുകൊണ്ട് നിങ്ങ
ളുടെ എല്ലാ ആകുലങ്ങളും അവനെ ഏല്പിക്കുക.
8ശ്രദ്ധാലുക്കളാകുകയും സ്വയം നിയന്ത്രിക്കു
കയും ചെയ്യുവിൻ. പിശാചാണു നിങ്ങളുടെ
ശത്രു. മനുഷ്യനെ തിന്നുവാൻ അലറിപ്പാഞ്ഞു
നടക്കുന്ന ഒരു സിംഹത്തെപ്പോലെയാണവൻ.
9പിശാചിനെ പിന്തുടരാൻ കൂട്ടാക്കാതിരിക്കുക.
നിങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുക.
നിങ്ങൾക്കുള്ള അതേ കഷ്ടങ്ങളാണ് ലോകമെ
മ്പാടുമുള്ള നിങ്ങളുടെ സഹോദരീസഹോദരർ
അനുഭവിക്കുന്നതെന്ന് നിങ്ങൾക്കറിയാം.
10അതെ, അല്പകാലത്തേക്ക് നിങ്ങൾ കഷ്ടം
സഹിക്കും. എന്നാലതിനുശേഷം ദൈവം എല്ലാം
ശരിയാക്കും. അവൻ നിങ്ങളെ ബലപ്പെടുത്തും.
അവൻ നിങ്ങളെ താങ്ങുകയും വീഴ്ചയിൽ
നിന്നു രക്ഷിക്കുകയും ചെയ്യും. എല്ലാ കൃപയും
പകരുന്ന ദൈവമാണവൻ. ക്രിസ്തുവിൽ
തന്റെ മഹത്വത്തെ പങ്കുവയ്ക്കാൻ അവൻ
നിങ്ങളെ ക്ഷണിച്ചിരിക്കുന്നു. ആ മഹത്വം
എക്കാലത്തേക്കുമായി തുടരും. 11എല്ലാ ശക്തി
യും എന്നുമെന്നേക്കും അവന്റേതാണ്. ആമേൻ.

അവസാന അഭിവാദനങ്ങൾ

12ഞാൻ ഈ ചെറുകത്ത് എഴുതിയത് സില്വാ
നൊസിന്റെ സഹായത്തോടെയാണ്. അവൻ
ക്രിസ്തുവിൽ വിശ്വസ്തനായ സഹോദര
നാണ് എന്ന് എനിക്കറിയാം. നിങ്ങളെ ആശ്വ
സിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനു
മാണ് ഞാൻ എഴുതിയത്. ഇതാണ് ദൈവത്തി
ന്റെ ശരിയായ കൃപ എന്നു പറയുവാനാണ്
ഞാൻ ആഗ്രഹിച്ചത്. അതിൽ ഉറച്ചുനിൽക്കുക.
13ബാബിലോണിലെ സഭ നിങ്ങളെ വന്ദനം
ചെയ്യുന്നു. അവരും നിങ്ങളെപ്പോലെ തന്നെ
തെരഞ്ഞെടുക്കപ്പെട്ടവരാണ്. ക്രിസ്തുവിൽ
എന്റെ മകനായ മർക്കൊസും നിങ്ങളെ
വന്ദനം ചെയ്യുന്നു. 14നിങ്ങൾ കണ്ടുമുട്ടുമ്പോൾ
ഒരു സ്നേഹചുംബനം പരസ്പരം കൊടു
ക്കുക.
ക്രിസ്തുവിലുള്ള എല്ലാവർക്കും സമാധാനം.

അപ്പോൾ ... സംഭവിക്കും ഉദ്ധരണി സദൃശ്യ. 11:31.

പത്രൊാസ്
എഴുതിയ രണ്ടാം ലേഖനം

1 യേശുക്രിസ്തുവിന്റെ ദാസനും അപ്പൊ
സ്തലനുമായ ശിമോൻ പത്രൊസിൽ
നിന്നും, ഞങ്ങൾക്കുള്ളതുപോലെയുള്ള അതേ
മൂല്യവത്തായ വിശ്വാസമുള്ള നിങ്ങൾക്കെല്ലാ
വർക്കും എഴുതുന്നത്. നമ്മുടെ ദൈവവും രക്ഷ
കനായ യേശുക്രിസ്തുവും നീതിമാനായതു
കൊണ്ട് നിങ്ങൾക്ക് ആ വിശ്വാസം കിട്ടി.
അവൻ ശരിയായതു ചെയ്യുന്നു.
2കൃപയും സമാധാനവും നിങ്ങൾക്കു കൂടുതൽ
കൂടുതൽ ലഭിക്കുമാറാകട്ടെ. ദൈവത്തെയും
നമ്മുടെ കർത്താവായ യേശുവിനെയും അറി
യാമെന്നതുകൊണ്ട് കരുണയും സമാധാനവും
നിങ്ങൾക്കു ലഭിച്ചു.

നമുക്കാവശ്യമുള്ളതു ദൈവം തന്നു

3യേശുവിന് ദൈവത്തിന്റെ ശക്തിയുണ്ട്.
അവന്റെ ശക്തി ദൈവത്തെ ശുശ്രൂഷിക്കുന്ന
തിനും നമുക്കു ജീവിക്കുന്നതിനുമായ എല്ലാ
കാര്യങ്ങളും നൽകി. നമുക്കവനെ അറിയാം
എന്നതുകൊണ്ട് ഇവയൊക്കെ നമുക്കുണ്ട്.
തന്റെ പ്രതാപവും നന്മയുംകൊണ്ട് യേശു
നമ്മെ വിളിച്ചിരിക്കുന്നു. 4തന്റെ പ്രതാപവും
നന്മയും വഴി യേശു നമുക്കു വാഗ്ദാനം നൽ
കിയ അമൂല്യമായ മഹാദാനങ്ങൾ നൽകിയിരി
ക്കുന്നു. ആ ദാനങ്ങൾ വഴി വിശുദ്ധസ്വഭാവം
നമുക്കു പങ്കുവയ്ക്കാം. അതുകൊണ്ട് ലോകം
അതാഗ്രഹിക്കുന്ന തിന്മകളാൽ നിങ്ങളെ നശി
പ്പിക്കയില്ല.
5ഈ അനുഗ്രഹങ്ങളൊക്കെ നിങ്ങൾക്കുള്ളതു
കൊണ്ട് അതു നിങ്ങളുടെ ജീവിതത്തിനു മുതൽ
ക്കൂട്ടാക്കാൻ പരമാവധി ശ്രമിക്കുക. നിങ്ങളുടെ
വിശ്വാസത്തിലേക്ക് നന്മയും നന്മയിലേക്ക്
അറിവും 6അറിവിലേക്ക് ആത്മനിയന്ത്രണവും
ആത്മനിയന്ത്രണത്തിലേക്ക് സ്ഥിരതയും സ്ഥിര
തയിലേക്ക് ദൈവശുശ്രൂഷയും 7ദൈവശുശ്രൂഷ
യിലേക്ക് നിങ്ങളുടെ സഹോദരങ്ങൾക്കു
വേണ്ടിയുള്ള കരുണയും ഈ കരുണയിലേക്ക്
സ്നേഹവും കൂട്ടിച്ചേർക്കുക. 8ഈ കാര്യങ്ങള
ത്രയും നിങ്ങളിലുണ്ടാകുകയും അതു വളരു
കയും ചെയ്യുന്നുവെങ്കിൽ, ഈ കാര്യങ്ങൾ
നിങ്ങളെ ഒരിക്കലും പ്രയോജനശൂന്യരാകാതി
രിക്കാൻ സഹായിക്കും. നമ്മുടെ കർത്താവായ
യേശുക്രിസ്തുവിൽ നിങ്ങൾക്കുള്ള അറിവു
കൊണ്ട് ഈ കാര്യങ്ങൾ നിങ്ങളെ ഒന്നിനും
കൊള്ളാത്തവരാകാതിരിക്കാൻ സഹായിക്കും.
9എന്നാൽ ഈ വക കാര്യങ്ങൾ ഒരുവന് ഇല്ലെ
ങ്കിൽ അവനു വ്യക്തമായി കാണാൻ കഴിയില്ല.
അവൻ അന്ധനാണ്. പഴയ തിന്മകളിൽനിന്നും
അവനെ ശുദ്ധനാക്കി എന്നുള്ളത് അവൻ മറന്നു.
10എന്റെ സഹോദരങ്ങളേ, ദൈവം അവന്റേ
തായിരിക്കാൻ നിങ്ങളെ വിളിയ്ക്കുകയും തിര
ഞ്ഞെടുക്കുകയും ചെയ്തു. ദൈവം വിളിച്ച
വരും തിരഞ്ഞെടുക്കപ്പെട്ടവരും ആണ് നിങ്ങ
ളെന്ന് തെളിയിക്കാൻ തീവ്രമായി ശ്രമിയ്ക്കണം.
ഇതു ചെയ്യുമെങ്കിൽ നിങ്ങൾ ഇടറിപ്പോകയില്ല.
11നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രി
സ്തുവിന്റെ രാജ്യത്തിലേക്ക് ശ്രേഷ്ഠമായ വര
വേല്പും നിങ്ങൾക്കു കിട്ടും. ആ രാജ്യം എക്കാ
ലത്തേക്കും ഉള്ളതാണ്.
12ഇക്കാര്യം നിങ്ങൾക്ക് അറിയാം. നിങ്ങൾ
ക്കുള്ള സത്യത്തിൽ നിങ്ങൾ ബലവാന്മാരാണ്.
എന്നാൽ ഈ കാര്യങ്ങൾ ഓർമ്മിപ്പിക്കാൻ
ഞാൻ എപ്പോഴും സഹായിക്കും. 13ഈ ഭൂമിയിൽ
ജീവിച്ചിരിക്കും കാലത്തോളം ഈ കാര്യങ്ങൾ
ഓർപ്പിച്ചു സഹായിക്കുന്നത് ശരിയാണെന്നു
ഞാൻ കരുതുന്നു. 14ഈ ശരീരം തീർച്ചയായും
ഉടനെ ഉപേക്ഷിക്കണമെന്ന് എനിക്കറിയാം.
നമ്മുടെ കർത്താവായ യേശു അത് എന്നെ
കാണിച്ചു.* 15ഈ കാര്യമത്രയും എപ്പോഴും ഓർ
മ്മിപ്പിച്ചു സഹായിക്കാൻ എന്നെക്കൊണ്ടാവു
ന്നത്രയും ഞാൻ ശ്രമിയ്ക്കും. എനിക്കുശേഷവും
ഇവയത്രയും ഓർമ്മിപ്പിക്കാൻ കെല്പുള്ളവരാ
കണം നിങ്ങളെന്നു ഞാൻ ആഗ്രഹിക്കുന്നു.

ഞങ്ങൾ ക്രിസ്തുവിന്റെ മഹത്വം കണ്ടു

16കർത്താവായ യേശുക്രിസ്തുവിന്റെ
ശക്തിയെപ്പറ്റി ഞങ്ങൾ നിങ്ങളോടു പറഞ്ഞു.
അവന്റെ വരവിനെപ്പറ്റിയും പറഞ്ഞു.
ഞങ്ങൾ പറഞ്ഞതത്രയും ആൾക്കാർ നെയ്തെ
ടുത്ത വെറും രസികൻ കഥകളല്ല. അതെ,
ക്രിസ്തുവിന്റെ പ്രതാപം ഞങ്ങളുടെ തന്നെ
കണ്ണുകൾകൊണ്ടു ഞങ്ങൾ കണ്ടതാണ്. 17മഹാ
പ്രതാപവാനായ ദൈവത്തിന്റെശബ്ദം യേശു
കേട്ടു. പിതാവായ ദൈവത്തിൽനിന്ന് ആദ
രവും മഹത്വവും കിട്ടിയപ്പോഴായിരുന്നു അത്.
ശബ്ദം പറഞ്ഞു, “ഇത് എന്റെ പുത്രനാണ്,
ഞാൻ അവനെ സ്നേഹിക്കുന്നു. ഞാനവനിൽ
സംപ്രീതനാണ്.”* 18ഞങ്ങളും ആ ശബ്ദം
കേട്ടു. യേശുവും ഒത്ത് ഞങ്ങൾ വിശുദ്ധഗിരി
യിൽ ആയിരിക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്നാ
ണതു വന്നത്.
19പ്രവാചകർ പറഞ്ഞ ഈ കാര്യങ്ങൾ ഞങ്ങ
ളിൽ പൂർണ്ണമായും സ്ഥിരപ്പെടുത്തി. പ്രവാ
ചകർ പറഞ്ഞ കാര്യങ്ങളെ ശ്രദ്ധാപൂർവ്വം
പിന്തുടരുന്നത് നിങ്ങൾക്കു നല്ലതാണ്. അവർ
പറഞ്ഞിട്ടുള്ള ഈ കാര്യങ്ങളത്രയും അന്ധകാരം
നിറഞ്ഞ സ്ഥലത്ത് മിന്നും വെളിച്ചം പോലെ
യാണ്. പ്രഭാതം തുടങ്ങും വരെ അതു തെളിയു
കയും പ്രഭാത നക്ഷത്രം നിങ്ങളുടെ ഹൃദയ
ത്തിൽ ഉദിയ്ക്കുകയും ചെയ്യും. 20ഏറ്റവും
പ്രധാനമായി നിങ്ങൾ ഇതു മനസ്സിലാക്കണം.
തിരുവെഴുത്തുകളിലെ പ്രവചനം യാതൊരു
വ്യക്തിയുടെയും സ്വന്തമായ ഭാഷ്യങ്ങളല്ല.
21അതെ, ഒരു മനുഷ്യൻ എന്തു പറയാൻ ആഗ്ര
ഹിച്ചോ അതൊന്നിൽനിന്നും ഒരു പ്രവചനവും
വന്നില്ല. പക്ഷേ ജനങ്ങൾ പരിശുദ്ധാത്മാവി

നമ്മുടെ ... കാണിച്ചു ഉദ്ധരണി. യോഹ. 21:18-19.

“ഇത് എന്റെ ... സംപ്രീതനാണ് ”ഉദ്ധരണി മത്താ. 17:1-9.

നാൽ നയിക്കപ്പെട്ട് ദൈവത്തിൽനിന്നുള്ള
കാര്യങ്ങൾ സംസാരിച്ചു.

വ്യാജപ്രവാചകർ

2 പണ്ട് ദൈവജനത്തിനിടയിൽ കള്ള
പ്രവാചകരുണ്ടായിരുന്നു. ഇന്നും അപ്ര
കാരം തന്നെ. അതു പോലെ തന്നെ നിങ്ങളുടെ
കൂട്ടത്തിലും വ്യാജ അദ്ധ്യാപകർ ഉണ്ടാകും. ജന
ങ്ങൾ നഷ്ടപ്പെടുന്നവിധം തെറ്റായ ഉപദേശ
ങ്ങൾ അവർ പഠിപ്പിക്കും. തങ്ങൾ പഠിപ്പിക്കു
ന്നത് തെറ്റാണെന്നു മനസ്സിലാകാത്ത വിധ
ത്തിൽ അവർ പഠിപ്പിക്കും. അവർക്കു സ്വാത
ന്ത്ര്യം കൊണ്ടുവന്നു കൊടുത്ത നാഥനെപ്പോ
ലും (യേശു) അവർ നിഷേധിയ്ക്കുകയും
ചെയ്യും. അതുകൊണ്ട് അവർ വേഗത്തിൽ
സ്വയം നശിക്കും. 2അവർ ചെയ്യുന്ന ദുഷ്കർമ്മ
ങ്ങളിൽ വളരെയേറെപ്പേർ അവരെ പിന്തുടരും.
ഇതരർ അക്കൂട്ടർ കാരണം സത്യത്തിൻെറ പാത
യെക്കുറിച്ച് മോശമായി സംസാരിക്കും. 3ആ
വ്യാജ അദ്ധ്യാപകർക്ക് നിങ്ങളുടെ പണം മാത്രം
മതി. അതുകൊണ്ട് പൊളിവചനങ്ങൾ പറഞ്ഞ്
നിങ്ങളെ ഉപയോഗിക്കും. ആ വ്യാജാദ്ധ്യാപകർ
ക്കെതിരെയുള്ള വിധി വാചകം നേരത്തെ തയ്യാ
റാക്കിയിട്ടുണ്ട്. അവരെ നശിപ്പിക്കുന്നവനിൽ
(ദൈവം) നിന്ന് അവർ രക്ഷപെടില്ല.

4ദൂതന്മാർ പാപം ചെയ്തപ്പോൾ ശിക്ഷയി
ല്ലാതെ സ്വതന്ത്രമാക്കാൻ ദൈവം അവരെ അനു
വദിച്ചില്ല. അതെ, ദൈവം അവരെ നരകത്തി
ലേക്ക് അയച്ചു. ഇരുട്ടിൻെറ ഗുഹകളിലേക്ക്
ദൈവം അവരെ ഇട്ടു. അന്തിമ വിധിവരെ
അവരെ അവിടെത്തന്നെ ഇട്ടിരിക്കുന്നു. 5പണ്ട്
ജീവിച്ചിരുന്ന ദുഷ്ടരെയും ദൈവം ശിക്ഷിച്ചു.
ദൈവ നിഷേധികളാൽ നിറഞ്ഞിരുന്ന ഭൂമിയി
ലേക്കു ദൈവം പ്രളയം കൊണ്ടുവന്നു. എന്നാൽ
നോഹയെയും അവനോടൊപ്പമുണ്ടായിരുന്ന
ഏഴുപേരെയും ദൈവം രക്ഷിച്ചു. നീതിയോടെ
ജീവിക്കാൻ ജനങ്ങളോട് പറഞ്ഞ ഒരുവനാണ്
നോഹ. 6മാത്രമല്ല ദൈവം സൊദോം, ഗൊ
മോറാ എന്നീ നഗരങ്ങളെയും ശിക്ഷിച്ചിരുന്നു.
ചാരമൊഴികെ മറ്റൊന്നും ഇല്ലാത്ത തരത്തിൽ
ദൈവം ആ നഗരങ്ങളെ എരിച്ചു. ദൈവത്തിനെ
തിരായിട്ടുള്ളവർക്ക് എന്തു സംഭവിക്കും എന്ന
തിനു ദൈവം ആ നഗരങ്ങളെ ഉദാഹരണമാക്കി.
7പക്ഷെ ദൈവം ലോത്തിനെ രക്ഷിച്ചു. ലോത്ത്
വളരെ നല്ലവനായ മനുഷ്യനായിരുന്നു. ജനങ്ങ
ളുടെ വൃത്തികെട്ട ജീവിതശൈലി കൊണ്ട്
അവനു പൊറുതി മുട്ടി. 8(ലോത്ത് നല്ലവനായി
രുന്നെങ്കിലും ആ വൃത്തികെട്ടവർക്കൊപ്പമായി
രുന്നു ദിനംതോറും ജീവിച്ചത്. അവൻ കേട്ടതും
കണ്ടതുമായ ദുഷ്കാര്യങ്ങളാൽ ലോത്തിൻെറ
നല്ല ഹൃദയം മുറിപ്പെട്ടു.) 9അതെ, ദൈവമാണ്
ഇതു ചെയ്തത്. അതുകൊണ്ട് അവനെ ശുശ്രൂ
ഷിക്കുന്നവരെ എങ്ങനെ രക്ഷിക്കണമെന്നു കർ
ത്താവിനറിയാം. ദുഷ്ടരെ ബന്ധനത്തിൽ
വയ്ക്കുകയും ന്യായവിധി ദിവസം വരെ
കാത്തിരുന്ന് കർത്താവ് അവരെ ശിക്ഷിയ്ക്കു
കയും ചെയ്യും. 10ഹീനമായ കാര്യങ്ങൾ ചെയ്യു
ന്നവർക്കും പാപം നിറഞ്ഞ സ്വയത്തെ അനു
സരിച്ചു ജീവിക്കുന്നവർക്കും ദൈവത്തിൻെറ
അധികാരത്തെ എതിർക്കുന്നവർക്കും ആണ്
പ്രധാനമായിട്ട് ഈ ശിക്ഷ.

ഈ കപട അദ്ധ്യാപകർ അവർക്കു വേണ്ടത്
ചെയ്യുകയും സ്വയം പുകഴ്ത്തുകയും ചെയ്യും.
ബലവും ശക്തിയുമേറിയ ദൂതന്മാരെക്കുറിച്ചും
മോശമായ കാര്യങ്ങൾ സംസാരിക്കാൻ അവ
ർക്കു ഭീതിയില്ല. 11ദൂതന്മാർ ഈ വ്യാജ അദ്ധ്യാ
പകരെക്കാൾ വളരെ കരുത്തരും ശക്തരുമാണ്.
എന്നാൽ ദൂതന്മാർ പോലും ദൈവസമക്ഷം
അവർക്കെതിരെ കുറ്റം ആരോപിയ്ക്കുകയോ
ചീത്ത പറയുകയോ ഇല്ല. 12എന്നാൽ, ഈ
വ്യാജ അദ്ധ്യാപകർ തങ്ങൾക്കു മനസ്സിലാ
കാത്ത കാര്യങ്ങൾക്കെതിരെ ദുഷ്ക്കാര്യങ്ങൾ
സംസാരിക്കുന്നു. പിടികൂടപ്പെട്ട് കൊല്ലപ്പെടു
വാൻ മാത്രമായി ജനിച്ചിരിക്കുന്ന വന്യമൃഗങ്ങ
ളെപ്പോലെ ഇവരും ചിന്തിക്കാതെ പ്രവർത്തി
ക്കുന്നു. വന്യമൃഗങ്ങളെപ്പോലെ ഇവരെയും
നശിപ്പിക്കും. 13ഇവർ മൂലം പലർക്കും ക്ലേശം
വന്നു. അതുകൊണ്ട് അവരും സ്വയം ക്ലേശിക്കും.
അവർ ചെയ്തതിനുള്ള ഫലം ആണ് അത്.
എല്ലാവരും കാൺകെ ദുഷ്കർമ്മങ്ങൾ ചെയ്യു
ന്നത് രസമാണെന്ന് അവർ കരുതുന്നു. അവരുടെ
സ്വന്തം ദുഷ്ചെയ്തികളിൽ അവർ രസം
കൊള്ളുകയും അതിൽ സംതൃപ്തരാകുകയും
ചെയ്യുന്നു. അതുകൊണ്ട് അവർ നിങ്ങളിലുള്ള
മലിനമായ പൊട്ടും കറയുമാണ് (കളങ്കമാണ്).
ഒന്നിച്ചു ഭക്ഷിക്കുമ്പോൾ നിങ്ങളിലേക്ക് അവർ
ലജ്ജ കൊണ്ടുവരുന്നു. 14അവർ ഒരു സ്ത്രീയെ
നോക്കുമ്പോഴെല്ലാം അവളെ ആഗ്രഹിക്കുന്നു.
ഇപ്രകാരം അവർ സദാ തെറ്റു ചെയ്യുന്നു.
ബലഹീനരെ അവർ പാപക്കെണിയിലേക്കു
നയിക്കുന്നു. എപ്പോഴും അത്യാർത്തിയുള്ളവ
രാകാൻ അവർ തങ്ങളെത്തന്നെ പഠിപ്പിക്കുന്നു.
അവർ ശപിയ്ക്കപ്പെട്ടവരാണ്. 15ഈ വ്യാജ
അദ്ധ്യാപകർ സന്മാർഗ്ഗത്തെ ഉപേക്ഷിച്ച്
ചീത്ത മാർഗ്ഗത്തിലേക്കുപോയി. ബിലെയാം
പോയ അതേ വഴി അവർ പിന്തുടർന്നു. ബി
ലെയാം ബെയോരിൻെറ പുത്രനായിരുന്നു.
പ്രതിഫലത്തിനു വേണ്ടി തെറ്റുചെയ്യുന്നതു
അവനിഷ്ടപ്പെട്ടു. 16പക്ഷേ ഒരു കഴുത ബിലെ
യാമിനോട് അവൻ ചെയ്യുന്നതു തെറ്റാണെന്നു
പറഞ്ഞു. കഴുത സംസാരശേഷിയില്ലാത്ത ഒരു
മൃഗമാണ്. പക്ഷേ ഈ കഴുത മനുഷ്യശബ്ദ
ത്തിൽ സംസാരിച്ചു. ബിലെയാമിൻെറ ഭ്രാന്തൻ
വഴികളെ തടഞ്ഞു.

17ജലം ഇല്ലാത്ത നദിപോലെയാണ് ആ
വ്യാജപ്രവാചകർ. കൊടുങ്കാറ്റാൽ ഓടിക്കപ്പെ
ട്ടമേഘങ്ങൾ പോലെയാണവർ. അത്യഗാധ
ത്തിലെ കൊടും കൂരിരുട്ടുള്ള സ്ഥലം അവർ
ക്കായി ഒരുക്കിയിട്ടുണ്ട്. 18കപടവാക്കുകളാൽ
വ്യാജ അദ്ധ്യാപകർ പുകഴ്ത്തും. പാപക്കെണി
യിൽ അവർ ജനങ്ങളെ കുരുക്കും. തെറ്റായി
ജീവിയ്ക്കുന്നവരിൽനിന്നും മാറാൻ തുടങ്ങി
ക്കൊണ്ടിരിക്കുന്നവരെപ്പോലും അവർ വഴി
തെറ്റിക്കും. അവരുടെ പാപം നിറഞ്ഞ സ്വയം
ആഗ്രഹിക്കുന്ന ദുഷ്ചിന്തകൾ പ്രായോഗികമാ
ക്കാൻ പ്രോത്സാഹിപ്പിക്കുക വഴിയാണ് ഈ
കള്ള അദ്ധ്യാപകർ ഇതുചെയ്യുന്നത്. 19ആ ജന
ങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്ന് ഈ
വ്യാജ അദ്ധ്യാപകർ വാഗ്ദാനം ചെയ്യുന്നു.
എന്നാൽ ഈ വ്യാജ അദ്ധ്യാപകർ തന്നെ സ്വത
ന്ത്രരല്ല. നശ്വരമായ വസ്തുക്കളുടെ അടിമക
ളാണ് അവർ. ഒരു വ്യക്തി അവനെ നിയന്ത്രി
ക്കുന്ന കാര്യത്തിന് അടിമയാണ്. 20നമ്മുടെ കർ
ത്താവും രക്ഷകനുമായ യേശുക്രിസ്തുവിനെ
അറിഞ്ഞു സ്വതന്ത്രരായതിനുശേഷം വീണ്ടും
ദുഷ്കാര്യങ്ങളിലേക്കു തിരിയുകയും ദുഷ്ടത
അവരെ നിയന്ത്രിക്കുവാൻ തുടങ്ങുകയാണെ

ങ്കിൽ അവരുടെ നില ആദ്യത്തേതിനെക്കാൾ
മോശമായിരിക്കും. 21അത്തരം ആൾക്കാർ ഒരി
ക്കലും സത്യമാർഗ്ഗം അറിയാതിരിക്കുന്നതാണ്
നല്ലത്. അതാണ് അവർക്കു നൽകപ്പെട്ട വിശുദ്ധ
ഉപദേശം. അറിഞ്ഞതിനുശേഷം അതിൽ
നിന്നും അകലുന്നതിലും നല്ലത് അറിയാതിരി
ക്കുന്നതാണ്.
22“ഛർദ്ദി വീണ്ടും ഭക്ഷിക്കുന്ന നായെപ്പോ
ലെ” എന്നും “വൃത്തിയായതിനു ശേഷവും
ചെളിയിലുരുളുന്ന ഒരു പന്നിയെപ്പോലെ”
എന്നും ഇവരുടെ ചെയ്തികളെ സമപ്പെടു
ത്താം.

ക്രിസ്തു വീണ്ടും വരും

3 വത്സലസുഹൃത്തുക്കളേ, ഇത് നിങ്ങൾക്ക്
ഞാനെഴുതിയ രണ്ടാമത്തെ കത്താണ്. ഇവ
രണ്ടും എഴുതിയത് ആത്മാർത്ഥമായ ചിന്തകൾ
മനസ്സിൽ ഉണർത്തുവാനും ചില കാര്യങ്ങളെ
ഓർപ്പിക്കാൻ സഹായിക്കുന്നതിനുമാണ്.
2വിശുദ്ധപ്രവാചകർ പണ്ടു പറഞ്ഞ വചന
ങ്ങൾ നിങ്ങൾ ഓർക്കുകയും വേണം എന്നു
ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവും
രക്ഷകനുമായവൻ നമുക്കുതന്ന കല്പനകൾ ഓർ
ക്കുവിൻ. നിങ്ങളുടെ അപ്പൊസ്തലരിലൂടെ
യാണ് അവൻ ഈ കല്പനകളെ നൽകിയിരിക്കു
ന്നത്. 3അവസാനനാളുകളിൽ എന്തു സംഭവി
യ്ക്കും എന്നു മനസ്സിലാക്കേണ്ടത് നിങ്ങൾക്കു
പ്രധാനമാണ്. ദുഷ്ടർ നിങ്ങളെ പരിഹസിക്കും.
4ദുഷ്ടർ പറയും “യേശു തിരികെ വരുമെന്ന്
വാഗ്ദാനം ചെയ്തു; അവനെവിടെ? നമ്മുടെ
പൂർവ്വികർ മരിക്കുകയും ലോകം അതിൻെറ
നിർമ്മിതി തൊട്ടുള്ള കാലം മുതൽക്കുള്ള അതേ
വഴിയിൽ തുടരുകയും ചെയ്യുന്നു.” 5പക്ഷേ
പണ്ടു സംഭവിച്ചത് ഓർക്കാൻ അവരാഗ്രഹിക്കു
ന്നില്ല. ആകാശം അവിടെ ഉണ്ടായിരുന്നു.
ദൈവം ഭൂമിയെ ജലത്തിൽനിന്നും ജലം
കൊണ്ടും നിർമ്മിച്ചു. ഇതെല്ലാം ദൈവവചനം
കൊണ്ടാണ് സംഭവിച്ചത്. 6പിന്നീട് ആ ലോക
ത്തെ തന്നെ ജലപ്രളയത്തിൽ മുക്കി നശി
പ്പിച്ചു. 7അതേ ദൈവവചനം തന്നെയാണ്
ആകാശത്തെയും ഭൂമിയെയും ഇപ്പോൾ നമുക്കു
ള്ളതുപോലെ സൂക്ഷിക്കുന്നതും. ആകാശവും
ഭൂമിയും തീയാൽ നശിപ്പിക്കുവാൻ വേണ്ടി
സൂക്ഷിച്ചിരിക്കുകയാണ്. ഭൂമിയും ആകാശവും
വിധിദിവസത്തിനും ദൈവത്തിനു എതിരായി
ട്ടുള്ളവരുടെ നാശത്തിനും വേണ്ടി സൂക്ഷിച്ചിരി
ക്കുന്നു.
8എന്നാൽ പ്രിയ സ്നേഹിതരേ, ഒരു കാര്യം
മറക്കരുത്. കർത്താവിന് ഒരു ദിവസം ആയിരം
വർഷവും ആയിരം വർഷം ഒരു ദിവസം
പോലെയുമാണ്.* 9ചിലർ മനസ്സിലാക്കിയിരി
ക്കുന്നതുപോലെ കർത്താവ് താൻ വാഗ്ദാനം
ചെയ്തകാര്യങ്ങൾ പാലിയ്ക്കുന്നതിൽ മാന്ദ്യ
നല്ല. എന്നാൽ ദൈവം നിങ്ങളോടു ശാന്തത
കാണിക്കുന്നു. കാരണം ആരും നഷ്ടപ്പെടാൻ
ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മനുഷ്യരും
മാനസാന്തരപ്പെട്ട് പാപം ചെയ്യുന്നതു നിർത്ത
ണമെന്ന് ദൈവം ആഗ്രഹിക്കുന്നു.
10പക്ഷെ കർത്താവ് തിരികെവരുന്ന ആ
ദിവസം ഒരു കള്ളനെപ്പോലെ അമ്പരിപ്പിക്കുന്ന
തായിരിക്കും. കടുത്ത ശബ്ദത്തോടെ ആകാശം
കത്തിയഴിയും, ആകാശത്തിലുള്ളതൊക്കെയും
തീയാൽ നശിപ്പിക്കപ്പെടും.* ഭൂമിയും അതി
ലുള്ള സമസ്തവും ന്യായവിധിയ്ക്കായി ദൈ
വത്തിൻെറ മുമ്പിൽ അനാവൃതമാക്കപ്പെടും.
11അങ്ങനെ ഞാൻ നിങ്ങളോടു പറഞ്ഞവിധം
സർവ്വതും നശിപ്പിക്കപ്പെടും. അതുകൊണ്ട്
നിങ്ങൾ എങ്ങനെയുള്ളവരാകണം? നിങ്ങൾ
വിശുദ്ധജീവിതം നയിച്ച് ദൈവത്തെ ശുശ്രൂ
ഷിക്കണം. 12ദൈവത്തിൻെറ ദിനത്തിനായി
നിങ്ങൾ കാത്തിരിക്കണം. ആ ദിവസം വരു
വാൻ നിങ്ങൾ അതിയായാഗ്രഹിക്കണം. ആ
ദിവസം വരുമ്പോൾ ആകാശവും അതിലുള്ള
തൊക്കെയും ചൂടുകൊണ്ട് ഉരുകി നശിക്കും.
13പക്ഷെ ദൈവം നമ്മോട് ഒരു വാഗ്ദാനം
ചെയ്തിട്ടുണ്ട്. അവൻ വാഗ്ദാനം ചെയ്ത ആ
പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കും
വേണ്ടി നാം ആകാംക്ഷയോടെ ഉറ്റുനോക്കുന്നു.
ആ സ്ഥലത്താണ് നന്മയും ഐശ്വര്യവും വിള
യുന്നത്.
14പ്രിയ സുഹൃത്തുക്കളേ, ഇതു സംഭവിക്കാ
നായി നാം കാത്തു നിൽക്കുന്നു. പാപമില്ലാതെ
യിരിക്കാനും കുറ്റമില്ലാതെയിരിക്കാനും സർവ്വോ
പരി ദൈവവുമായി സമാധാനത്തിലിരി
ക്കാനും പരമാവധി ശ്രമിക്കുക. 15രക്ഷിക്കപ്പെടു
വാനുള്ള അവസരം കർത്താവിൻെറ ക്ഷമയാൽ
നിങ്ങൾക്കു കിട്ടുമെന്ന് ഓർക്കുക. ദൈവത്തിൽ
നിന്നു ലഭ്യമായ വിജ്ഞാനത്തിൻെറ അകമ്പടി
യോടെ നമ്മുടെ പ്രിയങ്കരനായ സഹോദരൻ
പൌലൊസ് നിങ്ങളെ എഴുതി അറിയിച്ചതും
അതുതന്നെ. 16ഈ കാര്യങ്ങളെക്കുറിച്ച് പൌ
ലൊസ് ഇതേ രീതിയിൽ തൻെറ എല്ലാ എഴുത്തു
കളിലും എഴുതുന്നു. മനസ്സിലാക്കാൻ വിഷമ
മുള്ള കാര്യങ്ങൾ ചിലപ്പോൾ പൌലൊ
സിൻെറ കത്തുകളിലുണ്ട്. അജ്ഞരും ആത്മാർ
ത്ഥതയില്ലാത്തവരുമായ ആളുകൾ പൌലൊ
സിൻെറ എഴുത്തുകളിലുള്ള കാര്യങ്ങൾ തെറ്റാ
യി വ്യാഖ്യാനിക്കുന്നു. ഇതരലിഖിതങ്ങളെയും
അവർ വളച്ചൊടിക്കുന്നു. അങ്ങനെ ചെയ്യുക
വഴി അവർ തങ്ങളെത്തന്നെ നശിപ്പിക്കുക
യാണ് ചെയ്യുന്നത്.
17പ്രിയ സുഹൃത്തുക്കളേ, ഈ കാര്യങ്ങളെക്കു
റിച്ച് നിങ്ങൾക്ക് മുന്നറിയിപ്പു കിട്ടിയിരിക്കു
ന്നു. അതുകൊണ്ട് സൂക്ഷിക്കുക. നിയമ ലംഘ
കർ അവരുടെ ദുഷ്ചെയ്തികൾ കൊണ്ട് നിങ്ങ
ളെ വഴിതെറ്റിക്കാൻ അനുവദിക്കാതിരിക്കുക.
നിങ്ങളുടെ കരുത്താർന്ന വിശ്വാസത്തിൽ
നിന്നും വീഴാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക.
18പകരം നമ്മുടെ കർത്താവും രക്ഷകനുമായ
യേശുക്രിസ്തുവിൻെറ വിജ്ഞാനത്തിലും കൃപ
യിലും (ദയ) വളർന്നുകൊണ്ടേയിരിക്കുക.
ഇപ്പോഴും എപ്പോഴും എന്നേക്കും അവനു
മഹത്വം ആയിരിക്കട്ടെ! ആമേൻ.

കർത്താവിന് ... ആണ് സങ്കീ. 90:4.

തീയാൽ നശിപ്പിക്കപ്പെടും ധാരാളം ഗ്രീക്കുപ്രതികളിൽ “കണ്ടെത്തപ്പെടും” എന്നും ചിലതിൽ “അപ്രത്യക്ഷമാകും“ എന്നും കാണുന്നു.

യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

1 ലോകാരംഭത്തിനു മുമ്പ് ഉണ്ടായിരുന്ന ചില
തിനെപ്പറ്റിയാണ് ഞങ്ങൾ ഇപ്പോൾ നിങ്ങ
ളോടു പറയുന്നത്.

ഇത് ഞങ്ങൾ കേട്ടതും
ഞങ്ങളുടെ സ്വന്തം കണ്ണുകളാൽ കണ്ടതും
ഞങ്ങൾ വീക്ഷിച്ചതും ഞങ്ങളുടെ സ്വന്തം
കൈകളാൽ തൊട്ടതിനെപ്പറ്റിയും ആണ്.

ജീവൻ തരുന്ന വചനത്തെപ്പറ്റിയാണ് (ക്രി
സ്തു) ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നത്. 2ആ
ജീവനെ നമുക്കു കാണിച്ചു തന്നു, ഞങ്ങൾ
അതു കണ്ടു. ഞങ്ങൾക്ക് അതിനെപ്പറ്റി തെളിവു
തരാൻ കഴിയും. ഈ ജീവൻ ഞങ്ങൾക്കു
കാണിച്ചു തന്നത് ദൈവമാണ്. പിതാവായ
ദൈവത്തോടൊപ്പമുള്ള ജീവനാണത്. ശാശ്വത
മായി തുടരുന്ന ജീവനാണത്. 3ഞങ്ങൾ കണ്ടതും
കേട്ടതുമായ കാര്യങ്ങളെപ്പറ്റി ഇപ്പോൾ എന്തിന്
സംസാരിക്കുന്നു? ഞങ്ങൾക്കുള്ള കൂട്ടായ്മയിൽ
നിങ്ങൾ പങ്കുള്ളവരാകണം എന്ന് ഞങ്ങളാഗ്ര
ഹിക്കുന്നു. ഞങ്ങൾക്കുള്ള കൂട്ടായ്മ പിതാവി
നോടും അവന്റെ പുത്രനായ യേശുക്രിസ്തു
വിനോടും കൂടിയാണ്. 4ഞങ്ങളോടൊപ്പം
നിങ്ങൾ നിറഞ്ഞ സന്തോഷത്തിലാകാൻ തക്ക
വണ്ണമാണ് ഞങ്ങളിത് എഴുതുന്നത്.

ദൈവം നമ്മുടെ പാപം ക്ഷമിയ്ക്കും

5ദൈവത്തിൽനിന്നുള്ള സത്യോപദേശം
ഞങ്ങൾ കേട്ടു. ഇപ്പോൾ ഞങ്ങൾ ഇതു നിങ്ങ
ളോടു പറയുന്നു: ദൈവം പ്രകാശമാണ്. ദൈവ
ത്തിൽ ഇരുൾ ഇല്ല. 6അതുകൊണ്ട് നമ്മൾ ദൈവ
ത്തോടൊത്തു ചേർന്നു പോവുകയാണെന്നു
പറയുകയും എന്നാൽ ഇരുളിൽ ജീവിക്കുകയു
മാണെങ്കിൽ നമ്മൾ നുണയരാണ്, നമ്മൾ
സത്യത്തെ പിന്തുടരുന്നില്ല. 7ദൈവം പ്രകാശ
ത്തിലാണ്. നമ്മളും പ്രകാശത്തിൽ ജീവിക്കണം.
നമ്മൾ വെളിച്ചത്തിൽ ജീവിക്കുകയാണെങ്കിൽ
നാം പരസ്പരം കൂട്ടായ്മ പങ്കുവയ്ക്കും. നമ്മൾ
പ്രകാശത്തിൽ ജീവിക്കുമ്പോൾ ദൈവപുത്ര
നായ യേശുക്രിസ്തുവിന്റെ രക്തം എല്ലാ
പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.
8നമ്മിൽ പാപം ഇല്ല എന്നു നാം അവകാശ
പ്പെടുന്നു എങ്കിൽ നാം നമ്മെത്തന്നെ വിഡ്ഢി
കളാക്കുന്നു. സത്യം നമ്മിൽ ഇല്ലതാനും.
9എന്നാൽ നമ്മുടെ പാപങ്ങൾ നാം ഏറ്റുപറയു
ന്നുവെങ്കിൽ ദൈവം നമ്മുടെ പാപം ക്ഷമിക്കു
കയും നാം ചെയ്ത എല്ലാ ദുഷ്ചെയ്തികളിൽ
നിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും.
കാരണം, നമുക്കു ദൈവത്തെ വിശ്വസിക്കാവു
ന്നതാണ്. ശരിയായത് ദൈവം ചെയ്യും. 10നമ്മൾ
പാപം ചെയ്തിട്ടില്ലെന്നു പറയുകയാണെങ്കിൽ
നാം ദൈവത്തെ നുണയനാക്കുകയാണ് ചെയ്യു
ന്നത്- നമ്മൾ ദൈവത്തിന്റെ ശരിയായ
സത്യോപദേശം സ്വീകരിക്കുന്നില്ല.

ക്രിസ്തു നമ്മുടെ സഹായകൻ

2 എന്റെ പ്രിയ മക്കളേ, നിങ്ങൾ പാപം
ചെയ്യരുത് എന്ന ഉദ്ദേശത്തോടുകൂടിയാണ്
ഞാൻ ഇത് എഴുതുന്നത്. പക്ഷേ ഏതെങ്കിലും
ഒരുവൻ പാപം ചെയ്താൽ പിതാവിന്റെ
മുമ്പിൽ നമുക്കുവേണ്ടി ന്യായീകരിക്കുന്ന
നീതിമാനായ യേശുക്രിസ്തുവുണ്ട്. 2നമ്മുടെ
പാപങ്ങൾക്ക് പ്രായശ്ചിത്തമാണ് ക്രിസ്തു.
എല്ലാ മനുഷ്യരുടെയും പാപങ്ങൾ മാറ്റിക്കളയാ
നുള്ള പാതയാണ് ക്രിസ്തു.
3ദൈവം നമ്മോടു ആജ്ഞാപിച്ച കാര്യങ്ങൾ
നാം അനുസരിക്കുകയാണെങ്കിൽ നമുക്കു സത്യ
മായും ദൈവത്തെ അറിയാം എന്നുള്ളത് നിശ്ച
യമാണ്. 4ഒരുവൻ “എനിക്കു ദൈവത്തെ അറി
യാം.” എന്നു പറയുകയും ദൈവകല്പനകളെ
ധിക്കരിക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ
നുണയനാണ്. സത്യം അവനിൽ ഇല്ല.
5എന്നാൽ ഒരുവൻ, ദൈവത്തിന്റെ ഉപദേശം
അനുസരിക്കുമ്പോൾ ദൈവത്തിന്റെ സ്നേഹം
അവനിൽ സത്യമായും അതിന്റെ ലക്ഷ്യം കൈ
വരിച്ചു. ഇങ്ങനെയാണ് നാം ദൈവത്തെ പിന്തു
ടരുകയാണെന്ന് അറിയുന്നത്. 6ഒരുവൻ ദൈവ
ത്തിൽ ജീവിക്കുന്നു എന്നു പറയുകയാണെ
ങ്കിൽ അവൻ ക്രിസ്തു ജീവിച്ചതുപോലെ
ജീവിക്കണം.

അന്യരെ സ്നേഹിക്കണം

7എന്റെ പ്രിയ സ്നേഹിതരേ, പുതിയൊരു
കല്പനയല്ല ഞാൻ നിങ്ങൾക്ക് എഴുതുന്നത്.
ആദി മുതൽക്കേ നിങ്ങൾക്ക് ഉണ്ടായിരുന്ന
അതേ കല്പനയാണ് ഞാൻ എഴുതുന്നത്. നേര
ത്തേ തന്നെ കേട്ട ഉപദേശമാണ് ഈ കല്പനകൾ.
8എന്നിരിക്കിലും പുതിയൊരു കല്പനയായാണ്
ഞാൻ ഇതെഴുതുന്നത്. ഈ കല്പന സത്യം ആണ്;
അതിന്റെ സത്യം യേശുവിലും നിങ്ങളിലും
നിങ്ങൾക്കു കാണുവാൻ സാധിക്കും. ഇരുൾ
മാഞ്ഞുപോകുകയും സത്യപ്രകാശം മുന്നേ
തന്നെ പ്രകാശിച്ചു കൊണ്ടിരിക്കുകയും
ചെയ്യുന്നു.
9ഒരുവൻ “ഞാൻ പ്രകാശത്തിലാണ്” എന്നു
പറയുകയും സഹോദരനെ വെറുക്കുകയും
ചെയ്യുന്നുവെങ്കിൽ അവൻ ഇപ്പോഴും അന്ധ
കാരത്തിലാണ്. 10തന്റെ സഹോദരനെ സ്നേ
ഹിക്കുന്നവൻ പ്രകാശത്തിലായിരിക്കുകയും
തെറ്റ് ചെയ്യിക്കുന്ന ഒന്നും അവനിൽ ഇല്ലാതിരി
ക്കുകയും ചെയ്യും. 11എന്നാൽ തന്റെ സഹോദ
രനെ വെറുക്കുന്നവൻ ഇരുളിലാണ്. അവൻ
ജീവിക്കുന്നത് ഇരുട്ടിലാണ്. എങ്ങോട്ടാണ് താൻ
പോകുന്നതെന്ന് അവനറിഞ്ഞുകൂടാ. എന്തു
കൊണ്ടെന്നാൽ ഇരുൾ അവനെ അന്ധനാക്കി.
12നിങ്ങളുടെ പാപങ്ങൾ യേശുവഴി ക്ഷമി
ക്കപ്പെട്ടതുകൊണ്ട് പ്രിയമക്കളേ, ഞാൻ നിങ്ങ
ൾക്ക് എഴുതുന്നു.
13ആദി മുതൽക്കേ ഉണ്ടായിരുന്നവനെ
നിങ്ങൾ അറിഞ്ഞിരിക്കയാൽ പിതാക്കന്മാരേ,

നിങ്ങൾക്കു ഞാൻ ഇതെഴുതുന്നു. ദുഷ്ടനെ ജയി
ച്ചിരിക്കയാൽ യുവാക്കളേ, ഞാൻ നിങ്ങൾക്കു
എഴുതുന്നു.
14പിതാവിനെ അറിയാമെന്നതു കൊണ്ട്
മക്കളേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു. ആദി
മുതൽ നിലനിന്നവനെ നിങ്ങൾക്ക് അറിയാമെ
ന്നതു കൊണ്ട് പിതാക്കന്മാരേ, ഞാൻ നിങ്ങ
ൾക്കു എഴുതുന്നു. നിങ്ങൾ കരുത്തരായതു
കൊണ്ട് യുവാക്കളേ, ഞാൻ നിങ്ങൾക്ക് എഴു
തുന്നു. ദൈവത്തിൻെറ വചനം നിങ്ങളിൽ
ജീവിക്കുകയും നിങ്ങൾ ദുഷ്ടനെ ജയിക്കുകയും
ചെയ്തിരിക്കുന്നു.
15ലോകത്തെയോ, അതിലുള്ളവയെയോ
സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേ
ഹിക്കുന്നുവെങ്കിൽ പിതാവിൻെറ സ്നേഹം
അവനിലില്ല. 16ലോകത്തിലെ ദുഷ്ക്കാര്യങ്ങൾ
ഇവകളാണ്.

പാപം നിറഞ്ഞ സ്വയത്തെ പ്രീതിപ്പെടുത്താ
നുള്ള നമ്മുടെ കാമം, നാം കാണുന്ന ദുഷ്ടത
നിറഞ്ഞ കാര്യങ്ങൾ സ്വന്തമാക്കാനുള്ള കാമം,
നമ്മുടെ സ്വത്തുക്കളിലുള്ള നമ്മുടെ അഹങ്കാരം.

എന്നാൽ ഇവയൊന്നും പിതാവായ ദൈവ
ത്തിൽ നിന്നുള്ളവയല്ല. അത്തരം കാര്യങ്ങൾ
ലോകത്തിൽനിന്നാണ് വരുന്നത്. 17ലോകം
കടന്നുപോയിക്കൊണ്ടിരിക്കുന്നു. ലോകത്തിലെ
ജനങ്ങളുടെ ആഗ്രഹവും മാറിപ്പോകുന്നു.
എന്നാൽ ദൈവം ആഗ്രഹിക്കുന്നതു ചെയ്യുന്ന
വൻ എക്കാലവും ജീവിക്കും.

ക്രിസ്തുവിൻെറ ശത്രുക്കളെ അനുകരിക്കരുത്

18പ്രിയമക്കളേ, ഇത് അന്ത്യനാഴിക ആയിരി
ക്കുന്നു. ക്രിസ്തുവിൻെറ ശത്രു എതിർ ക്രിസ്തു
വന്നു കൊണ്ടിരിക്കുന്നു എന്നു നിങ്ങൾ കേട്ടിട്ടു
ണ്ടല്ലോ. ഇവിടെ ഇപ്പോൾ ക്രിസ്തുവിൻെറ
ശത്രുക്കൾ ധാരാളം ഉണ്ട്. അതുകൊണ്ട് ഇത്
അന്ത്യനാഴിക ആകുന്നുവെന്ന് നമുക്കറിയാം.
19ക്രിസ്തുവിൻെറ ആ ശത്രുക്കൾ നമ്മുടെ ഇട
യിലുണ്ടായിരുന്നു. പക്ഷെ അവർ നമ്മിൽ
നിന്ന് പുറത്തുപോയി. യഥാർത്ഥത്തിൽ അവർ
നമ്മിലുള്ളവരല്ല. അവർ സത്യത്തിൽ നമ്മുടേ
തായിരുന്നുവെങ്കിൽ അവർ നമ്മോടൊപ്പം
വസിക്കുമായിരുന്നു. പക്ഷെ അവർ പോയി.
അവർ നമ്മുടെ ആൾക്കാർ അല്ല എന്ന് ഇത്
തെളിയിക്കുന്നു.
20പരിശുദ്ധനായവൻ (ദൈവം അഥവാ
ക്രിസ്തു) നിങ്ങൾക്ക് തന്ന ദാനം നിങ്ങൾ
ക്കുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് എല്ലാവർക്കും
സത്യം അറിയാം. 21എന്തുകൊണ്ടാണ് ഞാൻ
നിങ്ങൾക്ക് എഴുതുന്നത്? നിങ്ങൾക്ക് സത്യം
അറിയാൻ പാടില്ലാത്തതു കൊണ്ടാണോ? അല്ല,
നിങ്ങൾക്ക് സത്യം അറിയാം എന്നുള്ളതുകൊ
ണ്ടാണ് ഞാൻ എഴുതുന്നത്. കളവൊന്നും സത്യ
ത്തിൽനിന്ന് വരുന്നില്ല എന്നും നിങ്ങൾക്ക
റിയാം.
22അതുകൊണ്ട് ആരാണ് നുണയൻ? യേശു,
ക്രിസ്തു അല്ല എന്നു പറയുന്ന വ്യക്തിയാണ്.
യേശു ക്രിസ്തു അല്ല എന്നു പറയുന്നവൻ
ക്രിസ്തുവിൻെറ ശത്രുവാണ്. ആ വ്യക്തി
പിതാവിലോ അവൻെറ പുത്രനിലോ വിശ്വ
സിക്കുന്നില്ല. 23ഒരുവൻ പുത്രനിൽ വിശ്വസിക്കു
ന്നില്ലെങ്കിൽ അവനു പിതാവില്ല. പുത്രനെ
സ്വീകരിക്കുന്നവന് പിതാവും ഉണ്ട്.
24ആദിമുതൽക്കേ നിങ്ങൾ കേട്ട ഉപദേശ
മാണ് പിന്തുടരുന്നതെന്ന് ഉറപ്പാക്കിക്കൊള്ളുക.
നിങ്ങളതിൽ തന്നെ തുടരുന്നു എങ്കിൽ നിങ്ങൾ
പുത്രനിലും പിതാവിലും നിലനിൽക്കും.
25ഇതാണ് പുത്രൻ സ്വയമായിത്തന്നെ നമുക്കു
വാഗ്ദാനം ചെയ്തിരിക്കുന്നത്- “നിത്യജീവൻ.”
26നിങ്ങളെ തെറ്റായ പാതയിലേക്കു നയി
ക്കാൻ ശ്രമിക്കുന്ന ആൾക്കാരെപ്പറ്റിയാണ്
ഞാനെഴുതുന്നത്. 27എന്നാൽ ക്രിസ്തുവിൽ
നിന്നു ലഭിച്ച ദാനം നിങ്ങളിൽ നിലനിൽ
ക്കുന്നു. അതുകൊണ്ട് ഒരു അദ്ധ്യാപകനെ നിങ്ങ
ൾക്കാവശ്യമില്ല. നിങ്ങൾക്കു ലഭിച്ച ദാനം
നിങ്ങളെ എല്ലാം പഠിപ്പിക്കും. ഈ ദാനം സത്യ
മാണ്. ഭോഷ്ക്കല്ല. അതുകൊണ്ട് അവൻെറ
ദാനം നമ്മെ പഠിപ്പിച്ചതു പോലെ ക്രിസ്തു
വിൽ തുടർന്നും ജീവിക്കുക.
28അതെ, പ്രിയമക്കളേ, അവനിൽ ജീവിക്കുക.
ഇതു നമ്മൾ ചെയ്യുകയാണെങ്കിൽ ക്രിസ്തുവി
ൻെറ തിരിച്ചുവരവിൽ ആ ദിവസം ഭീതികൂ
ടാതെ കഴിയാം. അവൻ വരുമ്പോൾ നമുക്ക്
നാണിച്ച് മറഞ്ഞിരിക്കേണ്ടതായി വരില്ല.
29ക്രിസ്തു നീതിമാനാണെന്നു നിങ്ങൾക്ക്
അറിയാം. അതുകൊണ്ട് ന്യായം ചെയ്യുന്ന
ഏവനും ദൈവപൈതലാണ്.

നാം ദൈവമക്കളാണ്

3 പിതാവ് നമ്മെ ഏറെ സ്നേഹിച്ചു.
അവൻെറസ്വന്തം മക്കൾ എന്നു നമ്മെ
വിളിച്ചതിൽനിന്നും അതു മനസ്സിലാക്കാം.
യഥാർത്ഥത്തിൽ നമ്മൾ ദൈവമക്കളാണ്. ലോ
കത്തിലെ ജനങ്ങൾക്കു ദൈവത്തെ അറിയാത്ത
തുകൊണ്ട് നാം ദൈവമക്കളാണെന്നതു അവ
ർക്കു മനസ്സിലാക്കാൻ കഴികയില്ല. 2പ്രിയ
സ്നേഹിതരേ, ഇപ്പോൾ നാം ദൈവമക്കളാണ്.
ഭാവിയിൽ നാം എന്തായിരിക്കും എന്ന് ഇന്നു
വരെ നമ്മെ കാണിച്ചിട്ടില്ല. എന്നാൽ ക്രിസ്തു
വരുമ്പോൾ നാം അവനെപ്പോലായിരിക്കും
എന്ന് നാമറിയുന്നു. അവൻ യഥാർത്ഥത്തിൽ
എങ്ങനെയോ അങ്ങനെതന്നെ നാം അവനെ
കാണും. 3ക്രിസ്തു പരിശുദ്ധനാണ്. ക്രിസ്തു
വിൽ ഈ പ്രത്യാശയുള്ളവർ എല്ലാവരും
ക്രിസ്തു പരിശുദ്ധനായിരിക്കുന്നതുപോലെ
തങ്ങളെ തന്നെ വിശുദ്ധിയിൽ കാക്കും.
4ഒരാൾ തെറ്റു ചെയ്യുമ്പോൾ, അയാൾ ദൈവ
ത്തിൻെറ ന്യായപ്രമാണം ലംഘിക്കുന്നു. അതെ,
നമ്മൾ പാപം ചെയ്യുന്നതു ദൈവത്തിൻെറ
ന്യായപ്രമാണത്തിന് എതിരായി ജീവിക്കുന്ന
തിനു തുല്യമാണ്. 5പാപം ഇല്ലാതാക്കുന്നതി
നാണ് ക്രിസ്തു വന്നതെന്ന് നിങ്ങൾക്കറിയാം.
ക്രിസ്തുവിൽ തിന്മ ഇല്ല. 6അതുകൊണ്ട് ക്രി
സ്തുവിൽ ജീവിക്കുന്നവൻ പാപജീവിതം തുട
രില്ല. ഒരുവൻ തെറ്റു ചെയ്തു കൊണ്ടേയിരി
ക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അവൻ
ഒരിക്കലും ക്രിസ്തുവിനെ മനസ്സിലാക്കുകയോ
അറിയുകയോ ചെയ്തിട്ടില്ല.
7പ്രിയ മക്കളേ, തെറ്റായ രീതിയിലേക്കു നയി
ക്കുവാൻ ഒരു വ്യക്തിയെയും അനുവദിക്കരുത്.
ക്രിസ്തു നീതിമാനാണ്. ക്രിസ്തുവിനെ
പ്പോലെ നല്ലവനാകണമെങ്കിൽ സത്യമായതു
പ്രവർത്തിക്കണം. 8ആദിമുതലേ പിശാച്
പാപം ചെയ്തുകൊണ്ടിരിക്കുന്നു. പാപം
ചെയ്തുകൊണ്ടേയിരിക്കുന്നവൻ പിശാചിനു
ള്ളവനാണ്. പിശാചിൻെറ പണികളെ നശി
പ്പിക്കുവാനാണ് ദൈവപുത്രൻ വന്നത്.

9ഒരു വ്യക്തിയെ ദൈവം തന്റെ കുഞ്ഞാക്കു
മ്പോൾ അവൻ പാപം ചെയ്യുന്നതു തുടരില്ല.
എന്തുകൊണ്ടെന്നാൽ, ദൈവം അവനു നൽ
കിയ പുതുജീവൻ അവനിൽ കുടികൊള്ളുന്നു.
അതുകൊണ്ട് അവന് തിന്മ തുടരുന്നതിനു
കഴിവില്ല. എന്തുകൊണ്ടെന്നാൽ അവൻ ദൈവ
ത്തിന്റെ ഒരു മകനായി മാറി. 10അതുകൊണ്ട്
ദൈവത്തിന്റെ മക്കളാരെന്നു നമുക്കു കാണു
വാൻ സാധിക്കും. അതുപോലെ പിശാചിന്റെ
സന്തതികളെയും നമുക്കു കാണാൻ സാധിക്കും.
നീതി ചെയ്യാത്തവർ ദൈവത്തിന്റെ മക്കളല്ല.
അതുപോലെ തന്റെ സഹോദരനെ സ്നേഹി
ക്കാത്തവനും ദൈവത്തിന്റെ പൈതലല്ല.

നാം പരസ്പരം സ്നേഹിക്കണം

11നാം പരസ്പരം സ്നേഹിക്കണം എന്ന
താണ് നിങ്ങൾ ആദ്യം മുതലേ കേട്ടിട്ടുള്ള ഉപ
ദേശം. 12കയീനെപ്പോലാകരുത്. കയീൻ ദുഷ്ട
നുള്ളവനാണ്. കയീൻ അവന്റെ സഹോദരനെ
കൊന്നു. പക്ഷേ, എന്തിനാണ് കയീൻ സഹോദ
രനെ കൊന്നത്? കയീൻ ചെയ്തത് ദുഷ്ടതയും
അവന്റെ സഹോദരൻ ചെയ്ത കാര്യങ്ങൾ
നല്ലതുമായിരുന്നു എന്നതാണ് കാരണം.
13സഹോദരങ്ങളേ, ഈ ലോകത്തിന്റെ ആൾ
ക്കാർ നിങ്ങളെ വെറുക്കുമ്പോൾ നിങ്ങൾ അതി
ശയിക്കരുത്. 14നമുക്കറിയാം നാം മരണത്തെ
ഉപേക്ഷിച്ചു ജീവനിലേക്കു വന്നവരാണെന്ന്.
നാം യേശു ക്രിസ്തുവിൽ നമ്മുടെ സഹോദര
ങ്ങളെ സ്നേഹിക്കുന്നതു കൊണ്ട് ഇതു നമുക്ക
റിയാം. സ്നേഹിക്കാത്ത വ്യക്തി ഇപ്പോഴും മര
ണത്തിലാണ്. 15തന്റെ സഹോദരനെ വെറുക്കു
ന്ന ഏവനും കൊലപാതകി ആണ്. ഒരു കൊല
യാളിക്കും നിത്യജീവൻ ഇല്ല എന്നു നിങ്ങൾ
ക്കറിയാം. 16യഥാർത്ഥസ്നേഹം എന്താണെന്ന്
ഇങ്ങനെയാണ് നാം അറിയുന്നത്. ക്രിസ്തു
അവന്റെ ജീവനെ നമുക്കായി തന്നു. അതു
കൊണ്ട് നമ്മുടെ ജീവനെ ക്രിസ്തുവിലുള്ള
നമ്മുടെ സഹോദരീസഹോദരങ്ങൾക്കായി നാം
നൽകണം. യഥാർത്ഥസ്നേഹം എന്താണെന്ന്
ഇങ്ങനെയാണ് നാം അറിയുന്നത്. 17ഒരു
വിശ്വാസി അവന് ആവശ്യമുള്ളവയെല്ലാം
ഉണ്ടായിരിക്കാൻ തക്ക സമ്പന്നനെന്നു വിചാ
രിക്കുക. തനിക്ക് അത്യാവശ്യമുള്ളതു കൂടി
ഇല്ലാത്ത ദരിദ്രനായ തന്റെ സഹോദരനെ
അവൻ കാണുന്നു. സമ്പത്തുണ്ടായിട്ടും ദരിദ്ര
നായ സഹോദരനെ സഹായിക്കാത്ത അവനെ
ന്തുവിശ്വാസി? അപ്പോൾ ആ ഉള്ളവന്റെ
(സമ്പന്നൻ) ഹൃദയത്തിൽ ദൈവസ്നേഹം
കാണില്ല. 18എന്റെ മക്കളേ, നമ്മുടെ സ്നേഹം
വെറും വാക്കുകളും പറച്ചിലുകളും ആകരുത്.
ഇല്ല, നമ്മുടെ സ്നേഹം യഥാർത്ഥമായിരി
ക്കണം. നമ്മുടെ പ്രവൃത്തിയിലൂടെ സ്നേഹം
വ്യക്തമാക്കുകയും വേണം.
19-20അങ്ങനെയാണ് നാം സത്യത്തിനുള്ളവ
രെന്നു അറിയുക. നമ്മുടെ ഹൃദയം നമ്മെ കുറ്റ
ബോധം ഉള്ളവരാക്കുമ്പോഴും സമാധാന
ത്തോടെ ദൈവമുമ്പാകെ നിൽക്കാൻ ഇപ്പോഴും
കഴിയുന്നതെന്തുകൊണ്ട്? ദൈവം നമ്മുടെ
ബോധത്തെക്കാൾ അതീതനാണ്. ദൈവത്തിന്
എല്ലാം അറിയാം.
21പ്രിയ സ്നേഹിതരേ, നാം ചെയ്യുന്നതു
തെറ്റല്ലെന്നു നമുക്ക് നിശ്ചയമുണ്ടെങ്കിൽ നമുക്ക്
ആത്മധൈര്യത്തോടെ ദൈവത്തിന്റെ അടു
ക്കൽ വരാൻ കഴിയും. 22നാം ആവശ്യപ്പെടു
ന്നതു ദൈവം തരികയും ചെയ്യും. നമുക്ക് ഇത്
ലഭിക്കുന്നത് ദൈവകല്പനകളെ അനുസരിക്കു
ന്നതു കൊണ്ടും അവനെ പ്രീതിപ്പെടുത്തുന്ന
കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടുമാണ്. 23അവ
ന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വ
സിക്കുവാനും പരസ്പരം സ്നേഹിക്കുവാനു
മാണ് ദൈവം നമ്മോട് കല്പിക്കുന്നത്. 24ദൈവ
കല്പനകളെ അനുസരിക്കുന്നവർ ദൈവത്തിൽ
ജീവിക്കുന്നു. ദൈവം അവനിൽ വസിക്കുകയും
ചെയ്യുന്നു. ദൈവം നമ്മിൽ കുടികൊള്ളുന്നു
എന്ന് നമുക്ക് എങ്ങനെ അറിയാൻ സാധിക്കും?
ദൈവം നമുക്ക് തന്ന ആത്മാവിനാൽ നമുക്ക
റിയാം.

യോഹന്നാൻ വ്യാജപ്രവാചകർക്കെതിരെ താക്കീതു നൽകുന്നു

4 പ്രിയരെ, ലോകത്തിൽ ഇപ്പോൾ ധാരാളം
വ്യാജ പ്രവാചകന്മാർ ഉണ്ട്. അതുകൊണ്ട്
എല്ലാ ആത്മാക്കളെയും വിശ്വസിക്കരുത്. ദൈ
വത്തിൽനിന്നുള്ളതാണോ അതെന്നു വിവേചി
ച്ചറിയുക. 2ദൈവത്തിന്റെ ആത്മാവാണെന്ന്
തിരിച്ചറിയാൻ നിങ്ങൾക്ക് ഇങ്ങനെ കഴിയും,
"ഭൂമിയിലേക്ക് വന്ന് മനുഷ്യനായിത്തീർന്ന
യേശു ക്രിസ്തുവാണെന്ന് അംഗീകരിക്കുന്ന
വന്" ദൈവാത്മാവുണ്ട്. 3യേശുവിനെപ്പറ്റി
ഇങ്ങനെ അംഗീകരിക്കുവാൻ വിസമ്മതിക്കുന്ന
വൻ ദൈവത്തിൽനിന്നുള്ളവനല്ല. അത്
ക്രിസ്തുവിന്റെ ശത്രുവിന്റെ ആത്മാവാണ്.
ക്രിസ്തുവിന്റെ ശത്രു വരുന്നുവെന്ന് നിങ്ങൾ
കേട്ടു. അവൻ ഇപ്പോൾ ഈ ഭൂമിയിൽ തന്നെ
യുണ്ട്.
4പ്രിയ മക്കളേ, നിങ്ങൾ ദൈവത്തിനുള്ളവ
രാണ്. അതുകൊണ്ട് വ്യാജപ്രവാചകരെ
നിങ്ങൾ തോല്പിച്ചു. എന്തുകൊണ്ടെന്നാൽ
നിങ്ങളിലുള്ള ദൈവം ലോകത്തിൽ ഉള്ളവനേ
ക്കാൾ ഉന്നതനാണ്. 5വ്യാജപ്രവാചകർ ലോക
ത്തിന്റെതാണ്. അതുകൊണ്ട് അവർ പറയുന്ന
കാര്യങ്ങളും ലോകത്തിൽ നിന്നുള്ളതാണ്.
ലോകമാകട്ടെ അവർ പറയുന്നതു ശ്രദ്ധിക്കു
കയും ചെയ്യുന്നു. 6പക്ഷെ നമ്മൾ ദൈവത്തിൽ
നിന്നുമാണ്. അതുകൊണ്ട് ദൈവത്തെ അറിയാ
വുന്നവർ ഞങ്ങളെ ശ്രദ്ധിക്കുന്നു. എന്നാൽ ദൈ
വത്തിൽ നിന്നല്ലാത്തവർ ഞങ്ങളെ ശ്രദ്ധിക്കു
ന്നില്ല. അവർ ഞങ്ങൾ പറയുന്നത് ശ്രവിക്കു
ന്നില്ല. അങ്ങനെയാണ് സത്യാത്മാവിനെയും
അസത്യാത്മാവിനെയും ഞങ്ങൾ അറിയുന്നത്.

സ്നേഹം ദൈവത്തിൽനിന്ന്

7പ്രിയരേ, സ്നേഹം ദൈവത്തിൽനിന്നും
വരുന്നതുകൊണ്ട് നാം പരസ്പരം സ്നേഹി
ക്കണം. സ്നേഹിക്കുന്ന വ്യക്തി ദൈവത്തിന്റെ
കുഞ്ഞായിത്തീരുന്നു. 8സ്നേഹിക്കുന്നവനു
ദൈവത്തെ അറിയാം. ദൈവം സ്നേഹമായതു
കൊണ്ട് സ്നേഹിക്കാത്ത വ്യക്തി ദൈവത്തെ
അറിയുന്നില്ല. 9ദൈവം തന്റെ ഏകപുത്രനെ
അവനിലൂടെ നമുക്കു നിത്യജീവൻ ലഭിക്കുന്ന
തിനായി ലോകത്തിലേക്ക് അയച്ചുകൊണ്ടാണ്
നമ്മോടുള്ള സ്നേഹം പ്രദർശിപ്പിച്ചത്. 10യഥാ
ർത്ഥസ്നേഹം ദൈവത്തിനു നമ്മോടുള്ള
സ്നേഹമാണ്. അല്ലാതെ ദൈവത്തോടു നമു
ക്കുള്ള സ്നേഹമല്ല. നമ്മുടെ പാപങ്ങളെ പോ
ക്കുവാനുള്ള മാർഗ്ഗമായിട്ടാണ് ദൈവം തന്റെ
പുത്രനെ അയച്ചത്.

[11]ദൈവം അത്രമാത്രം നമ്മെ സ്നേഹിച്ചു,
പ്രിയരേ, അതുകൊണ്ട് നമ്മളും പരസ്പരം
എപ്പോഴും സ്നേഹിക്കണം. [12]ആരും ഒരിക്കലും
ദൈവത്തെ കണ്ടിട്ടില്ല. എന്നാൽ നാം അന്യോ
ന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ
ജീവിക്കുന്നു. നാം അന്യോന്യം സ്നേഹിക്കുന്നു
വെങ്കിൽ ദൈവത്തിൻെറ സ്നേഹം അതിൻെറ
ലക്ഷ്യം പ്രാപിച്ചിരിക്കുന്നു, ഇത് നമ്മിൽ പൂർ
ണ്ണമാക്കപ്പെട്ടിരിക്കുന്നു.
[13]നമുക്കറിയാം ദൈവം നമ്മിലും നാം അവ
നിലും ജീവിക്കുന്നു എന്ന്. ഇത് നമുക്കറിയാൻ
സാധിക്കുന്നത് ദൈവം അവൻെറ ആത്മാവിനെ
നമുക്കു തന്നതുകൊണ്ടാണ്. [14]ലോകരക്ഷകനാ
യിരിക്കുവാനാണ് ദൈവം തൻെറ പുത്രനെ
അയച്ചതെന്ന് നാം കണ്ടു കഴിഞ്ഞു. അതാണു
ജനങ്ങളോടു നാം ഇപ്പോൾ പറയുന്നത്.
[15]“യേശു ദൈവപുത്രനെന്നു ഞാൻ വിശ്വസി
ക്കുന്നു” എന്ന് ഒരുവൻ പറയുന്നുവെങ്കിൽ
ദൈവം അവനിലുണ്ട്. അവൻ ദൈവത്തിൽ
വസിക്കുകയും ചെയ്യുന്നു. [16]അതുകൊണ്ട് ദൈ
വത്തിനു നമ്മോടുള്ള സ്നേഹത്തെക്കുറിച്ച്
നമുക്കറിയാം. ആ സ്നേഹത്തിൽ വിശ്വസിക്കു
വാനും നാം പഠിച്ചിട്ടുണ്ട്.
ദൈവം സ്നേഹമാണ്. സ്നേഹത്തിൽ ജീവി
ക്കുന്നവൻ ദൈവത്തിൽ ജീവിക്കുന്നു. ദൈ
വവും അവനിൽ വസിക്കുന്നു. [17]ദൈവ
സ്നേഹം നമ്മിൽ പരിപൂർണ്ണമാക്കപ്പെട്ടുവെ
ങ്കിൽ ദൈവം വിധിക്കുന്ന ആ ദിനത്തിൽ ഭീതി
കൂടാതെ കഴിയാം. ഈ ലോകത്തിൽ നാം
ക്രിസ്തുവിനെപ്പോലെ ആയിരിക്കുന്നതു
കൊണ്ട് നാം ഭീതിയില്ലാതെയിരിക്കും. [18]എ
വിടെ ദൈവസ്നേഹമുണ്ടോ അവിടെ ഭീതി
യില്ല. എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ
പൂർണ്ണസ്നേഹം ഭീതിയെ പുറത്താക്കുന്നു.
ദൈവത്തിൻെറ ശിക്ഷയാണ് ഒരുവനെ ഭീതിദ
നാക്കുന്നത്. അപ്പോൾ പേടിയുള്ള ഒരുവനിൽ
ദൈവസ്നേഹം പൂർണ്ണമാക്കപ്പെട്ടിട്ടില്ല.
[19]ദൈവം ആദ്യം നമ്മെ സ്നേഹിച്ചതുകൊ
ണ്ട് നാം സ്നേഹിക്കുന്നു. [20]“ഞാൻ ദൈവത്തെ
സ്നേഹിക്കുന്നു” എന്നൊരുവൻ പറയുകയും
തൻെറ സഹോദരനെയോ സഹോദരിയെയോ
വെറുക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ ഒരു
നുണയനാണ്. അവന് തൻെറ സഹോദരനെ
കാണാൻ കഴിയുമെങ്കിലും അവനെ അവൻ
വെറുക്കുന്നു. അതുകൊണ്ട് അത്തരം ഒരുവന്
ദൈവത്തെ സ്നേഹിക്കാൻ സാധിക്കില്ല. കാര
ണം അവൻ ഒരിക്കലും ദൈവത്തെ കണ്ടിട്ടില്ല
എന്നതു തന്നെ. [21]ദൈവത്തെ സ്നേഹിക്കുന്ന
ഒരുവൻ തൻെറ സഹോദരനെയും സ്നേഹിച്ചി
രിക്കണം എന്ന കല്പന അവൻ തന്നിരിക്കുന്നു.

ദൈവമക്കൾ ലോകത്തെ ജയിക്കും

5 യേശു, ക്രിസ്തുവാണെന്നു വിശ്വസിക്കു
ന്നവർ ദൈവമക്കളാണ്. പിതാവിനെ സ്നേ
ഹിക്കുന്ന വ്യക്തി പിതാവിൻെറ മക്കളെയും
സ്നേഹിക്കുന്നു. [2]ദൈവമക്കളെ നാം സ്നേഹി
ക്കുന്നു എന്ന് നമുക്ക് എങ്ങനെ അറിയാൻ സാ
ധിക്കും? ദൈവത്തെ സ്നേഹിക്കുകയും അവ
ൻെറ കല്പനകളെ അനുസരിക്കുകയും ചെയ്യുന്ന
തുകൊണ്ട് അതു നമുക്കറിയാം. [3]ദൈവത്തെ
സ്നേഹിക്കുക എന്നാൽ അവൻെറ കല്പനകൾ
അനുസരിക്കുക എന്നർത്ഥം. ദൈവകല്പനകൾ
നമുക്കത്ര കഠിനവുമല്ല. [4]എന്തുകൊണ്ടെന്നാൽ
ദൈവമക്കൾക്ക് ലോകത്തെ ജയിക്കുവാനുള്ള
ശക്തിയുണ്ട്. [5]ലോകത്തിനെതിരായി ജയം
നേടുന്നത് നമ്മുടെ വിശ്വാസമാണ്. അതിനാൽ
ലോകത്തെ ജയിച്ചവനാരാണ്? യേശു ദൈവ
പുത്രനെന്നു വിശ്വസിക്കുന്നവനാണ്.

ദൈവം തൻെറ പുത്രനെക്കുറിച്ചു പറഞ്ഞത്

[6]വന്നവൻ യേശുക്രിസ്തു ആണ്. രക്തവും
ജലവും കൊണ്ടാണ് യേശു വന്നത്. ജലത്താൽ
മാത്രമല്ല യേശുവന്നത്. അല്ല, ജലത്താലും രക്ത
ത്താലും വന്നു. ആത്മാവ് ഇതു ശരിയാണെന്നു
നമ്മോടു പറയുകയും ചെയ്യുന്നു. ആത്മാവ്
സത്യമാണ്. [7]അതുകൊണ്ട് യേശുവിനെപ്പറ്റി
പറയുന്ന മൂന്നു സാക്ഷികളുണ്ട്. [8]ആത്മാവും
വെള്ളവും രക്തവും. ഈ മൂന്നു സാക്ഷികളും
സമ്മതിക്കുന്നു. [9]സത്യമായ കാര്യങ്ങൾ പറയു
മ്പോൾ നാം ജനങ്ങളെ വിശ്വസിക്കുന്നു.
അപ്പോൾ ദൈവം പറയുന്നത് തീർച്ചയായും
വിശ്വസിക്കുവാൻ നമുക്ക് കഴിയും. ഇതാണ്
ദൈവം നമ്മോട് പറഞ്ഞത്: തൻെറ മകനെപ്പറ്റി
യുള്ള സത്യം. [10]ദൈവപുത്രനിൽ വിശ്വാസമർ
പ്പിച്ചവനിൽ ദൈവം നമ്മോടു പറഞ്ഞ സത്യം
ഉണ്ട്. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവ
ത്തെ നുണയനാക്കുകയും ചെയ്യുന്നു. എന്തു
കൊണ്ടെന്നാൽ ദൈവം തൻെറ മകനെക്കുറിച്ചു
[11]സത്യം പറഞ്ഞ കാര്യങ്ങൾ അവൻ വിശ്വസി
ക്കുന്നില്ല. ഇതാണ് ദൈവം നമ്മോട് പറഞ്ഞത്:
ദൈവം നമുക്കു നിത്യജീവൻ നൽകിയിരി
ക്കുന്നു. ഈ നിത്യജീവനാകട്ടെ അവൻെറ പുത്ര
നിലുമാണ്. [12]ആ പുത്രനുള്ള ഒരുവന് ജീവ
നുണ്ട്. ദൈവപുത്രനില്ലാത്തവന് ജീവനില്ല.

ഇപ്പോൾ നമുക്ക് നിത്യജീവനുണ്ട്

[13]ദൈവപുത്രനിൽ വിശ്വസിക്കുന്ന നിങ്ങൾ
ക്കാണ് ഞാൻ ഈ കത്തെഴുതുന്നത്. ഇപ്പോൾ
നിങ്ങൾക്കു നിത്യജീവനുണ്ട് എന്നറിയണമെ
ന്നതുകൊണ്ട് ഞാനിതെഴുതുന്നു. [14]സംശയങ്ങ
ളില്ലാതെ നമുക്ക് ദൈവത്തെ സമീപിക്കാൻ
കഴിയും. ഇതിൻെറ അർത്ഥം നാം ദൈവത്തോട്
കാര്യങ്ങൾ ചോദിച്ചാൽ (ദൈവം നമുക്ക് ആവ
ശ്യമെന്നു സമ്മതിക്കുന്നവ) നാം പറയുന്നത്
ദൈവം ശ്രദ്ധിക്കുന്നു എന്നാണ്. [15]നാം അവ
നോട് ചോദിക്കുമ്പോഴെല്ലാം അവൻ കേൾ
ക്കുന്നു. അതുകൊണ്ട് നാം അവനിൽ നിന്നാവ
ശ്യപ്പെടുന്നത് അവൻ തരുന്നുവെന്നു നാം അറി
യുന്നു.
[16]തൻെറ സഹോദരനോ സഹോദരിയോ
പാപം (നിത്യമരണത്തിലേക്കു നയിക്കാത്ത
പാപം) ചെയ്യുന്നതു ഒരുവൻ കാണുന്നു എന്നു
വിചാരിക്കുക. അപ്പോൾ അവൻ പാപം ചെ
യ്യുന്ന സഹോദരനുവേണ്ടിയോ സഹോദരിക്കു
വേണ്ടിയോ പ്രാർത്ഥിക്കണം. അപ്പോൾ ദൈവം
ആ സഹോദരനോ സഹോദരിക്കോ ജീവൻ
നൽകും. നിത്യമരണത്തിലേക്കു നയിക്കാത്ത
പാപം ചെയ്യുന്നവനെപ്പറ്റിയാണ് ഞാൻ
സംസാരിക്കുന്നത്. മരണത്തിലേക്കു നയിക്കുന്ന
പാപവും ഉണ്ട്. ആ പാപത്തെക്കുറിച്ച് പ്രാർ
ത്ഥിക്കണമെന്നു ഞാനർത്ഥമാക്കുന്നില്ല. [17]തെറ്റ്
ചെയ്യുന്നത് എപ്പോഴും പാപമാണ്. നിത്യമായ
മരണത്തിലേക്ക് നയിക്കാത്ത പാപവും ഉണ്ട്.
[18]ദൈവമക്കളായവർ ഒരിക്കലും പാപം തുടർ
ന്നുകൊണ്ടിരിക്കില്ല എന്ന് നമുക്കറിയാം. ദൈവ
പുത്രൻ ദൈവമക്കളെ സംരക്ഷിക്കും. ദുഷ്ടന്
അവനെ തീണ്ടാൻ കഴികയില്ല. [19]നാം ദൈവ

ത്തിനുള്ളവരാണെന്ന് നാം അറിയുന്നു.
എന്നാൽ ദുഷ്ടൻ ലോകത്തെ മുഴുവൻ നിയ
ന്ത്രിക്കുന്നു. 20ദൈവപുത്രൻ വന്നിരിക്കുന്നു
എന്നു നമുക്കറിയാം. ദൈവപുത്രൻ നമുക്ക് ധാര
ണാശേഷി തന്നിട്ടുണ്ട്. ഇപ്പോൾ നമുക്ക് യഥാ
ർത്ഥ ദൈവത്തെ അറിയാൻ കഴിയും. സത്യ
മായത് ദൈവം ഒരുവനാണ്. നമ്മുടെ ജീവൻ
സത്യദൈവത്തിലും അവന്റെ പുത്രനായ
യേശുക്രിസ്തുവിലുമാണ്. സത്യദൈവവും,
നിത്യജീവനും അവനാണ്. 21അതുകൊണ്ട്
പ്രിയമക്കളേ, വ്യാജദൈവങ്ങളിൽനിന്നു നിങ്ങ
ളെത്തന്നെ സൂക്ഷിച്ചുകൊള്ളുക.

യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം

തെരഞ്ഞെടുക്കപ്പെട്ട വനിതയ്ക്കും അവ
ളുടെ മക്കൾക്കും മൂപ്പൻ അഭിവാദ്യങ്ങൾ
നേരുന്നു: നിങ്ങളെ എല്ലാവരെയും സത്യത്തിൽ
ഞാൻ സ്നേഹിക്കുന്നു.
സത്യം അറിയാവുന്ന ഏവരും നിങ്ങളെ
സ്നേഹിക്കുന്നു. **2**നമ്മളിൽ ജീവിക്കുന്ന സത്യം
കാരണം ആണ് ഞങ്ങൾ നിങ്ങളെ സ്നേഹിക്കു
ന്നത്. ഈ സത്യം എക്കാലവും നമ്മോടൊപ്പം
ഉണ്ടാകും.
3പിതാവായ ദൈവത്തിൽനിന്നും അവന്റെ
പുത്രനായ യേശു ക്രിസ്തുവിൽനിന്നും കൃപ
യും, കരുണയും, സമാധാനവും നമ്മോടൊത്തു
ണ്ടായിരിക്കും. ഈ അനുഗ്രഹങ്ങൾ സത്യത്തി
ലൂടെയും സ്നേഹത്തിലൂടെയും നാം സ്വീകരി
ക്കുന്നു.
4നിന്റെ മക്കളിൽ ചിലർ പിതാവായ ദൈവം
നമ്മോട് കല്പിച്ചതു പോലെയുള്ള സത്യത്തി
ന്റെ പാത പിന്തുടരുന്നതിൽ എനിക്ക് സന്തോ
ഷമുണ്ട്. **5**ഇപ്പോൾ, പ്രിയ വനിതേ, ഞാൻ
നിന്നോടു അഭ്യർത്ഥിക്കുന്നു: നമ്മൾ എല്ലാവരും
അന്യോന്യം സ്നേഹിക്കണം. ഇതൊരു പുതിയ
കല്പനയല്ല. ആദിമുതലേ നമുക്കു ഉണ്ടായിരുന്ന
അതേ കല്പനയാണ്. **6**സ്നേഹിക്കുക എന്നു പറ
ഞ്ഞാൽ, അവൻ നമ്മോട് കല്പിച്ചതുപോലെ
നാം ജീവിക്കുക എന്നതാണ്. ദൈവകല്പന
ഇതാണ്. സ്നേഹത്തിൽ അധിഷ്ഠിതമായ ജീ
വിതം നിങ്ങൾ നയിക്കുക. ആദിമുതൽ നിങ്ങൾ
കേട്ടതാണ് ഈ കല്പന. **7**കപട അദ്ധ്യാപകർ
ലോകത്തിൽ ഇപ്പോൾ വളരെ ഉണ്ട് ലോക
ത്തിൽ. ഈ കപടാദ്ധ്യാപകർ യേശുക്രിസ്തു,
മനുഷ്യനായി ഭൂമിയിൽ വന്നു എന്ന സത്യം
സമ്മതിക്കാൻ കൂട്ടാക്കുന്നില്ല. ഈ സത്യം അംഗീ
കരിക്കാത്തവൻ കപട അദ്ധ്യാപകനും ക്രിസ്തു
വിന്റെ ശത്രുവുമാണ്. **8**ജാഗരൂകരാകുക
നിങ്ങൾ ശ്രമിച്ചതിനുള്ള പ്രതിഫലം നഷ്ടപ്പെ
ടുത്തരുത്. പൂർണ്ണപ്രതിഫലം സ്വകീരിക്കുന്ന
തിനായി ശ്രദ്ധാലുക്കളാകുക.
9ക്രിസ്തുവിന്റെ ഉപദേശങ്ങൾ മാത്രമാണ്
ഒരുവൻ തുടർച്ചയായി പിന്തുടരേണ്ടത്. ക്രി
സ്തുവിന്റെ ഉപദേശം മാറ്റിമറിക്കുന്നവനിൽ
ദൈവം ഇല്ല. എന്നാൽ ക്രിസ്തുവിന്റെ ഉപ
ദേശം പിന്തുടർന്നു കൊണ്ടേയിരിക്കുന്നവനു,
പിതാവും, പുത്രനുമുണ്ട്. **10**ക്രിസ്തുവിന്റെ
ഉപദേശം കൊണ്ടുവരാതെ ഒരുവൻ നിന്റെയ
ടുത്തു വരികയാണെങ്കിൽ, നിന്റെ വീട്ടിൽ
അവന് സ്വാഗതമരുളരുത്, അവനെ നീ സ്വീക
രിക്കയുമരുത്. **11**അവനെ സ്വീകരിക്കുമെങ്കിൽ
അവന്റെ ദുഷ്പ്രവൃത്തികളെ നീ സഹായിക്കു
കയാണ്.

12എനിക്ക് നിങ്ങളോടു പറയാൻ ധാരാളം
ഉണ്ട്. പക്ഷേ പേപ്പറും മഷിയും ഉപയോഗിക്കു
വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനു
പകരം നിങ്ങളെ എല്ലാം സന്ദർശിക്കാമെന്നു
ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ നമുക്ക് മുഖാ
മുഖം സംസാരിക്കാം. അതു നമ്മെ അധികം
സന്തോഷം ഉള്ളവരാക്കും. **13**തെരഞ്ഞെടുക്ക
പ്പെട്ട നിങ്ങളുടെ സഹോദരിയും അവരുടെ
മക്കളും സ്നേഹാന്വേഷണങ്ങളെ അറിയി
ക്കുന്നു.

യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

സത്യത്തിൽ ഞാൻ സ്നേഹിക്കുന്ന എൻെറ
സ്നേഹിതൻ ഗായൊസിന് മൂപ്പൻ എഴുതു
ന്നത്.

2എൻെറ പ്രിയ സ്നേഹിതാ, നിൻെറ ആത്മാ
വിനും സുഖം എന്ന് എനിക്കറിയാം. നാനാവിധ
ത്തിലും നീ സുഖമുള്ളവനാകട്ടെ എന്നു ഞാൻ
പ്രാർത്ഥിക്കുന്നു. **3**ക്രിസ്തുവിൽ സഹോദര
രായ ചിലർ എൻെറ അടുത്തുവരികയും
നിൻെറ സത്യത്തോടുള്ള നിറഞ്ഞ വിശ്വാസ
ത്തെക്കുറിച്ച് എന്നോടു പറയുകയും ചെയ്തു.
നീ നിരന്തരം സത്യത്തിൻെറ പാത പിന്തുടരു
ന്നെന്നും അവർ എന്നോടു പറഞ്ഞു. അതെന്നെ
വളരെ സന്തോഷവാനാക്കി. **4**എൻെറ മക്കൾ
സത്യത്തിൻെറ പാത പിന്തുടരുന്നു എന്നു കേൾ
ക്കുന്നത് എനിക്ക് എപ്പോഴും അത്യാനന്ദം പക
രുന്നു.

5എൻെറ പ്രിയ സ്നേഹിതാ, ക്രിസ്തുവി
ലുള്ള സഹോദരരെ നീ സഹായിക്കുന്നത് നല്ല
താണ്. നിനക്കറിയാൻ പാടില്ലാത്തവരെപ്പോ
ലും നീ സഹായിക്കുന്നു. **6**നിൻെറ സ്നേഹ
ത്തെപ്പറ്റി ഈ സഹോദരൻ സഭയോടു പറ
ഞ്ഞിട്ടുണ്ട്. അവരുടെ യാത്ര തുടരുവാൻ ദയ
വായി സഹായിക്കുക. ദൈവത്തെ പ്രീതിപ്പെടു
ത്തുംവിധം അവരെ സഹായിക്കുക. **7**ക്രിസ്തു
വിനു വേണ്ടി വേല ചെയ്യുവാനാണ് അവർ
ഇറങ്ങിത്തിരിച്ചിട്ടുള്ളത്. അവിശ്വാസികളിൽ
നിന്നു യാതൊരു സഹായവും അവർ സ്വീകരി
ച്ചില്ല. **8**അതുകൊണ്ട് നമ്മൾ അവരെ സഹായി
ക്കണം. നാം അവരെ സഹായിക്കുമ്പോൾ, സത്യ
ത്തിനുവേണ്ടിയുള്ള അവരുടെ വേലയിൽ നാം
പങ്കാളികളാകുന്നു.

9ഞാൻ സഭയ്ക്ക് ഒരു കത്ത് എഴുതിയിരുന്നു.
പക്ഷേ ദിയൊത്രെഫേസ് നാം പറയുന്നത്
ശ്രദ്ധിക്കുകയില്ല. അവൻ അവരുടെ നേതാവാ
കുവാൻ എപ്പോഴും ആഗ്രഹിക്കുന്നു. **10**ഞാൻ
വരുമ്പോൾ ദിയൊത്രെഫേസിൻെറ പ്രവൃത്തി
കൾ നിൻെറ ശ്രദ്ധയിൽപ്പെടുത്താം. അവൻ
കള്ളം പറയുകയും ദുഷ്ടവാക്കുകൾ കൊണ്ടു
നമ്മുടെ പേരിൽ കുറ്റമാരോപിക്കുകയും ചെയ്യു
ന്നു. എന്നാൽ അതു മാത്രമല്ല അവൻ ചെയ്യു
ന്നത്. കർത്താവിനുവേണ്ടി പണിയെടുക്കുന്ന
വരെ അവൻ സഹായിക്കുന്നുമില്ല. സഹായി
ക്കാൻ ആഗ്രഹിക്കുന്നവരേയും ദിയൊത്രഫേസ്
തടയുന്നു. ഉറച്ചവിശ്വാസികളെ സഭയ്ക്കു
പുറത്താക്കാൻ പോലും അവൻ ശ്രമിക്കുന്നു.

11പ്രിയ സുഹൃത്തേ, തെറ്റായതിനെ പിന്തുടര
രുത്. നല്ലതിനെ പിന്തുടരുക. നല്ലതു ചെയ്യുന്ന
വൻ ദൈവത്തിൽനിന്നും ഉള്ളവനാണ്. തിന്മ
ചെയ്യുന്നവൻ ദൈവത്തെ ഒരിക്കലും അറിഞ്ഞി
ട്ടില്ല. **12**ജനമെല്ലാം ദെമേത്രിയൊസിനെപ്പറ്റി
നല്ലതു പറയുന്നു. അവർ പറയുന്നതാകട്ടെ
സത്യത്തിനു നിരക്കുന്നതുമാകുന്നു. ഞങ്ങളും
അവനെക്കുറിച്ച് നല്ലതു പറയുന്നു. ഞങ്ങൾ
പറയുന്നത് സത്യമാണെന്ന് നിങ്ങൾക്കറിയു
കയും ചെയ്യും.

13എനിക്കു നിരവധി കാര്യങ്ങളെപ്പറ്റി പറയു
വാനുണ്ട്. പക്ഷേ പേനയും മഷിയും ഉപയോ
ഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. **14**നിങ്ങ
ളെ ഉടൻ സന്ദർശിക്കാമെന്നു ഞാൻ പ്രത്യാശി
ക്കുന്നു. അപ്പോൾ നമുക്ക് ഒത്തുകൂടി സംസാരി
ക്കാം. **15**നിനക്കു സമാധാനം. ഇവിടെ എന്നോ
ടൊപ്പമുള്ള സുഹൃത്തുക്കൾ (വിശ്വാസികൾ)
സ്നേഹാന്വേഷണം അറിയിക്കുന്നു. നമ്മുടെ
എല്ലാ സുഹൃത്തുക്കളെയും പേരു വിളിച്ചു അഭി
വാദനം അറിയിക്കുക.

യൂദാ എഴുതിയ ലേഖനം

യേശുക്രിസ്തുവിൻെറ ദാസനും യാക്കോബി
ൻെറ സഹോദരനുമായ യൂദാ, ദൈവത്താൽ
വിളിക്കപ്പെട്ട എല്ലാവർക്കും വേണ്ടി അഭിവാദ്യ
ങ്ങൾ നേരുന്നു. പിതാവായ ദൈവം നിങ്ങളെ
സ്നേഹിക്കുകയും യേശുക്രിസ്തുവിൽ നിങ്ങ
ളെ സുരക്ഷിതരാക്കുകയും ചെയ്യുന്നു. **2**എല്ലാ
കരുണയും സമാധാനവും സ്നേഹവും നിങ്ങ
ളുടേതായിരിക്കട്ടെ.

തെറ്റു ചെയ്യുന്നവർക്കു ദൈവത്തിൻെറ ശിക്ഷ

3പ്രിയ സ്നേഹിതാ നാമെല്ലാം പങ്കു പറ്റുന്ന
രക്ഷയെക്കുറിച്ച് നിങ്ങൾക്കെഴുതണമെന്നു
എനിക്കു അതിയായ ആകാംക്ഷയുണ്ട്. എ
ന്നാൽ മറ്റു ചിലതിനെപ്പറ്റി എഴുതേണ്ടതിൻെറ
ആവശ്യകതയുണ്ടായി. ദൈവം തൻെറ വിശുദ്ധ
ജനത്തിന് നൽകിയ വിശ്വാസത്തിനു വേണ്ടി
കഠിനമായി യത്നിക്കാൻ നിങ്ങളെ പ്രോത്സാ
ഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം
ഒരിക്കൽ ഈ വിശ്വാസം തന്നു. എന്നാൽ ഇത്
എല്ലാക്കാലത്തേക്കും നല്ലതാണ്. **4**രഹസ്യമായി
ചിലർ നിങ്ങളുടെ സംഘത്തിലേക്കു കടന്നി
ട്ടുണ്ട്. അവരുടെ പ്രവൃത്തികളാൽ കുറ്റക്കാരെന്ന്
നേരത്തേ തന്നെ വിധിക്കപ്പെട്ടവരാണ് അവർ.
വളരെ മുൻപ് തന്നെ പ്രവാചകർ ഇവരെപ്പറ്റി
എഴുതി. ഇവർ ദൈവത്തിനെതിരാണ്. അവർ
നമ്മുടെ ദൈവത്തിൻെറ കൃപയെ പാപ പ്രവൃ
ത്തികൾക്കുള്ള ഒഴികഴിവായി ഉപയോഗി
ക്കുന്നു. നമ്മുടെ ഏകഗുരുവും കർത്താവുമായ
യേശുക്രിസ്തുവിനെ സ്വീകരിക്കാൻ ഇവർ
വിസമ്മതിക്കുന്നു.

5നിങ്ങൾക്ക് നേരത്തേതന്നെ അറിയാവുന്ന
ചില കാര്യങ്ങൾ ഓർമ്മിക്കാനായി ഞാൻ
നിങ്ങളെ സഹായിക്കാൻ ആഗ്രഹിക്കുന്നു. മിസ്ര
യീമിൽനിന്നു പുറത്തു കൊണ്ടു വന്ന്
കർത്താവ് അവൻെറ ജനത്തെ എങ്ങനെ രക്ഷി
ച്ചു എന്നത് നിങ്ങൾ ഓർക്കുക. പക്ഷേ പിന്നീട്
അവരിലുള്ള അവിശ്വാസികളെ എല്ലാം ദൈ
വം നശിപ്പിച്ചു. **6**അധികാരമുണ്ടായിരുന്നിട്ടും
അതു നിലനിർത്താതിരുന്ന ദൂതന്മാരെ ഓർ
ക്കുക. അവർ അവരുടെ സ്വന്തവീട് വിട്ടു
പോയി. അതുകൊണ്ട് കർത്താവ് അവരെ ഇരു
ട്ടിലാക്കി. ശാശ്വതമായ ചങ്ങലകളാൽ അവർ
ബന്ധിതരാണ്. ആ മഹത്ദിനത്തിൽ വിചാ
രണ ചെയ്യുവാനായി അവൻ അവരെ സൂക്ഷി
ച്ചിരിക്കുകയാണ്. **7**പട്ടണങ്ങളായ സൊദോമി
നെയും, ഗൊമോരായെയും ചുറ്റു വട്ടത്തിലുള്ള
പട്ടണങ്ങളെയും ഓർക്കുക. ആ നഗരങ്ങളിലെ
ആളുകൾ ആ ദൂതന്മാരെപ്പോലെ തന്നെയായി
രുന്നു. ആ പട്ടണങ്ങൾ മുഴുവനും ലൈംഗിക
അരാജകത്വവും പ്രകൃതിവിരുദ്ധമായ ലൈം
ഗികരീതികളും നിറഞ്ഞവ ആയിരുന്നു. നിത്യാ
ഗ്നിയുടെ ശിക്ഷയാണ് അവർ അനുഭവിക്കു
ന്നത്. നമുക്കുവേണ്ടിയുള്ള ഒരുദാഹരണമാണ്
അവരുടെ ശിക്ഷ.

8നിങ്ങളുടെ കൂട്ടത്തിലേക്ക് രഹസ്യമായി
നുഴഞ്ഞു കയറിയിരിക്കുന്ന ആ കൂട്ടരുടെ പാത
യും അതു തന്നെ. സ്വപ്നമാണ് അവരെ നയി
ച്ചത്. പാപത്താൽ അവരെത്തന്നെ അവർ കള
ങ്കിതരാക്കുന്നു. ദൈവത്തിൻെറ ഭരണത്തെ
അവർ നിരാകരിക്കുകയും മഹത്വമുള്ള ദൂതന്മാ
രെപ്പറ്റി ചീത്തക്കാര്യങ്ങൾ പറയുകയും ചെയ്യു
ന്നു. **9**പ്രധാനദൂതനായ മീഖായേൽ പോലും
ഇതു ചെയ്തില്ല. മോശെയുടെ ശരീരം ആരുടെ
പക്കലായിരിക്കണം- എന്നതിനെപ്പറ്റി മീഖാ
യേൽ പിശാചിനോടു തർക്കിച്ചു. വിമർശനാ
ത്മകമായ വാക്കുകൾ ഉപയോഗിച്ച് പിശാ
ചിനെ അപലപിക്കാൻ പോലും മീഖായേൽ
ധൈര്യം കാട്ടിയില്ല. പക്ഷേ മീഖായേൽ പറ
ഞ്ഞു: “കർത്താവ് നിന്നെ ശിക്ഷിക്കട്ടെ.” **10**എ
ന്നാൽ ഈ ജനങ്ങൾ അവർക്കു മനസ്സിലാകാ
ത്തവയെ വിമർശിക്കും. അവർക്കു ചില കാര്യ
ങ്ങൾ മനസ്സിലാകുന്നു. ആലോചനയാലല്ല
അവർ ഇതു മനസ്സിലാക്കുന്നത്. കാട്ടുമൃഗങ്ങൾ
അനുഭൂതിയാൽ കാര്യങ്ങൾ മനസ്സിലാക്കുന്നതു
പോലെയാണ്. ഇതൊക്കെത്തന്നെയാണ്
അവരെ നശിപ്പിക്കുന്നതും. **11**അത് അവർക്ക്
ഭയാനകമാകും. കയീൻെറ പാതയാണ് ഇവർ
പിന്തുടർന്നത്. പണം ഉണ്ടാക്കേണ്ടതിലേക്കായി
അവർ ബിലെയാം പോയ വഴിയിൽ തങ്ങളെ
ത്തന്നെ വിട്ടുകൊടുത്തു. കോരഹ് ചെയ്തതു
പോലെ ദൈവത്തിനെതിരായി ഇവർ കല
ഹിച്ചു. കോരഹിനെപ്പോലെ അവരും നശിപ്പി
ക്കപ്പെടും. **12**നിങ്ങൾ പങ്കുവെക്കുന്ന പ്രത്യേക
ഭക്ഷണത്തിലെ മലിനവസ്തുപോലെയാണ
വർ. അവർ നിങ്ങൾക്കൊപ്പം പേടി കൂടാതെ
ഭക്ഷിക്കുന്നു. അവർ അവരെക്കുറിച്ചു മാത്രം കരു
തുന്നു. മഴ പേറാത്ത മേഘങ്ങളാണ് അവർ.
കാറ്റ് അതിനെ നാലുപാടും ചിതറിക്കും. സമയ
ത്തു ഫലം തരാത്തതുകൊണ്ട് ഭൂമിയിൽനിന്നും
പിഴുതെറിയപ്പെടുന്ന മരങ്ങളാണ് അവർ.
അതിനാൽ അവർ രണ്ടു പ്രാവശ്യം മരിച്ച
വരാണ്. **13**സമുദ്രത്തിലെ ഭയാനകമായ തിര
കൾ പോലെയാണവർ. തിരകൾ പതയുണ്ടാക്കു
ന്നതു പോലെ ഇവർ നാണം കെട്ട പ്രവൃത്തി
കൾ ചെയ്യുന്നു. ആകാശത്തിലെ അലഞ്ഞു
തിരിയുന്ന നക്ഷത്രങ്ങളെപ്പോലെയാണവർ.
ഇവർക്കായി എല്ലാക്കാലത്തേക്കുമായി ഏറ്റവും
അന്ധകാരമയമായ ഒരു സ്ഥലം ഒരുക്കിയിരി
ക്കുന്നു.

14ആദാമിൽനിന്നും ഏഴാം തലമുറക്കാരനായ
ഹാനോക്ക് അവരെപ്പറ്റി പറയുന്നു: “നോക്കൂ,
ദൈവം തൻെറ ആയിരമായിരം വിശുദ്ധദൂത
ന്മാരുമായാണ് വരുന്നത്. **15**കർത്താവ് എല്ലാവ
രെയും വിധിക്കും. അവനെതിരായിട്ടുള്ള എല്ലാ
വരെയും വിധിക്കുവാനും ശിക്ഷിക്കുവാനും
ആണ് കർത്താവ് വരുന്നത്. ദൈവത്തിനെതി
രായി ചെയ്ത എല്ലാ തിന്മകൾക്കുംവേണ്ടി
അവൻ അവരെ ശിക്ഷിക്കും. അവർ പറഞ്ഞ
എല്ലാ ദൈവദൂഷണങ്ങളെയും കഠിനമായ

പ്രവൃത്തികളെയും പ്രതി ദൈവം അവരെ
ശിക്ഷിക്കും."
16ഇക്കൂട്ടർ സദാ പരാതിപ്പെടുന്നവരും അന്യ
രിൽ കുറ്റം കണ്ടെത്തുന്നവരുമാണ്. ആഗ്രഹി
ക്കുന്ന തിന്മ അവർ എപ്പോഴും ചെയ്യും. അവർ
സ്വയം പ്രകീർത്തിക്കും. അവർക്ക് ആവശ്യമുള്ള
തുകിട്ടുവാനായി മാത്രം അവർ അന്യരെ പ്രശം
സിക്കും.

ഒരു മുന്നറിയിപ്പും, ചെയ്യേണ്ട കാര്യങ്ങളും

17പ്രിയ സുഹൃത്തുക്കളേ, നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിൻെറ അപ്പൊസ്തലർ
നേരത്തെ പറഞ്ഞത് ഓർക്കുവിൻ. 18"അവ
സാന നാളുകളിൽ ദൈവത്തെപ്പറ്റി പറഞ്ഞു
ചിരിക്കുന്നവർ കാണും" എന്നാണ് അപ്പൊ
സ്തലർ പറഞ്ഞത്. അവർ ആഗ്രഹിക്കുന്ന
കാര്യങ്ങൾ മാത്രമേ അവർ ചെയ്യുകയുള്ളൂ. ദൈ
വത്തിന് എതിരായുള്ള പ്രവൃത്തികൾ ആണ്
അവർ ചെയ്യുവാൻ ആഗ്രഹിക്കുന്നത്. 19ഇക്കൂട്ടർ
ആണ് നിങ്ങളുടെ ഇടയിൽ വിഭജനം ഉണ്ടാക്കി
യത്. അവരുടെ പാപം നിറഞ്ഞ സ്വയം പറയു
ന്നതേ അവർ ചെയ്യൂ. അവരിൽ പരിശുദ്ധാ
ത്മാവ് ഇല്ല.
20പക്ഷേ, പ്രിയ സുഹൃത്തുക്കളേ, നിങ്ങളി
ലുള്ള വിശുദ്ധമായ വിശ്വാസം കൊണ്ട് നിങ്ങ
ളെത്തന്നെ ശക്തരാക്കുവിൻ. ആത്മാവിൽ നിറ
ഞ്ഞു പ്രാർത്ഥിക്കുവിൻ. 21ദൈവസ്നേഹ
ത്തിൽ നിങ്ങളെത്തന്നെ സൂക്ഷിക്കുക. നമ്മുടെ
കർത്താവായ യേശുക്രിസ്തു തൻെറ കരുണ
യാൽ നിങ്ങൾക്കു നിത്യജീവൻ തരുന്ന ദിനത്തി
നായി കാത്തിരിക്കുക.
22സംശയം ഉള്ളവരെ സഹായിക്കുക. 23മറ്റുള്ള
വരെ അഗ്നിയിൽനിന്നും വലിച്ചെടുത്ത്
രക്ഷിക്കുക. ചിലരോടു നിങ്ങൾ കരുണ കാണി
ക്കുമ്പോൾ ശ്രദ്ധാലുക്കളാകുവിൻ. പാപത്താൽ
കളങ്കിതമായ അവരുടെ വസ്ത്രത്തെപ്പോലും
വെറുക്കുവിൻ.

ദൈവത്തിനു സ്തുതി

24ദൈവം ശക്തനും വീഴാതെ പരിപാലിക്കു
ന്നവനുമാണ്. യാതൊരു തെറ്റും നിങ്ങളിൽ
ഇല്ലാതെ, അതിസന്തോഷം പകർന്ന്, അവൻെറ
മുമ്പിൽ നിങ്ങളെ കൊണ്ടുവരുവാൻ അവനു
കഴിയും. 25അവൻ മാത്രമാണ് ഏകദൈവം.
അവൻ നമ്മുടെ രക്ഷകനാണ്. സർവ്വകാല
ത്തിനു മുമ്പും ഇപ്പോഴും എന്നേക്കും നമ്മുടെ
കർത്താവായ യേശുക്രിസ്തു വഴി അവന് മഹ
ത്വവും പ്രതാപവും ശക്തിയും അധികാരവും
ഉണ്ടായിരിക്കട്ടെ. ആമേൻ.

യോഹന്നാന് ഉണ്ടായ വെളിപ്പാട്

ഈ പുസ്തകത്തെപ്പറ്റി യോഹന്നാൻ

1 ഇത് യേശുക്രിസ്തുവിൻെറ വെളിപ്പാടാ
കുന്നു. ഉടൻ ഉണ്ടാകാൻ പോകുന്നതിനെ
പ്പറ്റി തൻെറ ദാസന്മാർക്കു കാട്ടിക്കൊടുക്കുവാൻ
ദൈവം യേശുവിനു കൊടുത്തതാണിത്. ഇതു
കാട്ടിക്കൊടുക്കുവാൻ തൻെറ ദാസനായ
യോഹന്നാൻെറയടുത്തേക്കു ക്രിസ്തു തൻെറ
ദൂതനെ അയച്ചു. 2താൻ കണ്ടത് എല്ലാം യോഹ
ന്നാൻ പറഞ്ഞു. ദൈവവചനവും യേശു
തന്നോടു പറഞ്ഞ സത്യവുമായിരുന്നു അത്.
3ഈ ദൂതു വായിക്കുന്നവൻ അനുഗൃഹീതൻ.
ഈ പ്രവചനത്തിലെ വാക്കുകളെ ശ്രദ്ധിക്കുന്ന
വരും അതനുസരിക്കുന്നവരും അനുഗൃഹീതർ.
കാരണം, സമയം അടുത്തിരിക്കുന്നു.

യോഹന്നാൻ സഭകൾക്ക് യേശുവിൻെറ സന്ദേശങ്ങൾ എഴുതുന്നു

4ആസ്യയിലെ ഏഴു സഭകൾക്കും യോഹ
ന്നാൻ എഴുതുന്നത്: ആകുന്നവനും (ദൈവം)
സദാ ആയിരുന്നവനും വരാനിരിക്കുന്നവനുമാ
യവനിൽനിന്നും അവൻെറ സിംഹാസന
ത്തിൽ മുമ്പിൽ നിൽക്കുന്ന ഏഴ് ആത്മാക്കളിൽ
നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും
ഉണ്ടാകട്ടെ; 5യേശുക്രിസ്തുവിൽനിന്നും. യേശു
വിശ്വസ്ത സാക്ഷിയാകുന്നു. ഉയിർത്തെഴുന്നേ
റ്റവരിൽ ആദ്യനാണവൻ. ഭൂമിയിലെ രാജാക്ക
ന്മാരുടെ രാജാവാണ് യേശു. നമ്മെ സ്നേഹിക്കു
ന്നവനാണ് യേശു. തൻെറ രക്തത്താൽ നമ്മെ
നമ്മുടെ പാപങ്ങളിൽനിന്നും മോചിപ്പിച്ചവ
നാണ് യേശു. 6അവൻ നമ്മെ ഒരു രാജ്യമാക്കി
തീർത്തു. പിതാവായ ദൈവത്തിനു നമ്മെ
പുരോഹിതന്മാരാക്കുകയും ചെയ്തു. യേശു
വിന് എന്നും മഹത്വവും പ്രതാപവും ഉണ്ടായി
രിക്കട്ടെ! ആമേൻ.
7നോക്കൂ, യേശു മേഘങ്ങളിൽ കയറി വരുന്നു.
അവനെ കുത്തിയവരടക്കം* എല്ലാവരും അവ
നെ കാണും. ലോകത്തിലെ എല്ലാവരും അവ
നെച്ചൊല്ലി നിലവിളിക്കും. അതെ ഇതു സംഭ
വിക്കും. ആമേൻ.
8ദൈവമായ കർത്താവ് പറയുന്നു, "ഞാൻ
ആദിയും അന്തവുമാകുന്നു.* ആയവനും ആയി
രുന്നവനും വരാനിരിക്കുന്നവനും ഞാനാകുന്നു.
ഞാനാകുന്നു സർവ്വശക്തൻ."
9യോഹന്നാനെന്ന ഞാൻ ക്രിസ്തുവിൽ
നിങ്ങളുടെ സഹോദരൻ. ഞങ്ങൾ ഒരുമിച്ചു
യേശുവിലാണ്. കഷ്ടതകളിലും രാജ്യത്തിലും
ക്ഷമാപൂർവ്വമായ സഹനത്തിലും ഞങ്ങൾ പങ്കു
ള്ളവരാകുന്നു. ദൈവവചനവും യേശുവിൻെറ
സത്യവും മൂലം ഞാൻ പത്മൊസ് ദ്വീപിലായി
രുന്നു. 10കർത്താവിൻെറ ദിവസം ആത്മാവ്
എൻെറ നിയന്ത്രണം ഏറ്റെടുത്തു. പിന്നിൽ
ഞാനൊരു ഉഗ്രശബ്ദം കേട്ടു. ഒരു കാഹളം
മുഴങ്ങിയതു പോലെ. 11ശബ്ദം പറഞ്ഞു, "നീ
കണ്ട എല്ലാ കാര്യങ്ങളും ഒരു പുസ്തകത്തിൽ
എഴുതുക. അത് ഏഴു സഭകൾക്കും അയയ്ക്കുക.
എഫെസൊസ്, സ്മുർന്നാ, പെർഗ്ഗമൊസ്,
തുയഥൈര, സർദ്ദിസ്, ഫിലദെൽഫിയ, ലവൊ
ദിക്യ എന്നീ സഭകളിലേക്ക്."
12ആരാണെന്നോട് സംസാരിക്കുന്നതെന്നറി
യാൻ ഞാൻ തിരിഞ്ഞു നോക്കി. അപ്പോൾ
ഞാൻ ഏഴു വിളക്കുകാലുകൾ കണ്ടു. 13വിളക്കു
കാലുകൾക്കിടയിൽ "മനുഷ്യപുത്രനെപ്പോ
ലുള്ള" ഒരാളെ ഞാൻ കണ്ടു. അദ്ദേഹം ഒരു
നീളൻ മേലങ്കി അണിഞ്ഞിരുന്നു. മാറിൽ സ്വർ
ണ്ണപ്പട്ടയും കെട്ടിയിരുന്നു. 14അദ്ദേഹത്തിൻെറ
താടിയും മുടിയും വെള്ള മഞ്ഞുപോലെ വെളു
ത്തതായിരുന്നു. കണ്ണുകൾ ജ്വലിക്കുന്ന തീയ്ക്കു
സദൃശ്യമായിരുന്നു. 15ഉലയിൽ പഴുത്ത വെള്ളോ
ട്ടുപോലെയായിരുന്നു കാൽപാദങ്ങൾ. വെള്ള
പ്പാച്ചിലിൻേറതുപോലുള്ള ശബ്ദമായിരുന്നു
അവൻേറത്. 16അവൻ തൻെറ വലതു കൈയിൽ
ഏഴു നക്ഷത്രങ്ങളെ പിടിച്ചിരുന്നു. അവൻെറ
വായിൽനിന്നും മൂർച്ചയേറിയ ഇരുതലവാൾ
പുറത്തേക്കു വന്നു. സൂര്യൻ ഏറ്റവും തീഷ്ണ
മായി പ്രകാശിക്കുമ്പോലെ അവൻ കാണ
പ്പെട്ടു. 17അവനെ കണ്ടപ്പോൾ ഞാനവൻെറ
പാദത്തിൽ മരിച്ചതുപോലെ വീണു. അവൻ
തൻെറ വലതുകരം എൻെറമേൽവച്ച് പറഞ്ഞു,
"ഭയപ്പെടേണ്ട! ആദിയും അന്തവും ഞാനാകു
ന്നു. 18ജീവിക്കുന്നവനും ഞാനാകുന്നു. ഞാൻ
മരിച്ചു, പക്ഷേ നോക്കൂ, എന്നെന്നേക്കുമായി
ഞാൻ ജീവിക്കുന്നു. മരണത്തിൻെറയും പാതാള
ത്തിൻെറയും താക്കോൽ എൻെറ കയ്യിലാണ്.
19അതിനാൽ നീ കണ്ടതെല്ലാം രേഖപ്പെടു ത്തുക.
ഇപ്പോൾ സംഭവിക്കുന്നതിനെയും പിന്നീടു
സംഭവിക്കാനിരിക്കുന്നതിനെയും കുറിച്ചു എഴു
തുക. 20എൻെറ വലതുകയ്യിൽ നീ കണ്ട ഏഴു
നക്ഷത്രങ്ങളുടെയും ഏഴു വിളക്കുകാലുകളുടെ
യും അർത്ഥം ഇതാണ്: ഏഴു വിളക്കുകാലു
കൾ ഏഴു സഭകളാണ്. ഏഴു നക്ഷത്രങ്ങൾ
ഏഴു സഭകളുടെ ദൂതന്മാരാണ്.

എഫെസൊസിലെ സഭയ്ക്ക് യേശുവിൻെറ കത്ത്

2 "എഫെസൊസിലെ സഭയുടെ ദൂതന്
ഇതെഴുതുക: വലതുകയ്യിൽ ഏഴു നക്ഷത്ര
ങ്ങളും പിടിച്ചുകൊണ്ട് കനകനിർമ്മിതമായ
ഏഴു പൊൻവിളക്കുകാലുകൾക്കിടയിലൂടെ
നടക്കുന്നവൻ നിന്നോടു പറയുന്നു. 2നിൻെറ
പ്രവൃത്തികൾ എനിക്കറിയാം. നീ നന്നായി
അദ്ധ്വാനിക്കുകയും പരിശ്രമം ഒരിക്കലും ഉപേ
ക്ഷിക്കാതിരിക്കുകയും ചെയ്യുന്നു. ദുഷ്ടരെ നീ
സ്വീകരിക്കില്ലെന്ന് എനിക്കറിയാം. വ്യാജ
അപ്പൊസ്തലന്മാരെ നീ നിരീക്ഷിച്ചിട്ടുണ്ട്.
അവർ വ്യാജന്മാരാണെന്നും നീ കണ്ടെത്തി.
3നീ ക്ഷമാപൂർവ്വം പ്രവൃത്തികൾ തുടർന്നു.

അവനെ കുത്തിയവരടക്കം യോഹ. 19:14.

ആദിയും അന്തവും ഗ്രീക്ക് അക്ഷരമാലയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങൾ. ആൽഫയെന്നും ഒമേഗയെന്നും.

എന്റെ നാമത്തെ ചൊല്ലി നീ ദുരിതങ്ങൾ
അനുഭവിച്ചു. അതുകൊണ്ടൊന്നും നീ തളർന്നു
പോയില്ല.
4"ആരംഭത്തിൽ നിനക്കുണ്ടായിരുന്ന സ്നേ
ഹം നീ ഉപേക്ഷിച്ചു എന്ന ഒരു കാര്യം നിന
ക്കെതിരായി എനിക്കു പറയാനുണ്ട്. 5അതു
കൊണ്ട് എവിടെയാണ് നിനക്കു വീഴ്ച പറ്റിയ
തെന്നോർക്കുക. അതുകൊണ്ട് മാനസാന്തര
പ്പെട്ട് ആരംഭത്തിലെ പ്രവൃത്തികൾ തന്നെ
ചെയ്യുക. നീ മാറ്റിയില്ലെങ്കിൽ ഞാൻ നിന്നി
ലേക്കു വരും. നിന്റെ വിളക്കുകാലുകൾ
അതിന്റെ സ്ഥാനത്തുനിന്നു നീക്കുകയും
ചെയ്യും. 6എന്നാൽ നീ പ്രായോഗികമാക്കുന്ന
ഒരു നന്മയുണ്ട്. നിക്കൊലാവ്യ പക്ഷക്കാരുടെ*
പ്രവൃത്തികളെ നീ വെറുത്തു. ഞാനും അവരെ
വെറുക്കുന്നുണ്ടല്ലോ.
7"ഇതെല്ലാം കേൾക്കുന്ന എല്ലാവരും ആത്മാവ്
സഭകളോട് പറയുന്നതു ശ്രദ്ധിക്കണം. ജേതാ
വിന് ജീവവൃക്ഷത്തിലെ പഴങ്ങൾ തിന്നുവാ
നുള്ള അധികാരം ഞാൻ നൽകും. ദൈവ
ത്തിന്റെ ഉദ്യാനത്തിലാണ് ആ മരം ഉള്ളത്.

സ്മുർന്നയിലെ സഭയ്ക്ക് യേശുവിന്റെ കത്ത്

8"സ്മുർന്നയിലെ സഭയുടെ ദൂതന് ഇങ്ങനെ
എഴുതുക:
"ആദിയും അന്തവുമായവൻ നിങ്ങളോടിക്കാ
ര്യങ്ങൾ പറയുന്നു. മരിക്കുകയും ജീവനിലേക്ക്
തിരിച്ചുവരികയും ചെയ്തവനാണവൻ.
9നിന്റെ ദുരിതങ്ങളും ദാരിദ്ര്യവും ഞാനറി
യുന്നു. പക്ഷേ യഥാർത്ഥത്തിൽ നീ ധനിക
നാണ്. നിന്നെപ്പറ്റി മറ്റുള്ളവർ പറയുന്ന ദൂഷ
ണങ്ങൾ എനിക്കറിയാം. അവർ യെഹൂദരാ
ണെന്ന് സ്വയം അവകാശപ്പെടുന്നു. പക്ഷേ
സത്യത്തിൽ അവർ യെഹൂദരല്ല. അവർ സാ
ത്താന്റെ യെഹൂദപ്പള്ളിയാണ്. 10നിനക്കു സംഭ
വിക്കാവുന്നതിനെപ്പറ്റി ഭയപ്പെടേണ്ട. ഞാൻ
നിന്നോടു പറയുന്നു പിശാച് നിങ്ങളിൽ ചി
ലരെ കാരാഗൃഹത്തിലടയ്ക്കും. അതു നിങ്ങളെ
പരീക്ഷിക്കാനായിരിക്കും. പത്തുദിവസം
നിങ്ങൾ കഷ്ടപ്പെടും. പക്ഷേ മരിക്കേണ്ടിവ
ന്നാലും വിശ്വാസം കൈവിടരുത്. വിശ്വാസം
കൈവിടാതിരുന്നാൽ നിങ്ങൾക്കു ഞാൻ ജീവ
ന്റെ കിരീടം നൽകും.
11"ഇതൊക്കെ കേൾക്കുന്നവരെല്ലാം സഭക
ളോട് ആത്മാവ് പറയുന്നതു ശ്രദ്ധിക്കട്ടെ. ജേതാ
വിനെ രണ്ടാംമരണം മുറിവേല്പിക്കുകയില്ല.

പെർഗ്ഗമൊസിലെ സഭയ്ക്ക് യേശുവിന്റെ കത്ത്

12"പെർഗ്ഗമൊസിലെ സഭയുടെ ദൂതന് ഇങ്ങ
നെ എഴുതുക:
"മൂർച്ചയേറിയ ഒരു ഇരുതലവാൾ ഉള്ളവൻ
നിങ്ങളോട് ഇങ്ങനെ പറയുന്നു.13നീ താമസി
ക്കുന്നതെവിടെയെന്ന് എനിക്കറിയാം. സാത്താ
ന്റെ സിംഹാസനമിരിക്കുന്നിടത്ത്. എന്നാൽ
നീ എന്റെ നാമം മുറുകെ പിടിക്കുന്നു. അന്തി
പ്പാസിന്റെ കാലത്തുപോലും നീ എന്നിലുള്ള
വിശ്വാസത്തെ തള്ളിപ്പറഞ്ഞില്ല. അന്തിപ്പാസ്
നിന്റെ നഗരത്തിൽ കൊല്ലപ്പെട്ട എന്റെ
വിശ്വസ്തനായ സാക്ഷിയായിരുന്നു. നിന്റെ
നഗരത്തിലാണ് സാത്താൻ വസിക്കുന്നത്.
14"എങ്കിലും നിനക്കെതിരെ ചില കാര്യങ്ങൾ
എനിക്കു പറയാനുണ്ട്. ബിലെയാമിന്റെ ഉപ
ദേശങ്ങൾ അനുസരിക്കുന്ന ചിലർ നിന്റെ
സംഘത്തിലുണ്ട്. യിസ്രായേൽക്കാരെ പാപ
ത്തിൽ വീഴ്ത്താൻ ബാലാക്കിനെ പഠിപ്പിച്ചയാ
ളാണ് ബിലെയാം. അവർ വിഗ്രഹങ്ങൾക്കു സമ
ർപ്പിക്കപ്പെട്ട ഭക്ഷണം കഴിക്കുകയും ലൈംഗിക
പാപം ചെയ്യുകയും ചെയ്തു. 15അതുകൊണ്ട്
അങ്ങനെയുള്ളവർ നിന്റെ സംഘത്തിലുമുണ്ട്.
നിക്കൊലാവ്യന്റെ പാഠങ്ങൾ അനുസരിക്കുന്ന
വരും നിന്നോടൊത്തുണ്ടല്ലോ. 16അതുകൊണ്ട്
മാനസാന്തരപ്പെടുവിൻ! അല്ലെങ്കിൽ ഞാൻ
വേഗം നിന്റെയടുത്തു വരികയും എന്റെ വാ
യിൽനിന്നും വരുന്നവാൾ ഉപയോഗിച്ച് അവ
രോട് ഏറ്റുമുട്ടുകയും ചെയ്യും.
17"ഇതു കേൾക്കുന്നവൻ ആത്മാവ് സഭക
ളോട് പറയുന്നതു ശ്രദ്ധിക്കട്ടെ. "ജേതാവിന്
ഞാൻ മറഞ്ഞിരിക്കുന്ന മന്ന സമ്മാനിക്കും.
അയാൾക്കു ഞാനൊരു വെള്ളക്കല്ലും സമ്മാ
നിക്കും. ആ കല്ലിൽ പുതിയൊരു പേര് എഴുതി
യിരിക്കും. ആർക്കും ആ പുതിയ പേര് അറിയുക
യില്ല. ആ കല്ലു ലഭിക്കുന്നവനു മാത്രമേ പുതിയ
പേര് അറിയുകയുള്ളൂ.,

തുയഥൈരയിലെ സഭയ്ക്ക് യേശുവിന്റെ കത്ത്

18"തുയഥൈരയിലെ സഭയുടെ ദൂതന്
ഇങ്ങനെ എഴുതുക:
"ദൈവപുത്രൻ ഇങ്ങനെ പറയുന്നു. അഗ്നി
പോലെ ജ്വലിക്കുന്ന കണ്ണുകളും തിളങ്ങുന്ന
ഓട്ടുപോലുള്ള പാദങ്ങളും ഉള്ളവൻ. അവൻ
നിന്നോടു പറയുന്നത് ഇങ്ങനെയാണ്.
19നിന്റെ പ്രവൃത്തികൾ എനിക്കറിയാം.
നിന്റെ സ്നേഹം, വിശ്വാസം, സേവനം, ക്ഷമ
എന്നിവയെപ്പറ്റിയെല്ലാം ഞാനറിയുന്നു. നീ
തുടക്കത്തിൽ ചെയ്തതിനേക്കാൾ കൂടുതൽ
ഇപ്പോൾ ചെയ്യുന്നു. 20എങ്കിലും നിനക്കെതിരെ
എനിക്കു ചിലതു പറയാനുണ്ട്. ഈസബേൽ
എന്നു പേരുള്ള ആ സ്ത്രീയെ അവൾ ഇച്ഛി
ക്കുമ്പോലെ പഠിപ്പിക്കാൻ നീ അനുവദിച്ചു
കൊണ്ടിരിക്കുന്നതു തന്നെ. അവൾ സ്വയം
പ്രവാചകിയായി പ്രഖ്യാപിച്ചു. പക്ഷേ
അവൾ തന്റെ ഉപദേശങ്ങളുമായി എന്റെ
ജനതയെ വഴിതെറ്റിക്കുന്നു. അവൾ എന്റെ
ജനതയെക്കൊണ്ട് വിഗ്രഹങ്ങൾക്ക് നൽകിയ
ആഹാരം തീറ്റുകയും ലൈംഗികപാപം ചെയ്യി
ക്കുകയും ചെയ്തു. 21മാനസാന്തരപ്പെട്ടു പാപ
ങ്ങളിൽനിന്നു തിരിയുവാൻ ഞാൻ അവൾക്കു
സമയം കൊടുത്തു. എങ്കിലും അവളുടെ ലൈം
ഗികപാപങ്ങളിൽനിന്നും മാനസാന്തരപ്പെടു
വാൻ അവൾ വിസമ്മതിക്കുന്നു. 22അതിനാൽ
ഞാനവളെ കഷ്ടതയുടെ കിടക്കയിലേക്കെ
റിയും. അവളുമായി ലൈംഗികപാപങ്ങളി
ലേർപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാവർക്കും
വലിയ കഷ്ടതകളുണ്ടാകും. അവൾ ചെയ്യുന്ന
തിൽനിന്നും അവർ പിന്മാറിയില്ലെങ്കിൽ ഞാ
നിപ്പോൾ തന്നെ ഇതുചെയ്യും. 23അവളുടെ
ജീവിതപാത പിൻതുടരുന്നവരെ ഞാൻ വധി
ക്കും. ആളുകൾക്കുണ്ടാകുന്ന വികാരവിചാര
ങ്ങളെ ഞാനറിയുന്നുവെന്ന് എല്ലാ സഭകളും
അറിയുകയും ചെയ്യും. നിങ്ങൾ ചെയ്യുന്ന

നിക്കൊലാവ്യ പക്ഷം ഏഷ്യാ പ്രവിശ്യയിലെ നിക്കൊലോസ് എന്നയാൾ ആരംഭിച്ച ദുരുപദേശ പക്ഷത്തിൽ ചേർന്നവർ. തെറ്റായ ആശയങ്ങൾക്കു പിന്നാലെ പോയ മതവിഭാഗം.

ഓരോ പ്രവൃത്തികൾക്കും ഞാൻ നിങ്ങൾക്കു
പകരം നൽകുകയും ചെയ്യും.
24“പക്ഷേ തുയഥൈരയിലെ ശേഷമുള്ള
നിങ്ങൾ അവളുടെ ഉപദേശം പിന്തുടർന്നില്ല.
സാത്താന്റെ അന്തർരഹസ്യങ്ങളെന്നവർ
വിളിക്കുന്നവയെ നിങ്ങൾ പഠിച്ചില്ല. ഇതാണ്
ഞാൻ നിങ്ങളോടു പറയുന്നത്: ഞാൻ നിങ്ങ
ൾക്കുമേൽ മറ്റൊരു ഭാരവും വയ്ക്കില്ല. 25പക്ഷേ
ഞാൻ വരുംവരെ നിങ്ങൾ ഇതേ മാർഗ്ഗം
തുടരണം.
26“ജയിക്കുന്നവനും അവസാനംവരെ എന്റെ
ഇഷ്ടം ചെയ്യുന്ന ഓരോരുത്തനും ഞാൻ ശക്തി
തരും. അയാൾക്കു ഞാൻ രാജ്യങ്ങൾക്കു മേൽ
അധികാരം നൽകും.
27‘അവൻ അവരെ ഇരുമ്പുവടി കൊണ്ടു
ഭരിക്കും.
മൺകുടംപോലെ അവൻ അവരെ ചിത
റിക്കും.’ *സങ്കീർത്തനം 2:9*

28ഇതേ ശക്തിയാണു ഞാൻ പിതാവിൽ
നിന്നും സ്വീകരിച്ചത്. ആ വ്യക്തിയ്ക്കു ഞാ
നൊരു പ്രഭാതനക്ഷത്രത്തെയും നൽകും. 29ഇതെ
ല്ലാം കേൾക്കുന്നവർ സഭകളോട് ആത്മാവ്
പറയുന്നതു കേൾക്കട്ടെ.

സർദ്ദിസിലെ സഭയ്ക്കുള്ള യേശുവിന്റെ കത്ത്

3 “സർദ്ദിസിലെ സഭയുടെ ദൂതന് ഇങ്ങനെ
എഴുതുക:
“ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു
നക്ഷത്രങ്ങളും ഉള്ളവൻ ഇങ്ങനെ നിന്നോടു
പറയുന്നു. നിന്റെ പ്രവൃത്തികളെപ്പറ്റി എനിക്ക
റിയാം. നീ ജീവിച്ചിരിക്കുന്നുവെന്ന് ആളുകൾ
പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ നീ മരി
ച്ചിരിക്കുന്നു. 2ഉണരുക! അല്പം ജീവൻ ശേഷിച്ചി
രിക്കുമ്പോൾ നിങ്ങൾ സ്വയം ശക്തിയാർജ്ജി
ക്കുക. പൂർണ്ണമായും മരിക്കുംമുമ്പ് നിങ്ങൾ
ശക്തരാവുക. നിങ്ങളുടെ പ്രവർത്തനങ്ങൾ
എന്റെ ദൈവത്തിന്റെ ദൃഷ്ടിയിൽ കുറ്റമറ്റതാ
ണെന്ന് ഞാൻ കാണുന്നില്ല. 3അതിനാൽ നീ
കേട്ടതും സ്വീകരിച്ചതും മറക്കാതിരിക്കുക. അത
നുസരിക്കുക. മാനസാന്തരപ്പെടുവീൻ! സ്വയം
ജാഗ്രത പുലർത്തുക! അല്ലെങ്കിൽ ഞാനൊരു
കള്ളനെപ്പോലെ വന്ന് നിന്നെ അത്ഭുതപ്പെ
ടുത്തും. എന്റെ വരവ് എപ്പോഴായിരിക്കുമെന്ന്
നീ അറിയില്ല. 4എന്നാൽ സർദ്ദിസിലെ നിന്റെ
സംഘത്തിലെ ചിലർ ശുദ്ധരാണ്. അവർ
എന്നോടൊത്തു നടക്കും. യോഗ്യരായതിനാൽ
അവർ വെള്ളവസ്ത്രം ധരിക്കും. 5ജേതാക്ക
ളെല്ലാം അവരെപ്പോലെ വെള്ളവസ്ത്രം ധരി
ക്കും. അവന്റെ പേര് ഞാൻ ജീവന്റെ പുസ്ത
കത്തിൽ നിന്ന് വെട്ടിക്കളകയില്ല. അവൻ
എന്റേതാണെന്ന് ഞാൻ പറയും. അതു ഞാനെ
ന്റെ പിതാവിന്റെയും അവന്റെ ദൂതന്മാരു
ടെയും മുമ്പിൽ പറയും. 6ഇതെല്ലാം കേൾക്കു
ന്നവർ സഭകളോട് ആത്മാവ് പറയുന്നതു ശ്രദ്ധി
ക്കട്ടെ.

ഫിലദെൽഫ്യയിലെ സഭയ്ക്ക് യേശുവിന്റെ കത്ത്

7“ഫിലദെൽഫ്യയിലെ സഭയുടെ ദൂതന്
ഇങ്ങനെ എഴുതുക:
“പരിശുദ്ധനും സത്യവാനുമായവൻ നിങ്ങ
ളോട് ഇക്കാര്യങ്ങൾ പറയുന്നു. അവൻ ദാവീ
ദിന്റെ താക്കോലുള്ളവനാകുന്നു. അവൻ തുറ
ക്കുന്നത് അടയ്ക്കാനാവില്ല. അവൻ അടയ്ക്കു
ന്നത് തുറക്കാനുമാവില്ല. 8നിന്റെ പ്രവർത്തി
കൾ എനിക്കറിയാം. നിനക്കു മുമ്പിൽ ഞാനൊ
രു വാതിൽ തുറന്നിരിക്കുന്നു. ആർക്കും അതട
യ്ക്കാൻ കഴിയുകയില്ല. നീ ദുർബ്ബലനാണെന്നു
ഞാനറിയുന്നു. പക്ഷേ എന്റെ ഉപദേശങ്ങളെ
നീ പിന്തുടർന്നു. എന്റെ നാമം ഏറ്റു പറയുന്ന
തിൽ നീ ഭയന്നില്ല. 9ശ്രദ്ധിക്കൂ! സാത്താന്റെ
ഒരു പള്ളിയുണ്ട് (ഒരു സംഘമുണ്ട്). അവർ
സ്വയം യെഹൂദരാണെന്നു പറയുന്നുണ്ടെങ്കിലും
അതു നുണയാണ്. അവർ യഥാർത്ഥത്തിൽ
യെഹൂദരല്ല. ഞാൻ അവരെ കൊണ്ടുവന്നു
നിനക്കു മുമ്പിൽ മുട്ടുകുത്തിക്കാം. ഞാൻ സ്നേ
ഹിക്കുന്നത് നിന്നെയാണെന്ന് അവർ അറി
യട്ടെ. 10ശക്തിയായിരിക്കാനുള്ള എന്റെ കല്പന
പിന്തുടരുന്നതു വഴി നീ സഹനത്തിലൂടെ
ശക്തി ആർജിച്ചതിനാൽ ലോകം മുഴുവൻ കുഴ
പ്പളുണ്ടാകുമ്പോൾ ഞാൻ നിന്നെ രക്ഷിക്കും.
ആ കുഴപ്പങ്ങൾ ഭൂമിയിലെ അധിവാസികളെ
മുഴുവൻ പരീക്ഷിക്കും.
11“ഞാൻ വേഗം വരുന്നു. നീ ഇപ്പോഴത്തെ
മാർഗ്ഗം തന്നെ പിന്തുടരുക. അപ്പോൾ ആർക്കും
നിന്റെ കിരീടം എടുത്തുകൊണ്ടുപോകുവാ
നാവില്ല. 12ജേതാവ് എന്റെ ദൈവത്തിന്റെ
ആലയത്തിൽ ഒരു സ്തംഭമാകും. ജേതാവിനെ
ഞാൻ അങ്ങനെയാക്കും. അയാൾക്കൊരിക്കലും
ദൈവാലയം വിട്ടുപോകേണ്ടിവരില്ല. അയാളു
ടെമേൽ ഞാനെന്റെ ദൈവത്തിന്റെ പേരെ
ഴുതും. അയാളുടെമേൽ ഞാനെന്റെ ദൈവത്തി
ന്റെ നഗരത്തിന്റെ പേരെഴുതും. ആ നഗര
മാണ് പുതിയ യെരൂശലേം. ആ നഗരം എന്റെ
ദൈവത്തിൽനിന്നും സ്വർഗ്ഗത്തിൽനിന്നും
വരുന്നു. എന്റെ പുതിയ പേരും ഞാനയാളുടെ
മേൽ എഴുതും. 13ഇതെല്ലാം കേൾക്കുന്നവർ
ആത്മാവ് സഭകളോട് പറയുന്നതു ശ്രദ്ധിക്കട്ടെ.

ലവൊദിക്ക്യയിലെ സഭയ്ക്ക് യേശുവിന്റെ കത്ത്

14“ലവൊദിക്ക്യയിലെ സഭയുടെ ദൂതന്
ഇങ്ങനെ എഴുതുക:
“വിശ്വസ്തനും യഥാർത്ഥ സാക്ഷിയും ദൈ
വസൃഷ്ടിയുടെ ആരംഭവുമായ ആമേൻ* എന്ന
ഒരുവൻ നിന്നോടിങ്ങനെ പറയുന്നു. 15നിന്റെ
പ്രവൃത്തികൾ എനിക്കറിയാം. നീ ചൂടുള്ള
വനോ തണുപ്പുള്ളവനോ അല്ല. നീ ചൂടുള്ള
വനോ തണുപ്പുള്ളവനോ ആയിരുന്നെങ്കിൽ
എന്നു ഞാനാശിച്ചു. 16പക്ഷേ നീ മിതശീതോ
ഷ്ണവാനാണ്. നിന്നിൽ തണുപ്പും ചൂടുമില്ല.
അതിനാൽ എന്റെ വായിൽനിന്നും നിന്നെ
ഞാൻ തുപ്പിക്കളയും. 17നീ ധനവാനാണെന്നു
സ്വയം പറയുന്നു. വേണ്ടത്രയുള്ളതിനാൽ ഇനി
നിനക്കൊന്നും വേണ്ടെന്നു നീ കരുതുന്നു.
എന്നാൽ നീ നികൃഷ്ടനും ദയനീയനും ദരി
ദ്രനും അന്ധനും നഗ്നനുമാണെന്ന് നിനക്കറി
യില്ല. 18അഗ്നിശുദ്ധി ചെയ്ത സ്വർണ്ണം നീ
എന്നിൽനിന്നും വാങ്ങണമെന്നു ഞാൻ നിന്നെ
ഉപദേശിക്കുന്നു. അപ്പോൾ നിനക്ക് യഥാർത്ഥ
സമ്പന്നനാകാം. ഞാൻ നിന്നോട് ഇതു പറ
യുന്നു. വെള്ളവസ്ത്രങ്ങൾ വാങ്ങുക. അതു
കൊണ്ട് നിങ്ങളുടെ നാണംകെട്ട നഗ്നത മറ

ആമേൻ എന്ന പേർ യേശുവിന് ഉപയോഗിച്ചിരി
യ്ക്കുന്നു. ഈ എബ്രായ പദത്തിന്റെ അർത്ഥം
അങ്ങനെ തന്നെ അല്ലെങ്കിൽ സത്യമായും.

യ്ക്കുക. നിങ്ങളുടെ കണ്ണുകളിലിടാൻ മരുന്നു
വാങ്ങാൻ കൂടി ഞാൻ പറയുന്നു. അപ്പോൾ
നിങ്ങൾക്കു യഥാർത്ഥത്തിൽ കാണാം.

19“ഞാൻ സ്നേഹിക്കുന്നവരെ ഞാൻ തിരു
ത്തുകയും ശിക്ഷിയ്ക്കുകയും ചെയ്യും. അതി
നാൽ നന്നായി ശ്രമിക്കാൻ തുടങ്ങുക, മാനസാ
ന്തരപ്പെടുക. **20**ഞാനിതാ ഇവിടെ. ഞാൻ
വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും വന്നു
എൻെറ വിളികേട്ടു വാതിൽ തുറന്നാൽ ഞാൻ
അകത്തുകടന്ന് അയാളോടൊത്ത് ആഹാരം
കഴിക്കും. അവൻ എന്നോടൊപ്പവും.

21“ജേതാക്കളെ ഞാൻ എന്നോടൊപ്പം എൻെറ
സിംഹാസനത്തിലിരുത്തും. ജേതാവായ ഞാൻ
എൻെറ പിതാവിനോടൊപ്പം അവൻെറ സിം
ഹാസനത്തിലിരിക്കുന്നതു പോലെ. **22**ഇതെല്ലാം
കേൾക്കുന്നവർ ആത്മാവു സഭകളോടു പറയു
ന്നതു ശ്രദ്ധിക്കട്ടെ.”

യോഹന്നാൻ സ്വർഗ്ഗം കാണുന്നു

4 അപ്പോൾ ഞാൻ നോക്കിയപ്പോൾ എനിക്കു
മുമ്പിൽ സ്വർഗ്ഗകവാടം തുറന്നിരിക്കുന്നതു
കണ്ടു. മുമ്പ് എന്നോടു സംസാരിച്ച അതേ
ശബ്ദം ഞാൻ കേൾക്കുകയും ചെയ്തു. അ
തൊരു കാഹളം മുഴങ്ങുന്നതുപോലുള്ള ശബ്ദ
മായിരുന്നു. ആ ശബ്ദം പറഞ്ഞു,“ഇങ്ങോട്ടു
കയറി വരൂ, ഇതിനുശേഷം എന്തുണ്ടാകണ
മെന്ന് ഞാൻ നിനക്കു കാട്ടിത്തരാം.”**2**അപ്പോൾ
ആത്മാവ് എൻെറ നിയന്ത്രണം ഏറ്റെടുത്തു.
അവിടെ എനിക്കു മുമ്പിൽ ഒരു സ്വർഗ്ഗീയ
സിംഹാസനമുണ്ടായിരുന്നു. ആരോ അതിലിരി
ക്കുന്നുണ്ടായിരുന്നു. **3**അതിലിരുന്നവൻ വിലയേ
റിയ കല്ലുകൾപോലെയും മരതകമണി സൂര്യ
കാന്തം എന്നിവപോലെയും കാണപ്പെട്ടു. മര
തകം പോലുള്ള വ്യക്തമായ നിറങ്ങളോടു കൂടി
യ ഒരു മാരിവില്ല് സിംഹാസനത്തിനുചുറ്റും
തിളങ്ങി. **4**ആ സിംഹാസനത്തിന്ചുറ്റും മറ്റ്
ഇരുപത്തിനാല് സിംഹാസനങ്ങൾ കൂടിയുണ്ടാ
യിരുന്നു. അവയിൽ ഇരുപത്തിനാല് മൂപ്പന്മാർ
ഇരുന്നിരുന്നു. അവർ വെള്ളവസ്ത്രവും സ്വർണ്ണ
ക്കിരീടങ്ങളും അവരുടെ തലകളിൽ ധരിച്ചി
രുന്നു. **5**സിംഹാസനത്തിൽനിന്നും മിന്നൽപിണ
രുകളും ഇടിമുഴക്കങ്ങളും വന്നുകൊണ്ടിരുന്നു.
സിംഹാസനത്തിനു മുമ്പിൽ ഏഴു വിളക്കുകൾ
കത്തിയിരുന്നു. ആ വിളക്കുകൾ ദൈവത്തിൻെറ
ഏഴ് ആത്മാക്കളാണ്. **6**കൂടാതെ പളുങ്കുപോലെ
വ്യക്തമായ ഒരു കണ്ണാടിക്കടലും സിംഹാസന
ത്തിനു മുമ്പിൽ ഉണ്ടായിരുന്നു.

സിംഹാസനങ്ങൾക്കു മുമ്പിലും വശങ്ങളിലു
മായി നാലു ജീവനുള്ള ജന്തുക്കൾ ഉണ്ടായി
രുന്നു. അവയ്ക്ക് ദേഹം മുഴുവനും കണ്ണുകളാണ്.
7ആദ്യത്തേത് ഒരു സിംഹത്തെപ്പോലെയും
രണ്ടാമത്തെ ജീവനുള്ള ജന്തു കാളയെപ്പോ
ലെയും ആയിരുന്നു. മൂന്നാമത്തേതിന് മനു
ഷ്യൻെറ തലയുണ്ട്. നാലാമത്തേത് ഒരു പറ
ക്കുന്ന കഴുകനെപ്പോലെയും ആയിരുന്നു. **8**ജീവ
നുള്ള ഓരോ ജന്തുവിനും ആറു ചിറകുകൾ
വീതം ഉണ്ടായിരുന്നു. ജീവനുള്ള ജന്തുക്കളുടെ
അകവും പുറവും കണ്ണുകൾകൊണ്ട് മൂടപ്പെ
ട്ടിരുന്നു. രാത്രിയും പകലും ആ ജീവനുള്ള
ജന്തുക്കൾ നിർത്താതെ ഇങ്ങനെ പറഞ്ഞു
കൊണ്ടിരുന്നു.

“പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർ
വ്വശക്തനായ കർത്താവായ ദൈവം പരിശു
ദ്ധൻ, അവൻ ആയിരുന്നവനും ആകുന്നവനും
വരാനിരിക്കുന്നവനുമാകുന്നു.”

9ഈ ജീവനുള്ള ജന്തുക്കൾ സിംഹാസനത്തി
ലിരിക്കുന്നവനെ സ്തുതിക്കുകയും ആദരിക്കു
കയും അവനോടു നന്ദി പറയുകയും
ചെയ്യുന്നു. എന്നെന്നേക്കുമായി ജീവിക്കുന്നവ
നാണവൻ. അവനെ അവ ആരാധിക്കവേ,
10ഇരുപത്തിനാലു മൂപ്പന്മാരും സിംഹാസനങ്ങ
ളിലിരിക്കുന്ന അവനു മുന്നിൽ മുട്ടുകുത്തി
നമിച്ചു. എന്നെന്നേക്കുമായി ജീവിക്കുന്നവനെ
മൂപ്പന്മാർ നമിച്ചു. അവൻെറ സിംഹാസന
ത്തിനു മുമ്പിൽ തങ്ങളുടെ കിരീടങ്ങൾ ഊരി
വച്ച് അവർ പറഞ്ഞു,

11“ഞങ്ങളുടെ കർത്താവായ ദൈവമേ! മഹ
ത്വവും ആദരവും ശക്തിയും സ്വീകരിക്കുവാൻ
നീ യോഗ്യനാകുന്നു. എല്ലാം നീ സൃഷ്ടിച്ചു.
നിൻെറ ഹിതമായിരുന്നതുകൊണ്ട് അവ എല്ലാം
നിലവിൽ വരികയും, സൃഷ്ടിക്കപ്പെടുകയും
ചെയ്തു.”

5 സിംഹാസനത്തിലിരിക്കുന്നവൻെറ വലങ്ക
യ്യിൽ ഞാൻ ഒരു ചുരുൾ കണ്ടു. അതിൻെറ
ഇരുപുറവും എഴുതിയിരുന്നു. ഏഴു മുദ്രകളാൽ
മുദ്രയിട്ടിരുന്നു. **2**ഞാൻ ഒരു ശക്തനായ ദൂത
നേയും കണ്ടു. ദൂതൻ ഉച്ചത്തിൽ വിളിച്ചു,“മുദ്ര
പൊട്ടിച്ച് ഈ ചുരുൾ നിവർക്കുവാൻ യോഗ്യ
നായുള്ളവൻ ആര്?” **3**എന്നാൽ അതു തുറ
ക്കാനോ അതിനകത്തു നോക്കുവാനോ കഴിവു
ള്ളവർ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കടിയി
ലുമുണ്ടായിരുന്നില്ല. **4**അതു തുറക്കുവാനും അതി
നകത്തു നോക്കുവാനും യോഗ്യനായ ആരുമി
ല്ലാതിരുന്നതിനാൽ ഞാൻ ഒരുപാടു കരഞ്ഞു.
5എന്നാൽ മൂപ്പന്മാരിലൊരുവൻ എന്നോടു പറ
ഞ്ഞു, “കരയരുത്, യെഹൂദാഗോത്രത്തിൽ
നിന്നുള്ള സിംഹം എല്ലാം ജയിച്ചു വിജയം
നേടിയിരിക്കുന്നു. അവൻ ദാവീദിൻെറ പിൻ
ഗാമിയാകുന്നു. ഏഴു മുദ്രകളും പൊട്ടിച്ച് ചുരു
ളഴിക്കാൻ യോഗ്യനാണവൻ.”

6സിംഹാസനത്തിൻെറയും ആ നാലു ജീവ
നുള്ള ജന്തുക്കളുടെയും മദ്ധ്യേ ഞാൻ ഒരു
കുഞ്ഞാടിനെ കണ്ടു. അതു കൊല്ലപ്പെട്ടതു
പോലെയായിരുന്നു. അതിനു ഏഴുകൊമ്പു
കളും ഏഴു കണ്ണുകളും ഉണ്ടായിരുന്നു. അത്
സർവ്വലോകത്തിലേക്കുമയയ്ക്കപ്പെട്ട ഏഴു
ദൈവീകാത്മാക്കൾ ആയിരുന്നു. **7**കുഞ്ഞാട്
വന്നു സിംഹാസനത്തിലിരിക്കുന്നവൻെറ വല
ങ്കയ്യിൽനിന്നും ചുരുൾ എടുത്തു. **8**അവൻ ചുരുൾ
എടുത്തപ്പോൾ നാലു ജീവനുള്ള ജന്തു ക്കളും
ഇരുപത്തിനാലു മൂപ്പന്മാരും കുഞ്ഞാടിനു
മുമ്പിൽ മുട്ടുകുത്തി. ഓരോരുത്തരുടെ കയ്യിലും
ഓരോ വീണയുണ്ടായിരുന്നു. കൂടാതെ കുന്തി
രിക്കം നിറച്ച സ്വർണ്ണ കലശങ്ങളുമുണ്ടായി
രുന്നു. ആ കുന്തിരിക്കം ദൈവത്തിൻെറ വിശുദ്ധ
രുടെ പ്രാർത്ഥനകളായിരുന്നു. **9**അവർ കുഞ്ഞാ
ടിനു മുമ്പിൽ പുതിയൊരു ഗാനം ആലപിക്കു
കയും ചെയ്തു:

“ചുരുൾ എടുക്കാനും മുദ്രകളഴിക്കാനും നീ
യോഗ്യനാകുന്നു, നീ കൊല്ലപ്പെടുകയും
നിൻെറ രക്തംകൊണ്ട് എല്ലാ ഗോത്രങ്ങളിൽ
നിന്നും ഭാഷകളിൽനിന്നും വംശങ്ങളിൽനിന്നും
രാജ്യങ്ങളിൽനിന്നും മനുഷ്യരെ ദൈവത്തിനു
വേണ്ടി നീ വാങ്ങിക്കൊണ്ടുവന്നു.

10നീ അവരെ ഒരു രാജ്യവും നമ്മുടെ ദൈവ
ത്തിൻെറ പുരോഹിതരുമാക്കി. അവർ ഭൂമിയെ
ഭരിക്കും.”

11പിന്നെ ഞാൻ നോക്കിയപ്പോൾ അനേകം
ദൂതന്മാരുടെ ശബ്ദം കേട്ടു. അവർ സിംഹാസ
നത്തിൻെറയും നാലു ജീവനുള്ള ജന്തുക്കളു
ടെയും മൂപ്പന്മാരുടെയും ചുറ്റുമായിരുന്നു. ആയി
രക്കണക്കിനു ദൂതന്മാരവിടെയുണ്ടായിരുന്നു.
പതിനായിരങ്ങളുടെ പതിനായിരങ്ങളും ആയി
രങ്ങളുടെ ആയിരങ്ങളുമായിരുന്നു അവരുടെ
എണ്ണം. 12ദൂതന്മാർ അത്യുച്ചത്തിൽ പറഞ്ഞു,

“കൊല്ലപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും
ജ്ഞാനവും കരുത്തും ആദരവും മഹത്വവും
സ്തോത്രവും ഏറ്റുവാങ്ങാൻ യോഗ്യനാകുന്നു!”

13അപ്പോൾ സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക
ടിയിലും കടലിലും ഇങ്ങനെയുള്ള സ്ഥലങ്ങ
ളിലും ജീവിക്കുന്ന ജീവജാലങ്ങളുടെയും
ശബ്ദം ഞാൻ കേട്ടു. അവർ പറഞ്ഞു,

“സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാ
ടിനും എന്നെന്നും സകല സ്തോത്രവും മഹ
ത്വവും ആദരവും ശക്തിയും!”

14ആ നാലു ജീവനുള്ള ജന്തുക്കളും പറഞ്ഞു,
“ആമേൻ!” മൂപ്പന്മാർ മുട്ടുകുത്തുകയും നമസ്ക
രിക്കുകയും ചെയ്തു.

6 പിന്നെ കുഞ്ഞാട് ഏഴു മുദ്രകളിലാദ്യ
ത്തേത് തുറക്കുന്നതു ഞാൻ കണ്ടു. നാലാ
മത്തെ ജീവനുള്ള ജന്തു ഇടിമുഴക്കത്തിൻെറ
ഒച്ചയിൽ എന്നെപ്പോലെ എന്തോ പറയുന്നതു
ഞാൻ കേട്ടു. അതു പറഞ്ഞു, “വരൂ!” 2അതുകേട്ട്
നോക്കിയപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ
കണ്ടു. കുതിരപ്പുറത്തു വന്നവൻെറ കയ്യിൽ ഒരു
വില്ലുണ്ടായിരുന്നു. അയാൾക്ക് ഒരു കിരീടം
നൽകപ്പെട്ടു. അയാൾ വിജയത്തിനായി പുറ
പ്പെട്ടു.

3കുഞ്ഞാട് രണ്ടാമത്തെ മുദ്രയും പൊട്ടിച്ചു.
അപ്പോൾ രണ്ടാമത്തെ ജീവനുള്ള ജന്തുവിൻെറ
ആജ്ഞ ഞാൻ കേട്ടു, “വരൂ!” 4അപ്പോൾ മറ്റൊരു
കുതിര വന്നു. അതിനു ചുവപ്പു നിറമായിരുന്നു.
അതിൻെറ മേലിരുന്നവന് ഭൂമിയിൽനിന്ന് സമാ
ധാനം എടുത്തുകൊണ്ടുപോകുവാനുള്ള ശക്തി
നൽകി. മനുഷ്യർ അന്യോന്യം കൊല്ലത്തക്കവി
ധമായിരുന്നു അത്. അയാൾക്ക് ഒരു വലിയ
വാളും നൽകപ്പെട്ടു.

5കുഞ്ഞാട് മൂന്നാമത്തെ മുദ്ര തുറന്നു.
അപ്പോൾ മൂന്നാമത്തെ ജീവനുള്ള ജന്തു പറയു
ന്നതു ഞാൻ കേട്ടു, “വരൂ!” അപ്പോൾ എനിക്കു
മുന്നിൽ ഒരു കറുത്ത കുതിരയാണു വന്നത്.
കുതിരക്കാരൻ ഒരു തുലാസ് അവൻെറ കയ്യിൽ
പിടിച്ചിരുന്നു.6അപ്പോൾ ആ നാലു ജീവനുള്ള
ജന്തുക്കൾക്കും നടുവിൽനിന്നു ഒരു ശബ്ദം
പോലെ ഞാൻ കേട്ടു. “ഒരളവു ഗോതമ്പ് ഒരു
ദിവസത്തെ കൂലി. മൂന്നളവു യവം ഒരു ദിവ
സത്തെ കൂലി. എന്നാൽ എണ്ണയും വീഞ്ഞും
കേടു വരുത്തരുത്!”

7കുഞ്ഞാട് നാലാമത്തെ മുദ്ര പൊട്ടിച്ചു.
അപ്പോൾ നാലാമത്തെ ജീവി ആജ്ഞാപിച്ചു,
“വരൂ!” 8അപ്പോൾ ഒരു വിളറിയ കുതിര വരു
ന്നതു ഞാൻ കണ്ടു. അതിൻെറമേൽ യാത്ര
ചെയ്തിരുന്നവനെ മരണമെന്ന് വിളിച്ചിരുന്നു.
പാതാളം* അയാളെ അനുഗമിച്ചിരുന്നു. ഭൂമി
യുടെ നാലിലൊന്നിനുമേൽ അവർക്കു അധി
കാരം നൽകപ്പെട്ടിരുന്നു. വാളുകൊണ്ടും പട്ടി
ണികൊണ്ടും രോഗങ്ങൾകൊണ്ടും ഭൂമിയിലെ
കാട്ടുമൃഗങ്ങളെക്കൊണ്ടും മനുഷ്യരെ കൊല്ലാ
നുള്ള അധികാരവും നൽകപ്പെട്ടിരുന്നു.

9കുഞ്ഞാട് അഞ്ചാം മുദ്ര തുറന്നപ്പോൾ യാഗ
പീഠത്തിനു കീഴിൽ ഏതാനും ദേഹികളെ
ഞാൻ കണ്ടു. ദൈവവചനത്തിൽ വിശ്വസിക്കു
കയും സത്യത്തെ സ്വീകരിക്കുകയും ചെയ്ത
തിനു വധിക്കപ്പെട്ടവരുടെ ആത്മാക്കളായിരുന്നു
അത്. 10അവർ ഉച്ചത്തിൽ പറഞ്ഞു, “പരിശു
ദ്ധനും സത്യവാനുമായ കർത്താവേ ഭൂമിയിലെ
മനുഷ്യരെ വിധിക്കാനും ഞങ്ങളെ കൊന്നതിന്
അവരെ ശിക്ഷിക്കാനും ഇനിയും എത്രനാൾ
കഴിയും?” 11അപ്പോൾ അവർക്ക് ഓരോരുത്ത
ർക്കും ഓരോ വെളുത്ത അങ്കികൾ നൽകപ്പെട്ടു.
അല്പസമയം കൂടി കാത്തിരിക്കാൻ അവർ
നിർദ്ദേശിക്കപ്പെട്ടു. തങ്ങൾ വധിക്കപ്പെട്ടതു
പോലെ വധിക്കപ്പെടാൻ ക്രിസ്തുവിൻെറ
സേവകന്മാരുമായ സഹോദരന്മാർ ഇനിയും
കുറെയുണ്ട്. അവരുടെ വധം കഴിയുംവരെ
കാത്തിരിക്കാൻ ആത്മാക്കളോടു പറഞ്ഞു.

12അടുത്തതായി കുഞ്ഞാട് ആറാമത്തെ മുദ്ര
തുറക്കുന്നതു ഞാൻ കണ്ടു. അപ്പോൾ ഒരു ഭയങ്കര
ഭൂകമ്പം ഉണ്ടായി. സൂര്യൻ കരിമ്പടം പോലെ
ഇരുണ്ടു, പൂർണ്ണചന്ദ്രൻ രക്തം പോലെ ചുവ
ന്നു, 13ഒരു ശക്തമായ കാറ്റ് അതിനെ കുലുക്കു
മ്പോൾ അത്തി വൃക്ഷങ്ങൾ അതിൻെറ പഴങ്ങൾ
വീഴ്ത്തുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ
ഭൂമിയിൽ പതിച്ചു. 14ആ കാശം പകുക്കപ്പെട്ടു.
അതൊരു ചുരുളായി* വേഗത്തിൽ ചുരുണ്ടു.
എല്ലാ മലകളും ദ്വീപുകളും സ്ഥാനം മാറി.

15അപ്പോൾ ആളുകൾ ഗുഹകളിലും പർവ്വത
പാറകൾക്കു പിന്നിലും ഒളിച്ചു. അക്കൂട്ടത്തിൽ
ഭൂമിയിലെ രാജാക്കന്മാരും, ഭരണാധിപന്മാരും,
സേനാനായകന്മാരും ധനികരും ശക്തരുമുണ്ടാ
യിരുന്നു.. സകല അടിമകളും സ്വതന്ത്ര ജനങ്ങ
ളുമടക്കം എല്ലാവരും ഒളിച്ചു. 16ആളുകൾ മലക
ളോടും പാറകളോടും പറഞ്ഞു, “ഞങ്ങളുടെ
മേൽവീഴുക. സിംഹാസനസ്ഥൻെറ ദൃഷ്ടിയിൽ
നിന്നും ഞങ്ങളെ മറയ്ക്കുക. കുഞ്ഞാടിൻെറ
കോപത്തിൽനിന്നും ഞങ്ങളെ ഒളിപ്പിക്കുക.
17അവരുടെ കോപത്തിൻെറ ദിവസമെത്തി.
ഒരുവനും അതിനെതിരെ നിൽക്കുവാനാവില്ല.”

നൂറ്റിനാല്പത്തിനാലായിരം യിസ്രായേല്യർ

7 ഇങ്ങനെ സംഭവിച്ചതിനു ശേഷം ഭൂമിയുടെ
നാലു മൂലകളിലും ഓരോ ദൂതന്മാർ നിൽ
ക്കുന്നതു ഞാൻ കണ്ടു. അവർ ഭൂമിയിലെ നാലു
കാറ്റുകളെയും തടഞ്ഞുവച്ചുകൊണ്ടിരിക്കുക
യായിരുന്നു. കാറ്റ് ഭൂമിയുടെയോ കടലി
ൻെറയോ ഏതെങ്കിലും വൃക്ഷത്തിൻെറയോ
മേൽ വീശാതിരിക്കാനായിരുന്നു അവരങ്ങനെ
ചെയ്തത്. 2അനന്തരം മറ്റൊരു ദൂതൻ കിഴക്കു
നിന്നും വരുന്നതു ഞാൻ കണ്ടു. ആ ദൂതൻെറ
മേൽ ജീവിക്കുന്ന ദൈവത്തിൻെറ മുദ്രയുണ്ടാ
യിരുന്നു. ആ ദൂതൻ വലിയ ഉച്ചത്തിൽ നാലു
ദൂതന്മാരെയും വിളിച്ചു. ഭൂമിയെയും കടലി
നെയും നശിപ്പിക്കാൻ അധികാരപ്പെടുത്തി
യവർ ആയിരുന്നു നാലു ദൂതന്മാരും. ദൂതൻ
നാലു ദൂതന്മാരോടുമായി പറഞ്ഞു, 3“നമ്മുടെ
ദൈവത്തെ സേവിക്കുന്നവരുടെ നെറ്റിയിന്മേൽ
അടയാളമിടുന്നതുവരെ ഭൂമിയെയോ സമുദ്ര
ത്തെയോ വൃക്ഷങ്ങളെയോ നശിപ്പിക്കരുത്.” മുദ്ര
ലഭിച്ചവരുടെ എണ്ണം ഞാൻ കേട്ടു. 4നൂറ്റിനാല്പ
ത്തിനാലായിരം മുദ്രയേറ്റവർ യിസ്രായേൽ ജന

പാതാളം മരണശേഷം ആളുകൾ പോകുന്നിടം.

ചുരുൾ എഴുതാനുപയോഗിക്കുന്ന ഒരു വലിയ കടലാസുചുരുളോ തോൽചുരുളോ.

തയിലെ എല്ലാ ഗോത്രങ്ങളിലും നിന്നുള്ളവരാ
യിരുന്നു.
5യെഹൂദയിലെ ഗോത്രത്തിൽ നിന്നും പന്തീ
രായിരം, രൂബേന്റെ ഗോത്രത്തിൽനിന്നും പന്തീ
രായിരം, ഗാദ് ഗോത്രത്തിൽനിന്നും പന്തീരാ
യിരം 6ആശേർ ഗോത്രത്തിൽനിന്നും പന്തീരാ
യിരം, നഫ്താലി ഗോത്രത്തിൽനിന്നും പന്തീരാ
യിരം, മനശ്ശെ ഗോത്രത്തിൽനിന്നും പന്തീരാ
യിരം 7ശിമെയോൻഗോത്രത്തിൽനിന്നും പന്തീ
രായിരം, ലേവിഗോത്രത്തിൽനിന്നും പന്തീരാ
യിരം, യിസ്സാഖാർ ഗോത്രത്തിൽനിന്നും പന്തീ
രായിരം 8സെബൂലോൻഗോത്രത്തിൽനിന്നും
പന്തീരായിരം യോസേഫ് ഗോത്രത്തിൽ നിന്നും
പന്തീരായിരം ബെന്യാമീൻ ഗോത്രത്തിൽ
നിന്നും പന്തീരായിരം.

മഹത്തായ ആൾക്കൂട്ടം

9പിന്നെ ഞാൻ നോക്കി വളരെ വലിയ ജന
ക്കൂട്ടത്തെ കണ്ടു. ഒരാൾക്ക് എണ്ണാവുന്നതിലു
മധികം ആളുകൾ അവിടെയുണ്ടായിരുന്നു.
എല്ലാ രാജ്യങ്ങളിൽനിന്നും ഗോത്രങ്ങളിൽ
നിന്നും വംശങ്ങളിൽനിന്നും ഭാഷകളിൽനിന്നു
മുള്ളവർ. അവരെല്ലാം സിംഹാസനത്തിനും
കുഞ്ഞാടിനും (യേശു) മുന്നിൽ നിൽക്കുകയാ
യിരുന്നു. കയ്യിൽ കുരുത്തോല ശിഖരങ്ങളും
പിടിച്ച് വെള്ള മേലങ്കിയുമണിഞ്ഞായിരുന്നു
അവർ നിന്നത്. 10അവർ ഉച്ചത്തിൽ ആർത്തു
വിളിച്ചു പറഞ്ഞു,“വിജയം സിംഹാസനത്തി
ലിരിക്കുന്ന നമ്മുടെ ദൈവത്തിനും കുഞ്ഞാടി
നുമാകുന്നു.” 11മൂപ്പന്മാരും നാലു ജീവനുള്ള
ജന്തുക്കളും അവിടെയുണ്ടായിരുന്നു. ദൂതന്മാ
രെല്ലാം അവർക്കും സിംഹാസനത്തിനും ചുറ്റു
മായി നിൽക്കുകയായിരുന്നു. അവർ സിംഹാസ
നത്തിനു മുന്നിൽ കവിണ്ണുവീണു ദൈവത്തെ
നമസ്കരിച്ചു. 12അവർ പറഞ്ഞു, “ആമേൻ!
സ്തുതിയും മഹത്വവും ജ്ഞാനവും കൃതജ്ഞ
തയും ബഹുമാനവും അധികാരവും ശക്തിയും
എന്നുമെന്നേക്കും നമ്മുടെ ദൈവത്തിനായിരി
ക്കട്ടെ. ആമേൻ!”
13അപ്പോൾ മൂപ്പന്മാരിലൊരുവൻ എന്നോടു
ചോദിച്ചു, “വെള്ളമേലങ്കിയണിഞ്ഞ ഇവർ
ആരാണ്? എവിടെ നിന്നാണിവർ വരുന്നത്?”
14ഞാൻ മറുപടി പറഞ്ഞു, “അവർ ആരാ
ണെന്ന് യജമാനനേ അങ്ങേയ്ക്കറിയാം.” മൂപ്പൻ
പറഞ്ഞു, “കടുത്ത കഷ്ടതയിലൂടെ കടന്നു
വന്നവരാണിവർ. കുഞ്ഞാടിന്റെ രക്തം കൊ
ണ്ടവർ തങ്ങളുടെ അങ്കി കഴുകി.* ഇപ്പോഴവ
വൃത്തിയും വെൺമയുള്ളതുമായി. 15അതു
കൊണ്ട് ഇപ്പോഴവർ ദൈവത്തിന്റെ സിംഹാ
സനത്തിനു മുമ്പിൽ നിൽക്കുന്നു. രാപ്പകൽ
അവർ അവന്റെ ആലയത്തിൽ ദൈവത്തെ
ആരാധിക്കുന്നു. സിംഹാസനത്തിലിരിക്കുന്ന
വൻ അവരെ സംരക്ഷിക്കുകയും ചെയ്യും. 16അ
വർക്കൊരിക്കലും വിശപ്പുണ്ടാകില്ല. ദാഹിക്കയു
മില്ല. സൂര്യൻ അവരെ ഉപദ്രവിക്കില്ല. ഒരു
ചൂടിനും അവരെ ദഹിപ്പിക്കാനാവില്ല. 17സിം
ഹാസനത്തിന്റെ നടുവിലിരിക്കുന്ന കുഞ്ഞാട്
അവരുടെ ഇടയനാകും. അവൻ അവരെ ജീവൻ
നൽകുന്ന നീരുറവകളിലേക്കു നയിക്കുകയും
ചെയ്യും. ദൈവം അവരുടെ കണ്ണുകളിൽനിന്ന്
കണ്ണുനീർ തുടച്ചു കളയുകയും ചെയ്യും.”

തങ്ങളുടെ അങ്കി കഴുകി തങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടാൻ അവർ യേശുവിൽ വിശ്വസിച്ചിരുന്നു എന്നർത്ഥം.

ഏഴു മുദ്രകൾ

8 കുഞ്ഞാട് ഏഴാമത്തെ മുദ്ര തുറന്നു.
അപ്പോൾ സ്വർഗ്ഗത്തിൽ അരമണിക്കൂർ
നേരത്തേക്കു മൗനമായിരുന്നു. 2ഏഴു ദൂതന്മാർ
ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ
നിന്നുകൊണ്ട് ഏഴു കാഹളങ്ങൾ സ്വീകരിക്കു
ന്നതു ഞാൻ കണ്ടു.
3മറ്റൊരു ദൂതൻ യാഗപീഠത്തിനരികെ വന്ന്
ഒരു സ്വർണ്ണധൂപകലശം പിടിച്ചുനിന്നു. വിശു
ദ്ധന്മാരായവരുടെയെല്ലാം പ്രാർത്ഥനയിൽ കല
ർത്താൻ ആ ദൂതന് കൂടുതൽ ധൂപവർഗ്ഗം നൽക
പ്പെട്ടു. ദൂതൻ അവയെല്ലാം സിംഹാസനത്തിനു
മുമ്പിലുള്ള യാഗപീഠത്തിൽ സമർപ്പിച്ചു.
4ധൂപവർഗ്ഗത്തിൽ നിന്നുള്ളപുക ദൂതന്റെ
കയ്യിൽനിന്നും ദൈവത്തിലേക്കുയർന്നു. ഭക്ത
രുടെ പ്രാർത്ഥനയ്ക്കൊപ്പം പുകയും ഉയർന്നു.
5അപ്പോൾ ദൂതൻ ധൂപകലശത്തിൽ ബലിപീഠ
ത്തിൽനിന്നും തീ നിറച്ച് ധൂപകലശം ഭൂമിയി
ലേക്കെറിഞ്ഞു. അപ്പോൾ മിന്നൽപ്പിണരുകളും
ഇടിയും ഭൂകമ്പവും മറ്റ് ശബ്ദങ്ങളുമുണ്ടായി.

ഏഴു ദൂതന്മാരും കാഹളം മുഴക്കുന്നു

6അപ്പോൾ ഏഴു ദൂതന്മാരും തങ്ങളുടെ കയ്യി
ലുള്ള കാഹളം മുഴക്കാൻ തയ്യാറായി.
7ഒന്നാമത്തെ ദൂതൻ കാഹളം മുഴക്കി.
അപ്പോൾ ചോര കലർന്ന കല്ലുമഴയും അഗ്നി
യുമുണ്ടായി. അവ ഭൂമിയിൽ പതിച്ചു. അപ്പോൾ
ഭൂമിയുടെ മൂന്നിലൊന്നു ഭാഗവും പച്ചപ്പുല്ലു
കൾ മുഴുവനും മരങ്ങളുടെ മൂന്നിലൊന്നും
കത്തിനശിച്ചു.
8രണ്ടാമത്തെ ദൂതൻ കാഹളം മുഴക്കി.
അപ്പോൾ അഗ്നിയാൽ കത്തിക്കൊണ്ടിരിക്കുന്ന
ഒരു വലിയ മലപോലെ എന്തോ ഒന്ന് കടലി
ലേക്കെറിയപ്പെട്ടു. കടലിന്റെ മൂന്നിലൊന്ന്
രക്തമായി മാറുകയും ചെയ്തു. 9സമുദ്ര
ത്തിലെ മൂന്നിലൊന്നു ജീവികൾ ചാവുകയും
കപ്പലുകളിൽ മൂന്നിലൊന്ന് നശിക്കുകയും
ചെയ്തു.
10മൂന്നാമത്തെ ദൂതൻ കാഹളം മുഴക്കിയ
പ്പോൾ ഒരു ദീപംപോലെ പ്രകാശിച്ചിരുന്ന
ഒരു വലിയ നക്ഷത്രം ആകാശത്തുനിന്നും
പതിച്ചു. നക്ഷത്രം പതിച്ചത് മൂന്നിലൊന്നു നദി
കളുടെയും അരുവികളുടെയും മേലായിരുന്നു.
11കാഞ്ഞിരം.* എന്നായിരുന്നു ആ നക്ഷത്ര
ത്തിന്റെ പേര്. അതോടെ ജലത്തിന്റെ മൂന്നി
ലൊന്ന് കയ്പേറിയതായി. കയ്പ്പുറ്റ ആ
വെള്ളം കുടിച്ച് അനേകം ആളുകൾ മരണമ
ടഞ്ഞു.
12നാലാമത്തെ ദൂതൻ കാഹളം മുഴക്കി. സൂര്യ
ന്റെ മൂന്നിലൊന്നും ചന്ദ്രന്റെ മൂന്നിലൊന്നും
നക്ഷത്രങ്ങളുടെ മൂന്നിലൊന്നും ഇരുണ്ടുപോയി.
പകലിന്റെയും രാത്രിയുടെയും മൂന്നിലൊന്ന്
ഇരുട്ടായി.
13ഞാൻ നോക്കിയപ്പോൾ ആകാശത്തിൽ
വളരെ ഉയരത്തിൽ പറക്കുന്ന ഒരു പരുന്തിന്റെ
ശബ്ദം കേട്ടു. പരുന്ത് ഉച്ചത്തിൽ പറഞ്ഞു,
“ദുരിതം! ദുരിതം! ദുരിതം! ഇനിയും തങ്ങളുടെ
കാഹളങ്ങൾ മുഴക്കാനുള്ള മൂന്നു ദൂതന്മാരും
കാഹളം മുഴക്കുമ്പോൾ ഭൂമിയിലെ നിവാസി
കൾക്കു ദുരിതം ആരംഭിക്കും.”

കാഞ്ഞിരം വളരെ കയ്പ്പുള്ള ഒരു വൃക്ഷം; കഠിനമായ ദു:ഖത്തെ പ്രതിനിധീകരിക്കുന്നു.

9 അഞ്ചാമത്തെ ദൂതൻ തന്റെ കാഹളം
മുഴക്കി. അപ്പോൾ ആകാശത്തുനിന്നും ഒരു
നക്ഷത്രം ഭൂമിയിലേക്കു പതിക്കുന്നതു ഞാൻ
കണ്ടു. അടിത്തട്ടില്ലാത്ത കുഴിയുടെ താക്കോൽ
നക്ഷത്രത്തിനു നൽകപ്പെട്ടു. 2അടിത്തട്ടില്ലാത്ത
കുഴിയിലേക്കുള്ള ദ്വാരം നക്ഷത്രം തുറന്നു. അതു
തുറന്നപ്പോൾ വലിയൊരു ചൂളയിൽ നിന്നെന്ന
വണ്ണം ദ്വാരത്തിലൂടെ പുക ഉയർന്നു. സൂര്യനും
ആകാശവും പുകകൊണ്ട് കറുത്തുപോയി. 3ആ
പുകപടലത്തിൽനിന്നും വെട്ടുക്കിളികൾ ഭൂമി
യിലേക്കു വന്നു. ഭൂമിയിൽ തേളുകൾക്കുള്ളതു
പോലെയുള്ള ശക്തി അവയ്ക്കു നൽകപ്പെട്ടു.
4ഭൂമിയിലെ പുല്ലിനെയോ ഏതെങ്കിലും മര
ത്തെയോ ചെടിയെയോ ഉപദ്രവിക്കരുതെന്ന്
വെട്ടുക്കിളികളോട് നിർദ്ദേശിച്ചിരുന്നു. നെറ്റി
യിൽ ദൈവത്തിന്റെ മുദ്രയില്ലാത്തവരെ
മാത്രം മുറിപ്പെടുത്താനേ അവയ്ക്കു അനുവാദ
മുണ്ടായിരുന്നുള്ളൂ. 5മനുഷ്യർക്ക് അഞ്ചുമാസ
ത്തേക്കു വേദന നൽകുവാൻ ഈ വെട്ടുക്കിളി
കൾക്കു കഴിവു നൽകപ്പെട്ടു. പക്ഷേ ആളുകളെ
കൊല്ലാനുള്ള ശക്തി അവയ്ക്കു നൽകപ്പെട്ടില്ല.
തേൾ ഒരു വ്യക്തിയെ കുത്തുമ്പോഴുള്ള വേദ
നയ്ക്കു തുല്യമായ വേദനയായിരുന്നു വെട്ടുക്കി
ളികൾ മനുഷ്യനു നൽകിയത്. 6ആ ദിവസങ്ങ
ളിൽ മനുഷ്യൻ മരണത്തിനുള്ള വഴി അന്വേഷി
ക്കുമെങ്കിലും കണ്ടെത്തുകയില്ല. അവർ മരി
ക്കാൻ ആഗ്രഹിക്കും. എന്നാൽ മരണം അവരിൽ
നിന്നും ഒളിച്ചു നിൽക്കും.

7വെട്ടുക്കിളികൾ യുദ്ധത്തിനു തയ്യാറായി
രുന്ന കുതിരകളെപ്പോലെ കാണപ്പെട്ടു. സ്വർണ്ണ
ക്കിരീടങ്ങൾപോലെ എന്തോ ചിലത് അവ
തലയിൽ ധരിച്ചിരുന്നു. അവരുടെ മുഖം മനു
ഷ്യരുടേതുപോലെയായിരുന്നു. 8അവരുടെ തല
മുടി സ്ത്രീകളുടേതു പോലെയായിരുന്നു. സിം
ഹത്തിന്റേതുപോലുള്ള പല്ലുകളായിരുന്നു
അവർക്കുണ്ടായിരുന്നത്. 9ഇരുമ്പ് മാർച്ചട്ടകൾ
പോലെയായിരുന്നു അവരുടെ നെഞ്ച്. യുദ്ധ
ത്തിലേക്കു പായുന്ന അസംഖ്യം കുതിരകളു
ടേയും, തേരുകളുടേയും ആരവമായിരുന്നു അവ
രുടെ ചിറകടിയൊച്ചയ്ക്ക്. 10തേളിന്റേതുപോ
ലുള്ള വാലും വിഷമുള്ളുകളും അവയ്ക്കുണ്ടാ
യിരുന്നു. മനുഷ്യർക്ക് അഞ്ചു മാസത്തേക്കു
വേദന നൽകാനുള്ള ശക്തി അവരുടെ വാലുക
ളിലായിരുന്നു. 11അവർക്കൊരു രാജാവുണ്ടായി
രുന്നു. അടിത്തട്ടില്ലാത്ത ഗർത്തത്തിലെ ദൂതനാ
യിരുന്നു ആ രാജാവ്. എബ്രായഭാഷയിൽ
അബദ്ദോൻ* എന്നായിരുന്നു രാജാവിന്റെ
പേര്. യവനഭാഷയിൽ അപ്പൊല്ലുവോൻ
എന്നും.

12ആദ്യത്തെ മഹാദുരിതം കഴിഞ്ഞു. മറ്റു രണ്ടു
ദുരിതങ്ങൾ കൂടി വരാനിരിക്കുന്നു.

13ആറാമത്തെ ദൂതൻ തന്റെ കാഹളം മുഴക്കി.
അപ്പോൾ ദൈവത്തിന്റെ മുന്നിലെ സ്വർണ്ണ
യാഗപീഠത്തിന്റെ നാലു കൊമ്പുകളിൽനി
ന്നും ഞാനൊരു ശബ്ദം കേട്ടു. 14ആ ശബ്ദം
ആറാമത്തെ ദൂതനോടു പറഞ്ഞു, "ആ യൂഫ്രാ
ത്തേസ് മഹാനദിയിൽ ബന്ധനസ്ഥരായി
കിടക്കുന്ന നാലു ദൂതന്മാരെ മോചിപ്പിച്ചാലും.
15ആ നാലു ദൂതന്മാരെയും ഈ വർഷം ഈ
മാസം ഇതേ ദിവസം ഇതേ മണിക്കൂറിലേക്കു
സൂക്ഷിച്ചിരിക്കുകയായിരുന്നു. ഭൂമിയിലെ മനു
ഷ്യരിൽ മൂന്നിലൊന്നിനെ കൊന്നൊടുക്കാൻ
ആ ദൂതന്മാർ സ്വതന്ത്രരാക്കപ്പെട്ടു. 16അവരുടെ
കുതിരപ്പടയിലെ സൈനികരുടെ സംഖ്യ ഞാൻ
കേട്ടു- ഇരുപതു കോടി.

17എന്റെ ദർശനത്തിൽ ഞാൻ കുതിരകളെ
കണ്ടത് കുതിരസവാരിക്കാരോടു കൂടിയാണ്.
അവർ ഇങ്ങനെ കാണപ്പെട്ടു. അവരുടെ മാർച്ച
ട്ടകൾ തീപോലെ ചുവന്നതും കടും നീലയും
ഗന്ധകംപോലെ മഞ്ഞയും ആയിരുന്നു. കുതിര
കളുടെ തലകൾ സിംഹത്തിന്റെ തലപോലെ
തോന്നിച്ചു. അവയുടെ വായിൽനിന്നും അ
ഗ്നിയും പുകയും ഗന്ധകവും വമിച്ചു കൊണ്ടി
രുന്നു. 18കുതിരകളിൽനിന്നും വമിച്ച ഈ മൂന്ന്
വസ്തുക്കൾകൊണ്ട് ഭൂമിയിലെ മൂന്നിലൊന്നു
ജനതയും കൊല്ലപ്പെട്ടു. 19കുതിര കളുടെ ശക്തി
അവയുടെ വായിലും വാലിലുമായിരുന്നു. അ
വയുടെ വാലുകൾ പാമ്പുകളുടേതുപോലെ
യായിരുന്നു. ആ പാമ്പുകളുടെ തല ആളുകളെ
കടിച്ചു മുറിവേല്പിക്കാൻ പോന്നവയായിരുന്നു.

20ഭൂമിയിലെ മറ്റു മനുഷ്യർ ഈ ബാധകളാൽ
കൊല്ലപ്പെട്ടില്ല. എന്നിട്ടും അവർ ചെയ്തു
കൊണ്ടിരുന്ന കാര്യങ്ങളിൽനിന്നും പിന്മാറു
കയോ മാനസാന്തരപ്പെടുകയോ ചെയ്തില്ല.
ഭൂതങ്ങളെയോ സ്വർണ്ണം, വെള്ളി, ഓട്,
കാണാനോ കേൾക്കാനോ കഴിയാത്ത കല്ല്,മരം
ഇവകൊണ്ട് നിർമ്മിച്ച വിഗ്രഹങ്ങളെയോ നമ
സ്കരിക്കുന്നതും നിർത്തിയില്ല. 21അവർ മാന
സാന്തരപ്പെടുകയോ മറ്റുള്ളവരെ കൊല്ലുന്ന
തിൽനിന്നും പിന്മാറുകയോ ചെയ്തില്ല.
അവർതങ്ങളുടെ ആഭിചാരം, ലൈംഗികപാപം,
മോഷണം തുടങ്ങിയ പാപങ്ങളിൽനിന്നും
പിന്മാറുകയും ഉണ്ടായില്ല.

ദൂതനും കൊച്ചു ഗ്രന്ഥച്ചുരുളും

10 പിന്നീട് ഞാൻ നോക്കിയപ്പോൾ ശക്ത
നായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ
നിന്നിറങ്ങി വരുന്നതു കണ്ടു. ദൂതൻ മേഘങ്ങൾ
കൊണ്ടുള്ള വസ്ത്രം ധരിച്ചിരുന്നു. അവന്റെ
തലയ്ക്കു ചുറ്റും ഒരു മഴവില്ലുണ്ടായിരുന്നു. ദൂത
ന്റെ മുഖം സൂര്യനെപ്പോലെയും കാലുകൾ
അഗ്നിസ്തംഭങ്ങൾപോലെയും കാണപ്പെട്ടു.
2ദൂതന്റെ കയ്യിൽ ഒരു കൊച്ചു ഗ്രന്ഥച്ചുരുളു
ണ്ടായിരുന്നു. അവൻ അതു നിവർത്തിപ്പിടിച്ചി
രുന്നു. ദൂതൻ തന്റെ വലതുപാദം കടലിലും
ഇടതുപാദം കരയിലും വച്ചിരുന്നു. 3ദൂതൻ ഒരു
സിംഹത്തിന്റെ അലർച്ചപോലെ ആക്രോ
ശിച്ചു. ദൂതന്റെ ശബ്ദത്തിനു ശേഷം ഏഴ്
ഇടിമുഴക്കങ്ങൾ സംസാരിച്ചു. 4ഇടിമുഴക്കങ്ങൾ
സംസാരിച്ചപ്പോൾ ഞാൻ എഴുതാനും തുടങ്ങി.
പക്ഷേ ഞാനപ്പോൾ സ്വർഗ്ഗത്തിൽ നിന്നൊരു
ശബ്ദം കേട്ടു. ശബ്ദം പറഞ്ഞു, "ഏഴ് ഇടിമുഴ
ക്കങ്ങൾ പറഞ്ഞത് എഴുതരുത്. അവ രഹസ്യ
മാക്കി വയ്ക്കുക."

5അപ്പോൾ ഞാൻ കണ്ട ദൂതൻ ഒരു കാൽ
കടലിലും ഒരു കാൽ കരയിലുമായി നിന്ന്
തന്റെ വലതുകൈ സ്വർഗ്ഗത്തിലേക്കുയർത്തി.
6ദൂതൻ എന്നെന്നും ജീവിക്കുന്നവന്റെ പേരി
നാൽ സത്യം ചെയ്തു. സ്വർഗ്ഗവും അതിലുള്ള
തും സൃഷ്ടിച്ചത് ആ ഒരുവനാണ്. ഭൂമിയും അതി
ലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചത്
അവനാകുന്നു. ദൂതൻ പറഞ്ഞു, "ഇനി താമസ
മില്ല. 7ഏഴാമത്തെ ദൂതൻ തന്റെ കാഹളം മുഴ
ക്കാൻ തയ്യാറാകുന്ന ദിവസം ദൈവത്തിന്റെ

അബദ്ദോൻ പഴയനിയമത്തിൽ ഇത് പ്രേതലോക
ത്തിന്റെ പേരാണ്0 (ഇയ്യോ. 6:6, സങ്കീ. 88:11).

രഹസ്യപരിപാടികൾ നിർവ്വഹിക്കപ്പെടും.
പ്രവാചകരായ തന്റെ ദാസന്മാർക്കു അവൻ
നൽകിയ സുവിശേഷമാണ് ഈ പരിപാടി."
8പിന്നീട് ഞാൻ അതേ ശബ്ദം സ്വർഗ്ഗത്തിൽ
നിന്നു വീണ്ടും കേട്ടു. ശബ്ദം എന്നോടു പറ
ഞ്ഞു, "ചെന്ന് ദൂതന്റെ കയ്യിലെ തുറന്ന ഗ്രന്ഥ
ച്ചുരുൾ വാങ്ങുക. ഈ ദൂതനാണ് കടലിലും
കരയിലുമായി കാലുകൾ വച്ചിരിക്കുന്നത്."
9അതിനാൽ ഞാൻ ദൂതനെ സമീപിച്ച് ചെ
റിയ ചുരുൾ തരുവാൻ അപേക്ഷിച്ചു. ദൂതൻ
എന്നോടു പറഞ്ഞു,"ഇതാ ചുരുൾ. അതു തിന്നു
കൊള്ളുക. അതു നിന്റെ ഉദരത്തിനു കയ്പ്പാ
യിരിക്കും. പക്ഷേ അതു നിന്റെ വായ്ക്ക് തേൻ
പോലെ മധുരമായിരിക്കും." 10ഞാൻ ദൂതനിൽ
നിന്നും ചുരുൾ വാങ്ങി. ഞാനതു ഭക്ഷിച്ചു.
അത് എന്റെ വായിൽ തേൻപോലെ മധുരിച്ചു.
പക്ഷേ ഞാൻ ഭക്ഷിച്ചപ്പോൾ അത് എന്റെ
ഉദരത്തിൽ കയ്പ്പായിരുന്നു. 11അപ്പോൾ എ
ന്നോടു പറഞ്ഞു, "ഇനിയും നീ ധാരാളം വംശ
ങ്ങളെയും രാജ്യങ്ങളെയും ഭാഷകളെയും രാജാ
ക്കന്മാരെയും കുറിച്ച് പ്രവചിക്കണം."

രണ്ടു സാക്ഷികൾ

11 പിന്നെ വടിപോലുള്ള ഒരളവുകോൽ
എനിക്കു നൽകപ്പെട്ടു. എന്നോടു പറ
ഞ്ഞു, "പോയി ദൈവാലയവും യാഗപീഠവും
അളക്കുക. അവിടെ നമസ്കരിക്കുന്നവരെ എ
ണ്ണുക. 2പക്ഷേ ദൈവാലയമുറ്റം അളക്കരുത്.
അത് വെറുതെ വിടുക. അത് ജാതികൾക്കു
നൽകപ്പെട്ടതാണ്. അവർ നാല്പത്തിരണ്ടു മാസം
വിശുദ്ധനഗരത്തെ ചവിട്ടും. 3ഞാനെന്റെ
രണ്ടു സാക്ഷികൾക്കു ശക്തി നൽകുകയും
ചെയ്യും. അവർ രട്ടുടുത്ത് ആയിരത്തിരുനൂറ്ററു
പതു ദിവസങ്ങൾ പ്രവചനം നടത്തും." 4ഭൂമി
യുടെ കർത്താവിന്റെ മുമ്പിൽ നിൽക്കുന്ന രണ്ട്
ഒലിവുമരങ്ങളും രണ്ടു വിളക്കുകാലുകളുമാണ്
ആ രണ്ടു സാക്ഷികൾ. 5ആരെങ്കിലും ആ
സാക്ഷികളെ മുറിപ്പെടുത്താൻ ശ്രമിച്ചാൽ
സാക്ഷികളുടെ വായിൽനിന്നും വരുന്ന അഗ്നി
അവരുടെ ശത്രുക്കളെ വിഴുങ്ങിക്കളയും. അവരെ
മുറിപ്പെടുത്താൻ ശ്രമിക്കുന്ന ഏതൊരുവനും
ഇപ്രകാരം മരണമടയും. 6അവരുടെ പ്രവചന
കാലത്ത് ആകാശം മഴപെയ്യാതെ തടഞ്ഞു
നിർത്താനുള്ള അതുല്യമായ ശക്തി ആ സാക്ഷി
കൾക്കുണ്ട്. അവർക്ക് വെള്ളത്തെ രക്തമാക്കാ
നുള്ള ശക്തിയുണ്ട്. എല്ലാ വിധത്തിലുമുള്ള മാരക
രോഗങ്ങൾകൊണ്ടും ഭൂമിയെ വിഷമിപ്പി
ക്കാനും അവർക്കു സാധിക്കും. എത്ര തവണ
വേണമെങ്കിലും അവർക്കിതു ചെയ്യാനാവും.
7സാക്ഷികളിരുവരും തങ്ങളുടെ സന്ദേശം പറ
ഞ്ഞു നിർത്തുമ്പോൾ മൃഗം അവരെ എതിർത്ത്
ആക്രമിക്കും. അടിത്തട്ടില്ലാത്ത ഗർത്തത്തിൽ
നിന്നുള്ള മൃഗമാണത്. മൃഗം അവരെ തോല്പിക്കു
കയും വധിക്കുകയും ചെയ്യും. 8രണ്ടു സാക്ഷിക
ളുടേയും ശരീരം മഹാനഗരത്തിന്റെ വീഥിക
ളിൽ കിടക്കും. സൊദോം എന്നും മിസ്രയീം
എന്നുമാണ് ആ നഗരത്തിന്റെ പേര്. ആ നാമ
ങ്ങൾക്കു ഒരു പ്രത്യേകാർത്ഥമുണ്ട്. അവരുടെ
കർത്താവ് ക്രൂശിക്കപ്പെട്ട നഗരമാണത്.
9വിവിധ ജനസമൂഹങ്ങളിലും ഭാഷകളിലും
ഗോത്രങ്ങളിലും രാജ്യങ്ങളിലുംപെട്ടവർ മൂന്നര
ദിവസം ആ മൃതശരീരങ്ങൾ കാണുകയും അവ
കല്ലറയിൽ സംസ്കരിക്കാൻ അനുവദിക്കാതിരി
ക്കുകയും ചെയ്യും. 10അവർ ഇരുവരുടെയും മര
ണത്തിൽ ഭൂമിയിലെ ജനങ്ങൾ ആഹ്ലാദിക്കും.
അവർ സൽക്കാരങ്ങൾ നടത്തുകയും സമ്മാന
ങ്ങൾ കൈമാറുകയും ചെയ്യും. കാരണം ഭൂമി
യിലെ ജനങ്ങൾക്ക് അത്രമാത്രം കഷ്ടമായിരുന്നു
ഈ രണ്ടു സാക്ഷികൾ നൽകിയിരുന്നത്.
11പക്ഷേ മൂന്നര ദിവസങ്ങൾക്കുശേഷം
ദൈവം രണ്ടു പ്രവാചകരിലേക്കും ജീവൻ
പ്രവേശിപ്പിച്ചു. അവർ എഴുന്നേറ്റുനിന്നു.
അവരെ കണ്ടവരിലൊക്കെ ഭയം നിറഞ്ഞു.
12അപ്പോൾ സ്വർഗ്ഗത്തിൽനിന്നും ഉച്ചത്തിലുള്ള
ഒരശരീരി പ്രവാചകർ കേട്ടു, "ഇങ്ങോട്ടേക്കു
കയറിവരിക!" ഒരു മേഘത്തിൽ അവർ സ്വർഗ്ഗ
ത്തിലേക്കു ഉയർന്നു പോയി. അവർ പോകു
ന്നത് അവരുടെ ശത്രുക്കൾ നോക്കിനിന്നു.
13അതേ സമയം തന്നെ അവിടെ ഒരു വലിയ
ഭൂകമ്പമുണ്ടായി. നഗരത്തിന്റെ പത്തിലൊന്ന്
നശിപ്പിക്കപ്പെട്ടു. ഭൂകമ്പത്തിൽ ഏഴായിരം
പേർ കൊല്ലപ്പെട്ടു. മരിക്കാത്തവർ ഭയന്നു.
അവർ സ്വർഗ്ഗസ്ഥനായ ദൈവത്തെ മഹത്വപ്പെ
ടുത്തി.
14രണ്ടാമത്തെ ദുരിതവും അവസാനിച്ചു.
മൂന്നാമത്തെ ദുരിതമാസന്നമായിരിക്കുന്നു.

ഏഴാമത്തെ കാഹളം

15ഏഴാമത്തെ ദൂതന്മാർ കാഹളം മുഴക്കിയ
പ്പോൾ സ്വർഗ്ഗത്തിൽ വലിയ ശബ്ദങ്ങളു
ണ്ടായി. ശബ്ദങ്ങൾ പറഞ്ഞു,
"ലോകത്തിന്റെ മേലുള്ള ഭരണശക്തി
നമ്മുടെ കർത്താവിന്റെയും അവന്റെ ക്രി
സ്തുവിന്റെയും ആണ്. അവൻ എന്നേക്കും
ഭരണം നടത്തും."
16അപ്പോൾ ഇരുപത്തിനാലു മൂപ്പന്മാരും*
ദൈവത്തിനു മുന്നിൽ സാഷ്ടാംഗം വീണു നമ
സ്കരിച്ചു. ദൈവസന്നിധിയിലെ തങ്ങളുടെ
സിംഹാസനങ്ങളിലിരിക്കുകയായിരുന്നു അ
വർ. 17മൂപ്പന്മാർ പറഞ്ഞു,
"സർവ്വശക്തനും കർത്താവുമായ ദൈവമേ
ഞങ്ങൾ നിനക്കു നന്ദി പറയുന്നു. ആകുന്ന
വനും സദാ ആയിരുന്നവനും നീയാകുന്നു. നീ
നിന്റെ മഹാശക്തി ഉപയോഗിച്ചു ഭരണം നട
ത്തുന്നതിനാൽ ഞങ്ങൾ നിനക്കു നന്ദി പറ
യുന്നു!
18ലോകജനത കോപാകുലരായി; പക്ഷേ
നിന്റെ കോപത്തിനുള്ള സമയമാണിപ്പോൾ,
മരിച്ചവർ വിധിക്കപ്പെടുന്ന സമയമാണി
പ്പോൾ. നിന്റെ ദാസന്മാർക്കും പ്രവാചകർക്കും
നിന്റെ വിശുദ്ധർക്കും നിന്നെ ആദരിക്കുന്ന
വലിയവർക്കും ചെറിയവർക്കും പ്രതിഫലം
നൽകേണ്ട സമയം ആസന്നമായിരിക്കുന്നു.
ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കാനുള്ള
സമയം ആഗതമായിരിക്കുന്നു!"
19അപ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ
ആലയം തുറക്കപ്പെട്ടു. ദൈവത്തിന്റെ നിയമം
ഉണ്ടായിരുന്ന പെട്ടകം* കാണായ്വന്നു.

മൂപ്പന്മാർ ദൈവത്തിന്റെ ജനതയുടെ വലിയ നേതാക്കന്മാരായിരിക്കാം ഇവർ. പന്ത്രണ്ട് യെഹൂദ ഗോത്രങ്ങളുടെനേതാക്കളും യേശുവിന്റെ പന്ത്രണ്ടു അപ്പൊസ്തലന്മാരും ചേർന്നതാവാം ഇത്.

നിയമം ... പെട്ടകം യെഹൂദദൈവാലയത്തിലെ അതിവിശുദ്ധസ്ഥലത്ത്, ദൈവം തന്റെ ജനതയ്ക്കു നൽകിയ കരാർ ഒരു പെട്ടിയിലാക്കി വച്ചിരുന്നു. പുറ. 25:10-22; 1രാജാ. 8:1-9; എബ്രാ. 9:4.

അപ്പോൾ അവിടെ മിന്നലുകളും ശബ്ദങ്ങളും
ഇടിമുഴക്കവും ഭൂകമ്പവും കനത്ത കന്മഴയുമു
ണ്ടായി.

സ്ത്രീയും മഹാസർപ്പവും

12 അനന്തരം സ്വർഗ്ഗത്തിൽ ഒരു മഹാത്ഭുതം
പ്രത്യക്ഷപ്പെട്ടു സൂര്യനെ വസ്ത്രമാക്കിയ
ഒരുവൾ അവിടെയുണ്ടായിരുന്നു. ചന്ദ്രൻ അവ
ളുടെ പാദത്തിനടിയിലായിരുന്നു. പന്ത്രണ്ടു
നക്ഷത്രങ്ങളുള്ള ഒരു കിരീടം അവൾ തലയില
ണിഞ്ഞിരുന്നു. **2**അവൾ ഗർഭിണിയായിരുന്നു.
പ്രസവസമയമടുത്തതിനാൽ അവൾ വേദന
കൊണ്ടു കരഞ്ഞു. **3**പിന്നീട് മറ്റൊരു അത്ഭു
തവും സ്വർഗ്ഗത്തിൽ പ്രത്യക്ഷപ്പെട്ടു. അവിടെ
യൊരു ചുവന്ന മഹാസർപ്പവുമുണ്ടായിരുന്നു.
മഹാസർപ്പത്തിന് ഏഴുതലയും ഓരോ തല
യിലും ഏഴു കിരീടം വീതവും ഉണ്ടായിരുന്നു.
മഹാസർപ്പത്തിന് പത്തു കൊമ്പും ഉണ്ടായി
രുന്നു. **4**മഹാസർപ്പം അതിന്റെ വാലുകൊണ്ട്
ആകാശത്തെ നക്ഷത്രങ്ങളിൽ മൂന്നിലൊന്നിനെ
അടിച്ചുവാരി ഭൂമിയിലേക്കിട്ടു. മഹാസർപ്പം,
പ്രസവമടുത്ത ആ സ്ത്രീയുടെ മുമ്പിൽ നിന്നു.
പ്രസവിച്ചാലുടൻ കുട്ടിയെ തിന്നുകയായി
രുന്നു ആ മഹാസർപ്പത്തിന്റെ ലക്ഷ്യം. **5**അവൾ
ഒരു പുത്രന്, ഒരാൺകുട്ടിക്ക് ജന്മമരുളി. അവൻ
ഒരു ഇരുമ്പുവടികൊണ്ട് എല്ലാ രാജ്യങ്ങളെയും
ഭരിക്കും. അവളുടെ കുഞ്ഞ് ദൈവത്തിലേക്കും
അവന്റെ സിംഹാസനത്തിലേക്കും എടുക്ക
പ്പെട്ടു. **6**ദൈവം അവൾക്കുവേണ്ടി തയ്യാറാക്കിയ
മരുഭൂമിയിലെ ഒരിടത്തേക്ക് അവൾ ഓടി
പ്പോയി. അവിടെ അവൾ ആയിരത്തിരുന്നൂറ്റൂറു
പതു ദിവസം പുലർത്തപ്പെടും. **7**അനന്തരം
സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മീഖാ
യേലും* അവന്റെ ദൂതന്മാരും മഹാസർപ്പ
ത്തെ നേരിട്ടു. മഹാസർപ്പവും അതിന്റെ
ദൂതരും തിരിച്ചും യുദ്ധം ചെയ്തു. **8**എന്നാൽ
മഹാസർപ്പം അത്ര ശക്തനായിരുന്നില്ല. മഹാ
സർപ്പത്തിനും കൂട്ടർക്കും സ്വർഗ്ഗത്തിലെ അവ
രുടെ സ്ഥലം നഷ്ടപ്പെട്ടു. **9**മഹാസർപ്പം സ്വർഗ്ഗ
ത്തിൽനിന്നും പുറത്താക്കപ്പെട്ടു. (പിശാച്
അഥവാ സാത്താൻ എന്നും വിളിക്കപ്പെടുന്ന
പഴയ പാമ്പാണ് ആ മഹാസർപ്പം. ലോകത്തെ
യാകെ പാപത്തിലേക്കു നയിക്കുന്നവൻ.) മഹാ
സർപ്പവും അവനോടൊപ്പം അവന്റെ ദൂത
ന്മാരും ഭൂമിയിലേക്കെറിയപ്പെട്ടു.

10അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽനിന്നൊരു
ഉഗ്രശബ്ദം കേട്ടു, നോക്കൂ, ഇപ്പോൾ നമ്മുടെ
ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും
അവന്റെ ക്രിസ്തുവിന്റെ പരമാധികാരവും
ഇതാ കൈവന്നിരിക്കുന്നു. നമ്മുടെ സഹോദര
ന്മാരെ കുറ്റപ്പെടുത്തിയവൻ പുറത്താക്കപ്പെട്ട
തിനാലാണിതൊക്കെ കൈവന്നത്. നമ്മുടെ
സഹോദരന്മാരെ നമ്മുടെ ദൈവത്തോട്
അവൻ രാപകൽ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു.
11കുഞ്ഞാടിന്റെ രക്തംകൊണ്ടും തങ്ങളുടെ
തന്നെ സത്യവചനങ്ങൾകൊണ്ടും നമ്മുടെ
സഹോദരന്മാർ അവനെ തോല്പിച്ചു. അവർ
തങ്ങളുടെ ജീവനെ അത്ര സ്നേഹിച്ചില്ല.
അവർ മരണത്തെ ഭയന്നില്ല. **12**അതിനാൽ സ്വർ
ഗ്ഗമേ, സ്വർഗ്ഗവാസികളേ സന്തോഷിക്കുക.
പക്ഷേ ഭൂമിയ്ക്കും സമുദ്രത്തിനും ദുരിതം;
എന്തെന്നാൽ പിശാച് നിന്നിലേക്കു ഇറങ്ങി
വന്നിരിക്കുന്നു. ക്രോധത്താൽ നിറഞ്ഞവനാണു
പിശാച്. തന്റെ സമയം തുച്ഛമാണെന്ന
വൻ അറിയുന്നു."

13താൻ ഭൂമിയിലേക്ക് എറിയപ്പെട്ടതാണെന്ന്
മഹാസർപ്പം മനസ്സിലാക്കി. അതിനാലവൻ
ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയുടെ
പിന്നാലെ പാഞ്ഞു. **14**എന്നാൽ ആ സ്ത്രീയ്ക്ക്
വലിയ പരുന്തിന്റെ രണ്ടു ചിറകുകൾ നൽക
പ്പെട്ടു. അപ്പോൾ അവൾക്ക് തനിക്കായൊരുക്ക
പ്പെട്ട മരുഭൂമിയിലേക്കു പറക്കാൻ കഴിഞ്ഞു.
അവിടെ അവൾ മൂന്നരവർഷം പരിപാലിക്ക
പ്പെടും. അവിടെയവൾ മഹാസർപ്പത്തിൽ
നിന്നും അകന്നിരിക്കും. **15**അപ്പോൾ മഹാസ
ർപ്പം തന്റെ വായിൽനിന്നും നദി പ്രവാഹ
ത്തിനു സമാനമായി ഭാരിച്ച അളവിൽ വെള്ളം
ഒഴുക്കി. ജനപ്രവാഹത്തിൽപെട്ട് അവൾ ഒഴുകി
പോകുംവിധം അവളുടെ നേർക്കാണ് മഹാ
സർപ്പം വെള്ളം ഒഴുക്കിയത്. **16**പക്ഷേ ഭൂമി
അവളെ സഹായിച്ചു. ഭൂമി തന്റെ വായ് പിള
ർന്ന് മഹാസർപ്പത്തിന്റെ വായിൽനിന്നൊഴു
കിയ ജലമാകെ കുടിച്ചു വറ്റിച്ചു. **17**അതോടെ
മഹാസർപ്പത്തിന് ആ സ്ത്രീയോടുള്ള കോപം
വർദ്ധിച്ചു. മഹാസർപ്പം അവളുടെ മറ്റു മക്ക
ളോട് യുദ്ധം പ്രഖ്യാപിക്കാൻ അവിടം വിട്ടു
പോയി. ദൈവത്തിന്റെ കല്പനകൾ അനുസരി
ക്കുന്നവരും യേശു പഠിപ്പിച്ച സത്യം സ്വീകരിച്ച
വരുമാണവളുടെ മക്കൾ. **18**മഹാസർപ്പം കടൽ
പ്പുറത്തു നിലയുറപ്പിച്ചു.

രണ്ടു മൃഗങ്ങൾ

13 പിന്നെ ഒരു മൃഗം കടലിൽനിന്ന് ഉയർന്നു
വരുന്നതു ഞാൻ കണ്ടു. അതിനു പത്തു
കൊമ്പും ഏഴു തലയും ഉണ്ടായിരുന്നു. അതി
ന്റെ ഓരോ കൊമ്പിലും ഓരോ കിരീടമുണ്ടാ
യിരുന്നു. ഓരോ തലയിലും അതിന് ഓരോ
ദൂഷണ നാമമുണ്ടായിരുന്നു.**2**ആ മൃഗം കരടിയു
ടേതുപോലുള്ള കാലുകളോടുകൂടിയ ഒരു
പുള്ളിപ്പുലിയെപ്പോലിരുന്നു. സിംഹത്തി
ന്റേതുപോലുള്ള വായായിരുന്നു അതിന്.
കടൽപ്പുറത്തുനിന്ന മഹാസർപ്പം ആ മൃഗത്തിന്
തന്റെ എല്ലാ ശക്തിയും സിംഹാസനവും
അധികാരവും നൽകി. **3**ആ മൃഗത്തിന്റെ തലക
ളിലൊന്ന് മാരകമായ മുറിവുകളേറ്റതു പോലി
രുന്നു. എന്നാൽ ആ മാരകമായ മുറിവ് ഭേദപ്പെ
ട്ടിരുന്നു. ലോകത്തിലുള്ളവരൊക്കെ അത്ഭുത
ത്തോടെ ആ മൃഗത്തെ പിന്തുടർന്നു. **4**തന്റെ
ശക്തി മൃഗത്തിനു നൽകിയതിനാൽ ആളുകൾ
മഹാസർപ്പത്തെ നമസ്കരിച്ചു. ആളുകൾ മൃഗ
ത്തെയും നമസ്കരിച്ചു. അവർ ചോദിച്ചു,
"ആരുണ്ട് ഈ മൃഗത്തോളം ശക്തനായിട്ട്?
ആർക്ക് അതിനോടേറ്റുമുട്ടാനാകും?"

5ധിക്കാരവും ദൂഷണവും പറയാൻ മൃഗത്തെ
അനുവദിച്ചു. നാല്പത്തിരണ്ട് മാസത്തേക്കു
തന്റെ ശക്തി ഉപയോഗിക്കാൻ അതിനനു
വാദം കിട്ടി. **6**അത് ദൈവദൂഷണം പറയാൻ
വായ, തുറന്നു. ദൈവത്തിന്റെ നാമത്തിനും
അവന്റെ വാസസ്ഥാനത്തിനും സ്വർഗ്ഗനിവാ
സികൾക്കുമെല്ലാം എതിരായി ദൂഷണം നടത്തി.
7ദൈവത്തിന്റെ വിശുദ്ധജനങ്ങൾക്കെതിരെ
യുദ്ധം ചെയ്യാനും അവരെ തോല്പിക്കുവാനും
മൃഗത്തിനു ശക്തി നൽകപ്പെട്ടു. എല്ലാ ഗോത്ര
ങ്ങൾക്കും ജനപദങ്ങൾക്കും ഭാഷയ്ക്കും രാജ്യ
ത്തിനും മീതെ മൃഗത്തിന് അധികാരം നൽക
പ്പെട്ടു. **8**ഭൂമിയിൽ ജീവിക്കുന്നവരെല്ലാം മൃഗത്തെ

മീഖായേൽ പ്രധാനദൂതൻ- ദൈവത്തിന്റെ മാലാഖ
മാരുടെ നേതാവ് (യൂദാ.9).

നമസ്കരിക്കും. കൊല്ലപ്പെട്ട കുഞ്ഞാടിന്റെ ജീവന്റെ പുസ്തകത്തിൽ ലോകാരംഭം മുതൽക്കു പേരെഴുതാത്തവരെല്ലാം അതിനെ നമസ്കരിക്കും.

9കാതുള്ളവൻ ഇതു കേൾക്കട്ടെ:

10തടവുകാരനാകേണ്ടവൻ തടവുകാരനാവുക തന്നെ ചെയ്യും. വാളുകൊണ്ടു കൊല്ലുന്നവൻ ഒരു വാളുകൊണ്ടു തന്നെ കൊല്ലപ്പെടും. ഇതിനർത്ഥം ദൈവത്തിന്റെ വിശുദ്ധജനങ്ങൾക്കു സഹനശക്തിയും വിശ്വാസവും വേണമെന്നാണ്.

11മറ്റൊരു മൃഗം ഭൂമിയിൽനിന്നും ഉയർന്നുവരുന്നതും ഞാൻ കണ്ടു. അതിന് ഒരു കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പുകളുണ്ടായിരുന്നെങ്കിലും മഹാസർപ്പത്തെപ്പോലെ അവൻ സംസാരിച്ചു. 12ഈ മൃഗം ആദ്യത്തെ മൃഗത്തിനു മുമ്പിൽ വന്നുനിൽക്കുകയും അതിനെപ്പോലെ തന്നെ ശക്തി ഉപയോഗിക്കുകയും ചെയ്തു. ആദ്യത്തെ മൃഗത്തെ ഭൂമിയിലുള്ള എല്ലാവരെയുംകൊണ്ട് നമസ്കരിപ്പിക്കുവാൻ ആണ് അത് ശക്തി ഉപയോഗിച്ചത്. ആദ്യത്തെ മൃഗത്തിന് ഭേദമാക്കപ്പെട്ടതും മാരകവുമായ മുറിവുണ്ടായിരുന്നു. 13രണ്ടാമത്തെ ഈ മൃഗം വലിയ വീര്യപ്രവൃത്തികൾ ചെയ്യുന്നു. ആളുകൾ നോക്കി നിൽക്കേ അവൻ സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്ക് അഗ്നി കൊണ്ടുവരികപോലും ചെയ്യുന്നു. 14രണ്ടാമത്തെ മൃഗം ഭൂവാസികളെ വഞ്ചിക്കുന്നു. തനിക്കു പ്രവർത്തിക്കാൻ അനുവദിക്കപ്പെട്ട വീര്യപ്രവൃത്തികൾ കൊണ്ടാണത് ജനങ്ങളെ വഞ്ചിക്കുന്നത്. ആദ്യത്തെ മൃഗത്തെ രക്ഷിക്കാനാണവൻ ഈ അത്ഭുതങ്ങളൊക്കെ പ്രവർത്തിക്കുന്നത്. ആദ്യത്തെ മൃഗത്തെ ആദരിക്കാൻ ഒരു വിഗ്രഹമുണ്ടാക്കാൻ അവൻ ജനങ്ങളോടു കല്പിച്ചു. വാളുകൊണ്ടു മുറിവേറ്റിട്ടും മരിക്കാത്ത മൃഗമായിരുന്നു അത്. 15ആദ്യത്തെ മൃഗത്തിന്റെ വിഗ്രഹത്തിനു ജീവൻ നൽകാനുള്ള ശക്തി രണ്ടാമത്തെ മൃഗത്തിനു നൽകപ്പെട്ടിരുന്നു. അപ്പോൾ ആ വിഗ്രഹത്തിനു സംസാരിക്കാനുള്ള കഴിവു ലഭിക്കുകയും തന്നെ നമസ്കരിക്കാത്തവരെ കൊല്ലുവാനുള്ള ആജ്ഞ നൽകുകയും ചെയ്തു. 16രണ്ടാമത്തെ മൃഗം ചെറിയവരെയും വലിയവരെയും ധനികരെയും ദരിദ്രരെയും സ്വതന്ത്രരെയും അടിമയെയും തങ്ങളുടെ വലതുകൈയിലോ അല്ലെങ്കിൽ നെറ്റിയിലോ ഒരടയാളം ഇടപ്പെടുന്നതിന് നിർബന്ധിച്ചു. 17ഈ അടയാളമില്ലാതെ ആർക്കും വിൽക്കുവാനോ വാങ്ങുവാനോ ആകുമായിരുന്നില്ല. ഈ അടയാളം ആ മൃഗത്തിന്റെ പേരോ അവന്റെ പേരിന്റെ സംഖ്യയോ ആണ്. 18ബുദ്ധിയുള്ളവന് മൃഗത്തിന്റെ സംഖ്യ കണ്ടെത്താനാകും. വിജ്ഞാനമാണിവിടെ ആവശ്യം. അത് ഒരു മനുഷ്യന്റെ സംഖ്യയാകുന്നു. അറുന്നൂറ്റി അറുപത്താറാണ് ആ സംഖ്യ.

രക്ഷിതരുടെ ഗാനം

14 പിന്നെ ഞാൻ നോക്കിയപ്പോൾ എന്റെ മുമ്പിൽ കുഞ്ഞാട് ഉണ്ടായിരുന്നു. അവൻ സീയോൻപർവ്വതത്തിനു മുകളിൽ നിൽക്കുകയായിരുന്നു. നൂറ്റിനാല്പത്തിനാലായിരം പേർ അവനോടൊത്തുണ്ടായിരുന്നു. അവരുടെയെല്ലാം നെറ്റിമേൽ അവന്റെയും അവന്റെ പിതാവിന്റെയും നാമം എഴുതിയിരുന്നു. 2ധാരാളം ജലപ്രവാഹത്തിന്റെയും ഇടിമുഴക്കത്തിന്റെയുംപോലുള്ള ശബ്ദം ഞാൻ സ്വർഗ്ഗത്തിൽ നിന്നും കേട്ടു. ആളുകൾ വീണ മീട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദത്തിനു സദൃശ്യമായ ശബ്ദമാണ് ഞാൻ കേട്ടത്. 3ജനങ്ങൾ സിംഹാസനത്തിനു മുമ്പാകെയും നാലു ജീവനുള്ള ജന്തുക്കളുടെയും മൂപ്പന്മാരുടെയും സാന്നിദ്ധ്യത്തിൽ വച്ചും ഒരു പുതിയ ഗാനം പാടി. ഭൂമിയിൽ നിന്നും വീണ്ടെടുക്കപ്പെട്ടിരുന്ന നൂറ്റിനാല്പത്തിനാലായിരം പേരൊഴിച്ച് മറ്റാർക്കും ഈ ഗാനം പഠിക്കാൻ കഴിഞ്ഞില്ല. 4ഈ നൂറ്റിനാല്പത്തിനാലായിരം പേർ സ്ത്രീസമ്പർക്കം മൂലം മലിനപ്പെടാത്തവരായിരുന്നു. അവർ സ്വയം ശുദ്ധരായി സംരക്ഷിച്ചു. അവർ കുഞ്ഞാടിനെ, അതു പോകുന്നിടത്തൊക്കെ പിന്തുടർന്നു. ഭൂവാസികൾക്കിടയിൽനിന്നും വീണ്ടെടുക്കപ്പെട്ടവരാണ് ഈ നൂറ്റിനാല്പത്തിനാലായിരം പേരും. ദൈവത്തിനും കുഞ്ഞാടിനും ആദ്യമായി സമർപ്പിക്കപ്പെട്ടവരായിരുന്നു അവർ. 5അവർ നുണ പറഞ്ഞിരുന്നില്ല. അവർ നിഷ്കളങ്കരായിരുന്നു.

മൂന്നു ദൂതന്മാർ

6അപ്പോൾ മറ്റൊരു ദൂതൻ ആകാശത്തിൽ വളരെ ഉയരത്തിൽ പറക്കുന്നതു ഞാൻ കണ്ടു. ഭൂമിയിൽ ജീവിക്കുന്ന എല്ലാ രാജ്യങ്ങളോടും ഗോത്രങ്ങളോടും ഭാഷക്കാരോടും വംശക്കാരോടും വിളംബരം ചെയ്യാനുള്ള ശാശ്വതസുവിശേഷം ആ ദൂതന്റെ പക്കലുണ്ടായിരുന്നു. 7ദൂതൻ ഉച്ചത്തിൽ പറഞ്ഞു, “ദൈവത്തെ ഭയക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുക. ദൈവം മനുഷ്യരെ വിധിക്കാനുള്ള സമയമടുത്തിരിക്കുന്നു. ദൈവത്തെ നമസ്കരിക്കുക. സ്വർഗ്ഗവും ഭൂമിയും കടലും ജലധാരകളും അവൻ സൃഷ്ടിച്ചു.”

8അപ്പോൾ ഒന്നാമത്തെ ദൂതനെ പിന്തുടർന്നിരുന്ന രണ്ടാമത്തെ ദൂതൻ പറഞ്ഞു, “അവൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു! ബാബിലോൻ മഹാനഗരം നശിപ്പിക്കപ്പെട്ടിരിക്കുന്നു! എല്ലാ രാജ്യങ്ങളെയും അവൾ തന്റെ അധമവികാരങ്ങളുടെ വീഞ്ഞിൽനിന്ന് കുടിപ്പിക്കുകയും ദൈവത്തിന്റെ കോപത്തിനിരയാവുകയും ചെയ്തു.”

9രണ്ടു ദൂതന്മാരെയും പിന്തുടർന്ന് മൂന്നാമതൊരു ദൂതൻ കൂടി വന്നു. ഈ ദൂതൻ ഉച്ചത്തിൽ പറഞ്ഞു, “മൃഗത്തെയും അതിന്റെ വിഗ്രഹത്തെയും നമസ്കരിക്കുകയും മൃഗത്തിന്റെ അടയാളം അവരുടെ നെറ്റിയിലോ അഥവാ അവരുടെ കൈയിലോ വഹിയ്ക്കുകയും ചെയ്യുന്നവനു ദുരിതം. 10അയാൾ ദൈവകോപത്തിന്റെ വീഞ്ഞു കുടിയ്ക്കും. ദൈവത്തിന്റെ കോപമാകുന്ന കോപ്പയിൽനിന്നുമുള്ള മുഴുവൻ ശക്തിയും കൊണ്ടുണ്ടാക്കിയതാണ് ഈ വീഞ്ഞ്. അയാൾ പരിശുദ്ധദൂതന്മാരുടെയും കുഞ്ഞാടിന്റെയും മുമ്പിൽ കത്തുന്ന ഗന്ധകത്തിൽ പീഢിപ്പിക്കപ്പെടും. 11അവരുടെ വേദനയുടെ പുക എന്നെന്നും ഉയർന്നു കൊണ്ടിരിക്കും. മൃഗത്തെയും അതിന്റെ വിഗ്രഹത്തെയും നമസ്കരിക്കുകയോ അതിന്റെ നാമമുദ്ര സ്വീകരിക്കുകയോ ചെയ്യുന്നവർക്ക് രാവും പകലും വിശ്രമമുണ്ടായിരിക്കുകയില്ല.” 12ഇതിനർത്ഥം ദൈവത്തിന്റെ വിശുദ്ധർ സഹനശക്തിയുള്ളവരായിരിക്കണം. അവർ ദൈവത്തിന്റെ കല്പനകളനുസരിക്കുകയും യേശുവിൽ തങ്ങൾക്കുള്ള വിശ്വാസം തുടരുകയും വേണം.

13അനന്തരം ഞാൻ സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദം കേട്ടു. ശബ്ദം പറഞ്ഞു,“ഇങ്ങനെ എഴു

തുക: ഇനി കർത്താവിൽ മരിക്കുന്നവർ അനു
ഗ്രഹീതർ.”
ആത്മാവു പറയുന്നു, “അതേ, അതു സത്യ
മാകുന്നു. അവർ അദ്ധ്വാനത്തിൽനിന്നും
വിശ്രമം നേടും. അവരുടെ പ്രവൃത്തികൾ അവ
രോടൊത്തിരിക്കും.”

വിളവെടുത്ത ഭൂമി

14ഞാൻ നോക്കിയപ്പോൾ എനിക്കു മുമ്പി
ലൊരു വെളുത്ത മേഘത്തെ കണ്ടു. ആ
വെളുത്ത മേഘത്തിനുമേൽ മനുഷ്യപുത്രനെ
പ്പോലെ* ഒരുവനിരുന്നു. അവന്റെ തലയിൽ
ഒരു സ്വർണ്ണക്കിരീടവും കയ്യിൽ മൂർച്ചയേറിയ
അരിവാളും ഉണ്ടായിരുന്നു. 15അപ്പോൾ മറ്റൊരു
ദൂതൻ കൂടി ദൈവാലയത്തിൽനിന്നും പുറ
ത്തുവന്നു. ഈ ദൂതൻ മേഘത്തിലിരുന്ന
ആളോടു ഉറക്കെ വിളിച്ചു പറഞ്ഞു, “അരി
വാളെടുത്തു ഭൂമിയിൽനിന്നും കൊയ്യുക. വിള
വെടുപ്പിനുള്ള സമയമായിരിക്കുന്നു. ഭൂമിയുടെ
ഫലം പഴുത്തിരിക്കുന്നു.” 16അതുകൊണ്ട് മേഘ
ത്തിലിരിക്കുന്ന ദൂതൻ തന്റെ വാൾ ഭൂമിക്കുമേൽ
വീശി. ഭൂമിയിലെ വിളവു കൊയ്യപ്പെടുകയും
ചെയ്തു.
17അപ്പോൾ സ്വർഗ്ഗത്തിലെ ദൈവാലയ
ത്തിൽനിന്നും മറ്റൊരു ദൂതൻ പുറത്തേക്കു വന്നു.
ആ ദൂതന്റെ കയ്യിലും ഒരു അരിവാൾ
ഉണ്ടായിരുന്നു. 18പിന്നീട് മറ്റൊരു ദൂതൻ യാഗ
പീഠത്തിൽനിന്നും വന്നു. ആ ദൂതന് തീയുടെ
മേൽ അധികാരം ഉണ്ടായിരുന്നു. ഈ ദൂതൻ
അരിവാൾ പിടിച്ച ദൂതനോട് വിളിച്ചു പറ
ഞ്ഞു, “മൂർച്ചയുള്ള അരിവാൾകൊണ്ട് ഭൂമി
യിലെ മുന്തിരിക്കുലകൾ കൊയ്തെടുക്കുക.
ഭൂമിയുടെ മുന്തിരിങ്ങകൾ നന്നായി വിളഞ്ഞി
രിക്കുന്നു.” 19ദൂതൻ ഭൂമിക്കു മുകളിലൂടെ തന്റെ
വാൾ വീശി. ദൂതൻ ഭൂമിയിലെ മുന്തിരി പറിച്ച്
ദൈവകോപത്തിന്റെ മുന്തിരിച്ചക്കിലേക്കിട്ടു.
20നഗരത്തിനു പുറത്ത് മുന്തിരിച്ചക്കിൽവച്ച്
അവ മെതിച്ചു. മുന്തിരിച്ചക്കിൽനിന്നും രക്തം
പ്രവഹിച്ചു. കുതിരത്തലകളോളം പൊക്കത്തിൽ
ഉയർന്നു തെറിച്ച അത് ഇരുനൂറുനാഴിക ദൂരം
പോയി.

അവസാനത്തെ ബാധകൾ

15 അനന്തരം ഞാൻ സ്വർഗ്ഗത്തിൽ മറ്റൊരു
അത്ഭുതം കൂടി കണ്ടു. അത് മഹത്തും
അത്ഭുതകരവുമായിരുന്നു. ഏഴു ദുരിതങ്ങളു
മായി വരുന്ന ഏഴു ദൂതന്മാർ. ഈ ദുരിതങ്ങ
ൾക്കു ശേഷം ദൈവകോപം അവസാനിക്കു
മെന്നതിനാൽ അവ അവസാനത്തെ ദുരിതങ്ങ
ളാണ്.
2അഗ്നി കലർന്ന ഒരു സ്ഫടികസമുദ്രം പോ
ലെ ഒരു കാഴ്ച ഞാൻ കണ്ടു. മൃഗത്തിന്റെയും
അവന്റെ വിഗ്രഹത്തിന്റെയും അവന്റെ
പേരിന്റെ സംഖ്യയ്ക്കും മേൽ വിജയം നേടിയ
വർ സമുദ്രതീരത്തു നിൽക്കുന്നു. അവരുടെ കൈ
കളിൽ ദൈവം നൽകിയ വീണകളുണ്ടായി
രുന്നു. 3അവർ ദൈവദാസനായ മോശെയുടെ
യും കുഞ്ഞാടിന്റെയും ഗാനം പാടി:
“സർവ്വശക്തനും കർത്താവുമായ ദൈവമേ,
നിന്റെ പ്രവൃത്തികൾ മഹനീയവും അത്ഭുതക
രവുമാകുന്നു. രാഷ്ട്രങ്ങളുടെ രാജാവേ, നിന്റെ
വഴികൾ ശരിയും സത്യവുമാകുന്നു.
4കർത്താവേ, നിന്റെ നാമത്തെ എല്ലാവരും
ഭയക്കുകയും വാഴ്ത്തുകയും ചെയ്യും. ഏക
വിശുദ്ധൻ നീയാകുന്നു. എല്ലാ രാജ്യങ്ങളും
വന്ന് നിന്റെ മുമ്പിൽ നമസ്കരിക്കും കാരണം,
ശരിയായതു മാത്രമേ നീ ചെയ്യൂ എന്നതു വ്യക്ത
മാണ്.”
5ഇതിനു ശേഷം സ്വർഗ്ഗത്തിൽ ഒരു ദൈവാ
ലയം (ദൈവസാന്നിദ്ധ്യത്തിന്റെ വിശുദ്ധ
സ്ഥലം) * തുറന്നിരിക്കുന്നത് ഞാൻ കണ്ടു.
6ഏഴു ദുരിതങ്ങളും കൊണ്ടുവന്ന ദൂതന്മാർ ദൈ
വാലയത്തിൽനിന്നും പുറത്തുവന്നു. അവർ
വൃത്തിയുള്ള തിളങ്ങുന്ന ശണവസ്ത്രം ധരിച്ചി
രുന്നു. അവരുടെ മാറിൽ സുവർണ്ണകച്ച കെട്ടി
യിരുന്നു. 7അപ്പോൾ നാലു ജീവികളിലൊന്ന്
ഏഴു ദൂതന്മാർക്കും ഏഴു സ്വർണ്ണക്കലശങ്ങൾ
നൽകി. കലശങ്ങളിൽ എന്നെന്നും ജീവിക്കു
ന്നവനായ ദൈവത്തിന്റെ ക്രോധം നിറച്ചി
രുന്നു. 8ദൈവാലയമാകെ ദൈവമഹത്വത്തി
ന്റെയും ശക്തിയുടെയും പുക നിറഞ്ഞിരുന്നു.
ഏഴു ദൂതന്മാരുടെയും ഏഴു ദുരിതങ്ങളും അവ
സാനിക്കുംവരെ ആർക്കും ദൈവാലയത്തിൽ
പ്രവേശിക്കാനായില്ല.

ദൈവകോപം നിറച്ച കലശങ്ങൾ

16 അപ്പോൾ ഞാൻ ദൈവാലയത്തിൽ
നിന്നൊരു ഗംഭീരസ്വരം കേട്ടു. അത് ഏഴു
ദൂതന്മാരോടും പറയുകയായിരുന്നു, “ചെന്ന്
ദൈവകോപത്തിന്റെ ഏഴ് കലശങ്ങൾ
ഭൂമിയുടെമേൽ ഒഴിക്കുക.”
2ആദ്യത്തെ ദൂതൻ പോയി. അവൻ തന്റെ
കലശം ഭൂമിയിലേക്കൊഴിച്ചു. അപ്പോൾ മൃഗ
ത്തിന്റെ മുദ്രയുള്ളവരും അതിന്റെ വിഗ്രഹ
ത്തെ നമസ്കരിക്കുന്നവരുമായ ആളുകൾക്ക്
വൃത്തികെട്ടതും വേദന നിറഞ്ഞതുമായ വ്രണങ്ങ
ളുണ്ടായി.
3രണ്ടാമത്തെ ദൂതൻ തന്റെ കലശം കടലി
ലേക്കൊഴിച്ചു. അപ്പോൾ കടൽ മരിച്ച മനുഷ്യ
ന്റെ രക്തം പോലെയായി. കടലിലെ സർവ്വ
ജീവജാലങ്ങളും ചത്തു.
4മൂന്നാമത്തെ ദൂതൻ തന്റെ കലശം നദികളി
ലേക്കും ജലധാരകളിലേക്കും ഒഴിച്ചു. നദികളും
ജലധാരകളും രക്തമായി. 5അപ്പോൾ ജലത്തി
ന്റെ ദൂതൻ ദൈവത്തോടു പറയുന്നതു ഞാൻ
കേട്ടു,
“ആകുന്നവനും എപ്പോഴും ആയിരിക്കുന്ന
വനും നീയാകുന്നു. പരിശുദ്ധൻ നീയാകുന്നു.
നിന്റെ ഈ വിധികളിൽ നീ നീതിമാനാകുന്നു.
6മനുഷ്യർ വിശുദ്ധരുടെയും പ്രവാചകരു
ടെയും രക്തം ചിന്തി; നീ അവർക്കു കുടിക്കാൻ
ഇപ്പോൾ രക്തം നൽകി. അവർ അതർഹി
ക്കുന്നു.”

7യാഗപീഠം ഇങ്ങനെ പറയുന്നതും ഞാൻ കേട്ടു,
“അതേ, സർവ്വശക്തനും കർത്താവുമായ
ദൈവമേ, നിന്റെ ന്യായവിധികൾ സത്യസ
ന്ധവും നീതിനിഷ്ഠവുമാകുന്നു.”
8നാലാമത്തെ ദൂതൻ തന്റെ കലശം സൂര്യ
നിലേക്കൊഴിച്ചു. ജനങ്ങളെ തീയിൽ കരിക്കാൻ

മനുഷ്യപുത്രൻ ദാനി,7:13-14 വരെ നോക്കുക. യേശു ഈ പേർ പലവട്ടം ഉപയോഗിച്ചിട്ടുണ്ട്.

ദൈവസാന്നിദ്ധ്യത്തിന്റെ വിശുദ്ധസ്ഥലം “സാക്ഷ്യകൂടാരം” എന്നർത്ഥം. പത്തു കല്പനകൾ വച്ചിരുന്ന വിശുദ്ധകൂടാരത്തിന്റെ ഉള്ളിലത്തെ മുറി. ദൈവവും ജനങ്ങളും തമ്മിലുള്ള കരാറിന്റെ സാക്ഷ്യമാണത്. അവിടെയാണ് ദൈവം തന്റെ ജനതയ്ക്കൊപ്പം വസിക്കുന്നത്. പുറ. 25:8-22 വായിക്കുക.

സൂര്യന് അധികാരം നൽകപ്പെട്ടു. 9ജനങ്ങൾ
കൊടുംതീയിൽ കഠിനമായി കരിഞ്ഞു. അവർ
ദൈവനാമത്തെ ശപിച്ചു. ഈ ദുരിതങ്ങൾക്കു
മേൽ നിയന്ത്രണമുള്ളത് ദൈവത്തിനു മാത്ര
മാണ്. എങ്കിലും അവർ മാനസാന്തരപ്പെടുക
യോ തങ്ങളുടെ ദൈവത്തെ മഹത്വപ്പെടുത്തു
കയോ ചെയ്തില്ല.
10അഞ്ചാമത്തെ ദൂതൻ തന്റെ കലശം മൃഗ
ത്തിന്റെ സിംഹാസനത്തിലേക്കൊഴിച്ചു. അ
പ്പോൾ മൃഗത്തിന്റെ രാജ്യം ഇരുട്ടിലായി. ജന
ങ്ങൾ വേദനകൊണ്ട് തങ്ങളുടെ നാക്ക് കടിച്ചു.
11ജനങ്ങൾ വ്രണങ്ങളിലെ വേദന സഹിക്കാൻ
വയ്യാതായപ്പോൾ സ്വർഗ്ഗസ്ഥനായ ദൈവത്തെ
ശപിച്ചു. എങ്കിലും അവർ മാനസാന്തരപ്പെടു
കയോ തങ്ങളുടെ ദുഷ്ചെയ്തികൾ നിർത്തു
കയോ ചെയ്തില്ല.
12ആറാമത്തെ ദൂതൻ തന്റെ കലശം യൂഫ്രാ
ത്തേസ് മഹാനദിയിലേക്കൊഴിച്ചു. നദിയിലെ
വെള്ളം വറ്റി വരണ്ടു. അത് കിഴക്കുനിന്നും
രാജാക്കന്മാർക്കു വരാൻ വഴിയൊരുക്കി.
13അപ്പോൾ തവളകളെപ്പോലിരുന്ന മൂന്ന് അശു
ദ്ധാത്മാക്കളെ ഞാൻ കണ്ടു. അവ മഹാസർപ്പ
ത്തിന്റെയും മൃഗത്തിന്റെയും വ്യാജപ്രവാച
കന്റെയും വായിൽനിന്നാണ് പുറത്തുവന്നത്.
14ഈ അശുദ്ധാത്മാക്കൾ ഭൂതങ്ങളുടെ ആത്മാക്ക
ളാണ്. വീര്യപ്രവൃത്തികൾക്കുള്ള ശക്തി അവർ
ക്കുണ്ട്. ഈ അശുദ്ധാത്മാക്കൾ ലോകം മുഴുവനു
മുള്ള രാജാക്കന്മാരിലേക്കു പുറപ്പെടുന്നു. സർവ്വ
ശക്തനായ ദൈവത്തിന്റെ മഹാദിവസ
ത്തിലെ യുദ്ധത്തിന് രാജാക്കന്മാരെ ഈ അശു
ദ്ധാത്മാക്കൾ സംഘടിപ്പിക്കുന്നു.
15ശ്രദ്ധിക്കൂ, ഞാനൊരു കള്ളനെപ്പോലെ
വരും. ഉണർന്നു തന്റെ വസ്ത്രങ്ങൾ സൂക്ഷിച്ചു
കൊണ്ടിരിക്കുന്നവന് സന്തോഷിക്കാം. എങ്കില
വനു നഗ്നനായി പോകേണ്ടിവരില്ല. ജനമദ്ധ്യ
ത്തിൽ അവനു ലജ്ജിക്കേണ്ടിവരില്ല.”
16അപ്പോൾ, എബ്രായഭാഷയിൽ ഹർമ്മ
ഗെദ്ദോൻ എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത്
അശുദ്ധാത്മാക്കൾ രാജാക്കന്മാരെ ഒരുമിച്ചു കൂട്ടി.
17ഏഴാമത്തെ ദൂതൻ തന്റെ കലശം വായു
വിലേക്കൊഴിച്ചു. അപ്പോൾ ദൈവാലയ
ത്തിലെ സിംഹാസനത്തിൽനിന്ന് ഒരു വലിയ
സ്വരം ഇങ്ങനെ പറഞ്ഞു, “അത് അവസാനി
ച്ചിരിക്കുന്നു” 18അപ്പോൾ അവിടെ മിന്നൽ
പിണരുകളും ശബ്ദകോലാഹലങ്ങളും ഇടിയും
ഒരു വലിയ ഭൂകമ്പവും ഉണ്ടായി. ഭൂമിയിൽ
മനുഷ്യർ നിലനിന്നുപോന്നതിനു ശേഷമുള്ള
ഏറ്റവും ഭീകരമായ ഭൂകമ്പമായിരുന്നു അത്.
19മഹാനഗരം മൂന്നായി പിളർന്നു. രാഷ്ട്രങ്ങ
ളിലെ നഗരങ്ങൾ നശിപ്പിക്കപ്പെട്ടു. മഹാ
ബാബിലോനിനെ ശിക്ഷിക്കാൻ ദൈവം മറ
ന്നില്ല. തന്റെ ക്രോധത്തിന്റെ വീഞ്ഞ് നിറഞ്ഞ
പാത്രം അവൻ നഗരത്തിനു നൽകി. 20എല്ലാ
ദ്വീപുകളും അപ്രത്യക്ഷമായി. ഒരു മലയും
അവശേഷിച്ചില്ല. 21ആകാശത്തുനിന്നും ഓരോ
റാത്തൽ ഭാരമുള്ള കല്ലായി കന്മഴ മനുഷ്യ
രുടെമേൽ പതിച്ചു. കന്മഴ എന്ന ദുരിതത്തെ
ച്ചൊല്ലി ജനങ്ങൾ ദൈവത്തെ ശപിച്ചു. അത്ര
ഭയ ങ്കരമായിരുന്നു ആ ദുരിതം.

മൃഗത്തിന്മേലെ സ്ത്രീ

17 ഏഴു കലശമുള്ള ഏഴു ദൂതന്മാരിലൊ
രാൾ വന്ന് എന്നോടു സംസാരിച്ചു.
ദൂതൻ പറഞ്ഞു, “വരൂ, പ്രസിദ്ധമായ വേശ്യ
യ്ക്ക് ദൈവം എന്തു ശിക്ഷയാണു നൽകാൻ
പോകുന്നതെന്നു ഞാൻ നിനക്കു കാട്ടിത്തരാം.
നിരവധി ജലാശയങ്ങളുടെമേൽ ഇരിക്കുന്നവ
ളാണവൾ. 2ഭൂമിയിലെ രാജാക്കന്മാർ അവളു
മായി ലൈംഗികപാപം ചെയ്തു. അവളുടെ
ലൈംഗികപാപത്തിന്റെ വീഞ്ഞിന്റെ കുടി
യന്മാരായിത്തീർന്നു ഭൂമിയിലെ മനുഷ്യർ.”
3ആ ദൂതൻ ആത്മാവിൽ എന്നെ ഒരു മരുഭൂമി
യിലേക്കു കൂട്ടിക്കൊണ്ടു പോയി. അവിടെ ഒരു
ചുവന്ന മൃഗത്തിന്റെമേൽ കയറിയിരിക്കുന്ന
ഒരു സ്ത്രീയെ ഞാൻ കണ്ടു. മൃഗത്തിന്റെ പുറ
ത്താകെ ദൈവദൂഷണപരമായ പേരുകൾ എഴു
തിയിരുന്നു. മൃഗത്തിന് ഏഴു തലയും പത്തു
കൊമ്പും ഉണ്ടായിരുന്നു. 4അവൾ ധൂമ്രവർ
ണ്ണവും ചുവപ്പും വസ്ത്രങ്ങളണിഞ്ഞിരുന്നു.
സ്വർണ്ണാഭരണങ്ങളും മുത്തുകളും രത്നങ്ങളും
കൊണ്ട് അവൾ വിഭൂഷിതയായിരുന്നു. ഒരു
സ്വർണ്ണപാത്രം അവളുടെ കയ്യിലുണ്ടായിരുന്നു.
വെറുപ്പുളവാക്കുന്ന വസ്തുക്കളും അവളുടെ
ലൈംഗികപാപങ്ങളുടെ അശുദ്ധിയും അതിൽ
നിറഞ്ഞിരുന്നു. 5അവളുടെ നെറ്റിത്തടത്തിൽ
ഒരു നാമം എഴുതിയിരുന്നു. അതിന് ഒരു നിഗൂ
ഢാർത്ഥമുണ്ടായിരുന്നു. ഇങ്ങനെയാണ് എഴുതി
യിരുന്നത്:

മഹാബാബിലോൻ
വേശ്യകളുടെയും ഭൂമിയിലെ
മ്ളേച്ഛതകളുടെയും മാതാവ്.

6ആ സ്ത്രീ മദ്യപിച്ചിരുന്നുവെന്ന് ഞാൻ
കണ്ടു. ദൈവത്തിന്റെ വിശുദ്ധരുടെ രക്തമാണ
വൾ കുടിച്ചിരുന്നത്. യേശുവിൽ തങ്ങളുടെ
വിശ്വാസത്തെപ്പറ്റി പറഞ്ഞവരുടെ രക്തമാണ
വൾ കുടിച്ചത്.
അവളെ കണ്ടപ്പോൾ ഞാൻ പൂർണ്ണമായും
ഞെട്ടിപ്പോയി. 7അപ്പോൾ ദൂതൻ എന്നോടു
പറഞ്ഞു,“എന്താണു നീ ഞെട്ടുന്നത്? ഈ സ്ത്രീ
യുടെയും അവൾ സവാരി ചെയ്യുന്ന, ഏഴു
തലയും പത്തു കൊമ്പുമുള്ള ഈ മൃഗത്തി
ന്റെയും നിഗൂഢാർത്ഥം ഞാൻ നിന്നോടു
പറയാം. 8നീ കണ്ട മൃഗം ഒരിക്കൽ ജീവിച്ചിരുന്നു.
എന്നാൽ ഇപ്പോൾ ജീവിക്കുന്നില്ല. എന്നാൽ
അത് അടിത്തട്ടില്ലാത്ത ഗർത്തത്തിൽനിന്നും
വീണ്ടും വന്ന് നശിക്കും. മൃഗത്തെ കാണുമ്പോൾ
ഭൂവാസികൾ വിസ്മയിക്കും. കാരണം, അത്
ഉണ്ടായിരുന്നു, ഇപ്പോൾ ഇല്ല, ഇനി ഉണ്ടാകും.
ലോകാരംഭം മുതൽ ജീവന്റെ പുസ്തകത്തിൽ
പേരു എഴുതപ്പെടാത്തവരാണ് ആ മനുഷ്യർ.
9“ഇതു മനസ്സിലാക്കാൻ നിനക്കു ജ്ഞാന
മുള്ള മനസ്സു വേണം. മൃഗത്തിന്റെ ഏഴു തല
കൾ ആ സ്ത്രീ ഇരിക്കുന്ന ഏഴു പർവ്വതങ്ങ
ളാണ്. അവർ ഏഴു രാജാക്കന്മാരുമാണ്. 10രാജാ
ക്കന്മാരിൽ അഞ്ചുപേർ മരണമടഞ്ഞു. രാജാക്ക
ന്മാരിൽ ഒരാൾ ഇപ്പോഴും ജീവിക്കുന്നു. അവസാ
നത്തെ രാജാവ് വരികയായി. അവൻ വരു
മ്പോൾ കുറച്ചുനേരം മാത്രമേ തങ്ങുകയുള്ളൂ.
11ഒരിക്കൽ ജീവിച്ചിരുന്നതും ഇപ്പോൾ ജീവിക്കാ
ത്തതും ആയ മൃഗം ഇപ്പോൾ എട്ടാമത്തെ രാജാ
വാണ്. ഈ എട്ടാമത്തെ രാജാവും ആദ്യത്തെ
ഏഴു രാജാക്കന്മാരിൽ ഉൾപ്പെട്ടതാണ്. അവനും
നശിപ്പിക്കപ്പെടും.
12“നീ കാണുന്ന പത്തു കൊമ്പുകൾ പത്തു
രാജാക്കന്മാരാണ്. അവർ ഇതുവരെ തങ്ങളുടെ
രാജ്യത്തിൽ ഭരണം നടത്തിയിട്ടില്ല. എന്നാൽ

മൃഗത്തോടൊപ്പം ഒരു മണിക്കൂർ ഭരിക്കാനുള്ള
അധികാരം ഇവർക്കു ലഭിക്കും. 13ഈ പത്തു
രാജാക്കന്മാർക്കും ഒരേ മനസ്സാണ്. അവർ തങ്ങ
ളുടെ ശക്തിയും അധികാരവും മൃഗത്തിനു നൽ
കും.14അവർ കുഞ്ഞാടിനെതിരെ യുദ്ധം ചെയ്യും.
എന്നാൽ രാജാക്കന്മാരുടെ രാജാവും പ്രഭുക്ക
ന്മാരുടെ കർത്താവുമായ കുഞ്ഞാട് അവരെ
തോല്പിക്കും. അവൻ തന്റെ തെരഞ്ഞെടുത്ത
വിശ്വാസികളായ ശിഷ്യന്മാരും വിളിക്കപ്പെട്ട
വരും മൂലം അവരെ തോല്പിക്കും."
15അപ്പോൾ ദൂതൻ എന്നോടു പറഞ്ഞു, "ആ
വേശ്യയിരിക്കുന്ന ജലാശയം നീ കണ്ടു. അതു
ലോകത്തിലെ വിവിധ രാഷ്ട്രങ്ങളും ജനത
കളും വംശങ്ങളും ഭാഷകളുമാകുന്നു. 16നീ കണ്ട
മൃഗവും പത്തു കൊമ്പുകളും (പത്തു രാജാക്ക
ന്മാർ) വേശ്യയെ വെറുക്കും. അവർ അവൾക്കു
ള്ളതെല്ലാം എടുത്ത് അവളെ നഗ്നയായി
ഉപേക്ഷിക്കും. അവർ മാംസം തിന്നുകയും തീയി
ലിട്ട് എരിക്കുകയും ചെയ്യും. 17അവന്റെ പദ്ധ
തി നിറവേറ്റുന്നതിന് ദൈവം ഈ ആഗ്രഹം
അവരുടെ മനസ്സിൽ വച്ചു. മൃഗത്തിന് ഭരിക്കാൻ
തങ്ങളുടെ അധികാരം നൽകാൻ അവർ സമ്മ
തിച്ചു. ദൈവഹിതം നിറവേറ്റപ്പെടുംവരെ
അവർ ഭരിക്കും. 18ഭൂമിയിലെ രാജാക്കന്മാരെ ഭരി
ക്കുന്ന മഹാനഗരമാണു നീ കണ്ട സ്ത്രീ."

ബാബിലോൻ നശിപ്പിക്കപ്പെട്ടു

18 അപ്പോൾ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ
നിന്നും ഇറങ്ങിവരുന്നതു ഞാൻ കണ്ടു.
ആ ദൂതന് വളരെ ശക്തിയുണ്ട്. ദൂതന്റെ മഹ
ത്വം ഭൂമിയെ പ്രകാശമാനമാക്കി. 2ദൂതൻ ഗംഭീര
സ്വരത്തോടെ ആക്രോശിച്ചു.
"അവൾ നശിപ്പിക്കപ്പെട്ടു! മഹാബാബി
ലോൻ നശിപ്പിക്കപ്പെട്ടു! അവൾ ഭൂതങ്ങളുടെ
വീടായിരിക്കുന്നു. എല്ലാ അശുദ്ധാത്മാക്കളു
ടെയും വീടുമായി, എല്ലാത്തരത്തിലുള്ള നീച
മായ പക്ഷികളുടെയും താവളമായിരിക്കുന്നു
അവൾ. അവൾ അശുദ്ധവും നിന്ദ്യവുമായ മൃഗ
ങ്ങളുടെയും നഗരമായിരിക്കുന്നു.
3ഭൂമിയിലെ എല്ലാ ജനവും അവളുടെ വ്യഭി
ചാരത്തിന്റെ വീഞ്ഞും ദൈവകോപത്തിന്റെ
വീഞ്ഞും കുടിച്ചു. ഭൂമിയിലെ രാജാക്കന്മാർ
അവളുമായി വ്യഭിചരിച്ചു, അവളുടെ കാമ
ചാപല്യങ്ങളുടെ സമ്പത്തുകൊണ്ട് ലോകത്തി
ലെ വ്യാപാരികൾ സമ്പന്നരായി."
4അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽനിന്നും
മറ്റൊരു ശബ്ദം കൂടി കേട്ടു:
"എന്റെ ജനമേ, ആ നഗരത്തിൽനിന്നും പുറ
ത്തു വരിക, അവളുടെ പാപങ്ങളിൽ നിങ്ങൾ
പങ്കാളികളാകാതിരിക്കുക. എങ്കിൽ നിങ്ങൾക്ക
വളുടെമേൽ വരാൻ പോകുന്ന ബാധകളൊന്നും
പങ്കുവയ്ക്കേണ്ടിവരില്ല.
5ആ നഗരത്തിന്റെ പാപങ്ങൾ സ്വർഗ്ഗ
ത്തോളം ഉയരത്തിൽ കൂമ്പാരം കൂട്ടിയിരിക്കുന്നു.
അവളുടെ കുറ്റങ്ങൾ ദൈവം ക്ഷമിച്ചിട്ടില്ല.
6അവൾ മറ്റുള്ളവർക്കു നൽകുന്നത് ആ നഗര
ത്തിനു നൽകുക. അവളുടെ ചെയ്തികൾക്ക്
ഇരട്ടിയോളം പ്രതിഫലം കൊടുക്കുക. അവൾ
മറ്റുള്ളവർക്കായി തയ്യാറാക്കിയ വീഞ്ഞിന്റെ
ഇരട്ടിവീര്യമുള്ള വീഞ്ഞ് അവൾക്കായി ഒരു
ക്കുക.
7അവൾ സ്വയം മഹത്വപ്പെടുത്തുകയും
ആഡംബരത്തോടെ ജീവിയ്ക്കുകയും ചെയ്തു.
അത്രയും തന്നെ കഷ്ടവും ദു:ഖവും അവൾക്കു
നൽകുക. അവൾ സ്വയം പറയുന്നു, ഞാൻ
എന്റെ സിംഹാസനത്തിലിരിക്കുന്ന രാജ്ഞി
യാണ്. ഞാനൊരു വിധവയല്ല, ഞാനൊരി
ക്കലും ദു:ഖിതയാവില്ല.
8അതിനാൽ മരണം, കരച്ചിൽ, മഹാവിശപ്പ്,
എന്നീ ബാധകൾ ഒരു ദിവസം തന്നെ അവളെ
പിടികൂടും. അവൾ തീയിൽ എരിയും. കാരണം,
അവളെ വിധിക്കുന്ന കർത്താവായ ദൈവം
അതിശക്തനാകുന്നു."
9"അവളുമായി വ്യഭിചരിച്ചവരും അവളുടെ
സമ്പത്തു പങ്കുവച്ചവരുമായ ഭൂമിയിലെ രാജാ
ക്കന്മാർ അവൾ എരിയുന്നതിൽനിന്നുള്ള പുക
കാണും. അപ്പോൾ ആ രാജാക്കന്മാർ അവളുടെ
മരണത്തിൽ കരഞ്ഞ് ദു:ഖിതരാകും. 10അവളുടെ
കഷ്ടത്തിൽ അവർ ഭയന്ന് അകന്നു നിൽക്കും.
രാജാക്കന്മാർ പറയും
"ദുരിതം! ദുരിതം! മഹാനഗരമേ, ശക്തമായ
ബാബിലോൻ നഗരമേ! ഒരു മണിക്കൂറിൽ
നിന്റെ ശിക്ഷ നടപ്പായി!"
11"ഭൂമിയിലെ വ്യാപാരികളും അവരുടെ മര
ണത്തിൽ കരയുകയും ദു:ഖിയ്ക്കുകയും ചെ
യ്യും. എന്തെന്നാൽ അവരുടെ സാധനങ്ങൾ
വാങ്ങാൻ ആരും ഉണ്ടാവില്ല. 12സ്വർണ്ണം,
വെള്ളി, രത്നങ്ങൾ, മുത്തുകൾ, രക്താംബരങ്ങൾ,
ധൂമ്രവസ്ത്രം, പട്ട്, ചെമ്പട്ട്, വിലകൂടിയ സുഗ
ന്ധവർഗ്ഗങ്ങൾ, സുഗന്ധ തടി, ആനക്കൊമ്പു
കൊണ്ടുണ്ടാക്കിയ സകലവിധ സാധനങ്ങളും
ഓട്, ഇരുമ്പ്, മാർബിൾ എന്നിവയിലുണ്ടാ
ക്കിയ സാധനങ്ങളും അവർ വിറ്റിരുന്നു. 13കൂടാ
തെ കുറുവാ, സുഗന്ധ വ്യഞ്ജനങ്ങൾ, ധൂപ
വർഗ്ഗം, കുന്തിരിക്കം, മൂര്, സുഗന്ധതൈലങ്ങൾ,
വീഞ്ഞ്, എണ്ണ, നേർത്ത ധാന്യമാവ്, ഗോതമ്പ്,
ആടുമാടുകൾ, കുതിരകൾ, രഥങ്ങൾ, മാനുഷ
ശരീരങ്ങൾ, മാനുഷപ്രാണൻ, എന്നിവയും
അവരുടെ വ്യാപാര സാധനങ്ങളായിരുന്നു.
14"ബാബിലോൺ, നീ ആഗ്രഹിച്ച നല്ല
സാധനങ്ങൾ നഷ്ടമായിരിക്കുന്നു. നിന്റെ
സമ്പന്നവും ആകർഷകവുമായ സാധനങ്ങൾ
അപ്രത്യക്ഷമായിരിക്കുന്നു. ഇനിയും നിനക്ക്
ആ സാധനങ്ങൾ ലഭിക്കില്ല."
15"വ്യാപാരികൾ അവളുടെ കഷ്ടത്തിൽ ഭയ
ക്കുകയും അകന്നു നിൽക്കുകയും ചെയ്യും. ഇവർ
അവൾക്ക് സാധനങ്ങൾ വിറ്റ് ധനികരായവ
രാണ്. അവർ ദു:ഖിക്കുകയും കരയുകയും
ചെയ്യും. 16അവർ പറയും:
'ദുരിതം! മഹാനഗരത്തിന് എത്ര ദുരിതമായ
അവസ്ഥ! അവൾ നേർത്ത വസ്ത്രങ്ങളും ധൂമ്ര
വും ചെങ്കുപ്പായങ്ങളും അണിഞ്ഞിരുന്നു. സ്വർ
ണ്ണവും രത്നങ്ങളും മുത്തുകളുംകൊണ്ട് അവൾ
തിളങ്ങി
17ഈ മുഴുവൻ സമ്പത്തും ഒരു മണിക്കൂറിൽ
നശിപ്പിക്കപ്പെട്ടിരിക്കുന്നു!'
"എല്ലാ കപ്പിത്താന്മാരും എല്ലാ കപ്പൽ യാത്ര
ക്കാരും നാവികരും കടലിലെ എല്ലാ വ്യാപാരി
കളും അവളിൽനിന്ന് അകന്നുനിന്നു. 18അവൾ
എരിയുന്നതിന്റെ പുക കണ്ടു. അവർ ഉച്ച
ത്തിൽ പറഞ്ഞു, 'ഇതുപോലൊരു മഹാനഗരം
വേറെയുണ്ടായിരുന്നില്ല!' 19അവർ തലയിൽ
പൊടിവാരിയിട്ടു. അവർ ദു:ഖിച്ചുകരയുകയും
ഉച്ചത്തിൽ വിലപിച്ചു പറയുകയും ചെയ്തു:
'ദുരിതം, ദുരിതം, മഹാനഗരമേ കടലിൽ കപ്പ
ലുകളുള്ളവർ അവളുടെ സമ്പത്തുകൊണ്ടു
ധനികരായി. പക്ഷേ അവൾ ഒരു മണിക്കൂറു
കൊണ്ട് തകർക്കപ്പെട്ടു!

20ഓ! സ്വർഗ്ഗമേ ഇതിനാൽ സന്തോഷിക്കു
വിൻ! ദൈവത്തിന്റെ വിശുദ്ധരേ, അപ്പൊസ്ത
ലന്മാരേ, പ്രവാചകരേ സന്തോഷിപ്പിൻ!
അവൾ നിങ്ങളോടു ചെയ്തവയുടെ അടി
സ്ഥാനത്തിൽ ദൈവം അവളെ ശിക്ഷിച്ചി
രിക്കുന്നു.'''
21ശക്തനായ ഒരു ദൂതൻ ഒരു വലിയ പാറ
യെടുത്തു. അതൊരു വലിയ തിരികല്ലിനോളം
വലുതായിരുന്നു. ദൂതൻ കല്ല് സമുദ്രത്തിലേക്കെ
റിഞ്ഞുകൊണ്ടു പറഞ്ഞു

"അങ്ങനെയാണ് ബാബിലോൻനഗരം വലി
ച്ചെറിയപ്പെടുക. പിന്നീട് നഗരം അവശേഷി
ക്കില്ല.
22വീണ വായിക്കുന്നവരുടെയും പുല്ലാങ്കുഴൽ,
കാഹളം എന്നിവ വായിക്കുന്ന സംഗീതജ്ഞരു
ടെയും സംഗീതം നിന്നിൽ മുഴങ്ങുകയില്ല. ഒരു
കരകൗശലശില്പിയും ഇനി നിന്നിൽ കാണപ്പെ
ടുകയില്ല. തിരികല്ലിന്റെ ശബ്ദം നിന്നിൽ
ഇനി കേൾക്കില്ല.
23ഒരു വിളക്കിന്റെ പ്രകാശം നിന്നിലിനി
തെളിയുകയില്ല. വധൂവരന്മാരുടെ ശബ്ദം
നിന്നിലിനി കേൾക്കില്ല. നിന്റെ വ്യാപാരികൾ
ലോകത്തിലെ ഏറ്റവും മഹാന്മാരായിരുന്നു.
ജനതയെല്ലാം നിന്റെ മായാജാലത്താൽ വഞ്ചി
തരായി.
24പ്രവാചകരുടെയും ദൈവത്തിന്റെ വിശു
ദ്ധരുടെയും ഭൂമിയിൽ കൊല്ലപ്പെട്ട എല്ലാവരു
ടെയും രക്തത്തിന് അവളാണുത്തരവാദി."

സ്വർഗ്ഗവാസികൾ ദൈവത്തെ സ്തുതിക്കുന്നു

19 അതിനുശേഷം സ്വർഗ്ഗത്തിൽ വലി
യോരു ജനക്കൂട്ടത്തിന്റേതുപോലെ
വലിയ ശബ്ദം ഞാൻ കേട്ടു. അവർ പറയു
കയായിരുന്നു:

"ഹല്ലെലൂയ്യാ! വിജയവും മഹത്വവും ശക്തി
യും നമ്മുടെ ദൈവത്തിന്റേതാകുന്നു.
2അവന്റെ വിധികൾ സത്യസന്ധവും ന്യായ
യുക്തവുമാകുന്നു. മഹാവേശ്യാസ്ത്രീയെ നമ്മു
ടെ ദൈവം ശിക്ഷിച്ചു. വേശ്യാവൃത്തി വഴി
ഭൂമിയെ ദുഷിപ്പിച്ചവളാണവൾ. തന്റെ ദാസ
ന്മാരുടെ രക്തത്തിന് ദൈവം ആ വേശ്യയെ
ശിക്ഷിച്ചിരിക്കുന്നു."
3അവൻ ഒരിക്കൽ കൂടി പറഞ്ഞു:

"ഹല്ലെലൂയ്യാ! അവൾ എരിയുന്നതിന്റെ
പുക എന്നെന്നും ഉയർന്നുകൊണ്ടിരിക്കും."
4അപ്പോൾ ഇരുപത്തിനാലു മൂപ്പന്മാരും
നാലു ജീവനുള്ള ജന്തുക്കളും നമസ്കരിച്ചു.
അവർ സിംഹാസനസ്ഥനായ ദൈവത്തെ
സ്തുതിച്ചു. അവർ പറഞ്ഞു

"ആമേൻ, ഹല്ലെലൂയ്യാ!"
5അപ്പോൾ സിംഹാസനത്തിൽനിന്നൊരു
ശബ്ദം വന്നു

"ദൈവത്തെ സേവിക്കുന്ന നിങ്ങളെല്ലാം
നമ്മുടെ ദൈവത്തെ സ്തുതിക്കുക! ദൈവത്തെ
ആദരിക്കുന്ന ചെറിയവരും വലിയവരുമായ
നിങ്ങൾ നമ്മുടെ ദൈവത്തെ സ്തുതിക്കുക!"
6അപ്പോൾ വലിയൊരു ജനക്കൂട്ടത്തിന്റെ
ആരവംപോലെ ഞാൻ കേട്ടു. അതു ജല
പ്രവാഹംപോലെയും ശക്തിയായ ഇടിമുഴക്കം
പോലെയുമായിരുന്നു. ആളുകൾ ഇങ്ങനെ പറ
യുകയായിരുന്നു

"ഹല്ലെലൂയ്യാ! നമ്മുടെ കർത്താവും സർവ്വ
ശക്തനുമായ ദൈവം ഭരിക്കുന്നു.
7നമുക്ക് ആഹ്ളാദിച്ചുല്ലസിച്ച് ദൈവത്തെ
മഹത്വപ്പെടുത്താം! കുഞ്ഞാടിന്റെ വിവാഹം
അടുത്തിരിക്കുന്നതിനാൽ ദൈവത്തെ മഹത്വ
പ്പെടുത്തുക. അവന്റെ മണവാട്ടി സ്വയം ഒരു
ങ്ങിക്കഴിഞ്ഞു.
8അവൾക്കു ധരിക്കാൻ നൽകപ്പെട്ട നേർത്ത
ശണവസ്ത്രമാകട്ടെ തിളക്കമേറിയതും ശുദ്ധവു
മായിരുന്നു."

(ദൈവത്തിന്റെ വിശുദ്ധരുടെ സൽപ്രവർ
ത്തികളാണ് നേർത്ത ശണവസ്ത്രം അർത്ഥമാ
ക്കുന്നത്.)
9അപ്പോൾ ദൂതൻ എന്നോടു പറഞ്ഞു, "ഇതെ
ഴുതുക: കുഞ്ഞാടിന്റെ വിവാഹസദ്യയ്ക്ക് ക്ഷ
ണിക്കപ്പെട്ടവർ അനുഗ്രഹീതർ!" അപ്പോൾ
ദൂതൻ പറഞ്ഞു, "ഇതു ദൈവത്തിന്റെ സത്യ
വചനങ്ങളാകുന്നു."
10അനന്തരം ഞാൻ ദൂതനെ നമസ്കരിക്കു
വാൻ അവന്റെ പാദത്തിങ്കൽ മുട്ടുകുത്തി.
പക്ഷേ ദൂതൻ എന്നോടു പറഞ്ഞു, "എന്നെ
നമസ്കരിക്കരുത്! ഞാൻ നിന്നെപ്പോലെയും
നിന്റെ സഹോദരന്മാരെപ്പോലെയും യേശുവി
നെക്കുറിച്ച് സാക്ഷ്യം നൽകുന്ന ഒരു ദാസ
നാണ്. അതുകൊണ്ട് ദൈവത്തെ നമസ്കരി
ക്കുക. എന്തെന്നാൽ പ്രവചനത്തിന്റെ
ആത്മാവ് യേശുവിന്റെ സത്യമാണല്ലോ."

വെള്ളക്കുതിരപ്പുറത്തെ യാത്രികൻ

11അപ്പോൾ സ്വർഗ്ഗം തുറന്നത് ഞാൻ കണ്ടു.
അവിടെ എനിക്കു മുമ്പിൽ ഒരു വെള്ളക്കു
തിരയുണ്ടായിരുന്നു. അതിന്മേൽ സവാരി
ചെയ്യുന്നവൻ വിശ്വസ്തനെന്നും സത്യവാ
നെന്നും വിളിക്കപ്പെട്ടിരുന്നു. അവൻ നീതി
പൂർവ്വം വിധിക്കുകയും യുദ്ധം ചെയ്യുകയും
ചെയ്യുന്നു. 12അവന്റെ കണ്ണുകൾ കത്തുന്ന തീ
പോലെയായിരുന്നു. അവന്റെ തലയിൽ അന
വധി കിരീടങ്ങളുണ്ടായിരുന്നു. അവന്റെമേൽ
ഒരു പേര് എഴുതപ്പെട്ടിരുന്നുവെങ്കിലും അതെ
ന്തെന്ന് അവനു മാത്രമേ അറിയാമായിരുന്നുള്ളൂ.
മറ്റാർക്കും ആ പേരറിയുമായിരുന്നില്ല. 13രക്ത
ത്തിൽ മുക്കിയ ഒരു നീളൻ കുപ്പായം അവൻ
ധരിച്ചിരുന്നു. ദൈവവചനം എന്നായിരുന്നു
അവന്റെ നാമം. 14സ്വർഗ്ഗത്തിലെ സേനകൾ
വെള്ളക്കുതിരപ്പുറത്ത് അവനെ പിന്തുടർന്നി
രുന്നു. നേർത്തതും വെളുത്തതും വൃത്തിയുള്ളതു
മായ ശണവസ്ത്രം അവർ ധരിച്ചിരുന്നു. 15അ
വന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ
പുറത്തേക്കുവരുന്നു. ഈ വാൾകൊണ്ടാണ്
അവൻ രാഷ്ട്രങ്ങളെ തോല്പിക്കുക. അവൻ ഒരു
ഇരുമ്പുവടി ഉപയോഗിച്ച് രാജ്യങ്ങളെ ഭരിക്കും.
സർവ്വശക്തനായ ദൈവത്തിന്റെ ഭീകരമായ
കോപത്തിന്റെ മുന്തിരിച്ചക്കിൽ അവൻ
മുന്തിരി പിഴിഞ്ഞെടുക്കും. 16അവന്റെ കുപ്പാ
യത്തിലും തുടയിലും ഈ നാമം എഴുതിയി
രുന്നു:

രാജാക്കന്മാരുടെ രാജാവും
പ്രഭുക്കന്മാരുടെ പ്രഭുവും.

17അപ്പോൾ ഒരു ദൂതൻ സൂര്യനിൽ നിൽക്കു
ന്നതു ഞാൻകണ്ടു. ദൂതൻ അത്യുച്ചത്തിൽ ആകാ
ശത്തു പറക്കുന്ന മുഴുവൻ പക്ഷികളോടുമായി
പറഞ്ഞു, "ദൈവത്തിന്റെ മഹാതിരുവത്താഴ
ത്തിനായി കൂടിവരിക. 18രാജാക്കന്മാരുടെയും
സേനാധിപന്മാരുടെയും പ്രസിദ്ധരുടെയും

മാംസം കഴിക്കുന്നതിനായി വരിക. കുതിരകളു
ടെയും, കുതിരയുടെമേൽ സവാരി ചെയ്യുന്ന
വരുടെയും സ്വതന്ത്രർ, അടിമകൾ, ചെറിയ
വൻ, വലിയവൻ എന്നിവരടക്കം എല്ലാ മനുഷ്യ
രുടെയും മാംസം ഭക്ഷിക്കാൻ വരിക."
19അപ്പോൾ ഞാൻ മൃഗത്തെയും ഭൂമിയിലെ
രാജാക്കന്മാരെയും കണ്ടു. അവരുടെ സൈന്യ
ങ്ങൾ കുതിരസവാരിക്കാരനോടും അവന്റെ
സൈന്യത്തോടും യുദ്ധം ചെയ്യാൻ ഒന്നിച്ചു
കൂടി. 20പക്ഷേ മൃഗം പിടിക്കപ്പെട്ടു. വ്യാജപ്രവാ
ചകനും പിടിക്കപ്പെട്ടു. മൃഗത്തിനുവേണ്ടി വീര്യ
പ്രവൃത്തികൾ ചെയ്തവനായിരുന്നു ആ വ്യാജ
പ്രവാചകൻ. മൃഗത്തിന്റെ അടയാളമുള്ളവരും
അവന്റെ വിഗ്രഹത്തെ നമസ്കരിക്കുന്നവരു
മായവരെ വഞ്ചിക്കാനാണ് വ്യാജപ്രവാചകൻ
ഈ അത്ഭുതങ്ങൾ പ്രവർത്തിച്ചത്. ഗന്ധകം
എരിയുന്ന തീത്തടാകത്തിലേക്ക് വ്യാജപ്രവാ
ചകനും മൃഗവും ജീവനോടെ എറിയപ്പെട്ടു.
21അവരുടെ സൈന്യങ്ങൾ കുതിരക്കാരന്റെ വാ
യിൽനിന്നും വന്ന വാളിനാൽ കൊല്ലപ്പെട്ടു.
പക്ഷികളെല്ലാം വയറു നിറയെ ഈ ശരീരങ്ങൾ
തിന്നു.

ആയിരം വർഷം

20 സ്വർഗ്ഗത്തിൽനിന്നൊരു ദൂതൻ ഇറങ്ങി
വരുന്നതു ഞാൻ കണ്ടു. അടിത്തട്ടില്ലാത്ത
ഗർത്തത്തിലേക്കുള്ള താക്കോൽ ദൂതന്റെ കയ്യി
ലുണ്ടായിരുന്നു. ദൂതന്റെ കയ്യിൽ ഒരു വലിയ
ചങ്ങലയുമുണ്ടായിരുന്നു. 2ദൂതൻ മഹാസർപ്പ
ത്തെയും പിടിച്ചിരുന്നു. പുരാതന സർപ്പം-
അവൻ സാത്താൻ അഥവാ പിശാചും ആണ്.
ദൂതൻ അവനെ ആയിരം വർഷം ചങ്ങലയിൽ
ബന്ധിച്ചു. 3മഹാസർപ്പത്തെ അടിത്തട്ടില്ലാത്ത
ഗർത്തത്തിലേക്കെറിഞ്ഞു. ദൂതൻ എന്നിട്ട് ഗർ
ത്തം അടച്ച് തഴുതിട്ടു. ആയിരം വർഷത്തേക്ക്
ഭൂമിയിലെ മനുഷ്യരെ മഹാസർപ്പം വഞ്ചിക്കാ
തിരിക്കാനാണവൻ അങ്ങനെ ചെയ്തത്.
ആയിരം വർഷങ്ങൾക്കുശേഷം അല്പനേരത്തേ
ക്കു മഹാസർപ്പം സ്വതന്ത്രനാക്കപ്പെടും.
4അപ്പോൾ ഏതാനും സിംഹാസനങ്ങളിന്മേൽ
കുറെപ്പേർ ഇരിക്കുന്നതു ഞാൻ കണ്ടു. ന്യായം
വിധിക്കാൻ അവർക്കു അധികാരം കൊടുത്തി
രുന്നു. യേശുവിന്റെ സത്യത്തോടും ദൈവവച
നത്തോടും വിശ്വസ്തരായിരുന്നതുകൊണ്ട് തല
മുറിക്കപ്പെട്ടവരുടെ ദേഹികളെയും ഞാൻ
കണ്ടു. അവർ മൃഗത്തെയോ അവന്റെ വിഗ്രഹ
ത്തെയോ നമസ്കരിച്ചിരുന്നില്ല. നെറ്റിയിലോ
കയ്യിലോ മൃഗത്തിന്റെ അടയാളം അവർ സ്വീ
കരിച്ചിരുന്നില്ല. അവർ വീണ്ടും ജീവിക്കുകയും
ക്രിസ്തുവിനോടൊത്ത് ആയിരം വർഷം വാണ
രുളുകയും ചെയ്തു. 5(മരിച്ച മറ്റുള്ളവർ ആയിരം
വർഷം കഴിയുവോളം വീണ്ടും ജീവിച്ചതേ
യില്ല.) അത് മരിച്ചവരുടെ ആദ്യത്തെ ഉയിർ
ത്തെഴുന്നേല്പായിരുന്നു. 6ഈ ആദ്യത്തെ ഉയിർ
ത്തെഴുന്നേല്പിൽ പങ്കു പറ്റിയ ഏവരും അനുഗ്ര
ഹീതരും വിശുദ്ധരും ആണ്. രണ്ടാമത്തെ മരണ
ത്തിന് ആ ആളുകളുടെമേൽ യാതൊരധികാ
രവുമില്ല. അവർ ദൈവത്തിന്റെയും ക്രിസ്തു
വിന്റെയും പുരോഹിതരായിരിക്കും. അവർ
അവനോടൊപ്പം ആയിരം വർഷം ഭരിക്കും.

സാത്താന്റെ പരാജയം

7ആയിരം വർഷം പൂർത്തിയായിക്കഴിയു
മ്പോൾ അടിത്തട്ടില്ലാത്ത ഗർത്തത്തിൽ തട
വിൽ കിടക്കുന്ന സാത്താൻ മോചിതനാകും.
8സാത്താൻ ഭൂമിയെയാകെ-ഗോഗ് മാഗോഗ്
മുതലായ രാഷ്ട്രങ്ങളെ വഞ്ചിക്കാൻ പുറ
പ്പെടും. അവൻ ജനങ്ങളെ യുദ്ധത്തിനു സജ്ജ
മാക്കും. കടൽപ്പുറത്തെ മണൽത്തരികൾ
പോലെ അനേകം പേർ ഉണ്ടാകും. 9സാത്താ
ന്റെ സൈന്യം ഭൂമി മുറിച്ചുകടന്ന് ദൈവത്തി
ന്റെയാൾക്കാർ വസിക്കുന്ന സങ്കേതത്തിനും
ദൈവം സ്നേഹിക്കുന്ന നഗരത്തിനും ചുറ്റിൽ
ഒത്തു കൂടി. പക്ഷേ സ്വർഗ്ഗത്തിൽനിന്നു വന്ന
അഗ്നി സാത്താന്റെ സൈന്യത്തെ നശി
പ്പിച്ചു. 10ആ ജനങ്ങളെ വഞ്ചിച്ച പിശാച്
മൃഗത്തോടും വ്യാജപ്രവാചകനോടുമൊപ്പം
ഗന്ധകം എരിയുന്ന തീയിലേക്കെറിയപ്പെട്ടു.
അവിടെയവർ എന്നെന്നേക്കും രാപ്പകൽ പീഢി
പ്പിക്കപ്പെടും.

ഭൂമിയിലെ ജനത വിധിയ്ക്കപ്പെട്ടു

11അപ്പോൾ ഞാൻ വലിയൊരു വെള്ള
സിംഹാസനവും അതിലിരിക്കുന്നവനെയും
കണ്ടു. ഭൂമിയും ആകാശവും അവനിൽനിന്ന്
ഓടിയകന്ന് അപ്രത്യക്ഷമായി. 12മരിച്ചവരായ
ചെറിയവരെയും, വലിയവരെയും സിംഹാ
സനത്തിനു മുമ്പിൽ കണ്ടു. ചില പുസ്തക
ങ്ങൾ തുറക്കപ്പെട്ടു. ജീവന്റെ പുസ്തകവും
തുറക്കപ്പെട്ടിരുന്നു. മരിച്ചവർ തങ്ങളുടെ പ്രവൃ
ത്തികൾകൊണ്ട് വിധിക്കപ്പെട്ടു. ഇക്കാര്യങ്ങ
ളാണ് ആ പുസ്തകങ്ങളിൽ എഴുതിയിരിക്കു
ന്നത്. 13സമുദ്രം അതിലുണ്ടായിരുന്ന മരിച്ച
വരെ കൈവിട്ടു. മരണവും പാതാളവും തങ്ങളി
ലുള്ള മരിച്ചവരെ ഉപേക്ഷിച്ചു. ഓരോരുത്തരും
തങ്ങളുടെ പ്രവൃത്തികൾകൊണ്ട് വിധിക്ക
പ്പെട്ടു. 14മരണവും പാതാളവും തീത്തടാക
ത്തിലേക്ക് എറിയപ്പെട്ടു. ആ തീത്തടാകം രണ്ടാം
മരണമായിരുന്നു. 15ജീവന്റെ പുസ്തകത്തിൽ
പേരു എഴുതിക്കാണപ്പെടാത്തവരൊക്കെ തീത്ത
ടാകത്തിലേക്കെറിയപ്പെട്ടു.

പുതിയ യെരൂശലേം

21 അനന്തരം ഞാനൊരു പുതിയ സ്വർ
ഗ്ഗവും പുതിയ ഭൂമിയും* കണ്ടു. ആദ്യ
ത്തെ സ്വർഗ്ഗവും ആദ്യത്തെ ഭൂമിയും അപ്രത്യ
ക്ഷമായി. ഇപ്പോളവിടെ കടലുമില്ല. 2വിശുദ്ധ
നഗരം സ്വർഗ്ഗത്തിൽ ദൈവത്തിൽ നിന്നിറങ്ങി
വരുന്നതും ഞാൻ കണ്ടു. ആ വിശുദ്ധനഗരം
പുതിയ യെരൂശലേമാകുന്നു.* അത് ഭർത്താവി
നുവേണ്ടി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോ
ലെ ഒരുങ്ങിയിരിക്കുന്നു. 3ഞാൻ സിംഹാസന
ത്തിൽനിന്നൊരു വലിയ ശബ്ദം കേട്ടു. ശബ്ദം
പറഞ്ഞു, "ഇതാ ദൈവത്തിന്റെ വസതി ജന
ങ്ങളുടേതായിരിക്കുന്നു. അവൻ അവരോ
ടൊത്തു വസിക്കും. അവർ അവന്റെയാളുകളാ
കും. ദൈവം സ്വയം അവരോടൊത്തുണ്ടാകുക
യും അവരുടെ ദൈവമായിരിക്കുകയും ചെയ്യും.
4ദൈവം അവരുടെ കണ്ണുകളിൽനിന്നും എല്ലാ
കണ്ണുനീരും തുടച്ചുകളയും. ഇനി മരണവും
ദു:ഖവും കരച്ചിലും വേദനയുമുണ്ടാവില്ല.
എല്ലാ പഴയവഴികളും അവസാനിച്ചു."
5സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു,
"ഇതാ! ഞാനെല്ലാം പുതിയതാക്കുന്നു!" എന്നിട്ട്

"പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും" ഉദ്ധരണി യെശ. 65:17; 66:22; 2പത്രൊ. 3:13.

പുതിയ യെരൂശലേം ദൈവത്തിന്റെ ജനത അവനോടൊപ്പം വസിക്കുന്ന ആത്മീയ നഗരം.

അവൻ പറഞ്ഞു, “ഇങ്ങനെയെഴുതുക, എന്തെ
ന്നാൽ ഈ വാക്കുകൾ സത്യവും വിശ്വസനീയ
വുമാകുന്നു.”

6സിംഹാസനത്തിലിരിക്കുന്നവൻ എന്നോടു
പറഞ്ഞു, “അതവസാനിച്ചു! അൽഫയും ഒമേ
ഗയും ആദിയും അന്തവും ഞാനാകുന്നു. ദാഹി
ക്കുന്നവന് ഞാൻ ജീവന്റെ നീരുറവയിൽ
നിന്നും സൗജന്യമായി ജലം നൽകും. 7ജേതാ
വിന് ഇതെല്ലാം ലഭിക്കും. ഞാൻ അവന്റെ
ദൈവവും അവനെന്റെ പുത്രനും ആയിരിക്കും.
8എന്നാൽ ഭീരുക്കളും വിശ്വസിക്കാൻ കൂട്ടാക്കാ
ത്തവരും നിന്ദ്യമായ പ്രവർത്തനങ്ങൾ ചെയ്യു
ന്നവരും കൊലയാളികളും വ്യഭിചാരികളും
ആഭിചാരക്കാരും വിഗ്രഹാരാധകരും നുണയ
ന്മാരും അടക്കം എല്ലാവരും ഗന്ധകത്തീത്തടാ
കത്തിൽ പതിക്കും. ഇതാണു രണ്ടാം മരണം.”

9ഏഴു ദൂതന്മാരിലൊരാൾ എന്നെസമീപിച്ചു.
അവസാനത്തെ ഏഴു ദുരിതങ്ങൾ നിറച്ച ഏഴു
കലശങ്ങളിലൊന്ന് വഹിച്ചിരുന്ന ഒരു ദൂതനാ
യിരുന്നു അത്. ദൂതൻ പറഞ്ഞു, “എന്നോടൊ
ത്തുവരിക. കുഞ്ഞാടിന്റെ കാന്തയായ മണ
വാട്ടിയെ ഞാൻ കാട്ടിത്തരാം.”10ദൂതൻ എന്നെ
ആത്മാവിൽ എടുത്ത് വളരെ വലിയതും ഉയരം
കൂടിയതുമായ പർവ്വതത്തിലിരുത്തി. ദൂതൻ
എന്നെ വിശുദ്ധനഗരമായ യെരൂശലേം കാണി
ച്ചു. നഗരം സ്വർഗ്ഗസ്ഥനായ ദൈവത്തിൽ
നിന്നും താഴേക്കിറങ്ങിവരികയായിരുന്നു. 11ന
ഗരം ദൈവത്തിന്റെ മഹത്വത്താൽ തിളങ്ങുന്നു
ണ്ടായിരുന്നു. അത്യപൂർവ്വമായ ഇന്ദ്രനീലം
പോലെ അതു തിളങ്ങിയിരുന്നു. സ്ഫടികം
പോലെ അതു വളരെ വ്യക്തമായിരുന്നു. 12നഗര
ത്തിനു പന്ത്രണ്ടു കവാടങ്ങൾ ഉള്ള ഒരു ഉയർന്ന
മതിലുണ്ടായിരുന്നു. കവാടങ്ങളിൽ പന്ത്രണ്ടു
ദൂതന്മാർ ഉണ്ടായിരുന്നു. ഓരോ കവാടത്തിലും
യിസ്രായേലിലെ പന്ത്രണ്ടു വംശത്തിലൊ
ന്നിന്റെ വീതം പേര് എഴുതിവച്ചിരുന്നു. 13കിഴ
ക്കും പടിഞ്ഞാറും തെക്കും വടക്കും മൂന്നു കവാ
ടങ്ങൾ വീതമായിരുന്നു. 14പന്ത്രണ്ട് അടിക്കല്ലുക
ളിലായിരുന്നു നഗരഭിത്തി നിർമ്മിച്ചിരുന്നത്.
കല്ലുകളിൽ കുഞ്ഞാടിന്റെ അപ്പൊസ്തല
ന്മാരുടെ പേരുകൾ എഴുതിയിരുന്നു.

15എന്നോടു സംസാരിച്ചിരുന്ന ദൂതന്റെ
കയ്യിൽ ഒരു സ്വർണ്ണ അളവുകോലുണ്ടായി
രുന്നു. ഇത് നഗരവും അതിന്റെ കവാടങ്ങളും
മതിലും അളക്കുന്നതിന് ആയിരുന്നു. 16സമചതു
രത്തിലായിരുന്നു നഗരം പണിതിരുന്നത്.
നീളവും വീതിയും തുല്യം. ദൂതൻ അളവുകോൽ
കൊണ്ട് നഗരത്തെ അളന്നു. പന്തീരായിരം
സ്താദിയ * നീളവും പന്തീരായിരം സ്താദിയ
വീതിയും പന്തീരായിരം സ്താദിയ ഉയരവും.
17ഭിത്തിയും ദൂതൻ അളന്നു. നൂറ്റിനാല്പത്തിനാല്
മുഴം. ഉയരം മനുഷ്യരുടെ അളവനുസരിച്ചു
ണ്ടായിരുന്നു. ദൂതന്റെ അളവനുസരിച്ചും അത്ര
തന്നെ. 18സൂര്യകാന്തക്കല്ലു കൊണ്ടായിരുന്നു
ഭിത്തി കെട്ടിയിരുന്നത്. സ്ഫടികത്തെപ്പോലെ
നിർമ്മലമായ ശുദ്ധമായ സ്വർണ്ണംകൊണ്ട്
നഗരം പണിയപ്പെട്ടിരുന്നു. 19നഗരഭിത്തി യുടെ
അടിക്കല്ലുകളിൽ വിലകൂടിയ രത്നങ്ങളുണ്ടായി
രുന്നു. ആദ്യത്തെ മൂലക്കല്ല് സൂര്യകാന്തം, രണ്ടാ
മത്തേത് ഇന്ദ്രനീലം, മൂന്നാമത്തേതു വൈഡൂ
ര്യം, നാലാമത്തേതു മരതകം, അഞ്ചാമത്തേതു
ഗോമേദകം,20ആറാമത്തേതു മാണിക്യം, ഏഴാമ
ത്തേതു ചന്ദ്രകാന്തം, എട്ടാമത്തേതു പത്മരാഗം,
ഒമ്പതാമത്തേതു പുഷ്യരാഗം, പത്താമത്തേതു
പവിഴം, പതിനൊന്നാമത്തേതു നീലം, പന്ത്ര
ണ്ടാമത്തേതു ശ്യാമള വൈഢൂര്യം. 21പന്ത്രണ്ടുക
വാടങ്ങൾ പന്ത്രണ്ടു മുത്തുകളായിരുന്നു. നഗര
വീഥി ശുദ്ധസ്വർണ്ണംകൊണ്ടും. അത് സ്ഫടികം
പോലെ സുതാര്യവുമായിരുന്നു.

22ഞാൻ നഗരത്തിലെ ദൈവാലയം കണ്ടില്ല.
സർവ്വശക്തനായ ദൈവവും കുഞ്ഞാടുമാണ്
നഗരത്തിന്റെ ദൈവാലയം. 23നഗരത്തിൽ സൂ
ര്യനോ ചന്ദ്രനോ പ്രകാശിക്കേണ്ടതില്ലായിരു
ന്നു. ദൈവത്തിന്റെ മഹത്വം നഗരത്തിനു
പ്രകാശമരുളുന്നു. കുഞ്ഞാടാകുന്നു നഗരത്തി
ന്റെ വിളക്ക്. 24കുഞ്ഞാട് നൽകുന്ന വെളിച്ച
ത്തിൽ ലോകർ നടക്കും. ഭൂമിയിലെ രാജാക്ക
ന്മാർ തങ്ങളുടെ മഹത്വം നഗരത്തിലേക്കു കൊ
ണ്ടുവരും. 25രാത്രി ഇല്ലാത്തതിനാൽ നഗരകവാ
ടങ്ങൾ ഒരു ദിവസവും അടയുകയില്ല. 26രാജ്യ
ങ്ങളുടെ മഹിമയും പ്രതാപവും നഗരത്തിൽ
കൊണ്ടുവരപ്പെടും. 27അശുദ്ധികളൊന്നും ഒരിക്ക
ലും നഗരത്തിൽ പ്രവേശിക്കില്ല. നാണംകെട്ടവ
പ്രവർത്തിക്കുന്നവനോ നുണയനോ ഒരിക്കലും
നഗരത്തിൽ പ്രവേശിക്കില്ല. കുഞ്ഞാടിന്റെ ജീ
വന്റെ പുസ്തകത്തിൽ പേർചേർക്കപ്പെട്ടവ
ർക്കു മാത്രമേ നഗരത്തിൽ പ്രവേശിക്കാൻ
കഴിയൂ.

22 അപ്പോൾ ജീവജലത്തിന്റെ നദി ദൂതൻ
എനിക്കു കാട്ടിത്തന്നു. നദി സ്ഫടികം
പോലെ പ്രകാശമാനമായിരുന്നു. ദൈവത്തി
ന്റെയും കുഞ്ഞാടിന്റെയും സിംഹാസന
ത്തിൽ നിന്നു നദി ഒഴുകുന്നു. 2നഗരവീഥിയുടെ
മദ്ധ്യത്തിലൂടെ അതൊഴുകുന്നു. നദിയുടെ ഇരു
കരകളിലുമായി ജീവന്റെ വൃക്ഷം നിന്നിരുന്നു.
വർഷത്തിൽ പന്ത്രണ്ടുപ്രാവശ്യം മരം ഫലമു
ണ്ടാക്കും. എല്ലാ മാസവും അതു ഫലംനൽകുന്നു.
ജനങ്ങളുടെ രോഗശാന്തിക്കുതകുന്നതാണ് മര
ത്തിന്റെ ഇലകൾ. 3ദൈവം കുറ്റകരമെന്ന്
വിധിക്കുന്ന യാതൊന്നും നഗരത്തിലുണ്ടായിരു
ന്നില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും
സിംഹാസനം നഗരത്തിലുണ്ടാകും. ദൈവ
ത്തിന്റെ ദാസന്മാർ അവനെ നമസ്കരിക്കും.
4അവർ അവന്റെ മുഖം കാണും. അവരുടെ
നെറ്റിമേൽ ദൈവത്തിന്റെ നാമം എഴുതപ്പെട്ടി
രിക്കും. 5അവിടെ ഇനി രാത്രിയുണ്ടാവില്ല. ആളു
കൾക്കിനി ഒരു വിളക്കിന്റെയോ സൂര്യന്റെ
യോ പ്രകാശം ആവശ്യമില്ല. കർത്താവായ
ദൈവം അവർക്കു പ്രകാശം നൽകും. പിന്നീട
വർ എന്നെന്നേക്കും രാജാക്കന്മാരെപ്പോലെ
വാണരുളും.

6ദൂതൻ എന്നോടു പറഞ്ഞു, “ഈ വാക്കുകൾ
സത്യവും വിശ്വസനീയവുമാകുന്നു. പ്രവാച
കരുടെ ആത്മാക്കളുടെ ദൈവം കർത്താവാ
കുന്നു. അടുത്തു തന്നെ സംഭവിക്കാനിരിക്കുന്ന
കാര്യങ്ങൾ തന്റെ ദാസന്മാർക്കു കാട്ടിക്കൊ
ടുക്കുവാൻ ദൈവം തന്റെ ദൂതനെ അയച്ചു.”

7“ശ്രദ്ധിക്കൂ, ഞാനുടൻ വരുന്നു! ഈ ഗ്രന്ഥ
ത്തിലെ പ്രവചനത്തിന്റെ വാക്കുകളനുസരി
ക്കുന്നവർ അനുഗ്രഹീതർ.”

8“ഞാൻ യോഹന്നാനാകുന്നു. ഇതെല്ലാം
കാണുകയും കേൾക്കുകയും ചെയ്ത ഒരുവൻ.
ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്ത
തിനുശേഷം ഞാൻ ദൂതന്റെ കാൽക്കൽവീണു
നമസ്കരിച്ചു. 9പക്ഷേ ദൂതൻ എന്നോടു പറ
ഞ്ഞു, “എന്നെ നമസ്കരിക്കരുത്. ഞാൻ നിന്നെ

സ്താദിയ ഒരു സ്താദിയോൺ ഏകദേശം 200 വാര
യാണ്. ഒരു റോമൻ മൈലിന്റെ എട്ടിലൊന്ന്.

പ്പോലെയും സഹോദരന്മാരായ പ്രവാചകന്മാ
രെപ്പോലെയും ദൈവത്തിന്റെ ഭൃത്യനാകുന്നു.
ഈ പുസ്തത്തിലെ വചനങ്ങളനുസരിക്കുന്ന
എല്ലാവരെയുംപോലെ ഞാൻ ഒരു ഭൃത്യനാ
കുന്നു. നീ ദൈവത്തെയാണ് നമസ്കരിക്കേ
ണ്ടത്!”

10അപ്പോൾ ദൂതൻ എന്നോടു പറഞ്ഞു, “ഈ
പുസ്തകത്തിലെ വചനങ്ങളെ രഹസ്യമായി
സൂക്ഷിക്കരുത്. ഇതൊക്കെ സംഭവിക്കാനുള്ള
കാലം ആസന്നമായിരിക്കുന്നു.

11“തെറ്റു ചെയ്യുന്നവൻ അതു തുടരട്ടെ. അശു
ദ്ധനായവൻ അങ്ങനെ തന്നെ തുടരട്ടെ. ശരി
ചെയ്യുന്നവൻ അതും തുടരട്ടെ. വിശുദ്ധന്മാർ
വിശുദ്ധരായിരിക്കട്ടെ.”

12“ശ്രദ്ധിക്കൂ, ഞാനിതാ ഉടൻ വരികയായി.
പ്രതിഫലവുംകൊണ്ടാണു ഞാൻ വരിക.
ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിക്കനു
സരിച്ചു ഞാൻ പ്രതിഫലം നൽകും. **13**ആദ്യാ
ക്ഷരവും അന്ത്യാക്ഷരവും ഒന്നാമനും ഒടുക്ക
ത്തവനും ആദിയും അന്തവും ഞാനാകുന്നു.

14“തങ്ങളുടെ നീളൻ കുപ്പായങ്ങൾ കഴുകി
യവർ അനുഗ്രഹീതർ. ജീവന്റെ വൃക്ഷത്തിലെ
ഫലങ്ങൾ തിന്നാൻ അവർക്കവകാശമുണ്ടാകും.
അവർക്കു കവാടങ്ങളിലൂടെ നഗരത്തിലേക്കു
കടക്കാം. **15**നായ്ക്കളും ആഭിചാരപ്രവർത്ത
കരും വ്യഭിചാരികളും കൊലയാളികളും വിഗ്ര
ഹാരാധകരും നുണയെ സ്നേഹിക്കുകയും
നുണ പറയുകയും ചെയ്യുന്നവരും നഗരത്തിനു
പുറത്ത്.

16“സഭകൾക്കുവേണ്ടി നിങ്ങളോട് ഇതു പറ
യുവാൻ യേശുവായ ഞാൻ എന്റെ ദൂതനെ
അയച്ചു. ഞാൻ ദാവീദിന്റെ പിന്മുറക്കാരൻ.
ഞാൻ തിളങ്ങുന്ന പ്രഭാതനക്ഷത്രം.”

17ആത്മാവും മണവാട്ടിയും പറയുന്നു, “വരൂ!”
ഇതു കേൾക്കുന്ന ഓരോരുത്തരുംപറയണം “വരൂ!
ദാഹിക്കുന്നവൻ വരട്ടെ; അവന് വേണമെങ്കിൽ
ജീവന്റെ ജലം സൌജന്യമായി നൽകാം.

18ഈ പുസ്തകത്തിലെ വചനങ്ങൾ കേൾക്കു
ന്ന ഓരോരുത്തർക്കും ഞാൻ മുന്നറിയിപ്പു നൽ
കുന്നു: ഈ പുസ്തകത്തിലെ വാക്കുകളോട്
എന്തെങ്കിലും കൂട്ടിച്ചേർക്കാൻ ശ്രമിക്കുന്നവന്
ഇതിൽ പറയുന്ന ദുരിതങ്ങൾ ദൈവം നൽകും.
19പ്രവചനത്തിന്റെ ഈ പുസ്തകത്തിൽ
നിന്നെന്തെങ്കിലും എടുത്തു മാറ്റാൻ ശ്രമിക്കുന്ന
വനിൽനിന്നും ദൈവം ഈ പുസ്തകത്തിലെഴു
തിയിട്ടുള്ള ജീവന്റെ വൃക്ഷത്തിലെ പഴത്തിനും
വിശുദ്ധനഗരത്തിലെ ജീവിതത്തിനും അവ
നുള്ള പങ്ക് പിൻവലിക്കും.

20ഇതെല്ലാം സത്യമാണെന്നു പറയുന്നത്
യേശുവാണ്. ഇപ്പോൾ അവൻ പറയുന്നു,
“അതെ, ഞാനിതാ വേഗം വരുന്നു.”

ആമേൻ. കർത്താവായ യേശുവേ, വരിക!

21കർത്താവായ യേശുവിന്റെ കൃപ എല്ലാവ
രോടുമുണ്ടായിരിക്കട്ടെ; ആമേൻ.

License Agreement for Bible Texts

World Bible Translation Center
Last Updated: September 21, 2006

These Scriptures:

- Are copyrighted by World Bible Translation Center.
- Are not public domain.
- May not be altered or modified in any form.
- May not be sold or offered for sale in any form.
- May not be used for commercial purposes (including, but not limited to, use in advertising or Web banners used for the purpose of selling online add space).
- May be distributed without modification in electronic form for non-commercial use. However, they may not be hosted on any kind of server (including a Web or ftp server) without written permission. A copy of this license (without modification) must also be included.
- May be quoted for any purpose, up to 1,000 verses, without written permission. However, the extent of quotation must not comprise a complete book nor should it amount to more than 50% of the work in which it is quoted. A copyright notice must appear on the title or copyright page using this pattern: "Taken from the HOLY BIBLE: EASY-TO-READ VERSION™ © 2006 by World Bible Translation Center, Inc. and used by permission." If the text quoted is from one of WBTC's non-English versions, the printed title of the actual text quoted will be substituted for "HOLY BIBLE: EASY-TO-READ VERSION™." The copyright notice must appear in English or be translated into another language. When quotations from WBTC's text are used in non-saleable media, such as church bulletins, orders of service, posters, transparencies or similar media, a complete copyright notice is not required, but the initials of the version (such as "ERV" for the Easy-to-Read Version™ in English) must appear at the end of each quotation.

Any use of these Scriptures other than those listed above is prohibited. For additional rights and permission for usage, such as the use of WBTC's text on a Web site, or for clarification of any of the above, please contact World Bible Translation Center in writing or by email at distribution@wbtc.com.

World Bible Translation Center
P.O. Box 820648
Fort Worth, Texas 76182, USA
Telephone: 1-817-595-1664
Toll-Free in US: 1-888-54-BIBLE
E-mail: info@wbtc.com

WBTC's web site – World Bible Translation Center's web site: http://www.wbtc.org

Order online – To order a copy of our texts online, go to: http://www.wbtc.org

Current license agreement – *This license is subject to change without notice. The current license can be found at:* http://www.wbtc.org/downloads/biblelicense.htm

Trouble viewing this file – If the text in this document does not display correctly, use Adobe Acrobat Reader 5.0 or higher. Download Adobe Acrobat Reader from: http://www.adobe.com/products/acrobat/readstep2.html

Viewing Chinese or Korean PDFs – To view the Chinese or Korean PDFs, it may be necessary to download the Chinese Simplified or Korean font pack from Adobe. Download the font packs from: http://www.adobe.com/products/acrobat/acrrasianfontpack.html